ശ്രീപഞ്ചദശി

ഗ്രന്ഥകർത്താ:—

ശ്രീവിദ്യാരണ്യസ്വാമികൾ

വ്യാഖ്യാതാ:

സാഹിത്യകുശലൻ

പണ്ഡിററ് പി. ഗോപാലൻനായർ,

കൊല്ലങ്കോട്.

1959

വില 15-ക.

കോഴിക്കോട് നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോവിൽ

അച്ചടിച്ചത്.

ഓം.

ശ്രീമാതൃസ്മൃതിഃ.

ഗ്രന്ഥസമർപ്പണം.

ശക്തിരസ്ത്യൈശ്വരീകാചി
ദഖിലാണ്ഡവിധായിനീ.
സൈവസ്ത്രീരൂപമാപന്നാ
ലോകൈകരംബേതികഥ്യതേ.

ശ്രീമാതുശ്ചരണാബ്ജേ
പഞ്ചദശപ്രകരണവ്യാഖ്യാം
ആദരഭക്തിപ്രേമ്ണാ
സമർപ്പയേമാതുരാത്മസന്തൃപ്ത്യൈ.

ശ്രീമീനാക്ഷിനാമധേയാ
ശുദ്ധപ്രേമസ്വരൂപിണീ
മദർത്ഥേത്യക്തദേഹാത്മാ
പ്രീയാദിത്യർത്ഥയേസദാ.

എൻെറ അമ്മയുടെ
അത്ഭുതപ്രേമസങ്കല്പശക്തിസ്മരണം.

1061 എടവമാസം ഒടുവിൽ വലിയമ്മയുടെ മകനായ ജ്യേഷ്ഠഭ്രാതാവിനോടു കൂടെ മരക്കച്ചവടത്തിൽ സഹായിച്ചുകൊണ്ടു വല്ലേങ്ങിയിൽ താമസിച്ചിരുന്ന ഞാൻ ജ്വരബാധിതനെന്ന വിവരം അറിഞ്ഞ എൻെറ അമ്മ സ്വദേശത്തിൽനിന്നു കാൽനടയായിട്ടു എൻെറ അരികത്തുവന്നു. എനിക്കു കഠിനമായ പനിയായിരുന്നു. അന്നു രാത്രി എന്നെ മാറത്തണച്ചു കിടന്നിരുന്ന അവരുടെ സങ്കല്പശക്തിയാൽ ജ്വരം എന്നെ വിട്ടു അവരെ ബാധിച്ചു. പുലൎന്നപ്പോൾ ഞാൻ സാമാന്യേന സ്വസ്ഥൻ. അവർ തീരെ അസ്വസ്ഥ. കഠിനജ്വരബാധിതാ എന്ന നിലയിൽ കാളവണ്ടിയിൽ സ്വദേശത്തിൽ സ്വഭവനത്തിലെത്തി. ഞങ്ങൾ രണ്ടുപേൎക്കും ജ്വരബാധ അല്പാല്പം പ്രതിദിവസമുണ്ടായിരുന്നു. അമ്മക്കെന്നെക്കുറിച്ചുള്ള അനിഷ്ടശങ്കയുടെ ആധിക്യംനിമിത്തം അമ്മ കിടപ്പിൽതന്നെയായിരുന്നു. ജ്വരമോ മററുവല്ല ദീനമോ ഒന്നുമില്ലാതിരിക്കേ 1061 മിഥുനം 10-ാംനു- 10 മണി സമയത്ത് അരികത്തിരിക്കുന്ന എൻെറ മുഖത്തിൽനിന്നു കണ്ണെടുക്കാതെയും ഒരക്ഷരംപോലും സംസാരിക്കാതേയും മരണകാലവികൃതി യാതൊന്നുമില്ലാതേയുമിരിക്കെ അവർ കണടച്ചു, ഭൌതികമുക്തയായി പരമപദം പ്രാപിച്ചു. ഹാ! പ്രേമപ്രകൎഷത്തിൻേറയും തന്നിമിത്തം സിദ്ധിക്കുന്നതായ സങ്കല്പത്തിൻേറയും ശക്തിയെ പ്രായോഗികനിലയിൽ പ്രത്യക്ഷമായി കാട്ടിത്തന്ന ആ പ്രേമമയിതന്നെ എൻെറ പരമപ്രേമാസ്പദം. അവരുടെ സമ്പൂൎണ്ണകരുണാകടാക്ഷത്താൽ ലോകയാത്രയിൽ ഏൎപ്പെട്ടിരിക്കുന്ന എൻെറ എല്ലാ സൽപ്രവൃത്തികളുടേയും ബീജം അവരിൽനിന്നു സിദ്ധിച്ചതാകയാൽ അതവരുടേതുതന്നെ. എങ്കിലും എനിക്കത്യന്തം പ്രിയമുള്ള ഈ പഞ്ചദശിയുടെ വ്യാഖ്യാനത്തെ സാധുജനസമക്ഷം ഞാൻ എൻെറ മാതൃദേവിയുടെ പാദാരവിന്ദത്തിൽ കോടികോടി നമസ്കാരസഹിതം സമൎപ്പിച്ചിരിക്കുന്നു.

പ്രീയതാം മേ മാതൃദേവീ.

വ്യാഖ്യാതാ:

പി. ഗോപാലൻനായർ,

X കൊല്ലങ്കോട്.

ഓം നമോ നാരായണായ.

അവതാരിക

ആധുനിക ജന്തുശാസ്ത്രം പരിശോധിച്ചാൽ മനുഷ്യ ജന്മം മഹത്തരവും അത്ഭുതജനകവുമായ ഒരു മഹാ സംഭവമാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. മനുഷ്യജന്മം സകല ജന്മങ്ങളിലുംവെച്ച് സമുൽകൃഷ്ടമാണെന്ന് പ്രാചീന ഭാരതീയ ശാസ്ത്രജ്ഞന്മാരും സമർത്ഥിച്ചിട്ടുണ്ട്. ബുദ്ധി വികാസമാണ് അതിനു മുഖ്യ കാരണം. ബാഹ്യപ്രപഞ്ചത്തെ വസ്തുനിഷ്ഠമായി ഗ്രഹിക്കുന്നതിനും, തദനുസാരം തങ്ങൾക്കും തങ്ങളുടെ സമുദായത്തിനും സുഖപൂർണ്ണമായ ഒരു ജീവിത ക്രമം രൂപീകരിക്കുന്നതിനുമുള്ള കഴിവുണ്ടാകുന്നതിലാണ് മാനവ ബുദ്ധിവികാസം പ്രതിബിംബിക്കുന്നതെന്ന് ഭൌതിക വാദികൾ സമുൽഘോഷിക്കുന്നു. എന്നാൽ അദ്ധ്യാത്മ വാദികളായ തത്വചിന്തകന്മാർക്ക് അതത്ര സമ്മതമല്ല. നാനാതരത്തിൽ കാണപ്പെടുന്ന ചരാചരാത്മകമായ ഈ പ്രപഞ്ചത്തിൽ ഏകവും പൂർണ്ണവും നിത്യവുമായ സത്താ സാമാന്യത്തെ—ബ്രഹ്മത്തെ—സാക്ഷാൽകരിക്കുന്നതിലാണ് മാനവ ബുദ്ധിവികാസം പ്രകടമാകുന്നതെന്നാണ് അവരുടെ സിദ്ധാന്തം. പ്രകൃതിയുടെ വിലാസ രംഗമായ പ്രപഞ്ചത്തിൻെറ യഥാർത്ഥ സ്വരൂപം അറിയുന്നതിനുള്ള അഭിവാഞ്ഛ മനുഷ്യനു ജന്മസിദ്ധമായിട്ടുള്ളതാണല്ലൊ. ഭൌതിക വാദിയും അദ്ധ്യാത്മവാദിയും ആ വിഷയം ഒരുപോലെ സമ്മതിക്കുന്നുണ്ട്. പ്രപഞ്ചത്തിൻെറ യഥാർത്ഥ സ്വരൂപം ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയമല്ലെന്ന് ആധുനിക ശാസ്ത്രത്തിൻെറ വെളിച്ചത്തിൽ, ബുദ്ധിവികാസം സിദ്ധിച്ച മനുഷ്യൻ ഇന്നു നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ പതിനേഴാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ യുക്തിയുക്തമായ പരീക്ഷണങ്ങൾകൊണ്ട് ഇന്ദ്രിയ ഗോചരമായ പ്രപഞ്ചം മാത്രമെ പരമാർത്ഥമായിട്ടുള്ളുവെന്നു വാദിച്ചിരുന്നു. ആ വാദഗതികളെ അംഗീകരിച്ചുകൊണ്ട് നവീന വിദ്യാസമ്പന്നരായ ഭാരതീയരിൽ ചിലരെല്ലാം ഭാരതത്തിൻെറ അഭിമാന സമ്പത്തായ അദ്ധ്യാത്മ സിദ്ധാന്തത്തെ അവഹേളിക്കാൻ മടിച്ചിരുന്നില്ല. സ്ഥിരമായ സുഖം ബാഹ്യപ്രപഞ്ചത്തിൽ നിന്നു തന്നെ ലഭിക്കേണ്ടതാണെന്നായിരുന്നു അക്കൂട്ടരുടെ അഭിപ്രായം. എന്നാൽ ഈ ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തോടു കൂടി വളർന്നു വന്ന ഭൌതിക ശാസ്ത്രത്തിൻെറ മുൻപിൽ ആ അഭിപ്രായങ്ങളെല്ലാം നഷ്ടപ്രായങ്ങളായിത്തീർന്നിരിക്കുകയാണ്. ശാസ്ത്രത്തിൻെറ വളർച്ചയിൽ ഈ ബാഹ്യ പ്രപഞ്ചം മാനസിക പ്രപഞ്ചത്തിൻെറ ഒരു പ്രതിഭാസം മാത്രമാണെന്ന് ആധുനിക ശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗം സിദ്ധാന്തിച്ചു കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ 'എഡിങ്ങ്ടൺ' പറയുന്നതു നോക്കുക. "ഈ കാണുന്നതൊന്നുമല്ല പരമാർത്ഥം. ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ, എൻെറ മുമ്പിൽ കാണുന്ന മേശ നീണ്ടു ചതുരശ്രമായ ഒരു ഘനപദാർത്ഥമല്ലെന്ന് എനിക്കു പറയേണ്ടിയിരിക്കുന്നു. അത് അമേയ വേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചു ചാടുന്ന അനേക കോടി വിദ്യുത്കണങ്ങളുടെ സംഘാതമാണെന്നാണ് ശാസ്ത്രം തെളിയിച്ചിരിക്കുന്നത്." എഡിങ്ങ്ടൺ പ്രസിദ്ധനായ ഒരു ഇംഗ്ലീഷു ശാസ്ത്രജ്ഞനാണ്. അദ്ദേഹം ഭൌതിക ശാസ്ത്രത്തിൻെറ നിഗമനങ്ങളെ ആധാരമാക്കി തത്വചിന്താ മാർഗ്ഗത്തിൽ കൂടി വളരെ ഏറെ പുരോഗമിച്ചിട്ടുണ്ട്. അതിൻെറ ഫലമായി പ്രപഞ്ചത്തിൻെറ സത്ത ചിന്മയമാണെന്നും ഇന്ദ്രിയ ഗോചരമായ പ്രപഞ്ചം വെറും മിഥ്യയാണെന്നും അദ്ദേഹം നിശ്ചയിച്ചു കഴിഞ്ഞു. ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ ഭൌതിക ശാസ്ത്രവും പ്രാചീന ഭാരതീയ മഹർഷീശ്വരന്മാർ പ്രാതിഭദൃഷ്ടിയിൽ കണ്ടറിഞ്ഞിട്ടുള്ള ഏകവും നിത്യവും പൂർണ്ണവുമായ ആത്മസത്തയേത്തന്നെയാണ് ആവിഷ്കരിക്കാൻ തുടങ്ങിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഈ ആവിഷ്കരണമാകട്ടെ മനുഷ്യ ജന്മത്തിൻെറ പ്രാധാന്യത്തിനു ഹേതു ഭൂതമായ ബുദ്ധിവികാസത്തെയാണ് പ്രഖ്യാപനം ചെയ്യുന്നതെന്നു സിദ്ധിക്കുന്നു.

ആത്മാനുഭൂതി, ബ്രഹ്മസാക്ഷാൽക്കാരം, കൈവല്യം മുതലായ പേരുകളിൽ വൈദികസാഹിത്യത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള മുക്തിയും ആധുനികശാസ്ത്രം ആവിഷ്കരിക്കാൻ തുടങ്ങുന്ന തത്വജ്ഞാനവും ഒരേ ലക്ഷ്യത്തിൽ മാനവസമുദായത്തെ സമാരോഹിപ്പിക്കുമെന്ന് കരുതാവുന്നതാണ്. ഈ തത്വജ്ഞാനത്തിൻെറ പ്രയോജനം സർവ്വാനർത്ഥനിവൃത്തിയും പരമാനന്ദ പ്രാപ്തിയുമാണെന്നു ഭാരതീയ മഹർഷിമാർ സിദ്ധാന്തിക്കുന്നു. ആ മഹാത്മാക്കളുടെ തത്വചിന്തകളും അവകൊണ്ട് മനുഷ്യസമുദായത്തിനു സിദ്ധിച്ചിട്ടുള്ള പ്രയോജനങ്ങളും മററും സവിസ്തരം പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥതല്ലജമാണ് നമ്മുടെ വേദം. മനുഷ്യജീവിതത്തെ ധാർമ്മിക മാർഗ്ഗത്തിലൂടെ നിയന്ത്രിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള

കർമ്മപദ്ധതികളും മനഃശുദ്ധിയുണ്ടാക്കുന്നതിനുള്ള ഉപാസനാപദ്ധതികളും അനാദിയായ അജ്ഞാനത്തെ ഇല്ലാതാക്കി നിത്യമായ ആത്മസ്വരൂപത്തെ പ്രകാശിപ്പിക്കുന്നതിനുള്ള ജ്ഞാനപദ്ധതികളും ഉൾക്കൊള്ളുന്ന യഥാർത്ഥമായ ഒരു ശാസ്ത്രമായിട്ടുകൂടിയും വേദത്തെ പരിഗണിക്കാവുന്നതാണ്.

ഈ വേദത്തിൽനിന്നാകുന്നു ഭാരതത്തിന്റെ അമൂല്യസമ്പത്തായ സർവ്വദർശനങ്ങളും പ്രാദുർഭവിച്ചിരിക്കുന്നത്. അതിനാൽ ദർശനങ്ങളുടെ എല്ലാം ഉല്പത്തിസ്ഥാനമായിട്ടും വേദം സമാദരിക്കപ്പെടുന്നുണ്ട്. ആഹാരനിദ്രാമൈഥുനാദികളിൽ മാത്രം ബദ്ധശ്രദ്ധനായി ജീവിതലക്ഷ്യമെന്തെന്നറിയാതെ മൃഗങ്ങളെപ്പോലെ അലഞ്ഞുതിരിഞ്ഞുനടന്ന മനുഷ്യനെ ധർമ്മനിഷ്ഠനും ബ്രഹ്മനിഷ്ഠനുമാക്കിത്തീർക്കുന്ന വേദത്തെയാണ് അതീന്ദ്രിയാർത്ഥവിജ്ഞാനം നേടുന്നതിനുള്ള പരമപ്രമാണമായി ഭാരതീയ ചിന്തകന്മാർ ഇന്നും ഗണിച്ചുപോരുന്നത്. അതുകൊണ്ടുതന്നെയാണ് മുമുക്ഷുക്കൾ വാക്കിനും മനസ്സിനും വിഷയമല്ലാത്ത ബ്രഹ്മതത്വത്തെ സ്വസ്വരൂപമായി സാക്ഷാൽകരിക്കുന്നതിലേക്ക് അദ്ധ്യാത്മവിദ്യാനിധിയായ വേദത്തെ ശരണീകരിച്ചുകൊണ്ടിരിക്കുന്നതും. ഉപക്രമോപസംഹാരാദി ഷഡ്വിധലിംഗങ്ങൾകൊണ്ട് പരിശോധിച്ചു നോക്കുമ്പോൾ ജീവബ്രഹ്മൈക്യരൂപമായ അദ്വൈതതത്വത്തെയാണ് വേദം സിദ്ധാന്തിച്ചിരിക്കുന്നതെന്ന് നമുക്കു കാണുവാൻ കഴിയും. വേദത്തിലെ അങ്ങനെയുള്ള സിദ്ധാന്തവാക്യങ്ങളാണ് വേദാന്തമെന്നപേരിൽ പ്രഖ്യാതമായിരിക്കുന്നത്. ഈ വേദാന്തത്തിന്റെതന്നെ വികസ്വരരൂപമാണ് ഉപനിഷത്തുക്കൾ.

ഉപനിഷത്തുക്കളുടെ മാഹാത്മ്യം ലോകത്തിലെ മഹാവിദ്വാന്മാരുടെയെല്ലാം മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമായിട്ടുണ്ട്. എന്നാൽ അതിഗഹനമായ ഉപനിഷദർത്ഥം ശരിയായി ഗ്രഹിക്കുകയെന്നുള്ളത് വലിയ പണ്ഡിതന്മാർക്കുപോലും അത്ര സുഗമമായ ഒരു കാര്യമല്ല. അതു കണ്ടുകൊണ്ടാണ് ഉപനിഷദ്വാക്യങ്ങളുടെ യഥാർത്ഥമായ ആശയം പ്രകാശിപ്പിക്കുന്നതിനുവേണ്ടി ശ്രീ വ്യാസഭഗവാൻ ബ്രഹ്മസൂത്രങ്ങൾ വിരചിച്ചിട്ടുള്ളത്.

“അല്പാക്ഷരമസന്ദിഗ്ധം സാരവദ്വിശ്വതോമുഖം
അസ്തോഭമനവദ്യം ച സൂത്രം സൂത്രവിദോവിദുഃ”

എന്നുള്ള നിർവ്വചനമനുസരിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള ആ 552 ബ്രഹ്മസൂത്രങ്ങളാണ് അദ്വൈതസിദ്ധാന്തത്തിന്റെ മൗലികപ്രമാണം.

പ്രജ്ഞാനംബ്രഹ്മ, അയമാത്മാബ്രഹ്മ, തത്ത്വമസി, അഹംബ്രഹ്മാസ്മി, ഈ നാലുവേദാന്തമഹാവാക്യങ്ങളുടെ സാരസർവ്വസ്വമായ ജീവബ്രഹ്മൈക്യം ബ്രഹ്മസൂത്രങ്ങളിലൂടെ ശ്രീവ്യാസമഹർഷി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും പില്ക്കാലത്തുള്ള പണ്ഡിതന്മാർക്ക് ആ സൂത്രങ്ങളുടെ അർത്ഥം ഉള്ളവണ്ണം ഗ്രഹിക്കാൻ സാധിച്ചിട്ടില്ല. തന്നിമിത്തം ബ്രഹ്മസൂത്രങ്ങൾതന്നെ ഉപനിഷൽസിദ്ധാന്തങ്ങൾക്കു വിരുദ്ധമായിട്ടുപോലും വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. പരമകല്യാണപ്രദമായ ഉപനിഷദ്വാക്യങ്ങളുടെ ആശയം ഗ്രഹിക്കാൻ കഴിവില്ലാതെ വേദബാഹ്യങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി തിരിഞ്ഞ് യഥാർത്ഥധർമ്മം എന്തെന്നറിയാതെ പണ്ഡിതന്മാർപോലും ശാശ്വതസമാധാനം കാണാതെ വിഷമിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് വൈദികധർമ്മസംസ്ഥാപനത്തിനുവേണ്ടി സാക്ഷാൽ ഭഗവാൻ ശ്രീശങ്കരൻ ശങ്കരഭഗവൽപാദരായി കേരളഭൂമിയിലവതരിച്ചത്. തീവ്രമായ വൈരാഗ്യവും അലോകസാധാരണമായ വൈദുഷ്യവും വിസ്മയജനകമായ ധിഷണാശക്തിയുംകൊണ്ട് ബാല്യത്തിൽതന്നെ വേദഹൃദയം കരതലാമലകംപോലെ സാക്ഷാൽകരിച്ച ശ്രീശങ്കരഗുരു ഉപനിഷത്തുകൾക്കും ബ്രഹ്മസൂത്രങ്ങൾക്കും ശ്രീമത് ഭഗവൽഗീതയ്ക്കും അദ്വൈതതത്വപ്രതിപാദകമായ ഭാഷ്യങ്ങൾ നിർമ്മിച്ച് അഭ്യുദയനിശ്രേയസസിദ്ധിപ്രദമായ വൈദികധർമ്മത്തെ പുനഃസ്ഥാപിച്ചു. ശ്രുതിക്കും യുക്തിക്കും അനുഭവത്തിനും ഏറ്റവും യോജിച്ച വിധത്തിലാണ് അദ്ദേഹം അദ്വൈതമതത്തെ വ്യാഖ്യാനിച്ചിരിക്കുന്നതെന്ന് ശാങ്കരഭാഷ്യങ്ങളെല്ലാം സ്പഷ്ടമായി പ്രഖ്യാപിക്കുന്നുണ്ട്. ആ മതമാണ് വൈദികധർമ്മത്തിന്റെ ജീവചൈതന്യം. ഇങ്ങനെയുള്ള വൈദികധർമ്മം അനുഷ്ഠിക്കുന്നതുകൊണ്ട് മാത്രമെ മനുഷ്യനു ശാശ്വതശാന്തിയും സമാധാനവും സിദ്ധിക്കുകയുള്ളു എന്നുള്ള അഭിപ്രായം ശ്രീശങ്കരഭഗവൽപാദരിൽ ദൃഢമൂലമായിരുന്നു. അതു ജനസാമാന്യത്തിനിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ആസേതുഹിമാചലം പല പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ട്. അപ്പോഴെല്ലാം വിവിധമതാവലംബികളായ പല മഹാപണ്ഡിതന്മാരേയും സ്വപക്ഷത്തേക്കാകർഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുമുണ്ട്. ശ്രീശങ്കരൻ നിവൃത്തിപ്രധാനമായ പരിവ്രാജകവൃത്തിയാണംഗീകരിച്ചിരുന്നതെങ്കിലും ലോകസംഗ്രഹത്തിനുവേണ്ടി പ്രവൃത്തി പ്രധാനമായ മാർഗ്ഗത്തിൽ ഒട്ടുംതന്നെ വിമുഖനല്ലായിരുന്നു എന്നു അദ്ദേഹത്തിന്റെ ജീവിതചരിത്രം വ്യക്തമാക്കുന്നുണ്ട്. അക്കാലത്ത് നമ്മുടെ ഭാരതഭൂമി പലരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു എങ്കിലും സാംസ്കാരികമായി

ഭരവിഭക്തഭാരതത്തെ കെട്ടിപ്പടുക്കുവാൻ ശ്രീശങ്കരാചാര്യസ്വാമികൾക്ക് സാധിച്ചു എന്നതു് ഒരു വലിയ വിജയംതന്നെയാണ്. ഭാരതത്തിന്റെ തെക്കുഭാഗത്തുള്ള ശൃംഗേരിയിലും, വടക്കുഭാഗത്തുള്ള ബദരിയിലും പടിഞ്ഞാറുഭാഗത്തുള്ള ദ്വാരകയിലും കിഴക്കുഭാഗത്തുള്ള പുരിയിലും വൈദികധർമ്മപ്രചരണത്തിനുവേണ്ടി ഓരോ മഠങ്ങൾ സ്ഥാപിച്ചു് തന്റെ ശിഷ്യപ്രധാനന്മാരെ ആ മഠങ്ങളിലെ പരമാചാര്യന്മാരായി വാഴിച്ച പരിവ്രാജക സാർവ്വഭൌമനായിരുന്ന ആ ശങ്കരഭഗവൽപാദരുടെ വൈദികധർമ്മസാമ്രാജ്യം കന്യാകുമാരി മുതൽ കൈലാസഗിരിവരെ ഇന്നും വ്യാപിച്ചുകിടക്കുന്നുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

രാഗദ്വേഷജന്യമായ സമരവാസനയെ സഹകരണാത്മകമാക്കി മാററുവാൻ കെല്പുള്ള അദ്വൈതവിചാരശാസ്ത്രത്തെ മാനവഹൃദയത്തിലുറപ്പിക്കുവാൻ കഴിഞ്ഞ ശ്രീശങ്കരൻ ലോകത്തിലെ വിപ്ലവകാരികളിൽ അഗ്രഗണ്യനായിരുന്നു എന്ന് ആധുനികശാസ്ത്രജ്ഞന്മാർപോലും സശിരഃകമ്പം സമ്മതിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം ജീവിതത്തെ നിഷേധരൂപത്തിലാണു വ്യാഖ്യാനിച്ചതെന്ന് ഉപരിപ്ലവബുദ്ധികളായ ചില പുരോഗമനവാദികൾ ജല്പിക്കാതിരിക്കുന്നില്ല. ആ ജല്പനം അടിസ്ഥാനരഹിതമാണെന്നുള്ള പരമാർത്ഥം ശാങ്കരഗ്രന്ഥങ്ങൾ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. ജീവിതം നിത്യവും പൂർണ്ണവും ആനന്ദസ്വരൂപവുമായ ബ്രഹ്മതത്വത്തിലധിഷ്ഠിതമാണെന്ന് സയുക്തികം സ്ഥാപിച്ച ശ്രീശങ്കരൻ ജീവിതത്തിന്റെ അനിഷേധ്യതയേയും പ്രാധാന്യത്തേയും വസ്തുനിഷ്ഠമായി വ്യാഖ്യാനിക്കുകയായിരുന്നു ചെയ്തതു്. ഈ വാസ്തവം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലേക്ക് കണ്ണോടിച്ചിട്ടുള്ള ഏവർക്കും ബോദ്ധ്യപ്പെടുന്നതുമാണ

''വേദാന്തസിദ്ധാന്തനിരുക്തിരേഷാ ബ്രഹ്മൈവജീവഃസകലം ജഗച്ച
അഖണ്ഡരൂപസ്ഥിതിരേവമോക്ഷോ ബ്രഹ്മാദ്വിതീയേശ്രുതയഃ പ്രമാണം.''

വിവേകചൂഡാമണിയിലെ ഈ ശ്ലോകത്തിൽ ശ്രീശങ്കരഭഗവൽപാദർ വേദാന്തസിദ്ധാന്തം സംഗ്രഹിച്ചിരിക്കുകയാണല്ലൊ. താൻ വിരചിച്ചിട്ടുള്ള പ്രസ്ഥാനത്രയഭാഷ്യങ്ങളിലും പ്രകരണഗ്രന്ഥങ്ങളിലും അദ്വൈതസിദ്ധാന്തത്തെ അപ്രതിഷേധ്യമായ യുക്തിവിലാസംകൊണ്ടും പരമപ്രമാണമായ ശ്രുതിവാക്യങ്ങൾകൊണ്ടും ഭ്രാന്തിരഹിതമായ സ്വാനുഭൂതികൊണ്ടും അദ്ദേഹം അത്യുത്തമമായ ഒരു ശാസ്ത്രമാക്കി ഉയർത്തുകയായിരുന്നു എന്നതാണ് വാസ്തവം. ജീവൻ, ഈശ്വരൻ, ബോധസ്വരൂപമായ ബ്രഹ്മം, ജീവനും ഈശ്വരനും തമ്മിലുള്ള ഭേദം, അവിദ്യ, ബ്രഹ്മവും അവിദ്യയും തമ്മിലുള്ള സംബന്ധം ഇങ്ങനെയുള്ള ആറുകൂട്ടം വ്യാവഹാരികദൃഷ്ടിയിൽ വിഭിന്നവും സത്യവുമാണെങ്കിലും വിചാരദൃഷ്ടിയിൽ അവയെല്ലാം സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മതത്വം ഒന്നുമാത്രമാണെന്നു ബോധിപ്പിക്കുന്ന അദ്വൈതവേദാന്തശാസ്ത്രം ജനനമരണരൂപമായ സംസാരചക്രത്തിൽകിടന്ന് കറങ്ങി ദീനനും ഭീരുവുമായി കഴിയുന്ന മനുഷ്യനെ അമരനും ധീരനും സുഖപൂർണ്ണനുമാക്കിത്തീർക്കുന്നതിനുള്ള ഉപായങ്ങളാണ് ഉപദേശിക്കുന്നതു്.

ഉപനിഷൽസാരസർവ്വസ്വമായ അദ്വൈതസമ്പ്രദായത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടി ശ്രീശങ്കരഭഗവൽപാദരുടെ ശിഷ്യപരമ്പരയും അത്യധികം പ്രയത്നിച്ചുകൊണ്ടാണിരുന്നതു്. ശങ്കരഭാഷ്യത്തെ വാർത്തികംകൊണ്ടും വിവരണംകൊണ്ടും പരിപോഷിപ്പിച്ചിട്ടുള്ള ശ്രീസുരേശ്വരാചാര്യസ്വാമികളും ശ്രീപത്മപാദാചാര്യസ്വാമികളും അക്കൂട്ടത്തിൽ പ്രമുഖന്മാരാണ്. പ്രതിവാദികളുടെ വാദങ്ങളെയെല്ലാം സയുക്തികം ഖണ്ഡിച്ചു് അദ്വൈതതത്വശാസ്ത്രത്തിന്റെ അപ്രതിഷേധ്യതയേയും ലോകമാന്യതയേയും തെളിയിച്ചു്, ''ഖണ്ഡിതഖണ്ഡഖാദ്യ''ത്തിന്റെ കർത്താവായ ശ്രീഹർഷനും, ''അദ്വൈതസിദ്ധി''യുടെ കർത്താവായ ശ്രീ മധുസൂദനസരസ്വതിസ്വാമികളും ''ചിത്സുഖി''യുടെ കർത്താവായ ശ്രീ ചിത്സുഖാചാര്യസ്വാമികളും ശങ്കരപരമ്പരയിൽപെട്ട മഹാപുരുഷന്മാരായിരുന്നു എന്നുള്ളതു് വിസ്മരിക്കുവാൻ പാടുള്ളതല്ല. ഉപനിഷത്തുകൾ, സൂത്രങ്ങൾ, ഭാഷ്യങ്ങൾ, വിവരണങ്ങൾ, വാർത്തികങ്ങൾ, വാദങ്ങൾ, പ്രകരണങ്ങൾ മുതലായ അനവധി ഗ്രന്ഥസമ്പത്തുകൾകൊണ്ടു് ഭാരതീയദർശനശാഖയിൽ മുന്നണിയിൽ നില്ക്കുവാൻ അദ്വൈതസമ്പ്രദായത്തിനു സാധിച്ചിട്ടുണ്ടു്: എന്നാൽ അവയിൽ ഉപനിഷദർത്ഥപ്രതിപാദകങ്ങളായ സൂത്ര, ഭാഷ്യവാർത്തികാദിപ്രൌഢഗ്രന്ഥങ്ങൾ മനസ്സിലാക്കുവാൻ മഹാവിദ്വാന്മാർക്കുമാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ടാണ് കരുണാനിധികളായ ശ്രീശങ്കരഭഗവൽപാദർ തുടങ്ങിയ പരമാചാര്യന്മാരെല്ലാംതന്നെ സാമാന്യജനങ്ങളെ അനുഗ്രഹിക്കുന്നതിനുവേണ്ടി അനവധി വേദാന്തപ്രകരണഗ്രന്ഥങ്ങൾകൂടി വിരചിച്ചിട്ടുള്ളതു്. അങ്ങനെയുള്ളപ്രകരണഗ്രന്ഥങ്ങളിൽവച്ചു് മഹോന്നതമായ ഒരു പദവിയാണ് ശ്രീ പഞ്ചദശിക്കുള്ളതു്.

പഞ്ചദശിയുടെ പ്രണേതാവ് സർവ്വതന്ത്രസ്വതന്ത്രനും ശൃംഗേരിമഠത്തിലെ പന്ത്രണ്ടാമത്തെ ജഗൽഗുരു ശ്രീശങ്കരാചാര്യരുമായിരുന്ന ശ്രീവിദ്യാരണ്യസ്വാമികളാണെന്നുള്ളത് സുപ്രസിദ്ധമാണല്ലൊ. അദ്ദേഹം ക്രിസ്ത്വാബ്ദം 1296-ൽ കർണ്ണാടകദേശത്ത് വിജയനഗരമെന്നപേരിൽ പ്രസിദ്ധമായിരുന്ന ഇന്നത്തെ ഗോൽക്കണ്ടയുടെ സമീപം ഒരു ഗ്രാമത്തിലാണ ജനിച്ചതെന്ന് വിശ്വസിക്കപ്പെട്ടുപോരുന്നു. 90 വർഷക്കാലത്തോളം ജീവിച്ചിരുന്ന ശ്രീവിദ്യാരണ്യസ്വാമികൾ പൂർവ്വാശ്രമത്തിൽ സർവ്വജ്ഞമാധവൻ, മാധവാചാര്യർ, മാധവാമാത്യൻ ഇത്യാദി പല പേരുകളിൽ വിശ്രുതനായിരുന്നു. പ്രസ്തുത മഹാപുരുഷൻ വിജയനഗരാധിപതികളായ ഹരിഹരൻ ഒന്നാമൻേറയും ബുക്കരായരുടേയും ഹരിഹരൻ രണ്ടാമൻേറയും പ്രധാനമന്ത്രിയായിരുന്ന്, വിജയനഗരസാമ്രാജ്യം സ്ഥാപിച്ച് നിലനിർത്തുന്നതിലേക്ക യത്നിച്ചിട്ടുണ്ടെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം തന്റെ എൺപതാമത്തെ വയസ്സിൽ ശൃംഗേരിമഠാധിപതി ആയിരുന്ന ശ്രീ ഭാരതിതീർത്ഥസ്വാമികളിൽനിന്ന് "വിദ്യാരണ്യസ്വാമിക"ളെന്ന പേരിൽ സംന്യാസദീക്ഷ സ്വീകരിച്ചു എന്നും ശ്രീ ഭാരതീതീർത്ഥസ്വാമികളുടെ മഹാസമാധിക്കശേഷം ആറു വർഷത്തോളം ശൃംഗേരിമഠത്തിലെ മഠാധിപതിയായി വിജയിച്ചിരുന്നു എന്നും ക്രിസ്ത്വാബ്ദം 1386-ൽ ഭൌതികപിണ്ഡം ഉപേക്ഷിച്ച് നിർവ്വാണമടഞ്ഞു എന്നും ചരിത്രഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ലൌകികജീവിതത്തിൽ വിജയനഗരസാമ്രാജ്യത്തേയും ആദ്ധ്യാത്മികജീവിതത്തിൽ ശൃംഗേരി മഠത്തേയും അത്യുന്നതപദവിയിലെത്തിച്ച ശ്രീ വിദ്യാരണ്യസ്വാമികൾ കലകളുടേയും ശാസ്ത്രങ്ങളുടേയും പരിപോഷണംകൂടി നിർവ്വഹിച്ചിരുന്നതായി അദ്ദേഹത്തിൻെറ സമകാലീനന്മാരായ കവികളുടെ കൃതികളിൽനിന്നും വ്യക്തമാകുന്നുണ്ട്. ഇതിലേക്ക് അടിയിൽ ചേർത്തിരിക്കുന്ന "അഹോബലപണ്ഡിതൻെറ" ഒരു ശ്ലോകം മതിയായ തെളിവാണെല്ലൊ.

വേദാനാം ഭാഷ്യകർത്താ വിവൃതമുനിവചാധാതുവൃത്തേർവ്വിധാതാ
പ്രോദ്യദ്വിദ്യാനഗര്യാം ഹരിഹരനൃപതേസ്സാർവ്വഭൌമത്വദായീ
വാണീനീലാഹിവേണീ സരസിജനിലയാകിങ്കരീതിപ്രസിദ്ധാ
വിദ്യാരണ്യോഽഗ്രഗണ്യോഽഭവദഖിലഗുരുശ്ശങ്കരോവീതശങ്കഃ.

ശ്രീ വിദ്യാരണ്യസ്വാമികൾ വൈദികങ്ങളും ലൌകികങ്ങളുമായ വിഷയങ്ങളെ അധികരിച്ച് അനവധി ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അവയിലെല്ലാററിലുംവച്ച് പ്രചുരപ്രചാരത്തിലിരിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് പഞ്ചദശി. ശ്രീ വിദ്യാരണ്യസ്വാമികൾ ശ്രീ ഭാരതിതീർത്ഥസ്വാമികളുമൊരുമിച്ച് ശൃംഗേരിമഠത്തിൽ നിവസിച്ചുകൊണ്ടിരുന്ന കാലത്താണ് ഈ ഗ്രന്ഥം രചിച്ചതെന്നും ഇതിലെ ആദ്യത്തെ 10 പ്രകരണം ശ്രീ വിദ്യാരണ്യസ്വാമികളുടേയും ബാക്കി 5 പ്രകരണം ശ്രീ ഭാരതിതീർത്ഥസ്വാമികളുടേയും ആണെന്നും ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അതിനു മതിയായ തെളിവ് പഞ്ചദശിയിൽനിന്നും സിദ്ധിക്കുന്നില്ലെന്നാണ് അധികം പണ്ഡിതന്മാരുടേയും അഭിപ്രായം. അതെങ്ങനെ ആയാലും ശരി, അദ്വൈതതത്വപ്രതിപാദകങ്ങളായ പ്രകരണഗ്രന്ഥങ്ങളിൽ പഞ്ചദശിക്കുള്ള സ്ഥാനം അനിതരസാധാരണമായ ഒന്നുതന്നെയാണ്. ഈ ഗ്രന്ഥത്തിൽ പതിനഞ്ചു പ്രകരണങ്ങളിലായി ആകെ 1571 ശ്ലോകങ്ങളാണ് അടങ്ങിയിട്ടുള്ളത്. ശ്രീ വിദ്യാരണ്യസ്വാമികളുടെ ഒരു സ്വതന്ത്രകൃതിയാണ് ഈ ഗ്രന്ഥമെന്നുവരികിലും അദ്ദേഹം ഇതിൽ പൂർവ്വാചാര്യന്മാരുടെ അനേകം വാക്യങ്ങൾ പ്രമാണരൂപത്തിൽ ചേർത്തിട്ടുണ്ട്. വേദങ്ങളും ഉപനിഷത്തുക്കളും പുരാണങ്ങളും ഇതിഹാസങ്ങളുമെല്ലാം അദ്വൈതബ്രഹ്മതത്വത്തെത്തന്നെയാണ് സിദ്ധാന്തരൂപത്തിൽ പ്രതിപാദിക്കുന്നതെന്നു കാണിക്കാൻ വേണ്ടിയാകുന്നു അദ്ദേഹം അങ്ങനെ ചെയ്തിട്ടുള്ളത്. അതിനാൽ വേദം, ഉപനിഷത്തുകൾ മുതലായവയിലേയും വിദ്യാരണ്യസ്വാമികൾക്ക മുമ്പുണ്ടായിരുന്ന പരമാചാര്യന്മാരുടെ ഗ്രന്ഥങ്ങളിലേയും പല വാക്യങ്ങളും നമുക്ക പഞ്ചദശിയിൽ കാണാൻ കഴിയും. ചാർവ്വാകാദിനാസ്തിക ദർശനങ്ങളുടേയും സാംഖ്യാദ്യാസ്തിക ദർശനങ്ങളുടേയും ശൈവാദിതാന്ത്രികദർശനങ്ങളുടേയും തത്വങ്ങൾ സംഗ്രഹിച്ച് അവയെല്ലാം അദ്വൈതസിദ്ധാന്തസൌധത്തിലേക്കുള്ള സോപാനങ്ങളാണെന്ന് സമാഹ്ലാദജനകമായ ശൈലിയിൽ ചിത്രീകരിച്ചിരിക്കുന്ന പഞ്ചദശി ഭാരതീയദർശനസാരസംഗ്രഹമാണെന്നുകൂടി പറയുന്നതിൽ ലേശവും അതിശയോക്തിയില്ലതന്നെ. ഈ ഒരു ഗ്രന്ഥംമാത്രം മനസ്സിരുത്തി പഠിച്ചാൽ ഭാരതീയതത്വജ്ഞാനം വേണ്ടവണ്ണം ഗ്രഹിച്ച് മന്ദാധികാരികൾക്കപോലും മുക്തി അടയുവാൻ സാധിക്കുന്നതാണ്.

പഞ്ചദശിയിലെ പദ്യങ്ങളെല്ലാംതന്നെ ലളിതകോമളങ്ങളായ പദാവലികളാൽ സംഗ്രഥിതങ്ങളാണെങ്കിലും അവയുടെ ആശയം ഗ്രഹിക്കുന്നതിന് ആചാര്യാനുഗ്രഹവും വിശദമായ വ്യാഖ്യാനവും അത്യന്താപേക്ഷിതമാകുന്നു. സംസ്കൃതഭാഷയിൽ ഈ ഗ്രന്ഥത്തിന് പല വ്യാഖ്യാനങ്ങളുമുണ്ട്. അവയെ ഉപജീവിച്ചും അല്ലാതെയും പാശ്ചാത്യഭാഷകളിലും പൌരസ്ത്യഭാഷകളിലുമായി അനവധി വിവരണങ്ങ

ളും വിപുലമായ വ്യാഖ്യാനങ്ങളും പഞ്ചദശിക്ക് ഇന്നു പ്രചാരത്തിലിരിക്കുന്നുമുണ്ട്. കൈരളിയുടെ ജ്യേഷ്ഠസഹോദരിയായ തമിഴിൽതന്നെ പഞ്ചദശിയുടെ പല പ്രകാരത്തിലുള്ള സംഗ്രഹങ്ങളും ബൃഹത്തായ വ്യാഖ്യാനങ്ങളും സുലഭങ്ങളാണ്. എന്നാൽ നമ്മുടെ മലയാളഭാഷയിൽ പ്രസ്തുത ഗ്രന്ഥത്തിന് ശരിയായ ഒരു വ്യാഖ്യാനം അടുത്തകാലംവരെ പുറത്തുവന്നിട്ടില്ലായിരുന്നു. ആ കുറവ് പരിഹരിച്ച് സരളവും സരസവുമായ ഭാഷയിൽ സുസ്പഷ്ടാർത്ഥപ്രതിപാദകമായ വ്യാഖ്യാനത്തോടുകൂടി പഞ്ചദശിയെ കൈരളിയിലേക്ക് അവതരിപ്പിക്കുവാനുള്ള മഹാഭാഗധേയം സാഹിത്യകുശലൻ പണ്ഡിതൻ കൊല്ലംകോട്ട് പി. ഗോപാലൻനായരവർകൾക്കാണ് സിദ്ധിച്ചത്. അദ്ധ്യാത്മരാമായണം, ഭാഗവതം, ബ്രഹ്മസൂത്രശാങ്കരഭാഷ്യം മുതലായ ശ്രേഷ്ഠഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവെന്ന നിലയിൽ കേരളീയർക്കാകമാനം സുപരിചിതനായിത്തീർന്നിട്ടുള്ള ശ്രീ ഗോപാലൻനായരവർകളുടെ പഞ്ചദശി വ്യാഖ്യാനം പുറത്തുവന്നിട്ട് ഇപ്പോൾ ഒരു പത്തുകൊല്ലംതന്നെ ആയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിലെ വേദാന്തപണ്ഡിതന്മാരും ജിജ്ഞാസുക്കളും പരമാദരവോടുകൂടിയാണ് അതിനെ സ്വാഗതംചെയ്തത്. ഏതാണ്ട് ഒന്നു രണ്ടുകൊല്ലംകൊണ്ടുതന്നെ ആ ഗ്രന്ഥങ്ങൾ മുഴുവനും വ്യാഖ്യാതാവിന്ന് ജിജ്ഞാസുക്കളുടെ ഇടയിൽ വിതരണംചെയ്യാൻ കഴിഞ്ഞത് അതിന്നു മുഖ്യ തെളിവാണ്. പുസ്തകാപേക്ഷകന്മാരുടെ സംഖ്യ അടിക്കടി വർദ്ധിച്ചുകൊണ്ടേയിരുന്നു. അതിന്റെ പരിണതഫലമാണ് ഈ പഞ്ചദശീവ്യാഖ്യാനം രണ്ടാംപതിപ്പിന്റെ പുറപ്പാട്.

ഇതിന്റെ വ്യാഖ്യാതാവായ ശ്രീ ഗോപാലൻനായരവർകൾ കേരളത്തിലെ ഗുരുകുലക്ലിഷ്ടന്മാരായ മഹാപണ്ഡിതന്മാരുടെ പരമ്പരയിൽപെട്ട സുവിഖ്യാതനായ ഒരു മഹാപുരുഷനാണല്ലൊ. വിദ്യയിലും തപസ്സിലും വയസ്സിലും വേണ്ടുവോളം അഭിവൃദ്ധിനേടുവാൻ സാധിച്ചിട്ടുള്ള പ്രസ്തുത പുണ്യപുരുഷൻ തന്റെ പാണ്ഡിത്യത്തിന്റെ സർവ്വ കഴിവുകളും കേരളീയരെ ആദ്ധ്യാത്മികമാർഗ്ഗത്തിലേക്കു നയിക്കുവാനാണ് വിനിയോഗിച്ചിട്ടുള്ളത്. അത് നമ്മുടെ മഹാഭാഗ്യമെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. രാമായണം, ഭാഗവതം തുടങ്ങിയ കിളിപ്പാട്ടുകളിലൂടെ ഭഗവല്ലീലകളെക്കുറിച്ചുള്ള സാമാന്യജ്ഞാനം കേരളീയർക്ക്, മുമ്പുതന്നെ സിദ്ധിച്ചിരുന്നു എങ്കിലും മൂലഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ആ ഭഗവല്ലീലകളുടെ യഥാർത്ഥസ്വരൂപം ശ്രീ. ഗോപാലൻനായരവർകളുടെ വ്യാഖ്യാനംമുഖേനയാണ് കേരളീയർക്കറിഞ്ഞാസ്വദിക്കുവാൻ ഭാഗ്യമുണ്ടായത്. അതിനാൽ തുഞ്ചത്തു ഗുരുപാദരേപ്പോലെതന്നെ ശ്രീ. ഗോപാലൻനായരവർകളും കേരളത്തിലെ ഭഗവത്ഭക്തന്മാരുടെ ഹൃദയത്തിൽ സുപ്രതിഷ്ഠിതനായിത്തീർന്നിരിക്കുകയാണ്. പരമപ്രേമരൂപമായ പരാഭക്തിയും അനുഭൂതിസ്വരൂപമായ വേദാന്തനിഷ്ഠയും ഒന്നുതന്നെയെന്ന് സുദൃഢം ബോധിപ്പിച്ചിട്ടുള്ള ശ്രീ. ഗോപാലൻനായരവർകളുടെ വ്യാഖ്യാനത്തിന്ന് പ്രത്യേകമൊരു മേന്മയുള്ളതു സാധാരണക്കാർക്കുപോലും അതു വായിച്ചുമനസ്സിലാക്കുവാൻ കഴിയുമെന്നുള്ളതാണ്. പാണ്ഡിത്യപ്രകടനംകൊണ്ട് അനുവാചകന്മാരെ ഭ്രമിപ്പിക്കാതെ ഗ്രന്ഥഹൃദയം ഉള്ളവണ്ണം പ്രകാശിപ്പിക്കുവാനുള്ള ഒരു കഴിവ് ശ്രീ. പി. ഗോപാലൻനായരവർകൾക്കുള്ളതുപോലെ മററധികം വ്യാഖ്യാതാക്കളിലും കാണാൻ കഴിയുന്നതല്ല. അതുതന്നെയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളോട് പണ്ഡിതനും പാമരനും ഒരുപോലെ ആദരാതിശയമുണ്ടാകുവാനുള്ള മുഖ്യകാരണവും.

പ്രസ്തുത പഞ്ചദശിവ്യാഖ്യാനം വെളിയിൽ വരുന്നതിനു മുൻപ് ശ്രീ കെ. സി. എൻ വാഴുന്നവർ, എന്ന പണ്ഡിതവര്യൻ പദ്യരൂപത്തിൽ പഞ്ചദശി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കൂടാതെ മഹാപണ്ഡിതനായിരുന്ന പാണാപള്ളി താർക്കികൻ ശ്രീ. രാമക്കയ്മളവർകളും ടി ഗ്രന്ഥത്തിന് നാതിവിസ്താരസംഗ്രഹമായ ഒരു വ്യാഖ്യാനം മലയാളഭാഷയിൽ വിരചിച്ചിട്ടുണ്ടെങ്കിലും അതിതുവരെയും പ്രസിദ്ധപ്പെടുത്തിയതായിട്ടറിയുന്നില്ല. രണ്ടു വർഷം മുൻപ് ശ്രീവർദ്ധനത്ത് ശ്രീ: എൻ. കൃഷ്ണപിള്ള അവർകൾ എം. എ. എൽ. ടി. പഞ്ചദശി കിളിപ്പാട്ടുരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകങ്ങൾക്കൊന്നിനുംതന്നെ ശ്രീ: ഗോപാലൻനായരവർകളുടെ വ്യാഖ്യാനത്തെപ്പോലെ പ്രചാരത്തിൽ വരാൻ കഴിഞ്ഞില്ല. ഇതിൽനിന്നെല്ലാം ഈ പഞ്ചദശി വ്യാഖ്യാനത്തിനുള്ള മഹത്വം സുവ്യക്തമാണല്ലൊ. സംസ്കൃതഭാഷയിലുള്ള ശ്രീമദ്രാമകൃഷ്ണവിരചിതവ്യാഖ്യാനവും തമിഴ്ഭാഷയിലുള്ള ശ്രീ: നായഡുവിന്റെ വിസ്തൃതമായ വ്യാഖ്യാനവും പരിശോധിച്ചാൽ ശ്രീ: ഗോപാലൻനായരവർകളുടെ വ്യാഖ്യാനം ആ രണ്ടു വ്യാഖ്യാനങ്ങളോടും കിടപിടിക്കത്തക്കതാണെന്ന് മനസ്സിലാകും.

പദച്ഛേദഃ പദാർത്ഥോക്തിർവ്വിഗ്രഹോ വാക്യയോജനാ
ആക്ഷേപസ്യ സമാധാനം വ്യാഖ്യാനം പഞ്ചലക്ഷണം.

എന്നുള്ള ലക്ഷണമനുസരിച്ചാണ് ഈ പഞ്ചദശിവ്യാഖ്യാനം തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഓരോ പ്രകരണം വ്യാഖ്യാനിക്കാൻ തുടങ്ങുമ്പോഴും ആ പ്രകരണത്തിന്റെ സാരം മനോഹരമായ ഭാഷയിൽ

പ്രസ്താവിച്ചിരിക്കുന്നത്, ഈ വ്യാഖ്യാനത്തിനുള്ള ഒരു പ്രത്യേകതതന്നെയാണ്. പഞ്ചദശിയിലെ ഓരോ പ്രകരണത്തിലേയും ശ്ലോകങ്ങളുടെ വ്യാഖ്യാനം വായിക്കുമ്പോൾ അവയുടെ ആശയങ്ങൾ സംശയവിപര്യയ ലേശംകൂടാതെ അനുവാചകർ ഗ്രഹിക്കുവാൻ ആ സാരസംഗ്രഹം അത്യന്തം ഉപകരിക്കുന്നുണ്ട്. വിസ്തരഭയംനിമിത്തം അതിനുള്ള ഉദാഹരണം ഈ അവതാരികയിൽ എടുത്തുകാണിക്കുവാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നത്.

രാഷ്ട്രീയചേരികളിലും വർഗ്ഗീയമത്സരങ്ങളിലും മതകലഹങ്ങളിലുംപെട്ട് പരസ്പരം സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന ഇന്നത്തെ കേരളീയ ജനതയെ സന്മാർഗ്ഗത്തിലേക്കും ശാന്തിയിലേക്കും ആനയിക്കുവാൻ അത്യുപയുക്തമായ ഈ പഞ്ചദശീവ്യാഖ്യാനത്തിന്റെ പുറപ്പാട് വിശേഷിച്ചും ഈ സന്ദർഭത്തിൽ സർവ്വഥാ സമുചിതമായിരിക്കുന്നു എന്നു പറയുവാൻ എനിക്കതിയായ സന്തോഷമുണ്ട്. വേദാന്ത കേസരി, ബ്രഹ്മസൂത്രശാങ്കരഭാഷ്യം, ശ്രീമത് ഭഗവൽഗീത, ദത്താത്രേയവധൂതഗീത, ശിവഗീത മുതലായ വേദാന്ത ഗ്രന്ഥങ്ങളുടെ ആശയം കേരളീയഹൃദയത്തിലേക്കു സുന്ദരമായ ഭാഷാശൈലിയിൽ തന്നെ പകർത്തിക്കൊടുത്ത സാഹിത്യകുശലൻ, പണ്ഡിറ്റ് ശ്രീ. പി. ഗോപാലൻനായരവർകൾ കേരള ചരിത്രത്തിൽ ജാജ്വല്യമാനമാനമായി സദാപി പ്രകാശിച്ചുകൊണ്ടിരിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിന്നവകാശമില്ല. ആ മഹാപുരുഷന്ന് സർവ്വവിധമായ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ, ലോകാനുഗ്രഹപ്രദമായ ഈ പഞ്ചദശീ വ്യാഖ്യാനഗ്രന്ഥരത്നം മഹാജനസമക്ഷം ഞാൻ സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീതീർത്ഥപാദാശ്രമം, എഴവറവർ,
21—4—1959.

പരമാനന്ദതീർത്ഥപാദസ്വാമി.

“പഞ്ചദശി”യെപ്പററി ചില അഭിപ്രായങ്ങൾ.

“Panchadesi” is unique. It epitomised the galaxy of Hindu religion and philosophy. Vedas, Upanishads, Bhagavat Gita etc. have been pressed into service to teach God-Realisation. Brain-racking philosophic conceptions, based on merciless logic, are seen intertwined with practical teachings from a Realised Master.

Hidden behind five sheaths remains our Soul. Human development depends upon the extent of uncovering undergone.

Panchadesi emphasises:—We *are not* bodies, but we *have* bodies. Man, in the ultimate analysis, is Soul—the Divine Essence.

The sheaths that hide the Soul are explained, as also the means to discard them. The nature and substance of our physical, subtle and casual bodies are laid bare; also how the Divine Essence works in and through them.

Mind binds man to things mundane. Conquer mind. All nature stands at our feet. Panchadesi points the way.

Every sentient being wants happiness. Happiness differs from pleasure. Pleasures are many, manifold, fleeting—giving rise to desires, ever new and newer. Happiness is ആനന്ദം. Once attained, anxiety, fear and desires vanish, like mist before blazing sun.

Panchadesi groups ആനന്ദം as: വിഷയാനന്ദം, വിദ്യാനന്ദം, യോഗാനന്ദം, ആത്മാനന്ദം and അദ്വൈതാനന്ദം.

Attainment of ആനന്ദം is the unquestioned right of every created being. But we are not all alike. Mukti is not reserved for ഉത്തമാധികാരി—intellectually great and morally pure. Millions are മന്ദാധികാരി's. Ancient seers discovered means to attain Mukti even by the lowliest aspirants who constitute far and away the largest section of humanity.

In all ages and climes humanity wailed: (Panchadesi 1st Ed. p. 181).

> “ജാനാമിധർമ്മം നചമേ പ്രവൃത്തി, ജനാമ്യധർമ്മം നചമേ നിവൃത്തിഃ
> കേനാപിദേവേന ഹൃദിസ്ഥിതേന യഥാ നിയുക്തോസ്മി തഥാ കരോമി”

The remedy is at p. 425.

> “ചിത്തമേവഹി സംസാരസ്തൽ പ്രയത്നേന ശോധയേത്
> യച്ചിത്തസ്തന്മയോമർത്ത്യോ ഗുഹ്യമേതൽ സനാതനം.”

Pandit Gopalan Nair cannot groan so much under old age, as under the weight of literary achievements. The crowning glory of this scholar-devotee is the gift of Panchadesi to the Intelligentia of Kerala.

Trichur,
29—1—59.

T. C. K. KUKUP.

പഞ്ചദശി ഒരസാധാരണഗ്രന്ഥമാണ്. ഹിന്ദുമതവും അതിലെ ആദർശങ്ങളും—വേദം, ഉപനിഷത്തു, ഭഗവൽഗീത മുതലായവ—എല്ലാംതന്നെ ക്രോഡീകരിച്ച ആത്മസാക്ഷാത്കാരത്തിന്നു വഴി കാണിക്കുന്ന ഒരു പുസ്തകമാണ് അത്. ബുദ്ധിയെ പരീക്ഷിക്കുന്ന ദാർശനികതത്വങ്ങൾ യുക്തിവാദത്തിൻെറ പരമകാഷ്ഠയിൽ പ്രതിഷ്ഠിച്ചവ; ആത്മസാക്ഷാൽകാരം സിദ്ധിച്ച ഒരു മഹാഗുരുവിൻെറ ഉപദേശങ്ങളോട് കലർത്തി പ്രതിപാദിച്ചിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ.

5 കോശങ്ങൾകൊണ്ട് മൂടപ്പെട്ടിരിക്കുന്നതാണ് നമ്മുടെ ആത്മാവ്. മാനുഷികവികാസം ഈ ആവരണങ്ങളെ നീക്കുന്നതിനെ അപേക്ഷിച്ചിരിക്കുന്നു.

പഞ്ചദശി നമ്മൾ ദേഹമല്ലെന്നും, നമ്മൾക്കു ദേഹമാണുള്ളതെന്നും ഊന്നി പ്രഖ്യാപിക്കുന്നു. മനുഷ്യൻ സൂക്ഷ്മപരിശോധനയിൽ ആത്മാവ് ആണ്—ദൈവസത്ത.

ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന കോശങ്ങൾ ഏതെല്ലാമാണെന്നും, അവയെ ഏതുവിധമാണ് നീക്കം ചെയ്യേണ്ടതെന്നും; നമ്മുടെ സ്ഥൂല, സൂക്ഷ്മ, കാരണ, ശരീരങ്ങളുടെ സ്വഭാവവും, സത്തയും. ഇവയിൽകൂടി ദൈവസത്ത എങ്ങിനെ വ്യാപരിക്കുന്നുവെന്നും മററും ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

മനസ്സാണ് മനുഷ്യനെ ലൌകീകകാര്യങ്ങളിൽ ബന്ധിക്കുന്നത്. മനസ്സിനെ ജയിക്കുക എന്നാൽ പ്രപഞ്ചം നമ്മുടെ കാല്ക്കൽ നില്ക്കുന്നതായി കാണാം. പഞ്ചദശി ഇതിന്നുള്ള മാർഗ്ഗത്തെ ചൂണ്ടി കാണിക്കുന്നു. എല്ലാ ജീവികളും സുഖത്തെ കാംക്ഷിക്കുന്നു. സുഖം ഭോഗത്തിൽനിന്നു വ്യതിരിക്തമാണ്. ഭോഗങ്ങൾ പലേതും ക്ഷണഭംഗുരവും ആണ്. ഇവയിൽനിന്നു ആശകൾ എപ്പോഴും പുതുതായി. പിന്നേയും പുതുതായി ഉത്ഭവിക്കുന്നു, സുഖംതന്നെയാണ് ആനന്ദം. ഇതു ഒരിക്കൽ ലഭിച്ചാൽ സർവ്വഭയങ്ങളും ആശങ്കകളും ജ്വലിക്കുന്ന സൂര്യൻെറ മുമ്പിൽ മഞ്ഞുപോലെ തിരോഭവിക്കുന്നു. പഞ്ചദശി ആനന്ദത്തെ 5 വിധം വേർതിരിച്ചിരിക്കുന്നു. വിഷയാനന്ദം—വിദ്യാനന്ദം—യോഗാനന്ദം—ആത്മാനന്ദം—അദ്വൈതാനന്ദം.

സൃഷ്ടിയിലുള്ള ഏതൊരു വ്യക്തിക്കും ആനന്ദലബ്ധിക്കു അവിതർക്കിതമായ അവകാശമുണ്ട്. പക്ഷെ നമ്മൾ എല്ലാവരും ഒരുപോലെ അല്ല. ഉത്തമാധികാരിക്കുമാത്രമുള്ളതല്ല. ഉത്തമാധികാരി എന്നാൽ; വലിയ ബുദ്ധിയുള്ളവരും സദാചാരശ്രേഷ്ഠരും എന്നാണ് വിവക്ഷ. അനേകകോടി ജനങ്ങളും മന്ദാധികാരികളാണ്. പൂർവ്വീകഋഷിമാർ താഴ്ന്നതരത്തിലുള്ള മുമുക്ഷുക്കൾക്കുകൂടി മോക്ഷമാർഗ്ഗം കണ്ടുപിടിച്ചു. ഇങ്ങിനെ താഴ്ന്നയുള്ള ജനങ്ങളാണല്ലോ മനുഷ്യരുടെ ഇടയിൽ വലിയ ഒരു ഭാഗം.

എല്ലാ കാലത്തും എല്ലാ രാജ്യത്തും ലോകർ
പ്രഖ്യാപിച്ചിട്ടുണ്ട് } പഞ്ചദശി

1-ാം പതിപ്പ് 181-ാം ഭാഗം ശ്ലോകം 176.

176. ജാനാമിധർമ്മം നചമേ പ്രവൃത്തിർജ്ജാനാമ്യധർമ്മം നചമേനിവൃത്തിഃ
കേനാപിദേവേന ഹൃദിസ്ഥിതേന യഥാനിയുക്തോസ്മിതഥാകരോമി.

ഇതിന്നു പരിഹാരമാർഗ്ഗം 425-ാം ഭാഗം 113-ാം ശ്ലോകം.

ചിത്തമേവഹി സംസാരസ്തൽപ്രയത്നേന ശോധയേത്
യച്ചിത്തസ്തന്മയോമർത്ത്യാഗുഹ്യമേതൽ സനാതനം.

പണ്ഡിററ് പി. ഗോപാലൻനായർ വാർദ്ധക്യംകൊണ്ടല്ല കഴഞ്ഞിട്ടുള്ളത്. ഭാരിച്ച സാഹിത്യപരമായ നേട്ടങ്ങളുടെ ഫലംകൊണ്ടാണ് വലഞ്ഞിട്ടുള്ളത്. ഈ സാഹിത്യഭക്തൻെറ പഞ്ചദശി കേരളത്തിലെ പഠിപ്പുള്ള ജനങ്ങൾക്കു അർപ്പിച്ചിട്ടുള്ള ഒരു വലിയ ഭാഗധേയമാണ്.

തൃശ്ശൂർ,
29—1—1959.

T. C. K. KURUP.

ശ്രീ.

സാഹിത്യകുശലൻ പണ്ഡിററ് പി. ഗോപാലൻനായർ അവൎകൾക്കു്,
കൊല്ലങ്കോടു്.

അനുമോദനം.

മാന്യസുഹൃത്തമ!

താങ്കളുടെ പഞ്ചദശി വിവൎത്തനം രണ്ടാംപതിപ്പിന്റെ മുദ്രണം ഏതാണ്ടു പൂൎത്തിയായിട്ടുണ്ടെന്നും മററും എന്നെ അറിയിച്ചതിൽ സന്തോഷിക്കുന്നു. എന്റെ അനധികാരിത്വമോ അനാരോഗ്യാവസ്ഥയോ ഗണിക്കാതെ, ഈ പതിപ്പിന്നു ഒരു അവതാരികതന്നെ എഴുതുവാൻ താങ്കൾ ആദ്യം നിയോഗിച്ചപ്രകാരം ആ കൃത്യം ഞാൻ നിൎവ്വഹിക്കുമായിരുന്നു. പക്ഷെ താങ്കളുടെ പരക്ലേശാസഹിഷ്ണുത എന്റെ കൃത്യത്തെ ലഘൂകരിച്ചതിനെത്തുടൎന്നു് ഒരനുമോദനദ്വാരാ ഈ ലോകാരാധന (ശാസ്ത്രസംസേവന) യജ്ഞത്തിൽ ഒരു ഭാഗഭാക്കാവാനാഗ്രഹിക്കുന്നു.

ഇത്തരം പ്രൌഢഗ്രന്ഥങ്ങൾക്കു ഒരു രണ്ടാംപതിപ്പിന്റെ ആവശ്യകത അപൂൎവ്വമായിട്ടേ കണ്ടുവരുന്നുള്ളു. കാരണം ചുരുക്കിപറയുമ്പോൾ, സാധാരണന്മാൎക്കു അവയിൽ അഭിനിവേശമില്ലായ്മ; അഭിനിവേശമുള്ളവൎക്കു വിഷയത്തിന്റെ ദുൎഗ്രാഹ്യത എന്നുള്ളവയാണു്. ഈ വൈകല്യങ്ങളെ പരിഹരിപ്പാൻ ഗ്രന്ഥകാരന്നു കഴിവുണ്ടാകണം. ഈ കഴിവിനെ അവലംബിച്ചായിരിക്കും ഗ്രന്ഥത്തിന്റെ പ്രചുരപ്രചാരം. ഈ രണ്ടാംപതിപ്പു് കൎത്താവിന്റെ ഗ്രന്ഥനിൎമ്മാണനൈപുണിയുടെ മാനദണ്ഡമായിട്ടാണു നിലകൊള്ളുന്നതു്.

ദീൎഘകാലം ഒരു ഹൈസ്കൂളിലെ ഭാഷാപണ്ഡിതനായിരുന്നു പ്രശസ്തിനേടികഴിഞ്ഞിട്ടുള്ളാളാകയാൽ കാഠിന്യമുള്ള അംശങ്ങളെ സരളഭാഷയിലൂടെ മററുള്ളവരെ ഗ്രഹിപ്പിപ്പാനുള്ള പാടവം സിദ്ധമായിരിക്കണമല്ലോ. അധീതി, ബോധം, ആചരണം, പ്രചാരണം എന്നീ നാലു് അവസ്ഥകൾകൊണ്ടേ ഒരു വിദ്യക്കു പൂൎണ്ണത സിദ്ധിക്കയുള്ളുവെന്നാണു് അഭിജ്ഞന്മാരുടെ മതം. ഈ നാലവസ്ഥയും തികഞ്ഞ പണ്ഡിതന്മാരുടെ എണ്ണം കുറയും. ഇതു നാലും താങ്കളിൽ യഥായോഗ്യം നിലകൊള്ളുന്നുവെന്നു സമൎത്ഥിക്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. അധീതിയുടെയും ബോധത്തിന്റെയും നില പരന്മാരാൽ ദുൎഗ്രാഹ്യമായേക്കാമെങ്കിലും തൽഫലഭൂതങ്ങളായ ആചാരണവും പ്രചാരണവും സുഗ്രാഹ്യമാണല്ലോ. സൎവ്വഥാ ഇവ നാലും താങ്കൾക്കു സംസിദ്ധമാണെന്നു താങ്കളുടെ ഗ്രന്ഥനിൎമ്മാണപരിശ്രമം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

ഭാഗവതാദിപുരാണേതിഹാസവ്യാഖ്യാനങ്ങൾ മദ്ധ്യമാധികാരികൾക്കും ബ്രഹ്മസൂത്രം, പഞ്ചദശി മുതലായ ഉത്തമശാസ്ത്രഗ്രന്ഥവ്യാഖ്യാനങ്ങൾ ഉത്തമാധികാരികൾക്കും സംഭാവനചെയ്തിട്ടുള്ള താങ്കളുടെ കൎമ്മപരിപാടി ഏവരാലും അഭിനന്ദനീയമാണു്. ഇങ്ങിനെ ലോകോപകാരകമായ കൎമ്മപദ്ധതിലേപ്പെട്ടു ദീൎഘകാലമായി നിരന്തരപരിശ്രമംകൊണ്ടു പ്രഖ്യാതിനേടിയ താങ്കൾ കൎമ്മശീലന്മാൎക്കൊരു മാതൃകയായിതീൎന്നിട്ടുണ്ടു്.

ഈ പഞ്ചദശീഗ്രന്ഥം, വിദ്യാലയങ്ങളിലെ ലൈബ്രറികളിൽ സ്വീകരിക്കുന്നപക്ഷം, ഇപ്പോൾ മുഴുത്തുവരുന്ന ഭൌതികഭ്രാന്തിക്കു ഒരു പ്രത്യൌഷധമായിത്തീരുന്നതാണു്. കേരളഗ്രന്ഥശാലാസംഘവും ഈ ഗ്രന്ഥത്തിന്റെ പ്രചരണത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ഈവിധം പ്രായാധിക്യത്തിലും മടങ്ങാതെയും മുടങ്ങാതെയും പ്രവൃത്തിയെടുത്തുവരുന്നവരെ ദുൎല്ലഭമായിട്ടേ കാണുന്നുള്ളു. ഇനിയും ചിരകാലം കൎമ്മനിരതനായ്ത്തന്നെ യഥാസുഖം വാണിരിപ്പാൻ കരുണാനിധിയായ ജഗദീശ്വരൻ ഭവാനെ കടാക്ഷിക്കുമാറാകട്ടെ.

എന്നു്, പ്രിയമിത്രം
വിദ്യാവിഭൂഷണം

നെന്മാറ,
7—3—59.

പി. നാരായണൻനായർ.

ശ്രീ

തൃശ്ശിവപേരൂർ,
28—1—59.

ഓം നമോ ഭഗവതേ വാസുദേവായ.

"പഞ്ചദശി"യുടെ ഒരു രണ്ടാംപതിപ്പുംകൂടി അവിടത്തെ ആ പുണ്യഹസ്തങ്ങൾകൊണ്ടു് നിർവ്വഹിക്കപ്പെടുന്നു എന്നറിഞ്ഞു് അതിശയാഹ്ലാദാഭിമാനങ്ങളാൽ ഞാൻ വാസ്തവത്തിൽ പുളകിതഗാത്രനായി. പഞ്ചദശിയെപ്പോലുള്ള ഒരു ലോകോത്തര വേദാന്തഗ്രന്ഥത്തിന്റെ വ്യാഖ്യാനമെഴുതുക എന്ന ആ ദുഷ്കരമായ പ്രവൃത്തി വിജയപ്രദമായി നിവൃത്തിച്ചതു പന്ത്രണ്ടുകൊല്ലം മുമ്പാണു്. അതിന്റെ പൊളിച്ചെഴുത്തു് ഇത്ര കൃത്യമായി ഇപ്പോൾ വേണ്ടിവന്നതും അതിലേക്കു് ആദ്യത്തെ വിശുദ്ധഹസ്തങ്ങൾതന്നെ സന്നദ്ധമായതും ഒരത്ഭുതമാകുന്നു. പഞ്ചദശിയുടെ കർത്താവും അതിമാനുഷനുമായിരുന്ന ശ്രീ വിദ്യാരണ്യസ്വാമികളെക്കാൾ വയസ്സുമൂത്ത ഒരു കാലത്താണു് ആ അപൂർവ്വഭാഗ്യം അവിടയ്ക്കു് സംഗതമായതെന്നതിലും അതിശയം തോന്നുന്നു. അഗാധവും അതിഗഹനവുമായ പഞ്ചദശിയുടെ വ്യാഖ്യാനത്തിന്റെ രണ്ടാംപതിപ്പിന്നിടവരുത്തിയ മലയാളികളുടെ ആസ്തിക്യബോധവും, വേദാന്തജിജ്ഞാസയും, ആഹ്ലാദാഭിമാനങ്ങളെ ഉളവാക്കുന്നു. ഈ പ്രായത്തിലും കാലത്തിലും ഈ രണ്ടാംപതിപ്പിന്റെയും പണിയെടുക്കാനുള്ള ശേഷിയും ശേമുഷിയും നിലനില്ക്കുന്ന അവിടത്തെ പാവനനാമസ്മരണംതന്നെയും അസ്മാദൃശന്മാർക്കു് അനുഗ്രഹപരങ്ങളാകുന്നു. ശ്രീമഹാഭാഗവതം വ്യാഖ്യാനിക്കുവാനും ആ വ്യാഖ്യാനത്തിന്റെ നാലുപതിപ്പുകൾ തുടർച്ചയായി പുറത്തിറക്കുവാനും അനുഗ്രഹിക്കപ്പെട്ട അവിടത്തെ പുണ്യശ്രുതിയിഷ്ടമായ തിരുനാമം, ശ്രീതുഞ്ചത്താചാര്യരുടെ തിരുനാമത്തിനോടൊപ്പം മലയാളികൾ എന്നും ഉച്ചരിച്ചു് ഉന്നതിയേയും ഉൽകൃഷ്ടതത്ത്വത്തെയും നേടുന്നതായിരിക്കും. "പഞ്ചദശി"യെക്കുറിച്ചു ഞാനീയവസരത്തിൽ കൂടി എന്തെങ്കിലും പറയുന്നതു് അക്ഷന്തവ്യമായ അപരാധമായിരിക്കും. മഹാത്മാവായ ശ്രീവിദ്യാരണ്യസ്വാമികളുടെ അശ്രുതപൂർവ്വമായ പാവന ചരിത്രത്തെപ്പോലെ അതിശയനീയവും അത്യുൽകൃഷ്ടവുമായ ഒരപൂർവ്വചരിത്രമുള്ള മഹാഗ്രന്ഥമാകുന്നു "പഞ്ചദശി". അതിഗഹനങ്ങളായ വേദാന്തശാസ്ത്രതത്ത്വങ്ങളെ, അത്യന്തം സുന്ദരങ്ങളായ കൊച്ചു കൊച്ചു പദ്യങ്ങളിൽ സർവ്വവിദിതങ്ങളായ ഉപമകളാലും ഉദാഹരണങ്ങളാലും ബുദ്ധിയും ശ്രദ്ധയും ഉള്ള ഏതു സാധാരണക്കാരനും സുഗ്രാഹ്യമാക്കുന്ന സ്വാമി തിരുവടികളുടെ ബുദ്ധിവിശാലതയും ലോകസേവനപരത്വവും ശാസ്ത്രാനുഭവവും കാവ്യരസികത്വവും അനന്യലഭ്യവും അത്ഭുതാവഹവുമാകുന്നു. ആ വിജ്ഞാനവിൻ ഗംഗയിൽ ഏറങ്ങി നീന്തിക്കുളിക്കുവാൻ എല്ലാവർക്കും സാധ്യമല്ലെങ്കിലും, അതിന്റെ വക്കത്തെത്തി, അതിലെ പരിശുദ്ധവായുവേല്ക്കുന്നതുപോലും സുഖദായകം ആകുന്നു. അതിലെ ദിവ്യജലത്തിൽനിന്നു ഒരു കയ്യുവെള്ളംവാരി മുഖത്തൊഴിക്കുന്നതിനെങ്കിലും എല്ലാവർക്കും സാധിക്കുന്നതും ആകും അതു സാധിക്കേണ്ടതുമാണു്. മനശ്ശാന്തിക്കും മുക്തിലാഭത്തിനും, അതു പര്യാപ്തമാകുന്നു. പഞ്ചദേശങ്ങളിലും "പഞ്ചദശി"യുടെ പ്രഭാപൂരം പരന്നു, മതേതരത്തിലേക്കു മറിഞ്ഞുവീണരുണ്ടുകൊണ്ടിരിക്കുന്ന മലയാളക്കരയ്ക്കെങ്കിലും, നേർമാർഗ്ഗം തെളിയുമാറാകട്ടെ. കേരളത്തിലെ വിദ്യാരണ്യസ്വാമികളുംകൂടിയായ അവിടെയ്ക്കെന്റെ സാഷ്ടാംഗപ്രണാമം.

ഭക്ത്യാദരപുരസ്സരം,

പുത്തേഴത്തു രാമമേനോൻ.

സാഹിത്യനിപുണ
അമ്പാടി മീനാക്ഷിഅമ്മ
തെക്കെ അമ്പാടി.

തൃപ്പൂണിത്തുറ,
14—3—1959.

ശ്രീ പരദേവതായൈനമഃ

ശ്രീവിദ്യാരണ്യസ്വാമികളാൽ വിരചിതമായ ശ്രീ പഞ്ചദശിപ്രകരണം എന്ന വേദാന്തഗ്രന്ഥം ശ്രീമാൻ പണ്ഡിററു് പി. ഗോപാലൻനായരുടെ ലളിതവും വിശദവുമായ ഭാഷാവ്യാഖ്യാനസഹിതം രണ്ടാംപതിപ്പു അച്ചടിച്ചുതയാറാക്കിവരുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ടു്.

സാധാരണയായി നമ്മുടെ മലയാളഭാഷയിൽ ഏതെങ്കിലും ഒരു ഗ്രന്ഥത്തിനു രണ്ടാംപതിപ്പ് ആവശ്യമായിവരുന്നത് വളരെ അപൂർവ്വമാണ്. പക്ഷേ ശ്രീമൽ ഭാഗവതമഹാപുരാണത്തിനു സാരഗർഭവും എന്നാൽ പണ്ഡിതപാമരസാധാരണമായി വായിച്ചു രസിക്കത്തക്ക ലാളിത്യമധുരവുമായ വ്യാഖ്യാനം എഴുതി നാലു പതിപ്പുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ച ശ്രീമാൻ ഗോപാലൻ നായരുടെ കാര്യത്തിൽ രണ്ടാം പതിപ്പിന്ന് ഇടവന്നതിൽ അത്ഭുതത്തിനു അവകാശമില്ല.

പന്ത്രണ്ടുകൊല്ലംമുമ്പ് ആദ്യപ്പതിപ്പ് പ്രസിദ്ധപ്പെടുത്തിയപ്പോൾതന്നെ അത് വളരെ ശ്രദ്ധിച്ചു വായിച്ചുനോക്കുവാനും ശ്രീമാൻ ഗോപാലൻനായരുടെ വ്യാഖ്യാനത്തിൻെറ മേന്മ ധാരാളം ആസ്വദിക്കുവാനുമുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്.

സംസ്കൃതസാഹിത്യത്തിൽ വേദാന്തശാസ്ത്രഗ്രന്ഥങ്ങൾ നിരവധിയാണ്. അവയിൽവച്ചു ഈ പഞ്ചദശിക്കു ഒരു വിശേഷമുള്ളത് നാതിവിസ്തൃതവും നാതിസംക്ഷിപ്തവുമായ വിധത്തിൽ "തത്വമസി" വാക്യാർത്ഥനിഷ്ഠവും സച്ചിദാനന്ദലക്ഷണവുമായ അദ്വൈതവസ്തുവിനെ വിവരിച്ചുകാണിക്കുന്നു എന്നുള്ളതാണ്. ഗ്രന്ഥത്തിൽ പതിനഞ്ചു പ്രകരണങ്ങൾ ഉള്ളവയിൽ ആദ്യത്തെ "തത്വവിവേക" പ്രകരണങ്ങൾ അഞ്ചും 'തൽ' പദത്തിൻേറയും സൽഭാവത്തിൻേറയും വിവരണങ്ങളും പിന്നീടുവരുന്ന "ദീപ" പ്രകരണങ്ങൾ അഞ്ചും 'ത്വം' പദത്തിൻേറയും ചിൽ (ജ്ഞാന) ഭാവത്തിൻേറയും വിവരണങ്ങളും ഒടുവിലത്തെ 'ആനന്ദ'പ്രകരണങ്ങൾ അഞ്ചും പ്രത്യഗാത്മപരമാത്മാക്കളുടെ ഐക്യത്തെ കാണിക്കുന്ന 'അസി'പദത്തിൻേറയും ആനന്ദഭാവത്തിൻേറയും വിവരണങ്ങളുമാകുന്നു. ഓരോ പ്രകരണവും സ്വയംപര്യാപ്തവും സമഷ്ടിഗ്രന്ഥത്തിൻെറ പരിപൂർത്തിക്കു അത്യാവശ്യവുമാകുന്നു. അദ്ധ്യാത്മവിദ്യാനിഷ്ണാതന്മാർക്ക് പ്രസ്തുത പ്രകരണങ്ങൾ ആദ്യന്തം മാർഗ്ഗദർശികളും സശ്രദ്ധം പഠിച്ചുമനനംചെയ്യുന്നതായാൽ പ്രത്യഗഭിന്നപരബ്രഹ്മാനന്ദാനുഭവം നിഷ്പ്രയാസം കരസ്ഥമായിത്തീരുന്നതുമാകുന്നു. മേൽപറഞ്ഞ ആത്മാനന്ദാനുഭൂതിയുടെ സാദ്ധ്യതക്ക് ശ്രീമാൻ ഗോപാലൻനായരുടെ ഈ വ്യാഖ്യാനം ഏററവും സഹായഭൂതവും പ്രയോജനകരവുമായിരിക്കുമെന്നതിന്നു പക്ഷാന്തരമുണ്ടാകുന്നതല്ല.

ശുഭംഭൂയാൽ—ശുഭംഭൂയാൽ—ശുഭംഭൂയാൽ.

അമ്പാടി മീനാക്ഷിഅമ്മ.

ശ്രീ വിദ്യാരണ്യസ്വാമിയുടെ മഹത്തായ പഞ്ചദശിയുടെ രണ്ടാം പതിപ്പാണല്ലോ ഇത്. ഒന്നാം പതിപ്പിൻെറ പ്രതികൾ എല്ലാം ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ വിററുതീർന്നുവെന്നതിൽനിന്നുതന്നെ ഈ പുസ്തകം ജനങ്ങൾക്ക് എത്ര ഉപയോഗപ്രദമായി എന്നു തെളിയുന്നുണ്ടല്ലോ.

വേദാന്തപ്രകരണഗ്രന്ഥങ്ങളിൽവെച്ച് ഏററവും ഉൽകൃഷ്ടമായ ഈ ഗ്രന്ഥത്തെപ്പററി ഗുണദോഷനിരൂപണം ചെയ്യേണ്ട ആവശ്യമില്ല, സാദ്ധ്യതയുമില്ല. ആചാര്യസ്വാമികൾക്ക്ശേഷം വേദാന്തത്തെ വേണ്ടവിധം കൈകാര്യം ചെയ്തവരിൽ ശ്രീ വിദ്യാരണ്യസ്വാമിയെപോലെ വേറെ ആരും ഇല്ലെന്നുതന്നെ പറയാം. ഈ പുസ്തകം വായിച്ചു പഠിച്ചു അനുഭവത്തിലേക്ക് കൊണ്ടുവരുന്നവർക്ക് ആത്മസ്വരൂപാനന്ദം അനുഭവിപ്പാനും, തന്നിമിത്തം ദുഃഖനിവൃത്തി വരുവാനും സാധിക്കുമെന്നാണ് എൻെറ വിശ്വാസം.

പ്രായാധിക്യത്തെയും തൽസഹജമായ ബുദ്ധിമുട്ടുകളേയും വകവെക്കാതെ ജനോപകാരത്തെ മാത്രം മുൻനിത്തി പഞ്ചദശിയുടെ രണ്ടാംപതിപ്പുകൂടി പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചതിൽ ശ്രീ ഗോപാലൻനായർ അവർകളോട് കേരളീയരെല്ലാം—പ്രത്യേകിച്ച് സംസ്കൃതഭാഷാജ്ഞാനം ഇല്ലാത്തവർ—കടപ്പെട്ടിരിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ.

Calicut,
19—2—59.

A. K. T. K. M. GUPTHAN NAMBOODIRIPAD.

Rao Bahadur
V. K. ERADI, B. A. B. L.
Phone No. 227.

Chalapuram,
Kozhikode-2.
1—2—1959.

ഓം നമോ ഭഗവതേ വാസുദേവായ.

മനുഷ്യജന്മത്തിന്റെ ലക്ഷ്യം എന്തെന്നു് ശാസ്ത്രങ്ങളും ആചാര്യന്മാരും നിർദ്ദേശിച്ചിട്ടുണ്ടു്. നിഷ്കാമകർമ്മങ്ങൾ ഫലേച്ഛകൂടാതെ അനുഷ്ഠിച്ചു് മനഃശ്ശുദ്ധി സമ്പാദിച്ചു് വിഷയവൈരാഗ്യം വളർത്തി ഭക്തിജ്ഞാനദ്വാരാ ആത്മസ്വരൂപം അനുഭവരൂപേണ ആസ്വദിച്ചു് അറിഞ്ഞു് നിത്യ—നിരതിശയ പരമാനന്ദം അനുഭവിക്കുകയാണു് മനുഷ്യശരീരം കിട്ടുന്നതുകൊണ്ടു് സാധിക്കേണ്ടതു്. വിവേകത്തോടു കൂടിയ ദുർല്ലഭം ചില പുണ്യാത്മാക്കൾ മാത്രമാണു് ബന്ധനാത്മകവും മോഹഭൂയിഷ്ഠവും വിഷമയവും ആയ വിഷയരസത്തെ ദുഃഖഹേതുവെന്നറിഞ്ഞു് വിരക്തിവന്നു്. 'ഞാൻ ആരെന്നും' 'എവിടെ നിന്നു വന്നു' എന്നും 'ജീവിതലക്ഷ്യ'മെന്തെന്നും മററും അന്വേഷിക്കുന്നതു്. മിക്ക ജന്തുങ്ങളും നശ്വരവിഷയങ്ങളിൽ തന്മയതയോടെ ആസക്തരായി ജന്മ–മൃത്യു–ജരാ–വ്യാധി രൂപമായ അനർത്ഥപരമ്പരയെ സുഖസ്വരൂപമെന്നു് അഭിമാനിച്ചുവരുന്നു. ഇതുതന്നെ മായാ—ഇതുതന്നെ അനാദി അവിദ്യാ—അഥവാ അജ്ഞാനം. ആത്മജ്ഞാനംതന്നെ പരമജ്ഞാനം. ആത്മനിഷ്ഠതന്നെ പരമകർത്തവ്യം, പരമസുഖം, പരമലാഭം, പരമവിദ്യ. ആത്മസ്വരൂപം അറിഞ്ഞല്ലാതെ നിത്യദുഃഖനിവൃത്തിയും നിരതിശയാനന്ദപ്രാപ്തിയും ആർക്കും—എത്ര കോടീശ്വരനും ചക്രവർത്തിക്കും സിദ്ധിക്കുകയില്ല.

പ്രൌഢഗംഭീരങ്ങളായ വേദാന്തതത്വങ്ങളാൽ നിബിഡമായ ശ്രീവിദ്യാരണ്യസ്വാമികളുടെ പഞ്ചദശി തത്വജിജ്ഞാസയുള്ള പുണ്യവാന്മാർക്കു് നിത്യാനന്ദം പ്രാപിക്കേണ്ടതിലേക്കു് ഒരു മാർഗ്ഗദർശി യാകുന്നു.

വലിയ തത്വചിന്തകനും പരമഭാഗവതനും ഭക്താഗ്രേസരനുമായ സാഹിത്യ കുശലൻ പണ്ഡിററ് പി. ഗോപാലൻനായർ കേരളസന്താനങ്ങൾക്കു് ഭാഗവതം, അദ്ധ്യാത്മരാമായണം, ഭഗവദ് ഗീതാ, ശ്രീപഞ്ചദശി മുതലായ പല ഉപരിഗ്രന്ഥങ്ങളുടേയും ഭാഷാവ്യാഖ്യാനം സംഭാവനചെയ്തിട്ടുണ്ടു്. ശ്രീപഞ്ചദശിയുടെ 2–ാംപതിപ്പു് അച്ചടിപ്പിക്കുന്നതു് സംസാരതാപതപ്തന്മാർക്കും തത്വചിന്തകന്മാർക്കും അദ്ധ്യാത്മരഹസ്യങ്ങൾ ധരിച്ചു് തത്വജ്ഞാനോദയത്തിനും നിത്യനിരതിശയ പരമാനന്ദപ്രാപ്തിക്കും വലിയ സഹായമായിരിക്കും.

V. K. ERADI.

ഓം നമോഭഗവതേവാസുദേവായ

ശ്രീഗണേശായനമഃ : ശ്രീഗോപാലകൃഷ്ണായനമഃ.

ശ്രീസച്ചിദാനന്ദസ്വരൂപനും, മായാവിശിഷ്ടനും. സൎവ്വജ്ഞത്വാദി സകലകല്യാണഗുണാശ്രയനുമായ ശ്രീ പരമേശ്വരൻ ജീവകൎമ്മാനുസരണം, ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്ന നാലുവിധ പുരുഷാൎത്ഥങ്ങളെ സമ്പാദിച്ച്, ജീവജാലം ജന്മസാഫല്യം പ്രാപിപ്പാൻ സ്വപ്നസദൃശമായ ലോകത്തെ കല്പിച്ചു. അതിന്നാദ്യമായിട്ടു സൂക്ഷ്മഭൂതങ്ങളേയും അനന്തരം പഞ്ചീകരണംകൊണ്ട് സ്ഥൂലഭൂതങ്ങളേയും തദ്വാരാ ബ്രഹ്മാണ്ഡത്തേയും സൃഷ്ടിച്ചു. അതിൽ 14 ലോകങ്ങളും അന്നാദിഭോഗ്യവസ്തുക്കളും അണ്ഡജം, സ്വേദജം, ഉൽഭിജം, ജരായുജം എന്ന നാലുവിധ ശരീരങ്ങളും അടങ്ങിയിരിക്കുന്നു. പശ്വാദികളായിട്ടു ഒന്നു കുറെ 84 ലക്ഷം ശരീരാദികളെ സൃഷ്ടിച്ചിട്ടും മഹേശ്വരന്നു സന്തോഷമുണ്ടായില്ല. പിന്നെ സ്വച്ഛമായ ഇന്ദ്രിയം അന്തഃകരണം മുതലായ സകല സാമഗ്രികൾ അടങ്ങീട്ടുള്ളതും പ്രത്യഗഭിന്നബ്രഹ്മത്തെ സാക്ഷാത്തായറിവാനുപകരിക്കുന്ന വൈരാഗ്യം, ഭക്തി, ജ്ഞാനം മുതലായ കല്യാണഗുണങ്ങളെ സമ്പാദിപ്പാൻ സമുചിതവുമായ മനുഷ്യവൎഗ്ഗത്തെ സൃഷ്ടിച്ചു. അപ്പോൾ ഭഗവാൻ സന്തുഷ്ടനായിയെന്നിങ്ങിനെ മാനുഷജന്മമഹിമയെ ശ്രുതിസ്മൃതിപുരാണാദിഗ്രന്ഥങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്നു.

അവരുടെ ക്രമോൽകൎഷത്തിന്നായിട്ടു ജീവികളുടെ കൎമ്മവാസനാനുസരണം വൎണ്ണാശ്രമാദികളേയും നിത്യനൈമിത്തികാദികൎമ്മഭേദങ്ങളേയും വിഭജിച്ചു നിലവാരപ്പെടുത്തി. വൈരാഗ്യാദിസൽഗുണങ്ങളെ ജനിപ്പിക്കുന്ന ഈശ്വരഭക്തിക്കും ആത്മജ്ഞാനത്തിന്നും, ഉത്തമം, മദ്ധ്യമം, അധമം എന്ന നിലയിലുള്ള സ്ത്രീ പുരുഷൻ എന്ന ഭേദത്തിലുൾപ്പെട്ട സകല മനുഷ്യൎക്കും അതാതു നിലക്കുചിതമായ അധികാരം നിശ്ചയിച്ചു. യാജ്ഞവല്ക്യൻ, ശ്രീശുകദേവൻ, ജനകൻ, പ്രഹ്ലാദൻ, രൈക്വൻ, ഗോപസ്ത്രീകൾ, മൈത്രേയി, ഗാൎഗ്ഗി എന്നിവർ ഓരോ നിലയിൽ മോക്ഷത്തെ പ്രാപിച്ചതിന്നുദാഹരണങ്ങളാകുന്നു.

കൎമ്മം, ഉപാസന, ഭക്തി, ജ്ഞാനം എന്നിവ ബ്രഹ്മസാക്ഷാൽകാരം സമ്പാദിപ്പാൻ സഹായിക്കുന്ന പദ്ധതികളാകുന്നു. ഋഗാദിനാലുവേദങ്ങളും, ശിക്ഷാ, വ്യാകരണം എന്നിങ്ങിനെയുള്ള ആറംഗങ്ങളും ആയുൎവ്വേദാദികളായ ഉപവേദങ്ങളും ,പുരാണം, ന്യായം, മീമാംസ, ധൎമ്മശാസ്ത്രം എന്ന വേദാൎത്ഥോപബൃംഹണശാസ്ത്രങ്ങളും ബ്രഹ്മസാക്ഷാൽകാരത്തെ സാധിക്കുവാനുള്ള മാൎഗ്ഗങ്ങൾതന്നെയാകുന്നു. ഇങ്ങിനെ അനേകമാൎഗ്ഗങ്ങളെകുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ ഋഷീശ്വരന്മാർ ലോകത്തിൽ പ്രചരിപ്പിച്ചു.

കലികാലവിശേഷത്താൽ പ്രായേണ അധൎമ്മം അധികരിച്ചപ്പോൾ നിരീശ്വരമതം അവിടവിടെ തലയുയൎത്താൻ തുടങ്ങി. ആ ദോഷം തീൎത്ത് ധൎമ്മത്തെ സ്ഥാപിപ്പാൻ സാക്ഷാൽ ശ്രീശിവൻതന്നെ ഭഗവൽപൂജപാദ ശ്രീശങ്കരാചാൎയ്യസ്വാമികളുടെ ആകൃതിയിൽ ഭൂമിയിൽ അവതരിച്ചു. ബൌദ്ധമതങ്ങളെ ഖണ്ഡിച്ചു. ഉപനിഷത്തുകൾ, ബ്രഹ്മസൂത്രം, ശ്രീഭഗവൽഗീത എന്ന ഗ്രന്ഥങ്ങൾക്ക് ഭാഷ്യം എഴുതി പ്രചരിപ്പിച്ചു. ഈ പ്രമാണഗ്രന്ഥങ്ങൾക്കു പ്രസ്ഥാനത്രയം എന്നു പേർ ഇവയാൽ സനാതനധൎമ്മത്തെ ഉറപ്പിച്ചു നിഷ്കാമകൎമ്മയോഗം, ഭക്തിയോഗം എന്ന മാൎഗ്ഗങ്ങളിൽക്കൂടെ പ്രത്യഗഭിന്നബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുമെന്ന ശിഷ്യപരമ്പരാദ്വാരാ ലോകത്തിൽ പ്രസിദ്ധമാക്കി. ആവക പ്രമാണഗ്രന്ഥങ്ങളുടെ അൎത്ഥം സാധാരണപണ്ഡിതന്മാൎക്കുപോലും ധരിപ്പാൻ പ്രയാസമാണെന്നു കണ്ടതിനാൽ വിശദമാക്കുവാൻ ശ്രീപദ്മപാദാചാൎയ്യർ, സുരേശ്വരാചാൎയ്യർ, ആനന്ദഗിരി, മുതലായ ആചാൎയ്യന്മാർ ഗ്രന്ഥനിൎമ്മാണദ്വാരാ പരിശ്രമിച്ചു. ചിൽസുഖി, ഖണ്ഡനം, ഭേദധിക്കാരം, അദ്വൈതസിദ്ധി, ഗൌഡബ്രഹ്മാനന്ദീയം, മുതലായ ഗ്രന്ഥങ്ങളെ വായിച്ചറിവാൻ സാധിക്കാത്ത മുമുക്ഷുക്കളെ അനുഗ്രഹിക്കുവാൻ പരമകാരുണികനും സൎവ്വജ്ഞനുമായ ശ്രീവിദ്യാരണ്യമുനീശ്വരൻ 15 പ്രകരണങ്ങളടങ്ങീട്ടുള്ള ശ്രീപഞ്ചദശി എന്ന വേദാന്തപ്രകരണഗ്രന്ഥം നിൎമ്മിച്ചു. 1. പ്രത്യക്തത്വവിവേകം, 2 പഞ്ചഭൂതവിവേകം, 3. പഞ്ചകോശവിവേകം, 4. ദ്വൈതവിവേകം, 5. മഹാവാക്യവിവേകം എന്ന ആദ്യത്തെ 5 പ്രകരണംകൊണ്ട് "തത്വമസി" എന്ന മഹാവാക്യത്തിലെ "തത്" എന്ന പദത്തിന്റേയും, 6. ചിത്രദീപം, 7. തൃപ്തിദീപം, 8. കൂടസ്ഥദീപം, 9 ധ്യാനദീപം, 10. നാടകദീപം എന്ന 2-ാമത്തെ 5 പ്രകരണങ്ങൾകൊണ്ടു "ത്വം" എന്ന പദത്തിന്റേയും, 11. യോഗാനന്ദം, 12 ആത്മാ

നന്ദം, 13. അദ്വൈതാനന്ദം, 14. വിദ്യാനന്ദം, 15. വിഷയാനന്ദം എന്ന ഒടുവിലെ 5 പ്രകരണങ്ങൾ കൊണ്ടു "അസി" പദത്തിന്റെയും അർത്ഥങ്ങളെ ബോധിപ്പിക്കുന്നു. സച്ചിദാനന്ദം ആത്മസ്വരൂപം, അതൊന്നല്ലാതെ സത്യവസ്തുവായിട്ടു വേറെ മറ്റൊന്നുമില്ല. അതിനെ ശരിയായറിയാത്തതുകൊണ്ടാണ് ലോകമെന്ന മറ്റൊന്നായിട്ടു കാണുന്നതു്. അതിന്റെ സ്വരൂപത്തെ ധരിപ്പിക്കുവാൻ അധ്യാരോപം, അപവാദം, പദാർത്ഥശോധനം, മുതലായ വേദാന്തപ്രക്രിയകളെ പ്രതിപാദിക്കുന്ന ഒരു സ്വതന്ത്രഗ്രന്ഥമാണ് ഈ പഞ്ചദശി. ഇതിൽ 15 പ്രകരണങ്ങൾകൊണ്ടു പറഞ്ഞിട്ടുള്ള സംഗതികൾ ഇക്കാണപ്പെടുന്ന ലോകം ഒരേ ഒരു വസ്തുവിന്റെ വിവർത്തമാണെന്നു കരതലാമലകംപോലെ കാട്ടിത്തന്നിരിക്കുന്നു. ഈ ഗ്രന്ഥത്തിനു സംസ്കൃതത്തിൽ വ്യാഖ്യാനം എഴുതീട്ടുള്ള ശ്രീരാമകൃഷ്ണപണ്ഡിതരുടെ അഭിപ്രായം: ആദ്യത്തെ 6 പ്രകരണം ശ്രീവിദ്യാരണ്യസ്വാമികളും ബാക്കി 9 പ്രകരണം ശ്രീഭാരതീതീർത്ഥാചാര്യരും ഉണ്ടാക്കി എന്നാണ്. ശ്രീ വൃത്തിപ്രഭാകരത്തിലെ 8-ാം പ്രകാശത്തിൽ കാണുന്ന വാക്യത്താൽ:—ആദ്യത്തെ 10 പ്രകരണം വിദ്യാരണ്യസ്വാമികളും ബാക്കി 5 പ്രകരണം ശ്രീഭാരതീതീർത്ഥരും നിർമ്മിച്ചുവെന്നും കാണുന്നു. എന്നാൽ ഈ രണ്ടഭിപ്രായവും ശരിയാണോ എന്നു സംശയിക്കാനുള്ള ബീജം ഈ ഗ്രന്ഥാവസാനത്തിലെ ഒരു പദ്യത്തിൽ അടങ്ങിയിരിക്കുന്നതായിട്ടു കാണുന്നുണ്ടു്. ആ ശ്ലോകം: "വിദ്യാരണ്യാദ്വൈതാദ്യാചാര്യാധേരിവഭവസ്യഹിവിനുത്യൈ. പഥ്യാന്യാസ്വാദ്യന്താംപഞ്ചദശപ്രകരണാനിഭക്ഷ്യാണി" എന്നതാണ്. ആദ്യത്തിലെ വന്ദനശ്ലോകവും അവസാനത്തെ ഈ ശ്ലോകവും ഗ്രന്ഥത്തിന്റെ പ്രയോജനത്തെ കാണിക്കുന്നു. ഇതു രണ്ടും ശ്രീവിദ്യാരണ്യസ്വാമികളുടേതാണെന്നു വരുന്നപക്ഷം ഈ ഗ്രന്ഥം പൂർണ്ണമായും ശ്രീവിദ്യാരണ്യമുനിവര്യപ്രണീതംതന്നെ എന്നു കാണിക്കുന്നതിനാൽ ശ്രീഭാരതീതീർത്ഥാചാര്യർ ഈ ഗ്രന്ഥനിർമ്മാണത്തിൽ പ്രവൃത്തനായിരുന്നിട്ടില്ലെന്നു നിശ്ചയിക്കേണം. വ്യാഖ്യാതാവായ ശ്രീരാമകൃഷ്ണപണ്ഡിതർ വിദ്യാരണ്യമുനിയുടെ ശിഷ്യനാണ്. ഭാരതീതീർത്ഥരെ വന്ദിപ്പാനെന്തു കാരണം എന്ന ശങ്കക്കു് ഗുരുപാരമ്പര്യപ്രകാരം ഭാരതീതീർത്ഥർ വിദ്യാരണ്യാചാര്യരുടെ മുമ്പെത്തെ ആചാര്യസ്ഥാനം വഹിച്ചിരുന്നതിനാൽ അദ്ദേഹത്തെയും വന്ദിച്ചുവെന്നു വരുന്നതിൽ അയുക്തിയില്ല. ആകയാൽ ശ്രീപഞ്ചദശി വിദ്യാരണ്യവിരചിതംതന്നെ എന്നുവേണം നിശ്ചയിപ്പാൻ. കർത്താവോ കർത്താക്കളോ ആരായിരുന്നാലും ഇതിലെ പ്രതിപാദനം ഓരോന്നും ഏതൊരു ബുദ്ധിമാനേയും തൃപ്തിപ്പെടുത്തുവാൻ സമർത്ഥമായി കാണപ്പെടുന്നതിനാൽ വിദ്വാന്മാർ ഈ ഗ്രന്ഥത്തെ ഒരമൂല്യരത്നമായി സ്വീകരിക്കുന്നുണ്ടെന്നതിൽ സംശയമില്ല. വേദാന്തശാസ്ത്രഗ്രന്ഥങ്ങളിൽ ഇതിനുത്തമസ്ഥാനം സിദ്ധമാണ്. ഉത്തമമദ്ധ്യമമന്ദാധികാരികളായ എല്ലാവർക്കും ആനന്ദം അനുഭവിക്കുവാനുള്ള മാർഗ്ഗം ഇതിൽ വ്യക്തമാക്കീട്ടുണ്ടു്. ഇതുപോലെ ഉൽകൃഷ്ടമായ ഒരു വേദാന്തഗ്രന്ഥം സംസ്കൃതഭാഷയിൽതന്നെ കാണുകയില്ല എന്നിരിക്കെ മററു മാതൃഭാഷകളിൽ ഇല്ലെന്നു പറയേണ്ടതായിരിക്കുന്നില്ല. ശ്രീശങ്കരഭാഷ്യാദിഗ്രന്ഥങ്ങളിൽ ഉപദേശക്രമങ്ങളടങ്ങിട്ടുണ്ടെങ്കിലും അവ കഠിനങ്ങളും ദുരവഗാഹങ്ങളുമാകയാൽ ഉത്തമാധികാരികൾക്കു മാത്രമേ ഉപകാരപ്പെടുകയുള്ളു. തത്വാനുസന്ധാനം, സിദ്ധാന്തമുക്താവലി മുതലായ ഗ്രന്ഥങ്ങളും അതികഠിനങ്ങളെന്നു മാത്രമല്ല, ഈ ഗ്രന്ഥത്തിലെന്നപോലെ വേദാന്തശാസ്ത്രസമ്പൂർണ്ണതത്വങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുമില്ല. പഞ്ചദശയിലാകട്ടെ പ്രസ്ഥാനത്രയസാരാംശം മുഴുവനും അത്ഭുതാവഹമായ രീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ശ്രുതിയുക്ത്യനുഭവങ്ങൾക്കു വിരോധമായ യാതൊരു സംഗതിയും ഇതിൽ കാണുകയില്ല. ആകയാൽ സംസാരാപാരദുഃഖസമുദ്രം സന്തരിപ്പാനാഗ്രഹിക്കുന്ന ഏതൊരുവനും ഇതു് ഉറപ്പേറിയ ഒരു കപ്പലും, വേദാന്തപ്രക്രിയകളെ അനുഭവത്തിൽ വരുത്തനാഗ്രഹിക്കുന്നവർക്കു ചിന്താമണിയും പരമഹംസന്മാരുടെ ആനന്ദസ്നാനത്തിനുള്ള മാനസസരസ്സും, മോക്ഷമാകുന്ന പരമഫലത്തെ നൽകുന്ന കല്പകവൃക്ഷവും, സർവ്വാർത്ഥസിദ്ധിയെ നൽകുന്ന കാമധേനുവുമാകുന്നുവെന്നാണ് മഹദഭിപ്രായം. ഇതിൽ അർത്ഥവാദമോ അതിശയോക്തിയോ സ്പർശിച്ചിട്ടില്ലെന്നു ഈ ഗ്രന്ഥം ശ്രദ്ധിച്ചു പഠിക്കുന്നവർക്കനുഭവപ്പെടാതിരിക്കയില്ല. അദ്ധ്യാസാദ്യനേകദുഷ്ടപരിവാരസഹിതനായ അജ്ഞാനമത്തഗജത്തെ സംഹരിക്കുന്ന സിംഹതുല്യനായ ഈ പഞ്ചദശിയെ വിട്ടുപിരിയാതെയിരിക്കുന്നവരുടെ വിശ്രാന്തിസ്ഥാനം മോക്ഷസാമ്രാജ്യംതന്നെയെന്നതിൽ സംശയമില്ല.

ആഭാസവാദത്തെയാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ലോകം, ദേഹം, വിഷയം എന്നിവയെല്ലാം സത്യമായ ആത്മസ്വരൂപത്തെ അറിയാതിരിക്കുന്നതുകൊണ്ടു് തോന്നുന്നതല്ലാതെ സത്യമല്ലെന്നു മുമുക്ഷുക്കളെ ധരിപ്പിക്കുവാൻ ഉചിതമായ മാർഗ്ഗമാണ് ആഭാസവാദം. ശ്രുതിസ്മൃതിപുരാണാദികളിലും ശ്രീശങ്കരാചാര്യസ്വാമിവിരചിതങ്ങളായ വാക്യവൃത്തി, ഉപദേശസാഹസ്രി മുതലായ പ്രമാണഗ്രന്ഥങ്ങളിലും ആഭാസവാദംതന്നെയാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. എന്നാലും ശ്രീവിദ്യാരണ്യസ്വാമികളെപ്പോലെ ആ വാദത്തെ സ്പഷ്ടമാക്കീട്ടു അദ്വൈതസിദ്ധാന്തത്തെ ഉറപ്പിച്ചവർ നന്നെ കുറയും. ഈ

ഗ്രന്ഥത്തെ നന്നായി പഠിക്കുന്നവർക്ക് ശാരീരകഭാഷ്യം മുതലായ ഉയർന്ന ഗ്രന്ഥങ്ങളിലെ സാരാംശം അറിവാൻ സാധിക്കും. ആകയാൽ ഏതൊരുവനും ഈ ഗ്രന്ഥത്തിൽകൂടെ വേദാന്തസിദ്ധാന്തം സംശയവിപരീതഭാവനകൾക്കവകാശമില്ലാത്തവിധം മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ അതിശ്രദ്ധയോടുകൂടെ മനസ്സിനെ ഏകാഗ്രമാക്കീട്ടു പഠിപ്പാൻ കഴിയാത്തവൎക്ക് ഈ ഗ്രന്ഥവും കഠിനമാണെന്നു തോന്നിയേക്കാം. സിദ്ധാന്തരഹസ്യം മനസ്സിൽ പതിയേണമെങ്കിൽ ശ്രദ്ധയത്യാവശ്യമാകുന്നു. അശ്രദ്ധാലുവിന്ന് ലൌകികകാൎയ്യങ്ങൾകൂടെ നന്നായറിവാൻ കഴികയില്ലെന്നു നിത്യാനുഭവമുള്ളവരോട് സൂക്ഷ്മാൽ സൂക്ഷ്മതമമായ ബ്രഹ്മവിദ്യാവിജ്ഞാനത്തിന്ന് അതിശ്രദ്ധയത്യാവശ്യമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. ബ്രഹ്മജ്ഞാനിയായ ശ്രീഗുരുവിലും വേദാന്തശാസ്ത്രത്തിലും വിശ്വാസവും ഭക്തിയുമുള്ള മുമുക്ഷുക്കൾക്ക് ഈ ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന രഹസ്യാൎത്ഥം എളുപ്പത്തിലറിവാൻ സാധിക്കും. സംസ്കൃതഭാഷാപരിജ്ഞാനമില്ലാത്ത മലയാളികളായ മുമുക്ഷുക്കൾക്ക് ഈ ഗ്രന്ഥത്തിൽ പ്രവേശം സിദ്ധിക്കേണമെന്നാഗ്രഹമുള്ളപക്ഷം അവൎക്കു സഹായമായി വരേണം എന്ന വിചാരത്താലാണ് ഇതിന്നീവിധം ഭാഷയിൽ വ്യാഖ്യാനം എഴുതി പ്രസിദ്ധപ്പെടുത്തുന്നത്. അവൎക്കിതുപകാരമായ്വരുന്നപക്ഷം ഞാൻ ചരിതാൎത്ഥനാകുന്നതാണ്. മലയാളഅക്ഷരത്തിൽ സംസ്കൃതശ്ലോകം, പദാൎത്ഥം, സാരം, സംശയനിവൃത്തിക്കുപകരിക്കുന്നവിധത്തിൽ ശാസ്ത്രരീതിയനുസരിച്ച് പൂൎവ്വപക്ഷസിദ്ധാന്തപക്ഷങ്ങൾ എന്നിങ്ങിനെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. എന്റെ അറിവില്ലായ്മകൊണ്ടോ, അവധാനക്കുറവുകൊണ്ടോ ഇതിൽ കാണപ്പെടാവുന്ന അററകുററങ്ങളെ മഹാന്മാർ പൊറുത്തനുഗ്രഹിക്കേണമെന്നും സകരുണം അവയെ എന്നെ അറിയിക്കുന്നതായാൽ അടുത്ത പതിപ്പിൽ തിരുത്തി നന്നാക്കാവുന്നതിനാൽ അങ്ങിനെ ചെയ്യേണമെന്നും ഞാനപേക്ഷിക്കുന്നു. മൎത്ത്യനെ അമൎത്ത്യനാക്കുന്നതിന്നായി ശ്രീവിദ്യാരണ്യഗുരുദേവൻ ലോകത്തിന്നായി നൽകിയിരിക്കുന്ന ഈ അമൂല്യരത്നമാലയെ ശ്രദ്ധാലുക്കൾ കണ്ഠാഭരണമാക്കേണമെന്നു ഞാൻ പ്രേമപൂൎവ്വം അപേക്ഷിക്കുന്നു.

അച്ചടിസാധനങ്ങൾക്കു ദുൎഭിക്ഷം അസഹ്യമായി പരന്നുപിടിച്ചിരിക്കുന്ന ഇക്കാലത്തിൽ കോഴിക്കോട് നോൎമ്മൻ പ്രസ്സുടമസ്ഥൻ ഉദാരബുദ്ധിപൂൎവ്വം ഉള്ളഴിഞ്ഞു സഹായിച്ചതുകൊണ്ടുമാത്രമാണ് ഈ പുസ്തകം പ്രസിദ്ധമാക്കുവാൻ സാധിച്ചത്. അദ്ദേഹത്തിന്നും പ്രസ്സിന്നും ഉപൎയ്യുപരി ശ്രേയസ്സുണ്ടാവാൻ സൎവ്വേശ്വരനെ പ്രാൎത്ഥിച്ചുകൊണ്ട് ഈ വ്യാഖ്യാനഗ്രന്ഥത്തെ മഹാജനസമക്ഷം അവതരിപ്പിക്കുന്നു.

എന്ന്,

സാഹിത്യകുശലൻ പി. ഗോപാലൻനായർ

കൊല്ലങ്കോട്.

ഓം നമോ ഭഗവതേ വാസുദേവായ.

ശ്രീ ഗണേശായ നമഃ : ശ്രീ ഗോപാലകൃഷ്ണായ നമഃ.

ശ്രീ വിദ്യാരണ്യസ്വാമികളുടെ ചരിത്രസംഗ്രഹം

I ജന്മസ്ഥലം.

ദക്ഷിണ ഇന്ത്യയിൽ കർണ്ണാടകദേശത്തിൽ തുംഗഭദ്രാനദീതീരത്തിൽ പമ്പാക്ഷേത്രസ്ഥാനമായ "വിജയം" എന്നു പേരായ ഒരു നഗരമുണ്ടായിരുന്നു. പണ്ടതിനു "കിഷ്കിന്ധാപുരി"യെന്നും ഇപ്പോൾ ഗോൽക്കൊണ്ടയെന്നും പേരാകുന്നു. അവിടെ വിരൂപാക്ഷൻ എന്നു പേരുള്ള മഹാദേവൻെറ ക്ഷേത്രത്തിനു സമീപഗ്രാമത്തിൽ ശ്രീവിദ്യാരണ്യസ്വാമികൾ ജനിച്ചുവത്രെ. ഇദ്ദേഹത്തിനു പൂർവാശ്രമത്തിൽ മാധവൻ, മാധവാചാര്യൻ, മാധവാമാത്യൻ, മാധവഭട്ടൻ, മായണൻ, എന്നീ നാമധേയങ്ങളുണ്ടായിരുന്നു.

II മാതാപിതാക്കന്മാർ.

ശ്രീമതീജനനീയസ്യ സുകീർത്തിർമ്മായണഃ പിതാ

സായണോഭോഗനാഥശ്ച മനോബുദ്ധീ സഹോദരൌ

യസ്യബോധായനംസൂത്രം ശാഖായസ്യചയാജുഷീ

ഭാരദ്വാജകുലംയസ്യ സർവജ്ഞഃ സഹിമാധവഃ.

എന്ന പദ്യങ്ങളിൽ പരാശരമാധവീയം എന്ന തൻെറ സ്മൃതിഗ്രന്ഥത്തിൽ ആ മഹാത്മാവു് തൻെറ അമ്മ ശ്രീമതിയും അച്ഛൻ മായണനുമായിരുന്നു എന്നും സായണനും ഭോഗനാഥനും സഹോദരന്മാരായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. ഇന്ത്യയിൽ സുപ്രസിദ്ധമായ വിജയനഗരസാമ്രാജ്യം ഉറപ്പിച്ചതു അദ്ദേഹമാണെന്നുള്ളതിനെ സൂചിപ്പിക്കുന്ന നാമധേയമാണ് മാധവാമാത്യൻ എന്നത്.

III ജീവിതകാലം.

സ്വാമികളുടെ ജനനം ശാലിവാഹകാബ്ദം 1300-ലാണെന്നു ഒരു മഹാരാഷ്ട്രകവി എഴുതീട്ടുള്ള ചരിത്രഗ്രന്ഥത്തിൽ കാണുന്നു. ശാലിവാഹകാബ്ദം 1313-ൽ "പ്രജോൽപത്തി" എന്ന വർഷത്തിൽ വൈശാഖമാസത്തിൽ കൃഷ്ണപക്ഷത്തിൽ സൂര്യഗ്രഹണസമയത്തിൽ, മഹാമന്ത്രിശ്വരനും ഉപനിഷന്മാർഗപ്രവർത്തകനുമായ മാധവരാജാവ് മാധവപുരം എന്നു പേരിട്ടതും ഖചരം എന്ന നാമത്താൽ പ്രസിദ്ധപ്പെട്ടതുമായ ഗ്രാമത്തെ 24 ബ്രാഹ്മണർക്കു ദാനം ചെയ്തുവെന്നെഴുതീട്ടുള്ള ഒരു ചെമ്പുപട്ടയം കണ്ടുകിട്ടീട്ടുള്ളതായി അറിയുന്നു. ശൃംഗേരി ഗുരുപാരമ്പര്യപ്രകാരം 500 വർഷത്തിനു മുമ്പേയാണ് സ്വാമികളുടെ ജനനം എന്നും അറിവാൻ സാധിക്കുന്നുണ്ടു്. മാധവാചാര്യൻ ക്രി. പി. 1296ൽ ജനിച്ചു് 90 സംവത്സരം ജീവിച്ചിരുന്നുവെന്നു് ഐതിഹ്യമുണ്ടു്. 85 വയസ്സിലധികം ജീവിച്ചിരുന്നുവെന്നു തെളിയിക്കുന്നതായ ഒരു പദ്യം അദ്ദേഹംതന്നെ ഉണ്ടാക്കീട്ടുള്ളതിനെ ഉദ്ധരിക്കാം:—

"പരിത്യക്താദേവാ വിവിധതരസേവാകുലതയാ

മയാപഞ്ചാശീതേരധികമപനീതേതുവയസി

ഇദാനീംചേന്മാതസ്തവയദികൃപാനാപിഭവിതാ

നിരാലംബോലംബോദരജനനി! കംയാമിശരണം"

അദ്ദേഹം നിർമ്മിച്ച ദേവ്യപരാധസ്തോത്രത്തിലെ ഈ ഒരു പദ്യം അദ്ദേഹം 85-ൽ അധികം വയസ്സു ജീവിച്ചിരുന്നുവെന്നതിനെ സാക്ഷിപ്പെടുത്തുന്നു.

അന്ത്യാശ്രമസ്വീകാരം.

മാധവാചാൎയ്യർ ശ്രീവിദ്യാരണ്യസ്വാമികൾ എന്ന നാമധേയത്തിൽ ശൃംഗേരി ശങ്കരാചാൎയ്യപീഠത്തെ അധിവസിച്ചത് ക്രി. പി. 1377ന്നു മുമ്പിലാണ്. അക്കാലത്തിൽ അദ്ദേഹത്തിന്നു 80ൽ അധികം വയസ്സായിട്ടുണ്ട്. അദ്ദേഹം സൎവ്വതന്ത്രസ്വതന്ത്രനായിരുന്നു. അദ്ദേഹം ഗ്രന്ഥനിൎമ്മാണത്താൽ വിശദീകരിക്കാത്ത ശാസ്ത്രങ്ങൾ ഇല്ലെന്നുതന്നെ പറയേണം. ഓരോ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ അമാനുഷവൈഭവത്തെ അത്യുച്ചത്തിൽ ഘോഷിക്കുന്നു. അവയിൽ ചിലതിനെ പറയാം.

1. നാലു വേദങ്ങൾക്കും ഭാഷ്യം. 2. സൎവ്വദൎശനം. 3. അനുഭൂതിപ്രകാശം. 4. ബ്രഹ്മഗീത. 5. പഞ്ചദശി. 6 ജീവന്മുക്തിവിവേകം. 7 ദൃക്ദൃശ്യവിവേകം. 8. മാധവവൃത്തി. 9. നിദാനമാധവം. 10. കാലമാധവം. 11. ശതപ്രശ്നലതികാ. 12. പരാശരസ്മൃതിവ്യാഖ്യാനം. 13. ജൈമിനീയന്യായമാലാവിസ്താരം. 14. ആചാരമാധവം. 15. വ്യവഹാരമാധവം. 16. വിദ്യാരണ്യകാലജ്ഞാനം. 17. ശ്രീശങ്കരദിഗ്വിജയം. 18. സൂതസംഹിതാവ്യാഖ്യാനം. 19. ശങ്കരവിലാസം. 20. വിവരണപ്രമേയസംഗ്രഹം. 21. ഉപനിഷദ്ദീപികാ. 22. ബ്രഹ്മവിദാശിസ്സ്. എന്നിവ കൂടാതെ മററനേകം ഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുള്ളതിൽനിന്നു അദ്ദേഹം സൎവ്വജ്ഞൻ തന്നെയെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്.

അന്ത്യാശ്രമസ്വീകാരത്തിന്നു മുമ്പു ചെയ്ത ഉപാസനയും വൈരാഗ്യപ്രാപ്തിയും.

വൈരാഗ്യാദി ചതുൎവിധസാധനസമ്പന്നനായ ആ പണ്ഡിതരത്നത്തിന്നു ശ്രീ ഗായത്രിദേവിയെ മാംസേക്ഷണങ്ങൾകൊണ്ടു കാണേണമെന്നാഗ്രഹം ജനിച്ചു. അതിന്നുചിതനിഷ്ഠകളെ ആചരിച്ച്, പുരശ്ചരണാദികളെ വിശിഷ്ടബ്രാഹ്മണരുടെ സഹായത്തോടുകൂടെ നടത്തീട്ടും ദേവി പ്രത്യക്ഷപ്പെടാഞ്ഞതിനാൽ തീവ്രവൈരാഗ്യം ബലപ്പെട്ടു. അതും ആ ഉപാസനയുടെ പരമഫലമാണെന്നു നിശ്ചയിച്ചു. "യദഹരേവവിരജേത് തദഹരേവപ്രവ്രജേത്" എപ്പോൾ തീവ്രവൈരാഗ്യം ഉണ്ടാകുന്നുവോ അന്നു തന്നെ സന്യസിക്കേണം എന്ന ശാസ്ത്രവിധിപ്രകാരം വിദ്വൽസന്യാസം സ്വീകരിച്ചു. ആ സമയത്തിൽ ഗായത്രീദേവി പ്രത്യക്ഷമായിട്ടു ഇഷ്ടവരം വരിപ്പാൻ പ്രേരിപ്പിച്ചു. അപ്പോൾ അദ്ദേഹം ഈ കൎണ്ണാടകരാജ്യനിവാസികളുടെ ദാരിദ്ര്യദുഃഖം തീൎപ്പാൻ തക്കവിധം സ്വൎണ്ണവൃഷ്ടിയുണ്ടാകേണം എന്നാണ് പ്രാൎത്ഥിച്ചത്. ദേവി ആ വരം കൊടുത്തു മറഞ്ഞു. ഈ വരലാഭത്തെ നിവാസികളെ അറിയിച്ചു. നിവാസികൾ ആ വൎഷത്താലുണ്ടാകുന്ന സ്വൎണ്ണം തങ്ങൾക്കെടുപ്പാൻ സമ്മതം തരേണം എന്നു രാജാവിനോടപേക്ഷിച്ചു. ഓരോ ഗൃഹത്തിലും ഒന്നേകാൽ മുഴം നീളമുള്ള ബഹിൎഭാഗത്തും വീഴുന്ന സ്വൎണ്ണം ഗൃഹത്തിലുള്ളവൎക്കും ബാക്കി വീഥികളിൽ വീഴുന്ന നാണ്യം രാജാവിന്നും എന്നു കല്പിച്ചു. അതിന്നുശേഷം ഒന്നേകാൽ യാമസമയം സ്വൎണ്ണവൃഷ്ടിയുണ്ടായി. ആ നാണ്യത്തിന്നു വരാഹൻ എന്നു പേർ കല്പിക്കപ്പെട്ടു. പിൻകാലത്തിൽ രാജാവ് ആ മാതിരി നാണ്യം ഉണ്ടാക്കി രാജ്യകാൎയ്യങ്ങൾ–കൊള്ളുക കൊടുക്കുക എന്ന വ്യവസ്ഥയുറപ്പിച്ചു. ആ നാണ്യത്തിന്റെ വില ക്ലിപ്തപ്പെടുത്തുകയും ചെയ്തു. ഇതിൽനിന്നു ഈ മഹാത്മാവിന്റെ വൈരാഗ്യബലവും ലോകാനുഗ്രഹബുദ്ധിയും സ്പഷ്ടമാകുന്നു.

ഉത്തരാശ്രമചരിതം.

സന്യാസസ്വീകാരാനന്തരം കുറേകാലം ശ്രീകാശി മുതലായ പുണ്യസ്ഥലങ്ങളിൽ സഞ്ചരിച്ചും ബ്രഹ്മനിഷ്ഠനായും കാലം കഴിക്കുമ്പോൾ ശ്രീവ്യാസഭഗവാനെ നേരിട്ടു കാണുകയും താൻ ചെയ്ത വേദഭാഷ്യം പരിശോധിപ്പാൻ പ്രാൎത്ഥിക്കുകയും ചെയ്തു. വ്യാസമുനി അതു പരിശോധിച്ചതിൽ ഒരേടത്തും യാതൊരു പിഴയും കാണാഞ്ഞതിനാൽ വിദ്യാരണ്യൻ എന്നുള്ള നാമം കല്പിച്ചു. പിന്നെ സഞ്ചരിപ്പാൻ ശക്തി കുറഞ്ഞതിനാൽ ശ്രീഗുരുവിന്റെ ആജ്ഞാനുസരണം ശൃംഗേരിമഠാധിപത്യം സ്വീകരിച്ച് ലോക

ഗുരുസ്ഥാനത്തിൽ നിവസിച്ചു. അപ്പോഴും ഇതരമതഖണ്ഡനാ ഗ്രന്ഥനിർമ്മാണദ്വാരാ ശ്രീഭഗവൽപൂജ്യപാദ ശങ്കരാചാര്യസ്വാമികൾ സ്ഥാപിച്ചതായ അദ്വൈതസിദ്ധാന്തത്തെ ബലപ്പെടുത്തി. അദ്ദേഹത്തിന്റെ ദീക്ഷാഗുരു ശ്രീസാരംഗപാണിതനയനും സകലാഗമാഭിജ്ഞനുമായ "സർവ്വജ്ഞവിഷ്ണു"വാണെന്ന് "സർവ്വദർശനസംഗ്രഹം" എന്ന സ്വനിർമ്മിതഗ്രന്ഥത്തിൽ കാണുന്നുണ്ട്. "നമഃ ശ്രീശങ്കരാനന്ദഗുരുപാദാംബുജന്മനേ" എന്ന് ശ്രീപഞ്ചദശിയിൽ കാണുന്നതുകൊണ്ട് ശ്രീശങ്കരാനന്ദസ്വാമികളും ഗുരുവാണെന്നു വരുന്നു. ശങ്കരവിജയം, ജീവന്മുക്തിവിവേകം മുതലായ ഗ്രന്ഥങ്ങളിൽ "ശ്രീവിദ്യാതീർത്ഥർ" എന്ന ഗുരുവിനെ വന്ദിച്ചിരിക്കുന്നു. ഇവർ ഓരോരുത്തരും മന്ത്രദീക്ഷ, സന്യാസദീക്ഷ, ബാല്യത്തിൽ വിദ്യോപദേശം മുതലായവയിൽ ഗുരുഭൂതന്മാരായിരിക്കാം എന്നനുമാനിക്കുകയല്ലാതെ ഏതേതു സംഗതികളിൽ ആരാർ ഗുരുഭൂതന്മാർ എന്നുറപ്പിക്കുവാൻ മതിയായ അറിവു കിട്ടീട്ടില്ല. ഈ മഹാത്മാവും അതിനടുത്ത മുമ്പേത്തെ ലോകഗുരുവായ ശ്രീഭാരതീതീർത്ഥ കൃഷ്ണസ്വാമികളും ഈ ഗുരുപരമ്പരയിൽ 10-ാമത്തെ പട്ടത്തിലിരുന്ന "ശ്രീവിദ്യാതീർത്ഥർ, അഥവാ വിദ്യാശങ്കരർ എന്ന സ്വാമികളുടെ ശിഷ്യന്മാരായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ശ്രീലോകഗുരു പരമ്പരയിൽ ആദിഗുരു ശ്രീശങ്കരാചാര്യർക്കുശേഷം 12-ാമത്തെ ജഗൽഗുരുപദവിയിൽ ശ്രീവിദ്യാരണ്യസ്വാമികൾ വിളങ്ങിയിരുന്നുവെന്നു കാണുന്നുണ്ട്.

ശ്രീ പഞ്ചദശിക്കുള്ള പ്രത്യേകത.

ശ്രീഗായത്രീദേവി പ്രത്യക്ഷയായപ്പോൾ ഉത്തരാശ്രമത്തിലിരിക്കുന്ന കാലത്തിൽ നീയൊരു ശാസ്ത്രഗ്രന്ഥം നിർമ്മിക്കും; അതിനെ ആർ ശ്രദ്ധയോടുകൂടെ പഠിക്കുന്നുവോ അവന്ന് സർവ്വശാസ്ത്രാഭ്യാസംകൊണ്ടുണ്ടാകാവുന്ന അറിവുണ്ടാകട്ടെ എന്നൊരു വരം ചോദിക്കാതെതന്നെ ദേവി സ്വയമേവ നല്കിയിരുന്നുവെന്നൊരു പ്രസിദ്ധിയുണ്ട്. ആ ഗ്രന്ഥമാണ് ഈ പഞ്ചദശിയെന്നു മഹാത്മാക്കൾ വിശ്വസിക്കുന്നു.

ശ്രീഗായത്രീദേവിയുടെ വരപ്രസാദത്തിൽനിന്നുത്ഭവിച്ച പഞ്ചദശിയഭ്യസിക്കുന്നവർക്ക് പ്രത്യഗഭിന്നബ്രഹ്മസാക്ഷാൽകാരവും ജീവന്മുക്തിസുഖവും അന്തേവിദേഹ കൈവല്യപദവിയും സിദ്ധിപ്പാൻ സർവ്വജ്ഞനായ ലോകഗുരുവും ഈശ്വരകലാവതാരസ്വരൂപനുമായ ശ്രീവിദ്യാരണ്യഗുരുദേവനും ശ്രീഗായത്രീദേവിയും സകരുണം കടാക്ഷിക്കേണം എന്നു സാദരഭക്തിബഹുമാനം പ്രാർത്ഥിച്ചുകൊണ്ട് സ്വാമികളുടെ ചരിതസംഗ്രഹത്തെ അവസാനിപ്പിക്കുന്നു.

ലോകാഃ സമസ്താഃ സുഖിനോഭവന്തു.

ശു ഭം ഭൂ യാ ത് .

ഓം തത് സത്.

മുഖവുര.

ശ്രീപഞ്ചദശിയുടെ ആദ്യപതിപ്പിൽ ഉണ്ടായിരുന്ന 500 കോപ്പികൾ അധികം താമസിക്കാതെ ജിജ്ഞാസുക്കൾ വാങ്ങി എന്നെ ധൈര്യപ്പെടുത്തിയിരുന്നുവെന്നു മാത്രമല്ല ഉടച്ചുനായി പലരും ആവശ്യപ്പെട്ടതിനാൽ രണ്ടാംപതിപ്പിൽ മനസ്സിരുത്താൻ സ്നേഹപൂർവ്വം പ്രേരിക്കയും ചെയ്തിരുന്നു. എങ്കിലും സുഖസാദ്ധ്യമല്ലെന്ന വിചാരത്താൽ അമാന്തിച്ചിരിക്കേ 1935 മുതൽക്കുള്ള എന്റെ എല്ലാ പ്രസിദ്ധീകരണങ്ങളുടെയും ജീവാതുവായിരിക്കുന്ന കോഴിക്കോട് നോർമൻപ്രസ്സുടമസ്ഥൻ ശ്രീമാൻ കെ വി. അച്യുതൻനായരുടെ സഹജമായ ഔദാര്യം കാലതാമസംകൂടാതെ എന്റെയും പല ഭക്തന്മാരുടെയും ആഗ്രഹത്തെ സാധിപ്പിച്ചതിൽ അദ്ദേഹത്തെക്കുറിച്ചെനിക്കുള്ള ഹാർദ്ദവമായ നന്ദിയെ പ്രകാശിപ്പിക്കുകയും അദ്ദേഹത്തിനും കുടുംബത്തിനും പ്രസ്സിനും ഉത്തരോത്തരാഭിവൃദ്ധിക്കും സമ്പൂർണ്ണസുഖസഹിതചിരജീവിതത്തിന്നുമായി ഭഗവാനെ പ്രാർത്ഥിക്കയും ചെയ്യുന്നു.

ഈ രണ്ടാം പതിപ്പിൽ ചേർത്താൻ അതിപ്രൌഢവും അനേകവിധ വിജ്ഞേയാംശങ്ങളാൽ അലംകൃതവും, ശബ്ദബ്രഹ്മപരബ്രഹ്മസുധാസമുദ്രനിഷ്ണാതനല്ലാത്ത ഒരാൾക്കു സാധിപ്പാൻ കഴിയാത്തതുമായ ഒരു മഹനീയാവതാരിക എഴുതി അയച്ചുതന്ന് അവതാരകസ്ഥാനത്തെ സദയം സ്വീകരിച്ച പൂജ്യപാദ ശ്രീ പരമാനന്ദതീർത്ഥപാദസ്വാമികളിൽ എനിക്കുള്ള ഭക്തിബഹുമാനപൂർവ്വകമായ കൃതജ്ഞതയെ സാദരം രേഖപ്പെടുത്തുന്നു.

ഈ രണ്ടാംപതിപ്പിൽ പഞ്ചദശിയെകുറിച്ചു വിശേഷവിധിയായി എനിക്കൊന്നും പറയേണ്ടതായ ഭാരമില്ല. എല്ലാം പരമാനന്ദതീർത്ഥപാദസ്വാമികൾ സ്വീകരിച്ചു വാചകമഹാശയന്മാരെയും എന്നെയും അനുഗ്രഹിച്ചിരിക്കുന്നു.

ഇതുവരെ ഞാൻ പറയാതെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നതും ഇനി ആവിധം രഹസ്യമായിവെക്കാതെ പരസ്യമാക്കേണ്ടതുമായ സത്യത്തെ വെളിപ്പെടുത്തുന്നു. അതെന്തെന്നാൽ ചുരുക്കത്തിൽ ഇത്ര മാത്രമാണ്:—

ഈശ്വരകാരുണ്യവും മഹാത്മാക്കളുടെ പൂർണ്ണാനുഗ്രഹവും ബഹുജനങ്ങളുടെ പ്രേമപൂർവ്വകമായ സഹായവും കൂടാതെ ലോകക്ഷേമകരമായ സൽപ്രവൃത്തികൾ ആരും ചെയ്യാൻ കഴിയാതിരിക്കേ ഞാനതു ചെയ്തു, ഇതു ചെയ്തു, ഇനി പലതും ചെയ്യാൻ വിചാരിക്കുന്നുണ്ടെന്നും മററും പറയുന്നതു പതിവാണെങ്കിലും അല്പം മനസ്സിരുത്തി ആലോചിക്കുമ്പോൾ ആ മാതിരി വിചാരവും വാക്കും ശുദ്ധമല്ല, കലപ്പുണ്ടെന്നു കാണ്മാൻ കഴിയും. എനിക്കിതുവരെയുണ്ടായിരുന്നതും ഇനിമേലും ഉണ്ടായിരിപ്പാൻ കടാക്ഷിക്കേണം എന്നു പ്രാർത്ഥിക്കുന്നതുമായ വിചാരം ഇത്രമാത്രമാണ്:—

ഞാൻ മാത്രമായിട്ടൊന്നും ചെയ്തിട്ടില്ല. ഊണും ഉറക്കവും കുളിയും നിയമവും വല്ലതും പഠിച്ചിട്ടുണ്ടെങ്കിൽ അതും ഗ്രന്ഥങ്ങൾ വല്ലതും പ്രസിദ്ധപ്പെടുത്തിട്ടുണ്ടെങ്കിൽ അവയും ഒന്നുംതന്നെ എന്റെ വക എന്നു വിചാരമില്ല. പലരുടെയും ചെറുത്, വലുത്, വിലയേറിയത്, വിലകുറഞ്ഞത് എന്നു വിചാരിപ്പാൻപോലും വയ്യാത്ത മഹൽസഹായം പലരിൽനിന്നും പല വിധത്തിലും സിദ്ധിച്ചതിന്റെ ഫലമായിട്ടാണ് വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം എന്നു സത്യമായി രേഖപ്പെടുത്തുന്നു. ആരെല്ലാം എന്റെ ഈ ജീവിതദശയിൽ സഹായിച്ചിട്ടുണ്ടോ അവർക്കെല്ലാം പ്രത്യുപകാരം ഒന്നും ചെയ്യാൻ ശക്തനല്ലാത്ത ഞാൻ അവർക്കെല്ലാം നമസ്കാരം സമർപ്പിക്കുന്നു.

വിശേഷിച്ച് സാഹിത്യപരമായ എന്റെ പ്രസിദ്ധീകരണങ്ങൾ ഇന്നുവരെ ഉണ്ടായിട്ടുള്ളവയെല്ലാം, നിഷ്കാമകർമ്മാനുഷ്ഠാനപരാഭക്തി പരമജ്ഞാന വിഷയങ്ങളെ സംബന്ധിച്ചവയാണ്. അലൌകികമെന്നുതന്നെ പറയേണ്ടതായ ആ വക ഗ്രന്ഥങ്ങളുടെ പ്രചുരപ്രചാരണം സാധിച്ചിട്ടുണ്ടെങ്കിൽ അതിന്നായി സഹായിച്ചവരെല്ലാവരെയും ഞാൻ ഹൃദയപൂർവ്വം നമസ്കരിക്കുന്നു. അവരെല്ലാം ഈശ്വരൈകശരണന്മാരായി ബ്രഹ്മാത്മൈക്യത്തെ അറിഞ്ഞ് നിത്യാനന്ദികളായി സുഖിച്ചിരിപ്പാൻ ഈശ്വരൻ കടാക്ഷിക്കേണം എന്നു പ്രാർത്ഥിക്കുന്നു.

ഈ പഞ്ചദശിയിലും ഭാഗവതാദി വ്യാഖ്യാനങ്ങളിലും പ്രായാധിക്യം നിമിത്തമോ അവധാനക്കുറവുകൊണ്ടോ നേരിട്ടിരിക്കാവുന്ന അററകുററങ്ങളെ നോക്കാതെ ഉദ്ദേശശുദ്ധിയെ മാത്രം നോക്കി ക്ഷമിച്ചനുഗ്രഹിക്കേണമെന്നും പ്രാർത്ഥിച്ചുകൊണ്ട് ഈ മുഖവുരയെ സമർപ്പിക്കുന്നു.

ശുഭം ഭൂയാത്.

ലോകാഃ സമസ്താഃ സുഖിനോഭവന്തു.

കൊല്ലങ്കോട്,
1959 മെയി 1-ാംനു-
1134 മേടം 18-ാംനു-

P. GOPALAN NAIR.

ശ്രീ പഞ്ചദശി.

ശ്രീ പഞ്ചദശി പ്രത്യക്തത്വവിവേകം എന്ന ഒന്നാമത്തെ പ്രകരണത്തിലെ സാരസംഗ്രഹം.

ആദ്യമായിട്ടു ശ്രീഗുരുവിനെയും ഈശ്വരനെയും ഗ്രന്ഥകർത്താവു 1—2 ശ്ലോകംകൊണ്ടു വന്ദിച്ചിരിക്കുന്നു. ഇത് വേദാന്തപ്രകരണമാകയാൽ അധികാരി വിഷയം പ്രയോജനം, സംബന്ധം എന്ന അനുബന്ധചതുഷ്ടയത്തെയും സൂചിപ്പിച്ചിട്ടുണ്ട്. സച്ചിദാനന്ദം ആത്മസ്വരൂപം. എല്ലാവരിലും സാക്ഷിയായി വിളങ്ങുന്ന ആത്മാവും ബ്രഹ്മവും ഏകം. ഇതനുഭവത്തിൽ വരുന്നതുവരെ മിഥ്യയായ പ്രപഞ്ചം സത്യമാണെന്ന തോന്നും. ഇതാണ് ദുഃഖരൂപമായ സംസാരത്തിന്നു കാരണം. ഇതിനെ മൂലാജ്ഞാനം എന്നു പറയുന്നു. സച്ഛാസ്ത്രസൽഗുരുസേവകൊണ്ടു് മൂലാജ്ഞാനം നശിപ്പിക്കുവാൻ പരിശ്രമിക്കേണം എന്നാഗ്രഹം ഉള്ളവരാണ് ശാസ്ത്രം പഠിപ്പാൻ അധികാരികൾ. ശാസ്ത്രാർത്ഥം അറിഞ്ഞും ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചും ഇരിക്കുന്ന ഒരു മഹാനായ ഗുരുവിന്റെ മുഖത്തിൽനിന്നു മഹാവാക്യാർത്ഥം ധരിക്കയും മനനനിദിധ്യാസനങ്ങൾകൊണ്ടു അനുഭവപ്പെടുത്തുകയും വേണം. അതനുഭവപ്പെട്ടാൽ പ്രപഞ്ചം മിഥ്യ; ബ്രഹ്മം സത്യം. ആ ബ്രഹ്മംതന്നെ ഞാൻ. ബ്രഹ്മമല്ലാതെ ഇതരമായിട്ടൊന്നുമില്ല. രജ്ജുസ്വരൂപം അറിയുമ്പോൾ സർപ്പഭ്രമം നശിക്കുന്നതുപോലെ ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുമ്പോൾ ദേഹാദിഭ്രമം നശിക്കും. ആത്മാവിനെ മറച്ചിരിക്കുന്ന അന്നമയാദികളായ അഞ്ചു കോശങ്ങളിൽനിന്നു വേറിട്ടിരിക്കുന്നതും ആ കോശങ്ങളെ പ്രകാശിപ്പിച്ചും സ്വയംപ്രകാശമായും സർവ്വാധിഷ്ഠാനമായും ഇരിക്കുന്ന പരമതത്വം പരബ്രഹ്മം മാത്രമാകുന്നു, എന്ന അനുഭവം സിദ്ധിക്കുമ്പോൾ സകല ദുഃഖങ്ങളും നശിക്കുകയും ആനന്ദസ്വരൂപമായി വിളങ്ങുകയും ചെയ്യുക എന്ന മുക്തി സിദ്ധമായി. ഇതിന്നു തടസ്ഥമായ അജ്ഞാനാനന്ദത്തെ നശിപ്പിക്കുവാനാണ് ശാസ്ത്രഗുരുസേവ ചെയ്യേണമെന്നു സിദ്ധാന്തിക്കുന്നത്. തത്വമസി എന്ന മഹാവാക്യത്തെ വിവരിച്ച് ഐക്യത്തെ ധരിപ്പിച്ചുംകൊണ്ടു് പ്രത്യക്തത്വം എന്ന 1-ാം പ്രകരണം അവസാനിപ്പിച്ചിരിക്കുന്നു. സർവ്വ വേദാന്തശാസ്ത്രസാരം അടങ്ങിയിരിക്കുന്ന ഈ പ്രകരണം അത്രവേഗം ധരിക്കാൻ സാധിക്കുന്നില്ലെന്നു തോന്നുന്നപക്ഷം നിരാശപ്പെടാതെ ഗ്രന്ഥം മുഴുവനും ക്രമത്തിൽ വായിക്കുകയും മനസ്സിരുത്തി വിചാരം ചെയ്കയും വേണം. നശ്വരസുഖത്തിന്നുവേണ്ടി ജീവകാലം മുഴുവനും പരിശ്രമിക്കുന്നതിന്നു പകരം അനശ്വരാത്മാനന്ദത്തെ പ്രതിബന്ധിക്കുന്ന ആവരണങ്ങളെ നീക്കംചെയ്വാൻ ശാസ്ത്രവിചാരം ചെയ്യുന്നതിന്നായി പരിശ്രമിക്കേണ്ടതാകുന്നു.

ശുഭമസ്തു.

ഓം തത് സത്.

ഓം

നമോ ഭഗവതേ വാസുദേവായ.

ശ്രീപഞ്ചദശി.

പ്രത്യക്തത്ത്വവിവേകം എന്ന 1-ാം പ്രകരണം.

നമഃ ശ്രീശങ്കരാനന്ദ ഗുരുപാദാംബുജന്മനേ
സവിലാസമഹാമോഹഗ്രാഹഗ്രാസൈകകർമ്മണേ.

സവിലാസമഹാമോഹഗ്രാഹ ഗ്രാസൈകകർമ്മണേ—വിലാസം=നാമരൂപാത്മകമായ കാര്യം മഹാമോഹം=മൂലാജ്ഞാനം. ഗ്രാഹം=മുതല. ഗ്രാസം=വിഴുങ്ങൽ. ഏകകർമ്മം=മുഖ്യപ്രവൃത്തി എന്ന വിശേഷണങ്ങളോടുകൂടിയ. ശ്രീശങ്കരാനന്ദഗുരുപാദാംബുജന്മനേ=ശ്രീശങ്കരാനന്ദഗുരുവിന്റെ പാദകമലത്തിന്നായ്ക്കൊണ്ടു. നമഃ (അസ്തു)=നമസ്കാരം ഭവിക്കട്ടെ.

അവതാരിക

ഗ്രന്ഥകർത്താവായ ശ്രീ വിദ്യാരണ്യസ്വാമികൾ ആരംഭിക്കുന്ന ശ്രീ പഞ്ചദശിയെന്ന ഈ ഗ്രന്ഥം നിർവ്വിഘ്നം പൂർത്തിയാവാനും സുപ്രസിദ്ധമാവാനുംവേണ്ടി, (I) ശിഷ്ടാചാരം അനുസരിച്ചു നടപ്പിൽ വന്നിരിക്കുന്നതും, ഇഷ്ടദേവതാസ്വരൂപിയായ സ്വഗുരുവിന്റെ നമസ്കാരാത്മകവുമായ (II) മംഗളത്തെ മനസ്സുകൊണ്ടാചരിച്ചു. ഈ സമ്പ്രദായം ശിഷ്യന്മാരും ധരിക്കേണമെന്ന വിചാരത്താൽ, മനസാ ചെയ്ത മംഗളാചരണത്തെ ശ്ലോകരൂപത്തിലാക്കി ഗ്രന്ഥാരംഭത്തിൽ കാണിച്ചിരിക്കുന്നു. ഈ ശ്ലോകത്തിൽ, (III) വിഷയപ്രയോജനങ്ങളേയും സൂചിപ്പിച്ചിട്ടുണ്ട്. അർത്ഥാൽ (IV) അനുബന്ധചതുഷ്ടയവും സൂചിതമായിരിക്കുന്നു.

വ്യാഖ്യാനം.

ശ്രീശങ്കരാനന്ദ ഗുരുവിന്റെ പാദകമലത്തിന്നായ്ക്കൊണ്ടു എന്റെ ഈ നമസ്കാരം ഭവിക്കട്ടെ. ശ്രീ ഗുരുചരണാരവിന്ദത്തെ ഞാൻ നമസ്കരിക്കുന്നുവെന്നു സാരം. ശ്രീ ഗുരുവും ഈശ്വരനും ഒന്നുതന്നെയെന്നു കാണിപ്പാൻ രണ്ടു പേരേയും "ശ്രീശങ്കരാനന്ദഗുരു"വെന്ന ഒരേ പദംകൊണ്ടു വിശേഷിക്കുന്നു. ശ്രീശങ്കരാനന്ദൻ എന്നാണ് ശ്രീ ഗുരുവിന്റെ നാമധേയം. അതിന്റെ അർത്ഥം ഈശ്വരൻ എന്നുമാകുന്നു. അതെങ്ങിനെയെന്നാൽ:-- ശം കരോതി=സുഖമുണ്ടാക്കുന്നു. എന്ന വ്യുൽപത്തിയനുസരിച്ചു ശങ്കരപദത്തിന്നു സുഖമുണ്ടാക്കുന്നവൻ—സുഖം തരുന്നവൻ—എന്നർത്ഥം. "ഏഷഹ്യേവാനന്ദയാതി" ഈ പരമാത്മാവുതന്നെ ആനന്ദിപ്പിക്കുന്നവൻ എന്നു അർത്ഥമായ ശ്രുതിവാക്യം പ്രമാണം "ആനന്ദ" എന്ന പദത്തിന്നു പരമാനന്ദസ്വരൂപി എന്നർത്ഥം. സർവ്വപ്രാണികൾക്കും ആത്മാവിൽ നിരതിശയപ്രേമമുള്ളതുകൊണ്ടു പ്രത്യഗാത്മാവുതന്നെ പരമാനന്ദസ്വരൂപൻ. ആനന്ദത്തിന്നു മറവുകൂടാതെ പ്രതിശരീരം വിളങ്ങുന്ന ആത്മാവിനെയാണ് പ്രത്യഗാത്മാവെന്നു പറഞ്ഞത്. ശങ്കരനും ആനന്ദസ്വരൂപനും ആയി വിളങ്ങുന്നവൻ എന്ന വ്യുൽപത്തികൊണ്ടു ആ രണ്ടു പദങ്ങൾക്കും അഭേദം വിവക്ഷിതമാകയാൽ പരമാത്മാവിൽനിന്നു ഭിന്നനല്ലാത്ത പ്രത്യഗാത്മാവ്, അല്ലെങ്കിൽ, പ്രത്യഗാത്മാവിൽനിന്നു ഭിന്നനല്ലാത്ത പരമാത്മാവ് എന്ന അർത്ഥം കിട്ടുന്നു. അതുമാത്രമല്ല; പ്രത്യഗാത്മാഭിന്നനായ പരമാത്മാവ്, ശ്രീഗുരുസ്വരൂപനായി ഭവിച്ചിട്ടു രാഗദ്വേഷാദിദോഷങ്ങൾ നിശ്ശേഷം നശിക്കുകയാൽ ശുദ്ധാന്തഃകരണന്മാരായ ശിഷ്യന്മാർക്കു ദീക്ഷാരൂപമായ ഉപദേശംകൊണ്ടു അജ്ഞാനാദിപ്രതിബന്ധനാശത്തിന്നു മതിയായ ശക്തിയെ നല്കി പരമാത്മതത്വമായ തന്നിൽത്തന്നെ ലയിപ്പിക്കുന്നുവെന്നു കാണിക്കുന്ന ആഗമപ്രമാണവുമുണ്ട്; "പരിപക്വമലായേ താൻ തൽസാധനഹേതുശക്തിപാതേന. യോജയതി പരേതത്വേ സദീക്ഷാചാര്യമൂർത്തിസ്ഥഃ" ഈ പ്രമാണപ്രകാരം പ്രത്യഗാത്മാഭിന്നപരമാത്മാവാകുന്ന ശങ്കരാനന്ദൻ ശ്രീഗുരു

വാണെന്നും സിദ്ധിക്കുന്നു. ഇപ്രകാരമിരിക്കുന്ന ശ്രീഗുരുപാദകമലത്തിൽ ഞാൻ നമസ്കരിക്കുന്നുവെന്നു ശ്ലോകപൂർവ്വാർദ്ധത്തിൽ അടങ്ങിയ സാരം.

ഉത്തരാർദ്ധംകൊണ്ടു ശ്രീഗുരുസ്വരൂപനായ സർവ്വേശ്വരൻെറ മഹിമയേയും പ്രവൃത്തിയേയും വിശദമാക്കുന്നു:—സമുദ്രത്തിലെ മുതലയുടെ പിടുത്തത്തിൽപ്പെട്ടവരെ അത് ഗ്രസിക്കുന്നതുപോലെ സംസാരസമുദ്രത്തിലുള്ള മൂലാജ്ഞാനമാകുന്ന മുതല ജീവലോകത്തിൻെറ സത്യജ്ഞാനാനന്ദസ്വരൂപത്തെ ഗ്രസിക്കുകയും അനൃതജഡദുഃഖാത്മകമായ ശരീരാദിപ്രപഞ്ചം സത്യമാണെന്നുള്ള ഭ്രാന്തിയെ ജനിപ്പിക്കുകയും ചെയ്തുകൊണ്ടു ജീവജാലത്തെ നിരന്തരം ക്ലേശിപ്പിക്കുകയും ജന്മജരാമരണാദിരൂപമായ സംസാരസമുദ്രത്തിൽനിന്നു കരയണയുവാൻ സമ്മതിക്കാതെ വലപ്പിക്കുകയും ചെയ്യുന്നു. ശ്രീഗുരുസ്വരൂപനായ പരമാത്മാവാകട്ടെ ആ മുതലയെ ഗ്രസിക്കുകയെന്ന ഏകമായ പ്രവൃത്തിയെ നടത്തുന്നു സ്വപാദമൂലത്തെ ആശ്രയിക്കുന്ന ശിഷ്യന്മാരെ ആ മുതലയുടെ വായിൽനിന്നു വേർപെടുത്തി സത്യജ്ഞാനാനന്ദസ്വരൂപത്തെ അവർക്കനുഭവപ്പെടുത്തി സംസാരസമുദ്രത്തിൻെറ മറുകരയണയിക്കുന്നു. ഹേ! പരമഗുരോ! ദീനദയാനിധെ! അടിയനെ സ്വീകരിച്ച്, രക്ഷിക്കേണമേ'' എന്ന പ്രാർത്ഥനയോടുകൂടെ ആ പാദകമലങ്ങളിൽ ഞാൻ നമസ്കരിക്കുന്നു, എന്നു പൂർവ്വാർദ്ധത്തോടുകൂടെ ഉത്തരാർദ്ധസാരത്തെ ചേർത്തു ശ്ലോകാർത്ഥം പൂർണ്ണമാക്കിയിരിക്കുന്നു.

I വേദാന്താനുസൃതകർമ്മകർത്താക്കളായ വ്യാസാദിമഹർഷിമാർ ശിഷ്ടന്മാരാകയാൽ അവരുടെ ആചാരം ശിഷ്ടാചാരം; അവർ നിർമ്മിച്ച ഗ്രന്ഥങ്ങളിൽ ആദ്യം മംഗളാചരണം കാണപ്പെടുന്നതുകൊണ്ടു "മംഗളാചരണം'' ശിഷ്ടാചാരപ്രാപ്തമാകുന്നു.

II വിഘ്നമില്ലാതാവാൻ അനുകൂലമായ ആചരണം മംഗളാചരണം.

III ജീവാത്മപരമാത്മൈക്യം ഗ്രന്ഥവിഷയം.

IV സമസ്തദുഃഖനിവൃത്തിയും പരമാനന്ദപ്രാപ്തിയും പ്രയോജനം.

V അധികാരി, സംബന്ധം, വിഷയം, പ്രയോജനം എന്ന ഈ നാലിനു അനുബന്ധചതുഷ്ടയം എന്നു പേർ.

ഇവയെ അറിയാഞ്ഞാൽ ജിജ്ഞാസുവിനു ഗ്രന്ഥത്തിൽ പ്രവൃത്തിയുണ്ടാകയില്ല. അതുകൊണ്ടു ഇവയെ ഗ്രന്ഥാരംഭത്തിൽ പറയേണ്ടതാണ്.

എന്നാൽ ഈ ഗ്രന്ഥത്തിൻെറ ആരംഭത്തിൽ 1 ാമത്തെ ശ്ലോകംകൊണ്ടു വിഷയത്തേയും പ്രയോജനത്തേയും സൂചിപ്പിച്ചിട്ടുണ്ട്. അധികാരിയെ 2-ാം ശ്ലോകത്തിൽ കാണിക്കും. അപ്പോൾ ഈ ഗ്രന്ഥത്തിനും മേൽകാണിച്ച മൂന്നിനും തമ്മിൽ പ്രതിപാദ്യപ്രതിപാദകം എന്ന സംബന്ധം സ്വയമേവ സിദ്ധിക്കുകയും ചെയ്യും.

2. തൽപാദാംബുരുഹദ്വന്ദ്വസേവാനിർമ്മലചേതസാം
സുഖബോധായ തത്വസ്യ വിവേകോയം വിധീയതേ.

തൽപാദാംബുരുഹദ്വന്ദ്വസേവാനിർമ്മലചേതസാം=അദ്ദേഹത്തിൻെറ പാദാരവിന്ദയുഗളസേവകൊണ്ടു നിർമ്മലചിത്തന്മാരായവർക്ക്. സുഖബോധായ=അനായാസേന അറിവാനായിക്കൊണ്ട്. അയം തത്വസ്യവിവേകഃ=ഈ തത്വവിവേകം. വിധീയതേ=നിർമ്മിക്കപ്പെടുന്നു.

അവതാരിക.

ആദ്യപദ്യത്തിൽ കാണിച്ച രണ്ടു (I) മുഖ്യപ്രയോജനങ്ങൾക്കു പുറമെ (II) ഒരവാന്തരപ്രയോജനത്തെ കാണിച്ചുംകൊണ്ടു ഗ്രന്ഥനിർമ്മാണത്തെ കുറിച്ചു ഗ്രന്ഥകർത്താവ് പ്രതിജ്ഞ ചെയ്തിരിക്കുന്നു.

വിവരണം.

ശ്രീഗുരുവിനെ സ്തുതിനമസ്കാരാദിരൂപേണ സേവിക്കുന്നതുകൊണ്ട് മനസ്സിൽനിന്നു രാഗാദിദോഷങ്ങൾ നീങ്ങിയിരിക്കുന്ന മുമുക്ഷുക്കൾക്ക് പ്രയാസംകൂടാതെ തത്വബോധമുണ്ടാവാൻ "പ്രത്യക്തത്വവിവേകം'' എന്ന ഒന്നാംപ്രകരണം ആരംഭിക്കപ്പെടുന്നു. അഖണ്ഡസച്ചിദാനന്ദബ്രഹ്മം സത്യം. മഹാവാക്യം അതിനെ ബോധിപ്പിക്കും. പഞ്ചകോശങ്ങളാൽ മറയ്ക്കപ്പെട്ടിരിക്കുന്ന ബ്രഹ്മത്തെ സാക്ഷാത്തായറിയേണമെങ്കിൽ പഞ്ചകോശസാധനങ്ങളെ അറിയേണം. ആ സാധനങ്ങൾ എന്തെല്ലാമാണെന്നു ഈ പ്രകരണത്തിൽ വിവരിപ്പാൻ വിചാരിക്കുന്നുവെന്നാണ് പ്രതിജ്ഞയിൽ അടങ്ങീട്ടുള്ള സാരം. മനോമാലിന്യങ്ങൾ നീങ്ങീട്ടുള്ള ജിജ്ഞാസുക്കൾ ഈ ഗ്രന്ഥം പഠിപ്പാൻ അധികാരികൾ എന്ന് ഈ പദ്യംകൊണ്ടു കാണിച്ചു.

1. മുഖ്യപ്രയോജനം:—ഏതൊന്നിനേക്കാൾ അധികമായ പ്രയോജനമുണ്ടാകുന്നില്ലയോ ആയതിന്നു പരമപ്രയോജനമെന്നും മുഖ്യപ്രയോജനമെന്നും പേർ.

2. അവാന്തരപ്രയോജനം:—പരമപ്രയോജനത്തിന്നു കാരണമായ പ്രയോജനം യാതൊന്നോ അതിന്നു അവാന്തരപ്രയോജനമെന്നു പേർ.

യുക്തികൊണ്ടുള്ള ജീവബ്രഹ്മൈക്യത്തെ 3മുതൽ 42 പദ്യങ്ങൾകൊണ്ടു കാണിപ്പാൻ ഭാവിക്കുന്നു. അതിൽ 3 മുതൽ 7വരെ പദ്യങ്ങൾ, ജ്ഞാനം ഏകവും സ്വയംപ്രകാശവുമാകുന്നു; ജ്ഞാനത്തിന്റെ വിഷയങ്ങൾ മാത്രം അനേകങ്ങൾ എന്നു കാണിക്കും. ജീവന്റെ യഥാർത്ഥസ്വരൂപം സച്ചിദാനന്ദമാണെന്നു ധരിപ്പിക്കേണം. എന്നാൽ മാത്രമെ ജീവനും ബ്രഹ്മവും ഒന്നാണെന്നു ധരിപ്പിക്കുവാൻ കഴികയുള്ളൂ എന്ന അഭിപ്രായത്തോടുകൂടെ ജീവന്റെ സൽസ്വരൂപത്തെ കാണിപ്പാൻ ജാഗ്രത്ത്, സ്വപ്നം, സുഷുപ്തിയെന്ന മൂന്നവസ്ഥകൾക്കുള്ള ഭേദവും അവയെ അറിയുന്ന സാക്ഷിയായ ജീവന്റെ അഭേദവും കാണിപ്പാൻ പറയുന്നു:—

3 ശബ്ദസ്പർശാദയോ വേദ്യാഃ വൈചിത്ര്യാജ്ജാഗരേ പൃഥക്
തതോ വിഭക്താ തൽസംവിദൈകരൂപ്യാന്നഭിദ്യതേ.

ജാഗരേ=ജാഗ്രദവസ്ഥയിൽ_സകലേന്ദ്രിയങ്ങൾകൊണ്ടും സകല വിഷയങ്ങളേയും അറിയുന്ന അവസ്ഥയിൽ. വേദ്യാഃ=അറിയപ്പെടുവാൻ യോഗ്യങ്ങളായ. ശബ്ദസ്പർശാദയഃ=ശബ്ദം, സ്പർശം മുതലായ ഗുണങ്ങൾ (ഗുണാധാരങ്ങളായ ആകാശാദിഭൂതങ്ങളെയും ഗ്രഹിക്കേണം.) വൈചിത്ര്യാൽ=വിചിത്രത ഹേതുവായിട്ട്—ഒന്നിന്നു മറ്റൊന്നിൽനിന്നു ഭേദമുള്ളതുകൊണ്ടു. പൃഥക്=ഭിന്നിച്ചവയാകുന്നു. തതഃ വിഭക്താ=അവയിൽനിന്നു വിഭജിക്കപ്പെട്ടതായ. തൽസംവിത്=അവയെക്കുറിച്ചുള്ള അറിവ്. ഐകരൂപ്യാത്=ഏകരൂപമായിരിക്ക ഹേതുവാൽ നഭിദ്യതേ=ഭേദിക്കപ്പെടുന്നില്ല.

ജ്ഞാനം ഒന്നാണെന്നു യുക്തികൊണ്ടു കാണിക്കുന്നു. ഇന്ദ്രിയങ്ങളെക്കൊണ്ടു പദാർത്ഥജ്ഞാനമുണ്ടാവാനുപകരിക്കുന്ന അവസ്ഥാവിശേഷത്തിന്നു ജാഗരിതം അല്ലെങ്കിൽ ജാഗ്രത്ത് എന്നു പേർ. ഈ അവസ്ഥയിൽ ജീവൻ ശബ്ദാദിവിഷയങ്ങളെ ശ്രോത്രാദീന്ദ്രിയങ്ങൾകൊണ്ടറിയുന്നു. ശബ്ദസ്പർശാദിവിഷയങ്ങൾ അന്യോന്യം ഭിന്നങ്ങൾ:—ശബ്ദംപോലെയല്ല സ്പർശം. സ്പർശംപോലെയല്ല രൂപം എന്നിങ്ങിനെ ഭേദപ്പെട്ടവ. അവയെക്കുറിച്ചുള്ള അറിവിനെ ആ വിഷയങ്ങളിൽനിന്നു ബുദ്ധികൊണ്ടു വേർതിരിച്ചു നോക്കുമ്പോൾ അറിവിന്നു നാനാത്വമില്ല, ഒരേ ഒരുവിധം എന്നു കാണാം. ശബ്ദവും സ്പർശവും ഭിന്നങ്ങൾ. അവയെ അറിഞ്ഞ അറിവാകട്ടെ അഭിന്നം എന്നു സാരം. ആകയാൽ ജാഗ്രദവസ്ഥയിൽ ഏതുവിധമായ ജ്ഞാനവും വിഷയങ്ങളിൽനിന്നു ഭിന്നമാകയാൽ ഏകമാണെന്നു ബുദ്ധിവൃത്തികൊണ്ടു കാണ്മാൻ കഴിയും.

ഈ വിഷയത്തിൽ ഇവിടെ ഒരനുമാനപ്രയോഗം:—

1. ഏകമോ ഭിന്നമോ എന്ന വാദത്തിലിരിക്കുന്ന ജ്ഞാനത്തിന്നു സ്വാഭാവികമായ ഭേദമില്ല (എന്നതു പ്രതിജ്ഞ.)

2. ഉപാധിഗ്രഹണംകൊണ്ടു മാത്രമല്ലാതെ ജ്ഞാനത്തിന്നു ഭേദം തോന്നപ്പെടായ്കയാൽ. (എന്നതു ഹേതു.)

3. ആകാശംപോലെ. (എന്നതു ദൃഷ്ടാന്തം.)

4. ആകയാൽ ഉപാധിഭേദംകൊണ്ടു മാത്രമല്ലാതെ ജ്ഞാനത്തിന്നു സ്വാഭാവികമായ ഭേദമില്ലെന്നു സിദ്ധം (നിഗമനം).

ഉപാധിനിമിത്തം ആകാശമെന്ന ഒന്നിനെത്തന്നെ ഘടാകാശം, മഠാകാശം എന്നിങ്ങിനെ പറയുന്നതുപോലെ ഘടജ്ഞാനം, പടജ്ഞാനം എന്നിങ്ങിനെ ഒരേ ജ്ഞാനംതന്നെ ബഹുവിധത്തിൽ പറയപ്പെടുന്നുവെന്നു സാരം. ജാഗ്രത്തിലുള്ള എല്ലാവിധ ജ്ഞാനവും ഏകരൂപം എന്ന് ഈ ശ്ലോകത്താൽ സാധിച്ചു. ഇതെല്ലാം ബുദ്ധിവൃത്തിക്കു വിഷയമാക്കണം.

4. തഥാ സ്വപ്നേ ഽത്ര വേദ്യം തു നസ്ഥിരം ജാഗരേ സ്ഥിരം
തൽഭേദോ ഽതസ്തയോഃ സംവിദേകരൂപാ നഭിദ്യതേ.

തഥാ സ്വപ്നേ=അപ്രകാരം സ്വപ്നത്തിലും. അത്രവേദ്യം നസ്ഥിരം=ഇതിൽ—സ്വപ്നാവസ്ഥയിൽ—അറിവാൻ യോഗ്യമായ വിഷയം സ്ഥിരമല്ല. ജാഗരേസ്ഥിരം=ജാഗ്രത്തിൽ വിഷയം സ്ഥിരം:—ദീർഘകാലം നിലനില്ക്കുന്നത്. തൽഭേദഃ=ആ രണ്ടവസ്ഥകൾക്കുമുള്ള ഭേദം. അതഃ=ഇതുകൊണ്ടാകുന്നു.

തയോഃ സംവിത്=ആ രണ്ടവസ്ഥകളെ അറിയുന്ന അറിവ്. ഏകരൂപാ=ഒരുവിധംതന്നെ. നഭിദ്യതേ=ഭേദപ്പെടുന്നില്ല.

ജാഗ്രദവസ്ഥയിൽ വിചിത്രമായ വിഷയങ്ങൾക്കു ഭേദവും ജ്ഞാനത്തിന്നു അഭേദവും ഏപ്രകാരമോ, അപ്രകാരംതന്നെ ബാഹ്യേന്ദ്രിയവ്യാപാരങ്ങളററിരിക്കുന്ന സ്വപ്നത്തിലും, ബാഹ്യകർമ്മങ്ങളിൽനിന്നുണ്ടാകുന്ന വാസനകൾ നിമിത്തം വിഷയങ്ങൾ കാണപ്പെടുന്നു. ആവക വിഷയങ്ങൾക്കും നാനാത്വവും അവയെ കുറിച്ചുള്ള അറിവിന്നു ഏകത്വവും സ്വതഃസിദ്ധംതന്നെ. അതിനാൽ ജ്ഞാനത്തിന്നു വ്യാപ്തിയും സ്ഥിരതയുമുണ്ട്. ജാഗ്രദവസ്ഥയിൽ വിഷയങ്ങളെ അറിഞ്ഞ അറിവ് ആ അവസ്ഥയുടെ അഭാവത്തിൽ അഭാവപ്പെടാതെ സ്വപ്നവിഷയങ്ങളെ അറിയുന്നു. അതുകൊണ്ടു ജാഗ്രദവസ്ഥക്കു നാശവും അറിവിന്നു നാശമില്ലായ്മയും സിദ്ധം. ജാഗ്രത്ത്, സ്വപ്നം എന്ന ഭേദത്തിന്നു കാരണം:—ജാഗ്രത്തിൽ കാണപ്പെടുന്ന വിഷയങ്ങൾക്കു ദീർഘകാലസ്ഥിതിയുണ്ട്. സ്വപ്നവിഷയങ്ങളാകട്ടെ ഉണർന്നാൽ കാണപ്പെടുന്നില്ല. ഇതുമാത്രം ഭേദം. ജ്ഞാനം രണ്ടവസ്ഥയിലും ഏകം.

5. സുപ്തോത്ഥിതസ്യ സൌഷുപ്തതമോബോധോ ഭവേൽ സ്മൃതിഃ
സാ ചാവബുദ്ധവിഷയാ ഽവബുദ്ധംതത്തദാ തമഃ

സുപ്തോത്ഥിതസ്യ=ഉറങ്ങിയെഴുനീററവന്റെ. സൌഷുപ്തതമോബോധഃ=സുഷുപ്തിയിലുണ്ടായിരുന്ന തമസ്സിന്റെ ബോധം. സ്മൃതിഃ ഭവേൽ=സ്മൃതിയാകുന്നു. സാ ച അവബുദ്ധവിഷയാ=അതും അറിയപ്പെട്ട അജ്ഞാനമാകുന്ന വിഷയത്തോടുകൂടിയതാകുന്നു. തത് തമഃ=ആ തമസ്സ് (അജ്ഞാനം.) തദാ അവബുദ്ധം=അപ്പോൾ സുഷുപ്തിയിൽ അറിയപ്പെട്ടിരിക്കുന്നു.

മൂന്നും നാലും പദ്യങ്ങൾകൊണ്ടു ജാഗ്രത്തിലും സ്വപ്നത്തിലുമുള്ള അറിവു ഏകമാണെന്നു കാണിച്ചശേഷം സുഷുപ്ത്യവസ്ഥയിലുള്ള ജ്ഞാനവും ജാഗ്രൽസ്വപ്നാവസ്ഥകളിലുള്ള ജ്ഞാനവും ഒന്നാണെന്നു കാണിപ്പാൻവേണ്ടീട്ടു ഒന്നാമതായി സുഷുപ്ത്യവസ്ഥയിൽ ജ്ഞാനം ഉണ്ടെന്നതിനെ ഈ ഒരു ശ്ലോകംകൊണ്ടു സാധിക്കുന്നു:—ഉറങ്ങിയെഴുനീററവന്നു ഇത്രനേരം ഒന്നുമറിയാതെ സുഖമായുറങ്ങിയെന്ന അറിവു—അറിയായ്മയെ അറിഞ്ഞതായ അറിവ്—സ്മൃതി—(ഓർമ്മ)യാകുന്നു. ഉറക്കത്തിലുണ്ടായിരുന്ന അനുഭവത്തിൽനിന്നാണ് ഈ സ്മൃതിയുണ്ടാകുന്നത്. അതുകൊണ്ടു സുഷുപ്തിയിൽ അജ്ഞാനത്തെ വിഷയീകരിച്ചതായ അറിവുണ്ടായിരുന്നുവെന്നനുമാനിക്കേണം. ഉണർന്നപ്പോൾ അജ്ഞാനത്തെക്കുറിച്ചുണ്ടായ ബോധം അനുഭവമല്ല എന്നു പറവാനുള്ള കാരണമെന്തെന്നാൽ അനുഭവഹേതുക്കളായ ഇന്ദ്രിയസാന്നിധ്യം, വ്യാപ്തി മുതലായവ അപ്പോൾ ഇല്ലാതിരിക്കുന്നതുതന്നെ. എവിടെയെവിടെ സ്മൃതി ഉണ്ടാകുന്നുവോ അവിടവിടെ ആ സ്മൃതിക്കു കാരണമായ അനുഭവം, അതിന്നു മുൻകാലത്തിലുണ്ടായിരിക്കേണം എന്നാണ് നിയമം. അതുകൊണ്ടു സുഷുപ്തികാലത്തിലുണ്ടായിരുന്ന അനുഭവത്തിൽനിന്നാണ് ഉണർന്നവന്നു അജ്ഞാനത്തെക്കുറിച്ചു സ്മൃതിയുണ്ടായത് എന്നു സിദ്ധിക്കുന്നു. അപ്പോൾ സുഷുപ്തിയിൽ ജ്ഞാനമുണ്ടെന്നു അനുമാനപ്രമാണത്താൽ സ്പഷ്ടമാകുന്നു.

6. സബോധോ വിഷയാൽഭിന്നോ
നബോധാൽ സ്വപ്നബോധവത്.

സഃ ബോധഃ=ആ അറിവ്. വിഷയാൽ=വിഷയത്തിൽനിന്ന്. ഭിന്നഃ=ഭിന്നമാകുന്നു. ബോധാത്=ബോധത്തിൽനിന്ന്. നഭിന്നഃ=ഭിന്നമല്ല. സ്വപ്നബോധവത്=സ്വപ്നബോധം എന്നപോലെ.

സുഷുപ്തിയിലുണ്ടായിരുന്ന ആ ബോധം, അതിന്റെ വിഷയമായ അജ്ഞാനത്തിൽനിന്നു ഭിന്നമാകുന്നു. ബോധത്തിൽനിന്നു ഭിന്നമല്ല, ജാഗ്രദവസ്ഥയേയും സ്വപ്നാവസ്ഥയേയും വേർതിരിച്ചുണ്ടായ അറിവുപോലെ.

ഏവംസ്ഥാനത്രയേപ്യേകാ സംവിത്തദ്വദ്ദിനാന്തരേ
മാസാബ്ദയുഗകല്പേഷു ഗതാഗമ്യേഷ്വനേകധാ.

ഏവംസ്ഥാനത്രയേ അപി=ഇപ്രകാരം മൂന്നു സ്ഥാനത്തിലും. സംവിത് ഏകാ=അറിവൊന്നുതന്നെ. തദ്വത് ദിനാന്തരേ=അതുപോലെ മററു ദിവസത്തിലും. മാസാബ്ദയുഗകല്പേഷു=മാസം, വർഷം, യുഗം, കല്പം ഇവകളിലും. അനേകധാ=അനേകവിധത്തിൽ. ഗതാഗമ്യേഷു=കഴിഞ്ഞും വരുവാനുള്ള കാലങ്ങളിലും.

ഒരു ദിവസത്തിലുള്ള ജാഗ്രദാദി മൂന്നവസ്ഥകളെ കുറിച്ചുള്ള ജ്ഞാനം ഒന്നായിരിക്കുന്നതുപോലെ ദിവസം, മാസം, വർഷം, യുഗം, കല്പം എന്നിവയിലും കഴിഞ്ഞുപോയതും വരുവാനുള്ളതുമായ എല്ലാ കാലങ്ങളിലും ഉള്ള അറിവൊന്നുതന്നെ.

7. നോദേതിനാസ്തമേത്യേകാ
സംവിദേഷാ സ്വയംപ്രഭാ

ഏകാ ഏഷാ സംവിത്=ഏകമായ ഈ അറിവ്. സ്വയംപ്രഭാ=സ്വതേ പ്രകാശമുള്ളതായിട്ട. ന ഉദേതി ന അസ്തം ഏതി=ഉദിക്കുന്നതുമില്ല, അസ്തമിക്കുന്നതുമില്ല.

യാതൊന്നു ഹേതുവായിട്ട അറിവ് ഏകമായിരിക്കുന്നുവോ അതു ഹേതുവായിട്ട ആ അറിവിന്നു ഉത്പത്തിയും നാശവുമില്ല. ഉൽപത്തിനാശങ്ങളെ അറിവാൻ അന്യമായ അറിവില്ലാത്തതുകൊണ്ടും സ്വോല്പത്തിനാശങ്ങളെ തന്നാൽതന്നെ അറിവാൻ കഴിയാത്തതുകൊണ്ടും അറിവു സ്വയംപ്രകാശവസ്തുവാകുന്നു.

ഇവിടെ ശങ്കയും സമാധാനവും:—

ഈ അറിവിനെ അറിവാൻ വേറെയൊരറിവില്ലെന്നുവന്നാൽ ആ അറിവെങ്ങിനെ വിളങ്ങും? അപ്പോൾ ജഗത്തിൽ ആന്ധ്യം വന്നുചേരുമെല്ലൊ എന്നാണ് ശങ്ക.

ഇതിന്നു സമാധാനമായിട്ടൊരനുമാനം കാണിക്കുന്നു. അറിവ് മറ്റൊന്നിനാൽ അറിയപ്പെടാത്തതായതുകൊണ്ടു അപരോക്ഷമാകുന്നു. അതിനാൽ സ്വയംപ്രകാശമാകുന്നു.

ജഡമായും അപ്രകാശമായുമിരിക്കുന്ന ഘടമെന്നപോലെയിരിക്കുന്ന ഒന്നല്ല അറിവ്. സ്വയമേവ വിളങ്ങുന്നതാകുന്നു. തന്നാൽതന്നെ താനറിയപ്പെടുകയെന്നുവന്നാൽ അറിയുന്ന കർത്താവുതന്നെ അറിവിന്നു വിഷയമായ കർമ്മമായ് ഭവിക്കുക എന്നത് സംഭാവ്യമല്ല. വേറെയൊരറിവിനാൽ അറിയപ്പെടുന്നത് എന്നുവന്നാൽ അനവസ്ഥയെന്ന ദോഷം വന്നുചേരും. എപ്പോഴും വിളങ്ങിക്കൊണ്ടിരിക്കുന്ന ഈ അറിവ് മററ സകലത്തേയും പ്രകാശിപ്പിക്കുന്നതിനാൽ ജഗത്തിന്നു ആന്ധ്യം ബാധിക്കുമെന്ന ശങ്കക്കവകാശമില്ല. സകല വസ്തുക്കളേയും കാണുന്ന കണ്ണിനെ കാണ്മാൻ മറെറാരു കണ്ണാവശ്യമില്ലാത്തതുപോലെ സകല ജഡവസ്തുക്കളേയും പ്രകാശിപ്പിക്കുന്ന അറിവിനെ പ്രകാശിപ്പിക്കുവാൻ മറെറാരറിവിൻെറ ആവശ്യമില്ല.

ഈ ജ്ഞാനംതന്നെ ആത്മാവ്.

ആത്മാവുതന്നെ ബ്രഹ്മം. എന്ന് 8—14 പദ്യങ്ങൾ.

8. ഇയമാത്മാപരാനന്ദഃ
പരപ്രേമാസ്പദംയതഃ

ഇയം=ഇത്—സംവിത്ത്. ആത്മാ=ആത്മാവാകുന്നു. യതഃ=യാതൊന്നു ഹേതുവായിട്ട പരപ്രേമാസ്പദം=പരമപ്രേമത്തിന്നിരിപ്പിടമായിരിക്കുന്നുവോ. തതഃ=അതു ഹേതുവായിട്ട. പരാനന്ദഃ=പരമാനന്ദസ്വരൂപനാകുന്നു.

ഈ സംവിത്താകുന്നു ആത്മാവ്. എന്തുകൊണ്ടെന്നാൽ ഈ ആത്മാവാകുന്നു പരമപ്രേമത്തിന്നിരിപ്പിടം. നിത്യവും സ്വപ്രകാശവുമായിരിക്കുന്ന ആത്മാവു സ്വസ്വരൂപമായിത്തന്നെയിരിക്കുന്നതുകൊണ്ടാണ് പരമപ്രേമത്തിന്നാസ്പദമായി വന്നത്. ഏതൊന്ന് നിത്യവും സ്വപ്രകാശവുമല്ലെയോ അതു താനല്ല. അതിൽ പരമപ്രേമം ഉണ്ടാകയുമില്ല ഘടമെന്നപോലെ. അതിനാൽ ആത്മാവ് നിത്യചിദ്രൂപനാണെന്നു സിദ്ധിച്ചു. പരമപ്രേമാസ്പദമായതിനാൽ പരമാനന്ദസ്വരൂപൻമാണെന്നു കണ്ടുകൊള്ളേണം. ഏതൊന്ന് പരമാനന്ദമല്ലെയോ അത് പരപ്രേമാസ്പദമാവുകയില്ല. ആത്മാവിൽ പരമപ്രേമം എവക്കുമുള്ളതുകൊണ്ടു ആത്മാവ് പരമാനന്ദസ്വരൂപനാണെന്നു സിദ്ധിക്കുന്നു. സത്യം, ജ്ഞാനം, ആനന്ദം ആത്മസ്വരൂപമാണെന്നു സാരം.

മാ നഭൂവം ഹി ഭൂയാസ
മിതിപ്രേമാത്മനീക്ഷ്യതേ.

(അഹം) മാഭൂവം ന=ഞാനില്ലാതാകരുത്. ഭൂയാസം ഇതി=ഉണ്ടായിരിക്കേണം എന്ന്. ഹി ആത്മനി=യാതൊന്നു ഹേതുവായിട്ടു ആത്മാവിൽ. പ്രേമ ഈക്ഷ്യതേ=പ്രീതി കാണപ്പെടുന്നുവോ.

ആത്മാവ് പരപ്രേമാസ്പദം എന്നതിൽ ആക്ഷേപസമാധാനം:—"ഞാൻ വേഗം മരിക്കേണം, ഇനി ഇരുന്നിട്ട കാര്യമില്ല" എന്നിങ്ങിനെ ലോകത്തിൽ ചിലർ പറയാറുണ്ട്. അതിൽനിന്നു ആത്മാവിൽ പ്രേമമില്ലെന്നു തെളിയുന്നു. പ്രേമംതന്നെ ഇല്ലാതിരിക്കേ പരപ്രേമത്തിന്നവകാശമില്ലെന്നു പിന്നെ പറയേണമോ, എന്നാണ് ആക്ഷേപം: ഇതിന്നു സമാധാനം:—സുഖസ്വരൂപനായ ആത്മാവിന്നു

ദുഃഖസംബന്ധമുണ്ടായതിനാൽ വെറുപ്പു കാണിക്കുന്നുവെന്നു മാത്രമല്ലാതെ ആ വെറുപ്പു സത്യമല്ല. സ്വാത്മാവിൽ പ്രീതി സകലൎക്കും അനുഭവപ്പെട്ടിരിക്കയാൽ താൽകാലികമായി കാണപ്പെട്ട വെറുപ്പ് ദുഃഖത്തെക്കുറിച്ചുണ്ടായതു മാത്രമാകുന്നു. ആത്മാവിനെക്കുറിച്ചുണ്ടായതല്ല. എല്ലാവരും എപ്പോഴും വിചാരിക്കുന്നത് ഞാൻ ഇല്ലാതാകരുത്, എന്നും ഉണ്ടായിരിക്കേണം എന്നാകുന്നു. അതിനാൽ ആത്മാവു പരമപ്രേമസ്വരൂപൻതന്നെയെന്നതിൽ സംശയത്തിന്നവകാശമില്ല. ജലത്തിൽ ചൂടുണ്ടാകുന്നത് അഗ്നിസംയോഗംകൊണ്ടല്ലാതെ സ്വതേയുള്ളതല്ല. അതുപോലെ സുഖരൂപനായ ആത്മാവിൽ ദുഃഖസംബന്ധംനിമിത്തം ക്ഷണകാലം വെറുപ്പു തോന്നുന്നുവെന്നു മാത്രം. യഥാൎത്ഥത്തിൽ ദുഃഖസംബന്ധം ആത്മാവിന്നില്ല. ദേഹാഭിമാനമാണ് ദുഃഖകാരണം.

9. തൽപ്രേമാത്മാൎത്ഥമന്യത്ര നൈവമന്യാൎത്ഥമാത്മനി.
അതസ്തൽപരമംതേന പരമാനന്ദതാത്മനഃ.

അന്യത്ര തൽപ്രേമ=അന്യത്തിൽ ആ പ്രേമം. ആത്മാൎത്ഥം=തനിക്കുവേണ്ടിട്ടുണ്ടാകുന്നു ആത്മനി പ്രേമ=ആത്മാവിൽ പ്രേമം. അന്യാൎത്ഥം ന ഏവ=അന്യന്നുവേണ്ടീട്ടേ അല്ല. അതഃതത്=അതുകൊണ്ടു ആ പ്രേമം. പരമം=നിരതിശയമാകുന്നു. തേന ആത്മനഃ=അതുകൊണ്ടു ആത്മാവിന്നു. പരമാനന്ദതാ=പരമാനന്ദത്വമിരിക്കുന്നു.

കാരണസഹിതം പറഞ്ഞതായ പ്രേമം ആത്മാവിലുണ്ടെന്നു സമ്മതിക്കാം. പരമപ്രേമമുണ്ടെന്നതിന്നു തെളിവെന്താകുന്നുവെന്ന ആകാംക്ഷക്കു സമാധാനം:—പുത്രഭാൎയ്യാദികളായ മററു വിഷയങ്ങളിൽ ഉണ്ടാകുന്ന പ്രേമം തന്റെ സുഖത്തെ ലക്ഷ്യമാക്കീട്ടുള്ളതാകുന്നു. തന്നിൽ ഉള്ള പ്രേമമൊ മററാൎക്കും വേണ്ടീട്ടുള്ളതല്ല. അതുകൊണ്ടു ആത്മാവ് പരമാനന്ദസ്വരൂപൻതന്നെയെന്നു സിദ്ധിക്കുന്നു. തേൻ മുതലായ മധുരപദാൎത്ഥങ്ങൾ വെച്ച പാത്രത്തിലെ മധുരം തേൻനിമിത്തമുണ്ടാകുന്നു. തേനിലെ മധുരമൊ പാത്രത്തിൽനിന്നുണ്ടായതല്ല അതിന്റെ സ്വഭാവമേ മധുരം. അതുപോലെ ആത്മസ്വരൂപമേ പരമാനന്ദം എന്നറിയേണ്ടതാകുന്നു.

10. ഇത്ഥംസച്ചിൽ പരാനന്ദ ആത്മായുക്ത്യാംതഥാവിധം
പരം ബ്രഹ്മതയോശ്ചൈക്യം ശ്രുത്യന്തേഷൂപദിശ്യതേ.

ഇത്ഥംയുക്ത്യാ=ഇപ്രകാരം യുക്തികൊണ്ടു. ആത്മാസച്ചിൽ പരാനന്ദഃ=ആത്മാവ് സത്തും ചിത്തും പരമാനന്ദവുമാണെന്നും. തഥാവിധം പരംബ്രഹ്മ=അപ്രകാരംതന്നെ പരബ്രഹ്മമെന്നും പറയപ്പെട്ടു. തയോഃ ച=ആ രണ്ടിന്നും. ഐക്യം=ഏകത്വം. ശ്രുത്യന്തേഷു=വേദാന്തങ്ങളിൽ. ഉപദിശ്യതേ=ഉപദേശിക്കപ്പെടുന്നു.

3 മുതൽ 6½വരെയുള്ള ശ്ലോകങ്ങളാൽ അറിവു നിത്യമാണെന്നും, ½ ശ്ലോകത്താൽ അറിവ് ഉല്പത്തിനാശങ്ങളില്ലാത്തതാകയാൽ സ്വയം പ്രകാശമായ ചിത്താണെന്നും 8, 9 ശ്ലോകങ്ങളാൽ പരമാനന്ദമാണെന്നും സിദ്ധമായി. ആകയാൽ ത്വം (നീ) എന്ന പദത്തിന്റെ ലക്ഷ്യാൎത്ഥമായ ആത്മാവ് സച്ചിദാനന്ദസ്വരൂപമാണെന്നു യുക്തിയാൽ ഉറപ്പിക്കപ്പെട്ടു. ഇതേവിധംതന്നെ പരബ്രഹ്മവും സച്ചിദാനന്ദസ്വരൂപമാണെന്നും ആകയാൽ ആത്മാവും പരബ്രഹ്മവും ഒന്നുതന്നെയെന്നും ഛാന്ദോഗ്യാദി ശ്രുതികളിൽ കാണപ്പെടുന്നതിനാൽ പ്രമാണപ്രകാരവും ആത്മാവും പരബ്രഹ്മവും അഭിന്നമെന്നു സിദ്ധിക്കുന്നു.

11. അഭാനേ ന പരംപ്രേമ
ഭാനേ ന വിഷയേസ്പൃഹാ.

അഭാനേ (സതി) ആത്മാവ് വിളങ്ങാതിരിക്കും പക്ഷത്തിൽ. പരംപ്രേമ ന=പരമപ്രേമമുണ്ടാകയില്ല. ഭാനേ (സതി)=വിളങ്ങും പക്ഷത്തിൽ. വിഷയേ ന സ്പൃഹാ=വിഷയത്തിൽ ആഗ്രഹമുണ്ടാകയില്ല.

ആത്മാവിന്റെ പരമാനന്ദസ്വരൂപത്തെക്കുറിച്ചുള്ള ആക്ഷേപം:—ആത്മാവ് പരമാനന്ദസ്വരൂപമാണെന്നതു വിളങ്ങുന്നുണ്ടൊ ഇല്ലയോ എന്നു പൂൎവ്വപക്ഷക്കാരൻ ചോദിക്കുന്നു. വിളങ്ങുന്നില്ലെങ്കിൽ പരമപ്രീതിക്കു വിഷയമാകയില്ല അറിയപ്പെടാത്ത വസ്തുവിൽ പ്രീതിയെങ്ങിനെയുണ്ടാകും? ആത്മാവു വിളങ്ങുന്നുവെങ്കിലോ ആത്മഭിന്നങ്ങളായ സ്ത്ര്യാദിവിഷയങ്ങളിൽ ഇച്ഛയുണ്ടാവാനവകാശമില്ല. പരമപ്രേമാസ്പദം സിദ്ധമായിരിക്കെ മററൊന്നിനെ പിന്നെ ആരാനും ആഗ്രഹിക്കുമോ? സ്വാത്മാവുതന്നെ നിരതിശയപ്രേമാസ്പദമായി വിളങ്ങുമ്പോൾ പരാധീനത്തിലുള്ളതും കഷ്ടപ്പെട്ടു സമ്പാദിക്കേണ്ടതും എന്നാലൊ ക്ഷണത്തിൽ നശിക്കുന്നതുമായ വിഷയങ്ങളെ ആരാനും ആഗ്രഹിക്കുമോ? ആക

യാൽ ആത്മാവ് നിരതിശയപ്രേമാസ്പദമാണെന്നു പറഞ്ഞത് സ്വീകാര്യമായിരിക്കുന്നില്ല, എന്നാണ് പൂർവ്വപക്ഷം. ഇതിന്നു പ്രകാരാന്തരമായ മറുപടി പറയുന്നു:—

അതോ ഭാനേ f പ്യഭാതാസൌ
പരമാനന്ദതാത്മനഃ.

അതഃഭാനേ അപി=അതുകൊണ്ടു വിളങ്ങിക്കൊണ്ടിരിക്കുന്നുവെങ്കിലും. അസൌ അഭാതാ=ഈ ആത്മാവ്– കൂടസ്ഥൻ–വിളങ്ങുന്നില്ല. ആത്മനഃ പരമാനന്ദതാ=ആത്മാവിന്നു പരമാനന്ദത്വമിരിക്കുന്നു.

ആത്മാവ് വിളങ്ങുന്നുവെങ്കിലും വിളങ്ങുന്നില്ലെങ്കിലും ദോഷമുണ്ടെന്നു പൂർവ്വപക്ഷപ്രകാരം കാണുന്നതിനാൽ പരമാനന്ദസ്വരൂപനായ ആത്മാവ് വിളങ്ങുകയും വിളങ്ങാതിരിക്കുകയും ചെയ്യുന്നുവെന്നു കണ്ടുകൊള്ളേണം.

ഒരേ വസ്തുവിന്ന് ഒരേ കാലത്തിൽ വിളക്കവും വിളക്കമില്ലായ്മയും വരുന്നത് അയുക്തമാണെന്ന് ശങ്കിക്കുന്നുവെങ്കിൽ ശങ്കക്കുള്ള കാരണത്തെ വികല്പപൂർവ്വം ചോദിക്കുന്നു:— ഈ മാതിരി അനുഭവം കാണപ്പെടുന്നില്ലെന്നോ? അതോ ദൃഷ്ടാന്തമില്ലെന്നോ? അനുഭവമില്ലെന്നാണ് ശങ്കാകാരണമെങ്കിൽ അനുഭവമുണ്ടെന്ന് സമാധാനം പറയുന്നു—

12. അധ്യേതൃവർഗ്ഗമദ്ധ്യസ്ഥ പുത്രാദ്ധ്യയനശബ്ദവത്
ഭാനേപ്യഭാനം ഭാനസ്യപ്രതിബന്ധേനയുജ്യതേ.

അധ്യേതൃവർഗ്ഗമദ്ധ്യസ്ഥ പുത്രാദ്ധ്യയനശബ്ദവത്=അധ്യേതാക്കളുടെ മദ്ധ്യത്തിലിരിക്കുന്ന പുത്രന്റെ അദ്ധ്യയനശബ്ദമെന്നപോലെ ഭാനേ അപി=വിളങ്ങിക്കൊണ്ടിരുന്നാലും. അഭാനം=വിളക്കമില്ലായ്മ. ഭാനസ്യ=വിളക്കത്തിന്റെ. പ്രതിബന്ധേന=തടസ്ഥംകൊണ്ട്. യുജ്യതേ=യുക്തമാകുന്നു. ദൃഷ്ടാന്തം കാണിക്കുന്നു:—

വേദം ചൊല്ലുന്ന കുട്ടികളുടെ കൂട്ടത്തിലിരുന്നു വേദം ചൊല്ലുന്ന സ്വപുത്രന്റെ ശബ്ദം, വെളിയിലിരിക്കുന്ന പിതാവു് കേൾക്കുമ്പോൾ ഇതെന്റെ പുത്രന്റെ ശബ്ദമാണെന്നു സാമാന്യമായിട്ടറിയാമെങ്കിലും, ഇതെന്റെ പുത്രന്റെ ശബ്ദംതന്നെയെന്ന് നിശ്ചിതമായറിവാൻ കഴിയാതെയുമിരിക്കും. എന്തുകൊണ്ടെന്നാൽ അനേകം ബാലന്മാരുടെ ശബ്ദമുള്ളതിൽ കൂടെയാണ് പുത്രധ്വനി കേൾക്കുന്നത്. അതൊരു പ്രതിബന്ധമാകുന്നു. അതുകൊണ്ട് സ്പഷ്ടമായറിയപ്പെടുന്നില്ല. അതുപോലെ ആത്മാനന്ദം വിളങ്ങുന്നുണ്ടെങ്കിലും പ്രതിബന്ധമുള്ളതിനാൽ സ്പഷ്ടമായി വിളങ്ങാതിരിക്കുന്നു. ആത്മാവിന്റെ സ്ഥാനത്തിൽ പുത്രൻ ആനന്ദസ്ഥാനം പുത്രധ്വനി, മനസ്സ മുതലായ ഇന്ദ്രിയങ്ങളുടെ വ്യാപാരം മററു കുട്ടികളുടെ ധ്വനികൾക്ക് സമം. അതിനാൽ ആത്മാനന്ദം വിളങ്ങിയും വിളങ്ങാതെയും ഇരിക്കുന്നതിൽ അയുക്തിയില്ലെന്നു അനുഭവപ്പെടുത്തിയിരിക്കുന്നു. ആത്മാനന്ദം വിളങ്ങാൻ സമ്മതിക്കാത്തതായ പ്രതിബന്ധം എന്താണെന്നുള്ളതിന്നു ദൃഷ്ടാന്തം സ്പഷ്ടമാക്കാൻ പറയുന്നു:—

13. പ്രതിബന്ധോസ്തിഭാതീതി വ്യവഹാരാഹവസ്തുനി
തന്നിരസ്യവിരുദ്ധസ്യത സ്യോൽപാദനമുച്യതേ.

അസ്തിഭാതിവ്യവഹാരാഹവസ്തുനി=ഉണ്ടു്, വിളങ്ങുന്നുവെന്നു വ്യവഹരിപ്പാൻ യോഗ്യമായ ആത്മവസ്തുവിൽ. തത് നിരസ്യ=അതിനെ നിരസിച്ചിട്ടു്. തസ്യവിരുദ്ധസ്യ=അതിന്റെ വിരുദ്ധത്തിന്റെ— ഇല്ല വിളങ്ങുന്നില്ല എന്നതിന്റെ. ഉൽപാദനം=ഉണ്ടാക്കൽ. യാതൊന്നോ അതു്. പ്രതിബന്ധഃ ഉച്യതേ=പ്രതിബന്ധം എന്നു പറയപ്പെടുന്നു.

സത്യമായിരിക്കുന്നതും എപ്പോഴും പ്രകാശിക്കുന്നതുമായി പറയപ്പെടുവാൻ യോഗ്യമായ വസ്തു ആത്മാവായിരിക്കേ അതിനെ തള്ളിക്കളഞ്ഞിട്ടു അതിന്നു വിരുദ്ധമായ—ഇല്ല, വിളങ്ങുന്നില്ല—എന്ന രൂപത്തിലുള്ള വ്യവഹാരത്തെ ഉണ്ടാക്കിത്തീർത്തുവെന്നതു യാതൊന്നോ, അതാണ് ആത്മാനന്ദം വിളങ്ങാതിരിപ്പാൻ കാരണം. ഇതിന്റെ സാരം സ്പഷ്ടമാക്കാം:— സകല സംസാരത്തിന്നും മൂലകാരണം ആവരണശക്തിയാണെന്നു സകല ശ്രുതികളിലും പറഞ്ഞിരിക്കുന്നു. ആ ആവരണം അസദാവരണം, അഭാനാവരണം എന്ന രണ്ടുവിധത്തിൽ പ്രവൃത്തിക്കുന്നു. ആത്മാവില്ലെന്നും വിളങ്ങുന്നില്ലെന്നും സകലർക്കും തോന്നിക്കുന്ന ആ ആവരണശക്തിയെയാണ് ആത്മാനന്ദസ്ഫുരണപ്രതിബന്ധമായിട്ടിവിടെ പറഞ്ഞിരിക്കുന്നതെന്നു ധരിക്കേണം. ദേഹേന്ദ്രിയാദികളെ കൂടാതെ മറെറാരാത്മാവില്ലെന്നു തോന്നിപ്പിക്കുന്നതു് അസദാവരണം ആത്മാവു വിളങ്ങുന്നില്ല:—അനുഭവപ്പെടുന്നില്ല എന്നു തോന്നിപ്പിക്കുന്നതു അഭാനാവരണം. ഇങ്ങിനെ രണ്ടുവിധത്തിലുള്ള ആവരണശക്തി സകല സംസാരകാരണം, എന്ന ശ്രുതികളുടെ സാരത്തെ വളരെ സംഗ്രഹരൂപേണ പ്രദർശിപ്പിച്ചിരിക്കുന്നു.

മുൻപറഞ്ഞതായ പ്രതിബന്ധകാരണത്തെ ദൃഷ്ടാന്തത്തിലും ദാർഷ്ടാന്തത്തിലും കാണിപ്പാൻ ഭാവിക്കുന്നു:—

14. തസ്യഹേതുസ്സമാനാഭിഹാരഃ പുത്രധ്വനിശ്രുതൌ
ഇഹാനാദിരവിദ്യൈവവ്യാമോഹൈകനിബന്ധനം.

പുത്രധ്വനിശ്രുതൌ=പുത്രശബ്ദം കേൾക്കുന്നതിൽ. തസ്യസമാനാഭിഹാരഃ ഹേതുഃ=പ്രതിബന്ധത്തിന്നു അനേകംപേരോടു ചേൎന്നിട്ടുള്ള ഉച്ചാരണം കാരണം. ഇഹ വ്യാമോഹൈകനിബന്ധനം= ദാർഷ്ടാന്തത്തിൽ മോഹത്തിന്നു മുഖ്യ കാരണമായും. അനാദിഃ=ആദിയില്ലാത്തതുമായ. അവിദ്യാ ഏവ= അവിദ്യതന്നെ.

പുത്രന്റെ ശബ്ദം സ്പഷ്ടമായറിയുന്നതിന്നു പ്രതിബന്ധമായിരുന്നതു ബഹുബാലന്മാരോടു ചേൎന്നിട്ടുള്ള ഉച്ചാരണമാകുന്നു. അതുപോലെതന്നെ ആത്മാവിന്റെ ആനന്ദസ്വരൂപം സ്ഫുരിക്കാതിരിപ്പാൻ കാരണം മോഹത്തിന്റെ മുഖ്യകാരണവും അനാദിയുമായ അവിദ്യ—അജ്ഞാനം ആകുന്നു.

മദ്യത്തിന്റെ ലഹരി ബാധിച്ചവൻ സ്വന്തംനില മറക്കുന്നതുപോലെ അജ്ഞാനം നിമിത്തം സകലരും തൻസ്വരൂപത്തെത്തന്നെ മറന്നിരിക്കുന്നുവെന്നു സാരം. ഇനി അവിദ്യയുടെ കാരണം പറവാൻ ഭാവിക്കുന്ന ഗ്രന്ഥകൎത്താവു അവിദ്യക്കും കാരണമായ മൂലപ്രകൃതിയെക്കുറിച്ചു പറയുവാൻ ഭാവിക്കുന്നു:—

15. ചിദാനന്ദമയബ്രഹ്മ പ്രതിബിംബ സമന്വിതാ
തമോരജസ്സത്വഗുണാ പ്രകൃതിർദ്വിവിധാചസാ.

ചിദാനന്ദമയ ബ്രഹ്മപ്രതിബിംബ സമന്വിതാ തമോരജസ്സത്വഗുണാ=ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിന്റെ പ്രതിബിംബത്തോടുകൂടിയതും തമസ്സ്, രജസ്സ്, സത്വം എന്ന ഗുണങ്ങളോടുകൂടിയതുമായത്. പ്രകൃതിഃ=മൂലപ്രകൃതിയാകുന്നു സാചദ്വിവിധാ=അതും രണ്ടുവിധത്തിലാകുന്നു.

സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിന്റെ പ്രതിബിംബത്തോടുകൂടിയതും സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നുഗുണങ്ങളുള്ളതുമായ മൂലപ്രകൃതിയാണ് അവിദ്യാകാരണം. സാച=അതും. ദ്വിവിധാ= രണ്ടുവിധമാകുന്നു.

സാ ച എന്നതിലെ ചകാരത്താൽ സൂചിപ്പിച്ച വകഭേദത്തെ കാരണസഹിതം കാണിക്കുന്നു.

16. സത്വശുദ്ധ്യവിശുദ്ധിഭ്യാം
മായാവിദ്യേചതേമതേ.

സത്വശുദ്ധ്യവിശുദ്ധിഭ്യാം=സത്വഗുണത്തിന്റെ ശുദ്ധിയാലും മററ ഗുണങ്ങൾചേൎച്ച നിമിത്തമുണ്ടായ അശുദ്ധിയാലും മായാവിദ്യേച=മായയെന്നും അവിദ്യയെന്നും. തേ മതേ=അതുരണ്ടും പറയപ്പെടുന്നു.

കലൎപ്പില്ലാത്തതായ സത്വഗുണം ശുദ്ധം. രജസ്സംബന്ധംനിമിത്തം അശുദ്ധം. സത്വഗുണപ്രധാനമായിരിക്കുന്നതിനെ മായയെന്നും മലിനസത്വസഹിതയെ അവിദ്യയെന്നും പറയുന്നു. മഴവെള്ളം സ്വതേ ശുദ്ധം. ഭൂസമ്പൎക്കംനിമിത്തം അശുദ്ധം. എന്നു വന്നതുപോലെ. ശുദ്ധസത്വപ്രധാനത്തെ മായയെന്നും മലിനസത്വപ്രധാനത്തെ അവിദ്യയെന്നും വിഭജിച്ചതിന്റെ ആവശ്യത്തെ കാണിക്കുന്നു.

മായാബിംബോവശീകൃത്യതാം സ്യാൽ സൎവ്വജ്ഞ ഈശ്വരഃ
അവിദ്യാവശഗസ്ത്വന്യ സ്തദ്വൈചിത്ര്യാ ദനേകധാ.

മായാബിംബഃ=മായയിൽ പ്രതിബിംബിച്ചതായ ചൈതന്യം. താംവശീകൃത്യ=അതിനെ സ്വാധീനത്തിലാക്കിയതുകൊണ്ടു. സൎവ്വജ്ഞഃ ഈശ്വരഃ സ്യാത്=സൎവ്വത്തെയും അറിയുന്ന ഈശ്വരനായിരിക്കുന്നു. അന്യഃതു=അതിൽനിന്നന്യനും അവിദ്യയിൽ പ്രതിബിംബിച്ചവനുമായ ജീവനോ. അവിദ്യാവശഗഃ= അവിദ്യക്കധീനനായിട്ടു. തദ്വൈചിത്ര്യാൽ=അതിന്റെ വിചിത്രതനിമിത്തം. അനേകധാ=ബഹുവിധത്തിലായിരിക്കുന്നു.

മായയിൽ പ്രതിബിംബിച്ചതായ ബ്രഹ്മചൈതന്യം ആ മായയെ സ്വാധീനത്തിൽ വെച്ചിരിക്കുന്നതുകൊണ്ടു സൎവ്വവും അറിയുന്ന ഈശ്വരനായിരിക്കുന്നു. അവിദ്യയിൽ പ്രതിഫലിച്ച ചൈതന്യം ആ അവിദ്യക്കധീനനായതുകൊണ്ടു അവിദ്യയുടെ വിചിത്രതനിമിത്തം താനും അനേകവിധത്തിലിരിക്കുന്നവനായി ഭവിച്ചു. അവിദ്യക്കധീനമായ ചൈതന്യപ്രതിബിംബത്തിന്നു ജീവനെന്നു പേർ. അവിദ്യയുടെ നാനാത്വം നിമിത്തം ജീവനും നാനാത്വം സംഭവിച്ചതുപോലെ തോന്നുന്നുവെന്നഭിപ്രായം. മായാപ്രതിബിംബചൈതന്യം ഈശ്വരൻ. അവിദ്യാപ്രതിബിംബചൈതന്യം ജീവൻ എന്നു ധരിക്കേണം.

17. സാ കാരണ ശരീരംസ്യാൽ
പ്രാജ്ഞസ്തത്രാഭിമാനവാൻ

സാ കാരണശരീരംസ്യാത്=ആ അവിദ്യ, കാരണശരീരമാകുന്നു. തത്ര അഭിമാനവാൻ=അതിൽ അഭിമാനമുള്ളവൻ. പ്രാജ്ഞഃ=പ്രാജ്ഞനാകുന്നു.

സർവ്വത്തിനും കാരണമായ മൂലപ്രകൃതിയുടെ അവസ്ഥാവിശേഷമായിരിക്കുന്ന ഈ അവിദ്യ കാരണശരീരമാകുന്നു. അതിൽ താദാത്മ്യാധ്യാസത്താൽ ഞാനെന്നഭിമാനിക്കുന്ന ജീവനു പ്രാജ്ഞനെന്നു പേർ. ആ പേരിനു കാരണം:—ആ ജീവൻെറ പ്രജ്ഞയ്ക്ക—അറിവിനു—നാശമില്ലാത്തതുകൊണ്ടു ആ ജീവൻ പ്രജ്ഞനാകുന്നു. പ്രജ്ഞനെത്തന്നെയാണ് പ്രാജ്ഞനെന്നുപറഞ്ഞത്. താദാത്മ്യാഭിമാനം=അതു തന്നെ ഞാൻ എന്ന നിശ്ചയം.

ഇനി ക്രമാഗതമായ സൂക്ഷ്മശരീരത്തെയും അതാകുന്ന ഉപാധിയോടുകൂടിയ ജീവനേയും പറവാൻ ഭാവിക്കുന്ന ആചാര്യൻ ആ സൂക്ഷ്മശരീരത്തിന്നു കാരണമായ ആകാശാദികളുടെ സൃഷ്ടിയെ കാണിക്കുന്നു.

18. തമഃ പ്രധാനപ്രകൃതേ സ്തൽഭോഗായേശ്വരാജ്ഞയാ
വിയൽപവനതേജോംബുഭുവോ ഭൂതാനി ജജ്ഞിരേ.

തൽഭോഗായ=അവരുടെ—പ്രജ്ഞന്മാരെന്നു പറയപ്പെടുന്ന ജീവാത്മാക്കളുടെ—ഭോഗത്തിനായ്ക്കൊണ്ടു. തമഃ പ്രധാനപ്രകൃതേഃ=തമോഗുണപ്രധാനമായ പ്രകൃതിയിൽനിന്ന്. ഈശ്വരാജ്ഞയാ=ഈശ്വരസങ്കല്പത്താൽ. വിയൽപവന തേജോംബുഭുവഃ ഭൂതാനി=ആകാശം, വായു, അഗ്നി: ജലം, ഭൂമി എന്ന ഭൂതങ്ങൾ. ജജ്ഞിരേ=ഉണ്ടായി.

ജീവജാലങ്ങളെ കർമ്മാനുസരണം അതാതു സ്ഥാനങ്ങളിൽ നിശ്ചയിക്കുവാൻ സമർത്ഥനായ ഈശ്വരൻെറ ഈക്ഷണശക്തിനിമിത്തം തമോഗുണപ്രധാനയായ മായയിൽനിന്നു ആകാശാദിപഞ്ചഭൂതങ്ങൾ ഉത്ഭവിച്ചു. പ്രാജ്ഞന്മാരെന്നു മുമ്പേ പറയപ്പെട്ട ജീവാത്മാക്കളുടെ സുഖദുഃഖാദ്യനുഭവങ്ങൾക്കുവേണ്ടിട്ടാണ് ഈശ്വരൻ ഭൂതങ്ങളെ സൃഷ്ടിച്ചതു്.

അതിഥികൾക്ക് ആഹാരം കൊടുക്കേണമെന്ന അഭിപ്രായത്തോടുകൂടെ ഭർത്താവു് കടാക്ഷിക്കുമ്പോൾ പതിവ്രതയായ പത്നി പഞ്ചവിധപദാർത്ഥങ്ങളോടുകൂടെ ഭക്ഷണം തയ്യാറാക്കുന്ന വിധത്തിൽ സർവ്വജീവപിതാവായ പ്രഭു പതിയായ മൂലപ്രകൃതിയെ കടാക്ഷിച്ചപ്പോൾ ആ ജഗദംബയിൽനിന്നു പഞ്ചഭൂതങ്ങളുണ്ടായെന്നറിയേണം. അതുകൊണ്ടു മൂലപ്രകൃതിക്കു പൂജ്യത്വവും ജഗന്മാതൃസ്ഥാനവും സ്വതഃസിദ്ധമായി. ഇതാണ് ഭഗവതീഭക്തവയുടെ അടിസ്ഥാനം.

സർവ്വേശ്വരനായ ജഗൽപിതാവിൽനിന്നും സർവ്വജഗജ്ജനനിയായ മൂലപ്രകൃതിയിൽനിന്നും സമുത്ഭവിച്ച മഹത്തായ കുടുംബമാണ് ഈ ജഗത്ത്. അതിലെ ചരാചരങ്ങൾ സഹോദരങ്ങളാണ്. അവർ ഇന്നു കാണപ്പെടുന്ന വിധത്തിൽ അന്യോന്യം കലഹിക്കുന്നതിന്നു കാരണം ഈ പരമാർത്ഥം മറന്നതുകൊണ്ടാകയാൽ ഈ ഭാഗത്തെ വിശ്വാസപൂർവ്വം ധ്യാനിച്ചുറപ്പിക്കാതെ സർവ്വലോകസുഖത്തിനും ശാന്തിക്കുമായുള്ള ഉത്തമജീവിതം നയിപ്പാൻ സാധ്യമാകയില്ലെന്നു പരമദയാലുവായ മഹർഷി ഉപദേശിച്ചിരിക്കുന്നു.

19. സത്വാംശൈഃ പഞ്ചഭിസ്തേഷാം
ക്രമാദ്ധീന്ദ്രിയ പഞ്ചകം
ശ്രോത്രത്വഗക്ഷിരസന-
ഘ്രാണാഖ്യമുപജായതേ.

തേഷാംസത്വാംശൈഃ=അവയുടെ സത്വാംശങ്ങളായ. പഞ്ചഭിഃ ധീന്ദ്രിയപഞ്ചകം=അഞ്ചിൽനിന്നു ജ്ഞാനേന്ദ്രിയങ്ങളഞ്ചും. ക്രമാൽശ്രോത്ര ത്വഗക്ഷിരസനഘ്രാണാഖ്യം=ക്രമത്തിൽ, ശ്രോത്രം, ത്വക്ക്, നേത്രം, ജിഹ്വ, നാസിക എന്ന പേരുള്ളതു്. ഉപജായതേ=ഉണ്ടായി.

മുൻപറഞ്ഞ ആകാശാദിപഞ്ചഭൂതങ്ങൾ മൂലപ്രകൃതികാര്യങ്ങളാകയാൽ കാരണമായ മൂലപ്രകൃതിയിലുള്ള സത്വരജസ്തമോഗുണങ്ങൾ ഭൂതങ്ങളിലുമുണ്ടു്. അവയിലെ സത്വഗുണാംശങ്ങളിൽനിന്നു ക്രമത്തിൽ ശ്രോത്രം, ത്വക്ക്, നേത്രം, ജിഹ്വ, നാസിക എന്ന ജ്ഞാനേന്ദ്രിയങ്ങളഞ്ചും ഉണ്ടായി. ആകാശത്തിലെ സത്വാംശം ശ്രോത്രേന്ദ്രിയം. വായുവിലെ സത്വാംശം ത്വഗിന്ദ്രിയം. തേജസ്സിലെ സത്വാംശം നേത്രേന്ദ്രിയം. ജലത്തിലെ സത്വാംശം ജിഹ്വേന്ദ്രിയം. ഭൂമിയിലെ സത്വാംശം നാസികയെന്ന ഇന്ദ്രിയം. ഇങ്ങിനെ ഓരോ ഭൂതങ്ങളിൽനിന്നും ഓരോ ഇന്ദ്രിയം ഉണ്ടായിയെന്നു കണ്ടുകൊള്ളേണം. ശ

രീരം ഇന്ദ്രിയങ്ങൾ എന്നിവയെല്ലാം ഭൂതകാര്യങ്ങളാകയാൽ ജഡങ്ങളാണെന്ന ഈ ഭാഗത്തിൽ നിന്നുതന്നെ ഉറപ്പായി ധരിക്കേണ്ടതാവശ്യമാകുന്നു.

പാൽ, തൈർ, നെയ്യ്, വെണ്ണ, മോര് എന്നിവ ഓരോന്നും ഓരോ പാത്രത്തിൽ വെവ്വേറെ സൂക്ഷിക്കുന്നതുപോലെ ജീവാത്മാക്കൾക്ക് കേൾക്കാനും കാണ്മാനും രുചിയറിവാനും മററും ഉപകരിക്കുന്ന ഒരേ അറിവിന്റെ അഞ്ചു പിരിവിന്ന് ഇരിപ്പിടങ്ങളായ അഞ്ചിന്ദ്രിയങ്ങൾക്ക് ജ്ഞാനേന്ദ്രിയപഞ്ചകം എന്നു പേർ.

20. തൈരന്തഃകരണംസർവ്വൈർവൃത്തിഭേദേനതദ്വിധാ
മനോവിമർശരൂപംസ്യാൽ ബുദ്ധിഃ സ്യാന്നിശ്ചയാത്മികാ.

സർവ്വൈഃ തൈഃ=സമസ്തങ്ങളായ ആ സത്വാംശങ്ങൾകൊണ്ട്. അന്തഃകരണം ഉപജായതേ=അന്തഃകരണമുണ്ടാകുന്നു. വൃത്തിഭേദേന=വ്യാപാരഭേദം നിമിത്തം. തത് ദ്വിധാ=അത്-ആ അന്തഃകരണം രണ്ടു വിധത്തിലാകുന്നു. വിമർശരൂപം സത്=ആലോചിക്കുന്ന രൂപത്തിലിരിക്കുന്നതായിട്ട്. മനഃസ്യാത്=മനസ്സെന്നു പേരുള്ളതാകും. നിശ്ചയാത്മികാസതീ=നിശ്ചയിക്കുന്ന രൂപത്തിലായിട്ടു. ബുദ്ധിഃ സ്യാത്=ബുദ്ധിയെന്നു പേരുള്ളതാകും.

ആകാശാദിപഞ്ചഭൂതങ്ങളിൽ എല്ലാംകൂടെയുള്ള സത്വഗുണാംശങ്ങൾ ഏകമായി ചേർന്നിട്ടു അന്തഃകരണമുണ്ടാകുന്നു. അതിന്റെ രണ്ടുവിധത്തിലുള്ള വ്യാപാരം നിമിത്തം രണ്ടു പേരുണ്ടായിരിക്കുന്നു. കാര്യാദികളെക്കുറിച്ചു ചിന്തചെയ്യുന്ന സ്വരൂപത്തിന്ന് മനസ്സെന്നും തീർച്ചപ്പെടുത്തുന്ന സ്വരൂപത്തിന്നു ബുദ്ധിയെന്നും പേർ.

21. രജോംശൈഃ പഞ്ചഭിസ്തേഷാം ക്രമാൽ കർമ്മേന്ദ്രിയാണിതു
വാക്പാണിപാദപായൂപസ്ഥാഭിധാനാനിജജ്ഞിരേ.

തേഷാംപഞ്ചഭിഃ രജോംശൈഃ=ആ ഭൂതങ്ങളുടെ അഞ്ചു രജോഗുണാംശങ്ങൾകൊണ്ടു. ക്രമാൽ കർമ്മേന്ദ്രിയാണിതു=ക്രമത്തിൽ കർമ്മേന്ദ്രിയങ്ങൾ. വാക്പാണിപാദപായൂപസ്ഥാഭിധാനാനി=വാക്ക്, പാണികൾ, പാദങ്ങൾ, പായു, ഉപസ്ഥം എന്നു പേരുള്ളവ. ജജ്ഞിരേ=ഉണ്ടായി.

ആകാശാദിപഞ്ചഭൂതങ്ങൾ ഓരോന്നിലുമുള്ള രജോഗുണാംശങ്ങളിൽനിന്നു വാക്ക്, കൈകൾ, കാലുകൾ, പായു (മലവിസർജ്ജനം ചെയ്യുന്ന ഇന്ദ്രിയം) ഉപസ്ഥം (രതിസുഖസ്ഥാനം) എന്നു പേരുള്ള കർമ്മേന്ദ്രിയങ്ങൾ അഞ്ചും ക്രമത്തിലുണ്ടായി.

ഓരോ പ്രവൃത്തി നടത്തുവാൻ ഓരോരിന്ദ്രിയങ്ങൾ ഉണ്ടായി എന്നു സാരം. ഈ അഞ്ചിൽ സകല വ്യാപാരങ്ങളും അടങ്ങുന്നുണ്ട്.

22. തൈസ്സർവ്വൈഃ സഹിതൈഃ പ്രാണോ വൃത്തിഭേദാൽ സപഞ്ചധാ
പ്രാണോപാനസ്സമാനശ്ചോദാനവ്യാനൌചതേപുനഃ.

സർവ്വൈഃ സഹിതൈഃ തൈഃ=എല്ലാം ഒന്നായിചേർന്ന രജോംശങ്ങൾകൊണ്ടു. പ്രാണഃ=പ്രാണവായുവുണ്ടായി. വൃത്തിഭേദാത്=വ്യാപാരഭേദംനിമിത്തം. സഃ പുനഃ=ആ പ്രാണൻ പിന്നെ. പ്രാണഃ അപാനഃ സമാനഃ ഉദാനഃ വ്യാനഃ പഞ്ചധാ=പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്ന പേരുള്ള അഞ്ചായിട്ടു ഭവിച്ചു.

ആകാശാദിപഞ്ചഭൂതങ്ങളിലുള്ള രജോഗുണാംശങ്ങൾ ഒന്നായി ചേർന്നിട്ടു പ്രാണവായുവുണ്ടായി. ആ പ്രാണൻ വ്യാപാരഭേദംനിമിത്തം പിന്നെ അഞ്ചുവിധത്തിലായി. പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ എന്നു ഓരോന്നിന്റെ പേരുകൾ. ഹൃദയാദിസ്ഥാനങ്ങളിൽ പ്രവൃത്തിക്കുമ്പോൾ പ്രാണാദിനാമധേയങ്ങൾകൊണ്ടു പറയപ്പെടുന്ന വായു ഏകൻതന്നെയാകുന്നു. ഹൃദയസ്ഥാനത്തിൽ പ്രാണനെന്നും ഗുദസ്ഥാനത്തിൽ അപാനനെന്നും നാഭിസ്ഥാനത്തിൽ സമാനനെന്നും കണ്ഠസ്ഥാനത്തിൽ ഉദാനനെന്നും സർവ്വശരീരത്തിൽ വ്യാപിച്ചിരിക്കുന്നതിനെ വ്യാനനെന്നും പറയുന്നുവെന്നറിഞ്ഞുകൊള്ളേണം.

23. ബുദ്ധികർമ്മേന്ദ്രിയപ്രാണപഞ്ചകൈർമ്മനസാധിയാ
ശരീരംസപ്തദശഭിഃ സൂക്ഷ്മം തല്ലിംഗമുച്യതേ.

ബുദ്ധികർമ്മേന്ദ്രിയ പ്രാണപഞ്ചകൈഃ=ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്, കർമ്മേന്ദ്രിയങ്ങൾ അഞ്ച്, പ്രാണാദികൾ അഞ്ച് എന്നിവയോടും. മനസാധിയാ=മനസ്സോടും ബുദ്ധിയോടുംകൂടിയ. സപ്തദ

ശഭിഃ=പതിനേഴോട്ടകൂടിയതു യാതൊന്നോ. തൽശരീരം=ആ ശരീരം. സൂക്ഷ്മംലിംഗം ഉച്യതേ=സൂക്ഷ്മമെന്നും ലിംഗമെന്നും പറയപ്പെടുന്നു.

ശബ്ദാദികളെ അറിയുന്ന ജ്ഞാനേന്ദ്രിയങ്ങളുഞ്ഞും വചനാദികളെ നടത്തുന്ന കർമ്മേന്ദ്രിയങ്ങളെഞ്ഞും പ്രാണാദികളുഞ്ഞും ചഞ്ചലമായ മനസ്സും നിശ്ചയാത്മികയായ ബുദ്ധിയുംകൂടി 17 വിഭാഗങ്ങളോടുകൂടിയ ശരീരം യാതൊന്നോ അതിനെ സൂക്ഷ്മശരീരമെന്നും ലിംഗശരീരമെന്നും പറഞ്ഞു വരുന്നു.

വരവു, ചിലവു, കണക്കുകൾ വെക്കുന്ന അഞ്ചു മക്കൾ, കൃഷ്യാദി വ്യാപാരങ്ങൾ നടത്തുന്ന അഞ്ചു മക്കൾ, വെയ്പു മുതലായവ നടത്തുന്ന അഞ്ചു വേലക്കാർ, അലഞ്ഞു നടക്കുന്ന ഒരു പുത്രി, ഗൃഹാന്തർഭാഗത്തിലിരിക്കുന്ന മറ്റൊരു പുത്രി ഇങ്ങിനെ 17 പേരടങ്ങീട്ടുള്ള ഒരു കുടുംബമെന്നപോലെ ഒരു ശരീരമുണ്ടായി, എന്നു കണ്ടുകൊള്ളേണം.

24. പ്രാജ്ഞസ്തത്രാഭിമാനേന തൈജസത്വം പ്രപദ്യതേ
ഹിരണ്യഗർഭതാമീശസ്തയോർവ്യഷ്ടി സമഷ്ടിതാ.

പ്രാജ്ഞഃതത്ര=പ്രാജ്ഞൻ അതിൽ. അഭിമാനേന=അഭിമാനംകൊണ്ട്. തൈജസത്വം പ്രപദ്യതേ തൈജസൻ എന്ന പേരിനെ പ്രാപിക്കുന്നു. ഈശഃ ഹിരണ്യഗർഭതാം=ഈശ്വരൻ ഹിരണ്യഗർഭൻ എന്ന പേരിനെ പ്രാപിക്കുന്നു. തയോഃ വ്യഷ്ടിസമഷ്ടിതാ=ആ രണ്ടുപേർക്കും വ്യഷ്ടിയെന്നും സമഷ്ടിയെന്നും ഭേദം.

സുഷുപ്തിയിൽ കാരണശരീരത്തെയഭിമാനിച്ചിരുന്ന പ്രാജ്ഞൻ സൂക്ഷ്മശരീരത്തിൽ താദാത്മ്യാഭിമാനം നിമിത്തം തൈജസനെന്ന നാമത്തോടുകൂടിയവനാകുന്നു. മായയിൽ പ്രതിഫലിച്ച ഈശ്വരൻ സമഷ്ടിസൂക്ഷ്മശരീരത്തെ അഭിമാനിക്കുമ്പോൾ ഹിരണ്യഗർഭനെന്നു പേരുള്ളവനാകുന്നു. വ്യഷ്ടി സൂക്ഷ്മശരീരാഭിമാനി തൈജസൻ. സമഷ്ടി സൂക്ഷ്മശരീരാഭിമാനി ഹിരണ്യഗർഭൻ. ഇതാണ് ഭേദം.

25. സമഷ്ടിരീശഃ സർവ്വേഷാം സ്വാത്മതാദാത്മ്യവേദനാത്
തദഭാവാത്തതോന്യേതു കഥ്യന്തേ വ്യഷ്ടിസംജ്ഞയാ.

സർവ്വേഷാം സ്വാത്മതാദാത്മ്യവേദനാത്=എല്ലാററിന്റേയും താദാത്മ്യജ്ഞാനം നിമിത്തം. ഈശഃ സമഷ്ടിഃ=ഈശ്വരൻ സമഷ്ടിയാകുന്നു. തതഃ അന്യേതു=അവനിൽനിന്നന്യന്മാരാകട്ടെ. തദഭാവാൽ=അതിന്റെ—സർവ്വാഭിമാനത്തിന്റെ—അഭാവം നിമിത്തം. വ്യഷ്ടിസംജ്ഞയാ കഥ്യന്തേ=വ്യഷ്ടി എന്ന പേർകൊണ്ടു പറയപ്പെടുന്നു.

എല്ലാററിനേയും താനായിട്ടു കാണുകയെന്ന ഏകത്വജ്ഞാനം നിമിത്തം ഈശ്വരനെ സമഷ്ടിയെന്നു പറയുന്നു. അപ്രകാരം എല്ലാററിനേയും ഒന്നായിട്ടു കാണ്മാനുള്ള ജ്ഞാനം ഇല്ലാതിരിക്കുന്ന ജീവന്മാരെ—ഓരോ ശരീരത്തെ മാത്രം അഭിമാനിക്കുന്നവരെ—വ്യഷ്ടിയെന്നും പറയുന്നു. സർവ്വവും ഞാനാകുന്നുവെന്ന് ധരിപ്പാൻതക്കവണ്ണം ജ്ഞാനമുണ്ടായാൽ ആ ജീവനും ഈശ്വരനും ഭിന്നമല്ല. ആ ജീവന്ന് ഈശ്വരത്വം സിദ്ധമായിയെന്നാണിതിൽനിന്ന് ധരിക്കേണ്ടത്. മനുഷ്യന്ന് ഈശ്വരനാവാൻ സാധിക്കും. മനുഷ്യനിൽ സ്വഭാവസിദ്ധമായ സങ്കുചിതഭാവത്തെ ശാസ്ത്രസജ്ജനസംസർഗ്ഗജന്യമായ സംസ്കാരത്താൽ വികസിപ്പിക്കുന്തോറും മനുഷ്യത്വം കുറഞ്ഞും ഈശ്വരത്വം വർദ്ധിച്ചും വരുന്നതാകുന്നു. അതിന്നായി പരിശ്രമിക്കേണ്ടതാവശ്യം എന്നിവിടെ സൂചിപ്പിച്ചിരിക്കുന്നു. ഇനി സ്ഥൂലശരീരത്തെപ്പററി പറവാൻ ഭാവിക്കുന്ന ശ്രീ ഗുരുദേവൻ അതിന്നു കാരണമായ സ്ഥൂലഭൂതോല്പത്തിയെ കാണിപ്പാൻ പഞ്ചീകരണത്തെ പറയുന്നതിന്നാരംഭിക്കുന്നു.

26. തൽഭോഗായ പുനർഭോഗ്യ ഭോഗായതന ജന്മനേ
പഞ്ചീകരോതി ഭഗവാൻ പ്രത്യേകം വിയദാദികം.

പുനഃ തൽഭോഗായ=പിന്നെ ആ ജീവാത്മാക്കളുടെ ഭോഗത്തിന്നായിക്കൊണ്ടു. ഭോഗ്യഭോഗായതനജന്മനേ=ഭോഗ്യവസ്തുക്കളുടേയും ഭോഗത്തിന്നായുള്ള ശരീരങ്ങളുടെയും ഉൽപത്തിക്കുവേണ്ടീട്ടു. ഭഗവാൻ=ഐശ്വര്യാദി ഗുണങ്ങൾ തികഞ്ഞിരിക്കുന്ന ഈശ്വരൻ. വിയദാദികം പ്രത്യേകം=ആകാശാദികളായ ഓരോ ഭൂതങ്ങളേയും പഞ്ചീകരോതി=പഞ്ചീകരണം ചെയ്തു.

ആ ജീവാത്മാക്കൾക്കു സുഖാദ്യനുഭവയോഗ്യങ്ങളായ സാധനങ്ങളും ജരായുജാദി നാലുവിധ ശരീരങ്ങളും ഉണ്ടാക്കുവാൻ വേണ്ടീട്ടു പരിപൂർണ്ണമായ ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വിജ്ഞാനം എന്ന ആറു ഗുണങ്ങൾ തികഞ്ഞിരിക്കുന്ന സർവ്വേശ്വരൻ എല്ലാം ചെയ്വാൻ ശക്തിയും ജ്ഞാനവും ഉള്ള ഭഗവാൻ ആകാശാദികളായ പഞ്ചഭൂതങ്ങളിൽ ഓരോന്നിനെയും അർദ്ധങ്ങളായിട്ടു വിഭജിച്ചു. ഇങ്ങി

നെ ചെയ്തതിനെ പഞ്ചീകരണം എന്നു പറയുന്നു. ഒറ്റൊറ്റയായിരിക്കുന്ന അരി, ശക്കര, നെയ്യ മുതലായ പദാൎത്ഥങ്ങളെ ഒന്നായി ചേൎത്തു മാതാപിതാക്കന്മാർ കുട്ടികൾക്കു ഭക്ഷണപദാൎത്ഥമായ പലഹാരം ഉണ്ടാക്കിക്കൊടുക്കുന്നതുപോലെ ലോകപിതാക്കന്മാരായ പ്രകൃതിപുരുഷന്മാർ ജീവാത്മാക്കളാകുന്ന സന്താനങ്ങൾക്ക് സുഖസാധനങ്ങളെയും വസിപ്പാൻ ഭവനങ്ങളെയും ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടീട്ടാണ് പഞ്ചീകരണം ചെയ്തതെന്നു സൂചിപ്പിച്ചിരിക്കുന്നു. ഓരോ ഭൂതങ്ങളെ അയ്യഞ്ചാക്കിയതു എങ്ങിനെയാണെന്നു കാണിക്കുന്നു:—

27. ദ്വിധാവിധായചൈകൈകം ചതുൎദ്ധാ പ്രഥമം പുനഃ
സ്വസ്വേതര ദ്വിതീയാംശൈൎയ്യോജനാൽ പഞ്ചപഞ്ചതേ.

ഏകൈകം ച ദ്വിധാവിധായ=ഓരോന്നിനെയും ഈരണ്ടാക്കീട്ടു പുനഃ പ്രഥമം ചതുൎദ്ധാ വിധായ=പിന്നെ പ്രഥമഭാഗത്തെ നന്നാലാക്കീട്ടു, സ്വസ്വേതര ദ്വിതീയാംശൈഃ=സ്വന്തം ഭാഗത്തെ ഒഴികെയുള്ള ഇതരങ്ങളുടെ ദ്വിതീയാംശങ്ങളോട്, യോജനാത്=യോജിപ്പിക്കുന്നതുകൊണ്ട്, തെ പഞ്ചപഞ്ച=അവ അയ്യഞ്ചായി ഭവിച്ചു.

ആകാശാദികളായ ഓരോ ഭൂതങ്ങളെയും ഈശ്വരൻ സ്വസങ്കല്പത്താൽ ഈരണ്ടാക്കി. അതിലെ പ്രഥമാംശത്തെ പിന്നെ നന്നാലാക്കി. സ്വാംശം ഒഴികെയുള്ള മററ ഭൂതങ്ങളുടെ ഓരോ അംശത്തോടും കൂട്ടിച്ചേൎത്തു. അപ്പോൾ ഓരോന്നിലും മററ ഭൂതങ്ങളുടെ അരക്കാലംശംവിധം നാലരയും സ്വന്തം അരയംശവും കലന്നിട്ടു ഓരോ ഭൂതങ്ങളിലും അഞ്ചു ഭൂതങ്ങളുടെയും ചേൎച്ചയുണ്ടായി. ദൃഷ്ടാന്തം:—ആകാശം രണ്ടു ഭാഗത്തിൽ ഒരു ഭാഗത്തെ അരക്കാലംശം വീതം നാലു ഭാഗമാക്കി. ഇങ്ങിനെ എല്ലാ ഭൂതങ്ങളെയും ആക്കിത്തീൎത്തു. പിന്നെ ആകാശത്തിന്റെ നാലരക്കാലംശങ്ങളെ മററ നാലു ഭൂതങ്ങളോടു ഓരോ അരക്കാലംശം വീതം യോജിപ്പിച്ചു. ഈവിധം എല്ലാററിനേയും ചെയ്തു. അപ്പോൾ എല്ലാ ഭൂതങ്ങളിലും സ്വാംശം പകുതിഭാഗം. മറെറാരു പകുതിയിൽ മററ നാലു ഭൂതങ്ങളുടെ അരക്കാലംശം വീതം ചേൎന്നിരിക്കുകയാൽ എല്ലാ ഭൂതങ്ങളിലും എല്ലാ ഭൂതങ്ങളും ഉൾപ്പെട്ടു. അപ്പോൾ സൂക്ഷ്മഭൂതങ്ങൾ എന്ന നില തെററി. സ്ഥൂലഭൂതങ്ങൾ എന്ന പുതിയ നില കിട്ടുകയുംചെയ്തു.

തൈരണ്ഡസ്തത്ര ഭുവന ഭോഗ്യഭോഗാശ്രയോത്ഭവഃ

തൈഃ=ആ ഭൂതങ്ങളെക്കൊണ്ടു. അണ്ഡഃ=അണ്ഡം ഉണ്ടായി. തത്ര=ആ അണ്ഡത്തിൽ. ഭുവനഭോഗ്യഭോഗാശ്രയോൽഭവഃ=ഭുവനങ്ങളും ഭോഗ്യപദാൎത്ഥങ്ങളും ശരീരങ്ങളും ഉണ്ടായി.

പഞ്ചീകൃതങ്ങളായ ആ ഭൂതങ്ങളെകൊണ്ടു ബ്രഹ്മാണ്ഡവും അതിൽ മേൽഭാഗത്തിൽ ഭൂമി മുതലായ ഏഴു ലോകങ്ങളും കീഴ്ഭാഗത്തിൽ അതലാദികളായ ഏഴു ലോകങ്ങളും ആ ലോകങ്ങളിലെ പ്രാണികൾക്കു ഭുജിപ്പാൻ കൊള്ളാവുന്ന വസ്തുക്കളും അതാതു ലോകങ്ങളിൽ വസിപ്പാനുചിതങ്ങളായ ശരീരങ്ങളും ഈശ്വരൻ നിൎമ്മിച്ചു. ഈശ്വര സങ്കല്പത്താലുണ്ടായെന്നു സാരം.

28. ഹിരണ്യഗൎഭഃ സ്ഥൂലേസ്മിൻ ദേഹേ വൈശ്വാനരോ ഭവേത്
തൈജസാ വിശ്വതാം യാതാദേവതിൎയ്യങ്നരാദയഃ.

അസ്മിൻസ്ഥൂലേദേഹേ=ഈ സ്ഥൂലദേഹത്തിൽ അഭിമാനിക്കുന്ന ഹിരണ്യഗൎഭഃ=ഹിരണ്യഗൎഭൻ. വൈശ്വാനരഃഭവേത്=വൈശ്വാനരനാകുന്നു. തൈജസാഃ=തൈജസന്മാർ. വിശ്വതാംയാതാഃ=വിശ്വതയെ പ്രാപിക്കുന്നു. ദേവതിൎയ്യങ്നരാദയഃ=ദേവന്മാർ തിൎയ്യക്കുകൾ മനുഷ്യർ മുതലായവരാകുന്നു.

ബ്രഹ്മാണ്ഡമാകുന്ന സ്ഥൂലദേഹത്തിൽ അഭിമാനിക്കുന്ന ഹിരണ്യഗൎഭനു വൈശ്വാനരൻ എന്നു പേർ. വ്യഷ്ടിസ്ഥൂലദേഹങ്ങളിൽ അഭിമാനിക്കുന്ന തൈജസന്മാക്കു വിശ്വന്മാരെന്നു പേർ. ആ ജീവാത്മാക്കൾ കൎമ്മവൈചിത്ര്യംനിമിത്തം ദേവന്മാർ, മനുഷ്യർ, പക്ഷികൾ, മൃഗങ്ങൾ എന്നു പേരുള്ള ശരീരങ്ങളോടുകൂടിയവരാകുന്നു. ഒരേ ജീവാത്മാവുതന്നെ അനേകവിധ കൎമ്മങ്ങൾക്കധീനനായതിനാൽ ഒരേ വേഷക്കാരൻ രാജാവു, മന്ത്രി, പുരുഷൻ, സ്ത്രീയെന്നിങ്ങിനെ പല വേഷങ്ങളായി കളിക്കുന്നതുപോലെ ഒരേ ജീവൻ പല വേഷങ്ങളിൽ കളിക്കുന്ന ഒരു കളിപ്പന്തലാണ് ഈ ലോകം എന്നു കണ്ടുകൊള്ളണം.

ഇനി വിശ്വനെന്നു പേർ വഹിച്ചിരിക്കുന്ന ജീവനു സ്വരൂപബോധമില്ലാതായതുകൊണ്ടു നേരിട്ടിരിക്കുന്ന സംസാരബന്ധത്തെ 2 ശ്ലോകംകൊണ്ടു കാണിക്കുന്നു:—

29\. തേ പരാഗ്ദശിനഃ പ്രത്യക്തത്വബോധവിവർജിതാഃ
കുർവ്വതേ കർമ്മഭോഗായ കർമ്മകർത്തും ച ഭുംജതേ

30\. നദ്യാം കീടാ ഇവാവർത്താ ദാവർത്താന്തരമാശ്രുതേ
വ്രജന്തോ ജന്മനോ ജന്മ ലഭന്തേ നൈവ നിർവൃതിം.

പരാഗ്ദശിനഃതേ=ബഹിർമ്മുഖന്മാരായ ആ ദേവാദികൾ. പ്രത്യക്തത്വബോധവിവർജിതാഃ=പ്രത്യഗാത്മജ്ഞാനമില്ലാത്തവരായിട്ടു. ഭോഗായകർമ്മ കുർവ്വതേ=ഭോഗത്തിന്നായി കർമ്മം ചെയ്യുന്നു. കർമ്മകർത്തും ഭുംജതേ ച=കർമ്മം ചെയ്വാൻവേണ്ടി ഭുജിക്കയും ചെയ്യുന്നു. നദ്യാംകീടാഃ=നദിയിൽ പുഴുക്കൾ. ആവർത്താത്=ഒരു ചുഴിയിൽനിന്നു. ആവർത്താന്തരം=മറ്റൊരു ചുഴിയെ. ആശ്രു വ്രജന്തഃ ഇവ=വേഗത്തിൽ പ്രാപിക്കുന്നതുപോലെ. തേ ജന്മനഃ ജന്മ=ആ ജീവാത്മാക്കൾ ഒരു ജന്മത്തിൽനിന്നു മറുജന്മത്തെയടയുന്നു. നിർവൃതിം നലഭന്തേ ഏവ=മോക്ഷത്തെയടയുന്നതേയില്ല.

ജീവാത്മാക്കൾ പുറത്തുള്ള വിഷയങ്ങളെ കാണുന്നവരും സ്വസ്വരൂപത്തെ കാണാത്തവരുമായതുകൊണ്ടു സുഖവിഷയങ്ങളെ സമ്പാദിപ്പാനാഗ്രഹിച്ചുകൊണ്ടു കർമ്മം ചെയ്യുന്നു. കർമ്മം ചെയ്വാൻ വേണ്ടീട്ടുതന്നെ വിഷയഭോഗങ്ങളെ അനുഭവിക്കയും ചെയ്യുന്നു. അതുനിമിത്തം:—നദിയിലെ പുഴുക്കൾ ഒരു ചുഴിയിൽനിന്നു മറ്റൊരു ചുഴിയിൽ അകപ്പെട്ടു കുഴങ്ങുന്നതുപോലെ ജീവാത്മാക്കളും ഒരു ജന്മത്തിൽനിന്ന് മറ്റൊരുജന്മത്തെ എടുത്തുകൊണ്ടു ജന്മജരാമരണാദി ദുഃഖങ്ങളെത്തന്നെയടയുന്നു. മോക്ഷത്തെയടയുന്നതേയില്ല. ബാലന്മാർ വീട്ടുകാര്യം നോക്കാതെ വെളിയിലിറങ്ങി കളിക്കുന്ന മട്ടിൽ ജീവാത്മാക്കൾ സ്വസ്വരൂപത്തെ നോക്കാതെ ലോകവിഷയങ്ങളെ ചിന്തിച്ചുകൊണ്ടു സംസാരദുഃഖത്തിലകപ്പെട്ടു ചക്രം ചുററുന്നുവെന്നു സാരം.

വിശ്വന്മാക്ക് സംസാരമോചനം.

31\. സൽകർമ്മ പരിപാകാത്തേ കരുണാനിധിനോദ്ധൃതാഃ
പ്രാപ്യ തീരതരുച്ഛായാം വിശ്രാമ്യന്തി യഥാസുഖം.

തേ സൽകർമ്മപരിപാകാത്=ആ കീടങ്ങൾ പുണ്യകർമ്മപരിപാകത്താൽ. കരുണാനിധിനാ=കാരുണ്യമുള്ള ഒരുവനാൽ. ഉദ്ധൃതാഃ=ഉദ്ധരിക്കപ്പെട്ടവയായിട്ട്. തീരതരുച്ഛായാം പ്രാപ്യ=കരയിലുള്ള വൃക്ഷനിഴൽ പ്രാപിച്ചിട്ട്. യഥാസുഖം വിശ്രാമ്യന്തി=സുഖമായി വിശ്രമിക്കുന്നു.

ജീവാത്മാക്കൾക്ക് ജന്മജന്മാന്തരപ്രാപ്തിരൂപമായ സംസാരത്തിലകപ്പെടേണ്ടതായി വന്ന വിധത്തെ പറഞ്ഞശേഷം അതിൽനിന്ന് നിവൃത്തിപ്പാനുള്ള മാർഗ്ഗം കാട്ടിക്കൊടുപ്പാൻ ഭാവിക്കുന്ന പരമഗുരു ദൃഷ്ടാന്തപൂർവ്വം പറയുന്നു:—ആ കീടങ്ങൾ പൂർവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള പുണ്യകർമ്മങ്ങളുടെ പരിപാകം നിമിത്തം കൃപാലുവായ ഏതോ ഒരു മഹാപുരുഷനാൽ ആ ചുഴിയിൽനിന്ന് ഉദ്ധരിക്കപ്പെടുന്നു. അപ്പോൾ അവ നദീതീരത്തിലുള്ള വൃക്ഷത്തിന്റെ തണലിൽ കിടന്നു സുഖമായി വിശ്രമിക്കുന്നു.

32\. ഉപദേശമവാപ്യൈവമാചാര്യാത്തത്വദശിനഃ
പഞ്ചകോശവിവേകേന ലഭന്തേ നിർവൃതിം പരാം.

ഏവം തത്വദശിനഃ ആചാര്യാത്=ഇപ്രകാരം ആത്മസാക്ഷാൽകാരം സിദ്ധിച്ചിട്ടുള്ള ഗുരുവിൽനിന്ന്. ഉപദേശം അവാപ്യ=ഉപദേശത്തെ പ്രാപിച്ചിട്ട്. പഞ്ചകോശവിവേകേന=പഞ്ചകോശവിവേകംകൊണ്ട്. പരാം നിവൃതിം ലഭന്തെ=പരയായ നിവൃതിയെ ലഭിക്കുന്നു.

മുമ്പത്തെ ശ്ലോകത്തിൽ ദൃഷ്ടാന്തമായി പറഞ്ഞ കീടങ്ങളെപ്പോലെ പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള പുണ്യകർമ്മങ്ങളുടെ പരിപാകത്താൽത്തന്നെ, പ്രത്യഗഭിന്നബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചിട്ടുള്ള ഗുരുവിൽനിന്നു ഉപദേശം:—തത്വമസ്യാദി വാക്യാർത്ഥശ്രവണരൂപമായ സാധനം— ലഭിച്ചിട്ടു താഴെ വിവരിക്കുവാൻ പോകുന്ന പഞ്ചകോശവിവേചനംകൊണ്ടു പരനിർവൃതിയെ—മോക്ഷസുഖത്തെ പ്രാപിക്കുന്നു. തത്വമസ്യാദി മഹാവാക്യങ്ങളേയും പഞ്ചകോശങ്ങളേയും താഴെ വിവരിക്കും

ദൃഷ്ടാന്തം.	ദാർഷ്ടാന്തം!
1. ചുഴികളുള്ള നദീപ്രവാഹം	1. അനേക ജന്മമരണങ്ങളുള്ള സംസാരപരമ്പര
2. പുഴുക്കൾ	2. ജീവന്മാർ
3. ദയാലുവായ പുരുഷൻ	3. തത്വജ്ഞാനിയായ ഗുരു.

പഞ്ചകോശനിരൂപണം

പഞ്ചകോശങ്ങളുടെ പേരുകളും ആ പേരുകൾക്കുള്ള കാരണവും.

33. അന്നംപ്രാണോ മനോബുദ്ധി രാനന്ദശ്ചേതിപഞ്ചതേ
കോശാസ്തൈരാവൃതഃസ്വാത്മാ വിസ്മൃത്യാസംസൃതിംവ്രജേത്.

(1) അന്നം (2) പ്രാണഃ (3) മനഃ=അന്നമയം, പ്രാണമയം, മനോമയം. (4) ബുദ്ധിഃ (5) ആനന്ദഃ ച=വിജ്ഞാനമയം, ആനന്ദമയം. ഇതിതേ പഞ്ച=എന്ന പേരുള്ള കോശങ്ങൾ അഞ്ച്. തൈഃ ആവൃതഃ സ്വാത്മാ=അവയാൽ ആവരണം ചെയ്യപ്പെട്ട ആത്മാവ്. വിസ്മൃത്യാ=സ്വരൂപത്തെ മറന്നതുകൊണ്ട്. സംസൃതിം വ്രജേത്=സംസാരത്തെ പ്രാപിക്കുന്നു.

1. ഭോഗസ്ഥാനം. 2. ക്രിയാശക്തിസ്വരൂപം. 3. ഇച്ഛാശക്തി കാരണസ്വരൂപഃ. 4. ജ്ഞാനശക്തിയുള്ള കർത്തൃസ്വരൂപം 5. ഭോക്തൃസ്വരൂപം.

അന്നാദിസംജ്ഞയുള്ള അഞ്ചു കോശങ്ങളാൽ—ആച്ഛാദിക്കുന്ന ബാഹ്യരൂപങ്ങളാൽ—മറയ്ക്കപ്പെട്ട ജീവാത്മാക്കൾ സച്ചിദാനന്ദമായ സ്വരൂപത്തെ മറക്കുന്നതുകൊണ്ട് ജന്മമരണാദി സംസാരപരമ്പരയെ പ്രാപിക്കുന്നു. മണ്ണുകൊണ്ടോ മററൊ തനിക്കു വസിപ്പാനുള്ള കൂടുണ്ടാക്കീട്ട് അതോടുകൂടെ ബന്ധപ്പെട്ട പുഴ അതിനെത്തന്നെ തൻസ്വരൂപമെന്നു വിചാരിച്ച് അതോടുകൂടെ ചേർന്നു സഞ്ചരിച്ച് ദുഃഖിക്കുന്നതുപോലെ ജീവാത്മാവ് സ്വകർമ്മപ്രാപ്തമായ ശരീരത്തിലകപ്പെട്ടു ആ ശരീരംതന്നെ താനെന്നു വിചാരിച്ച് സ്വന്തം രൂപത്തെ മറന്നിട്ട് സംസാരത്തെ പ്രാപിക്കുന്നു. ആത്മവിസ്മൃതിയാണ് ആത്മദുഃഖമൂലകാരണം. സ്വരൂപത്തെ മറയ്ക്കുന്ന സാധനം കോശം വാളിന്റെ ഉറ കൂട്ടുപുഴുവിന്റെ ബാഹ്യഭാഗം, എന്നിവപോലെ ദേഹാദിവിഭാഗങ്ങൾ ആത്മാവിനെ മറയ്ക്കുന്നതുകൊണ്ട് അന്നാദികോശങ്ങളെന്നു വ്യവഹരിക്കുന്നു.

ആത്മാവ്, സൽസ്വരൂപം, ചേതനസ്വരൂപം, ആനന്ദസ്വരൂപം അദ്വിതീയസ്വരൂപം എന്ന വിശേഷണങ്ങൾ ഉള്ളതാകുന്നു. ദേഹാദികൾ, അസൽസ്വരൂപം, ജഡസ്വരൂപം, ദുഃഖസ്വരൂപം, ദ്വൈതസ്വരൂപം എന്ന നാലു വിശേഷങ്ങളുള്ളവയുമാകുന്നു. ഇതിൽ ആത്മാവിന്റെ സൽസ്വരൂപത്തെയും ചേതനസ്വരൂപത്തെയും ദേഹാദികളുടെ അസൽസ്വരൂപവും ജഡസ്വരൂപവും മറച്ചിരിക്കുന്നു, അതുകൊണ്ടു ദേഹാദികൾ സത്തെന്നപോലെയും ചേതനത്തെപോലെയും തോന്നുന്നു. ദേഹാദികളുടെ ദുഃഖസ്വരൂപവും ദ്വൈതത്തോടു കൂടിയ സ്വരൂപവും ആത്മാവിന്റെ ആനന്ദസ്വരൂപത്തെയും അദ്വിതീയസ്വരൂപത്തെയും മറച്ചിരിക്കുന്നു. അതിനാൽ ആത്മാവു ദുഃഖമുള്ളതും സദ്വിതീയവുമാണെന്നു തോന്നുന്നു ഈവിധമായി രണ്ടുവിധങ്ങളായ ആവരണത്താൽ പൂർണ്ണത്വം നിത്യമുക്തത്വം എന്ന ആത്മസ്വഭാവവും മറയ്ക്കപ്പെട്ടതായി ധരിക്കേണം. ഇങ്ങിനെ പഞ്ചകോശങ്ങൾക്കും ആത്മാവിനും തമ്മിൽ അധ്യാസമുള്ളതുകൊണ്ടു മുമുക്ഷുക്കൾ ആത്മാവിനെയും പഞ്ചകോശങ്ങളേയും വേർതിരിച്ച് കാണ്മാൻ ശ്രദ്ധിക്കേണം:—ഒന്നിൽ മററൊന്നിനെ ആരോപിക്കുന്നതിനെ അധ്യാസം എന്നു വേദാന്തശാസ്ത്രത്തിൽ പറയുന്നു.

അന്നമയാദി കോശങ്ങളുടെ സ്വരൂപം.

34. സ്യാൽ പഞ്ചീകൃതഭൂതോത്ഥോദേഹഃ സ്ഥൂലോന്നസംജ്ഞകഃ
ലിംഗേതുരാജസൈഃ പ്രാണൈഃ പ്രാണഃ കർമ്മേന്ദ്രിയൈഃ സഹ.

പഞ്ചീകൃതഭൂതോത്ഥഃ=പഞ്ചീകരിക്കപ്പെട്ട ഭൂതങ്ങളിൽനിന്നുണ്ടായ. സ്ഥൂലഃദേഹഃ=സ്ഥൂലമായ ദേഹം. അന്നസംജ്ഞകഃസ്യാത്=അന്നം എന്ന പേരുള്ളതാകുന്നു. ലിംഗേ=ലിംഗശരീരത്തിലുള്ള രാജസൈഃ പ്രാണൈഃ=രാജസങ്ങളായ പ്രാണങ്ങളോടും. കർമ്മേന്ദ്രിയൈഃ സഹ=കർമ്മേന്ദ്രിയങ്ങളോടും കൂടിയത്. പ്രാണഃ സ്യാത്=പ്രാണം എന്നു പേരുള്ളതാകുന്നു.

പഞ്ചകോശങ്ങളുടെ സ്വരൂപങ്ങളെ ക്രമത്തിൽ വിവരിക്കുന്നു:—പഞ്ചീകരിക്കപ്പെട്ട പഞ്ചമഹാഭൂതങ്ങളിൽനിന്നുണ്ടായ സ്ഥൂലശരീരംതന്നെ അന്നമയമെന്നു പേരുള്ള കോശം ലിംഗശരീരത്തിൽ—സൂക്ഷ്മശരീരത്തിൽ ഉള്ള രജോഗുണകാര്യങ്ങളായി ഭവിച്ചിരിക്കുന്ന പ്രാണാദിപഞ്ചവായുക്കളോടും വാഗാദി പഞ്ചകർമ്മേന്ദ്രിയങ്ങളോടും കൂടിയതു പ്രാണമയം എന്നു പേരുള്ള കോശം.

35. സാത്വികൈഃ ധീന്ദ്രിയൈഃ സാകംവിമർശാത്മാമനോമയഃ
തൈരേവസാകം വിജ്ഞാനമയോധീർന്നിശ്ചയാത്മികാ.

സാത്വികൈഃ=സത്വഗുണകാര്യങ്ങളായിരിക്കുന്ന. ധീന്ദ്രിയൈഃ സാകം=ജ്ഞാനേന്ദ്രിയങ്ങളൊടു

കൂടെ. വിമർശാത്മാ=ആലോചിക്കുന്ന സ്വരൂപത്തോടുകൂടിയ. മനോമയഃ=മനസ്സുതന്നെ മനോമയകോശം. തൈഃ ഏവ്യവസായകം=ആ ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ. നിശ്ചയാത്മികാധീഃ=നിശ്ചയിക്കുന്ന സ്വരൂപത്തോടുകൂടിയ ബുദ്ധി. വിജ്ഞാനമയഃ=വിജ്ഞാനമയകോശം.

പഞ്ചഭൂതങ്ങളോരോന്നിലുമുള്ള സത്വഗുണകാര്യങ്ങളായ ശ്രോത്രാദി ജ്ഞാനേന്ദ്രിയങ്ങളും എല്ലാററിലുമുള്ള സത്വാംശവും ആലോചിക്കുന്ന സ്വഭാവമുള്ളതുമായ മനസ്സും കൂടിയതു മനോമയകോശം. ജ്ഞാനേന്ദ്രിയങ്ങളും നിശ്ചയാത്മികയായ ബുദ്ധിയും കൂടിയതു വിജ്ഞാനമയകോശം.

36. കാരണേ സത്വമാനന്ദമയോ മോദാദിവൃത്തിഭിഃ
തത്തൽ കോശൈസ്തു താദാത്മ്യാദാത്മാ തത്തന്മയോ ഭവേത്.

കാരണേസത്വം=കാരണത്തിലുള്ള സത്വഗുണം. മോദാദിവൃത്തിഭിഃ=മോദാദിവൃത്തികളോടുകൂടെ ആനന്ദമയഃ=ആനന്ദമയമാകുന്നു. ആത്മാതു=ആത്മാവാകട്ടെ. താദാത്മ്യാൽ=അതാതുകോശങ്ങളിൽ അഭിമാനിക്കുന്നതുകൊണ്ടു. തത്തന്മയഃ ഭവേത്=അതാതു കോശസ്വരൂപനാകുന്നു.

കാരണശരീരമായി ഭവിച്ചിരിക്കുന്ന അവിദ്യയിലുള്ള മലിനസത്വം, ഇഷ്ടവസ്തുക്കളുടെ കാഴ്ച, പ്രാപ്തി, അനുഭവം എന്നിവയിൽ ക്രമത്തിലനുഭവപ്പെടുന്ന, പ്രിയം, മോദം, പ്രമോദം എന്ന സുഖവിശേഷവൃത്തികളോടുകൂടെ ആനന്ദമയകോശമാകുന്നു. ആത്മാവാകട്ടെ അതാതുകോശങ്ങളെ ആത്മത്വേന അഭിമാനിക്കുമ്പോൾ അന്നമയാദിസ്വരൂപനെന്നു പറയപ്പെടുവാൻ യോഗ്യനാകുന്നു. സ്ഥൂലസൂക്ഷ്മാദിദേഹങ്ങൾ അന്നാദിവികാരങ്ങളായതുകൊണ്ടു അന്നമയാദികളായിട്ടും ആത്മാവു അതാതുകോശങ്ങളെ അഭിമാനിക്കുന്നതുകൊണ്ടു അതാതു കോശമയനായിട്ടും പറയപ്പെടുന്നുവെന്നുസാരം. ഉദാഹരണം:—സ്ഥൂലദേഹം അന്നമയം. അതിനെ ആത്മത്വേന അഭിമാനിക്കുന്ന ആത്മാവു അന്നമയകോശമയൻ എന്നു പറയപ്പെടുന്നു. ഇങ്ങിനെ മററുകോശങ്ങളെയും അവയെ അഭിമാനിക്കുന്ന ആത്മാവിനേയും കണ്ടുകൊള്ളണം. വ്യവഹാരകാലത്തിൽ അന്നമയാദികോശങ്ങൾക്കുള്ള പ്രാധാന്യം നിമിത്തമാണ് ആത്മാവിന്നു അന്നമയാദിസംജ്ഞകൾ കല്പിക്കപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ ആത്മാവ് അന്നമയാദികോശസ്വരൂപനല്ല. അവയിൽനിന്നു ഭിന്നനാണെന്നു കണ്ടുകൊള്ളണം, എന്നു കാണിപ്പാനാണ്. "ആത്മാതു" എന്നതിലെ "തു"എന്ന ശബ്ദം.

അന്വയവ്യതിരേകങ്ങൾകൊണ്ടു ആത്മാവ് ബ്രഹ്മസ്വരൂപിയെന്നു 37_42 പദ്യങ്ങൾ കാണിക്കുന്നു.

37. അന്വയവ്യതിരേകാഭ്യാം പഞ്ചകോശവിവേകതഃ
സ്വാത്മാനംതത ഉദ്ധൃത്യപരം ബ്രഹ്മപ്രപദ്യതേ.

അന്വയവ്യതിരേകാഭ്യാം=അന്വയം വ്യതിരേകം എന്ന യുക്തികൾകൊണ്ടു. പഞ്ചകോശവിവേകതഃ=പഞ്ചകോശങ്ങളെ വേർതിരിക്കുന്നതുകൊണ്ടു. തതഃ സ്വാത്മാനം ഉദ്ധൃത്യ=അവയിൽനിന്നു സ്വാത്മാവിനെ ഉദ്ധരിച്ചിട്ടു. പരം ബ്രഹ്മപ്രപദ്യതേ=പരബ്രഹ്മത്തെ പ്രാപിക്കുന്നു.

ഇപ്രകാരമായാൽ അന്നമയാദികോശസ്വരൂപനായ ആത്മാവിന്നു ബ്രഹ്മത്വം ഭവിക്കുന്നതെങ്ങിനെയെന്ന ശങ്കക്കു സമാധാനം:—താഴെ വിവരിക്കുന്ന രീതിയിലുള്ള അന്വയവ്യതിരേകലക്ഷണങ്ങളെക്കൊണ്ടു പഞ്ചകോശങ്ങളെ ആത്മാവിൽനിന്നു ഭിന്നങ്ങളും വേറിട്ടവയുമാണെന്നു കാണേണം. അങ്ങിനെ കോശങ്ങളിൽനിന്നു ആത്മാവിനെ ഉദ്ധരിച്ചിട്ടു കോശഭിന്നനായ പ്രത്യഗാത്മാവും ബ്രഹ്മവും ഒന്നാണെന്നു ബുദ്ധിവൃത്തിയാൽ സാക്ഷാത്തായറിവാൻ സാധിക്കും, ബ്രഹ്മമായിത്തന്നെ ഭവിക്കും എന്നു സാരം.

പ്രകൃതമായ അന്വയവ്യതിരേകത്തെ വിസ്തരിച്ചു കാണിപ്പാൻ സ്വപ്നാവസ്ഥയിൽ ആത്മാവിന്റെ അന്വയവും സ്ഥൂലദേഹത്തിന്റെ വ്യതിരേകവും കാണിക്കുന്നു.

38. അഭാനേ സ്ഥൂലദേഹസ്യ സ്വപ്നേയൽ ഭാനമാത്മനഃ
സോന്വയോ വ്യതിരേകസ്തൽഭാനേന്യാനവഭാസനം.

സ്വപ്നേ സ്ഥൂലദേഹസ്യ അഭാനേ=സ്വപ്നത്തിൽ സ്ഥൂലദേഹത്തിന്റെ പ്രകാശമില്ലാതിരിക്കും വിഷയത്തിൽ. ആത്മനഃ ഭാനം (അസ്തി)=ആത്മാവിന്റെ പ്രകാശമുണ്ട്. സഃ അന്വയഃ=അതാണന്വയം. തൽഭാനേ=ആത്മാവിന്റെ പ്രകാശമിരിക്കും വിഷയത്തിൽ. അന്യാനവഭാസനം=അന്യമായ സ്ഥൂലദേഹത്തിന്റെ പ്രകാശമില്ലായ്മ. വ്യതിരേകഃ=വ്യതിരേകമാകുന്നു.

അന്വയവ്യതിരേകലക്ഷണങ്ങളെ കാണിക്കുന്നു:—സ്വപ്നാവസ്ഥയിൽ അന്നമയകോശമെന്നു പറയപ്പെടുന്ന സ്ഥൂലദേഹത്തിന്റെ പ്രതീതിയില്ല:—സ്ഥൂലദേഹമുണ്ടെന്നുള്ള ബോധമില്ല. എന്നാൽ ആത്മാവിന്റെ പ്രകാശമുണ്ട്. സ്വപ്നാവസ്ഥയുടെ സാക്ഷിയായിട്ടു ആത്മാവു വിളങ്ങുന്നുണ്ട്. ഇതാണന്വയം. സ്വപ്നാവസ്ഥയോട് ആത്മാവിനുള്ള അനുവൃത്തി. ഇതിനെ കുറെക്കൂടെ സ്പഷ്ടമാക്കാം:—ആത്മാവിന്നു അന്നമയകോശത്തോടു ചേരാതെ വേറിട്ടുനില്ക്കാനും സ്വപ്നശരീരത്തിൽ ചേരാനും കഴിവുണ്ട്. സ്ഥൂലത്തിൽനിന്നു വിട്ടുനിന്നുവെന്നത് വ്യതിരേകലക്ഷണം. വ്യാവൃത്തിയെന്നുകൂടെ വ്യതിരേകത്തിന്നു പേർ പറയാവുന്നതാണ്. സ്വപ്നശരീരത്തിൽ ചേൎന്നുവെന്നത് അന്വയലക്ഷണം. അന്നമയകോശമോ ആത്മാവിൽനിന്നു വിട്ടുമ്പോൾ ജഡമായി. സ്ഥൂലദേഹം വ്യാപരിക്കുന്നത് ആത്മസംബന്ധംനിമിത്തം. ആത്മാവോ സ്ഥൂലസംബന്ധമില്ലാതെതന്നെ സ്വയം നിലനില്ക്കും, എന്നു ബുദ്ധിവൃത്തികൊണ്ടുള്ള കാഴ്ചയാൽ ആത്മാവ് കോശങ്ങളിൽനിന്നു ഭിന്നനാണെന്നറിവാൻ കഴിയും. അന്വയം=അനുവൃത്തി:—ചേൎന്നിരിക്കൽ. വ്യതിരേകം=വ്യാവൃത്തി:—വിട്ടിരിക്കൽ.

സ്ഥൂലദേഹം ആത്മാവല്ലെന്നു കാണിച്ചതിന്നുശേഷം സൂക്ഷ്മദേഹവും—ലിംഗദേഹവും—ആത്മാവല്ലെന്നു കാണിക്കുവാൻ സുഷുപ്തിയിൽ ആത്മാവിന്റെ അന്വയവും ലിംഗദേഹത്തിന്റെ വ്യതിരേകവും പറയുന്നു:—

39. ലിംഗാഭാനേ സുഷുപ്തൌ സ്യാദാത്മനോ ഭാനമന്വയഃ
വ്യതിരേകസ്തു തദ്ഭാനേ ലിംഗസ്യാ ഭാനമുച്യതേ.

സുഷുപ്തൌ=സുഷുപ്ത്യവസ്ഥയിൽ. ലിംഗാഭാനേ=ലിംഗദേഹത്തിന്റെ പ്രകാശമില്ലാതിരിക്കേ. ആത്മനഃ ഭാനം=ആത്മാവിന്റെ പ്രകാശം. അന്വയഃ സ്യാത്=അന്വയമാകുന്നു. തൽഭാനേ=ആത്മാവിന്റെ പ്രകാശമിരിക്കേ. ലിംഗസ്യ അഭാനം=ലിംഗദേഹത്തിന്റെ അപ്രകാശം, വ്യതിരേകഃ ഉച്യതേ=വ്യതിരേകം എന്നു പറയപ്പെടുന്നു.

സുഷുപ്ത്യവസ്ഥയിൽ സ്വപ്നശരീരമായ സൂക്ഷ്മദേഹം (ലിംഗശരീരം) പ്രകാശിക്കുന്നില്ല. ആത്മാവാകട്ടെ സുഷുപ്തി സാക്ഷിയായിട്ടു വിളങ്ങുന്നു. അതന്വയം. ആത്മപ്രകാശമിരിക്കേ ലിംഗദേഹത്തിന്റെ അപ്രകാശം വ്യതിരേകമെന്നു പറയപ്പെടുന്നു. അതുകൊണ്ടു ലിംഗദേഹം ആത്മാവല്ലെന്നു സിദ്ധം.

ലിംഗദേഹം ആത്മാവല്ലെന്നു പറഞ്ഞതിൽ ശങ്കയും സമാധാനവും.

40. തദ്വിവേകാദ്വിവിക്താ സ്യുഃ കോശാഃ പ്രാണമനോധിയഃ
തേഹിതത്രഗുണാവസ്ഥാ ഭേദമാത്രാൽ പൃഥക്കൃതാഃ.

തദ്വിവേകാത്=അതിന്റെ വിവേചനംകൊണ്ടു. പ്രാണമനോധിയഃ കോശാഃ=പ്രാണമയം മനോമയം വിജ്ഞാനമയം എന്ന കോശങ്ങൾ വിവിക്താഃ സ്യുഃ=വേൎതിരിക്കപ്പെട്ടവയാകും. ഹി=എന്തുകൊണ്ടെന്നാൽ. തേ തത്ര=ആ കോശങ്ങൾ അതിൽ—ലിംഗദേഹത്തിൽ. ഗുണാവസ്ഥാ ഭേദമാത്രാത്=ഗുണങ്ങളുടെയും അവസ്ഥകളുടെയും ഭേദംകൊണ്ടു മാത്രം. പൃഥക്കൃതാഃ=വെവ്വേറെ ആക്കപ്പെട്ടവയാകുന്നു.

പൂൎവ്വപക്ഷം:—പഞ്ചകോശവിവേചനമാണല്ലൊ പ്രകൃതം. അതിൽ ലിംഗദേഹവിവേചനം ചെയ്യപ്പെട്ടതിന്റെ ആവശ്യമെന്താകുന്നു.? പ്രകൃതവിരോധമല്ലയോ അതെന്നാണ് ആക്ഷേപം.

സമാധാനം:—ലിംഗദേഹം ആത്മാവല്ലെന്നു കാട്ടിയാൽ അതിലടങ്ങിട്ടുള്ള പ്രാണമനോവിജ്ഞാനമയ കോശങ്ങൾ ആത്മാവല്ലെന്നു കാണിക്കപ്പെട്ടതായി ധരിച്ചുകൊള്ളണം. എന്തുകൊണ്ടെന്നാൽ ആ മൂന്നുകോശങ്ങളും സത്വരജോഗുണങ്ങളുടെ അവസ്ഥാഭേദങ്ങൾനിമിത്തം വെവ്വേറെ പറയപ്പെട്ടവയാകുന്നു. പ്രാണമയം ലിംഗദേഹത്തിലെ കേവലം രജോഗുണാവസ്ഥ. മനോമയം രജഃ സത്വഗുണാവസ്ഥ. വിജ്ഞാനമയം കേവലസത്വാവസ്ഥ. അതുകൊണ്ടു ലിംഗദേഹത്തെപ്പററി പറഞ്ഞത് പ്രകൃതവിരോധമല്ല.

സമാധിയിൽ ആത്മാവിന്റെ അന്വയവും കാരണദേഹത്തിന്റെ വ്യതിരേകവും.

41. സുഷുപ്ത്യഭാനേ ഭാനന്തു സമാധാവാത്മനോന്വയഃ
വ്യതിരേകസ്ത്വാത്മഭാനേ സുഷുപ്ത്യനവഭാസനം.

സമാധൌ=സമാധിയിൽ. സുഷുപ്ത്യഭാനേ=സുഷുപ്തിയുടെ അഭാനത്തിൽ. ആത്മനഃതുഭാനം=ആത്മാവിന്റെ മാത്രം ഭാനം. അന്വയഃ=അന്വയം. ആത്മഭാനേ=ആത്മാവു പ്രകാശിക്കുംവിഷയത്തിൽ. സുഷുപ്ത്യനവഭാസനം=സുഷുപ്തിയുടെ അപ്രകാശം. വ്യതിരേകഃ=വ്യതിരേകം.

ഇപ്പോൾ ആനന്ദമയകോശമെന്നു പറയപ്പെട്ടിരിക്കുന്ന കാരണശരീരത്തിന്റെ വിവേചനോപായത്തെ കാണിക്കുന്നു:—ഇനിമേൽ 55-ാം ശ്ലോകത്തിൽ പറവാൻപോകുന്ന സമാധ്യവസ്ഥയിൽ സുഷുപ്തിയെന്ന ശബ്ദംകൊണ്ടുപലക്ഷിക്കപ്പെടുന്ന കാരണശരീരമാകുന്ന അജ്ഞാനം പ്രകാശിക്കാതിരിക്കുമ്പോൾ ആത്മാവുമാത്രം പ്രകാശിക്കുന്നതു ആത്മാവിന്റെ അന്വയം. അജ്ഞാനത്തിന്റെ അപ്രകാശം വ്യതിരേകം. ഇങ്ങിനെ ആത്മാവിൽനിന്നു പഞ്ചകോശങ്ങളെ വേർതിരിച്ചു കാട്ടിയതിന്റെ ഫലം,—പ്രത്യഗാത്മാവ് അന്നമയാദികളായ അഞ്ചു കോശങ്ങളിൽനിന്നു ഭിന്നൻ. എങ്ങിനെയെന്നാൽ ആ അഞ്ചു കോശങ്ങളും ജഡങ്ങളായതുകൊണ്ടു ആത്മാവിൽനിന്നു പിരിയുമ്പോൾ പ്രകാശിക്കുന്നില്ല. ആത്മാവാകട്ടെ പഞ്ചകോശങ്ങളുടെ സംബന്ധമില്ലാത്തപ്പോഴും സ്വയം പ്രകാശിക്കുന്നു. ഏതൊന്നിന്റെ അഭാവത്തിലും യാതൊന്നുണ്ടോ? അത് മറേറതിൽനിന്നു ഭിന്നം. പൂമാലയിലെ പൂക്കൾ കൊഴിഞ്ഞുവീണാലും ആ പൂക്കളെ ഒന്നായി ബന്ധിച്ചുനിൎത്തിയ ചരടു പോകുന്നില്ല അതുപോലെ പഞ്ചകോശങ്ങളുടെ അഭാവത്തിലും ആത്മാവു വിളങ്ങുന്നു. അതിനാൽ ആത്മാവ് സ്വയംപ്രകാശം-കോശങ്ങളടങ്ങീട്ടുള്ള മൂന്നുവിധ-സ്ഥൂലസൂക്ഷ്മകാരണദേഹങ്ങളും ജഡം. മേൽകാണിച്ചത് അനുമാനയുക്തിയാകുന്നു.

പഞ്ചകോശസ്വരൂപത്തെ കാട്ടുന്ന പട്ടിക.

നം	കോശനാമങ്ങൾ	ഉൽപത്തിതത്വങ്ങൾ	ശരീരം
1	അന്നമയം	ചൎമ്മം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, എന്നിവ	സ്ഥൂലം
2	പ്രാണമയം	പ്രാണാദിവായുക്കൾ 5. കൎമ്മേന്ദ്രിയങ്ങൾ 5.	സൂക്ഷ്മം
3	മനോമയം	മനസ്സ് 1. ജ്ഞാനേന്ദ്രിയങ്ങൾ 5.	ടി
4	വിജ്ഞാനമയം	ബുദ്ധി 1. ടി ... ടി	ടി
5	ആനന്ദമയം	മലിനസത്വപ്രധാനമായ അവിദ്യ	കാരണം

42. യഥാമുംജാദിഷീകൈവമാത്മായുക്ത്യാ സമുദ്ധൃതഃ
ശരീരത്രിതയാദ്ധീരൈഃ പരം ബ്രഹ്മൈവജായതേ.

യഥാമുംജാത്=എപ്രകാരമോ മുംജത്തിൽനിന്ന്. ഇഷീകാ=അന്തൎഭാഗത്തുള്ള മൃദുലദളം. സമുദ്ധൃതാ=സമുദ്ധരിക്കപ്പെടുന്നത്. ഏവം=ഇപ്രകാരം. യുക്ത്യാ=യുക്തികൊണ്ടു. ധീരൈഃ=ധീരന്മാരാൽ. സമുദ്ധൃതഃ ആത്മാ=സമുദ്ധരിക്കപ്പെട്ട ആത്മാവ്. പരംബ്രഹ്മ ഏവജായതേ=പരബ്രഹ്മമായിത്തന്നെ ഭവിക്കുന്നു.

അന്വയവ്യതിരേകയുക്തികൊണ്ടു പഞ്ചകോശങ്ങളിൽനിന്നു വേർതിരിക്കപ്പെട്ട ആത്മാവു ബ്രഹ്മത്വത്തെ പ്രാപിക്കുന്നു:—ബ്രഹ്മമായിത്തന്നെയിരിക്കുന്നുവെന്നു 37-ാം ശ്ലോകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിനെത്തന്നെ പ്രതിപാദിക്കുന്നതായ "അംഗുഷ്ഠമാത്രഃ പുരുഷോƒന്തരാത്മാ" എന്നുതുടങ്ങി "തം വിദ്യാച്ഛുക്രമമൃതം" എന്നവസാനിക്കുന്ന കാഠവല്ല്യുപനിഷദ്വാക്യാൎത്ഥത്തെ ശ്ലോകരൂപമായി നിബന്ധിക്കുന്നു. അംഗുഷ്ഠമാത്രൻ എന്ന് പുരുഷശബ്ദത്തിനു വിശേഷണം കൊടുപ്പാൻ കാരണം:—അന്തഃകരണോപാധികമായിരിക്കുന്ന ഹൃദയദേശത്തിനു അംഗുഷ്ഠമാത്രം എന്നുപേർ. ആ അന്തഃകരണം ആത്മാവാകുന്ന പുരുഷനു് ഉപാധിയാകയാൽ ആത്മാവിന്നും അംഗുഷ്ഠമാത്രൻ എന്നപേർ ഉപചാരമായി പറയപ്പെടുന്നു. കാരണം:—ഉപാധിയിലുള്ള ധൎമ്മത്തിന്റെ വ്യവഹാരം ഉപഹിതമായ പദാൎത്ഥത്തിലും ഭവിക്കുന്നതാണ് എന്ന് ന്യായമുള്ളതിനാൽ അംഗുഷ്ഠമാത്രൻ എന്നു പുരുഷനെ പറഞ്ഞതാകുന്നു. അന്വയവ്യതിരേകലക്ഷണങ്ങളെക്കൊണ്ടു പഞ്ചകോശങ്ങളിൽനിന്നു വേർതിരിക്കപ്പെട്ട പ്രത്യഗാത്മാവു ബ്രഹ്മമായ്ഭവിക്കുന്നുവെന്ന് ഉദാഹരണപൂൎവ്വം കാണിക്കുന്നു:—മുംജയുടെ ഉള്ളിലുള്ള മൃദുലദളത്തെ അതിന്റെ മീതേയുള്ള ഇതരദളങ്ങളെ പറിച്ചു നീക്കംചെയ്തിട്ടു എപ്രകാരം എടുക്കുന്നുവോ അതുപോലെ അന്വയവ്യതിരേകയുക്തികൊണ്ടു കോശങ്ങളാത്മാവല്ലെന്നു ബുദ്ധിവൃത്തികൊണ്ടു കണ്ടിട്ടു ബ്രഹ്മചൎയ്യം മുതലായ സാധനങ്ങൾ തികഞ്ഞിട്ടുള്ള അധികാരികളായ ധീരന്മാരാൽ പഞ്ചകോശങ്ങളിൽനിന്നു സമുദ്ധരിക്കപ്പെട്ട പ്രത്യഗാത്മാവ് ബ്രഹ്മമായി ഭവിക്കുന്നു. സച്ചിദാനന്ദഭാവലക്ഷണം പ്രത്യഗാത്മാവിന്നും ബ്രഹ്മത്തിന്നും ഒന്നുതന്നെയാകയാൽ പ്രത്യഗാത്മാവുതന്നെ ബ്രഹ്മം എന്ന അനുഭവം ഉണ്ടാകുന്നുവെന്നു സാരം.

ഇപ്പോൾ കാണിച്ചതായ ജീവബ്രഹ്മൈക്യത്തെ മഹാവാക്യംകൊണ്ടു 43-65 ശ്ലോകങ്ങളിൽ വിവരിക്കാം. തത്വമസി എന്ന മഹാവാക്യത്തിന്റെ അൎത്ഥം 43-52 ശ്ലോകങ്ങളിൽ കാണിക്കും. ഇതുവരെ പറഞ്ഞതിന്റെ താൽപൎയ്യവും ഇനി പറവാൻ പോകുന്നതിന്റെ അഭിപ്രായവും.

43. പരാപരാത്മനോരേവം യുക്ത്യാസംഭാവിതൈകതാ–
തത്വമസ്യാദിവാക്യൈഃ സാ ഭാഗത്യാഗേനലക്ഷ്യതേ.

ഏവം പരാപരാത്മനോഃ=ഇപ്രകാരം പരമാത്മാവിന്റെയും ജീവാത്മാവിന്റെയും ഏകതായുക്ത്യാസംഭാവിതാ=ഏകത്വം യുക്തികൊണ്ടു കാണിക്കപ്പെട്ട. സാതത്വമസ്യാദിവാക്യൈഃ=അത് തത്വമസി മുതലായ വാക്യങ്ങളാൽ. ഭാഗത്യാഗേന=ഭാഗത്യാഗരൂപമായ ലക്ഷണാവൃത്തിയാൽ ലക്ഷ്യതേ= ലക്ഷിക്കപ്പെടുന്നു.

ഇത്രത്തോളം പറഞ്ഞതിൽ സകല തത്വശാസ്ത്രസാരാംശം അടങ്ങിയിരിക്കയാൽ ഇനിമേൽ ഒന്നും പറയേണ്ടതില്ലല്ലൊ എന്നുള്ള ശങ്കയെ പരിഹരിച്ചുംകൊണ്ടു ഉപരിപറവാൻ ഭാവിക്കുന്നതിന്റെ സ്വരൂപം കാണിക്കുന്നു:—ഇപ്രകാരം തൽപദാൎത്ഥമായ പരമാത്മാവിന്റെയും ത്വംപദാൎത്ഥമായ ജീവാത്മാവിന്റെയും അഭേദം ലക്ഷണസാമ്യത്തെ പ്രദൎശിപ്പിക്കുക മുതലായ യുക്തികൊണ്ടു സമൎത്ഥിച്ചു ജിജ്ഞാസുക്കളെ ധരിപ്പിച്ചു, ആ അഭേദത്തെത്തന്നെ തത്വമസി മുതലായ മഹാവാക്യങ്ങളുടെ വിരുദ്ധാംശങ്ങളെ വിട്ടുകളയുക, സമാംശങ്ങളെ സ്വീകരിക്കുക എന്ന ലക്ഷണാവൃത്തികൊണ്ടു ബോധിപ്പിക്കുന്നു:— ജീവനും ബ്രഹ്മവും ഒന്നുതന്നെയെന്നു ബോധിപ്പിക്കുന്ന വാക്യത്തിന്നു മഹാവാക്യമെന്നുപേർ. തത്വമസി മുതലായ എല്ലാ മഹാവാക്യങ്ങളെയും മഹാവാക്യവിവേകം എന്ന പ്രകരണത്തിൽ വിവരിക്കുന്നുണ്ട്.

പദത്തിന്നും അൎത്ഥത്തിന്നുമുള്ള സംബന്ധത്തെ വൃത്തിയെന്നുപറയുന്നു. ആ വൃത്തി രണ്ടുവിധത്തിലുണ്ട്. ഒന്ന് ശക്തിവൃത്തി. മറെറാന്നു ലക്ഷണാവൃത്തി. അവയിൽ ശക്തിവൃത്തിയുടെ ലക്ഷണം:— പദത്തിലുള്ള പദാൎത്ഥബോധകസാമൎത്ഥ്യം യാതൊന്നോ അത് പദത്തിന്റെ ശക്തിയാകുന്നു. ഉദാഹരണം:—ഘടം എന്ന പദത്തെ കേൾക്കുന്നവന്നു കലശം എന്നൎത്ഥത്തിന്റെ ജ്ഞാനം ഉണ്ടാകുന്നവിധംചെയ്യുന്നതായും ഘടപദത്തിലിരിക്കുന്നതായുമുള്ള സാമൎത്ഥ്യം ഘടം എന്ന പദത്തിന്റെ ശക്തിയാകുന്നു. ഇങ്ങിനെ എല്ലാപദത്തിലും ശക്തിയിരിക്കുന്നുണ്ടെന്നറിയേണം. പദത്തിലുള്ള ശക്തിവൃത്തികൊണ്ടു യാതൊരൎത്ഥത്തിന്റെ ജ്ഞാനമുണ്ടാകുന്നുവോ അത് ശക്യാൎത്ഥം എന്നു പറയപ്പെടുന്നു. ഉദാഹരണം:—പടം എന്ന പദത്തിലുള്ള ശക്തിവൃത്തികൊണ്ടു വസ്ത്രരൂപമായ അൎത്ഥത്തിന്റെ ജ്ഞാനമുണ്ടാകുന്നതിനാൽ ആ വസ്ത്രരൂപമായ അൎത്ഥം ശക്യാൎത്ഥമാകുന്നു. ശക്യാൎത്ഥത്തെത്തന്നെ വാച്യാൎത്ഥമെന്നും പറയാറുണ്ട്. പദം ആ വാച്യാൎത്ഥത്തെ ബോധിപ്പിക്കുന്നതാകയാൽ വാചകമെന്നും ശക്തിയോടുകൂടിയതാകയാൽ ശക്തമെന്നും പറയപ്പെടുന്നു.

ശക്യാൎത്ഥത്തിന്റെ സംബന്ധം യാതൊന്നോ അതിനെ ലക്ഷണാവൃത്തിയെന്നു പറയുന്നു. ആ ലക്ഷണാവൃത്തി മൂന്നുവിധത്തിലുണ്ട്. 1 ജഹല്ലക്ഷണാ, 2. അജഹല്ലക്ഷണാ, 3. ഭാഗത്യാഗലക്ഷണാ. ഇതിനെ ജഹദജഹല്ലക്ഷണായെന്നും പറയും. അവയിൽ 1 ജഹല്ലക്ഷണാ:—വാച്യാൎത്ഥത്തെ മുഴുവനും വിട്ടു അതിന്റെ സംബന്ധംമാത്രം പ്രതീതമാകുന്ന ദിക്കിൽ ജഹല്ലക്ഷണ സിദ്ധിക്കുന്നു. ഉദാഹരണം:— ഗംഗയിൽ ഗ്രാമമുണ്ട് എന്നു പറയുന്നേടത്ത് ഗംഗാപദത്തിന്നു തീരത്തിൽ ജഹല്ലക്ഷണയാകുന്നു. എങ്ങിനെയെന്നാൽ ഗംഗാ ശബ്ദത്തിന്റെ വാച്യാൎത്ഥം ഗംഗാനദിയുടെ പ്രവാഹം. പ്രവാഹത്തിൽ ഗ്രാമം ഇരിക്കുകയെന്നത് അസംഭാവിതമാകയാൽ വാച്യാൎത്ഥത്തെ മുഴുവനും വിട്ടു അതിന്റെ സംബന്ധത്തോടുകൂടിയ തീരത്തിൽ ഗംഗാപദത്തിന്നു ജഹല്ലക്ഷണ സിദ്ധിക്കുന്നു. ഇപ്രകാരം ശക്യസംബന്ധരൂപമായ ലക്ഷണ, ശക്യാൎത്ഥത്തെ മുഴുവനും വിട്ടിരിക്കയാൽ ജഹല്ലക്ഷണായെന്നു പേർ. സ്വാൎത്ഥത്തെ വിട്ട ലക്ഷണയെന്നും വിട്ടലക്ഷണയെന്നു മാത്രമായും ഇതിനെ പറയും.

3. അജഹല്ലക്ഷണാ:—വാച്യാൎത്ഥത്തെ വിടാതെതന്നെ യാതൊരു പദത്തിൽനിന്നു വാച്യാൎത്ഥസംബന്ധം അറിയപ്പെടുന്നുവോ ആ പദത്തിൽ അജഹല്ലക്ഷണ സിദ്ധിക്കുന്നു. ഉദാഹരണം:—ചുകപ്പ് ഓടുന്നു എന്നു പറയുന്നേടത്ത് ചുകപ്പ് എന്ന പദത്തിന്നു ചുകപ്പു വൎണ്ണമുള്ള അശ്വത്തിൽ അജഹല്ലക്ഷണ സിദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ ചുകപ്പ് എന്ന പദത്തിന്റെ വാച്യാൎത്ഥമായ ചുകപ്പുവൎണ്ണത്തിൽ ഓടുകയെന്നത് അസംഭാവിതമാകയാൽ ചുകപ്പുവൎണ്ണമുള്ള അശ്വത്തിൽ അജഹല്ലക്ഷണ സിദ്ധിക്കുന്നു. ഈ ലക്ഷണാ, വാച്യമായ ചുകപ്പുവൎണ്ണത്തെ വിടാത്തതാകയാൽ അജഹല്ലക്ഷണാ: സ്വാൎത്ഥത്തെ വിടാത്ത ലക്ഷണാ. വിടാത്തലക്ഷണയെന്നു മാത്രമായും പറയപ്പെടുന്നു.

3. ഭാഗത്യാഗലക്ഷണാ:—പദത്തിന്റെ വാച്യാൎത്ഥത്തിൽ ഒരുഭാഗത്തെവിട്ട് മറെറാരുഭാഗത്തെമാത്രം ഗ്രഹിക്കുന്നേടത്ത് ഭാഗത്യാഗലക്ഷണ സിദ്ധിക്കുന്നു. മുമ്പൊരിക്കൽ ഒരു സ്ഥലത്തിൽ കാണപ്പെട്ട പദാൎത്ഥത്തെ പിന്നെ ഒരിക്കൽ മറെറാരിടത്തുകണ്ടിട്ടു "അതുതന്നെയിതു" എന്നൊരുവൻ പറയുന്ന ദിക്കിൽ ഭാഗത്യാഗലക്ഷണ സിദ്ധിക്കുന്നു: എങ്ങിനെയെന്നാൽ:—കഴിഞ്ഞ കാലത്തിലും അന്യപ്രദേശത്തി

ലും ഉണ്ടായിരുന്ന പദാൎത്ഥത്തെ "അത്" എന്നുപറയുന്നു. ആകയാൽ കഴിഞ്ഞകാലത്തോടും അന്യപ്രദേശത്തൊടുംകൂടിയ പദാൎത്ഥം അത് എന്ന പദത്തിൻെറ വാച്യാൎത്ഥമാകുന്നു. വൎത്തമാനകാലത്തിലും സമീപപ്രദേശത്തിലും ഉള്ള പദാൎത്ഥത്തെ ഇത് എന്നു പറയുന്നു. ആകയാൽ വൎത്തമാനകാലത്തോടും സമീപദേശത്തൊടുംകൂടിയ വസ്തു ഇത് എന്ന പദത്തിൻെറ വാച്യാൎത്ഥമാകുന്നു. കഴിഞ്ഞകാലത്തോടും അന്യപ്രദേശത്തൊടുംകൂടിയ പദാൎത്ഥംതന്നെ വൎത്തമാനകാലത്തോടും സമീപദേശത്തോടും കൂടിയിരിക്കുന്നുവെന്നത് അതുതന്നെ ഇത് എന്ന വാക്യത്തിൻെറ വാച്യാൎത്ഥമാകുന്നു. ഇതു സംഭവിക്കയില്ല. എന്തെന്നാൽ ഭൂതകാലത്തിനും വൎത്തമാനകാലത്തിനും, അപ്രകാരംതന്നെ അന്യദേശത്തിനും സമീപദേശത്തിനും പരസ്പരം വിരോധമുണ്ടല്ലൊ. ആകയാൽ രണ്ടുപദങ്ങളുടെയും വാച്യാൎത്ഥങ്ങളിൽനിന്നു വിരുദ്ധമായ ദേശകാലങ്ങളെവിട്ട് വസ്തു മാത്രത്തിൽ രണ്ടു പദങ്ങൾക്കും ഭാഗത്യാഗലക്ഷണ സിദ്ധിക്കുന്നു. ഈ ലക്ഷണാ വിരുദ്ധഭാഗത്തെമാത്രം വിടുന്നതിനാൽ ഭാഗത്യാഗലക്ഷണയെന്നു പറയപ്പെടുന്നു. ജഹദജഹല്ലക്ഷണാ—സ്വാൎത്ഥത്തെവിട്ടും വിടാതെയുമിരിക്കുന്ന ലക്ഷണാ എന്നും "വിട്ടുവിടാത്ത ലക്ഷണാ" എന്നു മാത്രമായും പറയാവുണ്ട്. ഇപ്രകാരമുള്ള ലക്ഷണാവൃത്തികൾകൊണ്ടറിയപ്പെടുന്ന വിഷയത്തെ ലക്ഷ്യം എന്നും ലക്ഷിക്കപ്പെട്ടതെന്നും ലക്ഷ്യാൎത്ഥമെന്നും പറഞ്ഞുവരുന്നു.

തൽപദത്തിൻെറ വാച്യാൎത്ഥം.

44. ജഗതോയദുപാദാനം മായാമാദായ താമസീം
നിമിത്തം ശുദ്ധസത്വാം താമുച്യതേ ബ്രഹ്മതൽഗിരാ.

യത് താമസീം മായാം ഉപാദായ=യാതൊന്ന് തമോഗുണപ്രധാനമായ മായയെ ഉപദാനം ചെയ്തിട്ടു. ജഗതഃ ഉപാദാനം=ജഗത്തിൻെറ ഉപാദാനമായും. ശുദ്ധസത്വാം താം ഉപാദായ=ശുദ്ധസത്വപ്രധാനമായ അതിനെ (മായയെ) സ്വീകരിച്ചിട്ടു ജഗതഃ) നിമിത്തം=ജഗത്തിൻെറ നിമിത്തമായും ഭവിക്കുന്നുവോ. തൽ ബ്രഹ്മ=ആ ബ്രഹ്മം. തൽഗിരാ ഉച്യതേ=അത് എന്ന വാക്കിനാൽ പറയപ്പെടുന്നു.

തത്വമസി എന്ന മഹാവാക്യത്തിൻെറ അൎത്ഥം ധരിപ്പിക്കുവാൻ തത്—ത്വം—അസി. എന്ന മൂന്നു ശബ്ദങ്ങളുടെ അൎത്ഥം പറവാൻ ഭാവിക്കുന്നു. അതിൽ തത് എന്ന പദത്തിൻെറ വാച്യാൎത്ഥമാണ് ഈ ശ്ലോകത്തിൽ കാണിക്കുന്നത്. സച്ചിദാനന്ദശുദ്ധപരബ്രഹ്മം തമോഗുണപ്രധാനയായ മായയെ ഉപാധിയായി സ്വീകരിച്ചിട്ടു ചരാചരാത്മകമായ ലോകത്തിൻെറ അധ്യാസത്തിന്നധിഷ്ഠാനമായ വിവൎത്തോപാദാനകാരണമായും, വിശുദ്ധസത്വപ്രധാനയായ മായയെ ഉപാധിയായി സ്വീകരിച്ചിട്ടു ഉപാദാനത്തെ അറിയുന്ന നിമിത്തകാരണമായും—കൎത്താവായും—ഭവിച്ചിരിക്കുന്നു. ജഗത്തിൻെറ രണ്ടു കാരണവുമായിരിക്കുന്ന സച്ചിദാനന്ദസ്വരൂപമായ പരമാത്മാവാകുന്നു തത്വമസി എന്ന മഹാവാക്യത്തിലുള്ള തത് എന്ന പദത്തിൻെറ വാച്യാൎത്ഥം.

കാരണം രണ്ടുവിധം. 1. ഉപാദാനം, 2. നിമിത്തം. ഇവയുടെ ഉദാഹരണങ്ങളും ലക്ഷണങ്ങളും 18-ാം ശ്ലോകത്തിൽ വിവരിച്ചിട്ടുണ്ട്. കാരണങ്ങളിൽ ഒന്നായ ഉപാദാനംതന്നെ രണ്ടുവിധത്തിലുണ്ട്. 1. വിവൎത്തോപാദാനം, 2. പരിണാമ്യുപാദാനം. ഒരു വസ്തുവിൻെറ അധ്യാസത്തിന്നു—തോന്നലിന്നു—അധിഷ്ഠാനമായും അധിഷ്ഠാനത്തിൻെറ ജ്ഞാനം തോന്നപ്പെടുന്ന വസ്തുവിൻെറ നാശത്തിന്നു കാരണമായും ഇരിക്കുന്നത് വിവൎത്തോപാദാനം. ഉദാഹരണം:—സൎപ്പത്തിൻെറ അധ്യാസത്തിന്നു രജ്ജു അധിഷ്ഠാനം. രജ്ജുവിനെകണ്ടിട്ടു ഇതു സൎപ്പം എന്ന ഒരു തോന്നലുണ്ടാകുന്നു. രജ്ജുവിൻെറ ജ്ഞാനമുണ്ടായാൽ ആ സൎപ്പമെന്ന തോന്നൽ നശിക്കുന്നതുമുണ്ട്. ആകയാൽ സൎപ്പത്തിൻെറ അധ്യാസത്തിന്നു അധിഷ്ഠാനമായ രജ്ജു വിവൎത്തോപാദാനമാകുന്നു. ഒരു വസ്തു മററൊന്നായി പരിണമിക്കുകയും തൻെറ ജ്ഞാനം പരിണതവസ്തുവിൻെറ ജ്ഞാനനാശത്തിന്നു കാരണമാകാതെയും ഇരിക്കുന്നത് പരിണാമ്യുപാദാനകാരണം. ഉദാ:—തൈരിന്നു പാൽ. പാൽ തൈരായി പരിണമിക്കുന്നു. പാലിനെക്കുറിച്ചുള്ള ജ്ഞാനം ഇതു തൈരാകുന്നുവെന്ന ജ്ഞാനത്തിൻെറ നാശത്തിന്നു കാരണമാകുന്നില്ല. ആകയാൽ തൈരിന്നു പാൽ പരിണാമ്യുപാദാനകാരണമാകുന്നു.

കൎത്തൃത്വംകൊണ്ടും കരണത്വംകൊണ്ടും നിമിത്ത കാരണവും രണ്ടുവിധം. ഉദാഹരണം:—ഘടത്തിന്നു കുലാലൻ കൎത്താവാകയാൽ കൎത്തൃത്വേനപ്രധാന നിമിത്തകാരണമായും, ദണ്ഡം, ചക്രം മുതലായവ കരണങ്ങളാകയാൽ കരണത്വേന അപ്രധാനനിമിത്തകാരണങ്ങളായുമിരിക്കുന്നു. മുതലായവ എന്ന പദംകൊണ്ടു ജഗത്തിൻെറ അപ്രധാനനിമിത്തകാരണങ്ങൾ എടുത്തു ഗ്രഹിക്കപ്പെടുന്നു. അവയെ താഴെ കാണിക്കാം. 1. ജീവാത്മാക്കളുടെ അദൃഷ്ടം:—പുണ്യപാപങ്ങൾ, 2. ഈശ്വരൻെറ ഇച്ഛ,

3. ഈശ്വരൻെറ ജ്ഞാനം, 4. ഈശ്വരൻെറ പ്രയത്നം, 5. കാലം, 6. ദിക്ക്, 7. പ്രാഗഭാവം, 8. പ്രതിബന്ധകാഭാവം. ഇതെല്ലാററിനേയും അറിയുന്ന ഈശ്വരൻ ജഗത്തിൻെറ പ്രധാനനിമിത്തകാരണം.

45. യദാമലിനസത്ത്വാം താം കാമകർമ്മാദിദൂഷിതാം
ആദത്തേ തൽപരം ബ്രഹ്മ ത്വം പദേന തദോച്യതേ.

തൽപരം ബ്രഹ്മ=ആ പരബ്രഹ്മം. യദാ കാമ കർമ്മാദിദൂഷിതാം=എപ്പോൾ കാമത്താലും കർമ്മത്താലും ദൂഷിച്ചതും. മലിനസത്ത്വാം=മലിനസത്ത്വത്തോടുകൂടിയതുമായ. താം ആദത്തേ=ആ മായയെ ഉപാധിയായി സ്വീകരിക്കുന്നുവോ. തദാ ത്വംപദേന ഉച്യതേ=അപ്പോൾ ത്വം എന്ന പദത്താൽ പറയപ്പെടുന്നു.

ഇനി ത്വം എന്ന പദത്തിൻെറ വാച്യാർത്ഥം പറയുന്നു:—ആ പരബ്രഹ്മം ഏതൊരവസ്ഥയിൽ ആഗ്രഹത്താലും കർമ്മത്താലും ദൂഷിച്ചതും അതുനിമിത്തം മലിനസത്ത്വഗുണത്തോടുകൂടിയതും അവിദ്യയെന്നു പറയപ്പെടുന്നതുമായ മായയെ ഉപാധിയായിട്ടംഗീകരിക്കുന്നുവോ അപ്പോൾ ത്വം എന്ന പദത്താൽ പറയപ്പെടുന്നു. ഉപാധികളുടെ ഭേദംകൊണ്ടു ജഗത്തിന്നു ഉപാദാനകാരണമായും നിമിത്തകാരണമായുമിരിക്കുന്ന തൽപദവാച്യാർത്ഥമായ ആ പരബ്രഹ്മംതന്നെ യാതൊരു സംസാരാവസ്ഥയിൽ അല്പം രജസ്തമോ ഗുണങ്ങളുടെ കലപ്പുനിമിത്തം മലിനസത്ത്വഗുണപ്രധാനയായും അതുനിമിത്തം വിഷയങ്ങളിലുള്ള ഇച്ഛാ അതുനിമിത്തമുണ്ടായ അദൃഷ്ടരൂപമായ കർമ്മം എന്നിവയാൽ ദൂഷിച്ചതായുമിരിക്കുന്ന അവിദ്യയാകുന്ന ഉപാധിയോടുകൂടിയതായി ഭവിക്കുന്നുവോ ആ സംസാരാവസ്ഥയിൽ അവിദ്യോപാധികനായിട്ടു ആ പരമാത്മാവുതന്നെയാണ് തത്ത്വമസിമഹാവാക്യത്തിൽ ത്വം പദത്തിൻെറ വാച്യാർത്ഥമായും ഭവിക്കുന്നത്.

ലക്ഷണാവൃത്തികൊണ്ട് വാക്യാർത്ഥജ്ഞാനം

46. ത്രിതയീമപി താം മുക്ത്വാ പരസ്പരവിരോധിനീം
അഖണ്ഡം സച്ചിദാനന്ദം മഹാവാക്യേന ലക്ഷ്യതേ.

പരസ്പരവിരോധിനീം=അന്യോന്യം വിരുദ്ധയായ. താം ത്രിതയീം അപി മുക്ത്വാ=ആ മൂന്നിനേയും ഉപേക്ഷിച്ചിട്ടു. അഖണ്ഡം സച്ചിദാനന്ദം=പരിപൂർണ്ണമായ സച്ചിദാനന്ദം. മഹാവാക്യേന ലക്ഷ്യതേ=മഹാവാക്യത്താൽ ലക്ഷിക്കപ്പെടുന്നു.

തമോഗുണപ്രധാനാ, സത്ത്വഗുണപ്രധാനാ, മലിനസത്ത്വപ്രധാനാ. എന്നു മൂന്നുവിധത്തിലിരിക്കുന്നതുകൊണ്ടു അന്യോന്യവിരോധം മായയിലിരിക്കുന്നു. ആ മൂന്നിനെ ഉപാധിയായി സ്വീകരിച്ച പരബ്രഹ്മവും ഭേദപ്പെടുന്നു. ഉപാധിസംബന്ധമാണ് ഭേദത്തിന്നുകാരണം. ആ മൂന്നുപാധികളേയും ബുദ്ധിവൃത്തികൊണ്ടു ദൂരെ നീക്കീട്ടു അഖണ്ഡമായ സച്ചിദാനന്ദബ്രഹ്മം മഹാവാക്യത്തിൻെറ ലക്ഷ്യാർത്ഥം എന്നു പറയപ്പെട്ടിരിക്കുന്നു.

ഭാഗത്യാഗലക്ഷണയുടെ ദൃഷ്ടാന്ത ദാർഷ്ടാന്തങ്ങൾ.

47. സോയമിത്യാദിവാക്യേഷു വിരോധാത്തദിദംതയോഃ
ത്യാഗേന ഭാഗയോരേക ആശ്രയോ ലക്ഷ്യതേ യഥാ.

സഃ അയം ഇത്യാദിവാക്യേഷു=അവനാകുന്നു ഇവൻ എന്നിങ്ങിനെയുള്ള വാക്യങ്ങളിൽ. തദിദംതയോഃ വിരോധാത്=അത് ഇത് എന്നിവയുടെ വിരോധം നിമിത്തം. ഭാഗയോഃ ത്യാഗേന=ആ രണ്ടുഭാഗങ്ങളെ ഉപേക്ഷിക്കുന്നതുകൊണ്ടു. ഏകഃ ആശ്രയഃ=ആ രണ്ടുഭാഗങ്ങൾക്കാശ്രയമായ ഒന്ന്:—ഒരു പുരുഷൻ, യഥാ ലക്ഷ്യതേ=എപ്രകാരം ലക്ഷിക്കപ്പെടുന്നുവൊ.

വാച്യാർത്ഥത്തിൽ കാണുന്ന പരസ്പരവിരോധത്തെനീക്കി ലക്ഷ്യാർത്ഥംകൊണ്ടു ഐക്യത്തെ സാധിക്കുന്നവിധത്തെ കാണിക്കുന്നു:—

ആ ദേവദത്തൻ ഇവനാകുന്നുവെന്നിങ്ങിനെ പറയപ്പെടുന്ന വാക്യങ്ങളിൽ അവൻ എങ്ങിനെ ഇവനാകും എന്നുള്ള ചേർച്ചകേടിന്നു കാരണം കാലദേശാവസ്ഥാസംബന്ധം നിമിത്തമുണ്ടായ ധർമ്മഭേദങ്ങളാണ്. ദേവദത്തൻ എന്ന ഒരുവനെ ശൈശവത്തിൽ കണ്ടിരുന്ന ഒരാൾ ആ ദേവദത്തനെത്തന്നെ യൌവനാവസ്ഥയിൽ കാണുന്നുവെങ്കിൽ അറികയില്ല. അപ്പോൾ ബാല്യത്തിൽ കണ്ടിരുന്നവൻ ഇവനാണ് എന്നു പറഞ്ഞു ധരിപ്പിക്കാറുണ്ടല്ലൊ. ബാല്യകാലം, കണ്ടിരുന്ന സ്ഥലമാററം എന്നിങ്ങിനെയുള്ള വിരുദ്ധാംശങ്ങളെ കാണിക്കുന്നു അവൻ ഇവൻ എന്ന പദങ്ങൾ. ആ രണ്ടംശങ്ങളെ നീക്കംചെയ്തിട്ടു രണ്ടിന്നും ആശ്രയമായിരുന്ന പിണ്ഡം ഒന്നുതന്നെ എന്നു ധരിക്കുന്നതേതുവിധമോ.

48. മായാവിദ്യെ വിഹായൈവമുപാധീ പരജീവയോഃ
അഖണ്ഡം സച്ചിദാനന്ദം പരംബ്രഹ്മൈവലക്ഷ്യതേ.

ഏവം=ഇപ്രകാരം. പരജീവയോഃ=പരന്റെയും ജീവന്റെയും. ഉപാധീമായാവിദ്യേ=ഉപാധികളായ മായയേയും അവിദ്യയേയും. വിഹായ=തള്ളിക്കളഞ്ഞിട്ടു. അഖണ്ഡം സച്ചിദാനന്ദം=അഖണ്ഡവും സച്ചിദാനന്ദവുമായ. പരംബ്രഹ്മ ഏവ=പരബ്രഹ്മംതന്നെ. ലക്ഷ്യതേ=ലക്ഷിക്കപ്പെടുന്നു.

മുകളിൽപറഞ്ഞ ദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തിൽ കാണിക്കുന്നു:—അപ്രകാരം പരമാത്മാവിന്റെ ഉപാധിയായ മായയേയും ജീവാത്മാവിന്റെ ഉപാധിയായ അവിദ്യയേയും തള്ളിക്കളഞ്ഞിട്ടു അഖണ്ഡമായ സച്ചിദാനന്ദപരബ്രഹ്മം മഹാവാക്യത്താൽ ലക്ഷിക്കപ്പെടുന്നു. ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ഉപാധികളെ നീക്കംചെയ്താൽ കേവലസച്ചിദാനന്ദപരബ്രഹ്മംമാത്രം അവശേഷിക്കുന്നുവെന്നുസാരം. മായോപാധി നിമിത്തം ഈശ്വരന്റെ സ്വരൂപത്തിന്നു മറവില്ല. അവിദ്യോപാധി നിമിത്തം ജീവന്നു സ്വരൂപവിസ്മൃതിയുണ്ടായി. ദേഹത്തെ സ്വരൂപമായിട്ടു ധരിച്ചു. ആ ദോഷം നശിക്കാൻ ഗുരൂപദേശാദിസാധനസമ്പത്തിയുണ്ടാകേണം.

49. സവികല്പസ്യലക്ഷ്യത്വേ ലക്ഷ്യസ്യസ്യാദവസ്തുതാ
നിർവ്വികല്പസ്യലക്ഷ്യത്വം നദൃഷ്ടം നചസംഭവി.

സവികല്പസ്യ=വികല്പത്തോടുകൂടിയ ബ്രഹ്മത്തിന്നു. ലക്ഷ്യത്വേ=ലക്ഷ്യത്വം ഭവിക്കുന്നുവെങ്കിൽ. ലക്ഷ്യസ്യ=ലക്ഷ്യത്തിന്നു. അവസ്തുതാ സ്യാത്=മിഥ്യാത്വംഭവിക്കും. നിർവ്വികല്പസ്യ=വികല്പത്തോടുകൂടാത്തതായ ബ്രഹ്മത്തിന്നു. ലക്ഷ്യത്വം=ലക്ഷ്യമാവുക എന്നത്. നദൃഷ്ടം=കാണപ്പെട്ടിട്ടില്ല. നചസംഭവി=സംഭവിക്കുന്നതുമല്ല.

മഹാകാവ്യത്തിന്റെ ലക്ഷ്യാർത്ഥത്തിൽ പൂർവ്വപക്ഷം.

സവികല്പബ്രഹ്മമോ നിർവ്വികല്പബ്രഹ്മമോ മഹാവാക്യത്താൽ ലക്ഷിക്കപ്പെടുന്നത് എന്ന വാദം ഇവിടെ ഉണ്ടാകുന്നതായാൽ ആ മാതിരി ശങ്ക യുക്തിസഹമല്ല എന്നു അടുത്ത ശ്ലോകത്തിൽ കാണിച്ചു ലക്ഷ്യാർത്ഥത്തെ ദൃഢപ്പെടുത്തുവാൻ ഭാവിക്കുന്നു:—ഉണ്ടാകാവുന്ന ശങ്കയുടെ സ്വരൂപം:—മഹാവാക്യം ലക്ഷണാവൃത്തികൊണ്ടു നാമജാത്യാദിസഹിതമായ ബ്രഹ്മത്തെയോ, അതില്ലാത്തതിനാൽ നിർവികല്പമായ ബ്രഹ്മത്തെയോ ബോധിപ്പിക്കുന്നത് എന്നാണ് പൂർവപക്ഷം. രണ്ടിലും ദോഷമുണ്ട്. സവികല്പമാണ് ലക്ഷ്യാർത്ഥത്താൽ ബോധിപ്പിക്കപ്പെടുന്നതെങ്കിൽ ആ വസ്തു മിഥ്യയാണെന്നുവരും. നാമജാത്യാദികൾ കല്പിതങ്ങളാകയാൽ അവയോടുകൂടിയ വസ്തുവും മിഥ്യതന്നെയെന്നുവരും. നിർവികല്പമാണ് ലക്ഷിക്കപ്പെടുന്നതെങ്കിൽ, നാമജാത്യാദികളില്ലാത്ത വസ്തുവിൽ ലക്ഷിക്കത്തക്കതായ ധർമ്മങ്ങളില്ലാത്തതുകൊണ്ടു ആ വസ്തു ലക്ഷ്യമാകുന്നതായിട്ടു ലോകത്തിൽ കാണപ്പെട്ടിട്ടില്ല, സംഭവിക്കത്തക്കതുമല്ല.

50. വികല്പോ നിർവ്വികല്പസ്യ സവികല്പസ്യവാഭവേത്
ആദ്യേ വ്യാഹതിരന്യത്രാനവസ്ഥാത്മാശ്രയാദയഃ.

വികല്പഃ=അങ്ങു (പൂർവ്വപക്ഷക്കാരൻ) പറഞ്ഞതായ വികല്പം. നിർവികല്പസ്യ=നിർവ്വികല്പത്തിന്നോ. സവികല്പസ്യ വാഭവേത്=സവികല്പത്തിന്നോ ഭവിക്കുന്നത്. ആദ്യേ വ്യാഹതിഃ=ആദ്യപക്ഷത്തിൽ വ്യാഘാതം എന്ന ദോഷം. അന്യത്ര അനവസ്ഥാത്മാശ്രയാദയഃ=രണ്ടാംപക്ഷത്തിൽ അനവസ്ഥ, ആത്മാശ്രയം മുതലായ ദോഷങ്ങളുമുണ്ട്.

പൂർവ്വപക്ഷക്കാരൻ ചെയ്ത ചോദ്യത്തിൽത്തന്നെ അതിന്നുള്ള മറുപടി ഉള്ളതിനാൽ ഇതൊരു ചോദ്യംതന്നെയല്ല എന്നാണ് സിദ്ധാന്തി വികല്പപൂർവം മറുപടിപറയുന്നത്. ഇതിന്നു ജാത്യുത്തരമെന്നും അസദുത്തരമെന്നും പേർ പറയുന്നു:—ചോദ്യത്തിലുള്ള ദോഷത്തെ വെളിപ്പെടുത്തുന്നു:—ഒരു വാക്യത്തിൽത്തന്നെയുള്ള മതഭേദത്തിന്നു വികല്പമെന്നു പേർ. ഉദാഹരണം:—ഇതു ശുക്തിയോ, രജതമോ? ഈ വാക്യത്തിൽ ശുക്തിയെന്നും രജതമെന്നും മതഭേദമുള്ളതുകൊണ്ടു ശുക്തിയോ, രജതമോ എന്നു പറയുന്നതിന്നു വികല്പമെന്നു പേർ. മഹാവാക്യത്തിന്റെ ലക്ഷ്യാർത്ഥമായ ബ്രഹ്മം സവികല്പ (സഗുണ) മോ നിർവ്വികല്പ (നിർഗ്ഗുണ)മോ എന്നിപ്രകാരം പൂർവ്വപക്ഷക്കാരനാൽ പറയപ്പെട്ട വികല്പം (മതഭേദം) നിർവ്വികല്പമായ ബ്രഹ്മത്തെ ഉദ്ദേശിച്ചോ സവികല്പമായ ബ്രഹ്മത്തെ ഉദ്ദേശിച്ചോ, ചെയ്യപ്പെട്ടത്. നിർവ്വികല്പബ്രഹ്മത്തെ ഉദ്ദേശിച്ചാണെങ്കിൽ വ്യാഘാതമെന്ന ദോഷമുണ്ടെന്നു അങ്ങുതന്നെ മുമ്പെ സമ്മതിച്ചിട്ടുണ്ടല്ലൊ. ഒരേ ബ്രഹ്മത്തെ നിർവ്വികല്പം എന്നു പറഞ്ഞതിനുശേഷം അതിനെത്തന്നെ പിന്നെ സവികല്പം എന്നു പറയുന്നത് പൂർവ്വാപരവിരുദ്ധം. അതാണ് വ്യാഘാതം എന്ന ദോഷം. അതുണ്ടെന്നു അങ്ങുതന്നെ സമ്മതിച്ചിരിക്കുന്നു. സവികല്പബ്രഹ്മത്തെ ഉദ്ദേശിച്ചാണ് വികല്പം ചെയ്യപ്പെട്ടതെന്ന് രണ്ടാം

പക്ഷത്തിലാകട്ടെ അനവസ്ഥ, ആത്മാശ്രയം, അന്യോന്യാശ്രയം, ചക്രകം, എന്ന നാലുദോഷങ്ങളുണ്ട്. ഈ ഓരോ ദോഷങ്ങളുടെയും സ്വരൂപവിവരണം ചെയ്യുമ്പോൾ ഈ ഭാഗം വളരെ വർദ്ധിക്കും. അററമില്ലാത്ത വികല്പകല്പനം വന്നുചേരും എന്നുമാത്രമാണ്, ഒട്ടാകെയുള്ള സാരാംശം. മഹാവാക്യത്തിന്റെ ലക്ഷ്യാർത്ഥം സവികല്പബ്രഹ്മമാണെന്നുവന്നാൽ ആ വസ്തു മിത്ഥ്യയാണെന്നുവരും. അപ്പോൾ ലക്ഷ്യാർത്ഥമില്ലെന്നാണ് സിദ്ധിക്കുക. അതുകൊണ്ടു പൂർവ്വപക്ഷം അസംഗതമെന്നാണ് സിദ്ധാന്തി ഉറപ്പിക്കുന്നത്.

സിദ്ധാന്തിയുടെ ജാത്യുത്തരം അനാത്മവസ്തുക്കളെയെല്ലാം വ്യാപിക്കുമെന്നും സദുത്തരമെന്താണെന്നും കാണിക്കുന്നു.

51. ഇദം ഗുണക്രിയാജാതിദ്രവ്യ സംബന്ധവസ്തുഷു
സമം തേന സ്വരൂപസ്യ സർവമേത ദിതീഷ്യതാം.

ഇദം=വികല്പപൂർവ്വകമായ ഈ ദൂഷണം. ഗുണക്രിയാജാതി ദ്രവ്യസംബന്ധവസ്തുഷു=ഗുണം, ക്രിയാ, ജാതി ദ്രവ്യം, സംബന്ധം എന്നീ പദാർത്ഥങ്ങളിലെല്ലാം സമം=തുല്യം. തേന ഏതത് സർവ്വം=അതുകൊണ്ടു ഇതെല്ലാം. സ്വരൂപസ്യ ഇതി ഇഷ്യതാം=അതാതിന്റെ സ്വരൂപത്തിന്നാണെന്നു അംഗീകരിച്ചുകൊൾക.

ഇപ്പോൾ കാണിച്ചതായ ദൂഷണം, ഈ വികല്പപക്ഷത്തിൽ മാത്രമല്ല, ഗുണാദികളായ അനാത്മവസ്തുക്കളിലെല്ലാം വ്യാപിക്കുന്നതാകുന്നു. ഇതിന്നു മുമ്പെ കാണിച്ച വ്യാഘാതം മുതലായ എല്ലാ ദോഷങ്ങളും, ഗുണം, ക്രിയ, ജാതി, ദ്രവ്യം, സംബന്ധം എന്ന അഞ്ചിലും ഒരുപോലെ വ്യാപിക്കും. ഗുണമെന്നത് സഗുണത്തിലൊ നിർഗ്ഗുണത്തിലൊ, ക്രിയയെന്നത് ക്രിയാസഹിതത്തിലൊ, ക്രിയാരഹിതത്തിലൊ എന്നിങ്ങിനെ ഗുണാദികളായ അഞ്ചു പദാർത്ഥങ്ങളെക്കുറിച്ചും വികല്പിക്കാം. അവയിലെല്ലാം അനവസ്ഥ, ആത്മാശ്രയം മുതലായ ദോഷങ്ങളും വന്നുചേരും. അതുകൊണ്ട് ഇതൊരു ചോദ്യമല്ല. ഇതാണ് അസദുത്തരം എന്നു പറയപ്പെടുന്നത്. സദുത്തരം എന്തെന്നു പറയാം:—ഗുണാദികൾ അതാതു വസ്തുക്കളുടെ സ്വരൂപത്തിലിരിക്കുന്നുവെന്നറിഞ്ഞുകൊള്ളേണം. കല്പിതതാദാത്മ്യസംബന്ധത്താൽ ഗുണാദികൾ സ്വരൂപത്തെ ആശ്രയിച്ചു വിളങ്ങുന്നുവെന്നു സാരം.

52. വികല്പതദഭാവാഭ്യാ മസംസ്പൃഷ്ടാത്മവസ്തുനി
വികല്പിതത്വലക്ഷ്യത്വ സംബന്ധാദ്യാസ്തുകല്പിതാഃ.

വികല്പതദഭാവാഭ്യാം=വികല്പം, അതിന്റെ അഭാവം എന്ന രണ്ടിനാലും. അസംസ്പൃഷ്ടാത്മവസ്തുനി=സ്പർശിക്കപ്പെടാതിരിക്കുന്ന ആത്മവസ്തുവിൽ. വികല്പിതത്വലക്ഷ്യത്വസംബന്ധാദ്യാഃ തു=വികല്പിതത്വം, ലക്ഷ്യത്വം സംബന്ധം മുതലായവയാകട്ടെ. കല്പിതാഃ=കല്പിതങ്ങളാകുന്നു.

അനാത്മവസ്തുക്കളിൽ എല്ലാം ഇപ്രകാരം വികല്പാദികൾ സംഭവിക്കുമെന്നുള്ള സദുത്തരം പറഞ്ഞതുകൊണ്ടു പ്രകൃതമായ ആത്മപ്രസംഗത്തിൽ സംഭവിച്ചതെന്താണെന്ന ചോദ്യത്തിന്നുത്തരം പറയുന്നു:— വികല്പം, വികല്പാഭാവം എന്നിവ ഒന്നിനോടും സംബന്ധപ്പെടാത്തതായ പ്രത്യഗഭിന്നപരമാത്മവസ്തുവിൽ "വികല്പമുള്ളത് നിർവ്വികല്പത്തിലൊ സവികല്പത്തിലൊ" എന്നും മററുമുള്ള വികല്പമാകട്ടെ സംബന്ധം, ഗുണം, ക്രിയ, ജാതി, ദ്രവ്യം എന്നിവയാകട്ടെ, സർവ്വവും രജ്ജുവിൽ സർപ്പമെന്നപോലെ കല്പിതങ്ങളാകുന്നു. വാസ്തവത്തിൽ ആത്മാവിനെ ഇവയൊന്നും സ്പർശിക്കുന്നതേയില്ല.

സംബന്ധം മുതലായ പദാർത്ഥങ്ങളുടെ വിവരണം.

1. സംബന്ധം:—പ്രതിയോഗിയുടെ അപേക്ഷയോടുകൂടിയ ജ്ഞാനത്തെ സംബന്ധം എന്നു പറയുന്നു. യാതൊന്നിന്റെ സംബന്ധം മറെറാന്നിലിരിക്കുന്നുവോ ആയതു സംബന്ധത്തിന്റെ പ്രതിയോഗി. യാതൊന്നിൽ മറെറാന്നിന്റെ സംബന്ധം ഇല്ലാതിരിക്കുന്നുവോ ആയതു സംബന്ധത്തിന്റെ അനിയോഗി. ഉദാഹരണം:—ഭൂതലത്തിൽ ഘടമുണ്ട് എന്ന ദിക്കിൽ ഘടത്തിന്റെ സംബന്ധം ഭൂതലത്തിലുള്ളതുകൊണ്ടു ഘടം പ്രതിയോഗിയും ഭൂതലം അനിയോഗിയുമാകുന്നു. പ്രതിയോഗിയോടുകൂടിയ ജ്ഞാനം ഏതാണെങ്കിൽ ഭൂതലത്തിൽ ഘടമുണ്ട് എന്ന ജ്ഞാനമാകുന്നു. ഈ ജ്ഞാനത്തിന്റെ വിഷയമാകുന്നത് ഭൂതലത്തിലിരിക്കുന്ന ജ്ഞാനത്തിന്റെ ചേർച്ചയാകയാൽ ആ ചേർച്ചക്കു സംബന്ധം എന്നു പേർ. രണ്ടു പദാർത്ഥങ്ങൾ തമ്മിലുണ്ടാകുന്ന ചേർച്ച യാതൊന്നൊ അതാകുന്നു സംബന്ധം എന്നു താല്പര്യം. അപ്രകാരമുള്ള സംബന്ധം, സംയോഗം താദാത്മ്യം എന്ന രണ്ടു പ്രകാരത്തിലാണ്. രണ്ടുദ്രവ്യങ്ങൾ തമ്മിലുണ്ടാകുന്ന ചേർച്ചക്കു സംയോഗസംബന്ധം എന്നു പേർ. ഭേദസഹിതാഭേദത്തിന്ന്:—കല്പിതഭേദത്തോടുകൂടിയ വാസ്തവാഭേദത്തിന്നു—താദാത്മ്യസംബന്ധം എന്നു പേർ. ഇതിനെത്തന്നെയാണ് അനിർവ്വചനീയമായ (കല്പിത) താദാത്മ്യസംബന്ധമെന്നും സ്വരൂപസംബന്ധമെന്നും പറഞ്ഞുവരുന്നത്. ഇനി താർക്കികമതത്തിൽ ഗുണഗുണികൾക്കും, ജാതിവ്യക്തികൾക്കും ക്രിയാക്രിയയോടുകൂടിയതുകൾക്കും ഉപാദാനകാരണം അതിന്റെ കാര്യം ഇവകളും തമ്മിലുള്ള സംബന്ധത്തെ സമവായസംബന്ധമെ

ന്നും അവ ഒരിക്കലും വിട്ടുപിരിയാതെ എപ്പോഴും സംബദ്ധങ്ങളായിത്തന്നെയിരിക്കുകയാൽ അവയുടെ സമവായമായ സംബന്ധം നിത്യമാണെന്നും നാശിക്കാത്തതാണെന്നും പറയുന്നു.

സർവ്വമതങ്ങളിലുംവെച്ച് ശ്രേഷ്ഠമായ ഈ വേദാന്തമതത്തിൽ ആ സമവായസംബന്ധം ആവശ്യമില്ലാത്തതാണ്. എന്തെന്നാൽ പശുവെന്നുള്ള വ്യക്തിയിൽ പശുത്വം എന്ന ജാതിയുണ്ട്. അതു പശുവിൽനിന്നു വേറേയുള്ളതല്ല. പശുവിൽ പശുത്വം പശുരൂപമായി തന്നെയുള്ളതാകയാൽ പശുവിന്നും പശുത്വത്തിന്നുമുള്ള സംബന്ധം താദാത്മ്യസംബന്ധമാകുന്നു. അതുപോലെത്തന്നെ ഗുണഗുണികൾക്കും ക്രിയാക്രിയകളോടു കൂടിയതുകൾക്കും ഉപാദാനകാരണകാര്യങ്ങൾക്കും തമ്മിലുള്ള സംബന്ധം താദാത്മ്യസംബന്ധമാകുന്നു.

2. ദ്രവ്യം:—ഗുണത്തിന്നാശ്രയമായി ഭവിക്കുന്നതു യാതൊന്നോ അതാകുന്നു ദ്രവ്യം. അങ്ങിനെയുള്ള ദ്രവ്യം ന്യായമതത്തിൽ പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം, കാലം, ദിക്ക്, ആത്മാ, മനസ്സ് എന്നിങ്ങിനെ 9 വിധത്തിലാണെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

3. ഗുണം:—ജാതിക്കുമാത്രം ആശ്രയമായും കർമ്മത്തിൽനിന്നന്യമായും ഉള്ളതു യാതൊന്നോ ആയതു ഗുണം. ജാതിക്കുമാത്രം ആശ്രയമായി ഭവിക്കുന്നതു ഗുണവും കർമ്മവുമാകയാൽ കർമ്മത്തിൽ അതിവ്യാപ്തിയെന്ന ദോഷം ഉണ്ടാകാതിരിപ്പാൻവേണ്ടി കർമ്മത്തിൽനിന്നന്യമായ എന്നുകൂടി പറഞ്ഞതാണ്. അപ്രകാരമുള്ള ഗുണങ്ങളാകട്ടെ:—രൂപം, രസം, ഗന്ധം, സ്പർശം, സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, ഗുരുത്വം, ദ്രവത്വം, സ്നേഹം, ശബ്ദം, ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാ, ദ്വേഷം, പ്രയത്നം, ധർമ്മം, അധർമ്മം, സംസ്കാരം, എന്നിങ്ങിനെ 24 വിധത്തിലാണെന്നു നൈയ്യായികന്മാർ പറയുന്നു.

4. ജാതി:—നിത്യമായും ഏകമായും അനേകാശ്രയങ്ങളിൽ (വ്യക്തികളിൽ) സമവായസംബന്ധത്താലിരിക്കുന്നതായും ഉള്ളതു യാതൊന്നോ അതിന്നു സാമാന്യമെന്നു പേർ. അതിനെത്തന്നെ ജാതിയെന്നും പറയും. ഉദാഹരണം:—ദ്രവ്യത്വം, ഗുണത്വം, പശുത്വം, അശ്വത്വം മുതലായവ.

5. ക്രിയ:—ചലനാത്മകം. ഇളകുക എന്നതിന്നു കർമ്മമെന്നും ക്രിയയെന്നും പേർ. വാഗാദികളായ അഞ്ചിന്ദ്രിയങ്ങൾകൊണ്ടു ചെയ്യുന്ന എല്ലാ വ്യാപാരവും ക്രിയയെന്നതിലുൾപ്പെടും.

53. ഇത്ഥംവാക്യൈസ്തദർത്ഥാനുസന്ധാനം ശ്രവണംഭവേത്
യുക്ത്യാസംഭാവിതത്വാനുസന്ധാനം മനനംതുതത്.

ഇത്ഥംവാക്യൈഃ=ഇപ്രകാരം മഹാവാക്യങ്ങളെകൊണ്ട്. തദർത്ഥാനുസന്ധാനം=അവയുടെ അർത്ഥമായ ജീവബ്രഹ്മൈക്യത്തെ അനുസന്ധാനം ചെയ്യുന്നത്. ശ്രവണംഭവേത്=ശ്രവണമാകും. യുക്ത്യാസംഭാവിതത്വാനുസന്ധാനം=യുക്തികൊണ്ടു ആ അർത്ഥം സംഭവിക്കുന്നതോ എന്നുള്ള നിരൂപണം യാതൊന്നോ. തത്തുമനനംഭവേത്=അതാകട്ടെ മനനമാകുന്നു.

ഇതുവരെ കഴിഞ്ഞ ശ്ലോകങ്ങളിലടങ്ങിയ സാരം പറയുന്നു:—മുകളിൽ കാണിച്ച വിധത്തിൽ മഹാവാക്യങ്ങളുടെ അർത്ഥം ഗുരുമുഖത്തിൽനിന്നു ശ്രദ്ധാപൂർവ്വം കേൾക്കുകയും അവയുടെ അർത്ഥമായ ജീവബ്രഹ്മൈക്യത്തെ കുറിച്ച് വിചാരിക്കയും ചെയ്ക എന്നതിനെ ശ്രവണമെന്നും ആ അർത്ഥം സംഭവിക്കത്തക്കതുതന്നെയോ എന്നു യുക്തിപൂർവ്വം ആലോചിക്കുന്നതിനെ മനനമെന്നും പറയുന്നു.

54. താഭ്യാം നിർവ്വിചികിത്സേർത്ഥേ ചേതസഃസ്ഥാപിതസ്യയത്
ഏകതാനത്വമേതദ്ധി നിദിദ്ധ്യാസനമുച്യതേ.

താഭ്യാം നിർവിചികിത്സേർത്ഥേ=ആ രണ്ടുകൊണ്ടു സംശയംകൂടാതെ സിദ്ധിച്ച അർത്ഥത്തിൽ. സ്ഥാപിതസ്യചേതസഃ=ഉറപ്പിക്കപ്പെട്ട മനസ്സിന്റെ. ഏകതാനത്വംയത്=ഏകാഗ്രതയാതൊന്നൊ. ഏതത് നിദിദ്ധ്യാസനം=ഇത് നിദിദ്ധ്യാസനം എന്ന്. ഉച്യതേഹി=പറയപ്പെടുന്നതു പ്രസിദ്ധം.

ശ്രവണമനനങ്ങൾകൊണ്ടു സംശയരഹിതമായി സിദ്ധിച്ച അർത്ഥമായ ആത്മാവിൽ മനസ്സിനെ സ്ഥിരപ്പെടുത്തി ചലിക്കാതെയാക്കുവാനുള്ള അഭ്യാസത്തെ നിദിദ്ധ്യാസനം എന്നു പറയുന്നതു പ്രസിദ്ധമാകുന്നു. ഈ നിദിദ്ധ്യാസനത്തെ യോഗശാസ്ത്രത്തിൽ അന്തഃകരണവൃത്തിയാകുന്ന ജ്ഞാനത്തിന്റെ ഏകാകാര പരിണാമസ്വരൂപമായ ധ്യാനമെന്നു പറയുന്നുവെന്നു കാണിപ്പാനാണ് പ്രസിദ്ധാർത്ഥം കാണിക്കുന്ന ഹി എന്ന ശബ്ദം പ്രയോഗിച്ചിരിക്കുന്നത്. "തത്രപ്രത്യയൈകതാനതാധ്യാനം" എന്നാണ് പതഞ്ജലിയുടെ യോഗസൂത്രം. വേദാന്തത്തിൽ നിദിധ്യാസനമെന്നു പറഞ്ഞിരിക്കുന്നു. ധ്യാനമെന്നും പറയാറുണ്ട്.

സമാധിസ്വരൂപം.

55. ധ്യാതൃധ്യാനേ പരിത്യജ്യ ക്രമാദ്ധ്യേയൈകഗോചരം
നിവാതദീപവച്ചിത്തം സമാധിരഭിധീയതേ.

ധ്യാതൃധ്യാനേ=ധ്യാതാവിനെയും ധ്യാനത്തെയും. ക്രമാൽപരിത്യജ്യ=ക്രമത്തിൽ ഉപേക്ഷിച്ചിട്ട്. ധ്യേയൈകഗോചരം=ധ്യേയത്തെ മാത്രം വിഷയമാക്കിയും. നിവാതദീപവൽചിത്തം=കാററില്ലാത്ത സ്ഥലത്തിലെ ദീപംപോലെയുമിരിക്കുന്ന ചിത്തം. സമാധിഃഅഭിധീയതേ=സമാധിയെന്നു പറയപ്പെടുന്നു.

മുൻപറഞ്ഞ നിദിധ്യാസനത്തിൻെറ പരിപാകസ്വരൂപമായ സമാധിയുടെ ലക്ഷണം പറയുന്നു:—നിദിധ്യാസനത്തിൻെറ പ്രാരംഭത്തിൽ ധ്യാനിക്കുന്നവൻ ധ്യാനം, ധ്യാനിപ്പാനുള്ള വിഷയം എന്ന മൂന്നെണ്ണമുണ്ട്. ഈ മൂന്നിനുംകൂടി ത്രിപുടിയെന്നു പേർ. അഭ്യാസബലത്താൽ ചിത്തം, ധ്യാതാവിനെയും ധ്യാനം എന്ന പ്രവൃത്തിയേയും ഉപേക്ഷിച്ചിട്ടു ധ്യേയംമാത്രം വിഷയത്തോടുകൂടിയതായിട്ടു എപ്പോൾ ഭവിക്കുന്നുവോ അപ്പോൾ ചിത്തത്തിൻെറ ആ നിലക്ക് സമാധിയെന്നു പേർ. കാററില്ലാത്ത സ്ഥലത്തിലെ ദീപമെന്നപോലെ നിശ്ചലമായ ചിത്തസ്ഥിതിതന്നെ സമാധിയെന്നു സാരം.

സമാധിവിഷയമായി ആക്ഷേപസമാധാനങ്ങൾ.

56. വൃത്തയസ്തു തദാനീമജ്ഞാതാ അപ്യാത്മഗോചരാഃ
സ്മരണാദനുമീയന്തേ വ്യുത്ഥിതസ്യ സമുത്ഥിതാത്.

ആത്മഗോചരാഃ=ആത്മാവിനെ വിഷയീകരിച്ചതായ. വൃത്തയഃ=വൃത്തികളാകട്ടെ. തദാനീം അജ്ഞാതാഃ അപി=അപ്പോൾ അറിയപ്പെടാത്തവയായിരുന്നുവെങ്കിലും. വ്യുത്ഥിതസ്യ=വ്യുത്ഥാനം ചെയ്തവന്നു. സമുത്ഥിതാത്=സമ്യക്കായുണ്ടാകുന്നതായ. സ്മരണാത്=സ്മരണത്തിൽനിന്ന്. അനുമീയന്തേ=അനുമാനിക്കപ്പെടുന്നു.

സമാധിയിൽ ചിത്തവൃത്തിയടങ്ങിയിരുന്നതിനാൽ ധ്യേയത്തെ മാത്രം വിഷയമാക്കിയിരുന്നുവെന്നു നിശ്ചയിക്കുന്നതെങ്ങിനെയെന്ന ശങ്കക്ക സമാധാനം:—ആത്മാവിനെ ആശ്രയിച്ചിരുന്ന ചിത്തവൃത്തികൾ സമാധിസമയത്തിൽ അറിയപ്പെടാതിരുന്നുവെങ്കിലും സമാധിയിൽനിന്നുണൎന്നവന്നു ഇത്രനേരം ഞാൻ സമാഹിതനായിരുന്നുവെന്നുള്ള സ്മൃതിയുണ്ടാകുന്നുവല്ലൊ. സ്മൃതിയുണ്ടാകുന്നത് അനുഭവത്തിൽനിന്നാകയാൽ സമാധിസമയത്തിൽ ആനന്ദം അനുഭവിച്ചിരുന്നുവെന്നു അനുമാനപ്രമാണത്താൽ സിദ്ധിക്കുന്നുണ്ട്. അതിനാൽ ആനന്ദത്തെ വിഷയീകരിച്ച വൃത്തി സമാധിയിലുണ്ടായിരുന്നു. അതു സ്ഥൂലമായിരുന്നില്ല; അതിസൂക്ഷ്മമായിരുന്നു. അതിനാൽ ആ സമയത്തിൽ അപ്രകടമായിരുന്നുവെന്നൂഹിച്ചറിയേണം.

57. വൃത്തീനാമനുവൃത്തിസ്തു പ്രയത്നാൽ പ്രഥമാദപി
അദൃഷ്ടാസകൃദഭ്യാസസംസ്കാരസചിവാദ്ഭവേത്.

വൃത്തീനാംഅനുവൃത്തിഃതു=വൃത്തികളുടെ അനുവൃത്തിയാകട്ടെ. പ്രഥമാത്അപി=സമാധിക്കുമുമ്പുള്ളതായും. അദൃഷ്ടാസകൃദഭ്യാസസംസ്കാരസചിവാത്=അദൃഷ്ടം, അനവരതാഭ്യാസസംസ്കാരം എന്ന രണ്ടു സഹകാരികാരണങ്ങളോടുകൂടിയതുമായ. പ്രയത്നാത് ഭവേത്=പ്രയത്നത്തിൽനിന്നുണ്ടാകും.

സമാധിയിൽ വൃത്തികളെ ഉണ്ടാക്കുവാനുള്ള പ്രയത്നമില്ലാത്തതുകൊണ്ടു എങ്ങിനെ വൃത്തികളുടെ അനുവൃത്തിയുണ്ടാകും. വൃത്തികളുണ്ടായാൽ മാത്രമല്ലെ അനുവൃത്തിക്കവകാശമുള്ളൂ. വൃത്തി തന്നെയുണ്ടാകാതിരിക്കേ അനുവൃത്തിയുണ്ടാകാനവകാശമില്ലല്ലൊ എന്നുള്ള ശങ്കക്ക സമാധാനം:—സമാധികാലത്തിൽ വൃത്തിയുണ്ടാവാൻ പ്രയത്നിക്കുന്നില്ലെങ്കിലും ധ്യേയമായ ആത്മാവിനെ വിഷയീകരിച്ച ശുദ്ധചിത്തവൃത്തിയുടെ പ്രവാഹാനുഗതി സമാധിസിദ്ധിക്കുവേണ്ടി ചെയ്തിരുന്ന പ്രഥമപ്രയത്നത്തിൻെറയും, നിരന്തരാഭ്യാസത്തിൽനിന്നുണ്ടായ സംസ്കാരത്തിൻെറയും അദൃഷ്ടത്തിൻെറയും സഹായത്തിൽനിന്നുണ്ടാകുന്നു. യോഗിയേയും കർമ്മം ബാധിച്ചിട്ടുണ്ടെന്നു "കർമ്മാ ശുക്ലകൃഷ്ണം യോഗിനസ്ത്രിവിധമിതരേഷാം" എന്ന പാതഞ്ജലയോഗസൂത്രത്തിൽനിന്നു അറിയുന്നതാണ്. സൂത്രാൎത്ഥം:—അശുക്ലവും അകൃഷ്ണവുമാണ് യോഗിയുടെ കർമ്മം. മററു സാധാരണന്മാരുടെ കർമ്മം ശുക്ലം കൃഷ്ണം ശുക്ലകൃഷ്ണം എന്ന മൂന്നു വിധത്തിലാണെന്നു പ്രസിദ്ധമാകുന്നു. കൃഷ്ണം—ശുക്ലകൃഷ്ണം—ശുക്ലം—അശുക്ലകൃഷ്ണം ഇങ്ങിനെ 4 വിധം കർമ്മം. ശുക്ലകൃഷ്ണം ബഹിർമ്മുഖവൃത്തിക്ക കാരണം. ആ കർമ്മബന്ധമുള്ളവർ പരോപകാരവും ഉപദ്രവവും ചെയ്യുന്ന സ്വഭാവക്കാരായിരിക്കും. തപസ്സ് സ്വാദ്ധ്യായം എന്നിവയിൽ പ്രവൃത്തിയുള്ളവരുടെ കർമ്മം ശുക്ലം. അതു ബഹിർമ്മുഖവൃത്തിക്ക കാരണമല്ലാത്തതിനാൽ പരോപദ്രവാദികൾക്കിടവരുത്തുകയില്ല. അശുക്ലവും അകൃ

ഷ്ണവുമായ കർമ്മബന്ധമുള്ളവരാണ് അവിദ്യാദിപഞ്ചക്ലേശങ്ങളിൽനിന്നകന്നും ഫലാകാംക്ഷകൂടാതെ ലോകത്തെ അനുഗ്രഹിച്ചുംകൊണ്ടു ചരമശരീരത്തെ ധരിച്ചിരിക്കുന്ന സന്യാസികൾ. പതഞ്ജലിയുടെ ഈ സൂത്രത്തിൽ പറഞ്ഞതായ അശുക്ലകൃഷ്ണകർമ്മത്തിന്റെ-പുണ്യവിശേഷത്തിന്റെ-സഹായവും പ്രഥമ പ്രയത്നവും നിരന്തരാഭ്യാസഫലഭൂതമായ സംസ്കാരവുംനിമിത്തം ആത്മാനന്ദത്തെ വിഷയീകരിച്ച വൃത്തിയുടെ അനുവൃത്തി-പ്രവാഹം. ഉണ്ടാകുമെന്നു സാരം യോഗികളുടെ അദൃഷ്ടത്തിനു അശുക്ലകൃഷ്ണം എന്നാകുന്നു പേർ. അങ്ങിനെയുള്ള അദൃഷ്ടം ഒന്ന്. അടിക്കടി ചെയ്യപ്പെടുന്ന സമാധിയുടെ അഭ്യാസം കൊണ്ടുണ്ടാകുന്ന ഭാവനാസംസ്കാരം മറ്റൊന്ന്. ഈ രണ്ടു കാരണങ്ങളുടെ സഹായത്തോടുകൂടിയ പ്രയത്നം യാതൊന്നോ-അതായത് ആ സമാധിക്കുമുമ്പുള്ള പുരുഷപ്രയത്നം. അതുകൊണ്ടുതന്നെ സമാധികാലത്തിലും ബ്രഹ്മമായ ധ്യേയവസ്തുവിനെമാത്രം വിഷയീകരിച്ചിരുന്ന വൃത്തികളുടെ അനുവൃത്തി-പ്രവാഹരൂപമായ തുടച്ച ഉണ്ടാകുന്നു. ഭാവനാസംസ്കാരം എന്നു മുകളിൽ പറഞ്ഞതിന്റെ സ്വരൂപം വിവരിക്കാം:—സ്മരണത്തിന്ന് അനുഭവജ്ഞാനം സാക്ഷാൽ കാരണമായി ഭവിക്കുന്നതല്ല. പരമ്പരാ കാരണമാകുന്നു. എന്തെന്നാൽ കാര്യത്തിന്നു അവ്യവഹിത-അടുത്ത-പൂർവ്വകാലത്തിലുള്ള കാരണമാകുന്നു, സാക്ഷാൽ കാരണം. അനുഭവമാകട്ടെ അങ്ങിനെയുള്ളതല്ല. സ്മൃതിക്കു എത്രയോകാലം മുമ്പാകുന്നു അനുഭവമുണ്ടാകുന്നത്. ആകയാൽ സ്മരണത്തിന്നടുത്ത പൂർവ്വകാലത്തിൽ, പൂർവ്വം ഉണ്ടായിരിക്കുന്ന അനുഭവത്തിൽനിന്നും ജന്യമായ സംസ്കാരം എന്നൊരു പദാർത്ഥം ഉണ്ടെന്നു സ്വീകരിക്കേണ്ടതായിരിക്കുന്നു. അതിന്നു ഭാവനാസംസ്കാരം എന്നു പേർ. അങ്ങിനെയാകുമ്പോൾ അനുഭവജന്യമായും സ്മരണത്തിന്നു കാരണമായും ഇരിക്കുന്നതു ഭാവനാസംസ്കാരം എന്നു സിദ്ധിക്കുന്നു.

58. യഥാ ദീപോനിവാതസ്ഥ ഇത്യാദിഭിരനേകധാ
ഭഗവാനിമ മേവാർത്ഥമർജ്ജുനായ ന്യരൂപയത്.

യഥാദീപഃ നിവാതസ്ഥഃ=എപ്രകാരമോ ദീപം കാററില്ലാത്ത സ്ഥലത്തിൽ. ഇത്യാദിഭിഃ അനേകധാ= എന്നിപ്രകാരം അനേകവിധത്തിൽ. ഭഗവാൻ=ശ്രീകൃഷ്ണഭഗവാൻ. അർജ്ജുനായ=അർജ്ജുനനോട്. ഇമം ഏവ അർത്ഥം=ഈ അർത്ഥത്തെത്തന്നെ. ന്യരൂപയത്=നിരൂപണംചെയ്തു (ഉപദേശിച്ചു)

ഈ സമാധിയോഗം പൂർവ്വാചാര്യന്മാരാൽ നിരൂപിക്കപ്പെട്ടിട്ടില്ല എന്നാരാനും ശങ്കിക്കുന്നുണ്ടെങ്കിൽ അവരോടു പറയുന്ന സമാധാനം:—കാററില്ലാത്ത സ്ഥലത്തുള്ള ദീപമെന്നപോലെയിരിക്കും ആത്മാനന്ദാനുഭവയോഗ്യമായ ചിത്തം. എന്നിപ്രകാരം അനേകവിധത്തിൽ ശ്രീകൃഷ്ണഭഗവാൻ-ജ്ഞാനാദികളായ ആറുഗുണങ്ങൾ തികഞ്ഞിരിക്കുന്ന പരമാത്മാ-പരമഗുരു-പ്രിയനായ അർജ്ജുനനുപദേശിച്ചിരിക്കുന്നു.

സമാധിയുടെ അവാന്തരഫലം

59. അനാദാവിഹസംസാരേ സഞ്ചിതാഃ കർമ്മകോടയഃ
അനേന വിലയംയാന്തി ശുദ്ധോ ധർമ്മോവിവർദ്ധതേ.

അനാദൌ ഇഹസംസാരേ=അനാദിയായ ഈ സംസാരത്തിൽ. സഞ്ചിതാഃ കർമ്മകോടയഃ=സമ്പാദിച്ചിട്ടുള്ള കർമ്മകോടികൾ. അനേന വിലയംയാന്തി=ഇതുകൊണ്ടു വിലയം പ്രാപിക്കും ശുദ്ധഃ ധർമ്മഃ വിവർദ്ധതേ=ശുദ്ധമായ ധർമ്മം വർദ്ധിക്കും.

ഈ സമാധിയുടെ അവാന്തരഫലം പറയുന്നു:—അപ്രധാനവും പ്രധാനഫലത്തിന്നു കാരണവുമായ ഫലത്തിന്നു അവാന്തരഫലം എന്നു പേർ. എന്നുമുതല്ക്കാരംഭിച്ചുവെന്നു നിശ്ചയമില്ലാത്തതായ ഈ സംസാരത്തിൽ സമ്പാദിച്ചിട്ടുള്ള പുണ്യപാപരൂപങ്ങളായ അപരിമിതകർമ്മങ്ങൾ ഈ സമാധിലാഭത്താൽ മൂലത്തോടുകൂടെ നശിക്കും. അവിദ്യയുടെ വിലാസത്തിലുണ്ടായിരുന്ന ഭ്രമത്തെ രണ്ടാമതുണ്ടാകാത്ത വിധത്തിൽ ആത്മസാക്ഷാൽകാരത്തെ സാധിപ്പിക്കുന്നതായ ധർമ്മം വർദ്ധിക്കയും ചെയ്യുന്നു. "ക്ഷീയന്തേ ചാസ്യകർമ്മാണി തസ്മിൻദൃഷ്ടേപരാവരേ" പരമാത്മസാക്ഷാൽകാരത്തിൽ പ്രാരബ്ധം, സഞ്ചിതം, ആഗാമികം, എന്ന മൂന്നുവിധ കർമ്മങ്ങളും നശിക്കുമെന്നുള്ള ശ്രുതിവാക്യവും "ജ്ഞാനാഗ്നിഃ സർവ്വകർമ്മാണി ഭസ്മസാത് കുരുതേർജ്ജുന!" ജ്ഞാനമാകുന്ന അഗ്നി സർവ്വകർമ്മങ്ങളെയും ഭസ്മമാക്കുന്നുവെന്നുള്ള ഭഗവദുപദേശവും ഇവിടെ പ്രമാണങ്ങളാകുന്നു.

സമാധിയിൽനിന്നു ധർമ്മവൃദ്ധിക്കുള്ള കാരണം.

60. ധർമ്മമേഘമിമംപ്രാഹുഃ സമാധിം യോഗവിത്തമാഃ
വർഷത്യേഷ യതോ ധർമ്മാമൃതധാരാഃ സഹസ്രശഃ.

യോഗവിത്തമാഃ=യോഗത്തെ ഏററവും നന്നായറിഞ്ഞവർ. ഇമം സമാധിം=ഈ സമാധിയെ—നിർവികല്പസമാധിയെ—ധർമ്മമേഘംപ്രാഹുഃ=ധർമ്മമേഘമെന്നു പറയുന്നു. യതഃ ഏഷഃ=എന്തുകൊണ്ടെന്നാൽ ഇതു. ധർമ്മാമൃതധാരാഃ==ധർമ്മാമൃതധാരകളെ. സഹസ്രശഃ വർഷതി=അവധിയില്ലാതെ വർഷിക്കുന്നു.

ഈ സമാധി ഇത്ര മഹത്താണെന്നു കാണിക്കുന്ന പ്രമാണം പറയുന്നു:—ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചിട്ടുള്ള മഹാത്മാക്കൾ ഈ നിർവ്വികല്പസമാധിയെ ധർമ്മമേഘമാണെന്നു പറഞ്ഞിരിക്കുന്നു. അതിനുള്ള കാരണം:—ഇതു ധർമ്മലക്ഷണകളായ അമൃതധാരകളെ കണക്കാക്കാൻ കഴിയാത്ത വിധത്തിൽ അത്യധികം ചൊരിയുന്നു. "ക്ഷണമേകം ക്രതുശതസ്യാപി" ക്ഷണകാലം നിർവ്വികല്പസമാധി ലഭിച്ചാലുള്ള ഫലം നൂറ യാഗം ചെയ്താലും ലഭിക്കയില്ല എന്നർത്ഥമായ ശ്രുതിയും പ്രമാണം. അതുകൊണ്ടു ഈ സമാധി ധർമ്മമേഘമാണെന്നഭിപ്രായം.

61. അമുനാവാസനാജാലേ നിശ്ശേഷം പ്രവിലാപിതേ
സമൂലോന്മൂലിതേപുണ്യ പാപാഖ്യേ കർമ്മസഞ്ചയേ.

62. വാക്യമപ്രതിബന്ധം സത് പ്രാക് പരോക്ഷാവഭാസിതേ
കരാമലകവൽബോധ മപരോക്ഷം പ്രസൂയതേ.

അമുനാവാസനാജാലേ=ഇതിനാൽ വാസനാസമൂഹം. നിശ്ശേഷം പ്രവിലാപിതേ=ബാക്കിയില്ലാത്തവിധം നശിപ്പിക്കപ്പെട്ടു. പുണ്യപാപാഖ്യേ=പുണ്യം പാപം എന്നു പേരുള്ള. കർമ്മസഞ്ചയേ=കർമ്മസമൂഹം. സമൂലോന്മൂലിതേ=മൂലത്തോടുകൂടെ നശിപ്പിക്കപ്പെട്ടുമിരിക്കുമ്പോൾ. വാക്യം അപ്രതിബന്ധം സത്=മഹാവാക്യം പ്രതിബന്ധരഹിതമായിട്ട്. പ്രാക് പരോക്ഷാവഭാസിതേ (തത്വേ)=മുമ്പേ പരോക്ഷമായി പ്രകാശിപ്പിക്കപ്പെട്ട തത്വത്തിൽ. കരാമലകവത്=കയ്യിലെ നെല്ലിക്കയെന്നപോലെ. അപരോക്ഷംബോധം=അപരോക്ഷമായ ബോധത്തെ. പ്രസൂയതേ=ജനിപ്പിക്കുന്നു.

സമാധിയുടെ പരമഫലത്തെ പറയുന്നു:—ഈ നിർവ്വികല്പസമാധികൊണ്ടു ജ്ഞാനവിരോധികളായിരുന്ന അഹങ്കാരാദികൾക്കു കാരണമായ വാസനകളും പുണ്യപാപകർമ്മങ്ങളും നിശ്ശേഷം, രണ്ടാമതുണ്ടാകാത്ത വിധത്തിൽ നശിക്കും. അപ്പോൾ തത്വമസ്യാദിമഹാവാക്യശ്രവണമനനാദികാലത്തിൽ പരോക്ഷമായി പ്രകാശിച്ചിരുന്ന തത്വത്തിൽ അപരോക്ഷമായ ജ്ഞാനമുണ്ടാകും. കയ്യിലിരിക്കുന്ന നെല്ലിക്കായയെ അറിയുന്നതുപോലെ ആത്മാവിനെ സാക്ഷാത്തായറിയും. വാസനകളും പുണ്യപാപകർമ്മങ്ങളുമായിരുന്നു ഇതുവരെയുണ്ടായിരുന്ന പ്രതിബന്ധങ്ങൾ നിർവികല്പസമാധികൊണ്ടവ നശിക്കുന്നതിനാൽ ആത്മസാക്ഷാൽകാരമുണ്ടാകും. ഇതാകുന്നു സമാധിയുടെ പരമപ്രയോജനം.

63. പരോക്ഷം ബ്രഹ്മവിജ്ഞാനം ശാബ്ദം ദേശികപൂർവകം
ബുദ്ധിപൂർവകൃതം പാപം കൃത്സ്നം ദഹതി വഹ്നിവത്.

ദേശികപൂർവ്വകം=ആചാര്യനിൽനിന്നു ലഭിച്ചതും. ശാബ്ദം=മഹാവാക്യത്താൽ പ്രതിപാദിക്കപ്പെട്ടതും. പരോക്ഷം=പരോക്ഷവുമായ. ബ്രഹ്മവിജ്ഞാനം=ബ്രഹ്മത്തെക്കുറിച്ചുള്ള അറിവ്. ബുദ്ധിപൂർവ്വകൃതം=അറിവോടുകൂടെ ചെയ്യപ്പെട്ടതായ. കൃത്സ്നം പാപം=സമസ്തപാപത്തെയും. വഹ്നിവത് ദഹതി=അഗ്നിയെന്നപ്പോലെ ദഹിപ്പിക്കും.

പരോക്ഷജ്ഞാനഫലത്തെപ്പറയുന്നു:—ഗുരുമുഖത്തിൽനിന്നു സിദ്ധിച്ചതും തത്വമസ്യാദിമഹാവാക്യശ്രവണമനനാദികളുടെ ഫലവുമായ പരോക്ഷബ്രഹ്മജ്ഞാനം അറിഞ്ഞു ചെയ്തിട്ടുള്ള സകലപാപത്തെയും അഗ്നിയെന്നപോലെ ദഹിപ്പിക്കും. അറിയാതെചെയ്ത പാപങ്ങളെ ദഹിപ്പിക്കുമെന്നു പറയേണ്ടതായ ആവശ്യമേ ഇല്ലെന്നു സാരം.

64. അപരോക്ഷാത്മവിജ്ഞാനം ശാബ്ദം ദേശിക പൂർവ്വകം
സംസാരകാരണാജ്ഞാന തമസശ്ചണ്ഡ ഭാസ്കരഃ.

ദേശികപൂർവ്വകം ശാബ്ദം=ഗുരുദ്വാരാ മഹാവാക്യത്തിൽനിന്നു ലഭിച്ചതായ. അപരോക്ഷാത്മവിജ്ഞാനം=അപരോക്ഷമായ ആത്മജ്ഞാനം. സംസാരകാരണാജ്ഞാനതമസഃ=സംസാരകാരണമായ അജ്ഞാനമാകുന്ന അന്ധകാരത്തിന്ന്. ചണ്ഡഭാസ്കരഃ=മദ്ധ്യാഹ്നകാലത്തിലെ സൂര്യനാകുന്നു.

ഗുരൂപദേശംവഴിക്ക് മഹാവാക്യത്തിൽനിന്നു സിദ്ധിച്ചതായ അപരോക്ഷാത്മജ്ഞാനം മദ്ധ്യാഹ്നകാലത്തിലെ സൂര്യൻ അന്ധകാരത്തെയെന്നപോലെ സംസാരകാരണമായ അജ്ഞാനാന്ധകാരത്തെ നശിപ്പിക്കും. പിന്നെ ജനനമരണാദി പ്രവാഹരൂപമായ സംസാരത്തിൽ പ്രവേശിക്കാൻ കാരണമില്ലാതാകും എന്നു സിദ്ധാന്തം.

65. ഇത്ഥം തത്വവിവേകം വിധായ വിധിവന്മനഃ സമാധായ
വിഗളിതസംസൃതിബന്ധഃ പ്രാപ്നോതി പരംപദം നരോ നചിരാത്.

ഇത്ഥംനരഃ=ഇപ്രകാരം മനുഷ്യൻ. തത്വവിവേകംവിധായ=തത്വത്തെ വേർതിരിച്ചിട്ടു. വിധിവത്=വിധിപ്രകാരം. മനഃ സമാധായ=മനസ്സിനെ ഉറപ്പിച്ചിട്ടു വിഗളിതസംസൃതിബന്ധഃ=സംസാരബന്ധത്തിൽനിന്നു വിട്ടിട്ടു. പരം പദം=പരമമായ സ്ഥാനത്തെ. നചിരാൽ പ്രാപ്നോതി=ഉടനെ പ്രാപിക്കുന്നു.

പ്രത്യക്തത്വവിവേകമെന്ന ഈ പ്രകരണത്തെ അഭ്യസിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫലം:— ഇതിൽ പറഞ്ഞതനുസരിച്ചു ബ്രഹ്മവും ആത്മാവും ഒന്നാണെന്നു പഞ്ചകോശവിവേചനം ചെയ്തറിഞ്ഞിട്ടു മനസ്സിനെ പരമാത്ഥമായ ആത്മസ്വരൂപത്തിൽ ഉറപ്പിക്കുന്ന മനുഷ്യൻ–മനുഷ്യമാത്രൻ–സംസാരബന്ധത്തിൽനിന്നു നിമ്മുക്തനായിട്ടു ഉടനെ പരമപദത്തെ പ്രാപിക്കുന്നു. സച്ചിദാനന്ദലക്ഷണമായ ബ്രഹ്മമായ്ഭവിക്കുന്നു, എന്നത്ഥമായ ശ്രുതി പ്രമാണപ്രകാരം ആ മനുഷ്യൻ ബ്രഹ്മസ്വരൂപനായി ഭവിച്ചിരിക്കുന്നുവെന്നറിയേണം.

പ്രത്യക്തത്വവിവേകം എന്ന പദത്തിനു ബ്രഹ്മാഭിന്നപ്രത്യഗാത്മാവിനെ ഉപാധിയിൽനിന്നു വേർതിരിക്കുകയെന്നാകുന്നു അത്ഥം. അങ്ങിനെയുള്ള വിവേകം അന്തഃകരണവൃത്തിസ്വരൂപമായിരിക്കയാൽ ഈ പ്രകരണത്തിൻെറ പേരാനി ഭവിക്കയില്ല. എങ്കിലും ഈ ഗ്രന്ഥംകൊണ്ടു പ്രത്യക്തത്വവിവേകമുണ്ടാകുന്നതിനാൽ പ്രത്യക്തത്വവിവേകമെന്ന വൃത്തി ഈ ഗ്രന്ഥത്തിൽനിന്നു ജന്യവും ആ വിവേകത്തെ ജനിപ്പിക്കുന്നതാകയാൽ ഈ ഗ്രന്ഥം ജനകവുമാകുന്നു. ഇപ്രകാരം ജന്യജനകമായിരിക്കുന്ന വിവേകം അഭേദാഭിപ്രായത്താൽ ഈ പ്രകരണത്തിന്നും പ്രത്യക്തത്വവിവേകം എന്നു പേർ സിദ്ധിച്ചതാകുന്നു. ഇപ്രകാരംതന്നെ ഇനിമേലുള്ള പഞ്ചഭൂതവിവേകം, പഞ്ചകോശവിവേകം, ദ്വൈതവിവേകം, മഹാവാക്യവിവേകം എന്നീ നാലു പ്രകരണങ്ങളിലും അറിഞ്ഞുകൊള്ളേണം, എന്നുതന്നെയല്ല, ജീവാനന്ദം, വിഷയാനന്ദം, ആത്മാനന്ദം, അദ്വൈതാനന്ദം, വിദ്യാനന്ദം എന്നിങ്ങിനെ ഒടുവിലുള്ള അഞ്ചു പ്രകരണങ്ങളിലും ആനന്ദമെന്നുള്ള പേർ വാച്യമായ ആനന്ദത്തിന്നും വാചകമായ ബ്രഹ്മത്തിന്നും അഭേദാഭിപ്രായംകൊണ്ടു സിദ്ധിക്കുന്നതാണെന്നുകൂടി അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

പ്രത്യക്തത്വവിവേകം എന്ന ഒന്നാംപ്രകരണം സമ്പൂണ്ണം.

ശുഭംഭൂയാത്.

ശ്രീ. പഞ്ചദശി. 2-ാമത്തേതായ പഞ്ചഭൂതവിവേകപ്രകരണസാരാൎത്ഥം.

സാമവേദത്തിലുള്ള ഛാന്ദോഗ്യം എന്ന ഉപനിഷത്തിൽ സൃഷ്ടിക്കുമുമ്പേ "ഏകമേവാദ്വിതീയം സത്" അദ്വിതീയവും ഏകവുമായ സദ്വസ്തുമാത്രം ആയിരുന്നു എന്നൎത്ഥത്തെ ജിജ്ഞാസുക്കളെ ധരിപ്പിക്കുവാൻ "തൽ"പദവിചാരം ചെയ്യാനാണ് ഈ പ്രകരണം ആരംഭിക്കുന്നത്. "തൽ" എന്ന പദത്തിന്റെ അൎത്ഥം ധരിക്കേണമെങ്കിൽ ഉപാധികളായ ഭൂതങ്ങളെ അതിൽനിന്ന് വേർതിരിച്ചറിയേണ്ടതാവശ്യമാകുന്നു. ആകാശാദി പഞ്ചഭൂതങ്ങളേയും അവയിൽ ചേൎന്നിരിക്കുന്ന ശബ്ദാദിഗുണങ്ങളേയും വെവ്വേറെ കാണിക്കുന്നുണ്ട്. ഭൂതങ്ങളോടു ചേൎന്നിരിക്കുന്ന സത്വാദിഗുണങ്ങൾനിമിത്തം നാനാത്വവും മനസ്സ്, ബുദ്ധി, നേത്രാദി ജ്ഞാനേന്ദ്രിയങ്ങൾ, വാഗാദി കൎമ്മേന്ദ്രിയങ്ങൾ ഇവയുടെ സംഘാതമായ ബഹുവിധ ദേഹാദികൾ ഇങ്ങിനെ കാണപ്പെടുന്ന സകലപ്രപഞ്ചവും ശ്രുതിയിലെ "ഇദം" എന്ന ശബ്ദത്തിന്റെ അൎത്ഥമാണെന്നു കാണിച്ചിരിക്കുന്നു. ഈ നാനാവിധപ്രപഞ്ചത്തിന്ന് അധിഷ്ഠാനമാണ് "സത്" എന്ന പദത്താൽ സൂചിപ്പിക്കപ്പെട്ട ബ്രഹ്മം എന്നും അതു യാതൊരുവിധമായ ഭേദവുമില്ലാതെ സൎവ്വത്ര സമാനമായി വിളങ്ങുന്നുവെന്നും ശ്രുതിയുക്തിപ്രമാണങ്ങൾകൊണ്ടും അനുഭവപ്പെടുത്തുന്നു. സജാതീയ വിജാതീയ സ്വഗതഭേദങ്ങളുടെ സ്വരൂപം സാധാരണ ജനങ്ങളെ ധരിപ്പിക്കുവാൻ വൃക്ഷത്തെ ഉദാഹരിച്ചിട്ടുണ്ട്. ഇത്രയും വിസ്തരിച്ചിരിക്കുന്നതിന്റെ ആവശ്യം ഉൽപത്തിവിനാശാദി വികാരങ്ങളൊന്നുമില്ലാത്തതാണ് സൎവ്വാധിഷ്ഠാനമായ ബ്രഹ്മം. അതുതന്നെ സത്യം. സത്യമായ ബ്രഹ്മത്തെ അറിയാതിരിക്കുന്ന അജ്ഞാനാവസ്ഥയിൽ, രജ്ജ്വജ്ഞാനംനിമിത്തം സൎപ്പബുദ്ധിയുണ്ടാകുന്നതുപോലെ, അധിഷ്ഠാനമായ ബ്രഹ്മത്തിൽ പ്രപഞ്ചം അധ്യസ്തമാണെന്നു തെളിയിക്കുവാനാണ് പഞ്ചഭൂതങ്ങളുടെ ഉൽപത്തി, ഗുണം മുതലായവയെ വിശദമാക്കിയിരിക്കുന്നത്. ജാതി, നാമം, ക്രിയ എന്നിവയുള്ള പ്രാപഞ്ചികവസ്തുക്കളെക്കുറിച്ച് മാത്രമേ പറവാനും വിചാരിപ്പാനും കഴികയുള്ളു. സത്യസ്വരൂപവും സൎവ്വാധിഷ്ഠാനവുമായ ബ്രഹ്മത്തെ ബോധിപ്പിക്കുവാൻവേണ്ടി ജാതിക്രിയാഗുണങ്ങളുള്ള ജഡവസ്തുക്കളെ ആ ബ്രഹ്മത്തിൽനിന്നു ബുദ്ധിവൃത്തികൊണ്ട് നീക്കംചെയ്യാനുള്ള ഉപായത്തെയാണ് ഈ പ്രകരണത്തിൽ വിവരിച്ചിരിക്കുന്നത്. നിഷേധിപ്പാൻ കഴിവുള്ള സകലത്തേയും നീക്കം ചെയ്യുമ്പോൾ: അനിഷേധ്യവും, നിഷേധാവധിയുമായ സദ്രൂപബ്രഹ്മത്തെ ബുദ്ധിവൃത്തികൊണ്ട് അറിഞ്ഞുകൊള്ളേണം, എന്നാണ് ഈ പ്രകരണത്തിൽ ഗ്രന്ഥകൎത്താവ് പ്രതിപാദിച്ചിരിക്കുന്നത്. വാസ്തവമല്ലാത്ത പ്രാപഞ്ചികവസ്തുക്കളായ ഭൂതാദികൾ എങ്ങിനെ വാസ്തവമെന്നപോലെ കാണപ്പെടുന്നത് എന്ന ശങ്കക്കു സമാധാനമായിട്ട് സത്യബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്ന ശക്തിയായ മായയുടെ സ്വരൂപത്തേയും ഈ പ്രകരണത്തിൽ വിവരിച്ചിട്ടുണ്ട്. ശക്തിയും ശക്തനും അഭിന്നമാണെന്നുറപ്പിക്കുവാൻ അഗ്നിനിഷ്ഠമായ ദാഹശക്തിയും അഗ്നിയും ഒന്നുതന്നെ, രണ്ടല്ല എന്ന ദൃഷ്ടാന്തത്താൽ ദ്വൈതബുദ്ധിക്കവകാശമില്ലെന്നും സാധിച്ചിരിക്കുന്നു. സൎവ്വപ്രപഞ്ചാധിഷ്ഠാനമായ ബ്രഹ്മം മായനിമിത്തം വികാരപ്പെടുന്നില്ല. നിൎവ്വികാരബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ച ജ്ഞാനി ബ്രഹ്മമായിത്തന്നെയിരിക്കുന്നവനാകയാൽ പ്രാപഞ്ചികങ്ങളായ സുഖദുഃഖാദ്യവസ്ഥാഭേദങ്ങളെ അതിക്രമിച്ച് നിത്യാനന്ദസ്വരൂപനായി വിളങ്ങുന്നു. ഈ നിലയിൽ എത്തിയവന്റെ ജന്മം സഫലം. ഇനിമേൽ അവന്നു അറിവാനൊ ചെയ്വാനോ അവശേഷിച്ചിരിക്കുന്നതായിട്ടൊന്നുമില്ലാത്തതിനാൽ അവൻ കൃതകൃത്യനായി ഭവിച്ചുവെന്നാണ് ഈ പ്രകരണത്തിലെ സാരാംശം.

ശുഭം ഭവതു

ഓം. തത്. സത്.

ഓം നമോ ഭഗവതേ വാസുദേവായ.

ശ്രീപഞ്ചദശി

മഹാഭൂതവിവേകപ്രകരണം.

അദ്വൈതബ്രഹ്മജ്ഞാനത്തിൽ ഉപോൽഘാതമായ പഞ്ചഭൂതവിവേകത്തിന്റെ പ്രതിജ്ഞ.

1. സദദ്വൈതം ശ്രുതംയത്തൽ പഞ്ചഭൂതവിവേകതഃ
   ബോദ്ധും ശക്യം തതോഭൂതപഞ്ചകം പ്രവിവിച്യതേ.

യത്സത് അദ്വൈതം ശ്രുതം=യാതൊരു സത്തായ അദ്വൈതം ശ്രുതമോ. തത് പഞ്ചഭൂതവിവേകതഃ= അത് പഞ്ചഭൂതങ്ങളുടെ വിവേചനത്തിൽനിന്ന്. ബോദ്ധും ശക്യം=അറിവാൻ കഴിവുണ്ടാകം. തതഃ= അതുകൊണ്ടു. ഭൂതപഞ്ചകം=അഞ്ചു ഭൂതങ്ങൾ. പ്രവിവിച്യതേ=പ്രകൎഷേണ വേർതിരിക്കപ്പെടുന്നു.

ഛാന്ദോഗ്യമെന്ന ഉപനിഷത്തിലെ 6-ാം പ്രപാഠകത്തിൽ ഉദ്ദാലകമഹൎഷി തന്റെ പുത്രനായ ശ്വേതകേതുവിനുപദേശിക്കുന്ന "സദേവസൌമ്യേദമഗ്രആസീത്" "അല്ലെയോ സൌമ്യ! സൃഷ്ടിക്കു മുമ്പേ ഇക്കാണപ്പെടുന്ന ലോകം നാശരഹിതവും അദ്വിതീയവുമായ ബ്രഹ്മമാത്രമായിരുന്നു" എന്നൎത്ഥമായ ശ്രുതിയിൽ ജഗൽകാരണമായ യാതൊരു ബ്രഹ്മത്തെകുറിച്ചു പറഞ്ഞിരിക്കുന്നുവൊ ആ ബ്രഹ്മം വാക്കുകൾക്കും മനസ്സിന്നും വിഷയമല്ലാത്തതാകുന്നു. അതുകൊണ്ടു ബ്രഹ്മകാൎയ്യമായും ബ്രഹ്മോപാധിയായുമിരിക്കുന്ന ഭൂതപഞ്ചകത്തെ അതിൽനിന്നു വേർതിരിച്ചു കണ്ടിട്ടുവേണം ബ്രഹ്മത്തെ അറിവാൻ. അതിനാൽ ഈ പ്രകരണത്തിൽ അഞ്ചു ഭൂതങ്ങളെയും വേർതിരിച്ചു കാണിക്കാം, എന്നു ഗ്രന്ഥകൎത്താവിന്റെ പ്രതിജ്ഞ ഈ പദ്യത്തിൽ കാണിച്ചിരിക്കുന്നു. സ്ഥൂലങ്ങളായ പഞ്ചഭൂതങ്ങളെ വേർതിരിച്ചു കണ്ടാൽ സൂക്ഷ്മകാരണമായ ബ്രഹ്മത്തെ അറിയാവുന്നതാകയാൽ മഹാഭൂതവിവേചനം ആവശ്യമായിരിക്കുന്നതുകൊണ്ട് അതിന്നാരംഭിക്കുന്നുവെന്ന് ഗ്രന്ഥകൎത്താവായ വിദ്യാരണ്യമുനിയരുളിച്ചെയ്തിരിക്കുന്നു.

1. സദ്രൂപം:—ഭൂതവൎത്തമാനഭവിഷ്യത്തുക്കളെന്ന മൂന്നു കാലങ്ങളിലും ബാധം ഇല്ലാത്തതിന്നു "സത്ത്" എന്നു പേർ.

2. ബ്രഹ്മം:—നാമം ജാതി ഗുണം ക്രിയ സംബന്ധം മുതലായവയില്ലാത്ത സത്യവസ്തു. നാമജാത്യാദികൾ യാതൊന്നിന്നുണ്ടോ അതു മാത്രമേ വാക്കുകൾക്കും മനസ്സിന്നും വിഷയമാവുകയുള്ളു. ഘടാദികൾക്കു നാമജാത്യാദികളുള്ളതിനാൽ അവ വാക്കിന്നും മനസ്സിന്നും വിഷയങ്ങളാണ്. ബ്രഹ്മത്തിന്നു നാമജാത്യാദികളില്ലാത്തതിനാൽ അത് വാക്കിന്നും മനസ്സിന്നും വിഷയമാകുന്നതല്ല.

3. ഉപാധികൾ:—മണ്ണിന്റെ കാൎയ്യമാകുന്ന ഘടം മണ്ണിന്റെ അന്വയത്തിൽ (മണ്ണുണ്ടെങ്കിൽ) മാത്രം ഉള്ളതും മണ്ണിന്റെ വ്യതിരേകത്തിൽ (അഭാവത്തിൽ) ഇല്ലാത്തതുമാകയാൽ അന്യങ്ങളായ തന്തു മുതലായ വസ്ത്രാദികാരണങ്ങളിൽനിന്നും തന്റെ കാരണമായ മണ്ണിനെ വേർതിരിച്ചറിയിക്കുന്നുണ്ട്. ആകയാൽ മണ്ണിന്റെ കാൎയ്യമായ ഘടം മണ്ണിന്നുപാധിയാകുന്നു. അപ്രകാരം ബ്രഹ്മത്തിന്റെ കാൎയ്യങ്ങളായ പഞ്ചഭൂതങ്ങൾ ബ്രഹ്മത്തിന്റെ അന്വയവ്യതിരേകങ്ങളോടുകൂടിയവയാകയാൽ ബ്രഹ്മമല്ലാത്ത അസദ്രൂപപദാൎത്ഥങ്ങളിൽനിന്ന് സദ്രൂപമായ ബ്രഹ്മത്തെ വേർതിരിച്ചറിയിക്കുന്നതിനാൽ ആ പഞ്ചഭൂതങ്ങൾ സദ്രൂപബ്രഹ്മത്തിന്നുപാധികളാകുന്നു.

4 ഉപോൽഘാതം:—പറവാൻ ഭാവിക്കുന്ന വിഷയത്തെ മനസ്സിൽവെച്ചുംകൊണ്ടു അതിന്നുവേണ്ടി വേറൊന്നിനെ പറയുന്നതിന്നു ഉപോൽഘാതമെന്നു പേർ. അദ്വിതീയ ബ്രഹ്മത്തെ അറിയിക്കുന്നതായ പ്രയോജനത്തെ മനസ്സിൽവെച്ചുംകൊണ്ടു ആ പ്രയോജനത്തിന്നുവേണ്ടി പഞ്ചഭൂതവിവേകം മുതലായതുകളെ പറയുന്നതു് ഉപോൽഘാതമാകുന്നു. ഇപ്രകാരംതന്നെ മറ്റെല്ലാ സ്ഥലങ്ങളിലും ഉപോൽഘാതങ്ങളെ അറിയേണ്ടതാണ്.

2. ശബ്ദസ്പൎശൌ രൂപരസൌ ഗന്ധോഭൂതഗുണാ ഇമേ
   ഏകദ്വിത്രിചതുഃപഞ്ചഗുണാവ്യോമാദിഷുക്രമാത്

ശബ്ദസ്പൎശൌരൂപരസൌഗന്ധഃ=ശബ്ദം സ്പൎശം രൂപം രസം ഗന്ധം. ഇമേഭൂതഗുണാഃ=ഇവ ഭൂതഗുണ

ങ്ങൾ. ഏകദ്വിത്രിചതുഃപഞ്ചഗുണാഃ=ഒന്ന് രണ്ട് മൂന്ന് നാല് അഞ്ചുഗുണങ്ങൾ. ക്രമാൽവ്യോമാദിഷു=ക്രമത്തിൽ ആകാശാദികളിലുണ്ട്.

ആകാശാദിപഞ്ചഭൂതങ്ങളിൽ ഓരോന്നിനെയും വെവ്വേറെ അറിവാൻ അവയോരൊന്നിന്റെയും ഗുണങ്ങളെ കാണിക്കുന്നു:—ശബ്ദം സ്പർശം രൂപം രസം ഗന്ധം എന്ന അഞ്ചാണ് ഭൂതഗുണങ്ങൾ. അതിൽ ആകാശത്തിൽ ശബ്ദമെന്ന ഏകഗുണം. വായുവിൽ ശബ്ദം സ്പർശം എന്ന രണ്ടുഗുണങ്ങൾ. അഗ്നിയിൽ ശബ്ദം സ്പർശം രൂപം എന്ന മൂന്നുഗുണങ്ങൾ. ജലത്തിൽ ശബ്ദം, സ്പർശം, രൂപം, രസം എന്ന നാലുഗുണങ്ങൾ. പൃഥിവിയിൽ ശബ്ദം സ്പർശം രൂപം രസം ഗന്ധം എന്ന അഞ്ചുഗുണങ്ങൾ. ഇങ്ങിനെ ക്രമത്തിൽ ഓരോന്നിലുമിരിക്കുന്നു.

പഞ്ചഭൂതങ്ങളിലുള്ള ഗുണങ്ങളുടെ വിവരണം

3. പ്രതിധ്വനിർവ്വിയച്ഛബ്ദോ വായൗ ബീസീതിശബ്ദനം
അനുഷ്ണാ ശീതസംസ്പർശോ വഹ്നൗ ഭുഗുഭുഗുധ്വനിഃ.

വിയച്ഛബ്ദഃ പ്രതിധ്വനിഃ=ആകാശഗുണമായ ശബ്ദം പ്രതിധ്വനിയാകുന്നു. വായൗ ബീസി ഇതി ശബ്ദനം=വായുവിൽ ബീസിയെന്ന ശബ്ദം. അനുഷ്ണാശീതസംസ്പർശഃ=ഉഷ്ണവും ശൈത്യവുമല്ലാത്തതായ സ്പർശനം. വഹ്നൗ ഭുഗുഭുഗുധ്വനിഃ=വഹ്നിയിൽ ഭുഗുഭുഗുശബ്ദം.

ആകാശത്തിന്റെ ഏകഗുണമായ ശബ്ദം പ്രതിധ്വനിരൂപത്തിൽ അനുഭവപ്പെടുന്നു. വായുവിൽ ബീസിയെന്നു ശബ്ദവും ഉഷ്ണവും ശൈത്യവുമല്ലാത്തതായ സ്പർശവും. വഹ്നിയിൽ ഭുഗുഭുഗുവെന്ന ധ്വനിയും.

4. ഉഷ്ണസ്പർശഃ പ്രഭാരൂപം ജലേ ബുലുബുലുധ്വനിഃ
ശീതഃ സ്പർശഃ ശുക്ലരൂപം രസോ മാധുര്യമീരിതം.

ഉഷ്ണസ്പർശഃ പ്രഭാരൂപം=ഉഷ്ണമായ സ്പർശവും പ്രഭാരൂപവും ജലേ ബുലുബുലുധ്വനിഃ=ജലത്തിൽ ബുലുബുലുശബ്ദവും. ശീതഃ സ്പർശഃ=ശീതളമായ സ്പർശവും. രസഃ മാധുര്യം ഈരിതം=രസം മധുരം എന്നും പറയപ്പെടുന്നു.

ഉഷ്ണമായ സ്പർശവും പ്രഭാരൂപവും അഗ്നിധർമ്മങ്ങൾ. ജലത്തിൽ ബുലുബുലുശബ്ദവും ശീതളമായ സ്പർശവും വെളുത്തരൂപവും മധുരമെന്നു പറയപ്പെടുന്ന രസവും പറയപ്പെട്ടിരിക്കുന്നു.

5. ഭൂമൗ കടകടാശബ്ദഃ കാഠിന്യം സ്പർശഇഷ്യതേ
നീലാദികം ചിത്രരൂപം മധുരാമ്ലാദികോരസഃ.

ഭൂമൗ കടകടാശബ്ദഃ=ഭൂമിയിൽ കടകടായെന്ന ശബ്ദവും. കാഠിന്യം സ്പർശഃ ഇഷ്യതേ=കഠിനമായ സ്പർശവും പറയപ്പെടുന്നു. നീലാദികം ചിത്രരൂപം=നീലാദികളോടുകൂടിയ ചിത്രരൂപവും. മധുരാമ്ലാദികഃ രസഃ=മധുരം അമ്ലം മുതലായ രസവും. .

ഭൂമിയിൽ കടകടാശബ്ദവും കഠിനമെന്നു പറയപ്പെടുന്ന സ്പർശവും നീലം പീതം എന്നിങ്ങിനെയുള്ള നാനാവിധരൂപവും മധുരം പുളിപ്പ് മുതലായ രസവും.

6. സുരഭീതരഗന്ധൗ ദ്വൗഗുണാ സമ്യഗ്‌വിവേചിതാഃ
ശ്രോത്രം ത്വക്ചക്ഷുഷീ ജിഹ്വാ ഘ്രാണം ചേന്ദ്രിയപഞ്ചകം.

സുരഭീതരഗന്ധൗദ്വൗ=സുരഭിയും അതിനു വിപരീതവുമായ ഗന്ധങ്ങൾ രണ്ടും. ഗുണാഃസമ്യഗ്‌വിവേചിതാഃ=ഗുണങ്ങൾ നന്നായി വിവേചിതങ്ങളായി ശ്രോത്രം ത്വക്ചക്ഷുഷീ=ചെവി, തോൽ, കണ്ണുകൾരണ്ട്. ജിഹ്വാ ഘ്രാണംച=ജിഹ്വയും ഘ്രാണവും. ഇന്ദ്രിയപഞ്ചകം=എന്ന അഞ്ചിന്ദ്രിയങ്ങളും.

വാസന, ദുർഗ്ഗന്ധം എന്ന രണ്ടുവിധഗന്ധങ്ങളും ക്രമത്തിലിരിക്കുന്നു. ഇങ്ങിനെ അഞ്ചുഭൂതങ്ങളിലും ക്രമത്തിലിരിക്കുന്ന ഗുണങ്ങളെ വെവ്വേറെ കാണിച്ചതുകൊണ്ടു ഭൂതങ്ങളോരോന്നും ഗുണഭേദം നിമിത്തം ഭിന്നങ്ങളാണെന്നറിഞ്ഞുകൊള്ളണം. കാര്യംകൊണ്ടും ഭൂതങ്ങൾക്കു ഭേദമുണ്ടെന്നു കാണിപ്പാൻ ഭൂതങ്ങളാകുന്ന കാരണങ്ങളിൽനിന്നുണ്ടായ കാര്യങ്ങളായ ജ്ഞാനേന്ദ്രിയങ്ങളെ കാണിക്കുന്നു. ശ്രോത്രം, ത്വക്, നേത്രം, ജിഹ്വാ, നാസികാ എന്ന ജ്ഞാനേന്ദ്രിയങ്ങളഞ്ചും ആകാശാദിപഞ്ചഭൂതങ്ങളുടെ കാര്യങ്ങളാകുന്നു.

7. കണ്ണാദിഗോളകസ്ഥം തച്ഛബ്ദാദി ഗ്രാഹകം ക്രമാത്
സൌക്ഷ്മ്യാൽ കാര്യ്യാനുമേയം തൽപ്രായോധാവേൽ ബഹിർമ്മുഖം.

കണ്ണാദിഗോളകസ്ഥം തത്=കണ്ണും മുതലായ ഗോളകങ്ങളിലിരിക്കുന്ന ഇന്ദ്രിയം. ശബ്ദാദി ഗ്രാഹകം ക്രമാത്=ക്രമത്തിൽ ശബ്ദാദികളെ ഗ്രഹിപ്പിക്കുന്നു. സൌക്ഷ്മ്യാത്=സൂക്ഷ്മത്വം നിമിത്തം. കാര്യ്യാനുമേയം തത്=കാര്യ്യത്താൽ അനുമാനിപ്പാൻ കഴിയുന്ന അത്. പ്രായഃ ബഹിർമ്മുഖം=പ്രായേണ ബഹിർമ്മുഖമായിട്ടു. ധാവേത്=ചലിക്കും.

ജ്ഞാനേന്ദ്രിയങ്ങളുടെ സ്ഥാനങ്ങളേയും വ്യാപാരങ്ങളേയും കാണിക്കുന്നു:—ചെവി മുതലായ ഗോളങ്ങളിലാണ് ഇന്ദ്രിയങ്ങൾ ഇരിക്കുന്നത്. ശബ്ദം മുതലായവയെ ഗ്രഹിപ്പിക്കുകയാണ് അവയുടെ വ്യാപാരം. ശ്രോത്രാദി ഗോളങ്ങളിലിരിക്കുന്ന ഇന്ദ്രിയങ്ങൾ സൂക്ഷ്മങ്ങളായിരിക്കയാൽ കേൾക്കുക, കാണുക, മുതലായ കാര്യ്യങ്ങളിൽനിന്നു അനുമാനപ്രമാണസഹായത്താൽ അറിഞ്ഞുകൊള്ളേണം. ശബ്ദാദി ജ്ഞാനം അതാതിന്ദ്രിയങ്ങളിൽക്കൂടെ മാത്രമേ ഉണ്ടാകയുള്ളു. ശബ്ദജ്ഞാനമാകുന്ന കാര്യ്യത്തിൽനിന്ന് അതു സാധിപ്പിക്കുന്ന ഇന്ദ്രിയം ശ്രോത്രഗോളത്തിലുണ്ടെന്നനുമാനിച്ചറിയേണം. ഇങ്ങിനെയെല്ലാ ഇന്ദ്രിയങ്ങളേയും അറിയേണം. ഈ ജ്ഞാനേന്ദ്രിയങ്ങൾ പ്രായേണ പുറത്തേക്ക് ചലിക്കുന്ന സ്വഭാവമുള്ളവയാകുന്നു. "പരാഞ്ചിഖാനിവ്യതൃണോൽ സ്വയംഭൂഃ" ഇന്ദ്രിയങ്ങളെ ബഹിർമുഖങ്ങളാക്കീട്ട് ബ്രഹ്മാവു സൃഷ്ടിച്ചുവെന്നർത്ഥമായ ശ്രുതിപ്രമാണവുമുണ്ട്. മേൽകാണിച്ച ജ്ഞാനേന്ദ്രിയങ്ങൾ തന്നെയുണ്ടെന്നുള്ളതിലേക്ക് പ്രമാണം എന്താണെന്നു ശങ്കിച്ച് കാര്യ്യലിംഗകകാര്യ്യമാകുന്ന ലിംഗത്തോടുകൂടിയ) അനുമാനം പ്രമാണമായുണ്ടെന്ന് സമാധാനം പറയുന്നു. ആ ജ്ഞാനേന്ദ്രിയങ്ങളഞ്ചും അപഞ്ചീകൃതങ്ങളായ സൂക്ഷ്മഭൂതങ്ങളിൽനിന്നുണ്ടായവയാണ്. ആകയാൽ അവ സൂക്ഷ്മങ്ങളാകുന്നു. അതിനാൽ പ്രത്യക്ഷങ്ങളല്ല. എന്തുകൊണ്ടെന്നാൽ വിഷയങ്ങൾക്കും ഇന്ദ്രിയങ്ങൾക്കുമുള്ള സംബന്ധത്താലുണ്ടാകുന്ന ജ്ഞാനത്തെയാണ് പ്രത്യക്ഷമെന്നു പറയുന്നത്. പഞ്ചീകൃതഭൂതങ്ങളും അവയുടെ കാര്യ്യങ്ങളും ഇന്ദ്രിയങ്ങൾക്ക് വിഷയങ്ങളാകുന്നുണ്ട്. അപഞ്ചീകൃതങ്ങളായ സൂക്ഷ്മഭൂതങ്ങളും അവയുടെ കാര്യ്യങ്ങളായ ഇന്ദ്രിയങ്ങൾ 10, അന്തഃകരണങ്ങൾ 2, പ്രാണവായു 5, ഇങ്ങിനെ 17 എണ്ണങ്ങളും ഇന്ദ്രിയങ്ങൾക്ക് വിഷയമാകുന്നവയല്ല. അതുകൊണ്ടവയ്ക്ക് പ്രത്യക്ഷവിഷയത്വവുമില്ല എന്നാൽ ഇന്ദ്രിയങ്ങളെ അനുമാനിക്കാവുന്നതാണ്. അങ്ങിനെ അനുമാനിക്കാൻ ലിംഗം (ഹേതു) എന്താണെങ്കിൽ അവയുടെ കാര്യ്യങ്ങൾ:—അതായത്—ശ്രോത്രാദീന്ദ്രിയങ്ങളുടെ കാര്യ്യങ്ങളായ ശബ്ദജ്ഞാനം മുതലായവതന്നെയാണ് ഹേതുക്കളാകുന്നത്. എങ്ങിനെയെന്നാൽ ശബ്ദത്തിന്റെ ജ്ഞാനം ഒരു ക്രിയ (പ്രവൃത്തി) യായിരിക്കയാൽ ഒരു കരണത്തിൽനിന്നുണ്ടായതാണ്. യാതൊന്നു ക്രിയയോ അത് അതിന്റെ കരണത്തിൽനിന്നുണ്ടായതായിരിക്കും ദൃഷ്ടാന്തം:— ഛിദിക്രിയാ. മരം മുതലായവയെ പിളൎക്കുക എന്നതായ ഛിദിക്രിയാ അതിന്റെ കരണമായ ആയുധത്തിൽനിന്നുണ്ടായതാണ്. അതുപോലെതന്നെയാണ് ശബ്ദജ്ഞാനവും. ഇപ്രകാരം അനുമിക്കുമ്പോൾ ശബ്ദജ്ഞാനത്തിനു കരണമൊന്നുണ്ടെന്നു സിദ്ധിക്കുന്നു. ആ കരണം തന്നേയാണ് ശ്രോത്രേന്ദ്രിയം. ഇപ്രകാരം തന്നെയാണ് ത്വഗാദികളേയും അനുമിക്കുന്നത്:—സ്പൎശജ്ഞാനം കരണജന്യമാണ്. ക്രിയയാവുകയാൽ. ഛിദിക്രിയയെന്നപോലെ. രൂപജ്ഞാനം കരണജന്യമാണ് ക്രിയയാവുകയാൽ. ഇതുപോലെതന്നെയാണ് രസജ്ഞാനവും ഗന്ധജ്ഞാനവും. ഇങ്ങിനെയുള്ള അനുമാനങ്ങളാൽ സിദ്ധിക്കുന്നവയായ സ്പൎശജ്ഞാനത്തിന്റെ കരണത്തിന് ത്വഗിന്ദ്രിയം എന്നും രൂപജ്ഞാനത്തിന്റെ കരണത്തിന് ചക്ഷുരിന്ദ്രിയമെന്നും രസജ്ഞാനത്തിന്റെ കരണത്തിന് രസനേന്ദ്രിയമെന്നും ഗന്ധജ്ഞാനത്തിന്റെ കരണത്തിന് ഘ്രാണേന്ദ്രിയമെന്നും പേർ പറഞ്ഞുവരുന്നു. ഇപ്രകാരം സൂക്ഷ്മങ്ങളായിരിക്കുകയാൽ അവയുടെ കാര്യ്യങ്ങളാൽ അനുമിച്ചറിയേണ്ടവയായ ജ്ഞാനേന്ദ്രിയങ്ങളഞ്ചിന്റേയും സ്വഭാവമെന്താണെങ്കിൽ അവ പ്രായേണ (മിക്കവാറും) ബഹിർമുഖങ്ങളായിത്തന്നെ ഓടിക്കൊണ്ടിരിക്കുന്നു. അതായത് വെളിയിലുള്ള ശബ്ദസ്പൎശാദിവിഷയങ്ങളെ മാത്രം അറിയുന്നുണ്ട് എന്നു താല്പൎയ്യം. ഇപ്രകാരംതന്നെ "പരാഞ്ചിഖാനിവ്യതൃണൽ സ്വയംഭൂഃ" സ്വയംഭൂവായുള്ള ദേവൻ ഇന്ദ്രിയങ്ങളെ ബഹിർമുഖങ്ങളായി സൃഷ്ടിചെയ്തുവെന്ന് ശ്രുതിയും പറയുന്നു. സ്വയംഭൂവെന്നു ചതുൎമ്മുഖബ്രഹ്മദേവനും പേരുണ്ട്. എങ്കിലും ആ ബ്രഹ്മദേവനു മുമ്പുതന്നെ ഇന്ദ്രിയങ്ങളുടെ ഉല്പത്തി സിദ്ധിച്ചിരിക്കയാൽ ഇവിടെ സ്വയംഭൂ ശബ്ദത്തിന്ന് തനിയെത്തന്നെയിരിക്കുന്ന പരമാത്മാവ് എന്നർത്ഥമാകുന്നു. പ്രായേണ ഇന്ദ്രിയങ്ങളെല്ലാം ശബ്ദാദിബഹിർവിഷയങ്ങളിലേക്ക് ഓടും. ആന്തരമായ ആത്മാവിലേക്കു പോകയില്ലെന്നു സാരം.

8. കദാചിൽ പിഹിതേകർണ്ണേ ശ്രൂയതേ ശബ്ദആന്തരഃ
പ്രാണവായൌ ജാഠരാഗ്നൌ ജലപാനേന്നഭക്ഷണേ

കദാചിൽ കർണ്ണേപിഹിതേ=ചിലപ്പോരം കാതുപൊത്തിയാൽ. പ്രാണവായൌജാഠരാഗ്നൌ=പ്രാണവായുവിലും ജാഠരാഗ്നിയിലും. ജലപാനേ അന്നഭക്ഷണേ=ജലപാനത്തിലും അന്നഭക്ഷണത്തിലുമുള്ള. ആന്തരഃശബ്ദഃശ്രൂയതേ=ഉള്ളിലെ ശബ്ദം ശ്രവിക്കപ്പെടുന്നു.

ചിലപ്പോരം ചെവി അടച്ചുപിടിച്ചാൽ പ്രാണവായുവിലും ജാഠരാഗ്നിയിലും ഉള്ള ശബ്ദവും അന്നഭക്ഷണത്തിലുള്ള സ്പർശവും അറിയപ്പെടും എന്നു കാണിപ്പാനാണ് പ്രായേണ ബഹിർമ്മുഖങ്ങളാണ് ഇന്ദ്രിയവൃത്തികളെന്നു മുമ്പേത്തെ ശ്ലോകത്തിൽ പറഞ്ഞത്. ഒരു കാലത്തിലും ഇന്ദ്രിയങ്ങരംക്ക് ആന്തരവിഷയജ്ഞാനം ഉണ്ടാകുകയില്ലെന്നു ധരിക്കരുതെന്നുസാരം.

9. വ്യജ്യന്തേഹ്യാന്തരാഃശബ്ദാഃമീലനേചാന്തരം തമഃ
ഉൽഗാരേ രസഗന്ധൌചേത്യക്ഷാണാമാന്തരഃഗ്രഹഃ.

ഹി. ആന്തരാഃസ്പർശാഃ=യാതൊന്നു ഹേതുവായിട്ടു ഉള്ളിലെ സ്പർശങ്ങരം. വ്യജ്യന്തേ=അഭിവ്യക്തങ്ങളാകുന്നുവോ. മീലനേച=കണ്ണുകളടക്കുമ്പോഴും. ആന്തരംതമഃ=ഉള്ളിലെ ഇരുട്ടും. ഉൽഗാരേ=ഉൽഗാരത്തിൽ (തേട്ടിവരുമ്പോരം). രസഗന്ധൌച=രസവും ഗന്ധവും. ഇതി അക്ഷാണാം=ഇപ്രകാരം ഇന്ദ്രിയങ്ങരംക്ക്. ആന്തരഗ്രഹഃ=ആന്തരഗ്രഹണം ഉണ്ടാകുന്നു.

ജലപാനാന്നഭക്ഷണാദികളുടെ സ്പർശജ്ഞാനമുണ്ടാകുന്നു. തേട്ടുമ്പോരം രസഗന്ധജ്ഞാനവും കണ്ണടക്കുമ്പോരം ആന്തരമായ ഇരുട്ടിന്റെ ജ്ഞാനവും ഉണ്ടാകുന്നതുകൊണ്ട് ഇന്ദ്രിയങ്ങരം ചിലപ്പോരം ആന്തരവിഷയങ്ങളെയും ഗ്രഹിക്കുന്നുണ്ടെന്നറിയാം.

10. പഞ്ചോക്ത്യാദാനഗമനവിസർഗാനന്ദകാഃ ക്രിയാഃ
കൃഷിവാണിജ്യസേവാദ്യാഃ പഞ്ചസ്വന്തർഭവന്തിഹി.

ഉക്ത്യാദാനഗമന വിസർഗാനന്ദകാഃ=ഉക്തി. ഗമനം. വിസർഗം ആനന്ദിപ്പിക്കൽ എന്നാ. പഞ്ചക്രിയാഃഹി=അഞ്ചുവിധ ക്രിയകരം പ്രസിദ്ധകരം. കൃഷിവാണിജ്യസേവാദ്യാഃ=കൃഷി വാണിജ്യം. സേവ എന്നിവ. പഞ്ചസുഅന്തർഭവന്തി=അഞ്ചിൽ അന്തർഭവിക്കുന്നു.

ജ്ഞാനേന്ദ്രിയവ്യാപാരങ്ങളെ പറഞ്ഞശേഷം കർമ്മേന്ദ്രിയങ്ങരം വേറേയില്ലെന്നു വാദിക്കുന്ന നൈയ്യായികന്മാർ മുതലായ ചിലരുള്ളതുകൊണ്ട് ആ വാദം ശരിയല്ല. കർമ്മേന്ദ്രിയങ്ങരം വേറെതന്നെയുണ്ടെന്നു കാണിപ്പാൻ അവയുടെ ലക്ഷണങ്ങളായ വ്യാപാരങ്ങളെ പറയുന്നു:—സംഭാഷണം. വാങ്ങൽ. കൊടുക്കൽ. സഞ്ചാരം. മലാദിവിസർജ്ജനം. സ്ത്രീപുരുഷസംയോഗത്തിൽനിന്നുണ്ടാകുന്ന ആനന്ദം എന്നിങ്ങിനെ അഞ്ചുവിധകർമ്മങ്ങരം പ്രസിദ്ധങ്ങളാണല്ലൊ. കൃഷി കച്ചവടം സേവ എന്നീ വ്യാപാരങ്ങളാകട്ടെ ഈ പറഞ്ഞ അഞ്ചിൽ ഉരംപ്പെടുന്നുണ്ട്.

11. വാക്പാണിപാദപായൂപസ്ഥൈരക്ഷൈസ്തൽക്രിയാജനിഃ
മുഖാദിഗോളകേഷ്വാസ്തേതത് കർമ്മേന്ദ്രിയപഞ്ചകം.

വാക്പാണിപാദപായൂപസ്ഥൈഃ=വാക്ക്. പാണി. പാദം. പായു. ഉപസ്ഥം. എന്നാ. അക്ഷൈഃ= ഇന്ദ്രിയങ്ങരംകൊണ്ട്. തൽക്രിയാ ജനിഃ=ആവക ക്രിയകളുണ്ടാകുന്നു. തൽകർമ്മേന്ദ്രിയപഞ്ചകം=ആ അഞ്ചു കർമ്മേന്ദ്രിയങ്ങരം. മുഖാദിഗോളകേഷുആസ്തേ=മുഖം മുതലായ ഗോളകങ്ങളിൽ ഇരിക്കുന്നു.

ക്രിയകളെ ജനിപ്പിക്കുന്ന ആ ഇന്ദ്രിയങ്ങളെ പറയുന്നു:—വാക്ക്, കൈകരം, കാലുകരം, പായു, ഉപസ്ഥം എന്ന ഇന്ദ്രിയങ്ങളിൽനിന്ന് ആ കർമ്മങ്ങളുണ്ടാകുന്നു. പറയുക, എടുക്കുക, നടക്കുക, വിസർജ്ജിക്കുക, ആനന്ദിക്കുക, എന്ന ഓരോന്നും ഓരോവിധ കർമ്മങ്ങളായതുകൊണ്ട് കർമ്മം കരണംകൊണ്ടേ ചെയ്യാൻ കഴികയുള്ളൂ. ഛേദിക്കുക മുതലായ കർമ്മങ്ങളെ അതാതായുധങ്ങരംകൊണ്ടു ചെയ്യുന്നതായിട്ടാണ് കാണുന്നത്. കർമ്മം കരണജന്യം എന്നു മുമ്പെകാണിച്ച ന്യായപ്രകാരം വചനാദികർമ്മങ്ങരംക്കും കരണങ്ങരംകൂടാതെ കഴികയില്ല. അതിനാൽ വചനാദിപഞ്ചകർമ്മങ്ങരം വാഗാദിപഞ്ചകർമ്മേന്ദ്രിയങ്ങളിൽനിന്നുണ്ടാകുന്നു. ആ അഞ്ചിന്ദ്രിയങ്ങരം മുഖം കൈകരം കാലുകരം ഗുദം ശിശ്നം എന്നീയഞ്ചു സ്ഥാനങ്ങളിൽ ഇരിക്കുന്നു. കർമ്മേന്ദ്രിയപഞ്ചകം, പ്രവൃത്തികരം, സ്ഥാനങ്ങളെന്നിവ പറയപ്പെട്ടു. ജ്ഞാനേന്ദ്രിയസൽഭാവത്തിനു വിസ്തരിച്ച അനുമാനം ഇവിടെയും ഉപയോഗിക്കേണം.

12. മനോദശേന്ദ്രിയാദ്ധ്യക്ഷം ഹൃൽ പത്മഗോളകേസ്ഥിതം
തച്ചാന്തഃ കരണം ബാഹ്യേഷ്വ സ്വാതന്ത്ര്യാദ്വിനേന്ദ്രിയൈഃ.

ദശേന്ദ്രിയാദ്ധ്യക്ഷം മനഃ=പത്തിന്ദ്രിയങ്ങളുടെ സ്വാമിയായ മനസ്സ്. ഹൃൽ പത്മഗോളകേസ്ഥിതം= ഹൃദയകമലത്തിലിരിക്കുന്നു. തത് ച അന്തഃകരണം=അതും ഉള്ളിലെ ഇന്ദ്രിയമാണ്. ഇന്ദ്രിയൈഃ വിനാ= ഇന്ദ്രിയങ്ങളെക്കൂടാതെ. ബാഹ്യേഷു=ബാഹ്യങ്ങളായ വിഷയങ്ങളിൽ അസ്വാതന്ത്ര്യാത്=സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ട്.

മേൽപറഞ്ഞ പത്തിന്ദ്രിയങ്ങളെ പ്രേരിക്കുന്ന മനസ്സിന്റെ ഇരിപ്പ് ഹൃദയപത്മത്തിലാകുന്നു. ഇന്ദ്രിയങ്ങളുടെ സഹായംകൂടാതെ ബഹിർഭാഗത്തിൽ പ്രവൃത്തിപ്പാൻ സ്വാതന്ത്ര്യമില്ലാത്തതുകൊണ്ടു മനസ്സിനെ ഉള്ളിലെ ഇന്ദ്രിയമെന്നർത്ഥമായ അന്തഃകരണമെന്നു പറയുന്നു. പത്താളെ പ്രവൃത്തിപ്പിക്കുന്ന പ്രധാന പുരുഷനെപ്പോലെ പത്തിന്ദ്രിയങ്ങളെ പ്രവൃത്തിപ്പിക്കുന്ന പ്രധാനമായ ഇന്ദ്രിയമാണ് മനസ്സെന്നറിയേണം. മനസ്സ് ഹൃദയകമലത്തിലിരിക്കുന്നുവെന്നു പറഞ്ഞതിന്റെ താല്പര്യം മനസ്സിന്റെ മുഖ്യസ്ഥാനം ഹൃദയമാകുന്നുവെന്നാണ്. എന്തെന്നാൽ പാദം ശിരസ്സ് മുതലായ സ്ഥാനങ്ങളിലുണ്ടാകുന്ന സുഖദുഃഖാദികൾ സാമാന്യമായി ഒരേകാലത്തിൽത്തന്നെ അറിയപ്പെടുന്നു. അതു് മനസ്സിന്റെ സംബന്ധമില്ലാഞ്ഞാൽ സംഭവിക്കുന്നതല്ല. അതിനാൽ മനസ്സ് ശരീരംമുഴുവൻ വ്യാപിച്ചുകൊണ്ടു മുഖ്യസ്ഥാനമാകുന്ന ഹൃദയത്തിൽ വസിക്കുന്നു. ദൃഷ്ടാന്തം:—ദീപം തന്റെ പ്രകാശത്താൽ ഗൃഹം മുഴുവനും വ്യാപിച്ചിരുന്നുംകൊണ്ടു അതിന്റെ മുഖ്യസ്ഥാനമാകുന്ന എണ്ണപ്പാത്രത്തിലെ തിരിയുടെ സ്ഥാനത്തിൽമാത്രം വസിക്കുന്നു. അതുപോലെ മനസ്സും ദേഹംമുഴുവൻ വ്യാപിച്ചിരുന്നുകൊണ്ടു മുഖ്യസ്ഥാനമായ ഹൃദയകമലത്തിൽ വസിക്കുന്നുവെന്നു താല്പര്യം.

13. അക്ഷേഷ്വർത്ഥാപ്പിതേഷ്വേതൽ ഗുണദോഷവിചാരകം
സത്വം രജസ്തമശ്ചാസ്യഗുണാഃ വിക്രിയതേഹിതൈഃ

അക്ഷേഷു അർത്ഥാപ്പിതേഷു=ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുമ്പോൾ. ഗുണദോഷവിചാരകം=ഗുണദോഷങ്ങളെ വിചാരിക്കുന്നത് ഈ മനസ്സാണ്. അസ്യസത്വം രജഃ തമഃ ഗുണാഃ=ഇതിന്നു സത്വം രജസ്സ് തമസ്സ് എന്ന ഗുണങ്ങളുണ്ട്. ഹി തൈഃവിക്രിയതേ=എന്തുകൊണ്ടെന്നാൽ അവയാൽ വികാരപ്പെടുന്നു.

പത്തിന്ദ്രിയങ്ങളുടെ നാഥത്വം മനസ്സിന്നാണെന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ ഏല്പ്പെടുത്തിയശേഷം ആ വിഷയങ്ങളുടെ ഗുണദോഷങ്ങളെ വിചാരിക്കുന്നത് മനസ്സാകുന്നു. ഇവിടെ ഒരു സംഗതി ധരിപ്പാനുണ്ട്. ആത്മാവല്ലേ ഗുണദോഷങ്ങളെ അറിയുന്നത് എന്നു ശങ്ക ജനിക്കാം. ആത്മാവ് പ്രമാതാവ് എന്ന നിലയിൽ ചക്ഷുരാദീന്ദ്രിയങ്ങളുടെ രൂപാദി സാമാന്യജ്ഞാനത്തിന്നുമാത്രം കാരണം. രൂപാദി വിഷയങ്ങളുടെ നല്ലതോ ചീത്തയോ എന്ന വിശേഷഭാവങ്ങളെ വേർതിരിക്കുന്നത് മനസ്സിന്റെ പ്രവൃത്തിയാണെന്നു ധരിക്കേണം. എന്നാൽ മനസ്സിനു ഒരു വിഷയത്തിൽ താല്പര്യം മറ്റൊന്നിൽ വെറുപ്പ്. ഒരിക്കൽ ആഗ്രഹിച്ച് സ്വീകരിച്ച വിഷയത്തെ മറ്റൊരിക്കൽ ഉപേക്ഷിക്കൽ, ഒരിക്കൽ വെറുത്തുപേക്ഷിച്ചതിനെ മറ്റൊരിക്കൽ സ്വീകരിക്കൽ ഇങ്ങിനെ പല വികൃതികളുമുണ്ടാവാനെന്തുകാരണം എന്നു കാണിപ്പാൻ പറയുന്നു:—ഈ മനസ്സിൽ സത്വം രജസ്സ് തമസ്സ് എന്ന മൂന്നു ഗുണങ്ങളുണ്ട്. ആ ഗുണങ്ങളുടെ അധീനത്തിലകപ്പെട്ടതാണ് വികൃതികൾക്കു കാരണം. സർവ്വജ്ഞാനങ്ങൾക്കും സാധാരണമായതാണ് ആത്മാവ്. ചക്ഷുരാദീന്ദ്രിയങ്ങളോ രൂപാദിജ്ഞാനത്തെമാത്രം ജനിപ്പിക്കും. ആകയാൽ ആത്മാവും ഇന്ദ്രിയങ്ങളും ജ്ഞാനസാധനങ്ങളെന്നുമാത്രം സിദ്ധിക്കുമ്പോൾ ആത്മാവും ഇന്ദ്രിയങ്ങളും ഗുണദോഷങ്ങളെക്കുറിച്ച വിചാരംചെയ്യുന്നില്ല. എന്നാൽ വിഷയജ്ഞാനമുണ്ടാകുന്ന ദിക്കിലെല്ലാം ഗുണദോഷങ്ങളുടെ വിചാരവും ഉണ്ടാകുന്നതായ അനുഭവമുള്ളതിനാൽ ഗുണദോഷവിചാരത്തിന്നു കാരണമായിട്ട് ആത്മാവിനും ഇന്ദ്രിയങ്ങൾക്കും പുറമെ വേറെ ഒന്നിനെ സ്വീകരിക്കാഞ്ഞാൽ അനുപപത്തി ഉള്ളതുകൊണ്ടു (അർത്ഥാപത്തി പ്രമാണത്താൽ) ആ ഗുണദോഷവിചാരത്തിന്നു കാരണമായിട്ടൊന്നു സ്വീകരിക്കപ്പെടുന്നു. അതിനെത്തന്നെയാണ് മനസ്സ് എന്നു പറയുന്നതും.

അർത്ഥാപത്തി പ്രമാണസ്വരൂപം:—സ്ഥൂലിച്ചിട്ടുള്ള ദേവദത്തൻ (ഒരാൾ) പകൽ ഉണ്ണുന്നില്ല എന്നു പറയുമ്പോൾ സ്ഥൂലത്വം എന്നുള്ളത് ഭോജനമില്ലെങ്കിൽ സംഭവിക്കാത്തതാകയാൽ ആ ദേവദത്തൻ രാത്രി ഉണ്ണുന്നുവെന്നു കല്പിക്കപ്പെടുന്നു. ഭോജനം ഇല്ലെങ്കിൽ സ്ഥൂലത്വം സംഭവിക്കുന്നതല്ല

എന്നുള്ളത് അൎത്ഥാപത്തിയെന്ന പ്രമാണമാകുന്നു. ഈ പ്രമാണത്താൽ രാത്രി ഉണ്ണുന്നുവെന്ന ജ്ഞാനം അൎത്ഥാപത്തിപ്രമാണമാകുന്നു. അതുപോലെതന്നെ വിഷയഗ്രഹണത്തിലുള്ള ഗുണദോഷവിചാരം ആത്മാവിന്നും ഇന്ദ്രിയങ്ങൾക്കുംപുറമെ വേറെ ഒന്നിനാലല്ലാതെ സംഭവിക്കുന്നതല്ല എന്നുള്ളത് അൎത്ഥാപത്തിപ്രമാണമാകുന്നു. ഗുണദോഷവിചാരം ചെയ്യുന്നതായ മനസ്സ് എന്നുള്ളത് വേറെ ഒന്നുണ്ട് എന്നു ഉണ്ടാകുന്ന ജ്ഞാനം അൎത്ഥാപത്തിപ്രമയുമാകുന്നു. പ്രമാണം നിമിത്തമുണ്ടാകുന്ന ജ്ഞാനം പ്രമ എന്ന് വേദാന്തസംജ്ഞയാണ്. ജീവാത്മാവല്ല മനസ്സ് എന്നറിവാൻ ഈ ഭേദജ്ഞാനം ആവശ്യമായതുകൊണ്ടാണിവിടെ ഇത്രയും വിവരിച്ചത്.

14. വൈരാഗ്യം ക്ഷാന്തിരൌദാൎയ്യമിത്യാദ്യാഃ സത്വസംഭവാഃ
കാമക്രോധൌ ലോഭയത്നാ വിത്യാദ്യാരജസോത്ഥിതാഃ
ആലസ്യഭ്രാന്തിതന്ദ്രാദ്യാവികാരാസ്തമസോത്ഥിതാഃ.

വൈരാഗ്യംക്ഷാന്തിഃഔദാൎയ്യം=വിരക്തി ക്ഷമ ഉദാരത. ഇത്യാദ്യാഃസത്വസംഭവാഃ=എന്നിവ സത്വഗുണത്തിൽ നിന്നുണ്ടാകുന്നവ. കാമക്രോധൌലോഭയത്നൌ=കാമം ക്രോധം ലോഭം പ്രയത്നം. ഇത്യാദ്യാഃ രജസാഉത്ഥിതാഃ=എന്നിവ രജോഗുണംകൊണ്ടുണ്ടാകുന്നവ. ആലസ്യഭ്രാന്തിതന്ദ്രാദ്യാഃ=ആലസ്യം ഭ്രമം മടി മുതലായ. വികാരാഃതമസാഉത്ഥിതാഃ=വികാരങ്ങൾ തമോഗുണംകൊണ്ടുണ്ടാകുന്നവ.

ഗുണാധീനത്വംനിമിത്തം മനസ്സിലുണ്ടാകുന്ന വികാരങ്ങളെ കാണിക്കുന്നു:—വിഷയങ്ങളിൽ ആഗ്രഹമില്ലായ്മയാകുന്ന വിരക്തി, സുഖദുഃഖങ്ങളെ സഹിക്കുന്നതായ ക്ഷമ, പരഹിതത്തിൽ താൽപൎയ്യത്തോടുകൂടി പ്രവൃത്തിക്കുന്നതായ ഉദാരഭാവം എന്നീ വിധത്തിൽ പ്രകാശിക്കുന്ന മനോവികാരങ്ങളെല്ലാം സത്വഗുണത്തിൽനിന്നും; വിഷയങ്ങളിൽ ആഗ്രഹം, എതിരാളികളിൽ ക്രോധം, കിട്ടിയതിൽ തൃപ്തി തോന്നാതിരിക്കുന്നതായ ലോഭം, വീണ്ടും വീണ്ടും സമ്പാദിപ്പാനുള്ള പ്രയത്നം എന്നീ മനോവികാരങ്ങൾ രജോഗുണത്തിൽനിന്നും; അലസത, ഭ്രമം, മടി എന്നിവ തമോഗുണത്തിൽനിന്നുമുണ്ടാകുന്നു. വൈരാഗ്യാദികളുടെ സ്വരൂപമറിയേണ്ടതാവശ്യമാകയാൽ അവയെ വിശദമാക്കാം. 1. വൈരാഗ്യം:—ബ്രഹ്മലോകപൎയ്യന്തമുള്ള ഭോഗങ്ങളിൽ ഇച്ഛയുണ്ടാകാതെ അവയെ ത്യജിക്കുക. അല്ലെങ്കിൽ ബ്രഹ്മാദിസ്തംബപൎയ്യന്തമുള്ള സ്വരൂപങ്ങളുടെ ബാഹ്യസ്വരൂപങ്ങളിൽ മാത്രം ഇച്ഛയില്ലായ്മ. ആന്തരമായി അവയിലുള്ള തത്വങ്ങൾ ആത്മസ്ഫൂൎത്തിയാകയാൽ അവയിൽ സ്നേഹമുണ്ടാകാതിരിപ്പാൻ തരമില്ല. പരവൈരാഗ്യം അപരവൈരാഗ്യം എന്നു വൈരാഗ്യം രണ്ടുവിധത്തിലുണ്ട്. തന്നാൽ പ്രാപിക്കപ്പെട്ട അണിമാദ്യൈശ്വൎയ്യങ്ങളിൽകൂടിയും ഇച്ഛയില്ലായ്മക്ക് പരവൈരാഗ്യമെന്നു പേർ. അങ്ങിനെയല്ലാത്തത് അപരവൈരാഗ്യം. ആ അപരവൈരാഗ്യം നാലുവിധത്തിലുണ്ട്. 1. യതമാനം. 2. വ്യതിരേകി. 3. ഏകേന്ദ്രിയം. 4. വശീകാരം. അവയിൽ വിഷയങ്ങളിൽ ദോഷങ്ങളെ കാണുന്നതായ മന്ദവിവേകത്തിന്നു യതമാനവൈരാഗ്യമെന്നു പേർ. സൽസഹവാസം മുതലായവയാൽ ദുൎഗ്ഗുണങ്ങളെ ഉപേക്ഷിച്ച് സൽഗുണങ്ങളെ സമ്പാദിക്കുക എന്നത് വ്യതിരേകിവൈരാഗ്യം. മനസ്സിൽ വിഷയേച്ഛയുണ്ടായിരിക്കുകയും ബാഹ്യേന്ദ്രിയങ്ങളെ മാത്രം പ്രവൃത്തിപ്പിക്കാതെ നിഗ്രഹിക്കുകയും ചെയ്യുന്നത് ഏകേന്ദ്രിയവൈരാഗ്യം:—ഇന്ദ്രിയനിഗ്രഹം. സൂക്ഷ്മമായും വാസനാത്മകമായുമിരിക്കുന്ന മനസ്സിലുള്ള വിഷയേച്ഛയെ ഇല്ലാതെയാക്കുന്ന മനോനിഗ്രഹത്തിന്ന് വശീകാരവൈരാഗ്യമെന്നു പേർ. ആ വശീകാരവൈരാഗ്യമായതു്, മന്ദം തീവ്രം തീവ്രതരം എന്ന മൂന്നുവിധത്തിലുണ്ട്. അവയിൽ ഭാൎയ്യ പുത്രൻ ധനം മുതലായ അനുകൂലപദാൎത്ഥങ്ങൾ നശിക്കുമ്പോൾ തൽകാലംമാത്രം മനഃപൂൎവ്വമായവയിലുണ്ടാകുന്ന വെറുപ്പിന്ന് മന്ദവശീകാരവൈരാഗ്യമെന്നു പേർ. ഈ ജന്മത്തിൽ എനിക്ക് ഭാൎയ്യാപുത്രാദിവിഷയങ്ങൾ യാതൊന്നുമുണ്ടാകരുത് എന്നും മററം ദൃഢമായും നിരന്തരമായും മനഃപൂൎവ്വമായുമുള്ള വെറുപ്പിന്ന് തീവ്രവശീകാരവൈരാഗ്യമെന്നു പേർ. പുനരാവൎത്തിയുള്ള ബ്രഹ്മലോകപൎയ്യന്തമുള്ള ഭോഗങ്ങളിൽ ഇച്ഛയില്ലായ്മ തീവ്രതരവശീകാരവൈരാഗ്യം.

2. ക്ഷാന്തി:—അന്യന്മാരിൽനിന്നുണ്ടാകുന്ന അപരാധത്തെ സഹിക്കുക എന്നുള്ളതാണ്. ആർ എന്തുപദ്രവംചെയ്താലും ആ ഉപദ്രവം നമ്മളുടെ കൎമ്മഫലമാണെന്നും അവർ ഈശ്വരരൂപികളായി തൽകാലം നമ്മുടെ കൎമ്മഫലം തരുന്നവരായി ഭവിച്ചു എന്നുമാത്രം വിചാരിച്ചു സഹിക്കുന്നതാകുന്നു ക്ഷമയെന്നു താൽപൎയ്യം.

3. ഔദാൎയ്യം:—ഉദാരഭാവം. ഇതരന്മാരിൽ തന്നെപ്പോലെയുള്ള സ്നേഹം ധനാദികളെ ചിലവുചെയ്യുന്നതിൽ ചുരുക്കമില്ലായ്മയെന്നും അൎത്ഥമുണ്ട്.

4. മുതലായവ എന്ന ശബ്ദംകൊണ്ട് ഗ്രഹിക്കപ്പെടേണ്ടവ എന്തെല്ലാമെങ്കിൽ 1) വിവേകം:—നിത്യാനിത്യവസ്തുവിചാരം. 2) ശമം:—മനസ്സിനെ വിഷയങ്ങളിൽ പ്രവൃത്തിപ്പിക്കാതെയിരിക്കുന്നതു്. 3) ദമം:—ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ പ്രവൃത്തിപ്പിക്കാതെയിരിക്കുന്നതു്. 4) ശ്രദ്ധാ:—വേദവാക്യ

ത്തിലും ഗുരുവാക്യത്തിലുമുള്ള ദൃഢവിശ്വാസം. 5) സമാധാനം:—സദ്രൂപമാകുന്ന ലക്ഷ്യവസ്തുവിൽ മാത്രം മനസ്സ് ചലിക്കാതെ സ്ഥിരമായി നില്ക്കുക എന്നുള്ള ചിത്തൈകാഗ്രത. 6) ഉപരതി:—സമാധാനത്തോടുകൂടി സകലവിഷയങ്ങളേയും ഉപേക്ഷിച്ച് പിന്നെ ആ ഉപേക്ഷിച്ച വിഷയങ്ങളിൽ വീണ്ടും ഇച്ഛയില്ലായ്മ. 7) തിതിക്ഷാ:—ശീതം, ഉഷ്ണം, വിശപ്പ്, ദാഹം മുതലായ ദുഃഖങ്ങളെ സഹിക്കുകയെന്നുള്ളത്. 8) മുമുക്ഷുത്വം:—മോക്ഷത്തിലുള്ള തീവ്രേച്ഛ. 9) തപസ്സ്:—ദേവപൂജ മുതലായത്. അത് ശാരീരം, വാചികം, മാനസികം എന്ന മൂന്നുവിധം. 10) സത്യം:—യഥാർത്ഥഭാഷണം. 11) ദയാ:—ആപന്നന്മാരിൽ കരുണാ. 12) സ്മൃതി:—മുൻകഴിഞ്ഞ കാര്യങ്ങളുടേയും പിൻ വരുവാൻപോകുന്ന കാര്യങ്ങളുടേയും വിചാരം. 13) തുഷ്ടി:—കിട്ടിയതിൽ സന്തോഷം. 14) ആത്മനിർവൃതി:—ആത്മാവിൽ പ്രിയം. 15) അമാനിത്വം:—അഭിമാനമില്ലായ്മ. 16) അശ്ലാഘാ:—താൻചെയ്ത കർമ്മങ്ങളെ പുകഴ്ത്തായ്മ. 17) അഹിംസാ:—ആരേയും ദുഃഖിപ്പിക്കാതെയിരിക്കൽ. അല്ലെങ്കിൽ യാഗാദികളായ പുണ്യകർമ്മങ്ങളെ ഒഴിച്ച ബാക്കിയുള്ള സമയം പ്രാണികളെ ഹിംസിക്കാതെയിരിക്കൽ. 18) ആർജ്ജവം:— മനസ്സിലും വാക്കിലും പ്രവൃത്തിയിലും ഒരുപോലെയിരിക്കുക. എന്നും മററുമുള്ള ശാന്തവൃത്തികൾ ഗ്രഹിക്കപ്പെടുന്നു.

5. കാമം:— ആഗ്രഹം. 6. ക്രോധം:— തനിക്കും അന്യന്മാൎക്കും സന്താപം ഉണ്ടാക്കിത്തീൎക്കുന്ന ചിത്തക്ഷോഭം. 7. ലോഭം:—അന്യന്മാരുടെ ധനത്തിലുള്ള ആഗ്രഹം. 8) പ്രയത്നം:—ഉത്സാഹവിശേഷമായ പ്രവൃത്തി "എന്നുംമററുമുള്ള" എന്ന പദംകൊണ്ടു ഗ്രഹിക്കപ്പെടേണ്ടവ എന്തെല്ലാമെങ്കിൽ:— 1) ദംഭം:—താൻ യോഗ്യനാണെന്നാക്കിത്തീൎപ്പാൻവേണ്ടി വേഷം, ഭാഷണം, ആചാരം ഇവകൊണ്ട് താൻ നല്ലകുലത്തിൽ ജനിച്ചവനും വിദ്വാനും സദാചാരമുള്ളവനുമാണെന്ന് അന്യന്മാരെ ധരിപ്പിക്കുക. 2) ദൎപ്പം:—വിദ്യാ, രൂപം, കുലം, ധനം മുതലായവയെക്കൊണ്ടുണ്ടാകുന്നതും സജ്ജനങ്ങളെ അവമാനിപ്പാൻ ഹേതുവായിരിക്കുന്നതുമായ അഹങ്കാരം. 3) അത്യാശാ:— എന്തുകിട്ടിയാലും സന്തോഷമില്ലായ്മ. 4) ഭേദം:— താൻവേറെ, അന്യൻവേറെയെന്നുള്ള ബുദ്ധി. 5) സുഖം:—വിഷയാനുഭവം. 6) മദോത്സാഹം —മദം ഹേതുവായി് യുദ്ധാദികളിലുള്ള ആഗ്രഹം. 7) ആത്മസ്തുതി:—തന്നെത്താൻ പുകഴ്ത്തുക. 8) ഹാസ്യം:—പരിഹാസം. 9) വീൎയ്യം:—തന്റെ പ്രഭാവത്തെ പ്രകടിപ്പിക്കൽ. 10) അത്യാഗം:—കൎമ്മഫലത്തിൽ ആഗ്രഹം. 11) രാഗം:- സൂക്ഷ്മതത്വത്തെ മനസ്സിലാക്കാതെ ബാഹ്യസ്ഥിതികളെ മാത്രം കണ്ടു ഭ്രമിച്ചു അവയെ ആഗ്രഹിക്കുക മുതലായ ഘോരവൃത്തികൾ ഗ്രഹിക്കപ്പെടുന്നു. 12) ആലസ്യം:—ഉത്സാഹത്തിന്റെ പ്രതിബന്ധമാകുന്ന മടി. 13) ഭ്രാന്തി:— ഒരു വസ്തുവിനെ കണ്ടിട്ടു അതിനെ മററൊരു വസ്തുവായിട്ടു ധരിക്കുക. 14) തന്ദ്രാ:—നിദ്രക്ക് മുമ്പുണ്ടാകുന്ന മടി. "എന്നുംമററും" എന്നുള്ള ശബ്ദത്താൽ ഗ്രഹിക്കപ്പെടേണ്ടവ ഏതെല്ലാമെങ്കിൽ 1) അപ്രകാശം:—ഒന്നും അറിയാതെയിരിക്കുന്നതായ അജ്ഞാനം. 2. അപ്രവൃത്തി:—ശുഭകാൎയ്യങ്ങളിൽ പ്രവൃത്തിയില്ലായ്മ. 3) കൃപണത്വം:—ധനം മുതലായവയെ വേണ്ടുന്ദിക്കിൽ വേണ്ടവിധം ചിലവുചെയ്യാതിരിക്കൽ. 4) അനൃതം:—അസത്യവാക്ക്. 5) ഹിംസാ:—പരന്മാരെ ഉപദ്രവിക്കുക. അല്ലെങ്കിൽ യാഗാദികൾക്കല്ലാതെ പ്രാണികളെ വധിക്കുക. 6) കലഹം:—പരസ്പരം ശണ്ഠപിണയുക. 7) ശോകം:— കഴിഞ്ഞ കാൎയ്യത്തെക്കുറിച്ചു വ്യസനിക്കുക. 8) വിഷാദം:—ദുഃഖം. 9) ദീനത്വം ദാരിദ്ര്യം:—ദാരിദ്ര്യം എന്നത് കേവലം ധനമില്ലായ്മയല്ല മനസ്സിന്റെ തമോഗുണപ്രധാനമായ ഒരു വൃത്തിവിശേഷമാണ്. അതിനാൽ ഇത് ധനമുള്ളവൎക്കും ഉണ്ടാവാൻ വിരോധമില്ല 10) ആശ:—ആഗ്രഹം. 11) ഭയം:—ഏതുകാൎയ്യം പ്രവൃത്തിക്കുന്നതിലും ധൈൎയ്യമില്ലായ്മയും ഭാവികാൎയ്യങ്ങളെ അറിയാത്തതിനാലുള്ള മനഃക്ഷോഭവും. 12) ജഡത്വം:—അറിവില്ലായ്മയെന്നിങ്ങിനെയുള്ള മൂഢവൃത്തികൾ ഗ്രഹിക്കപ്പെടുന്നു.

15. സാത്വികൈഃ പുണ്യനിഷ്പത്തിഃ പാപോൽപത്തിശ്ചരാജസൈഃ
താമസൈൎന്നോ ഭയംകിന്തു വൃഥായുഃ ക്ഷപണംഭവേത്.

16. അത്രാഹംപ്രത്യയീകത്ത്രേ്യവംലോകവ്യവസ്ഥിതിഃ

സാത്വികൈഃ=സത്വഗുണത്തിൽനിന്നുണ്ടാകുന്ന ഭാവങ്ങളാൽ. പുണ്യനിഷ്പത്തിഃ=പുണ്യോൽപത്തിയും. രാജസൈഃ=രജോഗുണഭാവങ്ങളാൽ. പാപോൽപത്തിഃ ച=പാപങ്ങളുടെ ഉത്ഭവവും. താമസൈഃ=തമോഗുണഭാവങ്ങൾകൊണ്ടു. ന ഉഭയം=രണ്ടുമില്ല. കിന്തുവൃഥായുഃ ക്ഷപണം ഭവേത്=പിന്നെയോ വ്യൎത്ഥമായിട്ടു ആയുസ്സിനെ കഴിക്കും.

സത്വാദിഗുണങ്ങൾ നിമിത്തം മനസ്സിലുണ്ടാകുന്ന ഭാവങ്ങളുടെ ഫലം പറയുന്നു:—സത്വഗുണം നിമിത്തം ഉണ്ടാകുന്ന ഭാവങ്ങൾ പുണ്യത്തിനും രാജസഭാവങ്ങൾ പാപത്തിനും കാരണമാകുന്നു. താമസഭാവങ്ങൾകൊണ്ടു രണ്ടും ഉണ്ടാകുന്നില്ല; പിന്നെയൊ, പ്രയോജനമൊന്നുമില്ലാതെ ജീവിതം കഴിച്ചുകൂ

ട്ടും. അന്തഃകരണങ്ങളുടെയെല്ലാം സ്വാമിയെ കാണിക്കുന്നു:—ബുദ്ധിസ്ഥങ്ങളായ ഭാവങ്ങളിൽ ഞാനെന്നഭിമാനിക്കുന്നവൻ ആരോ അവൻ കർത്താവാകുന്നു. അഹംഭാവിയാണ് കർത്താവെന്നു സാരം. കാര്യം ആർ നടത്തിയോ അവനെ പ്രഭുവെന്നു പറയുന്നതാണെല്ലോ ലോകമര്യാദ. അതുപോലെ അന്തഃകരണാഭിമാനിയും ചൈതന്യാഭാസവുമായ ജീവൻ കർത്താവാണെന്നറിഞ്ഞുകൊള്ളണം. ഇതാണ് ലോകസ്വഭാവം.

17. സ്പഷ്ടശബ്ദാദിയുക്തേഷു ഭൗതികത്വം മതിസ്ഫുടം
അക്ഷാദാവപി തച്ഛാസ്ത്രയുക്തിഭ്യാ മവധാര്യതാം.

സ്പഷ്ടശബ്ദാദിയുക്തേഷു=സ്പഷ്ടങ്ങളായ ശബ്ദസ്പർശാദികളുള്ള ഘടാദിവസ്തുക്കളിൽ. ഭൗതികത്വം അതിസ്ഫുടം=ഭൂതജന്യങ്ങളാണെന്നത് ഏററവും സ്പഷ്ടം. അക്ഷാദൌ അപി തത്=ഇന്ദ്രിയാദികളിലും അത്. ശാസ്ത്രയുക്തിഭ്യാം=ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും. അവധാര്യതാം=അറിയപ്പെടേണം.

ജഗത്തിന്റെ സ്ഥിതിയെ പറഞ്ഞശേഷം ആ ജഗത്ത് ഭൗതികമാണ്–ഭൂതകാര്യമാണ്–എന്നറിവാനുപായം പറയുന്നു:—സ്പഷ്ടങ്ങളായ ശബ്ദസ്പർശാദികളോടുകൂടിയ ഘടപടാദികൾ ഭൂതകാര്യങ്ങളാണെന്നതു് സ്പഷ്ടമായിരിക്കുന്നുണ്ട്. ഇന്ദ്രിയാദികൾ ഭൂതകാര്യങ്ങളാണെന്നെങ്ങിനെ നിശ്ചയിക്കും എന്ന ശങ്കക്ക സമാധാനം:—ശാസ്ത്രവാക്യങ്ങളിൽനിന്നും അനുമാനമെന്ന പ്രമാണത്തിൽനിന്നും ഇന്ദ്രിയങ്ങളും ഭൂതകാര്യങ്ങളാണെന്നറിഞ്ഞുകൊള്ളണം. "അന്നമയം ഹി സൌമ്യമനഃ ആപോമയഃ പ്രാണസ്തേജസീ വാക്" ഹേ സൌമ്യ! മനസ്സ് അന്നമയം. പ്രാണൻ ജലമയം വാക് അഗ്നിമയം എന്നർത്ഥമായ ശാസ്ത്രം പ്രമാണം. അനുമാനമെങ്ങിനെയെന്നാൽ:—ഏതൊരു കാരണദ്രവ്യമുള്ളപ്പോൾ ഏതൊന്നുണ്ടാകുന്നുവോ ആ ഉണ്ടായ സാധനം കാര്യം. മണ്ണുണ്ടെങ്കിലെ ഘടമുണ്ടാകുന്നുള്ളു മണ്ണില്ലെങ്കിൽ ഘടവുമില്ല എന്നുള്ള അന്വയവ്യതിരേകങ്ങളെക്കൊണ്ടു കാര്യകാരണങ്ങളെ അറിയാം. അതേവിധത്തിൽ ഭൂതങ്ങളാകുന്ന കാരണത്തിൽനിന്നുണ്ടായ ശ്രോത്രാദീന്ദ്രിയങ്ങളും ഭൂതകാര്യങ്ങളാണെന്നറിയേണം. അന്നമയം ഹി സൌമ്യ മനഃ എന്നതിലെ അന്നമെന്ന വാക്കുകൊണ്ടു അന്നത്തിനുപാദനമായ പൃഥിവിയും അർത്ഥംകൊണ്ടു ഗ്രഹിക്കപ്പെടുന്നു. അന്നത്തിന്റെ സ്ഥൂലഭാഗത്താൽ പുരീഷവും മദ്ധ്യമഭാഗത്താൽ മാംസവും സൂക്ഷ്മഭാഗത്താൽ മനസ്സും ഉണ്ടാകുന്നു. ജലത്തിന്റെ സ്ഥൂലഭാഗത്താൽ മൂത്രവും മദ്ധ്യമഭാഗത്താൽ രക്തവും സൂക്ഷ്മഭാഗത്താൽ പ്രാണനും ഉണ്ടാകുന്നു. ഭുജിക്കപ്പെടുന്ന തേജോംശങ്ങളായ പദാർത്ഥങ്ങളുടെ സ്ഥൂലഭാഗത്താൽ അസ്ഥിയും മദ്ധ്യമഭാഗത്താൽ മജ്ജയും സൂക്ഷ്മഭാഗത്താൽ വാക്കും ഉണ്ടാകുന്നു. അതിനാൽ ഹേ സൌമ്യ! മനസ്സ് അന്നമയവും പ്രാണൻ ജലമയവും വാക്ക് തേജോമയവുമാകുന്നു എന്നും മററും ഛാന്ദോഗ്യശ്രുതിയിൽ 6–ാം പ്രപാഠകത്തിൽ മനസ്സു മുതലായവ ഭൂതകാര്യങ്ങളാണെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നു താൽപര്യം.

18. ഏകാദശേന്ദ്രിയൈര്യുക്ത്യാ ശാസ്ത്രേണാപ്യവഗമ്യതേ
യാവൽകിഞ്ചിൽഭവേദേതദിദംശബ്ദോദിതം ജഗത്.

ഏകാദശേന്ദ്രിയൈഃ=പതിനൊന്ന് ഇന്ദ്രിയങ്ങൾകൊണ്ടും. യുക്ത്യാ ശാസ്ത്രേണ അപി=യുക്തികൊണ്ടും ശാസ്ത്രംകൊണ്ടു. യാവത് കിഞ്ചിത് അവഗമ്യതേ=ഏതൊന്നറിയപ്പെടുന്നുവോ. ജഗത് ഭവേത്=അതെല്ലാമാകുന്നു ജഗത്ത്. ഏതത് ഇദംശബ്ദോദിതം=ഈ ജഗത്താണ്. ഇദം=ഇത്–എന്ന ശബ്ദത്താൽ പറയപ്പെട്ടത്.

മേൽ വിവരിച്ച വിധത്തിൽ ഭൂതങ്ങളേയും ഭൗതികങ്ങളേയും വേർതിരിച്ചു കാട്ടിയശേഷം "സദേവസൌമ്യേദ മഗ്ര ആസീത്" എന്ന് ഇതിനുമുമ്പെ കാണിച്ച ശ്രുതിയിലുള്ള "ഇദം=ഇത്" എന്ന ശബ്ദത്തിന്റെ അർത്ഥം പറവാൻ ഭാവിക്കുന്നു:—മനസ്സോടുകൂടെയുള്ള പതിനൊന്നിന്ദ്രിയങ്ങൾകൊണ്ടും അനുമാനാദിപ്രമാണങ്ങൾകൊണ്ടും ശാസ്ത്രംകൊണ്ടും ഏതെല്ലാം ലോകം അറിയപ്പെടുന്നുവോ ആ എല്ലാ ലോകങ്ങളും എന്നാണ് ഇദം ശബ്ദത്തിന്റെ അർത്ഥം. അറിയപ്പെടുവാൻ കഴിയുന്ന സർവ്വജഗത്തിനേയും ഇദം എന്ന ശബ്ദംകൊണ്ടു കാണിച്ചിരിക്കുന്നുവെന്നു സാരം.

19. ഇദം സർവ്വംപുരാ സൃഷ്ടേ രേകമേവാദ്വിതീയകം
സദേവാസീന്നാമരൂപേ നാസ്താ മിത്യാരുണേർവ്വചഃ

സൃഷ്ടേഃ പുരാ=സൃഷ്ടിക്കുമുമ്പേ. ഇദം സർവ്വം=ഇതെല്ലാം. ഏകം ഏവ അദ്വിതീയകം=ഏകവും അദ്വിതീയകവുമായ, സത് ഏവ ആസീത്=സത്തു മാത്രമായിരുന്നു. നാമരൂപേ ന ആസ്താം=നാമരൂപങ്ങൾ രണ്ടും ഉണ്ടായിരുന്നില്ല. ഇതി ആരുണേഃ വചഃ=എന്നാണ് ആരുണിയെന്ന ഋഷിയുടെ വചനം.

ശ്രുതിയിലെ ഇദം എന്ന ശബ്ദത്തിന്റെ അൎത്ഥം പറഞ്ഞശേഷം ശ്രീവിദ്യാരണ്യഗുരു ശ്രുതിയെത്തന്നെ പദ്യരൂപേണ വ്യാഖ്യാനിക്കുന്നു:—കാണപ്പെടുന്നതും കേൾക്കപ്പെടുന്നതും ഊഹിക്കപ്പെടാവുന്നതുമായ സകലലോകവും സൃഷ്ടിക്കുമുമ്പേ ഏകവും അദ്വിതീയകവും നാശരഹിതവുമായ ബ്രഹ്മരൂപമായിത്തന്നെയിരുന്നു. നാമം രൂപം എന്ന രണ്ടും ഉണ്ടായിരുന്നില്ല എന്നാണ് അരുണൻ എന്ന ഋഷിയുടെ പുത്രനായ ഉദ്ദാലകമുനിയുടെ വചനം.

20. വൃക്ഷസ്യ സ്വഗതോഭേദഃ പത്രപുഷ്പ ഫലാദിഭിഃ
വൃക്ഷാന്തരാൽ സജാതീയോ വിജാതീയഃ ശിലാദിതഃ

വൃക്ഷസ്യസ്വഗതഃ ഭേദഃ=വൃക്ഷത്തിന്നു സ്വഗതമായഭേദം. പത്രപുഷ്പ ഫലാദിഭിഃ=ഇലകൾ പുഷ്പങ്ങൾ ഫലങ്ങൾ എന്നിവകൊണ്ടുണ്ടാകുന്നു. വൃക്ഷാന്തരാത്=അന്യങ്ങളായ വൃക്ഷങ്ങളിൽനിന്ന്. സജാതീയഃ ഭേദഃ=സമാനമായ ജാതിയിൽനിന്നും ഭേദമുണ്ട്. ശിലാദിതഃ=കല്ല് മുതലായതിൽനിന്ന്. വിജാതീയഃ ഭേദഃ=വിജാതിയിൽനിന്നുള്ള ഭേദവുമുണ്ട്. ഏകം ഏവ അദ്വിതീയം=ഒന്നുതന്നെ രണ്ടില്ല എന്നൎത്ഥമായ മൂന്നു പദങ്ങളുടെ പ്രയോജനം കാണിക്കുന്നു:—ലോകത്തിൽ കാണപ്പെടുന്ന സ്വഗതഭേദം സജാതീയ ഭേദം വിജാതീയഭേദം എന്ന മൂന്നുവിധഭേദങ്ങളും സദ്രൂപമായ ബ്രഹ്മത്തിൽ ഇല്ല. ലോകത്തിലുള്ള വസ്തുക്കളിൽ ആവക മൂന്നുവിധഭേദങ്ങളുണ്ടെന്നു കാണിപ്പാൻ ദൃഷ്ടാന്തമായിട്ടു വൃക്ഷത്തെ എടുക്കുന്നു. ഇലകൾ പുഷ്പങ്ങൾ ഫലങ്ങൾ എന്നിവയിൽനിന്നു വൃക്ഷത്തിന്നുള്ള ഭേദത്തിന്നു സ്വഗതഭേദമെന്നു പേർ.

തന്നിൽത്തന്നെയുള്ള ഭേദത്തിന്നു സ്വഗതഭേദമെന്നുപേർ. ഇതരങ്ങളായ വൃക്ഷങ്ങളിൽനിന്നുള്ള ഭേദത്തിന്നു സജാതീയഭേദമെന്നുപേർ. കല്ല് മുതലായ ഇതരവസ്തുക്കളിൽനിന്നുള്ള ഭേദത്തിന്നു വിജാതീയഭേദമെന്നു പേർ ഇങ്ങിനെയുള്ള മൂന്നുവിധഭേദങ്ങൾ ലോകത്തിൽ കാണപ്പെടുന്ന സകലപദാൎത്ഥങ്ങളിലുമുണ്ട്.

21. തഥാസദ്വസ്തുനോ ഭേദത്രയം പ്രാപ്തം നിവാൎയ്യതേ
ഐക്യാവധാരണ ദ്വൈതപ്രതിഷേധൈഃ ത്രിഭിഃ ക്രമാൽ.

തഥാ സദ്വസ്തുനഃ പ്രാപ്തം=അപ്രകാരം സദ്വസ്തുവിന്നുണ്ടെന്നു തോന്നാനിടയുള്ള. ഭേദത്രയം=മൂന്നുവിധ ഭേദം. ഐക്യാവധാരണദ്വൈത പ്രതിഷേധൈഃ=ഐക്യം അവധാരണം ദ്വൈതപ്രതിഷേധം എന്നിവയെ കാണിക്കുന്ന. ത്രിഭിഃ ക്രമാൽ നിവാൎയ്യതേ=മൂന്നുപദങ്ങളാൽ ക്രമത്തിൽ നിവാരണം ചെയ്യപ്പെടുന്നു.

ആത്മാവും ഒരു വസ്തുവല്ലേ; അതിലും മേൽകാണിച്ച മൂന്നുവിധഭേദങ്ങളില്ലെയോ എന്ന ശങ്കയെതീൎക്കുന്നു:—ആത്മാവല്ലാത്ത ജഡവസ്തുക്കളിൽ കാണപ്പെടുന്ന മൂന്നുവിധമായ ഭേദം സദ്രൂപമായ ആത്മവസ്തുവിൽ ഇല്ലെന്ന് ഏകം ഏവ അദ്വിതീയം എന്ന മൂന്നുപദങ്ങൾ ഐക്യത്തെ സ്ഥിരപ്പെടുത്തുക ദ്വൈതത്തെ നിഷേധിക്കുക എന്ന അൎത്ഥംകൊണ്ടു ക്രമത്തിൽ കാണിക്കുന്നു. സദ്വസ്തുവായ ആത്മാവ് ഏകമാണ്. സ്വഗതഭേദമില്ല എന്നും, ഏവ എന്ന അവധാരണാൎത്ഥമുള്ള പദം സജാതീയഭേദമില്ല എന്നും അദ്വിതീയം എന്ന ദ്വൈതത്തെ പ്രതിഷേധിക്കുന്ന പദം വിജാതീയഭേദമില്ലെന്നും കാണിക്കുന്നു.

22. സതോനാവയവാഃ ശങ്ക്യാസ്തദംശസ്യാനിരൂപണാത്
നാമരൂപേന തസ്യാംശൌ തയോരദ്യാപ്യനുത്ഭവാത്.

സതഃ അവയവാഃ=സത്തിന്നു അവയവങ്ങൾ. നശങ്ക്യാഃ=ശങ്കിക്കപ്പെടുവാൻ യോഗ്യങ്ങളല്ല. തദംശസ്യ അനിരൂപണാത്=അതിന്റെ അംശത്തിന്റെ നിരൂപണം ഇല്ലാത്തതുകൊണ്ട്. നാമരൂപേ=നാമരൂപങ്ങൾ. തസ്യ അംശൌ ന=അതിന്റെ അംശങ്ങളല്ല. തയോഃ അദ്യ അപി=ആ രണ്ടിന്നും ഇപ്പോഴും. അനുൽഭവാത്=ഉത്ഭവം ഇല്ലാത്തതുകൊണ്ടു.

സദ്വസ്തുവിന്ന് അവയവങ്ങളില്ലാത്തതുകൊണ്ട് സ്വഗതഭേദമില്ലെന്നു കാണിക്കുന്നു:—സദ്വസ്തുവിന്നു അവയവങ്ങളുണ്ടെന്നു ശങ്കിപ്പാനവകാശമില്ല എന്തുകൊണ്ടെന്നാൽ ശ്രുതിയിൽ ആത്മാവിന്നു അംശനിരൂപണം ചെയ്തിട്ടില്ല. നാമരൂപങ്ങളതിന്റെ അംശങ്ങളല്ലയോ എന്നും ശങ്കിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ സൃഷ്ടിക്കുമുമ്പേ നാമരൂപങ്ങളില്ലല്ലൊ. പിന്നെ ശങ്കക്കെന്തവകാശം.

23. നാമരൂപോത്ഭവസ്യൈവ സൃഷ്ടിത്വാൽ സൃഷ്ടിതഃപുരാ
നതയോരുൽഭവസ്തസ്മാന്നിരംശംസദ്യഥാവിയത്.

നാമരൂപോൽഭവസ്യ ഏവ=നാമരൂപങ്ങളുടെ ഉത്ഭവത്തിന്നുതന്നെ. സൃഷ്ടിത്വാൽ=സൃഷ്ടിത്വം എന്ന

ഹേതുവാൽ. സൃഷ്ടിതഃപുരാ=സൃഷ്ടിക്കുമുമ്പേ. നതയോഃഉൽഭവഃ=ആ രണ്ടിന്റെയും ഉത്ഭവമില്ല. തസ്മാത്സത്നിരംശം=അതുകൊണ്ടു സദ്വസ്തു നിരംശമാകുന്നു. യഥാവിയത്=ആകാശം എന്നപോലെ.

എന്തുകൊണ്ട് നാമരൂപങ്ങളില്ല എന്ന ആകാംക്ഷക്കു സമാധാനം:—നാമരൂപങ്ങളെ ഉണ്ടാക്കുക എന്നതിനെയാണ് സൃഷ്ടിയെന്നു പറയുന്നത് ആകയാൽ സൃഷ്ടിക്കു മുമ്പേ നാമരൂപങ്ങളുണ്ടായിട്ടില്ല. അതുകൊണ്ടു സദ്വസ്തു ആകാശമെന്നപോലെ നിരംശമാകുന്നു. സ്വഗതഭേദമില്ലെന്നുറപ്പിക്കുവാൻ യുക്തി:—ജഡപദാർത്ഥം യാതൊന്നോ അതിന്നവയവങ്ങളുണ്ടായിരിക്കും. ഘടാദികൾ ജഡങ്ങളാണ്. അവയ്ക്ക് അവയവങ്ങളുമുണ്ട്. സദ്വസ്തു ജഡമല്ല അതിന്നവയവങ്ങളുമില്ല. എന്നാൽ സദ്വസ്തു സാവയവമാണെന്നു പറയുന്നപക്ഷം ആ സദ്വസ്തുവിന്റെ അവയവം ചേതനമായതോ അചേതനമായതോ എന്നൊരു ചോദ്യത്തിന്നവകാശമുണ്ട്. ചേതനമെന്നു പറയുന്നതാണെങ്കിൽ ആ ചേതനമായ അവയവം ചേതനമായിത്തന്നെയിരിക്കുന്ന സദ്വസ്തുവിൽനിന്ന് ഭിന്നമോ അഭിന്നമോ; ഭിന്നമാണെങ്കിൽ അദ്വിതീയപ്രതിപാദകങ്ങളായ അനേക ശ്രുതികൾക്ക് വിരോധമുണ്ടാകും അഭിന്നമാണെങ്കിൽ അവയ്ക്കുതമ്മിൽ അവയവം അവയവി എന്ന ഭാവം ഉണ്ടാകുന്നതുമല്ല എന്നാൽ സദ്വസ്തുവിന്റെ അവയവം അചേതനമായ ജഡമാണെന്ന രണ്ടാമത്തെ പക്ഷത്തിൽ ജഡങ്ങളായ തന്തുക്കളാലുണ്ടാക്കപ്പെട്ട വസ്ത്രം ജഡമായി ഭവിക്കുന്നതുപോലെ ജഡമായ അവയവത്താലുണ്ടായ സദ്വസ്തുവും ജഡമായിത്തന്നെ ഭവിക്കുന്നുവെന്നു പറയേണ്ടതായ്‌വരും. അതുകൊണ്ട് സദ്വസ്തുവിന്ന് അവയവം നിരൂപിക്കപ്പെട്ടിട്ടില്ല.

24. സദന്തരംസജാതീയം നവൈലക്ഷണ്യവർജനാത്
നാമരൂപോപാധിഭേദം വിനാനൈവസതോഭിദാ.

സജാതീയംസദന്തരം=സമാനജാതിയിൽ ഉൾപ്പെട്ട അന്യമായ സദ്വസ്തു. വൈലക്ഷണ്യവർജനാൽ ന=ലക്ഷണഭേദാഭാവം നിമിത്തമില്ല. നാമരൂപോപാധിഭേദംവിനാ=നാമരൂപമുള്ള ഉപാധികളുടെ ഭേദം കൂടാതെ. സതഃഭിദാനഏവ=സത്തിന്നു ഭേദംതന്നെയില്ല.

സത്തിന്ന് അവയവമില്ലാത്തതുകൊണ്ട് സ്വഗതഭേദമില്ലെന്നു വന്നാലും സജാതീയഭേദമെങ്ങിനെയില്ലെന്നു വരുമെന്ന ശങ്കക്കു സമാധാനം:—സജാതീയമെന്നു വരേണമെങ്കിൽ മറെറാരു സദ്വസ്തു ഉണ്ടായിരിക്കേണം എന്നാണെല്ലോ പറയേണ്ടത്. അങ്ങിനെ പറവാൻ നിവൃത്തിയില്ല. ലക്ഷണഭേദമല്ലെയോ വസ്ത്വന്തരകല്പനത്തിന്നു കാരണം സത്തിന്ന് സത്തിൽനിന്നുതന്നെ ഭേദം കല്പിപ്പാൻ ലക്ഷണഭേദമില്ലാത്തതുകൊണ്ട് അന്യമായ സദ്വസ്തുവില്ല. എന്നാൽ ഘടസത്താ, പടസത്താ എന്ന ഭേദം കാണപ്പെടുന്നുണ്ടെല്ലോ എന്നു ശങ്കിക്കുന്നപക്ഷം സത്താസാമാന്യത്തിലല്ല ആ ഭേദം. ഘടംപടം എന്ന നാമരൂപങ്ങളുള്ള ഉപാധികളെ സംബന്ധിച്ചാണ് ഭേദമിരിക്കുന്നത്. ഘടാകാശം മഠാകാശം എന്ന ഭേദംപോലെ ഘടസത്താ, പടസത്താ എന്ന ഭേദങ്ങളും ഉപാധികൾ നിമിത്തം പറയപ്പെടുന്നുവെന്നല്ലാതെ സത്താസാമാന്യഭേദമില്ല അതിനാൽ സദ്വസ്തുവിൽ സജാതീയഭേദവുമില്ല.

25. വിജാതീയമസത്തത്തു നഖല്വസ്തീതിഗമ്യതേ
നാസ്യാതഃപ്രതിയോഗിത്വം വിജാതീയാൽഭിദാകുതഃ.

വിജാതീയം അസത്=വിജാതീയമെന്നത് അസത്ത്. തത്തുഅസത്=അതാകട്ടെ ഇല്ലാത്തത്. ഇതിഗമ്യതേ=എന്നറിയപ്പെടുന്നു. അതഃഅസ്യ=അതുകൊണ്ടിതിന്നു. പ്രതിയോഗിത്വംന=വിപരീതവസ്ത്വന്തരമില്ല. വിജാതീയാത്=വിജാതിവസ്തുവിൽനിന്ന് ഭിദാകുതഃ=ഭേദം എങ്ങിനെയുണ്ടാകും.

സ്വഗതഭേദവും സജാതീയഭേദവും ഇല്ലെങ്കിലും വിജാതീയഭേദമില്ലെയോ എന്ന ശങ്കയെ തീർക്കുന്നു:—സദ്വസ്തുവിന്നു വിപരീതമായത് അസദ്വസ്തുവെന്നല്ലെ പറയേണ്ടത്. ഇല്ലാത്തവസ്തു എന്നല്ലെയോ അതിന്റെ അർത്ഥം. സദ്വസ്തുവിൽനിന്നു ഭിന്നമായ വസ്ത്വന്തരം നിശ്ചയമായും ഇല്ലെന്നുറപ്പിക്കപ്പെട്ടിരിക്കയാൽ സത്തിന്നു പ്രതിയോഗിയില്ല. പിന്നെയെങ്ങിനെ വിജാതീയഭേദമുണ്ടാകും.

26. ഏകമേവാദ്വിതീയം സൽ സിദ്ധ മത്രതു കേചന
വിഹ്വലാ അസദേവേദം പുരാസീ ദിത്യവർണ്ണയൻ.

ഏകം ഏവ അദ്വിതീയം=ഏകമായും അദ്വിതീയമായുമിരിക്കുന്ന. സത്സിദ്ധം=സദ്വസ്തുസിദ്ധമായി. അത്രതുവിഹ്വലാഃ കേചന=ഇതിലാകട്ടെ വ്യാകുലന്മാരായ ചിലർ. പുരാ ഇദം അസത് ഏവ=സൃഷ്ടിക്കുമുമ്പേ ഇത് അസത്തായിട്ടുതന്നെ. ആസീത് ഇതി അവർണ്ണയൻ=ഇരുന്നുവെന്നു വർണ്ണിക്കുന്നു.

മുമ്പെ വിസ്തരിച്ചു കാണിച്ച ശ്രുതിയുക്ത്യനുഭവങ്ങളിൽനിന്നു സ്വഗതാദി മൂന്നുവിധഭേദങ്ങളുമില്ലാത്തതിനാൽ ഏകമായും അദ്വിതീയമായുമിരിക്കുന്ന സദ്വസ്തു മാത്രം ശാശ്വതമെന്നു സിദ്ധിച്ചുവല്ലൊ എന്നാൽ ജാതി, നാമം, രൂപം എന്നിവയൊന്നുമില്ലാത്ത ഈ സദ്വസ്തുവിൽ ബുദ്ധിപ്രവേശം സിദ്ധിക്കാഞ്ഞതിനാൽ വിവശന്മാരായ ചിലർ "സദേവസൌമ്യേദമഗ്ര ആസീത" എന്ന ശ്രുതിവാക്യത്തെ "അസദേവേദമാസീത്" സൃഷ്ടിക്കുമുമ്പെ ഇക്കാണപ്പെടുന്ന സകലവും അസത്തായിരുന്നുവെന്നു് അബദ്ധമായി വൎണ്ണിച്ചിട്ടുണ്ടു്. ഇവിടെ ഈ പൂൎവ്വപക്ഷത്തെയെടുത്തു കാണിച്ചതു് ചിലർ–മാദ്ധ്യമികബൌദ്ധന്മാർ–ചെയ്യുന്ന തെററായ വാദത്തെ ഖണ്ഡിച്ചു് അദ്വിതീയ സദ്വസ്തുവിന്റെ അബാദ്ധ്യതയെ കുത്തിയുറപ്പിക്കുവാൻ വേണ്ടീട്ടാണെന്നു ധരിക്കണം. ഉറപ്പിച്ച തൂൺ മേലിൽ ഇളകി വീഴാതിരിപ്പാൻ കുത്തിക്കുത്തിയുറപ്പിക്കുന്നപോലെ സദ്വസ്തുവിന്റെ ശാശ്വതയെ സിദ്ധാന്തിച്ചുറപ്പിക്കേണ്ടതാവശ്യമാണെന്നു ശിഷ്യാനുഗ്രഹതൽപരനായ ശ്രീ വിദ്യാരണ്യഗുരുദേവൻ വിചാരിച്ചതിന്റെ ഫലമായിട്ടാണു് ഇതരമതഖണ്ഡനം പുറപ്പെട്ടിരിക്കുന്നതു്.

മാദ്ധ്യമികബൌദ്ധമതം—സുഷുപ്തിയിൽനിന്നുണൎന്നവൻ "ഞാൻ ജഡനായുറങ്ങി" എന്നു പറയുന്നു. അതിനാൽ ആത്മാവു ജഡരൂപമെന്നു സിദ്ധിക്കുന്നു. ഉണൎന്നവനു് ഞാൻ ജഡനായുറങ്ങിയെന്നുണ്ടാകുന്ന ജ്ഞാനം സ്മൃതിയാകയാൽ ആ ജഡമായ ആത്മാവു് സുഷുപ്തിയിൽ പ്രകാശിച്ചുകൊണ്ടും ഇരിക്കുന്നതാണു്. ഇപ്രകാരം ആത്മാവു് പ്രകാശരൂപമായും അപ്രകാശരൂപമായും ഇരിക്കുന്നു. മിന്നാമിനുങ്ങുടെ ഒരംശം പ്രകാശമായും മറെറാരംശം അപ്രകാശമായും ഇരിക്കുന്നതുപോലെ ആത്മാവിന്റെ ഒരംശം പ്രകാശമായും മറെറാരംശം അപ്രകാശമായും ഇരിക്കുന്നുവെന്നു പറയുമ്പോൾ ആത്മാവിന്നു് അംശ (അവയവ)ങ്ങൾ ഉണ്ടെന്നു സ്വീകരിക്കേണ്ടതായിവരും. അംശങ്ങളോടുകൂടിയ പദാൎത്ഥങ്ങൾ ഉൽപത്തിനാശങ്ങളുള്ളവയാണു്. അതുപോലെ ആത്മാവും അംശങ്ങളോടുകൂടിയതാകയാൽ ഉൽപത്തിനാശങ്ങളുള്ളതാണെന്നു വിചാരിക്കേണ്ടതായ്വരുന്നു. ഉൽപത്തിനാശങ്ങളോടുകൂടിയ പദാൎത്ഥങ്ങൾ ഉൽപത്തിക്കു മുമ്പും നാശത്തിന്നു ശേഷവും അസത്തുക്കളാണെല്ലൊ. ആദ്യന്തങ്ങളിൽ അസത്തുക്കളായ പദാൎത്ഥങ്ങൾ മദ്ധ്യത്തിലും അസത്തുക്കളയേിത്തന്നെയിരിക്കും. അതിനാൽ ആത്മാവു് അസദ്രൂപമാകുന്നു. ഇപ്രകാരംതന്നെ ആത്മാവിൽനിന്നു ഭിന്നങ്ങളായ സകല പദാൎത്ഥങ്ങളും ഉൽപത്തിനാശങ്ങളോടു കൂടിയവയാകയാൽ അസദ്രൂപമാകുന്നു. ഈ വിധത്തിൽ ആത്മാവും അനാത്മാക്കളായ സകല വസ്തുക്കളും അസദ്രൂപങ്ങളാകുന്നതിനാൽ ശൂന്യംതന്നെയാണു്, പരമാൎത്ഥം. ഇതാണു് മാദ്ധ്യമികബൌദ്ധമതം. ഇവർ ശൂന്യവാദികളാണു്.

27. മഗ്നസ്യാബ്ധൌ യഥാക്ഷാണി വിഹ്വലാനി തഥാസ്യധീഃ
അഖണ്ഡൈകരസംശ്രുത്വാ നിഷ്പ്രചാരാ ബിഭേത്യതഃ.

അബ്ധൌമഗ്നസ്യ=സമുദ്രത്തിൽ മുങ്ങിയവന്റെ. അക്ഷാണിയഥാ=ഇന്ദ്രിയങ്ങൾ എപ്രകാരം. വിഹ്വലാനി=അവശങ്ങളാകുന്നുവോ. തഥാ അസ്യധീഃ=അപ്രകാരം ഇവന്റെ ബുദ്ധി. അഖണ്ഡൈകരസംശ്രുത്വാ=അഖണ്ഡവും ഏകരസവുമായ വസ്തുവിനെ കേട്ടിട്ടു. നിഷ്പ്രചാരാ=അതിൽ പ്രവേശിക്കാത്തതായിട്ടു. അതഃ ബിഭേതി=അതിൽനിന്നു ഭയപ്പെടുന്നു. പൂൎവ്വപക്ഷവാദിയുടെ അവശതയേയും പക്ഷാന്തരമുണ്ടായതിനേയും ദൃഷ്ടാന്തപ്പെടുത്തിക്കാണിക്കുന്നു:—സമുദ്രത്തിൽ അകപ്പെട്ടവന്റെ ഇന്ദ്രിയങ്ങൾ തളൎന്നു് വിഷയങ്ങളെ ഗ്രഹിക്കാൻ കഴിയാത്തവയാകുന്നതുപോലെ എങ്ങും നിറഞ്ഞു് ആനന്ദഘനമായ വസ്തുവിനെ കേട്ടപ്പോൾ അതിൽ പ്രവേശം സിദ്ധിക്കാത്തതായ ബുദ്ധി അതിൽനിന്നു ഭയപ്പെടുന്നു.

28. ഗൌഡാചാൎയ്യൈഃ നിൎവ്വികല്പേ സമാധാവന്യയോഗിനാം.
സാകാരബ്രഹ്മനിഷ്ഠാനാമത്യന്തം ഭയമൂചിരേ.

സാകാരബ്രഹ്മനിഷ്ഠാനാം=ആകൃതിയോടുകൂടിയ ബ്രഹ്മത്തിൽ നിഷ്ഠയോടുകൂടിയ. അന്യയോഗിനാം=അന്യയോഗികൾക്കു്. നിൎവ്വികല്പേ സമാധൌ=നിൎവ്വികല്പസമാധിയിൽ. അത്യന്തം ഭയം=ഏററവും ഭയമാണെന്നു്. ഗൌഡാചാൎയ്യൈഃഊചിരേ=ഗൌഡാചാൎയ്യർ പറഞ്ഞിരിക്കുന്നു.

തന്റെ ഈ അഭിപ്രായത്തിൽ വൃദ്ധസമ്മതമുണ്ടെന്നു കാണിക്കുന്നു.—സഗുണബ്രഹ്മനിഷ്ഠന്മാരായ അന്യയോഗികൾക്കു് നിൎവ്വികല്പസമാധിയിൽ മഹാഭയമുണ്ടെന്നു ഗൌഡാചാൎയ്യർ പറഞ്ഞിരിക്കുന്നു.

29. അസ്പൎശയോഗോ നാമൈഷ ദുൎദ്ദൎശഃ സൎവ്വയോഗിഭിഃ
യോഗിനോ ബിഭ്യതി ഹ്യസ്മാദഭയേ ഭയദൎശിനഃ.

അസ്പൎശയോഗഃ നാമ ഏഷഃ=അസ്പൎശയോഗം എന്നു പേരായ ഇത്. സൎവ്വയോഗിഭിഃ ദുൎദ്ദശഃ=സൎവ്വന്മാരായ യോഗികളാൽ കാണപ്പെടുവാൻ കഴിയുന്നതല്ല. ഹി യോഗിനഃ=എന്തുകൊണ്ടെന്നാൽ യോഗികാം. അഭയേഭയദൎശിനഃ=ഭയമില്ലാത്തതിൽ ഭയം കാണുന്നവരായിട്ടു. അസ്മാത് ബിഭ്യതി=ഇതിൽനിന്നു ഭയപ്പെടുന്നു.

മേൽ കാണിച്ച അഭിപ്രായത്തെ കാണിക്കുന്ന ശ്രീ ഗൌഡാചാൎയ്യവാൎത്തികത്തെത്തന്നെ ഇവിടെ എടുത്തു കാണിക്കുന്നു:—അസ്പൎശയോഗം എന്നാണ് ഈ നിൎവ്വികല്പസമാധിക്കു പേർ. സഗുണബ്രഹ്മനിഷ്ഠന്മാരായ യോഗികാംക്കിതു കിട്ടുകയില്ല. സകലേന്ദ്രിയവ്യാപാരങ്ങളും നിൎവ്വികല്പസമാധിയിൽ അടങ്ങുന്നു. ധ്യാനിക്കുന്നവൻ, ധ്യാനം, ധ്യാനിക്കത്തക്കതായ വസ്തു എന്നിങ്ങിനെയുള്ള മൂന്നുവിധ ഭേദവും ഈ നിൎവ്വികല്പസമാധിയിൽ ഇല്ലാതാകുന്നു. അതുകൊണ്ടു ഭയത്തിന്നവകാശമുള്ളതായ രണ്ടാമത്തെ വസ്തുവില്ലാത്തതിനാൽ ഭയാതീതമായിരിക്കുന്ന ഈ നിൎവ്വികല്പസമാധിയിൽ ആരുമൊന്നുമില്ലാത്ത വിജനപ്രദേശത്തിൽ ഭയപ്പെടുന്ന ബാലകന്മാരെന്നപോലെ നിരാകാരബ്രഹ്മനിഷ്ഠയിൽ ഭയമുള്ളവരായതുകൊണ്ടു നിൎഭയമായ ആ സ്ഥാനം അവൎക്കു കിട്ടുന്നില്ല. സങ്കല്പജന്യമായ ഒരു ദിവ്യസ്വരൂപദൎശനം അന്തരിന്ദ്രിയത്താൽ അന്തൎഭാഗത്തിലുണ്ടാകുന്നതുകൊണ്ടു സാകാരബ്രഹ്മനിഷ്ഠന്മാർ കൃതകൃത്യന്മാരാകുന്നു. കാണുന്നവൻ, കാഴ്ച, കാണ്മാൻതക്കതായ വസ്തുവെന്നിങ്ങിനെ മൂന്നുമുള്ളപ്പോഠം ഭയമില്ലാതിരിക്കുവാനവകാശമില്ല. ഈ മൂന്നിനേയും അതിക്രമിച്ചിരിക്കുന്ന സ്ഥാനമാണ് നിൎവ്വികല്പസമാധി. അതു മാത്രമാണ് ഭയമില്ലാത്ത സ്ഥാനം എന്നറിയാത്തതുകൊണ്ടാണ് സാകാരബ്രഹ്മനിഷ്ഠന്മാർ ആ സ്ഥാനത്തിലെത്തുവാൻ പരിശ്രമിക്കാത്തത് എന്നു സാരം. ശ്രീ ശങ്കരാചാൎയ്യരുടെ ഗുരുവാകുന്ന ശ്രീഗോവിന്ദാചാൎയ്യരുടെ ഗുരുവും ശ്രീ വ്യാസപുത്രനായ ശ്രീ ശുകദേവന്റെ ശിഷ്യനുമാണ് ശ്രീ ഗൌഡാചാൎയ്യസ്വാമികാം അദ്ദേഹം മണ്ഡൂക്യ ഉപനിഷത്തിന്നു വാൎത്തീകരൂപമായ ഒരു കാരിക എഴുതീട്ടുണ്ട്. ആ വാൎത്തികത്തിൽ അദ്വൈതം എന്ന മൂന്നാമത്തെ പ്രകരണത്തിലുള്ളതാണ് മേൽ കാണിച്ച ശ്ലോകം.

30. ഭഗവൽ പൂജ്യപാദാശ്ച ശുഷ്കതൎക്കപടൂനമൂൻ
ആഹുൎമ്മാധ്യമികാൻ ഭ്രാന്താനചിന്ത്യേസ്മിൻ സദാത്മനി.

ഭഗവൽപൂജ്യപാദാഃച=ഭഗവാൻ ശ്രീശങ്കരഗുരുവും. ശുഷ്കതൎക്കപടൂൻ=കാൎയ്യമില്ലാതെ തൎക്കിപ്പാൻ സമൎത്ഥന്മാരായ, അമൂൻ മാധ്യമികാൻ=ഈ മാധ്യമികന്മാരെ. അചിന്ത്യേ=ചിന്തിപ്പാൻ കഴിയാത്തതും. അസ്മിൻ സദാത്മനി=സദ്രൂപവുമായ ഈ ആത്മാവിൽ. ഭ്രാന്താൻ ആഹുഃ=ഭ്രാന്തന്മാരാണെന്നു പറയുന്നു.

ശുഷ്കതൎക്കത്തിൽ സമൎത്ഥന്മാരായ ഈ മാധ്യമികന്മാർ അചിന്ത്യവും സദ്രൂപവുമായ പരമാത്മാവിൽ ഭ്രാന്തന്മാരാണെന്നു ഭഗവൽപൂജ്യപാദ ശ്രീശങ്കരാചാൎയ്യസ്വാമികളും പറയുന്നു. ശുഷ്കതൎക്കസ്വരൂപം വിവരിക്കാം:—തൎക്കം എന്നു പറയപ്പെടുന്ന അനുമാനം സുതൎക്കം, കുതൎക്കം എന്നു രണ്ടുവിധത്തിലുണ്ട്. ശ്രുതിക്കു വിരോധമില്ലാത്തതിന്നു സുതൎക്കമെന്നും, ശ്രുതിക്കു വിരോധമായതിന്നു കുതൎക്കമെന്നും പേർ. രസമില്ലാത്തതും നിഷ്ഫലവുമാകുന്നതിനാൽ കുതൎക്കത്തിന്നു ശുഷ്കതൎക്കമെന്നുകൂടെ പേർ പറയുന്നുണ്ട്. നാസ്തികന്മാർ വേദത്തെ പ്രമാണമാക്കാതെ അവരുടെ ഇഷ്ടംപോലെയെല്ലാം അനുമിക്കുന്നതിനാൽ ആ കൂട്ടൎക്ക് ശുഷ്കതൎക്കപടുക്കാം എന്നു പേർ ആചാൎയ്യർ കൊടുത്തു.

31. അനാദൃത്യ ശ്രുതിംമൌൎഖ്യാദിമേ ബൌദ്ധാസ്തമസ്വിനഃ
ആപേദിരേ നിരാത്മത്വ മനുമാനൈക ചക്ഷുഷഃ.

തമസ്വിനഃ=തമോഗുണസ്വഭാവന്മാരായ. ഇമേ ബൌദ്ധാഃ=ഈ ബൌദ്ധന്മാർ. മൌൎഖ്യാത്=മൂഢത്വം നിമിത്തം. ശ്രുതിം അനാദൃത്യ=ശ്രുതിയെ ആദരിക്കാതെ. അനുമാനൈക ചക്ഷുഷഃ=അനുമാനത്തിൽ പ്രധാന നോട്ടത്തോടുകൂടിയവരായിട്ടു. നിരാത്മത്വം=ആത്മാവില്ലെന്ന ഭാവത്തെ ആപേദിരേ=പ്രാപിച്ചു.

ആചാൎയ്യസ്വാമികാം ചെയ്ത വാൎത്തികത്തെത്തന്നെ എടുത്തു കാണിക്കുന്നു:—സത്തായ വസ്തുവിനെ മറയ്ക്കുന്നതായ അന്ധകാരത്തോടു തുല്യമായ തമോഗുണം അധികരിച്ചിരിക്കുന്ന സ്വഭാവത്തോടുകൂടിയ ഈ ബൌദ്ധന്മാർ അറിവില്ലാതിരിക്കെ, ഉണ്ടെന്നു ഭാവിക്കുന്നതായ മൂൎഖത നിമിത്തം ശ്രുതിപ്രമാണത്തെ ആദരിക്കാതെ അനുമാനത്തെ മാത്രം പ്രധാന പ്രമാണമായി കരുതീട്ടു ആത്മാവില്ലെന്നുള്ള ശൂന്യനിലയെ പ്രാപിച്ചിരിക്കുന്നുവെന്നാണ് ആചാൎയ്യവചനം. ആത്മാവില്ലാത്തവരാണവർ എന്ന് അവർതന്നെ സമ്മതിക്കുന്നു. അതാണവരെ മൂൎഖന്മാരെന്നു പറവാൻ കാരണം.

32. ശൂന്യമാസീദിതി ബ്രൂഷേ സദ്യോഗംവാ സദാത്മതാം
ശൂന്യസ്യ നതു തദ്യുക്ത മുഭയം വ്യാഹതത്വതഃ.

ശൂന്യം ആസീത്=ശൂന്യമായിരുന്നു. ഇതി ബ്രൂഷേ=എന്നു നീ പറയുന്നു. സദ്യോഗം വാ=ശൂന്യത്തിന്നു സ

ത്തോടുള്ള ചേർച്ചയെയോ. സദാത്മതാം വാ=സൽഭാവത്തെയോ പറയുന്നത്. തത് ഉഭയംത്രു=അതു രണ്ടു മാകട്ടെ. ശൂന്യസ്യ നയുക്തം=ശൂന്യത്തിനു യുക്തമല്ല. വ്യാഹതത്വാതഃ=വ്യാഹതഭാവം നിമിത്തം.

ശൂന്യവാദത്തെ വികല്പിച്ച് ദൂഷ്യം പറയുന്നു:—അസത്തുണ്ടായിരുന്നു; അതായത് ശൂന്യമുണ്ടായിരുന്നുവെന്നാണല്ലോ അസദ്വാദി പറയുന്നത്. അപ്പോൾ സിദ്ധാന്തി ചോദിക്കുന്നു:—ഹേ അസദ്വാദിൻ അങ്ങുന്നു പറയുന്ന ശൂന്യം സത്തിന്റെ ചേർച്ചയുള്ളതോ സദാത്മകമോ എന്നു വ്യക്തമാക്കുക. ശൂന്യം—ഇല്ലാത്തത്—സത്തോടു ചേർന്നതോ സദാത്മകമോ ആവാൻ തരമില്ലല്ലോ. അതിനാൽ ശൂന്യമുണ്ടായിരുന്നുവെന്നുള്ള അങ്ങയുടെ വാദത്തിൽ വ്യാഹതം എന്ന ദോഷമുണ്ട്.

33. നയുക്തസ്തമസാസൂര്യോ നാപിചാസൌ തമോമയഃ
സച്ഛൂന്യയോർവിരോധിത്വാച്ഛൂന്യമാസീത് കഥംവദ.

സൂര്യഃതമസാ നയുക്തഃ=സൂര്യൻ ഇരുട്ടിനോടു യുക്തനല്ല. അസൌ തമോമയഃ അപിചന=ഇവൻ-സൂര്യൻ-അന്ധകാരസ്വരൂപനുമല്ല. സതിശൂന്യയോഃ വിരോധിത്വാത്=സത്തിന്നും ശൂന്യത്തിന്നും തമ്മിൽ വിരോധമുള്ളതിനാൽ. കഥംശൂന്യം ആസീത് വദ=എങ്ങിനെ ശൂന്യം ഉണ്ടായി, പറയുക.

ശൂന്യമുണ്ടായിരുന്നുവെന്ന വാക്യത്തിൽ വ്യാഹതിയെന്ന ദോഷമുണ്ടെന്നു ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—സൂര്യന്നു ഇരുട്ടിനോടു ചേർച്ചയുണ്ടെന്നോ സൂര്യൻ അന്ധകാരസ്വരൂപനാണെന്നോ പറയുന്നതുപോലെയാണ് "അസദാസീത്" അസത്തുണ്ടായിരുന്നുവെന്നു പറയുന്നത്. എന്തുകൊണ്ടെന്നാൽ ശൂന്യമെന്ന വാക്ക് ഇല്ലായ്മയെ കാണിക്കുന്നു. ഉണ്ടായിരുന്നുവെന്നതോ ശൂന്യത്തിന്റെ വിരോധിയായ ഉണ്മയെ കാണിക്കുന്നു. അതിനാൽ ഇല്ലായ്മയും ഉണ്മയും ഇരുട്ടും വെളിച്ചവുംപോലെ അന്യോന്യവിരുദ്ധങ്ങളാകയാൽ ശൂന്യമുണ്ടായതു എങ്ങിനെയാണെന്നു അങ്ങ് പറയണം.

34. വിയദാദേർന്നാമരൂപേ മായയാ സുവികല്പിതേ
ശൂന്യസ്യ നാമരൂപേച തഥാചേ ജ്ജീവ്യതാം ചിരം.

വിയദാദേഃ നാമരൂപേ=ആകാശം മുതലായതിന്ന് നാമരൂപങ്ങൾ. മായയാ സുവികല്പിതേ=മായയാൽ സ്പഷ്ടമായി കല്പിക്കപ്പെട്ടവയാണല്ലോ ശൂന്യസ്യച നാമരൂപേ തഥാ=ശൂന്യത്തിന്നും നാമരൂപങ്ങൾ അപ്രകാരം. ചേത് ചിരംജീവ്യതാം=എന്നാണെങ്കിൽ ചിരായുഷ്മാനായിഭവിച്ചാലും.

ഇപ്രകാരം സിദ്ധാന്തി പറഞ്ഞപ്പോൾ പൂർവ്വപക്ഷക്കാരൻ ശങ്കിക്കുന്നതെന്തെന്നാൽ:—ഹേ സിദ്ധാന്തി! നിങ്ങളുടെ മതമായ വേദാന്തപ്രകാരം നിർവ്വികല്പമായ ബ്രഹ്മത്തിൽ നാമരൂപങ്ങളോടുകൂടിയ ആകാശാദി ജഗത്തുകളിരിക്കുക എന്നുള്ളത് വ്യാഘാതമല്ലെയോ? ഈ ശങ്കക്കു സമാധാനം സിദ്ധാന്തി പറയുന്നു:—ആകാശാദികൾ ഉണ്ട് എന്നുള്ളേടത്ത് ആകാശാദികൾക്കു സത്തക്കു സംബന്ധമുണ്ട് എന്നല്ല ഞങ്ങൾ പറയുന്നത്. ആകാശാദികൾ സൽസ്വരൂപങ്ങൾതന്നെയെന്നാണ്. എന്നാൽ നാമരൂപാദി വികല്പത്തോടുകൂടിയ ആകാശാദികൾക്കു നിർവ്വികല്പമായ ബ്രഹ്മത്തിനും വിരോധമുള്ളതിനാൽ വ്യാഘാതദോഷമുണ്ട് എന്നാണ് പൂർവ്വപക്ഷം ചെയ്യുന്ന അങ്ങു പറയുന്നത്. അതിനു വേദാന്തികളായ ഞങ്ങൾ പറയുന്ന സമാധാനം:—ആകാശാദികളുടെ നാമരൂപങ്ങൾ മായയാൽ കല്പിക്കപ്പെട്ടവയാകകൊണ്ടു ആകാശാദികൾക്കും സത്തിന്നും പരസ്പരവിരോധമില്ല. അങ്ങിനെയാകുമ്പോൾ ആകാശാദികൾ സൽസ്വരൂപങ്ങളാണെന്നു പറയുന്നതിൽ വ്യാഘാതദോഷവുമില്ല. എന്നാൽ അപ്രകാരംതന്നെ ശൂന്യത്തിന്റെ നാമരൂപങ്ങളും സദ്വസ്തുവിൽ കല്പിക്കപ്പെട്ടവയാണ് എന്ന് പൂർവ്വപക്ഷക്കാരനായ മാദ്ധ്യമികബൌദ്ധൻ പറയുന്നതായാൽ ആയാളുടെ സിദ്ധാന്തത്തിനു ഭംഗം വരുന്നു. അതായത് ശൂന്യവാദിയുടെ മതത്തിൽ നാമരൂപങ്ങൾ കല്പിതങ്ങളല്ല. അങ്ങിനെയിരിക്കെ തന്റെ മതത്തിനു വിരോധമായി ശൂന്യത്തിന്റെ നാമരൂപങ്ങൾ കല്പിതങ്ങളാണ് എന്നു താൻതന്നെ പറയുമ്പോൾ ആയാളുടെ മതത്തിനു ആയാൾതന്നെ വിരോധം പറയുന്നു എന്നുള്ള അഭിപ്രായത്തോടുകൂടി സിദ്ധാന്തി പൂർവ്വപക്ഷക്കാരനെ പരിഹാസപൂർവ്വം ആശീർവ്വദിക്കുന്നു. ഹേ ശൂന്യവാദിൻ! ആകാശാദികളുടെ നാമരൂപങ്ങൾ കല്പിതങ്ങളെന്നപോലെ ശൂന്യത്തിന്റേയും നാമരൂപങ്ങൾ കല്പിതങ്ങളെന്നു പറയുന്നപക്ഷം അങ്ങുന്ന് ചിരകാലം ജീവിച്ചിരുന്നാലും.

35. സതോപി നാമരൂപേ ദ്വേ കല്പിതേ ചേത്തദാ വദ
കുത്രേതി നിരധിഷ്ഠാനോ ന ഭ്രമഃ ക്വചിദീക്ഷ്യതേ.

സതഃ അപിനാമരൂപേ ദ്വേ=സത്തിന്നും നാമവും രൂപവും രണ്ടും. കല്പിതേചേത്=കല്പിക്കപ്പെട്ടതാണെ

ങ്കിൽ, കുത്ര ഇതിവദ=എതിൽ എന്നു പറഞ്ഞാലും, നിരധിഷ്ഠാനഃ ഭ്രമഃ=അധിഷ്ഠാനത്തോടുകൂടാത്തതായ ഭ്രമം. കദാചിത് ന ഈക്ഷ്യതേ=ഒരേടത്തും കാണപ്പെടുന്നില്ല.

എന്നാൽ നിങ്ങളുടെ വേദാന്തമതത്തിൽ പറയുന്ന സദ്വസ്തുവെന്ന നാമവും രൂപവും എന്തുകൊണ്ടു കല്പിതങ്ങളല്ല. കല്പിതങ്ങളല്ലാത്ത നാമരൂപങ്ങളില്ല, എന്നല്ലെയോ നിങ്ങളുടെ മതം എന്നാണ് ശങ്കിക്കുന്നതെങ്കിൽ ഉത്തരം പറയാം, കേൾക്കുവിൻ:—സദ്വസ്തുവിന്നും നാമരൂപങ്ങൾ കല്പിതങ്ങളാണെങ്കിൽ ഏതിലാണ് കല്പിക്കപ്പെട്ടത് എന്നു നിങ്ങൾ പറയേണം. കല്പിതം ഭ്രമത്തിൽനിന്നാണുണ്ടാകുന്നത്. ഏതെങ്കിലും ഒരധിഷ്ഠാനത്തെ ആശ്രയിക്കാതെ ഭ്രമം ഉണ്ടാകുന്നതായിട്ടൊരേടത്തും കാണപ്പെടുന്നില്ല. ഇതിനെ കുറെക്കൂടെ സ്പഷ്ടമാക്കാം:—സത്തിന്നു നാമരൂപകല്പനം സത്തിലോ അസത്തിലോ ജഗത്തിലോ? സത്തിലല്ല. എന്തുകൊണ്ടെന്നാൽ രജതാദി നാമരൂപങ്ങളെ ശുക്ത്യാദികളായ അന്യവസ്തുക്കളിൽ ആരോപിക്കുന്നതായിട്ടാണ് ജഗത്തിൽ കാണപ്പെടുന്നത്. അതുകൊണ്ടു സത്തിന്നു സത്തിൽ തന്നെ നാമരൂപകല്പനം എന്നു വരികയില്ല. അസത്തിന്നു സ്വരൂപംതന്നെ ഇല്ലാത്തതിനാൽ അതിലും കല്പനക്കവകാശമില്ല. ജഗത്താകട്ടെ സത്തിൽനിന്നു ഉത്ഭവിച്ചതാകയാൽ അതിലും സത്ത് എന്ന നാമത്തെയോ രൂപത്തെയൊ കല്പിക്കാൻ തരമില്ല. എന്നാൽ അധിഷ്ഠാനം വേണ്ട. കല്പിക്കാനെന്തു വിരോധം എന്നാണെങ്കിൽ ഒന്നിനെ മറ്റൊന്നിൽ ആരോപിക്കുന്നതല്ലേ ഭ്രമം. അപ്പോൾ അധിഷ്ഠാനമില്ലാതെ ഭ്രമം എങ്ങിനെയുണ്ടാകും. അതുകൊണ്ടു സത്തിന്നു നാമവും രൂപവും കല്പിച്ചത് ഏതിലാണെന്നു നിങ്ങൾതന്നെ പറയണം എന്നു സാരം.

36. സദാസീദിതി ശബ്ദാർത്ഥഭേദേ വൈഗുണ്യമാപതേത്
അഭേദേ പുനരുക്തിഃ സ്യാന്മൈവം ലോകേതഥേക്ഷണാത്.

സത് ആസീത് ഇതി=സത്തുണ്ടായിരുന്നുവെന്നതിൽ. ശബ്ദാർത്ഥഭേദേ=ശബ്ദാർത്ഥങ്ങൾക്ക് ഭേദമുണ്ടെങ്കിൽ. വൈഗുണ്യം ആപതേത്=ഭേദം നേരിടും. അഭേദേപുനരുക്തിഃ സ്യാത്=ഭേദമില്ലെങ്കിൽ പുനരുക്തി ഭവിക്കും. മാ ഏവം=എന്ന ശങ്കവേണ്ട. ലോകേതഥാ ഈക്ഷണാത്=ലോകത്തിൽ ആവിധം കാണുന്നതുകൊണ്ടു്.

"അസദാസീത്" അസത്തുണ്ടായിരുന്നുവെന്നർത്ഥമായ വാക്യത്തിൽ കാണിച്ച വൈപരീത്യം "സദേവാസീൽ" സത്തുണ്ടായിരുന്നുവെന്നർത്ഥമായ വാക്യത്തിലും ഉണ്ടെന്ന ശങ്കയെ തീർക്കുന്നു:—ശങ്കാസ്വരൂപം:-സത്തുണ്ടായിരുന്നുവെന്ന രണ്ടു ശബ്ദങ്ങൾക്ക് അർത്ഥഭേദം ഉണ്ടോ ഇല്ലയോ? സത്ത് എന്ന ശബ്ദത്തിന്റെ അർത്ഥം ഉള്ളത് എന്നാണല്ലോ. പിന്നെ ഉണ്ടായിരുന്നത് ആ സത്തുതന്നെയോ ഇതരമായ സത്തോ എന്നു പറയേണം. ഇതരമായ സത്താണ് ഉണ്ടായിരുന്നതെങ്കിൽ അദ്വൈതത്തിന്നു ഹാനിവരും. അപ്പോൾ സത്തുണ്ടായിരുന്നുവെന്ന വാക്യം ഉപപന്നമല്ല. അർത്ഥഭേദമില്ലെങ്കിൽ പറഞ്ഞതുതന്നെ പറയുകയെന്നുള്ള പുനരുക്തിദോഷം നേരിടും എന്നുള്ള ശങ്കക്കു സമാധാനം:—അങ്ങിനെയൊരു ദോഷം ഇവിടെയിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ലോകത്തിൽ ഈ വിധത്തിൽ പറയുന്ന സമ്പ്രദായമുണ്ടു്.

37. കർത്തവ്യം കുരുതേ വാക്യം ബ്രൂതേ ധാര്യസ്യ ധാരണം
ഇത്യാദി വാസനാവിഷ്ടം പ്രത്യാസിൽ സദിതീരണം.

കർത്തവ്യം കുരുതേ=ചെയ്യേണ്ടതിനെ ചെയ്യുന്നു. വാക്യം ബ്രൂതേ=വാക്യത്തെ പറയുന്നു. ഇത്യാദി=എന്നിപ്രകാരം. വാസനാവിഷ്ടം പ്രതി=വാസനയാൽ ആവിഷ്ടനായവനോടു്. സത് ആസീത്=സത്തുണ്ടായി. ഇതി ഈരണം=എന്ന വചനവും.

ലോകസമ്പ്രദായമുണ്ടെന്നു പറഞ്ഞതിനെ എടുത്തു കാണിക്കുന്നു:—ചെയ്യേണ്ടതിനെ ചെയ്യുന്നു. വാക്യത്തെ പറയുന്നു. ധരിക്കേണ്ടതിനെ ധരിക്കുന്നുവെന്നിപ്രകാരം ആവർത്തിച്ചു പറയുന്നതുപോലെ സദാസീത് എന്നു പറഞ്ഞതാകുന്നു അതുകൊണ്ടിതിൽ പുനരുക്തി ദോഷമില്ല സത്തായ ഒരു വസ്തു ഉണ്ടോ എന്നു ചോദിക്കുന്നതു ലോകസമ്പ്രദായം. അതിന്നുത്തരം സത്തുണ്ട് എന്നും പറയുന്നുവെന്നു സാരം.

38. കാലാഭാവേ പുരേത്യുക്തിഃ കാലവാസനയായുതം
ശിഷ്യം പ്രത്യേവ തേനാത്ര ദ്വിതീയം നഹി ശങ്ക്യതേ

കാലാഭാവേ=കാലമില്ലാതിരിക്കേ. പുരാ ഇതി ഉക്തിഃ=പണ്ട് എന്ന വചനവും. കാലവാസനയായുതം=

കാലവാസനായോടുകൂടിയ. ശിഷ്യംപ്രതി ഏവ=ശിഷ്യനോടുതന്നെ പറയുന്നത്. തേന അത്ര=അതുകൊണ്ടു ഇതിൽ. ദ്വിതീയം നഹി ശങ്ക്യതേ=രണ്ടാമതൊരു വസ്തു ശങ്കിക്കപ്പെടുന്നില്ല.

അദ്വിതീയമായ സദ്വസ്തുവിൽ കാലസംബന്ധമില്ലാത്തതുകൊണ്ടു് കാലത്തെക്കുറിക്കുന്ന വാചകമായ “അഗ്രേ” എന്നു പറഞ്ഞതും അയുക്തം എന്ന ശങ്കയെ പരിഹരിക്കുന്നു:—കാലമില്ലാതിരിക്കുമ്പോൾ “അഗ്ര ആസീത്” പണ്ടുണ്ടായിരുന്നുവെന്നു് കാലസംബന്ധം കാണിക്കുന്ന വചനം കാലവാസനയുള്ള ശിഷ്യനോടു് പറഞ്ഞതാകയാൽ ബ്രഹ്മവ്യതിരിക്തമായ കാലമെന്ന രണ്ടാമതൊരു വസ്തുവുണ്ടായിരുന്നുവോ എന്നും ശങ്കിപ്പാനാവശ്യമില്ല. അതിനാൽ മുൻകാലത്തിലിരുന്നുവെന്നു പറഞ്ഞതു യുക്തം തന്നെയാണ്, എന്നു മാത്രമല്ല ജഗദുൽപത്തിക്കു മുമ്പ് ജഗത്തിൻെറ പ്രാഗഭാവം എന്ന ഒന്നുണ്ടല്ലോ. ആ പ്രാഗഭാവമുള്ളതിനാൽ ബ്രഹ്മം അദ്വിതീയമല്ല, സദ്വിതീയം തന്നെയാണ് എന്നിങ്ങിനെയുംകൂടി ശങ്കിപ്പാൻ പാടുള്ളതല്ല.

39. ചോദ്യംവാ പരിഹാരോവാ ക്രിയതാം ദ്വൈതഭാഷയാ
അദ്വൈതഭാഷയാ ചോദ്യം നാസ്തി നാപി തദുത്തരം.

ചോദ്യംവാ പരിഹാരഃവാ=ചോദ്യമോ അതിന്നു പരിഹാരമോ. ദ്വൈതഭാഷയാക്രിയതാം=ദ്വൈതഭാഷകൊണ്ടു ചെയ്യപ്പെട്ടാലും. അദ്വൈതഭാഷയാ=അദ്വൈതഭാഷകൊണ്ടു്. ചോദ്യം നഅസ്തി=ചോദ്യവുമില്ല. തദുത്തരം അപിന=അതിന്നുത്തരവുമില്ല.

ഇത്രത്തോളം പൂൎവ്വസിദ്ധാന്തപക്ഷങ്ങളെ പ്രതിപാദിച്ചശേഷം അദ്വൈതസിദ്ധാന്ത രഹസ്യത്തെ പറയുന്നു:—ചോദ്യമോ അതിന്നുള്ള പരിഹാരമൊ ആർ ചെയ്യുന്നുവോ അവരെല്ലാം ബ്രഹ്മഭിന്നമായ ദ്വൈതത്തെ വിഷയമാക്കുന്ന ഭാഷയുടെ സഹായത്തെ ആശ്രയിക്കുന്നു. അദ്വൈതമാണ് വിഷയമെങ്കിൽ അതിനെക്കുറിച്ചു ചോദ്യവുമില്ല. അതിന്നുത്തരവുമില്ല. വാക്കിന്നു വിഷയമായാൽ കല്പിക്കപ്പെട്ട ദ്വൈതമായി. ചോദ്യോത്തരങ്ങൾ രണ്ടും വാക്കുകൊണ്ടല്ലാതെ ചെയ്യാൻ തരമില്ല. അദ്വൈതമാകട്ടെ, വാക്കിന്നു വിഷയമല്ല. ആകയാൽ അതിനെക്കുറിച്ചു ചോദ്യോത്തരങ്ങളില്ല. അദ്വൈതം തന്നെ പരമാൎത്ഥതത്വം. അതിൽ വാക്കിന്നു പ്രവേശമില്ലെന്നു സിദ്ധാന്തം.

40. തദാ സ്തിമിതഗംഭീരം ന തേജോ ന തമസ്തതം
അനാഖ്യ മനഭിവ്യക്തം സത്കിഞ്ചിദവശിഷ്യതേ.

തദാസ്തിമിതഗംഭീരം=അപ്പോൾ നിശ്ചലവും ആഴമേറിയതും:— മനസ്സിന്നു വിഷയമല്ലാത്തതും. നതേജഃനതമഃ=തേജസ്സും അന്ധകാരവുമല്ലാത്തതും. തതം അനാഖ്യം=വ്യാപ്തവും വ്യാഖ്യാനിപ്പാൻ കഴിയാത്തതും. അനഭിവ്യക്തം=ഇന്ദ്രിയങ്ങൾക്ക് വിഷയമല്ലാത്തതും. സത് കിഞ്ചിത് അവശിഷ്യതെ=ശൂന്യമല്ലാത്തതും ഇന്നതാണെന്നു നിശ്ചയിപ്പാൻ കഴിയാത്തതുമായ എന്തോ ഒന്നു് അവശേഷിച്ചിരിക്കുന്നു.

പരമാൎത്ഥത്തിൽ ദ്വൈതമില്ലെന്നുപദേശിക്കുന്ന ശ്രുതി പ്രമാണത്തെ കാണിക്കുന്നു:—അപ്പോൾ—സൃഷ്ടിക്കു മുമ്പെ—ഇന്നതെന്നു നിൎണ്ണയിപ്പാൻ കഴിയാത്തതായ എന്തോ ഒന്നു മാത്രം അവശേഷിച്ചിരിക്കുന്നുണ്ട്, അതു ചലനമുള്ളതല്ല:—ക്രിയാരഹിതമാകുന്നു. അതിനെ മനസ്സുകൊണ്ടു നിരൂപിക്കാൻ കഴികയില്ല തേജസ്സിന്നധികരണമോ അന്ധകാരമോ അല്ല എങ്ങും നിറഞ്ഞിരിക്കുന്നതാണ്. നാമമില്ലാത്തതിനാൽ വ്യാഖ്യാനിക്കത്തക്കതല്ല. രൂപമില്ലാത്തതിനാൽ ചക്ഷുരാദീന്ദ്രിയങ്ങൾക്ക് വിഷയവുമല്ല. എന്നാൽ ശൂന്യമാണോ? അതുമല്ല. ശൂന്യവിരോധിയായ സത്താണ്. അതുകൊണ്ടു് സൎവ്വത്തിൻേറയും നിഷേധത്തിന്നു് അവധിയായിരിക്കുന്ന എന്തോ ഒന്നു സൃഷ്ടിക്കു മുമ്പേ അവശേഷിച്ചിട്ടുണ്ടു്.

41. നനു ഭൂമ്യാദികം മാഭൂത് പരമാണ്വന്തനാശതഃ
കഥം തേ വിയതോസത്വം ബുദ്ധിമാരോഹതീതി ചേത്.

നനുപരമാണ്വന്തനാശതഃ=എന്നാൽ പരമാണുവരേ നശിക്കുന്നതാകയാൽ. ഭൂമ്യാദികംമാഭൂത്=ഭൂമി മുതലായതു് ഇല്ലാതാകട്ടെ. വിയതഃഅസത്വം=ആകാശത്തിൻെറ അഭാവം. തേബുദ്ധിം കഥം ആരോഹതി=അങ്ങയുടെ ബുദ്ധിയെ എങ്ങിനെ ആശ്രയിക്കുന്നു. ഇതിചേത്=എന്നാണ് ശങ്കിക്കുന്നതെങ്കിൽ.

ലോകമെല്ലാം നശിക്കുമെന്നുള്ളതിൽ പൂൎവ്വപക്ഷക്കാരന്നു ശങ്ക ജനിച്ചു. ആകാശം എങ്ങിനെയാണ് നശിക്കുക എന്നുള്ള ആയാളുടെ ശങ്കയെ കാണിക്കുന്നു:—പരമാണു പൎയ്യന്തം നശിക്കാവുന്നതാകയാൻ ഭൂമി മുതലായതു് ഇല്ലാതായിയെന്നു സമ്മതിക്കാം. ഹേ സിദ്ധാന്തി! ആകാശത്തിൻെറ അഭാവം നിങ്ങളുടെ ബുദ്ധിക്കു വിഷയമാകുന്നതെങ്ങിനെ? പൂൎവ്വപക്ഷക്കാരൻ ന്യായമതത്തെ ആശ്രയിച്ചിട്ടാണ്

ശങ്കിക്കുന്നത്. ന്യായമതത്തിൽ ആകാശം നിത്യമാണ്. പൃഥിവ്യാദി നാലു ഭൂതങ്ങൾ മാത്രം രണ്ടുവിധത്തിലുമുണ്ട്. എങ്ങിനെയെന്നാൽ പൃഥിവ്യാദികൾ പരമാണുരൂപങ്ങളായും കാൎയ്യരൂപങ്ങളായും രണ്ടു വിധത്തിലുണ്ട്. അവയിൽ പരമാണുരൂപങ്ങൾ നിത്യങ്ങളും കാൎയ്യരൂപങ്ങൾ അനിത്യങ്ങളുമാണ്. ജനാലിന്റെ ഇടയിൽ കൂടി വരുന്നതായ സൂൎയ്യരശ്മിയിൽ വളരെ ചെറിയ പൊടികൾ കാണുന്നുണ്ടല്ലൊ. അവയ്ക്കു ത്ര്യണുകങ്ങൾ എന്നാണു പേർ. അവയിൽ മൂന്നിലൊരു ഭാഗത്തിന്നു അണുകമെന്നും അണുകത്തിന്റെ മൂന്നിലൊരു ഭാഗത്തിന്നു പരമാണുവെന്നും പേർ പറയുന്നുണ്ട്. പ്രലയകാലത്തിൽ ഈ പരമാണുക്കൾ നശിക്കുന്നില്ല. അതിനാലവ നിത്യങ്ങളാണ്. പിന്നെ ജഗത്തുണ്ടാകുമ്പോൾ പരമാണുക്കളിൽ ക്രിയയുണ്ടാകുന്നു. എന്നതിന്റെ ശേഷം ഈ രണ്ടു പരമാണുക്കൾ ഒന്നിച്ചുചേൎന്നു ദ്വ്യണുകങ്ങളായിത്തീരുന്നു. മുമ്മൂന്നു ദ്വ്യണുകങ്ങൾ ഒന്നിച്ചുചേൎന്നു ത്ര്യണുകങ്ങളാകുന്നു. ഇങ്ങിനെ ക്രമത്തിൽ കാൎയ്യഭൂതങ്ങളുണ്ടാകുന്നു. പിന്നെയും പ്രലയകാലം വരുമ്പോൾ അണുക്കൾ ക്രമേണ ഒന്നിനൊന്നു പിരിഞ്ഞു മുൻപോലെ പരമാണുക്കളായിതീരുന്നു. ഇപ്രകാരമാണ് ന്യായമതപ്രകാരം ജഗദുൽപത്തിയും പ്രലയവും. ഈ മതത്തെ ആശ്രയിച്ചാണ് നിത്യമായ ആകാശം നശിക്കുന്നതെങ്ങിനെയെന്നു ശങ്കിച്ചത്. ഇവിടെ നാശമെന്ന പദത്തിന്നു വിയോഗമെന്നാണൎത്ഥം. അണുസമ്മേളനത്താൽ ഉണ്ടായ ഭൂമ്യാദിനാലും അണുക്കളുടെ വിയോഗത്താൽ ഇല്ലാതാവും.

സിദ്ധാന്തി പറയുന്ന ഉത്തരം.

42. അത്യന്തം നിൎജഗദ്വ്യോമ യഥാതേ ബുദ്ധിമാശ്രിതം
തഥൈവ സന്നിരാകാശം കുതോനാശ്രയതേ മതിം

അത്യന്തംനിൎജഗത്=ഒട്ടും ജഗൽസംബന്ധമില്ലാത്തതായ. വ്യോമ യഥാ തേ=ആകാശം ഏതുവിധം. അങ്ങയുടെ ബുദ്ധിം ആശ്രിതം=ബുദ്ധിയെ ആശ്രയിച്ചുവോ. തഥാ ഏവ നിരാകാശം സത്=അപ്രകാരംതന്നെ ആകാശത്തോടു കൂടാത്തതായ സത്ത്. മതിംകുതഃന ആശ്രയതേ=ബുദ്ധിയെ എന്തുകൊണ്ട് ആശ്രയിച്ചുകൂടാ.

ദൃഷ്ടാന്തപൂൎവ്വം ശങ്കയെ പരിഹരിക്കുന്നു:—ഒട്ടുപോലും ജഗൽസംബന്ധമില്ലാത്തതിനാൽ ആകൃതിരഹിതമായ ആകാശം നിങ്ങളുടെ ബുദ്ധിക്കേതുവിധം വിഷയമായോ ആ വിധത്തിൽത്തന്നെ ആകാശത്തോടും സംബന്ധമില്ലാത്തതായ സദ്വസ്തുവും ബുദ്ധിക്ക് വിഷയമാവാൻ എന്തു വിരോധം.

43. നിൎജഗദ്വ്യോമ ദൃഷ്ടം ചേൽപ്രകാശതമസീ വിനാ
ക്വദൃഷ്ടം കിംചതേ പക്ഷേ നപ്രത്യക്ഷം വിയൽ ഖലു.

പ്രകാശതമസീവിനാ=പ്രകാശവും ഇരുട്ടുമല്ലാതെ. നിൎജഗത് വ്യോമ=ജഗത്തോടുകൂടാത്തതായ ആകാശം. ദൃഷ്ടംചേത്=കാണപ്പെട്ടുവെങ്കിൽ. ക്വദൃഷ്ടം=എവിടെകാണപ്പെട്ടു. കിംച എന്നുതന്നെയല്ല. തേപക്ഷേ=നിങ്ങളുടെ പക്ഷത്തിൽ. വിയത് നഖലുപ്രത്യക്ഷം=ആകാശം പ്രത്യക്ഷമല്ലല്ലൊ.

കാണപ്പെട്ട വസ്തുവില്ലാത്തതാണെന്നു പറയുന്നതു യുക്തമല്ല എന്ന ന്യായത്തെ ആശ്രയിച്ചിട്ടു ജഗത്തോടുകൂടാതിരിക്കുന്ന ആകാശത്തെ കണ്ടുവെന്ന് വാദി പറയുന്നു: അതിന്നു പ്രതിവാദി സമാധാനം പറയുന്നു:—ജഗത്തോടുകൂടാതെ ആകാശത്തെ മാത്രമായി കണ്ടിട്ടുണ്ടെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം ശരിയല്ല. വെളിച്ചവും ഇരുട്ടുമല്ലാതെ ആകാശത്തെ നിങ്ങൾ എവിടെയാണ്. കണ്ടത്. എന്നുതന്നെയല്ല നിങ്ങളുടെ പക്ഷത്തിൽ ആകാശം പ്രത്യക്ഷമല്ല എന്നുമാണല്ലൊ? ആകാശത്തിന്നു രൂപമില്ലാത്തതിനാൽ അതിനെ കാണ്മാൻ സാധിക്കുന്നതല്ല. എങ്കിലും സൂൎയ്യപ്രകാശം അന്ധകാരം എന്ന രണ്ടിന്റെ സംബന്ധത്താൽ ആകാശത്തിൽ കറുത്തനിറം തോന്നുന്നുണ്ട്. ആ നിറം കാണപ്പെടുന്നുമുണ്ട്. അതാകാശമല്ല. ആ നിറത്തെ ആകാശത്തിൽ ആരോപിച്ചിട്ടു ഞാനാകാശത്തെ കാണുന്നുവെന്നു പറയുന്നതാണ്. അതിനാൽ പ്രകാശത്തെയും അന്ധകാരത്തെയുമല്ലാതെ ആകാശം ഒരിടത്തിലും കാണപ്പെടുകയില്ല. ശൂന്യമതത്തിലും ന്യായമതത്തിലും ആകാശം പ്രത്യക്ഷവിഷയമല്ല. ശൂന്യമതത്തിൽ ആവരണാഭാവത്തിന്റെ അധികരണമായിട്ടാണ് ആകാശം സിദ്ധിച്ചിരിക്കുന്നത്. അതിനാൽ ആകാശം ഇന്ദ്രിയഗോചരമല്ല. ന്യായമതത്തിൽ ഉൽഭൂതങ്ങളായ പൃഥ്വി, ജലം, തേജസ്സ് എന്നിവയുടെ പ്രത്യക്ഷം ചാക്ഷുഷമായും ത്വാചമായും ഉണ്ടാകുന്നു. ശ്രോത്രം, ജിഹ്വാ, ഘ്രാണം എന്ന മൂന്ന് ഇന്ദ്രിയങ്ങളാലും ശബ്ദം രസം ഗന്ധം എന്നീ മൂന്നു ഗുണങ്ങളും പ്രത്യക്ഷമാണ്. എന്നാൽ ഇങ്ങിനെ പ്രത്യക്ഷങ്ങളായ ഗുണങ്ങളാൽ ആ ഗുണങ്ങളുടെ അധികരണങ്ങളായ ദ്രവ്യങ്ങൾ അനുമിക്കപ്പെടുന്നു. അതിനാൽ ശബ്ദമാകുന്ന ഗുണത്തിന്റെ അധികരണമായനുമിക്കപ്പെടുന്ന ആകാശം ന്യായമതത്തിൽ പ്രത്യക്ഷമല്ല.

44. സദ്വസ്തു ശുദ്ധം ത്വസ്മാഭി ന്നിശ്ചിതൈ രനുഭൂയതേ
തൂഷ്ണീംസ്ഥിതൌ നശൂന്യത്വം ശൂന്യബുദ്ധേശ്ച വർജനാത്.

നിശ്ചിതൈഃ അസ്മാഭിഃ=നിശ്ചയിക്കപ്പെട്ട ഞങ്ങളാൽ. ശുദ്ധം സദ്വസ്തു=ഒന്നോടും സംബന്ധമില്ലാത്തതിനാൽ സദ്വസ്തു അനുഭൂയതേ=അനുഭവിക്കപ്പെടുന്നു. തൂഷ്ണീംസ്ഥിതൌ=തൂഷ്ണീംഭാവത്തിൽ. ശൂന്യത്വം ന=ശൂന്യഭാവമല്ല. ശൂന്യബുദ്ധേഃചവർജനാത്=ശൂന്യബുദ്ധിയും ഇല്ലാത്തതുകൊണ്ട്.

സദ്വസ്തുവുണ്ടെന്നു അനുഭവംകൊണ്ട് നിശ്ചയിച്ചിരിക്കുന്ന ഞങ്ങൾ ആകാശസംബന്ധംപോലുമില്ലാത്തതിനാൽ ശുദ്ധമായ സദ്വസ്തുവിനെ അറിയുന്നു. കണ്ടിട്ടോ കേട്ടിട്ടോ അറിയുകയല്ല. അനുഭവിച്ചറിഞ്ഞ ഞങ്ങൾ സദ്രൂപന്മാരായിത്തന്നെയിരിക്കുന്നുവെന്നു സാരം. ഒന്നും കാണാതേയും കേൾക്കാതേയുമിരിക്കുന്ന തൂഷ്ണീംഭാവത്തിൽ ശൂന്യാവസ്ഥയല്ലേയെന്നു ശങ്കിക്കേണ്ട. തൂഷ്ണീംഭാവത്തിൽ ശൂന്യബുദ്ധിയില്ലാത്തതുകൊണ്ട് ശൂന്യവുമില്ല. ശൂന്യമാണെന്നു പറയേണമെങ്കിൽ അതിന്നു സാക്ഷിവേണം. അപ്പോൾ ആ സാക്ഷി ശൂന്യമല്ലല്ലൊ.

45. സത്ബുദ്ധിരപിചേന്നാസ്തി മാസ്ത്വസ്യ സ്വപ്രഭത്വതഃ
നിർമ്മനസ്കത്വസാക്ഷിത്വാൽ സന്മാത്രം സുഗമം നൃണാം.

സൽബുദ്ധിഃ അപി=സത്തുണ്ട് എന്ന ബുദ്ധിയും. നാസ്തിചേത്=ഇല്ലെങ്കിൽ. മാസ്തു=ഉണ്ടാകേണ്ട. അസ്യസ്വപ്രഭത്വതഃ=ഇതിന്നു സ്വപ്രകാശതയുള്ളതുകൊണ്ട്. നിർമ്മനസ്കത്വസാക്ഷിത്വാത്=മനോവ്യാപാരാഭാവത്തിൻെറ സാക്ഷിത്വമുള്ളതിനാൽ. സന്മാത്രം നൃണാംസുഗമം=സത്താമാത്രം മനുഷ്യൎക്ക നന്നായറിയത്തക്കതുതന്നെ.

ശൂന്യബുദ്ധിയില്ലാത്തതുകൊണ്ടു ശൂന്യമല്ലെന്നു പറഞ്ഞതുപോലെ സത്തുണ്ടെന്ന ബുദ്ധിയില്ലാത്തതുകൊണ്ട് സത്തുമില്ലെന്നു വന്നുകൂടെയോ എന്ന ശങ്കയെ തീൎക്കുന്നു:—സദ്വസ്തുവിന്ന് സ്വപ്രകാശത്വമുള്ളതുകൊണ്ട് ബുദ്ധിപ്രകാശ്യത്വമിരിക്കുന്നില്ല. ബുദ്ധിസംബന്ധമില്ലാതെതന്നെ സ്വയം പ്രകാശിക്കുന്നതാണ് സദ്വസ്തു. അതിനാൽ സൽബുദ്ധി—സദ്വസ്തുവുണ്ടെന്നുള്ള ബോധം—ഇല്ലെന്നുവരികിൽ യാതൊരു ഹാനിയും സദ്വസ്തുവിന്നില്ല. ഉണ്ടെന്നോ ഇല്ലെന്നോ അറിയുന്നത് മനസ്സിൻെറ വ്യാപാരമാണ്. ആ വ്യാപാരമൊന്നുമുണ്ടായിരുന്നില്ല എന്നതിന്നു സാക്ഷിയായിരിക്കുന്ന സദ്വസ്തു ആ നിർവ്യാപാരാവസ്ഥയിൽ പ്രകാശിക്കുന്നതുകൊണ്ട് മനുഷ്യൎക്കെല്ലാവൎക്കും സദ്രൂപത്വം ഉണ്ടെന്നുള്ളത് എളുപ്പത്തിൽ അറിയാമല്ലൊ. മനോവ്യാപാരം ഒന്നുമുണ്ടായിരുന്നില്ല, ഞാൻ മാത്രമുണ്ടായിരുന്നു എന്നറിഞ്ഞ സദ്വസ്തുവാണ് മനുഷ്യൻ. ദേഹം, മനസ്സ്, ബുദ്ധിയെന്നിവയൊന്നുമല്ല ഞാൻ. ഈ സദ്വസ്തുതന്നെ ഞാൻ എന്ന് എല്ലാവൎക്കും നിൎവ്വികല്പസമാധിയിലറിയാം.

സൃഷ്ടിക്കുമുമ്പ് സദ്വസ്തുവുണ്ടെന്ന് ദൃഷ്ടാന്തസഹിതം പ്രതിപാദിക്കുന്നു.

46. മനോജൃംഭണരാഹിത്യേ യഥാസാക്ഷീ നിരാകുലഃ
മായാജൃംഭണതഃപൂൎവ്വം സത്തഥൈവ നിരാകുലം.

മനോജൃംഭണരാഹിത്യേ=മനസ്സിൻെറ വ്യാപാരമില്ലാതിരിക്കുമ്പോൾ. യഥാസാക്ഷീനിരാകുലഃ=എപ്രകാരം സാക്ഷി നിരാകുലനായിരിക്കുന്നുവോ തഥാ ഏവ=അപ്രകാരംതന്നെ. മായാജൃംഭണതഃപൂൎവ്വം=മായയുടെ പ്രകാശത്തിന്നുമുമ്പ്. സത് നിരാകുലം=സദ്വസ്തു നിരാകുലമാകുന്നു.

തൂഷ്ണീംഭാവത്തിൽ പ്രപഞ്ചമുണ്ടായിരുന്നില്ല എന്നതിൻെറ സാക്ഷിയായ പ്രത്യാഗാത്മാവിൻെറ ദൃഷ്ടാന്തത്തെ അവലംബിച്ച് സദ്വസ്തുവിനേയും അറിയേണമെന്നുപദേശിക്കുന്നു:—പ്രവൃത്തിരൂപമായ വികാസമില്ലാതിരുന്നപ്പോൾ മനസ്സില്ലാതേയും അതിൻെറ സാക്ഷിനിശ്ചലനായുമിരുന്നുവെന്ന് എപ്രകാരം നിൎവ്വികല്പസമാധിയിൽ കണ്ടുവോ അപ്രകാരം മായയുടെ വിലാസം വികസിക്കാതിരുന്നപ്പോൾ മായയില്ലാതേയും സദ്വസ്തു സ്തിമിതഗംഭീരമായുമിരുന്നുവെന്ന് കണ്ടുകൊള്ളേണം. സ്ഥൂലവും സൂക്ഷ്മവുമായ പ്രപഞ്ചമൊന്നുമില്ലാതെ സദ്വസ്തു മാത്രമായിരുന്നുവെന്നു സാരം.

47. നിസ്തത്വാ കാൎയ്യഗമ്യാസ്യ ശക്തിൎമ്മായാഗ്നിശക്തിവത്
നഹിശക്തിഃ കചിൽ കൈശ്ചിൽ ബുദ്ധ്യതേ കാൎയ്യതഃപുരാ.

നിസ്തത്വാ=സ്വതേ സ്വരൂപമില്ലാത്തതും, കാൎയ്യഗമ്യാ=കാൎയ്യത്താൽ അറിവാൻ കഴിയുന്നതുമായ. അസ്യ ശക്തിഃ മായാ=സദ്വസ്തുവിൻെറ ശക്തിയാകുന്നു മായാ. അഗ്നിശക്തിവത്=അഗ്നിശക്തിപോലെ.

കൈശ്ചിൽകദാചിത്=ആരാലും ഒരേടത്തും. കാര്യതഃപുരാ=കാര്യത്തിന്നുമുമ്പേ. ശക്തിഃനാഹിബുദ്ധ്യതേ=ശക്തി അറിയപ്പെടുന്നില്ല.

മായാസ്വരൂപത്തെ വിവരിക്കുന്നു:—മേൽകാണിച്ച സദ്വസ്തുവിൽ അന്തർഭവിച്ചിരിക്കുന്ന പരമമായ ശക്തിയെ മായയെന്നുപറയുന്നു. ആ മായ ആ സദ്വസ്തുവിൽനിന്നു ഭിന്നമായ ഒരു തത്വമല്ല. അഗ്നിയിൽ ദാഹശക്തിയെന്നപോലെ അഭിന്നയാണ്. കാര്യം വെളിപ്പെടുന്നതുകൊണ്ടു മാത്രമെ ശക്തിയെ അറിവാൻ കഴികയുള്ളൂ. അതിന്നുമുമ്പെ ഏതൊന്നിലുമുള്ള ശക്തിയെയും ആൎക്കും അറിവാൻ കഴികയില്ലെന്നതു ലോകത്തിൽ നിത്യാനുഭവമാകുന്നുവെല്ലൊ. ഭുഗ് ഭുഗ് എന്നശബ്ദം സ്ഫുലിംഗങ്ങളുടെ ഉത്ഭവം മുതലായ കാര്യങ്ങൾ കാണുന്നതുകൊണ്ടു അഗ്നിയുടെ സ്വരൂപത്തിൽ ആ വിധമായ സാമൎത്ഥ്യമിരിക്കുന്നുണ്ടെന്നു കാണാവുന്നതുപോലെ സദ്വസ്തുവിൽ ആകാശാദികാര്യങ്ങളെ പ്രകാശിപ്പിക്കുന്നതിന്നു സാമൎത്ഥ്യമുള്ളതായ ശക്തിവിശേഷമുണ്ടെന്നു കാര്യലിംഗത്താൽ ധരിപ്പാൻകഴിയും. സദ്വസ്തുവിൽ അടങ്ങിയിരിക്കുന്ന ആ ശക്തിക്കു മായയെന്നുപേർ. എന്നാൽ അതു സത്തല്ലതാനും.

മായയെന്നശക്തിക്ക് സ്വരൂപമില്ലാത്തതിനാൽ അതു മിഥ്യയാണെന്നു കാണിക്കുന്നു.

48. നസദ്വസ്തുസതഃ ശക്തിൎന്നഹിവഹ്നേഃ സ്വശക്തിതാ
സദ്വിലക്ഷണതായാംതു ശക്തേഃകിം തത്വമുച്യതാം.

സതഃ ശക്തിഃ സദ്വസ്തു ന=സത്തിന്റെ ശക്തി സദ്വസ്തുവല്ല. വഹ്നേഃ സ്വശക്തിതാനഹി=വഹ്നിക്കു സ്വശക്തിതയില്ല. സദ്വിലക്ഷണതായാംതു=സത്തിന്റെ വിലക്ഷണയാണെങ്കിലോ. ശക്തേഃ തത്വം കിം ഉച്യതാം=ശക്തിയുടെ സ്വരൂപം എന്താണെന്നു പറഞ്ഞാലും.

കാര്യം കാണപ്പെടുന്നതുകൊണ്ടു കാര്യത്തെ ഉൽഭവിപ്പിക്കുവാനുള്ള ശക്തി സദ്വസ്തുവിലുണ്ടെന്നു കാണിച്ചതിന്റെശേഷം, എന്നാൽ ആ ശക്തി സദ്വസ്തുവിൽനിന്നു വേറിട്ടതായ ഒരു തത്വമല്ലെന്നു പറഞ്ഞതിനെ സമൎത്ഥിക്കുന്നു:—സദ്വസ്തുവിലുള്ള ശക്തിയായ മായ സതിയൊ—അത്യന്തം ഉള്ളതോ? അതോ അസതിയോ—തീരെയില്ലാത്തതൊ? എന്നാണ് വിചാരണാ:—സദ്വസ്തുവിന്റെ ശക്തി സതിയല്ല. സതിയാണെങ്കിൽ സത്തിൽനിന്നു ഭിന്നയായിട്ട് അതുണ്ടായിരിക്കേണം. എന്നാൽ അതു സദ്വസ്തുവാണെന്നുപറയാം. അങ്ങിനെയിരിക്കാത്തതിനാൽ സതിയല്ല. അതിനാൽ അതൊരു ഭിന്നതത്വമല്ല. അഗ്നിയുടെ സ്വരൂപം അതിന്റെ ശക്തിയാണെന്നു പറഞ്ഞുകൂടാ. എന്നാൽ മായക്കു സത്തിന്റെ ലക്ഷണമില്ലാത്തതുകൊണ്ടു അസതിയാണെങ്കിൽ സദ്വിലക്ഷണയോ?—സത്തിന്റെ ലക്ഷണം തികച്ചുമില്ലാത്തതെന്നോ; അതോ നരവിഷാണമെന്നപോലെ അത്യന്തം ഇല്ലാത്തതെന്നൊ? ശക്തിസ്വരൂപം ശൂന്യമാണെന്നൊ മിഥ്യയാണെന്നോ തീൎച്ചപ്പെടുത്തിയാൽമാത്രമേ സദ്വിലക്ഷണത്വം സ്പഷ്ടമാകയുള്ളൂ. അതു നിങ്ങൾ പറയേണം.

49. ശൂന്യത്വമിതിചേൽ ശൂന്യം മായാകാര്യമിതീരിതം
നശൂന്യം നാപിസദ്യാ ദൃക്താദൃക് തത്വമിഹേഷ്യതാം.

ശൂന്യത്വം ഇതിചേത്=ശൂന്യഭാവംതന്നെയെങ്കിൽ. മായാകാര്യം ശൂന്യം=മായാകാര്യവും ശൂന്യം. ഇതി ഈരിതം=എന്ന് അങ്ങെയാൽതന്നെ മുമ്പെപറയപ്പെട്ടു. യാദൃക് ശൂന്യം ന=എങ്ങിനെയായാൽ ശൂന്യമല്ലയോ. സത് അപിന=സത്തുമല്ലെയോ താദൃക്തത്വം=ആവിധമായ തത്വമാണെന്ന്. ഇഹഇഷ്യതാം=ഇവിടെ അറിഞ്ഞുകൊൾക.

സദ്വിലക്ഷണമെന്നതിന്നു ശൂന്യഭാവംതന്നെയാണ് പറവാൻ ഭാവമെങ്കിൽ മായാകാര്യവും ശൂന്യമാണെന്നുമുമ്പെ അങ്ങുതന്നെ പറഞ്ഞുവെല്ലോ. അതു നല്ലതുതന്നെ. പക്ഷേ ശൂന്യത്തിന്നു നാമരൂപങ്ങളുണ്ടെന്നു സമ്മതിക്കേണ്ടിവരും. അതുണ്ടാവുകയില്ലെല്ലൊ. ആകാശാദിപഞ്ചഭൂതങ്ങൾക്ക് നാമരൂപങ്ങളുള്ളതായി കാണപ്പെടുന്നതുകൊണ്ടു മായാകാര്യം ശൂന്യമല്ലെന്നു സ്പഷ്ടമാകുന്നു. അതിനാൽ മായ അസതിയല്ല. പിന്നെയോ സതിയുമല്ല, അസതിയുമല്ല എന്നു പറയത്തക്കതായ ഒന്നായിട്ടാണ് മായയെ പറയേണ്ടത്. അതിന്റെ വിവരണം:—സത്തിന്നും അസത്തിന്നും വിലക്ഷണമായതിനെഅനിൎവ്വചനീയമെന്നു പറയുന്നു. ഉദാഹരണം:—രജ്ജുവിൽ സൎപ്പമാണെന്ന പ്രതീതിയുണ്ടാകുന്നു. ആ പ്രതീതി ഇതു രജ്ജുവാണെന്നുള്ള ജ്ഞാനത്താൽ ബാധിക്കപ്പെടുമ്പോൾ നശിക്കുന്നു:—അവിടെ സൎപ്പം സത്തായിരുന്നാൽ രജ്ജുജ്ഞാനത്താൽ അതു നിവൃത്തിക്കുകയില്ല. എന്നാൽ അനുഭവത്തിൽ നിവൃത്തിക്കുന്നു. അതിനാൽ രജ്ജുവിൽ സൎപ്പം സത്തല്ല. പിന്നെ ആ സൎപ്പം അസത്തായിരുന്നാൽ കുതിരക്കൊമ്പു മുതലായ പദാൎത്ഥങ്ങൾ എങ്ങിനെ പ്രതീതങ്ങളാകുന്നില്ലയോ അതുപോലെ പ്രതീതമാവാൻ പാടില്ല. എന്നാൽ അനു

ഭവത്തിൽ പ്രതീതമാകുന്നതുമുണ്ട്. അതിനാൽ രജ്ജുവിൽ സപ്പം അസത്തുമല്ല. പിന്നെയോ ആ സപ്പം സത്താണെന്നും അസത്താണെന്നും നിശ്ചയിക്കാൻ കഴിയാത്തതായ അനിവ്വചനീയമാകുന്നു. ഇതിനെ ത്തന്നെയാണ് വേദാന്തികൾ അനിവ്വചനീയഖ്യാതിയെന്നു പറയുന്നത്. ഇങ്ങിനെ സത്തിനും അസത്തിനും വിലക്ഷണമാകയാൽ മായാസ്വരൂപം അനിവ്വചനീയമാണ്. മിഥ്യയാണെന്നു സാരം.

50. നാസദാസീന്നോസദാസീത്തദാനീംകിന്തുഭൃത്തമഃ
സദ്യോഗാത്തമസഃസത്വംനസ്വതസ്തന്നിഷേധനാത്.

അസത് ന ആസീത്=അസത്തായിരുന്നില്ല. സത് നോ ആസീത്=സത്തുമായിരുന്നില്ല. കിന്തുതദാനീം= എന്നാൽ അപ്പോൾ. തമഃ അഭൂത്=അന്ധകാരമായിരുന്നു. സദ്യോഗാത്=സത്തിൻെറ ചേച്ച്ചകൊണ്ടു. തമസഃ സത്വം=അന്ധകാരത്തിന്ന് സൽഭാവം. സ്വതഃ ന=സ്വതേ ഇല്ല. തന്നിഷേധനാത്=ആ പ്രലയ കാലത്തിൽ മായയുടെ സത്വത്തിനെ നിഷേധിച്ചിരിക്കയാൽ.

മായയുടെ സ്വരൂപം അനിവ്വചനീയമെന്നതിന്നു ശ്രുതിയെ പ്രമാണമായി കാണിക്കുന്നു:— ആ പ്രളയകാലത്തിൽ മായ സത്തായുമിരുന്നില്ല, അസത്തായുമിരുന്നില്ല പിന്നെ എങ്ങിനെയായിരുന്നുവെ ന്നാൽ സത്തിന്നും അസത്തിന്നും വിലക്ഷണമായ തമസ്സായിരുന്നു: അജ്ഞാനമായിരുന്നു. ഇപ്രകാരം അ ജ്ഞാനമുണ്ടായിരുന്നുവെന്നതിന്നു "തമ ആസീൽ" തമസ്സായിരുന്നു. "തമസാഗൂഢമഗ്രേ" സൃഷ്ടിക്കുമു മ്പ് തമസ്സാകുന്ന അജ്ഞാനത്താൽ മറയ്ക്കപ്പെട്ടതായിരുന്നു ബ്രഹ്മം എന്നിങ്ങിനെയുള്ള ശ്രുതികൾ പ്രമാ ണങ്ങളാകുന്നു. ഇതിനാൽ സത്തിന്നും അസത്തിന്നും വിലക്ഷണമായതുകൊണ്ടു മായയെന്നത് അനിവ്വ ചനീയംതന്നെയെന്നു സിദ്ധിക്കുന്നു ഇവിടെ പൂവ്വപക്ഷം:——തമസ്സിരുന്നുവെന്നിപ്രകാരമുള്ള ശ്രുതിവാ ക്യംകൊണ്ടു തമസ്സിന്നു ഉണ്ടായിരിക്കുക എന്ന സത്തയുള്ളതായി പറഞ്ഞിരിക്കുന്നുവെല്ലൊ. മായയാണെ ങ്കിൽ പ്രളയകാലത്തിൽ സത്തായിരുന്നില്ല എന്ന് നിഷേധിക്കപ്പെട്ടിട്ടുമുണ്ട്. അപ്പോൾ മായക്ക് (ത മസ്സിന്ന്) സത്വം സംഭവിക്കുന്നതെങ്ങിനെ? സമാധാനം:—"നോസദാസീൽ" സത്തായിരുന്നില്ല എ ന്ന ശ്രുതിവാക്യത്താൽ ആ പ്രലയകാലത്തിൽ മായക്ക് സത്തയില്ലെന്നു നിഷേധിക്കപ്പെട്ടിട്ടുണ്ട്. അതി നാൽ മായക്ക് സ്വതേതന്നെ സത്തയില്ല എങ്കിലും സത്താകുന്ന അധിഷ്ഠാനബ്രഹ്മത്തിൽ തമസ്സിന്ന് (മായക്ക്) കല്പിതതാദാത്മ്യസംബന്ധമുള്ളതിനാൽ സത്ത ഭവിക്കുന്നതാണ്. അതുകൊണ്ടുതന്നെയാണ് തമ ആസീൽ-തമസ്സായിരുന്നുവെന്ന് ശ്രുതിയും പറഞ്ഞത്. കല്പിതതാദാത്മ്യത്തിൻെറ സ്വരൂപം:— ശ്രുതിയിൽ ബ്രഹ്മത്തിന്നു അസംഗത്വം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ മായക്കും ബ്രഹ്മത്തി ന്നും താദാത്മ്യസംബന്ധം ഭവിയ്ക്കുകയില്ല. എന്നാൽ ആകാശത്തിന്നും അതിൽ തോന്നുന്ന നീലവണ്ണ ത്തിന്നുമുള്ള സംബന്ധമെന്നപോലെ ബ്രഹ്മത്തിന്നും മായക്കും കല്പിതതാദാത്മ്യസംബന്ധം അംഗീകരി ക്കപ്പെട്ടിട്ടുണ്ട്. ഇതിനെ അനിവ്വചനീയതാദാത്മ്യസംബന്ധമെന്നും പറയുന്നു. ഇതുപോലെതന്നെ ബ്ര ഹ്മത്തിന്നും സമഷ്ടിവ്യഷ്ടിപ്രപഞ്ചങ്ങൾക്കും തമ്മിലുള്ള സംബന്ധവും അനിവ്വചനീയതാദാത്മ്യമാകുന്നു.

51. അത ഏവ ദ്വിതീയത്വം ശൂന്യവന്നഹിഗണ്യതേ
ന ലോകേ ചൈത്രതച്ഛക്ത്യോർജ്ജീവിതംലിഖ്യതേ പൃഥക്.

അതഃ ഏവ ശൂന്യവത്=അതുകൊണ്ടുതന്നെ ശൂന്യത്തിന്നെന്നപോലെ. ദ്വിതീയത്വം നഹിഗണ്യതേ= രണ്ടെന്നഭാവം ഗണിക്കപ്പെടുന്നില്ല. ലോകേചൈത്രതച്ഛക്ത്യോഃ=ലോകത്തിൽ ചൈത്രൻെറയും അവ ൻെറ ശക്തിയുടേയും. ജീവിതം പൃഥക്നലിഖ്യതേ=ജീവിതം—സത്ത—വെവ്വേറെ എഴുതപ്പെടുന്നില്ല.

മേൽകാണിച്ച സംഗതികളാൽ മായക്കു സ്വതേ രൂപമില്ലാത്തതിനാൽ ശൂന്യതുല്യമായതുകൊണ്ടു ബ്രഹ്മഭിന്നമായിട്ടു രണ്ടാമത്തേതായ ഒരു തത്വമെന്നു ഗണിക്കപ്പെടുന്നില്ല. ലോകത്തിൽ ചൈത്രനെന്നു പേരുള്ള മനുഷ്യൻെറയും ആയാളുടെ ശക്തി യുടേയും ചിത്രം വെവ്വേറെ എഴുതുക പതിവില്ലെല്ലൊ.

ശക്തിക്കു വേറെ സത്തയില്ലെന്നതിൽ ആക്ഷേപസമാധാനം.

52. ശക്ത്യാധിക്യേജീവിതംചേദ്വദ്ധതേ തത്രവൃദ്ധികൃത്
നശക്തിഃകിന്തുതത്കാൎയ്യം യുദ്ധകൃഷ്യാദികംതഥാ.

ശക്ത്യാധിക്യേജീവിതം വദ്ധതേചേത്=ശക്തിയുടെ ആധിക്യത്തിൽ ജീവിതം (ഉപജീവനദ്രവ്യം) വദ്ധി ക്കുന്നുവെങ്കിൽ. തത്രവൃദ്ധികൃത് ശക്തിഃന=അതിൽ വൃദ്ധിയുണ്ടാക്കുന്നതു ശക്തിയല്ല. കിന്തുതത്കാൎയ്യം=പി ന്നെയേതെന്നാൽ ശക്തിയുടെ കാൎയ്യമായ. യുദ്ധകൃഷ്യാദികം=യുദ്ധം കൃഷി എന്നിവയാകുന്നു.

ശക്തി അധികമുള്ളപ്പോൾ ഉപജീവനദ്രവ്യാദിവദ്ധിക്കുന്നതുകൊണ്ടു് ശക്തി ഒരു പ്രത്യേകതത്വ മല്ലെയോ എന്ന ശങ്കയെപരിഹരിക്കുന്നു:—ശക്തിയുടെ ആധിക്യത്തിൽ ഉപജീവനദ്രവ്യം വദ്ധിക്കുന്നു

ണ്ടെങ്കിൽ വൃദ്ധിയെ ജനിപ്പിക്കുന്നതു ശക്തിയല്ല. ശക്തികാൎയ്യമായ യുദ്ധം കൃഷി മുതലായ വ്യാപാരമാകുന്നു. അതിനാൽ ശക്തിക്കു ബ്രഹ്മഭിന്നയായ സത്തയില്ല.

53. സൎവ്വഥാശക്തിമാത്രസ്യ നപൃഥഗ്ഗണനാക്വചിത്
ശക്തികാൎയ്യംതുനൈവാസ്തി ദ്വിതീയംശങ്ക്യതേകഥം.

സൎവ്വഥാശക്തിമാത്രസ്യ=എല്ലാംകൊണ്ടും ശക്തിമാത്രത്തിന്ന്. പൃഥഗ്ഗണനാക്വചിത്ന=വേറെ തത്വമെന്ന ഗണനാ എങ്ങുമില്ല. ശക്തികാൎയ്യംതു=ശക്തിയുടെ കാൎയ്യമോ. നഏവഅസ്തീ=ഇല്ലതന്നെ. ദ്വിതീയംകഥംശങ്ക്യതേ=രണ്ടാമതായ തത്വമാണെന്ന് എങ്ങിനെ ശങ്കിക്കും.

ശക്തിയാൽ ബ്രഹ്മം സദ്വിതീയമാകുന്നില്ലെങ്കിൽ വേണ്ട. ശക്തിയുടെ കാൎയ്യങ്ങളാകുന്ന സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളാൽ ബ്രഹ്മത്തിന്നു സദ്വിതീയത്വം ഭവിപ്പാനെന്തു വിരോധം എന്നു ചോദിക്കുന്നു എങ്കിൽ സമാധാനം പറയാം. ആ പ്രളയകാലത്തിൽ ശക്തികാൎയ്യങ്ങളായ സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളുണ്ടായിട്ടില്ല. ഇല്ലാതിരിക്കുന്ന ആ സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളെക്കൊണ്ടു സദ്വിതീയത്വശങ്കക്കു എന്തവകാശം. ഒരുവിധത്തിലും സദ്വിതീയത്വശങ്കക്കു കാരണമില്ല. ശക്തനെക്കൂടാതെ ഭിന്നമായതാണ് ശക്തിയെന്നു വരുന്നില്ല എന്നു സാരം.

54. നകൃത്സ്നബ്രഹ്മവൃത്തിഃസാ ശക്തിഃകിന്ത്വേകദേശഭാക്
ഘടശക്തിൎയ്യഥാഭൂമൌ സ്നിഗ്ദ്ധമൃദ്യേവവൎത്തതേ.

സാശക്തിഃകൃത്സ്നബ്രഹ്മവൃത്തിഃന=ആ ശക്തി സമസ്തമായ ബ്രഹ്മത്തിൽ ഇരിക്കുന്നില്ല. കിന്തുഏകദേശഭാക്=പിന്നെയോ ഏകദേശത്തിൽ ഇരിക്കുന്നു. യഥാഘടശക്തിഃ=എപ്രകാരമോ ഘടശക്തി. ഭൂമൌ സ്നിഗ്ദ്ധമൃദിഏവവൎത്തതേ=ഭൂമിയിൽ മൃദുവായ മണ്ണിൽ (കളിമണ്ണിൽ) മാത്രം ഇരിക്കുന്നത്.

ശക്തി, ബ്രഹ്മത്തിൽ എങ്ങും വ്യാപിച്ചിരിക്കുന്നുവോ ഏകദേശത്തിലിരിക്കുന്നുവോ എന്നുള്ള ആകാംക്ഷക്കു സമാധാനം:—ആ ശക്തി ബ്രഹ്മത്തിൽ സൎവ്വത്ര വ്യാപരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ മുക്തന്മാൎക്കു പ്രാപിപ്പാൻ യോഗ്യമായ മായാതീതബ്രഹ്മമില്ലെന്നുവരും. അതുകൊണ്ട് ഏതാനും ഭാഗത്തെ ആശ്രയിച്ചിരിക്കുന്നു. സദ്വസ്തുവിന്ന് അംശമില്ലാത്തതിനാൽ എങ്ങിനെ ഏകദേശഭാഗസ്ഥിതിയെ പറയുന്നുവെന്ന ശങ്കക്കു സമാധാനം:—ഭൂമിയിൽ സൎവ്വഭാഗത്തും ഘടത്തെ ജനിപ്പിക്കുവാനുള്ള ശക്തിയിരിക്കുന്നില്ല. ഘടമുണ്ടാക്കാൻ പററുന്ന മൃദുവായ മണ്ണിൽ മാത്രം ഘടശക്തിയിരിക്കുന്നതുപോലെ മായാശക്തിയും സദ്വസ്തുവിൽ ഏകദേശത്തിലിരിപ്പാൻ വിരോധമില്ലല്ലൊ. വാസ്തവത്തിൽ ബ്രഹ്മം നിരംശമാകുന്നു. ഏകദേശത്തിലിരിക്കുന്നുവെന്നതിൻെറ സാരം 58–ാം ശ്ലോകത്തിൽ പറയുന്നുണ്ട്. ശക്തി, ബ്രഹ്മത്തിൻെറ ഏകദേശവൃത്തിയാണെന്നതിന്നു ശ്രുതിപ്രമാണം.

55. പാദോസ്യസർവാഭൂതാനിത്രിപാദസ്യാസ്തിസ്വയംപ്രഭഃ
ഇത്യേകദേശവൃത്തിത്വം മായായാവദതിശ്രുതിഃ

സർവാഭൂതാനി=സർവങ്ങളായ ഭൂതങ്ങളും. അസ്യപാദഃ=ഇതിൻെറ ബ്രഹ്മത്തിൻെറ കാലംശം. ത്രിപാത് സ്വയംപ്രഭഃഅസ്തി=മൂന്നുഭാഗം സ്വയംപ്രഭയോടുകൂടിയിരിക്കുന്നു. ഇതിശ്രുതിഃ=എന്ന ശ്രുതി. മായായാഃ ഏകദേശവൃത്തിത്വംവദതി=മായയുടെ ഏകദേശസ്ഥിതിയെ പറയുന്നു.

ശക്തി സദ്വസ്തുവിൻെറ ഏകദേശാംശത്തിലിരിക്കുന്നുവെന്നു കാണിക്കുന്ന ശ്രുതിപ്രമാണമാണ് മേൽകാണിച്ചിരിക്കുന്നത്. അതിൻെറ സാരം മായാശക്തി ബ്രഹ്മത്തിൻെറ ഏകദേശാംശത്തെ–കാൽഭാഗത്തെ–ആശ്രയിച്ചിരിക്കുന്നു. മുക്കാലംശം മായാവ്യാപ്തിയില്ലാതേയും സ്വയമേവ പ്രകാശിച്ചുംകൊണ്ടു മുക്തന്മാൎക്കാശ്രയമായിരിക്കുന്നുവെന്നാണ്.

56. വിഷ്ടഭ്യാഹമിദംകൃത്സ്നമേകാംശേന സ്ഥിതോജഗത്
ഇതികൃഷ്ണോർജ്ജുനായാഹ ജഗതസ്ത്വേകദേശതാം.

കൃത്സ്നം ഇദംജഗത്=സമസ്തമായ ഈ ലോകത്തെ. ഏകാംശേന വിഷ്ടഭ്യ=ഒരംശംകൊണ്ടു വ്യാപിച്ചിട്ട്. അഹംസ്ഥിതഃ=ഞാനിരിക്കുന്നു. ഇതി കൃഷ്ണഃ=എന്നിപ്രകാരം കൃഷ്ണൻ അൎജ്ജുനായ=അൎജ്ജുനനോട്. ജഗതഃതു ഏകദേശതാം ആഹ=ജഗത്തിൻെറ ഏകദേശാംശസ്ഥിതിയെ പറഞ്ഞിരിക്കുന്നു.

ശ്രുതി മാത്രമല്ല സ്മൃതിയും പ്രമാണമായിട്ടുണ്ടെന്നു കാണിക്കുന്നു:—ഏകാംശംകൊണ്ടു സമസ്തലോകത്തേയും വ്യാപിച്ചുകൊണ്ട് ഞാനിരിക്കുന്നുവെന്ന് ഭഗവാൻ ശ്രീകൃഷ്ണമൂൎത്തി അൎജ്ജുനനോട് ഉപദേശിച്ചിരിക്കുന്നു. ജഗൽസംബന്ധമില്ലാതെ അധികാംശമുണ്ടെന്ന് ഇതിൽനിന്നും സ്പഷ്ടമാകുന്നു.

57. സഭൂമിം വിശ്വതോവൃത്വാഹ്യത്യതിഷ്ഠദ്ദശാംഗുലം
വികാരാവത്തിചാത്രാസ്തി ശ്രുതിസൂത്രകൃതോർവ്വചഃ.

സഃ ഭൂമിംവിശ്വതഃവൃത്വാ=അവൻ-പരമാത്മാവ്-ഭൂമിയെ സർവ്വഭാഗത്തിലും വ്യാപിച്ചിട്ട്. ഹി ദശാംഗുലം അത്യതിഷ്ഠത്=നിശ്ചയമായും പത്തുവിരൽ അധികമായി സ്ഥിതിചെയ്തു. വികാരാവത്തി ച=വികാരത്തെ—പ്രപഞ്ചത്തെ—അധികരിക്കുന്നുവെന്നുള്ള. ശ്രുതിസൂത്രകൃതോഃവചഃ=ശ്രുതിവാക്യവും സൂത്രകാരവാക്യവും. അത്രഅസ്തി=ഇവിടെ പ്രമാണമായിട്ടുണ്ട്.

മായാസംബന്ധമില്ലാത്തതാണ് സദ്വസ്തുവിന്റെ അധികാംശമെന്നുറപ്പിക്കുന്ന ശ്രുതിപ്രമാണത്തെ വീണ്ടും കാണിക്കുന്നു:—ലോകം മുഴുവനും വ്യാപിച്ചതിന്റെ ശേഷം ലോകസംബന്ധമില്ലാതെ പത്തംഗുലം അധികഭാഗമിരിക്കുന്നുവെന്നുള്ള ശ്രുതിവാക്യവും "വികാരാവത്തിച" എന്നുള്ള ബ്രഹ്മസൂത്രവും കാര്യവർഗ്ഗത്തിൽനിന്നും ബ്രഹ്മം അധികരിച്ചിരിക്കുന്നുവെന്ന കാണിക്കുന്ന പ്രമാണങ്ങളാകുന്നു "വികാരാവത്തിച തഥാഹിസ്ഥിതിമാഹ" എന്ന ശാരീരികം 4-ാം അദ്ധ്യായം 4-ാം പാദം 19-ാം സൂത്രം.

58. നിരംശേപ്യംശമാരോപ്യ കൃത്സ്നേംശേവേതിപൃച്ഛതഃ
തൽഭാഷയോത്തരംബ്രൂതേ ശ്രുതിഃശ്രോതൃഹിതൈഷിണീ.

നിരംശേ അപി=അംശമില്ലാത്തതാണെങ്കിലും. അംശം ആരോപ്യ=അംശത്തെ ആരോപിച്ചിട്ട്. കൃത്സ്നേ അംശേവാ=സമസ്തമായ അംശത്തിലോ. ഇതി പൃച്ഛതഃ=എന്നു ചോദിക്കുന്നവനോട്. ശ്രോതൃഹിതൈഷിണീശ്രുതിഃ=കേൾക്കുന്നവന്റെ ഹിതത്തെ ആഗ്രഹിക്കുന്ന ശ്രുതി. തൽഭാഷയാ=അയാളുടെ ഭാഷയെ അനുസരിച്ചുകൊണ്ട്. ഉത്തരം ബ്രൂതേ=ഉത്തരം പറഞ്ഞിരിക്കുന്നു.

സദ്വസ്തുവിന്ന് അംശമില്ലെന്ന് മുമ്പേ പറഞ്ഞതിന്നു വിരോധമല്ലെ ഇപ്പോൾ പറഞ്ഞത് എന്ന ആക്ഷേപത്തിന്ന് സമാധാനം പറയുന്നു:—മായാസംബന്ധം സമസ്താംശത്തിലോ ഏകദേശാംശത്തിലോ എന്നു ചോദിക്കുന്നു. അപ്പോൾ ചോദ്യകർത്താവ് അംശമില്ലാത്തതായ സദ്വസ്തുവിൽ അംശത്തെ ആരോപിച്ചിരിക്കുന്നു. കേൾക്കുന്ന ആൾ സദ്വസ്തുവിൽ മായാസംബന്ധമില്ലെന്നു ധരിക്കാതിരുന്നാൽ മോക്ഷസിദ്ധിയില്ലെന്നു ധരിക്കും. അതു കൂടാതെ കഴിക്കേണം എന്നു കരുണാവതിയായ ശ്രുതിമാതാവ് നിശ്ചയിച്ചിട്ട് അയാളുടെ ഭാഷയെത്തന്നെ സ്വീകരിച്ചിട്ട് "ഏകദേശാംശത്തിൽ" മായാസംബന്ധം. അധികാംശം നിർമ്മായം എന്നുത്തരം പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ നിരംശം സദ്വസ്തുവെന്നറിയുമ്പോൾ അംശാംശിവിഭാഗമില്ലെന്നനുഭവപ്പെടുകയും ചെയ്യും. കേൾക്കുന്നവന്ന് ജ്ഞാനവും തദ്വാരാ മോക്ഷവും ഉണ്ടാകേണമെന്നുള്ള ഹിതകാംക്ഷയേയാണ് ശ്രുതി പ്രകാശിപ്പിച്ചിരിക്കുന്നത്.

59. സത്തത്വമാശ്രിതാശക്തിഃ കല്പയേൽ സതിവിക്രിയാഃ
വർണ്ണാഭിത്തിഗതാഭിത്തൌ ചിത്രം നാനാവിധംതഥാ.

സത്തത്വം ആശ്രിതാശക്തിഃ=സദ്വസ്തുവിനെ ആശ്രയിച്ചതായ ആ ശക്തി. സതി വിക്രിയാഃ കല്പയേത്=സത്തിൽ വികാരങ്ങളെ കല്പിക്കും. ചിത്രഗതാഃവർണ്ണാഃ=ചിത്രത്തിലുള്ള നിറങ്ങൾ. ഭിത്തൌ നാനാവിധംചിത്രം യഥാതഥാ=ഭിത്തിയിൽ നാനാവിധമായ ചിത്രത്തെ എപ്രകാരമോ അപ്രകാരം.

സദ്വസ്തുവായ ബ്രഹ്മത്തിൽ ശക്തി-മായ-യുണ്ടെന്നു കാട്ടിയതിന്റെ പ്രയോജനം പറയുന്നു:—സത്യവസ്തുവായ ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്ന ശക്തിയായ മായ ആ സദ്വസ്തുവിൽ—അതാകുന്ന അധിഷ്ഠാനത്തിൽ—ബഹുവിധങ്ങളായ വികാരങ്ങളെ കാര്യവിശേഷങ്ങളെ കല്പിക്കും. രക്തപീതാദിവർണ്ണങ്ങളുള്ള ധാതുവിശേഷങ്ങൾ ഭിത്തിയെ ആശ്രയിച്ചിട്ടു, ആ ഭിത്തിയിൽ ചിത്രത്തെ കല്പിക്കുന്നതേതുവിധമോ അതുപോലെ ചുമരിൽ ചിത്രമുണ്ട് എന്നാണല്ലൊ ലോകവ്യവഹാരം. വാസ്തവത്തിൽ ചിത്രം—വൈവിധ്യം—ചുമരിൽ അല്ല നിറങ്ങളുള്ള ധാതുവിശേഷങ്ങളിലാണിരിക്കുന്നത്. എങ്കിലും ചുമരുണ്ടെങ്കിലേ ചിത്രമുള്ളുവെന്നുള്ള പഴമൊഴി എങ്ങിനെ നിലനില്ക്കുന്നുവോ അതുപോലെ മായയിലെ സത്വാദിഗുണങ്ങൾ നിമിത്തമുണ്ടായ കാര്യവിശേഷങ്ങൾക്ക്—മായാകാര്യങ്ങൾക്ക്—ബ്രഹ്മം ആശ്രയമായിരിക്കുന്നതല്ലാതെ ബ്രഹ്മത്തിൽ വികാരങ്ങളില്ലെന്നു സാരം.

ശക്തിയുടെ ആദ്യവികാരമാകുന്ന ആകാശത്തിന്റെ സ്വരൂപവും ആ ആകാശം
ബ്രഹ്മകാര്യമാണ് എന്നതിന്നു ഹേതുവും.

60. ആദ്യോവികാര ആകാശഃ സോവകാശസ്വരൂപവാൻ
ആകാശോസ്തീതിസത്തത്വ മാകാശേപ്യനുഗച്ഛതി.

ആദ്യഃവികാരഃ ആകാശഃ=ആദിയിലുണ്ടായ വികാരം—കാൎയ്യം—ആകാശം. സഃ അവകാശസ്വരൂപവാൻ=അത് അവകാശം—ഇടം—എന്ന സ്വരൂപമുള്ളതാകുന്നു. ആകാശഃ അസ്തിഇതി=ആകാശം ഉണ്ട് എന്ന്. സത്തത്വം ആകാശേ അപി അനുഗച്ഛതി=സൽഭാവം ആകാശത്തിലും അനുഗമിക്കുന്നു.

ആ ശക്തിയുടെ വികാരങ്ങളിൽ ഒന്നാമത്തേത് ആകാശമാകുന്നു. അവകാശം—ഇടം—എന്നതാണ് ആകാശത്തിന്റെ സ്വരൂപം ആകാശം ഉണ്ടെന്നു പറയുന്നതുകൊണ്ട് സദ്വസ്തു അതിൽ വ്യാപിച്ചിട്ടുണ്ടെന്നറിയേണം. സദ്വസ്തുവിന്റെ സ്വരൂപമായ സാമാന്യസത്തയെ ആശ്രയിച്ചിട്ടു പ്രഥമവികാരമായ ആകാശം നിലനില്ക്കുന്നുവെന്നു സാരം.

സത്തിന്ന് ഒരു സ്വഭാവവും ആകാശത്തിന്നു രണ്ടു സ്വഭാവവുമുണ്ട്.

61. ഏകസ്വഭാവം സത്തത്വം ആകാശോ ദ്വിസ്വഭാവകഃ
നാവകാശഃസതീവ്യോമ്നി സചൈഷോപിസ്ഥിതംദ്വയം.

സത്തത്വം ഏകസ്വഭാവം=സദ്വസ്തു ഒരു സ്വഭാവമുള്ളത്. ആകാശഃ ദ്വിസ്വഭാവകഃ=ആകാശം രണ്ടു സ്വഭാവമുള്ളത്. സതി അവകാശഃനഃ=സത്തിൽ അവകാശം—ഇടം—ഇല്ല. വ്യോമ്നിസഃച ഏഷഃ അപി=വ്യോമാവിൽ അതും ഇതും. ദ്വയം സ്ഥിതം=രണ്ടും ഇരിക്കുന്നു.

സാമാന്യസത്തയെ ആശ്രയിച്ചുണ്ടായ വിശേഷസദ്രൂപമായ ഈ പ്രഥമവികാരത്തിൽ — ആകാശത്തിൽ—എന്താ വിശേഷമുള്ളത് എന്നു കാണിക്കുന്നു:—സദ്വസ്തു ഒരേ സ്വഭാവത്തോടുകൂടിയതാണ്. ആകാശത്തിലൊ രണ്ടു സ്വഭാവമുണ്ട്. സത്തിൽ അവകാശമില്ല. ആകാശത്തിൽ അവകാശവും സത്തയുമുണ്ട്. ഇതാണ് സൽകാൎയ്യമായ ആകാശത്തിലുള്ള വിശേഷം.

62. യദ്വാപ്രതിധ്വനിൎവ്വ്യോമ്നോ ഗുണോനാസൌസതീക്ഷ്യതേ.
വ്യോമ്നിദ്വൌസദ്ധ്വനീതേന സദേകം ദ്വിഗുണംവിയത്.

യദ്വാ പ്രതിധ്വനിഃ=അല്ലെങ്കിൽ പ്രതിശബ്ദം. വ്യോമ്നഃഗുണഃ=ആകാശത്തിന്റെ ഗുണം. അസൌസതി=ഇതു സദ്വസ്തുവിൽ. ന ഈക്ഷ്യതേ=കാണപ്പെടുന്നില്ല. വ്യോമ്നി സദ്ധ്വനീദ്വൌ=വ്യോമാവിൽ സത്തയും ധ്വനിയും രണ്ടുമുണ്ട്. തേന സത്=അതുകൊണ്ടു സത്ത്. ഏകം=ഒന്ന്. വിയത് ദ്വിഗുണം=ആകാശം രണ്ടു ഗുണമുള്ളത്.

സത്തിന്ന് ഏകസ്വഭാവവും ആകാശത്തിന്ന് രണ്ടു സ്വഭാവവും ഉണ്ടെന്നു പറഞ്ഞതിനെ മറെറാരുവിധത്തിൽ സാധിക്കുന്നു:—ആകാശത്തിന്നു പ്രതിധ്വനിയെന്ന ഗുണമുണ്ട്. ഈ ഗുണം സത്തിലില്ല. ആകാശത്തിൽ സത്തയും ധ്വനിയുമെന്ന രണ്ടുണ്ടെന്നു വന്നു. അതുകൊണ്ട് സദ്വസ്തു ഏകസ്വഭാവവും ആകാശം ദ്വിസ്വഭാവവുമുള്ളതാണെന്നു കണ്ടുകൊള്ളേണം.

63. യാശക്തിഃ കല്പയേദ്വ്യോമ സാസദ്വ്യോമ്നോരഭിന്നതാം
ആപാദ്യധൎമ്മധൎമ്മിത്വം വ്യത്യയേനാവകല്പയേത്.

യാശക്തിഃ വ്യോമകല്പയേത്=യാതൊരു ശക്തി ആകാശത്തെ കല്പിക്കുമോ. സാ സദ്വ്യോമ്നോഃ=അത് സത്തിന്നും ആകാശത്തിന്നും അഭിന്നതാം ആപാദ്യ=അഭേദത്തെ കല്പിച്ചിട്ട്. ധൎമ്മധൎമ്മിത്വം=ധൎമ്മം ധൎമ്മി എന്ന ഭാവത്തെ. വ്യത്യയേന അവകല്പയേത്=വിപരീതമായിട്ടു കല്പിക്കും.

ആകാശമിരിക്കുന്നുവെന്നു പറയുമ്പോൾ ആകാശത്തിന്ന് ഇരിക്കുക എന്നുള്ള സത്തയാകുന്ന ഒരു ധൎമ്മം കാണപ്പെടുന്നു. അപ്പോൾ സത്തയെന്നത് ആകാശത്തിന്റെ ധൎമ്മവും ആകാശം സത്തയുടെ ധൎമ്മിയുമായി ഭവിക്കുന്നു. വാസ്തവത്തിൽ സത്തയാണെങ്കിൽ സദ്വസ്തുവിന്റെ സ്വഭാവമാണ്. അങ്ങിനെ സത്തിന്റെ സ്വഭാവമാകുന്ന സത്ത ആകാശത്തിന്റെ ധൎമ്മമാകേണമെങ്കിൽ സത്തും ആകാശവും ഒന്നുതന്നെ ആയിരിക്കേണം. ആകാശം സത്തിന്റെ കാൎയ്യം എന്നാണെങ്കിൽ സത്തും ആകാശവും ഒന്നാവുകയില്ല. അങ്ങിനെയിരിക്കെ ആകാശത്തിന്റെ സത്ത എന്നിപ്രകാരം ആകാശത്തിന്ന് സ്വഭാവമാകുന്ന സത്ത കാണപ്പെടുന്നതെങ്ങിനെ എന്ന ചോദ്യത്തിന്നു സമാധാനം പറയുന്നു:—യാതൊരു മായ സദ്വസ്തുവിൽ ആകാശത്തെ കല്പിക്കുന്നുവോ ആ മായ മുമ്പിലെന്തുചെയ്യുന്നുവെന്നാൽ കാരണമാകുന്ന സദ്വസ്തുവിന്നും കാൎയ്യമാകുന്ന ആകാശത്തിന്നും തമ്മിൽ കല്പിതതാദാത്മ്യസംബന്ധരൂപമായ അഭേദത്തെ കല്പിക്കുന്നു. പിന്നെ ആ സത്തിന്റേയും ആകാശത്തിന്റേയും ധൎമ്മധൎമ്മിസ്വഭാവങ്ങളെ വിപരീതത്വേന കല്പിക്കുകയും ചെയ്യുന്നു. അതായത്:—ആകാശത്തിന്റെ ധൎമ്മി (ആശ്രയം)യാകുന്ന സ

ത്തിനെ ധൎമ്മ (ആശ്രിത)മാണെന്നും സത്തയുടെ ധൎമ്മ ആശ്രിത)മാകുന്ന ആകാശത്തിനെ ധൎമ്മി (ആശ്രയ)യാണെന്നും വിപരീതമാക്കിച്ചെയ്യുന്നു. അതു ഹേതുവായിട്ടാണ് ആകാശത്തിന്റെ സത്ത എന്നിങ്ങിനെ ധൎമ്മധൎമ്മിസ്വഭാവം വിപരീതമായി കാണപ്പെടുന്നത്. ഇതുപോലെ വായുവിന്റെ സത്താ, അഗ്നിയുടെ സത്താ, ജലത്തിന്റെ സത്താ, പൃഥിവിയുടെ സത്താ എന്നും മററുമുള്ള സ്ഥലങ്ങളിലും ധൎമ്മധൎമ്മിസ്വഭാവം വിപരീതമായി കാണപ്പെടുന്നത് മായാനിമിത്തമായിട്ടാണ്.

മായനിമിത്തമുള്ള വിപരീതഭാവവർണ്ണനം.

64. സതോവ്യോമത്വമാപന്നം വ്യോമ്നഃസത്താംതുലൌകികാഃ
താൎക്കികാശ്ചാവഗച്ഛന്തി മായയാ ഉചിതം ഹി തത്.

സതഃവ്യോമത്വം ആപന്നം=സദ്വസ്തുവിന്ന് ആകാശഭാവം പ്രാപ്തമായി വ്യോമ്നഃസത്താംതു=ആകാശത്തിന്റെ സത്തയാകട്ടെ. ലൌകികാഃതാൎക്കികാഃച=സാധാരണന്മാരും താൎക്കികന്മാരും. അവഗച്ഛന്തി=അറിയുന്നു.

മായയാൽ ചെയ്യപ്പെട്ട വിപരീതഭാവം എങ്ങിനെയെന്നാൽ വസ്തുവിന്റെ യഥാൎത്ഥസ്വരൂപത്തെ വിചാരംചെയ്യുമ്പോൾ മണ്ണിന്നു ഘടസ്വരൂപത്വം എങ്ങിനെ ഭവിച്ചിരിക്കുന്നുവൊ അതുപോലെ സദ്വസ്തുവിന്നു ആകാശസ്വരൂപത്വം ഭവിച്ചിരിക്കുകയാണ്. അതിനെ സാധാരണജനങ്ങളും ശാസ്ത്രജ്ഞന്മാരിൽവെച്ച് താൎക്കികന്മാരും വിപരീതമായിട്ടു സത്ത ആകാശമാകുന്ന ധൎമ്മിയുടെ ധൎമ്മമാണ് എന്നറിയുന്നുണ്ട്:—സത്താരൂപജാതിയോടു കൂടിയതാണ് ആകാശം എന്നു കരുതുന്നുണ്ട്. എന്നാൽ അങ്ങിനെഒന്ന് (സത്താകുന്ന ധൎമ്മിയും ആകാശമാകുന്ന ധൎമ്മവും) മറെറാന്നായിട്ടു (ധൎമ്മധൎമ്മികളായിട്ടു) തോന്നുന്നത് അയുക്തമല്ലെയോ എന്നു ചോദിക്കുന്നതാണെങ്കിൽ അങ്ങിനെ വിപരീതമായി തോന്നിക്കുന്നത് മായക്കുചിതംതന്നെയാകയാൽ അയുക്തമാകുന്നില്ല. സംഭാവ്യമല്ലാത്തതിനെ സംഭാവ്യമാക്കുന്നതാണ് മായയുടെ സ്വഭാവം എന്നു സാരം.

65. യദ്യഥാവൎത്തതേ തസ്യ തഥാത്വം ഭാതിമാനതഃ
അന്യഥാത്വം ഭ്രമേണേതി ന്യായോയം സൎവ്വലൌകികഃ

യത്യഥാവൎത്തതേ=ഏതൊന്നു ഏതുവിധമിരിക്കുന്നുവോ. തസ്യതഥാത്വം=അതിന്ന് ആ ഭാവം. മാനതഃഭാതി=പ്രമാണപ്രകാരം ശോഭിക്കുന്നു. അന്യഥാത്വംഭ്രമേണ=മറെറാരുവിധത്തിലാണെന്നതു് ഭ്രമംകൊണ്ടാകുന്നു. അയംന്യായഃ=ഈ ന്യായം. സാൎവ്വലൌകികഃ=സൎവ്വലോകസമ്മതം.

മായനിമിത്തമാണ് വിപരീതഭാവനയുണ്ടായതെന്നു ലൌകികന്യായത്തെ എടുത്തുകാണിച്ച് സ്പഷ്ടമാക്കുന്നു:—ഏതൊരു വസ്തു ഏതൊരുനിലയിലിരിക്കുന്നുവോ അതിന്റെ ആ നില സത്യജ്ഞാനംകൊണ്ടു വിളങ്ങുന്നു. ഉദാഹരണം:—ശുക്തി, രജ്ജു മുതലായവ സത്യമായ ശുക്തിയും രജ്ജുവുമായിട്ടു തന്നെ കാണപ്പെടുകയെന്നത് ആ വസ്തുക്കളെക്കുറിച്ചുള്ള സത്യജ്ഞാനമാകുന്നു. മറെറാരുവിധത്തിലാണ്:—വെള്ളിയാണ്, പാമ്പാണ് എന്നുള്ള കാഴ്ചയോ ഭ്രമംനിമിത്തമുണ്ടാകുന്നുവെന്നുള്ള ഈ ന്യായം സൎവ്വലോകസമ്മതംതന്നെ. അതുപോലെ മായനിമിത്തം ആകാശം ധൎമ്മിയാണെന്നും സത്ത് ധൎമ്മമാണെന്നും തെററായിട്ടു ധരിക്കുന്നുവെന്നു സാരം.

സത്തിന്റെയും ആകാശത്തിന്റെയും ധൎമ്മിധൎമ്മവൈപരീത്യം നിവൃത്തിപ്പാനുള്ള ഉപായം.

66. ഏവംശ്രുതിവിചാരാൽ പ്രാഗ്യഥാ യദ്വസ്തുഭാസതേ
വിചാരേണ വിപൎയ്യേതി തതസ്തച്ചിന്ത്യതാം വിയത്.

ഏവംശ്രുതിവിചാരാത്പ്രാക്=ഇപ്രകാരം ശ്രുതിയുടെ അൎത്ഥത്തെക്കുറിച്ചാലോചിക്കുന്നതിനുമുമ്പേ. യത് വസ്തുയഥാഭാസതേ=ഏതുവസ്തു ഏതുവിധമെന്നു തോന്നുന്നുവോ. വിചാരേണവിപൎയ്യേതി=ശ്രുത്യൎത്ഥവിചാരംകൊണ്ട് വിപരീതഭാവത്തെ പ്രാപിക്കും—സത്യമായി വിളങ്ങും. തതഃതത്വിയത്ചിന്ത്യതാം=അതുകൊണ്ടു് ആകാശത്തെക്കുറിച്ച് ശ്രുത്യൎത്ഥാനുസരണം ചിന്തിച്ചാലും.

ഭ്രാന്തികൊണ്ടാണ് വിപരീതബോധമുണ്ടാകുന്നതെന്നു കാണിച്ചശേഷം അതിന്റെ നിവൃത്തിക്കുള്ള ഉപായത്തെ ഉപദേശിക്കുന്നു. ഇപ്രകാരം ഏതൊരുപദാൎത്ഥം ഏതുവിധത്തിലിരിക്കുന്നുവെന്നു ശ്രുത്യൎത്ഥവിചാരം ചെയ്യുന്നതിന്നുമുമ്പേ തോന്നിയിരുന്നുവോ ആ പദാൎത്ഥത്തെ ശ്രുത്യൎത്ഥം അനുസരിച്ചു വിചാരം ചെയ്താൽ യഥാൎത്ഥജ്ഞാനമുണ്ടാകും. അതുകൊണ്ടു് ആകാശത്തെക്കുറിച്ച് ശ്രുത്യനുസരണം

വിചാരംചെയ്തുകൊള്ളുക. സ്വരൂപമായ ബ്രഹ്മം ഭ്രമം നിമിത്തം ആകാശാദിസ്വരൂപമായി തോന്നുന്നതിനാൽ ശ്രുത്യർത്ഥവിചാരംചെയ്യുമ്പോൾ ആകാശാദിസ്വരൂപത്തെ വിട്ടു ശുദ്ധസത്സ്വരൂപമായിത്തന്നെ പ്രകാശിക്കും. അതിനാൽ ആകാശത്തെ സത്തിൽനിന്നും വേർതിരിച്ചറിയേണ്ടതാണ്. ഭേദജ്ഞാനത്തിന്നു വിചാരമെന്നു പേർ. ഇതിനെത്തന്നെ വിവേകമെന്നും വിവേചനമെന്നും പറയുന്നുണ്ട്.

67. ഭിന്നേവിയത്സതീശബ്ദ ഭേദാൽബുദ്ധേശ്ചഭേദതഃ
വായ്വാദിഷ്വനുവൃത്തം സന്നതുവ്യോമേതിഭേദധീഃ

ശബ്ദഭേദാത്=ഭിന്നങ്ങളായ ശബ്ദങ്ങൾ ഹേതുവായിട്ടു. വിയത്സതീഭിന്നേ=ആകാശവും സത്തും ഭിന്നങ്ങൾ. ബുദ്ധേഃഭേദതഃച=ബുദ്ധിയുടെ ഭേദം ഹേതുവായിട്ടും. വായ്വാദിഷുസത് അനുവൃത്തം=വായുമുതലായവയിൽ സത്ത് അനുവർത്തിക്കുന്നുണ്ട്. നതുവ്യോമ=ആകാശമാകട്ടെ അനുവർത്തിക്കുന്നില്ല. ഇതിഭേദധീഃ=എന്ന ഭേദബുദ്ധിയുണ്ടാകുന്നു.

വിചാരിക്കേണ്ടതായ വിധത്തെ വിശദമാക്കുന്നു:—ആകാശവും സദ്വസ്തുവും പര്യായശബ്ദങ്ങളല്ല. ഭിന്നാർത്ഥത്തെ കാണിക്കുന്ന രണ്ടു ശബ്ദങ്ങളാണ്. അതുകൊണ്ടു ശബ്ദഭേദംനിമിത്തം ആകാശവും സദ്വസ്തുവും ഒന്നല്ല. രണ്ടാണ്.

ഭേദകാരണം മററൊരുവിധത്തിലും കാണിക്കുന്നു. ആകാശവും സദ്വസ്തുവും ഒന്നല്ല, എന്നാണ് ബുദ്ധിവൃത്തിയിലും തോന്നുന്നത്. അതുകൊണ്ടു രണ്ടും ഒന്നല്ല ഭിന്നങ്ങൾതന്നെ. എന്നാൽ ഇവിടെ ഒരു ശങ്ക ജനിക്കും:—ജ്ഞാനത്തിന്നു ഭേദമില്ല ഒന്നുതന്നെ. വിഷയങ്ങൾക്കാണ് ഭേദം എന്ന് പ്രത്യക്തത്വവിവേകത്തിൽ പറഞ്ഞിരിക്കെ ഇവിടെ ജ്ഞാനത്തിന്നു ഭേദം പറയുന്നത് പൂർവ്വാപരവിരുദ്ധമല്ലേ, എന്ന ശങ്കക്കു സമാധാനം: അവിടെ ചൈതന്യാത്മകശുദ്ധജ്ഞാനത്തിന്നു അഭേദം പറഞ്ഞു. ഇവിടെ ബുദ്ധിവൃത്തിയിൽ ഉദിക്കുന്ന ജ്ഞാനത്തിന്നാണ് ഭേദം പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പൂർവ്വാപരവിരോധം ഉണ്ടാവുന്നില്ല. പിന്നേയും സത്തിന്നും ആകാശത്തിന്നുംഭേദത്തിന്നു കാരണം കാണിക്കുന്നു:—വായുവുണ്ട്. അഗ്നിയുണ്ട്. എന്നിങ്ങിനെ സൽഭാവം (ഉണ്ട്എന്നത്) എല്ലാററിലും വ്യാപിക്കുന്നു. അതിനാൽ സത്തിന്നു അധികദേശവൃത്തിത്വം ഉണ്ട്. അതുപോലെ ആകാശം അധികദേശവൃത്തിയല്ല. അതുകൊണ്ടും സത്തിന്നും ആകാശത്തിന്നും ഭേദമുണ്ട്.

സത്ത് ധർമ്മിയാണെന്നും ആകാശം ധർമ്മമാണെന്നും കാരണസഹിതം കാണിക്കുന്നു.

68. സദ്വസ്ത്വധികവൃത്തിത്വാദ്ധർമ്മി വ്യോമ്നസ്തു ധർമ്മതാ
ധിയാസതഃപൃഥക്കാരേ ബ്രൂഹി വ്യോമ കിമാത്മകം.

അധികവൃത്തിത്വാൽ=അധികത്തിൽ വ്യാപ്തിയുള്ളതുകൊണ്ടു. സദ്വസ്തുധർമ്മി=സദ്വസ്തുധർമ്മത്തോടുകൂടിയതാകുന്നു. വ്യോമ്നഃതുധർമ്മതാ=ആകാശത്തിന്നൊ ധർമ്മത്വം. ധിയാസതഃപൃഥക്കാരേ=ബുദ്ധികൊണ്ടു സത്തിൽനിന്നു വേർതിരിക്കുമ്പോൾ വ്യോമകിമാത്മകംബ്രൂഹി=ആകാശം എന്തുരൂപത്തിലാണെന്നു പറഞ്ഞാലും.

ഇപ്രകാരം സത്തിന്നും ആകാശത്തിന്നും ഭേദത്തെ സാധിച്ചിട്ട് ആകാശത്തിൻെറ സത്തായെന്നിങ്ങിനെ ഭ്രാന്തിയാലുണ്ടാകുന്ന ധർമ്മധർമ്മികളെക്കുറിച്ചുള്ള വിപരീതജ്ഞാനം വിചാരംചെയ്യുമ്പോൾ നിവൃത്തിയാകുന്നതിനെയാണ് ഇപ്പോൾ പറയുന്നത്:—രൂപരസഗന്ധാദികളായ ഗുണങ്ങൾ ഉള്ള ദിക്കിലെല്ലാം ദ്രവ്യം അനുസ്യൂതമായിത്തന്നെയിരിക്കുന്നു. ആ ദ്രവ്യം ഉള്ള ദിക്കിൽ എല്ലാ ഗുണങ്ങളും അനുസ്യൂതങ്ങളായിരിക്കുന്നില്ല. ആകയാൽ ദ്രവ്യം അധികദേശങ്ങളിലുള്ളതും (മഹത്തും) ഗുണങ്ങൾ അല്പദേശങ്ങളിലിരിക്കുന്നതുമാകുന്നു. അധികദേശങ്ങളിലിരിക്കുന്നതിനെ വ്യാപകമെന്നും അല്പദേശങ്ങളിലിരിക്കുന്നതിനെ വ്യാപ്യമെന്നും പറയും. വ്യാപകം യാതൊന്നോ അതു ധർമ്മിയും (ആശ്രയവും) വ്യാപ്യം യാതൊന്നോ അതു ധർമ്മവും (ആശ്രിതവും) ആകുന്നു. അതിനാൽ ദ്രവ്യം ധർമ്മിയും ഗുണങ്ങൾ ധർമ്മങ്ങളുമാകുന്നു. അതുപോലെ ആകാശം സത്തായിരിക്കുന്നു, വായു സത്തായിരിക്കുന്നു എന്നിങ്ങിനെ ആകാശാദികളായ എല്ലാററിലും സത്ത് അനുസ്യൂതമായിരിക്കുന്നതിനാൽ അതു അധികദേശവൃത്തിയാണ്. അതിനാൽ അതു ധർമ്മിയും അങ്ങിനെ എല്ലാററിലും അനുസ്യൂതമല്ലാത്തതായ ആകാശം അല്പദേശവൃത്തിയാവുകഹേതുവാൽ അതു ധർമ്മവുമാകുന്നു. ഇപ്പോൾ ഇവിടെ ഒരു പൂർവ്വപക്ഷം പുറപ്പെടുന്നു:—ഘടം മുതലായ ദ്രവ്യത്തിൽനിന്നു ഭിന്നമായും ആ ഘടാദിദ്രവ്യത്തിൻെറ ധർമ്മമായുമിരിക്കുന്ന ഗുണങ്ങൾ വാസ്തവങ്ങളാണല്ലൊ. അതുപോലെ സത്തിൻെറ ധർമ്മമാകുന്ന ആകാശവും വാസ്തവമായി ഭവിക്കുന്നതാണ്.

ഈ പൂൎവ്വപക്ഷത്തിനു: —ആകാശം ഉണ്ട് എന്നിങ്ങിനെ സത്തോടുകൂടിയല്ലാതെ സത്തിന്നു ഭിന്നമായ ആകാശത്തെ ഇന്നമാതിരിയാകുന്നുവെന്ന് നിരൂപിക്കാൻ സാധിക്കാത്തതിനാൽ സത്തിൽനിന്നു ഭിന്നമായ ആകാശം വാസ്തവമല്ല എന്നു സമാധാനം പറയുന്നു:—ധൎമ്മിയാകുന്ന സദ്വസ്തുവിൽനിന്നു ആകാശത്തെ ബുദ്ധികൊണ്ടു വേർതിരിക്കുമ്പോൾ ആ ആകാശത്തിന്നു എന്തു സ്വരൂപമാണ് സിദ്ധിക്കുന്നത് എന്നു പറഞ്ഞാലും.

69\. അവകാശാത്മകം തച്ചേ ദസത്തദിതി ചിന്ത്യതാം
ഭിന്നം സതോ’സച്ചനേതി വക്ഷിചേ ദ്വ്യാഹതിസ്തവ.

തത് അവകാശാത്മകംചേത്=അതു അവകാശസ്വരൂപമാണെങ്കിൽ. തത് അസത് ഇതിചിന്ത്യതാം=അതു അസത്താണെന്നു ചിന്തിച്ചാലും സതഃഭിന്നം അസത്ചന=സത്തിൽനിന്നു ഭിന്നവും അസത്തല്ലാത്തതും. ഇതിവക്ഷിചേത്=എന്നു പറയുന്നുവെങ്കിൽ. തവ വ്യാഹതിഃ=അങ്ങെക്ക് വ്യാഹതിയുണ്ടാകുന്നു.

അവകാശസ്വരൂപമാണ് സിദ്ധിക്കുന്നതു എന്നാണെങ്കിൽ അങ്ങിനെ പറവാൻ പാടില്ല. എന്തെന്നാൽ സത്തിൽനിന്നു ഭിന്നം:—സദ്വിലക്ഷണം ആകാശം എന്നു പറയുമ്പോൾ ആകാശം അസത്ത് (ഇല്ലാത്തത്) എന്നേ സിദ്ധിക്കുന്നുള്ളു. ആകാശം സദ്വിലക്ഷണം തന്നെയാണ്. എന്നാൽ അതു അസത്തല്ല എന്നു പറയുന്നതായാലോ ആ വാക്കിന്നു വ്യാഹതി എന്ന ദോഷമുണ്ട്.

70\. ഭാതീതിചേത് ഭാതുനാമ ഭൂഷണം മായികസ്യതത്
യദസൽ ഭാസമാനം തന്മിഥ്യാ സ്വപ്നഗജാദിവത്.

ഭാതി ഇതിചേത്=പ്രകാശിക്കുന്നുവെന്നാണെങ്കിൽ. ഭാതുനാമ=പ്രകാശിച്ചുകൊള്ളട്ടെ. തത്മായികസ്യ ഭൂഷണം=അതു മായയിൽ നിന്നുണ്ടായതിന്നു ഭൂഷണംതന്നെ. യത് അസത്ഭാസമാനം=യാതൊന്നു ഇല്ലാത്തതായിരുന്നിട്ടും ശോഭിക്കുന്നതായിരിക്കുന്നുവോ. തത് സ്വപ്നഗജാദിവത് മിഥ്യാ=അതു സ്വപ്നഗജാദിപോലെ മിഥ്യയാകുന്നു.

ആകാശം അസത്താണെങ്കിൽ (ഇല്ലാത്തതാണെങ്കിൽ) പ്രതീതിക്കവകാശമില്ലല്ലൊ. അനുഭവത്തിൽ പ്രതീതമാകുന്നതുമുണ്ട്. ആകയാൽ അസത്തെന്നു പറയുന്നതെങ്ങിനെ എന്നുള്ള ശങ്കക്കു സമാധാനം:—ഇല്ലാത്തതാണെങ്കിൽ ഉണ്ടെന്നു തോന്നുവാൻ തക്കവിധത്തിൽ പ്രകാശിക്കുന്നതെങ്ങിനെയെന്നാണ് ശങ്കയെങ്കിൽ, അതങ്ങിനെ വിളങ്ങിക്കൊള്ളട്ടെ. തുച്ഛത്തിന്റെ ഒരു വകഭേദം എന്ന നിലയിൽ പ്രകാശിപ്പാൻ വിരോധമില്ല. മായയിൽനിന്നുണ്ടായ പദാൎത്ഥം ആ നിലയിൽ — വാസ്തവമല്ലെങ്കിലും വാസ്തവമാണെന്നു തോന്നുവാൻതക്കവിധത്തിൽ — വിളങ്ങുന്നതായാൽ ആ ഭാനം—വിളങ്ങുകയെന്നത് — അതിന്നു — മായികവസ്തുവിന്ന്—ഭൂഷണംതന്നെ. ഏതൊന്നു പരമാൎത്ഥമല്ലാത്തതായിരുന്നിട്ടും പരമാൎത്ഥമെന്നപോലെ കാണപ്പെടുന്നുവോ ആ വസ്തു സ്വപ്നത്തിൽ കണ്ട ഗജതുരംഗരഥങ്ങളെന്നപോലെ മിഥ്യയാകുന്നു. സ്വപ്നാവസ്ഥയിൽ സത്യമെന്നപോലെ തോന്നിയ ഗജാദികൾ, ഉണൎന്നപ്പോൾ ഇല്ലാത്തവയാണെന്നനുഭവപ്പെടുന്നതുപോലെ സദ്വസ്തുവിനെ സാക്ഷാത്തായറിയുമ്പോൾ ആകാശാദികൾ മിഥ്യാവസ്തുക്കളാണെന്നനുഭവപ്പെടുമെന്ന് കാണിപ്പാനാണ് സ്വപ്നദൃഷ്ടാന്തം. അസത്ത് എന്നതിന്നു സ്വരൂപം യാതൊന്നുമില്ലാത്ത ശൂന്യം എന്നല്ല, സദസദ്വിലക്ഷണമായ അനിൎവ്വചനീയം (മിഥ്യ) എന്നാണ് ഇവിടെ സ്വീകരിക്കപ്പെടുന്ന അൎത്ഥം. അതിനാൽ അസത്തായ ആകാശം പ്രതീതമാകുന്നതിൽ വിരോധമില്ല എന്നു സാരം.

71\. ജാതിവ്യക്തീ ദേഹിദേഹൌ ഗുണദ്രവ്യേ യഥാ പൃഥക്
വിയത്സതോസ്തഥൈവാസ്തു പാൎത്ഥക്യം കോത്ര വിസ്മയഃ.

ജാതിവ്യക്തീ=ജാതിയും വ്യക്തിയും. ദേഹിദേഹൌ=ദേഹിയും ദേഹവും. ഗുണദ്രവ്യേ=ഗുണവും ദ്രവ്യവും. യഥാപൃഥക്=ഏതുവിധം ഭിന്നങ്ങളോ. തഥാ ഏവ=അപ്രകാരംതന്നെ. വിയൽസതോഃ=ആകാശത്തിനും സദ്വസ്തുവിനും. പാൎത്ഥക്യം അസ്തു=ഭിന്നത്വം ഭവിച്ചുകൊള്ളട്ടെ. അത്രകഃ വിസ്മയഃ=ഇതിലെന്താശ്ചൎയ്യം.

ധൎമ്മധൎമ്മികൾ എന്ന നിലയിൽ നിത്യേന യോജിച്ചു കാണപ്പെടുന്ന വസ്തുക്കളിൽ ഭിന്നത്വം കാണപ്പെടുന്ന പതിവില്ല എന്നു ശങ്കിക്കുന്നുവെങ്കിൽ അതിന്നു പരിഹാരം:—കല്പിതത്തിന്റെ സത്ത അധിഷ്ഠാനത്തിൽനിന്നു വേറെയല്ല എന്ന ന്യായത്താൽ ആശ്രയമായ സത്തും ആശ്രിതമായ ആകാശവും ഭിന്നങ്ങളാവുകയില്ല എങ്കിലും ജാതിയും വ്യക്തിയും ദേഹവും ദേഹിയും ഗുണവും ദ്രവ്യവും ഏതുപ്രകാരം ഭിന്നങ്ങളോ അതുപോലെ ആകാശത്തിനും സത്തിനും തമ്മിൽ കല്പിതഭേദമിരുന്നുകൊള്ളട്ടെ. എ)

നാണിതിൽ ആശ്ചര്യം. അധിഷ്ഠാനത്തിൽനിന്നു വേറെയായി സത്തയില്ലാത്തതിനാൽ സകല പദാർത്ഥങ്ങൾക്കും അധിഷ്ഠാനബ്രഹ്മരൂപത്തോടു അഭേദമാണുള്ളത്. എങ്കിലും വ്യവഹാരത്തിന്നുവേണ്ടി കല്പിതഭേദം അംഗീകരിക്കപ്പെടുന്നു.

72. ബുദ്ധോപി ഭേദോ നോചിത്തേ നിരൂഢിം യാതിചേത്തദാ
അനൈകാഗ്ര്യാൽ സംശയാദ്വാരൂഢ്യഭാവോസ്യ തേവദ.

ഭേദഃബുദ്ധഃ അപി=ഭേദം ബോധിക്കപ്പെട്ടുവെങ്കിലും. ചിത്തേനിരൂഢിം=ചിത്തത്തിൽ ദൃഢതയെ നോയാതിചേത്=പ്രാപിക്കുന്നില്ലെങ്കിൽ. തദാ അനൈകാഗ്ര്യാത്=ഏകാഗ്രതയില്ലാത്തതുകൊണ്ടോ സംശയാത് വാ=സംശയംകൊണ്ടോ. അസ്യരൂഢ്യഭാവഃ തേവദ=ഇതിന്റെ ഉറപ്പ് അങ്ങേക്കുണ്ടാകാത്തത് എന്നു പറഞ്ഞാലും.

സദ്വസ്തുവിന്റേയും ആകാശത്തിന്റേയും ഭേദം അറിയപ്പെടുന്നുവെങ്കിലും മനസ്സിൽ ദൃഢമായിരിക്കാത്തതുകൊണ്ടാണോ ഇങ്ങിനെ ചലിക്കുന്നത്? അങ്ങിനെയാണെങ്കിൽ ഭേദബോധം ഉറക്കാത്തതു മനസ്സിന്റെ ഏകാഗ്രതയില്ലാത്തതുകൊണ്ടോ സംശയംകൊണ്ടോ എന്നു പറയുക. അതിന്നുള്ള പരിഹാരം പറയാമെന്നഭിപ്രായം.

73. അപ്രമത്തോ ഭവ ധ്യാനാദാദ്യേന്യസ്മിൻ വിവേചനം
കുരു പ്രമാണയുക്തിഭ്യാം തതോ രൂഢതമോ ഭവേത്.

ആദ്യേധ്യാനാത്=ആദ്യത്തേതിൽ ധ്യാനംകൊണ്ടു്. അപ്രമത്തഃ ഭവ=സ്ഥിരചിത്തനായി ഭവിക്കുക. അന്യസ്മിൻ പ്രമാണയുക്തിഭ്യാം=മറേറതിൽ പ്രമാണംകൊണ്ടും യുക്തികൊണ്ടും. വിവേചനംകുരു=വേർതിരിക്കുകയും ചെയ്തുകൊൾക.

ഏകാഗ്രതയില്ലാത്തതുകൊണ്ടാണ് സത്തിനും ആകാശത്തിനും തമ്മിലുള്ളഭേദജ്ഞാനം ഉറക്കാത്തത് എന്ന ഒന്നാമത്തെ ദോഷത്തിന്നു പരിഹാരം അതിൽ നിരന്തമായി ധ്യാനിച്ചു മനസ്സിനെ ഉറപ്പിക്കുക എന്നതാണ്. രണ്ടാമത്തേതായ സംശയത്തിന്നു പരിഹാരം പ്രമാണംകൊണ്ടും യുക്തികൊണ്ടും സദ്വസ്തുവിനേയും ആകാശത്തേയും വേർതിരിച്ചു കാണുക എന്നുള്ളതുമാകുന്നു. ഇങ്ങിനെ പരിശ്രമിച്ചാൽ ഭേദമുണ്ടെന്നുള്ള ജ്ഞാനം ഉറക്കും.

74. ധ്യാനാന്മാനാദ്യുക്തിതോപി രൂഢേ ഭേദേ വിയത്സതോഃ
നകദാചിദ്വിയത്സത്യം സദ്വസ്തുച്ഛിദ്രവന്നച.

ധ്യാനാത്മാനാത്=ധ്യാനംകൊണ്ടും പ്രമാണംകൊണ്ടും. യുക്തിതഃ അപി=യുക്തികൊണ്ടും. വിയൽസതോഃ=ആകാശത്തിനും സത്തിനും ഭേദേരൂഢേ=ഭേദം ഉറക്കുമ്പോൾ. വിയത്കദാചിത്=ആകാശം ഒരു കാലത്തിലും. സത്യംന=സത്യമല്ല. സദ്വസ്തുഛിദ്രവത് ന=സദ്വസ്തു ദ്വാരമുള്ളതല്ല.

ധ്യാനം പ്രമാണം യുക്തി എന്നിവയുടെ സഹായത്താൽ ആകാശത്തിനും സത്തിന്നും തമ്മിലുള്ള ഭേദജ്ഞാനം നന്നായുറക്കുമ്പോൾ ആകാശം ഒരു കാലത്തിലും സത്യമല്ലെന്നും സദ്വസ്തുവിൽ ദ്വാരമില്ലെന്നും അനുഭവപ്പെടും. "പ്രത്യയൈകതാനതാ ധ്യാനം" ഒരേ വസ്തുവിൽ ബുദ്ധിവൃത്തിയുടെ ഏകാഗ്രതയെ ധ്യാനം എന്നു പതഞ്ജലി പറഞ്ഞിരിക്കുന്നു.

75. ജ്ഞസ്യ ഭാതി സദാ വ്യോമ നിസ്തത്വോല്ലേഖപൂർവ്വകം
സദ്വസ്ത്വപി വിഭാത്യസ്യ നിശ്ഛിദ്രത്വപുരസ്സരം.

ജ്ഞസ്യസദാവ്യോമ=ജ്ഞാനിക്കു എപ്പോഴും ആകാശം. നിസ്തത്വോല്ലേഖപൂർവ്വകംഭാതീ=തത്വമല്ലെന്നു വിളങ്ങും. സദ്വസ്തു അപി അസ്യ=സദ്വസ്തുവും ഇവന്നു. നിശ്ഛിദ്രത്വപുരസ്സരം വിഭാതി=ഛിദ്രമില്ലാത്തതായും വിളങ്ങും.

ആകാശത്തേയും സത്തിനേയും വേർതിരിച്ചറിഞ്ഞ ജ്ഞാനിക്ക് ആകാശം ഒരു തത്വമാണെന്നോ സത്ത് ദ്വാരമുള്ളതാണെന്നോ ഒരു കാലത്തും തോന്നുകയില്ല.

76. വാസനായാം പ്രവൃദ്ധായാം വിയത്സത്യത്വവാദിനം
സന്മാത്രാബോധയുക്തം ച ദൃഷ്ട്വാ വിസ്മയതേ ബുധഃ.

വാസനായാംപ്രവൃദ്ധായാം=വാസന അഭിവൃദ്ധിപ്പെടുമ്പോൾ. വിയൽസത്യത്വവാദിനം=ആകാശം സ

ത്യമാണെന്നു പറയുകയും സന്മാത്രാബോധയുക്തം ച=സന്മാത്രമാണെന്നറിയാതേയും ഇരിക്കുന്ന ഒരുവനെ. ദൃഷ്ട്വാബുധഃ വിസ്മയതേ=കണ്ടിട്ടു വിദ്വാൻ ആശ്ചര്യപ്പെടുന്നു.

ആകാശം മിഥ്യയാണെന്നും സത്തു മാത്രമാണ് യഥാൎത്ഥതത്വമെന്നും സൎവ്വദാ ഭാവിച്ചറിഞ്ഞതു കൊണ്ടുണ്ടായ ആ വാസന അഭിവൃദ്ധിയെ പ്രാപിക്കുമ്പോൾ ജ്ഞാനി, ആകാശം സത്യമാണെന്നു വിചാരിച്ചുകൊണ്ടും സദ്വസ്തുവിനെ അറിയാതെകണ്ടുമിരിക്കുന്ന ഒരുവനെ കാണുമ്പോൾ ആശ്ചര്യപ്പെടുന്നു.

77. ഏവമാകാശമിഥ്യാത്വേ സത്സത്യത്വേ ച വാസിതേ
ന്യായേനാനേനവായ്വാദേഃ സദ്വസ്തുപ്രവിവിച്യതാം.

ഏവംആകാശമിഥ്യാത്വേ=ഇപ്രകാരം ആകാശത്തിൻെറ മിഥ്യാത്വവും. സത്സത്യത്വേച=സത്തിൻെറ സത്യത്വവും. വാസിതേ=മനസ്സിൽ ഉറക്കുമ്പോൾ. അനേനന്യായേന=ഈ ന്യായത്താൽ. വായ്വാദേഃ=വായു മുതലായതിൽനിന്നും. സദ്വസ്തുപ്രവിവിച്യതാം=സത്തിനെ വേർതിരിച്ചാലും.

മേൽവിവരിച്ചവിധത്തിൽ ആകാശം മിഥ്യയും സദ്വസ്തുമാത്രം സത്യവുമാണെന്നു ബോധമുറക്കുമ്പോൾ ഈ ന്യായത്താൽതന്നെ വായു അഗ്നി മുതലായ ഭൂതങ്ങളിൽനിന്നും സത്തിനെ വേർതിരിച്ചറിഞ്ഞുകൊൾക.

78. സദ്വസ്തുന്യേകദേശസ്ഥാമായാതത്രൈകദേശഗം
വിയത്തത്രാപ്യേകദേശഗതോ വായുഃ പ്രകല്പിതഃ

സദ്വസ്തുനി=സദ്വസ്തുവിൽ. ഏകദേശസ്ഥാമായാ=ഏകദേശത്തിലിരിക്കുന്നതാണ് മായാ. തത്രഏകദേശഗം വിയത്=അതിൽ ഏകദേശത്തിലിരിക്കുന്നതാണ് ആകാശം. തത്ര അപി ഏകദേശഗഃ=അതിലും ഏകദേശഗതമാണ്. വായുഃപ്രകല്പിതഃ=വായു കല്പിക്കപ്പെട്ടിരിക്കുന്നത്.

വായു ആകാശത്തിൻെറ കാൎയ്യമാകയാൽ വായുവിൻെറ കാരണം ആകാശമാകുന്നതല്ലാതെ സദ്വസ്തുവാകുന്നതല്ല. അതിനാൽ ആകാശത്തിൻെറ കാരണമായ സദ്വസ്തുവിനും ആകാശത്തിനും താദാത്മ്യം തോന്നുന്നതിനാൽ ആകാശത്തിൽനിന്നും സദ്വസ്തുവിനെ വേർതിരിച്ചതുപോലെ വായുവിൽ കാരണമല്ലാതിരിക്കുന്ന സദ്വസ്തുവിനും വായുവിനും താദാത്മ്യം തോന്നാനവകാശമില്ലാത്തതിനാൽ വായുവിൽനിന്നു സദ്വസ്തുവിനെ വേർതിരിക്കുന്നത് വ്യൎത്ഥമാകുന്നുവെന്നിങ്ങിനെ ശങ്കിച്ചിട്ടു സാക്ഷാൽ സംബന്ധമുണ്ടെങ്കിൽമാത്രമേ താദാത്മ്യം തോന്നുകയുള്ളുവെന്നില്ല പരമ്പരാസംബന്ധമുണ്ടെങ്കിലും താദാത്മ്യം തോന്നുന്നതാണ്. വായുവിന്നു സദ്വസ്തുവിനോടുകൂടെ സാക്ഷാൽ സംബന്ധമില്ലെങ്കിലും ആകാശദ്വാരാ പരമ്പരാസംബന്ധമുണ്ട് എന്നു സമാധാനം പറയുന്നു:—സദ്വസ്തുവിൻെറ ഏകദേശത്തിലുള്ളതാണ് മായാ. മായയുടെ ഏകദേശത്തിലുള്ളതാണ് ആകാശം. ആകാശത്തിൻെറ ഏകദേശത്തിൽ കല്പിതമാണ് വായു:—മായോപഹിതചേതനത്തിൽ കല്പിതമാണ് ആകാശം. അങ്ങിനെ കല്പിതമായ ആകാശം കല്പിതമായിത്തന്നെയുള്ള വേറൊന്നിന്നു അധിഷ്ഠാനമാവുക എന്നത് സംഭവിക്കുകയില്ല. അതിനാൽ ആകാശത്തിൽ വായുകല്പിതമാണെന്നു പറയുന്നേടത്ത് ആകാശോപഹിതചേതനത്തിൽ വായു കല്പിതമാണെന്ന് അഭിപ്രായമാകുന്നു അഗ്നി മുതലായ ഭൂതങ്ങളുടെ കല്പനയിലും ഇപ്രകാരം അറിയേണ്ടതാണ്.

79. ശോഷസ്പൎശൌ ഗതിൎവ്വേഗോ വായുധൎമ്മാ ഇമേമതാഃ
ത്രയഃ സ്വഭാവാഃ സന്മായാവ്യോമ്നാം യേതേപിവായുഗാഃ.

ശോഷസ്പൎശൌഗതിഃവേഗഃ=ശോഷം സ്പൎശം ഗതി വേഗം, ഇമേ വായുധൎമ്മാഃമതാഃ=ഇവ വായുധൎമ്മങ്ങൾ എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. സന്മായാവ്യോമ്നാം=സത്തിന്നും മായക്കും ആകാശത്തിന്നും. യേത്രയഃ സ്വഭാവാഃ=യാതൊരു മൂന്നു സ്വഭാവങ്ങളോ. തേ അപിവായുഗാഃ=അവയും വായുവിലുണ്ട്.

ഇപ്രകാരം മുൻശ്ലോകത്താൽ സത്തിന്നും വായുവിന്നുംതമ്മിൽ സംബന്ധമുണ്ടെന്നു പറഞ്ഞു ഇനി ആ സത്തിലും വായുവിലുമുള്ള ധൎമ്മങ്ങളുടെ ഭേദംകൊണ്ടു അവക്കും പരസ്പരം ഭേദമുണ്ടെന്നു പറവാൻവേണ്ടി വായുവിലുള്ള ധൎമ്മങ്ങളെ എടുത്തുപറയുന്നു—ശോഷം (വററിക്കൽ) സ്പൎശം, ഗമനം, വേഗ ഇങ്ങിനെ വായുവിന്നു നാലു ധൎമ്മങ്ങളുണ്ട്. ഇതുകൂടാതെ വായുവിൻെറ കാരണങ്ങളാകുന്ന ആകാശ മായാ, സത്ത് എന്നിവയുടെ സ്വഭാവങ്ങളായ ശബ്ദം മിഥ്യാത്വം സത്വം എന്ന മൂന്നുഗുണങ്ങളുംകൂടെ വായുവിലുണ്ട്. ഇങ്ങിനെ വായുവിൽ 7 ധൎമ്മങ്ങളുള്ളതായി കാണപ്പെടുന്നു.

വായുവിൽ കാരണഗുണങ്ങൾ മൂന്നിന്റെയും വിശദീകരണം.

80. വായുരസ്തീതിസൽഭാവഃ സതോവായൌ പൃഥക്കൃതേ
നിസ്തത്വരൂപതാമായാ സ്വഭാവോ വ്യോമഗോധ്വനിഃ.

വായുഃ അസ്തിഇതിസൽഭാവഃ=വായുവുണ്ടെന്നതു് സത്തിന്റെ ഭാവം വായൌസതഃ പൃഥക്കൃതേ=വായുവിനെ സത്തിൽനിന്ന് വേർതിരിക്കുമ്പോൾ. നിസ്തത്വരൂപതാ=തത്വമില്ലാതാവുകയെന്നത്. മായാസ്വഭാവഃ=മായയുടെ സ്വഭാവം. ധ്വനിഃ വ്യോമഗഃ=ശബ്ദം ആകാശത്തിൽനിന്നു കിട്ടിയത്.

വായുവുണ്ടെന്നുള്ള വ്യവഹാരത്തിന്നു കാരണം സദ്വസ്തുവിൽനിന്നു സിദ്ധിച്ച സൽഭാവമാകുന്നു. സത്തിൽനിന്നു വായുവിനെ വേർതിരിച്ചുനോക്കുമ്പോൾ അതൊരു തത്വമല്ലെന്നു കാണപ്പെടുന്നത് മായാധർമ്മം. വായുവിലുള്ള ശബ്ദം ആകാശത്തിൽനിന്നു കിട്ടിയ ഗുണം ഈ മൂന്നും വായുവിൽ സത്തിന്റെയും മായയുടെയും ആകാശത്തിന്റെയും ഗുണങ്ങളാകുന്നു.

81. സതോനുവൃത്തിഃ സർവ്വത്രവ്യോമ്നോ നേതിപുരേരിതം
വ്യോമാനുവൃത്തിരധുനാകഥം നവ്യാഹതം വചഃ

സതഃ സർവ്വത്രഅനുവൃത്തിഃ=സത്തിന്ന് എല്ലാററിലും അനുവൃത്തിയുണ്ട്. വ്യോമ്നഃന=ആകാശത്തിന്ന് ഇല്ല എന്ന്. പുരാ ഈരിതം=മുമ്പേ പറയപ്പെട്ടു. അധുനാവ്യോമാനുവൃത്തിഃ=ഇപ്പോൾ ആകാശത്തിന്റെ അനുവൃത്തി പറയപ്പെടുന്നു. വചഃ കഥം നവ്യാഹതം=ഈ വചനം എങ്ങിനെ വ്യാഹതമാകയില്ല.

ഇവിടെ പൂർവ്വപക്ഷക്കാരൻ ശങ്കിക്കുന്നു:—ഹേ സിദ്ധാന്തി! ആകാശത്തെ സത്തിൽനിന്നു വേർതിരിച്ചുകാട്ടുന്ന അവസരത്തിൽ സത്തിന്റെ വ്യാപ്തിയെല്ലാററിലും ഉണ്ടെന്നും ആകാശത്തിന്ന് എങ്ങും വ്യാപ്തിയില്ലെന്നും അങ്ങു പറഞ്ഞില്ലേയോ? ഇപ്പോൾ ആകാശം വായുവിൽ വ്യാപിച്ചുവെന്നുമല്ലേ പറയുന്നത്. ഈ വചനത്തിൽ വ്യാഹതിയെന്ന ദോഷമില്ലാതാകുന്നതെങ്ങിനെ.

82. ഛിദ്രാനുവൃത്തിർന്നേ തീതിപൂർവ്വോക്തിരധുനാതിയം
ശബ്ദാനുവൃത്തിരേവോക്താ വചസോ വ്യാഹതിഃകുതഃ.

ഛിദ്രാനുവൃത്തിഃ=ഛിദ്രമാകുന്ന ആകാശത്തിന്റെ സ്വരൂപവ്യാപ്തി. നഇതിപൂർവ്വോക്തിഃ=ഇല്ല എന്നാണ് മുമ്പേപറഞ്ഞത്. അധുനാതു=ഇപ്പോഴോ. ഇയം ശബ്ദാനുവൃത്തിഃ ഏവഉക്താ=ഈ ശബ്ദാനുവൃത്തി മാത്രം പറയപ്പെട്ടു. വചസഃ വ്യാഹതിഃകുതഃ=വാക്കിന്നു വ്യാഹതി എങ്ങിനെയുണ്ടാകും.

ആകാശസ്വരൂപമായ ഛിദ്രത്തിന്റെ വ്യാപ്തിയില്ല എന്നാണ് മുമ്പേ പറഞ്ഞത്. ഇപ്പോഴാകട്ടെ ആകാശത്തിന്റെ ഗുണമായ ശബ്ദത്തിന്റെ വ്യാപ്തി വായുവിലുണ്ടെന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു പൂർവ്വാപരവിരോധം വാക്കിൽ ഇല്ലെന്നതു സ്പഷ്ടം.

വായു മായാകാര്യമാണെന്നതിൽ ആക്ഷേപം.

83. നനുസദ്വസ്തു പാർത്ഥക്യാദസത്വം ചേത്തദാകഥം
അവ്യക്തമായാ വൈഷമ്യാദമായാ മയതാപിനോ.

നനുസദ്വസ്തുപാർത്ഥക്യാൽ=എന്നാൽ സദ്വസ്തുവിൽനിന്നു വേർതിരിക്കുന്നതുകൊണ്ടു. അസത്വംചേത്=ഇല്ലായ്മ വരുന്നുവെങ്കിൽ തദാഅവ്യക്തമായാവൈഷമ്യാത്=അപ്പോൾ അവ്യക്തമായയിൽനിന്നും വിലക്ഷണഭാവം നിമിത്തം. അമായാമയതാഅപി=മായാമയമല്ലെന്നതും. കഥംനോ=എന്തുകൊണ്ടു വന്നുകൂടാ.

വായുവെന്നത് സദ്രൂപബ്രഹ്മത്തിന്നു വിലക്ഷണമാകയാൽ അസദ്രൂപമായുള്ള മായയുടെ വികാരമായിട്ടുള്ളതാണ് എന്നു പറയുന്നതിൽ പൂർവ്വപക്ഷക്കാരൻ ശങ്കിക്കുന്നു:—ഹേ സിദ്ധാന്തി! വായുവെന്നത് സത്തിന്നു വേറാകയാൽ അസത്താകുന്നു. അതായത് മായാമയമാകുന്നു, എന്നു പറയുന്നുവല്ലോ. അങ്ങിനെ പറയുന്നപക്ഷം ആ വായു അവ്യക്തസ്വരൂപിണിയായ മായാശക്തിക്കും വിലക്ഷണമായതുകൊണ്ടു് (വായു വ്യക്തമായതുകൊണ്ടു്) മായാമയമല്ലാത്തതായും ഭവിപ്പാനെന്തു വിരോധം? എന്നു മൂലത്തിൽ ശങ്കചെയ്തു.

84. നിസ്തത്വരൂപതൈവാത്രമായാത്വസ്യപ്രയോജികാ
സാശക്തികാര്യയോസ്തുല്യാ വ്യക്താവ്യക്തത്വഭേദിനോഃ

അത്രനിസ്തത്വരൂപതാഏവ=ഇവിടെ (വേദാന്തത്തിൽ) തത്വമല്ലെന്നുള്ള ഭാവംതന്നെ. മായാത്വസ്യപ്ര

യോജികാ=മായാമയത്തിന്നു കാരണമാകുന്നത്. സാവ്യക്താവ്യക്തത്വഭേദിനോഃ=അത്-തത്വസ്വരൂപമില്ലായ്മ-വ്യക്തം അവ്യക്തം എന്നു ഭേദമുള്ള. ശക്തികാര്യയോഃ=ശക്തിയിലും കാര്യത്തിലും. തുല്യാ=സമംതന്നെ.

അവ്യക്തമായാൽ മാത്രം മായാമയം എന്നല്ല നിയമം. പിന്നെയോ? തത്വമല്ലാത്തത്:—മിഥ്യയായത്-മായാമയം എന്നാണ് വേദാന്തമതസിദ്ധാന്തം. വായു തത്വമല്ലാത്തതുകൊണ്ടു മായാമയമെന്നു സിദ്ധിക്കുന്നു. ശക്തി അവ്യക്തം; കാര്യം വ്യക്തം എന്നു ഭേദമിരുന്നാലും തത്വമല്ല എന്ന സംഗതിയിൽ രണ്ടിന്നും തമ്മിൽ ഭേദമില്ല. അതുകൊണ്ടു വായു മായാമയംതന്നെ.

85. സദസത്ത്വവിവേകസ്യ പ്രസ്തുതത്വാൽ സ ചിന്ത്യതാം
അസതോവാന്തരോ ഭേദ ആസ്താം തച്ചിന്തയാത്ര കിം.

സദസത്ത്വവിവേകസ്യ=സത്തിന്റെയും അസത്തിന്റെയും വിവേചനം. പ്രസ്തുതത്വാത്=പ്രകൃതമായതുകൊണ്ട്. സഃ ചിന്ത്യതാം=അതു ചിന്തിക്കപ്പെട്ടുകൊള്ളുക. അസതഃ അവാന്തരഃ ഭേദഃ ആസ്താം=അസത്തിന്റെ അവാന്തര ഭേദം ഇരിക്കട്ടെ തച്ചിന്തയാ=അതിന്റെ ചിന്തകൊണ്ട്. അത്ര കിം=ഇവിടെ എന്തുഫലം.

അങ്ങിനെയാണെങ്കിൽ ഇവിടെ ഒരു പൂർവ്വപക്ഷം ഉണ്ടാകുന്നു. എങ്ങിനെയെന്നാൽ:—ശക്തിക്കും ശക്തികാര്യങ്ങളാകുന്ന വായ്വാദികൾക്കും മിഥ്യാത്വം ഒരുപോലെയുള്ളതാണെങ്കിൽ ശക്തി അവ്യക്തമാണെന്നും കാര്യങ്ങൾ വ്യക്തമാണെന്നുമുള്ള ഭേദം എങ്ങിനെയുണ്ടാകും എന്ന പൂർവപക്ഷത്തിന്നു സമാധാനം പറയുന്നു:—ഹേ വാദിൻ! സത്തിന്നും അസത്തിന്നുമുള്ള ഭേദമാണ് ഇവിടെ പ്രസ്തുതമായിരിക്കുന്നത്. അതിനാൽ ആ സദസദ്വിവേകത്തെമാത്രം ഇവിടെ വിചാരം ചെയ്താൽ മതി. അസദ്വസ്തുക്കൾക്കുള്ള അവാന്തരഭേദത്തെ കുറിച്ചിപ്പോൾ ചിന്തിക്കേണ്ട. അതിന്റെ വിചാരംകൊണ്ടു പ്രകൃതത്തിൽ പ്രയോജനമില്ല. വ്യാവഹാരികപക്ഷപ്രകാരം മായാപരിണാമമാകുന്ന ആകാശത്തിന്റെ പരിണാമമാകയാൽ വായ്വാദികൾ പരമ്പരയായി മായാകാര്യങ്ങൾതന്നെയാണ്. ശക്തിയുടെ അവ്യക്തത്വത്തിന്റെയും വായ്വാദികളുടെ വ്യക്തത്വത്തിന്റെയും ഹേതുവിനെ ഇനിമേൽ അദ്വൈതാനന്ദപ്രകരണം 36-ാം ശ്ലോകത്തിൽ പറവാൻ പോകുന്നു. അതിനാൽ അതിവിടെ വേണ്ട എന്നഭിപ്രായം.

86. സദ്വസ്തുബ്രഹ്മശിഷ്ടോംശോ വായുർമിഥ്യാ യഥാ വിയത്
വാസയിത്വാ ചിരം വായോർമിഥ്യാത്വം മരുതം ത്യജേത്.

സദ്വസ്തുബ്രഹ്മ=വായുവിലുള്ള സദംശം ബ്രഹ്മം. ശിഷ്ടഃ അംശഃ വായുഃ മിഥ്യാ=അവശിഷ്ടാംശമായ വായു മിഥ്യാ. യഥാ വിയത്=ആകാശംപോലെ വായോഃ മിഥ്യാത്വം=വായുവിന്റെ മിഥ്യാഭാവത്തെ. ചിരം വാസയിത്വാ=ചിരകാലം നിരൂപിച്ചുറച്ചിട്ടു. മരുതം ത്യജേത്=വായുവിനെ തള്ളിക്കളയണം.

വായുവിലുള്ള സദംശം ബ്രഹ്മം അവശിഷ്ടമായ നിസ്തത്വാദികൾ-ശബ്ദസ്പർശാദികളും വായുവിന്റെ സ്വരൂപമാകുന്നു. ആ വായു തത്വസ്വരൂപമല്ലാത്തതിനാൽ മിഥ്യയാണെന്നു ചിന്തിച്ചുറച്ചിട്ടു വായു സത്യമാണെന്നുള്ള വിചാരത്തെയുപേക്ഷിക്കേണം.

87. ചിന്തയേദ്വഹ്നിമപ്യേവം മരുതോ ന്യൂനവർത്തിനം
ബ്രഹ്മാണ്ഡാവരണേഷ്വേഷാം ന്യൂനാധികവിചാരണാ.

ഏവം വഹ്നിം അപി=ഇപ്രകാരം വഹ്നിയേയും. മരുതഃ ന്യൂനവർത്തിനം ചിന്തയേത്=മരുത്തിന്റെ ഏകദേശസ്ഥമായിട്ടു ചിന്തിക്കേണം. ബ്രഹ്മാണ്ഡാവരണേഷു=ബ്രഹ്മാണ്ഡാവരണങ്ങളിൽ. ഏഷാം ന്യൂനാധികവിചാരണാ=ഈ ന്യൂനാധികഭാഗങ്ങളെ കുറിച്ചു ചിന്തചെയ്തിരിക്കുന്നു.

വായുവിനെപ്പോലെതന്നെ അഗ്നിയെക്കുറിച്ചും വിചാരം ചെയ്തിട്ടു അഗ്നിയും ഒരു തത്വമല്ലെന്നും വായുവിന്റെ ഏകദേശവർത്തിയാണെന്നും അറിഞ്ഞുകൊള്ളേണം. ഇവിടെ പൂർവ്വപക്ഷം—സദ്വസ്തുവിന്റെ ഏകദേശത്തിൽ മായയും മായയുടെ ഏകദേശത്തിൽ ആകാശവും ആകാശത്തിന്റെ ഏകദേശത്തിൽ വായുവും വായുവിന്റെ ഏകദേശത്തിൽ അഗ്നിയുമിരിക്കുന്നുവെന്നിങ്ങിനെ പറയുന്നതിനാൽ ആകാശത്തിൽനിന്നും കുറഞ്ഞതാണ് വായു, വായുവിൽനിന്നും ഏറിയതാണ് ആകാശം എന്നിങ്ങിനെ പരസ്പരം ഏറ്റക്കുറവുണ്ടാകുന്നുവല്ലോ. ഈ ഏറ്റക്കുറവുകൾ ലോകപ്രസിദ്ധങ്ങളായ പദാർത്ഥങ്ങളിൽ ഒരു ദിക്കിലും കാണപ്പെടുന്നില്ല. ഈ പൂർവ്വപക്ഷത്തിന്നു സമാധാനമാണ് മൂലശ്ലോകത്തി

ലെ ഉത്തരാർദ്ധംകൊണ്ട് പറയുന്നത്:—ലോകപ്രസിദ്ധങ്ങളായ പദാർത്ഥങ്ങളിൽ ഈ ഏററക്കുറവുകളുടെ വിചാരം ഇല്ലാത്തതിനാലാണ് അവയിൽ ഇവ കാണപ്പെടാത്തത്. പിന്നെ ഈ ഏററക്കുറവുകളുടെ വിചാരമുള്ളത് ബ്രഹ്മാണ്ഡങ്ങളുടെ ആവരണങ്ങളായ പൃഥിവ്യാദികളിൽ മാത്രമാണ്. ആകയാൽ അവക്ക് ന്യൂനാധിക്യങ്ങളുണ്ട്. അഗ്നിയുടെ ഏകദേശത്തിൽ ജലവും ജലത്തിന്റെ ഏകദേശത്തിൽ പൃഥിവിയും പൃഥിവിയുടെ ഏകദേശത്തിൽ ബ്രഹ്മാണ്ഡവുമിരിക്കുന്നുവെന്നുംകൂടി വഴിയേ പറയുന്നുണ്ട്. അങ്ങിനെയിരിക്കുമ്പോൾ ബ്രഹ്മാണ്ഡം പൃഥിവിയുടെ ഏകദേശത്തിലുള്ളതാകയാൽ ബ്രഹ്മാണ്ഡത്തിന്റെ ആവരണമാകുന്നു പൃഥിവി. ഇപ്രകാരംതന്നെ പൃഥിവിയുടെ ആവരണം ജലവും ജലത്തിന്റെ ആവരണം അഗ്നിയും അഗ്നിയുടെ ആവരണം വായുവും വായുവിന്റെ ആവരണം ആകാശവും ആകാശത്തിന്റെ ആവരണം മായയും മായയുടെ ആവരണം സത്തും ഇങ്ങിനെ ക്രമേണ ഒന്നിനൊന്ന് ആവരണങ്ങളാണ്. എന്നാൽ ബ്രഹ്മാണ്ഡത്തിന്നു പൃഥിവി മാത്രമേ സാക്ഷാദാവരണമാകുന്നുള്ളു എങ്കിലും പരമ്പരയാ ജലാദികളുംകൂടി ആവരണങ്ങൾതന്നെയാകുന്നു.

88. വായോർദ്ദശാംശതോന്യൂനോ വഹ്നിർവ്വായൌപ്രകല്പിതഃ
പുരാണോക്തംതാരതമ്യം ദശാംശൈർഭ്ഭൂതപഞ്ചകേ.

വായോഃ ദശാംശതഃ ന്യൂനഃ വഹ്നിഃ=വായുവിൽനിന്നും പത്തംശം ന്യൂനമായ വഹ്നി. വായൌ പ്രകല്പിതഃ=വായുവിൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഭൂതപഞ്ചകേ=പഞ്ചഭൂതങ്ങളിൽ ദശാംശൈഃ=പത്തംശങ്ങൾകൊണ്ട്. താരതമ്യം=വ്യത്യാസം. പുരാണോക്തം=പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നു.

വായുവിൽനിന്നു പത്തംശംകൊണ്ട് ന്യൂനമായ വഹ്നി വായുവിൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ പഞ്ചഭൂതങ്ങളിലും പത്തുപത്തു അംശംകൊണ്ടുള്ള ന്യൂനാധികഭേദമുണ്ടെന്നു പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. സ്വാഭിപ്രായത്താൽ പറയുന്നതല്ല. പുരാണങ്ങളിൽ പറഞ്ഞിട്ടുള്ള താരതമ്യത്തെയാണ് ഇവിടെ കാണിച്ചിരിക്കുന്നതെന്നു കവി ഹൃദയം.

89. വഹ്നിരുഷ്ണഃപ്രകാശാത്മാ പൂർവ്വാനുഗതിരത്രച
അസ്തിവഹ്നിഃ സനിസ്തത്വഃ ശബ്ദവാൻസ്പർശവാനപി.

വഹ്നിഃ ഉഷ്ണഃ=അഗ്നി ഉഷ്ണവും. പ്രകാശാത്മാ ച=പ്രകാശസ്വരൂപമുള്ളതുമാകുന്നു. അത്രപൂർവ്വാനുഗതിഃ=ഇതിലുംമുമ്പുണ്ടായ ഭൂതഗുണങ്ങളുടെ അനുഗതിയുണ്ട്. വഹ്നിഃ അസ്തി=വഹ്നിയുണ്ട്. സഃ നിസ്തത്വഃ=അതൊരു തത്വമല്ല. ശബ്ദവാൻ സ്പർശവാൻ അപി=ശബ്ദവും സ്പർശവും ഉള്ളതുമാകുന്നു.

വഹ്നിയുടെ സ്വരൂപം ഉഷ്ണവും പ്രകാശവുമാകുന്നു. വഹ്നിയിലും മുമ്പുണ്ടായ ഭൂതങ്ങളുടേയും സദ്വസ്തുവിന്റേയും മായയുടേയും ധർമ്മങ്ങളുണ്ട്. വഹ്നിയുണ്ടെന്നുള്ള വ്യവഹാരത്തിന്നു സത്തിന്റെ വ്യാപ്തികാരണം. മായികമാകയാൽ വഹ്നി ഒരു തത്വമല്ല. ആകാശധർമ്മമായ ശബ്ദവും വായുധർമ്മമായ സ്പർശവും അഗ്നിയിലുണ്ട്.

90. സന്മായാവ്യോമവായ്വംശൈര്യുക്തസ്യാഗ്നേർന്നിജോ ഗുണഃ
രൂപം തത്ര സതഃ സർവ്വമന്യൽബുദ്ധ്യാവിചിന്ത്യതാം.

സന്മായാ വ്യോമവായ്വംശൈഃ=സദ്വസ്തു, മായാ, വ്യോമം, വായു ഇവയുടെ അംശങ്ങളോടു. യുക്തസ്യ അഗ്നേഃ=ചേർന്നിരിക്കുന്ന അഗ്നിയുടെ. നിജഃഗുണഃ രൂപം=സ്വന്തഗുണം രൂപം തത്രസതഃ അന്യത് സർവ്വം=അതിൽ സത്തിൽനിന്നന്യമായതെല്ലാം. ബുദ്ധ്യാ വിചിന്ത്യതാം=ബുദ്ധികൊണ്ടു നന്നായാലോചിക്കേണം.

സദ്വസ്തു, മായാ, ആകാശം, വായു എന്നിവയുടെ അംശങ്ങൾ വഹ്നിയിലുണ്ട്. വഹ്നിയുടെ സ്വന്തമായ ഗുണം രൂപമാകുന്നു. അതിൽ സദംശം ഒഴികേയുള്ള മററ ധർമ്മങ്ങളെല്ലാം മിഥ്യയാണെന്നു ബുദ്ധികൊണ്ടറിഞ്ഞിട്ടു സത്തിൽനിന്നു അതിനെ വേർതിരിച്ചുകൊള്ളേണം.

91. സതോ വിവേചിതേ വഹ്നൌ മിഥ്യാത്വേസതി വാസിതേ
ആപോ ദശാംശതോന്യൂനാഃ കല്പിതാ ഇതി ചിന്തയേത്.

സതഃ വഹ്നൌ വിവേചിതേ=സത്തിൽനിന്നു വഹ്നി വേർതിരിക്കപ്പെട്ടു. മിഥ്യാത്വേ വാസിതേ സതി=മിഥ്യാത്വം ഉറപ്പിക്കപ്പെട്ടുമിരിക്കുമ്പോൾ. ദശാംശതഃ ന്യൂനാഃ ആപഃ=പത്തംശംകൊണ്ട് ന്യൂനമായ ജലം. കല്പിതാഃ ഇതി ചിന്തയേത്=കല്പിക്കപ്പെട്ടതാണെന്നു ചിന്തിക്കേണം.

ഇങ്ങിനെ വഹ്നിയുടെ മിഥ്യാത്വം നിശ്ചയിക്കപ്പെട്ടശേഷം ജലവും ഇതുപോലെ മിഥ്യയാണെന്നു കണ്ടുകൊള്ളേണമെന്നുപദേശിക്കുന്നു:—സദ്വസ്തുവിൽനിന്നു വേർതിരിക്കപ്പെട്ട വഹ്നി മിഥ്യാവസ്തുതന്നെയെന്ന ബോധം വിട്ടുപോകാതിരിക്കത്തക്കവിധം ഉറപ്പിച്ചശേഷം അഗ്നിയുടെ പത്തിലൊരംശത്തിൽ കല്പിക്കപ്പെട്ടതാണ് ജലമെന്നും അതിനാൽ അതും മിഥ്യതന്നെയെന്നും കണ്ടുകൊള്ളേണം.

92. സന്ത്യാപോമൂഃ ശൂന്യതത്വാഃ സശബ്ദസ്പർശസംയുതാഃ
രൂപവത്യോന്യധർമ്മാനുവൃത്ത്യാ സ്വീയോ രസോഗുണഃ.

അന്യധർമ്മാനുവൃത്ത്യാ=അന്യധർമ്മങ്ങളുടെ അനുവൃത്തിയോടുകൂടിയ. അമൂഃ ആപഃ സന്തി=ഈ ജലമിരിക്കുന്നു. ശൂന്യ തത്വാഃ=തത്വമല്ലാത്തതും സശബ്ദസ്പർശസംയുതാഃ=ശബ്ദസ്പർശങ്ങളുള്ളതും. രൂപവത്യഃ=രൂപമുള്ളതുമാകുന്നു. സ്വീയഃ ഗുണഃ രസഃ=സ്വന്തമായ ഗുണം രസം.

ഈ ജലവും തത്വമല്ല. ശബ്ദം, സ്പർശം, രൂപം എന്നിവ അന്യധർമ്മങ്ങളുടെ അനുവൃത്തികൊണ്ടുള്ളവയാണ്. സ്വന്തമായ ഗുണം രസം. ജലമുണ്ടെന്നുള്ള വ്യവഹാരകാരണം സത്തിന്റെ അനുവൃത്തിതന്നെ.

93. സതോ വിവേചിതാസ്വപ്സു തന്മിഥ്യാത്വേച വാസിതേ
ഭൂമിർദ്ദശാംശതോന്യൂനാ കല്പിതാപ്സ്വിതിചിന്തയേത്.

സതഃ അപ്സുവിവേചിതാസു=സത്തിൽനിന്നു ജലം വേർതിരിക്കപ്പെട്ടു. തന്മിഥ്യാത്വെ=അതിന്റെയും മിഥ്യാഭാവം വാസിതേച=ഉറപ്പിക്കപ്പെട്ടുമിരിക്കുമ്പോൾ. അപ്സു കല്പിതാഭൂമിഃ=ജലത്തിൽ കല്പിക്കപ്പെട്ട ഭൂമി. ദശാംശതഃ ന്യൂനാ ചിന്തയേത്=പത്തംശംകൊണ്ടു ന്യൂനമാണെന്നു ചിന്തിക്കേണം.

സത്തിൽനിന്നു ജലത്തെ വേർതിരിക്കയും അതു മിഥ്യയാണെന്നു ചിന്തിച്ചുറപ്പിക്കുകയും ചെയ്തശേഷം ജലത്തിൽ കല്പിക്കപ്പെട്ട ഭൂമിയും പത്തംശംകൊണ്ടു ന്യൂനയാണെന്നു ചിന്തിക്കേണം.

94. അസ്തിഭൂസ്തത്വശൂന്യാസ്യാം ശബ്ദസ്പർശൌസരൂപകൌ
രസശ്ചപരതോഗന്ധോ നൈജഃസത്താ വിവിച്യതാം.

ഭൂഃ തത്വശൂന്യാഅസ്തി=ഭൂമി തത്വശൂന്യയായിട്ടുണ്ട്. അസ്യാം ശബ്ദസ്പർശൌ സരൂപകൌരസഃ ച=ഇതിൽ ശബ്ദം, സ്പർശം, രൂപം, രസം എന്നിവ. പരതഃ=ഇതര ഭൂതഗുണങ്ങൾ. ഗന്ധഃ നൈജഃ=ഗന്ധം സ്വഗുണം സത്താ വിവിച്യതാം=സദ്വസ്തു വിവേചിക്കപ്പെട്ടാലും.

ഭൂമിയുണ്ട്. അതും തത്വമല്ല. അതിൽ ശബ്ദം സ്പർശം രൂപം രസം എന്ന ഗുണങ്ങൾ അന്യധർമ്മങ്ങൾ. സ്വഗുണം ഗന്ധം ഇതിനെ സദ്വസ്തുവിൽനിന്നു വേർതിരിച്ചു കണ്ടുകൊള്ളേണം.

95. പൃഥക്കൃതായാംസത്തായാം ഭൂമിർമിഥ്യാവശിഷ്യതേ
ഭൂമേർദ്ദശാംശതോന്യൂനം ബ്രഹ്മാണ്ഡം ഭൂമിമധ്യഗം.

സത്തായാംപൃഥക്കൃതായാം=സത്തയിൽനിന്നു വേർതിരിക്കുമ്പോൾ. ഭൂമിഃമിഥ്യാഅവശിഷ്യതേ=ഭൂമി മിഥ്യയായിട്ടവശേഷിക്കുന്നു. ഭൂമിമധ്യഗംബ്രഹ്മാണ്ഡം=ഭൂമിയുടെ മദ്ധ്യത്തിലുള്ള ബ്രഹ്മാണ്ഡം. ഭൂമേഃദശാംശതഃന്യൂനം=ഭൂമിയുടെ പത്തംശംകൊണ്ടു ന്യൂനമാകുന്നു.

സദ്വസ്തുവിൽനിന്നു വേർതിരിക്കപ്പെടുമ്പോൾ ഭൂമി മിഥ്യയായിട്ടവശേഷിക്കുന്നു. ഭൂമിയുടെ മദ്ധ്യത്തിലുള്ള ബ്രഹ്മാണ്ഡം ഭൂമിയുടെ പത്തംശംകൊണ്ടു ന്യൂനമാകുന്നു.

96. ബ്രഹ്മാണ്ഡമദ്ധ്യേതിഷ്ഠന്തിഭുവനാനിചതുർദ്ദശ
ഭുവനേഷുവസന്ത്യേഷു പ്രാണിദേഹായഥായഥം.

ബ്രഹ്മാണ്ഡമദ്ധ്യേ=ബ്രഹ്മാണ്ഡമദ്ധ്യത്തിൽ. ചതുർദ്ദശഭുവനാനിതിഷ്ഠന്തി=14 ഭുവനങ്ങളിരിക്കുന്നു. ഏഷുഭുവനേഷു=ഈ ഭുവനങ്ങളിൽ. യഥായഥം=യഥോചിതമാകുംവണ്ണം. പ്രാണിദേഹാഃ=പ്രാണിദേഹങ്ങളിരിക്കുന്നു.

ബ്രഹ്മാണ്ഡമദ്ധ്യത്തിൽ 14 ലോകങ്ങളും ആ ലോകങ്ങളിൽ യഥാക്രമം പ്രാണികളുടെ ശരീരങ്ങളും വസിക്കുന്നു. 14 ലോകങ്ങൾ:—1. അതലം. 2. വിതലം. 3. സുതലം. 4. തലാതലം 5. രസാതലം. 6. മഹാതലം. 7. പാതാളം. 8. ഭൂലോകം. 9. ഭുവർല്ലോകം. 10. സുവർല്ലോകം. 11. മഹാലോകം. 12. ജനോലോകം. 3. തപോലോകം. 14. സത്യലോകം.

97. ബ്രഹ്മാണ്ഡലോകദേഹേഷു സദ്വസ്തുനിപൃഥക്കൃതേ
അസന്തോണ്ഡാദയോഭാന്തു തൽഭാനേപീഹകാക്ഷതിഃ.

ബ്രഹ്മാണ്ഡലോകദേഹേഷു=ബ്രഹ്മാണ്ഡം, ലോകങ്ങൾ, ദേഹങ്ങൾ. സദ്വസ്തുനിപൃഥക്കൃതേ=സദ്വസ്തുവിൽനിന്നു വേർതിരിക്കപ്പെട്ടപ്പോൾ. അസന്തഃ അണ്ഡാദയഃ=അസത്തുക്കളായ അണ്ഡാദികൾ. ഭാന്തു=പ്രകാശിച്ചുകൊള്ളട്ടെ. ഇഹ=ഇവിടെ—അദ്വൈതതത്വത്തിൽ. തൽഭാനേ അപി=അവയുടെ ഭാനത്തിലും. കാക്ഷതിഃ=എന്താകുന്നു ഹാനി.

ബ്രഹ്മാണ്ഡം, ലോകങ്ങൾ, ദേഹങ്ങൾ എന്നിവയെ അധിഷ്ഠാനമായ സദ്വസ്തുവിൽനിന്നു വേർതിരിച്ചുനോക്കുമ്പോൾ അവയെല്ലാം മിഥ്യാവസ്തുക്കൾതന്നെ. വാസ്തവമല്ലാത്ത ആ ബ്രഹ്മാണ്ഡാദികൾ കാണപ്പെട്ടവാൻതക്ക വിധത്തിൽ വിളങ്ങുന്നുണ്ടെങ്കിൽ വിളങ്ങിക്കൊള്ളട്ടെ. അവയുടെ പ്രതീതിയുണ്ടെങ്കിലും അദ്വൈതസിദ്ധാന്തത്തിന്നു എന്തൊരു ദോഷമാണുണ്ടാകാനുള്ളത്, യാതൊന്നുമില്ല. മരുഭൂമിയിൽ മിഥ്യാരൂപത്തിൽ പ്രകാശിക്കുന്ന ജലംകൊണ്ടു ആ ഭൂമിക്കു നനവുണ്ടാകാത്തതുപോലെ ബ്രഹ്മാണ്ഡങ്ങളോടു സദ്വസ്തുവിന്നു സംബന്ധമില്ലാത്തതുകൊണ്ടു അദ്വൈതത്തിന്നു ഹാനിയില്ലെന്നു സിദ്ധാന്തം.

98. ഭൂതഭൗതികമായാനാ മസത്വേത്യന്തവാസിതേ
സദ്വസ്ത്വദ്വൈതമിത്യേഷാധീർവ്വിപര്യ്യേതിനകർഹിചിത്

ഭൂതഭൗതികമായാനാം=ഭൂതങ്ങൾ, ഭൗതികങ്ങൾ മായ ഇവയുടെ. അസത്വേ അത്യന്തവാസിതേ=അസൽഭാവം ചിത്തത്തിൽ ബലപ്പെട്ടുകഴിഞ്ഞാൽ. സദ്വസ്ത്വദ്വൈതംഇതിധീഃ=സദ്വസ്തു അദ്വൈതമെന്ന ബുദ്ധി. കർഹിചിത് നവിപര്യേതി=ഒരിക്കലും വിപരീതമാകയില്ല.

അസത്തുക്കളായ ബ്രഹ്മാണ്ഡാദികൾ കാണപ്പെടുന്നതുകൊണ്ടു ഹാനിയില്ലെന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—ഭൂതങ്ങളും അവയുടെ ചേർച്ചകൊണ്ടുണ്ടായ ഭൗതികങ്ങളും മായയും ഇല്ലാത്തവതന്നെയെന്ന ബോധം മനസ്സിൽ ഉറച്ചാൽ സദ്വസ്തു ഒന്നുമാത്രമേ സത്യമായിട്ടുള്ളുവെന്നുള്ള അറിവിന്നു ഒരു ദിക്കിലും ഒരു കാലത്തും ചലനമുണ്ടാകയില്ല. ചുമരിലുള്ള ചിത്രങ്ങൾ ചുമരിനെ മറക്കുവാൻ കഴിയുന്നവയല്ലെന്നു മുമ്പേ പറഞ്ഞതിനെ ഇവിടെ ഓർത്തുകൊള്ളേണം. ഭൂമ്യാദിപഞ്ചഭൂതങ്ങൾ അസത്യങ്ങളാണെങ്കിലും ജ്ഞാനിക്കു വ്യവഹാരത്തിന്നു നാശമില്ല.

99. സദദ്വൈതാൽപൃഥഗ്ഭൂതേദ്വൈതേഭൂമ്യാദിരൂപിണി
തത്തദർത്ഥക്രിയാലോകേയഥാദൃഷ്ടാതഥൈവസാ.

സദദ്വൈതാത്=സത്തായ അദ്വൈതത്തിൽനിന്നു. ഭൂമ്യാദിരൂപിണി=ഭൂമ്യാദിരൂപത്തോടുകൂടിയ. ദ്വൈതേപൃഥക് ഭൂതേ=ദ്വൈതം വേർതിരിക്കപ്പെട്ടപ്പോൾ. തത്തദർത്ഥക്രിയാ=അതാതു വസ്തുക്കളും വ്യാപാരങ്ങളും. ലോകേയഥാദൃഷ്ടാ=ലോകത്തിൽ എങ്ങിനെ കാണപ്പെട്ടുവോ. സാ തഥാ ഏവ=അതാവിധംതന്നെയിരിക്കും.

ഭൂമ്യാദിഭൂതങ്ങൾ ഇല്ലാത്തവയെന്നു വരുമ്പോൾ അറിവുള്ളവന്റെ വ്യവഹാരം—ശരീരനിർവ്വഹണാദിവ്യാപാരം—നിലയ്ക്കുമല്ലൊ എന്നുള്ള ശങ്കയെ പരിഹരിക്കുന്നു:—ഭൂമി മുതലായ ദ്വൈതം സദ്രൂപമല്ലെന്നു ബുദ്ധികൊണ്ടു നന്നായറിഞ്ഞതോടുകൂടി ഭൂമ്യാദിവസ്തുക്കൾ സ്വരൂപത്തോടുകൂടെ നശിക്കുന്നില്ല. അതാതു വസ്തുക്കളും അവയെക്കൊണ്ടുള്ള വ്യാപാരങ്ങളും ലോകത്തിൽ ഏതുവിധം നടന്നുകൊണ്ടിരിക്കുന്നുവോ അതുപോലെ ജ്ഞാനിയെ സംബന്ധിച്ചേടത്തോളവും നടന്നുകൊണ്ടുതന്നെയിരിക്കും. അന്ധപരമ്പരാന്യായേന വ്യാപാരങ്ങൾ നടന്നുകൊണ്ടിരുന്നാലും അതൊന്നും സത്യമല്ലെന്നുള്ള ദൃഢബോധമുള്ളതിനാൽ ജ്ഞാനി സുഖദുഃഖബാധയില്ലാതെയും ചിന്തയില്ലാതെയും അദ്വിതീയസദ്വസ്തുവായിത്തന്നെയിരിക്കും. അറിവില്ലാത്തവൻ ഭൂമ്യാദികളിൽ സത്യത്വബുദ്ധിയോടുകൂടെ ലാഭാലാഭങ്ങളിലും ജയാപജയങ്ങളിലും സദാ ചഞ്ചലചിത്തനായിട്ടു ജീവിതത്തെ നിഷ്ഫലമായി കഴിക്കും. ഇതുതന്നെ ജ്ഞാനിക്കും അജ്ഞാനിക്കുമുള്ള ഭേദമെന്നു സാരം.

വ്യാവഹാരിക ജഗൽഭേദത്തെ അംഗീകരിക്കൽ.

100. സാംഖ്യകാണാദബൗദ്ധാദ്യൈർജ്ജഗൽഭേദോയഥായഥാ
ഉൽപ്രേക്ഷ്യതേനേകയുക്ത്യാഭവത്വേഷതഥാതഥാ

സാംഖ്യകാണാദബൗദ്ധാദ്യൈഃ=സാംഖ്യന്മാർ, കാണാദന്മാർ, ബൗദ്ധന്മാർ മുതലായവരാൽ. യഥായഥാ

ജഗൽഭേദഃ=ഏതേതുവിധത്തിൽ ജഗൽഭേദം. അനേകയുക്ത്യാ ഉൽപ്രേക്ഷ്യതേ=അനേക യുക്തികൊണ്ടു ഉൽപ്രേക്ഷിക്കപ്പെടുന്നുവോ. ഏഷഃ തഥാതഥാ ഭവതു=ഇത് അതാതുവിധത്തിലിരിക്കട്ടെ.

സത്തത്വം അദ്വൈതസ്വരൂപമാണെന്നു ചിലർ സമ്മതിക്കുന്നില്ലല്ലൊ. ആ വക വാദങ്ങളെ ഖണ്ഡിക്കേണ്ടതല്ലേയോ എന്നുള്ള ആകാംക്ഷക്കു സാമാന്യരീതിയിൽ മറുപടി പറയുന്നു:—സാംഖ്യന്മാർ, കണാദന്മാർ, ബൌദ്ധന്മാർ എന്നിങ്ങിനെ പലരും ഓരോവിധയുക്തികൾകൊണ്ടു ജഗത്തിൽ കാണപ്പെടുന്ന ഭേദത്തെക്കുറിച്ച് ആലോചനചെയ്യുകയും സ്വാഭിപ്രായങ്ങളെ സ്ഥാപിക്കയും മറ്റും ചെയ്തിട്ടുണ്ട്. അതെല്ലാം അതാതുനിലയിൽ ഇരുന്നുകൊള്ളട്ടെ. അവയെ ഖണ്ഡിക്കാൻ ഞാനൊരുങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ ലോകവ്യവഹാരങ്ങളെല്ലാം ദ്വൈതത്തെ അവലംബിച്ചുകൊണ്ടാണ് നടക്കുന്നത്. അതിൽ കാണപ്പെടുന്നതോ കേൾക്കപ്പെടുന്നതോ ഊഹിക്കപ്പെടുന്നതോ ആയ സകല ഭേദവ്യവഹാരവും അവാസ്തവമായിരിക്കേ, ഏതിനേയാണ് ഖണ്ഡിക്കേണ്ടത്, ഏതിനേയാണ് ഉറപ്പിക്കേണ്ടത്. എല്ലാം ഒരുപോലെ അവാസ്തവം. വാസ്തവതത്വമിന്നതാണെന്നു പറഞ്ഞുകഴിഞ്ഞിരിക്കയാൽ ഭേദവികല്പങ്ങളുടെ വകഭേദങ്ങളെ ആദരിപ്പാനോ അനാദരിപ്പാനോ ഞാൻ പുറപ്പെടുന്നില്ലെന്നു സാരം.

101. അവജ്ഞാതംസദദ്വൈതം നിശ്ശങ്കൈരന്യവാദിഭിഃ
ഏവംകാക്ഷതിരസ്മാകംതദ്വൈതമവജാനതാം.

നിശ്ശങ്കൈഃ അന്യവാദിഭിഃ=ശങ്കയില്ലാത്ത അന്യവാദികളാൽ. സത് അദ്വൈതം അവജ്ഞാതം=സദ്വസ്തു അദ്വൈതമാണെന്നത് അംഗീകരിക്കപ്പെട്ടിട്ടില്ല. ഏവം തദ്വൈതം=ഇപ്രകാരം അവരുടെ ദ്വൈതത്തെ. അവജാനതാം അസ്മാകം=ആദരിക്കാത്ത ഞങ്ങൾക്ക്. കാക്ഷതിഃ=എന്തു നഷ്ടം.

അന്യവാദികൾ സദ്വസ്തു അദ്വിതീയമല്ലെന്നു ശങ്കകൂടാതെ വാദിക്കുന്നു. അതുപോലെതന്നെ അവരുടെ ദ്വൈതത്തെ ആദരിക്കാതിരിക്കുന്ന ഞങ്ങൾക്ക് അവരുടെ അനാദരംകൊണ്ടെന്തുദോഷമാണുണ്ടാകാൻ പോകുന്നത്.

102. ദ്വൈതാവജ്ഞാസുസ്ഥിതാ ചേദദ്വൈതേധീഃ സ്ഥിരാഭവേത്
സ്ഥൈര്യേതസ്യാഃ പുമാനേഷജീവന്മുക്ത ഇതീര്യതേ.

ദ്വൈതാവജ്ഞാ=ദ്വൈതത്തിൽ അനാദരം. സുസ്ഥിതാചേത്=വേണ്ടവിധം ഉറച്ചുവെങ്കിൽ. അദ്വൈതേധീഃ=അദ്വൈതത്തിൽ ബുദ്ധി സ്ഥിരാഭവേത്=സ്ഥിരമായി ഭവിക്കും. തസ്യാഃസ്ഥൈര്യേ=അതിന്റെ സ്ഥിരതയിൽ ഏഷഃപുമാൻ=ഈ പുരുഷൻ ജീവന്മുക്തഃ=ജീവിക്കുന്നുവെങ്കിലും മുക്തൻ. ഇതി ഈര്യതേ=എന്നു പറയപ്പെടുന്നു.

ദ്വൈതം സത്യമല്ല എന്ന ഉറപ്പുണ്ടാകുന്തോറും അദ്വൈതത്തിൽ ബുദ്ധിക്കുറപ്പുകിട്ടും ആ ഉറപ്പുണ്ടായാൽ മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തിൽതന്നെ മുക്തനാണെന്നു പറയപ്പെടുന്നു. ഈ മഹാഫലം ദ്വൈതതിരസ്കാരംകൊണ്ടു കിട്ടും.

103. ഏഷാബ്രാഹ്മീസ്ഥിതിഃ പാർത്ഥനൈനാം പ്രാപ്യവിമുഹ്യതി
സ്ഥിത്വാസ്യാമന്തകാലേപി ബ്രഹ്മനിർവ്വാണമൃച്ഛതി.

പാർത്ഥ!=ഹേ പൃഥാപുത്ര! ഏഷാ ബ്രാഹ്മീസ്ഥിതിഃ=ഇതാണ് ബ്രഹ്മമയിയായ നില. ഏനാം പ്രാപ്യ=ഇതിനെ പ്രാപിച്ചിട്ടു. നവിമുഹ്യതി=വിമോഹിക്കുന്നില്ല. അസ്യാംസ്ഥിത്വാ അപി=ഇതിലിരുന്നിട്ടും അന്തകാലേ=അവസാനകാലത്തിൽ. നിർവാണം ബ്രഹ്മൃച്ഛതി=ആനന്ദബ്രഹ്മത്തെ പ്രാപിക്കുന്നു.

ജീവന്മുക്തി മാത്രമല്ല വിദേഹമുക്തിയും സിദ്ധിക്കുമെന്നു കാണിപ്പാൻ ശ്രീകൃഷ്ണഭഗവാനരുളിച്ചെയ്ത വാക്യത്തെത്തന്നെയെടുത്തു കാട്ടുന്നു:—അല്ലേയോ അർജ്ജുന! ഇതുതന്നെയാണ് ബ്രഹ്മമയിയായ സ്ഥിതി. ഇതിലിരുന്നിട്ടുതന്നെ ദ്വൈതഭാവത്തിന്റെ നിർമ്മൂലനാശം വരുമ്പോൾ ആനന്ദസ്വരൂപമായ ബ്രഹ്മത്തെ പ്രാപിക്കുന്നു. ദേഹബോധം തീരെ നശിച്ച് പുരുഷൻ ബ്രഹ്മാത്മനാ സ്ഥിതിചെയ്യും, ഭഗവൽഗീതയിൽ സാംഖ്യയോഗമെന്ന 2-ാം അദ്ധ്യായത്തിലെ ഒടുവിലത്തേതാണ് ഈ ശ്ലോകം. ശ്രവണമനനങ്ങളാൽ ആത്മതത്വത്തെ അറിഞ്ഞ ജ്ഞാനിക്ക് സമാധിയിൽ പ്രജ്ഞാസ്ഥൈര്യം ഭവിക്കുമെന്നു ഭഗവന്മുഖത്തിൽനിന്നു കേട്ടപ്പോൾ സ്ഥിതപ്രജ്ഞന്റെ ലക്ഷണം അറിവാൻ ആഗ്രഹിച്ച അർജ്ജുനൻ ഭഗവാനോട് "സ്ഥിതപ്രജ്ഞസ്യകാഭാഷാ സമാധിസ്ഥസ്യകേശവ സ്ഥിതധീഃകിം പ്രഭാഷേത കിമാസീത വ്രജേതകിം" ഹേ കേശവ, സമാധിയിൽ ഇരിക്കുന്ന സ്ഥിതപ്രജ്ഞന്റെ ലക്ഷണമെന്താണ്? സമാധിയിൽനിന്നുണർന്നാൽ എങ്ങിനെ സംഭാഷണംചെയ്യും? അവനെങ്ങിനെയിരിക്കും, എങ്ങി

നെ ഗമിക്കും എന്നിങ്ങിനെ ചോദിച്ചു. ഭഗവാൻ ഈ നാലു ചോദ്യങ്ങൾക്കും ക്രമത്തിൽ ഉത്തരം പറഞ്ഞുകഴിഞ്ഞശേഷം ഉപക്രമിച്ചതായ സ്ഥിതപ്രജ്ഞലക്ഷണരൂപവിഷയത്തെ ഉപസംഹരിക്കുന്നതാണ് ഈ ശ്ലോകം. ഹേ അർജ്ജുന! സ്ഥിതപ്രജ്ഞലക്ഷണമായിട്ടു (55_ാംശ്ലോകം മുതൽ) ഇതുവരെ പറഞ്ഞുവല്ലൊ. ഈ നിഷ്ഠയെത്തന്നെയാണ് ബ്രഹ്മനിഷ്ഠയെന്നു പറയുന്നത്. ഈ നിഷ്ഠയെ യാതൊരുവൻ പ്രാപിക്കുന്നുവോ അവൻ പിന്നെ രണ്ടാമതും സംസാരമോഹത്തെ പ്രാപിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവസാനകാലത്തിൽ അല്പകാലം മാത്രമെങ്കിലും ബ്രഹ്മനിഷ്ഠനായി ഭവിച്ചാൽ അവൻ വിദേഹമുക്തിയെ പ്രാപിക്കുന്നു. പ്രപഞ്ചമൊന്നും പ്രകാശിക്കാതെതന്നെ അദ്വൈതബ്രഹ്മസ്വരൂപമായി ഭവിക്കുകയാണ് വിദേഹമുക്തിയെന്നു പറയപ്പെടുന്നത്.

104. സദദ്വൈതേനൃതദ്വൈതേ യദന്യോന്യൈക്യവീക്ഷണം
തസ്യാന്തകാലസ്തൽഭേദ-ബുദ്ധിരേവനചേതരഃ.

സദദ്വൈതേ=സത്തായ അദ്വൈതത്തിലും. അനൃതദ്വൈതേ=അസത്തായ ദ്വൈതത്തിലും. യത് അന്യോന്യൈക്യവീക്ഷണം=അന്യോന്യൈക്യദർശനം യാതൊന്നൊ തസ്യ അന്തകാലഃ=അതിന്റെ അവസാനകാലം. തൽഭേദബുദ്ധിഃ ഏവ=ആ രണ്ടിന്റെ ഭേദബുദ്ധിതന്നെ. ഇതരഃ നച=ഇതരമല്ല.

"സ്ഥിത്വാസ്യാമന്തകാലേപി" എന്നതിലെ അന്തകാലശബ്ദത്തിന്ന് വൎത്തമാനശരീരനാശകാലമെന്നല്ലയൊ അൎത്ഥമെന്നുള്ള ശങ്കയെ തീൎക്കുവാൻ അന്തകാലം എന്നതിന്റെ വിശേഷമായ അൎത്ഥം പറയുന്നു:—സദ്വസ്തു അദ്വിതീയം. അതു സത്യം. ദ്വൈതം അനൃതം അസത്യം. ഇതിനെ തെററായിട്ടു പ്രാകൃതജനം ധരിക്കുന്നു. എങ്ങിനെയെന്നാൽ:—അസത്യമായ ദ്വൈതപ്രപഞ്ചം സത്യമാണെന്നും, സത്യമായ അദ്വിതീയതത്വം എന്ന ഒന്നു ഇല്ലാത്തതാണെന്നും ധരിക്കുന്നു. ഭ്രമംനിമിത്തമുണ്ടാകുന്ന ഈ ബോധത്തിന്റെ അവസാനകാലത്തിൽ—ഈ ഭ്രമം തീരെയില്ലാതെയാകുമ്പോൾ—അദ്വൈതം സത്യം. ദ്വൈതപ്രപഞ്ചം മിഥ്യയെന്നുള്ള ബോധംതന്നെ ഭ്രമത്തിന്റെ അന്തകാലം എന്നു ധരിക്കേണം. അപ്പോൾ ദേഹാദിഭാവം അസത്യമാണെന്നും സത്യമായ അദ്വിതീയബ്രഹ്മംതന്നെ ഞാനെന്നും അനുഭവപ്പെടും. ഈ സ്ഥിതിയിലെത്തുന്നതാണ് വിദേഹമുക്തി. അങ്ങിനെയല്ലാതെ വൎത്തമാനശരീരനാശാനന്തരം മുക്തിയെന്നല്ല ഭഗവാനുപദേശിച്ചിരിക്കുന്നത്.

105. യദ്വാന്തകാലഃപ്രാണസ്യ വിയോഗോസ്തുപ്രസിദ്ധിതഃ
തസ്മിൻകാലേപിന ഭ്രാന്തേൎഗ്ഗതായാഃ പുനരാഗമഃ.

യദ്വാ പ്രസിദ്ധിതഃ=അല്ലെങ്കിൽ പ്രസിദ്ധി ഹേതുവായിട്ടു. പ്രാണസ്യ വിയോഗഃ=പ്രാണന്റെ വിയോഗം. അന്തകാലഃ അസ്തു=അവസാനകാലം എന്നൎത്ഥമായിക്കൊള്ളട്ടെ. തസ്മിൻകാലേ അപി=ആ കാലത്തിലും. ഗതായാഃ ഭ്രാന്തേഃ=പോയ്പോയ ഭ്രാന്തിയുടെ. പുനരാഗമഃ ന=രണ്ടാമതു വരവില്ല.

അഥവാ അന്തകാലം എന്ന ശബ്ദത്തിന്റെ അൎത്ഥം ലോകപ്രസിദ്ധിനിമിത്തം പ്രാണവിയോഗകാലം എന്നുതന്നെ ആകുന്നതിന്നും വിരോധമില്ല. ദേഹവിയോഗം വന്നാലും അതിന്നുമുമ്പേ ചെയ്തിരുന്ന വിചാരത്തിന്റെ ഫലമായിട്ടു നശിച്ചുപോയതായ ദ്വൈതഭ്രാന്തി രണ്ടാമതു ബാധിക്കുകയില്ല. അദ്വിതീയസദ്വസ്തുവിൽ ജീവന്നു ഐക്യം സിദ്ധിക്കും. പുനർജ്ജന്മത്തിന്നു കാരണമില്ല. അവസാനകാലത്തിൽ ക്ഷണനേരമെങ്കിലും ബ്രഹ്മനിഷ്ഠ സാധിച്ചുവെങ്കിൽ അവന്നു പിന്നെ സംസാരപ്രാപ്തിയില്ല. ഖട്വാംഗൻ മുതലായവർ ദൃഷ്ടാന്തം.

106. നീരോഗ ഉപവിഷ്ടോവാരുഗ്ണോവാവിലുഠൻഭുവി.
മൂർച്ഛിതോവാത്യജത്വേഷ പ്രാണാൻഭ്രാന്തിർന്നസൎവ്വഥാ.

നീരോഗഃ=രോഗമില്ലാത്തവനും. ഉപവിഷ്ടഃവാ=ഇരിക്കുന്നവനുമായിട്ടൊ. രുഗ്ണഃ ഭുവിലുഠൻവാ=രോഗിയായും നിലത്തു കിടന്നുരുളുന്നവനുമായിട്ടൊ മൂർച്ഛിതഃവാ=മോഹാലസ്യപ്പെട്ടവനായിട്ടോ. ഏഷഃ പ്രാണാൻത്യജതു=ഇവൻ പ്രാണങ്ങളെ ഉപേക്ഷിക്കട്ടെ. സൎവ്വഥാ ഭ്രാന്തിഃ ന=സൎവ്വപ്രകാരത്തിലും ഭ്രാന്തിയില്ല.

പുനൎജ്ജന്മകാരണമില്ലെന്നു പറഞ്ഞതിനെ വിസ്തരിക്കുന്നു:—അദ്വിതീയസദ്വസ്തുവിനെ ദ്വൈതത്തിൽനിന്നു വേർതിരിച്ചറിഞ്ഞ ഒരുവൻ ദേഹവിയോഗകാലത്തിൽ രോഗമൊന്നുമില്ലാതെ ബോധത്തോടുകൂടെ സ്വസ്തികം ഗോമുഖം വീരം മുതലായ ആസനത്തിലിരുന്നിട്ടൊ, രോഗിയായി നിലത്തുകിടന്നുരുണ്ടിട്ടോ മോഹാലസ്യപ്പെട്ടിട്ടോ ഏതോ നിലയിൽ പ്രാണങ്ങളെ വിട്ടുകൊള്ളട്ടെ. ഏതുനിലയിൽ

ദേഹത്യാഗമുണ്ടായാലും ദ്വൈതഭ്രാന്തി അവനെ ബാധിക്കുകയില്ല. ദേഹമാകുന്ന ഞാൻ, ജഗത്തു സത്യമാകുന്നു, എനിക്കും ബ്രഹ്മത്തിനും വാസ്തവമായ ഭേദമുണ്ട് എന്നിങ്ങിനെയുള്ള വിചാരമുണ്ടാകയില്ല. ആ വിചാരമുണ്ടാകുന്നതാണ് പുനഃസംസാരകാരണം.

107. ദിനേദിനേ സ്വപ്നസുപ്ത്യോ രധീതേവിസ്മൃതേപ്യയം
പരേദ്യുന്നാനധീതഃസ്യാത്തദ്വദ്വിദ്യാനനശ്യതി.

ദിനേദിനേ അധീതേ=ദിവസംതോറും അദ്ധ്യയനംചെയ്തത്. സ്വപ്നസുപ്ത്യോഃ=സ്വപ്നത്തിലും സുഷുപ്തിയിലും. വിസ്മൃതേ അപി=വിസ്മരിക്കപ്പെട്ടാലും. അയം പരേദ്യുഃ=ഇവൻ പിറേറദിവസത്തിൽ. ന അനധീതഃ=അദ്ധ്യയനം ചെയ്യാത്തവനല്ലെന്നത് ഏതുവിധമോ. തദ്വത് വിദ്യാ ന നശ്യതി=അതുപോലെ വിദ്യ നശിക്കുന്നില്ല.

മരണസമയത്തിൽ മോഹാലസ്യാദികൾ നിമിത്തം അദ്വൈതബോധമില്ലാത്തതുകൊണ്ട് പുനജ്ജന്മകാരണമായ ഭ്രാന്തി വന്നുചേരുമോ എന്ന ശങ്കയെ ദൃഷ്ടാന്തപൂർവ്വം പരിഹരിക്കുന്നു:—എല്ലാ ദിവസവും വേദശാസ്ത്രാദികൾ പഠിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ സ്വപ്നസുഷുപ്ത്യവസ്ഥകളിൽ പഠിച്ച ഭാഗങ്ങളെ ഓക്കാറില്ലെങ്കിലും നേരം പുലരുന്ന സമയത്തിൽ അവൻ പഠിച്ചവനല്ലെന്നു വരാറില്ലെല്ലൊ. ഉണന്നപ്പോൾ തലേനാൾവരേ പഠിച്ചതെല്ലാം ഓമ്മയിൽ വരുന്നുണ്ടെല്ലൊ. അതുപോലെ അദ്വൈതജ്ഞാനവും മൂർച്ഛാദ്യവസ്ഥകൾനിമിത്തം നശിക്കുകയില്ല. ജ്ഞാനം ആത്മസ്വരൂപമാകയാൽ അതിന്നു നാശമില്ലെന്നു സാരം.

108. പ്രമാണോൽപാദിതാവിദ്യാ പ്രമാണം പ്രബലംവിനാ
നനശ്യതിനവേദാന്താൽ പ്രബലം മാനമീക്ഷ്യതേ.

പ്രമാണോൽപാദിതാവിദ്യാ=പ്രമാണത്താൽ ഉൽപാദിപ്പിക്കപ്പെട്ട വിദ്യാ. പ്രബലംപ്രമാണം വിനാ=പ്രബലമായ പ്രമാണം കൂടാതെ. നനശ്യതി=നശിക്കുന്നില്ല. വേദാന്താത്പ്രബലംമാനം=വേദാന്തത്തെക്കാൾ പ്രബലമായ പ്രമാണം. നഈക്ഷ്യതേ=കാണപ്പെടുന്നില്ല.

ജ്ഞാനത്തിന്നു നാശമില്ലെന്നു പറഞ്ഞതിനെ ഉപപാദിക്കുന്നു:—തത്വമസിമുതലായ മഹാവാക്യങ്ങളാകുന്ന പ്രമാണങ്ങളാലാണ് ബ്രഹ്മജ്ഞാനമായ വിദ്യയുണ്ടായിരിക്കുന്നത്. അങ്ങിനെ ദ്വൈതം അസത്യം അദ്വൈതം സത്യം എന്ന ബോധം പ്രബലപ്പെട്ടു. ആ പ്രമാണത്തെക്കാൾ ശക്തിയേറിയ പ്രമാണംകൊണ്ടല്ലാതെ ആ ബോധം നശിക്കുകയില്ല. വേദാന്തത്തെക്കാൾ പ്രബലമായ പ്രമാണം മറെറാന്നില്ല. ആകയാൽ ആ ബോധത്തിന്നു നാശമുണ്ടാകയില്ല.

109. തസ്മാദ്വേദാന്തസംസിദ്ധം സദദ്വൈതംനബാധ്യതേ
അന്തകാലെപ്യതോഭൂത വിവേകാന്നിർവൃതിസ്ഥിതാ.

തസ്മാത്വേദാന്തസിദ്ധം=അതുകൊണ്ടു വേദാന്തത്താൽ സിദ്ധിച്ചതായ. സദദ്വൈതം=സദ്രൂപമായ അദ്വൈതം. നബാധ്യതേ=ബാധിക്കപ്പെടുന്നില്ല. അതഃഅന്തകാലേഅപി=അതുകൊണ്ടു അന്തകാലത്തിലും. ഭൂതവിവേകാത്=ഭൂതങ്ങളുടെ വിവേകത്തിൽനിന്ന്. നിർവൃതിഃസ്ഥിതാ=സുഖംസിദ്ധിക്കുന്നു.

ഇതുവരേയും പറഞ്ഞതിന്റെ സാരം പറഞ്ഞുകൊണ്ടു പ്രകരണത്തെ ഉപസംഹരിക്കുന്നു:—അതുകൊണ്ടു വേദാന്തപ്രമാണത്താൽ സിദ്ധിച്ചതായ അദ്വൈതസദ്വസ്തുബോധത്തിന്നു ദേഹാവസാനകാലത്തിലും നാശമില്ല; ഭൂതങ്ങളെ സദ്വസ്തുവിൽനിന്ന് വേർതിരിച്ച് കണ്ടറിപ്പിക്കുന്നതുകൊണ്ട് നിത്യസുഖം—നാശമില്ലാത്തതായ ബ്രഹ്മാനന്ദപ്രാപ്തി രൂപമായ മുക്തിസിദ്ധിക്കും എന്ന സംഗതി ഈ പ്രകരണത്താൽ നിരൂപിക്കപ്പെട്ടിരിക്കുന്നു.

ഇതിശ്രീമൽപരമഹംസ പരിവ്രാജകാചാര്യ ശ്രീഭാരതീ തീർത്ഥവിദ്യാരണ്യ
മുനിവര്യ കൃതമഹാ ഭൂതവിവേകം എന്ന രണ്ടാംപ്രകരണം സമാപ്തം.
ഓം തത് സത്.

ശ്രീപഞ്ചദശിയിൽ പഞ്ചകോശവിവേകം എന്ന 3-ാം പ്രകരണത്തിലടങ്ങിയ സാരം.

സകല ചരാചരങ്ങളിലും രണ്ടുവിഭാഗമുണ്ട്. ഒന്നു ദേഹം മറെറാന്നു ദേഹി. ദേഹം ജഡം. ദേഹി ചേതനം. ദേഹം സ്ഥൂലം. ദേഹി സൂക്ഷ്മം. സ്ഥൂലത്തിൻെറ സഹായത്തോടുകൂടെ സൂക്ഷ്മത്തെ കാണുകയെന്ന ന്യായപ്രകാരം ദേഹത്തിലടങ്ങിട്ടുള്ള വിഭാഗങ്ങളെ ഈ പ്രകരണത്തിൽ 5 വിധത്തിൽ കാണിച്ചിരിക്കുന്നു. ഈ വിഭാഗങ്ങൾക്ക് അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്ന പേർ കൊടുത്തിട്ടുണ്ട്. ഈ അഞ്ചിൽ അതിസ്ഥൂലം അന്നമയകോശം. അതിനുള്ളിൽ പ്രാണമയം, അതിനുള്ളിൽ മനോമയം, അതിനുള്ളിൽ വിജ്ഞാനമയം, അതിനുള്ളിൽ ആനന്ദമയം. ഈ അഞ്ചുകോശങ്ങൾക്ക് അധിഷ്ഠാനം ആത്മാവ്. ഈ ഓരോ കോശങ്ങളേയും ആത്മാവിൽനിന്നു ബുദ്ധിവൃത്തികൊണ്ടു നീക്കംചെയ്തിട്ടു സർവ്വാന്തരമായ ആത്മചൈതന്യത്തെ സാക്ഷാത്കരിയേണം. അഞ്ചുകോശങ്ങളും ആത്മപ്രകാശത്തെ അനുസരിച്ചു വിളങ്ങുന്നു. ആത്മാവാകട്ടെ കോശങ്ങളുടെ സംബന്ധമില്ലാതെ സ്വതേ വിളങ്ങുന്നു. കോശങ്ങളെ ഉപാധികളെന്നും അവയെ പ്രകാശിപ്പിക്കുന്ന ചൈതന്യത്തെ സാക്ഷിയെന്നും പറഞ്ഞുവരുന്നു. ഒരു ശരീരത്തെയും അതിലടങ്ങിയിരിക്കുന്ന പഞ്ചകോശങ്ങളെയും അവയ്ക്കധിഷ്ഠാനമായ സാക്ഷിചൈതന്യത്തെയും അറിഞ്ഞുവെങ്കിൽ സകലത്തെയും അറിഞ്ഞുവെന്ന നിലകിട്ടും. സാക്ഷിചൈതന്യവും സർവ്വത്ര സാക്ഷിത്വേന വിളങ്ങുന്ന ബ്രഹ്മചൈതന്യവും ഒന്നാകയാൽ ഇവൻ ബ്രഹ്മജ്ഞാനിയാകുന്നു. ജീവൻ ഈശ്വരൻ എന്ന ഭേദവ്യവഹാരം അവിദ്യ, മായ എന്ന ഉപാധികളുടെ സംബന്ധം നിമിത്തം ഉണ്ടായിരിക്കുന്നു. ഉപാധികൾ നശിക്കുമ്പോൾ ജീവത്വവും ഈശ്വരത്വവും നശിക്കുന്നു. അദ്വിതീയബ്രഹ്മം ഒന്നുമാത്രം സത്യം. ആ ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചവൻ ആ ബ്രഹ്മംതന്നെയാകുന്നു. ബ്രഹ്മം സത്യജ്ഞാനാനന്താനന്ദസ്വരൂപമാകയാൽ ജന്മാദികളായ ആറുവിധ വികാരങ്ങളും ഇല്ലാത്തതും സകലത്തെയും പ്രകാശിപ്പിച്ചും സ്വയം പ്രകാശിച്ചുംകൊണ്ടിരിക്കുന്ന ശാശ്വതവസ്തുവാകയാൽ ബ്രഹ്മമായിഭവിച്ചവൻ പിന്നെ ജനിമൃതി പ്രവാഹരൂപമായ സംസാരത്തിൽ പ്രവേശിക്കയില്ല. ഈ സത്യാവസ്ഥയിൽ എത്തുവാൻ ഈ പഞ്ചകോശവിവേകപ്രകരണത്തിൽ വിവരിച്ചിരിക്കുന്നവിധത്തിൽ വിചാരംചെയ്ത് കോശങ്ങളോട് ബന്ധപ്പെടാതിരിക്കുന്ന ബ്രഹ്മത്തെ സാക്ഷാൽകരിക്കേണം. സർവ്വാനർത്ഥങ്ങളുടേയും മൂലകാരണം ദേഹാത്മഭാവനയാകുന്നു. ദേഹാദ്യധിഷ്ഠാനമായ ബ്രഹ്മത്തെ അനുഭവിച്ചറിയുമ്പോൾ രജ്ജുജ്ഞാനത്താൽ സർപ്പഭ്രാന്തി നശിക്കുന്നതുപോലെ ദേഹാത്മഭ്രാന്തി നശിക്കും. ആലസ്യം കൂടാതെ പഞ്ചകോശവിവേചനം ചെയ്വാൻ ആത്മജിജ്ഞാസുക്കൾ പരിശ്രമിക്കേണം. അതിനുള്ള മാർഗ്ഗത്തെ കരുണാനിധിയായ ശ്രീ ഗുരു ഈ പ്രകരണത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു.

ശ്രീ പഞ്ച ദ ശി

പഞ്ചകോശവിവേകം എന്ന 3-ാംപ്രകരണം.

ഗ്രന്ഥത്തിൻെറ വിഷയപ്രയോജനങ്ങളെ പറഞ്ഞുംകൊണ്ട് ഗ്രന്ഥാരംഭപ്രതിജ്ഞാ.

1. ഗുഹാഹിതം ബ്രഹ്മയത്തത് പഞ്ചകോശവിവേകതഃ
ബോദ്ധും ശക്യം തതഃകോശപഞ്ചകം പ്രവിവിച്യതേ.

ഗുഹാഹിതംയത്ബ്രഹ്മതത്=പഞ്ചകോശഗുഹയിൽ ആഹിതമായ യാതൊരു ബ്രഹ്മമോ അത്. പഞ്ചകോശവിവേകതഃ=പഞ്ചകോശങ്ങളെ വേർതിരിക്കുന്നതിൽനിന്ന്. ബോദ്ധുംശക്യം=ബോധിപ്പാൻ കഴിയും. തതഃകോശപഞ്ചകം=അതുകൊണ്ടു പഞ്ചകോശം. പ്രവിവിച്യതേ=പ്രകർഷേണ വിവേചിക്കപ്പെടുന്നു.

യജുർവ്വേദത്തിലുള്ള തൈത്തിരീയം എന്ന ഉപനിഷത്തിലെ താല്പര്യത്തിൻെറ വ്യാഖ്യാനരൂപമായ പഞ്ചകോശവിവേകം എന്ന പ്രകരണത്തെ പറവാൻ ഭാവിക്കുന്ന ശ്രീ വിദ്യാരണ്യഗുരുദേവൻ അ

തിൻെറ പ്രയോജനം ആദ്യമായി സൂചിപ്പിച്ചുംകൊണ്ടു ഗ്രന്ഥം ആരംഭിക്കുന്നു:—"യോവേദനിഹിതം ഗുഹായാം പരമേവ്യോമൻ" ഗുഹയിലെ പരമമായ ആകാശത്തിൽ വസിക്കുന്ന ബ്രഹ്മത്തെ ആരറിയുന്നുവോ അവൻ മുക്തനാകുന്നുവെന്നർത്ഥമായ തൈത്തിരീയ ആനന്ദവല്ലി ശ്രുതിയിൽ ഗുഹാശബ്ദത്താൽ പറയപ്പെടുന്നത് പഞ്ചകോശങ്ങളാണ്. ആ പഞ്ചകോശങ്ങളെ പ്രത്യഗാത്മാവിൽനിന്ന്—കൂടസ്ഥചൈതന്യത്തിൽനിന്ന്—വേർതിരിച്ചറിയുമ്പോൾ അവയുടെ ഉള്ളിലിരിക്കുന്ന ബ്രഹ്മത്തെയറിവാൻ കഴിയും. അതുകൊണ്ടു പഞ്ചകോശങ്ങളുടെ സ്വരൂപങ്ങളെ വേർതിരിച്ചു കാട്ടിത്തരാമെന്നാണ് ശ്രീഗുരുദേവൻ ചെയ്തിരിക്കുന്ന പ്രതിജ്ഞ.

പഞ്ചകോശങ്ങളിൽനിന്നു ആത്മവിവേകവും ഗുഹാശബ്ദത്തിന് ശ്രുതിവിവക്ഷിതമായ
അർത്ഥവും താഴെ കാണിക്കുന്നു.

2. ദേഹാദഭ്യന്തരഃപ്രാണഃ പ്രാണാദഭ്യന്തരം മനഃ
തതഃകർത്താ തതോഭോക്താ ഗുഹാസേയം പരംപരാ.

ദേഹാത് അഭ്യന്തരഃപ്രാണഃ=ദേഹത്തിൽനിന്ന് ഉള്ളിലിരിക്കുന്നതാണ് പ്രാണൻ. പ്രാണാത് അഭ്യന്തരം മനഃ=പ്രാണനിൽനിന്നും ഉള്ളിൽ ഇരിക്കുന്നത് മനസ്സ്. തതഃകർത്താ=അതിൽനിന്നും ഉള്ളിൽ കർത്താവായ വിജ്ഞാനം തതഃഭോക്താ=അതിൽനിന്നും ഉള്ളിൽ ഭോക്താവായ ആനന്ദമയം. പരംപരാ ഇയം=പരമ്പരമായ ഇതാണ്. സാഗുഹാ=ശ്രുതിയിൽ പറഞ്ഞതായ ആ ഗുഹാ.

ശ്രുതിയിലെ ഗുഹാശബ്ദംകൊണ്ട് ഏതേതിനെ കാണിക്കുന്നുവെന്നതിനെ സ്പഷ്ടമാക്കുന്നു:—ദേഹം:-അന്നമയകോശം. അതിന്നുള്ളിൽ പ്രാണമയകോശം: അതിന്നുള്ളിൽ മനോമയകോശം. അതിനുള്ളിൽ വിജ്ഞാനമയകോശം. അതിനുള്ളിൽ ആനന്ദമയകോശം. ഈ അഞ്ചുകോശങ്ങൾ പരമ്പരയായിരിക്കുന്നുവെന്നാണ് ഉപനിഷത്തിലെ ഗുഹാശബ്ദത്താൽ വിവക്ഷിതമായ അർത്ഥം. ഒരു സാധനത്തെ ആച്ഛാദനം ചെയ്യുന്ന സാധനങ്ങളെ കോശങ്ങളെന്നു പറയുന്നു. വാൾ ഇട്ടുവെക്കുവാനുള്ള ഉറക്ക് കോശമെന്നുപേരുള്ളതുപോലെ ബ്രഹ്മത്തെ മറക്കുന്ന ദേഹാദികളെ കോശങ്ങളെന്നു പറയുന്നു. ആ മറവുകളെ നീക്കിയാൽ ഉള്ളിലുള്ള ആത്മാവിനെ അറിയാം അതിനാൽ കോശവിവേചനം ആവശ്യം.

പഞ്ചകോശസ്വരൂപവും അവ ആത്മാവല്ലെന്നും. ഈ പദ്യത്തിൽ അന്നമയവിവരണം.

3. പിതൃഭുക്താന്നജാദ്വീര്യാ ജ്ജാതോന്നേനൈവ വർദ്ധതേ
ദേഹഃസോന്നമയോനാത്മാ പ്രാക്ചോർദ്ധ്വം തദഭാവതഃ.

പിതൃഭുക്താന്നജാത്=പിതാക്കന്മാർ ഭുജിച്ച അന്നത്തിൽനിന്നുണ്ടായ. വീര്യാത് ജാതഃ=വീര്യത്തിൽനിന്നുത്ഭവിച്ച. അന്നേനഏവവർദ്ധതേ=അന്നംകൊണ്ടുതന്നെ വർദ്ധിക്കുന്നു. സഃദേഹഃ അന്നമയഃ=ആ ദേഹം അന്നമയം ആത്മാന ആത്മാവല്ല. പ്രാക് ഊർദ്ധ്വംച=മുമ്പിലും മേലിലും തദഭാവതഃ=അതില്ലാത്തതുകൊണ്ട്.

അന്നമയത്തിൻെറ സ്വരൂപവും അതാത്മാവല്ലെന്നും ഉപദേശിക്കുന്നു:—അമ്മയച്ഛന്മാർ ഭക്ഷിക്കുന്ന വ്രീഹി, യവം മുതലായ ധാന്യങ്ങളിലുള്ള രേതസ്സിൽനിന്നാണ് ദേഹമുണ്ടായത്. ജനിച്ചശേഷം പാൽ മുതലായ അന്നരസംകൊണ്ടുതന്നെ പുഷ്ടിപ്പെടുകയും ചെയ്യുന്ന ദേഹം അന്നവികാരമാണ്. അതുകൊണ്ടു ദേഹം ആത്മാവല്ല. എന്തുകൊണ്ടെന്നാൽ ജനിക്കുന്നതിന്നു മുമ്പിലും മരിച്ചതിനു ശേഷവും ആ ദേഹം ഇല്ലല്ലൊ. അന്നം കാരണം. ദേഹംകാര്യം. കാര്യകാരണസംബന്ധമുള്ളത് ആത്മാവല്ല എന്ന നിശ്ചയപ്രകാരം കാര്യമായ ശരീരം ആത്മാവല്ല. ജനിക്കുന്നതിനു മുമ്പില്ലാത്തതിനാൽ പ്രാഗഭാവം. മരണാനന്തരമില്ലാത്തതിനാൽ പ്രധ്വംസാഭാവം. ഇങ്ങിനെ രണ്ടുവിധാഭാവം നിമിത്തം ആത്മാവല്ല.

4. പൂർവ്വജന്മന്യസന്നേത ജ്ജന്മസംപാദയേത് കഥം
ഭാവിജന്മന്യസൻ കർമ്മ ന ഭുംജീതേഹ സഞ്ചിതം.

പൂർവ്വജന്മനി അസത് ഏതത്=പൂർവ്വജന്മത്തിൽ അസത്തായ ഇത്. ഏതത് ജന്മ കഥം സംപാദയേത്=ഈ ജന്മത്തെ എങ്ങിനെ സംപാദിക്കും. ഭാവിജന്മനി അസത്=ഭാവിജന്മത്തിൽ അസത്തായ ഇത്. ഇഹസംചിതംകർമ്മ=ഇവിടെ സംപാദിച്ചതായ കർമ്മത്തെ. നഭുംജീത-ഭുജിക്കയില്ല.

അനിത്യമാകയാൽ ദേഹം ആത്മാവല്ല എന്നാണല്ലൊ പൂർവ്വശ്ലോകത്തിൽ പറഞ്ഞത്. എന്നാൽ ദേഹം അനിത്യം എന്ന ഹേതു ശരിതന്നെയെങ്കിലും ദേഹം അനാത്മാവല്ല ആത്മാവാകുന്നു എന്നു പറയുന്ന വിപരീതപക്ഷത്തിൽ ദോഷം യാതൊന്നും കാണായ്കയാൽ മുമ്പറഞ്ഞ അനിത്യം എന്ന ഹേതു

നിഷ്പ്രയോജനമായി ഭവിക്കുന്നു എന്നിങ്ങിനെ ചാർവ്വാകമതത്തെയനുസരിച്ചുള്ള ശങ്കയെ "ദേഹം ആത്മാവാണെങ്കിൽ അകൃതാഭ്യാഗമം, കൃതപ്രണാശം" എന്ന രണ്ടുദോഷങ്ങൾ ഭവിക്കുന്നതാണെന്നു പറഞ്ഞ് ആ ശങ്കയെ പരിഹരിക്കുന്നു:-അന്നമയകോശമാകുന്ന ഈ സ്ഥൂലദേഹം ആത്മാവാണെങ്കിൽ ഈ ശരീരം ഉണ്ടാകുന്നതിന്നുമുമ്പും നശിച്ചതിന്നു പിമ്പും ആത്മാവില്ലാതായി ഭവിക്കുന്നു. അപ്പോൾ പൂർവ്വജന്മത്തിൽ ചെയ്യപ്പെട്ട കർമ്മങ്ങളുടെ ഫലമാണ് ഈ ശരീരം എന്നിരിക്കേ, ഈ ശരീരോൽപത്തിക്കു മുമ്പുള്ള പൂർവ്വജന്മത്തിൽ ഈ ആത്മാവ് ഇല്ലാത്തതാകയാൽ തന്നാൽ അനുഷ്ഠിക്കപ്പെടാത്ത കർമ്മങ്ങളുടെ ഫലമാകുന്ന ഈ ശരീരപ്രാപ്തി ഉണ്ടാകുന്നതിനാൽ അകൃതാഭ്യാഗമം:—തന്നാൽ അനുഷ്ഠിക്കപ്പെടാത്ത കർമ്മത്തിന്റെ ഫലത്തെ അനുഭവിക്കൽ—എന്ന ഒരു ദോഷവും, ഇതുപോലെത്തന്നെ ഈ ജന്മത്തിൽ ചെയ്യപ്പെടുന്ന കർമ്മങ്ങളുടെ ഫലമായ അന്യജന്മം മുതലായതും സംഭവിക്കാനിടവരായ്കയാൽ കൃതപ്രണാശം:—അനുഭവം കൊണ്ടുമാത്രം നശിക്കുന്നതും ഇഹജന്മത്തിൽ ചെയ്യപ്പെട്ടതുമായ കർമ്മങ്ങളുടെ ഫലങ്ങൾ അനുഭവിക്കപ്പെടാതെതന്നെ നാശത്തെ പ്രാപിക്കും എന്നൊരു ദോഷവും ഇങ്ങിനെ രണ്ടുദോഷങ്ങളുണ്ടാകുന്നതിനാൽ ഈ സ്ഥൂലശരീരം ആത്മാവാണെന്നു സ്വീകരിപ്പാൻ പാടില്ല.

പ്രാണമയകോശസ്വരൂപവും അത് ആത്മാവല്ലെന്നും.

5. പൂർണ്ണോദേഹേ ബലം യച്ഛന്നക്ഷാണാം യഃപ്രവർത്തകഃ
വായുഃപ്രാണമയോ നാസാവാത്മാ ചൈതന്യവർജനാത്.

യഃദേഹേപൂർണ്ണഃ=യാതൊന്ന് ദേഹത്തിൽ നിറഞ്ഞും. ബലംയച്ഛൻ=ബലത്തെ നൽകുന്നതുമായിട്ടു. അക്ഷാണാം=ഇന്ദ്രിയങ്ങളുടെ. പ്രവർത്തകഃ=പ്രേരകമായിരിക്കുന്നുവോ. വായുഃപ്രാണമയഃ=ആ വായു പ്രാണമയകോശമാകുന്നു. അസൌ ആത്മാന=ഇത് ആത്മാവല്ല. ചൈതന്യവർജനാത്=ചൈതന്യമില്ലാത്തതുകൊണ്ടു.

പ്രാണമയകോശസ്വരൂപവും അതാത്മാവല്ലെന്നും കാണിക്കുന്നു:—യാതൊരു വായു ശരീരത്തിൽ പാദംമുതൽ ശിരസ്സുവരെ വ്യാപിച്ചും ശരീരത്തിന്നു ബലത്തെ കൊടുത്തും ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ പ്രവൃത്തിപ്പിച്ചും കൊണ്ടിരിക്കുന്നുവോ ആ വായുവാണ് പ്രാണമയകോശം. ഇത് ജഡമാകയാൽ ആത്മാവല്ല. സർവ്വശരീരവ്യാപിയായ വായുവിന്നു വ്യാനൻ എന്നുപേർ.

മനോമയകോശസ്വരൂപവും അത് ആത്മാവല്ലെന്നും.

6. അഹന്താം മമതാം ദേഹേ ഗേഹാദൌച കരോതി യഃ
കാമാദ്യവസ്ഥയാ ഭ്രാന്തോ നാസാവാത്മാമനോമയഃ.

യഃ ദേഹേ അഹന്താം=യാതൊന്ന് ദേഹത്തിൽ അഹംഭാവത്തേയും. ഗേഹാദൌ മമതാംച കരോതി=ഗൃഹാദിയിൽ എന്റേത് എന്ന ഭാവത്തെയും ഉണ്ടാക്കുന്നുവോ. അസൌമനോമയഃ=ഇത് മനോമയകോശമാകുന്നു. ആത്മാന=ആത്മാവല്ല. കാമാദ്യവസ്ഥയാഭ്രാന്തഃ=കാമാദിയായ അവസ്ഥകൊണ്ടു ചലിക്കുന്നതാകുന്നു.

മനോമയകോശസ്വരൂപവിവരണത്തോടുകൂടെ അതും ആത്മാവല്ലെന്നു കാണിക്കുന്നു:—ശരീരത്തിൽ ഞാനെന്ന ഭാവത്തെയും ഗൃഹധനാദികളിൽ എന്റെതെന്ന ഭാവത്തെയും ജനിപ്പിക്കുന്നതു യാതൊന്നൊ അതാകുന്നു മനോമയകോശം. ഇത് ആത്മാവല്ല. കാമക്രോധാദിവൃത്തികൾനിമിത്തം ചലിച്ചു കൊണ്ടിരിക്കുക അതിന്റെ സ്വഭാവമാകുന്നു. എതിന്നു ചലനമുണ്ടൊ അത് ആത്മാവല്ല.

വിജ്ഞാനമയകോശസ്വരൂപവും അതാത്മാവല്ലെന്നും.

7. ലീനാസുപ്തൌ വപുർബ്ബോധേ വ്യാപ്നുയാദാനഖാഗ്രഗാ
ചിച്ഛായോപേതധീ ന്നാത്മാ വിജ്ഞാനമയശബ്ദഭാക്.

ചിച്ഛായോപേതധീഃ=ചിത്തിന്റെ ഛായാസഹിതയായ ബുദ്ധി. സുപ്തൌലീനാ=ഉറക്കത്തിൽ ലയിക്കുന്നതും. ബോധേ ആനഖാഗ്രഗാ=ഉണരുമ്പോൾ നഖാഗ്രംവരെ സഞ്ചരിക്കുന്നതായിട്ട്. വപുഃ വ്യാപ്നുയാൽ=ശരീരത്തെ വ്യാപിക്കുന്നതുമായിരിക്കുന്നുവോ. വിജ്ഞാനമയശബ്ദഭാക്=വിജ്ഞാനമയം എന്നു പേരുള്ള അത്. ആത്മാന=ആത്മാവല്ല.

കർത്താവ് എന്നു മുമ്പേപറഞ്ഞ വാക്കുകൊണ്ട് സൂചിപ്പിച്ച വിജ്ഞാനമയകോശത്തിന്റെ സ്വരൂപവിവരണത്തോടുകൂടെ അതും ആത്മാവല്ലെന്നുപദേശിക്കുന്നു:—ചിൽസ്വരൂപമായ ആത്മാവിന്റെ പ്രതിച്ഛായയോടുകൂടിയ ബുദ്ധി യാതൊന്നൊ അതു ഉറക്കത്തിൽ ലയിക്കയും ഉണരുമ്പോൾ—ജാഗ്ര

ദവസ്ഥയിൽ_നഖാഗ്രംവരെ വ്യാപിക്കുകയും ചെയ്യുന്നതായിട്ട ശരീരത്തിൽ അനുഭവപ്പെടുന്നു. വിജ്ഞാനമയകോശമെന്നു പറയപ്പെടുന്ന ആ ബുദ്ധിയും ആത്മാവല്ല. സങ്കോചിക്കുക വികസിക്കുക എന്ന അവസ്ഥാഭേദങ്ങൾ അതിനുള്ളതിനാൽ ആത്മാവല്ല. ആത്മാവിൽ സങ്കോചവികാസഭാവഭേദങ്ങളില്ല. ബുദ്ധിയിൽ പ്രതിഫലിച്ച ചിദംശത്തിന്നു ചിദാഭാസനെന്നു പേർ.

മനോമയ വിജ്ഞാനമയകോശങ്ങൾക്കുള്ള പരസ്പരഭേദം.

8. കർത്തൃത്വകരണത്വാഭ്യാം വിക്രിയേതാന്തരിന്ദ്രിയം
വിജ്ഞാനമനസീ അന്തർബ്ബഹിശ്ചൈതേ പരസ്പരം.

അന്തഃ ഇന്ദ്രിയം=അന്തഃകരണം, കൃർത്തൃത്വകരണത്വാഭ്യാം=കർത്തൃത്വം കരണത്വം എന്ന രണ്ടു ഭാവത്താൽ. വിക്രിയേത=വികാരപ്പെടും. ഏതേ വിജ്ഞാനമനസി=ഇതുരണ്ടും വിജ്ഞാനവും മനസ്സുമാകുന്നു. പരസ്പരം അന്തഃബഹിഃച=അന്യോന്യം ഉള്ളിലും പുറത്തും.

മനസ്സും ബുദ്ധിയും ഉള്ളിലുള്ള ഇന്ദ്രിയങ്ങളായതുകൊണ്ടു അതുരണ്ടുംകൂടി അന്തഃകരണം എന്ന നിലയിൽ ഒന്നാണെന്നു കല്പിക്കുകയല്ലേ നല്ലത്. എന്തിനായിട്ടു രണ്ടു കോശങ്ങളെന്നു കല്പിക്കുന്നുവെന്നുള്ള ആകാംക്ഷക്കു സമാധാനം പറയുന്നു:—മനസ്സും ബുദ്ധിയും ഉള്ളിലുള്ള ഇന്ദ്രിയങ്ങൾ എന്ന നിലയിൽ അന്തഃകരണം എന്നു പറയപ്പെടുന്നതിന്നു വിരോധമില്ല. എങ്കിലും കർത്താവ് കരണം എന്ന രണ്ടു ഭാവത്തിൽ അതുരണ്ടും വികാരപ്പെടുന്നുണ്ട്. ക്രിയാശ്രയത്വരൂപകർത്താവെന്നും ക്രിയാസാധനത്വരൂപകരണമെന്നുമുള്ള ഭേദംനിമിത്തം മനോമയവും വിജ്ഞാനമയവും വെവ്വേറെതന്നെ രണ്ടു കോശങ്ങളാണെന്നു ധരിക്കേണം. അതിൽ മനോമയം കരണവും വിജ്ഞാനമയം കർത്താവുമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കാര്യം നടത്തുന്ന ആൾക്ക് ഉപകരണമെന്നപോലെ ബുദ്ധിരൂപമായ വിജ്ഞാനമാകുന്ന കർത്താവിന്റെ ഉപകരണമായിട്ട് മനസ്സ വർത്തിക്കുന്നു. മനസ്സ് എന്നത് ബുദ്ധ്യപേക്ഷയാ ബാഹ്യവും ബുദ്ധി മനസ്സിനെ അപേക്ഷിച്ച ആന്തരവുമാകുന്നു. ഇതും ഭേദകാരണമാകുന്നു.

9. കാചിദന്തർമ്മുഖാവൃത്തി രാനന്ദപ്രതിബിംബഭാക്
പുണ്യഭോഗേ ഭോഗശാന്തൗ നിദ്രാരൂപേണ ലീയതേ.

പുണ്യഭോഗേ=പുണ്യത്തിന്റെ അനുഭവത്തിൽ കാചിത്=ഇന്നവിധമെന്ന് പറവാൻ കഴിയാത്തതും. അന്തർമ്മുഖാവൃത്തിഃ=അന്തർമ്മുഖമായ ബുദ്ധിവൃത്തി. ആനന്ദപ്രതിബിംബഭാക്=ആനന്ദസ്വരൂപമായ ആത്മാവിന്റെ പ്രതിബിംബത്തെ വഹിക്കുന്നു. ഭോഗശാന്തൗ=ഭോഗത്തിന്റെ അവസാനത്തിൽ നിദ്രാരൂപേണ ലീയതേ=നിദ്രാരൂപമായിട്ടു ലയിക്കുന്നു.

ഭോക്താവെന്ന ശബ്ദത്തിന്റെ വാച്യാർത്ഥമായ ആനന്ദമയകോശത്തിന്റെ സ്വരൂപവും അതു ആത്മാവല്ലെന്നും കാണിക്കുന്നു.

പുണ്യകർമ്മങ്ങളുടെ ഫലം അനുഭവിക്കുന്ന കാലത്തിൽ ബുദ്ധിയുടെ ഒരു വിധമായ വൃത്തി അന്തർഭാഗത്തിൽ പ്രവർത്തിക്കുന്നതായിട്ടു ആത്മസ്വരൂപമായ ആനന്ദത്തിന്റെ പ്രതിബിംബത്തെ സ്വീകരിക്കുന്നു. ആ പുണ്യകർമ്മഫലാനുഭവം ശമിക്കുമ്പോൾ നിദ്രാരൂപത്തിൽ വിലയിക്കുന്നു. ആ വൃത്തിയാണ് ആനന്ദമയകോശം എന്നു പറയപ്പെടുന്നത്.

10. കാദാചിൽകത്വതോ നാത്മാ സ്യാദാനന്ദമയോപ്യയം
ബിംബഭൂതോ യ ആനന്ദ ആത്മാസൗ സർവ്വദാ സ്ഥിതേഃ.

അയംആനന്ദമയഃഅപി=ഈ ആനന്ദമയ കോശവും. ആത്മാനസ്യാത്=ആത്മാവല്ല കാദാചിൽകത്വതഃ=ചിലപ്പോൾ മാത്രം അനുഭവപ്പെടുന്നതുകൊണ്ട്. യഃബിംബഭൂതഃആനന്ദഃ=യാതൊന്നോ ബിംബഭൂതമായ ആനന്ദ . അസൌആത്മാ=ഇതാണ് ആത്മാവ്. സർവ്വദാസ്ഥിതേഃ=എപ്പോഴും ഉള്ളതുകൊണ്ട്.

ഈ ആനന്ദമയകോശവും ആത്മാവല്ല. എന്തുകൊണ്ടെന്നാൽ എപ്പോഴെങ്കിലും ചില സമയങ്ങളിൽ മാത്രമേ ആ നിലയിൽ അനുഭവപ്പെടുന്നുള്ളു. എല്ലാ കോശങ്ങളേയും ഇങ്ങിനെ നിരസിക്കുമ്പോൾ ആത്മാവെന്നു പറയപ്പെടുവാൻ തക്കതായ ഒരു തത്വംതന്നെ ഇല്ലയോ എന്ന ശങ്കയുടെ പരിഹാരത്തിന്നായി ആത്മസ്വരൂപത്തെകാണിക്കുന്നു. പ്രിയം മോദം പ്രമോദം എന്നീ രൂപത്തിൽ വിളങ്ങുന്ന ആനന്ദമയ കോശത്തിൽ പ്രതിഫലിച്ച ആനന്ദത്തിന്നു കാരണമായ ബിംബം യാതൊന്നോ അതാണാത്മാവ്. എന്തുകൊണ്ടെന്നാൽ അതുമാത്രം നിത്യം. ഇവിടെ അനുമാനപ്രമാണം. യാതൊന്നാത്മാവല്ലയോ അതു നിത്യമല്ല. ദേഹാദികളെന്നപോലെ ആകാശാദിഭൂതങ്ങളുടെ സംയോഗത്തിൽനിന്നുണ്ടായ ദേഹാദിക

ളിൽ അവയവങ്ങളായ ഭൂതാദികൾ വേർപെടുമ്പോൾ ദേഹാദികളുമില്ലാതാകുന്നു. ആത്മാവിൽ അവയവസംയോഗമില്ലാത്തതുകൊണ്ട് വിയോഗത്തിന്നോ തജ്ജന്യമായ നാശത്തിന്നോ കാരണമില്ല.

പഞ്ചകോശവ്യതിരിക്തമായി ആത്മാവില്ലെന്ന് പൂർവ്വപക്ഷം.

11. നനു ദേഹമുപക്രമ്യ നിദ്രാനന്ദാന്തവസ്തുഷു
മാഭൂദാത്മത്വ മന്യസ്തു നകശ്ചിദനുഭൂയതേ.

നനുദേഹം ഉപക്രമ്യ=എന്നാൽ ദേഹംമുതൽ. നിദ്രാനന്ദാന്തവസ്തുഷു=നിദ്രാനന്ദം എന്ന ആനന്ദമയംവരെയുള്ള വസ്തുക്കളിൽ ആത്മത്വം മാഭൂത്=ആത്മഭാവം ഉണ്ടാകേണ്ട. അന്യഃ തുകശ്ചിത്=അന്യമായിട്ടാകട്ടെ ഒന്ന്. ന അനുഭൂയതേ=അനുഭവപ്പെടുന്നില്ല.

ഇവിടെ വാദി പറയുന്നു:—എന്നാൽ ദേഹംമുതൽ നിദ്രാനന്ദംവരേയുള്ള വസ്തുക്കൾ നിങ്ങളെടുത്തുകാണിച്ച കാരണങ്ങളാൽ ആത്മാവല്ലെങ്കിൽ അങ്ങിനെയാകട്ടെ ഞാനതിന്നു വിരോധം പറയുന്നില്ല. പക്ഷെ ഇവയിൽ ഉൾപ്പെടാത്തതായ മറ്റൊരു വസ്തുവുണ്ടെന്നു അനുഭവത്തിൽ വരുന്നില്ല. ആരാണ് ഉണ്ടെന്ന് നിശ്ചയിച്ചത് എങ്ങിനെയാണ ത് അനുഭവത്തിൽ വരുന്നത് എന്നറിഞ്ഞാൽകൊള്ളാം. 3-ാം ശ്ലോകത്തിൽ "കാദാചിത്കത്വാൽ" എന്നും 5-ാം ശ്ലോകത്തിൽ "ചൈതന്യവർജ്ജനാൽ" എന്നും 6-ാം ശ്ലോകത്തിൽ "വികാരിത്വാത്" എന്നും, 7ൽ "വിലയാദ്യവസ്ഥാവത്വാൽ" എന്നും, 10ൽ "കാദാചിത്കത്വതഃ" എന്നുമുള്ള ഹേതുക്കളാൽ പഞ്ചകോശങ്ങളോരോന്നും ആത്മാവല്ലെന്നു കാണിച്ചിരിക്കുന്നു.

12. ബാഢംനിദ്രാദയഃസർവ്വേ നുഭൂയന്തേ നചേതരഃ
തഥാപ്യേതേനുഭൂയന്തേ യേനതംകോനിവാരയേത്.

ബാഢംനിദ്രാദയഃസർവ്വേഅനുഭൂയന്തേ=ശരി. നിദ്രാശബ്ദത്തിന്റെ ലക്ഷ്യാർത്ഥമായ ആനന്ദമയം മുതലായവയെല്ലാം അനുഭവിക്കപ്പെടുന്നു. ഇതരഃചന=ഇതരം അനുഭവിക്കപ്പെടുന്നതുമില്ല. തഥാഅപിഏതേ=എങ്കിലും ഇവയെല്ലാം. യേന അനുഭൂയന്തേ=യാതൊരുവനാൽ അനുഭവിക്കപ്പെടുന്നുവോ. തം കഃനിവാരയേത്=അവനെ ആർ നിവാരണംചെയ്യും.

ആനന്ദമയകോശം മുതൽ സ്ഥൂലദേഹംവരെയുള്ള ഭാവങ്ങളെല്ലാം അറിയപ്പെടുന്നുണ്ട്; അതിൽ നിന്നന്യമായിട്ടൊന്നും അറിയപ്പെടുന്നില്ല എന്ന പറഞ്ഞതു സത്യംതന്നെയെന്ന വാദിപക്ഷത്തെ അംഗീകരിച്ചശേഷം ശങ്കക്കു സമാധാനംപറയുന്നു: അന്യമായ ആത്മാവ് അറിയപ്പെടുന്നില്ലെങ്കിലും യാതൊന്നിനാൽ ആനന്ദമയാദികൾ അറിയപ്പെടുന്നുവോ ആ വസ്തുവില്ലെന്ന് ആർക്കു പറവാൻകഴിയും ആനന്ദമയാദികളെ അറിഞ്ഞ അറിവാകുന്ന അനുഭവംതന്നെയാണ് ആത്മസ്വരൂപം എന്നു സമാധാനം. അഞ്ചു പ്രാകാരങ്ങളുടെ വാതിലുകളെ ഓരോന്നായികടന്ന് അകത്തുപോയ "ആൾ" അഞ്ചുപ്രാകാരങ്ങളല്ലാതെ ഈ വീട്ടിൽ ആരുമില്ലെന്നു പറഞ്ഞാലും അങ്ങിനെ പറയുന്ന ഒരുവൻ ആ പ്രാകാരങ്ങളഞ്ചിനും പുറമേയുള്ള ആരാമത്തെവനാകുന്നതുപോലെ പഞ്ചകോശങ്ങളെയും അറിയുന്ന അനുഭവാത്മകമായ ആ ജ്ഞാനം കോശവിലക്ഷണമായ ആരാമത്തോടായ ഒന്നുതന്നെ. അതുതന്നെയാകുന്നു ആത്മാവ്.

ആത്മാവ് ജ്ഞാനത്തിന്നു വിഷയമാവുകയില്ല.

13. സ്വയമേവാനുഭൂതിത്വാ ദിദ്യതേ നാനുഭാവ്യതാ
ജ്ഞാതൃജ്ഞാനാന്തരാഭാവാ ദജ്ഞേയോ നത്വസത്തയാ.

സ്വയം ഏവ അനുഭൂതിത്വാത്=സ്വതേതന്നെ അനുഭവരൂപത്വം ഹേതുവായിട്ട. അനുഭാവ്യതാന വിദ്യതേ=അറിയപ്പെടുവാൻ യോഗ്യമാവുകയെന്ന് സ്ഥിതിയില്ല. ജ്ഞാതൃജ്ഞാനാന്തരാഭാവാത്=അന്യങ്ങളായ ജ്ഞാതാവും ജ്ഞാനവും ഇല്ലാത്തതുകൊണ്ട്. അജ്ഞേയഃ=അറിയപ്പെടുവാൻ യോഗ്യമല്ല. നതു അസത്തയാ=ശൂന്യാത്മകമായതുകൊണ്ടല്ല.

അന്നമയാദികോശങ്ങളെക്കൂടാതെ വേറെ ഒരാത്മാവുണ്ടെങ്കിൽ അതിനെ അറിയേണ്ടതാണെല്ലൊ; അറിയപ്പെടാത്തതുകൊണ്ട്, ഇല്ലെന്നല്ലേ വരുന്നതു എന്ന ശങ്കയെ പരിഹരിക്കുന്നു:—എല്ലാററിനേയും അറിയുന്നവനും അറിവുമാണ് ആത്മാവ്. ആ ആത്മാവിനെ അറിയുവാൻ ആത്മാവിൽനിന്നന്യമായ അറിവോ അറിയുന്നവനോ ഇല്ല. അറിവുതന്നെയായിരിക്കുന്ന ആത്മാവ് അറിവിന്നു വിഷയമാവുകയില്ല ഇല്ലാത്തതുകൊണ്ടല്ല അറിയപ്പെടാത്തത് ആത്മാവിനെ അറിവാൻ അന്യമായ അറിവില്ലാത്തതുകൊണ്ടാണ് അറിയപ്പെടാത്തത് ദേഹാദികളെയറിയുന്നതുകൊണ്ട ആ അറിവാകുന്ന സ്വരൂപത്തോടുകൂടിയ ആത്മാവുണ്ടെന്നു മുമ്പ പറഞ്ഞിട്ടുമുണ്ടല്ലൊ.

ആത്മാവ് ജ്ഞാനവിഷയമാവുകയില്ലെന്നതിന്നു ദൃഷ്ടാന്തം.

14. മാധുര്യ്യാദിസ്വഭാവാനാ മന്യത്ര സ്വഗുണാപ്പിണാം
സ്വസ്മിംസ്തദപ്പണാപേക്ഷാനോനൈവാസ്ത്യന്യാപ്പകം.

മാധുര്യ്യാദിസ്വഭാവാനാം=മാധുര്യ്യം മുതലായ സ്വഭാവത്തോടുകൂടിയും. അന്യത്രസ്വഗുണാപ്പിണാം=ഇതരങ്ങളിൽ സ്വഗുണങ്ങളെ അപ്പിക്കുന്നവയുമായ വസ്തുക്കൾക്ക്. സ്വസ്മിൻതദപ്പണാപേക്ഷാനോ=തന്നിൽ അവയുടെ അപ്പണാപേക്ഷയില്ല. അപ്പകം അന്യത്നഅസ്തി=അപ്പിക്കുന്നതായ അന്യവസ്തുവില്ല.

അനുഭവസ്വരൂപത്തോടുകൂടിയ ആത്മാവിനെ അനുഭവിപ്പാനിതരവസ്തുവില്ലെന്നു പറഞ്ഞതിനെ ദൃഷ്ടാന്തംകൊണ്ട് സ്പഷ്ടമാക്കുന്നു:—മധുരം പുളിപ്പ് എരുവ് മുതലായ സ്വഭാവത്തോടുകൂടിയ ശക്കര പുളി മുളക് മുതലായ പദാത്ഥങ്ങൾ അവയോട് ചേരുന്ന മററ പദാത്ഥങ്ങൾക്ക് ആ വക ഗുണങ്ങളെ നൽകുകയെന്നല്ലാതെ അവയിൽതന്നെ ആ ഗുണങ്ങളെ ഉണ്ടാക്കേണ്ടതായ ആവശ്യമില്ലല്ലൊ. മധുരത്തിൽ മധുരം ഉണ്ടാക്കാനെന്താവശ്യം? അത് അതിൻെറ സ്വഭാവമല്ലേ? മധുരത്തിൽ മധുരമുണ്ടാക്കാൻ അന്യമായ വസ്തുവില്ലതാനും.

15. അപ്പകാന്തരരാഹിത്യേപ്യസ്ത്യേഷാം തൽസ്വഭാവതാ
മാഭൂത്തഥാനുഭാവ്യത്വം ബോധാത്മാതു:നഹീയതേ.

അപ്പകാന്തരരാഹിത്യേഅപി=ശക്കര മുതലായതിന്നു മാധുര്യ്യാദിഗുണങ്ങളെ നൽകുന്ന അന്യവസ്തു ഇല്ലെങ്കിലും. ഏഷാംതൽസ്വഭാവതാഅസ്തി=ഇവയ്ക്ക് ആ സ്വഭാവം ഉണ്ട്. തഥാഅനുഭാവ്യത്വംമാഭൂത്=അപ്രകാരം അനുഭവവിഷയത്വം ഉണ്ടാകേണ്ട. ബോധാത്മാതുനഹീയതേ=ബോധസ്വരൂപമാകട്ടെ ഇല്ലാതാകുന്നില്ല.

ശക്കരാദിവസ്തുക്കൾക്ക് മാധുര്യ്യാദി ഗുണങ്ങളെക്കൊടുക്കുന്ന ഇതരവസ്തുക്കളില്ലെങ്കിലും അവക്ക് ആ ഗുണങ്ങൾ സ്വതേയുള്ളതുപോലെ ജ്ഞാനത്തിന്ന് വിഷയമല്ലാതിരിക്കുന്ന ആത്മാവ് ബോധസ്വരൂപമായിരിക്കുന്നതിന്നു യാതൊരു ഹാനിയുമില്ല.

ആത്മാവ് ജ്ഞാനത്തിന്നു വിഷയമാവുകയില്ല എന്നതിന്നു ശ്രുതിപ്രമാണം.

16. സ്വയംജ്യോതിർഭവത്യേഷ പുരോസ്മാൽ ഭാസതേഖിലാത്
തമേവഭാന്തമനേ്വതി തൽഭാസാ ഭാസ്യതേ ജഗത്.

ഏഷഃസ്വയംജ്യോതിഃഭവതി=ഇവൻ സ്വയം ജ്യോതിസ്സാകുന്നു. അസ്മാൽഅഖിലാൽ=ഇക്കാണപ്പെട്ട എല്ലാററിൽനിന്നും. പുരഃഭാസതേ=മുമ്പേഭാസിക്കുന്നു. ഭാന്തംതംഏവഅനേ്വതി=ഭാസിച്ചുകൊണ്ടിരിക്കുന്ന അവനെത്തന്നെ അനുസരിക്കുന്നു. തൽഭാസാജഗത്ഭാസ്യതേ=അവൻെറ പ്രഭയാൽ ലോകം പ്രകാശിക്കപ്പെടുന്നു.

ഈ ആത്മാവ് സ്വയം പ്രകാശമുള്ളവൻ. ഇക്കാണപ്പെടുന്ന സവ്വവും ഉണ്ടാകുന്നതിന്നു മുമ്പേതന്നെ വിളങ്ങിക്കൊണ്ടിരിക്കുന്നു. ആത്മാവിൻെറ പ്രകാശത്തെ അനുസരിച്ചുതന്നെ ലോകം പ്രകാശിക്കുന്നു. പ്രകാശസ്വരൂപനായ സൂയ്യൻെറ വെളിച്ചംകൊണ്ടു ലൌകികവസ്തുക്കൾ പ്രകാശിക്കുന്നു. സൂയ്യനെ പ്രകാശിപ്പിക്കുവാൻ അന്യപ്രകാശം ആവശ്യമില്ലാത്തതുപോലെ ആത്മപ്രകാശത്തെ അവലംബിച്ചുതന്നെ സൂയ്യാദിതേജോഗോളങ്ങൾകൂടെ പ്രകാശിക്കുന്നു.

"അത്രായം പുരുഷഃസ്വയം ജ്യോതിർഭവതി=ഈ ആത്മാവ് സ്വതേ പ്രകാശിക്കുന്നു. "അസ്മാൽ സവ്വസ്മാൽ പുരതഃ സുവിഭാതി"=ഇക്കാണപ്പെടുന്ന സവ്വത്തേക്കാൾ മുമ്പേ പ്രകാശിക്കുന്നു. "തമേവ ഭാന്തമനുഭാതിസവ്വം"=അവനെത്തന്നെ അനുസരിച്ച് സവ്വവും വിളങ്ങുന്നു. എന്നീ ശ്രുതിവാക്യങ്ങളിൽനിന്നു ആത്മാവ് സ്വയം പ്രകാശിക്കുന്ന വസ്തുവാണെന്നു ധരിച്ചുകൊള്ളുന്നു.

17. യേനേദം ജാനതേ സവ്വം തൽകേനാന്യേന ജാനതാം
വിജ്ഞാതാരം കേനവിദ്യാച്ഛക്തം വേദ്യേതു സാധനം.

യേനഇദംസവ്വം ജാനതേ=യാതൊരുവനാൽ ഇതെല്ലാം അറിയപ്പെടുന്നുവോ. തൽ അന്യേനകേനജാനതാം=അത് അന്യമായ ഏതൊന്നിനാൽ അറിയപ്പെടും. വിജ്ഞാതാരം കേനവിദ്യാത്=അറിയുന്നവനെ ഏതൊന്നുകൊണ്ടറിയും. സാധനംതു=വിഷയത്വേന സാധനമായ മനസ്സാകട്ടെ. വേദ്യേശക്തം=വിഷയത്തിൽമാത്രം സമത്ഥം.

ഏതൊരു സാക്ഷി ചൈതന്യസ്വരൂപമായ ആത്മാവു ഇക്കാണപ്പെടുന്ന സമസ്ത ദൃശ്യവിഷയങ്ങളെ അറിയുന്നുവോ സാക്ഷിയായ ആ ആത്മാവിനെ ജഡമായ മറേറതിനെക്കൊണ്ടാണ് അറിയുക. ഈ വാക്യത്തിൻെറ താല്പര്യമെന്തെന്നാൽ:—ദൃശ്യസമൂഹത്തെ അറിയുന്നവനെ ദൃശ്യമായി ഭവിച്ച ഏതൊന്നിനെക്കൊണ്ടറിയും? ജ്ഞാനസാധനമായ മനസ്സുകൊണ്ടറിഞ്ഞുകൂടയോ എന്ന ചോദ്യത്തിനു സമാധാനം:—ജ്ഞാനത്തിനു സാധനമായ മനസ്സാകട്ടെ ജ്ഞാനത്തിനു വിഷയമായ ജഡവസ്തുക്കളെ അറിവാൻ സമർത്ഥം. ജ്ഞാതാവായ ആത്മാവിനെ അറിവാൻ സമർത്ഥമല്ല. "യേനേദം സർവ്വം വിജാനാതിതംകേന വിജാനീയാത്" എന്ന ശ്രുതിയുടെ അർത്ഥമാണ് പൂർവ്വപാദം. "നൈവവാചാ നമനസാ" വാക്കുകൊണ്ടോ, മനസ്സുകൊണ്ടോ ആത്മാവിനെക്കുറിച്ചു പറവാനോ അറിവാനൊ കഴികയില്ല എന്ന ശ്രുതിയുടെ അർത്ഥം ഉത്തരപാദം. ഒരേവസ്തു കർത്താവും കർമ്മവുമാവുകയെന്നതു വിരോധം എന്നു സാരം.

18. സവേത്തി വേദ്യം തൽസർവം നാന്യസ്തസ്യാസ്തി വേദിതാ
വിദിതാവിദിതാഭ്യാംതത് പൃഥക് ബോധസ്വരൂപകം.

സഃതൽസർവ്വംവേദ്യംവേത്തി=അവൻ ആ സർവ്വമായ വേദ്യത്തെ അറിയുന്നു. തസ്യവേദിതാ അന്യഃ ന അസ്തി=അവനെ അറിയുന്ന അന്യൻ ഇല്ല. വിദിതാവിദിതാഭ്യാം=അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ രണ്ടിൽനിന്നും. പൃഥക്ബോധസ്വരൂപകം=വേറിട്ടതായ ബോധമാണ് അതിൻെറ സ്വരൂപം.

ഏതേത് അറിയപ്പെടുവാൻ യോഗ്യമോ അതാതിനെ വേദ്യമെന്നു പറയും. അതിനെയെല്ലാം ആത്മാവറിയുന്നു. അറിയുന്നവനാരോ അതാണാത്മാവ് എന്നുസാരം. ആ ആത്മാവിനെ അറിയുവാൻ അന്യനില്ല. "സവേത്തിവേദ്യം നചതസ്യാസ്തിവേത്താ" എന്ന ശ്രുതി ഇവിടെ പ്രമാണം എന്നു കാണിപ്പാൻ ആ ശ്രുതിയുടെ അർത്ഥത്തെ പൂർവ്വപാദംകൊണ്ടു കാണിച്ചു. ബോധസ്വരൂപമായ ബ്രഹ്മം (ആത്മാവ്) അറിയപ്പെട്ടതുമല്ല അറിയപ്പെടാതെ അജ്ഞാനത്താൽ ആവൃതമായിരിക്കുന്നതുമല്ല. രണ്ടിൽനിന്നും വേറിട്ടിരിക്കുന്ന അറിവാണിതിൻെറ സ്വരൂപം. "അന്യദേവതദ്വിദിതാദഥോ അവിദിതാദധി" എന്ന ശ്രുതിവാക്യാർത്ഥം ഉത്തരപാദംകൊണ്ടും കാണിച്ചിരിക്കുന്നു.

ആത്മാവുണ്ടെന്നു് അനുഭവമില്ല എന്നു പറയുന്നവനോടു പരിഹാസപൂർവ്വമായ ഉത്തരം.

19. ബോധേപ്യനുഭവോ യസ്യ നകഥംചന ജായതേ
തം കഥം ബോധയേച്ഛാസ്ത്രം ലോഷ്ഠം നരസമാകൃതിം.

യസ്യബോധേഅപി=യാതൊരുവന്നു് പ്രത്യക്ഷമായ ബോധത്തിലും. അനുഭവഃകഥംചന=അനുഭവം പ്രയാസപ്പെട്ടിട്ടും. നജായതേ=ഉണ്ടാകുന്നില്ലയോ. നരസമാകൃതിംതംലോഷ്ഠം=മനുഷ്യാകൃതിയുള്ള ആ മൺകട്ടയെ. ശാസ്ത്രംകഥംബോധയേത്=ശാസ്ത്രം എങ്ങിനെ ബോധിപ്പിക്കും.

അറിയപ്പെട്ടതിലും അറിയപ്പെടാത്തതിലും ഉൾപ്പെടാത്തതായ ഒരറിവുണ്ടെന്നു പറഞ്ഞതു് അനുഭവപ്പെടുന്നില്ല എന്നാണ് ആക്ഷേപമെങ്കിൽ അത് അർത്ഥമില്ലാത്ത ആക്ഷേപമാണ് എന്നു പരിഹാസരീതിയിൽ കാണിക്കുന്നു:—ഘടാദിപദാർത്ഥങ്ങളെക്കുറിച്ചുള്ള അറിവു യാതൊന്നോ അതുതന്നെയാണ് ബോധം. ആ ബോധം അനുഭവപ്പെടുന്നില്ലെങ്കിൽ ഇതുഘടമാണ് ഇതു പടമാണ് എന്നുള്ള പദാർത്ഥജ്ഞാനംതന്നെയുണ്ടാവാനവകാശമില്ല. പദാർത്ഥജ്ഞാനമുണ്ടായിയെന്നാണ് പറയുന്നതെങ്കിൽ എന്നാൽ ബോധസ്വരൂപവും അനുഭവപ്പെട്ടുവല്ലൊ. ഇത്രത്തോളം നിത്യാനുഭവത്തിൽ എല്ലാവർക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ബോധത്തിൻെറ സ്വരൂപം അറിയാത്ത ഒരുവനുണ്ടെങ്കിൽ മനുഷ്യൻെറ ആകൃതിയോടുകൂടിയ ആ മൺകട്ടയെ ബോധിപ്പിക്കുവാൻ ശാസ്ത്രത്തിന്നെങ്ങിനെസാധിക്കും? ഓരോ മനുഷ്യനുമുണ്ടാകുന്ന പദാർത്ഥബോധം യാതൊന്നോ ആ ബോധത്തെ പദാർത്ഥസംബന്ധമില്ലാത്തനിലയിൽ—വിഷയസംബന്ധമില്ലാത്ത സ്വരൂപത്തിൽ—താനെതന്നെ വിളങ്ങുന്നനിലയിൽ-ബുദ്ധിവൃത്തികൊണ്ടു കാണാനുവെങ്കിൽ ആത്മസ്വരൂപമായ ബോധം സ്വയമേവ പ്രകാശിച്ചുവെന്നുള്ള അനുഭവം മനുഷ്യമാത്രനുണ്ടാകാവുന്നതുതന്നെ. അത്രക്കുപോലും സംസ്കാരം സിദ്ധിക്കാത്ത മന്ദാധികാരികൾക്ക് വേദാന്തശാസ്ത്രസാരം മനസ്സിലാകുവാൻ വിഷമംതന്നെയെന്നഭിപ്രായം. അറിവിന്നു വിഷയം എന്നു പറയുമ്പോൾ അറിവ് എന്നത് ആ വിഷയത്തിന്ന് വിശേഷണതയാ വേറൊന്നായിട്ടാണ് പ്രകാശിക്കുന്നത്. അങ്ങിനെയുള്ള ഈ അറിവായത് തൻെറ വിഷയങ്ങൾ, വിഷയങ്ങളല്ലാത്തവ, ഇവയിൽനിന്ന് വേറെയാണെന്നത് പ്രത്യക്ഷമായിത്തന്നെയിരിക്കുന്നു. ഇങ്ങിനെയിരിക്കുന്ന അറിവിൽ യാതൊരുവന്ന് അനുഭവമുണ്ടാകാതിരിക്കുന്നുവോ അവനെ മനുഷ്യാകൃതിയിലിരിക്കുന്ന മൺകട്ടയെന്നോ വിചാരിക്കാനുള്ളവെന്നു ചുരുക്കം.

ആത്മാവറിയപ്പെടുന്നില്ല എന്നു പറയുന്നതിൽ സദൃഷ്ടാന്തമായി വ്യാഘാതദോഷം.

20. ജിഹ്വാമേസ്തി നവേത്യുക്തി ർല്ലജ്ജായൈ കേവലം യഥാ
നബുദ്ധ്യതേ മയാബോധോ ബോദ്ധവ്യഇതി താദൃശീ.

മേജിഹ്വാഅസ്തീനവാഇതിഉക്തിഃ=എനിക്ക് ജിഹ്വയുണ്ടോ ഇല്ലയോ എന്ന ഭാഷണം. യഥാകേവലം ലജ്ജായൈ=എപ്രകാരം വെറും ലജ്ജക്കായിക്കൊണ്ടു ഭവിക്കുന്നുവോ മയാബോധഃനബുദ്ധ്യതേ=എന്നാൽ ബോധം ബോധിക്കപ്പെടുന്നില്ല. ബോദ്ധവ്യഃഇതിഉക്തിഃതാദൃശീ=ഇനിമേൽ ബോധിക്കപ്പെടേണം എന്ന വാക്കും ആവിധമാകുന്നു.

അറിവ് അറിയപ്പെടുന്നില്ല എന്ന വാക്കുതന്നെ വ്യാഹതമാണെന്നു ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—എനിക്ക് ജിഹ്വയുണ്ടോ ഇല്ലയൊ എന്നൊരാൾ പറയുന്നതു ഏതുവിധം ലജ്ജാവഹമോ അതുപോലെ ലജ്ജാവഹമാണ് അറിവ് എന്നാൽ അറിയപ്പെടുന്നില്ല. ഇനിമേൽ അറിയപ്പെടേണ്ടതായിരിക്കുന്നുവെന്നു പറയുന്നതും. അറിയപ്പെട്ടില്ല എന്നു പറയുന്നതുതന്നെ അറിവല്ലെയോ? അറിയപ്പെട്ടില്ല എന്നറിയാത്ത ഒരാൾ എങ്ങിനെ അതുപറയും? അറിഞ്ഞുവെന്നും അറിയപ്പെട്ടില്ല എന്നും പറയുന്നതൊക്കെ അറിവിന്റെ സ്ഫുരണരൂപമായിരിക്കേ അറിവ് അറിയപ്പെട്ടില്ല എന്ന വാക്ക് എങ്ങിനെ നിലനില്ക്കും എന്നാലോചിച്ചാൽ അറിവുമാത്രമല്ലാതെ മറ്റൊന്നും വാസ്തവമല്ലെന്നാക്കാണറിവാൻ കഴിയാത്തത്?

ബ്രഹ്മനിശ്ചയമാകുന്ന വൃത്തിയുടെ സ്വരൂപം.

21. യസ്മിൻയസ്മിന്നസ്തി ലോകേ ബോധസ്തത്തദുപേക്ഷണേ
യൽബോധമാത്രം തൽബ്രഹ്മേത്യേവം ധീർബ്രഹ്മനിശ്ചയഃ.

ലോകേ യസ്മിൻയസ്മിൻ ബോധഃ അസ്തി=ലോകത്തിൽ ഏതേതുവിഷയത്തിൽ ബോധമുണ്ടാകുന്നുവോ. തത്തദുപേക്ഷണേ=അതാതിനെ ഉപേക്ഷിക്കുമ്പോൾ യത് ബോധമാത്രം=യാതൊന്നു ബോധം മാത്രമോ. തത് ബ്രഹ്മഇതി ഏവം=അതു ബ്രഹ്മം എന്നവിധത്തിലുള്ള. ധീഃ ബ്രഹ്മനിശ്ചയഃ=ബുദ്ധി ബ്രഹ്മനിശ്ചയമാകുന്നു.

ഘടാദിസ്ഫുരണരൂപമായ ബോധം ആവിധമുണ്ടെന്നിരിക്കട്ടെ ബ്രഹ്മജ്ഞാനസ്വരൂപത്തെ പ്രതിപാദിക്കുന്നതായ ഇപ്പോഴത്തെ പ്രകൃതത്തിൽ ഈ ബോധത്തിന്റെ സ്വരൂപമെന്താണെന്നു കാണിക്കുന്നു:—ലോകത്തിൽ ഏതേതു പദാർത്ഥങ്ങളെക്കുറിച്ചു ബോധമുണ്ടാകുന്നുവോ—ഇതു ഘടമാണ്, ഇതു പടമാണ് എന്ന അറിവ് ഉണ്ടാകുന്നുവോ—അതാതുവിഷയങ്ങളെ—ഘടാദിപദാർത്ഥങ്ങളെ ബോധത്തിൽനിന്നു ബുദ്ധിപൂർവ്വം വേർതിരിച്ചാൽ ആ ഘടാദികളിലെല്ലാം ഇടവിടാതെ വ്യാപിച്ചിരുന്ന സ്ഫുരണമായ ബോധം മാത്രം യാതൊന്നൊ അതുതന്നെ ബ്രഹ്മമെന്നുള്ള ബുദ്ധിയുണ്ടായാൽ ബ്രഹ്മജ്ഞാനമുണ്ടായി. ഘടപടാദിവിഷയങ്ങളെ ബുദ്ധിപൂർവ്വം ഉപേക്ഷിക്കുകയെന്നു മുകളിൽ പറഞ്ഞതിന്റെ അർത്ഥം:—അവയെ അനാദരിക്കുക: സത്യമല്ലെന്നു കാണുക എന്നാണ്. സത്യമല്ലാത്ത ആ പദാർത്ഥങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്ന ഏതൊരു സത്യവസ്തുവിനെ ആശ്രയിച്ചിട്ട് അവ സത്യവസ്തുക്കളെന്നപോലെ വിളങ്ങുന്നുവോ സർവ്വാവഭാസകമായ അതുതന്നെ ബ്രഹ്മമെന്നുള്ള നിശ്ചയാത്മികയായ ബുദ്ധിയുണ്ടാകുന്നതാണ് ബ്രഹ്മജ്ഞാനമെന്നു സാരം.

ബ്രഹ്മജ്ഞാനത്തിൽ പഞ്ചകോശവിവേകം ഉപയോഗിക്കപ്പെടുന്ന വിധം.

22. പഞ്ചകോശപരിത്യാഗേ സാക്ഷിബോധാവശേഷതഃ
സ്വസ്വരൂപം തദേവ സ്യാച്ഛൂന്യത്വം തസ്യ ദുർഘടം.

പഞ്ചകോശപരിത്യാഗേ=പഞ്ചകോശങ്ങളെ അനാത്മാക്കൾ എന്നുകണ്ടുപേക്ഷിക്കുമ്പോൾ. സാക്ഷിബോധാവശേഷതഃ=സാക്ഷിയായ ബോധം അവശേഷിക്കുന്നതുകൊണ്ട്. തത് ഏവ സ്വസ്വരൂപം സ്യാത്=അതുതന്നെ തന്റെ സ്വരൂപമാകും. തസ്യ ശൂന്യത്വം ദുർഘടം=അതിന്റെ ശൂന്യഭാവം ഘടിക്കയില്ല.

ഘടാദിവിഷയങ്ങളെ ഉപേക്ഷിക്കുന്നതുകൊണ്ട് അവക പദാർത്ഥങ്ങളെ കുറിച്ചുള്ള ബോധം മാത്രം ബ്രഹ്മമെന്നറിയുവാൻ കഴിയുമെങ്കിൽ പഞ്ചകോശവിവേചനം ചെയ്തതിന്റെ ആവശ്യം എന്താണെന്നുള്ള ശങ്കക്കു സമാധാനം:—ഓരോ ശരീരത്തിലും വിളങ്ങുന്ന ബോധസ്വരൂപമായ പ്രത്യഗാത്മാവ് ഇവയാണെന്നറിഞ്ഞാൽ മാത്രമേ ജനനമരണപ്രവാഹരൂപമായ സംസാരത്തിൽനിന്നു മുക്തിയുണ്ടാക

യുള്ളു. പ്രത്യഗാത്മാവിനെ അറിവാനാണ് പഞ്ചകോശവിവേചനം ചെയ്തതു്. അന്നമയാദികളായ അഞ്ചുകോശങ്ങളും ആത്മാവല്ലെന്നു കണ്ടു് ബുദ്ധിപൂർവ്വം അവയെ പരിത്യജിച്ചാൽ സാക്ഷിരൂപമായ ബോധം മാത്രം അവശേഷിക്കുന്നു അതാണ് നിഷേധിക്കപ്പെടുവാൻ കഴിയാത്തതായ നിജസ്വരൂപം. അതുതന്നെ ബ്രഹ്മം. അനുഭവസിദ്ധങ്ങളായ അന്നമയാദികളെയെല്ലാം ഉപേക്ഷിച്ചാൽ പിന്നെ ശൂന്യം തന്നെ അവശേഷം എന്നു ശങ്കിപ്പാനവകാശമില്ല. അന്നമയാദികളെ അനാത്മാക്കളായി കണ്ടറിഞ്ഞ ബോധസ്വരൂപമായ സാക്ഷിചൈതന്യം പ്രകാശിക്കുന്നുവല്ലോ. അതു ശൂന്യമാണെന്നു സ്ഥാപിക്കാനാർക്കു കഴിയും. ശൂന്യത്തിന്റേയും സാക്ഷിയായ ബോധം എങ്ങിനെ ശൂന്യമാകും. ഒന്നുമില്ലെന്നുള്ള കാഴ്ച ബോധരൂപമാകയാൽ പ്രത്യഗാത്മാവായ ബോധസ്വരൂപം പഞ്ചകോശപരിത്യാഗത്തിൽ പ്രകാശിക്കും. അതിനാൽ പഞ്ചകോശവിവേചനം ആവശ്യംതന്നെ.

23. അസ്തി താവൽ സ്വയംനാമ വിവാദാവിഷയത്വതഃ
സ്വസ്മിന്നപിവിവാദശ്ചേൽ പ്രതിവാദ്യത്ര കോഭവേത്.

സ്വയം നാമതാവത്=സ്വസ്വരൂപം എന്നതു് അപ്പോൾ. വിവാദാവിഷയത്വതഃ=വിവാദവിഷയമല്ലാത്തതുകൊണ്ടു്. അസ്തി=ഉണ്ടു. സ്വസ്മിൻ അപി=തന്നിലും. വിവാദഃചേത്=വിവാദമുണ്ടെങ്കിൽ. അത്ര പ്രതിവാദികഃ ഭവേത്=ഇതിൽ പ്രതിവാദി ആരുണ്ടാകും.

ബോധസ്വരൂപമായ ആത്മാവു് ശൂന്യമാണെന്നു സ്ഥാപിക്കാൻ സാധിക്കയില്ലെന്നു പറഞ്ഞതിനെ ഉപപാദിക്കുന്നു:—ആദ്യമായിട്ടു ഞാനെന്ന ശബ്ദത്താൽ എല്ലാവരും പറയുന്നതായ തന്റെ സ്വരൂപം ശാസ്ത്രം അറിയാത്തവനും അറിഞ്ഞവനും ഉണ്ടെല്ലോ. ഉണ്ടോ ഇല്ലയോ എന്ന വാദപ്രതിവാദത്തിന്നവകാശമില്ലെന്നതു സ്പഷ്ടംതന്നെ. തന്നിലും വിപ്രതിപത്തിയുണ്ടാകുമെങ്കിൽ–താൻതന്നെയില്ലെന്നു വരുമെങ്കിൽ പിന്നെ ഉണ്ടോ ഇല്ലയോ എന്നു സംശയിപ്പാൻ ആരുംതന്നെയില്ലാതായതുകൊണ്ടു് വാദവുമില്ല പ്രതിവാദവുമില്ല. അഥവാ സംശയിക്കുന്നവനുണ്ടെങ്കിൽ സംശയിക്കുന്നതാരോ അതുതന്നെ ആത്മാവു് എന്നു അറിഞ്ഞുകൊള്ളേണം.

24. സ്വാസത്വം തു നകസ്യൈചിദ്രോചതേ വിഭ്രമം വിനാ
അതഏവ ശ്രുതിർബാധം ബ്രൂതേ ചാസത്വവാദിനഃ.

സ്വാസത്വം തു=തന്റെ അസൽഭാവമാകട്ടെ. വിഭ്രമംവിനാ=ബുദ്ധിഭ്രമംകൂടാതെ. കസ്യൈചിത് നരോചതേ=ആർക്കും രുചിക്കുന്ന ഒന്നല്ല. അതഃഏവശ്രുതിഃ=അതുകൊണ്ടുതന്നെ ശ്രുതി. അസത്വവാദിനഃ=അസത്വവാദിയുടെ. ബാധംബ്രൂതേ=ബാധത്തെ പറയുന്നു.

ഭ്രാന്തനല്ലാത്ത ഒരുവനും താനില്ലെന്നു വിചാരിക്കുകയെന്നതു് ഇഷ്ടമാകയില്ല. അതുകൊണ്ടുതന്നെ ശ്രുതി തന്റെ അസൽഭാവത്തെ–ഇല്ലായ്മയെ–വാദിക്കുന്ന ഒരുവനില്ലെന്നു പറയുന്നതു്. ആത്മാവില്ലെന്നു വാദിക്കുന്നവൻതന്നെ പ്രതിവാദിയെന്ന ശങ്കക്കവകാശമില്ല. ഇല്ലാത്ത ഒരുവൻ ഞാനില്ലെന്നു വിചാരിക്കുന്നതെങ്ങിനെ. ഞാനില്ലെന്ന ബോധമുണ്ടാകുമെങ്കിൽ ആ ബോധംതന്നെ ആത്മസ്വരൂപമെന്നു വിചാരിക്കേണ്ടതാണെന്നു സാരം.

ശൂന്യവാദിക്കു ബാധ പറയുന്ന ശ്രുതിയും അതിനാലുണ്ടായ ഫലിതാർത്ഥവും.

25. അസൽ ബ്രഹ്മേതി ചേദ്വേദ സ്വയമേവഭവേദസത്
അതോസ്യമാഭൂദ്വേദ്യത്വം സ്വസത്വന്ത്വഭ്യുപേയതാം.

ബ്രഹ്മഅസത് ഇതി=ബ്രഹ്മം ഇല്ലെന്നു്. വേദചേത്=അറിയുന്നുവെങ്കിൽ. സ്വയംഏവഅസത് ഭവേത്=അങ്ങിനെയറിഞ്ഞതാൻതന്നെയില്ലെന്നു വരും. അതഃഅസ്യവേദ്യത്വംമാഭൂത്=അതുകൊണ്ടിതിന്നു വേദ്യത്വം ഉണ്ടാകേണമെന്നില്ല. സ്വസത്വം തു അഭ്യുപേയതാം=താനുണ്ടെന്നു സമ്മതിച്ചാൽ മതി.

സ്വാസത്വത്തെ പ്രതിപാദിക്കുന്ന ശ്രുതിയേതാണെന്നറിവാനാഗ്രഹിക്കുന്നവനോടു "അസന്നേവ സഭവതി" എന്ന ശ്രുതിയുടെ അർത്ഥം ശ്ലോകരൂപത്തിൽ ആചാര്യദേവൻ പറയുന്നു:—ബ്രഹ്മം ഇല്ലാത്തതാണെന്നു ഞാനറിയുന്നുവെന്നു നീ വാദിക്കുന്നുവെങ്കിൽ ഇല്ലാത്തതാണെന്നറിഞ്ഞ നീതന്നെയാണ് ഇല്ലെന്നു വരുന്നതു്. അതുകൊണ്ടു ബ്രഹ്മം അറിവിന്നു വിഷയമാകേണ്ടതായ ആവശ്യംതന്നെ നേരിടുന്നില്ല. നീയുണ്ടെന്നു സമ്മതിച്ചുവെങ്കിൽ ബ്രഹ്മമുണ്ടെന്നു നന്നായറിഞ്ഞു കഴിഞ്ഞു. ഏതൊരു ബ്രഹ്മമോ നിന്റെയറിവിന്നു വിഷയമായില്ലെന്നു നീ വിചാരിക്കുന്നതു് ആ ബ്രഹ്മം നീതന്നെയാണെന്നു ശ്രുതി ബോധിപ്പിക്കുന്നുവെന്നു സാരം.

ആത്മാവെങ്ങിനെയുള്ളതെന്ന ചോദ്യത്തിനുത്തരം.

26. കീദൃക്തർഹീതിചേൽ പൃച്ഛേ ദീദൃക്താ നാസ്തി തത്ര ഹി
യദനീദൃഗതാദൃക്ച തൽസ്വരൂപം വിനിശ്ചിനു.

തർഹികീദൃക്=എന്നാൽ ഏതുമാതിരിയുള്ളത്. ഇതിപൃച്ഛേത്ചേത്=എന്നു ചോദിക്കമെങ്കിൽ. തത്രഈദൃക്താനാഹിഅസ്തി=അതിൽ ഈവിധം എന്നത് ഇല്ല നിശ്ചയം. യത്അനീദൃക്അതാദൃക്ച=യാതൊന്നോ ഈവിധമെന്നും ആവിധമെന്നുമില്ലാത്തത് തൽസ്വരൂപംവിനിശ്ചിനു=അതാണ് സ്വരൂപമെന്നു നിശ്ചയിച്ചുകൊൾക.

സ്വസത്തകൊണ്ടുതന്നെ ബ്രഹ്മസത്തയെ—ശിഷ്യനെ ബോധിപ്പിച്ച ഗുരുദേവൻ ഇപ്പോൾ ആത്മാവ് സ്വയംപ്രകാശിക്കുന്ന സ്വരൂപമാണെന്നുകൂടെ ബോധിപ്പിക്കാനുപകരിക്കുന്ന ചോദ്യത്തെ പുറപ്പെടുവിക്കുന്നു:—ആത്മാവ് അറിവിന്നു വിഷയമല്ലെങ്കിൽ അതിന്റെ സ്വരൂപം ഏതുവിധത്തിലാണെന്നു ചോദിക്കുന്നുവെങ്കിൽ ആത്മാവിൽ നിശ്ചയമായിട്ടും ഇന്നവിധത്തിലുള്ളത് എന്ന വിശേഷം ഇല്ലവേയില്ല. എന്നാൽ സ്വരൂപജ്ഞാനവുമുണ്ടാകുന്നില്ലെന്ന് ശങ്കിക്കുന്നവനോടു പറയുന്നു:—ഈവിധം ആവിധം എന്നു പറവാൻ വിശേഷവിധികളൊന്നുമില്ലാത്തതായ വസ്തുവാണെന്നു നിശ്ചയിച്ചുകൊൾക. ഇതിലടങ്ങിയ സാരം:—ആത്മാവ് ഇന്നവിധത്തിലിരിക്കുന്നുവെന്നൊരു വിശേഷമുള്ളതാണെന്നു സമ്മതിച്ചുവെങ്കിൽ ആ രൂപം അറിവിന്നു വിഷയമായല്ലൊ. അപ്പോൾ അറിവിന്നു വിഷയമല്ലെന്നു മുമ്പേ ചെയ്ത സിദ്ധാന്തം ഉടഞ്ഞുപോയി. അതംഗീകരിക്കാഞ്ഞാലൊ ശൂന്യമാണെന്നു പിന്നേയും വാദിക്കാം. ആ വാദമുണ്ടാകാതിരിപ്പാൻ പറഞ്ഞതാണ്:—ഇപ്രകാരം അപ്രകാരം എന്നൊരുവിധത്തിലുള്ള വിശേഷമില്ലാത്ത ഒന്നാണെന്ന് നിശ്ചയിച്ചുകൊൾക എന്ന്. ഇതിൽനിന്നു ആത്മാവ് സ്വയം പ്രകാശസ്വരൂപമെന്നു സിദ്ധിക്കുന്നു. ദേഹാദിഭാവങ്ങളിൽ ഉറച്ചിരിക്കുന്ന അഹംബുദ്ധിയെ പരിത്യജിച്ചു ബോധാനന്ദസ്വരൂപംതന്നെ ആത്മാവെന്ന ബുദ്ധിയെ ഉറപ്പിക്കുമ്പോൾ ഈ വിധം ആ വിധം എന്നു പറവാൻ തക്ക വിശേഷമൊന്നുമില്ലാത്ത ആത്മസ്വരൂപം സ്വയമേവ വിളങ്ങുമെന്നാണ് ഇതിലടങ്ങീട്ടുള്ള രഹസ്യാംശം.

ഈദൃക് താദൃക് ശബ്ദങ്ങളുടെ അർത്ഥവും ആ ശബ്ദങ്ങളാൽ ആത്മാവ് വാച്യമല്ല എന്നും.

27. അക്ഷാണാം വിഷയസ്ത്വീദൃക് പരോക്ഷസ്താദൃഗുച്യതേ
വിഷയീ നാക്ഷവിഷയഃ സ്വത്വാന്നാസ്യപരോക്ഷതാ.

അക്ഷാണാം വിഷയഃ തു ഈദൃക്=ഇന്ദ്രിയങ്ങൾക്കു വിഷയമായതാകട്ടെ ഇപ്രകാരമെന്നു പറയപ്പെടുവാൻ തക്കവസ്തു പരോക്ഷഃതാദൃക് ഉച്യതേ=ഇന്ദ്രിയവിഷയമല്ലാതിരിക്കുന്ന ധർമ്മം മുതലായത് ആവിധം എന്നു പറയപ്പെടുന്നു. വിഷയീ അക്ഷ വിഷയഃന=വിഷയം അറിയുന്ന ആത്മാവ് ഇന്ദ്രിയങ്ങൾക്കു വിഷയമല്ല സ്വത്വാത്=സ്വാത്മഭാവം നിമിത്തം. അസ്യപരോക്ഷതാ ന=ഇതിന്നു പരോക്ഷഭാവം ഇരിക്കയില്ല.

പ്രതിജ്ഞാമാത്രത്താൽ കാര്യലാഭമുണ്ടാകുന്നില്ല. ഇന്നവിധമാണ് ആത്മസ്വരൂപമെന്നു പറയാതെ കാര്യം മനസ്സിലാകുന്നതെങ്ങിനെയെന്ന ശങ്കയെ പരിഹരിപ്പാൻ ഈവിധം ആവിധം എന്നതിന്റെ അർത്ഥം പറയുന്നു:—ഇന്ദ്രിയങ്ങൾകൊണ്ടറിവാൻ കഴിയുന്ന ഘടാദിവിഷയങ്ങളുടെ ആകൃത്യാദി ഗുണങ്ങളെ പറവാൻ കഴിയും. അപ്പോൾ ആവക പദാർത്ഥങ്ങളെ കുറിച്ചാണ് ഈദൃക്—ഈവിധം— എന്നു പറയാറുള്ളത്. ഇന്ദ്രിയങ്ങൾക്ക് വിഷയമല്ലാതിരിക്കുന്ന ധർമ്മാദികളെകുറിച്ച് താദൃക്—ആവിധം—എന്നും പറയാറുണ്ട്. വിഷയങ്ങളെ അറിയുന്ന ബോധസ്വരൂപനായ ആത്മാവ് ഇന്ദ്രിയങ്ങൾക്ക് വിഷയമല്ലാത്തതുകൊണ്ട് ഈവിധം എന്നു പറയപ്പെടുവാൻ കഴിയുന്ന വസ്തുവല്ല. ആ ബോധംതന്നെ താൻ എന്നു വന്നതുകൊണ്ട് പരോക്ഷമാണെന്നും പറഞ്ഞുകൂടാ. അപ്പോൾ ആവിധം എന്നും പറയപ്പെടുവാൻ കഴിയാത്ത വസ്തുവാണാത്മാവ് എന്നല്ലയൊ വന്നുകൂടുന്നത്. പിന്നെയെങ്ങിനെയാണ് ഈ വിധം ആവിധം എന്ന ശബ്ദങ്ങളെക്കൊണ്ടു ആത്മസ്വരൂപത്തെ പറയുക. അതു സാദ്ധ്യമല്ല. സ്വാനുഭൂതിയാൽ മാത്രമെ ആത്മസ്വരൂപം വിളങ്ങുകയുള്ളുവെന്നു സാരം.

ആത്മാവിന്റെ സ്വപ്രകാശസ്വരൂപമായ ഫലിതാർത്ഥത്തെ കാണിക്കുക എന്ന
വ്യാജേന ശൂന്യനിരസനം.

28. അവേദ്യോപ്യപരോക്ഷോതഃ സ്വപ്രകാശോ ഭവത്യയം
സത്യം ജ്ഞാനമനന്തം ചേത്യസ്തീഹ ബ്രഹ്മലക്ഷണം.

അവേദ്യഃ അപി=അറിയപ്പെടുവാൻ കഴിയാത്തതാണെങ്കിലും. അപരോക്ഷഃ=പരോക്ഷമല്ല അതഃ ആ

യം=അതുകൊണ്ടു ഈ ആത്മാവ്. സ്വപ്രകാശഃ ഭവതി=സ്വപ്രകാശനാകുന്നു. സത്യം ജ്ഞാനം അനന്തം=സത്യവും ജ്ഞാനവും അനന്തവും. ബ്രഹ്മലക്ഷണം ഇഹ അസ്തി=എന്ന ബ്രഹ്മലക്ഷണം ഈ ആത്മാവിലുണ്ട്.

ഇന്നവിധത്തിലാണെന്നു പറവാൻതക്ക നിലയിൽ അല്ലാത്തതുകൊണ്ടു ശൂന്യമൊ ആത്മാവെന്ന രണ്ടാമത്തെ ശങ്കയെ ഫലദർശനമെന്ന വ്യാജേന പരിഹരിക്കുന്നു:—അറിയപ്പെടുവാൻ കഴികയില്ലെങ്കിലും ആത്മാവ് പരോക്ഷമല്ല. (അപ്രത്യക്ഷമല്ല) സ്വപ്രകാശസ്വരൂപനായ ആത്മാവു പ്രത്യക്ഷമായിത്തന്നെ സ്വാനുഭവരൂപേണ എല്ലാവരിലും വിളങ്ങുന്നു. സത്യവും ജ്ഞാനവും അനന്തവുമാണ് ബ്രഹ്മം എന്നു ശ്രുതിയിൽ പറഞ്ഞിട്ടുള്ള ബ്രഹ്മലക്ഷണം ആത്മാവിലുള്ളതുകൊണ്ടു ആത്മാവ് ബ്രഹ്മംതന്നെ. ആത്മാവുണ്ടെന്നുള്ള അനുഭവം എല്ലാവർക്കും ഉള്ളതുകൊണ്ടാണ് പ്രത്യക്ഷമെന്നു പറഞ്ഞത്. ഇവിടെ ആലോചിക്കേണ്ടതായ ചില ശാസ്ത്രമര്യാദയെ കാണിക്കാം:—ആത്മാവ് സ്വപ്രകാശസ്വരൂപനാണ്. അറിവിനു വിഷയമാകാതെതന്നെ എല്ലാവർക്കും അനുഭവപ്പെട്ടിരിക്കുന്നുവെന്നതാണ് സ്വയം പ്രകാശമെന്നു പറവാൻ കാരണം. അറിവിനു വിഷയമല്ലെന്നു പറഞ്ഞത് എന്തുകൊണ്ടെന്നാൽ:—ഒരേ ആത്മാവ്—ബോധരൂപൻ കർത്താവായും കർമ്മമായുമിരിക്കുകയെന്നത് സംഭവിക്കത്തക്കതല്ല: അറിവുതന്നെ അറിവിനെ അറിഞ്ഞു എന്നാണല്ലൊ കർത്താവായും കർമ്മമായും ഭവിച്ചാൽ പറയേണ്ടത്. അപ്പോൾ കർത്താവായ അറിവും കർമ്മമായ അറിവും ഒന്നോ ഭിന്നമോ? എന്ന ശങ്കക്കവകാശമുണ്ട്. ഭിന്നമാണെന്നുവന്നാൽ അറിവ് എത്രവിധമാണ് എന്ന ചോദ്യം പുറപ്പെടും. അറിവിന്ന് വിശേഷവിധത്വമില്ലെന്നു മുമ്പേ സമർത്ഥിച്ചിരിക്കയാൽ ഇങ്ങിനെ ഒരു ചോദ്യമുണ്ടാവാൻ കാരണമായ കർമ്മകർത്തൃത്വം ആത്മാവിൽ സ്ഥാപിപ്പാൻ ന്യായമില്ല ഒരേവസ്തു കർത്താവായും കർമ്മമായും ഇരിക്കയില്ലെന്നാണ് ശാസ്ത്രമര്യാദ. സ്വസ്വരൂപത്താൽ കർത്തൃത്വവും വിശിഷ്ടരൂപത്താൽ കർമ്മവുമായാൽ എന്താ വിരോധം എന്നു ചോദിക്കുന്നതായാൽ സഞ്ചരിക്കുന്ന ഒരാൾ അയാളുടെ സ്വന്തംരൂപത്താൽ ഗമനകർത്താവായും വിശിഷ്ടരൂപത്താൽ കർമ്മമായും ഭവിക്കുമെന്നുള്ള അതിപ്രസംഗത്തിന്നവകാശം നേരിടും അതുകൊണ്ട് ഒരേവസ്തുവിൽ കർത്തൃകർമ്മഭാവം ഇരിക്കയില്ല. സർവ്വപദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്ന സൂര്യനേയോ പ്രദീപത്തെയോ പ്രകാശിപ്പിക്കുവാൻ അന്യമായ പ്രകാശം ആവശ്യമില്ലാത്തതുപോലെ സകലവിഷയങ്ങളേയും പ്രകാശിപ്പിക്കുന്ന ആത്മാവ് സർവ്വപ്രകാശകനും സ്വയം പ്രകാശനുമാകുന്നു. ഇപ്രകാരമാണ് ആത്മസ്വരൂപമെന്നു വന്നതുകൊണ്ടു ആത്മാവിന്ന് ബ്രഹ്മഭാവമെങ്ങിനെ സിദ്ധിക്കുമെന്നുള്ള ശങ്കയെ തീർക്കുവാൻ "സത്യം ജ്ഞാനം അനന്തംബ്രഹ്മ" എന്നു ശ്രുതിയിൽപറഞ്ഞ ബ്രഹ്മലക്ഷണം ആത്മാവിൽ ഉള്ളതുകൊണ്ട് ആത്മാവും ബ്രഹ്മവും ഒന്നുതന്നെ എന്നു ഉത്തരപദംകൊണ്ട് കാണിച്ചിരിക്കുന്നു. സ്വപ്രകാശസിദ്ധിയിൽ അനുമാനപ്രയോഗം:—ജ്ഞാനത്തിന്നു വിഷയമല്ലാത്തതായും അപരോക്ഷമായും ഇരിക്കുന്ന ഹേതുവാൽ ആത്മാവ് ഇന്ദ്രിയജന്യവൃത്തിജ്ഞാനമെന്നപോലെ സ്വപ്രകാശമാകുന്നു. ഈ അനുമാനത്തിൽ ആക്ഷേപസമാധാനങ്ങൾ:—ഈ അനുമാനപ്രയോഗത്തിലുള്ള ഹേതുവിൽ വിശേഷണാംശമായിരിക്കുന്ന "ജ്ഞാനത്തിനു വിഷയമാവായ്ക" എന്നത് ആത്മാവിന്നു സംഭവിക്കുകയില്ലെന്നു ശങ്കിക്കരുത്. ആത്മാവ് ജ്ഞാനത്തിനു വിഷയമാകുന്നതാണെങ്കിൽ ജ്ഞാനസ്വരൂപമായിരിക്കുന്ന ഒരാത്മാവുതന്നെ വിഷയസ്വരൂപമായ കർമ്മമായും അതിനെ അറിയുന്ന കർത്താവായും ഭവിക്കുകയാൽ കർമ്മകർത്തൃത്വം—തനിക്കു താൻതന്നെ കർമ്മമായും കർത്താവായും ഭവിക്കുക—എന്ന ദോഷമുണ്ടാകുന്നു. ഒരേ ആത്മാവുതന്നെ അറിയപ്പെടുന്നവനായും അറിയുന്നവനായും ഭവിക്കുമെന്നു താല്പര്യം. അതിനാൽ ആത്മാവ് ജ്ഞാനത്തിന്നു വിഷയമാവാത്തത് എന്നുതന്നെ സിദ്ധിക്കുന്നു. എന്നാൽ ഒരേ ആത്മാവിന്നു ചേതനമാത്ര സാക്ഷിസ്വരൂപേണ കർത്തൃത്വവും അന്തഃകരണ വിശിഷ്ടസ്വരൂപേണ കർമ്മത്വവും ഉണ്ടാവുകയാൽ കർമ്മകർത്തൃത്വം എന്ന ദോഷം ഉണ്ടാവുകയില്ല എന്നു പറയുന്നപക്ഷം:—അങ്ങിനെ പറയുവാൻ പാടുള്ളതല്ല എന്തെന്നാൽ:—നടക്കുക എന്നും മറവമുള്ള ക്രിയകളിൽകൂടിയും ഒരു പുരുഷന്നു തന്നെ ജീവാത്മകസ്വരൂപത്താൽ കർത്തൃത്വവും ശരീരവിശിഷ്ടസ്വരൂപത്താൽ ഗമനാദിക്രിയാവിശേഷമായ പൃഥിവ്യാദിസ്വരൂപകർമ്മത്വവുമുണ്ടാവാൻ വിരോധമില്ലെന്നും അംഗീകരിക്കേണ്ടതായും വരും. അങ്ങിനെ അംഗീകരിക്കുന്നത് സാധാരണ മര്യാദയില്ലാത്തതാണ്. ആകയാൽ ആത്മാവ് (അവേദ്യം) ജ്ഞാനത്തിനു വിഷയമല്ലാത്തതുതന്നെയാകുന്നു. എന്നാൽ ഈ അനുമാനത്തിൽ ദൃഷ്ടാന്തമായി പറഞ്ഞ "ഇന്ദ്രിയജന്യജ്ഞാനം" എന്നത് ജ്ഞാനത്തിന്നു വിഷയമല്ലാത്തതാണൊ എന്നും ശങ്കിപ്പാൻ പാടുള്ളതല്ല. എന്തെന്നാൽ ഇന്ദ്രിയജന്യവൃത്തിജ്ഞാനം—ഒന്നുള്ളതിനെ വിഷയമാക്കി ചെയ്യുന്ന ജ്ഞാനം വേറൊന്ന്. അതിനെ വിഷയമാക്കിചെയ്യുന്ന ജ്ഞാനം മറെറാന്ന്. ഇങ്ങനെ അതിരില്ലാത്ത ഇന്ദ്രിയജന്യവൃത്തിജ്ഞാനങ്ങൾ ഉണ്ടെന്നു സ്വീകരിപ്പാനിടവരുന്നതുകൊണ്ടു മുൻപറഞ്ഞ ഇന്ദ്രിയജന്യവൃത്തി

ജ്ഞാനം എന്നുള്ളത് ജ്ഞാനത്തിന്നു വിഷയമാകാത്തതുതന്നെയാകുന്നു. അങ്ങിനെയാണെങ്കിൽ വേറൊരു പൂൎവ്വപക്ഷം:—എന്തെന്നാൽ: ന്യായമതപ്രകാരം ഘടം ഘടാകാരവൃത്തിജ്ഞാനത്താലും ആ ജ്ഞാനം അനുവ്യവസായമെന്ന ജ്ഞാനത്താലും പ്രകാശിക്കുന്നു. അപ്പോൾ ഇന്ദ്രിയജന്യവൃത്തിജ്ഞാനം ജ്ഞാനത്തിന്നു വിഷയമെന്നുതന്നെയാണ് സിദ്ധിക്കുന്നത്. ആകയാൽ ഈ ദൃഷ്ടാന്തം സാധനവികലമാകുന്നു:—മുൻപറഞ്ഞ അനുമാനത്തിൽ പറയപ്പെട്ടിരിക്കുന്ന ജ്ഞാനത്തിന്നു വിഷയമാകായ്ക എന്നുള്ള ഹേതു ഈ ദൃഷ്ടാന്തത്തിൽ ഇല്ലായ്കയാൽ അസിദ്ധമാകുന്നു. ഈ പൂൎവ്വപക്ഷത്തിന്നു സമാധാനം:—അങ്ങിനെ അനുവ്യവസായമെന്ന ജ്ഞാനത്തിന്നു വിഷയമായി ഭവിക്കുന്നുണ്ടെങ്കിലും ഒരു ഇന്ദ്രിയജന്യവൃത്തിജ്ഞാനം മറെറാരിന്ദ്രിയജന്യവൃത്തിജ്ഞാനത്തിന്നു വിഷയമായി ഭവിക്കായ്കയാൽ മുൻപറഞ്ഞ ദൃഷ്ടാന്തം സാധനവികലമാകയില്ല. സ്വപ്രകാശംതന്നെ എന്നു താൽപൎയ്യം. നൈയ്യായികന്മാർ പറയുന്ന അനുവ്യവസായജ്ഞാനം എന്നതിന്നു ജ്ഞാനത്തിന്റെ ഘടാദിജ്ഞാനത്തിന്റെ—ജ്ഞാനം എന്നാണൎത്ഥം. വേദാന്തത്തിൽ അതിനെ സാക്ഷിരൂപജ്ഞാനം എന്നു പറയുന്നു. ഇതു ഘടം എന്നത് ഘടജ്ഞാനത്തിന്റെ സ്വരൂപം. ഘടത്തെ ഞാനറിയുന്നുവെന്നത് അനുവ്യവസായജ്ഞാനത്തിന്റെ സ്വരൂപം. സത്യം ജ്ഞാനം അനന്തം എന്ന മൂന്നു വിധത്തിൽ ബ്രഹ്മലക്ഷണം പറഞ്ഞതിന്റെ താൽപൎയ്യം എന്തെന്നാൽ:—ബ്രഹ്മം സത്യമാകുന്നു എന്നു മാത്രം ലക്ഷണം പറയുമ്പോൾ നൈയ്യായികന്മാരാൽ സത്യമായംഗീകരിക്കപ്പെട്ടിരിക്കുന്ന ആകാശാദികളിൽ അതിവ്യാപ്തിയുണ്ടാകുന്നതിനാൽ അതിനെ നിവൃത്തിപ്പാൻവേണ്ടി ശ്രുതിയിലുള്ള ബ്രഹ്മലക്ഷണത്തിൽ ജ്ഞാനം എന്നുകൂടി ചേൎക്കപ്പെട്ടു. ബ്രഹ്മം ജ്ഞാനസ്വരൂപമായിമാത്രം ഉള്ളതാണ് എന്നു ലക്ഷണം പറയുന്നതായാൽ ക്ഷണികവിജ്ഞാനവാദികളാൽ ക്ഷണികവിജ്ഞാനബുദ്ധി, ജ്ഞാനസ്വരൂപം എന്നംഗീകരിക്കപ്പെട്ടിരിക്കയാൽ അതിന്നും നൈയ്യായികന്മാരാൽ ആത്മാവിന്നു ജ്ഞാനാത്മകഗുണം അംഗീകരിക്കപ്പെട്ടിരിക്കയാൽ ആ ഗുണത്തിലും വേറെ ചിലരാൽ സത്വഗുണവും അതിന്റെ കാൎയ്യമായ അന്തഃകരണവും ജ്ഞാനസ്വരൂപമായി സ്വീകരിക്കപ്പെട്ടിരിക്കയാൽ അവയിലും അതിവ്യാപ്തിയുണ്ടാകുന്നതിനാൽ അനന്തമെന്നുംകൂടി ബ്രഹ്മലക്ഷണത്തിൽ ചേൎക്കപ്പെട്ടു.

29. സത്യത്വം ബാധരാഹിത്യം ജഗൽബാധൈകസാക്ഷിണഃ
ബാധഃ കിംസാക്ഷികോ ബ്രൂഹി നത്വസാക്ഷിക ഇഷ്യതേ.

ബാധരാഹിത്യം സത്യത്വം=നാശമില്ലായ്കയാണ് സത്യലക്ഷണം. ജഗൽബാധൈക സാക്ഷിണഃ ബാധഃ=ജഗത്തിന്റെ—സ്ഥൂലസൂക്ഷ്മശരീരാദിലക്ഷണത്തോടുകൂടിയ ലോകത്തിന്റെ—നാശത്തിന്നു ഏകസാക്ഷിയായ ആത്മാവിന്റെ നാശം കിം സാക്ഷികഃ ബ്രൂഹി=ആരാകുന്ന സാക്ഷിയോടുകൂടിയതാണെന്നു പറഞ്ഞാലും. അസാക്ഷികഃ ബാധഃ തു=സാക്ഷിരഹിതമായ നാശമാകട്ടെ. ന ഇഷ്യതേ=അംഗീകരിക്കപ്പെടുന്നില്ല.

ആത്മാവ് സത്യമാണെന്നു കാണിപ്പാൻ സത്യത്തിന്റെ ലക്ഷണം പറയുന്നു:—ഏതൊന്നിന്നു ഏതൊരുവിധത്തിലും നാശമില്ലയോ ആ വസ്തു സത്യം. ഏതൊന്നിന്നു നാശമുണ്ടോ ആ വസ്തു മിഥ്യാ എന്നാണ് സത്യത്തിന്റെയും മിഥ്യയുടെയും ലക്ഷണം പൂൎവ്വാചാൎയ്യന്മാരാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ജഗത്—ലോകം—സ്ഥൂലസൂക്ഷ്മാദിശരീരങ്ങളോടുകൂടിയതാണല്ലൊ. അതെല്ലാം നശിക്കുന്നതിനെ കാണുന്ന ഏകസാക്ഷിയാണ് ആത്മാവ്. സുഷുപ്തിയിലും മോഹാലസ്യത്തിലും സമാധിയിലും ശരീരാഭാവത്തെ ആത്മാവു കാണുന്നു. അങ്ങിനെ അതു കണ്ടുകൊണ്ടിരിക്കുന്ന ആത്മാവും മരണാനന്തരമില്ലാതെയാകുന്നതിനാൽ ആത്മാവിന്നും നാശമുണ്ടെന്നാണ് വാദിപ്പാൻ ഭാവമെങ്കിൽ ആത്മനാശത്തെ കണ്ടറിഞ്ഞ സാക്ഷി ആരാണെന്നു പറയുക ആരുമില്ല. എങ്കിലും സാക്ഷിരഹിതമായ നാശമുണ്ടാവാൻ പാടില്ലയോ എന്നു ചോദിക്കുന്നുവെങ്കിൽ പാടില്ല എന്നുതന്നെ വിശ്വസിച്ചുകൊൾക. സാക്ഷിയില്ലാതെ നാശമുണ്ടെന്നുള്ളത് ശാസ്ത്രസമ്മതമല്ല. എന്തുണ്ടായിരുന്നു, എന്തുണ്ടായിരുന്നില്ല എന്നറിവാൻ സാക്ഷി ആവശ്യമില്ലെങ്കിൽ പിന്നെ എന്തുതന്നെ പറഞ്ഞുകൂടാ. അങ്ങിനെ ആയാൽ അതിപ്രസംഗം എന്ന ദോഷം സംഭവിക്കും. അതുകൊണ്ട് സൎവ്വലോകനാശത്തിന്നു സാക്ഷിയായ ആത്മാവിന്നു നാശമില്ല അതിനാൽ സത്യമെന്ന ബ്രഹ്മലക്ഷണം ആത്മാവിലുണ്ടെന്നു സിദ്ധം.

ആത്മാവു് ബാധരഹിതം എന്നതിൽ ദൃഷ്ടാന്തം.

30. അപനീതേഷു മൂൎത്തേഷു ഹ്യമൂൎത്തം ശിഷ്യതേ വിയത്
ശക്യേഷു ബാധിതേഷ്വന്തേ ശിഷ്യതേ യത്തദേവ തത്.

മൂൎത്തേഷു അപനീതേഷു ഹി=സ്വരൂപസഹിതങ്ങളായ പദാൎത്ഥങ്ങൾ നീക്കംചെയ്യപ്പെട്ടപ്പോൾ നിശ്ചയമായും. അമൂൎത്തം വിയത് ശിഷ്യതേ=സ്വരൂപരഹിതമായ ആകാശം അവശേഷിക്കുന്നു. ശക്യേഷു ബാധിതേഷു=ബാധയോഗ്യങ്ങളായ ദേഹേന്ദ്രിയാദികൾ ബാധിക്കപ്പെട്ടിരിക്കുമ്പോൾ. അന്തേയത് ശിഷ്യതേ=ഒടുവിൽ യാതൊന്നു അവശേഷിക്കുന്നുവോ. തത് ഏവതത്=അതുതന്നെ ആത്മാവ്.

മേൽകാണിച്ച സംഗതിയേ ദൃഷ്ടാന്തപൂൎവ്വം സ്പഷ്ടമാക്കുന്നു:– ഗൃഹാന്തൎഭാഗത്തിലിരിപ്പുള്ള ഘടപടാദി സകല ദ്രവ്യങ്ങളേയും നീക്കംചെയ്തുകഴിഞ്ഞാൽ നീക്കംചെയ്വാൻ സാധിക്കാത്തതായ ആകാശം ഏതുവിധം അവശേഷിക്കുന്നുവോ അതുപോലെ മൂൎത്തവും അമൂൎത്തങ്ങളുമായ ദേഹേന്ദ്രിയാദികളെയെല്ലാം "ആത്മാവല്ല" എന്ന് ബുദ്ധ്യാ നിശ്ചയിച്ച് നീക്കം ചെയ്തുകഴിയുമ്പോൾ ഒടുവിൽ സകലവും നീക്കം ചെയ്വാൻ സാക്ഷിയായും അവധിയായുമിരുന്ന യാതൊരു ബോധം അവശേഷിക്കുന്നുവോ അതുതന്നെയാണ് നാശമില്ലാത്തതായ ആത്മാവ്.

സൎവ്വവും ബാധിക്കപ്പെട്ടപ്പോൾ പിന്നെ ഒന്നും ശേഷിക്കുന്നില്ല എന്ന ശങ്കക്കു സമാധാനം.

31. സൎവ്വബാധേ നകിഞ്ചിച്ചേ ദ്യന്നകിഞ്ചി ത്തദേവ തത്
ഭാഷാ ഏവാത്ര ഭിദ്യന്തേ നിൎബാധം താവദസ്തി ഹി.

സൎവ്വബാധെ=എല്ലാം നീക്കംചെയ്തു കഴിയുമ്പോൾ. ന കിഞ്ചിത് ചേത്=പിന്നെയൊന്നുമില്ലെങ്കിൽ യത് നകിഞ്ചിത്=യാതൊന്നാണോ ഒന്നുമില്ല എന്നത്. തത് ഏവതത്=അതുതന്നെ ആത്മാവ്. അത്രഭാഷാഃ ഏവഭിദ്യന്തേ=ഇതിൽ-സാക്ഷിയായ ആത്മാവിൽ വാക്കുകൾമാത്രം ഭേദപ്പെടുന്നു. നിൎബാധം താവത് അസ്തിഹി=ബാധമില്ലാത്തവസ്തു സമ്പൂൎണ്ണമായിട്ടുണ്ടല്ലൊ.

എന്നാൽ:—കാണപ്പെടുന്നതെല്ലാം നിരസിക്കപ്പെടുകയെന്നു പറഞ്ഞതുകൊണ്ടു പിന്നെയൊന്നും അവശേഷിക്കുന്നില്ലല്ലൊ പിന്നെയെങ്ങിനെയാണ് "അവശേഷിച്ചതു യാതൊന്നോ അതാണാത്മാ"വെന്നു പറഞ്ഞത് എന്നു ശങ്കിക്കുന്നുവെങ്കിൽ ഒന്നും അവശേഷിക്കുന്നില്ല എന്ന ജ്ഞാനംകൂടാതെ അങ്ങിനെ പറവാൻ കഴികയില്ല എന്ന കാരണത്താൽ സൎവ്വനിരാകരണത്തിന്റെ സാക്ഷിയായ ചൈതന്യം ബോധാത്മകമായിട്ട് അപ്പോഴും നിരാകരിക്കപ്പെടാതെ സമ്പൂൎണ്ണമായി പ്രകാശിക്കുന്നുവല്ലൊ. വസ്തുവിനെ കുറിക്കുന്ന ശബ്ദങ്ങളിൽമാത്രം ഭേദം. വസ്തുവിൽ യാതൊരു ഭേദവുമില്ല സൎവ്വനിരാകരണത്തിലും സാക്ഷിയായിട്ടു ആത്മാവുണ്ടെന്നു ഞാൻ പറയുന്നു. ഉണ്ട് എന്നാണ് എന്റെവാക്ക്. അതിനാൽ ഞാൻ ഉണ്മയെക്കണ്ടു. സൎവ്വം നിരാകരിക്കപ്പെട്ടാൽ പിന്നെയൊന്നും അവശേഷിക്കുന്നില്ല എന്ന ഇല്ലായ്മയെ നിങ്ങൾകണ്ടു. ഉണ്ട്, ഇല്ല എന്ന വാക്കുകൾമാത്രം ഭിന്നങ്ങൾ. ഉണ്ടെന്നും ഇല്ലെന്നുമുള്ള അറിവിന്നു ഭേദമില്ല. അതുകൊണ്ടാണ് ബാധരഹിതമായ ബോധസ്വരൂപം സാക്ഷിചൈതന്യമെന്നു പറഞ്ഞത്. ഒന്നുമില്ലെന്നുള്ള അഭാവവാചകം ഭാവരൂപമായ ആത്മാവിനെ എങ്ങിനെ കുറിക്കുമെന്ന ശങ്കക്കവകാശമില്ലെന്നു സാരം.

മേൽപറഞ്ഞ വിഷയത്തെ ശ്രുതിയാൽ ദൃഢപ്പെടുത്തൽ.

32. അതഏവ ശ്രുതിൎബാധ്യം ബാധിത്വാ ശേഷയത്യദഃ
സഏഷ നേതിനേത്യാത്മേത്യതദ്വ്യാവൃത്തിരൂപതഃ.

അതഃഏവ സഃ ഏഷഃ=അതുകൊണ്ടുതന്നെ ആ ഇവൻ പുരുഷൻ. നേതിനേതി ആത്മാ=അല്ല അല്ല എന്ന നിരാകരണസ്വരൂപൻ. ഇതിശ്രുതിഃ=എന്ന് ശ്രുതി സിദ്ധാന്തിക്കുന്നു. അതദ്വ്യാവൃത്തിരൂപതഃ=അതല്ലാത്തതിനെ നിരാകരിക്കുന്ന സ്വരൂപത്തിൽകൂടെ ബാധ്യംബാധിത്വാ=നിരാകരണയോഗ്യമായതിനെ നിരാകരിച്ചിട്ടു അദഃശേഷയതി=ഇതിനെ അവശേഷിപ്പിക്കുന്നു.

മുകളിൽപറഞ്ഞ സംഗതി ശ്രുതിപ്രമാണത്തെ അനുസരിച്ചിരിക്കുന്നുവെന്നു കാണിക്കുന്നു:— സാക്ഷിചൈതന്യം ആരാലും നിരാകരിക്കപ്പെടുവാൻ കഴിയാത്തതാണെന്നു ശ്രുതി പറയുന്നു. ആ വാക്യം ഏതെന്നാൽ:—"സഏഷനേതിനേത്യാത്മാ" എല്ലാവരിലും അറിവുരൂപത്തിൽ പ്രകാശിക്കുന്ന ഈ ആത്മാവിനെ ശ്രുതി ഇതല്ല, ഇതല്ല, എന്നു പറഞ്ഞുകൊണ്ടു ബോധിപ്പിക്കുന്നു. അന്നമയമായ ദേഹം മുതൽ ആനന്ദമയകോശംവരേക്കുള്ള ജഡവസ്തുക്കളെ നീക്കംചെയ്തിട്ടു ബോധിപ്പിക്കുന്നുവെന്നു സാരം:— ദേഹാദികൾ ദൃശ്യങ്ങളാകയാൽ ദ്രഷ്ടാവല്ല—എന്ന ന്യായാനുസരണം നിരസിക്കപ്പെട്ടാൽ ദ്രഷ്ടാവുമാത്രം അവശേഷിക്കുന്നു. ഇങ്ങിനെ ശ്രുതി, നിഷേധ്യങ്ങളായ ജഡവസ്തുക്കളെയെല്ലാം നേതിനേതി ചെയ്തിട്ടു—അതല്ല അതല്ല എന്നു തള്ളിക്കളഞ്ഞിട്ടു അനിഷേധ്യമായ്—നിഷേധിക്കപ്പെടുവാൻ കഴിയാത്തതും സൎവ്വ നിഷേധാവധിഭൂതവുമായ ആത്മാവിനെ അവശേഷിപ്പിക്കുന്നു. ആത്മാവല്ലാത്ത ദേഹാദിവ

സ്തുക്കളെയെല്ലാം തള്ളിക്കളഞ്ഞാൽ അവശേഷിക്കുന്നതു യാതൊന്നോ അതാണാത്മാവെന്നു ശ്രുതി ബോധിപ്പിക്കുന്നു എന്നു കാണിപ്പാനാണ് "അതദ്വ്യാവൃത്തിരൂപതഃ" എന്നു പറഞ്ഞത്. ആത്മാവല്ലാത്തതിനെ ആത്മാവിൽനിന്നു വേർപെടുത്തീട്ടു വേർപെടുത്താൻ കഴിയാത്തതായ വസ്തുവാണാത്മാവെന്നു ധരിക്കേണമെന്നു ശ്രുതിവാക്യസാരം. വസ്തുവിന്നതാണെന്നു പറയാതെ വസ്തുസ്വരൂപത്തെ ധരിപ്പിക്കുന്ന രീതിയാണിത്. ഇതിന്നു രണ്ടുദാഹരണം പറയാം:—പത്തോ പതിനൊന്നോ പുരുഷന്മാരുടെ മുമ്പിൽ ഒരു പതിവ്രതാസ്ത്രീയെ നിർത്തിട്ടു അവളോടു സഖി, ഒരാളെ ചൂണ്ടിക്കാണിച്ചിട്ടു "ഇതാണോ നിന്റെ ഭർത്താവ്" എന്നു ചോദിക്കുമ്പോൾ ഉടനെ ആ പതിവ്രത "അല്ല" എന്നുത്തരംപറയും. ഇങ്ങിനെ ഭർത്താവല്ലാത്ത എല്ലാവരേയും അവൾ നിഷേധിക്കും. ഭർത്താവിനെ ചൂണ്ടിക്കാണിച്ചിട്ടു "ഇതാണോ ഭർത്താവെന്നു ചോദിച്ചാൽ അല്ല എന്നോ അതെയെന്നോ അവൾ പറകയില്ല. ഭർത്താവായതുകൊണ്ടു അല്ലെന്നുപറവാനവകാശമില്ല. ലജ്ജാനിമിത്തം ബഹുജനങ്ങളുടെ മുമ്പാകെ അതെയെന്നും പറയാതെ തലതാഴ്ത്തി മൌനംപൂണ്ടു നില്ക്കും. അപ്പോൾ ഇദ്ദേഹംതന്നെ ഇവളുടെ ഭർത്താവെന്നു സഖി ധരിക്കും. ഇതുപോലെ "ചൊല്ലാമൽ ചൊല്ലുംവേദം." ഇനിയൊരുദാഹരണം:—അമ്മെ! ഉണ്ണിത്തണ്ട് എന്നത് എന്താണ് എന്നു ചോദിച്ച മകന്റെ മുമ്പിൽ ഒരു വാഴപ്പിണ്ടി കൊണ്ടുവന്നുവെച്ച് "മകനെ ഇതിലെ പോളകളെല്ലാം എടുത്തുകളയുക" എന്ന് പറഞ്ഞ് അമ്മ മിണ്ടാതിരുന്നു. ആ കുട്ടി എല്ലാം നീക്കംചെയ്തപ്പോൾ പോളയല്ലാത്ത ഇളംതണ്ടിലെത്തി. അമ്മേ ഇനിയെടുത്താൽ കിട്ടുന്നില്ല എന്നുപറഞ്ഞ ബാലകനോടു മകനെ അതുതന്നെ ഉണ്ണിത്തണ്ടു എന്ന് അമ്മ പറഞ്ഞു. ഇമ്മാതിരിയാണ് ശ്രുതിസമ്പ്രദായം.

ബാധിക്കപ്പെടുന്നത് ഇന്നത്. ബാധിക്കപ്പെടാത്തത് ഇന്നത് എന്ന്.

33. ഇദംരൂപം തു യദ്യാവത്തത്ത്യക്തും ശക്യതേഖിലം
അശക്യോഹ്യനിദംരൂപഃ സ ആത്മാ ബാധവർജിതഃ.

ഇദംരൂപംതു=ഇക്കാണപ്പെടുന്ന ആകൃതി ഭേദമാകട്ടെ. യത്‌യാവത്=യാതൊന്നോ എത്രത്തോളമോ ഉള്ളത്. അഖിലംതത്=സമസ്തമായ അതിനെ. ത്യക്തുംശക്യതേ=ത്യജിപ്പാൻ കഴിയും. അനിദംരൂപഃ= ഇത് എന്ന രൂപമില്ലാത്തത്. അശക്യഃഹി=ത്യജിപ്പാൻ കഴികയില്ല നിശ്ചയം. സഃ ആത്മാ=ആ ആത്മാവ്. ബാധവർജിതഃ=ബാധമില്ലാത്തവൻ.

നേതിനേതിയെന്ന ശ്രുതി ത്യജിപ്പാൻ കഴിയുന്നതിനെ ത്യജിച്ചിട്ടു ത്യജിപ്പാൻ കഴിയാത്തതിനെ അവശേഷിപ്പിക്കുന്നുവെന്നാണെല്ലോ മുമ്പേ പറഞ്ഞത്. അതിൽ ത്യജിപ്പാൻ കഴിയുന്നതിനെയും കഴിയാത്തതിനേയും ഈ പദ്യംകൊണ്ടു വേർതിരിക്കുന്നു-കണ്ടറിവാനൊ ഊഹിപ്പാനോ കഴിയുന്നതായ ആകൃതിയിലുള്ള ദേഹാദിസ്വരൂപം ഏതിന്നെല്ലാം എത്രത്തോളമുണ്ടോ അതിനെയെല്ലാം ഇതല്ല ഇതല്ല എന്നു കണ്ടു തള്ളിക്കളയുവാൻ കഴിയും. ഇതെന്ന നിലയിൽ അറിവിന്നു വിഷയമാകാത്ത പ്രത്യഗാത്മാവായ സാക്ഷി ചൈതന്യം നിരാകരണയോഗ്യമല്ലെന്നത് പ്രസിദ്ധമാകുന്നു. അതാണ് അനിഷേധ്യമായ ആത്മാവ്. അഹങ്കാരംവരെയുള്ള അചേതനവർഗത്തെ-ദൃശ്യസമുദായത്തെ-നീക്കംചെയ്യുന്ന സാക്ഷിയായ പ്രത്യക്‌ചൈതന്യത്തെ ആത്മത്വേന ശ്രുതി ബോധിപ്പിക്കുന്നുവെന്നു സാരം.

ആത്മാവിൽ ജ്ഞാനത്വം അനുവദിക്കുന്നതോടുകൂടെ സത്യത്വസിദ്ധി.

34. സിദ്ധം ബ്രഹ്മണി സത്യത്വം ജ്ഞാനത്വം തു പുരേരിതം
സ്വയമേവാനുഭൂതിത്വാദിത്യാദിവചനൈഃ സ്ഫുടം.

ബ്രഹ്മണിസത്യത്വംസിദ്ധം=ബ്രഹ്മത്തിൽ സത്യത്വം സിദ്ധമായി. ജ്ഞാനത്വം തു=ജ്ഞാനത്വമാകട്ടെ. സ്വയംഏവഅനുഭൂതിത്വാത്=സ്വാനുഭവംതന്നെ സ്വരൂപമായതുകൊണ്ട്. ഇത്യാദിവചനൈഃ=എന്നിപ്രകാരമുള്ള വചനങ്ങളാൽ. പുരാഏവസ്പുടംഈരിതം=മുമ്പേതന്നെ സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നു.

അനിഷേധ്യം പ്രത്യക്‌ചൈതന്യം എന്നു വന്നിരിക്കയാൽ ബ്രഹ്മത്തിൽ ശ്രുതിയാൽ പറയപ്പെട്ട സത്യാവസ്ഥ പ്രത്യഗാത്മാവിലുണ്ടെന്നു സിദ്ധമായി. ബ്രഹ്മലക്ഷണമായി ശ്രുതിയിൽ കണ്ടതായ ജ്ഞാനനിലയോ ബോധമാണാത്മസ്വരൂപം, അതുകൊണ്ടറിവിന്നു വിഷയമല്ല അനുഭവംതന്നെ പ്രമാണം എന്നിങ്ങിനെയുള്ള വാക്കുകളാൽ മുമ്പേതന്നെ സ്പഷ്ടമായി പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ആത്മാവിൽ ബ്രഹ്മലക്ഷണമായ സത്യത്വവും ജ്ഞാനത്വവുമുണ്ടെന്നു വന്നിരിക്കുന്നു.

ആത്മാവു അനന്തസ്വരൂപമെന്നു സാധിക്കാൻ രണ്ടു ശ്ലോകം

35. നവ്യാപിത്വാദ്ദേശതോന്തോ നിത്യത്വാന്നാപി കാലതഃ
നവസ്തുതോപി സാർവ്വാത്മ്യാദാനന്ത്യം ബ്രഹ്മണിത്രിധാ.

വ്യാപിതത്വാത്=എങ്ങും വ്യാപിച്ചതെന്ന ഹേതുവായിട്ട്. ദേശതഃഅന്തഃന=ദേശം നിമിത്തമായ അവധി യില്ല. നിത്യത്വാത്=നിത്യമാണെന്ന കാരണത്താൽ. കാലതഃഅപിഅന്തഃന=കാലംനിമിത്തവും അവ ധിയില്ല. സാർവാത്മ്യാത്=സർവ്വാത്മഭാവം എന്ന കാരണത്താൽ. വസ്തുതഃഅപിഅന്തഃന=വസ്തുനിമിത്ത വും അവധിയില്ല. ബ്രഹ്മണിത്രിധാആനന്ത്യം=ബ്രഹ്മത്തിൽ ഇങ്ങിനെ മൂന്നു വിധത്തിലുള്ള അനന്തത്വ മുണ്ട്.

സത്യജ്ഞാനങ്ങൾ ആത്മാവിലുണ്ടെങ്കിലും അനന്തത്വം-അവധിയില്ലായ്മ-ആത്മാവിൽ ഇല്ല. അതു ബ്രഹ്മത്തിൽപോലുമില്ല എന്ന ശങ്ക തീക്കാൻ ബ്രഹ്മം അനന്തമാണെന്നു കാണിക്കുന്നു:—എങ്ങും വ്യാപിച്ചിരിക്കുന്നതുകൊണ്ടു ബ്രഹ്മത്തിന്നു ദേശംനിമിത്തം അവധിയില്ല. ഇന്ന സ്ഥലത്തിലുണ്ട് ഇന്ന സ്ഥലത്തിൽ ഇല്ല എന്നുള്ള പരിച്ഛിന്നനിലയില്ല നാശിക്കാത്തതായതുകൊണ്ട് കാലംനിമിത്തവും മുറി വില്ല. എല്ലാററിലും ആത്മാവായിരിക്കുന്നതുകൊണ്ട് വസ്തുനിമിത്തവും അവധിയില്ല. ഇങ്ങിനെ ദേശ കാലവസ്തുക്കൾ നിമിത്തമുള്ള മൂന്നുവിധ പരിച്ഛിന്നനില ബ്രഹ്മത്തിൽ ഇല്ലാത്തതിനാൽ ബ്രഹ്മം അന ന്തം—അപരിച്ഛിന്നം തന്നെ. “നിത്യം വിഭുംസർവ്വഗതംസുസൂക്ഷ്മം ആകാശവൽ സർവ്വഗതശ്ചനിത്യഃ” “നിത്യോനിത്യാനാംചേതനശ്ചേതനാനാം” “ഇദംസർവ്വംയദയമാത്മാ” “സർവ്വംഹ്യേതൽബ്രഹ്മബ്ര ഹ്മൈവേദംസർവ്വം” എന്നീ ശ്രുതികളിൽ ബ്രഹ്മം സർവ്വവ്യാപി, നിത്യവസ്തുസർവ്വത്തിലും ആത്മസ്വരൂപം എന്നുറപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ബ്രഹ്മത്തിൽ പരിച്ഛിന്നഭാവശങ്കക്കവകാശമില്ല.

(1) അത്യന്താഭാവത്തിന്റെ പ്രതിയോഗിത്വത്തിന്നു ദേശപരിച്ഛേദമെന്നു പേർ. യാതൊരു വസ്തു ഒരിടത്തിലിരിക്കുകയും മറെറാരിടത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നുവോ അത് ദേശപരിച്ഛേദ മുള്ളതാകുന്നു. ഘടാദിവസ്തുക്കൾ ഒരിടത്തിലിരിക്കുകയും മറെറാരിടത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന തിനാൽ അവ ദേശപരിച്ഛേദം ഉള്ളവയാകുന്നു. ബ്രഹ്മം ഒരിടത്തിൽമാത്രം ഉള്ളതല്ല സർവ്വത്രവ്യാപകമാ കുന്നു. ആകയാൽ അതിന്നു ദേശപരിഛേദമില്ല. (2) പ്രാഗഭാവത്തിന്റെയും പ്രധ്വംസാഭാവത്തിന്റെ യും പ്രതിയോഗിത്വത്തിന്നു കാലപരിച്ഛേദമെന്നു പേർ:—യാതൊരുവസ്തു ഒരു കാലത്തിലിരിക്കുന്നതും മറെറാരുകാലത്തിൽ ഇല്ലാത്തതുമായതോ അത് കാലപരിച്ഛേദമുള്ള വസ്തുവാകുന്നു:—മിന്നൽ മുതലായവ ഒരു കാലത്തിൽ മാത്രം ഇരിക്കുന്നതും മറെറാരുകാലത്തിൽ ഇല്ലാത്തതുമാകയാൽ അവ കാലപരിച്ഛേദമുള്ള വസ്തുക്കളാകുന്നു ബ്രഹ്മമാകട്ടെ ആദ്യന്തരഹിതമായി എല്ലാ കാലങ്ങളിലുമുള്ളതാകയാൽ അതിന്നു കാല പരിച്ഛേദം ഭവിക്കയില്ല. (3) അന്യോന്യാഭാവപ്രതിയോഗിത്വം യാതൊന്നോ അതിന്നു വസ്തുപരിച്ഛേ ദമെന്നു പേർ. ഇതിനെത്തന്നെയാകുന്നു ഭേദമെന്നു പറയുന്നത്. ഈ ഭേദം സ്വഗതം, സജാതീയം വിജാ തീയം എന്ന മൂന്നുവിധമുണ്ടെന്നു പഞ്ചഭൂതവിവേകം 20-ാംശ്ലോകത്തിൽ പറഞ്ഞിട്ടുണ്ട്. അതല്ലാതെ ജീവേശ്വരഭേദം ജീവന്മാക്കുള്ള പരസ്പരഭേദം, ജഡഈശ്വരഭേദം, ജഡജീവഭേദം ഇങ്ങിനെ അഞ്ചു വിധ ത്തിലും ഭേദത്തെ വിവരിക്കാറുണ്ട്. യാതൊരുവസ്തു മററ വസ്തുക്കളിൽനിന്നും ഭിന്നമായതോ ആ വസ്തു വിന്നു വസ്തുപരിച്ഛേദം ഉള്ളതാണ്. ബ്രഹ്മം എല്ലാ കല്പിതവസ്തുക്കളുടേയും അധിഷ്ഠാനമാകയാൽ എല്ലാ വസ്തുക്കളുടെയും സ്വരൂപമായിട്ടുള്ളതാകുന്നു. അതിനാൽ അതിന്നു വസ്തുപരിച്ഛേദവും ഭവിക്കയില്ല.

36. ദേശകാലാന്യവസ്തൂനാം കല്പിതത്വാച്ച മായയാ
നദേശാദികൃതോന്തോസ്തി ബ്രഹ്മാനന്ത്യം സ്ഫുടം തതഃ.

ദേശകാലാന്യവസ്തൂനാം=ദേശം കാലം മുതലായ അന്യവസ്തുക്കളുടെ. മായയാകല്പിതത്വാൽച=മായ യാൽ കല്പിതത്വം ഹേതുവായിട്ടും. ദേശാദികൃതഃഅന്തഃനഅസ്തി=ദേശാദികളാൽ ഉണ്ടാക്കപ്പെടുന്ന അവ ധി ആത്മാവിന്നില്ല. തതഃബ്രഹ്മാനന്ത്യംസ്ഫുടം=അതുകൊണ്ട് ബ്രഹ്മത്തിന്റെ അവധിയില്ലായ്മ സ്പഷ്ടം.

ശ്രുതിവാക്യംകൊണ്ടു മാത്രമല്ല യുക്തികൊണ്ടും ബ്രഹ്മം അനന്തമാണെന്നു കാണിക്കുന്നു:—അവ ധിക്കു കാരണങ്ങളായ ദേശം കാലം മുതലായവ മായാകല്പിതങ്ങളാണ്. ഗന്ധർവ്വനഗരം മുതലായവയുടെ കല്പനംകൊണ്ട് ആകാശം അവധിയുള്ളതായി വരാത്തതുപോലെ കല്പിതങ്ങളായ ദേശകാലാദിവിഭാഗ ങ്ങൾ നിമിത്തമുണ്ടാകുന്ന അവധി ബ്രഹ്മത്തിന്നില്ലെന്നതു സ്പഷ്ടമാകുന്നു. “തദേതൽ സത്യമാത്മാ ബ്ര ഹ്മൈവ ബ്രഹ്മാത്മൈവാത്രഹ്യേവം നവിചികിത്സ്യമിത്യോം സത്യമാത്മൈവ നൃസിംഹോ ദേവോബ്രഹ്മ ഭവതിഅയമാത്മാബ്രഹ്മ” അതുകൊണ്ട് സത്യമായ ഈ ബ്രഹ്മംതന്നെ ആത്മാവ്. ആത്മാവുതന്നെ ബ്ര ഹ്മം എന്നുള്ളതിൽ സംശയമുണ്ടാവാൻ ന്യായമില്ല. ഓങ്കാരവാച്യബ്രഹ്മം സത്യം. ആത്മാവുതന്നെ ന രസിംഹം. ഈ ശരീരത്തിൽ പ്രത്യക്ഷം വിളങ്ങുന്ന ആത്മാവ് ബ്രഹ്മമാകുന്നു എന്നത്ഥമായ ശ്രുതിവാക്യം ബ്രഹ്മവും ആത്മാവും ഒന്നുതന്നെയെന്നുപദേശിക്കുന്നതിനാൽ ആത്മാവനന്തംതന്നെയെന്നു സിദ്ധിക്കുന്നു. നരൻ=മനുഷ്യൻ. സിം=ജനാദിമലം. ഹാ=നശിപ്പിക്കുന്നവൻ:— നരസിംഹം—ആത്മാവ്.

ജീവബ്രഹ്മൈക്യപ്രതിപാദനം. ബ്രഹ്മത്തിന്നു ഉപാധിഭേദംകൊണ്ടു് ജീവത്വവും ഈശ്വരത്വവുമുണ്ടായിയെന്നു്.

37. സത്യം ജ്ഞാനമനന്തം യത് ബ്രഹ്മ തദ്വസ്തു തസ്യ തത്
ഈശ്വരത്വംച ജീവത്വ മുപാധിദ്വയകല്പിതം.

യത് സത്യംജ്ഞാനം അനന്തംബ്രഹ്മ=യാതൊന്നോ സത്യജ്ഞാനാനന്തമായ ബ്രഹ്മം. തത് വസ്തു=അതാണ് പരമാൎത്ഥവസ്തു. തസ്യതത് ഈശ്വരത്വംജീവത്വംച=അതിൻെറ ആ ഈശ്വരഭാവവും ജീവഭാവവും. ഉപാധിദ്വയകല്പിതം=രണ്ടുപാധികളാൽ കല്പിക്കപ്പെട്ടതാണ്.

എന്നാൽ ജഡമായ ജഗത്ത് ബ്രഹ്മത്തിൽ ആരോപിക്കപ്പെട്ടതായതുകൊണ്ടു ബ്രഹ്മത്തിൽ പരിച്ഛിന്നത്വമില്ലെന്നുവന്നാൽകൂടെ ചേതനങ്ങളായ ജീവന്മാൎക്കും ഈശ്വരനും അപരിച്ഛിന്നത്വമില്ലാത്തതിനാൽ ജീവേശ്വരന്മാർ നിമിത്തമുള്ള പരിച്ഛിന്നഭാവം ഹേതുവായിട്ടു ബ്രഹ്മം അപരിച്ഛിന്നമെന്നു പറയുന്നതിൽ ദോഷമുണ്ടെന്നുള്ള ശങ്കയെ പരിഹരിക്കുന്നു:—ജീവേശ്വരന്മാൎക്കും വാസ്തവമായ പരിച്ഛിന്നത്വമില്ല. ജീവൻ ഈശ്വരൻ എന്നുള്ള ഭേദകല്പനം ഉപാധികൾ നിമിത്തമുണ്ടായതാകയാൽ സത്യമല്ല എന്നഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു മുൻപറഞ്ഞ ശങ്കക്കു സമാധാനം പറയുന്നു:—സത്യം, ജ്ഞാനം, അനന്തം എന്ന ശ്രുതിയാൽ യാതൊരു ബ്രഹ്മം ഉറപ്പിക്കപ്പെട്ടിരിക്കുന്നുവോ അതൊന്നുമാത്രം പാരമാൎത്ഥികസത്യവസ്തു. ലോകപ്രസിദ്ധമായ ജീവഭാവവും ഈശ്വരഭാവവും രണ്ടുവിധങ്ങളായ ഉപാധികൾനിമിത്തം കല്പിതങ്ങളാകുന്നു. അതുകൊണ്ടു് ജഡവസ്തുക്കൾക്കുള്ളതുപോലെ പരിച്ഛിന്നഭാവം ജീവേശ്വരന്മാൎക്കില്ല. കല്പിതങ്ങളായ ഉപാധികൾ നശിക്കുന്നതോടുകൂടെ ജീവേശ്വരവ്യവഹാരവും ഇല്ലാതാകുന്നു. അതുകൊണ്ടാണ് ജീവേശ്വരഭാവം വാസ്തവമല്ലെന്നു പറഞ്ഞതു്.

ഈശ്വരോപാധിയായ ശക്തിയുടെ സ്വരൂപനിരൂപണം.

38. ശക്തിരസ്ത്യൈശ്വരീ കാചിൽ സൎവ്വവസ്തുനിയാമികാ
ആനന്ദമയമാരഭ്യ ഗൂഢാ സൎവ്വേഷു വസ്തുഷു.

കാചിത് സൎവ്വവസ്തുനിയാമികാ=അനിൎവ്വാച്യവും സൎവ്വവസ്തുക്കളെ നിയന്ത്രിക്കുന്നതും. ഐശ്വരീശക്തിഃ അസ്തി=ഈശ്വരനെ സംബന്ധിച്ചിരിക്കുന്നതുമായ ശക്തിയൊന്നുണ്ടു്. ആനന്ദമയം ആരഭ്യ=ആനന്ദമയം മുതല്ക്കുള്ള. സൎവ്വേഷുവസ്തുഷുഗൂഢാ=എല്ലാ വസ്തുക്കളിലും ഗൂഢയാകുന്നു.

രണ്ടുപാധികൾ ഏതെല്ലാമാണെന്നു പറവാൻ ഭാവിക്കുന്ന ഗുരുദേവൻ ആദ്യമായിട്ടു ഈശ്വരൻെറ ഉപാധിയായ ശക്തിയെ പറയുന്നു:—ഈശ്വരൻെറ ഉപാധിയായതുകൊണ്ടു ഈശ്വരനെ സംബന്ധിച്ചിരിക്കുന്നതും സതിയെന്നോ അസതിയെന്നോ സദസതീയെന്നോ നിൎവ്വചിപ്പാൻ കഴിയാത്തതും പൃഥിവ്യാദികളായ സൎവ്വവസ്തുക്കളേയും അതാതു സ്ഥാനങ്ങളിൽ നിൎത്തി നിയന്ത്രിക്കുന്നതുമായ ഒരു ശക്തിയുണ്ടു്. അതെവിടെയിരിക്കുന്നു, എന്തുകൊണ്ടാണ് കാണപ്പെടാത്തത് എന്നു ചോദിക്കുന്നുവെങ്കിൽ അതിന്നുത്തരം:—ആനന്ദമയകോശംമുതൽ ബ്രഹ്മാണ്ഡംവരെയുള്ള സകലവസ്തുക്കളിലും ഗൂഢയായിരിക്കുന്നു. അതുകൊണ്ടാണ് കാണപ്പെടാത്തതു്.

39. വസ്തുധൎമ്മാ നിയമ്യേരൻ ശക്ത്യാ നൈവ യദാ തദാ
അന്യോന്യധൎമ്മസാങ്കൎയ്യാ ദ്വിപ്ലവേത ജഗൽ ഖലു.

വസ്തുധൎമ്മാഃ=വസ്തുക്കളുടെ ധൎമ്മങ്ങൾ. യദാശക്ത്യാ=എപ്പോൾ ശക്തിയാൽ. ന നിയമ്യേരൻ=നിയന്ത്രിക്കപ്പെടുന്നില്ലയൊ. തദാ അന്യോന്യധൎമ്മസാങ്കൎയ്യാത്=അപ്പോൾ അന്യോന്യധൎമ്മങ്ങളുടെ ചേൎച്ചനിമിത്തം. ജഗത് വിപ്ലവേത ഖലു=ലോകം നിയതവ്യവഹാരയോഗ്യമല്ലാതായ്വരും, നിശ്ചയം.

കാണ്മാൻ കഴിയാത്തതായ ഒരു ശക്തിയുണ്ടെന്നെന്തിനായി വിശ്വസിക്കേണമെന്നു ശങ്കിക്കുന്നതിന്നു സമാധാനം:—ശക്തിയെ കാണുന്നില്ലെങ്കിലും ശക്തികാൎയ്യം കാണപ്പെടുന്നതിനാൽ ശക്തിയില്ലെന്നു പറവാൻ പാടില്ലെന്നു കാണിക്കുന്നു:—ഭൂമിയിൽ കാഠിന്യം, ജലത്തിൽ ഒഴുക്കം എന്നിങ്ങിനെ ഓരോ വസ്തുക്കളിലുമുള്ള ധൎമ്മങ്ങളെ അതാതിൽത്തന്നെ ഉറപ്പിച്ചു നിയന്ത്രിക്കുന്നതായ ശക്തിയില്ലെന്നു വന്നാൽ ആവക ധൎമ്മങ്ങൾ അതാതുവസ്തുക്കളിൽതന്നെ എപ്പോഴും നില്ക്കേണമെന്നില്ലല്ലൊ. ഒന്നിലുള്ള ധൎമ്മം മററൊന്നിലേക്കു ചേരുകയെന്ന സമ്പ്രദായത്തിൽ വന്നുപോയാൽ ലോകത്തിൽ ഒരു പദാൎത്ഥത്തിലും നിശ്ചിതമായ നിലയില്ലെന്നു വരുമല്ലൊ. ഇന്ന ധൎമ്മം ഇന്ന വസ്തുവിൻെറ ലക്ഷണം എന്ന ഉറച്ച ഒരു നിലയില്ലെന്നു വരുമല്ലൊ. ഇന്ന ധൎമ്മം ഇന്ന വസ്തുവിൻെറ ലക്ഷണം എന്ന ഉറച്ച ഒരു നിലയില്ലാഞ്ഞാൽ

ലോകത്തിൽ ഒരു വ്യവഹാരത്തിന്നും സ്ഥാനമില്ലെന്നുവരും. അപ്പോൾ ലോകംതന്നെയില്ലെന്നുകൂടി വരും. അങ്ങിനെ വരാതിരിക്കുന്നതിൽനിന്നു, സൎവ്വത്തേയും അതാതിന്റെ ധൎമ്മത്തിൽതന്നെ ഉറപ്പിച്ചു നിൎത്തുന്ന ശക്തിയുണ്ടെന്നറിഞ്ഞുകൊള്ളേണം. കാൎയ്യത്തിൽകൂടെ കാരണത്തെ അറിയുക എന്നാണ് ഇതിലുള്ള ന്യായം.

40. ചിച്ഛായാവേശതഃ ശക്തിശ്ചേതനേവ വിഭാതി സാ
തച്ഛക്ത്യുപാധിസംയോഗാൽ ബ്രഹ്മൈവേശ്വരതാംവ്രജേത്.

സാശക്തിഃ=ആ ശക്തി. ചിച്ഛായാവേശതഃ=ചിത്തിന്റെ ആഭാസവ്യാപ്തിനിമിത്തം. ചേതനാ ഇവവിഭാതി=ചൈതന്യമുള്ളതെന്നപോലെ വിളങ്ങുന്നു. തച്ഛക്ത്യുപാധിസംയോഗാത്=ആ ശക്തിയാകുന്ന ഉപാധിയോടുള്ള ചേൎച്ച നിമിത്തം. ബ്രഹ്മഏവ=ബ്രഹ്മംതന്നെ. ഈശ്വരതാം വ്രജേത്=ഈശ്വരഭാവത്തെ പ്രാപിക്കും.

ശക്തി ജഡയല്ലയോ അതെങ്ങിനെ ലോകത്തെ നിലനിൎത്തും എന്ന ശങ്കക്കു സമാധാനം:— ആ ശക്തിയിൽ ബ്രഹ്മം പ്രതിഫലിക്കുന്നതുകൊണ്ട്—ചിൽപ്രതിബിംബം ശക്തിക്കു കിട്ടിയതുകൊണ്ട്—ചൈതന്യമുള്ളതെന്നതുപോലെ ആയിത്തീൎന്നു ആ ശക്തിക്ക് ലോകത്തെ നിയന്ത്രിക്കാനുള്ള സാമൎത്ഥ്യം സിദ്ധിക്കുന്നു. ആ ശക്തിയാകുന്ന ഉപാധിയിൽ പ്രതിഫലിച്ച ബ്രഹ്മംതന്നെയാണ് ഈശ്വരനെന്ന ഭാവത്തെ പ്രാപിച്ചത്. അപ്പോൾ ഈ ഉപാധിയോട് കല്പിതതാദാത്മ്യസംബന്ധംനിമിത്തം ഈശ്വരനിൽ സൎവ്വജ്ഞത്വം സൎവ്വശക്തിമത്വം മുതലായ ധൎമ്മങ്ങൾ പ്രകാശിച്ചു. എല്ലാം അറിവാനും എല്ലാം ചെയ്വാനും ശക്തനായതുകൊണ്ടു ഈശ്വരനെന്ന സംജ്ഞയുണ്ടായിയെന്നു സാരം. "ഈശ്വരത്വവിധായിന്യൈ നമഃ" എന്നു തന്ത്രസിദ്ധാന്തം.

പഞ്ചകോശോപാധി നിമിത്തം ബ്രഹ്മത്തിന്നു ജീവത്വസിദ്ധിയെ പറയുന്നു.

41. കോശോപാധി വിവക്ഷായാം യാതി ബ്രഹ്മൈവജീവതാം
പിതാപിതാമഹശ്ചൈകഃ പുത്രപൌത്രൌ യഥാപ്രതി.

കോശോപാധിവിവക്ഷായാം=കോശങ്ങളാകുന്ന ഉപാധികളെ നിരൂപിക്കുമ്പോൾ. ബ്രഹ്മഏവ=ബ്രഹ്മം തന്നെ. ജീവതാം യാതി=ജീവഭാവത്തെ പ്രാപിക്കുന്നു. യഥാഏകഃ=എപ്രകാരമോ ഒരുവൻ. പുത്രപൌത്രൌ പ്രതി=പുത്രപൌത്രന്മാരെ കുറിച്ച്. പിതാപിതാമഹഃച=പിതാവും പിതാമഹനും.

ആനന്ദമയാദികോശങ്ങളാകുന്ന ഉപാധികളെക്കുറിച്ചാലോചിക്കുമ്പോൾ അതിൽ പ്രതിഫലിച്ച ബ്രഹ്മമാണ് ജീവനെന്ന് മുമ്പേ വിവരിച്ചിട്ടുണ്ട്. അതുകൊണ്ടു ബ്രഹ്മംതന്നെ ജീവനെന്നും സിദ്ധിച്ചു. ജീവൻ ഈശ്വരൻ എന്ന രണ്ടു ഭാവവും ഉപാധികല്പിതങ്ങളാകയാൽ അതു നിമിത്തവും ബ്രഹ്മത്തിന്നു പരിച്ഛേദമില്ലെന്നു സാരം. ഒരേ ബ്രഹ്മം ഏകകാലത്തിൽ എങ്ങിനെ രണ്ടുനിലയിൽ ഇരിക്കുമെന്നുള്ള ശങ്കയെ ലൌകികദൃഷ്ടാന്തംകൊണ്ട് പരിഹരിക്കുന്നു. ഒരാൾ പുത്രന്നു പിതാവും പൌത്രന്നു പിതാമഹനും ആയിരിക്കുന്നതുപോലെ ശക്ത്യുപാധിനിമിത്തം ബ്രഹ്മം ഈശ്വരനായും, കോശോപാധിനിമിത്തം ജീവനായുമിരിക്കുന്നതിൽ യുക്തിഭംഗമൊന്നുമില്ല

വാസ്തവത്തിൽ ബ്രഹ്മത്തിന്നു ജീവേശ്വരഭാവങ്ങൾ ഇല്ല.

42. പുത്രാദേരവിവക്ഷായാം നപിതാ നപിതാമഹഃ
തദ്വന്നേശോ നാപിജീവഃ ശക്തികോശാ വിവക്ഷണേ.

പുത്രാദേഃഅവിവക്ഷായാം=പുത്രാദികളുടെ വിവക്ഷയില്ലാത്തപ്പോൾ. ന പിതാ ന പിതാമഹഃ=പിതാവുമല്ല പിതാമഹനുമല്ല. തദ്വൽ ശക്തികോശാവിവക്ഷണേ=അതുപോലെ ശക്തികോശവിവക്ഷയില്ലാത്തപ്പോൾ. ഈശഃന ജീവഃ അപി നഃ=ഈശ്വരനുമല്ല ജീവനുമല്ല.

പുത്രൻ പൌത്രൻ എന്നിവരെ കുറിച്ചു പറവാനാവശ്യമില്ലെന്നു വരുമ്പോൾ പിതാവ് പിതാമഹൻ എന്നു പറവാനും ആവശ്യമില്ല. അതുപോലെ ശക്തിയെന്ന ഉപാധിയേയും കോശങ്ങളെന്ന ഉപാധികളേയും കുറിച്ചുള്ള വ്യവഹാരത്തിന്നവസരമില്ലെന്ന് വരുമ്പോൾ ഈശ്വരൻ ജീവൻ എന്ന വ്യവഹാരത്തിന്നും കാരണമില്ല. ബ്രഹ്മം മാത്രം അവശേഷിക്കുന്നു.

ഇതുവരെ പറഞ്ഞ ബ്രഹ്മജ്ഞാനത്തിന്റെ ഫലം.

43. യഏവം ബ്രഹ്മ വേദൈഷ ബ്രഹ്മൈവ ഭവതി സ്വയം
ബ്രഹ്മണോ നാസ്തിജന്മാതഃ പുനരേഷ നജായതേ.

യഃഏവം ബ്രഹ്മവേദ=യാതൊരുവൻ ഇപ്രകാരം ബ്രഹ്മത്തെ അറിയുന്നുവോ. ഏഷഃസ്വയം ബ്രഹ്മഏവ

ഭവതി=അവൻ താൻതന്നെ ബ്രഹ്മമായി ഭവിക്കുന്നു. ബ്രഹ്മണഃജന്മനാസ്തി=ബ്രഹ്മത്തിന്നു ജന്മമില്ല. അതഃഏഷഃപുനഃനജായതേ=അതുകൊണ്ട് ഇവൻ രണ്ടാമതു ജനിക്കുകയില്ല.

ഇതുവരെ വിവരിച്ചവിധത്തിൽ ജ്ഞാനമുണ്ടായാൽ ഫലമെന്താണെന്നു കാണിക്കുന്നു:—യാതൊരുവൻ നിത്യാനിത്യവസ്തുവിവേകം ഇഹാമുത്രാർത്ഥഫല ഭോഗവിരാഗം ശമാദിഷൾകസമ്പത്തി മുമുക്ഷുത്വമെന്ന നാലുവിധ സാധനങ്ങളും തികച്ചുമുള്ളവനായിട്ടു പഞ്ചകോശവിവേചനംകൊണ്ടു പ്രത്യഗഭിന്നമായ—ആത്മാവായിത്തന്നെയിരിക്കുന്ന സത്യജ്ഞാനാനന്തലക്ഷണമായ ബ്രഹ്മത്തെയറിയുന്നുവോ—സാക്ഷാൽകരിക്കുന്നുവൊ—അവൻ ആ ബ്രഹ്മജ്ഞാനി—താൻതന്നെ ബ്രഹ്മമെന്ന് അനുഭവരൂപേണ അറിയുന്നു:—ബ്രഹ്മമായിഭവിക്കുന്നു. "സയോഹ വൈതൽ പരമം ബ്രഹ്മവേദ ബ്രഹ്മൈവ ഭവതി" "ബ്രഹ്മവിദാപ്നോതി പരം" എന്നിങ്ങിനെയുള്ള ശ്രുതിവാക്യങ്ങൾ ഇവിടെ പ്രമാണം. യാതൊരുവനോ സർവ്വോൽകൃഷ്ടബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചവൻ അവൻ ബ്രഹ്മമായിത്തന്നെ ഭവിക്കുന്നു. ബ്രഹ്മവിത്ത് പരമപദം പ്രാപിക്കുന്നു എന്നാണ് ശ്രുതികളുടെ അർത്ഥം. ബ്രഹ്മത്തിന്നാകട്ടെ ജന്മമില്ല ബ്രഹ്മം ഉണ്ടായതല്ല. എന്നും ഉള്ളതാണ്. അതുതന്നെ താനും എന്നനുഭവപ്പെട്ട വിദ്വാനും പിന്നെ ജന്മമുണ്ടാകയില്ല. "നസപുനരാവർത്തതെ നസപുനരാവർത്തതെ" എന്ന ശ്രുതിയും രണ്ടു പ്രാവശ്യം പറഞ്ഞുറപ്പിക്കുന്നു. ജന്മജരാമരണാദിരൂപസംസാരബന്ധത്തിൽനിന്നു മുക്തനായ അവൻ നിത്യാനന്ദബ്രഹ്മമായിത്തന്നെ വിളങ്ങുന്നുവെന്നു സാരം.

ശ്രീവിദ്യാരണ്യമുനി വിരചിതപഞ്ചദശിയിൽ പഞ്ചകോശവിവരണമെന്ന മൂന്നാംപ്രകരണം കഴിഞ്ഞു.

ഓം തത് സത്.

ദ്വൈതവിവേകം എന്ന 4-ാം പ്രകരണത്തിലെ സാരം.

ഈശ്വരദ്വൈതം ജീവദ്വൈതം എന്നിങ്ങിനെ ദ്വൈതം രണ്ടുവിധം. അതിൽ ഈശ്വരദ്വൈതം ബന്ധഹേതുവല്ല ജീവദ്വൈതം ബന്ധഹേതു. അതിനാൽ അതിനെ തള്ളിക്കളയണം മായയെ പ്രകൃതിയെന്നും, മഹേശ്വരനെ മായാനാഥനെന്നും ശ്വേതാശ്വതരശാഖക്കാർ പറയുന്നു. മഹേശ്വരൻ മായയെ ഉപാധിയായി സ്വീകരിച്ചിട്ടാണ് ബഹുവിധലോകത്തെ സൃഷ്ടിച്ചതെന്നു ഋഗ്വേദത്തിൽ കാണുന്നുണ്ട്. മായാസംബന്ധമുള്ള പ്രതിബിംബത്തിൽനിന്നു ആകാശാദിഭൂതങ്ങളുണ്ടായിയെന്നും ബഹുവിധ പ്രാണികളായി ഭവിക്കാമെന്ന സങ്കല്പത്താൽ ഈശ്വരൻ ദേവാദിശരീരങ്ങളിൽ ജീവരൂപേണ പ്രവേശിച്ചുവെന്നും തൈത്തിരീയശാഖക്കാരും പറയുന്നു. സൃഷ്ടിക്കു മുമ്പേ സന്മാത്രമായിരുന്ന വസ്തു മായാസംബന്ധം നിമിത്തം അഗ്ന്യാദിദേവകളായി ഭവിച്ചുവെന്നു സാമവേദത്തിലും കാണുന്നുണ്ട്. അഗ്നിയിൽനിന്നു പൊരികൾ ഉണ്ടാകുന്നതുപോലെ ഈശ്വരനിൽനിന്നു ജീവജാലങ്ങളുണ്ടായിയെന്ന് അഥർവ്വണവേദത്തിലും പറഞ്ഞിരിക്കുന്നു. സൃഷ്ടിക്കു മുമ്പെ ഇല്ലാതിരുന്ന നാമരൂപങ്ങളെ മായാസംബന്ധം നിമിത്തം വിരാട് പുരുഷൻ മുതൽ ഉറമ്പുവരെയുള്ള ജഗത്തിനെ ഈശ്വരൻ സൃഷ്ടിച്ചുവെന്നു ബൃഹദാരണ്യശാഖക്കാർ പറയുന്നു. ഈശ്വരൻതന്നെയാണ് ദേഹങ്ങളിൽ ജീവനായിരിക്കുന്നതെന്നു വേദം ഉറപ്പിക്കുന്നു. അധിഷ്ഠാനമായ കൂടസ്ഥചൈതന്യം, സൂക്ഷ്മദേഹം, അതിലെ ചൈതന്യപ്രതിബിംബം എന്ന മൂന്നും കൂടിയതാണ് ജീവൻ.

മഹേശ്വരന്റെ ഉപാധിയായ ആ മായ തന്റെ ശക്തിയാൽ ജീവാത്മാക്കളെ മോഹിപ്പിക്കുന്നു. അതുനിമിത്തം ജീവൻ തന്റെ ഈശ്വരഭാവത്തെ മറന്നിട്ടു ഈ ശരീരത്തിൽ അസ്വതന്ത്രനെന്നപോലെ അകപ്പെട്ടു ജന്മാദിദുഃഖപരമ്പരകളെ അനുഭവിക്കുന്നു. ഇതൊക്കെയാണ് ഈശ്വരസൃഷ്ടി. ഇനി ബൃഹദാരണ്യകത്തിൽ പറഞ്ഞിരിക്കുന്ന ജീവസൃഷ്ടിയെപ്പറയുന്നു:—അന്നം 7 വിധം. നെല്ലു മുതലായ മനുഷ്യാന്നം 1. അമാവാസ്യ, പൌർണ്ണമി എന്ന ക്രമത്തിൽ ചെയ്യുന്ന ഇഷ്ടികളാകുന്ന ദേവാന്നം രണ്ടുവിധം. പാൽ—പശ്വന്നം. മനസ്സ്, വാക്ക്, പ്രാണൻ എന്ന മൂന്നും ജീവാന്നം. ഈശ്വരനിർമ്മിതമായ ഈ ഏഴുവിധമായ അന്നങ്ങളെ ജീവൻ തന്റെ കാമകർമ്മങ്ങൾനിമിത്തം തന്റെ ഭോഗത്തിന്നായുപയോഗപ്പെടുത്തുന്നു. പിതാവിൽനിന്നുണ്ടായ പുത്രിയെ മരുമകൻ (മകളുടെ ഭർത്താവ്) അനുഭവിക്കുന്നതുപോലെ എന്ന് ഉദാഹരണം. ഈശ്വരനിർമ്മിതമായ വസ്തുക്കൾ സുഖദുഃഖങ്ങളെ ജനിപ്പിക്കുന്നില്ല. ജീവൻ ആ വസ്തുക്കളിൽ സുഖദുഃഖാദികളെ കല്പിക്കുന്നു. നോക്കുന്നവന്റെ ബുദ്ധിഭേദമാണ് സുഖദുഃഖങ്ങൾക്കു കാരണം. ഈശ്വരസൃഷ്ടമായ ഒരു സ്ത്രീരൂപത്തെ ഒരാൾ ഭാര്യയെന്നും മറ്റൊരാൾ

മകളെന്നും വേറൊരാൾ അമ്മയെന്നും പലവിധത്തിൽ കാണുന്നു. ഇതുപോലെ എല്ലാ വസ്തുക്കളിലും ജീവൻ രൂപഭേദങ്ങളെ കല്പിക്കുന്നു. ആകയാൽ ജീവസൃഷ്ടി ബന്ധഹേതു ഈശ്വരസൃഷ്ടി ബന്ധഹേതുവല്ല. ജീവസൃഷ്ടിയെ ശാസ്ത്രീയം അശാസ്ത്രീയംഎന്ന രണ്ടുവിധത്തിൽ പറഞ്ഞിരിക്കുന്നു.

ശാസ്ത്രീയമായ പ്രപഞ്ചത്തെ ആത്മവിചാരം എന്നും അശാസ്ത്രീയമായ പ്രപഞ്ചത്തെ വിഷയവിചാരമെന്നും വിഭജിച്ചിരിക്കുന്നു. ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുന്നതുവരെ ശാസ്ത്രീയമായ പ്രപഞ്ചത്തെ സ്വീകരിക്കാം. അനന്തരം അതിനേയും ഉപേക്ഷിക്കേണം. അശാസ്ത്രീയപ്രപഞ്ചത്തെ ബ്രഹ്മവിചാരത്തിന്നു പുറപ്പെടുമ്പോൾതന്നെ ഉപേക്ഷിക്കേണം. ഇല്ലെങ്കിൽ വിചാരം ഉറക്കുകയില്ല. അശാസ്ത്രീയപ്രപഞ്ചംതന്നെ തീവ്രം, മന്ദം എന്ന രണ്ടുവിധം. കാമക്രോധാദി തീവ്രം. മനോരാജ്യം മന്ദം. ഇതുരണ്ടും തത്വജ്ഞാനവിരോധികളാകയാൽ ജിജ്ഞാസുക്കൾ ഉപേക്ഷിക്കേണം. ശമാദിവൃത്തികളുടെ സഹായത്താൽ കാമക്രോധാദിതീവ്രപ്രപഞ്ചത്തെയും, സഗുണധ്യാനത്താൽ മനോരാജ്യരൂപമായ മന്ദപ്രപഞ്ചത്തേയും ജയിക്കേണം. ഏകാന്തത്തിലിരുന്ന് ദീർഘപ്രണവോപാസനയാൽ മനോരാജ്യത്തെ ജയിക്കാം. ഭോഗചിന്തയാൽ മനസ്സ് വീണ്ടും ചലിക്കുന്നതായാൽ നിർവ്വികല്പസമാധികൊണ്ടു മനസ്സിനെ ജയിക്കേണം. മനശ്ചാഞ്ചല്യം തീരെയില്ലാതേയായാൽ അവന്നു ബ്രഹ്മഭാവം സിദ്ധമായി. അവനെ ബ്രഹ്മജ്ഞാനിയെന്നല്ല, ബ്രഹ്മംതന്നെയെന്നാണ് ശ്രീ വസിഷ്ഠമുനി പറഞ്ഞിരിക്കുന്നത്.

ദ്വൈതവിവേക സാരസംഗ്രഹം സമാപ്തം.

ശുഭം ഭവതു

ഓം തത് സത്.

അഥ ദ്വൈതവിവേകപ്രകരണം.

1. ഈശ്വരേണാപി ജീവേന സൃഷ്ടം ദ്വൈതം വിവിച്യതേ
വിവേകേ സതി ജീവേന ഹേയോ ബന്ധഃ സ്ഫുടീഭവേത്.

ഈശ്വരേണ ജീവേനഅപി=ഈശ്വരനാലും ജീവനാലും. സൃഷ്ടം ദ്വൈതം വിവിച്യതേ=സൃഷ്ടിക്കപ്പെട്ട ദ്വൈതം വിവേചിക്കപ്പെടുന്നു. വിവേകേസതി=വിവേകം സിദ്ധമായാൽ. ജീവേന ഹേയഃബന്ധഃ സ്ഫുടീഭവേത്=ജീവനാൽ ഉപേക്ഷിക്കപ്പെടേണ്ടതായ ബന്ധം സ്പഷ്ടമാകും.

ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട ജഗത്ത് ഇന്നത് ജീവനാൽ സൃഷ്ടിക്കപ്പെട്ട ജഗത്ത് ഇന്നത്, എന്നിങ്ങിനെയുള്ള വിവേകം യാതൊരു പ്രകരണത്തിൽ ഇരിക്കുന്നുവോ അത് ദ്വൈതവിവേകപ്രകരണം. ഇപ്പോൾ ആരംഭിക്കപ്പെടുന്നതായ ദ്വൈതവിവേകം എന്ന നാലാംപ്രകരണം വേദാന്തശാസ്ത്രമാകയാൽ ഇതിന്നും വേദാന്തശാസ്ത്രത്തിന്നുള്ള അനുബന്ധചതുഷ്ടയംതന്നെയാകകൊണ്ടു അതിനെ വേറെ പറയേണ്ടതില്ലെല്ലൊ എന്ന വിചാരത്തോടുകൂടെ "ഈശ്വരേണാപി"എന്ന പദത്താൽ ഈശ്വരനെ സ്മരിച്ചുകൊണ്ടു ആദ്യം ഗ്രന്ഥാരംഭത്തിൽ പ്രതിജ്ഞചെയ്യുന്നു:—ഈ പ്രകരണത്തിൽ മായോപാധികനായിരിക്കുന്ന ഈശ്വരനാലും അന്തഃകരണോപാധികനായിരിക്കുന്ന ജീവനാലും സൃഷ്ടിക്കപ്പെട്ട ദ്വൈതവസ്തുക്കൾ ഇന്നിന്നവയെന്നു വേർതിരിച്ചു കാണിക്കപ്പെടുന്നു. ഇങ്ങിനെ ദ്വൈതവിവേകം ചെയ്യുന്നത് കാക്കയുടെ പല്ലുകളെ പരീക്ഷിക്കുകയെന്നപോലെ നിഷ്പ്രയോജനമെന്നു ശങ്കിക്കരുത്. ഈശ്വരനാലുണ്ടാക്കപ്പെട്ട ദ്വൈതങ്ങൾ ഇന്നവയെന്നും ജീവനാലുണ്ടാക്കപ്പെട്ട ദ്വൈതങ്ങൾ ഇന്നവയെന്നും വേർതിരിച്ചറിയപ്പെടുമ്പോൾ ജീവനാൽ ത്യജിക്കപ്പെടേണ്ടതായ ദ്വൈതവസ്തുക്കൾ ഇത്രയാണെന്നും ഇന്നിന്നവയാണെന്നുംഉള്ള സംഗതി ഏററവും സ്പഷ്ടമായിതീരുന്നു. ദ്വൈതമായ ജഗത്താണ് ബന്ധകാരണം. അതിനെ നീക്കുന്നതുതന്നെ ബന്ധനിവൃത്തിയെന്നു സാരം.

2. മായാംതു പ്രകൃതിം വിദ്യാ ന്മായിനം തു മഹേശ്വരം
സമായീ സൃജതീത്യാഹുഃ ശ്വേതാശ്വതരശാഖിനഃ.

മായാംതുപ്രകൃതിം വിദ്യാത്=മായയെയാകട്ടെ മൂലപ്രകൃതിയെന്നറിയേണം. മായിനംതു മഹേശ്വരം= മായിയായിട്ടു മഹേശ്വരനേയും അറിയേണം സഃമായീ സൃജതിഇതി=ആ മായാവാൻ സൃഷ്ടിക്കുന്നുവെന്ന്. ശ്വേതാശ്വതരശാഖിനഃ ആഹുഃ=ശ്വേതാശ്വതരശാഖികൾ പറയുന്നു.

മീമാംസകന്മാർ മുതലായ ചില വാദികൾ അദൃഷ്ടദ്വാരാ ജീവൻതന്നെ ജഗത്തിനെ സൃഷ്ടിക്കുന്നുവെന്നു പറയുന്നതിന്റെ ആവശ്യമെന്താണെന്ന ആക്ഷേപത്തിന്നു സമാധാനം. വേദവിരുദ്ധമായ ഈ ചോദ്യം ഉണ്ടാകത്തക്കതല്ലെന്നുത്തരം പറവാൻവേണ്ടി ഈശ്വരനെക്കുറിച്ചുള്ള വിവരണത്തിലെ ശ്രുതിവാക്യങ്ങളെ എടുത്തുകാണിക്കുന്നു:—മായയെ പ്രകൃതിയെന്നും ആ മായയെ ഉപാധിയായി സ്വീകരിച്ചവൻ ഈശ്വരനെന്നും അറിഞ്ഞുകൊള്ളേണം. മായാവാനായ ഈശ്വരനാകുന്നു ജഗത്തിനെ സൃഷ്ടിക്കുന്നത് എന്നു് കൃഷ്ണയജുർവ്വേദത്തിലുള്ള ശ്വേതാശ്വതരം എന്ന ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നു. മായ മൂലപ്രകൃതി. അതിന്റെ അധിഷ്ഠാനബ്രഹ്മംനിമിത്തകാരണമായ ഈശ്വരൻ. ആകയാൽ മായാവിശിഷ്ടനായ ഈശ്വരന്നു് ജഗൽകാരണത്വമുണ്ടെന്നു സിദ്ധിച്ചു.

3. ആത്മാവാ ഇദ മഗ്രേഭൂൽ സഈക്ഷത:സൃജാഇതി
സങ്കല്പേനാ സൃജല്ലോകാൻ സഏതാനീതി ബഹ്വൃചാഃ.

അഗ്രേഇദം ആത്മാഏവഅഭൂത്=സൃഷ്ടിക്കുമുമ്പേ ഈ കാണപ്പെടുന്നതെല്ലാം ആത്മാവായിത്തന്നെയിരുന്നു. സൃജൈഇതി=ഞാൻ സൃഷ്ടിക്കുന്നേൻഎന്നു്. സഃഈക്ഷത=അവൻ ഈക്ഷിച്ചു:—ആലോചിച്ചു. സങ്കല്പേന ഏതാൻലോകാൻ=സങ്കല്പംകൊണ്ടു് ഈലോകങ്ങളെ. സഃഅസൃജത്=അവൻ സൃഷ്ടിച്ചു. ഇതിബഹ്വൃചാഃ=എന്നു് ഋക്ശാഖാദ്ധ്യായികൾ പറയുന്നു.

ഋഗ്വേദത്തിലുള്ള ഐതരേയോപനിഷദ്വാക്യാൎത്ഥങ്ങളെ എടുത്തുകാണിക്കുന്നു:— ഇക്കാണപ്പെടുന്ന സമസ്തവും സൃഷ്ടിക്കുമുമ്പേ ആത്മാവായിത്തന്നെയിരുന്നു. ക്രിയാവത്തുക്കളായ മററു യാതൊന്നുമുണ്ടായിരുന്നില്ല. ഞാൻ സൃഷ്ടിക്കുന്നേൻ എന്നു് അവൻ ആലോചിച്ചു. അവന്റെ ആ സങ്കല്പംകൊണ്ടു ലോകങ്ങളെ സൃഷ്ടിച്ചുവെന്നു ഋക്ശാഖകളെ പഠിച്ചവരും പറയുന്നു. "ആത്മാവാ ഇദമേക അഗ്ര ആസീന്നാന്യത് കിഞ്ചനമിഷത്. സഈക്ഷതലോകാന്നു സൃജാഇതി സഇമാം ല്ലോകാനസൃജത" എന്നാണ് ഉപനിഷദ്വാക്യം. ഈ വാക്യാൎത്ഥംതന്നെ മുകളിൽ ശ്ലോകാൎത്ഥമായെഴുതീട്ടുള്ളത്. ഈശ്വരനാണ് സൃഷ്ടികൎത്താവെന്നാണ് ഋക്ശാഖകളിലും പറഞ്ഞിരിക്കുന്നത്, എന്നുകാണിച്ചു.

4. ഖം വായ്വഗ്നിജലോൎവ്യോഷധ്യന്നദേഹാഃ ക്രമാദമീ
സംഭൂതാ ബ്രഹ്മണസ്തസ്മാ ദേതസ്മാ ദാത്മനോഖിലാഃ.

ഖംവായ്വഗ്നിജലോൎവ്വ്യോഷധ്യന്നദേഹാഃ=ആകാശം, വായു, അഗ്നി, ജലം ഭൂമി, ഓഷധികൾ, അന്നം, ദേഹങ്ങൾ. ക്രമാത്അമീഅഖിലാഃ=ക്രമത്തിൽ ഇവയെല്ലാം. തസ്മാൽബ്രഹ്മണഃ=ആ ബ്രഹ്മമാകുന്ന. ഏതസ്മാൽ ആത്മനഃ=ഈ ആത്മാവിൽനിന്നു. സംഭൂതാഃ=സംഭവിച്ചവയാകുന്നു.

ഈശ്വരനാണ് ജഗൽകാരണമെന്നു് തൈത്തിരീയശ്രുതിയിലും കാണുന്നതിനെ രണ്ടു ശ്ലോകത്തിൽ ഉദ്ധരിക്കുന്നു. ആകാശം വായു അഗ്നി ജലം ഭൂമി ഓഷധികൾ അന്നം ദേഹങ്ങൾ ഇവയെല്ലാം ക്രമത്തിൽ ആ ബ്രഹ്മമായിത്തന്നെയിരിക്കുന്ന ഈ ആത്മാവിൽനിന്നുണ്ടായി. ആത്മാവായ ഈശ്വരൻ ബ്രഹ്മംതന്നെ. അതിൽനിന്നാണ് ആകാശംമുതൽ ദേഹംവരെയുള്ള ലോകമുണ്ടായത് എന്നാണ് "ആത്മന ആകാശഃസംഭൂതഃ ആകാശാദ്വായുഃവായോരഗ്നിഃ അഗ്നേരാപഃ അദ്ഭ്യഃ പൃഥിവീ പൃഥിവീഭ്യോ ഓഷധയഃ ഓഷധീഭ്യോ അന്നം അന്നാൽപുരുഷഃ" ഇതാണ് തൈത്തിരീയശ്രുതി. ഇതിന്റെ അൎത്ഥം മുകളിൽ കാണിച്ച ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു.

5. ബഹുസ്യാമഹമേവാതഃ പ്രജായേയേതി കാമതഃ
തപസ്തപ്ത്വാ സൃജൽ സൎവ്വം ജഗദിത്യാഹ തിത്തിരിഃ.

അഹംഏവ ബഹുസ്യാം=ഞാൻതന്നെ ബഹുവായി ഭവിക്കുന്നേൻ. അതഃപ്രജായേയ=അതുകൊണ്ടു ഞാൻ പ്രകൎഷേണ ജനിക്കാം. ഇതികാമതഃ=എന്ന സങ്കല്പത്താൽ. തപഃതപ്ത്വാ=തപസ്സുചെയ്തിട്ടു:—ആലോചിച്ചിട്ടു. സൎവ്വംജഗത് അസൃജത്=സൎവ്വമായ ജഗത്തിനെ സൃഷ്ടിച്ചു. ഇതി തിത്തിരിഃആഹ=എന്നു തിത്തിരി പറഞ്ഞു.

അതുകൊണ്ടു ഏകനായ ഞാൻതന്നെ അനേകമായി ഭവിക്കുന്നേൻ. ഞാൻതന്നെ പ്രകൎഷേണ ജനിക്കാമെന്ന സങ്കല്പത്താൽ ഈശ്വരൻ തപസ്സുചെയ്തു:—പൎയ്യാലോചിച്ചു. സൎവ്വലോകത്തെ സൃഷ്ടിച്ചുവെന്നു തൈത്തിരീയത്തിൽ പറയുന്നു. "അന്നാൽ പുരുഷഃ" എന്നതിന്നുശേഷം "സോകാമയതബഹുസ്യാം പ്രജായേയഇതി. സതപോതപ്യത. സതപസ്തപ്ത്വാ ഇദം സൎവ്വമസൃജതയദിദംകിഞ്ച" എന്നുള്ള വാക്യങ്ങളുടെ അൎത്ഥം മേൽകാണിച്ച ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു.

6. ഇദമഗ്രേ സദേവാസീൽ ബഹുത്വായ തദൈക്ഷത
തേജോബന്നാണ്ഡജാദീനി സസർജേതിച സാമഗാഃ.

അഗ്രേഇദംസത് ഏവആസീത്=സൃഷ്ടിക്കുമുമ്പേ ഇത് സത്താമാത്രമായിരുന്നു. തത് ബഹുത്വായ ഐക്ഷത=അത് ബഹുവായി ഭവിപ്പാൻ സങ്കല്പിച്ചു. തേജോബന്നാണ്ഡജാ ദീനിസസർജ=അഗ്നി ജലം അന്നം (പൃഥിവി) അണ്ഡജം മുതലായവയെ സൃഷ്ടിച്ചു. ഇതിസാമഗാഃച=എന്നു സാമവേദികളും പറയുന്നു.

ഛാന്ദോഗ്യോപനിഷത്തിൽ 6–ാം പ്രപാഠകത്തിലും ബ്രഹ്മംതന്നെ ജഗൽസൃഷ്ടികാരണമെന്നു കാണിക്കുന്ന ശ്രുതിവാക്യത്തിന്റെ അർത്ഥം ശ്ലോകരൂപേണ പറയുന്നു:—ഇക്കാണപ്പെടുന്നതെല്ലാം സൃഷ്ടിക്കുമുമ്പേ സത്താമാത്രമായിരുന്നു. ബഹുവാകുന്നേനെന്ന് സദ്രൂപം – ബ്രഹ്മം— സങ്കല്പിച്ചു. അഗ്നി ജലം അന്നം (ഭൂമി) എന്നിവയേയും അണ്ഡജം ജീവജം (ജരായുജം) ഉൽഭിജ്ജം എന്ന ശരീരങ്ങളെയും സൃഷ്ടിച്ചു എന്ന് സാമവേദത്തിലും വർണ്ണിക്കുന്നു. സദേവസൌമ്യേദമഗ്ര ആസീദേകമേ വാദ്വിതീയം'' എന്ന വാക്യത്താൽ അദ്വിതീയബ്രഹ്മത്തെ പറഞ്ഞശേഷം "തദൈക്ഷതബഹുസ്യാം പ്രജായേയ ഇതി. തത്തേജോസൃജത'' എന്ന സങ്കല്പത്തെ പറഞ്ഞു. "തേഷാംഖല്വേഷാം ഭൂതാനാം ത്രീണ്യേവബീജാനി ഭവന്ത്യാണ്ഡജം ജീവജമുൽഭിജ്ജം'' എന്ന വാക്യത്താൽ മൂന്നുവിധങ്ങളായ ഉൽപത്തിബീജങ്ങളെയും ശ്രുതിയിൽ കാണിച്ചു. മേൽകാണിച്ച ശ്രുതി ഉദ്ദാലകമഹർഷി ശ്വേതകേതുവെന്ന ശിഷ്യനുപദേശിക്കുന്നതാണ്. 4–ാമത്തെതായ സ്വേദജവും ഇവിടെ ഉപലക്ഷണത്താൽ സിദ്ധമാണെന്നു കാണേണം.

7. വിസ്ഫുലിംഗാ യഥാ വഹ്നേർജായന്തേക്ഷരതസ്തഥാ
വിവിധാശ്ചിജ്ജഡാ ഭാവാ ഇത്യാഥർവ്വണികാ ശ്രുതിഃ.

വഹ്നേഃ വിസ്ഫുലിംഗാഃ=അഗ്നിയിൽനിന്നു പൊരികൾ. യഥാജായന്തേ=എപ്രകാരം ജനിക്കുന്നുവോ. തഥാ അക്ഷരതഃ=അപ്രകാരം അക്ഷരത്തിൽനിന്നു വിവിധാഃചിജ്ജഡാഃഭാവാഃ=ബഹുവിധങ്ങളും ചിത്തും ജഡവും ചേർന്നവയുമായ ഭാവങ്ങൾ ഉണ്ടാകുന്നു. ഇതിആഥർവ്വണികാശ്രുതിഃ=എന്ന് അഥർവ്വണശ്രുതിയും പറയുന്നു.

അഥർവ്വണവേദത്തിലുള്ള മുണ്ഡകോപനിഷദ്വാക്യങ്ങളിലും സൃഷ്ടികാരണം ബ്രഹ്മംതന്നെയെന്നു പറയുന്നതിനെ കാണിക്കുന്നു:—അഗ്നിയിൽനിന്നു തൽസദൃശങ്ങളായ തീപ്പൊരികൾ ഉണ്ടാകുന്നതുപോലെ അക്ഷരപരബ്രഹ്മത്തിൽനിന്ന് ചിത്തും ജഡവും ചേർന്ന ബഹുവിധഭാവങ്ങളുണ്ടാകുന്നുവെന്നാണ് അഥർവ്വണശ്രുതി പറയുന്നത്. മുണ്ഡകോപനിഷത്ത് അഥർവ്വണശാഖയിൽ ഉൾപെട്ടതാണ്. "തദേതൽ സത്യം യഥാ സുദീപ്താൽ പാവകാദ്വിസ്ഫുലിംഗാഃ സഹസ്രശഃ പ്രഭവന്തേ സരൂപാസ്തഥാ അക്ഷരാദ്വിവിധാഃ സോമ്യപ്രജായന്തേതത്രതത്രചൈവാപിയന്തി'' എന്ന ശ്രുതിവാക്യാർത്ഥംതന്നെ മേൽകാണിച്ച ശ്ലോകത്തിലടങ്ങിട്ടുള്ളത്.

അഗ്നിദൃഷ്ടാന്തത്തിന്റെ വിവരം:—മഹാതേജസ്സാകുന്ന അഗ്നിക്ക് സാമാന്യമെന്നും വിശേഷമെന്നും രണ്ടുരൂപങ്ങൾ ഉണ്ട്. അവയിൽ നിരുപാധികമായിട്ടുള്ളത് സാമാന്യരൂപമാകുന്നു. അത് ജലത്തിൽനിന്നും സൂക്ഷ്മവും പത്തുമടങ്ങ് വ്യാപകവുമാകുന്നു. വിറകുമുതലായ ഉപാധികളോടുകൂടിയത് അഗ്നിയുടെ വിശേഷരൂപമാകുന്നു. അത് ഉപാധികളുടെ ഭേദംനിമിത്തം നാനാവിധവും പരിച്ഛിന്നവുമാകുന്നു. ഇങ്ങിനെയുള്ള സോപാധികാഗ്നിയിൽനിന്നു ഉപാധിയുടെ അംശങ്ങളാൽ പൊരികളുണ്ടാകുന്നു. വാസ്തവമായ അഗ്നിക്ക് നാനാവിധമായ ഉല്പത്തിയും നാശവുമില്ല. അതുപോലെ ചേതനത്തിന്നും സാമാന്യം, വിശേഷം എന്ന രണ്ടു രൂപങ്ങളുണ്ട്. അവയിൽ നിരുപാധികബ്രഹ്മം ചേതനത്തിന്റെ സാമാന്യസ്വരൂപം. അതു ഏകവും വ്യാപകവുമാണ്. മായാ, അവിദ്യാ എന്ന ഉപാധിയാലുള്ള ചിദാഭാസൻ ബഹുവിധവും പരിച്ഛിന്നവുമാണ്. ഇങ്ങിനെ വിശേഷസ്വരൂപത്തിനു ഉപാധികളുടെ നാനാത്വംനിമിത്തം ഉല്പത്തിവിനാശങ്ങളുമുണ്ട്. അതല്ലാതെ വാസ്തവചേതനത്തിന്ന് നാനാത്വവും ഉല്പത്തിവിനാശങ്ങളുമില്ല. ആകയാൽ ജീവബ്രഹ്മങ്ങൾക്ക് വാസ്തവത്തിലുള്ള അംശാംശിഭാവങ്ങളില്ല.

8. ജഗദവ്യാകൃതം പൂർവ്വമാസീദ്വ്യാക്രിയതാധുനാ
ദൃശ്യാഭ്യാം നാമരൂപാഭ്യാം വിരാഡാദിഷുതേസ്ഫുടെ.

9. വിരാണ്മനുന്നരാ ഗാവഃ ഖരാശ്വാജാവയസ്തഥാ
പിപീലികാവധിദ്വന്ദ്വ മിതിവാജസനേയിനഃ.

പൂർവ്വംജഗത് അവ്യാകൃതം ആസീത്=സൃഷ്ടിക്കുമുമ്പേ ലോകം വെളിപ്പെടാത്തതായിരുന്നു. അധുനാവ്യാ

ക്രിയത=ഇപ്പോൾ വെളിപ്പെട്ടു. ദൃശ്യാഭ്യാംനാമരൂപാഭ്യാം=ദൃശ്യങ്ങളായ നാമരൂപങ്ങൾകൊണ്ട്. വിരാഡാദിഷു തേസ്പഷ്ടേ=വിരാട്ട് മുതലായവയിൽ ആ രണ്ടും സ്പഷ്ടങ്ങൾ. വിരാട് മനുഃ നരാഃ=വിരാട്ട്, മനു, മനുഷ്യർ. ഗാവഃ ഖരാശ്വാജാവയഃ=ഗോക്കൾ, ഖരങ്ങൾ, അശ്വങ്ങൾ, അജങ്ങൾ, അവികൾ. തഥാ പിപീലികാവധിദ്വന്ദ്വം=അപ്രകാരം പിപീലികവരെയുള്ള സ്ത്രീപുരുഷവർഗ്ഗം ഉണ്ടായി. ഇതി വാജസനേയിനഃ=എന്നു വാജസനേയികൾ പറയുന്നു.

ശുക്ലയജുർവ്വേദത്തിലുള്ള ബൃഹദാരണ്യകോപനിഷത്തിലും അവ്യാകൃതശബ്ദവാച്യമായ ബ്രഹ്മം തന്നെ ജഗൽസൃഷ്ടി കാരണം എന്നു പറഞ്ഞിട്ടുള്ളതിനെ രണ്ടു ശ്ലോകംകൊണ്ടു കാണിക്കുന്നു:—സൃഷ്ടിക്കുമുമ്പെ ലോകം മായോപാധികമായ ബ്രഹ്മത്തിൽ അസ്പഷ്ടമായിരുന്നു. ഇപ്പോൾ–സൃഷ്ട്യാരംഭത്തിൽ–ഇന്ദ്രിയപ്രത്യക്ഷങ്ങളായ നാമരൂപങ്ങളോടുകൂടെ ലോകം പ്രത്യക്ഷപ്പെട്ടു. വിരാട്ട്, മനു, മനുഷ്യർ, പശുക്കൾ, കഴുതകൾ, കുതിരകൾ, കോലാടുകൾ, ചെമ്മരിയാടുകൾ എന്നിവമുതൽ എറുമ്പുവരെയുള്ള നാമരൂപസഹിതപ്രപഞ്ചം സ്ത്രീ, പുരുഷൻ എന്ന രൂപങ്ങളോടും നാമങ്ങളോടുംകൂടെ വിരാഡാദികളിൽ കാണപ്പെടുന്നു. "തദ്ധേദം തർഹ്യവ്യാകൃതമാസീത്തന്നാമരൂപാഭ്യാമേവവ്യാക്രിയതാസൌ നാമായമിദം രൂപം" ഇതി. എന്നാണ് ശ്രുതി. ആ വിരാട് പുരുഷൻ മുതലായവയെല്ലാം "ആത്മൈവേദമഗ്രആസീത് പുരുഷവിധഃ" ആത്മാവായിത്തന്നെ സൃഷ്ടിക്കു മുമ്പിലിരുന്നു. സൃഷ്ട്യനന്തരം ഓരോ പുരുഷാകൃതിയിൽ കാണപ്പെട്ടു. "ഏവമേവയദിദം കിഞ്ച മിഥുനമാപിപീലികാഭ്യസ്തൽ സർവ്വമസൃജത" ഇതേപ്രകാരംതന്നെ ഇക്കാണപ്പെടുന്ന സകലവും എറുമ്പുവരെയുള്ളതെല്ലാം സ്ത്രീപുരുഷാകൃതിയായിട്ടു ഈശ്വരൻ സൃഷ്ടിച്ചുവെന്ന ശ്രുതി ഈശ്വരനാണ് സൃഷ്ടികർത്താവെന്നു കാണിക്കുന്നു. ബൃഹദാരണ്യകോപനിഷത്തിൽ തൃതീയാദ്ധ്യായം നാലാം ബ്രാഹ്മണവാക്യം.

10. കൃത്വാ രൂപാന്തരം ജൈവം ദേഹം പ്രാവിശദീശ്വരഃ
ഇതിതാഃ ശ്രുതയഃ പ്രാഹുർജ്ജീവത്വം പ്രാണധാരണാത്.

ഈശ്വരഃ ജൈവം=ഈശ്വരൻ ജീവസംബന്ധിയായ. രൂപാന്തരം കൃത്വാ=മറ്റൊരു രൂപത്തെ സ്വീകരിച്ചിട്ടു. ദേഹം പ്രാവിശത്=ദേഹത്തെ പ്രവേശിച്ചു. ഇതിതാഃ ശ്രുതയഃ=എന്ന ആ ശ്രുതികൾ. പ്രാണധാരണാത്=പ്രാണധാരണം ഹേതുവായിട്ട്. ജീവത്വം പ്രാഹുഃ=ജീവത്വത്തെ പറയുന്നു.

മുകളിൽ കാണിച്ച ശ്രുതിപ്രമാണാനുസരണം ഈശ്വരൻ സൃഷ്ടികർത്താവെന്നുറപ്പിച്ചശേഷം ബ്രഹ്മംതന്നെ ജീവഭാവത്തേയും പ്രാപിച്ചുവെന്നു പറയുന്നു: ഈശ്വരൻതന്നെ ജീവഭാവത്തെ—ചിദാഭാസസ്വരൂപത്തെ—സ്വീകരിച്ചിട്ടു ദേഹത്തെ പ്രവേശിച്ചു. ദേഹത്തിൽ ജീവഭാവത്തെ പറവാൻ കാരണമെന്തെന്നാൽ പ്രാണാദികളുടെ സ്വാമിഭാവത്തോടുകൂടെ അതാതിന്ദ്രിയങ്ങളെ വ്യാപരിപ്പിക്കുന്നതുകൊണ്ടാണ് നിർവ്വികാരബ്രഹ്മത്തെ സവികാരജീവചൈതന്യമായിട്ട് ശ്രുതികൾ പറയുന്നത്. ദേഹത്തെ അഭിമാനിക്കുന്നതിനെയാണ് പ്രവേശിച്ചുവെന്ന പദം കാണിക്കുന്നത്.

11. ചൈതന്യം യദധിഷ്ഠാനം ലിംഗദേഹശ്ച യഃ പുനഃ
ചിച്ഛായാ ലിംഗദേഹസ്ഥാ തത്സംഘോ ജീവ ഉച്യതേ.

യത് അധിഷ്ഠാനം ചൈതന്യംച=ലിംഗദേഹകല്പനത്തിന്നാധാരമായ ചൈതന്യം യാതൊന്നോ അതും. യഃ പുനഃ ലിംഗദേഹഃ=പിന്നെ ലിംഗദേഹം യാതൊന്നോ അതും. ലിംഗദേഹസ്ഥാ ചിച്ഛായാ=ലിംഗദേഹത്തിലുള്ള ചിൽപ്രതിബിംബവും. തൽസംഘഃ=ആ സംഘം. ജീവഃ ഉച്യതേ=ജീവനെന്നു പറയപ്പെടുന്നു.

ജീവസ്വരൂപത്തെ വിവരിക്കുന്നു:—ലിംഗദേഹകല്പനത്തിന്നധിഷ്ഠാനമായ കൂടസ്ഥചൈതന്യം. അതിൽ കല്പിക്കപ്പെട്ട ലിംഗദേഹം അതിൽ പ്രതിഫലിച്ച കൂടസ്ഥപ്രതിബിംബമായ ചിദാഭാസൻ. ഈ മൂന്നും ചേർന്നുണ്ടായ സംഘത്തെ ജീവനെന്നു പറയുന്നു. ഇതിന്റെ വിവരണം:– ഒരേ ആകാശം തന്നെ ഘടാകാശം, ജലാകാശം, മേഘാകാശം, മഹാകാശം എന്നിങ്ങിനെ 4 വിധമായി പ്രകാശിക്കുന്നതുപോലെ ഒരേ ചൈതന്യം ക്രമത്തിൽ കൂടസ്ഥൻ, ജീവൻ, ഈശ്വരൻ, ബ്രഹ്മം എന്നിങ്ങിനെ 4 വിധമായി പ്രകാശിക്കുന്നുണ്ട്. എന്നാൽ അവയുടെയെല്ലാം ജ്ഞാനം ക്രമേണ ഉണ്ടാവാൻ പോകുന്നുണ്ടെങ്കിലും ഇപ്പോൾതന്നെ അവയെ പറയുന്നതായാൽ ഇനിമേൽ പഠിക്കുന്നതിൽ എളുപ്പം അധികമുണ്ടാകുന്നതാകയാൽ ആ ആകാശഭേദങ്ങളേയും ചൈതന്യഭേദങ്ങളേയും സംക്ഷേപമായി താഴെ പറയാം:—(1) ഘടാകാശം:—ജലംകൊണ്ടു നിറഞ്ഞിരിക്കുന്ന ഘടത്തിനു ആകാശം എത്രത്തോളം അവകാശം കൊടുക്കുന്നുവോ അത്രത്തോളമുള്ള ആകാശത്തിനു ഘടാകാശമെന്നുപേർ:—ഘടാവച്ഛിന്നാകാശം ഘടാ

കാശം എന്നൎത്ഥം. (2) ജലാകാശം:—ജലം നിറഞ്ഞിരിക്കുന്ന ഘടത്തിൽ നക്ഷത്രാദിസഹിതമായ ആകാശം പ്രതിബിംബിക്കുന്നു. ഈ ആകാശപ്രതിബിംബവും ഘടാകാശം കൂടിയതായ സമുദായം ജലാകാശമാകുന്നു. (3) മേഘാകാശം:—മേഘത്തിന്ന് ആകാശം എത്രത്തോളം അവകാശം കൊടുക്കുന്നുവോ അത്രത്തോളമുള്ള ആകാശവും (മേഘാവച്ഛിന്നാകാശവും) മേഘജലത്തിലുണ്ടാകുന്ന ആകാശപ്രതിബിംബവും കൂടിയത് മേഘാകാശമാകുന്നു. (4) മഹാകാശം:—ബ്രഹ്മാണ്ഡത്തിന്നുള്ളിലും വെളിയിലും ഒരേവിധമായും വ്യാപകമായുമിരിക്കുന്ന ആകാശസ്വരൂപത്തിന്നു മഹാകാശമെന്നുപേർ.

(1) കൂടസ്ഥൻ:—അവിദ്യയാൽ കല്പിക്കപ്പെട്ടിരിക്കുന്ന സ്ഥൂലസൂക്ഷ്മശരീരങ്ങളുടെ അധിഷ്ഠാനചൈതന്യത്തിന്നു കൂടസ്ഥനെന്നും, സാക്ഷിയെന്നും പ്രത്യഗാത്മാവെന്നും പേർ. ഇതു ഘടാകാശമെന്നതുപോലെയാകുന്നു; ചിത്രദീപം എന്ന 6-ാം പ്രകരണത്തിൽ പറഞ്ഞിട്ടുള്ളതാണ്. ലിംഗദേഹകല്പനക്കധിഷ്ഠാനമായിരിക്കുന്ന കൂടസ്ഥചൈതന്യവും. എങ്ങിനെ ലിംഗദേഹത്തിന്നു മാത്രം അധിഷ്ഠാനമായി പറഞ്ഞിട്ടുള്ളതിന്നഭിപ്രായമെന്തെന്നാൽ ലിംഗദേഹം സ്ഥൂലദേഹം എന്ന രണ്ടിന്നും അധിഷ്ഠാനമായിട്ടുള്ളത് ലിംഗദേഹത്തിന്നും അധിഷ്ഠാനമായിത്തന്നെയിരിക്കയാൽ ''ലിംഗദേഹത്തിന്നധിഷ്ഠാനമായിരിക്കുന്ന ചൈതന്യം'' എന്നു പറവാൻ വിരോധമില്ലെന്നാണ് ഇനി ബുദ്ധിയുടെ അധിഷ്ഠാനമെന്നും ചില ദിക്കിൽ പറയുന്നുണ്ട്. അതിന്നും വിരോധമില്ലാത്തതാണ്. ഈ ഗ്രന്ഥത്തിൽത്തന്നെ ഇനിമേൽ ക്രമമായി പഠിച്ചുകൊണ്ടു പോകുമ്പോൾ ഇതിൻെറയെല്ലാം നിസ്സംശയജ്ഞാനമുണ്ടാകുന്നതാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല. ഈശ്വരൻ:— മായയിലുള്ള ചൈതന്യപ്രതിബിംബവും മായയുടെ അധിഷ്ഠാനചൈതന്യവും മായയും ചേൎന്നത് ഈശ്വരനാകുന്നു. ഈ ഈശ്വരൻ മേഘാകാശത്തോടു തുല്യനാകുന്നു. ബ്രഹ്മം:—ബ്രഹ്മാണ്ഡത്തിൻെറ ഉള്ളിലും പുറത്തും നിറഞ്ഞു പരിപൂൎണ്ണമായിരിക്കുന്ന ചൈതന്യം ബ്രഹ്മമെന്നു പറയപ്പെടുന്നു. ഇതു മഹാകാശത്തിന്നു തുല്യമാകുന്നു. ആകയാൽ ഈശ്വരൻ മായോപാധികചൈതന്യവും ബ്രഹ്മം നിരുപാധികചൈതന്യവുമാണെന്നു സിദ്ധിക്കുന്നു. ഇതിൽ ഒരു പൂൎവ്വപക്ഷം—ഈശ്വരനെന്നും ബ്രഹ്മമെന്നും ഇങ്ങിനെ രണ്ടു ശബ്ദങ്ങൾക്കും ഒരേ അൎത്ഥത്തിൽ പ്രയോഗം കാണപ്പെടുകയാൽ ഈശ്വരൻ മായോപാധികചൈതന്യവും ബ്രഹ്മം നിരുപാധികചൈതന്യവും എന്നുള്ളത് എങ്ങിനെ സംഭവിക്കുന്നു? സമാധാനം:—ഈശ്വരനെന്നും ബ്രഹ്മമെന്നുമുള്ള രണ്ടു ശബ്ദങ്ങൾക്കും മായോപാധികചൈതന്യം വാച്യാൎത്ഥവും നിരുപാധികചൈതന്യം ലക്ഷ്യാൎത്ഥവുമാകുന്നു. എന്നാൽ ഒരു ഭേദം മാത്രമുണ്ട്. അതെന്തെന്നാൽ ഈശ്വരൻ എന്ന ശബ്ദത്തിന്ന് അധികസ്ഥലങ്ങളിൽ വാച്യാൎത്ഥവും ചില സ്ഥലങ്ങളിൽ ലക്ഷ്യാൎത്ഥവും പ്രതീതമാകുന്നതാണ്. ബ്രഹ്മശബ്ദത്തിന്നാകട്ടെ അധികസ്ഥലങ്ങളിൽ ലക്ഷ്യാൎത്ഥവും അല്പസ്ഥലങ്ങളിൽ വാച്യാൎത്ഥവും പ്രതീതമായി ഭവിക്കും. ഇതുതന്നെയാണ് ബ്രഹ്മശബ്ദത്തിന്നൎത്ഥം പ്രത്യേകമായെഴുതുവാനും കാരണം.

ജീവന്നു മായനിമിത്തം അജ്ഞത്വാദിവിരുദ്ധധൎമ്മങ്ങൾ ഉണ്ടാകുന്നു.

12. മാഹേശ്വരീതു മായാ യാ തസ്യാ നിൎമ്മാണശക്തിവത്
വിദ്യതേ മോഹശക്തിശ്ച തം ജീവം മോഹയത്യസൌ.

മാഹേശ്വരീ യാ തു മായാ=മഹേശ്വരനെ സംബന്ധിച്ചതായ യാതൊരു മായയുണ്ടോ. തസ്യാഃനിൎമ്മാണശക്തിവത്=അതിന്നു നിൎമ്മാണശക്തിയുള്ളതുപോലെ. മോഹശക്തിഃചവിദ്യതേ=മോഹിപ്പിക്കുന്ന ശക്തിയുമുണ്ട്. അസൌതംജീവംമോഹയതി=ഇത് ആ ജീവനെ മോഹിപ്പിക്കുന്നു.

ശങ്കാസമാധാനം:—ഈശ്വരൻതന്നെയാണ് ജീവരൂപേണ ദേഹത്തിൽ പ്രവേശിച്ചതെങ്കിൽ അജ്ഞത്വം ദുഃഖിത്വം മുതലായ വിപരീതഭാവം എങ്ങിനെയുണ്ടായിയെന്നാണ് ശങ്ക. അതിന്നു പരിഹാരം:—''മായിനം തു മഹേശ്വരം'' മായാവാൻ ഈശ്വരൻ എന്നൎത്ഥമായ ശ്രുതിയാൽ ഈശ്വരനെ സംബന്ധിച്ചിരിക്കുന്ന യാതൊരു മായയുണ്ടോ ആ മായക്ക് ആകാശാദിഭൂതദ്വാരാലോകസൃഷ്ടി സാമൎത്ഥ്യമുള്ളതുപോലെതന്നെ മോഹിപ്പിക്കുവാനും ശക്തിയുണ്ട്. ആ ശക്തി ആ ജീവനെ മോഹിപ്പിക്കുന്നു:—ജീവൻെറ ചിദാനന്ദസ്വരൂപത്തെ വിസ്മരിപ്പിക്കുന്നു. മോഹാലസ്യത്തിൽ പെട്ടവൻ വാസ്തവവിരുദ്ധമായി വിചാരിക്കയും പറകയും ചെയ്യുന്നതുപോലെ മോഹശക്തിനിമിത്തം വിപരീതഭാവന ജീവന്നുണ്ടാകുന്നു.

13. മോഹാദനീശതാം പ്രാപ്യ മഗ്നോ വപുഷി ശോചതി
ഈശസൃഷ്ടമിദം ദ്വൈതം സൎവ്വമുക്തം സമാസതഃ.

മോഹാത്അനീശതാംപ്രാപ്യ=മോഹംനിമിത്തം അനീശ്വരഭാവത്തെ പ്രാപിച്ചിട്ടു. വപുഷിമഗ്നഃശോ

ചതി=ദേഹത്തെ അഭിമാനിക്കുന്നതായിട്ടു ദുഃഖിക്കുന്നു. ഇദംഈശസൃഷ്ടംദ്വൈതം=ഈ ഈശ്വരസൃഷ്ടമായ ദ്വൈതം. സമാസതഃസർവ്വംഉക്തം=എല്ലാം സംക്ഷേപമായി പറയപ്പെട്ടു.

ഈശ്വരതത്വം പോയെന്നു മാത്രമല്ല പരിഭ്രമംനിത്തം സുഖദുഃഖങ്ങളെ പരിഹരിപ്പാൻ സാമർത്ഥ്യമില്ലാതെ ജീവൻ ശരീരത്തെ അഭിമാനിക്കുകയാൽ ദുഃഖിക്കുന്നു. ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട ദ്വൈതത്തെ ചുരുക്കമായിങ്ങിനെ പറഞ്ഞു. മേൽ പറവാൻ പോകുന്ന ജീവസൃഷ്ടിയോടു ഇതിനു ചേർച്ചയില്ലെന്നു കാണിപ്പാൻ ഇതിനെ അവസാനിപ്പിച്ചു.

14. സപ്താന്നബ്രാഹ്മണേ ദ്വൈതം ജീവസൃഷ്ടം പ്രപഞ്ചിതം
അന്നാനി സപ്ത ജ്ഞാനേന കർമ്മണാജനയൽപിതാ.

സപ്താന്നബ്രാഹ്മണേ=സപ്താന്നബ്രാഹ്മണത്തിൽ ജീവസൃഷ്ടംദ്വൈതംപ്രപഞ്ചിതം=ജീവനാൽസൃഷ്ടിക്കപ്പെട്ട ദ്വൈതം വിസ്തരിക്കപ്പെട്ടിട്ടുണ്ട്. പിതാകർമ്മണാജ്ഞാനേന=ജീവനാകുന്ന പിതാവ് കർമ്മജ്ഞാനങ്ങൾകൊണ്ട്. സപ്തഅന്നാനിഅജനയത്=ഏഴുവിധം അന്നങ്ങളെ ജനിപ്പിച്ചു.

ജീവനും ദ്വൈതങ്ങളെ സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളതിന്നു പ്രമാണം പറയുന്നു:—ബൃഹദാരണ്യകോപനിഷത്ത് 1-ാംഅദ്ധ്യായം 5-ാംബ്രാഹ്മണത്തിൽ സപ്താന്നങ്ങളെ വിവരിച്ചിട്ടുണ്ട്. അതിനാൽ ആ ഭാഗത്തിന്നു സപ്താന്നബ്രാഹ്മണമെന്നു പേർ കല്പിക്കപ്പെട്ടിരിക്കുന്നു. സപ്താന്നബ്രാഹ്മണം എന്ന ആ വിഭാഗത്തിൽ ജീവനാൽ സൃഷ്ടിക്കപ്പെട്ട ദ്വൈതം വിസ്തരിക്കപ്പെട്ടിട്ടുണ്ട്. ഏതുവിധമെന്നാൽ:—തന്റെ അദൃഷ്ടംനിമിത്തം ലോകത്തെ ഉൽഭവിപ്പിച്ചു പാലിക്കുന്ന സമഷ്ടി ജീവൻ ഏഴുവിധങ്ങളായ അന്നങ്ങളെ ജനിപ്പിച്ചു ജ്ഞാനംകൊണ്ടും കർമ്മംകൊണ്ടുമാണ് ഉൽഭവിപ്പിച്ചത്. "യൽസപ്താന്നാനിമേധയാതപസാജനയത്പിതാ" സർവ്വലോകപാലകനായ ജീവൻ ജ്ഞാനംകൊണ്ടും കർമ്മംകൊണ്ടും ഏഴുവിധങ്ങളായ അന്നങ്ങളെ ജനിപ്പിച്ചു എന്നാണ് ശ്രുതിവാക്യാർത്ഥം. സ്വാദൃഷ്ടദ്വാരാജഗൽസൃഷ്ടിചെയ്യുന്നതിനാൽ സർവ്വലോകങ്ങളെയും പാലിക്കുന്ന ജീവൻ ഇവിടെ പിതാവെന്നു വ്യവഹരിക്കപ്പെടുന്നു.

15. മർത്ത്യാന്നമേകം ദേവാന്നേ ദ്വേ പശ്വന്നം ചതുർത്ഥകം
അന്യത്ത്രിതീയമാത്മാർത്ഥ മന്നാനാം വിനിയോജനം.

ഏകംമർത്ത്യാന്നം=ഒന്നിനെ മനുഷ്യാന്നമായിട്ടും ദ്വേദേവാന്നേ=രണ്ടെണ്ണം ദേവാന്നമായിട്ടും ചതുർത്ഥകം പശ്വന്നം=നാലാമത്തേത് പശുക്കൾക്കന്നമായിട്ടും. അന്യത്ത്രിതയം=ബാക്കി ഇതരങ്ങളായ മൂന്നെണ്ണം. ആത്മാർത്ഥം=ആത്മാവിന്നായിട്ടും. അന്നാനാം വിനിയോജനം=അന്നങ്ങളുടെ ഉപയോഗം പറയപ്പെട്ടു.

ഏഴുവിധാന്നസൃഷ്ടിപ്രയോജനം ബ്രാഹ്മണത്തിൽ പറഞ്ഞിട്ടുള്ളതിനെ എടുത്തു കാണിക്കുന്നു:—ഒന്ന് മനുഷ്യാന്നം. രണ്ടെണ്ണം വേദാന്നം. നാലാമത്തേത് പശ്വന്നം. മൂന്നെണ്ണം ജീവനായ തനിക്കും. ഇങ്ങിനെ അന്നങ്ങളുടെ ഉപയോഗത്തെയും പറഞ്ഞിരിക്കുന്നു. "ഏകമസ്യ സാധാരണം. ദ്വേദേവാനഭാജയത്. ത്രീണ്യാത്മനേ കുരുത. പശുഭ്യഃഏകം പ്രായച്ഛത്" എന്നാണ് ബ്രാഹ്മണത്തിലെ വാക്യം. അദിക്ക (ഭക്ഷിക്ക)പ്പെടുന്നതിനാൽ അന്നം എന്നു പറയപ്പെടുന്നു.

16. വ്രീഹ്യാദികം ദർശപൂർണമാസൌ ക്ഷീരം തഥാമനഃ
വാക്പ്രാണശ്ചേതി സപ്തത്വ മന്നാനാമവഗമ്യതാം.

വ്രീഹ്യാദികം=വ്രീഹി (നെല്ല്) മുതലായത്. ദർശപൂർണമാസൌ=ദർശം പൂർണമാസം. ക്ഷീരം=പാൽ. തഥാമനഃവാക്പ്രാണഃച=അപ്രകാരം മനസ്സ് വാക് പ്രാണൻ. അന്നാനാംസപ്തത്വം=അന്നങ്ങൾ ഏഴാണെന്ന്. അവഗമ്യതാം=അറിഞ്ഞുകൊൾക.

ഏഴുവിധാന്നങ്ങളെ വിവരിക്കുന്നു:—സാധാരണ മനുഷ്യരുടെ ഭക്ഷണസാധനമായ യവാദിധാന്യം. ദർശമെന്നും പൂർണമാസമെന്നും പറയപ്പെടുന്ന രണ്ടു യാഗവിശേഷങ്ങൾ, പാൽ, മനസ്സ്, വാക്, പ്രാണൻ, ഇവയാണ് ഏഴുവിധാന്നങ്ങൾ എന്നറിഞ്ഞുകൊൾക. "ഏകമസ്യസാധാരണമിതീദമേവാസ്യ തൽസാധാരണമന്നംയദിദമദ്യതേ". "അയമാത്മാവാങ്മനോമയഃപ്രാണമയഃ" ഇത്യാദി ബ്രാഹ്മണവാക്യാർത്ഥമാണ് മുകളിൽ വിവരിച്ചത്. വ്രീഹ്യാദിമനുഷ്യസാധാരണാന്നം. പിതൃക്കൾക്ക് കാവ്യം ദേവന്മാർക്ക് ഹവ്യം (ദർശപൂർണമാസശബ്ദങ്ങളാൽ പറയപ്പെട്ടു) പശ്വന്നം ക്ഷീരം. മനസ്സ് വാക് പ്രാണൻ ഈ മൂന്നും ജീവാന്നം. ഇങ്ങിനെ അന്നവിഭജനം.

17. ഈശേന യദ്യപ്യേതാനി നിർമ്മിതാനി സ്വരൂപതഃ
തഥാപി ജ്ഞാനകർമ്മഭ്യാം ജീവോകാർഷീത്തദന്നതാം.

ഈശേനഏതാനി=ഈശ്വരനാൽ ഈ അന്നങ്ങൾ. സ്വരൂപതഃ=സ്വരൂപമാത്രത്താൽ. നിർമ്മിതാനിയദ്യപി=നിർമ്മിക്കപ്പെട്ടുവെങ്കിലും. തഥാപി ജ്ഞാനകർമ്മഭ്യാം=എന്നാൽ ജ്ഞാനകർമ്മങ്ങൾകൊണ്ട്. ജീവഃ തദന്നതാംഅകാർഷീത്=ജീവൻ അവയെ ഭക്ഷ്യങ്ങളാക്കി

മേൽകാണിച്ച ഏഴ വിധങ്ങളായ അന്നങ്ങൾ ലോകത്തിൽ ഉൾപ്പെട്ടിരിക്കയാൽ ഈശ്വരസൃഷ്ടങ്ങൾതന്നെ. ജീവസൃഷ്ടങ്ങളെന്നു പറവാനെന്തു കാരണം എന്ന ചോദ്യത്തിന്നുത്തരം:—ഈശ്വരൻ മേൽകാണിച്ച ഏഴവിധപദാർത്ഥങ്ങളെ സൃഷ്ടിച്ചുവെങ്കിലും ജീവൻ തന്റെ അദൃഷ്ടകർമ്മവാസനയാലും ജ്ഞാനത്താലും അവയെ തന്റെ ഭോഗത്തിന്നായുള്ള സാധനങ്ങളാക്കിത്തീർത്തു. വിഷയധ്യാനമാകുന്ന ഈ ജ്ഞാനം വിഹിതമെന്നും നിഷിദ്ധമെന്നും രണ്ടുവിധത്തിലുണ്ട്. അവയിൽ ദേവന്മാർ മുതലായ വിഷയങ്ങളുടെ ധ്യാനം വിഹിതജ്ഞാനവും പരസ്ത്രീപരധനം മുതലായ വിഷയങ്ങളുടെ ധ്യാനം നിഷിദ്ധജ്ഞാനവുമാകുന്നു. അതുപോലെ കർമ്മവും രണ്ടുവിധമുണ്ട്. വിഹിതകർമ്മം നിഷിദ്ധകർമ്മം. അവയിൽ യാഗാദികൾ വിഹിതകർമ്മങ്ങൾ. ഹിംസാദികൾ നിഷിദ്ധകർമ്മങ്ങൾ. ഇങ്ങിനെയുള്ള വിഹിതനിഷിദ്ധാത്മക ജ്ഞാനംകൊണ്ടും കർമ്മംകൊണ്ടുമാകുന്നു ഈശ്വരസൃഷ്ടവസ്തുക്കളെ ജീവൻ ഭോഗയോഗ്യങ്ങളായ അന്നരൂപങ്ങളാക്കി ചെയ്തത്.

ഒരേജഗത്ത് ഈശ്വരനോടും ജീവനോടും സംബന്ധിച്ചതാണെന്നതിന്നു ദൃഷ്ടാന്തം.

18. ഈശകാര്യ്യം ജീവഭോഗ്യം ജഗദ്വാഭ്യാം സമന്വിതം
പിതൃജന്യാ ഭർത്തൃഭോഗ്യാ യഥായോഷിത്തഥേഷ്യതാം.

ജഗത്ഈശകാര്യ്യം=ജഗത്ത് ഈശ്വരകാര്യ്യവും. ജീവഭോഗ്യം=ജീവനാൽ ഭുജിക്കപ്പെടുവാൻ യോഗ്യവും. ദ്വാഭ്യാംസമന്വിതം=എന്ന രണ്ടോടു ചേർന്നതാണ്. യഥാപിതൃജന്യാ=എപ്രകാരമോ പിതാവിൽനിന്നു ജനിച്ചും. ഭർത്തൃഭോഗ്യായോഷിത്=ഭർത്താവിനാൽ ഭുജിക്കപ്പെടുവാൻ യോഗ്യയുമായ സ്ത്രീ. തഥാഇഷ്യതാം=അപ്രകാരമെന്നറിഞ്ഞുകൊൾക.

ഈശ്വരൻ സൃഷ്ടിച്ചതും സപ്താന്നാത്മകവുമായ ലോകം ഈശകാര്യ്യവും ജീവനാൽ അനുഭവിക്കപ്പെടുവാൻ യോഗ്യവും എന്ന രണ്ടു നിലയിൽ ഇരിക്കുന്നതാണ്. ഒരേ വസ്തു രണ്ടു പദാർത്ഥങ്ങളോടുകൂടി ബന്ധിച്ചതാവാൻ വിരോധമില്ലെന്നു ദൃഷ്ടാന്തം:—പിതാവിൽനിന്നു ജനിച്ചും ഭർത്താവിനാൽ അനുഭവിക്കപ്പെടുവാൻ യോഗ്യയുമായ സ്ത്രീയെന്നപോലെ എന്നറിഞ്ഞുകൊൾക.

ജീവനും ഈശ്വരനും ലോകം സൃഷ്ടിപ്പാനുള്ള സാധനങ്ങൾ.

19. മായാവൃത്ത്യാത്മകോ ഹീശസങ്കല്പഃ സാധനം ജനൌ
മനോവൃത്ത്യാത്മകോ ജീവസങ്കല്പോ ഭോഗസാധനം.

മായാവൃത്ത്യാത്മകഃ=മായാപരിണാമസ്വരൂപത്തോടുകൂടിയ. ഈശസങ്കല്പഃഹി=പ്രസിദ്ധമായ ഈശ്വരസങ്കല്പം. ജനൌസാധനം=ജനിയിൽ–സൃഷ്ടിയിൽ–സാധനം മനോവൃത്ത്യാത്മകഃ=അന്തഃകരണപരിണാമരൂപമായ. ജീവസങ്കല്പഃഭോഗസാധനം=ജീവസങ്കല്പം ഭോഗസാധനം.

മായാപരിണാമമാകുന്ന സ്വരൂപത്തോടുകൂടിയ ഈശ്വരസങ്കല്പം സൃഷ്ടികാരണം. അന്തഃകരണപരിണാമരൂപമായ ജീവസങ്കല്പം ജഗൽഭോഗസാധനം എന്നതു പ്രസിദ്ധമാകുന്നു.

ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട ഒരു സ്വരൂപത്തിൽ ജീവൻ അനേകരൂപങ്ങളെ സൃഷ്ടിക്കുന്നു.

20. ഈശനിർമ്മിതമണ്യാദൌ വസ്തുന്യേകവിധേ സ്ഥിതേ
ഭോക്തൃധീവൃത്തിനാനാത്വാ ത്തൽഭോഗോ ബഹുധേഷ്യതേ.

ഈശനിർമ്മിതമണ്യാദൌ=ഈശ്വരസൃഷ്ടമായ രത്നം മുതലായ വസ്തുനിഏകവിധേസ്ഥിതേ=വസ്തു ഒരേ വിധത്തിലിരിക്കെ. ഭോക്തൃധീവൃത്തിനാനാത്വാൽ=അനുഭവിക്കുന്നവന്റെ ബുദ്ധിവൃത്തിയുടെ നാനാത്വം നിമിത്തം. തൽഭോഗഃബഹുധാഇഷ്യതേ=അതുകൊണ്ടുള്ള ഭോഗം ബഹുവിധത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഈശ്വരസൃഷ്ടമായ വസ്തുവിനെ അതിക്രമിച്ചതായ ഭോഗ്യത്വാകൃതിതന്നെ വസ്തുവിൽ ഇല്ലാത്തതുകൊണ്ട് പിന്നെ ജീവനാൽ സൃഷ്ടിക്കപ്പെട്ട സ്വരൂപമെന്താണെന്ന ശങ്കയെ പരിഹരിക്കുന്നു:—ഈശ്വരൻ സൃഷ്ടിച്ച രത്നം മുതലായ വസ്തു ജാതം ഒരേ വിധത്തിൽ ഇരിക്കുമ്പോൾതന്നെ അതിനെ അനുഭവിക്കുന്ന ഓരോരുത്തരുടെ ബുദ്ധിവൃത്തി ഓരോവിധത്തിലായതുകൊണ്ട് അവയെക്കൊണ്ടുള്ള ഭോഗവും ബഹുവിധത്തിലായി കാണപ്പെടുന്നതിനാൽ ഭോഗത്തിന്നു കാരണമായ സ്വരൂപത്തിൽനിന്നന്യമായ ഭോഗ്യസ്വരൂപവൈചിത്ര്യം വസ്തുവിലിരിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു.

21. ഹൃഷ്യത്യേകോ മണിം ലബ്ധ്വാ കുപ്യത്യന്യോ ഹ്യലാഭതഃ
പശ്യത്യേവ വിരക്തോത്ര നഹൃഷ്യതി നകുപ്യതി.

ഏകഃമണിംലബ്ധ്വാഹൃഷ്യതി=ഒരുവൻ മണി ലഭിച്ചിട്ട സന്തോഷിക്കുന്നു. അലാഭതഃഅന്യഃകുപ്യതി=കിട്ടാത്തതുകൊണ്ടു മറ്റൊരുവൻ കോപിക്കുന്നു. അത്രവിരക്തഃപശ്യതിഏവ=ഇതിൽ ആശയില്ലാത്തവൻ നോക്കുക മാത്രം ചെയ്യുന്നു. നഹൃഷ്യതിനകുപ്യതി=സന്തോഷിക്കുന്നില്ല, കോപിക്കുന്നില്ല.

ഭോഗഭേദമുണ്ടെങ്കിലല്ലേ ഭോഗ്യഭേദം കല്പിപ്പാനവകാശം. അതുതന്നെയില്ലെന്നു ശങ്കിക്കുന്നുവെങ്കിൽ ഭോഗഭേദമുണ്ടെന്നനുഭവപ്പെടുത്തുന്നു:—ഈശ്വരൻ സൃഷ്ടിച്ച രത്നം അതിൻെറ രൂപത്തിന്നു മാററമൊന്നുമില്ലാതെയിരിക്കുന്നു. ഒരുവൻ ആ രത്നം തനിക്കുകിട്ടേണമെന്നാഗ്രഹിച്ചു. അതു കിട്ടി. അപ്പോൾ അവൻ സന്തോഷിക്കുന്നു. അതുപോലെ മറെറാരുവനും ആഗ്രഹിക്കുന്നു. അവന്നു കിട്ടിയില്ല. അപ്പോൾ ഇവൻ കോപിക്കുന്നു. മണിയിൽ ആഗ്രഹമില്ലാത്ത മറെറാരുവൻ അതിനെ കാണുന്നുവെന്നു മാത്രമല്ലാതെ സന്തോഷമോ കോപമോ മണിനിമിത്തം അവന്നുണ്ടാകുന്നില്ല.

22. പ്രിയോപ്രിയ ഉപേക്ഷ്യശ്ചേത്യാകാരാ മണിഗാസ്ത്രയഃ
സൃഷ്ടാ ജീവൈരീശസൃഷ്ടം രൂപം സാധാരണംത്രിഷു.

പ്രിയഃഅപ്രിയഃഉപേക്ഷ്യഃച=പ്രിയവും അപ്രിയവും ഉപേക്ഷ്യവും. ഇതിത്രയഃആകാരാഃ=എന്ന മൂന്നാകൃതികൾ. മണിഗാഃ=മണിയിൽ ഉള്ളവ. ജീവൈഃസൃഷ്ടാഃ=ജീവന്മാരാൽ സൃഷ്ടങ്ങൾ. ഈശസൃഷ്ടംരൂപം=ഈശ്വരൻ സൃഷ്ടിച്ച രൂപം. ത്രിഷുസാധാരണം=മൂന്നിലും ഒരേവിധം.

ഈശസൃഷ്ടമായ രൂപം ഒരേവിധത്തിലിരിക്കേ മുകളിൽ കാണിച്ച മൂന്നുപേക്ക്, പ്രിയം, അപ്രിയം ഉപേക്ഷ്യം എന്ന മൂന്നുവിധ ഭാവങ്ങളുണ്ടായി. ഈ ഭാവങ്ങളെ ജീവന്മാർ ആ രത്നത്തിൽ സൃഷ്ടിച്ചു. ഇതുകൊണ്ടു ഓരോ വസ്തുവിനെ അനുഭവിക്കുന്നതിൽ ബുദ്ധിവൃത്തിയുടെ നാനാത്വം നിമിത്തം ഓരോരുത്തനും ഓരോ വിധത്തിലനുഭവപ്പെടുന്ന ഭോഗഭേദമുണ്ടെന്നു തെളിയുന്നു. രാഗവും ദ്വേഷവുമില്ലാത്ത വൃത്തി യാതൊന്നോ അതിനെ ഉപേക്ഷാവൃത്തിയെന്നു പറയുന്നു. അതിനു വിഷയമായതിനെ ഉപേക്ഷ്യം എന്നു പറയുന്നു.

23. ഭാര്യാ സ്നുഷാ നനാന്ദാച യാതാ മാതേത്യനേകധാ
പ്രതിയോഗിധിയാ യോഷിൽ ഭിദ്യതേ നസ്വരൂപതഃ.

യോഷിത് പ്രതിയോഗിധിയാ=ഒരു സ്ത്രീ അവളെ നോക്കുന്നവരുടെ ബുദ്ധിഭേദം നിമിത്തം. ഭാര്യാസ്നുഷാ നനാന്ദാ=പത്നി, പുത്രഭാര്യാ. ഭർത്തൃസഹോദരി. യാതാമാതാ=ഭർത്താവിൻെറ അനുജൻെറ ഭാര്യാ അമ്മ. ഇതിഅനേകധാഭിദ്യതേ=ഇങ്ങിനെ അനേകവിധത്തിൽ ഭേദപ്പെടുന്നു. സ്വരൂപതഃന=സ്വരൂപത്തിൽ ഭേദമില്ല.

ജീവൻ സൃഷ്ടിച്ചതായ ആകൃതിഭേദം വസ്തുവിലുണ്ടെന്ന് മറെറാരുദാഹരണത്താൽ സ്പഷ്ടമാക്കുന്നു:—ഒരു സ്ത്രീയെ നോക്കുന്ന ഓരോരുത്തരുടെയും ബുദ്ധിഭേദം നിമിത്തം ബഹുവിധത്തിൽ ആ സ്ത്രീ കാണപ്പെടുന്നു:—ഭർത്താവിന്നവൾ ഭാര്യാഭർത്തൃപിതാവിന്നോ മരുമകൾ:—പുത്രഭാര്യാ ഭർത്തൃസഹോദരി. ഭർത്താവിൻെറ ജ്യേഷ്ഠപത്നിക്ക് ഇവൾ അനുജൻെറ ഭാര്യാ. മകന്നോ അമ്മ. എന്നിങ്ങിനെ ഓരോരുത്തർ അവളൊരുത്തിയെ ഓരോവിധത്തിൽ കാണുന്നു। ഈശ്വരൻ സൃഷ്ടിച്ച സ്ത്രീരൂപത്തിൽ യാതൊരു മാററവുമില്ല. ജീവൻ ഒരു വസ്തുവിൽ അനേകഭേദം കല്പിച്ചു. ഈശ്വരൻ ഒരേവിധത്തിൽ രൂപത്തെ നിർമ്മിച്ചുവെന്നതിന്നിങ്ങിനെ അനേകം ദൃഷ്ടാന്തങ്ങളുണ്ട്.

24. നനു ജ്ഞാനാനി ഭിദ്യന്താ മാകാരസ്തു നഭിദ്യതേ
യോഷിദ്വപുഷ്യതിശയോ നദൃഷ്ടോ ജീവനിർമ്മിതഃ.

നനു ജ്ഞാനാനി ഭിദ്യന്താം=എന്നാൽ ജ്ഞാനങ്ങൾ ഭേദിക്കട്ടെ. ആകാരഃതുനഭിദ്യതേ=ആകൃതിയാകട്ടെ ഭേദിക്കുന്നില്ല. യോഷിദ്വപുഷി=സ്ത്രീയിൻെറ ശരീരത്തിൽ ജീവനിർമ്മിതഃ അതിശയഃ=ജീവൻ നിർമ്മിച്ച അതിശയം. നദൃഷ്ടഃ=കാണപ്പെടുന്നില്ലല്ലോ.

ഭാര്യാ, സ്നുഷാ എന്നിങ്ങിനെ ജ്ഞാനങ്ങൾ ഭേദിക്കുന്നുവെന്നല്ലാതെ സ്ത്രീരൂപത്തിൽ ജീവനിർമ്മിതമായ വിശേഷവിധി കാണപ്പെടാതിരിക്കുന്നതിനാൽ ജ്ഞാനവിഷയമായ സ്ത്രീരൂപത്തിൽ ഭേദം കല്പിക്കുന്നത് അയുക്തമാണെന്ന് ശങ്കിക്കുന്നു.

25. മൈവം മാംസമയീ യോഷിൽ കാചിദന്യാ മനോമയീ.
മാംസമയ്യാ അഭേദേപി ഭിദ്യതേ ഹി മനോമയീ.

മാഏവം=അങ്ങിനെ ശങ്കിക്കേണ്ട. കാചിത് മാംസമയീ യോഷിത്=ഒരുത്തി മാംസസ്വരൂപത്തിലുള്ള സ്ത്രീ. അന്യാമനോമയീ=മറേറവശം മനഃകല്പിതയായ സ്ത്രീ. മാംസമയ്യാഃ അഭേദേ അപി=മാംസമയിക്കു ഭേദമില്ലെന്നിരിക്കലും. മനോമയീ ഭിദ്യതേ ഹി=മനോമയി ഭേദപ്പെടുന്നു നിശ്ചയം.

മേൽകാണിച്ച ശങ്കക്കു സമാധാനം:—അറിവു ഭേദിക്കേണമെങ്കിൽ അറിയപ്പെടുന്ന വസ്തുവിൽ ഭേദമുണ്ടാകേണമെന്നു സമ്മതിക്കുകതന്നെവേണം. എന്നാൽ ഭേദപ്പെട്ടത് ഈശ്വരസൃഷ്ടമായ മാംസരൂപമല്ല മനസ്സുകൊണ്ടു ജീവൻ സൃഷ്ടിച്ചതായ സ്ത്രീരൂപമാണ് ഭേദപ്പെട്ടത്. നോക്കുന്ന ആ പ്രത്യേക പുരുഷൻ മാത്രമേ ആ രൂപത്തെ കാണുന്നുള്ളു. മാംസചക്ഷുസ്സുകൊണ്ടല്ല, ഉൾക്കണ്ണുകൊണ്ടാണിതിനെക്കാണുന്നത്. അങ്ങിനെയൊരു രൂപഭേദമില്ലാതെ ജ്ഞാനം ഭേദിക്കുന്നതിന്നവകാശമില്ല. അതിനാൽ ഈശ്വരസൃഷ്ടമായ ഏതൊരു വസ്തുവും അതേരൂപത്തിലിരിക്കുമ്പോഴുംതന്നെ മനസാ അതിൽ മറെറാരു സ്വരൂപത്തെ സൃഷ്ടിക്കുന്നതുകൊണ്ടാണ് ഒരേവസ്തു ഭിന്നഭിന്നഭാവത്തിൽ ഓരോരുത്തരാൽ കാണപ്പെടുന്നതെന്നു ധരിക്കേണ്ടതാണ്.

26. ഭ്രാന്തിസ്വപ്നമനോരാജ്യസ്മൃതിഷ്വസ്തു മനോമയം
ജാഗ്രന്മാനേന മേയസ്യ നമനോമയതേതി ചേത്.

ഭ്രാന്തിസ്വപ്നമനോരാജ്യസ്മൃതിഷു=ഭ്രാന്തി, സ്വപ്നം, മനോരാജ്യം, സ്മൃതി എന്നിവകളിൽ. മനോമയം അസ്തു=മനോമയസ്വരൂപം ഭവിക്കട്ടെ. ജാഗ്രന്മാനേന=ജാഗ്രദവസ്ഥയിൽ ഇന്ദ്രിയപ്രത്യക്ഷം ഉള്ളതുകൊണ്ടു. മേയസ്യമനോമയതാന ഇതിചേത്=വിഷയത്തിന്നു മനോമയതക്കു കാരണമില്ല എന്നാണെങ്കിൽ.

27. ബാഢംമാനേതു മേയേന യോഗാൽ സ്യാദ്വിഷയാകൃതിഃ
ഭാഷ്യവാർത്തികകാരാഭ്യാ മയമർത്ഥ ഉദീരിതഃ.

ബാഢം മാനേവിഷയാകൃതിഃതു=ശരിതന്നെ. മാനത്തിൽ (ജ്ഞാനത്തിൽ) വിഷയാകൃതിയാകട്ടെ. മേയേനയോഗാൽസ്യാൽ=മേയത്തോടു (വിഷയത്തോടു) ചേർച്ചനിമിത്തം ഭവിക്കും. അയംഅർത്ഥഃ=ഈ അർത്ഥം. ഭാഷ്യവാർത്തികകാരാഭ്യാം ഉദീരിതഃ=ഭാഷ്യകാരനാലും വാർത്തികകാരനാലും പറയപ്പെട്ടിട്ടുണ്ട്.

26—27 ശ്ലോകങ്ങളുടെ സാരം:—പ്രത്യക്ഷാദിപ്രമാണങ്ങളാൽ ഗ്രഹിക്കപ്പെടുന്ന പദാർത്ഥങ്ങളിൽ മനോമയസ്വരൂപമുണ്ടെന്നു പറയുന്നത് അയുക്തമാണെന്നുള്ള ശങ്കയും സമാധാനവും:—ഭ്രാന്തി, സ്വപ്നം, മനോരാജ്യം സ്മൃതി എന്നീ സ്ഥലങ്ങളിൽ ബാഹ്യവിഷയമാകുന്ന ഈശ്വരസൃഷ്ടരൂപം ഇല്ലാത്തതുകൊണ്ടു അവിടെ മനോമയസ്വരൂപം ഉള്ളതാണ്. എന്നാൽ ജാഗ്രൽകാലത്തിൽ പ്രത്യക്ഷാദി പ്രമാണങ്ങളാൽ ഗ്രഹിക്കപ്പെടുന്ന വിഷയപദാർത്ഥങ്ങളിൽ ഈശ്വരനിർമ്മിത ബാഹ്യസ്വരൂപമുള്ളതിനാൽ അവക്ക് ജീവനിർമ്മിതമനോമയസ്വരൂപം വേറെയൊന്നുണ്ടെന്നു പറയുന്നതു യുക്തമല്ല എന്ന് ശങ്കിക്കുന്നുവോ? ഹേ പൂർവ്വവാദിൻ! പ്രത്യക്ഷാദിപ്രമാണങ്ങളാൽ ഗ്രഹിക്കപ്പെട്ട പദാർത്ഥങ്ങളിൽ ഈശ്വരനിർമ്മിതമായ ബാഹ്യസ്വരൂപം ഉള്ളതു വാസ്തവംതന്നെ. എങ്കിലും അവയിൽ ജീവനിർമ്മിതമായ മനോമയസ്വരൂപംകൂടിയുണ്ട്. അതെങ്ങിനെയെന്നാൽ പ്രമാണത്തിൽ (ജ്ഞാനത്തിൽ) ഇരിക്കുന്ന മനോമയമായ വിഷയാകൃതി. ആ പ്രമാണത്തിന്നു പ്രമേയത്തോടു (വിഷയത്തോടു)കൂടിയുള്ള സമ്പർക്കത്താൽ പ്രമേയവസ്തുവിലും ഉണ്ടാകുന്നതാണ്. എന്നാൽ ഇതു നമ്മുടെ സ്വകപോലകല്പിതമോ എന്നു ശങ്കിക്കേണ്ട. ഇങ്ങിനെ അന്തഃകരണവൃത്തിയാകുന്ന പ്രമാണം യാതൊന്നോ ആ പ്രമാണത്തിലിരിക്കുന്ന വിഷയാകൃതി ബാഹ്യങ്ങളായ വിഷയങ്ങളിൽ ഭവിക്കുമെന്നുള്ളത് ഭാഷ്യകാരനായ ശ്രീശങ്കരാചാര്യസ്വാമി അവർകളാലും വാർത്തികകാരനായ സുരേശ്വരാചാര്യസ്വാമികളാലും പറയപ്പെട്ടിട്ടുള്ളതാണ്.

28. മൂഷാസിക്തം യഥാതാമ്രം തന്നിഭം ജായതേ തഥാ
രൂപാദീൻ വ്യാപ്നുവച്ചിത്തം തന്നിഭം ദൃശ്യതേ ധ്രുവം.

മൂഷാസിക്തം താമ്രം=ഉരുക്കിയ ചെമ്പ് അച്ചിൽ ഒഴിച്ചിട്ട്. തന്നിഭഃ യഥാജായതേ=തത്തുല്യമായ ആകൃതിയുള്ളതാകുന്നത് ഏതുവിധമോ രൂപാദീൻ വ്യാപ്നുവത് ചിത്തം=രൂപാദികളെ വ്യാപിക്കുന്ന മനസ്സ്, തന്നിഭം തഥാദൃശ്യതേ ധ്രുവം=തത്തുല്യമായിട്ടു അപ്രകാരം കാണപ്പെടുന്നു നിശ്ചയം.

യഥാൎത്ഥജ്ഞാനവിഷയമായ പദാൎത്ഥം മനോമയമായും ഭവിക്കുമെന്നതിൽ പ്രമാണമായ ഭാഷ്യകാരവചനം ഉപദേശസാഹസ്രിയെന്ന ഗ്രന്ഥത്തിൽനിന്നു ഭാഷ്യകാരന്റെ 2 പദ്യങ്ങളെ എടുത്തുകാണിക്കുന്നു:—ചെമ്പു മുതലായ ലോഹങ്ങൾ മൂശയിൽ ഉരുക്കി അച്ചിൽ ഒഴിച്ചാൽ എപ്രകാരം അച്ചിന്റെ ആകൃതിയിലായി ഭവിക്കുന്നുവോ അപ്രകാരം രൂപം മുതലായ വിഷയങ്ങളിൽ പ്രവേശിക്കുന്ന മനസ്സ് വിഷയാകൃതിയെ പ്രാപിക്കുന്നുവെന്നതു നിശ്ചയം.

29. വ്യഞ്ജകോ വാ യഥാലോകോ വ്യംഗ്യസ്യാകാരതാ മിയാത്
സൎവ്വാൎത്ഥവ്യഞ്ജകത്വാ ദ്ധീ രൎത്ഥാകാരാ പ്രദൃശ്യതേ.

യഥാവാവ്യഞ്ജകഃ ആലോകഃ=എപ്രകാരമോ പദാൎത്ഥങ്ങളെ പ്രകാശിപ്പിക്കുന്ന വെളിച്ചം. വ്യംഗ്യസ്യ ആകാരതാം ഇയാത്=പ്രകാശ്യമായ പദാൎത്ഥത്തിന്റെ ആകൃതിയെ പ്രാപിക്കുന്നത്. തഥാ, സൎവ്വാൎത്ഥവ്യഞ്ജകത്വാത്=അപ്രകാരം സൎവ്വപദാൎത്ഥങ്ങളെ പ്രകാശിപ്പിക്കുക എന്ന ഭാവത്താൽ. ധീഃ അൎത്ഥാകാരാ പ്രദൃശ്യതേ=ബുദ്ധി, വിഷയത്തിന്റെ ആകൃതിയിലുള്ളതായി കാണപ്പെടുന്നു.

താമ്രം മുതലായ ലോഹങ്ങളെ ഉരുക്കി അച്ചിലൊഴിക്കുമ്പോൾ ശൈത്യസമ്പൎക്കം നിമിത്തം അച്ചിന്റെ ആകൃതിയെ പ്രാപിക്കുന്നു. ബുദ്ധിക്ക് താമ്രാദികൾക്കുള്ളതുപോലെ ആകൃതിയില്ലാത്തതുകൊണ്ട് വിഷയസംബന്ധം നിമിത്തം വിഷയാകൃതിയെ പ്രാപിക്കുന്നതെങ്ങിനെയെന്ന ശങ്കയെ പരിഹരിപ്പാൻ മറെറാരുദാഹരണം:—പദാൎത്ഥങ്ങളെ പ്രകാശിപ്പിക്കുന്ന സൂൎയ്യപ്രകാശം മുതലായത് ഏതിൽ വ്യാപിക്കുന്നുവോ ആ പദാൎത്ഥത്തിന്റെ ആകൃതിയെ പ്രാപിച്ചിട്ടാണല്ലൊ അതിനെ പ്രകാശിപ്പിക്കുന്നത്. പദാൎത്ഥത്തിന്റെ സ്വരൂപം തികച്ചും പ്രകാശിക്കേണമെങ്കിൽ അതിൽ വ്യാപിച്ച വെളിച്ചം തത്തുല്യാകൃതിയെ പ്രാപിക്കേണം. അല്ലാതെ ആ പദാൎത്ഥം തികച്ചും പ്രകാശിക്കയില്ല. വെളിച്ചമോ ആകൃതിയില്ലാത്തതുമാണ്. പ്രകാശകത്വം ഉള്ളതുകൊണ്ട് പ്രകാശിപ്പിക്കപ്പെടുന്ന വസ്തുവിന്റെ ആകൃതിയെ ധരിച്ചു. അതുപോലെ ആകൃതിരഹിതമായ ബുദ്ധി സൎവ്വവസ്തുക്കളേയും പ്രകാശിപ്പിക്കുന്ന ഒന്നാകയാൽ പദാൎത്ഥത്തിന്റെ ആകൃതിപോലെയുള്ള ആകൃതിയിൽ സ്പഷ്ടമായി കാണപ്പെടുന്നു.

വാൎത്തികകാരവചനം എടുത്തുകാണിക്കുന്നു.

30. മാതുൎമ്മാനാഭിനിഷ്പത്തിൎന്നിഷ്പന്നം മേയമേതിതത്
മേയാഭിസംഗതം തച്ച മേയാഭത്വം പ്രപദ്യതേ.

മാതുഃ=പ്രമാതാവിൽനിന്ന്. മാനാഭിനിഷ്പത്തിഃ=വൃത്തിജ്ഞാനം ഉൽഭവിക്കുന്നു. നിഷ്പന്നംതത്=ഉണ്ടായിരിക്കുന്ന അത്. മേയംഏതിച=പ്രമേയവസ്തുവായ ഘടാദിയെ പ്രാപിക്കയും ചെയ്യുന്നു. തൽ മേയാഭിസംഗതം=അത് ആ വൃത്തിജ്ഞാനം പ്രമേയവസ്തുവിനോട് ചേൎന്നതായിട്ടു. മേയാഭത്വം പ്രപദ്യതേ=പ്രമേയമായ ഘടാദിയുടെ സദൃശമായ ആകൃതിയെ പ്രാപിക്കുന്നു.

പ്രമാജ്ഞാനത്തിന്റെ കൎത്താവിന്നു പ്രമാതാവ് എന്നുപേർ. അത് ബുദ്ധ്യാദികൾക്കധിഷ്ഠാനമായിരിക്കുന്ന കൂടസ്ഥചൈതന്യവും, ബുദ്ധിയിൽ പ്രതിഫലിച്ച ചിദാഭാസനും, ബുദ്ധിയും, ഇങ്ങിനെ മൂന്നെണ്ണങ്ങളുടെ സമുദായസ്വരൂപമായിരിക്കുന്ന ജീവനാകുന്നു. അങ്ങിനെയുള്ള ജീവനിൽനിന്നു ചിദാഭാസനോടുകൂടിയതായ അന്തഃകരണത്തിന്റെ വൃത്തിയായ ജ്ഞാനം ഉണ്ടാകുന്നു. ആ ജ്ഞാനം ഘടാദിസ്വരൂപങ്ങളായ പ്രമേയവസ്തുക്കളെ പ്രാപിക്കുമ്പോൾ അവയെസംബന്ധിച്ചതായ്തീൎന്നിട്ടു ഘടാദിസ്വരൂപങ്ങളായിത്തന്നെ ഭവിക്കുന്നു.

31. സത്യേവം വിഷയൌ ദ്വൌ സ്തോ ഘടൌ മൃണ്മയധീമയൌ
മൃണ്മയോ മാനമേയഃ സ്യാൽ സാക്ഷിഭാസ്യസ്തു ധീമയഃ.

ഏവംസതി=ഇപ്രകാരമാകയാൽ വിഷയൌഘടൌ=വിഷയങ്ങളായ ഘടങ്ങൾ. മൃണ്മയധീമയൌ ദ്വൌസ്തഃ=മൃണ്മയവും ധീമയവും എന്നു രണ്ടുണ്ട്. മൃണ്മയഃ മാനമേയഃസ്യാൽ=മൃണ്മയം മനഃസംബന്ധമായ ഇന്ദ്രിയംകൊണ്ടറിയാം. ധീമയഃതുസാക്ഷിഭാസ്യഃ സ്യാത്=മനോമയമാകട്ടെ സാക്ഷിഭാസ്യമായി ഭവിക്കും.

മുകളിൽകാണിച്ച പ്രമാണപ്രകാരം പ്രകൃതത്തിൽ വന്നുചേരുന്ന സംഗതി:—മേൽപറഞ്ഞ പ്രമാണാനുസരണം ഇന്ദ്രിയപ്രത്യക്ഷങ്ങളാകുന്ന ഘടങ്ങൾ (ഘടാദി സകലവസ്തുക്കളും) മൃണ്മയം:—മണ്ണുകൊണ്ടുള്ളത്. ധീമയം:— ബുദ്ധികല്പിതം. എന്ന രണ്ടു വിധത്തിലുണ്ട്. മൺകുടത്തെ ചിദാഭാസൻ പ്രകാശിപ്പിക്കുന്നു. മനോമയഘടത്തെ സാക്ഷിചൈതന്യം പ്രകാശിപ്പിക്കുന്നു. വസ്തുസ്വരൂപം പ്ര

മാതാവാകുന്ന ജീവനാൽ അറിയപ്പെടുന്നതാകയാൽ പ്രമാതൃഭാസ്യമാകുന്നു,— മനോവൃത്തിസഹിതമായ ഇന്ദ്രിയങ്ങൾകൊണ്ടറിയപ്പെടുന്നു. മനോമയമായ വസ്തുവാകട്ടെ മനോവൃത്തികൊണ്ടറിയപ്പെടുന്നില്ല. എന്നാൽ അങ്ങിനെ ഒന്നില്ലെന്നു ശങ്കിക്കരുത്. എന്തുകൊണ്ടെന്നാൽ മൃണ്മയഘടം പ്രമാതൃഭാസ്യമാകുന്നതുപോലെ മനോമയഘടം സാക്ഷിഭാസ്യമാകുന്നു:—സാക്ഷിചൈതന്യത്താൽ പ്രകാശിപ്പിക്കപ്പെടുന്നു.

32. അന്വയവ്യതിരേകാഭ്യാം ധീമയോ ജീവബന്ധകൃത്
സത്യസ്മിൻ സുഖദുഃഖേ സ്തസ്തസ്മിന്നസതി നദ്വയം.

അന്വയവ്യതിരേകാഭ്യാം=അന്വയവ്യതിരേകങ്ങൾകൊണ്ട് നോക്കുമ്പോൾ. ധീമയഃ ജീവബന്ധകൃത്=മനോമയം ജീവന്നു ബന്ധമുണ്ടാക്കുന്നു. അസ്മിൻസതി=ഇതുള്ളപ്പോൾ സുഖദുഃഖേസ്തഃ=സുഖദുഃഖങ്ങളുണ്ടാകുന്നു. തസ്മിൻ അസതിനദ്വയം=അതില്ലെങ്കിൽ രണ്ടുമില്ല.

ഈശ്വരകല്പിതമായും ജീവകല്പിതമായും രണ്ടുവിധം ദ്വൈതമുണ്ടെന്നുറപ്പിച്ചശേഷം ഏതിനെയാണ് ഉപേക്ഷിക്കേണ്ടതെന്ന് അന്വയവ്യതിരേകങ്ങൾകൊണ്ടു കാണിക്കുന്നു:— ജീവകല്പിതമായ ദ്വൈതത്തെയാണുപേക്ഷിക്കേണ്ടത്. അതാണ് ജീവനെ ബന്ധിക്കുന്നതെന്നുറപ്പിക്കുന്നു:— അന്വയവ്യതിരേകങ്ങൾകൊണ്ടു പരിശോധിക്കുമ്പോൾ മനഃകല്പിതമായ പ്രപഞ്ചമാണ് ജീവന്നു ബന്ധത്തെ ജനിപ്പിക്കുന്നതെന്നു കാണ്മാൻ കഴിയും. മനഃകല്പിത ഘടാദിപദാർത്ഥങ്ങളുള്ളപ്പോൾ ജീവന്നു സുഖവും ദുഃഖവും ഉണ്ട് എന്നത് അന്വയം. മനോമയവിഷയാഭാവത്തിൽ സുഖവുമില്ല ദുഃഖവുമില്ല, ഇതു വ്യതിരേകം. അതുകൊണ്ടു മനോമയപ്രപഞ്ചത്തെയാണുപേക്ഷിക്കേണ്ടതെന്നു സിദ്ധിക്കുന്നു. സാമാന്യമായ യാതൊരു പദാർത്ഥവും സുഖദുഃഖങ്ങളെ ഉണ്ടാക്കുന്നില്ല. മനോമയമാണ് സുഖദുഃഖജനകം.

33. അസത്യപിച ബാഹ്യാർത്ഥേ സ്വപ്നാദൌ ബദ്ധ്യതേ നരഃ
സമാധിസുപ്തിമൂർച്ഛാസു സത്യപ്യസ്മിൻ നബദ്ധ്യതേ.

സ്വപ്നാദൌ=സ്വപ്നം മുതലായ അവസ്ഥയിൽ. ബാഹ്യാർത്ഥേ അസതിഅപിച=ബാഹ്യാർത്ഥം ഇല്ലാതിരിക്കുമ്പോഴും. നരഃബദ്ധ്യതേ=മനുഷ്യൻ ബന്ധിക്കപ്പെടുന്നു. സമാധിസുപ്തിമൂർച്ഛാസു=സമാധി, ഉറക്കം, മോഹാലസ്യം എന്നീയവസ്ഥകളിൽ. അസ്മിൻസതിഅപി=ബാഹ്യാർത്ഥം ഉണ്ടായിരിക്കുമ്പോഴും നബദ്ധ്യതേ=ബന്ധിക്കപ്പെടുന്നില്ല.

മുകളിൽ കാണിച്ച അന്വയവ്യതിരേകങ്ങൾ ഈശ്വരനിർമ്മിത ബാഹ്യവിഷയങ്ങളിലും ഉപയോഗിച്ചുകൂടെയോ എന്ന ശങ്കക്ക് ഉപയോഗിപ്പാൻ തരമില്ലെന്നുത്തരം പറയുന്നു:—എങ്ങിനെയെന്നാൽ:—സ്വപ്നാവസ്ഥയിൽ ബാഹ്യപദാർത്ഥങ്ങൾ ഒന്നുമില്ല. എങ്കിലും മനഃകല്പിതങ്ങളായ സ്ത്രീ മുതലായ അനുകൂലവിഷയങ്ങളിൽ സുഖവും, വ്യാഘ്രം മുതലായ പ്രതികൂലവിഷയങ്ങളിൽ ദുഃഖവും അനുഭവിക്കുന്നുണ്ടെന്നു കാണുന്നു. സമാധി, ദൃഢനിദ്ര, മോഹാലസ്യം മുതലായ അവസ്ഥകളിൽ ബാഹ്യവിഷയങ്ങൾ ഇരിപ്പുണ്ടെങ്കിലും സുഖദുഃഖങ്ങൾ ഉണ്ടാകുന്നില്ല. എന്നതിനാൽ അന്വയവുമില്ല.

34. ദൂരദേശം ഗതേ പുത്രേ ജീവത്യേവാത്ര തൽപിതാ
വിപ്രലംഭകവാക്യേന മൃതം മത്വാ പ്രരോദിതി.

ദൂരദേശം ഗതേ പുത്രേ=ദൂരദേശത്തിൽ പോയിരിക്കുന്ന പുത്രൻ. ജീവതിഏവ=ജീവിച്ചിരിക്കുമ്പോൾതന്നെ. അത്രതൽപിതാ=ഇവിടെ അവന്റെ പിതാവ്. വിപ്രലംഭകവാക്യേന=വഞ്ചകവാക്യത്താൽ. മൃതംമത്വാപ്രരോദിതി=മരിച്ചുവെന്നു വിചാരിച്ചിട്ടു കരയുന്നു.

മനോമയപ്രപഞ്ചമാണ് ജീവനെ സംബന്ധിക്കുന്നതെന്നു ദൃഷ്ടാന്തംകൊണ്ടു സ്പഷ്ടമാക്കുന്നു: — ഒരാളുടെ പുത്രൻ ദൂരദേശത്തേക്കു പോയിരിക്കുന്നു. അവിടെ സുഖമായി ജീവിച്ചിരിക്കുന്നുമുണ്ട്. നുണപറഞ്ഞ് പരന്മാരെ ദുഃഖിപ്പിക്കുന്ന സ്വഭാവമുള്ള ഒരു വഞ്ചകൻ നിങ്ങളുടെ മകൻ മരിച്ചുപോയെല്ലോ കഷ്ടമായി എന്നു പറഞ്ഞ വാക്കുകേട്ടപ്പോൾ പുത്രൻ മരിച്ചുവെന്നു മനസാ നിശ്ചയിച്ചു ആ പിതാവ് വീട്ടിലിരുന്നു കരയുന്നു. ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട പുത്രനോ ദൂരദേശത്തിൽ ജീവിച്ചിരിക്കയും ചെയ്യുന്നു. പുത്രനുണ്ടെങ്കിൽ സുഖമുണ്ട് എന്ന അന്വയം സിദ്ധിക്കുന്നില്ല.

35. മൃതേപി തസ്മിൻ വാർത്തായാമശ്രുതായാം നരോദിതി
അതഃ സർവ്വസ്യ ജീവസ്യ ബന്ധകൃന്മാനസം ജഗത്.

തസ്മിൻമൃതേഅപി=അവൻ മരിച്ചിരിക്കും വിഷയത്തിലും. വാർത്തായാംഅശ്രുതായാം=വർത്തമാനം കേൾ

ക്കപ്പെടാതിരിക്കുമ്പോൾ. നരോദിതി=കരയുന്നില്ല. അതഃസർവ്വസ്യജീവസ്യ=അതുകൊണ്ടു സർവ്വ ജീവന്നും. ബന്ധകൃത്=ബന്ധത്തെ ഉണ്ടാക്കുന്നത്. മാനസംജഗത്=മനഃകല്പിതലോകമാകുന്നു.

ആ പുത്രൻ ദൂരദേശത്തിൽവെച്ചു മരിച്ചുവെങ്കിലും ആ വൎത്തമാനം പിതാവു കേൾക്കാതിരിക്കുമ്പോൾ കരയുന്നതുമില്ല. അതുകൊണ്ടു് ജീവനെ ബന്ധിക്കുന്നതു മനഃകല്പിതലോകമാകുന്നു. ഈശ്വരകല്പിതലോകമല്ല എന്നു് അനുഭവപ്പെടുന്നു.

മനോമയപ്രപഞ്ചം ബന്ധഹേതുവെന്നതിൽ ആക്ഷേപസമാധാനങ്ങൾ.

36. വിജ്ഞാനവാദോ ബാഹ്യാൎത്ഥവൈയൎത്ഥ്യാൽ സ്യാദിഹേതിചേത്
ന ഹൃദ്യാകാരമാധാതും ബാഹ്യസ്യാപേക്ഷിതത്വതഃ.

ബാഹ്യാൎത്ഥവൈയൎത്ഥ്യാത്=ബാഹ്യവസ്തുക്കളുടെ വ്യൎത്ഥത നിമിത്തം. ഇഹവിജ്ഞാനവാദഃസ്യാത്=ഇവിടെ വിജ്ഞാനവാദം ഭവിക്കും. ഇതിചേത്ന=എന്നു ശങ്കിക്കുന്നുവെങ്കിൽ അതിന്നവകാശമില്ല. ഹൃദിആകാരംആധാതും=മനസ്സിൽ ആകൃതിയെ ഉണ്ടാക്കുവാൻ. ബാഹ്യസ്യഅപേക്ഷിതത്വാത്=ബാഹ്യവസ്തുക്കളുടെ അപേക്ഷയുള്ളതുകൊണ്ടു്.

മനഃകല്പിതജഗത്തു മാത്രമാണ് ജീവബന്ധഹേതുവെന്നംഗീകരിക്കുന്നതായാൽ ;ബാഹ്യപദാൎത്ഥങ്ങൾ ആവശ്യമില്ലെന്നു വരുന്നതുകൊണ്ടു് ഇതിന്നു മുമ്പേ പറഞ്ഞ സിദ്ധാന്തത്തിന്നു ദോഷമുള്ളതിനാൽ:——ക്ഷണികവിജ്ഞാനവാദത്തിന്നിവിടെ പ്രസക്തിയുണ്ടെന്നും ശങ്കിക്കുന്നുവെങ്കിൽ ഈ പ്രകൃതത്തിൽ വിജ്ഞാനവാദം പുറപ്പെടുവാൻ തരമില്ലെന്നു ധരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മനസ്സിൽ ആകൃതിയെ ജനിപ്പിക്കുവാൻ ബാഹ്യപദാൎത്ഥങ്ങളുണ്ടായിരിക്കേണം. അതിനാൽ ബാഹ്യവസ്തുക്കൾ നിഷ്പ്രയോജനങ്ങളെന്ന പക്ഷമിവിടെയില്ല. ബാഹ്യപ്രപഞ്ചം വ്യൎത്ഥമെന്നു പറഞ്ഞാലും വിരോധമില്ല.

37. വൈയൎത്ഥ്യമസ്തു വാ ബാഹ്യം നവാരയിതുമീശ്മഹേ
പ്രയോജനമപേക്ഷന്തേ നമാനാനീതി ഹിസ്ഥിതിഃ.

വൈയൎത്ഥ്യംഅസ്തുവാ=ബാഹ്യവസ്തു നിഷ്പ്രയോജനം എന്നുതന്നെ വരട്ടെ എന്നാലും. ബാഹ്യംവാരയിതുംനഈശ്മഹേ=അതിനെ തള്ളിക്കളയുവാൻ ഞങ്ങൾ ഇച്ഛിക്കുന്നില്ല. മാനാനി പ്രയോജനം നഅപേക്ഷന്തെ=വൃത്തിജ്ഞാനസഹിതങ്ങളായ ഇന്ദ്രിയങ്ങൾ പ്രയോജനത്തെ അപേക്ഷിക്കുന്നില്ല. ഇതിഹിസ്ഥിതിഃ=എന്നുതന്നെയാണല്ലൊ ലോകസമ്പ്രദായം.

മനസ്സിൽ ആകൃതിയെ ജനിപ്പിക്കുവാൻവേണ്ടീട്ടു മാത്രം ബാഹ്യപദാൎത്ഥത്തെ അംഗീകരിക്കേണമെന്നില്ല. മുമ്പുമുമ്പുണ്ടായിട്ടുള്ള മാനസപ്രപഞ്ചസംസ്കാരത്തിൽനിന്നുതന്നെ ഉത്തരോത്തരമാനസപ്രപഞ്ചമുണ്ടാകാമെല്ലൊ എന്നാണ് വാദിപ്പാൻ ഭാവമെങ്കിൽ ബാഹ്യപദാൎത്ഥങ്ങളുടെ ആവശ്യമില്ലായ്മ ഭവിച്ചുകൊള്ളട്ടെ എന്നാലും അവയില്ലെന്നു വരുത്താൻ കഴികയില്ല. പ്രയോജനാഭാവം സമ്മതിക്കുന്ന പക്ഷം വിജ്ഞാനവാദത്തിൽനിന്നുള്ള ഭേദം എന്താണെന്നാൽ വിജ്ഞാനവാദി ബാഹ്യപ്രപഞ്ചത്തെ തീരെ നിഷേധിക്കുന്നു. ഞങ്ങളാകട്ടെ ബാഹ്യപ്രപഞ്ചംകൊണ്ടു പ്രയോജനമില്ലെന്നു മാത്രം പറയുന്നു. ഇതാണ് വ്യത്യാസം. എന്നാൽ നിഷ്പ്രയോജനമായ ബാഹ്യപ്രപഞ്ചമുണ്ടെന്നു സമ്മതിക്കുന്നതിന്റെ ആവശ്യമെന്തെന്നാൽ പ്രമാണങ്ങൾ—ഇന്ദ്രിയപ്രത്യക്ഷസിദ്ധങ്ങളായ അറിവുകൾ—നിഷ്പ്രയോജനങ്ങളെന്ന കാരണത്താൽ അവയില്ലെന്നു വരികയില്ല. വസ്തുസിദ്ധിപ്രയോജനത്തെ അപേക്ഷിക്കുന്നില്ല, പ്രമാണത്തെ അനുസരിച്ചാണിരിക്കുന്നത്. അതിനാൽ ബാഹ്യാൎത്ഥങ്ങൾ ഇന്ദ്രിയങ്ങൾക്കു വിഷയമായിരിക്കുന്നതുകൊണ്ടു് അവയില്ലെന്നു പറവാൻ ആൎക്കും കഴികയില്ല. വഴിയിൽകിടക്കുന്ന കല്ലു് മുള്ളു് എന്നിവകൊണ്ടു പ്രയോജനമില്ലെങ്കിലും അവയില്ലെന്നു വരികയില്ലല്ലൊ.

ബ്രഹ്മജ്ഞാനം ബന്ധനിവൃത്തിക്കു കാരണമല്ല എന്നൊരു പൂൎവ്വപക്ഷം.

38. ബന്ധശ്ചേ ന്മാനസംദ്വൈതം തന്നിരോധേന ശാമ്യതി
അഭ്യസേദ്യോഗമേവാതോ ബ്രഹ്മജ്ഞാനേന കിംവദ.

മാനസദ്വൈതംബന്ധഃചേത്=മനഃകല്പിതദ്വൈതമാണ് ബന്ധമെങ്കിൽ തന്നിരോധേനശാമ്യതി=മനോനിരോധംകൊണ്ടു അത് ശമിക്കും. അതഃയോഗംഏവഅഭ്യസേത്=അതുകൊണ്ടുയോഗംതന്നെ അഭ്യസിക്കണം. ബ്രഹ്മജ്ഞാനേന=ബ്രഹ്മജ്ഞാനംകൊണ്ടു കിംവദ=എന്തു ഫലമെന്നു പറഞ്ഞാലും.

മനഃകല്പിതദ്വൈതംതന്നെയാണ് ബന്ധകാരണമെങ്കിൽ മനോനിരോധത്തിന്നാവശ്യമായ യോഗംതന്നെയല്ലയോ അഭ്യസിക്കേണ്ടതു്. ബ്രഹ്മജ്ഞാനംകൊണ്ടെന്തുഫലമെന്നു പറഞ്ഞാൽകൊള്ളാം.

ഈ പൂർവ്വപക്ഷത്തിന്നു സമാധാനം.

39. താൽകാലികദ്വൈതശാന്താവപ്യാഗാമിജനിക്ഷയഃ
ബ്രഹ്മജ്ഞാനംവിനാ നസ്യാ ദിതിവേദാന്തഡിണ്ഡിമഃ.

താൽകാലികദ്വൈതശാന്തൌഅപി=തൽകാലമുള്ള ദ്വൈതം ശമിക്കുമെങ്കിലും, ആഗാമിജനിക്ഷയഃ= വരാനുള്ള ജന്മങ്ങളുടെ നാശം. ബ്രഹ്മജ്ഞാനംവിനാനസ്യാത്=ബ്രഹ്മജ്ഞാനംകൂടാതെ ഭവിക്കയില്ല. ഇതിവേദാന്തഡിണ്ഡിമഃ=എന്നാണ് വേദാന്തഡിണ്ഡിമംഘോഷിക്കുന്നതു്.

യോഗംകൊണ്ടു് താൽകാലിദ്വൈതശാന്തിയെയോ അതോ ആത്യന്തികശാന്തിയേയോ ഉദ്ദേശിക്കുന്നത്. താൽകാലികശാന്തിയെയാണെങ്കിൽ അതു സാധിച്ചുവെന്നു വരാം. ഇനിമേൽ ജന്മമില്ലാതെയാകേണമെങ്കിൽ ബ്രഹ്മജ്ഞാനംതന്നെയുണ്ടാകേണം. അല്ലാതെ ആത്യന്തികദ്വൈതശാന്തി സിദ്ധിക്കയില്ല എന്നാണ് വേദാന്തശസ്ത്രഡിണ്ഡിമം ഉച്ചത്തിൽ ഘോഷിക്കുന്നത്. ഡിണ്ഡിമം എന്നത് ഗംഭീരശബ്ദമുള്ള ഒരു വാദ്യവിശേഷമാണ്. "ജ്ഞാത്വാദേവംമുച്യതേസർവ്വപാശൈഃ" പ്രകാശാത്മകനായ ആത്മാവിനെ സാക്ഷാത്തായറിഞ്ഞിട്ടു സർവ്വബന്ധങ്ങളിൽനിന്നും ജീവന്നു മോചനം സിദ്ധിക്കും. "യദാചർമ്മവദാകാശം വേഷ്ടയിഷ്യന്തിമാനവാഃ തദാദേവമവിജ്ഞായ ദുഃഖസ്യാന്തോഭവിഷ്യതി"=മനുഷ്യർ ആകാശത്തെ തോലിനെയെന്നപോലെ ചുരുട്ടി മടക്കി തലയിൽ പേറുന്ന കാലത്തിൽ സ്വപ്രകാശാത്മാകനായ ആത്മാവിനെ അറിയാതെ ദുഃഖനാശമുണ്ടാകും. ബ്രഹ്മജ്ഞാനം കൂടാതെ ആത്യന്തികദുഃഖനിവൃത്തിയുണ്ടാകയില്ലെന്നു സാരം.

ബാഹ്യദ്വൈതം നശിക്കാഞ്ഞാലും മിഥ്യാത്വജ്ഞാനംകൊണ്ടുതന്നെ ബ്രഹ്മജ്ഞാനം സിദ്ധിക്കുന്നു.

40. അനിവൃത്തേപീശസൃഷ്ടേ ദ്വൈതേ തസ്യമൃഷാത്മതാം
ബുദ്ധ്വാ ബ്രഹ്മാദ്വയം ബോദ്ധും ശക്യം വസ്ത്വൈക്യവാദിനഃ.

ഈശസൃഷ്ടേദ്വൈതേ=ഈശ്വരൻ സൃഷ്ടിച്ചതായ ദ്വൈതം. അനിവൃത്തേഅപി=ഇല്ലാതാകാതിരിക്കുമ്പോഴും. തസ്യമൃഷാത്മതാംബുദ്ധ്വാ=അതിൻെറ മിഥ്യാത്വത്തെ അറിഞ്ഞിട്ടു. വസ്ത്വൈക്യവാദിനഃ=വസ്തുവിൻെറ ഏകത്വത്തെ വാദിക്കുന്നവന്നു്, അദ്വയം ബ്രഹ്മബോദ്ധുംശക്യം=അദ്വിതീയബ്രഹ്മം അറിവാൻ കഴിയും.

ബാഹ്യമായ ദ്വൈതത്തെ നീക്കംചെയ്യാതെ രണ്ടാമതായി പറഞ്ഞ ബ്രഹ്മജ്ഞാനംതന്നെയുണ്ടാകുന്നതെങ്ങിനെയെന്നു ശങ്കിക്കുന്നുവെങ്കിൽ സമാധാനം പറയാം. കേൾക്കുക:—ഈശ്വരസൃഷ്ടമായ ദ്വൈതം ഇല്ലാതാകേണമെന്നില്ല അതു സത്യമല്ല മിഥ്യയാണെന്നറിഞ്ഞാൽ സത്യവസ്തുവൊന്നു മാത്രമേയുള്ളൂ. പല രൂപത്തിൽ കാണപ്പെടുന്നതു ഭ്രമംകൊണ്ടു മാത്രമാണ് എന്നു വിശ്വസിക്കുന്ന വേദാന്തികൾക്ക് അദ്വിതീയബ്രഹ്മത്തെ അറവാൻ കഴിയും.

41. പ്രലയേ തന്നിവൃത്തൌ തു ഗുരുശാസ്ത്രാദ്യഭാവതഃ
വിരോധിദ്വൈതാഭാവേപി നശക്യം ബോദ്ധുമദ്വയം.

പ്രലയെ=എല്ലാം ഇല്ലാതെയാകുന്നതായ പ്രലയകാലത്തിൽ. തന്നിവൃത്തൌതു=അതിൻെറ–ബാഹ്യദ്വൈതത്തിൻെറ–നിവൃത്തിയുള്ളപ്പോളാകട്ടെ. വിരോധിദ്വൈതാഭാവേഅപി=വിരോധിയായ ദ്വൈതം ഇല്ലാതിരിക്കുമ്പോഴും. ഗുരുശാസ്ത്രാദ്യഭാവതഃ=ഗുരു, ശാസ്ത്രം, എന്നിവയില്ലാത്തതുകൊണ്ടു്. അദ്വയംബോദ്ധുംനശക്യം=അദ്വയബ്രഹ്മത്തെറിവാൻ കഴികയില്ല.

ദ്വൈതമിഥ്യാജ്ഞാനം മാത്രമുണ്ടായാൽ അദ്വൈതജ്ഞാനം സിദ്ധിക്കയില്ല. ദ്വൈതം തീരെ നശിക്കുകതന്നെ വേണം എന്നു ശഠിക്കുന്ന വാദിയോടു പറയുന്നു: അദ്വൈതജ്ഞാനത്തിൻെറ വിരോധിയായ ദ്വൈതം പ്രലയകാലത്തിൽ ഇല്ലാതാകുന്നുവല്ലോ. അതുകൊണ്ടു് അദ്വൈതജ്ഞാനം ഉണ്ടാകുന്നുവോ? ഇല്ല. എന്തുകൊണ്ടുണ്ടാകുന്നില്ല? ജ്ഞാനസാധനങ്ങളായ ഗുരു, ശാസ്ത്രം എന്നിവ അപ്പോൾ ഇല്ലാത്തതുകൊണ്ടു അദ്വിതീയബ്രഹ്മജ്ഞാനം ഉണ്ടാകുന്നില്ല. ഇതിൽനിന്നു സിദ്ധിക്കുന്നതെന്തെന്നാൽ ബാഹ്യദ്വൈതമില്ലാതായാൽ ബ്രഹ്മജ്ഞാനമുണ്ടാകുമെന്നും അതുള്ളപ്പോൾ ഉണ്ടാകുകയില്ലെന്നും വാദിക്കുന്നതിൽ അർത്ഥമില്ല. ഗുരുശാസ്ത്രാദ്യനുഗ്രഹത്താൽ ദ്വൈതം മിത്ഥ്യയാണെന്നറിവുണ്ടാകുമ്പോൾ അദ്വിതീയബ്രഹ്മജ്ഞാനമുണ്ടാകുമെന്നാകുന്നു.

ഈശ്വരസൃഷ്ടപ്രപഞ്ചം ബ്രഹ്മജ്ഞാനത്തിനു ബാധകമല്ല. സാധകമാകയാൽ അതിനെ ദ്വേഷിക്കേണ്ട.

42. അബാധകം സാധകം ച ദ്വൈതമീശ്വരനിർമ്മിതം
അപനേതുമശക്യം ചേത്യാസ്താം തദ്വിഷ്യതേ കുതഃ.

ഈശ്വരനിർമ്മിതംദ്വൈതം=ഈശ്വരനുണ്ടാക്കിയ ദ്വൈതം. അബാധകം സാധകം ച=ബാധകമല്ലാത്തതും സാധകവും. അപനേതുംഅശക്യംചഇതി=നീക്കംചെയ്യാൻ കഴിയാത്തതുമാണെന്ന കാരണത്താൽ. തത് ആസ്താം=അതിരുന്നുകൊള്ളട്ടെ. കുതഃദ്വിഷ്യതേ=എന്തിനായി ദ്വേഷിക്കുന്നു.

ഈശ്വരദ്വൈതനിവൃത്തി അദ്വൈതജ്ഞാനത്തിനു കാരണമല്ലെങ്കിലും ദ്വൈതമുള്ളപ്പോൾ അദ്വൈതജ്ഞാനം എങ്ങിനെ സിദ്ധിക്കുമെന്നു ശങ്കിക്കേണ്ട:—ഈശ്വരൻ നിർമ്മിച്ചതായ ദ്വൈതം അദ്വൈതജ്ഞാനത്തെ വിരോധിക്കുന്നില്ല എന്നു മാത്രമല്ല അത് മിഥ്യയാണെന്നുള്ള ജ്ഞാനത്താൽ തന്നെ അദ്വിതീയബ്രഹ്മജ്ഞാനത്തെ സാധിപ്പിക്കുന്നതും ജ്ഞാനത്തിന്നാവശ്യമായ ഗുരു, ശാസ്ത്രം, ആകാശാദിഭൂതങ്ങൾ എന്നിവയെ ഇല്ലാതാക്കുവാൻ സാധിക്കാത്തവിധത്തിൽ നിലനിന്നു വരുന്നതുമാകയാൽ അതാനിലയിൽ ഇരുന്നുകൊള്ളട്ടെ. എന്തിനായിട്ടതിനെ ദ്വേഷിക്കുന്നു.

ജീവദ്വൈതത്തെ നിവൃത്തിക്കൽ.

43. ജീവദ്വൈതം തു ശാസ്ത്രീയ മശാസ്ത്രീയ മിതിദ്വിധാ
ഉപാദദീതശാസ്ത്രീയ മാതത്വസ്യാവബോധനാത്.

ജീവദ്വൈതം തു=ജീവകല്പിതദ്വൈതമാകട്ടെ. ശാസ്ത്രീയം അശാസ്ത്രീയം ഇതിദ്വിധാ=ശാസ്ത്രസമ്മതമായത്, ശാസ്ത്രസമ്മതമല്ലാത്തത് എന്ന രണ്ടുവിധം. തത്വസ്യ ആ അവബോധനാത്=തത്വത്തിന്റെ അവബോധനംവരെ. ശാസ്ത്രീയംഉപാദദീത=ശാസ്ത്രസമ്മതമായതിനെ സ്വീകരിക്കേണം.

ഇതുമുതൽ ജീവകല്പിതദ്വൈതത്തെ വിഭജിക്കുന്നു:—ശാസ്ത്രസമ്മതമുള്ളത്, ശാസ്ത്രസമ്മതമില്ലാത്തത് എന്ന രണ്ടു വിധത്തിലാണ് ജീവകല്പിതദ്വൈതം. അതു രണ്ടും ഒരുപോലെ ഒരേസമയത്തിൽ ഉപേക്ഷിക്കേണമെന്നില്ല. ശാസ്ത്രസമ്മതമല്ലാത്തതിനെ ഒരു കാലത്തും സ്വീകരിച്ചുകൂടാ. ശാസ്ത്രസമ്മതമായ ദ്വൈതത്തെ പരമാർത്ഥതത്വജ്ഞാനം ഉറയ്ക്കുന്നതുവരെ സ്വീകരിക്കേണം.

ശാസ്ത്രീയപ്രപഞ്ചത്തിന്റെ സ്വരൂപം.

44. ആത്മബ്രഹ്മവിചാരാഖ്യം ശാസ്ത്രീയം മാനസം ജഗത്
ബുദ്ധേ തത്വേ തച്ചഹേയ മിതിശ്രുത്യനുശാസനം.

ആത്മബ്രഹ്മവിചാരാഖ്യം=ആത്മാഭിന്നമായ ബ്രഹ്മത്തെക്കുറിച്ചുള്ള വിചാരമെന്ന പേരുള്ളതാണ്. ശാസ്ത്രീയം മാനസം ജഗത്=ശാസ്ത്രസമ്മതമുള്ള മനഃകല്പിതമായ ജഗത്ത്. തത്വേബുദ്ധേ=തത്വം അറിയപ്പെട്ടാൽ. തത്ചഹേയം=അതും ഉപേക്ഷിക്കപ്പെടേണ്ടതാണ്. ഇതിശ്രുത്യനുശാസനം=എന്നാണ് ശ്രുതി നിരന്തരം ശാസിക്കുന്നത്.

ശാസ്ത്രസമ്മതമായ ദ്വൈതം ഏതാണെന്നു കാണിക്കുന്നു:—പ്രത്യഗാത്മാവും ബ്രഹ്മവും രണ്ടല്ല ഒന്നുതന്നെയെന്നുപദേശിക്കുന്ന മഹാവാക്യങ്ങളെ ഗുരുമുഖത്തിൽനിന്നു കേൾക്കുക, സ്വയമേവ ചിന്തിക്കുക, എന്നിങ്ങിനെയുള്ള ശ്രവണമനനനിദിധ്യാസനാദികൾ എന്നു പറയപ്പെടുന്നതാണ് ശാസ്ത്രീയദ്വൈതം. തത്വജ്ഞാനം സിദ്ധിച്ചുകഴിഞ്ഞാൽ അതിനേയും ഉപേക്ഷിക്കേണമെന്നാണ് ശ്രുതി. നിരന്തരം ശാസിക്കുന്നത്. തത്വജ്ഞാനമുണ്ടാകുന്നതുവരെ സ്വീകരിച്ചാൽ മതിയെന്നു പറഞ്ഞുകൂടാ. "ആസുപ്തേരാമൃതേഃ കാലം നയേദ്വേദാന്തചിന്തയാ" ഉറങ്ങുന്നതുവരേയും മരിക്കുന്നതുവരേയും വേദാന്തവിചാരംകൊണ്ടു കാലംകഴിക്കേണം എന്നല്ലെ പ്രമാണം എന്നു ശങ്കിക്കേണ്ട. തത്വജ്ഞാനസിദ്ധിവരേ മതി. എന്നാൽ "ആസുപ്തേഃ" എന്ന വാക്യത്തിന്നെന്തുഗതിയെന്നാണ് ശങ്കയെങ്കിൽ "ദദ്യാന്നാവസരംകിഞ്ചിൽ കാമാദീനാമനാഗപി" എന്നാണല്ലൊ പൂർവ്വാർദ്ധം. കാമാദിവൃത്തികൾ വന്നുചേരുവാനിടവരുത്താതെയിരിപ്പാൻ വേദാന്തചിന്തകൊണ്ടു കാലംകഴിപ്പാനുപദേശിച്ചു. അതു വൈരാഗ്യപ്രകരണമാണ്. ബ്രഹ്മാനന്ദം അനുഭവിച്ചവന്ന് വിഷയാശയുണ്ടാവാനവകാശമില്ലാത്തതിനാൽ തത്വജ്ഞാനപര്യന്തം ശ്രവണാദികൾ മതിയെന്നു ജ്ഞാനപ്രകരണത്തിൽ പറഞ്ഞതിൽ തെറ്റില്ല.

45. ശാസ്ത്രാണ്യധീത്യ മേധാവീ അഭ്യസ്യേച്ച പുനഃപുനഃ
പരമം ബ്രഹ്മവിജ്ഞായ ഉൽക്കാവ ത്താന്യഥോൽസൃജേത്.

മേധാവീ ശാസ്ത്രാണി അധീത്യ=ബുദ്ധിമാൻ ശാസ്ത്രങ്ങളെ പഠിച്ചിട്ടു. പുനഃപുനഃച അഭ്യസേത്=വീ

ണ്ടും വീണ്ടും അഭ്യസിക്കേണം. പരമം ബ്രഹ്മവിജ്ഞായ=പരമമായ ബ്രഹ്മത്തെ അറിഞ്ഞിട്ടു. ഉൽക്കാവൽ=തീക്കൊള്ളികളെ എന്നപോലെ. താനി അഥഉൽസൃജേത്=അവയെ പിന്നെ ഉപേക്ഷിക്കേണം.

തത്വബോധാനന്തരം ശാസ്ത്രാഭ്യാസം ആവശ്യമില്ലെന്നുപദേശിക്കുന്ന പ്രമാണങ്ങളെ കാണിക്കുന്നു:— വിചാരസമർത്ഥനായ പുരുഷൻ ശാസ്ത്രങ്ങളെ പഠിക്കയും പല പ്രാവശ്യം സാരം ചിന്തിക്കയും ചെയ്തതിന്റെ ഫലമായിട്ടു സർവ്വോൽകൃഷ്ടമായ ബ്രഹ്മത്തെ സാക്ഷാത്തായറിഞ്ഞശേഷം, പദാർത്ഥങ്ങളെ പാകംചെയ്യുന്ന വെപ്പുകാരൻ വെപ്പുകഴിഞ്ഞാൽ തീക്കൊള്ളികളെ പിരിച്ചുകളയുന്നതുപോലെ ഉപേക്ഷിക്കേണം. തീകത്തിച്ചു പദാർത്ഥങ്ങളെ വേവിച്ചതു് ഭക്ഷണംകഴിച്ചു് ജഠരാഗ്നിയെ ശമിപ്പിച്ചു് തൃപ്തിപ്പെടുവാൻ വേണ്ടീട്ടാണ്. വെന്തുകഴിഞ്ഞാൽ പിന്നെ അഗ്നിയാവശ്യമില്ലല്ലോ. അതുപോലെ സംസാരദുഃഖനിവൃത്തി വരുത്തുവാനാണ് വേദാന്തശാസ്ത്രം പഠിച്ചതും പരിശീലിച്ചതും. തൽഫലപ്രാപ്തിരൂപമായ ബ്രഹ്മബോധമുണ്ടായാൽ ആ ബ്രഹ്മാനന്ദത്തിൽ നിമഗ്നനായി പരമശാന്തിയോടുകൂടെ കാലം കഴിക്കാമല്ലോ. എന്തിനായിട്ടു പിന്നെയും ഗ്രന്ഥങ്ങളെ ആശ്രയിക്കുന്നുവെന്നു കാണിപ്പാനാണ് ഉദാഹരണം.

46. ഗ്രന്ഥമഭ്യസ്യ മേധാവീ ജ്ഞാനവിജ്ഞാനതൽപരഃ
പലാലമിവ ധാന്യാർത്ഥീ ത്യജേൽ ഗ്രന്ഥമശേഷതഃ.

ജ്ഞാനവിജ്ഞാനതൽപരഃ മേധാവീ=ജ്ഞാനവിജ്ഞാനങ്ങളെ ആഗ്രഹിക്കുന്ന ബുദ്ധിമാൻ. ഗ്രന്ഥം അഭ്യസ്യ=ഗ്രന്ഥത്തെ അഭ്യസിച്ചിട്ടു. ധാന്യാർത്ഥീ പലാലംഇവ=ധാന്യങ്ങളെ ആഗ്രഹിക്കുന്നവൻ വയ്ക്കോലിനെയെന്നപോലെ ഗ്രന്ഥം അശേഷതഃ ത്യജേത്=ഗ്രന്ഥത്തെ മുഴുവനും ത്യജിക്കേണം.

ശാസ്ത്രജ്ഞാനവും ബ്രഹ്മസാക്ഷാൽകാരവും ആഗ്രഹിക്കുന്ന ബുദ്ധിമാൻ ഗ്രന്ഥം അഭ്യസിച്ചശേഷം ധാന്യങ്ങളെ ആഗ്രഹിക്കുന്ന കൃഷിക്കാരൻ വയ്ക്കോലും ചണ്ടും കളയുന്നതുപോലെ ഗ്രന്ഥം മുഴുവനും വിട്ടുകളയേണം. ശാസ്ത്രജ്ഞാനവും ബ്രഹ്മവിജ്ഞാനവുമുണ്ടായാൽ പിന്നെ ഗ്രന്ഥം ആവശ്യമില്ല. ധാന്യം എടുത്തുകഴിഞ്ഞാൽപിന്നെ വയ്ക്കോലും പതിരുമെന്നപോലെ കരുതിക്കൊള്ളേണം.

47. തമേവ ധീരോ വിജ്ഞായ പ്രജ്ഞാം കുർവ്വീത ബ്രാഹ്മണഃ
നാനുദ്ധ്യായാത് ബഹൂംച്ഛബ്ദാൻ വാചോവിഗ്ലാപനം ഹി തത്.

ധീരബ്രാഹ്മണഃ=ധീരനായ ബ്രാഹ്മണൻ. തം ഏവവിജ്ഞായ=അതൊന്നിനെത്തന്നെ വിശേഷമായറിഞ്ഞിട്ടു. പ്രജ്ഞാംകുർവീത=വിചാരം ചെയ്തുകൊള്ളേണം. ബഹൂൻശബ്ദാൻ=ബഹുക്കളായ ശബ്ദങ്ങളെ. ന അനുധ്യായാത്=നിരന്തരം ധ്യാനിച്ചുകൂടാ. ഹി തത് വാചഃ വിഗ്ലാപനം=എന്തുകൊണ്ടെന്നാൽ ആ ഉച്ചാരണം വാഗിന്ദ്രിയത്തെ ശോഷിപ്പിക്കും.

ബുദ്ധിമാനായ ബ്രാഹ്മണൻ ആത്മാവിനെത്തന്നെ ബ്രഹ്മമായറിഞ്ഞശേഷം ആത്മാവിൽത്തന്നെ വിചാരശക്തിയെ സ്ഥിരപ്പെടുത്തേണം. ബഹുവാക്കുകളെ നിരന്തരം ധ്യാനിക്കുകയും ഉച്ചരിക്കയും ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ ആ ഉച്ചാരണം വാഗിന്ദ്രിയത്തെ ശോഷിപ്പിക്കും. വേറെ പ്രയോജനമൊന്നും അതുനിമിത്തം ഉണ്ടാവാനില്ല.

48. തമേവൈകം വിജാനീഥ ഹ്യന്യാവാചോ വിമുഞ്ചഥ
യച്ഛേദ്വാങ്മനസീ പ്രാജ്ഞ ഇത്യാദ്യാഃ ശ്രുതയഃ സ്ഫുടാഃ.

തം ഏകം ഏവ വിജാനീഥ=ആ ഏകനെത്തന്നെ നിങ്ങളറിയുവിൻ. അന്യാഃ വാചഃ വിമുഞ്ചഥ ഹി=അന്യവാക്കുകളെ ഉപേക്ഷിപ്പിൻ. പ്രാജ്ഞഃ വാങ്മനസീയച്ഛേത്=വിദ്വാൻ വാക്കിനേയും മനസ്സിനേയും അടക്കേണം. ഇത്യാദ്യാഃ ശ്രുതയഃ സ്ഫുടാഃ=എന്നിപ്രകാരമുള്ള ശ്രുതികൾ സ്പഷ്ടങ്ങൾ.

സുപ്രസിദ്ധനും ഏകനുമായ ആത്മാവിനെമാത്രം നിങ്ങളറിയുവിൻ. മററ വാക്കുകളെയെല്ലാം വിട്ടുകളയുവിൻ. ബ്രഹ്മജ്ഞാനം സിദ്ധിച്ചവൻ വാഗിന്ദ്രിയത്തെയും മനസ്സിനേയും അടക്കേണം. അതു രണ്ടിനും വിഷയമല്ല, അദ്വിതീയബ്രഹ്മം. മൌനമായും ചിന്തവെടിഞ്ഞും ബ്രഹ്മസ്വരൂപനായുമിരിക്കുകയെന്നുപദേശിക്കുന്ന ഇമ്മാതിരി ശ്രുതികൾ ഗ്രന്ഥപരിശീലനാദികൾ ബ്രഹ്മജ്ഞാനാനന്തരം നിഷ്പ്രയോജനങ്ങളാണെന്നുൽഘോഷിക്കുന്നു.

ജീവനിർമ്മിതമായ രണ്ടുവിധ അശാസ്ത്രീയപ്രപഞ്ചവും അതിന്റെ സ്വരൂപവും ഉപേക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോജനവും.

49. അശാസ്ത്രീയമപി ദ്വൈതം തീവ്രം മന്ദമിതി ദ്വിധാ
കാമക്രോധാദികം തീവ്രം മനോരാജ്യം തഥേതരത്.

അശാസ്ത്രീയം ദ്വൈതം അപി=ശാസ്ത്രസമ്മതമല്ലാത്ത ദ്വൈതവും. തീവ്രം മന്ദം ഇതി ദ്വിധാ=ബലമേറിയത് ബലം കുറഞ്ഞത് എന്ന രണ്ടുവിധത്തിലുണ്ട്. കാമക്രോധാദികം തീവ്രം=കാമം ക്രോധം മുതലായത് തീവ്രം. തഥാ മനോരാജ്യം ഇതരത്=അപ്രകാരം മനോരാജ്യം മന്ദം.

ശാസ്ത്രനിഷിദ്ധമായ ദ്വൈതത്തിൽതന്നെ ശക്തികൂടിയത് ശക്തികുറഞ്ഞത് എന്നിങ്ങിനെ രണ്ടു വകഭേദമുണ്ട്. കാമക്രോധാദികൾ ശക്തിയേറിയവയും മനോരാജ്യം ശക്തി കുറഞ്ഞതുമാകുന്നു.

50. ഉഭയം തത്വബോധാൽപ്രാങ്നിവാര്യം ബോധസിദ്ധയേ
ശമഃ സമാഹിതത്വംച സാധനേഷു ശ്രുതം യതഃ.

ബോധസിദ്ധയെ=ആത്മബോധം സിദ്ധിപ്പാൻ വേണ്ടീട്ടു. തത്വബോധാത് പ്രാക്=തത്വജ്ഞാനമുണ്ടാകുന്നതിന്നു മുമ്പേതന്നെ. ഉഭയം നിവാര്യം=രണ്ടും ഉപേക്ഷിക്കപ്പെടേണം. യതഃ സാധനേഷു=എന്തുകൊണ്ടെന്നാൽ സാധനങ്ങളിൽ. ശമഃ സമാഹിതത്വം ചശ്രുതം=ശമവും സമാഹിതത്വവും (ദമവും) ശ്രുതിയിൽ പറയപ്പെട്ടിട്ടുണ്ട്.

മുകളിൽ പറഞ്ഞതായ അശാസ്ത്രീയദ്വൈതം രണ്ടും തത്വജ്ഞാനമുണ്ടാകുന്നതിന്നു മുമ്പേതന്നെയുപേക്ഷിക്കേണം. എന്നാൽ മാത്രമേ തത്വബോധമുണ്ടാകയുള്ളു. എന്തുകൊണ്ടെന്നാൽ മോക്ഷസാധനങ്ങളിൽ ചിത്തശാന്തിയും ബാഹ്യേന്ദ്രിയനിഗ്രഹവും ഉൾപ്പെടുത്തിയിരിക്കുന്നു. സാധനസമ്പത്തിയില്ലാത്തവൻ എങ്ങിനെ കാര്യം സാധിക്കും? അതുകൊണ്ടു ചിത്തവിക്ഷേപകരങ്ങളായ കാമാദിവൃത്തികളേയും വ്യർത്ഥവിചാരങ്ങളേയും അടക്കാത്തവൻ വേദാന്തവിചാരത്തിന്നുപോലും അധികാരിയല്ല.

51. ബോധാദൂർദ്ധ്വംച തദ്ധേയം ജീവന്മുക്തിപ്രസിദ്ധയേ
കാമാദിക്ലേശബന്ധേന യുക്തസ്യ നഹി മുക്തതാ.

ബോധാത് ഊർദ്ധ്വംച=ബോധം ഉണ്ടായതിനുശേഷവും. ജീവന്മുക്തിപ്രസിദ്ധയേ=ജീവൻമുക്തി വേണ്ടവിധം സിദ്ധിപ്പാൻ. തത് ഹേയംഹ=അതുപേക്ഷിക്കപ്പെടേണം. കാമാദിക്ലേശബന്ധേനയുക്തസ്യ=കാമാദിക്ലേശബന്ധത്തോടുകൂടിയവന്ന്. നഹി മുക്തതാ=മുക്തതയില്ല.

തത്വബോധത്തിന്നു മുമ്പേയുപേക്ഷിക്കേണമെന്നു പറഞ്ഞതിൽനിന്നു ബോധാനന്തരം സ്വീകരിക്കാമോ എന്ന ശങ്കക്കവകാശമുള്ളതിനാൽ അതിനെ പരിഹരിപ്പാൻവേണ്ടി പറയുന്നു:—തത്വമറിഞ്ഞശേഷവും കാമാദികളെ ഉപേക്ഷിക്കേണം. അവിദ്യാ, അസ്മിതാ, കാമം, ക്രോധം, അഭിനിവേശം എന്ന പഞ്ചക്ലേശങ്ങളോട് ബന്ധമുള്ളവന്ന് ജീവന്മുക്തി വേണ്ടവിധം കിട്ടുകയില്ല. ബോധാനന്തരം മരിച്ചതിനുശേഷമല്ല, ജീവിച്ചിരിക്കുമ്പോൾതന്നെ തികച്ചും അനുഭവിക്കുവാൻ ക്ലേശബീജങ്ങളായ അവിദ്യാദികളെ തീരെയുപേക്ഷിക്കേണം.

52. ജീവന്മുക്തിരിയം മാഭൂ ജ്ജന്മാഭാവേ ത്വഹം കൃതീ
തർഹിജന്മാപിതേസ്ത്വേവ സ്വർഗ്ഗമാത്രാൽ കൃതീ ഭവാൻ.

ഇയം ജീവന്മുക്തിഃമാഭൂത്=ഈ ജീവന്മുക്തിയുണ്ടാകേണ്ട. ജന്മാഭാവേതു=ജന്മമില്ലാതായാൽതന്നെ അഹം കൃതീ=ഞാൻ കൃതാർത്ഥനായി. തർഹിതേ ജന്മ അസ്തുഏവ=എന്നാൽ നിണക്കു ജന്മംതന്നെ ഭവിക്കട്ടെ. ഭവാൻ സ്വർഗ്ഗഭോഗാത്കൃതീ=നീ സ്വർഗ്ഗഭോഗംകൊണ്ടു ധന്യൻ.

ജന്മാദി സംസാരംകൊണ്ടു ദുഃഖിക്കുന്ന എനിക്ക് ആത്യന്തികപുരുഷാർത്ഥസ്വരൂപമായ വിദേഹമുക്തി കിട്ടിയാൽ ഞാൻ ധന്യനായി. എടക്കാലത്തുള്ള ജീവന്മുക്തി കിട്ടേണ്ട. അതുകൊണ്ടു ദേഹം നശിക്കുന്നതുവരെ കാമാദിവൃത്തികളോടുകൂടെ വിഷയസുഖം അനുഭവിക്കട്ടെ. മരിച്ചാൽ പിന്നെ ജനിക്കയുമില്ലല്ലൊ. അത്രമാത്രം മതിയെന്നാണ് വിചാരിക്കാൻ ഭാവമെങ്കിൽ വിദേഹമുക്തിയേയും ആഗ്രഹിക്കാതിരിക്കയാണധികം നല്ലത്. എന്തുകൊണ്ടെന്നാൽ വിഷയഭോഗം വിട്ടുകളയുവാൻ മനസ്സില്ലാത്തതുകൊണ്ടല്ലെ ജീവന്മുക്തി വേണ്ടയെന്നു പറയുന്നത്. വിദേഹമുക്തിയും വേണ്ടെന്നുവെച്ചാൽ ഇഹലോകഭോഗങ്ങളെ അതിശയിക്കുന്ന സ്വർഗ്ഗഭോഗം അനുഭവിപ്പാൻ കാരണമായ മനുഷ്യജന്മംതന്നെ ഇനിയും നിണക്കു സിദ്ധിക്കും. അതുകൊണ്ടു കൃതാർത്ഥനായിക്കൊൾക. സ്വർഗ്ഗസുഖം അനുഭവിപ്പാനുപകരിക്കുന്ന പുണ്യകർമ്മങ്ങൾ മനുഷ്യശരീരം കിട്ടിയാൽ ചെയ്യാം. സ്വർഗ്ഗത്തിൽനിന്നു മനുഷ്യലോകത്തിലേക്കും വരാം.

ഇങ്ങിനെ മേലും കീഴും സഞ്ചരിപ്പാനുപകരിക്കുന്ന സംസാരത്തിൽനിന്നു മുക്തനാകാതെയിരിക്കുകയാണധികം നല്ലതെന്ന് തടസ്ഥരൂപേണ മറുപടിപറഞ്ഞിരിക്കുന്നു.

53. ക്ഷയാതിശയദോഷേണ സ്വർഗ്ഗോ ഹേയോ യദാ തദാ
സ്വയംദോഷതമാത്മായം കാമാദിഃ കിം നഹീയതേ.

യദാക്ഷയാതിശയ ദോഷേണ=എപ്പോൾ ക്ഷയം അതിശയം എന്ന ദോഷമുള്ളതുകൊണ്ട്. സ്വർഗ്ഗഃ ഹേയഃതദാ=സ്വർഗ്ഗം ഉപേക്ഷിക്കേണ്ടതാണെന്നു വരുന്നുവോ അപ്പോൾ. ദോഷതമാത്മാ അയം കാമാദിഃ=അത്യന്തദോഷാത്മകമായ ഈ കാമാദി സ്വയം കിം നഹീയതേ=സ്വയമായിത്തന്നെ എന്തുകൊണ്ടുപേക്ഷിക്കപ്പെടുന്നില്ല.

സ്വർഗ്ഗസുഖഭോഗം കാലത്താൽ നശിക്കും. ഉള്ളപ്പോൾതന്നെ അവിടെയെല്ലാപേക്കും ഒരുപോലെയല്ല സുഖാനുഭവം. ഗന്ധർവ്വകിന്നരാദികൾക്ക് താണതരം സുഖം. ഇന്ദ്രാദികൾക്ക് അതിശയസുഖം. എന്നിങ്ങിനെ ദോഷമുള്ളതുകൊണ്ടു അതിന്നു കാരണമായ മർത്ത്യജന്മം വീണ്ടും കിട്ടേണമെന്നാഗ്രഹമില്ല എന്നെപ്പോൾ തോന്നുന്നുവോ, അപ്പോൾ സകല പുരുഷാർത്ഥങ്ങളുടേയും പ്രതിബന്ധത്തിന്നു കാരണമാകയാൽ അത്യന്തദോഷസ്വരൂപമായ കാമാദി എന്തുകൊണ്ട് സ്വതേ ത്യാജ്യമാണെന്നു വന്നുകൂടാ.

ജീവസൃഷ്ടമായ തീവ്ര അശാസ്ത്രീയദ്വൈതം അനർത്ഥഹേതുവാകയാൽ അത് ഉപേക്ഷ്യമാകുന്നു.

54. തത്വം ബുദ്ധ്വാപി കാമാദീന്നിശ്ശേഷം നജഹാസി ചേത്
യഥേഷ്ടാചരണം തേസ്യാൽ കർമ്മശാസ്ത്രാതിലംഘിനഃ.

തത്വംബുദ്ധ്വാഅപി=തത്വം അറിഞ്ഞിട്ടും. കാമാദീൻ=കാമം മുതലായ വൃത്തികളെ. നിശ്ശേഷം നജഹാസിചേത്=മുഴുവനും നീയുപേക്ഷിക്കുന്നില്ലെങ്കിൽ. കർമ്മശാസ്ത്രാതിലംഘിനഃതേ=കർമ്മശാസ്ത്രത്തെ അതിലംഘിക്കുന്ന നിണക്ക്. യഥേഷ്ടാചരണം സ്യാത്=ഇഷ്ടംപോലെയുള്ള ആചരണം സംഭവിക്കും.

വൈരാഗ്യാദി സമ്പത്തിനിമിത്തം, അത്യന്താനർത്ഥകാരണമായ കാമാദിവൃത്തികളെ ഉപേക്ഷിച്ചിട്ടു ഇഹലോകസുഖഭോഗത്തിന്നു മാത്രമായിട്ടുള്ള കാമാദികളെ സ്വീകരിച്ചാലെന്തു ദോഷം? തത്വസ്വരൂപത്തെ മറന്ന് ജനനമരണാദികൾക്ക് കാരണമായിരിക്കുന്ന സ്വർഗ്ഗാദിഭോഗസംബന്ധിയായ കാമവും, ഗുരുജനങ്ങളെസംബന്ധിച്ചതായ ക്രോധവും; അതല്ലെങ്കിൽ ലോകനിന്ദ മുതലായ അനർത്ഥങ്ങൾക്ക് ഹേതുവായിരിക്കുന്ന പരദാരാദികളിലുള്ള കാമവും, അപരാധം ചെയ്യാതിരിക്കുന്നവരെക്കുറിച്ചുള്ള ക്രോധവും അത്യന്താനർത്ഥഹേതുക്കളാകയാൽ അവയെമാത്രം ഉപേക്ഷിച്ചാൽ പോരെയോയെന്നു സംശയിക്കുന്നുവെങ്കിൽ സമാധാനം കേൾക്കുക.—തത്വജ്ഞാനമുണ്ടായിട്ടുംകൂടെ കാമാദികളെ നിശ്ശേഷം ഉപേക്ഷിക്കുന്നില്ലെങ്കിൽ തത്വജ്ഞാനിയാണെന്നുള്ള അഭിമാനം നിമിത്തം വിധിനിഷേധരൂപശാസ്ത്രത്തെ അതിക്രമിക്കുന്ന നീ യഥേഷ്ടമാചരിച്ചുവെന്നു വരും.

55. ബുദ്ധാദ്വൈതസതത്വസ്യ യഥേഷ്ടാചരണം യദി
ശുനാംതത്വദൃശാംചൈവകോഭേദോ ശുചിഭക്ഷണേ.

ബുദ്ധാദ്വൈതസതത്വസ്യ=അദ്വൈതമായ തത്വം അറിഞ്ഞവന്ന്. യദിയഥേഷ്ടാചരണം=യഥേഷ്ടമാചരിക്കാമെന്നാണെങ്കിൽ. ശുനാം തത്വദൃശാംച ഏവ=ശ്വാക്കൾക്കും തത്വജ്ഞാനികൾക്കും. അശുചിഭക്ഷണേകഃ ഭേദഃ=അശുചിഭക്ഷണത്തിൽ എന്തുഭേദം.

ബ്രഹ്മത്തെ അറിഞ്ഞവൻ യഥേഷ്ടം ആചരിക്കുന്നതായാൽതന്നെ എന്താണ് ദോഷം എന്നാണെങ്കിൽ:—അദ്വിതീയബ്രഹ്മംതന്നെ സ്വാത്മാവെന്നറിഞ്ഞവനും യഥേഷ്ടമാചരിക്കുകയെന്നുവന്നാൽ അശുചിഭക്ഷണാദികൾക്കിടവരും. അങ്ങിനെ വന്നാൽ സ്വതേ അശുചിഭക്ഷണാദികൾ ചെയ്യുന്ന ശ്വാക്കൾക്കും തത്വജ്ഞാനികൾക്കും തമ്മിൽ വ്യത്യാസമെന്താണുള്ളത്?

56. ബോധാൽപുരാ മനോദോഷമാത്രാൽ ക്ലിശ്നാസ്യഥാധുനാ
അശേഷലോകനിന്ദാചേത്യഹോ തേ ബോധവൈഭവം.

ബോധാൽപുരാ=ബോധമുണ്ടാകുന്നതിന്നു മുമ്പെ. മനോദോഷമാത്രാൽ ക്ലിശ്നാസി=കാമക്രോധാദി മനോവൃത്തികൾകൊണ്ടു മാത്രം നീ ദുഃഖിക്കുന്നു. അഥ അധുനാ=അതിന്നുശേഷം ഇപ്പോൾ. അശേഷ ലോകനിന്ദാച=സകല ജനനിന്ദയും. അഹോ തേ ബോധവൈഭവം=ആശ്ചര്യംതന്നെ നിൻെറ ജ്ഞാനമാഹാത്മ്യം.

ഇതുകൊണ്ടുണ്ടാകുന്ന ദോഷമെന്തെന്നാൽ:—ബ്രഹ്മസ്വരൂപം അറിയുന്നതിനു മുമ്പേ കാമാദി മനോവൃത്തികൾകൊണ്ടു മാത്രം ക്ലേശിച്ചിരുന്ന നീയിപ്പോൾ ആത്മജ്ഞാനിയുടെ നിലയിൽ യഥേഷ്ട മാചരിപ്പാൻ തുടങ്ങിയാൽ സകല ജനങ്ങളും നിന്ദിക്കുന്നതിനേയും സഹിക്കേണ്ടിവരും. അങ്ങിനെ വന്നാൽ നിന്റെ ജ്ഞാനമാഹാത്മ്യം അതീവ വിചിത്രംതന്നെ.

57. വിട്വരാഹാദിതുല്യത്വം മാകാംക്ഷീസ്തത്വവിത് ഭവാൻ
സർവ്വധീദോഷസന്ത്യാഗാൽ ലോകൈഃ പൂജ്യസ്വ ദേവവത്.

തത്വവിത് ഭവാൻ=തത്വമറിഞ്ഞിരിക്കുന്ന ഭവാൻ. വിട്വരാഹാദി തുല്യത്വം=നിഷിദ്ധഭക്ഷണം കഴിക്കുന്ന പന്നി മുതലായവയുടെ സാദൃശ്യത്തെ. മാകാംക്ഷീഃ=കാംക്ഷിക്കരുത്. സർവ്വധീദോഷസന്ത്യാഗാത്=സർവ്വങ്ങളായ മനോദോഷങ്ങളുടെ പരിത്യാഗത്താൽ. ലോകൈഃ=ലോകത്തിലുള്ളവരാൽ. ദേവവത് പൂജ്യസ്വ=ദേവനെപ്പോലെ നീ പൂജിക്കപ്പെടേണം.

എന്നാൽ ചെയ്യേണ്ടതെന്താണെന്നു സകരുണം ഗുരുവരൻ ഉപദേശിക്കുന്നു:—സർവ്വോൽകൃഷ്ടഹേതുവായ പരമതത്വജ്ഞാനം ഭവാനു സിദ്ധിച്ചു. കാമാദിവൃത്തികളെ ഉപേക്ഷിപ്പാൻ അശക്തനായതുകൊണ്ടു് അമേദ്ധ്യഭക്ഷണാദികളോടുകൂടിയ പന്നി മുതലായ അധമജീവികളുടെ സാദൃശ്യത്തെ ഇനിമേൽ കാംക്ഷിക്കേണ്ട. കാമാദികളായ ദോഷവൃത്തികളെ മൂലത്തോടുകൂടെ ഉപേക്ഷിച്ചിട്ടു ലോകത്തിൽ ദേവനെപ്പോലെ പൂജ്യനായി ഭവിച്ചാലും.

58. കാമ്യാദിദോഷദൃഷ്ട്യാദ്യാഃ കാമാദിത്യാഗഹേതവഃ
പ്രസിദ്ധാ മോക്ഷശാസ്ത്രേഷു താനന്വിഷ്യ സുഖീഭവ.

കാമ്യാദിദോഷദൃഷ്ട്യാദ്യാഃ=കാമിക്കത്തക്ക വിഷയങ്ങളിൽ ദോഷദൃഷ്ടി മുതലായവ. കാമാദിത്യാഗഹേതവഃ=കാമാദികളുടെ ത്യാഗഹേതുക്കളാകുന്നു. മോക്ഷശാസ്ത്രേഷു=മോക്ഷശാസ്ത്രങ്ങളിൽ. പ്രസിദ്ധാഃ=പ്രസിദ്ധങ്ങളായിട്ടുണ്ടു. താൻഅന്വിഷ്യ=അവയെ അന്വേഷിച്ചിട്ടു. സുഖീഭവ=സുഖവാനായി ഭവിച്ചാലും.

കാമാദിവൃത്തികളെയുപേക്ഷിപ്പാനുപായമുപദേശിക്കുന്നു:—മാല, ചന്ദനം, സ്ത്രീ മുതലായ വിഷയങ്ങൾ നിമിത്തമുണ്ടാകുവാനിടയുള്ള ദോഷങ്ങളെക്കുറിച്ചുള്ള ദീർഘദർശനം മുതലായവ കാമാദിവൃത്തികളെ സന്ത്യജിപ്പാൻ സഹായിക്കുന്നവയാണെന്നു് മോക്ഷശാസ്ത്രങ്ങളിൽ പ്രസിദ്ധപ്പെട്ടിട്ടുണ്ടു. ആവക പ്രമാണങ്ങളെ നിരന്തരം നിരീക്ഷിച്ചു് കാമാദികളെ നിശ്ശേഷം വെടിഞ്ഞിട്ടു സുഖവാനായി ഭവിച്ചുകൊൾക.

ജീവസൃഷ്ടമായ മന്ദവും അശാസ്ത്രീയവുമായ ദ്വൈതത്തെ ഉപേക്ഷിക്കേണമെന്നും അതിനുള്ള ഉപായവും.

59. ത്യജ്യതാമേഷ കാമാദി മനോരാജ്യേതു കാക്ഷതിഃ
അശേഷദോഷബീജത്വാൽ ക്ഷതിർഭഗവതേരിതാ.

ഏഷഃകാമാദിഃത്യജ്യതാം=ഈ കാമാദി ഉപേക്ഷിക്കപ്പെടട്ടെ. മനോരാജ്യേതുകാക്ഷതിഃ=മനോരാജ്യത്തിലാകട്ടെ എന്തു ദോഷം. അശേഷദോഷബീജത്വാത്=കാമാദിസകലദോഷബീജമാകയാൽ. ക്ഷതിഃ ഭഗവതാഈരിതാ=നാശകാരണമാണെന്നു ഭഗവാനാൽ അരുൾചെയ്യപ്പെട്ടിട്ടുണ്ടു.

കാമാദിവൃത്തികൾ അനർത്ഥകാരണങ്ങളാകയാൽ അവയെ ഉപേക്ഷിക്കേണമെന്നതു ശരി. മനോരാജ്യംകൊണ്ടെന്തു ദോഷം; അതിനെ എന്തിനായുപേക്ഷിക്കേണം എന്നു ശങ്കിക്കുന്നുവെങ്കിൽ മനസ്സുകൊണ്ടുള്ള വിചാരം കാമാദിസർവ്വദോഷങ്ങൾക്കും ആദികാരണമാകയാൽ ഉപേക്ഷിക്കേണ്ടതാണെന്നു ഭഗവാൻ ശ്രീകൃഷ്ണമൂർത്തിയരുളിച്ചെയ്തിരിക്കുന്നു.

മനോരാജ്യം പരമ്പരയാ അനർത്ഥകാരണം എന്നതിനു ഗീതാപ്രമാണം.

60. ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ
സംഗാൽ സംജായതേ കാമഃ കാമാൽ ക്രോധോഭിജായതേ.

വിഷയാൻ ധ്യായതഃപുംസഃ=വിഷയങ്ങളെ ധ്യാനിക്കുന്ന പുരുഷനു്. തേഷുസംഗഃഉപജായതേ=അവയിൽ സംഗമുണ്ടാകും. സംഗാൽ കാമഃസംജായതേ=സംഗംനിമിത്തം കാമമുണ്ടാകും. കാമാൽ ക്രോധഃ അഭിജായതേ=കാമംനിമിത്തം ക്രോധമുണ്ടാകും.

എന്നിങ്ങിനെ വിഷയങ്ങളെക്കുറിച്ചുള്ള മനോരാജ്യം പരമ്പരയാ ദോഷഹേതുവാണെന്നു സർവ്വജ്ഞനായ ഭഗവാൻ അർജ്ജുനനോടുപദേശിച്ചിരിക്കയാൽ ത്യാജ്യമെന്നു സിദ്ധിക്കുന്നു.

61. ശക്യം ജേതും മനോരാജ്യം നിർവ്വികല്പസമാധിതഃ
സുസംപാദഃ ക്രമാൽ സോപി സവികല്പസമാധിനാ.

നിർവ്വികല്പസമാധിനാ=നിർവ്വികല്പസമാധികൊണ്ടു. മനോരാജ്യംജേതുംശക്യം=മനോരാജ്യത്തെ ജയിക്കാം. സഃഅപിക്രമാത്=ആ നിർവ്വികല്പസമാധിയും ക്രമത്തിൽ. സവികല്പസമാധിനാ=സവികല്പസമാധികൊണ്ട്. സുസംപാദഃ=സുഖമായി സമ്പാദിക്കാവുന്നതാണ്.

നിർവികല്പസമാധി സിദ്ധിച്ചാൽ മനോരാജ്യത്തെ ജയിപ്പാൻ കഴിയും. സവികല്പസമാധ്യഭ്യാസം ക്രമത്തിലുണ്ടായാൽ നിർവികല്പസമാധിയും നിഷ്പ്രയാസമായിത്തന്നെ ലഭിക്കും.

62. ബുദ്ധതത്വേന ധീദോഷശൂന്യേനൈകാന്തവാസിനാ
ദീർഘം പ്രണവമുച്ചാര്യ്യ മനോരാജ്യം വിജീയതേ.

ബുദ്ധതത്വേന=തത്വം അറിഞ്ഞവനും. ധീദോഷശൂന്യേന=കാമാദി ബുദ്ധിദോഷമില്ലാത്തവനും. ഏകാന്തവാസിനാ=വിജനസ്ഥലത്തിൽ വസിക്കുന്ന സ്വഭാവമുള്ളവനുമായ പുരുഷനാൽ. ദീർഘം പ്രണവം ഉച്ചാര്യ്യ=ദീർഘമാകുംവണ്ണം പ്രണവത്തെ ഉച്ചരിച്ചിട്ട്. മനോരാജ്യം വിജീയതേ=മനോരാജ്യം ജയിക്കപ്പെടുന്നു.

സവികല്പനിർവ്വികല്പസമാധികൊണ്ടുള്ള മനോരാജ്യജയം അഷ്ടാംഗയോഗിക്കല്ലേ സാധിക്കയുള്ളൂ. ജ്ഞാനയോഗിക്കെന്തുപായം:—ബ്രഹ്മവും ആത്മാവും ഒന്നുതന്നെയെന്നറിയുക. കാമാദിബുദ്ധിദോഷങ്ങളെ പരിത്യജിക്കുക. വിജനസ്ഥാനത്തിൽ നിയമേന വസിക്കുക. എന്നിവയുള്ള പുരുഷന്ന് ആറ്, പന്ത്രണ്ട്, എന്ന മാത്രകളോടുകൂടെ പ്രണവത്തെ ഉച്ചരിച്ചു ശീലിക്കുന്നതുകൊണ്ടു മനോരാജ്യത്തെ ജയിപ്പാൻ കഴിയും.

63. ജിതേ തസ്മിൻ വൃത്തിശൂന്യം മനസ്തിഷ്ഠതി മൂകവത്
ഏതൽപദം വസിഷ്ഠേന രാമായ ബഹുധേരിതം.

തസ്മിൻജിതേ=ഇത്–മനോരാജ്യം–ജയിക്കപ്പെട്ടാൽ. മനഃമൂകവത്=മനസ്സ് മൂകനെന്നപോലെ. വൃത്തിശൂന്യം തിഷ്ഠതി=നിർവ്വ്യാപാരമായിരിക്കും. ഏതത് പദം=ഈനില. വസിഷ്ഠേന=വസിഷ്ഠമഹർഷിയാൽ രാമായ=ശ്രീരാമനോടു. ബഹുധാ ഈരിതം=ബഹുവിധത്തിൽ പറയപ്പെട്ടിട്ടുണ്ട്.

മനോരാജ്യവിജയംകൊണ്ടുള്ള ഫലം പറയുന്നു:—മനസ്സുകൊണ്ടുള്ള വിഷയചിന്തയില്ലാതെയായാൽ മൂകൻ വാഗ്വ്യവഹാരം വിട്ടിരിക്കുന്നതുപോലെ മനസ്സ് നിർവ്വ്യാപാരമായി നിലകൊള്ളും. ഇങ്ങിനെ നിർവ്യാപാരസ്ഥിതി ലഭിച്ചാൽ പരമപുരുഷാർത്ഥപ്രാപ്തിയാണ് ഫലമെന്ന് ശ്രീ വസിഷ്ഠമുനി ശ്രീരാമചന്ദ്രനോടു പലവിധത്തിൽ പറഞ്ഞിട്ടുണ്ട്. ഋഷിവാക്യം പ്രമാണമെന്നു സാരം.

64. ദൃശ്യം നാസ്തീതിബോധേന മനസോ ദൃശ്യമാർജനം
സമ്പന്നം ചേത്തദുല്പന്നാ പരാ നിർവാണനിർവ്വതിഃ.

ദൃശ്യംനാസ്തി ഇതിബോധേന=ദൃശ്യമില്ലെന്നുള്ള ബോധത്താൽ. മനസഃ ദൃശ്യമാർജനം=മനസ്സിൽനിന്നു ദൃശ്യത്തെ നീക്കംചെയ്യുക. സമ്പന്നംചേത്=സാധിച്ചുവെങ്കിൽ. തത് പരാനിർവ്വാണ നിർവ്വതിഃ=അപ്പോഠം നിരതിശയമായ മോക്ഷസുഖം. ഉൽപന്നാ=ഉൽഭവിച്ചു.

വസിഷ്ഠവാക്യത്തെ എടുത്തുകാണിക്കുന്നു:—"നേഹനാനാസ്തികിഞ്ചന" അദ്വിതീയ ബ്രഹ്മം ഒന്നു മാത്രമല്ലാതെ ഈ ലോകത്തിൽ മറെറാന്നുമില്ല എന്ന ശ്രുത്യർത്ഥദൃഢബോധബലത്താൽ മനസ്സിൽനിന്നു സകലവിഷയങ്ങളെയും തുടച്ചുനീക്കാൻ സാധിച്ചുവെങ്കിൽ അപ്പോഠം നിരതിശയമായ മോക്ഷസുഖം കിട്ടിയെന്നറിഞ്ഞുകൊഠംക.

65. വിചാരിതമലം ശാസ്ത്രം ചിരമുൽഗ്രാഹിതം മിഥഃ
സന്ത്യക്തവാസനാന്മൌനാ ദൃതേ നാസ്ത്യുത്തമം പദം.

ശാസ്ത്രം അലം വിചാരിതം=ശാസ്ത്രം അത്യന്തം വിചാരം ചെയ്യപ്പെട്ടിരിക്കുന്നു. മിഥഃചിരം ഉൽഗ്രാഹിതം=അന്യോന്യം ചിരകാലം ഉൽഗ്രഹിപ്പിക്കപ്പെട്ടുമിരിക്കുന്നു. സന്ത്യക്തവാസനാത്=നിശ്ശേഷം ഉപേക്ഷിക്കപ്പെട്ട വാസനകളോടുകൂടിയ. മൌനാൽഋതേ=മൌനംകൂടാതെ ഉത്തമംപദം നാസ്തി=ഉത്തമപദമില്ല.

ആദ്വൈതശാസ്ത്രത്തെ മുഴുവനും നന്നായി വിചാരംചെയ്തു കഴിഞ്ഞു. ഗുരുശിഷ്യസംഭാഷണദ്വാരാ വളരെക്കാലം അന്യോന്യം ഗ്രഹിപ്പിച്ചും ഗ്രഹിച്ചും കഴിഞ്ഞതിരിക്കുന്നു. ഇതിന്റെയെല്ലാം ഫലമായിട്ടു നിശ്ചയിക്കപ്പെട്ടതെന്തെന്നാൽ മനസ്സിൽനിന്നു വിഷയവാസനകളെ നിശ്ശേഷം തള്ളിനീക്കി മൌനമായിരിക്കുന്നതുതന്നെ ഉത്തമപുരുഷാർത്ഥപ്രാപ്തി എന്നാണ്.

മനോവിക്ഷേപത്തെ ജയിപ്പാനുള്ള ഉപായം.

66. വിക്ഷിപ്യതേ കദാചിദ്ധീഃ കർമ്മണാ ഭോഗദായിനാ
പുനഃ സമാഹിതാ സാ സ്യാ ത്തദൈവാഭ്യാസപാടവാത്.

ഭോഗദായിനാ കർമ്മണാ=സുഖദുഃഖാദിഭോഗങ്ങളെ നൽകുന്ന കർമ്മത്താൽ. കദാചിത് ധീഃ വിക്ഷിപ്യതേ=ചിലപ്പോഴും ബുദ്ധി വിക്ഷേപിക്കപ്പെട്ടുവെങ്കിൽ. സാ അഭ്യാസ പാടവാത്=ആ ബുദ്ധി അഭ്യാസശക്തി നിമിത്തം. തദാഏവ=അപ്പോഴുംതന്നെ. പുനഃസമാഹിതാ സ്യാത്=പിന്നെയും സ്ഥിരയായ്ഭവിക്കും.

ഇങ്ങിനെ മനസ്സു വൃത്തിശൂന്യമായാലും സുഖദുഃഖാദിഭോഗങ്ങളെ ജനിപ്പിക്കുന്ന പ്രാരബ്ധകർമ്മം നിമിത്തം ചിലപ്പോഴും ചലിക്കുന്നുവെങ്കിൽ അഭ്യാസബലത്താൽ അപ്പോഴുംതന്നെ ആ ചലനത്തെ അടക്കി അവസാനിപ്പിക്കുവാൻ കഴിയും.

ചിത്തവിക്ഷേപമില്ലാത്തവൻതന്നെയാണ് ബ്രഹ്മസ്വരൂപി.

67. വിക്ഷേപോ യസ്യ നാസ്ത്യസ്യ ബ്രഹ്മവിത്ത്വം നമന്യതേ
ബ്രഹ്മൈവായമിതിപ്രാഹുർമ്മുനയഃ പാരദർശിനഃ.

യസ്യ വിക്ഷേപഃ നാസ്തി=യാതൊരുവന്നു വിക്ഷേപമില്ലയോ. അസ്യ ബ്രഹ്മവിത്ത്വം നമന്യതേ=ഇവന്നു ബ്രഹ്മജ്ഞാനിനിലയല്ല വിചാരിക്കപ്പെടുന്നത്. അയം ബ്രഹ്മഏവ=ഇവൻ ബ്രഹ്മംതന്നെയെന്നു. പാരദർശിനഃ മുനയഃ=വേദാന്തശാസ്ത്രങ്ങളുടെ കരകണ്ടിരിക്കുന്ന മുനികൾ. പ്രാഹുഃ=പറയുന്നു.

എപ്പൊഴൊരു സമയത്തിലും ചിത്തത്തിന്നു ചലനമില്ല എന്ന നില ആർക്കു സിദ്ധിച്ചിരിക്കുന്നുവോ അവനെ വേദാന്തശാസ്ത്രങ്ങളുടെ മറുകര കണ്ടിരിക്കുന്ന മുനിമാർ ബ്രഹ്മജ്ഞാനിയെന്നല്ല പറയുന്നത്, ബ്രഹ്മംതന്നെയാകുന്നു ഇവൻ എന്നാണവരുടെ മതം.

ബ്രഹ്മജ്ഞാനിയെന്നത് ഉപചാരം മാത്രം.

68. ദർശനാദർശനേ ഹിത്വാ സ്വയം കേവലരൂപതഃ
യസ്തിഷ്ഠതി സതുബ്രഹ്മൻ ബ്രഹ്മ നബ്രഹ്മവിത് സ്വയം.

യഃ ദർശനാദർശനേ ഹിത്വാ=യാതൊരുവൻ കാഴ്ചയും കാണായ്മയും ഉപേക്ഷിച്ചിട്ട്. സ്വയം കേവലരൂപതഃ തിഷ്ഠതി=സ്വയമേവ കേവലരൂപത്തിലിരിക്കുന്നു. സഃ തു ബ്രഹ്മൻ=അവനാകട്ടെ അല്ലയോ ബ്രാഹ്മണാ!: രാമ! സ്വയംബ്രഹ്മ=സ്വതേ ബ്രഹ്മംതന്നെ. ന ബ്രഹ്മവിത്=ബ്രഹ്മവിത്തല്ല.

ഇവിടെ വസിഷ്ഠവചനത്തെ പ്രമാണമായി കാണിക്കുന്നു:—യാതൊരുവൻ ബ്രഹ്മത്തെ അറിയുന്നു, അറിയുന്നില്ല എന്ന രണ്ടു വിധത്തിലുള്ള വ്യവഹാരങ്ങളേയും അതിക്രമിച്ചിട്ട് സത്താസാമാന്യസ്വരൂപനായിരിക്കുന്നുവോ അവൻ ബ്രഹ്മംതന്നെയാകുന്നു. അവനെ ബ്രഹ്മവിത്താണെന്നു വിചാരിച്ചുകൂടാ. അറിഞ്ഞവൻ, അറിവു, അറിയത്തക്ക വസ്തു എന്ന ത്രിത്വം—ത്രിപുടി—അതിക്രമിക്കപ്പെട്ടതുകൊണ്ട് അവൻ ബ്രഹ്മംതന്നെ. ബ്രഹ്മവിത്തല്ല. ബ്രഹ്മവിത്തിൽ ത്രിപുടിയുണ്ട്. ഇവനിൽ അതില്ലെന്നു സാരം.

69. ജീവന്മുക്തേഃ പരാകാഷ്ഠാ ജീവദ്വൈതവിവർജ്ജനാത്
ലഭ്യതേഽസാ വതോഽത്രേദ മീശദ്വൈതാ ദ്വിവേചിതം.

അസൌ ജീവന്മുക്തേഃ പരാകാഷ്ഠാ=ജീവന്മുക്തിയുടെ പരമാവധിയായ ഈ നില. ജീവദ്വൈതവിവർജ്ജനാൽ=ജീവദ്വൈതത്തെ ഉപേക്ഷിക്കുന്നതുകൊണ്ട്. ലഭ്യതേ=ലഭിക്കപ്പെടുന്നു. അതഃ അത്ര ഇദം=അതുകൊണ്ട് ഇവിടെ ഇത്. ഈശദ്വൈതാത്=ഈശ്വരസൃഷ്ടപ്രപഞ്ചത്തിൽ നിന്ന്. വിവേചിതം=വേർതിരിക്കപ്പെട്ടു.

ദ്വൈതവിവേചനപ്രകരണസാരത്തെ പറഞ്ഞുകൊണ്ടുപസംഹരിക്കുന്നു:—ബ്രഹ്മസ്വരൂപമായ്ത്തന്നെയിരിക്കുകയെന്ന ജീവന്മുക്തിയുടെ പരമാവധിയായ ഈ നില ജീവകല്പിതമായ ശാസ്ത്രീയം അശാസ്ത്രീയം എന്ന ദ്വൈതത്തെ നിശ്ശേഷം ഉപേക്ഷിക്കുന്നതുകൊണ്ടു ലഭിക്കും. അതുകൊണ്ടു ജ്ഞാനിവി

ടെ ജീവകല്പിതമായ ദ്വൈതസ്വരൂപത്തെ ഈശ്വരസൃഷ്ടമായ ദ്വൈതത്തിൽനിന്നു വേർതിരിച്ചു കാണിച്ചിരിക്കുന്നു. ഇതിനെ അനുഷ്ഠാനത്തിൽ കൊണ്ടുവരാൻ സാധിക്കുന്നവൎക്കു ജീവന്മുക്തിപദം ലഭിക്കും എന്നഭിപ്രായം.

ഇതി ശ്രീമൽ പരമഹംസപരിവ്രാജകാചാൎയ്യ ശ്രീഭാരതീ
തീൎത്ഥവിദ്യാരണ്യ മുനിവൎയ്യകൃത ദ്വൈതവിവേകം സമാപ്തഃ.
ഓം തത് സത്.

മഹാവാക്യവിവേകം എന്ന 5-ാംപ്രകരണത്തിലെ സാരം.

ജീവനും ബ്രഹ്മവും ഒന്നുതന്നെയെന്നു ലക്ഷണകൊണ്ടു ബോധിപ്പിക്കുന്ന വാക്യങ്ങൾക്കു "മഹാവാക്യങ്ങൾ" എന്നു പേർ 4 വേദത്തിൽ അങ്ങിനെയുള്ള 4 വാക്യങ്ങളുണ്ട്. ഋഗ്വേദത്തിലെ ഐതരേയം എന്ന ഉപനിഷത്തിൽ "പ്രജ്ഞാനംബ്രഹ്മ" എന്നാണ് മഹാവാക്യം. അഭ്യാസവാക്യം എന്നാണിതിനെ പറയുന്നത്. ബ്രഹ്മസ്വരൂപം ഇന്നതാണെന്നും ആ ബ്രഹ്മംതന്നെ സകലത്തിലും അറിവുരൂപത്തിൽ വിളങ്ങുന്നുവെന്നും മനുഷ്യന്നു തന്നിൽതന്നെ ആ ബ്രഹ്മത്തെ സാക്ഷാൽകരിപ്പാൻ സാധിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. എല്ലാ മനുഷ്യരും ശ്രോത്രാദികളായ ഇന്ദ്രിയങ്ങളിൽകൂടെ പ്രകാശിക്കുന്ന ഏതൊരു അറിവിനാൽ രൂപാദിവിഷയങ്ങളെ അറിയുന്നുവോ ആ അറിവിനെയാണ് പ്രജ്ഞാനം എന്ന പദം കാണിക്കുന്നത്. ബ്രഹ്മാവുമുതൽ പുൽക്കൊടിവരെയുള്ള സകലത്തിലും വിളങ്ങുന്ന ചൈതന്യം യാതൊന്നോ അതുതന്നെ ബ്രഹ്മം എന്ന ശബ്ദത്തിന്റെ അൎത്ഥം. മുൻപറഞ്ഞ അറിവുതന്നെ ചൈതന്യമായ ബ്രഹ്മം. അതിനാൽ ആ ബ്രഹ്മംതന്നെ അറിവുരൂപത്തിൽ എന്നിലും വിളങ്ങുന്നു, എന്നാണ് "പ്രജ്ഞാനംബ്രഹ്മ" എന്ന മഹാവാക്യത്തിന്റെ ലക്ഷ്യാൎത്ഥം

യജുൎവ്വേദത്തിലെ ഉപനിഷത്തായ ബൃഹദാരണ്യകത്തിൽ "അഹംബ്രഹ്മാസ്മി" എന്നതാണ് മഹാവാക്യം. അനുഭവവാക്യം എന്നാണിതിനെപറഞ്ഞുവരുന്നത്. അഹം-ബ്രഹ്മ-അസ്മി. എന്ന മൂന്നു പദങ്ങളുടെ അൎത്ഥംപറയുന്നു. ജ്ഞാനംകൊണ്ടു വിളങ്ങുന്ന ഈ ശരീരത്തിൽ ബുദ്ധിക്കു സാക്ഷിയായി വിളങ്ങുന്ന ചൈതന്യം യാതൊന്നോ അതിനെ "അഹം" (ഞാൻ) എന്ന ശബ്ദംകൊണ്ടു കാണിക്കുന്നു. സകല ശരീരങ്ങളിലുമുള്ള സാക്ഷിചൈതന്യം യാതൊന്നോ അതിനെ ബ്രഹ്മം എന്ന ശബ്ദംകൊണ്ടു കാണിക്കുന്നു. സമഷ്ടി, വ്യഷ്ടി,യെന്ന ഉപാധികളെ നീക്കംചെയ്താൽ ഏകമായ ചൈതന്യം അവശേഷിക്കുന്നു. അതുതന്നെ ഞാനെന്ന ബോധം. ആ ബോധംതന്നെ ഞാൻ എന്ന അനുഭവം. ബ്രഹ്മസാക്ഷാൽകാരം എന്ന "അഹംബ്രഹ്മാസ്മി" എന്ന മഹാവാക്യംബോധിപ്പിക്കുന്നു. സാമവേദത്തിലെ ഛാന്ദോഗ്യമെന്ന ഉപനിഷത്തിലെ "തത്വമസി" എന്ന മഹാവാക്യമാണ് ഗുരു, ശിഷ്യന്നുപദേശിക്കുന്നത്. അതിനാൽ ഉപദേശവാക്യം എന്നതിനെ പറഞ്ഞുവരുന്നു. തത്-ത്വം-അസി. എന്ന മൂന്നു പദങ്ങളുടെ അൎത്ഥം,ക്രമത്തിൽ വിവരിച്ചു ജീവനും ബ്രഹ്മവും ഒന്നുതന്നെയെന്ന ഐക്യത്തെ ബോധിപ്പിക്കുന്നു. അഥൎവ്വണവേദത്തിലെ ഉത്തരതാപനീയം എന്ന ഉപനിഷത്തിൽ "അയമാത്മാ ബ്രഹ്മ" എന്നതാണ് മഹാവാക്യം. അഹങ്കാരം മുതൽ ദേഹംവരെയുള്ള വസ്തുക്കളിൽ ഞാൻ എന്ന ഭാവത്തിൽ വിളങ്ങുന്ന അറിവിനെ ആത്മശബ്ദം കാണിക്കുന്നു. സകല നാമരൂപങ്ങളിൽനിന്നും വേറിട്ടിരിക്കുന്ന ചൈതന്യത്തെ "ബ്രഹ്മ" എന്ന ശബ്ദംകാണിക്കുന്നു. സച്ചിദാനന്ദാത്മകമായ ആ ബ്രഹ്മം തന്നെ എന്നിൽ വിളങ്ങുന്ന ആത്മാവെന്ന ബോധം ഈ വാക്യത്തിൽനിന്നും ഉണ്ടാകുന്നു. ഈ നാലു വാക്യങ്ങളെയും ഗുരുമുഖത്തിൽനിന്നു കേൾക്കുകയും മനനം നിദിധ്യാസനം മുതലായവകൊണ്ടു ആത്മസ്വരൂപത്തെ സാക്ഷാത്തായറിവാനാഗ്രഹിക്കയും ചെയ്യുന്ന ഭക്തന്മാൎക്കു സകലമായി വിളങ്ങുന്ന ബ്രഹ്മസാക്ഷാൽകാരമുണ്ടാകും. ഇതിൽ സംശയമില്ല.

ശുഭമസ്തു.
ഓം. തത്. സത്.

ശ്രീ പഞ്ചദശി

അഥ മഹാവാക്യവിവേകം എന്ന 5-ാം പ്രകരണം.

ശ്രീ ഗണേശായനമഃ.

ഓം. നമോ ഭഗവതേ വാസുദേവായ

"പ്രജ്ഞാനം" എന്ന പദത്തിന്റെ അൎത്ഥം പറയുന്നു.

1. യേനേക്ഷതേ ശൃണോതീദം ജിഘ്രതിവ്യാകരോതിച
സ്വാദ്വസ്വാദ്വവിജാനാതിതൽ പ്രജ്ഞാന മുദീരിതം.

യേനഇദം ഈക്ഷതേ=യാതൊരു അന്തഃകരണവൃത്ത്യുപഹിതചൈതന്യത്താൽ കാണ്മാനുള്ളതിനെ കാണുന്നു ശൃണോതി=കേൾക്കേണ്ടതു കേൾക്കുന്നു. ജിഘ്രതി വ്യാകരോതിച=മണക്കാനുള്ളതിനെ മണക്കുന്നു പറവാനുള്ളതിനെ പറകയും ചെയ്യുന്നു സ്വാദ്വസ്വാദ്വവിജാനാതി=രുചിയും അരുചിയും അറിയുന്നു. തൽ പ്രജ്ഞാനം ഉദീരിതം=ആ സാക്ഷിചൈതന്യം പ്രജ്ഞാനം എന്നു പറയപ്പെടുന്നു.

മോക്ഷേച്ഛയുള്ളവനു ആത്മാവും ബ്രഹ്മവും ഒന്നുതന്നെയെന്നറിവുണ്ടാവാൻ മാൎഗ്ഗം കാട്ടികൊടുക്കുന്ന 4 മഹാവാക്യങ്ങളെ ശ്രീ വിദ്യാരണ്യഗുരുദേവൻ ഈ പ്രകരണത്തിൽ വിവരിക്കുവാൻ ഭാവിക്കുന്നു:—ഋഗ്വേദശാഖയിലെ ഐതരേയാരണ്യകത്തിലുള്ള മഹാവാക്യം "പ്രജ്ഞാനംബ്രഹ്മ" എന്നാണ്. അതിലെ പ്രജ്ഞാനമെന്ന പദത്തിന്റെ അൎത്ഥം ഈ ശ്ലോകംകൊണ്ടു പറയുന്നു:—മനുഷ്യൻ നേത്രേന്ദ്രിയത്തിൽക്കൂടെ പുറത്തേക്കുപുറപ്പെടുന്ന അന്തഃകരണവൃത്തിയോടു ചേൎന്നിരിക്കുന്ന യാതൊരു സാക്ഷിചൈതന്യംകൊണ്ടു രൂപത്തെ കാണുന്നുവൊ, അതുപോലെ ശ്രോത്രത്തിൽക്കൂടെ പുറപ്പെടുന്ന അന്തഃകരണവൃത്തിയോടുചേൎന്ന യാതൊരു ചൈതന്യംകൊണ്ടു ശബ്ദത്തെ കേൾക്കുന്നുവോ, നാസികയിൽക്കൂടെ വ്യാപിക്കുന്ന അന്തഃകരണവൃത്ത്യുപഹിതമായ യാതൊരു ചൈതന്യംകൊണ്ടു വാസനയറിയുന്നുവോ, വാഗിന്ദ്രിയദ്വാരാ പുറപ്പെടുന്ന യാതൊരു ചൈതന്യംകൊണ്ടു സംസാരിക്കുന്നുവോ, നാവിൽക്കൂടെ പുറപ്പെടുന്ന യാതൊരു ചൈതന്യംകൊണ്ടു രസങ്ങളറിയുന്നുവോ ആ ചൈതന്യത്തിന്നു പ്രജ്ഞാനം എന്നുപേർ. അന്തഃകരണവൃത്തിയോടു ചേൎന്നിരിക്കുന്ന ഒരേ ചൈതന്യമാണ് ഓരോ ഇന്ദ്രിയങ്ങളോടു ചേൎന്നിട്ടു സകല വ്യാപാരങ്ങളെയും നടത്തുന്നത്. ഇവിടെ പറഞ്ഞിട്ടില്ലാത്ത വ്യാപാരങ്ങളെയും ഇതുപോലെ കണ്ടുകൊള്ളേണം. വിശേഷജ്ഞാനമാണ് ചൈതന്യസ്വരൂപം. മനോവൃത്തിയിൽ ആ ജ്ഞാനം വ്യാപിക്കുന്നു. വൃത്തികൾ ഇന്ദ്രിയങ്ങളിൽക്കൂടെ പുറത്തേക്കു വ്യാപിക്കുന്നു. അപ്പോൾ മനുഷ്യന്നു രൂപാദിവിഷയങ്ങളുടെ അറിവുണ്ടാകുന്നു. ചൈതന്യാത്മകമായ ഈ അറിവിനെ പ്രജ്ഞാനം എന്ന ശബ്ദംകൊണ്ടു കാണിച്ചിരിക്കുന്നുവെന്നു സാരം.

2. ചതുൎമ്മുഖേന്ദ്രദേവേഷു മനുഷ്യാശ്വഗവാദിഷു
ചൈതന്യമേകം ബ്രഹ്മാതഃ പ്രജ്ഞാനം ബ്രഹ്മമയ്യപി.

ചതുൎമ്മുഖേന്ദ്രദേവേഷു=ബ്രഹ്മാവു്, ഇന്ദ്രൻ, ദേവന്മാരെന്നിവരിലും മനുഷ്യാശ്വഗവാദിഷു=മനുഷ്യന്മാർ, കുതിരകൾ, പശുക്കൾ, എന്നിവയിലും. ഏകം ചൈതന്യം ബ്രഹ്മ=ഏകമായ ചൈതന്യം ബ്രഹ്മമാകുന്നു. അതഃമയി അപി പ്രജ്ഞാനം ബ്രഹ്മ=അതുകൊണ്ടു എന്നിലെ പ്രജ്ഞാനവും ബ്രഹ്മമാകുന്നു.

ബ്രഹ്മം എന്ന പദത്തിന്റെ അൎത്ഥം പറയുന്നു:—ഉത്തമന്മാരായ ബ്രഹ്മാവു് ഇന്ദ്രൻ ദേവന്മാരെന്ന ശ്രേഷ്ഠന്മാരിലും മദ്ധ്യമന്മാരായ മനുഷ്യാദികളിലും, താണനിലയിലുള്ള കുതിരകൾ പശുക്കൾ മുതലായ സകല ദേഹങ്ങളെ ധരിച്ചവരിലും ആകാശാദിപഞ്ചഭൂതങ്ങളിലും ലോകോൽപത്തി സ്ഥിതിലയാദികൾക്ക് കാരണമായ യാതൊരേകചൈതന്യമുണ്ടോ അതാണ് ബ്രഹ്മം. ബ്രഹ്മാദിസ്ഥാവരാന്തം വ്യാപിച്ചിരിക്കുന്ന സമഷ്ടി ചൈതന്യത്തിനെ ബ്രഹ്മശബ്ദംകൊണ്ട് കാണിച്ചിരിക്കുന്നു. എല്ലാവരിലും ബ്രഹ്മമിരിക്കുന്നു. അതുകൊണ്ടു എന്നിലിരിക്കുന്ന പ്രജ്ഞാനം ബ്രഹ്മംതന്നെ. അറിവിന്നു ഭേദമില്ല. അല്പമെന്നും അധികമെന്നും സാമാന്യമെന്നും വിശേഷമെന്നുമുള്ള ഭേദത്തിന്നു കാരണം ഉപാധികളാണ്. അ

റിവിനാല്ല, ഉത്തമമദ്ധ്യമാധമഭാവം ഉപാധികൾക്കാണ്. ആകയാൽ എന്നിലുള്ള പ്രജ്ഞാനാത്മകചൈതന്യം ബ്രഹ്മം എന്നു മുമുക്ഷു അറിഞ്ഞുകൊള്ളേണം.

3. പരിപൂർണ്ണഃ പരാത്മാസ്മിൻ ദേഹേ വിദ്യാധികാരിണി
ബുദ്ധേഃ സാക്ഷിതയാസ്ഥിത്വാ സ്ഫുരന്നഹ മിതീര്യതേ.

പരിപൂർണ്ണഃപരാത്മാ=പരിപൂർണ്ണനായ പരമാത്മാവ്. അസ്മിൻ വിദ്യാധികാരിണിദേഹേ=വിദ്യക്കധികാരം സിദ്ധിച്ചിരിക്കുന്ന ഈ ദേഹത്തിൽ. ബുദ്ധേഃസാക്ഷിതയാസ്ഥിത്വാ=ബുദ്ധിയുടെ-ബുദ്ധിക്കുപാധിയായ സൂക്ഷ്മശരീരത്തിന്റെ-സാക്ഷിഭാവത്തിൽ ഇരുന്നിട്ടു. സ്ഫുരൻ അഹം ഇതിഈര്യതേ=പ്രകാശിച്ചുകൊണ്ടു അഹം (ഞാൻ) എന്നു പറയപ്പെടുന്നു.

ഋക്ശാഖയിൽ ഐതരേയാരണ്യകത്തിലെ മഹാവാക്യാർത്ഥം പറഞ്ഞശേഷം യജുശ്ശാഖകളിൽ ബൃഹദാരണ്യകം എന്ന ഉപനിഷത്തിലെ ''അഹംബ്രഹ്മാസ്മി'' എന്ന മഹാവാക്യത്തിന്റെ അർത്ഥം പറവാനാരംഭിക്കുന്ന ശ്രീ വിദ്യാരണ്യമുനിവര്യൻ അഹം (ഞാൻ) എന്ന ശബ്ദത്തിന്റെ അർത്ഥം പറയുന്നു:— സ്വഭാവത്താൽത്തന്നെ ദേശം കാലം വസ്തു എന്നിവനിമിത്തമുള്ള പരിച്ഛേദം (അവധി, കൂടാതെ സർവ്വത്ര നിറഞ്ഞിരിക്കുന്ന പരമാത്മാവ് മായാകല്പിതവും, ആത്മജ്ഞാനത്തിന്നധികാരം സിദ്ധിപ്പാൻ യോഗ്യവും ശ്രവണമനനാദികളെ അഭ്യസിച്ചിരിക്കുന്നതുമായ മനുഷ്യാദിശരീരത്തിൽ ബുദ്ധിസഹിതമായ സൂക്ഷ്മശരീരത്തിന്നു സംഭവിക്കുന്ന വികാരങ്ങൾക്കു സാക്ഷിഭാവത്തെ വഹിച്ചുംകൊണ്ടു പ്രകാശിക്കുന്നു. അഹമെന്ന ശബ്ദത്താൽ ആ പരമാത്മാവിനെ കാണിക്കുന്നു. സർവ്വശരീരത്തിൽ പ്രകാശിക്കുന്ന പരമാത്മാവ് എന്നാണ് അഹം എന്ന ശബ്ദത്തിന്റെ ലക്ഷ്യാർത്ഥം എന്നു സാരം

4. സ്വതഃപൂർണ്ണഃ പരാത്മാത്ര ബ്രഹ്മശബ്ദേനവർണിതഃ
അസ്മീത്യൈക്യ പരാമർശസ്തേന ബ്രഹ്മഭവാമ്യഹം.

സ്വതഃപൂർണഃപരാത്മാ=സ്വതേ പരിപൂർണനായ പരമാത്മാവ്. അത്രബ്രഹ്മശബ്ദേനവർണിതഃ=ഇതിലെ ബ്രഹ്മശബ്ദത്താൽ വർണിക്കപ്പെട്ടു. അസ്മി ഇതിഐക്യപരാമർശഃ=അസ്മി (ഞാനാകുന്നു) എന്ന വാക്ക് ഐക്യത്തെ (ഏകത്വത്തെ) ബോധിപ്പിക്കുന്നു. തേനഅഹംബ്രഹ്മഭവാമി=അതുകൊണ്ടു ഞാൻ ബ്രഹ്മമാകുന്നു.

ബ്രഹ്മം എന്ന ശബ്ദത്തിന്റെ അർത്ഥം:—സ്വതെ പരിപൂർണനായ പരമാത്മാവിനെ ഈ മഹാവാക്യത്തിലുള്ള ബ്രഹ്മശബ്ദംകൊണ്ടു പറഞ്ഞിരിക്കുന്നു. അസ്മി എന്ന പദം സാക്ഷിചൈതന്യമായ പരമാത്മാവും ദേശകാലവസ്തു പരിച്ഛേദമില്ലാതിരിക്കുന്ന ബ്രഹ്മവും ഭിന്നമല്ല, ഒന്നുതന്നെ എന്നു കാണിക്കുന്നു. ഇങ്ങിനെ മഹാവാക്യത്തിലെ മൂന്നു പദങ്ങളുടെ അർത്ഥത്താൽ ഞാൻ ബ്രഹ്മംതന്നെയെന്നു സിദ്ധിക്കുന്നു. ദേശകാലാദികൊണ്ടു പരിച്ഛിന്നമല്ലാത്ത പരമാത്മാവ് ബ്രഹ്മപദലക്ഷ്യാർത്ഥം. ആ പരമാത്മാവുതന്നെ ബുദ്ധ്യാദികളോടുകൂടിയ ലിംഗദേഹത്തിന്നു സാക്ഷിയായി ഭവിക്കുമ്പോൾ ആ സാക്ഷിചൈതന്യം അഹം എന്ന ശബ്ദത്തിന്റെ ലക്ഷ്യാർത്ഥം.

5. ഏകമേവാദ്വിതീയം സന്നാമരൂപവിവർജിതം
സൃഷ്ടേഃപുരാധുനാപ്യസ്യതാദൃക്ത്വം തദിതീര്യതേ.

സൃഷ്ടേഃപുരാഏകംഏവ=സൃഷ്ടിക്കുമുമ്പേ ഒന്നു മാത്രമായും. അദ്വിതീയം=രണ്ടാമത്തേതിനോടുകൂടാതെയും. നാമരൂപവിവർജിതംസത്=നാമരൂപരഹിതവുമായ സദ്വസ്തുവായിരുന്നു. അസ്യഅധുനാഅപി=ഇതിന്നു ഇപ്പോഴും. താദൃക്ത്വം=ആ സ്ഥിതിതന്നെയെന്നു. തത്ഇതിഈര്യതേ=തത് എന്ന പദംകൊണ്ടു പറയപ്പെടുന്നു.

സാമവേദത്തിലുള്ള ഛാന്ദോഗ്യമെന്ന ഉപനിഷത്തിലെ 6-ാം അദ്ധ്യായത്തിലെ ''തത്ത്വമസി'' എന്ന മഹാവാക്യത്തിലുള്ള തച്ഛബ്ദത്തിന്റെ അർത്ഥം:—''സദേവസൌമ്യേദമഗ്ര ആസീദേകമേവാദ്വിതീയം'' ഹേസൌമ്യ ഇക്കാണപ്പെടുന്ന സകലവും സൃഷ്ടിക്കുമുമ്പേ അദ്വിതീയവും ഏകവുമായ സദ്വസ്തുതന്നെ ആയിരുന്നു. എന്നർത്ഥമായ ശ്രുതിവാക്യത്താൽ സൃഷ്ടിക്കുമുമ്പേ ഏകവും അദ്വിതീയവും നാമരൂപരഹിതവുമായ യാതൊരു സദ്വസ്തുവുണ്ടെന്നു പ്രതിപാദിക്കപ്പെട്ടിരിക്കുന്നുവോ ആ വസ്തു ഇപ്പോഴും—സൃഷ്ടിക്കു ശേഷവും—ആ വിധത്തിൽതന്നെയിരിക്കുന്നുവെന്നാണ് തത് (അത്) എന്ന പദത്തിന്റെ അർത്ഥം. സജാതീയവിജാതീയസ്വഗതഭേദരഹിതവും ഏകവുമായ ബ്രഹ്മം എന്നാണ് തത് എന്ന പദത്തിന്റെ ലക്ഷ്യാർത്ഥമെന്നു സാരം.

6. ശ്രോതുർദ്ദേഹേന്ദ്രിയാതീതം വസ്ത്വത്രത്വം പദേരിതം
ഏകതാഗ്രാഹ്യതേസീതി തദൈക്യ മനുഭൂയതാം.

ശ്രോതുഃദേഹേന്ദ്രിയാതീതംവസ്തു=കേൾക്കുന്നാളുടെ ദേഹേന്ദ്രിയങ്ങളെ അതിക്രമിച്ചിരിക്കുന്ന സദ്വസ്തു. അത്രത്വംപദേരിതം=ഇതിലെ ത്വം എന്ന പദത്താൽ പറയപ്പെട്ടു. അസിഇതി=ആകുന്നു എന്ന പദം. ഏകതാഗ്രാഹ്യതെ=ഏകത്വം ഗ്രഹിപ്പിക്കപ്പെടുന്നു. തത് ഐക്യംഅനുഭൂയതാം=ആ ഏകഭാവം അനുഭവിക്കപ്പെട്ടാലും.

ത്വം (നീ) എന്ന പദത്തിന്റെ ലക്ഷ്യാർത്ഥം:—ഗുരുമുഖത്തിൽനിന്ന് ശ്രവണദ്വാരാ മഹാവാക്യാർത്ഥം ധരിക്കുന്ന മനുഷ്യന്റെ ഇന്ദ്രിയാദിസഹിതമായ മൂന്നു വിധ ദേഹങ്ങളുടെയും സാക്ഷിയായിരിക്കുന്നതുകൊണ്ടു ആ മൂന്നുവിധ ശരീരങ്ങളെയും അതിക്രമിച്ചിരിക്കുന്ന സദ്വസ്തു യാതൊന്നോ അതിനെ ത്വം (നീ) എന്ന പദം കാണിക്കുന്നു. അസി (ആകുന്നു) എന്ന പദം ഐക്യത്തെ ബോധിപ്പിക്കുന്നു. തൽപദലക്ഷ്യാർത്ഥവും ത്വംപദ ലക്ഷ്യാർത്ഥവും ഒന്നാണെന്നു കാണിക്കുന്നു. വിചാരസാമർത്ഥ്യത്താൽ നീ ആ ഐക്യത്തെ അനുഭവിച്ചറിഞ്ഞുകൊൾക. തത്വമസി എന്ന മഹാവാക്യമാണ് ഗുരുമുഖത്തിൽനിന്നു കേൾക്കേണ്ടത്, എന്നിവിടെ സൂചിപ്പിച്ചിരിക്കുന്നു.

7. സ്വപ്രകാശാപരോക്ഷത്വ മയമിത്യുക്തിതോമതം
അഹങ്കാരാദി ദേഹാന്താൽ പ്രത്യഗാത്മേതിഗീയതേ.

അയംഇതിഉക്തിതഃ=ഇത് എന്ന വാക്കുകൊണ്ടു്. സ്വപ്രകാശാപരോക്ഷത്വംമതം=സ്വപ്രകാശംകൊണ്ടു് അപരോക്ഷം എന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. അഹങ്കാരാദിദേഹാന്താത്=അഹങ്കാരം മുതൽ ദേഹംവരേയുള്ള തത്വങ്ങളിൽനിന്ന്. പ്രത്യക് ആത്മാഇതിഗീയതേ=ഉള്ളിലിരിക്കുന്നത് ആത്മശബ്ദത്താൽ പറയപ്പെടുന്നു.

അഥർവ്വണവേദത്തിലെ മാണ്ഡൂക്യോപനിഷത്തിലുള്ള "അയമാത്മാബ്രഹ്മ" എന്ന മഹാവാക്യത്തിന്റെ അർത്ഥം:—അയം (ഈ) എന്ന ശബ്ദത്തിന്റെ അർത്ഥം—സ്വതേതന്നെ പ്രകാശിക്കുന്നതുകൊണ്ടു് അദൃഷ്ടമെന്നപോലെ പരോക്ഷമല്ല. അപരോക്ഷമാണ്. എന്നാൽ ഘടാദിപദാർത്ഥങ്ങളെന്നപോലെ ദൃശ്യവുമല്ല. സ്വപ്രകാശമാകുന്നു എന്നാണ് അയം (ഈ) എന്ന വിശേഷണംകൊണ്ടു കാണിക്കുന്നതു്. ആത്മാവ് എന്ന പദം ദേഹം, മനസ്സ് എന്നർത്ഥങ്ങളിൽ ഉപയോഗിക്കാറുണ്ടു്. ഈ മഹാവാക്യത്തിലെ ആത്മശബ്ദത്തിന്റെ അർത്ഥം:—പ്രാണൻ, മനസ്സ്, ഇന്ദ്രിയങ്ങൾ, ഇവയുടെ സമൂഹത്തോടുകൂടിയ അഹംകാരം മുതൽ ദേഹംവരെയുള്ള എല്ലാററിലും വ്യാപിച്ചും അവക്കെല്ലാം അധിഷ്ഠാനമായും സാക്ഷിയായുമിരിക്കുന്ന ആന്തരചൈതന്യം എന്നാകുന്നു. അയം ആത്മാ=സ്വപ്രകാശവും അപരോക്ഷവുമായ ഈ ആന്തരചൈതന്യം എന്നർത്ഥം.

8. ദൃശ്യമാനസ്യ സർവ്വസ്യ ജഗതസ്തത്വമീര്യതേ
ബ്രഹ്മശബ്ദേന തൽബ്രഹ്മ സ്വപ്രകാശാത്മരൂപകം.

ദൃശ്യമാനസ്യ സർവ്വസ്യജഗതഃ=കാണപ്പെട്ടുകൊണ്ടിരിക്കുന്ന സർവ്വജഗത്തിന്റെ. സ്വപ്രകാശാത്മരൂപകം തത്വം=സ്വപ്രകാശസ്വരൂപമായ തത്വം. ബ്രഹ്മശബ്ദേനഈര്യതേ=ബ്രഹ്മശബ്ദത്താൽ പറയപ്പെടുന്നു. തത് ബ്രഹ്മ=അതാണ് ബ്രഹ്മം.

മഹാവാക്യത്തിലെ ബ്രഹ്മശബ്ദത്തിന്റെ അർത്ഥം:—കാണപ്പെടുന്ന മിഥ്യാഭൂതമായ ആകാശാദിസർവ്വജഗത്തിന്റെ അധിഷ്ഠാനവും സ്വപ്രകാശസ്വരൂപവും ജഗത്തിന്റെ ബാധക്കധീനപ്പെടാതെ ബാധാവധിയായിരിക്കുന്ന സച്ചിദാനന്ദവുമായ ബ്രഹ്മം യാതൊന്നൊ അതിനെ കാണിക്കുന്നതാണ് ബ്രഹ്മശബ്ദം. അതുകൊണ്ടു സിദ്ധിക്കുന്നതെന്തെന്നാൽ. ഈ ശരീരത്തിൽ പ്രകാശാനന്ദസ്വരൂപമായി സർവ്വവൃത്തി സാക്ഷിയായി വിളങ്ങുന്ന ആത്മാവു് ബ്രഹ്മമാകുന്നുവെന്നറിഞ്ഞ് നിത്യാനന്ദസ്വരൂപനായി മുമുക്ഷുവസിക്കേണം. ഇങ്ങിനെ മഹാവാക്യങ്ങൾക്ക് പറഞ്ഞിരിക്കുന്ന അർത്ഥം, ആഭാസവാദമെന്ന് പ്രസിദ്ധമായിട്ടുള്ള മതത്തെ അനുസരിച്ചിട്ടുള്ളതാണ്. കൂടസ്ഥൻ ജീവൻ-ഈശ്വരൻ-ബ്രഹ്മം എന്നിങ്ങിനെ നാലുവിധത്തിൽ ചൈതന്യം പ്രകാശിക്കുന്നുണ്ടു്. അവയിൽ കൂടസ്ഥൻ അല്ലെങ്കിൽ സാക്ഷിചൈതന്യം ത്വം പദലക്ഷ്യാർത്ഥം. ജീവൻ ത്വം പദവാച്യാർത്ഥം. ഈശ്വരൻ തൽപദവാച്യാർത്ഥം. ബ്രഹ്മം

തൽപദലക്ഷ്യാർത്ഥം. ഇതുപോലെ പ്രജ്ഞാനം അഹം ആത്മാ എന്ന മൂന്നു പദങ്ങൾക്ക് കൂടസ്ഥൻ ലക്ഷ്യാർത്ഥം. ജീവൻ വാച്യാർത്ഥം. മൂന്നിലമുള്ള ബ്രഹ്മപദത്തിന്നു ഈശ്വരൻ വാച്യാർത്ഥം. ബ്രഹ്മം ലക്ഷ്യാർത്ഥം. പരമോൽകൃഷ്ടമായ ഈ വേദാന്തമതത്തിൽത്തന്നെ മോക്ഷസാധനമായിരിക്കുന്ന ബ്രഹ്മാത്മൈക്യജ്ഞാനം സിദ്ധിക്കുന്നതിന്നായി 1. അജാതവാദം. 2. ദൃഷ്ടിസൃഷ്ടിവാദം, 3. വ്യാവഹാരികവാദം. എന്ന മൂന്നു പക്ഷങ്ങളുണ്ട്. അവയിൽ ഉത്തമാധികാരികൾക്ക് അജാതവാദവും മദ്ധ്യമാധികാരികൾക്ക് ദൃഷ്ടിസൃഷ്ടിവാദവും മന്ദാധികാരികൾക്ക് വ്യാവഹാരികപക്ഷവുമാകുന്നു.

I. യാതൊരുമതത്തിൽ പാരമാർത്ഥികസത്തയാകുന്ന ഒരു ചേതനസ്വരൂപം മാത്രം അംഗീകരിക്കപ്പെട്ടിരിക്കുന്നുവോ ആ മതത്തിന്നു അജാതവാദമെന്നു പേർ.

II. യാതൊരു മതത്തിൽ പാരമാർത്ഥികസത്താ, പ്രാതിഭാസികസത്താ എന്ന രണ്ടെണ്ണം അംഗീകരിക്കപ്പെട്ടിരിക്കുന്നുവോ ആ മതത്തിന്നു ദൃഷ്ടിസൃഷ്ടിവാദം എന്നു പേർ.

III. യാതൊരു മതത്തിൽ പാരമാർത്ഥികസത്താ, പ്രാതിഭാസികസത്താ, വ്യാവഹാരികസത്താ എന്ന മൂന്നു സത്തകൾ അംഗീകരിക്കപ്പെട്ടിരിക്കുന്നുവോ അതിന്നു വ്യാവഹാരികപക്ഷം എന്നു പേർ. ഇതിനെത്തന്നെയാണ് സൃഷ്ടിദൃഷ്ടിവാദം എന്നും പറഞ്ഞുവരുന്നത്.

ഈ മൂന്നിൽ ഒന്നാമത്തെ അജാതവാദത്തിൽ പാരമാർത്ഥികസത്താ ഒന്നു മാത്രമുള്ളതിനാൽ അദ്ധ്യാരോപാപവാദങ്ങൾ സംഭവിക്കുകയില്ല. ലക്ഷ്യാർത്ഥവാച്യാർത്ഥങ്ങളുമില്ല. ദൃഷ്ടിസൃഷ്ടിവാദമെന്ന രണ്ടാംപക്ഷത്തിൽ അവിദ്യ (അജ്ഞാനം)കൊണ്ടു മറയ്ക്കപ്പെട്ട ബ്രഹ്മംതന്നെയാകുന്നു ജീവൻ. ജീവനാൽ കല്പിതൻ ഈശ്വരൻ. ഈ ഈശരൻ തല്പദവാച്യാർത്ഥം. ജീവൻ ത്വംപദവാച്യാർത്ഥം. ശുദ്ധബ്രഹ്മം തൽത്വംപദങ്ങളുടെ ലക്ഷ്യാർത്ഥം.

ഇനി മൂന്നാമത്തെ വാദമായ സൃഷ്ടിദൃഷ്ടിവാദമെന്ന വ്യാവഹാരികപക്ഷത്തിൽതന്നെ അഞ്ചു മതങ്ങളുണ്ട്. 1. ബിംബപ്രതിബിംബവാദം, 2. കാര്യകാരണോപാധിവാദം, 3. അവച്ഛിന്നാനവച്ഛിന്നവാദം, 4. അവച്ഛേദവാദം, 5. ആഭാസവാദം. അവയിൽ ബിംബപ്രതിബിംബവാദം എന്ന ആദ്യത്തെ മതത്തിൽ അജ്ഞാനോപാധികശുദ്ധബ്രഹ്മം ഈശ്വരനും. ആ ഈശ്വരൻ തൽപദവാച്യാർത്ഥവുമാകുന്നു. സമഷ്ട്യജ്ഞാനസംബന്ധം നിമിത്തം ഭ്രാന്തിയാൽ പ്രതിബിംബതയെ പ്രാപിച്ചിരിക്കുന്ന ബ്രഹ്മം ജീവനും ആ ജീവൻ ത്വംപദവാച്യാർത്ഥവുമാകുന്നു. ബിംബത്വം പ്രതിബിംബത്വം എന്ന രണ്ടു വിശേഷണാംശങ്ങളെ തള്ളി ബാക്കിയുള്ള അസംഗശുദ്ധചേതനം തൽത്വംപദങ്ങൾ രണ്ടിന്റെയും ലക്ഷ്യാർത്ഥമാകുന്നു. അവച്ഛേദവാദമെന്ന നാലാംപക്ഷത്തിൽ മായാവച്ഛിന്നചേതനം ഈശ്വരനും, ആ ഈശ്വരൻ തൽപദവാച്യാർത്ഥവും, മായാനവച്ഛിന്നചേതനം തൽപദലക്ഷ്യാർത്ഥവുമാകുന്നു. അന്തഃകരണാവച്ഛിന്നചേതനം ജീവനും, അതു ത്വംപദവാച്യാർത്ഥവും, അന്തഃകരണാവച്ഛിന്നചേതനം ത്വംപദലക്ഷ്യാർത്ഥവുമാകുന്നു. അങ്ങിനെയുള്ള തൽത്വംപദങ്ങളുടെ ലക്ഷ്യാർത്ഥങ്ങളായ ബ്രഹ്മകൂടസ്ഥന്മാർക്ക് അഖണ്ഡൈകരസത്വവും ഉള്ളതാണ്. ഇനി ആഭാസവാദമെന്ന അഞ്ചാമത്തെ പക്ഷത്തിൽ സാഭാസചിദാഭാസനോടുകൂടിയ മായയാൽ വിശിഷ്ടമായ ചേതനം ഈശ്വരനും, അതു തൽപദവാച്യാർത്ഥവും, സാഭാസമായ ഭാഗത്തെ വിട്ടു ബാക്കിയുള്ള ശുദ്ധചേതനം തൽപദലക്ഷ്യാർത്ഥവുമാകുന്നു. സാഭാസാന്തഃകരണവിശിഷ്ടചേതനം ജീവനും അതു ത്വംപദവാച്യാർത്ഥവും സാഭാസാന്തഃകരണം എന്ന വിശേഷണാംശത്തെ വിട്ടു ബാക്കിയുള്ള അധിഷ്ഠാനചേതനം (കൂടസ്ഥൻ) ലക്ഷ്യാർത്ഥവുമാകുന്നു. അങ്ങിനെ തൽത്വം പദങ്ങളുടെ ലക്ഷ്യാർത്ഥങ്ങളായ ശുദ്ധബ്രഹ്മസാക്ഷിചൈതന്യങ്ങൾക്ക് അഖണ്ഡൈകരസത്വമുള്ളതാകുന്നു. ഈ ആഭാസവാദമെന്ന മതത്തിനെയാകുന്നു വിദ്യാരണ്യസ്വാമികൾ ഈ ഗ്രന്ഥത്തിലെടുത്തിരിക്കുന്നത്. ഇപ്രകാരം എല്ലാ മതങ്ങളുടേയും താല്പര്യമെന്തെന്നാൽ. ജീവത്വം, ഈശ്വരത്വം, ജഗത്ത് എന്നിവകളെ ആരോപണംചെയ്തിട്ടു അവകളുടെ അപവാദദ്വാരാ അദ്വിതീയ ശുദ്ധബ്രഹ്മത്തെ അറിയിക്കുകയാണ്. ആകയാൽ ഏതേതധികാരികൾക്ക് ഏതേതു മതത്തിനെ അനുസരിച്ചാൽ ബ്രഹ്മാത്മൈക്യജ്ഞാനം സംഭവിക്കുമോ അതാതധികാരികൾക്ക് അതാതുമതം സ്വീകാര്യം. ഇങ്ങിനെ തത്വമസിയെന്ന മഹാവാക്യത്തിൽ പറഞ്ഞതുപ്രകാരം വാച്യാർത്ഥലക്ഷ്യാർത്ഥങ്ങളുടെ ക്രമം മററു മൂന്നു മഹാവാക്യങ്ങളിലും അറിഞ്ഞുകൊള്ളേണ്ടതാണ്. ഇങ്ങിനെ മുൻപറഞ്ഞ എല്ലാ പ്രക്രിയകളേയും വിസ്തരിക്കുന്നതിൽ ഗ്രന്ഥബാഹുല്യഭയത്താൽ സംക്ഷേപമായെഴുതപ്പെട്ടു.

തത്ത്വമസി എന്ന മഹാവാക്യത്തിലുള്ള തൽ-ത്വം-പദങ്ങളുടെ വാച്യാർത്ഥലക്ഷ്യാർത്ഥങ്ങളെ അജാതവാദം മുതലായ എല്ലാ പ്രക്രിയകളേയും അനുസരിച്ച് സ്പഷ്ടമാക്കുന്ന പട്ടിക.

പ്രക്രിയകളുടെ പേർ.		തൽപദവാച്യാർത്ഥം	ത്വംപദവാച്യാർത്ഥം	തൽപദലക്ഷ്യാർത്ഥം	ത്വംപദലക്ഷ്യാർത്ഥം
1. അജാതവാദം		,,	,,	,,	,,
2. ദൃഷ്ടിസൃഷ്ടിവാദം		സ്വപ്നകല്പിതരാജാവെന്നപോലെ ജീവകല്പിത ഈശ്വരൻ	അവിദ്യയാൽ മറയ്ക്കപ്പെട്ട ബ്രഹ്മസ്വരൂപമാകുന്ന ജീവൻ.	അവിദ്യയാൽ മറയ്ക്കപ്പെടാത്തതായ ശുദ്ധബ്രഹ്മം	അവിദയാൽ മറയ്ക്കപ്പെടാത്തതായ ശുദ്ധബ്രഹ്മം
൩. സൃഷ്ടിദൃഷ്ടിവാദം അല്ലെങ്കിൽ വ്യാവഹാരികപക്ഷം.	ബിംബപ്രതിബിംബവാദം	അജ്ഞാനോപാധിക ശുദ്ധബ്രഹ്മസ്വരൂപമായ ഈശ്വരൻ	സമഷ്ട്യജ്ഞാനസംബന്ധം നിമിത്തം ഭ്രാന്ത്യാ പ്രതിബിംബതയെ പ്രാപിച്ചിരിക്കുന്ന ബ്രഹ്മം ജീവൻ	ബിംബത്വം എന്ന വിശേഷണാംശത്തെ തള്ളി ബാക്കിയുള്ള ശുദ്ധചേതനം	പ്രതിബിംബത്വം എന്ന വിശേഷണാംശത്തെ തള്ളി ബാക്കിയുള്ള ശുദ്ധചേതനം
	കാര്യകാരണോപാധിവാദം	മായയാകുന്ന കാരണോപാധിയോടുകൂടിയ ചേതനം ഈശ്വരൻ	അവിദ്യയാകുന്ന കാര്യോപാധിയോടുകൂടിയ ചേതനം ജീവൻ	കാരണോപാധിയായ മായയെവിട്ട ശുദ്ധചേതനം	കാര്യോപാധിയായ അവിദ്യയെ വിട്ട ശുദ്ധചേതനം
	അവിച്ഛിന്നാവിച്ഛിന്നവാദം	അന്തഃകരണാവച്ഛിന്നചേതനം ജീവൻ	അന്തഃകരണാനവച്ഛിന്നചേതനം ഈശ്വരൻ	അനവച്ഛിന്നത്വം എന്ന ഉപാധിരഹിതമായ ശുദ്ധചേതനം	അവച്ഛിന്നത്വം എന്ന ഉപാധിരഹിതമായ ശുദ്ധചേതനം
	അവച്ഛേദവാദം	മായാവച്ഛിന്ന ചേതനം ഈശ്വരൻ	അന്തഃകരണാവച്ഛിന്നചേതനം ജീവൻ	മായാനവച്ഛിന്ന ശുദ്ധചേതനം	അന്തഃകരണാനവച്ഛിന്ന ശുദ്ധചേതനം
	ആഭാസവാദം	സാഭാസചിദാഭാസനോടുകൂടിയ മായയാൽ വിശിഷ്ടചേതനം ഈശ്വരൻ	സാഭാസാന്തകരണവിശിഷ്ടചേതനം ജീവൻ	സാഭാസ മായാഭാഗത്തെ വിട്ട ശുദ്ധചേതനം	സാഭാസാന്തഃകരണം എന്ന അംശത്തെ വിട്ട ശുദ്ധചേതനം

ശ്രീ വിദ്യാരണ്യമുനി വിരചിതപഞ്ചദശിയിൽ മഹാവാക്യവിവേകമെന്ന
അഞ്ചാംപ്രകരണം കഴിഞ്ഞു.

ഓം തത് സത്.

ശുഭംഭവതു്.

—:*:—

ശ്രീപഞ്ചദശി ചിത്രപടദീപം എന്ന 6-ാം പ്രകരണത്തിലെ സാരം.

ചിത്രപടത്തിൽ നാലവസ്ഥകൾ കാണപ്പെടുന്നതുപോലെ പരമാത്മാവിലും നാലവസ്ഥകൾ കാണപ്പെടുന്നു. വെളുത്തവസ്ത്രം. പശതേച്ച വസ്ത്രം. രേഖകളാൽ അടയാളപ്പെടുത്തിയ വസ്ത്രം. വർണ്ണങ്ങൾ നിറഞ്ഞ രഞ്ജിതവസ്ത്രം. ഇങ്ങിനെ ചിത്രപടം നാലുവിധത്തിൽ കാണപ്പെടുന്നതുപോലെ പരമാത്മാവു്: സ്വതേചിത്ത്. കാരണശരീരാഭിമാനംനിമിത്തം അന്തര്യാമി. സൂക്ഷ്മശരീരാഭിമാനം നിമിത്തം സൂത്രാത്മാവു്. സ്ഥൂലസൃഷ്ടിനിമിത്തം വിരാട് പുരുഷൻ. എന്ന നാലുവിധത്തിൽ വിളങ്ങുന്നുവെന്നു കണ്ടുകൊള്ളേണം. ചിത്രപടം ദൃഷ്ടാന്തം. പരമാത്മാവു് ദാർഷ്ടാന്തം എന്നറിയേണം. ചിത്രപടത്തിൽ കാണപ്പെടുന്ന ഉയർച്ച് താഴ്ചയെന്നപോലെ ബ്രഹ്മാവു മുതലായവർ ഉത്തമപ്രാണികൾ. മനുഷ്യർ മുതലായവർ മദ്ധ്യമന്മാർ, പക്ഷിമൃഗാദികൾ അധമവർഗ്ഗം. ചിത്രത്തിൽ കാണപ്പെടുന്ന വസ്ത്രംപോലെ ചിദാഭാസന്മാർ എന്നു പറയപ്പെടുന്ന ജീവന്മാർ. അനേകരൂപങ്ങളിൽ അനേകവസ്ത്രമെന്നപോലെ അനേകശരീരങ്ങളിൽ അനേക ജീവന്മാർ അദ്ധ്യാസംനിമിത്തം ജന്മജരാമരണാദിദുഃഖസമ്പൂർണ്ണമായ സംസാരത്തെ പ്രാപിക്കുന്നു. ചിത്രാകൃതികളിൽ കാണപ്പെടുന്ന വസ്ത്രങ്ങളെ ആധാരമായ ചിത്രപടത്തിൽ കല്പിക്കപ്പെടുന്നതുപോലെ ജീവഗതസംസാരത്തെ അധിഷ്ഠാനമായ ചിത്തിൽ മൂഢന്മാർ കല്പിക്കുന്നു. ചിത്രത്തിലെ കല്ല് മുതലായവയ്ക്കു വസ്ത്രം കല്പിക്കപ്പെടാത്തതുപോലെ സൃഷ്ടിയിലുള്ള മണ്ണ്, കല്ല്, മുതലായ ഭൂതങ്ങൾക്കു ചിദാഭാസനെ കല്പിക്കാറില്ല. സംസാരം വാസ്തവം, അത് ചിത്തിലിരിക്കുന്നുവെന്ന തെററായ വിചാരം അവിദ്യയെന്നും അധിഷ്ഠാനത്തെ ശരിക്കറിയുമ്പോൾ ആ അവിദ്യ നശിക്കുമെന്നും നിശ്ചയിക്കേണം. ആത്മാവിൽ കല്പിക്കപ്പെട്ട ജീവന്നു സംസാരം. ആത്മാവിന്നു സംസാരമില്ല എന്ന് വിചാരത്താൽ അറിയുന്നതുതന്നെ ജ്ഞാനം. ജീവൻ ജഗത്ത് പരമാത്മാവു് ഇവയുടെ സ്വരൂപത്തെക്കുറിച്ചു നന്നായി വിചാരംചെയ്തു് ജീവജഗൽഭാവം മിഥ്യ. പരമാത്മാവായ തന്റെ സ്വരൂപം സത്യം എന്നറിയേണം. അങ്ങിനെ അറിയുന്നതാണ് മോക്ഷം. അങ്ങിനെയല്ലെന്നുവന്നാൽ സുഷുപ്തിമോഹാലസ്യം മുതലായ അവസ്ഥകളിൽ പ്രപഞ്ചം കാണപ്പെടാതിരിക്കുന്നതുകൊണ്ടു് മോക്ഷമായെന്നു പറയേണ്ടതായ്വരും. അതു മോക്ഷമല്ലാത്തതുകൊണ്ടു വസ്തുസ്വരൂപത്തെയറിഞ്ഞു് അതായ്ത്തന്നെയിരിക്കുകയെന്നതു യാതൊന്നോ അതുതന്നെ മോക്ഷം. വിചാരത്താലുണ്ടാകുന്ന ജ്ഞാനം പരോക്ഷം അപരോക്ഷം എന്ന രണ്ടുവിധത്തിലാകുന്നു. ഗുരൂപദേശത്താൽ ബ്രഹ്മമുണ്ടെന്നുള്ള അറിവു് പരോക്ഷം. ഞാൻ ബ്രഹ്മം എന്ന സാക്ഷാൽകാരം അപരോക്ഷജ്ഞാനം. സാക്ഷാൽകാരം സിദ്ധിക്കുന്നതുവരെ ആത്മതത്വത്തെക്കുറിച്ചു വിചാരം ചെയ്യേണം. സാക്ഷാൽകാരം സിദ്ധിച്ചാൽ സകല സംസാരബന്ധവും ഉടനെ നശിക്കുന്നു. അജ്ഞാനിക്കു ദുഃഖമുണ്ടു്. അതിന്നു കാരണം അജ്ഞാനി ജഗത്തു സത്യമാണെന്നു കരുതുന്നു. ജ്ഞാനി ജഗത്തു മിഥ്യയാണെന്നു കാണുകയും ചെയ്യു. ഇതാണ് രണ്ടുപേൎക്കും തമ്മിലുള്ള ഭേദം. എത്രകാലം ജഗന്മിഥ്യാത്വബോധം ഉണ്ടാകുന്നില്ലയോ അത്രകാലം ആത്മതത്വത്തെ കുറിച്ചു വിചാരം ചെയ്യേണം. ദ്വൈതബുദ്ധിയാണ് ദുഃഖത്തിന്നു കാരണം. അദ്വിതീയബ്രഹ്മത്തിൽ ദുഃഖമില്ല. അതാനന്ദപരിപൂർണ്ണമാകുന്നു, എന്ന അനുഭവം ഉണ്ടാകേണം. അതുതന്നെ വിചാരത്തിന്റെ പരമാവധി. ഈ ജ്ഞാനമുള്ളവൎക്കും വിശപ്പു മുതലായ ദുഃഖങ്ങളുണ്ടല്ലൊ എന്നു ശങ്കിക്കുന്നുവെങ്കിൽ ആവക ദുഃഖം അഹങ്കാരത്തിലാണ്. ബ്രഹ്മസ്വരൂപമായ എന്നിലല്ലെന്നു കണ്ടുകൊള്ളേണം. ഇത്രത്തോളം വേദാന്തം അറിഞ്ഞവരിലും ചിലർ തൃപ്തന്മാരായിരിക്കാത്തതെന്തുകൊണ്ടാണെങ്കിൽ ആത്മജ്ഞാനത്താൽ ഹൃദയഗ്രന്ഥി നശിച്ചിരുന്നാലും പ്രാരബ്ധദോഷത്താൽ ദൃഷ്ടദുഃഖം അനുഭവിക്കേണ്ടതായിരിക്കുന്നതുകൊണ്ടാണെന്നറിഞ്ഞുകൊൾക. മൂഢന്മാർ തത്വമറിയാത്തതിനാൽ ജ്ഞാനികളെക്കുറിച്ചു് അവൎക്കു തോന്നുംപോലെ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ; ശാസ്ത്രസിദ്ധാന്തം പറയാം കേട്ടുകൊൾക.

വൈരാഗ്യം, ജ്ഞാനം, ഉപരതി എന്ന മൂന്നും ഹേതുസ്വരൂപകാൎയ്യങ്ങളെന്ന അവധിയുള്ളവയാകുന്നു. പ്രായേണ ജ്ഞാനികളിൽ ഇതു മൂന്നും ചേൎന്നിരിക്കും. ചിലരിൽ ഒന്നോ രണ്ടോ കുറഞ്ഞുമിരിക്കാം. അവർ പ്രാരബ്ധകർമ്മാനുസരണം ലോകവ്യവഹാരത്തിൽ ഏൎപ്പെട്ടു കാണപ്പെട്ടാലും ഞാൻ ബ്രഹ്മമെന്ന അനുഭവം ഒരുകാലത്തിലും മറവിയിൽപ്പെടുകയില്ല. ജഗത്താകുന്ന ചിത്രത്തെ താനാകുന്ന ചൈതന്യത്തിൽ മായയാകുന്ന വൎണ്ണത്താൽ എത്രയെങ്കിലും കല്പിച്ചുകൊള്ളട്ടെ. അതിനെയെല്ലാം തട്ടിനീക്കി ചൈതന്യമാകുന്ന ശുദ്ധവസ്ത്രമായിട്ടു നമുക്കിരിക്കാൻ യാതൊരു തടസ്ഥവുമില്ല. ഈ ചിത്രപടത്തിൽ വിവരിച്ചതിനെ അനുസന്ധാനം ചെയ്യുന്നവൻ മുമ്പേത്തേപ്പോലെ ജഗൽഭ്രാന്തിയുള്ളവനായിരിക്കയില്ല. ജഗത്താകുന്ന ചിത്രത്തെക്കാണുന്നുവെങ്കിലും ഇത് താനാകുന്ന വസ്ത്രത്തിൽ കല്പിതമാണ് സത്യമല്ല എന്ന അനുഭവത്താൽ ദുഃഖാതീതനും ആനന്ദസ്വരൂപനുമായി വിളങ്ങും.

ശുഭം ഭൂയാത്.

ഓം. തത് സത്.

ശ്രീ ഗണേശായനമഃ

ശ്രീപഞ്ചദശി

അഥചിത്രദീപം എന്ന 6-ാംപ്രകരണം.

---

1. യഥാ ചിത്രപടേ ദൃഷ്ടമവസ്ഥാനാം ചതുഷ്ടയം
പരമാത്മനി വിജ്ഞേയം തഥാവസ്ഥാചതുഷ്ടയം.

യഥാചിത്രപടേ=എപ്രകാരം ചിത്രപടത്തിൽ. അവസ്ഥാനാംചതുഷ്ടയം ദൃഷ്ടം=നാലവസ്ഥകൾ കാണപ്പെടുന്നുവോ. തഥാ പരമാത്മനി=അപ്രകാരം പരമാത്മാവിൽ. അവസ്ഥാചതുഷ്ടയം വിജ്ഞേയം=നാലവസ്ഥയറിയപ്പെടേണം.

പരമാത്മാവിൽ ആരോപിക്കപ്പെട്ട ജഗത്ത് എങ്ങിനെ നിലനില്ക്കുന്നുവെന്നു ദൃഷ്ടാന്തപ്പെടുത്തി കാണിപ്പാൻ ചിത്രദീപം എന്ന പ്രകരണം ആരംഭിക്കുന്നു. അദ്ധ്യാരോപം, അപവാദം എന്ന രണ്ടു സംഗതികളെ പറഞ്ഞുകൊണ്ടു നിഷ്പ്രപഞ്ചമായ പരമാത്മസ്വരൂപത്തെ ധരിപ്പിക്കുകയെന്നതാണ് വേദാന്തശാസ്ത്രമൎയ്യാദ. അതിന്നായിട്ടു ചിത്രപടത്തെ ഉദാഹരിക്കുന്നു. ചിത്രപടത്തിൽ നാലവസ്ഥ കാണപ്പെടുന്നതുപോലെ പരമാത്മാവിലും നാലവസ്ഥകളെയറിഞ്ഞുകൊള്ളേണം.

2. യഥാ ധൌതോഘട്ടിതശ്ച ലാഞ്ഛിതോ രഞ്ജിതഃ പടഃ
ചിദന്തൎയ്യാമീ സൂത്രാത്മാ വിരാട്ചാത്മാ തഥേൎയ്യതേ.

യഥാ പടഃധൌതഃ=എപ്രകാരമൊ വസ്ത്രം ധൌതമായും. ഘട്ടിതഃലാഞ്ഛിതഃ=ഘട്ടിതമായും ലാഞ്ഛിതമായും. രഞ്ജിതഃ=രഞ്ജിതമായും ഇരിക്കുന്നത്. തഥാ ആത്മാ=അപ്രകാരം ആത്മാവ്. ചിത് അന്തൎയ്യാമീ=ചിത്തായും അന്തൎയ്യാമിയായും. സൂത്രാത്മാ വിരാട്ച=സൂത്രാത്മാവായും വിരാട്ടായും. ഈൎയ്യതേ=പറയപ്പെടുന്നു.

ചിത്രപടം ധൌതം (വെളുപ്പ്), ഘട്ടിതം (പശ പൂശിയത്), ലാഞ്ഛിതം (അടയാളപ്പെടുത്തിയത്), രഞ്ജിതം (നിറംകൊടുക്കപ്പെട്ടത്) എന്ന നാലുവിധത്തിൽ കാണപ്പെടുന്നതുപോലെ ആത്മാവും ചിത്ത്, അന്തൎയ്യാമീ, സൂത്രാത്മാവ്, വിരാട് എന്ന നാലുവിധത്തിൽ കാണപ്പെടുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു.

3. സ്വതഃ ശുഭ്രോത്ര ധൌതഃ സ്യാൽഘട്ടിതോന്നവിലേപനാത്
മഷ്യാകാരൈഃ ലാഞ്ഛിതഃ സ്യാദ്രഞ്ജിതോ വൎണ്ണപൂരണാത്.

അത്രസ്വതഃ ശുഭ്രഃ ധൌതഃ=ഇതിൽ സ്വതേയുള്ള ശുഭ്രവൎണ്ണം ധൌതം. അന്നലേപനാത്=അന്നലേപനം നിമിത്തം. ഘട്ടിതഃ സ്യാത്=കട്ടിയുള്ളതായി ഭവിക്കും. മഷ്യാകാരൈഃ=മഷിയുടെ ആകൃതികളാൽ. ലാഞ്ഛിതഃസ്യാത്=അടയാളപ്പെട്ടതായ്വരും. വൎണ്ണപൂരണാത്=നിറങ്ങളുടെ പൂരണം നിമിത്തം. രഞ്ജിതഃ=രഞ്ജിതമായും ഭവിക്കും.

ദൃഷ്ടാന്തമായ പടത്തിലെ നാലവസ്ഥകളുടെ സ്വരൂപത്തെ ക്രമത്തിൽ വിവരിക്കുന്നു:—വസ്ത്രം സ്വതേ വെളുത്തതാകയാൽ ധൌതം. അതിന്റെ മീതെ അന്നം അരച്ചുതേച്ചതുകൊണ്ടു് കട്ടിയായി. മഷികളുടെ ആകൃതിഭേദം നിമിത്തം അടയാളപ്പെട്ടു. എല്ലാ ഭാഗത്തും വേണ്ടവിധത്തിൽ വൎണ്ണഭേദങ്ങൾ വസ്ത്രത്തിൽ ചേൎക്കുന്നതുകൊണ്ടു് രഞ്ജിതമായി ഭവിക്കും. ഇങ്ങിനെ നാലു സംഗതികൾ നിമിത്തം ചിത്രപടത്തിൽ നാലവസ്ഥാഭേദങ്ങൾ കാണപ്പെടുന്നു.

4. സ്വതശ്ചിദന്തൎയ്യാമീ തു മായാവീ സൂക്ഷ്മസൃഷ്ടിതഃ
സൂത്രാത്മാ സ്ഥൂലസൃഷ്ട്യൈവ വിരാഡിത്യുച്യതേ പരഃ.

പരഃസ്വതഃ തുചിത്=പരമാത്മാവാകട്ടെ സ്വതേ ചിദ്രൂപൻ. മായാവീ=മായയോടുകൂടിയതുകൊണ്ടു്. അന്തൎയ്യാമീ=അന്തൎയ്യാമി എന്ന നിലയിൽ വരുന്നു. സൂക്ഷ്മസൃഷ്ടിതഃ=സൂക്ഷ്മഭൂതങ്ങളെ സൃഷ്ടിക്കുന്നതുകൊണ്ട്. സൂത്രാത്മാ=സൂത്രാത്മാവായി ഭവിക്കുന്നു. സ്ഥൂലസൃഷ്ട്യാ ഏവ=സ്ഥൂലഭൂതങ്ങളുടെ സൃഷ്ടികൊണ്ടുതന്നെ. വിരാട് ഇതിഉച്യതേ=വിരാട്ട് എന്നും പറയപ്പെടുന്നു.

ദൃഷ്ടാന്തമായ ചിത്രപടത്തിലെന്നപോലെ ദാർഷ്ടാന്തമായ പരമാത്മാവിലും നാലവസ്ഥാഭേദങ്ങൾ വന്നതിന്റെ സ്വരൂപത്തെ വിവരിക്കുന്നു:—പരമാത്മാവ് മായയോടൊ മായാകാര്യങ്ങളോടോ സംബന്ധപ്പെടാതെ തന്റെ സ്വരൂപമായിത്തന്നെയിരിക്കുമ്പോൾ ചിത്ത് എന്നും, മായാസംയോഗംനിമിത്തം അന്തര്യാമിയെന്നും, അപഞ്ചീകൃതഭൂതകാര്യമായ സമഷ്ടി സൂക്ഷ്മശരീരത്തിന്റെ സംയോഗത്താൽ സൂത്രാത്മാവെന്നും പഞ്ചീകൃതഭൂതകാര്യമായ സമഷ്ടി സ്ഥൂലശരീരമാകുന്ന ഉപാധിയോടുള്ള സംബന്ധം നിമിത്തം വിരാട്ട് എന്നും പറയപ്പെടുന്നു.

5. ബ്രഹ്മാദ്യാഃ സ്തംബപര്യന്താഃ പ്രാണിനോത്രജഡാ അപി
ഉത്തമാധമഭാവേന വർത്തന്തേ പടചിത്രവത്.

അത്രഉത്തമാധമഭാവേന=ഇതിൽ ഉത്തമം അധമം എന്ന നിലയോടുകൂടെ ബ്രഹ്മാദ്യാഃ=ബ്രഹ്മാവാകുന്ന ആദിയോടും. സ്തംബപര്യന്താഃ=സ്തംബമാകുന്ന അവസാനത്തോടും കൂടിയ. പ്രാണിനഃജഡാഃഅപി=പ്രാണികളും ജഡങ്ങളും. പടചിത്രവത്‌വർത്തന്തേ=പടത്തിൽ ചിത്രങ്ങളെന്നപോലെയിരിക്കുന്നു.

പരമാത്മാവിനെ ചിത്രപടത്തിന്റെ സ്ഥാനത്തിൽ വെച്ചതുകൊണ്ടു അതിലെ ചിത്രങ്ങളേതെല്ലാമെന്നു കാണിക്കുന്നു:—ഇതിൽ പരമാത്മാവിൽ–ഉത്തമന്മാർ, മദ്ധ്യമന്മാർ അധമന്മാർ എന്ന നിലയിൽ കല്പിക്കപ്പെടുന്ന ബ്രഹ്മാവുമുതൽ തൃണംവരെയുള്ള പ്രാണികളും ഗിരിനദ്യാദികളായ ജഡങ്ങളും ചിത്രപടത്തിൽ ചിത്രങ്ങളെന്നപോലെ വർത്തിക്കുന്നു.

6. ചിത്രാർപിത മനുഷ്യാണാം വസ്ത്രാഭാസാഃ പൃഥക്‌പൃഥക്
ചിത്രാധാരേണ വസ്ത്രേണ സദൃശാ ഇവ കല്പിതാഃ.

ചിത്രാർപിതമനുഷ്യാണാം=ചിത്രത്തിൽ അർപിക്കപ്പെട്ട മനുഷ്യന്മാൎക്ക്. പൃഥക്‌പൃഥക്‌വസ്ത്രാഭാസാഃ=വെവ്വേറെ വസ്ത്രാഭാസങ്ങൾ ചിത്രാധാരേണവസ്ത്രേണ=ചിത്രാധാരമായ വസ്ത്രംകൊണ്ട് സദൃശാഃകല്പിതാഃഇവ=സദൃശങ്ങളായിട്ടു കല്പിക്കപ്പെടുന്നതുപോലെ.

ബ്രഹ്മാദിജഗത്തിനെ ചേതനമെന്നു പറവാൻ ദൃഷ്ടാന്തം പറയുന്നു:—ചിത്രത്തിൽ കാണിക്കപ്പെട്ടു മനുഷ്യൎക്ക് വെവ്വേറെ നാനാവൎണ്ണവിശേഷങ്ങളോടുകൂടി ചിത്രലിഖിതങ്ങളായ വസ്ത്രങ്ങൾകൊണ്ടു വസ്ത്രാഭാസങ്ങൾ കല്പിക്കപ്പെടുന്നു. ആ വസ്ത്രങ്ങൾ ശൈത്യനിവാരണത്തിൽ സമൎത്ഥങ്ങളല്ലാത്തതുകൊണ്ടാണ് വസ്ത്രാഭാസങ്ങൾ എന്നു പറഞ്ഞത്. അതുപോലെ

7. പൃഥക്‌പൃഥക് ചിദാഭാസാ ശ്ചൈതന്യാധ്യസ്തദേഹിനാം
കല്പ്യന്തേ ജീവനാമാനോ ബഹുധാ സംസരന്ത്യമീ.

ചൈതന്യാധ്യസ്തദേഹിനാം=ചൈതന്യത്തിൽ അധ്യസിക്കപ്പെട്ട ദേഹത്തോടുകൂടിയവൎക്ക്. ജീവനാമാനഃചിദാഭാസാഃ=ജീവനെന്നു പേരോടുകൂടിയ ചിദാഭാസങ്ങൾ. പൃഥക് പൃഥക് കല്പ്യന്തേ=വെവ്വേറെ കല്പിക്കപ്പെടുന്നു. അമീബഹുധാസംസരന്തി=ഇവ ബഹുവിധത്തിൽ സംസാരത്തെ പ്രാപിക്കുന്നു.

ചൈതന്യത്തിൽ ദേഹഭാവനയോടുകൂടിയവൎക്ക് ജീവനെന്നു പേർ പറയപ്പെടുന്ന ചിദാഭാസങ്ങൾ—ചിത്തിന്റെ ഛായകൾ—കല്പിക്കപ്പെടുന്നു. ഈ ചിദാഭാസങ്ങൾ ദേവമനുഷ്യതിൎയ്യഗാദിശരീരങ്ങളെ പ്രാപിച്ചുകൊണ്ടു ബഹുപ്രകാരത്തിൽ ജന്മമരണാദികളെ അനുഭവിക്കുന്നു. സാക്ഷാൽ പരമാത്മാവിന്നു ജന്മമരണാദികളില്ലെന്നു സാരം. ഗിരികൾ മരങ്ങൾ മുതലായവൎക്ക് ചിദാഭാസകല്പനമില്ല.

8. വസ്ത്രാഭാസസ്ഥിതാൻ വർണാൻ യദ്വദാധാരവസ്ത്രഗാൻ
വദന്ത്യജ്ഞാ സ്തഥാ ജീവസംസാരം ചിൽഗതം വിദുഃ.

യദ്വത്‌വസ്ത്രാഭാസസ്ഥിതാൻവർണാൻ=ഏതുവിധമോ വസ്ത്രാഭാസങ്ങളിലെ വർണങ്ങളെ. ആധാരവസ്ത്രഗാൻവദന്തി=ആധാരവസ്ത്രങ്ങളിലുള്ളവയെന്നു പറയുന്നത്. തഥാഅജ്ഞാഃ=അപ്രകാരം അറിവില്ലാത്താളുകൾ ജീവസംസാരം=ജീവനുള്ള സംസാരത്തെ. ചിൽഗതംവിദുഃ=ചിത്തിന്നുള്ളതായിട്ടറിയുന്നു.

നൈയ്യായികാദികളായ വാദികളെല്ലാവരും, സാധാരണന്മാരും, സംസാരം ആത്മാവിന്നാണെന്നു പറയുന്നുവല്ലൊ. അതിന്നു കാരണം എന്താണെന്നു കാണിക്കുന്നു:—വസ്ത്രാഭാസങ്ങളിൽ കാണപ്പെടുന്ന വർണങ്ങളെ ആധാരമായ വസ്ത്രത്തിലുള്ളവയാണെന്നു പറയുന്നതുപോലെ ആത്മസ്വരൂപം അറിയാത്തവർ ജീവഗതമായ സംസാരത്തെ ചിത്തിന്നുള്ളതായിട്ടു ധരിക്കുന്നു. പ്രതിച്ഛായയിൽ കാണപ്പെടുന്ന ഗമനാഗമനാദിചലനങ്ങൾ സാക്ഷാത്തായ ബിംബത്തിലുള്ളവയെന്നു പറവാൻ കാരണം പ്രതിബിംബ

ത്തെ മാത്രമേ കണ്ടിട്ടുള്ളു. ബിംബത്തെ കണ്ടിട്ടില്ലെന്നതു തന്നെ. ആത്മാവിന്നു ജന്മാദികളുണ്ടെന്നു പറയുന്നതു അജ്ഞാനംകൊണ്ടാണെന്നും ദേഹാഭിമാനവും അതിന്നു കാരണമായ ചിദാഭാസനും ഉള്ള ബ്രഹ്മാദികളെ ചേതനജഗത്തെന്നു പറയപ്പെടുന്നുവെന്നും 7–8 എന്ന ശ്ലോകങ്ങളിലടങ്ങിയ സാരം.

9. ചിത്രസ്ഥപർവതാദീനാം വസ്ത്രാഭാസോ നലിഖ്യതേ
സൃഷ്ടിസ്ഥമൃത്തികാദീനാം ചിദാഭാസസ്തഥാ നഹി.

ചിത്രസ്ഥപർവതാദീനാം=ചിത്രത്തിലെ പർവ്വതാദികൾക്ക്. വസ്ത്രാഭാസഃ നലിഖ്യതെ=വസ്ത്രച്ഛായ എഴുതപ്പെടുന്നില്ല. തഥാസൃഷ്ടിസ്ഥമൃത്തികാദീനാം=അപ്രകാരം സൃഷ്ടിയിലെ മൃത്തികാദികൾക്ക്. ചിദാഭാസഃനഹി=ചിദാഭാസൻ ഇല്ല.

ചിത്രത്തിൽ കാണിക്കപ്പെടുന്ന പർവ്വതം വൃക്ഷംമുതലായവയിൽ വസ്ത്രച്ഛായ എഴുതാറില്ലാത്തതുപോലെ ഈശ്വരസൃഷ്ടിയിൽ കാണപ്പെടുന്ന മണ്ണ് കല്ല് മുതലായവയിൽ ചിദാഭാസൻ ഇല്ല.

10. സംസാരഃ പരമാർത്ഥോയം സംലഗ്നഃ സ്വാത്മവസ്തുനി
ഇതിഭ്രാന്തി രവിദ്യാസ്യാ ദ്വിദ്യയൈഷാ നിവർത്തതേ.

സ്വാത്മവസ്തുനിസംസാരഃ=സ്വാത്മവസ്തുവിൽ സംസാരം. സംലഗ്നഃ അയം പരമാർത്ഥഃ=പററിയിരിക്കുന്നുവെന്നതു പരമാർത്ഥം. ഇതിഭ്രാന്തിഃ അവിദ്യാസ്യാത്=എന്നു തെററായ ബോധം അവിദ്യയാകുന്നു. ഏഷാ വിദ്യയാനിവർത്തതേ=ഇതു് വിദ്യയാൽ നശിക്കും.

ഇപ്രകാരം ആത്മാവിൽ ആരോപിക്കപ്പെട്ട സംസാരം ജ്ഞാനംകൊണ്ടു നശിക്കുമെന്നു കാണിപ്പാൻ സംസാരകാരണമായ അവിദ്യയുടെ സ്വരൂപത്തെ കാണിക്കുന്നു:—ആത്മവസ്തുവിൽ സംസാരം ചേർന്നിരിക്കുന്നതായി കാണപ്പെടുന്നതു സത്യംതന്നെയെന്ന തെററായ ബോധം യാതൊന്നോ അതു് അജ്ഞാനത്തിന്റെ സ്വരൂപമാണ്. അവിദ്യയെന്നതിനെ പറയുന്നു. ഇല്ലാത്തത് എന്നാണ് അവിദ്യയെന്ന പദത്തിന്റെ അർത്ഥം. ഈ ഭ്രാന്തി വിദ്യകൊണ്ടു നശിക്കും. വിദ്യയെന്ന പദത്തിന്നു് ഉള്ളത് എന്നാർത്ഥം:—അവിദ്യയായ അജ്ഞാനം. വിദ്യയായ ജ്ഞാനംകൊണ്ടു നശിക്കും എന്നു സാരം.

11. ആത്മാഭാസസ്യ ജീവസ്യ സംസാരോ നാത്മവസ്തുനഃ
ഇതിബോധോ ഭവേദ്വിദ്യാ ലഭ്യതെസൌ വിചാരണാത്.

ആത്മാഭാസസ്യ ജീവസ്യ സംസാരഃ=ആത്മാവിന്റെ പ്രതിബിംബമായ ജീവന്നാണ് സംസാരം. ന ആത്മവസ്തുനഃ=ആത്മവസ്തുവിന്നല്ല ഇതിബോധഃ=എന്നുള്ള അറിവു. വിദ്യാഭവേത്=വിദ്യയാകുന്നു. അസൌ= ഈ ബോധം വിചാരണാത് ലഭ്യതേ=വിചാരണത്തിൽനിന്നു ലഭിക്കും.

വിദ്യയുടെ സ്വരൂപവും അതു സിദ്ധിപ്പാനുപായവും പറയുന്നു:—അന്തഃകരണത്തിൽ പ്രതിബിംബിച്ച ചിദാഭാസനെന്നു പേരുള്ള ജീവന്നാണ് സംസാരം, സത്യമായ ആത്മാവിന്നല്ല എന്നുള്ള അറിവിന്നു വിദ്യയെന്നു പേർ. വിചാരംചെയ്യുന്നതിൽനിന്നു ഈ അറിവുണ്ടാകും.

12. സദാ വിചാരയേത്തസ്മാത് ജഗജ്ജീവപരാത്മനഃ
ജീവഭാവ ജഗൽഭാവബാധേ സ്വാത്മൈവ ശിഷ്യതേ.

തസ്മാത് ജഗജ്ജീവപരാത്മനഃ=അതുകൊണ്ടു ജഗത്ത് ജീവൻ പരമാത്മാവ് ഇവയെ കുറിച്ച്. സദാവിചാരയേത്=എപ്പോഴും വിചാരംചെയ്യണം. ജീവഭാവജഗൽഭാവബാധേ=ജീവഭാവവും ജഗൽഭാവവും നീങ്ങുമ്പോൾ സ്വാത്മാഏവശിഷ്യതേ=സ്വാത്മാവുമാത്രം ശേഷിക്കുന്നു.

വിചാരസ്വരൂപത്തെ കാണിക്കുന്നു:—ജഗത്ത് ജീവൻ പരമാത്മാവ് ഈ മൂന്നിനെകുറിച്ചാലോചിക്കേണം. ജഗത്ത് എങ്ങിനെ ആരിൽനിന്ന് എപ്പോൾ ഉണ്ടായി, ജീവനെന്ന പേർ ആർക്കുള്ളതാണ്, എന്തു കാരണത്താൽ ആ പേരുണ്ടായി എന്നിങ്ങിനെ ചിന്തിക്കുമ്പോൾ അതുരണ്ടും വാസ്തവമല്ല എന്നറിവാൻ കഴിയും. അവശേഷിച്ചുനില്ക്കുന്നതു യാതൊന്നോ അതു മാത്രം സത്യം. ജഗത്തും ജീവനും മിഥ്യകളെന്നു കാണപ്പെടും.

13. നാപ്രതീതിസ്തയോർബ്ബാധഃ കിന്തുമിഥ്യാത്വനിശ്ചയഃ
നോചേൽ സുഷുപ്തിമൂർച്ഛാദൌ മുച്യേതായത്നതോ ജനഃ.

തയോഃ അപ്രതീതിഃ=അതു രണ്ടിന്റെ പ്രതീതിയില്ലായ്ക. ബാധഃനഃ=ബാധമല്ല. കിന്തുമിഥ്യാത്വനിശ്ചയഃ=പിന്നെയോ മിഥ്യയാണെന്ന നിശ്ചയം. നോചേത്=അങ്ങിനെയല്ലെങ്കിൽ. സുഷുപ്തിമൂർച്ഛാദൌ=സുഷു

പ്തി, മൂർച്ഛാ എന്നീയവസ്ഥകളിൽ. ജനഃ അയത്നതഃ മുച്യേത=ജനം യത്നംകൂടാതെ മോചിക്കപ്പെടും.

ജീവഭാവവും ജഗൽഭാവവും വിചാരംകൊണ്ടില്ലാതെയായാൽ സ്വാത്മാവുമാത്രം ശേഷിക്കു മ്പോഠം വ്യവഹാരലോപം നേരിടുകയില്ലേയോ എന്ന ശങ്ക തീർപ്പാൻ ബാധമെന്ന പദത്തിന്റെ അർത്ഥത്തെ നിഷ്കർഷിക്കുന്നു:—അങ്ങിനെ ധരിക്കാഞ്ഞാൽ വിരോധം നേരിടും:—ജീവനും ജഗത്തും ഇല്ലാതെയാകുക എന്നല്ല ബാധം എന്ന പദംകൊണ്ടു കാണിക്കുന്നത്. പിന്നെയെന്തിനെ കാണിക്കുന്നുവെന്നാൽ അതുരണ്ടും മിഥ്യകളാണ് എന്ന നിശ്ചയമുണ്ടാകുക എന്നാണ് ബാധശബ്ദത്തിന്റെ അർത്ഥം. അങ്ങിനെയല്ലെങ്കിൽ ദൃഢനിദ്ര, മോഹാലസ്യം മുതലായ അവസ്ഥകളിൽ ജീവജഗൽ പ്രതീതിതന്നെയില്ലാത്തതിനാൽ തത്വജ്ഞാനം സമ്പാദിപ്പാൻ പ്രയത്നിക്കാതെതന്നെ എല്ലാവരും മുക്തന്മാരാകേണ്ടതല്ലേ. അതുകൊണ്ടു ജീവജഗൽ പ്രതീതിയല്ല ബന്ധകാരണം. അതുരണ്ടും സത്യമാണെന്നുള്ള നിശ്ചയമാണ് ബന്ധകാരണം. അതുരണ്ടും സത്യമല്ല മിഥ്യയാണ് എന്ന ബോധമുണ്ടായാൽ ബന്ധകാരണം നശിച്ചു.

14. പരമാത്മാവശേഷോപി തൽസത്യത്വവിനിശ്ചയഃ
നജഗദ്വിസ്മൃതി ന്നോചേ ജ്ജീവന്മുക്തി ന്നസംഭവേത്.

പരമാത്മാവശേഷഃഅപി=പരമാത്മാവു് അവശേഷിക്കുമെന്നു പറഞ്ഞതും. തൽസത്യത്വവിനിശ്ചയഃ=അതിന്റെ സത്യത്വത്തിൽ ദൃഢനിശ്ചയമാകുന്നു. ജഗദ്വിസ്മൃതിഃന=ജഗത്തിന്റെ വിസ്മരണമല്ല. നോചേത്=അല്ലെങ്കിൽ. ജീവന്മുക്തിഃനസംഭവേത്=ജീവൻമുക്തി സംഭവിക്കയില്ല.

പരമാത്മാവു മാത്രം അവശേഷിക്കുമെന്നു പറഞ്ഞതിന്റെയും അർത്ഥം അതു മാത്രം സത്യമെന്നുള്ള ദൃഢനിശ്ചയം എന്നാകുന്നു. ലോകത്തെ തീരെ മറന്നുകളകയെന്ന അർത്ഥം അതിന്നില്ല. അങ്ങിനെ തീരെ മറന്നുപോയാൽ ജീവൻമുക്തി നിലയില്ലെന്നു വരും.

15. പരോക്ഷാ ചാപരോക്ഷേതി വിദ്യാ ദ്വേധാ വിചാരജാ
തത്രാപരോക്ഷവിദ്യാപ്തൗ വിചാരോയം സമാപ്യതേ.

വിചാരജാവിദ്യാ=വിചാരത്തിൽനിന്നുണ്ടാകുന്ന വിദ്യ. പരോക്ഷാ അപരോക്ഷാഇതിദ്വേധാ=പരോക്ഷാ അപരോക്ഷാ എന്ന രണ്ടുവിധത്തിലാണ്. തത്രഅപരോക്ഷവിദ്യാപ്തൗ=അതിൽ അപരോക്ഷവിദ്യാലാഭത്തിൽ. അയം വിചാരഃസമാപ്യതേ=ഈ വിചാരം അവസാനിക്കുന്നു.

എപ്പോഴും വിചാരിക്കേണം എന്നു പറഞ്ഞതിൽ ദേഹപതനംവരേ വേണമോ എന്ന ശങ്ക തീർക്കുന്നു:—വിചാരംകൊണ്ടുണ്ടാകുന്ന ജ്ഞാനം പരോക്ഷം അപരോക്ഷം എന്ന രണ്ടു വിധത്തിലാണ്. അപരോക്ഷജ്ഞാനമുണ്ടായാൽ പിന്നെ വിചാരം ആവശ്യമില്ല.

16. അസ്തി ബ്രഹ്മേതി ചേദ്വേദ പരോക്ഷജ്ഞാനമേവ തത്
അഹംബ്രഹ്മേതിചേദ്വേദ സാക്ഷാൽകാരഃ സഉച്യതേ.

ബ്രഹ്മഅസ്തി=ബ്രഹ്മം ഉണ്ടു്. ഇതിവേദചേത്=എന്നറിയുന്നുവെങ്കിൽ. തത് പരോക്ഷജ്ഞാനംഏവ=അത് പരോക്ഷജ്ഞാനംതന്നെ. അഹംബ്രഹ്മ=ഞാൻ ബ്രഹ്മം. ഇതിവേദചേത്=എന്നറിയുന്നുവെങ്കിൽ. സഃ സാക്ഷാൽകാരഃഉച്യതേ=അതു സാക്ഷാൽകാരം—അപരോക്ഷജ്ഞാനം—എന്നു പറയപ്പെടുന്നു.

രണ്ടുവിധ ജ്ഞാനങ്ങളുടെ സ്വരൂപം പറയുന്നു:—ബ്രഹ്മം ഉണ്ടെന്നറിയുന്നതു പരോക്ഷജ്ഞാനം. ഞാൻ ബ്രഹ്മമാണെന്നറിയുന്നത് സാക്ഷാൽകാരം:—അപരോക്ഷജ്ഞാനം.

17. തൽ സാക്ഷാൽകാരസിദ്ധ്യർത്ഥ മാത്മതത്വം വിവിച്യതേ
യേനായം സർവസംസാരാത് സദ്യഏവ വിമുച്യതേ.

യേനഅയംസർവസംസാരാത്=യാതൊന്നിനാൽ ഇവൻ—പുരുഷൻ—സർവസംസാരത്തിൽനിന്നു്. സദ്യഃ ഏവവിമുച്യതേ=ഉടൻതന്നെ വിമോചിക്കപ്പെടുന്നുവോ തൽസാക്ഷാൽകാരസിദ്ധ്യർത്ഥം=അതിന്റെ സാക്ഷാൽകാരസിദ്ധിക്കായിക്കൊണ്ടു്. ആത്മതത്വംവിവിച്യതേ=ആത്മസ്വരൂപം വിവേചിക്കപ്പെടുന്നു.

ഏതൊന്നിന്റെ സാക്ഷാൽകാരമുണ്ടായാൽ മനുഷ്യൻ സർവസംസാരത്തിൽനിന്നും ഉടൻതന്നെ വിമുക്തനാകുമോ അതിന്റെ സാക്ഷാൽകാരം മനുഷ്യനുണ്ടാവാൻ ആത്മസ്വരൂപത്തെ വേർതിരിച്ചുകാണിക്കാമെന്നു ശ്രീ വിദ്യാരണ്യഗുരുദേവൻ പ്രാണികാരുണ്യത്താൽ പ്രതിജ്ഞ ചെയ്തിരിക്കുന്നു.

18. കൂടസ്ഥോ ബ്രഹ്മജീവേശാവിത്യേവം ചിച്ചതുർവിധാ
ഘടാകാശ മഹാകാശൌ ജലാകാശാഭ്രഖേ യഥാ.

യഥാഘടാകാശമഹാകാശൌ=എപ്രകാരമോ ഘടാകാശമഹാകാശങ്ങളും. ജലാകാശാഭ്രഖേ=ജലാകാശ

വും മേഘാകാശവും. കൂടസ്ഥഃബ്രഹ്മജീവേശൌ=കൂടസ്ഥൻ—ബ്രഹ്മം ജീവൻ, ഈശ്വരൻ. ഇതിഏവം ചിത് ചതുർവിധാ=എന്നിപ്രകാരം ചിത്തും നാലുവിധം.

ചിദാത്മാവു് പരമാർത്ഥത്തിൽ ഒന്നു മാത്രമാണെന്നു കാണിപ്പാൻ വ്യവഹാരാവസ്ഥയിൽ കാണപ്പെടുന്ന ചൈതന്യഭേദത്തെ കാണിക്കുന്നു:—എപ്രകാരമോ ഘടാകാശം മഹാകാശം ജലാകാശം മേഘാകാശം എന്ന ഭേദത്തിൽ ഒരേ മഹാകാശം കാണപ്പെടുന്നതു് അതുപോലെ കൂടസ്ഥൻ (ഘടാകാശതുല്യം) ബ്രഹ്മം (മഹാകാശസദൃശം) ജീവൻ (ജലാകാശതുല്യം) ഈശ്വരൻ (അഭ്രാകാശസദൃശൻ) എന്നിപ്രകാരം ഒരേ ചിദാത്മാവു് നാലു വിധത്തിൽ വ്യവഹരിക്കപ്പെടുന്നു.

19. ഘടാവച്ഛിന്നഖേ നീരം യത്തത്ര പ്രതിബിംബിതഃ
സാഭ്രനക്ഷത്രആകാശോ ജലാകാശ ഉദീര്യതേ.

ഘടാവച്ഛിന്നഖേ=ഘടത്തോടു സംബന്ധിച്ചിരിക്കുന്ന ആകാശത്തിൽ. യത് നീരം=യാതൊരു ജലമുണ്ടോ. തത്ര പ്രതിബിംബിതഃ=അതിൽ പ്രതിഫലിച്ചതും. സാഭ്രനക്ഷത്രഃആകാശഃ=മേഘനക്ഷത്രാദിസഹിതവുമായ ആകാശം. ജലാകാശഃ ഉദീര്യതേ=ജലാകാശമെന്നു പറയപ്പെടുന്നു.

ഘടത്തിൽ വ്യാപിച്ചതായ ആകാശവും അതിൽനിന്നതിക്രമിച്ചതായ മഹാകാശവും പ്രസിദ്ധങ്ങളാകയാൽ അതു രണ്ടിനേയും വിവരിക്കുന്നില്ല. ജലാകാശസ്വരൂപത്തെ വിവരിക്കുന്നു:—ഘടത്തിൽ വ്യാപിച്ചിരിക്കുന്ന ആകാശത്തിൽ—ഘടത്തിന്റെ ഉള്ളിൽ—നിറഞ്ഞിരിക്കുന്ന ജലത്തിൽ പ്രതിബിംബിച്ചു കാണപ്പെടുന്നതും മേഘനക്ഷത്രാദിസഹിതവുമായ ആകാശത്തിന്നു ജലാകാശമെന്നു പേർ.

20. മഹാകാശസ്യ മദ്ധ്യേ യന്മേഘമണ്ഡലമീക്ഷ്യതേ
പ്രതിബിംബതയാ തത്ര മേഘാകാശോ ജലേ സ്ഥിതഃ.

മഹാകാശസ്യമദ്ധ്യേ=മഹാകാശത്തിന്റെ മദ്ധ്യത്തിൽ. യത് മേഘമണ്ഡലം ഈക്ഷ്യതേ=യാതൊരു മേഘമണ്ഡലം കാണപ്പെടുന്നുവോ. തത്രജലേ=ആ മേഘജലത്തിൽ. പ്രതിബിംബതയാസ്ഥിതഃ മേഘാകാശഃ=പ്രതിബിംബിച്ച് കാണപ്പെടുന്നത് മേഘാകാശമാകുന്നു.

മേഘാകാശസ്വരൂപത്തെ വിവരിക്കുന്നു:—മഹാകാശത്തിന്റെ മദ്ധ്യത്തിൽ കാണപ്പെടുന്ന മേഘമണ്ഡലത്തിൽ പ്രതിബിംബിച്ച ആകാശസ്വരൂപം മേഘജലത്തിലിരിക്കുന്നതാണു്. അതിനെ മേഘാകാശമെന്നു പറയുന്നു.

21. മേഘാംശരൂപമുദകം തുഷാരാകാരസംസ്ഥിതം
തത്രഖപ്രതിബിംബോയം നീരത്വാദനുമീയതേ.

മേഘാംശരൂപം ഉദകം=മേഘത്തിന്റെ അംശമായ ജലം. തുഷാരാകാരസംസ്ഥിതം=മഞ്ഞുതുള്ളിയുടെ ആകൃതിയിലതിലുണ്ടെന്നു്. അനുമീയതേ=അനുമാനിക്കപ്പെടുന്നു. നീരത്വാത്=ആ മഞ്ഞുകണം ജലമായതുകൊണ്ടു്. തത്രഖ പ്രതിബിംബഃഅയം=അതിലെ ആകാശപ്രതിബിംബമാണ് ഇത്.

മേഘത്തിൽ ജലം പ്രത്യക്ഷമായി കാണപ്പെടാത്തതുകൊണ്ടു് ആകാശം അതിൽ പ്രതിഫലിച്ചിട്ടുണ്ടെന്നുള്ള ബോധം എങ്ങിനെയുണ്ടാകും എന്ന ശങ്കക്കു സമാധാനം:—മേഘത്തിൽ ജലം പ്രത്യക്ഷമായി കാണപ്പെടുന്നില്ലെങ്കിലും മഴപെയ്യുന്നതുകൊണ്ടു് മേഘത്തിൽ ജലമുണ്ടെന്നൂഹിച്ചാലറിയാം. ജലമുണ്ടെന്നു വന്നതുകൊണ്ടു് അതിൽ മഹാകാശത്തിന്റെ പ്രതിബിംബമുണ്ടെന്നും അനുമാനിക്കാം. മേഘത്തിലുള്ള ജലാംശം മഞ്ഞുതുള്ളികളായി വീഴുന്നതും കാണ്മാൻ കഴിയുന്നുണ്ടു്. മേഘത്തിൽ ജലമുണ്ടെന്നു് അനുമാനത്താൽ സിദ്ധമായതിനാൽ ഘടജലത്തിലെന്നപോലെ മേഘത്തിലും പ്രതിബിംബമുണ്ടെന്നു നിശ്ചയിച്ചുകൊള്ളേണം.

22. അധിഷ്ഠാനതയാ ദേഹദ്വയാവച്ഛിന്നചേതനഃ
കൂടവന്നിർവ്വികാരേണ സ്ഥിതഃ കൂടസ്ഥ ഉച്യതേ.

അധിഷ്ഠാനതയാ=അധിഷ്ഠാനമെന്ന ഭാവത്തോടുകൂടെ. ദേഹദ്വയാവച്ഛിന്നചേതനഃ=രണ്ടു ദേഹങ്ങളിൽ വ്യാപിച്ചിരിക്കുന്ന ചേതനം. കൂടവത് നിർവ്വികാരേണസ്ഥിതഃ=കൂടംപോലെ വികാരപ്പെടാതെയിരിക്കുന്നു. കൂടസ്ഥഃഉച്യതേ=കൂടസ്ഥനെന്നു പറയപ്പെടുന്നു.

കൂടസ്ഥചൈതന്യസ്വരൂപത്തെ വിവരിക്കുന്നു:—പഞ്ചീകൃതഭൂതകാര്യമായ സ്ഥൂലശരീരത്തിന്നും അപഞ്ചീകൃതഭൂതകാര്യമായ സൂക്ഷ്മശരീരത്തിന്നും അധിഷ്ഠാനമായിരിക്കുന്ന ചേതനം കൂടമെന്ന

പോലെ വികാരപ്പെടാതെ—തന്നിലൊരു മാററമൊന്നുമില്ലാതെ—യിരിക്കുന്നതുകൊണ്ട് കൂടസ്ഥനെന്നു പറയപ്പെടുന്നു. ഈ ചേതനം ഘടത്താൽ പരിച്ഛിന്നമെന്നപോലെയിരിക്കുന്ന ആകാശത്തിന്ന് തുല്യമാണെന്ന് മുൻപറഞ്ഞ ഉദാഹരണത്തിൽനിന്നു ധരിക്കേണം.

23. കൂടസ്ഥേ കല്പിതാ ബുദ്ധിസ്തത്ര ചിൽപ്രതിബിംബകഃ
പ്രാണാനാം ധാരണാജ്ജീവഃ സംസാരേണ സയുജ്യതേ.

കൂടസ്ഥേ കല്പിതാ ബുദ്ധിഃ=കൂടസ്ഥനിൽ കല്പിക്കപ്പെട്ടതാണ് ബുദ്ധി. തത്രചിൽ പ്രതിബിംബകഃ=അതിലെ ചിൽപ്രതിബിംബം. പ്രാണാനാംധാരണാൽജീവഃ=പ്രാണങ്ങളുടെ ധാരണം നിമിത്തം ജീവനാകുന്നു. സഃസംസാരേണ യുജ്യതേ=ആ ജീവൻ സംസാരത്തോടു ചേരുന്നു.

ജീവസ്വരൂപത്തെ വിവരിക്കുന്നു:—കൂടസ്ഥനിൽ കല്പിക്കപ്പെട്ടതാണ് ബുദ്ധി. ഘടാന്തർഗതമായ ജലത്തിന്റെ സ്ഥാനത്തിൽ ബുദ്ധിയെ കണ്ടുകൊള്ളേണം. ആ ബുദ്ധിയിൽ പ്രതിഫലിച്ചതായ കൂടസ്ഥപ്രതിബിംബം ജീവനാകുന്നു. പ്രാണേന്ദ്രിയാദികളെ നിലനിത്തുന്നതുകൊണ്ടാണ് ജീവനെന്നു പറയപ്പെട്ടത്. കൂടസ്ഥനെ അതിക്രമിച്ചിട്ടുള്ള ജീവകല്പനം എന്തിനായിട്ടാണെന്നു ശങ്കിക്കേണ്ട. ഈ ചിൽപ്രതിബിംബമായ ജീവനാണ് ജന്മമരണാദികളെ അനുഭവിക്കുന്നത്. നിവ്വികാരകൂടസ്ഥചൈതന്യത്തിന്ന് ജന്മാദി വികാരങ്ങളില്ലാത്തതുകൊണ്ട് ജീവകല്പനം ആവശ്യമാകുന്നു.

24. ജലവ്യോമ്നാ ഘടാകാശോ യഥാ സവ്വസ്തിരോഹിതഃ
തഥാ ജീവേന കൂടസ്ഥഃ സോന്യോന്യാധ്യാസ ഉച്യതേ.

യഥാജലവ്യോമ്നാ=എപ്രകാരമോ ജലാകാശത്താൽ. ഘടാകാശഃസവ്വഃ=ഘടാകാശം മുഴുവനും. തിരോഹിതഃതഥാ=മറയ്ക്കപ്പെട്ടത് അപ്രകാരം. ജീവേന കൂടസ്ഥഃ=ജീവനാൽ കൂടസ്ഥൻ. (മറയ്ക്കപ്പെട്ടു) സഃ അന്യോന്യാധ്യാസഃ ഉച്യതേ=അത് അന്യോന്യാധ്യാസം എന്നു പറയപ്പെടുന്നു.

ജീവനെക്കൂടാതെ കൂടസ്ഥനുണ്ടെങ്കിൽ എന്തുകൊണ്ട് വേറെ പ്രതിഭാസിക്കുന്നില്ല എന്ന ശങ്കക്കു സമാധാനം:—ഘടത്തിലുള്ള ജലത്തിൽ പ്രതിഫലിച്ച ആകാശം ഘടകാശത്തെ മുഴുവനും മറച്ചുകളഞ്ഞതുപോലെ ജീവൻ കൂടസ്ഥനെ മറച്ചിരിക്കുന്നു. അതുകൊണ്ടു കൂടസ്ഥൻ വേറെ പ്രതിഭാസിക്കുന്നില്ല. ഇതിനെയാണ് അന്യോന്യാധ്യാസമെന്നു ഭാഷ്യാദികളിൽ പറഞ്ഞിരിക്കുന്നത്. ജീവനിൽ കൂടസ്ഥനും കൂടസ്ഥനിൽ ജീവനും ആരോപിക്കപ്പെട്ടിരിക്കുന്നുവെന്നാണ് അന്യോന്യാധ്യാസം എന്നതിന്നത്ഥം. കൂടസ്ഥ തിരോധാനത്തെയാണ് അന്യോന്യാധ്യാസം എന്ന പദംകൊണ്ടു ശാസ്ത്രം ബോധിപ്പിക്കുന്നത്.

25. അയം ജീവോ നകൂടസ്ഥം വിവിനക്തി കദാചന
അനാദിരവിവേകോയം മൂലാവിദ്യേതി ഗമ്യതാം.

അയംജീവഃ കദാചന=ഈ ജീവൻ ഒരു കാലത്തിലും. കൂടസ്ഥം നവിവിനക്തി=കൂടസ്ഥനെ വേർതിരിച്ചറിയുന്നില്ല. അയം അവിവേകഃ അനാദിഃ=ഈ അവിവേകം അനാദിയാകുന്നു. മൂലാവിദ്യാ ഇതി ഗമ്യതാം=കാരണമായ അവിദ്യയാണിതെന്നറിഞ്ഞുകൊാംക.

മേൽകാണിച്ചതായ അധ്യാസത്തിന്നെന്തു കാരണമെന്നു കാണിക്കുന്നു:—ഈ ജീവൻ ഒരു കാലത്തും കൂടസ്ഥനെ വേർതിരിച്ചറിയുന്നില്ല. ഇതാണ് അനാദിയായ അവിദ്യയുടെ സ്വരൂപം. സംസാരദശയിൽ നിവ്വികാരകൂടസ്ഥചൈതന്യത്തെ വേർതിരിച്ചറിവാൻ സമ്മതിക്കാതെ ജീവനെ മറയ്ക്കുന്നതായ ഈ അവിദ്യയാണ് സംസാരത്തിന്നു കാരണം.

26. വിക്ഷേപാവൃത്തിരൂപാഭ്യാം ദ്വിധാവിദ്യാ വ്യവസ്ഥിതാ
നഭാതി നാസ്തികൂടസ്ഥ ഇത്യാപാദന മാവൃതിഃ.

വിക്ഷേപാവൃത്തിരൂപാഭ്യാം=വിക്ഷേപം ആവരണം എന്ന രണ്ടുരൂപങ്ങളാൽ. അവിദ്യാദ്വിധാവ്യവസ്ഥിതാ=അവിദ്യ രണ്ടുവിധത്തിലിരിക്കുന്നു. കൂടസ്ഥഃനഭാതിനാഅസ്തി=കൂടസ്ഥൻ പ്രകാശിക്കുന്നില്ല കൂടസ്ഥൻ ഇല്ല. ഇതി ആപാദനം ആവൃതിഃ=എന്നാക്കിത്തീക്കുന്നതാണ് ആവരണം.

മുൻകാണിച്ച ജീവൻ അവിദ്യയാൽ കല്പിക്കപ്പെട്ടതാണെന്നു സ്പഷ്ടമാക്കുവാൻ അവിദ്യയുടെ സ്വരൂപത്തെ രണ്ടായിവിഭജിച്ചു കാണിക്കുന്നു:—അവിദ്യക്കു വിക്ഷേപശക്തി ആവരണശക്തി എന്ന രണ്ടു ശക്തികളുണ്ട്. വിക്ഷേപത്തിന്നു കാരണമായ ആവരണശക്തിയുടെ സ്വരൂപത്തെ ഒന്നാമതായി കാണിക്കുന്നു:—കൂടസ്ഥൻ പ്രകാശിക്കുന്നില്ല അതുകൊണ്ടങ്ങിനെയൊന്നില്ല എന്നാക്കിത്തീക്കുന്നതാണ് ആവരണശക്തി.

27. അജ്ഞാനീ വിദുഷാ പൃഷ്ടഃ കൂടസ്ഥം കിം ന ബുദ്ധ്യസേ
നഭാതി നാസ്തികൂടസ്ഥഃ ഇതിബ്രൂതേ വദത്യപി.

അജ്ഞാനീ=അറിവില്ലാത്ത ഒരുവൻ. വിദുഷാ=വിദ്വാനാൽ കൂടസ്ഥം കിം നബുദ്ധ്യസേ=കൂടസ്ഥനെ എന്തുകൊണ്ടറിയുന്നില്ല. ഇതിപൃഷ്ടഃ=എന്നു ചോദിക്കപ്പെട്ട്. കൂടസ്ഥഃനഭാതി ന അസ്തി=കൂടസ്ഥൻ പ്രകാശിക്കുന്നില്ല. ഇല്ല, ഇതിബ്രൂതേ അപിവദതി=എന്ന് അറിഞ്ഞിട്ടും പറയുന്നു.

അവിദ്യയും അതിൽ ആവരണശക്തിയും ഉണ്ടെന്നതിന്നു പ്രമാണം എന്താണെന്ന ചോദ്യത്തിന്നു ലോകാനുഭവംതന്നെ മുഖ്യപ്രമാണം എന്ന് ദൃഷ്ടാന്തപൂർവ്വം പറയുന്നു:—അറിവില്ലാത്ത ഒരുവനോട് "നിങ്ങൾ കൂടസ്ഥചൈതന്യത്തെ എന്തുകൊണ്ടാണറിയാത്ത"തെന്നു ചോദിക്കുമ്പോൾ അങ്ങിനെ ഒരു ചൈതന്യം പ്രകാശിക്കുന്നില്ല. അങ്ങിനെയൊന്നില്ലതാനും എന്നുത്തരം പറയുന്നു. അപ്പോൾ കൂടസ്ഥനെ അറിഞ്ഞില്ല എന്ന അനുഭവം—അറിവില്ലായ്മയുടെ അനുഭവം—ആയാൾക്കുണ്ടായിരുന്നില്ലെങ്കിൽ എങ്ങിനെ അറിഞ്ഞില്ല എന്നു പറയും. അതുകൊണ്ട് അജ്ഞാനം ഉണ്ടെന്നു സ്വാനുഭാവത്താൽ അജ്ഞാനി അറിഞ്ഞതുതന്നെ അജ്ഞാനം ഉണ്ടെന്നതിന്നു പ്രമാണം: അതിൽനിന്നുതന്നെ അജ്ഞാനത്തിൽ ആവരണശക്തിയുണ്ടെന്നും സ്പഷ്ടമാകുന്നു. കൂടസ്ഥൻ പ്രകാശിക്കുന്നില്ല. കൂടസ്ഥൻ ഇല്ല, എന്നും അജ്ഞാനി പറയുന്നുവെല്ലൊ അപ്പോൾ കൂടസ്ഥന്റെ പ്രകാശത്തെയും സൽഭാവത്തെയും അജ്ഞാനം മറിച്ചിരിക്കുന്നുവെന്നും തെളിയുന്നു. അതുകൊണ്ടു അജ്ഞാനവും അതിൽ ആവരണശക്തിയും ഉണ്ടെന്നതിന്നു ലോകാനുഭവംതന്നെ മുഖ്യ പ്രമാണം എന്നുറപ്പിച്ചു.

28. സ്വപ്രകാശേ കുതോവിദ്യാ താംവിനാ കഥമാവൃതിഃ
ഇത്യാദിതൎക്കജാലാനി സ്വാനുഭൂതിർഗ്രസത്യസൌ.

സ്വപ്രകാശേ അവിദ്യാകുതഃ=സ്വപ്രകാശവസ്തുവിൽ അവിദ്യയെങ്ങിനെ വരും. താം വിനാആവൃതിഃകഥം=അതിനെ കൂടാതെ ആവരണം എങ്ങിനെയുണ്ടാകും. ഇത്യാദിതൎക്കജാലാനി=എന്നിപ്രകാരമുള്ള തൎക്കസമൂഹങ്ങളെ. അസൌ സ്വാനുഭൂതിഃ ഗ്രസതി=ഈ സ്വാനുഭവം വിഴുങ്ങുന്നു.

അങ്ങയുടെ അഭിപ്രായത്തിൽ ആത്മാവ് സ്വപ്രകാശൻ എന്നാണെല്ലൊ. അതിൽ അവിദ്യ—അജ്ഞാനം—എങ്ങിനെയുണ്ടാകും. വെളിച്ചവും ഇരുട്ടും ഒരേ സമയത്തിൽ ഒരേ ദിക്കിൽ ഇരിക്കുമോ? അജ്ഞാനമില്ലെന്നു വന്നാൽ പിന്നെ ആവരണമോ തന്നിമിത്തം വിക്ഷേപമോ എങ്ങിനെയുണ്ടാകും? എന്നിപ്രകാരം പുറപ്പെടുവിക്കുവാൻ സാധിക്കാവുന്ന തൎക്കങ്ങളെല്ലാം മുമ്പേ കാണിച്ച ലോകാനുഭവത്തിൽ മുങ്ങിപ്പോകും. അനുഭവിച്ചറിഞ്ഞത് തെറ്റാണെന്നോ അയുക്തമാണെന്നോ ആക്കിത്തീൎക്കാൻ ആൎക്കു കഴിയും. ഒട്ടാകെ അജ്ഞാനിലോകം അനുഭവിച്ചറിയുന്ന അവിദ്യയും ആവരണശക്തിയും ഉണ്ടാവാൻ കാരണമില്ലെന്നു തൎക്കശാസ്ത്രകുശലൻ പറയുന്നതുകൊണ്ടു അവരുടെ അനുഭവം ഇല്ലെന്നു വരുന്നതെങ്ങിനെ?

29. സ്വാനുഭൂതാവവിശ്വാസേ തൎക്കസ്യാപ്യനവസ്ഥിതേഃ
കഥംവാ താൎക്കികംമന്യ സ്തത്വനിശ്ചയമാപ്നുയാത്.

സ്വാനുഭൂതൌ=തന്റെ അനുഭവത്തിൽ. അവിശ്വാസേ=വിശ്വാസമില്ലെന്നു വരുമ്പോൾ. തൎക്കസ്യഅപി=തൎക്കത്തിനും. അനവസ്ഥിതേഃ=അവസ്ഥിതിക്കവകാശമില്ലാത്തതിനാൽ. താൎക്കികംമന്യഃ=തൎക്കശാസ്ത്രകുശലനാണെന്നഭിമാനിക്കുന്ന ഒരുവൻ. തത്വനിശ്ചയം=തത്വനിശ്ചയത്തെ. കഥംവാആപ്നുയാത്=എങ്ങിനെ പ്രാപിക്കും.

സ്വാനുഭവത്തിൽ വിശ്വാസമില്ലെന്നുവന്നാൽ തൎക്കശാസ്ത്രത്തിൽ സമൎത്ഥനാണെന്നഭിമാനിക്കുന്ന ഒരാളുടെ തൎക്കയുക്തിക്കെന്തൊരടിസ്ഥാനമാണുള്ളത്? ആ പണ്ഡിതൻ തത്വത്തെ എങ്ങിനെ കണ്ടുപിടിക്കും. സ്വാനുഭവത്തെയല്ലെ താൎക്കികൻ സ്ഥാപിക്കുന്നത്. അപ്പോൾ അതിൽ വിശ്വാസം എല്ലാവൎക്കുമുണ്ടെന്നു വരുന്നു.

30. ബുദ്ധ്യാരോഹായ തൎക്കശ്ചേ ദപേക്ഷേത തഥാസതി
സ്വാനുഭൂത്യനുസാരേണ തർക്ക്യതാം മാകുതർക്ക്യതാം.

ബുദ്ധ്യാരോഹായ=ബുദ്ധിയിൽ ഉറയ്ക്കുവാനായിട്ടാണ്. തൎക്കഃഅപേക്ഷേതചേത്=തൎക്കം ആവശ്യമാണെങ്കിൽ. തഥാസതി=ആ നിലയിൽ. സ്വാനുഭൂത്യനുസാരേണ=സ്വാനുഭവത്തെ അനുസരിച്ചുകൊണ്ട്. തർക്ക്യതാംമാകുതർക്ക്യതാം=തൎക്കിച്ചുകൊൾക. കുതൎക്കം വേണ്ട.

അനുഭവം തത്വത്തെയുറപ്പിക്കുന്നതുതന്നെയെങ്കിലും അനുഭവപ്പെട്ടതായ ആ ജ്ഞാനം ബുദ്ധിയിൽ സംശയവിപരീതഭാവനകൾ കൂടാതെ ഉറപ്പോടെ നിലനില്ക്കുവാൻ തക്കം ആവശ്യമാണെന്നഭിപ്രായമുണ്ടെങ്കിൽ അനുഭവത്തെ അനുസരിച്ചുകൊണ്ടു തക്കിച്ചുകൊൾക. കുതക്കം ആവശ്യമില്ല.

31. സ്വാനുഭൂതിരവിദ്യായാ മാവൃതൌ ച പ്രദശിതാ
അതഃ കൂടസ്ഥചൈതന്യ മവിരോധീതി തർക്യതാം.

അവിദ്യായാം=അവിദ്യയിലും. ആവൃതൌ ച=ആവരണത്തിലും. സ്വാനുഭൂതിഃ പ്രദശിതാ=സ്വാനുഭവം കാണിക്കപ്പെട്ടു. അതഃകൂടസ്ഥചൈതന്യം=അതുകൊണ്ടു കൂടസ്ഥചൈതന്യം. അവിരോധീഇതി=വിരോധമില്ലാത്തതാണെന്ന്. തർക്യതാം=തക്കിച്ചുകൊൾക.

അവിദ്യയും അതിൽ ആവരണശക്തിയുമുണ്ടെന്ന് ലോകത്തിൽ അജ്ഞാനികൾ അനുഭവരൂപേണ അറിയുന്നുവെന്നു മുമ്പെ കാണിച്ചിരിക്കുന്നതിനാൽ ജീവനെ കൂടാതെ കൂടസ്ഥചൈതന്യമുണ്ടെന്നും അത് അവിദ്യാവിരോധിയല്ലെന്നും ഊഹിച്ചുകൊൾക.

32. തച്ചേദ്വിരോധി കേനേയ മാവൃതിഹ്യനുഭൂയതാം
വിവേകസ്തു വിരോധ്യസ്യാ സ്തത്വജ്ഞാനിനി ദൃശ്യതാം.

ഹി. തത്. വിരോധിചേത്=പ്രസിദ്ധമായ അത് വിരോധിയാണെങ്കിൽ ഇയംആവൃതിഃ=ഈ ആവരണം. കേനഅനുഭൂയതാം=ആരാൽ അനുഭവിക്കപ്പെടും. വിവേകഃതു=വിവേകമാകട്ടെ. അസ്യാഃവിരോധീ=ഇതിന്റെ വിരോധിയാകുന്നു. തത്വജ്ഞാനിനിദൃശ്യതാം=തത്വജ്ഞാനിയിൽ കണ്ടുകൊൾക.

സിദ്ധാന്തി തക്കയുക്തികൊണ്ടുതന്നെ കൂടസ്ഥചൈതന്യം അവിദ്യാവിരോധിയല്ലെന്നുറപ്പിക്കുന്നു:—അവിദ്യയേയും ആവരണത്തേയും ഉറപ്പിക്കുവാൻ യാതൊരു ചൈതന്യത്തെ പറഞ്ഞുവോ ആ ചൈതന്യംതന്നെ അവിദ്യയ്ക്കും ആവരണത്തിന്നും വിരോധിയല്ലെയോ എന്നാണ് വാദിക്കുന്നതെങ്കിൽ അജ്ഞാനവും ആവരണവും ഉണ്ടെന്നറിഞ്ഞ ചൈതന്യം മറേറതൊന്നാണെന്നു നിങ്ങൾ പറയേണ്ടിവരും. ചൈതന്യം ഏകമല്ലാതെ അനേകമില്ലെന്നു മുമ്പേ ഉറപ്പിച്ചിട്ടുണ്ട്. അതിനാൽ കൂടസ്ഥചൈതന്യം അവിദ്യാവിരോധിയല്ലെന്ന് സമ്മതിക്കുകതന്നെവേണം. എന്നാൽ അവിദ്യയുള്ളപ്പോൾ മുക്തിക്കവകാശമില്ലല്ലൊ. അവിദ്യയുടെ വിരോധി ആരാണെന്നു ചോദിക്കുന്നുവെങ്കിൽ വിവേകമാണ്, അവിദ്യാവിരോധിയെന്നറിഞ്ഞുകൊൾക. തത്വജ്ഞാനിയിൽ അവിദ്യാവിരോധിയായ വിവേകമുണ്ടെന്നറിഞ്ഞുകൊൾക.

33. അവിദ്യാവൃതകൂടസ്ഥേ ദേഹദ്വയയുതാ ചിതിഃ
ശുക്തൌ രൂപ്യവദധ്യസ്താ വിക്ഷേപാധ്യാസ ഏവഹി.

അവിദ്യാവൃതകൂടസ്ഥേ=അവിദ്യയാൽ ആവരണംചെയ്യപ്പെട്ട കൂടസ്ഥനിൽ. ദേഹദ്വയയുതാചിതിഃ=സ്ഥൂലം സൂക്ഷ്മം എന്ന രണ്ടുവിധ ദേഹത്തെ അഭിമാനിക്കുന്ന ചിദാഭാസൻ. ശുക്തൌരൂപ്യവത്=ശുക്തിയിൽ വെള്ളിയെന്നപോലെ. അധ്യസ്താ=ആരോപിക്കപ്പെട്ട. വിക്ഷേപാധ്യാസഃഏവഹി=ഇതു വിക്ഷേപശക്തിനിമിത്തമുണ്ടായ അധ്യാസംതന്നെ.

അവിദ്യയേയും അതിന്റെ ശക്തിയായ ആവരണത്തേയും വിവരിച്ചശേഷം വിക്ഷേപശക്തിനിമിത്തമുണ്ടായ അധ്യാസത്തെ വിവരിക്കുന്നു:—മുമ്പെ കാണിച്ച അവിദ്യാവരണസഹിതനായ കൂടസ്ഥനിൽ മുത്തുച്ചിപ്പിയിൽ വെള്ളിയെന്നപോലെ സ്ഥൂലസൂക്ഷ്മശരീരങ്ങളെ അഭിമാനിക്കുന്ന ചിദാഭാസൻ ആരോപിക്കപ്പെട്ടിരിക്കുന്നു. ഇതിനെ വിക്ഷേപശക്തിനിമിത്തമുണ്ടായ അധ്യാസമെന്നു പറയുന്നു. സത്യവസ്തുവായ മുത്തുച്ചിപ്പിയെ ആ നിലയിൽ അറിയാതെ വെള്ളിയാണെന്നു ധരിക്കുന്നതിനെ അധ്യാസമെന്നു പറയുന്നു. അതുപോലെ ദേഹാതീതനായ പ്രത്യഗാത്മാവിൽ ദേഹദ്വയാഭിമാനിയായ ചിദാഭാസൻ അധ്യസ്തമായിരിക്കുന്നു. ഇതു വിക്ഷേപശക്തി കാര്യമാണെന്നു സാരം. "അതസ്മിൻ തൽ ബുദ്ധിരദ്ധ്യാസഃ" അതല്ലാത്തതിൽ അതാണെന്ന തോന്നലിന്നു അദ്ധ്യാസം എന്നുപേർ.

34. ഇദമംശശ്ച സത്യത്വം ശുക്തിഗം രൂപ്യഈക്ഷ്യതേ
സ്വയംത്വം വസ്തുതാചൈവം വിക്ഷേപേ വീക്ഷ്യതേന്യഗം.

ശുക്തിഗം സത്യത്വം=ശുക്തിയിലുള്ള സത്യാവസ്ഥയും. ഇദമംശഃച=ഇത് എന്ന അംശവും. രൂപ്യേ ഈക്ഷ്യതേ=വെള്ളിയിൽ കാണപ്പെടുന്നു. ഏവം സ്വയംത്വം വസ്തുതാ ച=ഇപ്രകാരം സത്യത്വവും വസ്തുത്വവും. അന്യഗം=അന്യത്തിലുള്ളതായിട്ട്. വിക്ഷേപേ വീക്ഷ്യതേ=വിക്ഷേപത്തിൽ കാണപ്പെടുന്നു.

വിക്ഷേപം സത്യമല്ല അദ്ധ്യാസമാണെന്നു കാണിപ്പാൻ ശുക്തിയിൽ രജതത്തിൻെറ അദ്ധ്യാസ സ്വരൂപത്തെ സാദൃശ്യപ്പെടുത്തുന്നു:—ശുക്തിയെ കണ്ടു ഒരാൾ അതായിട്ട് ധരിക്കാതെ ഇതു വെള്ളിയാണെന്നു പറയുമ്പോൾ മുൻഭാഗത്തിൽ ഒരു സാധനം കിടക്കുന്നുവെന്നതു സത്യമാണ്. അത് ശുക്തിയാണ്. അതിൻെറ അംശത്തെയാണ് ഇത് എന്ന പദം കാണിക്കുന്നത്. ഇതു രണ്ടും വെള്ളിയിൽ കാണപ്പെടുന്നു. വാസ്തവത്തിൽ മുൻഭാഗത്തിൽ വെള്ളിയെന്ന സാധനംതന്നെയില്ലാതിരിക്കെ ഉണ്ടെന്നു തോന്നിയതാണ് അദ്ധ്യാസമെന്നു പറയപ്പെട്ടത് ഇതുപോലെ കൂടസ്ഥചൈതന്യം സത്യം. അതിൻെറ സത്യത്വവും വസ്തുത്വം ജീവഗതമാണെന്ന് വിക്ഷേപാവസ്ഥയിൽ കാണപ്പെടുന്നു. ശുക്തിസ്വരൂപമറിയുമ്പോൾ രജതഭ്രാന്തി നീങ്ങുന്നതുപോലെ പ്രത്യഗാത്മസ്വരൂപസാക്ഷാൽകാരത്തിൽ ജീവത്വബുദ്ധിയില്ലാതെയാകും. സത്യത്വം വസ്തുത്വം എന്ന സാമാന്യാംശം ശുക്തിയിലുള്ളതാണ്. ഇതാണ് വെള്ളിയായി കാണപ്പെട്ടത്.

35. നീലപൃഷ്ഠത്രികോണത്വം യഥാശുക്തൌ തിരോഹിതം
അസംഗാനന്ദതാദ്യേവം കൂടസ്ഥേപി തിരോഹിതം.

യഥാശുക്തൌ=എപ്രകാരമോ ശുക്തിയിൽ. നീലപൃഷ്ഠത്രികോണത്വം തിരോഹിതം=നീലനിറമുള്ള പിൻഭാഗവും ത്രികോണാകൃതിയും മറയ്ക്കപ്പെട്ടത്. ഏവം കൂടസ്ഥേഅപി=അപ്രകാരം കൂടസ്ഥനിലും. അസംഗാനന്ദതാദി തിരോഹിതം=അസംഗതാ, ആനന്ദതാ എന്നിവ മറയ്ക്കപ്പെട്ടു.

സാമാന്യാംശം കാണപ്പെട്ടതുപോലെ വിശേഷാംശം കാണപ്പെടാതിരുന്നതും രണ്ടിലും തുല്യമാണെന്നു കാണിക്കുന്നു:—ശുക്തിയിൽ നീലനിറമുള്ള പിൻഭാഗവും ത്രികോണാകൃതിയും മറയ്ക്കപ്പെട്ടതുപോലെ കൂടസ്ഥനിലുള്ള സംഗരാഹിത്യവും ആനന്ദഭാവവും മറയ്ക്കപ്പെട്ടിരിയ്ക്കുന്നു. സാമാന്യാംശം അറിയപ്പെട്ടും വിശേഷാംശം അറിയപ്പെടാതെയും ഇരിക്കുമ്പോൾ അദ്ധ്യാസമുണ്ടാകുന്നുവെന്ന് സാരം. ഭ്രാന്തിയുള്ളപ്പോൾ അറിയപ്പെടാത്തതും അറിയപ്പെടുമ്പോൾ ഭ്രാന്തിനാശകവുമായതാണ് വിശേഷാംശം.

36. ആരോപിതസ്യ ദൃഷ്ടാന്തേ രൂപ്യംനാമ യഥാ തഥാ
കൂടസ്ഥാദ്ധ്യസ്തവിക്ഷേപനാമാഹമിതി നിശ്ചയഃ

യഥാദൃഷ്ടാന്തെആരോപിതസ്യ=എപ്രകാരമോ ദൃഷ്ടാന്തത്തിൽ ആരോപിക്കപ്പെട്ടതിന്നു. രൂപ്യംനാമ=രൂപ്യമെന്ന പേർ. തഥാകൂടസ്ഥാദ്ധ്യസ്തവിക്ഷേപനാമാ=അപ്രകാരം കൂടസ്ഥനിൽ ആരോപിക്കപ്പെട്ട വിക്ഷേപത്തിൻെറ പേർ. അഹംഇതിനിശ്ചയഃ=ഞാൻ എന്നാണ് നിശ്ചയം.

ദൃഷ്ടാന്തത്തിൽ ശുക്തിയിൽ ആരോപിക്കപ്പെട്ട വസ്തുവിന്ന് രൂപ്യം എന്ന പേർ പറയപ്പെട്ടതുപോലെ കൂടസ്ഥനിൽ ആരോപിക്കപ്പെട്ട ചിദാഭാസരൂപമായ വിക്ഷേപത്തിന്നു അഹം (ഞാൻ) എന്നാണ് പേർ.

37. ഇദമംശം സ്വതഃപശ്യൻരൂപ്യമിത്യഭിമന്യതേ
തഥാസ്വംച സ്വതഃപശ്യന്നഹമിത്യഭിമന്യതേ.

ഇദംഅംശം=ഇതെന്ന അംശത്തെ. സ്വതഃപശ്യൻ=സ്വയമേവ കണ്ടിട്ടു. രൂപ്യം ഇതിഅഭിമന്യതേ=രൂപ്യമെന്നു വിചാരിക്കുന്നു. തഥാസ്വയംചസ്വതഃപശ്യൻ=അപ്രകാരംതന്നെ, താൻ തന്നെ കണ്ടിട്ടു. അഹംഇതി അഭിമന്യതേ=ഞാനെന്നഭിമാനിക്കുന്നു.

ദൃഷ്ടാന്തദാർഷ്ടാന്തങ്ങളിൽ വ്യത്യാസമില്ലെയോ? ദൃഷ്ടാന്തത്തിൽ പറഞ്ഞതായ ശുക്തിഖണ്ഡം മുൻഭാഗത്തു കിടക്കുന്നുണ്ടു. അതിൽ ഇന്ദ്രിയസംയോഗമുണ്ടാകുമ്പോൾ വിശേഷാംശം അറിയപ്പെടാത്തതുകൊണ്ടു സാമാന്യാംശത്തിൽ രൂപ്യാരോപമുണ്ടാവാം. ഇതുപോലെ ദാർഷ്ടാന്തത്തിൽ ഇന്ദ്രിയസംയോഗത്തിന്നവകാശമില്ലാത്തതുകൊണ്ടു ആരോപമെങ്ങിനെയുണ്ടാകുമെന്നു ശങ്കിക്കാനിടയുള്ളതിനെ പരിഹരിക്കുന്നു:—ഇതെന്ന സാമാന്യാംശത്തെ കണ്ടു ഉടനെ ഒരുവൻ ശുക്തിയെ രജതമാണെന്നു ധരിച്ചതുപോലെ സ്വപ്രകാശരൂപമായ ചിദാത്മാവ് പ്രകാശിക്കുന്നതിനെ കണ്ടിട്ട് അതിൽനിന്ന് വേറിട്ടതായ ഞാനെന്ന ഭാവം (അഹംബുദ്ധി) ചിദാഭാസനുണ്ടാകുന്നതിൽ യുക്തിഭംഗമില്ല.

38. ഇദംത്വരൂപ്യതേ ഭിന്നേ സ്വത്വാഹന്തേ തഥേഷ്യതാം
സാമാന്യംച വിശേഷശ്ച ഹ്യുഭയത്രാപി ഗമ്യതേ.

ഇദംത്വരൂപ്യതേഭിന്നേ=ഇദംഭാവവും രൂപ്യഭാവവും ഭിന്നങ്ങൾ. തഥാസ്വത്വാഹന്തേഇഷ്യതാം=അതു

പോലെ സ്വത്വവും അഹംഭാവവും ഭിന്നങ്ങളെന്നറിയുക. ഹിഉഭയത്രഅപി=എന്തുകൊണ്ടെന്നാൽ രണ്ടേടത്തിലും. സാമാന്യംചവിശേഷഃചഗമ്യതേ=സാമാന്യവും വിശേഷവും അറിയപ്പെടുന്നു.

സ്വം എന്ന ശബ്ദത്താൽ പറയപ്പെടുന്ന കൂടസ്ഥചൈതന്യവും അഹമെന്ന പദത്താൽ പറയപ്പെടുന്ന ചിദാഭാസനും ഒന്നുതന്നെയാകയാൽ ശുക്തി രജതദൃഷ്ടാന്തത്തിനും കൂടസ്ഥചിദാഭാസന്മാർ തമ്മിൽ സാമ്യം എങ്ങിനെ സിദ്ധിക്കുമെന്ന ശങ്കക്കു സമാധാനം:– ഇതു രജതമെന്നറിയപ്പെടുന്ന ദൃഷ്ടാന്തത്തിൽ ഇത് എന്ന സാമാന്യാംശവും രജതമെന്ന വിശേഷാംശവും ഭിന്നങ്ങളാണ്. അതുപോലെ സ്വംശബ്ദവാച്യമായ കൂടസ്ഥചൈതന്യം സാമാന്യാംശം. ഞാനെന്നതു വിശേഷാംശം. ആകയാൽ ദൃഷ്ടാന്തദാർഷ്ടാന്തങ്ങളിൽ സാമാന്യവിശേഷാംശങ്ങൾക്ക് സാമ്യമുണ്ട്.

39\. ദേവദത്തഃസ്വയംഗച്ഛേത്ത്വംവീക്ഷസ്വസ്വയം തഥാ
അഹം സ്വയം നശക്നോമീത്യേവം ലോകേ പ്രയുജ്യതേ

ദേവദത്തഃസ്വയംഗച്ഛേത്=ദേവദത്തൻ സ്വയമേവ ഗമിക്കുന്നു. തഥാത്വംസ്വയംവീക്ഷസ്വ=അപ്രകാരം നീ സ്വയമേവകണ്ടാലും. അഹംസ്വയംനശക്നോമി=ഞാൻ സ്വയമേവ ശക്തനാകുന്നില്ല. ഇതിഏവംലോകേപ്രയുജ്യതേ=എന്നിപ്രകാരം ലോകത്തിൽ പ്രയോഗിക്കപ്പെടുന്നു.

സ്വയംശബ്ദത്തിന്നു കൂടസ്ഥസാമാന്യാംശം എന്നുതന്നെ അർത്ഥമുള്ളുവെന്നു കാണിപ്പാൻ ലോകസാധാരണമായ പ്രയോഗത്തെ കാണിക്കുന്നു:— ദേവദത്തൻ തന്നെത്താൻ പോകുന്നു. നീ തന്നെത്താൻ കണ്ടുകൊൾക. ഞാൻ തന്നെത്താൻ ശക്തനല്ല എന്നിങ്ങിനെ സ്വംശബ്ദത്തിന്നു സാമാന്യാർത്ഥത്തിൽ സാധാരണ പ്രയോഗം ലോകത്തിൽ കാണപ്പെടുന്നുണ്ട്. അതുകൊണ്ട് കൂടസ്ഥസാമാന്യാംശം എന്നുതന്നെ സ്വയമെന്ന ശബ്ദത്തിന്നർത്ഥം.

40\. ഇദംരൂപ്യമിദംവസ്ത്ര മിതിയദ്വദിദംതഥാ
അസൌത്വമഹമിത്യേഷു സ്വയമിത്യഭിമന്യതേ.

യദ്വത് ഇദം=ഏതുപ്രകാരമോ ഇദമെന്ന ശബ്ദം. ഇദംരൂപ്യം ഇദംവസ്ത്രം ഇതി=ഇത് രൂപ്യം ഇത് വസ്ത്രം എന്ന്. തഥാ അസൌത്വം അഹം ഇതി ഏഷു=അപ്രകാരംതന്നെ ഇവൻ നീ ഞാൻ എന്ന ഇവയിൽ. സ്വയംഇതി അഭിമന്യതേ=താനെന്നഭിമാനിക്കപ്പെടുന്നു.

ലോകത്തിൽ ആവിധം പ്രയോഗമുള്ളതുകൊണ്ടു ദാർഷ്ടാന്തത്തിലെ സ്വയം ശബ്ദത്തിന്നു സാമാന്യരൂപത്വമെങ്ങിനെ സിദ്ധിക്കുമെങ്കിൽ ഇദം ശബ്ദാർത്ഥത്തിന്നു സിദ്ധിക്കുന്നതുപോലെയെന്നുത്തരം പറയുന്നു. ഇതു രൂപ്യം ഇതു വസ്ത്രം എന്നിങ്ങിനെ സാമാന്യാർത്ഥത്തിൽ ഇദം ശബ്ദത്തെ ഉപയോഗിക്കുന്നതുപോലെ ഇവൻ നീ ഞാൻ എന്ന ശബ്ദങ്ങളാൽ പറയപ്പെടുന്നവരിൽ സ്വയം എന്ന ശബ്ദത്തെ സാമാന്യാർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്.

41\. അഹംത്വാൽ ഭിദ്യതാം സ്വത്വം കൂടസ്ഥേ തേന കിംതവ
സ്വയം ശബ്ദാർത്ഥ ഏവൈഷ കൂടസ്ഥ ഇതിമേ ഭവേത്.

അഹംത്വാത്=അഹം എന്ന ഭാവത്തിൽനിന്ന് സ്വത്വംഭിദ്യതാം=സ്വം എന്ന ഭാവം ഭേദിച്ചുകൊള്ളട്ടെ. തേനതവ കൂടസ്ഥേകിം=അതുകൊണ്ടു നിണക്ക് കൂടസ്ഥനിൽ എന്തു സിദ്ധിക്കും. സ്വയം ശബ്ദാർത്ഥഃ ഏവ=സ്വയമെന്ന ശബ്ദത്തിന്റെ അർത്ഥംതന്നെ. ഏഷഃ കൂടസ്ഥഃ=ഈ കൂടസ്ഥൻ. ഇതിമേഭവേത്=എന്ന് എനിക്ക് സിദ്ധിക്കും.

അഹംഎന്ന ഭാവത്തിൽനിന്ന് സ്വം എന്ന ഭാവത്തിന്നു ഭേദമുണ്ടെന്നുവന്നാൽ അങ്ങയുടെ കൂടസ്ഥനിൽ എന്തുദോഷമാണുണ്ടാകാനുള്ളത് എന്നു ശങ്കിക്കുന്നുവെങ്കിൽ പറയാം. കേൾക്കുക. സ്വയം ശബ്ദത്തിന്റെ അർത്ഥം ഈ കൂടസ്ഥൻതന്നെയാണ്. അങ്ങിനെ വരേണമെങ്കിൽ അഹം ശബ്ദവും സ്വം ശബ്ദവും ഭിന്നവസ്തുക്കളെ കാണിക്കുന്നവയാണെന്നു വന്നുകൂടാ. അതിനാൽ സ്വം ശബ്ദം അഹം ശബ്ദത്തിന്റെ സാമാന്യാംശത്തെ കാണിക്കുന്നതുതന്നെയെന്നാണെന്റെ ആശയം.

42\. അന്യത്വവാരകം സ്വത്വമിതിചേ ദന്യവാരണം
കൂടസ്ഥസ്യാത്മതാം വക്തുരിഷ്ടമേവഹി തൽഭവേത്.

സ്വത്വം അന്യത്വവാരകം ഇതിചേത്=സ്വം എന്ന ശബ്ദം അന്യഭാവത്തെ നിരാകരിപ്പാനുള്ളതാണെങ്കിൽ

അന്യവാരണംഹി=അന്യനിരാകരണംതന്നെ കൂടസ്ഥസ്യ ആത്മതാംവക്തുഃ=കൂടസ്ഥന്റെ ആത്മഭാവത്തെ പറയുന്ന ഒരുവന്ന്. തത് ഇഷ്ടം ഏവഭവേത്=അത് ഇഷ്ടമായിട്ടുതന്നെ ഭവിക്കും.

സ്വംഎന്ന ശബ്ദത്താൽ സൂചിപ്പിക്കപ്പെടുന്ന ധൎമ്മം അന്യധൎമ്മത്തെ നിരാകരിക്കുന്നതല്ലാതെ കൂടസ്ഥഭാവത്തെ ബോധിപ്പിക്കുന്നില്ല എന്നു ശങ്കിക്കുന്നുവെങ്കിൽ അന്യധൎമ്മനിരാകരണരൂപമായ അതു കൂടസ്ഥന്റെ ആത്മഭാവത്തെ ഉറപ്പിക്കുവാനുപകരിക്കുന്നതാകയാൽ ആ അൎത്ഥകല്പനം ഇഷ്ടംതന്നെ.

43. സ്വയമാത്മേതി പൎയ്യായൌ തേന ലോകേതയോഃ സഹ
പ്രയോഗോ നാസ്ത്യതഃ സ്വത്വമാത്മത്വം ചാന്യവാരകം.

സ്വയം ആത്മാഇതി=സ്വയം എന്നും ആത്മാവെന്നും. പൎയ്യായശബ്ദൌ=പൎയ്യായശബ്ദങ്ങളാകുന്നു. തേന ലോകേ=അതുകൊണ്ടു ലോകത്തിൽ. തയോഃ സഹപ്രയോഗഃ നഅസ്തി=അതു രണ്ടിനും സഹപ്രയോഗം ഇല്ല. അതഃസ്വത്വം=അതുകൊണ്ടു സ്വം ഭാവവും. ആത്മത്വംച=ആത്മത്വവും. അന്യവാരകം=അന്യത്തെ നിരാകരിക്കുന്നതാകുന്നു.

സ്വയം ശബ്ദവും ആത്മശബ്ദവും ഭിന്നാൎത്ഥങ്ങളെ കാണിക്കുന്നവയാണ്. അതുകൊണ്ടു സ്വയം ശബ്ദത്തിന്റെ അൎത്ഥം കൂടസ്ഥന്റെ ആത്മഭാവത്തെ കാണിക്കുന്നുവെന്ന് എങ്ങിനെ വരുമെന്ന് ശങ്കിക്കുന്നുവെങ്കിൽ അങ്ങിനെയല്ല. സ്വയം ശബ്ദവും ആത്മശബ്ദവും പൎയ്യായപദങ്ങളാണ്. ഹസ്തമെന്നും കരമെന്നും കൈ എന്ന അവയവത്തെ കാണിക്കുന്ന രണ്ടു പൎയ്യായശബ്ദങ്ങളെന്നപോലെ സ്വയമെന്നും ആത്മാവെന്നും ആത്മാവിനെതന്നെ കാണിക്കുന്ന രണ്ടു പൎയ്യായശബ്ദങ്ങളാണ്. അതുകൊണ്ടു ലോകത്തിൽ അതുരണ്ടിനേയും ഒന്നായിട്ടുപയോഗിക്കാറില്ല. അങ്ങിനെ ഒന്നായിട്ടുപയോഗിക്കുന്ന ദിക്കിൽ ആത്മാവുതന്നെ അന്യമല്ല എന്ന് അന്യത്തെ നിരാകരിപ്പാൻ സ്വയം എന്ന പദം ഉപയോഗിക്കുന്നു.

44. ഘടഃ സ്വയം നജാനാതീത്യേവം സ്വത്വം ഘടാദിഷു
അചേതനേഷു ദൃഷ്ടംചേത് ദൃശ്യതാം ആത്മസത്വതഃ.

ഘടഃസ്വയം നജാനാതി=ഘടം സ്വയമായിട്ടറിയുന്നില്ല. ഇതിഏവം=എന്നിപ്രകാരം. അചേതനേഷു ഘടാദിഷു=അചേതനങ്ങളായ ഘടാദികളിൽ. സ്വത്വം ദൃഷ്ടംചേത്=സ്വയം ശബ്ദപ്രയോഗം കാണപ്പെടുന്നുണ്ടെങ്കിൽ ആത്മസത്വതഃ ദൃശ്യതാം=ആത്മസത്തനിമിത്തം കണ്ടുകൊള്ളട്ടെ.

സ്വയംശബ്ദവും ആത്മശബ്ദവും ആത്മപൎയ്യായശബ്ദങ്ങളാണെന്നു പറയുന്നത് അനുഭവവിരുദ്ധമാണ്. എന്തുകൊണ്ടെന്നാൽ "ഘടം സ്വയമായറിയുന്നില്ല" എന്നിപ്രകാരം അചേതനങ്ങളായ ഘടാദികളിലും സ്വയം ശബ്ദപ്രയോഗം കാണപ്പെടുന്നുണ്ടല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ ആ മാതിരി പ്രയോഗം കാണപ്പെടുന്നതിൽ തെററില്ല. സ്ഫുരണാത്മകമായ ആത്മചൈതന്യം ഘടാദികളിലും ഉണ്ടല്ലോ സത്താസാമാന്യസംബന്ധംകൂടാതെ യാതൊന്നും സ്ഫുരിക്കുകയില്ല. ആത്മചൈതന്യസൽഭാവം സകലത്തിലുമുള്ളതുകൊണ്ട് സ്വയം ശബ്ദപ്രയോഗം ഏതൊരചേതനവസ്തുവിലും കാണപ്പെടാവുന്നതുതന്നെ.

45. ചേതനാചേതനഭിദാ കൂടസ്ഥാത്മകൃതാ നഹി
കിന്തു ബുദ്ധികൃതാഭാസകൃതൈവേത്യവഗമ്യതാം.

ചേതനാചേതനഭിദാ=ചേതനം അചേതനം എന്ന ഭേദം. കൂടസ്ഥാത്മകൃതാനഹി=കൂടസ്ഥാത്മാവിനാൽ ചെയ്യപ്പെട്ടതല്ല. കിന്തു=പിന്നെയെങ്ങിനെയുണ്ടായിയെന്നാൽ. ബുദ്ധികൃതാഭാസ കൃതാഏവ=ബുദ്ധിനിമിത്തമുണ്ടായ ചിദാഭാസനാൽ ചെയ്യപ്പെട്ടതുതന്നെ. ഇതി അവഗമ്യതാം=എന്നറിഞ്ഞുകൊൾക.

ഘടാദികളിലും ആത്മചൈതന്യമുണ്ടെന്നു വരുന്നപക്ഷം ചേതനവസ്തു അചേതനവസ്തുവെന്നുള്ള വിഭാഗത്തിന്നെന്തു കാരണമെന്നു ശങ്കിപ്പാൻ വിഭാഗത്തിന്നുള്ള കാരണം പറയുന്നു:—ചേതനവസ്തു അചേതനവസ്തുവെന്ന വിഭാഗം കൂടസ്ഥാത്മാവ് നിമിത്തം ഉണ്ടായതല്ല. കൂടസ്ഥാത്മചൈതന്യം എല്ലാ വസ്തുക്കളിലും ഒരുപോലെ വിളങ്ങുന്നുണ്ട്. ബുദ്ധിയിൽ പ്രതിഫലിച്ച ചിദാഭാസൻ നിമിത്തമാണ് ചേതനം അചേതനം എന്ന ഭേദമുണ്ടായിരിക്കുന്നത്.

46. യഥാചേതന ആഭാസഃ കൂടസ്ഥേ ഭ്രാന്തികല്പിതഃ
അചേതനോ ഘടാദിശ്ച തഥാ തത്രൈവ കല്പിതഃ.

യഥാ കൂടസ്ഥേ ചേതനഃ ആഭാസഃ=എപ്രകാരമോ കൂടസ്ഥനിൽ ചേതനമായ ചിദാഭാസൻ. ഭ്രാന്തികല്പിതഃ=ഭ്രാന്തിയാൽ കല്പിക്കപ്പെട്ടത്. തഥാ അചേതനഃ=അപ്രകാരം അചേതനമായ. ഘടാദിഃ തത്ര ഏവകല്പിതഃ=ഘടാദിയും അതിൽതന്നെ കല്പിക്കപ്പെട്ടിരിക്കുന്നു.

ചേതനം അചേതനം എന്ന വിഭാഗത്തിന്നു ചിദാഭാസന്റെ ഭാവവും അഭാവവുമാണ് കാരണമെങ്കിൽ അചേതനങ്ങളിൽ ആത്മാവുണ്ടെന്നു സമ്മതിക്കുന്നതുകൊണ്ടെന്തു പ്രയോജനം എന്ന ശങ്കക്കു സമാധാനം:—ചേതനം അചേതനം എന്ന വിഭാഗത്തിന്നു കാരണമായിട്ടു കൂടസ്ഥാത്മാവിനെ സ്വീകരിക്കുന്നില്ലെങ്കിലും അചേതനങ്ങളുടെ അധിഷ്ഠാനതത്വമായിട്ട് കൂടസ്ഥനെ അംഗീകരിക്കേണ്ടതായ്വരുന്നുണ്ട്. എങ്ങിനെയെന്നാൽ എപ്രകാരമോ ചേതനമായ ചിദാഭാസൻ കൂടസ്ഥാത്മാവിൽ ഭ്രാന്തിയാൽ കല്പിക്കപ്പെട്ടിരിക്കുന്നത് അപ്രകാരംതന്നെ അചേതനമായ ഘടാദിയും കൂടസ്ഥനിൽതന്നെ കൽപിക്കപ്പെട്ടിരിക്കുന്നു. അസത്യവും ചേതനാചേതനസ്വരൂപവുമായ ലോകം സത്യമായ അധിഷ്ഠാനത്തിൽ കല്പിതമാണെന്നു സാരം.

47. തത്തേദന്തേ അപിസ്വത്വ മിവത്വമഹമാദിഷു
സർവ്വത്രാനുഗതേ തേന തയോരപ്യാത്മതേതിചേത്.

ത്വമഹമാദിഷു=ത്വം (നീ) അഹം (ഞാൻ) എന്നിവയിൽ. സ്വത്വം ഇവ=സ്വയം ശബ്ദമെന്നപോലെ. തത്തേദന്തേ അപി=തത് എന്നും ഇദം എന്നുമുള്ള ശബ്ദങ്ങളും. സർവ്വത്ര അനുഗതേ=എല്ലാററിലും അനുഗതങ്ങൾ. തേനതയോഃഅപി=അതുകൊണ്ട് ആ രണ്ടിലും. ആത്മതാ ഇതിചേത്=ആത്മഭാവമുണ്ടെന്നും ശങ്കിക്കുന്നുവെങ്കിൽ.

സ്വയം ശബ്ദവും ആത്മശബ്ദവും ഒരർത്ഥത്തെ കാണിക്കുന്നുവെന്നു പറഞ്ഞതിൽ അതിപ്രസംഗമുണ്ടെന്ന് വാദിയുടെ ശങ്കയെ കാണിക്കുന്നു:—ത്വംസ്വയം അഹം സ്വയം എന്നിവയിൽ സ്വയം ശബ്ദത്തിന്ന് ആത്മഭാവമുണ്ടെങ്കിൽ തൽസ്വയം ഇദംസ്വയം എന്നിങ്ങിനെ സർവ്വത്തിലും സ്വയം ശബ്ദം ചേർത്തുപയോഗിക്കുമ്പോൾ ആ രണ്ടിലും ആത്മഭാവം വന്നുകൂടെയോയെന്നു ശങ്കിക്കുന്നുവെങ്കിൽ സമാധാനം പറയാം, കേൾക്കുക:

48. തേ ആത്മത്വേപ്യനുഗതേ തത്തേദംതേ തതസ്തയോഃ
ആത്മത്വം നൈവ സംഭാവ്യം സമ്യക്ത്വാദേർയഥാ തഥാ.

തതഃതയോഃ=അതുകൊണ്ടു ആ രണ്ടുശബ്ദങ്ങളിലുള്ള തേതത്തേദംതേ=ആ തൽഭാവവും ഇദംഭാവവും. ആത്മത്വേഅനുഗതേഅപി=ആത്മഭാവത്തിൽ അനുഗതങ്ങളാണെങ്കിലും. യഥാസമ്യക്ത്വാദേഃ=എപ്രകാരമോ നന്മതിന്മയെന്നിവക്ക്. തഥാആത്മത്വം=അപ്രകാരം ആത്മഭാവം. നഏവസംഭാവ്യം=സംഭവിക്കത്തക്കതേയല്ല.

അത് ഇത് എന്ന ശബ്ദങ്ങൾക്ക് ആത്മഭാവത്തെ അതിക്രമിച്ച വൃത്തിത്വം ഉള്ളതുകൊണ്ടു ആത്മഭാവം സംഭവിക്കുന്നില്ല എന്നാണ് മേൽകാണിച്ച സംശയനിവൃത്തിക്കുള്ള സമാധാനം: അതിനെ സ്പഷ്ടമാക്കുന്നു—ത്വം അഹം എന്നിവയിലെന്നപോലെ സ്വത്വം, തത്താ ഇദന്താശബ്ദങ്ങളിൽ ചേർന്നിരിക്കുന്നുവെങ്കിലും:—ആ സ്വഭാവം ഈ സ്വഭാവം എന്ന അർത്ഥത്തിൽ ലോകവ്യവഹാരമുണ്ടെന്നിരിക്കിലും ആത്മഭാവത്തെ അതിക്രമിച്ച വൃത്തിത്വമുള്ളതുകൊണ്ടു ആത്മഭാവം സംഭവിക്കത്തക്കതല്ല. എതുപോലെയെന്നാൽ ആത്മാവിൽ നല്ലഭാവം കെട്ടഭാവം എന്നിവയിലെ നന്മതിന്മശബ്ദങ്ങൾക്ക് ആത്മത്വം ഇല്ലാത്തതുപോലെ.

49. തത്തേദന്തേ സ്വതാന്യത്വേ ത്വന്താഹന്തേ പരസ്പരം
പ്രതിദ്വന്ദ്വിതയാ ലോകേ പ്രസിദ്ധേ നാസ്തി സംശയഃ.

തത്തേദന്തേ=തത്താ ഇദന്താശബ്ദങ്ങൾ (അത് ഇത് എന്ന ശബ്ദങ്ങൾ). സ്വതാന്യത്വേ=അതാതിൽനിന്നന്യങ്ങൾ എന്നും. ത്വന്താഹന്തേപരസ്പരം=ത്വന്താഹന്താശബ്ദങ്ങൾ നീ–ഞാൻ–എന്ന ശബ്ദങ്ങൾ അന്യോന്യം ഭിന്നങ്ങളെന്നും ലോകേപ്രതിദ്വന്ദ്വിതയാ=ലോകത്തിൽ എതിർവസ്തുവിനെ കാണിപ്പാൻ. പ്രസിദ്ധേസംശയഃനഅസ്തി=പ്രസിദ്ധങ്ങൾതന്നെ സംശയമില്ല.

മേൽകാണിച്ച രീതിയിൽ പ്രസംഗവശാൽ നേരിട്ട സംഗതിയെ അവസാനിപ്പിച്ചിട്ടു ലോകവ്യവഹാരത്തിന്റെ നിലനില്പിന്നായി മുൻപറഞ്ഞ പ്രയോഗത്തെ അനുവദിക്കുന്നു:—അത് എന്നതിനെ ഇത് എന്നതിന്റെ വിരോധിയെന്നും ഇദം ഭാവം തൽഭാവവിരോധിയെന്നും കാണിപ്പാനും ത്വന്താഹന്തകൾ നീയെന്നിൽനിന്ന് ഭിന്നൻ ഞാൻ നിന്നിൽനിന്ന് ഭിന്നൻ എന്നു കാണിക്കാനും ലോകത്തിൽ ഉപയോഗിക്കാറുണ്ടെന്നുള്ളത് പ്രസിദ്ധംതന്നെ, സംശയമില്ല.

50. അന്യതായാഃ പ്രതിദ്വന്ദ്വീ സ്വയം കൂടസ്ഥഇഷ്യതാം
ത്വത്തായാഃ പ്രതിയോഗ്യേഷോഽഹമിത്യാത്മനികല്പിതഃ.

കൂടസ്ഥസ്വയം=കൂടസ്ഥനിൽ സ്വയംശബ്ദം. അന്യതായാഃപ്രതിദ്വന്ദ്വീ=അന്യതയുടെ പ്രതിയോഗിയാ

യിട്ട്. ഇഷ്യതാം=കണ്ടുകൊള്ളുക. ത്വത്തായാഃപ്രതിയോഗീ=ത്വത്തയുടെ പ്രതിയോഗിയായിട്ട്. ഏഷഃ അഹംഇതി=ഈ ഞാനെന്നതു. ആത്മനികല്പിതഃ=ആത്മാവിൽ (കൂടസ്ഥനിൽ) കല്പിക്കപ്പെട്ട.

കൂടസ്ഥനിൽ അന്യത്വമില്ലെന്നു കാണിപ്പാൻ സ്വയംശബ്ദം ഉപയോഗിച്ചിരിക്കുന്നുവെന്നും ഈ ഞാനെന്നതു നീയെന്നതിൻെറ വിപരീതഭാവം ആത്മാവിൽ കല്പിക്കപ്പെട്ടിരിക്കുന്നതിനെ കാണിക്കുന്നുവെന്നുമാണ് ലോകപ്രസിദ്ധിയെ ഉദാഹരിച്ചതിൽനിന്നു പ്രകൃതത്തിൽ ധരിക്കേണ്ടതെന്നും അറിഞ്ഞുകൊൾക.

51. അഹന്താസ്വത്വയോർഭേദേ രൂപ്യതേദംതയോരിവ
സ്പഷ്ടേപി മോഹമാപന്നാ ഏകത്വം പ്രതിപേദിരേ.

അഹന്താസ്വത്വയോഃ ഭേദേ=അഹമെന്നും സ്വമെന്നുമുള്ള രണ്ടിൻെറ ഭേദം, രൂപ്യതേദം തയോഃ ഇവ=രൂപ്യമെന്നും ഇതെന്നുമുള്ള ഭാവങ്ങൾക്കെന്നപോലെ. സ്പഷ്ടേ അപി=സ്പഷ്ടമായിരിക്കുമ്പോഴും, മോഹം ആപന്നാഃ=മോഹത്തെ പ്രാപിച്ചവർ. ഏകത്വം പ്രതിപേദിരേ=ഏകഭാവത്തെ സ്വീകരിച്ചു.

മേൽകാണിച്ച സംഗതികൊണ്ടു ജീവനും കൂടസ്ഥനും ഭേദമുണ്ടെന്നു കണ്ടു. എന്നാൽ ഭേദമുണ്ടെന്ന് എല്ലാവരും എന്തുകൊണ്ടറിയുന്നില്ല എന്ന ചോദ്യത്തിന്നുത്തരം:—ഇതെന്നും രൂപ്യമെന്നുമുള്ള രണ്ടു ശബ്ദങ്ങളിലെന്നപോലെ അഹമെന്നും സ്വയമെന്നുമുള്ള ശബ്ദങ്ങളിലെ ഭേദം സ്പഷ്ടമാണെങ്കിലും ബുദ്ധിസാക്ഷിയെ ബുദ്ധികൊണ്ടുതന്നെ പ്രത്യക്ഷപ്പെടുത്തുവാൻ കഴിയാത്തതുകൊണ്ടു ബിംബപ്രതിബിംബഭാവത്തിൽ പ്രതിഭാസിക്കുന്ന ജീവനും കൂടസ്ഥനും ഒന്നാണെന്നു മോഹത്താൽ വിചാരിക്കുന്നു.

52. താദാത്മ്യാദ്ധ്യാസ ഏവാത്ര പൂർവ്വോക്താവിദ്ധ്യയാ കൃതഃ
അവിദ്ധ്യായാം നിവൃത്തായാം തൽകാര്യം വിനിവർത്തതേ.

അത്രതാദാത്മ്യാദ്ധ്യാസഃ=ഇവിടെ കാണപ്പെട്ട തദാത്മഭാവരൂപമായ അദ്ധ്യാസം. പൂർവ്വോക്താവിദ്ധ്യയാ ഏവകൃതഃ=മുമ്പേ പറഞ്ഞ അവിദ്ധ്യയാൽതന്നെ ഉണ്ടാക്കപ്പെട്ട. അവിദ്ധ്യായാം, നിവൃത്തായാം=അവിദ്ധ്യനിവൃത്തിക്കുമ്പോൾ. തൽകാര്യം വിനിവർത്തതേ=അവിദ്ധ്യാകാര്യവും നിവൃത്തിക്കും.

ഭ്രമകാരണമെന്താണെന്നും ആ ഭ്രമം എങ്ങിനെ നശിക്കുമെന്നും കാണിക്കുന്നു:—ജീവൻ വാസ്തവമല്ലാതെയും കൂടസ്ഥൻ വാസ്തവമായും ഇരിക്കേ ജീവന്നുണ്ടായ ആത്മഭാവത്തിന്നു താദാത്മ്യാദ്ധ്യാസം എന്നു പേർ. മുമ്പെ പറഞ്ഞിരിക്കുന്ന അവിദ്ധ്യതന്നെ ഈ അദ്ധ്യാസത്തിന്നു കാരണം. അവിദ്ധ്യ നശിക്കുമ്പോൾ അവിദ്ധ്യയാകുന്ന കാരണത്തിൽനിന്നുണ്ടായ കാര്യരൂപമായ ഭ്രമവും നശിക്കും. കാരണനാശത്തിൽ കാര്യനാശം എന്നതു സർവ്വത്ര സമ്മതമായ ന്യായമാണെന്നു സാരം.

53. അവിദ്ധ്യാവൃത്തിതാദാത്മ്യേ വിദ്ധ്യയൈവ വിനശ്യതഃ
വിക്ഷേപസ്യ സ്വരൂപംതു പ്രാരബ്ധക്ഷയ മീക്ഷതേ.

അവിദ്ധ്യാവൃത്തിതാദാത്മ്യേ=അവിദ്ധ്യയുടെ വൃത്തിയും താദാത്മ്യവും. വിദ്ധ്യയാഏവ=വിദ്ധ്യകൊണ്ടുതന്നെ. വിനശ്യതഃ=നശിക്കുന്നു. വിക്ഷേപസ്യസ്വരൂപം തു=വിക്ഷേപത്തിൻെറ സ്വരൂപമാകട്ടെ. പ്രാരബ്ധക്ഷയം ഈക്ഷതേ=പ്രാരബ്ധക്ഷയത്തെ കാത്തിരിക്കുന്നു.

അവിദ്ധ്യ നശിച്ചാൽ അദ്ധ്യാസം നശിക്കുമെന്നു പറഞ്ഞത് അനുഭവത്തിൽ കാണുന്നില്ല. ബ്രഹ്മവും ആത്മാവും ഒന്നുതന്നെ എന്നറിവുണ്ടായിട്ടും ദേഹാദികളും വ്യാപാരങ്ങളും നിലനില്ക്കുന്നുണ്ടല്ലൊ എന്ന ശങ്കയെ തീർക്കുന്നു:—അവിദ്ധ്യനിമിത്തമുണ്ടായ ആവരണവും തന്നിമിത്തമുണ്ടായ അദ്ധ്യാസവും വിദ്ധ്യകൊണ്ടുതന്നെ നശിച്ചുപോകുന്നുണ്ട്. വിക്ഷേപത്തിൻെറ സ്വരൂപമായി കാണപ്പെടുന്ന ദേഹേന്ദ്രിയാദിസംഘാതമാകട്ടെ അതിൻെറ ആരംഭത്തിന്നു കാരണമായ കർമ്മശക്തിയോടുകൂടിയ അവിദ്ധ്യയുടെ നാശകാലംവരെ—പ്രാരബ്ധകർമ്മക്ഷയംവരെ—നിലനില്ക്കും. ആവരണത്തിന്നും അദ്ധ്യാസത്തിന്നും കാരണമായ മൂലാജ്ഞാനം നശിച്ചാലും ശരീരേന്ദ്രിയാദി വ്യാപാരസ്വരൂപമായ സ്ഥൂലാജ്ഞാനം പ്രാരബ്ധക്ഷയംവരെ നിലനില്ക്കുന്നതുകൊണ്ടു വിദ്ധ്യയാൽ അവിദ്ധ്യ നശിക്കുമെന്ന സിദ്ധാന്തത്തിന്നു ഹാനിയില്ല.

54. ഉപാദാനേ വിനഷ്ടേപി ക്ഷണം കാര്യം പ്രതീക്ഷതേ
ഇത്യാഹുസ്താർക്കികാസ്തദ്വദസ്മാകം കിംന സംഭവേത്.

ഉപാദാനേ വിനഷ്ടേഅപി=ഉപാദാനം നശിച്ചാലും. കാര്യം ക്ഷണം പ്രതീക്ഷതേ=ക്ഷണകാലം കാര്യം നിലനില്ക്കും. ഇതി താർക്കികാഃ ആഹുഃ=എന്ന് താർക്കികന്മാർ പറയുന്നു. തദ്വത് അസ്മാകം=അതുപോലെ നമുക്കും. കിം ന സംഭവേത്=എന്തുകൊണ്ടു സംഭവിച്ചുകൂടാ.

പ്രാരബ്ധകർമ്മം നിമിത്തമാത്രമല്ലെയോ? സത്യമായ അറിവുണ്ടായശേഷവും ആ പ്രാരബ്ധകർമ്മം എങ്ങിനെ നിലനില്ക്കും എന്ന ശങ്കക്ക സമാധാനം:—കാരണം നശിച്ചാലും കാര്യം അല്പകാലംകൂടെ നിലനില്ക്കും എന്ന് താർക്കികന്മാർ പറയുന്നുണ്ട്. അതുകൊണ്ടു വിദ്യനിമിത്തം അവിദ്യക്ക നാശമുണ്ടായാലും പ്രാരബ്ധകർമ്മരൂപമായ കാര്യം—ദേഹാദി—കുറച്ചുകാലംകൂടെ നിലനില്ക്കുന്നതിന്നു വിരോധം.

55. തന്തൂനാം ദിനസംഖ്യാനാം തൈസ്താദൃക്ക്ഷണഈരിതഃ
ഭ്രമസ്യാസംഖ്യകല്പസ്യ യോഗ്യഃ ക്ഷണ ഇഹേഷ്യതാം.

ദിനസംഖ്യാനാം=ദിവസസംഖ്യകളുടേയും. തന്തൂനാം=നൂലിഴകളുടെയും നീളത്തോതനുസരിച്ച. താദൃക്ക്ഷണഃ തൈഃ ഈരിതഃ=ആ മാതിരി ക്ഷണകാലം അവരാൽ പറയപ്പെട്ടു. അസംഖ്യ കല്പസ്യഭ്രമസ്യ=അസംഖ്യം കല്പകാലമായിട്ടു നിലനില്ക്കുന്ന ഭ്രമത്തിൻെറ തോതനുസരിച്ച്. യോഗ്യഃക്ഷണഃ=യോഗ്യമായ ക്ഷണകാലം ഇഹഇഷ്യതാം=ഇവിടെ കണ്ടുകൊൾക.

കാര്യം ക്ഷണകാലം നില്ക്കുമെന്നല്ലേ താർക്കികന്മാർ പറയുന്നുള്ളു. ശരീരേന്ദ്രിയാദികാര്യം അധികകാലം നിലനില്ക്കുന്നുവല്ലൊ. അതിന്നെന്തു സമാധാനം എന്നു ശങ്കിക്കുന്നുവെങ്കിൽ പറയാം:—ഒരു കുംഭകാരൻ ദണ്ഡംകൊണ്ടു ചക്രം തിരിക്കും. ദണ്ഡം എടുത്താലും കുറെസമയംകൂടെ ചക്രം ചുററിത്തിരിയുന്നതു കണ്ടിട്ടാണ് കാരണം നശിച്ചാലും കാര്യം അല്പകാലം നിലനില്ക്കുമെന്നു താർക്കികന്മാർ ന്യായം നിശ്ചയിച്ചതു്. ദിവസത്തിൽ എത്ര നാഴികയുണ്ടോ അതിൻെറ തോതനുസരിച്ചിട്ടാണ് അല്പകാലം എന്നവർ പറഞ്ഞത്. സംസാരചക്രത്തിൻെറ തിരിച്ചൽ തുടങ്ങീട്ടു എത്ര കല്പകാലമായിരിക്കുന്നുവെന്നു നിർണയിപ്പാൻ കഴികയില്ല. ആ നിരക്കനുസരിച്ച കാലത്തോളം ദേഹാദിഭാവങ്ങൾ ജ്ഞാനോൽപത്തിക്കശേഷവും നിലനില്ക്കും എന്നിവിടെ ധരിക്കേണം. കല്പകാലത്തിൻെറ നീളം കണക്കാക്കാൻ കഴിയാത്തതാകയാൽ ഒരു ശരീരം നിലനില്ക്കുന്നതായ പരിമിതകാലം ഒരു ക്ഷണകാലംപോലെ നന്നെ നീളം കുറഞ്ഞതുതന്നെ.

56. വിനാ ക്ഷോദക്ഷമം മാനം തൈർവൃഥാ പരികല്പ്യതേ
ശ്രുതിയുക്ത്യനുഭൂതിഭ്യോ വദതാം കിന്നുദുശ്ശകം.

ക്ഷോദക്ഷമം മാനംവിനാ=വിചാരയോഗ്യമായ പ്രമാണംകൂടാതെ. തൈഃവൃഥാ പരികല്പ്യതേ=അവരാൽ വ്യർത്ഥമായി പരികല്പിക്കപ്പെടുന്നു. ശ്രുതിയുക്ത്യനുഭൂതിഭ്യഃ=ശ്രുതി, യുക്തി, അനുഭവം; എന്നിവയോടുകൂടെ, വദതാം ദുശ്ശകം കിംനു=പറയുന്നവൎക്ക സാധിപ്പാൻ കഴിയാത്തതെന്തിരിക്കുന്നു.

എന്നാൽ ഞാൻ പറഞ്ഞതും താർക്കികന്മാർ പറയുന്നതും ഒരുപോലെയാണെന്നു ധരിക്കേണ്ട. ആലോചിപ്പാൻ യോഗ്യമായ പ്രമാണമൊന്നുമില്ലാതെ താർക്കികന്മാർ അവൎക്ക യുക്തമെന്നു തോന്നുന്ന വെറും ഊഹത്തെ അടിസ്ഥാനമാക്കീട്ട് ഓരോ ന്യായങ്ങളെ കല്പിക്കും. ഞങ്ങൾ പറയുന്നതിലൊക്കെ വേദപ്രമാണം, യുക്തി, അനുഭവം എന്നിവ ഒത്തിരിക്കും. അങ്ങിനെ പറയുന്നവൎക്ക് സ്ഥാപിപ്പാൻ കഴിയാത്തതൊന്നുമില്ല. മൂന്നും യോജിച്ചു കാണുമ്പോൾ ഞങ്ങൾ പറയുന്നതിനെ ആർതന്നെ വിശ്വസിക്കയില്ല. സർവ്വസമ്മതമായുള്ളതാവുന്നതല്ലാതെ മററൊന്നും ഞങ്ങൾ പറയുകയില്ല. "തസ്യതാവദേവ ചിരം യാവന്നവിമോക്ഷ്യേഥ സംപത്സ്യേത്" ഭൌതികം പതിച്ച് സായൂജ്യം പ്രാപിക്കുന്നതുവരെ മാത്രം ജ്ഞാനി ജീവിച്ചിരിക്കും. പിന്നെ ജന്മാദിഭാവങ്ങളുവന്നില്ല എന്നൎത്ഥമായ ശ്രുതി ഇതിടെ പ്രമാണം. കുലാലൻെറ ചക്രഭ്രമണത്തിൽനിന്നെടുക്കാവുന്ന യുക്തിയും വിദ്വാന്മാരുടെ അനുഭവവും വേദപ്രമാണവും യോജിച്ചിരിക്കുന്നതാണ് എൻെറ വചനം അഥവാ സിദ്ധാന്തം എന്നു സാരം.

57. ആസ്താം ദുസ്താർക്കികൈഃ സാകം വിവാദഃ പ്രകൃതംബ്രുവേ
സ്വാഹമോഃ സിദ്ധമേകത്വം കൂടസ്ഥപരിണാമിനോഃ.

ദുസ്താർക്കികൈഃ സാകം=ദുസ്താർക്കികന്മാരോടുകൂടെയുള്ള. വിവാദഃ ആസ്താം=വാഗ്വ്യവഹാരം നില്ക്കട്ടെ. പ്രകൃതംബ്രുവേ=പ്രകൃതത്തെ പറയാം. സ്വാഹമോഃകൂടസ്ഥപരിണാമിനോഃ=സ്വം അഹം എന്ന കൂടസ്ഥപരിണാമികൾക്ക്. (കൂടസ്ഥനും ചിദാഭാസനും) ഏകത്വം സിദ്ധം=ഏകഭാവം സിദ്ധംതന്നെ.

ദുർവ്വാദം ചെയ്യുന്ന താർക്കികന്മാരോടുള്ള വാഗ്വ്യവഹാരത്തെ അവസാനിപ്പിച്ചിട്ടു പ്രകൃതത്തെ അനുസരിച്ച സംഗതി പറയാം. സ്വം അഹം എന്ന രണ്ടും:—കൂടസ്ഥനും ചിദാഭാസനും. ഞാതന്നെ കൂടസ്ഥനിൽനിന്നു അന്യമായി ഒന്നാണെന്നു ധരിക്കുന്നത് ഭ്രാന്തിമാത്രമാണ്.

58. ഭ്രാമ്യന്തേ പണ്ഡിതംമന്യാഃ സൎവ്വേ ലൌകികതാൎക്കികാഃ
അനാദൃത്യ ശ്രുതിം മൌൎഖ്യാൽ കേവലാം യുക്തിമാശ്രിതാഃ.

മൌൎഖ്യാത് ശ്രുതിം അനാദൃത്യ=മൂൎഖത്വംനിമിത്തം ശ്രുതിയെ ആദരിക്കാതെ. കേവലാം യുക്തിംആശ്രിതാഃ=കേവലയായ യുക്തിയെ ആശ്രയിച്ചവരായിട്ട. ലൌകികതാൎക്കികാഃ=ലൌകികന്മാരും നൈയ്യായികശാസ്ത്രജ്ഞന്മാരുമായ സൎവ്വേപണ്ഡിതംമന്യാഃ=എല്ലാ പണ്ഡിതാഭിമാനികളും. ഭ്രാമ്യന്തെ=ഭ്രമിക്കുന്നു.

കൂടസ്ഥനും ജീവനും ഒന്നാണെന്നു ധരിക്കുന്നത് ഭ്രാന്തികൊണ്ടാണെങ്കിൽ ആരുംതന്നെ ഭ്രാന്തിയാണെന്നറിയാതിരിപ്പാനെന്തു കാരണമെന്ന ശങ്കക്ക സമാധാനം:—മൂൎഖതനിമിത്തം ശ്രുതിപ്രമാണത്തെ പൎയ്യാലോചിച്ച വേണ്ടതുപോലെ സാരം ധരിക്കാതെ യുക്തിയെ മാത്രം ബലമായാശ്രയിച്ച ലോകായതികന്മാരും നൈയ്യായികന്മാരുമായ സകല പണ്ഡിതാഭിമാനികളും ഭ്രമിക്കുന്നു. പഠിപ്പും ഗുരുവിന്റെ ഗ്രഹവും അപരോക്ഷാനുഭൂതിയുമില്ലാത്തവരുടെ യുക്തിയെ മാത്രം അവലംബിച്ചിരിക്കുന്ന തെററായ ബോധം പ്രമാണമാകയില്ലെന്നു സാരം.

59. പൂൎവ്വാപരപരാമൎശ വികലാ സ്തത്ര്കേചന
വാക്യാഭാസാൻ സ്വസ്വപക്ഷേയോജയന്ത്യപ്യലജ്ജയാ.

തത്രകേചന=അവരിൽ ചിലർ. പൂൎവ്വാപരപരാമൎശവികലാഃ=പൂൎവ്വാപരചിന്തചെയ്യാൻ സാധിക്കാത്തവരായിട്ട്. വാക്യാഭാസാൻ അപി=വാക്യാഭാസങ്ങളേയും സ്വസ്വപക്ഷേ=അവരവരുടെ പക്ഷത്തിൽ. അലജ്ജയായോജയന്തി=ലജ്ജയില്ലാതെ യോജിപ്പിക്കുന്നു.

ശ്രുത്യൎത്ഥം പറയുന്ന ചിലരും എന്തുകൊണ്ടാണ് ഈ തത്വം അറിയാതിരിക്കുന്നത് എന്ന ശങ്കക്ക സമാധാനം:—പണ്ഡിതാഭിമാനികളിൽ ചിലർ ശ്രുതിവാക്യങ്ങളിൽ പൂൎവ്വാപരവാക്യാൎത്ഥങ്ങളെ വേണ്ടുംവിധം ചിന്തിപ്പാൻ കഴിവുള്ളവരല്ലാത്തതുകൊണ്ടാണ് അബദ്ധത്തിൽ ചാടുന്നത്. അബദ്ധം പററിയതെന്നറിയാതെ അവരുടെ പക്ഷങ്ങളും ശ്രുതിസമ്മതങ്ങളാണെന്നു കാണിപ്പാൻ വാക്യാഭാസങ്ങളെ—മറെറാരൎത്ഥത്തെ ലക്ഷ്യമാക്കീട്ടുള്ള പൂൎവ്വപക്ഷവാക്യങ്ങളെ—പ്രമാണങ്ങളെന്നു കാണിപ്പാൻ അവർ ലജ്ജിക്കുന്നില്ല.

60. കൂടസ്ഥാദിശരീരാന്തസംഘാതസ്യാത്മതാം ജഗുഃ
ലോകായതാഃ പാമരാശ്ച പ്രത്യക്ഷാഭാസമാശ്രിതാഃ.

പ്രത്യക്ഷാഭാസംആശ്രിതാഃ=പ്രത്യക്ഷമായ ആഭാസത്തെ ആശ്രയിച്ചിരിക്കുന്ന ലോകായതാഃ പാമരാഃ ച=ലോകായതികന്മാരും മൂഢന്മാരും കൂടസ്ഥാദിശരീരാന്തസംഘാതസ്യ=കൂടസ്ഥൻ മുതൽ ശരീരംവരെയുള്ള സമൂഹത്തിന്റെ ആത്മതാംജഗുഃ=ആത്മഭാവത്തെ പറയുന്നു.

മുൻപറഞ്ഞ പണ്ഡിതന്മാരിൽ അതിസ്ഥൂലബുദ്ധികളായ ലോകായതികന്മാരും (നാസ്തികന്മാർ) ഒന്നും അറിവില്ലാത്തവരും പ്രത്യക്ഷമായി കണ്ടതിനെമാത്രം ആശ്രയിച്ചവരാണ്. ശരീരം മുതൽ കൂടസ്ഥൻവരെ യോജിച്ച കാണപ്പെടുന്ന സംഘാതംതന്നെ ആത്മാവെന്നവർ പറയുന്നു. ആത്മസാന്നിദ്ധ്യംനിമിത്തം ചേഷ്ടിക്കുന്ന ദേഹേന്ദ്രിയാദികൾ ആത്മാവെന്നപോലെ തോന്നുന്നതിനെയാണ് പ്രത്യക്ഷാഭാസം എന്നു പറയുന്നത്.

61. ശ്രൌതീകൎത്തും സ്വപക്ഷംതേകോശമന്നമയം തഥാ
വിരോചനസ്യസിദ്ധാന്തം പ്രമാണംപ്രതിജജ്ഞിരേ.

തഥാതേ സ്വപക്ഷം=അപ്രകാരം അവർ അവരുടെ അഭിപ്രായത്തെ. ശ്രൌതീകൎത്തും=ശ്രുതി സമ്മതമാണെന്നു കാണിപ്പാൻ. അന്നമയംകോശം=അന്നമയകോശത്തെ പ്രതിപാദിക്കുന്ന. വിരോചനസ്യസിദ്ധാന്തം=വിരോചനന്റെ സിദ്ധാന്തത്തേയും ശ്രുതിയെയും. പ്രതിജജ്ഞിരെ=പ്രമാണമായി കാണിക്കുന്നു.

പ്രത്യക്ഷമായ സംഘാതം ആത്മാവാണെന്നു പറയുക മാത്രമല്ല അതു ശ്രുതിസമ്മതവുമാണെന്നു കാണിച്ച് പരന്മാരെ വഞ്ചിപ്പാൻവേണ്ടി പഞ്ചകോശസ്വരൂപങ്ങളെ പറയുന്ന ശ്രുതിവാക്യത്തെ പ്രമാണമായി കാണിക്കുന്നു. അന്നമയകോശത്തെ പറയുന്ന ശ്രുതി "സവാഏഷപുരുഷോന്നരസമയഃ" "ആത്മൈവദേഹമയഃ" വിരോചനമതമായ ശ്രുതി. എന്നിങ്ങിനെയുള്ള പക്ഷങ്ങളെ എടുത്തുകാണിക്കുന്നു. വിരോചനനെന്ന അസുരൻ പ്രഹ്ലാദപുത്രനാണ്. ഉപപാദിപ്പാൻ അവർ ഒരുങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ ശരീരം അന്നരസമയമാണ് ആത്മാവല്ല എന്നിങ്ങിനെ അന്യേ കോശങ്ങളെയും നീക്കം

ചെയ്തിട്ട അന്തര്യാമിയും സൂക്ഷ്മസ്വരൂപനുമായ ആത്മാവിനെ ധരിപ്പിക്കുകയെന്നതാണ് ആ പ്രകരണത്തിലെ സാരമായ ഭാഗം. അതിലെ "ഏഷപുരുഷഃ അന്തരസമയഃ" എന്ന വാക്യം ഏതിനെ ലക്ഷ്യമാക്കുന്നുവെന്നു ചിന്തിക്കുന്നതെയില്ല.

62. ജീവാത്മനിർഗമേ ദേഹമരണസ്യാത്ര ദർശനാൽ
ദേഹാതിരിക്ത ഏവാത്മേത്യാഹുർല്ലോകായതാഃ പരേ.

അത്രജീവാത്മനിർഗമേ=ഇതിലുള്ള ജീവാത്മാവു പോകുമ്പോൾ ദേഹമരണസ്യദർശനാൽ=ദേഹമരണത്തിന്റെ ദർശനംനിമിത്തം. ദേഹാതിരിക്തഃഏവആത്മാ=ദേഹത്തിൽനിന്നു വേറെതന്നെ ആത്മാവ്. ഇതിപരേലോകായതാഃആഹുഃ=എന്നു വേറെ ചില ലോകായതികന്മാർ പറയുന്നു.

മുൻകാണിച്ച പക്ഷത്തിൽ ജീവാത്മാവു് വിട്ടുപോകുമ്പോൾ ദേഹം നശിക്കുന്നതു കാണുകയാൽ ഇന്ദ്രിയാത്മവാദികളായ മററചില ലോകായതികന്മാർ ആത്മാവ് ദേഹമല്ല, അതിൽനിന്നു വേറിട്ടുന്നുതന്നെയെന്നു പറയുന്നു.

63. പ്രത്യക്ഷത്വേനാഭിമതാഹംധീർദ്ദേഹാതിരേകിണം
ഗമയേദിന്ദ്രിയാത്മാനം വച്മീത്യാദിപ്രയോഗതഃ.

വച്മിഇത്യാദിപ്രയോഗതഃ=ഞാൻ പറയുന്നേൻ എന്നിപ്രകാരം പ്രയോഗമുള്ളതിനാൽ പ്രത്യക്ഷേണ അഭിമതാഅഹംധീഃ=പ്രത്യക്ഷമായി കാണപ്പെടുന്ന ഞാനെന്ന ബുദ്ധി. ദേഹാതിരേകിണം=ദേഹത്തിൽനിന്നതിക്രമിച്ചിരിക്കുന്ന. ഇന്ദ്രിയാത്മാനംഗമയേത്=ഇന്ദ്രിയമാകുന്ന ആത്മാവിനെ ഗമിപ്പിക്കും.

ദേഹാതിരിക്തമായ ആത്മാവ് ഏതാണ് അതിന്നു പ്രമാണമെന്താണെന്നു് ആ മതക്കാർ പറയുന്നതിനെ കാണിക്കുന്നു:—ദേഹമല്ല ഇന്ദ്രിയങ്ങളാണ് ആത്മാവ് എന്നാണവരുടെ പക്ഷം. പ്രത്യക്ഷം തന്നെ അതിന്നു പ്രമാണം. ലോകത്തിൽ ഓരോരുത്തരും ഞാൻ പറയുന്നു, കാണുന്നു കേൾക്കുന്നുവെന്നിങ്ങിനെ പറയുന്നുണ്ടല്ലൊ. അതിനാൽ പറയുന്നതും കാണുന്നതുമായ ഇന്ദ്രിയങ്ങളാണ് ഞാനെന്ന ആത്മാവ് എന്നാണവരുടെപക്ഷം.

64. വാഗാദീനാ മിന്ദ്രിയാണാം കലഹഃ ശ്രുതിഷു ശ്രുതഃ
തേന ചൈതന്യമേതേഷാ മാത്മത്വം തത ഏവഹി.

വാഗാദീനാം ഇന്ദ്രിയാണാം=വാക് മുതലായ ഇന്ദ്രിയങ്ങളുടെ കലഹഃശ്രുതിഷുശ്രുതഃ=കലഹം ശ്രുതികളിൽ കേൾക്കപ്പെടുന്നുണ്ട് തേനതതഃഏവഹി=അതുകൊണ്ടു അതിൽനിന്നുതന്നെ. ഏതേഷാംചൈതന്യം ആത്മത്വം=ഇവക്ക് ചൈതന്യവും ആത്മഭാവവും.

അചേതനങ്ങളായ ഇന്ദ്രിയങ്ങൾക്ക് ആത്മത്വകല്പനം എങ്ങിനെ യോജിക്കും എന്ന ചോദ്യത്തിന്നവർ സമാധാനം പറയുന്നു:—വാക്കു മുതലായ ഇന്ദ്രിയങ്ങൾക്കു തമ്മിൽ അവയുടെ വൈശിഷ്ട്യത്തെ സംബന്ധിച്ച കലഹമുണ്ടായിയെന്നു ശ്രുതിവാക്യങ്ങളിൽ കാണുന്നുണ്ട്. അതുകൊണ്ടു ഇന്ദ്രിയങ്ങൾക്കു ചൈതന്യമുണ്ടെന്നും ആ ചൈതന്യം ആത്മലക്ഷണമാകയാൽ ഇന്ദ്രിയങ്ങൾ ആത്മാവാണെന്നും അവർ വാദിക്കുന്നു. ചൈതന്യമില്ലാത്തവക്കു തമ്മിൽ കലഹമുണ്ടാകയില്ലെല്ലൊ എന്നാണവർ പറയുന്ന ന്യായം.

65. ഹൈരണ്യഗർഭാഃ പ്രാണാത്മവാദിനസ്ത്വേവ മൂചിരേ
ചക്ഷുരാദ്യക്ഷലോപേപി പ്രാണസത്വേതു ജീവതി.

ഹൈരണ്യഗർഭാഃ=ഹൈരണ്യഗർഭന്മാരായ. പ്രാണാത്മവാദിനഃതു=പ്രാണാത്മാവാദികളാകട്ടെ. ഏവം ഊചിരെ=ഇപ്രകാരം പറയുന്നു. ചക്ഷുരാദ്യക്ഷലോപേ അപി=ചക്ഷുരാദികളായ ഇന്ദ്രിയങ്ങളില്ലാതെ ആകുമ്പോഴും. പ്രാണസത്വേതു=പ്രാണനുണ്ടെങ്കിലോ. ജീവതി=ജീവിക്കുന്നു.

സമഷ്ടിപ്രാണസ്വരൂപനായ ഹിരണ്യഗർഭനെ ഉപാസിക്കുന്നവരുടെ വേറൊരഭിപ്രായത്തെ കാണിക്കുന്നു:—ഹിരണ്യഗർഭബ്രഹ്മവാദികൾ പ്രാണനാത്മാവെന്നു കാണിപ്പാനിപ്രകാരം പറയുന്നു:—ശ്രോത്രാദികളായ ഇന്ദ്രിയങ്ങളില്ലാതെവരുമ്പോഴും പ്രാണനുള്ളതുകൊണ്ടു ജീവിക്കുന്നു.

66. പ്രാണോ ജാഗർത്തി സുപ്തേപി പ്രാണശ്രൈഷ്ഠ്യാദികം ശ്രുതം
കോശഃ പ്രാണമയഃ സമ്യഗ്വിസ്തരേണ പ്രപഞ്ചിതഃ.

സുപ്തേഅപി=ഉറങ്ങിക്കിടക്കുന്നവനിലും. പ്രാണഃ ജാഗർത്തി=പ്രാണൻ ഉറങ്ങാതിരിക്കുന്നു പ്രാണശ്രൈ

ഷ്ഠ്യാദികം ശ്രുതം=പ്രാണന്റെ ശ്രേഷ്ഠത മുതലായവ ശ്രുതിയിൽ കേൾക്കപ്പെടുന്നു. പ്രാണമയഃ കോശഃ= പ്രാണമയം എന്ന കോശം വിസ്തരേണ സമ്യക്പ്രപഞ്ചിതഃ=വിസ്തരിച്ച് വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

അവരും പറയുന്ന ശ്രുതിപ്രമാണത്തെ കാണിക്കുന്നു:—ഉറങ്ങുന്ന ഒരുവന്റെ ഇന്ദ്രിയങ്ങളെല്ലാം ലയിച്ചിരിക്കുമ്പോൾ പ്രാണൻ ഉറക്കത്തിൽ ലയിക്കാതെ ഉണർന്നിരിക്കുന്നു. അതുകൊണ്ടാണവനെ ജീവനുള്ളവനായിട്ട കാണുന്നത്. പ്രാണന്റെ ശ്രേഷ്ഠത ശരീരപ്രവേശം മുതലായതിനെ പ്രാണമയകോശവിവരണഘട്ടത്തിലുള്ള ശ്രുതിവാക്യങ്ങളിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതാണ് അവർ കാണിക്കുന്ന പ്രമാണം. എന്നാൽ അത് പ്രാണമയകോശമാണ്, ആത്മാവല്ല എന്ന് തുടച്ചയായിട്ടുള്ള ശ്രുതിവാക്യങ്ങളെ അവർ നോക്കുന്നില്ല "തൽപ്രാണേ പ്രപന്ന ഉദ്യതിഷ്ഠത് തദ്ക്ഥമഭവത്തദേതദ്ക്ഥം=പ്രാണൻ പ്രവേശിച്ചപ്പോൾ ശരീരം എഴുനീററു. അതിനാൽ പ്രാണൻ ശ്രേഷ്ഠം "അന്യോന്തര ആത്മാപ്രാണമയഃ" പ്രാണമയൻ അന്നമയത്തിന്റെ ഉള്ളിലുള്ള മററൊരാത്മാവ് എന്നിങ്ങിനെ കോശവിവരണഘട്ടത്തിൽ വാക്യങ്ങളുണ്ട്.

67. മനആത്മേതി മന്യന്തഉപാസനപരാ ജനാഃ
പ്രാണസ്യാ ഭോക്തൃതാ സ്പഷ്ടാ ഭോക്തൃത്വം മനസസ്തതഃ.

ഉപാസനപരാഃ ജനാഃ=ഉപാസനയിൽ തൽപരന്മാരായ ജനങ്ങൾ. മനഃ ആത്മാഇതി മന്യന്തേ=മനസ്സിനെ ആത്മാവെന്നു വിചാരിക്കുന്നു. പ്രാണസ്യ അഭോക്തൃതാ സ്പഷ്ടാ=പ്രാണൻ ഭോക്താവല്ലെന്നതു സ്പഷ്ടം. തതഃ മനസഃ ഭോക്തൃത്വം=അതുകൊണ്ടു മനസ്സിന്നു ഭോക്തൃഭാവം.

പ്രാണമയകോശത്തിന്റെയും ഉള്ളിലായിട്ടിരിക്കുന്ന മനോമയകോശത്തെ ആത്മാവാണെന്നു ധരിക്കുന്നവരുടെ മാർഗ്ഗത്തെ കാണിക്കുന്നു. ഉപാസനയിൽ താൽപര്യമുള്ള ജനങ്ങൾ മനസ്സാണാത്മാവെന്നു പറയുന്നു. അതിനവർ പറയുന്ന കാരണം:—സുഖദുഃഖങ്ങളെ അനുഭവിക്കുന്നതു പ്രാണനല്ലെന്ന് ഏവക്കും അറിവാൻ കഴിയും. അതുകൊണ്ടു സുഖദുഃഖാദികളെ അനുഭവിക്കുന്ന മനസ്സാണാത്മാവ് എന്നാകുന്നു അവരുടെ മതം.

68. മനഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ
ശ്രുതോ മനോമയഃ കോശസ്തേനാത്മേതീരിതം മനഃ.

മനുഷ്യാണാം=മനുഷ്യന്മാൎക്ക്. ബന്ധമോക്ഷയോഃ=ബന്ധത്തിന്നും മോക്ഷത്തിന്നും. മനഃ ഏവകാരണം= മനസ്സുതന്നെ കാരണം. മനോമയഃ കോശഃ=മനോമയമെന്ന കോശം. ശ്രുതഃ=ശ്രുതിയിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. തേനമനഃ ആത്മാ=അതുകൊണ്ടു മനസ്സാണാത്മാവ്. ഇതി ഈരിതം=എന്നു പറയപ്പെടുന്നു.

മനസ്സാണാത്മാവെന്നു വാദിക്കുന്നവരുടെ യുക്തിയെ സഹായിക്കുന്ന ശ്രുതിയെ കാണിക്കുന്നു:— മനുഷ്യന്മാൎക്കെല്ലാം സുഖദുഃഖരൂപമായ ബന്ധത്തിന്നും അതിൽനിന്നു വിട്ടിരിക്കുന്നതായ മോക്ഷത്തിന്നും കാരണം മനസ്സുതന്നെ. "തസ്മാദ്വാ ഏതസ്മാൽ പ്രാണമയാത് അന്യോന്തര ആത്മാമനോമയഃ" ആ പ്രാണനിൽനിന്നും ഉള്ളിലിരിക്കുന്ന ആത്മാവ് മനോമയൻ എന്നൎത്ഥമായ ശ്രുതിയെ പ്രമാണമായി കാണിച്ചുംകൊണ്ടു മനസ്സാണാത്മാവെന്നവർ നിശ്ചയിക്കുന്നു.

69. വിജ്ഞാനമാത്മേതിപരആഹുഃ ക്ഷണികവാദിനഃ
യതോ വിജ്ഞാനമൂലത്വം മനസോ ഗമ്യതേസ്ഫുടം.

പരേക്ഷണികവാദിനഃ=ഇതരന്മാരായ ക്ഷണികവാദികൾ. വിജ്ഞാനം ആത്മാ=വിജ്ഞാനമാണാത്മാവ്. ഇതിആഹുഃ=എന്നുപറയുന്നു. യതഃമനസഃ വിജ്ഞാനമൂലത്വം=എന്തുകൊണ്ടെന്നാൽ വിജ്ഞാനമാണ് മനസ്സിന്റെ കാരണം. സ്ഫുടം ഗമ്യതേ=എന്നു സ്പഷ്ടമായറിയപ്പെടുന്നു.

ക്ഷണികവാദികളുടെ മതം പറയുന്നു:—വേറെ ചില ക്ഷണികവാദികൾ പലവിധത്തിലുണ്ടാകുന്ന അറിവാണാത്മാവെന്നു പറയുന്നു. അതിനവർ പറയുന്ന കാരണം മനസ്സിൽനിന്നും ഉള്ളിൽ വിജ്ഞാനമുള്ളതുകൊണ്ടാണ് മനസ്സിന്നു സുഖദുഃഖാനുഭവരൂപമായ അറിവുണ്ടാകുന്നതെന്നത് സ്പഷ്ടമാണെന്നാകുന്നു.

70. അഹംവൃത്തി രിദംവൃത്തി രിത്യന്തഃകരണം ദ്വിധാ
വിജ്ഞാനം സ്യാദഹംവൃത്തി രിദംവൃത്തിൎമ്മനോഭവേത്.

അഹംവൃത്തിഃ=അഹം (ഞാൻ) എന്ന വൃത്തിയോടും ഇദംവൃത്തിഃ=ഇദം (ഇത്) എന്ന വൃത്തിയോടും കൂടിയതുകൊണ്ട്. അന്തഃകരണം ദ്വിധാ=അന്തഃകരണം രണ്ടുവിധത്തിൽ. അഹംവൃത്തിഃ=ഞാൻ എന്ന വൃ

ത്തിയോടുകൂടിയത്. വിജ്ഞാനം സ്യാത്=വിജ്ഞാനമാകുന്നു. ഇദംവൃത്തിഃ=ഇത് എന്ന വൃത്തിയോടുകൂടിയത്. മനഃഭവേത്=മനസ്സുമാകുന്നു.

വിജ്ഞാനമെന്ന ശബ്ദത്താൽ കാണിക്കപ്പെടുന്ന അന്തഃകരണം ഏകമായതുകൊണ്ട് മനസ്സ് കാൎയ്യമെന്നും വിജ്ഞാനം കാരണമെന്നും വിഭജിച്ചതെങ്ങിനെ എന്ന ചോദ്യത്തിന്നവർ പറയുന്ന സമാധാനം:—ഏകമാണെങ്കിലും അന്തഃകരണം വൃത്തിഭേദംനിമിത്തം രണ്ടുവിധം. അതിലൊന്നു ഞാനെന്ന വിചാരത്തോടുകൂടെ ചെയ്യുന്ന വ്യാപാരത്തോടുകൂടിയത്. മറ്റൊന്ന് ഇത് എന്ന വിചാരത്തോടുകൂടെ ചെയ്യുന്ന വ്യാപാരത്തോടുകൂടിയതുമാകുന്നു. ഇതിൽ അഹംവൃത്തി വിജ്ഞാനം. ഇദംവൃത്തി മനസ്സ് എന്നു കണ്ടുകൊള്ളേണം.

71. അഹം പ്രത്യയബീജത്വ മിദംവൃത്തേ രിതിസ്ഫുടം
അവിദിത്വാ സ്വമാത്മാനം ബാഹ്യം വേത്തി നതു ക്വചിത്.

ഇദംവൃത്തേഃ=ഇത് എന്ന വൃത്തിക്ക്. അഹം പ്രത്യയബീജത്വം=ഞാനെന്ന ബോധം കാരണമെന്നത്. സ്ഫുടം=സ്പഷ്ടമാകുന്നു. സ്വം ആത്മാനം അവിദിത്വാ=സ്വരൂപമായ ആത്മാവിനെയറിയാതെ. ബാഹ്യം ക്വചിത് നതു വേത്തി=ബാഹ്യത്തെ ഒരിക്കലും അറിയുന്നില്ല.

അതുരണ്ടിന്നും കാരണകാൎയ്യഭാവം എങ്ങിനെയുണ്ടായെന്നു കാണിക്കുന്നു:—ഞാനെന്ന ബോധം ഉണ്ടായശേഷമേ ഇതെന്ന ബോധം ഉണ്ടാകയുള്ളുവെന്നത് സ്പഷ്ടമാകുന്നു. ഞാനെന്നത് തന്നെക്കുറിച്ചുള്ള അറിവ്, ഇത് എന്നത് പുറത്തുള്ള വസ്തുക്കളെക്കുറിച്ചുള്ള അറിവ്. ഞാനെന്ന ബോധമില്ലാതെ അന്യമെന്ന ബോധമുണ്ടാകയില്ല. അതിനാൽ അഹംവൃത്തിയായ വിജ്ഞാനം കാരണം; ഇദംവൃത്തിയായ മനസ്സ് കാൎയ്യം.

72. ക്ഷണേ ക്ഷണേ ജന്മനാശാവഹംവൃത്തേൎമ്മിതൌയതഃ
വിജ്ഞാനം ക്ഷണികം തേന സ്വപ്രകാശം സ്വതോമിതേഃ

അഹംവൃത്തേഃ മിതൌ=അഹംവൃത്തിക്ക് ജ്ഞാനത്തിൽ. ക്ഷണേക്ഷണേ=ക്ഷണംതോറും. ജന്മനാശൌ യതഃ=ജന്മനാശങ്ങൾ കാണപ്പെടുന്നതുകൊണ്ട്. വിജ്ഞാനം ക്ഷണികം=വിജ്ഞാനം ക്ഷണികമാകുന്നു. തേനമിതേഃ സ്വതഃ സ്വപ്രകാശം=അതുകൊണ്ട് അറിവിന്നു സ്വതേതന്നെ പ്രകാശമുണ്ട്.

വിജ്ഞാനം ക്ഷണികമാണെന്നും അതുതന്നെയാണാത്മാവെന്നും പറയുവാനുള്ള കാരണം കാണിക്കുന്നു:—ഒരു പദാൎത്ഥത്തിന്റെ സ്വരൂപം ഗുണം എന്നിവ അറിഞ്ഞ ഉടനെ ആ അറിവ് നശിക്കുന്നു. ഉടനെ മറ്റൊരു പദാൎത്ഥത്തിന്റെ അറിവുണ്ടാകുന്നു. ഇങ്ങിനെ ക്ഷണംതോറും ഉണ്ടാകയും നശിക്കയും ചെയ്യുന്നതുകൊണ്ട് വിജ്ഞാനം ക്ഷണികമാകുന്നു. ഉണ്ടായി നശിച്ചുവെന്നറിയുന്നത് ആ അറിവുതന്നെയാകയാൽ അതു സ്വയമേവ പ്രകാശിക്കുന്ന ആത്മാവുമാകുന്നു.

73. വിജ്ഞാനമയകോശോയം ജീവഇത്യാഗമാ ജഗുഃ
സൎവ്വസംസാരഏതസ്യ ജന്മനാശസുഖാദികഃ

അയം വിജ്ഞാനമയകോശഃ=ഈ വിജ്ഞാനമയകോശം. ജീവഃഇതി=ജീവനാണെന്ന്. ആഗമാഃ ജഗുഃ=വേദവാക്യങ്ങൾ പറയുന്നു. ജന്മനാശസുഖാദികഃ=ജനനം, മരണം, സുഖം, ദുഃഖം എന്നിവയോടുകൂടിയ. സൎവ്വസംസാരഃ=സൎവ്വമായ സംസാരം. ഏതസ്യ=ഇതിന്നാണ്.

വിജ്ഞാനം ആത്മാവെന്നു കാണിപ്പാൻ വേദം പ്രമാണമായിട്ടുണ്ടെന്നും അവർ പറയുന്നു:—ഇവർ പറയുന്ന വിജ്ഞാനത്തെ വിജ്ഞാനമയകോശമായിട്ടു വേദവാക്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ഈ കോശമാണ് ജീവൻ. ഈ ജീവന്നാണ് ജനനം, മരണം, സുഖം, ദുഃഖം എന്ന രൂപത്തിലിരിക്കുന്ന സൎവ്വമായ സംസാരധൎമ്മങ്ങളും എന്നാണ് വേദവാക്യങ്ങളുടെ അൎത്ഥം. "തസ്മാദ്വാ ഏതസ്മാന്മനോമയാദന്യോന്തരാത്മാ വിജ്ഞാനമയഃ വിജ്ഞാനം യജ്ഞം തനുതേ" ആ ഈ മനോമയകോശത്തിൽനിന്നും ഉള്ളിൽ വിജ്ഞാനമയകോശമിരിക്കുന്നു. ഈ വിജ്ഞാനമയകോശം യജ്ഞാദികൎമ്മങ്ങളെ ചെയ്യുന്നു എന്നാൎത്ഥമാണ് മേൽകാണിച്ച ശ്രുതിവാക്യത്തിന്ന്.

74. വിജ്ഞാനം ക്ഷണികം നാത്മാ വിദ്യുദഭ്രനിമേഷവത്
അന്യസ്യാനുപലബ്ധത്വാച്ഛൂന്യം മാദ്ധ്യമികാ ജഗുഃ.

വിദ്യുദഭ്രനിമേഷവത്=മിന്നൽമേഘം നിമേഷം എന്നപോലെ. ക്ഷണികം വിജ്ഞാനം=ക്ഷണികമായ

വിജ്ഞാനം. ന ആത്മാ=ആത്മാവല്ല. അന്യസ്യ അനുപലബ്ധിതഃാൽ=അന്യത്തിന്റെ ഉപലബ്ധിയില്ലാത്തതുകൊണ്ടു. മാദ്ധ്യമികാഃ ശൂന്യം ജഗുഃ=മാദ്ധ്യമികന്മാർ ശൂന്യമെന്നു പറയുന്നു.

ബൌദ്ധന്മാരുടെ ഉൾപ്പിരിവിൽപെട്ട ശൂന്യവാദികളുടെ മതം കാണിക്കുന്നു:—മിന്നൽ; മേഘം, നിമേഷം എന്നപോലെ ചലിക്കുന്നതും ക്ഷണികവുമായ വിജ്ഞാനം ആത്മാവല്ല. അന്യമായിട്ടു മറ്റൊന്നും അനുഭവപ്പെടാത്തതുകൊണ്ട് ആത്മാവ് എന്ന ഒന്നില്ല എന്നാണ് മാദ്ധ്യമികന്മാർ പറയുന്നത്.

ശൂന്യവാദികൾക്ക് മാദ്ധ്യമികന്മർ എന്ന പേർ കല്പിക്കപ്പെട്ടിരിക്കുന്നു.

75. അസദേവേദമിത്യാദാവിദമേവ ശ്രുതം തതഃ
ജ്ഞാനജ്ഞേയാത്മകം സൎവ്വം ജഗൽഭ്രാന്തിപ്രകല്പിതം.

ആദൌ ഇദം അസത് ഏവ=സൃഷ്ടിക്കുമുമ്പേ ഇതു അസത്തുതന്നെ. ഇതിഇദം ഏവശ്രുതം=എന്നു ഇതുതന്നെ (ശൂന്യമെന്നുതന്നെ) ശ്രുതിയിൽ കേൾക്കപ്പെടുന്നു. തതഃ=അതുകൊണ്ടു. ജ്ഞാനജ്ഞേയാത്മകം=ജ്ഞാനം ജ്ഞേയം എന്ന രൂപത്തിലിരിക്കുന്ന. സൎവ്വം ജഗത് ഭ്രാന്തിപ്രകല്പിതം=സൎവ്വമായ ലോകം ഭ്രാന്തിയാൽ കല്പിക്കപ്പെട്ടതാകുന്നു.

ശൂന്യവാദികളും ശ്രുതിയെ പ്രമാണമാക്കുന്നതിനെ കാണിക്കുന്നു:—"അസദേവേദമാദൌ" സൃഷ്ടിക്കുമുമ്പ് ഇതു ശൂന്യമായിരുന്നുവെന്നിത്യാദി ശ്രുതിയിലും ശൂന്യമാണെന്നു പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഇക്കാണപ്പെടുന്ന സൎവ്വത്തിന്റെയും ഗതിയെന്താണെന്നു ചോദിക്കുന്നുവെങ്കിൽ അറിവ് അറിയപ്പെടുന്നത് എന്ന രൂപത്തിൽ കാണപ്പെടുന്ന സൎവ്വജഗത്തും ഭ്രാന്തിയാൽ ശൂന്യത്തിൽ കല്പിക്കപ്പെട്ടതുതന്നെ. സത്യമല്ല. അതിനാൽ ശൂന്യം എന്നാണവർ പറയുന്ന സമാധാനം.

76. നിരധിഷ്ഠാനവിഭ്രാന്തേ രഭാവാ ദാത്മനോസ്തിതാ
ശൂന്യസ്യാപി സസാക്ഷിത്വാ ദന്യഥാ നോക്തിരസ്യതേ.

നിരധിഷ്ഠാനവിഭ്രാന്തേഃ=അധിഷ്ഠാനരഹിതമായ ഭ്രാന്തിയുടെ. അഭാവാത്=അഭാവം നിമിത്തം. ആത്മനഃ അസ്തിതാ=ആത്മാവിന്റെ സൽഭാവം സിദ്ധിക്കുന്നു. ശൂന്യസ്യഅപി=ശൂന്യത്തിനും. സസാക്ഷിത്വാൽ=സാക്ഷിസഹിതത്വം നിമിത്തവും. അന്യഥാ അസ്യഉക്തിഃ=അങ്ങിനെയല്ലെങ്കിൽ ശൂന്യമാണെന്ന വചനം. തേ ന=അങ്ങയ്ക്കുണ്ടാകയില്ല.

മേൽകാണിച്ച ശൂന്യവാദത്തെ ഖണ്ഡിക്കുന്നു:—എവിടെ ഭ്രാന്തിയുണ്ടാകുന്നുവോ അവിടെ ഭ്രാന്തിക്കൊരധിഷ്ഠാനം വേണം. അധിഷ്ഠാനത്തെ ശരിയായി ധരിക്കാതെ മറ്റൊന്നായിട്ടു ധരിക്കുന്നതിനെയാണല്ലൊ ഭ്രാന്തിയെന്നുപറയുന്നതു്. കയറിനെ പാമ്പാണെന്നോ ശുക്തിയെ വെള്ളിയെന്നോ മരക്കുററിയെ പുരുഷനെന്നോ മറ്റൊ തെററായി ധരിക്കുന്നതല്ലയോ ഭ്രാന്തി. അങ്ങിനെയൊരധിഷ്ഠാനം തന്നെയില്ലെന്നുവന്നാൽ ഏതിനെക്കുറിച്ചാണ് ഭ്രാന്തിയുണ്ടാകുന്നത്. അതുകൊണ്ടു സൎവ്വാധിഷ്ഠാനമായ ആത്മാവുണ്ടെന്നു സിദ്ധിക്കുന്നു. ആ ആത്മാവിനെ അധിഷ്ഠാനമായിട്ടറിയാതെ ആകാശാദിഭൂതമയമായ ലോകമായിട്ടു കാണുന്നതുകൊണ്ട് ലോകം ഭ്രാന്തികല്പിതം എന്നു പറയുന്നതു യുക്തമായിരിക്കും. ശൂന്യമാണെന്നു പറയുന്നതിൽ വേറൊരു ദോഷം:—ശൂന്യത്തെ കാണാതെ എങ്ങിനെ ശൂന്യവാദമുണ്ടാകും? അപ്പോൾ ശൂന്യത്തെ കാണുന്നതായ സാക്ഷിയായ ആത്മാവുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. അതുകൊണ്ടു് ഹേ ശൂന്യവാദിൻ! അങ്ങയുടെ ശൂന്യം ആർ കണ്ടുവോ ആ സാക്ഷിയാണാത്മാവ് എന്നു സമ്മതിക്കാത്തപക്ഷം ശൂന്യാതീതമായ ആ സാക്ഷി ആരാണെന്നു പറയേണ്ടതായ ഭാരം അങ്ങേക്കുണ്ടു്.

77. അന്യോ വിജ്ഞാനമയത ആനന്ദമയ ആന്തരഃ
അസ്തീത്യേവോപലഭ്യോ വ്യ ഇതി വൈദികദൎശനം.

അന്യഃആനന്ദമയഃ=അന്യമായ ആനന്ദമയം. വിജ്ഞാനമയതഃ=വിജ്ഞാനമയകോശത്തിൽ നിന്നും. ആന്തരഃ=ഉള്ളിലായിരിക്കുന്നു. അസ്തിഇതിഏവഃ=ഉണ്ടെന്നിപ്രകാരം. ഉപലബ്ധവ്യഃ=അറിയപ്പെടുവാൻ യോഗ്യം. ഇതിവൈദികദൎശനം=എന്നാണ് വൈദികസിദ്ധാന്തം.

വിജ്ഞാനമയകോശത്തിന്റെയും അന്തൎഭാഗത്തിൽ ആനന്ദമയനായ ആത്മാവുണ്ടെന്നറിയപ്പെടുവാൻ യോഗ്യമാണെന്നതു വൈദികസിദ്ധാന്തമാകുന്നു.

78. അണുൎമ്മഹാൻ മധ്യമോ വേത്യേവം തത്രാപി വാദിനഃ
ബഹുധാവിവദന്തേഹി ശ്രുതിയുക്തിസമാശ്രയാത്.

തത്രഅപിവാദിനഃ=അതിലും വാദികൾ. അണുഃമഹാൻമധ്യമഃവാ=അണുവോ മഹത്തോ മധ്യമമോ. ഇതി

ഏവം=എന്നിപ്രകാരം. ശ്രുതിയുക്തിസമാശ്രയാത്=ശ്രുതിയുക്തികളെ ആശ്രയിച്ചിട്ട്. ബഹുധാവിവദന്തേഹി=ബഹുവിധം വാദിക്കുന്നതു പ്രസിദ്ധം.

ആത്മാവുണ്ടെന്നു സമ്മതിക്കുന്നവരിൽതന്നെ അതിന്റെ ആകൃതിയെപ്പററി വാദിക്കുന്നവരെ കാണിക്കുന്നു. ആത്മാവ് അണുപരിമാണമോ മഹൽപരിമാണമോ മധ്യമപരിമാണമോ എന്നിങ്ങിനെ ബഹുവിധത്തിൽ വാദിക്കുന്നവരുണ്ട്. എല്ലാവരും ശ്രുതിപ്രമാണവും യുക്തിയും സഹായമായിട്ടുമുണ്ടെന്നവർ കാണിക്കുന്നു.

79. അണുംവദന്ത്യാന്തരാലാഃസൂക്ഷ്മനാഡീ പ്രചാരതഃ
രോമ്ണഃ സഹസ്രഭാഗേന തുല്യാസുപ്രചരത്യയം.

സൂക്ഷ്മനാഡീപ്രചാരതഃ=സൂക്ഷ്മനാഡികളിൽ പ്രചരിക്കുന്നതുകൊണ്ട്. ആന്തരാളാഃ അണുംവദന്തി=ആന്തരാളന്മാർ അണുവെന്നു പറയുന്നു. രോമ്ണഃസഹസ്രഭാഗേനതുല്യാസു=രോമത്തിന്റെ ആയിരത്തിൽ ഒരംശത്തോടു തുല്യകളിൽ. അയംപ്രചരതി=ഇത് പ്രചരിക്കുന്നു.

ഈ ആത്മാവ് ഒരു രോമത്തെക്കാൾ എത്രയോ അല്പം ചെറുതായ നാഡികളിൽക്കൂടെ സഞ്ചരിക്കുന്നതുകൊണ്ട് അണുപ്രായമാണെന്നു ആന്തരാളന്മാർ എന്ന പ്രസിദ്ധന്മാരായ പരിണാമവാദികൾ കാരണസഹിതം പറയുന്നു.

80. അണോരണീയാനേഷോണുഃ സൂക്ഷ്മാൽസൂക്ഷ്മതരം ത്വിതി
അണുത്വമാഹുഃ ശ്രുതയഃ ശതശോഥസഹസ്രശഃ.

ഏഷഃഅണുഃ=ഈ ആത്മാവ് അണു. അണോഃഅണീയാൻ=അണുവിൽനിന്നും അധികം അണു സൂക്ഷ്മാൽസൂക്ഷ്മതരം സൂക്ഷ്മത്തിൽനിന്നും അതിസൂക്ഷ്മം. ഇതിഉശതശഃഅഥസഹസ്രശഃ അണുത്വം ആഹുഃ=എന്നിപ്രകാരം അനേകം ശ്രുതികൾ അണുവെന്നു പറയുന്നു.

അണുപ്രായമാണാത്മാവെന്നു വാദിക്കുന്നവർ കാണിക്കുന്ന ശ്രുതിപ്രമാണം:—“അണോരണീയാൻ മഹതോമഹീയാൻ ഏഷോണുരാത്മാ ചേതസാവേദിതവ്യഃ സൂക്ഷ്മാൽസൂക്ഷ്മതരം നിത്യം” എന്നിങ്ങിനെ എത്രയോ അധികം ശ്രുതിവാക്യങ്ങൾ ഈ ആത്മാവ് അണുവിലും അണു മഹത്തിൽ വെച്ചും മഹത്ത് സൂക്ഷ്മത്തിൽ വെച്ചും അതിസൂക്ഷ്മം എന്ന് മനസ്സുകൊണ്ടറിയപ്പെടുവാൻ തക്കതാണെന്നു ശ്രുതിപ്രമാണത്തെ കാണിക്കുന്നു.

81. വാലാഗ്രശതഭാഗസ്യ ശതധാ കല്പിതസ്യച
ഭാഗോ ജീവഃ സവിജ്ഞേയ ഇതിചാഹാപരാശ്രുതിഃ.

വാലാഗ്രശതഭാഗസ്യ=രോമാഗ്രത്തിന്റെ നൂറിലൊരുഭാഗത്തിന്റെ. ശതധാകല്പിതസ്യ=നൂറാക്കി കല്പിച്ചതിന്റെ. ഭാഗഃജീവഃ=ഭാഗമാണ് ജീവൻ എന്ന്. സഃവിജ്ഞേയഃ=ആ ജീവൻ അറിയപ്പെടേണ്ടവൻ. ഇതിചഅപരാശ്രുതിഃആഹ=എന്നും മററൊരുശ്രുതി പറയുന്നു.

ഒരു രോമത്തിന്റെ അഗ്രത്തെ നൂറാക്കി മുറിച്ചാൽ എത്ര ചെറുതായിരിക്കുമോ അത്ര ചെറുതാണ് ജീവനെന്നു ധരിക്കേണം എന്ന് മററൊരു ശ്രുതി പറയുന്നു.

82. ദിഗംബരാ മദ്ധ്യമത്വ മാഹു രാപാദമസ്തകം
ചൈതന്യവ്യാപ്തിസംദൃഷ്ടേ രാനഖാഗ്രശ്രുതേരപി.

ആനഖാഗ്രശ്രുതേഃ അപി=നഖാഗ്രംവരെ വ്യാപിക്കുംവെന്ന് ശ്രുതിയുള്ളതുകൊണ്ടും ചൈതന്യവ്യാപ്തിസംദൃഷ്ടേഃഅപി=ചൈതന്യത്തിന്റെവ്യാപ്തി കാണുന്നതുകൊണ്ടും. ദിഗംബരാഃ=ദിഗംബരന്മാർ. മദ്ധ്യമത്വം ആഹുഃ=മദ്ധ്യമപരിമാണം ജീവനെന്നു പറയുന്നു.

ആത്മാവ് മദ്ധ്യമപരിമാണമുള്ളതാണെന്നു വാദിക്കുന്നവരുടെ അഭിപ്രായം കാണിക്കുന്നു:—ദിഗംബരന്മാർ—നഗ്നന്മാരായി നടക്കുന്ന ഒരു സംഘക്കാർ—ആത്മാവിന്റെ അണുപരിമാണത്തെ സമ്മതിക്കുന്നില്ല. മദ്ധ്യമപരിമാണം ഉള്ളതാണ് ആത്മാവെന്നവർ പറയുന്നു. അതിന്നവരുടെ കാരണം. “സ ഏഷ ഇഹപ്രവിഷ്ട ആനഖേഭ്യഃ” ഈ ആത്മാവ് ദേഹത്തിൽ ശിരസ്സുമുതൽ നഖംവരെ വ്യാപിച്ചിരിക്കുന്നുവെന്നർത്ഥമുള്ള ശ്രുതിയും നഖാഗ്രംവരെ വ്യാപിച്ചിരിക്കുന്നുവെന്നുള്ള അനുഭവവും ഉള്ളതുകൊണ്ടു ആത്മാവിന്നു മദ്ധ്യമപരിമാണം ഉണ്ട്. അണുപരിമാണമാണെങ്കിൽ ഇത്രയും അധികസ്ഥലത്തിൽവ്യാപ്തിക്കവകാശമില്ല എന്നാണവരുടെ മതം.

83. സൂക്ഷ്മനാഡീ പ്രചാരസ്തു സൂക്ഷ്മൈരവയവൈർഭവേത്
സ്ഥൂലദേഹസ്യ ഹസ്താഭ്യാം കഞ്ചുകപ്രതിമോകവത്.

സൂക്ഷ്മനാഡീപ്രചാരഃതു=സൂക്ഷ്മനാഡികളിൽ പ്രവേശമാകട്ടെ. സൂക്ഷ്മൈഃഅവയവൈഃഭവേത്=സൂക്ഷ്മങ്ങളായ അവയവങ്ങളിൽകൂടെ ഭവിക്കും. ഹസ്താഭ്യാം=കൈകളിൽകൂടെ. സ്ഥൂലദേഹസ്യ=സ്ഥൂലദേഹത്തിലേക്ക്. കഞ്ചുകപ്രതിമോകവത്=കുപ്പായ പ്രവേശംപോലെ.

മദ്ധ്യമപരിമാണം നിശ്ചയിക്കുമ്പോൾ സൂക്ഷ്മനാഡികളിൽ ആത്മവ്യാപ്തിയുണ്ടെന്നു പറയുന്ന ശ്രുതികൾക്ക വിരോധമുണ്ടാകുമെന്നുള്ള ശങ്കക്ക സമാധാനം:—അതിസൂക്ഷ്മങ്ങളായ ആത്മാവയവങ്ങളിൽകൂടെ സൂക്ഷ്മനാഡികളിലും പ്രവേശമുണ്ടാകുന്നതിന്നു വിരോധമില്ല. കൈകളിൽകൂടെ കുപ്പായം കടത്തുമ്പോൾ ദേഹം മുഴുവനും കുപ്പായത്തിന്റെ വ്യാപ്തിയുണ്ടാകുന്നതുപോലെ ആത്മാവിന്റെ സർവ്വത്ര വ്യാപ്തിക്ക ഹാനിയില്ല.

84. ന്യൂനാധികശരീരേഷു പ്രവേശോപി ഗമാഗമൈഃ
ആത്മാംശാനാം ഭവേത്തേന മദ്ധ്യമത്വം വിനിശ്ചിതം.

ന്യൂനാധികശരീരേഷു=ചെറുതും വലുതുമായ ശരീരങ്ങളിൽ. ആത്മാംശാനാം=ആത്മാംശങ്ങളുടെ. ഗമാഗമൈഃ=പോക്കുവരവുകളാൽ പ്രവേശഃഅപി=പ്രവേശവും ഉണ്ടാകും. തേനമദ്ധ്യമത്വം വിനിശ്ചിതം=അതുകൊണ്ടു മദ്ധ്യമപരിമാണം നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ആത്മാവിന്നു നിശ്ചിതമായ ഒരു മദ്ധ്യമപരിമാണം കല്പിക്കപ്പെട്ടാൽ കർമ്മവശാൽ ചെറിയതും വലിയതുമായ ശരീരങ്ങളിൽ എല്ലാം വ്യാപ്തിയെങ്ങിനെ സിദ്ധിക്കും എന്ന ശങ്കക്ക സമാധാനം:—ചെറുതും വലുതുമായ ശരീരങ്ങളിൽ ആത്മാംശങ്ങളുടെ പോക്കും വരവും ഉള്ളതുകൊണ്ട് പ്രവേശവും സിദ്ധംതന്നെ. അതിനാൽ ദേഹങ്ങളുടെ വലിപ്പം ചെറുപ്പം എന്നിവക്കു ചേരുന്ന മട്ടിലുള്ള മദ്ധ്യമപരിമാണം നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

85. സാംശസ്യ ഘടവന്നാശോ ഭവത്യേവ തഥാസതി
കൃതനാശാകൃതാഭ്യാഗമയോഃ കോവാരകോ ഭവേത്.

സാംശസ്യ=അംശത്തോടുകൂടിയതിന്നു ഘടവത് നാശഃഭവതിഏവ=ഘടത്തിന്നെന്നപോലെ നാശം നിശ്ചയമായുണ്ടാകും. തഥാസതി=അങ്ങിനെയായാൽ. കൃതനാശാകൃതാഭ്യാഗമയോഃ=കൃതനാശം, അകൃതാഭ്യാഗമം എന്ന ദോഷങ്ങൾക്ക് കഃ വാരകഃ ഭവേത്=എന്തുനിവാരണം.

ശരീരങ്ങളുടെ ചെറുപ്പവും വലിപ്പവും അനുസരിച്ച് ആത്മാംശങ്ങൾ അവയിൽപ്രവേശിക്കുമെന്ന അഭിപ്രായത്തെ മറുമതക്കാർ ദൂഷിക്കുന്നു:—ആത്മാവിന്ന് അംശങ്ങളുണ്ടെന്നു വന്നാൽ അംശങ്ങളുള്ള ഘടത്തിന്നെന്നപോലെ ആത്മാവിന്നും നാശമുണ്ടെന്നു വരുമെല്ലൊ. വരട്ടെ. വന്നാലെന്തു വിരോധം എന്നു സമാധാനിക്കാൻ തരമില്ല. അങ്ങിനെ വന്നാൽ രണ്ടുദോഷങ്ങളുണ്ട്. അതിൽ ഒന്നു കൃതനാശം. മറ്റൊന്ന് അകൃതാഭ്യാഗമം എന്നതാണ്. ഒരു ദേഹത്തോടുകൂടെ ആത്മാവും നശിച്ചാൽ ആ ദേഹത്തോടുകൂടെ ചെയ്തിട്ടുള്ള പുണ്യപാപകർമ്മങ്ങളുടെ ഫലം അനുഭവിപ്പാനവകാശപ്പെട്ട ആത്മാവില്ലാത്തതുകൊണ്ടു ആ കർമ്മങ്ങളെല്ലാം ഫലം കൊടുക്കാതെ നശിക്കുന്നതെങ്ങിനെ? ഇപ്പോൾ ലോകത്തിൽ കാണപ്പെടുന്ന സുഖദുഃഖഭേദങ്ങൾ ഏതിന്റെ ഫലമായിട്ടുണ്ടായിയെന്ന ചോദ്യത്തിന്നു സമാധാനവും പറവാൻ വഴിയില്ല. ആത്മാവു നശിക്കുമെന്നുവന്നാൽ ഈ രണ്ടു ദോഷങ്ങൾക്ക പരിഹാരമില്ലെന്നുവരും. പ്രാചീനനൈയ്യായികന്മാരുടെ വാദമാണിത്.

86. തസ്മാദാത്മാമഹാനേവനൈവാണുർന്നാപിമദ്ധ്യമഃ
ആകാശവൽസർവ്വഗതോനിരംശഃ ശ്രുതിസമ്മതഃ.

തസ്മാത് ആത്മാമഹാൻ ഏവ=അതുകൊണ്ട് ആത്മാവ് മഹാൻതന്നെ. അണുഃനഏവ അപിമദ്ധ്യമഃനഅപി=അണുവുമല്ല, മദ്ധ്യമവുമല്ല ആകാശവത് സർവ്വഗതഃ=ആകാശംപോലെ സർവത്തിലുമുള്ളത്. നിരംശഃശ്രുതിസമ്മതഃ=അംശരഹിതം എന്നാണ് വേദസമ്മതം.

അതുകൊണ്ട് ആത്മാവ് അണുപ്രമാണമോ മദ്ധ്യമപ്രമാണമോ അല്ല. അവശേഷിച്ചതായ മഹാപ്രമാണമാകുന്നു. ശബ്ദഗുണമുള്ള ആകാശംപോലെ ചൈതന്യാശ്രയമായ ആത്മാവ് എങ്ങും നിറഞ്ഞും അംശമില്ലാതെയുമിരിക്കുന്നതാണെന്നു ശ്രുതി സമ്മതിക്കുന്നു. "ആകാശവൽ സർവ്വഗതശ്ചനിത്യഃ" "നിഷ്കളം നിഷ്ക്രിയം" എന്ന ശ്രുതികൾ പ്രമാണം.

87. ഇത്യുക്ത്വാ തദ്വിശേഷേതു ബഹുധാ കലഹം യയുഃ.
അചിദ്രൂപോഽഥചിദ്രൂപശ്ചിദചിദ്രൂപ ഇത്യപി.

ഇതിഉക്ത്വാ തദ്വിശേഷേതു=ഇപ്രകാരം പറഞ്ഞിട്ട് അതിന്റെ വിശേഷത്തിലാകട്ടെ, ബഹുധാ കലഹം യയുഃ=ബഹുപ്രകാരത്തിൽ കലഹിക്കുന്നു. അഥഅചിദ്രൂപഃ=പിന്നെ അചിദ്രൂപമാണ്. ചിദ്രൂപഃ=ചിദ്രൂപമാണ്. ചിദചിദ്രൂപഃഇതിഅപി=ചിദചിദ്രൂപമാണ് എന്നും.

ആത്മാവ് മഹത്തും വിഭുവുമാണെന്നു സാധിച്ചതിൽപിന്നെ ചിദ്രൂപമാണെന്ന വിശേഷത്തെ ഉറപ്പിക്കുവാൻ ഭാവിക്കുന്ന ഗുരുദേവൻ വിശേഷത്തെക്കുറിച്ചുള്ള വാദമുഖങ്ങളെ കാണിക്കുന്നു:—ആത്മാവ് മഹത്തും വിഭുവുമാണെന്നു വാദപ്രതിവാദം ചെയ്തുറപ്പിച്ചുവെങ്കിലും കലഹം തീർന്നിട്ടില്ല. ആത്മാവിന്റെ വിശേഷത്തെക്കുറിച്ചും ബഹുവിധത്തിൽ കലഹമുണ്ട്:—ഒരു കക്ഷി ആത്മാവ് അചിദ്രൂപം:—ജഡമാണെന്നും പിന്നൊരുകക്ഷി ചിദ്രൂപമാണെന്നും—ചേതനമെന്നും— മറ്റൊരുകക്ഷി ചിജ്ജഡരൂപമാണെന്നും പറഞ്ഞു കലഹമാരംഭിക്കുന്നു.

88. പ്രാഭാകരാസ്താർക്കികാശ്ച പ്രാഹുരസ്യാചിദാത്മതാം
ആകാശവദ്ദ്രവ്യമാത്മാ ശബ്ദവത്തൽഗുണശ്ചിതിഃ.

പ്രാഭാകരാഃതാർക്കികാഃച=പ്രാഭാകരന്മാരും താർക്കികന്മാരും. അസ്യഅചിദാത്മതാംപ്രാഹുഃ=ആത്മാവിന്റെ സ്വരൂപം അചിത്താണെന്നു പറയുന്നു. ആത്മാആകാശവത്ദ്രവ്യം=ആത്മാവ് ആകാശംപോലെ ദ്രവ്യമാണ്. ചിതിഃശബ്ദവത്തൽ ഗുണഃ=ജ്ഞാനം, ശബ്ദംപോലെ ആത്മഗുണം.

ആത്മാവ് അചിദ്രൂപമാണെന്നു പറയുന്നവരേയും അവരുടെ മതത്തേയും കാണിക്കുന്നു:—പ്രഭാകരഭട്ടമതത്തെ അനുസരിക്കുന്നവരായ പ്രാഭാകരന്മാരും താർക്കികന്മാരും ആത്മാവ് അചിദ്രൂപമാണെന്നു പറയുന്നു. അതു സാധിപ്പാൻ അവർ പറയുന്ന യുക്തി:—ആത്മാവ് ആകാശമെന്നപോലെ ഒരു ദ്രവ്യമാണ്. എന്തുകൊണ്ടെന്നാൽ ഗുണമുള്ളതുകൊണ്ട്. ഗുണവത്വം ദ്രവ്യലക്ഷണം:—ഏതിൽ ഗുണമുണ്ടോ അത് ദ്രവ്യം എന്നാണ് ദ്രവ്യലക്ഷണം. ആകാശം ദ്രവ്യമാകുന്നു, കാരണം:—ശബ്ദമെന്ന ഗുണം അതിലുണ്ട്. അതുപോലെ ആത്മാവുംദ്രവ്യമാകുന്നു എന്തുകൊണ്ട ചിതി (ജ്ഞാനം) എന്ന ഗുണം ആത്മാവിലുണ്ട്. എന്നാൽ പൃഥിവ്യാദികളെന്നപോലെയുള്ള ഒരു ദ്രവ്യമാണോ ആത്മാവ്? അല്ല. എന്തുകൊണ്ട്? ജ്ഞാനമുള്ളതുകൊണ്ട്. ഏതൊന്ന് പൃഥിവ്യാദികളിൽനിന്നു ഭിന്നമല്ലയോ അതിന്നു ജ്ഞാനമെന്ന ഗുണമുണ്ടാകയില്ല. പൃഥിവ്യാദികൾക്കെന്നപോലെ. എന്നു അനുമാനപ്രമാണം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

89. ഇച്ഛാദ്വേഷപ്രയത്നാശ്ച ധർമ്മാധർമ്മൗ സുഖാസുഖേ
തൽസംസ്കാരാശ്ച തസ്യൈതേ ഗുണാശ്ചിതിവദീരിതാഃ.

ഇച്ഛാദ്വേഷപ്രയത്നാഃച=ഇച്ഛ, ദ്വേഷം, പ്രയത്നം, എന്നിവയും ധർമ്മാധർമ്മൗസുഖാസുഖേ=ധർമ്മം, അധർമ്മം, സുഖം, ദുഃഖം. തൽസംസ്കാരാഃച=തന്നിമിത്തമുള്ള സംസ്കാരങ്ങൾ ഇവയും. ഏതെതസ്യചിതിവത്= ഇവ ആത്മാവിന്റെ ചിതിപോലെ. ഗുണാഃ ഈരിതാഃ=ഉള്ള ഗുണങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു.

ആത്മാവിന്നുതന്നെയുള്ള മറ്റു വിശേഷഗുണങ്ങളെ അവർ പറയുന്നു:—ഇച്ഛാ, ദ്വേഷം, ധർമ്മം, അധർമ്മം, സുഖം, ദുഃഖം ഇവനിമിത്തമുണ്ടാകുന്ന ഭാവനകൾ എന്നിവ എട്ടും ജ്ഞാനമെന്നപോലെ ആത്മാവിന്നുതന്നെയുള്ള ഗുണങ്ങളാകുന്നു എന്നും അവർ പറയുന്നുണ്ട്.

90. ആത്മനോ മനസാ യോഗേ സ്വാദൃഷ്ടവശതോ ഗുണാഃ
ജായന്തേഽഥ പ്രലീയന്തേ സുഷുപ്തേഽദൃഷ്ടസംക്ഷയാത്.

സ്വാദൃഷ്ടവശതഃ=ആത്മാവ് തന്റെ ;അദൃഷ്ടത്തിന്നധീനനായതുകൊണ്ട്. ആത്മനഃ മനസായോഗേ= ആത്മാവിന്ന് മനസ്സിനോടു ചേർച്ചയുണ്ടാകുമ്പോൾ ഗുണാഃ ജായന്തേ=ഗുണങ്ങൾ ഉത്ഭവിക്കുന്നു. അഥ സുഷുപ്തേ=പിന്നെ സുഷുപ്തിയിൽപ്പെടുമ്പോൾ അദൃഷ്ടസംക്ഷയാൽ=അദൃഷ്ടം ക്ഷയിക്കുന്നതുകൊണ്ടു പ്രലീയന്തേ=ഗുണങ്ങൾ ലയിക്കയും ചെയ്യുന്നു.

ഈ ഗുണങ്ങൾ ഉണ്ടാകാനും നശിക്കാനും അവർ പറയുന്ന കാരണം:—ആത്മാവ് അദൃഷ്ടത്തിന്നധീനനായതുകൊണ്ടു മനസ്സിനോടുകൂടെ ചേരുന്നു. അപ്പോൾ ഗുണങ്ങൾ പ്രകാശിക്കുന്നു. ഗാഢനിദ്രയുണ്ടാകുമ്പോൾ അദൃഷ്ടം നശിക്കുന്നതിനാൽ ഗുണങ്ങൾ ലയിക്കയും ചെയ്യുന്നു.

91. ചിതിമത്വാ ച്ചേതനോയ മിച്ഛാദ്വേഷപ്രയത്നവാൻ
സ്യാദ്ധർമ്മാധർമ്മയോഃ കർത്താ ഭോക്താ ദുഃഖാദിമത്വതഃ.

ചിതിമത്വാൽ=ജ്ഞാനമുള്ളതുകൊണ്ടു്. അയം ചേതനഃ=ഈ ആത്മാവു് ചേതനമാകുന്നു. ഇച്ഛാദ്വേഷപ്രയത്നവാൻ=ഇച്ഛാദ്വേഷം പ്രയത്നം എന്നിവയുള്ളവനുമാകുന്നു. ധർമ്മാധർമ്മയോഃ=ധർമ്മാധർമ്മങ്ങളുടെ. കർത്താഭോക്താസ്യാത്=കർത്താവും ഭോക്താവുമായിട്ടു ഭവിക്കും. സുഖദുഃഖാദിമത്വാത്=സുഖദുഃഖാദികൾ ഉള്ളതുകൊണ്ടു്.

ആത്മാവിന്റെ അചിദ്രൂപത്തിൽ ചേതനത്വമെങ്ങിനെ സംഭവിക്കുമെന്ന ശങ്കക്കു സമാധാനം:—ജ്ഞാനമുള്ളതുകൊണ്ടും ഇച്ഛാദ്വേഷങ്ങളെയനുസരിച്ചു് പ്രയത്നിക്കുന്നതുകൊണ്ടും ആത്മാവു് ചേതനമാകുന്നു. ധർമ്മാധർമ്മങ്ങളുടെ കർത്താവും സുഖദുഃഖാദികളുടെ ഭോക്താവുമായതുകൊണ്ടു് ഈശ്വരനിൽനിന്നു ഭിന്നനുമാകുന്നുവെന്ന അഭിപ്രായവും ഇതിലടങ്ങീട്ടുണ്ടു്.

92. യഥാത്ര കർമ്മവശതഃ കാദാചിൽകം സുഖാദികം
തഥാലോകാന്തരേ ദേഹേ കർമ്മണേച്ഛാദിജന്യതേ.

യഥാ അത്രകർമ്മവശതഃ=എപ്രകാരമോ ഈ ദേഹത്തിൽ കർമ്മാധീനത നിമിത്തം. സുഖാദികം കാദാചിൽകം=സുഖദുഃഖാദികൾ ചിലപ്പോൾ ഉണ്ടാകുന്നത്. തഥാകർമ്മണാ=അപ്രകാരം കർമ്മംകൊണ്ടു. ലോകാന്തരേദേഹേ=ലോകാന്തരത്തിലെ ദേഹത്തിൽ. ഇച്ഛാദിജന്യതേ=ഇച്ഛ മുതലായതുണ്ടാകുന്നു.

ആത്മാവു വിഭു (സർവ്വവ്യാപി) വായതുകൊണ്ടു ലോകാന്തരഗമനാദി എങ്ങിനെ ഘടിക്കും എന്നതിന്നു സമാധാനം:—എപ്രകാരമോ കർമ്മത്തിന്നധീനായതുകൊണ്ടു ഈ ദേഹത്തിൽ സുഖദുഃഖാദികൾ ചിലപ്പോൾ ഉണ്ടാകുമ്പോൾ ഈ ദേഹത്തിൽ ആത്മാവിരിക്കുന്നുവെന്ന വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ മറെറാരുലോകത്തിൽ മറെറാരുദേഹം കർമ്മാധീനതനിമിത്തം ഉണ്ടാകുമ്പോൾ ദേഹാനുസാരിയായ ആത്മാവു് അതിൽ ഇരിക്കുന്നു, ഇച്ഛാദ്വേഷാദികളുണ്ടാകുന്നു, ആ ലോകത്തിലേക്കു ആത്മാവുപോയി. ഈ ദേഹത്തിലേക്കു ആത്മാവു വന്നുവെന്നിങ്ങിനെ ആത്മാവിന്റെ പോക്കുവരവിനെ ഔപചാരികമായി പറയുന്നു. വാസ്തവത്തിൽ പോക്കുവരവില്ല. ഇങ്ങിനെ പറഞ്ഞുവരുന്നതു് ഉപചാരം മാത്രമാണെന്നു് പ്രാഭാകരന്മാർ പറയുന്നു.

93. ഏവംച സർവ്വഗസ്യാപി സംഭവേതാം ഗമാഗമൌ
കർമ്മകാണ്ഡഃ സമഗ്രോത്ര പ്രമാണമിതിതേവദൻ.

ഏവംച സർവ്വഗസ്യഅപി=ഇപ്രകാരം സർവ്വഗതനാണെങ്കിലും. ഗമാഗമൌ സംഭവേതാം=പോക്കും വരവും സംഭവിക്കാം. സമഗ്രഃ കർമ്മകാണ്ഡഃ=പൂർണ്ണമായ കർമ്മകാണ്ഡം അത്രപ്രമാണം=ഇതിൽ പ്രമാണം. ഇതിതേ അവദൻ=എന്നവർ പറയുന്നു.

ഇങ്ങിനെ സർവ്വഗതനാണെങ്കിലും ആത്മാവിന്നു ഇഹപരലോകങ്ങളിൽ പോക്കുവരവുണ്ടാകാവുന്നതാണ്. പൂർണ്ണമായ കർമ്മകാണ്ഡം ഈ സംഗതിയിൽ 'പ്രമാണം എന്നും അവർ ശ്രുതിസമ്മതമാണ് തങ്ങളുടെ അഭിപ്രായം എന്നു കാണിക്കുന്നു.

94. ആനന്ദമയകോശോ യഃ സുഷുപ്തൌ പരിശിഷ്യതേ
അസ്പഷ്ടചിൽ സആത്മൈഷാം പൂർവ്വകോശോസ്യതേ ഗുണാഃ

അസ്പഷ്ടചിത്=സ്പഷ്ടമല്ലാത്ത ജ്ഞാനസഹിതമായ. യഃ ആനന്ദമയകോശഃ=യാതൊരാനന്ദമയകോശം. സുഷുപ്തൌ പരിശിഷ്യതേ=സുഷുപ്തിയിൽ പരിശേഷിക്കുന്നുവോ. സഃ പൂർവ്വകോശഃ=ആ ആദ്യത്തെ കോശമാണ്. ഏഷാം ആത്മാ=ഇവരുടെ ആത്മാവു്. അസ്യതേഗുണാഃ=ഇതിന്റേതാണ് ആ ഗുണങ്ങൾ.

സ്പഷ്ടമായി പ്രകാശിക്കാത്തതായ ജ്ഞാനത്തോടുകൂടിയ ആനന്ദമയകോശമാണ് ഇവരുടെ ആത്മാവു്. മുമ്പെ കാണിച്ച ഗുണങ്ങൾ ഈ ആത്മാവിന്റേതുമാണ് എന്നാണ് പ്രാഭാകരന്മാർ പറയുന്നത് എന്നു സിദ്ധിക്കുന്നു.

95. ശുദ്ധം ചൈതന്യമുൽപ്രേക്ഷ്യ ജഡബോധസ്വരൂപതാം
ആത്മനോ ബ്രുവതേ ഭാട്ടാശ്ചിദുൽപ്രേക്ഷോത്ഥിതസ്മൃതേഃ

ഭാട്ടാഃ ആത്മനഃ=ഭാട്ടന്മാർ ആത്മാവിന്റെ. ശുദ്ധംചൈതന്യം=ശുദ്ധമായ ചൈതന്യത്തെ. ഉൽപ്രേക്ഷ്യ=ഉൽപ്രേക്ഷിച്ചിട്ടു. ജഡബോധസ്വരൂപതാം=ചിത്തും ജഡവും കലർന്നതായ സ്വരൂപതയെ. ബ്രുവതേ=പറയുന്നു. ഉത്ഥിതസ്മൃതേഃ=ഉത്ഥിതന്റെ സ്മൃതിയിൽനിന്നു്. ചിദുൽപ്രേക്ഷാ=ചിത്തിന്റെ ഉൽപ്രേക്ഷയുണ്ടാകുന്നു.

ഈ ആനന്ദമയകോശരൂപമായ ആത്മാവിന്നുതന്നെ ഭാട്ടന്മാർ ചിദചിദ്രൂപത്വം കല്പിക്കുന്നതിനെ കാണിക്കുന്നു:—ആത്മാവിന്ന് അസ്പഷ്ടമായ ചൈതന്യമുണ്ടെന്ന് ഭട്ടമതവും അതിനെ വിശ്വസിക്കുന്നവരും ഊഹിച്ചിട്ടു ആത്മാവു ജഡവും ചൈതന്യവും കൂടികലൎന്ന സ്വരൂപമുള്ളതാണെന്നവർ പറയുന്നു. ഉറങ്ങിയുണൎന്നവന്നുണ്ടാകുന്ന സുഖസ്മൃതിയിൽനിന്നാണ് ചിത്തിന്റെ ഊഹം അവൎക്കുണ്ടാകുന്നത്. പൂൎവ്വമീമാംസാവാൎത്തികകാരനാണ് ഭട്ടൻ. അദ്ദേഹത്തിന്റെ മതാനുയായികൾ ഭാട്ടന്മാർ.

96. ജഡോ ഭൂത്വാ തദാസ്വാപ്സമിതി ജാഡ്യസ്മൃതിസ്തദാ
വിനാജാഡ്യാനുഭൂതിം ന കഥംചിദുപപദ്യതേ

തദാജഡഃഭൂത്വാ അസ്വാപ്സം=അപ്പോൾ ജഡനായി ഭവിച്ചിട്ടു ഞാനുറങ്ങി ഇതിജാഡ്യസ്മൃതിഃ=എന്നു ജഡഭാവത്തിന്റെ ഓൎമ്മയുണ്ടാകുന്നു. ജാഡ്യാനുഭൂതിംവിനാ=ജാഡ്യത്തിന്റെ അനുഭവമില്ലാതെ. തദാകഥഞ്ചിൽ=അപ്പോൾ ഒരുവിധത്തിലും. ന ഉപപദ്യതേ=യോജിക്കയില്ല.

ചിൽസ്വരൂപോൽപ്രേക്ഷയുണ്ടായ പ്രകാരത്തെത്തന്നെ സ്പഷ്ടമാക്കുന്നു:—സുഷുപ്ത്യവസ്ഥയിൽ ഞാനൊന്നുമറിയാതെ കിടന്നുറങ്ങിയെന്ന ഓൎമ്മ ഉണൎന്നപ്പോൾ ഉണ്ടാകുന്നുവല്ലൊ. സുഷുപ്തിസമയത്തിൽ ജാഡ്യത്തിന്റെ അനുഭവം ഇല്ലാതിരുന്നുവെങ്കിൽ ഉണൎന്നവന്ന് ആവിധമായ സ്മൃതിയുണ്ടാവാൻ ഒരുവിധത്തിലും അവകാശമില്ല. അതിനാൽ സുഷുപ്തിയിൽ ജാഡ്യാനുഭവം ഉണ്ടായിരുന്നുവെന്നവർ നിശ്ചയിക്കുന്നു. അതുകൊണ്ടു ആത്മാവ് ചിജ്ജഡസ്വരൂപം എന്നു താല്പൎയ്യം.

97. ദ്രഷ്ടുർദ്രഷ്ടേ രലോപശ്ച ശ്രുതഃസുപ്തൌ തതസ്ത്വയം
അപ്രകാശപ്രകാശാഭ്യാ മാത്മാഖദ്യോതവദ്യുതഃ.

ച സുപ്തൌദ്രഷ്ടുഃ=അതുമാത്രമല്ല സുഷുപ്തിയിൽ ദ്രഷ്ടാവായ ആത്മാവിന്റെ. ദ്രഷ്ടേഃഅലോപഃ=ദൃഷ്ടിക്കു നാശമില്ലായ്മ. ശ്രുതഃ=ശ്രുതിയിൽ പറയപ്പെട്ടിട്ടുമുണ്ട്. തതഃതു അയംആത്മാ=അതുകൊണ്ടും ഈ ആത്മാവ്. ഖദ്യോതവത്=മിന്നാമിനുങ്ങയെന്നപോലെ അപ്രകാശപ്രകാശാഭ്യാം=അപ്രകാശത്തോടും പ്രകാശത്തോടും. യുതഃ=ചേൎന്നിരിക്കുന്നു.

സുഷുപ്തിയിൽ ബോധമില്ലാതാകുന്നില്ല എന്നതിൽ ശ്രുതിപ്രമാണം കാണിക്കുന്നു:—ഊഹം മാത്രമല്ല പ്രമാണവും ഉണ്ട്. "നഹിദ്രഷ്ടുർദൃഷ്ടേൎവ്വിപരിലോപോ വിദ്യതേ/വിനാശിത്വാത്" കാണുന്നവനായ ആത്മാവിന്റെ സ്വരൂപമായ്ത്തന്നെയിരിക്കുന്ന ദൃഷ്ടിക്ക് ബോധരൂപത്തിന്ന്—നാശമില്ല. ആത്മാവിന്നു നാശമില്ലാത്തതുകൊണ്ട് എന്നൎത്ഥമായ ശ്രുതിയും ഉള്ളതുകൊണ്ട് സുഷുപ്തിയിൽ ബോധമുണ്ട്. അതുകൊണ്ടും ഈ ആത്മാവ് മിന്നാമിന്നിയെന്ന പ്രാണിയെപ്പോലെ പ്രകാശവും അപ്രകാശവുമുള്ള സ്വരൂപത്തോടു ചേൎന്നിരിക്കുന്നു.

98. നിരംശസ്യോഭയാത്മത്വം ന കഥഞ്ചിൽ ഘടിഷ്യതേ
തേന ചിദ്രൂപ ഏവാത്മേത്യാഹുഃ സാംഖ്യ വിവേകിനഃ.

നിരംശസ്യ=അംശമില്ലാത്ത ആത്മാവിന്റെ ഉഭയാത്മത്വം=രണ്ടുവിധമായ സ്വരൂപത്വം, കഥഞ്ചിത് ന ഘടിഷ്യതേ=ഒരു വിധത്തിലും ഘടിക്കയില്ല, തേന ആത്മാചിദ്രൂപഃഏവ=അതുകൊണ്ട് ആത്മാവ് ചിദ്രൂപൻതന്നെ ഇതിസാംഖ്യവിവേകിനഃ ആഹുഃ=എന്നു സാംഖ്യവിവേകികൾ പറയുന്നു.

ഇതുവരെ പറഞ്ഞ ഭാട്ടമതത്തെ അനുസരിക്കാത്തവരായ സാംഖ്യന്മാരുടെ മതത്തെപറയുന്നു:—അംശാംശിഭാവമില്ലാതെ പരിപൂൎണ്ണനായിരിക്കുന്ന ആത്മാവിന്ന് രണ്ടു രൂപമുണ്ടെന്നു പറയുന്നത് ഒരു വിധത്തിലും യോജിക്കയില്ല അതുകൊണ്ടു ആത്മാവ് ചിൽസ്വരൂപൻതന്നെയെന്ന് തത്വങ്ങളെ വേർതിരിച്ചു കാണിക്കുന്ന സാംഖ്യമതത്തെ അനുസരിക്കുന്നവർ പറയുന്നു. പ്രകൃതിയേയും പുരുഷനേയും വേർതിരിക്കുന്നതുകൊണ്ട് സാംഖ്യന്മാരെ വിവേകികൾ എന്നു പറഞ്ഞതാണ്.

99. ജാഡ്യാംശഃ പ്രകൃതേരൂപം വികാരി ത്രിഗുണംചതത്
ചിതോഭോഗാപവൎഗ്ഗാൎത്ഥം പ്രകൃതിഃ സാപ്രവൎത്തതേ.

ജാഡ്യാംശഃ=ജഡരൂപമായ അംശം. പ്രകൃതേഃരൂപം=പ്രകൃതിയുടെ രൂപമാകുന്നു. തത്‌വികാരി ത്രിഗുണംച=അതു വികാരിയും മൂന്നു ഗുണങ്ങളോടു കൂടിയതുമാകുന്നു. ചിതഃ ഭോഗാപവൎഗ്ഗാൎത്ഥം=ചിത്തിന്റെ ഭോഗത്തിന്നും മോക്ഷത്തിന്നും വേണ്ടീട്ടു. സാപ്രകൃതിഃപ്രവൎത്തതേ=ആ പ്രകൃതി പ്രവൎത്തിക്കുന്നു.

അങ്ങിനെ ചിദ്രൂപനാണാത്മാവെന്നു പറയുന്നപക്ഷം മുമ്പെ പറഞ്ഞ ജഡാംശത്തിന്നെന്തു ഗതിയെന്ന ശങ്കക്കു സാംഖ്യന്മാർ പറയുന്ന സമാധാനം:—ജാഡ്യാംശം പ്രകൃതിയുടെ സ്വരൂപമാണ്. അ

തിൽ സത്വരജസ്തമസ്സുകൾ എന്ന മൂന്നു ഗുണങ്ങളുണ്ട്. അതിനാൽ സുഖദുഃഖരൂപത്തിൽ അനുഭവപ്പെടുന്ന വികാരങ്ങളെയും ജനിപ്പിക്കും. ചിത്സ്വരൂപനായിത്തന്നെയിരിക്കുന്ന ജീവാത്മാവിനു് ഭുക്തിയും മുക്തിയും ഉണ്ടാവാനാണ് ആ പ്രകൃതി ആ വിധത്തിൽ പ്രവൃത്തിക്കുന്നത്.

100. അസംഗായാശ്ചിതേർബ്ബന്ധമോക്ഷൌ ഭേദാഗ്രഹാന്മതൌ
ബന്ധമുക്തിവ്യവസ്ഥാർത്ഥം പൂർവ്വേഷാമിവ ചിദ്ഭിദാ.

അസംഗായാഃ=ഒന്നോടും ചേർച്ചയില്ലാതിരിക്കുന്ന ചിതേഃ=ചിതിയിൽനിന്നുള്ള. ഭേദാഗ്രഹാത്=ഭേദത്തെ ധരിക്കാത്തതുകൊണ്ട്. ബന്ധമോക്ഷൌമതൌ=ബന്ധമോക്ഷങ്ങൾ സമ്മതങ്ങൾ. ബന്ധമുക്തിവ്യവസ്ഥാർത്ഥം=ബന്ധം മോക്ഷം എന്ന രണ്ടിന്റെ വ്യവസ്ഥക്കുവേണ്ടിട്ട്. പൂർവ്വേഷാം ഇവ=മുൻപറഞ്ഞവരുടെ മതത്തിലെന്നപോലെ. ചിദ്ഭിദാ=ചിത്തിന്റെ ഭേദം.

അസംഗനായ പുരുഷന്ന് പ്രകൃതിപ്രവൃത്തിനിമിത്തം ബന്ധമോക്ഷങ്ങളെങ്ങിനെയുണ്ടാകും എന്ന ശങ്കക്കു സമാധാനം:—പ്രകൃതിയിൽനിന്നു വിട്ടിരിക്കുന്ന ചിത്ത് എന്ന ഭേദത്തെ വേർതിരിച്ചറിയാത്തതുകൊണ്ട് പുരുഷന്ന് (ജീവന്നു) ബന്ധമോക്ഷങ്ങളുണ്ടാകുന്നുവെന്നതിനെ ഉറപ്പിക്കുവാൻ വേണ്ടിട്ടു മുമ്പെ പറഞ്ഞ താർക്കികാദികളെപ്പോലെ സാംഖ്യമതവും ചിത്തിന്റെ ഭേദത്തെ—പ്രകൃതിസഹിതൻ—പ്രകൃതിരഹിതൻ—എന്ന വിഭാഗത്തെ സ്വീകരിക്കുന്നു ആ നിലയിൽ ബന്ധമോക്ഷങ്ങളുണ്ടാകുന്നുവെന്ന് സാംഖ്യമതം അഭിപ്രായപ്പെടുന്നു.

101. മഹതഃ പരമവ്യക്തമിതി പ്രകൃതിരുച്യതേ
ശ്രുതാവസംഗതാ തദ്വദസംഗോഹീത്യതഃസ്ഫുടാ.

മഹതഃപരം അവ്യക്തം=മഹത്തത്വത്തിൽനിന്നും പരമായുള്ള അവ്യക്തം. ഇതിപ്രകൃതിഃഉച്യതേ=എന്നു പ്രകൃതി പറയപ്പെട്ടിരിക്കുന്നു തദ്വൽ=അതുപോലെ. അസംഗഃഹി ഇതിഅതഃ=അസംഗൻതന്നെ എന്ന ഇതിൽനിന്നും. അസംഗതാ=സംഗമില്ലായ്മയും. ശ്രുതൌസ്ഫുടാ=ശ്രുതിയിൽ സ്പഷ്ടമാകുന്നു.

പ്രകൃതിയെന്ന ഒരു തത്വമുണ്ടെന്നും പുരുഷൻ അസംഗനാണെന്നും കാണിക്കുന്ന ശ്രുതിപ്രമാണം:—“മഹതഃ പരമവ്യക്തം അവ്യക്താൽ പുരുഷഃപരഃ പുരുഷാന്നപരം കിഞ്ചിൽ സാകാഷ്ഠാ സാപരാഗതിഃ” എന്നാണ് ശ്രുതി. അതിന്റെ അർത്ഥം:—മഹത്തത്വത്തിന്നപ്പുറത്താണ് അവ്യക്തമെന്നു പറയപ്പെടുന്ന പ്രകൃതി. ആ പ്രകൃതിയിൽനിന്നും അപ്പുറത്താണ് പുരുഷൻ. പുരുഷന്റെ അപ്പുറത്ത് ആരുമില്ല. ആ പുരുഷൻ പരമാവധി ഭൂതൻ. അതുതന്നെ പരമമായ പ്രാപ്യസ്ഥാനം. ഇതിൽനിന്നു പ്രകൃതിയുണ്ടെന്നു സിദ്ധിക്കുന്നു. അതുപോലെതന്നെ “അസംഗോഹ്യയം പുരുഷഃ” ഈ പുരുഷൻ പ്രകൃതിയോടും തൽകാര്യങ്ങളോടും ചേർച്ചയില്ലാത്തവൻതന്നെ എന്നർത്ഥമായ ശ്രുതി പുരുഷൻ അസംഗനാണെന്നും സ്ഥാപിക്കുന്നു. ഇതാണ് സാംഖ്യമതക്കാരുടെ സിദ്ധാന്തം:—

1. സാംഖ്യമതത്തിൽ പ്രകൃതി ജഗൽകാരണം. പുരുഷന്റെ ഭോഗമോക്ഷങ്ങൾക്കായി പ്രവൃത്തിക്കുന്നു എന്ന അഭിപ്രായം സ്വീകാര്യമല്ല. കാരണം:—പ്രലയകാലത്തിൽ സത്വാദിഗുണസാമ്യാവസ്ഥക്കു പ്രധാനമെന്നു പേർ. സൃഷ്ടികാലത്തിൽ സാമ്യാവസ്ഥയെ വിടുമ്പോൾ ജഗത്തുണ്ടാകുന്നു. ജഡമായ പ്രധാനത്തിനു സാമ്യാവസ്ഥയെ വിടുവാൻ സ്വതെ സാധിക്കയില്ല അസംഗചേതനസ്വരൂപത്തിനു പ്രധാനത്തോടു ചേർച്ചയുമില്ല. ചേതനസംബന്ധമില്ലാത്ത ജഡത്തിൽനിന്നു കാര്യമായ ജഗത്തുണ്ടാകയുമില്ല. ആകയാൽ പ്രധാനമെന്നത് മായാവിശിഷ്ടചേതനമായും അന്തര്യാമിയായുമിരിക്കുന്ന ഈശ്വരനാകുന്നു. ആ ഈശ്വരൻ ജഗത്തിനു കർത്താവ് ആകയാൽ പ്രകൃതി ജഗൽകാരണം എന്ന സാംഖ്യാഭിപ്രായം ത്യാജ്യം.

2. വിഭുവായ ചേതനത്തിനു നാനാത്വമുണ്ടെന്നുള്ള സാംഖ്യപക്ഷവും അസംഗതമാണ്. ജീവന്മാരനേകം എന്ന പക്ഷം വ്യർത്ഥം. അന്തഃകരണധർമ്മത്തിന്നാണ് നാനാത്വം. ചേതനത്തിന്നല്ല. ബഹുവിധവാസനകളോടുകൂടിയ അന്തഃകരണങ്ങളിൽ ഒരേ ചേതനം വ്യാപിക്കുമ്പോൾ സുഖദുഃഖങ്ങൾക്ക് നാനാത്വം സംഭവിക്കുന്നതിനു വിരോധമില്ല. സുഖദുഃഖ നാനാത്വവ്യവസ്ഥക്കുവേണ്ടി ചേതനത്തിനു നാനാത്വകല്പനം വ്യർത്ഥം.

3. ആത്മാവിനു നാനാത്വവും പ്രകൃതിക്കു നിത്യത്വവും സ്വീകരിക്കുമ്പോൾ ആത്മാവിനു സജാതീയ വിജാതീയ സംബന്ധം വരുമല്ലോ. അപ്പോൾ പുരുഷൻ അസംഗൻ എന്ന ശ്രുതി കോപിക്കും. ഈ സംഗതികൾകൊണ്ടു സാംഖ്യമതം സ്വീകാര്യമല്ല.

102. ചിൽസന്നിധ്യൌ പ്രവൃത്തായാഃ പ്രകൃതേർഹി നിയാമകം
ഈശ്വരം ബ്രുവതേയോഗാഃ സജീവേഭ്യഃ പരഃശ്രുതഃ.

ഹി ചിൽസന്നിധ്യൌ=യാതൊന്നു ഹേതുവായിട്ടു ചിത്തിന്റെ സന്നിധിയിൽ. പ്രവൃത്തായാഃ പ്രകൃതേഃ=പ്രവൃത്തിക്കുന്ന പ്രകൃതിയുടെ നിയാമകം. ഈശ്വരം=നിയന്താവായ ഈശ്വരനെ. യോഗാഃബ്രുവതേ=യോഗസൂത്രങ്ങൾ പറയുന്നു. സഃജീവേഭ്യഃ=ആ ഈശ്വരൻ ജീവന്മാരിൽനിന്നും പരഃശ്രുതഃ=വേറിട്ടവൻ എന്നും കേൾക്കപ്പെടുന്നു.

ജീവസംബന്ധമായ വാദത്തെ പ്രതിപാദിച്ചശേഷം ഈശ്വരസംബന്ധമായ വാദത്തെ കാണിപ്പാൻ ഈശ്വരസ്വരൂപത്തെ ആദ്യമായി കാണിക്കുന്നു:—യോഗസൂത്രങ്ങൾ ഈശ്വരതത്വത്തെപ്പററി പറയുന്നുണ്ടു്; അതെങ്ങിനെയെന്നാൽ:—ചിത്തിന്റെ സാന്നിദ്ധ്യം നിമിത്തം പ്രവൃത്തിക്കുന്ന പ്രകൃതിയെ നിയന്ത്രിക്കുന്ന ചിദ്രൂപൻ ഈശ്വരൻ, പ്രകൃതി പുരുഷന്മാരിൽനിന്നും ഭിന്നനായ ഈശ്വരന്റെ കല്പനം എന്തിനായിട്ടാണെങ്കിൽ ആ ഈശ്വരൻ ജീവന്മാരിൽനിന്നു ഭിന്നനും നിയന്താവുമാണെന്നാണ് ശ്രുതിസിദ്ധാന്തം.

103. പ്രധാനക്ഷേത്രജ്ഞപതി ർഗ്ഗുണേശ.ഇതിഹി ശ്രുതിഃ
ആരണ്യകേസംഭ്രമേണ ഹ്യന്തര്യാമ്യുപപാദിതഃ.

പ്രധാനക്ഷേത്രജ്ഞപതിഃ=പ്രകൃതിയുടെയും ജീവന്മാരുടെയും നാഥനും. ഗുണേശഃ=സത്വാദിഗുണങ്ങളുടെ നിയന്താവുമാണ്. ഇതിഹിശ്രുതിഃ=എന്നാണല്ലൊ ശ്രുതി. ഹി ആരണ്യകേ=അതുപോലെതന്നെ ആരണ്യകത്തിൽ. അസംഭ്രമേണ=ആദരഭാവത്തോടുകൂടെ. അന്തര്യാമീഉപപാദിതഃ=അന്തര്യാമി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

ഈശ്വരസൽഭാവത്തെ പ്രതിപാദിക്കുന്ന ശ്രുതിപ്രമാണം കാണിക്കുന്നു:—ഗുണസാമ്യാത്മകമായ പ്രധാനമെന്നു പറയപ്പെടുന്ന പ്രകൃതിയേയും തൽകാര്യഭൂതങ്ങളായ ഭൌതികജീവജാലങ്ങളെയും അതാതിനുചിതസ്ഥാനങ്ങളിൽ ഇരുത്തി പരിപാലിക്കുന്നവനും സത്വാദിഗുണങ്ങളെ പ്രവൃത്തിപ്പിക്കുന്നവനുമാകുന്നു ഈശ്വരൻ എന്നാണ് ശ്രുതി ബോധിപ്പിക്കുന്നതു്. ഇതുമാത്രമല്ല ബൃഹദാരണ്യകത്തിൽ അന്തര്യാമിബ്രാഹ്മണം.എന്ന വിഭാഗത്തിൽ ഓരോ ഭൂതങ്ങളെയും തന്നിലയിൽ നിൎത്തുന്നവനും ഭൂതാന്തൎഗ്ഗത ചൈതന്യസ്വരൂപനുമായ ഈശ്വരനെ അന്തര്യാമിയെന്ന സംജ്ഞയോടുകൂടെ വിസ്തരിച്ചും പ്രശാന്തമായും സാവധാനമായും പ്രതിപാദിച്ചിട്ടും ഉണ്ടു്.

104. അത്രാപി കലഹായന്തേ വാദിനഃ സ്വസ്വയുക്തിഭിഃ
വാക്യാന്യപി യഥാപ്രജ്ഞം ദാർഢ്യായോദാഹരന്തിഹി.

അത്ര അപിവാദിനഃ=ഇതിലും വാദികൾ. സ്വസ്വയുക്തിഭിഃ കലഹായന്തെ=അവരവരുടെ യുക്തികൾകൊണ്ടു കലഹിക്കുന്നു. ഹി യഥാപ്രജ്ഞം=എന്തുകൊണ്ടെന്നാൽ അവരവരുടെ ബുദ്ധിക്കൊത്തവിധം. വാക്യാനി അപി=ശ്രുതിവാക്യങ്ങളെയും. ദാർഢ്യായ ഉദാഹരന്തി=ഉറപ്പിക്കുവാനായിട്ടു് ഉദാഹരിക്കുന്നു.

ഈശ്വരതത്വത്തെ കുറിച്ചുള്ള വാദപ്രതിവാദങ്ങളെ കാണിപ്പാൻ ഭാവിക്കുന്നു:—ഈശ്വരതത്വത്തെ കുറിച്ചും വാദപ്രതിവാദം ചെയ്യുന്നവരുണ്ടു്. ഓരോ സംഘവും അവരവൎക്കു യുക്തമെന്നു തോന്നുന്നവിധം കലഹിക്കുന്നു. അവരവരുടെ ബുദ്ധിക്കൊത്തവിധം ശ്രുതിവാക്യങ്ങളെ എടുത്തുകാണിച്ചും വ്യാഖ്യാനിച്ചും സ്വമതസ്ഥാപനത്തിന്നായി ശ്രമിക്കയും ചെയ്യുന്നു.

105. ക്ലേശകൎമ്മവിപാകൈസ്ത ദാശയൈ രപ്യസംയുതഃ
പുംവിശേഷോ ഭവേദീശോ ജീവവൽ സോപ്യസംഗചിത്.

ക്ലേശകൎമ്മവിപാകൈഃതദാശയൈഃഅപി=ക്ലേശങ്ങളോടും കൎമ്മങ്ങളോടും അവയുടെ പരിപാകംകൊണ്ടുള്ള സംസ്കാരങ്ങളോടും. അസംയുതഃപുംവിശേഷഃ=ചേൎച്ചയില്ലാത്ത വിശേഷപുരുഷൻ. ഈശഃഭവേത്=ഈശ്വരനാകുന്നു. സഃഅപി ജീവവത്=അവനും ജീവനെന്നപോലെ. അസംഗചിത്=പ്രകൃതിസംഗമില്ലാത്ത ചിദ്രൂപനാകുന്നു.

ശ്രീ പതഞ്ജലി അദ്ദേഹത്തിന്റെ യോഗസൂത്രത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഈശ്വരസ്വരൂപത്തെ ഈ ശ്ലോകത്തിൽ കാണിക്കുന്നു:—"ക്ലേശകൎമ്മവിപാകൈസ്തദാശയൈരപരാമൃഷ്ടഃ പുരുഷവിശേഷ ഈശ്വരഃ" എന്ന സൂത്രത്തിന്റെ അൎത്ഥമാണ് മുകളിൽ കാണിച്ച പദ്യത്തിലടങ്ങീട്ടുള്ളതു്. അവിദ്യ, അസ്മിത, രാഗ, ദ്വേഷ, അഭിനിവേശ എന്ന അഞ്ചുവിധ ക്ലേശങ്ങൾ, യോഗികളുടെ ശുക്ലം കൃഷ്ണം എന്ന

രണ്ടുവിധം കർമ്മങ്ങൾ, ഇതരന്മാരുടെ ശുക്ലം കൃഷ്ണം അശുക്ലകൃഷ്ണം എന്ന മൂന്നുവിധ കർമ്മങ്ങൾ ഇവയുടെ പരിപാകംനിമിത്തമുണ്ടാകുന്ന സംസ്കാരങ്ങൾ എന്നിവയാൽ സ്പർശിക്കപ്പെടാത്ത വിശേഷപുരുഷൻ ഈശ്വരൻ. ആ ഈശ്വരനും ജീവനെന്നപോലെ പ്രകൃതിസംബന്ധമില്ലാത്ത ചിത്തുതന്നെ.

അവിദ്യ 4 വിധം:—1. അനിത്യമായ സ്വർഗ്ഗാദിലോകത്തിൽ നിത്യത്വബുദ്ധി. 2. ഭാര്യാപുത്രാദികളുടെ അശുദ്ധദുഃഖപ്രബന്ധാദികളിൽ ശുദ്ധത്വബുദ്ധി. 3. ദുഃഖമൂലമായ ധനാദികളിൽ സുഖസാധനം എന്ന ബുദ്ധി. 4. ആത്മാവല്ലാത്തതായ ദേഹാദികളിൽ ആത്മബുദ്ധി. ഈ നാലും അവിദ്യയുടെ സ്വരൂപം.

സ്വസ്വരൂപത്തെ അറിയായ്ക "അവിദ്യാ" കാണുന്നവനും കാണപ്പെടുന്ന വസ്തുവും രണ്ടായിരിക്കെ ഒന്നാണെന്ന ബുദ്ധി. "അസ്മിതാ" സുഖത്തെ പിന്തുടരുന്ന ബുദ്ധി അഥവാ അനുകൂലത്തിൽ താല്പര്യം "രാഗം" പ്രതികൂലജ്ഞാനംനിമിത്തമുണ്ടാകുന്ന ഭാവം "ദ്വേഷം" മരണാദിഭയങ്ങളിൽനിന്ന ശരീരത്തെ രക്ഷിക്കേണമെന്ന വിചാരം. "അഭിനിവേശം" ഇവയാണ് പഞ്ചക്ലേശങ്ങൾ.

106. തഥാപി പുംവിശേഷത്വാൽ ഘടതേസ്യ നിയന്തൃതാ
അവ്യവസ്ഥൌ ബന്ധമോക്ഷാവാപതേതാമിഹാന്യഥാ.

തഥാഅപി പുംവിശേഷത്വാത്=അപ്രകാരമാണെങ്കിലും പുരുഷവിശേഷത്വംനിമിത്തം. അസ്യനിയന്തൃതാഘടതേ=ഇവന് നിയന്തൃത്വം ഘടിക്കും. അന്യഥാഇഹ=അങ്ങിനെയല്ലെങ്കിൽ ഇവിടെ. അവ്യവസ്ഥൌബന്ധമോക്ഷൌ ആപതേതാം=അവ്യവസ്ഥങ്ങളായ ബന്ധമോക്ഷങ്ങൾ വന്നുചേരും.

അസംഗചിദ്രൂപന് നിയന്തൃത്വം എങ്ങിനെ യോജിക്കും എന്നതിന്ന സമാധാനം:—അസംഗനാണെങ്കിലും പുരുഷവിശേഷത്വനിമിത്തം നിയന്താവാണെന്ന വരുന്നതിന്ന വിരോധമില്ല. അങ്ങിനെ നിയന്താവായിട്ടൊരുവനില്ലെന്നുവന്നാൽ ബന്ധമോക്ഷങ്ങൾക്ക് വ്യവസ്ഥയില്ലായ്ക വന്നുചേരും. ഇന്ന ജീവന്ന ബന്ധം ഇന്നവന്ന മോക്ഷം എന്ന നിശ്ചയമില്ലായ്ക വരും. ഇത് യോഗമതമാകുന്നു.

107. ഭീഷാസ്മാദിത്യേവമാദാവസംഗസ്യ പരാത്മനഃ
ശ്രുതം തദ്യുക്തമപ്യസ്യ ക്ലേശകർമ്മാദ്യസംഗമാത്.

അസ്മാൽഭീഷാഇതിഏവമാദൌ=ഇവനിൽനിന്നും ഭയംകൊണ്ടെന്നിപ്രകാരം. അസംഗസ്യ പരാത്മനഃ=അസംഗനായ പരമാത്മാവിന്ന. ശ്രുതം=നിയന്തൃത്വം ശ്രവിക്കപ്പെടുന്നുണ്ട്. തത്അപിഅസ്യ=അതുകൊണ്ടും ഇവന്. ക്ലേശകർമ്മാദ്യസംഗമാത് യുക്തം=ക്ലേശകർമ്മാദികളുടെ ചേർച്ചയില്ലാത്തതിനാൽ യുക്തംതന്നെ.

സംഗരഹിതനായ ഈശ്വരന് നിയന്തൃത്വം ഉണ്ടെന്നതിൽ ശ്രുതിപ്രമാണം:—"ഭീഷാസ്മാദ്വാതഃപവതേ ഭീഷോദേതിസൂര്യഃ" ഇവനിൽനിന്നുള്ള ഭയംനിമിത്തം കാററവീശുന്നു സൂര്യനുദിക്കുന്നുവെന്നിത്യാദിശ്രുതികൾ ഈശ്വരൻ നിയന്താവാണെന്ന കാണിക്കുന്നു ആ ശ്രുതിപ്രമാണംകൊണ്ടും ക്ലേശകർമ്മാദികളോടു ചേർച്ചയില്ലാത്തതുകൊണ്ടും ഈശ്വരൻ നിയന്താവാണെന്ന വരുന്നതു യുക്തംതന്നെ.

108. ജീവാനാമപ്യസംഗത്വാത് ക്ലേശാദിർന്നഹ്യഥാപി ച
വിവേകാഗ്രഹതഃ ക്ലേശകർമ്മാദി പ്രാഗുദീരിതം.

ജീവാനാംഅപി=ജീവന്മാർക്കും. അസംഗത്വാത്=സംഗമില്ലായ്കനിമിത്തം ക്ലേശാദിഃനഹി=ക്ലേശം മുതലായതില്ല. അഥ അപിച=അങ്ങിനെയാണെങ്കിലും. വിവേകാഗ്രഹതഃ വിവേകഗ്രഹണം ഗ്രഹിക്കാത്തതുകൊണ്ട്. പ്രാക്ക്ലേശകർമ്മാദി=മുമ്പെ ക്ലേശകർമ്മാദി. ഉദീരിതം=ഉണ്ടെന്ന പറയപ്പെട്ടു.

എന്നാൽ ജീവന്മാരും വാസ്തവത്തിൽ അസംഗചിദ്രൂപന്മാരാണല്ലൊ. അങ്ങിനെയിരിക്കെ ഈശ്വരന്നെന്തുവിശേഷം എന്ന ശങ്കയുണ്ടെങ്കിൽ അതു ശരിതന്നെ. പക്ഷെ ജീവാത്മാക്കൾക്ക് ബുദ്ധിയിൽനിന്ന തങ്ങളെ വേർതിരിച്ചറിയുക എന്ന വിവേകം ഇല്ലാത്തതുകൊണ്ടു ക്ലേശകർമ്മാദിയുണ്ടെന്ന മുമ്പ പറയപ്പെട്ടതാകുന്നു.

109. നിത്യജ്ഞാനപ്രയത്നേച്ഛാഗുണാനീശസ്യ മന്വതേ
അസംഗസ്യ നിയന്തൃത്വമയുക്തമിതി താർക്കികാഃ.

താർക്കികാഃഈശസ്യ=താർക്കികന്മാർ ഈശ്വരന്ന്. നിത്യജ്ഞാന പ്രയത്നേച്ഛാഗുണാൻമന്വതേ=നിത്യജ്ഞാനം പ്രയത്നം ഇച്ഛ എന്ന ഗുണങ്ങളുണ്ടെന്ന വിചാരിക്കുന്നു. അസംഗസ്യനിയന്തൃത്വം=അസംഗന്ന് നിയന്താവെന്നനില. അയുക്തം ഇതിമന്വതേ=യുക്തമല്ലെന്ന വിചാരിക്കുന്നു.

താൎക്കികന്മാരാകട്ടെ അസംഗനായതുകൊണ്ടു ഈശ്വരൻ നിയന്താവാണെന്നു പറയുന്നത് അയുക്തമെന്നു വിചാരിക്കുന്നു. ജീവനിൽനിന്നുള്ള ഭേദം സ്ഥാപിപ്പാൻ ഈശ്വരന്ന് നിത്യമായ ജ്ഞാനം പ്രയത്നം ഇച്ഛ എന്ന 3 ഗുണങ്ങളുണ്ടെന്നാണ് അവർ വിചാരിക്കുന്നത്.

110. പുംവിശേഷത്വമപ്യസ്യ ഗുണൈരേവ നചാന്യഥാ
സത്യകാമഃ സത്യസങ്കല്പ ഇത്യാദിശ്രുതിൎജ്ജഗൌ.

അസ്യപും വിശേഷത്വഃഅപി=ഇവന്ന് പുരുഷനിൽനിന്നുള്ള വിശേഷവും. ഗുണൈഃഏവഅന്യഥാനച=ഗുണങ്ങൾകൊണ്ടുതന്നെ മററവിധത്തിലല്ല സത്യകാമഃസത്യസങ്കല്പഃ=സത്യകാമൻ സത്യസങ്കല്പൻ. ഇത്യാദിശ്രുതിഃജഗൌ=എന്നിങ്ങിനെ ശ്രുതിപറയുന്നു.

ഇച്ഛ, പ്രയത്നം എന്നീ ഗുണങ്ങൾ ജീവാത്മാക്കൾക്കുമുണ്ട്. ആ ഗുണങ്ങൾ ഈശ്വരന്നുമുണ്ടെന്നു വരുന്നതുകൊണ്ടു ഈശ്വരന്നു ജീവാത്മാക്കളിൽനിന്ന് എന്തു വിശേഷം എന്ന ശങ്കയെ പരിഹരിക്കുന്നു:—ഈശ്വരന്നു ജീവനിൽനിന്നുള്ള ഭേദം നിത്യഗുണങ്ങൾകൊണ്ടു മാത്രമാകുന്നു. മററവിധത്തിൽ അല്ല. ഈശ്വരൻ സത്യകാമനും സത്യസങ്കല്പനുമാകുന്നുവെന്നിങ്ങിനെ ശ്രുതികൾ കീൎത്തിക്കുന്നു. ഈശ്വരന്റെ ഇച്ഛയും സങ്കല്പവും ഒരിക്കലും വ്യൎത്ഥമായിവരികയില്ല. ജീവന്ന് ആ ഗുണമില്ല, ഇതുതന്നെ ഭേദം, എന്നാണ് താൎക്കികമതം.

111. നിത്യജ്ഞാനാദിമത്വേസ്യ സൃഷ്ടിരേവ സദാഭവേത്
ഹിരണ്യഗൎഭ ഈശോതോ ലിംഗദേഹേന സംയുതഃ.

അസ്യനിത്യജ്ഞാനാദിമത്വേ=ഇവന്നു നിത്യജ്ഞാനാദികളുള്ളതുകൊണ്ട്. സദാസൃഷ്ടിഃഏവഭവേത്=എപ്പോഴും സൃഷ്ടിതന്നെയുണ്ടാകും. അതഃലിംഗദേഹേന=അതുകൊണ്ടു ലിംഗദേഹത്തോടു. സംയുതഃഈശഃഹിരണ്യഗൎഭഃ=ചേൎന്നിരിക്കുന്ന ഈശ്വരൻ ഹിരണ്യഗൎഭൻ.

നിത്യജ്ഞാനാദിഗുണങ്ങളുണ്ടെന്നു പറഞ്ഞതിൽ ദോഷമുള്ളതുകൊണ്ടു മറെറാരുപക്ഷം പുറപ്പെട്ടതിനെ കാണിക്കുന്നു:—ഈശ്വരന്നു നിത്യജ്ഞാനാദികൾ ഉള്ളതുകൊണ്ടു എപ്പോഴും സൃഷ്ടിതന്നെയായിരിക്കും പ്രവൃത്തി. അതുകൊണ്ടു സമഷ്ടിലിംഗ ശരീരത്തിൽ അഭിമാനമുള്ള ഹിരണ്യഗൎഭൻ ഈശ്വരൻ. മായയാകുന്ന ഉപാധിയോടുകൂടിയ പരമാത്മാവ് സമഷ്ടിലിംഗശരീരത്തിൽ അഭിമാനിക്കുന്നതുകൊണ്ടു ഹിരണ്യഗൎഭനെന്നു പറയപ്പെടുന്നുവെന്നത് ഹിരണ്യഗൎഭോപാസകന്മാരുടെ മതമാകുന്നു.

112. ഉൽഗീഥബ്രാഹ്മണേ തസ്യ മാഹാത്മ്യ മതിവിസ്തൃതം
ലിംഗസത്വേപി ജീവത്വം നാസ്യകൎമ്മാദ്യഭാവതഃ.

ഉൽഗീഥബ്രാഹ്മണേ=ഉൽഗീഥബ്രാഹ്മണത്തിൽ. തസ്യമാഹാത്മ്യം=അവന്റെ മഹത്വം അതിവിസ്തൃതം=അധികം വിസ്തരിച്ചിട്ടുണ്ട്. ലിംഗസത്വേഅപി=ലിംഗശരീരമുണ്ടെങ്കിലും. അസ്യകൎമ്മാദ്യഭാവതഃ=ഇവന്ന് കൎമ്മാദികൾ ഇല്ലാത്തതിനാൽ. നജീവത്വം=ജീവഭാവം ഇല്ല.

ഹിരണ്യഗൎഭൻ ഈശ്വരൻ എന്നതിന്നു പ്രമാണം.—ഹിരണ്യഗൎഭന്റെ മാഹാത്മ്യത്തെ ഉൽഗീഥബ്രാഹ്മണത്തിൽ അധികം വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ലിംഗശരീരസംയോഗമുണ്ടെങ്കിലും കൎമ്മാദിബന്ധമില്ലാത്തതുകൊണ്ടു ഇവന്നു ജീവഭാവമില്ല

113. സ്ഥൂലദേഹം വിനാ ലിംഗദേഹോ നക്വാപി ദൃശ്യതേ
വൈരാജോ ദേഹഈശോതഃ സൎവ്വതോമസ്തകാദിമാൻ.

സ്ഥൂലദേഹംവിനാ=സ്ഥൂലദേഹം കൂടാതെ. ലിംഗദേഹഃ=ലിംഗദേഹം. ക്വാപിനദൃശ്യതേ=ഒരേടത്തും കാണപ്പെടുന്നില്ല. അതഃസൎവ്വതഃ മസ്തകാദിമാൻ വൈരാജഃദേഹഃ ഈശ്വരഃ=അതുകൊണ്ടു സൎവ്വത്ര മസ്തകാദികളുള്ള വിരാട് ദേഹം ഈശ്വരൻ.

സ്ഥൂലദേഹമില്ലാതെ ലിംഗദേഹം ഒരേടത്തും കാണപ്പെടാത്തതുകൊണ്ടു സൎവ്വത്ര ശിരസ്സും സൎവ്വത്ര പാദാദികളുമുള്ള വിരാട് പുരുഷൻ സൎവ്വേശ്വരൻ എന്നു മറെറാരുപക്ഷമുണ്ടായി.

114. സഹസ്രശീൎഷേത്യേവംചവിശ്വതശ്ചക്ഷുരിത്യപി
ശ്രുതമിത്യാഹുരനിശംവിശ്വരൂപസ്യചിന്തകാഃ.

വിശ്വരൂപസ്യചിന്തകാഃ=വിശ്വരൂപചിന്തകന്മാർ. സഹസ്രശീൎഷാഇതി ഏവംച=സഹസ്രശിരസ്സുള്ളവൻ എന്നിപ്രകാരവും. വിശ്വതശ്ചക്ഷുഃഇതി അപി=സൎവ്വത്ര കണ്ണുകളുള്ളവൻ എന്നിപ്രകാരവും ശ്രുതം ഇതി=ശ്രുവിക്കപ്പെടുന്നുണ്ടെന്ന്. അനിശംആഹുഃ=എപ്പോഴും പറയുന്നു.

വിരാട് പുരുഷനുണ്ടെന്നു കാണിക്കുന്ന പ്രമാണം:—"സഹസ്രശീർഷാപുരുഷഃസഹസ്രാക്ഷഃ സഹസ്രപാത്" "വിശ്വതശ്ചക്ഷുഃ" എന്നിപ്രകാരമുള്ള ശ്രുതിവാക്യങ്ങൾ കേൾക്കപ്പെടുന്നതിനാൽ ആയിരം ശിരസ്സുകളും നേത്രങ്ങളും പാദങ്ങളുമുള്ള വിരാട്പുരുഷനുണ്ടെന്നും അദ്ദേഹം സർവ്വേശ്വരനെന്നും വിരാട്സ്വരൂപത്തെ ഉപാസിക്കുന്നവർ പറയുന്നു.

115. സർവ്വതഃ പാണിപാദത്വേ കൃമ്യാദേരപിചേശതാ
തതശ്ചതുർമ്മുഖോ ദേവ ഏവേശോ നേതരഃ പുമാൻ.

സർവ്വതഃപാണിപാദത്വേ=എങ്ങും കൈകാലുകളുള്ളതാണ് ഈശ്വരത്വകാരണമെങ്കിൽ. കൃമ്യാദേഃ അപിച ഈശതാ=കൃമി മുതലായവക്കും ഈശത്വം സിദ്ധിക്കും. തതഃ ചതുർമ്മുഖഃ ദേവഃ ഏവഈശഃ=അതുകൊണ്ടു നാലുമുഖമുള്ള ദേവൻതന്നെ ഈശ്വരൻ. ഇതരഃ പുമാൻന=അന്യനായ പുരുഷൻ അല്ല.

വിരാട്പുരുഷൻ ഈശ്വരൻ എന്ന പക്ഷത്തിൽ ദോഷദൃഷ്ടി:—എങ്ങും കൈകാലുകൾ മുതലായ അവയവങ്ങളുള്ളതാണ് ഈശ്വരലക്ഷണം എന്നാണെങ്കിൽ ആമാതിരി ബഹ്വവയവങ്ങളുള്ള കൃമി മുതലായവയ്ക്കും ഈശ്വരത്വം കല്പിക്കാമെല്ലൊ. അതിനാൽ അത്രയധികം അവയവങ്ങൾ ഉള്ളവനല്ല ഈശ്വരൻ. നാലുമുഖമുള്ള ബ്രഹ്മാവുതന്നെ ദേവൻ–എന്ന മറെറാരുപക്ഷമുണ്ടായി.

116. പുത്രാർത്ഥം തമുപാസീനാ ഏവമാഹുഃ പ്രജാപതിഃ
പ്രജാഅസൃജതേത്യാദിശ്രുതിം ചോദാഹരന്ത്യമീ.

പുത്രാർത്ഥംതം ഉപാസീനാഃ=പുത്രസിദ്ധിക്കായി അവനെ ഉപാസിക്കുന്നവർ. ഏവം ആഹുഃ=ഇപ്രകാരം പറയുന്നു. പ്രജാപതിഃ പ്രജാഃ അസൃജത=ബ്രഹ്മദേവൻ പ്രജകളെ സൃഷ്ടിച്ചു ഇത്യാദിശ്രുതിംച അമീ ആഹുഃ=എന്നിങ്ങിനെയുള്ള ശ്രുതിയെയും ഇവർ പറയുന്നു.

ബ്രഹ്മാവാണ് പ്രജകളെ സൃഷ്ടിക്കുന്നവൻ. ആ ദേവനെ ഉപാസിച്ചാൽ സൽസന്തതിലാഭമുണ്ടാകും എന്ന് പുത്രസിദ്ധിക്കായി ചതുർമ്മുഖനെ ഉപാസിക്കുന്നവർ പറയുന്നു. "പ്രജാപതിഃ പ്രജാഃ അസൃജത" എന്നിങ്ങിനെയുള്ള ശ്രുതിവാക്യങ്ങളെ ഉദാഹരിക്കയുംചെയ്യുന്നു.

117. വിഷ്ണോ ന്നാഭേഃ സമുൽഭൂതോ വേധാഃ കമലജസ്തതഃ
വിഷ്ണുരേവേശ ഇത്യാഹുർല്ലോകേ ഭാഗവതാഃ ജനാഃ.

കമലജഃവേധാഃ=താമരയിൽനിന്നുത്ഭവിച്ച ബ്രഹ്മാവ്. വിഷ്ണോഃ നാഭേഃ സമുൽഭൂതഃ=വിഷ്ണുവിൻെറ നാഭിയിൽനിന്നുത്ഭവിച്ചു തതഃവിഷ്ണുഃ ഏവഈശഃഇതി=അതുകൊണ്ടു വിഷ്ണുതന്നെ ഈശ്വരൻ എന്നു. ലോകേ ഭാഗവതാഃജനാഃ ആഹുഃ=ലോകത്തിൽ ഭഗവൽഭക്തജനങ്ങൾ പറയുന്നു.

വേറൊരുമതം:—ബ്രഹ്മദേവൻ താമരയിൽനിന്നുണ്ടായി. ആ താമര വിഷ്ണുവിൻെറ നാഭിയിൽനിന്നുത്ഭവിച്ചു. അതുകൊണ്ടു വിഷ്ണുതന്നെ ഈശ്വരൻ എന്നു ലോകത്തിലുള്ള ഭഗവൽഭക്തന്മാർ പറയുന്നു. ഇതാണ് വൈഷ്ണവമതം.

118. ശിവസ്യ പാദാവന്വേഷ്ടും ശാർങ്ഗ്യശക്തസ്തതഃശിവഃ
ഈശോ നവിഷ്ണുരിത്യാഹുഃ ശൈവാ ആഗമമാനിനഃ.

ശിവസ്യപാദൌ അന്വേഷ്ടും=ശിവൻെറ പാദങ്ങളെ അന്വേഷിപ്പാൻ. ശാർങ്ഗീ അശക്തഃ=വിഷ്ണു അശക്തൻ. തതഃശിവഃ ഈശഃനവിഷ്ണുഃഇതി=അതുകൊണ്ടു ശിവൻ ഈശ്വരൻ വിഷ്ണുവല്ല എന്നു. ആഗമമാനിനഃ ശൈവാഃ ആഹുഃ=ആഗമങ്ങളെ അഭിമാനിക്കുന്ന ശൈവന്മാർ പറയുന്നു.

ഇനിയും ഒരുമതം:—ശിവൻെറ പാദങ്ങളെ കണ്ടുപിടിപ്പാൻ വിഷ്ണുവിനു കഴിഞ്ഞില്ല. അതുകൊണ്ടു ശിവനാണ് ഈശ്വരൻ വിഷ്ണുവല്ല എന്നു ആഗമങ്ങളെ പ്രമാണമായഭിമാനിക്കുന്ന ശൈവന്മാർ പറയുന്നു.

119. പുരത്രയം സാദയിതും വിഘ്നേശം സോപ്യപൂജയത്
വിനായകം പ്രാഹുരീശം ഗാണാപത്യമതേ രതാഃ.

സഃഅപി പുരത്രയം സാദയിതും=അവനും മുപ്പുരം നശിപ്പിക്കാൻ. വിഘ്നേശം അപൂജയത്=വിഘ്നേശ്വരനെ പൂജിച്ചു. ഗാണാപത്യമതേരതാഃ=ഗാണാപത്യമതത്തിൽ തൽപരന്മാർ. വിനായകം ഈശംആഹുഃ=വിനായകനെ ഈശ്വരനെന്നു പറയുന്നു.

ശിവനും ത്രിപുരസംഹാരം സാധിപ്പാൻ വിഘ്നേശ്വരനെ പൂജിച്ചു. അതുകൊണ്ടു വിനായകനാണ് ഈശ്വരനെന്ന് ഗാണാപത്യമതത്തിൽ രമിക്കുന്നവർ പറയുന്നു.

120. ഏവമന്യേ സ്വസ്വപക്ഷാഭിമാനേനാന്യഥാന്യഥാ
മന്ത്രാർത്ഥവാദകല്പാദീ നാശ്രിത്യ പ്രതിപേദിരേ.

ഏവം അന്യേ=ഇപ്രകാരം മറ്റോരോരുത്തരും സ്വസ്വപക്ഷാഭിമാനേന=സ്വപക്ഷത്തിൽ അഭിമാനംകൊണ്ടു. അന്യഥാ അന്യഥാ=മറ്റോരോവിധത്തിൽ. മന്ത്രാർത്ഥവാദകല്പാദീൻ=മന്ത്രങ്ങളും അർത്ഥവാദങ്ങളും കല്പങ്ങളും എന്നിവയെ. ആശ്രിത്യ=ആശ്രയിച്ചിട്ടു. പ്രതിപേദിരേ=പ്രതിപാദിക്കുന്നു.

ഇങ്ങിനെ മറ്റോരോരുത്തരും മറ്റോരോവിധത്തിൽ സ്ഥാപിച്ചുതുടങ്ങി.. മന്ത്രങ്ങളും അർത്ഥവാദങ്ങളും കല്പങ്ങളും എന്നിവയെ ആശ്രയിച്ചിട്ടു അവരവരുടെ അഭിപ്രായങ്ങളെ ആ ഓരോ സംഘക്കാരും ഉറപ്പിച്ചു.

121. അന്തര്യ്യാമിണമാരഭ്യ സ്ഥാവരാന്തേശവാദിനഃ
സന്ത്യശ്വത്ഥാർക്കവംശാദേഃ കുലദൈവതദർശനാത്.

അന്തര്യ്യാമിണം ആരഭ്യ=അന്തര്യ്യാമിമുതൽ. സ്ഥാവരാന്തേശവാദിനഃ സന്തി=സ്ഥാവരംവരെ ഈശ്വരവാദികൾ ഉണ്ടു്. അശ്വത്ഥാർക്കവംശാദേഃ=ആൽ, എരുക്ക്, മുള എന്നിവയെ. കുലദൈവതദർശനാത്=കുലദൈവമായി കരുതുന്നവരെ കാണുന്നതുകൊണ്ടു്.

ഇങ്ങിനെ എത്രയെത്ര ഭിന്നാഭിപ്രായക്കാരുണ്ടെന്നതിന്നു കണക്കില്ല. അന്തര്യ്യാമിമുതൽ സ്ഥാവരംവരെയുള്ള സകലത്തെയും ഈശ്വരനെന്ന് വാദിക്കുന്ന മതങ്ങൾ ഉണ്ടു്. ആൽവൃക്ഷം, എരുക്ക്, മുള എന്നിവയെ കുലദൈവമെന്നു കരുതി പൂജിക്കുന്നവർ ലോകത്തിൽ ഉണ്ടു്.

122. തത്വനിശ്ചയകാമേന ന്യായാഗമവിചാരിണാം
ഏകൈവ പ്രതിപത്തിഃ സ്യാൽ സാപ്യത്രസ്ഫുടമുച്യതേ.

ന്യായാഗമവിചാരിണാം=ന്യായങ്ങളേയും ആഗമങ്ങളേയും കുറിച്ചാലോചിക്കുന്നവരുടെ. തത്വനിശ്ചയകാമേന=തത്വം നിശ്ചയിപ്പാനുള്ള ആഗ്രഹത്താൻ. ഏകാ ഏവപ്രതിപത്തിഃസ്യാത്=ഒരേ ഒരു ജ്ഞാനമായിരിക്കും. സാ അപി അത്രസ്ഫുടം ഉച്യതേ=അതും ഇവിടെ സ്പഷ്ടമായി പറയപ്പെടുന്നു.

ന്യായം, ആഗമം എന്നിവയെ പര്യാലോചിച്ച് സത്യത്തെ ഉറപ്പിക്കുവാൻ ആഗ്രഹിക്കുന്നവരുടെ അറിവു ഒരേഒരുവിധത്തിൽ ആവാനേ തരമുള്ളു. അതിപ്രായും ഇവിടെ സ്പഷ്ടമായി പറയാം.

123. മായാം തു പ്രകൃതിം വിദ്യാത് മായിനം തു മഹേശ്വരം
അസ്യാവയവഭൂതൈസ്തു വ്യാപ്തം സർവ്വമിദം ജഗത്.

മായാംതു പ്രകൃതിം വിദ്യാത്=മായയെയാകട്ടെ പ്രകൃതിയെന്നറിയേണം. മായിനം തു മഹേശ്വരം=മായോപാധികനായ അന്തര്യ്യാമിയെയാകട്ടെ മഹേശ്വരനായിട്ടും. അസ്യ അവയവഭൂതൈഃ=ഇവന്റെ അവയവങ്ങളാൽ. ഇദംസർവ്വം ജഗത്‌വ്യാപ്തം=ഈ സർവ്വലോകം വ്യാപിക്കപ്പെട്ടിരിക്കുന്നു.

ആ ഏകയായ പ്രതിപത്തിയെ (ജ്ഞാനസ്വരൂപത്തെ) കാണിപ്പാൻ ശ്രുതിവാക്യത്തെ ഉദാഹരിക്കുന്നു:—മായ സർവ്വജഗത്തിന്റെ ഉപാദാനകാരണമെന്നും, മായോപാധികനായ അന്തര്യ്യാമി നിമിത്തകാരണമെന്നും അറിയേണം. ആ അന്തര്യ്യാമിയുടെ അംശങ്ങളായ ജീവന്മാരാൽ വ്യാപ്തമാണ് ഇക്കാണപ്പെടുന്ന സർവ്വജഗത്തും എന്നാണ് മേൽകാണിച്ച ശ്രുതിവാക്യത്തിന്റെ സാരം.

124. ഇതി ശ്രുത്യനുസാരേണ ന്യായ്യോ നിർണ്ണയ ഈശ്വരേ
തഥാസത്യവിരോധഃ സ്യാൽ സ്ഥാവരാന്തേശവാദിനാം

ഇതിശ്രുത്യനുസാരേണ=ഇപ്രകാരം ശ്രുതിയെ അനുസരിച്ചുകൊണ്ടു്. ഈശ്വരേനിർണ്ണയഃ ന്യായ്യഃ=ഈശ്വരനിർണ്ണയം ന്യായംതെറ്റാതിരിക്കും. തഥാസതിസ്ഥാവരാന്തേശവാദിനാം=അങ്ങിനെയായാൽ സ്ഥാവരംവരെ ഈശ്വരവാദം ചെയ്യുന്നവർതമ്മിൽ. അവിരോധഃസ്യാത്=വിരോധം ഭവിക്കയില്ല.

മേൽകാണിച്ച ശ്രുതിപ്രമാണം അനുസരിച്ചു ഈശ്വരതത്വത്തെ നിർണ്ണയിക്കുന്നതു ന്യായാനുസരണമായിരിക്കും. അപ്പോൾ ഈശ്വരൻ സർവ്വത്തിലും വിളങ്ങുന്നുണ്ടെന്നാണ് ശ്രുതിവാക്യത്തിലെ സാരം. അങ്ങിനെയാകുമ്പോൾ അന്തര്യ്യാമിമുതൽ സ്ഥാവരംവരേയും ഈശ്വരൻതന്നെ എന്നു വാദിക്കുന്നവർ തമ്മിൽ വിരോധത്തിന്നവകാശമില്ലെന്നും വരും.

125. മായാചേയം തമോരൂപാ താപനീയേ തദീരണാത്
അനുഭൂതിം തത്രമാനം പ്രതിജജ്ഞേ ശ്രുതിഃസ്വയം.

ഇയം മായാച തമോരൂപാ=ഈ മായയും തമഃപ്രകൃതിയാകുന്നു. താപനീയേ=താപനീയം എന്ന ഉപനിഷത്തിൽ. തദീരണാൽ=അതിനെ പറഞ്ഞിരിക്കുന്നതുകൊണ്ട്. തത്ര ശ്രുതിഃ=അതിൽ ശ്രുതി. സ്വയം അനുഭൂതിം=സ്വാനുഭവത്തെ. മാനംജജ്ഞേ=പ്രമാണമെന്നു നിശ്ചയിച്ചു.

ജഗത്തിന്റെ ഉപാദാനകാരണമായ ആ മായയുടെ സ്വരൂപമെന്താണെന്നു കാണിക്കുന്നു:—മായയുടെ സ്വരൂപം തമോഗുണമാണെന്ന് താപനീയശ്രുതിയിൽ പറഞ്ഞിരിക്കുന്നു. ജഗത്തിന്റെ ഉപാദാനദ്രവ്യങ്ങളായ പഞ്ചഭൂതങ്ങളുടെ ഉല്പത്തി തമോഗുണപ്രധാനയായ പ്രകൃതിയിൽനിന്നാണെന്നു മുമ്പേ കാണിച്ചിട്ടുമുണ്ട്. സ്വാനുഭവത്തെത്തന്നെ ഇതിൽ പ്രമാണമായിട്ടു ശ്രുതി നിശ്ചയിക്കുന്നു. തമോരൂപാ എന്ന പദത്താൽ അജ്ഞാനം മായാരൂപം എന്നു സാരം.

126. ജഡം മോഹാത്മകം തച്ചേത്യനുഭാവയതി ശ്രുതിഃ
ആബാലഗോപം സ്പഷ്ടത്വാ ദാനന്ത്യം തസ്യ സാബ്രവീത്.

തത് ച ജഡം മോഹാത്മകം ഇതി=അതും (തമോഗുണം) ജഡവും മോഹസ്വരൂപവുമാണെന്ന്. ശ്രുതിഃ അനുഭാവയതി=ശ്രുതി അനുഭവപ്പെടുത്തുന്നു. ആബാലഗോപം=ബാലൻ മുതൽ ഗോപൻവരെ. തസ്യസ്പഷ്ടത്വാത്=അതിന്റെ സ്പഷ്ടതനിമിത്തം. ആനന്ത്യം=അനന്തതയെ. സാ അബ്രവീത്=ആ ശ്രുതി പറഞ്ഞു.

തമോഗുണമാകട്ടെ മോഹസ്വരൂപവും ജഡവുമാണെന്നും ശ്രുതി കാണിക്കുന്നുണ്ട്. ഈ അനുഭവം ബാലനും വിദ്വാനും മൂഢനും എല്ലാവർക്കും ഓരോ സമയത്തിൽ ജാഡ്യാദികൾ അനുഭവപ്പെടാറുള്ളതുകൊണ്ട് ആ ജാഡ്യാദികൾ അനന്തമായ തമോഗുണസ്വരൂപമാണെന്നു സാരം. "തദേതത് ജഡം മോഹാത്മകം" എന്ന ശ്രുത്യർത്ഥം ശ്ലോകത്തിനാസ്പദം.

127. അചിദാത്മഘടാദീനാം യൽസ്വരൂപം ജഡം ഹി തത്
യത്ര കുണ്ഠീഭവേൽ ബുദ്ധിഃ സമോഹ ഇതി ലൌകികാഃ.

അചിദാത്മഘടാദീനാം=ചിദാഭാസനില്ലാത്ത ഘടാദികളുടെ. സ്വരൂപംയത്=സ്വരൂപം യാതൊന്നോ. തത് ഹി ജഡം=അതുതന്നെ ജഡം. യത്രബുദ്ധിഃ കുണ്ഠീഭവേത്=യാതൊരവസ്ഥയിൽ ബുദ്ധിക്ക് കുണ്ഠത ഭവിക്കുമോ. സഃമോഹഃ ഇതി=അതു മോഹമാണെന്ന്. ലൌകികാഃ വദന്തി=സാധാരണ ജനങ്ങൾ പറയുന്നു

ജഡം മോഹം എന്ന രണ്ടിന്റെ സ്വരൂപം പറയുന്നു:—ജീവനില്ലാത്ത ഘടാദിവസ്തുക്കളുടെ സ്വരൂപം യാതൊന്നോ അതാകുന്നു ജഡമെന്നും, ഏതൊരവസ്ഥയിൽ ബുദ്ധി പ്രവൃത്തിപ്പാനശക്തയായി ഭവിക്കുന്നുവോ ആ അവസ്ഥാവിശേഷം മോഹമെന്നും ലോകത്തിൽ സാധാരണന്മാർ പറയുന്നു.

128. ഇത്ഥം ലൌകികദൃഷ്ട്യൈതൽ സർവ്വൈ രപ്യനുഭൂയതേ
യുക്തിദൃഷ്ട്യാ ത്വനിർവ്വാച്യം നാസദാസീ ദിതിശ്രുതേഃ.

ഇത്ഥംലൌകികദൃഷ്ട്യാ=ഇപ്രകാരം ലൌകികദൃഷ്ടിയാൽ. ഏതത് സർവ്വൈഃഅപി=ഇതു സർവ്വരാലും. അനുഭൂയതേ=അനുഭവിക്കപ്പെടുന്നു. യുക്തിദൃഷ്ട്യാതു=യുക്തിപ്രകാരമാകട്ടെ. അനിർവ്വാച്യം നിർവ്വചിക്കപ്പെടാവുന്നതല്ല. ന അസത് ആസീത്=അസത്തുണ്ടായിരുന്നില്ല. ഇതിശ്രുതേഃ=എന്ന ശ്രുതിയുള്ളതുകൊണ്ട്.

മേൽപറഞ്ഞ വിധത്തിൽ ജഡവും മോഹാത്മകവുമായ തമസ്സ് ലോകരീതിപ്രകാരം ഉള്ളതുതന്നെയെന്നു എല്ലാവരും അനുഭവിച്ചറിയുന്നുണ്ട്. അങ്ങിനെയാണെങ്കിൽ ആ തമസ്സിനെ ജ്ഞാനത്താൽ നശിപ്പിക്കാൻ കഴികയില്ലെന്നുള്ള ആക്ഷേപത്തെ ആശങ്കിച്ചിട്ടു പറയുന്നു:—എന്നാൽ യുക്തിപൂർവ്വം ആലോചിക്കുമ്പോൾ അങ്ങിനെയൊരു തമസ്സുണ്ടെന്നോ ഇല്ലെന്നോ ഉറപ്പിക്കുവാൻ കഴികയില്ല. അസത്തുണ്ടായിരുന്നില്ല എന്നാണ് ശ്രുതി പറയുന്നത്. ഉണ്ടായിരുന്നുവെങ്കിൽ അതിനെ അസത്തെന്നു പറഞ്ഞുകൂടാ. ഇല്ലാതിരുന്നുവെങ്കിൽ അതിനെ സത്തെന്നും പറഞ്ഞുകൂടാ. എന്നാൽ ഇല്ലാത്തതുതന്നെയെന്നു പറവാനെന്തു വിരോധം എന്നാണെങ്കിൽ ലോകത്തിൽ എല്ലാവരും ഒരവസ്ഥയിൽ അനുഭവിച്ചറിയുകയും ചെയ്യുന്നു. അതുകൊണ്ടു നിർവ്വചിപ്പാൻ കഴിയുന്ന ഒന്നല്ല ആ തമോഗുണം എന്നാണ് വാദത്തിന്റെ സാരം. തമസ്സ് പ്രകാശിച്ചു എന്നതുകൊണ്ട് അതു സത്താണെന്നു വരുന്നില്ല എന്നു സാരം.

129. നാസദാസീ ദ്വിഭാതത്വാ ന്നോസദാസീ ച്ചബാധനാത്
വിദ്യാദൃഷ്ട്യാ ശ്രുതം തുച്ഛം തസ്യ നിത്യനിവൃത്തിതഃ

വിഭാതത്വാൽ=പ്രകാശിച്ചതുകൊണ്ട്. അസത് ന ആസീത്=അസത്തായിരുന്നില്ല ബാധനാൽ=ബാധനം നിമിത്തം. സത് ച ന ആസീത്=സത്തും ആയിരുന്നില്ല. വിദ്യാദൃഷ്ട്യാ=ജ്ഞാനദൃഷ്ടികൊണ്ട്. തസ്യനിത്യനിവൃത്തിതഃ=അതിന്റെ നിത്യവൃത്തിയുള്ളതിനാൽ. തുച്ഛത്വംശ്രുതം=തുച്ഛഭാവം ശ്രുതിയിൽ കേൾക്കപ്പെടുന്നു.

"നാസദാസീന്നോ സദാസീത്" എന്ന ശ്രുതിവാക്യത്തിന്റെ അർത്ഥം പറയുന്നു:—പ്രകാശിച്ചതുകൊണ്ടു അസത്തെന്നു പറഞ്ഞുകൂടാ. എന്നാൽ സത്താണെന്നു പറഞ്ഞുകൂടെയോ എന്നു ശങ്കിക്കുന്നുവെങ്കിൽ വിദ്യാദൃഷ്ടികൊണ്ടു ബാധം (നാശം) ഉള്ളതുകൊണ്ടു സത്തെന്നും പറഞ്ഞുകൂടാ. അതിനാൽ സത്തുമല്ല. ആകയാൽ തമോഗുണം—അജ്ഞാനം—തുച്ഛമാണെന്നു ശ്രുതി പറയുന്നു. ജ്ഞാനോദയത്തിൽ തീരെ നശിക്കുന്നതുകൊണ്ടു അജ്ഞാനാവസ്ഥയിൽ ഉള്ളതുപോലെ തോന്നുകമാത്രമാകയാൽ തുച്ഛമെന്നു പറയപ്പെട്ടിരിക്കുന്നു. ഇല്ലാത്തതെന്നു സാരം. സൂര്യോദയത്തിൽ ഇല്ലാതാകുന്ന ഇരുട്ടെന്നപോലെ.

130. തുച്ഛാനിർവ്വചനീയാ ച വാസ്തവീ ചേത്യസൌ ത്രിധാ.
ജ്ഞേയാ മായാ ത്രിഭിർബ്ബോധൈഃ ശ്രൗതയൌക്തികലൌകികൈഃ

അസൌമായാ=ഈ മായ. ശ്രൗതയൌക്തികലൌകികൈഃ ത്രിഭിഃ ബോധൈഃ=ശ്രുതിയുക്തി ലോകരീതി അനുസരിച്ച് മൂന്നുവിധ ബോധങ്ങൾകൊണ്ട്. തുച്ഛാ അനിർവ്വചനീയാവാസ്തവീച=തുച്ഛയും അനിർവ്വചനീയയും വാസ്തവിയും. ഇതിത്രിധാജ്ഞേയാ=എന്നു മൂന്നു വിധത്തിൽ അറിയപ്പെടുവാൻ യോഗ്യയാകുന്നു.

ഇതുവരെ പറഞ്ഞതിന്റെ സാരംപറഞ്ഞുപസംഹരിക്കുന്നു:—ശ്രുതിയിൽ ഈ മായയെ തുച്ഛയെന്നും യുക്തികൊണ്ടു നോക്കുമ്പോൾ അനിർവചനീയയെന്നും ലോകത്തിലെ സാധാരണജനങ്ങളുടെ അനുഭവംകൊണ്ടു നോക്കുമ്പോൾ വാസ്തവിയെന്നും ഇങ്ങിനെ മൂന്നു വിധത്തിലുള്ള അറിവുപ്രകാരം മൂന്നു വിധത്തിൽ അറിയപ്പെടുവാൻ യോഗ്യയാണ് മായ.

131. അസ്യ സത്വ മസത്വംച ജഗതോ ദർശയത്യസൌ
പ്രസാരണാച്ച സംകോചാ ദ്യഥാചിത്രപടസ്തഥാ.

അസൌ അസ്യജഗതഃ=ഈ മായ ഈ ജഗത്തിന്റെ. സത്വംഅസത്വംച=സൽഭാവത്തെയും അസൽഭാവത്തെയും. പ്രസാരണാത്സംകോചാത്ച=നിവർത്തലും മടക്കലുംകൊണ്ട്. യഥാചിത്രപടഃതഥാ=എപ്രകാരമോ ചിത്രപടം അപ്രകാരം. ദർശയതി=കാട്ടുന്നു.

മേൽകാണിച്ച മൂന്നുവിധത്തിലിരിക്കുന്ന മായ ഉല്ലസിക്കുമ്പോൾ ജഗത്തുണ്ടെന്നും സങ്കോചിക്കുമ്പോൾ ജഗത്തില്ലെന്നും കാട്ടുന്നു. നിവർത്തുമ്പോൾ ചിത്രങ്ങളെ കാണിക്കുകയും ചുരുട്ടിമടക്കുമ്പോൾ ചിത്രങ്ങളെ പുറമെ കാണിക്കാതെയുമിരിക്കുന്ന ചിത്രപടം പോലെയാണ് മായയുടെ പ്രവൃത്തി.

132. അസ്വതന്ത്രാ ഹിമായാ സ്യാ ദപ്രതീതേ വിനാചിതിം
സ്വതന്ത്രാപി തഥൈവസ്യാ ദസംഗസ്യാന്യഥാകൃതേഃ

ഹി. ചിതിംവിനാ_യാതൊന്നു ഹേതുവായിട്ടു ചിത്തിനെ കൂടാതെ. അപ്രതീതേഃ=പ്രതീതിയില്ലാത്തതുകൊണ്ടു. മായാഅസ്വതന്ത്രാസ്യാത്=മായ അസ്വതന്ത്രയാകുന്നു. തഥാഏവഅസംഗസ്യ=അപ്രകാരം തന്നെ അസംഗനായ പുരുഷന്റെ. അന്യഥാകൃതേഃ=അന്യഥാകരണം നിമിത്തം സ്വതന്ത്രാഅപിസ്യാത്=സ്വതന്ത്രയുമാകുന്നു.

മായ സ്വതന്ത്രയുമസ്വതന്ത്രയുമാണെന്നും അങ്ങിനെ നിശ്ചയിപ്പാൻ കാരണവും അതിൽ ഉപപത്തിയുണ്ടെന്നും കാണിക്കുന്നു:—മായ അസ്വതന്ത്രയാകുന്നു. എന്തുകൊണ്ടെന്നാൽ ചിത്തിനെ ആശ്രയിക്കാതെ മായക്കു പ്രകാശിപ്പാൻ കഴികയില്ല അതിനാൽ അസ്വതന്ത്രാ. അതേപ്രകാരത്തിൽതന്നെ മായ സ്വതന്ത്രയുമാണ്. എന്തുകൊണ്ടെന്നാൽ ഒന്നിനോടും ചേർച്ചയില്ലാത്ത പുരുഷനെ ദേഹേന്ദ്രിയാദികളോടു ചേർച്ചയുള്ളവനെന്നു കാട്ടുവാൻ മായക്കു ശക്തിയുണ്ട്. അതിനാൽ സ്വതന്ത്രയുമാകുന്നു.

133. കൂടസ്ഥാസംഗമാത്മാനം ജഗത്ത്വേന കരോതി സാ
ചിദാഭാസസ്വരൂപേണ ജീവേശാവപി നിർമ്മമേ.

കൂടസ്ഥാസംഗം=നിർവ്വികാരനും അസംഗനുമായ. ആത്മാനം=ആത്മാവിനെ സാജഗത്ത്വേനകരോതി=ആ മായ ജഗൽസ്വരൂപനാക്കുന്നു. ചിദാഭാസസ്വരൂപേണ=ചിത്തിന്റെ പ്രതിബിംബസ്വരൂപംകൊണ്ടു. ജീവേശൌഅപിനിർമ്മമേ=ജീവേശ്വരന്മാരെയും നിർമ്മിക്കുന്നു.

അസംഗനായ പുരുഷനെ സംഗിയാക്കിയത് മായയാണെന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:— നിർവ്വികാരനും അസംഗനുമായ ആത്മാവിനെ ആ മായ അഹങ്കാരാദിജഗൽസ്വരൂപനാക്കി. എന്നുതന്നെയല്ല ജീവേശ്വരന്മാരെ സൃഷ്ടിക്കുകയും ചെയ്തു. "ജീവേശാവാഭാസേന കരോതി" എന്ന ശ്രുത്യർത്ഥത്തെ കാണിക്കുന്നു. എങ്ങിനെയെന്നാൽ:— ശുദ്ധസത്വസ്വരൂപിണിയായ തന്നിൽ (മായയിൽ) ചിത്തിന്റെ പ്രതിഫലനമുണ്ടായപ്പോൾ അസംഗചിദ്രൂപൻ ഈശ്വരനായി. മലിനസത്വസ്വരൂപിണിയായ തന്നിൽ ചിത്തിന്റെ പ്രതിഫലനം ജീവനുമായി ഇങ്ങിനെ ജീവേശ്വരന്മാരെ മായ സൃഷ്ടിക്കുന്നു. മായയുടെ കാര്യമായ ജഗത്തിൽ അസംഗചിദ്രൂപനെ സംഗമുള്ളവനാക്കിയെന്നതാണ് പുരുഷന്റെ അന്യഥാകരണം. ജീവേശ്വരസൃഷ്ടി മായയുടെ സ്വാതന്ത്ര്യത്തിന്റെ സ്വരൂപവുമാണെന്ന് സ്പഷ്ടമാക്കിയിരിക്കുന്നു.

134. കൂടസ്ഥമനുപദ്രുത്യ കരോതി ജഗദാദികം
ദുർഘടൈകവിധായിന്യാം മായായാം കാ ചമൽകൃതിഃ

കൂടസ്ഥംഅനുപദ്രുത്യ=കൂടസ്ഥനെ ഉപദ്രവിക്കാതെതന്നെ. ജഗദാദികംകരോതി=ജഗത്ത് മുതലായതിനെ നിർമ്മിക്കുന്നു. ദുർഘടൈകവിധായിന്യാംമായായാം=ദുർഘടങ്ങളെ ഘടിപ്പിക്കുകയെന്ന മുഖ്യവൃത്തിയോടുകൂടിയ മായയിൽ കാചമൽകൃതിഃ=ആശ്ചര്യമെന്തിരിക്കുന്നു.

അസംഗചിദ്രൂപനായ ആത്മാവിന്റെ അന്യഥാകരണംനിമിത്തം കൂടസ്ഥഭാവത്തിനു കേടുതട്ടിയെന്നു ശങ്കിക്കയും വേണ്ട. കൂടസ്ഥന്റെ നിർവ്വികാരാവസ്ഥക്ക് യാതൊരു ഹാനിയും വരാത്തവിധത്തിലാണ് ദേഹാദിപ്രപഞ്ചത്തെ മായ നിർമ്മിക്കുന്നത്. ഇതു ദുർഘടമല്ലെയോയെന്നും ശങ്കിക്കുവാനവകാശമില്ല. എന്തുകൊണ്ടെന്നാൽ ദുർഘടങ്ങളെ ഘടിപ്പിക്കുകയെന്നതാണ് മായയുടെ മുഖ്യപ്രവൃത്തി. അങ്ങിനെയുള്ള മായയാൽ നിർമ്മിക്കപ്പെടുന്ന യാതൊന്നിനെ കുറിച്ചും ആശ്ചര്യപ്പെടുവാനില്ല. അങ്ങിനെയല്ലെന്നുവന്നാൽ മായയെന്നതിനുതന്നെ ഭംഗംനേരിടും.

135. ദ്രവത്വമുദകേ വഹ്നാവൗഷ്ണ്യം കാഠിന്യമശ്മനി
മായായാ ദുർഘടത്വം ച സ്വതഃസിദ്ധ്യതി നാന്യതഃ.

ഉദകേദ്രവത്വം=വെള്ളത്തിൽ ഒഴുക്കവും. വഹ്നൗഔഷ്ണ്യം=തീയ്യിൽ ഉഷ്ണതയും. അശ്മനി കാഠിന്യം=കല്ലിൽ കഠിനതയും. മായായാഃ ദുർഘടത്വംച=മായയുടെ ദുർഘടതയും. സ്വതഃസിദ്ധ്യതി=സ്വതേ സിദ്ധിക്കുന്നു. അന്യതഃന=മറ്റൊന്നിൽനിന്നു കിട്ടുന്നതല്ല.

വെള്ളത്തിൽ ഒഴുക്കവും തീയ്യിൽ ചൂടും കല്ലിൽ കാഠിന്യവും എപ്രകാരമോ അപ്രകാരം മായയിൽ ദുർഘടതയും സ്വതേയുള്ളതാകുന്നു. മറ്റൊന്നിൽനിന്നു കിട്ടുന്നതല്ല.

136. നവേത്തി ലോകോ യാവത്താം സാക്ഷാത്താവൽ ചമൽകൃതിം
ധത്തേ മനസി പശ്ചാത്തു മായൈഷേത്യുപശാമ്യതി.

ലോകഃയാവത്=ലോകം എത്രകാലംവരെ. താം സാക്ഷാത് നവേത്തി=ആ മായയെ സാക്ഷാത്തായറിയുന്നില്ലയോ താവത് മനസി=ആ കാലംവരെ മനസ്സിൽ. ചമൽകൃതിംധത്തേ=ചമൽകാരത്തെ ധരിക്കും. പശ്ചാത്തു ഏഷാമായാ=പിന്നെയോ ഇതു മായാ. ഇതിഉപശാമ്യതി=എന്നോർത്ത് ഉപശാന്തിയെ പ്രാപിക്കും.

മായയുടെ ദുർഘടകാരിത്വം ആശ്ചര്യകരമല്ലെന്നു പറയുന്നത് യുക്തമല്ല. ലോകത്തിൽ ആശ്ചര്യപ്പെടത്തക്കതായ പല സംഭവങ്ങളും കാണുന്നുണ്ട്. ജനങ്ങൾ ആശ്ചര്യപ്പെടുന്നതുമുണ്ടല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ അതിൽ തെറ്റില്ല. എന്നാൽ ലോകത്തിലുള്ള സാധാരണ ജനങ്ങൾ മായാസ്വരൂപത്തെ സാക്ഷാത്തായിട്ടറിയാതെയിരിക്കുന്നേടത്തോളം കാലം അവർ മായാകാര്യങ്ങളിൽ ആശ്ചര്യപ്പെടും. മായാസ്വരൂപത്തെ എപ്പോൾ അനുഭവിച്ചറിയുന്നുവോ അപ്പോൾമുതൽ എന്തുകണ്ടാലും കേട്ടാലും അവ

ക്കാശ്ചര്യം തോന്നുകയില്ല. മായാസ്വരൂപം അറിഞ്ഞ ജ്ഞാനിക്ക് ലോകത്തിൽ ആശ്ചര്യപ്പെടത്തക്കതായ സംഭവങ്ങളൊന്നുമില്ല. ഇതെല്ലാം മായാകാര്യം എന്നറിഞ്ഞ് ശാന്തനായിരിക്കും.

137. പ്രസരന്തി ഹി ചോദ്യാനി ജഗദ്വസ്തുത്വവാദിഷു
നചോദനീയം മായായാം തസ്യാശ്ചോദ്യൈകരൂപതഃ.

ജഗദ്വസ്തുത്വവാദിഷു=ജഗത്ത് സത്യമാണെന്നു വാദിക്കുന്നവരിൽ. ചോദ്യാനിപ്രസരന്തിഹി=ചോദ്യങ്ങൾ പ്രസരിക്കുന്നു നിശ്ചയം. തസ്യാഃചോദ്യൈക രൂപതഃ=ആ മായയുടെ രൂപംതന്നെ ചോദ്യമായതുകൊണ്ടു. മായായാം=മായയിൽ. ചോദനീയം ന=ചോദിക്കത്തക്കതായിട്ടൊന്നുമില്ല.

എന്നുതന്നെയല്ല, ലോകത്തിൽ ആശ്ചര്യപ്പെടുവാൻതക്ക പലസാധനങ്ങളും സംഭവങ്ങളും ഇല്ലെയോ എന്നിങ്ങിനെയുള്ള ചോദ്യങ്ങൾ ലോകം സത്യമാണെന്നു വിശ്വസിക്കുന്ന നൈയ്യായികന്മാരിൽനിന്നു പുറപ്പെട്ടുകൊണ്ടെയിരിക്കും. അവരുടെ ചോദ്യങ്ങൾക്കവസാനമുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ മായയുടെ സ്വരൂപംതന്നെ ഉള്ളതോ ഇല്ലാത്തതോ എന്നുള്ള ചോദ്യമാകുന്നു. അതുകൂടാതെ വാസ്തവമായ സ്വരൂപം മായക്കില്ലാത്തതുകൊണ്ടു മായാകാര്യമായ ജഗത്ത് എന്നതുതന്നെ ഇല്ലാത്തതായിരിക്കെ ആ ജഗത്തിലെ സാധനങ്ങളെയും സംഭവങ്ങളെയുംകുറിച്ച് ചോദിപ്പാനോ ഉത്തരം പറവാനോ മായാസ്വരൂപത്തെ:– അതിന്റെ മിഥ്യാഭാവത്തെ–അറിഞ്ഞ ജ്ഞാനികൾ ഒരുങ്ങുന്നില്ല. കാനൽജലം കുടിച്ചു ദാഹം ശമിപ്പിച്ചു. വന്ധ്യാപുത്രന്റെ ജന്മർക്ഷസദ്യയിൽ ഭക്ഷണംകഴിച്ചുവന്നിങ്ങിനെ കഥ പറയുന്നവരോടു ആ ജലത്തിന്റെ നൈർമ്മല്യാദിഗുണങ്ങളെകുറിച്ചോ ആ സദ്യവട്ടങ്ങളെകുറിച്ചോ ചോദ്യോത്തരങ്ങൾക്കായിട്ടു ജ്ഞാനികൾ മനസ്സിരുത്തുക പതിവില്ല.

138. ചോദ്യേപി യദി ചോദ്യം സ്യാത് ത്വച്ചോദ്യേ ചോദ്യതേ മയാ.
പരിഹാര്യം തതശ്ചോദ്യം നപുനഃ പ്രതിചോദ്യതാം.

ചോദ്യേ അപിചോദ്യംസ്യാത്യദി=ചോദ്യത്തിലും ചോദ്യം ഭവിക്കുമെങ്കിൽ. ത്വച്ചോദ്യേ അപി=നിങ്ങളുടെ ചോദ്യത്തിലും. മയാ ചോദ്യതേ=എന്നാൽ ചോദിക്കപ്പെടും. തതഃ ചോദ്യം പരിഹാര്യം=അതിനാൽ ചോദ്യം പരിഹരിക്കപ്പെടത്തക്കതാണ്. ന പുനഃപ്രതിചോദ്യതാം=അതുകൊണ്ടു പിന്നെ പ്രതിചോദ്യം വേണ്ടിവരില്ല.

മായാവാദിയോടു ചോദ്യംചെയ്യുന്നതിൽ അതിപ്രസംഗം നേരിടും എന്നു കാണിക്കുന്നു:—ചോദിക്കേണ്ടതായ സംഗതികളെകുറിച്ചു ചോദ്യംചെയ്യുന്നത് ലോകസമ്പ്രദായമല്ലെയോ എന്നു ശങ്കിക്കുന്ന പൂർവ്വവാദിയോട് സിദ്ധാന്തി (മായാവാദി) പറയുന്നു:—ഹേ പൂർവ്വവാദിൻ! ചോദിക്കേണ്ടു സംഗതിയിൽ ചോദ്യമുണ്ടാകുമെങ്കിൽ അങ്ങയുടെ ചോദ്യത്തെക്കുറിച്ച് എനിക്കും ചോദിപ്പാനുണ്ടാകും. അപ്പോൾ നമ്മളുടെ ചോദ്യോത്തരങ്ങൾ അവസാനിക്കാത്ത നിലയിൽ നീണ്ടുകൊണ്ടുപോകും. അതിനാൽ ചോദ്യം വേണ്ടെന്നുവെക്കുകയാണധികം ഗുണം. അപ്പോൾ പ്രതിചോദ്യവും കൂടാതെ കഴിയും.

139. വിസ്മയൈകശരീരായാഃ മായായാ ശ്ചോദ്യരൂപതഃ
അന്വേഷ്യഃ പരിഹാരോസ്യാഃ ബുദ്ധിമദ്ഭിഃ പ്രയത്നതഃ.

വിസ്മയൈക ശരീരായാഃ=വിസ്മയങ്ങളുടെ മുഖ്യസ്വരൂപമായ. അസ്യാഃ മായായാഃ=ഈ മായയുടെ. ചോദ്യരൂപതഃ=ചോദ്യസ്വരൂപത്തിൽനിന്ന്. പരിഹാരഃ ബുദ്ധിമദ്ഭിഃ=പരിഹാരം ബുദ്ധിമാന്മാരാൽ. പ്രയത്നതഃ അന്വേഷ്യഃ=പ്രയത്നപ്പെട്ടു അന്വേഷിക്കപ്പെടേണം.

ചോദ്യോത്തരങ്ങൾകൊണ്ടല്ലേ തത്വം വെളിപ്പെടുക. അങ്ങിനെയിരിക്കെ ചോദ്യം വേണ്ടെന്നു പറയുന്നതു ന്യായമല്ല എന്നു ശങ്കിക്കുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—ലോകത്തിൽ ആശ്ചര്യപ്പെടുവാൻ തക്കതായ സംഗതികളും സംഭവങ്ങളുമാണല്ലോ ചോദ്യോത്തരങ്ങൾക്കു കാരണം. അങ്ങിനെയുള്ള വിസ്മയങ്ങളുടെ ആകത്തുകതന്നെയാണ് മായയുടെ സ്വരൂപം. ആ മായയെക്കുറിച്ചു ചോദിപ്പാൻ ഭാവിക്കുന്ന ബുദ്ധിമാന്മാർ ആ മായയെ കടക്കാനുള്ള വഴിയെന്താണെന്നു മാത്രമെ അന്വേഷിക്കാവൂ. എന്തെങ്കിലും അദ്ധ്വാനിച്ചു ആ മായയെ കടക്കുകതന്നെ വേണം. അതിനുള്ള ഉപായം അറിയേണം എന്നായിരിക്കേണം ചോദ്യത്തിന്റെ ഉദ്ദേശ്യം. അങ്ങിനെയായാൽ ചോദ്യോത്തരങ്ങൾകൊണ്ടു പ്രയോജനമുണ്ടാകും. അല്ലാതെ മായാകാര്യങ്ങളിൽ ചേർച്ചയും ചേർച്ചക്കേടും അവയെപ്പറ്റിയുള്ള ചോദ്യോത്തരങ്ങളുംകൊണ്ടു ഫലമൊന്നുമുണ്ടാകയില്ല എന്നു സാരം.

140. മായാത്വമേവ നിശ്ചേയ മിതിചേ ത്തർഹിനിശ്ചിനു
ലോകപ്രസിദ്ധമായായാ ലക്ഷണം യത്തദീക്ഷ്യതാം.

മായാത്വം ഏവനിശ്ചേയം=മായാഭാവംതന്നെയാണ് നിശ്ചയിക്കേണ്ടത്. ഇതിചേത്തർഹി നിശ്ചിനു= എന്നാണെങ്കിൽ അതിനെ നിശ്ചയിച്ചാലും. ലോകപ്രസിദ്ധമായായാഃ=ലോകത്തിൽ പ്രസിദ്ധയായ മായയുടെ ലക്ഷണം യത്=ലക്ഷണം യാതൊന്നോ തത് ഈക്ഷ്യതാം=അതു കാണപ്പെട്ടാലും.

മായയുടെ ഭാവം (സ്വരൂപം) എന്താണെന്നറിയാതെ അതിനെ പരിഹരിപ്പാനുള്ള വഴിയെങ്ങിനെ അന്വേഷിക്കാൻ കഴിയും എന്നു ശങ്കിക്കുന്ന പൂർവ്വവാദിയോടു സിദ്ധാന്തി പറയുന്നു:—ലോകത്തിൽ പ്രസിദ്ധമായ ഇന്ദ്രജാലം യാതൊന്നോ അതുതന്നെ മായാലക്ഷണം എന്നറിഞ്ഞുകൊൾക.

141. ന നിരൂപയിതും ശക്യാ വിസ്പഷ്ടം ഭാസതേ ച യാ
സാ മായേതീന്ദ്രജാലാദൌ ലോകാഃ സംപ്രതിപേദിരേ.

യാവിസ്പഷ്ടംഭാസതേ=യാതൊന്നു അതിസ്പഷ്ടമായി വിളങ്ങുന്നുവോ. നിരൂപയിതുംനശക്യാ=നിരൂപണം ചെയ്യാൻ കഴിയാതെയും ഇരിക്കുന്നുവോ. സാമായാഇതി=അതു മായയാണെന്ന്. ഇന്ദ്രജാലാദൌ=ഇന്ദ്രജാലം മുതലായതിൽ. ലോകാഃസംപ്രതിപേദിരേ=ലോകത്തിലെ ജനങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

ലോകപ്രസിദ്ധമായ മായാലക്ഷണം എന്താണെന്നറിവാൻ ആഗ്രഹിക്കുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—യാതൊന്നു സ്പഷ്ടമായി കാണപ്പെടുന്നുവെങ്കിലും അതു ഉള്ളതോ ഇല്ലാത്തതോ എന്നു നിശ്ചയിക്കുവാൻ കഴിയുന്നതുമില്ല ഇങ്ങിനെ കാണപ്പെടുന്നത് മായാലക്ഷണമാകുന്നു. ഇന്ദ്രജാലം മഹേന്ദ്രജാലം കൺകെട്ടു മുതലായ ചെപ്പടിവിദ്യക്കളികളിൽ സംഭാവ്യങ്ങളല്ലാത്ത പല സംഗതികളും സംഭവിച്ചതായിട്ടു കാണപ്പെടുന്നു ഇങ്ങിനെ കാണപ്പെടുന്നതിൽനിന്നു ലോകം അവക്കു മായയെന്നു പേർ നിശ്ചയിച്ചു. ഈ ലക്ഷണംകൊണ്ടു മായാസ്വരൂപം അറിഞ്ഞുകൊൾക.

142. സ്പഷ്ടം ഭാതി ജഗച്ചേദ മശക്യം തന്നിരൂപണം
മായാമയം ജഗത്തസ്മാ ദീക്ഷസ്വാപക്ഷപാതതഃ.

ഇദംജഗത്സ്പഷ്ടംഭാതി=ഈ ലോകം സ്പഷ്ടമായി വിളങ്ങുന്നു. തന്നിരൂപണം അശക്യം=അതിൻെറ നിരൂപണം സാദ്ധ്യവുമല്ല തസ്മാത്ജഗത് മായാമയം=അതുകൊണ്ടു ലോകം മായാമയം അപക്ഷപാതതഃഈക്ഷസ്വ=എന്നു പക്ഷപാതം കൂടാതെ കണ്ടുകൊൾക.

മുകളിൽ ഇന്ദ്രജാലാദിദൃഷ്ടാന്തത്തിൽ കാണിച്ച ലക്ഷണത്തെ ദാർഷ്ടാന്തമായ ജഗത്തിൽ യോജിപ്പിക്കുന്നു: ബഹുവിധപ്രാണിവർഗങ്ങളോടും ഭോഗ്യഭോഗസാധനസാമഗ്രികളോടും കൂടിയ ഈ ലോകം സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. എന്നാൽ ഇതു സത്യമോ എന്നാലോചിക്കുമ്പോൾ നിലനിന്നു കാണപ്പെടാത്തതിനാൽ സത്യമാണെന്നുറപ്പിക്കുവാൻ തരമില്ല എന്നാൽ അസത്യമോ എന്നാണെങ്കിൽ സ്പഷ്ടമായി ഇന്ദ്രിയങ്ങൾകൊണ്ടു കാണുന്നതും കേൾക്കുന്നതുമെല്ലാം അസത്യമെന്നും പറവാൻ തരമില്ല. ഇങ്ങിനെ നിർവചിപ്പാൻ കഴിയാത്ത വിധത്തിൽ കാണപ്പെടുന്ന ഈ ലോകം മുൻകാണിച്ച ലക്ഷണമുള്ളതാകയാൽ മായാമയംതന്നെയെന്നു പക്ഷപാതംകൂടാതെ കണ്ടുകൊൾക. മററുചിലർ മററുവിധത്തിൽ പറയുന്നുണ്ടെന്നും മററും ചിന്തിച്ചു ക്ലേശിക്കേണ്ട. ഒരു പക്ഷത്തിലും ചരിയേണ്ട. ലക്ഷണം നോക്കീട്ടു ലക്ഷ്യത്തെ നിശ്ചയിക്കുകയെന്ന സത്യമാർഗ്ഗത്തെയവലംബിച്ച് മായാലക്ഷണമുള്ള ജഗത്ത് മയാമയം എന്നു തീർച്ചപ്പെടുത്തികൊൾക.

143. നിരൂപയിതുമാരബ്ധേ നിഖിലൈരപി പണ്ഡിതൈഃ
അജ്ഞാനം പുരതസ്തേഷാം ഭാതികക്ഷ്യാസു കാസുചിത്.

നിഖിലൈഃപണ്ഡിതൈഃഅപി=സകല പണ്ഡിതന്മാരാലും. നിരൂപയിതും ആരബ്ധേ=നിരൂപിക്കാനാരംഭിക്കപ്പെട്ടപ്പോൾ. തേഷാംപുരതഃ=അവരുടെ മുമ്പിൽ കാസുചിത്കക്ഷ്യാസു=ചില ഭാഗങ്ങളിൽ. അജ്ഞാനംഭാതി=അറിവില്ലായ്മ വിളങ്ങുന്നു.

ജഗത്തിൻെറ നിരൂപണം അസാദ്ധ്യം എന്നു പറവാൻ കാരണം കാണിക്കുന്നു:—സകല പണ്ഡിതന്മാരും ജഗത്തിൻെറ സ്വരൂപത്തെ കുറിച്ചു നിരൂപണം ചെയ്വാൻ ആരംഭിച്ചിട്ടുണ്ട്. ചില ഭാഗങ്ങളിൽ തീർച്ചപ്പെടുത്താൻ അവക്കു സാദ്ധ്യമല്ലെന്ന് അനുഭവപ്പെട്ടിട്ടുമുണ്ട്. അതിനാൽ മായാകാര്യമായ ലോകത്തിൻെറ സ്വരൂപനിർണ്ണയം പണ്ഡിതന്മാൎക്കും സാദ്ധ്യമല്ലെന്നു കണ്ടുകൊള്ളുന്നം.

144. ദേഹേന്ദ്രിയാദയോ ഭാവാഃ വീര്യേണോൽപാദിതാഃ കഥം
കഥംവാതത്ര ചൈതന്യമിത്യുക്തേ തേ കിമുത്തരം.

ദേഹേന്ദ്രിയാദയഃഭാവാഃ=ദേഹങ്ങൾ ഇന്ദ്രിയങ്ങൾ മുതലായ പദാൎത്ഥങ്ങൾ. വീൎയ്യേണകഥംഉൽപാദിതാഃ= വീൎയ്യത്താൽ എങ്ങിനെ ഉൽഭവിപ്പിക്കപ്പെട്ടു, തത്രചൈതന്യംവാ കഥം=അല്ലെങ്കിൽ അവയിൽ ചൈതന്യം എങ്ങിനെയുണ്ടായി. ഇതി ഉക്തേ=എന്നു ചോദിക്കപ്പെടുമ്പോൾ. തേ കിംഉത്തരം=അങ്ങയുടെ ഉത്തരം എന്താകുന്നു.

നിരൂപണം അസാധ്യമെന്നതിനെ ഉദാഹരണംകൊണ്ടുറപ്പിക്കുന്നു: – ശുക്ലശോണിതരൂപമായ വീൎയ്യത്തിൽനിന്നു ദേഹങ്ങൾ ഇന്ദ്രിയങ്ങൾ എന്നീഭാവങ്ങൾ എങ്ങിനെയുണ്ടായിയെന്നോ അവയിൽ ചൈതന്യം ഏതുവിധത്തിലുണ്ടായി എന്നോ ഉള്ള ചോദ്യത്തിന്ന് ഹേ പൂൎവ്വവാദിൻ അങ്ങയുടെ മറുപടി എന്താകുന്നു. അറിഞ്ഞുകൂടാ എന്നുതന്നേ പറയേണ്ടിവരും. മനുഷ്യബുദ്ധിക്കു യോജിക്കാവുന്നവിധത്തിൽ ഇതിന്നെല്ലാം മറുപടി പറയുവാൻ പണ്ഡിതന്മാൎക്കും സാധിക്കുകയില്ല. ആകയാൽ ജഗന്നിരൂപണം അസാദ്ധ്യംതന്നെയെന്നു വന്നുകൂടുന്നു

145. വീൎയ്യസ്യൈഷ സ്വഭാവശ്ചേൽ കഥംതദ്വിദിതം ത്വയാ
അന്വയവ്യതിരേകൌ യൌ ഭഗ്നൌ തൌ വന്ധ്യവീൎയ്യതഃ.

ഏഷഃവീൎയ്യസ്യ സ്വഭാവഃചേത്=ഇതു വീൎയ്യത്തിന്റെ സ്വഭാവമാണെങ്കിൽ. തൽകഥം ത്വയാ വിദിതം= അതെങ്ങിനെ അങ്ങയാൽ അറിയപ്പെട്ടു. അന്വയവ്യതിരേകൌ യൌ=അന്വയവ്യതിരേകങ്ങൾ യാതൊന്നുകളൊ. തൌ വന്ധ്യവീൎയ്യതഃ ഭഗ്നൌ=അതുരണ്ടും വന്ധ്യ വീൎയ്യംനിമിത്തം പൊളിഞ്ഞുപോയി.

വീൎയ്യത്തിൽനിന്നു ദേഹേന്ദ്രിയാദികളുണ്ടാകുക അതിൽ ചൈതന്യം കാണപ്പെടുക എന്നത് വീൎയ്യത്തിന്റെ സ്വതസ്സിദ്ധഗുണംതന്നെ എന്നു സ്വഭാവവാദി ഉത്തരംപറയും എന്നൂഹിച്ചു സിദ്ധാന്തി അയാളോടു ചോദിക്കുന്നു:—അതു വീൎയ്യത്തിന്റെ സ്വഭാവമാണെങ്കിൽ ഹേ സ്വഭാവവാദിൻ ആ സ്വഭാവം അങ്ങയാൽ അറിയപ്പെട്ടതെങ്ങിനെ? അന്വയം വ്യതിരേകം എന്ന രണ്ടു സംഗതികളെക്കൊണ്ടാണല്ലൊ സ്വഭാവം നിശ്ചയിക്കേണ്ടത്. ആ രണ്ടു ന്യായങ്ങൾ വീൎയ്യത്തിൽ കാണപ്പെടുന്നുണ്ടോ. അതായത്:— എവിടെയെവിടെ വീൎയ്യം പ്രവേശിക്കുന്നുണ്ടോ അവിടെയവിടെ ദേഹേന്ദ്രിയാദികൾ ഉണ്ടാകുന്നു. ഇതാണന്വയം. എവിടെയെവിടെ അതിന്റെ പ്രവേശമില്ലയോ അവിടെയവിടെ ദേഹേന്ദ്രിയാദികൾ ഉണ്ടാകുന്നില്ല. ഇതാണ് വ്യതിരേകം. ഇതുരണ്ടും വീൎയ്യത്തിൽ നിയമേന കാണപ്പെടുന്നില്ല. വന്ധ്യയിൽ വീൎയ്യപ്രവേശമുണ്ടായിട്ടും സന്താനം ഉണ്ടാകാത്തതുകൊണ്ടു അന്വയമെന്ന ഒന്നാമത്തെ ന്യായംതന്നെ പൊളിഞ്ഞുപോയി. വീൎയ്യം പ്രവേശിക്കാതെയും സ്വേദജാദികൾ ഉണ്ടാകുന്നതിനാൽ വ്യതിരേകവുമില്ല

146. നജാനാമി കിമപ്യേതദിത്യന്തേ ശരണംതവ
അത ഏവമഹാന്തോസ്യ പ്രവദന്തീന്ദ്രജാലതാം.

ഏതത് കിം അപി നജാനാമി ഇതി=ഇതൊന്നും ഞാനറിയുന്നില്ല എന്നുതന്നെ. അന്തേതവശരണം=അങ്ങക്ക് അവസാനത്തെ രക്ഷാസ്ഥാനം. അതഃഏവമഹാന്തഃ=അതുകൊണ്ടുതന്നെ മഹാന്മാർ. അസ്യഇന്ദ്രജാലതാം പ്രവദന്തി=ഇതിനെ ഇന്ദ്രജാലമെന്നു പറയുന്നു.

ഇങ്ങിനെ മായാകാൎയ്യങ്ങൾ ഓരോന്നിനെകുറിച്ചും ചോദിക്കുമ്പോൾ ഹേ സ്വഭാവവാദിൻ അങ്ങയുടെ മറുപടി എന്തായിരിക്കും. എനിക്കൊന്നും അറിഞ്ഞുകൂടാ എന്നുതന്നെയായിരിക്കും അവസാനത്തെ രക്ഷാസ്ഥാനം. അതുകൊണ്ടുതന്നെയാണ് മഹാന്മാർ മായാകാൎയ്യങ്ങളെല്ലാം ഇന്ദ്രജാലംതന്നെയെന്നു പറയുന്നത്.

147. ഏതസ്മാൽ കിമിവേന്ദ്രജാലമപരം യൽഗൎഭവാസസ്ഥിതം
രേതശ്ചേതതി ഹസ്തമസ്തകപദപ്രോൽഭൂതനാനാങ്കുരം.
പൎയ്യായേണ ശിശുത്വയൌവനജരാവേഷൈരനേകൈർവൃതം
പശ്യത്യത്തി ശൃണോതി ജിഘ്രതി തഥാഗച്ഛത്യഥാഗച്ഛതി.

ഏതസ്മാൽ കിം ഇവ അപരം ഇന്ദ്രജാലം=ഇതിനേക്കാൾ മീതെയുള്ള മറെറാരിന്ദ്രജാലം എന്തിരിക്കുന്നു. ഗൎഭവാസസ്ഥിതംയത് രേതഃ=ഗൎഭവാസത്തിൽ ഇരുന്ന യാതൊരു രേതസ്സ്. ഹസ്തമസ്തകപദപ്രോൽഭൂതനാനാങ്കുരം=കൈകൾ, ശിരസ്സ്, പാദങ്ങൾ എന്നിവയിൽ നാനാവിധമുളകളോടുകൂടെ ചേതതി=ചൈത

ന്യസഹിതമായി ചേഷ്ടിക്കുന്നു. അനേകൈഃ ശിശുത്വയൌവന ജരാവേഷൈഃ=അനേകവിധത്തിലുള്ള ശൈശവം യൌവനം ജരാ എന്നീ വേഷങ്ങളാൽ. പര്യായേണാവൃതം=ക്രമത്താൽ ആവരണം ചെയ്യപ്പെട്ടതായിട്ടു. പശ്യതി അത്തി ശൃണോതി ജിഘ്രതി=കാണുന്നു, ഭക്ഷിക്കുന്നു, കേൾക്കുന്നു, വാസിക്കുന്നു. തഥാഗച്ഛതി=അപ്രകാരം പോകുന്നു. യഥാ ആഗച്ഛതി=എപ്രകാരം വരുന്നുവോ.

അനിർവ്വചനീയം ജഗത്തെന്നതിൽ വൃദ്ധസമ്മതിയെ കാണിക്കുന്നു:—ഇതിനേക്കാൾമീതെ എന്തൊരിന്ദ്രജാലമാണുള്ളത്? എന്തെന്നാൽ ഗർഭത്തിൽ പ്രവേശിച്ച രേതസ്സ് കൈകാൽ ശിരസ്സ് മുതലായ അനേകാവയവരൂപങ്ങളും വിരൽ മുതലായ മുളകളും ആ ഒരു വിത്തിൽനിന്നുത്ഭവിച്ചു ക്രമത്തിൽ ചൈതന്യസഹിതമായി പ്രവൃത്തിയാരംഭിച്ചു. ബാല്യം, യൌവനം, വാർദ്ധക്യം എന്ന ഓരോ വേഷങ്ങളെ ക്രമത്തിൽ സ്വീകരിച്ചു കളികൾ നടത്തി ഏതുവിധത്തിൽ— അറിവാൻ കഴിയാത്തവിധത്തിൽ വന്നു കളി നടത്തിയോ അതേവിധത്തിൽതന്നെ കളികളെല്ലാം മതിയാക്കി പോകയും ചെയ്യുന്നു. ഇങ്ങിനെയെല്ലാം ഉണ്ടാകുക, ഇല്ലാതാവുക, എവിടെനിന്നു വന്നു, എവിടേക്കു പോയി എന്നൊന്നും നിശ്ചയിപ്പാൻ കഴിയുന്നതുമില്ല ഇതിനേക്കാൾ ആശ്ചര്യകരമായ ഇന്ദ്രജാലം എന്തിരിക്കുന്നുവെന്നാണ് വൃദ്ധന്മാരുടെ ചോദ്യം.

148. ദേഹവദ്വടധാനാദൌ സുവിചാര്യ വിലോക്യതാം
ക്വധാനാ കുത്രവാവൃക്ഷ സ്തസ്മാന്മായേതി നിശ്ചിനു.

ദേഹവത് വടധാനാദൌ=ദേഹത്തെപ്പോലെതന്നെ ആൽവിത്ത് മുതലായതിലും. സുവിചാര്യവിലോക്യതാം=നന്നായാലോചിച്ചുനോക്കുക. ധാനാക്വവൃക്ഷഃവാകുത്ര=വിത്തെവിടെ വൃക്ഷമെവിടെ. തസ്മാത് മായാ ഇതിനിശ്ചിനു=അതുകൊണ്ടു മായയാണെന്നു നിശ്ചയിച്ചുകൊൾക.

ദേഹത്തെക്കുറിച്ചു മാത്രമാണ് നിരൂപിക്കാൻ കഴിവില്ലായ്മ എന്നു കരുതേണ്ട. വൃക്ഷാദികളെക്കുറിച്ചും നിരൂപണം അശക്യം. ഉദാഹരണമായിട്ടു ആൽവിത്തിനേയും വൃക്ഷത്തേയും കുറിച്ചു ചിന്തിക്കുക. വിത്തെത്ര ചെറുത്? വൃക്ഷം എത്ര വലുത്? ഇത്ര വലിയ വൃക്ഷം ഇത്ര ചെറിയ വിത്തിൽ എങ്ങിനെ അടങ്ങിയിരുന്നുവെന്ന് ആർക്കെങ്കിലും ന്യായം പറഞ്ഞൊപ്പിക്കുവാൻ കഴിയുമോ? അതുകൊണ്ടു ഹേ പൂർവ്വവാദിൻ, ഈ ലോകം മായാമയം എന്നുറച്ചുകൊൾക.

149. നിരുക്താവഭിമാനം യേ ദധതേ താർക്കികാദയഃ
ഹർഷമിശ്രാദിഭിസ്തേതു ഖണ്ഡനാദൌ സുശിക്ഷിതാഃ

യേ താർക്കികാദയഃ=യാതൊരു താർക്കികന്മാർ മുതലായവർ. നിരുക്തൌ അഭിമാനം ദധതേ=നിരുക്തിയിൽ അഭിമാനിക്കുന്നുവോ. തേതു=അവരാകട്ടെ. ഹർഷമിശ്രാദിഭിഃ=ഹർഷമിശ്രൻ മുതലായവരാൽ. ഖണ്ഡനാദൌ=ഖണ്ഡനം മുതലായതിൽ. സുശിക്ഷിതാഃ=വേണ്ടതുപോലെ പഠിപ്പിക്കപ്പെട്ടു.

ഉദയനാദി യാവച്ചില താർക്കികന്മാർ പദാർത്ഥങ്ങളെ നിർവ്വചിക്കുന്നതിൽ സമർത്ഥന്മാരാണെന്നഭിമാനിക്കുന്നുണ്ടോ. ഹർഷമിശ്രന്റെ ഖണ്ഡനം മുതലായ ഗ്രന്ഥങ്ങളിൽ അവരുടെ നിർവ്വചനത്തിന്റെ ദൌർബ്ബല്യത്തെ വളരെ സ്പഷ്ടമാക്കി അവരെ വേണ്ടവിധം പഠിപ്പിച്ചിരിക്കുന്നു.

150. അചിന്ത്യാഃ ഖലു യേ ഭാവാഃ നതാംസ്തർക്കേഷു യോജയേത്
അചിന്ത്യരചനാരൂപം മനസാപി ജഗൽഖലു.

യേ ഭാവാഃ അചിന്ത്യാഃ ഖലു=യാതൊരു ഭാവങ്ങൾ അചിന്ത്യങ്ങളെന്നു പ്രസിദ്ധമോ. താൻ തർക്കേഷു=അവയെ തർക്കങ്ങളിൽ. നയോജയേത്=ഉൾപ്പെടുത്തരുത്. മനസാഅപി=മനസ്സുകൊണ്ടുകൂടി. അചിന്ത്യരചനാരൂപം=ചിന്തിപ്പാൻ കഴിയാത്ത രചനാസ്വരൂപത്തോടുകൂടിയതാണ്. ജഗത് ഖലു=ജഗത്തെന്നതു നിശ്ചയംതന്നെ.

ജഗത്തിനെപ്പററി നിരൂപിക്കാൻ കഴികയില്ലെന്നതിൽ ജ്ഞാനവൃദ്ധന്മാരായ സാമ്പ്രദായികളുടെ വാക്യത്തെത്തന്നെ എടുത്തുകാണിക്കുന്നു:—ഏതേതു ഭാവങ്ങളെ കുറിച്ചു ചിന്തിപ്പാൻപോലും കഴികയില്ലയോ ആ ഭാവങ്ങളെ യുക്തിക്കുള്ളിൽ അടക്കുവാൻ വിചാരിക്കേണ്ട. അവ ബുദ്ധിക്ക് വിഷയങ്ങളാകയില്ല. ജഗത്താകട്ടെ മനസ്സുകൊണ്ടു വിചാരിപ്പാൻപോലും കഴിയാത്തവിധത്തിൽ നിർമ്മിക്കപ്പെട്ട സ്വരൂപത്തോടുകൂടിയിരിക്കുന്നുവെന്നത് നിശ്ചയംതന്നെ.

151. അചിന്ത്യരചനാശക്തിബീജം മായേതി നിശ്ചിനു
മായാബീജം തദേവൈകം സുഷുപ്താവനുഭൂയതേ.

അചിന്ത്യരചനാബീജം=ചിന്തിപ്പാൻപോലും സാധിക്കാത്ത നിർമ്മാണശക്തിയുടെ ഉൽപത്തിസ്ഥാനം. മായാഇതി നിശ്ചിനു=മായയാണെന്നു നിശ്ചയിച്ചുകൊൾക. മായാബീജം തത് ഏവഏകം=മായയുടെ ഉൽപത്തിസ്ഥാനമോ ഏകമായ ആ വസ്തുതന്നെ. സുഷുപ്തൌ അനുഭൂയതേ=സുഷുപ്തിയിൽ അനുഭവിക്കപ്പെടുന്നു.

ജഗത്തിൻെറ നിർമ്മാണസ്വരൂപം അചിന്ത്യമാണെന്നു പറഞ്ഞതുകൊണ്ടു മായക്കെന്തു വിശേഷം സിദ്ധിച്ചുവെന്ന ശങ്കയെ പരിഹരിക്കുന്നു:—അചിന്ത്യ രചനാശക്തിയുടെ കാരണം യാതൊന്നോ അതാകുന്നു മായയെന്നു നിശ്ചയിച്ചുകൊൾക. മായയുടെ ബീജമായ ആ ഒന്നിനെത്തന്നെ സുഷുപ്തിയിൽ എല്ലാവരും അനുഭവിച്ചറിയുന്നു.

152. ജാഗ്രൽസ്വപ്നജഗത്തത്ര ലീനം ബീജഇവദ്രുമഃ
തസ്മാദശേഷജഗതോ വാസനാസ്തത്ര സംസ്ഥിതാഃ.

ജാഗ്രൽസ്വപ്നജഗത്=ജാഗ്രത്ത സ്വപ്നം എന്ന ജഗത്ത്. തത്രബീജേദ്രുമഃ ഇവലീനം=അതിൽ വിത്തിൽ വൃക്ഷം എന്നപോലെ അടങ്ങിയിരിക്കുന്നു, തസ്മാൽ അശേഷജഗതഃ=അതുകൊണ്ടു സകലലോകത്തിൻെറ. വാസനാഃ തത്രസംസ്ഥിതാഃ=വാസനകൾ അതിലിരിക്കുന്നു.

മായയാണ് ജഗത്തിൻെറ ബീജമെന്നതിനെ സ്പഷ്ടമാക്കുന്നു:—സുഷുപ്തിയിൽ സകലക്കും അനുഭവപ്പെടുന്ന മായയിൽ ജാഗ്രത്ത് സ്വപ്നംഎന്ന അവസ്ഥകളിൽ കാണപ്പെടുന്ന ലോകം അടങ്ങിയിരിക്കുന്നു:— ദൃഢനിദ്രാവസ്ഥയിൽ ഭാൎയ്യാപുത്രധന ധാന്യാദികളെയോ സ്വശരീരത്തെയൊ കുറിച്ചുള്ള വിചാരം പ്രവൃത്തിയെന്നിവയോടുകൂടിയ ജാഗ്രവസ്ഥയോ സുഖദുഃഖാദ്യനുഭവരൂപമായ സ്വപ്നമോ ഒന്നുമില്ല. ഉണരുമ്പോൾ എല്ലാം ഉണ്ടാകുന്നു. സുഷുപ്ത്യവസ്ഥയിൽ ജാഗ്രൽ സ്വപ്നരൂപമായ ലോകം മായയിൽ ലയിച്ചിരുന്നുവെന്ന് ഇതിൽനിന്നു സ്പഷ്ടമാകുന്നു. വിത്തിനുള്ളിൽ വൃക്ഷമെന്നപോലെ വ്യഷ്ട്യജ്ഞാനരൂപമായ മായയിൽ ആ വ്യഷ്ടിയുടെ ജാഗ്രൽ സ്വപ്നലോകവാസനകൾ ലയിക്കുന്നു. അതുപോലെത്തന്നെ സമഷ്ടി ലോകവാസനകൾ സമസ്തലോകകാരണമായ മായയിൽ ഇരിക്കുന്നുണ്ടെന്നു ധരിക്കേണം.

153. യാ ബുദ്ധിവാസനാസ്താസു ചൈതന്യം പ്രതിബിംബതി
മേഘാകാശവ ദസ്പഷ്ടചിദാഭാസോ നുമീയതാം.

യാഃബുദ്ധിവാസനാഃ=യാതൊന്നോ ബുദ്ധിവാസനകൾ. താസുചൈതന്യം പ്രതിബിംബതി=അവയിൽ ചൈതന്യം പ്രതിഫലിക്കുന്നു. മേഘാകാശവത്=മേഘാകാശം എന്നപോലെ. അസ്പഷ്ടചിദാഭാസഃ= സ്പഷ്ടമല്ലാത്ത ചിദാഭാസൻ. അനുമീയതാം=അനുമാനംകൊണ്ടറിയപ്പെട്ടാലും.

ഇങ്ങിനെ ജഗത്തിൻെറ ബീജം മായയാണെന്നു പറഞ്ഞതുകൊണ്ടു സിദ്ധിക്കുന്നതെന്താണെന്നു കാണിക്കുന്നു:—സത്വഗുണരൂപമായ വാസനകൾ അടങ്ങിയിരിക്കുന്ന ബുദ്ധിയിൽ:—മായയിൽ—ചൈതന്യം പ്രതിഫലിക്കുന്നു. ആ പ്രതിബിംബം ചിദാഭാസനാണെന്നറിഞ്ഞുകൊൾക. എന്നാൽ ആ ചിദാഭാസനെ എന്തുകൊണ്ടു പ്രത്യക്ഷമായറിയുന്നില്ല എന്നാണെങ്കിൽ ആ വാസനാമയമായ മായാസ്വരൂപം അതിസൂക്ഷ്മമായതിനാൽ അതിലെ പ്രതിബിംബം അസ്പഷ്ടമാകുന്നു. അതിനാൽ അറിയപ്പെടുന്നില്ല. ഏതുപോലെയെന്നാൽ മേഘത്തിൽ ആകാശം എന്നപോലെ സൂക്ഷ്മരൂപത്തിലിരിക്കുന്നു. അതിൽ പ്രതിഫലിച്ച മഹാകാശത്തിൻെറ പ്രതിബിംബം കാണപ്പെടുന്നില്ല. അതുപോലെ മായയിൽ പ്രതിഫലിച്ച പ്രതിബിംബമായ ചിദാഭാസൻ കാണപ്പെടുന്നില്ല. എന്നാൽ അങ്ങിനെയൊന്നുണ്ടെന്ന് എങ്ങിനെ നിശ്ചയിക്കുമെന്നാണെങ്കിൽ അനുമാനപ്രമാണംകൊണ്ട് അറിയേണം.

154. സാഭാസമേവ തൽബീജം ധീരൂപേണ പ്രരോഹതി
അതൊ ബുദ്ധൌ ചിദാഭാസോ വിസ്പഷ്ടം പ്രതിഭാസതേ.

സാഭാസംതൽബീജം ഏവ=ആഭാസത്തോടുകൂടിയ ആ ബീജംതന്നെ. ധീരൂപേണ പ്രരോഹതി=ബുദ്ധിരൂപത്തിൽ പരിണമിക്കുന്നു. അതഃബുദ്ധൌ ചിദാഭാസഃ=അതുകൊണ്ടു ബുദ്ധിയിൽ ചിദാഭാസൻ. വിസ്പഷ്ടം പ്രതിഭാസതേ=ഏററവും സ്പഷ്ടമായി പ്രകാശിക്കുന്നു.

മേൽകാണിച്ച സംഗതിയിൽ ശങ്കാസമാധാനങ്ങൾ:—മേഘത്തിലെ ജലാംശം അസ്പഷ്ടമാണെങ്കിലും അതിൽ മഹാകാശപ്രതിഫലനമുണ്ടെന്നനുമാനിക്കാൻ ബീജമുണ്ട്. എങ്ങിനെയെന്നാൽ ഘടത്തിലെ ജലം സ്പഷ്ടമാകയാൽ അതിൽ മഹാകാശപ്രതിബിംബം സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. അതിൽനിന്ന് അസ്പഷ്ടമേഘജലാംശത്തിലും മഹാകാശപ്രതിഫലനം അനുമാനിക്കാൻ കഴിയും. അതു

പോലെ സൂക്ഷ്മമായ മായയിൽ ചിത്തിന്റെ പ്രതിഫലനം അനുമാനിപ്പാൻ ബീജമുണ്ടോ എന്നാണ് ശങ്ക. ഉണ്ടെന്നു ഉത്തരം പറയുന്നു:—ചിദാഭാസസഹിതമായ മായാബീജംതന്നെയാണ് വ്യഷ്ടികളുടെ വാസനാമയിയായ ബുദ്ധിയായി പരിണമിച്ചിരിക്കുന്നത്. ആ ബുദ്ധിയിൽ പ്രതിഫലിച്ച ചിദംശം തന്നെയാണ് ചിദാഭാസൻ എന്നു പറയപ്പെടുന്ന ജീവാത്മാവ് എന്നതു സ്പഷ്ടം. ഇവിടെ അനുമാന പ്രമാണം സൂചിപ്പിക്കപ്പെട്ടു. ബുദ്ധി വ്യാപരിക്കുന്നു. അചേതനബുദ്ധി വ്യാപരിക്കുന്നത് ചൈതന്യസം യോഗംകൊണ്ടാണ്. എവിടെയെവിടെ അചേതനം പ്രവൃത്തിക്കുന്നുവോ അവിടെയവിടെ ചേതന സംയോഗം ഉണ്ട് എന്ന അന്വയം. വ്യഷ്ടിബുദ്ധിയിൽ പ്രതിഫലിച്ചിരിക്കുന്ന ചേതനപ്രതിബിംബം ജീവൻ എന്നു അനുമാനത്താലറിയേണം.

155. മായാഭാസേന ജീവേശൌ കരോതീതി ശ്രുതൌ ശ്രുതം
മേഘാകാശജലാകാശാവിവതൌ സുവ്യവസ്ഥിതൌ.

മായാ ആഭാസേന=മായ തന്നിലുള്ള ആഭാസത്താൽ. ജീവേശൌ കരോതി=ജീവേശന്മാരെ ഉണ്ടാക്കു ന്നു. ഇതിശ്രുതൌശ്രുതം=എന്നു ശ്രുതിയിൽ കേൾക്കപ്പെടുന്നു. തൌമേഘാകാശജലാകാശൌ ഇവ=ആ രണ്ടുപേരും മേഘാകാശം ജലാകാശം എന്നപോലെ സുവ്യവസ്ഥിതൌ=നന്നായുറപ്പിക്കപ്പെട്ടവരാ കുന്നു.

ഇപ്രകാരം ജീവനും ഈശ്വരനും മായനിമിത്തം ഉണ്ടായവരാണെന്നുള്ള ശ്രുതിവാക്യാർത്ഥത്തെ എടുത്തുകാണിച്ചുകൊണ്ടു ഈ വിഷയത്തെ ഉപസംഹരിക്കുന്നു:—മായയാകുന്ന മൂലപ്രകൃതി, തന്നിലെ ചേതനപ്രതിബിംബംകൊണ്ടു ജീവേശ്വരന്മാരെ ഉണ്ടാക്കുന്നു, എന്നു ശ്രുതിയിൽ ജീവേശ്വരന്മാർ മായി കന്മാരാണെന്നു കേൾക്കപ്പെടുന്നു. ഇതിൽനിന്നു മായാകാൎയ്യഭൂതന്മാർ ജീവേശ്വരന്മാർ എന്നു ധരിച്ചു കൂടാ. മായയുടെ സിദ്ധിക്കു അവകാശമായിട്ടു ജീവേശ്വരന്മാർ കാണിക്കുന്നുവെന്നു ധരിക്കേണം. ജീ വേശ്വരന്മാരെ കൂടാതെ മായക്കു പ്രകാശംതന്നെ ഉണ്ടാകയില്ലെന്നു അപ്പോൾ സിദ്ധിക്കും. ജീവൻ, ഈശ്വരൻ, ശുദ്ധചേതനം, അവിദ്യ. അവിദ്യക്കും ശുദ്ധചൈതന്യത്തിനുമുള്ള സംബന്ധം. ഈ അഞ്ചി ന്നും അന്യോന്യഭേദം. എന്നീയാറും അനാദികളാണെന്നാണ് വാർത്തികകാരന്റെ മതം. അതിന്നു വി രോധം വന്നുകൂടാ. രണ്ടിന്നും മായാപ്രതിബിംബത്വം തുല്യമായിരിക്കേ ജീവൻ ഈശ്വരൻ എന്ന ഭേ ദത്തിന്നു കാരണമെന്തെന്നാൽ ഈശ്വരൻ മേഘാകാശമെന്നപോലെ അസ്പഷ്ടമായ ഉപാധിയോടുകൂടി യവനും, ജീവൻ ജലാകാശമെന്നപോലെ സ്പഷ്ടോപാധിയോടുകൂടിയവനുമാകുന്നു. ഇതാണ് വ്യവഹാര ഭേദത്തിന്നു കാരണം.

156. മേഘവദ്വൎത്തതേ മായാ മേഘസ്ഥിതതുഷാരവത്
ധീവാസനാശ്ചിദാഭാസസ്തുഷാരസ്ഥഖവൽസ്ഥിതഃ.

മായാമേഘവത് വൎത്തതേ=മായ മേഘംപോലെയിരിക്കുന്നു. മേഘസ്ഥിത തുഷാരസ്ഥഖവത്=മേഘ ത്തിലുള്ള ജലകണങ്ങളെന്നപോലെ. ധീവാസനാഃ=ബുദ്ധിയിലുള്ള വാസനകൾ. ചിദാഭാസഃ=ചിദാ ഭാസൻ. തുഷാരസ്ഥഖവത്സ്ഥിതഃ=തുഷാരത്തിൽ പ്രതിഫലിച്ച ആകാശംപോലെയിരിക്കുന്നു.

ഈശ്വരൻ മേഘാകാശതുല്യൻ എന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—മായ മേഘത്തിന്നു തു ല്യം. മേഘത്തിൽ ജലകണങ്ങളെന്നപോലെ സമഷ്ടിബുദ്ധിയിലിരിക്കുന്ന വാസനകൾ. ആ ജലക ണങ്ങളിൽ പ്രതിഫലിച്ചിരിക്കുന്ന ആകാശമെന്നപോലെ ആ വാസനകളിൽ ചിദാഭാസൻ ഇരിക്കുന്നു. അതുകൊണ്ടു ഈശ്വരൻ സമഷ്ടിബുദ്ധിയിൽ പ്രതിഫലിച്ചിരിക്കുന്ന ചിദാഭാസനാണെന്നു് ഏറ്റവും സ്പഷ്ടം.

157. മായാധീനശ്ചിദാഭാസഃ ശ്രുതോ മായീ മഹേശ്വരഃ
അന്തൎയ്യാമീ ച സൎവ്വജ്ഞോ ജഗദ്യോനിഃ സഏവഹി.

മായാധീനഃ ചിദാഭാസഃ=മായയിൽ പ്രതിഫലിച്ച ചിദാഭാസൻ. മായീമഹേശ്വരഃ ശ്രുതഃ=മായാസഹി തനും മഹേശ്വരനുമാണെന്നു ശ്രുതിയിൽ കേൾക്കപ്പെടുന്നു. ച അന്തൎയ്യാമീ സൎവ്വജ്ഞഃഹി=എന്നുമാത്ര മല്ല അന്തൎയ്യാമിയും സൎവ്വജ്ഞനുമാണെന്നും പ്രസിദ്ധൻ. സഃഏവ ജഗദ്യോനിഃ=അവൻതന്നെയാകുന്നു ജഗത്തിന്റെ ഉല്പത്തിസ്ഥാനം.

മായാപ്രതിബിംബ ചിദാഭാസൻ മഹേശ്വരനാണെന്നു കാണിക്കുന്ന ശ്രുതിപ്രമാണം:—"മായാം തു പ്രകൃതിം വിദ്യാന്മായിനം തു മഹേശ്വരം" എന്ന ശ്രുതിയുടെ അൎത്ഥത്തെ ശ്ലോകരൂപത്തിൽ നിബന്ധി ക്കുന്നു:—സത്വഗുണാംശമായ മായയിൽ പ്രതിഫലിച്ച ചിദാഭാസൻ മായാസഹിതനാണെങ്കിലും മായ

യെ സ്വാധീനപ്പെടുത്തിയിരിക്കുന്ന മഹേശ്വരനാകുന്നു. സൃഷ്ട്യാദികൾ നടത്തുന്നതിന്നു മായയെ സഹകാരിണിയാക്കിയിരിക്കുന്നുവെന്നല്ലാതെ ചിത്തിന്റെ മഹിമക്കു ഹാനിയുണ്ടായിട്ടില്ല. അതുമാത്രമല്ല സകല ഭൂതങ്ങളുടെ അന്തൎയ്യാമിയും സകല ബുദ്ധിവ്യാപാരങ്ങളെ അറിയുന്നതുകൊണ്ടു സൎവ്വജ്ഞനുമാകുന്നു. ആ മഹേശ്വരനിൽനിന്നുതന്നെയാകുന്നു സൎവ്വജഗത്തിന്റെയും ഉത്ഭവം. സൎവ്വ ശക്തിമത്വം സൎവ്വജ്ഞത്വം സൎവ്വാന്തൎയ്യാമിത്വം മുതലായവ ഈശ്വരധൎമ്മങ്ങളെന്നു സാരം.

158\. സൌഷുപ്തമാനന്ദമയം പ്രക്രമ്യൈവം ശ്രുതിൎജ്ജഗൌ
ഏഷസൎവ്വേശ്വരഇതി സോയം വേദോക്ത ഈശ്വരഃ.

സൌഷുപ്തം ആനന്ദമയം പ്രക്രമ്യ=സുഷുപ്തിയിൽ അനുഭവപ്പെടുന്ന ആനന്ദമയൻ മുതലാരംഭിച്ചിട്ടു. ശ്രുതിഃ ഏവംജഗൌ=ശ്രുതി ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഏഷഃ സൎവ്വേശ്വരഃ=ഇവൻ സൎവ്വനിയന്താവും. വേദോക്തഃ ഈശ്വരഃ=വേദത്തിൽ പറയപ്പെട്ട ഈശ്വരനുമാകുന്നു.

സമഷ്ടിബുദ്ധിസ്വരൂപമായ വാസനയിൽ പ്രതിഫലിച്ച ചിദാഭാസന്നു് സൎവ്വേശ്വരത്വം എങ്ങിനെ സിദ്ധിക്കുമെന്നുള്ള ശങ്കയെ പരിഹരിപ്പാൻ ശ്രുതിയെ എടുത്തുകാണിക്കുന്നു:—"സുഷുപ്തസ്ഥാനേ ഏകീഭൂതഃ പ്രജ്ഞാനഘനഏവ" സുഷുപ്തിസ്ഥാനമായ ആനന്ദമയകോശത്തിൽ പ്രതിഫലിക്കുന്ന ആനന്ദം പ്രജ്ഞാനഘനമായ ഈശ്വരൻതന്നെയെന്നു് ആനന്ദമയം മുതൽക്കു് "ഇവൻ സൎവ്വേശ്വരൻ ഇവൻതന്നെ വേദത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈശ്വരൻ" എന്നിങ്ങിനെ ശ്രുതിദേവതകൾ പറയുന്നു. ഈശ്വരൻ എല്ലാ വ്യക്തികളുടെ ബുദ്ധിയിലും പരിപൂൎണ്ണ ജ്ഞാനാനന്ദസ്വരൂപനായിട്ടു പ്രകാശിക്കുന്നു. ആ ഈശ്വരൻതന്നെയാണു് ആനന്ദസ്വരൂപനായിട്ടു സുഷുപ്തിയിൽ അനുഭവരൂപേണ വിളങ്ങിയതു് എന്നാൎത്ഥമായ ശ്രുതിവാക്യം ഇവിടെ പ്രമാണം. ജീവേശ്വരാഭേദത്തെ ആസ്പദമാക്കീട്ടാണിങ്ങിനെ പറഞ്ഞതു്.

159\. സൎവ്വജ്ഞത്വാദികേ തസ്യനൈവ വിപ്രതിപദ്യതാം
ശ്രൌതാൎത്ഥസ്യാവിതൎക്ക്യത്വാ ന്മായായാം സൎവ്വസംഭവാതു്.

തസ്യസൎവ്വജ്ഞത്വാദികേ=അവന്റെ സൎവ്വജ്ഞത്വം മുതലായതിൽ. നഏവ വിപ്രതിപദ്യതാം=വിപരീതഭാവന വേണ്ട. ശ്രൌതാൎത്ഥസ്യ=ശ്രുതിയിൽ പറയുന്ന സംഗതിയുടെ. അവിതൎക്ക്യത്വാൽ=സംശയമില്ലായ്മ നിമിത്തവും. മായായാം സൎവ്വസംഭവാതു്=മായയിൽ എല്ലാം സംഭവിക്കുന്നതുകൊണ്ടും.

ആനന്ദമയന്നു സൎവ്വജ്ഞത്വം മുതലായതു് അസംഭാവ്യവും അനുഭവത്തിന്നു വിപരീതവുമാണെന്നു ശങ്കിക്കുന്ന പൂൎവ്വപക്ഷക്കാരനോടു സിദ്ധാന്തി പറയുന്നു:—ആ സൎവ്വേശ്വരന്റെ സൎവ്വജ്ഞത്വം മുതലായ ധൎമ്മത്തിൽ സംശയം ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ ശ്രുതിയിൽ പറയുന്ന അൎത്ഥത്തിന്റെ സംഭാവ്യതയേയോ അസംഭാവ്യതയേയോ കുറിച്ചാലോചിച്ചു നിശ്ചയിപ്പാൻ ബുദ്ധിക്കു സാധിക്കയില്ല. ബുദ്ധിക്കു വിഷയമല്ലാത്ത സംഗതിയേയാണു് ശ്രുതി ഉറപ്പിക്കുന്നതു്. അതു മാത്രമല്ല ഒരേ വസ്തു അല്പജ്ഞനായും സൎവ്വജ്ഞനായും ഇരിക്കുന്നതെങ്ങിനെയെന്നും ശങ്കിക്കേണ്ട. ദുൎഘടം ഘടിപ്പിക്കുവാൻ സമൎത്ഥയായ മായയിൽ സംഭവിക്കാൻ കഴിയാത്തതൊന്നുമില്ല. ഏകമായ ചിദ്വസ്തു ജീവനായതും ഈശ്വരനായതും മായ നിമിത്തമാണു്. ആകയാൽ ഈശ്വരൻ സൎവ്വജ്ഞനും ജീവൻ അല്പജ്ഞനുമാകാൻ വിരോധമില്ല എന്നും ധരിച്ചുകൊൾക.

160\. അയം യൽ സൃജതേ വിശ്വം തദന്യഥയിതും പുമാൻ
നകോപി ശക്തസ്തേനായം സൎവ്വേശ്വര ഇതീരിതഃ.

അയം യതു് വിശ്വം സൃജതേ=ഈ ആനന്ദമയൻ യാതൊരു വിശ്വത്തെ സൃഷ്ടിക്കുന്നുവോ. തതു് അന്യഥയിതും=അതിനെ മറെറാരുവിധമാക്കാൻ. കഃ അപി പുമാൻ=ഒരു പുരുഷനും. ന ശക്തഃ=ശക്തനല്ല. തേനഅയം=അതുകൊണ്ടിവൻ. സൎവ്വേശ്വരഃ=സൎവ്വേശ്വരൻ. ഇതി ഈരിതഃ=എന്നു പറയപ്പെട്ടിരിക്കുന്നു.

അനുകൂലമായ യുക്തിയില്ലെങ്കിൽ ശ്രുതിയെന്ന ഏകപ്രമാണത്തെമാത്രം വിശ്വസിക്കുന്നതു ശരിയല്ല. കല്ലു വെള്ളത്തിൽ പാറും എന്നു പറഞ്ഞാൽ അതിനെ ആർ വിശ്വസിക്കും എന്ന ശങ്കയെ പരിഹരിപ്പാൻ സൎവ്വേശ്വരത്വത്തെ കുറിച്ചു് ഉപപാദിച്ചുറപ്പിക്കുന്നു:—ദൃഢനിദ്രയിലകപ്പെട്ടിരിക്കുമ്പോൾ ജാഗ്രൽ സ്വപ്നാദിലോകമില്ലാതിരിക്കേ യാതൊരാനന്ദമയനായ ഈശ്വരൻ ഉണൎന്നവന്റെ മുമ്പിൽ ജാഗ്രദാദിലോകങ്ങളെ സൃഷ്ടിക്കുന്നുവോ അതില്ലാത്തതാണെന്നോ ഒന്നിനെ മറെറാന്നായിട്ടോ ആക്കിത്തീൎക്കുവാൻ ആൎക്കും സാധിക്കുന്നില്ലല്ലോ. അതുകൊണ്ടു ആനന്ദമയൻ സൎവ്വേശ്വരൻതന്നെ. ഉറങ്ങി

യപ്പോൾ ജാഗ്രല്ലോകം ആനന്ദമയനിൽ ലയിച്ചിരുന്നു. ഉണൎന്നപ്പോൾ ആനന്ദമയൻ തന്നിലിരിക്കുന്ന ലോകത്തെ സൃഷ്ടിച്ചു. ഉടനെ എല്ലാവരും ഞാനെന്നും എന്റേതെന്നുമുള്ള ഭാവത്തോടുകൂടെ നിത്യവും പ്രവൃത്തിച്ചുകൊണ്ടുതന്നെയിരിക്കുന്നതല്ലാതെ ഇക്കാണപ്പെടുന്നതെല്ലാം ഇല്ലാത്തതാണെന്നാക്കിത്തീൎപ്പാൻ ആൎക്കും കഴിയാത്തതുകൊണ്ടു ആനന്ദമയൻ സൎവ്വേശ്വരനാണെന്നു സ്പഷ്ടമായിരിക്കുന്നുണ്ടല്ലൊ. ഇന്ദ്രിയപ്രത്യക്ഷമായ സംഗതിയെയുറപ്പിക്കുവാൻ യുക്തി ആവശ്യമില്ലാത്തതിനാൽ ശ്രുതിയിൽ പറയുന്ന സൎവ്വേശ്വരത്വത്തെ നിഷേധിപ്പാൻ ആൎക്കു കഴിയും.

161. അശേഷപ്രാണിബുദ്ധീനാം വാസനാസ്തത്ര സംസ്ഥിതാഃ
താഭിഃക്രോഡീകൃതം സൎവ്വം തേന സൎവ്വജ്ഞ ഈരിതഃ.

തത്ര അശേഷപ്രാണി ബുദ്ധീനാം=അതിൽ സകല പ്രാണിബുദ്ധികളുടെ. വാസനാഃ സംസ്ഥിതാഃ= വാസനകൾ ഇരിക്കുന്നു. താഭിഃസൎവ്വം ക്രോഡീകൃതം=അവയാൽ സൎവ്വവും വിഷയമാക്കപ്പെട്ടിരിക്കുന്നു. തേനസൎവ്വജ്ഞഃ ഈരിതഃ=അതുകൊണ്ടു സൎവ്വജ്ഞനെന്നു പറയപ്പെട്ടിരിക്കുന്നു.

സൎവ്വേശ്വരത്വത്തെ ഉപപാദിച്ചതുപോലെ സൎവ്വജ്ഞത്വത്തെയും ഉപപാദിക്കുന്നു:—സൎവ്വ പ്രാണികളുടെ ബുദ്ധിയിലുള്ള വാസനകൾ ഒന്നോടു മറ്റൊന്നിന്നു കലൎപ്പില്ലാതെ എല്ലാം ആനന്ദമയനിൽ ഇരിക്കുന്നു. ആ വാസനകളെക്കൊണ്ടു എല്ലാററിനേയും തന്റെ ജ്ഞാനത്തിന്നു വിഷയമാക്കുന്നു. അതിനാൽ സൎവ്വ പ്രാണികളുടെ ബുദ്ധിവൃത്തികളെയും അറിയുന്നു. അതുനിമിത്തം സൎവ്വജ്ഞനുമാകുന്നു.

162. വാസനാനാം പരോക്ഷത്വാൽ സൎവ്വജ്ഞത്വം നഹീക്ഷ്യതേ
സൎവ്വബുദ്ധിഷു തദ്ദൃഷ്ട്വാ വാസനാസ്വനുമീയതാം.

വാസനാനാം പരോക്ഷത്വാൽ=വാസനകളുടെ പരോക്ഷത്വം ഹേതുവായിട്ടു. സൎവ്വജ്ഞത്വം നഹി ഈക്ഷ്യതേ=സൎവ്വജ്ഞത്വം കാണപ്പെടുന്നില്ല. സൎവ്വബുദ്ധിഷു തദ്ദൃഷ്ട്വാ=സൎവ്വബുദ്ധികളിൽ അതിനെ (ജ്ഞാനത്തെ) കണ്ടിട്ടു്. വാസനാസു അനുമീയതാം=വാസനകളിൽ അനുമാനിക്കേണം.

അങ്ങിനെ സൎവ്വജ്ഞത്വമുണ്ടെങ്കിൽ അതനുഭവപ്പെടാതിരിക്കാനെന്തു കാരണമെന്ന ശങ്കക്കു സമാധാനം:—വാസനകൾ അതിസൂക്ഷ്മകളാകയാൽ ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതുകൊണ്ടു സൎവ്വജ്ഞത്വം അനുഭവപ്പെടുന്നില്ല. എന്നാൽ സൎവ്വജ്ഞത്വമുണ്ടെന്നു് പിന്നെയെങ്ങിനെയറിയാമെന്നാൽ അനുമാനംകൊണ്ടറിയാമെന്നുത്തരംപറയുന്നു:—ഓരോ വ്യക്തികളുടെ ബുദ്ധിയാകുന്ന ഉപാധിയിലുള്ള ജ്ഞാനം അതാതു ബുദ്ധിഗതവാസനകളിൽ പ്രതിഫലിച്ച ജ്ഞാനമാകുന്നു. അങ്ങിനെയാകയാൽ സൎവ്വ ബുദ്ധിഗതവാസനകൾക്കധിഷ്ഠാനമായ ചിദ്രൂപം സൎവ്വജ്ഞമാണെന്നു് അനുമാനംകൊണ്ടറിയാൻ കഴിയും.

163. വിജ്ഞാനമയമുഖ്യേഷു കോശേഷ്വന്യത്ര ചൈവഹി
അന്തസ്തിഷ്ഠന്യമയതി തേനാന്തൎയ്യാമിതാം വ്രജേത്.

വിജ്ഞാനമയമുഖ്യേഷു=വിജ്ഞാനമയം മുതലായ. കോശേഷുച=കോശങ്ങളിലും അന്യത്ര ഏവഹി=അന്യങ്ങളിലും. അന്തഃതിഷ്ഠൻ=ഉള്ളിലിരുന്നുകൊണ്ടു. യമയതി=യമിക്കുന്നു:—അതാതുസ്ഥാനത്തിൽ നിൎത്തുന്നു. തേന അന്തൎയ്യാമിതാം വ്രജേത്=അതുകൊണ്ടു അന്തൎയ്യാമിഭാവത്തെ പ്രാപിക്കുന്നു.

സൎവ്വജ്ഞതയെ പ്രതിപാദിച്ചതുപോലെ അന്തൎയ്യാമിഭാവത്തെയും വിവരിക്കുന്നു:—സൎവ്വജ്ഞനായ ഈശ്വരൻ വിജ്ഞാനമയം മുതലായ കോശങ്ങളിലും പൃഥിവ്യാദി സൎവ്വ ഭൂതങ്ങളിലും അന്തൎഭാഗത്തിലിരുന്നുകൊണ്ടു അതാതിന്റെ നില തെററാത്തവിധത്തിൽ പ്രേരിക്കുന്നതുകൊണ്ടു അന്തൎയ്യാമിയെന്ന ഭാവത്തെയും പ്രാപിക്കുന്നു.

164. ബുദ്ധൌ തിഷ്ഠന്നാന്തരോസ്യാ ധിയാനീക്ഷ്യശ്ച ധീവപുഃ
ധിയമന്തൎയ്യമയതീത്യേവം വേദേന ഘോഷിതം.

ബുദ്ധൌതിഷ്ഠൻ=ബുദ്ധിയിലിരിക്കുന്നവനും. അസ്യാഃആന്തരഃ=ബുദ്ധിയുടെ അന്തൎഭാഗത്തിലുള്ളവനും ധീവപുഃ=ബുദ്ധിയാകുന്ന ഉപാധിയോടു കൂടിയവനും. ധിയാഅനീക്ഷ്യഃ=ബുദ്ധിയാൽ അറിയപ്പെടുവാൻ കഴിയാത്തവനുമായിട്ടു ധിയം അന്തഃയമയതി=ബുദ്ധിയെ അന്തൎഭാഗത്തിൽ യമിക്കുന്നു. ഇതീഏവം വേദേനഘോഷിതം=എന്നിപ്രകാരം വേദത്താൽ ഘോഷിക്കപ്പെട്ടിരിക്കുന്നു.

അന്തൎയ്യാമിത്വം ഉണ്ടെന്നുള്ളതിന്നു് ബൃഹദാരണ്യകത്തിലെ അന്തൎയ്യാമിബ്രാഹ്മണം എന്നു പ്രസിദ്ധമായിരിക്കുന്ന വേദഭാഗം മുഴുവനും പ്രമാണമാണെന്നു കാണിപ്പാൻ അതിലെ ഏകദേശവാക്യത്തെ

ഉദാഹരിക്കുന്നു:—സർവ്വേശ്വരൻ ബുദ്ധിയുടെ അന്തർഭാഗത്തിൽ വസിക്കുന്നുവെങ്കിലും ബുദ്ധിക്കു ഗോചരനല്ല; ബുദ്ധി ഈശ്വരന്റെ ശരീരമാകുന്നു. ബുദ്ധിയെ നിലക്കുനിർത്തുന്നു. ഇതുപോലെ ഭൂമ്യാദിസർവ്വഭൂതങ്ങളിലും അന്തര്യാമിയായിരിക്കുന്നുവെന്നു വേദം ഘോഷിക്കുന്നു.

165. തന്തുഃ പടേ സ്ഥിതോ യദ്വദുപാദാനതയാ തഥാ
സർവ്വോപാദാനരൂപത്വാൽ സർവ്വത്രായമവസ്ഥിതഃ.

തന്തുഃപടേ ഉപാദാനതയാ=നൂൽവസ്ത്രത്തിൽ കാരണദ്രവ്യമായിട്ടു. യദ്വൽ സ്ഥിതഃ=ഏതുവിധം ഇരിക്കുന്നുവോ. തഥാ സർവ്വോപാദാനരൂപത്വാൽ=അപ്രകാരം സർവ്വത്തിന്നും ആദികാരണദ്രവ്യമായതുകൊണ്ടു അയം സർവ്വത്ര അവസ്ഥിതഃ=ഇവൻ എല്ലാററിലുമിരിക്കുന്നു.

അന്തര്യാമിബ്രാഹ്മണം എന്ന വേദഭാഗത്തെ മുഴുവനും എടുത്തുകാണിച്ച് ഗ്രന്ഥത്തെ വലുതാക്കുന്നതിൽ ഭയംനിമിത്തം "യഃ സർവ്വേഷുതിഷ്ഠൻ" യാതൊരുവൻ എല്ലാററിലുമിരിക്കുന്നുവോ എന്നുള്ള അവസാനവാക്യത്തെ എടുത്തുകാണിച്ചു സംഗ്രഹിക്കുന്നു:—വസ്ത്രത്തിന്റെ കാരണദ്രവ്യമായ നൂല് ഏതുവിധം വസ്ത്രാകൃതിയിലിരിക്കുന്നുവോ അതുപോലെ സർവ്വേശ്വരൻ സർവ്വത്തിന്റെ ആദികാരണദ്രവ്യമായതുകൊണ്ടു സർവ്വാകൃതിയായി വസിക്കുന്നു.

166. പടാദപ്യാന്തരസ്തന്തുസ്തന്തോരപ്യംശുരാന്തരഃ
ആന്തരത്വസ്യ വിശ്രാന്തിര്യത്രാസാവനുമീയതാം.

പടാത് അപി ആന്തരഃ തന്തുഃ=വസ്ത്രത്തിൽനിന്നും ഉള്ളിൽ നൂൽ. തന്തോഃ അപി ആന്തരഃ അംശുഃ=നൂലിന്റേയും ഉള്ളിൽ നൂലിഴ. ആന്തരത്വസ്യ വിശ്രാന്തിഃ യത്ര=ആന്തരഭാവത്തിന്റെ സമാപ്തി എവിടെയോ, തത്ര അസൌ അനുമീയതാം=അവിടെ ഇവൻ (സർവ്വേശ്വരൻ) അനുമിക്കപ്പെടേണം.

ഉപാദാനദ്രവ്യരൂപേണ സർവ്വേശ്വരൻ സർവ്വത്ര വസിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ടു കാണപ്പെടുന്നില്ല എന്ന ശങ്കക്ക് സർവ്വത്തിന്റേയും അന്തർഭാഗത്തിൽ അതിസൂക്ഷ്മസ്വരൂപനായതുകൊണ്ട് പ്രത്യക്ഷാനുഭവം ഉണ്ടാകാതിരിക്കുന്നതാണെന്നുത്തരം പറയുന്നു:—വസ്ത്രം സ്ഥൂലം നൂലതിനേക്കാൾ സൂക്ഷ്മവും ആന്തരവും. നൂലിലെ ഓരോ ഇഴകൾ നൂലിനേക്കാൾ സൂക്ഷ്മങ്ങളും അന്തഃസ്ഥിതങ്ങളും. ഇങ്ങിനെ സൂക്ഷ്മാംശങ്ങളെ താരതമ്യപ്പെടുത്തുന്ന മട്ടിൽ ലോകത്തിൽ കാണപ്പെടുന്ന സകല ചരാചരങ്ങളുടേയും സ്ഥൂലരൂപങ്ങളുടെ ഉള്ളിലുള്ള 'സൂക്ഷ്മവസ്തുക്കളെക്കുറിച്ചു വിചാരംചെയ്യുമ്പോൾ ഒന്നിന്റെ ഉള്ളിൽ മറെറാന്നു, അതിന്റെ ഉള്ളിൽ വേറൊന്ന് എന്നിങ്ങിനെ കണ്ടുകൊണ്ടുപോകുമ്പോൾ എവിടെ ഈ താരതമ്യം അവസാനിക്കുന്നുവോ:—കാണ്മാനും കാട്ടിക്കൊടുപ്പാനും സാധിക്കാത്തവിധത്തിൽ വാക്കിന്നും മനസ്സിന്നും വിഷയമാകാത്തവിധത്തിൽ ഏതൊന്ന് അത്യന്തം സൂക്ഷ്മമായിരിക്കുന്നുണ്ടോ അവിടെ ആ സർവ്വേശ്വരൻ സർവ്വത്തിലും അതിസൂക്ഷ്മസ്വരൂപനായിട്ടു:—സർവ്വത്തിന്റേയും ഏകകാരണവസ്തുവായിട്ടു വസിക്കുന്നുവെന്ന് അനുമാനത്താൽ കണ്ടുകൊള്ളേണം.

167. ദ്വിത്ര്യാന്തരത്വകക്ഷാണാം ദർശനേപ്യയമാന്തരഃ
നവീക്ഷ്യതേ തതോയുക്തിശ്രുതിഭ്യാമേവ നിർണ്ണയഃ.

ദ്വിത്ര്യാന്തരത്വകക്ഷാണാം=രണ്ട് മൂന്ന് എന്നിങ്ങിനെയുള്ള നിലയിൽ വിഭജിക്കപ്പെടുന്ന വസ്തുക്കളുടെ. ദർശനേ അപി=കാഴ്ചയിലും. അയം ആന്തരഃ=ഉള്ളിലിരിക്കുന്ന ഇവൻ. ന വീക്ഷ്യതേ=കാണപ്പെടുന്നില്ല. തതഃ യുക്തിശ്രുതിഭ്യാം ഏവ=അതിനാൽ യുക്തികൊണ്ടും ശ്രുതികൊണ്ടുംതന്നെ. നിർണ്ണയഃ=നിശ്ചയം ഉണ്ടാകേണം.

ആന്തരനാണെങ്കിലും ഒന്നിന്റെ ഉള്ളിൽ മറെറാന്ന് അതിന്റെ ഉള്ളിൽ വേറൊന്ന് എന്നിങ്ങിനെ വിഭജിച്ചുനോക്കുമ്പോൾ പദാർത്ഥങ്ങളുടെ അണുപ്രായങ്ങളായ അംശങ്ങൾ കാണപ്പെടുന്നതുപോലെ ഈ സർവ്വേശ്വരൻ എന്തുകൊണ്ടു കാണപ്പെടുന്നില്ല, എന്നു ശങ്കിക്കുന്നുവെങ്കിൽ ആ പദാർത്ഥങ്ങളെന്നപോലെ ഇവൻ പുറത്തുള്ളവനല്ല അതുകൊണ്ടു കാണപ്പെടുകയില്ലെന്നുത്തരം പറയുന്നു:—ഒന്നിന്റെ ഉള്ളിൽ മറെറാന്ന് അതിന്റെ ഉള്ളിൽ വേറൊന്ന് എന്നിങ്ങിനെ വിഭജിക്കപ്പെടാവുന്ന വസ്തുക്കളുടെ അണുപ്രായമായ അംശംകൂടെ കാണപ്പെടുന്നത് ആ വക സകല വസ്തുക്കളും പുറത്തു കാണപ്പെടുന്നവ ആയതുകൊണ്ടാണ്. സർവ്വോപാദാനവസ്തുവാകട്ടെ പുറത്തുള്ളതല്ല. അത് സർവ്വത്തിന്റെ അന്തർഭാഗത്തിലിരിക്കുന്നു. അതുകൊണ്ടു മനോബുദ്ധ്യാദികൾക്കും വിഷയമാവുകയില്ല. അങ്ങിനെയായാൽ ആ വിധത്തിലുള്ള ഒരു തത്വമുണ്ടെന്ന് എങ്ങിനെ നിശ്ചയിക്കും എന്നാണെങ്കിൽ യുക്തികൊണ്ടും ശ്രുതികൊണ്ടുംതന്നെ നിശ്ചയിക്കേണം. അതിൽ ശ്രുതിപ്രമാണങ്ങൾ മുമ്പേ കാണിച്ചിരിക്കുന്നു.

യുക്തിയെന്തെന്നാൽ:— അചേതനപദാൎത്ഥം ചേതനത്തിന്റെ സംബന്ധമില്ലാതെ പ്രവൎത്തിക്കുകയില്ലെന്നതു യുക്തി. ഉളി മഴു മുതലായ അചേതനവസ്തുക്കൾ ചേതനസംബന്ധംനിമിത്തം മരം മുതലായതിനെ മുറിക്കുക മുതലായ പ്രവൃത്തികൾ നടത്തുന്നു. അതുപോലെ അചേതനങ്ങളായ ദേഹേന്ദ്രിയാദികൾ ചേതനസംബന്ധംനിമിത്തം ഗമനാഗമനവചനാദികൎമ്മങ്ങളെ നടത്തുന്നു. ഇങ്ങിനെ സൎവ്വാധിഷ്ഠാനമായ മഹത്തായ ഒരു തത്വം സൎവ്വത്തിന്റേയും ഉള്ളിലുണ്ടെന്നു യുക്തിബലത്താൽ കണ്ടുകൊള്ളേണം.

168. പടരൂപേണ സംസ്ഥാനാൽ പടസ്തന്തോൎവ്വപുൎയ്യഥാ
സൎവ്വരൂപേണസംസ്ഥാനാൽ സൎവ്വമസ്യവപുസ്തഥാ.

പടരൂപേണ സംസ്ഥാനാൽ=വസ്ത്രാകൃതിയിലിരിക്കുന്നതുകൊണ്ടു. തന്തോഃവപുഃ പടഃയഥാ=തന്തുവിന്റെ ശരീരം വസ്ത്രം എന്നതു് എപ്രകാരമോ. തഥാ സൎവ്വരൂപേണ സംസ്ഥാനാൽ=അപ്രകാരം സൎവ്വസ്വരൂപത്തോടുകൂടെ സംസ്ഥിതിചെയ്യുന്നതുകൊണ്ടു്. സൎവ്വം അസ്യവപുഃ=സൎവ്വവും ഇവന്റെ ശരീരം.

"യസ്യസൎവ്വാണി ഭൂതാനി ശരീരം" സൎവ്വഭൂതങ്ങളും യാതൊരുവന്റെ ശരീരമാകുന്നുവെന്ന ശ്രുതിയുടെ അൎത്ഥത്തെ ശ്ലോകരൂപേണ നിബന്ധിക്കുന്നു:—വസ്ത്രാകൃതിയിലിരിക്കുന്ന നൂലിന്റെ ശരീരം വസ്ത്രം എന്നതുപോലെ സൎവ്വസ്വരൂപത്തോടുകൂടെ സൎവ്വത്ര വസിക്കുന്ന സൎവ്വേശ്വരന്റെ ശരീരംതന്നെ സൎവ്വവും.

169. തന്തോഃ സങ്കോചവിസ്താരചലനാദൌ പടോ യഥാ
അവശ്യമേവ ഭവതി നസ്വാതന്ത്ര്യം പടേ മനാക്.

തന്തോഃ സങ്കോചവിസ്താരചലനാദൌ=തന്തുവിന്റെ സങ്കോചം, വിസ്താരം, ചലനം എന്നിവയിൽ. അവശ്യംഏവ=നിശ്ചയമായും. പടഃയഥാഭവതി=വസ്ത്രം എപ്രകാരമുണ്ടാകുന്നുവോ. പടേയഥാമനാക് അപിന സ്വാതന്ത്ര്യം=പടത്തിൽ എപ്രകാരമോ അല്പവും സ്വാതന്ത്ര്യം ഇല്ലാതെയുമിരിക്കുന്നുവോ.

"യഃസൎവ്വാണി ഭൂതാന്യന്തരോയമയതി" യാതൊരുവൻ ആന്തരനായിട്ടു സൎവ്വ ഭൂതങ്ങളെയും പ്രവൃത്തിപ്പിക്കുന്നുവെന്നാൎത്ഥമായ ശ്രുതിയെ സ്പഷ്ടമാക്കുന്നു:—നൂലിഴകളെനീട്ടുക, ചുരുട്ടുക നീളത്തിലും വിലങ്ങത്തിലും ചേൎത്തി യോജിപ്പിക്കുക എന്നിപ്രകാരമുള്ള ചലനാദിവ്യാപാരങ്ങളെ അനുസരിച്ചു എപ്രകാരം വസ്ത്രമുണ്ടാകുന്നുവോ? ഉണ്ടാകുക ഇല്ലാതാകുക എന്നതിൽ ഏതുവിധം വസ്ത്രത്തിന്നു സ്വാതന്ത്ര്യം ഇല്ലയോ?

170. തഥാന്തൎയ്യാമ്യയം യത്ര യയാവാസനയാ യഥാ
വിക്രീയേത തഥാവശ്യം ഭവത്യേവ നസംശയഃ.

തഥാ അയം അന്തൎയ്യാമീ=അപ്രകാരം ഈ അന്തൎയ്യാമീ. യത്ര യയാവാസനയാ=ഏതൊന്നിൽ ഏതൊരു വാസനയോടുകൂടെ യഥാവിക്രീയേത=ഏതു വിധത്തിൽ വികാരപ്പെടുത്തുമോ. തഥാ അവശ്യം ഭവതി=അപ്രകാരം നിശ്ചയമായും ഭവിക്കുന്നു. ന സംശയഃ=സംശയമില്ല.

അതുപോലെ പൃഥിവ്യാദിസൎവ്വഭൂതങ്ങളിലും ഇരിക്കുന്ന സംസ്കാരരൂപമായ ഏതേതു വാസനകളോടുകൂടെ ചേൎന്നിരിക്കുന്ന ഈ അന്തൎയ്യാമി അതാതുഭൂതങ്ങളെ ഏതേതുരൂപത്തിൽ വികാരപ്പെടുത്തുന്നുവോ അതാതുരൂപത്തിലായി തീരുന്നു നിശ്ചയം. ഇതിൽ സംശയമില്ല. നെയ്ത്തുകാർ നൂലിനെ വികാരപ്പെടുത്തീട്ടുള്ള വസ്ത്രങ്ങളെ ഉണ്ടാക്കുന്നതുപോലെ സൎവ്വഭൂതാധിവാസനായ അന്തൎയ്യാമി പൃഥിവ്യാദി സൎവ്വഭൂതങ്ങളിലുമിരിക്കുന്ന വാസനകളോടുകൂടെ ചേൎന്നു ഭൌതികങ്ങളെ പ്രവൃത്തിപ്പിക്കുന്നുവെന്നു ഫലിതാൎത്ഥം.

171. ഈശ്വരഃ സൎവ്വഭൂതാനാം ഹൃദ്ദേശേൎജ്ജുന തിഷ്ഠതി
ഭ്രാമയൻ സൎവ്വഭൂതാനി യന്ത്രാരൂഢാനി മായയാ.

അൎജ്ജുന! ഈശ്വരഃ=അല്ലയോ അൎജ്ജുന! ഈശ്വരൻ. യന്ത്രാരൂഢാനി സൎവ്വഭൂതാനി=യന്ത്രാരൂഢങ്ങളായ സൎവ്വ ഭൂതങ്ങളെ. മായയാഭ്രാമയൻ=മായകൊണ്ടു ഭ്രമിപ്പിക്കുന്നവനായിട്ടു. സൎവ്വഭൂതാനാം ഹൃദ്ദേശേതിഷ്ഠതി=സൎവ്വ ഭൂതങ്ങളുടെ ഹൃദയസ്ഥാനത്തിൽ ഇരിക്കുന്നു

അന്തൎയ്യാമിയെക്കുറിച്ചു പ്രതിപാദിക്കുന്ന ശ്രുതിപ്രമാണത്തെ എടുത്തുകാണിച്ചതുകൂടാതെ സ്മൃതിയേയും പ്രമാണമായി കാണിക്കുന്നു:—ഭഗവാൻ ശ്രീകൃഷ്ണമൂൎത്തി സ്വപ്രിയഭക്തനും ശിഷ്യനുമായ അൎജ്ജുനനോടു ചെയ്യുന്ന ഉപദേശരൂപമായ ഭഗവൽഗീതയിലെ 18–ാം അദ്ധ്യായം 60–ാം ശ്ലോകമാണിതു്. ഹേ അൎജ്ജുന! ഇന്നകാൎയ്യം ചെയ്യുമെന്നോ ഇന്നകാൎയ്യം ചെയ്കയില്ലെന്നോ നിനക്കോ ഈ ലോകത്തില

ള്ള മററാക്കാനുമോ നിശ്ചയിപ്പാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഈശ്വരൻ നിയന്തൃരൂപേണ സകലഭൂതങ്ങളിലും ഇരുന്നിട്ട ആ ഭൂതങ്ങളുടെ വാസനകളെക്കൊണ്ടു അവയെ ചുററിത്തിരിക്കുന്നു. ആ ഈശ്വരൻ എവിടെയിരിക്കുന്നു. സർവ്വാന്തരനായതുകൊണ്ടു ആക്കും കാണ്മാൻ കഴികയില്ല. ഭൂതങ്ങൾ അനേകം ഈശ്വരൻ ഏകൻ എന്നുകൂടെ ഇവിടെ ശ്രീകൃഷ്ണഭഗവാൻ ഉറപ്പിക്കുന്നുണ്ടു്.

172. സർവ്വഭൂതാനി വിജ്ഞാനമയാന്യേ ഹൃദയേ സ്ഥിതാഃ
തദുപാദാനഭൂതേശസ്തത്ര വിക്രിയതേഖലു.

സർവ്വഭൂതാനി വിജ്ഞാനമയാഃ=സർവ്വഭൂതങ്ങളും വിജ്ഞാനമയങ്ങളാകുന്നു. തേ ഹൃദയേസ്ഥിതാഃ=അവ ഹൃദയത്തിലിരിക്കുന്നു തദുപാദാനഭൂതേശഃ=അവയുടെ ഉപാദാനഭൂതനായ ഈശ്വരൻ; തത്ര വിക്രിയതേഖലു=അവിടെ വികാരത്തെ ജനിപ്പിക്കുന്നവെന്നതു പ്രസിദ്ധം.

മുകളിൽ കാണിച്ച സർവ്വഭൂതങ്ങൾ എന്ന പദത്തിൻെറ വിവക്ഷിതാർത്ഥം പറയുന്നു:—സർവ്വഭൂതങ്ങളും വിവിധജ്ഞാനത്തിൻെറ വികാരങ്ങളാകുന്നു. അതായതു്:—ഓരോവിധ വാസനകളാണ് ഓരോ ആകൃതികളെ ധരിക്കുന്നതു്. വാസനകളോ വിജ്ഞാനവികാരങ്ങളാണ്. വാസനാമയങ്ങളായ വിജ്ഞാനങ്ങൾ സകലഭൂതങ്ങളുടെ ഹൃദയസ്ഥാനത്തിലിരിക്കുന്നു. ആവക സകല വിജ്ഞാനങ്ങളുടെയും ഉപാദാനവസ്തുവായ ഈശ്വരൻ—ആ ഹൃദയത്തിലിരിക്കുന്നു. ആ ഹൃദയത്തിലിരിക്കുന്ന വാസനകളോടു ചേന്നിരിക്കുന്ന ഈശ്വരൻ—ആ വിജ്ഞാനമയസ്വരൂപത്തെ ധരിക്കുന്നു. അപ്പോൾ ഓരോരുത്തരും ആ അന്തർയ്യാമിയുടെ പ്രേരണയനുസരിച്ചു അവരവരുടെ വാസനാനുരൂപം പ്രവൃത്തിക്കുന്നു.

173. ദേഹാദിപഞ്ജരം യന്ത്രം തദാരോഹോഭിമാനിതാ
വിഹിതപ്രതിഷിദ്ധേഷു പ്രവൃത്തിർഭ്രമണം ഭവേത്.

ദേഹാദിപഞ്ജരം യന്ത്രം=ദേഹം ഇന്ദ്രിയങ്ങൾ മുതലായ കൂടാകുന്നു യന്ത്രം. തദാരോഹഃ=അതിൽ ആരോഹം എന്നതു്. തദഭിമാനിതാ=അതിൽ അഭിമാനഭാവമാകുന്നു. വിഹിതപ്രതിഷിദ്ധേഷു=വിധിനിഷേധരൂപകർമ്മങ്ങളിൽ. പ്രവൃത്തിഃ ഭ്രമണംഭവേത്=പ്രവൃത്തിതന്നെ ഭ്രമണം.

യന്ത്രാരൂഢങ്ങൾ എന്ന പദത്തിൻെറയും ഭ്രമം എന്ന പദത്തിൻെറയും വിവക്ഷിതാർത്ഥം പറയുന്നു:—ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്ന രൂപത്തിലിരിക്കുന്ന കൂട്ടിനെയാണ് യന്ത്രമെന്നു പറഞ്ഞതു്. അതിൽ ആരോഹം ചെയ്യുക എന്നതു് ആ ദേഹാദിതന്നെ താനെന്നുള്ള ജീവാഭിമാനത്തെ കാണിക്കുന്നു, വേദത്താൽ നിഷേധിക്കപ്പെട്ടവയും വിധിക്കപ്പെട്ടവയുമായ കർമ്മങ്ങളിൽ പ്രവൃത്തിക്കുന്നതിനെ ഭ്രമണം എന്ന ശബ്ദം കാണിക്കുന്നു.

174. വിജ്ഞാനമയരൂപേണ തൽപ്രവൃത്തിസ്വരൂപതഃ
സ്വശക്ത്യേശോ വിക്രിയതേ മായയാ ഭ്രാമണം ഹി തത്.

വിജ്ഞാനമയരൂപേണ=വിജ്ഞാനം എന്ന രൂപത്തോടുകൂടെ. തൽപ്രവൃത്തി സ്വരൂപതഃ=ആ പ്രവൃത്തിസ്വരൂപനായതുകൊണ്ടു സ്വശക്ത്യാ ഈശഃ വിക്രിയതെ=സ്വശക്തിനിമിത്തം ഈശ്വരൻ വികാരപ്പെടുന്നു. തൽമായയാ ഭ്രാമണംഹി=അതുതന്നെ മായകൊണ്ടു ഭ്രമിപ്പിക്കൽ.

ഭ്രാമയൻ എന്ന പദത്തിൻെറ സാരം പറയുന്നു:—അറിവു് എന്നതിൻെറ സ്വരൂപം ആ പ്രവൃത്തിരൂപത്തിൽ വെളിപ്പെടുന്നു. അറിവു എന്നതു് ഈശ്വരസ്വരൂപവുമാണ്. ഏതു രൂപത്തിൽ കാണപ്പെട്ടാലും അതിൽ ഈശ്വരത്വമുണ്ടു്. പ്രവൃത്തിരൂപത്തിൽ വികാരപ്പെടുവാൻ കാരണം ഈശ്വരശക്തിതന്നെ· ആ ശക്തി ജീവനെ വിഹിതനിഷിദ്ധകർമ്മങ്ങളിൽ പ്രവൃത്തിപ്പിക്കുന്നു. ഈ ശക്തി ഈശ്വരൻെറതാകയാൽ ഈശ്വരൻ മായകൊണ്ടു ഭൂതങ്ങളെ ഭ്രമിപ്പിക്കുന്നുവെന്നു പറഞ്ഞതാകുന്നു.

175. അന്തര്യമയതീത്യുക്ത്യായമേവാർത്ഥഃ ശ്രുതൌ മതഃ
പൃഥിവ്യാദിഷു സർവ്വത്രന്യായോയം യോജ്യതാം ധിയാ.

അന്തഃയമയതി=അന്തർഭാഗത്തിലിരുന്നു നിയന്ത്രിക്കുന്നു. ഇതിഉക്ത്യാ=എന്നു പറഞ്ഞതുകൊണ്ടു്. അയം ഏവഅർത്ഥഃ=ഈ അർത്ഥംതന്നെ. ശ്രുതൌശ്രുതഃ=ശ്രുതിയിൽ കേൾക്കപ്പെടുന്നു. അയംന്യായഃ=ഈ ന്യായം. പൃഥിവ്യാദിഷുസർവ്വത്ര=ഭൂമ്യാദികളായ സർവ്വവസ്തുക്കളിലും. ധിയായോജ്യതാം=ബുദ്ധികൊണ്ടു യോജിപ്പിച്ചുകൊൾക.

അന്തർഭാഗത്തിലിരിക്കുന്ന ഈശ്വരൻ എല്ലാററിനേയും നിയന്ത്രിക്കുന്നുവെന്നുള്ള വാക്കുകൊണ്ടു് ശ്രുതി ഈ അർത്ഥത്തെയാണ് വെളിപ്പെടുത്തുന്നതു്. ഈ ന്യായത്തെ പൃഥിവ്യാദി സർവ്വവസ്തുക്കളിലും വി

ചാരശക്തികൊണ്ടൂഹിച്ചറിഞ്ഞു യോജിപ്പിച്ചുകൊള്ളേണം. അങ്ങിനെ നിയന്ത്രിക്കുന്നതായ ഒരു മഹാശക്തിയില്ലെങ്കിൽ ഒരു പദാൎത്ഥത്തിലും നിശ്ചിതയായ ഒരു വൃത്തിയും കാണപ്പെടുവാൻ അവകാശമില്ലെന്നു ഫലിതാൎത്ഥം.

176. ജാനാമി ധൎമ്മം നചമേപ്രവൃത്തി ൎജ്ജാനാമ്യധൎമ്മം നചമേനിവൃത്തിഃ
കേനാപി ദേവേന ഹൃദിസ്ഥിതേന യഥാനിയുക്തോസ്മി തഥാകരോമി

ധൎമ്മം ജാനാമി=ധൎമ്മം ഞാനറിയുന്നു. മേ പ്രവൃത്തിഃന=എനിക്കതിൽ പ്രവൃത്തിയില്ല. അധൎമ്മം ജാനാമി=അധൎമ്മത്തെ ഞാനറിയുന്നു. മേ നിവൃത്തിഃചന=എനിക്കതിൽനിന്നു നിവൃത്തിയുമില്ല. ഹൃദിസ്ഥിതേന=ഹൃദയത്തിലിരിക്കുന്ന. കേന അപിദേവേന=ഏതോ ഒരു ദേവനാൽ. യഥാ നിയുക്തഃ അസ്മി=എപ്രകാരം ഞാൻ പ്രേരിപ്പിക്കപ്പെടുന്നുവോ. തഥാ കരോമി=അപ്രകാരം ഞാൻ ചെയ്യുന്നു.

സൎവ്വപ്രാണികൎമ്മസമുദായവും ഈശ്വരാധീനമാണെന്നു കാണിക്കുന്ന മറെറാരു വൃദ്ധവാക്യത്തെ ഉദാഹരിക്കുന്നു:—തത്വമറിഞ്ഞിരിക്കുന്ന ഒരു മഹാത്മാവു് പറയുന്നു:—ധൎമ്മം ഇന്നതാണെന്നു ഞാനറിയുന്നുണ്ടു്. എന്നാൽ ആ അറിവനുസരിച്ചു പ്രവൃത്തിപ്പാൻ ഞാൻ ശക്തനാകുന്നില്ല. അധൎമ്മം ഇന്നതാണെന്നും ഞാനറിയുന്നുണ്ടു്. എന്നാൽ അധൎമ്മത്തിൽ ഏൎപ്പെടാതിരിക്കാനും ഞാൻ ശക്തനാകുന്നില്ല. പിന്നെയെന്തു ചെയ്യുന്നുവെന്നാൽ പറഞ്ഞറിയിപ്പിക്കുവാനൊ എനിക്കുതന്നെ ഊഹിച്ചറിയുവാനൊ കഴിയാത്ത സ്വരൂപത്തോടുകൂടിയ അനിൎവ്വാച്യനായ ദേവൻ ഹൃദയത്തിലിരുന്നുകൊണ്ടു് എന്നെ എങ്ങിനെ പ്രേരിക്കുന്നുവോ അങ്ങിനെ ഞാൻ പ്രവൃത്തിക്കുന്നു. എന്റെ ധൎമ്മാധൎമ്മപ്രവൃത്തികൾ ഒന്നുംതന്നെ എന്റെ അധീനത്തിലല്ല: എന്റെ ഹൃദയത്തിലിരിക്കുന്ന അന്തൎയ്യാമിയായ സൎവ്വേശ്വരന്റെ അധീനത്തിലാകുന്നുവെന്നു് സാരം.

177. നാൎത്ഥഃ പുരുഷകാരേണേത്യേവം മാശങ്ക്യതാം യതഃ
ഈശഃ പുരുഷകാരസ്യ രൂപേണാപി വിവൎത്തതേ.

പുരുഷകാരേണ=പുരുഷപ്രയത്നംകൊണ്ടു് ന അൎത്ഥഃ=പ്രയോജനമില്ല. ഇതിഏവം മാശങ്ക്യതാം=എന്നിപ്രകാരം ശങ്കിക്കരുതു്. യതഃ ഈശഃ=എന്തുകൊണ്ടെന്നാൽ ഈശ്വരൻ. പുരുഷകാരസ്യരൂപേണ അപി വിവൎത്തതേ=പുരുഷപ്രയത്നത്തിന്റെ രൂപത്തോടുകൂടെയും വിവൎത്തിക്കുന്നു.

പ്രവൃത്തിയെല്ലാം ഈശ്വരാധീനത്തിലാണെങ്കിൽ, പുരുഷപ്രയത്നംകൊണ്ടു ഫലമില്ലെന്നു ശങ്കിക്കരുതു്. എന്തുകൊണ്ടെന്നാൽ പുരുഷപ്രയത്നാകൃതിയിൽ കാണപ്പെടുന്നതും ഈശ്വരൻതന്നെയാകുന്നുവല്ലൊ.

178. ഈദൃഗ്ബോധേനേശ്വരസ്യ പ്രവൃത്തിൎമ്മൈവ വാൎയ്യതാം
തഥാപീശസ്യബോധേന സ്വാത്മാസംഗതാധീജനിഃ

ഈദൃഗ്ബോധേന=ഇപ്രകാരമുള്ള അറിവുകൊണ്ടു്. ഈശ്വരസ്യപ്രവൃത്തിഃ=ഈശ്വരന്റെ അന്തൎയ്യാമിരൂപേണയുള്ള പ്രവൃത്തി. മാ ഏവ വാൎയ്യതാം=ആവശ്യമില്ലെന്നു കരുതേണ്ട. തഥാപി ഈശസ്യ ബോധേന=എങ്കിലും ഈശ്വരന്റെ സ്വരൂപമായ ജ്ഞാനംകൊണ്ടു്. സ്വാത്മാസംഗതാധീജനിഃ=സ്വാത്മാവിന്റെ അസംഗതയെക്കുറിച്ചറിവുണ്ടാകുന്നു.

പുരുഷപ്രയത്നവും ഈശ്വരസ്വരൂപംതന്നെയെന്നാണെങ്കിൽ ഈശ്വരൻ അന്തൎയ്യാമിയായിരുന്നിട്ടു നിയന്ത്രിക്കുന്നുവെന്നു് എന്തിനായിട്ടു പറയുന്നുവെന്നു ശങ്കിക്കരുതു്. എന്തുകൊണ്ടെന്നാൽ ശരീരമുള്ളതുകൊണ്ടല്ലെ പ്രവൃത്തിക്കുന്നതു്. ശരീരം നിലനില്ക്കുന്നതുതന്നെ ഈശ്വരസത്തയെ ആശ്രയിച്ചിട്ടാണു്. ശരീരമുണ്ടെന്നുള്ള ജ്ഞാനം ശരീരത്തിൽനിന്നു ഭിന്നവുമാണു്. ഇന്നവിധം പ്രവൃത്തിക്കേണമെന്നുള്ള അറിവും ഈശ്വരസ്വരൂപംതന്നെ. ആകയാൽ പുരുഷകാരേണ വെളിപ്പെടുന്ന ഈശ്വരസ്വരൂപം ശരീരേന്ദ്രിയാദികളോടു ചേൎന്നിരിക്കുന്നുവെങ്കിലും അതിൽ സംബന്ധപ്പെടാതെ അറിവുരൂപത്തിൽ വിളങ്ങുന്നുവെന്നുള്ള ബോധമുണ്ടാവാൻ പുരുഷപ്രയത്നം സഹായമാകുന്നു. ജഡമായ ശരീരം ഈശ്വരാശ്രയത്താൽ പ്രവൃത്തിക്കുന്നതാകയാൽ ഈശ്വരസൽഭാവത്തെ നിഷേധിപ്പാൻ ആൎക്കെങ്ങിനെ സാധിക്കും.

179. താവതാ മുക്തിരിത്യാഹുഃ ശ്രുതയഃ സ്മൃതയസ്തഥാ
ശ്രുതിസ്മൃതീമമൈവാജ്ഞേ ഇത്യപീശ്വരഭാഷിതം.

താവതാമുക്തിഃ ഇതി=അത്രമാത്രംകൊണ്ടു മുക്തിയാണെന്ന്. ശ്രുതയഃ സ്മൃതയഃ=ശ്രുതികളും അപ്രകാരം സ്മൃതികളും. ആഹുഃ=പറയുന്നു. ശ്രുതിസ്മൃതീ=ശ്രുതികളും സ്മൃതികളും. മമ ഏവ ആജ്ഞേ=എൻെറ ആജ്ഞകൾതന്നെ. ഇതിഅപി ഈശ്വരഭാഷിതം=എന്നും ഈശ്വരവചനമുണ്ട്.

ആത്മാവ് ദേഹേന്ദ്രിയാദികളോട് ബന്ധപ്പെടാതിരിക്കുന്ന ജ്ഞാനസ്വരൂപമാണ് എന്നറിയുന്നതിൻെറ ഫലമെന്തെന്നാൽ അപ്രകാരമുള്ള ബോധംകൊണ്ടുതന്നെയാണ് മുക്തി സിദ്ധിക്കുന്നത് എന്നു ശ്രുതികളും സ്മൃതികളും പറയുന്നു. ആ ശ്രുതിസ്മൃതിവചനങ്ങളിൽ അവിശ്വാസം നിമിത്തം അവയെ നിരാദരിക്കരുത്. എന്തുകൊണ്ടെന്നാൽ ശ്രുതിസ്മൃതികൾ എൻെറ ആജ്ഞകളാണെന്ന് ഈശ്വരൻ അരുളിച്ചെയ്തിട്ടുണ്ട്. ആകയാൽ ശ്രുതികളെയും സ്മൃതികളേയും ഉല്ലംഘിക്കുന്നത് ഈശ്വരാജ്ഞയെ ഉല്ലംഘിക്കുന്നതായിവരും.

180. ആജ്ഞായാ ഭീതിഹേതുത്വം ഭീഷാസ്മാദിതിഹി ശ്രുതം
സർവ്വേശ്വരത്വമേതൽസ്യാ ദന്തര്യാമിത്വതഃ പൃഥക്.

ആജ്ഞായാഃഭീതിഹേതുത്വം=ആജ്ഞക്കുള്ള ഭീതികാരണം ഭീഷാസ്മാത്ഇതിശ്രുതം ഹി=ഇവനിൽനിന്നുള്ള ഭയത്താൽ എന്ന വാക്യം കേൾക്കപ്പെടുന്നുവല്ലൊ. ഏതത്അന്തര്യാമിത്വതഃ പൃഥക്=ഇത് അന്തര്യാമിഭാവത്തിൽനിന്നും വേറിട്ടിരിക്കുന്നു. സർവ്വേശ്വരത്വം സ്യാത്=സർവ്വേശ്വരഭാവമാകുന്നു.

ഈശ്വരാജ്ഞയെ ഭയപ്പെടേണം! അതിനെ അതിക്രമിക്കരുത് എന്നതിൽ ശ്രുതിപ്രമാണം:— 'ഭീഷാസ്മാദ്വാതഃ പവതേ ഭീഷോദേതി സൂര്യഃ'' ഇവനിൽനിന്നുള്ള ഭയത്താൽ കാററുവീശുന്നു. ഭയത്താൽത്തന്നെ സൂര്യൻ ഉദിക്കുന്നു. എന്നീയർത്ഥം അടങ്ങീട്ടുള്ള ശ്രുതികൾ ഈശ്വരാജ്ഞയെ ഭയപ്പെടേണമെന്ന കാണിക്കുന്നു. സൂര്യൻ അഗ്നി അന്തകൻ കാററ് എന്നിവയെല്ലാം സ്വസ്വവ്യാപാരങ്ങളെ നിയമേന നടത്തുന്നത് ഈശ്വരഭയത്താലാണെന്നു ശ്രുതിപറയുന്നു. എന്തിനായിട്ടു ഈശ്വരഭയത്താലാണെന്നു പറയുന്നുവെങ്കിൽ ഈശ്വരൻ അന്തര്യാമി മാത്രമല്ല സർവ്വേശ്വരനുമാണെന്നു കാണിപ്പാൻതന്നെ ഓരോ ഭൂതങ്ങളിലും അന്തര്യാമിയായിട്ടും സർവ്വേശ്വരനായിട്ടും ചിൽസ്വരൂപം വിളങ്ങുന്നു. അന്തര്യാമി എന്ന ധർമ്മത്തിൽനിന്നും വേറിട്ടിരിക്കുന്ന സർവ്വേശ്വരഭാവത്തെ ഈ ശ്രുതി കാണിക്കുന്നു. ലോകരക്ഷാധികാരികളെ നിയമിച്ച് അവർക്കുനിശ്ചയിക്കപ്പെട്ട വ്യാപാരങ്ങളെ അണുമാത്രവും ഭേദപ്പെടുത്താതെ നടത്തിക്കുന്ന രാജാധിരാജൻ സർവ്വേശ്വരനാണെന്നു സാരം.

181. ഏതസ്യവാ അക്ഷരസ്യ പ്രശാസനഇതി ശ്രുതിഃ
അന്തഃപ്രവിഷ്ടഃ ശാസ്താഽയം ജനാനാമിതിച ശ്രുതിഃ

ഏതസ്യ അക്ഷരസ്യവൈ=അക്ഷരമായ ഇതിൻെറതന്നെ. പ്രശാസനേ ഇതിശ്രുതിഃ=പ്രശാസനത്തിൽ എന്ന ശ്രുതിയും. അന്തഃപ്രവിഷ്ടഃ അയം=അന്തർഭാഗത്തിൽ പ്രവേശിച്ചിരിക്കുന്ന ഇവൻ. ജനാനാം ശാസ്താ=ജനങ്ങളുടെ ശാസിതാവാകുന്നു. ഇതിചശ്രുതിഃ=എന്ന ശ്രുതിയുമുണ്ട്.

പുറത്തും ഉള്ളിലും നിയാമകനും അന്തര്യാമിയുമായിരിക്കുന്നവൻ സർവ്വേശ്വരനാണെന്നു കാണിക്കുന്ന രണ്ടു ശ്രുതിവാക്യങ്ങളെ എടുത്തു കാണിക്കുന്നു:—അല്ലയോ ഗാർഗി! നാശരഹിതനായ ഈ ഈശ്വരൻെറ ആജ്ഞയിൽ ദ്യാവാപൃഥിവികൾ സ്വസ്ഥാനങ്ങളിൽ ഉറച്ചുനില്ക്കുന്നു. ദ്യാവാപൃഥിവികൾ എന്ന പദങ്ങൾ ഉപലക്ഷണങ്ങൾ ഊർദ്ധ്വാധോഭാഗങ്ങളിലുള്ള ഈരേഴുലോകങ്ങളും അവയുടെ സ്ഥാനങ്ങളിൽ നില്ക്കുന്നത് ഈശ്വരശാസനത്താലാകുന്നുവെന്നു കാണിച്ചതിനാൽ പുറത്തുള്ള നിയാമകൻ എന്നു സിദ്ധിച്ചു. സകല പ്രാണികളുടെ അന്തർഭാഗത്തിലിരിക്കുന്ന ഇവൻ അവരെ ശാസിക്കുന്നവനുമാകുന്നുവെന്നുള്ള ശ്രുതി അന്തർന്നിയാമകനും ഈശ്വരൻതന്നെയെന്നു കാണിച്ചിരിക്കുന്നു.

182. ജഗദ്യോനിർഭവേദേഷ പ്രഭവാപ്യയകൃത്വതഃ
ആവിർഭാവതിരോഭാവാവുൽപത്തിപ്രലയൌ മതൌ.

ഏഷഃജഗദ്യോനിഃ ഭവേത്=ഇവൻ ജഗത്തിൻെറ ഉൽപത്തിസ്ഥാനമാകുന്നു. പ്രഭവാപ്യയകൃത്വതഃ=പ്രഭവത്തിൻെറയും നാശത്തിൻെറയും കർത്താവായതുകൊണ്ട്. ഉൽപത്തിപ്രലയൌ=ഉൽപത്തിപ്രലയങ്ങൾ. ആവിർഭാവതിരോഭാവൌ മതൌ=ആവിർഭാവതിരോഭാവങ്ങളാണെന്നു സമ്മതങ്ങൾ.

ജഗത്തിൻെറ ഉൽപത്തിക്കും പ്രലയത്തിനും കാരണഭൂതൻ ഇവനാകുന്നു. എന്തുകൊണ്ടെന്നാൽ ഇവനിൽനിന്ന് ജഗത്തുണ്ടാകുന്നു. ഇവനിൽ ലയിക്കയും ചെയ്യുന്നു. ഉൽപത്തിപ്രലയശബ്ദങ്ങളുടെ വിവക്ഷിതാർത്ഥം ആവിർഭാവതിരോഭാവങ്ങൾ എന്നാകുന്നു. വെളിയിൽ കാണപ്പെടുന്നത് ആവിർഭാവം.

കാണപ്പെട്ട ആ ജഗത്ത് കാണപ്പെടാതാവുകയെന്നതു തിരോഭാവം. ഇതാണ് ജഗത്തുണ്ടായിയെന്നും ഇല്ലാതായിയെന്നും പറയുന്നതിന്റെ അൎത്ഥം.

183. ആവിൎഭാവയതി സ്വസ്മിൻ വിലീനം സകലം ജഗത്
പ്രാണികൎമ്മവശാദേഷ പടോ യദ്വൽ പ്രസാരിതഃ

പ്രാണികൎമ്മവശാത്=പ്രാണികളുടെ കൎമ്മാധീനത നിമിത്തം. സ്വസ്മിൻ വിലീനം സകലം ജഗത്=തന്നിൽ വിശേഷേണ ലയിച്ചിരിക്കുന്ന സകല ജഗത്തിനെ. ഏഷഃ ആവിൎഭാവയതി=ഇവൻ ആവിൎഭവിപ്പിക്കുന്നു. പ്രസാരിതഃ പടഃയദ്വത്=നിവൎത്തിയ ചിത്രപടമെന്നപോലെ.

ഈശ്വരൻ ജഗത്തിനെ പ്രകാശിപ്പിക്കുന്ന സമ്പ്രദായത്തെ ദൃഷ്ടാന്തപൂൎവ്വം ഉപപാദിക്കുന്നു:—കൎമ്മങ്ങൾക്കധീനമായിരിക്കുന്ന ചരാചരാത്മകമായ സകല ജഗത്തും മഹാപ്രലയകാലത്തിൽ ഈശ്വരശക്തിയിൽ ലയിക്കുന്നു. അങ്ങിനെ ലയിച്ചിരിക്കുന്ന സകല ജഗത്തിനേയും സൃഷ്ടിയുടെ ആരംഭത്തിൽ തന്റെ ശക്തിയിൽകൂടെ പുറമെ പ്രകാശിപ്പിക്കുന്നു. ചുരുട്ടിമടക്കി വെച്ചിരിക്കുമ്പോൾ പുറത്തേക്കു ചിത്രങ്ങൾ കാണപ്പെടാത്തതിനാൽ കേവലം വസ്ത്രം മാത്രമായിരിക്കുന്നു. ആ വസ്ത്രത്തെ നിവൎത്തി വിരിച്ചാൽ അതിലെ ചിത്രങ്ങൾ കാണപ്പെടുന്നു. ഇതാണ് ജഗത്തിന്റെ ആവിൎഭാവതിരോഭാവങ്ങളുടെ സമ്പ്രദായം.

184. പുനസ്തിരോഭാവയതി സ്വാത്മന്യേവാഖിലം ജഗത്
പ്രാണികൎമ്മക്ഷയവശാൽ സങ്കോചിതപടോ യഥാ.

പുനഃ പ്രാണികൎമ്മക്ഷയവശാൽ=പിന്നെ പ്രാണികളുടെ കൎമ്മങ്ങളുടെ ക്ഷയംനിമിത്തം. സ്വാത്മനി ഏവ=തന്നിൽതന്നെ. അഖിലംജഗത്=സകല ജഗത്തിനെ. തിരോഭാവയതി=മറയ്ക്കുന്നു. സങ്കോചിതപടഃയഥാ=ചുരുട്ടിമടക്കിയ വസ്ത്രമെന്നപോലെ.

ഈശ്വരൻതന്നെ ജഗത്തിന്റെ പ്രലയത്തിന്നും കാരണം എന്നു കാണിക്കുന്നു:—പ്രാണികളുടെ കൎമ്മങ്ങൾ ക്ഷയിക്കുമ്പോൾ സകല ജഗത്തിനെ ഈശ്വരൻ തന്നിൽതന്നെ അടക്കുന്നു:—തന്റെ ശക്തിയിൽ ലയിപ്പിക്കുന്നു. ചുരുട്ടിമടക്കിയ ചിത്രപടത്തിലെ ചിത്രങ്ങൾ പുറമേ കാണപ്പെടാതെ ഉള്ളിൽ തന്നെയിരിക്കുന്നതുപോലെ.

185. രാത്രിഖ്സ്രൌ സുപ്തിബോധാവുന്മീലനനിമീലനേ
തൂഷ്ണീംഭാവമനോരാജ്യേ ഇവ സൃഷ്ടിലയാവിമൌ.

രാത്രിഖ്സ്രൌ സുപ്തിബോധൌ=രാത്രി, പകൽ; ഉറക്കം ഉണൎച്ച. ഉന്മീലനനിമീലനേ=കണ്മിഴിക്കൽ കണ്ണടക്കൽ. തൂഷ്ണീംഭാവ മനോരാജ്യേഇവ=ഒന്നും ചെയ്യാതിരിക്കൽ മനസ്സിലോരോന്നാലോചിക്കൽ എന്നിവപോലെയാണ്. ഇമൌസൃഷ്ടിലയൌ=ഈ സൃഷ്ടിയും ലയവും.

ജഗത്ത് ഈശ്വരനിൽനിന്നാവിൎഭവിക്കുക ഈശ്വരനിൽതന്നെ ലയിക്കുക എന്ന രണ്ടവസ്ഥകളുടെ ഭാവഭേദങ്ങളെ ദൃഷ്ടാന്തപ്പെടുത്തി ഉപപാദിക്കുന്നു:—രാത്രിയും പകലും; ദൃഢനിദ്രാവസ്ഥയും ഉണൎച്ചയും; കൺമിഴിക്കലും കണ്ണടക്കലും ഒന്നും ചെയ്യാതെയും വിചാരിക്കാതെയും ഇരിക്കലും മനോരാജ്യമുണ്ടാകയും ചെയ്യുന്നതുപോലെയാണ് ലോകത്തിന്റെ ആവിൎഭാവതിരോഭാവങ്ങൾ. ഈ ദൃഷ്ടാന്തങ്ങളിൽ അടങ്ങീട്ടുള്ള സാരാംശത്തെ സ്പഷ്ടമാക്കാം:—ലോകത്തെ ഈശ്വരസ്വരൂപമായി വിചാരിക്കേണം. എന്നാൽ ലോകത്തിൽ കാണപ്പെടുന്ന സകല ചരാചരവൎഗ്ഗവും രാത്രിയിൽ നിശ്ശബ്ദമായും നിഷ്ക്രിയമായും പകൽസമയത്തിൽ ഓരോന്നും അതാതിന്റെ നിയതവ്യാപാരങ്ങളിൽ ഏൎപ്പെട്ടുകൊണ്ടുമിരിക്കുന്നതുപോലെ പ്രലയത്തെ രാത്രിക്കു തുല്യമായും സൃഷ്ടിയെ പകലിന്നു തുല്യമായും കണ്ടുകൊള്ളേണം. പ്രലയത്തിൽ ഈശ്വരനിൽ ലയിച്ചിരിക്കുന്ന ലോകം സൃഷ്ടിയിൽ പുറമേ പ്രകാശിക്കുന്നു. ഉറക്കവും ഉണൎച്ചയും എന്നപോലെ എന്ന ദൃഷ്ടാന്തം മുൻപറഞ്ഞ സംഗതിയെ സ്വാനുഭവപ്പെടുത്തുന്നു:—ഒരു വ്യക്തി ശരീരമെന്നപോലെ ഈശ്വരരൂപത്തെ കാണുക. അപ്പോൾ ആ വ്യക്തിയെ പ്രകാശിപ്പിച്ചിരുന്ന ചേതനം സുഷുപ്ത്യവസ്ഥയിൽ ലയിക്കുമ്പോൾ ശരീരം ഇന്ദ്രിയങ്ങൾ അന്തഃകരണം എന്നിവയാതൊരു വ്യാപാരത്തിലും ഏൎപ്പെടാതെയിരിക്കുന്നു. ജാഗ്രദവസ്ഥയിൽ എത്തിയ ഉടനെ ഓരോ വ്യക്തിയും അതാതിന്റെ നിയതവ്യാപാരങ്ങളെ വീണ്ടും ആരംഭിക്കുന്നു. ഏതേതു പ്രവൃത്തികൾ ചെയ്തുതീൎക്കാൻ ബാക്കിയുണ്ടോ അതിനെ പൂൎത്തിയാക്കാൻ പരിശ്രമിക്കുന്നു. അതുപോലെ ഈശ്വരനിൽ ലയിച്ചിരിക്കുന്ന ജീവജാലങ്ങൾക്ക് സ്വരൂപാനന്ദപ്രാപ്തിരൂപമായ മുക്തി സിദ്ധിക്കുന്നതുവരെ ആവിൎഭാവ

തിരോഭാവങ്ങൾ ഉണ്ടാവുന്നു. ഈ വിധം സൃഷ്ട്യാദിവ്യാപാരങ്ങൾ നടത്തുന്ന കാലത്തിന്റെ ഹ്രസ്വദീർഘാവസ്ഥകളെ കാണിപ്പാനാണ് ഉന്മീലനനിമീലനങ്ങൾപോലെ എന്നു കാണിച്ചത്. കണ്ണടക്കാനും തുറക്കാനും എത്രമാത്രം ലഘുവായ സമയം വേണമോ അത്ര ലഘുസമയമായിട്ടാണ് സൃഷ്ട്യാരംഭംമുതൽ മഹാപ്രലയംവരേയുള്ള കാലത്തെ കരുതേണ്ടത്. എന്നു മാത്രമല്ല ഒരാൾ കണ്ണടക്കുന്നതും തുറക്കുന്നതും പ്രത്യേക പ്രയത്നമോ മനസ്സിരുത്തലോ കൊണ്ടല്ല. അതു സ്വാഭാവികമായി നടന്നുകൊണ്ടേയിരിക്കുന്നു. അതുപോലെ ഈശ്വരസൃഷ്ട്യാദിലീലകളും സ്വാഭാവികമായി നടന്നുകൊണ്ടിരിക്കുന്നുവെന്നും ഈ ദൃഷ്ടാന്തം സ്പഷ്ടമാക്കുന്നു. സൃഷ്ടിക്കായുള്ള ഈശ്വരസങ്കല്പസ്വഭാവത്തെ പ്രകാശിപ്പിക്കുവാനാണ് തൂഷ്ണീംഭാവമനോരാജ്യങ്ങൾപോലെയെന്നു കാണിച്ചത് ഒരു വ്യഷ്ടിശരീരഗതചേതനം താൻ നടത്താൻ വിചാരിക്കുന്ന കാര്യങ്ങളെ നിരൂപിക്കുന്ന മട്ടിൽ സങ്കല്പിക്കാറുള്ളതുപോലെ സർവ്വേശ്വരൻ തന്നിലടങ്ങിയിരിക്കുന്ന ജീവരാശികളെ സുഖദുഃഖാദികൾക്കുചിതങ്ങളായ സാധനസാമഗ്രികൾ അടങ്ങീട്ടുള്ള ഈരേഴുലോകങ്ങളുടെ ആവിർഭാവത്തിന്നായി ചെയ്യുന്ന ഈക്ഷണരൂപമായ സങ്കല്പം മനോരാജ്യത്തിന്നു തുല്യം. തിരോഭാവസങ്കല്പം തൂഷ്ണീംഭാവത്തിന്നു തുല്യം. ഇത്രയും സംഗതികളെ കാണിപ്പാനാണ് മൂന്നു ദൃഷ്ടാന്തം കൊടുത്തിരിക്കുന്നത്.

186. ആവിർഭാവതിരോഭാവ ശക്തിമത്വേന ഹേതുനാ
ആരംഭപരിണാമാദിചോദ്യാനാം നാത്രസംഭവഃ.

ആവിർഭാവതിരോഭാവ ശക്തിമത്വേന ഹേതുനാ=ആവിർഭാവതിരോഭാവങ്ങൾക്ക് സമർത്ഥയായ ശക്തിയോടുകൂടിയിരിക്കുകയെന്ന കാരണത്താൽ. ആരംഭപരിണാമാദിചോദ്യാനാം=ആരംഭവാദം പരിണാമവാദം മുതലായ വാദങ്ങൾക്ക്. അത്രനസംഭവഃ=ഈശ്വരനിൽ അവകാശമില്ല.

ഈശ്വരൻ ജഗത്തിന്റെ ഉൽപത്തിസ്ഥാനം എന്നു വന്നിരിക്കുന്നത് ജഗന്നിർമ്മാണത്തിന്നായുള്ള ആരംഭപദാർത്ഥമായതുകൊണ്ടോ അതോ ജഗദാകൃതിയായി പരിണമിച്ചതുകൊണ്ടോ എന്നു ശങ്കിച്ചിട്ട് രണ്ടുകൊണ്ടുമല്ല എന്നു പരിഹരിക്കുന്നു:—ജഗൽസ്വരൂപനായിഭവിപ്പാനും തിരോഭവിപ്പാനും മതിയായ ശക്തി സർവ്വേശ്വരന്നുള്ളതിനാൽ ആരംഭവാദത്തിന്നും പരിണാമവാദത്തിന്നും അവകാശമില്ല. വിവർത്തവാദം ആശ്രയിക്കുന്നതുകൊണ്ടു ആരംഭപരിണാമവാദങ്ങളിലുണ്ടാകാവുന്ന ദോഷങ്ങൾക്കു പരിഹാരമുണ്ടെന്നു അഭിപ്രായം.

187. അചേതനാനാം ഹേതുഃസ്യാ ജ്ജാഡ്യാംശേനേശ്വരസ്തഥാ
ചിദാഭാസാംശതസ്ത്വേഷ ജീവാനാം കാരണം ഭവേത്.

ഈശ്വരഃ ജാഡ്യാംശേന=ഈശ്വരൻ അചേതനാംശപ്രാധാന്യത്താൽ. അചേതനാനാം=ജഡങ്ങൾക്ക്. ഹേതുഃസ്യാത്=കാരണമാകും. തഥാഏഷഃ ചിദാഭാസാംശതഃ=അപ്രകാരം ഇവൻ ജ്ഞാനാംശപ്രാധാന്യത്താൽ. ജീവാനാം കാരണം ഭവേത്=ജീവന്മാരുടെ കാരണമായും ഭവിക്കും.

എന്നാൽ ഏകനായ ഈശ്വരൻ ചേതനവും അചേതനവും കൂടികലർന്നിരിക്കുന്ന ജഗത്തിന്റെ ആദികാരണദ്രവ്യമാകുന്നതെങ്ങിനെയെന്ന ശങ്കക്കു സമാധാനം:—തന്നിൽതന്നെ ലയിച്ചിരിക്കുന്ന ശക്ത്യംശമാകുന്ന ജഡത്തിന്റെ പ്രാധാന്യത്തെ അംഗീകരിക്കുന്നതുകൊണ്ടു ഈശ്വരൻ അചേതനവസ്തുക്കളുടെ ഉല്പത്തിക്കു കാരണമാകും. ഈശ്വരൻ ജ്ഞാനസ്വരൂപനായതുകൊണ്ടു ചേതനാംശങ്ങളായ ജീവന്മാർക്കും കാരണമാകും അചേതനമായ മായയാണ് ജഡാംശം എന്നു മുകളിൽ പറയപ്പെട്ടത്. ഈശ്വരസങ്കല്പത്താൽ ആ മായ ആകാശാദി ജഡവസ്തുക്കളായി പരിണമിക്കും. ഈശ്വരൻ മായയെ ഉപാധിത്വേന അംഗീകരിച്ചപ്പോൾ ജഡപദാർത്ഥങ്ങളുണ്ടായെന്നു സാരം. ആകാശാദിഭൂതങ്ങളെ പ്രകാശിപ്പിക്കുന്ന അന്തഃകരണപ്രതിബിംബം—ചിദാഭാസൻ എന്നു പറയപ്പെടുന്ന ജീവൻ—ഈശ്വരപ്രതിബിംബമാകയാൽ ജീവന്മാൎക്കും ഈശ്വരൻ കാരണമാകും. തന്റെ ഉപാധിയുടെ പ്രാധാന്യത്താൽ ജഡങ്ങളായും സ്വരൂപചൈതന്യപ്രാധാന്യത്താൽ ജീവന്മാരായും ഇരിക്കുന്ന ഏകനായ ഈശ്വരൻ ജഗത്തിന്റെ ഏകോപാദാനം എന്നുവരുന്നതിൽ ശങ്കക്കവകാശമില്ല.

188. തമഃ പ്രധാനഃ ക്ഷേത്രാണാം ചിൽപ്രധാനശ്ചിദാത്മനാം
പരഃ കാരണതാമേതി ഭാവനാജ്ഞാനകർമ്മഭിഃ

189. ഇതിവാർത്തികകാരേണ ജഡചേതന ഹേതുതാ
പരമാത്മന ഏവോക്താനേശ്വര സ്യേതിചേച്ഛൃണു.

ക്ഷേത്രാണാം=ശരീരാദികൾക്ക്. തമഃപ്രധാനഃ=തമോഗുണപ്രധാനയായ മായയെ ഉപാധിയായംഗീക

രിച്ചിട്ടും. ചിദാത്മനാം=ചിദാഭാസന്മാക്ക്. ചിൽപ്രധാനഃപരഃ=സത്വഗുണപ്രധാനയായ മായയെ ഉപാധിയായംഗീകരിച്ചിട്ടും പരമാത്മാവ്. ഭാവനാജ്ഞാനകർമ്മഭിഃ=സംസ്കാരം ജ്ഞാനം കർമ്മം എന്നിവ നിമിത്തം. കാരണതാം എതി=കാരണതയെ പ്രാപിക്കുന്നു. ഇതിവാർത്തികകാരേണ=എന്നു വാർത്തികാചാര്യനാൽ. ജഡചേതനാഹേതുതാ=ജഡചേതനങ്ങളുടെ കാരണത്വം. പരമാത്മനഃ ഏവ ഉക്താ=പരമാത്മാവിനുതന്നെ പറയപ്പെട്ടിരിക്കുന്നു. ഈശ്വരസ്യ ന ഇതിചേത്=ഈശ്വരനല്ല എന്നാണെങ്കിൽ. ശൃണു=കേട്ടാലും.

ഇവിടെ ഇതുവരെ പറഞ്ഞത് മായോപാധികനായ ഈശ്വരനാണ് ജഗൽകാരണം എന്നാണല്ലൊ. അതു യുക്തമല്ലെന്നു ശങ്കിക്കുന്നു. ശങ്കക്കു കാരണമായ വാർത്തികകാരൻെറ വാക്യത്തെ എടുത്തുകാണിക്കുന്നു:—വാർത്തികകാരനായ സുരേശ്വരാചാര്യർ ജഡചേതനാത്മക ജഗൽകാരണം ഈശ്വരനല്ല പരമാത്മാവാണെന്നു പറയുന്നു. പരമാത്മാവു് തമോഗുണപ്രധാനയായ മായയെ ഉപാധിയായംഗീകരിച്ചിട്ടു പൃഥിവ്യാദിഭൂതങ്ങൾക്കും തജ്ജന്യങ്ങളായ ശരീരാദികൾക്കും സത്വഗുണപ്രധാനയായ മായയെ ഉപാധിയായംഗീകരിച്ചിട്ടു ചിദാഭാസന്മാരായ ജീവന്മാക്കും കാരണമായി ഭവിക്കുന്നു. സംസ്കാരം, ജ്ഞാനം, കർമ്മം എന്നിവയാണ് ചേതനാചേതനവിഭാഗങ്ങൾക്കു കാരണം. ഇവയെ പരമാത്മാവാണ് പ്രകാശിപ്പിക്കുന്നത്. അതിനാൽ പരമാത്മാവുകാരണം ഈശ്വരനല്ല എന്നു സുരേശ്വരാചാര്യർ പറയുന്നാവെന്ന് ശങ്കിക്കുന്നുവെങ്കിൽ സമാധാനം പറയാം, ശ്രദ്ധിച്ചുകേൾക്കുക.

190. അന്യോന്യാധ്യാസമത്രാപി ജീവകൂടസ്ഥയോരിവ
ഈശ്വരബ്രഹ്മണോഃ സിദ്ധം കൃത്വാ ബ്രൂതേ സുരേശ്വരഃ.

അത്രഅപി ജീവകൂടസ്ഥയോഃ ഇവ=ഇവിടെയും ജീവനും കൂടസ്ഥനുമെന്നപോലെ. ഈശ്വരബ്രഹ്മണോഃ=ഈശ്വരനും ബ്രഹ്മത്തിനും. അന്യോന്യാധ്യാസം സിദ്ധംകൃത്വാ=അന്യോന്യാധ്യാസത്തെ സിദ്ധമാക്കീട്ടു. സുരേശ്വരഃ ബ്രൂതേ=സുരേശ്വരൻ പറയുന്നു.

ലോകത്തിൻെറ കാരണം സർവ്വേശ്വരനല്ല പരമാത്മാവാണ് എന്നു സുരേശ്വരാചാര്യർ വാർത്തികത്തിൽ പറഞ്ഞതിനു കാരണം കാണിക്കുന്നു:—ത്വംപദലക്ഷ്യാർത്ഥമായ കൂടസ്ഥനിൽ ജീവനെ ആരോപിച്ചിട്ടു ജീവകൂടസ്ഥചൈതന്യങ്ങളെ അഭിന്നങ്ങളെന്നു കല്പിച്ചതുപോലെ തൽപദലക്ഷ്യാർത്ഥമായ ബ്രഹ്മത്തിൽ ഈശ്വരനേയും ആരോപിച്ചിട്ടു അഭിന്നങ്ങളായി വ്യവഹരിക്കുന്നതിനെ അടിസ്ഥാനമാക്കീട്ടാണ് സുരേശ്വരാചാര്യർ പറഞ്ഞിരിക്കുന്നത്.

191. സത്യം ജ്ഞാനമനന്തം യൽബ്രഹ്മ തസ്മാൽ സമുത്ഥിതാഃ
ഖം വായ്വഗ്നി ജലോർവ്വ്യോഷധ്യന്നദേഹാ ഇതി ശ്രുതിഃ.

സത്യം ജ്ഞാനം അനന്തംയത് ബ്രഹ്മ=നാശമില്ലാത്തതും ജ്ഞാനാത്മകവും അപരിച്ഛിന്നവുമായ ബ്രഹ്മം യാതൊന്നോ. തസ്മാൽ=അതിൽനിന്ന്. ഖം വായ്വഗ്നി ജലോർവ്വ്യോഷധ്യന്നദേഹാഃ=ആകാശം വായു അഗ്നി ജലം ഭൂമി ഓഷധികൾ അന്നം ദേഹങ്ങൾ എന്നിവ. സമുത്ഥിതാഃ=ഉൽപന്നങ്ങളായി. ഇതി ശ്രുതിഃ=എന്നാണ് ശ്രുതി.

ഈശ്വരനും ബ്രഹ്മത്തിനും അന്യോന്യാധ്യാസത്തെ ആസ്പദമാക്കീട്ടാണ് സുരേശ്വരാചാര്യർ ആ വിധം പറഞ്ഞത് എന്നു് എങ്ങിനെ അറിഞ്ഞുവെന്നാണെങ്കിൽ ശ്രുതിയുടെ അർത്ഥം നന്നായാലോചിച്ചാൽ അതറിയാമെന്നു കാണിപ്പാൻ സൃഷ്ടി പര്യായശ്രുതിയെ എടുത്തുകാണിക്കുന്നു:—ത്രികാലത്തിലുമുള്ളതും ജ്ഞാനസ്വരൂപവും കാലദേശാദ്യവധികളെ അതിക്രമിച്ചതുമായ ബ്രഹ്മം യാതൊന്നോ അതിൽനിന്ന് ആകാശാദിപഞ്ചഭൂതങ്ങളും ഭൂമിയിൽനിന്നു വ്രീഹ്യാദിസസ്യങ്ങളും അവയിൽനിന്ന് ആഹാരദ്രവ്യങ്ങളും അവയുടെ വീര്യത്തിൽനിന്ന് ദേഹങ്ങളുണ്ടായിയെന്നു ശ്രുതിയിൽകാണുന്നു.

192. ആപാതദൃഷ്ടിതസ്തത്ര ബ്രഹ്മണോ ഭാതി ഹേതുതാ
ഹേതോശ്ചസത്യതാ തസ്മാദന്യോന്യാധ്യാസ ഇഷ്യതേ.

തത്രബ്രഹ്മണഃ=ആ ശ്രുതിയിൽ ബ്രഹ്മത്തിന്ന്. ആപാതദൃഷ്ടിതഃ=നന്നായാലോചിക്കാതെ നോക്കുമ്പോൾ. ഹേതുതാഭാതി=ഹേതുഭാവം കാണുന്നു. ഹേതോഃ സത്യതാചഭാതി=ഹേതുവിനു സത്യത്വവും കാണുന്നു. തസ്മാൽഅന്യോന്യാധ്യാസഃ ഇഷ്യതേ=അതുകൊണ്ടു അന്യോന്യാധ്യാസം പറയപ്പെടുന്നു.

മുകളിൽകാണിച്ച ശ്രുതിയിൽനിന്നു അന്യോന്യാധ്യാസമുണ്ടെന്നു ധരിക്കുന്നതെങ്ങിനെയെന്നാണ് ശങ്കയെങ്കിൽ ബ്രഹ്മമാണ് ജഗൽകാരണമെന്നും കാരണം സത്യമാണെന്നും പ്രഥമദൃഷ്ടിയിൽ തോ

നുന്നുവെന്നല്ലാതെ പര്യാലോചന ചെയ്യുമ്പോൾ ബ്രഹ്മത്തിന്നും ഈശ്വരന്നും അന്യോന്യാധ്യാസംകൂടാതെ ആ ശ്രുതിയുടെ അർത്ഥം യോജിക്കുകയില്ല. എന്തുകൊണ്ടെന്നാൽ സത്യം ജ്ഞാനമനന്തം എന്ന ലക്ഷണമുള്ള ബ്രഹ്മം സഗുണമല്ല, നിർഗ്ഗുണമാണ്. ആ ബ്രഹ്മം എങ്ങിനെ ജഗൽകാരണമാകും. മായാധീനമായ ചിദാഭാസൻ ജഗൽകാരണം അതിന്നു സത്യത്വം ഇരിക്കുകയുമില്ല. ഇവിടെ ജഗൽകാരണമായി പറഞ്ഞിരിക്കുന്ന ബ്രഹ്മത്തിൻെറ ലക്ഷണമായി പറഞ്ഞിരിക്കുന്നത് സത്യം ജ്ഞാനമനന്തമെന്നുമാണ്. അപ്പോൾ സഗുണമായ ഈശ്വരനെ ബ്രഹ്മത്തിലും നിർഗ്ഗുണബ്രഹ്മത്തെ ഈശ്വരനിലും ആരോപിച്ചു കാണപ്പെടുന്നതിനാൽ അന്യോന്യാധ്യാസം കൂടാതെ ശ്രുത്യർത്ഥം ഘടിക്കുകയില്ലെന്നു സ്പഷ്ടമാകുന്നു.

193. അന്യോന്യാധ്യാസരൂപോസാവന്നലിപ്തപടോ യഥാ
ഘട്ടിതേനൈകതാമേതി തദ്വൽഭ്രാന്ത്യൈകതാംഗതഃ.

യഥാ അന്നലിപ്തഃപടഃ=എപ്രകാരമോ അന്നത്താൽ ലേപനം ചെയ്യപ്പെട്ടവസ്ത്രം. ഘട്ടിതേന ഏകതാം ഏതി=കട്ടിത്തംനിമിത്തം ഏകഭാവത്തെ പ്രാപിക്കുന്നത്. തദ്വത് അസൌ അന്യോന്യാധ്യസേരൂപഃ= അതുപോലെ ഈ അന്യോന്യാധ്യാസരൂപൻ. ഭ്രാന്ത്യാ ഏകതാംഗതഃ=ഭ്രാന്തിനിമിത്തം ഏകതയെ പ്രാപിച്ചു.

ഈശ്വരനും ബ്രഹ്മവും അന്യോന്യാധ്യാസത്താൽ ഏകഭാവത്തെ പ്രാപിച്ചതിനെ ദൃഷ്ടാന്തമായി മുമ്പേ പറഞ്ഞ ചിത്രപടത്തെ ഓർമ്മപ്പെടുത്തി ഉറപ്പിക്കുന്നു:—ചിത്രം വരക്കാനുള്ള വസ്ത്രത്തിൽ മൃദുവായ അന്നം അരച്ചുതേച്ചു കട്ടിയാക്കുന്നു. കട്ടിപിടിച്ച അന്നവും വസ്ത്രവും ഒന്നായിച്ചേൎന്നു വിളങ്ങുന്നു. ചിത്രങ്ങൾക്കാസ്പദം അന്നം. അന്നത്തിന്നാസ്പദം വസ്ത്രം. വസ്ത്രത്തിൽ പററീട്ടുള്ള അന്നം അടൎന്നുപോയാൽ ചിത്രങ്ങളൊക്കെപ്പോയി. വസ്ത്രം ശുദ്ധമായി കാണപ്പെടുന്നതേതുവിധമോ അതുപോലെ ഈശ്വരന്നും ബ്രഹ്മത്തിന്നും അന്യോന്യാധ്യാസം നിമിത്തം ഏകഭാവം സിദ്ധമായിരിക്കുന്നു. ഇതിനെ അവലംബിച്ചിട്ടാണ് മുൻകാണിച്ച സുരേശ്വരാചാര്യവചനം.

194. മേഘാകാശമഹാകാശൌ വിവിച്യേതേ നപാമരൈഃ
തദ്വൽ ബ്രഹ്മേശയോരൈക്യം പശ്യന്ത്യാപാതദർശിനഃ.

മേഘാകാശമഹാകാശൌ=മേഘാകാശവും മഹാകാശവും. പാമരൈഃ നവിവിച്യേതേ=പാമരന്മാരാൽ വിവേചിക്കപ്പെടുന്നില്ല തദ്വൽ ബ്രഹ്മേശയോഃ=അതുപോലെ ബ്രഹ്മത്തിന്നും ഈശ്വരന്നും. ആപാതദർശിനഃ=സൂക്ഷ്മജ്ഞാനമില്ലാത്തവർ. ഐക്യംപശ്യന്തി=ഏകഭാവത്തെ കാണുന്നു.

ഭ്രാന്തിനിമിത്തം അന്യോന്യാധ്യാസമുണ്ടാകുന്നതിന്ന് അന്നലിപ്തപടത്തെ ദൃഷ്ടാന്തമായി കാട്ടിയശേഷം സൂക്ഷ്മജ്ഞാനമില്ലായ്മയും, ബ്രഹ്മവും ഈശ്വരനും ഒന്നാണെന്നു ധരിപ്പാൻ കാരണമാണെന്നതിന്നു ദൃഷ്ടാന്തം കാണിക്കുന്നു:—മേഘജലം അതിസൂക്ഷ്മമായതിനാൽ അതിലെ പ്രതിബിംബാകാശത്തേയും അതിന്നു കാരണമായ മഹാകാശത്തേയും പാമരന്മാർ വേർതിരിച്ചറിയുകയില്ല. അതുപോലെ സൂക്ഷ്മജ്ഞാനമില്ലാത്തവർ ബ്രഹ്മത്തിന്നും മായോപാധികനായ ഈശ്വരന്നും തമ്മിലുള്ള ഭേദത്തെ അറിയാതെ രണ്ടും ഒന്നാണെന്നു കാണുന്നു.

195. ഉപക്രമാദിഭിർല്ലിംഗൈ സ്താൽപര്യസ്യ വിചാരണാത്
അസംഗം ബ്രഹ്മമായാവീ സൃജത്യേഷ മഹേശ്വരഃ.

ഉപക്രമാദിഭിഃലിംഗൈഃ=ഉപക്രമം ആദിയായ ലിംഗങ്ങൾകൊണ്ട്. താല്പര്യസ്യവിചാരണാത്=വേദാർത്ഥവിചാരം ചെയ്യുന്നതിനാൽ. ബ്രഹ്മ അസംഗം=ബ്രഹ്മം സംഗമില്ലാത്തതും. മായാവീ ഏഷഃമഹേശ്വരഃ=മായാസഹിതനായ ഈ മഹേശ്വരൻ സൃജതി=സൃഷ്ടിക്കുന്നുവെന്നും അറിയപ്പെടും.

എന്നാൽ ബ്രഹ്മത്തിന്നും ഈശ്വരന്നും തമ്മിൽ ഭേദമുണ്ടെന്ന് എങ്ങിനെ അറിവാൻ കഴിയും എന്ന ആകാംക്ഷക്കു മറുപടി പറയുന്നു:—ഉപക്രമം, ഉപസംഹാരം, അഭ്യാസം അപൂർവ്വതാ, ഫലം, അർത്ഥവാദം, ഉപപത്തി എന്ന ആറുവിധം ലക്ഷണങ്ങളോടുകൂടെ വേദവാക്യങ്ങളുടെ അർത്ഥം പര്യാലോചിച്ചറിയുമ്പോൾ ബ്രഹ്മം, മായാസംബന്ധമില്ലാത്തതാണെന്നും മായാസഹിതനായ മഹേശ്വരൻ സൃഷ്ട്യാദികളെ നടത്തുന്നുവെന്നും അറിവാൻ കഴിയും. ഉപക്രമാദികളുടെ ലക്ഷണങ്ങളെ ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ പറയുന്നില്ല.

196. സത്യം ജ്ഞാന മനന്തം ചേത്യുപക്രമ്യോപസംഹൃതം
യതോ വാചോ നിവർത്തന്ത ഇത്യസംഗത്വനിർണ്ണയഃ

സത്യം ജ്ഞാനം അനന്തംച=സത്യവും ജ്ഞാനവും അനന്തവുമാണെന്ന്. ഉപക്രമ്യ=ആരംഭിച്ചിട്ട്. യതഃ വാചഃ നിവർത്തന്തേ ഇതിഉപസംഹൃതം=യാതൊന്നിൽനിന്നു വാക്കുകൾ മടങ്ങുന്നുവെന്ന് അവസാനിപ്പിച്ചു. അസംഗതാനിർണ്ണയഃ=ഇഉ അസംഗതയെ ഉറപ്പിക്കുന്നു.

ബ്രഹ്മത്തിന്റെ സ്വരൂപം സത്യജ്ഞാനാനന്തമാണെന്നു പറഞ്ഞുകൊണ്ടു വേദം ആരംഭിക്കുന്നു. അതിനെത്തന്നെ വാക്കുകൾകൊണ്ടു പറവാനും മനസ്സുകൊണ്ടു ചിന്തിപ്പാനും കഴിയാത്തതാണെന്നുള്ള വാക്യത്താൽ ജാതിക്രിയാഗുണാദികൾക്കു കാരണമായ മായയുടെ സംബന്ധം ബ്രഹ്മത്തിൽ ഇല്ലെന്നും പറഞ്ഞുറപ്പിക്കുന്നു.

197. മായീ സൃജതി വിശ്വം സന്നിരുദ്ധസ്തത്ര മായയാ
അന്യ ഇത്യപരാബ്രൂതേ ശ്രുതിസ്തേനേശ്വരഃ സൃജേത്.

മായീവിശ്വം സൃജതി=മായാവാൻ വിശ്വത്തെ സൃഷ്ടിക്കുന്നു. തത്ര മായയാസന്നിരുദ്ധഃഅന്യഃ=അതിൽ മായയാൽ സന്നിരുദ്ധനാകുന്ന അന്യൻ. ഇതി അപരാശ്രുതിഃ ബ്രൂതേ=എന്നു മറ്റൊരു ശ്രുതി പറയുന്നു. തേന ഈശ്വരഃ സൃജേത്=അതുകൊണ്ട് ഈശ്വരൻ സൃഷ്ടിക്കുന്നു.

മായാവിയായ ഈശ്വരൻ സൃഷ്ടിക്കുന്നുവെന്ന് കാണിക്കുന്ന വേദവാക്യത്തെ ശ്ലോകമായി നിബന്ധിക്കുന്നു:—മായയെ സ്വാധീനത്തിൽ വെച്ചിരിക്കുന്ന ഈശ്വരൻ വിശ്വത്തെ സൃഷ്ടിക്കുന്നു:— ആ വിശ്വത്തിൽ ജീവൻ മായയാൽ ബന്ധിക്കപ്പെടുന്നുവെന്നു മറ്റൊരു ശ്രുതി പറയുന്നു. "അസ്മാന്മായീ സൃജതേ വിശ്വമേതത്തസ്മിംശ്ചാന്യോ മായയാ സന്നിരുദ്ധഃ" സത്യജ്ഞാനാനന്തലക്ഷണമായ ബ്രഹ്മത്തിൽനിന്നന്യനായ മായോപാധികൻ സർവ്വേശ്വരൻ വിശ്വത്തെ സൃഷ്ടിക്കുന്നു. ആ വിശ്വത്തിൽ ജീവൻ മായയാൽ ബന്ധിക്കപ്പെട്ടുമിരിക്കുന്നു. എന്ന ശ്രുതിയുടെ അർത്ഥത്തെയാണ് മുൻകാണിച്ച ശ്ലോകത്തിൽ കാണിച്ചിരിക്കുന്നത്.

198. ആനന്ദമയ ഈശോയം ബഹുസ്യാമിത്യവൈക്ഷത
ഹിരണ്യഗർഭരൂപോഭൂൽ.സുപ്തിഃ സ്വപ്നോ യഥാ ഭവേത്.

ആനന്ദമയഃ അയംഈശഃ=ആനന്ദസ്വരൂപനായ ഈ ഈശ്വരൻ ബഹുസ്യാം ഇതി അവൈക്ഷത=ഞാൻ ബഹുവായി ഭവിക്കുന്നേനെന്നു സങ്കല്പിച്ചു. ഹിരണ്യഗർഭരൂപഃ അഭൂത്=ഹിരണ്യഗർഭസ്വരൂപനായി ഭവിച്ചു. യഥാസുപ്തിഃ സ്വപ്നഃഭവേത്=എപ്രകാരമോ ദൃഢനിദ്ര സ്വപ്നമായി ഭവിക്കുന്നത് അതുപോലെ.

മേൽകാണിച്ച ശ്രുതികൾകൊണ്ടു ഈശ്വരനാണ് സൃഷ്ടികർത്താവെന്നുറപ്പിച്ചശേഷം ഈശ്വരനിൽനിന്ന് ജഗത്തുണ്ടായ ക്രമത്തെ വിവരിക്കുന്നു:—ആനന്ദസ്വരൂപനായ ഈശ്വരൻ ഏകനായ ഞാൻ ബഹുരൂപനായി ഭവിക്കാമെന്നു സങ്കല്പിച്ചു. അപ്പോൾ ഹിരണ്യഗർഭനായിഭവിച്ചു. ഒന്നുമില്ലാതെയിരിക്കുന്ന സുഷുപ്ത്യവസ്ഥതന്നെ സ്വപ്നാവസ്ഥയായി ഭവിക്കുന്നതുപോലെയെന്നാണ് ദൃഷ്ടാന്തം. സമഷ്ടിസൂക്ഷ്മപ്രപഞ്ചസ്വരൂപൻ ഹിരണ്യഗർഭൻ അതു ഈശ്വരൻതന്നെ.

199. ക്രമേണ യുഗപദ്വൈഷാ സൃഷ്ടിർജ്ഞേയാ യഥാശ്രുതി
ദ്വിവിധശ്രുതി സത്ഭാവാ ദ്വിവിധസ്വപ്നദർശനാത്.

ഏഷാസൃഷ്ടിഃ ദ്വിവിധശ്രുതി സത്ഭാവാത്=ഈ സൃഷ്ടി രണ്ടുവിധത്തിൽ ശ്രുതിയുള്ളതുകൊണ്ട്. ക്രമേണ യുഗപത് വാ=ക്രമത്തിലോ ഏകകാലത്തിലോ എന്ന്. യഥാ ശ്രുതി ജ്ഞേയാ=ശ്രുതിപ്രകാരം അറിയത്തക്കതാകുന്നു. ദ്വിവിധസ്വപ്നദർശനാത്=രണ്ടുവിധത്തിൽ സ്വപ്നദർശനം ഹേതുവായിട്ട്.

ശ്രുതിയുക്തികൾകൊണ്ട് ജഗത്സ്രഷ്ടാവ് മഹേശ്വരനാണെന്നു സ്ഥാപിച്ചതിനുശേഷം സൃഷ്ടിക്രമത്തിൽ കാണപ്പെടുന്ന ഭിന്നശ്രുതികളിൽ ഏതിനെ സ്വീകരിക്കേണം ഏതിനെ ഉപേക്ഷിക്കേണം എന്ന സംശയത്തെത്തീർക്കാൻ ഭാവിക്കുന്നു:— തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ ആകാശാദ്വായുഃ വായോരഗ്നിഃ" ഈ ആത്മാവിൽനിന്നു:—സർവ്വേശ്വരനിൽനിന്ന് ആകാശവും അതിൽനിന്ന് വായുവും അതിൽനിന്ന് അഗ്നിയും ഇങ്ങിനെ ക്രമത്തിൽ പഞ്ചഭൂതങ്ങളും അവയിൽനിന്ന് ഭൌതികങ്ങളും ഉണ്ടായി എന്നർത്ഥമായ ശ്രുതി, ക്രമസൃഷ്ടിയെ പറയുന്നു. "ഇദം സർവ്വമസൃജത" ഇതെല്ലാം സൃഷ്ടിക്കപ്പെട്ടു എന്ന ശ്രുതിയിൽ ഒരേ സമയത്തിൽ എല്ലാററിനേയും സൃഷ്ടിച്ചുവെന്നും കാണാന്നതിനാൽ സൃഷ്ടി, ക്രമത്തിലോ ഏകകാലത്തിലോ ഉണ്ടായത് എന്നു ശങ്കിക്കുന്നുവെങ്കിൽ രണ്ടുവിധത്തിൽ ശ്രുതിയുള്ളതുകൊണ്ടു രണ്ടുവിധത്തിലുമാവാൻ വിരോധമില്ലെന്നു ധരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ രണ്ടി

നേയും യുക്തി സഹായിക്കുന്നുണ്ട്. ഒന്നുമില്ലാതിരുന്ന സുഷുപ്തിയിൽനിന്നുണ്ടാകുന്ന സ്വപ്നത്തിൽ പദാൎത്ഥങ്ങൾ ക്രമമായും ക്രമംതെററിയും ഉണ്ടാവുന്നതായിട്ടു കാണപ്പെടുന്നുണ്ടല്ലൊ. ക്രമസൃഷ്ടിയെന്നതിൽ സൃഷ്ടി ദൃഷ്ടിവാദവും അക്രമസൃഷ്ടിയെന്നതിൽ ദൃഷ്ടി സൃഷ്ടിവാദവും ഉൾപ്പെടുത്തിയിരിക്കുന്നു.

200. സൂത്രാത്മാ സൂക്ഷ്മദേഹാഖ്യഃ സൎവ്വജീവഘനാത്മകഃ
സൎവ്വാഹംമാനധാരിത്വാൽ ക്രിയാജ്ഞാനാദിശക്തിമാൻ.

സൂത്രാത്മാ സൂക്ഷ്മദേഹാഖ്യഃ=സൂത്രാത്മാവ് സൂക്ഷ്മദേഹം എന്ന പേരുള്ളവനും. സൎവ്വജീവഘനാത്മകഃ= സമഷ്ടി ജീവസ്വരൂപനും. സൎവ്വാഹം മാനധാരിത്വാത്=സൎവ്വങ്ങളായ വ്യഷ്ടിലിംഗശരീരങ്ങളിൽ അഹം എന്ന ഭാവമുള്ളതുകൊണ്ട്. ക്രിയാജ്ഞാനാദിശക്തിമാൻ = ഇച്ഛാക്രിയാജ്ഞാനശക്തികൾ ഉള്ളവനു മാകുന്നു.

സൃഷ്ടികൎത്താവായ ഹിരണ്യഗൎഭന്റെ സ്വരൂപത്തെ നിരൂപിക്കുന്നു:—വസ്ത്രത്തിൽ നൂലെന്ന പോലെ ജഗത്തിൽ കാണപ്പെടുന്ന സൎവ്വത്തിലും മറിവുകൂടാതെ വ്യാപിച്ചിരിക്കുന്ന ആത്മാവായ ഹിരണ്യഗൎഭൻ സൂത്രാത്മാവെന്നും സൎവ്വസൂക്ഷ്മശരീരത്തിലും വ്യാപിച്ചിരിക്കയാൽ സൂക്ഷ്മശരീരനെന്നും സൎവ്വങ്ങളായ വ്യഷ്ടിലിംഗശരീരങ്ങളിലും അഹം എന്ന അഭിമാനമുള്ളവനായതുകൊണ്ടു ഇച്ഛാ ജ്ഞാനക്രിയാ ശക്തിയുള്ളവനെന്നും അറിയപ്പെടുവാൻ യോഗ്യനാകുന്നു.

201. പ്രത്യൂഷേവാ പ്രദോഷേവാ മഗ്നോ മന്ദതമസ്യയം
ലോകോ ഭാതി യഥാ തദ്വദസ്പഷ്ടം ജഗദീക്ഷ്യതേ.

അയം ലോകഃ പ്രത്യൂഷേവാ=ഈ ലോകം ഉഷഃകാലത്തിലോ. പ്രദോഷേവാ മന്ദതമസി=പ്രദോഷത്തിലോ മന്ദാന്ധകാരത്തിൽ. മഗ്നഃ യഥാ ഭാതി=അകപ്പെട്ടതായിട്ടു എങ്ങിനെ ശോഭിക്കുന്നുവോ. തദ്വത് ജഗത്=അതുപോലെ ലോകം. അസ്പഷ്ടം ഈക്ഷ്യതേ=അസ്പഷ്ടമായി കാണപ്പെടുന്നു.

ഹിരണ്യഗൎഭാവസ്ഥയിൽ ലോകപ്രതീതിയേതുവിധത്തിലാണെന്നു ദൃഷ്ടാന്തപൂൎവ്വം കാണിക്കുന്നു:—ചരാചരാത്മകമായ ഇക്കാണപ്പെടുന്ന ലോകം ഉഷഃകാലത്തിലോ പ്രദോഷസമയത്തിലോ ഉള്ള മന്ദാന്ധകാരത്തിൽ അകപ്പെടുമ്പോൾ ഏതുവിധം കാണപ്പെടുന്നുവോ അതുപോലെ ഹിരണ്യഗൎഭാവസ്ഥയിൽ ഈ ലോകം അസ്പഷ്ടമായി കാണപ്പെടുന്നു.

202. സൎവ്വതോ ലാഞ്ഛിതോ മഷ്യാ യഥാസ്യാൽ ഘട്ടിതഃ പടഃ
സൂക്ഷ്മാകാരൈസ്തഥേശസ്യ വപുഃ സൎവ്വത്ര ലാഞ്ഛിതം.

യഥാഘട്ടിതഃ പടഃ=എപ്രകാരമോ അന്നത്താൽ കട്ടിയാക്കപ്പെട്ട വസ്ത്രം. മഷ്യാസൎവ്വതഃ=മഷിയാൽ എല്ലാ ഭാഗത്തും. ലാഞ്ഛിതഃസ്യാത്=അടയാളപ്പെട്ടിരിക്കുന്നത്. തഥാ ഈശസ്യ വപുഃ=അപ്രകാരം ഈശ്വരന്റെ ശരീരം: സൂക്ഷ്മാകാരൈഃസൎവ്വത്ര=സൂക്ഷ്മാകൃതികളാൽ എങ്ങും. ലാഞ്ഛിതം=അടയാളപ്പെട്ടിരിക്കും.

ഹിരണ്യഗൎഭാവസ്ഥയിൽ ലോകപ്രതീതിക്ക് ലോകപ്രസിദ്ധമായ മന്ദാന്ധകാരവ്യാപ്തിയെ ദൃഷ്ടാന്തമായി കാണിച്ചതിൽപിന്നെ ഈശ്വരസ്വരൂപത്തെ കാണിപ്പാൻ മഷിയാൽ ലാഞ്ഛിതമായ വസ്ത്രത്തെ ഉദാഹരണമായി പറയുന്നു:—അന്നലേപനത്താൽ കട്ടിപിടിച്ച വസ്ത്രത്തിൽ എല്ലാ ഭാഗത്തും മഷിതേച്ചാൽ ഏതുവിധമോ ആ വിധത്തിൽ അപഞ്ചീകൃതഭൂതകാൎയ്യങ്ങളായ ലിംഗശരീരങ്ങളാൽ മായോപാധികനായ ഈശ്വരന്റെ സ്വരൂപം അടയാളപ്പെട്ടിരിക്കും.

203. സസ്യം വാ ശാകജാതം വാ സൎവ്വതോങ്കുരിതം യഥാ
കോമലം തദ്വദേവൈഷപേലവോജഗദങ്കുരഃ.

സസ്യം വാ ശാകജാതം വാ=സസ്യമോ ശാകസമൂഹമോ. യഥാസൎവ്വതഃ കോമലം അങ്കുരിതം=എപ്രകാരമോ എങ്ങും മനോഹരമായി മുളപൊട്ടിയതായിരിക്കുന്നത്. തദ്വത് ഏവ=അതുപോലെതന്നെ. ഏഷഃ ജഗദങ്കുരഃ=ഈ ജഗത്തിന്റെ മുള. പേലവഃ=മൃദുലമാകുന്നു.

ഹിരണ്യഗൎഭസ്വരൂപവും അതിൽ പ്രകാശിക്കുന്ന ജഗത്തും ഏതുവിധമാണെന്നു ബുദ്ധിയിൽ പ്രകാശിപ്പാനായി ദൃഷ്ടാന്തം പറയുന്നു:—ഭൂമിയിൽ എല്ലാ ഭാഗത്തും സസ്യങ്ങളോ ചെടികളോ ഭംഗിയിൽ മുളച്ചു പ്രകാശിച്ചാൽ ഏതുവിധമോ അതുപോലെ ഹിരണ്യഗൎഭനും ഈ സമസ്തലോകവും അന്യോന്യം ചേൎന്നു ശോഭിക്കുന്നു.

204. ആതപാഭാതലോകോ വാ പടോ വാ വർണ്ണപൂരിതഃ
സസ്യം വാ ഫലിതം യദ്വത്തഥാ സ്പഷ്ടവപുർവിരാട്.

ആതപാഭാതലോകഃ വാ=സൂര്യപ്രകാശത്താൽ സ്പഷ്ടമായി കാണപ്പെടുന്ന ലോകമോ. വർണ്ണപൂരിതഃ പടഃ വാ=പലവിധ നിറങ്ങളാൽ വ്യാപ്തമായ വസ്ത്രമോ. ഫലിതം സസ്യംവായദ്വത്=ഫലപൂർണ്ണമായ സസ്യമോ എപ്രകാരമോ. തഥാസ്പഷ്ടവപുഃവിരാട്=അപ്രകാരം സ്പഷ്ടമായ ശരീരത്തോടുകൂടിയവൻ വിരാട് പുരുഷൻ.

സൂത്രാത്മാവിന്റെ സ്വരൂപത്തെ വിശദമാക്കിയശേഷം ആ സൂത്രാത്മാവിന്റെതന്നെ അവസ്ഥാഭേദവും പഞ്ചീകൃതഭൂതകാര്യമാകുന്ന ഉപാധിയോടുകൂടിയവനുമായ വിരാട്പുരുഷനെ മൂന്നു ദൃഷ്ടാന്തംകൊണ്ടു വിശദമാക്കുന്നു:— സൂര്യനുദിച്ച് പ്രകാശം വ്യാപിക്കുമ്പോൾ ചരാചരങ്ങളുടെ ആസ്പദമായ ഈ ലോകമാകട്ടെ, ബഹുവിധവർണ്ണങ്ങളാൽ വ്യാപ്തമായ ചിത്രപടമാകട്ടെ, ഫലിച്ചിരിക്കുന്ന ചെടികളാകട്ടെ എപ്രകാരം സ്പഷ്ടമായി ശോഭിക്കുന്നുവോ അതുപോലെ സ്പഷ്ടമായി വിളങ്ങുന്ന ലോകമാകുന്ന സ്വരൂപത്തോടുകൂടിയവൻ വിരാട് പുരുഷൻ. പഞ്ചീകൃതപഞ്ചമഹാഭൂതകാര്യങ്ങളായ സകല ചരാചരങ്ങളാകുന്ന ഉപാധിയോടുകൂടിയവൻ വിരാട് പുരുഷനെന്നു ഫലിതാർത്ഥം.

205. വിശ്വരൂപാധ്യായ ഏഷ ഉക്തഃ സൂക്തേऽപി പൌരുഷേ
ധാത്രാദിസ്തംബപര്യന്താനേതസ്യാവയവാൻ വിദുഃ.

ഏഷഃ വിശ്വരൂപാധ്യായേ=ഇവൻ വിശ്വരൂപാധ്യായത്തിലും. പൌരുഷേസൂക്തേ അപി=പുരുഷസൂക്തത്തിലും. ഉക്തഃ=പറയപ്പെട്ടിരിക്കുന്നു. ധാത്രാദിസ്തംബപര്യന്താൻ=ബ്രഹ്മാവുമുതൽ പുൽക്കൊടിവരെയുള്ളവയെ. ഏതസ്യ അവയവാൻവിദുഃ=ഇവന്റെ അവയവങ്ങളെന്നറിയുന്നു.

വിരാട്പുരുഷസ്വരൂപത്തെ വിവരിക്കുന്ന പ്രമാണങ്ങളെ കാണിക്കുന്നു:— വേദത്തിൽ വിശ്വരൂപത്തെ പ്രതിപാദിക്കുന്ന അദ്ധ്യായത്തിലും പുരുഷസൂക്തത്തിലും വിരാട്പുരുഷസ്വരൂപം പറയപ്പെട്ടിരിക്കുന്നു. എങ്ങിനെയെന്നാൽ ബ്രഹ്മാവുമുതൽ പുൽക്കൊടിവരെയുള്ള സകല സ്ഥാവരജംഗമസ്വരൂപങ്ങളും ഈ മഹാപുരുഷന്റെ ശരീരാവയവങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു. യജുർവേദസംഹിതയിൽ രണ്ടാം അഷ്ടകത്തിൽ 5–ാം അദ്ധ്യായം വിശ്വരൂപാധ്യായമാകുന്നു. യജുർവ്വേദതൈത്തിരീയശാഖയിൽ ദശോപനിഷത്ത് എന്നു പേരുള്ള ആരണ്യകത്തിൽ സിദ്ധിയെന്നു പേരുള്ള 3–ാം ഉപനിഷത്തിൽ പ്രകരണവിശേഷം പുരുഷസൂക്തം.

206. ഈശസൂത്രവിരാഡ്വേധോ വിഷ്ണുരുദ്രേന്ദ്രവഹ്നയഃ
വിഘ്നഭൈരവമൈരാലമരികായക്ഷരാക്ഷസാഃ.

207. വിപ്രക്ഷത്രിയവിട്ശൂദ്രാ ഗവാശ്വമൃഗപക്ഷിണഃ
അശ്വത്ഥവടചൂതാദ്യാ യവവ്രീഹിതൃണാദയഃ.

208. ജലപാഷാണമൃത്കാഷ്ഠവാസ്യകുദ്ദാലകാദയഃ
ഈശ്വരാഃ സർവ്വ ഏവൈതേ പൂജിതാഃ ഫലദായിനഃ.

ഇതുവരെ പറഞ്ഞതിൽനിന്നു പ്രകൃതത്തിൽ സിദ്ധിക്കുന്ന സാരത്തെ മൂന്നു ശ്ലോകംകൊണ്ടു പറയുന്നു:— ഈശ്വരൻ, സൂത്രാത്മാവ്, വിരാട്പുരുഷൻ, ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഇന്ദ്രൻ, വഹ്നി, വിഘ്നേശ്വരൻ, ഭൈരവൻ, മൈരാളർ മരികാ, (മാരിയമ്മ) യക്ഷസ്സുകൾ, രാക്ഷസന്മാർ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, പശു, കുതിര, മാൻ, പക്ഷികൾ, അരയാൽ, പേരാൽ, മാവു മുതലായ സകല വൃക്ഷങ്ങൾ, യവം, നെല്ല്, മുതലായ തൃണജാതികൾ, വെള്ളം, കല്ല്, മണ്ണ്, വിറക്, ഉളി, കുന്താളം, മുതലായ ആയുധങ്ങൾ എന്നീപ്രകാരമുള്ള സകല ചരാചരങ്ങളും ഈശ്വരസ്വരൂപങ്ങളാകുന്നു. അവയെ എല്ലാം പൂജിച്ചാൽ ഫലം നൽകുന്നവരാകുന്നു.

209. യഥാ യഥോപാസതേ തം ഫലമീയുസ്തഥാ തഥാ
ഫലോൽകർഷാപകർഷൌ തു പൂജ്യപൂജാനുസാരതഃ.

യഥാ യഥാ തം ഉപാസതേ=എങ്ങിനെ എങ്ങിനെ അവനെ ഉപാസിക്കുന്നുവോ. തഥാ തഥാ ഫലം ഈയുഃ=അങ്ങിനെ അങ്ങിനെ ഫലത്തെ പ്രാപിക്കും. ഫലോൽകർഷാപകർഷൌതു=ഫലങ്ങളുടെ ഉൽക

ഷാപകഷങ്ങളാകട്ടെ. പൂജ്യപൂജാന സാരതഃ=പൂജായോഗ്യങ്ങളായ അധിഷ്ഠാനങ്ങളേയും പൂജാവിധികളേയും അനുസരിച്ചിരിക്കും.

"തം യഥായഥോ പാസതേ തദേവ ഭവതി" എന്ന ശ്രുതിയുടെ സാരം പറയുന്നു:—എല്ലാം ഈശ്വരസ്വരൂപമാണ് ഏതിനെ ഉപാസിച്ചാലും ഫലം സിദ്ധിക്കുമെങ്കിൽ ഫലത്തിൽ ഭേദഗതിക്കെന്തു കാരണം എന്ന ശങ്കക്ക സമാധാനം മേൽകാണിച്ച ശ്രുതി പറയുന്നു:—അവനെ–ഈശ്വരനെ ഉപാസകന്മാർ ഏതൊരധിഷ്ഠാനത്തിൽ ഏതൊരു വിധിപ്രകാരമോ പൂജാനമസ്കാരാദികൾ ചെയ്യുന്നത് അതാതിനെ അനുസരിച്ച് ഫലത്തിൽ ഭേദഗതി കാണപ്പെടുന്നതാകുന്നു. സാത്വികം രാജസം താമസം എന്ന ഭേദങ്ങൾ അധിഷ്ഠാനങ്ങളിലും പൂജാവിധികളിലും ഉണ്ട്. അതിന്നനുസരണമാണ് ഫലപ്രാപ്തിയെന്നു സാരം.

210. മുക്തിസ്തു ബ്രഹ്മതത്വസ്യ ജ്ഞാനാദേവ നചാന്യഥാ
സ്വപ്രബോധം വിനാ നൈവ സ്വസ്വപ്നോ ഹീയതേ യഥാ.

മുക്തിഃതു ബ്രഹ്മതത്വസ്യ=മുക്തിയാകട്ടെ ബ്രഹ്മതത്വത്തിന്റെ. ജ്ഞാനാത് ഏവനച അന്യഥാ=ജ്ഞാനംകൊണ്ടുമാത്രം മററുവിധത്തിൽ ഇല്ല യഥാ സ്വപ്രബോധംവിനാ=ഏപ്രകാരമോ തന്റെ പ്രബോധം കൂടാതെ. സ്വസ്വപ്നഃന ഹീയതേ=തന്റെ സ്വപ്നം ഇല്ലാതാകാത്തത്. അതുപോലെ.

ലൌകികഫലപ്രാപ്തി അങ്ങിനെയാകട്ടെ, മുക്തിയെങ്ങിനെ സിദ്ധിക്കും എന്നാണറിയേണ്ടതെങ്കിൽ:—മുക്തിയാകട്ടെ ബ്രഹ്മസ്വരൂപത്തെ ശരിയായറിയുന്നതുകൊണ്ട് മാത്രം ലഭിക്കും. ഉപാസനാദികൾകൊണ്ടു കിട്ടാവുന്നതല്ല. ഒരുവൻ കാണുന്ന സ്വപ്നമോ അതിൽനിന്നുണ്ടാകുന്ന സുഖദുഃഖാദികളോ നശിക്കേണമെങ്കിൽ അവൻ നിദ്രയിൽനിന്നുണരുകതന്നെ വേണം. അപ്പോൾ സ്വപ്നത്തിൽ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം സത്യമായിരുന്നില്ല എന്നറിയുമ്പോൾ തന്നിലയിൽത്തന്നെയിരിക്കാം. അതുപോലെ ബ്രഹ്മസ്വരൂപത്തെ അറിയാതിരുന്നതുകൊണ്ടു അതിൽ അധ്യസ്തമായ ദേഹാദിപ്രപഞ്ചം സത്യമാണെന്നു ധരിച്ചതുകൊണ്ടു ജന്മാദിബന്ധം നേരിട്ടു. അധിഷ്ഠാനമായ ബ്രഹ്മത്തെ അറിയുമ്പോൾ ആരോപം നശിച്ച് ജന്മബന്ധത്തിൽനിന്നു മുക്തനാകും.

211. അദ്വിതീയബ്രഹ്മതത്വേ സ്വപ്നോയമഖിലം ജഗത്
ഈശജീവാദിരൂപേണ ചേതനാചേതനാത്മകം.

ഈശജീവാദിരൂപേണ=ഈശ്വരൻ ജീവൻ എന്നിങ്ങിനെ സ്വരൂപത്തോടുകൂടിയ. ചേതനാചേതനാത്മകം അഖിലംജഗത്=ചേതനം അചേതനം എന്ന ആകൃതിയുള്ള സമസ്തലോകം. അയം അദ്വിതീയബ്രഹ്മതത്വേ സ്വപ്നഃ=ഇത് അദ്വിതീയബ്രഹ്മതത്വത്തിൽ സ്വപ്നമാകുന്നു.

സ്വപ്നത്തെ ദൃഷ്ടാന്തമായി പറഞ്ഞതിൽ ശങ്കയും സമാധാനവും:—ദ്വൈതനിവൃത്തിയാണെല്ലൊ മോക്ഷം. ദ്വൈതമാകട്ടെ ഉണന്നപ്പോൾ ഇല്ലാത്തതാണെന്നറിയപ്പെട്ട സ്വപ്നംപോലെയല്ല. ജാഗ്രദവസ്ഥയിലും ദ്വൈതമുണ്ട്. അതിനാൽ ദ്വൈതം സ്വപ്നസമാനമല്ല എന്നാണ് ശങ്ക. അതിന്നു സമാധാനം:—"ഏകമേ വാദ്വിതീയം ബ്രഹ്മനേഹനാനാസ്തികിഞ്ചന" എന്ന ശ്രുതിപ്രമാണത്താൽ അദ്വിതീയബ്രഹ്മം മാത്രം സത്യം. ഈശ്വരൻ ജീവൻ ജഗത്ത് എന്ന ഭേദത്തോടുകൂടെ ചേതനം അചേതനം എന്ന രൂപത്തിൽ കാണപ്പെടുന്ന സമസ്തജഗത്തും അദ്വിതീയബ്രഹ്മത്തിൽ സ്വപ്നംതന്നെ. ഉറങ്ങുന്നവൻ ഏകനായിരിക്കേ സ്വപ്നപദാർത്ഥങ്ങൾ ഏപ്രകാരം അവനിൽ കല്പിക്കപ്പെട്ട അസത്യവസ്തുക്കളോ അപ്രകാരം ബ്രഹ്മതത്വത്തിൽ കല്പിതമാണ് സർവ്വജഗത്തും. അതുകൊണ്ടു സ്വപ്നദൃഷ്ടാന്തം യുക്തംതന്നെ. "ത്രയമേതത് സുഷുപ്തം മായാമാത്രം" ജാഗ്രത്ത് സ്വപ്നം സുഷുപ്തിയെന്ന ഈ മൂന്നും മായതന്നെ എന്ന ശ്രുതിയും ഇവിടെ പ്രമാണമാകുന്നു.

212. ആനന്ദമയ വിജ്ഞാനമയാവീശ്വര ജീവകൌ
മായയാ കല്പിതാവേതൌ താഭ്യാം സർവ്വം പ്രകല്പിതം.

ആനന്ദമയ വിജ്ഞാനമയൌ=ആനന്ദമയനും വിജ്ഞാനമയനുമായ. ഈശ്വരജീവകൌ ഏതൌ=ഈശ്വരനും ജീവനുമായ ഈ രണ്ടുപേർ. മായയാ കല്പിതൌ=മായയാൽ കല്പിക്കപ്പെട്ടവർ. താഭ്യാം സർവ്വം പ്രകല്പിതം=ആ രണ്ടുപേരാൽ സർവ്വവും കല്പിക്കപ്പെട്ടു.

ഈശ്വരനും ജീവനും ബ്രഹ്മത്തിൽനിന്നു ഭിന്നന്മാരല്ലെല്ലൊ. അവർ ജഗത്തിൽ ഉൾപ്പെട്ടവരാണെന്നു പറയുന്നതു യുക്തമോ എന്ന ശങ്കയെ തീർക്കുന്നു:—ആനന്ദമയൻ ഈശ്വരൻ. വിജ്ഞാനമയൻ

ജീവൻ. ഇവർ രണ്ടുപേരും മായയാൽ കല്പിക്കപ്പെട്ടവർ. ആ രണ്ടുപേർ പിന്നെ ചരാചരാത്മകമായ സർവ്വജഗത്തിനേയും കല്പിച്ചു. അതുകൊണ്ട് ഈശ്വരൻ, ജീവൻ, ജഗത്ത് ഇതു മൂന്നും മായാമാത്രമാകയാൽ കല്പിതംതന്നെ.

213. ഈക്ഷണാദിപ്രവേശാന്താ സൃഷ്ടിരീശേന കല്പിതാ
ജാഗ്രദാദിവിമോക്ഷാന്തഃ സംസാരോ ജീവകല്പിതഃ.

ഈക്ഷണാദി പ്രവേശാന്താ സൃഷ്ടിഃ=ഈക്ഷണം ആദിയായും പ്രവേശം അന്തമായുമിരിക്കുന്ന സൃഷ്ടി. ഈശേന കല്പിതാ=ഈശ്വരനാൽ കല്പിക്കപ്പെട്ടത്. ജാഗ്രദാദി വിമോക്ഷാന്തഃ=ജാഗ്രത്ത് ആദിയായും മുക്തി അന്തമായുമിരിക്കുന്ന. സംസാരഃ ജീവകല്പിതഃ=സംസാരം ജീവനാൽ കല്പിക്കപ്പെട്ടത്.

ആ രണ്ടുപേർ മറ്റെല്ലാററിനേയും കല്പിച്ചുവെന്നു മുമ്പേ പറഞ്ഞതിനെ വേർതിരിച്ചു കാണിക്കുന്നു:—"സഐക്ഷത ലോകാന്നുസൃജ ഇതി" ഞാൻ ലോകങ്ങളെ സൃഷ്ടിക്കട്ടേ എന്ന് അവൻ (ഈശ്വരൻ) ഈക്ഷിച്ചു (സങ്കല്പിച്ചു) എന്നതുമുതൽ "ഏതയാദ്വാരാ പ്രാപദ്യത" ഈ ദ്വാരത്തിൽക്കൂടെ പ്രവേശിച്ചു എന്നതുവരെയുള്ള ശ്രുതി ഈശ്വരൻ സൃഷ്ടിച്ച ലോകത്തെ കാണിക്കുന്നു. ഭൂതങ്ങളും ഭൌതികങ്ങളും അവയിൽ ജീവഭാവേന പ്രവേശം എന്നതുവരെ ഈശ്വരസൃഷ്ടി. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥാഭേദങ്ങളും, അവയെ അതിക്രമിച്ചിരിക്കുന്ന ബ്രഹ്മംതന്നെ തന്റെ സത്യനില എന്നതുവരെയുള്ള ബന്ധമോക്ഷങ്ങളും ജീവനാൽ സൃഷ്ടിക്കപ്പെട്ടതുമാണെന്ന് "തസ്യത്രയ ആവസഥഃ" അവന്നു (ജീവന്ന്) മൂന്നു വാസസ്ഥാനങ്ങളും എന്നാരംഭിച്ചിട്ട് "സ ഏതമേവ പുരുഷം ബ്രഹ്മതതമപശ്യത്" ആ ജീവൻ ബ്രഹ്മംതന്നെ പുരുഷരൂപേണ എല്ലാററിലും വ്യാപിച്ചിരിക്കുന്നുവെന്ന് കണ്ടു എന്നവസാനിക്കുന്നതുവരെയുള്ള ശ്രുതികൾ ജീവസൃഷ്ടിയെ വേർതിരിച്ചു കാണിക്കുന്നു.

214. അദ്വിതീയം ബ്രഹ്മതത്വമസംഗം തന്നജാനതേ
ജീവേശയോർമായികയോർവൃഥൈവ കലഹം യയുഃ.

അദ്വിതീയം ബ്രഹ്മതത്വം=അദ്വിതീയമായ ബ്രഹ്മതത്വം. അസംഗം=ഒന്നിനോടും ചേർച്ചയില്ലാത്തതാകുന്നു. തത് നജാനതേ=അതിനെ (വാദികൾ) അറിയുന്നില്ല. മായികയോഃ ജീവേശയോഃ=മായോപാധികന്മാരായ ജീവേശ്വരന്മാരെക്കുറിച്ച്. വൃഥാ ഏവകലഹംയയുഃ=വ്യർത്ഥമായിട്ടു (വാദികൾ) കലഹിക്കുന്നു.

ബ്രഹ്മം മാത്രം സത്യം, മറെറല്ലാം കല്പിതമാണെങ്കിൽ ജീവന്റെയും ഈശ്വരന്റെയും തത്വങ്ങളെക്കുറിച്ചു ബഹുവിധങ്ങളായ അഭിപ്രായങ്ങൾ എങ്ങിനെയുണ്ടായി എന്ന ശങ്കയെ തീർക്കുന്നു:—അദ്വിതീയമായ ബ്രഹ്മതത്വം ഒന്നിനോടും ചേരാതെയിരിക്കുന്ന ശുദ്ധസൂക്ഷ്മവസ്തുവാകയാൽ വാദികൾ അങ്ങിനെയൊരു തത്വമുണ്ടെന്നുതന്നെ അറിയുന്നില്ല. മായയാൽ കല്പിക്കപ്പെട്ട ഈശ്വരന്റെയും ജീവന്റെയും തത്വങ്ങളെക്കുറിച്ചു വാദികൾ കലഹിക്കുന്നു. ആ കലഹംകൊണ്ടു ഫലമൊന്നുമില്ല.

215. ജ്ഞാത്വാ സദാ തത്വനിഷ്ഠാനനുമോദാമഹേ വയം
അനുശോചാമ ഏവാന്യാന്നഭ്രാന്തൈർവിവദാമഹേ.

തത്വനിഷ്ഠാഃവയം=തത്വത്തിൽ സ്ഥിരനിശ്ചയമുള്ള ഞങ്ങൾ. സദാജ്ഞാത്വാ മോദാമഹേ=അറിഞ്ഞിട്ടെപ്പോഴും മോദിക്കുന്നു നനു അന്യാൻ അനുശോചാമ ഏവ=എന്നാൽ അന്യന്മാരെക്കുറിച്ചു ദുഃഖിക്കുക മാത്രം ചെയ്യുന്നു. ഭ്രാന്തൈഃ ന വിവദാമഹേ=ഭ്രാന്തന്മാരായവരോടു വാദിക്കുന്നില്ല.

ജീവനേയും ഈശ്വരനേയുംകുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾക്ക് അജ്ഞാനം കാരണമായിരിക്കയാൽ അവർക്കു തത്വം ഉപദേശിക്കാത്തതെന്തുകൊണ്ടാണെന്ന് ശങ്കിക്കുന്നുവെങ്കിൽ അവരോടുപദേശിക്കുന്നതുകൊണ്ട് ഫലമുണ്ടാകയില്ലെന്നു സമാധാനം പറയുന്നു:—ജീവൻ, ഈശ്വരൻ, ജഗത്ത് എന്ന ഭേദങ്ങളുടെ കാരണമറിഞ്ഞിരിക്കുന്ന ഞങ്ങൾ എപ്പോഴും ആനന്ദിക്കുകയും ഈ സത്യനിലയറിയാത്തവരെക്കുറിച്ചു വ്യസനിക്കുകയും ചെയ്യുന്നു. ഭ്രാന്തന്മാരോടു വാദപ്രതിവാദം ചെയ്വാൻ ഒരുങ്ങുന്നില്ല.

216. തൃണാർച്ചകാദിയോഗാന്താ ഈശ്വരേഭ്രാന്തി മാശ്രിതാഃ
ലോകായതാദിസാംഖ്യാന്താ ജീവേ വിഭ്രാന്തിമാശ്രിതാഃ.

തൃണാർച്ചകാദിയോഗാന്താഃ=പുല്ലിനെ പൂജിക്കുന്നവർ മുതൽ യോഗം അഭ്യസിക്കുന്നവർവരേ. ഈശ്വരേ ഭ്രാന്തിം ആശ്രിതാഃ=ഈശ്വരനിൽ ഭ്രാന്തിയെ ആശ്രയിച്ചവരാണ്. ലോകായതാദി സാംഖ്യാന്താഃ=ലോകായതന്മാർ മുതൽ സാംഖ്യന്മാർവരെ. ജീവേവിഭ്രാന്തിം ആശ്രിതാഃ=ജീവനിൽ ഭ്രാന്തിയുള്ളവരാണ്.

ജീവതത്വവും ഈശ്വരതത്വവും അറിയാത്തതുകൊണ്ടുള്ള വാദികളെ വേർതിരിച്ചു കാണിക്കുന്നു:—ഈശ്വരതത്വമറിയാത്തവർ പുൽക്കൊടിമുതൽക്കുള്ള ഓരോ പ്രതിമാദികളിൽ അച്ഛനാദികളിലും മനോനിരോധം പ്രാണനിരോധം മുതലായ യോഗങ്ങളെ അഭ്യസിക്കുന്നതുവരേയുള്ള മാർഗ്ഗങ്ങളിലും ചുററിത്തിരിയുന്നു ജീവതത്വമറിയാത്തവരായ ലോകായതന്മാർ മുതൽ സാംഖ്യന്മാർവരേയുള്ളവർ അവരവരുടെ അഭിപ്രായങ്ങളെ സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നു. വാദപ്രതിവാദങ്ങളെല്ലാം ജീവൻെറയും ഈശ്വരൻേറയും സ്വരൂപങ്ങളെ അറിയാത്തതുകൊണ്ടുണ്ടാകുന്നവയാണെന്നു സാരം.

217. അദ്വിതീയബ്രഹ്മതത്വം നജാനന്തി യദാ തദാ
ഭ്രാന്താഏവാഖിലാസ്തേഷാം ക്വമുക്തിഃ ക്വേഹവാ സുഖം.

യദാഅദ്വിതീയബ്രഹ്മതത്വം=എത്രകാലംവരെ അദ്വിതീയമായ ബ്രഹ്മത്തിൻെറ തത്വം. നജാനന്തി=അറിയാതിരിക്കുന്നുവോ. തദാഅഖിലാഃ ഭ്രാന്താഃ ഏവ=അത്രകാലവും എല്ലാവരും ഭ്രാന്തന്മാർതന്നെ. തേഷാംക്വമുക്തിഃ=അവക്കു മുക്തിയെവിടെ. ഇഹവാ സുഖം ക്വ=ഇഹത്തിൽ സുഖം എവിടെ.

എന്താണ് ഭ്രാന്തിക്കു കാരണം എന്നു കാണിക്കുന്നു:—ജീവൻ ഈശ്വരൻ ജഗത്ത് എന്ന മൂന്നിനും അധിഷ്ഠാനമായും ഏകമായും ഇരിക്കുന്ന ബ്രഹ്മസ്വരൂപത്തെ എതുകാലംവരെ അറിയാതിരിക്കുന്നുവോ അത്രകാലവും എല്ലാവരും ഭ്രാന്തന്മാർതന്നെ. ആ ഭ്രാന്തിയുടെ ഫലമെന്തെന്നാൽ അവക്കു മുക്തിയെവിടെ? എങ്ങിനെ സിദ്ധിക്കും? ജീവിച്ചിരിക്കുമ്പോഴ ഈ ലോകത്തിൽ ചിത്തവിശ്രാന്തിയില്ലാത്ത അവക്കു സുഖം എവിടെ; എങ്ങിനെ ലഭിക്കും? ബ്രഹ്മജ്ഞാനം മാത്രമാണ് മുക്തിക്കും ഇഹലോകസുഖത്തിനും ആസ്പദം എന്നു സാരം.

218. ഉത്തമാധമഭാവശ്ച തേഷാം സ്യാദസ്തു തേന കിം
സ്വപ്നസ്ഥരാജ്യഭിക്ഷാഭ്യാം നബുദ്ധഃ സ്പൃശ്യതേ ഖലു.

തേഷാംഉത്തമാധമഭാവഃസ്യാൽചേത്=അവക്ക് ഉത്തമാധമഭാവം ഭവിക്കുമെങ്കിൽ. അസ്തുതേനകിം=ഭവിക്കട്ടെ. അതുകൊണ്ടെന്തു ഫലം. സ്വപ്നസ്ഥ രാജ്യഭിക്ഷാഭ്യാം=സ്വപ്നത്തിൽ അനുഭവിക്കുന്ന രാജ്യത്താലും ഭിക്ഷയാലും. ബുദ്ധഃ നസ്പൃശ്യതേഖലു=ഉണന്നവൻ സ്പശിക്കപ്പെടുന്നില്ലെല്ലൊ.

എന്നാൽ ബ്രഹ്മജ്ഞാനം ഇല്ലാതിരുന്നാലും ഇതരവിദ്യാലാഭംനിമിത്തം ലോകത്തിൽ ഉത്തമൻ അധമൻ എന്ന നില കാണപ്പെടുന്നതിനാൽ ഇതരവിദ്യക്കും ശ്ലാഘ്യതയില്ലെയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—ലോകത്തിൽ കാണപ്പെടുന്ന മനുഷ്യരിൽ ഓരോരുത്തക്കും ഇതരവിദ്യാലാഭത്താൽ ഉയന്ന നിലയും അതില്ലാത്തവക്കു താണനിലയും കാണപ്പെടുന്നുവെന്നാണെങ്കിൽ ആ ഭേദം ഇരുന്നുകൊള്ളട്ടെ. അതുകൊണ്ടവരുടെ സംസാരസുഖദുഃഖങ്ങൾക്ക് ഭേദമൊന്നും ഉണ്ടാകുന്നില്ല. സ്വപ്നത്തിൽ ഒരുവൻരാജാവായിരുന്നാലും മററൊരുവൻ യാചകനായിരുന്നാലും ഉണന്ന സമയത്തിൽ രാജാവുമല്ല ഭിക്ഷുകനുമല്ലെല്ലൊ. സ്വപ്നസമാനമായ പ്രപഞ്ചത്തിൽ കാണപ്പെടുന്ന ഉത്തമാധമഭാവംകൊണ്ടു പ്രാപഞ്ചികദുഃഖനിവൃത്തിയോ ആനന്ദപ്രാപ്തിയോ ഉണ്ടാകുന്നില്ല. ബ്രഹ്മജ്ഞാനംകൊണ്ടു മാത്രമേ ആത്യന്തികദുഃഖനാശവും നിരതിശയാനന്ദപ്രാപ്തിയും ഉണ്ടാകയുള്ളു.

219. തസ്മാന്മുമുക്ഷുഭിർനൈവ മതിർജീവേശവാദയോഃ
കാര്യാ കിന്തു ബ്രഹ്മതത്വം വിചാര്യം ബുധ്യതാംച തത്.

തസ്മാത് മുമുക്ഷുഭിഃ=അതുകൊണ്ടു മോക്ഷേച്ഛയുള്ളവരാൽ ജീവേശവാദയോഃ=ജീവേശ്വരവാദങ്ങളിൽ. മതിഃനഏവകാര്യാ=മനസ്സിരുത്തുവാൻ പാടുള്ളതല്ല. കിന്തുബ്രഹ്മതത്വംവിചാര്യം=പിന്നെയെന്തുചെയ്യേണമെന്നാൽ ബ്രഹ്മതത്വത്തെ വിചാരംചെയ്യേണം. തത് ബുധ്യതാംച=അതിനെ അറിയുകയും വേണം.

അതുകൊണ്ടു സംസാരത്തിൽനിന്നു മുക്തരാവാൻ ഇച്ഛിക്കുന്നവർ ജീവൻെറയോ ഈശ്വരൻെറയോ ഭേദങ്ങളെ കുറിച്ചല്ല വിചാരം ചെയ്യേണ്ടത്. പിന്നെയെന്തു ചെയ്യേണമെന്നാൽ ബ്രഹ്മസ്വരൂപത്തെ വിചാരംചെയ്യുകയും അതിനെ അറിയുകയുമാണ് വേണ്ടത്.

220. പൂർവ്വപക്ഷതയാ തൌചേത്തത്വനിശ്ചയഹേതുതാം.
പ്രാപ്നുതോസ്തു നിമജ്ജസ്വ തയോന്നൈതാവതാവശഃ.

പൂർവ്വപക്ഷതയാതൌ=പൂർവ്വപക്ഷഭാവത്താൽ അതുരണ്ടും. തത്വനിശ്ചയഹേതുതാം=തത്വനിശ്ചയത്തിൻെറ ഹേതുതയെ. പ്രാപ്നുതഃചേത് അസ്തു=പ്രാപിക്കുന്നുവെങ്കിൽ അങ്ങിനെയാകട്ടെ. ഏതാവതാതയോഃ=അത്രമാത്രംകൊണ്ടു ആ രണ്ടിൽ. അവശഃ ന നിമജ്ജസ്വ=അവശനായിട്ടു നീ നിമഗ്നനാകരുത്.

ബ്രഹ്മതത്വം നിൎണ്ണയിപ്പാൻ പൂൎവ്വപക്ഷനിലയിൽ ജീവേശ്വരന്മാരെകുറിച്ചുള്ള വിചാരം ഹേതുവായിക്കൂടെയോ എന്നാണെങ്കിൽ, ആവാം വിരോധമില്ല. എന്നാൽ അവിവേകംനിമിത്തം ജീവേശ്വരവാദത്തിൽതന്നെ മുങ്ങിപ്പോകാതിരിപ്പാൻ നീ മനസ്സിരുത്തേണം.

221. അസംഗചിദ്വിഭുൎജ്ജീവഃ സാംഖ്യോക്തസ്താദൃഗീശ്വരഃ
യോഗോക്തസ്തത്വമോരൎത്ഥൗ ശുദ്ധൗതാവിതിചേച്ഛൃണു.

അസംഗചിദ്വപുഃ ജീവഃ=അസംഗമായ ചിൽസ്വരൂപൻ ജീവനെന്നു്. സാംഖ്യോക്തഃ=സാംഖ്യത്താൽ പറയപ്പെട്ടിരിക്കുന്നു. യോഗോക്തഃ ഈശ്വരഃ താദൃക്=യോഗത്താൽ പറയപ്പെട്ട ഈശ്വരനും ആവിധം തന്നെ. തത്വമോഃ ശുദ്ധൌ അൎത്ഥൌ=തത്വംപദങ്ങളുടെ ശുദ്ധങ്ങളായ അൎത്ഥങ്ങൾതന്നെ അവരണ്ടും. ഇതി ചേത് ശൃണു=എന്നാണെങ്കിൽ കേട്ടാലും.

ജീവേശ്വരന്മാൎക്കു പൂൎവ്വപക്ഷകല്പനം അസംഗതം. എന്തുകൊണ്ടെന്നാൽ സാംഖ്യത്തിൽ ജീവനും യോഗശാസ്ത്രത്തിൽ ഈശ്വരനും ശുദ്ധസ്വരൂപന്മാരെന്നു പറയപ്പെട്ടിരിക്കുന്നു. വേദാന്തികളായ നിങ്ങളും അതു സമ്മതിക്കേണ്ടതല്ലെയോ എന്നു ശങ്കിക്കുന്നതിനെ പരിഹരിക്കുന്നു:—ദേഹേന്ദ്രിയാദികളിൽ ബന്ധപ്പെടാതിരിക്കുന്ന ചിൽസ്വരൂപനാണ് ജീവനെന്നു് സാംഖ്യശാസ്ത്രം പറയുന്നു. ഈശ്വരനും അപ്രകാരമിരിക്കുന്നവൻതന്നെയെന്നു് യോഗശാസ്ത്രവും പറയുന്നു തത്വമസിമഹാവാക്യത്തിലെ തൽപദത്തിൻെറയും ത്വംപദത്തിൻെറയും ലക്ഷ്യാൎത്ഥഭൂതങ്ങളായ ആ രണ്ടു തത്വങ്ങളും വേദാന്തികളും അംഗീകരിക്കേണ്ടവതന്നെയെന്നു ശങ്കിക്കുന്നുവെങ്കിൽ സമാധാനം പറയാം, മനസ്സിരുത്തി കേട്ടുകൊൾക.

222. ന തത്വമോരുഭാവൎത്ഥാ വസ്മൽസിദ്ധാന്തതാംഗതൌ
അദ്വൈതബോധനായൈവ സാകക്ഷാകാചിദിഷ്യതേ.

തത്വമോഃ ഉഭൌ അൎത്ഥൌ=തത്വംപദങ്ങൾക്കു് രണ്ടൎത്ഥങ്ങൾ. അസ്മൽ സിദ്ധാന്തതാം നഗതൌ=ഞങ്ങളുടെ സിദ്ധാന്തതയെ പ്രാപിക്കുന്നില്ല. അദ്വൈത ബോധനായ ഏവ=അദ്വൈതത്തെ ധരിപ്പിക്കുവാൻ വേണ്ടീട്ടുമാത്രം. കാചിൽ സാകക്ഷാ ഇഷ്യതേ=ആ ഒരുപക്ഷം സ്വീകരിക്കപ്പെട്ടിരിക്കുന്നു.

തൽപദവും ത്വംപദവും ആ രണ്ടു തത്വങ്ങളെ കാണിക്കുന്നുവെന്നത് വേദാന്തികളായ ഞങ്ങളുടെ സിദ്ധാന്തപക്ഷമല്ല. തൽപദലക്ഷ്യാൎത്ഥം ബ്രഹ്മമെന്നും ത്വംപദലക്ഷ്യാൎത്ഥം കൂടസ്ഥചൈതന്യമെന്നും വ്യാഖ്യാനിച്ചിരിക്കുന്നത് ലോകപ്രസിദ്ധമായ വ്യഷ്ടിസമഷ്ടിവ്യവഹാരത്തെ അനുവദിച്ചു കാണിച്ചശേഷം കൂടസ്ഥചൈതന്യവും ശുദ്ധബ്രഹ്മവും രണ്ടല്ല ഒന്നുതന്നെയെന്നുള്ള അദ്വൈതത്തെ ബോധിപ്പിക്കുവാൻവേണ്ടീട്ടു ആ ഒരു പക്ഷത്തെ അനുവദിച്ചുവെന്നു മാത്രമാണ്. അല്ലാതെ ത്വംപദലക്ഷ്യാൎത്ഥമായ കൂടസ്ഥചൈതന്യം ഒന്നുവേറെ തൽപദലക്ഷ്യാൎത്ഥമായ ശുദ്ധബ്രഹ്മം ഒന്നുവേറെ എന്നിങ്ങിനെ രണ്ടു തത്വങ്ങളെ വേദാന്തശാസ്ത്രം സ്വീകരിച്ചിട്ടില്ല.

223. അനാദിമായയാ ഭ്രാന്താ ജീവേശൌ സുവിലക്ഷണൌ
മന്യന്തേ തദ്വ്യുദാസായ കേവലം ശോധനംതയോഃ.

അനാദി മായയാ=അനാദിയായ മായ നിമിത്തം. ഭ്രാന്താഃ ജീവേശൌ=ഭ്രമിച്ചവർ ജീവേശന്മാരെ. സുവിലക്ഷണൌ മന്യന്തേ=ഭിന്നധൎമ്മങ്ങളുള്ളവരാണെന്നു വിചാരിക്കുന്നു. തദ്വ്യുദാസായ=അതിനെ നിഷേധിക്കുവാനായിട്ടാണു്. തയോഃ കേവലം ശോധനം=തത്വംപദങ്ങളുടെ ശോധനം എന്നുമാത്രം.

തത്വംപദങ്ങൾ രണ്ടു തത്വങ്ങളെകുറിച്ചു പ്രതിപാദിക്കുന്നില്ലെങ്കിൽ ആ രണ്ടു പദങ്ങളുടെ അൎത്ഥങ്ങളെ വാച്യാൎത്ഥലക്ഷ്യാൎത്ഥഭേദേന വേൎതിരിച്ചു കാട്ടിയതിൻെറ ആവശ്യമെന്താണെന്നുള്ള ആക്ഷേപത്തിന്നു സമാധാനം പറയുന്നു:—അനാദിയായ അവിദ്യനിമിത്തം അദ്വിതീയപരമാൎത്ഥ ശുദ്ധചിദ്രൂപബ്രഹ്മതത്വത്തെ അറിവാൻ സാധിക്കാതെ ഭ്രമിച്ചിരിക്കുന്ന (വസ്തുവിനെ തെററിദ്ധരിച്ചിരിക്കുന്ന) ജനങ്ങൾ. ജീവൻ കൎത്തൃത്വാദികൾനിമിത്തം ബദ്ധനെന്നും ഈശ്വരൻ സൎവ്വജ്ഞത്വാദിധൎമ്മയുക്തനെന്നും അതിനാൽ ഭിന്നന്മാരെന്നും വിചാരിക്കുന്നു. അവരുടെ ആ തെററായ ബോധത്തെ നീക്കംചെയ്യാൻവേണ്ടീട്ടു മാത്രം തത്വംപദങ്ങളുടെ പരിശോധനം ചെയ്യപ്പെട്ടതാകുന്നു.

224. അതഏവാത്രദൃഷ്ടാന്തോ യോഗ്യഃ പ്രാഗ്സമ്യഗീരിതഃ
ഘടാകാശമഹാകാശജലാകാശാഭ്രോത്മകഃ.

അതഃഏവ അത്ര=അതുകൊണ്ടുതന്നെ ഇതിൽ. യോഗ്യഃ ഘടാകാശമഹാകാശജലാകാശാഭ്രോത്മകഃ=

യോഗ്യവും ഘടാകാശ മഹാകാശ ജലാകാശ മേഘാകാശസ്വരൂപവുമായ. ദൃഷ്ടാന്തഃ സമ്യക്പ്രാക് ഈരിതഃ=ദൃഷ്ടാന്തം വഴിപോലെ മുമ്പെ പറയപ്പെട്ടു.

പദാൎത്ഥപരിശോധനംകൊണ്ടു മാത്രമേ തത്വജ്ഞാനം ദൃഢപ്പെടുകയുള്ളുവെന്നതുകൊണ്ടാണ് ജീവൻ, ഈശ്വരൻ, ബ്രഹ്മം എന്നിങ്ങിനെ ഭിന്നശബ്ദങ്ങളാൽ പറയപ്പെടുന്ന ഏകചൈതന്യത്തെ ധരിപ്പിക്കുവാനുചിതവും ഘടാകാശം മഹാകാശം ജലാകാശം മേഘാകാശം എന്ന ഭേദങ്ങളുടെ സ്വരൂപങ്ങളെ വിശദമാക്കുന്നതുമായ ദൃഷ്ടാന്തം മുമ്പേ പറയപ്പെട്ടതും എന്നോൎത്തുകൊൾക.

225. ജലാഭ്രോപാധ്യധീനേ തേ ജലാകാശാഭ്രഖേ തയോഃ
ആധാരൌ തു ഘടാകാശമഹാകാശൌ സുനിൎമ്മലൌ.

ജലാകാശാഭ്രഖേതേ=ജലാകാശം മേഘാകാശം രണ്ടും. ജലാഭ്രോപാധ്യധീനേ=ജലം മേഘംഎന്ന ഉപാധികളെ ആശ്രയിച്ചവ. തയോഃ ആധാരൌതു=ആ രണ്ടിന്റെ ആധാരങ്ങളാകട്ടെ. ഘടാകാശമഹാകാശൌ സുനിൎമ്മലൌ=ഘടാകാശമഹാകാശങ്ങൾ അതിനിൎമ്മലങ്ങൾ.

ദൃഷ്ടാന്താനുസരണം പദാൎത്ഥപരിശോധനപ്രകാരത്തെ കാണിക്കുന്നു:—ജലാകാശവും മേഘാകാശവും ജലവും മേഘവുമാകുന്ന രണ്ടുപാധികളെ ആശ്രയിച്ചുള്ളവയാകയാൽ പരമാൎത്ഥങ്ങളല്ല. അതു രണ്ടിനും ആധാരങ്ങളായിരിക്കുന്ന ഘടാകാശവും മഹാകാശവും അതീവനിൎമ്മലങ്ങൾ. ചാഞ്ചല്യാദിദോഷങ്ങളില്ലാത്തവയാകുന്നു.

226. ഏവമാനന്ദവിജ്ഞാനമയൌ മായാധിയോൎവ്വശൌ
തദധിഷ്ഠാനകൂടസ്ഥ ബ്രഹ്മണീതു സുനിൎമ്മലേ.

ഏവം ആനന്ദവിജ്ഞാനമയൌ=ഇപ്രകാരം ആനന്ദമയനും വിജ്ഞാനമയനും മായാധിയോഃ വശൌ=മായയുടെയും ബുദ്ധിയുടേയും അധീനന്മാർ. തദധിഷ്ഠാനകൂടസ്ഥബ്രഹ്മണീതു=അവരുടെ അധിഷ്ഠാനങ്ങളായ കൂടസ്ഥനും ബ്രഹ്മവുമാകട്ടെ. സുനിൎമ്മലേ=അതീവനിൎമ്മലങ്ങൾ.

മുകളിൽകാണിച്ച ദൃഷ്ടാന്തത്തെ ദാൎഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:— ജലാകാശമേഘാകാശങ്ങളെന്നപോലെ ബുദ്ധിയാകുന്ന ഉപാധിയോടുകൂടിയ ജീവനും മായയാകുന്ന ഉപാധിയോടുകൂടിയ ഈശ്വരനും ശുദ്ധന്മാരല്ല. അവരുടെ അധിഷ്ഠാനങ്ങളായ കൂടസ്ഥനും ബ്രഹ്മവും അത്യന്തം ശുദ്ധന്മാർ.

227. ഏതൽകക്ഷോപയോഗേന സാംഖ്യയോഗൌ മതൌ യദി
ദേഹോന്നമയകക്ഷത്വാ ദാത്മത്വേനാഭ്യുപേയതാം.

ഏതൽ കക്ഷോപയോഗേന=ഈ വിഭാഗത്തിന്റെ ഉപയോഗംകൊണ്ടു. സാംഖ്യയോഗൌമതൌ യദി=സാംഖ്യവും യോഗവും സമ്മതങ്ങളാണെങ്കിൽ. അന്നമയകക്ഷത്വാൽ=അന്നമയം എന്ന വിഭാഗംനിമിത്തം. ദേഹഃ ആത്മത്വേന അഭ്യുപേയതാം=ദേഹം ആത്മാവാണെന്ന് അംഗീകരിക്കപ്പെട്ടാലും.

വിജ്ഞാനമയകോശം ജീവനും ആനന്ദമയകോശം ഈശ്വരനും ഉപാധികളാകയാൽ അതുരണ്ടും അശുദ്ധങ്ങൾ. ആ രണ്ടിനും അധിഷ്ഠാനങ്ങളായ കൂടസ്ഥനും ബ്രഹ്മവും ശുദ്ധങ്ങൾ എന്നു കാണിപ്പാൻ വേണ്ടീട്ടുമാത്രം വേദാന്തം അംഗീകരിച്ചിരിക്കുന്ന ഈ വിഭാഗത്തെ ആശ്രയിച്ചിട്ടു സാംഖ്യവും യോഗവും പറയുന്ന അഭിപ്രായങ്ങളെ വേദാന്തം സ്വീകരിക്കേണ്ടതാണെന്നു പറയുന്നപക്ഷം ദേഹം അന്നമയാത്മാവാണെന്നു വേദാന്തം സ്വീകരിച്ചിട്ടുള്ളതുകൊണ്ടു ദേഹത്തേയും ആത്മാവായി സ്വീകരിക്കേണമെന്നു ഹേ പൂൎവ്വവാദിൻ അങ്ങു സിദ്ധാന്തിച്ചുകൊൾക.

228. ആത്മഭേദോ ജഗൽസത്യ മീശോന്യഇതിചേൽ ത്രയം
ത്യജ്യതേതൈസ്തദാ സാംഖ്യയോഗ വേദാന്തസന്മതിഃ.

ആത്മഭേദഃ ജഗത്സത്യം=ആത്മഭേദം ജഗത്ത് സത്യം. ഈശഃ അന്യഃ ഇതിത്രയം=ഈശ്വരൻ അന്യൻ എന്ന മൂന്നും. തൈഃ ത്യജ്യതേചേത്=അവരാൽ ഉപേക്ഷിക്കപ്പെടുന്നതായാൽ. തദാ സാംഖ്യയോഗ വേദാന്തസന്മതിഃ=അപ്പോൾ സാംഖ്യത്തോടും യോഗത്തോടും വേദാന്തത്തിനു സമ്മതംതന്നെ.

സാംഖ്യയോഗശാസ്ത്രങ്ങളിൽ വേദാന്തത്തിനുള്ള വിരോധത്തിനു കാരണം എന്താണെന്നതിനെ സംഗ്രഹിച്ചു കാണിക്കുന്നു:— ഓരോ ശരീരത്തിലും ആത്മാവു ഭിന്നനാണെന്നും ജഗത്ത് സത്യമാണെന്നും സാംഖ്യമതം. ജീവജഗത്തുക്കളുടെ മധ്യസ്ഥനായിട്ടൊരീശ്വരനുണ്ടെന്നു യോഗമതം. ഈ മൂന്നു ഭാഗങ്ങളെ വിട്ടുകളയുന്നുവെങ്കിൽ അപ്പോൾ വേദാന്തശാസ്ത്രത്തിന് സാംഖ്യയോഗശാസ്ത്രങ്ങളോടു വിരോധമില്ല. അവരുടെ ഈ മൂന്നഭിപ്രായങ്ങളും വേദാന്തസമ്മതങ്ങളല്ല എന്നു താല്പൎയ്യം.

229. ജീവോഽസംഗത്വമാത്രേണ കൃതാൎത്ഥ ഇതി ചേത്തദാ
സ്രക്ചന്ദനാദിനിത്യത്വ മാത്രേണാപി കൃതാൎത്ഥതാ.

ജീവഃ അസംഗത്വമാത്രേണ=ജീവൻ സംഗരഹിതൻ എന്നതുകൊണ്ടു മാത്രം. കൃതാൎത്ഥഃ ഇതിചേത്=കൃതാൎത്ഥനാണെങ്കിൽ. തദാ സ്രക്ചന്ദനാദി നിത്യത്വമാത്രേണ അപി=അപ്പോൾ സ്രക്ചന്ദനാദികൾ നിത്യങ്ങളെന്നു വന്നാലും. കൃതാൎത്ഥതാ=കൃതാൎത്ഥത സിദ്ധിക്കാം.

ജീവന്നു വിഷയങ്ങളോടു ചേൎച്ചയില്ലെന്നുള്ള ജ്ഞാനംകൊണ്ടുതന്നെ മുക്തി സിദ്ധിക്കാമല്ലൊ. അദ്വൈതജ്ഞാനംകൊണ്ടെന്താവശ്യം എന്ന ശങ്കക്കു സമാധാനം:—ജീവന്നു വിഷയങ്ങളോടു ചേൎച്ചയില്ലെന്നുള്ള ജ്ഞാനംകൊണ്ടു മാത്രം കൃതാൎത്ഥനാകാമെങ്കിൽ സുഖസാധനങ്ങളായ മാല ചന്ദനം സ്ത്രീ എന്നിവ നിത്യങ്ങളാണെന്നുള്ള അറിവുണ്ടായാലും കൃതാൎത്ഥത സിദ്ധിക്കാമല്ലൊ. അദ്വൈതജ്ഞാനമുണ്ടാകാതെ അസംഗനാണെന്നുള്ള ജ്ഞാനംതന്നെ എങ്ങിനെയുണ്ടാകും. നാനാത്വം സത്യമാണെന്നുള്ള ബോധം നശിക്കാതെ എങ്ങിനെ അസംഗനാകും. പരമാൎത്ഥവസ്തു ഒന്നുമാത്രമേ ഉള്ളൂ. സംയോഗത്തിന്നും വിയോഗത്തിന്നും കാരണമായ രണ്ടാമതൊരു വസ്തുവില്ലെന്നുള്ള സാക്ഷാൽകാരം സിദ്ധിക്കാതെ കൃതാൎത്ഥതക്കവകാശമില്ലെന്നു സിദ്ധാന്തം.

230. യഥാസ്രഗാദിനിത്യത്വം ദുഃസംപാദ്യം തഥാത്മനഃ
അസംഗത്വം ന സംഭാവ്യം ജീവതോൎജ്ജഗദീശയോഃ.

യഥാസ്രഗാദിനിത്യത്വം=എപ്രകാരമോ സ്രഗാദികളുടെ നിത്യത്വം. ദുഃസംപാദ്യം=സമ്പാദിപ്പാൻ കഴിയാത്തത്. തഥാആത്മനഃ=അപ്രകാരം ആത്മാവിന്നു്. ജീവതോഃ ജഗദീശയോഃ=ജീവത്തുക്കളായ ജഗത്തും ഈശ്വരനുമുള്ളപ്പോൾ. അസംഗത്വം ന സംഭാവ്യം=സംഗമില്ലായ്മ സംഭവിക്കത്തക്കതല്ല.

മുകളിൽ പറഞ്ഞതിന്റെ സാരാംശം സ്പഷ്ടമാക്കുന്നു:—സുഖസാധനങ്ങളായ മാല ചന്ദനം, വനിതാ എന്നിവയുടെ നാശമില്ലായ്മ സമ്പാദിപ്പാൻ എപ്രകാരം കഴികയില്ലയോ അപ്രകാരംതന്നെ ജഗത്തും ഈശ്വരനും വിശേഷണം വിശേഷ്യം എന്ന നിലയിൽ നില്ക്കുന്നേടത്തോളം കാലം ആത്മാവിന്നു് അവയോടുള്ള ചേൎച്ചയും വിട്ടുകളയുവാൻ സാധിക്കുന്നതല്ല. ആത്മാവിനൊക്കൂടാതെ ജഗത്തും, ഈശ്വരനുമുണ്ടെങ്കിൽ ആത്മാവിന്നവരോടു ചേൎച്ചയും ഉണ്ടാകും. അസംഗൻ എന്ന നില കിട്ടുകയില്ല.

231. അവശ്യം പ്രകൃതിഃ സംഗം പുരേവാപാദയേത്തഥാ
നിയച്ഛത്യേതമീശോപി കോസ്യമോക്ഷസ്തഥാസതി.

പ്രകൃതിഃപുരാ ഇവ=പ്രകൃതി പണ്ടത്തെപ്പോലെ. അവശ്യം സംഗം ആപാദയേത്=നിശ്ചയമായും സംഗത്തെ ഉണ്ടാക്കും. ഈശഃഏതം=ഈശ്വരൻ ഇവനെ. നിയച്ഛതി അപി=നിയമിക്കയും ചെയ്യും. തഥാസതി അസ്യ=അങ്ങിനെയാകുമ്പോൾ ഇവന്നു്. മോക്ഷഃകഃ=മോക്ഷം എന്താകുന്നു.

ആത്മഭിന്നങ്ങളായ ജഗത്തും ഈശ്വരനും ഉണ്ടെന്നുവന്നാൽ ജീവനെ, പ്രകൃതി ജഗത്തോടുകൂടെ ബന്ധിക്കാതിരിക്കയില്ല. അപ്പോൾ ഈശ്വരൻ ജീവനെ സമുചിതമായ സ്ഥാനത്തിൽ നിയമിക്കാതെയുമിരിക്കയില്ല. ഇങ്ങിനെ ജന്മമരണാദികൾ തുടൎന്നുകൊണ്ടിരിക്കുമ്പോൾ ജീവന്നു് മോക്ഷം എങ്ങിനെ സിദ്ധിക്കും?

232. അവിവേകകൃതഃ സംഗോ നിയമശ്ചേതിചേത്തദാ
ബലാദാപതിതോ മായാവാദഃ സാംഖ്യസ്യദുൎമ്മതേഃ

സംഗഃനിയമഃച=സംഗവും നിയമനവും, അവിവേക കൃതഃ ചേത്=അവിവേകത്താൽ കല്പിതമാണെങ്കിൽ. തദാദുൎമ്മതേഃ സാംഖ്യസ്യ=അപ്പോൾ ദുരാഗ്രഹപട്ടവായ സാംഖ്യന്നു് മായാവാദഃ=മായാവാദം. ബലാൽആപതിതഃ=ബലാൽകാരേണ വന്നുവീഴും.

സംഗവും അതിന്റെ നിയമനവും തിരിച്ചറിവില്ലായ്മനിമിത്തം ഉണ്ടാകുന്നതാണ്. വിവേകമുണ്ടാകുമ്പോൾ അവിവേകം നശിക്കും. അങ്ങിനെവന്നാൽ പിന്നെ സംഗത്തിന്നും നിയമനത്തിന്നും അവകാശമില്ലല്ലൊ എന്നു ശങ്കിക്കുന്നുവെങ്കിൽ സിദ്ധാന്തത്തിന്നു ദോഷം നേരിടും എന്ന കാരണത്താൽ ശങ്കയെ പരിഹരിക്കുന്നു:—ചേൎച്ചക്കവകാശമുള്ള സാധനങ്ങളിരിക്കെ ആത്മാവിന്നവയോടുള്ള ചേൎച്ച അവിവേകകാൎയ്യമാണെന്നു വരുമ്പോൾ സാംഖ്യന്റെ ദുരാഗ്രഹത്തിൽനിന്നു മായാവാദം ബലാൽകാരേണ വന്നുവീഴുന്നു. പ്രകൃതിയും പുരുഷനും സത്യമാണെന്നുള്ള സാംഖ്യവാദം സമ്മതിക്കത്തക്കതല്ല. പ്രകൃതിയും തൽകാൎയ്യമായ ജഗത്തും സത്യമാകുമ്പോൾ ആത്മാവിന്നവയോടുള്ള ചേൎച്ചമാത്രം അവിവേകകല്പിതം എന്നുള്ള വാദം അടിസ്ഥാനമുള്ളതല്ല.

233. ബന്ധമോക്ഷവ്യവസ്ഥാർത്ഥമാത്മനാനാത്വ മിഷ്യതാം
ഇതിചേന്ന യതോമായാവ്യവസ്ഥാപയിതുംക്ഷമാ.

ബന്ധമോക്ഷവ്യവസ്ഥാർത്ഥം=ബന്ധമോക്ഷങ്ങളുടെ വ്യവസ്ഥക്കായിട്ട്. ആത്മനാനാത്വം=ആത്മാവിന്റെ നാനാഭാവം. ഇഷ്യതാം ഇതിചേത് ന=സ്വീകരിക്കത്തക്കതാണെങ്കിൽ അതാവശ്യമില്ല. യതഃമായാ വ്യവസ്ഥാപയിതും ക്ഷമാ=എന്തുകൊണ്ടെന്നാൽ മായ വ്യവസ്ഥപ്പെടുത്താൻ സമർത്ഥയാകുന്നു.

അദ്വൈതത്തിൽ ബന്ധമോക്ഷങ്ങൾക്ക് ന്യായമില്ല. ബന്ധമോക്ഷങ്ങളുടെ വ്യവസ്ഥക്കുവേണ്ടീട്ട് ആത്മനാനാത്വം അംഗീകരിക്കേണ്ടതാണെന്നു ശങ്കിക്കുന്നുവെങ്കിൽ അതാവശ്യമില്ല. അതിന്നു മായതന്നെ സമർത്ഥയാകുന്നു. മായതന്നെ ഏകനായ ആത്മാവിൽ ഇല്ലാത്തതായ ബന്ധമോക്ഷങ്ങളെ ഉണ്ടെന്നു വരുത്തുവാൻ ശക്തയാകുന്നു. അതുകൊണ്ടു ബന്ധമോക്ഷവ്യവസ്ഥക്കുവേണ്ടീട്ട് ആത്മനാനാത്വം അംഗീകരിക്കപ്പെടേണമെന്നില്ല.

234. ദുർഘടം ഘടയാമീതി വിരുദ്ധം കിംനപശ്യസി
വാസ്തവൌ ബന്ധമോക്ഷൌ തു ശ്രുതിർന്നസഹതേതരാം.

ദുർഘടം ഘടയാമിഇതി=ഘടിപ്പാൻ കഴിയാത്തതിനെ ഞാൻ ഘടിപ്പിക്കാം എന്ന്. വിരുദ്ധം കിം നപശ്യസി=വിരോധത്തെ അങ്ങു കാണുന്നില്ലേയോ. ബന്ധമോക്ഷൌ തു=ബന്ധമോക്ഷങ്ങളാകട്ടെ. വാസ്തവൌ=വാസ്തവങ്ങളാണെന്ന്. ശ്രുതിഃന സഹതേതരാം=ശ്രുതി സഹിക്കുന്നതേയില്ല.

ഏകനായ ആത്മാവിന്നു ബന്ധവും മോക്ഷവുമുണ്ടെന്ന് മായയെങ്ങിനെ സ്ഥാപിക്കുമെന്നാണ് ശങ്കയെങ്കിൽ മായയുടെ സ്വഭാവംതന്നെയാണത്. ഏതൊന്നാണോ അസംഭാവ്യമെന്നു തോന്നുന്നത് അതൊക്കെ സംഭാവ്യമാണെന്നു ഞാൻ ബോധ്യപ്പെടുത്താം എന്നുള്ള വിരുദ്ധതയാകുന്നു മായയുടെ സ്വഭാവം. ഇല്ലാത്തതായ സ്വപ്നപദാർത്ഥാദികൾ ഉള്ളവയാണെന്നും മററും പലവിധത്തിലുള്ള വിരുദ്ധങ്ങൾ നിത്യേന കാണുന്നില്ലേയൊ. അതുകൊണ്ട് ഇല്ലാത്ത ബന്ധമോക്ഷങ്ങൾ ഉള്ളവയെന്നപോലെ ആക്കിത്തീക്കാൻ മായക്കു കഴിയും. എന്നാൽ ബന്ധം അജ്ഞാനംനിമിത്തം തോന്നുന്നതാണ്. അതിനാൽ ഇല്ലാത്തതുതന്നെയാകട്ടെ. മോക്ഷം ഉള്ളതുതന്നെ എന്നു സമ്മതിക്കാനെന്തുവിരോധം, എന്നാണെങ്കിൽ അതു രണ്ടും ഇല്ലാത്തവതന്നെ; ഉള്ളവയാണെന്ന് ശ്രുതി ഒരിക്കലും സമ്മതിക്കുകയില്ല. ബന്ധമില്ലെന്നിരിക്കെ മോക്ഷം ഉള്ളതാണെന്ന് ശ്രുതിയെങ്ങിനെ സമ്മതിക്കും. ബന്ധം ഉണ്ടെങ്കിലല്ലെ മോക്ഷത്തിന്നവകാശമുള്ളു. ബന്ധം ഇല്ലെന്നുവന്നാൽ മോക്ഷവും ഇല്ലെന്നതു സിദ്ധംതന്നെ. ആകയാൽ ബന്ധവും മോക്ഷവും രണ്ടും ഒരുപോലെ ഇല്ലാത്തവതന്നെയെന്നാണ് ശ്രുതിസിദ്ധാന്തം.

235. നനിരോധോ നചോൽപത്തി ർന്നബദ്ധോ നചസാധകഃ
നമുമുക്ഷു ർന്നവൈമുക്ത ഇത്യേഷാ പരമാർത്ഥതാ.

നനിരോധഃ നച ഉൽപത്തിഃ=നാശവുമില്ല ഉൽപത്തിയുമില്ല. ബദ്ധഃന സാധകഃനച=ബദ്ധനമില്ല സാധകനുമില്ല. മുമുക്ഷുഃന മുക്തഃനവൈ=മുമുക്ഷുവില്ല മുക്തനുമില്ല. ഇതിഏഷാ പരമാർത്ഥതാ=എന്നതാണ് പരമാർത്ഥസ്ഥിതി.

ബന്ധമോക്ഷങ്ങൾ വാസ്തവങ്ങളല്ലെന്നു കാണിക്കുന്ന ശ്രുത്യർത്ഥത്തെ ശ്ലോകരൂപേണ നിബന്ധിക്കുന്നു:—ആത്മാവിന്നു നാശമില്ല ഉല്പത്തിയുമില്ല. സുഖദുഃഖാദിധർമ്മബന്ധങ്ങളുമില്ല. ആത്മാവ് ശ്രവണമനനാദികളെ ശീലിക്കുന്ന സാധകനുമല്ല. നിത്യാനിത്യാദി നാലു സാധനങ്ങളുള്ള മുമുക്ഷുവുമല്ല. ബദ്ധനുമല്ല മുക്തനുമല്ല. ഇതാണ് വാസ്തവനില. ജഗത്ത് മിഥ്യാരൂപം എന്നു സാരം.

236. മായാഖ്യായാഃ കാമധേനോർവ്വത്സൌ ജീവേശ്വരാവുഭൌ
യഥേച്ഛംപിബതാംദ്വൈതം തത്വന്ത്വദ്വൈതമേവഹി.

മായാഖ്യായാഃ കാമധേനോഃ=മായയെന്നു പേരായ കാമധേനുവിന്റെ. വത്സൌ ജീവേശ്വരൌ ഉഭൌ=കുട്ടികളാകുന്നു ജീവേശ്വരന്മാർ രണ്ടുപേരും. ദ്വൈതം യഥേച്ഛം പിബതാം=ദ്വൈതത്തെ ഇഷ്ടംപോലെ പാനംചെയ്തുകൊള്ളട്ടെ. തത്വംതു അദ്വൈതം ഏവ=സത്യമാകട്ടെ അദ്വൈതംതന്നെ.

ജീവേശ്വരഭേദം മായാമയമാണെന്നു ഇതുവരെ പ്രതിപാദിച്ചതിനെ ഉപസംഹരിക്കുന്നു:—മായയെന്നു പേരായ കാമധേനുവിൽനിന്നുണ്ടായ രണ്ടു പശുക്കുട്ടികളാണ് ജീവേശ്വരന്മാർ. സത്യം അദ്വൈതംതന്നെ. ഇല്ലാത്ത പശുവിന്റെ കുട്ടികളായ ജീവേശ്വരന്മാർ ദ്വൈതമാകുന്ന പാലിനെ ഇഷ്ടംപോലെ അനുഭവിച്ചുകൊള്ളട്ടെ. നിത്യനിർവ്വികാരാത്മാവിന്നു യാതൊരു ഹാനിയുമില്ല.

237. കൂടസ്ഥബ്രഹ്മണോർഭേദോ നാമമാത്രാദൃതേ നഹി
ഘടാകാശമഹാകാശൌ വിയുജ്യേതേ നഹി ക്വചിത്.

കൂടസ്ഥബ്രഹ്മണോഃ ഭേദഃ=കൂടസ്ഥനും ബ്രഹ്മത്തിനും ഭേദം. നാമമാത്രാത് ഋതേ നഹി=പേരെന്നു മാത്രമല്ലാതെ ഉള്ളതല്ല. ഘടാകാശമഹാകാശൌ=ഘടാകാശവും മഹാകാശവും. ക്വചിത് നഹി വിയുജ്യേത്യേ=ഒരുകാലത്തും വിയോഗമുള്ളവയല്ല.

ഇവിടെ ഒരു ശങ്ക:—ജീവേശ്വരന്മാർ മായാമയന്മാരാകയാൽ മിഥ്യാഭൂതന്മാരാകട്ടെ. കൂടസ്ഥനും ബ്രഹ്മവും പരമാർത്ഥഭൂതന്മാരായതുകൊണ്ട് അവക്കു തമ്മിലുള്ള ഭേദം പരമാർത്ഥമല്ലയോ എന്ന ശങ്കയെ തീക്കുന്നു:—കൂടസ്ഥനെന്നും ബ്രഹ്മമെന്നും ശബ്ദഭേദം മാത്രമല്ലാതെ വസ്തുഭേദമില്ല. ഭേദമുണ്ടെന്നു വരേണമെങ്കിൽ സ്വരൂപത്തിൽ മാററമുണ്ടാകേണം. അതില്ലാത്തതിനാൽ ഭേദമുണ്ടെന്നു വരുന്നില്ല. ഇതിന്നു ദൃഷ്ടാന്തമായിട്ടു മുമ്പേ പറഞ്ഞിരിക്കുന്ന ഘടാകാശത്തേയും മഹാകാശത്തേയും ഓത്തുകൊാകം. അതു രണ്ടും ഒരുകാലത്തും ഭിന്നങ്ങളല്ലല്ലൊ.

238. യദദ്വൈതം ശ്രുതം സൃഷ്ടേഃ പ്രാക്തദേവാദ്യചോപരി
മുക്താവപി വൃഥാമായാ ഭ്രാമയത്യഖിലാൻ ജനാൻ.

സൃഷ്ടേഃപ്രാക്=സൃഷ്ടിക്കുമുമ്പേ. യത് അദ്വൈതം ശ്രുതം=യതൊരദ്വൈതം കേൾക്കപ്പെട്ടുവോ. അദ്യ ഉപരിചമുക്തൌ അപി=ഇപ്പോഴും മേലിലും മുക്തിയിലും തത് ഏവ=അതു തന്നെയുള്ളത്. അഖിലാൻ ജനാൻ=സകല ജനങ്ങളേയും. മായാവൃഥാഭ്രാമയതി=മായ വെറുതെ ഭ്രമിപ്പിക്കുന്നു.

ഇപ്രകാരം ആത്മഭേദപ്രതീതി മിഥ്യയാണെന്നുറപ്പിച്ചതിൻെറ പ്രയോജനം പറയുന്നു:—"സദേവസൌമ്യേദമഗ്രആസീത് ഏകമേവാദ്വിതീയംബ്രഹ്മ" എന്ന ശ്രുതി സൃഷ്ടിക്കുമുമ്പെ യാതൊരദ്വൈതത്തെ സത്യവസ്തുവെന്നു പറഞ്ഞിരിക്കുന്നുവോ ആ ഏകതത്വം മാത്രമേ സൃഷ്ടിക്കുശേഷവും നാശാനന്തരവും, മുക്തിയിലും ഇരിക്കുന്നുള്ളു. മായ സകല ജനങ്ങളേയും വ്യർത്ഥമായി ഭ്രമിപ്പിക്കുന്നു. ദ്വൈതം വാസ്തവമല്ല

239. യേവദന്തീത്ഥമേതേപി ഭ്രാമ്യന്തേ വിദ്യയാത്രകിം
ന യഥാപൂർവ്വമേതേഷാ മത്രഭ്രാന്തേ രദർശനാത്.

യേ ഇത്ഥം വദന്തി=യാതൊരുത്തർ ഇപ്രകാരം പറയുന്നുവോ. തേ അപി ഭ്രാമ്യന്തെ=അവരും ഭ്രമിക്കുന്നുവെല്ലൊ. വിദ്യയാ=വിദ്യകൊണ്ട്. അത്രകിം=ഇതിലെന്തു ഫലം. ന=അങ്ങിനെ ഫലമില്ല എന്നു വരുന്നില്ല. ഏതേഷാം യഥാപൂർവ്വം=ഇവക്കു മുമ്പേത്തെപ്പോലെ. ഭ്രാന്തേഃ അദർശനാത്=ഭ്രാന്തി കാണാത്തതുകൊണ്ട്.

എന്നാൽ പ്രപഞ്ചം മായാമയമാണെന്നും തത്വം ഒന്നേ ഉള്ളുവെന്നും വർണ്ണിക്കുന്നവരും മിഥ്യാഭൂതമായ ഈ പ്രപഞ്ചത്തിൽ ഭ്രമിക്കുന്നുണ്ടല്ലൊ. ആകയാൽ തത്വജ്ഞാനംകൊണ്ടെന്തുഫലം എന്നു ശങ്കിക്കുന്നുവെങ്കിൽ ആ ശങ്ക ശരിയല്ല. ഏകമായ തത്വം മാത്രം സത്യം നാനാത്വം മിഥ്യാ എന്നറിവുണ്ടാകുന്നതിനുമുമ്പേ ഏതുവിധത്തിൽ ഇവർ പ്രപഞ്ചത്തിൽ ഭ്രമിച്ചിരുന്നുവോ ആ വിധം ഭ്രമം ഈ അറിവുണ്ടായതിൽപിന്നെ അവക്കുള്ളതായി കാണപ്പെടുകയില്ല. അതുകൊണ്ടു തത്വജ്ഞാനം നിഷ്പ്രയോജനമല്ല.

240. ഐഹികാമുഷ്മികഃ സർവ്വഃ സംസാരോവാസ്തവസ്തതഃ
നഭാതി നാസ്തിചാദ്വൈത മിത്യജ്ഞാനിവിനിശ്ചയഃ.

ഐഹികാമുഷ്മികഃ സർവ്വഃ സംസാരഃ=ഇഹത്തിലും പരത്തിലുമുള്ള സർവ്വമായ സംസാരം. വാസ്തവഃ=സത്യമാകുന്നു. തതഃ അദ്വൈതം=അതുകൊണ്ടു അദ്വൈതം. നഭാതിനാസ്തിച=കാണപ്പെടുന്നില്ല ഉള്ളതുമല്ല. ഇതി അജ്ഞാനിവിനിശ്ചയഃ=എന്നാണ് അജ്ഞാനികളുടെ നിശ്ചയം.

ജ്ഞാനികൾക്ക് ഭ്രാന്തിയില്ലെന്നു കാണിപ്പാൻ അജ്ഞാനികളുടെ നിശ്ചയത്തെ കാണിക്കുന്നു:—ഇഹത്തിലുള്ള പുത്രകളത്രാദിജന്യസുഖാദികളും സ്വർഗ്ഗത്തിലുള്ള അമൃതപാനാദിസുഖങ്ങളും ഉൾപ്പെടെയുള്ള സർവ്വമായ സംസാരവും സത്യം. ഇതൊന്നുമല്ലാതെ അദ്വിതീയമായ മറെറാരുതത്വം കാണപ്പെടാത്തതുകൊണ്ടു അങ്ങിനെയൊന്നില്ലുവേയില്ല എന്നാണ് അജ്ഞാനികളുടെ നിശ്ചയം.

241. ജ്ഞാനിനോ വിപരീതോസ്മാ ന്നിശ്ചയഃ സമ്യഗിക്ഷ്യതേ
സ്വസ്വനിശ്ചയതോ ബദ്ധോ മുക്തോഹംചേതി മന്യതേ.

ജ്ഞാനിനഃ അസ്മാത്=ജ്ഞാനിക്ക് ഇതിൽനിന്ന്. വിപരീതഃ നിശ്ചയഃ=വിപരീതമായ നിശ്ചയം. സമ്യക് ഈക്ഷ്യതേ=നന്നായി കാണപ്പെടുന്നു. സ്വസ്വനിശ്ചയതഃ=അവരവരുടെ നിശ്ചയപ്രകാരം. അഹം ബദ്ധഃമുക്തഃ=ഞാൻ ബദ്ധൻ ഞാൻ മുക്തൻ ഇതിചമന്യതേ=എന്നും വിചാരിക്കുന്നു.

തത്വജ്ഞാനിയുടെ നിശ്ചയം അജ്ഞാനിയുടെ നിശ്ചയത്തിൽനിന്നു വിപരീതമാണെന്നു സ്പഷ്ടമായി കാണപ്പെടുന്നുണ്ട്. അതായത് സംസാരം അവാസ്തവമാണെന്നും അദ്വൈതം പരമാർത്ഥമാണെന്നും ജ്ഞാനി കാണുന്നു. ഇതിന്റെ ഫലമെന്തെന്നാൽ അജ്ഞാനി സംസാരത്താൽ ബദ്ധനാണെന്നും ജ്ഞാനി മുക്തനാണെന്നും അവരവരുടെ നിശ്ചയാനുസരണം വിചാരിക്കുന്നു.

242. നാദ്വൈത മപരോക്ഷം ചേന്നചിദ്രൂപേണ ഭാസനാത്
അശേഷേണ നഭാതംചേദ്വൈതം കിംഭാസതേഖിലം.

അദ്വൈതം അപരോക്ഷംനചേത്=അദ്വൈതം അപരോക്ഷമല്ല എങ്കിൽ. ന ചിദ്രൂപേണഭാസനാൽ=അപരോക്ഷം അല്ല എന്നുവരില്ല എന്തുകൊണ്ടെന്നാൽ ജ്ഞാനസ്വരൂപമായി വിളങ്ങുന്നതുകൊണ്ടു. അശേഷേണനഭാതംചേത്=സമ്പൂർണ്ണമായി വിളങ്ങുന്നില്ല എന്നാണെങ്കിൽ. ദ്വൈതം അഖിലം കിംഭാസതേ=ദ്വൈതം സമ്പൂർണ്ണമായി വിളങ്ങുന്നുണ്ടോ.

അദ്വൈതം വിളങ്ങുന്നുവെന്നു ശാസ്ത്രവാക്യം അനുസരിച്ചു പറയുന്നുവെന്നല്ലാതെ അനുഭവത്തിൽ വിളങ്ങുന്നില്ല എന്നു ശങ്കിക്കുന്നുവെങ്കിൽ ആ ശങ്ക ശരിയല്ല. എന്തുകൊണ്ടെന്നാൽ ഘടം സ്ഫുരിക്കുന്നു പടം സ്ഫുരിക്കുന്നുവെന്നിപ്രകാരം അദ്വിതീയജ്ഞാനസ്വരൂപേണ സകലത്തോടുംചേന്നു വിളങ്ങുന്നുണ്ടല്ലോ. അതിനാൽ സ്ഫുരണമില്ലെന്നു പറയുന്നതു ശരിയല്ല. അങ്ങിനെ ചിന്മാത്രമായിട്ടു അദ്വൈതം വിളങ്ങുന്നുവെങ്കിലും സമ്പൂർണ്ണമായിട്ടു വിളങ്ങുന്നില്ല. എന്നു പിന്നെയും ശങ്കിക്കുന്നുവെങ്കിൽ ആ ശങ്കക്കും ആസ്പദമില്ല ദ്വൈതവും സമസ്തവുമായി വിളങ്ങുന്നുണ്ടോ? ഇല്ല.

243. ദിങ്മാത്രേണ വിഭാനംതുദ്വയോരപി സമം ഖലു
ദ്വൈതസിദ്ധിവദദ്വൈതസിദ്ധിസ്തേ താവതാനകിം.

ദിങ്മാത്രേണ വിഭാനം തു=ഏകദേശത്വേന പ്രതീതിയാകട്ടെ ദ്വയോഃ അപിസമം ഖലു=രണ്ടിലും തുല്യമാണെല്ലോ. തേ താവതാ ദ്വൈതസിദ്ധിവത്=നിന്റെ ആ നിശ്ചയപ്രകാരം ദ്വൈതസിദ്ധിപോലെ. അദ്വൈതസിദ്ധിഃനകിം=അദ്വൈതസിദ്ധിയും ഭവിക്കയില്ലയോ.

ദ്വൈതാദ്വൈതങ്ങളിൽ ദോഷസാമ്യമെന്നപോലെ പരിഹാരസാമ്യത്തെയും കാണിക്കുന്നു:—ഏകദേശ പ്രതീതി ദ്വൈതത്തിലും അദ്വൈതത്തിലും തുല്യമാണെല്ലോ. അങ്ങയുടെ ആ അഭിപ്രായാനുസരണം ഏകദേശ പ്രതീതികൊണ്ടു ദ്വൈതനിശ്ചയം സിദ്ധിക്കാമെങ്കിൽ അദ്വൈതനിശ്ചയവും എന്തുകൊണ്ടു സിദ്ധിച്ചുകൂടാ. സിദ്ധിക്കാം എന്നു താൽപര്യം.

244. ദ്വൈതേന ഹീന മദ്വൈതം ദ്വൈതജ്ഞാനേ കഥം ത്വിദം
ചിൽഭാനന്ത്വവിരോധ്യസ്യ ദ്വൈതസ്യാതോ ऽസമേ ഉഭേ.

ദ്വൈതേന ഹീനം അദ്വൈതം=ദ്വൈതത്തോടുകൂടാത്തതാണ് അദ്വൈതം. ഇദംതുദ്വൈതജ്ഞാനേ കഥം=ഇതാകട്ടെ ദ്വൈതജ്ഞാനത്തിൽ എങ്ങിനെയുണ്ടാകും. ചിൽഭാനംതു അവിരോധി=ചിത്തിന്റെ പ്രകാശമോ വിരോധിയല്ല അസ്യദ്വൈതസ്യഉഭേഅസമേ=ഈ ദ്വൈതത്തിന്നു രണ്ടും തുല്യങ്ങളല്ല.

പൂർവ്വവാദി മറെറാരുവിധത്തിൽ അദ്വൈതത്തിന്റെ അസിദ്ധിയെ ശങ്കിക്കുന്നു:—അദ്വൈതം എന്നതു ദ്വൈതത്തോടുകൂടാത്തതാണല്ലോ. ദ്വൈതപ്രതീതിയുള്ളപ്പോൾ അദ്വൈതസിദ്ധിയുണ്ടാകുന്നതെങ്ങിനെ? എന്നാൽ അദ്വൈതപ്രീതിയുള്ളപ്പോൾ ദ്വൈതസിദ്ധിയെങ്ങിനെയുണ്ടാകും എന്നാണ് സമാധാനമെങ്കിൽ അങ്ങയുടെ മതത്തിൽ ചിദ്രൂപത്തിന്റെ പ്രതീതി തന്നെയാണ് അദ്വൈതപ്രതീതി എന്നാകയാൽ ചിദ്രൂപപ്രതീതി ദ്വൈതത്തിന്നു വിരോധിയല്ല. അതുകൊണ്ടു രണ്ടിന്നും സാമ്യമില്ല.

245. ഏവംതർഹി ശൃണു ദ്വൈതമസന്മായാമയത്വതഃ
തേനവാസ്തവമദ്വൈതം പരിശേഷാ ദ്വിഭാസതേ.

ഏവംതർഹിശൃണു=ഇങ്ങിനെയാണെങ്കിൽ കേട്ടുകൊൾക. മായാമയത്വതഃ=മായാമയം എന്ന കാരണത്താൽ ദ്വൈതംഅസത്=ദ്വൈതം അവാസ്തവം. തേനപരിശേഷാൽ=അതുകൊണ്ടു പരിശേഷത്താൽ അദ്വൈതം വാസ്തവംവിഭാസതേ=അദ്വൈതം വാസ്തവമായി വിളങ്ങുന്നു.

ഈവിധമാണ് ശങ്കയെങ്കിൽ പറയാം കേൾക്കുക:—പ്രതീതമായ ദ്വൈതത്തിന്നു മായാമയത്വം

നിമിത്തം വാസ്തവത്വമില്ല. എപ്പോഴും പ്രതീതിയില്ലെന്നു സാരം. ചിദ്രൂപമാകട്ടെ ഒരു കാലത്തും ഇല്ലാതാകുന്നില്ല. അതിനാൽ ദ്വൈതമില്ലാത്തപ്പോഴും പരിശേഷിക്കുന്നതായ ചിദ്രൂപമായ അദ്വൈതം വാസ്തവമായിട്ടു വിശേഷേണ വിളങ്ങുന്നു. ദ്വൈതനിഷേധത്താൽ അദ്വൈതം സിദ്ധിക്കുന്നതിനെയാണ് പരിശേഷം എന്നു പറഞ്ഞത്.

246. അചിന്ത്യരചനാരൂപം മായൈവ സകലം ജഗത്
ഇതിനിശ്ചിത്യ വസ്തുത്വ മദ്വൈതേ പരിശിഷ്യതാം.

അചിന്ത്യരചനാരൂപം=ചിന്തിക്കപ്പെടുവാൻ കഴിയാത്തവിധത്തിൽ ഇരിക്കുന്നതായ. സകലം ജഗത് മായാഏവ=സകല ജഗത്തും മായതന്നെ. ഇതിനിശ്ചിത്യ=എന്നു നിശ്ചയിച്ചിട്ടു. വസ്തുത്വംഅദ്വൈതേ പരിശിഷ്യതാം=വാസ്തവം അദ്വൈതത്തിൽ പരിശേഷിപ്പിക്കപ്പെട്ടാലും.

സത്തോ അസത്തോ ഉഭയാത്മകമോ എന്നുള്ള നിരൂപണത്തെ സഹിക്കാത്തവിധത്തിൽ കാണപ്പെടുന്ന സകല ജഗത്തും മായതന്നെ എന്നുറക്കുക. സത്യമായവശേഷിക്കുന്ന വസ്തു അദ്വൈതമാണെന്നും നിശ്ചയിച്ചുകൊൾക.

247. പുനർദ്വൈതസ്യ വസ്തുത്വം ഭാതിചേത്ത്വം തഥാ പുനഃ
പരിശീലയ കോവാത്ര പ്രയാസസ്തേന തേ വദ.

പുനഃദ്വൈതസ്യവസ്തുത്വം=പിന്നെയും ദ്വൈതം സത്യമാണെന്ന്. ഭാതിചേത്=തോന്നുന്നുവെങ്കിൽ ത്വംതഥാപുനഃ പരിശീലയ=നീയപ്രകാരം പിന്നെയും പരിശീലിച്ചുകൊൾക. തേ തേന അത്ര=നിണക്കു. അതുകൊണ്ടിതിൽ. കോവാ പ്രയാസഃ വദ=എന്തു പ്രയാസമാണുള്ളത് പറയുക.

അദ്വൈതം സത്യമാണെന്നു തോന്നിയാലും പൂൎവ്വവാസനനിമിത്തം പിന്നെയും ദ്വൈതപ്രതീതിയുണ്ടാകുന്നുവെങ്കിൽ മുമ്പേ പറഞ്ഞ വിധത്തിൽ വീണ്ടും വീണ്ടും ആവൎത്തിച്ചഭ്യസിക്കുക. "ആവൃത്തിരസകൃദുപദേശാത്" എന്ന സൂത്രത്താൽ ആത്മാവിനെ കുറിച്ചുള്ള ശ്രവണമനനനിദിധ്യാസനാദികളെ അടിക്കടി ആവൎത്തിച്ചുകൊണ്ടിരിക്കേണം എന്ന് ഭഗവാൻ വ്യാസമുനി ബ്രഹ്മസൂത്രം നാലാമദ്ധ്യായത്തിലെ 1-ാംപാദം 1-ാംസൂത്രത്താൽ ഉപദേശിച്ചിട്ടുണ്ട്. ഇങ്ങിനെ പരിശീലിക്കുവാൻ എന്തൊരുദ്ധ്വാനമാണുള്ളത് പറയുക.

248. കിയന്തം കാലമിതിചേൽ ഖേദോയം ദ്വൈതഇഷ്യതാം
അദ്വൈതേ ത്വനയുക്തോയം സൎവ്വാനൎത്ഥനിവാരണാത്.

അയം ഖേദഃ കിയന്തം കാലം ഇതിചേത്=ഈ ദുഃഖം എത്ര കാലമാണെങ്കിൽ. ദ്വൈതേ ഇഷ്യതാം=ദ്വൈതത്തിൽ ഇങ്ങിനെ വിചാരിച്ചുകൊൾക. അദ്വൈതേതു=അദ്വൈതത്തിൽ ആകട്ടെ. അയംനയുക്തഃ=ഈ വിചാരം യുക്തമല്ല. സൎവ്വാനൎത്ഥനിവാരണാത്=സകലാനൎത്ഥങ്ങളുടെയും നിവാരണമായതുകൊണ്ടു്.

എത്രകാലം ഇങ്ങിനെ വിചാരംചെയ്തുകൊണ്ടു് ദുഃഖിക്കേണം എന്നാണ് വിചാരമെങ്കിൽ ദ്വൈതത്തെകുറിച്ചാണ് ഈ ചിന്തയുണ്ടാകേണ്ടതു്. എന്തുകൊണ്ടെന്നാൽ ദ്വൈതചിന്താക്ലേശത്തിന്നവധിയില്ല. അദ്വൈതചിന്തയിലാകട്ടെ ആത്മസാക്ഷാൽകാരമുണ്ടാകുന്നതോടുകൂടെ വിചാരക്ലേശം മാത്രമല്ല, ജന്മജരാമരണാദികളായ സൎവ്വാനൎത്ഥങ്ങളും അവസാനിക്കുന്നു. ആകയാൽ അദ്വൈതവിചാരം ക്ലേശാവഹമാണെന്നു തോന്നുന്നത് യുക്തമല്ല.

249. ക്ഷുത്പിപാസാദയോ ദൃഷ്ടാ യഥാപൂൎവ്വം മയീതിചേത്
മച്ഛബ്ദവാച്യേഹങ്കാരേ ദൃശ്യതാം നേതികോ വദേത്.

ക്ഷുൽപിപാസാദയഃ=വിശപ്പ്, ദാഹം മുതലായവ. മയിയഥാപൂൎവ്വം ദൃഷ്ടാഃ=എന്നിൽ മുമ്പേത്തെപ്പോലെ കാണപ്പെടുന്നു. ഇതിചേത് മച്ഛബ്ദവാച്യ അഹങ്കാരേ ദൃശ്യതാം=എന്നാണെങ്കിൽ ഞാൻ എന്ന ശബ്ദത്തിന്റെ വാച്യാൎത്ഥമായ അഹങ്കാരത്തിൽ കണ്ടുകൊൾക. ന ഇതികഃവദേത്=അല്ലെന്ന് ആർ പറയും.

ആത്മതത്വസാക്ഷാൽകാരം സിദ്ധിച്ച എന്നിൽ വിശപ്പ് ദാഹം മുതലായ ദുഃഖങ്ങൾ മുമ്പത്തെപ്പോലെയുള്ളതുകൊണ്ടു് അദ്വൈതസാക്ഷാൽകാരത്താൽ സൎവ്വാനൎത്ഥങ്ങളും നശിക്കുമെന്നതിനെ സമ്മതിപ്പാൻ തരമില്ലെന്നാണ് ശങ്കയെങ്കിൽ ആ ദുഃഖം ആരിൽ കാണപ്പെടുന്നു? ഞാനെന്ന ശബ്ദത്തി

ൻെറ വാച്യാൎത്ഥമായ അഹങ്കാരത്തിൽ കണ്ടുകൊൾക. ലക്ഷ്യാൎത്ഥമായ കൂടസ്ഥചൈതന്യം അസംഗവും അവിഷയവുമായതുകൊണ്ട് ദുഃഖവ്യാപ്തിക്കവകാശമില്ല. വിശപ്പ് ദാഹം എന്നിവ അഹങ്കാരത്തിന്നാണെന്നു സാരം. വിശപ്പ് ദാഹം എന്നിവ ഇല്ലെന്നാർ പറയും.

250. ചിദ്രൂപേപി പ്രസജ്യേരം സ്താദാത്മ്യാധ്യാസതോ യദി
മാധ്യാസം കുരു കിന്തുത്വം വിവേകം കുരു സൎവ്വദാ.

താദാത്മ്യാധ്യാസതഃ=താദാത്മ്യാധ്യാസം നിമിത്തം. ചിദ്രൂപേ അപിപ്രസജ്യേരൻ യദി=ചിദ്രൂപത്തിലും പ്രസക്തിയുണ്ടാകുമെങ്കിൽ. ത്വം അധ്യാസം മാകുരു=നീ അധ്യാസത്തെ ചെയ്യേണ്ട. കിന്തുസൎവ്വദാ വിവേകംകുരു=പിന്നെയെന്തു ചെയ്യേണമെന്നാൽ എപ്പോഴും തിരിച്ചറിഞ്ഞാലും.

അഹങ്കാരത്തിൽ ബാധിക്കുന്ന ക്ഷുൽപിപാസാദികൾ താദാത്മ്യാധ്യാസം നിമിത്തം ജ്ഞാനസ്വരൂപമായ ആത്മാവിനേയും സ്പൎശിക്കുമെല്ലൊ എന്നു ശങ്കിക്കുന്നുവെങ്കിൽ താദാത്മ്യാധ്യാസത്തെ ചെയ്യേണ്ട. അഹങ്കാരത്തോടു സംബന്ധപ്പെടാത്ത ആത്മാവായിത്തന്നെ ഇരുന്നുകൊൾക. അവിവേകമാണ് അധ്യാസകാരണം. വിവേകത്താൽ അവിവേകത്തെ നശിപ്പിക്കുക.

251. ഝടിത്യധ്യാസ ആയാതി ദൃഢവാസനയേതി ചേത്
ആവൎത്തയേദ്വിവേകംച ദൃഢം വാസയിതും സദാ.

ദൃഢവാസനയാ=ഉറപ്പേറിയ വാസനനിമിത്തം അധ്യാസഃ ഝടിതിആയാതി ഇതിചേത്=അധ്യാസം പെട്ടെന്നു വരുന്നുവെങ്കിൽ. വിവേകംച ദൃഢംവാസയിതും=വിവേകത്തെയും ദൃഢവാസനയാക്കുവാൻ. സദാ ആവൎജ്ജയേത്=എപ്പോഴും ആവൎത്തിക്കേണം.

അനാദിവാസനാബലത്താൽ അധ്യാസം അറിയാതെതന്നെ വന്നുചേരുന്നുവെങ്കിൽ വിവേകത്തേയും അതുപോലെ ബലപ്പെടുത്തുവാൻ അഭ്യസിക്കേണം. അതല്ലാതെ മറെറാരുപായവുമില്ല.

252. വിവേകേ ദ്വൈതമിഥ്യാത്വം യുക്ത്യൈവേതി നഭണ്യതാം
അചിന്ത്യരചനാത്വസ്യാനുഭൂതിൎഹി സ്വസാക്ഷികീ.

വിവേകേദ്വൈതമിഥ്യാത്വം=വിവേകത്തിൽ ദ്വൈതത്തിൻെറ മിഥ്യാഭാവം. യുക്ത്യാ ഏവഇതി=യുക്തികൊണ്ട് മാത്രമാണെന്ന്. ന ഭണ്യതാം=പറയരുത്. അചിന്ത്യരചനാത്വസ്യ=അചിന്ത്യരചനാഭാവത്തിൻെറ. അനുഭൂതിഃ=അനുഭവം. സ്വസാക്ഷികീഹി=സ്വയം സാക്ഷിയല്ലെയൊ?

വിവേകത്താലുണ്ടാകുന്ന ദ്വൈതമിഥ്യാജ്ഞാനം യുക്തികൊണ്ടു മാത്രം ഉണ്ടാകുന്നതാകയാൽ ബലപ്പെടുവാൻ വിഷമമാണെന്നു പറവാനൊരുങ്ങേണ്ട. എന്തുകൊണ്ടെന്നാൽ ദ്വൈതത്തിൻെറ രചന, വിചാരസഹമല്ലെന്നുള്ളത് സ്വാനുഭവമാകയാൽ മിത്ഥ്യാത്വം യുക്തിസിദ്ധമാണെന്നിങ്ങിനെ വരും.

253. ചിദപ്യചിന്ത്യരചനാ യദി തൎഹ്യസ്തു നോവയം
ചിതിം സുചിന്ത്യരചനാം ബ്രൂമോ നിത്യത്വകാരണാത്.

ചിത്അപി അചിന്ത്യരചനായദി=ചിത്തും അചിന്ത്യരചനയാണെങ്കിൽ തൎഹിഅസ്തു=എന്നാൽ അങ്ങിനെയാകട്ടെ. ചിതിം സുചിന്ത്യരചനാം=ചിത്തിനെ സുചിന്ത്യരചനയായിട്ടു. വയം നബ്രൂമഃ=ഞങ്ങൾ പറയുന്നില്ല. നിത്യത്വകാരണാത്=നിത്യത്വം എന്ന കാരണത്താൽ.

അചിന്ത്യരചനാത്വലക്ഷണം ദ്വൈതത്തിന്നു മാത്രമല്ല ചിത്തും അചിന്ത്യരചനാംതന്നെയെന്നു ശങ്കിക്കുന്നുവെങ്കിൽ അതിനെ ഞങ്ങൾ സമ്മതിക്കുന്നു. ചിത്ത് വിശേഷണ വിചാരിക്കത്തക്ക സൃഷ്ടിപദാൎത്ഥമാണെന്നു വേദാന്തികളായ ഞങ്ങൾ പറയുന്നില്ല എന്നാൽ ആ കാരണത്താൽ ദ്വൈതമെന്നപോലെ ചിത്ത് മിഥ്യയല്ല. എന്തുകൊണ്ടെന്നാൽ ചിത്തിന്നു നിത്യത്വമുണ്ട്. അതുകൊണ്ടതു ചിന്ത്യമല്ലെന്നും സിദ്ധിക്കും.

254. പ്രാഗഭാവോ നാനുഭൂതശ്ചിതേ ൎന്നിത്യാ തതശ്ചിതിഃ
ദ്വൈതസ്യ പ്രാഗഭാവസ്തു ചൈതന്യേനാനുഭൂയതേ.

ചിതേഃ പ്രാഗഭാവഃ=ചിത്തിൻെറ പ്രാഗഭാവം. ന അനുഭൂതഃ=അനുഭവപ്പെടുന്നില്ല. തതഃ ചിതിഃ നിത്യാ=അതുകൊണ്ടു ചിത്ത് നിത്യയാകുന്നു. ദ്വൈതസ്യ പ്രാഗഭാവഃതു=ദ്വൈതത്തിൻെറ പ്രാഗഭാവമോ. ചൈതന്യേന അനുഭൂയതേ=ചൈതന്യത്താൽ അനുഭവിക്കപ്പെടുന്നു.

ചിത്ത് നിത്യമാണെന്നു പറവാൻ കാരണമെന്തെന്നാൽ ചിത്തിനു പ്രാഗഭാവം ഉണ്ടെന്നതിനു സാക്ഷിയില്ല. ഉൽപത്തിക്കുമുമ്പേ ഇല്ലാതിരിക്കുകയെന്നതാണ് പ്രാഗഭാവം. എതുകാലത്തും ഉള്ളതായതുകൊണ്ടു ചിത്തിനുൽപത്തിയോ അതിനുമുമ്പെ ഇല്ലായ്മയോ ഉണ്ടെന്നതിനു സാക്ഷിയില്ല. ദ്വൈതത്തിന്റെ പ്രാഗഭാവമാകട്ടെ നിത്യവും സുഷുപ്തിയിൽ ചൈതന്യം അനുഭവിച്ചറിയുന്നു. സുഷുപ്തികാലത്തിൽ ആത്മാവിനെക്കൂടാതെ മറ്റൊന്നുമുണ്ടായിരുന്നില്ല എന്നു ഉണർന്നപ്പോഴോ ഓർക്കുന്നുണ്ട്. അതുകൊണ്ടു ദ്വൈതത്തിനു പ്രാഗഭാവം ഉള്ളതിനാൽ നിത്യത്വമില്ല "തമസഃ സാക്ഷീ സ്വപ്നസ്യ സാക്ഷീ" അജ്ഞാനത്തിനും സ്വപ്നത്തിനും സാക്ഷിയാണ് ചിത്തെന്നു ശ്രുതിയുണ്ട്. ചിത്തിനു പ്രാഗഭാവമില്ലാത്തതിനാൽ നിത്യത്വമുണ്ട്.

255\. പ്രാഗഭാവയുതം ദ്വൈതം രച്യതേ ഹി ഘടാദിവത്
തഥാപി രചനാചിന്ത്യാ മിഥ്യാ തേനേന്ദ്രജാലവത്.

ദ്വൈതം പ്രാഗഭാവയുതം=ദ്വൈതം പ്രാഗഭാവത്തോടുകൂടിയതാകുന്നു. ഹി ഘടാദിവത് രച്യതേ=എന്തുകൊണ്ടെന്നാൽ ഘടാദികളെന്നപോലെ ഉണ്ടാക്കപ്പെടുന്നതാകുന്നു. തഥാപി രചനാ അചിന്ത്യാ=അങ്ങിനെയാണെങ്കിലും രചന അചിന്ത്യയാകുന്നു. തേന ഇന്ദ്രജാലവത് മിഥ്യാ=അതുകൊണ്ട് ഇന്ദ്രജാലമെന്നപോലെ മിഥ്യയാകുന്നു.

ദ്വൈതത്തിനു മിഥ്യാത്വലക്ഷണം സമ്പൂർണ്ണമായിട്ടുണ്ടെന്നു കാണിക്കുന്നു:— ദ്വൈതം ഉൽപത്തിക്കുമുമ്പേ ഇല്ലാത്തതുകൊണ്ടു പ്രാഗഭാവത്തോടു കൂടിയതാണ്. ഉൽപത്തിക്കുമുമ്പേ ഇല്ലാത്തതായ ഘടാദിവസ്തുക്കൾ നിർമ്മിക്കപ്പെടുന്നതുപോലെ ദ്വൈതവും നിർമ്മിക്കപ്പെടുന്നതാകുന്നു. എന്നുമാത്രമല്ല നിർമ്മാണരീതി ചിന്തിപ്പാൻ കഴിയുന്നവിധത്തിൽ ഇരിക്കുന്നതുമല്ല. അതുകൊണ്ടു ഐന്ദ്രജാലികൻ കാട്ടുന്ന ഗോപുരം മുതലായവയെപ്പോലെ ദ്വൈതം മിഥ്യയാകുന്നു. പ്രാഗഭാവത്തോടുകൂടെ വിചാരസഹമല്ലാത്ത രചനയും ഉണ്ടെന്നു വരുമ്പോളാണ് മിഥ്യാത്വം നിശ്ചയിക്കപ്പെടുന്നതെന്നു താൽപര്യം. ദ്വൈതത്തിൽ അതു രണ്ടുമുള്ളതിനാൽ ദ്വൈതം മിഥ്യയാണെന്നു സിദ്ധാന്തം.

256\. ചിൽപ്രത്യക്ഷാ തതോഽന്യസ്യ മിഥ്യാത്വം ചാനുഭൂയതേ
നാദ്വൈതമപരോക്ഷം ചേത്യേതന്നവ്യാഹതംകഥം.

ചിത് പ്രത്യക്ഷാ=ചിത്ത് പ്രത്യക്ഷയാണ്. തതഃ അന്യസ്യ മിഥ്യാത്വം=അതിൽനിന്നന്യമായതിന്റെ മിഥ്യാഭാവം. അനുഭൂയതേ ച=അനുഭവിക്കപ്പെടുകയും ചെയ്യുന്നു. അദ്വൈതം അപരോക്ഷം ന ച=അദ്വൈതം അപരോക്ഷവുമല്ല ഇതി ഏതത് കഥം ന വ്യാഹതം=എന്ന ഇത് എങ്ങിനെ വ്യാഹതമാകയില്ല.

അദ്വൈതം അപരോക്ഷമല്ല എന്ന വാദത്തിൽ വ്യാഘാതദോഷം ഉണ്ടെന്നു കാണിക്കുന്നു. ചിത്ത് പ്രത്യക്ഷയാണ് ചിത്തിൽനിന്നന്യമായ ദ്വൈതം മിഥ്യയാണെന്നു ചിത്തുതന്നെ അനുഭവിച്ചറിയുന്നു. അങ്ങിനെയിരിക്കെ അദ്വൈതം അനുഭവത്തിനു വിഷയമല്ല എന്ന വാദം വ്യാഹതമാണെന്നു വരാതിരിക്കുന്നതെങ്ങിനെ. വ്യാഹതംതന്നെയെന്നു സാരം.

257\. ഇത്ഥം ജ്ഞാത്വാപ്യസന്തുഷ്ടാഃ കേചിത് കുത ഇതീര്യതാം
ചാർവ്വാകാദേഃ പ്രബുദ്ധസ്യാപ്യാത്മാ ദേഹഃ കുതോ വദ

ഇത്ഥം ജ്ഞാത്വാ അപി=ഇപ്രകാരം അറിഞ്ഞിരുന്നിട്ടും. കേചിത് അസന്തുഷ്ടാഃ കുതഃ=ചിലർ സന്തുഷ്ടരല്ലാത്തത് എന്തുകൊണ്ട്. ഇതി ഈര്യതാം=എന്നു പറഞ്ഞാൽകൊള്ളാം. പ്രബുദ്ധസ്യ അപി=ഊഹാപോഹസമർത്ഥനായിരുന്നിട്ടും. ചാർവ്വാകാദേഃ=ചാർവ്വാകൻ മുതലായവർക്ക്. ദേഹഃ ആത്മാ=ദേഹമാണ് ആത്മാവെന്നത്. കുതഃ വദ=എന്തുകൊണ്ടാണ് പറഞ്ഞാലും.

മേൽകാണിച്ച വിധത്തിൽ വേദാന്താർത്ഥം അറിഞ്ഞിരിക്കുന്നവരിലും ചിലർ വിശ്വാസമുള്ളവരായിരിക്കാത്തതിനു കാരണമെന്താകുന്നുവെന്നുവാദി ചോദിക്കുന്നു. അതിനു സമാധാനം പറവാൻ ഭാവിക്കുന്ന സിദ്ധാന്തി, വാദിയോടും ഒന്നു ചോദിക്കുന്നു ചോദ്യത്തിനുത്തരം മറ്റൊരു ചോദ്യം എന്ന നിലയിലാണ് ഈ ചോദ്യം. ഊഹാപോഹകുശലന്മാരായ ചാർവ്വാകന്മാരും മറ്റും ദേഹംതന്നെ ആത്മാവെന്നു വിചാരിക്കാൻ എന്തു കാരണം എന്ന് നിങ്ങളും പറഞ്ഞാൽ കൊള്ളാം. ചാർവ്വാകന്മാർക്കു ബുദ്ധിയില്ലെന്നു വരുന്നില്ല. ഖണ്ഡനത്തിലും മറ്റും അവർക്കു സാമർത്ഥ്യമുണ്ട്.

258\. സമ്യഗ്വിചാരോ നാസ്ത്യസ്യ ധീദോഷാദിതി ചേത്തഥാ
അസന്തുഷ്ടാസ്തു ശാസ്ത്രാർത്ഥം നൈവേക്ഷന്തേ വിശേഷതഃ.

ധീദോഷാത് അസ്യ=ബുദ്ധിദോഷംനിമിത്തം ഇതിന്റെ. സമ്യഗ് വിചാരഃ നാസ്തി=വേണ്ടപോലെ വിചാരം ഇല്ല. ഇതിചേത് തഥാ=എന്നാണെങ്കിൽ അപ്രകാരംതന്നെ. അസന്തുഷ്ടാഃ തു=സന്തോഷിക്കാതിരിക്കുന്നവരോ. ശാസ്ത്രാർത്ഥം വിശേഷതഃ നതു ഐക്ഷന്ത=ശാസ്ത്രാർത്ഥത്തെ വേണ്ടവിധം കണ്ടിട്ടേയില്ല.

ബുദ്ധിക്കു ശുദ്ധിയില്ലാത്തതുകൊണ്ടു വേണ്ടുംവിധം വിചാരം ചെയ്യാത്തതുകൊണ്ടായിരിക്കാം ചാർവ്വാകന്മാർ ദേഹത്തെ ആത്മാവെന്നു കരുതുന്നത് എങ്കിൽ അതങ്ങിനെയാകട്ടെ. ചിലർക്കു സന്തോഷമുണ്ടാകാതിരിക്കാനും കാരണം അവരും ശാസ്ത്രാർത്ഥം വേണ്ടവിധം അറിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ സന്തോഷമുണ്ടാകാതിരിക്കുന്നത്.

259\. യദാ സർവേ പ്രമുച്യന്തേ കാമാ യേഽസ്യ ഹൃദിശ്രിതാഃ
ഇതിശ്രൌതം ഫലം ദൃഷ്ടം നേതിചേത് ദൃഷ്ടമേവതത്

അസ്യഹൃദിശ്രിതാഃ=ഇവന്റെ ഹൃദയത്തിലുള്ള. യേ സർവ്വേ കാമാഃ=ഏതെല്ലാം കാമങ്ങളോ അവയെല്ലാം. യദാ പ്രമുച്യന്തേ=എപ്പോൾ തീരെയില്ലാതാകുന്നുവോ. ഇതി ശ്രൌതം ഫലം=എന്ന ശ്രുതി പറഞ്ഞ ഫലം. ദൃഷ്ടം ന ഇതിചേത്=അനുഭവപ്പെടുന്നില്ലെന്നു ശങ്കിക്കുന്നുവെങ്കിൽ. തത് ദൃഷ്ടം ഏവ=അങ്ങിനെ ശങ്കിക്കേണ്ട അതു് അനുഭവപ്പെട്ടതുതന്നെ.

മേൽകാണിച്ച രീതിയിൽ തത്വം ഉറപ്പിച്ചശേഷം ആ തത്വജ്ഞാനഫലത്തെ സ്ഥാപിപ്പാൻ ഫലനിർണയം ചെയ്യുന്ന ശ്രുതിയെ കാണിക്കുന്നു:—"അഥമർത്ത്യോഽമൃതോ ഭവത്യത്ര ബ്രഹ്മ സമശ്നുതേ" അനന്തരം മരണമുള്ളവനെന്നു വിചാരിച്ചിരുന്ന മുമുക്ഷു മരണത്തെ അതിക്രമിച്ചിരിക്കുന്ന സത്യമായ ബ്രഹ്മംതന്നെ താനെന്നനുഭവിച്ചറിയുന്നു. ഇതാണ് തത്വജ്ഞാനഫലം. എന്നാൽ ഈ അനുഭവമുണ്ടാകുന്നതെപ്പോൾ എന്ന ചോദ്യത്തിന്നു പറയുന്ന സമാധാനം:—ഈ മുമുക്ഷുവിന്റെ ഹൃദയത്തിലുള്ള വിഷയാശകളെല്ലാം തത്വജ്ഞാനബലത്താൽ എപ്പോൾ മൂലത്തോടുകൂടെ നശിക്കുന്നുവോ അപ്പോൾ —ഈ ദേഹമുള്ളപ്പോൾതന്നെ—ദേഹാതീതവും വിഷയാതീതവും ആയ ബ്രഹ്മാനന്ദാനുഭവമുണ്ടാകും എന്നാണ് ശ്രുതിയുടെ പൂർവ്വാർദ്ധത്തിലെ സാരം. അങ്ങിനെയാണെങ്കിൽ ശബ്ദത്തിൽ മാത്രമാണ് ബ്രഹ്മാനന്ദം അനുഭവത്തിൽ വരുന്നില്ല എന്നും ശങ്കിക്കേണ്ട. തത്വവിചാരബലത്താൽ കാമങ്ങൾ നശിച്ചിരിക്കുന്ന മഹാത്മാക്കൾ ആ ബ്രഹ്മാനന്ദരസം അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ്. ഹൃദയത്തെ പരിശോധിക്കേണം. കാമമുണ്ടെന്നു കണ്ടാൽ ബ്രഹ്മത്തെ കൂടാതെ വസ്ത്വന്തരമില്ലെന്നുള്ള ദൃഢഭാവനയാൽ കാമങ്ങളെ അതിക്രമിക്കുവാൻ സാധിക്കുന്നതുവരെ തത്വവിചാരം ആവശ്യമാണെന്നു സിദ്ധാന്തം.

260\. യദാ സർവ്വേ പ്രഭിദ്യന്തേ ഹൃദയഗ്രന്ഥയസ്ത്വിതി
കാമാഗ്രന്ഥിസ്വരൂപേണ വ്യാഖ്യാതാ വാക്യശേഷതഃ.

യദാ സർവ്വേ ഹൃദയഗ്രന്ഥയഃ തു=എപ്പോൾ സർവ്വങ്ങളായ ഹൃദയഗ്രന്ഥികൾ. പ്രഭിദ്യന്തേ ഇതി=വേരററുപോകുന്നുവോ എന്ന്. വാക്യശേഷതഃ=വാക്യശേഷത്താൽ. കാമാഃ ഗ്രന്ഥിസ്വരൂപേണ വ്യാഖ്യാതാഃ=കാമങ്ങൾ ഗ്രന്ഥിസ്വരൂപമായിട്ടു വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

ബ്രഹ്മാനന്ദാനുഭവത്തെ സ്പഷ്ടമാക്കുവാൻ ശ്രുതിവാക്യശേഷത്തെ എടുത്തുകാണിച്ച് അതിന്റെ അർത്ഥം പറയുന്നു:—എപ്പോൾ ഇവന്റെ (മുമുക്ഷുവിന്റെ) ഹൃദയഗ്രന്ഥികളെല്ലാം വേരോടുകൂടെ അററുപോകുന്നുവോ:—മൂലാജ്ഞാനസഹിതം നശിക്കുന്നുവോ—അപ്പോൾ അമൃതത്വം അനുഭവപ്പെടുന്നുവെന്നർത്ഥമുള്ള ശ്രുതിവാക്യശേഷത്തിൽ കാമങ്ങളെ ഗ്രന്ഥികളായിട്ടു വ്യാഖ്യാനിച്ചിരിക്കുന്നു. ഗ്രന്ഥികൾ എന്ന വാക്കിന്നു വിടർത്താൻ പ്രയാസമുള്ള ബന്ധങ്ങളെന്നർത്ഥം. കാമങ്ങളാണ് ജീവാത്മാവിനെ സംസാരത്തിൽ ബലമായി ബന്ധിച്ചിരിക്കുന്നത്. ആ കെട്ടുപൊട്ടിപ്പോയെങ്കിൽ മോക്ഷമായി. എന്നാണ് ശ്രുതിസിദ്ധാന്തം. അഹങ്കാരത്തിൽ ചിദാത്മാവിനെ അദ്ധ്യസിക്കുന്നതുകൊണ്ടാണ് കാമങ്ങളുണ്ടാകുന്നത്. ആ അദ്ധ്യാസം തത്വവിചാരത്താൽ നശിക്കുമ്പോൾ കാമങ്ങളും നശിക്കും. അപ്പോൾ ബ്രഹ്മാനന്ദം അനുഭവപ്പെടും. കാമനിവൃത്തി വന്നാൽ ജ്ഞാനഫലം അനുഭവപ്പെടാവുന്നതുതന്നെയെന്നു സാരം.

261\. അഹങ്കാരചിദാത്മാനാവേകീകൃത്യാവിവേകതഃ
ഇദം മേസ്യാദിദം മേസ്യാദിതീച്ഛാഃ കാമശബ്ദിതാഃ.

അഹംകാരചിദാത്മാനൌ=അഹങ്കാരത്തെയും ചിദാത്മാവിനേയും. അവിവേകതഃ ഏകീകൃത്യ=അവിവേകംനിമിത്തം ഒന്നാക്കീട്ടു. ഇദം മേസ്യാത് ഇദം മേസ്യാത്=ഇതെനിക്കുണ്ടാകേണം ഇതെനിക്കുണ്ടാകേണം. ഇതിഇച്ഛാഃ=എന്ന ഇച്ഛകൾ. കാമശബ്ദിതാഃ=കാമങ്ങളെന്നു പറയപ്പെടുന്നു.

കാമമെന്ന വാക്കിനു ഇച്ഛയെന്നു മാത്രമല്ലേ ലൌകികാൎത്ഥം. അതിനെ ഗ്രന്ഥിയെന്നെങ്ങിനെ പറയും എന്നുള്ള ആകാംക്ഷക്കു സമാധാനം:—അഹങ്കാരത്തെയും ചിദാത്മാവിനേയും വേർതിരിച്ചറിയാതെ ഒന്നായിട്ടു കാണുന്നതായ അധ്യാസംനിമിത്തമാണ് ഇച്ഛയുണ്ടാകുന്നത്. അതിനെയാണ് കാമം എന്നവാക്കു കാണിക്കുന്നത്. നിത്യതൃപ്തനും ആനന്ദസ്വരൂപനുമായ ആത്മാവിൽ അഹങ്കാരത്തെ ആരോപിച്ചതുകൊണ്ട് ഇതെനിക്കുണ്ടാകേണം ഇതെനിക്കുണ്ടാകേണം എന്ന ഇച്ഛയുണ്ടാകുന്നു. അതുകൊണ്ടു തിനെ ഗ്രന്ഥിയെന്നു പറയുന്നു. വെറും ആശയല്ലകാമശബ്ദാൎത്ഥം ചിദാത്മാവിനെ അഹങ്കാരത്തിൽനിന്നു വേർതിരിച്ചറിയായ്കനിമിത്തമുള്ള ഇച്ഛയാണ് കാമം.

262. അപ്രവേശ്യ ചിദാത്മാനം പൃഥക് പശ്യന്നഹംകൃതിം

ഇച്ഛംസ്തു കോടിവസ്തൂനി ന ബാധോ ഗ്രന്ഥിഭേദതഃ.

ചിദാത്മാനം അപ്രവേശ്യ=ചിദാത്മാവിനെ പ്രവേശിപ്പിക്കാതെയും. അഹംകൃതി പൃഥക് പശ്യൻ= അഹങ്കാരത്തെ വേർതിരിച്ചുകണ്ടും. കോടിവസ്തൂനി ഇച്ഛൻ=കോടിവസ്തുക്കളെ ഇച്ഛിക്കുന്നതായാലും. ഗ്രന്ഥിഭേദതഃ=ബന്ധം അററുപോയതുകൊണ്ടു. നബാധകഃ=ബാധമില്ല.

അഹങ്കാരത്തിൽ ചിദാത്മാവിനെ പ്രവേശിപ്പിക്കാതെയും അഹംകാരത്തെ വേർതിരിച്ചു കണ്ടുകൊണ്ടു എത്രയധികം വസ്തുക്കളെ ഇച്ഛിക്കുന്നതായാലും ബന്ധമില്ല. ചിദാത്മാവോടു സംബന്ധമില്ലാത്ത അഹങ്കാരത്തിന്റെ ഇച്ഛകൾ ബന്ധഹേതുക്കളാകുന്നില്ല രണ്ടിനേയും ഒന്നായിട്ടു കാണുമ്പോളാണ് ഇച്ഛകൾ ബന്ധഹേതുക്കളാകുന്നത്. അതുതന്നെയാണ് ഗ്രന്ഥി. സാക്ഷിചൈതന്യം ഇച്ഛാതീതം എന്നറിവാനാൽ ജ്ഞാനത്തിന്നു തടസ്ഥമില്ല അതുതന്നെ മോക്ഷം എന്നത്.

263. ഗ്രന്ഥിഭേദേപി സംഭാവ്യാ ഇച്ഛാഃ പ്രാരബ്ധദോഷതഃ

ബുദ്ധ്വാപി പാപബാഹുല്യാദസന്തോഷോ യഥാതവ.

ഗ്രന്ഥിഭേദേഅപി=ഗ്രന്ഥിഭേദം സംഭവിച്ചിരുന്നാലും. പ്രാരബ്ധദോഷതഃ=പ്രാരബ്ധദോഷംനിമിത്തം. ഇച്ഛാഃ സംഭാവ്യാഃ-ഇച്ഛകൾ ഉണ്ടാകാവുന്നവതന്നെ. ബുദ്ധ്വാ അപി=അറിഞ്ഞിരുന്നിട്ടുംകൂടി. പാപബാഹുല്യാൽ=പാപാധിക്യംനിമിത്തം. അസന്തോഷഃ=സന്തോഷമില്ലായ്മയും ഉണ്ടാകാം. യഥാതവ= അങ്ങെക്കെന്നപോലെ.

വിവേകംനിമിത്തം ഗ്രന്ഥിയററുപോയിരുന്നാൽകൂടെ പ്രാരബ്ധകൎമ്മദോഷം നിമിത്തം ഇച്ഛകളും തന്നിമിത്തം അസന്തോഷവും ഉണ്ടാവുന്നവതന്നെ. അറിഞ്ഞിരുന്നിട്ടും അങ്ങിനെ വരുമോ എന്നു ശങ്കിക്കേണ്ട. പൂൎവ്വവാദിയായ അങ്ങ് അറിഞ്ഞിരുന്നിട്ടും സന്തുഷ്ടനായിരിക്കുന്നില്ലല്ലോ. അതുപോലെ മററുചിലരും ഉണ്ടായിക്കൂടെന്നില്ല.

264. അഹംകാരഗതേച്ഛാദ്യൈർദ്ദേഹവ്യാധ്യാദിഭിസ്തഥാ

വൃക്ഷാദിജന്മനാശൈർവ്വാ ചിദ്രൂപാത്മനി കിംഭവേത്.

യഥാ ദേഹവ്യാധ്യാദിഭിഃ=ഏതുവിധമോ ദേഹത്തിൽ വരുന്ന വ്യാധി മുതലായവയാലും. വൃക്ഷാദിജന്മനാശൈഃവാ=വൃക്ഷാദികളുടെ ജന്മനാശാദികളാലും. ചിദ്രൂപാത്മനി=ചിൽസ്വരൂപനായ ആത്മാവിൽ ഹാനിയില്ലയോ, തഥാ അഹംകാരഗതേച്ഛാദ്യൈഃ=അഹങ്കാരത്തിൽ വ്യാപിച്ച ഇച്ഛ മുതലായവയാൽ. ചിദ്രൂപാത്മനി=ചിൽസ്വരൂപനായ ആത്മാവിൽ. കിംഭവേത്=എന്തുഭവിക്കും.

ദേഹത്തിലുണ്ടാകുന്ന വ്യാധി മുതലായവകൊണ്ടോ വൃക്ഷാദികളുടെ ജന്മനാശങ്ങൾകൊണ്ടോ ഏതുവിധമോ സാക്ഷിയായ ചിദാത്മാവിന്ന് ഹാനിതട്ടാതിരിക്കുന്നത് അതുപോലെതന്നെ അഹംകാരത്തിലുണ്ടാകുന്ന ഇച്ഛാദികൾകൊണ്ടും ചിൽസ്വരൂപനായ ആത്മാവിന്ന് ഹാനിയുണ്ടാകയില്ല

265. ഗ്രന്ഥിഭേദാൽ പുരാപ്യേവ മിതിചേത്തന്നവിസ്മര

അയമേവ ഗ്രന്ഥിഭേദസ്തവ തേന കൃതീ ഭവാൻ.

ഗ്രന്ഥിഭേദാത് പുരാഅപി=ഗ്രന്ഥിഭേദമുണ്ടാകുന്നതിന്നു മുമ്പും. ഏവം ഏവ ഇതിചേത്=ഇപ്രകാരം തന്നെയെങ്കിൽ. തംന വിസ്മര=അതിനെ അങ്ങുന്ന് മറന്നുകളയേണ്ട. അയം ഏവതവ ഗ്രന്ഥിഭേദഃ= ഇതുതന്നെ അങ്ങയുടെ ഗ്രന്ഥിഭേദം. തേനഭവാൻ കൃതീ=അതുകൊണ്ട് ഭവാൻ കൃതാൎത്ഥൻ.

ചിദാത്മാവിന്റെ അസംഗത്വം ഇപ്പോൾ വിവരിച്ച രീതിയിലാണെങ്കിൽ ഗ്രന്ഥിഭേദം ഉണ്ടാകുന്നതിന്നു മുമ്പിലും ഇതേവിധംതന്നെയല്ലേയോ? ഗ്രന്ഥിഭേദംനിമിത്തം എന്തുവിശേഷവിധിയാണുണ്ടാ

യത് എന്നാണ് ചോദ്യമെങ്കിൽ ആ ഭേദം മറക്കാതിരിക്കട്ടെ. അജ്ഞാനാവസ്ഥയിലും ജ്ഞാനാവസ്ഥയിലും ചിൽസ്വരൂപമായ ആത്മാവിൽ ഭേദമൊന്നുമില്ലെന്നതു ദൃഢമായാൽ അതുതന്നെയാണ് ഗ്രന്ഥിഭേദം. ഈ ബോധത്താൽ ഭവാൻ കൃതാർത്ഥനായി.

266. നൈവം ജാനന്തി മൂഢാശ്ചേൽ സോയം ഗ്രന്ഥിർന്നചാപരഃ
ഗ്രന്ഥിതൽഭേദമാത്രേണ വൈഷമ്യം മൂഢബുദ്ധയോഃ.

മൂഢാഃ ഏവം നജാനന്തിചേത്=മൂഢന്മാർ ഇപ്രകാരം അറിയുന്നില്ലെങ്കിൽ. സഃഅയംഗ്രന്ഥിഃ=ആ ഇതുതന്നെ ഗ്രന്ഥിയെന്നു പറയപ്പെട്ടത്. നച അപരഃ=മറ്റൊന്നുമല്ല. മൂഢബുദ്ധയോഃ വൈഷമ്യം=മൂഢനും ബുദ്ധനും തമ്മിലുള്ള വ്യത്യാസം. ഗ്രന്ഥിതൽഭേദമാത്രേണ=ഗ്രന്ഥിയും അതിൻെറ നാശവും കൊണ്ടു മാത്രമാണ്.

ഇപ്രകാരമുള്ള ജ്ഞാനം മൂഢന്മാർക്കുണ്ടാകുന്നില്ലെങ്കിൽ അതുതന്നെയാണ് ഗ്രന്ഥിശബ്ദത്താൽ പറയപ്പെടുന്നത്. എന്നാൽ ജ്ഞാനികൾക്കും ഇച്ഛാദിദോഷങ്ങളുണ്ടാകാമെന്നു മുമ്പേ പറഞ്ഞില്ലയോ. അങ്ങിനെയാകുമ്പോൾ മൂഢനും ജ്ഞാനിക്കും തമ്മിൽ എന്തുഭേദം എന്നു ശങ്കിക്കുന്നുവെങ്കിൽ ഗ്രന്ഥിയുള്ളവൻ മൂഢൻ. അതില്ലാത്തവർ ജ്ഞാനി. ഇതുമാത്രമാണ് ജ്ഞാനിക്കും മൂഢനും തമ്മിലുള്ള വ്യത്യാസം.

267. പ്രവൃത്തൌവാ നിവൃത്തൌവാ ദേഹേന്ദ്രിയമനോധിയാം
ന കിഞ്ചിദപിവൈഷമ്യ മസ്ത്യജ്ഞാനിവിബുദ്ധയോഃ.

ദേഹേന്ദ്രിയമനോധിയാം=ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയുടെ. പ്രവൃത്തൌവാനിവൃത്തൌവാ=പ്രവൃത്തിയിലോ നിവൃത്തിയിലോ. അജ്ഞാനിവിബുദ്ധയോഃ=അജ്ഞാനിക്കും ജ്ഞാനിക്കും. വൈഷമ്യം കിഞ്ചിത് അപി ന അസ്തി=ഭേദം അല്പവുമില്ല.

ദേഹേന്ദ്രിയമനോബുദ്ധികൾ വ്യാപരിക്കുകയോ അടങ്ങിയിരിക്കുകയോ ചെയ്യുന്നതിൽ അജ്ഞാനികൾക്കും ജ്ഞാനികൾക്കും തമ്മിൽ വ്യത്യാസം ഒട്ടുമില്ല.

268. വ്രാത്യശ്രോത്രിയയോ ർവ്വേദപാഠാപാഠകൃതാഭിദാ
നാഹാരാദാവസ്തിഭേദഃ സോയം ന്യായോത്ര യോജ്യതാം

വ്രാത്യശ്രോത്രിയയോഃ ഭിദാ=വ്രാത്യനും ശ്രോത്രിയനും തമ്മിലുള്ള ഭേദം. വേദപാഠാപാഠകൃതാ=വേദപാഠം ഉണ്ടെന്നും ഇല്ലെന്നും ഉള്ള സംഗതിയാൽ കല്പിതയാകുന്നു. ആഹാരാദൌഭേദഃ നഅസ്തി=ആഹാരം മുതലായതിൽ ഭേദമില്ല. സഃ അയംന്യായഃ=ആ ഈ ന്യായം. അത്ര യോജ്യതാം=ഇവിടെ യോജിപ്പിച്ചുകൊൾക.

വ്രാത്യനും ശ്രോത്രിയനും തമ്മിൽ ഭേദം എങ്ങിനെയുണ്ടായി? വേദപാഠമില്ലാത്തവൻ വ്രാത്യൻ. വേദപാഠമുള്ളവൻ ശ്രോത്രിയൻ എന്നു മാത്രമാണ്. അവരുടെ ആഹാരാദികളിൽ യാതൊരു ഭേദവുമില്ല. ഈ ന്യായംതന്നെ ജ്ഞാനിയിലും അജ്ഞാനിയിലും കണ്ടുകൊൾക. 16 വയസ്സിനുള്ളിൽ പൂണുൽധരിച്ചു് വേദപാഠത്തിനാധികാരമില്ലാത്തവൻ വ്രാത്യൻ. ആ അധികാരമുള്ളവൻ ശ്രോത്രിയൻ എന്നു പറയപ്പെടുന്നു. ഗ്രന്ഥിയുള്ളവൻ അജ്ഞാനി. അതില്ലാത്തവൻ ജ്ഞാനി.

269. നദ്വേഷ്ടി സംപ്രവൃത്താനി നനിവൃത്താനി കാംക്ഷതി
ഉദാസീനവദാസീന ഇതിഗ്രന്ഥിഭിദോച്യതേ.

സംപ്രവൃത്താനിനദ്വേഷ്ടി=പ്രാപ്തകാര്യങ്ങളെ ദ്വേഷിക്കുന്നില്ല നിവൃത്താനി ന കാംക്ഷതി=വിട്ടുപോയതിനെ കാംക്ഷിക്കുന്നില്ല ഉദാസീനവത് ആസീനഃ=ഉദാസീനൻ എന്നപോലെ വർത്തിക്കുന്നു. ഇതിഗ്രന്ഥിഭിദാഉച്യതേ=ഇപ്രകാരമാണ് ഗ്രന്ഥിഭേദം പറയപ്പെട്ടിരിക്കുന്നത്.

ജ്ഞാനി ഗ്രന്ഥിയില്ലാത്തവനാണെന്നു കാണിപ്പാൻ ഗീത 14-ാം അദ്ധ്യായം 22—23 ശ്ലോകത്തിലെ വാക്യങ്ങളെ പ്രമാണമായിട്ടു ഉദാഹരിക്കുന്നു:—സംപ്രാപ്തങ്ങളായ ദുഃഖങ്ങളെ വെറുക്കുന്നില്ല; വിട്ടുപോയ സുഖങ്ങളെ കാംക്ഷിക്കുന്നതുമില്ല. ഉദാസീനനെപ്പോലെ ഇരിക്കുന്നതു യാതൊന്നോ ഇതാണ് ഗ്രന്ഥിഭേദമെന്നു പറയപ്പെടുന്നത്. ഒന്നിലും ഭാവഭേദമില്ലാത്തവനെന്നപോലെയിരിക്കുമ്പോൾ ഉദാസീനൻ എന്നു പറയുന്നു.

270. ഔദാസീന്യം വിധേയംചേത് വച്ഛബ്ദവ്യർത്ഥതാ തദാ
നശക്താഅസ്യദേഹാദ്യാ ഇതിചേദ്രോഗഏവസഃ.

ഔദാസീന്യം വിധേയം ചേത്=ഉദാസീനഭാവം സ്വീകാര്യമാണെങ്കിൽ. തദാ വച്ഛബ്ദ വ്യർത്ഥതാ=അ

പ്പോൾ. വത് എന്ന ശബ്ദത്തിന്നർത്ഥമില്ലെന്നു വരും. അസ്യ ദേഹാദ്യാഃ=ഇവന്റെ ദേഹം മുതലായവ. അശക്താഃ ഇതി ചേത്=അശക്തങ്ങളാണെങ്കിൽ. സഃ രോഗഃ ഏവ=അതു രോഗംതന്നെ.

മുകളിൽ ഉദാഹരിച്ച ഭഗവദുപദേശം ജ്ഞാനി ഉദാസീനനായിരിക്കേണ്ടതാണെന്നു കാണിക്കുന്ന വിധിവാക്യമാണെന്നു ശങ്കിക്കുന്നുവെങ്കിൽ അതു ശരിയല്ല ആ ശ്ലോകത്തിൽ. ഉദാസീനവത്=ഉദാസീനനെന്നപോലെ എന്നു കാണിക്കുന്ന വത് എന്ന ശബ്ദത്തിന്റെ അർത്ഥം ആലോചിക്കാനുള്ളതാണ്. അപ്പോൾ അത് വിധിപരമല്ല. സുഖദുഃഖാദികളെ ജ്ഞാനി ഗണിക്കുന്നില്ലെന്നേ അതിന്നർത്ഥമുള്ളൂ. ജ്ഞാനിയുടെ ശരീരേന്ദ്രിയാദികൾ അശക്തങ്ങളായതുകൊണ്ടു ദുഃഖങ്ങളെ നീക്കാനും സുഖം സമ്പാദിപ്പാനും പരിശ്രമിക്കുന്നില്ല. ഗ്രന്ഥിയററതുകൊണ്ടല്ല പരിശ്രമിക്കാത്തത് എന്നു ശങ്കിക്കുന്നുവെങ്കിൽ അതു ജ്ഞാനമല്ല. രോഗമാണ്.

271. തത്വബോധം ക്ഷയം വ്യാധിം മന്യന്തേ യേ മഹാധിയഃ
തേഷാം പ്രജ്ഞാതിവിശദാ കിം തേഷാം ദുഃശകം വദ.

യേ മഹാധിയഃ=യാതൊരു മഹാബുദ്ധിമാന്മാർ. തത്വബോധം=തത്വജ്ഞാനത്തെ. ക്ഷയം വ്യാധിംമന്യന്തേ=ക്ഷയരോഗമാണെന്നു വിചാരിക്കുന്നുവോ. തേഷാം പ്രജ്ഞാഅതിവിശദാ=അവരുടെ ബുദ്ധി അതിനിർമ്മലാ തേഷാംദുഃശകം=അവക്കു സാധിക്കാത്തത്. കിം വദ=എന്തിരിക്കുന്നു പറഞ്ഞാലും.

ആത്മസാക്ഷാൽകാരത്തെ ക്ഷയരോഗമാണെന്നു ഏതൊരു മഹാബുദ്ധിശാലികൾ വിചാരിക്കുന്നുവോ അവരുടെ ബുദ്ധി അതീവപരിശുദ്ധതന്നെ. അവക്കു സാധിക്കാത്തതെന്തിരിക്കുന്നു. തത്വജ്ഞാനത്തെ ക്ഷയരോഗമാണെന്നു സമർത്ഥിക്കാൻ കഴിയുന്നവക്ക് പിന്നെയെന്താണ് സാധിക്കാൻ കഴിയാത്തത് എന്ന് പരിഹാസോക്തി.

272. ഭരതാദേരപ്രവൃത്തിഃ പുരാണോക്തേതിചേത്തദാ
ജക്ഷൻ ക്രീഡൻ രതിം വിന്ദന്നിത്യശ്രൌഷീന്നകിം ശ്രുതിം.

ഭരതാദേഃഅപ്രവൃത്തിഃ=ഭരതൻ മുതലായവരുടെ പ്രവൃത്തിത്യാഗം. പുരാണോക്താഇതിചേത്=പുരാണത്തിൽ പറയപ്പെട്ടിരിക്കുന്നുവെന്നാണെങ്കിൽ. ജക്ഷൻക്രീഡൻ=ഭക്ഷിക്കുന്നവനും കളിക്കുന്നവനും. രതിം വിന്ദൻ=രതിയെ അനുഭവിക്കുന്നവനും. ഇതി ശ്രുതിം=എന്ന ശ്രുതിയെ, ന അശ്രൌഷീഃകിം=അങ്ങു കേട്ടിട്ടില്ലെയോ.

എന്തിനാണ് അസ്ഥാനത്തിൽ പരിഹസിക്കുന്നത്. ജഡഭരതൻ മുതലായവർ പ്രവൃത്തിസ്വഭാവമുള്ളവരായിരുന്നില്ല എന്നു പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നുവല്ലൊ എന്നാണ് വാദിക്കുന്നതെങ്കിൽ ജ്ഞാനി സാധാരണ ലോകരീതിയനുസരിച്ച് ഭക്ഷിച്ചും സ്നേഹിതന്മാരോടുകൂടെ കളിച്ചും പത്നിസമേതനായി രതിസുഖമനുഭവിച്ചുകൊണ്ടുമിരിക്കുമ്പോഴും ദേഹത്തെ സ്മരിക്കുന്നതെയില്ല എന്നർത്ഥമുള്ള ശ്രുതിയെ അങ്ങു കേട്ടിട്ടില്ലെയോ. അതുകൊണ്ട് അപ്രവൃത്തിയല്ല, ദേഹാദികളിൽ അഹങ്കാരമില്ലായ്മയാണ് ജ്ഞാനലക്ഷണം എന്നല്ലെയോ ശ്രുത്യഭിപ്രായം. "ജക്ഷൻക്രീഡൻ രമമാണസ്ത്രീഭിർവ്വായാനൈർവ്വാജ്ഞാതിഭിർവ്വാവയസ്യൈർവ്വാനോപജനം സ്മരന്നിദം ശരീരം" എന്നുള്ള ശ്രുതിയുടെ അർത്ഥമാണ് മേൽ കാണിച്ച ശ്ലോകം.

273. നഹ്യാഹാരാദി സന്ത്യജ്യ ഭരതാദ്യാഃ സ്ഥിതാഃ ക്വചിത്
കാഷ്ഠപാഷാണവത് കിന്തു സംഗഭീതാ ഉദാസതേ.

ഭരതാദ്യാഃ=ഭരതൻ മുതലായവർ. ആഹാരാദി സന്ത്യജ്യ=ആഹാരാദിയുപേക്ഷിച്ചിട്ടു ക്വചിൽ നഹിസ്ഥിതാഃ=ഒരു ദിക്കിലും ഇരുന്നവരല്ല. കിന്തുസംഗഭീതാഃ=പിന്നെയോയെന്നാൽ സംഗഭീതന്മാരായിട്ടു. കാഷ്ഠപാഷാണാദിവത്=കാഷ്ഠപാഷാണങ്ങളെന്നപോലെ. ഉദാസതേ=ഉദാസീനന്മാരായിരുന്നു.

എന്നാൽ പ്രമാണങ്ങളിൽ കാണുന്നതിന്നർത്ഥമെന്താണ് എങ്കിൽ അവർ ഉദാസീനന്മാരായിരുന്നുവെന്നു മാത്രം ധരിപ്പിക്കുന്നു. പ്രവൃത്തിവിമുഖന്മാരായിരുന്നുവെന്നർത്ഥമില്ല എന്തുകൊണ്ടെന്നാൽ ഭരതാദികൾ ആഹാരാദികളില്ലാതെ എല്ലാംവെടിഞ്ഞ് ഒരു ദിക്കിലും ഇരുന്നിട്ടില്ല. പിന്നെയോ പ്രാകൃതജനങ്ങളോടുള്ള ചേർച്ച കൂടാതെ കഴിപ്പാൻ ആത്മനിഷ്ഠന്മാരായിട്ടു കാഷ്ഠപാഷാണങ്ങളെന്നപോലെ ഇരുന്നുവെന്നു് കാണിക്കുന്നു. ഈ ശരീരത്തോടുള്ള ചേർച്ചകൂടാതെ ജീവന്മുക്തന്മാരായിരിപ്പാൻ കഴിവുള്ളവരായിരുന്നു. ആ മഹാത്മാക്കൾ എന്നാണതിൽനിന്നു ധരിക്കേണ്ടത്.

274. സംഗീഹിബാദ്ധ്യതേ ലോകേ നിഃസംഗഃ സുഖമശ്നുതേ
തേന സംഗഃ പരിത്യാജ്യഃ സർവ്വദാ സുഖമിച്ഛതാ.

ലോകേ സംഗീ=ലോകത്തിൽ സംഗമുള്ളവൻ. ബാധ്യതേഹി=ബാധിക്കപ്പെടുന്നുവെല്ലൊ. നിഃ സംഗഃ സുഖം അശ്നുതേ=സംഗഹീനൻ സുഖമനുഭവിക്കുന്നു. തേനസുഖം ഇച്ഛതാ=അതുകൊണ്ടു സുഖം ഇച്ഛിക്കുന്നവനാൽ. സർവ്വദാ സംഗഃ പരിത്യാജ്യഃ=എപ്പോഴും സംഗം പരിത്യജിക്കപ്പെടേണ്ടതാകുന്നു.

എല്ലാം പ്രവൃത്തിക്കുവാൻ ശക്തനായ ജ്ഞാനി സംഗത്തെ എന്തിനായുപേക്ഷിക്കുന്നുവെന്നാണെങ്കിൽ ലോകത്തിലെ സാമാന്യജനസംസർഗ്ഗം ബാധയുണ്ടാക്കും. നിഃസംഗൻ സുഖം അനുഭവിക്കുന്നു. അതുകൊണ്ടു സുഖേച്ഛയുള്ളവൻ പ്രാകൃതജനസംസർഗ്ഗം എപ്പോഴും ഉപേക്ഷിക്കേണ്ടതാകുന്നു.

275. അജ്ഞാത്വാ ശാസ്ത്രഹൃദയം മൂഢോ വക്ത്യന്യഥാന്യഥാ
മൂർഖാണാം നിർണ്ണയസ്ത്വാസ്താ മസ്മൽ സിദ്ധാന്ത ഉച്യതേ.

മൂഢഃ ശാസ്ത്രഹൃദയം അജ്ഞാത്വാ=മൂഢൻ ശാസ്ത്രതാല്പര്യം അറിയാതെ. അന്യഥാ അന്യഥാ വക്തി=മാറിമാറി ഓരോന്നു പറയും. മൂർഖാണാം നിർണ്ണയഃതു ആസ്താം=മൂർഖന്മാരുടെ നിശ്ചയം ഇരിക്കട്ടെ. അസ്മൽ സിദ്ധാന്തഃ ഉച്യതേ=ഞങ്ങളുടെ നിശ്ചിതാഭിപ്രായം പറയപ്പെടുന്നു.

അന്തഃസംഗമില്ലാത്ത ജ്ഞാനികൾക്ക് ബാഹ്യജനസംസർഗ്ഗത്താൽ എന്തു ദോഷമാണുണ്ടാകാനുള്ളത് എന്നാണ് ചോദ്യമെങ്കിൽ ശാസ്ത്രസിദ്ധാന്തം അറിയാത്ത മൂഢജനം ഓരോന്നു പറയും. അവരുടെ അഭിപ്രായഭേദങ്ങളങ്ങിനെ ഇരുന്നുകൊള്ളട്ടെ. വേദാന്തികളായ ഞങ്ങളുടെ നിശ്ചിതാഭിപ്രായം എന്താണെന്നു പറയാം. വേദാന്തശാസ്ത്രസിദ്ധാന്തം പറയാം. അതാണെല്ലൊ നമ്മുടെ പ്രകൃതവിചാരം.

276. വൈരാഗ്യബോധോപരമാഃ സഹായാസ്തേ പരസ്പരം
പ്രായേണ സഹവർത്തന്തേ വിയുജ്യന്തേ ക്വചിൽക്വചിത്.

തേ വൈരാഗ്യബോധോപരമാഃ=പ്രസിദ്ധങ്ങളായ വൈരാഗ്യം, ബോധം, ഉപരതി എന്നിവ പരസ്പരം. സഹായാഃ=അന്യോന്യം സഹായങ്ങളാകുന്നു. പ്രായേണ സഹവർത്തന്തേ=മിക്കപ്പോഴും ഒരുമിച്ചു വസിക്കും. ക്വചിൽക്വചിൽ വിയുജ്യന്തേ=ചിലേടത്ത് പിരിഞ്ഞുമിരിക്കും.

വേദാന്തസിദ്ധാന്തമെന്താണെന്നു കാണിക്കുന്നു:—വിഷയങ്ങളിൽ വിരക്തി, ആത്മജ്ഞാനം, ശാന്തി എന്നു പ്രസിദ്ധങ്ങളായ മൂന്നും അന്യോന്യം സഹായിക്കുന്നവയാണ്. പ്രായേണ അവ ഒരുമിച്ചു തന്നെ വസിക്കും. ദുർല്ലഭം ചില സ്ഥാനങ്ങളിൽ ഒന്നു മറെറാന്നിനോട് ചേരാതേയും കാണപ്പെടും. ശുകർ, വാമദേവൻ, മുതലായവരെപ്പോലെ പ്രതിബന്ധകമായ കർമ്മങ്ങളില്ലാത്തവരിൽ മൂന്നും ചേർന്നിരിക്കും. പ്രതിബന്ധകർമ്മങ്ങളുള്ള ചിലരിൽ വ്യവഹാരവൃത്തിയുള്ളതുകൊണ്ടു മൂന്നും ഒരുപോലെ ഉണ്ടായില്ലെന്നും വരാം.

277. ഹേതുസ്വരൂപകാര്യാണി ഭിന്നാന്യേഷാ മസംകരഃ
യഥാവദവഗന്തവ്യഃ ശാസ്ത്രാർത്ഥം പ്രവിവിച്യതാ.

ഹേതുസ്വരൂപകാര്യാണി ഭിന്നാനി=ഹേതു, സ്വരൂപം, കാര്യം എന്നിവ ഭിന്നങ്ങളാകുന്നു. ശാസ്ത്രാർത്ഥം പ്രവിവിച്യതാ=ശാസ്ത്രാർത്ഥത്തെ വേർതിരിച്ചറിയുന്ന ഒരുവനാൽ. ഏഷാം അസംകരഃ=ഇവയുടെ കൂട്ടുകെട്ടില്ലായ്മ. യഥാവത് അവഗന്തവ്യഃ=ശരിയായറിയപ്പെടേണ്ടതാണ്.

വൈരാഗ്യാദി മൂന്നും ഒരുമിച്ചു വസിക്കുമെന്നു പറഞ്ഞതുകൊണ്ടു അവയ്ക്കന്യോന്യം ഭേദമില്ലെന്നു ശങ്കിക്കരുത്. ഓരോന്നിന്റേയും കാരണം കാര്യം സ്വരൂപം എന്നിവ ഭിന്നങ്ങളാണ്. അവയുടെ കൂട്ടുകെട്ടില്ലായ്മയെ ശാസ്ത്രാർത്ഥപരിശോധന ചെയ്യുന്ന പുരുഷനാൽ നന്നായി ധരിക്കപ്പെടേണ്ടതാകുന്നു.

278. ദോഷദൃഷ്ടിർജിഹാസാ ച പുനർഭോഗേഷ്വദീനതാ
അസാധാരണഹേത്വാദ്യാഃ വൈരാഗ്യസ്യ ത്രയോപ്യമീ.

ദോഷദൃഷ്ടിഃ ജിഹാസാ ച=ദോഷദർശനവും ഉപേക്ഷിപ്പാനിച്ഛയും. പുനഃഭോഗേഷു അദീനതാ=പിന്നെ ഭോഗങ്ങളിൽ ദൈന്യമില്ലായ്മയും. അമീത്രയഃ വൈരാഗ്യസ്യ=ഈ മൂന്നും വൈരാഗ്യത്തിന്റെ. അസാധാരണഹേത്വാദ്യാഃ=അസാധാരണ ഹേത്വാദികളാകുന്നു.

വിഷയഭോഗസാധനങ്ങളിലും ജന്മജരാമരണാദികളിലും ദോഷദർശനം വൈരാഗ്യത്തിന്റെ ഹേതു. ആ സാധനങ്ങളെ ഉപേക്ഷിപ്പാനുള്ള ഇച്ഛ വൈരാഗ്യസ്വരൂപം. വന്നുചേർന്നാലും വീണ്ടും

ഭോഗേച്ഛ ഇല്ലാതാകുന്നത് വൈരാഗ്യഫലം. ഇങ്ങിനെ ഇവ മൂന്നും വൈരാഗ്യത്തിന്റെ അസാധാരണ ഹേതു മുതലായവയാകുന്നു.

279. ശ്രവണാദിത്രയം തദ്വത്തത്വമിഥ്യാവിവേചനം
പുനർഗ്രന്ഥേരനുദയോ ബോധസ്യൈതേ ത്രയോമതാഃ.

ശ്രവണാദിത്രയം=ശ്രവണം മുതലായ മൂന്ന്. തദ്വത് തത്വമിഥ്യാ വിവേചനം=അതുപോലെ തത്വത്തെയും മിഥ്യയേയും വേർതിരിക്കൽ. പുനഃഗ്രന്ഥേഃ അനുദയഃ=പിന്നെ അധ്യാസം ഉണ്ടാകാതെയിരിക്കൽ. ഏതേത്രയഃ ബോധസ്യമതാഃ=ഇവ മൂന്നും ബോധത്തിന്റെ അസാധാരണ ഹേത്വാദികൾ.

ശ്രവണം മനനം നിദിധ്യാസനം എന്ന മൂന്നും ബോധഹേതുക്കൾ. തത്വമായ കൂടസ്ഥചൈതന്യത്തേയും ദേഹംമുതൽ അഹങ്കാരംവരേയുള്ള മിഥ്യാവസ്തുക്കളേയും വേർതിരിച്ചുകാണുന്നതു ബോധസ്വരൂപം. പിന്നെ അഹങ്കാരത്തെ കൂടസ്ഥനിൽ ആരോപിക്കുകയെന്നതായ ഗ്രന്ഥിയുണ്ടാകാതിരിക്കുകയെന്നതു ബോധഫലം. ഇവ മൂന്നും ബോധത്തിന്റെ ഹേത്വാദികളാണെന്നു ശാസ്ത്രം നിശ്ചയിച്ചിരിക്കുന്നു.

280. യമാദിർധീനിരോധശ്ച വ്യവഹാരസ്യ സംക്ഷയഃ
സ്യുർഹേത്വാദ്യാ ഉപരതേ രിത്യസംകര ഈരിതഃ.

യമാദിഃ ധീനിരോധഃച=യമം മുതലായതും ചിത്തവൃത്തി നിരോധവും. വ്യവഹാരസ്യ സംക്ഷയഃ=വ്യവഹാരത്തിന്റെ കുറവും. ഉപരതേഃ ഹേത്വാദ്യാഃ സ്യുഃ=ഉപരതിയുടെ ഹേത്വാദികൾ ആകുന്നു. ഇതി അസംകരഃ ഈരിതഃ=ഇങ്ങിനെ അന്യോന്യം കൂട്ടുകെട്ടില്ലായ്മ പറയപ്പെട്ടു.

യമനിയമാദികൾ ഉപരതിക്ക് ഹേതുക്കൾ. ചിത്തവൃത്തികളെ നിരോധിക്കുന്നതായ യോഗം ഉപരതിസ്വരൂപം. ബാഹ്യകാര്യങ്ങളിലുള്ള പരിശ്രമത്തിന്റെ സംക്ഷയം ഉപരതിഫലം. ഇങ്ങിനെ ഉപരതിയുടേയും അസാധാരണ ഹേത്വാദികളെ നിർണ്ണയിച്ചു. ഇങ്ങിനെ വൈരാഗ്യം ബോധം ഉപരതിയെന്ന മൂന്നും വെവ്വേറെതന്നെയെന്നു പറയപ്പെട്ടിരിക്കുന്നു. യമാദികളുടെ അവാന്തരഭേദങ്ങൾ വിസ്താരഭയത്താൽ ഇവിടെ കാണിക്കുന്നില്ല.

281. തത്വബോധഃ പ്രധാനം സ്യാൽ സാക്ഷാന്മോക്ഷപ്രദത്വതഃ
ബോധോപകാരിണാവേതൗ വൈരാഗ്യോപരമാവുഭൗ.

സാക്ഷാൽ മോക്ഷപ്രദത്വതഃ=സാക്ഷാത്തായിട്ടു മോക്ഷം നൽകുന്നതുകൊണ്ടു. തത്വബോധഃ പ്രധാനം സ്യാത്=തത്വബോധം പ്രധാനമാകുന്നു. വൈരാഗ്യോപരമൗ=വൈരാഗ്യം ഉപരമം എന്ന. ഏതൗ ഉഭൗ=ഈ രണ്ടും. ബോധോപകാരിണൗ=ജ്ഞാനത്തെ സഹായിക്കുന്നവയാകുന്നു.

മേൽകാണിച്ച വൈരാഗ്യാദികൾക്ക് തുല്യപ്രധാന്യമോ ഏതെങ്കിലും ഒന്നിന്നു മേന്മയധികമുണ്ടോ എന്നതിനെ വെളിവാക്കുന്നു:—വൈരാഗ്യാദി മൂന്നു സാധനങ്ങളിൽ ജ്ഞാനത്തിന്നുതന്നെ പ്രാധാന്യം. എന്തുകൊണ്ടെന്നാൽ ജ്ഞാനമാണ് മോക്ഷത്തിന്നു സാക്ഷാൽകാരണം. "തമേവവിദിത്വാതിമൃത്യുമേതിനാന്യഃ പന്ഥാവിദ്യതേയനായ" പരമാത്മാവിനെ അറിഞ്ഞിട്ടു അമൃതനായി ഭവിക്കുന്നു. മുക്തിക്കു അന്യമായ മാർഗ്ഗമില്ല എന്നർത്ഥമായ ശ്രുതിപ്രമാണം ജ്ഞാനത്തിന്നു മേന്മയെ നല്കുന്നു. വൈരാഗ്യവും ഉപരതിയും ജ്ഞാനമുണ്ടാവാൻ സഹായിക്കും.

282. ത്രയോപ്യത്യന്തപക്വാശ്ചേ ന്മഹതസ്തപസഃ ഫലം
ദുരിതേന ക്വചിൽ കിഞ്ചിൽ കദാചിൽ പ്രതിബധ്യതേ.

ത്രയഃ അപി അത്യന്തപക്വാഃ ചേൽ=മൂന്നും ഏററവും പാകം വന്നിട്ടുണ്ടെങ്കിൽ. മഹതഃതപസഃഫലം=മഹത്തായ തപസ്സിന്റെ ഫലം. ദുരിതേനക്വചിത്=ദുരിതത്താൽ ചില ദിക്കിൽ കിഞ്ചിത് കദാചിത്=ചിലത് ചിലപ്പോൾ. പ്രതിബധ്യതേ=തടസ്ഥപ്പെടുന്നു.

"പ്രായേണസഹവർത്തന്തേ വിയുജ്യന്തേക്വചിത് ക്വചിത്" എന്നു മുമ്പേ പറഞ്ഞതിന്നു കാരണം കാണിക്കുന്നു. ജന്മജന്മാന്തരങ്ങളിൽ സമ്പാദിച്ച പുണ്യകർമ്മങ്ങളുടെ ഫലം അനുഭവിപ്പാനുള്ള ജന്മം ലഭിച്ചിട്ടുണ്ടെങ്കിൽ വൈരാഗ്യാദി മൂന്നും യോജിച്ചു പക്വമായിരിക്കും. ദുരിതമുണ്ടെങ്കിൽ അതുനിമിത്തം ചിലരിൽ ചിലപ്പോൾ ചിലതിന്നു ന്യൂനതയും കാണപ്പെടും.

283. വൈരാഗ്യോപരതി പൂർണ്ണേ ബോധസ്തു പ്രതിബധ്യതേ
യസ്യ തസ്യ നമോക്ഷോഽസ്തി പുണ്യലോകസ്തപോബലാൽ.

യസ്യ വൈരാഗ്യോപരതീപൂർണ്ണേ=യാതൊരുവന്നു വൈരാഗ്യവും ഉപരതിയും തികഞ്ഞും. ബോധഃതുപ്രതിബധ്യതേ=ബോധമാകട്ടെ തടസ്ഥപ്പെട്ടും ഇരിക്കുന്നുവോ. തസ്യമോക്ഷഃ ന=അവന്നു മോക്ഷമില്ല. തപോബലാത്=തപഃശക്തികൊണ്ടു. പുണ്യലോകഃഅസ്തി=പുണ്യലോകം ഉണ്ടു്.

മേൽപറഞ്ഞ വൈരാഗ്യവും ബോധവും പൂർണ്ണങ്ങളായുണ്ടായിരുന്നിട്ടും ആത്മസാക്ഷാൽകാരരൂപമായ ബോധം ആർക്കില്ലാതിരിക്കുന്നുവോ അവന്നു മോക്ഷമില്ല ആ കാരണത്താൽ വൈരാഗ്യോപരതികൾ നിഷ്ഫലങ്ങളെന്നു ശങ്കിക്കേണ്ട. ആ രണ്ടും സമ്പാദിപ്പാൻ ചെയ്ത തപസ്സിൻെറ ശക്തിനിമിത്തം പുണ്യലോകം സിദ്ധിക്കും. “പ്രാപ്യപുണ്യകൃതാംലോകാനുഷിത്വാശാശ്വതീഃ സമാഃ ശുചീനാംശ്രീമതാം ഗേഹേയോഗഭ്രഷ്ടോഽഭിജായതേ” എന്നു് ഗീതാ 6_ാം അദ്ധ്യായം 41_ാം ശ്ലോകത്തിൽ യോഗഭ്രഷ്ടൻ പുണ്യവാന്മാർക്കുള്ള സ്വർഗ്ഗാദിലോകങ്ങളിൽ ചെല്ലും. ബഹുകാലം അവിടെ സുഖമനുഭവിക്കും. പിന്നെ പരിശുദ്ധന്മാരായ ശ്രീമാന്മാരുടെ ഗൃഹത്തിൽ ജനിക്കും. പൂർവ്വജന്മവാസനാബലത്താൽ ബാല്യത്തിൽ തന്നെ മോക്ഷത്തിന്നായി പരിശ്രമിച്ചു മുക്തനാകും. എന്നർത്ഥമുള്ള ഭഗവദ്വചനം പ്രമാണം. വൈരാഗ്യം ഉപരതി എന്ന ജ്ഞാനസാധനമുണ്ടായിട്ടും ബോധം അനുഭവപ്പെടാതെ മരിച്ചവനാണ് യോഗഭ്രഷ്ടൻ.

284. പൂർണ്ണേബോധേതദന്യൌദ്വൌപ്രതിബദ്ധൌയദാതദാ
മോക്ഷോവിനിശ്ചിതഃ കിന്തുദൃഷ്ടദുഃഖംനനശ്യതി

യദാബോധേപൂർണ്ണേ=എപ്പോഴം ബോധം പൂർണ്ണമായും. തദന്യൌദ്വൌപ്രതിബദ്ധൌ=അതിൽനിന്നന്യങ്ങളായ രണ്ടും തടസ്ഥപ്പെട്ടുമിരിക്കുന്നുവോ. തദാമോക്ഷഃ വിനിശ്ചിതഃ=അപ്പോഴം മോക്ഷമുണ്ടെന്നതു നിശ്ചിതംതന്നെ. കിന്തുദൃഷ്ടദുഃഖം=എന്നാൽ ജീവിതകാലത്തിൽ ദുഃഖം. നനശ്യതി=നശിക്കുന്നില്ല.

ഏതൊരുവന്നു ബോധം പൂർണ്ണമായും വൈരാഗ്യോപരതികളെന്ന രണ്ടും അപൂർണ്ണങ്ങളായുമിരിക്കുന്നുവോ അവന്നു ദേഹത്യാഗാനന്തരം മോക്ഷം നിശ്ചയമായി സിദ്ധിക്കും. എന്നാൽ ജീവിച്ചിരിക്കുന്ന കാലത്തിൽ ദൃഷ്ടദുഃഖം നശിക്കുന്നില്ല. ജീവന്മുക്തി സുഖം ഇല്ലെന്നു താല്പര്യം. ബോധത്താൽ അജ്ഞാനം നശിച്ചതിനാൽ പുനർജന്മത്തിന്നു കാരണമില്ല. വിക്ഷേപകാരണമായ രജസ്തമോഗുണകാര്യങ്ങൾ നശിക്കാത്തതിനാൽ ദൃഷ്ടദുഃഖം ഉണ്ടാകും.

285. ബ്രഹ്മലോകതൃണീകാരോ വൈരാഗ്യസ്യാവധി ർമ്മതഃ
ദേഹാത്മവൽ പരാത്മത്വദാർഢ്യേബോധഃ സമാപ്യതേ.

ബ്രഹ്മലോകതൃണീകാരഃ=ബ്രഹ്മലോകം പുല്ലിന്നു തുല്യം എന്ന ഭാവം. വൈരാഗ്യസ്യ=വൈരാഗ്യത്തിൻെറ. അവധിഃ മതഃ=അവധിയെന്നു സമ്മതം. ദേഹാത്മവത്=ദേഹം ആത്മാവെന്നതുപോലെ. പരാത്മത്വദാർഢ്യേ=പരമാത്മഭാവത്തിൽ ദാർഢ്യം സിദ്ധിക്കുന്നതിൽ. ബോധഃ സമാപ്യതേ=ബോധം അവസാനിക്കുന്നു.

വൈരാഗ്യാദികളുടെ പരമാവധിയെ കാണിക്കുന്നു:—ബ്രഹ്മലോകം പുല്ലിന്നു തുല്യം എന്ന നിലയെത്തുന്നതിലാണ് വൈരാഗ്യം പൂർണ്ണമാകുന്നത്. പ്രാകൃതജനം ബ്രാഹ്മണാദിക്കാസ്പദമായ ദേഹത്തെ ആത്മാവായികരുതുന്നതുപോലെ ദേഹഭാവന തീരെ വെടിഞ്ഞ് പരമാത്മാവിൽ ആത്മത്വദാർഢ്യമുണ്ടാകുന്നത് ബോധത്തിൻെറ പരമാവധിയെന്നാണ് ശാസ്ത്രസിദ്ധാന്തം.

286. സുപ്തിവദ്വിസ്മൃതിഃ സീമാ ഭവേദുപരമസ്യ ഹി
ദിശാനയാവിനിശ്ചേയം താരതമ്യമവാന്തരം.

ഹി സുപ്തിവത് വിസ്മൃതിഃ=സുഷുപ്തിയിലെന്നപോലെ മറവി. ഉപരമസ്യ സീമാഭവേത്=ഉപരതിയുടെ അവധിയാകുന്നു. അനയാദിശാ=ഈ ക്രമംകൊണ്ടു. അവാന്തരം താരതമ്യം=എടയിലുള്ള തരതമഭാവത്തെ. വിനിശ്ചേയം=നിശ്ചയിച്ചുകൊള്ളേണം.

ദൃഢനിദ്രയിൽ ദേഹാദിബാഹ്യവിഷയങ്ങളെ എങ്ങിനെ മറക്കുന്നുവോ അതുപോലെ ജാഗ്രദവസ്ഥയിലും ദേഹാദികളുടെ മറവി ഉണ്ടാകുന്നത് ഉപരതിയുടെ അവധിയാകുന്നു. ഈ നില എത്തീട്ടുണ്ടോ ഇല്ലയോ എന്നു് അവരവരുടെ ബുദ്ധികൊണ്ടു പരിശോധിക്കുന്നതായാൽ വൈരാഗ്യാദികളുടെ എടനില ഓരോരുത്തന്നും നിശ്ചയിപ്പാൻ സാധിക്കും.

287. ആരബ്ധകർമ്മനാനാത്വാൽ ബുദ്ധാനാമന്യഥാന്യഥാ
വർത്തനം തേന ശാസ്ത്രാർത്ഥേ ഭ്രമിതവ്യം ന പണ്ഡിതൈഃ.

ആരബ്ധകർമ്മനാനാത്വാത് = പ്രാരബ്ധകർമ്മം നാനാവിധത്തിലായതുകൊണ്ടു. ബുദ്ധാനാംവർത്തനം = അറിഞ്ഞവരുടെയും ജീവിതനില. അന്യഥാ അന്യഥാ = ഓരോവിധത്തിലായിരിക്കും. തേനപണ്ഡിതൈഃ = അതുകൊണ്ടു പണ്ഡിതന്മാരാൽ ശാസ്ത്രാർത്ഥേ = ശാസ്ത്രാർത്ഥത്തിൽ നഭ്രമിതവ്യം = ഭ്രമിക്കപ്പെടുവാൻ പാടില്ല.

ഓരോരുത്തരുടെയും വർത്തമാനശരീരപ്രാപ്തികാരണമായ പ്രാരബ്ധകർമ്മം ഓരോവിധത്തിലായിരിക്കയാൽ ജ്ഞാനികളുടെയും ജീവിതക്രമം ഓരോ മാതിരിയിൽ ആയിരിക്കും. ജ്ഞാനമുള്ളവരിലും രാഗാദിദോഷങ്ങൾ കാണപ്പെട്ടുവെന്നുവരാം. അതിനാൽ ജ്ഞാനം മോക്ഷകാരണമാണെന്നു സിദ്ധാന്തിക്കുന്ന ശാസ്ത്രവാക്യങ്ങൾ ശരിയല്ലെന്നോ ആ നിലയിൽ കാണപ്പെടുന്ന ജ്ഞാനികൾക്ക് മോക്ഷമില്ലെന്നോ പണ്ഡിതന്മാർ വിചാരിക്കരുത്. അങ്ങിനെ വിചാരമുണ്ടാകുന്നുവെങ്കിൽ അത് തങ്ങളുടെ ഭ്രമത്തിന്റെ ഫലമാണെന്നവർ അറിയേണം. "ജ്ഞാനാദേവകൈവല്യം" ജ്ഞാനംകൊണ്ടുതന്നെയാണ് മോക്ഷം എന്ന ശ്രുത്യർത്ഥത്തെ വിശ്വസിക്കേണം.

288. സ്വസ്വകർമ്മാനുസാരേണ വർത്തന്താം തേ യഥാതഥാ
അവിശിഷ്ടഃ സർവ്വബോധഃ സമാ മുക്തിരിതി സ്ഥിതിഃ.

യഥാതഥാതേ സ്വസ്വകർമ്മാനുസാരേണ = ഏതുവിധത്തിലോ അപ്രകാരം അവർ അവരുടെ കർമ്മാനുസരണം. വർത്തന്താം = വർത്തിച്ചുകൊള്ളട്ടെ. അവിശിഷ്ടഃ സർവ്വബോധഃ = വിശേഷമില്ലാത്തതായ എല്ലാവരുടെ ബോധവും തുല്യമാകുന്നു. മുക്തിഃസമാ = മുക്തിതുല്യംതന്നെ. ഇതിസ്ഥിതിഃ = എന്നാണ് സത്യാവസ്ഥ.

ജ്ഞാനികൾ അവരുടെ കർമ്മാനുസരണം ജീവിക്കുന്നതു ഏതുവിധത്തിലോ ആയിക്കൊള്ളട്ടെ. ഞാൻ ബ്രഹ്മമാകുന്നുവെന്നുള്ള അനുഭവവും സർവ്വദോഷങ്ങളിൽനിന്നും വിട്ടിരിക്കുന്ന ബ്രഹ്മാത്മഭാവേന സ്ഥിതിയും ജ്ഞാനികൾക്കെല്ലാവർക്കും തുല്യംതന്നെ, എന്നാണ് പരമാർത്ഥസ്ഥിതി.

289. ജഗച്ചിത്രം സ്വചൈതന്യേ പടേ ചിത്രമിവാർപ്പിതം
മായയാ തദുപേക്ഷ്യൈവ ചൈതന്യം പരിശിഷ്യതാം.

പടേ ചിത്രം ഇവ = വസ്ത്രത്തിൽ ചിത്രമെന്നപോലെ സ്വചൈതന്യേ = സ്വരൂപമായ ചൈതന്യത്തിൽ. മായയാ അർപ്പിതം ജഗച്ചിത്രം = മായയാൽ അർപ്പിക്കപ്പെട്ടതാണ് ജഗത്താകുന്ന ചിത്രം. തത് ഉപേക്ഷ്യ ഏവ = അതിനെ ഉപേക്ഷിച്ചിട്ടുതന്നെ. ചൈതന്യം പരിശിഷ്യതാം = ചൈതന്യമായിട്ട് പരിശേഷിക്കപ്പെടേണം.

ചിത്രകാരൻ വസ്ത്രത്തിൽ ചിത്രമുണ്ടാക്കുന്നതുപോലെ മായ ചൈതന്യത്തിൽ ജഗത്താകുന്ന ചിത്രമുണ്ടാക്കിയിരിക്കുന്നു. ആ ചിത്രത്തെ തള്ളിക്കളഞ്ഞിട്ടു ചൈതന്യം മാത്രമായവശേഷിച്ചുകൊള്ളേണം, എന്നറിയിക്കുകയാണ് ഈ ചിത്രദീപപ്രകരണത്തിന്റെ പ്രയോജനം എന്നു കാണിച്ചു.

290. ചിത്രദീപമിമംനിത്യം യേനുസംദധതേ ബുധാഃ
പശ്യന്തോപി ജഗച്ചിത്രം തേമുഹ്യന്തിനപൂർവ്വവത്.

യേ ബുധാഃ ഇമം ചിത്രദീപം = ഏതൊരു വിദ്വാന്മാർ ഈ ചിത്രദീപത്തെ. നിത്യം അനുസംദധതേ = നിത്യവും അനുസന്ധാനം ചെയ്യുന്നുവോ. തേ ജഗച്ചിത്രം പശ്യന്തഃ അപി = അവർ ജഗച്ചിത്രത്തെ കാണുന്നവരാണെങ്കിലും. പൂർവ്വവത് ന മുഹ്യന്തി = മുമ്പേത്തെപ്പോലെ മോഹിക്കുകയില്ല.

ഈ പ്രകരണത്തെ അഭ്യസിക്കുന്നതുകൊണ്ടുള്ള ഫലം പറയുന്നു:—ഏതെല്ല വിദ്വാന്മാർ ചിത്രദീപം എന്ന ഈ പ്രകരണത്തെ നിത്യവും അനുസന്ധാനം ചെയ്യുന്നുവോ—സ്മരിക്കുന്നുവോ—അവർ ജഗത്താകുന്ന ചിത്രത്തെക്കാണുന്നവരായിരുന്നാലും മുമ്പേത്തെപ്പോലെ മോഹിക്കുകയില്ല. ചൈതന്യമാകുന്ന സ്വസ്വരൂപത്തിൽ മായയാൽ ആരോപിക്കപ്പെട്ടതാണ് ദേഹാദി ജഗച്ചിത്രം. ഈ ചിത്രത്തിന്നധിഷ്ഠാനമായ ചൈതന്യം ഇതിൽനിന്നു ഭിന്നമാണ്. ആകയാൽ സർവ്വാധിഷ്ഠാനമായ ചൈതന്യം തന്നെ ഞാൻ എന്ന ബോധം ഈ പ്രകരണത്തെ അനുസന്ധാനം ചെയ്യുന്ന വിദ്വാന്മാർക്കുണ്ടാകും. എന്ന് ഗ്രന്ഥകാരനായ വിദ്യാരണ്യമുനി മുമുക്ഷുക്കളെ അനുഗ്രഹിച്ചുകൊണ്ട് പ്രകരണത്തെ അവസാനിപ്പിച്ചിരിക്കുന്നു. ചിത്രത്തിന്നധിഷ്ഠാനം വസ്ത്രം. ജഗത്തിന്നധിഷ്ഠാനം ബ്രഹ്മം എന്നു സാരം.

ഇതി ശ്രീ വിദ്യാരണ്യമുനിപ്രണീത ശ്രീ പഞ്ചദശ്യാം ചിത്രദീപഃ 6-ാംപ്രകരണം സമാപ്തം

ശുഭം ഭൂയാത്.

ഓം. തത്. സത്.

ശ്രീ പഞ്ചദശി 7-ാമത്തേതായ തൃപ്തിദീപം എന്ന പ്രകരണത്തിൽ അടങ്ങീട്ടുള്ള സാരാംശം.

ബ്രഹ്മജ്ഞാനി നിത്യതൃപ്തനാണെന്നു കാണിക്കുന്ന ശ്രുതിപ്രമാണം:— ബൃഹദാരണ്യകോപനിഷത്തിൽ 6-ാം അദ്ധ്യായത്തിൽ 5-ാം ബ്രാഹ്മണത്തിൽ 12-ാമത്തെ വാക്യമായ "ആത്മാനംചെ ദ്വിജാനീയാദയമസ്മീതി പൂരുഷഃ കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്" എന്ന രണ്ടു വാക്യങ്ങളുടെ അർത്ഥത്തെ വിവരിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. ആകെ 298 ശ്ലോകം ഇതിലുണ്ട്. ശ്രുത്യർത്ഥം മാത്രമല്ല; യുക്തി, അനുഭവം, സംശയനിവൃത്തി എന്നിങ്ങിനെ പല സംഗതികളും ഇതിൽ സംഭരിച്ചിട്ടുണ്ട്. യാതൊരുവൻ സ്വാത്മാവിനെ സാക്ഷാത്തായറിഞ്ഞുവോ അവൻ പിന്നെ എന്തിനെ ആഗ്രഹിക്കും? ആർക്കുവേണ്ടി ശരീരത്തെയനുസരിച്ചു തപിക്കും? എന്നു ചോദിക്കുന്ന ശ്രുതി ആത്മജ്ഞാനിക്ക് ആഗ്രഹിപ്പാനൊ പ്രവൃത്തിപ്പാനൊ ഒന്നുംതന്നെയില്ലെന്നുറപ്പിക്കുന്നു. ആ ശ്രുതിവാക്യത്തിന്റെ അർത്ഥം പരിപൂർണ്ണമായിട്ട് ഈ പ്രകരണത്തിൽ വിസ്തരിച്ചിട്ടുണ്ട്. ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചശേഷം ജീവിച്ചിരിക്കുന്നവൻ ജീവന്മുക്തനും നിത്യതൃപ്തനുമാണെന്നും കാണിച്ചിരിക്കുന്നു. ബ്രഹ്മം ഒന്നുമാത്രം സത്യം. അതുതന്നെ എല്ലാവരിലും ജ്ഞാനസ്വരൂപമായി വിളങ്ങുന്ന ആത്മാവ്. അന്യമായി കാണപ്പെടുന്ന ജീവൻ, ഈശ്വരൻ, ജഗത്ത് എന്ന സകലവസ്തുക്കളും ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്ന മായയാൽ കല്പിതങ്ങളാം. അതിൽ ഈക്ഷണംമുതൽ പ്രവേശംവരെയുള്ളത് ഈശ്വരകല്പിതം. ജാഗ്രത്ത് മുതൽ മോക്ഷംവരെയുള്ള സംസാരം ജീവകല്പിതം. എല്ലാവിധ കല്പനങ്ങൾക്കും അധിഷ്ഠാനം കൂടസ്ഥചൈതന്യം. അതിനു ഒന്നിനോടും സംബന്ധമില്ല. കല്പിതം അവാസ്തവമാകയാൽ സംബന്ധിക്കത്തക്കതായ അന്യവസ്തുവില്ലാത്തതിനാൽ അസംഗത്വം സ്വതഃസിദ്ധം. മായയുടെ പരിണാമമായ ബുദ്ധിയിൽ പ്രതിഫലിച്ച ചൈതന്യം ജീവൻ. ചിദാഭാസനെന്നുകൂടെ ജീവനു പേരുണ്ട്. പ്രതിബിംബമായതുകൊണ്ട് ജീവത്വം ഉപാധിനിമിത്തം മാത്രമാണ്, സത്യമല്ല. ഈ ജീവനെയാണ് ശ്രുതിയിൽ പുരുഷൻ എന്നുള്ള പദം കാണിക്കുന്നത്. അധിഷ്ഠാനമായ സത്തയെ സ്വസ്വരൂപമായി ധരിക്കാതെ, ബുദ്ധിയിൽ പ്രതിഫലിച്ചു തന്നെ, വേറെയെന്നുള്ള കാഴ്ച, ഭ്രമംനിമിത്തമുണ്ടായതാണ്. അതുനിമിത്തം സംസാരിയെന്ന നില ജീവനുണ്ടായി. യഥാർത്ഥമായ സ്വരൂപം കൂടസ്ഥത്വംതന്നെ. കൂടസ്ഥസത്തയെ ജീവനിൽ ആരോപിച്ചതാണ് സംസാരകാരണം. യഥാർത്ഥ കൂടസ്ഥനില സിദ്ധിക്കുന്നതുതന്നെ സംസാരദുഃഖമോചനം എന്നു പറയപ്പെടുന്ന മോക്ഷപ്രാപ്തി. കൂടസ്ഥൻ, ബുദ്ധിയിൽ പ്രതിഫലിച്ച ചിദാഭാസൻ, ബുദ്ധ്യാദികളായ ഉപാധികൾ എന്ന മൂന്നിനേയും വേർതിരിച്ചറിയാതെ ആ സംഘാതത്തെ ഞാൻ എന്നഭിമാനിക്കുന്നതു യാതൊന്നോ അതിനെ അഹങ്കാരം എന്നു പറയുന്നു. ഇതാണ് മുഖ്യാഹങ്കാരം എന്നു പറയപ്പെടുന്നത്. ജീവസ്വരൂപത്തേയും കൂടസ്ഥസ്വരൂപത്തേയും വിചാരംചെയ്തറിഞ്ഞിരിക്കുന്ന ജ്ഞാനി ലോകവ്യവഹാരത്തിലും വൈദികവ്യവഹാരത്തിലും ഞാനെന്നു പറയുമെങ്കിലും ചിദാഭാസനാകയില്ല. ആ രണ്ടിലും ഉപയോഗിക്കുന്ന അഹംഭാവം അമുഖ്യങ്ങളാകുന്നു. ജ്ഞാനി അജ്ഞാനി എന്ന ഭാവം ചിദാഭാസനെയല്ലാതെ കൂടസ്ഥനെ സംബന്ധിച്ചിരിക്കുന്നതല്ല. ഇതിനെ ദൃഷ്ടാന്തപ്പെടുത്തുവാൻ ദശമനെ സംബന്ധിച്ച ഏഴവസ്ഥകളെ വെളിപ്പെടുത്തീട്ടുണ്ട്. അതുപോലെ ജീവനിലും അജ്ഞാനാവസ്ഥയിൽ ഏഴവസ്ഥകളെ കണ്ടുകൊള്ളണം. ജീവഗതമായ അജ്ഞാനത്തെ നശിപ്പിക്കുവാൻ മാർഗ്ഗം കാട്ടിത്തരുന്ന തൈത്തിരീയശ്രുതിയിലെ ആനന്ദവല്ലിയിലും ഭൃഗുവല്ലിയിലും ആദ്യമായിട്ടു ബ്രഹ്മത്തെ പരോക്ഷമായിട്ടും പിന്നെ പഞ്ചകോശാന്തരവും ഹൃദയഗുഹയിൽ ഇരിക്കുന്നതുമായിട്ട് അപരോക്ഷമായിട്ടും ഉപദേശിച്ചിരിക്കുന്നു. ഛാന്ദോഗ്യമെന്ന ഉപനിഷത്തിൽ ഇന്ദ്രൻ ബ്രഹ്മാവിനെ ഗുരുവായ്വരിച്ചിട്ട് ബ്രഹ്മത്തെ ആദ്യം പരോക്ഷമായിട്ടും പിന്നെ അപരോക്ഷമായിട്ടും അറിഞ്ഞുവെന്നു പറഞ്ഞിരിക്കുന്നു. ഇതുപോലെതന്നെ ഐതരേയശ്രുതിയിലും പറയുന്നുണ്ട്. എല്ലാ ശ്രുതികളിലും അവാന്തരവാക്യങ്ങളാൽ ബ്രഹ്മത്തെ പരോക്ഷമായും മഹാവാക്യങ്ങളാൽ അപരോക്ഷമായും അറിയുമെന്നുറപ്പിക്കുന്നു. ശ്രീമൽ ഭഗവൽ പൂജ്യപാദശ്രീ ശങ്കരാചാര്യസ്വാമികളും വാക്യവൃത്തിയെന്ന ഗ്രന്ഥത്തിൽ ഇതേവിധത്തിൽ പറഞ്ഞിട്ടുള്ളതിനെ എടുത്തുകാണിച്ചിട്ടുണ്ട്. ശ്രീവസിഷ്ഠമുനിയും ബ്രഹ്മസാക്ഷാൽകാരം സാധിപ്പാൻ സഹായിക്കുന്നതായ ബ്രഹ്മാഭ്യാസത്തിന്റെ ലക്ഷണത്തെ സ്പഷ്ടമാക്കീട്ടുള്ളതിനെ എടുത്തുകാണിച്ചിരിക്കുന്നു. നിരന്തരം ബ്രഹ്മവിചാരം ചെയ്യുന്നവർക്കു ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുമെന്ന് സകല ശ്രുതികളിലും വിശിഷ്യ ശ്രീ ഭഗവൽഗീതയെന്ന സ്മൃതിയിലും വ്യക്തമാക്കിയിരിക്കുന്നു. ആകയാൽ ജ്ഞാനി വിഷയത്തിൽ മനസ്സിനെ പ്രവേശിപ്പിക്കാതെ ബ്രഹ്മചിന്തനം നിരന്തരം ചെയ്യേണം. എന്നാലും പ്രാരബ്ധകർമ്മം നിമിത്തം വിഷയത്തിൽ പ്രവേശിച്ചുവെന്നു വരും. അതിനാൽ പ്രാരബ്ധ സ്വരൂപത്തെയും

വിവരിച്ചിട്ടുണ്ട്. ഇച്ഛാപ്രാരബ്ധം, അനിച്ഛാപ്രാരബ്ധം, പരേച്ഛാപ്രാരബ്ധം എന്ന മൂന്നുവിധ പ്രാരബ്ധം നിമിത്തം മൂന്നുവിധത്തിൽ അപപ്രാചരണം ഉണ്ടാകാനിടയുണ്ട്. ഈ മൂന്നുവിധങ്ങളെ വിവരിക്കുന്ന ദൃഷ്ടാന്തങ്ങളും കാണിച്ചിട്ടുണ്ട്. പ്രാരബ്ധംനിമിത്തം വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്നാലും ബ്രഹ്മജ്ഞാനം നശിക്കയില്ല. ദേഹാവസാനത്തിൽ മുക്തി സിദ്ധിക്കും. പ്രാരബ്ധം ആരേയും വിടുകയില്ലെന്നു കാണിപ്പാൻ ശ്രീരാമാദികളെ എടുത്തു കാണിച്ചിരിക്കുന്നു. എന്നാൽ ജ്ഞാനികൾ ആത്മസ്വരൂപം അറിഞ്ഞവരാകയാൽ അവർ കർത്തൃഭോക്തൃഭാവത്തിൽനിന്നു വിട്ടിരിക്കുന്നവരും കൃതകൃത്യന്മാരും നിരങ്കുശമായ സംതൃപ്തിയടഞ്ഞവരുമാണെന്നുറപ്പിച്ചുകൊണ്ട് പ്രകരണം അവസാനിപ്പിച്ചിരിക്കുന്നു.

ശുഭം ഭൂയാൽ

ഓം തത് സത്.

ശ്രീ പഞ്ചദശി.

അഥ തൃപ്തിദീപം എന്ന 7-ാംപ്രകരണം.

ശ്രീ ഗ ണേ ശാ യ ന മഃ.

1. ആത്മാനം ചേദ്വിജാനീയാദയമസ്മീതി പൂരുഷഃ
കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്.

പൂരുഷഃ=പുരുഷൻ. ആത്മാനം=ആത്മാവിനെ. അയം=അസ്മി ഇതി=ഇവൻ ഞാനാകുന്നുവെന്ന്. വിജാനീയാത് ചേൽ=അറിഞ്ഞുവെങ്കിൽ. കിം ഇച്ഛൻ=എന്തിനെ ആഗ്രഹിച്ചുകൊണ്ട്. കസ്യകാമായ=ആരുടെ ആഗ്രഹം സാധിപ്പിക്കുവാൻ. ശരീരം അനുസംജ്വരേത്=ശരീരത്തെ അനുസരിച്ചു തപിക്കും.

തൃപ്തിദീപത്തിൻെറ ആരംഭത്തിൽ പ്രകരണാർത്ഥസാരം പ്രകാശിപ്പിക്കുന്ന ശ്രുതിവാക്യത്തെ ആദ്യമായെടുത്തുകാണിച്ചിരിക്കുന്നു. സംസാരദുഃഖസമുദ്രത്തെ സന്തരിപ്പാൻ ആഗ്രഹിക്കുന്ന പുരുഷൻ ജീവൻ—ശാസ്ത്രഗുരൂനുഗ്രഹത്താൽ ആത്മാവുതന്നെ ഞാൻ—ദേഹേന്ദ്രിയാദിഭാവങ്ങളൊന്നുമല്ല—എന്നറിഞ്ഞുവെങ്കിൽ പിന്നെ എന്തിനെ ആഗ്രഹിക്കും? ആരുടെ ഭോഗത്തിന്നായിട്ടു ശരീരക്ലേശം അനുഭവിക്കും. ആത്മാവിനെ സ്വസ്വരൂപമായിട്ടറിഞ്ഞുകഴിഞ്ഞാൽ പിന്നെ ആ പുരുഷന്ന് ആഗ്രഹിക്കത്തക്കതോ കർമ്മംകൊണ്ടു സമ്പാദിക്കത്തക്കതോ ആയിട്ടൊന്നുംതന്നെയില്ല എന്നാണ് ശ്രുതിയുടെ അർത്ഥം.

2. അസ്യാ ശ്രുതേരഭിപ്രായഃ സമ്യഗത്ര വിചാര്യതേ
ജീവന്മുക്തസ്യ യാ തൃപ്തിഃ സാ തേന വിശദായതേ.

അസ്യാഃ ശ്രുതേഃ=ഈ ശ്രുതിയുടെ. അഭിപ്രായഃ=അർത്ഥം. അത്ര=ഈ പ്രകരണത്തിൽ. സമ്യക് വിചാര്യതേ=വേണ്ടവിധം വിചാരിക്കപ്പെടുന്നു. തേന=ആ വിചാരണത്താൽ ജീവന്മുക്തസ്യ=ജീവന്മുക്തന്നു. യാ തൃപ്തിഃ=യാതൊരു തൃപ്തിയനുഭവപ്പെടുന്നുവോ. സാ വിശദായതേ=അത് സ്പഷ്ടമാകും.

മുകളിൽ കാണിച്ച ശ്രുതിയുടെ അർത്ഥം ഈ പ്രകരണത്തിൽ വേണ്ടുംവിധം വിചാരിക്കപ്പെടും. അതിനാൽ ആത്മജ്ഞാനം സിദ്ധിച്ചുശേഷം ജീവിച്ചിരിക്കുന്നവനാകയാൽ ജീവന്മുക്തനെന്നു പറയപ്പെടുന്ന ആ മഹാത്മാവനുഭവിക്കുന്ന സന്തൃപ്തിയുടെ സ്വരൂപം നന്നായിട്ടറിവാൻ ഏവർക്കും സാധിക്കും. ഈ പ്രകരണം ശ്രദ്ധിച്ചു പഠിക്കുന്നതിൻെറ ഫലവും പ്രകരണനിർമ്മാണത്തിൻെറ ആവശ്യവും ഈ ശ്ലോകത്തിൽ കാണിച്ചിരിക്കുന്നു.

3. മായാഭാസേന ജീവേശൗ കരോതീതി ശ്രുതത്വതഃ
കല്പിതാവേവ ജീവേശൗ താഭ്യാം സർവ്വം പ്രകല്പിതം.

മായാ ആഭാസേന=മായ ആഭാസത്താൽ. ജീവ ഈശൗ=ജീവനേയും ഈശ്വരനെയും. കരോതി=ചെയ്യുന്നു:—ഉണ്ടാക്കുന്നു. ഇതി ശ്രുതത്വതഃ=എന്നു ശ്രുതിയിൽ കേൾക്കപ്പെടുന്നതിനാൽ. ജീവേശൗ കല്പിതൗ ഏവ=ജീവനും ഈശ്വരനും കല്പിക്കപ്പെട്ടവർതന്നെ. താഭ്യാം=അവർ രണ്ടുപേരാൽ. സർവ്വം=സകലവും. പ്രകല്പിതം=കല്പിക്കപ്പെട്ടതാകുന്നു.

പദച്ഛേദം, പദാർത്ഥംപറയൽ, വിഗ്രഹം, വാക്യയോജനം, ആക്ഷേപസമാധാനം, എന്ന അഞ്ചു സംഗതി വ്യാഖ്യാനത്തിൽ ഉണ്ടായിരിക്കണം. എന്നുള്ള വ്യാഖ്യാനലക്ഷണാനുസരണം "പുരുഷൻ" എന്ന് ശ്രുതിയിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിൻെറ അർത്ഥം പറവാൻവേണ്ടി സൃഷ്ടിക്രമത്തെ ചുരുക്കി പറയുന്നു. പുരുഷശബ്ദാർത്ഥം പറവാനുള്ള ഉപോൽഘാതമാണ് ഈ പദ്യം. ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിൻെറ പ്രതിബിംബത്തോടുകൂടിയതും സത്വരജസ്തമോഗുണാത്മികയും ജഗത്തിൻെറ ഉപാദാനമായിരിക്കുന്നതുമായ പ്രകൃതിയാണ് മായയെന്നു പറയപ്പെടുന്നത്. ആ മായ സത്വഗുണത്തിൻെറ ശുദ്ധിയും അശുദ്ധിയും നിമിത്തം രണ്ടുവിധത്തിലാകുന്നു. ശുദ്ധസത്വാത്മികക്കു മായയെന്നും അശുദ്ധസത്വാത്മികക്കു അവിദ്യയെന്നും പേർ. ശുദ്ധസത്വാത്മികയിൽ പ്രതിബിംബിച്ച ബ്രഹ്മചൈതന്യം ഈശ്വരനും അശുദ്ധസത്വാത്മികയിൽ പ്രതിബിംബിച്ച ബ്രഹ്മചൈതന്യം ജീവനും ആകുന്നു. ഈ വിഭാഗം തത്വവിവേകം എന്ന പ്രഥമപ്രകരണത്തിൽ 15, 16, 17 എന്ന മൂന്നു പദ്യങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതിനെ ഓൎത്തുകൊള്ളേണം. മായയിലെ ആഭാസത്താൽ പ്രതിബിംബത്താൽ) കല്പിക്കപ്പെട്ടവർതന്നെ ജീവനും ഈശ്വരനും. ആ രണ്ടുപേർ മററുള്ള സൎവ്വത്തേയും ഉണ്ടാക്കുന്നു. മായാപ്രതിബിംബചൈതന്യസ്വരൂപനായ ഈശ്വരൻ മായക്കധീനനല്ല. അതിനാൽ ഈശ്വരൻ ജ്ഞാനാനന്ദസ്വരൂപൻതന്നെ. ജീവനാകട്ടെ മലിനസത്വാത്മികമായാപ്രതിബിംബചൈതന്യസ്വരൂപനാകയാൽ സ്വസ്വരൂപമായ സ്വനിത്യജ്ഞാനാനന്ദത്തെ അറിയാത്തവനായി ഭവിച്ചു. ഈശ്വരൻെറ ഈക്ഷണാത്മകമായ സൃഷ്ടിവാഞ്ഛനിമിത്തം മായയിൽനിന്നു പൃഥിവ്യാദിപഞ്ചഭൂതങ്ങളും അവയിൽനിന്നു ദേഹേന്ദ്രിയാദി സൎവ്വവും ഉണ്ടായിയെന്നു സാരം.

4. ഈക്ഷണാദിപ്രവേശാന്താ സൃഷ്ടിരീശേന കല്പിതാ
ജാഗ്രാദാദിവിമോക്ഷാന്തഃ സംസാരോ ജീവകല്പിതഃ.

ഈക്ഷണാദിപ്രവേശാന്താ=ഈക്ഷണമാകുന്ന ആദിയോടും പ്രവേശമാകുന്ന അന്തത്തോടും കൂടിയ. സൃഷ്ടിഃഈശേനകല്പിതാ=സൃഷ്ടി ഈശ്വരനാൽ കല്പിക്കപ്പെട്ടു. ജാഗ്രദാദിവിമോക്ഷാന്തഃ=ജാഗ്രത്താകുന്ന ആദിയോടും വിമോക്ഷമാകുന്ന അന്തത്തോടും കൂടിയ. സംസാരഃ ജീവകല്പിതഃ=സംസാരം ജീവനാൽ കല്പിക്കപ്പെട്ടു.

ജീവേശ്വരന്മാർ പ്രപഞ്ചത്തെ കല്പിച്ചുവെന്നു പറഞ്ഞുവെല്ലോ. അതിൽ ഈശ്വരകല്പിതത്തെയും ജീവകല്പിതത്തെയും വെവ്വേറെ കാണിക്കുന്നു:—"തദൈക്ഷതബഹുസ്യാം പ്രജായേയ" ഈശ്വരൻ ആലോചിച്ചു. "ഞാൻ അനേകമായി ഭവിക്കേണം" എന്നൎത്ഥമായ ശ്രുതിമുതൽ "തൽസൃഷ്ട്വാ തദേവാനുപ്രാവിശത്" അതിനെ സൃഷ്ടിച്ചിട്ടു അതിൽ ജീവരൂപേണ പ്രവേശിച്ചു എന്നൎത്ഥമായ ശ്രുതിവരെ എന്തെല്ലാം പറയുന്നുണ്ടോ അതിൻെറയെല്ലാം സൃഷ്ടി ഈശ്വരൻ ചെയ്തതാകുന്നു. ജാഗ്രദവസ്ഥമുതൽ മോക്ഷപ്രാപ്തിവരെയുള്ള സംസാരസൃഷ്ടി ജീവകല്പിതമാകുന്നു.

5. ഭ്രമാധിഷ്ഠാനഭൂതാത്മാ കൂടസ്ഥാസംഗചിദ്വപുഃ
അന്യോന്യാധ്യാസതോ സംഗധീസ്ഥജീവോത്ര പൂരുഷഃ.

കൂടസ്ഥാസംഗചിദ്വപുഃ=നിൎവ്വികാരവും അസംഗവും ജ്ഞാനസ്വരൂപവുമുള്ള. ഭ്രമാധിഷ്ഠാനഭൂതാത്മാ=ഭ്രമാധിഷ്ഠാനമായ ആത്മാവു യാതൊന്നോ അന്യോന്യാധ്യാസതഃ=അന്യോന്യാധ്യാസംനിമിത്തം. അസംഗധീസ്ഥജീവഃ=സംഗത്തോടു കൂടാത്തതായ ബുദ്ധിയിൽ പ്രതിഫലിച്ച ജീവൻ. അത്രപുരുഷഃ=ഈ ശ്രുതിയിൽ പുരുഷൻ എന്ന ശബ്ദത്താൽ പറയപ്പെട്ടിരിക്കുന്നു.

യാതൊരു വികാരവുമില്ലാത്തതും ഒന്നോടും സംബന്ധമില്ലാത്തതും ജ്ഞാനമാകുന്ന സ്വരൂപത്തോടു കൂടിയതും സൎവ്വ പ്രപഞ്ചത്തിൻെറ ആരോപത്തിന്നു അധിഷ്ഠാനവുമായ യാതൊരാത്മാവു സത്യമായിട്ടുണ്ടോ, ആ ആത്മാവു അവിദ്യയുടെ പരിണാമമായ ബുദ്ധിയിൽ പ്രതിഫലിക്കുന്നു. ഈ പ്രതിബിംബം ദേഹേന്ദ്രിയാദികളെ ഞാനെന്നാഭിമാനിക്കുന്നു. യഥാൎത്ഥത്തിൽ കൂടസ്ഥചൈതന്യമായ ആത്മാവിന്നു ദേഹേന്ദ്രിയാദികളോടു യാതൊരുവിധമായ ചേൎച്ചയുമില്ല. എങ്കിലും അന്തഃകരണധൎമ്മത്തെ കൂടസ്ഥചൈതന്യത്തിലും കൂടസ്ഥചൈതന്യത്തിൻെറ ജ്ഞാനാദിധൎമ്മത്തെ അന്തഃകരണത്തിലും ആരോപിച്ചുകൊണ്ടുള്ള ഞാനെന്ന ബോധത്തോടുകൂടിയ ആഭാസചൈതന്യം യാതൊന്നോ അതിനെയാണ് ശ്രുതി, പുരുഷശബ്ദംകൊണ്ടു കാണിക്കുന്നത്. "സ വാ അയം പുരുഷഃ സൎവ്വാസുപൂൎഷു പുരിശയഃ" സകലാന്തഃകരണങ്ങളിലും ശയിക്കുന്നവൻ യാതൊരുവനൊ അവൻ പുരുഷൻ എന്നൎത്ഥമായ ശ്രുതി പുരുഷശബ്ദത്തിൻെറ അവയവാൎത്ഥത്തെ കാണിക്കുന്നു. ഇത്രയും പറഞ്ഞതിൻെറ സാരമെന്തെന്നാൽ ബുദ്ധ്യാ

ദികല്പനങ്ങൾക്കധിഷ്ഠാനമായ കൂടസ്ഥചൈതന്യം തന്നെ ബുദ്ധിയിൽ പ്രതിബിംബിച്ചപ്പോൾ ജീവാവസ്ഥയെ പ്രാപിക്കുന്നു. ആ ജീവൻതന്നെ പുരുഷൻ എന്നാകുന്നു.

6. സാധിഷ്ഠാനോ വിമോക്ഷാദൗ ജീവോധിക്രിയതേ ന തു
കേവലോ നിരധിഷ്ഠാനവിഭ്രാന്തേഃ ക്വാപ്യസിദ്ധിതഃ.

സാധിഷ്ഠാനഃജീവഃ=അധിഷ്ഠാനസഹിതനായ ജീവൻ. വിമോക്ഷാദൗ=മോക്ഷാദ്യനുഷ്ഠാനത്തിൽ. അധിക്രിയതേ=അധികാരിയാകുന്നു. കേവലഃനതു=ചിദാഭാസൻമാത്രം അധികാരിയെന്നല്ല. നിരധിഷ്ഠാനവിഭ്രാന്തേഃ=അധിഷ്ഠാനത്തോടുകൂടാതെ ഭ്രാന്തിയുണ്ടാകുകയെന്നത്. ക്വാപിഅസിദ്ധിതഃ=ഒരേടത്തും സിദ്ധമല്ലാത്തതുകൊണ്ട്.

മേൽകാണിച്ച സംഗതിയിൽ വാദിയുടെ പൂർവ്വപക്ഷവും അതിന്നു സമാധാനവും ഈ ശ്ലോകത്തിൽ കാണിക്കുന്നു:—ബുദ്ധിയിൽ പ്രതിഫലിച്ചതായ ചിദാഭാസൻ മാത്രമാണ് പുരുഷശബ്ദവാച്യൻ എന്നു വന്നുകൂടെയോ, കൂടസ്ഥചൈതന്യത്തെ എന്തിനായിട്ട് അതിനോടു കൂട്ടിപ്പിടിക്കുന്നു, എന്നാണ് ആക്ഷേപമെങ്കിൽ കേവലചിദാഭാസൻ സ്വർഗ്ഗമോക്ഷാദി സാധനാനുഷ്ഠാനത്തിൽ അധികാരിയാകയില്ല. കൂടസ്ഥസഹിതനായിട്ടുതന്നെ സ്വർഗ്ഗമോക്ഷാദികളെ സാധിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ അധിഷ്ഠാനമായ കൂടസ്ഥചൈതന്യത്തെ കൂട്ടിപ്പിടിക്കാതിരുന്നാൽ ആരോപിക്കാൻ സ്ഥാനമില്ലെന്നു വരുമല്ലോ. സത്യമായ വസ്തുവിനെ തന്നിലയിൽ അറിയാതിരിക്കുമ്പോളാണെല്ലോ ഭ്രമം ഉണ്ടാകുന്നത്. അധിഷ്ഠാനമില്ലാതെ ഭ്രമത്തിന്നവകാശമില്ലാത്തതിനാൽ കൂടസ്ഥസഹിതനായ ചിദാഭാസൻതന്നെ മോക്ഷാദികൾക്കധികാരി.

7. അധിഷ്ഠാനാംശസംയുക്തം ഭ്രമാംശമവലംബതേ
യദാ തദാഹം സംസാരീത്യേവം ജീവോഭിമന്യതേ.

യദാ അധിഷ്ഠാനാംശസംയുക്തം=എപ്പോൾ അധിഷ്ഠാനാംശസഹിതമായ. ഭ്രമാംശം അവലംബതേ=ഭ്രമാംശത്തെ അവലംബിക്കുന്നുവോ തദാ അഹം സംസാരീ ഇതിജീവഃ അഭിമന്യതേ=അപ്പോൾ ഞാൻ സംസാരിയെന്നു ജീവൻ അഭിമാനിക്കുന്നു.

അധിഷ്ഠാനസഹിതനായ ചിദാഭാസൻതന്നെയാണ് സംസാരിയെന്നു രണ്ടുശ്ലോകംകൊണ്ടു വിഭജിച്ചു കാണിക്കുന്നു. കൂടസ്ഥചൈതന്യസഹിതമായ സ്ഥൂലസൂക്ഷ്മശരീരങ്ങളെ ചിദാഭാസൻ എപ്പോൾ തന്റെ സ്വരൂപമായിട്ടു വിചാരിക്കുന്നുവോ അപ്പോൾ താൻ ജന്മമരണാദികളോടു കൂടിയവൻ എന്നു വിചാരിക്കുന്നു. കൂടസ്ഥസാമാന്യചൈതന്യം നിമിത്തം ശരീരദ്വയം വിളങ്ങുന്നു. ആ രണ്ടുവിധശരീരത്തെ ചിദാഭാസൻ സ്വസ്വരൂപമെന്നു വിചാരിക്കുന്നു. അപ്പോൾ ശരീരധർമ്മങ്ങളായ വികാരങ്ങളെ തന്റെ ധർമ്മങ്ങളായി കരുതുന്നു. ഇതുതന്നെ സംസാരം എന്നു സാരം.

8. ഭ്രമാംശസ്യതിരസ്കാരാ ദധിഷ്ഠാനപ്രധാനതാ
യദാ തദാ ചിദാത്മാഹ മസംഗോസ്മീതി ബുധ്യതേ.

യദാ ഭ്രമാംശസ്യതിരസ്കാരാൽ=എപ്പോൾ ഭ്രമാംശത്തിന്റെ തിരസ്കാരം ഹേതുവായിട്ടു. അധിഷ്ഠാനപ്രധാനതാ=അധിഷ്ഠാനത്തിന്നു പ്രാധാന്യം അറിയപ്പെടുന്നുവോ. തദാ അഹം ചിദാത്മാ അസംഗഃ അസ്മി ഇതി ബുധ്യതേ=അപ്പോൾ ഞാൻ ചിൽസ്വരൂപനും സംഗരഹിതനുമാകുന്നുവെന്ന് ജീവനാൽ അറിയപ്പെടുന്നു.

എപ്പോൾ ശാസ്ത്രസജ്ജനസംസർഗ്ഗാനുഗ്രഹത്താൽ ഭ്രമംനിമിത്തം തോന്നിയിരുന്ന സ്ഥൂലസൂക്ഷ്മശരീരവും അതിനോടുണ്ടായിരുന്ന ചേഷ്ടയും മിഥ്യയാണെന്നും അധിഷ്ഠാനമായ കൂടസ്ഥചൈതന്യംതന്നെ സത്യം എന്നും ജ്ഞാനമുണ്ടാകുന്നുവോ അപ്പോൾ ദേഹാഭിമാനം നശിക്കുന്നു. ജീവനെ ബാധിച്ചിരുന്ന രജസ്തമോഗുണാംശങ്ങൾ നശിക്കുകയും സത്വഗുണം തെളിയുകയും ചെയ്യുന്നതുകൊണ്ടു ഞാൻ ചിദാഭാസനോ ദേഹദ്വയസംബന്ധമുള്ളവനോ അല്ല, ഭ്രമത്തിന്നധിഷ്ഠാനമായ കൂടസ്ഥചൈതന്യംതന്നെ ഞാൻ എന്ന ബോധം ജീവനുണ്ടാകുന്നു. ഇതുതന്നെ മുക്തിയെന്നു പറയപ്പെടുന്നതു. ശരീരത്തെ അഭിമാനിക്കുകയാൽ ബന്ധവും അഭിമാനത്തിന്റെ നാശത്താൽ മുക്തിയും ജീവന്നുള്ളവയാണെന്നു സാരം.

9. നാസംഗേഹം കൃതിര്യുക്താ കഥമസ്മീതിചേച്ഛൃണു
ഏകോ മുഖ്യോദ്വാവമുഖ്യാ വിത്യത്രസ്ത്രിവിധോഹമഃ

അസംഗേ അഹംകൃതിഃ നയുക്താ=അസംഗനിൽ അഹങ്കാരം യുക്തമല്ല. അസ്മീതി കഥംചേത് ശൃണു=

ഞാൻ ഭവിക്കുന്നോൻ ഏതൊന്നിങ്ങിനെവരും എങ്കിൽ പറയാം കേട്ടാലും അഹമഃ അർത്ഥഃത്രിവിധഃ=അഹ ങ്കാരത്തിൻെറ അർത്ഥം മൂന്നുവിധം. ഏകഃമുഖ്യഃ=ഒന്നു മുഖ്യം. ദ്വൌ അമുഖ്യൌ=രണ്ടെണ്ണം അമുഖ്യ ങ്ങളാം.

അധിഷ്ഠാനചൈതന്യത്തെ ജീവസ്വരൂപമായി സ്വീകരിക്കുമ്പോൾ ഞാൻ ചിദാത്മാവും അ സംഗനുമാണെന്ന് ധരിക്കും എന്നു പറഞ്ഞത് അയുക്തമാണെന്നു വാദി ശങ്കിക്കുന്നു. എന്തുകൊണ്ടെ ന്നാൽ അസംഗചിദ്രൂപം അഹംപ്രത്യയത്തിന്നു വിഷയമല്ലാത്തതുകൊണ്ട് "ഞാൻ അസംഗചിദ്രൂപനാ ണെന്നു്" ധരിക്കുന്നതു് എങ്ങിനെ? അതിനാൽ പൂർവ്വോക്തം അയുക്തമാണെന്നാണ് ശങ്കാസ്വരൂപം എങ്കിൽ ഉത്തരം പറയാം കേൾക്കുക, എന്നു സിദ്ധാന്തി പറയുന്നു. അസംഗചിദ്രൂപചൈതന്യം മു ഖ്യവൃത്തികൊണ്ട് അഹംപ്രത്യയത്തിന്നു വിഷയമല്ലെന്നിരിക്കിലും ലക്ഷണാവൃത്തികൊണ്ട് അഹംപ്രത്യ യവിഷയമായി ഭവിക്കുന്നതിന്ന് വിരോധമില്ലെന്നുത്തരം പറവാൻ ഭാവിക്കുന്ന സിദ്ധാന്തി അഹംവൃത്തി യുടെ വകഭേദങ്ങളെ പറയുന്നു. അഹംവൃത്തി മൂന്നുവിധത്തിലാണ്. ഒന്ന് മുഖ്യവൃത്തി, രണ്ടെണ്ണം അമുഖ്യവൃത്തികൾ.

10. അന്യോന്യാധ്യാസരൂപേണ കൂടസ്ഥാഭാസയോർവ്വപുഃ
ഏകീഭൂയ ഭവേന്മുഖ്യസ്തത്ര മൂഢൈഃ പ്രയുജ്യതേ.

കൂടസ്ഥാഭാസയോഃവപുഃ=കൂടസ്ഥൻെറയും ചിദാഭാസൻെറയുംസ്വരൂപം. അന്യോന്യാദ്ധ്യാസരൂപേണ= അന്യോന്യാധ്യാസഭാവംകൊണ്ട്. ഏകീഭൂയ=ഒന്നായി ഭവിച്ചിട്ട്. മുഖ്യഃ=മുഖ്യമായി ഭവിക്കുന്നു. മൂഢൈ തത്രപ്രയുജ്യതേ=മൂഢന്മാരാൽ അതിൽ അഹംശബ്ദംപ്രയോഗിക്കപ്പെടുന്നു.

അഹങ്കാരത്തിൻെറ മുഖ്യാർത്ഥത്തെ കാണിക്കുന്നു:—മൂഢന്മാർ അധിഷ്ഠാനചൈതന്യത്തേയും ചി ദാഭാസനേയും വേർതിരിച്ചറിയുന്നില്ല. ഒന്നിനെ മറെറാന്നിൽ ആരോപിച്ചിട്ട് രണ്ടുംകൂടി ഒന്നാക്കീ ട്ടാണ് ഞാൻ എന്നവർ പറയുന്നത്. അതുകൊണ്ട് കൂടസ്ഥചൈതന്യവും ചിദാഭാസനുംകൂടി ഒന്നെ ന്നുള്ള അർത്ഥവിവക്ഷയിൽ അതിന്നു മുഖ്യാർത്ഥം കല്പിക്കപ്പെട്ടിരിക്കുന്നു. ലോകവ്യവഹാരസമ്പ്രദായം ആ നിലയിൽ ഉറച്ചിരിക്കുന്നതുകൊണ്ട് അതിനെ മുഖ്യമെന്നു പറയേണ്ടതായിരിക്കുന്നു.

11. പൃഥഗാഭാസകൂടസ്ഥാവമുഖ്യൌ തത്ര തത്വവിത്
പര്യായേണ പ്രയുങ്ക്തേഹംശബ്ദം ലോകേച വൈദികേ.

ആഭാസകൂടസ്ഥൌ പൃഥക് അമുഖ്യൌ=ആഭാസനും കൂടസ്ഥനും വെവ്വേറെ പറയപ്പെടുമ്പോൾ അമു ഖ്യങ്ങളാം. തത്വവിത് തത്ര = തത്വജ്ഞാനി അതിൽ. ലോകേ വൈദികേച = ലോകവ്യവഹാരത്തിലും വൈദികവ്യവഹാരത്തിലും. പര്യായേണ അഹംശബ്ദം പ്രയുങ്ക്തേ=ക്രമത്തിൽ അഹംശബ്ദത്തെ ഉപ യോഗിക്കുന്നു.

അഹങ്കാരത്തിൻെറ അമുഖ്യാർത്ഥങ്ങളെ കാണിക്കുന്നു:—ചിദാഭാസനേയും കൂടസ്ഥനേയും വേർതി രിച്ചു കാണിപ്പാൻ വിചാരിച്ചുകൊണ്ട് ഞാൻ ഞാൻ എന്നുപയോഗിക്കുന്ന അവസരത്തിൽ അവ അമു ഖ്യങ്ങളാകുന്നു. ചിദാഭാസൻേറയും കൂടസ്ഥൻേറയും സ്വരൂപത്തെ വേർതിരിച്ചറിയുന്ന തത്വജ്ഞാനി ലോകവ്യവഹാരാവസ്ഥയിലും ആ രണ്ടു ശബ്ദങ്ങളെ ക്രമത്തിൽ മുഖ്യാർത്ഥത്തിലും അമുഖ്യാർത്ഥത്തിലും ഉപയോഗിക്കുന്നു. ഇതിൻെറ സാരം:—ചിദാഭാസകൂടസ്ഥന്മാരെ വേർതിരിക്കാതെയാണ് ഭൂരിപക്ഷം ജനം ഞാൻ എന്നു പറയുന്നത്. അതുകൊണ്ടതിന്നു മുഖ്യത്വം. ഏതാനും ചിലർ എപ്പോഴെങ്കിലും ഒരവസരത്തിൽ ആ രണ്ടു രൂപങ്ങളേയും വേർതിരിച്ചു വ്യവഹരിക്കുന്നുവെങ്കിൽ അപ്പോൾ അതിന്നു അമുഖ്യത്വം കല്പിക്കപ്പെട്ടിരിക്കുന്നു.

12. ലൌകികവ്യവഹാരേഹംഗച്ഛാമീത്യാദികേ ബുധഃ
വിവിച്യൈവ ചിദാഭാസം കൂടസ്ഥാത്തം വിവക്ഷതി.

അഹംഗച്ഛാമിഇത്യാദിലൌകികവ്യവഹാരേ=ഞാൻ പോകുന്നു എന്നിങ്ങിനെയുള്ള ലൌകികവ്യവഹാ ത്തിൽ. ബുധഃ കൂടസ്ഥാത് തംചിദാഭാസം വിവിച്യ ഏവ വിവക്ഷതി=വിദ്വാൻ കൂടസ്ഥനിൽനിന്നു ആ ചിദാഭാസനെ വേർതിരിച്ചുതന്നെ പറവാൻ ഇച്ഛിക്കുന്നു.

ക്രമത്തിൽ എന്നു മുൻശ്ലോകത്തിൽ പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—തത്വജ്ഞാനിയായ ഒരു വൻ, ഞാൻ പോകുന്നുവെന്നിങ്ങിനെ ലോകസാധാരണനിലയിൽ പറയുമ്പോൾ കൂടസ്ഥനിൽനിന്നു ചിദാഭാസനെ വേർതിരിച്ചിട്ടാണ് ഞാൻ എന്ന ശബ്ദം ഉപയോഗിക്കുന്നത്. അതാണ് ആയാളുടെ

വിവക്ഷ. കൂടസ്ഥന്ന് പോകലും വരവും ഇല്ലെന്നറിയുന്ന ആയാൾ കൂടസ്ഥനെ ഉൾക്കൊള്ളിച്ച് അങ്ങിനെ പറവാൻ കാരണമില്ല. അതിനാൽ ചിദാഭാസനെ ഉദ്ദേശിച്ചാണ് അപ്പോഴത്തെ വ്യവഹാരം.

13. അസംഗോഹം ചിദാത്മാഹ മിതിശാസ്ത്രീയദൃഷ്ടിതഃ
അഹംശബ്ദം പ്രയുങ്ക്തേയം കൂടസ്ഥേ കേവലേ ബുധഃ.

അയംബുധഃശാസ്ത്രീയ ദൃഷ്ടിതഃ=ഈ വിദ്വാൻ ശാസ്ത്രീയദൃഷ്ടികൊണ്ട്. അഹംഅസംഗഃഅഹംചിദാത്മാ ഇതി=ഞാൻ അസംഗൻ ഞാൻ ചിദാത്മാവ് എന്ന്. കേവലേ കൂടസ്ഥേ പ്രയുങ്ക്തേ=കേവലനായ കൂടസ്ഥനിൽ അഹംശബ്ദത്തെ ഉപയോഗിക്കുന്നു.

ഈ തത്വജ്ഞാനിതന്നെ ശാസ്ത്രദൃഷ്ടിയോടുകൂടെ വ്യവഹരിക്കുമ്പോൾ, ഞാൻ ഒന്നോടും ചേരാതെ വേറിട്ടിരിക്കുന്ന ചിൽസ്വരൂപനാണെന്നു ചിദാഭാസനിൽനിന്നു വേർതിരിക്കപ്പെട്ട കൂടസ്ഥനിലും ഞാൻ എന്ന ശബ്ദത്തെ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ടു കൂടസ്ഥനിൽ മുഖ്യവൃത്തികൊണ്ടു അഹംശബ്ദത്തിന്നു വ്യാപ്തിയില്ലെങ്കിലും ലക്ഷണാവൃത്തികൊണ്ടു അഹം എന്നുള്ള ജ്ഞാനത്തിന്നു വ്യാപ്തി ഉണ്ട്. ആ വിധത്തിൽ ഞാൻ അസംഗനും ചിദാത്മാവുമാണെന്നുള്ള ജ്ഞാനം ഉണ്ടാവാൻ വിരോധമില്ലെന്നു സാരം.

14. ജ്ഞാനിതാജ്ഞാനിതേത്വാത്മാഭാസസ്യൈവനചാത്മനഃ
തഥാചകഥമാഭാസഃകൂടസ്ഥോസ്മീതിബുധ്യതാം.

ജ്ഞാനിതാജ്ഞാനിതേ=ജ്ഞാനി എന്നും അജ്ഞാനി എന്നും ഉള്ള നിലകൾ. ആഭാസസ്യ ഏവ=ആഭാസനുതന്നെ. ആത്മനഃ നച=ആത്മാവിന്നല്ല. തഥാച=അങ്ങിനെയാണെങ്കിലും. ആഭാസഃ കൂടസ്ഥഃ അസ്മി ഇതികഥം ബുധ്യതാം=ആഭാസൻ, ഞാൻ കൂടസ്ഥനാണെന്നു എങ്ങിനെ അറിയും.

ഇവിടേയും ഒരു ശങ്ക:—ആഭാസനും കൂടസ്ഥനും വെവ്വേറെ പറയപ്പെടുമ്പോൾ അമുഖ്യാത്മങ്ങൾ എന്നു പറഞ്ഞുവെല്ലോ. ആ രണ്ടിൽ ഞാൻ അസംഗചിദാത്മാവാണെന്നറിയുന്നത് ആരാണ്. കൂടസ്ഥനോ ചിദാഭാസനോ? കൂടസ്ഥനാണെന്നു വരുവാൻ സംഗതിയില്ല. കൂടസ്ഥൻ അസംഗചിദ്രൂപൻതന്നെയാകയാൽ ജ്ഞാനി അജ്ഞാനി എന്ന രണ്ടു നിലക്കും അവകാശമില്ല. അതുകൊണ്ടു ഈ രണ്ടു നിലയും ആഭാസചൈതന്യത്തിന്നാണെന്നേ പറവാൻ തരമുള്ളൂ. അങ്ങിനെയാണെങ്കിലും അതിലും വിരോധം കാണുന്നു. കൂടസ്ഥനിൽനിന്നന്യനായ ചിദാഭാസൻ ഞാൻ കൂടസ്ഥനാണെന്ന് എങ്ങിനെ അറിയും, എന്നാണ് ശങ്കാസ്വരൂപം.

15. നായംദോഷശ്ചിദാഭാസഃ കൂടസ്ഥൈകസ്വഭാവവാൻ
ആഭാസത്വസ്യ മിഥ്യാത്വാൽ കൂടസ്ഥത്വാവശേഷണാത്.

അയംനദോഷഃ=ഇതു ദോഷമല്ല. ആഭാസത്വസ്യ=ആഭാസഭാവത്തിന്റെ. മിഥ്യാത്വാത്=മിഥ്യാഭാവം നിമിത്തം. കൂടസ്ഥത്വാവശേഷണാൽ=കൂടസ്ഥഭാവം അവശേഷിക്കുന്നതുകൊണ്ട്. ചിദാഭാസഃ=ചിദാഭാസൻ. കൂടസ്ഥൈക സ്വഭാവവാൻ = കൂടസ്ഥനാകുന്ന ഏകത്വംതന്നെ സ്വഭാവത്തോടുകൂടിയവനാകുന്നു.

കൂടസ്ഥാന്യനായ ചിദാഭാസൻ ഞാൻ സച്ചിദാനന്ദാത്മാവാണെന്നു എങ്ങിനെ അറിയും എന്നുള്ള ശങ്കക്കവകാശമില്ല. എന്തുകൊണ്ടെന്നാൽ ചിദാഭാസന്നു കൂടസ്ഥാന്യത്വംതന്നെ അസിദ്ധമാണല്ലൊ. ബുദ്ധിപ്രതിബിംബം അവാസ്തവം. കൂടസ്ഥഭാവം സത്യം. അതുതന്നെ ചിദാഭാസന്റെ യഥാർത്ഥ സ്വരൂപം. കണ്ണാടിയിൽ കാണുന്ന മുഖപ്രതിബിംബം മിഥ്യാ. യഥാർത്ഥമുഖം മാത്രം സത്യം എന്നതുപോലെ ചിദാഭാസത്വം മിഥ്യയാകയാൽ കൂടസ്ഥഭാവം അവശേഷിക്കുന്നു.

16. കൂടസ്ഥോസ്മീതിബോധോപി മിഥ്യാചേന്നേതികോവദേത്
നഹി സത്യതയാഭീഷ്ടം രജ്ജുസർപ്പവിസർപ്പണം.

കൂടസ്ഥഃ അസ്മി ഇതിബോധഃഅപി=കൂടസ്ഥനാകുന്നു ഞാൻ എന്നുള്ള ബോധവും. മിഥ്യാ ചേത് ന ഇതി കഃ വദേത് = മിഥ്യയാണെങ്കിൽ അല്ലെന്നാരുപറയും. ഹി=എന്തുകൊണ്ടെന്നാൽ. രജ്ജുസർപ്പവിസർപ്പണം=രജ്ജുസർപ്പത്തിന്റെ ചലനം. സത്യതയാ ന അഭീഷ്ടം=സത്യമാണെന്നു ഇഷ്ടമല്ല.

ചിദാഭാസൻ മിഥ്യയാണെങ്കിൽ ഞാൻ കൂടസ്ഥനാകുന്നുവെന്ന് ചിദാഭാസനുള്ള ബോധവും മിഥ്യയല്ലേ എന്നാണ് ശങ്കയെങ്കിൽ, അല്ലെന്നാരുപറയും. കൂടസ്ഥനെ ഒഴികെയുള്ള സർവ്വവും മിഥ്യയാണെന്നഭിപ്രായമുള്ള ഞങ്ങൾക്ക്, ചിദാഭാസനുണ്ടായ ബോധവും മിഥ്യയാണെന്നുള്ള വാദത്തിൽ

എതുവാദമില്ല. എന്തുകൊണ്ടെന്നാൽ രജ്ജുവിനെ സപ്പമാണെന്നു കരുതിയ ഒരുവൻ ആ സപ്പം സഞ്ചരിക്കുന്നുവെന്നും കരുതിയെങ്കിൽ ആ സപ്പത്തിന്റെ ഗമനാദിക്രിയ സത്യമാണെന്നു ആരു വാദിക്കും? മിഥ്യാസപ്പത്തിന്റെ ഗമനാദിക്രിയകളും മിഥ്യതന്നെ എന്നതിൽ യാതൊരു സംശയത്തിന്നും അവകാശമില്ല.

17. താദൃശേനാപി ബോധേന സംസാരോഹി നിവത്തതേ
യക്ഷാനുരൂപോഹിബലി രിത്യാഹുർല്ലൗകികാഃ ജനാഃ.

താദൃശേന ബോധേന അപി=ആ മാതിരി ബോധംകൊണ്ടും. സംസാരഃ ഹി നിവത്തതേ=സംസാരം നിശ്ചയമായും നിവൃത്തിക്കും. യക്ഷാനുരൂപഃ ബലിഃ ഇതിഹി=യക്ഷാനുരൂപം ബലി എന്നാണെല്ലൊ ലൌകികാഃ ജനാഃ ആഹുഃ=ലോകത്തിലുള്ള ജനങ്ങൾ പറയാറുള്ളത്.

ചിദാഭാസനുണ്ടായ ജ്ഞാനം മിഥ്യയാണെന്നുവന്നാൽ സംസാരനിവൃത്തി ആ ജ്ഞാനംകൊണ്ടുണ്ടാകയില്ലെല്ലൊ എന്നു ശങ്കിക്കേണ്ട. ആ മാതിരി ജ്ഞാനംകൊണ്ടും നിശ്ചയമായും സംസാരം നശിക്കും. എന്തുകൊണ്ടെന്നാൽ സംസാരവും മിഥ്യയാണ്. മിഥ്യാജ്ഞാനംകൊണ്ടു മിഥ്യസംസാരം നശിക്കുന്നതിന്നു വിരോധമില്ല. സ്വപ്നത്തിൽകണ്ട വ്യാഘ്രം നിമിത്തം നിദ്ര നശിക്കുന്നതു് അനുഭവമാണെല്ലൊ. ദേവതാബാധയുണ്ടായിയെന്നുള്ള മിഥ്യാബോധം നിമിത്തമുണ്ടായ ബാധ തീക്കാൻ ബലിവെച്ചു പരിഹാരം ചെയ്യുവെന്നുള്ള ബോധത്തെ ജനിപ്പിക്കുന്നത് സമ്പ്രദായമാണെല്ലൊ. യക്ഷാനുരൂപമായ ബലി എന്നാണ് സാധാരണ ലോകത്തിലെ ജനങ്ങൾ പറയാറുള്ളത്, ബാധയും സത്യമല്ല, ബലിയും സത്യമല്ല. മിഥ്യാബോധത്തിന്നു മിഥ്യാകമ്മം പരിഹാരം എന്നാണ് ഈ വ്യവഹാരത്തിൽ അടങ്ങീട്ടുള്ള തത്വം.

18. തസ്മാദാഭാസപുരുഷഃ സകൂടസ്ഥോ വിവിച്യതം
കൂടസ്ഥോസ്മീതി വിജ്ഞാതു മഹ്തീത്യഭ്യധാച്ഛ്രുതിഃ.

തസ്മാത് സകൂടസ്ഥഃ ആഭാസപുരുഷഃ=അതുകൊണ്ടു കൂടസ്ഥസഹിതനായ ആഭാസപുരുഷൻ. തം വിവിച്യ=അവനെ തന്നിൽനിന്നു വേർതിരിച്ചിട്ട്. കൂടസ്ഥഃഅസ്മി ഇതിവിജ്ഞാതും=ഞാൻ കൂടസ്ഥനാകുന്നുവെന്നറിവാൻ. അഹ്തി ഇതിശ്രുതിഃ അഭ്യധാത്=അഹ്ിക്കുന്നുവെന്നു ശ്രുതി പറഞ്ഞു.

ഇതുവരെ പറഞ്ഞ സംഗതിയെ ഉപസംഹരിക്കുന്നു:—കൂടസ്ഥത്വംതന്നെയാണ് ചിദാഭാസന്റെ നിജസ്വരൂപം എന്ന കാരണത്താൽ കൂടസ്ഥസഹിതനും പുരുഷശബ്ദത്താൽ പറയപ്പെടുന്നവനുമായ ചിദാഭാസൻ മിഥ്യാഭൂതനായ തന്നിൽനിന്നു കൂടസ്ഥനെ വേറെ കണ്ടിട്ടു, ഞാൻ ചിദാനന്ദസ്വരൂപനായ കൂടസ്ഥനാകുന്നുവെന്നറിവാൻ അഹ്നാകുന്നുവെന്നു ശ്രുതി പറഞ്ഞിരിക്കുന്നു.

19. അസന്ദിഗ്ദ്ധാവിപൎയ്യസ്തബോധോ ദേഹാത്മനീക്ഷ്യതേ
തദ്വദത്രേതിനിൎണ്ണേതു മയമിത്യഭിധീയതേ.

ദേഹാത്മനി=ദേഹമാകുന്ന ആത്മാവിൽ. അസന്നിഗ്ദ്ധാ വിപൎയ്യസ്തബോധഃ ഈക്ഷ്യതേ=സംശയവിപരീതഭാവമില്ലാത്ത അറിവ് കാണപ്പെടുന്നുണ്ട്. തദ്വത് അത്ര ഇതിനിൎണ്ണേതും=അതുപോലെ ഇവിടേയും എന്നു നിൎണ്ണയിപ്പാൻ. അയം ഇതി അഭിധീയതേ=ഇവൻ എന്ന ശബ്ദം ശ്രുതിയാൽ പറയപ്പെട്ടിരിക്കുന്നു.

ആദ്യപദ്യമായി കാണിച്ചിരിക്കുന്ന ശ്രുതിയിലെ "പുരുഷോസ്മി" എന്ന രണ്ടു പദങ്ങളുടെ അഭിപ്രായത്തെ കാണിച്ചശേഷം "അയം" എന്ന പദത്തിന്റെ അത്ഥം പറയുന്നു:—ലോകത്തിലെ സാധാരണ ജനങ്ങൾക്ക് അവരുടെ പ്രത്യക്ഷമായ ദേഹത്തിൽ ആത്മഭാവം സംശയവിപരീതഭാവമില്ലാതെ അറിയപ്പെട്ടിരിക്കുന്നുവെന്ന് കാണുന്നുണ്ട്. അതുപോലെതന്നെ പ്രത്യഗാത്മാവിൽ ദൃഢമായ ആത്മഭാവം സമ്പാദിച്ചാൽ മാത്രമേ മുക്തി സിദ്ധിക്കുകയുള്ളവെന്നു കാണിപ്പാൻ അയം എന്ന ശബ്ദം ശ്രുതിയാൽ പറയപ്പെട്ടിരിക്കുന്നു. കണ്ണിന്നുമുമ്പിൽ കാണപ്പെടുന്ന പദാൎത്ഥത്തിൽ സംശയവിപരീതഭാവങ്ങൾകൂടാതെ ബോധമുണ്ടാകുന്നതുപോലെ പ്രത്യഗാത്മാവിൽ ദൃഢബോധമുണ്ടാകേണം എന്നു കാണിക്കുവാനാണ് അയംശബ്ദപ്രയോഗം എന്നു സാരം.

20. ദേഹാത്മജ്ഞാനവൽ ജ്ഞാനംദേഹാത്മജ്ഞാനബാധകം
ആത്മന്യേവ ഭവേദ്യസ്യ സനേച്ഛന്നപി മുച്യതേ.

ദേഹാത്മജ്ഞാനവൽ=ദേഹം ആത്മാവ് എന്ന ജ്ഞാനംപോലെ. ആത്മനി ഏവ=ആത്മാവിൽതന്നെ. ദേഹാത്മജ്ഞാനബാധകം ജ്ഞാനം=ദേഹാത്മജ്ഞാനത്തെ ബാധിക്കുന്നതായ ജ്ഞാനം. യസ്യഭവേത്=

യാതൊരുവനു ഭവിക്കുന്നുവോ. സഃനേച്ഛന്‍ അപി=അവന്‍ ഇച്ഛിക്കുന്നില്ലെങ്കിലും. മുച്യതേ=മുക്തനായി ഭവിക്കും.

മേല്‍വിവരിച്ച വിധത്തിലുള്ള ബോധംതന്നെയാണ് മോക്ഷസാധനം എന്നതില്‍ ആചാര്യ വാക്യം പ്രമാണമാണെന്നു കാണിക്കുന്നു:—സാധാരണ ലൌകികന്മാര്‍ ദേഹംതന്നെ ആത്മാവ് എന്നു ധരിക്കുന്നതുപോലെ ആത്മാവില്‍ത്തന്നെ ദൃഢമായിട്ടുള്ള ആത്മബോധം ദേഹാത്മജ്ഞാനത്തെ നശിപ്പിക്കുന്നതാകയാല്‍ ആ ബോധമുള്ളവന്‍ ആഗ്രഹിക്കുന്നില്ലെങ്കില്‍കൂടെ മുക്തനായി ഭവിക്കും.

21. അയമിത്യപരോക്ഷത്വം മുച്യതേ ചേ ത്തദുച്യതാം
സ്വയംപ്രകാശചൈതന്യമപരോക്ഷം സദാ യതഃ.

അയം ഇതി അപരോക്ഷത്വം=അയം ശബ്ദം അപരോക്ഷഭാവത്തെ. ഉച്യതേ ചേത് തത് ഉച്യതാം= പറയപ്പെടുന്നുവെങ്കില്‍ അങ്ങിനെ പറഞ്ഞുകൊള്‍ക. യതഃസ്വയം പ്രകാശചൈതന്യം=എന്തുകൊണ്ടെന്നാല്‍ സ്വയമേവ വിളങ്ങുന്ന ചൈതന്യം. സദാ അപരോക്ഷം=എപ്പോഴും അപരോക്ഷംതന്നെ.

അയം എന്ന പദത്തിനുള്ള അര്‍ത്ഥം മറെറാരുവിധത്തിലാണെന്നു ശങ്കിക്കുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—ലോകത്തില്‍ ഈ ഘടം ഈ പടം എന്നിങ്ങിനെ പറയുമ്പോള്‍ ജ്ഞാനത്തിന്റെ വിഷയമായ ഘടപടാദികള്‍ പ്രത്യക്ഷമാണെന്നു കാണിക്കുന്നതുപോലെ ഇവിടേയും അയം ശബ്ദം ആത്മാവിന്റെ പ്രത്യക്ഷഭാവത്തെ കാണിക്കുന്നുവെന്നു ശങ്കിക്കുന്നുവെങ്കില്‍ ആത്മാവു പ്രത്യക്ഷംതന്നെ എന്നു പറയുന്നതു ഞങ്ങള്‍ക്കു സമ്മതംതന്നെ. എന്തുകൊണ്ടെന്നാല്‍ അന്യസാധനത്തെ അപേക്ഷിക്കാതെ സ്വയമേവ വിളങ്ങുന്ന ആത്മചൈതന്യം എപ്പോഴും പ്രത്യക്ഷംതന്നെ. അതിനെ ആച്ഛാദനം ചെയ്യുന്നതായ മറെറാരുവസ്തു ഇല്ലാത്തതുകൊണ്ടു ആത്മാവ് അപരോക്ഷംതന്നെയെന്നു വേദാന്തസിദ്ധാന്തം.

22. പരോക്ഷ മപരോക്ഷംച ജ്ഞാനമജ്ഞാനമിത്യദഃ
നിത്യാപരോക്ഷരൂപേപി ദ്വയം സ്യാദ്ദശമേയഥാ.

പരോക്ഷം അപരോക്ഷംച=പരോക്ഷമെന്നും അപരോക്ഷമെന്നും ജ്ഞാനം അജ്ഞാനംഇതിഅദഃദ്വയം= ജ്ഞാനമെന്നും അജ്ഞാനമെന്നും ഉള്ള ഇതു രണ്ടും. നിത്യാപരോക്ഷരൂപേ അപി=നിത്യാപരോക്ഷരൂപനായ ആത്മാവിലും ദശമേയഥാസ്യാത്=പത്താമത്തേവനില്‍ എന്നപോലെ ഭവിക്കും

ആത്മാവ് സ്വപ്രകാശചില്‍സ്വരൂപനായതുകൊണ്ടു നിത്യാപരോക്ഷന്‍തന്നെ എന്നു സമ്മതിക്കുന്നപക്ഷം അയം ശബ്ദത്തിന്റെ അഭിപ്രായം വര്‍ണ്ണിച്ചതില്‍നിന്നു സിദ്ധമാകുന്ന പരോക്ഷഭാവവും അപരോക്ഷഭാവവും അല്ലെങ്കില്‍ ജ്ഞാനാജ്ഞാനവിഷയഭാവവും നിലനില്ലാതെ വരുമെല്ലോ എന്നാണ് ശങ്കയെങ്കില്‍ അങ്ങിനെ ശങ്കിക്കേണ്ട. നിത്യാപരോക്ഷമായിത്തന്നെ വിളങ്ങുന്ന ആത്മാവില്‍ പത്താമത്തെ പുരുഷനില്‍ കാണപ്പെട്ടതുപോലെ പരോക്ഷം, അപരോക്ഷം, ജ്ഞാനം, അജ്ഞാനം, എന്ന ദ്വന്ദ്വങ്ങള്‍ കാണപ്പെടുന്നതില്‍ വിരോധമില്ല. ജ്ഞാനത്തില്‍ അജ്ഞാനവും അപരോക്ഷത്തില്‍ പരോക്ഷവും സ്വയം പ്രകാശവസ്തുവില്‍ കാണപ്പെടുന്നതില്‍ വിരോധമില്ലെന്നു കാണിപ്പാന്‍ പത്താമത്തെ പുരുഷനെ ദൃഷ്ടാന്തമായി കാണിച്ചിരിക്കുന്നുവെന്നു ധരിക്കേണം.

23. നവസംഖ്യാഹൃതജ്ഞാനോ ദശമോ വിഭ്രമാത്തദാ
നവേത്തിദശമോസ്മീതി വീക്ഷമാണോപി താന്‍ നവ.

നവസംഖ്യാഹൃതജ്ഞാനഃദശമഃ=ഒമ്പത് എന്ന സംഖ്യയാല്‍അപഹരിക്കപ്പെട്ട ജ്ഞാനത്തോടു കൂടിയ പത്താമന്‍. താന്‍നവവീക്ഷമാണഃഅപി=ആ ഒമ്പതുപേരെ കാണുന്നവനായിരുന്നിട്ടും. ദശമഃഅസ്മിഇതിനവേത്തി=ഞാന്‍ പത്താമനാകുന്നുവെന്നറിയുന്നില്ല. തദാവിഭ്രമാത്=അപ്പോഴത്തെ വിഭ്രമംനിമിത്തം.

ഒമ്പതുപേരെ എണ്ണി ആ ഒമ്പതുപേരില്‍മാത്രം മനസ്സുപതിഞ്ഞു. അപ്പോള്‍ എണ്ണുന്ന താന്‍ പത്താമത്തേവനാണെന്നുള്ള ജ്ഞാനം ഇല്ലാതെയായി. അവിവേകം തന്നെയാണ് ആ ജ്ഞാനത്തെ അപഹരിച്ചതു്. ഒമ്പതുപേരെ എണ്ണിയ താന്‍ പത്താമനായിട്ടു പ്രത്യക്ഷമായി വിളങ്ങുന്നുണ്ടു്. എങ്കിലും പരിഭ്രമംനിമിത്തം ഞാന്‍ പത്താമനാകുന്നുവെന്നവന്‍ അറിയുന്നില്ല.

24. നഭാതി നാസ്തി ദശമഇതി സ്വം ദശമം തദാ
മത്വാവക്തി തദജ്ഞാനകൃതമാവരണം വിദുഃ.

തദാദശമഃസ്വംദശമം=അപ്പോള്‍ പത്താമന്‍ താന്‍തന്നെ പത്താമനായിരിക്കേ. നഭാതിനാസ്തി ഇതി

മത്വാവക്തി=പ്രകാശിക്കുന്നില്ല, ഇല്ല, എന്നു വിചാരിച്ചിട്ടങ്ങിനെ പറയുന്നു. തത് അജ്ഞനകൃതം ആവരണം വിദുഃ=അതു അജ്ഞാനത്താൽ കല്പിക്കപ്പെട്ട ആവരണമാണെന്നു വിദ്വാന്മാർ പറയുന്നു.

പ്രത്യക്ഷനായ പത്താമനിൽ അജ്ഞാനം ബാധിച്ചതിനെ മുമ്പെത്തെ ശ്ലോകത്തിൽ കാണിച്ച ശേഷം അജ്ഞാനകാര്യമായ ആവരണത്തെ കാണിക്കുന്നു. ഒമ്പതുപേരെ എണ്ണിയ പത്താമൻ, താൻ തന്നെ പത്താമനായിരിക്കേ, പത്താമനെ കാണുന്നില്ല, പത്താമൻ ഇവിടെയില്ല. എന്നഭ്രമംനിമിത്തം വിചാരിക്കയും പറയുകയും ചെയ്യുന്നുവെന്നതു യാതൊന്നോ, അത് അജ്ഞാനംനിമിത്തം പത്താമനെ ബാധിച്ച ആവരണമാണെന്നു അറിവുള്ളവർ നിശ്ചയിച്ചിരിക്കുന്നു. തന്നെ താൻതന്നെ മറക്കുമോ എന്ന ശങ്ക ജനിക്കും. തൻെറ ദൃഷ്ടി തന്നിൽനിന്നു ചലിച്ച് മറെറാന്നിൽ ഉറപ്പിക്കുമ്പോൾ തന്നെ അറിയാതെ വരും. അപ്പോൾ താനില്ലെന്നും തന്നാൽ കാണപ്പെടുന്ന വസ്തുക്കൾ മാത്രമേ ഉള്ളുവെന്നും വിചാരിക്കയും പറയുകയും ചെയ്യും. ഇതാണ് ആവരണശക്തിസ്വരൂപം. ഈ ശക്തിയാണ് എല്ലാവരേയും ബാധിച്ചിരിക്കുന്നത്. അതുകൊണ്ടു ദേഹേന്ദ്രിയാദികളെ നിത്യവും അറിഞ്ഞുകൊണ്ടിരിക്കുന്ന ആത്മാവിനെ മറക്കുന്നു. ദേഹേന്ദ്രിയാദികളെ കൂടാതെ വേറിട്ടിരിക്കുന്ന ഒരാത്മാവിനെ കാണുന്നില്ല. അങ്ങിനെയൊന്നു വിളങ്ങുന്നതുമില്ല എന്ന് സകല ലോകായതികന്മാരും വിചാരിക്കുന്നുവെന്നാണിവിടെ സൂചിപ്പിച്ചിരിക്കുന്ന സാരാംശം.

25. നദ്യാംമമാര ദശമഇതിശോചൻ പ്രരോദിതി
അജ്ഞാനകൃതവിക്ഷേപം രോദനാദി വിദുർബുധാഃ.

ദശമഃനദ്യാംമമാരഇതി=പത്താമൻ നദിയിൽ മരിച്ചുവെന്നു. ശോചൻ പ്രരോദിതി=വിചാരിച്ചു ദുഃഖിക്കുന്നവനായിട്ടു കരയുന്നു. രോദനാദി അജ്ഞാന കൃതവിക്ഷേപം=കരച്ചിൽ മുതലായവ അജ്ഞാനത്താൽ കല്പിക്കപ്പെട്ട വിക്ഷേപമാണെന്ന്. ബുധാഃവിദുഃ=വിദ്വാന്മാർ അറിയുന്നു.

അജ്ഞാനത്തിൻെറ മറെറാരു കാര്യമായ വിക്ഷേപത്തിൻെറ സ്വരൂപത്തെ കാണിക്കുന്നു:—നദിയിൽ പത്താമൻ ഒലിച്ചുപോയി മരിച്ചുവെന്നിങ്ങിനെ നിശ്ചയിച്ച് ദുഃഖിക്കുന്നവനായിട്ടു പത്താമൻതന്നെ കരയുന്നു, തലയിൽ തല്ലുന്നു. എന്തെല്ലാമോ കാണിക്കുന്നു. ഈ ചേഷ്ടകളെല്ലാം അജ്ഞാനത്താൽതന്നെ കല്പിക്കപ്പെട്ട വിക്ഷേപശക്തിയുടെ സ്വരൂപമാണെന്നു അറിവുള്ളവർ നിശ്ചയിച്ചിരിക്കുന്നു.

26. നമൃതോ ദശമോസ്തീതി ശ്രുത്വാപ്തവചനം തദാ
പരോക്ഷത്വേന ദശമം വേത്തി സ്വർഗാദിലോകവത്.

തദാദശമഃ നമൃതഃ അസ്തി ഇതി=അപ്പോൾ പത്താമൻ മരിച്ചിട്ടില്ല ഉണ്ടു—എന്ന്. ആപ്തവചനം ശ്രുത്വാ=വിശ്വാസയോഗ്യനായ ഒരാൾ പറഞ്ഞതു കേട്ടിട്ടു. സ്വർഗാദിലോകവത് പരോക്ഷത്വേന ദശമം വേത്തി=സ്വർഗാദിലോകത്തെയെന്നപോലെ പരോക്ഷമായിട്ടു പത്താമനെ അറിയുന്നു.

അങ്ങിനെ പത്താമൻെറ മരണത്തെക്കുറിച്ചു ദുഃഖിച്ചുകൊണ്ടിരിക്കുമ്പോൾ ആപ്തനായ ഒരാൾ ആ വഴിയിൽകൂടെ സഞ്ചരിക്കയും ഈ പത്തുപേരും ദുഃഖിക്കുന്ന സംഗതി അവരിൽനിന്നു ധരിക്കയും ചെയ്യുന്നു. ആ ആപ്തനായ ആൾ പത്താമൻ ഈ സംഘത്തിലുണ്ടു എന്നു കണ്ടിട്ടു, പത്താമൻ മരിച്ചിട്ടില്ല, ജീവനോടുകൂടെ ഇരിപ്പുണ്ട് എന്നു പറയുന്നു. ഇതുകേട്ട പത്തുപേരും പുരാണാദികളിൽനിന്നു സ്വർഗാദിലോകങ്ങൾ ഉണ്ടെന്നു ധരിക്കുന്നതുപോലെ പത്താമനും ഉണ്ടെന്നു പരോക്ഷമായിട്ടു ധരിക്കുന്നു. ഇതാണു പരോക്ഷജ്ഞാനം. പത്താമൻ ഇല്ലാതായിരിക്കുന്നു എന്നുള്ള അസത്വാംശത്തെ ഈ ജ്ഞാനം നിക്കിക്കളയുന്നു. പത്താമൻ ഉണ്ടെന്നുള്ള ഒരു സമാധാനം ഇവരുടെ മനസ്സിൽ ജനിക്കുന്നു.

27. ത്വമേവ ദശമോസീതി ഗണയിത്വാ പ്രദർശിതഃ
അപരോക്ഷതയാ ജ്ഞാത്വാ ഹൃഷ്യത്യേവ നരോദിതി.

ഗണയിത്വാത്വംഏവദശമഃഅസി=എണ്ണിച്ചിട്ടു നീതന്നെ ദശമനാകുന്നു. ഇതിപ്രദർശിതഃ=എന്ന് കാട്ടിക്കൊടുത്തു. അപരോക്ഷതയാജ്ഞാത്വാ=പ്രത്യക്ഷമായറിഞ്ഞിട്ടു. ഹൃഷ്യതിഏവനരോദിതി=സന്തോഷിക്കതന്നെ ചെയ്യുന്നു, കരയുന്നില്ല.

അജ്ഞാനകാര്യമായ "നാസ്തി" എന്ന അസത്വാംശത്തെ പരോക്ഷജ്ഞാനം നശിപ്പിച്ചുവെന്നു മുൻപദ്യത്തിൽ കാണിച്ച "നഭാതി" എന്ന അഭാനാംശത്തെ അപരോക്ഷജ്ഞാനം നശിപ്പിക്കും എന്ന് ഈ പദ്യത്തിൽ കാണിക്കുന്നു:—പത്താമൻ ഉണ്ടു. നശിച്ചിട്ടില്ല. എന്ന ആപ്തവാക്യം കേട്ടപ്പോൾ പത്താമൻ എവിടെയാണുള്ളതെന്നു ചോദിക്കുന്ന അവരോടു എണ്ണുവാൻ പറഞ്ഞു. എണ്ണുന്ന എല്ലാപേരും

ഒമ്പതുപേരെ എണ്ണി, പത്താമനെ കാണുന്നില്ലെന്നു പറയുമ്പോൾ ഒമ്പതുപേരെ എണ്ണിയ നീതന്നെ പത്താമൻ എന്നുള്ള ആപ്തവാക്യത്താൽ "ഞാൻ പത്താമൻ" എന്നു്, തന്നെ പത്താമനായിട്ടറിഞ്ഞപ്പോൾ സന്തോഷിക്കുകതന്നെ ചെയ്യുന്നു. രോദനാദികളെല്ലാം വിട്ടുകളയുന്നു.

28. അജ്ഞാനാവൃതിവിക്ഷേപദ്വിവിധജ്ഞാനതൃപ്തയഃ
ശോകാപഗമഇത്യേതേ യോജനീയാശ്ചിദാത്മനി.

ദൃഷ്ടാന്തമായി പറഞ്ഞ പത്താമനിൽ കണ്ടതായ അജ്ഞാനം ആവരണം വിക്ഷേപം, പരോക്ഷജ്ഞാനം, അപരോക്ഷജ്ഞാനം തൃപ്തി, ദുഃഖനാശം എന്ന ഏഴവസ്ഥകളെ ചിത്സ്വരൂപനായ ആത്മാവിൽ യോജിപ്പിക്കേണം. ആത്മാവിലുണ്ടെന്നു കണ്ടുകൊള്ളേണം.

29. സംസാരാസക്തചിത്തഃ സംശ്ചിദാഭാസഃ കദാചന
സ്വയംപ്രകാശകൂടസ്ഥം സ്വതത്വം നൈവവേത്ത്യയം.

അയംചിദാഭാസഃ സംസാരാ സക്തചിത്തഃസൻ=ഈ ചിദാഭാസൻ സംസാരത്തിൽ ആസക്തചിത്തനായിട്ടു. കദാചന=ഒരുകാലത്തും ശ്രുത്യർത്ഥാലോചന ചെയ്യുന്നതിന്നു മുമ്പെ ഒരു കാലത്തിലും. സ്വതത്വം സ്വയം പ്രകാശകൂടസ്ഥം=തന്റെ യഥാർത്ഥസ്വരൂപമായ സ്വയം പ്രകാശകൂടസ്ഥനെ. നവേത്തിഏവ=അറിയുന്നതേയില്ല.

ചിൽസ്വരൂപനായ ആത്മാവിൽ അജ്ഞാനാദികളായ ഏഴവസ്ഥകളുണ്ടെന്ന് 4 ശ്ലോകംകൊണ്ടു കാണിക്കുന്നു:—ഈ ചിദാഭാസൻ സംസാരവിഷയസുഖസാധനങ്ങളെ സമ്പാദിക്കുവാനും അവയുടെ ഗുണങ്ങളെ ധ്യാനിപ്പാനും മനസ്സുവെച്ചുകൊണ്ടിരിക്കുന്നവനായിട്ടു തന്റെ യഥാർത്ഥസ്വരൂപമായ സ്വയംപ്രകാശകൂടസ്ഥനെ, ഒരിക്കലും—ശ്രുത്യർത്ഥവിചാരം ചെയ്യാതിരിക്കുന്നേടത്തോളം കാലം—അറിയാതെതന്നെയിരിക്കുന്നുവെന്നത് യാതൊന്നോ അതാകുന്നു അജ്ഞാനം. അതു ജ്ഞാനസ്വരൂപനായ ചിദാഭാസനെ ആശ്രയിച്ചുതന്നെ പ്രവൎത്തിക്കുന്നു.

30. നഭാതി നാസ്തികൂടസ്ഥ ഇതിവക്തി പ്രസംഗതഃ
കൎത്താ ഭോക്താഹമസ്മീതി വിക്ഷേപം പ്രതിപദ്യതേ.

പ്രസംഗതഃ കൂടസ്ഥഃ ന അസ്തിനഭാതി=പ്രസംഗം വരുന്നവസരത്തിൽ കൂടസ്ഥൻ ഇല്ല. പ്രകാശിക്കുന്നില്ല. ഇതിവക്തി=എന്നു പറയുന്നു. അഹംകൎത്താഭോക്താഅസ്മി=ഞാൻ കൎത്താവും ഭോക്താവും ആകുന്നു. ഇതിവിക്ഷേപംപ്രതിപദ്യതേ=എന്ന വിക്ഷേപത്തെ പ്രാപിക്കുന്നു.

ചിദാത്മവിഷയമായ പ്രസംഗംവരുമ്പോൾ, അങ്ങിനെയൊരാത്മാവില്ല. വിളങ്ങുന്നതുമില്ലാ എന്നു പറയുന്നുവെന്നത് യാതൊന്നോ അത് അജ്ഞാനകാൎയ്യമായ ആവരണവും ഞാൻ കൎത്താവും, ഭോക്താവുമാകുന്നുവെന്ന് വിചാരിക്കുന്നത് വിക്ഷേപവുമാകുന്നു. ഇങ്ങിനെ കൎത്തൃത്വാദിഭാവത്തെ തന്നിൽ ആരോപിപ്പാൻ കാരണം, സ്ഥൂലസൂക്ഷ്മശരീരങ്ങളെ ചിദാഭാസൻ അഭിമാനിക്കുന്നതുകൊണ്ടാകുന്നു. ഈ ശരീരദ്വയം വിക്ഷേപശക്തികാൎയ്യമാകുന്നു.

31. അസ്തികൂടസ്ഥഇത്യാദൌ പരോക്ഷം വേത്തിവാൎത്തയാ
പശ്ചാൽകൂടസ്ഥഏവാസ്മീത്യേവം വേത്തി വിചാരതഃ.

വാൎത്തയാകൂടസ്ഥഃ അസ്തിഇതി പരോക്ഷം=ആചാൎയ്യവാക്യത്താൽ ആദ്യത്തിൽ കൂടസ്ഥൻ ഉണ്ടെന്നു പരോക്ഷമായും. പശ്ചാത് വിചാരതഃ കൂടസ്ഥഃ ഏവ അസ്മി=അനന്തരം വിചാരത്താൽ ഞാൻതന്നെ കൂടസ്ഥനാകുന്നുവെന്നും. ഇതി ഏവംവേത്തി=എന്നിപ്രകാരം അറിയുന്നു.

ശാസ്ത്രാചാൎയ്യവാക്കുകളിൽനിന്ന് ആദിയിൽ കൂടസ്ഥനുണ്ടെന്നു പരോക്ഷമായും അനന്തരം മനനാദികൾനിമിത്തം പരിപാകാവസ്ഥ സംഭവിക്കുമ്പോൾ ഞാൻതന്നെയാകുന്നു കൂടസ്ഥൻ എന്നു അപരോക്ഷമായും അറിയുന്നു.

32. കൎത്താഭോക്തേത്യേവമാദിശോകജാതം പ്രമുഞ്ചതി
കൃതം കൃത്യം പ്രാപണീയം പ്രാപ്തമിത്യേവ തുഷ്യതി.

കൎത്താഭോക്താ ഇത്യേവം ആദിശോകജാതം=കൎത്താവു്. ഭോക്താവു് എന്നിപ്രകാരമുള്ള ദുഃഖസമൂഹത്തെ. പ്രമുഞ്ചതി=തീരെയുപേക്ഷിക്കുന്നു. കൃത്യംകൃതം=ചെയ്യേണ്ടതെല്ലാം ചെയ്തു. പ്രാപണീയം പ്രാപ്തം=കിട്ടേണ്ടതെല്ലാം കിട്ടി. ഇത്യേവതുഷ്യതി=എന്നിപ്രകാരം സന്തോഷിക്കുന്നു.

കൂടസ്ഥാത്മജ്ഞാനം അനുഭവപ്പെട്ടപ്പോൾ. ഞാൻ കർത്താവ് ഭോക്താവ്, എന്ന വിചാരത്താൽ അതുവരെ ഉണ്ടായിരുന്ന സകല ദുഃഖങ്ങളും നശിക്കുന്നുവെന്നത് യാതൊന്നോ, ഇതു ദുഃഖനാശം എന്ന അവസ്ഥയാകുന്നു. ചെയ്യേണ്ടതായ സകല കർമ്മങ്ങളും ചെയ്തുകഴിഞ്ഞു. പ്രാപിക്കേണ്ടതായ സകലവും പ്രാപിച്ചുകഴിഞ്ഞുവെന്നുള്ള സന്തോഷം അനുഭവപ്പെടുന്നുവെന്നത് യാതോന്നോ ഇതു നിരങ്കുശയായ തൃപ്തിയാകുന്നു.

33. അജ്ഞാനമാവൃതിസ്തദ്വ ദ്വിക്ഷേപശ്ച പരോക്ഷധീഃ
അപരോക്ഷമതിഃ ശോകമോക്ഷസ്തൃപ്തി ർനിരംകുശാ.

മുകളിൽ വിവരിച്ച രീതിയിൽ ചിദാത്മാവിൽ അജ്ഞാനം, ആവരണം, വിക്ഷേപം, പരോക്ഷജ്ഞാനം, അപരോക്ഷജ്ഞാനം, ദുഃഖനാശം, തടസ്ഥമില്ലാത്തതായ തൃപ്തി എന്ന ഏഴവസ്ഥകളും ഉണ്ടെന്നു കാണിക്കപ്പെട്ടു.

34. സപ്താവസ്ഥാഇമാഃ സന്തി ചിദാഭാസസ്യതാസ്വിമൌ
ബന്ധമോക്ഷൌ സ്ഥിതൌതത്ര തിസ്രോബന്ധകൃതഃ സ്മൃതാഃ.

ഇമാഃ സപ്താവസ്ഥാഃ ചിദാഭാസസ്യസന്തി=ഈ ഏഴവസ്ഥകൾ ചിദാഭാസന്നുണ്ട്. താസു ഇമൌ ബന്ധമോക്ഷൌ സ്ഥിതൌ=അവയിൽ ഈ ബന്ധമോക്ഷങ്ങൾ രണ്ടും നിലനില്ക്കുന്നു. തത്രതിസ്രഃ ബന്ധകൃതഃ സ്മൃതാഃ=അവയിൽ മൂന്നെണ്ണം ബന്ധത്തെ ഉണ്ടാക്കുന്നവയെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഈ ഏഴവസ്ഥകൾ കൂടസ്ഥന്നുള്ള ധർമ്മങ്ങളാണെന്നു വന്നാൽ നിർവ്വികാരിയെന്ന സ്ഥിതിക്ക് നാശം വന്നില്ലെയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—ഈ ഏഴവസ്ഥകളും ചിദാഭാസധർമ്മങ്ങളാണ്, കൂടസ്ഥൻെറതല്ല എന്ന് സാവധാനമായി ചിന്തിക്കുന്നവക്കറിയാൻ കഴിയും. എന്നാൽ ഇവിടെ ഈ അവസ്ഥകളെ എടുത്തുപറഞ്ഞതിൻെറ ആവശ്യമെന്തെന്നാൽ ഈ ഏഴവസ്ഥകളിലാണ് ബന്ധമോക്ഷങ്ങൾ എന്ന രണ്ടും നിലനില്ക്കുന്നത്. ഏഴവസ്ഥകളും ഒരുപോലെ ബന്ധമോക്ഷഹേതുക്കളോ വിശേഷമുണ്ടോ എന്ന ആകാംക്ഷക്കു സമാധാനം: ഈ ഏഴിൽ ആദ്യത്തെ അജ്ഞാനം, ആവരണം, വിക്ഷേപം എന്ന മൂന്നവസ്ഥകൾ ബന്ധഹേതുക്കൾ.

35. നജാനാമീത്യുദാസീന വ്യവഹാരസ്യ കാരണം
വിചാരപ്രാഗഭാവേന യുക്തമജ്ഞാനമീരിതം.

വിചാരപ്രാഗഭാവേനയുക്തം=വിചാരപ്രാഗഭാവത്തോടുകൂടിയതും. ഉദാസീന വ്യവഹാരസ്യകാരണം= ഉദാസീനവ്യവഹാരത്തിൻെറ കാരണവുമായ. നജാനാമിഇതി=ഞാനറിയുന്നില്ല എന്ന നില. അജ്ഞാനം ഈരിതം=അജ്ഞാനമെന്നു പറയപ്പെട്ടിരിക്കുന്നു.

അജ്ഞാനാദികളായ മൂന്നവസ്ഥകൾ ബന്ധഹേതുക്കളാണെന്നു കാണിപ്പാൻ ഓരോന്നിൻെറയും സ്വരൂപത്തെ കാര്യദ്വാരാ കാണിക്കുന്നു:—ആത്മസ്വരൂപവിചാരം ആരംഭിക്കുന്നതിന്നു മുമ്പുള്ളതും ഉദാസീനമായ വ്യവഹാരത്തിന്നു കാരണമായിരിക്കുന്നതുമാണ് ആത്മാവിനെ ഞാനറിയുന്നില്ല എന്ന അനുഭവരൂപമായ അജ്ഞാനം.

36. അമാർഗ്ഗേണ വിചാര്യാഥ നാസ്തിനോഭാതി ചേത്യസൌ
വിപരീതവ്യവഹൃതിരാ വൃതേഃ കാര്യമിഷ്യതേ.

അഥ അമാർഗ്ഗേണവിചാര്യ=പിന്നെ വഴിതെററി വിചാരംചെയ്തിട്ടു. നാസ്തിനഭാതി ഇതിച=ഇല്ല പ്രകാശിക്കുന്നില്ല എന്നിങ്ങിനെയുള്ള. അസൌ വിപരീതവ്യവഹൃതിഃ=ഈ വിപരീതവ്യവഹാരം. ആവൃതേഃ കാര്യം ഇഷ്യതേ=ആവൃതിയുടെ കാര്യമെന്നു പറയപ്പെടുന്നു.

ആവരണത്തിൻെറ സ്വരൂപവും കാര്യവും വിവരിക്കുന്നു:—ശാസ്ത്രസമ്പ്രദായത്തെ അതിക്രമിച്ചുള്ള വിചാരത്താൽ നിർവ്വികാരകൂടസ്ഥചൈതന്യമെന്നു പറയപ്പെടുന്ന ഒരു സത്യവസ്തുവില്ല, പ്രകാശിക്കുന്നില്ല, എന്നിങ്ങിനെ സത്യവിരോധമായി ചെയ്യപ്പെടുന്ന ഈ വ്യവഹാരം ആവരണത്തിൻെറ കാര്യമാകുന്നു.

37. ദേഹദ്വയചിദാഭാസരൂപോ വിക്ഷേപ ഈരിതഃ
കർത്തൃത്വാദ്യഖിലഃ ശോകഃ സംസാരാഖ്യോസ്യ ബന്ധകഃ.

ദേഹദ്വയചിദാഭാസരൂപഃ=സ്ഥൂലം, സൂക്ഷ്മം എന്ന രണ്ടുവിധം ദേഹത്തോടുകൂടിയ ചിദാഭാസസ്വരൂപം. വിക്ഷേപഃ ഈരിതഃ=വിക്ഷേപം എന്നു പറയപ്പെടുന്നു. സംസാരാഖ്യഃ കർത്തൃത്വാദ്യഖിലഃ ശോ

കഃ=സംസാരം എന്ന പേരോടുകൂടിയ കർത്തൃത്വാദികളായ സകല ദുഃഖവും. അസ്യബന്ധകഃ=ഈ ചിദാഭാസനെ ബന്ധിക്കുന്നതാകുന്നു.

വിക്ഷേപസ്വരൂപവും കാൎയ്യവും കാണിക്കുന്നു:—സ്ഥൂലം സൂക്ഷ്മം എന്ന രണ്ടുവിധ ശരീരത്തിൽ അഭിമാനത്തോടുകൂടിയ ചിദാഭാസൻ വിക്ഷേപത്തിന്റെ സ്വരൂപമാകുന്നു. കൎത്താവു് ഭോക്താവു് പ്രമാതാവു് എന്നിങ്ങിനെ തോന്നുന്നതും സംസാരമെന്ന പേരോടുകൂടിയതുമായ സകല ദുഃഖവും ചിദാഭാസനെ ബന്ധിക്കുന്നു.

38. അജ്ഞാനമാവൃതി ശ്ചൈതേ വിക്ഷേപാൽ പ്രാക്പ്രസിദ്ധ്യതഃ
യദ്യപ്യഥാപ്യവസ്ഥേ തേ വിക്ഷേപസ്യൈവനാത്മനഃ.

അജ്ഞാനം ആവൃതിഃച ഏതേ=അജ്ഞാനം ആവരണം എന്ന ഈ രണ്ടും. വിക്ഷേപാൽ പ്രാക്പ്രസിദ്ധ്യതഃ യദ്യപി=വിക്ഷേപത്തിന്നുമുമ്പെ ഉണ്ടെന്നിരിക്കലും. തേ അവസ്ഥേ=ആ രണ്ടവസ്ഥകൾ. വിക്ഷേപസ്യ ഏവനആത്മനഃ=വിക്ഷേപത്തിന്റെതന്നെ ആത്മാവിന്റെതല്ല.

വിക്ഷേപസ്വരൂപം ചിദാഭാസൻ എന്നിപ്പോൾ പറഞ്ഞതിൽ വാദികളുണ്ടായ സംശയത്തേയും തന്നിവൃത്തിയേയും കാണിക്കുന്നു:—എന്നാൽ മേൽകാണിച്ച അജ്ഞാനാദികളായ ഏഴവസ്ഥകൾ ചിദാഭാസനുള്ളതാണെന്നു പറഞ്ഞതു് യുക്തമല്ല—വിക്ഷേപോൽപത്തിക്കുമുമ്പേ തന്നെ അജ്ഞാനം ആവരണം എന്ന രണ്ടവസ്ഥകൾ ഉണ്ടല്ലോ. അതിനാൽ ആ രണ്ടവസ്ഥകൾ ചിദാഭാസന്റെതല്ല. കൂടസ്ഥാവസ്ഥകൾതന്നെ എന്നാണു് ശങ്കയെങ്കിൽ ആ ശങ്ക ശരിയല്ല. എന്തുകൊണ്ടെന്നാൽ കൂടസ്ഥൻ അസംഗനാകയാൽ കൂടസ്ഥന്നവസ്ഥകൾ ഇല്ല—അവസ്ഥകളെ അതിക്രമിച്ചിരിക്കുന്നവൻ അവസ്ഥകൾ ഉള്ളവനാകുകയില്ല. അതിനാൽ അജ്ഞാനവും ആവരണവും ചിദാഭാസാവസ്ഥകൾതന്നെ ചിത്സ്വരൂപനായ കൂടസ്ഥന്റെ അവസ്ഥകളല്ല.

39. വിക്ഷേപോൽപത്തിതഃ പൂൎവ്വമപി വിക്ഷേപസംസ്കൃതിഃ
അസ്ത്യേവതദവസ്ഥാത്വ മവിരുദ്ധം തതസ്തയോഃ.

വിക്ഷേപോൽപത്തിതഃ പൂൎവ്വംഅപി=വിക്ഷേപം ഉണ്ടാകുന്നതിന്നുമുമ്പെതന്നെ. വിക്ഷേപസംസ്കൃതിഃ അസ്തിഏവ=വിക്ഷേപസംസ്കാരം ഉണ്ടെന്നതുനിശ്ചയം. തതഃതയോഃ തദവസ്ഥാത്വം അവിരുദ്ധം=അതുകൊണ്ടു ആ രണ്ടും ചിദാഭാസന്റെ അവസ്ഥകൾ എന്നതിൽ വിരോധമില്ല.

അവസ്ഥാവാനായ ചിദാഭാസൻ അപ്പോൾ ഇല്ലാത്തതുകൊണ്ടു അജ്ഞാനാവരണങ്ങൾ ചിദാഭാസാവസ്ഥകളാണെന്നെങ്ങിനെ പറയും. ആവിധം പറയുന്നതു് അയുക്തമല്ലയോ എന്ന ശങ്കക്കു സമാധാനം. അജ്ഞാനാവരണങ്ങൾ ഉണ്ടാകുമ്പോൾ വിക്ഷേപസ്വരൂപമായ ചിദാഭാസൻ ഇല്ലെങ്കിലും വിക്ഷേപസംസ്കാരം ചിദാഭാസനിൽ ഉണ്ടു്. അതിനാൽ ആ രണ്ടവസ്ഥകൾ ചിദാഭാസന്റേതുതന്നെ എന്നു വരുന്നതിൽ വിരോധമില്ല.

40. ബ്രഹ്മണ്യാരോപിതത്വേന ബ്രഹ്മാവസ്ഥേ ഇമേഇതി
നശങ്കനീയം സൎവ്വാസാം ബ്രഹ്മണ്യേവാധിരോപണാത്.

ബ്രഹ്മണി ആരോപിതത്വേന=ബ്രഹ്മത്തിൽ ആരോപിക്കുന്നതുകൊണ്ടു. ഇമേ ബ്രഹ്മാവസ്ഥേ ഇതി=ഈ രണ്ടും ബ്രഹ്മാവസ്ഥകൾഎന്നു്. നശങ്കനീയം=ശങ്കിപ്പാൻ പാടില്ല. സൎവ്വാസാം ബ്രഹ്മണിഏവ അധിരോപണാൽ=എല്ലാ അവസ്ഥകൾക്കും ബ്രഹ്മത്തിൽതന്നെ ആരോപണം ഉള്ളതുകൊണ്ടു്.

അപ്രസിദ്ധമായ സംസ്കാരത്തെ സ്ഥാപിച്ചിട്ടു് വിക്ഷേപത്തിന്റെ അവസ്ഥകളാണു് ആവരണങ്ങൾ എന്നു എന്തിനായി പറയുന്നു? അധിഷ്ഠാനമായ ബ്രഹ്മത്തിന്റെ അവസ്ഥകൾ എന്നു പറയുന്നതല്ലെ അധികം നല്ലതെന്നു ശങ്കിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ സൎവ്വാധിഷ്ഠാനമായിരിക്കുന്ന ബ്രഹ്മത്തിന്റെ അവസ്ഥകൾതന്നെ സകലവും എന്നു പറവാനിടവരും. അതിപ്രസംഗം എന്ന ദോഷം നേരിടും എന്നു സാരം.

41. സംസാര്യഹം വിബുദ്ധോഹം നിശ്ശോകസ്തുഷ്ട ഇത്യപി
ജീവഗാ ഉത്തരാവസ്ഥാ ഭാന്തിന ബ്രഹ്മഗായദി.

യദി=എന്നാൽ. അഹം സംസാരി അഹംവിബുദ്ധഃ=ഞാൻ സംസാരി, ഞാൻ വിബുദ്ധൻ. നിശ്ശോകഃ തുഷ്ടഃ ഇതിഅപി=ശോകമില്ലാത്തവൻ സന്തുഷ്ടൻ എന്നിങ്ങിനെ. ഉത്തരാവസ്ഥാഃ ജീവഗാഃ ഭാന്തി=ഉത്തരാവസ്ഥകൾ ജീവനെ ആശ്രയിച്ചവയായിട്ടു ശോഭിക്കുന്നു.

എന്നാൽ വിക്ഷേപസ്വരൂപമായ ചിദാഭാസന്റെ ആവിർഭാവത്തിന്നു ശേഷമുള്ള അവസ്ഥകൾ:—ഞാൻ കർത്തൃത്വാദിസംസാരധർമ്മങ്ങളുള്ളവൻ, തത്വസാക്ഷാൽകാരം സിദ്ധിച്ചവൻ, ദുഃഖമില്ലാത്തവൻ, ചെയ്യേണ്ടതെല്ലാം ചെയ്തവനാകയാൽ സന്തോഷമുള്ളവൻ എന്നിവ ജീവനിൽ ഉള്ളവതന്നെ. ബ്രഹ്മത്തിലുള്ളവയല്ല

42. തർഹ്യജ്ഞോഹം ബ്രഹ്മസത്വഭാനേ മദ്ദൃഷ്ടിതോനഹി
ഇതിപൂർവേ അവസ്ഥേ ച ഭാസേതേ ജീവഗേഖലു.

തർഹി അഹം അജ്ഞഃ ബ്രഹ്മസത്വഭാനേ=എന്നാൽ ഞാൻ അജ്ഞൻ ബ്രഹ്മം ഉണ്ടെന്നും വിളങ്ങുന്നുവെന്നും. മദ്ദൃഷ്ടിതഃ നഹി=എന്റെ അനുഭവത്തിൽ ഇല്ല. ഇതിപൂർവ്വേ അവസ്ഥേ ച=എന്ന മുമ്പേത്തെ രണ്ടവസ്ഥകളും. ജീവഗേഖലുഭാസേതേ=ജീവനിൽ ഉള്ളവയായിട്ടുതന്നെ വിളങ്ങുന്നുവെല്ലൊ.

ഉത്തരാവസ്ഥകൾ ജീവൻ അനുഭവിക്കുന്നവയാണെങ്കിൽ ബ്രഹ്മം ഉണ്ടെന്നോ വിളങ്ങുന്നുവെന്നോ എന്റെ അനുഭവത്തിൽ ഇല്ല. ഞാൻ അജ്ഞൻതന്നെ എന്നിങ്ങിനെയുള്ള അജ്ഞാനം, ആവരണം എന്ന രണ്ടവസ്ഥകളും അനുഭവിക്കുന്നവൻ ചിദാഭാസൻതന്നെ എന്നല്ലെയോ സിദ്ധിക്കുന്നത്.

43. അജ്ഞാനസ്യാശ്രയോ ബ്രഹ്മേത്യധിഷ്ഠാനതയാ ജഗുഃ
ജീവാവസ്ഥാത്വമജ്ഞാനാഭിമാനിത്വാദവാദിഷം.

അജ്ഞാനസ്യ ആശ്രയഃ ബ്രഹ്മ ഇതി=അജ്ഞാനത്തിന്റെ ആശ്രയം ബ്രഹ്മം എന്നു. അധിഷ്ഠാനതയാ ജഗുഃ=അധിഷ്ഠാനഭാവത്തോടുകൂടെ പൂർവ്വാചാര്യന്മാർ പറഞ്ഞു. അജ്ഞാനാഭിമാനിത്വാൽ=അജ്ഞാനത്തിന്റെ അഭിമാനി എന്ന ഭാവംനിമിത്തം. ജീവാവസ്ഥാത്വം അവാദിഷം=ജീവന്റെ അവസ്ഥയാണെന്നു ഞാൻ പറഞ്ഞു.

അങ്ങിനെയാണെങ്കിൽ അജ്ഞാനത്തിന്റെ ആശ്രയം ബ്രഹ്മമാണെന്ന് പൂർവ്വാചാര്യന്മാർ എങ്ങിനെ പറഞ്ഞു. ജീവാവസ്ഥയായിട്ടിപ്പോൾ നിങ്ങൾ പറയുന്നത് അതിന്നു വിരോധമല്ലെയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—അജ്ഞാനാശ്രയം ബ്രഹ്മമാണെന്ന് അധിഷ്ഠാനഭാവത്തെ ആശ്രയിച്ചിട്ടാണ് പൂർവ്വാചാര്യന്മാർ പറഞ്ഞിരിക്കുന്നത്. ഞാൻ അറിവില്ലാത്തവൻ എന്നഭിമാനിക്കുന്നത് ബ്രഹ്മമല്ല, ചിദാഭാസനാണ്. ആ അഭിമാനത്തെ ആശ്രയിച്ചിട്ടാണ്, അജ്ഞാനം ജീവന്റെ അവസ്ഥാഭേദമാണെന്ന് ഞാൻ പറഞ്ഞത്. അതുകൊണ്ട് പൂർവ്വാചാര്യമതത്തിന്ന് എന്റെ മതം വിരോധമായിരിക്കുന്നില്ല.

44. ജ്ഞാനദ്വയേന നഷ്ടേസ്മിന്നജ്ഞാനേ തൽകൃതാവൃതിഃ
ന ഭാതിനാസ്തിചേത്യേഷാ ദ്വിവിധാപി വിനശ്യതി.

അസ്മിൻ അജ്ഞാനേ ജ്ഞാനദ്വയേന=ഈ അജ്ഞാനം രണ്ടുവിധ ജ്ഞാനത്താൽ നഷ്ടേതൽകൃതാ=നശിച്ചപ്പോൾ അതിനാൽ ഉണ്ടാക്കപ്പെട്ട നാസ്തി നഭാതിഇതി=ഇല്ല വിളങ്ങുന്നില്ല എന്ന്. ദ്വിവിധാ ഏഷാ ആവൃതിഃ=രണ്ടുവിധത്തിലുള്ള ഈ ആവരണം. വിനശ്യതി=മൂലത്തോടുകൂടെ നശിക്കുന്നു.

മുകളിൽ വിവരിച്ച രീതിയിൽ അജ്ഞാനം, ആവരണം, വിക്ഷേപം എന്ന മൂന്നവസ്ഥകൾ ബന്ധകാരണം എന്നു കാണിച്ചശേഷം അജ്ഞാനാവരണങ്ങളുടെ നാശത്തേയും മുക്തിഹേതുവായ മററ രണ്ടവസ്ഥകളേയും കാണിപ്പാൻ ഭാവിക്കുന്നു:—പരോക്ഷം അപരോക്ഷം എന്ന രണ്ടുവിധത്തിലുള്ള ജ്ഞാനത്താൽ, അജ്ഞാനം നശിക്കുമ്പോൾ അജ്ഞാനകാര്യമായ നാസ്തി നഭാതി എന്ന രണ്ടുവിധത്തിലുള്ള ആവരണവും മൂലത്തോടുകൂടെ നശിക്കുന്നു. മൂലമായ അജ്ഞാനം നശിച്ചതുകൊണ്ട്, കാരണനാശത്താൽ കാര്യനാശം എന്ന ന്യായാനുസാരേണ ആവരണത്തിന്നു നാശം സംഭവിക്കുന്നു.

45. പരോക്ഷജ്ഞാനതോ നശ്യേദസത്വാവൃതിഹേതുതാ
അപരോക്ഷജ്ഞാനനാശ്യാഹ്യഭാനാവൃതിഹേതുതാ.

പരോക്ഷ ജ്ഞാനതഃ=പരോക്ഷജ്ഞാനത്താൽ. അസത്വാവൃതിഹേതുതാനശ്യേത്=അസത്വാവൃതി കാരണമായ അജ്ഞാനം നശിക്കും. അപരോക്ഷജ്ഞാന നാശ്യാ=അപരോക്ഷജ്ഞാനത്താൽ നശിപ്പിക്കപ്പെടുവാൻ യോഗ്യമാകുന്നു. അഭാനാവൃതിഹേതുതാ=അഭാനാവരണകാരണഭാവം.

ആവരണത്തിന്നും ജ്ഞാനത്തിന്നും ഈരണ്ടു രൂപം മുമ്പേ പറഞ്ഞിട്ടുണ്ട്. ആ രണ്ടുവിധം ജ്ഞാനത്തിൽ ഏതു ജ്ഞാനം ഏതാവരണകാരണത്തെ നശിപ്പിക്കുന്നുവെന്നു വിഭജിച്ചു കാണിക്കുന്നു. കൂടസ്ഥൻ ഉണ്ടെന്നുള്ള ശാസ്ത്രാചാര്യവാക്യത്തിൽ നിന്നുണ്ടാകുന്ന പരോക്ഷജ്ഞാനത്താൽ കൂടസ്ഥൻ ഇല്ലെന്നു, അതിന്നു മുമ്പുണ്ടായിരുന്ന ആവരണം അതിന്റെ കാരണാജ്ഞാനത്തോടുകൂടെ നശിക്കുന്നു.

അതുപോലെത്തന്നെ വിചാരപരിപാകത്താൽ ഞാൻതന്നെയാകുന്നു കൂടസ്ഥൻ എന്നുള്ള അപരോക്ഷജ്ഞാനത്താൽ കൂടസ്ഥൻ വിളങ്ങുന്നില്ല, എന്ന ആവരണത്തിന്നു കാരണമായ അജ്ഞാനം നശിക്കുന്നതിനാൽ നഭാതി എന്ന ആവരണാംശവും നശിക്കുന്നു

46. അഭാനാവരണേ നഷ്ടേ ജീവത്വാരോപസംക്ഷയാൽ
കർത്തൃത്വാദ്യഖിലഃ ശോകഃ സംസാരാഖ്യോ നിവർത്തതേ.

അഭാനാവരണേനഷ്ടേ=അഭാനാവരണം നശിച്ചപ്പോൾ. ജീവത്വാരോപസംക്ഷയാൽ=ജീവത്വാരോപം ഇല്ലാതായതിനാൽ. സംസാരാഖ്യഃ കർത്തൃത്വാദ്യഖിലഃ ശോകഃ=സംസാരം എന്നു പേരായ കർത്തൃത്വാദിഭാവമാകുന്ന സകല ദുഃഖവും. നിവർത്തതേ=നിവർത്തിക്കുന്നു

രണ്ടുവിധത്തിലുള്ള ജ്ഞാനഫലത്തിൽ ഒന്നാമത്തേതിനെ കാണിക്കുന്നു:—അഭാനാവരണ കൂടസ്ഥൻ വിളങ്ങുന്നില്ല എന്നുണ്ടായിരുന്ന തോന്നൽ—അപരോക്ഷജ്ഞാനത്താൽ നശിച്ചപ്പോൾ കൂടസ്ഥനിൽ ആരോപിച്ചിരുന്ന ജീവഭാവം നശിച്ചതുകൊണ്ടു് കർത്തൃത്വാദ്യഭിമാനജന്യമായ സകലവിധ ദുഃഖരൂപമായ സംസാരം ഇല്ലെന്നനുഭവപ്പെടുന്നു. ജ്ഞാനത്തിന്റെ ഒന്നാമത്തെ ഫലം ശോകരൂപമായ സംസാരനാശം എന്നു സൂചിപ്പിച്ചു.

47. നിവൃത്തേ സർവ്വസംസാരേ നിത്യമുക്തത്വഭാസനാൽ
നിരങ്കുശാ ഭവേത്തൃപ്തിഃ പുനഃശോകാസമുൽഭവാത്.

സർവ്വസംസാരേ നിവൃത്തേ=സകല സംസാരവും നശിച്ചപ്പോൾ. നിത്യമുക്തത്വഭാസനാൽ=നിത്യമുക്തനെന്ന നില അനുഭവപ്പെട്ടതിനാൽ. പുനഃശോകാ സമുൽഭവാൽ=പിന്നെ ദുഃഖം ഉണ്ടാകാത്തതുകൊണ്ടു. നിരങ്കുശാതൃപ്തിഃ ഭവേത്=തടസ്ഥമില്ലാത്തതായ തൃപ്തി ഭവിക്കും.

ജ്ഞാനത്തിന്റെ ഒന്നാമത്തെ ഫലമായ ആത്യന്തികദുഃഖനിവൃത്തിയെ പറഞ്ഞശേഷം രണ്ടാമത്തെ ഫലമായ നിത്യാനന്ദപ്രാപ്തിയെ പറയുന്നു:—സമസ്തസംസാരദുഃഖങ്ങളും നശിക്കുമ്പോൾ നിത്യമുക്തനില അനുഭവപ്പെടുന്നതുകൊണ്ടു പിന്നെ ദുഃഖമുണ്ടാവാൻ കാരണമില്ലാത്തതിനാൽ ഒരു കാലത്തും നശിക്കാത്തതായ സന്തൃപ്തി ഉണ്ടാകും.

48. അപരോക്ഷജ്ഞാനശോകനിവൃത്ത്യാഖ്യേ ഉഭേ ഇമേ
അവസ്ഥേ ജീവഗേ ബ്രൂതേ ആത്മാനംചേദിതിശ്രുതിഃ.

ആത്മാനംചേത് ഇതിശ്രുതിഃ=ആത്മാവിനെ അറിഞ്ഞുവെങ്കിൽ എന്നുള്ള ശ്രുതി. അപരോക്ഷജ്ഞാന ശോക നിവൃത്ത്യാഖ്യേ=അപരോക്ഷജ്ഞാനം ശോകനിവൃത്തി എന്ന പേരോടുകൂടിയ. ഇമേ ഉഭേ അവസ്ഥേ=ഈ രണ്ടവസ്ഥകൾ. ജീവഗേഇതിശ്രുതിഃ ബ്രൂതേ=ജീവനെ ആശ്രയിച്ചിട്ടുള്ളവയാണെന്നു ശ്രുതി പറയുന്നു.

"ആത്മാനം ചേദ്വിജാനീയാത്" എന്നുള്ള മന്ത്രത്തെ വ്യാഖ്യാനിക്കുവാൻ പ്രതിജ്ഞചെയ്തശേഷം, അതിനെ ഉപേക്ഷിച്ചു, മദ്ധ്യത്തിൽ അജ്ഞാനാദികളായ ഏഴവസ്ഥകളെ നിരൂപണം ചെയ്തത് പ്രകൃതത്തിൽനിന്നുള്ള വ്യതിചലനം അല്ലയോ എന്നുള്ള ശങ്കയെ പരിഹരിക്കുന്നു:—ചിദാഭാസനെ സംബന്ധിച്ചുള്ള അജ്ഞാനാദികളായ സപ്താവസ്ഥകളെ വിവരിച്ചതു, അപരോക്ഷജ്ഞാനം-ദുഃഖനിവൃത്തി എന്ന ഈ രണ്ടവസ്ഥകളും ജീവനെ ആശ്രയിച്ചിരിക്കുന്നവതന്നെ എന്നു കാണിപ്പാനാണ് ശ്രുതി ഭാവിച്ചിരിക്കുന്നത്. ആ ശ്രുത്യഭിപ്രായത്തെ തികച്ചും കാണിപ്പാൻ വേണ്ടിട്ടാണ് അജ്ഞാനാവസ്ഥകളെ വിവരിച്ചിരിക്കുന്നത്. അതുകൊണ്ടു പ്രകൃതത്തിൽനിന്നു വ്യതിചലിച്ചിട്ടില്ലെന്നു അറിഞ്ഞുകൊള്ളേണ്ടതാണ്.

49. അയമിത്യപരോക്ഷത്വമുക്തം തദ്വിവിധംഭവേത്
വിഷയസ്വപ്രകാശത്വാൽ ധിയാപ്യേവം തദീക്ഷണാത്.

അയം ഇതി അപരോക്ഷത്വം ഉക്തം=അയം എന്ന പദം അപരോക്ഷഭാവത്തെ കാണിക്കുന്നു എന്നു പറയപ്പെട്ടുവല്ലൊ. തത് ദ്വിവിധം ഭവേത്=ആ അപരോക്ഷഭാവം രണ്ടുവിധത്തിൽ ഭവിക്കും. വിഷയസ്വപ്രകാശത്വാത്=വിഷയത്തിന്റെ സ്വപ്രകാശത്വം നിമിത്തവും. ധിയാ അപി ഏവം=ബുദ്ധികൊണ്ടും ഇപ്രകാരം. തദീക്ഷണാത്=അതിനെ കാണുന്നതിനാലും

ശ്രുതിയിലുള്ള "അയം" എന്ന ശബ്ദം വിഷയമായ ആത്മാവു് അപരോക്ഷമാണ് എന്നു കാണിപ്പാൻ ഉപയോഗിക്കപ്പെട്ടിരിക്കുന്നുവെന്നു മുമ്പേ പറഞ്ഞിട്ടുണ്ടു്. അങ്ങിനെയാകുമ്പോൾ ആത്മാ

വു അപരോക്ഷജ്ഞാനത്തിന്നു മാത്രം വിഷയമാകും. പരോക്ഷജ്ഞാനത്തിന്നു വിഷയമാകയില്ല—എന്ന ശങ്കക്കവകാശമുണ്ട്. അതിനെ പരിഹരിപ്പാൻ അപരോക്ഷജ്ഞാനത്തെ വിഭജിച്ചുകാണിക്കുന്നു. അപരോക്ഷജ്ഞാനം രണ്ടുവിധത്തിലാണ്. വിഷയമായ ചിദാത്മാവു അന്യസാധനത്തെ അപേക്ഷിക്കാതെ സ്വയമേവ പ്രകാശിക്കുന്ന സത്യവസ്തുവായതുകൊണ്ട് അതു നിത്യാപരോക്ഷംതന്നെയെന്നതാണ്—ഒരു വിധത്തിലുള്ള അപരോക്ഷജ്ഞാനം. ആ ചിദാത്മാവിന്റെ ആ അപരോക്ഷഭാവത്തെ ബുദ്ധിവൃത്തികൊണ്ടു കാണുന്നതാണ് രണ്ടാമത്തെ അപരോക്ഷത. ഇങ്ങിനെ അപരോക്ഷത്വം രണ്ടു വിധത്തിലുണ്ട്.

50. പരോക്ഷജ്ഞാനകാലേപി വിഷയസ്വപ്രകാശതാ
സമാബ്രഹ്മസ്വപ്രകാശമസ്തീത്യേവം വിബോധനാത്.

പരോക്ഷജ്ഞാനകാലേ അപി=പരോക്ഷജ്ഞാനകാലത്തിലും. വിഷയസ്വപ്രകാശതാസമാ=വിഷയത്തിന്റെ സ്വപ്രകാശതക്കു ഭേദമില്ല. സ്വപ്രകാശം ബ്രഹ്മ അസ്തി=സ്വപ്രകാശമായ ബ്രഹ്മം ഉണ്ട്. ഇതി ഏവം വിബോധനാത്=ഏന്നിപ്രകാരം ബോധമുള്ളതുകൊണ്ട്.

അപരോക്ഷജ്ഞാനം രണ്ടുവിധമാണെന്നു വന്നതിനാൽ ചിദാത്മാവ് പരോക്ഷജ്ഞാനവിഷയമാകും എന്നതെങ്ങിനെ സിദ്ധിക്കും. എന്ന ശങ്കയെ തീക്കുവാൻ പറയുന്നു:—വിഷയമായ ചിദാത്മാവിന്റെ സ്വപ്രകാശതക്കു, പരോക്ഷജ്ഞാനകാലത്തിൽ വ്യത്യാസമൊന്നുമില്ല തുല്യമായിത്തന്നെയിരിക്കുന്നുണ്ട്. വിഷയം സ്വപ്രകാശമായതുകൊണ്ടു പരോക്ഷജ്ഞാനത്തിന്നു വിഷയമാവുന്നതിൽ വിരോധമില്ല. എന്തുകൊണ്ടെന്നാൽ സ്വപ്രകാശമായ ബ്രഹ്മം ഉണ്ടെന്നുള്ള വിശേഷജ്ഞാനം പരോക്ഷജ്ഞാനകാലത്തിലും ഉണ്ടല്ലോ. അതുകൊണ്ടു സ്വപ്രകാശചിദാത്മാവു പരോക്ഷജ്ഞാനത്തിന്നു വിഷയംതന്നെ.

51. അഹംബ്രഹ്മേത്യനുല്ലിഖ്യ ബ്രഹ്മാസ്തീത്യേവമുല്ലിഖേത്
പരോക്ഷജ്ഞാനമേതന്നഭ്രാന്തം ബാധാനിരൂപണാത്.

അഹംബ്രഹ്മഇതിഅനുല്ലിഖ്യ=ഞാൻ ബ്രഹ്മമാകുന്നുവെന്നു ഉല്ലേഖിക്കാതെ. ബ്രഹ്മഅസ്തിഇതി ഏവംഉല്ലിഖേത്=ബ്രഹ്മം ഉണ്ടെന്നു മാത്രം ഉല്ലേഖിക്കുന്നുവെന്നത് യാതൊന്നോ. ഏതത് പരോക്ഷജ്ഞാനംനഭ്രാന്തം=ഈ പരോക്ഷജ്ഞാനം ഭ്രാന്തിജ്ഞാനമല്ല. ബാധാനിരൂപണാത്=ബാധമല്ലാത്തതുകൊണ്ട്.

പ്രത്യഗഭിന്നബ്രഹ്മഗോചരമായ ജ്ഞാനം എങ്ങിനെ പരോക്ഷമാവും എന്ന ശങ്കക്കു സമാധാനം:—പ്രത്യഗംശത്തെ ഗ്രഹിക്കാഞ്ഞതുകൊണ്ടാണു പരോക്ഷമെന്നു പറഞ്ഞത്, എന്നുത്തരം പറവാൻ പരോക്ഷജ്ഞാനസ്വരൂപത്തെ വിവരിക്കുന്നു:—ഞാൻ ബ്രഹ്മമാകുന്നുവെന്നു നേരിട്ടറിയാതെ ബ്രഹ്മം ഉണ്ടെന്നു മാത്രം അറിഞ്ഞതുകൊണ്ടാണു പരോക്ഷജ്ഞാനം എന്നു പറഞ്ഞത്. എന്നാൽ ഇതു ഭ്രാന്തിജ്ഞാനമല്ലയോ എന്നുള്ള ശങ്കയെ തീക്കാൻ ഭ്രാന്തമാണെന്നു ശങ്കിപ്പാൻ കാരണമില്ലെന്നു കാണിപ്പാൻ വേണ്ടി ഭ്രാന്തിജ്ഞാനത്തിന്റെ സ്വരൂപത്തെ കാണിക്കുന്നു:—ഏതൊരു ജ്ഞാനം യഥാർത്ഥവസ്തുജ്ഞാനാവസരത്തിൽ അയഥാർത്ഥമെന്നു വരുന്നുവോ അതിന്നു ബാധമെന്നു പേർ. അപ്പോൾ ബാധ്യത്വമുണ്ടെന്നു വരുന്നതുകൊണ്ടു ഭ്രാന്തം എന്നു പറയാം. അല്ലെങ്കിൽ വ്യക്തിയെ ഉല്ലേഖിക്കാത്തതുകൊണ്ടും ഭ്രാന്തം എന്നാവാം. അല്ലെങ്കിൽ അപരോക്ഷമായറിവാൻ യോഗ്യമായതിനെ പരോക്ഷമായറിഞ്ഞുവെന്നതുകൊണ്ടും ഭ്രാന്തം ആവാം അല്ലെങ്കിൽ അംശത്തെ ഗ്രഹിക്കാഞ്ഞതുകൊണ്ടു ഭ്രാന്തം എന്നു വരാം. ഇങ്ങിനെ നാലുവിധത്തിലാണു ഭ്രാന്തിജ്ഞാനത്തെ കല്പിക്കുന്നത്. അതിൽ ബ്രഹ്മമുണ്ടു എന്നുള്ള ജ്ഞാനത്തിന്നു ബാധം ഇല്ലാത്തതുകൊണ്ടു ഭ്രാന്തിജ്ഞാനത്തിന്നു കാണിച്ച ഒന്നാമത്തെ ലക്ഷണം ഇവിടെയിരിക്കുന്നില്ല. ബ്രഹ്മം ഉണ്ടെന്നുള്ള പരോക്ഷജ്ഞാനാവസരത്തിൽ ബാധിക്കപ്പെടുന്നില്ല.

52. ബ്രഹ്മനാസ്തീതിമാനംചേത് സ്യാൽബാധ്യേതതദാധ്രുവം
നചൈവം പ്രബലം മാനം പശ്യാമോതോ നബാധ്യതേ.

ബ്രഹ്മനഅസ്തി ഇതിമാനംസ്യാത്ചേത്=ബ്രഹ്മം ഇല്ലെന്നു പ്രമാണം ഉണ്ടാകുമെങ്കിൽ. തദാബാധ്യേതധ്രുവം=അപ്പോൾ ബാധിക്കപ്പെടും നിശ്ചയം. ഏവംപ്രബലംമാനംനചപശ്യാമഃ=ഇപ്രകാരം പ്രബലമായ പ്രമാണം ഞങ്ങൾ കാണുന്നില്ല. അതഃനബാധ്യതേ=അതുകൊണ്ടു ബാധിക്കപ്പെടുന്നില്ല.

ബ്രഹ്മം ഉണ്ടെന്നുള്ള പരോക്ഷജ്ഞാനത്തിന്നു ബാധം ഇല്ലെന്നു പറഞ്ഞതിന്നു കാരണം കാണിക്കുന്നു:—ബ്രഹ്മം ഉണ്ടെന്നുണ്ടായ പരോക്ഷജ്ഞാനം ബാധ്യമാകേണമെങ്കിൽ ബ്രഹ്മം ഇല്ലെന്നുള്ള പ്രമാണം ഉണ്ടായിരിക്കേണം. എന്നാൽ അപ്പോൾ ബാധിക്കപ്പെടും. അപ്രകാരമുള്ള പ്രബലമായ

പ്രമാണം ഇല്ലാത്തതുകൊണ്ടു ബ്രഹ്മം ഉണ്ടെന്നുള്ള ബോധരൂപമായ പരോക്ഷജ്ഞാനം ബാധിക്കപ്പെടുന്നില്ല.

53. വ്യക്ത്യനുല്ലേഖമാത്രേണ ഭ്രമത്വേ സ്വർഗ്ഗധീരപി
ഭ്രാന്തിഃ സ്യാദ്വ്യക്ത്യനുല്ലേഖാൽ സാമാന്യോല്ലേഖദർശനാത്.

വ്യക്ത്യനുല്ലേഖമാത്രേണഭ്രമത്വേ=വ്യക്തിയുടെ ഉല്ലേഖം ഇല്ലാത്തതുകൊണ്ടു മാത്രം ഭ്രമമാണെന്നു പറയുന്നപക്ഷത്തിൽ. സ്വർഗ്ഗധീഃഅപിഭ്രാന്തിഃസ്യാത്=സ്വർഗ്ഗബോധവും ഭ്രാന്തിയാകും. വ്യക്ത്യനുല്ലേഖാത്=വ്യക്തിയുടെ ഉല്ലേഖം ഇല്ലാത്തതുകൊണ്ടും. സാമാന്യോല്ലേഖദർശനാത് = സാമാന്യോല്ലേഖത്തിന്റെ ദർശനം ഉള്ളതുകൊണ്ടും.

വ്യക്തിയുടെ ഉല്ലേഖമില്ലാത്തതുകൊണ്ടു മാത്രം ഭ്രമമാണെന്നു പറയുന്ന പക്ഷത്തിൽ സ്വർഗ്ഗം ഉണ്ടെന്നുള്ള ബോധവും ഭ്രമംതന്നെയെന്നുവരും. ഇങ്ങിനെ വരുന്നപക്ഷം നേരിട്ടു കണ്ടറിയാത്ത ലോകമോ സാധനങ്ങളോ ഒന്നുമില്ലെന്നു പറയേണ്ടതായിവരും. ഇത് അതിപ്രസംഗം എന്ന ദോഷമാകുന്നു. ഇതാണ സ്വർഗ്ഗം എന്നു നേരിട്ടറിഞ്ഞിട്ടല്ല സ്വർഗ്ഗം ഉണ്ടെന്നു ധരിക്കുന്നത്. വസ്തുവിന്റെ സ്വരൂപത്തെ നേരിട്ടറിഞ്ഞിട്ടില്ലെങ്കിലും സാമാന്യസ്വരൂപജ്ഞാനമുള്ളതുകൊണ്ടു ഭ്രാന്തം എന്നു പറവാൻ കാരണമില്ല

54. അപരോക്ഷത്വയോഗ്യസ്യ നപരോക്ഷമതിഃ ഭ്രമഃ
പരോക്ഷമിത്യനുല്ലേഖാ ദർത്ഥാൽ പാരോക്ഷ്യസംഭവാത്.

അപരോക്ഷത്വയോഗ്യസ്യ=അപരോക്ഷമായറിവാൻ യോഗ്യമായ വസ്തുവിനെകുറിച്ചുള്ള. പരോക്ഷമതിഃ നഭ്രമഃ=പരോക്ഷമാണെന്നുള്ള ബോധം ഭ്രമമല്ല പരോക്ഷംഇതി അനുല്ലേഖാത്=പരോക്ഷമാണ് എന്നു ഉല്ലേഖം ഉല്ലാത്തതുകൊണ്ടും. അർത്ഥാൽ പാരോക്ഷ്യ സംഭവാത്=അർത്ഥംകൊണ്ടു പരോക്ഷമാണെന്നു സിദ്ധിക്കുന്നതുകൊണ്ടും.

അപരോക്ഷത്വേന അറിവാൻ യോഗ്യമായ പ്രത്യഗഭിന്നബ്രഹ്മത്തെ പരോക്ഷമായറിയുന്നുവെന്നതുകൊണ്ടു ഭ്രമജ്ഞാനം എന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ ബ്രഹ്മം പരോക്ഷം എന്ന രൂപത്തിൽ ധരിക്കുന്നില്ല. പിന്നെ പരോക്ഷജ്ഞാനം എന്നു പറഞ്ഞതു എന്തുകൊണ്ടാണെങ്കിൽ ഇത് ബ്രഹ്മം എന്ന് വ്യക്തിയെ ഉല്ലേഖിച്ചിട്ടില്ല എന്ന സംഗതിയിൽനിന്നാണ് പരോക്ഷം എന്നു പേർ ഉണ്ടായത്. വ്യക്തിയുടെ ഉല്ലേഖമില്ലാത്തതുകൊണ്ടുമാത്രം ജ്ഞാനം ഭ്രാന്തമാകുന്നതല്ലെന്നു ഇതിനുമുമ്പെ സിദ്ധാന്തിച്ചിട്ടും ഉണ്ടല്ലോ.

55. അംശാഗൃഹീതേ ഭ്രാന്തിശ്ചേൽ ഘടജ്ഞാനം ഭ്രമോഭവേത്
നിരംശസ്യാപിസാംശത്വം വ്യാവർത്ത്യാംശവിഭേദതഃ.

അംശാഗൃഹീതേ ഭ്രാന്തിഃചേത്=അംശം ഗ്രഹിക്കപ്പെടാഞ്ഞതിനാൽ ജ്ഞാനം ഭ്രാന്തം എന്നാണെങ്കിൽ. ഘടജ്ഞാനം ഭ്രമഃഭവേത്=ഘടം എന്ന ജ്ഞാനവും ഭ്രമംതന്നെ എന്നുവരും. വ്യാവർത്ത്യാംശവിഭേദതഃ=വ്യാവർത്തിക്കപ്പെടുവാൻ യോഗ്യമായ അംശഭേദംനിമിത്തം. നിരംശസ്യ അപി=അംശമില്ലാത്തതിനും. സാംശത്വം=അംശത്തോടുകൂടിയത് എന്നുവരും.

ബ്രഹ്മാംശത്തെ ധരിച്ചിരുന്നാലും ബ്രഹ്മസ്വരൂപമായ പ്രത്യഗംശത്തെ ഗ്രഹിക്കാഞ്ഞതുകൊണ്ടു ഭ്രമജ്ഞാനമാണെന്നു വരുന്നപക്ഷം നേരിട്ടു കണ്ടറിഞ്ഞ ഘടജ്ഞാനവും ഭ്രമജ്ഞാനം എന്നുവരും. ഘടത്തിന്റെ ബഹിർഭാഗത്തെ അറിഞ്ഞതല്ലാതെ അന്തർഭാഗത്തിലുള്ള അംശത്തെ അറിഞ്ഞിട്ടില്ലല്ലോ. അതിനാൽ ഘടജ്ഞാനം ഭ്രമംതന്നെ എന്നു വരാമെല്ലോ—പക്ഷെ ഘടത്തെ സംബന്ധിച്ചു പറഞ്ഞ ദൃഷ്ടാന്തം ദുഷ്ടമാണ്. എന്തുകൊണ്ടെന്നാൽ ഘടത്തിനു അംശമുള്ളതുകൊണ്ടു അങ്ങിനെ വരാം. ദാർഷ്ടാന്തമായ ബ്രഹ്മം അംശമുള്ളതല്ലല്ലോ. അതുകൊണ്ടു ദൃഷ്ടാന്തം ശരിയല്ല. എന്നാണെങ്കിൽ ബ്രഹ്മം നിരംശംതന്നെയെങ്കിലും തള്ളിക്കളയേണ്ടതായ ഉപാധിയോടു ചേർച്ചയുള്ളതുകൊണ്ട് നിരംശമായ ബ്രഹ്മവും സാംശം എന്നു വരുന്നുണ്ട്. ഉപാധിസംബന്ധം ഇല്ലെന്നറിയുന്നതുവരെ ബ്രഹ്മം സാംശം എന്നു വരുന്നുണ്ട്. അതുകൊണ്ട് ഘടദൃഷ്ടാന്തം ദുഷ്ടമല്ല.

56. അസത്വാംശോ നിവർത്തേത പരോക്ഷജ്ഞാനതസ്തഥാ
അഭാനാംശനിവൃത്തിഃ സ്യാദപരോക്ഷധിയാ കൃതാ.

പരോക്ഷജ്ഞാനതഃ=പരോക്ഷജ്ഞാനത്താൽ. അസത്വാംശഃ നിവർത്തേത=അസത്വാംശം നിവർത്തിക്ക

പ്പെടും. തഥാ അഭാനാംശനിവൃത്തിഃ=അപ്രകാരം അഭാനാംശനിവൃത്തി. അപരോക്ഷധിയാ കൃതാസ്യാത്=അപരോക്ഷജ്ഞാനത്താൽ ഉണ്ടാക്കപ്പെടും.

നീക്കംചെയ്യേണ്ടതായ (വ്യാവർത്ത്യങ്ങളായ) അംശങ്ങൾ ഏതെല്ലാം എന്നു കാണിക്കുന്നു:—അസത്വാംശവും അഭാനാംശവും വ്യാവർത്ത്യങ്ങളാണ്. അതിൽ പരോക്ഷജ്ഞാനത്താൽ അസത്വാംശവും (ഇല്ലെന്നു തോന്നിപ്പിക്കുന്ന അജ്ഞാനാംശം) അപരോക്ഷജ്ഞാനത്താൽ അഭാനാംശവും (പ്രകാശിക്കുന്നില്ല) എന്നതും നിവൃത്തിക്കപ്പെടും.

57. ദശമോസ്തീത്യവിഭ്രാന്തം പരോക്ഷജ്ഞാന മീക്ഷ്യതേ
ബ്രഹ്മാസ്തീത്യപി തദ്വത്സ്യാ ദജ്ഞാനാവരണം സമം.

ദശമഃ അസ്തി ഇതിപരോക്ഷജ്ഞാനം=ദശമൻ ഉണ്ടെന്നുള്ള ആപ്തവാക്യജന്യമായ പരോക്ഷജ്ഞാനം അവിഭ്രാന്തം ഈക്ഷ്യതേ=ഭ്രാന്തമല്ലെന്നനുഭവപ്പെടുന്നുണ്ട്. തദ്വത് ബ്രഹ്മഅസ്തി ഇതിഅപി=അതുപോലെത്തന്നെ ബ്രഹ്മം ഉണ്ടെന്നുള്ളതും. അജ്ഞാനാവരണം സമം=അജ്ഞാനം നിമിത്തമുള്ള ആവരണം രണ്ടു ദിക്കിലും തുല്യം.

അപരോക്ഷമായിട്ടറിയേണ്ടതായ വസ്തുവിനെ പരോക്ഷമായറിയുന്നത് ഭ്രാന്തജ്ഞാനമാകയില്ലെന്നു മുമ്പേ പറഞ്ഞതിനെ ദൃഷ്ടാന്തപൂർവ്വം ഉറപ്പിക്കുന്നു:—പത്താമൻ ഉണ്ടെന്ന് ആപ്തവാക്യം കേട്ടപ്പോൾ ഉണ്ടായ പരോക്ഷജ്ഞാനം ഭ്രാന്തമല്ലെന്നനുഭവപ്പെട്ടതുപോലെ ബ്രഹ്മം ഉണ്ടെന്ന് ശാസ്ത്രാചാര്യവാക്യങ്ങളിൽനിന്നുണ്ടാകുന്ന പരോക്ഷജ്ഞാനവും ഭ്രാന്തമല്ല. അജ്ഞാനംനിമിത്തമുണ്ടായ ആവരണം രണ്ടു സംഗതികളിലും തുല്യംതന്നെ.

58. ആത്മാ ബ്രഹ്മേതി വാക്യാർത്ഥേ നിശ്ശേഷേണ വിചാരിതേ
വ്യക്തിരുല്ലിഖ്യതേ യദ്വദ്ദശമസ്ത്വമസീത്യതഃ

ആത്മാബ്രഹ്മ ഇതിവാക്യാർത്ഥേ=ആത്മാവു ബ്രഹ്മമാകുന്നുവെന്ന വാക്യത്തിന്റെ അർത്ഥം. നിശ്ശേഷേണ വിചാരിതേ=സമസ്തമായി വിചാരിക്കപ്പെടുമ്പോൾ. വ്യക്തിഃഉല്ലിഖ്യതേ=വസ്തുസാക്ഷാൽകാരം ഭവിക്കുന്നു. ത്വം ദശമഃ അസിഇതിഅതഃ യദ്വത്=നീ ദശമനാകുന്നുവെന്നുള്ള വാക്യത്തിൽനിന്നെന്നപോലെ.

മഹാവാക്യത്തിൽനിന്ന് പരോക്ഷജ്ഞാനമുണ്ടാകുന്നുവെങ്കിൽ ഏതിൽനിന്നാണ് അപരോക്ഷജ്ഞാനമുണ്ടാകുന്നത് എന്ന ആകാംക്ഷക്കു സമാധാനം:—“അയമാത്മാബ്രഹ്മ” പ്രത്യഗാത്മാവ് ബ്രഹ്മമാകുന്നുവെന്നർത്ഥമായ മഹാവാക്യത്തിന്റെ ശ്രവണമാണ് ഗുരുമുഖത്തിൽനിന്നു സിദ്ധിക്കുന്നത്. അതിൽനിന്നാണ് പരോക്ഷജ്ഞാനമുണ്ടായതും. ആ വാക്യത്തിന്റെ അർത്ഥത്തെ മനനം, നിദിധ്യാസനം, ധാരണാധ്യാനം എന്നീ മാർഗ്ഗങ്ങളിൽക്കൂടെ വന്നായി വിചാരംചെയ്യുമ്പോൾ ഇതുതന്നെ—ഈ ഞാൻതന്നെ—ബ്രഹ്മം എന്ന വസ്തുസാക്ഷാൽകാരരൂപമായ അപരോക്ഷജ്ഞാനമുണ്ടാകും. പത്താമൻ ഉണ്ടെന്ന് ആപ്തവാക്യം കേട്ടപ്പോൾ “ഉണ്ടെന്നുമാത്രം” ധരിച്ച പത്താമൻ “ആ പത്താമൻ എവിടെയുണ്ട്” എന്നു ചോദിച്ചപ്പോൾ “നീതന്നെ പത്താമൻ” എന്നുത്തരംകേട്ടപ്പോൾ ഞാൻ പത്താമൻ എന്നനുഭവപ്പെട്ടതുപോലെ വിചാരത്താൽ അപരോക്ഷജ്ഞാനരൂപസാക്ഷാൽകാരം ലഭിക്കും.

59. ദശമഃകഇതിപ്രശ്നേ ത്വമേവേതി നിരാകൃതേ
ഗണയിത്വാ സ്വേനസഹ സ്വമേവ ദശമം സ്മരേത്.

ദശമഃ കഃ ഇതിപ്രശ്നേ=ദശമൻ ആരാകുന്നുവെന്നുള്ള ചോദ്യം. ത്വം ഏവഇതി നിരാകൃതേ=നീതന്നെയെന്ന ഉത്തരത്താൽ നിരാകരിക്കപ്പെട്ടപ്പോൾ ഗണയിത്വാ സ്വേനാസഹ=എണ്ണിച്ചിട്ടു തന്നോടുകൂടെ ചേർന്നിട്ടു. സ്വം ഏവദശമം സ്മരേത്=തന്നെത്തന്നെ ദശമനായിട്ടു താൻതന്നെ സ്മരിക്കും.

വിചാരത്തോടുകൂടിയ മഹാവാക്യത്തിൽനിന്ന് അപരോക്ഷജ്ഞാനമുണ്ടാകുന്നതിനെ ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—ആപ്തപുരുഷൻ പത്താമനുണ്ടെന്നു പറഞ്ഞപ്പോൾ ആ പത്താമൻ ആരാകുന്നുവെന്ന് ആപ്തനോടു ചോദിക്കുന്നു. നീതന്നെ പത്താമൻ എന്ന് ആ ചോദ്യത്തിനുത്തരം അദ്ദേഹം പറയുന്നു. അപ്പോൾ എണ്ണുന്ന തന്നോടുകൂടെ മററുള്ള ഒമ്പതുപേരെ വേറെ കാണുന്നു. താൻതന്നെ പത്താമൻ എന്നിങ്ങിനെ പത്താമനെ പത്താമൻതന്നെ ഓർക്കുന്നു.

60. ദശമോസ്മീതി വാക്യോത്ഥാ നധീരസ്യ വിഹന്യതേ
ആദിമധ്യാവസാനേഷു നനവത്വസ്യ സംശയഃ

വാക്യോത്ഥാ ദശമഃ അസ്മിഇതി അസ്യധീഃ=വാക്യത്തിൽനിന്നുണ്ടായ ഞാൻ പത്താമനെന്ന ഇവന്റെ

ബോധം. ന വിഹന്യതേ=ബാധിക്കപ്പെടുന്നില്ല. ആദിമധ്യാവസാനേഷു നവസു=ആദിമധ്യാവസാനങ്ങളിലുള്ള ഒമ്പതുപേരിൽ. അസ്യസംശയഃ ന=ഇവനു സംശയമില്ല.

പത്താമൻ ഞാൻ എന്നുണ്ടായ ഈ ബോധം ഒരുവിധത്തിലും ബാധിക്കപ്പെടുന്നില്ല. ആദിയിലും മദ്ധ്യത്തിലും ഒടുവിലും ഒമ്പതുപേർ വേറെയുണ്ടായിരുന്നു. അവരെയെണ്ണിയ താൻ പത്താമനായിട്ടു വന്നപ്പോഴും എല്ലാം ഉണ്ടായിരുന്നുവെന്നതിൽ പത്താമനു ലേശവും സംശയമുണ്ടാകുന്നതുമില്ല. അതിനാൽ ഇതു ഇളക്കമില്ലാത്ത അപരോക്ഷജ്ഞാനമാകുന്നു.

61. സദേവേത്യാദിവാക്യേന ബ്രഹ്മസത്വം പരോക്ഷതഃ
ഗൃഹീത്വാ തത്വമസ്യാദിവാക്യാദ്വ്യക്തിം സമുല്ലിഖേത്.

സദേവ ഇത്യാദിവാക്യേന=സദേവ ഇത്യാദിവാക്യത്താൽ. ബ്രഹ്മസത്വം പരോക്ഷതഃ ഗൃഹീത്വാ=ബ്രഹ്മസൽഭാവത്തെ പരോക്ഷമായറിഞ്ഞിട്ട്. തത്വമസ്യാദി വാക്യാത്=തത്വമസി എന്നിങ്ങിനെയുള്ള വാക്യത്താൽ. വ്യക്തിംഉല്ലിഖേത്=വ്യക്തിയെ–പ്രത്യേകതയെ–അറിയേണം.

ദൃഷ്ടാന്തമായ ദശമനിൽ പ്രകാശിപ്പിച്ച രീതിമുഴുവനും ദാർഷ്ടാന്തമായ ബ്രഹ്മത്തിൽ ഉപയോഗിക്കേണം എന്നുപദേശിക്കുന്നു:—"സദേവസൌമ്യേദമഗ്ര ആസീൽ" "ഏകമേവാ ദ്വിതീയം ബ്രഹ്മ" എന്നിങ്ങിനെയുള്ള ശ്രുതിവാക്യങ്ങളിൽനിന്ന് ബ്രഹ്മം ഉണ്ടെന്നുള്ള പരോക്ഷജ്ഞാനം ഉണ്ടാകും. "തൽസൃഷ്ട്വാതദേവാനു പ്രാവിശത്" എന്ന വാക്യത്തിൽനിന്നു ആ ബ്രഹ്മംതന്നെയാണ് ജീവരൂപേണ വിളങ്ങുന്നതെന്നറിവുണ്ടാകേണം "തത്വമസി" എന്ന മഹാവാക്യാർത്ഥവിചാരത്തിൽനിന്ന് അദ്വിതീയ ബ്രഹ്മംതന്നെയാണ് ആത്മവെന്നറിവാൻ കഴിയും അതിൽനിന്നു "അഹം ബ്രഹ്മാസ്മി"എന്നുള്ള സാക്ഷാൽകാരവും സിദ്ധിക്കും.

62. ആദിമധ്യാവസാനേഷു സ്വസ്യ ബ്രഹ്മത്വധീരിയം
നൈവ വ്യഭിചരേത്തസ്മാ ദാപരോക്ഷ്യം പ്രതിഷ്ഠിതം.

ഇയം ബ്രഹ്മത്വധീഃ=ഈ ബ്രഹ്മത്വബോധം. ആദിമധ്യാവസാനേഷു=ആദിമധ്യാവസാനങ്ങളിൽ. ന വ്യഭിചരേത് ഏവ=വ്യഭിചരിക്കുകയേ ഇല്ല. തസ്മാൽ ആപരോക്ഷ്യം പ്രതിഷ്ഠിതം=അതുകൊണ്ട് അപരോക്ഷഭാവം ഉറപ്പിക്കപ്പെട്ടു.

ഞാൻ ബ്രഹ്മം എന്നുള്ള ഈ ബോധം സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളിലേക്ക് ആദിമധ്യാവസാനങ്ങളിലും ചലിക്കാനവകാശമില്ലാത്തതുകൊണ്ടു ബ്രഹ്മസാക്ഷാൽകാരം ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

63. ജന്മാദികാരണത്വാഖ്യലക്ഷണേന ഭൃഗുഃപുരാ
പാരോക്ഷ്യേണ ഗൃഹീത്വാഥ വിചാരാദ്വ്യക്തിമൈക്ഷത.

പുരാഭൃഗുഃജന്മാദികാരണത്വാഖ്യലക്ഷണേന=പണ്ടു ഭൃഗു ജന്മാദികാരണം എന്നുള്ള ലക്ഷണത്താൽ. പാരോക്ഷ്യേണഗൃഹീത്വാ=പരോക്ഷമായറിഞ്ഞിട്ടു. അഥവിചാരാത്‌വ്യക്തിംഐക്ഷത=പിന്നെ വിചാരംകൊണ്ടു പ്രത്യഗ്രൂപത്തെ സാക്ഷാൽകരിച്ചു.

ശ്രുതിവാക്യത്തിൽനിന്നു പരോക്ഷജ്ഞാനവും വിചാരത്തിൽനിന്നു അപരോക്ഷജ്ഞാനവും ഉണ്ടാകുമെന്നുള്ള സംഗതി എങ്ങിനെ അറിവു കിട്ടി എന്ന ആകാംക്ഷക്ക് തൈത്തരീയാദി ശ്രുതികളിൽനിന്നീസംഗതി അറിഞ്ഞിരിക്കുന്നുവെന്ന് സമാധാനം പറയുന്നു: "യതോവാഇമാനിഭൂതാനിജായന്തേ യേനജാതാനി ജീവന്തിയൽ പ്രയന്ത്യഭിസംവിശന്തി തദ്വിജിജ്ഞാസസ്വതൽബ്രഹ്മേതി" "എതൊന്നിൽനിന്ന് ഇക്കാണപ്പെടുന്ന സകല ഭൂതങ്ങളും ഉണ്ടാകുന്നുവോ എതൊന്നിനെ അവലംബിച്ചു നിലനില്ക്കുന്നുവോ അവസാനത്തിൽ ഏതിൽ പ്രവേശിക്കുന്നുവോ. ഏതായിട്ടുതന്നെ ഭവിക്കുന്നുവോ, ആ വസ്തുവിനെ അറിവാനാഗ്രഹിക്കുക. അതാണ് ബ്രഹ്മം എന്നറിഞ്ഞുകൊൾക" എന്നർത്ഥമായ ഈ ശ്രുതിവാക്യം ജഗൽകാരണത്വം ബ്രഹ്മലക്ഷണം എന്നു കാണിക്കുന്നു. ഈ വാക്യത്തിൽനിന്നു പണ്ട് വരുണനെന്ന ഋഷിയുടെ പുത്രനായ ഭൃഗുവെന്നു പേരായ മഹർഷി ബ്രഹ്മം എന്ന ഒരു വസ്തുവുണ്ടെന്നു പരോക്ഷമായറിഞ്ഞു. പിന്നെ സ്വശരീരത്തെക്കുറിച്ചു വിചാരം ചെയ്തുതുടങ്ങി. അന്നമയാദിപഞ്ചകോശങ്ങളേയും പരിശോധിച്ചു. അവസാനത്തിൽ അവക്കെല്ലാം അധിഷ്ഠാനമായ പ്രത്യഗാത്മാവിനെ നേരിട്ടറിഞ്ഞു. അതുതന്നെ ബ്രഹ്മം എന്ന സാക്ഷാൽകാരം ഭൃഗുവിന് ഈവിധം ഉണ്ടായിയെന്നു തൈത്തിരീയശ്രുതിയുപദേശിക്കുന്നു.

64. യദ്യപി ത്വമസീത്യത്ര വാക്യം നോചേ ഭൃഗോഃപിതാ
തഥാപ്യന്നം പ്രാണമിതി വിചാര്യ സ്ഥലമുചിവാൻ.

അത്ര ത്വം അസി ഇതിവാക്യം=ഇവിടെ നീയാകുന്നുവെന്ന വാക്യം. ഭൃഗോഃപിതാനഉപദേശയദ്യപി=ഭൃഗുവിന്റെ പിതാവ് പറഞ്ഞിട്ടില്ല. തഥാപിഅന്നംപ്രാണം ഇതിവിചാര്യസ്ഥലം ഉപദിഷ്ടവാൻ=എങ്കിലും അന്നമയം പ്രാണമയം എന്നിങ്ങിനെ വിചാരം ചെയ്തിട്ട കാണ്മാൻ സ്ഥലം പറഞ്ഞുകൊടുത്തു.

ഈ ഭാഗത്തെ തൈത്തിരീയശ്രുതിയിൽ "നീ ബ്രഹ്മമാകുന്നു" എന്ന് ഭൃഗുവിനോട് പിതാവ് ഉപദേശിച്ചതായിട്ട കാണുന്നില്ല. എങ്കിലും സത്യാത്മാവിനെ കാണ്മാൻ തക്കതായ സ്ഥലം കാട്ടിക്കൊടുത്തിട്ടുണ്ട്. അന്നമയം ആത്മാവാണോ എന്നു വിചാരം ചെയ്വാൻ ആദ്യം ഉപദേശിച്ചു. അല്ലെന്നു വിചാരത്താൽ ഭൃഗു അറിഞ്ഞു. ഇങ്ങിനെ പഞ്ചകോശങ്ങളേയും വിചാരം ചെയ്യേണമെന്നു ഭൃഗുവിന്നുപദേശിച്ചു. അതാണ് സ്ഥലം കാട്ടിക്കൊടുത്തുവെന്നു പറഞ്ഞതിന്റെ സാരം.

65. അന്നപ്രാണാദികോശേഷു സുവിചാര്യ പുനഃപുനഃ
ആനന്ദവ്യക്തിമീക്ഷിത്വാ ബ്രഹ്മലക്ഷ്മാപ്യയൂയുജത്.

അന്നപ്രാണാദികോശേഷു=അന്നപ്രാണാദികോശങ്ങളിൽ. പുനഃപുനഃസുവിചാര്യ=പിന്നേയും പിന്നേയും നന്നായി വിചാരിച്ചിട്ട. ആനന്ദവ്യക്തിം ഈക്ഷിത്വാ=ആനന്ദവ്യക്തിയെ കണ്ടിട്ട. ബ്രഹ്മലക്ഷ്മഅപി അയൂയുജത്=ബ്രഹ്മലക്ഷണത്തെയും യോജിപ്പിച്ചു.

പിതാവു കാട്ടിക്കൊടുത്ത സ്ഥാനങ്ങളായ അന്നമയം പ്രാണമയം എന്നിങ്ങിനെയുള്ള അഞ്ചു കോശങ്ങളിൽ വീണ്ടും വീണ്ടും വിചാരംചെയ്തപ്പോൾ ആനന്ദസ്വരൂപമായ പ്രത്യഗാത്മാവിനെ പ്രത്യേകമായും പഞ്ചകോശങ്ങൾക്കധിഷ്ഠാനമായും ഇരിക്കുന്നതായിട്ടറിഞ്ഞു. സകല ഭൂതങ്ങളുടെ ഉൽപത്ത്യാദിസ്ഥാനം ബ്രഹ്മമാണെന്നു പിതാവു ഉപദേശിച്ച ലക്ഷണം ആനന്ദസ്വരൂപനായ പ്രത്യാഗാത്മാവിൽ യോജിപ്പിച്ചു. "ആനന്ദാദ്ധ്യേവഖല്വിമാനിഭൂതാനിജായന്തേ ആനന്ദേനജാതാനിജീവന്തി ആനന്ദംപ്രയന്ത്യഭിസംവിശന്തി" "ആനന്ദത്തിൽനിന്നാണല്ലൊ ഇക്കാണപ്പെടുന്ന ഭൂതങ്ങൾ ഉണ്ടാകുന്നത്. ഉണ്ടായവ നിലനില്ക്കുന്നതും ആനന്ദംകൊണ്ടുതന്നെ. അവസാനത്തിൽ പ്രവേശിക്കുന്നതും നിലനില്ക്കുന്നതും ആനന്ദത്തിൽതന്നെ" എന്നർത്ഥമായ ശ്രുതിയിൽനിന്നു ആനന്ദസ്വരൂപനായ പ്രത്യഗാത്മാവ് ബ്രഹ്മംതന്നെ എന്നും അറിഞ്ഞിട്ട പഞ്ചകോശവിചാരത്താൽ ഭൃഗുവിന്നു ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചു എന്നു വരുന്നതിൽ ചേൎച്ചക്കേടൊന്നുമില്ല.

66. സത്യംജ്ഞാനമനന്തംചേത്യേവംബ്രഹ്മസ്വലക്ഷണം
ഉക്ത്വാ ഗുഹാഹിതത്വേന കോശേഷ്വേതൽ പ്രദൎശിതം.

സത്യംജ്ഞാനംഅനന്തംചഇത്യേവം=സത്യമായും ജ്ഞാനസ്വരൂപമായും അപരിച്ഛിന്നമായും ഇരിക്കുന്നതാണ് എന്ന്. ബ്രഹ്മസ്വലക്ഷണംഉക്ത്വാ=ബ്രഹ്മത്തിന്റെ സ്വരൂപലക്ഷണം പറഞ്ഞിട്ട. ഗുഹാഹിതത്വേന=ഗുഹകളിൽ പ്രവിഷ്ടമായിരിക്കുന്നുവെന്നും പറഞ്ഞിട്ട. കോശേഷുഏതത്പ്രദൎശിതം=കോശങ്ങളിൽ ഇത് പ്രദൎശിപ്പിക്കപ്പെട്ടു.

ബ്രഹ്മലക്ഷണത്തെ ആനന്ദസ്വരൂപമാക്കീട്ട പ്രത്യഗാത്മാവിൽ യോജിപ്പിക്കുന്നതു യുക്തമല്ല; ഭൂതങ്ങളുടെ ഉൽപത്ത്യാദികൾക്ക് കാരണമായ ബ്രഹ്മം തടസ്ഥവസ്തുവാകയാൽ പ്രത്യഗാത്മാവിൽനിന്നു ഭിന്നമാണ്, എന്നുള്ള ശങ്കക്കവകാശമില്ല. എന്തുകൊണ്ടെന്നാൽ ബ്രഹ്മംതന്നെയാണ് പ്രത്യഗാത്മസ്വരൂപത്തിൽ പഞ്ചകോശങ്ങളിൽ ഓരോന്നിലും അതാതു രൂപത്തിൽ വിളങ്ങുന്ന പരമാൎത്ഥവസ്തുവെന്ന് ശ്രുതിപ്രമാണം ഉണ്ട്. "സത്യംജ്ഞാനമനന്തം ബ്രഹ്മ" നാശമില്ലാത്തതും എതുകാലത്തിലും ഉള്ളതും സജാതീയാദി മൂന്നുവിധ ഭേദങ്ങളുമില്ലാത്തതിനാൽ അപരിച്ഛിന്നവുമായ വസ്തുവാണ് ബ്രഹ്മം എന്ന് ബ്രഹ്മത്തിന്റെ സ്വരൂപലക്ഷണത്തെ പറഞ്ഞശേഷം "യോവേദനിഹിതം ഗുഹായാം പരമേവ്യോമൻ" "ആ ബ്രഹ്മം പഞ്ചകോശരൂപമായ ഗുഹയിൽ ചിദാകാശത്തിൽ വിളങ്ങുന്നുവെന്ന് ആർ അറിയുന്നുവോ അവൻ ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചവനാകുന്നു"വെന്നും പറഞ്ഞിരിക്കയാൽ പഞ്ചകോശഗുഹാനിഷ്ഠമായ ആനന്ദസ്വരൂപൻ—പ്രത്യാഗാത്മാവ്—ബ്രഹ്മംതന്നെയാകയാൽ ബ്രഹ്മസാക്ഷാൽകാരവും പ്രത്യഗാത്മസാക്ഷാൽകാരവും വാക്കുകൊണ്ട് രണ്ടെന്നു തോന്നുന്നതല്ലാതെ വസ്തുതയാ രണ്ടല്ല ഒന്നുതന്നെ. അതുകൊണ്ടു പ്രത്യഗാത്മാവുതന്നെ ബ്രഹ്മം എന്നു ഭൃഗു അറിഞ്ഞതിൽ ശങ്കക്കവകാശമില്ല.

67. പാരോക്ഷ്യേണ വിബുദ്ധ്യേന്ദ്രോ യആത്മേത്യാദിലക്ഷണാത്
അപരോക്ഷീകൎത്തുമിച്ഛംശ്ചതുൎവ്വാരം ഗുരും യയൌ.

യഃ ആത്മാഇത്യാദിലക്ഷണാത്=യാതൊരാത്മാവ് എന്നിത്യാദി ശ്രുതിവാക്യത്തിൽ പറഞ്ഞ ലക്ഷണ

ത്താൽ. ഇന്ദ്രഃപാരോക്ഷ്യേണവിബുദ്ധ്യ=ഇന്ദ്രൻ പരോക്ഷമായറിഞ്ഞിട്ട. അപരോക്ഷീകർത്തുമിച്ഛൻ= അപരോക്ഷമാക്കാൻ ഇച്ഛിച്ചുകൊണ്ട്. ചതുർവ്വാരം ഗുരുംയയൌ=നാലുപ്രാവശ്യം ഗുരുവിനെ പ്രാപിച്ചു.

പരോക്ഷജ്ഞാനപൂർവ്വകമായ വിചാരം നിമിത്തം ഭൃഗുവിന്ന് പ്രത്യഗഭിന്നബ്രഹ്മസാക്ഷാൽകാരമുണ്ടായിയെന്ന് തൈത്തിരീയ ശ്രുതിവാക്യത്താൽ ഉറപ്പിച്ചശേഷം ആ സംഗതിയെത്തന്നെ ഛാന്ദോഗ്യശ്രുതിവാക്യത്തെ എടുത്തു കാണിച്ച് ദൃഢപ്പെടുത്തുന്നു:—"ബ്രഹ്മദേവനോട ഇന്ദ്രൻ ആത്മസ്വരൂപത്തെ കുറിച്ചു ചോദ്യംചെയ്തപ്പോൾ "യ ആത്മാ അപഹതപാപ്മാ വിജരോവിമൃത്യുർവ്വിശോകഃ" യാതൊരാത്മാവ് പാപപുണ്യകർമ്മങ്ങളോട് കൂടാത്തവനും ജരാ മരണം ശോകം എന്നിവ ഇല്ലാത്തവനും ആകുന്നുവെന്നിങ്ങിനെ ഉപദേശിച്ചു അപ്പോൾ ആത്മാവിനെ കുറിച്ച് ഇന്ദ്രന്ന് പരോക്ഷജ്ഞാനമുണ്ടായി. അതിനെ അവലംബിച്ച് സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന മൂന്നുവിധ ശരീരങ്ങളേയും കുറിച്ചു വിചാരം ചെയ്തിട്ട ആത്മാവിനെ സാക്ഷാൽകരിപ്പാൻ ആഗ്രഹിച്ചുംകൊണ്ട നാലു പ്രാവശ്യം ഗുരുവിനെ—ബ്രഹ്മാവിനെ—പ്രാപിച്ചുവെന്ന് ഛാന്ദോഗ്യോപനിഷത്തിൽ എട്ടാമദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്നു. പരോക്ഷജ്ഞാനപൂർവ്വകമായ വിചാരത്താൽ അപരോക്ഷജ്ഞാനമുണ്ടാകുമെന്നുതന്നെ ഛാന്ദോഗ്യശ്രുതിയും ഉപദേശിക്കുന്നുവെന്നു സാരം.

68. ആത്മാവാഇദ മിത്യാദൌ പരോക്ഷം ബ്രഹ്മലക്ഷിതം
അധ്യാരോപാപവാദാഭ്യാം പ്രജ്ഞാനം ബ്രഹ്മദർശിതം.

ആത്മാവൈഇദംഇത്യാദൌ=ആത്മാവുതന്നെ ഇക്കാണപ്പെടുന്നതെല്ലാം എന്നിത്യാദിയിൽ പരോക്ഷം ബ്രഹ്മലക്ഷിതം=പരോക്ഷമായിട്ട ബ്രഹ്മം ലക്ഷിക്കപ്പെട്ടു. അധ്യാരോപാപവാദാഭ്യാം=അധ്യാരോപാപവാദങ്ങളെക്കൊണ്ട്. പ്രജ്ഞാനം ബ്രഹ്മദർശിതം=പ്രജ്ഞാനാത്മകമായ ബ്രഹ്മം ദർശിപ്പിക്കപ്പെട്ടു.

ഐതരേയശ്രുതിയിലും പറയപ്പെട്ടിരിക്കുന്ന ഈ സംഗതിയെ കാണിക്കുന്നു:—"ആത്മാവാഇദമേകഏവാഗ്ര ആസീന്നാന്യൽകിംചനമിഷത്" ഇക്കാണപ്പെടുന്നതായ സകലവും ആദിയിൽ ആത്മാവു തന്നെ ആയിരുന്നു. അന്യമായ ചലനം ഒന്നുമുണ്ടായിരുന്നില്ല എന്ന് ബ്രഹ്മലക്ഷണം പറഞ്ഞശേഷം "സഐക്ഷതലോകാന്നുസൃജഇതി" ലോകത്തെ ഞാൻ സൃഷ്ടിക്കുന്നേൻ എന്ന് ആത്മാവുതന്നെ സങ്കല്പിച്ചു എന്നാരംഭിച്ചിട്ട പരമാത്മാവിൽ ജഗത്തിനെ ആരോപിച്ചതായ ക്രമത്തെ വിവരിച്ചു. പിന്നെ എല്ലാം പരിശോധിച്ചു. ഞാനല്ലാതെ അന്യമായിട്ട യാതൊന്നുമില്ലാ എന്നും, എന്റെ സ്വരൂപം പ്രജ്ഞാനംതന്നെയെന്നും പ്രത്യഗാത്മാവിനെ ബ്രഹ്മമായിട്ട സാക്ഷാൽകരിച്ചുവെന്നും ഐതരേയശ്രുതി സിദ്ധാന്തിച്ചിരിക്കുന്നു.

69. അവാന്തരേണ വാക്യേന പരോക്ഷാ ബ്രഹ്മധീ ഭവേത്
സർവ്വത്രൈവ മഹാവാക്യവിചാരാ ദപരോക്ഷധീഃ.

അവാന്തരേണ വാക്യേന=അവാന്തരവാക്യത്താൽ. പരോക്ഷാ ബ്രഹ്മധീഃ ഭവേത്=പരോക്ഷമായ ബ്രഹ്മജ്ഞാനമുണ്ടാകും. സർവ്വത്രഏവ=എല്ലാ ശ്രുതികളിലുമുള്ള. മഹാവാക്യ വിചാരാത്=മഹാവാക്യങ്ങളുടെ വിചാരംകൊണ്ട്. അപരോക്ഷധീഃ=അപരോക്ഷജ്ഞാനം ഉണ്ടാകും.

മേൽകാണിച്ച സംഗതിയെ സകല ശ്രുതികളിലും ഒരുപോലെ പറഞ്ഞിട്ടുണ്ടെന്നു കാണിക്കുന്നു:—ശ്രുതികളിലുള്ള അവാന്തരവാക്യങ്ങളിൽനിന്നു പരോക്ഷമായ ബ്രഹ്മജ്ഞാനവും മഹാവാക്യങ്ങളുടെ വിചാരംകൊണ്ട അപരോക്ഷജ്ഞാനവും ഉണ്ടാവും.

70. ബ്രഹ്മാപരോക്ഷ്യസിദ്ധ്യർത്ഥം മഹാവാക്യമിതീരിതം
വാക്യവൃത്താവതോ ബ്രഹ്മാപരോക്ഷ്യേ വിമതിർന്നഹി.

ബ്രഹ്മാപരോക്ഷ്യസിദ്ധ്യർത്ഥം=ബ്രഹ്മാപരോക്ഷജ്ഞാനസിദ്ധിക്കായിക്കൊണ്ടാണ്. മഹാവാക്യം ഇതി വാക്യവൃത്തൌ=മഹാവാക്യം എന്ന് വാക്യവൃത്തിയിൽ ഈരിതം=പറയപ്പെട്ടിട്ടുണ്ട്. അതഃബ്രഹ്മാപരോക്ഷ്യേ വിമതിഃനഹി=അതുകൊണ്ട ബ്രഹ്മാപരോക്ഷജ്ഞാനത്തിൽ സംശയിപ്പാനില്ല.

മഹാവാക്യവിചാരംകൊണ്ട ബ്രഹ്മാപരോക്ഷജ്ഞാനം സിദ്ധിക്കുമെന്ന് എന്റെ സ്വന്താഭിപ്രായമല്ല. ആചാര്യസ്വാമികൾ വാക്യവൃത്തി എന്ന ഗ്രന്ഥത്തിൽ ബ്രഹ്മാപരോക്ഷജ്ഞാനം മഹാവാക്യാർത്ഥവിചാരത്തിൽനിന്നു സിദ്ധിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതിനാൽ ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുമെന്നതിൽ ഭിന്നാഭിപ്രായത്തിന്നവകാശമില്ല.

71. ആലംബനതയാ ഭാതി യോഽസ്മൽ പ്രത്യയശബ്ദയോഃ
അന്തഃകരണസംഭിന്നബോധഃ സ ത്വംപദാഭിധഃ.

അസ്മൽപ്രത്യയശബ്ദയോഃ=ഞാനെന്ന വിചാരത്തിന്നും വാക്കിന്നും. ആലംബനതയാ=ആശ്രയമായിട്ടു. അന്തഃകരണസംഭിന്നബോധഃ ഭാതി=അന്തഃകരണത്തോടു ചേൎന്നിരിക്കുന്ന യാതൊരു ബോധം വിള്ളുന്നുവോ. സഃത്വംപദാഭിധഃ=അത് ത്വം എന്ന പദമാകുന്ന പേരോടുകൂടിയതാകുന്നു.

ശ്രീമച്ഛങ്കരപൂജ്യപാദസ്വാമികൾ വാക്യവൃത്തിയിൽ ബ്രഹ്മസാക്ഷാൽകാരകമായ "തത്ത്വമസി" വാക്യത്തിലെ "തത്" "ത്വം" "അസി" എന്ന മൂന്നു പദങ്ങളുടേയും അൎത്ഥം ആലോചിക്കേണ്ടതായ മാൎഗ്ഗത്തെ വിശദമാക്കീട്ടുള്ളതിനെ കാണിക്കുന്നു:—ഓരോ വ്യക്തിയും ഞാൻ ഞാൻ എന്നു വിചാരിക്കയും പറയുകയും ചെയ്യുന്നതിന്ന് ആശ്രയമായും അന്തഃകരണത്തിൽ സംബന്ധപ്പെട്ടും ഇരിക്കുന്ന ബോധം യാതൊന്നോ ആ ബോധം ത്വം എന്ന പദത്തിന്റെ വാച്യാൎത്ഥമാകുന്നു.

72. മായോപാധിൎജ്ജഗദ്യോനിഃ സൎവ്വജ്ഞത്വാദിലക്ഷണഃ
പാരോക്ഷ്യശബലഃ സത്യാദ്യാത്മക സ്തൽപദാഭിധഃ.

മായോപാധിഃ ജഗദ്യോനിഃ=മായോപാധികനും ജഗൽകാരണഭൂതനും. സൎവ്വജ്ഞത്വാദിലക്ഷണഃ=സൎവ്വജ്ഞത്വം മുതലായ ലക്ഷണത്തോടും. പാരോക്ഷ്യ ശബലഃ=പരോക്ഷധൎമ്മത്തോടു ചേൎന്നുമിരിക്കുന്ന. സത്യാദ്യാത്മകഃ=സത്യജ്ഞാനാനന്തലക്ഷണത്തോടുകൂടിയവൻ—ഈശ്വരൻ. തൽപദാഭിധഃ=തത് എന്ന പദത്തിന്റെ വാച്യാൎത്ഥമാകുന്നു.

ത്വം പദത്തിന്റെ വാച്യാൎത്ഥത്തെ പറഞ്ഞശേഷം തൽപദവാച്യാൎത്ഥം പറയുന്നു:—മായയാകുന്ന ഉപാധിയെ സ്വീകരിച്ചും, അതിനാൽത്തന്നെ ലോകോൽപത്തിസ്ഥാനഭൂതനായും സൎവ്വജ്ഞത്വം സൎവ്വശക്തിമത്വം മുതലായ തടസ്ഥലക്ഷണത്തോടും ഇന്ദ്രിയാഗോചരനായും സത്യം ജ്ഞാനം അനന്തം എന്ന സ്വരൂപലക്ഷണത്തോടും കൂടിയ ഈശ്വരൻ തൽപദത്തിന്റെ വാച്യാൎത്ഥമാകുന്നു.

73. പ്രത്യക്പരോക്ഷതൈകസ്യ സദ്വിതീയത്വപൂൎണ്ണതാ
വിരുദ്ധ്യേതേ യതസ്തസ്മാ ല്ലക്ഷണാ സംപ്രവൎത്തതേ

പ്രത്യക്പരോക്ഷതാ=പ്രതി ശരീരത്തിൽ ശോഭിക്കുന്നതായിരിക്കേ ഇന്ദ്രിയാഗോചരമാണെന്നതും. സദ്വിതീയത്വപൂൎണ്ണതാ=രണ്ടാമത്തേതിനോടു കൂടിച്ചേൎന്നിരിക്കേ പൂൎണ്ണമാണെന്നതും. ഏകസ്യ യതഃ വിരുദ്ധ്യേതേ=ഒരേ വസ്തുവിന്നു വിരുദ്ധമാണെന്ന കാരണത്താൽ. ലക്ഷണാസംപ്രവൎത്തതെ=ലക്ഷണാവൃത്തി പുറപ്പെടുന്നു.

തത്, ത്വം, എന്ന പദങ്ങളുടെ അൎത്ഥം പറഞ്ഞശേഷം വാക്യാൎത്ഥജ്ഞാനസിദ്ധിക്കായി ലക്ഷണാവൃത്തിയെ സ്വീകരിക്കേണ്ടതായിരിക്കുന്നുവെന്നു കാണിക്കുന്നു:—പ്രതിശരീരം അഹംപ്രത്യയത്തിന്നും അഹംശബ്ദത്തിന്നും ആലംബനമായിരിക്കുന്ന വസ്തു പരോക്ഷമാണെന്നു വരുന്നതു യുക്തമല്ല. പ്രതിശരീരം ജീവഭാവത്തോടുകൂടിയ ചൈതന്യംതന്നെ സൎവ്വത്ര പരിപൂൎണ്ണനും സൎവ്വജ്ഞനും എന്നതും യുക്തമല്ല. ഈ വിരുദ്ധധൎമ്മങ്ങൾ ഒരേ വസ്തുവിൽ ഇരിക്കാവുന്നതല്ലാത്തതിനാൽ വാച്യാൎത്ഥജ്ഞാനംകൊണ്ടു വാക്യാൎത്ഥജ്ഞാനം ഉണ്ടാകയില്ല. അതിനാൽ വാക്യാൎത്ഥബോധസിദ്ധിക്കായി ലക്ഷണാവൃത്തിയെ സ്വീകരിക്കേണ്ടതായിരിക്കുന്നു.

74. തത്ത്വമസ്യാദിവാക്യേഷു ലക്ഷണാ ഭാഗലക്ഷണാ
സോഽയമിത്യാദി വാക്യസ്ഥപദയോ രിവ നാപരാ.

സോഽയം ഇത്യാദിവാക്യസ്ഥപദയോഃ ഇവ=സോഽയം എന്നിങ്ങിനെയുള്ള വാക്യത്തിലെ പദങ്ങളിലെന്നപോലെ. തത്ത്വമസ്യാദ വാക്യേഷു=തത്ത്വമസ്യാദി വാക്യത്തിലുള്ള പദങ്ങളിൽ. ലക്ഷണാ ഭാഗലക്ഷണാ=സ്വീകരിക്കേണ്ടതായ ലക്ഷണാ ഭാഗത്യാഗലക്ഷണയാകുന്നു. ന അപരാ=മറേറ രണ്ടു ലക്ഷണയുമല്ല.

സ്വീകരിക്കേണ്ടതായ ലക്ഷണയുടെ സ്വരൂപത്തെ കാണിക്കുന്നു:—ജഹല്ലക്ഷണാ (വിട്ടലക്ഷണാ) അജഹല്ലക്ഷണാ (വിടാത്തലക്ഷണാ) ജഹദജഹല്ലക്ഷണാ (വിട്ടുവിടാത്തലക്ഷണാ) ഇങ്ങിനെ മൂന്നു വിധത്തിലാണ് ലക്ഷണങ്ങൾ. അതിൽ "സോഽയം ദേവദത്തഃ" ഇവൻ ആ ദേവദത്തനാകുന്നു എന്ന വാക്യത്തിലെ ഇവൻ അവൻ എന്ന പദങ്ങൾക്ക് ഇണക്കമില്ലായ്മയെ നീക്കംചെയ്തിട്ടു വാക്യാൎത്ഥത്തെ സമീചീനമാക്കുവാൻ ജഹദജഹല്ലക്ഷണയെ—ഭാഗത്യാഗലക്ഷണയെ—സ്വീകരിച്ചതുപോലെ തത്ത്വ

സി വാക്യത്തിലെ തത്ത്വം എന്ന പദങ്ങളുടെ വിരുദ്ധാംശങ്ങളെ നീക്കംചെയ്തു് വാക്യാർത്ഥത്തെ ശരിപ്പെടുത്തുവാൻ ഭാഗത്യാഗലക്ഷണയെ സ്വീകരിക്കേണം. മററ രണ്ടു ലക്ഷണകളും യോജിക്കുകയില്ല.

75. സംസർഗോവാ വിശിഷ്ടോവാ വാക്യാർത്ഥോ നാത്ര സമ്മതഃ

അഖണ്ഡൈകരസത്വേന വാക്യാർത്ഥോ വിദുഷാം മതഃ

സംസർഗഃ വാ വിശിഷ്ടഃ വാ=സംബന്ധത്തോടുകൂടിയതോ. വിശേഷണവിശേഷ്യഭാവത്തോടുകൂടിയതോ ആയ. വാക്യാർത്ഥഃ അത്ര നസമ്മതഃ=വാക്യാർത്ഥം ഇവിടെ സമ്മതമല്ല. അഖണ്ഡൈകരസത്വേന=അഖണ്ഡമായും ഏകരസമായും ഇരിക്കുന്ന. വാക്യാർത്ഥഃ വിദുഷാം മതഃ=വാക്യാർത്ഥമാകുന്നു വിദ്വാന്മാരുടെ സമ്മതം.

ലോകത്തിൽ സാധാരണ വാക്യാർത്ഥങ്ങളെ ധരിക്കുന്നതു് ലക്ഷണാവൃത്തിയെ ആശ്രയിച്ചിട്ടല്ലെല്ലൊ. അതുപോലെ ഇവിടെയും എന്തുകൊണ്ടു സാധാരണ രീതിയിൽ വാക്യാർത്ഥത്തെ ധരിച്ചുകൂടാ എന്ന ചോദ്യത്തിനുത്തരം:—വാക്യത്തിലെ പദങ്ങൾക്കു് അന്യോന്യം ചേർച്ചയോ വിശേഷ്യവിശേഷണഭാവങ്ങളോ ഉണ്ടെങ്കിൽ ലക്ഷണാവൃത്തിയെ സ്വീകരിക്കാതെതന്നെ വാക്യാർത്ഥത്തെ ധരിക്കാം—"ആ കുതിരയെ ഇങ്ങോട്ടു കൊണ്ടുവരിക" ഈ വാക്യത്തിലെ പദങ്ങൾക്കു തമ്മിൽ ചേർച്ചയുണ്ടു്. അതുകൊണ്ടു വാക്യാർത്ഥം ധരിപ്പാൻ ലക്ഷണാവൃത്തിയെ സ്വീകരിക്കേണ്ട! അതുപോലെത്തന്നെ "സുഗന്ധമുള്ളതും മഹത്തുമായ നീലത്താമരപ്പൂവ്" എന്ന വാക്യത്തിലെ പദങ്ങൾക്കു തമ്മിൽ വിശേഷണവിശേഷ്യസംബന്ധമുണ്ടു്. അതുകൊണ്ടു ഇവിടെയും ലക്ഷണാവൃത്തി ആവശ്യമില്ല. തത്വമസ്യാദി മഹാവാക്യങ്ങളിലെ, പദങ്ങൾക്കു തമ്മിൽ അങ്ങിനെ സംബന്ധം കല്പിച്ചാൽ കിട്ടുന്ന അർത്ഥം വിദ്വാന്മാർക്കു്—ആത്മസാക്ഷാൽക്കാരം സിദ്ധിച്ച മഹാത്മാക്കൾക്കു് സമ്മതമല്ല. ജീവൻ വേറെ, ഈശ്വരൻ വേറെ, ഈ സാധനം വേറെ, ആ സാധനം വേറെ എന്നിങ്ങിനെയുള്ള നാനാത്വമോ വിശേഷണവിശേഷ്യം എന്ന ഭേദമോ ഒന്നുമില്ലാതെ അഖണ്ഡമായും:—സമ്പൂർണ്ണമായും—ഏകരസമായും:—ആനന്ദം മാത്രമായും ഇരിക്കുന്ന ഒരേ ഒരു വസ്തുമാത്രം സത്യം എന്നർത്ഥത്തെയാണ് മഹാവാക്യം ധരിപ്പിക്കുന്നതു് എന്നാണ് വിദ്വൽ സമ്മതമായ അർത്ഥം. ആ അർത്ഥം സാധാരണ രീതിയിലുള്ള വിചാരത്തിൽനിന്നുണ്ടാകയില്ല. അതിനാൽ ലക്ഷണാവൃത്തിയെ—ഭാഗത്യാഗലക്ഷണയെ—അംഗീകരിച്ചുകൊണ്ടുതന്നെ മഹാവാക്യാർത്ഥത്തെ ധരിക്കേണം എന്നു സിദ്ധാന്തം.

76. പ്രത്യഗ്ബോധോ യആഭാതി സോദ്വയാനന്ദലക്ഷണഃ

അദ്വയാനന്ദരൂപശ്ച പ്രത്യഗ്ബോധൈകലക്ഷണഃ.

യഃ പ്രത്യഗ്ബോധഃ ആഭാതി=യാതൊരു പ്രത്യഗാത്മാവ് വിളങ്ങുന്നുവോ. സഃ അദ്വയാനന്ദലക്ഷണഃ=അവൻ ആ ആത്മാവു് അദ്വിതീയാനന്ദമാകുന്ന ലക്ഷണത്തോടു കൂടിയവനാകുന്നു. അദ്വയാനന്ദരൂപഃ ച=അദ്വയാനന്ദസ്വരൂപനും. പ്രത്യഗ്ബോധൈക ലക്ഷണഃ=പ്രത്യഗ്ബോധമാകുന്ന മുഖ്യലക്ഷണമുള്ളവനുമാകുന്നു.

അഖണ്ഡൈകരസമായ വാക്യാർത്ഥത്തെ കാണിക്കുന്നു:—ബുദ്ധ്യാദികളുടെ സാക്ഷിയായിട്ടു യാതൊരു പ്രത്യഗ്ബോധം—സർവ്വാന്തരമായ ചിൽസ്വരൂപം—സ്ഫുരിക്കുന്നുണ്ടോ ആ ബോധം അദ്വിതീയാനന്ദസ്വരൂപനായ പരമാത്മാവുതന്നെയാകുന്നു. അതുപോലെതന്നെ അദ്വിതീയാനന്ദസ്വരൂപനായ പരമാത്മാവുതന്നെയാകുന്നു പ്രത്യഗ്ബോധാത്മാവായ ചിൽസ്വരൂപൻ. ജീവാത്മാവുതന്നെ പരമാത്മാവു്. പരമാത്മാവുതന്നെ ജീവാത്മാവു്. രണ്ടും രണ്ടല്ല. ശബ്ദഭേദം മാത്രമല്ലാതെ വസ്തുഭേദമേ ഇല്ല.

77. ഇത്ഥമന്യോന്യതാദാത്മ്യപ്രതിപത്തിർയദാ ഭവേത്

അബ്രഹ്മത്വം ത്വമർത്ഥസ്യ വ്യാവർത്തേത തദൈവ ഹി.

ഇത്ഥം അന്യോന്യതാദാത്മ്യപ്രതിപത്തിഃ=ഇപ്രകാരം അന്യോന്യതാദാത്മ്യബോധം. യദാ ഭവേത്=എപ്പോൾ ഉണ്ടാകുമോ. തദാ ഏവ ഹി=അപ്പോൾതന്നെ നിശ്ചയമായും. ത്വമർത്ഥസ്യ=ത്വം പദാർത്ഥത്തിന്റെ—പ്രത്യഗ്ബോധത്തിന്റെ. അബ്രഹ്മത്വം വ്യാവർത്തേത=ബ്രഹ്മാഭാവം നിവർത്തിക്കും.

മുൻപറഞ്ഞ രീതിയിൽ ജീവാത്മാവു പരമാത്മാവുതന്നെ, പരമാത്മാവോ ജീവാത്മാവുതന്നെയെന്നുള്ള അന്യോന്യതാദാത്മ്യത്തിന്റെ അനുഭവം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾതന്നെ പ്രത്യഗാത്മാവു് ബ്രഹ്മത്തിൽനിന്നന്യമല്ല എന്ന അനുഭവം ഉണ്ടാകുന്നു.

78. തദർത്ഥസ്യ ച പാരോക്ഷ്യം യദ്യേവം കിം തതഃ ശൃണു
പൂർണ്ണാനന്ദൈകരൂപേണ പ്രത്യഗ്ബോധോവതിഷ്ഠതേ.

തദർത്ഥസ്യപാരോക്ഷ്യം ച=തൽപദാർത്ഥവാച്യനായ ഈശ്വരന്റെ പരോക്ഷഭാവവും നശിക്കുന്നു. ഏവം യദിതതഃ കിം ശൃണു=ഇപ്രകാരമായാൽ അതിന്റെ പ്രയോജനമെന്താണെന്നു കേട്ടാലും. പ്രത്യഗ്ബോധം പ്രത്യഗാത്മാവു്. പൂർണ്ണാനന്ദരൂപേണ അവതിഷ്ഠതേ=പൂർണ്ണാനന്ദസ്വരൂപനായിട്ടിരിക്കുന്നു.

എപ്പോൾ ജീവാത്മാവിനും പരമാത്മാവിനും തമ്മിൽ അഭേദജ്ഞാനം—ഒന്നുതന്നെ എന്ന ബോധം ഉണ്ടാകുന്നുവോ അപ്പോൾ തൽപദവാച്യാർത്ഥത്തിന്റെ പരോക്ഷഭാവവും നശിക്കുന്നു. അങ്ങിനെ വരുന്നതുകൊണ്ടുള്ള ഫലം എന്താണെന്നറിവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പറയാം, കേട്ടുകൊൾക:—പ്രത്യഗാത്മാവ് പരിപൂർണ്ണനും ഏകനും ആനന്ദസ്വരൂപനുമായിട്ടിരിക്കുന്നു. അതുതന്നെ ഫലം.

79. ഏവംസതി മഹാവാക്യാൽ പരോക്ഷജ്ഞാനമീര്യതേ
യൈസ്തേഷാം ശാസ്ത്രസിദ്ധാന്തവിജ്ഞാനം ശോഭതേതരാം.

ഏവംസതി മഹാവാക്യാത്=ഇപ്രകാരമിരിക്കേ മഹാവാക്യത്തിൽ നിന്നു്. പരോക്ഷജ്ഞാനം യൈഃ ഈര്യതേ=പരോക്ഷജ്ഞാനം യാതൊരുത്തരാൽ പറയപ്പെടുന്നുവോ. തേഷാം ശാസ്ത്രസിദ്ധാന്തവിജ്ഞാനം=അവരുടെ ശാസ്ത്രരഹസ്യബോധം. ശോഭതേതരാം=ഏററവും ശോഭിക്കുന്നു.

"സമയബലേനസമ്യക് പരോക്ഷാനുഭവസാധനമാഗമഃ" എന്നല്ലേ ആഗമലക്ഷണം അതിൽനിന്നു വേദം പരോക്ഷജ്ഞാനസാധനം എന്നല്ലേ സിദ്ധിക്കുന്നതു്. അപരോക്ഷജ്ഞാനം മഹാവാക്യത്തിൽനിന്നു് എങ്ങിനെയുണ്ടാകും, എന്നു ശങ്കിക്കുന്നുവെങ്കിൽ:- മഹാവാക്യത്തിൽനിന്നു് പരോക്ഷജ്ഞാനമേ സിദ്ധിക്കയുള്ളൂവെന്നു് ആർ പറയുന്നുവോ അവരുടെ ശാസ്ത്രരഹസ്യാർത്ഥജ്ഞാനം അത്യന്തം ശോഭനം (പരിഹാസോക്തി) ശാസ്ത്രരഹസ്യാർത്ഥം അറിയാത്തതുകൊണ്ടാണവരങ്ങിനെ പറയുന്നതു് എന്നു സാരം.

80. ആസ്താം ശാസ്ത്രസ്യസിദ്ധാന്തോ യുക്ത്യാ വാക്യാൽ പരോക്ഷധീഃ
സ്വർഗാദിവാക്യവന്നൈവം ദശമേവ്യഭിചാരതഃ

ശാസ്ത്രസിദ്ധാന്തഃആസ്താം=ശാസ്ത്രത്തിന്റെ സിദ്ധാന്തം ഇരിക്കട്ടെ. യുക്ത്യാവാക്യാത്=യുക്തിപ്രകാരം നോക്കുമ്പോൾ വാക്യത്തിൽനിന്നു്. സ്വർഗാദിവാക്യവത്=സ്വർഗാദിവാക്യത്തിൽനിന്നെന്നപോലെ. പരോക്ഷധീഃ=പരോക്ഷജ്ഞാനംതന്നെയുണ്ടാകയുള്ളൂവെന്നു ശങ്കിക്കുന്നുവെങ്കിൽ. ഏവം ന=അങ്ങിനെയല്ല. ദശമേവ്യഭിചാരതഃ=ദശമനിൽ അങ്ങിനെയല്ലെല്ലോ.

അപ്പോൾ വാദി പറയുന്നു:—ശാസ്ത്രത്തിന്റെ സിദ്ധാന്തജ്ഞാനം അങ്ങിനെയിരിക്കട്ടെ. വാക്യം പരോക്ഷജ്ഞാനസാധനംതന്നെയെന്നാണ് അനുമാനംകൊണ്ടു സിദ്ധിക്കുന്നതു്. എങ്ങിനെയെന്നാൽ സ്വർഗ്ഗലോകം ഉണ്ടെന്ന വാക്യത്തിൽ നിന്നു് പരോക്ഷജ്ഞാനമല്ലേ ഉണ്ടാകയുള്ളൂ. അപരോക്ഷജ്ഞാനം ഉണ്ടാകുന്നില്ലെല്ലോ. അതുകൊണ്ടു വാക്യം എന്നതു് പരോക്ഷജ്ഞാനസാധനം എന്നല്ലെയോ അനുമാനം. മഹാവാക്യം എന്നതും വാക്യംതന്നെയല്ലേ. അതുകൊണ്ടു അതിൽനിന്നും പരോക്ഷജ്ഞാനമേ ഉണ്ടാകയുള്ളൂവെന്നാണ് വാദമെങ്കിൽ ഹേതു ശരിയല്ല. സ്വകാര്യം സാധിപ്പാൻ ഹേതുവിനു സാമർത്ഥ്യമില്ല എന്നു കാണിച്ചിട്ടു ശങ്കയെ പരിഹരിക്കുന്നു. "നീ പത്താമനാകുന്നു" എന്നു് ദശമനോടുപദേശിച്ചപ്പോൾ അവനു് പരോക്ഷജ്ഞാനമല്ല അപരോക്ഷജ്ഞാനംതന്നെ ഉണ്ടായില്ലെയോ. അപ്പോൾ വാക്യത്തിൽനിന്നു് പരോക്ഷജ്ഞാനമേ ഉണ്ടാകയുള്ളൂവെന്നുള്ള അനുമാനത്തിനു വ്യഭിചാരം കാണപ്പെടുന്നതിനാൽ ഈ വാദം ശരിയല്ല

81. സ്വതോപരോക്ഷജീവസ്യ ബ്രഹ്മത്വ മഭിവാഞ്ഛതഃ
നശ്യേൽ സിദ്ധാപരോക്ഷത്വ മിതിയുക്തി ർമ്മഹത്യഹോ

ബ്രഹ്മത്വം അഭിവാഞ്ഛതഃ=ബ്രഹ്മഭാവത്തെ ആഗ്രഹിക്കുന്ന. സ്വതഃ അപരോക്ഷജീവസ്യ=സ്വാഭാവികമായിട്ടുതന്നെ അപരോക്ഷനായ ജീവന്റെ. സിദ്ധാപരോക്ഷത്വം നശ്യേത് ഇതി=സിദ്ധിച്ച അപരോക്ഷഭാവം നശിക്കും എന്ന. യുക്തിഃ മഹതീ അഹോ=യുക്തി മഹത്തിതന്നെ, ആശ്ചര്യം.

ത്വം പദാർത്ഥത്താൽ പറയപ്പെടുന്ന ജീവന്റെ അപരോക്ഷജ്ഞാനസാധനമല്ല മഹാവാക്യം എന്നു വന്നാൽകൂടെയും മഹാവാക്യം പരോക്ഷജ്ഞാനത്തെ ജനിപ്പിക്കുന്നതാണെന്നു വിചാരിപ്പാനവകാശമില്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുക്തികൊണ്ടു മഹാവാക്യത്താൽ ജീവനു് അപരോക്ഷ

ജ്ഞാനമുണ്ടാകയില്ല. പരോക്ഷജ്ഞാനമേ ഉണ്ടാകയുള്ളുവെന്നല്ലെയോ? ആ യുക്തി ഒരുവിധത്തിലും യോജിക്കത്തക്കതല്ല. ത്വം പദാർത്ഥമായ ജീവൻ സ്വഭാവത്താൽതന്നെ മഹാവാക്യോപദേശം സിദ്ധിക്കുന്നതിനു മുമ്പെതന്നെ—അപരോക്ഷനാണ്. "അഹം അസ്മി" ഞാനാകുന്നുവെന്ന ബോധം മറ്റൊരാളുടെ ഉപദേശംകൂടാതെതന്നെ ജീവനുള്ളതുകൊണ്ടു സ്വതേ അപരോക്ഷനാണ്. എല്ലാം ഞാൻതന്നെ, എന്നെക്കൂടാതെ അന്യമായിട്ടൊന്നുമില്ല എന്ന ബ്രഹ്മഭാവത്തെ അനുഭവപ്പെടുത്താനാണ് മഹാവാക്യശ്രവണ മനനാദികളെ അഭ്യസിക്കുന്നത്. ഈ അഭ്യാസത്തിന്റെ ഫലം സിദ്ധമായിത്തന്നെ ഇരിക്കുന്ന അപരോക്ഷത്വത്തിന്റെ നാശമാണെന്നുള്ള നിങ്ങളുടെ യുക്തി മഹാവിചിത്രം. അത്യാദരണീയം (പരിഹാസോക്തി)

82. വൃദ്ധിമിഷ്ടവതോ മൂലമപി നഷ്ടമിതീദൃശം
ലൌകികം വചനം സാർത്ഥം സമ്പന്നം ത്വൽപ്രസാദതഃ.

വൃദ്ധിം ഇഷ്ടവതഃ=അഭിവൃദ്ധിയെ ആഗ്രഹിച്ചവന്ന്. മൂലംഅപി=വേരുംകൂടി. നഷ്ടം ഇതി ഈദൃശം ലൌകികംവചനം=നശിച്ചുവെന്നിപ്രകാരമുള്ള സാധാരണജനം പറയുന്നത്. ത്വൽപ്രസാദതഃ സാർത്ഥം സമ്പന്നം=നിങ്ങളുടെ അനുഗ്രഹത്താൽ അർത്ഥവത്താണെന്നുവന്നു.

"നിങ്ങളുടെ യുക്തി മഹതീ" എന്നു പരിഹാസമായി പറഞ്ഞതിന്റെ സാരത്തെ സ്പഷ്ടമാക്കുന്നു:—ധനാദ്യഭിവൃദ്ധിയെ കാംക്ഷിച്ചു കൃഷ്യാദിവ്യാപാരങ്ങളിൽ ഏർപ്പെട്ടു പ്രവൃത്തിക്കുന്ന സാധാരണജനങ്ങൾക്ക് ചിലപ്പോൾ നഷ്ടം നേരിട്ടാൽ "അഭിവൃദ്ധിക്കായി പണിപ്പെട്ടതിന്റെ ഫലമായിട്ടു കയ്യിലുണ്ടായിരുന്ന മൂലധനം കൂടെ നശിച്ചു"വെന്നു പറയാറുള്ള ലോകോക്തി അർത്ഥവത്തുതന്നെയെന്ന് നിങ്ങളുടെ യുക്തി ഇപ്പോൾ സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. സ്വതേ അപരോക്ഷനായ ജീവാത്മാവിനു സിദ്ധമായ അപരോക്ഷത്വംകൂടെ നശിക്കും എന്നല്ലെയോ നിങ്ങൾ യുക്തികൊണ്ടു കാണുന്നത്. അതിവിചിത്രമായ യുക്തി!

83. അന്തഃകരണസംഭിന്നബോധോ ജീവോപരോക്ഷതാം
അർഹത്യുപാധിസൽഭാവാ ന്നതുബ്രഹ്മാനുപാധിതഃ.

അന്തഃകരണസംഭിന്നബോധഃ ജീവഃ=അന്തഃകരണത്തോടു ചേർന്നിരിക്കുന്ന ബോധസ്വരൂപനായ ജീവൻ. ഉപാധിസൽഭാവാത്=ഉപാധിയുള്ളതുകൊണ്ടു. അപരോക്ഷതാം അർഹതി=അപരോക്ഷഭാവത്തെ അർഹിക്കുന്നു. അനുപാധിതഃ ബ്രഹ്മ ന അർഹതി=ഉപാധിയില്ലാത്തതുകൊണ്ടുബ്രഹ്മം അർഹിക്കുന്നില്ല.

ഇവിടെ വാദി ഒരു യുക്തി പുറപ്പെടുവിക്കുന്നു:—ജീവൻ അന്തഃകരണത്തോടു ചേർന്നിരിക്കുന്ന ബോധസ്വരൂപനാണ്. അന്തഃകരണമാകുന്ന ഉപാധി ജീവനുണ്ട്. അതുകൊണ്ടു അപരോക്ഷഭാവത്തെ അർഹിക്കുന്നു:—അപരോക്ഷൻ എന്നു വരുന്നതിൽ വിരോധമില്ല. ബ്രഹ്മമാകട്ടെ എങ്ങിനെ അപരോക്ഷമാകും? ബ്രഹ്മത്തിന്ന് ഉപാധിയില്ലല്ലൊ. അതുകൊണ്ടു ബ്രഹ്മം അപരോക്ഷമാകയില്ല എന്നു ഞാൻ പറഞ്ഞതിൽ കുററം എന്താണുള്ളത്.

84. നൈവം ബ്രഹ്മത്വബോധസ്യ സോപാധിവിഷയത്വതഃ
യാവദ്വിദേഹകൈവല്യമുപാധേരനിവാരണാത്.

ബ്രഹ്മംഏവംന=ബ്രഹ്മം ഇപ്രകാരം ഉള്ളതല്ല ബ്രഹ്മത്വബോധസ്യ=ബ്രഹ്മമാണെന്നുള്ള ബോധത്തിന്ന്, സോപാധിവിശയത്വതഃ=ഉപാധിസഹിതമാണ് വിഷയമായിരിക്കുന്നത് എന്ന കാരണത്താൽ. യാവത് വിദേഹകൈവല്യം=വിദേഹകൈവല്യം ഏതുവരെ ഉണ്ടാകുന്നില്ലെയോ. താവത് ഉപാധേഃ അനിവാരണാത്=അതുവരെ ഉപാധിയെ പരിഹരിക്കാൻ കഴിയാത്തതുകൊണ്ട്.

ബ്രഹ്മം ഉപാധിരഹിതമായതുകൊണ്ടു അപരോക്ഷതയെ അർഹിക്കുന്നില്ല എന്നു നിങ്ങൾ പറഞ്ഞതായ ഹേതു സിദ്ധമായിരിക്കുന്നില്ല. ബ്രഹ്മം നിരുപാധികമല്ല. ബ്രഹ്മസ്വരൂപനാണ് ജീവൻഎന്നുള്ള യാതൊരു ജ്ഞാനം ജീവനുണ്ടാകുന്നുവോ? ആ ജ്ഞാനത്തിന്റെ വിഷയം സോപാധികംതന്നെ. ആ വിഷയമായ ബ്രഹ്മവും അപ്പോൾ സോപാധികംതന്നെ. എന്തുകൊണ്ടെന്നാൽ അറിയപ്പെടേണ്ടതായ വസ്തുവായ ബ്രഹ്മം സോപാധികമല്ലെന്നു വരികിൽ തൽസംബന്ധമായ ജ്ഞാനവും സോപാധികമാകയില്ല. എന്നാൽ ബ്രഹ്മം സോപാധികം എന്നു വരുന്നതു യുക്തമോ എന്നാണ് ശങ്കയെങ്കിൽ സ്ഥൂലസൂക്ഷ്മകാരണങ്ങളായ മൂന്നുവിധ ദേഹങ്ങളും നശിച്ച് കേവലമായി വരുന്നതുവരെ ബ്രഹ്മത്തിന്റെ സോപാധികത്വം നശിക്കുന്നതല്ല. അതിനാൽ ജീവനുണ്ടാകുന്ന ബ്രഹ്മസാക്ഷാൽകാരം നിരുപാധിക

മല്ല, സോപാധികംതന്നെ. ആകയാൽ നിരുപാധികമായതുകൊണ്ടു ബ്രഹ്മസാക്ഷാൽകാരത്തിന്നവകാശമില്ലെന്നുള്ള നിങ്ങളുടെ വാദം നിലനില്ക്കത്തക്കതല്ല.

85. അന്തഃകരണസാഹിത്യരാഹിത്യാഭ്യാം വിശിഷ്യതേ
ഉപാധിർജീവഭാവസ്യ ബ്രഹ്മതായാശ്ച നാന്യഥാ.

ജീവഭാവസ്യബ്രഹ്മതായാഃച=ജീവഭാവത്തിന്നും ബ്രഹ്മഭാവത്തിന്നും. ഉപാധിഃ=ഉള്ള ഉപാധി. അന്തഃകരണസാഹിത്യരാഹിത്യാഭ്യാം=അന്തഃകരണസഹിതം അന്തഃകരണരഹിതം എന്നിവയാൽ. വിശിഷ്യതേ അന്യഥാന=വിശേഷിക്കപ്പെടുന്നു മററവിധത്തിൽ ഇല്ല.

ബ്രഹ്മവും സോപാധികം, ജീവനും സോപാധികൻ എന്നു വരുമ്പോൾ രണ്ടിന്നും വെവ്വേറെ രണ്ടുപാധികളും വേണ്ടതല്ലെ എന്ന ശങ്കക്കു സമാധാനം:—ജീവൻ അന്തഃകരണമാകുന്ന ഉപാധിയോടു കൂടിയവൻ. ബ്രഹ്മം അന്തഃകരണമാകുന്ന ഉപാധിയോടുകൂടാത്തത് എന്ന വിശേഷണം രണ്ടുപേരുടെ ഉപാധികൾക്കും ഉണ്ട്. കൂടിയവൻ എന്നതും, കൂടാത്തവൻ എന്നതും വിശേഷണംതന്നെ. അങ്ങിനെയല്ലാതെ മററവിധത്തിൽ ഉപാധി രണ്ടുപേൎക്കും ഇല്ല. അന്തഃകരണസഹിതൻ ജീവൻ അന്തഃകരണരഹിതം ബ്രഹ്മം എന്നു സാരം.

86. യഥാവിധി രുപാധിഃസ്യാൽ പ്രതിഷേധസ്തഥാനകിം
സുവൎണ്ണലോഹഭേദേന ശൃംഖലാത്വം നഭിദ്യതേ.

വിധിഃ യഥാഉപാധിഃസ്യാത്=വിധി എപ്രകാരം ഉപാധിയാകുമോ. പ്രതിഷേധഃതഥാനകിം=നിഷേധം അപ്രകാരം ആകില്ലെയോ. സുവൎണ്ണലോഹഭേദേന=സ്വൎണ്ണം ഇരുമ്പ് എന്ന ഭേദംകൊണ്ട്. ശൃംഖലാത്വം നഭിദ്യതേ=ചങ്ങല എന്ന സ്ഥിതിക്ക് ഭേദം ഇല്ല.

ഇവിടെ ശങ്കയും പരിഹാരവും കാണിക്കുന്നു:—അന്തഃകരണം എന്നത് ഭാവരൂപമായതുകൊണ്ട് അത് ഉപാധിയാകുന്നതിൽ വിരോധമില്ല. അന്തഃകരണരാഹിത്യം എന്നത് അഭാവരൂപമായതിനാൽ എങ്ങിനെ ഉപാധിയാകും എന്നാണ് ശങ്കയെങ്കിൽ "യാവൽകാൎയ്യമവസ്ഥായിഭേദഹേതോരുപാധിതഃ" ഉപാധിഹേതുവായിട്ടുള്ള കാൎയ്യമുള്ളേടത്തോളംകാലം ജീവബ്രഹ്മഭേദം നിലനില്ക്കും എന്ന പ്രമാണത്താൽ അന്തഃകരണസാഹിത്യവും രാഹിത്യവും ഉൾപ്പെടുത്തീട്ടുള്ളതിനാൽ ഭാവരൂപത്തിന്നെന്നപോലെ അഭാവരൂപത്തിന്നും ഉപാധിത്വം സംഭാവ്യംതന്നെ. എന്നാലും ഭാവരൂപം അഭാവരൂപം എന്നത് അവാന്തരമായ ഭേദസൂചകം അല്ലെയോ എന്നു ശങ്കിക്കുന്നപക്ഷം സോപാധികൻ എന്നു വരുന്നതിൽ ഭാവരൂപവും അഭാവരൂപവും ഒരുപോലെതന്നെയെന്നു ദൃഷ്ടാന്തപൂൎവ്വം കാണിക്കുന്നു. ചങ്ങലയിൽ ഇടുക എന്നത് പുരുഷസ്വാതന്ത്ര്യസഞ്ചാരത്തെ നിഷേധിക്കുന്നതാണെല്ലൊ. ആ ചങ്ങല സ്വൎണ്ണം കൊണ്ടോ ഇരുമ്പുകൊണ്ടോ ഉണ്ടാക്കീട്ടുള്ളത് എന്നുള്ള അവാന്തരഭേദംകൊണ്ടു സ്വാതന്ത്ര്യത്തെ നിരോധിക്കുക എന്ന സംഗതിയിൽ ഭേദമൊന്നുമില്ലെല്ലൊ. അതുപോലെതന്നെ ഭാവരൂപമായാലും അഭാവരൂപമായാലും ഉപാധിത്വത്തിൽ ഭേദമൊന്നും വരാനില്ല. അന്തഃകരണസഹിതൻ എന്ന ജീവവിശേഷണം ജീവന്നു ബ്രഹ്മത്തിൽനിന്നുള്ള ഭേദത്തെ കാണിക്കുന്നതുപോലെ അന്തഃകരണസംബന്ധരഹിതം എന്ന വിശേഷണം ബ്രഹ്മത്തിന്നു ജീവനിൽനിന്നുള്ള ഭേദത്തേയും കാണിക്കുന്നു.

87. അതദ്വ്യാവൃത്തിരൂപേണ സാക്ഷാദ്വിധിമുഖേനച
വേദാന്താനാം പ്രവൃത്തിഃസ്യാദ്ദ്വിധേത്യാചാൎയ്യഭാഷിതം.

അതദ്വ്യാവൃത്തിരൂപേണ=അതല്ലാത്തതിനെ നിഷേധിക്കുന്നതുകൊണ്ടും. സാക്ഷാദ്വിധിമുഖേനച=സാക്ഷാത്തായ സ്വരൂപത്തെ പറയുന്ന വിധിവാക്യംകൊണ്ടും. ദ്വിധാവേദാന്താനാം=ഇങ്ങിനെ രണ്ടു വിധത്തിൽ വേദാന്തങ്ങളുടെ. പ്രവൃത്തിഃ ഇതി ആചാൎയ്യഭാഷിതം=എന്നു ആചാൎയ്യരാൽ പറയപ്പെട്ടിരിക്കുന്നു.

വിധിക്കെന്നപോലെ നിഷേധത്തിന്നും ബ്രഹ്മത്തെ ബോധിപ്പിക്കുവാൻ കഴിയുന്നുണ്ട് എന്ന് ശ്രീമദാചാൎയ്യസ്വാമികൾ പറഞ്ഞിട്ടുള്ളതിനെ കാണിക്കുന്നു:—വേദാന്തശാസ്ത്രങ്ങൾ ബ്രഹ്മത്തെ ബോധിപ്പിക്കുന്നത് രണ്ടുവിധത്തിലാണ്. ഒന്ന് വിധിവാക്യത്താൽ "സത്യം ജ്ഞാനം ബ്രഹ്മ" എന്നിങ്ങിനെ ബ്രഹ്മസ്വരൂപലക്ഷണവാക്യത്താൽ. മറെറാന്ന് നേതിനേതിവാക്യത്താൽ. അതദ്വ്യാവൃത്തി=തത് ബ്രഹ്മം. അതത്=ബ്രഹ്മമല്ല നതത്=അതല്ല എന്നാണ്. അതത് എന്നതിൻെറ അൎത്ഥം:—ബ്രഹ്മമല്ലാത്തതായ നാമരൂപപ്രപഞ്ചം എന്നു സാരം. "അശബ്ദമസ്പൎശമരൂപമവ്യയം" ശബ്ദസ്പൎശമല്ല രൂപമല്ല രണ്ടോടുംകൂടിയതല്ല എന്നിങ്ങിനെയുള്ള നിഷേധവാക്യങ്ങൾ. ഇങ്ങിനെ രണ്ടുവിധ വാക്യങ്ങളും ബ്രഹ്മ

ത്തെ ബോധിപ്പിക്കുന്നതാകയാൽ ഭാവാഭാവരൂപങ്ങളായ രണ്ടും ബ്രഹ്മോപാധികൾതന്നെയെന്ന് ഗുരുവരൻ അരുളിച്ചെയ്തിട്ടുണ്ട്.

88. അഹമർത്ഥപരിത്യാഗാദഹംബ്രഹ്മേതിധീഃ കുതഃ
നൈവമംശസ്യ ഹി ത്യാഗോ ഭാഗലക്ഷണയോദിതഃ.

അഹമർത്ഥപരിത്യാഗാത്=അഹം എന്ന അർത്ഥത്തിന്റെ പരിത്യാഗം നിമിത്തം. അഹംബ്രഹ്മഇതിധീഃ കുതഃ=ഞാൻ ബ്രഹ്മം എന്ന ബോധം എങ്ങിനെയുണ്ടാകും. ഏവം ന അംശസ്യത്യാഗഃ ഹി=അങ്ങിനെയല്ല എന്തുകൊണ്ടെന്നാൽ അംശത്തിന്റെ ത്യാഗമാണ്. ഭാഗലക്ഷണയാ ഉദിതഃ=ഭാഗത്യാഗലക്ഷണയാൽ പറയപ്പെട്ടത്.

അതദ്വ്യാവൃത്തികൊണ്ടാണ് വേദാന്തങ്ങൾ ബ്രഹ്മത്തെ ബോധിപ്പിക്കുന്നത് എന്ന പക്ഷത്തെ സ്വീകരിക്കുമ്പോൾ അഹം എന്ന ശബ്ദത്തിന്റെ അർത്ഥമായ കൂടസ്ഥനേയും തള്ളിക്കളയുമല്ലോ. അപ്പോൾ ഞാൻ ബ്രഹ്മം എന്ന സാക്ഷാൽകാരം എങ്ങിനെയുണ്ടാകും എന്നാണ് ശങ്കിക്കുന്നതെങ്കിൽ അങ്ങിനെ ശങ്കിക്കേണ്ട. ഭാഗത്യാഗലക്ഷണകൊണ്ടു കൂടസ്ഥനെ നീക്കംചെയ്യുന്നില്ല. കൂടസ്ഥനെ ആശ്രയിച്ചു വിളങ്ങുന്ന ജഡാംശത്തെ—അഹങ്കാരത്തെ—ദേഹദ്വയാഭിമാനത്തെയാണ് നീക്കം ചെയ്യുന്നത്. അതുകൊണ്ടു ചിദ്രൂപനായ കൂടസ്ഥന് ഞാൻ ബ്രഹ്മം എന്ന സാക്ഷാൽകാരം ഉണ്ടാകുന്നുവെന്നതിൽ വിരോധമില്ല.

89. അന്തഃകരണസന്ത്യാഗാദവശിഷ്ടേ ചിദാത്മനി
അഹംബ്രഹ്മേതിവാക്യേന ബ്രഹ്മത്വം സാക്ഷിണീക്ഷ്യതേ.

അന്തഃകരണസന്ത്യാഗാൽ=അന്തഃകരണത്തെ സംത്യജിക്കുന്നതുകൊണ്ടു. അവശിഷ്ടേ ചിദാത്മനി സാക്ഷിണി=അവശേഷിച്ചിരിക്കുന്ന ചിദാത്മാവാകുന്ന സാക്ഷിയിൽ. അഹംബ്രഹ്മ ഇതിവാക്യേന=ഞാൻ ബ്രഹ്മമാകുന്നുവെന്ന വാക്യത്താൽ. ബ്രഹ്മത്വം ഈക്ഷ്യതെ=ബ്രഹ്മഭാവം സാക്ഷാൽകരിക്കപ്പെടുന്നു.

അംശത്യാഗസ്വഭാവത്തേയും അതിന്റെ ഫലത്തേയും സ്പഷ്ടമാക്കുന്നു:—കൂടസ്ഥനെ ആശ്രയിച്ചു വിളങ്ങുന്ന ജഡാംശമായ അന്തഃകരണത്തെ നിശ്ശേഷം തള്ളിക്കളയുമ്പോൾ അന്തഃകരണവ്യാപാരസാക്ഷിചൈതന്യം അവശേഷിക്കുന്നു. ആ സാക്ഷിചൈതന്യത്തിൽ ഏകീഭാവത്തെ സന്ദർശിച്ച കൂടസ്ഥൻ ഞാൻ ബ്രഹ്മമാകുന്നുവെന്ന് അനുഭവിച്ചറിയുന്നു.

90. സ്വപ്രകാശോപി സാക്ഷ്യേവ ധീവൃത്ത്യാ വ്യാപ്യതേന്യവത്
ഫലവ്യാപ്യത്വമേവാസ്യ ശാസ്ത്രകൃദ്ഭിർന്നിവാരിതം.

സ്വപ്രകാശഃ അപി സാക്ഷീ=സ്വപ്രകാശനാണെങ്കിലും സാക്ഷി. അന്യവത് ധീവൃത്ത്യാ ഏവവ്യാപ്യതേ=അന്യപദാർത്ഥമെന്നപോലെ ബുദ്ധിവൃത്തിയാൽ മാത്രം വ്യാപിക്കപ്പെടുന്നു. അസ്യ ഫലവ്യാപ്യത്വം ഏവ=ഇതിന്റെ ഫലവ്യാപ്യത്വം മാത്രമേ. ശാസ്ത്രകൃത്ഭിഃ നിവാരിതം=ശാസ്ത്രാചാര്യന്മാരാൽ നിവാരണം ചെയ്യപ്പെട്ടിട്ടുള്ളൂ.

ഇവിടെ ശങ്കയും സമാധാനവും:—ജഡാംശത്തെ നീക്കംചെയ്യുമ്പോൾ കേവലചിൽസ്വരൂപനായ പ്രത്യഗാത്മാവു് അവശേഷിക്കുന്നു. ആ പ്രത്യക്ചൈതന്യം ഞാൻ ബ്രഹ്മം എന്നറിയുന്നു എന്നാണല്ലോ പറഞ്ഞതു്. അപ്പോൾ പ്രത്യഗാത്മാവു് ബുദ്ധിക്കു വിഷയമാകയില്ലയോ? സ്വപ്രകാശവസ്തു എങ്ങിനെ ബുദ്ധിക്കു വിഷയമാകും? കാണത്തക്കതായ വസ്തു അന്യമായിട്ടില്ലാത്തതുകൊണ്ട് എങ്ങിനെ സാക്ഷിയാകും? ഇതാണ് ശങ്കയുടെ സ്വരൂപം. ഇതിന്നു സമാധാനം:—പ്രത്യഗാത്മാവ് സ്വപ്രകാശൻ തന്നെയെങ്കിലും ഘടാദികളായ അന്യവസ്തുക്കളിൽ എന്നപോലെ ബുദ്ധിവൃത്തി പ്രത്യഗാത്മാവിൽ വ്യാപിക്കും. എന്തുകൊണ്ടെന്നാൽ ഞാൻ സ്വയമേവ പ്രകാശിക്കുന്നവൻ എന്ന ജ്ഞാനം ബുദ്ധിവൃത്തിയിൽനിന്നാണല്ലൊ ഉണ്ടാകുന്നത്. അതുകൊണ്ട് വൃത്തിയിൽ വ്യാപിക്കപ്പെടുന്നുവെന്നത് അനുഭവിച്ചറിയുന്നുണ്ട്. എന്നാൽ സ്വപ്രകാശത്വത്തിന്നു ഹാനിവരികയില്ലെയോ എന്നു ശങ്കിക്കേണ്ട. പൂർവ്വാചാര്യന്മാർ, ബുദ്ധിയിൽ പ്രതിഫലിച്ച ഫലമായ ചിദാഭാസൻ യാതൊന്നോ ആ ചിദാഭാസനാൽ വ്യാപ്യനല്ല പ്രത്യഗാത്മാവ്, ബുദ്ധിവൃത്തിയിൽ വ്യാപ്യനാണ് എന്നാണ് സിദ്ധാന്തിച്ചിട്ടുള്ളത്. പ്രത്യഗാത്മാ സ്വയംപ്രകാശസ്വരൂപനാകയാൽ ചിദാഭാസവ്യാപ്യത്വം ആവശ്യമില്ലെന്നു സാരം.

91. ബുദ്ധിതത്സ്ഥചിദാഭാസൌ ദ്വാവപിവ്യാപ്നുതോ ഘടം
തത്രാജ്ഞാനം ധിയാനശ്യേദാഭാസേന ഘടഃസ്ഫുരേത്.

ബുദ്ധിതൽസ്ഥചിദാഭാസൌ ദ്വൌഅപി=ബുദ്ധിയും അതിലെ പ്രതിബിംബമായ ചിദാഭാസനും രണ്ടു പേരും. ഘടം വ്യാപ്നുതഃ = ഘടത്തെ വ്യാപിക്കുന്നു. തത്രധിയാ അജ്ഞാനംനശ്യേത് = ആ രണ്ടിൽ ബുദ്ധിവൃത്തികൊണ്ടു് അജ്ഞാനം നശിക്കും. ചിദാഭാസേന ഘടഃസ്ഫുരേത്=ചിദാഭാസനാൽ ഘടം പ്രകാശിക്കും.

ചിൽസ്വരൂപനായ ആത്മാവിൽ ഫലവ്യാപ്തിയില്ലെന്നു കാണിപ്പാൻ അനാത്മാവിൽ ബുദ്ധിയും ഫലവും വ്യാപിച്ചിട്ടാണ് പദാൎത്ഥസ്ഫുരണമുണ്ടാകുന്നതെന്നു കാണിക്കുന്നു:—ഘടാദികളായ അനാത്മവസ്തുക്കളുടെ ജ്ഞാനമുണ്ടാകുന്നതു് ആ പദാൎത്ഥങ്ങളിൽ ബുദ്ധിയും അതിൽ പ്രതിഫലിച്ചിരിക്കുന്ന ഫലമായ ചിദാഭാസനും വ്യാപിക്കുന്നതുകൊണ്ടാണ്. ആ രണ്ടിൽ ബുദ്ധിയുടെ വ്യാപ്തി പദാൎത്ഥഗതവും അജ്ഞാനകാൎയ്യവുമായ ആവരണത്തെ നശിപ്പിക്കുന്നു. ചിദാഭാസവ്യാപ്തിയാൽ ഇതു ഘടം, ഇതു പടം എന്നിങ്ങിനെ വസ്തുസ്ഫുരണമുണ്ടാകുന്നു. ഇങ്ങിനെ ബുദ്ധിയും ചിദാഭാസനും രണ്ടും അനാത്മാക്കളായ വസ്തുക്കളിൽ വ്യാപിച്ചിട്ടാണ് അവയുടെ സ്ഫുരണം ഉണ്ടാകുന്നതു്.

92. ബ്രഹ്മണ്യജ്ഞാനനാശായ വൃത്തിവ്യാപ്തിരപേക്ഷിതാ
സ്വയംസ്ഫുരണരൂപത്വാ ന്നാഭാസ ഉപയുജ്യതേ.

ബ്രഹ്മണി അജ്ഞാനനാശായ=ബ്രഹ്മത്തിൽ ആശ്രയിച്ചിരിക്കുന്ന അജ്ഞാനത്തിന്റെ നാശത്തിന്നായ്ക്കൊണ്ടു്. വൃത്തിവ്യാപ്തിഃ അപേക്ഷിതാ=ബുദ്ധിവൃത്തിയുടെ വ്യാപ്തി ആവശ്യമായിരിക്കുന്നു. സ്വയംസ്ഫുരണരൂപത്വാത്=ബ്രഹ്മം സ്വതേ സ്ഫുരിക്കുന്ന സ്വരൂപത്തോടുകൂടിയതാകയാൽ ആഭാസഃ ന ഉപയുജ്യതേ= ചിദാഭാസൻ ഉപയോഗിക്കപ്പെടുന്നില്ല.

അനാത്മാക്കളായ ഘടാദിവസ്തുക്കളെപ്പോലെയല്ല ആത്മാവു്. അതുകൊണ്ടു് അനാത്മാക്കളെ കുറിച്ചറിവുണ്ടാവാൻ ബുദ്ധിവൃത്തിയുടേയും ചിദാഭാസന്റെയും വ്യാപ്തി ആവശ്യമായിരിക്കുന്നു. ആത്മസാക്ഷാൽകാരമുണ്ടാവാൻ ബുദ്ധിവൃത്തിയുടെ മാത്രം വ്യാപ്തിമതി. ചിദാഭാസവ്യാപ്തി ആവശ്യമില്ലെന്നു കാണിക്കുന്നു:—അജ്ഞാനകാൎയ്യമായ ആവരണശക്തി ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണ് പ്രത്യഗാത്മാവിന്നു ബ്രഹ്മത്തോടു് ഐക്യം ഉണ്ടാകാതിരിക്കുന്നതു്. ആ ആവരണത്തെ നീക്കംചെയ്യാൻ മഹാവാക്യശ്രവണമനനാദികളാൽ സിദ്ധിച്ചിട്ടുള്ള ജ്ഞാനസ്വരൂപമായ “ഞാൻ ബ്രഹ്മമാകുന്നു”വെന്നുള്ള ബുദ്ധിവൃത്തിയുടെ വ്യാപ്തി, ഐക്യത്തിനെ വിരോധിച്ചിരുന്ന അജ്ഞാനത്തെ നശിപ്പിക്കുന്നു. ജ്ഞാനം അജ്ഞാനവിരോധിയായതുകൊണ്ടു് ജ്ഞാനപ്രകാശത്താൽ അജ്ഞാനകാൎയ്യമായ ആവരണം നീങ്ങുന്നുവെന്നു സാരം. ബ്രഹ്മം സ്വതേ സ്ഫുരണസ്വരൂപമാകയാൽ അതിന്റെ സ്ഫുരണത്തിന്നു ചിദാഭാസന്റെ സഹായം ആവശ്യമില്ല.

93. ചക്ഷുൎദ്ദീപാവപേക്ഷ്യേതേ ഘടാദേർദ്ദൎശനേ യഥാ
നദീപ ദൎശനേ കിന്തു ചക്ഷുരേക മപേക്ഷ്യതേ.

ഘടാദേഃ ദൎശനേയഥാ=ഘടം മുതലായതിനെ കാണ്മാൻ എപ്രകാരം ചക്ഷുർദ്ദീപൌ അപേക്ഷ്യേതേ= നേത്രവും ദീപവും ആവശ്യമായിരിക്കുന്നുവോ. ദീപദൎശനേ തഥാന=ദീപദൎശനത്തിൽ അതു രണ്ടും ആവശ്യമില്ല. കിന്തു ചക്ഷുഃഏകം അപേക്ഷ്യതേ=പിന്നെയോ ചക്ഷുസ്സ് മാത്രം ആവശ്യമായിരിക്കുന്നു.

മുമ്പെ പറഞ്ഞ സംഗതിയെ ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കുന്നു:—ഇരുട്ടിൽ കിടക്കുന്ന ഘടാദിവസ്തുക്കളെ കാണേണമെങ്കിൽ വിളക്കും കണ്ണും ആവശ്യമായിരിക്കുന്നുണ്ടു്. എന്നാൽ ദീപത്തെ കാണേണമെങ്കിൽ മറെറാരു ദീപം ആവശ്യമില്ല കണ്ണു മാത്രമെ ആവശ്യമുള്ളു. എന്തുകൊണ്ടെന്നാൽ ദീപം സ്വതേ സ്ഫുരണാത്മകമാകയാൽ അതിന്റെ സ്ഫുരണത്തിന്നു അന്യദീപാപേക്ഷയില്ല അതുപോലെ സ്ഫുരണാത്മകമായ ബ്രഹ്മത്തെ പ്രകാശിപ്പിക്കുവാൻ സ്ഫുരണസ്വരൂപനായ ചിദാഭാസൻ ആവശ്യമില്ല; ബുദ്ധിവൃത്തി മാത്രമേ ആവശ്യമുള്ളുവെന്നു ഉദാഹരണത്താൽ സ്പഷ്ടമാക്കിയിരിക്കുന്നു.

94. സ്ഥിതോപ്യസൌ ചിദാഭാസോ ബ്രഹ്മണ്യേകീഭവേൽ പരം
നതുബ്രഹ്മണ്യതിശയം ഫലം കുൎയ്യാൽ ഘടാദിവത്.

അസൌ ചിദാഭാസഃ സ്ഥിതഃഅപി=ഈ ചിദാഭാസൻ ഉണ്ടെന്നിരിക്കിലും. ബ്രഹ്മണിപരംഏകീഭവേൽ= ബ്രഹ്മത്തിൽ കേവലം ഒന്നായിചേരും. ഘടാദിവത് ബ്രഹ്മണി=ഘടാദികളിൽ എന്നപോലെ ബ്രഹ്മത്തിൽ. അതിശയം ഫലം നതുകുൎയ്യാത്=വിശേഷമായ ഫലത്തെ ഉണ്ടാക്കില്ല.

ഇവിടെ ശങ്കയും സമാധാനവും:—ബുദ്ധിയും വ്യാപാരവും ചിദാഭാസന്റെ ചേൎച്ചകൊണ്ടല്ലെ ഉണ്ടായിരിക്കുന്നതു്. അപ്പോൾ ബ്രഹ്മത്തെ വ്യാപിക്കുന്ന ബുദ്ധിവൃത്തിയോടു ചേൎന്നിരിക്കുന്ന ചിദാഭാ

സൻ ബലാൽകാരേണ—ആവശ്യമില്ലെങ്കിൽകൂടെ—ഘടാദികളിൽ എന്നപോലെ ബ്രഹ്മത്തിലും വ്യാപിക്കുകയില്ലെയോ എന്നാണ് ശങ്കയുടെ സ്വരൂപം. അതിന്നു സമാധാനം:—ബുദ്ധിവൃത്തിയിൽ ചിദാഭാസൻ ഉണ്ടെന്നിരിക്കിലും ബ്രഹ്മത്തെ സ്ഫുരിപ്പിക്കുകയെന്ന വിശേഷഫലത്തെ ജനിപ്പിക്കുകയില്ല. ബ്രഹ്മത്തോടുകൂടെ ഒന്നായി ചേരുകയേഉള്ളൂ. ചിദാഭാസസ്ഫുരണം ബ്രഹ്മത്തിന്റെ മഹത്തായ സ്ഫുരണത്തോടു ചേൎന്നിട്ട് ഒരേ ഒരു സ്ഫുരണമായി വിളങ്ങും. ഇതുതന്നെയാണ് ജീവബ്രഹ്മൈക്യം എന്നു പറയപ്പെടുന്ന മുക്തി. സൂൎയ്യപ്രകാശത്തിൽ ദീപപ്രകാശമെന്നപോലെ ഏകീഭവിക്കും.

95. അപ്രമേയ മനാദിംചേത്യത്ര ശ്രുത്യേദ മീരിതം
മനസൈവേദ മാപ്തവ്യമിതിധീവ്യാപ്യതാ ശ്രുതാ.

അപ്രമേയം അനാദിംച ഇത്യത്രശ്രുത്യാ=അപ്രമേയവും അനാദിയും ആകുന്നുവെന്ന ഈ ശ്രുതിയാൽ. ഇദം ഈരിതം=ഇതു (ഫലവ്യാപ്യത്വമില്ലെന്നത്) പറയപ്പെട്ടു. മനസാഏവ ഇദം ആപ്തവ്യം=മനസ്സിനാൽതന്നെ ഇത് പ്രാപ്യമാണ്. ഇതിധീ വ്യാപ്യതാശ്രുതാ=എന്ന വാക്യത്താൽ ബുദ്ധിവ്യാപ്യത്വം കേൾക്കപ്പെട്ടു.

ബ്രഹ്മത്തിൽ ചിദാഭാസവ്യാപ്തിയില്ല, ബുദ്ധിവ്യാപ്തിയുണ്ട് എന്നു പറഞ്ഞുവല്ലോ. അതിന്നെന്താകുന്നു പ്രമാണം എന്ന ചോദ്യത്തിന്നു ആഗമപ്രമാണമുണ്ടെന്നു കാണിക്കുന്നു:—"നിൎവ്വികല്പമനന്തംച ഹേതുദൃഷ്ടാന്തവർജ്ജിതം. അപ്രമേയമനാദിംച യൽജ്ഞാത്വാമുച്യതേ ബുധഃ" എന്നു അമൃതബിന്ദൂപനിഷദ്വാക്യത്തിലെ അപ്രമേയം എന്ന വിശേഷണംകൊണ്ട് ബ്രഹ്മത്തിൽ ഫലവ്യാപ്തിയില്ലെന്നും "മനസൈവേദമാപ്തവ്യം" എന്ന വാക്യത്താൽ ബുദ്ധിവ്യാപ്യത്വമുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു.

96. ആത്മാനം ചേദ്വിജാനീയാദയമസ്മീതി വാക്യതഃ
ബ്രഹ്മാത്മവ്യക്തിമുല്ലിഖ്യ യോബോധഃ സോഽഭിധീയതേ.

ആത്മാനം അയംഅസ്മി ഇതി വിജാനീയാത് ചേത്=ആത്മാവിനെ ഞാൻ ഇവനാകുന്നു (ബ്രഹ്മമാകുന്നു) വെന്നറിയുന്നുവെങ്കിൽ. ഇതിവാക്യതഃ=എന്ന വാക്യത്താൽ. ബ്രഹ്മാത്മവ്യക്തിം ഉല്ലിഖ്യ=ബ്രഹ്മംതന്നെ ആത്മാവ് എന്ന വിഷയത്തെക്കുറിച്ച്. യഃബോധഃസഃഅഭിധീയതേ=യാതൊരു ബോധമോ ആ ബോധം പറയപ്പെടുന്നു.

"ആത്മാനംചേദ്വിജാനീയാത്" എന്ന വേദമന്ത്രത്താൽ അപരോക്ഷജ്ഞാനവും ദുഃഖനിവൃത്തി, തൃപ്തി, എന്ന ജീവഗതമായ രണ്ടവസ്ഥയും പറയപ്പെടുന്നുവെന്നാണല്ലോ മന്ത്രാൎത്ഥവ്യാഖ്യാനാവസരത്തിൽ പറഞ്ഞിട്ടുള്ളത്. അതിനാൽ ആ മന്ത്രത്തിലെ ഏതംശമാണ് അപരോക്ഷജ്ഞാനത്തെ വിശദമാക്കുന്നത് എന്നിവിടെ കാണിക്കുന്നു. സത്യം, ജ്ഞാനം, അനന്തം എന്ന ലക്ഷണത്തോടുകൂടിയ ബ്രഹ്മംതന്നെ പ്രത്യഗാത്മാവ് എന്നൎത്ഥമായ "ആത്മാനം ചേദ്വിജാനീയാദയമസ്മീതിപൂരുഷഃ" വാക്യത്താൽ ഞാൻ–പ്രത്യഗാത്മാവ്–ബ്രഹ്മംതന്നെ എന്ന യാതൊരു ബോധമുണ്ടാകുന്നുവോ ആ ബോധം പൂൎവ്വാൎദ്ധത്താൽ പറയപ്പെട്ടിരിക്കുന്നു.

97. അസ്തുബോധോഽപരോക്ഷോഽത്ര മഹാവാക്യാത്തഥാപ്യസൌ
നദൃഢഃ ശ്രവണാദീനാമാചാൎയ്യൈഃ പുനരീരണാത്.

അത്ര മഹാവാക്യാൽ അപരോക്ഷഃ ബോധഃ അസ്തു=ഈ മഹാവാക്യത്താൽ അപരോക്ഷബോധം ഉണ്ടാകട്ടെ. തഥാപിഅസൌനദൃഢഃ=എന്നാലും ഈ ബോധം ദൃഢമല്ല. ആചാൎയ്യൈഃ ശ്രവണാദീനാം പുനഃ ഈരണാത്=ആചാൎയ്യസ്വാമിയാൽ ശ്രവണാദികളുടെ ആവൎത്തനം പറയപ്പെട്ടിരിക്കയാൽ.

എന്നാൽ ആഗമവാക്യത്തെ ഒരിക്കൽ വിചാരിക്കുന്നതുകൊണ്ടു അപരോക്ഷജ്ഞാനം ഉണ്ടാകുമെങ്കിലും ആ ജ്ഞാനം ഉറപ്പുള്ളതല്ലെന്നു ശ്രീമച്ഛങ്കരഭഗവൽപൂജ്യപാദാചാൎയ്യസ്വാമികൾ "ആവൃത്തിരസകൃദുപദേശാത്" എന്ന സൂത്രത്തിന്റെ ഭാഷ്യത്തിൽ ശ്രവണമനനാദികളുടെ ആവൎത്തനം ആവശ്യമാണെന്നു പറഞ്ഞു കാണുന്നുണ്ടല്ലോ. അതുകൊണ്ടു ആവൎത്തനം ആവശ്യംതന്നെയോ എന്ന ആകാംക്ഷക്കു സമാധാനം:—മന്ത്രവാക്യാൎത്ഥത്താൽ അപരോക്ഷജ്ഞാനം ഉണ്ടാകുമെങ്കിലും അതിന്റെ ദാൎഢ്യത്തിന്നായി പിന്നെയും ശ്രവണാദികൾ ആവശ്യമാണെന്നുതന്നെ ആചാൎയ്യവാക്യത്തിൽനിന്നു സിദ്ധിക്കുന്നു. ജ്ഞാനത്തിന്റെ ഉറപ്പിന്നുവേണ്ടി ആവൎത്തനം ആവശ്യം, എന്നഭിപ്രായം.

98. അഹം ബ്രഹ്മേതിവാക്യാൎത്ഥബോധോ യാവദ്ദൃഢീഭവേത്
ശമാദിസഹിതസ്താവദഭ്യസേച്ഛ്രവണാദികം.

അഹം ബ്രഹ്മ ഇതി വാക്യാർത്ഥബോധഃ=ഞാൻ ബ്രഹ്മമാകുന്നുവെന്ന വാക്യാർത്ഥബോധം. യാവത് ദൃഢീഭവേത്=ദൃഢമാകുന്നതു എപ്പോഴോ. താവത് ശമാദിസഹിതഃ=അതുവരേ ശമാദിസഹിതനായിട്ടു. ശ്രവണാദികം അഭ്യസേത്=ശ്രവണം മുതലായതിനെ അഭ്യസിക്കേണം.

മേൽകാണിച്ച അഭിപ്രായത്തെ പ്രകാശിപ്പിക്കുന്ന ആചാര്യവാക്യത്തെത്തന്നെ എടുത്തുകാണിക്കുന്നു:—"അഹംബ്രഹ്മാസ്മി" എന്ന വാക്യാർത്ഥത്തിന്റെ അറിവു ദൃഢമാകുന്നതുവരേ ശമദമാദിസഹിതം ശ്രവണമനനാദികളെ ആവർത്തിക്കേണം, എന്നാണ് ആചാര്യവചനം.

99. ബാധം സന്തിഹ്യദാർഢ്യസ്യഹേതവഃ ശ്രുത്യനേകതാ
അസംഭാവ്യത്വമർത്ഥസ്യ വിപരീതാചഭാവനാ.

ഹിഅദാർഢ്യസ്യഹേതവഃബാഢംസന്തി=യാതൊന്നു ഹേതുവായിട്ടു ഉറയ്ക്കാതിരിപ്പാൻ മതിയായ കാരണങ്ങൾ ഉണ്ട്. ശ്രുത്യനേകതാ=ശ്രുതികളുടെ നാനാത്വം. അർത്ഥസ്യ അസംഭാവ്യതാ=അർത്ഥത്തിന്റെ അസംഭാവ്യത്വം. വിപരീതാഭാവനാച=വിപരീതഭാവനയും.

മഹാവാക്യാർത്ഥവിചാരത്താൽ സിദ്ധിച്ച ബോധം ഉറക്കാതിരിപ്പാൻ എന്തു കാരണംഎന്നു ശങ്കിക്കേണ്ട. മതിയായ കാരണങ്ങൾ അധികമുണ്ട്. ശ്രുതികളുടെ നാനാത്വംതന്നെ ഒരു കാരണം. അഖണ്ഡൈകരസസ്വരൂപമായ ബ്രഹ്മവും പ്രത്യഗാത്മാവും ഒന്നുതന്നെ എന്ന സംഗതി അലൗകികമാണ്. അങ്ങിനെ സംഭവിക്കാവുന്നതുതന്നെയോ എന്ന സംശയമുണ്ടാകാം എന്നതു രണ്ടാമത്തെ കാരണം. പിന്നെ ഞാൻ കർത്താവ് ഭോക്താവ് എന്ന അഭിമാനരൂപമായ വിപരീതഭാവനാ ഇങ്ങിനെ ഹേതുക്കൾ ഉള്ളതുകൊണ്ടു ശ്രവണാദികൾ ആവർത്തിക്കേണ്ടതുതന്നെ.

100. ശാഖാഭേദാൽ കാമഭേദാച്ഛ്രുതം കർമ്മാന്യഥാന്യഥാ
ഏവമത്രാപി മാശങ്കീത്യതഃ ശ്രവണമാചരേത്.

ശാഖാഭേദാത് കാമഭേദാത്=ശാഖാഭേദംകൊണ്ടും കാമഭേദംകൊണ്ടും. കർമ്മഅന്യഥാ അന്യഥാശ്രുതം=കർമ്മം പ്രകാരഭേദത്തോടുകൂടെ കേൾക്കപ്പെടുന്നു. ഏവം അത്രാപി മാശങ്കി ഇതി അതഃ=അതുപോലെ ഉപനിഷദ്വാക്യത്തിലും ശങ്കയുള്ളവനാകാതിരിപ്പാൻ. ശ്രവണംആചരേത്=ശ്രവണം വീണ്ടും ആചരിക്കേണം.

അദാർഢ്യഹേതുക്കളായി പറഞ്ഞ മൂന്നു സംഗതികളിൽ ശ്രുതിയുടെ നാനാത്വംനിമിത്തം സംഭാവ്യമായ അദാർഢ്യത്തെ പരിഹരിപ്പാൻ ശ്രവണം ആവർത്തിക്കേണം എന്നു കാണിക്കുന്നു:—ഓരോ ശാഖകളിൽ കർമ്മങ്ങളെകുറിച്ച് ഓരോവിധം പറയുന്നതായിട്ടു കാണാം. അതുപോലെതന്നെ ഓരോരോ ആഗ്രഹങ്ങൾ സാധിപ്പാൻ ഓരോരോവിധം കർമ്മങ്ങൾ പറയപ്പെട്ടിരിക്കുന്നതായിട്ടും കാണാം. അതേപ്രകാരം ഉപനിഷത്തിലും പ്രതിപാദിക്കുന്ന തത്വത്തെകുറിച്ച് ശങ്ക ജനിക്കാതിരിപ്പാൻ വീണ്ടും വീണ്ടും ശ്രവണം ആവർത്തിക്കേണ്ടതാവശ്യം.

101. വേദാന്താനാ മശേഷാണാ മാദിമധ്യാവസാനതഃ
ബ്രഹ്മാത്മന്യേവതാൽപര്യ്യ മിതിധീഃ ശ്രവണംഭവേത്.

അശേഷാണാം വേദാന്താനാം=എല്ലാ വേദാന്തങ്ങളുടേയും. ആദിമധ്യാവസാനതഃ=ആദിമധ്യാവസാനങ്ങളിൽ. ബ്രഹ്മാത്മനിഏവതാൽപര്യ്യം=ബ്രഹ്മംതന്നെ ആത്മാവ് എന്നതിൽതന്നെ പര്യ്യവസാനം. ഇതിധീഃശ്രവണംഭവേത്=എന്ന ഉറപ്പാണ് ശ്രവണമാകുന്നത്.

ശ്രവണലക്ഷണം പറയുന്നു:—സർവ്വോപനിഷത്തുകളുടെ ആരംഭം മധ്യം അവസാനം എന്നിവയെ പരിശോധിക്കുമ്പോൾ ബ്രഹ്മവും ആത്മാവും ഒന്നുതന്നെ എന്നർത്ഥത്തിലാണ് എല്ലാ വാക്യാർത്ഥങ്ങളും അവസാനിക്കുന്നത്. അതുകൊണ്ടു ബ്രഹ്മവും ആത്മാവും ഒന്നുതന്നെ എന്നുള്ള ദൃഢനിശ്ചയം ഉണ്ടാകുന്നതു യാതൊന്നോ അതുതന്നെ ശ്രവണം.

102. സമന്വയാധ്യായ ഏതൽസൂക്തം ധീസ്വാസ്ഥ്യകാരിഭിഃ
തക്കൈഃ സംഭാവനാർത്ഥസ്യ ദ്വിതീയാധ്യായഈരിതാ.

ഏതത്സമന്വയാധ്യായേസൂക്തം=ഇത് സമന്വയാധ്യായത്തിൽ സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നു. ദ്വിതീയാധ്യായേ=രണ്ടാം അധ്യായത്തിൽ. ധീസ്വാസ്ഥ്യകാരിഭിഃ തക്കൈഃ=ബുദ്ധിയെ സമാധാനിപ്പിക്കുന്ന യുക്തികൊണ്ടു. അർത്ഥസ്യസംഭാവനാ ഈരിതാ=അർത്ഥത്തിന്റെ സംഭാവ്യതയും പറയപ്പെട്ടിട്ടുണ്ട്.

ശ്രവണലക്ഷണമിതാണെന്നുള്ളതിന് പ്രമാണം എന്താകുന്നുവെന്നു കാണിക്കുന്നു. ബ്രഹ്മസൂത്രം പ്രഥമാധ്യായത്തിൽ നാലാമത്തെ അധികരണമായ സമന്വയാധ്യായത്തിൽ ശ്രവണലക്ഷണം വ്യാസരാൽ പറയപ്പെട്ടിട്ടുണ്ട്. ബ്രഹ്മസൂത്രം രണ്ടാമധ്യായത്തിൽ പ്രത്യഗാത്മാവിനു ബ്രഹ്മാഭിന്നതയാകുന്ന അർത്ഥം സംഭവിക്കുന്നതാണോ എന്നുള്ള സംശയത്തെ നീക്കി ബുദ്ധിക്കു സ്വാസ്ഥ്യത്തെ ജനിപ്പിക്കുവാൻ സമർത്ഥങ്ങളായ യുക്തികൾകൊണ്ടു അസംഭാവനയെന്ന ദോഷത്തെയും പരിഹരിച്ചിട്ടുണ്ടു.

103. ബഹുജന്മദൃഢാഭ്യാസാ ദ്ദേഹാദിഷ്വാത്മധീഃ ക്ഷണാത്
പുനഃ പുനരുദേത്യേവം ജഗൽസത്യത്വധീ രപി.

ബഹുജന്മദൃഢാഭ്യാസാത്=അനേകജന്മങ്ങളിലെ ദൃഢാഭ്യാസം നിമിത്തം. ദേഹാദിഷു ആത്മധീഃ=ദേഹാദികളിൽ ആത്മബുദ്ധി. ക്ഷണാൽ പുനഃപുനഃ=ക്ഷണത്തിൽ വീണ്ടും വീണ്ടും. ഉദേതി=ഉണ്ടാകും. ഏവം ജഗൽസത്യത്വധീഃ അപി=ഇപ്രകാരംതന്നെ ജഗത്ത് സത്യമാണെന്ന ബുദ്ധിയും ഉണ്ടാകും.

ഇപ്പോൾ വിപരീതഭാവനയേയും അതിന്റെ നിവൃത്തിമാർഗത്തെയും കാണിക്കുന്നു: ദേഹം തന്നെ ആത്മാവ്. ജഗത്ത് മിഥ്യയല്ല, സത്യമാണ്. എന്നിങ്ങിനെയുള്ള വിചാരം ബഹുജന്മങ്ങളിൽ ബലമായുറച്ചിരിക്കുന്ന ദോഷമാകയാൽ മഹാവാക്യശ്രവണത്താൽ ആ ദോഷം തൽക്കാലം നീങ്ങുമെങ്കിലും ക്ഷണത്തിൽ പിന്നെയും പുറപ്പെടും.

104. വിപരീതാഭാവനേയ മൈകാഗ്ര്യാൽ സാ നിവർത്തതേ
തത്വോപദേശാൽ പ്രാഗേവ ഭവത്യേതദുപാസനാത്.

ഇയം വിപരീതാഭാവനാ=ഇത് വിപരീതഭാവനയാകുന്നു. സാഐകാഗ്ര്യാത് നിവർത്തതേ=അത് ഏകാഗ്രതകൊണ്ടു നീങ്ങും. ഏതത് തത്വോപദേശാത് പ്രാക് ഏവ=ഇത് (ഏകാഗ്രത) തത്വോപദേശത്തിനു മുമ്പേതന്നെ. ഉപാസനാത് ഭവതി=ഉപാസനംകൊണ്ടുത്ഭവിക്കും.

ശരീരത്തിൽ ആത്മാവെന്നും ജഗത്ത് സത്യമാണെന്നും തോന്നുന്നത് വിപരീതഭാവനയാണ് മനസ്സിന്റെ ഏകാഗ്രതകൊണ്ടു അതു നശിക്കും. ഏകാഗ്രതയാകട്ടെ തത്വോപദേശത്തിനു മുമ്പെ ശീലിക്കുന്ന സഗുണോപാസനയിൽനിന്നുണ്ടാകും.

105. ഉപാസ്തയോതഏവാത്ര ബ്രഹ്മശാസ്ത്രേപി ചിന്തിതാഃ
പ്രാഗനഭ്യാസിനഃ പശ്ചാൽ ബ്രഹ്മാഭ്യാസേന തൽഭവേത്.

അത്രബ്രഹ്മശാസ്ത്രേ അപി=ഈ വേദാന്തശാസ്ത്രത്തിലും. അതഃ ഏവ ഉപാസ്തയഃ ചിന്തിതാഃ=അതുകൊണ്ടുതന്നെ ഉപാസ്തികൾ ചിന്തിക്കപ്പെട്ടിരിക്കുന്നു. പ്രാഗനഭ്യാസിനഃ തത്=മുമ്പെ അഭ്യസിക്കാത്തവനു അത്. ബ്രഹ്മാഭ്യാസേന ഭവേത്=ബ്രഹ്മാഭ്യാസംകൊണ്ടുണ്ടാകും.

ഉപാസനകൊണ്ടു ഏകാഗ്രതയുണ്ടാകുമെന്നും അതിനാൽ വിപരീതഭാവന നശിക്കുമെന്നും എങ്ങിനെ ഏതു പ്രമാണത്തിൽനിന്നാണ് അറിവുണ്ടായത് എന്ന ചോദ്യത്തിനു സമാധാനം:—അദ്വിതീയ ബ്രഹ്മത്തെ പ്രതിപാദിക്കുന്ന വേദാന്തശാസ്ത്രത്തിൽ ഉപാസ്യോപാസകഭാവത്തെപ്പററി പറഞ്ഞിട്ടുള്ളതിൽനിന്ന് ഇതറിയേണ്ടതാണ്. ബ്രഹ്മസാക്ഷാൽകാരത്തിനു സാധനമായിട്ടു ഏകാഗ്രതയും, ഏകാഗ്രതയുണ്ടാവാൻ ഉപാസനയും ആവശ്യമാണെന്നു കാണിപ്പാൻവേണ്ടീട്ടാണ് അദ്വൈതശാസ്ത്രത്തിൽ ഉപാസനകളെ ചിന്തിച്ചിരിക്കുന്നത്. അങ്ങിനെ തത്വോപദേശത്തിന്നുമുമ്പേ ഉപാസന ചെയ്തിട്ടില്ലാത്തവൎക്കു ചിത്തൈകാഗ്രത എങ്ങിനെയുണ്ടാകുമെന്നാണെങ്കിൽ ബ്രഹ്മാഭ്യാസംകൊണ്ടുതന്നെയും ഉണ്ടാകും.

106. തച്ചിന്തനം തൽകഥന മന്യോന്യം തൽപ്രബോധനം
ഏതദേകപരത്വംച ബ്രഹ്മാഭ്യാസം വിദുർബുധാഃ.

തച്ചിന്തനം തൽകഥനം=അതിനെക്കുറിച്ചു ചിന്തിക്കുക പറയുക. അന്യോന്യം തൽപ്രബോധനം=അന്യോന്യം അതിനെ നന്നായി ബോധിപ്പിക്കുക. ഏതദേകപരത്വംച=ഈ ഒന്നിൽമാത്രം തൽപരനായിരിക്കുക. ബ്രഹ്മാഭ്യാസം ബുധാഃ വിദുഃ=ബ്രഹ്മാഭ്യാസമാണെന്നു വിദ്വാന്മാർ അറിയുന്നു.

ബ്രഹ്മാഭ്യാസം ഏതുവിധമാണെന്നു കാണിക്കുന്നു:—ബ്രഹ്മത്തെ ചിന്തിക്കുക; അതിനെക്കുറിച്ചുതന്നെ സംസാരിക്കുക; അന്യോന്യം ബ്രഹ്മത്തെ ബോധിപ്പിക്കുക; ബ്രഹ്മത്തിൽമാത്രം തൽപരനായിരിക്കുക എന്നതു യാതൊന്നോ അതുതന്നെ ബ്രഹ്മാഭ്യാസം എന്നു വിദ്വാന്മാർ അറിഞ്ഞിരിക്കുന്നു.

107. തമേവധീരോ വിജ്ഞായ പ്രജ്ഞാം കുർവ്വീത ബ്രാഹ്മണഃ
നാനുധ്യായാദ്ബഹൂഞ്ഛബ്ദാൻ വാചോവിഗ്ലാപനം ഹി തത്.

ധീരഃബ്രാഹ്മണഃ തംഏവവിജ്ഞായ=ധീരനായ ബ്രാഹ്മണൻ അവനെത്തന്നെ അറിഞ്ഞിട്ടു പ്രജ്ഞാംകുർവ്വീത=പ്രജ്ഞയെ (ഏകാഗ്രതയെ) അനുഷ്ഠിക്കേണം. ബഹൂൻശബ്ദാൻ=അനേകങ്ങളായ ശബ്ദങ്ങളെ. ന അനുധ്യായാത്=നിരന്തരം ധ്യാനിക്കരുത്. തത്വാചഃ വിഗ്ലാപനംഹി=അതു വാക്കിന്റെ ശ്രമകരമാകുന്നുവെല്ലൊ.

"ഏതമേകപരതഃ" എന്ന് പൂർവ്വശ്ലോകത്തിൽ പറഞ്ഞതിനെ വിശദമാക്കുന്നു:—ബ്രഹ്മചര്യാദിസാധനസമ്പന്നനായ ബ്രഹ്മജിജ്ഞാസു പ്രത്യഗാത്മാവിനെത്തന്നെ സംശയവിപരീതാദി ദോഷങ്ങളൊന്നുമില്ലാതെ അറിഞ്ഞിട്ടു പ്രത്യഗാത്മാവും ബ്രഹ്മവും ഒന്നുതന്നെയെന്നുള്ള ദൃഢബോധത്തോടുകൂടെ മററു യാതൊന്നിനെക്കുറിച്ചും ബുദ്ധിയെ ചലിപ്പിക്കാതെ ഏകാഗ്രതയോടുകൂടെ ഇരിക്കേണം. അനാത്മാക്കളെ ഉദ്ദേശിച്ചിട്ടു ബഹുശബ്ദങ്ങളെ ഉച്ചരിക്കുകയോ സ്മരിക്കുകയോ ചെയ്യരുത്. അങ്ങിനെ ഉച്ചരിക്കുന്നതുകൊണ്ടു വാഗിന്ദ്രിയത്തിന്നും സ്മരിക്കുന്നതുകൊണ്ടു മനസ്സിന്നും ശ്രമം ബാധിക്കും.

108. അനന്യാശ്ചിന്തയന്തോ മാം യേജനാഃ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം.

യേജനാഃ അനന്യാഃമാം ചിന്തയന്തഃ=ഏതൊരു ജനങ്ങൾ അന്യഭാവമില്ലാത്തവരായിട്ടു എന്നെ ചിന്തിക്കുന്നവരായിട്ട്. പര്യുപാസതേ=എല്ലായ്പ്പോഴും ഉപാസിക്കുന്നുവോ. നിത്യാഭിയുക്താനാം തേഷാം=നിരന്തരം എന്നിൽ ചേർന്നിരിക്കുന്ന അവരുടെ. യോഗക്ഷേമം അഹംവഹാമി=യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നേൻ.

ഏകാഗ്രത ആവശ്യമാണെന്ന ശ്രുതിപ്രമാണംകൊണ്ടു കാണിച്ചതിൽപിന്നെ സ്മൃതിപ്രമാണത്തേയും കാണിക്കുന്നു:—ഏതൊരു ജനങ്ങൾ എന്നിൽനിന്നു ഭിന്നന്മാരല്ല എന്ന ബോധത്തോടുകൂടെ അവരുടെ ആത്മാവായിരിക്കുന്ന എന്നെത്തന്നെ സർവ്വദാ സേവിക്കുന്നുവോ നിരന്തരം എന്നിൽ മനസ്സുനിർത്തിക്കൊണ്ടിരിക്കുന്ന അവരുടെ യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നു:—അലബ്ധമായതിനെ ഞാൻ അവർക്കു കൊടുക്കുന്നു എന്നതു യോഗം. ലബ്ധമായതിനെ ഞാൻതന്നെ രക്ഷിക്കുന്നുവെന്നത് ക്ഷേമം. ഭഗവൽഗീതയിലെ ശ്ലോകമാണിത്.

109. ഇതിശ്രുതിസ്മൃതീ നിത്യമാത്മന്യേകാഗ്രതാം ധിയഃ
വിധത്തോ വിപരീതായാ ഭാവനായാഃ ക്ഷയായ ഹി.

ഇതിശ്രുതി സ്മൃതീ നിത്യം=ഇപ്രകാരം ശ്രുതിസ്മൃതികൾ രണ്ടും എപ്പോഴും. ആത്മനിധിയഃ ഏകാഗ്രതാം=ആത്മാവിൽ ബുദ്ധിയുടെ ഏകാഗ്രതയെ. വിധത്തഃ=പ്രതിപാദിക്കുന്നു. ഹി വിപരീതായാഃ ഭാവനായാഃ=എന്തിനായിട്ടെന്നാൽ വിപരീതഭാവനയുടെ. ക്ഷയായ=നാശത്തിന്നായിക്കൊണ്ട്.

ഇപ്രകാരം ശ്രുതിസ്മൃതികൾ എപ്പോഴും ബുദ്ധി ആത്മാവിൽ ഏകാഗ്രതയെ ആശ്രയിച്ചിരിക്കേണം എന്ന് സിദ്ധാന്തിക്കുന്നു. ഈ ഏകാഗ്രതയുണ്ടായാൽ വിപരീതഭാവനകൾ ബുദ്ധിയിൽ കടന്നുകൂടുകയില്ല.

110. യദ്യഥാ വർത്തതേ തസ്യ തത്വം ഹിത്വാന്യഥാത്വധീഃ
വിപരീതാ ഭാവനാ സ്യാൽ പിത്രാദാവരിധീര്യഥാ.

യത് യഥാവർത്തതേ=യാതൊന്നു യാതൊരുവിധത്തിൽ ഇരിക്കുന്നുവോ. തസ്യതത്വംഹിത്വാ=അതിന്റെ ആഭാവത്തെ ഉപേക്ഷിച്ചിട്ടു. അന്യഥാത്വധീഃ=മറെറാരുഭാവത്തിലായി ധരിക്കുന്നത്. വിപരീതാഭാവനാസ്യാത്=വിപരീതഭാവനയാകും. പിത്രാദൗയഥാ അരിധീഃ=പിതാവ് മുതലായവരിൽ ശത്രുഭാവനയെന്നപോലെ.

ദേഹാദികളിൽ ആത്മഭാവനയും ജഗത്ത് സത്യമാണെന്ന വിചാരവും വിപരീതഭാവനയാണെന്നു പറവാൻ എന്തു കാരണം എന്നു കാണിപ്പാൻ വിപരീതഭാവനയുടെ ലക്ഷണം പറയുന്നു:—ഏതൊരു വസ്തു ഏതൊരു രൂപത്തിൽ ഇരിക്കുന്നുവോ അതിന്റെ ആ രൂപത്തെ ഉപേക്ഷിച്ചിട്ടു മറെറാരു രൂപത്തിൽ ധരിക്കുന്നതിനെ വിപരീതഭാവനയെന്നു പറയുന്നു. മാതാപിതാക്കന്മാരെ ശത്രുക്കൾ എന്നും ശുക്തിയെ വെള്ളിയെന്നും ധരിക്കുന്നതുപോലെ.

111. ആത്മാ ദേഹാദിഭിന്നോയം മിഥ്യാചേദം ജഗൽ തയോഃ
ദേഹാദ്യാത്മത്വസത്യത്വധീർവിപര്യയഭാവനാ

അയംആത്മാദേഹാദിഭിന്നഃ=ഈ ആത്മാവ് ദേഹാദിയിൽനിന്നു ഭിന്നൻ. ഇദംജഗത്ചമിഥ്യാ=ഈ ജഗത്തും മിഥ്യാ. തയോഃദേഹാദ്യാത്മത്വസത്യത്വധീഃ=ആ രണ്ടിൽ ദേഹാദി ആത്മാവ്, ജഗത്തു സത്യം എന്ന ബുദ്ധി. വിപര്യയഭാവനാ=വിപരീതഭാവനയാകുന്നു.

വിപരീതഭാവനയുടെ ലക്ഷണം മുകളിൽ വിവരിച്ചുവല്ലൊ. അതിനെ പ്രകൃതത്തിൽ യോജിപ്പിക്കുന്നു:—വാസ്തവത്തിൽ ഈ ആത്മാവ് ദേഹം ഇന്ദ്രിയങ്ങൾ ബുദ്ധിയെന്നിവയിൽനിന്ന് ഭിന്നനും ഈ ലോകം മിഥ്യയുമാകുന്നു. അങ്ങിനെയിരിക്കേ ആത്മാവല്ലാത്ത ദേഹത്തെ ആത്മാവാണെന്നും മിഥ്യയായ ലോകത്തെ സത്യമാണെന്നും ധരിക്കുന്നത് വിപരീതഭാവനയാകുന്നു.

112. തത്വഭാവനയാ നശ്യേത് സാതോ ദേഹാതിരിക്തതാം
ആത്മനോ ഭാവയേത്തദ്വൽ മിഥ്യാത്വം ജഗതോനിശം.

സാ തത്വഭാവനയാനശ്യേത്=അത് (വിപരീതഭാവന) തത്വഭാവനകൊണ്ടു നശിക്കും. അതഃ ആത്മനഃ ദേഹാതിരിക്തതാം=അതുകൊണ്ട് ആത്മാവിൻെറ ദേഹാതീതഭാവത്തേയും. തദ്വൽജഗതഃമിഥ്യാത്വം= അതുപോലെ ജഗത്തിൻെറ മിഥ്യാഭാവത്തേയും. അനിശംഭാവയേത്=എപ്പോഴും ഭാവിക്കേണം.

വിപരീതഭാവന മനസ്സിൻെറ ഏകാഗ്രതകൊണ്ടു നശിക്കുമെന്ന് സാമാന്യമായി പറഞ്ഞതിൻെറ വിശേഷരൂപത്തെ ഇവിടെ വിശദമാക്കുന്നു:—മുൻപറഞ്ഞതായ വിപരീതഭാവന തത്വഭാവനകൊണ്ടു നശിക്കും. അതിനാൽ ആത്മാവു് ദേഹാദിഭാവങ്ങളിൽനിന്ന് വേറിട്ടിരിക്കുന്ന വസ്തുവാണെന്നും, ജഗത്ത് മിഥ്യയാണെന്നും നിരന്തരം ഭാവിക്കണം.

113. കിം മന്ത്രജപവന്മൂർത്തിധ്യാനവദ്വാത്മഭേദധീഃ
ജഗന്മിഥ്യാത്വധീശ്ചാത്രാവൃത്ത്യാവൽത്ത്യാസ്യാദുതാന്യഥാ.

അത്ര ആത്മഭേദധീഃജഗന്മിഥ്യാത്വംച=ഇവിടെ ആത്മാവ് ദേഹാദിഭിന്നനെന്നും ജഗത്ത് മിഥ്യയാണെന്നും. മന്ത്രജപവത് കിംവാ മൂർത്തിധ്യാനവത്=മന്ത്രജപംപോലെയോ അതോ മൂർത്തിധ്യാനംപോലെയോ ചെയ്യേണ്ടത്. ആവർത്ത്യാവാ=ആവർത്തിച്ചു ചെയ്യേണ്ടതോ. ഉത അന്യഥാവാസ്യാത്=അതോ മററുവിധത്തിലാവാമോ.

ഈ ഭാവനയിൽ നിയമാപേക്ഷയുണ്ടോ അതോ സാധാരണനിലയിൽ ഭാവിക്കാമോ എന്നു സംശയിച്ചുകൊണ്ടു ചോദിക്കുന്നു:—ആത്മാവു് ദേഹാദിഭിന്നനാണെന്നും ജഗത്ത് മിഥ്യയാണെന്നും ഭാവിക്കുന്നത് മന്ത്രജപം മൂർത്തിധ്യാനം എന്നപോലെ നിയമാദികളോടുകൂടെ വേണമോ അതോ സാധാരണനിലയിൽ ചെയ്യാമോ.

114. അന്യഥേതിവിജാനീഹിദൃഷ്ടാർത്ഥത്വേന ഭുക്തിവത്
ബുഭുക്ഷുർജ്ജപവൽഭുംക്തേ നകശ്ചിൽനിയതഃ ക്വചിത്.

ദൃഷ്ടാർത്ഥത്വേന അന്യഥാഇതിവിജാനീഹി=ഫലം പ്രത്യക്ഷമായതുകൊണ്ടു നിയമം കൂടാതെതന്നെ നടത്താം എന്നറിഞ്ഞുകൊൾക. ഭുക്തിവത്=ഭോജനം എന്നപോലെ. ബുഭുക്ഷുഃകശ്ചിത്നിയതഃ=ഭോജനേച്ഛയുള്ള ഒരുവൻ നിയമയുക്തനായിട്ടു. ക്വചിൽജപവത്നഭുങ്ക്തേ=ഒരിക്കലും ജപമെന്നപോലെ ഭുജിക്കാറില്ലല്ലൊ

ചോദ്യത്തിനുത്തരം പറയുന്നു:—ഭാവനാഫലം ഭാവിക്കുന്ന സമയത്തിൽതന്നെ അനുഭവപ്പെടാവുന്നതുകൊണ്ടു ഭക്ഷണം കഴിക്കുന്നതുപോലെ നിയമം ഒന്നും കൂടാതെതന്നെ നടത്താവുന്നതാണെന്നറിഞ്ഞുകൊൾക. ഭോജനത്തിന്നും ചില നിയമങ്ങൾ ശ്രുതിസ്മൃതികളിൽ കാണപ്പെടുന്നുണ്ടല്ലൊ എന്നു ശങ്കിക്കുന്നുവെങ്കിൽ അതു വിശന്നു വലയുന്നവനെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതല്ല. വിശപ്പുകൊണ്ടു ദുഃഖിക്കുന്ന ഏതെങ്കിലും ഒരുവൻ ഏതെങ്കിലും ഒരു ദിക്കിൽ ഭക്ഷണം കഴിപ്പാൻ മന്ത്രം ജപിപ്പാനുള്ളതുപോലെ നിയമത്തെ സ്വീകരിക്കാറില്ലല്ലൊ. ഏതുവിധമായാൽ വിശപ്പുകൊണ്ടുള്ള ദുഃഖം ശമിക്കുമോ ആ വിധം ഭുജിക്കും. അതുപോലെ ഇവിടെയും ചെയ്യാവുന്നതുതന്നെ.

115. അശ്നാതിവാനവാശ്നാതി ഭുംക്തേവാസ്വേച്ഛയാന്യഥാ
യേനകേനപ്രകാരേണ ക്ഷുധാമപനിനീഷതി.

അശ്നാതിവാനവാഅശ്നാതി=അശിക്കുന്നുവെന്നു വരാം. അശിക്കുന്നില്ലെന്നും വരാം. സ്വേച്ഛയാവാഭുങ്ക്തേ=തന്നിഷ്ടപ്രകാരം ഭുജിക്കുന്നുവെന്നു വരാം. അന്യഥായേനകേനാപ്രകാരേണ=അന്യവിധത്തിലും ആവാം. ഏതെങ്കിലും വിധത്തിൽ. ക്ഷുധാംഅപനിനീഷതി=ക്ഷുൽ ബാധതീക്കാൻ ഇച്ഛിക്കുന്നു.

ഭക്ഷണംപോലെ എന്ന ഉദാഹരണംകൊണ്ടു ചെയ്ത വിവക്ഷയെ സ്പഷ്ടമാക്കുന്നു:—അന്നം ഉള്ളപ്പോൾ ഭുജിച്ചുവെന്നുവരും. ഇല്ലാത്തപ്പോൾ ഭുജിച്ചില്ലെന്നും വരും. ഇരുന്നിട്ടോ നടന്നിട്ടോ കിടന്നിട്ടോ ഇഷ്ടംപോലെ ഭുജിച്ചുവെന്നു വരും. ഒരു വിധത്തിലും ഭോജനം കിട്ടുന്നില്ലെന്നു വരുന്ന അവസരത്തിൽ ചൂതുകളിയിലോ മറ്റോ മനസ്സിരുത്തുകയോ ഉറങ്ങുകയോ ചെയ്തുവെന്നു വരാം. ഏതോ വിധത്തിൽ വിശപ്പുകൊണ്ടുള്ള ദാഹംനീക്കണം എന്നായിരിക്കും അവന്റെ വിചാരം. ഭുജിച്ചാൽ വിശപ്പുമാറും എന്നുള്ള ഫലം ഏതുവിധത്തിൽ ചെയ്താലും സിദ്ധിക്കും. നിയമാദികളെല്ലാം പരലോകപ്രാപ്തിയെ ഉദ്ദേശിച്ചു പറയപ്പെട്ടിരിക്കുന്നുവെന്നു സാരം.

116. നിയമേന ജപം കുര്യാദകൃതൗ പ്രത്യവായതഃ
അന്യഥാ കരണേനത്ഥഃ സ്വരവർണ്ണവിപര്യയാത്.

നിയമേനജപംകുര്യാത്=നിയമത്തോടുകൂടെ ജപം ചെയ്യണം. അകൃതൗ പ്രത്യവായതഃ=അങ്ങിനെ ചെയ്യാഞ്ഞാൽ പാപമുണ്ടാകും. അന്യഥാകരണേസ്വരവർണ്ണവിപര്യയാത്=വേണ്ടതുപോലെ ചെയ്യാതിരുന്നാൽ സ്വരം വർണ്ണം ഇവ പിഴക്കുന്നതുകൊണ്ടു. അനത്ഥഃ=വിപരീതഫലം ഉണ്ടാകും.

ജപം മുതലായത് ഭോജനമെന്നതുപോലെ ഏതെങ്കിലും വിധത്തിൽ ചെയ്തുകൂടാ. നിയമത്തോടുകൂടെ ജപിക്കേണം. അങ്ങിനെ ചെയ്യാതിരുന്നാൽ ഫലം സിദ്ധിക്കയില്ല. വേണ്ടുംവിധത്തിൽ സ്വരവും വർണ്ണവും പിഴക്കാതെ ചെയ്തില്ലെങ്കിൽ അനത്ഥം സംഭവിക്കും. "മന്ത്രോഹീനഃ സ്വരതോവർണതോവാ മിഥ്യാ പ്രയുക്തോനതമത്ഥ മാഹസവാഗ്വജ്രോയജമാനംഹിനസ്തിയഥേന്ദ്രശത്രുഃ സ്വരതോപരാധാത്" മന്ത്രജപത്തിൽ സ്വരവും വർണവും പിഴച്ചുകൂടാ. അശ്രദ്ധാപൂർവ്വംചെയ്താൽ ഫലസിദ്ധിയില്ല. വേണ്ടതുപോലെ ജപിക്കാതിരുന്നാൽ ആ വാക്കാവുന്ന വജ്രായുധം കത്താവിനെതന്നെ ഹനിക്കും. "ഇന്ദ്രശത്രോ വദ്ധസ്വ" എന്ന മന്ത്രത്തിനെ ഉച്ചരിച്ചത് സ്വരം പിഴച്ചുപോയതിനാൽ ഫലം വിചാരിച്ചതിനു വിപരീതമായി ഭവിച്ചതു പ്രസിദ്ധമാകുന്നുവല്ലൊ. എന്നിങ്ങിനെ പ്രമാണങ്ങളുള്ളതുകൊണ്ടു മന്ത്രജപാദികൾ ഭോജനംപോലെ യഥേഷ്ടം ചെയ്യാവുന്നവയല്ല.

117. ക്ഷുധേവ ദൃഷ്ടബാധാകൃദ്വിപരീതാചഭാവനാ
ജേയാകേനാപ്യുപായേന നാസ്ത്യത്രാനുഷ്ഠിതേഃ ക്രമഃ.

വിപരീതാ ഭാവനാചക്ഷുധാ ഇവ=വിപരീതഭാവനയും ക്ഷുധയെന്നപോലെ. ദൃഷ്ടബാധാകൃത്=ഉപദ്രവം ജനിപ്പിക്കുന്നത് അനുഭവപ്പെടുന്നുണ്ട്. കേനഉപായേന അപി=ഏതെങ്കിലും ഉപായംകൊണ്ടു. ജേയാ=ജയിക്കപ്പെടേണ്ടതാകുന്നു. അത്ര അനുഷ്ഠിതേഃ ക്രമഃ നാസ്തി=ഇതിൽ അനുഷ്ഠാനക്രമമില്ല.

വിശപ്പ് ദുഃഖത്തെ ജനിപ്പിക്കുന്നത് അനുഭവമുള്ളതിനാൽ ആ ഉപദ്രവത്തെ ഏതെങ്കിലും വിധത്തിൽ തീക്കാവുന്നതുപോലെ വിപരീതഭാവനയും സംസാരദുഃഖത്തിന്നു കാരണമാകയാൽ ഏതെങ്കിലും വിധത്തിൽ അതിനെ നശിപ്പിക്കേണം. ഇന്നവിധം വേണമെന്ന് കൃത്യനിയമം അതിലില്ല.

118. ഉപായഃ പൂർവ്വമേവോക്തസ്തച്ചിന്താകഥനാദികഃ
ഏതദേകപരത്വേപി നിർബന്ധോധ്യാനവന്നഹി.

തച്ചിന്താകഥനാദികഃ ഉപായഃ=തച്ചിന്തനം തൽകഥനം എന്നാദിയായ ഉപായം പൂർവ്വം ഏവഉക്തഃ=മുമ്പേതന്നെ പറയപ്പെട്ടിട്ടുണ്ട്. ഏതദേകപരത്വേ അപി=അതിൽതന്നെ തൽപരനായിരിക്കുക എന്നതിലും. ധ്യാനവത്നിർബന്ധഃനാഹി=ധ്യാനത്തിലുള്ളതുപോലെ നിർബന്ധം ഇല്ല.

വിപരീതഭാവനാദോഷത്തെ ജയിപ്പാനുള്ള ഉപായമെന്താണെന്നു പറഞ്ഞാൽകൊള്ളാം എന്നാണെങ്കിൽ തച്ചിന്തനം തൽകഥനം എന്നു തുടങ്ങിയ ഉപായം മുമ്പേ പറഞ്ഞിട്ടുണ്ട്. ഏതദേകപരത്വം എന്നു പറഞ്ഞതിലും ധ്യാനാദികൾക്കുള്ളതുപോലെ നിർബ്ബന്ധമൊന്നുമില്ല.

119. മൂർത്തിപ്രത്യയസാന്തത്യമന്യാനന്തരിതം ധിയഃ
ധ്യാനം തത്രാതിനിർബന്ധോ മനസശ്ചഞ്ചലാത്മനഃ.

ധിയഃമൂർത്തിപ്രത്യയസാന്തത്യം=ബുദ്ധിയുടെ മൂർത്തിപ്രത്യയങ്ങൾക്ക് വിച്ഛിത്തി വരാതിരിക്കൽ. അന്യാ

നാന്തരിതം=ഇതരവിചാരത്താൽ മറയ്ക്കപ്പെടാതിരിയ്ക്കൽ. ധ്യാനം=ധ്യാനമാകുന്നു. ചഞ്ചലാത്മനഃ മനസഃ=ചലിക്കുന്ന സ്വഭാവത്തോടുകൂടിയ മനസ്സിന്ന്. തത്രഅതിനിർബ്ബന്ധഃ=അതിൽ അത്യന്തം നിർബന്ധമുണ്ട്.

ധ്യാനിക്കുവാനുള്ള വിഷയത്തെ ചിന്തിക്കുകയല്ലെയോ ധ്യാനം. അതിലെന്തിനാണ് നിർബന്ധം എന്നു തോന്നാം. അതിനെ പരിഹരിപ്പാൻ ധ്യാനസ്വരൂപത്തെ പറയുന്നു:—ബുദ്ധികൊണ്ടു ഏതൊരു മൂർത്തിയെ കാണ്മാനാഗ്രഹിക്കുന്നുവോ ആ മൂർത്തിയെക്കുറിച്ചുള്ള വിചാരം ഇടവിടാതെയുണ്ടായിരിക്കേണം. മറെറതെങ്കിലും വിചാരം ഈ മൂർത്തി ഭാവനയെ തടസ്ഥപ്പെടുത്താതിരിക്കേണം. എന്നാൽ മാത്രമേ ധ്യാനം ആവുകയുള്ളൂ. അതിൽ ഏർപ്പെടുന്ന മനസ്സാകട്ടെ ചഞ്ചലസ്വഭാവമുള്ളതായതുകൊണ്ടു ധ്യാനത്തിൽ അതീവനിർബന്ധമുണ്ട്.

120. ചഞ്ചലം ഹിമനഃ കൃഷ്ണ! പ്രമാഥി ബലവദ്ദൃഢം
തസ്യാഹം നിഗ്രഹംമന്യേ വായോരിവസുദുഷ്കരം.

കൃഷ്ണ! മനഃചഞ്ചലം പ്രമാഥി=അല്ലയോ കൃഷ്ണ മനസ്സ് ചലിക്കുന്നതും വ്യാകുലതയെ ഉണ്ടാക്കുന്നതും. ബലവത് ദൃഢംഹി=ശക്തിയേറിയതും ഉറപ്പുകൂടിയതും അല്ലെയോ. വായോഃ ഇവ തസ്യനിഗ്രഹം=വായുവിൻെറയെന്നപോലെ അതിൻെറ നിഗ്രഹത്തെ. സുദുഷ്കരംമന്യേ=അതിപ്രയാസമുള്ളതായിട്ടു ഞാൻ വിചാരിക്കുന്നു.

മനസ്സ് ചഞ്ചലതാദിഗുണങ്ങളുള്ളതാണെന്നു കാണിപ്പാൻ ഗീതാവാക്യത്തെ പ്രമാണമായി കാണിക്കുന്നു: – അല്ലയോ കൃഷ്ണ! മനസ്സ്! ചഞ്ചലവും പുരുഷനെ വ്യാകുലപ്പെടുത്തുന്ന സ്വഭാവമുള്ളതും അടക്കാൻ സാധിക്കാത്ത വിധത്തിൽ ശക്തിയുള്ളതും നല്ലതോ ചീത്തയോ ആയ ഒരു വിഷയത്തിൽ പിടികൂടിയാൽ പിന്നെ അതിൽനിന്നു വേർപെടുത്താൻ കഴിയാത്തതായ സിദ്ധാന്തമുള്ളതും; ആകുന്നുവെല്ലൊ. അതുകൊണ്ടു ആ മനസ്സിനെ അടക്കുകയെന്നത് വായുവിനെ ചലിപ്പിക്കാതെ നിർത്തുന്നതുപോലേ സാധിക്കാത്തതായ കാര്യംതന്നെയെന്നു ഞാൻ വിചാരിക്കുന്നുവെന്ന് വീരാഗ്രേസരനായ അർജ്ജുനൻ ഭഗവാനോടു പറഞ്ഞിരിക്കുന്നു

121. അപ്യബ്ധിപാനാന്മഹതഃ സുമേരൂന്മൂലനാദപി
അപിവഹ്ന്യശനാൽ സാധോ വിഷമശ്ചിത്തനിഗ്രഹഃ.

സാധോ! ചിത്തനിഗ്രഹഃ=അല്ലയോ മഹാത്മൻ! മനസ്സിൻെറ നിഗ്രഹം. അബ്ധിപാനാൽഅപി=സമുദ്രത്തെ പാനംചെയ്യുന്നതിനെക്കാട്ടിലും. മഹതഃ സുമേരൂന്മൂലനാത് അപി=മഹത്തായ സുമേരുപർവ്വതത്തെ പുഴക്കി മറിച്ചിടുന്നതിനെക്കാട്ടിലും. വഹ്ന്യശനാത് അപി=അഗ്നിയെ ഭക്ഷിക്കുന്നതിനെക്കാട്ടിലും. വിഷമഃ=പ്രയാസമേറിയ പ്രവൃത്തിയാകുന്നു.

എന്ന് ചിത്തനിഗ്രഹപ്രയാസത്തെക്കുറിച്ച് ശ്രീരാമചന്ദ്രൻ സ്വഗുരുവായ വസിഷ്ഠരോടു പറഞ്ഞിരിക്കുന്ന വാക്യവും പ്രമാണമാകുന്നു.

122. കഥനാദൌ ന നിർബ്ബന്ധഃ ശൃംഖലാ ബദ്ധദേഹവത്
കിന്ത്വനന്തേതിഹാസാദ്യൈർവ്വിനോദോനാട്യവദ്ധിയഃ.

ശൃംഖലാ ബദ്ധദേഹവത്=ചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ട ദേഹത്തിന്നെന്നപോലെ. കഥനാദൌ നിർബന്ധഃ ന=സംഭാഷണാദിയിൽ നിർബ്ബന്ധമില്ല. കിന്തു അനന്തേതിഹാസാദ്യൈഃ=പിന്നെയോ അനവധികളായ ഇതിഹാസം മുതലായവകൊണ്ടു. നാട്യവത്=കളികൾകൊണ്ടെന്നപോലെ. ധിയഃവിനോദഃ=ബുദ്ധിക്ക് വിനോദമായിരിക്കും.

ധ്യാനാദികൾക്കുള്ളതുപോലെ "തച്ചിന്തനം തൽകഥനം" എന്നിങ്ങിനെ മുൻപറഞ്ഞ സംഗതികളെ അനുഷ്ഠിക്കുന്നതിൽ പ്രയാസമില്ല, എന്നു കാണിക്കുന്നു:—ചങ്ങലകൊണ്ടു കെട്ടിയ ദേഹത്തിന്നു അന്യത്ര സഞ്ചരിപ്പാൻ സാധിക്കയില്ല. എങ്കിലും ഇരിക്കുന്നതോ കിടക്കുന്നതോ ആയ നിലയിൽത്തന്നെ സംസാരിക്കുകയോ മററുള്ളവർ പറയുന്നതു കേൾക്കുകയോ മനസ്സുകൊണ്ടു വല്ലതും ആലോചിക്കുകയോ ചെയ്യുന്നതിൽ തടസ്ഥം യാതൊന്നുമില്ല. എന്നതന്നെയല്ല, പണ്ടുള്ളവരുടെ ചരിത്രങ്ങൾ, ഈശ്വരാവതാരലീലാ വർണ്ണനങ്ങൾ എന്നിവ അടങ്ങീട്ടുള്ള അനേകം ഇതിഹാസങ്ങൾ, പുരാണങ്ങൾ കേൾക്കുക, അവയിലടങ്ങീട്ടുള്ള സാരാംശത്തെ കുറിച്ചു ചിന്തിക്കുക എന്നീ വിഷയങ്ങളിൽ ഏർപ്പെടുന്നത് കളികാണുക, പാട്ടു കേൾക്കുക എന്ന മട്ടിൽ ബുദ്ധിക്കു വിനോദംകൂടിയായിരിക്കും.

123. ചിദേവാത്മാ ജഗന്മിഥ്യേ ത്യത്രപര്യവസാനതഃ
നിദിധ്യാസനവിക്ഷേപോ നേതിഹാസാദിഭിർഭവേത്.

അത്ര ആത്മാചിത് ഏവ=ഇതിൽ (ഇതിഹാസാദികളിൽ) ആത്മാവുചിത്തുതന്നെ. ജഗത്മിഥ്യാ ഇതി പര്യവസാനതഃ=ജഗത്ത് മിഥ്യ എന്നു പര്യവസാനിക്കുന്നതുകൊണ്ട്. ഇതിഹാസാദിഭിഃ=ഇതിഹാസം മുതലായവകൊണ്ട്. നിദിധ്യാസനവിക്ഷേപഃ നഭവേത്=നിദിധ്യാസനത്തിന്നു വിക്ഷേപം ഭവിക്കയില്ല.

കഥാശ്രവണകീർത്തനാദികൾകൊണ്ട് "ഏതദേകപരതാംച" എന്ന വാക്യത്താൽ സൂചിപ്പിക്കപ്പെട്ട നിദിധ്യാസനത്തിന്നു ചാഞ്ചല്യം സംഭവിക്കയില്ലെയോ എന്ന ശങ്കയെ തീക്കുന്നു:— ഇതിഹാസപുരാണാദികളിൽ ദേഹേന്ദ്രിയാദികളെ ആത്മാവെന്നൊ ജഗത്തു സത്യമാണെന്നൊ പറയുന്നില്ല. ആത്മാവു ചിദ്രൂപൻ, ജഗത്തു മിഥ്യ എന്നുതന്നെയാണറപ്പിക്കുന്നത്. അതുകൊണ്ടു ഇതിഹാസപുരാണാദി ശ്രവണകീർത്തനാദികൾ നിദിധ്യാസനത്തെ വിരോധിക്കുന്നില്ല.

124. കൃഷിവാണിജ്യസേവാദൌ കാവ്യതക്കാദികേഷുച
വിക്ഷിപ്യതേ പ്രവൃത്ത്യാധീസ്തൈസ്തത്വസ്മൃത്യസംഭവാത്.

കൃഷിവാണിജ്യസേവാദൌ=കൃഷി, കച്ചവടം സേവ എന്നിവയിലും. കാവ്യതക്കാദികേഷുച=കാവ്യതക്കാദികളിലും. തൈഃ തത്വസ്മൃത്യസംഭവാത്=അവകകൊണ്ടു തത്വസ്മരണത്തിന്നവകാശമില്ലാത്തതുകൊണ്ട്. പ്രവൃത്ത്യാധീഃ വിക്ഷിപ്യതേ=പ്രവൃത്തിനിമിത്തം ബുദ്ധിക്കു വിക്ഷേപം നേരിടും.

ഇതിഹാസപുരാണാദികളിൽ ഏപ്പെടാമെന്നു സമ്മതിക്കുന്നപക്ഷം കൃഷ്യാദികളിലും പ്രവൃത്തിച്ചുകൂടെയോ എന്ന ശങ്കയെ തീക്കുന്നു:—കൃഷി, കച്ചവടം, സേവ, കാവ്യാലാപം, തക്കചിന്ത എന്നിവകളിൽ ബ്രഹ്മസ്മൃതിക്കവകാശമില്ലാത്തതുകൊണ്ട് ആ വക പ്രവൃത്തികളിൽ ബുദ്ധിക്കു വിക്ഷേപം സംഭവിക്കും. ലക്ഷ്യമായ ബ്രഹ്മത്തിൽനിന്നു ചലിക്കാനിടവരും. അതുകൊണ്ടു കൃഷ്യാദിവ്യാപാരങ്ങളിൽ ബ്രഹ്മജിജ്ഞാസു ഏപ്പെടുവാൻ പാടില്ല.

125. അനുസന്ദധതൈവാത്ര ഭോജനാദൌ പ്രവർത്തിതും
ശക്യതേത്യന്തവിക്ഷേപാ ഭാവാദാശു പുനഃസ്മൃതേഃ.

അനുസന്ദധതാ ഏവ=അനുസന്ധാനത്തോടുകൂടെത്തന്നെ. അത്ര ഭോജനാദൌ=ഈ ഭോജനാദിയിൽ, പ്രവർത്തിതും ശക്യതേ=പ്രവൃത്തിപ്പാൻ കഴിയും. അത്യന്തവിക്ഷേപാ ഭാവാത്=അത്യന്തം വിക്ഷേപം ഇല്ലാത്തതുകൊണ്ട്. ആശുപുനഃസ്മൃതേഃ=ഉടനെത്തന്നെ രണ്ടാമതും സ്മരിപ്പാൻ കഴിയുന്നതുകൊണ്ടും.

കൃഷ്യാദിവ്യാപാരങ്ങൾ തത്വാനുസന്ധാനവിരോധികളാണെങ്കിൽ ഭോജനാദികളും അങ്ങിനെതന്നെയല്ലെയോ എന്ന ശങ്കക്കു സമാധാനം:—തത്വാനുസന്ധാനം വിട്ടുകളയാതെതന്നെ ഭോജനാദികളിൽ ജിജ്ഞാസുവിന്നു പ്രവൃത്തിപ്പാൻ സാധിക്കും. ഭോജനാദിവ്യാപാരങ്ങൾ തത്വത്തിന്റെ അത്യന്തവിസ്മൃതിഹേതുക്കളുമല്ല. ഭോജനാദികൾ കഴിഞ്ഞ ഉടൻതന്നെ തത്വം ചിന്തിപ്പാനും കഴിയും. ആകയാൽ ഭോജനാദികളെ പരിത്യജിക്കേണ്ടതായ ആവശ്യമില്ല.

126. തത്വവിസ്മൃതിമാത്രാന്നാ നത്ഥഃ കിന്തുവിപര്യയാൽ
വിപര്യേതും ന കാലോസ്തി ഝടിതി സ്മരതഃ ക്വചിത്.

തത്വവിസ്മൃതി മാത്രാത് ന അനത്ഥഃ=തത്വത്തെ മറക്കുന്നതു മാത്രംകൊണ്ടല്ല അനത്ഥം. കിന്തുവിപര്യയാത്=പിന്നെയോ എന്നാൽ വിപരീതഭാവനകൊണ്ടാണ്. ക്വചിൽ ഝടിതി സ്മരതഃ=ചിലേടത്തു ഉടൻ സ്മരിക്കുന്നവന്നു. വിപര്യേതും കാലഃന അസ്തി=വിപരീതഭാവനക്കു സമയമില്ല.

എന്നാൽ ഭോജനാദി കാലങ്ങളിൽ വിക്ഷേപമില്ലെന്നിരിക്കിലും സത്യവസ്തുവിന്റെ വിസ്മരണം നിമിത്തം പുരുഷാത്ഥഹാനി വരുമല്ലൊ എന്ന ശങ്കക്കു സമാധാനം:—തത്വത്തെ ഓക്കാത്തതുകൊണ്ടു മാത്രമല്ല അനത്ഥമുണ്ടാകുന്നത്. പിന്നെ എങ്ങിനെയാണെങ്കിൽ വിപരീതഭാവനകൊണ്ടാണ് അനത്ഥമുണ്ടാകുന്നത്. ഭോജനാദികളായ വ്യാപാരങ്ങളിൽനിന്നു വിരമിച്ച ഉടൻതന്നെ തത്വചിന്തനത്തിൽ ഏപ്പെടുന്നവന്നു വിപരീതഭാവനക്കവസരമില്ല.

127. തത്വസ്മൃതേരവസരോ നാസ്ത്യന്യാഭ്യാസശാലിനഃ
പ്രത്യുതാഭ്യാസഘാതിത്വാൽ ബലാത്തത്വമുപേക്ഷ്യതേ.

അന്യാഭ്യാസശാലിനഃ=അന്യങ്ങളെ അഭ്യസിക്കുന്നവന്ന്. തത്വസ്മൃതേഃ അവസരഃ നാസ്തി=തത്വം സ്മരിക്കാനവസരമില്ല. പ്രത്യുത അഭ്യാസഘാതിത്വാത്=മറിച്ച് തത്വാഭ്യാസത്തെ നശിപ്പിക്കുകകൂടെ ചെയ്യുന്നതാകയാൽ. ബലാത് തത്വം ഉപേക്ഷ്യതേ=ബലാൽകാരത്താൽ തത്വം ഉപേക്ഷിക്കപ്പെടുന്നു.

ഭോജനാദികളിൽ ഏർപ്പെട്ട പുരുഷൻ തത്വസ്മൃതിയെ ഉപേക്ഷിക്കയില്ലെങ്കിൽ കാവ്യതർക്കാദികളെ അഭ്യസിക്കുന്നവനും തത്വമറവികൂടാതെ അഭ്യസിച്ചുകൂടയോ എന്നു ശങ്കിക്കുന്നുവെങ്കിൽ അതു സംഭാവ്യമല്ല. എന്തുകൊണ്ടെന്നാൽ അന്യങ്ങളായ കാവ്യതർക്കാദികളെ അഭ്യസിച്ചുല്ലസിക്കുന്നവന്ന് ബ്രഹ്മതത്വം സ്മരിപ്പാൻ അവസരം ഇല്ലെന്നുമാത്രമല്ല, നേരെമറിച്ചു ബലാൽകാരേണ തത്വവിസ്മൃതിയെ കൂടെ വരുത്തുകയും ചെയ്യും.

128. തമേവൈകം വിജാനീഥ ഹ്യന്യാവാചോ വിമുഞ്ചഥ
ഇതിശ്രുതം തഥാന്യത്ര വാചോ വിഗ്ലാപനം ത്വിതി.

തംഏകം ഏവവിജാനീഥ=ആ ഏകത്തെത്തന്നെ വിശേഷമായറിയുവിൻ. അന്യാഃ വാചഃ വിമുഞ്ചഥ= അന്യങ്ങളായ വാക്കുകളെ തീരെ ഉപേക്ഷിക്കുവിൻ. ഇതിശ്രുതം=എന്നു ശ്രുതമാണ്. വാചഃ വിഗ്ലാപനംതു ഇതി=വാഗിന്ദ്രിയശ്രമകരവുമാണെന്നു അന്യത്രശ്രുതം=മററു ശ്രുതിയിലും ഉണ്ട്.

തത്വാനുസന്ധാനത്തെ വിരോധിക്കുന്ന വാഗാദിവ്യവഹാരങ്ങളെ ഉപേക്ഷിക്കേണമെന്നുള്ള പ്രമാണം കാണിക്കുന്നു:—ആ ഏകനായ ആത്മാവിനെ മാത്രം സംശയവിപരീതഭാവനകൾകൂടാതെ അറിയുവിൻ. അന്യവിഷയങ്ങളെകുറിച്ചുള്ള വാക്കുകളെ തീരെ വിട്ടുകളയുവിൻ. വ്യർത്ഥാലാപംനിമിത്തം വാഗിന്ദ്രിയം ക്ഷീണിക്കും എന്നിങ്ങിനെ മററു ശ്രുതിപ്രമാണങ്ങളുമുണ്ട്.

129. ആഹാരാദിത്യജന്നൈവ ജീവേച്ഛാസ്ത്രാന്തരം ത്യജൻ
കിംന ജീവസി യേനൈവം കരോഷ്യത്ര ദുരാഗ്രഹം.

ആഹാരാദിത്യജൻ നഏവ ജീവേത്=ആഹാരാദി ഉപേക്ഷിക്കുന്നവൻ. ജീവിച്ചിരിക്കുകതന്നെയില്ല. ശാസ്ത്രാന്തരം ത്യജൻ ത്വം നകിം ജീവസി=അന്യശാസ്ത്രത്തെ ഉപേക്ഷിക്കുന്ന നീ ജീവിക്കയില്ലെയോ. യേനഅത്ര ഏവംദുരാഗ്രഹംകരോഷി=യാതൊന്നുകൊണ്ടു ഇതിൽ ഇപ്രകാരം ദുരാഗ്രഹം നിനക്കുണ്ടാകുന്നു.

തത്വാനുസന്ധാനമല്ലാത്തതായ ആഹാരാദിവ്യവഹാരം ഉപേക്ഷിക്കാത്തതുപോലെ ഇതരശാസ്ത്രാഭ്യാസവും ഉപേക്ഷിക്കേണമെന്നില്ല എന്നു പിന്നെയും വാദിക്കുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—എടോ വാദിൻ, ആഹാരാദിയെ ഉപേക്ഷിച്ചാൽ ജീവിച്ചിരിക്കുകയില്ല. അന്യങ്ങളായ ശാസ്ത്രങ്ങളെ അഭ്യസിക്കാഞ്ഞാൽ അങ്ങ് മരിച്ചുപോകുമോ. എന്തിനായിട്ടു ഇതരശാസ്ത്രാദ്യഭ്യാസങ്ങളിൽ ഇത്രത്തോളം ദുരാഗ്രഹം വെച്ചിരിക്കുന്നു.

130. ജനകാദേഃ കഥം രാജ്യ മിതിചേദ്ദൃഢബോധതഃ
തഥാത്വവാപിചേത്തർക്കം പഠ യദ്വാ കൃഷിം കുരു.

ജനകാദേഃ കഥംരാജ്യം ഇതിചേത്=ജനകാദികൾക്ക് രാജ്യം എങ്ങിനെ എന്നാണെങ്കിൽ. ദൃഢബോധതഃ=ദൃഢബോധം ഉള്ളതുകൊണ്ടാണ്. തഥാത്വ അപിചേത്=അപ്രകാരം അങ്ങെക്കും ഉണ്ടെങ്കിൽ. തർക്കം പഠ, യദ്വാകൃഷിം കുരു=തർക്കം പഠിക്കുകയോ കൃഷി ചെയ്യുകയോ ആവാൻ വിരോധമില്ല.

എന്നാൽ തത്വജ്ഞാനികളായിരുന്ന ജനകാദികൾ രാജ്യപരിപാലനാദികാര്യങ്ങളിൽ എങ്ങിനെ ഏർപ്പെട്ടുവെന്നാണെങ്കിൽ അവരുടെ അപരോക്ഷജ്ഞാനം അത്രത്തോളം ദൃഢപ്പെട്ടിരുന്നതിനാൽ ആവക യാതൊരു വ്യാപാരങ്ങൾക്കും അവരുടെ തത്വബോധത്തെ ബാധിപ്പാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടവർ ആവകയെല്ലാം ചെയ്തിരുന്നു. എന്നാൽ എനിക്കും അത്രത്തോളം ജ്ഞാനദാർഢ്യമുണ്ടെന്നു പറയുന്ന വാദിയോടു സിദ്ധാന്തി പറയുന്നു: അങ്ങിനെയാണെങ്കിൽ തർക്കശാസ്ത്രം പഠിച്ചുകൊൾക. വേണമെന്നുണ്ടെങ്കിൽ കൃഷിയും ചെയ്തുകൊൾക.

131. മിഥ്യാത്വവാസനാദാർഢ്യേ പ്രാരബ്ധക്ഷയകാംക്ഷയാ
അക്ലിശ്യന്തഃ പ്രവർത്തന്തേ സ്വസ്വകർമ്മാനുസാരതഃ.

മിഥ്യാത്വവാസനാദാർഢ്യേ=മിഥ്യയാണെന്ന വിചാരം ഉറച്ചിരിക്കുമ്പോൾ. പ്രാരബ്ധക്ഷയകാംക്ഷയാ=

പ്രാരബ്ധകർമ്മക്ഷയത്തെ ആഗ്രഹിച്ചുകൊണ്ട്. സ്വസ്വകർമ്മാനുസാരതഃ=അവരവരുടെ കർമ്മാനുസരണം. അക്ലിശ്യന്തഃപ്രവർത്തന്തേ=ക്ലേശിക്കാതെ പ്രവർത്തിക്കുന്നു.

തത്വജ്ഞന്മാരായ ജനകാദികൾ സംസാരത്തിന്റെ അസാരതയെ അറിഞ്ഞിരിക്കേ എന്തിനായിട്ടു രാജ്യപരിപാലനാദികളിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന ശങ്കക്കു സമാധാനം:—സംസാരകാര്യങ്ങളെല്ലാം മിഥ്യാഭൂതങ്ങളാണെന്ന ബോധം തത്വജ്ഞാനത്താൽ ഉറച്ചിട്ടുള്ളപ്പോഴും പ്രാരബ്ധകർമ്മത്തെത്തടുക്കാൻ കഴിയാത്തതാകയാൽ അവരവരുടെ കർമ്മാനുസരണം വന്നുചേർന്നിരിക്കുന്ന ഭോഗങ്ങളെ അനുഭവിച്ച് പ്രാരബ്ധത്തിന്റെ ക്ഷയത്തെ പ്രതീക്ഷിച്ചുംകൊണ്ടു അവർ പ്രവൃത്തിക്കുന്നുവെന്നു മാത്രമേ അവരുടെ പ്രവൃത്തിയിൽനിന്നറിയേണ്ടതുള്ളു. പ്രാരബ്ധാനുസരണം വന്നുചേർന്നിരിക്കുന്ന കർമ്മങ്ങൾ നടത്തുന്നതിൽ അവക്കു സന്തോഷസന്താപരൂപങ്ങളായ വികാരങ്ങൾ ഉണ്ടാകുകയുമില്ല. ഫലാനുഭവംകൊണ്ടല്ലാതെ പ്രാരബ്ധം ക്ഷയിക്കുകയില്ലെന്നതു കർമ്മനിയമമാകുന്നതിൽ ജ്ഞാനികളേയും അതു ബാധിക്കുന്നു.

132. അതിപ്രസംഗോമാശങ്ക്യഃ സ്വകർമ്മവശവർത്തിനാം
അസ്തുവാകേനശക്യേത കർമ്മവാരയിതും വദ.

സ്വകർമ്മവശവർത്തിനാം=അവരവരുടെ കർമ്മത്തിന്നധീനപ്പെട്ടിരിക്കുന്നവരെകുറിച്ച്. അതിപ്രസംഗഃമാശങ്ക്യഃ=അത്യതികവിഞ്ഞ നിലയിൽ ശങ്കിപ്പാനാവശ്യമില്ല. അസ്തുവാ കർമ്മവാരയിതും=ഉണ്ടാകട്ടെ കർമ്മത്തെതടുക്കുവാൻ. കേനശക്യേതവദ=ആരെക്കൊണ്ടു കഴിയും പറയുക.

അങ്ങിനെ പ്രവൃത്തികളിൽ പ്രവേശിക്കുകയെന്നു വന്നാൽ അനാചാരത്തിലും പ്രവൃത്തിച്ചുവെന്നു വരും എന്ന ശങ്കയെ പരിഹരിക്കുന്നു:—അവരവരുടെ പ്രാരബ്ധകർമ്മത്തിന്റെ അധീനതയിൽ അകപ്പെട്ടിരിക്കുന്ന ജ്ഞാനികൾ അനാചാരങ്ങളിൽ ഏർപ്പെട്ടുമെന്നുള്ള മര്യാദയില്ലാത്ത ശങ്കയുണ്ടാവാൻ പാടില്ല. അഥവാ ആ വിധത്തിലും പ്രവൃത്തിക്കുമെന്നുതന്നെ വിചാരിക്കുന്നുവെങ്കിലോ അവർ ആ വിധത്തിലും പ്രവൃത്തിക്കട്ടെ. കർമ്മശക്തിയെ അതിക്രമിക്കാൻ ആക്കു കഴിയും. ആക്കും അതു സാധ്യമല്ല. അതസാധ്യമാണെന്നു ചിന്താശാലികൾക്കറിവാൻ കഴിയും. ജ്ഞാനിയെ കർമ്മഫലം സ്പർശിക്കയില്ല

133. ജ്ഞാനിനോജ്ഞാനിനശ്ചാത്ര സമേ പ്രാരബ്ധകർമ്മണി
നക്ലേശോജ്ഞാനിനോധൈര്യാന്മൂഢഃ ക്ലിശ്യത്യധൈര്യതഃ.

ജ്ഞാനിനഃ അജ്ഞാനിനഃ=ജ്ഞാനിക്കും അജ്ഞാനിക്കും. പ്രാരബ്ധകർമ്മണിസമേ=പ്രാരബ്ധകർമ്മങ്ങൾ തുല്യങ്ങൾ. അത്രജ്ഞാനിനഃ ധൈര്യാത്=ഇതിൽ ജ്ഞാനിക്ക് ഉറപ്പുള്ളതുകൊണ്ടു. ന ക്ലേശഃ=ദുഃഖമില്ല. മൂഢഃ അധൈര്യതഃ ക്ലിശ്യതി=മൂഢൻ അധൈര്യം നിമിത്തം ക്ലേശിക്കും.

ജ്ഞാനിക്കും അജ്ഞാനിക്കും പ്രാരബ്ധകർമ്മങ്ങൾ അവശ്യം അനുഭവിക്കേണ്ടതായിവരുന്നുണ്ടെങ്കിൽ അവക്കു തമ്മിൽ എന്തു ഭേദം എന്നു ശങ്കിക്കുന്നുവെങ്കിൽ ജ്ഞാനിക്ക് പ്രാരബ്ധകർമ്മത്തിന്റെ സ്വരൂപബോധത്തിൽ ഇളക്കമില്ലാത്തതുകൊണ്ടു സന്താപമോ സന്തോഷമോ ഉണ്ടാകയില്ല, നിർവ്വികാരനായിരിക്കും. അജ്ഞാനിക്ക് ആ ധൈര്യമില്ലാത്തതിനാൽ സന്തോഷസന്താപങ്ങളുണ്ടാകും. ഇതാണവക്ക് തമ്മിലുള്ള ഭേദം.

134. മാർഗ്ഗേ ഗന്ത്രോർദ്വയോഃ ശ്രാന്തൌ സമായാമപ്യദൂരതാം
ജാനൻ ധൈര്യാദ്ദ്രുതം ഗച്ഛേദന്യസ്തിഷ്ഠതിദീനധീഃ.

മാർഗ്ഗേഗന്ത്രോഃ ദ്വയോഃ=വഴിയിൽ സഞ്ചരിക്കുന്ന രണ്ടുപേരുടെ. ശ്രാന്തൌസമായാംഅപി=ക്ഷീണം തുല്യമായിരിക്കുന്നുവെങ്കിലും. അദൂരതാംജാനൻ=ദൂരമില്ലായ്മയെ അറിയുന്നവൻ. ധൈര്യാത് ദ്രുതംഗച്ഛേത്=ധൈര്യം നിമിത്തം വേഗം നടക്കും. അന്യഃദീനധീഃ തിഷ്ഠതി=ഇതരൻ ദുഃഖിതനായിരിക്കും.

ജ്ഞാനിക്കും അജ്ഞാനിക്കും പ്രാരബ്ധകർമ്മഫലാനുഭവത്തിൽ ഭേദത്തെ കാണിപ്പാൻ ദൃഷ്ടാന്തം പറയുന്നു:—രണ്ടുപേർ വഴിയിൽകൂടെ സഞ്ചരിക്കുന്നു. രണ്ടുപേക്കും ഒരുപോലെ ക്ഷീണവുമുണ്ട്. എന്നാൽ അതിലൊരുവന്നു തനിക്കെത്തേണ്ടതായ സ്ഥാനം അടുത്തിരിക്കുന്നുവെന്നറിവുള്ളതിനാൽ അവൻ ധൈര്യത്തോടുകൂടെ അതിവേഗം സഞ്ചരിക്കും. ലക്ഷ്യസ്ഥാനം അറിയാത്ത മറേറ യാത്രക്കാരൻ ദുഃഖിച്ചുകൊണ്ട് ക്ഷീണം തീക്കാൻ വളരെ സമയം ഒരേടത്തുതന്നെയിരിക്കും.

135. സാക്ഷാൽ കൃതാത്മധീഃ സമ്യഗവിപര്യയബാധിതഃ
കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്.

സമ്യക് സാക്ഷാൽകൃതാത്മധീഃ=തെററുകൂടാതെ ബുദ്ധികൊണ്ടാത്മാവിനെ സാക്ഷാൽകരിച്ച പുരുഷൻ.

അവിപര്യയബാധിതഃ=വിപരീതഭാവനയാൽ ബാധിക്കപ്പെടാത്തവനായിട്ട്. കസ്യകാമായ=ആരുടെ ആഗ്രഹത്തിനു വേണ്ടീട്ട്. കിംഇച്ഛൻ=എന്തിനെ ആഗ്രഹിക്കുന്നവനായിട്ട്. ശരീരംഅനുസംജ്വരേത്=ശരീരത്തെ അനുസരിച്ചു ദുഃഖിക്കേണം.

"ആത്മാനംചേദ്വിജാനീയാൽ" എന്ന മന്ത്രത്തിന്റെ പൂർവ്വാർദ്ധത്തിന്റെ അർത്ഥത്തെ വിവരിച്ചശേഷം "കിമിച്ഛൻ കസ്യകാമായശരീരമനു സംജ്വരേത്" എന്ന ഉത്തരാർദ്ധാർത്ഥത്തെ വിവരിപ്പാൻ ഭാവിക്കുന്നു:—മുകളിൽ 134 ശ്ലോകങ്ങളിൽ പറഞ്ഞ രീതിയിൽ സംശയവിപരീതഭാവനാദോഷങ്ങളൊന്നുമില്ലാതെ സ്വബുദ്ധിവൃത്തികൊണ്ടു ഏകവും അദ്വിതീയവുമായ പ്രത്യഗഭിന്നബ്രഹ്മത്തെ സാക്ഷാത്തായിട്ടറിഞ്ഞ പുരുഷൻ—നിൽസ്വരൂപൻ—അവനെക്കൂടാതെ അന്യനായിട്ടു യാതൊരുവനേയും കാണാത്തതുകൊണ്ടും ആത്മാനന്ദത്തെ അനുഭവിച്ചതുകൊണ്ടു കാമിക്കത്തക്കതായ യാതൊരന്യവിഷയവുമില്ലാത്തതുകൊണ്ടും ആരുടെ ഏതൊരിഷ്ടത്തെ സാധിപ്പിക്കുവാൻവേണ്ടീട്ടു ശരീരത്തെ അനുസരിച്ചു ദുഃഖിക്കേണം. ദുഃഖിപ്പാൻ കാരണം ഇല്ലാതായി തീരുന്നുവെന്നഭിപ്രായം. മന്ത്രത്തിന്റെ പൂർവ്വാർദ്ധത്തിന്റെ അർത്ഥം ശരിക്കറിയുമ്പോൾ ഉണ്ടാകുന്ന ഫലം സർവ്വദുഃഖനിവൃത്തിയാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഇനിമേൽ വരുന്ന പദ്യങ്ങൾ ഈ ഫലത്തെ വിശദമാക്കുന്നുള്ളവയാകുന്നു.

136. ജഗന്മിഥ്യാത്വധീഭാവാ ദാക്ഷിപ്തൌ കാമ്യകാമുകൌ
തയോരഭാവേസന്താപഃ ശാമ്യേന്നിഃ സ്നേഹദീപവത്.

ജഗന്മിഥ്യാത്വധീഭാവാത്=ജഗത്ത് മിഥ്യയാണെന്നുള്ള ബോധം ഉണ്ടായതിനാൽ. കാമ്യകാമുകൌആക്ഷിപ്തൌ=കാമിക്കത്തക്ക വസ്തുവും കാമിക്കുന്ന പുരുഷനും നിരസിക്കപ്പെട്ടു. തയോഃ അഭാവേ=ആ രണ്ടിന്റെയും അഭാവം വന്നപ്പോൾ. നിഃസ്നേഹദീപവത്=എണ്ണയില്ലാത്തതായ ദീപം എന്നപോലെ. സന്താപഃ ശാമ്യേത്=സന്താപം ശമിക്കും.

മന്ത്രത്തിന്റെ ഉത്തരാർദ്ധമായ "കിമിച്ഛൻ" ഇത്യാദിയുടെ അർത്ഥം പറയുന്നു:—ജഗത്ത് മിഥ്യയാണെന്ന ബോധം ദൃഢപ്പെട്ടതിനാൽ ജഗത്തിൽ അന്തർഭവിച്ചിരിക്കുന്ന ഭോഗപദാർത്ഥങ്ങളും അവയെ ആഗ്രഹിക്കുന്നവനും ഇല്ലെന്നു വന്നുകഴിഞ്ഞു. അതു രണ്ടുമില്ലെന്നുവന്നപ്പോൾ എണ്ണയില്ലാത്തതായ ദീപം എന്നപോലെ സന്താപം താനെ ശമിക്കും. കാമിക്കത്തക്ക വസ്തുക്കളില്ലാത്തതിനാൽ കാമവുമില്ലാതാകുമെന്നു സാരം.

137. ഗന്ധർവ്വപത്തനേകിംചിന്നൈന്ദ്രജാലികനിർമ്മിതേ
ജാനൻ കാമയതേ കിന്തു ജിഹാസതിഹസന്നിദം.

ഐന്ദ്രജാലിക നിർമ്മിതെ=ഇന്ദ്രജാലക്കാരൻ നിർമ്മിച്ചതായ. ഗന്ധർവ്വപത്തനേ=ഗന്ധർവ്വനഗരത്തിൽ. ജാനൻ=അറിയുന്നവനായിട്ടു. കിംചിത്നകാമയതെ=ഒന്നിനെയും കാമിക്കുന്നില്ല. കിന്തുഹസൻഇദംജിഹാസതി=പിന്നെയോ ചിരിച്ചുകൊണ്ട് ഇതിനെ ഉപേക്ഷിക്കാനിച്ഛിക്കും.

കാമിക്കത്തക്ക പദാർത്ഥങ്ങളില്ലാത്തതിനാൽ കാമത്തിനും അവകാശമില്ലെന്നതിനെ ദൃഷ്ടാന്തപൂർവ്വം ഉറപ്പിക്കുന്നു:—ആകാശത്തിൽ ഒരു പട്ടണവും പല സാധനങ്ങളും ഇന്ദ്രജാലവിദ്യാശക്തിയാൽ ഒരാൾ പ്രത്യക്ഷമാക്കി. ഇത് ഇന്ദ്രജാലവിദ്യയുടെ സാമർത്ഥ്യത്താൽ കാണപ്പെടുന്ന നഗരവും വസ്തുക്കളുമാണെന്നറിഞ്ഞ ഒരു മനുഷ്യൻ ആ കാണപ്പെടുന്ന ഏതെങ്കിലുംഒന്ന് തനിക്കു കിട്ടേണമെന്നാഗ്രഹിക്കുകയില്ലെന്നു മാത്രമല്ല ശുദ്ധമേ വ്യാജമായ ഇതിനെ കാണുകപോലും വേണ്ട എന്നു വിചാരിച്ച് ചിരിച്ചുകൊണ്ടു ആ കാഴ്ച വേണ്ടെന്നു കരുതി സ്ഥലംതന്നെ വിട്ടുപോകും.

138. ആപാതരമണീയേഷു ഭോഗേഷ്വേവം വിചാരവാൻ
നാനുരജ്യതികിന്ത്വേതാൻ ദോഷദൃഷ്ട്യാജിഹാസതി.

ഏവംആപാതരമണീയേഷു=ഇപ്രകാരം ദോഷദൃഷ്ടിയുണ്ടാകുന്നതുവരേ മാത്രം രമ്യങ്ങളെന്നു തോന്നുന്ന. ഭോഗേഷു=വിഷയങ്ങളിൽ. വിചാരവാൻ=ചിന്താശീലനായ പുരുഷൻ. നാനുരജ്യതി=അനുരഞ്ജിക്കുകയില്ല. കിന്തുദോഷദൃഷ്ട്യാജിഹാസതി=പിന്നെയോ ദോഷദർശനംനിമിത്തം ഉപേക്ഷിപ്പാനാഗ്രഹിക്കും.

ദൃഷ്ടാന്തമായി പറഞ്ഞ ഗന്ധർവ്വനഗരത്തിലെ സ്ഥിതിയെ ദാർഷ്ടാന്തമായ വിഷയങ്ങളിൽ യോജിപ്പിക്കുന്നു:—പര്യാലോചനചെയ്താൽ കുത്സിതങ്ങളും പുറമേ കാണുമ്പോൾ രമണീയങ്ങളെന്നു തോന്നുന്നവയുമായ സ്രക്ചന്ദനവനിതാദിസുഖസാധനങ്ങളിൽ ബുദ്ധിമാനായ ഒരാൾ അനുരക്തിയുള്ളവനാകയില്ല. നേരെമറിച്ച് ദോഷദർശനംനിമിത്തം അവയെ വിട്ടുകളയുവാൻ ആഗ്രഹിക്കുകയേയുള്ളൂ.

139. അൎത്ഥാനാമൎജ്ജനേക്ലേശസ്തഥൈവ പരിപാലനേ
നാശേദുഃഖം വ്യയേദുഃഖം ധിഗൎത്ഥാൻ ക്ലേശകാരിണഃ.

വിഷയങ്ങളിലെ ദോഷങ്ങളെ കാണിക്കുന്നു:—സുഖസാധനങ്ങളായ ധനാദികളെ സമ്പാദിപ്പാനും പരിപാലിപ്പാനും ക്ലേശമുണ്ട്. നശിക്കുമ്പോഴും ക്ലേശം. ചിലവാക്കുമ്പോഴും ക്ലേശം. ക്ലേശഹേതുക്കളായ അൎത്ഥങ്ങൾ നിന്ദാൎഹങ്ങൾതന്നെ.

140. മാംസപാഞ്ചാലികായാസ്തു യന്ത്രലോലേംഗപഞ്ജരേ
സ്നായ്വസ്ഥിഗ്രന്ഥിശാലിന്യാഃ സ്ത്രീയാഃ കിമിവശോഭനം.

മാംസപാഞ്ചാലികായാഃ=മാംസംകൊണ്ടുള്ള ഒരു പിള്ളാച്ചിയും. സ്നായ്വസ്ഥി ഗ്രന്ഥിശാലിന്യാഃ=ഞരമ്പുകളും എല്ലുകളും മാംസക്കട്ടകളും എന്നിവകൊണ്ടു ശോഭിക്കുന്നവളും ആയ. സ്ത്രീയാഃയന്ത്രലോലേ അംഗപഞ്ജരേ = സ്ത്രീയുടെ യന്ത്രംപോലെ ചലിച്ചുകൊണ്ടിരിക്കുന്ന ശരീരക്കൂട്ടിൽ. കിം ഇവ ശോഭനം= ഏതൊന്നാണ് ശോഭനമായിട്ടുള്ളത്.

വിഷയങ്ങൾ ദുഃഖപ്രധാനങ്ങളാണെന്നു കാണിച്ചശേഷം അവ ശോഭനങ്ങളുമല്ലെന്നു കാണിക്കുന്നു:—ഞരമ്പുകൾ, എല്ലുകൾ, തടിച്ചിരിക്കുന്ന മാംസപിണ്ഡങ്ങൾ (സ്തനങ്ങൾ—നിതംബങ്ങൾ മുതലായ ഭാഗങ്ങൾ) എന്നിവകൊണ്ടു സൌന്ദൎയ്യമുള്ളവൾ എന്നു കാമുകന്മാർ വിചാരിക്കുന്ന സ്ത്രീയുടെ യന്ത്രംപോലെ ചഞ്ചലമായിരിക്കുന്ന ശരീരമാകുന്ന കൂട്ടിൽ എന്തൊന്നാണ് ശോഭനമായിട്ടുള്ളത്.

141. ഏവമാദിഷുശാസ്ത്രേഷു ദോഷാഃ സമ്യഗ്‌പ്രപഞ്ചിതാഃ
വിമൃശന്നനിശംതാ നികഥം ദുഃഖേഷുമജ്ജതി.

ഏവമാദിഷുശാസ്ത്രേഷു=ഇത്യാദികളായ ശാസ്ത്രങ്ങളിൽ. ദോഷാഃ സമ്യക് പ്രപഞ്ചിതാഃ=ദോഷങ്ങൾ നന്നായി വിസ്തരിക്കപ്പെട്ടിട്ടുണ്ട്. താനിഅനിശംവിമൃശൻ = അവയെ എപ്പോഴും ആലോചിക്കുന്നവൻ. ദുഃഖേഷുകഥംമജ്ജതി=ദുഃഖങ്ങളിൽ എങ്ങിനെ മുങ്ങും.

ഇപ്രകാരമുള്ള അനേകം ശാസ്ത്രങ്ങളിൽ (വാസിഷ്ഠാദികളിൽ) വിഷയദോഷങ്ങളെ വേണ്ടുംവിളം വിസ്തരിച്ചു കാണിച്ചിരിക്കുന്നു. അവയെ എപ്പോഴും ചിന്തിക്കുന്ന ഒരു പുരുഷൻ സുഖസാധനങ്ങളെന്നു പാമരന്മാർ വിചാരിക്കുന്ന സ്ത്ര്യാദിവിഷയങ്ങളിൽ എങ്ങിനെ പ്രവേശിക്കും? ബുദ്ധിമാനാണെങ്കിൽ അവയെ ആഗ്രഹിക്കുകയില്ലെന്നു സാരം.

142. ക്ഷുധയാപീഡ്യമാനോപി നവിഷം ഹ്യത്തുമിച്ഛതി
മിഷ്ടാന്നധ്വസ്തതൃട്ജാനന്നമൂഢസ്തൽജിഘത്സതി.

ക്ഷുധയാപീഡ്യമാനഃ അപി=വിശപ്പുകൊണ്ടു ദുഃഖിക്കുന്നവനാണെങ്കിലും. വിഷം അത്തുംനഹിഇച്ഛതി= വിഷം ഭക്ഷിപ്പാനിച്ഛിക്കയില്ല. ജാനൻമിഷ്ടാന്നധ്വസ്തതൃട് അമൂഢഃ=അറിവുള്ളവനും സുഖഭക്ഷണംകൊണ്ടു തൃപ്തനുമായ വിവേകി. തൽനജിഘത്സതി=അതിനെ ഭക്ഷിപ്പാനാഗ്രഹിക്കുകയില്ല.

വിഷയദോഷത്തെ അറിഞ്ഞവൻ പിന്നെ അതിനെ ആഗ്രഹിക്കുകയില്ലെന്നു യുക്തിപൂൎവ്വം ഉറപ്പിക്കുന്നു:—വിശന്നുവലയുന്നവനാണെങ്കിലും വിഷം ഭക്ഷിപ്പാൻ ആരും വിചാരിക്കയില്ല അങ്ങിനെയിരിക്കെ, വിഷയങ്ങളുടെ ദോഷഭാഗങ്ങളെ അറിഞ്ഞും ആത്മബോധമാകുന്ന സുഖഭക്ഷണത്താൽ തൃപ്തനും ആയ വിവേകി വിഷതുല്യമായ വിഷയങ്ങളെ അനുഭവിപ്പാൻ ആഗ്രഹിക്കയില്ല.

143. പ്രാരബ്ധകൎമ്മപ്രാബല്യാൽ ഭോഗേഷ്വിച്ഛാഭവേദ്യദി
ക്ലിശ്നന്നേവതദാപ്യേഷ ഭുംക്തേവിഷ്ടിഗൃഹീതവത .

പ്രാരബ്ധകൎമ്മപ്രാബല്യാത് = പ്രാരബ്ധകൎമ്മത്തിന്റെ ശക്തിനിമിത്തം. ഭോഗേഷു ഇച്ഛായദിഭവേത്=ഭോഗങ്ങളിൽ ഇച്ഛയുണ്ടാകുമെങ്കിൽ. തദാഅപിഏഷഃ ക്ലിശ്നൻഏവ=അപ്പോഴും ഇവൻ ക്ലേശിച്ചുകൊണ്ടുതന്നെ. വിഷ്ടിഗൃഹീതവത് ഭുങ്ക്തേ=ബന്ധസ്ഥനെന്നപോലെ ഭുജിക്കും.

എന്നാൽ പ്രാരബ്ധകൎമ്മപ്രാബല്യം നിമിത്തം ജ്ഞാനിക്കും ഭോഗങ്ങളിൽ ആഗ്രഹം ജനിക്കുമെന്നു ശങ്കിക്കുന്നുവെങ്കിൽ അപ്പോഴും വിവേകമുള്ള അവൻ രാജാവിനാൽ ബന്ധിക്കപ്പെട്ടവൻ എന്നപോലെ ക്ലേശിച്ചുകൊണ്ടുതന്നെ അനുഭവിക്കുകയുള്ളു.

144. ഭുഞ്ജാനാവാ അപി ബുധാഃ ശ്രദ്ധാവന്തഃ കുടുംബിനഃ
നാദ്യാപികൎമ്മനച്ഛിന്ന മിതിക്ലിശ്യന്തി സന്തതം.

ശ്രദ്ധാവന്തഃ കുടുംബിനഃ=ശ്രദ്ധയുള്ളവരും കുടുംബികളും. ഭുംജാനാഃവാ അപിബുധാഃ=അനുഭവിക്കുന്നവ

രുമാണെങ്കിലും അറിവുള്ളവർ. അദ്യാപി നഃകർമ്മനാശഃന്നം = ഇപ്പോഴും ഞങ്ങളുടെ കർമ്മം നശിച്ചില്ലല്ലോ എന്നു്. സന്തതം ക്ലിശ്യന്തി=എപ്പോഴും ദുഃഖിക്കുന്നു.

ക്ലേശിച്ചുകൊണ്ടുതന്നെയാണ് വിവേകി വിഷയങ്ങളെയനുഭവിക്കുന്നതെന്നു എങ്ങിനെ ധരിച്ചുവെന്നാണെങ്കിൽ ലോകത്തിൽ അങ്ങിനെ കാണാറുള്ളതുകൊണ്ടുതന്നെയെന്നു് സമാധാനം പറയുന്നു:—സ്വാത്മചിന്തയിൽ ശ്രദ്ധയുള്ളവരും പ്രാരബ്ധവശാൽ കുടുംബികളും തന്നിമിത്തം വിഷയങ്ങളെ അനുഭവിക്കുന്നവരുമാണെങ്കിലും ആത്മസ്വരൂപം അറിഞ്ഞിരിക്കുന്നവർ "ഇനിയും ഞങ്ങളുടെ കർമ്മം നശിച്ചില്ലല്ലോ" എന്നുള്ള ക്ലേശത്തോടുകൂടെത്തന്നെ അനുഭവിക്കുന്നുള്ളുവെന്നു് ലോകപരിചയമുള്ളവർക്കറിയാം.

145. നായം ക്ലേശോത്രസംസാരതാപഃ കിന്തു വിരക്തതാ
ഭ്രാന്തിജ്ഞാന നിദാനോഹി താപഃ സാംസാരികഃ സ്മൃതഃ.

അത്രഅയം ക്ലേശഃ സംസാരതാപഃന = ഇവിടെയുള്ള ഈ ക്ലേശം സംസാരതാപമല്ല. കിന്തുവിരക്തതാ= പിന്നെയോ വിരക്തനിലയാകുന്നു. ഹി സാംസാരികഃ താപഃ = എന്തുകൊണ്ടെന്നാൽ സംസാരസംബന്ധമായ താപം. ഭ്രാന്തിജ്ഞാനനിദാനഃ = യഥാർത്ഥ ജ്ഞാനാഭാവം നിമിത്തം ഉണ്ടാകുന്നതാണെന്നു്. സ്മൃതഃ=നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

തത്വം അറിഞ്ഞവർക്ക് സംസാരംനിമിത്തം സന്താപമുണ്ടാകുന്നുവെങ്കിൽ തത്വജ്ഞാനം നിഷ്ഫലം എന്നു വരുന്നില്ലെയോ എന്നു ശങ്കിക്കേണ്ട. "ഇപ്പോഴും ഞങ്ങളുടെ കർമ്മം നശിച്ചില്ലല്ലോ" എന്ന ഈ ക്ലേശം സംസാരസന്താപമല്ല. പിന്നെയോ വിഷയവിരക്തിയിൽനിന്നുണ്ടായതാണ്. എന്തുകൊണ്ടെന്നാൽ ദേഹേന്ദ്രിയാദികളിൽ ആത്മഭാവം എന്ന ഭ്രാന്തിജ്ഞാനംനിമിത്തമുണ്ടാകുന്നതാണ്, സംസാരസന്താപം എന്നു ശാസ്ത്രസമ്മതമാകുന്നു. ഇവരുടെ താപമാകട്ടെ വിവേകത്തിൽനിന്നുണ്ടായ വിഷയവിരക്തിയെ പ്രകാശിപ്പിക്കുന്നതേയുള്ളു.

146. വിവേകേന പരിക്ലിശ്യന്നല്പഭോഗേന തൃപ്യതി
അന്യഥാനന്തഭോഗേപി നൈവതൃപ്യതി കർഹിചിത്.

വിവേകേന പരിക്ലിശ്യൻ = വിവേകത്താൽ അധികം ക്ലേശിക്കുന്നവനായിട്ടു. അല്പഭോഗേന തൃപ്യതി= അല്പഭോഗംകൊണ്ടു തൃപ്തനാകുന്നു. അന്യഥാ അനന്തഭോഗേ അപി=അങ്ങിനെയല്ലാഞ്ഞാൽ അവധിയില്ലാത്തതായ ഭോഗംകൊണ്ടും. കർഹിചിത് ന തൃപ്യതിഏവ=ഒരുകാലത്തിലും തൃപ്തിപ്പെടുകയേയില്ല.

മേൽകാണിച്ച ശ്ലോകം വിവേകംനിമിത്തമോ അവിവേകംനിമിത്തമോ ഉണ്ടായതെന്നു എങ്ങിനെ അറിയാമെങ്കിൽ കാമത്തെ നശിപ്പിക്കുന്നതായി കാണപ്പെടുന്നതിനാൽ വിവേകംനിമിത്തം ഉണ്ടാകുന്നതാണെന്നു നിശ്ചയിക്കാം എന്നു മറുപടി പറയുന്നു:—വിവേകംകൊണ്ടു ക്ലേശത്തോടുകൂടിയവൻ അല്പമായ ഭോഗത്താൽ തൃപ്തനായിരിക്കുന്നു അധികഭോഗത്തെ ആഗ്രഹിക്കാതെയിരിക്കുന്നു. വിവേകമില്ലാത്തവനാണെങ്കിൽ എത്രയോ അധികം ഭോഗസാധനങ്ങൾ സിദ്ധിച്ചാലും മതിയാകാതെ വീണ്ടും അധികരിപ്പിക്കുവാൻ ശ്രമിക്കുന്നതല്ലാതെ തൃപ്തനായി കാണപ്പെടുന്നില്ല.

147. നജാതുകാമഃ കാമാനാ മുപഭോഗേന ശാമ്യതി
ഹവിഷാകൃഷ്ണവർത്മേവ ഭൂയഏവാഭിവർദ്ധതേ.

കാമാനാം ഉപഭോഗേന=കാമങ്ങളുടെ അനുഭോഗംകൊണ്ടു. ജാതുകാമഃ നശാമ്യതി=ഒരു കാലത്തും കാമം ശമിക്കയില്ല. ഹവിഷാകൃഷ്ണവർത്മാ ഇവ=ആജ്യംകൊണ്ടു അഗ്നിയെന്നപോലെ. ഭൂയഃ ഏവ അഭിവർദ്ധതേ=പിന്നെയും പിന്നെയും അധികം വർദ്ധിക്കും.

അല്പമായാലും അധികമായാലും വിവേകിക്കും അവിവേകിക്കും വിഷയഭോഗംകൊണ്ടുതന്നെ തൃപ്തിയെന്നുവന്നാൽ വിവേകംകൊണ്ടു മഹത്തായ പ്രയോജനമെന്താണെന്നു സംശയിക്കുന്ന വാദിയോട്, തൃപ്തിയുണ്ടാകുന്നതിനും ഇല്ലാതാകുന്നതിന്നും കാരണമെന്താണെന്നുപദേശിക്കുന്നു:—വിവേകമില്ലാത്തവൻ എത്രകാലം വിഷയഭോഗങ്ങളെ ആവർത്തിച്ചനുഭവിച്ചാലും ഒരു കാലത്തിലും മതിയെന്ന ഭാവം ആയാൾക്കുണ്ടാകയില്ല. നേരെമറിച്ചു നെയ്യൊഴിച്ചാൽ അഗ്നി വർദ്ധിച്ചു കത്തിക്കാളുന്നതുപോലെ അവിവേകിയുടെ ഭോഗാശ അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കും.

148. പരിജ്ഞായോപഭുക്തോഹി ഭോഗോ ഭവതിതുഷ്ടയേ
വിജ്ഞായസേവിതശ്ചോരോ മൈത്രീമേതിന ചോരതാം.

പരിജ്ഞായ ഉപഭുക്തഃഭോഗഃ=അറിഞ്ഞിട്ടനുഭവിക്കപ്പെട്ട ഭോഗം. തുഷ്ടയേ ഭവതിഹി=തൃപ്തികരമായി ഭവിക്കും നിശ്ചയം. വിജ്ഞായസേവിതഃ ചോരഃ=അറിഞ്ഞിട്ടു സേവിക്കപ്പെട്ട ചോരൻ. മൈത്രീം ഏതി=മിത്രമായി ഭവിക്കുന്നു. ന ചോരതാം ഏതി=ചോരഭാവത്തെ പ്രാപിക്കുന്നില്ല.

വിവേകപൂർവ്വം അനുഭവിക്കപ്പെടുന്ന വിഷയഭോഗം തൃപ്തികരമായി വരുന്നതിനെ അനുഭവപ്പെടുത്തി കാണിക്കുന്നു:—ഈ സുഖസാധനം സമ്പാദിപ്പാൻ എത്ര പ്രയാസം? അനുഭവംകൊണ്ടുണ്ടാകുന്ന സുഖമോ അത്യല്പം, ക്ഷണികം എന്നിങ്ങിനെയുള്ള പരമാർത്ഥത്തെ അറിഞ്ഞുകൊണ്ടിരിക്കുന്ന വിവേകി അനുഭവിക്കുന്ന വിഷയഭോഗം ദോഷത്തെ ജനിപ്പിക്കുകയില്ല. സ്വതേ ദോഷം ജനിപ്പിക്കുവാൻ സമർത്ഥമായ വിഷയം വിവേകസാഹചര്യം നിമിത്തം അതിൻെറ സഹജധർമ്മത്തെ ഉപേക്ഷിക്കുമോ എന്നു സംശയിക്കേണ്ട. ലോകത്തിൽ കള്ളനായ ഒരുവനോട് ഇവൻ കള്ളനാണെന്നറിഞ്ഞിരിക്കുന്ന ഒരാൾ പരിചയിക്കുമ്പോൾ ഈ കള്ളൻ ഈ പരിചയക്കാരൻെറ മിത്രമായിരിക്കുകയല്ലാതെ തൻെറ കളവിനെ അവനിൽ പ്രയോഗിക്കുകയില്ല എന്നതു അനുഭവമല്ലെയോ. വിഷയങ്ങളിൽ ദോഷബുദ്ധിയുണ്ടായിട്ടനുഭവിക്കുന്നവൻ അധർമ്മം, അസത്യം, അത്യാഗ്രഹം എന്നീ ദുരിതങ്ങളിൽ ഏർപ്പെടുവാനൊ തന്നിമിത്തം നാരകക്ലേശങ്ങളനുഭവിപ്പാനൊ ഇടവരികയില്ല. അറിഞ്ഞുസേവിക്കുന്നവൻ ആപത്തിൽ ചാടുകയില്ലെന്നു സാരം.

149. മനസോനിഗ്രഹീതസ്യ ലീലാഭോഗോല്പ്കോപിയഃ
തമേവാലബ്ധവിസ്താരം ക്ലിഷ്ടത്വാൽ ബഹുമന്യതേ.

നിഗ്രഹീതസ്യമനസഃ=അടക്കപ്പെട്ട മനസ്സിന്ന്. അല്പകഃ അപിയഃ ലീലാഭോഗഃ=അത്യല്പമാണെങ്കിലും യാതൊരു ലീലാനുഭവം. അലബ്ധവിസ്താരം തം ഏവ=അധികമല്ലാത്തതായ അതിനെതന്നെ. ക്ലിഷ്ടത്വാത് ബഹുമന്യതെ=ക്ലേശയുക്തമായതുകൊണ്ടു അധികമെന്നു കരുതുന്നു.

ഉപര്യുപരി കാംക്ഷിക്കുകയെന്നതു മനസ്സിൻെറ സ്വഭാവമാകയാൽ അല്പഭോഗം തൃപ്തികരമായ്വരുന്നതെങ്ങിനെയെന്നാണ് ശങ്കയെങ്കിൽ മനസ്സിനെ നിയന്ത്രിക്കുന്നുവെങ്കിൽ അങ്ങിനെവരും എന്നു സമാധാനം പറയുന്നു: ആത്മസ്വരൂപത്തെ നിരന്തരം ചിന്തിക്കുന്നതിൽ മനസ്സിനെ നിർത്തുകയെന്ന നിദിദ്ധ്യാസനത്തിൻെറ അഭ്യാസത്തിൽ രമിക്കുന്ന സ്വഭാവവും മനസ്സിന്നുണ്ടാക്കാൻ കഴിയും. അങ്ങിനെ ആത്മാനന്ദം അനുഭവിക്കുന്ന മനസ്സിന്നു എപ്പോഴെങ്കിലും അല്പമായ വിഷയാനന്ദം അനുഭവിക്കാനിടവരുമ്പോൾ വിനോദം മാത്രമായിട്ടേ അതിനെ കരുതുകയുള്ളു. എങ്കിലും ഇങ്ങിനെ ബാഹ്യസുഖത്തിൽ മനസ്സിനെ നിർത്തുന്നത് ക്രമത്തിൽ ദോഷത്തിന്നു കാരണമാകും എന്ന് ഉടനെ ഓർക്കുന്നവൻ ഈ സ്വല്പമായ വിഷയഭോഗത്തെതന്നെ അധികമെന്നു വിചാരിക്കും.

150. ബന്ധമുക്തോ മഹീപാലൊ ഗ്രാമമാത്രേണ തുഷ്യതി
പരൈർന്നബദ്ധോ നാക്രാന്തോ നരാഷ്ട്രം ബഹുമന്യതേ.

ബന്ധമുക്തഃ മഹീപാലഃ=ബന്ധനത്തിൽനിന്നു വിട്ടയക്കപ്പെട്ടരാജാവ്. ഗ്രാമമാത്രേണ തുഷ്യതി=ഗ്രാമംമാത്രംകൊണ്ടു സന്തോഷിക്കും. പരൈഃ ന ബദ്ധഃ നആക്രാന്തഃ=ശത്രുക്കളാൽ ബന്ധിക്കപ്പെട്ടവനോ ആക്രമിക്കപ്പെട്ടവനോ അല്ലാത്ത രാജാവ്. രാഷ്ട്രം ന ബഹുമന്യതെ=രാഷ്ട്രത്തെ ബഹുമാനിക്കയില്ല.

അടക്കപ്പെട്ട മനസ്സിന്ന് അല്പഭോഗം തൃപ്തികരമാകും എന്നതിനെ ദൃഷ്ടാന്തംകൊണ്ടു വിശദമാക്കുന്നു.—ശത്രുക്കൾ ആക്രമിച്ചു. രാജാവിനെ ബന്ധനത്തിലാക്കി. കുറെകാലം കഴിഞ്ഞപ്പോൾ വിട്ടു. ചെറിയ ഒരു ഗ്രാമാധിപത്യം കൊടുത്തുവെങ്കിൽ ഇതുവരെയുള്ള ബന്ധനത്തെ അനുഭവിച്ച ആ രാജാവ് ഈ ഗ്രാമത്താൽ സന്തോഷിക്കും. ശത്രുക്കളുടെ ആക്രമണമോ ബന്ധനമോ അനുഭവിക്കാത്ത രാജാവാകട്ടെ തൻെറ വമ്പിച്ച രാഷ്ട്രംകൊണ്ടും തൃപ്തനാകയില്ല.

151. വിവേകേജാഗ്രതിസതി ദോഷദർശനലക്ഷണേ
കഥമാരബ്ധകർമ്മാപി ഭോഗേച്ഛാ ജനയിഷ്യതി.

ദോഷദർശനലക്ഷണേ വിവേകേ=ദോഷം കാണുകയെന്ന ലക്ഷണത്തോടുകൂടിയ വിവേകം. ജാഗ്രതിസതി=ഉണർന്നുകൊണ്ടിരിക്കുമ്പോൾ. ആരബ്ധകർമ്മഅപി=പ്രാരബ്ധകർമ്മവും ഭോഗേച്ഛാഃ കഥം ജനയിഷ്യതി=ഭോഗേച്ഛകളെ എങ്ങിനെ ജനിപ്പിക്കും.

പ്രാരബ്ധകർമ്മബലത്താൽ ഭോഗേച്ഛ ജനിക്കുമെന്നു മുമ്പേ സൂചിപ്പിച്ചതിൽ സംശയിച്ചു ചോദിക്കുന്ന വാദി:—വിഷയങ്ങൾ ദോഷയുക്തങ്ങളാണെന്നു കണ്ടുകൊണ്ടുതന്നെയിരിക്കുന്ന സ്വരൂപത്തോടുകൂടിയ വിവേകം സ്ഫുരിച്ചുകൊണ്ടുതന്നെയിരിക്കുമ്പോൾ പ്രാരബ്ധകർമ്മവും ഭോഗേച്ഛയെ പുരുഷനിൽ എങ്ങിനെ ജനിപ്പിക്കും. വിവേകിക്കു ഭോഗേച്ഛയുണ്ടാകുമെന്നു പറഞ്ഞതിൽ യുക്തിയില്ലെന്നു സാരം.

152. നൈഷദോഷോയതോനേകവിധം പ്രാരബ്ധമീക്ഷ്യതേ
ഇച്ഛാനിച്ഛാപരേച്ഛാചപ്രാരബ്ധം ത്രിവിധം സ്മൃതം.

ഏഷഃ നദോഷഃ യതഃ=ഇതു ദോഷമല്ല എന്തുകൊണ്ടെന്നാൽ. പ്രാരബ്ധം അനേകവിധം ഇഷ്യതേ=പ്രാരബ്ധം അനേകവിധമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇച്ഛാ അനിച്ഛാ പരേച്ഛ ച=ഇച്ഛാജനകം, അനിച്ഛാജനകം, പരേച്ഛാജനകം എന്ന. ത്രിവിധം പ്രാരബ്ധം സ്മൃതം=മൂന്നുവിധമായ പ്രാരബ്ധമുണ്ടെന്നഭിപ്രായപ്പെട്ടിട്ടുണ്ട്.

ദോഷദർശനലക്ഷണമായ വിവേകം പുരുഷനുണ്ടെങ്കിലും പ്രാരബ്ധം ഭോഗേച്ഛയെ ജനിപ്പിക്കുമെന്നതിൽ തെററില്ല. എന്തുകൊണ്ടെന്നാൽ പ്രാരബ്ധം അനേകവിധത്തിലുണ്ട് എന്നാണ് ശാസ്ത്രനിശ്ചയം. ഇച്ഛയെ (ഭോഗേച്ഛയെ) ജനിപ്പിക്കുന്നതും, ഇച്ഛിക്കാതിരുന്നാലും ഭോഗത്തെ നൽകുന്നതും, അന്യന്റെ ഇച്ഛാദ്വാരാ ഭോഗത്തെ അനുഭവിപ്പിക്കുന്നതും, എന്നിങ്ങിനെ മൂന്നുവിധത്തിൽ പ്രാരബ്ധം പ്രത്യക്ഷപ്പെടും എന്നാണ് മഹൽസമ്മതം.

153. അപഥ്യസേവിനശ്ചോരാ രാജദാരരതാ അപി
ജാനന്ത ഏവസ്വാനർത്ഥമിച്ഛന്ത്യാരബ്ധകർമ്മതഃ.

അപഥ്യസേവിനഃ ചോരാഃ=ദുർമ്മാർഗ്ഗത്തെ ആശ്രയിക്കുന്ന കള്ളന്മാരും. രാജദാരാ രതാഃ അപി=രാജഭാര്യയിൽ രത്യാഗ്രഹമുള്ളവരും. സ്വാനർത്ഥം ജനാന്തഃ ഏവ=തങ്ങൾക്കനർത്ഥമുണ്ടാകുമെന്നറിഞ്ഞുകൊണ്ടുതന്നെ. ആരബ്ധകർമ്മതഃ ഇച്ഛന്തി=പ്രാരബ്ധകർമ്മം നിമിത്തം ഇച്ഛിക്കുന്നു.

മുൻപറഞ്ഞ മൂന്നുവിധത്തിൽ ഇച്ഛാപ്രാരബ്ധസ്വരൂപത്തെ കാണിക്കുന്നു:—ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ച് പരദ്രവ്യങ്ങളെ കൊള്ളയിടുന്ന കള്ളന്മാർക്കും, രാജപത്നിയിൽ രത്യാഗ്രഹമുള്ളവർക്കും അനർത്ഥം നേരിടുമെന്നറിഞ്ഞുകൊണ്ടുതന്നെ അവർ ആവക ദുരാചാരങ്ങളിൽ പ്രവൃത്തിക്കുവാനിടവരുന്നുണ്ടല്ലൊ. ഇത് വിവേകമില്ലാത്തതുകൊണ്ടല്ല. പ്രാരബ്ധകർമ്മശക്തികൊണ്ടുണ്ടാകുന്നതാകയാൽ ഇച്ഛയോടുകൂടെത്തന്നെ ദോഷത്തിലേപ്പെടുന്ന ഇക്കൂട്ടരെ ബാധിക്കുന്നതു ഇച്ഛാപ്രാരബ്ധമാകുന്നു.

154. നചാത്രൈതദ്വാരയിതുമീശ്വരേണാപി ശക്യതേ
യത ഈശ്വരഏവാഹഗീതായാമർജ്ജുനംപ്രതി.

അത്ര ഏതത് വാരയിതും=ഈ ലോകത്തിൽ ഇതിനെ നിരോധിപ്പാൻ. ഈശ്വരേണ അപി നശക്യതേ=ഈശ്വരനും ശക്തനല്ല. യതഃ ഈശ്വരഃ ഏവ=എന്തുകൊണ്ടെന്നാൽ ഈശ്വരൻതന്നെ. ഗീതായാം അർജ്ജുനംപ്രതി ആഹ=ഗീതയിൽ അർജ്ജുനനോടു പറഞ്ഞിട്ടുണ്ട്.

ദുർമ്മാർഗ്ഗപ്രവൃത്തി പ്രാരബ്ധകർമ്മശക്തികൊണ്ടാണെന്ന് എങ്ങിനെ മനസ്സിലാക്കാം എന്നാണെങ്കിൽ അതിനെ തടുക്കുവാൻ സാധിക്കാത്തതുകൊണ്ടു ധരിക്കണം എന്നു സമാധാനം പറയുന്നു:— ഈ ലോകത്തിൽ ഈവിധം കാണപ്പെടുന്ന ദുഷ്പ്രവൃത്തികളെ ഇല്ലാതാക്കാൻ ഈശ്വരൻകൂടെ ശക്തനല്ല. സർവ്വശക്തനായ ഈശ്വരനും ശക്തനല്ലെന്നു വന്നാൽ സർവ്വശക്തിമത്വത്തിനു ഹാനിവരുന്നില്ലെയോ എന്നു ശങ്കിക്കേണ്ട. സർവ്വേശ്വരനായ ശ്രീകൃഷ്ണഭഗവാൻതന്നെ പ്രിയനായ അർജ്ജുനനുപദേശിച്ചതായ ഗീതയിൽ അരുളിചെയ്തിട്ടുണ്ട്.

155. സദൃശം ചേഷ്ടതേ സ്വസ്യാഃ പ്രകൃതേർജ്ഞാനവാനപി
പ്രകൃതിം യാന്തിഭൂതാനി നിഗ്രഹഃ കിം കരിഷ്യതി.

ജ്ഞാനവാൻഅപി=അറിവുള്ളവനും. സ്വസ്യാഃ പ്രകൃതേഃ=തന്റെ പ്രകൃതിയുടെ സദൃശംചേഷ്ടതേ=അനുരൂപമാകുംവണ്ണം ചേഷ്ടിക്കുന്നു. ഭൂതാനി പ്രകൃതിംയാന്തി=പ്രാണിവർഗ്ഗങ്ങൾ പ്രകൃതിയെ പ്രാപിക്കുന്നു. നിഗ്രഹഃ കിംകരിഷ്യതി=നിരോധം എന്തുചെയ്യും.

ഗീതയിൽ ഭഗവാൻ അർജ്ജുനനോടരുളിചെയ്ത വാക്യത്തെ എടുത്തു കാണിക്കുന്നു:—വിവേകജ്ഞാനമുള്ള പുരുഷനും അവന്റെ സ്വഭാവത്തെ അനുസരിച്ചുതന്നെ പ്രവൃത്തിക്കുകയുള്ളു. പ്രകൃതിയെ

ന്നാൽ:—മുജ്ജന്മത്തിൽ ചെയ്ത ധർമ്മാധർമ്മങ്ങളുടെ സംസ്കാരം ഈ ജന്മത്തിൽ ആദിമുതൽ അവസാനം വരെ അഭിവ്യക്തമാകുന്ന വാസനാവിശേഷമാകുന്നു. അതിനെ സകല പ്രാണിവർഗ്ഗങ്ങളും അനുസരിക്കുന്നു. സർവ്വേശ്വരനായ ഞാൻതന്നെയോ മററാരാനുമോ അതിനെ തടുക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. പ്രകൃതി പുരുഷനെ പ്രവൃത്തിപ്പിക്കാതിരിക്കയില്ല.

156. അവശ്യം ഭാവിഭാവാനാം പ്രതീകാരോഭവേദ്യദി
തദാ ദുഃഖൈർന്നലിപ്യേരന്നളരാമയുധിഷ്ഠിരാഃ.

അവശ്യംഭാവിഭാവാനാം=നിശ്ചയമായും സംഭവിക്കാനിരിക്കുന്ന ഭാവങ്ങൾക്ക്. പ്രതീകാരഃ ഭവേത്യദി=പരിഹാരം ഉണ്ടെന്നുവരികിൽ. തദാ നളരാമയുധിഷ്ഠിരാഃ=അപ്പോൾ നളൻ, രാമൻ, യുധിഷ്ഠിരൻ ഇവർ. ദുഃഖൈഃനലിപ്യേരൻ=ദുഃഖങ്ങളാൽ സ്പർശിക്കപ്പെടുമായിരുന്നില്ല.

നിശ്ചയമായും അനുഭവിക്കുവാനുള്ള ദുഃഖാദികളെ പരിഹരിക്കുവാൻ ഉപായങ്ങളുണ്ടാകുമായിരുന്നുവെങ്കിൽ നളചക്രവർത്തി, ശ്രീരാമചന്ദ്രൻ, യുധിഷ്ഠിരമഹാരാജാവ് എന്നിങ്ങിനെയുള്ള മഹാത്മാക്കൾക്ക് ദുഃഖം അനുഭവിക്കേണ്ടതായി വരുമായിരുന്നില്ല. ഇവരാരും അവിവേകികളോ കൊള്ളരുതാത്തവരോ ആയിരുന്നില്ല. ഇവരും ദുഃഖങ്ങൾ അനുഭവിച്ചുവെന്നുള്ള പുരാണകഥകൾ പ്രാരബ്ധകർമ്മം തടുക്കാവുന്നതല്ലെന്നുള്ളതിന്നു പ്രമാണങ്ങളാകുന്നു

157. നചേശ്വരത്വമീശസ്യ ഹീയതേതാവതായതഃ
അവശ്യം ഭാവിതാപ്യേഷാമീശ്വരേണൈവ നിർമ്മിതാ.

താവതാഈശസ്യഈശ്വരത്വം=അത്രമാത്രംകൊണ്ടു ഈശ്വരൻെറ ഈശ്വരത്വം. നഹീയതേ യതഃ=ഇല്ലാതാകുന്നില്ല. എന്തുകൊണ്ടെന്നാൽ, ഏഷാംഅവശ്യംഭാവിതാഅപി=ഇവയുടെ അവശ്യം ഭാവിതയും. ഈശ്വരേണ ഏവനിർമ്മിതാ=ഈശ്വരനാൽതന്നെ നിശ്ചയിക്കപ്പെട്ടതാകുന്നു.

പ്രാരബ്ധത്തെ പരിഹരിപ്പാൻ ഈശ്വരനും കഴികയില്ലെന്നു വന്നാൽ ഈശ്വരത്വത്തിന്നു—എല്ലാം ചെയ്യാൻ ശക്തൻ—എന്ന നിലക്കു ഹാനിതട്ടുകയില്ലെയോ എന്നു ശങ്കിക്കേണ്ട:—പ്രാരബ്ധകർമ്മഫലമായനുഭവിക്കാനവകാശപ്പെട്ട പ്രാണികളുടെ സുഖദുഃഖാദികളെ മാററുകയോ മറിക്കുകയോ ചെയ്യാത്തതുകൊണ്ടു മാത്രം ഈശ്വരൻെറ ഈശ്വരത്വം ഇല്ലെന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ ഈ കർമ്മങ്ങളുടെ ഫലം അവശ്യം അനുഭവിക്കുകതന്നെ വേണമെന്നു നിശ്ചയിച്ചതും ഈശ്വരൻതന്നെയാകുന്നു. ഈശ്വരനിശ്ചയത്തെ ഈശ്വരൻതന്നെ മാററുവാനും മറിക്കുവാനും തുടങ്ങിയാൽപിന്നെ ലോകത്തിൽ മര്യാദ എങ്ങിനെ നിലനില്ക്കും.

158. പ്രശ്നോത്തരാഭ്യാമേവൈതൽഗമ്യതേജ്ജുനകൃഷ്ണയോഃ
അനിച്ഛാപൂർവ്വകംചാസ്തി പ്രാരബ്ധമിതിതച്ഛൃണു.

അനിച്ഛാപൂർവ്വകംപ്രാരബ്ധംച=ഇച്ഛാജനകമല്ലാത്ത പ്രാരബ്ധവും. അസ്തിഇതി=ഉണ്ടെന്ന്. അർജ്ജുനകൃഷ്ണയോഃ പ്രശ്നോത്തരാഭ്യാം ഏവ=അർജ്ജുനൻേറയും കൃഷ്ണൻേറയും ചോദ്യോത്തരങ്ങളിൽനിന്നുതന്നെ. ഏതത് ഗമ്യതേ=ഇതറിയപ്പെടുന്നു.

ഇച്ഛാപ്രാരബ്ധസ്വരൂപത്തെ വിസ്തരിച്ചു പറഞ്ഞശേഷം അനിച്ഛാപ്രാരബ്ധത്തെ പറവാൻ ഭാവിക്കുന്നു:—ഇച്ഛാപൂർവ്വകമല്ലാതെയും പുരുഷനെ ബന്ധിക്കുന്ന പ്രാരബ്ധം ഉണ്ടെന്നുള്ള സംഗതിയും അർജ്ജുനൻെറ ചോദ്യം ശ്രീകൃഷ്ണൻെറ മറുപടി എന്നിവയിൽനിന്നു ധരിക്കാവുന്നതാകുന്നു.

159. അഥകേന പ്രയുക്തോയം പാപം ചരതി പൂരുഷഃ
അനിച്ഛന്നപിവാർഷ്ണേയ ബലാദിവ നിയോജിതഃ.

വാർഷ്ണേയ! അയംപുരുഷഃ=അല്ലയോ വൃഷ്ണികുലോൽപന്ന! ഈ പുരുഷൻ—ജീവി. അനിച്ഛൻ അപികേനപ്രയുക്തഃ=ഇച്ഛിക്കുന്നവനല്ലെങ്കിലും ആരാൽ നിയുക്തനായിട്ടു. ബലാൽ ഇവ പാപംചരതി=ബലപ്രയുക്തനെന്നപോലെ പാപം ചെയ്യുന്നു.

അർജ്ജുനൻ ചോദിക്കുന്നു:—ഹേ വാർഷ്ണേയ ഈ പുരുഷൻ—ലോകത്തിലുള്ള ഓരോ മനുഷ്യനും—ഇച്ഛാപൂർവ്വകമല്ലാതെയും ക്ലേശഹേതുകമായ പാപം ചെയ്യുന്നത് ആരുടെ പ്രേരണകൊണ്ടാണ്? രാജാവോ മററോ ബലാൽകാരേണ ഒരുവനെക്കൊണ്ടു പ്രവൃത്തിപ്പിക്കുന്ന മട്ടിൽ ആരാണ് മനുഷ്യനെക്കൊണ്ടു പാപം ചെയ്യിപ്പിക്കുന്നത്?

160. കാമഏഷക്രോധഏഷരജോഗുണസമുത്ഭവഃ
മഹാശനോ മഹാപാപ്മാവിദ്ധ്യേനമിഹ വൈരിണം.

മഹാശനഃമഹാപാപ്മാ=മഹത്തായ ഭക്ഷണത്തോടും മഹത്തായ പാപത്തോടുംകൂടിയും രജോഗുണസമുത്ഭവഃ=രജോഗുണത്തിൽനിന്നുത്ഭവിച്ചതുമായ. ഏഷഃകാമഃഏഷഃക്രോധഃ=ഈ കാമവും ഈ ക്രോധവുമാകുന്നു. ഇഹഏനംവൈരിണംവിദ്ധി=സംസാരത്തിൽ ഇതിനെ ശത്രുവെന്നു ധരിച്ചുകൊൾക.

ശ്രീകൃഷ്ണഭഗവാൻ മറുപടി പറയുന്നു:- പുരുഷനെ പാപം ചെയ്വാൻ പ്രേരിക്കുന്നത് പുരുഷന്റെ മനസ്സിൽ പ്രത്യക്ഷമായി സ്വരൂപത്തെ ധരിക്കുന്ന ഈ കാമവും ക്രോധവുമാകുന്നു. കാമംതന്നെ ക്രോധമായി രൂപാന്തരപ്പെടുന്നു. എത്രതന്നെ വിഷയങ്ങളെ അനുഭവിച്ചാലും കാമം തൃപ്തിപ്പെടുകയില്ല. എത്രതന്നെ പാപം ചെയ്താലും ക്രോധം അടങ്ങുകയുമില്ല. ഈ രണ്ടു വൃത്തികളും ഉത്ഭവിക്കുന്നതു പ്രാരബ്ധവശാൽ അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്ന രജോഗുണത്തിൽനിന്നാകുന്നു. കാമക്രോധരൂപത്തിൽ മനസ്സിൽ കുടികൊള്ളുന്ന രജോഗുണമാണ് ഈ സംസാരത്തിൽ മനുഷ്യനുള്ള ശത്രുവെന്നു നീ അറിഞ്ഞുകൊൾക.

161. സ്വഭാവജേനകൌന്തേയനിബദ്ധഃ സ്വേനകൎമ്മണാ
കൎത്തും നേച്ഛസിയന്മോഹാൽ കരിഷ്യസ്യവശോപിതത്.

കൌന്തേയ! സ്വഭാവജേന = അല്ലയോ കുന്തീപുത്ര! തന്റെ വാസനയിൽനിന്നു ജനിച്ചതായ. സ്വേന കൎമ്മണാ നിബദ്ധഃ=സ്വകൎമ്മത്താൽ ബന്ധിക്കപ്പെട്ടവനായിട്ടു യൽകൎത്തും നഇച്ഛസി=യാതൊന്നിനെ ചെയ്വാൻ നീ ഇച്ഛിക്കുന്നില്ലയോ തത്മോഹാത്=അത് അറിവില്ലായ്മകൊണ്ടാണ്. അവശഃ കരിഷ്യസി=അതിനെ അവശനായിട്ടും നീ ചെയ്യും.

മുകളിൽ ഉദാഹരിച്ച ഗീതാവാക്യത്തിൽനിന്നു കാമക്രോധവൃത്തികളാണ് പുരുഷനെ പ്രവൃത്തിപ്പിക്കുന്നത് എന്നല്ലേ കിട്ടുന്നുള്ളു. അനിച്ഛാപ്രാരബ്ധത്തെ അതിൽ പറഞ്ഞിട്ടില്ലല്ലൊ എന്ന ശങ്കക്കു സമാധാനം:—പുരുഷനു കാമക്രോധാദിവൃത്തികൾ ജന്മാന്തരകൎമ്മവാസനയിൽനിന്നുണ്ടാകുന്നവയാകയാൽ ആ വൃത്തികൾ നിമിത്തം ചെയ്യപ്പെടുന്ന പുണ്യപാപകൎമ്മങ്ങൾക്കും തൽഫലങ്ങൾക്കും അനിച്ഛാപ്രാരബ്ധംതന്നെ ആന്തരകാരണം. അതുകൊണ്ടു, അല്ലയോ കൌന്തേയ! ഏതൊന്നിനെ നീ ചെയ്കയില്ലെന്നു ശഠിക്കുന്നുവോ അതിനെ നിന്റെ വാസനയിൽനിന്നുത്ഭവിക്കുന്ന കൎമ്മത്താൽ ബദ്ധനായിട്ടു പരവശനായിട്ടും നീ ചെയ്യാതിരിക്കില്ല. നിന്റെ ജന്മാന്തരവാസന നിന്നെക്കൊണ്ടു ചെയ്യിപ്പിക്കും.

162. നാനിച്ഛന്തോ നചേച്ഛന്തഃ പരദാക്ഷിണ്യസംയുതാഃ
സുഖദുഃഖേ ഭജന്ത്യേ തൽപരേച്ഛാപൂൎവ്വകൎമ്മഹി.

അനിച്ഛന്തഃ ന ഇച്ഛന്തഃ നച=ഇച്ഛിക്കാത്തവരും ഇച്ഛിക്കുന്നവരും ആകാതെതന്നെ. പരദാക്ഷിണ്യസംയുതാഃ=അന്യരുടെ ഇഷ്ടത്തെ അനുസരിക്കുന്നവരായിട്ടു. സുഖദുഃഖേഭജന്തി=സുഖദുഃഖങ്ങളെ ചിലർ അനുഭവിക്കുന്നു. ഏതത് പരേച്ഛാ പൂൎവ്വകൎമ്മഹി=ഇതു പരേച്ഛാപ്രാരബ്ധകൎമ്മംതന്നെ

ഈ ശ്ലോകംകൊണ്ടു പരേച്ഛാപ്രാരബ്ധകൎമ്മം ഉണ്ടെന്നും അതിന്റെ സ്വരൂപത്തേയും പറയുന്നു:—ചില ജനങ്ങൾ വേണമെന്നോ വേണ്ട എന്നോ ഒന്നും വിചാരിക്കാതെതന്നെ മറ്റു ചിലരുടെ ഇഷ്ടത്തെ അനുസരിക്കാൻ വേണ്ടിട്ടുമാത്രം സുഖദുഃഖങ്ങളെ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ഇതു അനിച്ഛാപ്രാരബ്ധമാകുന്നു

163. കഥം തൎഹികിമിച്ഛന്നിത്യേവമിച്ഛാ നിഷിദ്ധ്യതേ
നേച്ഛാനിഷേധഃ കിന്ത്വിച്ഛാബാധോ ഭജ്ജിത ബീജവത്.

തൎഹികിം ഇച്ഛൻഇതി=എന്നാൽ എന്തിനെ ഇച്ഛിക്കുന്നവനായിട്ടു എന്നു്. കഥം ഇച്ഛാ നിഷിദ്ധ്യതേ= എങ്ങിനെ ഇച്ഛ നിഷേധിക്കപ്പെടുന്നു. ഇച്ഛാനിഷേധഃന = ഇച്ഛാനിഷേധമല്ല കിന്തുഭജ്ജിത ബീജവത്=പിന്നെയോ വറുത്തവിത്തെന്നപോലെ. ഇച്ഛാബാധഃ=ഇച്ഛയുടെ ബാധം പറയപ്പെട്ടു.

എന്നാൽ തത്വജ്ഞാനിക്കും ഇച്ഛാദികൾ പ്രാരബ്ധകൎമ്മനിമിത്തം ഉണ്ടാകും എന്നുവരുമ്പോൾ "എന്തിനെ ഇച്ഛിച്ചിട്ടാണ് പിന്നെ തത്വജ്ഞാനി പ്രവൃത്തിക്കുകയോ ദുഃഖിക്കുകയോ ചെയ്യുകയെന്നു" ശ്രുതിവാക്യം എങ്ങിനെ ഇച്ഛയെ നിഷേധിച്ചുവെന്നു ശങ്കിക്കുന്നുവെങ്കിൽ പറയാം:—ശ്രുതി ഇച്ഛയെ നിഷേധിക്കുകയല്ല ചെയ്യുന്നത്. ഇച്ഛയുണ്ടെന്നിരിക്കിലും സുഖദുഃഖാദികളെ ജ്ഞാനിയിൽ ഉണ്ടാക്കിത്തീൎക്കാൻ ശക്തി ഇച്ഛക്കില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഇച്ഛയാകുന്ന കാരണമുണ്ടായാൽ അതിന്റെ

കാൎയ്യങ്ങളായ സുഖദുഃഖാദികൾ ഉണ്ടാകാതിരിക്കുമോ എന്നാണ് പിന്നേയും ശങ്കിക്കുന്നതെങ്കിൽ വറുത്ത വിത്തു മുളക്കാത്തതുപോലെ കാരണം ഉണ്ടെങ്കിലും കാൎയ്യം ഉണ്ടാകാതിരിക്കാൻ വിരോധമില്ലെന്നും കാണിച്ചിരിക്കുന്നു.

164. ഭൎജ്ജിതാനിതുബീജാനി സന്ത്യകാൎയ്യകരാണിച
വിദ്വദിച്ഛാ തഥേഷ്ടവ്യാ സത്വബോധാന്ന കാൎയ്യകൃത്.

ഭൎജ്ജിതാനിബീജാനിതുസന്തി=വറുക്കപ്പെട്ട വിത്തുകൾ സ്വരൂപത്തോടുകൂടെ ഇരിക്കുന്നുണ്ട്. അപിച അകാൎയ്യകരാണി=എങ്കിലും കാൎയ്യത്തെ ജനിപ്പിക്കുന്നവയല്ല. തഥാ വിദ്വദിച്ഛാ ഇഷ്ടവ്യാ=അപ്രകാരം വിദ്വാന്മാരുടെ ഇച്ഛയെ കണ്ടുകൊള്ളേണം. അസത്വബോധാത് ന കാൎയ്യകൃത്=അസത്വജ്ഞാനംനിമിത്തം കാൎയ്യത്തെ ജനിപ്പിക്കുന്നതല്ല.

പൂൎവ്വശ്ലോകത്തിൽ ചുരുക്കമായി കാണിച്ച ദൃഷ്ടാന്തത്തെ വിസ്തരിച്ചു കാണിക്കുന്നു:—വറുത്ത വിത്തുകൾ അവയുടെ ബാഹ്യരൂപങ്ങൾക്കു കോട്ടമൊന്നുമില്ലാതെ ഇരിക്കുന്നുണ്ടെങ്കിലും അങ്കുരത്തെ ജനിപ്പിക്കുകയെന്ന കാൎയ്യത്തെ ഉണ്ടാക്കുവാൻ സമൎത്ഥങ്ങളായിരിക്കുന്നില്ല. അതുപോലെയാണ് ആത്മജ്ഞാനികളുടെ ഇച്ഛയും. അവൎക്കും ഇച്ഛയും അതനുസരിച്ചു കൎമ്മങ്ങളും കാണപ്പെടുന്നുണ്ട്. എങ്കിലും അവരാൽ ഇച്ഛിക്കപ്പെടുന്ന പദാൎത്ഥങ്ങൾ മിഥ്യാഭൂതങ്ങളാണെന്നറിഞ്ഞവരാകയാൽ ആ വസ്തുക്കൾ വന്നു ചേൎന്നാലും ഇല്ലെങ്കിലും സന്തോഷസന്താപവൃത്തികൾ അവരെ ബാധിക്കുന്നില്ല. സ്വരൂപമായ ആത്മാനന്ദത്തിൽ ഉയൎച്ചയും താഴ്ചയുമില്ലാതെ നിൎവ്വികാരന്മാരായിത്തന്നെ ഇരിക്കും. ഇച്ഛനിമിത്തം പ്രാകൃതന്മാൎക്കുണ്ടാകുന്ന വികാരം ജനിപ്പിക്കുവാൻ വിദ്വാന്മാരിൽ കാണപ്പെടുന്ന ഇച്ഛക്കു ശക്തിയില്ലാത്തതിനാൽ കാൎയ്യത്തെ ജനിപ്പിക്കുന്നില്ല. അതിനാൽ അവൎക്കു ഇച്ഛയും പ്രവൃത്തിയും ഉണ്ടെങ്കിലും ഇല്ലാത്തതിന്റെ ഫലംതന്നെ.

165. ദഗ്ദ്ധബീജമരോഹേപി ഭക്ഷണായോപയുജ്യതേ
വിദ്വദിച്ഛാപ്യല്പഭോഗം കുൎയ്യാന്ന വ്യസനം ബഹു.

ദഗ്ദ്ധബീജം അരോഹേഅപി=വറുത്തവിത്തു മുളക്കുകയില്ലെങ്കിലും. ഭക്ഷണായ ഉപയുജ്യതേ=ഭക്ഷണത്തിന്നുപയോഗപ്പെടുന്നുണ്ട്. വിദ്വദിച്ഛാഅപി=വിദ്വാന്മാരുടെ ഇച്ഛയും. അല്പഭോഗം കുൎയ്യാൽ=അല്പഭോഗത്തിന്നുപകരിക്കും. ബഹുവ്യസനം നകുൎയ്യാത്=അധികമായ ദുഃഖമുണ്ടാക്കുകയുമില്ല.

എന്നാൽ ഫലമില്ലാത്തതുകൊണ്ട്, വിദ്വാന്മാർ ഇച്ഛിക്കാതെതന്നെയിരിക്കേണ്ടതല്ലയോ എന്നാണെങ്കിൽ ഫലമില്ലെന്നു വരുന്നില്ലാത്തതുകൊണ്ട് ഇച്ഛ ജനിക്കുന്നതിൽ തെററില്ല എന്നു സമാധാനം പറയുന്നു:—വറുത്തവിത്തു വിതച്ചാൽ മുളക്കുകയില്ല, എങ്കിലും അതിനെ ഭക്ഷണപദാൎത്ഥമായി ഉപയോഗിക്കാമല്ലോ. അതുപോലെ ആത്മജ്ഞാനിയുടെ ഇച്ഛയും അല്പമായ ഭോഗത്തിന്നുപകരിക്കുന്നുണ്ട്. എന്നാൽ ബഹുവിധമായ ആപത്തിന്നോ സന്തോഷസന്താപാദികൾക്കോ കാരണമാകുന്നതുമില്ല.

166. ഭോഗേന ചരിതാൎത്ഥത്വാൽ പ്രാരബ്ധം കൎമ്മഹീയതേ
ഭോക്തവ്യ സത്യതാഭ്രാന്ത്യാ വ്യസനം തത്രജായതേ.

ഭോഗേന ചരിതാൎത്ഥത്വാത്=ഭോഗംകൊണ്ടു കാൎയ്യം കഴിഞ്ഞിരിക്കഹേതുവായിട്ടു. പ്രാരബ്ധം കൎമ്മഹീയതേ=പ്രാരബ്ധകൎമ്മം നശിക്കുന്നു. തത്രഭോക്തവ്യസത്യതാ ഭ്രാന്ത്യാ=അതിൽ അനുഭവയോഗ്യമായ വിഷയം സത്യമാണെന്നുള്ള ഭ്രാന്തികൊണ്ടു. വ്യസനം ജായതേ=ദുഃഖമുണ്ടാകുന്നു.

എന്നാൽ പ്രാരബ്ധകൎമ്മംതന്നെ ഭോഗദ്വാരാ വ്യസനത്തേയും ജനിപ്പിക്കും എന്നാണെങ്കിൽ പ്രാരബ്ധകൎമ്മം ഭോഗത്തെ ജനിപ്പിക്കുവാൻ മാത്രമേ ഹേതുവാകുന്നുള്ളു. അത്രമാത്രംകൊണ്ടു പ്രാരബ്ധകൎമ്മം അവസാനിക്കുന്നു. അതിലധികമൊന്നും ചെയ്വാൻ അതിന്നു സാമൎത്ഥ്യമില്ല. എന്നാൽപിന്നെ സന്തോഷസന്താപങ്ങൾ എങ്ങിനെ ഏതിൽനിന്നാണുണ്ടാകുന്നതെങ്കിൽ ഭ്രാന്തിയിൽനിന്നുണ്ടാകുന്നുവെന്നാണതിന്നു സമാധാനം:—എന്താണ് ഭ്രാന്തി:—അനുഭവിക്കുന്ന വിഷയങ്ങൾ സത്യസ്വരൂപങ്ങളാണെന്നു കരുതുന്നതാണ് ഭ്രാന്തി. അവ പരമാൎത്ഥത്തിൽ മിഥ്യാവസ്തുക്കളാണ്:—സ്വപ്നത്തിൽ കാണുന്ന വസ്തുക്കളെന്നപോലെ ക്ഷണത്തിൽ കാണപ്പെടുകയും ക്ഷണത്തിൽ മറയുകയും ചെയ്യുന്നത് അവയുടെ സ്വഭാവങ്ങളാണ്. ഇതറിയാതെ അവയെ അവലംബിക്കുന്നതാണ് ദുഃഖകാരണം.

167. മാവിനശ്യത്വയം ഭോഗോ വൎദ്ധതാമുത്തരോത്തരം
മാവിഘ്നാഃ പ്രതിബധ്നന്തു ധന്യോസ്മ്യസ്മാദിതിഭ്രമഃ

അയംഭോഗഃ മാവിനശ്യതു=ഈ ഭോഗം നശിക്കാതിരിക്കണം. ഉത്തരോത്തരം വൎദ്ധതാം=മേൽക്കുമേൽ വൎദ്ധിക്കണം. വിഘ്നാമോ പ്രതിബധ്നന്തു=വിഘ്നങ്ങൾ ഇതിനെ മുടക്കാതിരിക്കണം. അസ്മാത് അഹം ധന്യഃ അസ്മി=ഇതുകൊണ്ടു ഞാൻ ധന്യനാകുന്നു. ഇതിഭ്രമഃഎന്നിങ്ങിനെയുള്ള വിചാരമാണ് ഭ്രമം.

വ്യസനഹേതുവായ ഭ്രമത്തിൻെറ സ്വരൂപത്തെ കാണിക്കുന്നു:— എനിക്കുള്ള ഈ സുഖസാധനങ്ങൾ ഒന്നും നശിക്കരുത് എന്നു മാത്രമല്ല അടിക്കടി അഭിവൃദ്ധിപ്പെടേണം. ഇതിൻെറ അനുഭവത്തിനു മുടക്കങ്ങളൊന്നും വന്നുചേരാതിരിക്കേണം, ഈ സുഖാനുഭവത്താൽ ഞാൻ ധന്യനാകും എന്നിങ്ങിനെയുള്ള വിചാരരൂപമായ ഭ്രമം പ്രാകൃതന്മാൎക്കുണ്ടാകുന്നു. അതു നിമിത്തം ദുഃഖം അനുഭവപ്പെടുന്നു.

168. യദഭാവിനതൽഭാവി ഭാവിചേന്ന തദന്യഥാ
ഇതിചിന്താവിഷഘ്നോയം,ബോധോഭ്രമനിവൎത്തകഃ.

യത്അഭാവി തത്നഭാവി=ഏതൊന്നു ഭവിക്കാനിടയില്ലാത്തതോ അതു ഭവിക്കയില്ല. ഭാവിചേത്തത് ന അന്യഥാ=ഭവിക്കാനുള്ളതാണെങ്കിൽ അതു മറെറാരു വിധത്തിൽ വരികയുമില്ല. അയംചിന്താവിഷഘ്നഃ ബോധഃ=ചിന്തയാകുന്ന വിഷത്തെ സംഹരിക്കുന്ന ഈ ബോധം. ഭ്രമനിവൎത്തകഃ=ഭ്രമത്തെ ഇല്ലാതെയാക്കും.

പ്രസംഗവശാൽ മേൽകാണിച്ച ഭ്രമം ഉണ്ടാകാതിരിപ്പാനുള്ള ഉപായത്തേയും പറയുന്നു:—ഏതൊന്നു ഏതൊരുവന്നു വന്നുചേരാനുള്ളതല്ലയോ അത് വരികയില്ല. ഏതൊന്നു വരാനുള്ളതോ അതു വരാതിരിക്കയുമില്ല, എന്നുള്ള ഈ ബോധം ചിന്തയാകുന്ന വിഷത്തെ നശിപ്പിക്കുന്നതാകുന്നു "ഈ ശ്രേയസ്സ് എനിക്ക് എപ്പോൾ ഏതുവിധത്തിൽ വന്നുചേരും. നേരിട്ടിരിക്കുന്ന ഈ അനിഷ്ടം എപ്പോൾ എങ്ങിനെയായാൽ ഇല്ലാതെയാകും" എന്നിങ്ങിനെയുള്ള ചിന്ത മനുഷ്യനെ വിഷമെന്നപോലെ നശിപ്പിക്കുന്നതാണ്. ഇത് ഭ്രമമാണ്. മേൽകാണിച്ച ബോധമുണ്ടായാൽപിന്നെ ഭ്രമമുണ്ടാകയില്ല.

169. സമേപിഭോഗേവ്യസനം ഭ്രാന്തോഗച്ഛേന്നബുദ്ധവാൻ
അശക്യാൎത്ഥസ്യസങ്കല്പാൽ ഭ്രാന്തസ്യ വ്യസനം ബഹു.

ഭോഗേസമേഅപി=ഭോഗം തുല്യമാണെങ്കിലും. ഭ്രാന്തഃ വ്യസനം ഗച്ഛേത്=ഭ്രാന്തൻ വ്യസനത്തെ പ്രാപിക്കും. നബുദ്ധവാൻ=ജ്ഞാനി വ്യസനിക്കയില്ല. അശക്യാൎത്ഥസ്യ സങ്കല്പാത്=അസാദ്ധ്യകാൎയ്യത്തിൻെറ സങ്കല്പംനിമിത്തം. ഭ്രാന്തസ്യ ബഹുവ്യസനം=ഭ്രാന്തന്ന് അധികമായ ദുഃഖം.

ഭോഗാനുഭവം വിദ്വാന്നും മൂഢന്നും ഒരുപോലെയിരിക്കേ ഒരുവന്നു ദുഃഖമില്ല മറേറവന്നു ദുഃഖമുണ്ട്, എന്നു വരാനെന്തു കാരണം എന്നു ശങ്കിക്കേണ്ട. സുഖദുഃഖങ്ങൾ വന്നും പോയ്ക്കൊണ്ടും ഇരിക്കുകയെന്നത് സാധാരണസ്വഭാവമാണെന്നറിഞ്ഞിരിക്കുന്ന ജ്ഞാനിക്കു ദുഃഖമുണ്ടാകയില്ല. അതറിയാതെ വന്ന സുഖം നശിക്കരുത്. ദുഃഖങ്ങളൊന്നും വരാതിരിക്കണം എന്നിങ്ങിനെ അസാദ്ധ്യകാൎയ്യസങ്കല്പംനിമിത്തം ഭ്രാന്തൻ അധികം ദുഃഖമനുഭവിക്കും.

170. മായാമയത്വം ഭോഗസ്യ ബുദ്ധ്വാസ്ഥാമുപസംഹരൻ
ഭുംജാനോപിന സങ്കല്പം കുരുതേവ്യസനം കുതഃ.

ഭോഗസ്യ മായാമയത്വം ബുദ്ധ്വാ=ഭോഗത്തിൻെറ മായാമയത്വത്തെ അറിഞ്ഞിട്ടു. ആസ്ഥാം ഉപസംഹരൻ=ആഗ്രഹത്തെ ഉപസംഹരിച്ചുംകൊണ്ടു. ഭുംജാനഃ അപി=ഭുജിക്കുന്നവനാണെങ്കിലും സങ്കല്പം ന കുരുതേ=സങ്കല്പത്തെ ചെയ്യുന്നില്ല. കുതഃ വ്യസനം=എങ്ങിനെ വ്യസനംവരും.

വിവേകിക്കു ദുഃഖമുണ്ടാകാത്തതിനു കാരണം സ്പഷ്ടമാക്കുന്നു:—സത്യാസത്യങ്ങളെ തിരിച്ചറിയുന്ന വിവേകി ആത്മാവല്ലാത്തതായ ഭോഗവസ്തുക്കളെല്ലാം മായാമയമാണെന്നറിഞ്ഞുകൊണ്ടു അതിലുള്ള ആഗ്രഹത്തെ ഉപസംഹരിച്ചുകൊണ്ടു പ്രാരബ്ധശക്ത്യാ വന്നുചേരുന്നതിനെ അനുഭവിക്കുക മാത്രമല്ലാതെ സങ്കല്പിക്കുന്നതേയില്ല. പിന്നെ എങ്ങിനെ വ്യസനമുണ്ടാകും. സങ്കല്പമാണ് വ്യസനകാരണമെന്നു സിദ്ധാന്തം.

171. സ്വപ്നേന്ദ്രജാലസദൃശ മചിന്ത്യരചനാത്മകം
ദൃഷ്ടനഷ്ടംജഗൽപശ്യൻ കഥം തത്രാനുരജ്യതി.

സ്വപ്നേന്ദ്രജാലസദൃശം=സ്വപ്നം ഇന്ദ്രജാലവിദ്യ ഇവയിലെന്നപോലെയും. അചിന്ത്യ രചനാത്മകം=എങ്ങിനെ എ,വിടെനിന്നുണ്ടായിയെന്നു ചിന്തിപ്പാൻ സാദ്ധ്യമല്ലാത്ത സ്വരൂപത്തോടുകൂടിയതും. ദൃഷ്ടന

ഷ്ടം ജഗൽപശ്യൻ=കാണപ്പെട്ട, നശിച്ചു എന്ന നിലയിലിരിക്കുന്നതുമായ ജഗത്തിനെ കാണുന്നവൻ. തത്രകഥംഅനുരജ്യതി=അതിൽ എങ്ങിനെ ആസക്തിവെക്കും.

ഭോഗസാധനം മായാമയമാണെന്നറിഞ്ഞാലും അനുഭവസമയത്തിൽ സുഖമുള്ളതുകൊണ്ടു ആഗ്രഹിക്കാതിരിക്കാൻ കഴിയുമോ എന്ന ശങ്കയെ പരിഹരിക്കുന്നു:—വിവേകമുള്ള ഒരുവൻ താൻ അനുഭവിക്കുന്നതും പുറമെ കാണപ്പെടുന്നതുമായ പദാൎത്ഥങ്ങളെയും ജനങ്ങളെയും എന്നുവേണ്ട ലോകത്തെത്തന്നെയും കുറിച്ചു ബുദ്ധിപൂൎവ്വംചെയ്യുന്ന വീക്ഷണത്തിൽ സ്വപ്നത്തിലും ഇന്ദ്രജാലത്തിലും കാണപ്പെട്ടന്ന ലോകമെന്നപോലെയും ഉള്ളതോ ഇതു് ഇല്ലാത്തതോ ഇതു് എന്നു നിശ്ചയിപ്പാൻ കഴിയാത്തവിധത്തിൽ കാണപ്പെടുന്നു, ഉടനെ മറയുന്നുവെന്നമട്ടിലിരിക്കുന്നതിനെ കണ്ടുകൊണ്ടിരിക്കുമ്പോൾ ഈ വിഷയഭോഗത്തിൽ അനുരക്തനാകുന്നതെങ്ങിനെ? ബഹുവിധദോഷദൎശനംനിമിത്തം വിവേകിക്കു വിഷയാസക്തിക്കവകാശമില്ലെന്നു സാരം.

172. സ്വസ്വപ്നമാപരോക്ഷ്യേണ ദൃഷ്ട്വാ പശ്യൻ സ്വജാഗരം
ചിന്തയേദപ്രമത്തഃസ ന്ഉഭാവനുദിനം മുഹുഃ.

സ്വസ്വപ്നം ആപരോക്ഷ്യേണ ദൃഷ്ട്വാ=തന്റെ സ്വപ്നത്തെ പ്രത്യക്ഷമായി കണ്ടിട്ടു. സ്വജാഗരംപശ്യൻ=തന്റെ ജാഗ്രദവസ്ഥയെ കാണുന്നവനായിട്ടു്. അപ്രമത്തഃസൻ=മനസ്സിനെ ചലിപ്പിക്കാതെ നിൎത്തീട്ടു. ഉഭൌ അനുദിനം മുഹുഃ ചിന്തയേത്=രണ്ടിനെയും എല്ലാദിവസവും വീണ്ടും വീണ്ടും ചിന്തിക്കേണം.

സ്വപ്നേന്ദ്രജാലംപോലെയാണ് ലോകം എന്നറിഞ്ഞാലല്ലേയോ വിഷയാശയില്ലാതാവുക. ആ അറിവുണ്ടാകാനുള്ള ഉപായമെന്താകുന്നുവെന്നാകാംക്ഷക്കു സമാധാനം:—ചിന്താശീലനായ ഒരുവൻ ദിവസംപ്രതി താൻ ഉറങ്ങുമ്പോൾ അനേകവിധ പദാൎത്ഥങ്ങൾ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നു. ആ പദാൎത്ഥങ്ങളിൽനിന്നു സന്തോഷസന്താപങ്ങളും അനുഭവപ്പെടുന്നു. ഉണൎന്നപ്പോൾ ഒന്നും കാണപ്പെടുന്നില്ല. താൻ മാത്രമുണ്ടെന്നറിയുന്നു. സ്വപ്നത്തിൽകണ്ട പദാൎത്ഥങ്ങളെല്ലാം എവിടെനിന്നു വന്നു, എങ്ങോട്ടു പോയി. എന്നീവിധം ആലോചിക്കേണം. ഉണൎന്നിരിക്കുന്നസമയത്തിൽ പുറമെ കാണപ്പെടുന്ന വസ്തുക്കളോ തന്റെ ശരീരംതന്നെയോ ഉറങ്ങുന്ന സമയത്തിൽ കാണപ്പെടുന്നില്ല. ഈ രണ്ടു സംഗതികളെയും മനസ്സിരുത്തി എല്ലാ ദിവസവും ആവൎത്തിച്ചു ചിന്തിക്കേണം.

173. ചിരം തയോഃ സൎവ്വസാമ്യമനുസന്ധായ ജാഗരേ
സത്യത്വബുദ്ധിം സന്ത്യജ്യ നാനുരജ്യതി പൂൎവ്വവത്

തയോഃ സൎവ്വസാമ്യം ചിരം അനുസന്ധായ=ആ രണ്ടവസ്ഥകൾക്കും സൎവ്വവിധത്തിലും സാമ്യത്തെ അധികകാലം അനുസന്ധാനം ചെയ്തിട്ടു. ജാഗരേ സത്യത്വബുദ്ധിം സന്ത്യജ്യ=ജാഗ്രത്തിലും സത്യത്വബുദ്ധിയെ തീരെയുപേക്ഷിച്ചിട്ടു്. പൂൎവ്വവത് ന അനുരജ്യതി=മുമ്പേത്തെപോലെ അനുരഞ്ജിക്കയില്ല.

ഇപ്രകാരം സ്വപ്നാവസ്ഥയിലും ജാഗരാവസ്ഥയിലും തൽകാലഭോഗലാഭം അവസാനത്തിൽ വിരസത, ഒടുവിൽ നാശം. എന്നിവയെല്ലാം തുല്യംതന്നെയെന്നു ചിരകാലം ചിന്തിച്ചുറപ്പിച്ചിട്ടു ജാഗ്രദവസ്ഥയിൽ കാണപ്പെടുന്ന ഭോഗപദാൎത്ഥങ്ങളും ഭോഗവും സത്യമാണെന്ന തോന്നൽ ഇല്ലാതാക്കണം. അങ്ങിനെ വരുമ്പോൾ സത്യത്വബുദ്ധിയുണ്ടായിരുന്ന കാലത്തിലെന്നപോലെ അസത്യത്വബുദ്ധിയുണ്ടാകുന്ന കാലത്തിൽ ഭോഗങ്ങളിൽ അനുരാഗം ഉണ്ടാകയില്ല.

174. ഇന്ദ്രജാലമിദം ദ്വൈതമചിന്ത്യരചനാത്വതഃ
ഇത്യവിസ്മരതോ ഹാനിഃ കാ വാ പ്രാരബ്ധഭോഗതഃ.

ഇദംദ്വൈതം=ഇക്കാണപ്പെടുന്ന ദ്വൈതപ്രപഞ്ചം. അചിന്ത്യരചനാത്വതഃ=വിചാരസഹമില്ലാത്തവിധത്തിൽ രചിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു. ഇന്ദ്രജാലം ഇതി അവിസ്മരതഃ=ഇന്ദ്രജാലമാണെന്നു മറക്കാതിരിക്കുന്നവന്നു്. പ്രാരബ്ധഭോഗതഃ കാവാഹാനിഃ=പ്രാരബ്ധഭോഗാനുഭവത്താൽ എന്തൊരു ഹാനിയുണ്ടു്?

പ്രപഞ്ചമിഥ്യാത്വജ്ഞാനമുണ്ടാകുമ്പോൾ വിഷയഭോഗസാധനങ്ങളും മിഥ്യയാണെന്നു വന്നുകഴിഞ്ഞു. സാധനമിഥ്യാത്വസൽഭാവത്തിൽ ഭോഗം എങ്ങിനെയുണ്ടാകും വിഷയം സത്യമായാൽ മാത്രമെ ഭോഗമുണ്ടാകയുള്ളു അസത്യവിഷയത്തിൽനിന്നു ഭോഗമുണ്ടാകുന്നതെങ്ങിനെയെന്നു ശങ്കിക്കുന്നുവെങ്കിൽ പറയാം, കേൾക്കുക:—സത്യമോ അസത്യമോ എന്നു വിചാരംചെയ്താൽ രണ്ടിന്നും വിരുദ്ധനിലയിൽ കാണപ്പെടുന്ന ദ്വൈതപ്രപഞ്ചം ഇന്ദ്രജാലംതന്നെ എന്നു മറക്കാതെയിരിക്കുന്നവന്നു പ്രാരബ്ധകൎമ്മ

വശാൽ വന്നുചേരുന്ന ഭോഗങ്ങളെ അനുഭവിക്കുന്നതുകൊണ്ടു യാതൊരു ഹാനിയും ഉണ്ടാകാനില്ല. മിഥ്യാത്വം അനുസന്ധാനംചെയ്യുന്നതുകൊണ്ടു ഭോഗത്തിന്നു ഹാനിയുണ്ടാകുന്നില്ല. പ്രാരബ്ധഭോഗംകൊണ്ടു പ്രാരബ്ധങ്ങളായ പുണ്യപാപകർമ്മങ്ങളുടെ ഫലം അനുഭവിച്ചുകഴിയുന്നതിനാൽ മിഥ്യാത്വാനുസന്ധാനം നിമിത്തം ഭോഗമുണ്ടാകാതിരിക്കുന്നില്ല. സ്വാപ്നപദാർത്ഥങ്ങൾ മിഥ്യയാണെന്നു വന്നതുകൊണ്ടു സ്വാപ്നഭോഗത്തിന്നു വിഘ്നമുണ്ടാകാതിരുന്നതുപോലെ ജാഗ്രദവസ്ഥയിൽ കാണപ്പെടുന്ന പദാർത്ഥങ്ങളും മിഥ്യകളാണെന്നറിഞ്ഞതുകൊണ്ട് ഭോഗത്തിന്നു ഹാനിയില്ല.

175. നിർബ്ബന്ധസ്തത്വവിദ്യായാ ഇന്ദ്രജാലത്വസംസ്മൃതൗ
പ്രാരബ്ധസ്യാഗ്രഹോ ഭോഗേ ജീവസ്യ സുഖദുഃഖയോഃ.

തത്വവിദ്യായാഃ നിർബ്ബന്ധഃ=ജഗത്തിന്റെ തത്വത്തെ വിശദമായുപദേശിക്കുന്ന വിദ്യയുടെ നിർബ്ബന്ധഃ ഇന്ദ്രജാലത്വസംസ്മൃതൗ=ഇന്ദ്രജാലംപോലെ ജഗത്തു മിഥ്യയാണെന്ന് നന്നായി വിചാരിക്കേണം എന്നതിലാകുന്നു. പ്രാരബ്ധസ്യ ആഗ്രഹഃ=പ്രാരബ്ധത്തിന്റെ ആഗ്രഹം. ജീവസ്യ സുഖദുഃഖയോഃ=ജീവന്റെ സുഖദുഃഖങ്ങളുടെ പ്രദാനത്തിലാകുന്നു.

ജഗത്തിന്റെ തത്വം എന്താണെന്നുപദേശിച്ചിരിക്കുന്ന തത്വവിദ്യയുടെ പരമോദ്ദേശം ജഗത്തു ഇന്ദ്രജാലംപോലെ മിഥ്യയാണെന്നു ധരിപ്പിക്കേണം എന്നുമാത്രമാണ്. ഭോഗമില്ലെന്നോ ഉണ്ടാവാൻ പാടില്ലെന്നോ വരുത്തേണമെന്ന ഉദ്ദേശം തത്വജ്ഞാനത്തിന്നില്ല. അതുപോലെത്തന്നെ പ്രാരബ്ധകർമ്മത്തിന്റെ ആഗ്രഹം ജീവന്നു സുഖദുഃഖങ്ങളെ നല്കേണം എന്നു മാത്രമാണ്. ഭോഗ്യവസ്തു സത്യമാക്കേണം എന്നുള്ള ആഗ്രഹം പ്രാരബ്ധത്തിന്നില്ല.

176. വിദ്യാരബ്ധേ വിരുധ്യേതേ നഭിന്ന വിഷയത്വതഃ
ജാനദ്ഭിരപ്യൈന്ദ്രജാല വിനോദോ ദൃശ്യതേ ഖലു.

വിദ്യാരബ്ധേ=തത്വജ്ഞാനവും പ്രാരബ്ധകർമ്മവും. ഭിന്നവിഷയത്വതഃ ന വിരുധ്യേതേ=ഭിന്നവിഷയങ്ങളായതുകൊണ്ടു വിരോധമുള്ളവല്ല. ജാനദ്ഭിഃ അപിഐന്ദ്രജാലവിനോദഃ=അറിവുള്ളവരാലും ഇന്ദ്രജാലവിനോദം ദൃശ്യതേ ഖലു=കാണപ്പെടുന്നുണ്ടല്ലോ.

തത്വജ്ഞാനത്തിന്നും പ്രാരബ്ധകർമ്മഫലഭോഗത്തിന്നും വിഭിന്നവിഷയത്വംനിമിത്തം അന്യോന്യവിരോധമില്ല. ഭോഗ്യവസ്തുക്കൾ മിഥ്യാഭൂതങ്ങളാണെന്നറിഞ്ഞിരുന്നാലും ഭോഗത്തിന്നു വിരോധമില്ലെന്നു കാണിപ്പാൻ ലൌകികദൃഷ്ടാന്തം പറയുന്നു:—ഇന്ദ്രജാലവിദ്യാശക്തിയാൽ പ്രദർശിപ്പിക്കപ്പെടുന്ന പദാർത്ഥങ്ങളൊന്നുംതന്നെ യഥാർത്ഥമല്ല എന്നറിഞ്ഞിരിക്കുന്നവരും, ആ വിദ്യയുടെ ചമല്ക്കാരവിശേഷത്തെ വിനോദമായി കാണാറില്ലെയോ. അതുപോലെ തത്വജ്ഞാനിയും പ്രാരബ്ധകർമ്മശക്തിയെ കണ്ടറിഞ്ഞാനന്ദിച്ചുകൊണ്ടു സുഖദുഃഖഭോഗങ്ങളെ അനുഭവിക്കുന്നു.

177. ജഗൽസത്യത്വമാപാദ്യ പ്രാരബ്ധം ഭോജയേദ്യദി
തദാ വിരോധി വിദ്യായാ ഭോഗമാത്രാന്നസത്യതാ.

ജഗൽസത്യത്വം ആപാദ്യ=ജഗത്തിന്റെ സത്യതയെ ഉറപ്പിച്ചിട്ടു. പ്രാരബ്ധം ഭോജയേത് യദി=പ്രാരബ്ധം ഭുജിപ്പിക്കുമെങ്കിൽ. തദാ വിദ്യായാഃ വിരോധി=അപ്പോൾ വിദ്യയുടെ വിരോധിയാകും. ഭോഗമാത്രാത്=ഭോഗംമാത്രം നല്കുന്നതുകൊണ്ട്. സത്യതാ ന=അതിന്നു സത്യത്വം സംഭവിക്കാവുന്നതുമല്ല.

തത്വജ്ഞാനവും പ്രാരബ്ധകർമ്മഫലഭോഗവും തമ്മിൽ യോജിക്കുകയില്ലെന്നു ശഠിക്കുന്ന വാദിയോടു ഈ ചോദ്യം ചെയ്യേണ്ടതാണ്:—പ്രാരബ്ധകർമ്മം വിദ്യാവിരോധിയെന്നോ? വിദ്യാ പ്രാരബ്ധകർമ്മവിരോധിനിയെന്നോ നിങ്ങളുടെ വാദം? അതിൽ പ്രാരബ്ധകർമ്മം വിദ്യയുടെ വിരോധിയാണെന്നു പറവാൻ കാരണമില്ല. ജഗത്തു ഇന്ദ്രജാലംപോലെ മിഥ്യയാണെന്നു പറയുന്ന വിദ്യയെ പ്രാരബ്ധകർമ്മം എതിർക്കുന്നില്ല. ജഗത്തു മിഥ്യയല്ല സത്യമാണ് എന്നുറപ്പിച്ചിട്ടല്ല പ്രാരബ്ധകർമ്മം ഫലത്തെ പ്രകാശിപ്പിക്കുന്നത്. അങ്ങിനെയാണെങ്കിൽ മാത്രമേ പ്രാരബ്ധം വിദ്യാവിരോധിയാകയുള്ളു. അങ്ങിനെയല്ലാത്തതുകൊണ്ടു പ്രാരബ്ധം വിദ്യാവിരോധിയല്ല. പ്രാരബ്ധം ഭോഗത്തെ നല്കുന്നുവെന്നുവന്നാൽ ഭോഗ്യവസ്തു സത്യമാണെന്നു സിദ്ധിക്കും എന്നാണ് പറവാൻ ഭാവമെങ്കിൽ ഭോഗം നല്കുന്നതുകൊണ്ടുമാത്രം ജഗത്തു സത്യമാണെന്നുള്ള വാദം സാധിപ്പാനുപകരിക്കുന്ന ദൃഷ്ടാന്തമില്ലാത്തതിനാൽ നിലനില്ക്കത്തക്കതല്ല.

178. അന്തരനോ ജായതേ ഭോഗഃ കല്പിതൈഃ സ്വാപ്നവസ്തുഭിഃ
ജാഗ്രദ്വസ്തുഭിരപ്യേവ മസത്യൈ ഭോഗ ഇഷ്യതാം.

കല്പിതൈഃ സ്വപ്നവസ്തുഭിഃ=കല്പിക്കപ്പെട്ട സ്വപ്നപദാൎത്ഥങ്ങളാൽ. അന്യൂനഃഭോഗഃ ജായതേ=കുറവൊന്നുമില്ലാത്ത ഭോഗം ഉണ്ടാകുന്നു. ഏവം അസത്യൈഃ ജാഗ്രദ്വസ്തുഭിഃ=ഇപ്രകാരം അസത്യങ്ങളായ ജാഗ്രദ്വസ്തുക്കളെക്കൊണ്ടും ഭോഗഃഇഷ്യതാം=ഭോഗം ഉണ്ടാകാമെന്നറിഞ്ഞുകൊൾക.

മിഥ്യാപദാൎത്ഥങ്ങൾകൊണ്ടും ഭോഗം ഉണ്ടാകാമെന്നുള്ളതിന്നും ദൃഷ്ടാന്തമില്ലെന്നു ശങ്കിക്കുന്നുവെങ്കിൽ ആ ശങ്ക ശരിയല്ല. അതിന്നു ദൃഷ്ടാന്തമുണ്ട് എന്നു കാണിക്കുന്നു:—സ്വപ്നപദാൎത്ഥങ്ങൾ മനഃകല്പിതങ്ങളാണല്ലൊ. ആ വസ്തുക്കൾകൊണ്ടു ഭോക്താവിന്നു സുഖദുഃഖരൂപമായ ഭോഗത്തിന്നു യാതൊരു കുറവും ഉണ്ടാകുന്നില്ല. അതുപോലെ മിഥ്യാഭൂതങ്ങളായ ജാഗ്രദ്വസ്തുക്കൾകൊണ്ടും ഭോഗമുണ്ടാവാൻ വിരോധമില്ലെന്നറിഞ്ഞുകൊൾക.

179. യദിവിദ്യാപഹ്നവീത ജഗൽ പ്രാരബ്ധഘാതിനീ
തദാസ്യാ ന്നതു മായാത്വബോധേന തദപഹ്നവഃ.

വിദ്യാ ജഗത് അപഹ്നവീതയദി=വിദ്യ ജഗത്തിനെ ഇല്ലാതെയാക്കുമെങ്കിൽ. തദാപ്രാരബ്ധ ഘാതിനീ സ്യാത്=അപ്പോൾ പ്രാരബ്ധനാശകാരിണിയാകും. മായാത്വബോധേന=മായാമയമാണെന്ന ബോധത്താൽ. നതു തദപഹ്നവഃ=അതിന്റെ സ്വരൂപനാശം വരുന്നില്ല.

പ്രാരബ്ധകൎമ്മം വിദ്യാവിരോധിയല്ലെന്നു മുമ്പെ കാണിച്ചു. വിദ്യാ, പ്രാരബ്ധവിരോധിനിയുമല്ലെന്നീപദ്യത്താൽ പറയുന്നു:— തത്വജ്ഞാനം ജഗത്സ്വരൂപത്തെയില്ലാതാക്കുന്നുവെങ്കിൽ പ്രാരബ്ധകൎമ്മത്തിന്നു ജീവന്മാൎക്കു സുഖദുഃഖങ്ങളെ ജനിപ്പിക്കുവാനുള്ള സാധനങ്ങളെ നശിപ്പിക്കുന്നതുകൊണ്ടു പ്രാരബ്ധത്തെ നാശിപ്പിക്കുന്നതാണെന്നു വരും. വിദ്യയങ്ങിനെ ചെയ്യുന്നില്ല. ജഗത്തു മിഥ്യയാണെന്നു മാത്രമേ ബോധിപ്പിക്കുന്നുള്ളു. ഉപഭോഗത്തിന്നുള്ള പദാൎത്ഥങ്ങളുടെ സ്വരൂപത്തെ നശിപ്പിക്കാത്തതുകൊണ്ടു പ്രാരബ്ധകൎമ്മത്തിന്നു സ്വകാൎയ്യം നടത്തുന്നതിൽ തടസ്ഥം നേരിടുന്നില്ല.

180. അനപഹ്നുത്യ ലോകാസ്തദിന്ദ്രജാലമിദം ത്വിതി
ജാനന്ത്യേവാനപഹ്നുത്യഭോഗം മായാത്വധീ സ്തഥാ.

തത് അനപഹ്നുത്യലോകാഃ=അതിന്റെ സ്വരൂപത്തെ മറയ്ക്കാതെതന്നെ ജനങ്ങൾ. ഇദംതു ഇന്ദ്രജാലം ഇതിജാനന്തിഏവ=ഇതാകട്ടെ ഇന്ദ്രജാലം എന്നുതന്നെ അറിയുന്നു. തഥാമായാത്വധീഃഭോഗം അനപഹ്നുത്യ=അപ്രകാരം മായയാണെന്നുള്ള ബുദ്ധിവൃത്തി ഭോഗപദാൎത്ഥത്തെ മറയ്ക്കാതെതന്നെ. ഇദംമായാഇതി ജാനാതി=ഇത് മായയാണെന്നറിയുന്നു.

മുകളിൽ പറഞ്ഞതിനെ ഒന്നുകൂടി വിസ്തരിച്ചു കാണിക്കുന്നു:—ഇന്ദ്രജാലക്കളികാണുന്നജനങ്ങൾ അതിൽ കാണപ്പെടുന്ന രൂപങ്ങളെക്കണ്ടുകൊണ്ടിരിക്കുമ്പോൾതന്നെ ഇത് ഇന്ദ്രജാലമാണെന്നറിയുന്നുണ്ട്. അതേവിധത്തിൽ ജഗത്ത് മായാമയമാണെന്നറിയുന്ന തത്വജ്ഞാനി ഭോഗ്യവസ്തുക്കളെ അനുഭവിക്കുമ്പോൾ ഇതു സത്യവസ്തുക്കളല്ല മായികങ്ങളാണെന്നറിഞ്ഞുകൊണ്ടുതന്നെ അനുഭവിക്കുന്നു.

181. യത്രത്വസ്യ ജഗത്സ്വാത്മാ പശ്യേൽ കസ്തത്ര കേന കിം
കിം ജിഘ്രേത് കിംവദേദ്വേതി ശ്രുതൌതു ബഹുഘോഷിതം.

യത്രതുഅസ്യജഗത് സ്വാത്മാ=ഏതൊരവസ്ഥയിൽ ഇവന്റെ ജഗത്ത് ആത്മാവായി ഭവിക്കുമോ. തത്രകഃകേനകിംപശ്യേത്=ആ അവസ്ഥയിൽ ആർ എന്തിനെക്കൊണ്ടു എന്തിനെ കാണും. കിംജിഘ്രേത് കിംവദേത്=എന്തിനെ ഘ്രാണിക്കും, എന്തിനെ വദിക്കും. ഇതിശ്രുതൌ ബഹുഘോഷിതം=എന്ന് ശ്രുതിയിൽ ബഹുവിധത്തിൽ പറയപ്പെട്ടിരിക്കുന്നു.

182. തേന ദ്വൈത മപഹ്നുത്യ വിദ്യോദേതി നചാന്യഥാ
തഥാച വിദുഷോ ഭോഗഃ കഥംസ്യാദിതിചേച്ഛൃണു.

തേന ദ്വൈതം അപഹ്നുത്യ=അതുകൊണ്ടു ദ്വൈതത്തെ മറച്ചിട്ടാണ്. വിദ്യാ ഉദേതി അന്യഥാ നച=വിദ്യയുണ്ടാകുന്നത് മററവിധത്തിലല്ല. തഥാ വിദുഷഃ ഭോഗഃച=ആകയാൽ വിദ്വാന്നു ഭോഗവും. കഥം സ്യാത് ഇതിചേത് ശൃണു=എങ്ങിനെയുണ്ടാകുമെന്നാണെങ്കിൽ കേട്ടാലും.

(181—182) ജ്ഞാനിക്കു ഭോഗമുണ്ടാകുന്നില്ല എന്ന ശ്രുതിപ്രമാണത്തെ അവലംബിച്ചുകൊണ്ടുതന്നെ വാദി ശങ്കിക്കുന്നു:—"യത്രത്വസ്യ സൎവ്വമാത്മൈവാഭൂൽ തൽകേനകംപശ്യേത്" "സ്വാത്മൈവാ ഭൂദിദംസൎവ്വം യദയമാത്മാ" ജ്ഞാനോദയത്തിൽ ഈ ലോകം ആത്മാവായിട്ടുതന്നെ തീൎന്നിരിക്കേ ആ ജ്ഞാനി ഏതൊരിന്ദ്രിയംകൊണ്ടു എന്തൊരു വിഷയത്തെ അനുഭവിക്കും. അനുഭവിക്കുന്നവൻ, അ

നഭവിക്കത്തക്കതായ വിഷയം, അനുഭവം എന്ന മൂന്നും ഇല്ലാതാക്കിക്കൊണ്ടുതന്നെയാണ് ജ്ഞാനം ഉത്ഭവിക്കുന്നത്. അതുകൊണ്ടു ആ ജ്ഞാനാവസ്ഥയിൽ ഭോഗാനുഭവത്തിന്നവകാശമില്ലെന്നു ശ്രുതി ബഹുവിധത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ജ്ഞാനിക്കു ഭോഗത്തിന്നവകാശമില്ലെന്നു ശങ്കിക്കുന്നുവെങ്കിൽ, പറയാം, കേട്ടുകൊൾക.

183. സുഷുപ്തിവിഷയാ മുക്തിവിഷയാ വാ ശ്രുതിസ്ത്വിതി
ഉക്തം സ്വാപ്യയസംപത്ത്യോരിതി സൂത്രേ ഹ്യതിസ്ഫുടം.

സുഷുപ്തിവിഷയാ=സുഷുപ്തിയെ വിഷയമാക്കീട്ടോ. മുക്തിവിഷയാവാ=മുക്തിയെ വിഷയമാക്കീട്ടോ. ശ്രുതിഃതു ഇതി=ആകുന്ന ശ്രുതിയെന്ന്. സ്വാപ്യയസംപത്ത്യോഃ ഇതി സൂത്രേ=''സ്വാപ്യയസമ്പത്തികളിൽ'' എന്ന സൂത്രത്തിൽ. അതിസ്ഫുടം ഉക്തം=അത്യന്തം സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നു.

മുകളിൽ കാണിച്ചതായ ''യത്രത്വസ്യ സർവ്വമാത്മൈവാഭൂ'' ദിത്യാദിശ്രുതിവചനം ജ്ഞാനോൽപത്തിവിഷയമല്ല. സുഷുപ്തിയേയോ മുക്തിയേയോ വിഷയമാക്കീട്ടുള്ളതാണ് എന്ന് ''സ്വാപ്യയസംപത്ത്യോഃ'' എന്ന സൂത്രത്തിൻെറ ഭാഷ്യത്തിൽ ശ്രീമദാചാര്യസ്വാമികൾ സ്പഷ്ടമാക്കീട്ടുണ്ട്. അതിനാൽ മേൽകാണിച്ച ശങ്കക്കവകാശമില്ല.

184. അന്യഥാ യാജ്ഞവല്ക്യാദേ രാചാര്യത്വം നസംഭവേത്
ദ്വൈതദൃഷ്ടാവവിദ്വാൻസ്യാ ദ്വൈതാദൃഷ്ടൗ നവാഗ്വദേത്.

അന്യഥാ യാജ്ഞവല്ക്യാദേഃ=അങ്ങിനെയല്ലെങ്കിൽ യാജ്ഞവല്ക്യൻ മുതലായവർക്ക്. ആചാര്യത്വം ന സംഭവേത്=ആചാര്യത്വം സംഭവിക്കയില്ല. ദ്വൈതദൃഷ്ടൗ=ദ്വൈതത്തെ കാണുന്നുവെങ്കിൽ. അവിദ്വാൻസ്യാത്=വിദ്വാനെന്ന നിലയില്ല. ദ്വൈതാദൃഷ്ടൗ=ദ്വൈതത്തെ കാണുന്നില്ലെങ്കിൽ. വാക്നവദേത്=വാക്കു പറകയുമില്ല.

മേൽകാണിച്ച ശ്രുതി സുഷുപ്തിയേയോ മുക്തിയേയോ വിഷയമാക്കീട്ടാണ് പറയുന്നതെന്നംഗീകരിക്കയില്ലെങ്കിൽ യാജ്ഞവല്ക്യൻ മുതലായ മഹാത്മാക്കൾക്ക് ആചാര്യസ്ഥാനംതന്നെ ഉണ്ടാകാനവകാശമില്ല എന്തുകൊണ്ടെന്നാൽ അവിദ്യാകാമ കർമ്മകലുഷിതമായ ദ്വൈതത്തെ യഥാർത്ഥമായിട്ടു കാണുന്നവരാണവരെങ്കിൽ ആത്മസാക്ഷാൽകാരമുള്ളവരല്ലാത്തതുകൊണ്ടു ആചാര്യന്മാരാവാൻ അർഹന്മാരല്ല. അഥവാ ദ്വൈതദർശനംതന്നെയില്ലാത്തവരാണെങ്കിലോ ശിഷ്യന്മാരെ കാണുന്നവരല്ലാത്തതുകൊണ്ടു ആത്മാവിനെ ബോധിപ്പിക്കുവാനുപകരിക്കുന്ന വാഗ്വ്യവഹാരത്തിന്നും അവകാശമില്ല. ആചാര്യന്മാർ ഇല്ലെന്നു വരുന്നപക്ഷം വിദ്യാസംപ്രദായത്തിന്നുതന്നെ മൂലച്ഛേദം നേരിടും. അതിനാൽ ഭാഷ്യകാരവചനം അംഗീകരിക്കുകതന്നെ വേണം.

185. നിർവ്വികല്പസമാധൗ തു ദ്വൈതാദർശനഹേതുതഃ
സൈവാപരോക്ഷവിദ്യേതി ചേൽ സുഷുപ്തിസ്തഥാനകിം.

നിർവ്വികല്പസമാധൗ തു=നിർവ്വികല്പസമാധിയിലാകട്ടെ. ദ്വൈതാദർശഹേതുതഃ=ദ്വൈതദർശനം ഇല്ലാത്തതുകൊണ്ടു. സാ ഏവ അപരോക്ഷവിദ്യാ ഇതിചേത്=അതുതന്നെ അപരോക്ഷവിദ്യായെന്നാണെങ്കിൽ. സുഷുപ്തിഃ തഥാനകിം=സുഷുപ്തി അങ്ങിനെയല്ലെയോ.

യാജ്ഞവല്ക്യാദികൾ ആചാര്യനിലയിൽ ഉപദേശിക്കുമ്പോൾ ജ്ഞാനമുള്ളതുകൊണ്ടു അവർ വിദ്വാന്മാർതന്നെ. എങ്കിലും അവരുടെ ആ ജ്ഞാനത്തെ അപരോക്ഷവിദ്യയെന്നു പറഞ്ഞുകൂടാ അവക്കപ്പോൾ ദ്വൈതപ്രതീതിയുണ്ട്. അതിനാൽ അപരോക്ഷവിദ്യയാകുന്നില്ല. നിർവ്വികല്പസമാധിയിലോ അങ്ങിനെയല്ല അവിടെ ദ്വൈതപ്രതീതിയില്ല. അതുതന്നെ അപരോക്ഷവിദ്യയാകയുള്ളൂ എന്നു ശങ്കിക്കുന്നുവെങ്കിൽ അതു ശരിയല്ല. ദ്വൈതപ്രതീതിയില്ലാതാകുന്നതാണ് അപരോക്ഷവിദ്യാലക്ഷണം എന്നുള്ള ഹേതുവിന്നു അതിവ്യാപ്തിയെന്ന ദോഷമുണ്ട്. സുഷുപ്തിയിൽ ദ്വൈതപ്രതീതിയില്ലല്ലൊ. ആ അവസ്ഥയിൽ അപരോക്ഷവിദ്യാസിദ്ധിയുണ്ടെന്നു സമ്മതിക്കുന്നുവോ.

186. ആത്മതത്വം നജാനാതി സുപ്തൗ യദി തദാ ത്വയാ
ആത്മധീരേവവിദ്യേതി വാച്യം നദ്വൈതവിസ്മൃതിഃ.

സുപ്തൗ ആത്മതത്വം നജാനാതി യദി=സുഷുപ്തിയിൽ ആത്മതത്വത്തെ അറിയുന്നില്ല എന്നാണെങ്കിൽ. തദാ ആത്മധീഃ ഏവ വിദ്യാഇതി=അപ്പോൾ ആത്മബോധംതന്നെ വിദ്യയെന്ന്. ത്വയാവാച്യം=നിന്നാൽ വചിക്കപ്പെടേണ്ടാൻ യോഗ്യം. ദ്വൈതവിസ്മൃതിഃ ന=ദ്വൈതവിസ്മൃതിയല്ല.

സുഷുപ്തിയിൽ ആത്മതത്വത്തെ അറിയാത്തതുകൊണ്ടു അതു വിദ്യയാകുന്നില്ല എന്നു വാദി പറഞ്ഞപ്പോൾ സിദ്ധാന്തി പറയുന്നു:—എന്നാൽ ആത്മജ്ഞാനമാണ് വിദ്യാ. ദ്വൈതവിസ്മൃതിയല്ല എന്നു തന്നെ നിങ്ങൾ സമ്മതിക്കേണ്ടതാണ്.

187. ഉഭയം മിളിതം വിദ്യായദി തർഹി ഘടാദയഃ
അർദ്ധവിദ്യാഭാജിനഃസ്യുഃ സകലദ്വൈതവിസ്മൃതേഃ.

ഉഭയം മിളിതം വിദ്യായദി=രണ്ടുംചേൎന്നതു വിദ്യയാണെങ്കിൽ. തർഹിഘടാദയഃ=എന്നാൽ ഘടം മുതലായവ. സകലദ്വൈതവിസ്മൃതേഃ = സകലദ്വൈതവിസ്മൃതിനിമിത്തം. അർദ്ധവിദ്യാഭാജിനഃസ്യുഃ=പകുതി വിദ്യയുള്ളവയെന്നുവരും.

ദ്വൈതാദൎശനവും ആത്മജ്ഞാനവും രണ്ടുംകൂടിയതാണ് വിദ്യായെന്നു വാദിക്കുന്നുവോ? അങ്ങിനെയാണെങ്കിൽ സകലദ്വൈതവിസ്മൃതിയുള്ള ഘടാദിപദാൎത്ഥങ്ങൾ പകുതി വിദ്യയുള്ളവയാണെന്നുവരും. വിദ്യയുടെ അർദ്ധലക്ഷണമാണല്ലൊ ദ്വൈതവിസ്മൃതി. അതു ഘടാദികൾക്കു പൂൎണ്ണമായിട്ടുണ്ട്. അതിനാൽ അവ അർദ്ധവിദ്യയുള്ളവ എന്നു വന്നുകൂടും.

188. മശകധ്വനിമുഖ്യാനാം വിക്ഷേപാണാം ബഹുത്വതഃ
തവ വിദ്യാ തഥാ നസ്യാൽ ഘടാദീനാം യഥാ ദൃഢാ.

മശകധ്വനിമുഖ്യാനാം=ഈച്ചകളുടെ ശബ്ദം മുതലായ. വിക്ഷേപാണാം ബഹുത്വതഃ=വിക്ഷേപങ്ങളുടെ ബഹുത്വംനിമിത്തം. ഘടാദീനാം യഥാദൃഢാവിദ്യാ=ഘടാദികളുടെ വിദ്യ എപ്രകാരം ദൃഢയോ. തഥാ തവവിദ്യാ നസ്യാത്=അപ്രകാരം അങ്ങയുടെ വിദ്യ ദൃഢയാകയില്ല.

ഈ പക്ഷത്തിലും സമാധിയുള്ള ആളുകൾക്ക് അർദ്ധവിദ്യാവത്വംകൂടെ ഉണ്ടാകയില്ല എന്നു പരിഹസിക്കുന്നു:—സമാധിഭംഗം വരുത്തുന്നതിന്നു കാരണങ്ങളായിട്ടു മശകാദികളുടെ ശബ്ദം മുതലായവ അനേകമുണ്ട്. അപ്പോൾ ദ്വൈതവിസ്മൃതിയുണ്ടാകയില്ല. ഘടാദികളുടെ ദ്വൈതവിസ്മൃതിയോ എത്ര വമ്പിച്ച ശബ്ദമുണ്ടായാലും വിഘ്നപ്പെടുകയില്ല. അതിനാൽ സമാധിയുള്ള അങ്ങക്ക് അർദ്ധവിദ്യാവത്വത്തിന്നുംകൂടി അവകാശമില്ല.

189. ആത്മധീരേവ വിദ്യേതിയദി തർഹി സുഖീഭവ
ദുഷ്ടചിത്തം നിരുന്ധ്യാച്ചേന്നിരുന്ധി ത്വം യഥാസുഖം.

ആത്മധീഃ ഏവവിദ്യാ ഇതിയദി=ആത്മജ്ഞാനംതന്നെ വിദ്യയെന്നാണെങ്കിൽ. തർഹീസുഖീഭവ=എന്നാൽ സുഖവാനായിരുന്നാലും. ദുഷ്ടചിത്തം നിരുന്ധ്യാത് ചേത് = ദുഷിച്ച ചിത്തത്തെ നിരോധിക്കേണം എന്നാണെങ്കിൽ. യഥാസുഖം ത്വംനിരുന്ധി=സുഖമാകുംവിധം അങ്ങു നിരോധിച്ചുകൊൾക.

ആത്മജ്ഞാനത്തിന്നുതന്നെ വിദ്യാത്വം ദ്വൈതവിസ്മൃതിക്കല്ല എന്നു സമ്മതിക്കുന്നുവെങ്കിൽ അതു ഞങ്ങൾക്കു സമ്മതംതന്നെ. അങ്ങു ആ ബോധത്തെ വിട്ടുകളയാതെ സുഖസ്വരൂപനായിരുന്നുകൊൾക എന്നു സിദ്ധാന്തി വാദിയെ ആശീൎവ്വദിച്ചപ്പോൾ വാദി വാദം തീരെ വിട്ടുകളയാതെ പിന്നെയും പറയുന്നു:—ആത്മബോധംതന്നെ വിദ്യ എന്നാൽ അതു ദുഷിച്ച മനസ്സിൽ സ്ഫുരിക്കയില്ല. അതുകൊണ്ടു ചിത്തദോഷപരിഹാരത്തിന്നായി ചിത്തവൃത്തിയെ നിരോധിക്കേണ്ടതല്ലയോ എന്നാണ് ആകാംക്ഷയെങ്കിൽ അതു ചെയ്യേണ്ടതുതന്നെ. ചിത്തപ്രസാദസിദ്ധിക്കായി അങ്ങു സുഖമാകുംവിധത്തിൽ നിരോധിച്ചുകൊൾക.

190. തദിഷ്ടമേഷ്ടവ്യമായാ മയത്വസ്യ സമീക്ഷണാത്
ഇച്ഛന്നപ്യജ്ഞവന്നേച്ഛേൽ കിമിച്ഛന്നിതിഹി ശ്രുതം.

തത് ഇഷ്ടം എഷ്ടവ്യമായാമയത്വസ്യ സമീക്ഷണാത് = അതിഷ്ടംതന്നെ ആവശ്യമായ ജഗന്മായാമയത്വത്തിന്റെ സമീക്ഷണകാരണമാകയാൽ. ഇച്ഛൻഅപി അജ്ഞവത് = ഇച്ഛിക്കുന്നവനാണെങ്കിലും അജ്ഞനെപ്പോലെ. നഇച്ഛേത് ഇതി=ഇച്ഛിക്കുകയില്ലെന്നാണ്. കിംഇച്ഛൻ ഇതിശ്രുതംഹി=എന്തിനെ ഇച്ഛിക്കുന്നവനായിട്ടു എന്ന വാക്യത്തിൽ ശ്രുതി പറഞ്ഞിരിക്കുന്നതു്.

ആത്മസാക്ഷാൽകാരസിദ്ധിക്ക് ജഗന്മിഥ്യാത്വജ്ഞാനദാർഢ്യം ആവശ്യമായിരിക്കയാൽ വിക്ഷിപ്തചിത്തത്തെ നിരോധിക്കേണ്ടത് ആവശ്യംതന്നെ. ജ്ഞാനി വിഷയാദികളെ ആഗ്രഹിക്കുന്നവനാണെങ്കിലും മൂഢനെപ്പോലെ ആഗ്രഹിക്കുന്നവനല്ലെന്നാണ് "കിമിച്ഛൻ" എന്ന വാക്യത്താൽ ശ്രുതി ബോധിപ്പിക്കുന്നത്.

191. രാഗോ ലിംഗമബോധസ്യ സന്തു രാഗാദയോ ബുധേ
ഇതിശാസ്ത്രദ്വയം സാർത്ഥമേവം സത്യവിരോധതഃ.

രാഗഃ അബോധസ്യലിംഗം=രാഗം അബോധത്തിന്റെ ലക്ഷണം. ബുധേ രാഗാദയഃസന്തു=ബുധനിൽ രാഗാദികൾ ഇരുന്നുകൊള്ളട്ടെ. ഏവംസതി അവിരോധതഃ=ഇപ്രകാരമാകുമ്പോൾ വിരോധമില്ലാത്തതു കൊണ്ട്. ഇതിശാസ്ത്രദ്വയം സാർത്ഥം=മേൽകാണിച്ച രണ്ടു ശാസ്ത്രവും അർത്ഥവത്താകും.

ആത്മജ്ഞാനിയുടെ വിഷയാശ അജ്ഞാനിയുടെ ആശപോലെയല്ലെന്നുള്ള അഭിപ്രായത്തിലാണ് "കിമിച്ഛൻ" എന്ന ശ്രുതിവാക്യം നില്ക്കുന്നതെന്നു പറഞ്ഞത് എന്തുകൊണ്ടാണെന്നു കാണിക്കുന്നു:—വിഷയാശ അജ്ഞാനത്തിന്റെ ലക്ഷണമാണെന്നും ജ്ഞാനിയിൽ വിഷയാശയുണ്ടെങ്കിലും അജ്ഞാനിയുടേതുപോലെയല്ലെന്നും ശാസ്ത്രമുണ്ട്. "രാഗോലിംഗമബോധസ്യ ചിത്തവ്യായാമ ഭൂമിഷു, കുതഃശാദ്വലതാ തസ്യ യസ്യാഗ്നിഃ കോടരേതരോഃ" ചിത്തത്തിന്നാഹ്ലാദിപ്പാനുള്ള വിഷയങ്ങളിൽ ആഗ്രഹം ഉണ്ടാകുന്നത് അജ്ഞാനത്തിൽനിന്നാണ്. ജ്ഞാനിയിൽ വിഷയാങ്കുരങ്ങൾ തഴക്കാൻ വഴിയില്ല. അവന്റെ ഹൃദയഗുഹയിൽ ജ്ഞാനാഗ്നിയുജ്ജ്വലിച്ചുകൊണ്ടിരിക്കുമ്പോൾ വിഷയതൃണങ്ങൾ അഭിവൃദ്ധിപ്പെടുന്നതെങ്ങിനെ? വൃക്ഷത്തിന്റെ പൊത്തിന്നുള്ളിൽ അഗ്നി കത്തിക്കൊണ്ടിരിക്കുമ്പോൾ ആ വൃക്ഷത്തിൽ പത്രപുഷ്പാദികൾ തഴയ്ക്കുന്നതെങ്ങിനെ? എന്ന ശാസ്ത്രത്താൽ ജ്ഞാനിയിൽ രാഗാദികളില്ലെന്നു പറഞ്ഞിരിക്കുന്നു. "ശാസ്ത്രാർത്ഥസ്യ സമാപ്തത്വാന്മുക്തിഃ സ്യാത്താവതാമിതേഃ. രാഗാദയഃ സന്തുകാമം ന തൽഭാവോപരാധ്യതേ" ആത്മസാക്ഷാൽകാരം മുക്തിസാധനം എന്നതിൽ ശാസ്ത്രാർത്ഥം സർവ്വവും അവസാനിച്ചിരിക്കയാൽ പ്രമാണപ്രകാരം മുക്തി സിദ്ധയായി. അങ്ങിനെ മുക്തനായവനിൽ രാഗാദികളുണ്ടെങ്കിൽ ഇരുന്നുകൊള്ളട്ടെ. അതു മുക്തിയെ വിരോധിക്കയില്ല എന്നും ശാസ്ത്രമുണ്ട്. ഇങ്ങിനെ രണ്ടുവിധത്തിലുള്ള ശാസ്ത്രത്തിന്നു വിരോധമില്ലാത്തവിധത്തിലാണ് "കിമിച്ഛൻ" എന്ന വാക്യത്തിന്റെ അർത്ഥം ധരിക്കേണ്ടത്. ജ്ഞാനിയിൽ രാഗത്തിന്ന് ദാർഢ്യമില്ലെന്നുവരുമ്പോൾ ജ്ഞാനിയിൽ രാഗമല്ല രാഗാഭാസമാണ് ഉള്ളത് എന്നും വരുന്നതിനാൽ ജ്ഞാനിയിൽ രാഗമില്ലെന്നും ഉണ്ടെന്നും പറയുന്ന രണ്ടു ശാസ്ത്രവും അർത്ഥവത്തായ്വരുന്നു.

192. ജഗന്മിഥ്യാത്വവൽ സ്വാത്മാസംഗത്വസ്യ സമീക്ഷണാത്
കസ്യകാമായേതി വചോ ഭോക്തൃഭാവവിവക്ഷയാ

ജഗന്മിഥ്യാത്വവത്=ജഗത്ത് മിഥ്യയാണെന്നതുപോലെ. സ്വാത്മാസംഗത്വസമീക്ഷണാത്=സ്വാത്മാവ് അസംഗനാണെന്നു നന്നായി കാണുന്നതുകൊണ്ടു. ഭോക്തൃഭാവവിവക്ഷയാ=ഭോക്താവില്ലെന്നുള്ള അഭിപ്രായത്തോടുകൂടെയാണ്. കസ്യകാമായഇതിവചഃ=ആരുടെ കാമത്തിന്നായിക്കൊണ്ടു എന്ന ശ്രുതിവചനം.

ശ്രുതിയിലെ "കിമിച്ഛൻ" എന്ന അംശത്തിന്റെ അഭിപ്രായത്തെ പ്രകാശിപ്പിച്ചശേഷം "കസ്യകാമായ" എന്ന അംശത്തിലടങ്ങിയ അഭിപ്രായം പറവാൻ ആരംഭിക്കുന്നു:—ജഗത്ത് മിഥ്യയായതുകൊണ്ടു വാസ്തവത്തിൽ കാംക്ഷിക്കുവാൻ തക്ക വസ്തുവില്ലെന്നറിഞ്ഞതുകൊണ്ടാണ് ജ്ഞാനി എന്തിനെയാണ് ഇച്ഛിക്കുക എന്ന വാക്ക് ശ്രുതിയിൽ കാണ്മാനിടയായത്. അതുപോലെത്തന്നെ ആത്മാവ് ഒന്നിനോടും ചേരാതിരിക്കുന്നതുകൊണ്ടു യഥാർത്ഥത്തിൽ ആത്മാവിൽനിന്നന്യനായിട്ടൊരു ഭോക്താവില്ലെന്നു കാണിപ്പാനാണ് "കസ്യകാമായ" എന്ന വചനം.

193. പതിജായാദികം സർവ്വം തത്തൽഭോഗായ നേച്ഛതി
കിന്ത്വാത്മഭോഗാർത്ഥമിതി ശ്രുതാവുൽഘോഷിതം ബഹു.

പതിജായാദികംസർവ്വം=ഭർത്താവ്, ഭാര്യ, എന്നിവയെല്ലാം. തത്തൽഭോഗായനഇച്ഛതി=അവരുടെ ഭോഗത്തിന്നായിട്ടല്ല ഇച്ഛിക്കുന്നത്. കിന്തു ആത്മഭോഗാർത്ഥം=പിന്നെയോ ആത്മഭോഗത്തിന്നായിക്കൊണ്ടാണ്. ഇതിശ്രുതൌ ബഹുഉൽഘോഷിതം=എന്ന് ശ്രുതിയിൽ വളരെയധികം പറയപ്പെട്ടിരിക്കുന്നു.

ആത്മാവ് ഭോക്താവല്ലെന്നു പറയുന്നതു ശരിയല്ല; ഭോഗത്തിൽ പ്രസക്തി ആത്മാവിന്നില്ലെന്നു വന്നാലല്ലേ ഭോക്താവല്ലെന്നു വരികയുള്ളൂ. പ്രസക്തിയില്ലെന്നു വരുന്നില്ല ഉണ്ടെന്നാണ് സ്വാനുഭവം. പ്രസക്തിയുണ്ടെന്നു ശ്രുതിയും ബോധിപ്പിക്കുന്നു. ഭാര്യ ഭർത്താവിനേയും ഭർത്താവു ഭാര്യയേയും ഇങ്ങിനെ മറ്റോരോന്നിനേയും ഓരോരുത്തർ കാംക്ഷിക്കുന്നതും സ്നേഹിക്കുന്നതും ഭാര്യയേയോ ഭർത്താവിനേയോ മറ്റോ സ്നേഹിച്ചിട്ടല്ല. പിന്നെയോ തന്റെ സുഖത്തിനുള്ള ഉപകരണങ്ങൾ എന്ന നിലക്കാണ് സ്നേഹിക്കാറുള്ളത് എന്നു ശ്രുതിയിൽ വിസ്തരിച്ചു കാണപ്പെടുന്നുണ്ട്. "നവാഅരേപത്യുഃ കാ

മായപതിഃ പ്രിയോഭവതി'' എന്നു തുടങ്ങീട്ട ''ആത്മനസ്തുകാമായ സർവ്വംപ്രിയം ഭവതി'' എന്നവസാനിക്കുന്ന ശ്രുതിവാക്യങ്ങൾ ആത്മാവിന്നു ഭോഗത്തിൽ പ്രസക്തിയുണ്ടെന്നു കാണിക്കുന്നു. അതിനാൽ ആത്മാവു് ഭോക്താവാണെന്നു കാണുന്നുവല്ലൊ എന്നാണു് ഇവിടെ വാദിയുടെ ശങ്കാസ്വരൂപം.

194. കിംകൂടസ്ഥശ്ചിദാഭാസോഥവാകിംവോഭയാത്മകഃ
ഭോക്താതത്രനകൂടസ്ഥോ്യസംഗത്വാൽ ഭോക്തൃതാംവ്രജേത്.

ഭോക്താകിംകൂടസ്ഥഃ=ഭോക്താവ് കൂടസ്ഥനാണോ. അഥവാചിദാഭാസഃ=അതോ ചിദാഭാസനോ. കിംവാ ഉഭയാത്മകഃ=അതോ രണ്ടും കൂടിയോ. തത്രഅസംഗത്വാൽ കൂടസ്ഥഃ=അതിനാൽ അസംഗത്വം നിമിത്തം കൂടസ്ഥൻ. നഭോക്തൃതാംവ്രജേത്=ഭോക്തൃഭാവത്തെ പ്രാപിക്കയില്ല.

മേൽകാണിച്ചവിധം ആത്മാവിന്നു ഭോക്തൃത്വം ഉണ്ടെന്നു വാദി ശങ്കിച്ചതിനെ കാണിച്ചശേഷം അതിൻെറ അപവാദത്തിന്നായി ഭോക്താവ് ആരാണെന്നതിനെ കുറിച്ചു വികല്പനം ചെയ്യുന്നു:— ഭോക്താവായിരിക്കുന്നതു കൂടസ്ഥനോ ചിദാഭാസനോ രണ്ടും കൂടിയോ എന്നാണ് വികല്പനം. അതിൽ ഒന്നാംപക്ഷമായ കൂടസ്ഥനാണെങ്കിൽ അസംഗത്വം നിമിത്തം കൂടസ്ഥൻ ഭോക്താവാണെന്നു വരാൻ നിവൃത്തിയില്ല.

195. സുഖദുഃഖാഭിമാനാഖ്യോ വികാരോ ഭോഗ ഉച്യതേ
കൂടസ്ഥശ്ച വികാരീചേത്യേത ന്നവ്യാഹതം കഥം.

സുഖദുഃഖാഭിമാനാഖ്യഃ വികാരഃ=സുഖദുഃഖാഭിമാനം എന്നു പേരുള്ള വികാരം. ഭോഗഃഉച്യതേ=ഭോഗം എന്നു പറയപ്പെടുന്നു. കൂടസ്ഥഃചവികാരീച=കൂടസ്ഥനുമാണ് വികാരിയുമാണ്. ഇതി ഏതത് നകിം വ്യാഹതം=എന്ന ഇത് അന്യോന്യവിരുദ്ധമല്ലെയോ.

കൂടസ്ഥൻതന്നെ അസംഗനും ഭോക്താവുമാകുന്നതിൽ എന്തു ദോഷം എന്നാണെങ്കിൽ കൂടസ്ഥൻ എന്ന ശബ്ദത്തിന്നു വികാരമില്ലാത്തവൻ എന്നാണെല്ലൊ അൎത്ഥം. സുഖം ദുഃഖം എന്ന അഭിമാനാത്മകമായ വികാരത്തിന്നാണ് ഭോഗം എന്ന പേർ. വികാരമില്ലാത്തവനും വികാരമുള്ളവനും എന്ന നില ഒരേ വസ്തുവിൽ വ്യാഹതമാകുന്നതിനാൽ കൂടസ്ഥനിൽ ഭോക്തൃത്വം ഇരിക്കുകയില്ല.

196. വികാരിബുദ്ധ്യധീനത്വാദാഭാസേവികൃതാവപി
നിരധിഷ്ഠാനവിഭ്രാന്തിഃകേവലാനഹിതിഷ്ഠതി.

ആഭാസഃ=ചിദാഭാസൻ. വികാരിബുദ്ധ്യധീനത്വാത്=വികാരിയായ ബുദ്ധിക്കധീനനാകനിമിത്തം. വികൃതൌ ആഭാസേ അപിന=വികാരവാനായ ആഭാസനിലും ഇല്ല. കേവലാനിരധിഷ്ഠാനവിഭ്രാന്തിഃ നഹിതിഷ്ഠതി=ഏകയായ നിരധിഷ്ഠാനഭ്രാന്തി നിലനില്ക്കുന്നതല്ലല്ലൊ.

എന്നാൽ വികാരിയായ ചിദാഭാസൻ ഭോക്താവ് എന്നാവട്ടെ എന്നുവെച്ചാൽ അതിന്നും തരമില്ല. എന്തുകൊണ്ടെന്നാൽ വികാരിയായ ബുദ്ധിയിൽ പ്രതിഫലിച്ച ചിത്തിനെയാണെല്ലൊ ചിദാഭാസൻ എന്നു പറയുന്നത്. അതുകൊണ്ടുതന്നെയല്ലെ ചിദാഭാസൻ വികാരവാൻ എന്നു വന്നതും, അധിഷ്ഠാനമായ കൂടസ്ഥചൈതന്യത്തെ കൂടാതെ ചിദാഭാസമെന്ന തത്വംതന്നെ ഉണ്ടാകാനവകാശമില്ലാത്തതുകൊണ്ടു ചിദാഭാസൻ എങ്ങിനെ ഭോക്താവാകും.

197. ഉഭയാത്മകഏവാതോലോകേഭോക്താനിഗദ്യതേ
താദൃഗാത്മാനമാരഭ്യകൂടസ്ഥഃശേഷിതഃശ്രുതൌ.

അതഃല്ലോകേ ഉഭയാത്മകഃ ഏവ=അതുകൊണ്ടു ലോകത്തിൽ ഉഭയാത്മകൻതന്നെ. ഭോക്താനിഗദ്യതേ=ഭോക്താവെന്നു പറയപ്പെടുന്നു. താദൃഗാത്മാനം ആരഭ്യ=ആവിധമുള്ള ആത്മാവുമുതൽ തുടങ്ങീട്ടു. ശ്രുതൌകൂടസ്ഥഃശേഷിതഃ=ശ്രുതിയിൽ കൂടസ്ഥൻ ശേഷിപ്പിക്കപ്പെട്ടു.

ഓരോന്നിന്നും ഭോക്തൃത്വം സംഭവിക്കയില്ലെന്നു വന്നതിനാൽ അധിഷ്ഠാനസഹിതമായ ചിദാഭാസൻ ഭോക്താവ് എന്നു കല്പിച്ചിട്ടാണ് ലോകത്തിൽ വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ ഉഭയാത്മകത്വംതന്നെ ഘടിക്കുകയുമില്ല ''അസംഗോഹ്യയം പുരുഷഃ'' ഈ പുരുഷൻ അസംഗൻ എന്ന ശ്രുതിയുള്ളതുപോലെ ''യോയം വിജ്ഞാനമയഃപ്രാണേഷു'' ബുദ്ധ്യാദികളിൽ ഇവൻ ജ്ഞാനസ്വരൂപം എന്ന ശ്രുതിപ്രകാരം ബുദ്ധിസാക്ഷിത്വവും ശ്രുതിയിൽ പറയപ്പെട്ടിരിക്കയാൽ ഉഭയാത്മകമായ ഭോക്തൃസ്വരൂപം പരമാൎത്ഥമായിട്ടുതന്നെഉണ്ടു്. ലോകവ്യവഹാരംമാത്രംകൊണ്ടു സിദ്ധമല്ലെന്നു ശങ്കിക്കുന്നുവെങ്കിൽ അങ്ങിനെയില്ല. ശ്രുതിയുടെ താല്പൎയ്യം അങ്ങിനെയല്ല. ബുദ്ധ്യപാധിസ

ഹിതമായ ഭോക്താവു മുതൽ തുടങ്ങീട്ട ബുദ്ധ്യാദികളായ ഉപാധികളുടെ കല്പനത്തിനധിഷ്ഠാനമായ ചിദാത്മാവിനെ ശ്രുതി അവശേഷിപ്പിക്കുന്നു. ബുദ്ധ്യാദികളെ അനാത്മാക്കളായിട്ട തള്ളിക്കളഞ്ഞു. കൂടസ്ഥചൈതന്യം പരമാത്ഥം എന്നാണ് ബൃഹദാരണ്യകശ്രുതി ബോധിപ്പിക്കുന്നത്.

198. ആത്മാകതമ ഇത്യുക്തേ യാജ്ഞവല്ക്യോ വിബോധയൻ
വിജ്ഞാനമയമാരഭ്യാസംഗം തം പര്യശേഷയത്.

ആത്മാകതമഃ ഇതി ഉക്തേ=ആത്മാവ് ഏതാണ് എന്നു ജനകൻ ചോദിച്ചപ്പോൾ. തം വിബോധയൻ= അവനെ ബോധിപ്പിക്കുന്നവനായിട്ട. യാജ്ഞവല്ക്യഃ വിജ്ഞാനമയം ആരഭ്യ=യാജ്ഞവല്ക്യൻ വിജ്ഞാനമയൻ മുതൽ തുടങ്ങീട്ട. അസംഗം തം പര്യശേഷയത്=അസംഗനായ ആത്മാവിനെ പരിശേഷിപ്പിച്ചു.

ഇതുമുതൽ ബൃഹദാരണ്യക ശ്രുതിവാക്യാത്ഥത്തെ സംഗ്രഹിച്ചു കാണിക്കുന്നു:—ജനകമഹാരാജാവായ ശിഷ്യൻ ആത്മാവാരാണ് എന്നു ചോദിച്ചപ്പോൾ യാജ്ഞവല്ക്യൻ ബുദ്ധ്യുപാധിയുക്തനായ വിജ്ഞാനമയനെ ആദ്യം എടുത്തുപറഞ്ഞു. അനന്തരം ബുദ്ധിയാകുന്ന ഉപാധിയെ അനാത്മതേന നിക്കംചെയ്തു. ഇങ്ങിനെതന്നെ ആനന്ദമയനേയും പിന്നെ കാട്ടികൊടുത്തു. അതിലെ അനാത്മാവായ കാരണശരീരത്തെ വേർതിരിച്ചു നീക്കംചെയ്തു. ഒടുവിൽ അസംഗകൂടസ്ഥചൈതന്യത്തെ ആത്മതേന ദർശിപ്പിച്ചു.

199. കോയമാത്മേത്യേവമാദൌ സവ്വത്രാത്മവിചാരതഃ
ഉഭയാത്മകമാരഭ്യകൂടസ്ഥഃ ശിഷ്യതേ ശ്രുതൌ.

കഃ അയം ആത്മാഇതിഏവം ആദൌ സവ്വത്രശ്രുതൌ=ആരാണ് ഈ ആത്മാവ് എന്നിങ്ങിനെയുള്ള എല്ലാ ശ്രുതിയിലും. ആത്മവിചാരതഃ=ആത്മസ്വരൂപവിചാരം ചെയ്യുമ്പോൾ ഉഭയാത്മകം ആരഭ്യ=രണ്ടും കൂടിയതിനെ ആരംഭിച്ചിട്ട. കൂടസ്ഥഃ ശിഷ്യതേ=കൂടസ്ഥൻ ശേഷിപ്പിക്കപ്പെടുന്നു.

ബൃഹദാരണ്യകശ്രുതിയിൽ അസംഗനായ ആത്മാവിനെ പരിശേഷിപ്പിച്ച രീതിയെ പറഞ്ഞശേഷം ഐതരേയം മുതലായ മററു ശ്രുതികളിലും ഈ രീതിതന്നെയെന്നു കാണിപ്പാൻ "കോയമാത്മാ" എന്ന ഐതരേയശ്രുതിയെ പറയുന്നു:—ആരാണ് ആത്മാവ് എന്ന ചോദ്യത്തോടുകൂടി ആത്മസ്വരൂപവിചാരം ചെയ്യാനാരംഭിക്കുന്ന ശ്രുതികളിൽ എല്ലാം ഉപാധിസഹിതനായ ആത്മാവുമുതൽ ആരംഭിച്ചിട്ട നിരുപാധികചൈതന്യത്തെ അവശേഷിപ്പിക്കുന്നതാണ് സമ്പ്രദായം. അപ്പോൾ ഉഭയാത്മകമായ ഭോക്താവിനു മിഥ്യാത്വവും അസംഗനായ കൂടസ്ഥനു ഭോക്തൃത്വാഭാവവും സിദ്ധമാണെന്നാണ് സവ്വശ്രുതിസാരം.

200. കൂടസ്ഥസ്യാത്മതാം സ്വസ്മിന്നധ്യസ്യാത്മാവിവേകതഃ
താത്വികീം ഭോക്തൃതാം മത്വാ നകദാചിൽ ജിഹാസതി.

ആത്മാ അവിവേകതഃ=ലോകപ്രസിദ്ധനായ ഭോക്താവ് അവിവേകംനിമിത്തം. കൂടസ്ഥസ്യ ആത്മതാം= കൂടസ്ഥന്റെ ആത്മഭാവത്തെ. സ്വസ്മിൻ അധ്യസ്യ=തന്നിൽ അധ്യസിച്ചിട്ട. താത്വികീം ഭോക്തൃതാം മത്വാ=സത്യമായ ഭോക്തൃഭാവം ഉണ്ടെന്നുവിചാരിച്ചിട്ട. നകദാചിൽ ജിഹാസതി=ഒരിക്കലും ഉപേക്ഷിപ്പാനിച്ഛിക്കുന്നില്ല.

ഇതുവരെ പറഞ്ഞതനുസരിച്ച് ഭോക്താവിനു മിഥ്യാത്വം സിദ്ധമാണെങ്കിൽ പ്രാണികൾക്ക് ഭോക്തൃത്വസത്യത്വ ബുദ്ധിയുണ്ടാകുവാനെന്തുകാരണം എന്ന ശങ്കക്കു സമാധാനം:—ലോകസാധാരണമായ ഭോക്താവ്, തന്നെ കൂടസ്ഥനിൽനിന്നു വേർതിരിച്ചറിയാത്തതായ അവിവേകംനിമിത്തം കൂടസ്ഥനിഷ്ഠമായ സത്യത്വത്തെ തന്നിൽ ആരോപിച്ചിട്ട താൻ സത്യസ്വരൂപനാണെന്നു തെററായിട്ട ധരിക്കുന്നു. അപ്പോൾ തന്നിലുള്ള ഭോക്തൃത്വബുദ്ധിയും സത്യംതന്നെഎന്നും ധരിച്ചിട്ട ഭോഗത്തെ ഒരിക്കലും വിട്ടുകളയുവാൻ ഇച്ഛിക്കുന്നില്ല.

201. ഭോക്താസ്വസ്യൈവ ഭോഗായ പതിജായാദിമിച്ഛതി
ഏഷലൌകികവൃത്താന്തഃ ശ്രുത്യാ സമ്യഗനൂദിതഃ.

ഭോക്താസ്വസ്യ ഏവഭോഗായ=ഭോക്താവ് തന്റെ തന്നെ ഭോഗത്തിന്നായിട്ട. പതിജായാദിം ഇച്ഛതി= ഭത്തൃഭായ്യാദിയെ ഇച്ഛിക്കുന്നു. ഏഷഃ ലൌകികവൃത്താന്തഃ=ഈ ലോകവത്തമാനം. ശ്രുത്യാ സമ്യക് അനൂദിതഃ=ശ്രുതിയിൽ അനുവദിക്കപ്പെട്ടു.

അങ്ങിനെയാണെങ്കിൽ "ആത്മനസ്തുകാമായ സർവ്വം പ്രിയം ഭവതി" ആത്മാവിൻെറ ഭോഗത്തിന്നായിട്ടു സർവ്വവസ്തുക്കളും പ്രിയമായി ഭവിക്കുന്നുവെന്ന് ശ്രുതിയിൽ പറവാനെന്തുകാരണം, എന്നു ശങ്കിക്കേണ്ട. കൂടസ്ഥാത്മാവിനെയല്ല "ആത്മ"ശബ്ദം കാണിക്കുന്നത്. ഉഭയാത്മകമായ ലൌകികഭോക്താവിനെയാണ് കാണിക്കുന്നത്. ആ ഭോക്താവ് (വാസ്തവത്തിൽ താൻതന്നെയല്ലാതിരിക്കേ) തൻെറതന്നെ ഭോഗത്തിനായിക്കൊണ്ടു ഭാര്യാ, ഭർത്താവ്, ഗൃഹം, ധനം, ഇത്യാദി ഭോഗപദാർത്ഥങ്ങളെ ഇച്ഛിക്കുന്നതായ ലോകവൃത്താന്തത്തെ അനുസരിച്ച് പറഞ്ഞിട്ടു ലോകത്തിൻെറ അവിവേകത്തെ സ്പഷ്ടമാക്കിയിരിക്കുകയാകുന്നു ശ്രുതി ചെയ്തിരിക്കുന്നത്.

202. ഭോഗ്യാനാം ഭോക്തൃശേഷത്വാ ന്മാഭോഗ്യേഷ്വനുരജ്യതാം
ഭോക്തര്യേവ പ്രധാനേതോനുരാഗം തം വിധിത്സതി.

ഭോഗ്യാനാം ഭോക്തൃശേഷത്വാത്=ഭോഗ്യങ്ങൾ ഭോക്താവിൻെറ ഉപകരണങ്ങളായതുകൊണ്ടു ഭോഗേഷ്വമാ അനുരജ്യതാം=ഭോഗപദാർത്ഥങ്ങളിൽ അനുരക്തിയുണ്ടാകരുത് പ്രധാനേ ഭോക്തരിഏവ=പ്രധാനനായ ഭോക്താവിൽതന്നെ അതഃ അനുരാഗം വിധിത്സതി=അതുകൊണ്ടനുരാഗത്തെ ജനിപ്പിക്കുവാൻ ശ്രുതി ഇച്ഛിക്കുന്നു.

ലൌകികഭോക്താവിന്നു ഭോഗത്തിൽ ആശയുണ്ടെന്നു തോന്നിക്കുന്നവിധത്തിൽ ശ്രുതിയെന്തിനായിട്ടു ലോകധർമ്മത്തെ അനുവദിച്ചുവെന്ന് ശങ്കിക്കുന്നുവെങ്കിൽ പറയാം:—ഭോക്താവാണെല്ലൊ മുഖ്യൻ. അവൻെറ ഭോഗോപകരണങ്ങളായ പതിജായാദിവസ്തുക്കളെയല്ല സ്നേഹിക്കേണ്ടത്. മുഖ്യാത്മാവായ ഭോക്താവിനെയാണ് ആഗ്രഹിക്കേണ്ടത് എന്നു ജനങ്ങളെ ബോധിപ്പിക്കുവാൻ ശ്രുതി ഇച്ഛിക്കുന്നു. അതുകൊണ്ടാണ് "ആത്മനസ്തുകാമായ" എന്നിത്യാദി വാക്യങ്ങളെ ഉപദേശിക്കുന്നത്.

203. യാപ്രീതി രവിവേകാനാം വിഷയേഷ്വനപായിനീ
ത്വാമനുസ്മരതഃ സാ മേ ഹൃദയാന്മാപസർപ്പതു.

അവിവേകാനാം വിഷയേഷു=വിവേകശൂന്യന്മാർക്ക് വിഷയങ്ങളിൽ. അനപായിനീയാപ്രീതിഃ (അസ്തി)=ദൃഢയായ യാതൊരു പ്രീതിയുണ്ടോ. ഹേമാപ! സാ(പ്രീതിഃ)=അല്ലെയോ ലക്ഷ്മീകാന്താ! ആ പ്രീതി. ത്വാം അനുസ്മരതഃ മേ=അങ്ങയെ നിരന്തരംസ്മരിക്കുന്ന എൻെറ. ഹൃദയതഃ സർപ്പതു=ഹൃദയത്തിൽനിന്നു പുറത്തുപോകട്ടെ. അഥവാമാ അപസർപ്പതു=അല്ലെങ്കിൽ പോകാതിരിക്കട്ടെ.

ഭോഗവിഷയങ്ങളിലുള്ള പ്രേമത്തെ പരിത്യജിച്ചുകൊണ്ടു ആത്മാവിനെ പ്രേമിക്കേണം എന്നുപദേശിക്കുന്ന പുരാണവചനത്തെ എടുത്തുകാണിക്കുന്നു. പ്രത്യക്ഷനായ ഭഗവാൻ ശ്രീ നൃസിംഹമൂർത്തി പ്രഹ്ലാദനോടു എന്തു വരംവേണമോ അതിനെ നൽകാം വരിച്ചുകൊൾക എന്നരുളിച്ചെയ്തപ്പോൾ ഭക്തോത്തമനായ പ്രഹ്ലാദൻ പറയുന്നു:—ആത്മജ്ഞാനമില്ലാത്തവൎക്കു ഭോഗോപകരണങ്ങളിൽ ദൃഢയായ യാതൊരു പ്രീതിയുണ്ടോ ആ പ്രീതി, ഹേ ലക്ഷ്മീപതേ! നിന്തിരുവടിയെ സ്മരിക്കുന്ന എൻെറ ഹൃദയത്തിൽ ഉണ്ടാകാതിരിപ്പാൻ അനുഗ്രഹിക്കേണം. അഥവാ അവിവേകികൾക്ക് വിഷയഭോഗസാധനങ്ങളിൽ ഉള്ള ദൃഢപ്രേമം നിന്തിരുവടിയെ സ്മരിക്കുന്ന എനിക്ക് എപ്പോഴും നിന്തിരുവടിയിൽ ഉണ്ടാകുവാനനുഗ്രഹിക്കേണം, എന്നും അർത്ഥമാകുന്നതിൽ വിരോധമില്ല.

204. ഇതിന്യായേന സർവ്വസ്മാൽ ഭോഗ്യജാതാദ്വിരക്തധീഃ
ഉപസംഹൃത്യ താം പ്രീതിം ഭോക്തര്യേനം ബുഭുത്സതേ.

ഇതിന്യായേന സർവ്വസ്മാത് ഭോഗ്യജാതാത്=ഇപ്രകാരമുള്ള ന്യായപ്രകാരം എല്ലാവിധ ഭോഗ്യവസ്തുക്കളിൽനിന്നും. വിരക്തധീഃ=വിരക്തയായ ബുദ്ധിയോടുകൂടിയവനായിട്ടു (പുരുഷൻ) താംപ്രീതിം ഭോക്തരി ഉപസംഹൃത്യ=ആ പ്രീതിയെ ഭോക്താവിൽ സമർപ്പിച്ചിട്ടു. ഏനംബുഭുത്സതെ=ഈ ആത്മാവിനെ അറിവാനാഗ്രഹിക്കുന്നു.

പുരാണത്തിലെ ആ ന്യായത്തെ ശ്രുതിയും സ്വീകരിച്ചുകൊണ്ടാണ് "ആത്മനസ്തുകാമായ" എന്ന വാക്യത്തെ ഉപദേശിക്കുന്നത്:—പുരാണത്തിൽ കാണുന്നതായ ആ ന്യായപ്രകാരം സകല ഭോഗ്യവസ്തുക്കളിൽനിന്നും വിരക്തിയെ അഭ്യസിച്ച പുരുഷൻ, ആമാതിരിയുള്ള ദൃഢപ്രീതിയെ ആത്മാവിൽ സമർപ്പിച്ചുകൊണ്ടു ആത്മാവിനെ അറിവാൻ ആഗ്രഹിക്കേണ്ടതാണെന്നു ശ്രുതി ബോധിപ്പിക്കുന്നു.

205. സ്രക്ചന്ദനവധൂവസ്ത്രസുവർണ്ണാദിഷു പാമരഃ
അപ്രമത്തോ യഥാ തദ്വന്നപ്രമാദ്യതി ഭോക്തരി.

സ്രക്ചന്ദനവധൂവസ്ത്രസുവർണ്ണാദിഷു യഥാപാമരഃ=മാല, ചന്ദനം, സ്ത്രീ, വസ്ത്രം, സ്വർണ്ണം മുതലായവ

യിൽ ഏപ്രകാരം പാമരജനം. അപ്രമത്തഃ തദ്വൽ=സാവധാനനോ അതുപോലെ ഭോക്തരി (മുമുക്ഷുഃ) സ്പ്രമാദ്യതി=ഭോക്താവിൽ മുമുക്ഷുവും സാവധാനനായിരിക്കം.

മേൽകാണിച്ച രീതിയിൽ ആത്മാവിൽതന്നെ പ്രേമത്തെ സമപ്പിച്ചാലുള്ള ഫലത്തെ ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:— ആത്മവിചാരംതന്നെ യില്ലാത്ത പാമരജനം ഭോഗസാധനങ്ങളായ മാല, ചന്ദനം, സ്ത്രീ, വസ്ത്രാഭരണാദികൾ എന്നിവയെ സമ്പാദിപ്പാൻ സദാ ജാഗരൂകനായിരിക്കുന്നതുപോലെ മോക്ഷേച്ഛയുള്ള പുരുഷൻ തന്റെ പരമപ്രേമത്തെ ഭോക്താവിൽ സർവ്വദാ സമപ്പിച്ച് ആ ആത്മാവിനെ മറക്കാതെ വിചാരപൂർവ്വം സാക്ഷാൽകരിപ്പാൻ ശ്രദ്ധിക്കേണം, എന്നാണ് ശ്രുതിയുടെ അഭിപ്രായം.

206. കാവ്യനാടകതക്കാദി മഭ്യസ്യതി നിരന്തരം
വിജിഗീഷുർ യഥാ തദ്വന്മുമുക്ഷുഃ സ്വം വിചാരയേത്.

വിജിഗീഷുഃയഥാ നിരന്തരം=ജയിപ്പാനാഗ്രഹിക്കുന്നവൻ ഏപ്രകാരമോ ഏപ്പോഴും. കാവ്യനാടകതക്കാദിം അഭ്യസ്യതി=കാവ്യം, നാടകം, തക്കം എന്നിവയെ അഭ്യസിക്കുന്നത്. തദ്വത് മുമുക്ഷുഃ സ്വംവിചാരയേത്=അതുപോലെ മോക്ഷേച്ഛയുള്ളവൻ സ്വസ്വരൂപത്തെ വിചാരിക്കേണം.

നിരന്തരാഭ്യാസത്തെത്തന്നെ ബഹുദൃഷ്ടാന്തങ്ങൾകൊണ്ടു കാണിക്കുന്നു:—വാദികളെ ജയിപ്പാനാഗ്രഹിക്കുന്ന പ്രധാനപുരുഷൻ കാവ്യനാടകതക്കവ്യാകരണാദികളെ എപ്രകാരം എടവിടാതെ അഭ്യസിക്കുന്നുവോ അതുപോലെ സംസാരദുഃഖങ്ങളെ ജയിപ്പാനിച്ഛിക്കുന്ന മുമുക്ഷു സ്വസ്വരൂപമായ ആത്മാവിനെത്തന്നെ നിരന്തരം ചിന്തിക്കണം.

207. ജപയാഗോപാസനാദികുരുതേ ശ്രദ്ധയാ യഥാ
സ്വർഗാദിവാഞ്ഛയാ തദ്വച്ഛ്രദ്ധ്യാൽ സ്വേ മുമുക്ഷയാ.

സ്വർഗ്ഗാദിവാഞ്ഛയാ യഥാ=സ്വർഗ്ഗാദിലോകപ്രാപ്തിക്കായിട്ടു എപ്രകാരം. ശ്രദ്ധയാ ജപയാഗോപാസനാദികുരുതേ=ശ്രദ്ധയോടുകൂടെ ജപയാഗാദികളെ ചെയ്യുന്നുവോ. തദ്വൽമുമുക്ഷയാ=അതുപോലെ മോക്ഷേച്ഛയോടുകൂടെ. സ്വേ(ആത്മനി)=തന്റെ സ്വരൂപമായ ആത്മാവിൽ. ശ്രദ്ദധ്യാത്=ശ്രദ്ധിക്കേണം.

വേദത്തിൽ വിശ്വാസമുള്ളവൻ സ്വർഗ്ഗാദിലോകപ്രാപ്തിസാധനങ്ങളായ ജപം, യാഗം, ഉപാസന എന്നിവയെ എപ്രകാരം ശ്രദ്ധാപൂർവ്വം നടത്തുന്നുവോ അതുപോലെ മോക്ഷത്തിൽ താല്പയ്യമുള്ളവൻ ശ്രുതിപ്രോക്തമായ സ്വാത്മവിനെത്തന്നെ നിരന്തരം വിചാരം ചെയ്യണം.

208. ചിത്തൈകാഗ്ര്യം യഥാ യോഗീ മഹായാസേന സാധയേത്
അണിമാദിപ്രേപ്സയൈവം വിവിച്യ്യാൽ സ്വം മുമുക്ഷയാ.

യോഗീ അണിമാദിപ്രേപ്സയാ=യോഗി അണിമാദികളെ സമ്പാദിപ്പാനുള്ള ഇച്ഛകൊണ്ടു. മഹായാസേന ചിത്തൈകാഗ്ര്യം=വളരെ ആയാസത്തോടുകൂടെ ചിത്തൈകാഗ്ര്യത്തെ. യഥാസാധയേത് ഏവം=എപ്രകാരം സമ്പാദിക്കുന്നുവോ അപ്രകാരം. മുമുക്ഷയാസ്വംവിവിച്യാത്=മോക്ഷേച്ഛകൊണ്ടു സ്വാത്മാവിനെ ശരീരത്തിൽനിന്നു വേർതിരിച്ചറിയേണം.

യോഗം അഭ്യസിക്കുന്നവൻ അണിമാദി സിദ്ധിയുണ്ടാവാൻ അതിക്ലേശത്തോടുകൂടെ മനസ്സിന്റെ ഏകാഗ്രതയെ സമ്പാദിക്കുന്നതുപോലെ മോക്ഷേച്ഛയുള്ളവൻ സ്വാത്മാവിനെ ശരീരേന്ദ്രിയാദികളിൽനിന്നു വേർതിരിച്ചറിവാൻ മനസ്സിരുത്തേണം.

209. കൌശലാനി വിവർധന്തേ തേഷാമഭ്യാസപാടവാത്
യഥാ തദ്വദ്വിവേകോസ്യാപ്യഭ്യാസാദ്വിശദായതേ.

തേഷാം അഭ്യാസപാടവാത്=അവക്കു അഭ്യാസസാമത്ഥ്യത്താൽ. കൌശലാനി യഥാവിവർധന്തേ=കൌശലങ്ങൾ എപ്രകാരം വദ്ധിക്കുന്നുവോ. തദ്വത് അസ്യ അപി=അതുപോലെ ഇവന്നും. അഭ്യാസാത് വിവേകഃ=അഭ്യാസംകൊണ്ടു വിവേകം. വിശദായതേ=(ഭേദജ്ഞാനം) സ്പഷ്ടമായുണ്ടാകും.

മേൽകാണിച്ച കാവ്യാദ്യഭ്യാസംചെയ്യുന്നവക്കു അതാതു വിഷയങ്ങളിൽ അഭ്യാസബലത്താൽ കൌശലങ്ങൾ എപ്രകാരം വദ്ധിച്ചുവരുന്നുവോ അപ്രകാരം മുമുക്ഷുവിന്നും നിരന്തരചിന്തനത്താൽ ദേഹാദികളിൽനിന്നു ഭിന്നനാണ് ആത്മാവെന്നുള്ള ജ്ഞാനം സ്പഷ്ടമായുണ്ടാകും.

210. വിവിഞ്ചതാ ഭോക്തൃതത്ത്വം ജാഗ്രദാദിഷ്വസംഗതാ
അന്വയവ്യതിരേകാഭ്യാം സാക്ഷിണ്യദ്ധ്യവസീയതേ.

അന്വയവ്യതിരേകാഭ്യാം=അന്വയം വ്യതിരേകം എന്ന യുക്തികളെക്കൊണ്ടു. ഭോക്തൃതത്വം=ഭോക്താവിൻെറ തത്വത്തെ. വിവിംചതാ (പുരുഷേണ)=വിവേചനംചെയ്യുന്ന പുരുഷനാൽ. സാക്ഷിണി ജാഗ്രദാദിഷു=സാക്ഷിയിൽ ജാഗ്രദാദ്യവസ്ഥകളിൽ അസംഗതാ അധ്യവസീയതേ=അസംഗത്വം നിശ്ചയിക്കപ്പെടും.

വിവേകംകൊണ്ടുണ്ടാകുന്ന ഫലത്തെ പറയുന്നു:—ഭോക്താവിൻെറ തത്വത്തെ അന്വയവ്യതിരേകയുക്തികൾകൊണ്ടു വേർതിരിച്ചറിയുമ്പോൾ ജാഗ്രദാദികളായ മൂന്നവസ്ഥകളിലും സാക്ഷിചൈതന്യത്തിന്നു ചേർച്ചയില്ലെന്നുള്ള ദൃഢമായ ബോധമുണ്ടാകും.

211. യത്ര യദ്ദൃശ്യതേ ദ്രഷ്ട്രാ ജാഗ്രൽസ്വപ്നസുഷുപ്തിഷു
തത്രൈവ തന്നേതരത്രേത്യനുഭൂതി ഹി സമ്മതാ.

ജാഗ്രൽസ്വപ്നസുഷുപ്തിഷു=ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ഇവയിൽ. യത്രയത് ദ്രഷ്ട്രാ ദൃശ്യതേ=ഏതിൽ യാതൊന്നു ദ്രഷ്ടാവിനാൽ കാണപ്പെടുന്നുവോ തത് തത്ര ഏവ। ഇതരത്രന=അതവിടെ മാത്രം ഇതരത്തിൽ ഇല്ല. ഇതി അനുഭൂതിഃ സമ്മതാഹി=എന്ന അനുഭവം എല്ലാവൎക്കും ഉള്ളതാണെല്ലൊ.

അന്വയവ്യതിരേകങ്ങളെ കാണിക്കുന്നു:—ജാഗ്രദാദ്യവസ്ഥകളിൽ ഏതേതിൽ ഏതേതു ഭോഗ്യവസ്തുക്കളെ സാക്ഷിചൈതന്യം കാണുന്നുണ്ടോ ആ വസ്തുക്കൾ ആ അവസ്ഥയിൽമാത്രം കാണപ്പെടുന്നതല്ലാതെ ഇതരാവസ്ഥകളിൽ കാണപ്പെടുന്നില്ല എന്നത് എല്ലാവൎക്കും അനുഭവമുള്ളതാണെല്ലൊ.

212. സയത്തത്രേക്ഷതേ കിംചി ത്തേനാനന്വാഗതോ ഭവേത്
ദൃഷ്ട്വൈവ പുണ്യം പാപംചേത്യേവം ശ്രുതിഷുഡിംഡിമഃ.

സഃ തത്രയൽകിഞ്ചിത് ഈക്ഷതേ=ആ സാക്ഷി ആ അവസ്ഥയിൽ എന്തൊന്നിനെ കാണുന്നുവോ. തേന അനന്വാഗതഃ ഭവേത് = അതിനോടു ചേർച്ചയില്ലാത്തവനാകുന്നു. പുണ്യപാപംചദൃഷ്ട്വാഏവ = പുണ്യത്തേയും പാപത്തേയും കണ്ടിട്ടുതന്നെ. ഇത്യേവം ശ്രുതിഷു ഡിംഡിമഃ=എന്നിപ്രകാരം ശ്രുതികളിൽ ഘോഷിക്കപ്പെട്ടിട്ടുണ്ട്.

അനുഭവം മാത്രമല്ല അതനുസരിച്ചുള്ള പ്രമാണവും ഉണ്ടെന്നു കാണിക്കുന്നു. "സയത്തത്രകിഞ്ചിൽ പശ്യത്യ നന്വാഗത സ്തേന ഭവത്യസംഗോഹ്യയം പുരുഷഃ സവാഏഷ ഏതസ്മിൻ സംപ്രസാദേരന്വാ ചരിത്വാ ദൃഷ്ട്വൈവപുണ്യംച പാപംച പുനഃപ്രതിന്യായം പ്രതിയോന്യാം ദ്രവതി" എന്നിങ്ങിനെയുള്ള ശ്രുതിവാക്യദ്വയത്തിൻെറ അൎത്ഥം ശ്ലോകരൂപത്തിൽ നിബന്ധിക്കുന്നു:—ആ ആത്മാവ് ആ അവസ്ഥയിൽ ഏതൊരു ഭോഗ്യവസ്തുവിനെ കാണുന്നുവോ ആ ദൃശ്യജാതത്തോടു ചേർച്ചയില്ലാത്തവനായിത്തന്നെയിരിക്കുന്നു. കാണപ്പെടുന്ന വസ്തുവല്ലെല്ലൊ കാണുന്നവൻ പുണ്യഫലമായ സുഖത്തേയും പാപഫലമായ ദുഃഖത്തേയും കാണുന്നതല്ലാതെ അതിനെ അനുഭവിക്കുന്നവനല്ല ആത്മാവ് എന്നാണ് ശ്രുത്യൎത്ഥം

213. ജാഗ്രൽ സ്വപ്നസുഷുപ്ത്യാദി പ്രപഞ്ചം യൽപ്രകാശതേ
തൽബ്രഹ്മാഹമിതിജ്ഞാത്വാ സൎവ്വബന്ധൈഃ പ്രമുച്യതേ.

യത് ജാഗ്രൽസ്വപ്നസുഷുപ്ത്യാദി പ്രപഞ്ചം പ്രകാശതേ=യാതൊരു ബ്രഹ്മം ജാഗ്രദാദിപ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നുവോ. തത് ബ്രഹ്മഅഹം ഇതിജ്ഞാത്വാ=ആ ബ്രഹ്മം ഞാനാകുന്നുവെന്നറിഞ്ഞിട്ട്. സൎവ്വബന്ധൈഃപ്രമുച്യതേ=സൎവ്വബന്ധങ്ങളാൽ മോചിക്കപ്പെടുന്നു.

ഭോക്താവിൻെറ തത്വത്തെ പ്രതിപാദിക്കുന്ന ശ്രുതിവാക്യസാരത്തെ പറയുന്നു:—സത്യജ്ഞാനാനന്ദലക്ഷണമായ യാതൊരുബ്രഹ്മം ജാഗ്രത്തു, സ്വപ്നം, സുഷുപ്തിയെന്ന രൂപത്തിൽ കാണപ്പെടുന്ന പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നുവോ ആ ബ്രഹ്മംതന്നെയാകുന്നു ഞാൻ. ബുദ്ധ്യാദികളിലെ പ്രതിബിംബചിദാഭാസനല്ലെന്നറിഞ്ഞവൻ സൎവ്വബന്ധങ്ങളിൽനിന്നും സൎവ്വാത്മനാ മുക്തനായി ഭവിക്കുന്നു. ശാസ്ത്രവാക്യങ്ങളിൽനിന്നും സ്വാനുഭവത്തിൽനിന്നും ഈ ജ്ഞാനമുണ്ടാകേണം.

214. ഏക ഏവാത്മാമന്തവ്യോ ജാഗ്രൽസ്വപ്നസുഷുപ്തിഷു
സ്ഥാനത്രയ വ്യതീതസ്യ പുനൎജ്ജന്മ ന വിദ്യതേ.

ജാഗ്രൽസ്വപ്നസുഷുപ്തിഷു=ജാഗ്രത്തു, സ്വപ്നം, സുഷുപ്തി എന്ന മൂന്നിലും. ആത്മാ ഏകഃഏവ=ആത്മാവു ഏകൻതന്നെ. മന്തവ്യഃ=എന്നറിയത്തക്കതാകുന്നു. സ്ഥാനത്രയ വ്യതീതസ്യ=മൂന്നു സ്ഥാനങ്ങളെ അതിക്രമിച്ചവന്ന്. പുനഃജന്മ ന വിദ്യതേ=പിന്നെ ജന്മമില്ല.

ജാഗ്രദാദി മൂന്നവസ്ഥകളിലും വിളങ്ങുന്ന ആത്മാവേകൻതന്നെയെന്നു വിവേകത്താലറിയേണം. അങ്ങിനെ അവസ്ഥാത്രയങ്ങളെ അതിക്രമിച്ച ആത്മാവിന്നു പിന്നെ ജനനമരണാദി സംസാരധൎമ്മങ്ങളാൽ ബന്ധമുണ്ടാകയില്ല.

215. ത്രിഷുധാമസു യൽഭോഗ്യം ഭോക്താ ഭോഗശ്ച യൽഭവേത്
തേഭ്യോ വിലക്ഷണഃ സാക്ഷീ ചിന്മാത്രോഹം സദാശിവഃ

ത്രിഷുധാമസു=മൂന്നു സ്ഥാനങ്ങളിൽ. യത് ഭോഗ്യം ഭോക്താ ഭോഗഃച=യാതൊന്നോ ഭോഗ്യവും ഭോക്താവും ഭോഗവുമായിട്ട്. യത് ഭവേത്=യാതൊന്നു ഭവിക്കുന്നുവോ. തേഭ്യഃ വിലക്ഷണഃ=അവയിൽനിന്നു വിലക്ഷണനും. ചിന്മാത്രഃ സാക്ഷീ = ചിൽസ്വരൂപനും സാക്ഷിയും. സദാശിവഃ അഹം=സദാ സുഖസ്വരൂപനമാകുന്നു ഞാൻ.

ജാഗ്രദാദി മൂന്നു സ്ഥാനങ്ങളിൽ കാണപ്പെടുന്ന ഭോഗപദാൎത്ഥങ്ങളും ഭോക്താവും ഭോഗവും എന്നിൽനിന്നു ഭിന്നങ്ങളും, ഞാൻ അവയിൽനിന്നു ഭിന്നനും അവയ്ക്കുള്ളതുപോലെ ജന്മാദിവികാരങ്ങളൊന്നുമില്ലാത്തവനു , അവയുടെ സാക്ഷിയും, സദാ സുഖസ്വരൂപനും ആകുന്നു.

216. ഏവം വിവേചിതേ തത്വേ വിജ്ഞാനമയശബ്ദിതഃ
ചിദാഭാസോ വികാരീയോ ഭോക്തൃത്വം തസ്യശിഷ്യതേ.

ഏവംതത്വേ വിവേചിതേ=ഇപ്രകാരം ആത്മസ്വരൂപം വേർതിരിക്കപ്പെടുമ്പോൾ. വിജ്ഞാനമയശബ്ദിതഃ=വിജ്ഞാനമയം എന്ന ശബ്ദത്താൽ പറയപ്പെടുന്നവനും. വികാരീ ചിദാഭാസഃ യഃ=വികാരമുള്ളവനുമായ ചിദാഭാസൻ യാതൊരുവനോ. തസ്യ ഭോക്തൃത്വം ശിഷ്യതേ=അവന്നു ഭോക്തൃത്വം ശേഷിക്കുന്നു.

ഇപ്രകാരം ആത്മസ്വരൂപത്തെ വേർതിരിച്ചറിയുമ്പോൾ വിജ്ഞാനമയശബ്ദത്താൽ പറയപ്പെടുന്ന വികാരിയായ ചിദാഭാസൻ യാതൊന്നോ അവനാണ് ഭോക്താവ് എന്നു സിദ്ധിക്കുന്നു. ആത്മാവു വിഷയസംബന്ധമില്ലാത്തവനാണെന്നു വിവേകത്താൽ നിശ്ചയിക്കപ്പെട്ടതിനാൽ ഭോക്തൃത്വം ചിദാഭാസന്നാണെന്നു സിദ്ധമാകുന്നുവെന്നു സാരം.

217. മായികോയം ചിദാഭാസഃ ശ്രുതേരനുഭവാദപി
ഇന്ദ്രജാലം ജഗൽപ്രോക്തം തദന്തഃപാതിയം യതഃ.

ശ്രുതേഃഅനുഭവാത് അപി=ശ്രുതിയിൽനിന്നും അനുഭവത്തിൽനിന്നും. അയം ചിദാഭാസഃ മായികഃ=ഈ ചിദാഭാസൻ മായികനാകുന്നു. ജഗത് ഇന്ദ്രജാലം പ്രോക്തം=ജഗത്തു ഇന്ദ്രജാലതുല്യമാണെന്നു മുമ്പേ പറയപ്പെട്ടിട്ടുണ്ട്. യതഃ അയംതദന്തഃ പാതീ=യാതൊന്നു ഹേതുവായിട്ടു ഇവൻ അതിൽ ഉൾപ്പെട്ടവൻ.

ചിദാഭാസൻ ഭോക്താവാണെന്നു വരുമ്പോൾ "കസ്യകാമായ ശരീര മനുസംജ്വരേത്" ആരുടെ കാമപൂൎത്തിക്കായിട്ടാണ് ദേഹേന്ദ്രിയാദികളോടുകൂടെ ചേൎന്നു കൎമ്മത്തിൽ ഏൎപ്പെട്ടു ദുഃഖിക്കുന്നത്" എന്നൎത്ഥമായ ശ്രുതിവാക്യത്തെ വ്യാഖ്യാനിച്ചപ്പോൾ ഭോക്താവിന്റെ അഭാവത്തെ കാണിക്കാനാണ് ആ ശ്രുതിവാക്യം എന്നു സ്ഥാപിച്ചതിന്നു വിരോധം വരുന്നില്ലെയോ എന്ന ശങ്ക തീൎപ്പാൻ ചിദാഭാസൻ മായികനായതുകൊണ്ടു പാരമാൎത്ഥികഭോക്താവില്ലെന്നാണ് "കസ്യകാമായ" എന്ന ശ്രുതിവാക്യത്തിന്റെ അൎത്ഥം എന്നു കാണിക്കുന്നു:—ജഗത്ത് ഇന്ദ്രജാലതുല്യമാണെന്നു ശ്രുതിവാക്യത്താലും അനുഭവത്താലും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ചിദാഭാസനാകട്ടെ ജഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു പാരമാൎത്ഥികനല്ല. മായാപരിണാമമായ ബുദ്ധിയിലെ കൂടസ്ഥപ്രതിബിംബമായതുകൊണ്ടു മായികനാകുന്നു. ആകയാൽ പരമാൎത്ഥത്തിൽ ഭോക്താവില്ലെന്നു മുമ്പേ പറഞ്ഞതിന്നു വിരോധമുണ്ടെന്നു ശങ്കക്കവകാശമില്ല.

218. വിലയോപ്യസ്യസുപ്ത്യാദൌ സാക്ഷിണാഹ്യനുഭൂയതേ
ഏതാദൃശം സ്വസ്വഭാവം വിവിനക്തി പുനഃപുനഃ.

സുപ്ത്യാദൌഅസ്യ വിലയഃ അപി=സുഷുപ്ത്യാദ്യവസ്ഥകളിൽ ഇവന്റെ വിലയവും. സാക്ഷിണാഅനുഭൂയതേഹി=സാക്ഷിയാൽ അനുഭവിക്കപ്പെടുന്നുണ്ടല്ലൊ. ഏതാദൃശംസ്വസ്വഭാവം=ഇപ്രകാരമുള്ള ചിദാഭാസസ്വഭാവത്തെ. പുനഃപുനഃ വിവിനക്തി=അടിക്കടി വേർതിരിച്ചറിയുന്നുണ്ട്.

ലോകത്തിന്നുള്ളതുപോലെ ചിദാഭാസന്നും വിനാശമുള്ളതുകൊണ്ടും പാരമാൎത്ഥികത്വം ചിദാഭാസന്നില്ലെന്നു കാണിക്കുന്നു. സുഷുപ്തി മൂൎച്ഛാദ്യവസ്ഥകളിൽ ചിദാഭാസനാകുന്ന ഭോക്താവിന്നു ലയമു

ഉള്ളതായിട്ടു സാക്ഷിചൈതന്യത്താൽ അറിയപ്പെടുന്നു. അതുകൊണ്ട് ചിദാഭാസന്റെ മിഥ്യാത്വം പ്രതിദിനം വേർതിരിച്ചറിയുന്നുവെല്ലൊ. നിർവ്വികാരവിജ്ഞാനൈകരസമായ കൂടസ്ഥചൈതന്യം ഒന്നുമാത്രം സത്യം. ചിദാഭാസൻ മായികൻ എന്നത് നിത്യാനുഭവംകൊണ്ടു നിശ്ചയിക്കാവുന്നതുതന്നെ.

219. വിവിച്യ നാശം നിശ്ചിത്യ പുനർഭോഗം നവാഞ്ഛതി
മുമൂർഷുഃ ശായിതൊ ഭൂമൌ വിവാഹം കോഭിവാഞ്ഛതി.

വിവച്യനാശം നിശ്ചിത്യ=വേർതിരിച്ചറിഞ്ഞ് നാശം നിശ്ചയിച്ചിട്ടു. പുനഃഭോഗംനവാഞ്ഛതി=പിന്നെ ഭോഗത്തെ ആഗ്രഹിക്കുന്നില്ല. ഭൂമൌശായിതഃ മുമൂർഷുഃകഃ=ഭൂമിയിൽ ശയിപ്പിക്കപ്പെട്ട മരണോന്മുഖനായ ഏതൊരുവൻ. വിവാഹം അഭിവാഞ്ഛതി=വിവാഹത്തെ ആഗ്രഹിക്കും..

ചിദാഭാസൻ മായികനാണെന്നു അറിഞ്ഞാലുണ്ടാകുന്ന ഫലത്തെ കാണിക്കുന്നു:—കൂടസ്ഥചൈതന്യത്തിൽനിന്ന് ചിദാഭാസനെ വേർതിരിച്ചു നോക്കുമ്പോൾ ഇല്ലാത്തവനാണെന്നുള്ള നിശ്ചയബോധം ഉണ്ടാകുന്നതിനാൽ പിന്നെ ഭോഗത്തിന്നുള്ള ആഗ്രഹമുണ്ടാകയില്ല. രോഗം ബാധിച്ചു മരണോന്മുഖനായിരിക്കുന്ന ഏതെങ്കിലും ഒരുവൻ വിവാഹത്തിന്നാഗ്രഹിക്കുമോ?

220. ജിഹ്രേതി വ്യവഹർത്തുംച ഭോക്താഹമിതിപൂർവ്വവത്
ഛിന്നനാസ ഇവഹ്രീതഃ ക്ലിശ്യന്നാരബ്ധ മശ്നുതേ.

ഭോക്താഅഹംഇതി=ഭോക്താവാകുന്ന ഞാൻ എന്ന്. പൂർവ്വവത്‌വ്യവഹർത്തും ചജിഹ്രേതി=മുമ്പേത്തെപോലെ പറവാൻകൂടെ ലജ്ജിക്കുന്നു. ഛിന്നനാസഃ ഇവഹ്രീതഃ=മൂക്കുമുറിഞ്ഞുപോയവൻ എന്നപോലെ ലജ്ജയുള്ളവനും. ക്ലിശ്യൻആരബ്ധംഅശ്നുതേ=ക്ലേശിക്കുന്നവനുമായിട്ടു പ്രാരബ്ധഫലത്തെ അനുഭവിക്കുന്നു.

എന്നു മാത്രമല്ല ഞാൻ കർത്താവ് ഭോക്താവ് എന്നിങ്ങിനെ മുമ്പേത്തെപോലെ പറവാൻപോലും ലജ്ജിക്കുന്നു. എന്നാൻ ജ്ഞാനം ഉണ്ടായതിന്നുശേഷം പ്രാരബ്ധാവസാനംവരെ ആ ജ്ഞാനി എങ്ങിനെ കാലംകഴിക്കുമെങ്കിൽ മൂക്കുമുറിഞ്ഞുപോയ പുരുഷനെന്നപോലെ ലജ്ജിച്ചും ഇനിയും കർമ്മം നശിച്ചില്ലെല്ലൊ എന്നോർത്തു ദുഃഖിച്ചുംകൊണ്ടു പ്രാരബ്ധാനുസരണം വന്നുചേരുന്നതിനെ അനുഭവിച്ചുകൊണ്ടു കാലംകഴിക്കും.

221. യദാസ്വസ്യാപിഭോക്തൃത്വം മന്തും ജിഹ്രേത്യയം തദാ
സാക്ഷിണ്യാരോപയേദേതദിതികൈവ കഥാ വൃഥാ.

യദാഅയം സ്വസ്യഅപിഭോക്തൃത്വം=എപ്പോൾ ഈ ചിദാഭാസൻ തനിക്കുംകൂടെ ഭോക്തൃഭാവത്തെ. മന്തുംജിഹ്രേതി=വിചാരിപ്പാൻ ലജ്ജിക്കുന്നുവോ. തദാ ഏതത്=അപ്പോൾ ഈ ഭോക്തൃഭാവത്തെ. സാക്ഷിണി ആരോപയേത് ഇതി=സാക്ഷിയിൽ ആരോപിക്കുമെന്ന. വൃഥാകഥാകാ ഏവ=അർത്ഥശൂന്യയായ കഥ എന്തൊന്നാകുന്നു.

ഇപ്പോൾ ജ്ഞാനോൽപത്തിക്കുശേഷം സാക്ഷിയിൽ ഭോക്തൃഭാവം ഇല്ലവേയില്ലെന്നു കൈമുത്യന്യായത്താൽ ബോധിപ്പിക്കുന്നു:——എപ്പോൾ ഈ ചിദാഭാസൻ, തനിക്കുതന്നെ ഭോക്തൃത്വമുണ്ടെന്നു വിചാരിപ്പാൻകൂടെ ലജ്ജിക്കുന്നുവോ അപ്പോൾ അസംഗചിദേകരസസ്വരൂപനായ സാക്ഷിയിൽ ഭോക്തൃഭാവത്തെ ആരോപിക്കുക എന്ന അർത്ഥശൂന്യമായ കഥക്കവകാശമെങ്ങിനെ സിദ്ധിക്കും.

222. ഇത്യഭിപ്രേത്യ ഭോക്താര മാക്ഷിപത്യവിശങ്കയാ
കസ്യകാമായേതി തതഃ ശരീരാനുജ്വരോനഹി.

ഇതിഅഭിപ്രേത്യഅവിശങ്കയാ=ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടു ശങ്കകൂടാതെ. കസ്യകാമായഇതി (ശ്രുതിഃ)=ആരുടെ കാമത്തിന്നായ്ക്കൊണ്ടെന്നുള്ള ശ്രുതിവാക്യം. ഭോക്താരം ആക്ഷിപതി=ഭോക്താവിനെ ആക്ഷേപിക്കുന്നു. തതഃ ശരീരാനുജ്വരഃ നഹി=അതുകൊണ്ടു ശരീരത്തോടുകൂടെ ചേന്നിട്ടുള്ള സന്താപം ഇല്ല.

ശ്രുതിവാക്യാർത്ഥത്തെ ഉപസംഹരിക്കുന്നു:—കൂടസ്ഥനോ ചിദാഭാസനോ പാരമാർത്ഥികഭോക്തൃത്വമില്ലെന്നുള്ളതിനെ അടിസ്ഥാനമാക്കീട്ടാണ് "ആരുടെ ആഗ്രഹം സാധിപ്പിക്കുവാനാണ് ആത്മയത്നം എന്ന വാക്യത്താൽ ഭോക്താവുതന്നെയില്ലെന്ന് ശ്രുതിയരുളിചെയ്തത്. ആകയാൽ ശരീരത്തോടുകൂടെ ചേന്നിട്ടുള്ള സന്താപവും ആത്മാവിന്നില്ലെന്നു സിദ്ധംതന്നെ.

223. സ്ഥൂലം സൂക്ഷ്മം കാരണംച ശരീരം ത്രിവിധം സ്മൃതം
അവശ്യം ത്രിവിധോസ്ത്യേവ തത്രതത്രോചിതോ ജ്വരഃ.

സ്ഥൂലം സൂക്ഷ്മം കാരണംച=സ്ഥൂലം, സൂക്ഷ്മം, കാരണം എന്നു പേരോടുകൂടെ. ശരീരം ത്രിവിധം സ്മൃതം=ശരീരം മൂന്നുവിധത്തിലുണ്ടെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. തത്രതത്ര ഉചിതഃ ജ്വരഃ=അതാതിലുള്ള സമുചിതമായ ജ്വരവും. അവശ്യം ത്രിവിധഃ=നിശ്ചയമായും മൂന്നുവിധം.

തത്വജ്ഞാനിക്ക് ശരീരത്തിലുള്ള സന്താപം ഉണ്ടാകയില്ല എന്നു കാണിപ്പാൻ ശരീരഭേദത്തെയും അതാതിലുള്ള സന്താപഭേദത്തേയും കാണിക്കുന്നു:—സ്ഥൂലം, സൂക്ഷ്മം, കാരണം എന്നു പേരുള്ള മൂന്നുവിധശരീരം എല്ലാവർക്കുമുണ്ട്. അതുകൊണ്ടു അതാതു ശരീരത്തിനുചിതമായ ജ്വരവും നിശ്ചയമായും മൂന്നുവിധത്തിലുണ്ട്.

224. വാതപിത്തശ്ലേഷ്മജന്യവ്യാധയഃകോടിശസ്തനൌ
ദുർഗന്ധിത്വകുരൂപത്വദാഹഭംഗാദയസ്തഥാ.

അതിൽ സ്ഥൂലദേഹത്തിനുള്ള ജ്വരാദിദോഷങ്ങളെ കാണിക്കുന്നു:—ശരീരത്തിൽ വാതപിത്തകഫങ്ങളുടെ വിഷമാവസ്ഥകൾ നിമിത്തം സംഭവിക്കുന്ന രോഗങ്ങൾക്ക് കണക്കില്ല. ദുർഗ്ഗന്ധം പുറപ്പെടുക, കുത്സിതാകൃതിയുണ്ടാകുക, ചുട്ടുനീറുക, അംഗവൈകല്യം സംഭവിക്കുക എന്നിങ്ങിനെ അനവധി ദോഷങ്ങൾ സ്ഥൂലശരീരത്തിനുണ്ടാകും.

225. കാമക്രോധാദയഃ ശാന്തിദാന്ത്യാദ്യാ ലിംഗദേഹഗാഃ
ജ്വരാ ദ്വയേപി ബാധന്തേ പ്രാപ്ത്യാപ്രാപ്ത്യാ നരം ക്രമാത്.

കാമക്രോധാദയഃ=കാമം ക്രോധം മുതലായവയും. ശാന്തിദാന്ത്യാദ്യാഃ=ശാന്തിദാന്തി എന്നിവയും. ലിംഗദേഹഗാഃ=ലിംഗദേഹത്തെ ആശ്രയിക്കുന്നു. ദ്വയേ അപി ജ്വരാഃ=രണ്ടും ജ്വരങ്ങൾതന്നെ. പ്രാപ്ത്യാ അപ്രാപ്ത്യാ=പ്രാപ്തികൊണ്ടും അപ്രാപ്തികൊണ്ടും ക്രമാത് നരം ബാധന്തേ=ക്രമത്തിൽ മനുഷ്യനെ ബാധിക്കുന്നു.

സൂക്ഷ്മശരീരത്തിലുണ്ടാകുന്ന ജ്വരങ്ങളെ കാണിക്കുന്നു:— കാമം ക്രോധം എന്നിങ്ങിനെയുള്ള വൃത്തികൾ ഉത്ഭവിക്കുന്നതുകൊണ്ടും ശമം, ദമം എന്നിങ്ങിനെയുള്ള വൃത്തികൾ ഉത്ഭവിക്കാത്തതുകൊണ്ടും മനുഷ്യനു ക്ലേശങ്ങൾ ഉണ്ടാകുന്നു. രണ്ടുവിധ വൃത്തികളും:—കാമാദികളും ശമാദികളും ക്രമത്തിൽ ഉണ്ടായാലും ഇല്ലാതായാലും മനസ്സിനെ തപിപ്പിക്കുന്നതുകൊണ്ടു ജ്വരസാദൃശ്യം ഉള്ളതുകൊണ്ടാണ് വൃത്തികളെ ജ്വരമെന്നു പറഞ്ഞിട്ടുള്ളത്. കാമാദികൾ ഉണ്ടായാൽ തപിപ്പിക്കും. ശമാദികൾ ഇല്ലാതായാൽ തപിപ്പിക്കും എന്നു കാണിപ്പാനാണ് പ്രാപ്ത്യാപ്രാപ്ത്യാക്രമാൽ എന്നു പറഞ്ഞത്.

226. സ്വം പരംച നവേത്ത്യാത്മാ വിനഷ്ടഇവ കാരണേ
ആഗാമിദുഃഖബീജംചേത്യേതദിന്ദ്രേണ ദർശിതം.

കാരണേ ആത്മാവിനഷ്ടഃ ഇവ=കാരണശരീരത്തിൽ ആത്മാവ് നശിച്ചവനെന്നപോലെ. സ്വംപരം ചനവേത്തി=സ്വരൂപത്തേയും അന്യത്തേയും അറിയുന്നില്ല. ആഗാമിദുഃഖബീജംച=വരാൻപോകുന്ന ദുഃഖത്തിന്നു കാരണവുമാണ്. ഇതി ഇന്ദ്രേണദർശിതം=എന്ന് ഇന്ദ്രനാൽ ദർശിപ്പിക്കപ്പെട്ടു.

കാരണശരീരത്തിൽ ജ്വരമൊന്നുമില്ലെന്നു ശങ്കിക്കേണ്ട. അതിലുള്ള ജ്വരത്തെ ഛാന്ദോഗ്യശ്രുതിയിൽ പറഞ്ഞിട്ടുള്ളതിനെ എടുത്തുകാണിക്കുന്നു:—ഇന്ദ്രനാകുന്ന ശിഷ്യൻ പ്രജാപതിയാകുന്ന ഗുരുവിന്റെ സന്നിധിയിൽ ചെന്നു പറയുന്നു:—ഹേ ഗുരോ കാരണശരീരത്തിൽ (അജ്ഞാനമാകുന്ന ഉപാധിയിൽ) ആത്മാവില്ലെന്നപോലെതന്നെ തോന്നുന്നു. തന്നെയും അന്യവസ്തുവിനേയും അറിയുന്നില്ലെല്ലൊ. ഇനിമേലുണ്ടാകാൻപോകുന്ന ദുഃഖങ്ങൾക്കെല്ലാം ആദികാരണവും ഈ ശരീരമാകുന്നുവെല്ലൊ എന്നുള്ള ഇന്ദ്രവാക്കിൽനിന്നു കാരണശരീരത്തിലും ജ്വരബാധയുണ്ടെന്നറിവാൻ കഴിയും.

227. ഏതേ ജ്വരാഃ ശരീരേഷു ത്രിഷു സ്വാഭാവികാ മതാഃ
വിയോഗേ തു ജ്വരൈസ്താനി ശരീരാണ്യേവനാസതേ.

ഏതേ ജ്വരാഃ ത്രിഷുശരീരേഷു=ഈ ജ്വരങ്ങൾ മൂന്നു ശരീരങ്ങളിൽ. സ്വാഭാവികാഃ മതാഃ=സ്വഭാവസിദ്ധങ്ങൾതന്നെ എന്നാണ് അഭിപ്രായം. ജ്വരൈഃവിയോഗേതു=ജ്വരങ്ങളോടു ചേർച്ചയില്ലാതിരിക്കുമ്പോഴാകട്ടെ. താനിശരീരാണി ഏവന ആസതേ=ആ ശരീരങ്ങൾതന്നെ ഇരിക്കുന്നില്ല.

ഈ മൂന്നുവിധ ശരീരങ്ങളിൽ ഈ മൂന്നുവിധ രോഗങ്ങളും ഉത്പത്തികാലം മുതൽക്കുതന്നെ ഉള്ള വയാകുന്നു. ഈ ജ്വരങ്ങളോടു ശരീരങ്ങൾക്കു സംയോഗമില്ലെന്നു വരുമ്പോൾ ആകട്ടെ ആ ശരീരങ്ങൾ തന്നെ ഇല്ലെന്നും വരുന്നു. അതിനാൽ ശരീരമുണ്ടെങ്കിൽ രോഗങ്ങളും ഉണ്ടെന്നു സിദ്ധം.

228. തന്തോർവിയുജ്യേത പടോ വാലേഭ്യഃ കംബലോ യഥാ
മൃദോഘടസ്തഥാദേഹോ ജ്വരേഭ്യോപീതി ദൃശ്യതാം.

ജ്വരത്തോടുകൂടാതെ ദേഹമില്ലെന്നു ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—നൂലോടുചേരാതെ വസ്ത്രവും രോമത്തോടുകൂടാതെ കമ്പിളിയും മണ്ണോടു ചേർച്ചയില്ലാത്ത ഘടവും എപ്രകാരം ഇല്ലയോ അപ്രകാരം ജ്വരങ്ങളോടു ചേർച്ചയില്ലാത്ത ദേഹവും ഇല്ലെന്നു കണ്ടുകൊള്ളുക.

229. ചിദാഭാസേ സ്വതഃ കോപിജ്വരോ നാസ്തി യതശ്ചിതഃ
പ്രകാശൈകസ്വഭാവത്വമേവം ദൃഷ്ടം നചേതരത്.

ചിദാഭാസേസ്വതഃ=ചിദാഭാസനിൽ സ്വാഭാവികമായിട്ടു. കോപിജ്വരഃനാസ്തി=ഒരു ജ്വരവും ഇല്ല. യതഃചിതഃ=എന്തുകൊണ്ടെന്നാൽ ചിത്തിന്ന്. പ്രകാശൈകസ്വഭാവത്വം ദൃഷ്ടം=പ്രകാശമാകുന്ന ഏകസ്വഭാവം അനുഭൂതമാകുന്നു. ഇതരത് നചദൃഷ്ടം=മറ്റേത് (ജ്വരം) ദൃഷ്ടമല്ല.

ചിദാഭാസനിൽ (ബുദ്ധിതത്വത്തിൽ പ്രതിഫലിച്ചിരിക്കുന്ന ജീവാത്മാവിൽ) സ്വതേ യാതൊരു വിധമായ താപവുമില്ല. എന്തുകൊണ്ടെന്നാൽ ചിത്തിന്റെ പ്രതിബിംബമല്ലെയോ ചിദാഭാസൻ. ചിത്താകട്ടെ ആനന്ദൈകരസവുമാണെന്നാണ് അനുഭവത്താൽ അറിയപ്പെടുന്നത് അല്ലാതെ താപസ്വരൂപമായറിയപ്പെടുന്നില്ല. ചിത്തിൽ ഇല്ലാത്തതായ താപം ചിൽപ്രതിബിംബത്തിൽ എങ്ങിനെ ഉണ്ടാകും.

230. ചിദാഭാസേപ്യസംഭാവ്യാ ജ്വരാഃ സാക്ഷിണി കാകഥാ
ഏവമപ്യേകതാം മേനേ ചിദാഭാസോഹ്യവിദ്യയാ.

ചിദാഭാസേഅപി=ചിദാഭാസനിൽക്കൂടെ അസംഭാവ്യാഃജ്വരാഃ=സംഭവിക്കാനവകാശമില്ലാത്ത ജ്വരങ്ങൾ. സാക്ഷിണികാകഥാ=സാക്ഷിയിൽ സംഭവിക്കുന്നില്ലെന്നു പറയേണമോ. ഏവംഅപിചിദാഭാസഃ=അങ്ങിനെയാണെങ്കിലും ചിദാഭാസൻ അവിദ്യയാ=അവിദ്യാനിമിത്തം. ഏകതാംമേനേ=ശരീരവും താനും ഒന്നാണെന്നു കരുതുന്നു.

ചിദാഭാസനിൽ ജ്വരമില്ലെന്നു കാണിച്ചതിന്റെ പ്രയോജനത്തെ പറയുന്നു:— ചിദാഭാസനിൽ കൂടെ സംഭവിപ്പാനവകാശമില്ലാത്ത ദുഃഖങ്ങൾ സാക്ഷിയിൽ സംഭവിക്കുന്നില്ലെന്നു പിന്നെ പറയേണമോ? എന്നാൽ ഞാൻ തപിക്കുന്നുവെന്നുള്ള ലോകാനുഭവത്തിന്നെന്താണാസ്പദം എന്നാണെങ്കിൽ അവിദ്യാകാമകർമ്മസംബന്ധം നിമിത്തം ചിദാഭാസൻ ദേഹധർമ്മങ്ങളെ തന്നിൽ അദ്ധ്യസിച്ചിട്ടു ദേഹത്തോടുകൂടെ ഏകീഭൂതനായിട്ടു കരുതുന്നതുകൊണ്ടു ദേഹഗതമായ താപത്തെ തന്റെ താപമായി വിചാരിക്കുന്നു. അതുകൊണ്ടാണ് ഞാൻ തപിക്കുന്നുവെന്നു പറയുന്നതും വിചാരിക്കുന്നതും.

231. സാക്ഷിസത്യത്വമധ്യസ്യ സ്വേനോപേതേ വപുസ്ത്രയേ
തൽസർവ്വം വാസ്തവം സ്വസ്യ സ്വരൂപമിതി മന്യതേ.

സ്വേനഉപേതേവപുസ്ത്രയേ=തന്നോടുകൂടി ചേർന്നിരിക്കുന്ന മൂന്നുവിധ ശരീരത്തിൽ സാക്ഷിസത്യത്വം അധ്യസ്യ=സാക്ഷിഗതമായ സത്യത്വത്തെ അധ്യസിച്ചിട്ടു. തൽസർവ്വംവാസ്തവം=അതു സർവ്വവും സത്യമായ. സ്വസ്വരൂപം ഇതിമന്യതേ=തന്റെ രൂപമാണെന്നു വിചാരിക്കുന്നു.

"ഏകതാംമേനേ" ഒന്നാണെന്നു കരുതുന്നുവെന്ന് പൂർവ്വശ്ലോകത്തിൽ സംക്ഷേപിച്ചു കാണിച്ചതിനെ സ്പഷ്ടമായി പ്രതിപാദിക്കുന്നു:—സത്യമായ വസ്തു സാക്ഷിചൈതന്യം മാത്രമായിരിക്കേ സാക്ഷിയാൽ പ്രകാശിതമായ ശരീരത്രയവും സാക്ഷിപ്രതിബിംബമായ താനും സത്യമാണെന്നു വിചാരിക്കുന്നു. ഇതെല്ലാം—പ്രതിബിംബമായ ചിദാഭാസനായ താനും തന്നോടുകൂടിയ ശരീരത്രയവും—തന്റെ വാസ്തവമായിരിക്കുന്ന സ്വരൂപമാണെന്നാണ് ചിദാഭാസൻ വിചാരിക്കുന്നത്. അതിന്നു കാരണം സത്യമായ സാക്ഷി ചൈതന്യത്തെ അസത്യമായ തന്നിലും ശരീരത്രയത്തിലും ആരോപിച്ചിട്ടു ഏകമായി കരുതുന്നതാണ്.

232. ഏതസ്മിൻ ഭ്രാന്തികാലേയം ശരീരേഷു ജ്വരത്സ്വഥ
സ്വയമേവ ജ്വരാമീതി മന്യതേ ഹി കുടുംബിവത്.

ഏതസ്മിൻ ഭ്രാന്തികാലേ=ഈ ഭ്രാന്തിജ്ഞാനം ഉള്ളപ്പോൾ. അയംശരീരേഷു ജ്വരത്=ഈ ചിദാഭാസൻ ശരീരത്രയങ്ങളിലുള്ള ജ്വരം. അഥസ്വയം ഏവജ്വരാമി ഇതി=അനന്തരം താൻതന്നെ തപിക്കുന്നുവെന്നു. കുടുംബിവത്മന്യതേഹി=കുടുംബിയെന്നപോലെ വിചാരിക്കുന്നു.

മുമ്പെ കാണിച്ചതു്—അസത്യത്തെ സത്യമായി കരുതുന്നതു്—ഭ്രാന്തിജ്ഞാനമാണ്. ഈ തെററായ ബോധമുള്ള കാലത്തിൽ ശരീരത്രയത്തിലുള്ള ജ്വരത്തെ കുടുംബത്തിലുള്ള ഒരുവനുണ്ടാകുന്ന ദുഃഖത്തെ തന്റെ ദുഃഖമായിട്ടു കരുതുന്ന കുടുംബനാഥനെന്നപോലെ ചിദാഭാസനും തന്റെ ദുഃഖമെന്നു വിചാരിക്കുന്നു.

233. പുത്രദാരേഷു തപ്യത്സു തപാമീതി വൃഥാ യഥാ
മന്യതേ പുരുഷസ്തദ്വതാഭാസോപ്യഭിമന്യതേ.

പുത്രദാരേഷുതപ്യത്സു=പുത്രന്മാർ, ഭാര്യ മുതലായവർ തപിക്കുമ്പോൾ. പുരുഷഃ തപാമിഇതി=പുരുഷൻ ഞാൻ തപിക്കുന്നുവെന്നു്. വൃഥായഥാമന്യതേ=വ്യർത്ഥമായിട്ടു എപ്രകാരം വിചാരിക്കുന്നുവോ. തദ്വത് ആഭാസഃഅപിമന്യതേ=അതുപോലെ ചിദാഭാസനും വിചാരിക്കുന്നു.

പൂർവ്വശ്ലോകത്തിൽ "കുടുംബിവത്" എന്നു കാണിച്ച ദൃഷ്ടാന്തത്തെ സ്പഷ്ടമാക്കുന്നു:—പുത്രന്മാർക്കൊ ഭാര്യ മുതലായവർക്കൊ രോഗാദിബാധകൾനിമിത്തം ക്ലേശം നേരിടുമ്പോൾ കുഡുംബനാഥനായ പുരുഷൻ ഞാൻ തപിക്കുന്നുവെന്നു് നിരർത്ഥകമായി പറയുന്നതുപോലെ ചിദാഭാസനും വിചാരിക്കുന്നു.

234. വിവിച്യഭ്രാന്തിമുജ്ഝിത്വാ സ്വമപ്യഗണയൻ സദാ
ചിന്തയൻ സാക്ഷിണം കസ്മാച്ഛരീരമനുസംജ്വരേത്.

വിവിച്യഭ്രാന്തിം ഉജ്ഝിത്വാ=വേർതിരിച്ചറിഞ്ഞ് ഭ്രാന്തിയെ വെടിഞ്ഞാൽ. സ്വംഅപിഅഗണയൻ=തന്നെയും ഗണിക്കാത്തവനായി. സദാസാക്ഷിണംചിന്തയൻ=എപ്പോഴും സാക്ഷിയെ ചിന്തിക്കുന്നവനായ ചിദാഭാസൻ. കസ്മാത് ശരീരം അനുസംജ്വരേത്=എന്തുഹേതുവായിട്ടു ശരീരജ്വരത്തെ അനുസരിച്ചു് തപിക്കും.

ചിദാഭാസൻ, കൂടസ്ഥനെയും ശരീരത്രയത്തേയും തന്നെയും വേർതിരിച്ചു് കൂടസ്ഥനിൽ ഭിന്നമായറിഞ്ഞശേഷം ഇതെല്ലാം തന്റെ സ്വരൂപമാണെന്നുള്ള ഭ്രാന്തിജ്ഞാനത്തെയും വിട്ടുകളഞ്ഞാൽ കൂടസ്ഥനിൽനിന്നു ഭിന്നമായിട്ടുള്ളതല്ല തന്റെ സ്വരൂപമെന്ന ബോധത്താൽ തന്നെയും ഗണിക്കാതെ കൂടസ്ഥനെത്തന്നെ സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ—തന്നെ കൂടസ്ഥാഭിന്നസ്വരൂപനായിക്കാണുന്നുവെങ്കിൽ—ശരീരത്രയത്തിലുണ്ടാകുന്ന ജ്വരത്തോടു ചേർന്നു സന്തപിക്കാനുള്ള കാരണം നശിക്കുന്നു. ഭ്രാന്തിജ്ഞാനമാണ് സന്താപകാരണം. അതു നശിക്കുന്നതോടുകൂടെ താപവും നശിക്കുന്നു.

235. അയഥാവസ്തുസർപ്പാദിജ്ഞാനം ഹേതുഃ പലായനേ
രജ്ജുജ്ഞാനേഹിധീധ്വസ്തൌ കൃതമപ്യനുശോചതി.

അയഥാവസ്തുസർപ്പാദിജ്ഞാനം=അയഥാർത്ഥമായ സർപ്പാദിജ്ഞാനം. പലായനേ ഹേതുഃ=പലായനത്തിൽ കാരണം. രജ്ജുജ്ഞാനേഅഹിധീധ്വസ്തൌ=രജ്ജുജ്ഞാനത്താൽ സർപ്പത്വബുദ്ധി നശിക്കുമ്പോൾ. കൃതം അപിഅനുശോചതി=ചെയ്തതിനെക്കുറിച്ചു അനുതപിക്കുന്നു.

ഭ്രാന്തിജ്ഞാനം ജ്വരത്തിനും തത്വജ്ഞാനം ജ്വരാഭാവത്തിനും കാരണമാണെന്നു ദൃഷ്ടാന്തപൂർവ്വം വിശദമാക്കുന്നു:—രജ്ജുമുതലായ വസ്തുക്കളിൽ അയഥാർത്ഥമായ സർപ്പാദിയെ കല്പിച്ചതാണ് ഓടുവാനും മററും കാരണം. സൂക്ഷ്മനോട്ടത്താൽ രജ്ജ്വാദിയഥാർത്ഥവസ്തുജ്ഞാനത്താൽ സർപ്പത്വാദികല്പനാബുദ്ധി നശിക്കുമ്പോൾ വ്യർത്ഥമായിട്ടു് ഞാൻ ഓടുകയും മററും ചെയ്തുവെല്ലൊ എന്നോർത്തു പശ്ചാത്തപിക്കുകയും ചെയ്യുന്നു. ആദിശബ്ദംകൊണ്ടു സ്ഥാണുപുരുഷത്വാദിഭ്രാന്തിജ്ഞാനത്തെയും ഈവിധം കണ്ടുകൊള്ളേണം എന്നു സൂചിപ്പിച്ചിരിക്കുന്നു.

236. മിഥ്യാഭിയോഗദോഷസ്യ പ്രായശ്ചിത്തപ്രസിദ്ധയേ
ക്ഷമാപയന്നിവാത്മാനം സാക്ഷിണം ശരണംഗതഃ.

മിഥ്യാഭിയോഗദോഷസ്യ=മിഥ്യാരോപദോഷത്തിന്റെ. പ്രായശ്ചിത്തപ്രസിദ്ധയെ=പ്രായശ്ചിത്തം സി

ധിപ്പാനായിട്ടാണു്. ക്ഷമാപയൻ ഇവ=ക്ഷമിക്കേണമേ എന്നു പ്രാൎത്ഥിക്കുന്നവനെന്നപോലെ. സാക്ഷിണം ആത്മാനം=സാക്ഷിയായ ആത്മാവിനെ. ശരണം ഗതഃ=(ചിദാഭാസൻ) ശരണം പ്രാപിക്കുന്നു.

സാക്ഷിയെ ചിദാഭാസൻ സദാ ചിന്തിക്കുന്നുവെന്നു പറഞ്ഞതിനെ ദൃഷ്ടാന്തംകൊണ്ടു സ്പഷ്ടമാക്കുന്നു:—സ്വപ്നഭ്രാന്തി തീൎന്നവൻ ഓട്ടത്തെക്കുറിച്ചു് പശ്ചാത്തപിക്കുന്നതുപോലെ അസംഗനായ സാക്ഷിയിൽ ഭോക്തൃത്വാദിഭാവത്തെ ആരോപിച്ച ദോഷത്തിന്റെ പ്രായശ്ചിത്തമായിട്ടു ക്ഷമായാചനം ചെയ്യുന്നവനെന്നപോലെ ചിദാഭാസൻ സാക്ഷിയായ ആത്മാവിനെ സൎവ്വദാസ്മരിച്ചുംകൊണ്ടു ശരണം പ്രാപിക്കുന്നു.

237. ആവൃത്തപാപനുത്യൎത്ഥം സ്നാനാദ്യാവൎത്ത്യതേ യഥാ
ആവൎത്തയന്നിവധ്യാനം സദാസാക്ഷിപരായണഃ.

ആവൃത്തപാപനുത്യൎത്ഥം=ആവൎത്തിച്ചതായ പാപം നശിക്കുവാൻ. സ്നാനാദിയഥാആവൎത്ത്യതേ=സ്നാനം മുതലായ കൎമ്മ എപ്രകാരം പിന്നെയും ചെയ്യുന്നുവോ. ധ്യാനം ആവൎത്തയൻഇവ=ധ്യാനത്തെ ആവൎത്തിക്കുന്നവനെന്നപോലെ സദാസാക്ഷി പരായണഃ=എപ്പോഴും സാക്ഷിയെ ആശ്രയിക്കുന്നു (ചിദാഭാസൻ).

വേറൊരു ദൃഷ്ടാന്തംകൂടെ കാണിക്കുന്നു:—പാപംചെയ്ത പുരുഷൻ തന്റെ പാപപരിഹാരത്തിന്നായിട്ടു തീൎത്ഥസ്നാനാദിപുണ്യകൎമ്മങ്ങളെ ആവൎത്തിക്കുന്നതുപോലെ സാക്ഷിയിൽ ജന്മജരാമരണാദിദോഷങ്ങളെ ആരോപിച്ചതായ ദോഷത്തിന്റെ പരിഹാരത്തിന്നെന്നപോലെ ധ്യാനത്തെ ആവൎത്തിച്ചുകൊണ്ടു സാക്ഷിയെത്തന്നെ ചിദാഭാസൻ ശരണം പ്രാപിക്കുന്നു.

238. ഉപസ്ഥകുഷ്ഠിനീ വേശ്യാ വിലാസേഷു വിലജ്ജതേ
ജാനതോഗ്രേ തഥാഭാസഃ സ്വപ്രഖ്യാതൌ വിലജ്ജതേ.

ഉപസ്ഥകുഷ്ഠനീവേശ്യാ=ഉപസ്ഥത്തിൽ കുഷ്ഠരോഗമുള്ള വേശ്യാ. ജാനതഃഅഗ്രേ=അതറിഞ്ഞിരിക്കുന്ന പുരുഷന്റെ മുമ്പിൽ വിലാസേഷുവിലജ്ജതേ=വിലാസങ്ങളിൽ ലജ്ജിക്കുന്നു. തഥാആഭാസഃ=അപ്രകാരം ചിദാഭാസൻ. സ്വപ്രഖ്യാതൌ=തന്റെ ഗുണങ്ങളെ പറയുന്നതിൽ. വിലജ്ജതേ=ലജ്ജിക്കുന്നു.

മുകളിൽ വിവരിച്ച വിധത്തിൽ സാക്ഷിയിൽ കൎത്തൃത്വാദി ഭാവങ്ങളൊന്നുമില്ലെന്നു കാണിച്ച ശേഷം ചിദാഭാസന്റെ സ്ഥിതിയെ കാണിക്കുന്നു:—ഗുഹ്യസ്ഥാനത്തിൽ കുഷ്ഠരോഗമുള്ള വേശ്യാംഗനാ അതറിഞ്ഞിരിക്കുന്ന പുരുഷന്റെ മുമ്പിൽ ഹാവഭാവാദിവിലാസചേഷ്ടകളെ കാണിപ്പാൻ ഏതുവിധം ലജ്ജിക്കുമോ ആ വിധത്തിൽ ചിദാഭാസൻ തന്റെ ഗുണങ്ങളെ പറയുന്നതിനുപോലും ലജ്ജിക്കുന്നു. സാക്ഷിചൈതന്യം മാത്രമല്ലാതെ അതിൽനിന്നന്യനായ താൻതന്നെ ഇല്ലെന്നു നന്നായറിഞ്ഞിരിക്കേ താൻ ആവിധം ചെയ്തവൻ, ഈവിധം ചെയ്തവൻ എന്നിങ്ങിനെയുള്ള ഗുണഗണങ്ങളെ കുറിച്ചുള്ള പ്രഖ്യാപനം എങ്ങിനെയുണ്ടാകും.

239. ഗൃഹീതോ ബ്രാഹ്മണോ മ്ലേച്ഛൈഃ പ്രായശ്ചിത്തംചരൻ പുനഃ
മ്ലേച്ഛൈഃസംകീൎയ്യതേനൈവ തഥാഭാസഃ ശരീരകൈഃ.

മ്ലേച്ഛൈഃ ഗൃഹീതഃ ബ്രാഹ്മണഃ=മ്ലേച്ഛന്മാരാൽ ഗൃഹിക്കപ്പെട്ട ബ്രാഹ്മണൻ. പ്രായശ്ചിത്തംചരൻ=പ്രായശ്ചിത്തം അനുഷ്ഠിച്ചവനായിട്ടു. പുനഃ മ്ലേച്ഛൈഃന ഏവസംകീൎയ്യതേ (യഥാ)=പിന്നെ മ്ലേച്ഛന്മാരോടു ചേരാതിരിക്കുന്നതെപ്രകാരമോ. തഥാ ആഭാസഃ ശരീരകൈഃ=അപ്രകാരം ചിദാഭാസൻ ശരീരധൎമ്മങ്ങളോടു ചേരാതിരിക്കും.

ഇപ്പോഠം ശരീരത്രയത്തിൽനിന്നു വേർപിരിഞ്ഞ ചിദാഭാസന്റെ നിലയെ കാണിക്കുന്നു:—മ്ലേച്ഛന്മാരുടെ ചേൎച്ചക്കിടവന്ന ബ്രാഹ്മണൻ അതിന്റെ പ്രായശ്ചിത്തം ചെയ്തശേഷം പിന്നെ ആ മ്ലേച്ഛന്മാരുടെ ചേൎച്ച കൂടാതെ കഴിക്കുന്നതുപോലെ സ്വസ്വരൂപത്തെ നന്നായറിഞ്ഞ ചിദാഭാസൻ ശരീരധൎമ്മങ്ങളോടു ചേരാതെയിരിക്കും.

240. യൌവരാജ്യേ സ്ഥിതോ രാജപുത്രഃ സാമ്രാജ്യവാഞ്ഛയാ
രാജാനുകാരീ ഭവതി തഥാസാക്ഷ്യനുകാൎയ്യയം.

യൌവരാജ്യേ സ്ഥിതഃ രാജപുത്രഃ=യുവരാജസ്ഥാനത്തിൽ ഇരിക്കുന്ന രാജാവിന്റെ മകൻ. സാമ്രാജ്യവാഞ്ഛയാ=ചക്രവൎത്തിപദപ്രാപ്തിയിൽ ആഗ്രഹത്താൽ. യഥാരാജാനുകാരീഭവതി=എപ്രകാരം രാജാവിനെ അനുകരിക്കുന്നുവോ. തഥാ അയം സാക്ഷ്യനുകാരീഭവതി=അപ്രകാരം ചിദാഭാസൻ സാക്ഷിയെ അനുകരിക്കുന്നു.

തന്റെ അപരാധംതീൎക്കാൻ മാത്രമായിട്ടല്ല ചിദാഭാസൻ സാക്ഷിയെ സേവിക്കുന്നത്. പിന്നെയോ മഹൽപ്രയോജനത്തെ കാംക്ഷിച്ചുകൊണ്ടുമാണ് എന്ന് ദൃഷ്ടാന്തപൂൎവ്വം കാണിക്കുന്നു—യുവരാജസ്ഥാനത്തിലിരിക്കുന്ന രാജപുത്രൻ ചക്രവൎത്തിസ്ഥാനലാഭത്തെ ആഗ്രഹിച്ചുകൊണ്ട് പ്രജാനുരംജനാദി സൽഗുണങ്ങളും സമ്പാദിപ്പാനായി എപ്രകാരം രാജാവിനെ അനുകരിക്കുന്നുവോ അതുപോലെ ഈ ചിദാഭാസനും സാക്ഷിചൈതന്യത്തെ അനുകരിക്കുന്നു.

241. യോ ബ്രഹ്മവേദ ബ്രഹ്മൈവ ഭവത്യേവ ഇതിശ്രുതിഃ
ശ്രുത്വാ തദേകചിത്തഃസൻ ബ്രഹ്മവേത്തി നചേതരത്.

യഃ ബ്രഹ്മവേദ ബ്രഹ്മഏവ ഭവതി=യാതൊരുവൻ ബ്രഹ്മത്തെ അറിയുന്നുവോ അവൻ ബ്രഹ്മമായിത്തന്നെ ഭവിക്കുന്നു. ഇതിശ്രുതിഃ=എന്നാണ് ശ്രുതി. ശ്രുത്വാ തദേകചിത്തഃസൻ=കേട്ടിട്ടു അതിൽതന്നെ മനസ്സിരുത്തിയവനായിട്ടു. ബ്രഹ്മവേത്തി നച ഇതരത്=ബ്രഹ്മത്തെ അറിയുന്നു, മറെറാന്നിനേയും അറിയുന്നില്ല.

യുവരാജാവ് രാജാവിനെ അനുകരിക്കുന്നതുകൊണ്ടു സാമ്രാജ്യലാഭം കാണപ്പെടുന്നുണ്ട്. സാക്ഷിയെ അനുസരിക്കുന്ന ചിദാഭാസന്നു എന്തു ലാഭം എന്ന ശങ്കയെ പരിഹരിക്കുന്നു:—യാതൊരുവൻ ബ്രഹ്മത്തെ അറിയുന്നുവോ അവൻ ബ്രഹ്മമായിത്തന്നെ ഭവിക്കുന്നുവെന്നാണ് ശ്രുതി. ഗുരുമുഖത്തിൽനിന്നു ഈ ശ്രുതിസാരത്തെ കേട്ടറിഞ്ഞ ചിദാഭാസൻ ബ്രഹ്മപ്രാപ്തിരൂപമായ ഫലത്തിന്നായിട്ടു ബ്രഹ്മത്തിൽ തന്നെ മനസ്സിനെ സ്ഥിരപ്പെടുത്തിക്കൊണ്ടു ബ്രഹ്മത്തെത്തന്നെ സാക്ഷാൽകരിക്കുന്നു. മറെറാന്നിനെയും അറിയുന്നില്ല.

242. ദേവത്വകാമാഹ്യഗ്ന്യാദൌ പ്രവിശന്തി യഥാതഥാ
സാക്ഷിത്വേനാവശേഷായ സ്വവിനാശം സവാഞ്ഛതി.

ദേവത്വകാമാഃ അഗ്ന്യാദൌ=ദേവഭാവത്തെ കാമിക്കുന്നവർ അഗ്നി മുതലായവയിൽ. യഥാ പ്രവിശന്തി തഥാ=എപ്രകാരമോ പ്രവേശിക്കുന്നത് അപ്രകാരം. സാക്ഷിത്വേന അവശേഷായ=സാക്ഷിഭാവത്തിൽ അവശേഷിപ്പാനായ്ക്കൊണ്ടു. സഃ സ്വവിനാശം വാഞ്ഛതി=അവൻ (ചിദാഭാസൻ) തന്റെ നാശത്തെ ആഗ്രഹിക്കുന്നു.

ബ്രഹ്മജ്ഞാനത്താൽ ബ്രഹ്മഭാവം സിദ്ധിച്ചുകഴിഞ്ഞാൽ ചിദാഭാസത്വം തന്നെ നാശിക്കുമെല്ലൊ. അതിനാൽ ചിദാഭാസൻ തന്റെ നാശത്തിന്നായ്ക്കൊണ്ടു തന്നെ എങ്ങിനെ പ്രവൃത്തിക്കും എന്ന ശങ്കക്കു സമാധാനം:—ദേവഭാവത്തെ ആഗ്രഹിക്കുന്നവർ മലഞ്ചരിവിൽനിന്നു താഴത്തെക്കു ഉരുണ്ടിട്ടും പ്രയാഗത്തിൽചെന്നു ഗംഗയിൽ ചാടീട്ടും തീയ്യിൽ വീണിട്ടും മററും സ്വശരീരത്തെ നശിപ്പിക്കുന്നതുപോലെ സാക്ഷിഭാവത്തെ പ്രാപിച്ചു ആനന്ദസ്വരൂപനായിരിക്കുകയെന്ന ഉയൎന്നനില സിദ്ധിപ്പാൻ ചിദാഭാസൻ സ്വസ്വരൂപത്തിന്നുതന്നെ നാശകാരണമായ ബ്രഹ്മജ്ഞാനം സമ്പാദിപ്പാൻ ആഗ്രഹിക്കുന്നതിൽ തെററില്ല.

243. യാവൽസ്വദേഹദാഹം സനരത്വം നൈവ മുഞ്ചതി
താവദാരബ്ധദേഹംസ്യാ ന്നാഭാസത്വവിമോചനം.

സഃ യാവൽസ്വദേഹദാഹം=അവൻ (അഗ്ന്യാദിപ്രവിഷ്ടപുരുഷൻ) സ്വദേഹം ദഹിക്കുന്നതുവരെ. നരത്വം ന ഏവമുഞ്ചതി=മനുഷ്യത്വത്തെ വിടുന്നതേയില്ല. താവത് ആരാബ്ധദേഹം=ആരബ്ധശരീരം ഉള്ളതുവരേ. ആഭാസത്വവിമോചനം ന=ആഭാസഭാവവും വിടുന്നില്ല.

എന്നാൽ തത്വജ്ഞാനത്താൽ ചിദാഭാസഭാവം ഇല്ലാതാകുന്നപക്ഷം തത്വജ്ഞാനികും ജീവിക്കുന്നുവെന്നുള്ള വ്യവഹാരം എങ്ങിനെ നിലനില്ക്കും എന്നുള്ള ശങ്കയുടെ പരിഹാരം:—അഗ്ന്യാദികളിൽ പ്രവേശിച്ച മുൻപറഞ്ഞ മനുഷ്യന്റെ ആ ശരീരം തീരെ ദഹിച്ചുപോകുന്നതുവരെ മനുഷ്യനെന്ന വ്യവഹാരയോഗ്യതയെ—ഞാനെന്നഭാവത്തെ—അവൻ എങ്ങിനെ വിടുന്നില്ലെയോ അതുപോലെ ബ്രഹ്മജ്ഞാനം ഉണ്ടായാലും പ്രാരാബ്ധകൎമ്മവശാൽ സിദ്ധിച്ചിരിക്കുന്ന ഈ ചരമശരീരം നശിക്കുന്നതുവരെ ചിദാഭാസഭാവം ആത്യന്തികമായി നശിക്കുകയില്ല

244. രജ്ജുജ്ഞാനേപി കമ്പാദിഃ ശനൈരേവോപശാമ്യതി
പുനൎമ്മന്ദാന്ധകാരേ സാരജ്ജുഃ ക്ഷിപ്തോരഗീഭവേത്.

രജ്ജുജ്ഞാനേ അപികമ്പാദിഃ=കയറാണെന്നറിഞ്ഞാലും അതിന്നുമുമ്പെ ഉണ്ടായ ക്ഷോഭംമുതലായത്.

ശനൈഃ ഏവ ഉപശാമ്യതി=മെല്ലെമെല്ലെ മാത്രമേ ശമിക്കയുള്ളു. പുനഃ മന്ദാന്ധകാരേ ക്ഷിപ്താസാരജ്ജുഃ=പിന്നെയും മന്ദാന്ധകാരത്തിൽ കിടക്കുന്ന ആ രജ്ജു ഉരഗീഭവേൽ=പാമ്പായിഭവിക്കും.

എന്നാൽ കത്താവ് ഭോക്താവ് എന്നിങ്ങിനെയുള്ള ഭ്രമത്തിന്നു കാരണമായ അജ്ഞാനം ബ്രഹ്മജ്ഞാനത്താൽ നശിച്ചശേഷം പിന്നെ ഭോഗാനുവൃത്തിയോ ഞാൻ മനുഷ്യൻ എന്ന ഭാവമോ എങ്ങിനെയുണ്ടാകും എന്ന ശങ്കക്ക സമാധാനം:—കയറാണെന്നറിഞ്ഞാലും അതിന്നുമുമ്പേ പാമ്പാണെന്നു വിചാരിച്ചിരുന്ന സമയത്തിൽ ഉണ്ടായ ഭയകമ്പാദിക്ഷോഭം പെട്ടെന്നു ശമിക്കയില്ല. മെല്ലെമെല്ലെ ഇല്ലാതാകും. എന്നുതന്നെയല്ല പിന്നെയും ചിലപ്പോൾ മന്ദാന്ധകാരത്തിൽ കിടക്കുന്ന ആ കയറിനെ കാണുമ്പോൾ പാമ്പാണെന്ന വിചാരവും വന്നുപോകും.

245. ഏവമാരബ്ധഭോഗോപി ശനൈഃ ശാമ്യതി നോഹഠാത്
ഭോഗകാലേ കദാചിത്തു മർത്ത്യോഹമിതിഭാസതേ.

ഏവം ആരബ്ധഭോഗഃ അപി=ഇപ്രകാരം അരംഭിച്ചിരിക്കുന്ന ഭോഗവും. ശനൈഃ ശ്യാമ്യതിനോഹഠാത്=മെല്ലെ ശമിക്കും പെട്ടെന്നില്ല. ഭോഗകാലേ കദാചിൽ=ഭോഗാവസരത്തിൽ ചിലപ്പോൾ. അഹംമർത്ത്യഃ ഇതിഭാസതേ=ഞാൻ മനുഷ്യനാണെന്നും തോന്നും.

ദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—അതുപോലെ പ്രാരബ്ധവശാൽ വന്നുചേന്നിരിക്കുന്ന ശരീരവും ഭോഗവും മെല്ലെ ശമിക്കും, പെട്ടെന്നു ശമിക്കയില്ല. എന്നുതന്നെയല്ല, സശരീരനായി സുഖദുഃഖാദിഭോഗങ്ങളെ അനുഭവിക്കുമ്പോൾ ചിലപ്പോൾ ഞാൻ മനുഷ്യനാണെന്നുകൂടി തോന്നിപ്പോകും.

246. നൈതാവതാപരാധേന തത്വജ്ഞാനം വിനശ്യതി
ജീവന്മുക്തിവ്രതം നേദം കിന്തുവസ്തുസ്ഥിതിഃ ഖലു.

ഏതാവതാ അപരാധേന=ഇത്രമാത്രമുള്ള അപരാധംകൊണ്ടു. തത്വജ്ഞാനം ന വിനശ്യതി=തത്വജ്ഞാനം നശിക്കുന്നില്ല. ഇദംജീവന്മുക്തിവ്രതം ന=ഇതല്ല ജീവന്മുക്തിയുടെ വ്രതം. കിന്തുവസ്തുസ്ഥിതിഃ ഖലു=പിന്നെയോ തത്വജ്ഞാനംകൊണ്ടു ഭ്രാന്തിജ്ഞാനം നശിക്കുക എന്നതാണ് വസ്തുസ്വഭാവം.

ജ്ഞാനാനന്തരം മനുഷ്യത്വബോധം ഉദിക്കുന്നപക്ഷം തത്വജ്ഞാനത്തിന്നു ഹാനി സംഭവിക്കുമെന്ന ശങ്കയെ തീക്കുന്നു:—മർത്ത്യത്വബുദ്ധ്യുദയം തീരെ നശിപ്പിക്കുന്നതാണ് ജീവന്മുക്തിവ്രതം എന്നല്ല, എപ്പോഴെങ്കിലും മർത്ത്യത്വബോധം ഉണ്ടാകുക എന്നുമാത്രമുള്ള അപരാധത്താൽ തത്വജ്ഞാനം നശിക്കുന്നില്ല. പിന്നെയൊ സമ്യഗ്ജ്ഞാനത്താൽ ഭ്രാന്തിജ്ഞാനം നശിക്കുക എന്നതാണ് തത്വജ്ഞാനലക്ഷണം. ആ വിധമുള്ള സമ്യഗ്ജ്ഞാനത്താൽ എപ്പോഴെങ്കിലും ഒരിക്കൽ ഉണ്ടാകുന്നതായ മർത്ത്യത്വബോധം ഉദിച്ചാൽതന്നെ ഉടനെ അത് നശിച്ച് ആത്മസ്വരൂപനായിരിക്കയും ചെയ്യുന്നതാണ് ജീവന്മുക്തിലക്ഷണം.

247. ദശമോപി ശിരസ്താഡം രുദൻ ബുദ്ധ്വാ നരോദിതി
ശിരോവ്രണസ്തു മാസേന ശനൈഃ ശാമ്യതി നോ തദാ.

ശിരസ്താഡംരുദൻദശമഃ അപി=ശിരസ്സിൽ അടിച്ചു കരഞ്ഞിരുന്ന ദശമനും. ബുദ്ധ്വാനരോദിതി=അറിഞ്ഞുകഴിഞ്ഞാൽ കരയുന്നില്ല. ശിരോവ്രണഃതുമാസേന=ശിരോവ്രണമാകട്ടെ മാസംകൊണ്ടു. ശനൈഃ ശാമ്യതി=ക്രമത്തിൽ ശമിക്കും. നോ തദാ=അപ്പോൾതന്നെ ശമിക്കുന്നില്ല.

ആകട്ടെ, രജ്ജുസർപാദിദൃഷ്ടാന്തത്തിൽ വിപരീതജ്ഞാനം നശിച്ചാലും ഭയകമ്പാദികൾ അല്പനേരംകൂടെ നിലനില്ക്കും എന്നതു ശരി. പത്താമത്തേവൻ നീതന്നെയെന്നുള്ള അപ്തോപദേശത്താൽ ദശമത്വബോധം ഉണ്ടായശേഷം അവനുണ്ടായിരുന്ന പരിതാപാദികൾ ഉടനെ നശിക്കുന്നതുപോലെ തത്വജ്ഞാനിക്കും മർത്ത്യത്വാദിബുദ്ധ്യുദയം എന്തുകൊണ്ടു തൽക്ഷണം നശിക്കുന്നില്ല എന്നാണ് ശങ്കയെങ്കിൽ ദശമനും പത്താമൻ താൻതന്നെയാണെന്നറിഞ്ഞശേഷം തലയിൽ തല്ലികരയുന്നില്ല എങ്കിലും അതിന്നുമുമ്പെ ശിരസ്താഡനം നിമിത്തമുണ്ടായ വേദന പെട്ടെന്നു ശമിക്കുന്നില്ല; ക്രമത്തിൽ ഒരു മാസംകൊണ്ടോ മറേറാ ശമിക്കുന്നതേയുള്ളു.

248. ദശമാമൃതിലാഭേന ജാതോ ഹർഷോ വ്രണവ്യഥാം
തിരോധത്തേ മൃതിലാഭസ്തഥാ പ്രാരബ്ധദുഃഖിതാം.

ദശമാമൃതിലാഭേന=ദശമന്റെ മരണമുണ്ടായിട്ടില്ല എന്നുള്ള ലാഭത്താൽ. ജാതഃഹർഷഃ വ്രണവ്യഥാം=സം

ഭവിച്ച സന്തോഷം വ്രണദുഃഖത്തെ. തിരോധത്തേ=മറയ്ക്കുന്നു. തഥാമുക്തിലാഭഃ=അപ്രകാരം ജീവന്മുക്തിലാഭം. പ്രാരബ്ധദുഃഖിതാം തിരോധത്തേ=പ്രാരബ്ധദുഃഖാവസ്ഥയെ തിരസ്കരിക്കുന്നു.

പത്താമൻ നശിച്ചിട്ടില്ല എന്ന അറിവുനിമിത്തമുണ്ടായ സന്തോഷം ശിരോവ്രണത്തെ നിസ്സാരമാക്കുന്നതുപോലെ ജീവന്മുക്തിലാഭം പ്രാരബ്ധദുഃഖാവസ്ഥയേയും ശിഥിലമാക്കുന്നതിനാൽ ജ്ഞാനാനന്തരവും സംസാരവൃത്തിയുള്ളതുകൊണ്ടു ജീവന്മുക്തിനിമിത്തം പുരുഷാർത്ഥതയില്ലെന്നു ശങ്കിപ്പാനവകാശമില്ല.

249. വ്രതാഭാവാദ്യദാധ്യാസസ്തദാ ഭൂയോ വിവിച്യതാം
രസസേവീ ദിനേ ഭുംക്തെ ഭൂയോഭൂയോ യഥാതഥാ.

വ്രതാഭാവാത്=വ്രതാഭാവം ഹേതുവായിട്ടു. യദാഅധ്യാസഃതദാ=എപ്പോഴാം അദ്ധ്യാസമോ അപ്പോഴാം ഭൂയഃവിവിച്യതാം=വീണ്ടും വേർതിരിക്കപ്പെടേണം രസസേവീദിനേ=രസം സേവിക്കുന്നവൻ ദിവസത്തിൽ. യഥാഭൂയഃഭൂയഃ ഭുംക്തെതഥാ=എപ്രകാരമോ പലവട്ടം ഭുജിക്കുന്നത് അപ്രകാരം.

ജീവന്മുക്തിവ്രതം ഇതല്ല എന്നു പറഞ്ഞതിന്റെ സാരമന്തെന്നാൽ എപ്പോഴാം സാക്ഷിയിൽ സംസാരിത്വാധ്യാസം ഉണ്ടാകുന്നുവോ അപ്പോഴൊക്കെ സാക്ഷിയെ ചിദാഭാസനായ തന്നിൽനിന്നു വേർതിരിച്ചുകാണ്മാൻ അഭ്യസിച്ചുകൊള്ളേണം. രസം, താമ്രം മുതലായ ഔഷധം സേവിക്കുന്ന പുരുഷൻ ക്ഷുൽബാധ തീർപ്പാൻ ഒരു ദിവസത്തിൽ പലവട്ടം ആഹാരം കഴിക്കുന്നത് എപ്രകാരമോ അപ്രകാരം അദ്ധ്യാസം ഉണ്ടാകുമ്പോഴാം എല്ലാം വിവേകത്തെ ആവർത്തിക്കേണ്ടതാണെന്നാകുന്നു.

250. ശമയത്യൌഷധേനായം ദശമഃ സ്വംവ്രണം യഥാ
ഭോഗേന ശമയിത്വൈതൽ പ്രാരബ്ധം മുച്യതേ തഥാ.

ദശമഃസ്വംവ്രണം=പത്താമൻ തന്റെ വ്രണത്തെ. ഔഷധേനയഥാശമയതി=ഔഷധംകൊണ്ടു എപ്രകാരം ശമിപ്പിക്കുന്നുവോ. തഥാഭോഗേന ഏതൽപ്രാരബ്ധം=അപ്രകാരം ഭോഗംകൊണ്ടു ഈ പ്രാരബ്ധത്തെ. ശമയിത്വാമുച്യതേ=ശമിപ്പിച്ചിട്ടു മുക്തനാകും.

ജ്ഞാനംകൊണ്ടു നിവൃത്തിപ്പാൻ കഴിയാത്ത പ്രാരബ്ധകർമ്മഫലത്തിന്നു പ്രതിവിധി എന്താകുന്നുവെന്ന ശങ്കക്കു സമാധാനം:—ദശമൻ ശിരസ്താഡനാദിനിമിത്തമുണ്ടായ വ്രണത്തെ ഔഷധംകൊണ്ടു ശമിപ്പിക്കുന്നതുപോലെ പ്രാരബ്ധകർമ്മഫലത്തെ ഭോഗംകൊണ്ടു ശമിപ്പിക്കുമ്പോഴാം മുക്തനായിഭവിക്കും.

251. കിമിച്ഛന്നിതിവാക്യോക്തഃ ശോകമോക്ഷ ഉദീരിതഃ
ആഭാസസ്യാവ്യവസ്ഥൈഷാ ഷഷ്ഠീ തൃപ്തിസ്തു സപ്തമീ–

കിമിച്ഛന്നിതിവാക്യോക്തഃ=എന്തിനെ ഇച്ഛിച്ചിട്ട് എന്ന ശ്രുതിവാക്യത്താൽ പറയപ്പെട്ടു. ശോകമോക്ഷഃ ഉദീരിതഃ=ശോകമോക്ഷം പറയപ്പെട്ടു. ഏഷാ അവസ്ഥാആഭാസസ്യ=ഈ അവസ്ഥ ആഭാസന്റെ. ഷഷ്ഠീ ഹി=ആറാമത്തേതാകുന്നു. സപ്തമീതൃപ്തിഃതു (വ്യാഖ്യായതെ)=ഏഴാമത്തെതായ തൃപ്തി എന്നതൊ വിവരിക്കപ്പെടുന്നു.

അപരോക്ഷജ്ഞാനം ദുഃഖനിവൃത്തി എന്ന രണ്ടവസ്ഥകളം ജീവഗതങ്ങളാണെന്നു കാണിച്ചു. "ആത്മാനം ചേദ്വിജാനീയാ ദയമസ്മീതിപൂരുഷഃ കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്" ഈ മന്ത്രത്തിൽ അപരോക്ഷജ്ഞാനം ശോകനിവൃത്തി എന്ന രണ്ടു ജീവാവസ്ഥകളെയാണ് കാണിച്ചിരിക്കുന്നത്. ഇപ്പോഴാം ജീവന്റെ തൃപ്തിലക്ഷണയായ ഏഴാമത്തേ അവസ്ഥയെ പറവാൻ ഭാവിക്കുന്നു. "കിമിച്ഛൻ" എന്ന ഉത്തരാർദ്ധത്തിൽ പറയപ്പെട്ട ശോകമോക്ഷം എന്ന അവസ്ഥയേ ഇതുവരേ പ്രതിപാദിച്ച ഭാഗങ്ങളംകൊണ്ടു കാണിച്ചു. "അജ്ഞാനം, ആവൃതി, വിക്ഷേപം, പരോക്ഷജ്ഞാനം, അപരോക്ഷജ്ഞാനം, ശോകമോക്ഷം, നിരങ്കുശയായ തൃപ്തി" എന്ന ഏഴവസ്ഥകളിൽ ആറം പറയപ്പെട്ടു. ഏഴാമത്തെതായ തൃപ്തിയെന്ന അവസ്ഥയെ പറയാം.

252 സാങ്കുശാ വിഷയൈസ്തൃപ്തി രിയം തൃപ്തിന്നിരങ്കുശാ
കൃതംകൃത്യം പ്രാപണീയംപ്രാപ്ത മിത്യേവ തൃപ്യതി

വിഷയൈഃതൃപ്തിഃസാങ്കുശാ=വിഷയങ്ങളംകൊണ്ടുള്ള തൃപ്തി തടസ്ഥസഹിതയാകുന്നു. ഇയം തൃപ്തിനിരങ്കുശാ=ഈ തൃപ്തിയോ നിരങ്കുശാ തടസ്ഥരഹിതയാകുന്നു. കൃത്യംകൃതം=ചെയ്യാനുള്ളതു ചെയ്തുകഴിഞ്ഞു. പ്രാപണീയംപ്രാപ്തം=കിട്ടേണ്ടതു കിട്ടിക്കഴിഞ്ഞു. ഇത്യേവതൃപ്യതി=എന്നുതന്നെ തൃപ്തിപ്പെടുന്നു.

അപരോക്ഷജ്ഞാനത്തിൽനിന്നുണ്ടാകുന്ന തൃപ്തിതടസ്ഥമില്ലാത്തതാണെന്നു കാണിക്കുന്നു:—ആഗ്രഹിച്ച ഭോഗങ്ങളം അനുഭവിക്കുമ്പോഴാം തൽകാലം തൃപ്തി തോന്നാറുണ്ട്. എങ്കിലും അന്യമായ ഭോഗസ്പൃ

ഖത്തെ അപ്പോഠംതന്നെ ആഗ്രഹിക്കുന്നതുകൊണ്ടു ആ തൃപ്തി തടസ്ഥമില്ലാതെ സ്ഥിരവും സ്വാതന്ത്ര്യമായി ഭവിക്കുന്നില്ല. എന്നാൽ അപരോക്ഷജ്ഞാനംനിമിത്തമുണ്ടാകുന്ന തൃപ്തിയോ അങ്ങിനെയുള്ള ഒന്നല്ല. ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു. കിട്ടേണ്ടതെല്ലാം കിട്ടിക്കഴിഞ്ഞു. ഇനിയൊന്നും ചെയ്യാനോ കിട്ടാനോ ഇല്ലെന്നുള്ള നിരങ്കുശയായതൃപ്തി അനുഭവപ്പെടുന്നുണ്ടു്.

253. ഐഹികാമുഷ്മികവ്രാതസിദ്ധ്യൈ മുക്തേശ്ചസിദ്ധയേ
ബഹുകൃത്യം പുരാസ്യാഭൂ ത്തൽസവ്വമധുനാകൃതം.

പുരാ അസ്യ=മുമ്പേ ഇവന്നു്. ഐഹികാമുഷ്മികവ്രാതസിദ്ധ്യൈ=ഐഹികവും ആമുഷ്മികവുമായ ബഹുകാൎയ്യസിദ്ധിയിലും. മുക്തേഃസിദ്ധയേച=മുക്തിയുടെ സിദ്ധിക്കായ്ക്കൊണ്ടും. ബഹുകൃത്യംഅഭൂത്=പല കൃത്യം ഉണ്ടായിരുന്നു. അധുനാതൽ സൎവ്വം കൃതം=ഇപ്പോഠം അതെല്ലാം ചെയ്തുകഴിഞ്ഞു.

"കൃതംകൃത്യം" എന്നു മുമ്പെ പറഞ്ഞതിനെ സമൎത്ഥിക്കുന്നു:—ഈ വിദ്വാന്നു് തത്വജ്ഞാനം ഉണ്ടാകുന്നതിന്നു മുമ്പേ ലോകത്തിൽ ഇഷ്ടപ്രാപ്തിക്കും അനിഷ്ടനിവൃത്തിക്കുമായിട്ടു കൃഷിവാണിജ്യാദികളും സ്വൎഗ്ഗപ്രാപ്തിക്കായിട്ടു യാഗം ഉപാസന എന്നിവയും മോക്ഷസാധനമായ ജ്ഞാനം സിദ്ധിപ്പാൻ ശ്രവണാദികളും ഇങ്ങിനെ അനേകകാൎയ്യം ചെയ്യാനുണ്ടായിരുന്നു. ഇപ്പോഠം സമ്യഗ്ദൎശനം സിദ്ധിക്കയാൽ സാംസാരിക ഫലേച്ഛക്കവകാശമില്ലാത്തതിനാലും ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ചതിനാലും കൃഷ്യാദി യാഗശ്രവണാദി സൎവ്വവ്യാപാരവും ചെയ്തുകഴിഞ്ഞ നിലയിൽ എത്തിയിരിക്കുന്നു.

254. തദേതൽകൃതകൃത്യത്വം പ്രതിയോഗിപുരഃസരം
അനുസംദധദേവായമേവം തൃപ്യതി നിത്യശഃ.

പ്രതിയോഗിപുരഃസരം=പ്രതിയോഗി (സംസാരധൎമ്മം) സഹിതമായ. തത് ഏതത് കൃതകൃത്യത്വം=ആ ഈ കൃതകൃത്യതയെ. അനുസംദധത് ഏവ=അനുസന്ധാനം ചെയ്തുകൊണ്ടുതന്നെ അയംനിത്യശഃതൃപ്യതി= ഇവൻ (ചിദാഭാസൻ) എപ്പോഴും തൃപ്തനാകുന്നു.

ജ്ഞാനോൽപത്തിക്കു മുമ്പേ ഉണ്ടായിരുന്ന ബഹുകൃത്യത്തേയും ജ്ഞാനോദയത്തിന്നു ശേഷമുണ്ടായ ഈ കൃതാൎത്ഥതയേയും അനുസന്ധാനം ചെയ്യുന്ന ഈ ചിദാഭാസൻ നിത്യവും തൃപ്തനായിരിക്കുന്നു.

255. ദുഃഖിനോജ്ഞാഃ സംസരന്തു കാമം പുത്രാദ്യപേക്ഷയാ
പരമാനന്ദപൂൎണ്ണോഹം സംസരാമി കിമിച്ഛയാ.

പുത്രാദ്യപേക്ഷയാദുഃഖിനഃ=പുത്രാദികളെ അപേക്ഷിച്ചുകൊണ്ടു ദുഃഖികളായ മൂഢന്മാർ. കാമംസരന്തു= യഥേഷ്ടം സംസരിച്ചുകൊള്ളട്ടെ. പരമാനന്ദപൂൎണ്ണഃഅഹം=പരമാനന്ദപൂൎണ്ണനായ ഞാൻ. കിം ഇച്ഛയാസംസരാമി=എന്തിനെ ഇച്ഛിച്ചു സംസാരിയാകണം.

അനുസന്ധാനത്തിന്റെ സ്വരൂപത്തെ വിസ്തരിക്കുന്നു:—പുത്രന്മാർ, ഗൃഹധനാദികഠം, എന്നിവയെ ആഗ്രഹിച്ചു് ദുഃഖിക്കുന്ന അജ്ഞാനികഠം ജന്മജരാമരണാദികളെ യഥേഷ്ടം പ്രാപിച്ചുകൊള്ളട്ടെ. പരമാനന്ദപൂൎണനായ ഞാൻ എന്തിനെ ആഗ്രഹിച്ചിട്ടാണ് ദുഃഖിക്കുകയോ തന്മൂലം സംസാരത്തിൽ വീണ്ടും പ്രവേശിക്കുകയോ ചെയ്യേണ്ടത്. ഒന്നുകൊണ്ടും എനിക്കു ദുഃഖിപ്പാനോ സംസാരപ്രാപ്തിക്കോ കാരണമില്ല

256. അനുതിഷ്ഠന്തു കൎമ്മാണി പരലോകയിയാസവഃ
സൎവലോകാത്മകഃ കസ്മാദനുതിഷ്ഠാമി കിം കഥം.

പരലോകയിയാസവഃ=പരലോകപ്രാപ്തിയിൽ ഇച്ഛയുള്ളവർ. കൎമ്മാണി അനുതിഷ്ഠന്തു=കൎമ്മങ്ങളെ അനുഷ്ഠിക്കട്ടെ. സൎവ്വലോകാത്മകഃഅഹം=സൎവ്വലോകസ്വരൂപനായ ഞാൻ കിം കഥം അനുതിഷ്ഠാമി=എന്തൊന്നിനെ ഏതുവിധം അനുഷ്ഠിക്കും.

സ്വർഗാദിലോകങ്ങളിൽ പ്രവേശിപ്പാൻ ആഗ്രഹിക്കുന്നവർ അതാതുലോകപ്രാപ്തിക്കുചിതകൎമ്മങ്ങളെ ചെയ്തുകൊള്ളട്ടെ. സൎവ്വലോകസ്വരൂപനായ ഞാൻ എന്തുകൎമ്മത്തെ ഏതുവിധമാണ് ചെയ്യേണ്ടതു്. എനിക്കു പോകേണ്ടതായ ലോകമോ അതിന്നുചിതമായ കൎമ്മമോ ഇല്ലവേയില്ല. അതിനാൽ യാഗാദികൎമ്മാനുഷ്ഠാനം എനിക്കാവശ്യമുള്ളതല്ല.

257. വ്യാചക്ഷതാം തേ ശാസ്ത്രാണി വേദാനദ്ധ്യാപയന്തു വാ
യേത്രാധികാരിണോ മേതു നാധികാരോക്രിയത്വതഃ.

യേഅത്ര അധികാരിണഃതേ=യാതൊരുത്തർ ഇതിൽ അധികാരമുള്ളവരോ അവർ. ശാസ്ത്രാണി വ്യാച

ക്ഷതാം=ശാസ്ത്രങ്ങളെ വ്യാഖ്യാനിക്കയോ. വേദാൻ അദ്ധ്യാപയന്തുവാ=വേദങ്ങളെ പഠിപ്പിക്കുകയോ ചെയ്യട്ടെ. മേഉത്ര ക്രിയതാതഃ=എനിക്കാകട്ടെ ക്രിയാഭാവംനിമിത്തം. ന അധികാരഃ=അധികാരമില്ല.

സ്വന്തമായ ആവശ്യത്തിന്നായി പ്രവൃത്തിക്കുന്നില്ലെങ്കിലും പരാൎത്ഥമായി പ്രവൃത്തിച്ചുകൂടെയോ എന്നാണെങ്കിൽ കൎത്താവല്ലാതിരിക്കുന്ന എനിക്കാകട്ടെ ക്രിയയിൽ അധികാരമേയില്ല. കൎത്തൃത്വഭാവമുള്ളവർ ആരോ അവർ ശാസ്ത്രാദികളെ വ്യാഖ്യാനിക്കുകയോ വേദങ്ങളെ പഠിപ്പിക്കുകയോ ചെയ്തുകൊള്ളട്ടെ.

258. നിദ്രാഭിക്ഷേ സ്നാനശൌചേ നേച്ഛാമി നകരോമി ച
ദ്രഷ്ടാരശ്ചേൽ കല്പയന്തി കിംമേസ്യാ ദന്യകല്പനാൽ.

നിദ്രാഭിക്ഷേ സ്നാനശൌചേ=ഉറക്കം, ഭിക്ഷാടനം, സ്നാനം, ശൌചം. നഇച്ഛാമിനകരോമിച=ഞാൻ ഇച്ഛിക്കുകയും ചെയ്കയും ചെയ്യുന്നില്ല. ദ്രഷ്ടാരഃ കല്പയന്തിചേൽ=കാഴ്ചക്കാർ കല്പിക്കുന്നുവെങ്കിൽ. അന്യകല്പനാൽ=അന്യരുടെ കല്പനംനിമിത്തം. കിം മേസ്യാത്=എനിക്ക് എന്തുണ്ടാകും.

സ്വദേഹരക്ഷക്കായി ഭിക്ഷാഹരണം മുതലായതും പരലോകപ്രാപ്തിക്കായി സ്നാനാദികളും അങ്ങ് ചെയ്യുന്നതായി കാണപ്പെടുന്നുണ്ടല്ലോ. അതുകൊണ്ടു കൎത്തൃത്വമില്ലെന്നു വരുന്നതെങ്ങിനെയെന്നാണ് ശങ്കയെങ്കിൽ അതൊന്നും എന്റെ ദൃഷ്ടിയോടുകൂടെ നടക്കുന്നില്ല. ഞാനങ്ങിനെ ചെയ്യുന്നുണ്ടെന്ന് അന്യർ കല്പിക്കുന്നു. അവരുടെ കല്പനംനിമിത്തം ഞാൻ കൎത്താവാകുന്നതെങ്ങിനെ. ക്രിയക്കു കാരണമായ കാമമോ തന്നിമിത്തം കൎമ്മമോ എനിക്കില്ല. ഉറക്കം, ഭിക്ഷാഹരണം, സ്നാനം, ശൌചം മുതലായവയെ ഞാനാഗ്രഹിക്കുന്നില്ല. അതിന്നായി പ്രവൃത്തിക്കുന്നതുമില്ല. അങ്ങിനെയിരിക്കെ അന്യർ ചെയ്യുന്ന കല്പനം എന്നെ എങ്ങിനെ ബാധിക്കും.

259. ഗുഞ്ജാപുഞ്ജാദിദഹ്യേത നാന്യാരോപിതവഹ്നിനാ
നാന്യാരോപിതസംസാരധൎമ്മാനേവമഹംഭജേ.

അന്യാരോപിതവഹ്നിനാ=അന്യൻ ആരോപിച്ച അഗ്നികൊണ്ട്. ഗുഞ്ജാപുഞ്ജാദി=ലതാസമൂഹം. നദഹ്യേത=ദഹിക്കയില്ല. ഏവം അന്യാരോപിത സംസാരധൎമ്മാൻ=ഇപ്രകാരം അന്യൻ ആരോപിക്കുന്ന സംസാരധൎമ്മങ്ങളെ. അഹംനഭജേ=ഞാൻ ഭജിക്കുന്നില്ല.

വല്ലികളിൽ വ്യാപിക്കാത്തതായ അഗ്നി അതിലുണ്ടെന്നു മറെറാരുത്തൻ ആരോപിക്കുന്നതുകൊണ്ടു ആ വല്ലികൾ കത്തിപ്പോകയില്ലല്ലൊ. അതുപോലെ കൎത്തൃത്വാദിസംസാരധൎമ്മങ്ങൾ എന്നിൽ ഇല്ലാതിരിക്കേ ഉണ്ടെന്നു മറെറാരുത്തൻ പറഞ്ഞതുകൊണ്ടു എന്നെ ആ ധൎമ്മങ്ങൾ ബാധിക്കയില്ല. ഞാൻ ആ ധൎമ്മങ്ങളെ ആശ്രയിക്കുന്നതുമില്ല.

260. ശൃണ്വന്ത്വജ്ഞാതതത്വാസ്തേ ജാനൻ•കസ്മാച്ഛൃണോമ്യഹം
മന്യന്താം സംശയാപന്നാ നമന്യേഹമസംശയഃ.

അജ്ഞാതതത്വാഃ യേതേ.ശൃണ്വന്തു=തത്വമറിയാത്തവർ ആരോ അവർ ശ്രവിക്കട്ടെ. ജാനൻ അഹംകസ്മാൽ ശൃണോമി=അറിയുന്ന ഞാൻ എന്തിനായിട്ടു കേൾക്കേണം. സംശയാപന്നാഃ മന്യന്താം=സംശയമുള്ളവർ മനനംചെയ്യട്ടെ. അസംശയഃ അഹംനമന്യേ=സംശയമില്ലാത്ത ഞാൻ മനനം ചെയ്യുന്നില്ല.

അന്യഫലകാംക്ഷയില്ലാത്തതുകൊണ്ടു കൎമ്മാനുഷ്ഠാനം ഇല്ലെന്നുവന്നാലും തത്വസാക്ഷാൽകാരത്തിന്നായിട്ടു ശ്രവണമനനാദികളില്ലെന്നു വരുന്നതെങ്ങിനെയെന്നാൽ അജ്ഞാനമില്ലാതായതിനാൽ ശ്രവണാദികളും ഇല്ലാതെ ആയിയെന്നു കാണിക്കുന്നു,—തത്വമെന്താണെന്നറിയാത്തവർ മഹാവാക്യാദികളെ ഗുരുമുഖത്തിൽനിന്നു കേട്ടുകൊള്ളട്ടെ. തത്വം അറിഞ്ഞ ഞാൻ കേൾക്കേണ്ടതായ ആവശ്യം എന്തിരിക്കുന്നു. അതുപോലെത്തന്നെ മഹാവാക്യത്താൽ പ്രതിപാദിക്കപ്പെട്ട ജീവബ്രഹ്മൈക്യസ്വരൂപമായ തത്വത്തിൽ സംശയമുള്ളവർ മനനംചെയ്തുകൊള്ളട്ടെ. സംശയം തീൎന്നിരിക്കുന്ന ഞാൻ മനനം ചെയ്യേണ്ടതായ ആവശ്യം എന്തിരിക്കുന്നു.

261. വിപൎയ്യസ്തോ നിദിദ്ധ്യാസേൽ കിംധ്യാനമവിപൎയ്യയാത്
ദേഹാത്മത്വവിപൎയ്യാസം നകദാചിൽ ഭജാമ്യഹം.

വിപൎയ്യസ്തഃ നിദിദ്ധ്യാസേത്=വിപരീതബുദ്ധിയുള്ളവൻ നിദിദ്ധ്യാസനം ചെയ്യേണം. അവിപൎയ്യയാത് കിം ധ്യാനം=വിപരീതഭാവനയില്ലാത്തതുകൊണ്ടു ധ്യാനത്തിന്റേയും ആവശ്യമില്ല. ദേഹാത്മത്വവിപ

ര്യ്യാസം=ദേഹത്തിൽ ആത്മഭാവനാലക്ഷണമായ വിപരീതഭാവനയെ. കദാചിത് അപിനാഹം ഭജാമി=ഒരു കാലത്തും ഞാൻ സ്വീകരിക്കുന്നില്ല.

ശ്രവണമനനങ്ങൾ ആവശ്യമില്ലെന്നിരിക്കിലും വിപരീതഭാവനയില്ലാതാവാൻ നിദിധ്യാസനം ചെയ്യേണ്ടതായിരിക്കുന്നില്ലേയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—ദേഹാദിയിൽ ആത്മഭാവനാലക്ഷണമായ വിപരീതബോധം ഉള്ളവൻ നിദിധ്യാസനം ചെയ്യേണ്ടതുതന്നെ. ആ ഭാവം എന്നെ ബാധിക്കാത്തതുകൊണ്ടു ഞാനെന്താവശ്യത്തിന്നായി നിദിധ്യാസനം അനുഷ്ഠിക്കേണം. ദേഹാദികളിൽ ആത്മഭാവനാലക്ഷണമായ വിപരീതബോധമെന്നെ ഒരു കാലത്തിലും ബാധിക്കുന്നില്ല.

262. അഹംമനുഷ്യഇത്യാദിവ്യവഹാരോവിനാപ്യമും
വിപര്യ്യാസംചിരാഭ്യസ്തവാസനാതോവകല്പതേ.

അമും വിപര്യ്യാസംവിനാഅപി=ഈ വിപരീതത്തെ കൂടാതെയും. അഹംമനുഷ്യഃ ഇത്യാദിവ്യവഹാരഃ=ഞാൻ മനുഷ്യൻ എന്നിങ്ങിനെയുള്ള ലോകവ്യവഹാരം. ചിരാഭ്യസ്തവാസനാതഃ അവകല്പതേ=ബഹുകാലം അഭ്യസിച്ച വാസനയാൽ ഉണ്ടാകുന്നു.

വിപരീതഭാവനയില്ലാതെ ഞാൻ മനുഷ്യൻ പുരുഷൻ സ്ത്രീ എന്നിങ്ങിനെയുള്ള ലോകവ്യവഹാരം എങ്ങിനെയുണ്ടാകും എന്നാണെങ്കിൽ ഈ ലോകവ്യവഹാരം നിലനില്ക്കാൻ ദേഹത്തിൽ ആത്മഭാവനാലക്ഷണമായ വിപരീതബോധം ഉണ്ടാകേണമെന്നില്ല. ചിരകാലം അഭ്യസിച്ചതുകൊണ്ടുണ്ടായ വാസനനിമിത്തം അതു നിലനില്ക്കുന്നു.

263. പ്രാരബ്ധകർമ്മണി ക്ഷീണേ വ്യവഹാരോ നിവർത്തതേ
കർമ്മാക്ഷയെ ത്വസൌനൈവ ശാമ്യേദ്ധ്യാനസഹസ്രതഃ.

പ്രാരബ്ധകർമ്മണിക്ഷീണേ=ആരംഭിച്ചതായ കർമ്മം ക്ഷയിക്കുമ്പോൾ. വ്യവഹാരഃ നിവർത്തതേ=വ്യവഹാരം ഇല്ലാതാകും. കർമ്മാക്ഷയേതു=കർമ്മം ക്ഷയിക്കാതിരിക്കുമ്പോളാകട്ടെ. അസൌധ്യാനസഹസ്രതഃ=ഈ വ്യവഹാരം സഹസ്രാവൃത്തിധ്യാനംകൊണ്ടും. നശാമ്യേത് ഏവ=ശമിക്കയേയില്ല.

അപ്പോൾ ഈ ലോകവ്യവഹാരം ഇല്ലാതെയാവാൻ ധ്യാനം സംപാദിക്കേണമെല്ലോ എന്നാണെങ്കിൽ പറയുന്നു:—ശരീരം ആരംഭിക്കാൻ ഹേതുവായ കർമ്മം ക്ഷയിക്കുമ്പോൾ—ശരീരം നശിക്കുമ്പോൾ—ഈ വ്യവഹാരവും ഇല്ലാതാകും. കർമ്മം ക്ഷയിക്കാതിരിക്കുമ്പോഴാകട്ടെ എത്രതന്നെ ധ്യാനം അഭ്യസിച്ചാലും ഈ വ്യവഹാരം ശമിക്കയില്ല, നിശ്ചയം.

264. വിരലത്വം വ്യവഹൃതേരിഷ്ടംചേദ്ധ്യാനമസ്തുതേ
അബാധികാം വ്യവഹൃതിം പശ്യൻ ധ്യായാമ്യഹംകുതഃ.

വ്യവഹൃതേഃ വിരലത്വം=വ്യവഹാരത്തിന്റെ അല്പത. ഇഷ്ടംചേത് തേധ്യാനംഅസ്തു=ഇഷ്ടമാണെങ്കിൽ നീ ധ്യാനിച്ചുകൊൾക. വ്യവഹൃതിം അബാധികാംപശ്യൻ=ഈ വ്യവഹാരം ആത്മാവിനെ ബാധിക്കുന്നതല്ലെന്നു കാണുന്ന. അഹം കുതഃ ധ്യായാമി=ഞാൻ എന്തിനായിട്ടു ധ്യാനിക്കേണം.

പ്രാരബ്ധംനിമിത്തമുണ്ടാകുന്ന വ്യവഹാരവും കഴിയുന്നത്ര ചുരുക്കുവാൻ ധ്യാനം ആവശ്യമാണെന്നഭിപ്രായം അങ്ങെക്കുണ്ടെങ്കിൽ ധ്യാനം അനുഷ്ഠിച്ചുകൊൾക. ഈ ലോകവ്യവഹാരം ആത്മദൃഷ്ടിയെ ഒരുവിധത്തിലും തടസ്ഥപ്പെടുത്തുന്നതല്ലെന്നു നന്നായറിയുന്ന ഞാൻ എന്താവശ്യത്തിന്നായി ധ്യാനിക്കേണം. ബാധകമല്ലെന്നു കണ്ടിരിക്കയാൽ ധ്യാനം അനുഷ്ഠിക്കേണ്ടതായിരിക്കുന്നില്ല.

265. വിക്ഷേപോ നാസ്തി യസ്മാന്മേ ന സമാധി സ്തതോമമ
വിക്ഷേപോ വാ സമാധിർവാ മനസഃ സ്യാദ്വികാരിണഃ.

യസ്മാത്മേ വിക്ഷേപഃ നാസ്തി=യാതൊന്നു ഹേതുവായിട്ടു് എനിക്കു വിക്ഷേപമില്ലയോ. തതഃ മേ നസമാധിഃ=അതുകൊണ്ടെനിക്കു സമാധിയുമില്ല. വിക്ഷേപഃവാ സമാധിഃവാ=വിക്ഷേപമോ സമാധിയോ. വികാരിണഃ മനസഃസ്യാത്=വികാരിയായ മനസ്സിന്നുള്ളതാണ്.

ധ്യാനം കർത്തവ്യമല്ലെങ്കിലും വിക്ഷേപമില്ലാതാവാൻ സമാധി ആവശ്യമല്ലയോ എന്ന ശങ്കക്കു സമാധാനം:—എനിക്കു വിക്ഷേപമില്ലാത്തതുകൊണ്ടു സമാധിയുമില്ല. വിക്ഷേപവും സമാധിയും വികാരിയായ മനസ്സിന്നുള്ളതാണ്. ഞാൻ മനസ്സല്ലാത്തതുകൊണ്ട് വിക്ഷേപമോ സമാധിയോ എനിക്കുണ്ടാവനെന്തവകാശം.

266. നിത്യാനുഭവരൂപസ്യ കോമേവാനുഭവഃ പൃഥക്
കൃതംകൃത്യം പ്രാപണീയംപ്രാപ്ത മിത്യേവനിശ്ചയഃ.

നിത്യാനുഭവരൂപസ്യമേ=നിത്യാനുഭവസ്വരൂപനായ എനിക്ക്. പൃഥഗനുഭവഃ കഃവാ=അതിൽനിന്നു ഭിന്നമായ അനുഭവം മറെറന്തൊന്നാണുള്ളത്. കൃത്യംകൃതം പ്രാപണീയംപ്രാപ്തം=ചെയ്യേണ്ടതു ചെയ്തു കിട്ടേണ്ടതു കിട്ടി. ഇതി ഏവനിശ്ചയഃ=എന്നതുതന്നെ ഉറപ്പ്.

എന്നാലും സമാധിഫലമായ അനുഭവം സമ്പാദിക്കേണ്ടതല്ലെയോ എന്നാണെങ്കിൽ:—അനുഭവം എന്റെ നാശരഹിതമായ സ്വരൂപമായിത്തന്നെയിരിക്കുന്നതിനാൽ അതിൽനിന്നു വേറിട്ടിരിക്കുന്ന എന്തൊരനുഭവമാണ് സമ്പാദിപ്പാനുള്ളത്. ആകയാൽ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു. കിട്ടേണ്ടതെല്ലാം കിട്ടുകയുംചെയ്തു എന്നുതന്നെ ദൃഢനിശ്ചയം. 256 മുതൽ 266 വരേയുള്ള ശ്ലോകങ്ങൾകൊണ്ടു കർമ്മാദികൾക്കധികാരികളാരാണെന്നും ബ്രഹ്മനിഷ്ഠന്റെ നിലയെന്താണെന്നും കാണിച്ചിരിക്കുന്നു. സ്വാനുഭൂതി സിദ്ധിച്ചവനുമാത്രം കർമ്മങ്ങളോ ശ്രവണമനനാദികളൊ ഒന്നും ആവശ്യമില്ലെന്നുറപ്പിച്ചിരിക്കയാൽ അങ്ങിനെയല്ലാത്തവർ കർമ്മാദികളെ സ്വാധികാരാനുസരണം നടത്തേണ്ടതാണെന്നുള്ള ഉപദേശവും ഈ പദ്യങ്ങളിൽ അടങ്ങീട്ടുണ്ടെന്നു കണ്ടുകൊള്ളേണം.

267. വ്യവഹാരോ ലൌകികോ വാ ശാസ്ത്രീയോ വാന്യഥാപിവാ
മമാകർത്തുരലേപസ്യ യഥാരബ്ധം പ്രവർത്തതാം

ലൌകികഃവാ ശാസ്ത്രീയഃവാ=ലോകരീത്യനുസരണമോ ശാസ്ത്രവിഹിതമോ. അന്യഥാ അപിവാ വ്യവഹാരഃ=മററവിധത്തിലൊ ഉള്ള വ്യവഹാരം. അകർത്തുഃ അലേപസ്യ മമ=അകർത്താവും അലേപനുമായ എന്റെ. യഥാപ്രാരബ്ധം പ്രവർത്തതാം=പ്രാരബ്ധംപോലെ നടന്നുകൊള്ളട്ടെ.

ഇങ്ങിനെ എല്ലാററിലും കർത്തൃത്വമില്ലെന്നു വരുമ്പോഴും നിയതവൃത്തിയില്ലായ്മ—എന്തെങ്കിലും ചെയ്തുയെന്ന ദോഷം—സംഭവിക്കും എന്നാണെങ്കിൽ പ്രാരബ്ധവശാൽ വന്നുചേരുന്നതിനെ തടുക്കുന്നതിനു സാദ്ധ്യമല്ല എന്നംഗീകരിക്കുന്നു:—ഒന്നും ചെയ്യാതെയും ഒന്നിനോടും സംബന്ധിക്കാതെയും ഇരിക്കുന്ന എന്റെ ലോകരീത്യനുസരണമുള്ള ഭിക്ഷാഹാരാദിയോ, ശാസ്ത്രവിഹിതമായ ജപസമാധികളോ, ശാസ്ത്രം നിഷേധിച്ചിട്ടുള്ള ഹിംസാദിയോ പ്രാരബ്ധാനുസരണം എന്തൊരുവിധമായ വ്യവഹാരവും ആ നിലയിൽ പ്രവൃത്തിച്ചുകൊള്ളട്ടെ. അവയുടെ കർത്തൃത്വമോ അവയോടു സംബന്ധമോ എനിക്കില്ല.

268. അഥവാ കൃതകൃത്യോപി ലോകാനുഗ്രഹകാമ്യയാ
ശാസ്ത്രീയേണൈവമാർഗ്ഗേണ വർത്തേഹം കാ മമ ക്ഷതിഃ.

അഥവാ കൃതകൃത്യഃഅപി=പക്ഷേ കൃതകൃത്യനാണെങ്കിലും. ലോകാനുഗ്രഹകാമ്യയാ=ലോകാനുഗ്രഹകാംക്ഷയോടുകൂടെ. ശാസ്ത്രീയേണ മാർഗ്ഗേണഏവ=ശാസ്ത്രസമ്മതമായ വിധത്തിൽതന്നെ. അഹംവർത്തേ=ഞാൻ കഴിഞ്ഞുകൂടാം. മമകാക്ഷതിഃ=അതുകൊണ്ടെനിക്കെന്തൊരു ഹാനി.

വസ്തുസ്ഥിതി പറഞ്ഞശേഷം പ്രൌഢരീതിയെ അവലംബിച്ചു പറയുന്നു:—ഒരുപക്ഷെ ഞാൻ കൃതകൃത്യൻതന്നെയെങ്കിലും ലോകാനുഗ്രഹബുദ്ധിയോടുകൂടെ ശാസ്ത്രമാർഗ്ഗത്തെ അനുസരിച്ചുതന്നെ ഞാൻ ഇരുന്നുകൊള്ളാം. അതുകൊണ്ടും എനിക്കെന്തു ഹാനിയാണുണ്ടാകാനുള്ളത്.

269. ദേവാർച്ചനസ്നാനശൌച ഭിക്ഷാദൌ വർത്തതാം വപുഃ
താരം ജപതു വാക് തദ്വൽ പഠത്വാമ്നായമസ്തകം.

270. വിഷ്ണും ധ്യായതു ധീര്യദ്വാ ബ്രഹ്മാനന്ദേ വിലീയതാം
സാക്ഷ്യഹം കിഞ്ചിദപ്യത്ര നകുർവേ നാപികാരയേ.

ദേവാർച്ചനസ്നാനശൌച ഭിക്ഷാദൌ വപുഃ വർത്തതാം=ദേവപൂജ, സ്നാനം, ശൌചം, ഭിക്ഷാഹരണം മുതലായതിൽ ശരീരം പ്രവർത്തിക്കട്ടെ. വാക് താരം ജപതു=വാക്ക് പ്രണവം ജപിക്കട്ടെ. തദ്വത് ആമ്നായമസ്തകംപഠതു=അതുപോലെ വേദാന്തം പഠിക്കട്ടെ. ധീഃ വിഷ്ണും ധ്യായതു=ബുദ്ധി വിഷ്ണുവിനെ ധ്യാനിക്കട്ടെ. യദ്വാ ബ്രഹ്മാനന്ദേ വിലീയതാം=അല്ലെങ്കിൽ ബ്രഹ്മാനന്ദത്തിൽ വിലയിക്കട്ടെ സാക്ഷീഅഹം അത്രകിഞ്ചിത് അപി=സാക്ഷിയായ ഞാൻ ഇവയിൽ ഒന്നുംതന്നെ. നകുർവ്വേ ന അപികാരയേ=ചെയ്യുയോ ചെയ്യിപ്പിക്കുകയോ ഇല്ല.

ശാസ്ത്രീയമാർഗ്ഗത്തിൽതന്നെ പ്രവർത്തിക്കാം എന്നംഗീകരിച്ചതിൽ അതിലുള്ള അഭിമാനഹേതുകമായ വികാരം ഇല്ലേയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—ശരീരം ദേവപൂജാ, സ്നാനം, ശൌചം, ഭിക്ഷാഹരണം മുതലായവയിൽ പ്രവർത്തിച്ചുകൊള്ളട്ടെ. വാക്ക് പ്രണവജപമോ വേദാന്തശാസ്ത്രപഠനമോ ചെയ്തുകൊള്ളട്ടെ. ബുദ്ധി വിഷ്ണുവിനെ ധ്യാനിക്കുകയോ ബ്രഹ്മാനന്ദത്തിൽ ലയിക്കുകയോ ചെയ്യട്ടെ. സർവ്വത്തിന്നും സാക്ഷിയായ ഞാൻ ഒന്നും ചെയ്യുന്നവനോ ചെയ്യിക്കുന്നവനോ അല്ല.

271. ഏവംച കലഹഃ കുത്ര സംഭവേൽ കർമ്മണോ മമ
വിഭിന്നവിഷയത്വേന പൂർവ്വാപരസമുദ്രവത്.

ഏവംച കർമ്മണഃമമ=ഇപ്രകാരമാകയാൽ കർമ്മത്തിന്നും എനിക്കും തമ്മിൽ. കുത്രകലഹഃ സംഭവേത്=ഏതിൽ കലഹം സംഭവിക്കും. വിഭിന്നവിഷയത്വേന=വിഷയം ഭേദിച്ചതുകൊണ്ടു. പൂർവ്വാപരസമുദ്രവത്=കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രം എന്നപോലെ.

ഇപ്രകാരമാകയാൽ കർമ്മം ശാരീരകം, ഞാൻ ശരീരത്തിൽനിന്നു ഭിന്നൻ എന്ന കാരണത്താൽ കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളെന്നപോലെ ഒന്നൊരു വിഷയത്തിൽ മറ്റൊന്ന് അതിൽനിന്നു കടന്നത് എന്ന നിലയിലുള്ളതുകൊണ്ടു കർമ്മത്തിന്നും എനിക്കും തമ്മിൽ ഏതു സംഗതിയിലും കലഹത്തിന്നു കാരണമില്ല.

272. വപുർവ്വാഗ്ധീഷുനിർബ്ബന്ധഃകർമ്മിണോനതുസാക്ഷിണി
ജ്ഞാനിനഃസാക്ഷ്യലേപത്വേനിർബ്ബന്ധോനേതരത്രഹി

വപുർവ്വാഗ്ധീഷുനിർബ്ബന്ധഃ=ശരീരം വാക് ബുദ്ധി ഇവയിൽ നിർബ്ബന്ധം. കർമ്മിണഃനതുസാക്ഷിണി=കർമ്മിക്കുള്ളതാണ് സാക്ഷിയിൽ അതില്ല. ജ്ഞാനിനഃസാക്ഷ്യലേപത്വേ=ജ്ഞാനിക്ക് സാക്ഷിയുടെ അസംഗതയിൽ. നിർബ്ബന്ധഃഇതരത്രനഹി=നിർബ്ബന്ധം ഉണ്ട് അന്യങ്ങളിൽ ഇല്ല.

വിഭിന്നവിഷയത്വത്തെ സ്പഷ്ടമാക്കുന്നു:—കർത്തൃത്വഭാവം ഉള്ളവന്ന് വാഗാദിവ്യാപാരങ്ങളിൽ നിർബ്ബന്ധം ആവശ്യമാണ്. ദേഹേന്ദ്രിയാദി സംബന്ധമില്ലാതെയിരിക്കുന്ന സാക്ഷിയിൽ ആ നിർബ്ബന്ധത്തിന്നവകാശമില്ല. സാക്ഷിമാത്രനാണെന്നറിഞ്ഞിരിക്കുന്ന ജ്ഞാനിക്ക് സാക്ഷി, കർമ്മങ്ങളിൽ ചേർച്ചയുള്ളവനല്ലെന്നുള്ളതിൽ മാത്രമേ നിർബ്ബന്ധമുള്ളു. വാഗാദിവ്യാപാരങ്ങളിൽ നിർബ്ബന്ധമില്ല. ദേഹേന്ദ്രിയാദിവ്യാപാരങ്ങൾക്കും സാക്ഷിക്കും തമ്മിൽ സംബന്ധമില്ലെന്നുള്ളതിനെയാണ് വിഭിന്നവിഷയങ്ങളാണെന്നു മുമ്പേ പറഞ്ഞത് എന്നു ഫലിതാർത്ഥം.

273. ഏവംചാന്യോന്യവൃത്താന്താനഭിജ്ഞൌ ബധിരാവിവ
വിവദേതാം ബുദ്ധിമന്തൊ ഹസന്ത്യേവ വിലോക്യതൌ.

ഏവംച അന്യോന്യവൃത്താന്താനഭിജ്ഞൌ:തൌ=ഇങ്ങിനെയാണെങ്കിലും അന്യോന്യവൃത്താന്തം അറിയാത്ത ആ രണ്ടുപേർ. ബധിരൌഇവ=ബധിരന്മാരെന്നപോലെ. വിവദേതാം=കലഹിക്കുന്നു. തൌവിലോക്യ=ആ രണ്ടുപേരെ നോക്കീട്ടു. ബുദ്ധിമന്തഃഹസന്തിഏവ=ബുദ്ധിമാന്മാർ ഹസിക്കതന്നെ ചെയ്യുന്നു.

ജ്ഞാനിയുടേയും കർമ്മിയുടേയും വിഷയങ്ങൾ അത്യന്തഭിന്നങ്ങളാണെങ്കിലും അന്യോന്യം പറഞ്ഞാൽ കേൾക്കാത്ത രണ്ടു ബധിരന്മാർ (ചെവി കേൾക്കാത്തവർ) എന്നപോലെ അവർ തമ്മിൽ കലഹിക്കുന്നു. അങ്ങിനെ കലഹിക്കുന്ന അവരെ കാണുന്ന ബുദ്ധിമാന്മാർ പരിഹസിക്കുകതന്നെ ചെയ്യുയുള്ളു.

274. യം കർമ്മീ നവിജാനാതി സാക്ഷിണം തസ്യ തത്വവിത്
ബ്രഹ്മത്വം ബുദ്ധ്യതാം തത്ര കർമ്മിണഃ കിം വിഹീയതേ.

കർമ്മീയംസാക്ഷിണംനവിജാനാതി=കർമ്മി യാതൊരു സാക്ഷിയെ നന്നായറിയുന്നില്ലേയോ. തസ്യതത്വവിത്=അവന്റെ തത്വം അറിയുന്നവൻ ബ്രഹ്മത്വംബുദ്ധ്യതാം=ബ്രഹ്മഭാവം അറിഞ്ഞുകൊള്ളട്ടെ. തത്രകർമ്മിണഃ കിംവിഹീയതേ=അതിൽ കർമ്മിക്കു എന്താ ദോഷം.

എന്തുകൊണ്ടാണ് ബുദ്ധിമാന്മാർ ഇവരെ പരിഹസിക്കുന്നത് എന്നു കാണിക്കുന്നു:—ഇവരുടെ കലഹത്തിൽ സാരാംശമില്ല. സാക്ഷി ആരാണ്; എന്താണ് സാക്ഷിനിലയെന്ന സംഗതിയൊന്നും കർമ്മി അറിഞ്ഞവനല്ല. ജ്ഞാനി സാക്ഷിനില എത്തിയവനാകയാൽ സാക്ഷിതത്വം എന്നത് ബ്രഹ്മംതന്നെ എന്നറിഞ്ഞുവെങ്കിൽ കർമ്മിക്ക് എന്തൊരു ഹാനിയാണ് സംഭവിപ്പാനുള്ളത്. രണ്ടുപേരുടേയും മാർഗ്ഗം ഭിന്നം. അവരവർ താന്താങ്ങളുടെ മാർഗ്ഗത്തിൽ സഞ്ചരിക്കാതെ കലഹിക്കുന്നതിൽ അർത്ഥമില്ലല്ലൊ. ഇതാണ് ബുദ്ധിമാന്മാർ ഇവരെ പരിഹസിപ്പാൻ കാരണം

275. ദേഹവാഗ്ബുദ്ധയസ്ത്യക്താ ജ്ഞാനിനാനൃതബുദ്ധിതഃ
കൎമ്മപ്രവൎത്തയന്ത്വാഭിൎജ്ജ്ഞാനിനോ ഹീയതേത്ര കിം.

ജ്ഞാനിനാഅനൃതബുദ്ധിതഃ=ജ്ഞാനിയാൽ മിഥ്യാത്വബുദ്ധിനിമിത്തം. ദേഹവാഗ്ബുദ്ധയഃത്യക്താഃ=ദേഹവാഗ്ബുദ്ധികൾ ത്യജിക്കപ്പെട്ടവ. ആഭിഃകൎമ്മപ്രവൎത്തയന്തു=ഇതുകൾകൊണ്ടു കൎമ്മ പ്രവൃത്തിക്കട്ടെ. ജ്ഞാനിനഃ അത്രകിംഹീയതേ=ജ്ഞാനിക്ക് ഇതിൽ എന്തു ഹാനി

ദേഹേന്ദ്രിയാദികൾ മിഥ്യാവസ്തുക്കളാണെന്നറിഞ്ഞതിനാൽ ജ്ഞാനിയാൽ പരിത്യജിക്കപ്പെട്ട. ആ ദേഹാദികളെക്കൊണ്ടു കൎമ്മ പ്രവൃത്തിച്ചുകൊള്ളട്ടെ. ഇതിൽ ജ്ഞാനിക്ക് എന്തു ഹാനി? ഒന്നുമില്ല. ഇങ്ങിനെ രണ്ടു കൂട്ടൎക്കും അന്യോന്യം ദോഷത്തിന്നവകാശമില്ലാതിരിക്കേ ഇവർ തമ്മിൽ കലഹിക്കുന്നതു കാണുന്ന ബുദ്ധിമാന്മാർ ഇവരെ പരിഹസിക്കാതിരിക്കുന്നതെങ്ങിനെ. കൎമ്മിയെ ജ്ഞാനിയും ജ്ഞാനിയെ കൎമ്മിയും ഹസിക്കുന്നതിൽ അൎത്ഥമില്ലെന്നഭിപ്രായം.

276. പ്രവൃത്തിൎന്നോപയുക്താചേ ന്നിവൃത്തിഃ ക്വോപയുജ്യതേ
ബോധഹേതുൎന്നിവൃത്തിശ്ചേൽ ബുഭുത്സായാം തഥേതരാ.

പ്രവൃത്തിഃനഉപയുക്താചേത്=പ്രവൃത്തി ഉപയോഗശൂന്യയാണെങ്കിൽ. നിവൃത്തിഃക്വഉപയുജ്യതേ=നിവൃത്തി എവിടെ ഉപയോഗപ്പെടുന്നു. നിവൃത്തിഃബോധഹേതുഃചേത്=നിവൃത്തിബോധകാരണമാണെങ്കിൽ. തഥാഇതരാബുഭുത്സായാം=അപ്രകാരം മറേറത് (പ്രവൃത്തി) ബോധമുണ്ടാകാനുള്ള ആഗ്രഹത്തിനും കാരണമാകുന്നു.

കൎമ്മാനുഷ്ഠാനംകൊണ്ടു പ്രയോജനമൊന്നുമില്ലാത്തതുകൊണ്ടാണ് ജ്ഞാനി അതിനെ സ്വീകരിക്കാത്തതെങ്കിൽ നിവൃത്തികൊണ്ടും പ്രയോജനമെവിടെയുണ്ട്. നിവൃത്തി ജ്ഞാനത്തിന്നു കാരണമാണെന്നു പറയുന്നപക്ഷം പ്രവൃത്തി ജ്ഞാനേച്ഛയുണ്ടാവാനും കാരണംതന്നെ.

277. ബുദ്ധശ്ചേന്നബുഭുത്സേത നാപ്യസൌ ബുധ്യതേ പുനഃ
അബാധാദനുവൎത്തേത ബോധോ നത്വന്യസാധനാത്.

ബുദ്ധഃചേത്നബുഭുത്സേത=ബുദ്ധനാണെങ്കിൽ ബോധത്തിന്നാഗ്രഹിക്കേണ്ട. അസൌപുനഃനാപിബുധ്യതേ=ഇത് വീണ്ടും അറിയപ്പെടുന്നില്ലല്ലോ. അബാധാത് അനുവൎത്തേത=ബാധം ഇല്ലാത്തതുകൊണ്ടു അനുവൎത്തിക്കും. ബോധഃതു അന്യസാധനാൽ ന=ബോധമാകട്ടെ അന്യസാധനത്തിൽനിന്നുണ്ടാകുന്നതല്ല.

ജ്ഞാനിക്കു ജ്ഞാനേച്ഛയുണ്ടാകാൻ ആവശ്യമില്ലാത്തതുകൊണ്ടു പ്രവൃത്തി ഉപയോഗമുള്ളതല്ല എന്നു വീണ്ടും ശങ്കിക്കുന്നുവെങ്കിൽ നിവൃത്തിയും ജ്ഞാനിക്കാവശ്യമില്ലല്ലൊ, ഏതൊന്നാണോ അറിയപ്പെട്ടത് അതിനെത്തന്നെ പിന്നെയും അറിയേണമെന്നില്ലല്ലൊ. ആകയാൽ നിവൃത്തികൊണ്ടും ജ്ഞാനിക്ക് പ്രയോജനമില്ല. അങ്ങിനെയല്ല ഉണ്ടായ ജ്ഞാനത്തിന്റെ സ്ഥൈൎയ്യത്തിനായി നിവൃത്തി ആവശ്യമാണ് എന്നാണ് വാദമെങ്കിൽ പ്രബലമാണ് സിദ്ധമായ ജ്ഞാനം; പ്രബലപ്രമാണസിദ്ധമായ ജ്ഞാനം. അബാധമായതുകൊണ്ടു അതു താനെതന്നെ അനുവൎത്തിച്ചുകൊള്ളും. നിവൃത്തിയെന്നു പറയപ്പെടുന്ന അന്യസാധനത്തിൽനിന്നുൽഭവിക്കുന്ന ഒന്നല്ല ജ്ഞാനം

278. നാവിദ്യാ നാപി തൽകാൎയ്യം ബോധം ബാധിതുമൎഹതി
പുരൈവതത്വബോധേന ബാധിതേ തദുഭേയതഃ.

യതഃപുരാഏവ=യാതൊന്നു ഹേതുവായിട്ടു മുമ്പേതന്നെ. തത്വബോധേനതദുഭേബാധിതേ=തത്വജ്ഞാനത്താൽ ആ രണ്ടും നശിപ്പിക്കപ്പെട്ടതിനാൽ. അവിദ്യാതൽകാൎയ്യംഅപി=അവിദ്യയും അതിന്റെ കാൎയ്യവും ബോധംബാധിതും=ബോധത്തെ ബാധിപ്പാൻ. നഅൎഹതി=അൎഹിക്കുന്നില്ല

തത്വജ്ഞാനത്താൽ അജ്ഞാനവും അതിന്റെ കാൎയ്യമായ ജഗത്തും മുമ്പേതന്നെ നശിപ്പിക്കപ്പെട്ടതിനാൽ അതു രണ്ടും തത്വബോധത്തെ നശിപ്പിക്കുകയില്ല. അതിനാൽ അവിദ്യാതൽകാൎയ്യങ്ങൾ തത്വജ്ഞാനത്തെ നശിപ്പിക്കുകയില്ലെയോ എന്ന ശങ്കക്കവകാശമില്ല

279. ബാധിതം ദൃശ്യതാമക്ഷൈ സ്തേന ബാധോ നശക്യതേ
ജീവന്നാഖുൎന്നമാൎജ്ജാരം ഹന്തി ഹന്യാൽ കഥംമൃതഃ·

ബാധിതംഅക്ഷൈഃദൃശ്യതാം=ബാധിക്കപ്പെട്ടത് ഇന്ദ്രിയങ്ങളാൽ കാണപ്പെട്ടുകൊള്ളട്ടെ. തേനബാധഃനശക്യതേ=അതിനാൽ ബാധം ശക്യമല്ല. ജീവൻആഖുഃ=ജീവനുള്ള എലി. മാൎജ്ജാരം നഹന്തി=പൂച്ചയെ കൊല്ലുന്നില്ല മൃതഃകഥംഹന്യാത്=മൃതനായിട്ടു എങ്ങിനെ ഹനിക്കും.

അജ്ഞാനം നശിപ്പിക്കപ്പെട്ടാലും അതിന്റെ കാൎയ്യമായ ജഗത്ത് കാണപ്പെടുന്നതിനാൽ ബോധഹാനി വന്നുകൂടെയോ എന്നുള്ള ശങ്കക്ക സമാധാനം:—ജ്ഞാനത്താൽ നഷ്ടമായ അവിദ്യാകാൎയ്യമായ ലോകത്തെ ഇന്ദ്രിയങ്ങൾ വിഷയീകരിച്ചുകൊള്ളട്ടെ. അതുകൊണ്ടു ജ്ഞാനം നശിക്കയില്ല. ജീവനുള്ള എലിക്കുതന്നെ പൂച്ചയെ കൊല്ലാൻ സാധിക്കാതിരിക്കെ ചത്തുപോയ എലി പൂച്ചയെ എങ്ങിനെ കൊല്ലും.

280. അപിപാശുപതാസ്ത്രേണ വിദ്ധശ്ചേന്നമമാര യഃ
നിഷ്ഫലേഷുവിതുന്നാംഗോ നംക്ഷ്യതീത്യത്രകാ പ്രമാ.

പാശുപതാസ്ത്രേണവിദ്ധഃഅപി=പാശുപതാസ്ത്രത്താൽ മുറിയേൽപിക്കപ്പെട്ടിട്ടും. യഃനമമാരസഃ=യാതൊരുവൻ മരിച്ചില്ലെയോ അവൻ. നിഷ്ഫലേഷുവിതുന്നാംഗഃ നം ക്ഷ്യതി=അമ്പില്ലാത്തബാണത്താൽ അംഗം മുറിക്കപ്പെട്ടവനായി നശിക്കും: അത്രകാപ്രമാ=എന്നതിൽ പ്രമാണം ഏതാകുന്നു.

ദ്വൈതദൎശനത്താൽ തത്വബോധത്തിന്നു ഹാനിയുണ്ടാകയില്ലെന്നുറപ്പിക്കുവാൻ കൈമുത്യന്യായത്താൽ ദൃഷ്ടാന്തം പറയുന്നു:—പാശുപതാസ്ത്രംകൊണ്ടുള്ള മുറിയേററിട്ടും മരിക്കാത്ത ഒരു സമൎത്ഥൻ അമ്പില്ലാത്തതായ ബാണംകൊണ്ടുള്ള മുറിയേററ മരിക്കും എന്നതിൽപ്രമാണം എന്താകുന്നു.

281. ആദാവവിദ്യയാ ചിത്രൈഃ സ്വകാൎയ്യൈ ൎജ്ജൃംഭമാണയാ
യുദ്ധ്വാ ബോധോജയൽ സോദ്യ സുദൃഢോ ബാധ്യതാംകഥം.

ആദൌചിത്രൈഃസ്വകാൎയ്യൈഃ=ആദിയിൽ ബഹുവിധങ്ങളായ തന്റെ കാൎയ്യങ്ങളാൽ. ജൃംഭമാണയാഅവിദ്യയായുദ്ധ്വാ=വൎദ്ധിച്ചുകൊണ്ടിരുന്ന അവിദ്യയോടു യുദ്ധം ചെയ്തിട്ടു. ബോധഃഅജയത്=ബോധം ജയിച്ചു. സുദൃഢഃസഃ അദ്യ=ഉറച്ചതായ ആ ബോധം ഇപ്പോൾ. കഥം ബാധ്യതാം=എങ്ങിനെ ബാധിക്കപ്പെടും.

ദൃഷ്ടാന്തത്തെ ദാൎഷ്ടാന്തത്തിൽ യോജിപ്പിച്ചു കാണിക്കുന്നു:—ജ്ഞാനം അഭ്യസിക്കുന്നകാലത്തിൽ ബഹുവിധങ്ങളായ കാൎയ്യങ്ങളാൽ വൎദ്ധിച്ചുകൊണ്ടിരുന്ന അവിദ്യയോടു പോരാടി ജയം നേടിയ ജ്ഞാനം ഇപ്പോൾ സുദൃഢമായിരിക്കേ അജ്ഞാനമാകുന്ന വേരററിരിക്കുന്ന അവിദ്യാകാൎയ്യങ്ങളാൽ എങ്ങിനെ ബാധിക്കപ്പെടും.

282. തിഷ്ഠന്ത്വജ്ഞാനതൽകാൎയ്യശവാ ബോധേന മാരിതാഃ
നഭീതി ൎബോധസമ്രാജഃ കീൎത്തിഃ പ്രത്യുത തസ്യ തൈഃ

ബോധേനമാരിതാഃ=ബോധത്താൽ നശിപ്പിക്കപ്പെട്ട. അജ്ഞാനതൽകാൎയ്യശവാഃ=അജ്ഞാനവും അതിന്റെ കാൎയ്യങ്ങളുമായ ശവങ്ങൾ. തിഷ്ഠന്തുബോധ സമ്രാജഃഭീതിഃന=ഇരുന്നുകൊള്ളട്ടെ. ബോധചക്രവൎത്തിക്ക് ഭീതിയില്ല. പ്രത്യുതതൈഃതസ്യ കീൎത്തിഃ=നേരെമറിച്ച് അവർ നിമിത്തം അവന്നു കീൎത്തിയേയുള്ളു.

പ്രതിപാദിച്ച സംഗതി കേൾക്കുന്നവൎക്ക നന്നായി മനസ്സിലാകുവാൻ ഉപകരിക്കുന്ന വിധത്തിൽ രൂപകാലങ്കാരത്തിൽ സ്പഷ്ടമാക്കുന്നു:—തത്വജ്ഞാനത്താൽ വധിക്കപ്പെട്ട അജ്ഞാനവും തൽകാൎയ്യങ്ങളുമാകുന്ന ശവശരീരങ്ങൾ പോൎക്കളത്തിൽ കിടന്നുകൊള്ളട്ടെ. ആ ശവശരീരങ്ങൾ കിടക്കുന്നതു കണ്ടിട്ടു ബോധമാകുന്ന ചക്രവൎത്തിക്ക ഭയമുണ്ടാകയില്ല. എന്നുതന്നെയല്ല ആ ശവശരീരങ്ങൾ ചക്രവൎത്തിയുടെ കീൎത്തിയെ പരത്തുകയേയുള്ളു.

283. യഏവമതിശൂരേണ ബോധേന നവിയുജ്യതേ
പ്രവൃത്ത്യാ വാ നിവൃത്ത്യാ വാ ദേഹാദിഗതയാസ്യകിം.

യഃഏവം അതിശൂരേണ=യാതൊരുവൻ ഇപ്രകാരം അതിവീരനായ. ബോധേന നവിയുജ്യതേ=ബോധത്തോടു വേറിടാതിരിക്കുന്നുവോ. അസ്യ ദേഹാദിഗതയാ=ഇവന്നു ദേഹാദിഗതയായ പ്രവൃത്ത്യാ വാ നിവൃത്ത്യാവാകിം=പ്രവൃത്തികൊണ്ടോ നിവൃത്തികൊണ്ടോ എന്തിരിക്കുന്നു.

അവിദ്യാതൽകാൎയ്യങ്ങളെ നിശ്ശേഷം സംഹരിപ്പാൻ അതിവീരനായ ബോധത്തോടു വേൎപിരിയാതെ യാതൊരുവൻ ഇരിക്കുന്നുവോ അവന്നു ദേഹത്തെ സംബന്ധിക്കുന്ന പ്രവൃത്തികൊണ്ടോ നിവൃത്തികൊണ്ടോ എന്തൊരിഷ്ടമോ അനിഷ്ടമോ സംഭവിക്കാനുള്ളത് യാതൊന്നുമില്ല. പ്രവൃത്തിയാൽ സാധിക്കേണ്ടതോ നിവൃത്തിയാൽ തള്ളിക്കളയേണ്ടതോ ആയിട്ടു അവന്നു യാതൊന്നുമില്ല. അവൻ സൎവ്വാത്മഭൂതനായിരിക്കുന്നു.

284. പ്രവൃത്താവാഗ്രഹോ ന്യായ്യോ ബോധഹീനസ്യ സർവ്വഥാ
സ്വർഗായവാപവർഗായ യതിതവ്യം യതോ നൃഭിഃ.

നൃഭിഃ സ്വർഗായവാ അപവർഗായ=മനുഷ്യരാൽ സ്വർഗത്തിന്നായിട്ടോ മോക്ഷത്തിന്നായിട്ടോ. യതഃ യതിതവ്യം=യതിക്കപ്പെടേണ്ടതാകയാൽ. ബോധഹീനസ്യ സർവ്വഥാ=ജ്ഞാനമില്ലാത്ത ഒരുവന്നു് എല്ലാംകൊണ്ടും. പ്രവൃത്തൌ ആഗ്രഹഃന്യായ്യഃ=പ്രവൃത്തിയിൽ ആഗ്രഹം ന്യായാനുസരണമാകുന്നു.

എന്നാൽ ജ്ഞാനിയെപ്പോലെ അജ്ഞാനിക്കും പ്രവൃത്തിയിൽ ആഗ്രഹം യുക്തമല്ല എന്നാണെങ്കിൽ അങ്ങിനെ വിചാരിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ ആത്മാവിന്റെ സത്യസ്വരൂപത്തെ സാക്ഷാൽകരിച്ചിട്ടില്ലാത്ത അജ്ഞാനിക്കു് സ്വർഗാദിപുണ്യലോകപ്രാപ്തിക്കോ മോക്ഷത്തിനോ ആവശ്യമായ പ്രവൃത്തിയിൽ ആഗ്രഹം അത്യാവശ്യവും ന്യായാനുസരണം വേണ്ടതുമാകുന്നു. ജ്ഞാനിക്കാകട്ടെ സാധിക്കേണ്ടതൊന്നുമില്ലാതായിരിക്കുന്നതിനാൽ പ്രവൃത്തി ആവശ്യമില്ലെന്നു വന്നുകഴിഞ്ഞു.

285. വിദ്വാംശ്ചേത്താദൃശാം മദ്ധ്യേ തിഷ്ഠേത്തദനുരോധതഃ.
കായേന മനസാ വാചാ കരോത്യേവാഖിലാഃക്രിയാഃ.

വിദ്വാൻ താദൃശാം മദ്ധ്യേ=അറിഞ്ഞവൻ ആ മാതിരിജനങ്ങളുടെ മധ്യത്തിൽ. തിഷ്ഠേത് ചേത്=ഇരിക്കുകയാണെങ്കിൽ. തദനുരോധതഃ=അവരെ അനുസരിപ്പാനായി. കായേന മനസാ വാചാ=ശരീരംകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊണ്ടും അഖിലാഃ ക്രിയാഃ കരോതി ഏവ=എല്ലാ പ്രവൃത്തികളും നടത്തുക തന്നെ ചെയ്യുന്നു.

ആത്മജ്ഞാനിക്കു പ്രവൃത്തി ആവശ്യമില്ല, അതിലുള്ള ആഗ്രഹം യുക്തവുമല്ല എന്നു പറഞ്ഞുവെങ്കിലും കർമ്മികളുടെ മദ്ധ്യത്തിൽ ഇരിക്കുന്ന ജ്ഞാനി എന്താകുന്നു ചെയ്യേണ്ടതെന്നു കാണിക്കുന്നു. വിദ്വാനാണ്, കർമ്മികളുടെ ഇടയിൽ ഇരിക്കുകയും ചെയ്യുന്നുവെന്നു വന്നാൽ ആ കർമ്മികളെ അനുസരിച്ചുകൊണ്ടു ശരീരം മനസ്സ് വാക്ക് എന്നിവകൊണ്ടു സർവ്വക്രിയകളേയും നടത്തും. അതു നിമിത്തം ജ്ഞാനിക്കു ഹാനിയൊന്നുമില്ല. ആ കർമ്മികളെ നിവാരണംചെയ്തുകൂടാ. ജ്ഞാനി കർമ്മം ചെയ്യാതിരിക്കുന്നതായാൽ കർമ്മത്തിൽ മാത്രം അധികാരമുള്ള അജ്ഞന്മാരും കർമ്മം വിട്ടുകളയുവാനിടവരും. അപ്പോൾ അതവരുടെ ഉൽഗതിക്കു തടസ്ഥമായ്വരും. അങ്ങിനെ വന്നുകൂടാ എന്ന അനുഗ്രഹബുദ്ധ്യാ ജ്ഞാനി കർമ്മങ്ങൾ നടത്തും.

286. ഏഷമദ്ധ്യേ ബുഭുത്സൂനാം യദാ തിഷ്ഠേത്തദാ പുനഃ
ബോധായൈഷാം ക്രിയാഃ സർവ്വാഃ ദൂഷയംസ്ത്യജതു സ്വയം.

ഏഷഃബുഭുത്സൂനാം മദ്ധ്യേ=ഇവൻ ജിജ്ഞാസുക്കളുടെ മദ്ധ്യത്തിൽ. യദാതിഷ്ഠേത് തദാപുനഃ=ഇരിക്കുന്ന സമയത്തിൽ പിന്നെ. ഏഷാം ബോധായ=ഇവരുടെ തത്വജ്ഞാനത്തിന്നായ്ക്കൊണ്ടു സർവ്വാഃ ക്രിയാഃ ദൂഷയൻ=എല്ലാ കർമ്മങ്ങളെയും ദൂഷിക്കുന്നവനായിട്ടു. സ്വയം ത്യജതു=താനും ഉപേക്ഷിക്കട്ടെ.

ഈ ജ്ഞാനി തന്നെ തത്വജ്ഞാനത്തിന്നാഗ്രഹിക്കുന്നവരുടെ മദ്ധ്യത്തിൽ വസിക്കുന്നുവെങ്കിൽ അപ്പോൾ അവരുടെ തത്വജ്ഞാനദാർഢ്യത്തിന്നുവേണ്ടീട്ടും സകല കർമ്മങ്ങളെയും ദൂഷിക്കുകയും താനവയെ ഉപേക്ഷിക്കുകയും ചെയ്യും.

287. അവിദ്വദനുസാരേണ വൃത്തിർബുധസ്യ യുജ്യതേ
സ്തനന്ധയാനുസാരേണ വർത്തതേ തൽപിതാ യതഃ.

അവിദ്വദനുസാരേണ=അജ്ഞാനികളെ അനുസരിച്ചുകൊണ്ടുള്ള ബുധസ്യവൃത്തിഃ യുജ്യതേ=ജ്ഞാനിയുടെ വർത്തനം യുക്തം. യതഃ സ്തനന്ധയാനുസാരേണ=എന്തുകൊണ്ടെന്നാൽ മുലകുടിക്കുന്ന കുട്ടികളെ അനുസരിച്ചുകൊണ്ടു. തൽപിതാവർത്തതേ=അവന്റെ പിതാവുവർത്തിക്കുന്നു.

എന്തുകൊണ്ടാണ് ജ്ഞാനി ഈവിധം ഇരിക്കേണമെന്നു പറഞ്ഞത് എന്നു കാണിക്കുന്നു:— ജ്ഞാനി അജ്ഞാനികളെ അനുസരിച്ച് വർത്തിക്കുന്നതാണ് ഉത്തമം. അവരെ അനുഗ്രഹിക്കുക മാത്രമാണ് ജ്ഞാനിക്കു ചെയ്യാനുള്ളത്. ജ്ഞാനിയുടെ ജീവിതംകൊണ്ടു മറ്റൊന്നും അയാൾക്കു സിദ്ധിക്കാനില്ല. അജ്ഞാനികളെ അനുസരിച്ചു ജീവിതം നയിക്കുന്നത് കരുണകൊണ്ടു മാത്രമാണെന്നു കാണിക്കുന്നു:—മുലകുടിക്കുന്ന കുട്ടികളെ അനുസരിച്ച് മാതാപിതാക്കന്മാർ വർത്തിക്കുന്നതു ആ കുട്ടികളിലുള്ള സ്നേഹാധിക്യത്താൽ മാത്രമാണല്ലൊ. അതുപോലെ ജ്ഞാനിയും ജീവകാരുണ്യത്താൽ അവരെ അവരുടെ അധികാരാനുസരണം അനുഗ്രഹിക്കുന്നതുതന്നെ സമുചിതം.

288. അധിക്ഷിപ്തസ്താഡിതോവാ ബാലേന സ്വപിതാ തദാ
നക്ലിശ്നാതി നകുപ്യേത ബാലം പ്രത്യുത ലാലയേത്.

ബാലേന അധിക്ഷിപ്തഃ=ബാലനാൽ അധിക്ഷേപിക്കപ്പെടുകയോ. താഡിതഃ വാ തൽ പിതാ തദാ=താഡിക്കപ്പെടുകയോ ചെയ്യപ്പെട്ട അവൻെറ പിതാവ് അപ്പോഠം. നക്ലിശ്നാതി ബാലം പ്രതി നകുപ്യേത=ക്ലേശിക്കുന്നില്ല ബാലനെകുറിച്ചു കോപിക്കയുമില്ല. പ്രത്യുത ലാലയേത്=നേരെ മറിച്ച് ബാലനെ ലാലിക്കും.

കുട്ടികളെ അനുസരിക്കുന്ന പിതാവിൻെറ നിലയെത്തന്നെ കാണിക്കുന്നു:—ബാലകനാൽ അധിക്ഷേപിക്കപ്പെടുകയോ ഒരുപക്ഷേ അടിക്കപ്പെടുകയോ തന്നെ ചെയ്യപ്പെടുന്ന പിതാവ് ക്ലേശിക്കുകയോ കോപിക്കുകയോ ചെയ്യുന്നില്ല. നേരെമറിച്ച് ബാലകനെ ലാലിക്കും.

289. നിന്ദിതഃ സ്തുയമാനോവാ വിദ്വാനജ്ഞൈന്നനിന്ദതി
നസ്തൌതി കിന്തു തേഷാംസ്യാദ്യഥാ ബോധസ്തഥാചരേത്.

വിദ്വാൻ അജ്ഞൈഃ=വിദ്വാൻ അജ്ഞന്മാരാൽ. നിന്ദിതഃ സ്തുയമാനഃവാ=നിന്ദിക്കപ്പെടുകയോ സ്തുതിക്കപ്പെടുകയോ ചെയ്താൽ. നനിന്ദതിനസ്തൌതി=താനവരെ നിന്ദിക്കയോ സ്തുതിക്കയോ ഇല്ല. കിന്തു തേഷാംയഥാ=പിന്നെയോ അവക്ക് എപ്രകാരമായാൽ. ബോധഃസ്യാത് തഥാ ആചരേത്=ബോധമുണ്ടാകുമോ അപ്രകാരം ആചരിക്കും.

ദൃഷ്ടാന്തത്തിൽ പറഞ്ഞതിനെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—ജ്ഞാനിയെ അറിവില്ലാത്ത ജനങ്ങഠം നിന്ദിക്കുകയോ സ്തുതിക്കുകയോ ചെയ്യുന്നതായാൽ അവരെ നിന്ദിക്കുകയോ സ്തുതിക്കുകയോ ജ്ഞാനി ചെയ്യുകയില്ല. പിന്നെയോ? ഏതുവിധമായാൽ അവക്കു ആത്മജ്ഞാനം ഉണ്ടാകുമോ ആ വിധത്തിൽ പ്രവൃത്തിക്കും.

290. യേനായം നടനേനാത്ര ബുദ്ധ്യതേ കാൎയ്യമേവതത്
അജ്ഞപ്രബോധാന്നൈവാന്യൽ കാൎയ്യമസ്ത്യത്ര തദ്വിദഃ.

അയം യേന നടനേന=ഇവൻ യാതൊരു നടനത്താൽ. ബുദ്ധ്യതേ തത് അത്രകാൎയ്യം ഏവ=ബോധമുള്ളവനാകുമോ അത് ഈ ലോകത്തിൽ ചെയ്യേണ്ടതാകുന്നു. അജ്ഞപ്രബോധനാത് അന്യത്=അജ്ഞാനിക്കറിവുണ്ടാക്കുന്നതല്ലാതെ അന്യമായിട്ടു. കാൎയ്യം അത്ര തദ്വിദഃന അസ്തി=ചെയ്യേണ്ടതൊന്നും ഈ ലോകത്തിൽ ജ്ഞാനിക്കില്ല.

മുകളിൽ പറഞ്ഞവിധം ചെയ്യേണമെന്നതിന്നു കാരണം പറയുന്നു:—ആത്മവിജ്ഞാനം ഇല്ലാത്ത ഒരുവൻ, ഈ ലോകത്തിൽ ആത്മജ്ഞാനമുള്ളവൻ ഏതുവിധം ആചരിച്ചാലാണോ ജ്ഞാനമുള്ളവനായിതീരുക, ആ വിധത്തിൽ ജ്ഞാനി ആചരിക്കേണം. എന്നാൽ അജ്ഞാനി ചെയ്യേണ്ടതായ മററു കാൎയ്യങ്ങളിലും ജ്ഞാനി പ്രവൃത്തിക്കേണ്ടതായി വരികയില്ലെയോ എന്നു ശങ്കിക്കരുത്. എന്തുകൊണ്ടെന്നാൽ ആത്മസാക്ഷാൽകാരം സിദ്ധിച്ച ഒരുവന്നു ആ ജ്ഞാനം ലഭിച്ചിട്ടില്ലാത്തവനെ ആ ബോധമുള്ളവനാക്കേണം എന്നു മാത്രമല്ലാതെ അന്യമായ കൎത്തവ്യം ഒന്നും ലോകത്തിൽ ഇല്ല.

291. കൃതകൃത്യതയാ തൃപ്തഃപ്രാപ്തപ്രാപ്യതയാ പുനഃ
തൃപ്യന്നേവം സ്വമനസാ മന്യതേസൌ നിരന്തരം.

കൃതകൃത്യതയാ=ചെയ്യേണ്ടതിനെ ചെയ്തതുകൊണ്ടും. പുനഃ പ്രാപ്തപ്രാപ്യതയാ=പിന്നെ പ്രാപിക്കേണ്ടതിനെ പ്രാപിച്ചതുകൊണ്ടും. തൃപ്യൻ അസൌ=തൃപ്തനായിട്ടു ഇവൻ. നിരന്തരം സ്വമനസാ=എപ്പോഴും തൻെറ മനസ്സുകൊണ്ടു. ഏവം മന്യതേ=ഇപ്രകാരം വിചാരിക്കുന്നു.

ഇതുവരെ കഴിഞ്ഞതും കഴിയാനുള്ളതുമായ പദ്യങ്ങളുടെ താൽപൎയ്യത്തെ പറയുന്നു:—ജ്ഞാനിയായ ഇവൻ മുൻപറഞ്ഞ രീതിയിൽ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞവനും പിന്നെ ലഭിക്കേണ്ടതിനെ ലഭിച്ചവനായതുകൊണ്ടും തൃപ്തനായിട്ടും തൻെറ മനസ്സുകൊണ്ടിങ്ങിനെ എപ്പോഴും വിചാരിക്കുന്നു.

292. ധന്യോഹം ധന്യോഹം നിത്യം സ്വാത്മാനമഞ്ജസാ വേദ്മി
ധന്യോഹം ധന്യോഹം ബ്രഹ്മാനന്ദോ വിഭാതിമേസ്പഷ്ടം.

അഹംധന്യഃ=ഞാൻ ധന്യനാകുന്നു. നിത്യം സ്വാത്മാനം അഞ്ജസാ വേദ്മി=നാശരഹിതമായ എൻെറ

സ്വരൂപത്തെ ഞാൻ സാക്ഷാത്തയറിയുന്നു. മേ ബ്രഹ്മാനന്ദഃ സ്പഷ്ടംവിഭാതി=എനിക്ക് ബ്രഹ്മാനന്ദം സ്പഷ്ടമായി സ്ഫുരിക്കുന്നു.

വിചാരിക്കുന്നതെന്താണെന്നു കാണിക്കുന്നു:— ഞാൻ കൃതാൎത്ഥനായി. എന്തുകൊണ്ടെന്നാൽ ദേശകാലാദികളെ അതിക്രമിച്ച് ശാശ്വതമായിരിക്കുന്ന എന്റെ സ്വരൂപത്തെ സാക്ഷാൽകരിപ്പാൻ സാധിച്ചു. അതിന്റെ ഫലമായ ബ്രഹ്മാനന്ദം സ്പഷ്ടമായി വിളങ്ങുകയുംചെയ്യുന്നു. അതുകൊണ്ടു ഞാൻ ധന്യൻ. രണ്ടുപ്രാവശ്യം പറഞ്ഞത് അത്യാദരത്തെ കാണിപ്പാനാകുന്നു.

293. ധന്യോഹം ധന്യോഹം ദുഃഖം സാംസാരികം നവീക്ഷേദ്യ
ധന്യോഹം ധന്യോഹം സ്വസ്യാജ്ഞാനം പലായിതം ക്വാപി.

സാംസാരികംദുഃഖം=സംസാരസംബന്ധമായ ദുഃഖത്തെ. അദ്യനവീക്ഷേ=ഇപ്പോൾ ഞാൻ കാണുന്നില്ല. സ്വസ്യഅജ്ഞാനം=എന്റെ അറിവില്ലായ്മ. ക്വാപിപലായിതം=എവിടെയോ പോയി.

ഇഷ്ടപ്രാപ്തികൊണ്ടുള്ള സന്തോഷത്തെ കാണിച്ചശേഷം അനിഷ്ടനിവൃത്തികൊണ്ടുള്ള സന്തോഷത്തെ കാണിക്കുന്നു:—ദുഃഖരൂപമായ സംസാരത്തെ ഞാനിപ്പോൾ കാണുന്നില്ല. അതിന്റെ കാഴ്ചക്കു കാരണവും അനേകകൎമ്മവാസനാസ്വരൂപവുമായിരുന്ന എന്റെ അജ്ഞാനം നശിച്ചു. അതിനാലും ഞാൻ ധന്യൻ.

294. ധന്യോഹം ധന്യോഹം കർത്തവ്യം മേ നവിദ്യതേ കിഞ്ചിത്
ധന്യോഹം ധന്യോഹം പ്രാപ്തവ്യം സർവമദ്യസംപന്നം.

മേകൎത്തവ്യം കിഞ്ചിത് നവിദ്യതേ=എന്നാൽ ചെയ്യപ്പെടേണ്ടതായിട്ടൊന്നുമില്ല. പ്രാപ്തവ്യം സൎവ്വം അദ്യസമ്പന്നം=പ്രാപിക്കേണ്ടതായ സൎവ്വവും ഇപ്പോൾ സിദ്ധമായി.

അജ്ഞാനനിവൃത്തിഫലത്തെ പറയുന്നു:—എന്നാൽ ചെയ്യപ്പെടേണ്ടതായിട്ടിനിയൊന്നുമില്ലാത്തതിനാലും കിട്ടേണ്ടതു സൎവ്വവും ഇപ്പോൾ കിട്ടിയിരിക്കുന്നതിനാലും ഞാൻ ധന്യൻതന്നെ.

295. ധന്യോഹം ധന്യോഹം തൃപ്തേൎമ്മേ കോപമാ ഭവേൽ ലോകേ
ധന്യോഹം ധന്യോഹം ധന്യോധന്യഃ പുനഃപുനർധന്യഃ.

മേതൃപ്തേഃ ലോകേകാഉപമാഭവേത്=എന്റെ തൃപ്തിക്ക് ലോകത്തിൽ എന്താണുപമയുള്ളത്.

തൃപ്തിയുടെ നിരതിശയസ്വരൂപത്തെ കാണിക്കുന്നു:—ഇപ്പോൾ ഞാൻ അനുഭവിക്കുന്ന തൃപ്തിയോടു സാദൃശ്യം പറവാൻ ലോകത്തിൽ യാതൊന്നുമില്ല. ഇനിമേൽ പറവാൻ ഒന്നുമില്ലാത്തതിനാൽ ഞാൻ ധന്യൻ ധന്യൻ എന്നുതന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊള്ളുന്നു.

296. അഹോപുണ്യ മഹോപുണ്യം ഫലിതം ഫലിതം ദൃഢം
അസ്യപുണ്യസ്യ സമ്പത്തേ രഹോവയ മഹോവയം.

വയം അസ്യപുണ്യസ്യസമ്പത്തേഃ=ഞങ്ങൾ ഈ പുണ്യസമ്പത്തിയുടെ സ്വരൂപഭൂതന്മാർതന്നെ. പുണ്യം ദൃഢംഫലിതം=പുണ്യം ദൃഢമായി ഫലിച്ചു.

ഇപ്പോൾ സിദ്ധിച്ചിരിക്കുന്നതായ നിരതിശയതൃപ്തിക്കു കാരണമായ ജന്മാന്തരകൃതപുണ്യകൎമ്മത്തെ അനുസ്മരിച്ചു തൃപ്തിയടയുന്നു.—പുണ്യഫലം ആശ്ചൎയ്യം അത്യാശ്ചൎയ്യം. അതു സമ്പൂൎണ്ണമായി ഫലിച്ചു. ആ പുണ്യത്തിന്റെ സ്വരൂപമായി ഭവിച്ചവരാണ് എന്നെപ്പോലെയുള്ളവരെല്ലാം.

297. അഹോശാസ്ത്ര മഹോശാസ്ത്ര മഹോഗുരു രഹോഗുരുഃ
രഹോജ്ഞാന മഹോജ്ഞാന മഹോസുഖ മഹോസുഖം.

ഇപ്പോൾ സമ്യഗ്ജ്ഞാനസാധനമായ ശാസ്ത്രത്തേയും അതിനെ ഉപദേശിച്ച ഗുരുവിനേയും ഗുരുകടാക്ഷത്താൽ അനുഭവിക്കുന്ന ആനന്ദത്തേയും അനുസ്മരിച്ചു തൃപ്തിയടയുന്നു:—അറിയാതിരിക്കുന്ന വസ്തുവിനെ അറിയിപ്പിക്കുന്നതിൽ ശാസ്ത്രത്തിനുള്ള സാമൎത്ഥ്യം ആശ്ചൎയ്യം! അതിലടങ്ങീട്ടുള്ള രഹസ്യാൎത്ഥത്തെ ധരിപ്പിക്കുന്ന ഗുരുവിന്റെ മാഹാത്മ്യവും ആശ്ചൎയ്യംതന്നെ. ഗുരൂപദേശത്തിൽനിന്നു ലഭിച്ച ജ്ഞാനവും അതിന്റെ പരിപാകത്തിൽ അനുഭവിക്കുന്ന ആനന്ദവും അത്യാശ്ചൎയ്യം.

298. തൃപ്തിദീപമിമം നിത്യം യേനുസംദധതേ ബുധാഃ
ബ്രഹ്മാനന്ദേ നിമജ്ജന്തസ്തേ തൃപ്യന്തി നിരന്തരം.

ഇമം തൃപ്തിദീപം യേബുധാഃ=ഈ തൃപ്തിദീപത്തെ ഏതു വിദ്വാന്മാർ. നിത്യം അനുസംധധതേ=ദിവസം പ്രതി അനുസന്ധാനം ചെയ്യുന്നുവോ. തേ ബ്രഹ്മാനന്ദേ=അവർ ബ്രഹ്മാനന്ദത്തിൽ. നിമജ്ജന്തഃ നിരന്തരം തൃപ്യന്തി=നിമജ്ജനം ചെയ്യുന്നവരായിട്ടു എപ്പോഴും തൃപ്തന്മാരാകും.

ഈ പ്രകരണത്തെ അഭ്യസിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫലം പറയുന്നു:— ആത്മസാക്ഷാൽകാരം സിദ്ധിച്ചവരനുഭവിക്കുന്ന നിരതിശയമായ തൃപ്തിയുടെ സ്വരൂപത്തെ പ്രകാശിപ്പിക്കുന്ന ദീപസദൃശമായ ഈ പ്രകരണത്തെ ഏതൊരു വിദ്വാന്മാർ ഇടവിടാതെ ചിന്തിക്കുന്നുവോ അവർ ബ്രഹ്മാനന്ദത്തിൽ നിമഗ്നരായിട്ടു നിരന്തരം തൃപ്തന്മാരായിരിക്കും.

ഇതി ശ്രീവിദ്യാരണ്യമുനികൃത പഞ്ചദശ്യാം തൃപ്തിദീപപ്രകരണം സമാപ്തം.

ശുഭം ഭൂയാത്.

ഓം. തത്. സത്.

ശ്രീ പഞ്ചദശി കൂടസ്ഥദീപം എന്ന 8-ാം പ്രകരണത്തിലെ സാരാംശം.

"തത്വമസി" എന്ന മഹാവാക്യത്തിലെ ത്വം എന്ന പദത്തെ ശോധനചെയ്തിട്ടു കൂടസ്ഥചൈതന്യംതന്നെ യഥാർത്ഥമായ ആത്മാവു് എന്നാണ് ഈ പ്രകരണംകൊണ്ടു ശ്രീവിദ്യാരണ്യഗുരുവരൻ ഉറപ്പിക്കുന്നതു്. ദൃഷ്ടാന്തം ആദ്യം കാണിക്കുന്നു:—ആകാശത്തിലുള്ള സൂര്യന്റെ കിരണത്താൽ സാമാന്യമായി പ്രകാശിക്കുന്ന ചുമരു് കണ്ണാടിയിൽ പ്രതിഫലിച്ച സൂര്യകിരണത്തിന്റെ പ്രവേശം നിമിത്തം പ്രത്യേകമായും വിശേഷമായും പ്രകാശിക്കുന്നു. അതുപോലെ കൂടസ്ഥചൈതന്യത്താൽ പ്രകാശിക്കുന്ന ശരീരം ബുദ്ധിയിൽ പ്രതിഫലിച്ച ചിദാഭാസനെക്കൊണ്ടും പ്രകാശിക്കുന്നു. പൂർണ്ണമായ സൂര്യപ്രകാശം കണ്ണാടിയേയും അതിലെ പ്രതിബിംബപ്രകാശത്തേയും പ്രകാശിപ്പിക്കുന്നതുപോലെ കൂടസ്ഥൻ ഓരോ വൃത്തികളുടെ ഉത്ഭവത്തേയും നാശത്തേയും പ്രകാശിപ്പിക്കുന്നു. ഒരു വസ്തുവിനെ —ഘടത്തെ— അറിയുന്നതുമാത്രം ജീവന്റെ വ്യാപാരം. ഘടത്തെ ഞാൻ അറിഞ്ഞുവെന്നുള്ള പ്രകാശം ബ്രഹ്മംനിമിത്തം, കുന്തത്തിന്റെ മുനമ്പുപോലെ ബുദ്ധിയിൽ പ്രതിഫലിച്ച ചിദാഭാസൻ ഘടത്തെ അറിഞ്ഞുവെന്നുമാത്രം വരുത്തും. ഘടജ്ഞാനത്തിന്റെ സാക്ഷിത്വം കൂടസ്ഥനിൽ ഇരിക്കുന്നു. ഉപദേശസാഹസ്രിയെന്ന ഗ്രന്ഥത്തിൽ ശ്രീശങ്കരാചാര്യസ്വാമികൾ ജീവചൈതന്യത്തേയും ബ്രഹ്മചൈതന്യത്തേയും വേർതിരിച്ചു പറഞ്ഞിട്ടുള്ളതിനെ എടുത്തുകാണിച്ചിട്ടുണ്ടു്. പുറത്തുള്ള വസ്തുക്കളിൽ എന്നപോലെ ഉള്ളിലും ഉത്ഭവിക്കുന്ന കാമാദിവൃത്തികളെ അഭിമാനിച്ചുകൊണ്ടുണ്ടാകുന്ന ഞാനെന്നഭാവം ജീവസ്വരൂപം. ചിദാഭാസനെന്നു പറയപ്പെടുന്ന ആ ജീവനേയും എല്ലാ വൃത്തികളുടെ ഉൽപത്തിനാശങ്ങളേയും ഒരേനിലയിൽ നിന്നു തെററാതെ (വികാരപ്പെടാതെ) പ്രകാശിപ്പിക്കുന്നതു കൂടസ്ഥൻ. കൂടസ്ഥനല്ലാതെയിരിക്കേ, കൂടസ്ഥനെന്നപോലെ വിളങ്ങുന്ന ചൈതന്യം എന്നാണ് ചിദാഭാസൻ എന്ന ശബ്ദത്തിന്റെ അർത്ഥം. സ്ഥാണുവിനെ (മരക്കുററിയെ) പുരുഷനെന്നു വിചാരിക്കുന്നതു ഭ്രമജ്ഞാനം. സ്ഥാണുവിനെ സ്ഥാണുവെന്നുതന്നെ വിചാരിക്കുന്നതു സത്യജ്ഞാനം. അതുപോലെ ചിദാഭാസനെ യഥാർത്ഥമായ ആത്മാവെന്നു ധരിക്കുന്നതു ഭ്രാന്തിനിമിത്തം. കൂടസ്ഥനെ സത്യവസ്തുവെന്നു കാണുന്നതു പരമാർത്ഥജ്ഞാനം. വിവരണം എന്ന ഗ്രന്ഥത്തിൽ ഈ സംഗതിയെ ആചാര്യസ്വാമികൾ പ്രതിപാദിച്ച രീതിയെടുത്തു കാണിച്ചിട്ടുണ്ടു. പുരാണങ്ങളിലും യഥാർത്ഥാത്മാവു് കൂടസ്ഥനെന്നും ചിദാഭാസൻ മായികനെന്നും പറഞ്ഞിട്ടുള്ളതിനെ ഉദാഹരിച്ചിട്ടുണ്ടു്. കൂടസ്ഥസാൽക്ഷാൽകാരം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ എല്ലാവിധത്തിലുമുള്ള ദുഃഖനിവൃത്തിയും ആനന്ദപ്രാപ്തിയും ഉണ്ടാകും. ശ്രുത്യർത്ഥത്തെ ശരിക്കറിയാത്ത മൂഢന്മാർ ഭ്രമിക്കുന്നു. ശരിയായർത്ഥം ധരിച്ച വിവേകികൾ ആനന്ദിക്കുന്നു. മായയാകുന്ന മേഘം ജീവേശ്വരജഗൽഭേദരൂപമായ ദ്വൈതജലത്തെ എത്രതന്നെ വർഷിച്ചാലും ചിദാകാശസ്വരൂപനായ എനിക്കു ശീതബാധലേശവും ഉണ്ടാകയില്ല എന്നുള്ള ഉറപ്പു യാതൊന്നോ അതുതന്നെ യഥാർത്ഥകൂടസ്ഥസാക്ഷാൽകാരം, എന്നാണ് ഈ പ്രകരണം ഉറപ്പിക്കുന്നതു്.

ശുഭം ഭൂയാൽ

ഓം തത് സത്.

ശ്രീ പഞ്ചദശി.

അഥ കൂടസ്ഥദീപം എന്ന ൮-ാംപ്രകരണം.

---

1. ഘാദിത്യദീപിതേ കുഡ്യേ ദർപ്പണാദിത്യദീപ്തിവത്
കൂടസ്ഥഭാസിതോ ദേഹോ ധീസ്ഥജീവേന ഭാസ്യതേ.

ഘാദിത്യദീപിതേ കുഡ്യേ=ആകാശസ്ഥിതനായ ആദിത്യനാൽ പ്രകാശിപ്പിക്കപ്പെടുന്ന ഭിത്തിയിൽ. ദർപ്പണാദിത്യദീപ്തിവത്=കണ്ണാടിയിൽ പ്രതിഫലിച്ച ദീപ്തിപോലെ. കൂടസ്ഥഭാസിതഃ ദേഹഃ=കൂടസ്ഥനാൽ പ്രകാശിപ്പിക്കപ്പെടുന്ന ദേഹം. ധീസ്ഥജീവേന ഭാസ്യതേ=ബുദ്ധിഗതനായ ജീവനാൽ പ്രകാശിപ്പിക്കപ്പെടുന്നു.

ഈ പ്രകരണത്തിലെ പ്രതിപാദ്യവിഷയം:—ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാണ് രണ്ടല്ല എന്നുള്ള അറിവാണ് മോക്ഷത്തിന്നു സാക്ഷാൽ കാരണം. അതിനെയാണ് "തത്വമസി" എന്ന മഹാവാക്യം ബോധിപ്പിക്കുന്നത്. ഈ മഹാവാക്യത്തിലെ "ത്വം" (നീ) എന്ന പദത്തിന്റെ അർത്ഥത്തെ നന്നായി ധരിച്ചാൽ മാത്രമേ ജീവനും പരമാത്മാവും ഒന്നാണെന്നറിവാൻ കഴികയുള്ളു. ഈ അറിവു മുമുക്ഷുവിന്നുണ്ടാകേണം എന്നാണ് ഈ പ്രകരണത്തിൽ വിദ്യാരണ്യമുനി നിശ്ചയിച്ചിരിക്കുന്നത്. ത്വം പദത്തിന്റെ ലക്ഷ്യാർത്ഥവും വാച്യാർത്ഥവും മുമുക്ഷുവിന്ന് മനസ്സിലാക്കുവാൻ ദൃഷ്ടാന്തത്തോടുകൂടെ പറയുന്നു:—കൂടസ്ഥചൈതന്യം (നിർവ്വികാരമായ ജ്ഞാനസ്വരൂപം) ത്വംപദലക്ഷ്യാർത്ഥം. ബുദ്ധിയിൽ പ്രതിഫലിച്ചിരിക്കുന്ന കൂടസ്ഥചൈതന്യപ്രതിബിംബം—ചിദാഭാസൻ (ജീവാത്മാവ്) ത്വംപദവാച്യാർത്ഥം. ഒരേഒരു നിർവ്വികാരചൈതന്യത്തിന്നു ഇങ്ങിനെ രണ്ടു വിഭാഗം പറയപ്പെടുന്നു. ഇതുരണ്ടിൽ കൂടസ്ഥചൈതന്യം സർവ്വത്രസമാനം. ബുദ്ധിഗതജീവൻ വിശേഷചൈതന്യം. കൂടസ്ഥന്റെ സ്വരൂപം സ്വപ്രകാശം. ജീവന്റെ പ്രകാശം ബുദ്ധിഗുണാനുസരണം. ഈ രണ്ടു ചൈതന്യവും ശരീരത്തെ പ്രകാശിപ്പിക്കുന്നു. എങ്ങിനെ? സാമാന്യമായും വിശേഷമായും. ഏതുപോലെ എന്നു ദൃഷ്ടാന്തം പറയുന്നു:—ആകാശത്തിലെ സൂർയ്യൻ—സൂർയ്യന്റെ പ്രകാശം എന്നു ധരിക്കേണം—കൂടസ്ഥചൈതന്യസദൃശം. ആ സൂർയ്യന്റെ പ്രകാശം ചുമരിനെ പ്രകാശിപ്പിക്കുന്നതുപോലെ ചുമരിൽ മുഴുവനും വ്യാപിച്ച്, ഇതു ചുമരാണെന്നു പ്രകാശിപ്പിക്കുന്നതുപോലെ ദേഹത്തെ സാമാന്യമായി പ്രകാശിപ്പിക്കുന്നു. ആകാശസ്ഥനായ സൂർയ്യന്റെ പ്രകാശം കണ്ണാടിയിൽ തട്ടുകയും ആ പ്രതിഫലനം കണ്ണാടിയിൽനിന്നു പുറപ്പെട്ടു ചുമരിൽ വ്യാപിക്കയും ചെയ്യുമ്പോൾ ആ പ്രകാശത്തിന്റെ പ്രത്യേകപ്രതിബിംബം ചുമരിൽ കാണപ്പെടും. അതുപോലെ അന്തഃകരണം എന്നു പറയപ്പെടുന്ന ബുദ്ധിയിൽ മുൻപറഞ്ഞ കൂടസ്ഥകിരണം വ്യാപിച്ച് അതിൽനിന്നും ദേഹത്തിലേക്കും വ്യാപിക്കുമ്പോൾ ദേഹത്തെ വിശേഷമായും പ്രകാശിപ്പിക്കുന്നു. കണ്ണാടിയിലെ സൂർയ്യകിരണപ്രതിബിംബംപോലെയാകുന്നു ജീവാത്മാവ്. (ചിദാഭാസൻ). ജ്ഞാന (ചിത്ത്) ത്തിന്റെ ആഭാസം (പ്രതിബിംബം) ആയതുകൊണ്ടു ചിദാഭാസനെന്നും ജീവനത്തിന്നു*(ശരീരത്തിന്റെ നിലനില്പിന്നു) ഹേതുവായതുകൊണ്ടു ജീവനെന്നും, വ്യാപ്തിയുള്ളതുകൊണ്ട് ആത്മാവെന്നും പറയപ്പെടുന്നു.

ആകാശസൂർയ്യൻ=കൂടസ്ഥചൈതന്യം-അഥവാ ബ്രഹ്മം. ദർപ്പണാദിത്യൻ=ജീവാത്മാവ്-അഥവാ ചിദാഭാസൻ. കുഡ്യം (ഭിത്തി)=ദേഹം—(സർവ്വശരീരം). ദർപ്പണം=ബുദ്ധി. (സർവ്വരുടേയും ബുദ്ധി). ഇതാണ് ഉപമയുടെ സാരാംശം. ഇതിൽനിന്നു വാസ്തവതത്വം കൂടസ്ഥചൈതന്യംമാത്രം. ആകാശസ്ഥസൂർയ്യനെന്നപോലെ. കണ്ണാടിനിമിത്തം സൂർയ്യപ്രതിബിംബം ഉണ്ടായതുപോലെ ബുദ്ധിനിമിത്തം ചിദാഭാസൻ-കൂടസ്ഥപ്രതിബിംബം. ഭിത്തിക്കു സ്വതേ പ്രകാശമില്ലാത്തതുപോലെ ദേഹത്തിന്നും സ്വതേ പ്രകാശമില്ല. സൂർയ്യപ്രകാശത്തിൽ ഭിത്തി കാണപ്പെടുന്നതുപോലെ കൂടസ്ഥപ്രകാശത്താൽ ദേഹം കാണപ്പെടുന്നു. ബുദ്ധിഗതജീവപ്രഭയാൽ പ്രത്യേകമായ പ്രകാശവും ദേഹത്തിന്നു സിദ്ധിക്കുന്നു. ബുദ്ധിപ്രതിബിംബം ദേഹത്തെ സ്വസ്വരൂപമായിത്തന്നെ അഭിമാനിക്കുന്നുവെന്നുള്ളതിനെയാണ് പ്രത്യേകം പ്രകാശിപ്പിക്കുന്നുവെന്നു പറഞ്ഞിട്ടുള്ളത്. ഈ പദ്യത്തിൽ പറഞ്ഞിട്ടുള്ള ഉപമയിൽനിന്നു ഏകനായ സൂർയ്യനെന്നപോലെ ഏകമായ കൂടസ്ഥചൈതന്യം ഒന്നുമാത്രം സത്യവും ജീവജാലം ഉപാധിസംബന്ധംനിമിത്തം കാണപ്പെടുന്നതുമാണെന്ന സാരാംശത്തെ മനസ്സിൽ ഉറപ്പിച്ചുകൊണ്ടു മേലിൽ പറയുവാൻ പോകുന്ന ഭാഗങ്ങളെ നിരൂപണം ചെയ്തുകൊള്ളേണം.

2. അനേകദർപ്പണാദിത്യദീപ്തീനാം ബഹുസന്ധിഷു
ഇതരാ വ്യജ്യതേ താസാമഭാവേപി പ്രകാശതേ.

അനേകദർപ്പണാദിത്യദീപ്തീനാം=അനേകദർപ്പണങ്ങളിൽ പ്രതിഫലിച്ച സൂർയ്യപ്രകാശങ്ങളുടെ. ബഹുസന്ധിഷുഇതരാ വ്യജ്യതേ=അനേകസന്ധികളിൽ യഥാർത്ഥാദിത്യപ്രഭാ ചേർന്നിരിക്കുന്നു. താസാം അഭാവേ അപി പ്രകാശതേ=ദർപ്പണാദിത്യപ്രഭകളുടെ അഭാവത്തിലും പ്രകാശിക്കുന്നു.

ആ ചുമരിൽ ദർപ്പണാദിപ്രകാശം മണ്ഡലാകാരേണ കാണപ്പെടുന്നതുപോലെ ആദിത്യപ്രകാശം കാണപ്പെടുന്നുണ്ടോ എന്നു ശങ്കിക്കേണ്ട:—അനേകം ദർപ്പണങ്ങളിൽ പ്രതിഫലിക്കുന്ന ആദിത്യന്റെ പ്രകാശം ചുമരിൽ പ്രത്യേകം ഒരു ഭാഗത്തിൽ മണ്ഡലാകാരേണ പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ അവയുടെ എല്ലാ സന്ധികളിലും ഒട്ടാകെ ചുമരിൽ വ്യാപിച്ചിരിക്കുന്ന യഥാർത്ഥസൂർയ്യപ്രകാശത്തേയും അതിന്റെ സാമാന്യവ്യാപ്തിയേയും പ്രത്യേകം കാണാമല്ലോ. ദർപ്പണം നീക്കംചെയ്താൽ പ്രത്യേകം മണ്ഡലാകാരത്തിൽ സൂർയ്യപ്രകാശവ്യാപ്തിലക്ഷണം കാണപ്പെടുകയില്ല. അതില്ലാത്തപ്പോളാകുന്നു യഥാർത്ഥസൂർയ്യന്റെ സാമാന്യവ്യാപ്തി ചുമരിൽ മുഴുവനും വിളങ്ങുന്നത്.

3. ചിദാഭാസവിശിഷ്ടാനാം തഥാനേകധിയാ മസൌ
സന്ധിം ധിയാമഭാവംച ഭാസയൻ പ്രവിവിച്യതാം.

തഥാ ചിദാഭാസവിശിഷ്ടാനാം=അപ്രകാരം ചിൽപ്രതിബിംബസഹിതകളായിരിക്കുന്ന. അനേകധിയാം=ബഹുവിധബുദ്ധിവൃത്തികളുടെ. സന്ധിംധിയാം അഭാവംച=സന്ധിയേയും വൃത്തികളുടെ അഭാവത്തേയും. ഭാസയൻ അസൌ പ്രവിവിച്യതാം=പ്രകാശിപ്പിക്കുന്ന ഇവൻ (കൂടസ്ഥൻ) തിരിച്ചറിയപ്പെടേണം.

ദൃഷ്ടാന്തത്തിൽ പറഞ്ഞതിനെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—അപ്രകാരം കൂടസ്ഥപ്രതിബിംബത്തോടുകൂടിയ ബുദ്ധിവൃത്തികളുടെ സന്ധിയേയും അവയുടെ അഭാവത്തേയും പ്രകാശിപ്പിച്ചുംകൊണ്ടിരിക്കുന്ന കൂടസ്ഥദീപ്തിയെ വേർതിരിച്ചു കണ്ടുകൊള്ളേണം. ബുദ്ധിവൃത്തികൾ—ബുദ്ധിയുടെ അനേകവിധജ്ഞാനങ്ങൾ. ഇതു ഘടം, ഇതു പടം, എന്നിങ്ങിനെ ജാഗ്രൽഭാവത്തിൽ ഉണ്ടാകുന്നതാണ് വൃത്തികളുടെ ഭാവം. ഘടപടാദികൾ എന്നുള്ള അറിവു. സുഷുപ്തിയിൽ ആവിധ ബോധങ്ങൾ ഒന്നുമുണ്ടായിരുന്നില്ല എന്നതാണ് വൃത്തികളുടെ അഭാവം. ജാഗ്രദാദ്യവസ്ഥകളിൽ ബുദ്ധിവൃത്തികളുടെ ഭാവത്തേയും അഭാവത്തേയും പ്രകാശിപ്പിക്കുന്ന നിത്യബോധസ്വരൂപൻ കൂടസ്ഥൻ എന്നു ബുദ്ധിവൃത്തികളിൽനിന്നു വേർതിരിച്ചു കാണേണ്ടതാണെന്നു സിദ്ധാന്തം.

4. ഘടൈകാകാരധീസ്ഥാ ചിത് ഘടമേവാവഭാസയേത്
ഘടസ്യജ്ഞാതതാബ്രഹ്മചൈതന്യേനാവഭാസതേ.

ഘടൈകാകാരധീസ്ഥാചിത്=ഘടമാകുന്ന ഏകത്തിന്റെ ആകൃതിയായ്ഭവിച്ച ബുദ്ധിയിലുള്ള ചിത്ത് (ജ്ഞാനം). ഘടം ഏവ അവഭാസയേത്=ഘടത്തെ മാത്രം പ്രകാശിപ്പിക്കും. ഘടസ്യജ്ഞാതതാ=ഘടത്തിന്റെ ജ്ഞാനം—ഘടം അറിയപ്പെട്ടു എന്നത്. ബ്രഹ്മചൈതന്യേന അവഭാസതേ=ബ്രഹ്മചൈതന്യത്താൽ പ്രകാശിക്കുന്നു.

ദേഹത്തിന്റെ അന്തർഭാഗത്തിൽ വിളങ്ങുന്ന കൂടസ്ഥചൈതന്യത്തിനും ചിദാഭാസനും തമ്മിലുള്ള ഭേദത്തെ ബോധിപ്പിക്കുവാൻവേണ്ടി ദേഹത്തിൽനിന്നും ബാഹ്യത്തിൽ കൂടസ്ഥചിദാഭാസന്മാരുടെ ഭേദത്തെ കാണിക്കുന്നു:—ഏതെങ്കിലും ഒരു പദാർത്ഥത്തിന്റെ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയ ബുദ്ധിയിലെ ചിദാഭാസൻ ആ പദാർത്ഥത്തെ മാത്രം പ്രകാശിപ്പിക്കും. ഉദാഹരണം:—ഘടാകൃതിയായി പരിണമിച്ചിരിക്കുന്ന ബുദ്ധിയിൽ വ്യാപിച്ചിരിക്കുന്ന ചിദാഭാസൻ ഘടത്തെ മാത്രം പ്രകാശിപ്പിക്കും. ഘടം അറിയപ്പെട്ടുവെന്നുള്ള ലോകവ്യവഹാരത്തിന്നു കാരണമായ ഘടധർമ്മം യാതൊന്നോ അതിനെ ഘടകല്പനത്തിന്നധിഷ്ഠാനഭൂതമായ ബ്രഹ്മചൈതന്യമാണ് പ്രകാശിക്കുന്നത്. വസ്തുവിന്റെ അവഭാസത്തിന്നു ചിദാഭാസനും വസ്തു അറിയപ്പെട്ടുവെന്ന ജ്ഞാനത്തിന്നു ബ്രഹ്മചൈതന്യവും കാരണം എന്നർത്ഥം.

5. അജ്ഞാതതേനജ്ഞാതോയംഘടോബുദ്ധ്യുദയാൽപുരാ
ബ്രഹ്മണൈവോപരിഷ്ടാത്തുജ്ഞാതതേനേത്യസൌഭിദാ.

അയംഘടഃബുദ്ധ്യുദയാത് പുരാ=ഈ ഘടം ബുദ്ധിയുടെ ആവിർഭാവത്തിന്നു മുമ്പേതന്നെ. ബ്രഹ്മണാഏവ അജ്ഞാതതേനജ്ഞാതഃ=ബ്രഹ്മത്താൽതന്നെ അറിയപ്പെടാത്ത നിലയിൽ പ്രകാശിപ്പിക്കപ്പെട്ടു. ഉപരി

ഷ്ടാൽജ്ഞാതതേ്വന=ബുദ്ധ്യുദയത്തിന്നുശേഷം അറിയപ്പെട്ടത് എന്ന നിലയിലും. ഇതിഅസൌഭിദാ= എന്നിത്രമാത്രം ഭേദം.

ജ്ഞാനത്തിന്നു കാരണം ബ്രഹ്മചൈതന്യമാണെങ്കിൽ ബുദ്ധിയുടെ ആവശ്യം എന്താണെന്നു കാണിക്കുന്നു:—ബുദ്ധിയുടെ ഉദയത്തിന്നുമുമ്പേതന്നെ ഈ ഘടമുണ്ട്. അത് അറിയപ്പെടാത്ത നിലയിൽ ഇരിക്കുന്നു. ആ ഘടം ബ്രഹ്മസൽഭാവമാകുന്ന അധിഷ്ഠാനത്തെ ആശ്രയിച്ചുതന്നെയിരിക്കുന്നതാകയാൽ അജ്ഞാതനിലക്കും കാരണം ബ്രഹ്മംതന്നെയാണ്. ബുദ്ധിപ്രാദുർഭാവത്തിനുശേഷം അറിയപ്പെട്ടത് എന്ന നിലയിൽ ഘടം പ്രകാശിക്കുന്നു. ഈ പ്രകാശവും ബ്രഹ്മം നിമിത്തം ഉണ്ടാകുന്നതുതന്നെ. അജ്ഞാതനില, ജ്ഞാതനില എന്ന രണ്ടവസ്ഥ എന്നുമാത്രം ഭേദം. എവിടെയെല്ലാം ഏതേതുവസ്തുക്കളുണ്ടോ അവയെല്ലാം അജ്ഞാതനിലയിലിരിക്കുന്നതിന്നും ബുദ്ധ്യുദയാനന്തരം ജ്ഞാതനിലയിലും ഇരിക്കുന്നതിനും കാരണം ബ്രഹ്മംതന്നെ. ബുദ്ധ്യുദയാദനന്തരമുണ്ടാകുന്നതാണ് ജ്ഞാതനില. അതിന്നുമുമ്പെ അജ്ഞാതനില. രണ്ടുവിധത്തിലും പ്രകാശിപ്പിക്കപ്പെടുന്നത് ബ്രഹ്മത്താൽതന്നെയാണ്. ബുദ്ധിയിൽ പ്രകാശിക്കുന്ന ജ്ഞാനം ബുദ്ധിയുടേതല്ല. ബ്രഹ്മത്തിൻെറ സ്വരൂപമാണ് ജ്ഞാനം എന്നാണിതിൻെറ അന്തരംഗം. ജഡയായ ബുദ്ധി ജഡമായ മറെറാരുവസ്തുവിനെ എങ്ങിനെ പ്രകാശിപ്പിക്കും. ചേതനം ജഡത്തെപ്രകാശിക്കും എന്നതിനെയാണ് ഇവിടെ കാണിച്ചിരിക്കുന്നത്. അജ്ഞാനവിശിഷ്ടഘടം, ജ്ഞാനവിശിഷ്ടഘടം. രണ്ടും ബ്രഹ്മത്താൽ പ്രകാശിപ്പിക്കപ്പെടുന്നു.

6. ചിദാഭാസാന്തധീവൃത്തിർജ്ഞാനം ലോഹാന്തകുന്തവത്
ജാഡ്യമജ്ഞാനമേതാഭ്യാം വ്യാപ്തഃകുംഭോദ്വിധോച്യതേ.

ചിദാഭാസാന്തധീവൃത്തിഃ=ചിദാഭാസനോടു മുന്നിട്ടിരിക്കുന്ന ബുദ്ധിവൃത്തി. ജ്ഞാനം (ഇതി ഉച്യതേ= ജ്ഞാനമെന്നു പറയപ്പെടുന്നു. ലോഹാന്തകുന്തവത്=ലോഹമുനമ്പോടുകൂടിയ കുന്തമെന്നപോലെ ജാഡ്യംഅജ്ഞാനം ഇതിഉച്യതേ=സ്വതസ്സിദ്ധമായ ജഡത്വം അജ്ഞാനം എന്നും പറയപ്പെടുന്നു. ഏതാഭ്യാംവ്യാപ്തഃകുംഭഃ=ഈ രണ്ടവസ്ഥകളാൽ വ്യാപിക്കപ്പെട്ട കുംഭം. ദ്വിധാ ഉച്യതേ=രണ്ടുവിധത്തിലാണെന്നു പറയപ്പെടുന്നു.

ഒരേ ഘടം ജ്ഞാതമെന്നും അജ്ഞാതമെന്നും രണ്ടുവിധത്തിൽ ഇരിക്കുന്നതെങ്ങിനെ എന്ന ശങ്ക തീർപ്പാൻ ജ്ഞാതതയ്ക്കും അജ്ഞാതതക്കും കാരണമായിരിക്കുന്ന ജ്ഞാനത്തിൻേറയും അജ്ഞാനത്തിൻേറയും സ്വരൂപത്തെ ഇപ്പോൾ സ്പഷ്ടമാക്കുന്നു:—ചിൽപ്രതിബിംബസഹിതയായ ബുദ്ധിവൃത്തിയെ—ബുദ്ധിയുടെ വ്യാപാരത്തെ—ജ്ഞാനം എന്നു പറയുന്നു. സ്വതെയുള്ള ജഡത്വം അജ്ഞാനം എന്നും പറയപ്പെടുന്നു. ലോഹംകൊണ്ടുള്ള മൂർച്ചയുള്ള ഭാഗം മുമ്പിലുള്ള കുന്തംപോലെ എന്നത് ഇവിടെ ഉപമാ. ഈ രണ്ടിൻെറ വ്യാപ്തി സർവ്വത്രക്രമത്തിലുള്ളതുകൊണ്ടു കുംഭം രണ്ടുവിധം എന്നു പറയപ്പെടുന്നു. അതിനാൽ ജ്ഞാതതയും അജ്ഞാതതയും ഉള്ളതാണ് കുംഭം എന്നു സിദ്ധിക്കുന്നു. ബുദ്ധി സ്വതെ ജഡം. ചിദാഭാസൻ ജ്ഞാനം. മരപ്പിടി ജഡം. ഇരുമ്പുകൊണ്ടുള്ള മുനമ്പ്, മൂർച്ചയുള്ളത്; അതു രണ്ടും ചേർന്ന കുന്തംപോലെ ചിദാഭാസസഹിതയായ ബുദ്ധി.

7. അജ്ഞാതോ ബ്രഹ്മണാ ഭാസ്യോ ജ്ഞാതഃകുംഭസ്തഥാനകിം
ജ്ഞാതത്വജനനേനൈവ ചിദാഭാസപരിക്ഷയഃ.

അജ്ഞാതഃ (കുംഭഃ)=അറിയപ്പെടാത്തതായ ഘടം. ബ്രഹ്മണാഭാസ്യഃ=ബ്രഹ്മത്താൽ പ്രകാശിപ്പിക്കപ്പെടുവാൻ യോഗ്യം. (എന്നാണെങ്കിൽ) ജ്ഞാതഃകുംഭഃതഥാനകിം=അറിയപ്പെട്ട കുംഭവും എന്തുകൊണ്ടു അപ്രകാരമല്ല? ജ്ഞാതത്വജനനേനഏവ=ജ്ഞാതം എന്ന ഭാവത്തെ ജനിപ്പിച്ചതോടുകൂടെ. ചിദാഭാസപരിക്ഷയഃ=ചിദാഭാസൻെറ നാശം ഭവിക്കുന്നു.

അജ്ഞാതമായ കുംഭം അജ്ഞാനവ്യാപ്തിനിമിത്തം ബ്രഹ്മത്താൽ ഭാസ്യമെന്നു വന്നതുപോലെ കുംഭം അറിയപ്പെട്ടതും ബ്രഹ്മചൈതന്യത്താൽതന്നെയെന്നു വന്നുകൂടെയോ എന്നു ശങ്കിക്കുന്നുവെങ്കിൽ:— അജ്ഞാനം എന്നത് കുംഭം അജ്ഞാതമാണ് എന്നതിനെ ജനിപ്പിച്ചതുപോലെ ജ്ഞാനം ജ്ഞാതമെന്ന നിലയേയും ജനിപ്പിച്ചതോടുകൂടെ ചിദാഭാസനും ക്ഷയിക്കുന്നതുകൊണ്ടു ജ്ഞാതമായി കുംഭം എന്ന നില ബ്രഹ്മചൈതന്യവ്യാപ്തികൊണ്ടുതന്നെയാണ് വിളങ്ങുന്നത് എന്നുവരുന്നില്ലെയോ?

8. ആഭാസഹീനയാബുദ്ധ്യാജ്ഞാതത്വംനൈവജന്യതേ
താദൃക്ബുദ്ധേർവ്വിശേഷഃകോമൃദാദേഃസ്യാദ്വികാരിണഃ.

ആഭാസഹീനയാബുദ്ധ്യാ=ചിദാഭാസരഹിതയായ ബുദ്ധികൊണ്ട്. ജ്ഞാതത്വംനഏവജന്യതേ=ജ്ഞാനം

എന്ന നിലതന്നെ വരികയില്ല. വികാരിണഃതാദൃക്ബുദ്ധേഃ=വികാരിയായ ആ മാതിരി ബുദ്ധിക്ക്. മൂദാദേഃകഃവിശേഷഃ=(വികാരിയായ) മൂത്ത് മുതലായതിനേക്കാൾ എന്തു വിശേഷം.

അജ്ഞാനം അജ്ഞാതം എന്നതിനെ ജനിപ്പിച്ചതുപോലെ ജ്ഞാതം എന്നു വരുത്താനും ബുദ്ധി മാത്രം പോരയോ എന്തിനായിട്ട് ഈ ചിദാഭാസൻ എന്നു ശങ്കിക്കുന്നുവെങ്കിൽ:—ബുദ്ധി ചിദാഭാസ രഹിതായിരുന്നാൽ കുംഭം ജ്ഞാതം എന്ന നിലതന്നെ ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ മൃണ്മയമായ ഘടം മുതലായതിനും വികാരിയായ ബുദ്ധിക്കുംതമ്മിൽ ഭേദമൊന്നുമില്ല. അതിനാൽ ചിദാഭാസസാഹിത്യം ഉള്ളതുകൊണ്ടു മാത്രമാണ് ഘടജ്ഞാനമുണ്ടായത്.

9. ജ്ഞാതഇത്യുച്യതേകുംഭോമൃദാലിപ്തോനകുത്രചിത്
ധീമാത്രവ്യാപ്തകുംഭസ്യജ്ഞാതത്വംനേഷ്യതേതഥാ.

കുംഭഃമൃദാലിപ്തഃജ്ഞാതഃ=ഘടത്തിൽ വ്യാപിച്ച ശുക്ലകൃഷ്ണരൂപമായ മൂത്തിനാൽ അറിയപ്പെട്ടു. ഇതികുത്രചിത് ന ഉച്യതേ=എന്ന് എവിടെയും പറയപ്പെടുന്നില്ല. തഥാധീമാത്രവ്യാപ്തകുംഭസ്യ=അപ്രകാരം ബുദ്ധിയാൽ മാത്രം വ്യാപിക്കപ്പെട്ട കുംഭത്തിനും. ജ്ഞാതത്വം നഇഷ്യതേ=ജ്ഞാതത്വം പറയപ്പെടുന്നില്ല.

ചിദാഭാസസംബന്ധം കൂടാതെയുള്ള ബുദ്ധിയാൽ മാത്രം ഏതൊരു ജഡവസ്തുവും അറിയപ്പെടുകയില്ലെന്നു ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—ഒരു മൺകുടത്തിന്റെ മീതെ മറെറാരു നിറവുമുള്ള മണ്ണിന്റെ വ്യാപ്തിയുണ്ടായാൽ ആ മണ്ണുകുടത്തെ അറിഞ്ഞുവെന്നു വരാറില്ലല്ലൊ. അതുപോലെതന്നെ ജഡമായ ബുദ്ധി മറെറാരു ജഡപദാർത്ഥത്തെ അറിയുകയില്ല. ചിദാഭാസവ്യാപ്തി ഉണ്ടായാൽ മാത്രമേ ബുദ്ധിക്ക് മറെറാന്നിനെ അറിയുവാൻ കഴികയുള്ളൂ.

10. ജ്ഞാതത്വം നാമകുംഭേതശ്ചിദാഭാസഫലോദയഃ.
നഫലം ബ്രഹ്മചൈതന്യം മാനാൽ പ്രാഗപിസത്വതഃ.

അതഃ കുംഭേജ്ഞാതത്വംനാമ=അതുകൊണ്ടു ഘടത്തിൽ അറിയപ്പെട്ടതായ അവസ്ഥയെന്നത് ചിദാഭാസ ഫലോദയഃ=ചിദാഭാസന്റെ ഉദയമായ ഫലത്തിന്റെ വ്യാപ്തിയാകുന്നു. ഫലം ബ്രഹ്മചൈതന്യംന= ആ ഫലമെന്ന് ബ്രഹ്മചൈതന്യമല്ല. മാനാൽപ്രാഗപിസത്വതഃ=ഘടാകാരവൃത്തിക്കു മുമ്പേതന്നെ ബ്രഹ്മം ഉള്ളതുകൊണ്ട്,

മുമ്പേ പ്രതിപാദിച്ചതിന്റെ സാരം പറയുന്നു:—കേവലനായ ബുദ്ധിക്ക് ഒരു വസ്തു അറിയപ്പെട്ടുവെന്ന നില വരുത്താൻ കഴികയില്ല എന്നു വന്നതിനാൽ ഘടം അറിയപ്പെട്ടുവെന്നതിന്റെ സാരമെന്തെന്നാൽ ചിദാഭാസോദയലക്ഷണമായഫലം ഘടത്തിൽ ബുദ്ധിദ്വാരാ വ്യാപിച്ചുവെന്നുള്ളതാകുന്നു. അങ്ങിനെയാണെങ്കിലും ചിദാഭാസസങ്കല്പനം ആവശ്യമില്ലല്ലോ. ബ്രഹ്മചൈതന്യംതന്നെ പോരയോ അതിരിക്കേ ചിദാഭാസസങ്കല്പം എന്തിനായിട്ടാണെന്നു ശങ്കിക്കേണ്ട. ബുദ്ധിയിൽക്കൂടെ വ്യാപിച്ച ചിദാഭാസോദയലക്ഷണമായ ഫലമാണ് ഇതു ഘടമാണെന്നറിഞ്ഞത്. ആ ചിദാഭാസോദയലക്ഷണമായ ഫലം ബ്രഹ്മചൈതന്യമല്ല എന്തുകൊണ്ടെന്നാൽ ബ്രഹ്മചൈതന്യം ഘടമാണെന്നു നിശ്ചയിച്ചതായ ആ പ്രമാണപ്രവൃത്തി സംഭവിക്കുന്നതിന്നു മുമ്പും ഉണ്ട്. പ്രമാണപ്രവൃത്തിക്കു ശേഷവുമുണ്ടാകുന്നതാണ്. ഇത് ഘടമാണ് (ഞാൻ ഘടത്തെ അറിഞ്ഞു) എന്ന അറിവ്

11. പരാഗർത്ഥപ്രമേയേഷു യാ ഫലത്വേന സമ്മതാ
സംവിൽ സൈവേഹ മേയോർത്ഥോ വേദാന്തോക്തിപ്രമാണതഃ.

പരാഗർത്ഥപ്രമേയേഷു=ബാഹ്യങ്ങളായ ഘടാദിപദാർത്ഥങ്ങളാകുന്ന പ്രമേയങ്ങളിൽ. ഫലത്വേനസമ്മതായാസംവിത്=ഫലരൂപമായിരിക്കുന്ന യാതൊരു ജ്ഞാനമിരിക്കുന്നുവോ. ഇഹവേദാന്തോക്തിപ്രമാണതഃ=ഈ വേദാന്തശാസ്ത്രപ്രമാണത്തിൽ. സാ ഏവമേയഃ അർത്ഥഃ=ആ ജ്ഞാനംതന്നെയാണ് അറിയപ്പെടുവാൻ യോഗ്യമായ പദാർത്ഥവും.

പരാഗർത്ഥങ്ങൾ (പുറമെകാണപ്പെടുന്ന ഘടാദിവസ്തുക്കൾ) പ്രമേയങ്ങൾ ആകുന്നു:—

അറിയപ്പെടുവാൻ യോഗ്യങ്ങളായ പദാർത്ഥങ്ങൾ പ്രമാണവിഷയങ്ങൾ. അവയെ പ്രമാണഫലമായി സ്വീകരിക്കുന്ന ജ്ഞാനം യാതൊന്നോ, ആ ജ്ഞാനംതന്നെയാകുന്നു വേദാന്തവാക്യപ്രകാരം പ്രമേയമായ പദാർത്ഥം എന്നാണ് സുരേശ്വരാചാര്യമതം. പ്രമേയം എന്നാൽ അറിയപ്പെടുവാൻ യോഗ്യമായ ബാഹ്യപദാർത്ഥം. പ്രമാണം എന്നാൽ ചിദാഭാസസഹിതവൃത്തി; വിശിഷ്ടചേതനം അതനുസരി

ച്ച് സിദ്ധിക്കുന്നത് ബാഹ്യവസ്തുക്കളെ അറിയുന്ന ജ്ഞാനംതന്നെയാകുന്നു ബാഹ്യവസ്തുസ്വരൂപം എന്നാണ് വേദാന്തശാസ്ത്രസിദ്ധാന്തം.

12. ഇതിവാർത്തികകാരേണ ചിത്സാദൃശ്യം വിവക്ഷിതം
ബ്രഹ്മചിൽഫലയോ ഭേദഃ സഹസ്ര്യാം വിശ്രുതോയതഃ.

ഇതിവാർത്തികകാരേണ=ഇപ്രകാരം വാർത്തികകാരനാൽ. ചിൽസാദൃശ്യം വിവക്ഷിതം=ചിത്തിൻെറ സാദൃശ്യം (ചിദാഭാസനു) വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. ബ്രഹ്മചിൽ ഫലയോഃ ഭേദഃ=ബ്രഹ്മത്തിന്ന് ചിദാഭാസലക്ഷണമായ ഫലത്തിന്നും ഭേദം. സഹസ്ര്യാംയതഃ വിശ്രുതഃ=ഉപദേശസഹസ്രിയിൽ പ്രസിദ്ധമായിരിക്കുന്നതുകൊണ്ട്.

ബ്രഹ്മവും ചിദാഭാസനും തമ്മിൽ ഭേദമില്ലെന്നാണ് വാർത്തികകാരമതം എന്നു ചിലർ തെററായി വിചാരിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ വിവക്ഷ അങ്ങിനെയല്ല. പ്രമാണഫലമായിരിക്കുന്ന ചിദാഭാസന്ന് ബ്രഹ്മസാദൃശ്യമുണ്ടെന്നു മാത്രമല്ലാതെ ബ്രഹ്മചൈതന്യംതന്നെയാണ് ചിദാഭാസൻ എന്ന് വാർത്തികകാരനായ സുരേശ്വരാചാര്യർ അഭിപ്രായപ്പെട്ടിട്ടില്ല. ഇതെങ്ങിനെ നിശ്ചയിച്ചുവെന്നാൽ:—അദ്ദേഹത്തിൻെറയും ഗുരുവായ ആചാര്യസ്വാമികളുടെ ഉപദേശസഹസ്രിയിൽ ബ്രഹ്മത്തിന്നും ചിദാഭാസന്നും തമ്മിൽ ഭേദം പറയപ്പെട്ടിരിക്കുന്നുവെന്നതു പ്രസിദ്ധമാകുന്നു.

13. ആഭാസഉദിതസ്തസ്മാൽജ്ഞാതത്വംജനയേൽഘടേ
തൽപുനബ്രഹ്മണാഭാസ്യമജ്ഞാതത്വവദേവഹി.

തസ്മാൽ ഉദിതഃആഭാസഃ=അതുകൊണ്ടു ഉത്ഭവിച്ച ആഭാസൻ. ഘടേജ്ഞാതത്വം ജനയേത്=ഘടത്തിൽ അജ്ഞാതഭാവത്തെ ജനിപ്പിക്കും. തൽപുനഃ അജ്ഞാതത്വവത് ഏവ=ആ ഘടം പിന്നെ അജ്ഞാതഘടമെന്നപോലെതന്നെ. ബ്രഹ്മണാഭാസ്യംഹി=ബ്രഹ്മത്താൽ ഭാസ്യമെന്നതു പ്രസിദ്ധം.

ഇപ്രകാരമാണ് വസ്തുസ്ഥിതിയെന്നു വന്നിരിക്കയാൽ പ്രകൃതത്തിൽ സിദ്ധിക്കുന്നതെന്തെന്നാൽ:—ഘടത്തിൽ വ്യാപിച്ച ചിദാഭാസൻ ഘടജ്ഞാനസ്വരൂപനായി വിളങ്ങി. അതിനാൽ ഘടം ജ്ഞാതമായി. ജ്ഞാതമായ ഈ ഘടത്തെ അജ്ഞാതമായ ഘടത്തെ ബ്രഹ്മം ഏതുവിധം പ്രകാശിപ്പിച്ചിരുന്നുവോ അതുപോലെ ഇപ്പോഴും പ്രകാശിപ്പിക്കുന്നുവെന്നാണ് സിദ്ധിച്ചത്.

14. ധീവൃത്ത്യാഭാസകുംഭാനാംസമൂഹോ ഭാസ്യതേചിദാ
കുംഭമാത്രഫലത്വാൽസഏകആഭാസതഃസ്ഫുരേത്.

ധീവൃത്ത്യാഭാസകുംഭാനാം സമൂഹഃ=ധീവൃത്തി, ചിദാഭാസൻ ഘടം ഇവയുടെ സമൂഹം. ചിദാഭാസ്യതേ=ചിത്തിനാൽ (ബ്രഹ്മചൈതന്യത്താൽ) പ്രകാശിപ്പിക്കപ്പെടുന്നു. കുംഭമാത്രഫലത്വാൽ=കുംഭത്തിൽ മാത്രം ഫലിച്ചതുകൊണ്ട്. സഃ ഏകഃ ആഭാസതഃ സ്ഫുരേത്=ആതൊന്നുമാത്രം ആഭാസൻനിമിത്തം സ്ഫുരിക്കും.

പ്രതിപാദിച്ചതായ ബ്രഹ്മചിദാഭാസഭേദത്തെ അതു രണ്ടിന്നുമുള്ള വിഷയഭേദത്തെ വിശദമാക്കിക്കൊണ്ടു തെളിവായി കാണിക്കുന്നു:—ബുദ്ധിവൃത്തി, ചിദാഭാസൻ, ഘടം, എന്ന സംഘത്തെ ബ്രഹ്മചൈതന്യവും, ഘടത്തെ മാത്രം ചിദാഭാസനും പ്രകാശിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ചിദാഭാസൻ ഘടത്തിൽ മാത്രമേ വ്യാപിക്കുന്നുള്ളു. ബ്രഹ്മചൈതന്യത്തിന്നോ സമൂഹവ്യാപ്തിയാണുള്ളത്.

15. ചൈതന്യം ദ്വിഗുണം കുംഭേ ജ്ഞാതത്വേന സ്ഫുരത്യതഃ
അന്യൈരനുവ്യവസായാഖ്യമാഹുരേതദ്യഥോദിതം.

അതഃ കുംഭേജ്ഞാതത്വേന=അതുകൊണ്ടു ഘടത്തിൽ അറിയപ്പെട്ട നിലയനുസരിച്ച്. ദ്വിഗുണം ചൈതന്യം സ്ഫുരതി=രണ്ടുവിധം ചൈതന്യം വിളങ്ങുന്നു. യഥോദിതം ഏതത്=ശരിയായ രീതിയിൽ പറയപ്പെട്ട ഈ ചൈതന്യത്തെ. അന്യൈഃഅനുവ്യവസായാഖ്യം. ആഹുഃ=വേറെചിലർ അനുവ്യവസായം എന്ന പേരുള്ളതായിട്ടു പറയുന്നു.

ചിദാഭാസനും ബ്രഹ്മവും ഘടത്തെ പ്രകാശിപ്പിക്കുന്നുവെന്നതിന്നു ഹേതു പറയുന്നു:—ഘടം ബ്രഹ്മത്താലും ചിദാഭാസനാലും പ്രകാശിപ്പിക്കപ്പെടുവാൻ യോഗ്യമായ പദാർത്ഥം (ഇതുപോലെ സകലപദാർത്ഥങ്ങളേയും കണ്ടുകൊള്ളേണം) എന്നു വന്നതിനാൽ അറിയപ്പെട്ട നിലയിലിരിക്കുന്ന ഘടത്തിൽ രണ്ടുവിധം ചൈതന്യത്തിൻെറ വ്യാപ്തിയുണ്ടെന്നു കിട്ടുന്നു. ഇവിടെ ശരിയായ നിലയെക്കുറിച്ച് പറഞ്ഞതിനെത്തന്നെ, മററുചില മതാഭിമാനികൾ (ഇവിടെ താർക്കികന്മാരെ ഉദ്ദേശിച്ചിരിക്കുന്നു) അനുവ്യവ

സായചൈതന്യം എന്നാണ് ബ്രഹ്മചൈതന്യത്തിന്നു കൊടുത്തിട്ടുള്ള പേർ. ജ്ഞാനത്തിന്റെ തുടച്ചയായ ജ്ഞാനം അനുവ്യവസായം എന്നാണ് അവർ പറയുന്നത്.

16. ഘടോയമിത്യസാവുക്തിരാഭാസസ്യപ്രസാദതഃ
വിജ്ഞാതോഘടഇത്യുക്തിർബ്രഹ്മാനുഗ്രഹതോഭവേത്.

അയംഘടഃ ഇതി അസൌ ഉക്തിഃ=ഇത് ഘടം എന്ന വാക്ക്. ആഭാസസ്യപ്രസാദതഃ=ചിദാഭാസന്റെ പ്രസാദത്താലും. ഘടഃ വിജ്ഞാതഃ ഇതിഉക്തിഃ=ഘടം അറിയപ്പെട്ടു എന്ന വാക്ക് ബ്രഹ്മാനുഗ്രഹതഃ ഭവേത്=ബ്രഹ്മാനുഗ്രഹത്താലും ഭവിക്കുന്നു.

ലോകവ്യവഹാരഭേദത്തിൽനിന്നും ബ്രഹ്മചിദാഭാസഭേദം വ്യക്തമാകുന്നുണ്ടെന്നു കാണിക്കുന്നു:— ഇതു ഘടം എന്ന വ്യവഹാരത്തിന്നു ചിദാഭാസപ്രസാദവും ഘടത്തെ ഞാനറിഞ്ഞുവെന്ന വ്യവഹാരത്തിന്നു ബ്രഹ്മപ്രസാദവും കാരണമാകുന്നു.

17. ആഭാസബ്രഹ്മണീ ദേഹാൽ ബഹിര്യദ്വദ്വിവേചിതേ
തദ്വദാഭാസകൂടസ്ഥൌ വിവിച്യേതാം വപുഷ്യപി.

ആഭാസബ്രഹ്മണീ ദേഹാത്ബഹിഃ=ചിദാഭാസനും ബ്രഹ്മവും ദേഹത്തിൽനിന്നു വെളിയിൽ. യദ്വത് വിവേചിതേ = ഏതുവിധം വേർതിരിക്കപ്പെട്ടുവോ. തദ്വൽ വപുഷിഅപി=അതുപോലെ ശീരരത്തിലും. ആഭാസകൂടസ്ഥൌ വിവിച്യേതാം=ചിദാഭാസനും കൂടസ്ഥനും വേർതിരിക്കപ്പെടേണം.

ബാഹ്യപദാർത്ഥങ്ങളിൽ പ്രതിഫലിക്കുന്ന ചിദാഭാസനേയും ബ്രഹ്മത്തേയും എങ്ങിനെ വേർതിരിച്ചുവോ അതുപോലെ ശരീരാന്തർഭാഗത്തിലും ;ചിദാഭാസനേയും കൂടസ്ഥനേയും വേർതിരിച്ചുകൊള്ളേണം.

18. അഹംവൃത്തൌ ചിദാഭാസഃ കാമക്രോധാദികാസു ച
സംവ്യാപ്യ വർത്തതേ തപ്തേ ലോഹേ വഹ്നിര്യഥാ തഥാ.

ചിദാഭാസഃ അഹംവൃത്തൌ=ചിദാഭാസൻ അഹംവൃത്തിയിലും. കാമക്രോധാദികാസുച=കാമക്രോധാദികളിലും. തപ്തലോഹേ വഹ്നിഃ യഥാ=പഴുപ്പിച്ച ഇരുമ്പിൽ അഗ്നി ഏതുവിധമോ. തഥാ സംവ്യാപ്യവർത്തതേ=അപ്രകാരം മുഴുവനും വ്യാപിച്ച് വർത്തിക്കുന്നു.

ദേഹത്തിൽനിന്നു വെളിയിൽ ചിദാഭാസനാൽ വ്യാപിക്കപ്പെടുവാൻ യോഗ്യങ്ങളായ ഘടാദി പദാർത്ഥങ്ങൾ ഉള്ളതുപോലെ ദേഹാന്തർഭാഗത്തിൽ ഇല്ലാത്തതുകൊണ്ടു അവിടെ വ്യാപിച്ചിരിക്കുന്ന ചിദാഭാസനെ എങ്ങിനെ വേർതിരിക്കും എന്ന ശങ്കയെ പരിഹരിക്കുന്നു:—ഘടാദിവസ്തുക്കൾ ദേഹാന്തർഭാഗത്തിൽ ഇല്ലെങ്കിലും "ഞാൻ" എന്നിങ്ങിനെയുള്ള വൃത്തികൾ ഉള്ളതുകൊണ്ടു ചിദാഭാസനെ തിരിച്ചറിയേണം. ഞാൻ ഞാൻ എന്നിങ്ങിനെയുള്ളതും കാമക്രോധാദികളുമായ വൃത്തികളിൽ പഴുപ്പിച്ച ഇരുമ്പിൽ അഗ്നിയെന്നപോലെ ചിദാഭാസൻ വ്യാപിച്ചുകൊണ്ടിരിക്കുന്നു.

19. സ്വമാത്രംഭാസയേത്തപ്തം ലോഹം നാന്യൽ കദാചന
ഏവമാഭാസസഹിതാഃവൃത്തയഃ സ്വസ്വഭാസികാഃ.

തപ്തംലോഹം സ്വമാത്രം ഭാസയേത്=തപിച്ചലോഹം സ്വരൂപത്തെമാത്രം പ്രകാശിപ്പിക്കും. അന്യത്ന കദാചനഭാസയേത്=മറെറാന്നിനെ ഒരിക്കലും പ്രകാശിപ്പിക്കുകയില്ല. ഏവം ആഭാസസഹിതാഃ=ഇപ്രകാരം ചിദാഭാസസഹിതങ്ങളായ. വൃത്തയഃ സ്വസ്വഭാസികാഃ = വൃത്തികൾ സ്വസ്വരൂപത്തെമാത്രം പ്രകാശിപ്പിക്കുന്നവയാകുന്നു.

അഹമാദിവൃത്തികളെമാത്രം ചിദാഭാസൻ പ്രകാശിപ്പിക്കുന്നുവെന്നതിനെ കാണിപ്പാൻ ലോഹദൃഷ്ടാന്തത്തെ വിസ്തരിക്കുന്നു:—തപിച്ച ഇരുമ്പ് അതിന്റെ സ്വരൂപത്തെ അഗ്നിവ്യാപ്തിനിമിത്തം പ്രകാശിപ്പിക്കുന്നു. മറെറാന്നിനേയും ഒരിക്കലും പ്രകാശിപ്പിക്കുകയില്ല. അതുപോലെ ശരീരാന്തർഭാഗത്തിൽ ഞാൻ ഞാൻ എന്ന വൃത്തിയും കാമാദികളായ വൃത്തികളും ചിദാഭാസവ്യാപ്തിനിമിത്തം പ്രകാശിക്കുന്നു.

20. ക്രമാദ്വിച്ഛിത്യ വിച്ഛിത്യജായന്തേ വൃത്തയോഖിലാഃ
സർവാഅപി വിലീയന്തേ സുപ്തിമൂർച്ഛാസമാധിഷു.

അഖിലാഃ വൃത്തയഃക്രമാത് = എല്ലാ വൃത്തികളും ക്രമത്തിൽ. വിച്ഛിത്യ വിച്ഛിത്യ=മുറിഞ്ഞുമുറിഞ്ഞുകൊണ്ട്. ജായന്തേ സർവ്വാഃഅപി=ഉണ്ടാകുന്നു എല്ലാ വൃത്തികളും. സുപ്തിമൂർച്ഛാസമാധിഷു=ഉറക്കം, മോഹാലസ്യം, സമാധി ഇവകളിൽ. വിലീയന്തേ=വിലയിക്കയും ചെയ്യുന്നു.

ചിദാഭാസൻെറ വ്യാപ്തിയാണ് കാമാദിവൃത്തികൾ പ്രകാശിപ്പാൻ കാരണം. അതിൽനിന്നു ചിദാഭാസ സൽഭാവത്തെ അറിയണം എന്നു കാണിച്ചശേഷം കൂടസ്ഥസ്വരൂപത്തെ പ്രതിപാദിപ്പാനു പയോഗമായ്വരുന്നതായ വൃത്തികളില്ലാത്ത അവസരത്തെ കാണിക്കുന്നു:—ഒരു വൃത്തിയുണ്ടാകുന്നു. അവസാനിക്കുന്നു. മറെറാന്നു പുറപ്പെടുന്നു. അതും അവസാനിക്കുന്നു. ഇങ്ങിനെ ജാഗ്രവസ്ഥയിൽ എല്ലാ വൃത്തികളും ക്രമത്തിൽ ഓരോന്നായനുഭവിക്കുന്നു. ഉറക്കം മോഹാലസ്യം സമാധി എന്നീയവസ്ഥകളിൽ എല്ലാ വൃത്തികളും ലയിക്കുന്നു.

21. സന്ധയോഖിലവൃത്തീനാമഭാവാശ്ചാവഭാസിതാഃ
നിർവ്വികാരേണ യേനാസൌ കൂടസ്ഥഇതിചോച്യതേ.

അഖിലവൃത്തീനാം സന്ധയഃ = എല്ലാ വൃത്തികളുടെ സന്ധികളും. അഭാവാഃച നിർവ്വികാരേണയേന= അഭാവങ്ങളും വികാരമില്ലാത്തതായ യാതൊന്നിനാൽ. അവഭാസിതാഃ = പ്രകാശിപ്പിക്കപ്പെടുന്നുവോ. അസൌകൂടസ്ഥഃ=ഇവൻ കൂടസ്ഥൻ. ഇതിചഉച്യതേ=എന്നു പറയപ്പെടുന്നു.

സമാധി മുതലായ അവസ്ഥകളിൽ വൃത്തികൾ ഇല്ലെന്നു വരുന്നതുകൊണ്ട് കൂടസ്ഥനുണ്ടെന്നെങ്ങിനെയറിയും എന്നുള്ളതിനെ കാണിക്കുന്നു:—വൃത്തികളുടെ സന്ധികളും അഭാവങ്ങളും ഏതൊരു നിർവ്വികാരചൈതന്യത്താൽ പ്രകാശിപ്പിക്കപ്പെടുന്നുവോ ആ ചൈതന്യം കൂടസ്ഥൻ എന്നും പറയപ്പെടുന്നു. ഒരു വൃത്തി ലയിച്ചിട്ടു മറെറാരു വൃത്തിയുദിക്കുന്നതിൻെറ ഇടക്കാലത്തെയാണ് വൃത്തിസന്ധികളെന്നു പറഞ്ഞിരിക്കുന്നത്. വൃത്തികളൊന്നും വിളങ്ങാതിരിക്കുന്നതിനെയാണ് വൃത്ത്യഭാവങ്ങൾ എന്നു പറഞ്ഞിട്ടുള്ളത്. ഈ രണ്ടു നിലകളേയും പ്രകാശിപ്പിക്കുന്നതു കൂടസ്ഥചൈതന്യമാണെന്നു സാരം.

22. ഘടേ ദ്വിഗുണചൈതന്യം യഥാബാഹ്യേ തഥാന്തരേ
വൃത്തിഷ്വപി തതസ്തത്ര വൈശദ്യം സന്ധിതോധികം.

ബാഹ്യേഘടേ യഥാ = പുറമെയുള്ള ഘടത്തിൽ എപ്രകാരമോ. ദ്വിഗുണചൈതന്യം തഥാ=രണ്ടുവിധം ചൈതന്യം അപ്രകാരം. ആന്തരേ വൃത്തിഷു അപി=ഉള്ളിലെ വൃത്തികളിലും ഉണ്ട്. തതഃതത്ര സന്ധിതഃ= അതുകൊണ്ടവിടെ സന്ധിയേക്കാൾ. അധികം വൈശദ്യം=അധികം സ്പഷ്ടതയുണ്ടാകുന്നു.

മേൽപറഞ്ഞവിധത്തിൽനിന്നു സിദ്ധിക്കുന്ന സാരം പറയുന്നു:—പുറമെയുള്ള ഘടത്തെമാത്രം പ്രകാശിപ്പിക്കുന്ന ചിദാഭാസൻേറയും ഘടം, ജ്ഞാനം എന്നതിനെ പ്രകാശിപ്പിക്കുന്ന ബ്രഹ്മത്തിൻേറയും—ഇങ്ങിനെ രണ്ടുവിധ ചൈതന്യത്തിൻെറ വ്യാപ്തി ഘടത്തിലുള്ളതുപോലെ ശരീരാന്തർഭാഗത്തിലുള്ള അഹങ്കാരാദിവൃത്തികളിലും രണ്ടുവിധം ചൈതന്യമുണ്ട്. അങ്ങിനെ രണ്ടു ചൈതന്യമുള്ളതുകൊണ്ടു വൃത്തികളുടെ സന്ധികളിൽ ഉള്ളതിനേക്കാൾ വൃത്തികളിൽ സ്പഷ്ടതരമായ പ്രകാശം കാണപ്പെടുന്നു.

23. ജ്ഞാതതാജ്ഞാതതേ നസ്തോ ഘടവദ്വൃത്തിഷുക്വചിത്
സ്വസ്യസ്വേനാഗൃഹീതത്വാത്താഭിശ്ചാജ്ഞാന നാശനാൽ.

ഘടവത് വൃത്തിഷു ജ്ഞാതതാജ്ഞാതതേ=ഘടത്തിലെന്നപോലെ വൃത്തികളിൽ ജ്ഞാതതയും അജ്ഞാതതയും. ക്വചിത് നസ്തഃ = ഒരു കാലത്തിലും ഉണ്ടാകുന്നില്ല. സ്വസ്യസ്വേന അഗൃഹീതത്വാൽ=തൻെറ ഗ്രഹണം തന്നാൽതന്നെ ഉണ്ടാകുകയെന്നു വരാത്തതുകൊണ്ടും. താഭിഃ അജ്ഞാനനാശനാത്=അവയാൽ അജ്ഞാനം നശിക്കുന്നതുകൊണ്ടും.

അന്തർഭാഗത്തിലുള്ള അഹങ്കാരാദിവൃത്തികളുടെ ജ്ഞാതാവസ്ഥയേയും അജ്ഞാതാവസ്ഥയേയും പ്രകാശിപ്പിക്കുന്നു കൂടസ്ഥനെന്നു പറയാഞ്ഞതു് എന്തുകൊണ്ടാണെന്നു കാണിക്കുന്നു:—അഹങ്കാരാദിവൃത്തികളിൽ ഘടത്തിലുള്ളതുപോലെ ജ്ഞാതതാ, അജ്ഞാതതാ എന്ന രണ്ടു ഭാവങ്ങളില്ല. എന്തുകൊണ്ടെന്നാൽ:—ജ്ഞാനംകൊണ്ടും ജ്ഞാനവ്യാപ്തികൊണ്ടുമാണ് ജ്ഞാതത, അജ്ഞാതതാ എന്ന രണ്ടവസ്ഥകൾ ഉണ്ടാകുന്നത്. വൃത്തികൾ സ്വയംപ്രകാശിച്ചതുകൊണ്ട് ജ്ഞാനവ്യാപ്തി അവയിൽ ഉണ്ടാകുന്നില്ല. പ്രകാശിച്ചതിനെ പിന്നെയും പ്രകാശിപ്പിക്കുക എന്നതുണ്ടാകുന്നതല്ലെല്ലൊ. വൃത്തികളുടെ ഉല്പത്തിമാത്രത്താൽ അജ്ഞാനം നഷ്ടമായതിനാൽ അജ്ഞാനവ്യാപ്തിയും വൃത്തികളിൽ ഉണ്ടാകാനവകാശമില്ല. അതുകൊണ്ടു വൃത്തികളിൽ ജ്ഞാതാവസ്ഥ, അജ്ഞാതാവസ്ഥയെന്ന രണ്ടില്ലാത്തതുകൊണ്ട് കൂടസ്ഥനെ ആ രണ്ടിൻെറ അവഭാസകനായിട്ടു പറവാൻ കാരണമില്ല.

24. ദ്വിഗുണീകൃതചൈതന്യേ ജന്മനാശാനുഭൂതിതഃ
അകൂടസ്ഥം തദന്യത്തു കൂടസ്ഥമവികാരതഃ.

ജന്മനാശാനുഭൂതിതഃ=ജന്മനാശങ്ങളുടെ അനുഭവംനിമിത്തം. ദ്വിഗുണീകൃതചൈതന്യേ തത്=രണ്ടുവിധ ചൈതന്യത്തിൽ വികാരമുള്ളതേതോ അത്. അകൂടസ്ഥം=കൂടസ്ഥമല്ല. അന്യത്തു അവികാരതഃ കൂടസ്ഥം=മറേറതാകട്ടെ വികാരമില്ലാത്തതിനാൽ കൂടസ്ഥം.

കൂടസ്ഥനും ചിദാഭാസനും ചിത്തായിത്തന്നെ ഇരിക്കേ ഒന്നു കൂടസ്ഥൻ മറെറാന്നു അകൂടസ്ഥൻ എന്ന വിഭാഗത്തിന്നുള്ള കാരണം എന്നു വിശദമാക്കുന്നു:—ചിദാഭാസൻ ഉദിക്കുന്നതും അസ്തമിക്കുന്നതും അനുഭവപ്പെടുന്നുണ്ട്. അതിനാൽ വികാരിയായ അതു അകൂടസ്ഥൻ. ഉദയാസ്തമാനങ്ങളെ അനുഭവരൂപേണ അറിയുന്ന അന്യമായ ചൈതന്യമാകട്ടെ ഉദിക്കയോ അസ്തമിക്കുകയോ ചെയ്യുകയെന്ന വികാരത്തിൽനിന്നു വിട്ടിരിക്കുന്നതുകൊണ്ടു കൂടസ്ഥൻ എന്നു പറയപ്പെടുന്നു. സവികാരം നിർവ്വികാരം എന്ന ഭേദംനിമിത്തം ചിദാഭാസൻ കൂടസ്ഥൻ എന്ന ഭേദവ്യവഹാരമുണ്ടായിരിക്കുന്നുവെന്നു സാരം.

25. അന്തഃകരണതദ്വൃത്തി സാക്ഷീത്യാദാവനേകധാ
കൂടസ്ഥഏവ സർവ്വത്ര പൂർവ്വാചാര്യൈർവിനിശ്ചിതഃ.

"അന്തഃകരണതദ്വൃത്തിസാക്ഷീ" ഇത്യാദൌ="അന്തഃകരണം, അതിൻെറ വൃത്തികൾ ഇവയുടെ സാക്ഷി" എന്നിത്യാദികളിൽ. സർവ്വത്ര കൂടസ്ഥഃഏവ=എല്ലാ പ്രമാണങ്ങളിലും കൂടസ്ഥൻതന്നെ. പൂർവ്വാചാര്യൈഃ വിനിശ്ചിതഃ=പൂർവ്വാചാര്യന്മാരാൽ വിശേഷണ നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ചിദാഭാസനെ കൂടാതെ കൂടസ്ഥമെന്ന ഒരു ചൈതന്യമുണ്ടെന്നു പറഞ്ഞത് എൻെറ സ്വന്താഭിപ്രായം (സ്വകപോലകല്പിതം) ആണെന്നു ശങ്കിക്കേണ്ട. പൂർവ്വാചാര്യന്മാർ എല്ലാ പ്രമാണങ്ങളിലും കൂടസ്ഥചൈതന്യത്തെ വിശദമായി കാണിച്ചിട്ടുണ്ട്. "അന്തഃകരണതദ്വൃത്തി സാക്ഷീ ചൈതന്യവിഗ്രഹഃ ആനന്ദരൂപഃസത്യഃസൻ കിംനാത്മാനം പ്രപദ്യസേ" എന്നിങ്ങിനെ പൂർവ്വാചാര്യന്മാർ ശിഷ്യന്മാരോടുപദേശിക്കുന്നു. "അന്തഃകരണത്തിൻെറയും അതിൻെറ കാമാദിവൃത്തികളുടേയും സാക്ഷിയായും ചൈതന്യം മാത്രമാകുന്ന സ്വരൂപത്തോടുകൂടിയും, ആനന്ദസ്വഭാവനായും, ഉദയാസ്തമാനങ്ങൾ ഇല്ലാതെ എപ്പോഴും സത്യസ്വരൂപനായും ഇരിക്കുന്ന ആത്മാവിനെ നീയെന്തുകൊണ്ട് പ്രാപിക്കുന്നില്ല? ആ ചൈതന്യംതന്നെയാകുന്ന നീയെന്നറിയാതിരിപ്പാൻ എന്തവകാശം?" എന്നാണ് ശ്ലോകാർത്ഥം.

26. ആത്മാഭാസാശ്രയാശ്ചൈവം മുഖാഭാസാശ്രയാ യഥാ
ഗമ്യന്തേ ശാസ്ത്രയുക്തിഭ്യാ മിത്യാഭാസശ്ചവർണ്ണിതഃ.

മുഖാഭാസാശ്രയാഃയഥാ=മുഖം ആഭാസം ആശ്രയം എപ്രകാരമോ. ഏവം ആത്മാഭാസാശ്രയാഃ=അപ്രകാരം ആത്മാവ്, ആഭാസം, ആശ്രയം എന്നിവ. ശാസ്ത്രയുക്തിഭ്യാം ഗമ്യന്തേ=ശാസ്ത്രയുക്തികളാൽ അറിയപ്പെടുന്നു. ഇതി ആഭാസഃച വർണ്ണിതഃ=എന്നിപ്രകാരം ആഭാസനും വർണ്ണിക്കപ്പെട്ടിരിക്കുന്നു.

കൂടസ്ഥനിൽനിന്നു ഭിന്നനായ ചിദാഭാസനെയും പൂർവ്വാചാര്യന്മാർ സ്വീകരിച്ച് വർണ്ണിച്ചിട്ടുണ്ടു എന്നു കാണിപ്പാൻ അവർ പറയുന്ന യുക്തിപ്രമാണങ്ങളെ പറയുന്നു: യഥാർത്ഥമായ മുഖം, പ്രതിബിംബിച്ച മുഖം, പ്രതിബിംബിപ്പാൻ ആസ്പദമായ കണ്ണാടി എന്നതുപോലെ ആത്മാവായ കൂടസ്ഥൻ, ആത്മാവിൻെറ പ്രതിബിംബമായ ചിദാഭാസൻ, പ്രതിബിംബത്തിന്നാസ്പദമായ അന്തഃകരണം എന്നിങ്ങിനെ മൂന്നെണ്ണം ശാസ്ത്രയുക്തികളാൽ അറിയപ്പെടുന്നുണ്ടെന്നു പൂർവ്വാചാര്യന്മാർ പറഞ്ഞിട്ടുള്ളതിൽനിന്നു ചിദാഭാസനേയും അവർ വർണ്ണിച്ചിരിക്കുന്നു. മനസ്സിൻെറ സാക്ഷി, ബുദ്ധിയുടെ സാക്ഷി എന്നിങ്ങിനെ കൂടസ്ഥനെയും "രൂപം രൂപം പ്രതിരൂപോ ബഭൂവ" ആകൃതിതോറും പ്രതിബിംബമായിട്ടും ഭവിച്ചുവെന്നിങ്ങിനെ ചിദാഭാസനേയും കാണിക്കുന്നുണ്ട് എന്ന് ഇതിന്നു മുകളിലും പറഞ്ഞിട്ടുണ്ട്.

27. ബുദ്ധ്യവച്ഛിന്നകൂടസ്ഥോ ലോകാന്തരഗമാഗമൌ
കർത്തും ശക്തോ ഘടാകാശഇവാഭാസേന കിംവദ.

ബുദ്ധ്യവച്ഛിന്നകൂടസ്ഥഃ=ബുദ്ധിയെ വേർപിരിയാതിരിക്കുന്ന കൂടസ്ഥൻ. ഘടാകാശഃ ഇവ=ഘടത്തിലെ ആകാശം എന്നപോലെ. ലോകാന്തരഗമാഗമൌകർത്തും=അന്യലോകഗമനാഗമനത്തെ ചെയ്യാൻ. ശക്തഃ ആഭാസേന കിംവദ=ശക്തനാകുന്നു ചിദാഭാസനെക്കൊണ്ടെന്താവശ്യം പറഞ്ഞാൽ കൊള്ളാം.

വീണ്ടും ചിദാഭാസൻ ആവശ്യമില്ലെന്നു പൂർവ്വപക്ഷം തുടങ്ങുന്നു:—ബുദ്ധിയിൽ ചേർന്നിരിക്കുന്ന കൂടസ്ഥൻ ഘടാന്തർഗതമായ ആകാശംപോലെ പരലോകഗമനത്തിന്നും മടങ്ങി ജന്മമെടുക്കുന്നതിന്നും സമർത്ഥനായിരിക്കേ ചിദാഭാസകല്പനംകൊണ്ടെന്തുഫലം; പറഞ്ഞു കേൾപ്പാനാഗ്രഹിക്കുന്നു. എന്നു പൂർവ്വപക്ഷം.

28. ശൃണ്വസംഗഃ പരിച്ഛേദമാത്രാ ജ്ജീവോ ഭവേന്നഹി
അന്യഥാഘടകുഡ്യാദ്യൈ രവച്ഛിന്നസ്യ ജീവതാ.

ശൃണു അസംഗഃ പരിച്ഛേദമാത്രാത്=കേൾക്കുക സംഗമില്ലാത്ത കൂടസ്ഥൻ പരിച്ഛേദമാത്രത്താൽ. ജീവഃ നഹിഭവേത്=ജീവനായിട്ടു ഭവിക്കയില്ല. അന്യഥാ ഘടകുഡ്യാദ്യൈഃ അവച്ഛിന്നസ്യ=മറിച്ചാണെങ്കിൽ ഘടം ഭിത്തി എന്നിവയാൽ പരിച്ഛേദിക്കപ്പെടുന്ന കൂടസ്ഥന്ന്. ജീവിതാ=ജീവത്വം (ഭവിക്കേണം.)

സംഗതി പറയാം. മനസ്സിരുത്തി കേൾക്കുക:—കൂടസ്ഥന്ന് ഒന്നിനോടും ചേർച്ചയില്ല. ഉപാധിനിമിത്തം പരിച്ഛേദം കല്പിക്കപ്പെടുന്നതുകൊണ്ടുമാത്രം കൂടസ്ഥൻ ജീവനാകയില്ല. അങ്ങിനെയല്ലെന്നുവന്നാൽ ഘടം നിമിത്തവും ഭിത്തിനിമിത്തവും മററു പല വസ്തുക്കളാലും പരിച്ഛേദിക്കപ്പെടുന്ന കൂടസ്ഥന്ന് ജീവത്വം സിദ്ധിക്കേണമെല്ലൊ. ഘടത്തിലും ഭിത്തിയിലും മററു സകലത്തിലും കൂടസ്ഥൻെറ വ്യാപ്തിയുള്ളതിനാൽ ഘടഭിത്ത്യാദികളെല്ലാം ജീവനുള്ളവയെന്നു വരേണം. അങ്ങിനെ വരാത്തതുകൊണ്ടു ബുദ്ധ്യവച്ഛിന്ന കൂടസ്ഥനും ജീവനല്ലെന്നറിഞ്ഞുകൊള്ളേണം.

29. നകുഡ്യസദൃശീ ബുദ്ധിഃ സ്വച്ഛത്വാദിതിചേ ത്തഥാ
അസ്തുനാമ പരിച്ഛേദേ കിംസ്വാച്ഛേ്യന ഭവേത്തവ.

സ്വച്ഛത്വാത്ബുദ്ധിഃ കുഡ്യസദൃശീന=സ്വച്ഛതനിമിത്തം ബുദ്ധിഭിത്തിപോലെയല്ല. ഇതിചേത് തഥാ അസ്തുനാമ=എന്നാണെങ്കിൽ അങ്ങിനെയായിരുന്നുകൊള്ളട്ടെ. സ്വാച്ഛേ്യനപരിച്ഛേദേ=സ്വച്ഛതനിമിത്തം പരിച്ഛേദംഎന്നതിൽ. കിംതവ ഭവേത്=എന്തൊരുവിശേഷം അങ്ങെക്കുകിട്ടും.

പൂർവ്വപക്ഷക്കാരൻ പിന്നെയും വാദിക്കുന്നു:—ഘടം, ഭിത്തി, എന്നിവപോലെയല്ല ബുദ്ധി. ബുദ്ധിക്കു സ്വച്ഛതയുണ്ട് എന്നാണെങ്കിൽ, അങ്ങിനെയാവട്ടെ. ബുദ്ധി സ്വച്ഛയായികൊള്ളട്ടെ. അതുകൊണ്ടു പരിച്ഛേദം എന്ന സംഗതിയിൽ എന്തു വിശേഷമാണ് അങ്ങെക്കു കിട്ടുന്നത്. സ്വച്ഛയായ ബുദ്ധിയും അങ്ങിനെയല്ലാത്ത ഘടകുഡ്യാദികളും പരിച്ഛേദത്തിന്നു കാരണങ്ങളാകു എന്ന സംഗതിയിൽ എന്താണ് വിശേഷം അങ്ങു കാണുന്നത്?

30. പ്രസ്ഥേന ദാരുജന്യേന കാംസ്യജന്യേന വാ നഹി
വിക്രേതുസ്തണ്ഡുലാദീനാം പരിമാണം.വിശിഷ്യതേ.

ദാരുജന്യേന കാംസ്യജന്യേനവാ=മരംകൊണ്ടൊ പിത്തളകൊണ്ടൊ നിർമ്മിച്ചതായ, പ്രസ്ഥേന തണ്ഡുലാദീനാം പരിമാണം = അളവുപാത്രത്താൽ അരിമുതലായവയുടെ അളവ്. വിക്രേതുഃ നഹി വിശിഷ്യതേ=വാങ്ങുന്നവന്നോ കൊടുക്കുന്നവന്നോ'വ്യത്യാസപ്പെടുന്നില്ല.

സ്വച്ഛതകൊണ്ടോ അസ്വച്ഛതകൊണ്ടോ പരിമിതവസ്തുവിന്നു വിശേഷമൊന്നുമുണ്ടാകാനില്ല എന്നതിനെ ദൃഷ്ടാന്തംകൊണ്ടു സ്പഷ്ടമാക്കുന്നു:—ധാന്യവിക്രയം ചെയ്യുന്നവൎക്ക് മരംകൊണ്ടോ ലോഹംകൊണ്ടോ ഉണ്ടാക്കിയ അളവുപാത്രത്താൽ അളക്കുന്നതുകൊണ്ടു ധാന്യത്തിൻെറ തൂക്കത്തിന്നു ഭേദമുണ്ടാകുമോ? ലോഹംകൊണ്ടുള്ള പാത്രം മരംകൊണ്ടുള്ളതിനേക്കാൾ സ്വച്ഛമായതിനാൽ 16 ഇടങ്ങഴിയെന്നത് 32 ഇടങ്ങഴിയെന്ന നിലയിൽ ഏറിവരികയോ 8 ഇടങ്ങഴി എന്നു ചുരുങ്ങിവരികയോ ചെയ്യാറില്ലെല്ലൊ. അതുപോലെ പരിമിതിസാധനങ്ങളായ ബുദ്ധിഭിത്ത്യാദികളുടെ സ്വച്ഛതയോ അസ്വച്ഛതയോ വസ്തുഭേദത്തിന്നു കാരണമായ്വരികയില്ല.

31. പരിമാണാവിശേഷേപി പ്രതിബിംബോ വിശിഷ്യതേ
കാംസ്യേയദി തദാബുദ്ധാവപ്യാഭാസോ.ഭവേത്ബലാത്.

പരിമാണാവിശേഷേ അപി = അളവിൽ വിശേഷമില്ലെങ്കിലും. കാംസ്യേ പ്രതിബിംബഃ വിശിഷ്യതേ=ലോഹപാത്രത്തിൽ പ്രതിബിംബത്തിന്നു വിശേഷമുണ്ട്. യദിതദാ ബുദ്ധൌഅപി=എന്നാൽ അപ്പോൾ ബുദ്ധിയിലും. അവഭാസഃ ബലാൽഭവേത്=പ്രതിബിംബം ബലാൽ അംഗീകരിക്കപ്പെട്ടുവെന്നു സാരം.

ധാന്യത്തിൻെറ അളവിൽ ഒരുകുത്തുകൾക്ക് ഏററക്കുറവൊന്നും ഇല്ലെങ്കിലും ലോഹപാത്രത്തിൽ ദാരുപാത്രത്തിൽ കാണപ്പെടുന്നതിനേക്കാൾ ധാന്യപ്രതിഫലനത്തിൽ ശോഭയധികം കാണപ്പെടും എന്നാണ് വാദിപ്പാൻ ഭാവമെങ്കിൽ ബുദ്ധിയിൽ പ്രതിഫലിച്ച കൂടസ്ഥപ്രതിബിംബത്തിന്നു കുഡ്യാദികളിലുള്ളതിനേക്കാൾ ശോഭകൂടുന്നതിനാൽ ബുദ്ധിഗതകൂടസ്ഥപ്രതിബിംബം ചിദാഭാസനെന്നു പറയപ്പെടുന്ന ജീവൻ എന്ന് അങ്ങെക്ക് സ്വീകാൎയ്യമായി വന്നുകഴിഞ്ഞു.

32. ഈഷൽഭാസന മാഭാസഃ പ്രതിബിംബ സ്തഥാവിധഃ
ബിംബലക്ഷണഹീനഃസൻ ബിംബവൽ ഭാസതേസഹി.

ഈഷൽഭാസനം ആഭാസഃ=അല്പം പ്രകാശിക്കുക എന്നത് ആഭാസം. പ്രതിബിംബഃതഥാവിധഃ=പ്രതിബിംബം അപ്രകാരമുള്ളതാകുന്നു. ബിംബലക്ഷണഹീനഃസൻ=ബിംബലക്ഷണം ഇല്ലാത്തതായിട്ട്. സഃ ബിംബവത് ഭാസതേ ഹി=അത് ബിംബംപോലെ ശോഭിക്കുന്നു.

പ്രതിബിംബത്തെ അംഗീകരിക്കുന്നതുകൊണ്ട് ചിദാഭാസാംഗീകാരം സിദ്ധമാകുന്നതെങ്ങിനെയെന്നു കാണിക്കുന്നു:—പ്രതിബിംബമെന്നും ആഭാസമെന്നുമുള്ള ശബ്ദങ്ങളാൽ പറയപ്പെടുന്ന വസ്തുവൊന്നുതന്നെയാകുന്നു. അല്പമായി പ്രകാശിക്കുന്നതിനാൽ ആഭാസം എന്ന പേരുണ്ടായി. പ്രതിബിംബം അപ്രകാരം അല്പപ്രകാശം ഉള്ളതാകുന്നു. ബിംബത്തിന്റെ പ്രകാശം പൂർണ്ണമായിട്ടില്ലാത്തതായ ചിദാഭാസൻ ബിംബഭൂതനായ കൂടസ്ഥനെന്നപോലെ വിളങ്ങുന്നുവെല്ലോ. അതുകൊണ്ടു പ്രതിബിംബംതന്നെയാണ് ചിദാഭാസൻ.

33. സസംഗത്വവികാരാഭ്യാം ബിംബലക്ഷണഹീനതാ
സ്ഫൂർത്തിരൂപത്വമേതസ്യ ബിംബവൽഭാസനം വിദുഃ.

സസംഗത്വവികാരാഭ്യാം=സംഗത്തോടും വികാരത്തോടും കൂടിയിരിക്കുന്നതിനാൽ. ബിംബലക്ഷണഹീനതാ=ബിംബലക്ഷണമില്ലായ്മ. ഏതസ്യസ്ഫൂർത്തിരൂപത്വം = ഇതിന്റെ സ്ഫൂർത്തിരൂപത. ബിംബവൽഭാസനംവിദുഃ=ബിംബംപോലെ പ്രകാശിക്കുന്നുവെന്നത് എന്നും അറിയുന്നു.

ആഭാസലക്ഷണത്തെ സ്പഷ്ടമാക്കുന്നു:—ബിംബഭൂതനായ കൂടസ്ഥൻ അസംഗനും നിർവ്വികാരിയുമാകുന്നു. ചിദാഭാസനോ സംഗവും വികാരവും ഉള്ളതാകുന്നു. എന്നാലും ബിംബമെന്നപോലെ വിളങ്ങുന്നുണ്ട്. അതുകൊണ്ടു ചിത്തായിതന്നെയിരിക്കുന്ന കൂടസ്ഥന്റെ ഈഷൽപ്രകാശസ്വരൂപത്തെ ചിദാഭാസൻ എന്നു വിദ്വാന്മാർ അറിയുന്നു.

34. നഹിധീഭാവഭാവിത്വാ ദാഭാസോസ്തി ധിയഃ പൃഥക്
യഥാമൃല്ലേമേവോക്തം ധീരപ്യേവം സ്വദേഹതഃ.

ധീഭാവഭാവിത്വാത്=ബുദ്ധിയുടെ സൽഭാവത്തിൽമാത്രം ഭവിക്കുന്നതുകൊണ്ട്. ധിയഃപൃഥക് ആഭാസഃ നഹിഅസ്തി = ബുദ്ധിയിൽനിന്നു ഭിന്നനായിട്ടു ആഭാസനില്ല. യഥാമൃത് = മൃത്തെന്നപോലെ. ഉക്തം അല്പംഏവ=പറയപ്പെട്ടത് അല്പംതന്നെ. ഏവംസ്വദേഹതഃ പൃഥക് = അങ്ങിനെയായാൽ സ്വശരീരത്തിൽനിന്ന് വേറിട്ടതായ. ധീഃഅപിനഹിഅസ്തി=ബുദ്ധിയും ഇല്ലെല്ലൊ.

കഴിഞ്ഞ ശ്ലോകങ്ങളെക്കൊണ്ടു ചിദാഭാസകല്പനം നിഷ്പ്രയോജനമല്ലെന്നു കാണിച്ചതിന്നുശേഷം ചിദാഭാസനും ബുദ്ധിയും ഒന്നല്ല. ബുദ്ധിയിൽനിന്നു ഭിന്നൻതന്നെ ചിദാഭാസൻ എന്നുറപ്പിക്കുവാനുപകരിക്കുന്നതായ പൂർവ്വപക്ഷത്തെ ഉപന്യസിക്കുന്നു:—പൂർവ്വപക്ഷക്കാരൻ വാദിക്കുന്നു:—മണ്ണുകൊണ്ടുള്ള ഘടവും മണ്ണും രണ്ടല്ലെല്ലൊ. മണ്ണുള്ളപ്പോൾ മാത്രമുള്ള ഘടം മണ്ണുതന്നെയല്ലെ? അതുപോലെ ബുദ്ധിയുണ്ടെങ്കിൽ മാത്രമുള്ള ചിദാഭാസൻ ബുദ്ധിതന്നെയല്ലെയോ. അതിൽനിന്നു ഭിന്നനായ ചിദാഭാസന്റെ കല്പനം ആവശ്യമില്ലെല്ലോ എന്നാണെങ്കിൽ ഈ വാദം നിസ്സാരമാണെന്ന് ആ വാദത്തിൽനിന്നുതന്നെ എടുത്തുകാണിക്കുന്നു:—അങ്ങയുടെ വാദപ്രകാരം ദേഹമുള്ളപ്പോൾ മാത്രമുള്ള ബുദ്ധിയും ദേഹത്തിൽനിന്നു വേറെയില്ലെല്ലൊ. ആകയാൽ ബുദ്ധികല്പനവും അസംഗതം എന്നു വന്നുകൂടുന്നു.

35. ദേഹേമൃതേപി ബുദ്ധിശ്ചേച്ഛാസ്ത്രാദസ്തി തഥാസതി
ബുദ്ധേരന്യശ്ചിദാഭാസഃ പ്രവേശശ്രുതിഷു ശ്രുതഃ.

ദേഹേമൃതേഅപി=ദേഹം നശിച്ചാലും. ബുദ്ധിഃഅസ്തിഇതിശാസ്ത്രാത്=ബുദ്ധിയുണ്ടു എന്ന ശാസ്ത്രം ഉള്ളതുകൊണ്ടു (ദേഹാഭാവത്തിലും ബുദ്ധിയുണ്ട്). തഥാസതിബുദ്ധേഃഅന്യഃ=അങ്ങിനെയാണെങ്കിൽ ബുദ്ധിയിൽനിന്നും അന്യമായ ചിദാഭാസൻ. പ്രവേശശ്രുതിഷുശ്രുതഃ=പ്രവേശശ്രുതികളിൽ കേൾക്കപ്പെടുന്നുണ്ട്.

തന്റെ വാദത്തിൽ ആ ദോഷമിരിക്കുന്നില്ലെന്നു സാധിപ്പാൻ പൂർവ്വപക്ഷീശാസ്ത്രത്തെ അവലംബിച്ചു പറയുന്നു:—ദേഹം നശിച്ചതിനുശേഷവും "സവിജ്ഞാനോഭവതി" ജ്ഞാനസ്വരൂപമായ ബുദ്ധിതത്വം—വിജ്ഞാനം—ഉണ്ടെന്നു ശാസ്ത്രമുള്ളതിനാൽ ദേഹത്തെ വേറിട്ടിരിക്കുന്ന ബുദ്ധിയുണ്ടെന്നു സമ്മതിക്കേണം എന്നാണെങ്കിൽ ബുദ്ധിയിൽ പ്രവേശിച്ച ആത്മാവ് എന്നിങ്ങിനെ പ്രവേശത്തെ പറ

യുന്ന ശ്രുതിപ്രമാണങ്ങൾ അധികമുള്ളതിനാൽ പ്രമാണാനുസരണം ബുദ്ധിയിൽനിന്നന്യമായ ചിദാഭാസനും ഉണ്ടെന്നു സമ്മതിക്കേണ്ടതല്ലെയോ. അതുകൊണ്ടു അങ്ങയുടെ ആദ്യത്തെ വാദം തകർന്നുപോയി.

36. ധീയുക്തസ്യ പ്രവേശശ്ചേ ന്നൈതരേയേ ധിയഃ പൃഥക്
ആത്മാപ്രവേശം സങ്കല്പ്യ പ്രവിഷ്ട ഇതി ഗീയതേ.

ധീയുക്തസ്യപ്രവേശഃചേത്=ബുദ്ധ്യുപാധിസഹിതന്റെ പ്രവേശംതന്നെയുണ്ടായത് എന്നാണെങ്കിൽ. ന=അല്ല ധിയഃപൃഥക്പ്രവേശംസങ്കല്പ്യ=ധീയിൽനിന്നു വേറിട്ടിരിക്കുന്ന ഒന്നിന്റെ പ്രവേശത്തെ സങ്കല്പിച്ചിട്ടു. ആത്മാപ്രവിഷ്ടഃഇതി=ആത്മാവു് പ്രവേശിച്ചു എന്നു. ഐതരേയേഗീയതേ=ഐതരേയത്തിൽ പറയപ്പെട്ടിരിക്കുന്നു.

പൂർവ്വപക്ഷി പ്രവേശശ്രുതിയെ മറെറാരുവിധത്തിൽ വ്യാഖ്യാനിച്ചിട്ടു ആ ദോഷത്തിൽനിന്നു മുക്തനാവാൻ നോക്കുന്നു:—ബുദ്ധിയാകുന്ന ഉപാധിയിലുള്ള ആത്മാവിന്റെ പ്രവേശത്തെത്തന്നെയാണ് "പ്രവിഷ്ടഃ" എന്ന പദത്താൽ പറയപ്പെട്ടിരിക്കുന്നത് എന്നു സംശയിക്കുന്നുവെങ്കിൽ അത് ഭ്രമമാണ്. ബുദ്ധിയിൽനിന്നും അന്യമായ ആത്മാവിന്റെ പ്രവേശത്തെ സങ്കല്പിച്ചിട്ടാണ് "ആത്മാപ്രവിഷ്ടഃ" എന്ന് ഐതരേയശ്രുതിയിൽ പറഞ്ഞിരിക്കുന്നത്. ആകയാൽ ബുദ്ധിയിൽനിന്നന്യമായ ആത്മാവിന്റെ പ്രവേശത്തെയാണ് ശ്രുതി വെളിപ്പെടുത്തുന്നത് എന്നുധരിക്കേണം.

37. കഥംന്വിദം സാക്ഷദേഹം മദൃതേസ്യാ ദിതീരണാത്
വിദാര്യ്യ മൂർദ്ധസീമാനം പ്രവിഷ്ടഃ സംസരത്യയം.

ഇദംസാക്ഷദേഹം=ഇന്ദ്രിയങ്ങളോടുകൂടിയ ഈ ദേഹം. മദൃതേകഥംനു=എന്നെക്കൂടാതെ എങ്ങിനെ നിർവ്വഹിക്കും. ഇതിമൂർദ്ധസീമാനം വിദാര്യ്യ=എന്ന വിചാരത്താൽ മൂർദ്ധാവിന്റെ അതൃത്തിയെ പിളർന്നിട്ടു. പ്രവിഷ്ടഃഅയംസംസരതി=പ്രവേശിച്ച ഇവൻ—ചിദാഭാസൻ—സംസരിക്കുന്നു. ഇതിഈരണാത്=എന്നു ശ്രുതി പറഞ്ഞിട്ടുള്ളതുകൊണ്ടു.

പ്രവേശശ്രുതിവാക്യാർത്ഥത്തെ ശ്ലോകരൂപേണ കാണിക്കുന്നു:—ശരീരങ്ങളോടും ഇന്ദ്രിയങ്ങളോടും കൂടിയിരിക്കുന്ന ഈ ജഡസംഘാതം ചേതനസ്വരൂപനായ എന്നോടുകൂടാതെ എങ്ങിനെ നിലനില്ക്കും എന്നാലോചിച്ചിട്ടു മൂർദ്ധാവിന്റെ മധ്യപ്രവേശത്തെ തന്റെ സന്നിധിമാത്രത്താൽ ഭേദിച്ചിട്ടു—അവിടെ ദ്വാരമുണ്ടാക്കീട്ടു പ്രവേശിച്ചു. ആ ഇവൻ—പ്രവിഷ്ടനായ ആത്മാവ്—ജാഗ്രത്ത് സ്വപ്നം സുഷുപ്തിജന്മജരാമരണം എന്നിങ്ങനെയുള്ള സംസാരത്തെ പ്രാപിക്കുന്നു, എന്നാണ് ശ്രുതി പറയുന്നത്.

38. കഥംപ്രവിഷ്ടോസംഗശ്ചേൽ സൃഷ്ടിർവാസ്യ കഥം വദ
മായികത്വം തയോസ്തുല്യം വിനാശശ്ച സമസ്തയോഃ.

അസംഗഃചേത്=സംഗരഹിതനാണെങ്കിൽ. കഥംപ്രവിഷ്ടഃ=എങ്ങിനെ പ്രവേശിച്ചു. അസ്യസൃഷ്ടിഃവാകഥംവദ=ഇവന്റെ സൃഷ്ടിതന്നെ എങ്ങിനെയുണ്ടായി പറയു. മായികത്വം=മായാവാനായതുകൊണ്ടു എന്നാണ് സമാധാനം എങ്കിൽ. തയോഃതുല്യം=(മായികത്വം)അതു രണ്ടിനും സമാനം. തയോഃ വിനാശഃചസമഃ=രണ്ടിന്റെ നാശവും തുല്യം.

അസംഗനായ ആത്മാവ് എങ്ങിനെയാണ് പ്രവേശിക്കുന്നത് എന്നു ശങ്കിക്കുന്നുവെങ്കിൽ, അങ്ങിനെയുള്ള അസംഗൻ എങ്ങിനെയാണ് സൃഷ്ടിക്കുന്നത് എന്നും ശങ്കിക്കാമല്ലൊ. സൃഷ്ടികർത്താവ് മായാവാനായതുകൊണ്ടാണ് സൃഷ്ടിക്കുന്നത് എന്നാണിതിന്നു സമാധാനമെങ്കിൽ എന്നാൽ സൃഷ്ടിക്കും പ്രവേശത്തിന്നും നാശത്തിന്നും മായികത്വഹേതു സമാനംതന്നെ.

39. സമുത്ഥായൈഷ ഭൂതേഭ്യസ്താന്യേവാനുവിനശ്യതി
വിസ്പഷ്ടമിതി മൈത്രേയ്യൈ യാജ്ഞവല്ക്യ ഉവാചഹി.

ഏഷഃഭൂതേഭ്യഃസമുത്ഥായ=ഇവൻ ഭൂതങ്ങളിൽനിന്നുണ്ടായിട്ടു. താനി ഏവ അനുവിനശ്യതി=അവയെ അനുസരിച്ചുതന്നെ നശിക്കയും ചെയ്യുന്നു. ഇതിവിസ്പഷ്ടംയാജ്ഞവല്ക്യഃ=എന്നു എത്രയും സ്പഷ്ടമായിട്ടു യാജ്ഞവല്ക്യൻ. മൈത്രേയ്യൈഉവാചഹി=മൈത്രേയിയോടു പറഞ്ഞിട്ടുള്ളതു പ്രസിദ്ധമാകുന്നു.

പ്രജ്ഞാനഘനസ്വരൂപനായ ഈ ആത്മാവ് പഞ്ചഭൂതകാര്യ്യങ്ങളായ ദേഹേന്ദ്രിയാദ്യുപാധികളെ അഭിമാനിച്ചതുകൊണ്ടു സോപാധികൻ എന്ന സംജ്ഞയെ വഹിക്കുന്നു. ആ ഉപാധികളുടെ നാശത്തിൽ ആ സംജ്ഞയും ഇല്ലാതെയാകുന്നുവെന്നു യാജ്ഞവല്ക്യമുനി മൈത്രേയിയോടു എത്രയും സ്പഷ്ടമാ

യി പറഞ്ഞിട്ടുള്ളത് പ്രസിദ്ധമാകുന്നു. ഉപാധികാംക്കല്ലാതെ ആത്മാ പിന്നെ ജന്മനാശാദിഭാവങ്ങളൊന്നു മില്ലെന്നുള്ളതാണ് ശ്രുതിസിദ്ധാന്തം.

40. അവിനാശ്യയമാത്മേതി കൂടസ്ഥഃ പ്രവിവേചിതഃ
മാത്രാസംസർഗഇത്യേവമസംഗത്വസ്യകീർത്തനാത്.

അയം ആത്മാഅവിനാശീഇതി=ഈ ആത്മാവ് വിനാശമില്ലാത്തവൻ എന്ന വാക്യത്താൽ. കൂടസ്ഥഃപ്രവിവേചിതഃ=കൂടസ്ഥൻ സ്പഷ്ടമായി വേർതിരിക്കപ്പെട്ടു. അസംഗത്വസ്യകീർത്തനാൽ=അസംഗഭാവത്തേയും പറഞ്ഞിരിക്കയാൽ. മാത്രാസംസർഗഃ ഇതി ഏവം=മാത്രകളോട് (ദേഹാദികളോടു) സംസർഗമില്ലെന്നിപ്രകാരവും പറയപ്പെട്ടു.

"അവിനാശീവാ അരേയമാത്മാ'. എടോ ഈ ആത്മാവ് നാശമുള്ളവനല്ല എന്ന വാക്യത്താൽ നാശരഹിതനായ കൂടസ്ഥനെ ചിദാഭാസനിൽനിന്നു വേർതിരിച്ചു കാട്ടിയിരിക്കുന്നു "മാത്രാസംസർഗ്ഗസ്ത്വസ്യഭവതി" ഇവന്നു ദേഹാദികളോട് സംസർഗവുമില്ല എന്ന വാക്യത്താൽ നാശമില്ലായ്മക്കുള്ള കാരണവും സംഗമില്ലായ്മയും വ്യക്തമാക്കപ്പെടുകയും ചെയ്തു.

41. ജീവാപേതം വാവ കില ശരീരം മ്രിയതേ നസഃ
ഇത്യത്ര നവിമോക്ഷോൎത്ഥഃ കിന്തുലോകാന്തരേ ഗതിഃ.

ജീവാപേതം ശരീരം വാവ=ജീവരഹിതമായ ശരീരം മാത്രം. മ്രിയതേസഃ നമ്രിയതേ=മരിക്കുന്നു, അവൻ (ജീവൻ) മരിക്കുന്നില്ല. ഇത്യത്രവിമോക്ഷഃനഅൎത്ഥഃ=എന്ന ഇതിൽ മോക്ഷമില്ലെന്നൎത്ഥമില്ല. കിന്തുലോകാന്തരേഗതിഃ=പിന്നെയെന്താണതിന്നൎത്ഥമെങ്കിൽ ലോകാന്തരഗതിയുണ്ടെന്നു മാത്രമാണൎത്ഥം

"ജീവാപേതം വാവ കില:ഇദം മ്രിയതേന ജീവോമ്രിയതേ" ജീവരഹിതമായ ഈ ശരീരം നശിക്കുന്നു ജീവൻ നശിക്കുന്നില്ല" എന്നൎത്ഥമായ ശ്രുതിവാക്യം ഉപാധിസഹിതനായ ജീവന്നും (ചിദാഭാസന്നും) നാശമില്ലെന്നു കാണുന്നതിനാൽ ജീവന്നു സംസാരത്തിൽനിന്നു മോചനം ഇല്ലെന്നു വരുന്നില്ലേയോ എന്ന ശങ്ക തീൎക്കാൻ മേൽകാണിച്ച ശ്രുതിയുടെ അൎത്ഥം നിഷ്കൎഷിച്ചു കാണിക്കുന്നു. ജീവനിൽനിന്നു വേറിട്ട ശരീരം മാത്രമാണ് നശിക്കുന്നത് ജീവൻ നശിക്കുന്നില്ല എന്ന ശ്രുതിയുടെ അൎത്ഥം ജീവന്നു മോക്ഷമില്ലെന്നു കാണിക്കുകയല്ല ചെയ്യുന്നത്: പിന്നെയോ ജീവന്ന് ലോകാന്തരഗതിയുണ്ട്. പുണ്യപാപകൎമ്മങ്ങളുടെ ഫലാനുഭവത്തിന്നായി സ്വർഗനരകാദിലോകങ്ങളിലേക്കു ഗമനവും ആ ഫലങ്ങളെ അവിടെ അനുഭവിച്ചുകഴിഞ്ഞാൽ മനുഷ്യലോകത്തിലേക്കു ആഗമനവും ഉണ്ട് എന്നൎത്ഥത്തെ മാത്രമേ കാണിക്കുന്നുള്ളു.

42. നാഹംബ്രഹ്മേതി ബുദ്ധ്യേത സവിനാശീതിചേന്നതത്
സാമാനാധികരണ്യസ്യ ബാധായാമപി സംഭവാത്.

വിനാശീസഃ അഹം ബ്രഹ്മഇതി=നാശസ്വഭാവമുള്ള അവൻ; (ജീവൻ) ഞാൻ ബ്രഹ്മമാണെന്ന്. നബുദ്ധ്യേതഇതിചേത്=അറികയില്ലല്ലൊ എന്നാണെങ്കിൽ. നതത്=അതു ശരിയല്ല. ബാധായാംഅപി=ബാധ സംഭവിക്കുമ്പോഴും. സാമാനാധികരണ്യസ്യ=സാമാനാധികരണ്യത്തിന്റെ. സംഭവാത്=സംഭവം ഉള്ളതുകൊണ്ട്.

എന്നാൽ:—ദേഹാഭിമാനനാശത്തിൽ ജീവത്വവും നശിക്കുമെന്നു വന്നാലും ദോഷംതീരുന്നതല്ല. ജീവമോക്ഷം എന്നത് "അഹം ബ്രഹ്മാസ്മി" ഞാൻ ബ്രഹ്മമാകുന്നുവെന്നുള്ള സാമാനാധികരണ്യജ്ഞാനംകൊണ്ടുണ്ടാകുന്നതാണ് എന്നല്ലെ ശാസ്ത്രസിദ്ധാന്തം. നാശമുള്ള ജീവന്നു ഞാൻ നാശമില്ലാത്ത ബ്രഹ്മമാണെന്നുള്ള ജ്ഞാനമുണ്ടാകാൻ തരമില്ലല്ലൊ. അപ്പോരം ഞാൻ ബ്രഹ്മംഎന്ന അറിവുരൂപമായ മോക്ഷം ജീവന്നെങ്ങിനെയുണ്ടാകും എന്നാണ് ശങ്ക. ഈ ശങ്ക ശരിയല്ല. ദേഹേന്ദ്രിയാദികളിൽ അഭിമാനമുണ്ടായതുകൊണ്ടാണ് ജീവഭാവം സിദ്ധിച്ചത്. ജ്ഞാനത്താൽ ആ അഭിമാനം ബാധിക്കപ്പെടുമ്പോരം ജീവത്വം നശിക്കും ഈ നാശത്തെയാണ് ജീവത്വമോക്ഷം എന്നു പറയുന്നത് ഈ അവസ്ഥയിൽ മുഖ്യമായ ബ്രഹ്മഭാവം സിദ്ധമല്ലെങ്കിലും—ഞാൻ പ്രതിബിംബമല്ല ബിംബംതന്നെയാണെന്നുള്ള സാമാനാധികരണ്യം—ബ്രഹ്മഭാവബോധം—ഉണ്ടാകുന്നതാണ്.

43. യോയംസ്ഥാണുഃ പുമാനേഷ പുംധിയാ സ്ഥാണുധീരിവ
ബ്രഹ്മാസ്മീതിധിയാശ്ശേഷാ ഹ്യഹംബുദ്ധി ന്നിവൎത്ത്യതേ.

യഃ അയംസ്ഥാണുഃ=യാതൊന്നോ ഈ സ്ഥാണു (സ്തംഭം). ഏഷഃ പുമാൻ=ഇവൻ പുരുഷൻ. ഇതിപും

ധിയാ=എന്നുള്ള പുരുഷത്വബുദ്ധിയാൽ. സ്ഥാണുധീഃഇവ=സ്ഥാണുവെന്നുള്ള ബുദ്ധിപോലെ. ബ്രഹ്മ അസ്മി ഇതിധിയാ=ഞാൻ ബ്രഹ്മമാകുന്നുവെന്ന ബുദ്ധിയാൽ. ഏഷാ അഹംബുദ്ധിഃ=ഈ അഹംബുദ്ധിയും. നിവർത്ത്യതേഹി=നിവർത്തിക്കപ്പെടുന്നു, നിശ്ചയം.

ബാധാസാമാനാധികരണ്യത്താൽ "അഹം ബ്രഹ്മാസ്മി" എന്നുള്ള വാക്യാർത്ഥബോധം ഉണ്ടാകുന്ന പ്രകാരത്തെ വാർത്തികകാരനായ സുരേശ്വരാചാൎയ്യർ ദൃഷ്ടാന്തപൂർവ്വം പറഞ്ഞിട്ടുള്ളതിനെ എടുത്തുകാണിക്കുന്നു:—ഉറച്ചുനില്ക്കുന്ന ഒരു സ്തംഭത്തെ മന്ദാന്ധകാരത്തിൽ കണ്ട ഒരാൾ അതാ ഒരാൾ നില്ക്കുന്നു എന്നു ധരിക്കുന്നു. അപ്പോൾ ആയാൾക്കു സ്തംഭമാണെന്നുള്ള ബോധം ഇല്ലാതാകുന്നു. ഇതുപോലെ "ഞാൻ ബ്രഹ്മമാകുന്നു"വെന്നുള്ള ബോധമുണ്ടാകുമ്പോൾ ഞാൻ കർത്താവാകുന്നു, ഭോക്താവാകുന്നുവെന്നിങ്ങിനെയുള്ള അഹംബുദ്ധിയും നശിക്കുന്നു, നിശ്ചയം.

44. നൈഷ്കർമ്മ്യ സിദ്ധാവപ്യേവമാചാൎയ്യൈഃ സ്പഷ്ടമീരിതം
സാമാനാധികരണ്യസ്യ ബാധാർത്ഥത്വ മതോസ്തു തത്.

ഏവം ആചാൎയ്യൈഃ=ഇപ്രകാരം ആചാൎയ്യരാൽ. നൈഷ്കർമ്മ്യസിദ്ധൌ അപി=നൈഷ്കർമ്മ്യസിദ്ധിയിലും. സ്പഷ്ടം ഈരിതം=സ്പഷ്ടമായി പറയപ്പെട്ടിട്ടുണ്ട്. അതഃതത്=അതുകൊണ്ടു അതു (വാക്യാർത്ഥം) സാമാനാധികരണ്യസ്യ=സാമാനാധികരണ്യത്തിന്റെ. ബാധാർത്ഥത്വം അസ്തു=ബാധാർത്ഥഭാവമായിരിക്കട്ടെ.

മുമ്പെ പറഞ്ഞവിധത്തിൽതന്നെ വാർത്തികകാരനായ സുരേശ്വരാചാൎയ്യർ നൈഷ്കർമ്മ്യസിദ്ധിയെന്ന ഗ്രന്ഥത്തിലും മഹാവാക്യാർത്ഥത്തിന്നു സാമാനാധികരണ്യത്തിന്റെ ബാധാർത്ഥഭാവം വെളിപ്പെടുത്തീട്ടുണ്ട്. അതുകൊണ്ടു "ഞാൻ ബ്രഹ്മം" എന്ന വാക്യത്തിൽ സാമാനാധികരണ്യം എന്ന പദാർത്ഥത്തിന്നു സാധകത്വമിരിക്കട്ടെ.

45. സൎവ്വം ബ്രഹ്മേതിജഗതാ സാമാനാധികരണ്യവത്
അഹം ബ്രഹ്മേതിജീവേന സാമാനാധികൃതിർഭവേത്.

സൎവ്വം ബ്രഹ്മ ഇതിജഗതാ=സൎവ്വവും ബ്രഹ്മം എന്നവാക്യത്താൽ ജഗത്തിനോട്. സാമാനാധികരണ്യവത്=സാമാനാധികരണ്യമെന്നപോലെ അഹംബ്രഹ്മ ഇതിജീവേന=ഞാൻ ബ്രഹ്മം എന്ന വാക്യത്താൽ ജീവനോട്. സാമാനാധികൃതിഃ ഭവേത്=സാമാനാധികരണ്യം ഭവിക്കും.

ഇങ്ങിനെയാണെങ്കിലും ശ്രുതികളിൽ ബാധയിൽ സാമാനാധികരണ്യം പറയപ്പെട്ടതായിട്ടു എവിടേയും കാണുന്നില്ലല്ലൊ എന്ന ശങ്കക്കു സമാധാനം:—"സൎവ്വം ഖല്വിദം ബ്രഹ്മ." ഇക്കാണപ്പെടുന്നതു സൎവ്വവും ബ്രഹ്മംതന്നെ എന്നവാക്യം ജഗത്തോടു ബ്രഹ്മത്തിന്നുള്ള സാമാനാധികരണ്യത്തെ ബോധിപ്പിക്കുന്നതുപോലെ "അഹം ബ്രഹ്മാസ്മി" എന്ന മഹാവാക്യാർത്ഥം ജീവനോടുള്ള സാമാനാധികരണ്യത്തേയും ബോധിപ്പിക്കുന്നുവെന്നു ധരിക്കേണം.

46. സാമാനാധികരണ്യസ്യ ബാധാർത്ഥത്വം നിരാകൃതം
പ്രയത്നാതോ വിവരണേ കൂടസ്ഥസ്യ വിവക്ഷയാ.

സാമാനാധികരണ്യസ്യ ബാധാർത്ഥത്വം=സാമാനാധികരണ്യത്തിന്റെ ബാധാർത്ഥഭാവം. വിവരണേപ്രയത്നതഃ നിരാകൃതം=വിവരണഗ്രന്ഥത്തിൽ പ്രയാസപ്പെട്ടു നിരാകരിക്കപ്പെട്ടിട്ടുണ്ട്. കൂടസ്ഥസ്യ വിവക്ഷയാ=കൂടസ്ഥന്റെ വിവക്ഷകൊണ്ടാണതു ചെയ്യപ്പെട്ടിരിക്കുന്നത്.

അങ്ങിനെയാണെങ്കിൽ ബാധാസാമാനാധികരണ്യത്തെ വിവരണഗ്രന്ഥകർത്താവ് നിരാകരിപ്പാനെന്തു കാരണം എന്ന ശങ്കക്കു സമാധാനം:—വിവരണാചാൎയ്യന്റെ അഭിപ്രായം അഹം (ഞാൻ) എന്ന ശബ്ദത്തിന്നു കൂടസ്ഥൻ എന്നൎത്ഥമാണ്. അതിനെ ഉറപ്പിക്കുവാൻ സാമാനാധികരണ്യത്തിന്റെ ബാധാർത്ഥനിലയെ വളരെ പണിപ്പെട്ടു നിരാകരിച്ചിരിക്കുന്നു. കൂടസ്ഥനും ബ്രഹ്മവും ഭിന്നമല്ലാത്തതുകൊണ്ട് ബാധാർത്ഥത്തിന്റെ ആവശ്യകതയില്ലെന്നാണ് വിവരണാചാൎയ്യമതം.

47. ശോധിതസ്ത്വംപദാർത്ഥോ യഃ കൂടസ്ഥോ ബ്രഹ്മരൂപതാം
തസ്യവക്തും വിവരണേ തഥോക്തമിതരത്ര ച.

ശോധിതഃ ത്വംപദാർത്ഥഃയഃ കൂടസ്ഥഃ=ശോധന ചെയ്യപ്പെട്ട ത്വംപദലക്ഷ്യാർത്ഥമായ യാതൊരു കൂടസ്ഥനോ. തസ്യ ബ്രഹ്മരൂപതാം വക്തും=അതിന്നു ബ്രഹ്മസ്വരൂപതയെ പറയുവാനായിട്ടാണ്. വിവരണേ ഇതരത്ര ച=വിവരണഗ്രന്ഥത്തിലും മററ ചിലേടത്തും. തഥാഉക്തം=ആവിധം പറയപ്പെട്ടിരിക്കുന്നു.

"കൂടസ്ഥസ്യ വിവക്ഷയാ" എന്നു മുമ്പേപറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—ബുദ്ധ്യാദികളിൽ സംബന്ധമില്ലാതിരിക്കുന്ന ത്വംപദലക്ഷ്യാൎത്ഥമായ കൂടസ്ഥചൈതന്യം യാതൊന്നോ അതിൻെറ ബ്രഹ്മസ്വരൂപതയെ വിവരിപ്പാനായിട്ടു വിവരണാദിഗ്രന്ഥങ്ങളിൽ ബാധാസാമാനാധികരണ്യത്തെ നിരാകരിച്ചുകൊണ്ടു മുഖ്യസാമാനാധികരണ്യം പറയപ്പെട്ടിരിക്കുന്നു.

48. ദേഹേന്ദ്രിയാദിയുക്തസ്യ ജീവാഭാസഭ്രമസ്യ യാ
അധിഷ്ഠാനചിതിഃസൈഷാ കൂടസ്ഥോത്ര വിവക്ഷിതാ.

ദേഹേന്ദ്രിയാദിയുക്തസ്യ=ദേഹേന്ദ്രിയാദി സഹിതനായ. ജീവാഭാസഭ്രമസ്യ=ജീവാഭാസഭ്രമത്തിൻെറ. അധിഷ്ഠാനചിതിഃയാ=അധിഷ്ഠാനചൈതന്യം യാതൊന്നോ. സാഏഷാ കൂടസ്ഥഃ അത്രവിവക്ഷിതാ= ആ ഈ ചൈതന്യം കൂടസ്ഥൻഎന്നാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു.

ഇപ്പോൾ വേദാന്തശാസ്ത്രത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൂടസ്ഥചൈതന്യത്തിന്ന് ബ്രഹ്മത്തോടു ഐക്യമുണ്ടെന്നു കാണിപ്പാൻ കൂടസ്ഥശബ്ദത്താൽ വിവക്ഷിതമായ അൎത്ഥം എന്താണെന്നു കാണിക്കുന്നു:—ദേഹം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയോടു ചേൎന്നിരിക്കുന്ന ചിദാഭാസഭ്രമത്തിന്ന് അധിഷ്ഠാനമായ ചൈതന്യം യാതൊന്നോ അതിനെയാണ് വേദാന്തശാസ്ത്രത്തിൽ കൂടസ്ഥശബ്ദത്താൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ജീവരൂപനായ ചിദാഭാസനെയല്ല കൂടസ്ഥശബ്ദത്താൽ പറയപ്പെടുന്നത്. നിൎവ്വികാരം എന്നൎത്ഥമായ കൂടസ്ഥശബ്ദം സവികാരചേതനമായ ചിദാഭാസനിൽ അന്വൎത്ഥമാകയില്ല എന്നാണ് വേദാന്തശാസ്ത്രസിദ്ധാന്തം എന്നു സാരം.

49. ജഗൽഭ്രമസ്യ സൎവ്വസ്യ യദധിഷ്ഠാനമീരിതം
ത്രയ്യന്തേഷു തദത്രസ്യാൽ ബ്രഹ്മശബ്ദവിവക്ഷിതം.

സൎവ്വസ്യ ജഗൽഭ്രമസ്യ=സൎവ്വമായ ജഗൽഭ്രമത്തിന്നും. യത് അധിഷ്ഠാനം ത്രയ്യന്തേഷു ഈരിതം=വേദാന്തങ്ങളിൽ യാതൊന്നാണധിഷ്ഠാനം എന്നു പറയപ്പെട്ടിരിക്കുന്നുവോ. തത് അത്ര ബ്രഹ്മശബ്ദവിവക്ഷിതം=അതിവിടെ ബ്രഹ്മശബ്ദത്താൽ വിവിക്ഷിതമാകുന്നു.

സൎവ്വജഗൽഭ്രമത്തിന്നും അധിഷ്ഠാനമായിട്ടുള്ളതു യാതൊന്നു വേദാന്തങ്ങളിൽ പറയപ്പെട്ടിരിക്കുന്നുവോ ആ വസ്തുവിനെയാണ് ബ്രഹ്മശബ്ദംകൊണ്ടു കാണിക്കുന്നത്. എല്ലാവിധ ഭ്രമത്തിന്നും അധിഷ്ഠാനം വേണം. സൎപ്പഭ്രമത്തിന്ന് രജ്ജുവെന്നപോലെ. കയറാണെന്നറിയായ്കയാണ് സൎപ്പബുദ്ധിയുണ്ടാവാൻ കാരണം. അതുകൊണ്ടു കയറാണെന്നറിയുന്നതോടുകൂടെ സൎപ്പഭ്രമവും നിവൎത്തിക്കുന്നു. അതുപോലെ ചിദാഭാസഭ്രമത്തിന്നു കൂടസ്ഥനും സമസ്തജഗൽഭ്രമത്തിന്നു ബ്രഹ്മവും അധിഷ്ഠാനം എന്നു സാരം.

50. ഏതസ്മിന്നേവ ചൈതന്യേ ജഗദാരോപ്യതേ യദാ
തദാതദേകദേശസ്യ ജീവാഭാസസ്യ കാകഥാ.

യദാ ഏതസ്മിൻ ചൈതന്യേ ഏവ=എപ്പോൾ ഈ ചൈതന്യത്തിൽതന്നെ. ജഗത് ആരോപ്യതേ=ജഗത്ത് ആരോപിക്കപ്പെടുന്നുവോ. തദാതദേകദേശസ്യ=അപ്പോൾ ആ ചൈതന്യത്തിൻെറ അംശമായിരിക്കുന്ന. ജീവാഭാസസ്യകാ കഥാ=ചിദാഭാസൻെറ കഥ പറയേണമോ.

ജീവഭ്രമത്തിന്നധിഷ്ഠാനം കൂടസ്ഥചൈതന്യം എന്നത് യുക്തമല്ല. എന്തുകൊണ്ടെന്നാൽ ജീവൻ ആരോപിതനല്ലെല്ലോ എന്നാണെങ്കിൽ ആ ശങ്ക ശരിയല്ല: കാരണം:—ഈ ബ്രഹ്മചൈതന്യത്തിൽ ആരോപിതമാണ് സൎവ്വജഗത്തും എന്നിരിക്കേ അതിൻെറ ഏകദേശാംശമായിരിക്കുന്ന ജീവൻ ആരോപിതനാണെന്നു വേറെ പറയേണമോ.

51. ജഗത്തദേകദേശാഖ്യ സമാരോപ്യസ്യ ഭേദതഃ
തത്വംപദാൎത്ഥൌ ഭിന്നൌവസ്തുതസ്ത്വേകതാചിതഃ.

ജഗത്തദേകദേശാഖ്യ സമാരോപ്യസ്യഭേദതഃ=ജഗത്ത് അതിൻെറ ഏകാംശം എന്നിങ്ങിനെ ആരോപ്യവസ്തുവിൻെറ ഭേദത്താൽ. തത്ത്വം പദാൎത്ഥൌ ഭിന്നൌവസ്തു=തൽപദത്തിൻെറയും ത്വംപദത്തിൻെറയും അൎത്ഥങ്ങൾ ഭിന്നങ്ങളാകുന്നു. വസ്തുതഃ തുചിതഃ ഏകതാ=സത്യാവസ്ഥയിലാകട്ടെ ചിത്തിന്നു ഏകത്വം സിദ്ധമാണ്.

ജഗത്തിൻെറ അധിഷ്ഠാനചൈതന്യം ഏകമായതുകൊണ്ടു തച്ഛബ്ദാൎത്ഥവും ത്വംപദാൎത്ഥവും ഒന്നായിരിക്കെ "തത് ത്വം" എന്ന രണ്ടുപദം ആവശ്യമില്ലാത്തതല്ലെയോ എന്നു ശങ്കിച്ച് അതിന്നു സ

മാധാനം പറയുന്നു:—സമസ്തമായ ജഗത്തും അതിൻെറ അംശമായ ശരീരേന്ദ്രിയാദിസംഘാതവും വെവ്വേറെ ആരോപ്യമായ വസ്തുവെന്നു വന്നതുകൊണ്ടു തൽപദത്തിനും ത്വംപദത്തിനും ക്രമേണ ബ്രഹ്മമെന്നും കൂടസ്ഥനെന്നും ഭിന്നാർത്ഥങ്ങളുണ്ടായി. വാസ്തവത്തിൽ ചൈതന്യത്തിനു ഭേദമില്ല. കൂടസ്ഥനും ബ്രഹ്മവും ഏകംതന്നെ.

52. കർത്തൃത്വാദീൻ ബുദ്ധിധർമ്മാൻ സ്ഫൂർത്ത്യാഖ്യാം ചാത്മരൂപതാം
ദധദ്വിഭാതി പുരത ആഭാസോതോ ഭ്രമോഭവേത്.

ബുദ്ധിധർമ്മാൻ കർത്തൃത്വാദീൻ=ബുദ്ധിധർമ്മങ്ങളായ കർത്തൃത്വാദികളേയും. സ്ഫൂർത്ത്യാഖ്യാം ആത്മരൂപതാം ച ദധത്=സ്ഫൂർത്തി എന്നു പേരായ ആത്മസ്വരൂപത്തെയും ധരിച്ചുകൊണ്ടു. പുരതഃ ഭാതി=പ്രത്യക്ഷത്തിൽ പ്രകാശിക്കുന്നു. അതഃആഭാസഃ ഭ്രമഃ ഭവേത്=അതുകൊണ്ടു ആഭാസം ഭ്രമംതന്നെ എന്നുവരും.

ശുക്തിയിൽ രജതം ആരോപിതം എന്നപോലെ ചിദാഭാസൻ കൂടസ്ഥനിൽ ആരോപിതമാകയാൽ ഭ്രമസ്വരൂപമായും കൂടസ്ഥൻ അധിഷ്ഠാനസ്വരൂപമായും ഇരിക്കുന്നതായ അനുഭവമില്ലാത്തതിനാൽ ചിദാഭാസൻ ആരോപിതനാണെന്നെങ്ങിനെ ധരിക്കും എന്ന ശങ്കക്കു സമാധാനം:—കർത്താവ്, ഭോക്താവ്, പ്രമാതാവ് എന്നിങ്ങിനെയുള്ള ബുദ്ധിവികാരങ്ങളെ തൻെറ സ്വരൂപമായിട്ടു ധരിക്കുന്ന ചിദാഭാസൻതന്നെ ആത്മസ്വരൂപമായ സ്ഫൂർത്തിയെയും ധരിച്ചുംകൊണ്ടു സ്പഷ്ടമായി വിളങ്ങുന്നുവെല്ലൊ. അതിനാൽ ചിദാഭാസൻ കല്പിതംതന്നെ.

53. കാബുദ്ധിഃകോയമാഭാസഃ കോവാത്മാത്രജഗൽകഥം
ഇത്യനിർണയതോമോഹഃ സോയം സംസാരഇഷ്യതേ.

കാബുദ്ധിഃ കഃഅയംആഭാസഃ=ഏതാകുന്നു ബുദ്ധി ആരാകുന്നു ഈ ആഭാസൻ. അത്ര ആത്മാകഃ വാ=ഈ ശരീരത്തിൽ ആത്മാവാരാകുന്നു. കഥം ജഗത് ഇതി=എങ്ങിനെ ജഗത്തുണ്ടായിയെന്ന്. അനിർണയതഃ മോഹഃ=നിശ്ചയജ്ഞാനം ഇല്ലാത്തവന്നാണ് മോഹം. സഃ അയം സംസാരഃ ഇഷ്യതേ=ആ മോഹം സംസാരം എന്നു പറയപ്പെടുന്നു.

ഈ ഭ്രമത്തിന്നു കാരണമെന്താകുന്നുവെന്നു കാണിക്കുന്നു:—ബുദ്ധിയെന്നത് ഏതാണ്? ആഭാസൻ ആരാകുന്നു? ആത്മാവാരാകുന്നു? ജഗത്തെങ്ങിനെയുണ്ടായി? എന്നിവയെകുറിച്ചുള്ള നിശ്ചയജ്ഞാനം ഇല്ലാത്തതുകൊണ്ടാണ് ഭ്രമം ഉണ്ടാകുന്നത്. ഇതുതന്നെയാണ് ജന്മജരാമരണാദിസംസാരകാരണം. ഈ കാരണത്തെ നീക്കംചെയ്യാൻ സാധിക്കുന്നതാണ് എന്നു കാണിപ്പാനാണ്, അനർത്ഥഹേതുവിനെ മുൻപിലെടുത്തു കാണിച്ചത്.

54. ബുദ്ധ്യാദീനാംസ്വരൂപംയോ വിവിനക്തിസതത്ത്വവിത്
സഏവമുക്തഇത്യേവം വേദാന്തേഷു വിനിശ്ചയഃ.

ബുദ്ധ്യാദീനാം സ്വരൂപം=ബുദ്ധ്യാദികളുടെ സ്വരൂപത്തെ. യഃ വിവിനക്തി=യാതൊരുത്തൻ തിരിച്ചറിയുന്നുവോ. സഃ തത്ത്വവിത്=അവൻ തത്ത്വം അറിഞ്ഞവൻ ഇതി വേദാന്തേഷു വിനിശ്ചയഃ=എന്നാണ് വേദാന്തങ്ങളിൽ നിശ്ചയം.

അനർത്ഥനിവൃത്ത്യുപായമെന്താണെന്നു കാണിക്കുന്നു:—ബുദ്ധ്യാദികളുടെ ശരിയായ സ്വരൂപത്തെ യാതൊരുവൻ വേർതിരിച്ചറിയുന്നുവോ അവൻതന്നെ ജ്ഞാനി. ആ ജ്ഞാനമുള്ളവൻ സംസാരദുഃഖത്തിൽനിന്നു മുക്തൻ എന്നാണ് വേദാന്തശാസ്ത്രസിദ്ധാന്തം.

55. ഏവംചസതിബന്ധഃ സ്യാൽ കസ്യേത്യാദി കുതർക്കജാഃ
വിഡംബനാദൃഢം ഖണ്ഡ്യാഃ ഖണ്ഡനോക്തി പ്രകാരതഃ.

ഏവംചസതി ബന്ധഃകസ്യ=ഇങ്ങിനെയാണെങ്കിലും ബന്ധം ആർക്കാകുന്നു. ഇത്യാദി കുതർക്കജാഃ വിഡംബനാഃ=എന്നിങ്ങനെ കുതർക്കങ്ങളിൽനിന്നുണ്ടാകുന്ന പരിഹാസങ്ങളും. ഖണ്ഡനോക്തി പ്രകാരതഃ=ഖണ്ഡനഗ്രന്ഥത്തിൽ പറഞ്ഞവിധത്തിൽ. ദൃഢംഖണ്ഡ്യാഃ=മൂലത്തോടുകൂടെ ഖണ്ഡിക്കപ്പെടേണ്ടവയാണ്.

ഇപ്രകാരമാണ് സത്യാവസ്ഥ എന്നിരിക്കിലും കുതാർക്കികയുക്തികളുള്ളവർ ഇങ്ങിനെ വാദിക്കും:—"അദ്വൈതശാസ്ത്രത്തിൽ അവിവേകമാണ് സംസാരമൂലമെന്നു പറയുന്നപക്ഷം ബന്ധമോക്ഷങ്ങളെ അനുഭവിക്കുന്നത് ആരാകുന്നു" എന്നിപ്രകാരം വാഗ്വൃത്തികളുംകൊണ്ട് കാട്ടിക്കൂട്ടുന്ന പരിഹാസവിശേഷങ്ങളെ ഖണ്ഡിക്കതന്നെവേണം. ഏതുവിധം ഖണ്ഡിച്ചാൽ അവക്കുത്തരം പറവാനില്ലെന്നുവ

ദമോ അങ്ങിനെയായിരിക്കേണം ഖണ്ഡിക്കുന്ന സമ്പ്രദായം. ഈ പഞ്ചദശിയിൽ ഉത്തമാധികാരികളുടെ സംശയനിവൃത്തിക്കാവശ്യമായ ഖണ്ഡനം ചെയ്തിട്ടുണ്ട്. അധികം സംശയമുള്ളവർ ഖണ്ഡനാദിഗ്രന്ഥങ്ങളെ ആശ്രയിക്കേണമെന്നു താൽപര്യം.

56. വൃത്തേഃസാക്ഷിതയാ വൃത്തിപ്രാഗഭാവസ്യ ച സ്ഥിതഃ
ബുഭുത്സായാം തഥാജ്ഞോ സ്മീത്യാഭാസാ ജ്ഞാനവസ്തുനഃ.

വൃത്തേഃ വൃത്തിപ്രാഗഭാവസ്യ=വൃത്തിയുടെയും വൃത്തിപ്രാഗഭാവത്തിൻെറയും. ബുഭുത്സായാം തഥാ അജ്ഞഃ അസ്മിഇതി=അറിവാനാഗ്രഹമുണ്ടായപ്പോഴും അപ്രകാരംതന്നെ അജ്ഞനാകുന്നു എന്നുള്ള. ആഭാസാ ജ്ഞാനവസ്തുനഃച=ആഭാസിച്ചതായ അജ്ഞാനത്തിൻെറയും. സാക്ഷിതയാ ശിവഃസ്ഥിതഃ=സാക്ഷിയായിട്ടു ശിവൻ ഇരിക്കുന്നു.

മുമ്പെ പറഞ്ഞവിധത്തിൽ ശ്രുതികൾകൊണ്ടും യുക്തികൊണ്ടും കൂടസ്ഥനെ ബുദ്ധ്യാദികളിൽനിന്നു വേർതിരിച്ചു കാട്ടിയശേഷം പുരാണങ്ങളിലും കൂടസ്ഥനെ വേർതിരിച്ചിട്ടുണ്ടെന്നു കാണിക്കുന്നു:—പുരാണങ്ങളിൽ കൂടസ്ഥൻ എന്നതിന്നു പകരം ശിവൻ എന്ന സംജ്ഞകല്പിച്ചിരിക്കുന്നു. ആ ശിവൻ സകലത്തിന്നും സാക്ഷിയായിരിക്കുന്നവനാകുന്നുവെന്നും വർണ്ണിക്കുന്നു. അതെങ്ങിനെയെന്നാൽ:—ഏതെങ്കിലും ഒരു വൃത്തി കാമമോ ക്രോധമോ—എന്തോ ഒരു ചലനം—ഉണ്ടായാൽ ശിവൻ അതിനെ കാണുന്നുണ്ട്. വൃത്തികളൊന്നും ഉണ്ടാകാതിരിക്കുമ്പോൾ അതിനേയും (ഇതിനെയാണ് വൃത്തികളുടെ പ്രാഗഭാവം എന്നു പറഞ്ഞത്) കാണുന്നു. ആത്മസ്വരൂപത്തെ അറിയേണമെന്നുള്ള ആഗ്രഹം ഉദിച്ചാൽ അതിനെയും കാണുന്നു. അതില്ലാതിരുന്നപ്പോൾ ഞാൻ അറിവില്ലാത്തവനായിരുന്നുവെന്നു തോന്നിയ അജ്ഞാനത്തേയും കാണുന്നു. ഇങ്ങിനെ ചിദാഭാസനേയും അജ്ഞാനത്തേയും കൂടെ കണ്ടുകൊണ്ടുതന്നെ ശിവൻ എപ്പോഴും ഇരിക്കുന്നു.

57. അസത്യാലംബനത്വേന സത്യഃ സർവ്വജഡസ്യ തു
സാധകത്വേനചിദ്രൂപഃസദാ പ്രേമാസ്പദത്വതഃ.

58. ആനന്ദരൂപഃ സർവ്വാർത്ഥസാധകത്വേന ഹേതുനാ
സർവ്വസംബന്ധവത്വേന സംപൂർണ്ണഃ ശിവസംജ്ഞിതഃ.

ശിവസംജ്ഞിതഃസഃ=ശിവനെന്ന പേരുള്ള ആ ദേവൻ. അസത്യാലംബനത്വേന സത്യഃ=അസത്യമായ ജഗത്തിൻെറ അധിഷ്ഠാനമാകയാൽ സത്യസ്വരൂപനും. സർവ്വജഡസ്യ സാധകത്വേന ചിദ്രൂപഃ=സകലജഡവസ്തുവിൻെറയും അവഭാസകത്വംനിമിത്തം ജ്ഞാനാത്മകനും. സദാ പ്രേമാസ്പദതഃ ആനന്ദരൂപഃ=നിത്യവും പ്രേമാസ്പദത്വംനിമിത്തം ആനന്ദമൂർത്തിയും. സർവ്വാർത്ഥ സാധകത്വേന ഹേതുനാ=സർവ്വാർത്ഥങ്ങളേയും നിലനിർത്തുന്നവനാകയാൽ. സംപൂർണ്ണഃ=സർവ്വത്ര നിറഞ്ഞിരിക്കുന്നവനും ആകുന്നു.

ആ ശിവൻെറ സ്വരൂപത്തെ കാര്യകാരണസഹിതം പ്രതിപാദിക്കുന്നു:—ശ്രീ ശിവസംജ്ഞയാൽ പറയപ്പെട്ട പരമാത്മാവ് സച്ചിദാനന്ദപരിപൂർണ്ണസ്വരൂപനാകുന്നു:—എന്തുകൊണ്ടെന്നാൽ:—മിഥ്യാഭൂതമായ സർവ്വജഗത്തിന്നും അധിഷ്ഠാനമായതുകൊണ്ടു സത്യസ്വരൂപൻ. സർവ്വ ജഡവർഗ്ഗത്തേയും പ്രകാശിപ്പിക്കുന്നതുകൊണ്ടു ചിൽസ്വരൂപൻ. എല്ലാവരുടേയും എല്ലായ്പോഴുമുള്ള പ്രേമത്തിന്നാസ്പദമായതുകൊണ്ടു ആനന്ദസ്വരൂപൻ. സർവ്വാർത്ഥങ്ങളേയും നിലകുനിർത്തുന്നതിനാൽ സർവ്വത്ര സംബന്ധിക്കുന്നതുകൊണ്ടു സർവ്വത്ര പരിപൂർണ്ണൻ. ഇപ്പോൾ പറഞ്ഞ സംഗതികളിൽ സംശയവിപരീതഭാവങ്ങൾ ഉണ്ടാകാതിരിപ്പാൻ ഉപയോഗിക്കേണ്ടതായ യുക്തിസ്വരൂപത്തെ താഴെ കാണിക്കാം:—ശ്രീ ശിവൻ യാതൊരു വൃത്തികളിലും ഉൾപ്പെടാതെ വേറിട്ടുനില്ക്കുന്ന പരമതത്വമാണ്. എന്തുകൊണ്ട്? എല്ലാവൃത്തികളുടേയും ഉത്ഭവനാശങ്ങളുടെ സാക്ഷിയായതുകൊണ്ട്. ഏതൊരുതത്വം വൃത്ത്യാദികളിൽനിന്നു വേറിട്ടതല്ലയോ ആ തത്വത്തിന്നു വൃത്ത്യാദികളെ പ്രകാശിപ്പിക്കുവാനോ അവയുടെ ഉൽപത്തിനാശങ്ങളെ കാണ്മാനോ കഴിയുകയില്ല. ഒരു വൃത്തിക്ക് മറെറാരു വൃത്തിയെ പ്രകാശിപ്പിക്കുവാൻ കഴികയില്ലെന്നതു സർവ്വത്ര അനുഭവമുള്ളതാകുന്നു. അതുകൊണ്ടു ശ്രീ ശിവതത്വം വൃത്ത്യാദികളിൽനിന്നു ഭിന്നംതന്നെ. ശ്രീ ശിവൻ സത്യസ്വരൂപൻ. എന്തുകൊണ്ട്? മിഥ്യാഭൂതജഗത്തിന്നു അധിഷ്ഠാനമായതുകൊണ്ട്, രജതഭ്രാന്തിക്കധിഷ്ഠാനമായ ശുക്തിയെന്നപോലെ സത്യസ്വരൂപൻ. ഏതൊന്നു മിഥ്യയോ അതിന്നു മറെറാരു മിഥ്യാവസ്തുവിൻെറ അധിഷ്ഠാനമായിരിപ്പാൻ സാമർത്ഥ്യമായ സത്യത്വമില്ല. അതുകൊണ്ടു മിഥ്യാഭൂത സർവ്വജഗദധിഷ്ഠാനമായ ശിവതത്വം സത്യം. ശ്രീ ശിവൻ ചിൽസ്വരൂപൻ. എന്തുകൊണ്ട്? ജഡവർഗ്ഗത്തെ മുഴവനും പ്രകാശിപ്പിക്കുന്നതുകൊണ്ട്. ഏതൊന്നു ചിത്തല്ലയോ അതിന്നു ജഡത്തെ പ്രകാ

ശിപ്പിക്കുവാൻ സമർത്ഥമായ ജ്ഞാനാത്മകപ്രകാശമില്ല. ഒരു ഘടം അതുപോലെതന്നെ ജഡമായ പടത്തെ പ്രകാശിപ്പിക്കുന്നില്ലെന്നതു എത്രയും സ്പഷ്ടം. ശ്രീശിവൻ ആനന്ദാത്മകൻ. എന്തുകൊണ്ടു? പ്രേമത്തിന്നാസ്പദമായതുകൊണ്ടു. ഏതൊന്നിന്നു പരമാനന്ദാത്മകത്വം ഇല്ലയോ അതു പരമപ്രേമാസ്പദമാകയില്ല. ഘടാദിവസ്തുക്കളിൽ പരമപ്രേമം കാണപ്പെടുന്നില്ലല്ലോ. ശ്രീ ശിവൻ പരിപൂർണ്ണൻ. എന്തുകൊണ്ടു? എല്ലാററിലും സംബന്ധിച്ചിരിക്കുന്നതുകൊണ്ടു ആകാശമെന്നപോലെ പൂർണ്ണൻ. സർവ്വസംബന്ധം ഉണ്ടെന്നതിന്നു ലക്ഷ്യമെന്താകുന്നു? സർവ്വത്തേയും നിലക്കുനിർത്തുന്നതുതന്നെ ലക്ഷണം. സർവ്വസംബന്ധം ഏതൊന്നിന്നില്ലയൊ അതിന്നു സർവ്വത്തെ നിലക്കുനിർത്തുവാൻ സാധിക്കയില്ല. ഒരു ദീപത്തിന്നു സർവ്വസംബന്ധം ഇല്ലാത്തതുപോലെ. ദീപപ്രഭാ ഏതിൽ സംബന്ധിക്കുന്നുണ്ടോ അതിനെ മാത്രമല്ലാതെ മററൊരു ദിക്കിലുള്ള വസ്തുവിനെ പ്രകാശിപ്പിക്കുന്നില്ലല്ലൊ. അതുകൊണ്ടു സർവ്വസാധകത്വം ഏതിന്നുണ്ടോ അതിന്നു സർവ്വത്തോടും സംബന്ധമുണ്ടു. എന്നിങ്ങിനെയുള്ള യുക്തിയുപയോഗിച്ചു ശിവത്വത്തെ സംശയവിപരീതാദിഭാവങ്ങൾക്കിടംകൊടുക്കാതെ ധരിക്കേണം, എന്നുകൂടി ആചാര്യൻ സിദ്ധാന്തിക്കുന്നതു ജീവാനുഗ്രഹത്തിലുള്ള കരുണകൊണ്ടാണെന്നു ധരിക്കേണ്ടതാണ്.

59. ഇതിശൈവപുരാണേഷു കൂടസ്ഥഃ പ്രവിവേചിതഃ
ജീവേശത്വാദിരഹിതഃ കേവലഃ സ്വപ്രഭഃശിവഃ.

ഇതിശൈവപുരാണേഷു=ഇപ്രകാരം ശൈവപുരാണങ്ങളിൽ. ജീവേശത്വാദിരഹിതഃ=ജീവൻ ഈശ്വരൻ എന്നിങ്ങിനെയുള്ള ഭേദങ്ങളിൽ ഉൾപ്പെടാതെയും. കേവലഃ സ്വപ്രഭഃ ശിവഃ കൂടസ്ഥഃ=അദ്വിതീയനും സ്വയം പ്രകാശസ്വരൂപമുള്ളവനും ശിവസംജ്ഞനുമായ കൂടസ്ഥൻ. പ്രവിവേചിതഃ=സ്പഷ്ടമായി വേർതിരിക്കപ്പെട്ടിട്ടുണ്ടു.

മുകളിൽ പറഞ്ഞ പുരാണവാക്യങ്ങളുടെ താൽപര്യം പറയുന്നു:—ഇപ്രകാരം സൂതസംഹിത മുതലായ ശൈവപുരാണങ്ങളിൽ ജീവേശ്വരാദിഭേദങ്ങളിൽ ഉൾപ്പെടാതെ അദ്വിതീയനും സ്വപ്രകാശസ്വരൂപനുമമയ ശിവനെ—ശിവനെന്നുപേരുള്ള കൂടസ്ഥനെ—മററ സർവ്വത്തിൽനിന്നും വേർപെടുത്തി സ്പഷ്ടമാക്കിയിരിക്കുന്നു. "ശാന്തം ശിവമദ്വൈതം" എന്നുതന്നെയാണ് ശ്രുതികളിലും കൂടസ്ഥചൈതന്യത്തെകുറിച്ചു പറഞ്ഞിരിക്കുന്നതു്. അതിനാൽ ശിവനാമത്താൽ കൂടസ്ഥനെതന്നെയാണ് ശൈവപുരാണങ്ങളിൽ പറഞ്ഞിരിക്കുന്നതു്.

60. മായാഭാസേനജീവേശൌ കരോതീതി ശ്രുതത്വതഃ
മായികാവേവജീവേശൌ സ്വച്ഛൌ തൌ കാചകുംഭവത്.

ജീവേശൌമായാആഭാസേനകരോതി=ജീവേശ്വരന്മാരെ മായ തന്റെ പ്രതിബിംബത്താൽ ഉണ്ടാക്കുന്നു. ഇതിശ്രുതത്വതഃ = എന്നു ശ്രുതിയുള്ളതുകൊണ്ടു. ജീവേശൌമായികൌഏവ = ജീവേശ്വരന്മാർ മായാസഹിതന്മാർ ആകുന്നു. കാചകുംഭവത്തൌസ്വച്ഛൌ = കാചകുംഭംപോലെ അവർ രണ്ടുപേരും സ്വച്ഛന്മാരാകുന്നു.

"ജീവേശത്വാദിരഹിതഃ" എന്നു പറവാൻ കാരണമെന്തെന്നാൽ ജീവനും ഈശ്വരനും അവിദ്യാമായകളിൽനിന്നുണ്ടായവരാകുന്നു. അവിദ്യാപ്രതിബിംബചൈതന്യം ജീവൻ മായാപ്രതിബിംബചൈതന്യം ഈശ്വരൻ എന്നാണ് ശ്രുതിസിദ്ധാന്തം. "കരോതിമായാചാവിദ്യാചസ്വയമേവഭവതി" എന്ന ശ്രുതിവാക്യം മായ ഈശ്വരനേയും അവിദ്യജീവനേയും ഉണ്ടാക്കുന്നു എന്നു ബോധിപ്പിക്കുന്നു. മായാലയത്തിൽ ഈശ്വരനും അവിദ്യാനാശത്തിൽ ജീവനും ഇല്ലാതാകുന്നതിനാൽ ആ രണ്ടുപേരും മായികന്മാർതന്നെ. കൂടസ്ഥൻ മായികനല്ലാത്തതുകൊണ്ടാണ് "ജീവേശത്വാദിരഹിതഃ" എന്നുള്ള വിശേഷം കാണിച്ചതു്. മായികന്മാരാണെങ്കിൽ അവർ രണ്ടുപേർക്കും മായികങ്ങളായ ദേഹാദികളിൽനിന്നെന്തു വിശേഷം. എന്തിനായിട്ടവരെ ദേഹാദികളിൽനിന്നന്യത്വങ്ങളായിട്ടു കാണിക്കുന്നുവെന്നാണെങ്കിൽ ദേഹാദികളേക്കാൾ സ്വച്ഛത്വം ആ രണ്ടു തത്വങ്ങൾക്കും ഉള്ളതുകൊണ്ടു ദേഹാദി വിലക്ഷണത്വം പറയപ്പെട്ടിരിക്കുന്നു. കാചംകൊണ്ടുണ്ടാക്കിയ ഘടത്തിന്നു മണ്ണുകൊണ്ടുള്ള ഘടത്തേക്കാൾ സ്വച്ഛതയുള്ളതുപോലെ ജീവേശ്വരന്മാർ സ്വച്ഛതയുള്ളവരാകുന്നു. കാചമെന്നതും ഒരുവിധമായ മണ്ണല്ലെയോ?

61. അന്നജന്യംമനോദേഹാൽസ്വച്ഛംയദ്വത്തഥൈവതൌ
മായികാവപിസർവ്വസ്മാദന്യസ്മാൽസ്വച്ഛതാംഗതൌ.

അന്നജന്യംമനഃദേഹാത്=അന്നത്തിൽനിന്നുണ്ടായ മനസ്സ് ദേഹത്തെക്കാൾ. യദ്വത് സ്വച്ഛം തഥാഏവ തൌ=എപ്രകാരം സ്വച്ഛമോ അപ്രകാരം ആ രണ്ടുപേരും. മായികൌഅപി=മായികന്മാരാണെങ്കിലും.

അന്യസ്മാത് സർവ്വസ്മാത്=അന്യമായ മറെറല്ലാററിനേക്കാൾ. സ്വച്ഛതാംഗതൌ=സ്വച്ഛതയെ പ്രാപിച്ച വരാകുന്നു.

മൺകുടവും കാചഘടവും ഉണ്ടാക്കിയ ദ്രവ്യഭേദംനിമിത്തം ആ രണ്ടു ഘടങ്ങൾക്കും വ്യത്യാസമുണ്ടാകാം. ജഗത്തിന്നും ജീവേശ്വരന്മാക്കും ഉൽപത്തി മായയിൽനിന്നുതന്നെയാകയാൽ ഭേദത്തിന്നെന്തവകാശം എന്നാണെങ്കിൽ ഒരേ സാധനത്തിന്നുതന്നെ സ്ഥൂലസൂക്ഷ്മാംശഭേദങ്ങൾനിമിത്തം അതിൽനിന്നുണ്ടാകുന്ന സാധനങ്ങൾക്കും സ്വച്ഛതാദിഗുണങ്ങളിൽ ഭേദം കാണപ്പെടുന്ന അനുഭവം ഏവക്കുമുണ്ടല്ലൊ. അന്നത്തിൽനിന്നുതന്നെ ദേഹവും മനസ്സും ഉണ്ടാകുന്നു. എങ്കിലും മനസ്സിന്നു ദേഹത്തെക്കാൾ സ്വച്ഛത (നൈർമ്മല്യം=പ്രകാശം) ഉള്ളതുപോലെ ജീവേശ്വരന്മാർ മായികന്മാരാണെങ്കിലും മായയിൽനിന്നുണ്ടായ മറെറല്ലാററിനെക്കാൾ ആ രണ്ടുപേക്കും സ്വച്ഛതയുണ്ട്.

62. ചിദ്രൂപത്വംച സംഭാവ്യം ചിത്വേനൈവ പ്രകാശനാത്
സർവ്വകല്പനശക്തായാ മായായാ ദുഷ്കരം നഹി.

ചിത്വേനഏവപ്രകാശനാത്=ചിൽഭാവത്തോടുകൂടെതന്നെ പ്രകാശിക്കുന്നതുകൊണ്ടു. ചിദ്രൂപത്വംച സംഭാവ്യം=ചിൽസ്വരൂപതയും സംഭവിക്കത്തക്കതുതന്നെ. സർവ്വകല്പനശക്തായാഃ മായായാഃ=സർവ്വത്തിൻേറയും കല്പനത്തിൽ സമർത്ഥമായ മായക്ക്. ദുഷ്കരംനഹി=ചെയ്യാൻ കഴിയാത്തത് ഒന്നുമില്ല.

ആകട്ടെ. കാചമൾഘടാദികൾക്കെന്നപോലെ സ്വച്ഛത ഭവിക്കട്ടെ. ജീവേശ്വന്മാക്ക് ചിദ്രൂപത്വം എങ്ങിനെ സിദ്ധിക്കും എന്നും ശങ്കിക്കേണ്ട. ജ്ഞാനസ്വരൂപത്തിലായിട്ടല്ലെയോ ജീവേശ്വരന്മാർ എല്ലാവക്കും അനുഭവപ്പെടുന്നത്. അനുഭവത്തിൽ മീതേ പ്രമാണം എന്തിരിക്കുന്നു? മായികത്വമിരിക്കേ ചിദ്രൂപപ്രകാശനം അയുക്തം എന്നു പിന്നെയും ശങ്കയുണ്ടെങ്കിൽ മിഥ്യാഭൂതമായ സർവ്വജഗത്തിനേയും കല്പിപ്പാൻ ശക്തയായ മായക്ക് ചെയ്യാൻ കഴിയാത്തതൊന്നുമില്ലെന്നറിഞ്ഞുകൊൾക.

63. അസ്മന്നിദ്രാപിജീവേശൌ ചേതനൌ സ്വപ്നഗൌ സൃജേത്
മഹാമായാ സൃജത്യേതാവിത്യാശ്ചര്യം കിമത്രതേ.

അസ്മന്നിദ്രാഅപിചേതനൌ=നമ്മളുടെ നിദ്രയും ചേതനന്മാരായ. ജീവേശൌ സ്വപ്നഗൌസൃജേത്=ജീവേശ്വരമ്മാരെ സ്വപ്നഗതന്മാരായി സൃഷ്ടിക്കുന്നു. മഹാമായാഏതൌസൃജതിഇതിഅത്ര=മഹാമായ ഇവരെ സൃഷ്ടിക്കുന്നുവെന്നതിൽ. തേകിം ആശ്ചര്യം=അങ്ങെക്കാശ്ചര്യത്തിന്നെന്തവകാശം.

ജീവേശ്വരന്മാരെ മായ സൃഷ്ടിക്കുന്നുവെന്നതിനെ കൈമുത്യന്യായംകൊണ്ടുറപ്പിക്കുന്നു:—മായാകാര്യമായുണ്ടാകുന്ന നമ്മളുടെ നിദ്ര ചൈതന്യസ്വരൂപന്മാരായ ജീവേശ്വരന്മാരെ സ്വപ്നഗതന്മാരായിട്ടു സൃഷ്ടിക്കുന്നില്ലെയോ? സ്വപ്നത്തിൽ അനേകജീവനുള്ള വസ്തുക്കളേയും ഈശ്വരനേയും (ഉപാസിക്കുന്ന ദേവതകളെ) നിദ്ര സൃഷ്ടിക്കുന്നതുകൊണ്ടല്ലെ ആ അവസ്ഥയിൽ നമ്മൾ അവരെ കാണുന്നത്. അങ്ങിനെയിരിക്കെ ജഗന്നിർമ്മാണസമർത്ഥയായ മഹാമായ ജീവേശ്വരന്മാരെ സൃഷ്ടിക്കുന്നുവെന്ന ഈ സംഗതിയിൽ അങ്ങെന്തിന്നാശ്ചര്യപ്പെടുന്നു.

64. സർവ്വജ്ഞത്വാദികംചേശേകല്പയിത്വാപ്രദശ്യേത്
ധർമ്മിണം കല്പയേദ്യാസ്യാഃ കോഭാരോധർമ്മകല്പനേ.

ച സർവ്വജ്ഞത്വാദികംഈശേ=എന്നുമാത്രമല്ല. സർവ്വജ്ഞത്വാദിയേയും ഈശ്വരനിൽ. കല്പയിത്വാപ്രദശ്യേത്=കല്പിച്ചിട്ടു കാണിച്ചുതരുന്നു. യാധർമ്മിണംകല്പയേത്=യാതൊന്നു ധർമ്മിയെ കല്പിക്കുന്നുവോ. അസ്യാഃധർമ്മകല്പനേ=ഇവൾക്ക് ധർമ്മകല്പനത്തിൽ. കഃഭാരഃ=എന്താണ് പ്രയാസം.

ഈശ്വരനും മായികനാണെങ്കിൽ ജീവനെപോലെതന്നെ സർവ്വജ്ഞത്വാദികൾ ഇല്ലാത്തവനായിരിക്കയില്ലെയോ എന്നും ശങ്കിക്കേണ്ട. ഈശ്വരനിൽ സർവ്വജ്ഞത്വാദിധർമ്മങ്ങളെ കല്പിച്ചുകൊണ്ടുതന്നെയാണ് പ്രദശിപ്പിക്കുന്നത്. ധർമ്മിയായ ഈശ്വരനെ സൃഷ്ടിപ്പാൻ ശക്തയായ മായക്കു ധർമ്മത്തെ സൃഷ്ടിപ്പാൻ പ്രയാസമെന്തിരിക്കുന്നു.

65. കൂടസ്ഥേപ്യതിശങ്കാസ്യാദിതിചേന്മാതിശങ്ക്യതാം
കൂടസ്ഥമായികത്വേതു പ്രമാണം നഹി വിദ്യതേ.

കൂടസ്ഥേഅപിഅതിശങ്കാസ്യാത്ചേത്=കൂടസ്ഥനിലും അതിശങ്കയുണ്ടാകുമെങ്കിൽ. മാ അതിശങ്ക്യതാം=അതിശങ്കയുണ്ടാകരുത്. കൂടസ്ഥമായികത്വേതു=കൂടസ്ഥമായികത്വത്തിലാകട്ടെ. പ്രമാണംനഹിവിദ്യതേ=പ്രമാണം ഇല്ല.

ജീവനും ഈശ്വരനുമെന്നപോലെ കൂടസ്ഥനും മായികനല്ലയോ എന്നു ശങ്കിക്കുന്നപക്ഷം അങ്ങിനെ ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ കൂടസ്ഥൻ മായാസഹിതനാണെന്നു കാട്ടുന്ന പ്രമാണമില്ല. അതിനാൽ ആ വിധം ശങ്കിച്ചുകൂടാ.

66. വസ്തുത്വം ഘോഷയന്ത്യസ്യ വേദാന്താഃ സകലാ അപി
സപത്നരൂപം വസ്ത്വന്യൽ നസഹന്ത്യത്രകിംചന.

അസ്യവസ്തുത്വം=ഇവൻെറ സത്യതയെ. സകലാഃവേദാന്താഃ=സകല വേദാന്തങ്ങളും. ഘോഷയന്തി=ഘോഷിക്കുന്നു. അത്രസപത്നരൂപംഅന്യത്വസ്തുകിഞ്ചന നസഹന്തേ=ഇതിൽ കൂടസ്ഥവിരോധിയായ അന്യമായ യാതൊരു വസ്തുവിനേയും സഹിക്കുന്നില്ല.

കൂടസ്ഥൻേറയും സത്യതയെ ഉറപ്പിക്കുന്ന പ്രമാണങ്ങൾ കാണപ്പെടുന്നില്ല. എന്നാണ് ശങ്കയെങ്കിൽ ആ ശങ്ക ശരിയല്ല. കൂടസ്ഥൻ സത്യസ്വരൂപനാണെന്നു സകല ശ്രുതികളും ഘോഷിക്കുന്നുണ്ട്. കൂടസ്ഥനെതിരായിട്ടു അന്യമായ വസ്തു യാതൊന്നുംതന്നെയില്ലെന്നാണ് ശ്രുത്യഭിമതം.

67. ശ്രുത്യർത്ഥം വിശദീകുർമ്മോ നതർക്കാദ്വച്മികിംചന
തേന താർക്കികശങ്കാനാ മത്രകോവസരോ വദ.

ശ്രുത്യർത്ഥം വിശദീകുർമ്മഃ=ശ്രുത്യർത്ഥത്തെ ഞങ്ങൾ വിശദമാക്കുന്നു. തർക്കാൽകിംചനനവച്മി=തർക്കത്തിൽനിന്നു യാതൊന്നും പറയുന്നില്ല. തേനതാർക്കികശങ്കാനാം=അതുകൊണ്ടു തർക്കശാസ്ത്രത്തിലുള്ള ശങ്കകൾക്ക്. അത്ര അവസരഃകഃവദ=ഇവിടെ അവസരം എന്തിരിക്കുന്നു. പറയുക.

കൂടസ്ഥൻ സത്യസ്വരൂപൻ, ജീവേശ്വരന്മാർ മായികന്മാർ എന്നു സാധിപ്പാൻ ശ്രുതികളെ മാത്രം പറയുന്നു. യുക്തിപൂർവ്വം ഒന്നും പറയുന്നില്ല എന്നു ശങ്കിക്കുന്നുവെങ്കിൽ അതിന്നു സമാധാനം:— മോക്ഷേച്ഛുക്കളെ അനുഗ്രഹിപ്പാൻ ശ്രുതിയുടെ അർത്ഥത്തെ വേദാന്തികളായ ഞങ്ങൾ സ്പഷ്ടമാക്കുന്നു. അതുകൊണ്ടു താർക്കികയുക്തിയെ ആശ്രയിച്ചിട്ടു ഞാനൊന്നും പറയുന്നില്ല. ശ്രുതി പറയുന്ന അർത്ഥത്തിൽ താർക്കികന്മാരുടെ കുത്സിതയുക്തികൾക്ക് അവസരം എന്തിരിക്കുന്നു. ശ്രുതിപ്രമാണങ്ങളെ അതിക്രമിപ്പാൻ യുക്തിക്കു ശക്തിയില്ലെന്നു സിദ്ധാന്തം.

68. തസ്മാൽ കുതർക്കം സന്ത്യജ്യമുമുക്ഷുഃശ്രുതിമാശ്രയേത്
ശ്രുതൌതുമായാജീവേശൌകരോതീതിപ്രദർശിതം.

തസ്മാൽകുതർക്കംസന്ത്യജ്യ=അതുകൊണ്ടു നിസ്സാരമായ യുക്തിയെയുപേക്ഷിച്ചിട്ടു. മുമുക്ഷുഃശ്രുതിംആശ്രയേത്=മോക്ഷേച്ഛയുള്ളവൻ ശ്രുതിയെ ആശ്രയിക്കേണം. ശ്രുതൌതു മായാ ജീവേശൌ കരോതി=ശ്രുതിയിലാകട്ടെ മായ ജീവേശ്വരന്മാരെ സൃഷ്ടിക്കുന്നു. ഇതിപ്രദർശിതം=എന്നു കാണിക്കപ്പെട്ടിട്ടുണ്ട്.

അതിനാൽ മോക്ഷേച്ഛയുള്ളവൻ കുത്സിതയുക്തിയെ ദൂരെ തള്ളിക്കളഞ്ഞിട്ടു ശ്രുതിയെ ആശ്രയിച്ചുകൊള്ളേണം. ശ്രുതിയിലാകട്ടെ ജീവേശ്വരന്മാരെ മായ സൃഷ്ടിക്കുന്നുവെന്നു സ്പഷ്ടമാക്കീട്ടുണ്ട്.

69. ഈക്ഷണാദിപ്രവേശാന്താ സൃഷ്ടിരീശകൃതാ ഭവേത്
ജാഗ്രദാദിവിമോക്ഷാന്തം സംസാരോ ജീവകർത്തൃകഃ.

ഈക്ഷണാദിപ്രവേശാന്താ=ഈക്ഷണം (സങ്കല്പം) ആദിയായും പ്രവേശം അവസാനമായും ഇരിക്കുന്ന. സൃഷ്ടിഃ ഈശകൃതാഭവേത്=സൃഷ്ടി ഈശ്വരനാൽ ചെയ്യപ്പെടുന്നു. ജാഗ്രദാദി വിമോക്ഷാന്തഃ=ജാഗ്രത്ത് ആദിയായും മോക്ഷം അവസാനമായും ഇരിക്കുന്ന. സംസാരഃ ജീവകർത്തൃകഃ=സംസാരം ജീവനാൽ ഉണ്ടാക്കപ്പെടുന്നു.

“സഐക്ഷതബഹുസ്യാംപ്രജായേയ” ഈ ശ്രുതിവാക്യം സൃഷ്ടിചെയ്യാൻ ഈശ്വരൻ സങ്കല്പിച്ചുവെന്നും. “തൽസൃഷ്ട്വാതദേവാനുപ്രാവിശത്” എന്ന ശ്രുതി, സൃഷ്ടിച്ചശേഷം ഈശ്വരൻതന്നെ ജീവരൂപനായിട്ടതിൽ പ്രവേശിച്ചുവെന്നും കാണിക്കുന്നു. ഇങ്ങിനെ ഈക്ഷണമാകുന്ന ആദിയോടും പ്രവേശമാകുന്ന അവസാനത്തോടുംകൂടിയ ജഗൽസൃഷ്ടിയുടെ കർത്താവ് ഈശ്വരനാകുന്നു. ജാഗ്രത്ത് സ്വപ്നം സുഷുപ്തി ബന്ധം മോക്ഷം എന്നിങ്ങിനെ ആദ്യന്തങ്ങളോടുകൂടിയ സംസാരത്തെ ജീവൻ സൃഷ്ടിക്കുന്നു.

70. അസംഗഏവകൂടസ്ഥഃ സർവ്വദാ നാസ്യകശ്ചന
ഭവത്യതിശയസ്തേന മനസ്യേവം വിചാര്യതാം.

കൂടസ്ഥഃ സർവ്വദാഅസംഗഃ ഏവ=കൂടസ്ഥൻ എപ്പോഴും അസംഗൻതന്നെ. അസ്യകശ്ചന അതിശയഃ

നഭവതി=ഇവന്നു് യാതൊരു വിശേഷവുമില്ല. തേനമനസാഏവം വിചാൎയ്യതാം=അതുകൊണ്ടു മനസ്സിൽ ഇപ്രകാരം വിചാരിക്കപ്പെടേണം.

കൂടസ്ഥന്നു് യാതൊന്നിനോടും ഒരു കാലത്തും ചേൎച്ചയില്ല. ജന്മമൃതി ലക്ഷണമായ സംസാരം സത്യമല്ല എന്നീ സംഗതികളെ ശ്രുതിപ്രമാണാനുസരണം പറഞ്ഞുകഴിഞ്ഞു. കൂടസ്ഥനിൽ യാതൊരതിശയവുമില്ല. അതുകൊണ്ടു മോക്ഷേച്ഛയുള്ളവൻ മനസ്സിൽ ഇപ്രകാരം വിചാരിച്ചുകൊള്ളേണം.

71. നനിരോധോ നചോൽപത്തിൎന്നബദ്ധോ നചസാധകഃ
നമുമുക്ഷുൎന്നവൈമുക്ത ഇത്യേഷാ പരമാൎത്ഥതാ.

നനിരോധഃനഉൽപത്തിഃ=മരണമില്ല. ജനനവുമില്ല. നബദ്ധഃനസാധകഃ=ബന്ധമുള്ളവനല്ല. അതിന്റെ നിവൃത്തിക്കായി ശ്രമിക്കുന്നവനുമല്ല. നമുമുക്ഷുഃ=മോക്ഷേച്ഛയുള്ളവനല്ല മുക്തനുമല്ല. ഇതിഏഷാപരമാൎത്ഥതാ=എന്ന ഇതാണു് പരമാൎത്ഥാവസ്ഥ.

കൂടസ്ഥന്നു് ജന്മാദികളായ അതിശയങ്ങൾ (വികാരങ്ങൾ) യാതൊന്നുമില്ലെന്നു എങ്ങിനെ ധരിക്കും എന്ന ശങ്കതീൎക്കാൻ ശ്രുതിവാക്യത്തിൽനിന്നുതന്നെ ധരിക്കേണമെന്നു കാണിച്ചുംകൊണ്ടു കൂടസ്ഥപരമായ ശ്രുതിയുടെ അൎത്ഥം ശ്ലോകരൂപേണ പറയുന്നു:—കൂടസ്ഥൻ മരിക്കുന്നവനോ ജനിക്കുന്നവനോ ബന്ധത്തിൽപെട്ടവനോ അതിൽനിന്നു വിട്ടുപോവാൻ പരിശ്രമിക്കുന്നവനോ മോക്ഷേച്ഛയുള്ളവനോ തൽഫലമായ മുക്തിയെ അനുഭവിക്കുന്നവനോ അല്ലാത്തതുകൊണ്ടു ഒരു കാലത്തിലും ഒരു വിശേഷവുമില്ലാതെ നിൎവ്വികാരനായിരിക്കുന്നവനാകുന്നു എന്നതാണു് പരമാൎത്ഥാവസ്ഥ.

72. അവാങ്മനസഗമ്യം ശ്രുതിൎബോധയിതും സദാ
ജീവമീശം ജഗദ്വാപി സമാശ്രിത്യ പ്രബോധയേത്.

അവാങ്മനസഗോചരംതം=വാക്കിന്നും മനസ്സിന്നും വിഷയമില്ലാതിരിക്കുന്ന ആ കൂടസ്ഥനെ ബോധയിതും ജീവംഈശം ജഗത്വാ അപി=ബോധിപ്പിക്കുവാൻ ജീവനേയും ഈശ്വരനേയും ജഗത്തിനേയും. സമാശ്രിത്യശ്രുതിഃ=ആശ്രയിച്ചിട്ടു ശ്രുതി. പ്രബോധയേത്=ബോധിപ്പിക്കുന്നു.

കൂടസ്ഥൻ മാത്രമാണു് നിൎവ്വികാരസത്യവസ്തുവെങ്കിൽ ജീവേശ്വരന്മാരെ കുറിച്ചു ശ്രുതി എന്തിനായിട്ടവിടെയവിടെ പ്രതിപാദിക്കുന്നുവെന്നു ശങ്കിക്കുന്നതിന്നു സമാധാനം:—കൂടസ്ഥനെ വാക്കുകൊണ്ടു പറഞ്ഞറിയിക്കുവാനോ മനസ്സുകൊണ്ടു ചിന്തിപ്പാനോ കഴികയില്ല. സ്വതന്ത്രമായ കൂടസ്ഥതത്വം മറെറാന്നിന്നും വിഷയമല്ല. അതിനെ ബോധിപ്പിക്കുവാൻ ജീവേശ്വരജഗത്തുക്കളെ സമാശ്രയിച്ചിട്ടു് നന്നായി ബോധിപ്പിക്കുന്നതാണു് ശ്രുതിസമ്പ്രദായം.

73. യയായയാ ഭവേൽപുംസാം വ്യുൽപത്തിഃ പ്രത്യഗാത്മനി
സാസൈവപ്രക്രിയേഹസ്യാൽ സാധ്വീത്യാചാൎയ്യഭാഷിതം.

പുംസാംപ്രത്യഗാത്മനി=മുമുക്ഷുക്കളായ പുരുഷന്മാൎക്കു പ്രത്യഗാത്മാവിൽ. വ്യുൽപത്തിഃ യയാ യയാ ഭവേത്=ബോധം ഏതേതു് സമ്പ്രദായത്താൽ ഭവിക്കുമോ സാസാഏവ ഇഹസാധ്വീപ്രക്രിയാ=അതാതു തന്നെ ഇവിടെ നിൎദ്ദോഷമായ വിവരണക്രമം. ഇതി ആചാൎയ്യഭാഷിതം=എന്നാണു് സുരേശ്വരാചാൎയ്യവചനം.

തത്വം ഏകരൂപമായിരിക്കേ ശ്രുതി ആ തത്വത്തെ ബോധിപ്പിക്കുമ്പോൾ വിവിധരൂപകഥനത്തിന്നെന്തു കാരണം എന്ന ശങ്കയെ പരിഹരിക്കുന്നു:—തത്വത്തിൽ രൂപമാററത്തെ വരുത്തുന്നില്ല. അതിനെ ധരിപ്പിക്കുന്ന സമ്പ്രദായത്തിൽ സമ്പ്രദായഭേദം കാണപ്പെടും. ആരോടു ഏതുവിധം പ്രതിപാദിച്ചാൽ ആയാൾക്കു് പ്രത്യഗാത്മാവായ കൂടസ്ഥചൈതന്യത്തിൽ ബോധം ജനിക്കുമോ ആ മാൎഗ്ഗത്തെയനുസരിച്ചു തത്വത്തെ പ്രതിപാദിക്കുന്ന സമ്പ്രദായം നിൎദ്ദോഷമാണെന്നാണു് ശ്രുത്യഭിപ്രായം എന്നാണു് സുരേശ്വരാചാൎയ്യർ പറഞ്ഞിരിക്കുന്നതു്. ധരിപ്പാനാഗ്രഹിക്കുന്ന ഓരോരുത്തരുടേയും ഗ്രഹിപ്പാനുള്ള ശക്തി ഓരോവിധത്തിലായിരിക്കുന്നതുകൊണ്ടു ബോധിപ്പിക്കുന്ന രീതിയിൽ വ്യത്യാസം എന്നല്ലാതെ യഥാൎത്ഥവസ്തുവിൽ വ്യത്യാസം കാണിക്കുന്നില്ല.

74. ശ്രുതിതാല്പൎയ്യമഖിലമബുദ്ധ്വാ ഭ്രാമ്യതേ ജഡഃ
വിവേകീത്വഖിലം ബുദ്ധ്വാ തിഷ്ഠത്യാനന്ദവാരിധൌ.

ജഡഃശ്രുതി താല്പൎയ്യം=ബുദ്ധിഹീനൻ ശ്രുത്യഭിപ്രായത്തെ. അഖിലം അബുദ്ധ്വാ=മുഴുവനും ധരിക്കാതെ.

ഭ്രാമ്യതേ=ഭ്രമിക്കുന്നു. വിവേകീ തു അഖിലംബുധപാ=വിവേകിയോ മുഴുവനും ധരിച്ചിട്ട്. ആനന്ദവാരിധൌ തിഷ്ഠതി=ആനന്ദസമുദ്രത്തിലിരിക്കുന്നു.

ശ്രുത്യർത്ഥം ഏകമായിരിക്കേ അതിനെ പ്രതിപാദിക്കുന്ന വിദ്വാന്മാർ വിവിധരീതിയിൽ പ്രതിപാദിക്കുവാനെന്തു കാരണം എന്നാണെങ്കിൽ:—ബുദ്ധിശക്തി കുറഞ്ഞവൻ ശ്രുതിയുടെ താല്പര്യം സമഗ്രമായറിയാതെ ഭ്രമിക്കുന്ന അവനെയും ധരിപ്പിക്കേണം. വിവേകിയോ ശ്രുത്യഭിപ്രായം തികച്ചും മനസ്സിലാക്കീട്ടു നിത്യാനന്ദസമുദ്രത്തിൽ നിമഗ്നനാകുന്നു.

75. മായാമേഘോ ജഗന്നീരം വർഷത്വേഷ യഥാ തഥാ
ചിദാകാശസ്യ നോഹാനിർന്നവാലാഭഇതിസ്ഥിതിഃ.

ഏഷഃ മായാമേഘഃ ജഗന്നീരം=മായയാകുന്ന ഈ മേഘം ജഗത്താകുന്ന ജലത്തെ. യഥാവർഷതു=എങ്ങിനെയോ വർഷിക്കട്ടെ. തഥാ ചിദാകാശസ്യ=അതിനെ അനുസരിച്ചിട്ടു ചിത്താകുന്ന ആകാശത്തിന്നു. ന ഹാനിഃനവാലാഭഃ=നഷ്ടമോ ലാഭമോ ഉണ്ടാകുന്നില്ല. ഇതിസ്ഥിതിഃ=ഇതാണ് വിവേകിയുടെ നില.

എന്നാൽ വിവേകിയുടെ ദൃഢനിശ്ചയത്തിന്റെ സ്വരൂപം വിശദമാക്കുന്നു:—മായയാകുന്ന മേഘം ജഗത്താകുന്ന ജലത്തെ എങ്ങിനെയെല്ലാമോ വർഷിച്ചുകൊള്ളട്ടെ. ഈ ജലപ്രവാഹം ചിദ്രൂപാകാശത്തിൽ ഏററക്കുറവു വരുത്തുന്നില്ല എന്നാണ് വിവേകിയുടെ നിശ്ചയം. സാധാരണമായ ബാഹ്യാകാശത്തിൽ മഴയുടെ ബാധയെങ്ങിനെയില്ലയോ അതുപോലെ മായികമായ ജഗത്ത് ചിദാകാശത്തേയും ബാധിക്കുന്നില്ല എന്നു സാരം.

76. ഇമം കൂടസ്ഥദീപം യോനുസംധത്തേ നിരന്തരം
സ്വയം കൂടസ്ഥരൂപേണ ദീപ്യതേസൌ നിരന്തരം.

യഃ നിരന്തരം=യാതൊരുത്തൻ ഇടവിടാതെ. ഇമം കൂടസ്ഥദീപം = ഈ കൂടസ്ഥദീപത്തെ. അനുസംധത്തെ=അനുസന്ധാനം ചെയ്യുന്നുവോ. അസൌസ്വയം = അവൻ സ്വയമേവ. കൂടസ്ഥരൂപേണ=കൂടസ്ഥസ്വരൂപനായിട്ട്. നിരന്തരം ദീപ്യതേ=എപ്പോഴും വിളങ്ങും.

ഗ്രന്ഥാഭ്യാസഫലം പറയുന്നു:—ഏതൊരുവൻ കൂടസ്ഥചൈതന്യസ്വരൂപത്തെ സ്പഷ്ടമായി പ്രകാശിപ്പിക്കുന്നതുകൊണ്ട് "കൂടസ്ഥദീപം" എന്ന ഈ പ്രകരണത്തെ നിരന്തരം നിരൂപണം ചെയ്തുറപ്പിക്കുന്നുവോ അവന്റെ സ്വരൂപചൈതന്യംതന്നെയാണ് കൂടസ്ഥൻ എന്ന ബോധദാർഢ്യത്താൽ അവൻതന്നെ കൂടസ്ഥനായിട്ടു വിളങ്ങും.

ഇതി ശ്രീ വിദ്യാരണ്യമുനിവര്യപ്രണീതമായ കൂടസ്ഥദീപം എന്ന പ്രകരണം സമാപ്തമായി.

ശുഭം ഭൂയാൽ

ഓം തത് സത്.

ശ്രീ പഞ്ചദശി ധ്യാനദീപം എന്ന 9-ാംപ്രകരണത്തിലെ സാരസംഗ്രഹം.

ഉത്തരതാപനിയശ്രുതിയിലുള്ള ബ്രഹ്മധ്യാനത്തെ ഈ പ്രകരണത്തിൽ പ്രതിപാദിക്കുന്നു. ഉപാസനവും മുക്തിയെ സാധിപ്പിക്കും എന്നു ബോധിപ്പിക്കുവാൻ ഭ്രമത്തിൽനിന്നും സൽഫലം സിദ്ധിക്കുന്നുണ്ടെന്നു കാണിക്കുന്നു. ദീപപ്രഭയെ കണ്ടു ഒരാൾ രത്നപ്രഭയാണെന്ന വിചാരത്താൽ ആ രത്നത്തെ ലഭിപ്പാൻവേണ്ടി ശ്രമിക്കുന്നതു വിസംവാദിഭ്രമം. രത്നപ്രഭയെ കണ്ടിട്ട് രത്നമാണെന്ന വിചാരത്താൽ അതിന്നുനേരെ ഓടുന്നതു സംവാദിഭ്രമം. മഞ്ഞിനെകണ്ടിട്ടു പുകയെന്ന വിചാരത്താൽ അഗ്നിയവിടെയുണ്ടെന്നുള്ള വിചാരത്താൽ ആ സ്ഥലത്തേക്കുചെന്ന ഒരുവന്നു ദൈവഗത്യാ അഗ്നിയവിടെ കാണുമാറിടവന്നാൽ അനുമാനസംവാദിഭ്രമം. ഗോദാവരീജലത്തെ ഗംഗാജലമെന്നുകരുതി സ്നാനംചെയ്തവന്ന് ശുദ്ധിസിദ്ധിക്കുന്നത് ശാസ്ത്രീയസംവാദിഭ്രമം. പുത്രസ്മരണത്താൽ നാരായണനാമം ഉച്ചരിച്ച അജാമിളന്നു സ്വർഗ്ഗം ലഭിച്ചതും ശാസ്ത്രീയസംവാദിഭ്രമം. ഇങ്ങിനെ ഏതൊരുവിധമായ ഭ്രമത്തിൽനിന്ന് ഉദ്ദിഷ്ടഫലം ലഭിക്കുന്നുവോ അതെല്ലാം സംവാദിഭ്രമമെന്നാണ് ശാസ്ത്രസമ്മതം. സംവാദിയെന്നത് ഭ്രമംതന്നെയെങ്കിലും ഫലത്തിൽ കലാശിക്കുന്നതുപോലെ ബ്രഹ്മത്തെ ഉപാസിക്കുന്നതു ഭ്രമംതന്നെയെങ്കിലും ശുദ്ധിയായ മുക്തി അതിൽനിന്നു സിദ്ധിക്കും എന്നാണ് ഉപനിഷദഭിപ്രായം. ആപ്തനായ ഗുരുവിന്റെ ഉപ

ദേശത്തിൽ വിശ്വാസത്തോടുകൂടെ ബ്രഹ്മത്തെ ധ്യാനിക്കുന്നതിനെത്തന്നെയാണ് ബ്രഹ്മോപാസനം എന്നു പറയുന്നത്. ധ്യാനം നിഷ്ഫലമാകയില്ല. പ്രതിബന്ധംനിമിത്തമാണ് സാക്ഷാൽകാരമുണ്ടാകാത്തതു്. അടുത്ത ജന്മത്തിൽ പ്രതിബന്ധം നശിക്കും. ഉടനെ സാക്ഷാൽകാരം സിദ്ധിക്കും. വ്യാസരും ഈ അഭിപ്രായം പറഞ്ഞിട്ടുണ്ടു്. വളരെ പ്രാവശ്യം പഠിച്ചിട്ടും കാണാപാഠമാകാത്തതായ ഭാഗം പിറെറന്നാൾ പ്രയത്നംകൂടാതെതന്നെ ഓമ്മയിൽ വരുന്നതുപോലെ, പ്രതിബന്ധംനിമിത്തം ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിൽ ഉപാസനത്തിന്റെ ഫലം അനുഭവത്തിൽ വരും. വാമദേവൻ ഗർഭത്തിൽതന്നെ ബ്രഹ്മജ്ഞാനിയായെന്നും, ജഡഭരതൻ മൂന്നു ജന്മംകൊണ്ടു പ്രതിബന്ധനാശത്താൽ മുക്തനായെന്നും ശാസ്ത്രത്തിൽ കാണുന്നുണ്ടു്. കേനോപനിഷത്തിൽ ബ്രഹ്മം ഉപാസ്യമല്ലെന്നു പറഞ്ഞിരിക്കേ ഇവിടെ ഉപാസ്യമാണെന്നു പറയുന്നതു എങ്ങിനെയെന്നാണെങ്കിൽ കേനോപനിഷത്തിൽ ബ്രഹ്മം അറിയപ്പെട്ടതിലും അറിയപ്പെടാത്തതിലും ഉൾപ്പെടുകയില്ലെന്നു പറഞ്ഞിരിക്കയാൽ ഉപാസ്യമല്ലെന്നു പറഞ്ഞിരിക്കുന്നു. നമ്മൾക്ക് ആ നിലയിൽത്തന്നെ ഉപാസിക്കാമല്ലൊ. എന്നാൽ അങ്ങക്ക് ഉപാസനയിൽ ഇത്ര അഭിരുചിയെന്തിനാണെന്നു ചോദിക്കുന്നപക്ഷം നിങ്ങൾക്കതിൽ ഇത്ര ദ്വേഷം എന്തിനാണെന്നു ഞാനും ചോദിക്കും. ഉപാസനക്കും ജ്ഞാനത്തിന്നും എന്താകുന്നു വ്യത്യാസം? ഉപാസനം കർത്താവിന്നധീനം. ജ്ഞാനം വസ്തുവിന്നധീനം. ഇതാണ് ഭേദം. ജ്ഞാനം സിദ്ധമായാൽപിന്നെ അതവനെ വിട്ടുപിരിയുകയില്ല. ധ്യാനമാകട്ടെ നിരന്തരം ചെയ്യാതിരുന്നാൻ വിട്ടുപോകും. ഗുരൂപദേശത്തിൽ വിശ്വാസപൂർവ്വം അഖണ്ഡാകാരവൃത്തിയെ ശീലിക്കുന്നതുതന്നെ ധ്യാനം. ഞാൻ ബ്രഹ്മംതന്നെ എന്ന ഉറപ്പുണ്ടാകുന്നതുതന്നെ ധ്യാനത്തിന്റെ പരമാവധി മരണപര്യന്തം ബ്രഹ്മധ്യാനംചെയ്തു മുക്തിയെ പ്രാപിക്കുന്നതുതന്നെ ഫലം. ബ്രഹ്മവിചാരംചെയ്വാൻ പരിതസ്ഥിതികൾ അനുവദിക്കാത്തവരും മന്ദാധികാരികളും ധ്യാനത്തിലേപ്പെടുന്നതുകൊണ്ടു് ജന്മസാഫല്യം പ്രാപിക്കാനിടവരും. വിചാരത്തിന്നു മതിയായ സൌകര്യമുള്ളവർ ശ്രവണാദിദ്വാരാ വസ്തുസാക്ഷാൽകാരത്തോടുകൂടെ ജന്മസാഫല്യത്തെയടഞ്ഞുകൊള്ളുന്നതുത്തമം. സത്യകാമനെന്ന ഋഷിക്ക് പിപ്പലാദൻ എന്ന മുനി ഓംകാരത്തെ ബ്രഹ്മമെന്നു ധ്യാനിപ്പാനുപദേശിച്ചതായിട്ടു പ്രശ്നോപനിഷത്തിൽ കാണുന്നു. ഓങ്കാരത്തെത്തന്നെ ബ്രഹ്മാലംബനമായിട്ടു് നചികേതസ്സിന്നു് യമൻ ഉപദേശിച്ചതായിട്ടു കഠവല്ല്യുപനിഷത്തിലും കാണുന്നുണ്ടു്. ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ അജ്ജുനന്നും പ്രണവത്തെ ഉപാസ്യബ്രഹ്മമായിട്ടുപദേശിച്ചിരിക്കുന്നു. ആകയാൽ ദേഹാഭിമാനത്തെയകററി ബ്രഹ്മധ്യാനത്തെ ശീലിക്കുന്ന പുരുഷന്നു് മോക്ഷം ലഭിക്കുമെന്നതിൽ സംശയിപ്പാനവകാശമില്ല എന്നാണ് ധ്യാനദീപം സമത്ഥിക്കുന്നത്.

ശുഭംഭൂയാത്.

ഓം. തത്. സത്.

ശ്രീപഞ്ചദശി.

അഥ ധ്യാനദീപം എന്ന 9-ാംപ്രകരണം.

ശ്രീഗണേശായ നമഃ.

1. സംവാദിഭ്രമവൽ ബ്രഹ്മതത്ത്വോപാസ്ത്യാപി മുച്യതേ
ഉത്തരേ താപനീയേതഃ ശ്രുതോപാസ്തിരനേകധാ.

സംവാദിഭ്രമവത്=സംവാദി ഭ്രമത്താൽ പ്രവൃത്തനായവനെന്നപോലെ. ബ്രഹ്മതത്ത്വോപാസ്ത്യാ അപി=ബ്രഹ്മതത്വത്തിന്റെ ഉപാസ്തികൊണ്ടും. മുച്യതേ=മുക്തനാകും. അതഃ ഉത്തരേ താപനീയേ=അതുകൊണ്ടു ഉത്തരതാപനീയത്തിൽ. അനേകധാ ഉപാസ്തിഃ ശ്രൂയതേ=അനേകവിധത്തിൽ ഉപാസ്തി കേൾക്കപ്പെടുന്നു.

ഈ പ്രകരണം ആരംഭിക്കുവാൻ കാരണം:—വേദാന്തശാസ്ത്രത്തിൽ നിത്യാനിത്യവിവേകാദികളായ നാലുവിധ സാധനങ്ങൾ തികച്ചും സിദ്ധിച്ചും വേണ്ടതുപോലെ ഗുരുമുഖത്തിൽനിന്നു മഹാവാക്യോപദേശം ലഭിച്ചും അതിന്റെ അത്ഥം ശ്രവിച്ചും സ്വയമേവ ചിന്തിച്ചും നിദിധ്യാസനം ശീലിച്ചും വന്നാൽ തൽപദത്തിന്റെയും ത്വംപദത്തിന്റെയും ഐക്യാത്ഥജ്ഞാനം നിമിത്തം മോക്ഷം സിദ്ധിക്കും എന്ന സംഗതി കഴിഞ്ഞ 8 പ്രകരണങ്ങൾകൊണ്ടു പറഞ്ഞുകഴിഞ്ഞു. എന്നാൽ ഉപനിഷദാദി

കളെ ഗുരുമുഖത്തിൽനിന്നു കേട്ടിരുന്നാലും ബുദ്ധിപോരായ്മ മുതലായ ചില വിഘ്നങ്ങൾ നിമിത്തം വാക്യാർത്ഥജ്ഞാനം അനുഭവത്തിൽ വന്നില്ലെന്നു വരുന്നപക്ഷം അപ്രകാരമുള്ള മധ്യമാധികാരികൾക്കു മോക്ഷപ്രാപ്തിക്കുപകരിക്കുന്ന ബ്രഹ്മോപാസനയെ കാട്ടിക്കൊടുക്കുവാനുള്ള കാരുണ്യത്തോടുകൂടെ "ധ്യാനദീപം" എന്ന ഈ പ്രകരണം ആരംഭിക്കുന്നു:—സംവാദി ഭ്രമം നിമിത്തം പദാർത്ഥത്തെ അന്വേഷിക്കുന്ന പുരുഷനു ആ വസ്തു ലഭിക്കുന്നതുപോലെ ബ്രഹ്മത്തെ ഉപാസിക്കുന്നതുകൊണ്ടും മോക്ഷം സിദ്ധിക്കും. ഇതിന്നെന്താ പ്രമാണം എന്നാൽ:—ഈ അഭിപ്രായത്തോടുകൂടെ ഉത്തരതാപനീയം എന്ന ഉപനിഷത്തിൽ ബ്രഹ്മോപാസനാക്രമത്തെ ബഹുവിധത്തിൽ പറഞ്ഞിട്ടുണ്ട്.

2. മണിപ്രദീപപ്രഭയോർമ്മണിബുദ്ധ്യാഭിധാവതോഃ
മിഥ്യാജ്ഞാനാവിശേഷേപി വിശേഷോർത്ഥക്രിയാംപ്രതി.

മണിപ്രദീപപ്രഭയോഃ=രത്നത്തിന്റേയും ദീപത്തിന്റേയും പ്രഭകളിൽ. മണിബുദ്ധ്യാഅഭിധാവതോഃ=രത്നമാണെന്ന വിചാരത്താൽ അതിന്റെ നേരെ സഞ്ചരിക്കുന്ന രണ്ടുപേൎക്കും. മിഥ്യാജ്ഞാനാവിശേഷേഅപി=മിഥ്യാജ്ഞാനത്തിൽ വിശേഷമില്ലെങ്കിലും. അർത്ഥക്രിയാംപ്രതി=കാൎയ്യസാദ്ധ്യവിഷയത്തിൽ. വിശേഷഃ (അസ്തി)=വിശേഷമുണ്ട്.

"സംവാദിഭ്രമം" എന്നപോലെ എന്ന് പ്രഥമപദ്യത്തിൽ പറഞ്ഞിട്ടുള്ളതിന്റെ സ്വരൂപം വിസ്തരിപ്പാൻ സംവാദിഭ്രമത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വാർത്തികം എടുത്തുകാണിക്കുന്നു:—ഒരാൾ കുറെ അകലെ രത്നപ്രഭയെ കണ്ടു. മറ്റൊരാൾ അതുപോലെത്തന്നെ ദീപപ്രഭയേയും കണ്ടു. രണ്ടുപേരും ഇക്കാണുന്ന പ്രഭ രത്നമാണെന്നു ധരിച്ചിട്ടു ആ രത്നത്തെക്കുറിച്ച് ഓടിച്ചെല്ലുന്നു. ഇവർ രണ്ടുപേരും പ്രഭ കണ്ടിട്ടാണ് രത്നമെന്നു ധരിച്ചത്. രണ്ടും യഥാർത്ഥജ്ഞാനമല്ല. മിഥ്യാജ്ഞാനമാണ്, എന്നതിൽ ഭേദമില്ല. എങ്കിലും രണ്ടുപേൎക്കും അനുഭവപ്പെടുന്ന ഫലത്തിൽ ഭേദമുണ്ട്. എന്താ വിശേഷമെങ്കിൽ രത്നത്തിൽനിന്നുത്ഭവിച്ച പ്രഭ നീളുന്തോറും അതിന്റെ പിന്നാലെ ഓടുന്നാൾക്ക് ഒടുവിൽ പ്രഭക്കാസ്പദമായ രത്നം ലഭിക്കും. ദീപപ്രഭയിൽ രത്നബുദ്ധിയോടുകൂടെ ഓടുന്നാൾക്ക് രത്നലാഭം ഇല്ല. ഇതാണ് വിശേഷം.

3. ദീപോപവരകസ്യാന്തർവർത്തതേ തൽപ്രഭാബഹിഃ
ദൃശ്യതേദ്വാർയ്യഥാന്യത്ര തദ്വദ്ദൃഷ്ടാമണേഃ പ്രഭാ.

ദീപഃ അപവരകസ്യഅന്തഃ=ദീപം വീട്ടിന്നുള്ളിൽ; വർത്തതേ=ഇരിക്കുന്നു. തൽപ്രഭാബഹിഃദ്വാരിദൃശ്യതേ യഥാ=അതിന്റെ പ്രഭ പുറമെ കാണപ്പെടുന്നതു ഏതുവിധമോ. . അന്യത്ര തദ്വത്ന=മറേറത് അങ്ങിനെയല്ല. മണേഃ പ്രഭാദൃഷ്ടാ=രത്നത്തിന്റെ പ്രഭ കാണപ്പെട്ടു.

മൂന്നു ശ്ലോകംകൊണ്ടു വാർത്തികാഭിപ്രായം വിശദമാക്കുന്നു:—ദീപപ്രഭയിൽ മണിബുദ്ധിയോടുകൂടെ സഞ്ചരിച്ച ആൾ ആ സ്ഥലത്തിൽ എത്തിയപ്പോൾ ഒരു വീട്ടിന്നുള്ളിൽ വിളക്കു കത്തുന്നുണ്ട്. അതിന്റെ പ്രഭ ദ്വാരത്തിൽ വർത്തുളാകൃതിയിൽ കാണപ്പെട്ടു. ആ വർത്തുളാകൃതി രത്നമെന്നപോലെയിരിക്കുന്നുണ്ട് എന്നുമാത്രം. രത്നപ്രഭയിൽ രത്നബുദ്ധിയോടുകൂടെ സഞ്ചരിച്ച ആൾ ആ സ്ഥാനത്തിലെത്തിയപ്പോൾ ഗൃഹാന്തർഭാഗത്തിലുള്ള രത്നത്തിന്റെ പ്രഭതന്നെ ദ്വാരത്തിൽ കാണപ്പെട്ടു.

4. ദൂരേപ്രഭാദ്വയംദൃഷ്ട്വാമണിബുദ്ധ്യാഭിധാവതോഃ
പ്രഭായാംമണിബുദ്ധിസ്തുമിഥ്യാജ്ഞാനംദ്വയോരപി.

ദൂരേപ്രഭാദ്വയംദൃഷ്ട്വാ=ദൂരത്തിൽ രണ്ടു പ്രഭയെകണ്ടിട്ടു. മണിവുദ്ധ്യാഅഭിധാവതോഃദ്വയോഃ=രത്നബുദ്ധിയോടുകൂടെ അതിന്റെ നേരെപായുന്ന രണ്ടുപേൎക്കും. പ്രഭായാംമണിബുദ്ധിഃതു=പ്രഭയിൽ തോന്നിയ മണിബുദ്ധിയാകട്ടെ. മിഥ്യാജ്ഞാനം=മിഥ്യാബോധംതന്നെ (ഭ്രാന്തിതന്നെ).

ദൂരത്തിൽ രണ്ടുപേർ രണ്ടു പ്രഭകണ്ടു. രണ്ടുപേരും രത്നമാണെന്നും നിശ്ചയിച്ചു. അവർ ആ പ്രഭക്കുനേരെ പാഞ്ഞുചെന്നു. പ്രഭയിൽ രത്നമാണെന്നുണ്ടായ ജ്ഞാനം ഭ്രമംതന്നെ. അതു രണ്ടുപേൎക്കും ഒരുപോലെയുണ്ടായി.

5. നലഭ്യതേ മണി ർദ്ദീപപ്രഭാം പ്രത്യഭിധാവതാ
പ്രഭായാം ധാവതാവശ്യം ലഭ്യേതൈവ മണി ർമ്മണേഃ

ദീപപ്രഭാംപ്രതിഅഭിധാവതാ=ദീപപ്രഭയുടെ നേൎക്കു പോയ പുരുഷനാൽ. മണിഃനലഭ്യതേ = രത്നം ലഭിക്കപ്പെടുന്നില്ല. മണേഃപ്രഭായാംധാവതാ=മണിപ്രഭയിൽ സഞ്ചരിക്കുന്നവനാൽ. മണിഃഅവശ്യംലഭ്യേതഏവ=രത്നം തീൎച്ചയായും ലഭിക്കപ്പെടും.

മിഥ്യാജ്ഞാനം രണ്ടുപേക്കും ഒരുപോലെയുണ്ടായിയെങ്കിലും ദീപപ്രഭയിൽ മണിബുദ്ധിയോടു കൂടെ സഞ്ചരിച്ച ആാക്ക് രത്നം കിട്ടുകയില്ല. രത്നപ്രഭയിൽ രത്നബുദ്ധിയോടുകൂടെ സഞ്ചരിച്ച ആാക്ക് നിശ്ചയമായും രത്നം കിട്ടുകയും ചെയ്യും.

6. ദീപപ്രഭാമണിർഭ്രാന്തി വിസംവാദിഭ്രമഃസ്മൃതഃ
മണിപ്രഭാമണിഭ്രാന്തിഃ സംവാദിഭ്രമ ഉച്യതേ

ദീപപ്രഭാമണിഭ്രാന്തിഃ=ദീപപ്രഭയിൽ മണിയെന്നുണ്ടായ ജ്ഞാനം. വിസംവാദിഭ്രമഃസ്മൃതഃ=വിസംവാദി ഭ്രമം എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മണിപ്രഭാമണിഭ്രാന്തിഃ = മണിപ്രഭയിൽ ഉണ്ടായ മണിഭ്രമം. സംവാദിഭ്രമഃഉച്യതേ=സംവാദിഭ്രമം എന്നു പറയപ്പെടുന്നു.

വാൎത്തികാൎത്ഥത്തെ വിശദമാക്കിയതിന്റെ പ്രയോജനം പറയുന്നു:—ദീപപ്രഭയിൽ തോന്നിയ രത്നബുദ്ധിക്ക് വിസംവാദിഭ്രമം എന്നും മണിപ്രഭയിൽ തോന്നിയ രത്നഭ്രമത്തിന്നു സംവാദിഭ്രമം എന്നും പേർ വിദ്വാന്മാർ നിശ്ചയിച്ചിരിക്കുന്നു. ഭ്രമത്തിൽനിന്നു ഉദ്ദിഷ്ടഫലം ലഭിച്ചതിനാൽ സംവാദിയെന്നും അങ്ങിനെയല്ലാഞ്ഞതിനാൽ വിസംവാദിയെന്നും പറയപ്പെട്ടു. ഫലവ്യത്യാസമാണ് ഭ്രമവ്യത്യാസത്തിൽനിന്നുണ്ടാകുന്നത്, എന്നു സാരം.

7. ബാഷ്പം ധൂമതയാ ബുദ്ധ്വാ തത്രാംഗാരാനുമാനതഃ
വഹ്നിം യദൃച്ഛയാ ലബ്ധഃസസംവാദിഭ്രമോ മതഃ

ബാഷ്പംധൂമതയാബുദ്ധ്വാ=ബാഷ്പത്തെ ധൂമമാണെന്നു ധരിച്ചിട്ടു. തത്രഅംഗാരാനുമാനതഃ=അവിടെ വഹ്നിയുണ്ടെന്നുള്ള അനുമാനത്തിൽനിന്ന്. യദൃച്ഛയാവഹ്നിഃലബ്ധഃ = യദൃച്ഛയായിട്ടു വഹ്നി ലഭിച്ചുവെങ്കിൽ. സഃസംവാദിഭ്രമഃമതഃ=അത് സംവാദിഭ്രമം എന്നാണ് വിദ്വന്മതം.

പ്രത്യക്ഷവിഷയത്തിൽ സംവാദിഭ്രമസ്വരൂപത്തെ കാണിച്ചതുപോലെ അനുമാനവിഷയത്തിലും കാണിക്കുന്നു:—ഒരു ദിക്കിൽ ജലപരിണാമരൂപമായ മഞ്ഞിന്റെ വ്യാപ്തി ദൂരെനിന്നു കണ്ട ഒരാാ അത് പുകയാണെന്നു ധരിച്ചു. പുകയുള്ളവിടെ തീയുണ്ട്, എന്ന അനുമാനത്തെ അവലംബിച്ചുകൊണ്ടു അഗ്നി കിട്ടുമെന്ന വിചാരത്താൽ അങ്ങോട്ടു സഞ്ചരിച്ചു. സ്ഥലത്തെത്തിയപ്പോാ ദൈവഗത്യാ അഗ്നിയവിടെ കണ്ടുകിട്ടി, എന്നുവന്നാൽ ഇതിനെ സംവാദിഭ്രമം എന്നുതന്നെ പറയുന്നു.

8. ഗോദാവൎയ്യുദകം ഗംഗോദകംമത്വാ വിശുദ്ധയേ
സംപ്രോക്ഷ്യശുദ്ധിമാപ്നോതിസ സംവാദിഭ്രമോമതഃ.

ഗോദാവൎയ്യുദകം=ഗോദാവരീജലത്തെ. ഗംഗോദകംമത്വാ=ഗംഗാജലമാണെന്നു വിചാരിച്ചിട്ട്. വിശുദ്ധയേസം പ്രേക്ഷ്യ = വിശുദ്ധിക്കായി പ്രോക്ഷിച്ചിട്ട്. ശുദ്ധിം ആപ്നോതി = ശുദ്ധിയെ പ്രാപിക്കുന്നു. സഃ സംവാദിഭ്രമഃമതഃ=അത് സംവാദിഭ്രമം എന്നാണ് വിദ്വൽസമ്മതം.

ആഗമവിഷയത്തിലും സംവാദിഭ്രമസ്വരൂപത്തെ കാണിക്കുന്നു:—ഗോദാവരീജലം ഗംഗാജലമാണെന്ന് ഒരാാ വിചാരിച്ചിട്ടു ശുദ്ധിക്കുവേണ്ടി അതിനെ പ്രോക്ഷിക്കുന്നു. ആയാാ ശുദ്ധനാകുന്നു. ഗോദാവരീജലവും ശുദ്ധിയെ വരുത്തുന്നതുതന്നെ. എങ്കിലും ഗംഗാജലമാണെന്നു ധരിച്ചത് ഭ്രമമാണെങ്കിലും ശുദ്ധിയുണ്ടായിയെന്ന കാരണത്താൽ ആ ഭ്രമവും സംവാദിഭ്രമമെന്നാണ് ആഗമസിദ്ധാന്തം.

9. ജ്വരേണാപ്തഃ സന്നിപാതം ഭ്രാന്ത്യാ നാരായണംസ്മരൻ
മൃതഃസ്വൎഗ്ഗമവാപ്നോതിസ സംവാദി ഭ്രമോമതഃ

ജ്വരേണസന്നിപാതം ആപ്തഃ=ജ്വരത്താൽ മൂർച്ഛിച്ചിരിക്കുന്ന പുരുഷൻ. ഭ്രാന്ത്യാ നാരായണം സ്മരൻ മൃതഃ=ഭ്രാന്തികൊണ്ടു നാരായണനെ സ്മരിച്ചു മരിച്ചുവെങ്കിൽ. സ്വൎഗ്ഗംഅവാപ്നോതി=സ്വൎഗ്ഗത്തെ പ്രാപിക്കുന്നു. സഃ സംവാദിഭ്രമഃമതഃ=അത് സംവാദിഭ്രമം എന്നഭിമതം.

മറെറാരുദാഹരണം:—ജ്വരത്താൽ ബോധമില്ലാത്തനിലയിൽ കിടക്കുന്ന ഒരാാ താൻ ശ്രീ നാരായണനെ സ്മരിക്കുന്നുവെന്ന അറിവുകൂടാതെ ജ്വരം നിമിത്തമുണ്ടായ ഭ്രാന്തിയാൽ നാരായണനെ സ്മരിച്ചുകൊണ്ടു മരിച്ചാൽ ആയാാക്ക് സ്വൎഗ്ഗപ്രാപ്തിയുണ്ടാകും. എന്നാൽ ആ മരിച്ച ആാ യഥാൎത്ഥബോധത്തോടുകൂടെയല്ല നാരായണസ്മൃതി ചെയ്തിട്ടുള്ളത്. ഭ്രമംനിമിത്തമാണ്. എങ്കിലും സ്വൎഗ്ഗപ്രാപ്തിനിമിത്തം അതു സംവാദിഭ്രമംതന്നെ. "ഹരിഹരതി പാപാനി ദുഷ്ടചിത്തൈരപിസ്മൃതഃ" "ആക്രുശ്യപുത്രമഘവാൻ യദജാമിളോപി നാരായണേതി മ്രിയമാണ ഇയായമുക്തിം" ദുഷിച്ച ചിത്തമുള്ളവരാൽ സ്മരിക്കപ്പെട്ടാലും അവരുടെ പാപത്തെ ഹരിക്കുന്നതു ഹരിയുടെ സ്വഭാവമാകുന്നു. പാപനായ അജാമിളൻ

പുത്രന്റെ പേരിൽ മനസ്സുവെച്ചിട്ടാണ് നാരായണ എന്നുച്ചരിച്ചത് എങ്കിലും മുക്തനായി എന്നിങ്ങിനെ പുരാണങ്ങളിൽ കാണുന്നതിനാൽ അതും സംവാദിഭ്രമമാകുന്നു. പുരാണവചനം പ്രമാണം.

10. പ്രത്യക്ഷസ്യാനുമാനസ്യ തഥാശാസ്ത്രസ്യ ഗോചരേ
ഉക്തന്യായേന സംവാദിഭ്രമാഃ സന്തിഹികോടിശഃ.

പ്രത്യക്ഷസ്യ അനുമാനസ്യ=പ്രത്യക്ഷത്തിന്റെ അനുമാനത്തിന്റെയും. തഥാ ശാസ്ത്രസ്യച ഗോചരേ= അപ്രകാരം ശാസ്ത്രത്തിന്റെയും അധീനത്തിലായിട്ടു. ഉക്തന്യായേന=പറയപ്പെട്ട ന്യായപ്രകാരം. സംവാദിഭ്രമഃ കോടിശഃ സന്തി=സംവാദിഭ്രമങ്ങൾ അനേകമുണ്ട്.

പ്രത്യക്ഷം, അനുമാനം, ശാസ്ത്രം എന്നിവയിൽ മുൻപറഞ്ഞ ന്യായപ്രകാരമുള്ള സംവാദിഭ്രമങ്ങൾ എത്രയോ അധികവിധമായിട്ടുണ്ട്.

11. അന്യഥാംമൃത്തികാദാരുശിലാഃ സ്യുർദേവതാഃ കഥം
അഗ്നിത്വാദിധിയോപാസ്യാഃ കഥം വായോഷിദാദയഃ.

അന്യഥാ മൃത്തികാദാരുശിലാഃ=അങ്ങിനെയല്ലെങ്കിൽ മണ്ണ്, മരം, കല്ല് എന്നിവ. കഥം ദേവതാഃസ്യുഃ= എങ്ങിനെ ദേവതകളാകും. യോഷിദാദയഃ കഥംവാ=സ്ത്രീ മുതലായവർ എങ്ങിനെ അഗ്നിത്വാദിധിയാ ഉപാസ്യാഃ=അഗ്നി എന്നിങ്ങിനെയുള്ള ബുദ്ധിയോടുകൂടെ ഉപാസിപ്പാൻ യോഗ്യങ്ങളാകും.

ഇവിടെ വിവരിച്ചവിധത്തിൽ ഫലത്തെ സാധിപ്പിക്കുന്നതായ സംവാദിഭ്രമം എന്ന ഒന്നിനെ സ്വീകരിക്കുന്നില്ലെങ്കിൽ ലോകത്തിലും ശാസ്ത്രത്തിലും നിശ്ചയിക്കപ്പെട്ടിരിക്കുന്ന അനേകസംഗതികൾക്ക് ആസ്പദമില്ലെന്നുള്ള ദോഷത്തെ കാണിച്ചുകൊണ്ടു സംവാദിഭ്രമത്തെ ദൃഢപ്പെടുത്തുന്നു:—അങ്ങിനെ സംവാദിഭ്രമത്തിൽനിന്നും ഉദ്ദിഷ്ടഫലസിദ്ധിയുണ്ടാകയില്ലെങ്കിൽ മണ്ണ് കല്ല് മരം എന്നിവയെ ഇഷ്ടദേവതാരൂപത്തിൽ ഭജിക്കുന്നതെങ്ങിനെ—സ്ത്രീ മുതലായവരെ അഗ്നിഭാവനയോടുകൂടെ ഉപാസിക്കേണ്ടതാണെന്നു ശാസ്ത്രം നിശ്ചയിക്കുന്നതെങ്ങിനെ. "യോഷാ വാവഗൌതമാഗ്നിഃ പുരുഷോ വാവഗൌതമാഗ്നിഃ പൃഥിവീ വാവഗൌ തമാഗ്നിഃ പർജന്യോ വാവഗൌതമാഗ്നിഃ അസൌ വാവദ്യു ലോകോഗൌതമാഗ്നിഃ" ഇപ്രകാരമുള്ള വാക്യങ്ങളാൽ സ്ത്രീ പുരുഷൻ ഭൂമി പർജന്യം ദ്യുലോകം മുതലായവയെ അഗ്നിഭാവത്തിൽ ഉപാസിക്കുന്നതുകൊണ്ടു ബ്രഹ്മലോകപ്രാപ്തിരൂപമായ ഫലം സിദ്ധിക്കും എന്നു ശാസ്ത്രസിദ്ധാന്തത്തിനു ആസ്പദമില്ലെന്നുവരും. "മനോ ബ്രഹ്മേത്യുപാസീത ആദിത്യോ ബ്രഹ്മേത്യാദേശഃ" എന്നിങ്ങിനെയുള്ള വാക്യങ്ങളെയും കാണിപ്പാനാണ് "ആദി" പദപ്രയോഗം.

12. അയഥാ വസ്തുവിജ്ഞാനാൽ ഫലംലഭ്യത ഈപ്സിതം
കാകതാലീയതഃസോയംസംവാദി ഭ്രമഉച്യതേ.

അയഥാ വസ്തുവിജ്ഞാനാത്=യഥാർത്ഥ വസ്തുവിജ്ഞാനമില്ലാതെയും (ഭ്രമംനിമിത്തം എന്നർത്ഥം.) കാകതാലീയതഃ ഈപ്സിതംഫലം ലഭ്യതേ=കാകതാലീയംപോലെ ഇഷ്ടഫലം ലഭിക്കപ്പെടുന്നുവോ. സഃഅയം സംവാദിഭ്രമഃ ഉച്യതേ=ആ ഇത് സംവാദിഭ്രമം എന്നു പറയപ്പെടുന്നു.

അനേകംഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സംവാദിഭ്രമത്തിന്റെ ഒട്ടാകെയുള്ള സാരത്തെ ധരിപ്പിപ്പാൽ സംഗ്രഹിച്ചു കാണിക്കുന്നു:—വിഹിതമോ അവിഹിതമോ ആയുണ്ടായ ഭ്രമപ്രവൃത്തിയിൽ നിന്നു "കാക്കയിരിക്കലും പനമ്പഴം വീഴലും" ഉണ്ടാകുമ്പോൾ കാക്ക പനമ്പഴം വീഴ്ത്തിയെന്നു വരുന്നതുപോലെ ദൈവയോഗത്താൽ ഇഷ്ടഫലം സിദ്ധിക്കുന്നുവെങ്കിൽ അതെല്ലാം സംവാദിഭ്രമത്തിൽ ഉൾപ്പെടും.

13. സ്വയംഭ്രമോപി സംവാദിയഥാ സമ്യക്ഫലപ്രദഃ
ബ്രഹ്മതത്വോപാസനാപി തഥാ മുക്തിഫലപ്രദാ.

സ്വയംഭ്രമഃ അപിസംവാദീ=സ്വരൂപതഃ ഭ്രമംതന്നെയാണെങ്കിലും സംവാദിഭ്രമം. യഥാ സമ്യക്ഫലപ്രദഃ=എപ്രകാരമോ ശരിയായഫലത്തെ പ്രദാനംചെയ്യുന്നത്. തഥാ ബ്രഹ്മതത്വോപാസനാ അപി= അപ്രകാരം ബ്രഹ്മതത്വോപാസനയും. മുക്തിഫലപ്രദാ=മുക്തിഫലത്തെ പ്രദാനംചെയ്യും.

ബ്രഹ്മം ഉപാസനക്കു വിഷയമാകത്തക്ക വസ്തുവല്ലാത്തതിനാൽ ഉപാസനാവിഷയം അബ്രഹ്മമാവാനേ തരമുള്ളു. അതിൽനിന്നു ബ്രഹ്മപ്രാപ്തിരൂപമായ സമ്യഗ്ജ്ഞാനഫലമായ സ്വരൂപമുക്തി എങ്ങിനെ സിദ്ധിക്കും എന്നു കാണിക്കുന്നു. സംവാദി സ്വതേ ഭ്രമസ്വരൂപംതന്നെയെങ്കിലും അതിൽ നിന്നു സമ്യക്ഫലം ലഭിക്കുന്നതുപോലെ ബ്രഹ്മോപാസനയിൽനിന്നും മുക്തിലഭിക്കും എന്നു പ്രഥമപദ്യത്തിൽ പറഞ്ഞ സംഗതിയെ സ്ഥാപിച്ചുകഴിഞ്ഞു.

14. വേദാന്തേഭ്യോബ്രഹ്മതത്വ മഖണ്ഡൈക രസാത്മകം
പരോക്ഷമവഗമ്യൈത ദഹമസ്മീത്യുപാസതേ

വേദാന്തേഭ്യഃ=വേദാന്തങ്ങളിൽനിന്ന്. അഖണ്ഡൈക രസാത്മകം=അഖണ്ഡവും ഏകരസസ്വരൂപവുമായിരിക്കുന്ന. ബ്രഹ്മതത്വം=ബ്രഹ്മതത്വത്തെ. പരോക്ഷം അവഗമ്യ=പരോക്ഷമായറിഞ്ഞിട്ട ഏതത് അഹം അസ്മി=ഈ തത്വം ഞാനാകുന്നു. ഇതിഉപാസതേ=എന്നിങ്ങിനെ ഉപാസിക്കുന്നു.

എന്നാൽ ബ്രഹ്മഭാവത്തെ അറിഞ്ഞിട്ടോ അറിയാതെയോ ഉപാസിക്കുന്നത് എന്നു ശങ്കിച്ച് സമാധാനം പറയുന്നു:—ബ്രഹ്മഭാവത്തെ അറിഞ്ഞുകഴിഞ്ഞാൽ ഉപാസനക്കാവശ്യമില്ല, മോക്ഷസാധനമായ ജ്ഞാനം സിദ്ധമായെല്ലൊ. പിന്നെ ഉപാസന എന്തിനായിട്ടാകുന്നു? രണ്ടാംപക്ഷത്തിൽ വിഷയംതന്നെ അറിഞ്ഞിട്ടില്ലെങ്കിൽ ഉപാസന എങ്ങിനെ ചെയ്യും? ആ രണ്ടുകൂട്ടരു മല്ല ഉപാസനക്കർഹന്മാർ. പിന്നെ ആരാണ് അർഹൻ. പറയുന്നു:—വേദാന്തശാസ്ത്രങ്ങളിൽനിന്നു ബ്രഹ്മം അഖണ്ഡവും ഏകരസവുമാണെന്ന് പരോക്ഷമായറിഞ്ഞിട്ട്, ഈ ബ്രഹ്മതത്വംതന്നെ ഞാൻ എന്നാണുപാസനയുടെ സ്വരൂപം. അപരോക്ഷജ്ഞാനം സിദ്ധിപ്പാനുള്ള മാർഗ്ഗമായതുകൊണ്ടു ഉപാസന നിഷ്പ്രയോജനമല്ല. ശാസ്ത്രത്തിൽനിന്നു ബ്രഹ്മസ്വരൂപം പരോക്ഷമായറിഞ്ഞതിനാൽ ഉപാസനക്കു ബ്രഹ്മം വിഷയമാകുന്നതിനും വിരോധമില്ല.

15. പ്രത്യഗ്വ്യക്തിമനുല്ലിഖ്യശാസ്ത്രാദ്വിഷ്ണ്വാദിമൂർത്തിവത്
അസ്തിബ്രഹ്മേതിസാമാന്യജ്ഞാനമത്രപരോക്ഷധീഃ

പ്രത്യഗ്വ്യക്തിം അനുല്ലിഖ്യ=പ്രത്യഗാത്മാവിനെ വിഷയീകരിക്കാതെ, ശാസ്ത്രാത് വിഷ്ണ്വാദിമൂർത്തിവത്=ശാസ്ത്രത്തിൽനിന്നു വിഷ്ണ്വാദിമൂർത്തികളെന്നപോലെ. ബ്രഹ്മ അസ്തി ഇതി=ബ്രഹ്മം ഉണ്ടെന്നുള്ള. സാമാന്യജ്ഞാനം അത്ര പരോക്ഷധീഃ=സാമാന്യമായ അറിവ് ഇതിൽ (ഉപാസനയിൽ) പരോക്ഷജ്ഞാനമാകുന്നു.

പരോക്ഷജ്ഞാനത്തിൻെറ സ്വരൂപം ഏതുവിധമാണെന്നു കാണിക്കുന്നു:—ശാസ്ത്രങ്ങളിൽനിന്നു വിഷ്ണു ശിവൻ എന്നിങ്ങിനെയുള്ള മൂർത്തികൾ ഉണ്ടെന്നറിയുന്നതുപോലെ അഖണ്ഡൈകരസമായ ബ്രഹ്മം ഉണ്ടെന്നു മാത്രം അറിയുന്നു. ആ വസ്തുതന്നെയാണ് ബുദ്ധ്യാദിസാക്ഷിയും ആനന്ദമൂർത്തിയുമായി ശരീരത്തിൽ വിളങ്ങുന്ന ആത്മാവ് എന്നുള്ള സാക്ഷാൽകാരം സിദ്ധിച്ചിട്ടുമില്ല. ബ്രഹ്മം ഉണ്ടെന്നുള്ള സാമാന്യജ്ഞാനം യാതൊന്നാണോ അതിനെ ഉപാസനാവിഷയത്തിൽ പരോക്ഷജ്ഞാനം എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

16. ചതുർഭുജാദ്യവഗതാവപി മൂർത്തിമനുല്ലിഖൻ
അക്ഷൈഃ പരോക്ഷജ്ഞാന്യേവനതദാ വിഷ്ണുമീക്ഷതേ.

ചതുർഭുജാദ്യവഗതൌ അപി=ചതുർഭുജാദി ലക്ഷണജ്ഞാനം ഉണ്ടെങ്കിലും. മൂർത്തിം അക്ഷൈഃ അനുല്ലിഖൻ=സ്വരൂപത്തെ ഇന്ദ്രിയങ്ങൾകൊണ്ടു കാണാതിരിക്കുന്ന ഉപാസകൻ. പരോക്ഷജ്ഞാനീ ഏവ=പരോക്ഷജ്ഞാനിതന്നെ. തദാ വിഷ്ണും അക്ഷൈഃ നഈക്ഷതേ=അക്കാലത്തിൽ ഇന്ദ്രിയങ്ങൾകൊണ്ടു വിഷ്ണുവിനെ കാണുന്നില്ലല്ലൊ.

ശാസ്ത്രത്തിൽനിന്നു വിഷ്ണ്വാദിമൂർത്തികളുടെ ചതുർഭുജത്വാദി വിശേഷലക്ഷണജ്ഞാനമുള്ളതിനാൽ ആ ജ്ഞാനവും പരോക്ഷമാകുന്നതെങ്ങിനെ എന്നു ശങ്കിച്ചു സമാധാനം പറയുന്നു:—ശാസ്ത്രംകൊണ്ടുള്ള വിശേഷജ്ഞാനമുണ്ടെങ്കിലും വിഷ്ണ്വാദിമൂർത്തികളെ വിഷയീകരിക്കാതിരിക്കുന്ന ഉപാസകൻെറ ജ്ഞാനം പരോക്ഷംതന്നെ. എന്തുകൊണ്ടെന്നാൽ ആ കാലത്തിൽ—ഉപാസനകാലത്തിൽ—ഉപാസ്യനായ വിഷ്ണുവിനെ ഇന്ദ്രിയങ്ങൾകൊണ്ടു കാണുന്നില്ലെല്ലൊ; അതിനാൽ അവൻ പരോക്ഷജ്ഞാനിതന്നെ.

17. പരോക്ഷത്വാപരാധേന ഭവേന്നാതത്വവേദനം
പ്രമാണേനൈവശാസ്ത്രേണ സത്യമൂർത്തേർവിഭാസനാത്.

പരോക്ഷത്വാപരാധേന=പരോക്ഷജ്ഞാനത്വം എന്ന ദോഷത്താൽ. അതത്വവേദനം ന ഭവേത്=തത്വമറിയാതെ വരികയെന്നത് സംഭവിക്കയില്ല. പ്രമാണേന ശാസ്ത്രേണഏവ=പ്രമാണമായ ശാസ്ത്രത്താൽതന്നെ. സത്യമൂർത്തേഃ വിഭാസനാത്=സത്യമായ മൂർത്തിയുടെ വിശേഷപ്രകാശനം ഉണ്ടായതുകൊണ്ട്.

വിഷ്ണ്വാദികളെ വിഷയീകരിച്ചുണ്ടായ ജ്ഞാനം മൂർത്തിയെ കണ്ടിട്ടുണ്ടായതല്ലാത്തതിനാൽ ഭ്രമംതന്നെയല്ലെയോ എന്നു ശങ്കിക്കുന്നുവെങ്കിൽ അതു ഭ്രമമല്ല. ഭ്രാന്തിജ്ഞാനത്തിന്നു പരോക്ഷജ്ഞാനമല്ല കാരണം. വിഷയം അസത്യം എന്നതാണ് ഭ്രാന്തിജ്ഞാനകാരണം. ഇവിടെ പരോക്ഷജ്ഞാനം എന്ന

ദോഷം വിഷയത്തെ അസത്യമാക്കിത്തീക്കുന്നില്ല. പ്രമാണമായ ശാസ്ത്രം സത്യമൂർത്തിയായ വിഷ്ണുവിനെ വിശേഷമായി പ്രകാശിപ്പിച്ചിരിക്കയാൽ വിഷയം അസത്യം എന്ന ദോഷം സംഭവിക്കുന്നില്ല. അതിനാൽ പരോക്ഷജ്ഞാനത്തെ ഭ്രാന്തം എന്നു വിചാരിപ്പാനവകാശമില്ല.

18. സച്ചിദാനന്ദരൂപസ്യ ശാസ്ത്രാൽ ഭാനേപ്യനല്പിഖൻ
പ്രത്യഞ്ചം സാക്ഷിണം തത്തു ബ്രഹ്മസാക്ഷാ ന്നവീക്ഷതെ.

ശാസ്ത്രാൽ സച്ചിദാനന്ദരൂപസ്യ=ശാസ്ത്രത്തിൽനിന്നു സച്ചിദാനന്ദരൂപത്തിൻെറ. ഭാനേഅപിപ്രത്യഞ്ചം സാക്ഷിണം=ഭാനമുണ്ടെങ്കിലും പ്രത്യഗാത്മാവായ സാക്ഷിയെ. അനല്പിഖൻ=നേരിട്ടറിയാത്ത പുരുഷൻ. തൽ ബ്രഹ്മതു=ആ ബ്രഹ്മത്തെയാകട്ടെ. സാക്ഷാത് നവീക്ഷതെ=നേരിട്ടറിയുന്നില്ല.

''സത്യം ജ്ഞാനമനന്തംബ്രഹ്മ'' ''നിത്യഃശുദ്ധോബുദ്ധഃസത്യോമുക്തോ നിരഞ്ജനഃ'' ''സദേവേദം സർവ്വംതൽസത്'' ''ചിദേവേദംസർവ്വംപ്രകാശതേ'' സത്യവും ജ്ഞാനവും അപരിച്ഛിന്നവുമാകുന്നു ബ്രഹ്മം. നിത്യനും ശുദ്ധനും ബുദ്ധനും സത്യനും മുക്തനും നിസ്സംഗനുമാകുന്നു. ഇക്കാണപ്പെടുന്നതെല്ലാം ആ സത്തുതന്നെ. ഈ പ്രകാശിക്കുന്നതെല്ലാം ചിത്തുതന്നെ. എന്നിങ്ങിനെയുള്ള ശാസ്ത്രവാക്യങ്ങളാൽ സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം അറിയപ്പെടുന്നുവെങ്കിലും ആന്തരമായ പ്രത്യാഗാത്മാവിനെ നേരിട്ടറിയാത്ത പുരുഷൻ ബ്രഹ്മത്തെയും സാക്ഷാത്തായറിയുന്നില്ല. അതിനാൽ ശാസ്ത്രജന്യജ്ഞാനം പരോക്ഷംതന്നെയെന്നു താല്പര്യം.

19. ശാസ്ത്രോക്തേനൈവമാർഗേണസച്ചിദാനന്ദനിശ്ചയാത്
പരോക്ഷമപിതൽജ്ഞാനംതത്വജ്ഞാനംനതുഭ്രമഃ

ശാസ്ത്രോക്തേനഏവമാർഗേണ=ശാസ്ത്രസമ്മതമായിത്തന്നെയിരിക്കുന്ന മാർഗത്താൽ. സച്ചിദാനന്ദനിശ്ചയാൽ=സച്ചിദാനന്ദത്തിൻെറ നിശ്ചയംനിമിത്തം. പരോക്ഷം അപിതൽജ്ഞാനം=പരോക്ഷമാണെങ്കിലും ആ ജ്ഞാനം. തത്വജ്ഞാനം ഭ്രമഃനതു=ശരിയായ ജ്ഞാനംതന്നെ ഭ്രമം അല്ല.

എന്നാൽ പ്രത്യഗാത്മാവിനെ സാക്ഷാൽകരിക്കാതെയുണ്ടായ ബ്രഹ്മജ്ഞാനം തത്വജ്ഞാനമാകുന്നതെങ്ങിനെയെന്ന ശങ്കയെ പരിഹരിക്കുന്നു!—ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള മാർഗത്തിൽക്കൂടെത്തന്നെ സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിൻെറ നിശ്ചയം സിദ്ധിച്ചിട്ടുള്ളതുകൊണ്ടു പരോക്ഷമാണെങ്കിലും ആ ജ്ഞാനം ശരിയായ അറിവുതന്നെയാകുന്നു, ഭ്രമമല്ല.

20. ബ്രഹ്മ യദ്യപിഃശാസ്ത്രേഷു പ്രത്യക്ത്വേനൈവ വർണിതം
മഹാവാക്യൈ സ്തഥാപ്യേതദ്ദുർബോധ മവിചാരിണഃ.

ശാസ്ത്രേഷുമഹാവാക്യൈഃ=ശാസ്ത്രങ്ങളിൽ മഹാവാക്യങ്ങളാൽ. ബ്രഹ്മപ്രത്യക്ത്വേന ഏവ=ബ്രഹ്മം പ്രത്യക്തത്വമായിട്ടുതന്നെ. വർണിതം യദ്യപി=വർണ്ണിക്കപ്പെട്ടിരിക്കുന്നുവെങ്കിലും തഥാപിഏതത് അവിചാരിണഃദുർബോധം=വിചാരം ചെയ്യാത്ത പുരുഷന്നറിവാൻ പ്രയാസമാകുന്നു.

സത്യജ്ഞാനാനന്തം എന്നിങ്ങിനെയുള്ള അവാന്തരവാക്യത്താൽ ബ്രഹ്മത്തിൻെറ സച്ചിദാനന്ദത്തെ ഉറപ്പിച്ചിട്ടുള്ളതുപോലെ തത്വമസി എന്ന മഹാവാക്യത്താൽ ബ്രഹ്മംതന്നെ പ്രത്യഗാത്മാവായ സാക്ഷിയായിരിക്കുന്നതെന്നും ബോധിപ്പിക്കുന്നതുകൊണ്ടു ആ ജ്ഞാനം അപരോക്ഷംതന്നെയല്ലെ എന്നുള്ള ശങ്കനിമിത്തം പറയുന്നു:—ശാസ്ത്രങ്ങളിൽ മഹാവാക്യങ്ങളാൽ ബ്രഹ്മം പ്രത്യഗാത്മസ്വരൂപംതന്നെ എന്നു പറയപ്പെട്ടിട്ടുണ്ടെങ്കിലും ഈ പ്രത്യക് സ്വരൂപത്തെ വിചാരം ചെയ്യാത്ത പുരുഷന്നറിവാൻ പ്രയാസമാകുന്നു. അതുകൊണ്ടു തത്വം പദങ്ങളുടെ അർത്ഥങ്ങളെ അന്വയവ്യതിരേകങ്ങളാൽ വിചാരംചെയ്യുവന്നു മാത്രമെ അറിവാൻ കഴികയുള്ളുവെന്നഭിപ്രായം.

21. ദേഹാദ്യാത്മത്വവിഭ്രാന്തൌ ജാഗ്രത്യാം നഹഠാൽ പുമാൻ
ബ്രഹ്മാത്മത്വേന വിജ്ഞാതും ക്ഷമതേ മന്ദധീത്വതഃ.

ദേഹാദ്യാത്മത്വവിഭ്രാന്തൌ=ദേഹാദി ആത്മാവാണെന്നുള്ള ഭ്രാന്തി. ജാഗ്രത്യാം പുമാൻ=ജാഗ്രത്തായിരിക്കുമ്പോൾ പുരുഷൻ. മന്ദധീത്വതഃ=മന്ദബുദ്ധിത്വംനിമിത്തം. ഹഠാൽ ബ്രഹ്മ ആത്മത്വേന=ബലാൽബ്രഹ്മത്തെ ആത്മാവായിട്ടു വിജ്ഞാതുംനക്ഷമതേ=അറിവാൻ അഹ്നനാകുന്നില്ല.

ശരിയായ ജ്ഞാനം പ്രമാണപ്രമേയങ്ങളെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടും തത്വമസ്യാദിമഹാവാക്യങ്ങൾ പ്രമാണങ്ങളായതുകൊണ്ടും ബ്രഹ്മമാകുന്ന ആത്മവസ്തു സത്യമാകുതുകൊണ്ടും സാക്ഷാത്തായ ബ്രഹ്മാത്മജ്ഞാനത്തിന്നു പ്രയാസമാണെന്നു പറയുന്നതിന്നു കാരണം എന്താണെന്ന ആകാംക്ഷക്കു സമാ

ധാനം പറയുന്നു:— ദേഹാദികളിൽ ആത്മത്വബുദ്ധിയാകുന്ന ഭ്രാന്തിയുള്ളപ്പോഠം പുരുഷന്നു ബലാൽകാരേണ ബ്രഹ്മംതന്നെ ആത്മാവെന്ന ജ്ഞാനം ഉണ്ടാകുന്നതല്ല. ബുദ്ധിമാന്ദ്യമാണതിന്നു കാരണം. അപരോക്ഷജ്ഞാനത്തിന്നു വിരോധിയും വിചാരത്താൽ നിവത്തിക്കത്തക്കതുമായ ദേഹാത്മത്വബുദ്ധി നീങ്ങുവാൻ വിചാരം ആവശ്യമാണെന്നു താൽപര്യം.

22. ബ്രഹ്മമാത്രം സുവിജ്ഞേയം ശ്രദ്ധാലോഃ ശാസ്ത്രദശിനഃ
അപരോക്ഷദ്വൈതബുദ്ധിഃ പരോക്ഷാദ്വൈതബുദ്ധ്യനുത്.

അപരോക്ഷദ്വൈതബുദ്ധിഃ=അപരോക്ഷമായ ദ്വൈതജ്ഞാനം. പരോക്ഷാ ദ്വൈതബുദ്ധ്യനുത്=പരോക്ഷമായ അദ്വൈതജ്ഞാനവിരോധിയല്ല. ശ്രദ്ധാലോഃ ശാസ്ത്രദശിനഃ=ശ്രദ്ധയും ശാസ്ത്രദശനവുമുള്ള പുരുഷന്ന്. ബ്രഹ്മമാത്രം സുവിജ്ഞേയം=ബ്രഹ്മം മാത്രം എളുപ്പത്തിൽ അറിയത്തക്കതാകുന്നു.

അപരോക്ഷമായ തത്വത്തെക്കുറിച്ചുള്ള അറിവ്:—ജഗത്തിനെകുറിച്ചുള്ള ജ്ഞാനം-പരോക്ഷമായ അദ്വൈതജ്ഞാനത്തിന്നു:—ബ്രഹ്മജ്ഞാനത്തിന്നു-വിരോധമില്ലാത്തതുകൊണ്ടു ശ്രദ്ധയും ശാസ്ത്രജ്ഞാനവുമുള്ള പുരുഷന്നു ബ്രഹ്മം മാത്രം എളുപ്പത്തിൽ പരോക്ഷമായി അറിയത്തക്കതാകുന്നു. ഇവിടെയുള്ള വിശേഷന്യായം എന്തെന്നാൽ:—ഒരു വസ്തുവിനെകുറിച്ച ഭിന്നമായ രണ്ടുവിധ ജ്ഞാനം ഒരന്തഃകരണത്തിൽ ഒരു സമയത്തിൽ ഉണ്ടാകയില്ല. അതുകൊണ്ടു ദ്വൈതത്തെയൊ അദ്വൈതത്തേയോ കുറിച്ചുള്ള പരോക്ഷവും അപരോക്ഷവുമായ രണ്ടുവിധ ജ്ഞാനം ഏകകാലത്തിൽ ഒരന്തഃകരണത്തിൽ ഉണ്ടാവാൻ പാടില്ല. അതുകൊണ്ടു ദേഹാദിയിൽ അപരോക്ഷജ്ഞാനവും അതേസമയത്തിൽ ബ്രഹ്മത്തിൽ പരോക്ഷജ്ഞാനവും ഉണ്ടാകാൻ തരമില്ല എന്നാണ് ശങ്ക. എന്നാൽ ദ്വൈതത്തിൽ അപരോക്ഷജ്ഞാനമുണ്ടായിരുന്നാലും ശാസ്ത്രജ്ഞാനവും അതിൽ വിശ്വാസവും ഉള്ള പുരുഷന്നു ബ്രഹ്മത്തിൽ പരോക്ഷജ്ഞാനവും ദ്വൈതത്തിൽ അപരോക്ഷജ്ഞാനവും ഉണ്ടാവാൻ വിരോധമില്ല. ദ്വൈതാപരോക്ഷജ്ഞാനം ഭ്രമം. ബ്രഹ്മപരോക്ഷജ്ഞാനം ശാസ്ത്രജന്യമാകയാൽ സത്യം എന്നു സാരം.

23. അപരോക്ഷശിലാബുദ്ധി ന്നപരോക്ഷേശതാം നുദേത്
പ്രതിമാദിഷു വിഷ്ണുത്വേ കോവാ വിപ്രതിപദ്യതേ.

അപരോക്ഷശിലാബുദ്ധിഃ=അപരോക്ഷമായിട്ടു കാണുന്ന ശിലാജ്ഞാനം. പരോക്ഷേശതാം നനുദേത്=പരോക്ഷമായ ഈശ്വരബോധത്തിനെ വിരോധിക്കുന്നില്ല. പ്രതിമാദിഷുവിഷ്ണുത്വേ=പ്രതിമാദികളിൽ വിഷ്ണുത്വത്തിൽ. കഃവാവിപ്രതിപദ്യതേ=ആക്കാണ് വിരോധാഭിപ്രായമുള്ളത്.

മുകളിൽ പറഞ്ഞ സംഗതിയെ ദൃഷ്ടാന്തപൂവ്വം സ്ഥാപിക്കുന്നു:—ക്ഷേത്രാദികളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ശിലാദികളെ ഇന്ദ്രിയങ്ങഠംകൊണ്ടു പ്രത്യക്ഷമായി കാണുന്നുവെങ്കിലും അവയിൽ ഈശ്വരനായ വിഷ്ണുവുണ്ടെന്നുള്ള പരോക്ഷജ്ഞാനം ആസ്തികന്മാക്കെല്ലാം ഉണ്ടല്ലൊ.

24. അശ്രദ്ധാലോ രവിശ്വാസൊനോദാഹരണമഹ്തി
ശ്രദ്ധാലോരേവസർവ്വത്രവൈദികേഷ്വധികാരതഃ.

അശ്രദ്ധാലോഃ അവിശ്വാസഃ=ശ്രദ്ധയില്ലാത്തവന്റെ അവിശ്വാസം. ഉദാഹരണംനഅഹ്തി=ഉദഹരണയോഗ്യമല്ല. വൈദികേഷുസവ്വത്ര=എല്ലാവിധ വൈദികകമ്മങ്ങളിലും. ശ്രദ്ധാലോഃഏവഅധികാരതഃ=ശ്രദ്ധാലുവിന്നു മാത്രം അധികാരമിരിക്കുന്നതുകൊണ്ട്.

പ്രതിമാദികളിൽ ഈശ്വരസൽഭാവത്തെകുറിച്ചു നാസ്തികന്മാർ വാദിക്കുന്നുണ്ടല്ലൊ എന്നാണെങ്കിൽ വേദോക്തങ്ങളായ സവ്വകമ്മങ്ങളിലും അധികാരം ശ്രദ്ധയുള്ളവന്നു മാത്രം ഇരിക്കുന്നതുകൊണ്ടു വേദവിശ്വാസമില്ലാത്ത നാസ്തികന്റെ അവിശ്വാസം ശാസ്ത്രവ്യവഹാരത്തിൽ ഉദാഹരണാഹമല്ല.

25. സകൃദാപ്തോപദേശേന പരോക്ഷജ്ഞാനമുൽഭവേത്
വിഷ്ണുമൂത്ത്യുപദേശോ ഹി നമീമാംസാ മപേക്ഷതേ.

സകൃത് ആപ്തോപദേശേന=ഒരു പ്രാവശ്യം വിശ്വാസയോഗ്യനായ പുരുഷൻ ചെയ്യുന്ന ഉപദേശത്താൽ. പരോക്ഷജ്ഞാനം ഉൽഭവേൽ=പരോക്ഷജ്ഞാനമുണ്ടാകും. ഹി വിഷ്ണുമൂത്ത്യുപദേശഃ=എന്തുകൊണ്ടെന്നാൽ വിഷ്ണുമൂത്തിയെക്കുറിച്ചുള്ള ഉപദേശം. മീമാംസാംന അപേക്ഷതെ=വിചാരത്തെ അപേക്ഷിക്കുന്നില്ല.

ഇതുവരേ പ്രതിപാദിച്ചതിൽനിന്നു പരോക്ഷജ്ഞാനത്തിനെ സംബന്ധിച്ചു സിദ്ധിച്ച സാരം എന്തെന്നു കാണിക്കുന്നു:—വിശ്വാസയോഗ്യനായ ഒരു മഹാത്മാവ് ഒരിക്കൽ ചെയ്യുന്ന ഉപദേശത്തിൽനിന്നു പരോക്ഷജ്ഞാനമുണ്ടാകും. എന്തുകൊണ്ടെന്നാൽ വിഷ്ണുമൂത്തിയെകുറിച്ചു ആപ്തപുരുഷൻ ഉപദേ

ശിച്ചുകഴിഞ്ഞാൽ പിന്നെ അങ്ങിനെയൊരു മൂൎത്തിയുണ്ടോ എന്നുള്ള വിചാരം ആവശ്യമില്ല. വിഷ്ണുവിനെകുറിച്ചുള്ള പരോക്ഷജ്ഞാനം ആ ഉപദേശത്തിൽനിന്നുതന്നെയുണ്ടാകും.

26. കൎമ്മോപാസ്തീ വിചാൎയ്യേതേ അനുഷ്ഠേയാവിനിൎണ്ണയാത്
ബഹുശാഖാവിപ്രകീൎണ്ണം നിൎണ്ണേതും കഃപ്രഭുൎന്നരഃ.

അനുഷ്ഠേയാവിനിൎണ്ണയാൽ=അനുഷ്ഠാനയോഗ്യമായത് ഏതാണെന്നു നിൎണ്ണയമില്ലാത്തതുകൊണ്ടു. കൎമ്മോപാസ്തീ വിചാൎയ്യേതേ=കൎമ്മവും ഉപാസനയും രണ്ടും വിചാരിക്കപ്പെട്ടിരിക്കുന്നു. ബഹുശാഖാവിപ്രകീൎണ്ണം=അനേക ശാഖകളിൽ കലന്നു കിടക്കുന്നതിനെ. നിൎണ്ണേതും നരഃകഃപ്രഭുഃ=നിശ്ചയപ്പെടുത്താൻ മനുഷ്യനായ ആരാണ് ശക്തൻ.

എന്നാൽ ഉപദേശം മാത്രം മതി. വിചാരം ആവശ്യമില്ല എന്നാണെങ്കിൽ വിചാരം ചെയ്യേണ്ടതായ മാൎഗ്ഗത്തെ കുറിച്ചു പറയുന്ന ശാസ്ത്രങ്ങൾ പിന്നെയെന്തിനായിട്ടുണ്ടായി എന്ന ശങ്കക്കു സമാധാനം:—എന്താണ് ഞാൻ ചെയ്യേണ്ടത്? കൎമ്മത്തിൽ ഏൎപ്പെടേണമോ? ഈശ്വരനെ ഉപാസിക്കേണമോ? എന്നിങ്ങിനെ സംശയം നേരിടുമ്പോൾ ഓരോവിധമായ അധികാരം സിദ്ധിച്ചവർ ചെയ്യേണ്ടത് ഇന്നതാണെന്നവരെ ധരിപ്പിക്കുവാൻ ശാസ്ത്രങ്ങളിൽ കൎമ്മങ്ങളെയും ഉപാസനകളെയും കുറിച്ചു നിരൂപിക്കപ്പെട്ടിരിക്കുന്നു. കൎമ്മോപാസനകളെകുറിച്ചു സന്ദേഹം ഉണ്ടാവാൻ കാരണമെന്തെന്നാൽ വേദശാഖകൾ അനേകം. ഓരോന്നിൽ ഓരോന്നിന്ന് പ്രാധാന്യം കാണപ്പെടും. അവിടവിടെ ചിന്നിച്ചിതറി കലന്നു കിടക്കുന്ന ആ ഭാഗങ്ങളെയെല്ലാം ഒന്നായിട്ടൊരു ദിക്കിൽ കാണിച്ചു നിൎണ്ണയപ്പെടുത്താൻ സാമാന്യനായ ഏതൊരു മനുഷ്യനാണ് സമൎത്ഥൻ? ആൎക്കും അതിന്നു സാമൎത്ഥ്യമില്ല എന്നു സാരം.

27. നിൎണ്ണീതോൎത്ഥഃ കല്പസൂത്രൈൎഗ്രഥിതസ്താവതാസ്തികഃ
വിചാരമന്തരേണാപി ശക്തോനുഷ്ഠാതുമഞ്ജസാ.

നിൎണ്ണീതഃഅൎത്ഥഃ=നിശ്ചയിക്കപ്പെട്ട സാരം. കല്പസൂത്രൈഃഗ്രഥിതഃ=കല്പസൂത്രങ്ങളാൽ കോൎക്കപ്പെട്ടിരിക്കുന്നു. താവതാആസ്തികഃ=അത്രമാത്രത്താൽ വിശ്വാസമുള്ള പുരുഷൻ. വിചാരം അന്തരേണഅപി=വിചാരംകൂടാതെയും അഞ്ജസാഅനുഷ്ഠാതുംശക്തഃ=പ്രയാസംകൂടാതെ അനുഷ്ഠിപ്പാൻ സമൎത്ഥനാകുന്നു.

കൎമ്മോപാസനകളെ നിൎണ്ണയിപ്പാൻ മനുഷ്യന്നു സാധിക്കയില്ലെന്നുവന്നാൽ പിന്നെയെങ്ങിനെ അവയെ അനുഷ്ഠിക്കും എന്ന ശങ്കക്കു പരിഹാരം:—ജൈമിനി മുതലായ പൂൎവ്വാചാൎയ്യന്മാർ നിശ്ചയിച്ച അനുഷ്ഠാനക്രമസാരത്തെ കല്പസൂത്രങ്ങളിൽ സ്വരൂപിക്കപ്പെടുത്തി കാണിച്ചിട്ടുണ്ട്. ആ കല്പസൂത്രവാക്യങ്ങളിൽ വിശ്വാസമുള്ള പുരുഷൻ അവയെകുറിച്ചു വിചാരം ചെയ്യാതെതന്നെ കൎമ്മംചെയ്വാൻ സമൎത്ഥനാകുന്നു.

28. ഉപാസ്തീനാ മനുഷ്ഠാന മാൎഷഗ്രന്ഥേഷു വൎണ്ണിതം
വിചാരാക്ഷമമൎത്ത്യാശ്ചതച്ഛ്രുത്വോപാസതേ ഗുരോഃ.

ആൎഷഗ്രന്ഥേഷു ഉപാസ്തീനാം=ഋഷികളുണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങളിൽ ഉപാസനകളുടെ. അനുഷ്ഠാനം വൎണ്ണിതം=അനുഷ്ഠാനം വൎണ്ണിക്കപ്പെട്ടിട്ടുണ്ട്. വിചാരാക്ഷമമൎത്ത്യാഃച=വിചാരം ചെയ്വാൻ അസമൎത്ഥന്മാരായ മനുഷ്യരും. തൽഗുരോഃ ശ്രുത്വാ ഉപാസതേ=അതിനെ ഗുരുവിൽനിന്നു കേട്ടിട്ട് ഉപാസിക്കുന്നു.

ജൈമനീയകല്പസൂത്രങ്ങളിൽ കൎമ്മങ്ങളെക്കുറിച്ചു മാത്രമല്ലെ പറയുന്നുള്ളു. ഉപാസനകളെ പറയുന്നില്ലല്ലൊ. ഉപാസനകൾ എങ്ങിനെ സാധിക്കും എന്നതിന്നു സമാധാനം:—ഉപാസനകൾ ഏതുവിധം നടത്തേണം എന്നു സൎവ്വജ്ഞന്മാരായ അനേകം ഋഷികൾ ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങളിൽ വൎണ്ണിച്ചിട്ടുണ്ട്. വിചാരം ചെയ്വാൻ അശക്തന്മാരായ മനുഷ്യരും ഗുരുവിൽനിന്നു ആ ക്രമത്തെ കേട്ടറിഞ്ഞിട്ടുപാസന ചെയ്വാൻ സമൎത്ഥന്മാരാകുന്നു. ബ്രാഹ്മകല്പം, വാസിഷ്ഠകല്പം എന്നീ ഗ്രന്ഥങ്ങളിലാണ് ഉപാസനാക്രമങ്ങളെ വൎണ്ണിച്ചിരിക്കുന്നത്.

29. വേദവാക്യാനി നിൎണ്ണേതുമിച്ഛൻ മീമാംസതാം ജനഃ
ആപ്തോപദേശമാത്രേണ ഹ്യനുഷ്ഠാനം ഹി സംഭവേത്.

ജനഃ വേദവാക്യാനി=ജനം വേദവാക്യങ്ങളെ. നിൎണ്ണേതും ഇച്ഛൻ മീമാംസതാം=നിശ്ചയിപ്പാൻ ഇച്ഛിക്കുന്നവനായിട്ടു വിചാരംചെയ്തുകൊള്ളട്ടെ. ആപ്തോപദേശമാത്രേണ=ആപ്തോപദേശംകൊണ്ടുതന്നെ. അനുഷ്ഠാനം ഹി സംഭവേത്=ആചരണം നിശ്ചയമായും സംഭവിക്കും.

മുമ്പേതന്നെ ഋഷീശ്വരന്മാർ വേദവാക്യാൎത്ഥങ്ങളെ നിൎണ്ണയിച്ചിട്ടുണ്ടെങ്കിൽ ഇന്നുള്ളവരും അ

തിൽ ഏൎപ്പെട്ടുകാണുന്നതെന്തു കാരണം എന്ന ആകാംക്ഷക്കു സമാധാനം:—വിദ്വാന്മാരായ ആളുകൾ വേദവാക്യങ്ങളുടെ അൎത്ഥം നിൎണ്ണയിക്കേണം എന്നുള്ള അവരുടെ ഇച്ഛയെ സഫലമാക്കുവാൻ അവർ വിചാരംചെയ്യുന്നതിന്നെന്തു വിരോധം. അവരവരുടെ സന്തോഷംതന്നെ അതിന്റെ ഫലം. ആപ്തോപദേശംകൊണ്ടുതന്നെ അനുഷ്ഠാനം സാധിക്കാവുന്നതാണെന്നതിൽ സംശയമില്ല.

30. ബ്രഹ്മസാക്ഷാൽകൃതിസ്ത്വേവം വിചാരേണ വിനാ നൃണാം
ആപ്തോപദേശമാത്രേണ ന സംഭവതി കുത്രചിത്.

ഏവംനൃണാം ബ്രഹ്മസാക്ഷാൽകൃതിഃതു=ഇപ്രകാരം മനുഷ്യൎക്ക് ബ്രഹ്മസാക്ഷാൽകാരമാകട്ടെ. വിചാരേണ വിനാ=വിചാരം കൂടാതെ. ആപ്തോപദേശമാത്രേണ=ആപ്തോപദേശംകൊണ്ടു മാത്രം. ന സംഭവതി= ഉണ്ടാകയില്ല.

അങ്ങിനെയാണെങ്കിൽ ആപ്തോപദേശംകൊണ്ടു ബ്രഹ്മോപാസന സാധിക്കാമെങ്കിൽ ബ്രഹ്മസാക്ഷാൽകാരവും സാധിച്ചുകൂടെയോ എന്ന ശങ്കക്കു സമാധാനം:—ഇപ്രകാരം മനുഷ്യൎക്കു ബ്രഹ്മസാക്ഷാൽകാരമാകട്ടെ ആപ്തോപദേശംകൊണ്ടു മാത്രം ഉണ്ടാകയില്ല. ബ്രഹ്മത്തെക്കുറിച്ചു വിചാരംചെയ്തു തന്നെ വേണം. ഉപാസനക്കുപയോഗമായ പരോക്ഷജ്ഞാനം മാത്രം ആപ്തോപദേശത്താലുണ്ടാകും. സാക്ഷാദപരോക്ഷജ്ഞാനം അങ്ങിനെ ഉണ്ടാകയില്ല. വിചാരംകൊണ്ടു പരിശുദ്ധമായ ബുദ്ധിവൃത്തിയിൽ മാത്രമേ അനുഭവജ്ഞാനം പ്രകാശിക്കുകയുള്ളുവെന്നു താല്പൎയ്യം.

31. പരോക്ഷജ്ഞാന മശ്രദ്ധാ പ്രതിബധ്നാതി നേതരത്
അവിചാരോപരോക്ഷസ്യ ജ്ഞാനസ്യ പ്രതിബന്ധകഃ

അശ്രദ്ധാ പരോക്ഷജ്ഞാനം പ്രതിബധ്നാതി=ശ്രദ്ധയില്ലായ്മ പരോക്ഷജ്ഞാനത്തെ പ്രതിബന്ധിക്കും. ഇതരത് ന=ഇതരത്തെ—അവിചാരം—തടുക്കുന്നില്ല. അവിചാരഃ അപരോക്ഷസ്യ ജ്ഞാനസ്യ=അവിചാരം അപരോക്ഷജ്ഞാനത്തിന്റെ പ്രതിബന്ധകഃ=പ്രതിബന്ധമാകുന്നു.

വിചാരം ചെയ്യേണമെന്നതിന്നു കാരണം കാണിക്കുന്നു:—അശ്രദ്ധ പരോക്ഷജ്ഞാനത്തെ വിരോധിക്കും. അവിചാരം പരോക്ഷജ്ഞാനവിരോധിയല്ല. ആപ്തോപദേശത്താൽ അവിശ്വാസം നശിച്ചുപോയാൽ പരോക്ഷജ്ഞാനമുണ്ടാകുന്നു. അവിചാരമാണ് അപരോക്ഷജ്ഞാനത്തെ വിരോധിക്കുന്നത്. അതുകൊണ്ടു അപരോക്ഷജ്ഞാനമുണ്ടാവാൻ വിചാരംചെയ്യേണ്ടതാവശ്യം.

32. വിചാൎയ്യാപ്യപരോക്ഷേണ ബ്രഹ്മാത്മാനം ന വേത്തിചേത്
ആപരോക്ഷ്യാവസാനത്വാൽ ഭൂയോഭൂയോ വിചാരയേത്.

വിചാൎയ്യ അപി ബ്രഹ്മാത്മാനം=വിചാരം ചെയ്തിട്ടും ബ്രഹ്മമായ്ത്തന്നെയിരിക്കുന്ന ആത്മാവിനെ. അപരോക്ഷേണ നവേത്തിചേത്=അപരോക്ഷമായറിയുന്നില്ലെങ്കിൽ. ആപരോക്ഷ്യാവസാനത്വാത്=അപരോക്ഷം വിചാരത്തിന്റെ അവസാനമായതുകൊണ്ട്. ഭൂയഃഭൂയഃ വിചാരയേത്=വീണ്ടും വീണ്ടും വിചാരംചെയ്യേണം.

വിചാരം ചെയ്തിട്ടും അപരോക്ഷജ്ഞാനമുണ്ടാകുന്നില്ലെങ്കിൽ എന്തുചെയ്യേണമെന്നുപദേശിക്കുന്നു:—തത്—ത്വം എന്ന പദങ്ങളുടെ വാച്യാൎത്ഥലക്ഷ്യാൎത്ഥങ്ങളെ വിചാരംചെയ്തിട്ടും ബ്രഹ്മമായ്ത്തന്നെയിരിക്കുന്ന ആത്മാവിന്റെ സാക്ഷാൽകാരം സിദ്ധിക്കുന്നില്ലെങ്കിൽ വിചാരത്തെ അടിക്കടി ആവൎത്തിക്കുകതന്നെ വേണം. എന്തുകൊണ്ടെന്നാൽ അപരോക്ഷജ്ഞാനത്തിന്നു അന്തരംഗസാധനം വിചാരമൊന്നല്ലാതെ അന്യമായിട്ടൊന്നുമില്ല. അതിനാൽ ബുദ്ധിമാന്ദ്യനിവൃത്തിക്കായിട്ട് വിചാരത്തെ ആവൎത്തിക്കുകതന്നെ വേണം.

33. വിചാരയന്നാമരണം നൈവാത്മാനം ലഭേത ചേത്
ജന്മാന്തരേ ലഭേതൈവ പ്രതിബന്ധക്ഷയേ സതി.

ആമരണം വിചാരയൻ=മരണംവരേ വിചാരം ചെയ്തീട്ടും. ആത്മാനം ന ഏവലഭേതചേത്=ആത്മാവിനെ ലഭിക്കുന്നില്ലെങ്കിൽ. ജന്മാന്തരേ പ്രതിബന്ധക്ഷയേ സതി=ഇനിയത്തെ ജന്മത്തിൽ പ്രതിബന്ധം ക്ഷയിക്കുമ്പോൾ. ലഭേത ഏവ=ലഭിക്കും നിശ്ചയം.

അടിക്കടി വിചാരംചെയ്തിട്ടും ആത്മലാഭം ഉണ്ടാകുന്നില്ലെങ്കിൽ വിചാരം വ്യൎത്ഥമായില്ലെയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—മരിക്കുന്നതുവരെ വിചാരം ചെയ്തിട്ടും ആത്മസാക്ഷാൽകാരം ഉണ്ടാകുന്നില്ലെങ്കിൽ അടുത്ത ജന്മത്തിൽ പ്രതിബന്ധം നശിക്കുന്നതിനാൽ ആത്മസാക്ഷാൽകാരം ഉണ്ടാകും, നിശ്ചയം. അതുകൊണ്ടു വിചാരം വ്യൎത്ഥമാകുന്നില്ല, എന്നു സാരം.

34. ഇഹവാമുത്രവാ വിദ്യേത്യേവം സൂത്രകൃതോദിതം
ശൃണ്വന്തോപ്യത്ര ബഹവോ യന്നവിദ്യു രിതിശ്രുതിഃ.

ഇഹവാഅമുത്രവാ വിദ്യാ=ഈ ജന്മത്തിലോ അടുത്തജന്മത്തിലോ ജ്ഞാനം ഉണ്ടാകും. ഇതിഏവം സൂത്രകൃതാ ഉദിതം=എന്നിപ്രകാരം സൂത്രകാരനാൽ പറയപ്പെട്ടിരിക്കുന്നു. ബഹവഃ ശൃണ്വന്തഃഅപി=ബഹുപേർ ശ്രവണം ചെയ്തവരായിരുന്നിട്ടും. യൽ അത്ര നവിദ്യുഃ=യാതൊന്നിനെ ഈ ജന്മത്തിൽ അറിയുന്നില്ലയോ. ഇത് ശ്രുതിഃ=എന്ന ശ്രുതിയുണ്ട്.

പ്രതിബന്ധംനിമിത്തമാണ് ഈ ജന്മത്തിലറിയാത്തത്. അതു നശിക്കുമ്പോൾ അടുത്തജന്മത്തിൽ അറിയും എന്നതിനു പ്രമാണം കാണിക്കുന്നു:—

ഈ ജന്മത്തിലോ അടുത്തജന്മത്തിലോ ആത്മവിജ്ഞാനമുണ്ടാകും, എന്നു സൂത്രകർത്താവായ വ്യാസഭഗവാൻ പറഞ്ഞിരിക്കുന്നു ശാരീരകസൂത്രം മൂന്നാം അധ്യായം നാലാംപാദം 51-ാം സൂത്രം. അനേകം ആളുകൾ മഹാവാക്യങ്ങളെ ഗുരുമുഖത്തിൽനിന്നു കേട്ടിട്ടും സാക്ഷാദപരോക്ഷജ്ഞാനം ഉണ്ടാകുന്നില്ല. അതിനു കാരണം പ്രതിബന്ധങ്ങളായ അദൃഷ്ടമാണ്. ആ പ്രതിബന്ധം നശിക്കുമ്പോൾ ആത്മസാക്ഷാൽകാരമുണ്ടാകും എന്നു ശ്രുതിയുമുണ്ട്.

35. ഗർഭഏവ ശയാനഃ സൻ വാമദേവോവബുദ്ധവാൻ
പൂർവാഭ്യസ്തവിചാരേണ യദ്വദധ്യയനാദിഷു.

ഗർഭേ ഏവശയാനഃ സൻ=ഗർഭത്തിൽതന്നെ കിടക്കുന്നവനായിട്ടു. വാമദേവഃ പൂർവ്വാഭ്യസ്ത വിചാരേണ=വാമദേവൻ പൂർവ്വത്തിൽ അഭ്യസിച്ച വിചാരത്താൽ. അവ ബുദ്ധവാൻ = അറിഞ്ഞവനായി ഭവിച്ചു. യദ്വത് അധ്യയനാദിഷു=അധ്യയനാദികളിൽ എന്നപോലെ.

മുമ്പെ പറഞ്ഞ അർത്ഥത്തെ ദൃഢമാക്കുവാൻ ഉദാഹരണം:—വാമദേവൻ എന്ന ഋഷി ഗർഭത്തിൽ കിടക്കുമ്പോൾതന്നെ 9-ാം മാസത്തിൽ "ഞാൻ സകലദേവന്മാരേയും ജനിപ്പിച്ചവനാകുന്നു"വെന്നുള്ള സാക്ഷാൽ ബ്രഹ്മജ്ഞാനമുണ്ടായിയെന്നു കാണിക്കുന്ന ശ്രുതികളുണ്ട്. അധ്യയനംചെയ്ത പാഠങ്ങൾ ഉറക്കത്തിൽ ഓർക്കാറില്ലെങ്കിലും പിറെറദിവസം ഓർമ്മയിൽ വരുന്നതുപോലെ ഈ ജന്മത്തിൽചെയ്ത ബ്രഹ്മവിചാരഫലം പ്രതിബന്ധംനിമിത്തം തടസ്ഥപ്പെട്ടാലും അടുത്തജന്മത്തിൽ അനുഭവപ്പെടും എന്നുള്ളതിൽ സംശയമില്ല.

36. ബഹുവാരമധീതേപി യദാനായാതിചേൽ പുനഃ
ദിനാന്തരേനധീത്യൈവ പൂർവ്വാധീതം സ്മരേൽ പുമാൻ.

ബഹുവാരം അധീതേ അപി = പലപ്രാവശ്യം അധ്യയനംചെയ്തിട്ടും. യദാന ആയാതിചേത്=സ്വാത്മാവിൽ പതിയുന്നില്ലെന്നു വരുന്നുവെങ്കിൽ. ദിനാന്തരേ അനധീത്യഏവ=അന്യദിവസത്തിൽ അധ്യായനം ചെയ്യാതെതന്നെ. പൂർവ്വാധീതം പുമാൻസ്മരേത്=മുമ്പെ പഠിച്ചതിനെ പുരുഷൻ സ്മരിക്കും.

മുമ്പെ പറഞ്ഞതിനെ മറെറാരുവിധത്തിലും ഉറപ്പിക്കുന്നു:—വളരെപ്രാവശ്യം ഉരുവിട്ടിട്ടും കാണാപ്പാഠം ആകാതിരുന്ന വേദപാഠങ്ങൾ പിന്നെത്തെ ദിവസത്തിൽ പഠിക്കാതെതന്നെ മുമ്പെ പഠിച്ചതിനെ മനുഷ്യർ ഓർക്കാറുണ്ട്. ആ പാഠം ഓർമ്മയിൽ വരാറുണ്ട്. തലേനാൾ അധികപ്രാവശ്യം ഉച്ചരിച്ചതുകൊണ്ടാണങ്ങിനെ ഓർമ്മയിൽ വരുന്നത്. അതുപോലെ ഈ ജന്മത്തിൽചെയ്ത ആത്മവിചാരം അപരോക്ഷാനുഭവത്തിൽ വരാതിരുന്നുവെങ്കിൽ അനന്തരജന്മത്തിൽ സഫലമാകാതിരിക്കയില്ല.

37. കാലേനപരിപച്യന്തേ കൃഷിഗർഭാദയോ യഥാ
തദ്വദാത്മവിചാരോപി ശനൈഃ കാലേനപച്യതേ.

യഥാ കൃഷിഗർഭാദയഃ = എപ്രകാരമോ കൃഷി ഗർഭം എന്നിവ. കാലേനപരിപച്യന്തേ = കാലംകൊണ്ടു പരിപാകം വരുന്നതു്. തദ്വത് ആത്മവിചാരഃ അപി = അതുപോലെ ആത്മവിചാരവും. കാലേന ശനൈഃ പച്യതേ=കാലംകൊണ്ടു ക്രമത്തിൽ പാകപ്പെടും.

ഉദാഹരണപൂർവ്വം മറെറാരു സംഗതികൊണ്ടും മുൻപറഞ്ഞതിനെ ബലപ്പെടുത്തുന്നു:—കൃഷിയിൽ വിതക്കുന്ന ധാന്യാദികളും ഗർഭത്തിൽ പ്രവേശിക്കുന്ന വീര്യവും കാലംകൊണ്ടു പരിപാകം വരുന്നതുപോലെ മനുഷ്യൻ ചെയ്യുന്ന ആത്മവിചാരവും കാലംകൊണ്ടു ക്രമത്തിൽ അപരോക്ഷാനുഭവരൂപമാകുന്ന ഫലത്തെ ജനിപ്പിക്കും. "കൃഷി ഗർഭാദയഃ" എന്നും പാഠമുണ്ട്. കൃഷി, ഗർഭ എന്നിവപോലെ എന്നർത്ഥം.

ദ്ധിപ്പാൻ മതിയായ യോഗാനുഷ്ഠാനം ഉണ്ടാകുന്നതിന്നുമുമ്പെ മരിച്ചവവൻെറ—പ്രതിബന്ധക്ഷയം അനേകജന്മം കഴിയുമ്പോഠം ഉണ്ടാകുമെന്നു ഗീതയിൽ പറയപ്പെട്ടിരിക്കുന്നു. വിചാരം വിഫലമല്ല, എന്നും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

47. പ്രാപ്യപുണ്യകൃതാം ലോകാനാത്മതത്വവിചാരതഃ
ശുചീനാം ശ്രീമതാം ഗേഹേ സാഭിലാഷോഭിജായതേ.

ആത്മതത്വവിചാരതഃ പുണ്യകൃതാം=ആത്മതത്വവിചാരത്താൽ പുണ്യവാന്മാരുടെ. ലോകാൻ പ്രാപ്യ സാഭിലാഷഃ=ലോകങ്ങളെ പ്രാപിച്ചിട്ട അഭിലാഷമുള്ളവൻ. ശുചീനാംശ്രീമതാംഗേഹേ=ശുദ്ധന്മാരും ശ്രീമാന്മാരും ആയവരുടെ ഗൃഹത്തിൽ. അഭിജായതേ=അഭിജനിക്കുന്നു

ആത്മവിചാരം വിഫലമാകയില്ലെന്നതിന്നു പ്രമാണം ഗീതയിൽ പറഞ്ഞിട്ടുള്ളതിനെ എടുത്തു കാണിക്കുന്നു:—യോഗഭ്രഷ്ടൻ ആത്മതത്വവിചാരബലത്താൽത്തന്നെ പുണ്യകമ്മം ചെയ്തവക്കു സിദ്ധിക്കുന്ന സ്വർഗ്ഗാദിലോകങ്ങളെ പ്രാപിച്ച് അവിടെ ബഹുകാലം സുഖമനുഭവിച്ചശേഷം അതിൻെറ അവസാനത്തിൽ അഭിലാഷമുള്ളവനാണെങ്കിൽ ഈ മനുഷ്യലോകത്തിൽ ശുദ്ധന്മാരും ശ്രീമാന്മാരുമായ മാതാപിതാക്കന്മാരുടെ കുലത്തിൽ ഉൽകൃഷ്ടമായ ജന്മം എടുക്കും. പുണ്യകമ്മം ചെയ്യാനുള്ള ആയാസംകൂടാതെതന്നെ ആത്മവിചാരബലത്താൽ പുണ്യകമ്മഫലമായ ലോകം സിദ്ധിക്കുന്നു.

48. അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാം
നിസ്പൃഹോ ബ്രഹ്മതത്വസ്യ വിചാരാത്തദ്ധിദുർല്ലഭം.

ബ്രഹ്മതത്വവിചാരാത് നിസ്പൃഹഃ (ചേത്)=ബ്രഹ്മതത്വവിചാരത്താൽ വിരക്തനായിരുന്നുവെങ്കിൽ അഥവാധീമതാംയോഗിനാംഏവകുലേഭവതി=ഒരുപക്ഷേ ബുദ്ധിമാന്മാരായ യോഗികളുടെ കുലത്തിൽ തന്നെ ജനിക്കും തൽദുർല്ലഭംഹി=അതു ദുർല്ലഭമാണല്ലൊ.

പക്ഷാന്തരം കാണിക്കുന്നു:—ബ്രഹ്മതത്വവിചാരബലത്താൽ യോഗഭ്രഷ്ടൻ ആശയററവനായിരുന്നുവെങ്കിൽ ആത്മതത്വനിശ്ചയം ലഭിച്ചവരും ചിത്തൈകാഗ്ര്യമുള്ളവരുമായ യോഗികളുടെ കുലത്തിൽ തന്നെ ജനിക്കും. ഈ മാതിരി ജന്മം ദുർല്ലഭമാകുന്നുവെല്ലൊ.

49. തത്ര തംബുദ്ധിസംയോഗം ലഭതേ പൌൎവ്വദൈഹികം
യതതേച തതോഭൂയഃസ്തസ്മാ ദേതദ്ധിദുർല്ലഭം.

തത്രപൌൎവ്വദൈഹികംതംബുദ്ധിസംയോഗം=അതിൽ പൂൎവ്വദേഹസംബന്ധിയായിരുന്ന ആ ബുദ്ധിയുടെ ചേൎച്ചയെ. ലഭതേ=ലഭിക്കുന്നു. തതഃഭൂയഃയതതേച=മുമ്പേചെയ്ത യത്നത്തിൽനിന്നും അധികമായി യത്നിക്കുന്നു. തസ്മാത്ഏതത്ദുർല്ലഭംഹി=അതുകൊണ്ടു ഇത് ദുർല്ലഭംതന്നെ.

യോഗികുലത്തിൽ ജന്മം സിദ്ധിക്കുന്നത് ദുർല്ലഭമാണെന്നു മുമ്പേ പറഞ്ഞതിനെ ഉപപാദിച്ചുറപ്പിക്കുന്നു:—ആ ജന്മത്തിൽ പൂൎവ്വശരീരത്തിലിരുന്നഭ്യസിച്ചിട്ടുള്ള തത്വവിചാരഗോചരബുദ്ധിസംബന്ധത്തെ അതിവേഗത്തിൽ ലഭിക്കും. മാത്രമല്ല മുമ്പു ചെയ്തിരുന്നതിനേക്കാഠം അധികം യത്നിക്കയും ചെയ്യും. അതിനാൽ ഇങ്ങിനെയുള്ള ജന്മസിദ്ധി ദുർല്ലഭംതന്നെയാകുന്നു.

50. പൂൎവ്വാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോപി സഃ
അനേകജന്മസംസിദ്ധസ്തതോയാതി പരാം ഗതിം.

സഃഅവശഃ അപിതേന പൂൎവ്വാഭ്യാസേനഏവ=അവൻ അവശനായിരുന്നാൽക്കൂടെ ആ പൂൎവ്വാഭ്യാസത്താൽ തന്നെ. ഹ്രിയതേ=ആകൎഷിക്കപ്പെടും. അനേകജന്മസംസിദ്ധഃ=അനേകജന്മകൃതപ്രയത്നത്താൽ. തതഃപരാംഗതിം യാതി=തത്വജ്ഞാനത്താൽ പരഗതിയെ പ്രാപിക്കും.

അധികം യത്നിപ്പാൻ കാരണം കാണിക്കുന്നു:—ആ പുരുഷൻെറ പരിതസ്ഥിതി വിപരീതമായിരുന്നാൽക്കൂടെയും പൂൎവ്വജന്മത്തിൽ ചെയ്തിരുന്ന പ്രയത്നത്താൽ തത്വസാക്ഷാൽകാരം അവന്നുണ്ടാകും. അതിൻെറ ഫലമായ മുക്തിയും ലഭിക്കും. നദിപ്രവാഹത്തിൽ വീണ ഒരുവനെ ആ പ്രവാഹശക്തി ആകൎഷിക്കുന്നതുപോലെ പൂൎവ്വജന്മത്തിൽ ചെയ്തിരുന്ന ആത്മാനാത്മവിചാരശക്തിരൂപമയവാസന പുരുഷനെ ആകൎഷിക്കുമെന്നു സാരം.

51. ബ്രഹ്മലോകാഭിവാഞ്ഛായാം സമ്യക്സത്യാം നിരുധ്യ താം
വിചാരയേദ്യ ആത്മാനം നതുസാക്ഷാൽകരോത്യയം

ബ്രഹ്മലോകാഭിവാഞ്ഛായാം സമ്യക്സത്യാം=ബ്രഹ്മലോകപ്രാപ്തിക്കുള്ള ആഗ്രഹം ദൃഢമായിരിക്കുമ്പോ

൦. താംനിരുധ്യ=അതിനെ നിരോധിച്ചിട്ട. യഃ ആത്മാനം വിചാരയേത്=യാതൊരുത്തൻ ആത്മവിചാരം ചെയ്യുന്നുവോ. അയം നതുസാക്ഷാൽകരോതി=ഇവന്നു സാക്ഷാൽകാരമുണ്ടാകയില്ല.

മററൊരുതരം ആഗാമിപ്രതിബന്ധത്തെ കാണിക്കുന്നു:—സത്യലോകഗമനത്തിൽ ദൃഢമായ ആഗ്രഹമിരിക്കേ അതിനെ നിരോധിച്ചിട്ട യാതൊരുവൻ ഗുരുസന്നിധിയിലിരുന്ന് ആത്മസ്വരൂപവിചാരം ചെയ്യുന്നുവോ അവന്നു പ്രത്യഗാത്മസാക്ഷാൽകാരം ആ ജന്മത്തിൽ ലഭിക്കയില്ല.

52. വേദാന്തവിജ്ഞാന സുനിശ്ചിതാൎത്ഥാ ഇതിശാസ്ത്രതഃ
ബ്രഹ്മലോകേ സകല്പാന്തേ ബ്രഹ്മണാസഹ മുച്യതേ.

വേദാന്ത വിജ്ഞാന സുനിശ്ചിതാൎത്ഥാഃ=വേദാന്തശാസ്ത്രത്താൽ ദൃഢമായി നിശ്ചയിക്കപ്പെട്ട സത്യവസ്തുവോടുകൂടിയ അവർ മുക്തിയേയും. ഇതിശാസ്ത്രതഃ ബ്രഹ്മലോകേസഃ=എന്ന ശാസ്ത്രപ്രകാരം ബ്രഹ്മലോകത്തിൽ അവൻ. കല്പാന്തേബ്രഹ്മണാസഹമുച്യതേ=കല്പാവസാനത്തിൽ ബ്രഹ്മാവിനോടുകൂടെ മുക്തനാകും.

എന്നാൽ അവന്നൊരിക്കലും മുക്തികിട്ടുകയില്ലയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—വേദാന്തവിജ്ഞാനസുനിശ്ചിതാൎത്ഥാഃ സംന്യാസയോഗാദ്യതയഃ ശുദ്ധസത്വാഃ തേ ബ്രഹ്മലോകേ തു പരാന്തകാലേപരാമൃതാഃ പരിമുച്യന്തിസൎവ്വേ. ബ്രഹ്മണാ സഹതേസൎവ്വേ സംപ്രാപ്തേ പ്രതിസംചരേ പരസ്യാന്തേ കൃതാത്മാനഃ പ്രവിശന്തിപരംപദം'' വേദാന്തശാസ്ത്രവിജ്ഞാനംകൊണ്ട് സത്യവസ്തുവിനെ ദൃഢമായി നിശ്ചയിച്ചിരിക്കുന്ന യതികളുടെ അന്തഃകരണശുദ്ധിനിമിത്തം മരണാനന്തരം അവൎക്കു ബ്രഹ്മലോകം ലഭിക്കും. മഹാകല്പത്തിൽ ബ്രഹ്മാവിനോടുകൂടെ അവൎക്കു മുക്തിയും ലഭിക്കും എന്ന ശാസ്ത്രാനുസരണം. സത്യലോകത്തിൽനിന്നാണവർ മുക്തന്മാരാവുക. അതുകൊണ്ട വേദാന്തവിചാരഫലത്തിന്ന് ഒരു കാലത്തും നാശമില്ലെന്നു സാരം.

53. കേഷാംചിൽ സവിചാരോപി കൎമ്മണാ പ്രതിബദ്ധ്യതേ
ശ്രവണായാപി ബഹുഭിൎയ്യോനലഭ്യ ഇതിശ്രുതേഃ.

കേഷാംചിത് സഃ വിചാരഃ അപി=ചിലൎക്ക് ആ വിചാരവും. കൎമ്മണാ പ്രതിബദ്ധ്യതേ=കൎമ്മത്താൽ പ്രതിബന്ധിക്കപ്പെടുന്നു. ബഹുഭിഃ സഃ ശ്രവണായ അപി=അനേകം ആളുകളാൽ ആ ആത്മാവ് കേൾക്കാൻപോലും. നലഭ്യഃ ഇതിശ്രുതേഃ=ലഭിക്കപ്പെടുവാൻ സാധ്യമല്ല എന്നു ശ്രുതിയുണ്ട്.

വിചാരം പ്രതിബന്ധംനിമിത്തം സാക്ഷാൽകാരപൎയ്യവസായി ആവുകയില്ലെന്ന് കാണിച്ചശേഷം തീവ്രപാപികൾക്ക് ആ വിചാരംതന്നെ ഉണ്ടാവുകയില്ലെന്നു കാണിക്കുന്നു: ചിലൎക്കു പാപകൎമ്മം നിമിത്തം വിചാരംതന്നെയുണ്ടാകയില്ല. അനേകം പേൎക്ക് ആത്മാവിനെകുറിച്ച് കേൾക്കാൻകൂടെ ഇഷ്ടമുണ്ടാകയില്ലെന്നു ശ്രുതി പറയുന്നു.

54. അത്യന്തബുദ്ധിമാന്ദ്യാദ്വാ സാമഗ്ര്യാ വാപ്യസംഭവാത്
യോ വിചാരം നലഭതേ ബ്രഹ്മോപാസീത സോനിശം.

അത്യന്തബുദ്ധിമാന്ദ്യാത് വാ=അത്യന്തം ബുദ്ധിമാന്ദ്യംകൊണ്ടോ. സാമഗ്ര്യാഃ അസംഭവാത് വാ=സാധനസമ്പത്തിയില്ലാത്തതുകൊണ്ടോ. യഃവിചാരം നലഭതേ=യാതൊരുവൻ വിചാരത്തെ ലഭിക്കുന്നില്ലയോ. സഃ അനിശം ബ്രഹ്മഉപാസീത=അവൻ എപ്പോഴും ബ്രഹ്മത്തെ ഉപാസിക്കേണം.

പ്രതിബന്ധമുള്ളപ്പോൾ തത്വസാക്ഷാൽകാരമോ അതിന്റെ സാധനമായ വിചാരമോ ഉണ്ടാകയില്ലെന്നു പറഞ്ഞശേഷം അവന്നും മോക്ഷത്തിന്നുപകരിക്കുന്ന മാർഗം ഉപദേശിക്കുന്നു. വിചാരത്തിൽ അസമൎത്ഥനും പുരുഷാൎത്ഥത്തെ ആഗ്രഹിക്കുന്നവനുമായ പുരുഷൻ ഗുരുവിൽനിന്നു മഹാവാക്യം ശ്രവിച്ചശേഷം ബ്രഹ്മോപാസനചെയ്യേണമെന്നു ഇതിന്നുമുമ്പേ പറഞ്ഞുവെച്ചിട്ടുള്ള പ്രകൃതത്തെ തുടരുന്നു:—ഗ്രഹിപ്പാൻ ബുദ്ധിശക്തി നന്നെ കുറവായതുകൊണ്ടോ ഉപദേഷ്ടാവിനെ ലഭിക്കാത്തതുകൊണ്ടോ ദേശകാലാദിസൌകൎയ്യങ്ങൾ തികയാത്തതുകൊണ്ടോ മറേറാ യാതൊരുവന്നു വിചാരം സാധിക്കാതെ വരുന്നുവോ അങ്ങിനെയുള്ള മോക്ഷാൎത്ഥി എപ്പോഴും ബ്രഹ്മത്തെ ഉപാസിക്കേണം. നിരാശപ്പെടരുതെന്നു സാരം. കാലദേശാനുസരണം മോക്ഷത്തിന്നായി പരിശ്രമിക്കേണം എന്നു സിദ്ധാന്തം.

55. നിൎഗ്ഗുണബ്രഹ്മതത്വസ്യ നഹ്യുപാസ്തേരസംഭവഃ
സഗുണബ്രഹ്മണീവാത്ര പ്രത്യയാവൃത്തിസംഭവാത്.

നിൎഗ്ഗുണബ്രഹ്മതത്വസ്യ ഉപാസ്തേഃ=നിൎഗ്ഗുണബ്രഹ്മതത്വത്തിന്റെ ഉപാസന. നഹി അസംഭവഃസഗുണബ്രഹ്മണി ഇവ=അസംഭവമല്ല സഗുണബ്രഹ്മത്തിലെന്നപോലെ. പ്രത്യയാവൃത്തിസംഭവാത്=വിശ്വാസത്തെ ആവൎത്തിക്ക സാധ്യമാണല്ലൊ.

നിർഗ്ഗുണബ്രഹ്മതത്വം ഗുണരഹിതമായതിനാൽ ഉപാസനം സാദ്ധ്യമല്ലെന്നു ശങ്കിപ്പാനാവശ്യമില്ല. നിരന്തരവിശ്വാസം സഗുണബ്രഹ്മത്തിലെന്നപോലെ നിർഗ്ഗുണബ്രഹ്മത്തിലും ഉണ്ടാവാൻ എന്തു വിരോധം.

56. അവാങ്മനസഗമ്യം തന്നോപാസ്യമിതിചേ ത്തദാ
അവാങ്മനസഗമ്യസ്യ വേദനം നചസംഭവേത്.

അവാങ്മനസ ഗമ്യംതത്ന ഉപാസ്യം ഇതിചേത്=വാക്കിന്നും മനസ്സിന്നും വിഷയമല്ലാത്ത വസ്തു ഉപാസനക്കു യോഗ്യമല്ലെങ്കിൽ അവാങ്മനസഗമ്യസ്യ=വാക്കും മനസ്സും എത്താത്തതിൻെറ. വേദനം ചന സംഭവേത്=അറിവും സംഭവിക്കയില്ല.

വാക്കിന്നും മനസ്സിന്നും ഗോചരമല്ലാതിരിക്കുന്ന ബ്രഹ്മതത്വം ഉപാസനക്കു വിഷയമാകയില്ലെന്നു ശങ്കിക്കുന്നപക്ഷം അങ്ങിനെയുള്ള ആ വസ്തു അറിവിന്നും വിഷയമാകയില്ലെന്നതിലും സംശയിപ്പാനില്ല.

57. വാഗാദ്യഗോചരാകാര മിത്യേവം യദി വേത്ത്യസൌ
വാഗാദ്യഗോചരാകാരമിത്യുപാസീത നോകുതഃ.

വാഗാദ്യഗോചരാകാരം ഇതിഏവം=വാഗാദികൾക്ക് വിഷയമാകാത്ത സ്വരൂപമുള്ളതെന്നിപ്രകാരം. അസൌവേത്തിയദി=ഇവൻ (ജ്ഞാനി) അറിയുന്നുവെങ്കിൽ. വാഗാദ്യഗോചരാകാരംഇതി=വാഗാദികൾക്ക് വിഷയമാകാത്ത ആകൃതിയുള്ളത് എന്ന്. കുതഃനോ ഉപാസീത=എന്തുകൊണ്ടുപാസിച്ചുകൂടാ.

വാഗാദികൾക്ക് വിഷയമല്ലാതിരിക്കുന്ന ഒരു തത്വമായിട്ടു ജ്ഞാനി ബ്രഹ്മത്തെ അറിയുന്നുവെങ്കിൽ ആമാതിരി തത്വരൂപമായിട്ടുതന്നെ ഉപാസിപ്പാനും എന്തു വിരോധമാണുള്ളത്?

58. സഗുണത്വമുപാസ്യത്വാ ദ്യദി വേദ്യത്വതോപി തത്
വേദ്യംചേ ല്ലക്ഷണാവൃത്ത്യാ ലക്ഷിതം സമുപാസ്യതാം.

ഉപാസ്യത്വാത് സഗുണത്വം യദി=ഉപാസനാവിഷയമെന്നുവന്നാൽ സഗുണഭാവം വരുമെന്നാണെങ്കിൽ. വേദ്യത്വതഃ അപി തത്=വേദ്യമാണെന്നു വന്നാലും സഗുണമാണെന്നു വരും. ലക്ഷണാവൃത്ത്യാ വേദ്യം ചേത്=ലക്ഷണാവൃത്തികൊണ്ടു വേദ്യമാവാമെങ്കിൽ. ലക്ഷിതം സമുപാസ്യതാം=ലക്ഷിക്കപ്പെട്ടതിനെ നന്നായുപാസിച്ചുകൊൾക.

ബ്രഹ്മം ഉപാസനക്കു വിഷയമാകുന്നപക്ഷം സഗുണം എന്നു വന്നുകൂട്ടമെല്ലൊ. നിർഗ്ഗുണത്വാദിപ്രതിപാദക ശ്രുതികോപം സംഭവിക്കുമെല്ലൊ എന്നാണെങ്കിൽ വേദ്യമാണെന്നപക്ഷത്തിലും ഈ ദോഷം തുല്യംതന്നെ. ലക്ഷണാവൃത്തികൊണ്ടറിയാമെന്നു വരുമ്പോൾ ആ ദോഷവൃത്തിയുണ്ടെല്ലൊ എന്നാണെങ്കിൽ ലക്ഷണാവൃത്തികൊണ്ടു ലക്ഷിക്കപ്പെട്ട വസ്തുവിനെ നിഷ്പ്രയാസം ഉപാസിക്കാനും എന്തു തടസ്ഥം.

59. ബ്രഹ്മവിദ്ധി തദേവ ത്വം നത്വിദം യദുപാസതേ.
ഇതിശ്രുതേരുപാസ്യത്വം നിഷിദ്ധം ബ്രഹ്മണോ യദി.

ത്വം തത് ഏവ ബ്രഹ്മവിദ്ധി=നീ അതിനെത്തന്നെ ബ്രഹ്മം എന്നറിഞ്ഞുകൊൾക. യത് ഉപാസതെ ഇദം നതു=യാതൊന്നിനെ ഇതെന്നുപാസിക്കുന്നുവോ അതല്ല. ഇതി ശ്രുതേഃ ബ്രഹ്മണഃ=എന്ന ശ്രുതിയുള്ളതുകൊണ്ടു ബ്രഹ്മത്തിൻെറ. ഉപാസ്യത്വം നിഷിദ്ധം യദി=ഉപാസ്യഭാവം നിഷേധിക്കപ്പെട്ടുവെന്നാണെങ്കിൽ.

"യന്മനസാനമനുതേയേനാ ഹുർമനോമതംതദേവബ്രഹ്മത്വം വിദ്ധിനേദം യദിദമുപാസതേ" യാതൊന്നിനെ മനസ്സുകൊണ്ടു ചിന്തിപ്പാൻ കഴികയില്ലയോ യാതൊന്നുള്ളതുകൊണ്ടു മനസ്സിന്നു സങ്കല്പം സാധിക്കുന്നുവോ അതാണ് ബ്രഹ്മം എന്നു നീയറിഞ്ഞുകൊൾക. ഇത് എന്ന ഭാവത്തിൽ ഏതൊന്നിനെ ഉപാസിക്കുന്നുവോ അതു ബ്രഹ്മമല്ല എന്നർത്ഥമായ ശ്രുതിവാക്യം ബ്രഹ്മം ഉപാസ്യമല്ലെന്നു നിശ്ചയിച്ചിരിക്കുന്നുവെന്നു ശങ്കിക്കുന്നുവെങ്കിൽ.

60. വിദിതാദന്യദേവേതി ശ്രുതേർവേദ്യത്വ മസ്യന
യഥാശ്രുത്യൈവ വേദ്യംചേ ത്തഥാശ്രുത്യാപ്യുപാസ്യതാം.

വിദിതാത് അന്യത് ഏവ ഇതിശ്രുതേഃ=അറിയപ്പെട്ടതിൽനിന്നും അന്യമാണെന്നുള്ള ശ്രുതിയുള്ളതിനാൽ. അസ്യവേദ്യത്വം അപിന=ബ്രഹ്മത്തിൻെറ വേദ്യത്വവും നിഷിദ്ധമാണ്. യഥാശ്രുത്യാഏവവേദ്യം

ചേത്=എപ്രകാരം ശ്രുതിയാൽതന്നെ വേദ്യമാണെങ്കിൽ തഥാശ്രുത്യാഉപാസ്യതാം അപി=അപ്രകാരം ശ്രുതിയാൽ ഉപാസ്യതയേയും അറിഞ്ഞുകൊൾക.

"അന്യദേവതദ്വിദിതാദഥോ വിദിതാദധി" അറിയപ്പെട്ടതു ബ്രഹ്മമല്ല എന്നുള്ള ശ്രുതി ബ്രഹ്മം വേദ്യമല്ലെന്നും പറഞ്ഞിരിക്കയാൽ ഉപാസ്യമല്ലാത്തതുപോലെ വേദ്യവുമല്ലെന്നു ശ്രുതിതന്നെ സിദ്ധാന്തിച്ചിട്ടുണ്ട്. എന്നാൽ "അവിദിതാദധി" എന്നതുകൊണ്ടു അറിയപ്പെടാത്തതിൽനിന്നും അധികരിച്ചതാണെന്നു സിദ്ധിക്കുന്നതിനാൽ ആ ശ്രുതിവാക്യത്താൽതന്നെ അറികയും ചെയ്യാമല്ലൊ എന്നാണെങ്കിൽ ആ ശ്രുതികൊണ്ടുതന്നെ ഉപാസ്യമാണെന്നും അറിയാമെല്ലൊ.

61. അവാസ്തവീവേദ്യതാ ചേ ദുപാസ്യത്വം തഥാനകിം
വൃത്തിവ്യാപ്തിർവേദ്യതാചേ ദുപാസ്യത്വേ പിതൽസമം.

വേദ്യതാ അവാസ്തവീചേത്=ബ്രഹ്മത്തിൽ വേദ്യത്വം സത്യമല്ലെല്ലൊ എന്നു ശങ്കിക്കുന്നുവെങ്കിൽ. ഉപാസ്യത്വം തഥാനകിം=ഉപാസ്യത്വവും എന്തുകൊണ്ടങ്ങിനെയല്ല. വേദ്യതാ വൃത്തിവ്യാപ്തിഃചേത്=വേദ്യത്വം വൃത്തിവ്യാപ്തിമാത്രത്താലാണെങ്കിൽ. ഉപാസ്യത്വേ അപി തത്സമം=ഉപാസ്യഭാവത്തിലും അതു തുല്യംതന്നെ.

ബ്രഹ്മം വാസ്തവത്തിൽ അറിവിന്നു വിഷയം ആകയില്ല എന്നാണ് ശങ്കിക്കുന്നതെങ്കിൽ 'ഉപാസ്യത്വവും അങ്ങിനെയാകുന്നതിന്നെന്തുവിരോധം? എന്നാൽ വേദനപക്ഷത്തിൽ ബുദ്ധിവൃത്തിക്കു ബ്രഹ്മാകാരത സിദ്ധിക്കുമെല്ലൊ എന്നാണതിന്നു സമാധാനമെങ്കിൽ ഉപാസനയിലും ബുദ്ധിവൃത്തിക്കു ബ്രഹ്മാകാരത സിദ്ധിക്കും എന്നതിൽ ഭേദമില്ല.

62. കാ തെ ഭക്തിരുപാസ്തൌചേൽ കസ്തേദ്വേഷസ്തദീരയ
മാനാഭാവോനവാച്യോസ്യാം ബഹുശ്രുതിഷു ദർശനാത്.

ഉപാസ്തൌകാതേ ഭക്തിഃചേത്=ഉപാസ്തിയിൽ ഇത്ര ഭക്തി അങ്ങേക്കെന്തിനാണെങ്കിൽ. കഃ തേദ്വേഷഃ തത്ഈരയ=എന്താകുന്നു നിണക്ക് ദ്വേഷം അതു പറയുക. അസ്യാംമാനാഭാവഃ നവാച്യഃ=ഇതിൽ ശ്രുതി പ്രമാണമില്ല എന്നു പറഞ്ഞുകൂടാ. ബഹുശ്രുതിഷു ദർശനാത്=അനേകം ശ്രുതികളിൽ കാണുന്നതുകൊണ്ടു.

ഹേ മഹാത്മൻ! ബ്രഹ്മോപാസനയിൽ അങ്ങെക്കിത്രത്തോളം പ്രേമത്തിന്നു കാരണമെന്താണെന്നു ചോദിക്കുന്നുവെങ്കിൽ നിണക്ക് അതിൽ ഇത്രത്തോളം ദ്വേഷത്തിന്നു കാരണമെന്താണെന്നു പറയുക. എനിക്കതിൽ ദ്വേഷമല്ല. നിർഗ്ഗുണബ്രഹ്മം ഉപാസ്യമാണെന്നുള്ളതിൽ പ്രമാണമില്ല എന്നാണ് സമാധാനമെങ്കിൽ അതു ശരിയല്ല, അനേകം ശ്രുതികൾ പ്രമാണങ്ങളായിട്ടുണ്ട്.

63. ഉത്തരസ്മിംസ്താപനീയേശൈബ്യപ്രശ്നേഥകാഠകേ
മാണ്ഡൂക്യാദൌചസർവ്വത്ര നിർഗ്ഗുണോപാസ്തിരീരിതാ.

ഉത്തരസ്മിൻ താപനീയേ=ഉത്തരതാപനീയോപനിഷത്തിലും. അഥശൈബ്യപ്രശ്നേകാഠകേ=പിന്നെയും ശൈബ്യപ്രശ്നോപനിഷത്തിലും കഠവല്ലിയിലും മാണ്ഡൂക്യാദൌചസർവ്വത്ര=മാണ്ഡൂക്യം മുതലായ സകല ഉപനിഷത്തുക്കളിലും. നിർഗ്ഗുണോപാസ്തിഃ ഈരിതാ=നിർഗ്ഗുണബ്രഹ്മോപാസന പറയപ്പെട്ടിട്ടുണ്ട്.

അനേകം ശ്രുതിപ്രമാണങ്ങൾ ഉണ്ടെന്നു പറഞ്ഞതിനെ വ്യക്തമാക്കുന്നു:—ഉത്തരതാപനീയം, ശൈബ്യപ്രശ്നം, കഠവല്ലി, മാണ്ഡൂക്യം എന്നിങ്ങിനെ അനേകോപനിഷത്തുകളിൽ നിർഗ്ഗുണബ്രഹ്മം ഉപാസ്യമാണെന്നു പറഞ്ഞിട്ടുണ്ട്. താവദേവാഹവൈപ്രജാപതി മണുവന്നണോരണീയാംസമി മമാത്മാനമോംകാരം നോവ്യാചക്ഷ്വ" എന്നു താപനീയത്തിലും. "യഃ പുനരേതംത്രിമാത്രേണോമിത്യനേനൈവാക്ഷരേണ പരംപുരുഷമഭിധ്യായീത" എന്ന് പ്രശ്നോപനിഷത്തിൽ പഞ്ചമപ്രശ്നത്തിലും. "സർവ്വേ വേദായൽപദമാമനന്തി" എന്നു തുടങ്ങീട്ടു "ഏതദ്ധ്യേവാക്ഷരം ബ്രഹ്മഏതദാലംബനം ശ്രേഷ്ഠം" എന്നിങ്ങിനെ കഠവല്ലിയിലും "ഓമിത്യേതദക്ഷരമിദംസർവ്വം" എന്നു മാണ്ഡൂക്യോപനിഷത്തിലും ഓംകാരപ്രതീകദ്വാരാ നിർഗ്ഗുണബ്രഹ്മം ഉപാസ്യമാണെന്നുള്ള വാക്യങ്ങൾ കാണപ്പെടുന്നതുകൊണ്ടു പ്രമാണങ്ങൾ ഇല്ലെന്നു പറവാനവകാശില്ല.

64. അനുഷ്ഠാനപ്രകാരോസ്യാഃ പഞ്ചീകരണഈരിതഃ
ജ്ഞാനസാധനമേതച്ചേ ന്നേതികേനാത്രവാരിതം.

അസ്യാഃ അനുഷ്ഠാനപ്രകാരഃ=ഇതിന്റെ അനുഷ്ഠാനവിധി. പഞ്ചീകരണേ ഈരിതഃ=പഞ്ചീകരണത്തിൽ

പറയപ്പെട്ടിട്ടുണ്ട്. ഏതത് ജ്ഞാനസാധനംചേത്=ഇത് ജ്ഞാനസാധനമാണെങ്കിൽ. നഇതി അത്രകേ നവാരിതം=അല്ല എന്നു ഇതിൽ ആരാൽ വിരോധിക്കപ്പെടുന്നു.

നിർഗ്ഗുണബ്രഹ്മോപാസനാക്രമത്തെ സുരേശ്വരാചാര്യർ പഞ്ചീകരണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുപ്രകാരമാണ് ഉപാസിക്കേണ്ടത്. എന്നാൽ ആ ഉപാസനം ജ്ഞാനസാധനമാകുന്നു, മോക്ഷസാധനമല്ല എന്നാണ് വാദിക്കുന്നതെങ്കിൽ ബ്രഹ്മതത്വോപാസനംകൊണ്ടും മുക്തി ലഭിക്കും എന്നു പറയുന്ന ഞങ്ങൾ ഉപാസനം ജ്ഞാനസാധനമാണെന്നതിൽ ഭിന്നാഭിപ്രായമുള്ളവരല്ല.

65. നാനുതിഷ്ഠതികോപ്യേ തദിതി ചേന്മാനുതിഷ്ഠതു
പുരുഷസ്യാ പരാധേന കിമുപാസ്തിഃ പ്രദുഷ്യതി.

കോപി ഏതത് ന അനുതിഷ്ഠതി ഇതിചേത്=ആരും ഇതിനെ അനുഷ്ഠിക്കുന്നില്ലെങ്കിൽ. മാ അനുതിഷ്ഠതു= അനുഷ്ഠിക്കേണ്ട. പുരുഷസ്യ അപരാധേന=മനുഷ്യന്റെ അപരാധത്താൽ ഉപാസ്തിഃകിം പ്രദുഷ്യതി=ഉപാസന ദുഷിച്ചുപോകുമോ.

സഗുണത്തെയല്ലാതെ നിർഗ്ഗുണബ്രഹ്മത്തെ ആരും ഉപാസിക്കാറില്ലെന്നു ശങ്കിക്കുന്നുവെങ്കിൽ ആരും ഉപാസിക്കേണ്ട. അത് അശ്രദ്ധ, ബുദ്ധിമാന്ദ്യം മുതലായ പുരുഷദോഷം നിമിത്തമാണ്. അതുകൊണ്ടു ശാസ്ത്രസിദ്ധാന്തമായ നിർഗ്ഗുണബ്രഹ്മോപാസനക്കു എന്താദോഷം

66. ഇതോപ്യതിശയം മത്വാ മന്ത്രാൻ വശ്യാദികാരിണഃ
മൂഢാ ജപന്തു തേഭ്യോതിമൂഢാഃ കൃഷിമുപാസതാം

ഇതഃഅപി അതിശയംമത്വാ=ഇതിനേക്കാൾ ശ്രേഷ്ഠമാണെന്നു കരുതീട്ടു. വശ്യാദികാരിണഃ മൂഢാഃ=വശ്യം മുതലായവയിൽ ശ്രമിക്കുന്ന മൂഢന്മാർ. മന്ത്രാൻ ജപന്തുതേഭ്യഃ അതിമൂഢാഃ=മന്ത്രങ്ങളെ ജപിക്കട്ടെ അവരെക്കാൾ മൂഢന്മാർ. കൃഷിം ഉപാസതാം=കൃഷിയെ ഉപാസിക്കട്ടെ.

പ്രമാണംകൊണ്ടു സിദ്ധമായതിനെ ജനങ്ങൾ അനുഷ്ഠിക്കാത്തതുകൊണ്ടു ആ സംഗതി ത്യാജ്യമാണെന്നു വരികയില്ലെന്നു ദൃഷ്ടാന്തംകൊണ്ടുറപ്പിക്കുന്നു:—സഗുണോപാസനകൾ കാലാന്തരഫലപ്രദങ്ങളാണ്. ഇപ്പോൾതന്നെ ഫലംകിട്ടുന്നതു് വശ്യാദിമന്ത്രജപങ്ങൾകൊണ്ടാണെന്നു വിചാരിച്ചു ആ മന്ത്രങ്ങളെ ജപിക്കുന്നവർ അങ്ങിനെ ചെയ്യട്ടെ. അതുകൊണ്ടു വിവേകികൾ സഗുണോപാസനം വേണ്ടതല്ല എന്നു വിചാരിച്ചുപേക്ഷിക്കാറില്ല. അതുപോലെതന്നെ മററു ചില മൂഢന്മാർ, മന്ത്രജപാദികൾക്ക് ചില നിയമങ്ങളെല്ലാം വേണം. അതു കഷ്ടതരമാണ്. കൃഷ്യാദികൾക്ക് നിയമാപേക്ഷയില്ല. വേഗത്തിൽ ഫലവും സിദ്ധിക്കും എന്നു വിചാരിക്കുന്ന അതിമൂഢന്മാർ കൃഷ്യാദികളിൽ പ്രവൃത്തിക്കുന്നുണ്ട്. അതുകൊണ്ടു മന്ത്രോപാസകന്മാർ അവരുടെ ഉപാസനം ഉപേക്ഷിക്കാറില്ല.

67. തിഷ്ഠന്തു മൂഢാപ്രകൃതാ നിർഗ്ഗുണോപാസ്തി രീര്യതേ
വിദ്യൈക്യാൽ സർവ്വശാഖാസ്ഥാൻ ഗുണാനത്രോപസംഹരേത്.

മൂഢാഃതിഷ്ഠന്തു പ്രകൃതാ നിർഗ്ഗുണോപാസ്തിഃ ഈര്യതെ=മൂഢന്മാർ ഇരിക്കട്ടെ. പ്രകൃതമായ നിർഗ്ഗുണോപാസന പറയപ്പെട്ടിരിക്കുന്നു. വിദ്യൈക്യാത്=വിദ്യയുടെ ഏകത്വംനിമിത്തം. സർവ്വ ശാഖാസ്ഥാൻ ഗുണാൻ=എല്ലാ ശാഖകളിലുമുള്ള വിധിനിഷേധഗുണങ്ങളെ. അത്ര ഉപസംഹരേത്=ഈ പ്രകൃതത്തിൽ ഒന്നായി ചേർത്തുകൊള്ളേണം.

മൂഢന്മാരെപ്പററി പറയുന്നതുകൊണ്ടു ഫലമില്ലാത്തതിനാൽ അവരവിടെ നില്ക്കട്ടെ. മുമുക്ഷുക്കളെക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രകൃതമായ നിർഗ്ഗുണോപാസനയെ പറയേണ്ടതാവശ്യം. വിദ്യക്ക് ഐക്യം ഉള്ളതുകൊണ്ടു എല്ലാ ശാഖകളിലും പറഞ്ഞിരിക്കുന്ന വിധിനിഷേധരൂപങ്ങളായ ഗുണങ്ങളെ ഒന്നായിട്ടൊരേടിക്കിൽ യോജിപ്പിച്ചിട്ടു നിർഗ്ഗുണോപാസനം ചെയ്യേണ്ടതാണ്

68. ആനന്ദാദേർവ്വിധേയസ്യ ഗുണസംഘസ്യ സംഹൃതിഃ
ആനന്ദാദയഇത്യസ്മിൻ സൂത്രേ വ്യാസേന വർണ്ണിതാ.

ആനന്ദാദേഃ വിധേയസ്യ ഗുണസംഘസ്യ=ആനന്ദം ആദിയായ വിധേയഗുണസംഘത്തിന്റെ സംഹൃതിഃ ആനന്ദാദയഃ ഇതി=ഏകത്രയോജനം ആനന്ദാദികൾ എന്നു. അസ്മിൻ സൂത്രേ വ്യാസേന വർണ്ണിതാ= ഈ സൂത്രത്തിൽ വ്യാസനാൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്.

അതാതുശാഖകളിൽ കാണപ്പെടുന്ന ഗുണങ്ങൾ രണ്ടുവിധത്തിലാണ്. വിധേയങ്ങൾ എന്നും നിഷേധ്യങ്ങൾ എന്നും. അതിൽ "ആനന്ദോബ്രഹ്മ വിജ്ഞാനമാനന്ദം ബ്രഹ്മ. നിത്യഃ ശുദ്ധോബുദ്ധഃ

സത്യോ മുക്തോ നിരംജനോ വിഭുരദ്വയ ആനന്ദഃപരഃ പ്രത്യഗേകരസഃ'' എന്നിങ്ങിനെയുള്ളവ വിധേയഗുണങ്ങളാണ്. ഈ ഗുണങ്ങളുടെ ഉപസംഹാരം ''ആനന്ദാദയഃ പ്രധാനസ്യ'' എന്ന സൂത്രത്തിൽ ശ്രീ വ്യാസദേവൻ വൎണ്ണിച്ചിരിക്കുന്നു. പ്രധാനം എന്ന ബ്രഹ്മം യാതൊന്നോ അതിൻെറ ധൎമ്മങ്ങളാണ് ആനന്ദാദികൾ.

69. അസ്ഥൂലാദേ ൎന്നിഷേധ്യസ്യ ഗുണസംഘസ്യ സംഹൃതിഃ
തഥാ വ്യാസേന സൂത്രേസ്മിന്നുക്താക്ഷരധിയാംത്വിതി.

അസ്ഥൂലാദേഃ നിഷേധ്യസ്യ ഗുണസംഘസ്യ=അസ്ഥൂലം ആദിയായ നിഷേധ്യമായ ഗുണസംഘത്തിൻെറ. സംഹൃതിഃ തഥാ=ഉപസംഹാരം അപ്രകാരം. വ്യാസേന അക്ഷരധിയാംതു ഇതി അസ്മിൻ. സൂത്രേ=വ്യാസനാൽ അക്ഷരധിയാം എന്നു ഈ സൂത്രത്തിൽ. ഉക്താ=പറയപ്പെട്ടിരിക്കുന്നു.

സ്ഥൂലമല്ല അണുവല്ല എന്നിങ്ങിനെ നിഷേധ്യങ്ങളായ ഗുണസംഘത്തിൻെറ ഏകത്രയോജനം വ്യാസദേവൻതന്നെ ''അക്ഷരധിയാംത്വ വരോധഃ സാമാന്യതൽ ഭാവാഭ്യാ മൌപസദവത്തദുക്തം'' എന്ന അധികരണത്തിൽ പറഞ്ഞിട്ടുണ്ട്.

70. നിൎഗ്ഗുണബ്രഹ്മതത്വസ്യ വിദ്യായാം ഗുണസംഹൃതിഃ
നയുജ്യതേത്യുപാലംഭോ വ്യാസംപ്രത്യേവ മാംനതു.

നിൎഗ്ഗുണബ്രഹ്മതത്വസ്യ=നിൎഗ്ഗുബ്രഹ്മതത്വത്തിൻെറ. വിദ്യായാംഗുണസംഹൃതിഃ=വിദ്യയിൽ കാണുന്ന ഗുണോപസംഹാരം. നയുജ്യതേഇതിഉപാലംഭഃ=യോജിക്കുന്നില്ല,എന്നനിന്ദനം. വ്യാസംപ്രതിഏവമാംനതു=വ്യാസനേകുറിച്ചുതന്നെ, എന്നെക്കുറിച്ചല്ല.

നിൎഗ്ഗുണമാണ് ബ്രഹ്മം എന്നു സ്ഥാപിച്ചതിന്നുശേഷം ആ ബ്രഹ്മത്തെ ഉപദേശിക്കുന്ന വിദ്യയിൽ ബ്രഹ്മത്തിൻെറ ഗുണങ്ങളെപ്പററി പറയുക എന്നു വന്നാൽ ആദ്യം സ്ഥാപിച്ചതായ നിൎഗ്ഗുണത്വത്തിന്നു ഹാനി വന്നില്ലെയോ, വന്ധ്യാപുത്രൻെറ ഗുണങ്ങളെ പറയുന്നതുപോലെയല്ലേ, നിൎഗ്ഗുണബ്രഹ്മത്തിൻെറ ഗുണം പറയുന്നത് എന്നിങ്ങിനെ ചെയ്യുന്ന നിന്ദയാകട്ടെ ശ്രുത്യനുസരണം സൂത്രം നിൎമ്മിച്ച വ്യാസദേവനെകുറിച്ചുള്ള നിന്ദയായിട്ടേ വരികയുള്ളു. എന്നെക്കുറിച്ചു നിന്ദിപ്പാനവകാശമില്ല. എന്തുകൊണ്ടെന്നാൽ ശ്രീവ്യാസദേവരുടെ ശ്രുതിയനുസരിച്ചുള്ള സൂത്രത്തിലെ കാൎയ്യങ്ങളെയാണ് ഞാനെടുത്തു കാണിച്ചിരിക്കുന്നത്. അതുകൊണ്ടു എന്നെ നിന്ദിച്ചിട്ടെന്തു ഫലം. വ്യാസദേവനെ നിന്ദിപ്പാൻ തക്ക സൎവ്വജ്ഞത്വം അങ്ങെക്കുണ്ടെങ്കിൽ അങ്ങിനെ ചെയ്തുകൊൾക, എന്നു സാരം.

71. ഹിരണ്യശ്മശ്രുസൂൎയ്യാദിമൂൎത്തീനാ മനുദാഹൃതേഃ
അവിരുദ്ധം നിൎഗ്ഗുണത്വമിതിചേ ത്തുഷ്യതാം ത്വയാ.

ഹിരണ്യശ്മശ്രുസൂൎയ്യാദിമൂൎത്തീനാം=സ്വൎണ്ണരോമമുള്ള സൂൎയ്യൻ മുതലായ മൂൎത്തികളുടെ. അനുദാഹൃതേഃ=ഉദാഹരണം ഇല്ലാത്തതുകൊണ്ടു. നിൎഗ്ഗുണത്വം അവിരുദ്ധം ഇതിചേൽ=നിൎഗ്ഗുണഭാവത്തിന്നു വിരോധം വന്നിട്ടില്ലെങ്കിൽ. ത്വയാതുഷ്യതാം=നീ നിൎഗ്ഗുണബ്രഹ്മത്തെകുറിച്ചു സന്തോഷിച്ചുകൊൾക.

സത്യജ്ഞാനാദികൾ സ്വൎണ്ണസമാനമായ ശ്മശ്രുക്കൾ ഉള്ള സൂൎയ്യൻ മുതലായ മൂൎത്തികളുടേതാണെന്നു പറയാത്തതുകൊണ്ടു നിൎഗ്ഗുണംതന്നെ ബ്രഹ്മം എന്നതിന്നു വിരോധം കാണപ്പെടുന്നില്ല. ഞാനറിവില്ലാതെ പറഞ്ഞതിനെ ക്ഷമിക്കണം എന്നപേക്ഷിച്ച ശിഷ്യനോട് എന്നു നിണക്കു തോന്നുന്നുവെങ്കിൽ നിൎഗ്ഗുണബ്രഹ്മത്തെക്കുറിച്ചു സന്തോഷിച്ചുകൊൾക, എന്നു ഗുരു ശിഷ്യനെ അനുഗ്രഹിച്ചു.

72. ഗുണാനാം ലക്ഷകത്വേന നതത്വേന്തഃപ്രവേശനം
ഇതിചേദസ്ത്വേവമേവ ബ്രഹ്മതത്വ മുപാസ്യതാം.

തത്വേഗുണാനാംഅന്തഃ പ്രവേശനംനഇതിചേത്=തത്വത്തിൽ ഗുണങ്ങളുടെ അന്തഃപ്രവേശനം സാദ്ധ്യമല്ലെങ്കിൽ. ഏവംഏവഅസ്തു=അങ്ങിനെതന്നെയാകട്ടെ. ലക്ഷകത്വേനബ്രഹ്മതത്വം ഉപാസ്യതാം=ഗുണങ്ങളുടെ ലക്ഷകമായിട്ടു ബ്രഹ്മതത്വം ഉപാസിക്കപ്പെടാം.

ആനന്ദാദികളും അസ്ഥൂലാദികളുമായ ഗുണങ്ങളെ തത്വത്തിൻെറ ഉള്ളിലടക്കിക്കൊണ്ടുള്ള ഉപാസനം സാദ്ധ്യമല്ലെന്നു വരികിൽ അങ്ങിനെതന്നെ ആകട്ടെ, ആ ഗുണങ്ങളോടുകൂടിയതാണ് ബ്രഹ്മതത്വം എന്ന ബോധത്തോടുകൂടെ ഉപാസിക്കാമല്ലൊ.

73. ആനന്ദാദിഭി രസ്ഥൂലാദിഭിശ്ചാത്മാത്ര ലക്ഷിതഃ
അഖണ്ഡൈകരസഃ സോഹമസ്മീത്യേവ മുപാസതേ.

ആനന്ദാദിഭിഃ അസ്ഥൂലാദിഭിഃ ച=ആനന്ദാദികളാലും അസ്ഥൂലാദികളാലും. അഖണ്ഡൈകരസഃ ആത്മാ= അഖണ്ഡൈകരസനായ യാതൊരാത്മാവ്. അത്രലക്ഷിതഃ സഃ അഹം അസ്മി=ഇവിടെ ലക്ഷിക്കപ്പെട്ടവോ ഞാനവനാകുന്നു. ഇതി ഏവം ഉപാസതേ (മുമുക്ഷവഃ)=എന്നിപ്രകാരം മുമുക്ഷുക്കൾ ഉപാസിക്കുന്നു.

ഉപാസനക്രമത്തെ പറയുന്നു:—ആനന്ദാദികളായ വിധിഗുണങ്ങളോടും അസ്ഥൂലാദികളായ നിഷേധഗുണങ്ങളോടും കൂടിയ അഖണ്ഡൈകരസസ്വരൂപനായ യാതൊരാത്മാവിനെ ശ്രുതികൾ പറയുന്നവോ ആ ആത്മാവായിത്തന്നെയിരിക്കുന്നവൻ ഞാൻ എന്നിങ്ങിനെയാണ് മുമുക്ഷുക്കൾ ഉപാസിക്കുന്നത്.

74. ബോധോപാസ്ത്യോ വിശേഷഃ ക ഇതിചേദുച്യതേ ശൃണു
വസ്തുതന്ത്രോ ഭവേൽബോധഃ കർത്തൃതന്ത്രമുപാസനം.

ബോധോപാസ്ത്യോഃ കഃ വിശേഷഃ=ബോധത്തിന്നും ഉപാസനക്കും എന്തു വിശേഷം. ഇതിചേത് ഉച്യതേ ശൃണു=എന്നാണെങ്കിൽ പറയാം, കേൾക്കുക. ബോധഃ വസ്തുതന്ത്രഃ=ബോധം വസ്തുവിന്നധീനമാകും. ഉപാസനം കർത്തൃതന്ത്രം ഭവേത്=ഉപാസനം കർത്താവിന്നധീനമാകും.

ബ്രഹ്മജ്ഞാനത്തിന്നും ബ്രഹ്മോപാസനക്കും തമ്മിൽ വിശേഷമെന്താണെങ്കിൽ ജ്ഞാനം വസ്ത്വധീനവും ഉപാസനം കർത്താവിൻെറ അധീനത്തിലുമാണെന്നുള്ള വിശേഷമുണ്ട്.

75. വിചാരാജ്ജായതേ ബോധോനിച്ഛായം ന നിവർത്തയേത്
സ്വോൽപത്തിമാത്രാൽസംസാരേ ദഹത്യഖിലസത്യതാം.

വിചാരാത് ബോധഃ ജായതേ=വസ്തുവിൻെറ തത്വത്തെക്കുറിച്ചു ചെയ്യുന്ന വിചാരത്താൽ വസ്തുബോധം ജനിക്കും. യം അനിച്ഛാ ന നിവർത്തയേത്=യാതൊന്നിനെ ഇച്ഛയില്ലായ്മ വിരോധിക്കയില്ല. സ്വോൽപത്തിമാത്രാത്=തൻെറ ഉൽപത്തികൊണ്ടുതന്നെ. സംസാരേ അഖിലസത്യതാം ദഹതി=സംസാരത്തിലെ സമസ്തസത്യതയേയും നശിപ്പിക്കും.

ബോധോപാസ്തികൾക്കു തമ്മിൽ വേറേയും ചില ഭേദങ്ങളുണ്ടെന്നു കാണിപ്പാൻ ബോധത്തിന്നുള്ള കാരണം മുതലായതിനെ കാണിക്കുന്നു:—വസ്തുസ്വരൂപവിചാരത്തിൽനിന്നു ബോധമുണ്ടാകും. ബോധമുണ്ടാകേണമെന്നുള്ള ഇച്ഛയുണ്ടായിരുന്നില്ലെങ്കിൽകൂടെ ബോധം ജനിക്കാതിരിക്കയില്ല. ആ ബോധമാകട്ടെ ഉണ്ടായ മാത്രത്തിൽ സംസാരം നിശ്ശേഷവും അസത്യമാണെന്നു കാട്ടിത്തരികയും ചെയ്യും. സംസാരമെന്ന ഒന്ന് തീരെയില്ലാത്തതുതന്നെയെന്ന അനുഭവംതന്നെയാകുന്നു ബോധസ്വരൂപം. സംസാരമെന്നുവെച്ചാൽ ഞാൻ കർത്താവാകുന്നു, ഭോക്താവാകുന്നു, ജന്മജരാമരണാദികൾ ഉള്ളവനാകുന്നുവെന്ന മിഥ്യാബോധമാണല്ലൊ. വസ്തുബോധം—സത്യജ്ഞാനം— ഉണ്ടാകുന്നതോടുകൂടെ കർത്തൃത്വാദി മിഥ്യാബോധം നശിക്കുന്നതിനാൽ സംസാരം സത്യമല്ലെന്നുള്ള അനുഭവമാണ് ബോധത്തിൻെറ ഫലം എന്നു സാരം.

76. താവതാ കൃതകൃത്യഃ സന്നിത്യതൃപ്തിമുപാഗതഃ
ജീവന്മുക്തി മനുപ്രാപ്യ പ്രാരബ്ധക്ഷയ മീക്ഷതേ.

താവതാ കൃതകൃത്യഃ സൻ=അത്രമാത്രത്താൽ കൃതകൃത്യനായിട്ടു. നിത്യതൃപ്തിം ഉപാഗതഃ=നാശരഹിതമായ തൃപ്തിയെ പ്രാപിച്ചവനായി. ജീവന്മുക്തിം അനുപ്രാപ്യ=ജീവന്മുക്തിയെ അനുപ്രാപിച്ചിട്ട്. പ്രാരബ്ധക്ഷയം ഈക്ഷതേ=പ്രാരബ്ധകർമ്മക്ഷയത്തെ പ്രതീക്ഷിക്കുന്നു.

സംസാരദുഃഖം നശിച്ചതുകൊണ്ടുതന്നെ ഇനിമേൽ ചെയ്യേണ്ടതായിട്ടു യാതൊന്നുമില്ലെന്നുള്ള നിത്യതൃപ്തിയേയും അതനുസരിച്ചുണ്ടായ ജീവന്മുക്തിയേയും അനുഭവിച്ചുകൊണ്ട് വർത്തമാനശരീരത്തിൻെറ കാരണമായ പ്രാരബ്ധകർമ്മത്തിൻെറ അവസാനകാലത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ഇതാകുന്നു ബോധത്തിൻെറ പരമാവധി.

77. ആപ്തോപദേശം വിശ്വസ്യ ശ്രദ്ധാലു രവിചാരയൻ
ചിന്തയേൽ പ്രത്യയൈ രന്യൈ രനന്തരിതവൃത്തിഭിഃ.

ആപ്തോപദേശം വിശ്വസ്യ=ആപ്തനായ ഗുരുവിൻെറ ഉപദേശത്തെ വിശ്വസിച്ചിട്ട്. ശ്രദ്ധാലുഃ അവിചാരയൻ=ശ്രദ്ധായുക്തനും വസ്തുസ്വരൂപത്തെ വിചാരിക്കാത്തവനുമായിട്ടു. അന്യൈഃ പ്രത്യയൈഃ=ഇതരങ്ങളായ വിചാരങ്ങളാൽ. അനന്തരിതവൃത്തിഭിഃ ചിന്തയേത്=തടസ്ഥപ്പെടാതിരിക്കുന്ന ബുദ്ധിവൃത്തികളോടുകൂടെ ചിന്തിക്കേണം.

ബോധത്തിൽനിന്നു ഉപാസനയുടെ വ്യത്യാസത്തെ കാണിക്കുന്നു:— ഉപാസ്യമായ നിർഗ്ഗുണബ്രഹ്മസ്വരൂപത്തെ ഗുരു ഉപദേശിച്ചതിൽ വിശ്വസിച്ചുകൊണ്ടും ആ സ്വരൂപത്തെക്കുറിച്ചു വിചാരംചെ

യ്യാതെതന്നെ വസ്തുവിനെകുറിച്ചു ധ്യാനിക്കണം. ആ ധ്യാനത്തെ തടസ്ഥപ്പെടുത്തുന്നതായ വിഷയവികാരങ്ങളും ബുദ്ധിയിൽ പ്രവേശിക്കാതെയിരിപ്പാൻ മനസ്സിനെ ഏകാഗ്രമാക്കുകയും വേണം. ഗുരു ചെയ്ത ഉപദേശത്തിൽ പരമവിശ്വാസം ഉപാസകനുണ്ടായിരിക്കണം.

78. യാവച്ചിന്ത്യസ്വരൂപത്വാഭിമാനഃ സ്വസ്യജായതേ
താവദ്വിചിന്ത്യപശ്ചാച്ച തഥൈവാ മൃതിധാരയേത്.

ചിന്ത്യസ്വരൂപത്വാഭിമാനഃ സ്വസ്യ=ചിന്തായോഗ്യമായ വസ്തുസ്വരൂപാഭിമാനം തനിക്ക്. യാവത് ജായതേ താവത് വിചിന്ത്യ=എപ്പോഴം ഉണ്ടാകുമോ അതുവരെ ചിന്തിച്ചിട്ട്. പശ്ചാത്ച തഥാ ഏവ ആമൃതിധാരയേത്=പിന്നെയും അപ്രകാരം മരണംവരെ ധ്യാനിക്കേണം.

ചിന്താവിഷയമായ വസ്തു താൻതന്നെയാകുന്നുവെന്നുള്ള അഭിമാനം ഉപാസകനുറക്കുന്നതുവരേയും ഉറച്ചതിന്നുശേഷം മരണംവരേയും ആ അഭിമാനം—നിർഗ്ഗുണബ്രഹ്മംതന്നെ ഞാൻ എന്ന വിചാരം—ചലിക്കാതെയിരിക്കേണം. അപ്രകാരം ദൃഢനിശ്ചയമുള്ള ഉപാസകൻ മുക്തനാകും. ഇതുതന്നെ ഉപാസനയുടെ അവധിയും ഫലവും.

79. ബ്രഹ്മചാരീ ഭിക്ഷമാണോ യുതഃസംവർഗ്ഗവിദ്യയാ
സംവർഗ്ഗരൂപതാം ചിത്തേ ധാരയിത്വാ ഹ്യഭൈക്ഷത.

സംവർഗ്ഗവിദ്യയായുതഃ ബ്രഹ്മചാരീ = സംവർഗ്ഗവിദ്യാസഹിതനായ ബ്രഹ്മചാരി. ഭിക്ഷമാണഃ സംവർഗ്ഗരൂപതാം=പിച്ചയെടുക്കുന്നവനായിട്ട് സംവർഗ്ഗരൂപതയെ. ചിത്തേ ധാരയിത്വാ അഭൈക്ഷതഹി=ചിത്തത്തിൽ ധരിച്ചിട്ടു ഭിക്ഷയാചിച്ചതു ശ്രുതിപ്രസിദ്ധം.

ഉപാസകന്ന് ഉപാസ്യദേവതാസ്വരൂപാഭിമാനം ഫലപ്രദമാണെന്നതിന്നു ഉദാഹരണം കാണിക്കുന്നു:—സംവർഗ്ഗവിദ്യയെ—സമഷ്ടിപ്രാണൻതന്നെ സർവ്വാത്മാവ്—എന്നുള്ള ഉപാസനയോടുകൂടിയ ഒരു ബ്രഹ്മചാരി അഭിപ്രതാരിയെന്നു പേരായ ഒരു രാജാവിൻെറ മുമ്പിൽ വന്നുനിന്ന് ഭിക്ഷചോദിച്ചു. ആ രാജാവു ആ ബ്രഹ്മചാരിയോട് അങ്ങുന്നാരാകുന്നുവെന്നു ചോദിച്ചപ്പോൾ എല്ലാവരിലും ആത്മാവായി വിളങ്ങുന്ന പ്രാണനാകുന്നു ഞാൻ എന്നു തന്നിൽതന്നെ പ്രാണാത്മതയെ ആരോപിച്ചുകൊണ്ട് ഭിക്ഷയാചിച്ചുവെന്ന് ഛാന്ദോഗ്യോപനിഷത്തിൽ വിവരിച്ചിട്ടുണ്ട്. ഉപാസ്യദേവത താൻതന്നെയാണെന്നഭിമാനിപ്പാൻ ഉപാസകന്നു സ്വാതന്ത്ര്യമുണ്ടെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നു.

80. പുരുഷസ്യേച്ഛയാ കർത്തുമകർത്തും കർത്തുമന്യഥാ
ശക്യോപാസ്തി രതോനിത്യം കുര്യാൽ പ്രത്യയസന്തതിം.

ഉപാസ്തിഃ പുരുഷസ്യ ഇച്ഛയാ = ഉപാസനപുരുഷൻെറ ഇച്ഛകൊണ്ട്. കർത്തും അകർത്തും അന്യഥാകർത്തും ശക്യ=ചെയ്യാനും ചെയ്യാതിരിപ്പാനും മററൊരുവിധമാക്കാനും കഴിയും. അതഃപ്രത്യയസന്തതിംനിത്യം കുര്യാൽ=അതുകൊണ്ടു സജാതീയവൃത്തിപരമ്പരയെ എപ്പോഴം ചെയ്യണം.

മരണംവരെ ധ്യാനിക്കേണം എന്നു പറവാൻ കാരണവും അതിനാൽതന്നെ ബോധത്തിൽനിന്നുള്ള വ്യത്യാസവും ഉപാസനക്കുണ്ടെന്നു കാണിക്കുന്നു:—ഉപാസനാപുരുഷൻെറ (കർത്താവിൻെറ) ഇഷ്ടാനുസരണം ചെയ്യാനും ചെയ്യാതിരിക്കുവാനും മററൊരുവിധത്തിലാക്കാനും കഴിയുന്നതാകയാൽ ഏതൊരു നിർഗ്ഗുണബ്രഹ്മതത്വത്തെ ധ്യാനിക്കുന്നുവോ അതിനെ തടസ്ഥപ്പെടുത്തുന്ന മററ വിചാരങ്ങളൊന്നും മനസ്സിൽ കടത്താതെ സജാതീയവൃത്തിപരമ്പരയെത്തന്നെ നിത്യവും അഭ്യസിക്കേണം. എന്നാലെ മോക്ഷം സിദ്ധിക്കയുള്ളൂ. ബോധത്തിനോ അങ്ങിനെ നിയമമില്ല. വിചാരം ചെയ്യുന്നവൻ ബോധമുണ്ടാകേണം എന്നാഗ്രഹിക്കാതിരുന്നാലും മോക്ഷഫലമായ ബോധം ഉണ്ടാകുകതന്നെ ചെയ്യും. ഇതാണ് ബോധത്തിന്നും ഉപാസനക്കും തമ്മിലുള്ള വിശേഷം.

81. വേദാധ്യായീ ഹ്യപ്രമത്തോധീതേ സ്വപ്നേധിവാസതഃ
ജപിതാതുജപത്യേവ തഥാധ്യാതാപി വാസയേത്.

വേദാധ്യായീ അപ്രമത്തഃ അധീതേ = വേദം പഠിക്കുന്നവൻ പ്രമാദംകൂടാതെ പഠിക്കുന്നു. അധിവാസതഃ സ്വപ്നേഅപി അധീതേ=ആ വാസനനിമിത്തം സ്വപ്നത്തിലും പഠിക്കും. ജപിതാതുതഥാ ജപതിഏവ= ജപിക്കുന്നവനും അപ്രകാരം ജപിക്കും. ധ്യാതാ അപിതഥാ വാസയേത് = ധ്യാനം ചെയ്യുന്നവനും അപ്രകാരം വാസന ജനിപ്പിക്കേണം.

ധ്യാനത്തിൻെറ ദാർഢ്യതാലക്ഷണം ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—വേദം മനസ്സിരുത്തി പഠി

ക്കുന്ന ഒരാൾ സ്വപ്നത്തിലും താനറിയാതെ വേദം ചൊല്ലും. ജപം മുട്ടാതെ നടത്തുന്നവനും സ്വപ്നത്തിലും ജപിക്കും. അതേപ്രകാരം സ്വപ്നത്തിലും ധ്യാനിക്കുവാൻതക്ക വിധത്തിൽ നിരന്തരാഭ്യാസത്താൽ വാസനയെ വർദ്ധിപ്പിക്കേണം.

82. വിരോധിപ്രത്യയംത്യക്ത്വാ നൈരന്തര്യേണ ഭാവയൻ
ലഭതേ വാസനാവേശാത് സ്വപ്നാദാവപി ഭാവനാം.

വിരോധിപ്രത്യയംത്യക്ത്വാ = വിപരീതഭാവനയെ തള്ളിക്കളഞ്ഞിട്ട്. നൈരന്തര്യേണ ഭാവയൻ = നിരന്തരം ധ്യാനം ചെയ്യുന്നവൻ. വാസനാവേശാത് സ്വപ്നാദൗ അപി=വാസനയുടെ ശക്തിയാൽ സ്വപ്നം മുതലായതിലും. ഭാവനാം ലഭതേ=ധ്യാനത്തെ പ്രാപിക്കും.

സ്വപ്നാദ്യവസ്ഥകളിലും ധ്യാനം ഉണ്ടാകുന്നതെങ്ങിനെയെന്നു കാണിക്കുന്നു. പരബ്രഹ്മഭാവനയെ തടസ്ഥപ്പെടുത്തുന്ന ഇതരഭാവനകളൊന്നും കൂടാതെ നിരന്തരം നിർഗ്ഗുണബ്രഹ്മത്തെ ധ്യാനിക്കുന്നവൻെറ വാസനാബലത്താൽ സ്വപ്നാദ്യവസ്ഥകളിലും ബ്രഹ്മഭാവനയുണ്ടാകും.

83. ഭുംജാനോപിനിജാരബ്ധമാസ്ഥാതിശയതോനിശം
ധ്യാതുംശക്തോനസന്ദേഹോവിഷയവ്യസനീയഥാ.

നിജാരബ്ധം ഭുംജാനഃ അപി=തൻെറ പ്രാരബ്ധകർമ്മഫലത്തെ അനുഭവിക്കുന്നവനും. ആസ്ഥാതിശയതഃ അനിശംധ്യാതും=ആഗ്രഹാധിക്യത്താൽ എപ്പോഴും ധ്യാനിപ്പാൻ. ശക്തഃനസന്ദേഹഃ യഥാ വിഷയവ്യസനീ=ശക്തനാകും സംശയമില്ല വിഷയാസക്തനെന്നപോലെ.

പ്രാരബ്ധകർമ്മത്തിൽ കുടുങ്ങിക്കിടക്കുന്നവനു എപ്പോഴും ബ്രഹ്മധ്യാനം സാധ്യമോ എന്നു ശങ്കിക്കേണ്ട. മോക്ഷം ലഭിക്കേണമെന്നുള്ള ആഗ്രഹം ദൃഢമായുണ്ടായാൽ പ്രാരബ്ധകർമ്മഫലജന്യമായ സുഖദുഃഖാദികളെ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും ബ്രഹ്മവിചാരം ചെയ്യാൻ സാധിക്കും. ഇതിൽ സംശയത്തിന്നവകാശമില്ല. വിഷയസുഖത്തിൽത്തന്നെ മനസ്സിരുത്തുന്ന ഒരുവൻ മറേറതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നാലും വിഷയചിന്തയവൻെറ മനസ്സിൽനിന്നു വിട്ടുപോകാത്തതുപോലെ ധ്യാനത്തിന്നു വിച്ഛിത്തിവരാതിരിക്കും.

84. പരവ്യസനിനീനാരീവ്യഗ്രാപിഗൃഹകർമ്മണി
തദേവാസ്വാദയത്യന്തഃപരസംഗരസായനം.

പരവ്യസനിനീ നാരീ ഗൃഹകർമ്മിണി=പരപുരുഷനിൽ ആസക്തയായ സ്ത്രീ വീട്ടുവേലയിൽ. വ്യഗ്രാഅപി അന്തഃ=ഏർപ്പെട്ടവളായിരുന്നാലും മനസ്സിൽ. തത് പരസംഗരസായനം ഏവ ആസ്വാദയതി=ആ പരപുരുഷസംഗജന്യമായ സുഖത്തെത്തന്നെ അനുഭവിക്കുന്നു.

പ്രാരബ്ധകർമ്മഫലം അനുഭവിക്കുമ്പോഴും മോക്ഷേച്ഛ ബലപ്പെട്ടവനു ബ്രഹ്മധ്യാനം സാധ്യമാണെന്നതിന്നു ദൃഷ്ടാന്തം:—പരപുരുഷസംഗത്തിൽതന്നെ മനസ്സുവെച്ചിരിക്കുന്ന ഒരു സ്ത്രീ വീട്ടിലെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും പരപുരുഷസംഗത്തിൽനിന്നു കിട്ടിയ ആ സുഖത്തെത്തന്നെ ഇടവിടാതെ മനസ്സുകൊണ്ടനുഭവിക്കും.

85. പരസംഗംസ്വാദയന്ത്യാഅപിനോഗൃഹകർമ്മതത്
കുണ്ഠീഭവേദപിതേത്വതദാപാതേനൈവവർത്തതേ.

പരസംഗം സ്വാദയന്ത്യാഃ തത്ഗൃഹകർമ്മ = പരപുരുഷസംഗസുഖത്തെ അനുഭവിക്കുന്നവളുടെ ആ ഗൃഹകൃത്യം. നോ കുണ്ഠീഭവേത്അപി=നടത്താതെയിരിക്കയില്ലെങ്കിലും. അപിതു ആപാതേന ഏവവർത്തതേ= പിന്നെയോ പുറമെതന്നെ അതു നടന്നുകൊണ്ടിരിക്കും.

പരപുരുഷസുഖത്തെ മനസാ അനുഭവിക്കുന്ന നാരിയുടെ വീട്ടുകാര്യങ്ങൾ നടത്താതെ അവൾ ഇരിക്കുന്നില്ല. എന്നാലും അതു് ഉള്ളിൽ തട്ടിയനിലയിൽ ആയിരിക്കാതെ ഉദാസീനരീതിയിൽ മാത്രം നടത്തും.

86. ഗൃഹകൃത്യവ്യസനിനീയഥാസമ്യക്കരോതിതത്
പരവ്യസനിനീതദ്വൽനകരോത്യേവസർവ്വഥാ.

ഗൃഹകൃത്യവ്യസനിനീയഥാ= ഗൃഹകൃത്യത്തിൽ അതിതാല്പര്യമുള്ളവൾ എപ്രകാരം. തത്സമ്യക് കരോതി തദ്വൽ=അതിനെ നന്നായി ചെയ്യുന്നുവോ അതുപോലെ. പരവ്യസനിനീസർവ്വഥാനകരോതി = പരപുരുഷനിൽ മനസ്സുവെച്ചവൾ സമ്പൂർണ്ണമായി ചെയ്യുയില്ല.

പുറംപോക്കായിട്ടേ ചെയ്കയുള്ളൂവെന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:— ഗൃഹകൃത്യങ്ങളിൽ എപ്പോഴും താൽപര്യമുള്ള ഒരുവൾ ഏതുവിധം വീട്ടുകാര്യങ്ങളെ വേണ്ടതുപോലെ നടത്തുമോ അതുപോലെ ജാരനിൽ മനസ്സുവെച്ചിരിക്കുന്നവൾ സമ്പൂർണ്ണമായി നടത്തുകയില്ല.

87. ഏവംധ്യാനൈകനിഷ്ഠോപിലേശാൽലൌകികമാരഭേത്
തത്വവിത്വവിരോധിത്വാൽലൌകികംസമ്യഗാചരേത്.

ഏവംധ്യാനൈകനിഷ്ഠഃഅപി=ഇപ്രകാരം ധ്യാനത്തിൽ മുഖ്യനിഷ്ഠയുള്ളവനും. ലൌകികംലേശാൽ ആരഭേത്=ലോകകാര്യത്തെ അല്പാല്പം നടത്തും. തത്വവിത്തു അവിരോധിത്വാത്=തത്വജ്ഞാനിയോ വിരോധഭാവമില്ലാത്തതുകൊണ്ടു്. ലൌകികംസമ്യക് ആചരേത്=ലോകവ്യവഹാരത്തെ വേണ്ടതുപോലെ നടത്തും.

ദൃഷ്ടാന്തത്തിൽ പറഞ്ഞതിനെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—ജാരാസക്തയെന്നപോലെ നിർഗ്ഗുണബ്രഹ്മധ്യാനത്തിൽ മുഖ്യമായി മനസ്സിരുത്തുന്ന ഉപാസകനും ലോകവ്യവഹാരങ്ങളെ അല്പാല്പം നടത്തികൊണ്ടിരിക്കും. തത്വജ്ഞാനിയോ അങ്ങിനെയല്ല. ലോകവ്യവഹാരത്തിനും തത്വബോധത്തിന്നും പരസ്പരവിരോധമില്ലാത്തതുകൊണ്ടു ലോകകാര്യം ശരിക്കു വേണ്ടതുപോലെ ആചരിക്കും.

88. മായാമയഃപ്രപഞ്ചോയമാത്മാചൈതന്യരൂപധൃക്
ഇതിബോധേവിരോധഃകോലൌകികവ്യവഹാരിണഃ.

അയം പ്രപഞ്ചഃമായാമയഃ=ഈ പ്രപഞ്ചം സ്വപ്നംപോലെ മായാമയം. ആത്മാചൈതന്യരൂപധൃക്=ആത്മാവു് ചൈതന്യസ്വരൂപൻ. ഇതിബോധേ=എന്ന അറിവുള്ളപ്പോൾ. ലൌകികവ്യവഹാരിണഃ കഃ വിരോധഃ=ലോകവ്യവഹാരം നടത്തുന്ന ജ്ഞാനിക്ക് എന്തു വിരോധം.

ഈക്കാണപ്പെടുന്ന ജഗത്ത് സ്വപ്നപദാർത്ഥമെന്നപോലെ മായാമയവും ആത്മാവു് സത്യമായ ചൈതന്യവുമാണെന്നുള്ള ബോധത്തോടുകൂടെ ലോകവ്യവഹാരം നടത്തുന്ന ജ്ഞാനിയുടെ ആ ബോധത്തിന്നു തടസ്ഥമൊന്നുമില്ലാത്തതുകൊണ്ടാണ് കർമ്മം ജ്ഞാനവിരോധിയല്ലെന്നു മുമ്പേ പറഞ്ഞത്.

89. അപേക്ഷതേവ്യവഹൃതിർന്നപ്രപഞ്ചസ്യവസ്തുതാം
നാപ്യാത്മജാഡ്യംകിന്ത്വേഷാസാധനാന്യേവകാംക്ഷതി.

വ്യവഹൃതിഃപ്രപഞ്ചസ്യവസ്തുതാം=വ്യവഹാരം പ്രപഞ്ചത്തിൻെറ സത്യതയെ. ന അപേക്ഷതേ ആത്മജാഡ്യംഅപി=അപേക്ഷിക്കുന്നില്ല, ആത്മാവിൻെറ ജാഡ്യത്തേയും അപേക്ഷിക്കുന്നില്ല. കിന്തുഏഷാസാധനാനിഏവകാംക്ഷതി=പിന്നെയോയെന്നാൽ ഇതു് സാധനങ്ങളെ മാത്രം കാംക്ഷിക്കുന്നു.

പ്രാരബ്ധകർമ്മാനുസരണം ലോകവ്യവഹാരം നടത്താൻ ലോകം സത്യമായിരിക്കേണമെന്നോ ആത്മഭാവം ശരീരത്തിലുണ്ടായിരിക്കേണമെന്നോ ഇല്ല. പിന്നെയെന്തിനെ അപേക്ഷിക്കുന്നുവെന്നു ചോദിക്കുന്നുവെങ്കിൽ വ്യവഹരിക്കാനുള്ള സാധനങ്ങളെ മാത്രം അപേക്ഷിക്കുന്നു.

90. മനോവാക്കായതൽബാഹ്യപദാർത്ഥാഃസാധനാനിതാൻ
തത്വവിന്നോപമൃദ്നാതിവ്യവഹാരോസ്യനോകുതഃ.

മനോവാക്കായതൽബാഹ്യപദാർത്ഥാഃസാധനാനി=മനസ്സ്, വാക്ക്, ദേഹം അതിൽനിന്നു പുറമേയുള്ള ശബ്ദാദിവിഷയങ്ങൾ സാധനങ്ങൾ. താൻതത്വവിത്=അവയെ തത്വജ്ഞാനി. ന ഉപമൃദ്നാതി=നശിപ്പിക്കുന്നില്ല. അസ്യവ്യവഹാരഃ കുതഃന=ഇവന്നു വ്യവഹാരം എന്തുകൊണ്ടു ചെയ്തുകൂടാ.

വ്യവഹാരത്തിന്നാവശ്യമായ സാധനങ്ങൾ എന്തെല്ലാമെന്നാൽ:—മനസ്സ് വാഗാദികളായ ഇന്ദ്രിയങ്ങൾ, അതോടുകൂടിയ ദേഹം, ഇവയ്ക്കു പുറമെയുള്ള ഗൃഹധനാദിവസ്തുക്കൾ ഇവയാണ് വ്യവഹരിപ്പാനുള്ള സാധനങ്ങൾ. അവയെ ഒന്നിനേയുംതന്നെ ജ്ഞാനി നശിപ്പിക്കുന്നില്ല. അങ്ങിനെയുള്ള ജ്ഞാനിക്കു എന്തുകൊണ്ടു വ്യവഹാരം നടത്തിക്കൂടാ. ഇന്ദ്രിയാദികളും വിഷയങ്ങളും അവയുടെ നിലയിൽ വ്യവഹരിക്കുന്നതിനെ ജ്ഞാനി വിരോധിക്കാതിരിക്കുന്നുവെന്നു മാത്രമേ ജ്ഞാനിയുടെ ലോകവ്യവഹാരത്തിന്നർത്ഥമുള്ളൂവെന്നഭിപ്രായം.

91. ഉപമൃദ്നാതിചിത്തംചേദ്ധ്യാതാസൌനതുതത്വവിത്
നബുദ്ധിമർദ്ദയൻദൃഷ്ടോഘടതത്വസ്യവേദിതാ.

ചിത്തംഉപമൃദ്നാതിചേത്=ചിത്തത്തെ നിഗ്രഹിക്കുന്നുവെങ്കിൽ. അസൌധ്യാതാനതുതത്വവിത്=ഇവൻ

ധ്യാനിയാകുന്നു, തത്വജ്ഞാനിയില്ല. ഘടതത്വസ്യവേദിതാ=ഘടത്തിന്റെ തത്വമായ മണ്ണിനെ അറിഞ്ഞവൻ. ബുദ്ധിംഅർദ്ദയൻനദൃഷ്ടഃ=ബുദ്ധിയെ നിഗ്രഹിക്കുന്നതായിട്ട കാണപ്പെട്ടിട്ടില്ല.

വിഷയങ്ങളെ നശിപ്പിക്കുന്നില്ലെങ്കിലും അവയിൽ പ്രവേശിക്കുന്ന ചിത്തത്തെ ജ്ഞാനിയും നിരോധിക്കേണ്ടതല്ലെയോ എന്നു ശങ്കിക്കുന്നതിന്നു സമാധാനം:—ചിത്തത്തെ നിഗ്രഹിക്കുന്നുവെങ്കിൽ അവൻ ജ്ഞാനിയല്ല. പിന്നെയോ ധ്യാനിയാകുന്നു. ധ്യാനിക്കുന്നവൻ ചിത്തത്തെ നിരോധിക്കേണം. തത്വം അറിഞ്ഞവന്നതാവശ്യമില്ല. തത്വം അറിഞ്ഞുകഴിഞ്ഞാൽ ചിത്തനിഗ്രഹം ആവശ്യമില്ലെന്ന് എവിടെ കാണപ്പെടുന്നുവെന്നാൽ മൃണ്മയമാണ് ഘടം എന്നറിഞ്ഞവൻ മൃദ്വികാരമായ ആ ഘടത്തെ ചിത്തത്തെ നിരോധിച്ചിട്ടല്ലല്ലൊ കാണുന്നത്.

92. സകൃൽപ്രത്യയമാത്രേണഘടശ്ചേൽഭാസതേസദാ
സ്വപ്രകാശോയമാത്മാകിംഘടവച്ചനഭാസതേ.

സകൃൽ പ്രത്യയമാത്രേണ ഘടഃ=ഒരിക്കൽ അറിയുന്നതുകൊണ്ടുതന്നെ ഘടം. സദാഭാസതേ ചേത്= ഘടം എപ്പോഴും പ്രകാശിക്കുമെങ്കിൽ. സ്വപ്രകാശഃ അയം ആത്മാ=സ്വയമേവ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈ ആത്മാവ്. ഘടവത് നകിംഭാസതേ=ഘടംപോലെ എപ്പോഴുംപ്രകാശിക്കുന്നില്ലെയോ.

ഘടം സ്ഥൂലപദാർത്ഥമായതിനാൽ ഒരിക്കൽ മാത്രം അതിന്റെ തത്വമറിഞ്ഞാൽ എപ്പോഴും മൃണ്മയമായിട്ടുതന്നെ പ്രകാശിക്കും. അതുകൊണ്ടു അതിനെ കാണ്മാൻ ചിത്തനിഗ്രഹം വേണമെന്നില്ല. ബ്രഹ്മം അങ്ങിനെയല്ലെല്ലൊ, അതിസൂക്ഷ്മമല്ലെയോ? ഒരിക്കൽ അതിനെ അറിഞ്ഞാലും പിന്നെ വിഷയഭ്രാന്തി കൂടാതെ അതിൽതന്നെ ചിത്തത്തെ ഉറപ്പിക്കേണ്ടതല്ലെയോ എന്നാണെങ്കിൽ ഈ ആത്മാവ് ഘടംപോലെ കൂടെയല്ലാഅതിനെക്കാറം സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്നതാണ്. സ്വതേ പ്രകാശിക്കുന്ന വസ്തുവല്ല ഘടം, പരപ്രകാശ്യമാണ്. ആത്മാവ് സ്വയംപ്രകാശസ്വരൂപമാണ്. ആ പ്രകാശത്തെ എപ്പോഴെങ്കിലും ആക്കെങ്കിലും തടുക്കാൻ കഴിവുള്ളതല്ലാത്തതിനാൽ ചിത്തനിരോധം ആവശ്യമില്ല.

93. സ്വപ്രകാശതയാകിംതേതൽബുദ്ധിസ്തത്വവേദനം
ബുദ്ധിശ്ചക്ഷണനാശ്യേതിചോദ്യംതുല്യംഘടാദിഷു.

സ്വപ്രകാശതയാതേകിം=ആത്മാവിന്റെ സ്വപ്രകാശതകൊണ്ടു അങ്ങെക്കെന്തു പ്രയോജനം. തൽബുദ്ധിഃ തത്വവേദനം=അതിൽ നില്ക്കുന്ന ബുദ്ധിവൃത്തിയല്ലേ തത്വജ്ഞാനം. ബുദ്ധിഃചക്ഷണനാശ്യാ=ബുദ്ധിയോ ക്ഷണത്തിൽ നശിക്കുന്നതുമാണെല്ലൊ. ഇതിചോദ്യംഘടാദിഷുതുല്യം=എന്ന ചോദ്യം ഘടാദിബാഹ്യവസ്തുക്കളിലും തുല്യംതന്നെ.

വാദി ചോദിക്കുന്നു:—ആത്മാവ് സ്വപ്രകാശസ്വരൂപമാണെന്നു വന്നതുകൊണ്ടു ജ്ഞാനത്തെക്കുറിച്ചു അങ്ങെക്കെന്തു പ്രയോജനം ഞാൻ ബ്രഹ്മം എന്ന ജ്ഞാനരൂപമായ ബുദ്ധിവൃത്തികൊണ്ടല്ലെയോ തത്വമറിയുന്നതു. ആ ബുദ്ധിവൃത്തിയോ ക്ഷണത്തിൽ നശിക്കുന്നതുമല്ലേ? അപ്പോറം തത്വജ്ഞാനവും നശിക്കുകയില്ലേ? അങ്ങിനെ വരാതിരിക്കാൻ ബുദ്ധിവൃത്തിയെ ആത്മാവിൽതന്നെ സ്ഥിരപ്പെടുത്തുവാൻ യത്നിക്കേണ്ടതല്ലേ? എന്നാണ് ചോദ്യമെങ്കിൽ ഘടാദിബാഹ്യവസ്തുക്കളിലും ഉള്ള ജ്ഞാനം നശിക്കാതിരിക്കാൻ ബുദ്ധിവൃത്തിയെ അവയിൽതന്നെ സ്ഥിരപ്പെടുത്തേണ്ടതല്ലെയോ എന്നും ചോദിക്കാവുന്നതാണ്.

94. ഘടാദൌനിശ്ചിതേബുദ്ധിനശ്യത്യേവയദാഘടഃ
ഇഷ്ടോനേതുംതദാശക്യഇതിചേൽസമമാത്മനി.

ഘടാദൌ നിശ്ചിതേബുദ്ധിഃ=ഘടാദിപദാർത്ഥം നിശ്ചയിക്കപ്പെട്ടിരിക്കുമ്പോറം ബുദ്ധി. നശ്യതിഏവ യദാഘടഃഇഷ്ടഃ=നശിക്കതന്നെ ചെയ്യുന്നു. എന്നാൽ എപ്പോറം ഘടം ഇഷ്ടമോ. തദാനേതും ശക്യഃ ഇതിചേത്=അപ്പോറം അതിലേക്കു ബുദ്ധിയെ പ്രവേശിപ്പിക്കാൻ കഴിയും എന്നാണെങ്കിൽ. ആത്മനി സമം=ആത്മാവിലും ഇതു തുല്യംതന്നെ.

ഘടാദിവിഷയങ്ങളെ അറിയുന്ന ബുദ്ധിവൃത്തിയും ക്ഷണികംതന്നെയെങ്കിലും ഒരിക്കൽ നിശ്ചയിക്കപ്പെട്ട ബാഹ്യപദാർത്ഥങ്ങളെക്കൊണ്ടുള്ള വ്യവഹാരം ഇഷ്ടപ്പെടുമ്പോറം എല്ലാം ആ പദാർത്ഥങ്ങളിലേക്ക് ബുദ്ധിയെ വ്യാപരിപ്പിക്കുവാൻ കഴിവുള്ളതിനാൽ ആവക വസ്തുക്കളിൽ എപ്പോഴും ബുദ്ധിവൃത്തിയെ ഉറപ്പിക്കേണ്ടതായ ആവശ്യമില്ല എന്നാണ് പറവാൻ ഭാവം എങ്കിൽ ഈ സമാധാനം ആത്മാവിനെക്കുറിച്ചും പറയാവുന്നതുതന്നെ.

95. നിശ്ചിത്യസകൃദാത്മാനംയദാപേക്ഷാതദൈവതം
വക്തുംമന്തുംതഥാധ്യാതുംശക്നോത്യേവഹിതത്ത്വവിത്.

തത്ത്വവിത് സകൃത് ആത്മാനം നിശ്ചിത്യ=തത്ത്വം അറിഞ്ഞവൻ ഒരിക്കൽ ആത്മാവിനെ നിശ്ചയിച്ചിട്ട്. യദാതം വക്തും മന്തും തഥാധ്യാതും അപേക്ഷാ=എപ്പോൾ അതിനെ പറവാനും ചിന്തിപ്പാനും ധ്യാനിപ്പാനും അപേക്ഷിക്കുന്നുവോ. തദാശക്നോതി ഏവ=അപ്പോൾ ശക്തനാകുന്നു നിശ്ചയം.

വിഷയികൾ വിഷയങ്ങളെ ഒരിക്കൽ അറിഞ്ഞാൽ പിന്നെ വേണ്ടപ്പോളെല്ലാം ബുദ്ധിക്കുള്ള സംസ്കാരത്താൽ അവയെ അറിയുന്നതുപോലെ ആത്മതത്ത്വം അറിഞ്ഞവനും ആത്മസ്വരൂപത്തെ ഒരിക്കൽ നിശ്ചയമായറിഞ്ഞുകഴിഞ്ഞാൽ പിന്നെ ആ ആത്മാവിനെ കുറിച്ചു പറയുവാനും ചിന്തിക്കുവാനും ധ്യാനിക്കുവാനും ആവശ്യമുള്ളപ്പോൾ എല്ലാം ആവിധം ചെയ്വാൻ സംസ്കാരത്താൽ സാധിക്കുന്നവനാകുന്നു.

96. ഉപാസക ഇവധ്യായം ല്ലൌകികം വിസ്മരേദ്യദി
വിസ്മരത്വേവ സാധ്യാനാദ്വിസ്മൃതിർന്നതു വേദനാത്.

ഉപാസകഃ ഇവധ്യായൻ=ഉപാസകനെന്നപോലെ ജ്ഞാനിയും ധ്യാനിക്കുമ്പോൾ. ലൌകികം വിസ്മരേത്‌യദി=ലോകവ്യവഹാരത്തെ വിസ്മരിക്കുമെങ്കിൽ. വിസ്മരതുഏവസാവിസ്മൃതിഃ=വിസ്മരിക്കട്ടെ ആ വിസ്മൃതി. ധ്യാനാത് നതു വേദനാത്=ധ്യാനം നിമിത്തമുണ്ടായതല്ലാതെ ജ്ഞാനംനിമിത്തമുണ്ടായതല്ല.

ജ്ഞാനിയും ഉപാസകനെപ്പോലെ ആത്മാനുസന്ധാനം നിമിത്തം ജഗത്തിനെ മറന്നിരിക്കുന്നതു കാണപ്പെടുന്നുണ്ടല്ലോ എന്നാണെങ്കിൽ ആ മറവി ധ്യാനംനിമിത്തമുണ്ടായതല്ലാതെ ജ്ഞാനംനിമിത്തമുണ്ടാകുന്നതല്ല.

97. ധ്യാനം ത്വൈച്ഛികമേതസ്യ വേദനാന്മുക്തിസിദ്ധിതഃ
ജ്ഞാനാദേവതു കൈവല്യ മിതിശാസ്ത്രേഷുഡിണ്ഡിമഃ.

ഏതസ്യധ്യാനംതു ഐച്ഛികം=ഇവന്നു (ജ്ഞാനിക്കു) ധ്യാനമാകട്ടെ ഇച്ഛാനുസരണം. വേദനാത് മുക്തിസിദ്ധിതഃ=അറിഞ്ഞതുകൊണ്ടുതന്നെ മുക്തി സിദ്ധിച്ചതുകൊണ്ട്. ജ്ഞാനാത് ഏവകൈവല്യം ഇതി=ജ്ഞാനംകൊണ്ടുതന്നെ മുക്തിയെന്നത്. ശാസ്ത്രേഷുഡിണ്ഡിമഃ=വേദാന്തശാസ്ത്രങ്ങളിൽ മുഴക്കിയിരിക്കുന്നു.

ഉപാസകനെപ്പോലെ ജ്ഞാനിയും ധ്യാനനിരതനായിരിക്കട്ടെ. എന്തു ദോഷമാണതുകൊണ്ടുള്ളത് എന്നാണെങ്കിൽ ജ്ഞാനിക്കതാവശ്യമില്ല. തത്ത്വം അറിഞ്ഞതുകൊണ്ടുതന്നെ ജീവന്മുക്തിപദം ലഭിച്ചിരിക്കയാൽ ഇച്ഛയുണ്ടെങ്കിൽ ധ്യാനിക്കാം എന്നല്ലാതെ ജീവന്മുക്തിപദപ്രാപ്തിക്കായിട്ടു ധ്യാനം ആവശ്യമില്ല. വസ്തുതത്ത്വം അറിയുന്നതുകൊണ്ടു മുക്തി ലഭിക്കും എന്നാണ് വേദാന്തശാസ്ത്രങ്ങളിൽ ഉൽഘോഷിക്കപ്പെട്ടിരിക്കുന്നത്. "ജ്ഞാനാദേവതുകൈവല്യം പ്രാപ്യതേയേനമുച്യതേ" "തമേവവിദിത്വാതിമൃത്യുമേതി" "നാന്യഃപന്ഥാ വിദ്യതേയനായ" "ജ്ഞാത്വാദേവം മുച്യതേ സർവ്വപാശൈഃ" എന്നിങ്ങിനെ ശാസ്ത്രമുള്ളതുകൊണ്ട് മോക്ഷത്തിന്നായിട്ടു ധ്യാനം ആവശ്യമില്ലെന്നു സിദ്ധാന്തം.

98. തത്ത്വവിദ്യദിനധ്യായേൽ പ്രവർത്തേത തദാബഹിഃ
പ്രവർത്തതാം സുഖേനായം കോബാധോസ്യ പ്രവർത്തനേ.

തത്ത്വവിത് യദി ന ധ്യായേത്=തത്ത്വം അറിഞ്ഞ ആൾ ധ്യാനിക്കയില്ലെങ്കിൽ. തദാബഹിഃപ്രവർത്തേത=അപ്പോൾ ബാഹ്യത്തിൽ പ്രവൃത്തിക്കും. അയം സുഖേന പ്രവർത്തതാം=ആ തത്ത്വജ്ഞാനി സുഖമായി പ്രവർത്തിക്കട്ടെ. അസ്യപ്രവർത്തനേകോ ബാധഃ=ഇവന്റെ പ്രവർത്തനത്തിൽ എന്തു തടസ്ഥം.

തത്ത്വജ്ഞാനി ധ്യാനം സ്വീകരിക്കാതിരുന്നാൽ ബാഹ്യവ്യാപാരങ്ങളിൽ പ്രവേശിക്കുമല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ ജ്ഞാനത്താൽ പ്രവൃത്തി ബാധിക്കപ്പെട്ടതുകൊണ്ടു അദ്ദേഹം പ്രവൃത്തിയിൽ സുഖമായി ഏർപ്പെട്ടുകൊള്ളട്ടെ. വസ്തുബോധം ആ പ്രവൃത്തിനിമിത്തം നാശിക്കയില്ല.

99. അതിപ്രസംഗ ഇതിചേത് പ്രസംഗം താവദീരയ
പ്രസംഗോ വിധിശാസ്ത്രംചേന്നതത്തത്ത്വവിദംപ്രതി.

അതിപ്രസംഗഃ ഇതിചേത്=അതിപ്രസംഗം സംഭവിക്കുമെന്നാണെങ്കിൽ. പ്രസംഗം താവത് ഈരയ=പ്രസംഗം എന്താണെന്നു പറയുക. വിധിശാസ്ത്രം പ്രസംഗഃഇതിചേത്=പ്രസംഗം വിധിശാസ്ത്രമാണ് എങ്കിൽ തത് തത്ത്വ വിദംപ്രതിന=അതു തത്ത്വജ്ഞാനിയെ ഉദ്ദേശിച്ചിട്ടുള്ളതല്ല.

ബാഹ്യവിഷയങ്ങളിൽ ജ്ഞാനിക്ക പ്രവൎത്തിക്കാമെന്നു വരുന്നപക്ഷം അതിപ്രസംഗം—ഏൎപ്പെടാൻ പാടില്ലാത്തതിലും ഏൎപ്പെടുക എന്ന ദോഷം—ജ്ഞാനിയെ സ്പൎശിക്കുമെന്നു ശങ്കിക്കുന്നുവെങ്കിൽ പ്രസംഗം—ഏൎപ്പെടാൻ വിരോധമില്ലാത്ത വിഷയങ്ങൾ – ഏതെല്ലാം ആകുന്നുവെന്നതിനെ അങ്ങു പറയേണം എന്ന ചോദ്യത്തിന്നു വിധിശാസ്ത്രപ്രകാരമുള്ള കാൎയ്യങ്ങളിൽ മാത്രം പ്രവൃത്തിക്കാം എന്നാണ് സമാധാനമെങ്കിൽ വിധിനിഷേധശാസ്ത്രവചനങ്ങൾ ജ്ഞാനിയെ ഉദ്ദേശിച്ചല്ല ശാസിക്കുന്നത്.

100. വൎണ്ണാശ്രമവയോവസ്ഥാഭിമാനോ യസ്യവിദ്യതേ
തസ്യൈവച നിഷേധാശ്ച വിധയഃ സകലാ അപി

വൎണ്ണാശ്രമ വയോവസ്ഥാഭിമാനഃ=ബ്രാഹ്മണാദി വൎണ്ണങ്ങൾ, ബ്രഹ്മചൎയ്യാദ്യാശ്രമങ്ങൾ, വയസ്സ് എന്നീ ദേഹാഭിമാനങ്ങൾ. യസ്യ=ഏതൊരുവന്ന്. വിദ്യതേ തസ്യ ഏവനിഷേധാഃ=ഉണ്ടോ അവന്നുതന്നെ നിഷേധങ്ങളും. സകലാഃ വിധയഃ അപി=എല്ലാ വിധികളും.

പിന്നെ ആരേയാണ് വിധിനിഷേധശാസ്ത്രങ്ങൾ ഉദ്ദേശിക്കുന്നത് എന്നു കാണിക്കുന്നു:—ബ്രാഹ്മണാദി വൎണ്ണഭേദം മുതലായ ദേഹധൎമ്മങ്ങളെ അഭിമാനിക്കുന്നവരെ ഉദ്ദേശിച്ചിട്ടാണ് വിധിനിഷേധാദി സകല ശാസ്ത്രങ്ങളും ഉണ്ടായിട്ടുള്ളത്.

101. വൎണ്ണാശ്രമാദയോദേഹേ മായയാ പരികല്പിതാഃ
നാത്മനോ ബോധരൂപസ്യ ത്വേവം തസ്യവിനിശ്ചയഃ.

വൎണ്ണാശ്രമാദയഃ ദേഹേമായയാ പരികല്പിതാഃ=വൎണ്ണാശ്രമാദികൾ ദേഹത്തിൽ മായയാൽ പരികല്പിതങ്ങൾ. ബോധരൂപസ്യ ആത്മനഃന=ബോധരൂപനായ ആത്മാവിന്നല്ല. ഇതിഏവംതസ്യവിനിശ്ചയഃ= എന്നിപ്രകാരമാണ് ജ്ഞാനിയുടെ നിശ്ചയം.

വർണാശ്രമാദിഭേദങ്ങൾ അജ്ഞാനംനിമിത്തം ദേഹത്തിൽ കല്പിതങ്ങൾ. ജ്ഞാനസ്വരൂപനായി സൎവ്വത്ര സമാനമായി പ്രകാശിക്കുന്ന ആത്മാവിന്നു യാതൊരു ഭേദവും ഇല്ലെന്നാണ് ജ്ഞാനിയുടെ ഉറപ്പ്.

102. സമാധിമഥകൎമ്മാണി മാകരോതു കരോതുവാ
ഹൃദയേനാസ്തസൎവ്വാസ്ഥോ മുക്തഏവോത്തമാശയഃ.

ഹൃദയേന അസ്തസൎവ്വാസ്ഥഃ=മനസ്സുകൊണ്ടു സകലാശകളെയും പരിത്യജിച്ചും. ഉത്തമാശയഃ=നിൎമ്മലമായ അഭിപ്രായം–ശുദ്ധജ്ഞാനം–ഉള്ളവനുമായവൻ. മുക്തഃ ഏവ സമാധിം അഥകൎമ്മാണി=മുക്തൻ തന്നെ സമാധിയേയോ കൎമ്മങ്ങളെയോ. കരോതുമാകരോതുവാ=ചെയ്കയോ ചെയ്യാതിരിക്കയോ ആവാം.

ജ്ഞാനിയുടെ നിശ്ചയം ഇരിക്കട്ടെ. കൎത്തവ്യം ഇന്നതാണെന്നുള്ള ശാസ്ത്രം അവന്നും സംബന്ധിക്കുമെല്ലൊ എന്നാണെങ്കിൽ അവനെ യാതൊരു കൎമ്മങ്ങളും ബാധിക്കുന്നില്ലെന്നാണ് ശാസ്ത്രം എന്നു കാണിക്കുന്നു:—ഏതൊരുവൻ മനസ്സുകൊണ്ടു ആഗ്രഹത്തെ സമൂലം പരിത്യജിച്ച് ശുദ്ധജ്ഞാനസമ്പന്നനായിരിക്കുന്നുവോ അവൻ ജീവന്മുക്തൻതന്നെ. അവൻ സമാധിയോ കൎമ്മങ്ങളോ രണ്ടുംകൂടിയോ ചെയ്താലും ചെയ്തില്ലെങ്കിലും പുഷ്ടിയോ ഹാനിയോ ഒന്നുമുണ്ടാകാനില്ല.

103. നൈഷ്കൎമ്മ്യേണന തസ്യാൎത്ഥസ്തസ്യാസ്തേൎത്ഥാസ്തിന കൎമ്മഭിഃ
നസമാധാനജപ്യാഭ്യാം യസ്യ നിൎവ്വാസനം മനഃ.

യസ്യ മനഃനിൎവ്വാസനം=യാതൊരുവന്റെ മനസ്സ് വാസനയററതോ തസ്യനൈഷ്കൎമ്മ്യേണ അൎത്ഥഃന അസ്തി=അവന്നും കൎമ്മം ഉപേക്ഷിച്ചതുകൊണ്ടു വിശേഷപ്രയോജനമില്ല. കൎമ്മഭിഃച തസ്യഅൎത്ഥഃന അസ്തി=കൎമ്മങ്ങൾകൊണ്ടും പ്രയോജനം അവന്നില്ല. സമാധാന ജപ്യാഭ്യാംന അൎത്ഥഃ അസ്തി=സമാധികൊണ്ടും ജപംകൊണ്ടും പ്രയോജനമില്ല.

ആത്മജ്ഞാനിക്ക് ചെയ്യേണ്ടതായിട്ടൊന്നുമില്ലെന്നുള്ള ശാസ്ത്രം ഇനിയും കാണിക്കുന്നു:–വിദ്വാൻ കൎമ്മങ്ങളെ വെടിയുന്നതുകൊണ്ടും സ്വീകരിക്കുന്നതുകൊണ്ടും സമാധിചെയ്യുന്നതുകൊണ്ടും ജപിക്കുന്നതുകൊണ്ടും അവന്ന് വിശേഷപ്രയോജനമൊന്നുമില്ല.

104. ആത്മാസംഗസ്തതോന്യൽസ്യാദിന്ദ്രജാലംഹിമായികം
ഇത്യചഞ്ചലനിർണീതേഃകുതോ മനസിവാസനാ.

ആത്മാ അസംഗഃതതഃഅന്യത് =ആത്മാവ് അസംഗൻ. അതിൽനിന്നന്യം. മായികം ഇന്ദ്രജാലംഹി=

മായാജന്യമായ ഇന്ദ്രജാലംതന്നെ. ഇതി അചഞ്ചല നിർണീതേഃ=എന്നു ഉറച്ചുനിശ്ചയമുള്ളവന്റെ. മനസിവാസനാകുതഃ=മനസ്സിൽ വാസനാ എങ്ങിനെയുണ്ടാകും.

പൂർവ്വവാദി പറയുന്നു:— അങ്ങു പറഞ്ഞത് അനുഭവവിരോധം. എന്തുകൊണ്ടെന്നാൽ ജ്ഞാനികൾക്കു മാത്രമല്ല ഈശ്വരന്മാരായ ത്രിമൂർത്തികൾക്കും കൂടി വാസനയുള്ളതായിട്ട പുരാണാദികളിൽ പറഞ്ഞിരിക്കുന്നു. അപ്പോൾ ജ്ഞാനിയുടെ മനസ്സു വാസനയററതാണെന്നു് എങ്ങിനെ വരും: ദൃഷ്ടാന്തം, ജ്ഞാനിയായ വസിഷ്ഠന്നു പുരോഹിതനാവാനും, ജനകന്നു് രാജാവായിരിപ്പാനും, നാരദന്നു് പഴിപറയാനും, ദുർവ്വാസസ്സിന്നു ശപിക്കാനും, അഗസ്ത്യന്നു് രസവാദം ചെയ്യാനും, ബ്രഹ്മാവിന്നു സൃഷ്ടിപ്പാനും, വിഷ്ണുവിന്നു് രക്ഷിപ്പാനും, രുദ്രന്നു സംഹരിപ്പാനും, മഹേശ്വരന്നു് മായകൊണ്ടു മറയ്ക്കുവാനും, സദാശിവന്നു് അനുഗ്രഹിപ്പാനും, ഇനിയും വിശ്വാമിത്രൻ, ഇന്ദ്രൻ, യമൻ, ഇങ്ങിനെ പലർക്കും ഓരോവിധം വാസനകൾ കാണപ്പെടുമ്പോൾ ജ്ഞാനിക്കു മാത്രം യാതൊരു വാസനയും ഇല്ലെന്നെങ്ങിനെ വിശ്വസിക്കട്ടെ. എന്ന സംശയത്തിന്നു സമാധാനം:— നിന്റെ ദൃഷ്ടിയിൽ അവർക്കെല്ലാം ഓരോ വാസനയുണ്ടെന്നു തോന്നുന്നതല്ലാതെ അവരിൽ വാസനാലേശവും ഇരിക്കുന്നില്ല എന്നു പറയുന്നു:— ആത്മാവായ ഞാൻ ഒന്നിനോടും ബന്ധപ്പെടാതിരിക്കുന്നവൻ. എന്നിൽനിന്നു വേറിട്ടതായിട്ടൊന്നുമില്ല. അതിനാൽ എനിക്കു സംഗമേ ഇല്ല. ഉണ്ടെന്നാക്കാനും തോന്നുന്നുണ്ടെങ്കിൽ അതു മായ കാട്ടുന്ന ഇന്ദ്രജാലക്കളി മാത്രമാണ് എന്ന ഉറപ്പ് ദൃഢമായിട്ടുള്ള ജ്ഞാനിയുടെ മനസ്സിൽ എങ്ങിനെ വാസനയുണ്ടാകും. അതുകൊണ്ടു വാസനയെ നിരോധിപ്പാൻ ജ്ഞാനിക്കു് സമാധി ആവശ്യമാണെന്നുള്ള വാദം അടിസ്ഥാനരഹിതം. വാസനതന്നെയില്ലാതിരിക്കേ അതിനെ നിരോധിക്കേണമെന്നു പറയുന്നത് അസംഗതം.

105. ഏവംനാസ്തിപ്രസംഗോപി കുതോസ്യാതിപ്രസംജനം
പ്രസംഗോയസ്യതസ്യൈവ ശങ്ക്യേതാതിപ്രസംജനം.

ഏവം അസ്യ പ്രസംഗഃഅപി നാസ്തി=ഇപ്രകാരം ഇവന്നു് വിധിയിൽതന്നെ പ്രസംഗമില്ല. അതിപ്രസംജനംപുനഃകുതഃ=പിന്നെ എങ്ങിനെ നിഷേധത്തിൽ അതിപ്രസംഗം, യസ്യപ്രസംഗഃതസ്യഏവ=ആൎക്കു വിധിപ്രസംഗമുണ്ടോ അവന്നു മാത്രം. അതിപ്രസംജനംശങ്ക്യേത=നിഷേധത്തിൽ അതിപ്രസംഗം ശങ്കിക്കേണം.

മുകളിൽകാണിച്ച രീതിയിൽ ജ്ഞാനിക്കു് വിധിച്ച കൎമ്മങ്ങളിൽപോലും ആസക്തിയില്ലാതിരിക്കേ നിഷേധിച്ച കൎമ്മങ്ങളിൽ ആസക്തിയെങ്ങിനെയുണ്ടാകും ആരാണോ വിധിക്കധികാരി അവനെ കുറിച്ചു മാത്രമേ നിഷേധവും പ്രവൃത്തിക്കുന്നുള്ളുവെന്നു നിശ്ചയിച്ചുകൊൾക.

106. വിധ്യഭാവാന്നബാലസ്യ ദൃശ്യതേതിപ്രസംജനം
സ്യാൽകുതോതിപ്രസംഗോസ്യ. വിധ്യഭാവേസമേസതി.

ബാലസ്യവിധ്യഭാവാത്=ബാലന്നു് വിധിയില്ലാത്തതുകൊണ്ടു. അതി പ്രസംജനംനദൃശ്യതേ=നിഷേധപ്രസക്തിയും കാണപ്പെടുന്നില്ല. വിധ്യഭാവേ സമേസതി=വിധിയില്ലായ്മ തുല്യമായിരിക്കേ. അസ്യഅതിപ്രസംഗഃകുതഃ=ഇവന്നു് അതിപ്രസംഗം എങ്ങിനെയുണ്ടാകും.

സന്ധ്യാവന്ദനാദിവിധി ബാലകനെകുറിച്ചല്ലാത്തതുകൊണ്ടു് വിധിയെ അതിക്രമിച്ചതിന്നു നിശ്ചയിച്ചിരിക്കുന്ന പ്രായശ്ചിത്താദികളും ബാലകനെ സംബന്ധിക്കുന്നില്ല. അതുപോലെതന്നെ ജ്ഞാനിയേയും വിധിവാക്യങ്ങൾ ബാധിക്കാത്തതുകൊണ്ടു നിഷേധവാക്യങ്ങളും ബാധിക്കുകയില്ല, എന്നു് വിധിക്കധികാരം ഉണ്ടെങ്കിൽ മാത്രമേ നിഷേധത്തിന്നും അധികാരമുള്ളു എന്നു കാണിപ്പാൻ ബാലകനെ ഉദാഹരിച്ചിരിക്കുന്നു.

107. നകിഞ്ചിദ്വേത്തി ബാലശ്ചേൽ സൎവ്വംവേത്ത്യേവ തത്വവിത്
അല്പജ്ഞസ്യൈവ വിധയഃ സൎവ്വേസ്യുൎന്നാന്യയോ ൎദ്വയോഃ.

ബാലഃകിഞ്ചിത് ന വേത്തിചേത്=ബാലൻ ഒന്നും അറിയുന്നില്ലെങ്കിൽ. തത്വവിത് സൎവ്വംവേത്തി=തത്വജ്ഞാനി എല്ലാം അറിയുന്നു. സൎവ്വേവിധയഃ അല്പജ്ഞസ്യ ഏവസ്യുഃ=എല്ലാ വിധികളും അല്പജ്ഞന്നുതന്നെ ഭവിക്കും. ദ്വയോഃന=രണ്ടുപേൎക്കുമല്ല.

ബാലകനെകുറിച്ചു വിധിനിഷേധങ്ങളില്ലാതാവാൻ കാരണം അവൻ ഒന്നും അറിയാത്തവനായതുകൊണ്ടാണെങ്കിൽ തത്വജ്ഞൻ എല്ലാം അറിഞ്ഞവനായതുകൊണ്ടാണ് അവനെകുറിച്ചും വിധിനിഷേധങ്ങളില്ലെന്നു പറഞ്ഞത്. പിന്നെ ആൎക്കാണ് വിധിനിഷേധങ്ങൾ എന്നാണെങ്കിൽ അല്പം അറിയു

ന്നവനെക്കുറിച്ചാണ് എല്ലാ വിധികളും നിഷേധങ്ങളും. ഒന്നും അറിയാത്തവനും എല്ലാം അറിഞ്ഞവനും വിധിനിഷേധങ്ങളില്ല.

108. ശാപാനുഗ്രഹസാമർത്ഥ്യം യസ്യാസൌ തത്വവിദ്യദി
തന്നശാപാദിസാമർത്ഥ്യം ഫലം സ്യാ ത്തപസോയതഃ.

യസ്യശാപാനുഗ്രഹസാമർത്ഥ്യം=ഏതൊരുവന്ന് ശാപാനുഗ്രസാമർത്ഥ്യം ഉണ്ടോ. അസൌതത്വവിത് യദി=ഇവൻ തത്വജ്ഞൻ എന്നാണെങ്കിൽ. തത് തപസഃഫലംയതഃ=അതു തപസ്സിൻെറ ഫലമാകയാൽ (തത്വജ്ഞാനസ്യ) ന=തത്വജ്ഞാനത്തിൻെറതല്ല.

ശപിക്കാനും അനുഗ്രഹിപ്പാനും സാമർത്ഥ്യമുള്ളവൻതന്നെ തത്വജ്ഞാനിയെന്നാണെങ്കിൽ അതു തപസ്സിൻെറ ഫലമാകയാൽ തത്വജ്ഞാനിക്കില്ല.

109. വ്യാസാദേരപി സാമർത്ഥ്യം ദൃശ്യതേ തപസോ ബലാത്
ശാപാദികാരണാദന്യ ത്തപോ ജ്ഞാനസ്യ കാരണം.

വ്യാസാദേഃ അപിസാമർത്ഥ്യം ദൃശ്യതേ=വ്യാസാദികൾക്കും ശാപാദിസാമർത്ഥ്യം കാണപ്പെടുന്നത്. തപസഃബലാൽ=തപഃശക്തികൊണ്ടാകുന്നു. ശാപാദി കാരണാത് അന്യത് തപഃ=ശാപാദികാരണത്തിൽ നിന്നന്യമായ തപസ്സാണ്. ജ്ഞാനസ്യകാരണം=ജ്ഞാനത്തിൻെറ കാരണം.

പൂർവ്വാചാര്യന്മാരായ വ്യാസാദിജ്ഞാനികൾക്ക് ശാപാനുഗ്രഹസാമർത്ഥ്യം കാണപ്പെടുന്നുണ്ടല്ലൊ. അതുപോലെ ഇപ്പോൾ ഉള്ള ജ്ഞാനികൾക്കും ഉണ്ടാകേണ്ടതല്ലെയോ എന്നാണെങ്കിൽ, അവക്കുള്ള സാമർത്ഥ്യം ജ്ഞാനഫലമല്ല. തപഃശക്തിയുടെ ഫലമാണ്. എന്നാൽ തൈത്തിരീയോപനിഷത്തിൽ "തപസാ ബ്രഹ്മവിജിജ്ഞാസസ്വ" തപസ്സുകൊണ്ടു ബ്രഹ്മത്തെ അറിവാനാഗ്രഹിച്ചുകൊൾക എന്നു വിധി കാണുന്നതുകൊണ്ടു ജ്ഞാനിക്കും തപസ്സു വേണ്ടതല്ലെയോ എന്നാണെങ്കിൽ ശാപാനുഗ്രഹസാമർത്ഥ്യത്തെ ജനിപ്പിക്കുന്ന തപസ്സല്ല ബ്രഹ്മജ്ഞാനകാരണം. അതിൽനിന്നും അന്യമായ ഒരു വിധം തപസ്സുണ്ട്. അതാണ് ബ്രഹ്മജ്ഞാനകാരണം.

110. ദ്വയംയസ്യാസ്തിതസ്യൈവ സാമർത്ഥ്യജ്ഞാനയോർജ്ജനിഃ
ഏകൈകംതുതതഃകുർവ്വൻ ഏകൈകം ലഭതേഫലം.

യസ്യദ്വയം അസ്തിതസ്യ=രണ്ടും ആക്കുണ്ടോ അവന്നു്. സാമർത്ഥ്യജ്ഞാനയോഃ ജനിഃ=സാമർത്ഥ്യവും ജ്ഞാനവും ഉണ്ടാകും. തതഃ ഏകൈകംതു കുർവ്വൻ=അതിൽ ഓരോന്നിനെ ചെയ്യുന്നവൻ. ഏകൈകം ഫലം ലഭതേ=ഓരോ ഫലത്തെ ലഭിക്കും.

രണ്ടുവിധമായ തപസ്സും ആക്കുണ്ടോ അവന്നു രണ്ടുവിധമായ ഫലം ഉണ്ടാകും എള്ളും കൊള്ളും ചേർത്തുവിതച്ചാൽ രണ്ടിൻെറയും ഫലം കിട്ടുന്നതുപോലെ. അതിൽ ഓരോ തപസ്സുമാത്രം ഉള്ളവന്ന് ഓരോ ഫലംമാത്രം കിട്ടും. എള്ളുമാത്രം വിതച്ചവനും കൊള്ളുമാത്രം വിതച്ചവനും ഓരോ ഫലം മാത്രം കിട്ടുന്നതുപോലെ.

111. സാമർത്ഥ്യഹീനോ നിന്ദ്യശ്ചേ ദ്യതിഭി ർവ്വിധിവർജ്ജിതഃ
നിന്ദ്യന്തേ യതയോ പ്യന്യൈ രനിശം ഭോഗലമ്പടൈഃ.

സാമർത്ഥ്യഹീനഃ വിധിവർജ്ജിതഃ=ശാപാനുഗ്രഹസാമർത്ഥ്യവും വിധിനിഷേധങ്ങളുമില്ലാത്തവൻ. യതിഭിഃ നിന്ദ്യഃശ്ചേത്=അതുള്ള യതികളാൽ നിന്ദ്യനാണെങ്കിൽ. അനിശം ഭോഗലമ്പടൈഃ അന്യൈഃ=എപ്പോഴും സുഖവിഷയങ്ങളിൽ അത്യാസക്തന്മാരായ അന്യരാൽ. യതയഃ അപിനിന്ദ്യന്തേ=യതികളും നിന്ദിക്കപ്പെടുന്നുണ്ട്.

ശാപാനുഗ്രഹസാമർത്ഥ്യവും വിധിനിഷേധങ്ങളുമില്ലാത്ത അങ്ങയെപ്പോലെയുള്ള തത്വജ്ഞാനികളെ യതികൾ നിന്ദിക്കയില്ലെയോ എന്നാണെങ്കിൽ വിഷയഭോഗങ്ങളിൽ അത്യാസക്തന്മാരായ കാമികൾ യതികളേയും എപ്പോഴും നിന്ദിക്കാറുണ്ടല്ലോ.

112. ഭിക്ഷാവസ്ത്രാദിരക്ഷേയുർ്യദ്യേതേ ഭോഗതുഷ്ടയേ
അഹോയതിത്വ മേതേഷാം വൈരാഗ്യഭരമന്ഥരം.

ഏതെ ഭോഗതുഷ്ടയേ=ഇവർ ഭോഗതുഷ്ടിക്കായ്ക്കൊണ്ടു്. ഭിക്ഷാവസ്ത്രാദിരക്ഷേയുഃ യദി=ഭിക്ഷാവസ്ത്രം മുതലായവയെ രക്ഷിക്കും എന്നാണെങ്കിൽ. ഏതേഷാം വൈരാഗ്യഭരമന്ഥരം=ഇവരുടെ വൈരാഗ്യഭാരമഹിമയുള്ള യതിത്വം അഹോ=യതിഭാവം ആശ്ചര്യംതന്നെ.

യതികളും ഭോഗതുഷ്ടിക്കാവശ്യമായ ഭിക്ഷാവസ്ത്രാദികളെ സംരക്ഷിക്കുന്നുണ്ടല്ലൊ എന്നാണെങ്കിൽ എന്നാൽ അവർ യതികൾ ആകുന്നതേയില്ലെന്നു പരിഹാസഗർഭമായിട്ടു പറയുന്നു:—ഭോഗതുഷ്ടിക്കുപകരിക്കുന്ന ഭിക്ഷാവസ്ത്രാദികൾ യതികളും സംഭരിക്കുന്നു എന്നാണെങ്കിൽ വൈരാഗ്യഭാരം നിറഞ്ഞ മഹിമയോടുകൂടിയ അവരുടെയതിത്വം അതിശയംതന്നെ.

113. വർണ്ണാശ്രമപരാൻമൂഢാ നിന്ദന്ത്വിത്യുച്യതേ യദി
ദേഹാത്മമതയോബുദ്ധം നിന്ദന്ത്വാശ്രമമാനിനഃ.

വർണ്ണാശ്രമപരാൻ മൂഢാ നിന്ദന്തു=വർണ്ണാശ്രമതല്പരന്മാരായ യതികളെ മൂഢന്മാർ നിന്ദിക്കട്ടെ. ഇതി ഉച്യതേയദി=എന്നു പറയപ്പെടുന്നുവെങ്കിൽ. ദേഹാത്മമതയഃ ആശ്രമമാനിനഃ=ദേഹത്തിൽ ആത്മബുദ്ധിയുള്ളവരും ആശ്രമാഭിമാനികളുമായ യതികൾ ബുദ്ധംനിന്ദന്തു=ജ്ഞാനിയെ നിന്ദിക്കട്ടെ.

വർണ്ണാശ്രമാദികളിൽ തല്പരന്മാരായ യതികളെ അറിവില്ലാത്ത ജനങ്ങൾ നിന്ദിക്കട്ടെ. അതുകൊണ്ടു് യതികൾക്കു് യാതൊരു ഹാനിയുമില്ല എന്നാണെങ്കിൽ ദേഹത്തിൽ ആത്മഭാവം നിമിത്തം ആശ്രമാഭിമാനമുള്ള യതികളുടെ നിന്ദകൊണ്ടു ജ്ഞാനിക്കും ഹാനിയില്ല.

114. തദിത്ഥം തത്ത്വവിജ്ഞാനേ സാധനാനുപമർദനാത്
ജ്ഞാനിനാചരിതും ശക്യംസമ്യഗ്രാജ്യാദിലൌകികം.

തത് ഇത്ഥം തത്ത്വവിജ്ഞാനേ=അതുകൊണ്ടിപ്രകാരം തത്ത്വവിജ്ഞാനം ഉള്ളപ്പോൾ. സാധനാനുപമർദനാത്=സാധനങ്ങളെ നശിപ്പിക്കാത്തതുകൊണ്ടു. രാജ്യാദിലൌകികം=രാജ്യഭരണം മുതലായ ലോകകാര്യങ്ങളെ. സമ്യക് ആചരിതും=നന്നായിട്ടു നടത്തുവാൻ. ജ്ഞാനിനാശക്യം=ജ്ഞാനിയാൽ സാധ്യമാകുന്നു.

ജ്ഞാനിക്കു യതികൾ ചെയ്യുന്ന നിന്ദകൊണ്ടു ഹാനിയില്ല എന്നതു ശരി. പ്രകൃതത്തിൽ വന്നുചേരുന്ന സംഗതിയെന്തെന്നാൽ:—മുകളിൽ വിവരിച്ച രീതിയിൽ വസ്തുസ്വരൂപസാക്ഷാൽകാരം സിദ്ധിച്ചിരിക്കയാൽ ജ്ഞാനി മനസ്സ് ഇന്ദ്രിയങ്ങൾ എന്നീ സാധനങ്ങളെ നശിപ്പിക്കാതിരിക്കുന്നതിനാൽ രാജ്യഭരണം മുതലായ ലോകകാര്യങ്ങളെ ക്രമത്തിൽ വേണ്ടവിധം നടത്തുവാൻ ജ്ഞാനിക്കു സാധിക്കും.

115. മിഥ്യാത്വബുദ്ധ്യാ തത്രേച്ഛാനാസ്തിചേത്തർഹി മാസ്തുതത്
ധ്യായൻവാഥവ്യവഹരൻ യഥാരബ്ധം വസത്വയം.

മിഥ്യാത്വബുദ്ധ്യാതത്ര=മിഥ്യയാണെന്ന ബോധത്താൽ അതിൽ. ഇച്ഛാനാസ്തിചേത് തത് മാസ്തു=ഇച്ഛയുണ്ടാകയില്ലെങ്കിൽ അതു വേണ്ടെന്നു വെയ്ക്കട്ടെ. ധ്യായൻവാ അഥവ്യവഹരൻവാ=ധ്യാനിച്ചുകൊണ്ടോ അല്ലെങ്കിൽ ലോകവ്യവഹാരം നടത്തികൊണ്ടോ. യഥാരബ്ധം അയംവസ്തു=പ്രാരബ്ധം എങ്ങിനെയോ അങ്ങിനെ ഇവൻ വസിക്കട്ടെ.

രാജ്യാദികൾ മിഥ്യയാണെന്നറിഞ്ഞിരിക്കുന്ന ജ്ഞാനിക്കു് ആ വകയിൽ ഇച്ഛയുണ്ടാകാൻതന്നെ സംഗതിയില്ലല്ലോ എന്നാണെങ്കിൽ രാജ്യാദികാര്യങ്ങളിൽ ഏർപ്പെടേണ്ട. ധ്യാനിച്ചുകൊണ്ടോ ലോകവ്യവഹാരം നടത്തികൊണ്ടോ അവന്റെ പ്രാരബ്ധകർമ്മം എങ്ങിനെയോ അതിന്നനുസരണം വസിച്ചുകൊള്ളട്ടെ. എങ്ങിനെയായാലും ജ്ഞാനിക്കു യാതൊരു ഹാനിയുമില്ല.

116. ഉപാസകസ്തു സതതം ധ്യായന്നേവ വസേദ്യതഃ
ധ്യാനേനൈവകൃതം തസ്യ ബ്രഹ്മത്വം വിഷ്ണുതാദിവത്.

ഉപാസകഃതുസതതം=ഉപാസകനോ എപ്പോഴും. ധ്യായൻ ഏവ വസേത്=ധ്യാനിച്ചുകൊണ്ടുതന്നെ വസിക്കേണം. യതഃവിഷ്ണുതാദിവത്=എന്തുകൊണ്ടെന്നാൽ വിഷ്ണുത്വാദിയെന്നപോലെ. തസ്യബ്രഹ്മത്വം ധ്യാനേന ഏവകൃതം=അവന്റെ ബ്രഹ്മഭാവം ധ്യാനത്താൽതന്നെ ഉണ്ടാക്കപ്പെട്ടതാകുന്നു.

ജ്ഞാനിയിൽനിന്നു ഉപാസകനുള്ള ഭേദത്തെ കാണിക്കുന്നു:—ഉപാസകനാകട്ടെ ജ്ഞാനിയെപ്പോലെ എങ്ങിനെയെങ്കിലും വസിച്ചുകൂടാ. എപ്പോഴും ബ്രഹ്മത്തെ ധ്യാധിച്ചുകൊണ്ടുതന്നെയായിരിക്കണം. എന്തുകൊണ്ടെന്നാൽ വിഷ്ണുത്വാദിദേവതാത്മകത്വം ധ്യാനത്താൽ സിദ്ധിക്കുന്നതുപോലെതന്നെ ഉപാസകന്നു് ബ്രഹ്മത്വവും ധ്യാനംകൊണ്ടുതന്നെയാണ് സിദ്ധിക്കേണ്ടത്. അതിനാൽ നിരന്തരധ്യാനം ആവശ്യമാകുന്നു.

117. ധ്യാനോപാദാനകംയത്തൽധ്യാനാഭാവേവിലീയതേ
വാസ്തവീബ്രഹ്മതാനൈവജ്ഞാനാഭാവേവിലീയതേ.

ധ്യാനോപാദാനകംയത്=ധ്യാനമാകുന്ന കാരണത്തോടുകൂടിയ ബ്രഹ്മത്വം യാതൊന്നോ. തത് ധ്യാനാഭാ

വേവിലീയതേ = അത് ധ്യാനമില്ലാതായാൽ വിലയിക്കും. വാസ്തവീബ്രഹ്മതാ = വാസ്തവമായ ബ്രഹ്മത്വമൊ. ജ്ഞാനാഭാവേ=ജ്ഞാനാഭാവത്തിൽ. നവിലീയതേഏവ=വിലയിക്കുകയേയില്ല.

എന്തുകൊണ്ടാണ് ഉപാസകൻ ഇത്രത്തോളം മനസ്സിരുത്തേണമെന്നു പറയുന്നത് എന്നാൽ:— ധ്യാനമാകുന്ന മൂലകാരണത്തോടുകൂടിയ യാതൊരു ബ്രഹ്മത്വമോ ആ ബ്രഹ്മഭാവം ധ്യാനമില്ലാതാകുമ്പോൾ നശിക്കും. ജ്ഞാനിക്കും അങ്ങിനെതന്നെയെന്നാണെങ്കിൽ അല്ല. ഞാൻ ബ്രഹ്മമാകുന്നുവെന്ന വിചാരം എപ്പോഴെങ്കിലും ഇല്ലാതായാലും വിചാരസിദ്ധമായ വാസ്തവബ്രഹ്മഭാവം ലയിക്കുകയേയില്ല.

118. തതോഭിജ്ഞാപകംജ്ഞാനം നനിത്യംജനയത്യദഃ
ജ്ഞാപകാഭാവമാത്രേണ നഹിസത്യം വിലീയതേ.

തതഃ അദഃ ജ്ഞാനം=ആകയാൽ ഈ ജ്ഞാനം. അഭിജ്ഞാപകം=സ്വതസിദ്ധമായ ജ്ഞാനത്തെ ഓൎമ്മപ്പെടുത്തുന്നുവെന്നുമാത്രം. നിത്യം നജനയതി=നിത്യമായ ജ്ഞാനത്തെ ഉണ്ടാക്കുന്നില്ല. ജ്ഞാപകാഭാവമാത്രേണ=ഓൎമ്മപ്പെടുത്തുന്നതായ ജ്ഞാനം ഇല്ലാത്തതുകൊണ്ടുമാത്രം. സത്യം നഹിവിലീയതേ=നിത്യമായ ആ ജ്ഞാനം ഇല്ലെന്നു വരികയില്ല.

ഈ ജ്ഞാനം ബ്രഹ്മം നിത്യമാകയാൽ അതിനെ ഓൎമ്മപ്പെടുത്തുന്നുവെന്നു മാത്രമല്ലാതെ നിത്യജ്ഞാനത്തെ ജനിപ്പിക്കുന്നുവെന്നു വരുന്നില്ല. ഓൎമ്മപ്പെടുത്തുന്ന ജ്ഞാനം ഇല്ലെന്നുള്ള കാരണത്താൽ മാത്രം സത്യവസ്തുവായ ബ്രഹ്മം ഇല്ലെന്നു വരികയില്ല.

119. അസ്ത്യേവോപാസകസ്യാപി വാസ്തവീബ്രഹ്മതേതിചേത്
പാമരാണാം തിരശ്ചാംച വാസ്തവീബ്രഹ്മതാനകിം.

ഉപാസകസ്യ അപി=ഉപാസകനും. വാസ്തവീബ്രഹ്മതാ അസ്തി ഏവ=വാസ്തവബ്രഹ്മഭാവം ഉണ്ടല്ലൊ. ഇതിചേത് പാമരാണാം=എന്നാണെങ്കിൽ പാമരന്മാൎക്കും. തിരശ്ചാം ചവാസ്തവീബ്രഹ്മതാനകിം=തിൎയ്യക്ജന്തുക്കൾക്കും വാസ്തവബ്രഹ്മഭാവം ഇല്ലയോ.

ധ്യാനിക്കും വാസ്തവമായ ബ്രഹ്മത്വം ഇല്ലയോ എന്നാണെങ്കിൽ ആ ചോദ്യം അത്യല്പംതന്നെ. എന്തുകൊണ്ടെന്നാൽ പാമരന്മാൎക്കും തിൎയ്യഗാദിജന്തുക്കൾക്കും വാസ്തവബ്രഹ്മഭാവം ഇല്ലയോ പറയുക.

120. അജ്ഞാനാദപുമൎത്ഥത്വമുഭയത്രാപിതത് സമം
ഉപവാസാദ്യഥാഭിക്ഷാവരംധ്യാനംതഥാന്യതഃ.

അജ്ഞാനാത്തത്അപുമൎത്ഥത്വം = അജ്ഞാനംനിമിത്തം ആ പുരുഷാൎത്ഥമില്ലായ്മ. ഉഭയത്രഅപിസമം= രണ്ടുഭാഗത്തും തുല്യം. യഥാഉപവാസാത്ഭിക്ഷാവരം=എപ്രകാരം ഉപവാസത്തെക്കാൾ ഭിക്ഷയാചിച്ചു ഭുജിക്കുന്നതു ശ്രേഷ്ഠമോ. തഥാധ്യാനംഅന്യതഃവരം = അപ്രകാരം ധ്യാനം മറ്റു വിക്ഷേപത്തെക്കാൾ ശ്രേഷ്ഠം.

തിൎയ്യഗാദിജന്തുക്കൾക്ക് വാസ്തവബ്രഹ്മഭാവം അറിവില്ലാത്തതുകൊണ്ടാണ് പുരുഷാൎത്ഥമായ മോക്ഷം സിദ്ധിക്കാത്തത് എന്നാണെങ്കിൽ വാസ്തവബ്രഹ്മജ്ഞാനഭാവം ധ്യാനിക്കും ഇല്ല എന്ന സംഗതിയിൽ ഭേദമില്ല. അങ്ങിനെയാണെങ്കിൽ ആഭരണമെല്ലാം ദേഹത്തിൽ ധരിപ്പിച്ച് അലങ്കരിച്ചതിന്നു ശേഷം ശിരസ്സറുത്തുകളയുകയെന്ന ന്യായംപോലെ തിൎയ്യഗാദിജന്തുക്കളും ഉപാസകനും തുല്യമാണെങ്കിൽ ഉപാസനയെ ഇത്രത്തോളം പുകഴ്ത്തിയതിന്റെ ആവശ്യം എന്താകുന്നുവെന്നു സംശയിക്കുന്നുവെങ്കിൽ പറയാം:—പട്ടിണികിടക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് പിച്ചയെടുത്തു ഭക്ഷണം കഴിക്കുന്നത് എന്ന ന്യായപ്രകാരം വ്യൎത്ഥമായ വിക്ഷേപങ്ങളിൽ പ്രവൃത്തിക്കുന്നതിനേക്കാൾ ബ്രഹ്മത്തെ ധ്യാനിക്കുന്നതു ശ്രേഷ്ഠമാണെന്നു കാണിപ്പാൻ മാത്രം വൎണ്ണിച്ചതാകുന്നു.

121. പാമരാണാംവ്യവഹൃതേൎവ്വരംകൎമ്മാദ്യനുഷ്ഠിതിഃ
തതോപിസഗുണോപാസ്തിൎന്നിൎഗ്ഗുണോപാസനാതതഃ.

പാമരാണാംവ്യവഹൃതേഃ=പാമരന്മാരുടെ വ്യവഹാരത്തെക്കാൾ. വരംകൎമ്മാദ്യനുഷ്ഠിതിഃ=ശ്രേഷ്ഠമാണ് കൎമ്മാദ്യനുഷ്ഠാനം. തതഃഅപിസഗുണോപാസ്തിഃവരം=അതിനെക്കാൾ സഗുണോപാസനശ്രേഷ്ഠം. തതഃ വരംനിൎഗ്ഗുണോപാസനാ=അതിനേക്കാൾ ശ്രേഷ്ഠം നിൎഗ്ഗുണോപാസന.

ധ്യാനം മറ്റു വിക്ഷേപങ്ങളിൽ ഏൎപ്പെടുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നു പറഞ്ഞതിനെ വിവരിക്കുന്നു:—പാമരന്മാരുടെ അനുഷ്ഠാനത്തേക്കാൾ ശ്രേഷ്ഠമാണ് വേദോക്തകൎമ്മാനുഷ്ഠാനം. അതിനേക്കാൾ ശ്രേഷ്ഠത സഗുണോപാസനക്കും, അതിനേക്കാൾ ശ്രേഷ്ഠത്വം നിൎഗ്ഗുണോപാസനക്കും ഉണ്ട്.

122. യാവദ്വിജ്ഞാനസാമീപ്യംതാവച്ഛ്റൈഷ്ഠ്യം വിവദ്ധതെ
ബ്രഹ്മജ്ഞാനായതേസാക്ഷാന്നിർഗ്ഗുണോപാസനംശനൈഃ.

യാവത്‌വിജ്ഞാനസാമീപ്യം = എത്രത്തോളം വിജ്ഞാനത്തിൻെറ അരികത്തെത്തുന്നുവോ. യാവത് ശ്രൈഷ്ഠ്യംവിവദ്ധതേ=അത്രത്തോളം ശ്രേഷ്ഠത വദ്ധിക്കുന്നു. നിർഗ്ഗുണോപാസനംശനൈഃ=നിർഗ്ഗുണോപാസ്തി മെല്ലെമെല്ലെ. ബ്രഹ്മജ്ഞാനായതേ=സാക്ഷാത്തായ ബ്രഹ്മജ്ഞാനമായി ഭവിക്കുന്നു.

ഉത്തരോത്തരം ശ്രേഷ്ഠതക്കു കാരണം കാണിക്കുന്നു:—ഓരോ പ്രവൃത്തിയും എത്രത്തോളം അനുഭവജ്ഞാനത്തെ സമീപിക്കുന്നുണ്ടോ അത്രത്തോളം അതാതിന്നു ശ്രൈഷ്ഠ്യം വദ്ധിക്കുന്നു. അങ്ങിനെ വരുമ്പോൾ നിർഗ്ഗുണോപാസന സാക്ഷാത്തായ ബ്രഹ്മജ്ഞാനമായിട്ട് കാലക്രമംകൊണ്ടു സംഭവിക്കും.

123. യഥാസംവാദിവിഭ്രാന്തിഃഫലകാലേപ്രമായതേ
വിദ്യായതേതഥോപാസ്തിർമ്മുക്തികാലേതിപാകതഃ.

യഥാസംവാദിവിഭ്രാന്തിഃ=എപ്രകാരമോ സംവാദിഭ്രമം. ഫലകാലേപ്രമായതേ=ഫലകാലത്തിൽ പ്രമാണമായിതീരുന്നത്. തഥാഉപാസ്തിഃമുക്തികാലേ=അപ്രകാരം ഉപാസനമുക്തികാലത്തിൽ. അതിപാകതഃവിദ്യായതേ=ഏററവും പരിപാകം വന്നതിനാൽ ജ്ഞാനമായിതീരുന്നു.

അതിന്നു ദൃഷ്ടാന്തം:—എപ്രകാരമോ സംവാദിഭ്രമം രത്നം സിദ്ധിച്ചപ്പോൾ യഥാത്ഥപ്രമാണമായി ഭവിച്ചതു്, അപ്രകാരം നിർഗ്ഗുണോപാസനം മെല്ലെമെല്ലെ പരിപാകം വന്നിട്ടു മുക്തികാലത്തിൽ ജ്ഞാനമായി വിളങ്ങും.

124. സംവാദിഭ്രമതഃപുംസഃപ്രവൃത്തസ്യാന്യമാനതഃ
പ്രമേതിചേത്തഥോപാസ്തിമ്മാന്തരേകാരണായതാം.

സംവാദിഭ്രമതഃ=സംവാദിഭ്രമം നിമിത്തം. പ്രവൃത്തസ്യപുംസഃ=പ്രവൃത്തിച്ച പുരുഷൻെറ. പ്രമാഅന്യമാനതഃഇതിചേത്=അനുഭവജ്ഞാനം അന്യമായ ഇന്ദ്രിയങ്ങൾ നിമിത്തമുണ്ടായതാണെങ്കിൽ തഥാഉപാസ്തിഃമാന്തരെ=അപ്രകാരം ഉപാസ്തിയും മാനാന്തരത്തിൽ. കാരണായതാം=കാരണമായിരുന്നോട്ടെ.

സംവാദിഭ്രമംനിമിത്തം പ്രവൃത്തിച്ചിരുന്ന പുരുഷന്നു ഇന്ദ്രിയങ്ങൾക്കു വിഷയസംബന്ധമായ ഇതരപ്രമാണത്താൽ രത്നജ്ഞാനം ഉണ്ടാകുന്നുവെന്നാണെങ്കിൽ അപ്രകാരംതന്നെ ഉപാസനയും മഹാവാക്യവിചാരത്താലുണ്ടാകുന്ന സാക്ഷാൽകാരത്തിന്നും കാരണമായിരുന്നുകൊള്ളട്ടെ. ഉപാസനാനിമിത്തം മഹാവാക്യാത്ഥവിചാരവും തന്നിമിത്തം സാക്ഷാൽകാരവും എന്നു വന്നുകൊള്ളട്ടെ.

125. മൂത്തിധ്യാനസ്യമന്ത്രാദേരപികാരണതായദി
അസ്തുനാമതഥാപ്യത്ര പ്രത്യാസത്തിവ്വിശിഷ്യതേ.

മൂത്തിധ്യാനസ്യ മന്ത്രാദേഃ അപി=മൂത്തിധ്യാനത്തിന്നും മന്ത്രം മുതലായതിന്നും. കാരണതായദി=മോക്ഷത്തെക്കുറിച്ചു കാരണതയുണ്ടെങ്കിൽ. അസ്തുനാമ തഥാപി അത്ര=ഇരുന്നുകൊള്ളട്ടെ,എന്നാലും ഇതിൽ. പ്രത്യാസത്തിഃ വിശിഷ്യതേ=സാമീപ്യം എന്ന വിശേഷമുണ്ട്.

നിഷ്കാമമായി ചെയ്യുന്ന മൂത്തിധ്യാനം, മന്ത്രം, ജപം, തീത്ഥാടനം, യജ്ഞാദികമ്മങ്ങൾ എന്നിവയും ചിത്തൈകാഗ്ര്യദ്വാരാ ജ്ഞാനഹേതുക്കളായിരിക്കുന്നുണ്ടല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ:—മൂത്തിധ്യാനമന്ത്രജപാദികൾ കാരണമായിരിക്കുന്നുണ്ടെങ്കിലും നിർഗ്ഗുണബ്രഹ്മധ്യാനം ആവക സഗുണോപാസനകളേക്കാൾ ബ്രഹ്മജ്ഞാനത്തിൻെറ അതിസമീപത്തിൽ എത്തിയിരിക്കുന്നതാകയാൽ ഇതിന്നു വിശേഷമുണ്ട്.

126. നിർഗ്ഗുണോപാസനം പക്വം സമാധിഃസ്യാച്ഛനൈസ്തതഃ
യഃ സമാധിന്നിരോധാഖ്യഃ സോനായാസേന ലഭ്യതേ.

നിർഗ്ഗുണോപാസനം ശനൈഃ പക്വം=നിർഗ്ഗുണോപാസനം മെല്ലെമെല്ലെ പക്വമാകുമ്പോൾ. തതഃസമാധിഃസ്യാത്=അതിനാൽതന്നെ സവികല്പസമാധിയുണ്ടാകും യഃ നിരോധാഖ്യഃ സമാധിഃ=നിരോധമെന്നു പേരായ യാതൊരു സമാധിയുണ്ടോ. സഃ അനായാസേനലഭ്യതേ=അതു പ്രയാസംകൂടാതെ ലഭിക്കും.

സാമീപ്യമുണ്ടെന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—നിർഗ്ഗുണധ്യാനമെന്നത് കാലക്രമത്താൽ പാകംവരുമ്പോൾ സവികല്പമായ—ധ്യാനിക്കുന്നവൻ, ധ്യാനം, ധ്യേയം എന്ന ഭേദത്തോടുകൂടിയ—സമാധി ലഭിക്കും. ഇതിൻെറ പാകാവസ്ഥയിൽ താനേതന്നെ നിരോധം—മുമ്പെ കാണിച്ച ത്രിപുടിയെ

നിരോധിക്കുന്നതു എന്നുപേരായ—നിർവ്വികല്പസമാധിയും ലഭിക്കും. ഇപ്രകാരമാണ് നിർവ്വികല്പസമാധിയെക്കുറിച്ച വ്യാസഭഗവാൻ ബ്രഹ്മസൂത്രത്തിൽ പറഞ്ഞിരിക്കുന്നതും.

127. നിരോധലാഭേപുംസോന്ത രസംഗം വസ്തുശിഷ്യതേ
പുനഃപുനർവ്വാസിതേസ്മിൻ വാക്യാജ്ജായേത തത്വധീഃ

പുംസഃ നിരോധലാഭേ=പുരുഷന്നു നിർവ്വികല്പസമാധി സിദ്ധിച്ചാൽ. അന്തഃ അസംഗം വസ്തു ശിഷ്യതേ=ഉള്ളിൽ സംഗരഹിതമായ തത്വം അവശേഷിക്കുന്നു. പുനഃപുനഃ അസ്മിൻവാസിതേ=അടിക്കടി ഇതിനെ അഭ്യസിച്ചാൽ. വാക്യാൽ=മഹാവാക്യവിചാരത്താൽ. തത്വധീഃജായേത=തത്വജ്ഞാനം ഉണ്ടാകും.

നിരോധസമാധി ലഭിച്ചാലുണ്ടാകുന്ന ഫലത്തെ പറയുന്നു:—പുരുഷന്നു നിരോധസമാധി സിദ്ധിച്ചുവെങ്കിൽ ഒന്നിനോടും ചേർച്ചയില്ലാത്തതായ വസ്തുമാത്രം അന്തർഭാഗത്തിൽ അവശേഷിക്കുന്നു. അങ്ങിനെയായാലുള്ള പ്രയോജനമെന്താണെന്നാൽ അടിക്കടി ഈ നിരോധസമാധിയെ അഭ്യസിച്ചുകൊണ്ടിരുന്നാൽ മഹാവാക്യാർത്ഥവിചാരത്താലുണ്ടാകുന്ന അഹം ബ്രഹ്മാസ്മി എന്നുള്ള പരമാർത്ഥജ്ഞാനം ഉണ്ടാകും

128. നിർവ്വികാരാസംഗനിത്യ സ്വപ്രകാശൈകപൂർണ്ണതാഃ
ബുദ്ധൌ ഝടിതി ശാസ്ത്രോക്താ ആരോഹന്ത്യ വിവാദതഃ.

നിർവ്വികാരാസംഗനിത്യ സ്വപ്രകാശൈക പൂർണ്ണതാ=വികാരമില്ലായ്മ, സംഗമില്ലായ്മ, നിത്യത്വം, സ്വപ്രകാശത, ഏകത്വം, പൂർണ്ണത്വം. ശാസ്ത്രോക്താഃ (ലക്ഷണഃ)=മുതലായ ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങൾ. അവിവാദതഃബുദ്ധൌ=സംശയമില്ലാത്ത വിധത്തിൽ ബുദ്ധിയിൽ. ഝടിതി ആരോഹന്തി=ശീഘ്രം ബോധ്യപ്പെടും.

ആ ധ്യാനത്തിന്റെ സ്വരൂപത്തെ വിശദമാക്കുന്നു:—വികാരമില്ലായ്മ, ഒന്നിനോടും ചേർച്ചയില്ലായ്മ, നാശമില്ലായ്മ, സ്വപ്രകാശത്വം, ഏകത്വം, പൂർണ്ണത്വം മുതലായി ശാസ്ത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്ന ആത്മലക്ഷണങ്ങൾ സംശയവിപരീതഭാവനകൾക്കു വഴിവെക്കാത്ത വിധത്തിൽ ബുദ്ധിവൃത്തിയിൽ അനുഭവപ്പെടും.

129. യോഗാഭ്യാസസ്ത്വേ തദർത്ഥോമൃതബിന്ദ്വാദിഷുശ്രുതഃ
ഏവംചദൃഷ്ടപോരാപി ഹേതുത്വാദന്യതോവരം.

യോഗാഭ്യാസഃതു=യോഗാഭ്യാസമാകട്ടെ. ഏതദർത്ഥഃ=ഇതിന്നുവേണ്ടീട്ടുള്ളതാണെന്ന്. അമൃത ബിന്ദ്വാദിഷുശ്രുതഃ=അമൃതബിന്ദു മുതലായ ശ്രുതികളിൽ പറയപ്പെട്ടിരിക്കുന്നു. ഏവംച ദൃഷ്ടപോരാ അപി=ഇപ്രകാരമിരിക്കുന്നതിനാൽ ഫലപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളിലും. ഹേതുത്വാൽ=മുക്തിക്കു കാരണമാകയാൽ. അന്യതഃ വരം=ഇതരസാധനങ്ങളേക്കാൾ ശ്രേഷ്ഠം.

നിർവ്വികല്പസമാധി, ജ്ഞാനസാധനമാണെന്നതിൽ. പ്രമാണം എന്താണെന്നു കാണിക്കുന്നു:—യോഗാഭ്യാസമോ എന്നാൽ ഈ നിർവ്വികല്പസമാധിക്കായിട്ടുള്ളതുതന്നെയാണെന്നു അമൃതബിന്ദു മുതലായ ഉപനിഷത്തുകളിൽ കാണുന്നു. അതുകൊണ്ടു സിദ്ധിക്കുന്നതെന്തെന്നാൽ ശ്രുതി സമ്മതമായിരിക്കുന്നതുകൊണ്ടു അനുഭവപ്പെടുന്ന മാർഗ്ഗങ്ങളുടെ ഉള്ളിലടങ്ങീട്ടുള്ള മുക്തി ഹേതുകമായിരിക്കയാൽ അന്യങ്ങളായ സകല സാധനങ്ങളെക്കാട്ടിലും മുക്തി സാധിപ്പിക്കുവാൻ ഈ നിർഗ്ഗുണബ്രഹ്മധ്യാനത്തിന്നു ശ്രേഷ്ഠതയുണ്ടെന്നു സിദ്ധമാകുന്നു.

130. ഉപേക്ഷ്യതത്തീർത്ഥയാത്രാജപാദീനേവകുർവ്വതാം
പിണ്ഡംസമുൽസൃജ്യകരംലേഢീതിന്യായആപതേത്.

തത് ഉപേക്ഷ്യ=അതിനെ ഉപേക്ഷിച്ചിട്ടു. തീർത്ഥയാത്രാജപാദീൻഏവ=തീർത്ഥയാത്രാജപം എന്നിവയെതന്നെ. കുർവ്വതാം=ചെയ്യുന്നവർക്ക്. പിണ്ഡംസമുത്സൃജ്യ=ഭക്ഷ്യത്തെ കളഞ്ഞിട്ടു. കരംലേഢി=കൈനക്കുന്നു. ഇതിന്യായഃആപതേത്=എന്ന ന്യായം വന്നുചേരും.

ഒരു സ്ഥലത്തിലെത്താൻ അനേകവഴികൾ ഉള്ളതുപോലെ നിർഗ്ഗുണബ്രഹ്മധ്യാനവും ഒരു വഴിയെന്നു വരുന്നതല്ലാതെ മററ മാർഗ്ഗങ്ങളെക്കാൾ ശ്രേഷ്ഠത്വം എങ്ങിനെ ഇതിന്നു സിദ്ധിക്കും എന്ന ശങ്കക്കു സമാധാനം:—സ്വാധീനത്തിലിരിക്കുന്ന നിർഗ്ഗുണബ്രഹ്മധ്യാനം ചെയ്യാതെ തീർത്ഥയാത്രാജപം ഹോമം എന്നിങ്ങിനെയുള്ള കാര്യങ്ങളെ മാത്രം ചെയ്യുന്നവർ ഉള്ളംകയ്യിൽ ധരിച്ചിരുന്ന അന്നകബളത്തെ ദൂരെ എറിഞ്ഞശേഷം കൈ നക്കുന്നവർക്കുള്ള ഫലത്തിന്നു പാത്രമാവരും. ഉള്ളിലിരിക്കുന്ന വസ്തുവിനെ അന്വേ

ഷിക്കാതെ തീൎത്ഥാദിസ്ഥാനങ്ങളിൽ തിരഞ്ഞാൽ എങ്ങിനെ കിട്ടും. അതുകൊണ്ടാണ് സഗുണോപാസനാദികളെക്കാറം ശ്രേഷ്ഠമെന്നു വന്നിരിക്കുന്നത്.

131. ഉപാസകാനാമപ്യേവംവിചാരത്യാഗതോയദി
ബാധംതസ്മാദ്വിചാരസ്യാസംഭവേയോഗഈരിതഃ.

ഉപാസകാനാംഅപി=ഉപാസകന്മാൎക്കും. വിചാരത്യാഗതഃയദിഏവം=വിചാരം വിട്ടുകളഞ്ഞാൽ ഈ ന്യായംതന്നെയാണെങ്കിൽ. ബാധം=അതു സമ്മതംതന്നെ. തസ്മാത്‌വിചാരസ്യഅസംഭവേ=അതുകൊണ്ടാണ് വിചാരത്തിന്റെ അഭാവത്തിൽ. യോഗഃഈരിതഃ=യോഗം പറയപ്പെട്ടതു്.

ഉപാസകന്മാൎക്കും വിചാരമില്ലെന്നുവന്നാൽ മുൻപറഞ്ഞ ന്യായംതന്നെയല്ലേയോ ശരി എന്നാണെങ്കിൽ അതിനെ സമ്മതിക്കുന്നു. "പിണ്ഡംത്യക്ത്വാകരംലേഢി" എന്നുതന്നെ അവൎക്കുമുള്ള ഫലം എന്നതിൽ ഭിന്നാഭിപ്രായമില്ല. അതുകൊണ്ടുതന്നെയാണ് വിചാരംചെയ്‌വാൻ അധികാരമില്ലാത്തവൎക്കു നിൎഗ്ഗുണധ്യാനയോഗം പറയപ്പെട്ടത്.

132. ബഹുവ്യാകുലചിത്താനാംവിചാരാത്തത്വധീർനഹി
യോഗോമുഖ്യസ്തതസ്തേഷാംധീദൎപ്പസ്തേനനശ്യതി.

ബഹുവ്യാകുലചിത്താനാം=അനേക വ്യാകുലങ്ങളോടുകൂടിയ ചിത്തമുള്ളവൎക്ക്. വിചാരാത് തത്വധീഃ നഹി=വിചാരംകൊണ്ടു തത്വജ്ഞാനം ഉണ്ടാകയില്ല. തതഃതേഷാംയോഗഃമുഖ്യഃ=അതിനാൽ അവൎക്ക് ധ്യാനം മുഖ്യമാകുന്നു. തേനതേഷാംധീദൎപ്പഃ=അതുകൊണ്ടവരുടെ അഹങ്കാരം. നശ്യതി=നശിക്കുന്നു.

അനേകവിചാരങ്ങളാൽ ചിത്തം ചലിച്ചുകൊണ്ടിരിക്കുന്ന സ്വഭാവക്കാരായ അപക്വയോഗികൾക്ക് നിൎഗ്ഗുണബ്രഹ്മതത്വവിചാരത്തിൽനിന്നു തത്വജ്ഞാനം സിദ്ധിക്കുകയില്ല. അതിനാൽ അവൎക്കു നിൎഗ്ഗുണധ്യാനം ശ്രേഷ്ഠമാകുന്നു. ആ ധ്യാനത്താൽ അവരുടെ അഹംഭാവം മുതലായ ഗൎവ്വങ്ങൾ നശിക്കും. ചിത്തവ്യാകുലതയുള്ളതുകൊണ്ടാണ് സൎവ്വശ്ലാഘ്യമായ വിചാരം അവൎക്കുണ്ടാകാതിരിക്കുന്നത്. ചിത്തൈകാഗ്ര്യം സമ്പാദിപ്പാൻ ധ്യാനം ആരംഭിക്കുന്നതുകൊണ്ടു അഹംഭാവാദിഗൎവ്വങ്ങൾ നശിച്ചുതുടങ്ങും. അപ്പോൾ ക്രമത്തിൽ ചിത്തം ശാന്തമായ്വരും. അതു നിമിത്തം വിചാരശ്രദ്ധയും അതിന്നുള്ള ശക്തിയും ചിത്തത്തിന്നുണ്ടായ്വരും.

133. അവ്യാകുലധിയാംമോഹമാത്രേണാച്ഛാദിതാത്മനാം
സാംഖ്യനാമാവിചാരഃസ്യാന്മുഖ്യോഝടിതിസിദ്ധിദഃ.

അവ്യാകുലധിയാം=കലക്കമില്ലാത്ത ബുദ്ധിയോടുകൂടിയവരും. മോഹമാത്രേണ=മോഹമാത്രത്താൽ. ആച്ഛാദിതാത്മനാം=മറയ്ക്കപ്പെട്ട സ്വരൂപത്തോടുകൂടിയവരുമായ അധികാരികൾക്ക്. സാംഖ്യനാമാ വിചാരഃ—സാംഖ്യമെന്നു പേരുള്ളതായ ആത്മാനാത്മവിചാരംതന്നെ. മുഖ്യഃസ്യാത്=മുഖ്യമാകുന്നു. ഝടിതിസിദ്ധിദഃ=ശീഘ്രം സിദ്ധിയെ ജനിപ്പിക്കും.

ശുദ്ധചിത്തന്മാൎക്കു വിചാരം മുഖ്യമെന്നു പറഞ്ഞതിന്നു കാരണം കാണിക്കുന്നു:—ബുദ്ധിക്കു ചലനമില്ലാതെയും അജ്ഞാനം എന്ന ഏകദോഷത്താൽ ആത്മസ്വരൂപം അനുഭവപ്പെടാതെയും ഇരിക്കുന്ന അധികാരികൾക്ക് ശ്രേഷ്ഠമായിരിക്കുന്നത് സാംഖ്യം എന്നു പേർപറയപ്പെടുന്ന ആത്മാനാത്മവിചാരമാകുന്നു. എന്തുകൊണ്ടെന്നാൽ ആ വിചാരം അതിവേഗത്തിൽ ആത്മസാക്ഷാൽകാരഭാവമാകുന്ന സിദ്ധിയെ അവൎക്കു നൽകും.

134. യൽസാംഖ്യൈഃ പ്രാപ്യതേസ്ഥാനം തദ്യോഗൈരപിഗമ്യതേ
ഏകംസാംഖ്യംച യോഗംച യഃപശ്യതി സ പശ്യതി.

യൽസ്ഥാനം സാംഖ്യൈഃ പ്രാപ്യതേ=ഏതൊരു സ്ഥാനം സാംഖ്യങ്ങളാൽ പ്രാപിക്കപ്പെടുന്നുവോ. തത്‌യോഗൈഃ അപിഗമ്യതേ=ആ സ്ഥാനം യോഗങ്ങളാലും പ്രാപിക്കപ്പെടുന്നു. യഃസാംഖ്യംച യോഗംച ഏകം പശ്യതി=യാതൊരുവൻ സാംഖ്യത്തേയും യോഗത്തേയും ഒന്നെന്നു കാണുന്നുവോ! സഃപശ്യതി=അവൻ കാണുന്നു.

യോഗവും സാംഖ്യവും ജ്ഞാനജനകമാകയാൽ മുക്തികാരണംതന്നെയെന്നതിൽ ഭഗവൽഗീതയിൽ 5–ാം അദ്ധ്യായം 5–ാംശ്ലോകം പ്രമാണമെന്നു കാണിക്കുന്നു:—പ്രകൃതി പുരുഷവിഭാഗജ്ഞാനരൂപമായ വിചാരത്താൽ ഏതൊരു പദത്തെ സാംഖ്യന്മാർ പ്രാപിക്കുന്നുവോ ആ പദത്തെ യോഗികളും പ്രാ

പിക്കുന്നു. അതുകൊണ്ടു ഫലത്തിൽ സാംഖ്യവും യോഗവും ഒന്നുതന്നെയെന്നു ആർ കാണുന്നുവോ അവൻതന്നെ ശരിയായി കാണുന്നവൻ.

135. തൽകാരണം സാംഖ്യയോഗാധിഗമ്യ മിതിഹിശ്രുതിഃ
യസ്തുശ്രുതേർവ്വിരുദ്ധഃ സആഭാസഃ സാംഖ്യയോഗയോഃ.

തൽകാരണം സാംഖ്യയോഗാധിഗമ്യം=അതിന്റെ കാരണം സാംഖ്യയോഗങ്ങളാൽ പ്രാപ്യം. ഇതിഹിശ്രുതിഃ=എന്നു ശ്രുതിപ്രസിദ്ധം. സാംഖ്യയോഗയോഃ=സാംഖ്യത്തിലും യോഗത്തിലും. യഃശ്രുതേഃ വിരുദ്ധഃ=യാതൊന്നു ശ്രുതിക്കു വിരോധമായിരിക്കുന്നുവോ. സഃആഭാസഃ=അതു ആഭാസമാകുന്നു.

സാംഖ്യവും യോഗവും ഒരുപോലെ മുക്തിസാധകമാണെന്നതിൽ ഗീതാവചനം മാത്രമല്ല, ഗീതയുടേയും മൂലമായ ശ്രുതിയും പ്രമാണമാകുന്നു. സാംഖ്യവും യോഗവും മുക്തിസാധനമാണെന്ന് അംഗീകരിക്കുന്നപക്ഷം വേദാന്തമതം ആ സാംഖ്യത്തിലും യോഗത്തിലും കാണുന്ന തത്വങ്ങളെ മുഴുവനും അംഗീകരിക്കേണ്ടതല്ലെയോ എന്ന ചോദ്യത്തിന്നുത്തരം.—സാംഖ്യത്തിലും യോഗത്തിലും ശ്രുതിക്കു് വിരോധമായ ഭാഗം യാതൊന്നോ അതു ആഭാസമാകുന്നു. ബാധിക്കത്തക്കതാകുന്നു. മുഖ്യപ്രമാണമായ ശ്രുതി സമ്മതിക്കാത്തതായ ഇതരപ്രമാണം സ്വീകാര്യമല്ലാത്തതിനാൽ സാംഖ്യത്തിലും യോഗത്തിലുമുള്ള എല്ലാ ഭാഗങ്ങളേയും വേദാന്തമതം സ്വീകരിക്കുന്നില്ല. ശ്രുതിസമ്മതമായ അംശത്തെ മാത്രം സ്വീകരിക്കുന്നുവെന്നഭിപ്രായം.

136. ഉപാസനം നാതിപക്വമിഹയസ്യ പരത്രസഃ
മരണേ ബ്രഹ്മലോകേവാ തത്വം വിജ്ഞായമുച്യതേ.

യസ്യ ഉപാസനം ഇഹന അതിപക്വം=യാതൊരുവന്റെ ഉപാസനം ഈ ജന്മത്തിൽ അത്യന്തം പക്വമാകുന്നില്ലെയോ. സഃമരണേവാ ബ്രഹ്മലോകേ പരത്ര=അവൻ മരണത്തിങ്കലോ ബ്രഹ്മലോകത്തിലോ മറെറാരു ദേഹത്തിൽ. തത്വം വിജ്ഞായമുച്യതേ=തത്വം അറിഞ്ഞു മുക്തനാകും?

അങ്ങിനെയാകുമ്പോൾ ഉപാസനചെയ്യുന്ന പുരുഷൻ തത്വജ്ഞാനമുണ്ടാകുന്നതിന്നുമുമ്പേ മരിച്ചാൽ അവന്നു മുക്തിയില്ലെല്ലൊ എന്ന ശങ്കയെ തീക്കാൻ പറയുന്നു:—ഏതൊരുവന്റെ ഉപാസനം പരിപക്വമായി തത്വജ്ഞാനത്തെ നല്കുന്നതിന്നുമുമ്പെ അവൻ മരിക്കുന്നുവെങ്കിൽ മരണകാലത്തിലോ ബ്രഹ്മലോകത്തിൽവെച്ചോ മറെറാരു ശരീരത്തിൽ അവന്നു തത്വജ്ഞാനമുണ്ടായിട്ടു മുക്തനായി ഭവിക്കും.

137. യംയംവാപി സ്മരൻഭാവം ത്യജത്യന്തേകളേവരം
തം തമേവൈതിയച്ചിത്തസ്തേന യാതീതി ശാസ്ത്രതഃ.

യംയംവാ അപിഭാവം സ്മരൻ=യാതൊരു യാതൊരു ഭാവത്തെ സ്മരിക്കുന്നവനായിട്ടു. അന്തേ കലേവരം ത്യജതി=അവസാനത്തിൽ ദേഹത്തെ ഉപേക്ഷിക്കുന്നുവോ. തംതം ഏവഏതി=അതാതിനെത്തന്നെ പ്രാപിക്കുന്നു. യച്ചിത്തഃ തേനയാതി=ഏതിൽ മനസ്സുണ്ടായിരുന്നുവോ അതിനോടുകൂടെ പോകുന്നു. ഇതി ശാസ്ത്രതഃ=എന്ന ശാസ്ത്രം ഉള്ളതിനാൽ.

ഉപാസകന്നു മരണസമയത്തിൽ തത്വജ്ഞാനത്താൽ മുക്തി ലഭിക്കുമെന്നതിൽ ഭഗവൽഗീതയിലെ 8-ാം അദ്ധ്യായം 6-ാംശ്ലോകം പ്രമാണമെന്നു കാണിക്കുന്നു:—ഏതേതുഭാവത്തെ—ദേവനേയോ മറേറതെങ്കിലും ഒന്നിനേയോ—സ്മരിച്ചുകൊണ്ടു അവസാനകാലത്തിൽ ദേഹത്തെ വെടിയുന്നുവോ അതാതുഭാവത്തെത്തന്നെ ആ ജീവൻ പ്രാപിക്കും എന്നാണ് ഗീതാവാക്യാൎത്ഥം. ഏതിൽ ചിത്തമുള്ളവനായിരുന്നുവോ ആ ഭാവസഹിതനായിട്ടു പരലോകത്തെ പ്രാപിക്കുന്നുവെന്നത് പ്രശ്നോപനിഷത്തിലുള്ള വാക്യമാകുന്നു. "യച്ചിത്തഃ തേനഏഷപ്രാണമായാതി പ്രാണസ്തേജ സായുക്തഃ യഥാ സങ്കല്പിതേ ലോകം നയതി" ഈ ജീവൻ മരണസമയത്തിൽ ഏതുലോകത്തിൽ മനസ്സിനെ വെയ്ക്കുന്നുവോ ആ ഇന്ദ്രിയത്തോടുകൂടെ പ്രാണനാകുന്ന ഉപാധിയിൽ ചേരുന്നു. ആ പ്രാണൻ തേജസ്സാകുന്ന ഉദാനസഹിതനായിട്ടു ഭോക്താവായ ആ ജീവനെ സങ്കല്പിതലോകത്തിലേക്കു കൊണ്ടുപോകുന്നു എന്നാണ് ശ്രുതിവാക്യാൎത്ഥം. ഇങ്ങിനെ ശ്രുതിസ്മൃതിപ്രമാണങ്ങളുള്ളതുകൊണ്ടു ഉപാസകന്നു മുക്തിസിദ്ധിക്കുമെന്നു വിശ്വസിച്ചുകൊള്ളേണം.

138. അന്ത്യപ്രത്യയതോ നൂനം ഭാവിജന്മ തഥാസതി
നിർഗ്ഗുണപ്രത്യയോപിസ്യാൽ സഗ്ഗുണോപാസനേ യഥാ

അന്ത്യപ്രത്യയതഃനൂനം ഭാവിജന്മ=അവസാനകാലത്തിലെ ഭാവനാനുസരണം നിശ്ചയമായും ഭാവിജന്മം

ഉണ്ടാകും. തഥാസതി യഥാ സഗുണോപാസനേ=അപ്രകാരമാകയാൽ സഗുണോപാസനത്തിൽ എപ്ര കാരമോ. നിർഗ്ഗുണപ്രത്യയഃസ്യാത്=അപ്രകാരം നിർഗ്ഗുണഭാവവും ഉണ്ടാവും.

മുമ്പെ ഉദാഹരിച്ച ശ്രുതിസ്മൃതികൾ അന്ത്യകാലസ്മൃത്യനുസരണം ഭാവിജന്മം എന്നല്ലെ കാണിക്കുന്നത്. ജ്ഞാനത്താൽ മുക്തിയെന്നു കാണിക്കുന്നില്ലല്ലൊ എന്ന ശങ്കക്കു സമാധാനം:—എപ്രകാരം സഗുണോപാസകൻ മരണകാലത്തിൽ സഗുണഭാവമുള്ളവനായിട്ടു സഗുണമായ ലോകത്തെ പ്രാപിക്കുന്നുവോ അപ്രകാരംതന്നെ നിർഗ്ഗുണോപാസകനു് നിർഗ്ഗുണബ്രഹ്മഭാവനയും അന്ത്യകാലത്തിലുണ്ടാകും. അതിനാൽ അവൻ പുനർജ്ജന്മാദി ദുഃഖങ്ങളില്ലാത്തതായ മഹൽപദത്തെ പ്രാപിക്കും എന്നു സാരം.

139. നിത്യനിർഗ്ഗുണരൂപം തന്നാമമാത്രേണ ഗീയതാം
അർത്ഥതോ മോക്ഷഏവൈഷ സംവാദിഭ്രമവന്മതഃ.

തത് നിത്യനിർഗ്ഗുണരൂപം = അതു നിത്യനിർഗ്ഗുണരൂപമാണെന്നു്. നാമമാത്രേണഗീയതാം=പേരുമാത്രം കൊണ്ടു പറയപ്പെട്ടുകൊൾക. അർത്ഥതഃ ഏഷഃ മോക്ഷഃ ഏവ = അർത്ഥത്താൽ ഇതു മോക്ഷംതന്നെ. സംവാദിഭ്രമവത് മതഃ=സംവാദിഭ്രമം എന്നപോലെ എന്നാണ് മതം.

അങ്ങിനെയാണെങ്കിൽ നിർഗ്ഗുണബ്രഹ്മഭാവാഭ്യാസത്താൽ നിർഗ്ഗുണബ്രഹ്മത്തെ പ്രാപിക്കുന്നതല്ലാതെ മോക്ഷം പ്രാപിക്കുന്നില്ലല്ലൊ എന്നുള്ള ശങ്കക്കു സമാധാനം:—ആ ബ്രഹ്മം നിത്യനിർഗ്ഗുണമാണെന്നു പേരുമാത്രംകൊണ്ടല്ലാതെ അർത്ഥത്താൽ അതിന്റെ പ്രാപ്തിയെന്നതു് മോക്ഷംതന്നെയാകുന്നു. സംവാദിഭ്രമത്താൽ യഥാർത്ഥ രത്നലാഭം ഉണ്ടായതുപോലെ എന്നാണ് ശാസ്ത്രസിദ്ധാന്തം.

140. തൽസാമർത്ഥ്യാൽ ജായതേ ധീ മൂലാവിദ്യാ നിവൃത്തികാ
അവിമുക്തോപാസനേന താരകബ്രഹ്മബുദ്ധിവത്.

തത് സാമർത്ഥ്യാൽ=നിർഗ്ഗുണബ്രഹ്മോപാസനയുടെ സാമർത്ഥ്യത്തിൽനിന്നു്. മൂലാവിദ്യാ നിവൃത്തികാ ധീഃ= മൂലാജ്ഞാനത്തെ നശിപ്പിക്കുന്നതായ ബുദ്ധി. ജായതേ=ഉണ്ടാകുന്നു. അവിമുക്തോപാസനേന=സഗുണബ്രഹ്മോപാസനത്താൽ. താരകബ്രഹ്മബുദ്ധിവത്=താരകബ്രഹ്മബുദ്ധിയുണ്ടാകുന്നതുപോലെ.

ഉപാസനം എന്നതു മനസ്സുകൊണ്ടു ചെയ്യുന്ന കർമ്മമാണല്ലൊ. കർമ്മംകൊണ്ടു മുക്തി സിദ്ധിക്കയില്ലെന്നു മുമ്പെ ഉറപ്പിച്ചുമിരിക്കുന്നു. അതിനാൽ നിർഗ്ഗുണബ്രഹ്മോപാസനത്താൽ മുക്തിയെങ്ങിനെയുണ്ടാകും എന്ന ശങ്കക്കു സമാധാനം:—നിർഗ്ഗുണബ്രഹ്മോപാസനയുടെ ഫലമായിട്ടു പുനർജ്ജന്മകാരണമായിരിക്കുന്ന അജ്ഞാനത്തെ നശിപ്പിക്കുന്നതായ ജ്ഞാനമുണ്ടാകും. ആ ജ്ഞാനത്താൽ മുക്തി സിദ്ധിക്കും. സഗുണബ്രഹ്മോപാസകന്മാൎക്കു സഗുണബ്രഹ്മജ്ഞാനം ഉണ്ടാകുന്നതുപോലെയെന്നു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു.

141. സോഽകാമോ നിഷ്കാമഇതി ഹ്യശരീരോ നിരിന്ദ്രിയഃ
അഭയം ഹീതിമുക്തതപം താപനീയേ ഫലംശ്രുതം.

"സഃ അകാമഃ നിഷ്കാമഃ"=അവൻ അകാമനും നിഷ്കാമനുമാകുന്നു. "സഃ അശരീരഃ നിരിന്ദ്രിയഃ"=അവൻ അശരീരനും നിരിന്ദ്രിയനുമാകുന്നു. "അഭയം ഹിമുക്തതപം"=അഭയമായിത്തന്നെയിരിക്കുന്ന ബ്രഹ്മതപം പ്രാപിക്കുന്നു ഇതി താപനീയേ ഫലംശ്രുതം=എന്നു താപനീയത്തിൽ ഫലം കേൾക്കപ്പെടുന്നു.

നിർഗ്ഗുണോപാസനംകൊണ്ടു മോക്ഷം സിദ്ധിക്കും എന്നതിന്നു ശ്രുതിപ്രമാണം കാണിക്കുന്നു:— "നിർഗ്ഗുണബ്രഹ്മത്തെ ഉപാസിക്കുന്ന അവൻ ഉള്ളിലും പുറത്തും കാമമില്ലാത്തവനും" "ശരീരവും ഇന്ദ്രിയങ്ങളും ഇല്ലാത്തവനും" ഭയരഹിതമായ ബ്രഹ്മത്തെ അടഞ്ഞവനുമായി ഭവിക്കുന്നു"വെന്നു് താപനീയം എന്ന ഉപനിഷത്തിൽ നിർഗ്ഗുണബ്രഹ്മോപാസനത്തിന്റെ ഫലം പറയപ്പെട്ടിരിക്കുന്നു. "സോഽകാമോനിഷ്കാമ ആപ്തകാമ ആത്മകാമോനതസ്യപ്രാണാഉൽക്രാമന്ത്യത്രൈവസമവലീയന്തേ ബ്രഹ്മൈവസൻ ബ്രഹ്മാപ്യേതിഅശരീരോനിരിന്ദ്രിയഃ അപ്രാണോഽമനാഃ സസ്വരാട് ഭവതിയഏവം വേദചിന്മയോഹ്യയമോങ്കാരശ്ചിന്മയമിദംസർവ്വംതസ്മാൽ പരമേശ്വരഏവൈകമേവതൽഭവത്യേതദമൃതം അഭയംഏതൽബ്രഹ്മാഭയംവൈബ്രഹ്മഭവതിയഏവം വേദേതിരഹസ്യം." ആ ഉപാസകൻ അകാമൻ:—ഉള്ളിലാശയററവൻ. നിഷ്കാമൻ:—വെളിയിൽ വിഷയേച്ഛയററവൻ. ആപ്തകാമൻ:—എല്ലാ കാമങ്ങളും സാധിച്ചവൻ. ആത്മാവിനെമാത്രം കാമിക്കുന്നവൻ. അവന്റെ പ്രാണൻ അന്യലോകത്തിലോ അന്യദേഹത്തിലോ പ്രവേശിക്കുന്നില്ല. ഈ ദേഹത്തിൽതന്നെ അടങ്ങുന്നു. അവൻ ബ്രഹ്മമായിട്ടുതന്നെ ബ്രഹ്മത്തെ പ്രാപിക്കുന്നു. അവൻ ശരീരവും പ്രാണനും മനസ്സും ഇല്ലാത്തവനായും ഭവിക്കുന്നു. അവൻ സച്ചിദാനന്ദമായി സ്വപ്രകാശമായി വിളങ്ങുന്നു. ഏതൊരുവൻ ഈ ഓംകാരം ചിന്മയം, ഇക്കാണപ്പെടുന്ന സകലവും ചിന്മയം എ

ന്നറിയുന്നുവോ അതിനാലവൻ ഏകനായ പരമേശ്വരൻതന്നെയാകുന്നു. ഇതമൃതം ഇതഭയം. ഈ ബ്രഹ്മം തന്നെ അഭയബ്രഹ്മം എന്ന രഹസ്യത്തെ അറിയുന്നുവോ, എന്നൎത്ഥമായ വാക്യത്താൽ നിർഗ്ഗുണബ്രഹ്മോപാസകന്നു മുക്തിതന്നെ ഫലം എന്നു കാണിക്കുന്നു.

142. ഉപാസനസ്യ സാമൎത്ഥ്യാൽ വിദ്യോൽപത്തി ർഭവേത്തതഃ
നാന്യഃപന്ഥാ ഇതിഹ്യേതച്ഛാസ്ത്രം നൈവ വിരുധ്യതേ.

ഉപാസനസ്യസാമൎത്ഥ്യാത്=ഉപാസനത്തിന്റെ സാമൎത്ഥ്യത്താൽ. വിദ്യോൽപത്തിഃഭവേത്=വിദ്യയുത്ഭവിക്കും. തതഃഅന്യഃപന്ഥാനഇതിഹി = അതുകൊണ്ടു അന്യമാൎഗ്ഗം ഇല്ല എന്ന. ഏതത്ശാസ്ത്രംനവിരുദ്ധ്യതേ=ഈ ശാസ്ത്രം വിരോധിക്കപ്പെടുന്നില്ല.

ഉപാസനത്താൽ മോക്ഷമുണ്ടാകുമെങ്കിൽ ജ്ഞാനംകൊണ്ടുമാത്രമല്ലാതെ മോക്ഷമുണ്ടാകയില്ല എന്ന ശ്രുതിക്കു വിരോധമല്ലെയോ എന്ന ശങ്കക്കു സമാധാനം:—നിർഗ്ഗുണോപാസനത്തിന്റെ ശക്തിയാൽ പ്രത്യഗഭിന്നബ്രഹ്മജ്ഞാനം സംഭവിക്കും. തദ്വാരാ മോക്ഷം സിദ്ധിക്കും എന്ന കാരണത്താൽ ജ്ഞാനംകൊണ്ടല്ലാതെ മോക്ഷം ലഭിക്കയില്ലെന്നുള്ള ശ്രുതിക്കു വിരോധം ഉണ്ടാകുന്നില്ല.

143. നിഷ്കാമോപാസനാന്മുക്തിസ്താപനീയേ സമീരിതാ
ബ്രഹ്മലോകഃ സകാമസ്യ ശൈബ്യപ്രശ്നേ സമീരിതഃ.

നിഷ്കാമോപസനാൽ = കാമമില്ലാതെ ചെയ്യുന്ന ഉപാസനത്താൽ. മുക്തിഃതാപനീയേ = മുക്തി ലഭിക്കുമെന്നു താപനീയോപനിഷത്തിൽ. സമീരിതാ=പറയപ്പെട്ടിരിക്കുന്നു. സകാമസ്യബ്രഹ്മലോകഃ=കാമത്തോടുകൂടിയ ഉപാസകന്നു് ബ്രഹ്മലോകം കിട്ടുമെന്നു്. ശൈബ്യപ്രശ്നേസമീരിതഃ=ശൈബ്യപ്രശ്നോപനിഷത്തിൽ പറയപ്പെട്ടിട്ടുണ്ടു്.

നിഷ്കാമോപാസകന്നു മരണകാലത്തിലോ ബ്രഹ്മലോകത്തിലോ തത്വജ്ഞാനദ്വാരാമുക്തി സിദ്ധിക്കുമെന്നു് താപനീയോപനിഷത്തിൽ പറഞ്ഞിരിക്കുന്നു. സകാമന്നു് ബ്രഹ്മലോകം സിദ്ധിക്കുമെന്നു ശൈബ്യപ്രശ്നോപനിഷത്തിൽ പറഞ്ഞിട്ടുണ്ടു്.

144. യഉപാസ്തേ ത്രിമാത്രേണ ബ്രഹ്മലോകേ സനീയതേ
സഏതസ്മാൽ ജീവഘനാൽ പരംപുരുഷമീക്ഷതേ.

യഃ ത്രിമാത്രേണഉപാസ്തേ=യാതൊരുവൻ മൂന്നു മാത്രയോടുകൂടെ ഉപാസിക്കുന്നുവോ. സഃ ഏതസ്മാൽ ജീവഘനാത്=അവൻ ഈ സമഷ്ടിജീവസ്വരൂപനായ ഹിരണ്യഗൎഭനിൽനിന്നും. പരം പുരുഷം ഈക്ഷതേ=പരനായ പുരുഷനെ ഈക്ഷിക്കുന്നു.

ഇപ്പോൾ ശൈബ്യപ്രശ്നോപനിഷദ്വാക്യത്തിന്റെ അൎത്ഥത്തെ ശ്ലോകരൂപേണ കാണിക്കുന്നു:—ഏതൊരുവൻ മൂന്നു മാത്രയുള്ള ഓംകാരംകൊണ്ടു ബ്രഹ്മത്തെ ഉപാസിക്കുന്നുവോ അവൻ ബ്രഹ്മലോകത്തെ പ്രാപിക്കുന്നു. അവിടെ പ്രവേശിച്ച ഉപാസകൻ ഹിരണ്യഗൎഭനേക്കാൾ ഉൽകൃഷ്ടനായ പരമപുരുഷനെ—നിരുപാധികനായ പരമാത്മാവിനെ—സാക്ഷാത്തായറിയുന്നു.

145. അപ്രതീകാധികരണേ തൽക്രതുന്ന്യായ ഈരിതഃ
ബ്രഹ്മലോകഫലം തസ്മാൽ സകാമസ്യേതി വൎണ്ണിതം.

അപ്രതീകാധികരണേ=പ്രതീകോപാസകനല്ലാത്തവന്റെ ഫലം പറയുന്ന ബ്രഹ്മസൂത്രാധികരണത്തിൽ "തൽക്രതുഃ"ന്യായഃഈരിതഃ=തൽക്രതുവെന്ന ശ്രുതിയിലെ ന്യായം പറയപ്പെട്ടിരിക്കുന്നു. തസ്മാൽസകാമസ്യ=അതുകൊണ്ടു സകാമന്നു. ബ്രഹ്മലോകഫലം. ഇതിവൎണ്ണിതം=ബ്രഹ്മലോകപ്രാപ്തിഫലം വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

ബ്രഹ്മസൂത്രം 4-ാം അദ്ധ്യായം മൂന്നാംപാദം പതിനഞ്ചാമധികരണം "അപ്രതീകാലംബനാന്നയതീതിബാദരായണഃ ഉഭയഥാദോഷത്തൽ ക്രതുശ്ച" എന്ന സൂത്രത്താൽ തൽക്രതുന്ന്യായം:—ആർ ഏതിനെ ധ്യാനിക്കുന്നുവോ അവന്നതു സിദ്ധിക്കും—എന്ന് ശ്രുതിയിൽ പറഞ്ഞിട്ടുള്ള ന്യായപ്രകാരം സകാമോപാസകന്നു ബ്രഹ്മലോകം സിദ്ധിക്കുമെന്നു പറഞ്ഞിരിക്കുന്നു.

146. നിൎഗ്ഗുണോപാസ്തിസാമൎത്ഥ്യാൽ തത്ര തത്വ മവേക്ഷതേ
പുനരാവൎത്തതേ നായം കല്പാന്തേച വിമുച്യതേ.

നിൎഗ്ഗുണോപാസാമൎത്ഥ്യാൽ=നിൎഗ്ഗുണോപാസനയുടെ ബലത്താൽ. തത്രതത്വം അവേക്ഷതേ=അവിടെ

തത്വത്തെയറിയുന്നു. അയംപുനഃനാവൎത്തതേ=ഇവൻ പിന്നെ ആവൎത്തിക്കുന്നില്ല. ചകല്പാന്തേവിമുച്യതേ=അതിനാൽ കല്പാവസാനത്തിൽ മുക്തനാകുന്നു.

നിൎഗ്ഗുണോപാസനത്തിന്റെ ബലത്താൽ ബ്രഹ്മലോകത്തിൽ പ്രവേശിച്ച അവൻ അവിടെ തത്വത്തെയറിയുന്നു. പിന്നെ അവൻ രണ്ടാമതു സംസാരത്തിൽ ജനിക്കുന്നില്ല കല്പകാലം മുഴുവനും ബ്രഹ്മലോകത്തിൽ വസിക്കുകയും കല്പാവസാനത്തിൽ മുക്തനാകുകയും ചെയ്യുന്നു.

"ഇമംമാനവമാവൎത്തം നാവൎത്തതേ ന സ പുനരാവൎത്തതേ ന സ പുനരാവൎത്തതേ" "ബ്രഹ്മണാസഹതേസൎവ്വേ" എന്ന ശ്രുതി നിൎഗ്ഗുണോപാസകനു ബ്രഹ്മലോകത്തിൽവെച്ച് മുക്തിഫലത്തെ ഉറപ്പിച്ചിരിക്കുന്നു.

147. പ്രണവോപാസ്തയഃ പ്രായോ നിൎഗ്ഗുണാ ഏവ വേദഗാഃ
കചിൽസഗ്ഗുണതാപ്യുക്താ പ്രണവോപാസനസ്യ ഹി.

പ്രണവോപാസ്തയഃ=പ്രണവോപാസനകൾ. പ്രായനിൎഗ്ഗുണാഃഏവ=അധികവും നിൎഗ്ഗുണങ്ങൾ എന്നാണ്. വേദഗാഃ=വേദങ്ങളിൽ കാണുന്നത്. കചിൽസഗ്ഗുണതാഅപി=ചിലേടത്ത് സഗ്ഗുണതയും പ്രണവോപാസകസ്യ=പ്രണവോപാസകനു. ഉക്താഹി=പറയപ്പെട്ടിരിക്കുന്നു.

സകാമനിൎഗ്ഗുണോപാസകന്മാർ വീണ്ടും സംസാരത്തിലേക്കു വരുന്നില്ല. കല്പാവസാനത്തിൽ മുക്തന്മാരാകും എന്നു പറഞ്ഞതിന്നുശേഷം പ്രസംഗവശാൽ പ്രണവോപാസനയുടെ വകഭേദത്തെ കാണിക്കുന്നു:—പ്രണവോപാസന അധികവും നിൎഗ്ഗുണം എന്നാണ് വേദത്തിൽ കാണപ്പെടുന്നത്. എന്നാൽ ചിലേടങ്ങളിൽ പ്രണവോപാസകനു സഗ്ഗുണോപാസകത്വവും പറയപ്പെട്ടിട്ടുണ്ട്.

148. പരാപരബ്രഹ്മരൂപഓംകാരഉപവൎണ്ണിതഃ
പിപ്പലാദേന മുനിനാ സത്യകാമായ പൃച്ഛതേ.

പിപ്പലാദേനമുനിനാ=പിപ്പലാദൻ എന്ന മുനിയാൽ. പൃച്ഛതേസത്യകാമായ=ചോദ്യംചെയ്ത സത്യകാമനായിക്കൊണ്ട്. പരാപരബ്രഹ്മരൂപഃഓങ്കാരഃ=പരവും അപരവുമായ ബ്രഹ്മസ്വരൂപമുള്ള ഓങ്കാരം. ഉപവൎണ്ണിതഃ=വൎണ്ണിക്കപ്പെട്ടിരിക്കുന്നു.

രണ്ടുവിധം ഓങ്കാരോപാസനം എന്നു കാണിക്കുന്ന പ്രമാണം:—പിപ്പലാദൻ എന്ന മുനി, ചോദ്യംചെയ്ത സ്വശിഷ്യനായ സത്യകാമനോടു നിൎഗ്ഗുണവും സഗ്ഗുണവുമായ രണ്ടുവിധ ബ്രഹ്മത്തെ രണ്ടുവിധമായ ഓങ്കാരം കാണിക്കുന്നുവെന്നുപദേശിച്ചതായിട്ടു കാണുന്നുണ്ട്. "ഏതദ്വൈസത്യകാമപരംച അപരംച ബ്രഹ്മതദോംകാരസ്തസ്മാദ്വിദ്വാനേതേനൈവായതനേനഏകതരമന്വേതി" ഹേസത്യകാമ! ഇത് പരവും അപരവുമായ ഓങ്കാരമാകുന്നു. അതിനെ അറിയുന്ന വിദ്വാൻ ഈ ഓങ്കാരത്തെ ആശ്രയിച്ചിട്ടു നിൎഗ്ഗുണമോ സഗ്ഗുണമോ ആയ ബ്രഹ്മത്തിൽ ഒന്നിനെ പ്രാപിക്കും. എന്നാണ് പ്രശ്നോപനിഷത്തിൽ കാണുന്ന വാക്യത്തിന്റെ അൎത്ഥം.

149. ഏതദാലംബനം ജ്ഞാത്വാ യോ യദിച്ഛതി തസ്യ തത്
ഇതിപ്രോക്തം യമേനാപി പൃച്ഛതേ നചികേതസേ.

ഏതത് ആലംബനം ജ്ഞാത്വാ=ഈ അവലംബനത്തെ അറിഞ്ഞിട്ടു. യഃയത് ഇച്ഛതി=ഏതൊരുവൻ ഏതിനെ ഇച്ഛിക്കുന്നുവോ. തസ്യതത് ഇതി=അവന്നതു കിട്ടുന്നു. ഇതി യമേന അപി=എന്നു യമനാലും. പൃച്ഛതേ നചികേതസേ പ്രോക്തം=ചോദിച്ച ശിഷ്യനായ നചികേതസ്സിനോടു പറയപ്പെട്ടിരിക്കുന്നു.

കഠവല്ലിയെന്ന ഉപനിഷത്തിൽ ഓംകാരത്തെ രണ്ടുവിധമായ ഉപാസനകൾക്ക് ആലംബനമായി പറഞ്ഞിട്ടുള്ളതിനെ കാണിക്കുന്നു:—ഈ ഓംകാരം പരവും അപരവുമായ രണ്ടുവിധമായ ഉപാസനകൾക്കും ആശ്രയമായിട്ടറിയുന്ന യാതൊരുവൻ ഏതിനെ ഇച്ഛിച്ചുപാസിക്കുന്നുവോ അവന്നതു കിട്ടുന്നുവെന്ന് ശിഷ്യനായ നചികേതസ്സിന്റെ ചോദ്യത്തിന്നുത്തരമായിട്ടു പറഞ്ഞിരിക്കുന്നു.

150. ഇഹവാ മരണേചാസ്യ ബ്രഹ്മലോകേഽഥവാഭവേത്
ബ്രഹ്മസാക്ഷാൽകൃതിഃ സമ്യഗുപാസീനസ്യ നിൎഗ്ഗുണം.

സമ്യക്നിൎഗ്ഗുണം ഉപാസീനസ്യ അസ്യ=വേണ്ടുംവിധം നിൎഗ്ഗുണത്തെ ഉപാസിക്കുന്നവനു. ഇഹവാമരണേച=ഈ ദേഹത്തിലോ മരണത്തിലോ. അഥവാ ബ്രഹ്മലോകേ=അല്ലെങ്കിൽ, ബ്രഹ്മലോകത്തിലൊ. ബ്രഹ്മസാക്ഷാൽകൃതിഃ ഭവേത്=ബ്രഹ്മസാക്ഷാൽകാരമുണ്ടാകും.

ഇപ്പോൾ ഓംകാരോപാസനഫലത്തെ അവസാനിപ്പിക്കുന്നു:—വേണ്ടുന്നവിധത്തിൽ ഓംകാരത്തെ ആശ്രയിച്ച് നിർഗ്ഗുണബ്രഹ്മത്തെ ഉപാസിക്കുന്നവന്ന് ജീവിച്ചിരിക്കുമ്പോൾതന്നെയോ മരണസമയത്തിലോ അല്ലെങ്കിൽ ബ്രഹ്മലോകത്തിൽവെച്ചോ ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കും.

151. അത്ഥോയമാത്മഗീതായാ മപി സ്പഷ്ട മുദീരിതഃ
വിചാരാക്ഷമ ആത്മാന മുപാസീതേതി സന്തതം.

വിചാരാക്ഷമഃ=വിചാരംചെയ്യാൻ സമത്ഥനല്ലാത്തവൻ. സന്തതം ആത്മാനം ഉപാസീത ഇതി=എപ്പോഴും ആത്മാവിനെ ഉപാസിക്കേണം എന്ന്. അയംഅത്ഥഃ=ഈ അത്ഥം. ആത്മഗീതായാം അപി=ആത്മഗീതയിലും. സ്പഷ്ടം ഉദീരിതഃ=വെളിവായി പറയപ്പെട്ടിട്ടുണ്ട്.

പ്രകൃതി പുരുഷവിവേചനദ്വാരാ ആത്മാവിനെ സാക്ഷാൽകരിപ്പാൻ സമത്ഥനല്ലാത്തവൻ എപ്പോഴും ആത്മാവിനെ ഉപാസിക്കേണമെന്ന് ആത്മഗീതയിലും സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

152. സാക്ഷാൽകത്തുമശക്തോപി ചിന്തയേന്മാമശംകിതഃ
കാലേനാനുഭവാരൂഢോ ഭവേദാഫലിതോ ധ്രുവം.

സാക്ഷാൽകത്തുംഅശക്തഃഅപി=സാക്ഷാൽകരിക്കാൻ സാമത്ഥ്യമില്ലാത്തവനും. അശംകിതഃ മാംചിന്തയേത്=സംശയംകൂടാത്തവനായിട്ട എന്നെ ചിന്തിക്കേണം. കാലേനഅനുഭവാരൂഢഃ=കാലംകൊണ്ടു അനുഭവത്തിൽ ആരൂഢനായിട്ട്. ആഫലിതഃധ്രുവംഭവേത് = പൂൎണ്ണമായ ഫലത്തെ നിശ്ചയമായും പ്രാപിക്കും.

ആത്മഗീതാവാക്യത്തെ കാണിക്കുന്നു:—സാക്ഷാത്തായറിവാൻ സാമത്ഥ്യമില്ലാത്തവനും സംശയാദിഭാവങ്ങൾ കൂടാതെ എന്നെ ചിന്തിക്കേണം. കാലംകൊണ്ടു അനുഭവമുള്ളവനായിട്ട പരിപൂൎണ്ണഫലമായ മോക്ഷത്തെ പ്രാപിക്കും, നിശ്ചയം.

153. യഥാഗാധനിധേ ൎല്ലബ്ധൌ നോപായഃ ഖനനം വിനാ
മല്ലാഭേപി തഥാസ്വാത്മചിന്താം മുക്ത്വാ നചാപരഃ.

അഗാധനിധെഃലബ്ധൌ=അഗാധത്തിലിരിക്കുന്ന നിധി ലഭിക്കുന്നതിൽ. ഖനനംവിനായഥാ ഉപായഃനാ=കുഴിക്കുന്നതല്ലാതെ അന്യമായ ഉപായം എപ്രകാരമില്ലയോ. തഥാമല്ലാഭേഅപി=അപ്രകാരം എന്നെ ലഭിക്കുന്നതിലും. സ്വാത്മചിന്താംമുക്ത്വാ=സ്വാത്മചിന്തയെ കൂടാതെ. അപരഃനച=അന്യോപായമില്ല.

ഭൂമിയുടെ അടിയിൽ കിടക്കുന്ന നിധി ലഭിക്കേണമെങ്കിൽ വെട്ടിക്കിളക്കുന്നതായ ഉപായം മാത്രമല്ലാതെ മറെറാരുപായം എപ്രകാരമില്ലയോ അപ്രകാരം എന്നെ ലഭിക്കാനും സ്വാത്മഭൂതനായ എന്നെ ധ്യാനിക്കുന്നതല്ലാതെ മറെറാരുപായമില്ല.

154. ദേഹോപല മപാകൃത്യ ബുദ്ധികുദ്ദാലകാൽ പുനഃ
ഖാത്വാ മനോഭുവം ഭൂയോ ഗൃഹ്ണീയാന്മാം നിധിം പുമാൻ.

ദേഹോപലംഅപാകൃത്യ=ദേഹമാകുന്ന കല്ലിനെ നീക്കംചെയ്തിട്ട്. പുനഃബുദ്ധികുദ്ദാലകാൽ=പിന്നെ ബുദ്ധിയാകുന്ന കുന്താളംകൊണ്ട്. മനോഭുവംഖാത്വാ=മനസ്സാകുന്ന ഭൂമിയെ പിളൎന്നിട്ട്. ഭൂയഃപുമാൻമാംനിധിംഗൃഹ്ണീയാത്=പിന്നെ പുരുഷൻ ഞാനാകുന്ന നിധിയെ ഗ്രഹിക്കേണം.

വ്യതിരേകമുഖത്താൽ പറഞ്ഞ ദൃഷ്ടാന്തത്തെ അന്വയമുഖേന കാണിക്കുന്നു:—ദേഹമാകുന്ന കല്ലിനെ നീക്കം ചെയ്തിട്ട മനസ്സാകുന്ന ഭൂമിയെ ബുദ്ധിയാകുന്ന കുന്താളം എന്ന ആയുധത്താൽ കിളച്ചിട്ട പ്രത്യഗഭിന്നബ്രഹ്മസ്വരൂപനായ ഞാനാകുന്ന നിധിയെ പുരുഷൻ ഗ്രഹിക്കേണം.

155. അനുഭൂതേ രഭാവേപി ബ്രഹ്മാസ്മീത്യേവ ചിന്ത്യതാം
അപ്യസൽ പ്രാപ്യതേധ്യാനാ ന്നിത്യാപ്തം ബ്രഹ്മ കിംപുനഃ

അനുഭൂതേഃ അഭാവേ അപി=അനുഭവം ഉണ്ടായിട്ടില്ലെങ്കിലും. ബ്രഹ്മഅസ്മിഇതിഏവചിന്ത്യതാം=ഞാൻ ബ്രഹ്മമാകുന്നുവെന്നുതന്നെ ചിന്തിക്കപ്പെടേണം. അസത്അപിധ്യാനാത്പ്രാപ്യതേ = ഇല്ലാത്ത വസ്തുവും ധ്യാനത്താൽ പ്രാപിക്കപ്പെടുന്നു. പുനഃനിത്യാപ്തംബ്രഹ്മകിം=പിന്നെ നിത്യപ്രാപ്തമായ ബ്രഹ്മം പ്രാപിക്കപ്പെടുമെന്നതു പറയേണമോ.

ജ്ഞാനത്തിൽ സമത്ഥനല്ലാത്ത പുരുഷന്നു ധ്യാനത്തിൽ അധികാരം എന്ന അന്യപ്രമാണങ്ങളേയും കാണിക്കുന്നു:—ആത്മസാക്ഷാൽകാരം ഇല്ലാതിരുന്നാലും ഞാൻ ബ്രഹ്മമാകുന്നുവെന്നുതന്നെ എ

പ്പോഴും ചിന്തിക്കേണം. ഇല്ലാത്തതായ വസ്തുവുംകൂടെ നിരന്തരധ്യാനശക്തിയാൽ ലഭിക്കും. അങ്ങിനെയിരിക്കെ നിത്യസിദ്ധമായ ബ്രഹ്മം സിദ്ധമാകുമെന്നു പറയേണമോ. നിശ്ചയമായും സിദ്ധിക്കും.

156. അനാത്മബുദ്ധിശൈഥില്യം ഫലം ധ്യാനാദ്ദിനേദിനേ
പശ്യന്നപി നചേദ്ധ്യായേൽ കോ ऽ പരോ ऽ സ്മാൽപശുർവ്വദ.

ധ്യാനാൽദിനേദിനേ = ധ്യാനംനിമിത്തം ദിവസന്തോറം. ആനാത്മബുദ്ധിശൈഥില്യംഫലം=ആനാത്മബുദ്ധി ശിഥിലമാകുന്നതായ ഫലം. പശ്യൻഅപിചേൽനധ്യായേൽ=കാണുന്നവനായിരുന്നിട്ടും ധ്യാനം ചെയ്യുന്നില്ലെങ്കിൽ. അസ്മാൽഅപരഃപശുഃകഃവദ = ഇവനിൽനിന്നു അന്യമായ പശു ആരാകുന്നു, പറയുക.

ധ്യാനംനിമിത്തം അനാത്മബുദ്ധി ദിവസംതോറം ക്ഷയിച്ചുവരുന്നതായ ഫലം—ആത്മാവിൽ അറിവുറക്കുന്നതായ ഫലം—അനുഭവപ്പെട്ടുകൊണ്ടിരിക്കേ ദൃഢമായി വീണ്ടും ധ്യാനിക്കാതെയിരിക്കുന്നുവെങ്കിൽ അവൻ ഒരു മൃഗംതന്നെയെന്നതിൽ എന്തു സംശയം, പറയുക. ധ്യാനംകൊണ്ടു ആത്മബോധം ക്രമത്തിൽ സിദ്ധിക്കും എന്നു ഉറപ്പോടുകൂടെ ധ്യാനം ശീലിക്കേണ്ടതത്ത്യാവശ്യം എന്നു സാരം.

157. ദേഹാഭിമാനം വിധ്വസ്യ ധ്യാനാദാത്മാന മദ്വയം
പശ്യന്മർത്ത്യോ ऽ മൃതോഭൂത്വാ ഹ്യത്രബ്രഹ്മ സമശ്നുതേ.

ധ്യാനാൽദേഹാഭിമാനംവിധ്വസ്യ=ധ്യാനംകൊണ്ടു ദേഹാഭിമാനത്തെ വിധ്വംസനം ചെയ്തിട്ടു. അദ്വയം ആത്മാനം പശ്യൻ=അദ്വയനായ ആത്മാവിനെ കാണുന്നവനായിട്ടു. മർത്ത്യഃ അമൃതഃ ഭൂത്വാ=മരണധർമ്മമുള്ള മനുഷ്യൻ മരിക്കാത്തവനായി ഭവിച്ചിട്ടു. അത്രഹി ബ്രഹ്മസമശ്നുതേ=ഇവിടെത്തന്നെ ബ്രഹ്മത്തെ അനുഭവിക്കുന്നു.

ആത്മധ്യാനം നിമിത്തം ദേഹത്തിൽ ഞാനെന്ന ഭാവത്തെ നശിപ്പിച്ചിട്ടു ഞാൻ മരണമില്ലാത്ത ആത്മാവുതന്നെയെന്ന പ്രത്യഗഭിന്നബ്രഹ്മസ്വരൂപത്തെ സാക്ഷാത്തായറിഞ്ഞിട്ടു ഈ ദേഹത്തോടുകൂടെത്തന്നെ ബ്രഹ്മമായി ഭവിക്കുന്നു, എന്നു് ധ്യാനത്തിന്റെ പരമഫലത്തെ പറഞ്ഞിരിക്കുന്നു.

158. ധ്യാനദീപമിമംസമ്യക്പരാമൃശതിയോനരഃ
മുക്തസംശയഏവായംധ്യായതിബ്രഹ്മസന്തതം.

യഃ നരഃ ഇമം ധ്യാനദീപം=യാതൊരു മനുഷ്യൻ ഈ ധ്യാനദീപത്തെ. സമ്യക്പരാമൃശതി=വേണ്ടവിധം സ്മരിക്കുന്നുവോ. അയം മുക്തസംശയഃ ഏവ=അവൻ സംശയമില്ലാത്തവനായിട്ടുതന്നെ. സന്തതം ബ്രഹ്മധ്യായതി=എപ്പോഴും ബ്രഹ്മത്തെ ധ്യാനിക്കും.

ഈ ധ്യാനദീപം എന്ന പ്രകരണത്തെ ചിന്തിക്കുന്നതിന്റെ ഫലം പറയുന്നു:— യതൊരു മനുഷ്യൻ ഈ ധ്യാനദീപത്തെ മനസ്സിരുത്തി നന്നായി സ്മരിക്കുന്നുവോ അവൻ സംശയരഹിതനായിട്ടു നിരന്തരം ബ്രഹ്മധ്യാനത്തെ ചെയ്യുന്നവനായി വരും.

ഇതി ശ്രീവിദ്യാരണ്യമുനിവര്യപ്രണീതമായ ധ്യാനദീപം എന്ന 9-ാം പ്രകരണം സമാപ്തം.

ശുഭം ഭൂയാത്.

ഓം. തത്. സത്.

ശ്രീപഞ്ചദശി നാടകദീപം എന്ന 10-ാം പ്രകരണത്തിലെ സാരസംഗ്രഹം.

മന്ദബുദ്ധികൾക്കും ആത്മസാക്ഷാൽകാരം ലഭിപ്പാനുപകരിക്കുന്നവിധത്തിൽ പ്രപഞ്ചസൃഷ്ട്യാദികളായ സർവ്വേശ്വരലീലകളെ നാടകരൂപത്തിൽ കാണിക്കുന്നു. പരിപൂർണ്ണനും അദ്വിതീയനും, ആനന്ദസ്വരൂപനുമായ പരമാത്മാവു്, സൃഷ്ടി ആരംഭിച്ചപ്പോൾ തന്നിൽ ലയിച്ചിരിക്കുന്ന മായയെ ഉല്ലസിപ്പിച്ചു. ആകാശാദിപഞ്ചഭൂതങ്ങളെയും ഭൌതികങ്ങളെയും പ്രകാശിപ്പിച്ചു. ദേവമനുഷ്യതിര്യ്ഗാദി സകലത്തിലും താൻതന്നെ ജീവനായിട്ടു പ്രവേശിച്ചു. വിഷ്ണ്വാദിസ്വരൂപനായിട്ടു സേവ്യനായും മനുഷ്യാദിസ്വരൂപത്തിൽ പ്രവേശിച്ചിട്ടു സേവകനായുമിരിക്കുന്നു. ഇങ്ങിനെ ഒരേവസ്തു:—പരമാത്മാ—ലോകമായും ജീവനായും ഈശ്വരനായും ഒരേസമയത്തിൽ കാണപ്പെടുന്നു. ഒരു നാടൻ ഒരിക്കൽ സ്ത്രീവേഷം

അനന്തരം പുരുഷവേഷം മററൊരിക്കൽ മഹർഷിവേഷം ഇങ്ങിനെ മാറിമാറി വേഷംധരിച്ചു കളിക്കുന്നതു പോലെ സർവ്വേശ്വരൻ കളിയാടുന്നു. ജീവനും ജഗത്തും മിഥ്യ. ഈശ്വരൻ മാത്രം സത്യം. നടൻ ഒരുവൻ സത്യം. അവൻ ധരിച്ച വേഷങ്ങളെല്ലാം അസത്യം. ജീവന്നു സിദ്ധിക്കുന്ന മനുഷ്യാദിശരീരങ്ങൾ കൊണ്ടു ഈശ്വരനെ സേവിക്കുമ്പോൾ അനാദിയായ അജ്ഞാനം കുറെശ്ശയായി നശിക്കുന്നു. ബഹുജന്മാരാധനയുടെ ഫലമായിട്ടു മനുഷ്യരിൽ ചിലൎക്കു ഞാനാരാകുന്നു? ദേഹമോ ഇന്ദ്രിയങ്ങളൊ മനസ്സൊ ബുദ്ധിയോ എന്നിങ്ങിനെ ആലോചിച്ചു തീൎപ്പുചെയ്യാനാഗ്രഹമുണ്ടാകുന്നു. ഇതിനെ മോക്ഷേച്ഛയെന്നു പറയുന്നു. ഇതുണ്ടാകുമ്പോൾ ക്രമത്തിൽ ശാസ്ത്രസജ്ജനസൽഗുരുസംസൎഗ്ഗത്താൽ അജ്ഞാനം നിശ്ശേഷം നശിക്കയും ജീവനും ലോകവും അസത്യമാണെന്നും പരമാത്മാ മാത്രം സത്യമെന്നും ആ സത്യംതന്നെ സ്വസ്വരൂപമെന്നും സാക്ഷത്തായറിയുന്നു. ഇതുവരെ ഇങ്ങിനെ വിചാരം ചെയ്യാഞ്ഞതിനാൽ ഉണ്ടെന്നു തോന്നിയസംസാരബന്ധം ഇപ്പോൾ ചെയ്ത വിചാരംനിമിത്തം നശിച്ചു. ഇതുതന്നെ മോക്ഷം. നാടകശാലയിൽ നാഥനെപ്പോലെ ദേഹത്തിൽ അഹങ്കാരം. കാഴ്ചക്കാരെപ്പോലെ ശബ്ദാദിവിഷയങ്ങൾ. നാടകം കാണുമ്പോളുണ്ടാകുന്ന ശൃംഗാര വീരകരുണാദി രസഭാവങ്ങളെന്നപോലെ സംസാരവിഷയാനുഭാവത്തിലുണ്ടാകുന്ന സന്തോഷ സന്താപാദിവികാരങ്ങൾ. നാടകശാലയിലെ ഭദ്രദീപം ഒന്നും ചെയ്യാതെയും എങ്ങും പോകാതെയും എല്ലാററിനേയും പ്രകാശിപ്പിക്കുന്നതുപോലെ പരമാത്മാവു് ഒന്നും ചെയ്യാതെയും വികാരപ്പെടാതെയും ഒരേസ്ഥാനത്തിൽ-ഹൃദയത്തിൽ-വിളങ്ങുന്നു. ആ ഏകവസ്തുവിൽ സൎവ്വദാ മനസ്സിരുത്തേണ്ടതാവശ്യം. അങ്ങിനെ ചിരകാലം അഭ്യസിക്കുന്നവൎക്കു ആത്മസാക്ഷാൽകാരം സിദ്ധിക്കും. ആത്മാവു് സൎവ്വത്ര പരിപൂൎണ്ണൻ. ഉള്ളു്, പുറം, ദിക്ക്, ദേശം, വസ്തു, എന്നിങ്ങിനെയെല്ലാം പറയുന്നതു് അസത്യമായ ലോകവ്യവഹാരത്തെ അപേക്ഷിച്ചു മാത്രമാണു്. ആത്മാവിൽസ്വതെ ഈ ഭേദങ്ങളൊന്നുമില്ല. സങ്കല്പങ്ങളെയെല്ലാം ഉപേക്ഷിച്ചാൽ അവശേഷിക്കുന്നതു യാതൊന്നോ അതുതന്നെ ആത്മാവു്—സൎവ്വസങ്കല്പത്യാഗം സാധ്യമല്ലെങ്കിൽ ബുദ്ധിയെയും വൃത്തികളെയും പ്രകാശിപ്പിക്കുന്നതു യാതൊന്നോ അതുതന്നെ ആത്മാവെന്നും കണ്ടുകൊൾക. ഇതുതന്നെ അപരോക്ഷജ്ഞാനരൂപമായ മോക്ഷം.

ശുഭംഭൂയാത്.

ഓം. തത്. സത്.

ശ്രീ പഞ്ചദശി.

നാടകദീപം 10-ാം പ്രകരണം.

---

1. പരമാത്മാദ്വയാനന്ദപൂൎണ്ണഃപൂൎവ്വം സ്വമായയാ
സ്വയമേവജഗൽഭൂത്വാപ്രാവിശത് ജീവരൂപതഃ.

പൂൎവ്വം അദ്വയാനന്ദപൂൎണ്ണഃ=പൂൎവ്വത്തിൽ അദ്വയാനന്ദപൂൎണ്ണനായ. പരമാത്മാ സ്വമായയാ=പരമാത്മാവു് തന്റെ മായയാൽ. സ്വയം ഏവ ജഗൽഭൂത്വാ=താൻതന്നെ ജഗത്തായി ഭവിച്ചിട്ടു. ജീവരൂപതഃ പ്രാവിശത്=(അതിൽ) ജീവസ്വരൂപനായി പ്രവേശിച്ചു.

ആരംഭിക്കുവാൻ ഭാവിക്കുന്ന നാടകദീപം നിൎവ്വിഘ്നമായി പരിസമാപ്തമാകേണ്ടതിന്നായി ഇഷ്ടദേവതയായ പരമാത്മാവിനെ സ്മരിച്ചുംകൊണ്ടു് ഗ്രന്ഥകൎത്താവു് മന്ദാധികാരികൾക്ക് എളുപ്പത്തിൽ നിഷ്പ്രപഞ്ചപരമാത്മബോധം ഉണ്ടാവാൻ "അധ്യാരോപാപവാദാഭ്യാം നിഷ്പ്രപഞ്ചം പ്രപഞ്ച്യതേ. ശിഷ്യാണാം ബോധസിധ്യൎത്ഥം തത്വജ്ഞൈഃ കല്പിതക്രമഃ" എന്ന പ്രമാണാനുസരണം അധ്യാരോപാപവാദങ്ങളെക്കൊണ്ടു പ്രപഞ്ചസംബന്ധമില്ലാത്തതായ പരമാത്മസ്വരൂപത്തെ നിരൂപിക്കുന്നു:— സൃഷ്ട്യാരംഭത്തിന്നു മുമ്പേ അദ്വയാനന്ദപരിപൂൎണ്ണനായ പരമാത്മാവു മാത്രമായിരുന്നു. അതു തന്റെ മായയാൽ താൻതന്നെ ജഗൽസ്വരൂപമായി ഭവിച്ചു. അതിൽ താൻതന്നെ ജീവസ്വരൂപമായി പ്രവേശിച്ചു.

ചൈതന്യത്തിൽ ആരോപിക്കപ്പെട്ട അഹങ്കാരാദികളെയും അവയെ പ്രകാശിപ്പിക്കുന്ന സാക്ഷിചൈതന്യത്തെയും നാടകരൂപത്തിൽ കല്പിക്കുന്നതുകൊണ്ടു് നാടകദീപം എന്നു് ഈ പ്രകരണത്തിന്നു പേർ നിശ്ചയിച്ചിരിക്കുന്നു. സൃഷ്ടിക്കു മുമ്പേ അദ്വയാനന്ദപരിപൂൎണ്ണപരമാത്മാവു മാത്രമുണ്ടായിരുന്നുവെന്നു

"സദേവസൌമ്യേദമഗ്ര ആസീത്" എന്ന ശ്രുതിയുപദേശിക്കുന്നു. ആ പരമാത്മാവ് ജ്ഞാനാനന്ദസ്വരൂപമാണെന്ന് "വിജ്ഞാനമാനന്ദംബ്രഹ്മ" എന്ന ശ്രുതി ബോധിപ്പിക്കുന്നു "പൂർണമദഃപൂർണ" ഇത് എല്ലാടവും നിറഞ്ഞതാണെന്നും ശ്രുതിയിൽ കാണുന്നു. "മായാംതു പ്രകൃതിം വിദ്യാത് മായിനംതു മഹേശ്വരം" മായ പ്രകൃതിയും മഹേശ്വരൻ മായയെ സ്വീകരിച്ചിട്ടു ജഗൽസൃഷ്ടി ചെയ്തുവെന്നും ശ്രുതിയുപദേശിക്കുന്നു. ജഗത്തിനെ സൃഷ്ടിച്ചിട്ടു അതിൽ ജീവസ്വരൂപനായി പ്രവേശിച്ചുവെന്ന് "തൽ സൃഷ്ട്വാ തദേവാനുപ്രാവിശത്" എന്ന ശ്രുതിയിൽ കാണുന്നു. ഇങ്ങിനെ ശ്രുതിപ്രമാണത്തെ അനുസരിച്ചിട്ടാണ് ആദ്യശ്ലോകത്തിലെ സാരമിരിക്കുന്നത്.

2. വിഷ്ണ്വാദ്യുത്തമദേഹേഷു പ്രവിഷ്ടോദേവതാഭവത്
മർത്ത്യാദ്യധമദേഹേഷു സ്ഥിതോഭജതിദേവതാം.

വിഷ്ണ്വാദ്യുത്തമദേഹേഷു പ്രവിഷ്ടഃ=വിഷ്ണു മുതലായ ഉത്തമദേഹങ്ങളിൽ പ്രവേശിച്ചവനായിട്ടു. ദേവതാ അഭവത്=ദേവതയായി ഭവിച്ചു മർത്ത്യാദ്യധമദേഹേഷു സ്ഥിതഃ=മനുഷ്യൻ മുതലായ അധമദേഹങ്ങളിൽ സ്ഥിതനായിട്ട്. ദേവതാം ഭജതി=ദേവതയെ ഭജിക്കുന്നു.

ഒരേ പരമാത്മാവ് സകല ശരീരങ്ങളിലും ജീവനായിരിക്കുന്നുവെങ്കിൽ പൂജ്യപൂജകഭാവം എങ്ങിനെ വന്നുവെന്ന ശങ്കക്കു സമാധാനം:—ആ പരമാത്മാവ് വിഷ്ണു മുതലായ ഉത്തമശരീരങ്ങളിൽ പ്രവേശിച്ചിട്ടു ദേവനായി_പൂജനീയനായി_ഭവിക്കുന്നു. മനുഷ്യാദ്യധമശരീരങ്ങളിൽ സ്ഥിതനായിട്ടു പൂജകനായും ഭവിക്കുന്നു. ശരീരങ്ങളാകുന്ന ഉപാധികൾ നിമിത്തമാണ് സേവ്യസേവകഭാവം ഉണ്ടായത്. അതുകൊണ്ടു് ഒരേ ആത്മാവുതന്നെ സേവ്യനും സേവകനുമാകുന്നതിൽ വിരോധമില്ല എന്നു സാരം.

3. അനേകജന്മഭജനാൽ സ്വവിചാരം ചികീർഷതി
വിചാരേണവിനഷ്ടായാം മായായാം ശിഷ്യതേ സ്വയം.

അനേകജന്മഭജനാത്=അനേകജന്മങ്ങളിൽ ഭജിക്കുന്നതുകൊണ്ടു. സ്വവിചാരം ചികീർഷതി=തന്നെകുറിച്ചു വിചാരംചെയ്യാൻ ആഗ്രഹമുണ്ടാകുന്നു. വിചാരേണ മായായാം വിനഷ്ടായാം=വിചാരത്താൽ മായ നശിക്കുമ്പോൾ. സ്വയം ശിഷ്യതേ=താൻ മാത്രമായവശേഷിക്കുന്നു.

ആത്മാവിൽ ദേഹാദികളുടെ അധ്യാസത്തെ ചുരുക്കമായി കാണിച്ചശേഷം അപവാദത്തേയും സംഗ്രഹിച്ചു കാണിക്കുന്നു:—അനേകജന്മങ്ങളിൽ ഈശ്വരനെ ഭജിക്കുന്നതുകൊണ്ടു തന്റെ സ്വരൂപത്തെ കുറിച്ചു വിചാരം ചെയ്വാൻ ആഗ്രഹമുണ്ടാകും. അപ്പോൾ മഹാവാക്യശ്രവണമനനാദികൾനിമിത്തം അഹങ്കാരാദിഭാവഹേതുവായ അജ്ഞാനം_മായ_നശിക്കും. അപ്പോൾ സകലോപാധികളിൽനിന്നും വേറിട്ടിരിക്കുന്ന സ്വാത്മാവായിട്ടവശേഷിക്കും

4. അദ്വയാനന്ദരൂപസ്യ സദ്വയത്വം ചദുഃഖിതാ
ബന്ധഃപ്രോക്തഃസ്വരൂപേണ സ്ഥിതിർമുക്തിരിതീര്യതേ.

അദ്വയാനന്ദരൂപസ്യ=അദ്വയവും ആനന്ദവുമായ സ്വരൂപത്തിന്. സദ്വയത്വംദുഃഖിതാച=രണ്ടോടു കൂടിയതും ദുഃഖമുള്ളതുമാണെന്ന ഭാവം. ബന്ധഃപ്രോക്തഃ=ബന്ധം എന്നു പറയപ്പെടുന്നു. സ്വരൂപേണ സ്ഥിതിഃ=സ്വരൂപത്തോടുകൂടിയ സ്ഥിതി. മുക്തിഃ ഇതി ഈര്യതെ=മുക്തിയെന്നും പറയപ്പെടുന്നു.

ആ ബ്രഹ്മംതന്നെ ഞാൻ എന്നറിയുന്നതുകൊണ്ടുതന്നെ മുക്തിയെന്നല്ലെയോ ശ്രുതി പറയുന്നതു്. അങ്ങിനെയിരിക്കെ പരമാത്മാവ് അവശേഷിക്കുന്നതുതന്നെ ജ്ഞാനഫലം എന്നു പറയുന്നതു് ശ്രുതിവിരുദ്ധം എന്ന ശങ്കതീർക്കാൻ ബന്ധത്തിന്റേയും മോക്ഷത്തിന്റേയും സ്വരൂപം കാണിക്കുന്നു:— പരമാർത്ഥത്തിൽ അദ്വയാനന്ദസ്വരൂപനായ ആത്മാവിനു അഹങ്കാരാദിദ്വന്ദ്വസാഹിത്യവും തന്നിമിത്തം ദുഃഖവുമുണ്ടെന്നുള്ള മോഹം യാതൊന്നോ അതു ബന്ധം എന്നും സ്വരൂപമാത്രമായിട്ടുള്ള സ്ഥിതി യാതൊന്നോ അതുതന്നെ മോക്ഷമെന്നും പറയപ്പെടുന്നു. സ്വതേ ആത്മാവിനു ബന്ധവും മോക്ഷവുമില്ല. തെററായ ധാരണയുടെ ഫലമാണ് ബന്ധവും മോക്ഷവും.

5. അവിചാരകൃതോബന്ധോവിചാരേണനിവർത്തതേ
തസ്മാൽജീവപരാത്മാനൌസർവ്വദൈവവിചാരയേത്.

അവിചാരകൃതഃബന്ധഃ = വിചാരമില്ലാത്തതിനാൽ ഉണ്ടെന്നു തോന്നിയ ബന്ധം. വിചാരേണനിവർത്തതേ=വിചാരത്താൽ നിവർത്തിക്കും. തസ്മാത് ജീവപരാത്മാനൌ = അതിനാൽ ജീവനേയും പരമാത്മാവിനേയും കുറിച്ചു്. സർവ്വദാഏവവിചാരയേത്=എപ്പോഴും വിചാരം ചെയ്യേണം.

അങ്ങിനെയാണെങ്കിൽ "കർമ്മണൈവഹിസംസിദ്ധിമാസ്ഥിതാജനകാദയഃ" എന്ന ഗീതാവാക്യത്താൽ കർമ്മംകൊണ്ടുതന്നെയാണ് സമ്യക്സിദ്ധിയുണ്ടാകുന്നതെന്നു കാണുന്നതിന്നു വിരോധം നേരിട്ടുന്നില്ലെയോ എന്ന ശങ്കക്കു സമാധാനം:—ഗീതയിലെ സംസിദ്ധിപദത്തിന്നു അന്തഃകരണപരിശുദ്ധിദ്വാരാസമ്യഗ്ദർശനയോഗ്യത സിദ്ധിക്കുമെന്നാണർത്ഥം. മോക്ഷം കർമ്മംകൊണ്ടു സിദ്ധിക്കുമെന്നഭിപ്രായമില്ല. സ്വരൂപത്തെ വിചാരംചെയ്തറിയാഞ്ഞതുകൊണ്ടു നേരിട്ട സംസാരബന്ധം സ്വരൂപവിചാരംകൊണ്ടുതന്നെ നശിക്കുകയുള്ളൂ. അതുകൊണ്ടു ജീവാത്മാവിന്റേയും പരമാത്മാവിന്റേയും സ്വരൂപത്തെകുറിച്ചു ബന്ധനിവൃത്തി സിദ്ധിക്കുന്നതുവരെ വിചാരം ചെയ്യേണം:

6. അഹമിത്യഭിമന്തായഃകർത്താസൌതസ്യസാധനം
മനസ്തസ്യക്രിയേഅന്തർബഹിർവൃത്തിക്രമോത്ഥിതേ.

യഃഅഹംഇതിഅഭിമന്താ=യാതൊരുവൻ ഞാനെന്നഭിമാനിക്കുന്നവനോ. അസൌകർത്താ=ഇവൻ കർത്താവാകുന്നു. തസ്യസാധനംമനഃ=അവന്റെ സാധനം—കരണം—മനസ്സാകുന്നു. തസ്യക്രമോത്ഥിതേ=അതിന്റെ ക്രമത്തിൽ ഉണ്ടാകുന്നതായ. അന്തർബഹിർവൃത്തി=ഉള്ളിലും പുറത്തുമുണ്ടാകുന്ന വ്യാപാരങ്ങൾ. ക്രിയേ=പ്രവൃത്തികൾ.

ചിദാഭാസസഹിതമായ യാതൊരന്തഃകരണം വ്യവഹാരാവസ്ഥയിൽ ദേഹേന്ദ്രിയാദികളിൽ "ഞാൻ" എന്നഭിമാനിക്കുന്നുവോ അതാകുന്നു കർത്തൃത്വാദിധർമ്മത്തോടുകൂടിയ ജീവൻ. അതിന്റെ കരണം—പ്രവൃത്തിക്കുള്ള സാധനമാകുന്നു മനസ്സ്. ആ മനസ്സിൽ ക്രമത്തിൽ ഉള്ളിലും പുറത്തുമുള്ള വൃത്തികൾതന്നെ ക്രിയകൾ. ജീവാത്മാവിനേയും പരമാത്മാവിനേയും വേർതിരിച്ചറിയേണ്ടതിന്നുവേണ്ടി ജീവസ്വരൂപത്തെ കാണിച്ചിരിക്കുന്നു.

7. അന്തർമ്മുഖാഹമിത്യേഷാവൃത്തിഃകർത്താരമുല്ലിഖേത്
ബഹിർമ്മുഖേദമിത്യേഷാബാഹ്യംവസ്ത്വിദമുല്ലിഖേത്.

അന്തർമ്മുഖാഅഹംഇതിവൃത്തിഃ = അന്തർഭാഗത്തിലുണ്ടാകുന്ന ഞാനെന്നവൃത്തി യാതൊന്നോ. ഏഷാകർത്താരംഉല്ലിഖേത്=ഇത് കർത്താവിനെ വിഷയമാക്കുന്നു. ബഹിർമ്മുഖാഇദംഇതി=ബഹിർഭാഗത്തിൽ ഇത് എന്ന വൃത്തിയാതൊന്നോ. ഏഷാബാഹ്യംഇദംവസ്തുഉല്ലിഖേത്=ഇത് പുറത്തു് ഇത് എന്നതിനെ വിഷയമാക്കും.

മനസ്സിന്നുള്ളിലും പുറത്തുമുള്ള വൃത്തികളേയും അവയുടെ വിഷയങ്ങളേയും വേർതിരിച്ചു കാണിക്കുന്നു:—അന്തർഭാഗത്തിൽ "ഞാൻ" എന്ന രൂപത്തിൽ വിളങ്ങുന്ന വൃത്തിയാകുന്നു കർത്തൃഭാവത്തെ വഹിക്കുന്നത്. പുറത്തേക്കുള്ള "ഇത്" എന്ന ഭാവം യാതൊന്നോ അതാകുന്നു പുറമേയുള്ള വിഷയങ്ങളെ അഭിമാനിക്കുന്നത്.

8. ഇദമോയേവിശേഷാഃസ്യുർഗ്ഗന്ധരൂപരസാദയഃ
അസാംകര്യേണതാൻവിദ്യാത്ഘ്രാണാദീന്ദ്രിയപഞ്ചകം.

ഇദമഃവിശേഷാഃയേ ഗന്ധരൂപാദയഃ സ്യുഃ = ഇത് എന്നതിന്റെ ഭേദങ്ങൾ ഗന്ധം രൂപം മുതലായവ ഏതെല്ലാമുണ്ടോ. താൻ ഘ്രാണാദീന്ദ്രിയപഞ്ചകം=അവയെ ഘ്രാണം മുതലായ അഞ്ചിന്ദ്രിയം. അസാംകര്യേണവിദ്യാത്=വെവ്വേറെയും അറിയും.

ജീവന്റെ സാധനം മനസ്സുമാത്രമാണെന്നുവന്നാൽ ഇന്ദ്രിയങ്ങൾ നിഷ്ഫലങ്ങൾ എന്നു ശങ്കിപ്പാനിടവരുന്നതാകയാൽ ഇന്ദ്രിയങ്ങളുടെ പ്രവൃത്തികളെ വേറെ കാണിക്കുന്നു:—മനസ്സ് സാമാന്യേന പുറത്തുള്ള വിഷയങ്ങളെ "ഇത്" എന്നു മാത്രം ധരിക്കും. ആ വിഷയങ്ങളിൽ ഗന്ധം, രൂപം, രസം എന്നിങ്ങിനെയുള്ള വിഭാഗങ്ങളെ ഘ്രാണം, നേത്രം, ജിഹ്വാ, മുതലായ അഞ്ചിന്ദ്രിയങ്ങൾ അറിയും.

9. കർത്താരംചക്രിയാംതദ്വത്‌വ്യാവൃത്തവിഷയാനപി
സ്ഫോരയേദേകയത്നേനയോസൌസാക്ഷ്യത്രചിദ്വപുഃ.

കർത്താരംക്രിയാംച=കർത്താവിനേയും ക്രിയയേയും. തദ്വത്‌വ്യാവൃത്തവിഷയാൻ അപി=അതുപോലെതന്നെ വിഭിന്നവിഷയങ്ങളേയും. ഏകയത്നേന=ഒരേയത്നത്താൽ. യഃ സ്ഫോരയേത്=യാതൊന്നു സ്ഫുരിപ്പിക്കുന്നുവോ. അസൌചിദ്വപുഃ=ഈ ചിദ്രൂപം. അത്രസാക്ഷീ=ഇതിൽ—വേദാന്തശാസ്ത്രത്തിൽ—സാക്ഷിയാകുന്നു.

സകല സാമഗ്രിയോടുകൂടിയ സ്വരൂപത്തെ പറഞ്ഞതിൽപിന്നെ പരമാത്മസ്വരൂപത്തെ കാ

ണിക്കുന്നു:—അഹങ്കാരാത്മകമായ കർത്താവിനേയും "ഞാൻ" "ഇതു്" എന്ന രൂപത്തിലിരിക്കുന്ന മനസ്സിന്റെ വൃത്തികളേയും ഘ്രാണാദീന്ദ്രിയപഞ്ചകം ഗ്രഹിക്കുന്ന വിഭിന്നഗന്ധാദിവിഷയങ്ങളേയും ഒരേ സമയത്തിൽ യാതൊരു ചിൽസ്വരൂപം—ശുദ്ധചൈതന്യം—പ്രകാശിപ്പിക്കുന്നുവോ—ആ സ്വരൂപത്തെ വേദാന്തശാസ്ത്രത്തിൽ സാക്ഷിചൈതന്യം എന്നു പറയുന്നു.

10. ഈക്ഷേശൃണോമിജിഘ്രാമി സ്വാദയാമി സ്പൃശാമ്യഹം
ഇതിഭാസയതേസർവ്വം നൃത്യശാലാസ്ഥദീപവത്.

അഹംഈക്ഷേ ശൃണോമി=ഞാൻ കാണുന്നു, കേൾക്കുന്നു. ജിഘ്രാമി സ്വാദയാമി സ്പൃശാമി=ഘ്രാണിക്കുന്നു. സ്വാദറിയുന്നു. സ്പർശിക്കുന്നു. ഇതിസർവ്വം ഭാസയതേ = എന്ന്:എല്ലാററിനേയും പ്രകാശിപ്പിക്കുന്നു. നൃത്യശാലാസ്ഥദീപവത്=നാടകശാലയിലുള്ള ദീപം എന്നപോലെ.

സാക്ഷിചൈതന്യം ഒരേസമയത്തിൽ സകലത്തെയും പ്രകാശിപ്പിക്കുന്നുവെന്നു പറഞ്ഞതിനെ ദൃഷ്ടാന്തപൂർവ്വം സ്പഷ്ടമാക്കുന്നു:— ഞാൻ കാണുന്നു. ഞാൻ കേൾക്കുന്നു. ഞാൻ വാസനയറിയുന്നു. ഞാൻ സ്വാദറിയുന്നു. ഞാൻ സ്പർശിക്കുന്നു. എന്നിങ്ങിനെ സകലത്തെയും പ്രകാശിപ്പിക്കുന്നു. കാണുന്നവൻ. കാഴ്ച, കാണത്തക്ക വസ്തു; കേൾക്കുന്നവൻ കേൾവി കേൾക്കത്തക്കശബ്ദം. എന്നിങ്ങിനെ കർത്താവ് കർമ്മം ക്രിയ എന്ന മൂന്നുവിധത്തിലിരിക്കുന്ന സർവ്വലോകത്തെയും സാക്ഷിചൈതന്യം പ്രകാശിപ്പിക്കുന്നു. ഒരേ സമയത്തിൽ എല്ലാററിനേയും നിർവ്വികാരമായി പ്രകാശിപ്പിക്കുന്നതിനു് ദൃഷ്ടാന്തം:—നാടകശാലയിൽ കളിക്കുന്നവരെയും കളിയേയും കാഴ്ചക്കാരെയും പ്രകാശിപ്പിക്കുന്ന ദീപം എന്നപോലെ. ദീപം ഒരേസ്ഥാനത്തിൽ ഒന്നിനോടും ചേർച്ചയില്ലാതെയിരുന്നുകൊണ്ടു സകലത്തെയും ഏതുവിധം പ്രകാശിപ്പിക്കുന്നുവോ അതുപോലെ സാക്ഷിചൈതന്യം എല്ലാററിനേയും പ്രകാശിപ്പിച്ചും വികാരപ്പെടാതെയും ഇരിക്കുന്നു.

11. നൃത്യശാലാസ്ഥിതോദീപഃ പ്രഭുംസഭ്യാംശ്ചനർത്തകീം
ദീപയേദവിശേഷേണ തദഭാവേപിദീപ്യതേ.

നൃത്യശാലാസ്ഥിതഃദീപഃ=നാടകശാലയിലിരിക്കുന്ന ദീപം പ്രഭുംസഭ്യാൻ നർത്തകീംച=പ്രഭുവിനെയും സഭയിലുള്ളവരേയും നടിയേയും. അവിശേഷേണദീപയേത്=വിശേഷംകൂടാതെ പ്രകാശിപ്പിക്കും. തദഭാവേഅപിദീപ്യതേ=അവയൊന്നും ഇല്ലാത്തപ്പോഴും സ്വയം പ്രകാശിക്കും.

ദീപദൃഷ്ടാന്തസാരം സ്പഷ്ടമാക്കുന്നു:—നാടകശാലയിലെ ദീപം, നാടകം നടത്തുന്ന പ്രഭുവിനെയും കാഴ്ചക്കാരെയും കളിക്കാരിയേയും ഒരുപോലെ അവരവരുടെ നിലയിൽ പോതുവായി പ്രകാശിപ്പിക്കും. അവയൊന്നുമില്ലാതിരിക്കുമ്പോഴും സ്വയമേവ പ്രകാശിക്കയും ചെയ്യും. ദീപസാന്നിധ്യമില്ലാതെയിരുന്നാൽ പ്രഭു മുതലായവർ പ്രകാശിക്കുകയില്ല. പ്രഭു മുതലായവരുടെ ഭാവത്തിൽ അവരെ പ്രകാശിപ്പിക്കുകയും അഭാവത്തിൽ താൻമാത്രമായി പ്രകാശിക്കുകയും ചെയ്യും. ഇതാണ് പ്രകാശ്യത്തിനും പ്രകാശകത്തിനും തമ്മിലുള്ള ഭേദം. പ്രകാശ്യം ജഡം. പ്രകാശകം ചൈതന്യം എന്നു ധരിക്കേണം.

12. അഹംകാരം ധിയംസാക്ഷീ വിഷയാനപിഭാസയേത്
അഹങ്കാരാദ്യഭാവേപി സ്വയംഭാത്യേവ പൂർവ്വവത്.

സാക്ഷീഅഹംകാരംധിയം=സാക്ഷി അഹങ്കാരത്തെയും ബുദ്ധിയേയും. വിഷയാൻഅപിഭാസയേത്=വിഷയങ്ങളെയും പ്രകാശിപ്പിക്കും. അഹങ്കാരാദ്യഭാവേ അപി=അഹങ്കാരംമുതലായവയില്ലെങ്കിലും. സ്വയംപൂർവ്വവത്ഭാതി ഏവ=താൻ മുമ്പേത്തെപോലെ ഭാസിക്കുകതന്നെചെയ്യും.

മുമ്പെ പറഞ്ഞ നാടകശാലാദീപദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു. അഹങ്കാരത്തെയും ബുദ്ധിയെയും വിഷയങ്ങളേയും സാക്ഷി പ്രകാശിപ്പിക്കുകയും അവയൊന്നും ഇല്ലാതിരിക്കുമ്പോഴും താൻ മുമ്പേത്തെപോലെ പ്രകാശിക്കുകയും ചെയ്യും. സുഷുപ്ത്യവസ്ഥയിൽ അഹങ്കാരാദികളൊന്നും ഇല്ലെന്നുള്ളതിനെ—അഭാവത്തെ—പ്രകാശിപ്പിക്കുകയും സ്വയം പ്രകാശിക്കുകയും ചെയ്യുന്നു.

13. നിരന്തരംഭാസമാനേ കൂടസ്ഥേ ജ്ഞപ്തിരൂപതഃ
തൽഭാസാഭാസമാനേയം ബുദ്ധിർനൃത്യത്യനേകധാ.

കൂടസ്ഥജ്ഞപ്തിരൂപതഃ നിരന്തരം ഭാസമാനേ=കൂടസ്ഥൻ ജ്ഞാനസ്വരൂപമായി എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ. ഇയംബുദ്ധിഃ തൽഭാസാ=ഈ ബുദ്ധി കൂടസ്ഥന്റെ പ്രകാശത്താൽ ഭാസമാനാ അനേകധാനൃത്യതി=വിളങ്ങുന്നതായിട്ടു അനേകവിധത്തിൽ നർത്തനംചെയ്യുന്നു.

നിർവ്വികാരസാക്ഷിചൈതന്യം, തന്റെ പ്രകാശത്താൽ എപ്പോഴും പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ ബുദ്ധി ഇതു ഘടം ഇതു പടം എന്നിങ്ങിനെ അറിഞ്ഞുകൊണ്ടു അനേകവിധത്തിൽ വികാരപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ സാരം:—ബുദ്ധിവൃത്തി അഹങ്കാരാദി ഭാവങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കേ ബുദ്ധിയിൽനിന്നും അന്യമായ സാക്ഷിചൈതന്യ കല്പനം എന്തിനായിട്ടാണെന്നു ശങ്കിക്കുന്നതിന്നു സമാധാനമാണിവിടെ പറഞ്ഞിരിക്കുന്നത്. എപ്പോഴും വികാരപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ജഡമായ ബുദ്ധിക്കു സ്വതഃ പ്രകാശമില്ല. കൂടസ്ഥചൈതന്യമാണ് ബുദ്ധിയെ പ്രകാശിപ്പിക്കുന്നത്. ആ ജ്ഞാനംകൊണ്ടാണ് ഘടാദി പദാർത്ഥങ്ങൾ വിളങ്ങുന്നത്. സർവ്വപ്രകാശകത്വം കൂടസ്ഥന്നുതന്നെ എന്നു ധരിക്കേണ്ടതാണ്.

14. അഹങ്കാരഃപ്രഭുഃസഭ്യാഃ വിഷയാ നർത്തകീ മതിഃ
താലാദിധാരിണ്യക്ഷാണി ദീപഃ സാക്ഷ്യവഭാസകഃ.

അഹങ്കാരഃപ്രഭുഃ=അഹങ്കാരം പ്രഭു. വിഷയാഃസഭ്യാഃ=വിഷയങ്ങൾ സഭയിലുള്ളവർ. മതിഃ നർത്തകീ=ബുദ്ധി നടി. അക്ഷാണി താലാദിധാരിണി=ഇന്ദ്രിയങ്ങൾ താളം മുതലായവ പിടിക്കുന്നവർ. അവഭാസകഃ സാക്ഷീദീപഃ=പ്രകാശിപ്പിക്കുന്ന സാക്ഷി ദീപം.

വിഷയഭോഗത്തിന്റെ സംപൂർണ്ണതയിൽ സന്തോഷം, അപൂർണ്ണതയിൽ സന്താപം എന്നിവയുള്ള അഹങ്കാരത്തിന്നു, നാടകത്തെ നടത്തുന്ന പ്രഭുവിന്റെ സ്ഥാനവും, നാലുഭാഗത്തും ഇരിക്കുന്ന വിഷയങ്ങൾക്കു സഭ്യന്മാരുടെ സ്ഥാനവും, നാനാവിധവികാരമുള്ള ബുദ്ധിക്കു നർത്തകിയുടെ സ്ഥാനവും, ബുദ്ധിവൃത്തികളെ അനുകരിക്കുന്ന ഇന്ദ്രിയങ്ങൾക്ക് താലാദി വാദ്യങ്ങളെ പ്രയോഗിക്കുന്നവരുടെ സ്ഥാനവും ഇവയെ എല്ലാം പ്രകാശിപ്പിക്കുന്ന സാക്ഷിക്കു നാടകശാലയിലെ ദീപസ്ഥാനവും കല്പിക്കപ്പെട്ടിരിക്കുന്നു.

15. സ്വസ്ഥാനസംസ്ഥിതോദീപഃ സർവ്വതോ ഭാസയേദ്യഥാ
സ്ഥിരസ്ഥായീതഥാസാക്ഷീബഹിരന്തഃപ്രകാശയേത്.

ദീപഃയഥാസ്വസ്ഥാനസംസ്ഥിതഃ=ദീപം എപ്രകാരം സ്വസ്ഥാനത്തിൽ ഇരുന്നുകൊണ്ടു്. സർവ്വതഃഭാസയേത്=എല്ലാ ഭാഗത്തും പ്രകാശത്തെ ജനിപ്പിക്കുന്നുവോ. തഥാസ്ഥിരസ്ഥായി സാക്ഷീ=അപ്രകാരം സ്ഥിരമായിരിക്കുന്ന സാക്ഷിചൈതന്യം. ബഹിഃഅന്തഃപ്രകാശയേത്=പുറത്തും അകത്തും പ്രകാശിപ്പിക്കും.

അങ്ങിനെയാകുമ്പോൾ അഹങ്കാരാദികളെ പ്രകാശിപ്പിക്കുന്ന സാക്ഷിക്ക് അഹങ്കാരാദിസംബന്ധവും അവയുടെ അഭാവത്തിൽ നാശവും ഉണ്ടാകുന്നില്ലേയോ എന്ന ശങ്കയെ പരിഹരിപ്പാനായി പറയുന്നു:—എപ്രകാരമോ ദീപം വികാരമൊന്നുമില്ലാതെ സ്വസ്ഥാനത്തിലിരുന്നുകൊണ്ടു് സകല പദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നത്, അപ്രകാരം നിർവ്വികാരസാക്ഷിചൈതന്യം ത്രികാലത്തിലും നശിക്കാതെയും ചലിക്കാതെയും ഇരുന്നുകൊണ്ടു ഉള്ളിലും പുറത്തുമുള്ള സകല വൃത്തികളേയും വിഷയങ്ങളേയും പ്രകാശിപ്പിക്കുന്നു.

16. ബഹിരന്തർവ്വിഭാഗോയംദേഹാപേക്ഷോനസാക്ഷിണി
വിഷയാബാഹ്യദേശസ്ഥാദേഹസ്യാന്തരഹംകൃതിഃ.

അയംബഹിരന്തർവ്വിഭാഗഃ=ഉള്ളെന്നും പുറമെന്നുമുള്ള ഈ വിഭാഗം. ദേഹാപേക്ഷഃ=ദേഹത്തെ അപേക്ഷിച്ചിട്ടുള്ളതാകുന്നു. ന സാക്ഷിണി_സാക്ഷിയിൽ ഇല്ല. വിഷയാഃബാഹ്യദേശസ്ഥാഃ=വിഷയങ്ങൾ പുറത്തുള്ളവ. ദേഹസ്യഅന്തഃഅഹംകൃതിഃ=ദേഹത്തിന്റെ ഉള്ളിൽ അഹങ്കാരം.

സാക്ഷിചൈതന്യം ഉള്ളിലും പുറത്തും വിളങ്ങുന്നുവെന്നു പറയുന്നതു യുക്തമല്ല. എന്തുകൊണ്ടെന്നാൽ "അപൂർവ്വമനപരമനന്തരമബാഹ്യം" മുമ്പിലും പിന്നിലും ഉള്ളതല്ല:—കാരണവും കാര്യവും ആയിരിക്കുന്ന വസ്തുവല്ല ഉള്ളും പുറവും എന്ന വിഭാഗവും ഉള്ളതല്ല എന്ന ശ്രുതിയുള്ളതിനാൽ എങ്ങിനെ ഉള്ളെന്നും പുറമെന്നും വിഭജിച്ചു പറയുന്നുവെന്ന ശങ്കയെ തീർക്കുന്നു:—ഉള്ളെന്നും പുറമെന്നും പറഞ്ഞതു് ദേഹത്തെ അപേക്ഷിച്ചിട്ടാണ്. സാക്ഷിയിൽ ഉള്ള വിഭാഗമല്ല. ദേഹത്തിന്റെ പുറമെയുള്ളവ വിഷയങ്ങൾ. ഉള്ളിൽ അഹങ്കാരാദികൾ. അവയെ പ്രകാശിപ്പിച്ചുംകൊണ്ടു ഉള്ളെന്നും പുറമെന്നും വിഭാഗമില്ലാത്ത സാക്ഷി വിളങ്ങുന്നുവെന്നാണഭിപ്രായം.

17. അന്തസ്ഥാധീഃ സഹൈവാക്ഷൈർബഹിര്യ്യാതി പുനഃ പുനഃ
ഭാസ്യബുദ്ധിസ്ഥചാംചല്യം സാക്ഷിണ്യാരോപ്യതേ വൃഥാ.

അന്തസ്ഥാധീഃ അക്ഷൈഃ സഹ ഏവ=ഉള്ളിലിരിക്കുന്ന ബുദ്ധി ഇന്ദ്രിയങ്ങളോടുകൂടെത്തന്നെ. പുനഃ പു

നഃ ബഹിഃ യാതി=വീണ്ടും വീണ്ടും വെളിയിൽ വരുന്നു. ഭാസ്യബുദ്ധിസ്ഥചാഞ്ചല്യം=ഭാസിപ്പിക്കപ്പെടുന്ന ബുദ്ധിയിലുള്ള ചഞ്ചലത. സാക്ഷിണി=സാക്ഷിയിൽ. വൃഥാ ആരോപ്യതേ=വെറുതെ ആരോപിക്കപ്പെടുന്നു.

എന്നാൽ നിർവ്വികാരിയായ സാക്ഷി ഉള്ളിലും പുറത്തും പ്രകാശിക്കുന്നുവെന്നും, ധീവൃത്തിയെ പ്രകാശിപ്പിക്കുന്ന സാക്ഷി "ഞാൻ ഘടത്തെ അറിയുന്നു പടത്തെ അറിയുന്നു" എന്നിങ്ങിനെ ബാഹ്യപദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നുവെന്നും പറയുന്നതു എങ്ങിനെ യുക്തമാകും എന്ന ശങ്കക്കു പരിഹാരം:—ദേഹത്തിന്നുള്ളിലിരിക്കുന്ന ബുദ്ധി, നേത്രാദീന്ദ്രിയങ്ങളിൽക്കൂടെ അടിക്കടി വെളിക്കു സഞ്ചരിക്കുന്നു. പദാർത്ഥങ്ങളെ അറിവാനുള്ള ജ്ഞാനം സാക്ഷിയിൽനിന്നു ബുദ്ധിക്കു കിട്ടുന്നതുമുണ്ടു്. ആ ബുദ്ധിവൃത്തിയാണു് പദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നതു് ബുദ്ധിക്കുള്ള ഈ ചാഞ്ചല്യത്തെ അറിവാൻ സൂക്ഷ്മജ്ഞാനമില്ലാത്തവർ സാക്ഷിയിൽ ആരോപിക്കുന്നതു് മോഹം നിമിത്തമാകുന്നു. സത്യാവസ്ഥയിൽ സാക്ഷി ചലിക്കുന്നതേയില്ല. അതുകൊണ്ടു് നിർവ്വികാരിയാണു് സാക്ഷിയെന്നതിൽ സംശയത്തിന്നവകാശമില്ല. എന്നഭിപ്രായം.

18. ഗൃഹാന്തരഗതഃ സ്വല്പോ ഗവാക്ഷാദാതപോ ƒചലഃ
തത്ര ഹസ്തേ നർത്ത്യമാനേ നൃത്യതീവാതപോ യഥാ.

ഗവാക്ഷാത് ഗൃഹാന്തരഗതഃ=ജനവാതിലിൽക്കൂടെ ഗൃഹാന്തർഭാഗത്തിൽ പ്രവേശിക്കുന്ന. സ്വല്പഃ ആതപഃ=അല്പമായ വെളിച്ചം. അചലഃ=ഇളകാതിരിക്കേ. തത്ര ഹസ്തേ നിർത്ത്യമാനേ=അതിൽ കൈ ചലിപ്പിക്കപ്പെടുമ്പോൾ. യഥാ ആതപഃ നൃത്യതി ഇവ=എപ്രകാരമോ ആതപം നർത്തനം ചെയ്യുന്നുവെന്നു തോന്നുന്നതു് അതുപോലെ.

പ്രകാശിപ്പിക്കുന്ന സാക്ഷിയിൽ പ്രകാശ്യമായ ബുദ്ധിയുടെ ചാഞ്ചല്യത്തെ ആരോപിക്കപ്പെടുന്നതിനെ ദൃഷ്ടാന്തപൂർവ്വം സ്പഷ്ടമാക്കുന്നു:—ജനലിലെ ദ്വാരങ്ങളിൽക്കൂടെ ഗൃഹത്തിന്നുള്ളിൽ പ്രവേശിക്കുന്ന വെളിച്ചം ചലിക്കാതെയിരിക്കേ, ആ വെളിച്ചത്തിൽ കൈ ചലിപ്പിച്ചാൽ വെളിച്ചം ചലിക്കുന്നുവെന്നു തോന്നുന്നതുപോലെ ബുദ്ധിയെ പ്രകാശിപ്പിക്കുന്ന സാക്ഷിയിൽ ബുദ്ധിയുടെ ചാഞ്ചല്യം ആരോപിക്കപ്പെടുന്നു.

19. നിജസ്ഥാനസ്ഥിതഃ സാക്ഷീ ബഹിരന്തർഗമാഗമൌ
അകുർവൻ ബുദ്ധിചാഞ്ചല്യാൽ കരോതീവ തഥാ തഥാ.

നിജസ്ഥാനസ്ഥിതഃ സാക്ഷീ=സ്വസ്ഥാനത്തിലിരിക്കുന്ന സാക്ഷി. ബഹിഃ അന്തഃ ഗമാഗമൌ=ഉള്ളിലും പുറത്തും പോക്കുവരവു്. അകുർവൻ=ചെയ്യാതിരിക്കേ. ബുദ്ധിചാഞ്ചല്യാത്=ബുദ്ധിയുടെ ചാഞ്ചല്യം നിമിത്തം. തഥാ തഥാ കരോതി ഇവ=അതാതുവിധം പ്രവൃത്തിക്കുന്നതുപോലെ തോന്നുന്നു.

ദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—എങ്ങും ചലിക്കാതെ സ്വസ്ഥാനത്തിലിരിക്കുന്ന സാക്ഷി പുറത്തും ഉള്ളിലും, പോക്കും വരവും ഒന്നും ഇല്ലാതിരിക്കേ സാക്ഷിയാൽ പ്രകാശിക്കപ്പെടുന്ന ബുദ്ധിയുടെ ചാഞ്ചല്യം നിമിത്തം സാക്ഷി ചലിക്കുന്നുവെന്നു തോന്നുന്നതാണു്.

20. ന ബാഹ്യോ നാന്തരഃ സാക്ഷീ ബുദ്ധേർദ്ദേശൌ ഹി താവുഭൌ
ബുദ്ധ്യാദ്യശേഷസംശാന്തൌ യത്ര ഭാത്യസ്തി തത്ര സഃ.

സാക്ഷീ ബാഹ്യഃ ന ആന്തരഃ ന=സാക്ഷി വെളിയിലുമല്ല ഉള്ളിലുമല്ല. ഹി തൌ ബുദ്ധേഃ ദേശൌ=എന്തുകൊണ്ടെന്നാൽ ആ രണ്ടും ബുദ്ധിയുടെ ദേശങ്ങളാകുന്നു. ബുദ്ധ്യാദ്യശേഷസംശാന്തൌ=ബുദ്ധി മുതലായവയെല്ലാം നന്നായി ശമിക്കുമ്പോൾ. യഃ യത്ര ഭാതി തത്ര അസ്തി=യാതൊരുവൻ എവിടെ വിളങ്ങുന്നുവോ അവിടെയിരിക്കുന്നു.

തൻസ്വസ്ഥാനത്തിലിരിക്കുന്ന സാക്ഷിയെന്നു പറഞ്ഞിരിക്കേ ഉള്ളും പുറവും പ്രകാശിപ്പിക്കുന്നുവെന്നു കാണിച്ചതിന്റെ സാരം പറയുന്നു:—സാക്ഷിക്കു് ഉള്ളെന്നും പുറമെന്നും ദേശവിഭാഗമില്ല. അതു രണ്ടും ബുദ്ധിയെ അപേക്ഷിച്ചു പറയപ്പെട്ടതാകുന്നു. എന്തുകൊണ്ടെന്നാൽ ബുദ്ധ്യാദികളെല്ലാം നിശ്ശേഷം ശമിച്ചിരിക്കുമ്പോൾ എവിടെയാണോ സാക്ഷി വിളങ്ങുന്നതു് അതുതന്നെ സാക്ഷിയുടെ സ്ഥാനം.

21. ദേശഃ കോ ƒപി ന ഭാസേത യദി തർഹ്യസ്ത്വദേശഭാക്
സർവദേശപ്രക്ലൃപ്ത്യൈവ സർവഗത്വം ന തു സ്വതഃ.

യദികഃ അപിദേശഃ ന ഭാസേത തർഹി=അപ്പോൾ ഒരു ദേശവും വിളങ്ങുന്നില്ലെന്നു വരുന്നതായാൽ. ആ

ദേശഭാക് അസ്തു=ദേശഭാക്കല്ല എന്നു വന്നുകൊള്ളട്ടെ. സർവദേശപ്രക്ലൃപ്ത്യാ ഏവ=സർവദേശകല്പനംകൊണ്ടു മാത്രമാകുന്നു. സർവഗതത്വം=സർവ്വത്ര ഇരിക്കുന്നുവെന്ന ഭാവം.

ബുദ്ധ്യാദിവികാരങ്ങളൊന്നുമില്ലെന്നുവരുമ്പോൾ യാതൊരു ദേശവും ഇല്ലെന്നുവരുമല്ലൊ. പിന്നെ ആത്മാവ് എങ്ങും വസിക്കുന്നവൻ എന്നുള്ള ശ്രുതിക്കെന്തൊസ്പദം എന്ന ശങ്കക്കു സമാധാനം:—സകല ദേശങ്ങളുടെ കല്പനത്തെ ആസ്പദമാക്കീട്ടാണ് സർവഗൻ ആത്മാവെന്നുള്ള വ്യപദേശം. ഒരു ദേശവും ഇല്ലെന്നുവരുമ്പോൾ ദേശഭാക്കല്ലാതിരിക്കുന്നവൻ ആത്മാവെന്നു വന്നുകൊള്ളട്ടെ. സ്വതെ സർവഗതത്വം വന്നിട്ടുള്ളതല്ല. ദേശകല്പനം നിമിത്തമുണ്ടായ നാമവിശേഷണം ദേശാഭാവത്തിൽ ഇല്ലെന്നും വരുന്നതിലെന്തു വിരോധമാണുള്ളത്.

22. അന്തർബഹിർവാസർവംവായംദേശം പരികല്പയേത്
ബുദ്ധിസ്തദ്ദേശഗഃ സാക്ഷീ തഥാ വസ്തുഷുയോജയേത്.

അന്തഃ ബഹിഃ വായം സർവംദേശം=ഉള്ളിലോ പുറത്തോ സർവമായ യാതൊരു ദേശത്തെ. ബുദ്ധിഃ പരികല്പയേത്=ബുദ്ധി പരികല്പിക്കുന്നുവോ. സാക്ഷീതദ്ദേശഗഃ=സാക്ഷി ആ ദേശത്തിൽ ഉള്ളത്. തഥാ വസ്തുഷുയോജയേത്=അപ്രകാരം എല്ലാ വസ്തുക്കളിലും യോജിപ്പിച്ചുകൊള്ളേണം.

എല്ലാററിലും ഇരിക്കുന്നുവെന്നു സാക്ഷിയെപ്പററി പറഞ്ഞതു ബുദ്ധികല്പിതദേശത്തെ ആസ്പദമാക്കിട്ടാണെന്നു പറഞ്ഞതുപോലെ സർവ വസ്തു സാക്ഷിത്വവും ബുദ്ധികല്പിതവസ്തുക്കളെ ആസ്പദമാക്കീട്ടുതന്നെയാകുന്നു. ഉള്ളിലോ പുറത്തോ ബുദ്ധി ഏതൊരു ദേശത്തെ കല്പിക്കുന്നുവോ ആ ദേശത്തിന്നു സാക്ഷിയായിരിക്കുന്നു. അതുപോലെതന്നെ ബുദ്ധിയാൽ കല്പിക്കപ്പെടുന്ന സകല വസ്തുക്കളുടെ സാക്ഷിയായും ഇരിക്കുന്നു. യാതൊരു ദേശത്തെയും വസ്തുവിനെയും കല്പിക്കുന്നില്ലെങ്കിൽ ആത്മാവിന്നു സാക്ഷിത്വവുമില്ല എന്നു സാരം. സാക്ഷിത്വാദി സർവ വ്യവഹാരവും കല്പിതംതന്നെ.

23. യദ്യദ്രൂപാദികല്പ്യേത ബുദ്ധ്യാ തത്തൽപ്രകാശയൻ
തസ്യതസ്യ ഭവേൽസാക്ഷീ സ്വതോ വാഗ്ബുദ്ധ്യഗോചരഃ.

യത്യത് രൂപാദിബുദ്ധ്യാ കല്പ്യേത=യാതൊരു യാതൊരു രൂപാദിബുദ്ധിയാൽ കല്പിക്കപ്പെടുന്നുവോ. തത്തത് പ്രകാശയൻ=അതാതിനെ പ്രകാശിപ്പിക്കുന്നതായിട്ടു. തസ്യതസ്യ സാക്ഷീഭവേത്=അതാതിന്റെ സാക്ഷിയായി ഭവിക്കും. സ്വതഃ വാഗ്ബുദ്ധ്യഗോചരഃ=സ്വതേ വാക്കിന്നും ബുദ്ധിക്കും വിഷയമല്ല.

"അതുപോലെ എല്ലാ വസ്തുക്കളിലും കണ്ടുകൊൾക"യെന്നു മുമ്പത്തെ ശ്ലോകത്തിൽ പറഞ്ഞതിനെ വിശദമാക്കുന്നു:—ബുദ്ധി ഏതേതു ദേശകാലരൂപാദികളെ കല്പിക്കുന്നുവോ അതാതിനെ പ്രകാശിപ്പിച്ചുംകൊണ്ടു അതാതിന്റെ സാക്ഷിത്വം ആത്മാവിൽ കല്പിക്കപ്പെടുന്നു. സ്വരൂപതയാ ആത്മാവ് വാക്കിന്നും ബുദ്ധിക്കും വിഷയമായ വസ്തുവല്ല.

24. കഥം താദൃക്മയാഗ്രാഹ്യ ഇതിചേന്മൈവ ഗൃഹ്യതാം
സർവഗ്രഹോപസംശാന്തൌ സ്വയമേവാവശിഷ്യതേ.

താദൃക്മയാ കഥംഗ്രാഹ്യഃ ഇതിചേത്=അപ്രകാരമുള്ള ആത്മാവ് എന്നാൽ എങ്ങിനെ ഗ്രഹിക്കപ്പെടുവാൻ കഴിയും എന്നാണെങ്കിൽ. മാ ഏവഗൃഹ്യതാം=എന്നാൽ ഗ്രഹിക്കപ്പെടേണ്ട. സർവഗ്രഹോപസംശാന്തൌ=സർവവിധത്തിലുള്ള ഗ്രഹിക്കലും നന്നായി ശമിക്കുമ്പോൾ. സ്വയം ഏവ അവശിഷ്യതേ=താൻ മാത്രമായവശേഷിക്കുന്നു.

സ്വസ്വരൂപം—ആത്മാവ്—ഗ്രഹിക്കപ്പെടുന്ന വസ്തുവല്ല എന്നു വിശദമാക്കുന്നു:—വാക്കിന്നും മനസ്സിന്നും വിഷയമല്ലാത്ത വസ്തുവാകുന്നു ആത്മാവെങ്കിൽ അപ്രകാരമുള്ള ആത്മസ്വരൂപത്തെ മുമുക്ഷു എങ്ങിനെ ഗ്രഹിക്കും എന്നു ശങ്കിക്കുന്നുവെങ്കിൽ, മുമുക്ഷു ആത്മാവിനെ ഗ്രഹിക്കേണ്ട. ഗ്രഹിക്കപ്പെടുവാൻ കഴിയുന്ന വസ്തുവല്ല ആത്മാവെന്നുതന്നെയാണ് വേദാന്തികളായ ഞങ്ങളുടെ സിദ്ധാന്തം. അങ്ങിനെയാണെങ്കിൽ വിചാരത്താൽ മായ നശിക്കുമ്പോൾ ആത്മാവ് അവശേഷിക്കും എന്നു മുമ്പെ പറഞ്ഞതിന്നു ഗതിയെന്താകുന്നു എന്ന ശങ്കക്കു പരിഹാരം.—ബുദ്ധിയുടെ വ്യാപാരമായ വിഷയഗ്രഹണം സകലവും തീരെ ശമിക്കുമ്പോൾ അവശേഷിക്കുന്നതു യാതൊന്നോ അതുതന്നെ ആത്മാവ്. ആത്മാവല്ലാതെയുള്ള സർവ്വ ദ്വൈതവും മിഥ്യയാണെന്നനുഭവത്താലറിയുമ്പോൾ സർവ്വമായി വിളങ്ങിയ ആത്മാവുമാത്രം സത്യം എന്ന രൂപത്തിൽ അവശേഷിക്കുന്നു. അറിയുന്നവൻ അറിയപ്പെടുവാൻ യോഗ്യമായ ഇതരപദാർത്ഥം. അതിനെക്കുറിച്ചുള്ള അറിവ്—എന്ന ത്രിപുടി. ശമിക്കുമ്പോൾ അവശേഷിക്കുന്നതു യാതൊന്നോ അതാകുന്നു ആത്മാവെന്നു താല്പര്യം.

25. നതത്രമാനാപേക്ഷാഽസ്തി സ്വപ്രകാശസ്വരൂപതഃ
താദൃഗ്വ്യുൽപത്ത്യപേക്ഷാചേച്ഛ്രുതിം പഠഗുരോർമ്മുഖാത്.

തത്രമാനാപേക്ഷാ നഅസ്തി=അതിൽ പ്രമാണാപേക്ഷയില്ല. സ്വപ്രകാശസ്വരൂപതഃ=സ്വപ്രകാശസ്വരൂപമായതുകൊണ്ടു്. താദൃഗ്വ്യുൽപത്ത്യപേക്ഷാചേത്=അപ്രകാരമുള്ള ജ്ഞാനം ആവശ്യമാണെങ്കിൽ. ഗുരോഃ മുഖാത് ശ്രുതിം പഠ=ഗുരുമുഖത്തിൽനിന്നു ശ്രുതിയെ പഠിച്ചുകൊൾക.

ആത്മാവ് പരിശേഷിക്കുന്നു. അതിനെ പ്രത്യക്ഷമായറിയാം എന്നു കാണിക്കുന്ന പ്രമാണം എന്താകുന്നുവെന്ന ആകാംക്ഷക്കു സമാധാനം:—ആത്മാവ് സർവ്വദ്വൈതസംശാന്തിയിൽ അവശേഷിക്കുന്നുവെന്നു കാണിപ്പാൻ പ്രമാണം ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ സ്വയമേവ പ്രകാശിക്കുന്നതാണ് ആത്മസ്വരൂപം. എന്നാൻ ആത്മാവ് സ്വപ്രകാശസ്വരൂപമാണെന്നു ബോധിപ്പാൻ പ്രമാണം ആവശ്യമാണെന്നു വിചാരിക്കുന്നുവെങ്കിൽ ബ്രഹ്മനിഷ്ഠനായ ഗുരുവിൽനിന്നു ശ്രുതിയെ പഠിച്ചുകൊൾക.

26. യദിസർവഗ്രഹത്യാഗോഽശക്യസ്തർഹിധിയംവ്രജ
ശരണം തദധീനോന്തർബഹിർവൈഷോനുഭൂയതാം.

സർവഗ്രഹത്യാഗഃ യദിഅശക്യഃ=സർവഗ്രഹത്യാഗം സാധ്യമല്ലെങ്കിൽ. തർഹിബുദ്ധിം ശരണംവ്രജ=എന്നാൽ ബുദ്ധിയെ ആശ്രയിച്ചുകൊൾക. തദധീനഃ അന്തഃ വാബഹിഃവാ=ബുദ്ധിക്കധീനനായിട്ടു ഉള്ളിലോ പുറത്തോ. ഏഷഃ അനുഭൂയതാം=ഈ പരമാത്മാവിനെ അനുഭവരൂപത്തിൽ അറിഞ്ഞുകൊൾക.

മുമ്പെ വിവരിച്ച വിധത്തിൽ ഉത്തമാധികാരികൾക്ക് ആത്മസാക്ഷാൽകാരോപായം പറഞ്ഞശേഷം മന്ദാധികാരികൾക്കുള്ള ഉപായം കാണിക്കുന്നു:—സകലവിധ വിഷയപ്രതീതിയെയും വിട്ടുകളയുവാൻ സാധ്യമല്ലെന്നു തോന്നുന്നുവെങ്കിൽ ബുദ്ധിയെ ആശ്രയിച്ചുകൊൾക. ബുദ്ധിയിൽ പ്രതിഫലിക്കുന്ന ആത്മാവിനെ സാക്ഷാൽകരിപ്പാൻ സാധിക്കും:—ബുദ്ധി ഉള്ളിലോ പുറത്തോ ഏതേതിനെ കല്പിക്കുന്നുവോ അതാതിൻെറ സാക്ഷിത്വം ബുദ്ധിഗതനായ ആത്മാവിലിരിക്കുന്നു. ജഡമായ ബുദ്ധി ഒന്നിനെയും അറിയുന്നതല്ല. അറിവ് ആത്മസ്വരൂപമാകുന്നു. അതിൻെറ വ്യാപ്തി ബുദ്ധിക്കു സിദ്ധിക്കുന്നതുകൊണ്ടു പദാൎത്ഥജ്ഞാനമുണ്ടാകുന്നു. എന്നിങ്ങിനെ സകലത്തിനെയും പ്രകാശിപ്പിക്കുന്ന ആത്മാവിനെ ബുദ്ധിദ്വാരാ സാക്ഷിത്വേന അറിഞ്ഞുകൊള്ളേണം എന്നു സാരം.

ഇതി ശ്രീവിദ്യാരണ്യമുനിവൎയ്യപ്രണീതമായ നാടകദീപം എന്ന 10-ാം പ്രകരണം സമാപ്തം.

ശുഭം ഭൂയാത്.

ഓം തത് സത്.

ശ്രീ പ ഞ്ച ദ ശി

ബ്രഹ്മാനന്ദേയോഗാനന്ദം എന്ന 11-ാം പ്രകരണം.

ഇതിലടങ്ങിയിരിക്കുന്ന സാരസംഗ്രഹം.

ജ്ഞാനികൾ അനുഭവിക്കുന്നതായ ബ്രഹ്മാനന്ദത്തെ പറവാൻ ഭാവിക്കുന്നു. തൈത്തിരീയോപനിഷത്തിൽ ബ്രഹ്മത്തെ അറിഞ്ഞ ആൾ പരമപദം പ്രാപിക്കുമെന്നും, ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നുവെന്നും, വായു മുതലായവർ ആ ബ്രഹ്മത്തെ ഭയപ്പെട്ടിട്ടു സ്വവ്യാപാരങ്ങളെ നടത്തുന്നാണ്ടെന്നും, ആനന്ദമനുഭവിക്കുന്നവന്നു് യാതൊന്നിൽനിന്നും ഭയമുണ്ടാകാനില്ല എന്നും, പുണ്യപാപങ്ങളെല്ലാം നശിക്കയാൽ അവൻ നിർഭയനാണെന്നും പറഞ്ഞിട്ടുണ്ടു്. ഇതേവിധം വേറെയും അനേകം ശ്രുതികളും പറയുന്നു. നാരദമുനി സനൽകുമാരമുനിയുടെ ഉപദേശാനുസരണം വിഷയസുഖങ്ങളെ തീരെ വെടിഞ്ഞിരുന്നുവെന്നും, ഛാന്ദോഗ്യശ്രുതിയിൽ 7-ാം അദ്ധ്യായത്തിൽ വിശദമായി കാണുന്നുണ്ടു്. ആ ശ്രുതിയിൽ സുഷുപ്തിയിലനുഭവിക്കുന്നതായ ആനന്ദംതന്നെ ബ്രഹ്മാനന്ദമാണെന്നും ശ്യേനാദികളായ പക്ഷികളെപ്പോലെ ജാഗ്രൽസ്വപ്നാവസ്ഥകളിൽ പരിശ്രമത്തെയടഞ്ഞ ജീവാത്മാവ് സുഷുപ്തിയിലെ ബ്രഹ്മാനന്ദത്തെ അനുഭവിക്കാൻ ചെല്ലുന്നുവെന്നും ബാലകൻ, മഹാരാജാവു്, മഹാ ജ്ഞാനി, ഇവരെപ്പോലെ ജീവൻ ബ്രഹ്മാന

ന്ദത്തിൽ സുഖിച്ചിരിക്കുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. വിജ്ഞാനമയനായിട്ടു ജാഗ്രൽസ്വപ്നങ്ങളിൽ വിഷയസുഖങ്ങളെ അനുഭവിച്ചു, ആനന്ദമയനായിട്ടു ബ്രഹ്മാനന്ദത്തിൽ അഭേദമായിരിക്കുന്ന അവസ്ഥയാണ് സുഷുപ്തി. ഇപ്രകാരം സുഖിച്ചിരിക്കുന്ന ജീവനെ, പ്രാരബ്ധകർമ്മം വെളിക്കു വരുത്തുമ്പോൾ ഉടനെ വരാതെ, ആ ബ്രഹ്മാനന്ദവാസനയെ അടയുന്നതിനെ വാസനാനന്ദമെന്നും, ജാഗ്രദവസ്ഥയിൽ യാതൊരു ചിന്തയുമില്ലാതിരിക്കുമ്പോൾ, അടച്ചുവെച്ച കുടത്തിലെ ജലത്തിനുള്ള ശൈത്യമെന്നപോലെ അന്തർഭാഗത്തിൽ സ്ഫുരിക്കുന്ന സുഖം നിജാനന്ദമാണെന്നും പറയപ്പെട്ടിട്ടുണ്ട്. ഇതിനെത്തന്നെ തൂഷ്ണീംഭൂതാനന്ദമെന്നും പറയും. സകല വാസനകളെയും നീക്കി ശ്രവണമനനനിദിധ്യാസനാദികൾ നിമിത്തം ശുദ്ധസത്വവൃത്തി ബ്രഹ്മത്തിൽ ലയിച്ച് നിർവ്വികല്പസമാധിയിൽ അനുഭവപ്പെടുന്നതായ ബ്രഹ്മാനന്ദംതന്നെ മുഖ്യയോഗാനന്ദമെന്നും പറഞ്ഞിരിക്കുന്നു. ഇനിമേൽ നാലദ്ധ്യായത്തിൽ ക്രമേണ, ആത്മാനന്ദം അദ്വൈതാനന്ദം, വിദ്യാനന്ദം, വിഷയാനന്ദം, പറയാം. ഇപ്പോൾ പറയുന്ന യോഗാനന്ദം അറിഞ്ഞവൻതന്നെ ജ്ഞാനി. അവന്നുപിന്നെ ജന്മമില്ല. ഇതാണ് യോഗാനന്ദം എന്ന ഈ പ്രകരണത്തിലെ സാരസംഗ്രഹം.

1. ബ്രഹ്മാനന്ദം പ്രവക്ഷ്യാമി ജ്ഞാതേ തസ്മിന്നശേഷതഃ
ഐഹികാമുഷ്മികാനർത്ഥവ്രാതം ഹിത്വാ സുഖായതേ.

ബ്രഹ്മാനന്ദം പ്രവക്ഷ്യാമി=ബ്രഹ്മാനന്ദത്തെ വിസ്തരിച്ചു പറയാം. തസ്മിൻ അശേഷതഃജ്ഞാതേ=അതിനെ പൂർണ്ണമായറിഞ്ഞാൽ. ഐഹികാമുഷ്മികാനർത്ഥവ്രാതം=ഇഹത്തിലും പരത്തിലുമുള്ള സകല അനർത്ഥങ്ങളെയും. ഹിത്വാസുഖായതേ=തള്ളിക്കളഞ്ഞിട്ടു ആനന്ദസ്വരൂപനാകും.

ആരംഭിക്കുന്നതായ ഈ പ്രകരണം നിർവ്വിഘ്നമായി പൂർത്തിയാകുവാനും വിരോധിക്കുന്നതായ പാപത്തിന്റെ നിവൃത്തിവരുവാനും, മുമുക്ഷുക്കൾക്ക് ഇതിൽ പ്രവൃത്തി സിദ്ധിപ്പാനും, ഇതിൽ പ്രവൃത്തിക്കുന്നവർക്ക് സിദ്ധിക്കുന്ന പ്രയോജനത്തെ വെളിപ്പെടുത്തിക്കൊണ്ടു ഇഷ്ടദേവതാസ്മരണരൂപമായ മംഗളത്തെ ആചരിക്കുന്നു:—"ബ്രഹ്മാനന്ദത്തെ വിസ്തരിച്ചുപറയാം" എന്നതു് പ്രതിജ്ഞയാണ്. അതിൽ ദേവതാസ്മരണം അടങ്ങിയിരിക്കുന്നു. ബ്രഹ്മാനന്ദത്തെ മനസ്സുകൊണ്ടു ധ്യാനിച്ചു. പിന്നെ വാക്കുകൊണ്ടു വെളിപ്പെടുത്തി. ഏതൊന്നിനെ മനസ്സുകൊണ്ടു ധ്യാനിക്കുന്നുവോ അതിനെ വാക്കുകൊണ്ടു പറയുന്നുവെന്നാണല്ലൊ ന്യായം. അതുകൊണ്ടു ബ്രഹ്മാനുസന്ധാനലക്ഷണമായ മംഗളാചരണം ചെയ്യപ്പെട്ടു ബ്രഹ്മത്തെയാണ് സർവ്വ വേദാന്തങ്ങളും പ്രതിപാദിക്കുന്നത്. അതുതന്നെയാകുന്നു ഈ പ്രകരണത്തിലും പ്രതിപാദ്യവിഷയം എന്നും ബ്രഹ്മശബ്ദംകൊണ്ടു് സ്പഷ്ടമാക്കി. ഉത്തരാർദ്ധത്തിൽ അനിഷ്ടനിവൃത്തിയും ഇഷ്ടപ്രാപ്തിയും ഈ പ്രകരണാഭ്യാസത്തിൽനിന്നു സിദ്ധിക്കുന്ന പ്രയോജനമാണെന്നു സ്പഷ്ടമായി പറയുകയും ചെയ്തിരിക്കുന്നു. ബ്രഹ്മാനന്ദത്തെ നല്ലവണ്ണം വിവരിച്ചു പറയാം. ബൃഹത്തായും ആനന്ദമായും ഇരിക്കുന്ന തത്വംതന്നെ ബ്രഹ്മാനന്ദം. വാച്യവും വാചകവും ഒന്നുതന്നെ എന്ന ന്യായത്താൽ ബ്രഹ്മാനന്ദത്തെ പ്രതിപാദിക്കുന്ന ഈ പ്രകരണവും ബ്രഹ്മാനന്ദംതന്നെയാകയാൽ ബ്രഹ്മാനന്ദപ്രതിപാദകമായ യോഗാനന്ദപ്രകരണത്തെ ഇനി പറയാം എന്നും കാണിച്ചു. ഈ ബ്രഹ്മാനന്ദത്തെ സംപൂർണ്ണമായറിഞ്ഞാൽ ഇഹലോകത്തിൽ ദേഹപുത്രാദികളിൽ ഞാനെന്നും എന്റേതെന്നും അഭിമാനിക്കുകനിമിത്തം ഉണ്ടാകുന്നതായ ആദ്ധ്യാത്മികാദിതാപങ്ങളും പരലോകത്തിലുണ്ടാകാവുന്ന ദുഃഖങ്ങളും മുഴുവനും തള്ളിക്കളഞ്ഞ് സുഖസ്വരൂപമായ ബ്രഹ്മമായിത്തന്നെ വിളങ്ങും. ഇതുതന്നെ പരമഫലം.

വിവരണം:—ഗ്രന്ഥാരംഭത്തിൽ മറ്റെല്ലാവരും സഗുണമൂർത്തികളെ ഇഷ്ടദേവതകളായി മംഗളാചരണം ചെയ്യുന്ന സമ്പ്രദായത്തെ ഉപേക്ഷിച്ച് നിർഗ്ഗുണബ്രഹ്മത്തെ സ്മരിച്ച് മംഗളാചരണം ചെയ്തതിന്നെന്തു കാരണം എന്നു ശങ്കിക്കുന്നുവെങ്കിൽ സകല സഗുണമൂർത്തികളുടെയും പരമകാരണം നിർഗ്ഗുണബ്രഹ്മമാകയാൽ 'നിർഗ്ഗുണ ബ്രഹ്മധ്യാനത്താൽ സകല സഗുണമൂർത്തികളുടെയും ധ്യാനം ചെയ്യപ്പെട്ട ഫലമായി. വേരിൽ പകരുന്ന വെള്ളം ശാഖോപശാഖകളെ തഴപ്പിക്കുന്നതുപോലെ സകല മൂർത്തിധ്യാനവും ബ്രഹ്മധ്യാനത്തിൽ ഉൾപ്പെട്ടുവെന്നു ധരിക്കേണ്ടതാണ്. മുമുക്ഷുക്കൾ ഈ ഗ്രന്ഥപരിശീലനത്തിന്നധികാരികൾ. സകല ദുഃഖങ്ങളുടേയും ആത്യന്തിക നിവൃത്തിയും പരമാനന്ദപ്രാപ്തിയും പരമപ്രയോജനം. ബ്രഹ്മം പ്രതിപാദ്യവിഷയം. പ്രതിപാദ്യപ്രതിപാദകരൂപം സംബന്ധം. ഇങ്ങിനെ അനുബന്ധചതുഷ്ടയം പ്രഥമപദ്യംകൊണ്ടു പറയപ്പെട്ടു.

2. ബ്രഹ്മവിത്പരമാപ്നോതി ശോകംതരതിചാത്മവിത്
രസോബ്രഹ്മ രസംലബ്ധ്വാനന്ദീഭവതിനാന്യഥാ.

ബ്രഹ്മവിത് പരംആപ്നോതി=ബ്രഹ്മത്തെയറിഞ്ഞവൻ നിരതിശയസുഖത്തെ പ്രാപിക്കുന്നു. ആത്മവിത് ശോകംതരതി=ആത്മാവിനെ അറിഞ്ഞവൻ ദുഃഖത്തെ കടക്കുന്നു. രസഃബ്രഹ്മ=ആനന്ദം ബ്രഹ്മം. രസം

ലബ്ധ്വാ ആനന്ദീഭവതി=ബ്രഹ്മരൂപമായ ആനന്ദത്തെ ലഭിച്ചവൻ ആനന്ദമുള്ളവൻ. അന്യഥാ ന=മററ വിധത്തിൽ ആനന്ദിയാകയില്ല.

ബ്രഹ്മജ്ഞാനത്താൽ ദുഃഖനിവൃത്തിയും ആനന്ദപ്രാപ്തിയും ഫലമായി ലഭിക്കുമെന്നതിൽ ശ്രോതൃബുദ്ധിയിൽ വിശ്വാസം ജനിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഗുരു അതിനുള്ള ശ്രുതിപ്രമാണങ്ങളെ എടുത്തു കാണിക്കുന്നു: "ബ്രഹ്മവിദാപ്നോതിപരം" ബ്രഹ്മത്തെ ഞാനെന്നു സാക്ഷാത്തായറിഞ്ഞവൻ നിരതിശയമായ ആനന്ദത്തെ പ്രാപിക്കുന്നു. "തരതിശോകമാത്മവിത്" ആത്മസാക്ഷാൽകാരം സിദ്ധിച്ചവൻ ദുഃഖഭൂയിഷ്ഠമായ സംസാരത്തെ അതിക്രമിക്കുന്നു. "രസോവൈസഃ" ആത്മാവായിരിക്കുന്ന ബ്രഹ്മം തന്നെ ആനന്ദം. "രസംഹ്യേവായംലബ്ധ്വാനന്ദീഭവതി" ആ ബ്രഹ്മാനന്ദത്തെ ലഭിച്ചവൻതന്നെ ആനന്ദിയായി ഭവിക്കും. "നാന്യഥാ" ആനന്ദപ്രാപ്തിക്കു മററുപായങ്ങളൊന്നുമില്ല. എന്നുള്ള ശ്രുതിവാക്യങ്ങളെത്തന്നെ ശ്ലോകരൂപേണ നിബന്ധിച്ചിരിക്കുന്നു.

3. പ്രതിഷ്ഠാം വിന്ദതേ സ്വസ്മിൻ യദാസ്യാദഥസോഽഭയഃ
കുരുതേസ്മിന്നന്തരം ചേദഥ തസ്യഭയം ഭവേത്.

സ്വസ്മിൻപ്രതിഷ്ഠാം=താനാകുന്ന ആത്മാവിൽ സ്ഥിരയായ സ്ഥിതിയെ. യദാവിന്ദതേ=എപ്പോൾ പ്രാപിക്കുന്നുവോ. അഥസഃ അഭയഃ സ്യാൽ=അപ്പോൾ അവൻ ഭയരഹിതനാകും. അസ്മിൻഅന്തരം കുരുതേ ചേത്=ഈ ആത്മാവിൽ ഭേദത്തെ കാണുന്നുവെങ്കിൽ. അഥതസ്യഭയംഭവേത്=അപ്പോൾ അവനു ഭയമുണ്ടാകും.

ബ്രഹ്മത്തെ അറിഞ്ഞവൻ മാത്രം ഭയരഹിതൻ. അജ്ഞാനികൾ എല്ലാം ഭയമുള്ളവർ തന്നെയെന്നു ശ്രുതിവാക്യങ്ങളെകൊണ്ടു കാണിക്കുന്നു:—"യദാഹ്യേവൈഷഏതസ്മിന്നദൃശ്യേനാത്മ്യേ നിരുക്തേനിലയനേ ഭയംപ്രതിഷ്ഠാംവിന്ദതേ. അഥസോഽഭയംഗതോ ഭവതി. യദാഹ്യേവൈഷഏതസ്മിന്നുദരമന്തരം കുരുതേ. അഥതസ്യഭയം ഭവതി" എന്ന രണ്ടു ശ്രുതിവാക്യങ്ങളെ ശ്ലോകരൂപത്തിൽ നിബന്ധിക്കുന്നു:—എതൊരു കാലത്തിൽ മുമുക്ഷുവായ പുരുഷൻ അദൃശ്യവും സർവ്വാധാരവും അനിർവ്വാച്യവുമായ സ്വാത്മാവിൽ "ഇതുതന്നെ ഞാൻ" എന്ന സാക്ഷാൽകാരരൂപമായ സ്ഥിരനിഷ്ഠയെ പ്രാപിക്കുന്നുവോ അപ്പോൾ അവൻ ഭയകാരണമായ സർവ്വ സംസാരത്തിൽനിന്നും അതിക്രമിച്ച് അഭയത്തെ പ്രാപിച്ചവനായി ഭവിക്കുന്നു. ഇതല്ലാതെ അഭയസ്ഥാനം മററൊന്നുമില്ല. എന്തുകൊണ്ടെന്നാൽ എപ്പോൾ ആത്മാവിൽ ഉപാസ്യൻ ഉപാസകൻ എന്നിങ്ങിനെ അല്പമാത്രമായിട്ടെങ്കിലും ഭേദത്തെ കാണുന്നുവോ അപ്പോൾ അവനു ഭയമുണ്ടാകുന്നു. "ദ്വിതീയാദ്വൈ ഭയംഭവതി" രണ്ടുണ്ടെന്നു കണ്ടാൽ അപ്പോൾ ഭയം നിശ്ചയം. എന്നാണ് ശ്രുത്യുപദേശം.

4. വായുഃ സൂര്യോവഹ്നി രിന്ദ്രോമൃത്യുർജന്മാന്തരേന്തരം
കൃത്വാധർമ്മംവിജാനന്തോപ്യ സ്മാൽഭീത്യാചരന്തിഹി.

വായുഃ സൂര്യഃ വഹ്നിഃ=വായുവും സൂര്യനും വഹ്നിയും. ഇന്ദ്രഃമൃത്യുഃജന്മാന്തരേ=ഇന്ദ്രനും യമനും കഴിഞ്ഞ ജന്മത്തിൽ അന്തരം കൃത്വാധർമ്മം=ഭേദത്തെ കണ്ടിട്ടു ഇഷ്ടാപൂർത്താദി ലക്ഷണമായ കർമ്മത്തെ. വിജാനന്തഃ=അപി=നന്നായറിഞ്ഞവരായിട്ടും. അസ്മാൽ ഭീത്യാചരന്തിഹി=പരമാത്മാവിൽനിന്നു ഭയം പ്രാപിച്ചുകൊണ്ടു തങ്ങളുടെ കൃത്യങ്ങളെ നടത്തുന്നുവെന്നതു പ്രസിദ്ധം.

ഭേദദർശികൾക്ക് ഭയമുണ്ടെന്നു ദൃഢപ്പെടുത്തുവാൻ ബ്രഹ്മവും പ്രത്യഗാത്മാവും ഏകംതന്നെ എന്നറിയാതെ ഉപാസ്യൻ ഉപാസകൻ എന്ന ഭേദബുദ്ധിയോടുകൂടിയ വായ്വാദികളെ ഉദാഹരിക്കുന്നു:—"ഭീഷാസ്മാദ്വാതഃ പവതേ ഭീഷോദേതി സൂര്യഃ" എന്ന ശ്രുതി ഇവിടെ പ്രമാണം:—വായു, സൂര്യൻ, വഹ്നി, ഇന്ദ്രൻ, യമധർമ്മരാജാവ്, എന്നിവർ, പ്രത്യഗാത്മാവും ബ്രഹ്മവും ഒന്നുതന്നെ എന്നറിയാതെ അവരുടെ അതീതജന്മത്തിൽ ഇഷ്ടാപൂർത്താദി ലക്ഷണമായ ധർമ്മത്തെ അറിഞ്ഞനുഷ്ഠിച്ചവരായിരുന്നിട്ടും ഇപ്പോൾ വായ്വാദിമൂർത്തികളേധരിച്ച് ശാസ്താവായ ഈശ്വരനെ ഭയപ്പെട്ടുകൊണ്ടു അവരവരുടെ പ്രവൃത്തികളെ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നു, എന്നത് ശ്രുതിയിൽ പ്രസിദ്ധമാകുന്നു. "ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതിസൂര്യഃ ഭയാദിന്ദ്രശ്ചവായുശ്ച മൃത്യുർധാവതിപഞ്ചമഃ" എന്നു കഠവല്ല്യുപനിഷത്തിലെ വാക്യത്തെയും കാണിപ്പാൻ "ഹി" എന്ന നിപാതം.

5. ആനന്ദംബ്രഹ്മണോവിദ്വാന്നബിഭേതികുതശ്ചന
ഏതമേവതപേന്നൈഷാ ചിന്താകർമ്മാഗ്നിസംഭൃതാ.

ബ്രഹ്മണഃ ആനന്ദംവിദ്വാൻ=ബ്രഹ്മസ്വരൂപമായ ആനന്ദത്തെ അറിഞ്ഞിരിക്കുന്ന ജ്ഞാനി. കുതശ്ചന,

ന, ബിഭേതി=ഒന്നിൽനിന്നും ഭയപ്പെടുന്നില്ല. കർമ്മാഗ്നി സംഭൂതാഹ്യേഷാചിന്താ=കർമ്മമാകുന്ന അഗ്നിയിൽ നിന്നുണ്ടാകുന്ന ഈ ചിന്ത. ഏതം ഹ്യേവനതപേത്=ഇവനെ മാത്രം തപിപ്പിക്കുകയില്ല.

ബ്രഹ്മജ്ഞാനിക്കു മാത്രമേ അനർത്ഥനിവൃത്തിയും ഭയമില്ലായ്മയും സംഭവിക്കുകയുള്ളുവെന്നു തെളിയിക്കുന്ന അനേകം ശ്രുതികളെ എടുത്തു കാണിക്കുന്നു:— ബ്രഹ്മസ്വരൂപമായ ആനന്ദംതന്നെ ഞാൻ എന്നറിഞ്ഞിരിക്കുന്ന പരമാത്മജ്ഞാനി ഇഹത്തിൽനിന്നോ പരത്തിൽനിന്നോ സംഭവിക്കാവുന്ന ആദ്ധ്യാത്മികാദിതാപങ്ങളിൽനിന്നോ നരകപാതാദികളിൽനിന്നോ ഭയപ്പെടുന്നില്ല. അവയെല്ലാം കാനൽജലം പോലെ മായികമാണെന്നും വസ്തുതത്വം ആനന്ദമാണെന്നും ജ്ഞാനിക്കനുഭവപ്പെട്ടിരിക്കയാൽ ഭീതിക്കു കാരണമേ ഇല്ലാതായിരിക്കുന്നു. പുണ്യം ഞാൻ ചെയ്തില്ലല്ലോ പാപം ചെയ്തുവല്ലോ എന്നിങ്ങിനെയുള്ള വിചാരവും അവനുണ്ടാകയില്ല. ഈവക വിചാരം ദേഹത്തെ അഭിമാനിക്കുന്ന അഹങ്കാരത്തിന്റെ ധർമ്മമാകയാൽ അഹങ്കാരത്തെയും അതിക്രമിച്ചിരിക്കുന്ന ആനന്ദസ്വരൂപനായ ജ്ഞാനിയേ മാത്രമേ കർമ്മാഗ്നിയിൽനിന്നുത്ഭവിക്കുന്ന ഈവക ചിന്തകൾ തപിപ്പിക്കാതിരിക്കുകയുള്ളൂ. അവിദ്വാന്മാരാകട്ടെ സർവ്വദാ കർമ്മാഗ്നിതാപത്തിലകപ്പെട്ടു ഇഹപരങ്ങളിൽ ക്ലേശിക്കുകതന്നെ ചെയ്യും. ബ്രഹ്മണഃ ആനന്ദം=ബ്രഹ്മത്തിന്റെ ആനന്ദം എന്ന പദപ്രയോഗത്താൽ ബ്രഹ്മം വേറെ ആനന്ദം വേറെ എന്ന അർത്ഥം ധരിക്കാനിടയുണ്ട്. ഇവിടെ പ്രയോഗം ഔപചാരികമായിട്ടാണ്. രാഹുവിന്റെ ശിരസ്സ് എന്നു പറയുന്നതു പോലെയാണ് ധരിക്കേണ്ടത്. ശിരസ്സുതന്നെയാണ് രാഹു. വേറെ ശിരസ്സില്ല. അതുപോലെ ആനന്ദം തന്നെയാണ് ബ്രഹ്മം എന്നേ ധരിക്കാവൂ.

6. ഏവംവിദ്വാൻകർമ്മണീദ്വേഹിത്വാത്മാനംസ്മരേത്സദാ
കൃതേചകർമ്മണീസ്വാത്മരൂപേണൈവൈഷപശ്യതി.

ഏവംവിദ്വാൻ=ഇപ്രകാരം അറിഞ്ഞ ജ്ഞാനി, ദ്വേകർമ്മണീഹിത്വാ=രണ്ടുവിധകർമ്മങ്ങളെയും തള്ളിക്കളഞ്ഞിട്ടു. ആത്മാനം സദാസ്മരേത്=ആത്മാവിനെ എപ്പോഴും സ്മരിക്കും. കൃതേകർമ്മണീച=ചെയ്യപ്പെട്ട ദ്വിവിധകർമ്മങ്ങളെയും. ഏഷഃ സ്വാത്മരൂപേണ ഏവപശ്യതി=ഇവൻ ആത്മസ്വരൂപമായിത്തന്നെ കാണുന്നു.

ജ്ഞാനിയെ പുണ്യപാപങ്ങൾ തപിപ്പിക്കുകയില്ലെന്നതിനു കാരണം കാണിക്കുന്ന ശ്രുതിവാക്യങ്ങളുടെ സാരത്തെ ശ്ലോകരൂപേണ നിബന്ധിക്കുന്നു:— "സയ ഏവം വിദ്വാനേതേആത്മാനം സ്പൃണുതേ ഉഭേഹ്യേവൈഷഏതേ ആത്മാനം സ്പൃണുതേ" "സയശ്ചായം പുരുഷേയശ്ചാസാവാദിത്യേസ ഏകഃ" എന്ന രണ്ടു ശ്രുതികളുടെ സാരമാണ് ശ്ലോകത്തിൽ കാണിച്ചിരിക്കുന്നത്:— ആനന്ദസ്വരൂപബ്രഹ്മംതന്നെ ഞാൻ എന്ന അനുഭവത്താൽ പുണ്യപാപകർമ്മങ്ങളുടെ മിത്ഥ്യാത്വജ്ഞാനത്താൽ അവയെ തള്ളിക്കളഞ്ഞിരിക്കുന്ന ജ്ഞാനിക്കു പുണ്യപാപകർമ്മസംഗംതന്നെയില്ലാതിരിക്കേ അവയെ സംബന്ധിച്ചതായ ചിന്തയോ താപമോ പിന്നെയെങ്ങിനെയുണ്ടാകും. അതിന്നവകാശമില്ലാത്തതിനാൽ ജ്ഞാനി എപ്പോഴും ആത്മസ്വരൂപനായിത്തന്നെയിരിക്കും. ചെയ്യപ്പെട്ട പുണ്യപാപങ്ങളെയും ആത്മസ്വരൂപമായിത്തന്നെ ഇവൻ കാണും. സ്വപ്നത്തിൽ കണ്ട പദാർത്ഥങ്ങൾ ആത്മഭിന്നങ്ങളായിരുന്നില്ല. എന്ന് ഉണർന്നവൻ അറിയുന്നതുപോലെ ജ്ഞാനി സകലവും ആത്മമയമായി കാണുന്നതിനാൽ കൃതങ്ങളായ പുണ്യപാപകർമ്മങ്ങളും ആത്മമയങ്ങൾതന്നെ എന്നവനറിയും. അതിനാൽ അവന്നു പുണ്യപാപകർമ്മബന്ധങ്ങളൊന്നുമില്ല.

7/ ഭിദ്യതേഹൃദയഗ്രന്ഥിച്ഛിദ്യന്തേസർവ്വസംശയാഃ
ക്ഷീയന്തേചാസ്യകർമ്മാണിതസ്മിൻദൃഷ്ടേപരാവരേ.

തസ്മിൻപരാവരേദൃഷ്ടേ=ഹിരണ്യഗർഭമെന്ന അപരബ്രഹ്മത്തിന്നും കാരണമായ പരബ്രഹ്മം സാക്ഷാൽകരിക്കപ്പെട്ട മാത്രത്തിൽ. അസ്യഹൃദയഗ്രന്ഥിഃഭിദ്യതേ=ഇവന്റെ അദ്ധ്യാസരൂപമായ മനോബന്ധം പൊട്ടിപ്പോകുന്നു. സർവ്വസംശയാഃഛിദ്യന്തേ=എല്ലാ സംശയങ്ങളും നശിക്കുന്നു. കർമ്മാണിക്ഷീയന്തേ=കർമ്മങ്ങൾ ക്ഷയിക്കുന്നു.

ജ്ഞാനിക്കു കർമ്മങ്ങളുടെ ബന്ധമില്ലെന്നെങ്ങിനെ പറയും? "നാഭുക്തംക്ഷീയതേകർമ്മകല്പകോടിശതൈരപി" കർമ്മഫലം അനുഭവിക്കാതെ കഴികയില്ലെന്നല്ലെ പ്രമാണം. അനേകജന്മങ്ങളിൽ കണക്കില്ലാത്തവിധത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങൾ ഫലംകൊടുക്കാതെ നശിക്കുന്നതെങ്ങിനെ എന്നിപ്രകാരമുള്ള സംശയങ്ങളെ തീർക്കുന്നതായ മുണ്ഡകോപനിഷദ്വാക്യങ്ങളെതന്നെ എടുത്തു കാണിക്കുന്നു:— ഈശ്വരന്നും കാരണമായിരിക്കുന്ന ബ്രഹ്മത്തെ സാക്ഷാത്തായറിഞ്ഞമാത്രത്തിൽ അവന്റെ മനസ്സിന്നും ആത്മാ

വിനും തമ്മിൽ അധ്യാസരൂപമായുള്ള ബന്ധം നശിക്കുന്നു. എല്ലാ സംശയങ്ങളും മൂലത്തോടുകൂടെയറവ പോകുന്നു. എല്ലാ കർമ്മങ്ങളും ക്ഷയിക്കുന്നു.

വിവരണം:—ഹൃദയഗ്രന്ഥിയെന്നത് അറിവും ബുദ്ധിയും ഒന്നുതന്നെയെന്ന തെററായ ബോധമാണ്. ഇതിന്നു കാരണം അന്യോന്യാധ്യാസമാണ്. ബുദ്ധിയുടെ ചലനാദിധർമ്മത്തെ ആത്മാവിലും ആത്മസ്വരൂപമായ ജ്ഞാനത്തെ ബുദ്ധിയിലും ആരോപിക്കുന്നതാണ് അന്യോന്യാധ്യാസം. ആത്മസ്വരൂപസാക്ഷാൽകാരത്തിൽ ആ അദ്ധ്യാസം നശിക്കും. അധിഷ്ഠാനമായ ആത്മാവിനെ അറിയുമ്പോൾ ആരോപമായ ബുദ്ധിയില്ലാത്തതാണെന്ന അറിവുണ്ടായികഴിഞ്ഞു അതിനാൽ ഹൃദയഗ്രന്ഥി നശിച്ചു.

സംശയങ്ങൾ നശിച്ചുവെന്നതിന്റെ സാരം:—ആത്മാവ് ദേഹാദികളിൽനിന്നു ഭിന്നനോ അഭിന്നനോ? വേറെയാണെങ്കിൽകൂടെ കർത്തൃത്വഭോക്തൃത്വാദി ഉള്ളവനോ ഇല്ലാത്തവനോ? അകർത്താവാണെങ്കിൽതന്നെ ആ ജ്ഞാനം കർമ്മസഹിതമായിട്ടോ, തനിയെതന്നെയോ മോക്ഷം സാധിപ്പിക്കുന്നത് എന്നിങ്ങിനെയുള്ള എല്ലാ സംശയങ്ങളും ആത്മസാക്ഷാൽകാരം സിദ്ധിച്ച മാത്രത്തിൽ നശിക്കും. നേരിട്ടുകണ്ട വസ്തുസ്വരൂപത്തിൽ സംശയത്തിന്നവകാശമില്ലല്ലോ. സഞ്ചിതപുണ്യപാപകർമ്മങ്ങളെല്ലാം ചിത്രപടം നശിച്ചാൽ ചിത്രങ്ങളും നശിക്കുന്നതുപോലെ അജ്ഞാനം നശിച്ചതോടുകൂടെ നശിക്കുന്നു.

8. തമേവ വിദ്വാ ന്നത്യേതി മൃത്യും പന്ഥാ നചേതരഃ
ജ്ഞാത്വാ ദേവം പാശഹാനിഃക്ഷീണൈഃക്ലേശൈർന്നജന്മഭാക്.

തംഏവവിദ്വാൻ=അവനെത്തന്നെ അറിഞ്ഞവൻ. മൃത്യും അത്യേതി=മൃത്യുവിനെ അതിക്രമിക്കുന്നു. ഇതരഃ പന്ഥാഃ=അന്യമായ മാർഗ്ഗം ഇല്ല. ദേവംജ്ഞാത്വാ=സ്വപ്രകാശമായ ആത്മാവിനെ അറിഞ്ഞിട്ട്. പാശഹാനിഃ=പാശം നശിക്കുന്നു. ക്ഷീണൈഃക്ലേശൈഃ=ക്ലേശങ്ങൾ ക്ഷയിച്ചതുകൊണ്ടു. നജന്മഭാക്=പിന്നെ ജന്മം ഉണ്ടാകുന്നില്ല.

മോക്ഷത്തിന്നു അനേകം മാർഗ്ഗങ്ങളിരിക്കെ ജ്ഞാനത്തെത്തന്നെ മുഖ്യമായി പറയുവാനെന്തുകാരണം എന്നു ശിഷ്യൻ സംശയിക്കുന്നു. ഹേ ഗുരോ നൂറു വയസ്സുവരേയും കർമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കേണമെന്നും, അങ്ങിനെ ചെയ്തുകൊണ്ടിരുന്നാൽ പാപങ്ങളൊന്നും പററുകയില്ലെന്നും, വിദ്യയെന്നും അവിദ്യയെന്നും പറയപ്പെടുന്ന രണ്ടിൽ ഏതൊരുവൻ ഏതൊന്നിനെ അനുഷ്ഠിക്കുന്നുവോ അതിനാൽ അവിദ്യാഫലമായ മൃത്യുവിനെ അതിക്രമിച്ച് വിദ്യാഫലമായ അമൃതത്വത്തെ പ്രാപിക്കുമെന്നും മററുമുള്ള ശ്രുതികളാലും കർമ്മത്തിനാൽതന്നെ ജനകാദികൾ സിദ്ധിയെ പ്രാപിച്ചു (കർമ്മണൈവഹിസംസിദ്ധിമാസ്ഥിതാജനകാദയഃ) എന്നുള്ള ഭഗവൽഗീതാവചനത്താലും അന്നം മാത്രം ഭക്ഷിക്കുന്നതുകൊണ്ടു സുഖമുണ്ടാകുന്നില്ല, അതോടുകൂടെ തേൻ മുതലായ മധുപദാർത്ഥങ്ങളെ ചേർത്തു കഴിക്കുമ്പോൾ സുഖമുണ്ടാകുന്നു. തേൻ മാത്രമായാലും സുഖമില്ല. അന്നത്തോടുചേർന്നാൽ സുഖജനകം എന്ന ലൌകികാനുഭവത്താലും ജ്ഞാനമോ കർമ്മമോ തനിത്തനിയായി സംസാരത്തെ നശിപ്പിക്കുകയില്ല. രണ്ടും ഒന്നായിചേർന്നാൽ സംസാരദുഃഖം തീർക്കുന്ന ഔഷധമാവുന്നു എന്നിങ്ങിനെ പറയപ്പെട്ടിരിക്കയാൽ ജ്ഞാനമാത്രത്താൽ മുക്തി സിദ്ധിക്കുമെന്നു ഹേ ഗുരോ അങ്ങുന്നെങ്ങിനെ പറയുമെന്ന് ശങ്കിക്കുന്നുവെങ്കിൽ നീ ഉദാഹരിച്ച ശ്രുതികളുടെ താൽപര്യം മുക്തി കൊടുക്കുമെന്നല്ല, തപസ്സുംജ്ഞാനപൂർവ്വകമായ നിഷ്കാമപുണ്യകർമ്മവുംകൊണ്ടു ചിത്തശുദ്ധി ജനിക്കും. ജനകാദികൾ കർമ്മത്താൽ സിദ്ധിയെ പ്രാപിച്ചുവെന്ന വാക്യത്തിൽ ചിത്തശുദ്ധിയെ പ്രാപിച്ചുവെന്നാണ് വിവക്ഷ. വിദ്യ, അവിദ്യ എന്ന ശബ്ദങ്ങളാൽ ഉപാസനയേയും കർമ്മത്തെയും പറയുന്നു. ബ്രഹ്മജ്ഞാനമാകട്ടെ രണ്ടിനേയും അപേക്ഷിക്കുന്നില്ല. കേവലമായിത്തന്നെ മുക്തിയെ നൽകും എന്നു കാണിപ്പാൻ ശ്വേതാശ്വതരോപനിഷദ്വാക്യത്തെ ശ്ലോകമായി നിബന്ധിക്കുന്നു:—തമേവ വിദിത്വാതി മൃത്യുമേതിനാന്യഃ പന്ഥാവിദ്യതേയനായ” ആ ആത്മാവിനെ അറിഞ്ഞവൻ—ജ്ഞാനിയാകുന്നുവെന്നു സാക്ഷാൽകരിച്ചവൻ മാത്രമേ മരണത്തെ—ജന്മജരാമരണാദിലക്ഷണമായ സംസാരത്തെ അതിക്രമിക്കുന്നുള്ളു അന്യമായ—കർമ്മജ്ഞാനസമുച്ചയരൂപമായ—മറെറാന്നുംതന്നെ മോക്ഷത്തിലേക്കുള്ള മാർഗ്ഗമല്ല. “ജ്ഞാത്വാദേവംസർവപാശാപഹാനിഃ ക്ഷീണൈഃ ക്ലേശൈഃ ജന്മമൃത്യുപ്രഹാണിഃ” സ്വപ്രകാശസ്വരൂപനായ പ്രത്യാഗാത്മാവും ബ്രഹ്മവും ഒന്നുതന്നെ എന്നു സാക്ഷാത്തായറിഞ്ഞിരിക്കുന്നവന്ന് കാമക്രോധാദിരൂപങ്ങളായ സർവ്വ പാശങ്ങളും ഇല്ലാതാകുന്നു. അവതന്നെയാണ് ക്ലേശങ്ങൾ. ക്ലേശജനകങ്ങളാകയാൽ രാഗാദികൾതന്നെ ക്ലേശങ്ങൾ. അവയുടെ ക്ഷയത്താൽ ഭാവിജന്മത്തിന്നു ഹേതുവില്ലാതായതുകൊണ്ടു പുനർജന്മമില്ലാത്തതായ പരമപദത്തെ—മുക്തിയെ—ജ്ഞാനി പ്രാപിക്കുന്നു. എന്നു മുകളിൽ കാണിച്ച ശ്വേതാശ്വതരോപനിഷത്തിലെ രണ്ടു വാക്യങ്ങളുടെ അർത്ഥമാണ് “തമേവ വിദ്വാനത്യേതി മൃത്യു” എന്ന ശ്ലോകത്തിൽ കാണിച്ചിരിക്കുന്നത്.

9. ദേവംമത്വാഹർഷശോകൌ ജഹാത്യത്രൈവധൈര്യവാൻ
നൈനംകൃതാകൃതേ പുണ്യപാപേ താപയതഃ ക്വചിത്.

ധൈര്യവാൻ=ധീരനായവൻ. ദേവംമത്വാ=പ്രകാശസ്വരൂപനായ ആത്മാവുതന്നെ ഞാനെന്നു സാക്ഷാത്തായറിഞ്ഞിട്ട്. ഹർഷശോകൌ=സന്തോഷസന്താപങ്ങളെ. അത്ര ഏവ ജഹാതി=ഈ ജന്മത്തിൽ ത്തന്നെ ഉപേക്ഷിക്കുന്നു. കൃതാകൃതേ പുണ്യപാപേ=ചെയ്യപ്പെട്ടവയും ചെയ്യപ്പെടാത്തവയുമായ പുണ്യ പാപങ്ങൾ. ഏനംക്വചിത് നതാപയതഃ=ഇവനെ ഒരേടത്തും തപിപ്പിക്കുന്നില്ല.

ജ്ഞാനി ദുഃഖത്തെക്കടക്കുമെന്ന ശ്രുതിയുള്ളതു ശരിതന്നെ. എന്നാൽ അനുഭവത്തിൽ അതു കാണപ്പെടുന്നില്ല. ജ്ഞാനികളും ഇഷ്ടപ്രാപ്തിക്കും അനിഷ്ടനിവൃത്തിക്കുമായി പ്രവൃത്തിക്കുന്നതു കാണുന്നുണ്ടല്ലൊ! എന്ന ശങ്ക തീർപ്പാൻ ദൃഢമായ അപരോക്ഷജ്ഞാനം ഇല്ലാത്തവരിൽ അതു കാണപ്പെടും. ദൃഢമായ അപരോക്ഷജ്ഞാനം ഉള്ളവരിൽ അതു കാണപ്പെടുകയില്ലെന്നു കാണിക്കുന്ന ശ്രുത്യർത്ഥത്തെ പറയുന്നു:—"അധ്യാത്മയോഗാധിഗമേനദേവം മത്വാധീരോഹർഷശോകൌജഹാതി" എന്ന കഠശ്രുതിവാക്യത്തിലെ അർത്ഥമാണ് ശ്ലോകത്തിലെ പൂർവാർദ്ധം കാണിക്കുന്നത്. ബ്രഹ്മചര്യാദിസാധന സമ്പന്നനായ ധീരൻ ചിദാനന്ദാദിലക്ഷണമായ പരമാത്മാവുതന്നെ താൻ എന്നു കരതലാമലകംപോലെ പ്രത്യക്ഷമായറിഞ്ഞിട്ടു ഈ ജന്മത്തിൽതന്നെ സന്തോഷസന്താപങ്ങളെ വേർവിട്ടു സദാനന്ദസ്വരൂപനായിരിക്കുന്നു. ശരീരമിരിക്കുമ്പോൾ അതിന്റെ കാരണമായ പ്രാരബ്ധകർമ്മം അവനെ എങ്ങിനെ തപിപ്പിക്കാതിരിക്കും എന്ന ശങ്കയെ പരിഹരിപ്പാൻ "ഏതമേവതപേന്നൈഷാ ചിന്താകർമ്മാഗ്നിസംഭൃതാ" എന്നു മുമ്പേ പറഞ്ഞതിൽ അടങ്ങീട്ടുള്ള വിശേഷാർത്ഥത്തെ പ്രകാശിപ്പിക്കുവാൻ "കൃതാകൃതേനതപതഃ" എന്നുള്ള യാജ്ഞവല്ക്യബ്രാഹ്മണത്തിലെ വാക്യാർത്ഥത്തെ ശ്ലോകത്തിലെ ഉത്തരാർദ്ധംകൊണ്ടു കാണിക്കുന്നു:— ധീരനായ ഈ ജ്ഞാനിയെ ചെയ്യപ്പെട്ടവയും ചെയ്യപ്പെടാത്തവയുമായ പുണ്യപാപകർമ്മങ്ങൾ ഒരേടത്തിലും ഒരവസരത്തിലുമെങ്കിലും തപിപ്പിക്കുന്നില്ല. മുജ്ജന്മത്തിൽ പുണ്യം ചെയ്തില്ലല്ലൊ പാപം ചെയ്തുവല്ലൊ എന്ന വിഷാദം ജ്ഞാനിക്കുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ:—താപം എന്നാൽ ചിത്തത്തിന്റെ വികാരവിശേഷം എന്നാണർത്ഥം. സദ്ധർമ്മം ചെയ്തില്ലല്ലൊ എന്ന വികാരത്തെ ജനിപ്പിക്കും അകൃതമായ പുണ്യം. അകൃതമായ പാപമോ ഞാൻ പാപം ചെയ്തിട്ടില്ലല്ലൊ എന്ന ഹർഷത്തേയും ജനിപ്പിക്കും. ഇതുപോലെതന്നെ ഈ ജന്മത്തിൽ ചെയ്ത പുണ്യം ഹർഷത്തേയും ചെയ്തപാപം വിഷാദത്തേയും ജനിപ്പിക്കും. ഈ ഭാവം ആത്മാവിൽ കർത്തൃത്വാദിധർമ്മങ്ങളെ ആരോപിക്കുന്ന അജ്ഞാനികൾക്കുണ്ടാകുന്നതാണ്. ജ്ഞാനി ആത്മമാത്രനാകയാൽ ജനിച്ചവനോ മരിക്കുന്നവനോ അല്ലാത്തതുകൊണ്ട് കൃതാകൃതപുണ്യപാപങ്ങൾ സന്തോഷസന്താപജനകങ്ങളായി ഭവിക്കുന്നില്ല. ആകയാൽ ദൃഢാപരോക്ഷജ്ഞാനമുള്ളവനിൽ ഇഷ്ടാനിഷ്ടപ്രാപ്തിനിവൃത്തികൾക്കായുള്ള കർമ്മങ്ങൾ കാണപ്പെടുവാനവകാശമില്ലെന്നു സാരം.

10. ഇത്യാദിശ്രുതയോബഹ്വ്യഃപുരാണൈഃസ്മൃതിഭിഃസഹ
ബ്രഹ്മജ്ഞാനേനനാർത്ഥഹാനിമാനന്ദംചാപ്യഘോഷയൻ.

ഇത്യാദിബഹ്വ്യഃശ്രുതയഃ=ഇപ്രകാരമുള്ള അനേകം ശ്രുതികൾ. പുരാണൈഃസ്മൃതിഭിഃസഹഃ=പുരാണങ്ങളോടും സ്മൃതികളോടുംകൂടെ. ബ്രഹ്മജ്ഞാനേനഅനർത്ഥഹാനിം=ബ്രഹ്മജ്ഞാനംകൊണ്ടു അനർത്ഥഹാനിയേയും. ആനന്ദംച‌അപിഅഘോഷയൻ=ആനന്ദപ്രാപ്തിയേയും ഘോഷിച്ചിരിക്കുന്നു.

ഇത്രമാത്രമേ പ്രമാണങ്ങളുള്ളൂ? അല്ല. അനേകം ശ്രുതികൾ ഇതു കൂടാതേയുമുണ്ട്. "ഇഹചേദവൈദീദഥസത്യമസ്തിനചേദിഹാ വേദീന്മഹതീവിനഷ്ടിഃ" ഈ ജന്മത്തിൽതന്നെയറിഞ്ഞുവെങ്കിൽ സത്യസ്വരൂപത്തെ പ്രാപിക്കാം. ഇപ്പോൾതന്നെയറിഞ്ഞില്ലെങ്കിൽ ശ്രേഷ്ഠമായ ഈ ജന്മലാഭം നിഷ്പ്രയോജനമാകും. "യ ഏതദ്വിദുരമൃതാസ്തേഭവന്ത്യഥേതരേദുഃഖമേവാപിയന്തി" ഏതൊരുത്തർ ഈ ബ്രഹ്മത്തെ അറിയുന്നുവോ അവർ മരണമില്ലാത്തവരായി ഭവിക്കുന്നു. അങ്ങിനെയറിയാത്ത ഇതരന്മാർ ദുഃഖസ്ഥാനമായ സംസാരത്തെത്തന്നെ പ്രാപിക്കുന്നു. "തദ്യോയോദേവാനാംപ്രത്യ ബുദ്ധ്യതസ ഏവതദ്ഭവത് നിചായ്യ്യതം മൃത്യുമുഖാൽ പ്രമുച്യതേ" ദേവന്മാരിലും ഏതേതു ദേവൻ ഇതിനെ അറിയുന്നുവോ അവൻ അതായിത്തന്നെ ഭവിക്കുന്നു. ആ പരമാത്മാവിനെ അറിഞ്ഞിട്ടു മരണത്തെ അതിക്രമിക്കുന്നു. എന്നിങ്ങിനെ അനേകം ശ്രുതികൾ ഉണ്ട്. "സർവ്വഭൂതസ്ഥമാത്മാനം സർവ്വഭൂതാ നിചാത്മനി സംപശ്യന്നാത്മയാജീവൈ സ്വാരാജ്യമധിഗച്ഛതി" ആത്മാവ് സർവ്വഭൂതങ്ങളിലും ആത്മാവിൽ സർവ്വഭൂതങ്ങളും ഇരിക്കുന്നുവെന്നറിയുന്നവൻ ആത്മയാഗം ചെയ്യുന്നവനും സ്വാരാജ്യത്തെ—മോക്ഷത്തെ പ്രാപിക്കുന്നവനുമാകുന്നു. "ക്ഷേത്രജ്ഞസ്യാത്മവിജ്ഞാനാ ദ്വിശുദ്ധിഃ പരമാമതാ" ക്ഷേത്രജ്ഞൻതന്നെ പരമാത്മാവെന്നറിയുന്നതുകൊണ്ടുണ്ടാകുന്ന വിശുദ്ധിതന്നെ പരമമായ വിശുദ്ധി. ജ്ഞാനസമുദ്രസ്നാനംതന്നെ

അതിവശുദ്ധികരം. ജലസ്നാനാദികളല്ല. എന്നിങ്ങിനെയുള്ള പുരാണവചനങ്ങളും സ്മൃതിവാക്യങ്ങളും പ്രമാണങ്ങളാകുന്നു. ഈ വാക്യങ്ങളെല്ലാം ബ്രഹ്മജ്ഞാനംകൊണ്ടു സംസാരാനർത്ഥനിവൃത്തിയും പരമാനന്ദപ്രാപ്തിയും ലഭിക്കും എന്നു ഘോഷിക്കുന്നു.

11. ആനന്ദസ്ത്രിവിധോബ്രഹ്മാനന്ദോവിദ്യാസുഖംതഥാ
വിഷയാനന്ദഇത്യാദൌ ബ്രഹ്മാനന്ദോവിവിച്യതേ.

ബ്രഹ്മാനന്ദഃ വിദ്യാസുഖം=ബ്രഹ്മാനന്ദം വിദ്യാനന്ദം. തഥാവിഷയാനന്ദഃ=അപ്രകാരംതന്നെ വിഷയാനന്ദം. ഇതിആനന്ദഃത്രിവിധഃ=ഇങ്ങിനെ ആനന്ദം മൂന്നുവിധം. ആദൌബ്രഹ്മാനന്ദഃ വിവിച്യതേ=ആദ്യമായിട്ടു ബ്രഹ്മാനന്ദം വേർതിരിച്ചു വിവരിക്കപ്പെടുന്നു.

ബ്രഹ്മാനന്ദം എന്ന പദത്തിൽ ആനന്ദത്തെ ബ്രഹ്മപദം വിശേഷിക്കുന്നതുകൊണ്ടു അതു കൂടാതെയും ആനന്ദമുണ്ടെന്നു വരുന്നുവല്ലൊ:—ആകയാൽ ആനന്ദം എത്രവിധമാണ് അതിൻെറ സ്വരൂപമെന്താകുന്നുവെന്നു കാണിക്കുന്നു:—ബ്രഹ്മാനന്ദം, വിദ്യാനന്ദം, വിഷയാനന്ദം എന്നിങ്ങിനെ ആനന്ദം മൂന്നുവിധത്തിൽ ഉണ്ട്. അതിൽ ഇതുമുതൽ മൂന്നദ്ധ്യായംകൊണ്ടു ബ്രഹ്മാനന്ദത്തെ വേർതിരിച്ചു കാണിക്കാം. മററുള്ള എല്ലാ ആനന്ദത്തിനും മൂലം ബ്രഹ്മാനന്ദമാകയാൽ അതിൻെറ സ്വരൂപത്തെ ആദ്യമായിട്ടു കാണിക്കാൻ ഭാവിക്കുന്നു.

12. ഭൃഗുഃപുത്രഃ പിതുഃശ്രുത്വാവരുണാൽ ബ്രഹ്മലക്ഷണം
അന്നപ്രാണമനോബുദ്ധീസ്ത്യക്ത്വാനന്ദം വിജജ്ഞിവാൻ.

(വിജഗിവാൻ എന്നും പാഠമുണ്ട്)

പുത്രഃ ഭൃഗുഃ പിതുഃ വരുണാത്=പുത്രനായ ഭൃഗുമഹർഷി പിതാവായ വരുണനിൽനിന്നു. ബ്രഹ്മലക്ഷണം ശ്രുത്വാ=ബ്രഹ്മലക്ഷണത്തെ കേട്ടിട്ടു. അന്നപ്രാണമനോബുദ്ധീഃത്യക്ത്വാ=അന്നമയപ്രാണമയ മനോമയവിജ്ഞാനമയകോശങ്ങളെ തള്ളിക്കളഞ്ഞിട്ടു ആനന്ദം വിജജ്ഞിവാൻ=ആനന്ദമയകോശത്തെ അറിഞ്ഞു.

ഈ ബ്രഹ്മാനന്ദസ്വരൂപത്തെ ആർ ആൎക്കുപദേശിച്ചതാണെന്നുള്ള പാരമ്പൎയ്യക്രമത്തെ കാണിക്കുന്നു:—പുത്രനായ ഭൃഗുമഹർഷി പിതാവായ വരുണനിൽനിന്നു ബ്രഹ്മലക്ഷണം കേട്ടറിഞ്ഞു. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം എന്ന നാലു കോശങ്ങളെയും വിചാരംകൊണ്ടു തള്ളിക്കളഞ്ഞിട്ടു അഞ്ചാമത്തെതായ ആനന്ദമയകോശത്തിൽ അഞ്ചാമത്തെ അവയവമായും പുച്ഛസ്ഥാനമായുമിരിക്കുന്ന ബ്രഹ്മാനന്ദത്തെ അറിഞ്ഞുവെന്ന് തൈത്തിരീയോപനിഷത്തിൽ ഭൃഗുവല്ലിയിൽ പറഞ്ഞിട്ടുണ്ട്. "യതോവാഇമാനിഭൂതാനി ജായന്തേയേനജാതാനി ജീവന്തിയൽപ്രയന്ത്യഭിസംവിശന്തിതദ്വിജിജ്ഞാസസ്വതൽബ്രഹ്മ" എന്നിങ്ങിനെയാണ് ഉപനിഷദ്വാക്യം. ഏതൊന്നിൽനിന്നു ഇക്കാണപ്പെടുന്ന സകല പ്രാണികളും ഉണ്ടാകുന്നുവോ ഉണ്ടായവയെല്ലാം ഏതിനെ ആശ്രയിച്ചു നിലനില്ക്കുന്നുവോ ഒടുവിൽ ഏതൊന്നിൽ ലയിക്കുന്നുവോ ആ വസ്തുവിനെ അറിവാൻ ശ്രമിക്കുക. അതുതന്നെ ബ്രഹ്മം എന്നും അറിഞ്ഞുകൊൾക, എന്ന ശ്രുതിവാക്യാൎത്ഥം. ഇതു കേട്ടപ്പോൾ ഭൃഗു അന്നമയാദിനാലുകോശങ്ങളെ കുറിച്ചും വിചാരംചെയ്തു. പിതാവു പറഞ്ഞ ലക്ഷണം അവക്കില്ലെന്നുകണ്ടതിനാൽ അനാത്മാക്കളെന്നു കണ്ടു തള്ളിക്കളഞ്ഞു. അഞ്ചാമത്തെതായ ആനന്ദമയകോശത്തിൽ "ബ്രഹ്മപുച്ഛംപ്രതിഷ്ഠാ" എന്നുള്ള ശ്രുതിപ്രകാരം ബിംബഭൂതമായ ആനന്ദംതന്നെ പ്രതിഷ്ഠയെന്നുള്ള ബ്രഹ്മലക്ഷണത്തെ അതിൽ കണ്ടിട്ടു ആനന്ദമേ ബ്രഹ്മം എന്നും നിശ്ചയിച്ചു. ഇതാണ് ഭൃഗുവല്ലിയിലെ പ്രധാനമായ സാരാംശം.

13. ആനന്ദാദേവഭൂതാനിജായന്തേതേനജീവനം
തേഷാംലയശ്ചതത്രാതോ ബ്രഹ്മാനന്ദോനസംശയഃ.

ഭൂതാനിആനന്ദാത് ഏവജായന്തേ=ഭൂതങ്ങൾ ആനന്ദത്തിൽനിന്നുതന്നെ ജനിക്കുന്നു തേനജീവനം=അതുകൊണ്ടുതന്നെ ജീവിക്കുന്നു. തത്രതേഷാംലയഃച=അതിൽ അവരുടെ ലയവും. അതഃ ബ്രഹ്മആനന്ദഃ നസംശയഃ=അതുകൊണ്ടു ബ്രഹ്മം ആനന്ദംതന്നെ സംശയമില്ല.

ആനന്ദത്തിൽ മുൻപറഞ്ഞ ലക്ഷണത്തെ എങ്ങിനെ യോജിപ്പിച്ചുവെന്നു കാണിക്കുന്നു:—"ആനന്ദാദ്ധ്യേവഖല്വിമാനിഭൂതാനി ജായന്തേ. ആനന്ദേന ജാതാനിജീവന്തി ആനന്ദം പ്രയന്ത്യഭിസംവിശന്തി" എന്നുള്ള ശ്രുതിവാക്യത്തിൻെറ അൎത്ഥമാണ് ശ്ലോകത്തിൽ അടക്കിയിരിക്കുന്നത്:—സാധാരണ വിഷയികൾ അനുഭവിക്കുന്ന ഗ്രാമ്യധൎമ്മത്തിൽനിന്നുത്ഭവിക്കുന്ന ആനന്ദത്തിൽനിന്നാണല്ലൊ സകല പ്രാണികളും ജനിക്കുന്നത്. വിഷയസുഖങ്ങളെ അനുഭവിക്കുന്നതുകൊണ്ടു സിദ്ധിക്കുന്ന ആനന്ദത്തെ

ആശ്രയിച്ചുതന്നെ ജീവിക്കയും ചെയ്യുന്നു. സുഷുപ്തികാലത്തിൽ സ്വരൂപമായിതന്നെയിരിക്കുന്ന ആനന്ദത്തിൽതന്നെ ലയവും സംഭവിക്കുന്നു. സുഷുപ്തിയിൽ ആനന്ദം മാത്രമല്ലാതെ മററൊന്നും അനുഭവപ്പെടുന്നില്ലാത്തതിനാൽ ലയസ്ഥാനവും ആനന്ദംതന്നെ. അതിനാൽ സകല പ്രാണികളുടെയും ഉൽപത്തിസ്ഥിതി ലയസ്ഥാനമായ ആനന്ദം യാതൊന്നോ അതുതന്നെ ബ്രഹ്മം. ഇതിൽ സംശയിപ്പാനവകാശമില്ലെന്നുറച്ചുകൊൾക.

14. ഭൂതോൽപത്തേഃപുരാഭൂമാ ത്രിപുടീദ്വൈതവർജനാത്
ജ്ഞാതൃജ്ഞാനജ്ഞേയരൂപാ ത്രിപുടീപ്രലയേഹിനോ.

ഭൂതോൽപത്തേഃപുരാ=ഭൂതങ്ങളുടെ ഉൽപത്തിക്കുമുമ്പേ. ത്രിപുടീദ്വൈതവർജനാത്=ത്രിപുടീരൂപമായ ദ്വൈതം ഇല്ലാത്തതുകൊണ്ടു. ഭൂമാ—(അസീൽ)=പൂർണബ്രഹ്മം) മാത്രമായിരുന്നു, ജ്ഞാതൃജ്ഞാനജ്ഞേയരൂപാ=ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം എന്ന സ്വരൂപത്തിലിരിക്കുന്ന. ത്രിപുടീ പ്രലയേ നഹി=മൂന്നുവിധമായ ആകൃതിഭേദം പ്രലയത്തിൽ ഇല്ലെന്നതു പ്രസിദ്ധമാണെല്ലോ.

തൈത്തിരീയശ്രുതികൊണ്ടു ബ്രഹ്മസ്വരൂപം ആനന്ദമാണെന്നു കാണിച്ചശേഷം ഛാന്ദോഗ്യശ്രുതിവാക്യങ്ങളെക്കൊണ്ടും അതിനെ ഉറപ്പിക്കുവാൻ സനൽകുമാരനാരദസംവാദരൂപമായ സപ്തമാദ്ധ്യായത്തിൽ കാണുന്ന ഭൂമബ്രഹ്മപ്രതിപാദകമായ ശ്രുതിവാക്യാൎത്ഥത്തെ ശ്ലോകത്തിൽ കാണിക്കുന്നു. “യത്രനാന്യൽ പശ്യതി നാന്യച്ഛൃണോതി നാന്യദ്വിജാനാതിസഭൂമാ” എന്നാണ് ശ്രുതിവാക്യം. അതിൻെറ അൎത്ഥമാണ് ശ്ലോകത്തിലടങ്ങിയിരിക്കുന്നത്. ആകാശ ദിഭൂതങ്ങളും തൽകാൎയ്യങ്ങളായ ജരായുജാണ്ഡജാദി പ്രാണിവൎഗ്ഗങ്ങളും ഉണ്ടാകുന്നതിന്നുമുമ്പെ—മഹാപ്രലയകാലത്തിൽ—ത്രിപുടീരൂപമായ—അറിയുന്നവൻ, അറിവു്, അറിയത്തക്ക പദാൎത്ഥം—എന്ന മൂന്നുവിധത്തിലുള്ള ഭേദത്തിൽ കാണപ്പെടുന്ന ദ്വൈതം ഉണ്ടായിട്ടില്ലാത്തതുകൊണ്ടു് കാലം ദേശം വസ്തു എന്ന പരിച്ഛേദത്തിൽ ഉൾപ്പെടാത്തതായ പരമാത്മാവുമാത്രം ഉണ്ടായിരുന്നു. പ്രലയത്തിൽ ജ്ഞാതാവു—അറിയുന്നവൻ. ജ്ഞാനം=അറിവു്. ജ്ഞേയം=അറിയത്തക്കതായ പദാൎത്ഥം എന്ന മൂന്നുവിധത്തിലുള്ള ആകൃതിഭേദം=പുടങ്ങൾ=ആകൃതികൾ—ഇല്ലെന്നുള്ളത് സൎവ്വവേദാന്തസംമതമാകയാൽ പ്രസിദ്ധമാകുന്നുവെന്നു കാണിപ്പാൻ “ഹി” എന്ന നിപാതപ്രയോഗം.

15. വിജ്ഞാനമയഉൽപന്നോ ജ്ഞാതാജ്ഞാനം മനോമയഃ
ജ്ഞേയാഃശബ്ദാദയോനൈതൽ ത്രയമുൽപത്തിതഃപുരാ.

ഉൽപന്നഃ വിജ്ഞാനമയഃ ജ്ഞാതാ=ആത്മാവിൽനിന്നുത്ഭവിച്ച ബുദ്ധ്യുപാധിസഹിതനായ ജീവൻ ജ്ഞാതാവ്. മനോമയഃജ്ഞാനം=മനസ്സിൽ പ്രതിഫലിച്ചതിനാൽ മനോമയൻ എന്നു പറയപ്പെടുന്ന ചൈതന്യം ജ്ഞാനം. ശബ്ദാദയഃ ജ്ഞേയാഃ=ശബ്ദാദിവിഷയങ്ങൾ ജ്ഞേയങ്ങൾ. എതത് ത്രയം ഉൽപത്തിതഃ പുരാന=ഈ മൂന്നും ഉൽപത്തിക്കു മുമ്പേ ഇല്ലല്ലൊ.

ഇപ്പോൾ ജ്ഞാത്രാദിത്രിപുടീസ്വരൂപത്തെ കാണിക്കുന്നു:—ആത്മാവിൽനിന്നു ക്രമത്തിൽ ഉൽഭവിച്ചതായ ഭൂതങ്ങളുടെ കാൎയ്യരൂപങ്ങളായ ബുദ്ധ്യാദ്യുപാധികളാണ് ത്രിപുടീരൂപദ്വൈതത്തിന്നു കാരണം: ബുദ്ധിയാകുന്ന ഉപാധിയിൽ പ്രതിഫലിച്ച ചൈതന്യമായ ജീവൻ ജ്ഞാതാവു്:—അറിയുന്നവൻ. മനസ്സാകുന്ന ഉപാധിയിൽ പ്രതിഫലിച്ചതിനാൽ മനോമയമായ ചൈതന്യം ജ്ഞാനം:—അറിവു് ബാഹ്യങ്ങളായ ശബ്ദസ്പൎശാദി പ്രസിദ്ധവിഷയങ്ങൾ ജ്ഞേയങ്ങൾ:—അറിയപ്പെടുവാൻ യോഗ്യങ്ങളായ വസ്തുക്കൾ ഈ മൂന്നും ഉല്പത്തിക്കുമുമ്പേയില്ലാത്തതിനാൽ പരമാത്മാവു ത്രിപുടീസഹിതനല്ലാത്തതിനാൽ അദ്വിതീയനാകുന്നുവെന്നു താല്പൎയ്യം.

16. ത്രയാഭാവേതുനിർദ്വൈതഃ പൂർണഏവാനുഭൂയതേ
സമാധിസുപ്തിമൂർച്ഛാസു പൂർണഃ സൃഷ്ടേഃ പുരാതഥാ.

സമാധിസുപ്തിമൂർച്ഛാസു=സമാധിയിലും സുഷുപ്തിയിലും മോഹാലസ്യത്തിലും. ത്രയാഭാവേതു=മൂന്നിൻെറ അഭാവത്തിലാകട്ടെ. നിർദ്വൈതഃ പൂൎണ്ണഃ ഏവ=ദ്വൈതരഹിതനായ പൂൎണ്ണസ്വരൂപനായിട്ടു. അനുഭൂയതേ (യഥാ) എപ്രകാരം അനുഭവിക്കപ്പെടുന്നുവോ. തഥാസൃഷ്ടേഃ പുരാപൂൎണ്ണഃ ഏവ=അപ്രകാരം സൃഷ്ടിക്കുമുമ്പും പൂൎണ്ണൻതന്നെ.

ബ്രഹ്മത്തിൽ ത്രിപുടിയില്ലെന്നതിനെ അനുഭവത്തിൽ കാണിക്കുന്നു:—വിദ്വാന്മാരുടെ സമാധിയിലും സാധാരണ ജനങ്ങളുടെ സുഷുപ്തി, മോഹാലസ്യം എന്ന അവസ്ഥകളിലും ജ്ഞാതാവു്, ജ്ഞാനം, ജ്ഞേയം എന്ന മൂന്നുവിധഭേദം ഇല്ലാത്തതുകൊണ്ടു ആത്മാവെപ്രകാരം അദ്വിതീയപരിപൂൎണ്ണസ്വരൂപനായിട്ടനുഭവപ്പെടുന്നുവോ അപ്രകാരംതന്നെ സൃഷ്ടിക്കുമുമ്പേയും ത്രിപുടിയില്ലാത്തതുകൊണ്ടു അദ്വിതീയനും പരിപൂൎണ്ണനുമായിത്തന്നെയിരുന്നുവെന്നു ഫലിതാൎത്ഥം.

17. യോഭൂമാസസുഖം നാല്പേസുഖം ത്രേധാവിഭേദിനി
സനൽകുമാരഃ പ്രാഹൈവം നാരദായാതിശോകിനേ.

യഃ ഭൂമാസഃസുഖം=യാതൊന്നോ പൂൎണ്ണം അതുസുഖരൂപം. ത്രേധാവിഭേദിനി=മൂന്നുവിധത്തിൽ ഭേദത്തോടുകൂടിയ. അല്പേ സുഖംന=അല്പത്തിൽ (ത്രിപുടിയിൽ) സുഖമില്ല. അതിശോകിനേ നാരദായ=അധികദുഃഖത്തോടുകൂടിയ നാരദന്നു്. സനൽകുമാരഃഏവം പ്രാഹ=സനൽകുമാരൻ ഇപ്രകാരംപറഞ്ഞു.

സൃഷ്ടിക്കുമുമ്പേ ബ്രഹ്മം പൂൎണ്ണമാണെന്നുകണ്ടു. അതിരിക്കട്ടെ. ആ ബ്രഹ്മം ആനന്ദമാണെന്ന് എങ്ങിനെ സിദ്ധിച്ചുവെന്നു കാണിപ്പാൻ ഏതൊന്നു പൂൎണ്ണമോ, അതാനന്ദസ്വരൂപം എന്നു അന്വയവ്യതിരേകയുക്തികൾകൊണ്ടുറപ്പിക്കുന്ന ശ്രുതിപ്രമാണത്തെ ശ്ലോകരൂപത്തിൽ നിബന്ധിക്കുന്നു:—"യോ വൈ ഭൂമാതൽസുഖം നാല്പേസുഖമസ്തി" ഛാന്ദോഗ്യം ഏഴാമത്തെ അദ്ധ്യായത്തിൽ കാണുന്ന വാക്യാൎത്ഥമാണ് ശ്ലോകത്തിലെ പൂൎവ്വാൎദ്ധത്തിൽ കാണുന്നത്:—ഏതൊന്നോ പരിപൂൎണ്ണമായിരിക്കുന്ന വസ്തു ആ വസ്തു സുഖസ്വരൂപമാകുന്നു. അതിൽ ഭയകാരണമായ ദ്വൈതമില്ലല്ലൊ. "ദ്വിതീയാദ്വൈഭയം ഭവതി" രണ്ടാമതായൊന്നുണ്ടെങ്കിൽ അതിൽനിന്നു ഭയം ജനിക്കും എന്നപ്രകാരം മുമ്പെ ബ്രഹ്മം പൂൎണ്ണമാണെന്നു കാണിച്ചതുകൊണ്ടു അത് ആനന്ദാത്മകമാണെന്നും സിദ്ധമായി. ഏതേതു പൂൎണ്ണമോ അതാതു് സുഖാത്മകം, എന്നന്വയം. അറിയുന്നവൻ അറിവു് അറിയപ്പെടുവാൻ യോഗ്യമായത് എന്നു മൂന്നു വിധത്തിൽ ഭിന്നങ്ങളായിരിക്കുന്ന അല്പമായ ത്രിപുടിയിൽ സുഖമില്ല. ഏതേത് അല്പമോ അത് അപൂൎണ്ണവും ദുഃഖാത്മകവുമാകുന്നു എന്നത് വ്യതിരേകയുക്തി. ഇത് ആർ ആരോടു പറഞ്ഞുവെന്നു കാണിക്കുന്നു:—അധികം ദുഃഖിച്ചുകൊണ്ടിരിക്കുന്ന നാരദമുനിയോടു സനൽകുമാരമുനി ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

18. സപുരാണാൻ പഞ്ചവേദാൻ ശാസ്ത്രാണിവിവിധാനിച
ജ്ഞാത്വാപ്യനാത്മവിത്വേന നാരദോതി ശുശോചഹ.

സപുരാണാൻ പഞ്ചവേദാൻ=പുരാണസഹിതങ്ങളായ അഞ്ചുവേദങ്ങളെയും. വിവിധാനിശാസ്ത്രാണിച=ബഹുവിധ ശാസ്ത്രങ്ങളെയും. ജ്ഞാത്വാഅപി=അറിഞ്ഞിരുന്നിട്ടും. അനാത്മവിത്വേന=ആത്മാവിനെ അറിയാതിരുന്നതുകൊണ്ടു. നാരദഃ അതി ശുശോചഹ=നാരദൻ അത്യന്തം ദുഃഖിച്ചുവെല്ലൊ.

സൎവ്വജ്ഞനായ നാരദരുടെ ദുഃഖത്തിന്റെ കാരണം കാണിക്കുന്നു:— പതിനെട്ടുപുരാണങ്ങളും നാലു വേദങ്ങളും (പുരാണങ്ങളും വേദതുല്യങ്ങളാകയാൽ അഞ്ചാമത്തെ വേദം എന്ന അൎത്ഥത്തിലാണ് അഞ്ചു വേദങ്ങളെന്നു പറഞ്ഞിരിക്കുന്നത്) നാനാവിധങ്ങളായ ശാസ്ത്രങ്ങളും നന്നായറിഞ്ഞിരുന്നാലും ആത്മസാക്ഷാൽകാരമില്ലാതിരുന്നതിനാൽ നാരദമുനി സാധാരണജനങ്ങളെക്കാൾ അധികം ദുഃഖിയായിരുന്നുവെന്നതു പ്രസിദ്ധമാകുന്നു. ആത്മസാക്ഷാൽകാരംകൊണ്ടു മാത്രമല്ലാതെ ആത്യന്തികദുഃഖനിവൃത്തിയുണ്ടാകയില്ലെന്നഭിപ്രായം.

19. വേദാഭ്യാസാൽ പുരാതാപത്രയമാത്രേണ ശോകിതാ
പശ്ചാദഭ്യാസവിസ്മാരഭംഗ ഗൎവൈശ്ചശോകിതാ.

വേദാഭ്യാസാത്പുരാ=വേദാഭ്യാസത്തിന്നുമുമ്പേ. താപത്രയമാത്രേണശോകിതാ=മൂന്നുവിധ താപത്താൽ മാത്രമായിരുന്നു ദുഃഖാവസ്ഥ. പശ്ചാത്തു=വേദാഭ്യാസം ഉണ്ടായതിന്നുശേഷമോ. അഭ്യാസവിസ്മാരഭംഗഗൎവൈഃച ശോകിതാ=പഠിച്ചതിന്റെ ആവൎത്തനം, മറവി, പരാജയം, ഗൎവ്വം എന്നിവകൊണ്ടും ദുഃഖാവസ്ഥതന്നെ.

വേദശാസ്ത്രങ്ങളെ പഠിച്ചവരുടെ ദുഃഖങ്ങളെല്ലാം തീരുമെന്നു പ്രസിദ്ധമായിരിക്കേ നാരദരുടെ അതിദുഃഖകാരണം എന്താണെന്നുള്ള ശങ്കക്കു സമാധാനം:—വേദാദികൾ പഠിക്കുന്നതിന്നുമുമ്പേ എനിക്ക് ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം എന്നു പ്രസിദ്ധങ്ങളായ മൂന്നുവിധതാപങ്ങൾകൊണ്ടായിരുന്നു ദുഃഖാനുഭവം. പഠിച്ചതിന്റെ ശേഷമാകട്ടെ ദുഃഖം കുറെക്കൂടെ അധികമായി. എങ്ങിനെയെന്നാൽ പഠിച്ചതിനെയെല്ലാം പ്രതിദിവസം ആവൎത്തിക്കേണം. എന്നാലും മറവിവരും. സഭയിൽ ചെന്നാൽ എന്നെക്കാൾ അധികം അറിവുള്ളവരിൽനിന്നു തോൽമ നേരിടും. എന്നോളം അറിവില്ലാത്തവരെ കാണുമ്പോൾ ഗൎവ്വം എന്നിവ കൂടെ ദുഃഖത്തിന്നു കാരണങ്ങളായിഭവിച്ചു, എന്നല്ലാതെ വേദശാസ്ത്രാദിപാഠങ്ങൾകൊണ്ടു മാത്രം ദുഃഖങ്ങൾ നാശിക്കുമെന്നുള്ള അനുഭവം എനിക്കുണ്ടായിട്ടില്ല

20. സോഹംവിദ്വൻ! പ്രശോചാമി ശോകപാരം നയാത്രമാം
ഇത്യുക്തഃ സുഖമേവാസ്യ പാരമിത്യഭ്യധാദൃഷിഃ.

വിദ്വൻസഃ അഹം=അല്ലെയോ അറിവുള്ള ഗുരോ ആ ഞാൻ. അത്ര പ്രശോചാമി=ഇതിൽ ഏററവും ദുഃ

ഖിക്കുന്നു. മാം ശോകപാരംനയ=എന്നെ ശോകത്തിൽനിന്നു കരയണയിക്കേണം. ഇതിഉക്തഃ ഋഷിഃ= എന്നു പറയപ്പെട്ട സനൽകുമാരഋഷി. അസ്യപാരം സുഖംഏവ=ഇതിന്റെ മറുകര സുഖംതന്നെ. ഇതി അഭ്യധാത്=എന്നു പറഞ്ഞു.

എല്ലാ ശാസ്ത്രങ്ങളും അറിഞ്ഞിരിക്കുന്ന നാരദന്നും ദുഃഖമുണ്ടായി എന്ന് ഏതിൽ പറഞ്ഞിരിക്കു ന്നുവെന്നു കാണിപ്പാൻ ഛാന്ദോഗ്യശ്രുതിയിൽ നാരദർ സനൽകുമാരമുനിയോടു പറയുന്നതായ "സോഹം ഭഗവഃ ശോചാമി" അല്ലെയോ ഭഗവാനേ ആ ഞാൻ ദുഃഖിക്കുന്നു എന്നു നാരദൻ പറഞ്ഞ വാക്യത്തി ലെ അർത്ഥത്തെ ശ്ലോകരൂപത്തിൽ കാണിക്കുന്നു:—ഹേ സർവ്വജ്ഞനായ ഗുരോ. അങ്ങുന്ന് പറഞ്ഞതായ പഠിപ്പുള്ള ആ ഈ ഞാൻ സംസാരസമുദ്രത്തിൽ വീണു മുങ്ങിപ്പൊങ്ങിക്കൊണ്ടു അധികം ദുഃഖിക്കുന്നു. ഇതിൽനിന്നെന്നെ മറുകര ചേർത്തേണമേ എന്നു നാരദർ പ്രാർത്ഥിച്ചു. എന്നിങ്ങിനെ നാരദമുനിയാൽ പ്രാർത്ഥിക്കപ്പെട്ട സനൽകുമാരൻ സുഖസ്വരൂപമായ ഭൂമബ്രഹ്മത്തെ സാക്ഷാത്തായറിയുന്നതുതന്നെ ദുഃഖ ത്തിന്റെ മറുകരയണയുക എന്നത് എന്നുപദേശിച്ചു. "സുഖം ത്വേവ ജിജ്ഞാസിതവ്യം" സുഖം എ ന്നത് എന്താണെന്നറിവാൻ ആഗ്രഹിച്ചുകൊള്ളേണം എന്നർത്ഥമായ ഉത്തരശ്രുതിവാക്യങ്ങളും ഈ സുഖ സ്വരൂപത്തെ കാണിക്കുന്നുണ്ട്.

21. സുഖം വൈഷയികം ശോകസഹസ്രേണാ വൃതത്വതഃ
ദുഃഖമേവേതിമത്വാ ഹ്നാല്പേസ്തി സുഖമിത്യസൌ.

വൈഷയികംസുഖം=വിഷയസംബന്ധമായ സുഖം. ശോകസഹസ്രേണ=ആയിരം ദുഃഖത്താൽ. ആവൃ തത്വതഃ=ചുററപ്പെട്ടിരിക്കുന്നതിനാൽ അല്പേദുഃഖം ഏവ=അല്പമായ വിഷയത്തിൽ ദുഃഖംതന്നെ. ഇതി മത്വാ സുഖംന അസ്തി=എന്നു വിചാരിച്ചിട്ടാണ് സുഖം ഇല്ല എന്ന്. അസൌ ആഹ=സനൽകുമാര മുനി പറഞ്ഞത്.

പൂമാല, ചന്ദനം, സ്ത്രീ, മുതലായ വിഷയസുഖസാധനങ്ങളും അനേകമിരിക്കേ അവയെല്ലാം അല്പമാണെന്നും അതിൽ സുഖമില്ലെന്നും പറഞ്ഞതെങ്ങിനെ എന്നു കാണിക്കുന്നു:— സ്രക്, ചന്ദനവനി താദികളായ വിഷയസുഖസാധനങ്ങളോടുകൂടെ ആയിരക്കണക്കിൽ ദുഃഖങ്ങളും ചേർന്നുകൊണ്ടിരിക്കുന്ന തിനാൽ അതെല്ലാം അല്പമാണെന്നും ദുഃഖമല്ലാതെ സുഖം അതിൽ ഇല്ലെന്നും ഉള്ള അഭിപ്രായം ഉണ്ടായ തുകൊണ്ടാണ് സനൽകുമാരൻ അങ്ങിനെ പറഞ്ഞിരിക്കുന്നത്.

22. നദ്വൈതേ സുഖം മാഭൂദദ്വൈതേ പ്യസ്തിനോസുഖം
അസ്തിചേദുപലഭ്യേത തഥാച ത്രിപുടീഭവേത്.

നദ്വൈതേ സുഖം മാഭൂൽ=എന്നാൽ ദ്വൈതത്തിൽ സുഖം ഇല്ലെന്നാകട്ടെ. അദ്വൈതേ അപി=അ ദ്വൈതത്തിലും. സുഖം നോ അസ്തി=സുഖം ഇല്ലല്ലൊ. അസ്തിചേത് ഉപലഭ്യേത=ഉണ്ടെങ്കിൽ കാണ പ്പെടേണം. തഥാച ത്രിപുടീഭവേത്=എന്നാണെങ്കിൽ അപ്രകാരമായാൽ ത്രിപുടി വന്നുചേരും.

ദ്വൈതത്തിൽ സുഖമില്ലെന്നതു സമ്മതിച്ചുകൊള്ളാം. എന്നാൽ അദ്വൈതത്തിലും സുഖമില്ലെ ല്ലൊ. ഉണ്ടെന്നാണ് അങ്ങുന്നരുളിച്ചെയ്യുന്നതെങ്കിൽ സുഖം അനുഭവത്തിൽ കാണപ്പെടേണ്ടതല്ലെയോ എന്നുള്ള ശിഷ്യന്റെ ശങ്കക്കു സമാധാനം:—കാണപ്പെടുന്നപക്ഷം കാണുന്നവൻ, കാഴ്ച, കാണത്തക്കതാ യ വസ്തു എന്നിങ്ങിനെ ത്രിപുടി വന്നുചേരുന്നതിനാൽ അദ്വൈതത്തിന്നുതന്നെ ഹാനി നേരിടുന്നുവെ ല്ലൊ, എന്നു ഗുരുവരുളിച്ചെയ്തു.

23. മാസ്ത്വദ്വൈതേ സുഖംകിംതു സുഖമദ്വൈതമേവഹി
കിംമാനമിതിചേന്നാസ്തിമാനാ കാംക്ഷാസ്വയംപ്രഭേ.

അദ്വൈതേ സുഖംമാസ്തു=അദ്വൈതത്തിൽ സുഖം വേണ്ട. കിംതുഅദ്വൈതം ഏവസുഖം=എന്നാലോ അദ്വൈതവസ്തു തന്നെ സുഖമാണെല്ലൊ എന്നാണെങ്കിൽ. മാനം കിം ഇതി ചേത്=പ്രമാണം എന്താകു ന്നുവെങ്കിൽ. സ്വയംപ്രഭേ=സ്വയമേവ പ്രകാശിക്കുന്ന വസ്തുവിൽ. മാനാകാംക്ഷാ ന അസ്തി=പ്രമാണാ പേക്ഷയില്ല.

ത്രിപുടിയുണ്ടാകയാൽ അദ്വൈതത്തിന്നു ഹാനി വരുമെങ്കിൽ അദ്വൈതമാകുന്നത് സുഖത്തി ന്റെ അധികരണമല്ല. സുഖസ്വരൂപം തന്നെയെന്നംഗീകരിച്ചുകൊള്ളാം. എന്നാൽ അത് സുഖസ്വരൂ പമാണെന്നതിൽ പ്രമാണമെന്താകുന്നുവെന്നു ശങ്കിക്കുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—പ്രമാണ മില്ലെന്നു സമ്മതിക്കാം. എന്തുകൊണ്ടെന്നാൽ സ്വയമേവ പ്രകാശിക്കുന്നതായ വസ്തുവിനെ തെളിയി

ക്കാൻ പ്രമാണാപേക്ഷ ആവശ്യമില്ലല്ലോ. സ്വയംപ്രകാശമല്ലാത്തിനെ പ്രകാശിപ്പാനാല്ലയോ പ്രമാണം. സ്വപ്രകാശവസ്തുവിൽ പ്രമാണത്തിൻെറ ആവശ്യമേയില്ലല്ലൊ, എന്നു ശങ്കാപരിഹാര സമാധാനം.

24. സ്വപ്രഭതേ ഭവദ്വാക്യംമാനം യസ്മാൽ ഭവാനിദം
അദ്വൈതമഭ്യുപേത്യാസ്മിൻ സുഖംനാസ്തീതിഭാഷതേ.

സ്വപ്രഭതേ ഭവദ്വാക്യംമാനം=സ്വപ്രകാശമാണെന്നതിൽ ഭവാൻെറ വാക്യം പ്രമാണം. യസ്മാൽ ഭവാൻഇദം അദ്വൈതം=യാതൊരു കാരണത്താൽ ഭവാൻ ഈ അദ്വൈതത്തെ, അഭ്യുപേത്യ അസ്മിൻ= അംഗീകരിച്ചിട്ടു ഇതിൽ. സുഖംനാസ്തി ഇതിഭാഷതേ=സുഖമില്ലെന്നു പറയുന്നുവോ.

ആത്മാവു് സ്വയംപ്രകാശമാണെന്നതിൽ പ്രമാണം എന്താകുന്നുവെന്ന ചോദ്യത്തിന്നു സമാധാനം:—ആത്മാവു് സ്വയംപ്രകാശമാണെന്നതിൽ ഭവാൻെറ വാക്യംതന്നെ പ്രമാണമാണെല്ലൊ. എന്തുകൊണ്ടെന്നാൽ ഈ അദ്വൈതത്തെ അംഗീകരിച്ചിട്ടല്ലയോ അതിൽ സുഖമില്ലെന്നു ഭവാൻ പറഞ്ഞത്. അതുകൊണ്ടുതന്നെ അദ്വൈതത്തെ സ്വീകരിച്ചുവെന്നു വന്നു. പ്രകാശിച്ചില്ലെങ്കിൽ സ്വീകരിക്കുന്നതെങ്ങിനെ.

25. നാഭ്യുപൈമ്യഹമദ്വൈതം ത്വദ്വചോനൂദ്യദൂഷണം
വച്മീതിചേത്തദാബ്രൂഹി കിമാസീദ്ദ്വൈതതഃ പുരാ.

അഹം അദ്വൈതം=ഞാൻ അദ്വൈതത്തെ. ന അഭ്യുപൈമി=അംഗീകരിക്കുന്നില്ല. ത്വദ്വചഃ അനൂദ്യ= അങ്ങയുടെ വാക്കിനെ ആക്ഷേപിച്ചിട്ടു്. ദൂഷണം വച്മിഇതിചേത്=ദൂഷിച്ചതാണ് എന്നു പറയുന്നുവെങ്കിൽ. തദാദ്വൈതതഃപുരാ=അപ്പോൾ ദ്വൈതസൃഷ്ടിക്കു മുമ്പെ. കിം ആസീൽബ്രൂഹി=എന്തുണ്ടായിരുന്നുവെന്നു പറയുക.

ഹേ സിദ്ധാന്തിൻ! ഞാൻ അദ്വൈതത്തെ അംഗീകരിച്ചിട്ടില്ല. അങ്ങയുടെ വാക്യത്തെ ആക്ഷേപിച്ചു് ദൂഷണം ചെയ്തുവെന്നേയുള്ളൂ എന്നു പറയുന്ന വാദിയോടു സിദ്ധാന്തി പറയുന്നു:—അങ്ങിനെയാണെങ്കിൽ സൃഷ്ടിക്കു ശേഷമാണെല്ലൊ ദ്വൈതപ്രഭവം. അതിന്നു മുമ്പേ എന്തുണ്ടായിരുന്നുവെന്നു അങ്ങു പറയേണം.

26. കിമദ്വൈതമുതദ്വൈത മന്യോവാകോടിരന്തിമഃ
അപ്രസിദ്ധോ ന ദ്വിതീയോ നുൽപത്തേഃ ശിഷ്യതേഗ്രിമഃ.

അദ്വൈതം ഉതദ്വൈതം കിം=അദ്വൈതമോ ദ്വൈതമോ ഉണ്ടായിരുന്നത്. അന്യഃ അന്തിമഃ കോടിഃ വാ—അതോ രണ്ടുമല്ലാത്തതായ മറെറാരവസാനവാദകോടിയായിട്ടുണ്ടോ. അനുൽപത്തേഃ ദ്വിതീയഃ അപ്രസിദ്ധഃ=ഉണ്ടാകാത്തതുകൊണ്ടു രണ്ടാംപക്ഷം അപ്രസിദ്ധം. അഗ്രിമഃ ശിഷ്യതേ=ഒന്നാംപക്ഷം അവശേഷിക്കുന്നു.

വാദിക്കുന്ന ശിഷ്യനോടു ഗുരു ചോദിക്കുന്നു: സൃഷ്ടിക്കു മുമ്പെ എന്തുണ്ടായിരുന്നു എന്നു ചോദിച്ചതിനെ സ്പഷ്ടമാക്കുന്നു:— സൃഷ്ടിക്കുമുമ്പെ അദ്വൈതമായിരുന്നുവോ അതോ ദ്വൈതമായിരുന്നുവോ. അതോ രാത്രിയും പകലുമല്ലാതെ മറെറാരു സമയം ഉണ്ടെന്നു പറയുന്ന മട്ടിൽ ദ്വൈതവും അദ്വൈതവുമല്ലാതെ വേറെയൊന്നുണ്ടായിരുന്നുവെന്നോ അവസാനത്തെ വാദകോടി. അദ്വൈതമോ ദ്വൈതമോ അല്ലാതെ മൂന്നാമതൊന്നുണ്ടെന്നു് ഭ്രാന്തന്മാരല്ലാത്തവർ പറകയില്ല. ദ്വൈതമായിരുന്നുവെന്നു പറയേണമെങ്കിൽ സൃഷ്ടിക്കുമുമ്പേ ദ്വൈതമുണ്ടായിട്ടില്ലാത്തതുകൊണ്ടു അതെങ്ങിനെ വരും. അപ്പോൾ ഒന്നാംപക്ഷമായ അദ്വൈതം അവശേഷിക്കുന്നു. ഘടാദിപാത്രങ്ങളുണ്ടാകുന്നതിന്നു മുമ്പെ മണ്ണു മാത്രമിരിക്കുന്നതുപോലെ നാമരൂപാദി പ്രപഞ്ചമാകുന്ന ദ്വൈതം ഉണ്ടാകുന്നതിന്നു മുമ്പേ പരമകാരണമായ അദ്വിതീയവസ്തു മാത്രമായിരുന്നുവെന്നു തന്നെ സിദ്ധാന്തം.

27. അദ്വൈതസിദ്ധിര്യുക്ത്യൈവ നാനുഭൂത്യേതിചേദ്വദ
നിർദൃഷ്ടാന്താസദൃഷ്ടാന്താ വാകോട്യന്തരമത്രനോ.

അദ്വൈതസിദ്ധിഃ യുക്ത്യാഏവ=അദ്വൈതസിദ്ധി യുക്തികൊണ്ടു മാത്രം അനുഭൂത്യാ ന ഇതിചേത്= അനുഭവംകൊണ്ടില്ല എന്നാണെങ്കിൽ. സാ നിർദൃഷ്ടാന്താ=ആ യുക്തി ദൃഷ്ടാന്തത്തോടുകൂടാത്തതോ. സദൃഷ്ടാന്താ വാ=ദൃഷ്ടാന്തത്തോടുകൂടിയതോ. വദ അത്ര കോട്യന്തരം നോ=പറയുക. ഇതിൽ ഇതു രണ്ടുമല്ലാതെ മറെറാരു വാദകോടി ഇല്ലല്ലൊ.

അങ്ങുന്നരുളിച്ചെയ്ത അദ്വൈതം യുക്തികൊണ്ടു മാത്രം സിദ്ധിക്കുന്നതല്ലാതെ അനുഭവത്തിൽ കാണപ്പെടുന്നില്ല എന്നാണ് വാദമെങ്കിൽ ഞാൻ പറഞ്ഞതായ യുക്തിയിൽ ദോഷമെന്താണെന്നു കാണിക്കുക. യുക്തി ദൃഷ്ടാന്തത്തോടുകൂടിയതോ ദൃഷ്ടാന്തമില്ലാത്തതോ പറയുക. യുക്തി ശരിയോ തെറ്റോ എന്നുറപ്പിക്കുവാൻ ഈ രണ്ടു വഴിയല്ലാതെ മറ്റൊന്നുമില്ലല്ലൊ.

28. നാനുഭൂതിർന്നദൃഷ്ടാന്ത ഇതിയുക്തിസ്തു ശോഭതേ
സദൃഷ്ടാന്തത്വപക്ഷേതു ദൃഷ്ടാന്തംവദമേമതം.

അനുഭൂതിഃ ന ദൃഷ്ടാന്തഃ ന=അനുഭവമില്ല ദൃഷ്ടാന്തവുമില്ല. ഇതിയുക്തിഃ തു ശോഭതേ—എന്ന യുക്തിയോ ശോഭനം. സദൃഷ്ടാന്തത്വപക്ഷേതു=ദൃഷ്ടാന്തത്തോടു കൂടിയതാണെങ്കിലോ. മേമതം ദൃഷ്ടാന്തം വദ= എനിക്കു സമ്മതമായ ദൃഷ്ടാന്തം പറയുക.

ദൃഷ്ടാന്തമില്ലാത്തതായ യുക്തിയാണെന്നു പറവാൻ ഭാവമാണെങ്കിൽ അതിനെ പരിഹാസ പൂർവ്വം നിഷേധിക്കുന്നു:—അനുഭവവും ഇല്ല, ദൃഷ്ടാന്തവും ഇല്ല. അപ്രകാരമുള്ള യുക്തിയാണെങ്കിൽ ആ യുക്തി ശിരസ്സില്ലാത്ത മനുഷ്യൻ എന്നപോലെ പരമശോഭനംതന്നെ. ഹേ അങ്ങിനെയല്ല ദൃഷ്ടാന്തം ഉണ്ടെങ്കിലൊ എന്നെ സമ്മതിപ്പിക്കുവാൻ മതിയായ ദൃഷ്ടാന്തം പറയുക.

29. അദ്വൈതഃ പ്രലയോ ദ്വൈതാനനുലംഭേന സുപ്തിവത്
ഇതിചേൽസുപ്തിരദ്വൈതേ ത്വത്രദൃഷ്ടാന്തമീരയ.

ദ്വൈതാനനുലംഭേന=ദ്വൈതത്തിന്റെ അനുഭവം കാണപ്പെടാത്തതിനാൽ. അദ്വൈതഃ പ്രലയഃ= അദ്വൈതം ദ്വൈതരഹിതമായിരിക്കത്തക്കതു പ്രലയംതന്നെ. സുപ്തിവത് ഇതിചേൽ=സുഷുപ്തിപോലെ എന്നാണെങ്കിൽ. സുപ്തിഃ അദ്വൈതാ ഇതിഅത്ര=സുപ്തി അദ്വൈതയാണെന്നു ഇതിൽ. ദൃഷ്ടാന്തം ഈരയ=ദൃഷ്ടാന്തം പറയുക.

പൂർവവാദി യുക്തി പറയുന്നു:—ദ്വൈതത്തിന്റെ അനുഭവം കാണപ്പെടാത്തതിനാൽ അദ്വൈതം, എന്നതു പ്രലയമാകുന്നു. ദ്വൈതരഹിതമായിരിക്കത്തക്കതാണെല്ലൊ അദ്വൈതം. പ്രലയത്തിൽ ദ്വൈതമില്ല. അതിനാൽ പ്രലയം അദ്വൈതം. സുഷുപ്തിപോലെ എന്നതു ദൃഷ്ടാന്തം എന്നു പറയുന്ന വാദിയോടു ഇതിന്നു ദൃഷ്ടാന്തം പറയുക. എന്റെ സുഷുപ്തിതന്നെ ദൃഷ്ടാന്തം എന്നാണ് പറയുന്നതെങ്കിൽ അത് അന്യനാനുഭവപ്പെടേണമല്ലൊ. അതിന്നൊരു ദൃഷ്ടാന്തം പറയുക.

30. ദൃഷ്ടാന്തഃ പരസുപ്തിശ്ചേ ദഹോതേ കൌശലം മഹത്
യഃ സ്വസുപ്തിം നവേത്ത്യസ്യ പരസുപ്തൌതുകാകഥാ.

ദൃഷ്ടാന്തഃ പരസുപ്തിഃചേത്=ദൃഷ്ടാന്തം അന്യന്റെ സുപ്തി ആണെങ്കിൽ. അഹോ തേ കൌശലം മഹത്= ആശ്ചര്യംതന്നെ നിന്റെ മഹത്തായ കൌശലം. യഃ സ്വസുപ്തിം നവേത്തി=യാതൊരുത്തൻ തന്റെ സുപ്തിയെ അറിയുന്നില്ലെയോ. അസ്യ പരസുപ്തൌതു കാകഥാ=അവന്നു അന്യന്റെ സുപ്തിജ്ഞാനത്തിൽ എങ്ങിനെ അറിവുണ്ടാകും.

ദൃഷ്ടാന്തം അന്യന്റെ സുഷുപ്തിയാണെന്നു പറയുന്നുവെങ്കിൽ നിന്റെ കൌശലം ഏററവും ശ്രേഷ്ഠംതന്നെ, ആശ്ചര്യം. എന്തുകൊണ്ടെന്നാൽ ഏതൊരുവൻ തന്റെ സുഷുപ്തിയെത്തന്നെയറിയുന്നില്ലെയോ അവന്നു അന്യന്റെ സുഷുപ്തിജ്ഞാനം എങ്ങിനെയുണ്ടാകും. തന്റെ സുഷുപ്തിജ്ഞാനം ഉണ്ടെങ്കിൽ അതിനെഅല്ലെ പറയേണ്ടത്. അതു പറയാതെ പരന്റെ സുഷുപ്തിയെ ദൃഷ്ടാന്തം പറയുവാൻ നിണക്കെങ്ങിനെ സാധിക്കും.

31. നിശ്ചേഷ്ടത്വാൽപരഃ സുപ്തോയഥാഹമിതിചേത്തദാ
ഉദാഹർത്തുഃ സുഷുപ്തേസ്തേ സ്വപ്രഭത്വം ബലാൽഭവേത്.

പരഃസുപ്തഃ നിശ്ചേഷ്ടത്വാൽ=അന്യൻ ഉറങ്ങിയവൻ ചേഷ്ടയില്ലാത്തതുകൊണ്ടു്. യഥാ അഹം ഇതിചേത്=എപ്രകാരമോ ഞാൻ എന്നാണെങ്കിൽ. തദാ സുഷുപ്തേഃ ഉദാഹർത്തുഃ=അപ്പോൾ സുഷുപ്തിയെഉദാഹരിക്കുന്ന നിണക്ക്. സ്വപ്രഭത്വം=സ്വയം പ്രകാശത്വം. ബലാൽഭവേത്=ബലാൽകാരേണ ഭവിക്കും.

ഹേ അങ്ങിനെ പറയേണ്ട. ഞാൻ പറഞ്ഞതിനെ യുക്തിപൂർവ്വം കാണിക്കാം:—അന്യൻ ഉറങ്ങിയവൻതന്നെ. എന്തുകൊണ്ടെന്നാൽ ശ്വാസംഉണ്ടു്. ഒന്നും പ്രവൃത്തിക്കാതെയിരിക്കുന്നു. ഞാൻ ഉറങ്ങുമ്പോഴും ഇങ്ങിനെതന്നെയാണ് ഇരുന്നത് എന്നാണ് പറയുന്നത് എങ്കിൽ സുഷുപ്തിയെ ഉദാഹരിക്കുന്ന നിണക്ക് സ്വയംപ്രകാശം ഉണ്ടെന്നതു നിശ്ചയമായെല്ലൊ.

32. നേന്ദ്രിയാണിന ദൃഷ്ടാന്തസ്തഥാ പ്യംഗീകരോഷിതാം
ഇദമേവസ്വപ്രഭുത്വം യൽഭാനം സാധനൈർവിനാ.

ഇന്ദ്രിയാണിന=ഇന്ദ്രിയങ്ങളില്ല. നദൃഷ്ടാന്തഃ തഥാപി=ദൃഷ്ടാന്തവുമില്ല എങ്കിലും. താം അംഗീകരോഷി= അതിനെ (സുഷുപ്തിയെ) അംഗീകരിക്കുന്നുവെല്ലോ. സാധനൈഃവിനാ=സാധനങ്ങളില്ലാതെ. യൽഭാനം= പ്രകാശമെന്നതു യാതൊന്നോ. ഇദം ഏവസ്വപ്രഭുത്വ=ഇതുതന്നെ സ്വപ്രകാശാവസ്ഥ.

സുഷുപ്തി സ്വയം പ്രഭയാണെന്നു ബലാൽകാരേണ ഞാൻ സമ്മതിച്ചുവെന്നു എങ്ങിനെവരും എന്ന ശങ്കക്കു സമാധാനം:—സുഷുപ്തിയിൽ അറിവിൻെറ സാധനങ്ങളായ നേത്രാദീന്ദ്രിയങ്ങൾ ഒന്നുമില്ല. എല്ലാം അതാതിൻെറ കാരണങ്ങളിൽ ലയിച്ചുവല്ലൊ. അന്യക്ക് പ്രസിദ്ധമായ ദൃഷ്ടാന്തവുമില്ല. അതിനെ ദൃഷ്ടാന്തമാക്കാൻ നിണക്കധികാരമില്ല. ഇങ്ങിനെയിരുന്നിട്ടും സ്വഷുപ്തിയെ നീ ദൃഷ്ടാന്തമായി സ്വീകരിക്കയും ചെയ്യുന്നു. അതുകൊണ്ടു സുഷുപ്തി സ്വയമേവ വിളങ്ങുന്നുവെന്നു സമ്മതിച്ചതായി വന്നു. എന്തുകൊണ്ടെന്നാൽ സ്വയം പ്രകാശം എന്നതിൻെറ ലക്ഷണം:—അറിവാനുള്ള സാധനങ്ങളെ അപേക്ഷിക്കാതെ സ്വയമേവ വിളങ്ങുക എന്നതു യാതൊന്നോ അതുതന്നെ ആ വസ്തുതന്നെ സ്വപ്രകാശമായത് എന്നാകുന്നു. അതുകൊണ്ടു സകലേന്ദ്രിയങ്ങളും ലയിച്ചിരിക്കേ പ്രകാശിച്ച സുഷുപ്തി സ്വയം പ്രകാശംതന്നെ.

33. സ്താമദ്വൈത സ്വപ്രഭത്വേ വദസുപ്തൌ സുഖംകഥം
ശൃണുദുഃഖം തദാനാസ്തി തതസ്തേ ശിഷ്യതേസുഖം.

അദ്വൈതസ്വപ്രഭത്വേ=അദ്വൈതവും സ്വപ്രകാശവും. സ്താം=സുഷുപ്തിയിൽ ഉണ്ടെന്നു വന്നുകൊള്ളട്ടെ സുപ്തൌ സുഖം കഥംവദ=സുപ്തിയിൽ ആനന്ദം ഉണ്ടെന്നെങ്ങിനെവരും പറയുക. ശൃണു തദാ ദുഃഖംനഅസ്തി=കേൾക്കുക അപ്പോൾ ദുഃഖമില്ല. തതഃതേ സുഖം ശിഷ്യതേ=അതുകൊണ്ടു നിണക്കു സുഖം അവശേഷിക്കുന്നു.

മുകളിൽ വിവരിച്ചവിധം പ്രലയത്തിനുദാഹരണമായി പറഞ്ഞ സുഷുപ്തി, അദ്വിതീയവും സ്വപ്രകാശവുമാണെന്നു സാധിച്ചതിൻെറശേഷം അതിൽ സുഖം ഉണ്ടെന്നു കാണിപ്പാൻവേണ്ടി പൂർവ്വപക്ഷം ആരംഭിക്കുന്നു. വാദിപറയുന്നു:—അങ്ങുന്നു വിവരിച്ചവിധത്തിൽ സുഷുപ്തി അദ്വിതീയവും സ്വപ്രകാശവുമാണെന്നു സമ്മതിച്ചു. അപ്പോൾ സുഖമുണ്ടെന്നു വരുന്നതെങ്ങിനെയെന്ന് അങ്ങ് പറയേണം. പറയാം കേട്ടുകൊൾക. സുഷുപ്തിയിൽ ദുഃഖമില്ലെന്നതു സ്പഷ്ടമാണെല്ലൊ. സുഖവും ദുഃഖവും ഇരുട്ടും വെളിച്ചവുംപോലെ അന്യോന്യവിരുദ്ധങ്ങളാകയാൽ ഒന്നിൻെറ അഭാവത്തിൽ മറെറാന്നുണ്ടെന്നു വന്നുചേരുന്നു. രാത്രിയല്ല എന്നു പറഞ്ഞാൽ പകലാണ് എന്നു വന്നുകഴിഞ്ഞു. അതുപോലെ ആ സുഷുപ്തിയിൽ നിണക്കു ദുഃഖമില്ലെന്നു വന്നതിനാൽ അവശിഷ്ടം സുഖം എന്നതു നിശ്ചയം.

34. അന്ധഃസന്നപ്യനന്ധഃസ്യാ ദ്വിദ്ധോവിദ്ധോഥരോഗ്യപി
അരോഗീതി ശ്രുതിഃപ്രാഹതച്ച സർവ്വേജനാവിദുഃ.

അന്ധഃസൻ അനന്ധഃസ്യാത്=കുരുടനായിരുന്നിട്ടും കുരുടനല്ലാതാകും. അഥവിദ്ധഃ അവിദ്ധഃ=മുറിപ്പെട്ടവൻ മുറിപ്പെടാത്തവനാകും. രോഗി അപി അരോഗീഇതി=രോഗമുള്ളവൻ രോഗമില്ലാത്തവനാകും എന്ന്. ശ്രുതിപ്രാഹ=ശ്രുതിപറയുന്നു. തത് സർവ്വേജനാഃ വിദുഃച=അതിനെ സർവ്വജനങ്ങളും അറികയും ചെയ്യുന്നു.

സുഷുപ്തിയിൽ സുഖമുണ്ടെന്നതിനു പ്രമാണമെന്താകുന്നുവെങ്കിൽ ശ്രുതിയും അനുഭവവും പ്രമാണം എന്നു കാണിക്കുന്നു:—"തസ്മാദ്വാ ഏതംസേതും തീർത്വാന്ധഃസന്നനന്ധോ ഭവതി വിദ്ധഃസന്നവിദ്ധോ ഭവതി ഉപതാപീസന്നനുപതാപീഭവതി തദ്യദ്യപീദംഭഗവഃ ശരീരമന്ധം ഭവത്യനന്ധഃസഭവതി" എന്നിങ്ങിനെയുള്ള ശ്രുതി ദേഹാഭിമാനം നിമിത്തമുള്ള അന്ധത്വാദിദോഷങ്ങൾ സുഷുപ്തിയിൽ ഇല്ലെന്നു കാണിക്കുന്നതിനെ ശ്ലോകരൂപത്തിൽ നിബന്ധിക്കുന്നു:—എപ്പോൾ ദേഹാഭിമാനം എന്ന അതിരിനെ അതിക്രമിച്ചിരിക്കുന്ന സുഷുപ്തിയുണ്ടാകുന്നുവോ അപ്പോൾ കുരുടൻ കുരുടനല്ലാതെയും മുറിയേററവൻ മുറിപ്പെട്ടവനല്ലാതെയും, രോഗി രോഗവാനല്ലാതെയും ഭവിക്കുന്നു. ആവക ശരീരധർമ്മങ്ങളൊന്നും തന്നെ ആ അവസ്ഥയിൽ ഇല്ലെന്നാണ് ശ്രുതി പറയുന്നത്. ഈ അനുഭവം സർവ്വജനങ്ങളും പ്രതിദിവസം അറിഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു.

35. നദുഃഖാഭാവമാത്രേണസുഖംലോഷ്ടശിലാദിഷു
ദ്വയാഭാവസ്യദൃഷ്ടത്വാദിതിചേദ്വിഷമംവചഃ.

ദുഃഖാഭാവമാത്രേണ=ദുഃഖമില്ലെന്നുള്ളതിനാൽ മാത്രം. നസുഖം=സുഖമുണ്ടെന്നു വരുന്നതല്ല. ലോഷ്ടശിലാദിഷു=മണ്ണ് കല്ല് എന്നിവയിൽ. ദ്വയാഭാവസ്യദൃഷ്ടത്വാൽ=രണ്ടിൻെറയും അഭാവം കാണപ്പെടുന്നതുകൊണ്ട്. ഇതിചേത് വചഃ വിഷമം=എന്നാണെങ്കിൽ നിൻെറ വാക്ക് വ്യത്യാസമുള്ളതാകുന്നു.

ശിഷ്യൻെറ വീണ്ടുമുള്ള ശങ്കയും അതിന്നു സമാധാനവും.—ദുഃഖമില്ലെന്നുവന്നതുകൊണ്ടുമാത്രം സുഖമുണ്ടെന്നു വരുമോ. മണ്ണ്, കല്ല് എന്നിവയിൽ രണ്ടും ഇല്ലെന്നു കാണപ്പെടുന്നുവെല്ലൊ എന്നാണ് പറയുന്നതെങ്കിൽ ആ വാക്ക് വിഷമമാകുന്നു. ദൃഷ്ടാന്തത്തിന്നും ദാഷ്ടാന്തത്തിന്നും തുല്യമായിരിക്കുന്നില്ല എന്നു പരിഹാരം.

36. മുഖദൈന്യവികാസാഭ്യാം പരദുഃഖസുഖോഹനം
ദൈന്യാദ്യഭാവതോലോഷ്ടേദുഃഖാദ്യൂഹോനസംഭവേത്.

മുഖ്യദൈന്യ വികാസാഭ്യാം=മുഖത്തിൽ പ്രകാശിക്കുന്ന ദീനഭാവം വികാസം എന്ന രണ്ടിനാൽ. പരദുഃഖസുഖോഹനം=പരന്മാരുടെ ദുഃഖസുഖങ്ങളുടെ ഊഹം ഭവിക്കുന്നു. ലോഷ്ടേദൈന്യാദ്യഭാവതഃ=മൺകട്ട മുതലായതിൽ ദൈന്യാദി ഇല്ലാത്തതുകൊണ്ടു. സുഖദുഃഖാദ്യൂഹഃ നസംഭവേത്=സുഖദുഃഖാദികളുടെ ഊഹം സംഭവിക്കയില്ല.

ദൃഷ്ടാന്തം വിഷമമാണെന്നു മുമ്പേ പറഞ്ഞതിനെ ഉപപാദിക്കുന്നു:—മൺകട്ട മുതലായ അചേതനവസ്തുക്കളിൽ ദൈന്യം മുതലായ ഭാവങ്ങൾ ഇല്ലാത്തതുകൊണ്ടു അവയിൽ സുഖദുഃഖാദികൾ ഉണ്ടെന്നൂഹിപ്പാൻ ലക്ഷണം കാണപ്പെടുകയില്ല. പരന്മാരിൽ സുഖദുഃഖാദികൾ ഉണ്ടെന്ന് ഊഹിപ്പാനുള്ള ലക്ഷണം അവരുടെ മുഖത്തിൽ സ്ഫുരിക്കുന്ന ദീനഭാവം, വികാസം എന്നിവയാകുന്നു.

37. സ്വകീയേസുഖദുഃഖേതു നോഹനീയേതതസ്തയോഃ
ഭാവോവേദ്യോനുഭൂത്യൈവ തദഭാവോപിനാന്യതഃ.

സ്വകീയേ സുഖദുഃഖേതു=തൻെറ സ്വന്തം സുഖദുഃഖങ്ങളാകട്ടെ. ന ഊഹനീയേ=ഊഹിക്കപ്പെടുവാൻ യോഗ്യങ്ങളല്ല. തതഃ തയോഃ ഭാവഃ തദഭാവഃ അപി=അതുകൊണ്ടു അതുകളുടെ ഭാവവും അഭാവവും അനുഭൂത്യാഏവവേദിതവ്യഃ=അനുഭവംകൊണ്ടുതന്നെ അറിയപ്പെടുവാൻ യോഗ്യം. അന്യതഃന=മറെറാന്നിനാൽ അറിയത്തക്കതല്ല.

ഇപ്പോൾ അന്യൻെറ സുഖദുഃഖങ്ങൾക്കും തൻെറ സുഖദുഃഖങ്ങൾക്കും തമ്മിൽ ഭേദമുള്ളതിനെ കാണിക്കുന്നു:—അന്യൻെറ സുഖദുഃഖങ്ങളെ അവൻെറ മുഖത്തിൽ സ്ഫുരിക്കുന്ന ഭാവങ്ങളെക്കൊണ്ടു ഊഹിച്ചറിയുന്നതുപോലെയല്ല, ഓരോരു സ്വന്തം സുഖദുഃഖങ്ങളെ അറിയുന്നത്. പിന്നെ എങ്ങിനെ അറിയുന്നുവെന്നാൽ തനിക്കു സുഖമോ ദുഃഖമോ ഉള്ളതും ഇല്ലാത്തതും സ്വാനുഭവംകൊണ്ടു മാത്രമല്ലാതെ മറെറാന്നുകൊണ്ടും അറിയപ്പെടുവാൻ കഴിയുന്നതല്ല. ഈ ഭേദം അന്യൻെറയും തൻെറയും സുഖദുഃഖങ്ങൾക്കു തമ്മിലുണ്ടെന്നതു ആൎക്കും അറിയാവുന്ന സംഗതിതന്നെ.

38. തഥാ സതിസുഷുപ്തൌച ദുഃഖാഭാവോനുഭൂതിതഃ
വിരോധിദുഃഖരാഹിത്യാൽ സുഖം നിൎവ്വിഘ്നമിഷ്യതാം.

തഥാസതിസുഷുപ്തൌച=അപ്രകാരമിരിക്കുമ്പോൾ സുഷുപ്തിയിലും അനുഭൂതിതഃ ദുഃഖാഭാവഃ=അനുഭവംകൊണ്ടു ദുഃഖാഭാവമാണ്. വിരോധി ദുഃഖരാഹിത്യാൽ=വിരോധിയായ ദുഃഖമില്ലാത്തതുകൊണ്ടു. സുഖംനിൎവ്വിഘ്നംഇഷ്യതാം=സുഖത്തിന്നു തടസ്ഥമില്ലെന്ന് സ്വീകരിച്ചുകൊൾക.

സ്വ സുഖദുഃഖങ്ങൾ അനുഭവംകൊണ്ടുമാത്രം അറിയാവുന്നതാകയാൽ അനുഭവത്തിൽനിന്നു സുഷുപ്തിയിൽ ദുഃഖമില്ലെന്നു സിദ്ധമായിരിക്കുന്നു. സുഖത്തിൻെറ വിരോധിയായ ദുഃഖം ഇല്ലാത്തതുകൊണ്ടു സുഖത്തിന്നു യാതൊരു തടസ്ഥവുമില്ലെന്ന് അംഗീകരിച്ചുകൊൾക.

39. മഹത്തരപ്രയാസേന മൃദുശയ്യാദിസാധനം
കുതഃസംപാദ്യതേ സുപ്തൌസുഖം ചേത്തത്രനോഭവേത്.

സുപ്തൌസുഖം നോ ഭവേത് ചേത്=സുഷുപ്തിയിൽ സുഖം ഉണ്ടാകയില്ലെങ്കിൽ. മഹത്തരപ്രയാസേന=അധികം പ്രയാസപ്പെട്ടിട്ടും. മൃദുശയ്യാദിസാധനം=മൃദുവായ ശയനാദിസാമഗ്രികൾ. കുതഃസംപാദ്യതേ=എന്തിനായി സമ്പാദിക്കപ്പെടുന്നു.

സുഷുപ്തിയിൽ സുഖമില്ലെന്നു വരികിൽ ജനങ്ങൾ ധനവ്യയം ദേഹാദ്ധ്വാനം മുതലായവകൊണ്ടും മൃദുവായ ശയനം സ്ഥാനം മുതലായവ എന്തിനായിട്ടു സമ്പാദിക്കുന്നു. സുഷുപ്തിയിൽ സുഖാനുഭവം ഉള്ളതുകൊണ്ടു തന്നെ ശയ്യാദിസാധനസമ്പാദനത്തിന്നായിട്ടുദ്ധ്വാനിക്കുന്നത് എന്നു തെളിയുന്നു.

40. ദുഃഖനാശാൎത്ഥമേ വൈതദിതിചേ ദ്രോഗിണസ്തഥാ
ഭവതച്ചരോഗിണസ്ത്വേ തൽസുഖായൈവേതിനിശ്ചിനു.

ഏതത് ദുഃഖനാശാൎത്ഥം ഏവ ഇതിചേത്=ഇത് ദുഃഖമില്ലാതാക്കവാനാണെങ്കിൽ. രോഗിണഃ തഥാഭ വതു=രോഗിക്കങ്ങിനെയാകട്ടെ. അരോഗിണഃതു ഏതത്=രോഗമില്ലാത്തവന്നാകട്ടെ ഇത്. സുഖായ ഏവ ഇതിനിശ്ചിനു=സുഖത്തിന്നായിട്ടുതന്നെയെന്നു നിശ്ചയിച്ചുകൊൾക.

ദുഃഖമില്ലാതാക്കവാനാണ് മുദുശയ്യാദികളെ സമ്പാദിക്കുന്നത് എന്നു ശങ്കിക്കുന്നുവെങ്കിൽ രോഗമുള്ളവൎക്കങ്ങിനെയാകട്ടെ. രോഗമില്ലാത്തവരും ഈ സാധനങ്ങളെ സമ്പാദിക്കുന്നത് എന്തിനാകുന്നു? ആകയാൽ സുഖത്തിന്നായിട്ടുതന്നെയെന്നുറച്ചുകൊൾക.

41. തൎഹിസാധനജന്യത്വാൽ സുഖം വൈഷയികംഭവേത്
ഭവതേവാത്രനിദ്രായാഃ പൂൎവ്വം ശയ്യാസനാദിജം.

തൎഹിസാധനജന്യത്വാൽ=എന്നാൽ സാധനങ്ങളിൽനിന്നുണ്ടാകുന്നതുകൊണ്ടു. സുഖം വൈഷയികംഭവേത്=സുഖം വിഷയത്തിൽനിന്നുണ്ടായതാണെന്നുവരും. അത്ര നിദ്രായാഃപൂൎവ്വം=ഇതിൽ നിദ്രക്കു പോകുന്നതിന്നുമുമ്പേ. ശയ്യാസനാദിജം ഭവതു=ശയ്യാസനാദിജന്യമാണെന്നു വന്നുകൊള്ളട്ടെ.

സുഖത്തിന്നായിട്ടാണ് മുദുശയ്യാദിസാധനം എന്നു വന്നാൽ സുഷുപ്തി സുഖം എന്നത് ആത്മസുഖമല്ല; വിഷയത്തിൽനിന്നുണ്ടായ സുഖമാണെന്നു വരുമെല്ലൊ എന്ന ശങ്കക്കു സമാധാനം:—നിദ്രക്കായി പോകുന്നതിന്നുമുമ്പേയുള്ള സുഖത്തേയോ വിഷയജന്യം എന്നു പറയുന്നത്, അതോ നിദ്രാസമയത്തിൽ അനുഭവിക്കുന്ന സുഖത്തെയോ എന്നു വിവരിച്ചു പറയേണം. നിദ്രയിൽ പ്രവേശിക്കുന്നതിന്നുമുമ്പെയുള്ള സുഖത്തെയാണ് വിഷയജന്യമെന്നു പറയുന്നതെങ്കിൽ അതിനെ ഞാൻ സമ്മതിക്കുന്നു.

42. നിദ്രായാംതു സുഖംയത്തൽ ജന്യതേ കേനഹേതുനാ
സുഖാഭിമുഖധീരാദൌ പശ്ചാൽ മജ്ജേൽ പരേസുഖേ.

നിദ്രായാംതു യത് സുഖം=നിദ്രയിൽ യാതൊരു സുഖമുണ്ടോ. തൽകേന ഹേതുനാ ജന്യതേ=അത് എന്തു കാരണത്താലുണ്ടാകുന്നു. ആദൌ സുഖാഭിമുഖധീഃ=ആദിയിൽ സുഖത്തെ അന്വേഷിക്കുന്ന ബുദ്ധിയോടു കൂടിയ ജീവൻ. പശ്ചാൽപരേ സുഖേമജ്ജേത്=അനന്തരം പരമായ സുഖത്തിൽ നിമഗ്നനാകും.

നിദ്രാസമയത്തിൽ ശയ്യ മുതലായതിനെകുറിച്ചുള്ള ബോധം ഇല്ലാതിരിക്കേ സുഖാനുഭവം എന്തുകാരണത്താൽ ഉണ്ടായിയെന്നു നീ പറയുക. അതിന്നുത്തരം:—നിദ്രാകാലത്തിൽ അങ്ങിനെ ഒരു സുഖമുണ്ടോ? ഉണ്ടെങ്കിൽ വിഷയസുഖം അനുഭവകാലത്തിൽ അറിയപ്പെടുന്നതുപോലെ അറിയാതിരിപ്പാൻ എന്തുകാരണം എന്ന് അങ്ങുന്നും പറയേണ്ടതായിരിക്കുന്നു. എന്നാണെങ്കിൽ അതിന്നു സമാധാനം കേട്ടുകൊൾക:—ജീവൻ നിദ്രയിൽ ലയിക്കുന്നതിന്നുമുമ്പേ ശയ്യാദിസാധനസുഖങ്ങളെ അഭിമുഖീകരിക്കുന്ന ബുദ്ധിയോടുകൂടിയിരുന്നു. അപ്പോൾ വിഷയജന്യസുഖത്തെ അറിഞ്ഞുമിരുന്നു. നിദ്രയിൽ പ്രവേശിച്ചപ്പോൾ വിഷയത്തെക്കാൾ ഉൽകൃഷ്ടവും സ്വാദിഷ്ഠവുമായ പരമസുഖത്തിൽ മുങ്ങിപ്പോയി. അതിനാൽ ആ നിദ്രാകാലത്തിൽ ആ സുഖത്തെ അറിയാതിരിക്കുന്നു.

43. ജാഗ്രദ്വ്യാവൃത്തിഭിഃ ശ്രാന്തോ വിശ്രമ്യാഥവിരോധിനി
അപനീതേസ്വസ്ഥചിത്തോനുഭവേ ദ്വിഷയേസുഖം.

ജാഗ്രദ്വ്യാവൃത്തിഭിഃ=ജാഗ്രൽകാലത്തിലെ വ്യാപാരങ്ങൾകൊണ്ടു. ശ്രാന്തഃവിശ്രമ്യഅഥ=ക്ഷീണിച്ചവനായിട്ടു വിശ്രമിച്ചശേഷം. അഥ വിരോധിനി അപനീതേ=പിന്നെ സുഖവിരോധിയായ വൃത്തി നീക്കപ്പെട്ടപ്പോൾ. സ്വസ്ഥചിത്തഃ വിഷയേസുഖം അനുഭവേത്=സ്വസ്ഥചിത്തനായിട്ടു വിഷയത്തിൽ സുഖം അനുഭവിക്കും.

സംഗ്രഹിച്ചുപറഞ്ഞ കാൎയ്യത്തെ മൂന്നു ശ്ലോകംകൊണ്ടു വിസ്തരിച്ചു പറയുന്നു:—ജീവൻ ജാഗ്രത്തിൽ പലവിധ വ്യാപാരങ്ങൾനിമിത്തം ക്ഷീണിച്ചു, നിദ്രക്കാരംഭിച്ചു. സുഖവിരോധിയായ വിഷയവ്യാപാരം ഇല്ലാതെയായപ്പോൾ വിശ്രാന്തിയെ അനുഭവിച്ചു സ്വസ്ഥനായി. പിന്നെ ശയ്യാദി വിഷയസുഖങ്ങളെ അനുഭവിക്കും. നിൎവ്യാപരനായിട്ടു മുദുമെത്തയിൽ കിടക്കുമെന്നു സാരം.

44. ആത്മാഭിമുഖധീവൃത്തൌ സ്വാനന്ദഃ പ്രതിബിംബതി
അനുഭൂയൈനമത്രാപി ത്രിപുട്യാ ശ്രാന്തിമാപ്നുയാൽ.

ആത്മാഭിമുഖധീവൃത്തൌ=ആത്മാവിനെകുറിച്ച് അന്തഃർഭാഗത്തിൽ വ്യാപരിക്കുന്ന ബുദ്ധിവൃത്തിയിൽ.

സ്വാനന്ദഃ പ്രതിബിംബതി=സ്വരൂപാനന്ദം പ്രതിഫലിക്കുന്നു. അത്രഅപി ഏനംഅനുഭൂയ=ഇവിടെയും ഈ സുഖത്തെ അനുഭവിച്ചിട്ടു. ത്രിപുട്യാശ്രാന്തിം ആപ്നുയാൽ=ത്രിപുടിനിമിത്തം ശ്രാന്തിയെ പ്രാപിക്കും.

ആ വിഷയസുഖവും ഏതുവിധത്തിലിരിക്കുന്നു. അതിൽനിന്നും പിന്നെ സുഷുപ്തിയിൽ പ്രവേശിക്കുവാനുള്ള കാരണമെന്തെന്നും വിശദമാക്കുന്നു:—കിട്ടാതിരുന്ന വിഷയങ്ങളെ സമ്പാദിപ്പാൻ ജാഗ്രദവസ്ഥയിൽ ചെയ്ത വ്യാപാരങ്ങൾ നിമിത്തം ക്ഷീണമുണ്ടായതിനെ തീക്കാനായിട്ടാണ് ശയനത്തിൽ പ്രവേശിച്ചത്. അങ്ങിനെ ശയിക്കുന്ന ജീവന്റെ ബുദ്ധിവൃത്തി അന്തഭാഗത്തിൽ ആത്മാഭിമുഖമായി വ്യാപരിച്ചുകൊണ്ടിരിക്കുമ്പോൾ, കണ്ണാടിയിൽ മുഖമെന്നപോലെ സ്വരൂപാനന്ദം പ്രതിഫലിക്കും. ഈ അവസ്ഥയിലും സ്വരൂപാനന്ദം, അതിന്റെ അനുഭവം, അനുഭോക്താവ്, എന്നീ മൂന്നുവിധ വിഭാഗമുള്ളതുകൊണ്ടു ക്ഷീണിക്കും.: അതിനാൽ ഇതും ശുദ്ധാനന്ദമാകുന്നില്ല.

45. തച്ഛ്രമസ്യാപനുത്യർത്ഥം ജീവോധാവേൽ പരാത്മനി
തേനൈക്യം പ്രാപ്യതത്രത്യോ ബ്രഹ്മാനന്ദഃ സ്വയംഭവേത്.

തച്ഛ്രമസ്യഅപനുത്യർത്ഥം=ആ ശ്രമത്തെ തീക്കാൻവേണ്ടീട്ടു. ജീവഃപരാത്മനിധാവേത്=ജീവൻ പരമാത്മാവിലേക്കു ഓടും. തേനഐക്യം പ്രാപ്യ=ആ പരമാത്മാവിനോടു ഐക്യംപ്രാപിച്ചിട്ടു. സ്വയം തത്രത്യഃ ബ്രഹ്മാനന്ദഃഭവേത്=താൻ അവിടെയുള്ള ബ്രഹ്മാനന്ദമായി ഭവിക്കും.

ത്രിപുടിനിമിത്തമനുഭവിക്കുന്ന ആ ക്ഷീണംതീക്കാൻ ജീവൻ ആ സ്ഥാനത്തിൽ നില്ക്കാതെ പരമാത്മാവിനെ പ്രാപിപ്പാൻ പാഞ്ഞു സഞ്ചരിക്കും. ആ പരമാത്മാവിനോടുകൂടെ ഏകഭാവത്തെയടയും. അപ്പോൾ ജീവൻ ആ സുഷുപ്തമെന്ന സ്ഥാനത്തിലിരിക്കുന്നവനായിട്ട് അവിടെയുള്ള പരബ്രഹ്മരൂപമായ ആനന്ദമായി ഭവിക്കും. ആനന്ദംതന്നെ സ്വരൂപമാകും. “സതാ സൌമ്യതദാ സമ്പന്നോ ഭവതി” അപ്പോൾ ഹേ പ്രിയദശ്ന! ആ സുഷുപ്തസ്ഥാനത്തിൽ ജീവൻ പരമാത്ഥസ്വരൂപത്തോടു ചേൎന്നവനായി ഭവിക്കും എന്നത്ഥമായ ശ്രുതി ഇവിടെ പ്രമാണം.

46. ദൃഷ്ടാന്താഃശകുനിഃശ്യേനഃ കുമാരശ്ചമഹാനൃപഃ
മഹാബ്രാഹ്മണഇത്യേതേ-സുപ്ത്യാനന്ദേ ശ്രുതീരിതാഃ.

ശകുനിഃശ്യേനഃ കുമാരഃ=പക്ഷി, പരുന്ത് ബാലകൻ. മഹാനൃപഃ മഹാബ്രാഹ്മണഃച=മഹാരാജാവ്, മഹാബ്രാഹ്മണൻ. സുപ്ത്യാനന്ദേ ദൃഷ്ടാന്താഃ ശ്രുതീരിതാഃ=സുഷുപ്ത്യാനന്ദത്തിൽ ദൃഷ്ടാന്തങ്ങളായിട്ടു ശ്രുതിയിൽ പറയപ്പെട്ടിട്ടുണ്ട്.

ഇപ്പോൾ വിവരിച്ചതായ സുഷുപ്തിയിൽ ആനന്ദം ഉണ്ടെന്നു കാണിപ്പാൻ ,പക്ഷി, പരുന്ത്, ബാലകൻ, മഹാരാജാവ്, മഹാബ്രാഹ്മണൻ എന്നിവർ ശ്രുതിയിൽ ദൃഷ്ടാന്തങ്ങളായി പറയപ്പെട്ടിരിക്കുന്നു. ആനന്ദമുണ്ടെന്നുറപ്പിക്കുവാനാണ് അധികദൃഷ്ടാന്തങ്ങൾ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടു സുഷുപ്തിയിൽ സുഖമില്ലെന്നുള്ള വാദം നിരാകരിക്കപ്പെട്ടു.

47. ശകുനിഃസൂത്രബദ്ധഃസൻദിക്ഷു വ്യാപൃത്യവിശ്രമം
അലബ്ധ്വാ ബന്ധനസ്ഥാനം ഹസ്തസ്തംഭാദ്യുപാശ്രയേത്.

സൂത്രബദ്ധഃ സൻ ശകുനിഃ=പക്ഷി കയർകൊണ്ടു ബന്ധിക്കപ്പെട്ടതായിട്ടു. ദിക്ഷുവ്യാപൃത്യ=ദിക്കുകളിൽ അലഞ്ഞിട്ടു. വിശ്രമം അലബ്ധ്വാ=വിശ്രാന്തി സിദ്ധിക്കാതെ. ഹസ്തസ്തംഭാദിബന്ധനസ്ഥാനം=കൈയ്യ്, സ്തംഭം മുതലായ ബന്ധനസ്ഥാനത്തെ. ഉപാശ്രയേത്=ഉപാശ്രയിക്കുന്നു.

മുകളിൽ പറഞ്ഞ ദൃഷ്ടാന്തങ്ങളെ വിവരിക്കുന്നു. ഛാന്ദോഗ്യശ്രുതി വാക്യാത്ഥത്തെ ആണ് രണ്ടു ശ്ലോകത്തിൽ കാണിക്കുന്നത്:—പക്ഷിയെ കയർകൊണ്ടു കെട്ടീട്ടു ആ കയറിനെ ഒരാൾ കയ്യിൽ പിടിച്ചിട്ടോ, അല്ലെങ്കിൽ ഒരു തൂണിലോ മറ്റോ കെട്ടീട്ടോ പറക്കാൻ വിടുന്നു. അത് പലദിക്കിലും വ്യാപരിക്കും. എന്നാലും വിശ്രമസ്ഥാനം സിദ്ധിക്കാതെയാകുമ്പോൾ കെട്ടിയിരിക്കുന്ന ഹസ്തം സ്തംഭം എന്നിവയുടെ സമീപത്തെത്തന്നെ ആശ്രയിക്കും.

48. ജീവോപാധിമനസ്തദ്വൽ ധമ്മാധമ്മഫലാപ്തയേ
സ്വപ്നേജാഗ്രതിചഭ്രാന്ത്വാക്ഷീണേകമ്മണിലീയതേ.

തദ്വത് ജീവോപാധിമനഃ=അതുപോലെ ജീവോപാധിയായ മനസ്സ്. ധമ്മാധമ്മഫലാപ്തയേ=പുണ്യപാപഫലങ്ങളെ അനുഭവിപ്പാനായിട്ടു. സ്വപ്നേജാഗ്രതിചഭ്രാന്ത്വാ=സ്വപ്നത്തിലും ജാഗ്രത്തിലും ചുററിത്തി

രിഞ്ഞിട്ടു. കർമ്മണിക്ഷീണേ=ആ പുണ്യാപാപകർമ്മം ക്ഷയിച്ചിരിക്കുമ്പോൾ. ലീയതേ=സുഷുപ്തിയിൽ ലയിക്കുന്നു.

ബന്ധത്തിൽ കിടക്കുന്ന ആ പക്ഷിയെന്നപോലെ ജീവോപാധിയായ മനസ്സ് പുണ്യപാപകർമ്മ ഫലങ്ങളായ സുഖദുഃഖങ്ങളെ അനുഭവിപ്പാനായിട്ടു സ്വപ്നത്തിലും ജാഗ്രത്തിലും കാണപ്പെടുന്ന വിഷയങ്ങളിൽ അലഞ്ഞു ചുററിത്തിരിഞ്ഞിട്ടു ആ പുണ്യപാപകർമ്മം ക്ഷയിക്കുമ്പോൾ സുഷുപ്തിയിൽ ലയിക്കുന്നുവെന്നു് ഛാന്ദോഗ്യം എന്ന ഉപനിഷത്തിൽ പറഞ്ഞിട്ടുണ്ടു്.

49. ശ്യേനോവേഗേനനീഡൈകലമ്പടഃശയിതും വ്രജേത്
ജീവഃസുപ്ത്യൈതഥാധാവേൽ ബ്രഹ്മാനന്ദൈകലമ്പടഃ.

ശ്യേനഃ വേഗേന=പരുന്തു് എന്ന പക്ഷി വേഗത്തോടുകൂടെ. നീഡൈകലമ്പടഃ=കൂട്ടിൽ ചെന്നുചേരാൻ ആഗ്രഹമുള്ളതായിട്ടു. ശയിതും വ്രജേത്=കിടക്കുവാനായി ഓടിയെത്തും. തഥാജീവഃസുപ്ത്യൈ= അപ്രകാരം ജീവനും സുഷുപ്തിക്കായിക്കൊണ്ടു. ബ്രഹ്മാനന്ദൈകലമ്പടഃ=ബ്രഹ്മാനന്ദത്തിൽ മുഖ്യമായ ആശവെച്ചുംകൊണ്ടു. ധാവേത്=ധാവനം ചെയ്യും.

പരുന്തു് എന്ന പക്ഷി എപ്രകാരം ആകാശത്തിൽ അധികനേരം സഞ്ചരിച്ചതിനാലുണ്ടായ ക്ഷീണം തീക്കുവാൻ കൂട്ടിൽ ചെന്നു കിടക്കുവാൻ ആഗ്രഹത്തോടുകൂടെ വാസവൃക്ഷത്തിലെക്കു വേഗത്തിൽ പറന്നുവന്നു കൂട്ടിൽ കിടക്കുന്നുവോ അതുപോലെ ജീവൻ ബ്രഹ്മാനന്ദം അനുഭവിപ്പാൻ മുഖ്യമായാഗ്രഹിച്ചുംകൊണ്ടു സുഷുപ്തിയിൽ ചെന്നുചേരുവാൻ ബദ്ധപ്പെട്ടു പായുന്നു, എന്നു് ബൃഹദാരണ്യകശ്രുതിവാക്യാത്ഥത്തെ ഇവിടെ എടുത്തു കാണിച്ചിരിക്കുന്നു. "തദ്യഥാസ്മിന്നാകാശേ ശ്യേനോവാസുപർണോവാ വിപരിപത്യശ്രാന്തഃ സംഹത്യപക്ഷൌസ്വാലയായൈവ ധ്രിയതഏവമേവായം പുരുഷോ ഏതസ്മാഅന്തായധാവതി. യത്രസുപ്തോ നകംചന കാമം കാമയതേനകംചന സ്വപ്നം പശ്യതി" എന്നാണു് ശ്രുതിവാക്യം. അത്ഥം ശ്ലോകത്തിൽ പറഞ്ഞതുതന്നെ.

50. അതിബാലഃസ്തനംപീത്വാ മൃദുശയ്യാഗതോഹസൻ
രാഗദ്വേഷാദ്യനുൽപത്തേരാനന്ദൈകസ്വഭാവഭാക്.

അതിബാലഃസ്തനംപീത്വാ=ഏററവും ചെറിയ കുട്ടി മുലപ്പാൽ കുടിച്ചശേഷം. മൃദുശയ്യാഗതഃ ഹസൻ= മൃദുവായ ശയ്യയിൽ കിടന്നു് ചിരിച്ചുകൊണ്ടു്. രാഗദ്വേഷാദ്യനുൽപത്തേഃ=രാഗം ദ്വേഷം എന്നിവയില്ലാത്തതുകൊണ്ടു. ആനന്ദൈകസ്വഭാവഭാക്=ആനന്ദമാകുന്ന മുഖ്യസ്വഭാവത്തെയടയുന്നു.

ബാലാകിബ്രാഹ്മണത്തിൽ സുഷുപ്തസുഖത്തെ വിവരിക്കുന്ന മൂന്നു ദൃഷ്ടാന്തങ്ങളെ മൂന്നു ശ്ലോകംകൊണ്ടു ക്രമത്തിൽ പറയുന്നു:—ഏററവും ചെറിയകുട്ടി മതിവരുന്നതുവരെ മുലപ്പാൽ കുടിച്ചുകഴിയുമ്പോൾ അമ്മ ആ കുട്ടിയെ മൃദുവായ ശയ്യയിൽ കിടത്തും. അപ്പോൾ അതു ചിരിച്ചുകൊണ്ടതിൽ കിടക്കും. ഞാനെന്നും എന്റെതെന്നുമുള്ള ഭാവങ്ങൾ വികസിച്ചിട്ടില്ലാത്തതിനാൽ രാഗദ്വേഷാദിദോഷങ്ങൾ വിരോധിക്കാത്തതുകൊണ്ടു മുഖ്യാനന്ദത്തെ മാത്രം അനുഭവിച്ചുകൊണ്ടുറങ്ങുന്നു. ഇതുപോലെ ജീവൻ സുഷുപ്തിയിൽ ആത്മാനന്ദം അനുഭവിക്കുന്നു.

51. മഹാരാജഃ സാർവ്വഭൌമഃ സന്തൃപ്തഃ സർവ്വഭോഗതഃ
മാനുഷാനന്ദസീമാനം പ്രാപ്യാനന്ദൈകമൂർത്തിഭാക്.

സാർവഭൌമഃ മഹാരാജഃ=ചക്രവർത്തിയായ മഹാരാജാവ്. മാനുഷാനന്ദസീമാനം പ്രാപ്യ=മനുഷ്യാനന്ദത്തിന്റെ അവധിയെ പ്രാപിച്ചിട്ടു. സർവ്വഭോഗതഃ സന്തൃപ്തഃ=സകലഭോഗങ്ങൾകൊണ്ടും സന്തൃപ്തനായിട്ടു. ആനന്ദൈകമൂർത്തിഭാക്=മുഖ്യാനന്ദത്തെ അനുഭവിക്കുന്നവനാകുന്നു:

സകല ഭൂമിയുടെയും ഏകാധിപത്യം ലഭിച്ചിരിക്കുന്ന ചക്രവർത്തി മഹാരാജാവ് സകലവിധ ഭോഗങ്ങളും അനുഭവിച്ചതുകൊണ്ടു മനുഷ്യാനന്ദത്തിന്റെ പരമാവധിയെ കണ്ടറിഞ്ഞശേഷം മുഖ്യാനന്ദസ്വരൂപത്തെ അടഞ്ഞവനായി സുഖിക്കുന്നു. അതുപോലെ ജീവൻ സുഷുപ്തിയിൽ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.

52. മഹാവിപ്രോബ്രഹ്മവേദീകൃതകൃത്യത്വലക്ഷണാം
വിദ്യാനന്ദസ്യപരമാം കാഷ്ഠാം പ്രാപ്യാവതിഷ്ഠതേ.

ബ്രഹ്മവേദീമഹാവിപ്രഃ=ബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ച മഹാബ്രാഹ്മണൻ. കൃതകൃത്യത്വലക്ഷണാം=

ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞുവെന്ന ലക്ഷണത്തോടുകൂടിയ. വിദ്യാനന്ദസ്യപരമാം കാഷ്ഠാം പ്രാപ്യ=വിദ്യാനന്ദത്തിന്റെ പരമാവധിയെ പ്രാപിച്ചിട്ടു. അവതിഷ്ഠതേ=സ്വസ്ഥനായിരിക്കുന്നു.

പ്രത്യഗഭിന്നബ്രഹ്മസാക്ഷാൽകാരം സിദ്ധിച്ച മഹാനായ ബ്രാഹ്മണൻ ഇനിമേൽ ചെയ്യേണ്ടതായിട്ടൊന്നുമില്ലാത്തതിനാൽ കൃതകൃത്യതാലക്ഷണത്തോടുകൂടിയ ജ്ഞാനാനന്ദത്തെ അനുഭവിച്ച് എപ്രകാരം ആനന്ദസ്വരൂപനായിരിക്കുന്നുവോ അതുപോലെ ജീവൻ സുഷുപ്തിയിൽ ബ്രഹ്മാനന്ദം അനുഭവിക്കുന്നു. സുഷുപ്തിയിൽ ജീവൻ ആനന്ദമയനാകുന്നുവെന്നു ഈ മൂന്നു ദൃഷ്ടാന്തങ്ങൾകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നു. "സയഥാ കുമാരോവാ മഹാരാജോ വാമഹാബ്രാഹ്മണോവാതിഘ്നീമാനന്ദസ്യഗത്വാശയീതൈവമേവൈഷ ഏതച്ഛേതേ" എന്നാണ് ബാലാകിബ്രാഹ്മണത്തിലെ വാക്യം.

53. മുഗ്ദ്ധബുദ്ധാതിബുദ്ധാനാം ലോകേസിദ്ധാസുഖാത്മതാ
ഉദാഹൃതാനാമന്യേതു ദുഃഖിനോനസുഖാത്മകാഃ.

മുഗ്ദ്ധബുദ്ധാതിബുദ്ധാനാം=മുഗ്ദ്ധൻ വിവേകി മഹാജ്ഞാനി ഇവക്ക്. ലോകേസുഖാത്മതാസിദ്ധാ=ലോകത്തിൽ സുഖഭാവം സിദ്ധമാകുന്നു. ഉദാഹൃതാനാം അന്യേതു=ഉദാഹരിച്ചവരെ കൂടാതുള്ളവരോ. ദുഃഖിനഃനസുഖാത്മകാഃ=ദുഃഖികൾതന്നെ സുഖസ്വരൂപന്മാരല്ല.

മേൽപറഞ്ഞ മൂവ്വരെ സുഖികളെന്നുദാഹരിച്ചതെന്തുകൊണ്ടാണെന്നു കാണിക്കുന്നു:—ലോകത്തിൽ അതിമൂഢനായ ബാലകനും, വിഷയസുഖത്തിന്റെ വിവരമുള്ള മഹാരാജാവും ബ്രഹ്മവിത്തായ ബ്രാഹ്മണോത്തമനുംതന്നെ സുഖാത്മകന്മാരായവർ. അന്യന്മാരാകട്ടെ ദുഃഖികളായിരിക്കുന്നതല്ലാതെ സുഖികളായി കാണപ്പെടുന്നില്ല. അവിവേകികളിൽ ബാലകനും വിഷയവിവേകമുള്ളവരിൽ മഹാരാജാവും, അതിവിവേകികളിൽ ആനന്ദാത്മസാക്ഷാൽകാരം സിദ്ധിച്ചവനും സുഖികൾ എന്നഭിപ്രായം.

54. കുമാരാദിവദേവായം ബ്രഹ്മാനന്ദൈകതൽപരഃ
സ്ത്രീപരിഷ്വക്തവദ്വേദ നബാഹ്യംനാപിചാന്തരം.

കുമാരാദിവത് ഏവ=ബാലകൻ മുതലായവരെപ്പോലെത്തന്നെ ബ്രഹ്മാനന്ദൈക തൽപരഃഅയം=ബ്രഹ്മാനന്ദത്തിൽ മാത്രം തൽപരനായ ഈ ജീവൻ. സ്ത്രീപരിഷ്വക്തവത്=ഭാര്യയാൽ ആലിംഗനംചെയ്യപ്പെട്ടവനെന്നപോലെ. ബാഹ്യം അന്തരം അപിചനവേദ=പുറത്തും അകത്തും ഉള്ളതിനെ അറിയുന്നില്ല.

സുഷുപ്തിയെ പ്രാപിച്ച ജീവൻ മറെറാന്നിനെയും അറിയാതിരിക്കുന്നതിന്നെന്തുകാരണമെന്നു കാണിക്കുന്നു:—കുമാരൻ മുതലായവർ എപ്രകാരം ആനന്ദികളോ അപ്രകാരം ഈ ജീവനും സുഷുപ്തിയിൽ ബ്രഹ്മാനന്ദത്തെ മാത്രം അനുഭവിക്കുന്നു. മറെറാന്നും:—ജാഗ്രത്തിലും സ്വപ്നത്തിലും ഉള്ള യാതൊന്നും—ജീവനറിയുന്നില്ല. ഏതുപോലെഎന്നാൽ:—പ്രേയസിയാൽ ആലിംഗനം ചെയ്യപ്പെട്ട കാമുകൻ വീട്ടിന്നുള്ളിലും പുറത്തുമുള്ള യാതൊന്നും അറിയാതെ എപ്രകാരം ആലിംഗനസുഖം അനുഭവിക്കുന്നുവോ അതുപോലെ മുഖ്യാത്മാവിനോടു യോജിച്ചിരിക്കുന്ന ജീവാത്മാവും മറെറാന്നും അറിയുന്നില്ല, എന്നു ജ്യോതിർബ്രാഹ്മണത്തിൽ പറഞ്ഞിരിക്കുന്നതിനെ ശ്ലോകത്തിൽ കാണിച്ചിരിക്കുന്നു. "തദ്യഥാപ്രിയയാസ്ത്രിയാ സംപരിഷ്വക്തോനബാഹ്യംകിംചന വേദനാന്തരമേവമേവായം പുരുഷഃ പ്രാജ്ഞേനാത്മനാസംപരിഷ്വക്തോനബാഹ്യം കിംചനവേദനാന്തരം" എന്നാണ് ബ്രാഹ്മണത്തിലെവാക്യം. ഈ വാക്യാർത്ഥം ശ്ലോകത്തിൽ വിവരിച്ചു. അതുകൊണ്ടു അന്യമായ ദ്വൈതത്തെ അറിയാത്തതിനാൽ ജീവൻ സുഷുപ്തിയിൽ ആനന്ദമയനായിരിക്കുന്നുവെന്നു ഫലിതം.

55. ബാഹ്യം രഥ്യാദികം വൃത്തം ഗൃഹകൃത്യം യഥാന്തരം
തഥാ ജാഗരണം ബാഹ്യം നാഡീസ്ഥഃ സ്വപ്നആന്തരഃ.

രഥ്യാദികംവൃത്തംയഥാബാഹ്യം=തെരുവിലെ വൃത്താന്തം എപ്രകാരം ബാഹ്യമോ. ഗൃഹകൃത്യംയഥാആന്തരം=ഗൃഹകൃത്യമായത് എപ്രകാരം ആന്തരമോ. തഥാജാഗരണംബാഹ്യം=അപ്രകാരം ജാഗ്രത്ത് ബാഹ്യവും. നാഡീസ്ഥഃസ്വപ്നഃആന്തരഃ=നാഡികളിലിരിക്കുന്ന സ്വപ്നം ആന്തരവും. നവേദ=അറിയുന്നില്ല.

ദൃഷ്ടാന്തത്തിൽ പറഞ്ഞതായ ബാഹ്യത്തെയും ആന്തരത്തെയും ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—സ്ത്രീയാൽ ആലിംഗനം ചെയ്യപ്പെട്ടവൻ തെരുവിൽ നടക്കുന്ന ബാഹ്യവൃത്താന്തവും ഗൃഹത്തിൽ ചെയ്യേണ്ടതായ ആന്തരകാര്യവും അറിയാത്തതുപോലെ പരമാത്മാവിനോടു ചേർന്നിരിക്കുന്ന ജീവൻ ബാഹ്യമായ ജാഗ്രൽ കാര്യത്തേയും വാസനാരൂപേണ നാഡികളിലിരിക്കുന്ന ആന്തരമായ സ്വപ്നവൃത്താന്തത്തേയും അറിയുന്നില്ല.

56. പിതാപിസുപ്താവപിതേത്യാദൌ ജീവത്വവാരണാത്
സുപ്തൌ ബ്രഹ്മൈവനോജീവഃ സംസാരിത്വാസമീക്ഷണാത്.

സുപ്തൌപിതാഅപിതാ=സുഷുപ്തിയിൽ പിതാവ്, അപിതാവ്. ഇത്യാദൌജീവത്വവാരണാത്=എന്നിങ്ങിനെയുള്ളതിൽ ജീവഭാവത്തെ നിരാകരിക്കുന്നതുകൊണ്ടു സുപ്തൌനോജീവഃ=സുഷുപ്തിയിൽ ജീവനല്ല. ബ്രഹ്മൈവ=ബ്രഹ്മംതന്നെ. സംസാരിത്വാസമീക്ഷണാത്=സംസാരിത്വം കാണാത്തതുകൊണ്ട്.

ആ ഉപനിഷത്തിൽതന്നെ സുഷുപ്തിയിൽ ജീവന്റെ നിലയെകുറിച്ച് പറഞ്ഞിട്ടുള്ളതിനെ ശ്ലോകത്തിൽ കാണിക്കുന്നു:—"സുഷുപ്തിയിൽ പിതാവ് പിതാവല്ല" (പിതാപിതാഭവതി=പിതാവ് പിതാവല്ലാതാകുന്നു.) എന്നിങ്ങിനെയുള്ള വാക്യത്താൽ പിതൃത്വാദിബാഹ്യഭാവങ്ങളെ നിരസിച്ചിരിക്കയാൽ സംസാരി എന്ന നില സുഷുപ്തിയിൽ ജീവനിരിക്കുന്നില്ല. പിന്നെയോ ജീവൻ സുഷുപ്തിയിൽ ബ്രഹ്മമായിത്തന്നെ ഭവിക്കുന്നു, എന്നാണ് ശ്രുത്യഭിപ്രായം.

57. പിതൃത്വാദ്യഭിമാനോയഃ സുഖദുഃഖാകരഃ സഹി
തസ്മിന്നപഗതേതീർണ്ണഃ സർവ്വാംശ്ശോകാൻ ഭവത്യയം:

പിതൃത്വാദ്യഭിമാനഃയഃ=പിതാവ് മുതലായ ദേഹാഭിമാനം യാതൊന്നോ. സഃഹിസുഖദുഃഖാകരഃ=അതാണല്ലൊ സുഖദുഃഖങ്ങളുടെ ഇരിപ്പിടം. തസ്മിൻഅപഗതേ=അതു നീങ്ങിയിരിക്കുമ്പോൾ. പുരുഷഃസർവ്വാൻശോകാൻ=ജീവൻ സകല ദുഃഖങ്ങളേയും. തീർണ്ണഃഭവതി=അതിക്രമിച്ചവനായി ഭവിക്കുന്നു.

പിതൃത്വാദ്യഭിമാനമില്ലാതായതുകൊണ്ടു സംസാരദുഃഖം എങ്ങിനെ നശിക്കും എന്ന ശങ്കക്കു സമാധാനം:—ലോകത്തിൽ മാതാവ് പിതാവ് ഭാര്യാപുത്രൻ എന്നിങ്ങിനെയുള്ള അഭിമാനം യാതൊന്നോ അതാണല്ലൊ സർവ്വദുഃഖങ്ങളുടെ ഇരിപ്പിടം. സുഷുപ്തിയിൽ ആ അഭിമാനം ഇല്ലാതായതിനാൽ ജീവാത്മാവ് സർവ്വദുഃഖങ്ങളേയും അതിക്രമിച്ചവനായി ഭവിക്കുന്നു. "തീർണ്ണോഹിതദാസർവ്വാൻ ശോകാൻ ഹൃദയസ്യഭവതി" എന്ന വാക്യത്താൽ ഈ ശ്ലോകാർത്ഥം ബൃഹദാരണ്യകശ്രുതിയിൽ പറഞ്ഞിരിക്കുന്നു.

58. സുഷുപ്തികാലേസകലേവിലീനേതമസാവൃതഃ
സുഖരൂപമുപൈതീതിബ്രൂതേഹ്യാഥർവ്വണീശ്രുതിഃ.

സുഷുപ്തികാലേസകലേ=സുഷുപ്ത്യവസ്ഥയിൽ സകലദ്വൈതവും, വിലീനേതമസാവൃതഃ=പ്രകൃതിയിൽ ലയിച്ചിരിക്കുമ്പോൾ അജ്ഞാനത്താൽ വ്യാപ്തനായിട്ടു. സുഖരൂപം ഉപൈതിഃ=ബ്രഹ്മാനന്ദത്തെ പ്രാപിക്കുന്നു. ഇതിആഥർവ്വണീശ്രുതിഃബ്രൂതേ=എന്ന് അഥർവ്വണശ്രുതി പറയുന്നു.

ഇതുവരെ പറഞ്ഞ ശ്രുതിപ്രമാണങ്ങൾ സുഷുപ്തിയിൽ ദുഃഖം ഇല്ലെന്നേ പറയുന്നുള്ളു, സുഖമുണ്ടെന്നു സ്പഷ്ടമാക്കുന്നില്ലെന്നു ശങ്കിക്കുന്നതിനെ നിരാകരിപ്പാൻ സുഖമുണ്ടെന്നു പറയുന്ന ശ്രുതിപ്രമാണം കാണിക്കുന്നു:—സുഷുപ്ത്യവസ്ഥയിൽ സകല ദ്വൈതവും പ്രകൃതിയിൽ ലയിക്കുമ്പോൾ ജീവൻ ആ പ്രകൃതിയുടെ സ്വരൂപമായ അജ്ഞാനത്താൽ വ്യാപ്തനായിട്ടു സുഖരൂപമായ ബ്രഹ്മത്തെ പ്രാപിക്കുന്നു എന്ന് അഥർവ്വണശ്രുതിയിൽ— കൈവല്യോപനിഷത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ.

59. സുഖമസ്വാപ്സമത്രാഹം നചൈവകിഞ്ചിദവേദിഷം
ഇതിസുപ്തോത്ഥിതസുഖാജ്ഞാനേ പരാമൃശതിചോത്ഥിതഃ.

അത്രഅഹംസുഖംഅസ്വാപ്സം=ഇവിടെ ഞാൻ സുഖമായുറങ്ങി. കിഞ്ചിത്നഅവേദിഷം=ഒന്നും അറിഞ്ഞില്ല. ഇതിസുപ്തോത്ഥിതഃ=എന്ന് ഉറങ്ങിയുണർന്നവൻ. സുഖാജ്ഞാനേ=സുഖത്തേയും അജ്ഞാനത്തേയും. പരാമൃശതിവൈ=സ്മരിക്കുന്നുണ്ടല്ലൊ.

സുഷുപ്തിയിൽ സുഖമുണ്ടെന്നു ശ്രുതി പ്രസിദ്ധമാണെങ്കിലും അതിന്റെ അനുഭവമുണ്ടോ എന്ന ശങ്കക്കു സമാധാനം:—ശ്രുതി പ്രസിദ്ധമാണെന്നു മാത്രമല്ല സകലൎക്കും അനുഭവവും ഉണ്ടല്ലൊ:— എങ്ങിനെയെന്നാൽ:— ഇവിടെ ഞാൻ സുഖമായുറങ്ങി. ഒന്നും അറിഞ്ഞില്ല എന്ന് ഉറങ്ങിയുണർന്നവൻ നിദ്രയിൽ അനുഭവിച്ച സുഖത്തെയും അജ്ഞാനത്തെയും സ്മരിക്കുന്നില്ലെയൊ. അതുകൊണ്ടു സുഷുപ്തിയിൽ സുഖമുണ്ടെന്നുള്ളത് എല്ലാവൎക്കും അനുഭവം ഉണ്ട്.

60. പരാമർശോനുഭൂതേസ്തീത്യാസീദനുഭവസ്തദാ
ചിദാത്മത്വാൽ സ്വതോഭാതി സുഖമജ്ഞാനധീസ്തതഃ.

പരാമർശഃ അനുഭൂതേ അസ്തി=സ്മൃതി അനുഭവിച്ചതിൽ ഉണ്ട്. ഇതിതദാ അനുഭവഃ ആസീത്=എന്ന കാര

ണത്താൽ അപ്പോൾ അനുഭവം ഉണ്ടായിരുന്നു. തതഃചിദാത്മത്വാൽ=അതിൽനിന്ന്; ആത്മാവ് ചിൽസ്വരൂപനായതുകൊണ്ടു. സുഖം അജ്ഞാനധീഃ=സുഖവും അറിഞ്ഞില്ല എന്ന അറിവും. സ്വതഃഭാതിഃ=സ്വതേ വിളങ്ങുന്നു.

സ്മൃതി പ്രബലപ്രമാണമല്ലാത്തതിനാൽ അതിന്റെ ബലത്താൽ സുഖം സുഷുപ്തിയിലുണ്ടായിരുന്നുവെന്ന് എങ്ങിനെ ഉറപ്പിക്കും, എന്ന ശങ്കിക്കുന്നതിനെ പരിഹരിക്കുന്നു:—ഏതൊന്നിനെ അനുഭവിച്ചിട്ടുണ്ടോ അതിൽ മാത്രമേ സ്മൃതിയുണ്ടാകയുള്ളു എന്നുള്ള ന്യായത്താൽ ഉണർന്നവൻ സുഖത്തേയും അജ്ഞാനത്തെയും ഉറങ്ങിയിരുന്ന സമയത്തിൽ അനുഭവിച്ചിരുന്നുവെന്നു സിദ്ധിക്കുന്നു. എന്നാൽ സുഷുപ്തിയിൽ മനസ്സു മുതലായ ജ്ഞാനകരണങ്ങളെല്ലാം ലയിച്ചിരിക്കെ ഏതൊരു കരണംകൊണ്ടാണനുഭവിച്ചത് എന്ന ശങ്കക്കു സമാധാനം. സ്വപ്രകാശമായ ആത്മാവിനെയറിവാൻ കരണാപേക്ഷയില്ല. ആത്മാവ് ജ്ഞാനസ്വരൂപമായതുകൊണ്ടു ആ ജ്ഞാനാനന്ദവും അതിന്റെ പ്രകാശത്തെ ആ സുഷുപ്തിയിൽ മറച്ചിരുന്ന അജ്ഞാനവും സ്വതേ ആത്മാവിൽ വിളങ്ങുന്നു.

61. ബ്രഹ്മവിജ്ഞാനമാനന്ദമിതി വാജസനേയിനഃ
പഠന്ത്യതഃ സ്വപ്രകാശം സുഖം ബ്രഹ്മൈവനേതരത്.

വിജ്ഞാനം ആനന്ദം ബ്രഹ്മഇതി=വിജ്ഞാനമായും ആനന്ദമായുമിരിക്കുന്നതു ബ്രഹ്മം എന്ന്. വാജസനേയിനഃ=വാജസനേയികൾ-പ്രഥമശാഖക്കാർ. പഠന്തി=പഠിച്ചിരിക്കുന്നു. സതഃ സ്വപ്രകാശം സുഖം=അതുകൊണ്ടു സ്വപ്രകാശമായും സുഖമായുമിരിക്കുന്നത്. ബ്രഹ്മ ഏവ നഇതരത്=ബ്രഹ്മംതന്നെയാകുന്നു വേറെയൊന്നല്ല.

സുഷുപ്തിയിൽ സ്വപ്രകാശമായും സുഖരൂപമായുമിരിക്കുന്ന ബ്രഹ്മമുണ്ടെന്നതിൽ പ്രമാണം എന്താകുന്നുവെന്നു കാണിക്കുന്നു:—വിജ്ഞാനമായും ആനന്ദമായുമിരിക്കുന്നത് ബ്രഹ്മം എന്ന് വാജസനേയികൾ എന്നു പറയപ്പെടുന്ന പ്രഥമശാഖക്കാർ അറിയുന്നുവെന്നു ബൃഹദാരണ്യശ്രുതിയുണ്ട്. അതുകൊണ്ട് സുഷുപ്തിയിൽ അനുഭവപ്പെടുന്ന സ്വപ്രകാശവും ആനന്ദവും ബ്രഹ്മംതന്നെ, മററൊരു വസ്തുവല്ല.

62. യദജ്ഞാനം തത്രലീനൌതൌ വിജ്ഞാനമനോമയൌ
തയോഃഹിവിലയാവസ്ഥാ നിദ്രാജ്ഞാനംചസൈവഹി.

യത് അജ്ഞാനംതത്ര=യാതൊരജ്ഞാനമുണ്ടോ അതിൽ. വിജ്ഞാനമനോമയൌലീനൌ=വിജ്ഞാനവും മനോമയവും ലയിച്ചവയായി. തയോഃ വിലയാവസ്ഥാ=ആ രണ്ടിന്റെ വിലയാവസ്ഥ യാതൊന്നോ. സാ ഏവനിദ്രാ അജ്ഞാനംചഹി=അതുതന്നെ നിദ്രയെന്നും അജ്ഞാനമെന്നും പറയപ്പെടുന്നു.

അനുഭവവും സ്മരണയും ഒരുവനിൽതന്നെയിരിക്കണം എന്ന നിയമമുള്ളതിനാൽ സുഷുപ്തിയിലുള്ള സുഖത്തെയും അജ്ഞാനത്തെയും വിജ്ഞാനമയൻ സ്മരിക്കുന്നതുകൊണ്ടു അവനുതന്നെയാണ് ആ സുഖാനുഭവമുള്ളത് എന്ന ശങ്കയെ പരിഹരിക്കുന്നു:—സുഷുപ്തിയിൽ ഒന്നും അറിഞ്ഞില്ല എന്ന യാതൊരജ്ഞാനമുണ്ടോ അതിൽ വിജ്ഞാനമയനും മനോമയനും ലയിച്ചുപോയതിനാൽ വിജ്ഞാതാവ് എന്നും പ്രമാണമെന്നുമുള്ള രണ്ടു നില രണ്ടുപേക്കും ഇല്ലാതെ ആയി. അജ്ഞാനകാര്യങ്ങളായ കോശങ്ങൾ രണ്ടും കാരണമായ അജ്ഞാനത്തിൽ ലയിക്കുന്നതു യാതൊന്നോ അതിനെതന്നെയാണ് നിദ്രയെന്നും അജ്ഞാനമെന്നും പറയുന്നത്.

63. വിലീനഘൃതവൽ പശ്ചാൽ സ്യാ ദ്വിജ്ഞാനമയോഘനഃ
വിലീനാവസ്ഥ ആനന്ദമയശബ്ദേന കഥ്യതേ.

വിജ്ഞാനമയഃ=വിജ്ഞാനമയൻ. വിലീനഘൃതവത്=ഉരുകിയ നെയ്യെന്നപോലെ. പശ്ചാൽ ഘനഃ സ്യാത്=അനന്തരം ഘനസ്വരൂപനാകും. വിലീനാവസ്ഥഃ=വിലയിച്ച അവസ്ഥയോടുകൂടിയവൻ. ആനന്ദമയശബ്ദേന=ആനന്ദമയൻ എന്ന ശബ്ദത്താൽ. കഥ്യതേ=പറയപ്പെടുന്നു.

എന്നാൽ സുഷുപ്തി സുഖാനുഭവകാലത്തിൽ ഇല്ലാതിരുന്ന വിജ്ഞാനമയൻ ആ സ്മരണയെ ജാഗ്രത്തിൽ എങ്ങിനെ പ്രകാശിപ്പിക്കും. സ്വർഗ്ഗത്തിലുള്ള ദേവന്മാരുടെ അമൃതാസ്വാദനസുഖത്തെ ഭൂലോകവാസികൾ എങ്ങിനെ അറികയില്ലയോ അതുപോലെ സുഷുപ്തിസുഖത്തെ വിജ്ഞാനമയനും അറികയില്ല. അതിനാൽ ജാഗ്രദവസ്ഥയിൽ സ്മരിപ്പാനും അവകാശമില്ല എന്ന ശങ്കക്കു സമാധാനം:—വിജ്ഞാനമയൻ സുഷുപ്തികാലത്തിൽ അഗ്നിസമ്പർക്കത്താൽ ഉരുകിയ വെണ്ണപോലെയാകുന്നു. ഭോഗപ്രദമായ കർമ്മത്തിന്റെ ക്ഷയത്താൽ അജ്ഞാനത്തിൽ ലയിച്ചതല്ലാതെ നശിച്ചിട്ടില്ല. അപ്പോൾ ദ്രവമായ വെണ്ണപോലെയിരിക്കുന്നു. കാററ് ശൈത്യം എന്നിവയേല്ക്കുമ്പോൾ ഉരുകിയ വെണ്ണ കട്ടിയാകുന്നതുപോ

ലെ ജാഗ്രദവസ്ഥയിൽ ഭോഗപ്രദമായ കർമ്മത്തിന്റെ ആവിർഭാവത്തിൽ വിജ്ഞാനമയനം ഘനീഭൂതനാകുന്നു. ലീനാവസ്ഥയിലിരിക്കുന്ന വിജ്ഞാനമയമാകുന്ന ഉപാധിസഹിതനായ ആത്മാവ് ആനന്ദമയൻ എന്ന പദത്താൽ പറയപ്പെടുന്നു. വിജ്ഞാനമയമാകുന്ന ഉപാധി കട്ടിയാകുമ്പോൾ അതോടുകൂടിയ ചൈതന്യസ്വരൂപമായ ആത്മാവിൽ പൂർവ്വം അനുഭവപ്പെട്ട സുഖാനുഭൂതി സ്മൃതിരൂപേണ ജാഗ്രദവസ്ഥയിൽ പ്രകടമാകുന്നു.

64. സുപ്തിപൂർവ്വക്ഷണേ ബുദ്ധിവൃത്തിര്യാ സുഖബിംബിതാ
സൈവതൽ ബിംബസഹിതാലീനാനന്ദമയസ്തതഃ.

സുപ്തിപൂർവ്വക്ഷണേ=സുഷുപ്തിയുണ്ടാകുന്നതിന്നുമുമ്പേയുള്ള ക്ഷണത്തിൽ. സുഖബിംബിതാ=സുഖപ്രതിബിംബത്തോടുകൂടിയ. യാബുദ്ധിവൃത്തിഃ=യാതൊരു ബുദ്ധിവൃത്തിയുണ്ടോ. സാ ഏവ തൽ ബിംബസഹിതാ=അതുതന്നെ ആ സുഖബിംബത്തോടുകൂടെ. ലീനാ തതഃ=ലയിക്കുന്നു. അതിനാൽ. ആനന്ദമയഃ=ആനന്ദമയനായിഭവിക്കുന്നു.

വിജ്ഞാനമയൻ ആനന്ദമയനാകുന്നവിധത്തെ സ്പഷ്ടമാക്കുന്നു:—സുഷുപ്തിയുണ്ടാകുന്നതിന്നു മുമ്പേത്തെ ക്ഷണത്തിൽ സുഖരൂപമായ ആത്മാവിന്റെ പ്രതിബിംബത്തോടുകൂടിയ യാതൊരു ബുദ്ധിവൃത്തിയുണ്ടോ ആ വൃത്തിതന്നെ ആനന്ദസ്വരൂപമായ ബ്രഹ്മത്തോടുകൂടെ ലയിക്കുന്നു. അതിനാൽ ആ ബുദ്ധിവൃത്തി ആനന്ദമയനായി ഭവിക്കുന്നു. സുഷുപ്തിക്കു മുമ്പേ വിജ്ഞാനമയനായവൻതന്നെയാണ് സുഷുപ്തിയിൽ ബ്രഹ്മത്തിൽ ലയിക്കുന്നത്. അപ്പോൾ മുമ്പേ വിജ്ഞാനമയനായിരുന്നവൻ ഇപ്പോൾ:—സുഷുപ്ത്യവസ്ഥയിൽ ആനന്ദമയനായി ഭവിച്ചുവെന്നു സാരം.

65. അന്തർമ്മുഖോയ ആനന്ദമയോ ബ്രഹ്മസുഖംതദാ
ഭുങ്ക്തെചിൽ ബിംബയുക്താഭി രജ്ഞാനോൽപന്നവൃത്തിഭിഃ.

തദാഅന്തർമ്മുഖഃയഃ ആനന്ദമയഃ=അപ്പോൾ അന്തർമ്മുഖനായ യാതൊരാനന്ദമയനുണ്ടോ. ചിൽബിംബയുക്താഭിഃ=അവൻതന്നെ ചിത്തിന്റെ പ്രതിബിംബത്തോടുകൂടിയ. അജ്ഞാനോൽപന്നവൃത്തിഭിഃ=അജ്ഞനത്തിൽനിന്നുണ്ടായ വൃത്തികളാൽ. ബ്രഹ്മസുഖം ഭുങ്ക്തേ=ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.

മേൽകാണിച്ച വിധത്തിൽ ആനന്ദമയന്റെ സ്വരൂപത്തെ വിവരിച്ചതിന്നു ശേഷം ഉണരുമ്പോൾ അവൻതന്നെ വിജ്ഞാനമയനായി ഭവിച്ചിട്ടു സുഷുപ്തിയിൽ അനുഭവിച്ച സുഖത്തെ സ്മരിക്കുന്നുവെന്നു കാണിപ്പാൻ സുഷുപ്തിയിലുണ്ടായിരുന്ന സുഖാനുഭവത്തെ പറയുന്നു:—സുഷുപ്തികാലത്തിൽ അന്തർമ്മുഖനായ യാതൊരാനന്ദമയനുണ്ടോ അവൻതന്നെ ചിത്തിന്റെ പ്രതിബിംബത്തോടുകൂടിയ അജ്ഞാനവൃത്തികളാൽ ബ്രഹ്മസുഖത്തെ അനുഭവിക്കുന്നു.

66. അജ്ഞാനവൃത്തയഃ സൂക്ഷ്മാവിസ്പഷ്ടാ ബുദ്ധിവൃത്തയഃ
ഇതി വേദാന്തസിദ്ധാന്തപാരഗാഃ പ്രവദന്തിഹി.

അജ്ഞാന വൃത്തയഃ സൂക്ഷ്മാഃ=അജ്ഞാനവൃത്തികൾ സൂക്ഷ്മങ്ങളെന്നും. ബുദ്ധിവൃത്തയഃ വിസ്പഷ്ടാഃ=ബുദ്ധിവൃത്തികൾ സ്ഥൂലങ്ങളെന്നും. വേദാന്തസിദ്ധാന്തപാരഗാഃ=വേദാന്തസിദ്ധാന്തത്തിന്റെ കരകണ്ടവർ. പ്രവദന്തിഹി=പറയുന്നുണ്ടല്ലൊ.

ജാഗ്രത്തിലെന്നപോലെ സുഷുപ്തിയിൽ സുഖം അനുഭവിക്കുന്നുണ്ടെങ്കിൽ അപ്പോൾ അറിയാതിരിപ്പാൻ കാരണം കാണിക്കുന്നു. അജ്ഞാനവൃത്തികൾ സൂക്ഷ്മങ്ങളും ബുദ്ധിവൃത്തികൾ സ്ഥൂലങ്ങളുമാകയാൽ സുഷുപ്തികാലത്തിൽ അനുഭവിക്കുന്ന സുഖം അപ്പോൾ അറിയാതെയും ജാഗ്രത്തിൽ ബുദ്ധിവൃത്തികളാലനുഭവിക്കുന്ന സുഖം അറിഞ്ഞുംകൊണ്ടിരിക്കുന്നുവെന്നു വേദാന്തസിദ്ധാന്തം നന്നായറിഞ്ഞിരിക്കുന്നവർ പറഞ്ഞിട്ടുള്ളത് പ്രസിദ്ധമാകുന്നു.

67. മാണ്ഡൂക്യതാപനീയാദിശ്രുതിഷ്വേതദതിസ്ഫുടം
ആനന്ദമയഭോക്തൃത്വം ബ്രഹ്മാനന്ദേചഭോഗ്യതാ.

മാണ്ഡൂക്യതാപനീയാദിശ്രുതിഷു=മാണ്ഡൂക്യംതാപനീയം മുതലായ ശ്രുതികളിൽ. ആനന്ദമയഭോക്തൃത്വം=ആനന്ദമയന്റെ ഭോക്തൃഭാവവും. ബ്രഹ്മാനന്ദേഭോഗ്യതാച=ബ്രഹ്മാനന്ദത്തിൽ ഭോഗ്യതയും ഇരിക്കുന്നു. ഏതത് അതിസ്ഫുടം=എന്ന സംഗതി സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നു.

ആനന്ദമയൻ സുഷുപ്തിയിൽ ബ്രഹ്മാനന്ദത്തെ അജ്ഞാനവൃത്തികളാൽ അനുഭവിക്കുന്നുവെന്നു എവിടെ പറയപ്പെട്ടിട്ടുണ്ടെന്നു കാണിക്കുന്നു:—മാണ്ഡൂക്യം, താപനീയം എന്നിങ്ങിനെയുള്ള ഉപനിഷ

ത്തുകളിൽ ആനന്ദമയൻ ഭോക്താവും ബ്രഹ്മാനന്ദം ഭോഗ്യവുമാണെന്നുള്ള സംഗതി സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

68. ഏകീഭൂതഃ സുഷുപ്തസ്ഥഃ പ്രജ്ഞാനഘനതാംഗതഃ
ആനന്ദമയ ആനന്ദഭുക്ചേതോമയവൃത്തിഭിഃ.

സുഷുപ്തസ്ഥഃ=സുഷുപ്തിയിൽ ഇരിക്കുന്നവനും. ഏകീഭൂതഃ=ബ്രഹ്മാനന്ദത്തോടുകൂടെ ഒന്നായി ചേൎന്നവനും. പ്രജ്ഞാനഘനതാംഗതഃ=പ്രജ്ഞാനഘനമായി ഭവിച്ചവനുമായ. ആനന്ദമയഃ=ആനന്ദമയൻ. ചേതോമയവൃത്തിഭിഃ=അറിവു രൂപമായ വൃത്തികളാൽ. ആനന്ദഭുക്ഭവതി=ആനന്ദം അനുഭവിക്കുന്നവനായി ഭവിക്കുന്നു.

ആനന്ദമയൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നവിധത്തെ കാണിക്കുന്നു:-- സുഷുപ്തിയിലിരിക്കുന്നവനും ബ്രഹ്മാനന്ദത്തോടുകൂടെ ഏകമായി ചേൎന്നവനും പ്രജ്ഞാനഘനമായിത്തീൎന്നവനുമായ ആനന്ദമയൻ അറിവുരൂപമായ വൃത്തികളാൽ ആനന്ദത്തെ അനുഭവിക്കുന്നു.

69. വിജ്ഞാനമയമുഖ്യൈൎയ്യോരൂപൈൎയ്യുക്തഃ പുരാധുനാ
സലയേനൈകതാംപ്രാപ്തോ ബഹുതണ്ഡുലപിഷ്ടവത്.

പുരാവിജ്ഞാനമയമുഖ്യൈഃ=മുമ്പെ വിജ്ഞാനമയൻ മുതലായ രൂപൈഃയുക്തഃയഃ=രൂപങ്ങളോടു ചേൎന്ന യാതൊരുത്തനിരുന്നുവോ. അധുനാസഃലയേന=ഇപ്പോറ അവൻ സുഷുപ്തിയോടുകൂടെ. ബഹുതണ്ഡുലപിഷ്ടവത്=അനേകം അരിമണികളെ ഇടിച്ച മാവുപോലെ. ഏകതാപ്രാപ്തഃ=ഒന്നായിരിക്കുന്ന രൂപത്തെ പ്രാപിച്ചു.

ആനന്ദമയൻ ഏകതയെ പ്രാപിക്കുന്നുവെന്നു മുമ്പേത്തെ ശ്ലോകത്തിൽ പറഞ്ഞതിനെ ഒന്നുകൂടി സ്പഷ്ടമാക്കുന്നു:—സുഷുപ്തിക്കു പോകുന്നതിന്നുമുമ്പേ വിജ്ഞാനമയൻ മുതൽ അന്നമയൻവരേയുള്ള രൂപങ്ങളോടുകൂടെ യാതൊരുവൻ പ്രകാശിച്ചിരുന്നുവോ ആ ചൈതന്യം ഇപ്പോറ സുഷുപ്തിയിൽ ചേൎന്നതോടുകൂടെ അനേകം അരിമണികളെ ഇടിച്ചമാവുപോലെ ഏകരൂപത്തെ പ്രാപിക്കുന്നു.

70. പ്രജ്ഞാനാനി പുരാബുദ്ധിവൃത്തയോഥഘനോഭവത്
ഘനത്വംഹിമബിന്ദൂനാമുദക് ദേശേയഥാതഥാ.

ഉദക്ദേശേ=വടക്കുള്ള ദേശത്തിൽ ഹിമബിന്ദൂനാംഘനത്വംയഥാ=മഞ്ഞുതുള്ളികളുടെ കട്ടിത്തം എപ്രകാരമോ. തഥാപുരാപ്രജ്ഞാനാനി ബുദ്ധിവൃത്തയഃ=അപ്രകാരം മുമ്പേയുണ്ടായിരുന്ന ഘടാദിജ്ഞാനരൂപബുദ്ധിവൃത്തികറ. അഥഘനഃ അഭവത്=അനന്തരം കട്ടിയായിഭവിച്ചു.

പ്രജ്ഞാനഘനം എന്ന ശബ്ദത്തിൻെറ അൎത്ഥം പറയുന്നു:— സുഷുപ്തിക്കു പോകുംമുമ്പേ ഘടം പടം മുതലായ പദാൎത്ഥങ്ങളെ അഭിമുഖീകരിച്ചിരുന്ന ജ്ഞാനാകാരബുദ്ധിവൃത്തികറ സുഷുപ്ത്യാവസ്ഥയിൽ എല്ലാംകൂടെ ഒരു കട്ടിയായി ഭവിച്ചു. ഏതുപോലെയെന്നാൽ ശൈത്യം അധികമുള്ള ദിക്കിലെ മഞ്ഞുതുള്ളികറ എല്ലാം ഒന്നായി ചേൎന്നിട്ടു മഞ്ഞുകട്ടയായിഭവിക്കുന്നതുപോലെ.

71. തൽഘനത്വം സാക്ഷിഭാവം ദുഃഖാഭാവം പ്രചക്ഷതേ
ലൌകികാസ്താൎക്കികായാവത് ദുഃഖവൃത്തിവിലോപനാത്.

തൽഘനത്വം സാക്ഷിഭാവം=ആഘനാവസ്ഥയാകുന്ന സാക്ഷിഭാവത്തെ. ലൌകികാഃതാൎക്കികാഃ=ലോകത്തിലെ സാധാരണന്മാരും വൈശേഷികന്മാരും. യാവത് ദുഃഖവൃത്തി വിലോപനാത്=സുഷുപ്തിയുള്ളതുവരേ ദുഃഖവൃത്തികളുടെ അഭാവംനിമിത്തം. ദുഃഖാഭാവംപ്രചക്ഷതേ=ദുഃഖാഭാവമെന്നു പറയുന്നു.

പ്രജ്ഞാനസ്വരൂപത്തെ വിവരിക്കുന്ന ഈ ഘട്ടത്തിൽ പ്രസംഗവശാൽ വന്നുചേൎന്ന മറെറാരു സംഗതിയെ പറയുന്നു:—വേദാന്തമതത്തിൽ സാക്ഷിഭാവമെന്നു പറയപ്പെടുന്ന പ്രജ്ഞാനഘനമെന്ന ഏതൊരു സ്വരൂപമുണ്ടോ അതിനെത്തന്നെയാണ് സാസ്കാരമില്ലാത്ത സാധാരണജനങ്ങളും വൈശേഷികന്മാർ മുതലായ ശാസ്ത്രജ്ഞന്മാരും ദുഃഖാഭാവം എന്നു പറയുന്നത്. അങ്ങിനെ പറവാൻ കാരണം സുഷുപ്തിനിലനില്ക്കുന്നേടത്തോളം കാലം ദ്വൈതരൂപമായ ദുഃഖവൃത്തിയില്ലാത്തതാകുന്നു.

72. അജ്ഞാനബിംബിതാചിൽസ്യാൽ മുഖമാനന്ദഭോജനേ
ഭുക്തംബ്രഹ്മസുഖംത്യക്ത്വാ ബഹിൎയ്യാത്യഥകൎമ്മണാ

അജ്ഞാന ബിംബിതാചിത്=അജ്ഞാനത്തിൽ പ്രതിഫലിച്ച ചിദ്രൂപനായ ആനന്ദമയൻ. ആനന്ദഭോജ

നേമുഖംസ്യാത്=ആനന്ദം ഭുജിക്കുന്നതിൽ മുഖമാകുന്നു. ഭുക്തം ബ്രഹ്മസുഖംത്യക്ത്വാ=ഭുജിക്കപ്പെട്ട ബ്രഹ്മസുഖത്തെ വിട്ടിട്ടു. അഥകർമ്മണാബഹിഃയാതി=പിന്നെ കർമ്മത്താൽപുറത്തേക്കു വരുന്നു.

സുഷുപ്തിയിൽ ആനന്ദം അനുഭവിക്കുന്നതിനുള്ള സാധനം ഏതാണെന്നു കാണിക്കുന്നു:—അജ്ഞാനത്തിൽ പ്രതിഫലിച്ച ചിൽസ്വരൂപനായ ആനന്ദമയനാണ് ആനന്ദഭോജനത്തിൽ ജീവനു മുഖ്യമായിരിക്കുന്നത്. എന്നാൽ ആ ജീവൻ ആ സുഖാനുഭാവത്തെയുപേക്ഷിച്ച് ദുഃഖം അനുഭവിക്കാനായി പുറത്തേക്കു വരുന്നത് എന്തുകൊണ്ടാണെങ്കിൽ സുഖദുഃഖാദ്യനുഭവത്തിന്നു കാരണമായിരിക്കുന്ന കർമ്മബന്ധം നിമിത്തമാകുന്നു.

73. കർമ്മജന്മാന്തരേഭൂദ്യത്ത ദ്യോഗാൽബുദ്ധ്യതേപുനഃ
ഇതികൈവല്യശാഖായാം കർമ്മജോബോധഈരിതഃ.

ജന്മാന്തരേയത് കർമ്മ അഭൂത്=ജന്മാന്തരത്തിൽ യാതൊരു കർമ്മമുണ്ടോ. തദ്യോഗാത് പുനഃ ബുദ്ധ്യതേ=അതിന്റെ സംബന്ധത്താൽ വീണ്ടും ഉണരുന്നു. ഇതികൈവല്യ ശാഖായാം=എന്ന് കൈവല്യോപനിഷത്തിൽ. ബോധഃകർമ്മജഃഈരിതഃ=ഉണർവു കർമ്മംനിമിത്തമാണെന്നു പറയപ്പെട്ടിരിക്കുന്നു.

കർമ്മംനിമിത്തമാണ് വീണ്ടും ജാഗ്രദവസ്ഥയിലെക്കു ജീവൻ വരുന്നതെന്നുള്ളതിന്നു പ്രമാണം ഏതാണെന്നു കാണിക്കുന്നു:—ജന്മാന്തരത്തിൽ യാതൊരുകർമ്മം ചെയ്തിരുന്നുവോ അതിന്റെ സംബന്ധം നിമിത്തം ജീവൻ പിന്നെയും ജാഗ്രദവസ്ഥയിലെക്കു വരുന്നുവെന്ന് കൈവല്യോപനിഷത്തിൽ പറഞ്ഞിട്ടുണ്ട്. "പുനശ്ചജന്മാന്തരകർമ്മയോഗാൽസ ഏവ ജീവഃ സ്വപിതി പ്രബുദ്ധഃ" എന്ന വാക്യാർത്ഥത്തെയാണ് ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നത്.

74. കിഞ്ചിൽകാലം പ്രബുദ്ധസ്യ ബ്രഹ്മാനന്ദസ്യ വാസനാ
അനുഗച്ഛേദ്യതസ്തൂഷ്ണീ മാസ്തേനിർവ്വിഷയഃസുഖീ.

പ്രബുദ്ധസ്യ കിഞ്ചിൽകാലം=ഉണർന്നവന്ന് അല്പസമയം. ബ്രഹ്മാനന്ദസ്യ വാസനാ=ബ്രഹ്മാനന്ദത്തിൽ വാസനാ. അനുഗച്ഛേത്=അനുസരിച്ചുവരുന്നുവെല്ലൊ. യതഃ നിർവ്വിഷയഃ=എന്തുകൊണ്ടെന്നാൽ വിഷയങ്ങളൊന്നുമില്ലാത്തവനായിട്ടു. സുഖീതൂഷ്ണീം ആസ്തേ=സുഖം അനുഭവിച്ച് അനങ്ങാതിരിക്കുന്നു.

ജീവൻ സുഷുപ്തിസുഖം ഉപേക്ഷിച്ച് ജാഗ്രദവസ്ഥയിലേക്കു വന്നത് സ്വതേയല്ല. കർമ്മബന്ധം നിമിത്തമാണെന്നും സുഷുപ്തിയിൽ ബ്രഹ്മാനന്ദം അനുഭവിച്ചിരുന്നുവെന്നും കാണിക്കുന്ന ലക്ഷണം പറയുന്നു:—സുഷുപ്തിയിൽനിന്നു ജാഗ്രദവസ്ഥയിലേക്കു വന്ന ജീവൻ അല്പകാലം ബ്രഹ്മാനന്ദം അനുഭവിച്ചിരുന്നതിന്റെ വാസനക്കധീനനായിട്ടു അല്പസമയം മറെറാരു വിഷയവും അനുഭവിക്കാതെതന്നെ സുഖമായി കണ്ണടച്ച് ഒന്നും പ്രവൃത്തിക്കാതെ നിദ്രാനുഭൂതമായ സുഖത്തെത്തന്നെ വീണ്ടും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടു സുഷുപ്തിസുഖത്തെ വിട്ടുവന്നത് സ്വതെയല്ല കർമ്മാധീനതനിമിത്തമാണെന്നും സുഷുപ്തിയിൽ ബ്രഹ്മാനന്ദം അനുഭവിച്ചിരുന്നുവെന്നും ഊഹിക്കാവുന്നതാണെല്ലൊ.

75. കർമ്മഭിഃപ്രേരിതഃ പശ്ചാന്നാനാദുഃഖാനിഭാവയൻ
ശനൈർവ്വിസ്മരതിബ്രഹ്മാനന്ദ മേഷോഖിലോജനഃ

കർമ്മഭിഃപ്രേരിതഃ=കർമ്മങ്ങളാൽ പ്രേരിക്കപ്പെട്ടവനായിട്ടു. പശ്ചാൽ നാനാ ദുഃഖാനി=പിന്നെ ബഹുവിധദുഃഖങ്ങളെ. ഭാവയൻ ഏഷഃ അഖിലഃ ജനഃ=ഭാവിക്കുന്ന ഈ സകലജനവും, ബ്രഹ്മാനന്ദം ശനൈഃ വിസ്മരതി=ബ്രഹ്മാനന്ദത്തെ ക്രമത്തിൽ മറക്കുന്നു.

എന്നാൽ പിന്നെയും ഉറക്കത്തിൽത്തന്നെ ഏർപ്പെടാതെ പുറത്തേക്ക് എന്തിനായി വരുന്നുവെങ്കിൽ:—കർമ്മങ്ങളാൽ പ്രേരിക്കപ്പെട്ടവനും പിന്നെ നാനാവിധങ്ങളായ കാര്യങ്ങളെ_ദുഃഖരൂപങ്ങളായിരിക്കുന്നവയെ_മനസാ വിചാരിക്കുന്നവനുമായ സർവ്വജീവൻ ക്രമത്തിൽ സുഷുപ്തിയിൽ അനുഭവിച്ചിരുന്ന ബ്രഹ്മാനന്ദത്തെ വിസ്മരിക്കുന്നു. പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും കർമ്മബന്ധംതന്നെ കാരണം എന്നു സാരം.

76. പ്രാഗൂർദ്ധ്വമപിനിദ്രായാഃ പക്ഷപാതോദിനേദിനേ
ബ്രഹ്മാനന്ദേനൃണാംതേന പ്രാജ്ഞോസ്മിൻവിവദേതകഃ.

നിദ്രായാഃപ്രാക് ഊർദ്ധ്വം അപി=നിദ്രക്കു മുമ്പിലും നിദ്രാനന്തരവും. ദിനേ ദിനേ നൃണാം=എല്ലാ ദിവസവും ജനങ്ങൾക്ക് (പ്രാണികൾക്ക്). ബ്രഹ്മാനന്ദേ പക്ഷപാതഃ=ബ്രഹ്മാനന്ദത്തിൽ പ്രത്യേകമായ പ്രീതി

കാണപ്പെടുന്നുണ്ട്. തേന അസ്മിൻ പ്രാജ്ഞഃ കഃ വിവദേത=അതുകൊണ്ടു ഇതിൽ ബുദ്ധിമാനായ ഏതൊരുവൻ വാദിക്കും.

സുഷുപ്തിയിൽ ബ്രഹ്മാനന്ദമില്ലെന്നു പറയുന്ന ചിലരുണ്ടെങ്കിൽ അവർ മന്ദമതികളാണെന്നു കാണിക്കുന്നു:—നിദ്രക്കു പോകുന്നതിന്നു മുമ്പേ മൃദുവായ ശയ്യ മുതലായവ സമ്പാദിക്കുവാൻ പ്രയത്നവും ഉണൎന്നതിന്റെ ശേഷം അല്പകാലം സുഷുപ്തിയിൽ അനുഭവിച്ചിരുന്ന സുഖത്തെത്തന്നെ ആസ്വദിച്ചുംകൊണ്ടിരിക്കുന്ന സമ്പ്രദായവും സകല പ്രാണികൾക്കും ഉള്ളതുകൊണ്ടു ബ്രഹ്മാനന്ദത്തിൽ എല്ലാവൎക്കും പ്രത്യേകപ്രീതി കാണപ്പെടുന്നുവെല്ലൊ. പ്രത്യക്ഷമായ ഈ കാരണത്താൽ സുഷുപ്തിയിൽ ബ്രഹ്മാനന്ദമില്ലെന്നു ബുദ്ധിമാനായ ഏതൊരുവനെങ്കിലും വാദിക്കുമോ. വാദിക്കുന്നുണ്ടെങ്കിൽ കാൎയ്യകാരണങ്ങളെ യോജിപ്പിക്കുവാനുള്ള ബുദ്ധിശക്തിയവന്നില്ലെന്നു ധരിക്കേണ്ടതാണെന്നു സാരം.

77. നന്വേതൂഷ്ണീംസ്ഥിതൌബ്രഹ്മാനന്ദശ്ചേൽഭാതിലൌകികാഃ
അലസാശ്ചരിതാൎത്ഥാഃസ്യുഃ ശാസ്ത്രേണ ഗുരുണാത്രകിം.

നന്വേതൂഷ്ണീംസ്ഥിതൌ=എന്നാൽ ഒന്നും ചെയ്യാതിരിക്കുമ്പോൾ. ബ്രഹ്മാനന്ദഃഭാതിചേത്=ബ്രഹ്മാനന്ദം വിളങ്ങുന്നുവെങ്കിൽ. ലൌകികാഃ അലസാഃ ച=ലോകത്തിലുള്ളവരും മടിയന്മാരും. ചരിതാൎത്ഥാഃസ്യുഃ= കൃതകൃത്യന്മാരായി ഭവിക്കും. അത്രശാസ്ത്രേണഗുരുണാകിം=ഇതിൽ ശാസ്ത്രംകൊണ്ടും സൽഗുരുവിനെക്കൊണ്ടും എന്താവശ്യം.

ഒരു ശങ്ക:—വെറുതേയിരിക്കുമ്പോൾ ബ്രഹ്മാനന്ദം സ്ഫുരിക്കുമെങ്കിൽ ലോകത്തിലുള്ള സാധാരണന്മാരും മടിയന്മാരും കൃതകൃത്യന്മാരാകുമെല്ലൊ: പിന്നെ ബ്രഹ്മജ്ഞാനാനന്ദം സമ്പാദിപ്പാൻ ശാസ്ത്രവും സൽഗുരുവും ആവശ്യമില്ലെല്ലൊ.

78. ബാഢംബ്രഹ്മേതിവിദ്യുശ്ചേൽ കൃതാൎത്ഥാസ്താവതൈവതേ
ഗുരുശാസ്ത്രേവിനാത്യന്തം ഗംഭീരംബ്രഹ്മവേത്തികഃ.

ബാഢം ബ്രഹ്മഇതിവിദ്യുഃചേത്=ശരിതന്നെ ബ്രഹ്മമാണെന്നറിഞ്ഞുവെങ്കിൽ. താവതാ തേ കൃതാൎത്ഥാഃ ഏവ=അത്രമാത്രംകൊണ്ടവർ കൃതാൎത്ഥന്മാർതന്നെ ഗുരുശാസ്ത്രേവിനാ=സൽഗുരുവും സച്ഛാസ്ത്രവും കൂടാതെ. അത്യന്തം ഗംഭീരം ബ്രഹ്മ=അത്യഗാധമായ ബ്രഹ്മത്തെ. കഃവേത്തി=ആർ അറിയും

പറഞ്ഞതു സമ്മതിക്കാം: ഞാൻ ബ്രഹ്മംതന്നെയാണെന്നറിഞ്ഞുവെങ്കിൽ വെറുതെയിരിക്കുന്നതുകൊണ്ടും അവർ കൃതാൎത്ഥന്മാർതന്നെ. സൎവ്വത്തിന്റെയും അടിയിൽ കിടക്കുന്ന ബ്രഹ്മത്തെ സൽഗുരുവിന്റെയും സച്ഛാസ്ത്രത്തിന്റെയും സഹായം ലഭിക്കാതെ ആൎക്കറിവാൻ കഴിയും. ആരും അറികയില്ല.

79. ജാനാമ്യഹംത്വദുക്ത്യാദ്യ കുതോമേനകൃതാൎത്ഥതാ
ശൃണുത്വത്രത്വാദൃശോവൃത്തം പ്രാജ്ഞംമന്യസ്യകസ്യചിത്.

ത്വദുക്ത്യാഅദ്യഅഹംജാനാമി=അങ്ങയുടെ വാക്കുകൊണ്ടു ഇപ്പോൾ ഞാനറിയുന്നു കുതഃമേന കൃതാൎത്ഥതാ=എന്തുകൊണ്ടു എനിക്കു കൃതാൎത്ഥതയുണ്ടാകുന്നില്ല. ത്വാദൃശഃ പ്രാജ്ഞംമന്യസ്യ=നിന്നെപ്പോലെ സ്വയം ബുദ്ധിമാനാണെന്നു വിചാരിക്കുന്ന. കസ്യചിത് വൃത്തഃ ശൃണു=ഒരുവന്റെ വൃത്താന്തത്തെ കേൾക്കുക.

ഹേ ഗുരോ ഞാൻ ബ്രഹ്മമാണെന്നു അങ്ങയുടെ വാക്കുകൊണ്ടിപ്പോളറിയുന്നുണ്ട്. എന്നിട്ടും എനിക്കു കൃതാൎത്ഥത തോന്നാതിരിപ്പാൻ എന്തു കാരണം എന്നു ചോദിച്ച ശിഷ്യനോടു ഗുരു പരിഹാസപൂൎവ്വം പറയുന്നു:—നിന്നെപ്പോലെ സ്വയമേവ ബുദ്ധിമാനാണെന്നു വിചാരിക്കുന്ന ഒരുവന്റെ വൃത്താന്തത്തെ ഞാൻ പറയാം, മനസ്സിരുത്തികേൾക്കുക

80. ചതുൎവ്വേദവിദേദേയമിതി ശൃണ്വന്നവോചത
വേദാശ്ചത്വാരഇത്യേവം വേദ്മിമേദീയതാംധനം

ചതുർവേദവിദേദേയം=നാലു വേദം അറിഞ്ഞവന്നു കൊടുക്കേണ്ടതാണ്. ഇതിശൃണ്വൻഅവോചത= എന്നു കേട്ടവൻ പറഞ്ഞു. വേദാഃ ചത്വാരഃ ഇതി=വേദങ്ങൾ നാലാണെന്ന്. ഏവംവേദ്മി=ഇപ്രകാരം ഞാനറിയുന്നു. ധനംമേദീയതാം=ധനം എനിക്കു തരിക.

ഒരുവൻ ഒരു ധനികനോടു ധനത്തിന്നാവശ്യപ്പെട്ടപ്പോൾ നാലു വേദവും അറിഞ്ഞവന്നാണ് ധനം കൊടുക്കേണ്ടത് എന്നു പറഞ്ഞതു കേട്ടവൻ "എന്നാൽ വേദങ്ങൾ നാലാണെന്ന് നിങ്ങൾ പാ

ഞ്ഞതുകൊണ്ടു എനിക്കും വേദങ്ങൾ നാലാണെന്നു അറിവുണ്ടായിരിക്കുന്നു. എനിക്കു ധനം തരിക'' എന്നുത്തരം പറഞ്ഞു.

81. സംഖ്യാമേവൈഷജാനാതിനത്തുവേദാനശേഷതഃ
യദിതർഹിത്വമപ്യേവംനാശേഷം ബ്രഹ്മവേത്സിഹി.

ഏഷഃസംഖ്യാം ഏവജാനാതി=ഇവൻ സംഖ്യയെ മാത്രം അറിയുന്നു. വേദാൻ അശേഷതഃനതുജാനാതി=വേദങ്ങളെ സമഗ്രമായറിയുന്നില്ല. യദിതർഹിത്വം അപി=അങ്ങിനെയാണെങ്കിൽ നീയ്യും. അശേഷംബ്രഹ്മനവേത്സിഹി=സമസ്തമായിരിക്കുന്ന ബ്രഹ്മത്തെ അറിയുന്നില്ലെല്ലൊ.

അപ്പോൾ ശിഷ്യൻ ഗുരുവിനോടു പറയുന്നു:— അവൻ വേദങ്ങൾ നാലാണെന്നുള്ള സംഖ്യയെ മാത്രമേ അറിയുന്നുള്ളു. വേദവാക്യങ്ങളെയോ വാക്യാർത്ഥങ്ങളെയോ മുഴുവനും അറിയുന്നില്ല എന്ന്. അങ്ങിനെയാണെങ്കിൽ നീയ്യും ബ്രഹ്മം എന്ന ശബ്ദത്തെ മാത്രമേ അറിയുന്നുള്ളു. ബ്രഹ്മസ്വരൂപത്തെ പൂർണമായറിയുന്നില്ലെല്ലൊ. അതുകൊണ്ടു നിണക്ക് കൃതാർത്ഥതയും ഉണ്ടാകുന്നില്ല.

82. അഖണ്ഡൈകരസാനന്ദേ മായാതൽകാൎയ്യവർജിതേ
അശേഷത്വസശേഷത്വ വാൎത്താവസരഏവകഃ.

അഖണ്ഡൈകരസാനന്ദേ=അഖണ്ഡമായും ഏക രസമായും ആനന്ദമായും. മായാതൽകാൎയ്യവർജിതേ=മായയും തൽകാൎയ്യവും ഇല്ലാത്തതായുമിരിക്കുന്ന ബ്രഹ്മത്തിൽ. അശേഷത്വസശേഷത്വ വാൎത്താവസരഃ ഏവകഃ=സംപൂർണമെന്നും അപൂർണമെന്നുമുള്ള വാക്കിന്നുതന്നെ അവസരം എന്താകുന്നു.

വേദങ്ങൾക്ക് സംഖ്യാഭേദം കൂടാതെ വേറെയും ചില ഭേദങ്ങൾ ഉള്ളതുപോലെ ബ്രഹ്മത്തിൽ ദേശകാലവസ്തു പരിച്ഛേദമോ പ്രപഞ്ചകാരണമായ മായയോ മായാകാൎയ്യങ്ങളായ ഭൂതാദികളോ ഒന്നും സംബന്ധിക്കുന്നില്ലെല്ലൊ. ഏകമായും അഖണ്ഡമായും ആനന്ദരസമായും ഇരിക്കുന്ന ബ്രഹ്മത്തിൽ പൂർണം അപൂർണം എന്ന വ്യവഹാരത്തിന്നുതന്നെ അവസരം ഇല്ലാതിരിക്കേ ഞാൻ ബ്രഹ്മത്തെ പൂർണമായറിയുന്നില്ല എന്ന ആക്ഷേപത്തിന്നെന്തവകാശം. അതുകൊണ്ടു ഞാൻ സമ്പൂർണബ്രഹ്മം അറിയാത്തവനാണെന്നു പറയുന്നത് ശരിയല്ല എന്നു ശിഷ്യൻ പറയുന്നു.

83. ശബ്ദാനേവപഠസ്യാഹോ തേഷാമൎത്ഥംച പശ്യസി
ശബ്ദപാഠേൎത്ഥബോധസ്തേ സംപാദ്യത്വേന ശിഷ്യതേ.

ശബ്ദാൻഏവ പഠസി=നീ ശബ്ദങ്ങളെമാത്രം പഠിക്കുന്നുവോ. ആഹോ തേഷാം അൎത്ഥംച പശ്യസി=അതു കൂടാതെ അവയുടെ അൎത്ഥത്തെയും കാണുന്നുവോ. ശബ്ദപാഠേതേ അൎത്ഥബോധഃ=ശബ്ദപാഠത്തിൽ നിണക്ക് അൎത്ഥജ്ഞാനം. സംപാദ്യത്വേന ശിഷ്യതേ=സംപാദിക്കേണ്ടതായിട്ടു ശേഷിക്കുന്നു.

ബ്രഹ്മബോധത്തിലും അശേഷത്വവും സശേഷത്വവും ഇരിക്കുന്നുണ്ടെന്നു ഗുരു ശിഷ്യനോടുപദേശിക്കുന്നു: —അഖണ്ഡം ഏകം ആനന്ദരസം എന്നിങ്ങിനെയുള്ള ശബ്ദങ്ങളെ മാത്രമോ അതോ ആ ശബ്ദങ്ങളുടെ അൎത്ഥവും നീയറിയുന്നുണ്ടോ. ശബ്ദങ്ങളെ മാത്രമാണറിയുന്നതെങ്കിൽ അൎത്ഥം അറിയേണ്ടതായിട്ടു അവശേഷിക്കുന്നുണ്ട്.

84. അൎത്ഥേ വ്യാകരണാൽബുദ്ധേ സാക്ഷാൽകാരോവ ശിഷ്യതേ
സ്യാൽകൃതാൎത്ഥത്വധീൎയ്യാവൽ താവൽ ഗുരുമുപാസ്വഭോഃ.

വ്യാകരണാത് അൎത്ഥേബുദ്ധേ=വ്യാകരണാദികളാൽ ആത്മലക്ഷണാൎത്ഥം അറിയപ്പെട്ടാൽ. സാക്ഷാൽകാരഃ അവശിഷ്യതേ=സാക്ഷാൽകാരം അവശേഷിക്കുന്നു. യാവത് കൃതാൎത്ഥത്വധീഃ സ്യാൽ=എപ്പോൾ കൃതാൎത്ഥനായിയെന്ന ബോധം ഉണ്ടാകുമോ. താവത്ഭോഃ ഗുരും ഉപാസ്വ=അതുവരേ ഗുരുവിനെ ഹേ ശിഷ്യ ഉപാസിച്ചുകൊൾക.

വ്യാകരണം, തൎക്കം, മീമാംസ മുതലായ ശാസ്ത്രങ്ങളുടെ സഹായത്താൽ വാക്യാൎത്ഥം ധരിച്ചുവെങ്കിൽ സംശയവിപരീതഭാവനകൾ ഇല്ലാതാവാൻ സാക്ഷാൽകാരം സമ്പാദിക്കേണ്ടതായിട്ടവശേഷിക്കുന്നു. ഇങ്ങിനെ ആയാൽ എപ്പോഴാണ് അവസാനം എന്നു സംശയിക്കുന്ന ശിഷ്യനോടു ഗുരു പറയുന്നു—ഹേ ശിഷ്യ കൃതാൎത്ഥനായിയെന്ന സംതൃപ്തിയുണ്ടാകുന്നതുവരെ ഗുരുവിനെ സേവിച്ചുകൊൾക. കൃതാൎത്ഥതയാണ് പരമാവധികാലം.

85. ആസ്താമേതദ്യത്രയത്രസുഖംസ്യാദ്വിഷയൈൎവ്വിനാ
തത്ര സൎവ്വത്രവിജ്ഞേയാം ബ്രഹ്മാനന്ദസ്യ വാസനാം.

ഏതത് ആസ്താം=ഈ പ്രസംഗം നിൽക്കട്ടെ. വിഷയൈഃ വിനാ=വിഷയങ്ങളെ കൂടാതെതന്നെ. യത്ര യത്ര സുഖംസ്യാൽ=ഏതേതു കാലത്തിൽ സുഖമുണ്ടാകുമോ. തത്രതത്ര ബ്രഹ്മാനന്ദസ്യ=അവിടവിടെ ബ്രഹ്മാനന്ദത്തിന്റെ. വാസനാം ഏതാം വിദ്ധി=വാസനയാണിതെന്നറിഞ്ഞുകൊൾക.

പ്രസംഗവശാൽ നേരിട്ട ഈ സംഗതിയെ അവസാനിപ്പിച്ചിട്ട പ്രകൃതത്തെ അനുസരിച്ചു പറയുന്നു:—ഈ സംഗതി മതിയാക്കാം. വിഷയസംബന്ധം കൂടാതെതന്നെ തൂഷ്ണീം ഭാവം മുതലായ ഏതേതവസരത്തിൽ ആനന്ദാനുഭവമുണ്ടാകുന്നുവോ അപ്പോഴെല്ലാം ബ്രഹ്മാനന്ദാനുഭവത്തിന്റെ വാസനയാണിതെന്നു ധരിച്ചുകൊള്ളേണ്ടതാണ്. സുഖം ജനിപ്പിക്കുന്ന വിഷയമില്ല. സാമാന്യമായ അഹങ്കാരം പ്രകാശിക്കുന്നതുമുണ്ട്. ആകയാൽ ആ സുഖം എവിടെനിന്നുണ്ടായിയെന്നാലോചിച്ചാൽ അനുഭൂതമായ ബ്രഹ്മാനന്ദത്തിന്റെ വാസനയാണതെന്നു കണ്ടുകൊള്ളാമെല്ലൊ. മഴയില്ലാതെതന്നെ ഭൂമിയിൽ നനവു കാണപ്പെടുന്നുവെങ്കിൽ മുമ്പു മഴപെയ്തുണ്ടായിരുന്ന ജലത്തിന്റെ ഉറവാണെന്നു ധരിക്കേണമെല്ലൊ, അതുപോലെ

86. വിഷയേഷ്വപിലബ്ധേഷു തദിച്ഛോപരമേസതി
അന്തർമ്മുഖമനോവൃത്താവാനന്ദഃപ്രതിബിംബതി.

വിഷയേഷുലബ്ധേഷുഅപി=വിഷയങ്ങൾ ലഭിക്കപ്പെടുമ്പോഴും. തദിച്ഛോ പരമേസതി=ആ ഇച്ഛയുടെ ഉപരതി ഭവിക്കുമ്പോൾ. അന്തർമ്മുഖ മനോവൃത്തൌ=അന്തർമ്മുഖമായ മനോവൃത്തിയിൽ. ആനന്ദഃ പ്രതിബിംബതി=സ്വരൂപാനന്ദം പ്രതിഫലിക്കുന്നു.

ആനന്ദം മൂന്നുവിധത്തിലനുഭവപ്പെടുമെന്നു കാണിപ്പാൻ വിഷയാനന്ദത്തെ വീണ്ടും സൂചിപ്പിക്കുന്നു. വിഷയാനന്ദമെന്നു പറയപ്പെടുന്നതും ബ്രഹ്മാനന്ദംതന്നെയാണ്. വിഷയത്തിൽ പ്രത്യേകമായിട്ടൊരാനന്ദവുമില്ല. എങ്ങിനെയെന്നാൽ:—സ്രഗാദിവിഷയങ്ങൾ ലഭിക്കയാൽ അവയെക്കുറിച്ചുണ്ടായിരുന്ന ആഗ്രഹം ശമിച്ചപ്പോൾ അന്തർമ്മുഖമായ മനോവൃത്തിയിൽ പ്രതിഫലിച്ച സ്വരൂപാനന്ദത്തെയാണ വിഷയാനന്ദമെന്നു വിചാരിക്കുന്നത്. പുണ്യകർമ്മം ഫലോൻമുഖമാകുമ്പോൾ ഈ മാതിരി ആനന്ദം അനുഭവപ്പെടും.

87. ബ്രഹ്മാനന്ദോവാസനാച പ്രതിബിംബഇതിത്രയം
അന്തരേണജഗത്യസ്മിന്നാനന്ദോനാസ്തികശ്ചന.

ബ്രഹ്മാനന്ദഃവാസനാച=ബ്രഹ്മാനന്ദം, വാസനാനന്ദം. പ്രതിബിംബഃ ഇതിത്രയം അന്തരേണ=പ്രതിബിംബാനന്ദം എന്ന മൂന്നല്ലാതെ. അസ്മിൻ ജഗതി=ഈ ലോകത്തിൽ. കശ്ചന ആനന്ദഃനാസ്തി=ഒരാനന്ദവുമില്ല.

ആനന്ദങ്ങളെയെല്ലാം കൂടെ സംഗ്രഹിച്ചു കാണിക്കുന്നു:—മുമ്പേ പറഞ്ഞരീതിയിൽ സ്വപ്രകാശസ്വരൂപത്തോടുകൂടെ സുഷുപ്തിയിൽ അനുഭവപ്പെടുന്ന ബ്രഹ്മാനന്ദം, തൂഷ്ണീംഭാവാദ്യവസ്ഥയിൽ വിഷയാനുഭവം കൂടാതെതന്നെ അനുഭവപ്പെടുന്ന വാസനാനന്ദം അഭീഷ്ടവസ്തുലാഭത്തിൽ അന്തർമ്മുഖമായ മനസ്സിൽ പ്രതിഫലിക്കുന്ന വിഷയാനന്ദം എന്ന മൂന്നുവിധം ആനന്ദമല്ലാതെ ഈ ലോകത്തിൽ വേറെ യാതൊരുവിധമായ ആനന്ദവുമില്ല. ഈ തീർപ്പിന്മേൽ ശങ്കയും സമാധാനവും:—ശിഷ്യൻ സംശയിക്കുന്നു:—ഹേ ഗുരോ! ബ്രഹ്മാനന്ദം വിദ്യാനന്ദം വിഷയാനന്ദം എന്ന മൂന്നു വിധമാണ് ആനന്ദം എന്നു ആദ്യം അരുളിചെയ്തു. ഇപ്പോൾ അതിന്നു വിരോധമായിട്ടു ബ്രഹ്മാനന്ദം വാസനാനന്ദം വിഷയാനന്ദം എന്ന മൂന്നുവിധമാണെന്നും പറഞ്ഞു. അതുകൊണ്ടു പൂർവ്വാപരവിരോധം കാണപ്പെടുന്നു. ഇതുകൂടാതെ നിജാനന്ദമെന്നും യോഗാനന്ദമാകുന്ന മുഖ്യാനന്ദമെന്നും രണ്ടുവിധാനന്ദം പറയപ്പെടുന്നു. ഇനി രണ്ടാമത്തെ അദ്ധ്യായത്തിൽ ആത്മാനന്ദം എന്നും, അതുപോലെതന്നെ മൂന്നാമദ്ധ്യായത്തിൽ അദ്വൈതാനന്ദം എന്നും, നാലാമത്തേതിൽ വിദ്യാനന്ദമെന്നും അഞ്ചാമത്തേതിൽ വിഷയാനന്ദമെന്നും പറയപ്പെടുന്നു. അവസാനമായിട്ടിപ്പോൾ മൂന്നുവിധം ആനന്ദമല്ലാതെ ജഗത്തിൽ വേറെ ഒരാനന്ദവുമില്ലെന്നും പറഞ്ഞു. ഒന്നിനോടു മറെറാന്നു വിരോധമായിരിക്കുന്നുവെല്ലൊ എന്നാണ് ശങ്കയെങ്കിൽ ശങ്ക തീർക്കാനായി പറയാം, കേട്ടുകൊൾക. ആദ്യം ബ്രഹ്മാനന്ദം, വിദ്യാനന്ദം വിഷയാനന്ദം എന്നു പറഞ്ഞത് അദ്ധ്യായക്രമത്തെ ഉദ്ദേശിച്ചിട്ടാണ്. യോഗാനന്ദമെന്നു ഒന്നാമദ്ധ്യായത്തിന്നു പേർ നിശ്ചയിച്ചു. വിദ്യാനന്ദം വിഷയാനന്ദംപോലെ അന്തഃകരണവൃത്തിരൂപമായതുകൊണ്ടു വിദ്യാനന്ദത്തെ വിഷയാനന്ദത്തിൽ ഉൾപ്പെടുത്തിയും, മുഖ്യാനന്ദം ആത്മാനന്ദം അദ്വൈതാനന്ദം ഈ മൂന്നും ബ്രഹ്മാനന്ദത്തിൽനിന്നു വേറെയല്ലാത്തതിനാൽ ഈ മൂന്നിനേയും ബ്രഹ്മാനന്ദത്തിലുൾപ്പെടുത്തിയും ഉദാസീനാവസ്ഥയിൽ ഉണ്ടാകുന്ന നിജാനന്ദവും ഉയന്ന ഉടനെ ഉണ്ടാകുന്ന വാസനാനന്ദവും വിഷയത്തെയൊ സ്വരൂപത്തെയൊ സംബ

ന്ധിക്കാതെ ബ്രഹ്മാനന്ദത്തിന്റെ അംശമായിരിക്കുന്നതിനാൽ ഇതു രണ്ടിനെയും വാസനാനന്ദത്തിൽ ഉൾപ്പെടുത്തിയുംകൊണ്ടു ബ്രഹ്മാനന്ദം വാസനാനന്ദം വിഷയാനന്ദം എന്ന മൂന്നാനന്ദമല്ലാതെ ലോകത്തിൽ മററു യാതൊരാനന്ദവുമില്ലെന്നു പറഞ്ഞതിൽ യാതൊരു വിരോധവുമില്ലാത്തതിനാൽ ഈ മൂന്നാനന്ദത്തെത്തന്നെയാണ് വിഷയാനന്ദം ബ്രഹ്മാനന്ദം വാസനാനന്ദം നിജാനന്ദം മുഖ്യാനന്ദം, ആത്മാനന്ദം അദ്വൈതാനന്ദം വിദ്യാനന്ദം എന്ന് എട്ടായി വിഭജിച്ചു പറഞ്ഞത്. ഇതിൽ അജ്ഞാനികൾക്ക് മുമ്പെ പറഞ്ഞ വിഷയാനന്ദം സുഷുപ്ത്യാനന്ദം വാസനാനന്ദം നിജാനന്ദം എന്ന നാലും സഹജമായി അനുഭവപ്പെടും. പിന്നെ പറഞ്ഞ മുഖ്യാനന്ദം ആത്മാനന്ദം അദ്വൈതാനന്ദം വിദ്യാനന്ദം എന്നീ നാലാനന്ദങ്ങളും ജ്ഞാനികൾക്കനുഭവപ്പെടും. എന്തുകൊണ്ടെന്നാൽ ജന്മത്തിന്നു കാരണമായ അജ്ഞാനവും വാസനയും അശുദ്ധവൃത്തിയും അജ്ഞാനികൾക്കുള്ളതുകൊണ്ടും ജ്ഞാനികൾക്ക് ജ്ഞാനത്താൽ അവ നശിച്ചിരിക്കുന്നതുകൊണ്ടും ഇങ്ങിനെ എട്ടുവിധത്തിൽ ആനന്ദങ്ങളെ വിഭജിച്ചു പറഞ്ഞതാണെന്നറിഞ്ഞുകൊൾക. ഇത്രയും കേട്ടപ്പോൾ ശിഷ്യൻ ചോദിക്കുന്നു:—ഹേ ഗുരോ ഏകമായ ബ്രഹ്മം ബന്ധത്തിന്നും മോക്ഷത്തിന്നും കാരണമാകുന്നതെങ്ങിനെയാണെന്ന്" അതിന്നു സമാധാനം:—"ജഗത്തിന്നു കാരണമായ അജ്ഞാനോപാധിയോടുകൂടെയിരിക്കുന്നതിനാൽ ബ്രഹ്മം സൃഷ്ട്യാദിബന്ധങ്ങൾക്കും, ഈ ബ്രഹ്മംതന്നെ ജ്ഞാനസ്വരൂപമായിരിക്കുന്നതിനാൽ മുക്തിക്കും കാരണമാകും. ആകയാൽ അജ്ഞാനാവസ്ഥയിൽ ബ്രഹ്മം മായാസഹിതവും ജ്ഞാനാവസ്ഥയിൽ നിർഗ്ഗുണമായും ഇരിക്കുന്നതാണെന്നറിഞ്ഞുകൊൾക.

88\. തഥാചവിഷയാനന്ദോ വാസനാനന്ദഇത്യമൂ
ആനന്ദൌജനയന്നാസ്തേ ബ്രഹ്മാനന്ദഃ സ്വയംപ്രഭഃ.

തഥാചവിഷയാനന്ദഃ=അങ്ങിനെയിരിക്കുന്നതുകൊണ്ടു വിഷയാനന്ദം. വാസനാനന്ദഃ ഇതി അമൂആനന്ദൌ=വാസനാനന്ദം എന്ന രണ്ടാനന്ദങ്ങളെ. സ്വയംപ്രഭഃ ബ്രഹ്മാനന്ദഃ=സ്വയം പ്രകാശമായ ബ്രഹ്മാനന്ദം. ജനയൻ ആസ്തേ=ജനിപ്പിച്ചുകൊണ്ടിരിക്കുന്നു.

ബ്രഹ്മാനന്ദത്തെ പറവാനായി ആരംഭിച്ച ഈ അദ്ധ്യായത്തിൽ വിഷയാനന്ദവും വാസനാനന്ദവും പറയപ്പെടുവാൻ കാരണം എന്താണെന്ന് കാണിക്കുന്നു:—ബ്രഹ്മാനന്ദസ്വരൂപത്തെ അനുഭവപ്പെടുത്തുവാനാണ് വിഷയാനന്ദം വാസനാനന്ദം എന്ന രണ്ടാനന്ദങ്ങളെ ഇവിടെ വിവരിച്ചത്. സ്വയമേവ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാനന്ദമാകുന്നു വിഷയാനന്ദത്തെയും വാസനാനന്ദത്തെയും ജനിപ്പിക്കുന്നത്. ആ രണ്ടാനന്ദങ്ങളും അനുഭവപ്പെടുമ്പോൾ അതിന്റെ ഉത്ഭവം സ്വയം പ്രകാശബ്രഹ്മാനന്ദത്തിൽനിന്നാണെന്നു കണ്ടുകൊള്ളണം.

89\. ശ്രുതിയുക്ത്യനുഭൂതിഭ്യഃ സ്വപ്രകാശചിദാത്മകേ
ബ്രഹ്മാനന്ദേസുപ്തികാലേ സിദ്ധേസത്യന്യദാശൃണു.

ശ്രുതിയുക്ത്യാനുഭൂതിഭ്യഃ=ശ്രുതി, യുക്തി, അനുഭവം, ഇവകളിൽനിന്ന്. സ്വപ്രകാശചിദാത്മകെ=സ്വപ്രകാശമായ ചിദാത്മാവിൽ. സുപ്തികാലേ ബ്രഹ്മാനന്ദേ സിദ്ധേസതി=സുഷുപ്തിയിൽ ബ്രഹ്മാനന്ദം സിദ്ധമായിരിക്കേ അന്യദാശൃണു=മററുകാലത്തിലും ബ്രഹ്മാനന്ദമുണ്ടെന്നു പറയുന്നതിനെ കേൾക്കുക.

കഴിഞ്ഞേടത്തോളം സംഗതികളെ സംഗ്രഹിച്ചു പറഞ്ഞുകൊണ്ടു മേൽ പറവാൻപോകുന്നതിനെ അവതരിപ്പിക്കുന്നു:—കൈവല്യം മുതലായ ഉപനിഷത്തുകളിൽനിന്നും മുമ്പും പിമ്പും നിദ്രയെക്കുറിച്ചുള്ള പക്ഷപാതയുക്തിയിൽനിന്നും സുഖമായുറങ്ങിയെന്നുള്ള അനുഭവത്തിൽനിന്നും സ്വയംപ്രകാശമായ ചിദാത്മാവിൽ ബ്രഹ്മാനന്ദം വിളങ്ങിയെന്നു കാണിച്ചുവല്ലൊ. ഇനിമേൽ ജാഗ്രദവസ്ഥയിലും ബ്രഹ്മാനന്ദം വിളങ്ങുന്നുവെന്ന് കാണിപ്പാൻപോകുന്നു, മനസ്സിരുത്തി കേൾക്കുക.

90\. യആനന്ദമയഃസുപ്തൌ സവിജ്ഞാനമയാത്മതാം
ഗത്വാസ്വപ്നംപ്രബോധം വാ പ്രാപ്നോതിസ്ഥാനഭേദതഃ.

സുപ്തൌയഃ ആനന്ദമയഃ=സുഷുപ്തിയിൽ യാതൊരാനന്ദമയൻ ഉണ്ടോ. സഃവിജ്ഞാനമയതാംഗത്വാ=അവൻ വിജ്ഞാനമയനെന്ന നിലയെ പ്രാപിച്ചിട്ടു. സ്ഥാനഭേദതഃ=പറവാൻപോകുന്ന സ്ഥാനഭേദംനിമിത്തം. സ്വപ്നം പ്രബോധനം വാ പ്രാപ്നോതി=സ്വപ്നാവസ്ഥയേയോ ജാഗ്രദസ്ഥയേയോപ്രാപിക്കുന്നു.

ജാഗ്രദാദ്യവസ്ഥകളിലും ബ്രഹ്മാനന്ദത്തെ അനുഭവപ്പെടുത്തുവാനുപായമായിട്ടു ജീവന്റെ മററു രണ്ടവസ്ഥാപ്രാപ്തിയെ ഉപോൽഘാതമായിട്ടു കാണിക്കുന്നു:—സുഷുപ്തികാലത്തിൽ വൃത്തികളുടെ ലയത്തിൽ ആനന്ദമയനായിരുന്ന ചൈതന്യം യാതൊന്നോ ആ ജീവൻ ആ ...

പുറത്തെക്ക വരുമ്പോ‍ാം ബുദ്ധിയാകുന്ന ഉപാധിയോടുകൂടിയവനായതുകൊണ്ടു വിജ്ഞാനമയൻ എന്ന ഭാവത്തെ പ്രാപിക്കുന്നു. പിന്നെ ചെന്നുചേരുന്ന സ്ഥാനഭേദംനിമിത്തം സ്വപ്നാവസ്ഥയിലോ ജാഗ്രദാവസ്ഥയിലൊ സ്ഥിതിചെയ്യുന്നു. കർമ്മമാണ് ഇതിന്നു കാരണം.

91. നേത്രേജാഗരണംകണ്ഠേ സ്വപ്നഃസുപ്തിർഹൃദംബുജേ
ആപാദമസ്തകംദേഹം വ്യാപ്യ ജാഗർത്തിചേതനഃ.

നേത്രേജാഗരണം=നേത്രത്തിൽ ജാഗ്രദവസ്ഥ. കണ്ഠേ സ്വപ്നഃ=കണ്ഠത്തിൽ സ്വപ്നാവസ്ഥ. ഹൃദംബുജേ സുപ്തിഃ=ഹൃദയതാമരപ്പൂവിൽ സുഷുപ്തി. ചേതനഃ ദേഹം ആപാദമസ്തകം=ജീവൻ ദേഹത്തെ കാൽമുതൽ ശിരസ്സുവരെ. വ്യാപ്യജാഗർത്തി=വ്യാപിച്ചിട്ടു ജാഗ്രദവസ്ഥയിലിരിക്കുന്നു.

ജാഗ്രദാദ്യവസ്ഥകൾക്ക കാരണമായ ജീവസ്ഥാനങ്ങളെ കാണിക്കുന്നു:—ജീവൻ നേത്രസ്ഥാനത്തിലിരിക്കുമ്പോ‍ാം ജാഗ്രദവസ്ഥയാകുന്നു. ആ അവസ്ഥയിൽ കാൽമുതൽ ശിരസ്സുവരെ ജീവന്നു വ്യാപ്തിയുണ്ട്. കണ്ഠസ്ഥാനത്തിലിരിക്കുമ്പോ‍ാം സ്വപ്നാവസ്ഥ. ഹൃദയതാമരപ്പൂവിലിരിക്കുമ്പോ‍ാം സുഷുപ്ത്യവസ്ഥ.

92. ദേഹതാദാത്മ്യമാപന്ന സ്തപ്തായഃ പിണ്ഡവത്തതഃ
അഹംമനുഷ്യഇത്യേവം നിശ്ചിത്യൈവാവതിഷ്ഠതേ.

തപ്തായഃപിണ്ഡവത്=തീയ്യിലിട്ടു പഴുപ്പിച്ച ഇരുമ്പുപിണ്ഡംപോലെ. ദേഹതാദാത്മ്യം ആപന്നഃ=ദേഹാത്മഭാവത്തെ പ്രാപിച്ചവ[illegible]കുന്നു. തതഃ അഹംമനുഷ്യഃ ഇതി ഏവം=ആകയാൽ ഞാൻ മനുഷ്യൻ എന്നിങ്ങിനെ. നിശ്ചിത്യഏവ[illegible]വതിഷ്ഠതേ=നിശ്ചയിച്ചിട്ടുതന്നെ സ്ഥിതിചെയ്യുന്നു.

ജാഗ്രദവസ്ഥയിൽ കാൽമുതൽ ശിരസ്സുവരെ വ്യാപിച്ചിരിക്കുന്നു ജീവൻ എന്നതിന്നു യുക്തിയും അനുഭവവും ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു. ജാഗ്രദവസ്ഥയിൽ ജീവൻ ദേഹത്തെത്തന്നെ നിജസ്വരൂപമായിട്ടു ധരിക്കുന്നു. തിയ്യിലിട്ടു പഴുപ്പിച്ച ഇരുമ്പുകട്ട അഗ്നിമയമാകുന്നതുപോലെ ദേഹം ചേതനാത്മകമാകുന്നതിന്നുള്ള കാരണം സർവ്വശരീരത്തിലും ജീവവ്യാപ്തി നിമിത്തമാകുന്നു. ഈ അവസ്ഥയിൽ ഞാൻ മനുഷ്യൻ എന്നുതന്നെ സംശയം കൂടാതെ ഉറപ്പോടുകൂടെയിരിക്കുന്നു. മനുഷ്യൻ ബ്രാഹ്മണൻ ക്ഷത്രിയൻ ഇത്യാദി ജാതിവിഭാഗം ജാതമായ ദേഹത്തിന്നല്ലാതെ അജാതനും ശാശ്വതനുമായ ജീവന്നില്ലാതെയിരിക്കെ ആ വക അഭിമാനംതന്നെ ജീവന്റെ സ്വരൂപമായി ഭവിച്ചിരിക്കുന്നു.

93. ഉദാസീനഃ സുഖീദുഃഖീത്യവസ്ഥാത്രയമേത്യസൌ
സുഖദുഃഖേ കർമ്മകാര്യേത്വൌദാസീന്യം സ്വഭാവതഃ.

അസൌ ഉദാസീനഃസുഖീ=ഈ ജീവൻ ഉദാസീനൻസുഖി. ദുഃഖീ ഇതി അവസ്ഥാത്രയം ഏതി= ദുഃഖി എന്ന മൂന്നവസ്ഥകളെ തടയുന്നു. സുഖദുഃഖേ കർമ്മകാര്യേ=സുഖദുഃഖങ്ങൾ രണ്ടും കർമ്മകാര്യങ്ങൾ. ഔദാസീന്യംതു സ്വഭാവതഃ=ഉദാസീനതയോ സ്വാഭാവികവുമാകുന്നു.

ദേഹത്തിൽ ഞാനെന്ന ഭാവംനിമിത്തം ജാഗ്രദവസ്ഥയിൽ ജീവന്നുള്ള അവസ്ഥാഭേദങ്ങളെ കാണിക്കുന്നു:—ഉദാസീനൻ, സുഖി, ദുഃഖി എന്ന മൂന്നവസ്ഥാഭേദങ്ങളെ ജീവൻ പ്രാപിക്കുന്നു. ഈ മൂന്നിൽ സുഖവും ദുഃഖവും പുണ്യപാപകർമ്മങ്ങളുടെ ഫലങ്ങളും ഉദാസീനതയാ സ്വാഭാവികവുമാകുന്നു.

94. ബാഹ്യഭോഗാന്മനോരാജ്യാൽ സുഖദുഃഖേ ദ്വിധാഭവേത്
സുഖദുഃഖാന്തരാളേഷു ഭവേ ത്തൂഷ്ണീമവസ്ഥിതിഃ.

ബാഹ്യഭോഗാത്=ബാഹ്യവിഷയഭോഗത്തിനാലും. മനോരാജ്യാത്=മനോരാജ്യം ചെയ്യുന്നതുകൊണ്ടും. സുഖദുഃഖേദ്വിധാമതേ=സുഖദുഃഖങ്ങൾ രണ്ടുവിധങ്ങളാണെന്നു പറയപ്പെടുന്നു. സുഖദുഃഖാന്തരാളേഷു= സുഖദുഃഖങ്ങളുടെ മദ്ധ്യകാലങ്ങളിൽ. തൂഷ്ണീം അവസ്ഥിതിഃഭവേത്=ഉദാസീനാവസ്ഥ ഭവിക്കും.

സുഖദുഃഖങ്ങളെത്രവിധം. ഉദാസീനത എപ്പോഴുണ്ടാകുന്നുവെന്നു കാണിക്കുന്നു.—ബാഹ്യങ്ങളായ ശബ്ദാദിവിഷയങ്ങളുടെ അനുഭവംകൊണ്ടും മനോരാജ്യംകൊണ്ടും ഉണ്ടാകുന്നവയാകയാൽ സുഖദുഃഖങ്ങൾ രണ്ടു വിധങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ സുഖദുഃഖങ്ങൾ രണ്ടും ഇല്ലാത്ത മദ്ധ്യകാലങ്ങളിലുള്ള അവസ്ഥാവിശേഷമാണ് ഉദാസീനത.

95. നകാപിചിന്താമേ സ്ത്യദ്യസുഖമാസ ഇതിബ്രുവൻ
ഔദാസീന്യേ നിജാനന്ദഭാവം വക്ത്യഖിലോജനഃ.

മേ അദ്യകാപിചിന്താനഅസ്തി=എനിക്കിപ്പോ‍ാം ഒരു വിചാരവുമില്ല. സുഖം ആസേ ഇതിബ്രുവൻ=

സുഖമായിരിക്കുന്നുവെന്നു പറയുന്നു. അഖിലഃജനഃ ഔദാസീന്യേ=എല്ലാ ജനവും ഉദാസീനാവസ്ഥയിൽ. നിജാനന്ദഭാവം വക്തി=സ്വരൂപാനന്ദഭാവത്തെ പറയുന്നു.

ജാഗ്രദാദ്യവസ്ഥകളെ പറഞ്ഞതിന്റെ പ്രയോജനത്തെ കാണിക്കുന്നു:—ഇപ്പോൾ എനിക്കൊരു വിചാരവുമില്ല. ഞാൻ സുഖമായിരിക്കുന്നുവെന്നു പറയുന്ന എല്ലാ ജനവും ഉദാസീനാവസ്ഥയിലുള്ള സ്വരൂപാനന്ദത്തെയാകുന്നു സുഖമെന്നു പറയുന്നത്. അതുകൊണ്ടു ജാഗ്രദവസ്ഥയിലും നിജാനന്ദസ്ഫുരണമുണ്ടെന്നു സകല ജനങ്ങൾക്കും അനുഭവത്താൽ അറിയാവുന്നതാകുന്നു. ഒന്നും ചെയ്യാതെയും വിചാരിക്കാതെയും അനുഭവിക്കാതെയും ഇരിക്കുമ്പോൾ ഉണ്ടായ സുഖം സ്വരൂപസുഖംതന്നെയെന്നു സാരം.

96. അഹമസ്മീത്യഹങ്കാരസാമാന്യാച്ഛാദിതത്വതഃ
നിജാനന്ദോനമുഖ്യോയംകിന്തസൈതസ്യവാസനാ.

അഹംഅസ്മിഇതി=ഞാനിരിക്കുന്നുവെന്ന്. അഹങ്കാരസാമാന്യാച്ഛാദിതത്വതഃ=സാമാന്യാഹങ്കാരത്താൽ മൂടപ്പെട്ടിരിക്കുന്നതിനാൽ. അയം നിജാനന്ദഃനമുഖ്യ=ഈ സ്വരൂപാനന്ദം മുഖ്യമല്ല. കിന്തു അസൈതസ്യവാസനാ=പിന്നെയോ യെന്നാൽ ഇത് അതിന്റെ വാസനയാകുന്നു.

ഉദാസീനാവസ്ഥയിൽ പ്രകാശിക്കുന്നത് നിജാനന്ദമാകയാൽ അത് ബ്രഹ്മാനന്ദമായതുകൊണ്ടു മുമ്പെ പറഞ്ഞതുപോലെ വാസനാനന്ദമല്ലെല്ലോ എന്നു ശങ്കയെ തീൎക്കുവാനായി പറയുന്നു:—ഉദാസീനാവസ്ഥയിൽ ഉണ്ടാകുന്ന "ഞാൻ സുഖമായിരിക്കുന്നുവെന്ന" ഭാവത്തിൽ സാമാന്യമായ അഹങ്കാരം സംബന്ധിച്ചിരിക്കയാൽ ശുദ്ധബ്രഹ്മാനന്ദമല്ല അനുഭവപ്പെടുന്നത്. പിന്നെയോ ബ്രഹ്മാനന്ദത്തിന്റെ വാസനയാകുന്നു. ആകയാൽ ഉദാസീനാവസ്ഥയിലെ ആനന്ദം വാസനാനന്ദംതന്നെ. സാമാന്യമായ അഹങ്കാരത്തിന്റെ സ്വഭാവം:—"ഞാൻ" എന്നു മാത്രമാകുന്നു. ദേവദത്തൻ എന്നിത്യാദിവിശേഷഭാവങ്ങൾ അതിൽ ഇല്ലാത്തതിനാൽ സാമാന്യാഹങ്കാരാച്ഛാദിതം എന്നു പറഞ്ഞതാകുന്നു.

97. നീരപൂരിതഭാണ്ഡസ്യബാഹ്യേശൈത്യംനതജ്ജലം
കിന്തുനീരഗുണസ്തേനനീരസത്താനുമീയതേ.

നീരപൂരിതഭാണ്ഡസ്യബാഹ്യേ=വെള്ളം നിറച്ചിരിക്കുന്ന ഘടത്തിന്റെ പുറമേ. യത് ശൈത്യം തത് ജലംന=യാതൊരു തണുപ്പുണ്ടോ അത് ജലമല്ല. കിന്തുനീരഗുണഃ=പിന്നെയെന്താകുന്നു? ജലത്തിന്റെ ഗുണം. തേനനീരസത്താഅനുമീയതേ=അതുകൊണ്ടു വെള്ളം ഘടത്തിലുണ്ടെന്നനുമാനിക്കപ്പെടുന്നു.

മുഖ്യാനന്ദത്തെ കൂടാതെ വാസനാനന്ദമുണ്ടെന്നതിന്നു ദൃഷ്ടാന്തം കാണിക്കുന്നു:—വെള്ളം നിറച്ചുവെച്ചിരിക്കുന്ന ഘടത്തിന്റെ പുറമേകാണുന്ന തണുപ്പ് വെള്ളമല്ല. വെള്ളത്തിന്റെ ഗുണമാകുന്നു. ആ ഗുണംകൊണ്ടു ശീതളഗുണയുക്തമായ ജലം ഘടാന്തൎഭാഗത്തിലുണ്ടെന്നനുമാനിക്കപ്പെടുന്നുവെല്ലൊ. അതുപോലെ മുഖ്യാനന്ദത്തിന്റെ ഗുണമായ വാസനാനന്ദമാണ് ഉദാസീനാവസ്ഥയിൽ അനുഭവപ്പെടുന്നത്.

98. യാവദ്യാവദഹംകാരോവിസ്മൃതോഭ്യാസയോഗതഃ
താവത്താവൽസൂക്ഷ്മദൃഷ്ടേൎന്നിജാനന്ദോനുമീയതേ.

അഭ്യാസയോഗതഃ=അഭ്യാസയോഗത്താൽ. യാവദ്യാവത്=എത്രത്തോളം. അഹംകാരഃവിസ്മൃതഃ=അഹം എന്ന ഭാവം മറക്കുന്നുവോ. താവത്താവത്=അത്രത്തോളം. സൂക്ഷ്മദൃഷ്ടേഃ=സൂക്ഷ്മദൃഷ്ടിയുള്ളവനാൽ. നിജാനന്ദഃഅനുമീയതേ=സ്വരൂപാനന്ദം അനുമാനിക്കപ്പെടുന്നു.

വാസനാനന്ദത്തിന്നു കാരണമായ മുഖ്യാനന്ദം എപ്പോൾ അനുഭവപ്പെടും എന്നു കാണിക്കുന്നു:—"ജ്ഞാനമാത്മനിമഹതിനിയച്ഛേത്തദ്യച്ഛേച്ഛാന്ത ആത്മനി" ബുദ്ധിയെ മഹത്തത്വത്തിലും മഹത്തത്വത്തെ ശാന്തമായ ആത്മാവിലും ലയിപ്പിക്കേണം എന്ന ശ്രുതിപ്രമാണം അനുസരിച്ച് കാൎയ്യഭൂതങ്ങളായ സൎവ്വത്തേയും കാരണങ്ങളിൽ ലയിപ്പിക്കുവാനുള്ള യോഗം അഭ്യസിക്കുന്നതുകൊണ്ടു എത്രത്തോളം ദേഹാദിഭാവങ്ങളെ മറക്കുവാൻ കഴിയുന്നുവോ അത്രത്തോളം ചിത്തത്തിനു സൂക്ഷ്മതത്വഗ്രഹണശക്തി വൎദ്ധിക്കും. അപ്പോൾ ആ ശക്ത്യനുസരണം മുഖ്യാനന്ദാനുഭവം സിദ്ധിക്കും.

99. സൎവ്വാത്മനാവിസ്മൃതഃസൻസൂക്ഷ്മതാംപരമാംവ്രജേത്
അലീനത്വാന്നനിദ്രൈഷാതതോദേഹോപിനോപതേത്.

സൎവ്വാത്മനാ വിസ്മൃതഃ സൻ = സൎവ്വവിധത്തിലും അഹംഭാവം വിസ്മരിക്കപ്പെട്ടിട്ട്. പരമാംസൂക്ഷ്മതാം

വ്രജേത്=പരമസൂക്ഷ്മതയെ പ്രാപിക്കും. അലീനത്വാൽ=ലയിക്കാത്തതുകൊണ്ടു്. ഏഷാനിദ്രാന=ഈ അവസ്ഥ നിദ്രയല്ല. തതഃദേഹഃനപതേത് അപി=അതിനാൽ ദേഹം വീഴുകയുമില്ല.

ബുദ്ധിയുടെ സൂക്ഷ്മതയുടെ അവധിയെന്താണെങ്കിൽ ആത്മസാക്ഷാൽകാരംതന്നെ അവധിയെന്നു കാണിക്കുന്നു:—ഞാനെന്ന ഭാവം എല്ലാവിധത്തിലും ഇല്ലാതാകുമ്പോൾ ബുദ്ധി പരമസൂക്ഷ്മാവസ്ഥയെ പ്രാപിക്കും. എന്നാൽ സർവ്വവൃത്തികളും ഇല്ലാതാകുന്നതല്ലാതെ അന്തഃകരണസ്വരൂപത്തിന്നു നാശം ഭവിക്കുന്നില്ല. അതുകൊണ്ടു ഈ അവസ്ഥ നിദ്രയല്ല. അന്തഃകരണസ്വരൂപത്തിൻെറ ലയമാണ് സുഷുപ്തി. അന്തഃകരണത്തിൻെറ സ്വരൂപം ലയിച്ചിട്ടില്ലെന്നതിന്നു ലക്ഷണമെന്തെന്നാൽ ഈ അവസ്ഥയിൽ അന്തഃകരണം ലയിക്കാത്തതുകൊണ്ടാണ് ദേഹം പതിക്കാതെയിരിക്കുന്നത്. സുഷുപ്തി മുതലായ അവസ്ഥകളിൽ അന്തഃകരണസ്വരൂപം ലയിക്കുന്നതിനാൽ ദേഹം പതിക്കുന്നതായി കാണപ്പെടുന്നുണ്ടല്ലൊ. ഇവിടെയാകട്ടെ ദേഹം പതിക്കാതെയിരിക്കുന്നത്, അന്തഃകരണസ്വരൂപത്തിന്നു നാശം വന്നിട്ടില്ലെന്നതിൻെറ ലക്ഷണമാകുന്നു.

100. നദ്വൈതംഭാസതേനാപിനിദ്രാതത്രാസ്തിയൽസുഖം
സബ്രഹ്മാനന്ദഇത്യാഹഭഗവാനർജ്ജുനംപ്രതി

ദ്വൈതംനഭാസതേ=ദ്വൈതം കാണപ്പെടുന്നില്ല. നിദ്രാപിന=ഉറക്കവുമല്ല. തത്രയൽസുഖം അസ്തി=എന്ന അവസ്ഥയിൽ യാതൊരു സുഖമുണ്ടോ. സഃ ബ്രഹ്മാനന്ദഃ=അതു് ബ്രഹ്മാനന്ദം, ഇതി ഭഗവാൻ=എന്നു് ഭഗവാൻ ശ്രീകൃഷ്ണൻ. അർജ്ജുനംപ്രതിആഹ=അർജ്ജുനനോടു പറഞ്ഞിരിക്കുന്നു.

ഇതു് ബ്രഹ്മാനന്ദമാണെന്നതിൽ പ്രമാണം കാണിക്കുന്നു:—ഏതൊരവസ്ഥയിൽ ദ്വൈതം അറിയപ്പെടാതെയും നിദ്രയിൽ ലയിക്കാതെയും ഇരിക്കുന്നുവൊ ആ അവസ്ഥയിൽ അനുഭവപ്പെടുന്ന സുഖം യാതൊന്നോ അതു ബ്രഹ്മാനന്ദമാണെന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിലെ ആറാം അദ്ധ്യായത്തിൽ അർജ്ജുനനോടരുളിച്ചെയ്തിട്ടുണ്ടു്.

101. ശനൈഃശനൈരുപരമേൽബുദ്ധ്യാധൃതിഗൃഹീതയാ
ആത്മസംസ്ഥം മനഃകൃത്വാ നകിഞ്ചിദപിചിന്തയേത്.

ധൃതിഗൃഹീതയാബുദ്ധ്യാ=ധൈര്യത്തോടുകൂടിയ ബുദ്ധികൊണ്ടു. ശനൈഃശനൈഃഉപരമേത്=മെല്ലെമെല്ലെ മനസ്സിനെ വിഷയങ്ങളിൽനിന്നു പിൻവലിക്കേണം. മനഃആത്മസംസ്ഥംകൃത്വാ=ആ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചിട്ടു. കിഞ്ചിത്അപി നചിന്തയേത്=മറെറാന്നും ചിന്തിക്കാതിരിക്കേണം.

ചലിക്കുന്ന സ്വഭാവമുള്ള മനസ്സിനെ എങ്ങിനെ നിലപ്പിക്കും എന്ന ശങ്കക്കു ഭഗവാൻ അർജ്ജുനന്നുപദേശിച്ച ഉപായങ്ങളടങ്ങിയ ശ്ലോകങ്ങളെ ക്രമത്തിൽ ഉദാഹരിക്കുന്നു: ധൈര്യത്തോടുകൂടിയ ബുദ്ധിയാകുന്ന സാധനംകൊണ്ടു മെല്ലെമെല്ലെ മനസ്സിൻെറ നാലുഭാഗത്തേക്കുമുള്ള സഞ്ചാരത്തെ അവസാനിപ്പിക്കേണം. ഹഠാൽകാരം ഉപയോഗിക്കരുത് എന്നു കാണിപ്പാനാണ് ശനൈഃ എന്ന പദപ്രയോഗം. ആ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കേണം:—ഇക്കാണപ്പെടുന്നതു സകലവും ആത്മാവുതന്നെ. അന്യമായിട്ടൊന്നുമില്ല എന്ന ഉറപ്പ് മനസ്സിന്നുണ്ടാകുന്നതു യാതൊന്നോ അതിനെയാണ് ആത്മസ്ഥിതിയെന്നു പറഞ്ഞത്. ഈ നില മനസ്സിന്നു സിദ്ധിക്കുന്നതുവരെ അഭ്യസിക്കേണം. അതിലെത്തിയാൽ ആത്മാവിനെ മാത്രമല്ലാതെ മറെറാന്നിനേയും ചിന്തിക്കാതിരിക്കേണം.

102. യതോയതോനിശ്ചരതിമനശ്ചഞ്ചലമസ്ഥിരം
തതസ്തതോനിയമ്യൈതദാത്മന്യേവവശംനയേത്.

ചഞ്ചലംഅസ്ഥിരംമനഃ=സ്വഭാവദോഷത്താൽ ചലിക്കുന്നതും ഒന്നിലും സ്ഥിരതയില്ലാത്തതുമായ മനസ്സ്. യതഃയതഃനിശ്ചരതി=ഏതേതുശബ്ദാദിവിഷയങ്ങളിലേക്കു ചലിക്കുന്നുവോ. തതഃ തതഃ ഏതത്നിയമ്യ=അതാതിൽനിന്നു ഇതിനെ നിഗ്രഹിച്ചിട്ടു ആത്മനിഏവ=ആത്മാവിൽത്തന്നെ. വശംനയേത്=അധീനപ്പെടുത്തേണം.

മനസ്സിനെ അടക്കുന്നതിൽ പ്രവൃത്തിക്കുന്ന യോഗി ഒന്നാമതായിട്ടെന്തുചെയ്യേണം എന്നുപദേശിക്കുന്നു:—സ്വഭാവത്താൽത്തന്നെ ചലിക്കുന്നതും അതുകൊണ്ടുതന്നെ ഒന്നിൽ സ്ഥിരതയില്ലാത്തതുമായ മനസ്സ് ഏതേതു ശബ്ദാദിവിഷയങ്ങളിലേക്കു ചലിക്കുന്നുവോ ആ വിഷയങ്ങളെല്ലാം മിഥ്യാഭൂതങ്ങളും ബന്ധഹേതുക്കളുമാണെന്നുള്ള വൈരാഗ്യത്തിൻെറ ബലത്താൽ അതാതു വിഷയങ്ങളിൽനിന്നും ആ മനസ്സിനെ പിൻവലിച്ചിട്ടു ആത്മാവിൽതന്നെ ഉറപ്പിക്കുവാൻ പരിശ്രമിക്കേണം. ഇങ്ങിനെ മനോനിഗ്രഹരൂപമായ യോഗം അഭ്യസിച്ചിട്ട് മനസ്സിനെ ക്രമത്തിൽ ആത്മാധീനമാക്കേണം.

103. പ്രശാന്തമനസംഹ്യേനംയോഗിനംസുഖമുത്തമം
ഉപൈതിശാന്തരജസംബ്രഹ്മഭൂതമകല്മഷം.

പ്രശാന്തമനസം=പ്രകർഷേണ ശമിച്ച മനസ്സോടുകൂടിയും. ശാന്തരജസം=രജോഗുണം നശിച്ചും. അകല്മഷം=പാപമററവനും. ബ്രഹ്മഭൂതം=ബ്രഹ്മമായി ഭവിച്ചവനുമായ. ഏനംയോഗിനം=ഈ യോഗിയെ. ഉത്തമംസുഖംഉപൈതി=നിരതിശയസുഖം പ്രാപിക്കും.

മനസ്സിനെ ഈവിധം നിഗ്രഹിക്കുന്നതുകൊണ്ടുള്ള ഫലത്തെ പറയുന്നു:—മനസ്സിന്റെ പ്രസാദം—അചഞ്ചലത—സിദ്ധിച്ചവനും രജോഗുണകാര്യങ്ങളായ ക്ലേശാദിദോഷങ്ങളുടെ ബാധയില്ലാത്തവനും ബ്രഹ്മംതന്നെ സർവ്വം എന്ന നിശ്ചയമുണ്ടായതിനാൽ ജീവന്മുക്തനും അധർമ്മാദിദോഷങ്ങളുടെ ബന്ധനത്തിൽനിന്നു മുക്തനുമായ ഈ യോഗിയെ ക്ഷയിക്കാത്തതും അതിശയിപ്പാൻ തക്കതായ മറെറാന്നില്ലാത്തതും വിഷയസംബന്ധമില്ലാത്തതുമായ ഉത്തമസുഖം താനെതന്നെ ആശ്രയിക്കും. നിശ്ചലമനസ്സിൽ ചളിയററ കണ്ണാടിയിൽ മുഖപ്രതിബിംബമെന്നപോലെ ബ്രഹ്മാനന്ദം അനുഭവപ്പെടുമെന്നു സാരം; സുഖം ഉണ്ടാക്കുവാനല്ല യോഗാഭ്യാസം. സുഖാനുഭവത്തിനു തടസ്ഥമായ മനശ്ചാഞ്ചല്യത്തെ അടക്കുവാനാണ് അഭ്യാസം ചെയ്യുന്നത്, എന്നു സിദ്ധാന്തം.

104. യത്രോപരമതേചിത്തം നിരുദ്ധംയോഗസേവയാ
യത്രചൈവാത്മനാത്മാനം പശ്യന്നാത്മനിതുഷ്യതി.

യോഗസേവയാനിരുദ്ധം ചിത്തം=യോഗാഭ്യാസംകൊണ്ടു നിരോധിക്കപ്പെട്ട മനസ്സ്. യത്രഉപരമതേ=ഏതൊന്നിൽ ഉപരമിക്കുന്നുവോ. യത്രചഏവആത്മനാആത്മാനംപശ്യൻ=ഏതൊരുകാലത്തിൽ സമാധിപരിശുദ്ധമായ അന്തഃകരണംകൊണ്ട് ആത്മാവിനെ സാക്ഷാൽകരിച്ചിട്ടു. ആത്മനി പരിതുഷ്യതി=ആത്മാവിൽതന്നെ ആനന്ദിക്കുന്നുവോ.

മുമ്പെ സംഗ്രഹിച്ചുപറഞ്ഞ അർത്ഥത്തെ വിസ്തരിച്ചു പറയുന്ന ശ്ലോകങ്ങളെ എടുത്തു കാണിക്കുന്നു:—യോഗാഭ്യാസത്താൽ മററ വിഷയങ്ങളിൽനിന്നു പിൻവലിക്കപ്പെട്ട മനസ്സ് ഏതൊന്നിൽ ഏതൊരുകാലത്തിൽ ഉപരതിയെ പ്രാപിക്കുന്നുവോ, ഏതുകാലത്തിൽ സമാധി പരിശുദ്ധമായ അന്തഃകരണംകൊണ്ടു ആത്മാവിനെ സാക്ഷാൽകരിച്ചിട്ടു ആത്മാവിൽതന്നെ—മററ യാതൊരു വിഷയങ്ങളിലുമല്ല അത്യാനന്ദത്തെ അനുഭവിക്കുന്നുവോ.

105. സുഖമാത്യന്തികംയത്തൽബുദ്ധിഗ്രാഹ്യമതീന്ദ്രിയം
വേത്തിയത്രനചൈവായംസ്ഥിതശ്ചലതിതത്ത്വതഃ.

യത്രഅയം ആത്യന്തികം=ഏതൊരുകാലത്തിൽ യോഗി അവസാനമില്ലാത്തതും. ബുദ്ധിഗ്രാഹ്യം=ബുദ്ധിയാൽ മാത്രം ഗ്രഹിക്കപ്പെടുവാൻ യോഗ്യമായും. അതീന്ദ്രിയം=ഇന്ദ്രിയങ്ങളെ അതിക്രമിച്ചിരിക്കുന്നതും:—വിഷയങ്ങളുടെ സംബന്ധം ഇല്ലാതിരിക്കുന്നതുമായ. യൽസുഖം=യാതൊരുസുഖമുണ്ടോ. തൽസുഖം വേത്തി=ആ സുഖത്തെ അറിയുന്നുവോ. സ്ഥിതഃ തത്വതഃ നചലതി=അതിൽതന്നെയിരിക്കുന്നവനായിട്ടു ആ തത്വത്തിൽനിന്നു ചലിക്കുന്നില്ലയോ.

അതുമാത്രമല്ല ഏതൊരു കാലത്തിൽ ഈ യോഗി അപരിച്ഛിന്നനും അവസാനമില്ലാത്തതും ഇന്ദ്രിയസംബന്ധമില്ലാത്തതായ പരിശുദ്ധബുദ്ധിവൃത്തിയാൽ മാത്രം ആസ്വദിക്കാൻ കഴിയുന്നതും ഇന്ദ്രിയങ്ങൾക്ക്—മനസ്സു മുതലായതിന്ന്—എത്താൻ കഴിയാത്തതും ആയ സുഖത്തെ അറിയുന്നുവോ ആ സുഖരൂപമായ വസ്തുവിൽതന്നേയിരിക്കുന്നവനായിട്ടു അതിൽനിന്നു ചലിക്കാതെയും വസിക്കുന്നുവോ.

106. യംലബ്ധ്വാചാപരംലാഭംമന്യതേനാധികം തതഃ
യസ്മിൻസ്ഥിതോനദുഃഖേനഗുരുണാപിവിചാല്യതേ.

യംലബ്ധ്വാ തതാ അധികം=യാതൊന്നിനെ പ്രാപിച്ചിട്ടു അതിനെക്കാൾ അധികമായ. ലാഭം നമന്യതേ=ലാഭമുണ്ടെന്നു വിചാരിക്കുന്നില്ലയോ. യസ്മിൻസ്ഥിതഃ=യാതൊന്നിൽ ഇരിക്കുന്നവനായിട്ടു. ഗുരുണാ ദുഃഖേന അപി=മഹത്തരമായ ദുഃഖത്താലും നവിചാല്യതേ=ചലിപ്പിക്കപ്പെടുന്നില്ലയോ.

അതുമാത്രവുമല്ല:—ഏതൊരാത്മാവിനെ പ്രാപിച്ചിട്ടു അതിനെക്കാൾ വലുതായ ഒന്നിനെയും ഇനി പ്രാപിപ്പാനില്ലെന്നു വിചാരിക്കുന്നുവോ, യാതൊരു ആത്മതത്വത്തിൽ ഇരിക്കുന്ന അവനെ എത്രയധികമായ ദുഃഖത്തിനും അതിൽനിന്നു ചലിപ്പിക്കുവാൻ കഴികയില്ലയോ.

107. തംവിദ്യാദ്ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതം
സനിശ്ചയേനയോക്തവ്യോയോഗോനിർവിണ്ണചേതസാ.

തം ദുഃഖസംയോഗവിയോഗം=അതിനെ ദുഃഖങ്ങളുടെ സംയോഗത്തോടു വിട്ടിരിക്കുന്നതും. യോഗസംജ്ഞിതം വിദ്യാത്=യോഗമെന്ന പേരോടുകൂടിയതുമാണെന്നറിയേണം. സഃ യോഗഃ അനിർവ്വിണ്ണചേതസായോക്തവ്യഃ=ആ യോഗം നിർവ്വേദമില്ലാത്തതായ മനസ്സോടുകൂടെ അഭ്യസിക്കേണ്ടതാകുന്നു.

ആ ആത്മലാഭത്തെ യോഗമെന്നറിഞ്ഞുകൊള്ളേണം. അതിന്നു യോഗമെന്നാണ് പേർ. എങ്കിലും ആ യോഗത്തിൽ യാതൊരുവിധ ദുഃഖങ്ങളുടേയും സംയോഗമില്ലാത്തതാണെന്നും ധരിക്കേണം. ആ യോഗത്തെ ഇത്രകാലം അഭ്യസിച്ചിട്ടും ആ ഫലം അനുഭവപ്പെടുന്നില്ലല്ലൊ എന്ന നിർവ്വേദം—വെറുപ്പ്—കൂടാതെ നിശ്ചയമായും ഫലം കിട്ടുമെന്നുള്ള ദൃഢതയോടുകൂടെ അഭ്യസിക്കേണ്ടതാവശ്യമാകുന്നു.

108. യുംജന്നേവംസദാത്മാനം യോഗീവിഗതകല്മഷഃ
സുഖേനബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ.

വിഗതകല്മഷഃയോഗീ=പാപമില്ലാത്തവനായ യോഗി. ഏവം ആത്മാനം യുംജൻ=ഇപ്രകാരം മനസ്സിനെ ആത്മാവിനോടു ചേർത്തിയവനായിട്ടു. ബ്രഹ്മസംസ്പർശം=ബ്രഹ്മത്തിന്റെ സ്പർശത്തോടുകൂടിയതും. അത്യന്തംസുഖം=നാശരഹിതവുമായ സുഖത്തെ. സുഖേനഅശ്നുതേ=ആയാസംകൂടാതെ അനുഭവിക്കും.

ഇതുവരെ പറഞ്ഞ ഗീതാവാക്യസാരത്തെ ഉപസംഹരിക്കുന്നു:— യോഗവിഘ്നങ്ങളുണ്ടാവാൻ കാരണമായ പ്രതിബന്ധങ്ങളൊന്നും ഇല്ലാതിരിക്കുന്ന യോഗി ഇപ്രകാരം എപ്പോഴും ആത്മാവിനെ അനുസന്ധാനം ചെയ്യുന്നവനായിരുന്നാൽ ബ്രഹ്മാനന്ദത്തെ പ്രയാസം കൂടാതെ അനുഭവിക്കുവാനായി ഭവിക്കും

109. ഉത്സേകഉദധേര്യദ്വൽ കുശാഗ്രേണൈകബിന്ദുനാ
മനസോനിഗ്രഹസ്തദ്വൽ ഭവേദപരിഖേദതഃ.

കുശാഗ്രേണ ഏകബിന്ദുനാ=ദർഭയുടെ അഗ്രംകൊണ്ടു ഓരോ തുള്ളിയായെടുത്തിട്ടു. ഉദധേഃ ഉത്സേകഃ=സമുദ്രത്തിന്റെ വാച്ച്. യദ്വത് തദ്വത് മനസഃ നിഗ്രഹഃ=ഏതുപോലെയോ അതുപോലെ മനസ്സിന്റെ നിഗ്രഹം. അപരിഖേദതഃ ഭവേത്=ദുഃഖം കൂടാതെ സാധിക്കും.

വെറുപ്പുകൂടാതെ ചെയ്യുന്ന യോഗാഭ്യാസം സഫലമാകും എന്നതിനെ ദൃഷ്ടാന്തംകൊണ്ടുറപ്പിക്കുന്നു:—സമുദ്രത്തിലെ ജലത്തുള്ളികളെ ദർഭാഗ്രംകൊണ്ടു ക്രമത്തിൽ പുറമെ ഒഴുക്കിക്കളഞ്ഞിട്ടു സമുദ്രത്തെയും വററിക്കുന്നതുപോലെ മടിപ്പുകൂടാതെ യോഗം ശീലിച്ചവന്നാൽ ഗുരുകടാക്ഷത്താൽ നിനക്കും മനോനിഗ്രഹം അനായാസേന സാധിക്കും. മനോനിഗ്രഹം അസാധ്യമാണെന്നു കരുതി യോഗത്തിൽ പരിശ്രമിക്കാതിരിക്കേണ്ട.

110. ബൃഹദ്രഥസ്യരാജർഷേഃ ശാകായന്യോ മുനിഃസുഖം
പ്രാഹമൈത്രാഖ്യശാഖായാം സമാധ്യുക്തി പുരഃസരം.

ബൃഹദ്രഥസ്യരാജർഷേഃ=ബൃഹദ്രഥനെന്നു പേരായ രാജർഷിക്ക്. ശാകായന്യഃമുനിഃ=ശാകായന്യൻ എന്നു പേരായ മുനി. മൈത്രാഖ്യശാഖായാം=മൈത്രായണീയം എന്നു പേരായ യജുഃ ശാഖാഭേദത്തിൽ. സമാധ്യുക്തിപുരഃസരം സുഖംപ്രാഹ=സമാധിവരെ പറയപ്പെട്ടിരിക്കുന്ന പരം പരസുഖത്തെ പറഞ്ഞിട്ട്.

ഇത് ശ്രീഭഗവൽഗീതയിൽ മാത്രമല്ല, മൈത്രായണീയശാഖയിലും പറഞ്ഞിട്ടുണ്ടെന്നു കാണിക്കുന്നു: ബൃഹദ്രഥനെന്നുപേരായ ഒരു രാജർഷി ശിഷ്യത്വേന ഉപസന്നനായപ്പോൾ ശാകായന്യൻ എന്ന മുനി അദ്ദേഹത്തോടു സമാധിമുതൽക്കുള്ള പരമ്പരസുഖത്തെയുപദേശിച്ചതായിട്ടു മൈത്രായണീയം എന്നുപേരായ യജുഃശാഖാഭേദശ്രുതിയിൽ കാണുന്നുണ്ട്.

111. യഥാനിരിന്ധനോവഹ്നിഃ സ്വയോനാവുപശാമ്യതി
തഥാവൃത്തിക്ഷയാച്ചിത്തം സ്വയോനാവുപശാമ്യതി.

നിരിന്ധനഃവഹ്നിഃ=ദഹിച്ചുപോയ വിറകോടുകൂടിയ അഗ്നി. സ്വയോനൌ യഥാ ഉപശാമ്യതി=തന്റെ കാരണമായ തേജസ്സിൽ എപ്രകാരം ഉപശമിക്കുന്നുവോ. തഥാ വൃത്തിക്ഷയാത് ചിത്തം=അപ്രകാരം വൃത്തിക്ഷയംനിമിത്തം മനസ്സു. സ്വയോനൌ ഉപശാമ്യതി=തന്റെ കാരണമായ സത്വഗുണത്തിൽ ഉപശമിക്കുന്നു.

ആ ശ്രുത്യർത്ഥത്തെ ശ്ലോകത്തിൽ കാണിക്കുന്നു:—കത്തിക്കൊണ്ടിരിക്കുന്ന തീക്കൊള്ളി മുഴുവനും ഭസ്മമാകുമ്പോൾ അതിലെ അഗ്നി, അതിന്റെ ജ്വാലാദിസ്വരൂപമായ വിശേഷഭാവത്തെ പരിത്യജിച്ച്,

സ്വ കാരണമായ തേജോമാത്രത്തിൽ ഉപശമിക്കുന്നതുപോലെ ദ്വൈതാദ്വൈതവിചാരങ്ങളോടുകൂടിയ അന്തഃകരണം, അതിൻെറ വിചാരങ്ങളെല്ലാം ശമിക്കുമ്പോൾ സ്വ കാരണമായ സത്വഗുണത്തിൽ ഉപശമിക്കുന്നു. രജസ്തമോ ഗുണകാൎയ്യങ്ങളായ വൃത്തികൾ അടങ്ങുമ്പോൾ അന്തഃകരണം സ്വകാരണമായ സത്വഗുണത്തിൻെറ കാൎയ്യമായ ജ്ഞാനസ്വരൂപമായി ഭവിക്കുമെന്നു സാരം.

112. സ്വയോനാവുപശാന്തസ്യമനസഃ സത്യകാമിനഃ
ഇന്ദ്രിയാൎത്ഥവിമൂഢസ്യാ നൃതാഃ കൎമ്മവശാനുഗാഃ.

സ്വയോനൌ ഉപശാന്തസ്യ=സ്വകാരണത്തിൽ ഉപശമിച്ചതും. സത്യകാമിനഃ=സത്യമായ സുഖത്തിൽ ആഗ്രഹിച്ചതും ഇന്ദ്രിയാൎത്ഥ വിമൂഢസ്യ=ഇന്ദ്രിയവിഷയങ്ങളിൽ വിമുഖവുമായ. മനസഃകൎമ്മവശാനുഗാഃ അനൃതാഃ=മനസ്സിന്നു പ്രാരബ്ധാധീനങ്ങളായ ഭോഗങ്ങൾ അസത്യങ്ങൾ.

സ്വകാരണമായ സാത്വികജ്ഞാനത്തിൽ ലയിച്ചിരിക്കുന്നതും നാശമില്ലാത്തതായ ആത്മാനന്ദം അനുഭവിച്ചുകൊണ്ടിരിക്കുന്നതും അതിനാൽത്തന്നെ ഇന്ദ്രിയവിഷയങ്ങളായ ശബ്ദാദികളിൽ വ്യാപരിക്കാതിരിക്കുന്നതുമായ മനസ്സിന്നു പ്രാരബ്ധവശാൽ വന്നുചേരുന്ന സുഖദുഃഖാദികളെല്ലാം ജലരേഖകളെന്നപോലെ ഇല്ലാത്തവയാണെന്നനുഭവപ്പെടുന്നു.

113. ചിത്തമേവഹി സംസാരസ്തൽ പ്രയത്നേന ശോധയേത്
യച്ചിത്തസ്തന്മയോ മൎത്യോ ഗുഹ്യമേതൽ സനാതനം.

ചിത്തം ഏവഹിസംസാരഃ=ചിത്തംതന്നെയാണല്ലൊ സംസാരം. തൽപ്രയത്നേനശോധയേത്=അതിനെ പണിപ്പെട്ടു പരിശോധിക്കേണം. മൎത്യഃയച്ചിത്തഃ തന്മയഃ=മനുഷ്യൻ യാതൊന്നിൽ മനസ്സുവെച്ചിരിക്കുന്നവനോ അതിൻെറ സ്വരൂപം ഉള്ളവനാകുന്നു. ഏതത് സനാതനം ഗുഹ്യം=ഇത് അനാദിസിദ്ധമായ രഹസ്യമാകുന്നു.

ചിത്തനാശത്തിൽ ജഗത്ത് നശിക്കുമെന്നു പറഞ്ഞത് ശരിയല്ല. ചിത്തമല്ലെല്ലൊ ജഗത്തിൻെറ ഉപാദാനകാരണം എന്നു ശങ്കിക്കുന്നവരോടു സമാധാനം പറയുന്നു:—നീ പറഞ്ഞവിധം ക്രമസൃഷ്ടിയിൽ ജഗത്തിൻെറ ഉപാദാനകാരണം ചിത്തമാണെന്നു കാണുകയില്ലെങ്കിലും എപ്പോഴും സുഖദുഃഖാദികൾക്ക് കാരണം ചിത്തമാണെന്നല്ലെയോ അനുഭവത്താൽ അറിയാവുന്നത്. എങ്ങനെയെന്നാൽ ചിത്തവ്യാപാരം ഉള്ള ജാഗ്രൽസ്വപ്നാവസ്ഥകളിൽ സുഖദുഃഖങ്ങളുള്ളതും, ചിത്തലയം സംഭവിച്ചിരിക്കുന്ന സുഷുപ്ത്യവസ്ഥയിൽ സുഖദുഃഖാദിസമ്പൎക്കമില്ലാത്തതായ നിരതിശയസുഖാനുഭവമുള്ളതും സൎവ്വൎക്കും അറിയാവുന്നതാണെല്ലൊ. യുഗപൽസൃഷ്ടിപക്ഷായശ്രുതികളിൽ ആത്മസ്വരൂപത്തെ അറിയായ്കയാകുന്ന അജ്ഞാനത്താൽ ചിത്തവും, ചിത്തത്തിൽനിന്നു മറ്റുള്ള സകല ജഗദ്വസ്തുക്കളും ഉണ്ടായിയെന്നും പറയുന്നതിനാൽ ചിത്തശുദ്ധിയെ സമ്പാദിക്കേണം എന്നുപദേശിക്കുന്നു:—ചിത്തംതന്നെയാണ് സംസാരം എന്നത് എല്ലാവൎക്കും അനുഭവമുള്ളതുതന്നെ. അതുകൊണ്ട് ചിത്തവിക്ഷേപത്തിന്നു കാരണങ്ങളായ രജസ്തമോഗുണങ്ങളെ അതിൽനിന്നു നീക്കംചെയ്തു ശുദ്ധസത്വഗുണാത്മകമാക്കുവാൻ നന്നെ പരിശ്രമിക്കണം. അപ്പോൾ ചിത്തം ഏകാഗ്രമായ്വരും. ആത്മാവിൻെറ വിമുക്തിക്ക് ആത്മാവിനെത്തന്നെയല്ലേ പരിശോധിക്കേണ്ടത്. ചിത്തത്തെയല്ലെല്ലൊ എന്നു ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഏതൊരു ദേഹികും ഏതേതു പുത്രഭാൎയ്യാധനാദിവിഷയങ്ങളിൽ മനസ്സുറക്കുന്നുവോ ആ ദേഹി ആ വിഷയസ്വരൂപൻതന്നെയെന്നത് അനാദിസിദ്ധമായ രഹസ്യമാകുന്നു. "ശ്രദ്ധാമയോയംപുരുഷഃ യോയച്ഛ്രദ്ധസ്സഏവസഃ" മനസ്സിന്നുള്ള ശ്രദ്ധ ഏതൊന്നിലോ മനുഷ്യൻ തൽസ്വരൂപനാകുന്നുവെന്നു ഭഗവാനും "ധ്യായതീവലേലായതീവ" എന്നു ശ്രുതിയും അരുളിചെയ്യുന്നതിനാൽ അഭ്യാസവൈരാഗ്യാദികളാൽ ചിത്തത്തെത്തന്നെ പരിശുദ്ധമാക്കണം.

114. ചിത്തസ്യഹിപ്രസാദേനഹന്തികൎമ്മശുഭാശുഭം
പ്രസന്നാത്മാത്മനിസ്ഥിത്വാസുഖമക്ഷയ്യമശ്നുതേ.

ചിത്തസ്യപ്രസാദേനഹി=ചിത്തത്തിൻെറ പ്രസാദംകൊണ്ടുതന്നെ. ശുഭാശുഭംകൎമ്മഹന്തി=പുണ്യപാപകൎമ്മത്തെ നശിപ്പിക്കുന്നു. പ്രസന്നാത്മാആത്മനിസ്ഥിത്വാ=പ്രസന്നമാനസനായ അവൻ ആത്മാവിലിരുന്നിട്ടു. അക്ഷയംസുഖംഅശ്നുതേ=അളവററ സുഖത്തെ അനുഭവിക്കുന്നു.

അവധിയില്ലാത്ത സഞ്ചിതകൎമ്മങ്ങൾ ചിത്തശോധനകൊണ്ടു നശിക്കുമോ? കൎമ്മങ്ങൾ നശിക്കാതെ ജന്മം അവസാനിക്കുമോ എന്നീ ശങ്കകൾക്കു സമാധാനം:—വിവേകിയായ പുരുഷൻ ചിത്തപ്രസാദംകൊണ്ടുതന്നെ പുണ്യപാപകൎമ്മത്തെ നശിപ്പിക്കുന്നു. പ്രസന്നചിത്തനായ അവൻ സ്വരൂപമായ

ആത്മാവിൽത്തന്നെയിരുന്നിട്ടു നാശമില്ലാത്തതായ സുഖത്തെ അനുഭവിക്കുന്നു. "തദ്യഥേഷീകാതൂലമഗ്നൌപ്രോതംപ്രദൂയേതൈവംഹാസ്യസർവ്വേപാപ്മാനഃ പ്രദൂയന്തേ" പുൽക്കൊടി തീയ്യിലിട്ടാൽ കത്തിപ്പോകുന്നതുപോലെ ബ്രഹ്മധ്യാനനിരതനായ ഇവന്റെ പുണ്യപാപരൂപസർവ്വകർമ്മങ്ങളും നശിക്കുന്നു. "ഉപപാതകേഷുസർവ്വേഷു പാതകേഷുമഹത്സുചപ്രവിശ്യരജനീപാദംബ്രഹ്മധ്യാനംസമാചരേത്" ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നീററിരുന്നു ബ്രഹ്മധ്യാനം പരിശീലിക്കുന്നവന്റെ ഉപപാതകങ്ങളും മഹാപാതകങ്ങളും നിശ്ശേഷം നശിക്കും എന്ന ശ്രുതിസ്മൃതികളെ അനുസരിച്ചു പറയുന്നു:—ചിത്തം ചലിക്കാത്ത നില കിട്ടിയവന്റെ പുണ്യപാപരൂപകർമ്മമെല്ലാം നശിക്കുന്നു. എങ്ങിനെയെന്നാൽ ചിത്തം നിശ്ചലമാകുമ്പോൾ ആത്മാവിൽ ധ്യാനം ഉറക്കുകയും, സ്വരൂപമായ ആത്മാവിൽത്തന്നെയിരുന്നുകൊണ്ടു നാശരഹിതമായ ആത്മാനന്ദത്തെ അനുഭവിക്കുകയും ചെയ്യുന്നു. "ജ്ഞാനാഗ്നിഃ സർവ്വകർമ്മാണിഭസ്മസാൽകുരുതേതഥാ" ആത്മസ്വരൂപസാക്ഷാൽകാരം സർവ്വകർമ്മങ്ങളേയും ഭസ്മമാക്കുന്നുവെന്നു ഭഗവാനും അരുളിച്ചെയ്തിരിക്കുന്നു.

115. സമാസക്തംയഥാചിത്തംജന്തോർവ്വിഷയഗോചരേ
യദ്യേവംബ്രഹ്മണിസ്യാത്തൽകോനമുച്യേതബന്ധനാത്.

ജന്തോഃചിത്തംവിഷയഗോചരേ=പ്രാണിയുടെ ചിത്തം ഇന്ദ്രിയവിഷയത്തിൽ യഥാസമാസക്തം=എപ്രകാരം ആസക്തമായിരിക്കുന്നുവോ. തത്ഏവംബ്രഹ്മണിസ്യാത്യദി=ആ ചിത്തം അതേവിധം ബ്രഹ്മത്തിൽ ആസക്തമായെങ്കിൽ കഃബന്ധനാത്നമുച്യേത=ആർതന്നെ ബന്ധനത്തിൽനിന്നു മുക്തനാകയില്ല.

ബ്രഹ്മത്തിൽ ചിത്തത്തെ സമർപ്പിക്കേണ്ടത് ഏതുവിധത്തിൽ വേണമെന്നു ദൃഷ്ടാന്തപൂർവ്വം കാണിക്കുന്നു:—ഒരു പ്രാണിയുടെ ചിത്തം ശബ്ദാദിവിഷയത്തിൽ ഏതുവിധം ആഗ്രഹത്തോടുകൂടെ പ്രവേശിക്കുന്നുവോ ആ ചിത്തം അതേവിധത്തിൽ ബ്രഹ്മത്തിൽ ആസക്തമായെങ്കിൽ ആർതന്നെ ബന്ധത്തിൽനിന്നു മുക്തനാകയില്ല.

116. മനോഹിദ്വിവിധംപ്രോക്തംശുദ്ധംചാശുദ്ധമേവച
അശുദ്ധംകാമസമ്പർക്കാൽശുദ്ധംകാമവിവർജ്ജിതം.

മനഃദ്വിവിധംപ്രോക്തംഹി=മനസ്സ രണ്ടുവിധമെന്നു പറയപ്പെട്ടിരിക്കുന്നു. ശുദ്ധംചഅശുദ്ധംഏവച=ശുദ്ധമെന്നും അശുദ്ധമെന്നും കാമസമ്പർക്കാത് അശുദ്ധം=കാമസ്പർശം നിമിത്തം അശുദ്ധമായും കാമവിവർജ്ജിതംശുദ്ധം=കാമമില്ലാതായാൽ ശുദ്ധവും.

മനസ്സിന്റെ അവാന്തരഭേദത്തെ കാണിക്കുന്നു. മനസ്സ് ശുദ്ധം അശുദ്ധം എന്ന രണ്ടു വിധത്തിലാണെന്നു പറയപ്പെട്ടിരിക്കുന്നു:—കാമക്രോധാദിസംബന്ധം നിമിത്തം അശുദ്ധവും അവയുടെ സംബന്ധം ഇല്ലാതെ ആയാൽ ശുദ്ധവുമാകുന്നു.

117. മന ഏവമനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ
ബന്ധായവിഷയാസക്തം മുക്ത്യൈനിർവിഷയംസ്മൃതം.

മനുഷ്യാണാം ബന്ധമോക്ഷയോഃ=മനുഷ്യരുടെ ബന്ധമോക്ഷങ്ങൾക്ക്. മനഃഏവകാരണം=മനസ്സുതന്നെ കാരണം. വിഷയാസക്തം ബന്ധായ=വിഷയങ്ങളിൽ ആസക്തമായാൽ ബന്ധത്തിന്നും. നിർവ്വിഷയം മുക്ത്യൈസ്മൃതം=വിഷയം വിട്ടിരുന്നാൽ മുക്തിക്കും കാരണമെന്നു പറയപ്പെട്ടിരിക്കുന്നു.

സകല മനുഷ്യർക്കും ജന്മജരാമരണാദി സംസാരബന്ധത്തിന്നും അതിൽനിന്നുള്ള മോചനത്തിന്നും മനസ്സുതന്നെ കാരണം. ശബ്ദാദിവിഷയങ്ങളിൽ മനസ്സിന്നു താൽപര്യമുണ്ടായാൽ അതുനിമിത്തം ബന്ധവും ആ വിഷയങ്ങളിൽ ആശയററിരുന്നാൽ മുക്തിയും സിദ്ധിക്കുമെന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു.

118. സമാധിനിർദ്ധൂതമലസ്യചേതസോ നിവേശിതസ്യാത്മനിയൽസുഖംഭവേത്
നശക്യതേവർണ്ണയിതുംഗിരാതദാ സ്വയംതദന്തഃകരണേന ഗൃഹ്യതേ

ആത്മനിനിവേശിതസ്യ=ആത്മാവിൽ ഉറപ്പിക്കപ്പെട്ടതും. സമാധിനിർദ്ധൂതമലസ്യ=സമാധിയാൽ നിശ്ശേഷം നശിപ്പിക്കപ്പെട്ട ചളികളോടു കൂടിയതുമായ. ചേതസഃയത്സുഖംഭവേത്=മനസ്സിന്നു യാതൊരു സുഖം ഭവിക്കുന്നുവോ. തത്ഗിരാവർണ്ണയിതും. നശക്യതേ=അത് വാക്കുകൊണ്ടു വർണ്ണിപ്പാൻ കഴികയില്ല. തദാതത്അന്തഃകരണേന സ്വയം ഗൃഹ്യതേ=ആ സമാധികാലത്തിൽ അന്തഃകരണത്താൽ ആ സുഖം അറിയപ്പെടുന്നു.

ആത്മസംസ്ഥമായ മനസ്സിനു അക്ഷയസുഖാനുഭൂതിയുണ്ടെന്നു മുമ്പേ പറഞ്ഞുവെച്ചതിനെ ശ്രുതി വിസ്തരിച്ചു കാണിക്കുന്നു:—ജീവബ്രഹ്മൈക്യരൂപമായ സമാധിലാഭത്തിനാൽ നശിപ്പിക്കപ്പെട്ടതിനാൽ രജസ്തമോവൃത്തികളാകുന്ന ചളികൾ ഇല്ലാതെ പ്രസന്നമായതും ആത്മാവിൽ ഉറപ്പിക്കപ്പെട്ടതുമായ മനസ്സിന്നു യാതൊരാനന്ദം അനുഭവപ്പെടുന്നുവോ അതിനെ വാക്കുകൊണ്ടു പറഞ്ഞറിയിപ്പിക്കുവാൻ സാധ്യമല്ല. ആ സമാധിസമയത്തിൽ ആ സുഖം നിർവിഷയമായ ശുദ്ധബുദ്ധിവൃത്തിയാൽ അനുഭവിക്കപ്പെടുന്നു. അനുഭവിച്ചറിയുകയല്ലാതെ പറഞ്ഞറിയിപ്പിക്കുവാൻ ആക്കും കഴികയില്ല എന്നു സാരം. പ്രസവാദികളിൽ ഉണ്ടാകുന്ന ദുഃഖം, പുത്രധനാലാഭാദികളിൽ ഉണ്ടാകുന്ന സുഖം എന്നീ ലൌകികസുഖദുഃഖാദികൾപോലും അനുഭവിക്കുന്നവൎക്കു മാത്രമേ അറിവാൻ കഴികയുള്ളുവെന്നു പ്രസിദ്ധമായിരിക്കേ ദിവ്യവും അതീന്ദ്രിയവുമായ ബ്രഹ്മാനന്ദം അനുഭവംകൊണ്ടു മാത്രമേ അറികയുള്ളുവെന്നു ശ്രുതിമാതാവരുളിച്ചെയ്തതിൽ എന്താണാശ്ചൎയ്യം. തുച്ഛവും ക്ഷണികവുമായ സുഖം സമ്പാദിക്കുവാൻ ജീവകാലം മുഴുവനും അദ്ധ്വാനിക്കുവാൻ ഒരുക്കമുള്ള മനുഷ്യവൎഗ്ഗം ഈ ദിവ്യസുഖാനുഭവത്തിന്നായി ക്ഷണകാലംപോലും പരിശ്രമിക്കുവാൻ ഒരുക്കമില്ലെന്നു കാണപ്പെടുന്നതുതന്നെ ആശ്ചൎയ്യം എന്നു ഫലിതാൎത്ഥം.

119. യദ്യപ്യസൗ ചിരംകാലം സമാധിർദ്ദുർല്ലഭോനൃണാം
തഥാപി ക്ഷണികോ ബ്രഹ്മാനന്ദം നിശ്ചായയത്യസൗ.

യദി അപി അസൌസമാധിഃ=അത്ര മഹത്താണെങ്കിലും ഈ സമാധി നൃണാം ചിരംകാലം ദുർല്ലഭഃ=മനുഷ്യൎക്കു അധികസമയം സിദ്ധിക്കുകയെന്നതു ദുർല്ലഭംതന്നെ. തഥാപി ക്ഷണികഃ അസൌ=എങ്കിലും ക്ഷണകാലം സിദ്ധിക്കുന്ന ഈ സമാധി. ബ്രഹ്മാനന്ദം നിശ്ചായയതി=ബ്രഹ്മാനന്ദത്തെ നിശ്ചയിപ്പിക്കുന്നു.

അത്ര മഹത്താണ് ബ്രഹ്മാനന്ദം എങ്കിലും അതിനെ അനുഭവിക്കുവാനുപകരിക്കുന്ന സമാധി മനുഷ്യൎക്കു അധികകാലം നിലനിൎത്തുവാൻ സാധിക്കുകയില്ലെല്ലോ. ആകയാൽ ബ്രഹ്മാനന്ദത്തെ എങ്ങിനെ അനുഭവിക്കാം എന്നു ശങ്കിക്കേണ്ട. ക്ഷണകാലം സിദ്ധിക്കുന്ന ഈ സമാധിസുഖം ബ്രഹ്മാനന്ദസ്വരൂപം എന്താണെന്നറിയിപ്പിക്കുവാൻ സമൎത്ഥമാകുന്നു.

120. ശ്രദ്ധാലുർവ്യസനീയോത്ര നിശ്ചിനോത്യേവ സർവ്വഥാ
നിശ്ചിതേതു സകൃത്തസ്മിൻ വിശ്വസിത്യന്യദാപ്യയം.

അത്രശ്രദ്ധാലുഃ വ്യസനീയഃ=ഇതിൽ ശ്രദ്ധയുള്ളവനും സമ്പാദിപ്പാൻ അദ്ധ്വാനിക്കുന്നവനും യാതൊരുത്തനോ. സൎവ്വഥാ നിശ്ചിനോതി ഏവ=എല്ലാപ്രകാരത്തിലും അവൻ നിശ്ചയിക്കുകതന്നെ ചെയ്യും. സകൃത് തസ്മിൻ നിശ്ചിതേതു=ഒരിക്കൽ അതു നിശ്ചയിക്കപ്പെട്ടുവെങ്കിലാകട്ടെ. അയം അന്യദാ അപി വിശ്വസിതി=അവൻ മററു സമയത്തിലും വിശ്വസിക്കും.

എന്നാൽ ആത്മദൎശനത്തിന്നുവേണ്ടി മഹാവാക്യശ്രവണാദികളിൽ പ്രവൃത്തിക്കുന്നവരിൽതന്നെ ചിലർ ആനന്ദത്തെ നിശ്ചയിക്കാത്തവരും ബഹിൎമ്മുഖന്മാരുമായി കാണപ്പെടുന്നുണ്ടല്ലോ. അങ്ങിനെ വരാനെന്തു കാരണം എന്നു കാണിക്കുന്നു:—ശ്രദ്ധാദികൾ ഇല്ലാത്തവരാണങ്ങിനെ കാണപ്പെടുന്നവർ. ശാസ്ത്രാചാൎയ്യവാക്യങ്ങളിൽ വിശ്വാസമുള്ളവർ ആത്മാനന്ദത്തിൽ നിശ്ചയമുള്ളവർതന്നെ. സമാധിയിൽ വിശ്വാസമുള്ളവനും അതിനെ സമ്പാദിപ്പാൻ അത്യാഗ്രഹത്തോടുകൂടെ പരിശ്രമിക്കുന്നവനും യാതൊരുവനോ അവൻ ക്ഷണകാലസിദ്ധമായ സമാധിസുഖത്തിൽനിന്നു നിരന്തരവും വാചാമഗോചരവുമായ ബ്രഹ്മാനന്ദസ്വരൂപത്തെ നിശ്ചയിച്ചുകഴിയും. അങ്ങിനെ ഒരിക്കൽ ആ സുഖസ്വരൂപം നിശ്ചയിച്ചുകഴിഞ്ഞാൽ അതനുഭവപ്പെടാതിരിക്കുന്ന ബാഹ്യാവസ്ഥകളിലും ആ സുഖസൽഭാവത്തിൽ അവൻ വിശ്വസിക്കുകതന്നെ ചെയ്യും.

121. താദൃക് പുമാനുദാസീനകാലേപ്യാനന്ദവാസനാം
ഉപേക്ഷ്യ മുഖ്യമാനന്ദം ഭാവയത്യേവ തൽപരഃ.

താദൃക് പുമാൻ=അപ്രകാരമുള്ള പുരുഷൻ. ഉദാസീനകാലേ അപി=ഉദാസീനാവസ്ഥയിലും. ആനന്ദവാസനാം ഉപേക്ഷ്യ=ആനന്ദവാസനയെ ഉപേക്ഷിച്ചിട്ടു. തൽപരഃ=മുഖ്യാനന്ദത്തിൽ താൽപൎയ്യമുള്ളവനായിട്ടു. മുഖ്യാനന്ദം ഏവ ഭാവയതി=മുഖ്യാനന്ദത്തെത്തന്നെ ഭാവിക്കും.

ആ വിശ്വാസത്തിന്റെ ഫലം എന്താകുന്നുവെന്നു കാണിക്കുന്നു:—വിശ്വാസപൂൎവ്വം ഒരിക്കൽ നിശ്ചയിച്ച പുരുഷൻ ഉദാസീനാവസ്ഥയിൽ അനുഭവിക്കുന്ന വാസനാനന്ദത്തെയുപേക്ഷിച്ചിട്ടു—അതിൽമാത്രം തൃപ്തനായിരിക്കാതെ—സമാധിയിൽ അനുഭവപ്പെട്ടതായ മുഖ്യാനന്ദത്തെത്തന്നെ ഭാവിക്കുന്നവനായിരിക്കും.

122. പരവ്യസനിനീനാരി വ്യഗ്രാപി ഗൃഹകർമ്മണി
തദേവാസ്വാദയത്യന്തഃ പരസംഗരസായനം.

പരവ്യസനിനീ നാരീ=പരപുരുഷനിൽ അത്യാഗ്രഹമുള്ള സ്ത്രീ. ഗൃഹകർമ്മണി വ്യഗ്രാ അപി=വീട്ടുകാൎയ്യത്തിൽ വ്യാപരിക്കുന്നവളായിരുന്നാലും. തത് പരസംഗരസായനം ഏവ=ആ പരപുരുഷചേഷ്ടയാലനുഭവിച്ച സുഖത്തെത്തന്നെ. അന്തഃ ആസ്വാദയതി=ഉള്ളിൽ പാനംചെയ്തുകൊണ്ടിരിക്കും.

ഏതുപോലെയെന്നു കാണിപ്പാൻ ലൌകികമായ ഒരു ദൃഷ്ടാന്തം പറയുന്നു:—പരപുരുഷനിൽ അത്യാശയോടുകൂടിയ സ്ത്രീ വീട്ടിലുള്ള കാൎയ്യങ്ങളിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുമ്പോഴും ആ പരസംസൎഗ്ഗത്താൽ അനുഭവിച്ചതായ ആലിംഗനാദിസുഖത്തെത്തന്നെ മനസാ പാനംചെയ്തുകൊണ്ടിരിക്കും.

123. ഏവം തത്വേപരേശുദ്ധേധീരോ വിശ്രാന്തിമാഗതഃ
തദേവാസ്വാദയത്യന്തർബഹിർവ്യവഹരന്നപി

ഏവം ശുദ്ധേ പരേ തത്വേ=ഇപ്രകാരം പരിശുദ്ധമായ പരമാത്മവസ്തുവിൽ. വിശ്രാന്തിം ആഗതഃ ധീരഃ=ശ്രമപരിഹാരത്തെ പ്രാപിച്ച ധീരനായ ജ്ഞാനി. ബഹിഃ വ്യവഹരൻ അപി=പുറമേ കാൎയ്യാദികളിൽ ഏൎപ്പെട്ടിരിക്കുന്നവനായിരുന്നാലും. തൽ ഏവ അന്തഃ ആസ്വാദയതി=ആന്തരത്തിൽ ആ ആനന്ദത്തെത്തന്നെ ആസ്വദിക്കുന്നു.

ഉദാഹരണമായി കാണിച്ച ആ സ്ത്രീയെന്നപോലെ പരിശുദ്ധമായ പരമാത്മവസ്തുവിൽ—സ്വാത്മസ്വരൂപത്തിൽ—വിശ്രമത്തെയടഞ്ഞ ധീരനായ ആ ജ്ഞാനി പുറമെ ലൌകികകാൎയ്യങ്ങളിൽ ഏൎപ്പെടുന്നവനെന്നപോലെ കാണപ്പെടുന്ന സമയത്തിലും ഉള്ളിൽ ആ ആത്മാനന്ദത്തെത്തന്നെ ആസ്വദിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

124. ധീരത്വമക്ഷപ്രാബല്യേപ്യാനന്ദാസ്വാദവാഞ്ഛയാ
തിരസ്കൃത്യാഖിലാക്ഷാണി തച്ചിന്തായാം പ്രവൎത്തനം.

അക്ഷപ്രാബല്യേഅപി=ഇന്ദ്രിയങ്ങളുടെ ശക്തിയിരിക്കുമ്പോഴും. ആനന്ദാസ്വാദവാഞ്ഛയാ=ആനന്ദാനുഭവത്തിലുള്ള ആഗ്രഹത്താൽ. അഖിലാക്ഷാണി തിരസ്കൃത്യ=എല്ലാ ഇന്ദ്രിയങ്ങളേയും നിസ്സാരമാക്കീട്ടു. തച്ചിന്തായാം=ആ ആനന്ദചിന്തയിൽ. പ്രവൎത്തനം ധീരത്വം=ഏൎപ്പെടുന്നതാണ് ധീരത്വം.

"ധീരൻ" എന്ന പദത്തിന്റെ അൎത്ഥം വിവരിക്കുന്നു:—വിഷയങ്ങളുടെ നേരെ പായുന്ന ഇന്ദ്രിയങ്ങൾക്കു നല്ല ബലമുണ്ടെന്നിരിക്കിലും ആ എല്ലാ ഇന്ദ്രിയങ്ങളേയും ജയിച്ചിട്ടു ആത്മാനന്ദത്തെ അനുഭവിക്കുന്നതിൽത്തന്നെ മനസ്സിനെ നിറുത്തുവാനുള്ള ശക്തി യാതൊന്നോ അതുതന്നെ ധീരത്വം.

125. ഭാരവാഹീ ശിരോഭാരം മുക്ത്വാസ്തേ വിശ്രമംഗതഃ
സംസാരവ്യാപൃതിത്യാഗേ താദൃക്ബുദ്ധിസ്തുവിശ്രമഃ.

ഭാരവാഹീ ശിരോഭാരംമുക്ത്വാ=ചുമടെടുത്ത പുരുഷൻ ശിരസ്സിലെ ഭാരം ഉപേക്ഷിച്ചിട്ടു. വിശ്രമംഗതഃ ആസ്തേ=ക്ഷീണം തീൎന്നവനായിട്ടിരിക്കുന്നു. സംസാരവ്യാപൃതിത്യാഗേ=ശരീരാദി വ്യാപാരങ്ങളെ വിട്ടുകളയുമ്പോൾ താദൃക് ബുദ്ധിഃ തു=ആവിധം അനുഭവമുണ്ടാകുന്നതുതന്നെ. വിശ്രമഃ=വിശ്രാന്തി.

വിശ്രമശബ്ദത്തിന്റെ അൎത്ഥം ദൃഷ്ടാന്തപൂൎവ്വം കാണിക്കുന്നു:—തലയിൽ ഭാരം വഹിച്ചു നടക്കുന്ന പുരുഷൻ ആ ഭാരത്തെ താഴത്തിറക്കിവെച്ച് ഒരു സ്ഥലത്തിരിക്കുമ്പോൾ അവനു യാതൊരാശ്വാസം അനുഭവപ്പെടുന്നുവോ ശരീരേന്ദ്രിയാദി സകല വ്യാപാരങ്ങളിൽനിന്നും വേറിട്ടിരിക്കുമ്പോൾ, മേൽ പറഞ്ഞവിധം അനുഭവപ്പെടുന്ന ആശ്വാസത്തെയാകുന്നു വിശ്രമശബ്ദം കാണിക്കുന്നത്.

126. വിശ്രാന്തിംപരമാം പ്രാപ്തസ്ത്വൌദാസീന്യേ യഥാതഥാ
സുഖദുഃഖദശായാം ച തദാനന്ദൈകതൽപരഃ.

പരമാം വിശ്രാന്തിം പ്രാപ്തഃ=നിരതിശയവിശ്രാന്തിയടഞ്ഞ പുരുഷൻ. ഔദാസീന്യേയഥാ=ഉദാസീനഭാവത്തിൽ എപ്രകാരമോ. തഥാ സുഖദുഃഖദശായാം ച=അപ്രകാരം സുഖദുഃഖാവസ്ഥയിലും. തദാനന്ദൈകതൽപരഃ=ആ ആനന്ദത്തിൽമാത്രം താൽപൎയ്യമുള്ളവനായിരിക്കും.

ഇതുവരെ പറഞ്ഞതിന്റെ ഫലിതാൎത്ഥം പറയുന്നു:—സ്വാത്മസ്വരൂപത്തിൽ നിരതിശയവിശ്രാന്തിയടഞ്ഞ പുരുഷൻ ഉദാസീനനായിരിക്കുമ്പോൾ എപ്രകാരമോ ആത്മാനന്ദത്തെ അനുഭവിക്കുന്നത് അതേ വിധത്തിൽത്തന്നെ സുഖദുഃഖാദ്യവസ്ഥകളിലും ആവക ഉച്ചാവചങ്ങളെ അനുസന്ധാനംചെ

യ്യാതെ സ്വരൂപനിത്യാനന്ദത്തെത്തന്നെ അനുഭവിക്കുന്നതിൽ തൽപരനായിരിക്കും. ആത്മവിശ്രാന്തി സിദ്ധിച്ചവന്റെ ലക്ഷണത്തെ സ്പഷ്ടമാക്കിയിരിക്കുന്നു.

127. അഗ്നിപ്രവേശഹേതൌ ധീഃ ശൃംഗാരേ യാ ദൃശീതഥാ
ധീരസ്യോദേതി വിഷയേനുസന്ധാനവിരോധിനി.

അഗ്നിപ്രവേശഹേതൌധീഃ യാദൃശീ=അഗ്നിപ്രവേശത്തിന്നുള്ള കാരണസൽഭാവത്തിൽ ബുദ്ധി എപ്രകാരം. ശൃംഗാരേ വിരോധിനി=ഭൂഷണധാരണാദികളിൽ വിരോധമായിരിക്കുന്നുവോ. തഥാധീരസ്യ അനുസന്ധാനവിരോധിനിവിഷയേ=അപ്രകാരം ധീരന്റെ അനുസന്ധാനത്തിന്നു വിരോധിയായ വിഷയത്തിൽ ധീഃ ഉദേതി=ബുദ്ധി ഉദിക്കും.

ഭർത്താവിന്റെ ചിതയിൽചാടി ദേഹത്യാഗംചെയ്യാനാഗ്രഹിക്കുന്ന പതിവ്രതാ സ്ത്രീയിന്നു അലങ്കാരാദികളെ ധരിക്കേണമെന്ന ബുദ്ധി എതുവിധം നശിക്കുമോ അതേവിധത്തിൽ ആത്മാനന്ദാനുഭവത്തെ വിരോധിക്കുന്ന ലൌകികവിഷയഭോഗങ്ങളിൽ ആഗ്രഹം ധീരന്റെ ബുദ്ധിയിൽ ഇല്ലാതാകുന്നു. സകലവിഷയങ്ങളിലും വെറുപ്പുള്ളതായ ബുദ്ധിയാണ് വിവേകികൾക്കുണ്ടായിരിക്കുക. അതുകൊണ്ടു വിഷയാനന്ദത്തിലല്ലേ ആഗ്രഹമുണ്ടാവാനെളുപ്പം. നിത്യാനന്ദത്തിൽ എങ്ങിനെ സർവ്വദാ താൽപര്യമുണ്ടാകും എന്നുള്ള ശങ്കക്കവകാശമില്ലെന്നു കാണിച്ചിരിക്കുന്നു.

128. അവിരോധിസുഖേബുദ്ധിഃ സ്വാനന്ദേച ഗമാഗമൌ
കുർവ്വന്ത്യാസ്തേ ക്രമാദേഷാകാകാക്ഷിവദിതസ്തതഃ.

അവിരോധിസുഖേ=വിരോധിയല്ലാത്ത സുഖത്തിലും. സ്വാനന്ദേച=സ്വരൂപാനന്ദത്തിലും. ഗമാഗമൌ കുർവ്വന്തീ=പോക്കുവരവുകളെ ചെയ്തുകൊണ്ടു ക്രമാത് ഏഷാബുദ്ധിഃ=ക്രമത്തിൽ ഈ ബുദ്ധി. കാകാക്ഷിവത്=കാക്കയുടെ കണ്ണുപോലെ. ഇതഃതതഃ=ആസ്തേ=ഇതിലും അതിലും ഇരിക്കുന്നു.

സ്വരൂപാനുസന്ധാനത്തിന്നു വിരോധിയല്ലാതിരിക്കുന്ന വിഷയസുഖത്തിലും സ്വരൂപാനുസന്ധാനജന്യമായ സുഖത്തിലും ജ്ഞാനിയുടെ ബുദ്ധി പ്രവേശിക്കുകയും മടങ്ങുകയും ചെയ്തുകൊണ്ടു രണ്ടിലും കാക്കയുടെ കണ്ണെന്നപോലെ സ്ഥിതിചെയ്യും. പ്രാരബ്ധംനിമിത്തം വന്നുചേരുന്ന സുഖം സ്വരൂപാനുസന്ധാനത്തിന്നു വിരോധിയല്ലാതിരിക്കുന്നുവെങ്കിൽ അതിൽ പ്രവേശവും വിരോധിയാണെങ്കിൽ അതിൽ പ്രവേശിക്കാതെ സ്വരൂപാനുസന്ധാനത്തിലും ഇരിക്കുമെന്നഭിപ്രായം. രണ്ടും ആനന്ദാത്മകമാകയാൽ രണ്ടിലും അനുസന്ധാനം ഉണ്ടായിരിക്കുന്നതിൽ തെററില്ല.

129. ഏകൈവദൃഷ്ടിഃകാകസ്യ വാമദക്ഷിണനേത്രയോഃ
യാത്യാ യാത്യേവമാനന്ദദ്വയേ തത്വവിദോമതിഃ.

കാകസ്യ ഏകാ ഏവദൃഷ്ടിഃ=കാക്കയുടെ ഒരേ ഒരു നേത്രേന്ദ്രിയം. വാമദക്ഷിണനേത്രയോഃ=ഇടത്തേതും വലത്തേതുമായ ദൃഷ്ടിഗോളങ്ങളിൽ. യാതി ആയാതി=പോകയും വരികയും ചെയ്യുന്നു. ഏവം തത്വവിദഃമതിഃ=ഇപ്രകാരം തത്വജ്ഞാനിയുടെ ബുദ്ധി ആനന്ദദ്വയേ യാതി ആയാതി=രണ്ടാനന്ദത്തിലും പോകയും വരികയും ചെയ്യുന്നു.

കാകാക്ഷിദൃഷ്ടാന്തം പറഞ്ഞതിനെ ദാർഷ്ടാന്തത്തിൽ വിവരിച്ചനുഭവപ്പെടുത്തുന്നു:—കാക്കക്ക് കാഴ്ചക്കുള്ള ഇന്ദ്രിയശക്തി ഒന്നുമാത്രമേ ഉള്ളു. അത് ഇടത്തും വലത്തും നേത്രഗോളകങ്ങളിൽ ക്രമത്തിൽ സഞ്ചരിക്കുകയും മടങ്ങുകയും ചെയ്യും. അതുപോലെ ജ്ഞാനിയുടെ ബുദ്ധിയും വിഷയാനന്ദത്തിലും സ്വരൂപാനന്ദത്തിലും പ്രവേശിക്കുകയും മടങ്ങുകയും ചെയ്യും.

130. ഭുംജാനോവിഷയാനന്ദം ബ്രഹ്മാനന്ദംചതത്വവിത്
ദ്വിഭാഷാഭിജ്ഞവദ്വിദ്യാദുഭൌലൌകികവൈദികൌ.

വിഷയാനന്ദം ബ്രഹ്മാനന്ദംച=വിഷയാനന്ദത്തേയും ബ്രഹ്മാനന്ദത്തേയും. ഭുംജാനഃതത്വവിത്=അനുഭവിക്കുന്ന തത്വജ്ഞാനി. ദ്വിഭാഷാഭിജ്ഞവത്=രണ്ടു ഭാഷ അറിവുള്ളവനെന്നപോലെ. ലൌകികവൈദികൌ ഉഭൌ=ലോകസംബന്ധമായും ആത്മസംബന്ധമായുമുള്ള രണ്ടിനേയും. വിദ്യാത്=അറിയും.

അന്യോന്യവിരുദ്ധങ്ങളായ രണ്ടാനന്ദങ്ങളെ എങ്ങിനെ ഒരു കാലത്തിലനുഭവിക്കും. ഒന്നിനെ അനുഭവിക്കുമ്പോൾ മറെറാന്നിനെ മറക്കുകയില്ലേയോ എന്ന ശങ്കയെ പരിഹരിപ്പാൻ ദാർഷ്ടാന്തത്തെ കുറേക്കൂടെ വിവരിക്കുന്നു:—വിഷയാനന്ദവും ആത്മാനന്ദവും അന്യോന്യവിരുദ്ധങ്ങളാണെങ്കിലും ഒന്നിനെ അനുഭവിക്കുമ്പോൾ മറെറാന്നിന്റെ വിസ്മൃതി ജ്ഞാനിയുടെ ബുദ്ധിക്കുണ്ടാകയില്ല. എതുപോലെയെ

ന്നാൽ രണ്ടു ഭാഷയറിവുള്ള ഒരാൾ ഒരു ഭാഷയിൽ വാഗ്വാദം ചെയ്തുകൊണ്ടിരിക്കുമ്പോൾ മറേറ ഭാഷയെ വിസ്മരിക്കാതിരിക്കുന്നതുപോലെ ജ്ഞാനി രണ്ടുവിധമായ ആനന്ദത്തെയും അറിയും.

131. ദുഃഖപ്രാപ്തൌനചോദ്വേഗോയഥാപൂർവ്വംയതോദ്വിദൃക്
ഗംഗാമഗ്നാർദ്ധകായസ്യപുംസഃശീതോഷ്ണധീര്യഥാ.

യതഃദ്വിദൃക്=യാതൊരു കാരണത്താൽ രണ്ടിലും കാഴ്ചയുള്ളവനായിരിക്കുന്നുവോ. തതഃദുഃഖപ്രാപ്തൌ= അതുകൊണ്ടു ദുഃഖം വരുമ്പോൾ യഥാപൂർവ്വംഉദ്വേഗഃനച=മുമ്പേത്തേപോലെ ക്ലേശമുണ്ടാകയില്ല. ഗംഗാമഗ്നാർദ്ധകായസ്യപുംസഃ=പകുതി ദേഹം ഗംഗയിൽ മഗ്നമായിരിക്കുന്നവന്ന്. യഥാശീതോഷ്ണധീഃ= തണുപ്പും ചൂടും അനുഭവപ്പെടുന്നതുപോലെ. പ്രാരബ്ധദുഃഖം അനുഭവിക്കുമ്പോൾ ജ്ഞാനി എങ്ങിനെ ആനന്ദത്തെ അനുഭവിക്കും എന്ന ശങ്കക്കു സമാധാനം:—അജ്ഞാനദശയിൽ ദ്വൈതദർശനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിവേകശക്തിയാൽ അദ്വിതീയാത്മദർശനംകൂടിയുണ്ടായി. അതുകൊണ്ടു രണ്ടുവിധമായ കാഴ്ചയും സിദ്ധിച്ചു. ജ്ഞാനിക്കു പ്രാരബ്ധദുഃഖം വന്നുചേരുമ്പോൾ ദ്വൈതമിഥ്യാത്വജ്ഞാനവും അദ്വിതീയാത്മാനന്ദബോധവും ഒരേ സമയത്തിൽ അനുഭവിക്കാൻ സാധിക്കും. ആകയാൽ അജ്ഞാനിയായിരുന്നപ്പോൾ ലൌകികദുഃഖാനുഭവത്തിലെന്നപോലെ ജ്ഞാനോദയകാലത്തിൽ ക്ലേശിക്കുകയില്ല. അരവരെ ഗംഗാജലത്തിൽ ഇറങ്ങിയിരിക്കുന്ന ഒരു പുരുഷന്റെ പകുതി ദേഹം ഗംഗാജലശൈത്യത്തെയും മേൽഭാഗം പകുതി സൂര്യോഷ്ണത്തേയും അനുഭവിക്കുന്നതുപോലെ ജ്ഞാനിയുടെ ബുദ്ധിയിൽ രണ്ടുവിധമായ അനുഭവവും ഉണ്ടാകും. ദ്വൈതം മിഥ്യയാണെന്നുള്ള ബോധം ദൃഢമായതിനാൽ ദുഃഖകാലത്തിലും ആത്മാനന്ദാനുഭൂതിക്കു തടസ്ഥം വരുന്നില്ല.

132. ഇത്ഥംജാഗരണേതത്വവിദോബ്രഹ്മസുഖംസദാ
ഭാതിതദ്വാസനാജന്യേസ്വപ്നേതൽഭാസതേതഥാ.

ഇത്ഥംതത്വവിദഃ=ഇപ്രകാരം തത്വജ്ഞാനിക്ക്. ജാഗരണേസദാബ്രഹ്മസുഖംഭാതി=ജാഗ്രദവസ്ഥയിൽ എപ്പോഴും ബ്രഹ്മാനന്ദം വിളങ്ങുന്നു. തദ്വാസനാജന്യേസ്വപ്നേ=ആ വാസനയിൽനിന്നുണ്ടാകുന്ന സ്വപ്നത്തിലും. തത് തഥാഭാസതേ=അത് അപ്രകാരം വിളങ്ങും.

ജ്ഞാനിയുടെ സ്വപ്നാവസ്ഥയിലും ആനന്ദംതന്നെയെന്നു കാണിക്കുന്നു:—മുകളിൽ വിവരിച്ച വിധത്തിൽ ജ്ഞാനിക്ക് ജാഗ്രദവസ്ഥയിൽ എപ്പോഴും ആത്മാനന്ദം അനുഭവപ്പെടുന്നതിനാൽ ജാഗ്രദ്വാസനയിൽനിന്നുണ്ടാകുന്ന സ്വപ്നാവസ്ഥയിലും അതേവിധം ബ്രഹ്മാനന്ദം അനുഭവപ്പെടും.

133. അവിദ്യാവാസനാപ്യസ്തീത്യതസ്തദ്വാസനോത്ഥിതേ
സ്വപ്നേമൂർഖവദേവൈഷസുഖംദുഃഖംചവീക്ഷതേ.

അവിദ്യാവാസനാ അപി അസ്തി=അവിദ്യവാസനയും ഉണ്ട്. ഇതിഅതഃ തദ്വാസനോത്ഥിതേ=എന്ന ഹേതുവാൽ ആ വാസനയിൽനിന്നുണ്ടായ. സ്വപ്നേ ഏഷഃ മൂർഖവത്=സ്വപ്നത്തിൽ ഇവൻ മൂർഖനെന്നപോലെ. സുഖം ദുഃഖം ച വീക്ഷതേ=സുഖത്തെയും ദുഃഖത്തേയും കാണും.

സകല ജ്ഞാനികളും സ്വപ്നത്തിൽ വിഷയവികാരം അറിയാതെ ബ്രഹ്മാനന്ദം അനുഭവിക്കുന്നവർ തന്നെയോ എന്നു ശങ്കിക്കുന്നതിന്നു സമാധാനം:—സ്വപ്നം ആനന്ദത്തിൽനിന്നുമാത്രം ഉണ്ടാകുന്ന ഒന്നല്ല. അവിദ്യാസംബന്ധവും സ്വപ്നാവസ്ഥയിലുണ്ട്. ആ വാസനയിൽനിന്നുണ്ടാകുന്ന സ്വപ്നത്തിൽ ഈ ജ്ഞാനിയും അജ്ഞന്മാരെന്നപോലെത്തന്നെ സുഖത്തെയും ദുഃഖത്തെയും കാണും. ആകയാൽ സ്വപ്നത്തിൽ നിയമമില്ല.

134. ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ ബ്രഹ്മാനന്ദപ്രകാശകം
യോഗിപ്രത്യക്ഷമധ്യായേ പ്രഥമേസ്മിന്നദീരിതം.

ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ=ബ്രഹ്മാനന്ദം എന്നു പേരായ ഗ്രന്ഥത്തിൽ. അസ്മിൻ പ്രഥമേ അദ്ധ്യായേ=ഈ ഒന്നാം അദ്ധ്യായത്തിൽ. ബ്രഹ്മാനന്ദപ്രകാശകം=ബ്രഹ്മാനന്ദത്തെ പ്രകാശിപ്പിക്കുന്ന. യോഗിപ്രത്യക്ഷം= യോഗികളുടെ അനുഭവം. ഉദീരിതം=പറയപ്പെട്ടു.

ഇതുത്തോളം ഉള്ള ശ്ലോകങ്ങളിൽ പറഞ്ഞ സംഗതിയെ സംഗ്രഹിച്ചവസാനിപ്പിക്കുന്നു:—ബ്രഹ്മാനന്ദം എന്നു പേരുള്ളതും അഞ്ചദ്ധ്യായങ്ങൾ അടങ്ങീട്ടുള്ളതുമായ ഈ ഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തിൽ—യോഗാനന്ദപ്രകരണത്തിൽ—സുഷുപ്ത്യവസ്ഥയിലും, ഉദാസീനമായിരിക്കുമ്പോഴും സമാധ്യവ

സ്ഥയിലും സുഷുപ്ത്യവസ്ഥയിലും സ്വപ്രകാശചിദ്രൂപത്തെ പ്രകാശിപ്പിക്കുന്നതും യോഗികൾക്കനുഭവപ്പെടുന്നതുമായ ബ്രഹ്മാനന്ദം പറയപ്പെട്ടിരിക്കുന്നു.

ബ്രഹ്മാനന്ദത്തിൽ യോഗാനന്ദം എന്ന അദ്ധ്യായം സമാപ്തം.

ശുഭം ഭൂയാത്.

ഓം തത് സത്.

ബ്രഹ്മാനന്ദേ ആത്മാനന്ദം എന്ന 12-ാം പ്രകരണത്തിന്റെ സാരാർത്ഥസംഗ്രഹം.

ഉത്തമാധികാരികൾക്കുചിതമായ യോഗാനന്ദം ഇതിന്നുമുമ്പേ പറഞ്ഞു. അതു സാധിക്കാനധികാരികളല്ലാത്ത മന്ദബുദ്ധികൾ, സ്ത്രീകൾ, മുതലായവർക്കു ആത്മാനുഭൂതിയുണ്ടാവാൻ ഈ പ്രകരണത്തിൽ വഴികാട്ടുന്നു. ബൃഹദാരണ്യകം എന്ന ഉപനിഷത്തിന്റെ 6-ാം അദ്ധ്യായം 5-ാമത്തെ പ്രകരണത്തിൽ യാജ്ഞവല്ക്യൻ മൈത്രേയിയെന്ന സ്വഭാര്യയെ നോക്കിപ്പറയുന്നു:—"ഹേ മൈത്രേയി! നിണക്കും മറേറ ഭാര്യയായ കാത്യായനിക്കും ഞാൻ അനേകം ദ്രവ്യം ശിഷ്യനായ ജനകമഹാരാജാവിൽനിന്നു സമ്പാദിച്ചുകൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ രണ്ടുപേരും അതിനെ ഭാഗിച്ചുതന്നശേഷം ഞാൻ ജീവന്മുക്തിസുഖം അനുഭവിക്കാൻ വനത്തിലേക്കുപോയി, വിദ്വൽസന്ന്യാസം സ്വീകരിക്കാൻ വിചാരിക്കുന്നുവെന്ന്." അതുകേട്ട മൈത്രേയി: "ഹേ പ്രാണനാഥ! പണത്താൽ മരണമില്ലായ്മ സിദ്ധിക്കുമോ? പണത്തിലുള്ള ആഗ്രഹംനിമിത്തം ഒരുകാലത്തും ജ്ഞാനമുണ്ടാകയില്ല. എല്ലാ വിഷയങ്ങളേക്കാൾ അതി പ്രേമാസ്പദമായ ആത്മാവുതന്നെ ഞാനെന്ന അറിവുണ്ടാവാൻതക്കവിധം ഉപദേശം തരുവാനാണ് കരുണയുണ്ടാകേണ്ടതു്" എന്നു മറുപടി പറഞ്ഞു. അപ്പോൾ യാജ്ഞവല്ക്യൻ മൈത്രേയിക്ക് എങ്ങിനെയാണാത്മസ്വരൂപത്തെ ധരിപ്പിക്കേണ്ടത് എന്നാലോചിച്ച് പറവാൻ തുടങ്ങി:—"ഹേ സുന്ദരി! നീ ഭർത്താവിനെ സ്നേഹിക്കുന്നത് ഭർത്താവിന്നു വേണ്ടീട്ടല്ല. നിണക്കു വേണ്ടീട്ടുതന്നെയെന്നതുപോലെ ഭർത്താവു ഭാര്യയെ സ്നേഹിക്കുന്നതും ഭാര്യക്കു വേണ്ടീട്ടല്ല തനിക്കുവേണ്ടീട്ടുതന്നെയാകുന്നു. പുത്രനെ സ്നേഹിക്കുന്നതും, രത്നാദിദ്രവ്യത്തെ സ്നേഹിക്കുന്നതും, കാള മുതലായ മൃഗങ്ങളെ സ്നേഹിക്കുന്നതും, ബ്രാഹ്മണ്യം, ക്ഷത്രിയത്വം, വൈശ്യത്വം, ശൂദ്രത്വം, ഇഹലോകം, പരലോകം, വേദം, പഞ്ചഭൂതങ്ങൾ എന്നിവയിലെല്ലാം പ്രേമം വെക്കുന്നതും അവയ്ക്കു വേണ്ടീട്ടല്ല, തനിക്കു വേണ്ടീട്ടുതന്നെയാകുന്നു. പുത്രനെ ആത്മാവെന്നു കരുതുന്നത് ഗൗണാത്മജ്ഞാനം. ദേഹംതന്നെ ആത്മാവെന്നു കരുതുന്നതു മിഥ്യാത്മജ്ഞാനം. ജീവൻതന്നെ ആത്മാവെന്നറിയുന്നത് കർത്ത്രാത്മജ്ഞാനം. ഇവകൾക്കെല്ലാം അധിഷ്ഠാനമായിരിക്കുന്ന സാക്ഷിചൈതന്യത്തെ ആത്മാവെന്നറിയുന്നത് മുഖ്യാത്മജ്ഞാനം. ഇപ്രകാരം പഞ്ചകോശങ്ങളും ആത്മാവല്ലെന്നു കണ്ടിട്ടവയെ തള്ളിക്കളഞ്ഞശേഷം തള്ളിക്കളവാൻ കഴിയാതെ അവശേഷിച്ചതു് യാതൊന്നോ അതുതന്നെ നിജസ്വരൂപമായ ആത്മാവെന്നു നീയറിഞ്ഞുകൊൾക. ഇപ്രകാരം അറിയുന്നതുതന്നെ ആത്മാനന്ദം. മുമ്പേ പറഞ്ഞ യോഗാനന്ദത്താൽ എന്തൊരാനന്ദമനുഭവപ്പെട്ടുവോ ആ ആനന്ദത്തെത്തന്നെ ഈ ആത്മാനന്ദത്താലും അനുഭവിച്ചറിയും.

ശുഭമസ്തു.

ഓം തത് സത്.

ശ്രീ പ ഞ്ച ദ ശി .

ബ്രഹ്മാനന്ദേആത്മാനന്ദം എന്ന 12-ാം പ്രകരണം.

ശ്രീഗണേശായ നമഃ.

---

1. നന്വേവം വാസനാനന്ദാൽ ബ്രഹ്മാനന്ദാദപീതരം
വേത്തുയോഗിനിജാനന്ദം മൂഢസ്യാത്രാസ്തികാഗതിഃ.

നനു-എവം വാസനാനന്ദാത്=എന്നാൽ ഇപ്രകാരം വാസനാനന്ദത്തിൽനിന്നും. ബ്രഹ്മാനന്ദാത് അപി=ബ്ര

ഹ്മാനന്ദത്തിൽനിന്നും. ഇതരം നിജാനന്ദം=ഇതരമായ സമാധ്യാനന്ദത്തെ. യോഗീവേത്തു=യോഗിയറിയട്ടെ. മൂഢസ്യ അത്രകാഗതിഃ അസ്തി=മൂഢന്നു് ഇതിൽ എന്തു ഗതിയുണ്ടു്?

ഒന്ന്യാമദ്ധ്യായത്തിൽ വിവേകമുള്ളവന്നു് സമാധിയോഗത്താൽ ബ്രഹ്മാനന്ദം അനുഭവിക്കാനുപകരിക്കുന്ന മാൎഗ്ഗത്തെ കാണിച്ചു. മൂഢനായിരിക്കുന്നവൻ ബ്രഹ്മാനന്ദം അറിവാനാഗ്രഹിക്കുന്നുവെങ്കിൽ സാംഖ്യയോഗസമ്പ്രദായം അനുസരിക്കേണ്ടതാണെന്നു ശിഷ്യന്റെ ചോദ്യത്തിന്നുത്തരമായിട്ടു പറവാൻ ആരംഭിക്കുന്നു:—ശിഷ്യന്റെ ചോദ്യം:—ഹേ ഗുരോ വാസനാനന്ദത്തിൽനിന്നും ബ്രഹ്മാനന്ദത്തിൽനിന്നും അന്യമായ സമാധിയിൽ അനുഭവപ്പെടുന്ന ആത്മാനന്ദത്തെ യോഗി അനുഭവിച്ചുകൊള്ളട്ടെ. സമാധിജ്ഞാനമില്ലാത്ത സാധാരണനായ ഒരുവന്നു് ആത്മാനന്ദം അനുഭവിപ്പാനാഗ്രഹമുള്ളപക്ഷം അവന്നിസമാധിയോഗത്തിൽ പ്രവേശമില്ലാത്തതിനാൽ മററു മാൎഗ്ഗമുണ്ടെങ്കിൽ അതിനെയരുളിച്ചെയ്യാൻ കൃപയുണ്ടാകേണം.

2\. ധൎമ്മാധൎമ്മവശാദേഷജായതാംമ്രിയതാമപി
പുനഃപുനൎദ്ദേഹലക്ഷൈഃ കിന്നോദാക്ഷിണ്യതോവദ.

ഏഷഃധൎമ്മാധൎമ്മവശാത്=ഇവൻ പുണ്യപാപങ്ങളാംനിമിത്തം, പുനഃപുനഃദേഹലക്ഷൈഃ=പിന്നെയും പിന്നെയും ലക്ഷം ദേഹങ്ങളോടുകൂടെ. ജായതാംമ്രിയതാം=ജനിക്കട്ടെ മരിക്കട്ടെ. നഃദാക്ഷിണ്യതഃ കിംവദ=നമ്മളുടെ ദാക്ഷിണ്യത്താൽ എന്തു ചെയ്യാൻ കഴിയും.

ശിഷ്യന്റെ ചോദ്യത്തിന്നു അതിമൂഢൻ ശാസ്ത്രത്തിന്നുതന്നെ അധികാരിയല്ലെന്നാദ്യമായി പറയുന്നു:—അത്യന്തമൂഢനായ പുരുഷൻ പുണ്യപാപകൎമ്മഫലാനുസരണം സിദ്ധിക്കുന്ന അസംഖ്യം ദേഹങ്ങളോടുചേൎന്നു ജനിക്കയും മരിക്കയും ചെയ്യട്ടെ. നമ്മളുടെ ദാക്ഷിണ്യത്താൽ അവന്നെന്തു ചെയ്യാൻ കഴിയും, ഒന്നും കഴികയില്ല. മനുഷ്യൻ നന്നായാൽ മാത്രമല്ലാതെ അവന്നു മേൽഗതിക്കവകാശമില്ല. മററുള്ളവൎക്കു് അതീവമൂഢന്നെന്തു സഹായം ചെയ്യാൻ കഴിയും, ഒന്നും കഴികയില്ല എന്നു പറഞ്ഞതു് കാരുണ്യം ഇല്ലാത്തതുകൊണ്ടല്ല. ആദ്യമായിട്ടു് മനുഷ്യൻ സ്വയമേവ മേൽഗതിക്കനുകൂലമായ മാൎഗ്ഗത്തിൽ സഞ്ചരിക്കേണമെന്നു കാണിപ്പാനാകുന്നു.

3\. അസ്തിവോനുജിഘൃക്ഷതയാ ദാക്ഷിണ്യേനപ്രയോജനം
തൎഹിബ്രൂഹിസമൂഢഃ കിംജിജ്ഞാസുൎവാപരാങ്മുഖഃ.

വഃഅനുജിഘൃക്ഷതയാത്=അങ്ങയുടെ അനുഗ്രഹബുദ്ധിനിമിത്തം. ദാക്ഷിണ്യേന പ്രയോജനം അസ്തി=അവരിലുള്ള ദാക്ഷിണ്യത്താൽ പ്രയോജനമുണ്ടു്. തൎഹിസഃ മൂഢഃ ജിജ്ഞാസുഃവാ=എന്നാൽ ആ മൂഢൻ അറിവാനാഗ്രഹമുള്ളവനോ. പരാങ്മുഖഃ വാബ്രൂഹി=ബഹിൎമ്മുഖമുള്ളവനോ എന്നു പറയുക.

അനുഗ്രഹിപ്പാൻ ശക്തിയുള്ള അങ്ങയെപ്പോലുള്ളവരുടെ ദാക്ഷിണ്യം മൂഢന്മാരിൽ പ്രകാശിപ്പിക്കുന്നതായാൽ അതുകൊണ്ടു പ്രയോജനം ഉണ്ടാകാതിരിക്കയില്ല എന്നു് ശിഷ്യൻ പറഞ്ഞപ്പോൾ ഗുരു ചോദിക്കുന്നു:—എന്നാൽ മൂഢനാണെങ്കിലും അവൻ വിരക്തനോ രാഗിയോ എന്നു വേൎതിരിച്ചു കാണിക്കുക. ആത്മാവിനെ അറിവാൻ ആഗ്രഹിക്കുന്നവന്നു് വിഷയത്തിൽ ആശയുണ്ടായിരിക്കരുതു്. ബാഹ്യവിഷയത്തിൽ ആശയുള്ളവനാണെങ്കിൽ അവനോടുപദേശിച്ചാലും പ്രയോജനപ്പെടുകയില്ല എന്ന അഭിപ്രായത്തോടുകൂടെയാണു് ഗുരുവിന്റെ ഈ ചോദ്യം.

4\. ഉപാസ്തിംകൎമ്മവാബ്രൂയാ ദ്വിമുഖായയഥോചിതം
മന്ദപ്രജ്ഞംതുജിജ്ഞാസു മാത്മാനന്ദേനബോധയേത്.

വിമുഖായ യഥോചിതം=ബഹിൎമ്മുഖനോടു ഉചിതമായി വരത്തക്കവിധം. ഉപാസ്തിം കൎമ്മവാബ്രൂയാത്=ഉപാസനയേയോ കൎമ്മത്തെയോ ഉപദേശിക്കേണം. മന്ദപ്രജ്ഞം ജിജ്ഞാസും തു=ധരിപ്പാൻ ശക്തികുറഞ്ഞ ബുദ്ധിയോടുകൂടിയ ജിജ്ഞാസുവിനോടാകട്ടെ ആത്മാനന്ദേന ബോധയേത്=ആത്മാനന്ദമാൎഗ്ഗത്തിൽകൂടെ ധരിപ്പിക്കേണം.

ബഹിൎമ്മുഖൻ—രാഗി—യാണെങ്കിൽ അതിൽതന്നെ വകഭേദത്തെ കുറിക്കുന്നതിന്നു ഗുരു ചോദിക്കുന്നു:—രാഗിയാണെങ്കിലും ബ്രഹ്മലോകത്തെ ആഗ്രഹിക്കുവാൻതക്ക സൂക്ഷ്മബുദ്ധിമാനാണെങ്കിൽ അവന്നു് സഗുണോപാസനയേയും, സ്വൎഗ്ഗലോകത്തെ കാംക്ഷിക്കുന്ന സ്ഥൂലബുദ്ധിയുള്ളവനാണെങ്കിൽ അവന്നു് കൎമ്മമാൎഗ്ഗത്തേയും ഉപദേശിക്കണം. തീവ്രമായ ജിജ്ഞാസയുള്ളവനാണെങ്കിൽ അവന്നുചിതമായ യോഗമാൎഗ്ഗം മുമ്പേ പറഞ്ഞുകഴിഞ്ഞു. മന്ദബുദ്ധിയുള്ള ജിജ്ഞാസുവാണെങ്കിൽ ആത്മാനന്ദമാൎഗ്ഗത്തിൽകൂടെ അവനെ ധരിപ്പിക്കേണം. ഓരോരുത്തനും പററുന്ന വഴിയിൽകൂടെയല്ലാതെ ഉപദേശിച്ചാൽ ഫലം

അവക്ക് ലഭിക്കയില്ല. അതുകൊണ്ടു അറിവാനാഗ്രഹിച്ചുവരുന്ന ശിഷ്യന്റെ സ്വഭാവത്തെ ആചാൎയ്യൻ ആദ്യമായറിയേണമെന്നു സാരം.

5. ബോധയാമാസമൈത്രേയിംയാജ്ഞവല്ക്യോനിജപ്രിയാം
നവാഅരേപത്യുരത്ഥേപതിഃപ്രിയഇതീരയൻ.

പത്യുഅൎത്ഥേപതിഃനവാപ്രിയഃ = ഭൎത്താവിന്നുവേണ്ടീട്ടല്ല ഭൎത്താവു പ്രിയനായിരിക്കുന്നത്. ഇതി ഈരയൻ=എന്നുപദേശിച്ചുകൊണ്ട്. യാജ്ഞവല്ക്യഃനിജപ്രിയാം = യാജ്ഞവല്ക്യൻ തന്റെ പ്രിയഭാൎയ്യയായ. മൈത്രേയീംബോധയാമാസ=മൈത്രേയിയെ ബോധിപ്പിച്ചു.

ആത്മാനന്ദമാൎഗ്ഗത്തിൽകൂടെ ആർ ആരെ ഏതുവിധം ബോധിപ്പിച്ചുവെന്നുള്ള ശ്രുതിപ്രമാണത്തെ കാണിക്കുന്നു:—ബൃഹദാരണ്യകം എന്ന ഉപനിഷത്തിൽ മൈത്രേയീബ്രാഹ്മണം എന്ന വിഭാഗത്തിൽ പറഞ്ഞിട്ടുള്ളതിനെ എടുത്തു പറയുന്നു:—യാജ്ഞവല്ക്യൻ എന്ന ഋഷിയോടു പ്രിയപത്നിയായ മൈത്രേയി ആത്മസ്വരൂപത്തെ ഉപദേശിക്കേണം എന്ന് പ്രാൎത്ഥിച്ചപ്പോൾ ആത്മാവിന്റെ സ്വരൂപം പ്രിയം—പ്രേമം—ആണെന്നു ബോധിപ്പിക്കുവാൻ ഉദാഹരണം കാട്ടിക്കൊടുക്കുന്നു:—അല്ലയോ ഭദ്രേ! നീ ഭൎത്താവിനെ പ്രിയനെന്നു കരുതുന്നത് ഭൎത്തൃപ്രിയത്തിനുവേണ്ടീട്ടല്ല. നിന്റെ ആത്മാവിലുള്ള പ്രിയത്തെ ഉദ്ദേശിച്ചുതന്നെയാകുന്നു. സ്വാത്മാവിൽ നിനക്കുള്ള സ്വാഭാവികപ്രിയമാണ് ഭൎത്തൃപ്രിയകാരണം. അല്ലാതെ ഭൎത്താവിൽ പ്രിയമുള്ളതുകൊണ്ടല്ല. എന്നിങ്ങിനെ ആത്മസ്വരൂപം പ്രിയമാണെന്നു കാട്ടിക്കൊടുത്തുകൊണ്ട് മൈത്രേയിയെ യാജ്ഞവല്ക്യൻ ബോധിപ്പിച്ചു.

6. പതിൎജ്ജായാപുത്രവിത്തേ പശുബ്രാഹ്മണബാഹുജാഃ
ലോകാദേവാവേദഭൂതേസൎവ്വംചാത്മാൎത്ഥതഃപ്രിയം.

പതിഃജായാപുത്രവിത്തേ=ഭൎത്താവ്, ഭാൎയ്യ, പുത്രൻ, ധനം. പശുബ്രാഹ്മണബാഹുജാഃ=പശുക്കൾ, ബ്രാഹ്മണർ, ക്ഷത്രിയന്മാർ. ലോകാഃദേവാഃ=ലോകങ്ങൾ, ദേവന്മാർ. വേദഭൂതേ=വേദങ്ങൾ, ഭൂതങ്ങൾ. സൎവ്വംചആത്മാൎത്ഥതഃപ്രിയം=എല്ലാം ആത്മാവിന്നുവേണ്ടി പ്രിയമായിരിക്കുന്നു.

ആ ഉപനിഷത്തിൽ പറഞ്ഞിരിക്കുന്ന സൎവ്വസാരത്തെ സംഗ്രഹിച്ചു കാണിക്കുന്നു:—"പരപ്രേമാസ്പദതയാ പരമാനന്ദരൂപതാം" ആത്മാവിൽ പരമപ്രേമം എല്ലാവൎക്കുമുള്ളതുകൊണ്ടു പരമാനന്ദം ആത്മസ്വരൂപം എന്നറിഞ്ഞുകൊള്ളേണം എന്ന വാക്യാൎത്ഥത്താൽ ആത്മാവു ആനന്ദാത്മകമാണെന്നു സാധിപ്പാൻ ഇതിന്നുമുമ്പേ പറഞ്ഞതായ സംഗതി ഉപലക്ഷണമാകുന്നു. ലോകത്തിൽ ഭൎത്താവ്, ഭാൎയ്യ, പുത്രൻ, ധനം, പശുക്കൾ, ബ്രാഹ്മണർ, ക്ഷത്രിയർ, കൈലാസാദിലോകങ്ങൾ, സിദ്ധാദിദേവന്മാർ, വേദങ്ങൾ, ഭൂതങ്ങൾ എന്നിവ സൎവ്വത്തേയും പ്രിയമെന്നു വിചാരിക്കുന്നത്, അനുഭവിക്കാനുള്ള കൎത്താവായ ആത്മാവിലുള്ള പ്രേമത്തെ ആസ്പദിച്ചിട്ടാകുന്നു. ഭൎത്തൃഭാൎയ്യാദി സകലവും ഭോക്താവായ ആത്മാവിന്റെ സംബന്ധംനിമിത്തമാണ് പ്രിയമായിരിക്കുന്നത് എന്നു സിദ്ധാന്തം.

7. പത്യാവിച്ഛായദാപത്ന്യാസ്തദാപ്രീതിംകരോതിസാ
ക്ഷുദനുഷ്ഠാനരോഗാദ്യൈസ്തദാനേച്ഛതിതത്പതിഃ.

പത്യാഃപത്യൌയദാഇച്ഛാ=ഭാൎയ്യക്ക് ഭൎത്താവിൽ എപ്പോൾ ഇച്ഛയുണ്ടാകുന്നുവോ. തദാസാപ്രീതിംകരോതി=അപ്പോൾ അവൾ പ്രീതിയെ കാണിക്കുന്നു. ക്ഷുദനുഷ്ഠാനരോഗാദ്യൈഃ=വിശപ്പ്, നിത്യാനുഷ്ഠാനം, രോഗം എന്നിവയാൽ. തദാതൽപതിഃന ഇച്ഛതി=അപ്പോൾ അവളുടെ ഭൎത്താവു അവളെ ഇച്ഛിക്കുന്നില്ല.

"നവാഅരേപത്യുഃകാമായപതിഃ പ്രിയോഭവതി ആത്മനസ്തുകാമായ പതിഃ പ്രിയോ ഭവതി" അല്ലയോ മൈത്രേയി! ഭൎത്താവിന്റെ ഇഷ്ടത്തിന്നല്ല ഭൎത്താവിനെ ഭാൎയ്യ സ്നേഹിക്കുന്നത്, പിന്നെ ആരുടെ ഇഷ്ടത്തിന്നായിട്ടാണെങ്കിൽ ആത്മാവിൽ പത്നിക്ക് പത്നിയാൽതന്നെ പ്രേമം ഉള്ളതുകൊണ്ടു മാത്രമാണ് എന്ന വാക്യത്തിലെ സാരം വേർതിരിച്ചു കാണിക്കുന്നു:—ഭാൎയ്യക്ക് ഭൎത്തൃസംയോഗവിഷയത്തിൽ ആഗ്രഹം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ ഭൎത്താവിന്റെ പേരിൽ പ്രീതിയെ പ്രകാശിപ്പിക്കുന്നു. അതുപോലെതന്നെ ഭൎത്താവിന്നു സംയോഗത്തിൽ താല്പൎയ്യമുള്ളപ്പോൾ ഭാൎയ്യയിലും പ്രീതിയുണ്ടാകുന്നു. വിശപ്പ്, നിയമാനുഷ്ഠാനം, രോഗപീഡ എന്നിവ നിമിത്തം ഭൎത്താവ് വ്യഗ്രനായിരിക്കുമ്പോൾ പത്നീപ്രേമത്തെ പ്രകാശിപ്പിക്കുന്നതുമില്ല.

8. നപത്യുരത്ഥേസാപ്രീതിഃ സ്വാൎത്ഥഏവകരോതിതാം
പതിശ്ചാത്മനഃഏവാത്ഥേനജായായാൎത്ഥേകദാചന.

സാപ്രീതിഃപത്യുഃഅർത്ഥേന=ആ പ്രീതി ഭർത്താവിൻെറ പ്രയോജനത്തിന്നായിട്ടില്ല സ്വാർത്ഥേ ഏവതാംക രോതി=തൻെറ പ്രയോജനത്തിന്നുവേണ്ടീട്ടുതന്നെ ആ പ്രീതിയെ ചെയ്യുന്നു. പതിഃച ആത്മനഃഏവ അർത്ഥേ=ഭർത്താവും തനിക്കുവേണ്ടീട്ടുതന്നെ. നകദാചനജായാർത്ഥേ=ഒരു കാലത്തിലും ഭാര്യക്കുവേണ്ടീട്ടല്ല.

ഈ വിധമായതുകൊണ്ടു സിദ്ധിക്കുന്ന സാരം പറയുന്നു:—ഭാര്യ പ്രകാശിപ്പിക്കുന്ന പ്രേമം ഭർത്താവിൻെറ പ്രയോജനത്തിന്നായിട്ടല്ല. പിന്നെയോ തൻെറ ആവശ്യമായിട്ടുതന്നെയാകുന്നു. "നവാഅരേ ജായായൈകാമായജായാപ്രിയാഭവതി ആത്മനസ്തുകാമായജായാപ്രിയാഭവതി ആത്മനസ്തുകാമായ സർവ്വം പ്രിയംഭവതി" എന്നതുവരെയുള്ള വാക്യങ്ങളുടെ അർത്ഥത്തെ ക്രമത്തിൽ വിഭജിച്ചുകാണിക്കുന്നു:—ഭർത്താവും തൻെറ പ്രീതി സാധിപ്പാനായിട്ടു പത്നിയെ പ്രേരിക്കുന്നു. പത്നിയുടെ പ്രയോജനത്തിന്നായിട്ടു പത്നിയെ ഒരു കാലത്തിലും ഭർത്താവു സ്നേഹിക്കുന്നില്ല.

9. അന്യോന്യപ്രേരണേപ്യേവം സ്വേച്ഛയൈവപ്രവർത്തനം

അന്യോന്യപ്രേരണേഅപി=അന്യോന്യപ്രേരണയിലും. സ്വേച്ഛയാഏവപ്രവർത്തനം=തന്നിച്ഛകൊണ്ടുതന്നെയാകുന്നു പ്രേരിക്കുന്നതും അനുഷ്ഠിക്കുന്നതും.

ഒരുവൻെറയോ ഒരുവളുടേയോ പ്രീതിനിമിത്തം പ്രവൃത്തിക്കുമ്പോൾ ആത്മപ്രേമം കാരണമായിരുന്നാലും അന്യോന്യ പ്രേരണയിൽ ഉഭയപ്രീതി കാണപ്പെടുന്നില്ലെയോ എന്നാണെങ്കിൽ ഇല്ല, സ്വപ്രേമംതന്നെ അതിന്നും കാരണം. പശുവിനെ ദാനം ചെയ്യേണം എന്നൊരാൾ മററൊരാളെ പ്രേരിക്കുന്നുവെങ്കിൽ ആ പശു തനിക്കു കിട്ടിയെന്നു വരാം എന്ന ആഗ്രഹം പ്രേരിപ്പിക്കുന്നവനുണ്ടാവാം. പശുവിനെ ദാനംചെയ്താൽ തൻെറ ദോഷപരിഹാരം വരുമെന്നു വിചാരം കൊടുക്കുന്ന ആൾക്കും ഉണ്ടായിരിക്കാം. ഇങ്ങിനെ ഏതൊരു വ്യാപാരത്തിലും സ്വപ്രേമം അന്തർഭവിച്ചിരിക്കും.

10. ശ്മശ്രുകണ്ടകവേധേന ബാലോ രുദതിതൽപിതാ
ചുംബത്യേവനസാപ്രീതിർബാലാർത്ഥേ സ്വാർത്ഥഏവസാ.

ശ്മശ്രുകണ്ടകവേധേന=രോമം മുള്ളുപോലെ തറക്കുമ്പോഴുള്ള വേദനകൊണ്ടു. ബാലഃരുദതി=ബാലൻ കരയുന്നു. തൽപിതാ ചുംബതിഏവ=അവൻെറ പിതാവു് ചുംബിക്കുകതന്നെ ചെയ്യുന്നു. സാപ്രീതിഃ ബാലാർത്ഥേന=ആ പ്രിയം ബാലനുവേണ്ടീട്ടുള്ളതല്ല. സാ സ്വാർത്ഥേഏവ=അതു് തനിക്കു വേണ്ടീട്ടുള്ളതുതന്നെ.

തന്നിഷ്ടംതന്നെ സകലപ്രവൃത്തിക്കും കാരണമെന്നു കാണിക്കുന്നു:—പിതാവു് പുത്രമുഖം ചുംബിക്കുമ്പോൾ മുള്ളുപോലെ രോമം കുട്ടിയുടെ മുഖത്തിൽ തറക്കുന്നതിനാൽ കുട്ടി കരയുന്നു. പിതാവു ചുംബിക്കുകതന്നെ പിന്നെയുംചെയ്യുന്നു. ഈ ചുംബനം തൻെറ സന്തോഷത്തിന്നല്ലാതെ പുത്രസന്തോഷത്തിന്നായിട്ടല്ല.

11. നിരിച്ഛമപിരത്നാദി വിത്തം യത്നേനപാലയൻ.
പ്രീതിംകരോതി സസ്വാർത്ഥേ വിത്താർത്ഥത്വം നശങ്കിതം.

നിരിച്ഛം രത്നാദിവിത്തംഅപി=ഇച്ഛിക്കാൻ ചൈതന്യമില്ലാത്തതായ രത്നാദിധനത്തെ. യത്നേനപാലയൻ സഃ=പ്രയാസപ്പെട്ടു രക്ഷിക്കുന്ന ഒരുവൻ. പ്രീതിംകരോതി=പ്രീതിയെ കാണിക്കുന്നു. സ്വാർത്ഥേ= തനിക്കുവേണ്ടീട്ടുതന്നെയാകുന്നു. വിത്താർത്ഥത്വം നശങ്കിതം=ധനത്തിൻെറ പ്രീതിക്കായിട്ടാണെന്നു ശങ്കിക്കാൻതന്നെ കാരണമില്ല.

ഭർത്താവു് ഭാര്യ എന്നിവർ ജീവനുള്ളവരാകയാൽ അവരുടെ പ്രീതി അവരിൽ മാത്രമോ ഇതരനിലും ഇല്ലെയോ എന്ന ശങ്കക്കവകാശമുള്ളതിനാൽ അചേതനാവസ്ഥവിൽ പ്രീതിവെക്കുന്നതിന്നു ഉദാഹരിക്കുന്നു:—രത്നം മുതലായ ധനാദികൾ അചേതനങ്ങളാകയാൽ അവയ്ക്കു ഇച്ഛതന്നെയുണ്ടാകയില്ലെല്ലൊ. ആ വക ധനാദികളെ പ്രയാസപ്പെട്ടു രക്ഷിക്കുന്ന പുരുഷൻ പ്രീതിയെ പ്രകാശിപ്പിക്കുന്നതു് വിത്തത്തെ സന്തോഷിപ്പിക്കാനാണെന്നു ശങ്കക്കവകാശമില്ലെല്ലോ. രത്നാദികൾനിമിത്തം തനിക്കു സുഖമുണ്ടാകും എന്ന സ്വപ്രേമം മാത്രമല്ലെയോ രത്നാദിപ്രേമം വെളിപ്പെടുത്തുന്നതു്. ആർ ആരെ സ്നേഹിക്കുന്നതും സ്വപ്രേമംകൊണ്ടുതന്നെ എന്നതു് ഏറ്റവും സ്പഷ്ടം.

12. അനിച്ഛതിബലീവർദ്ദേ വിവാഹയിഷതേ ബലാൽ
പ്രീതിഃസാവണിഗർത്ഥൈവ ബലീവർദ്ദാർത്ഥതാകുതഃ.

ബലീവർദ്ദേ അനിച്ഛതി=കാള ഇച്ഛിക്കാതിരിക്കെ. ബലാൽ വിവാഹയിഷതേ=ബലംപ്രയോഗിച്ചു്

വഹിപ്പിക്കുവാൻ ഇച്ഛിക്കുന്നു. സാപ്രീതിഃ വണിഗർത്ഥാ ഏവ=ആ പ്രീതി വണിക്കിനുവേണ്ടീട്ടുതന്നെ. ബലീവർദ്ദാർത്ഥതാകുതഃ=കാളക്കുവേണ്ടീട്ടാണെന്നു എങ്ങിനെ വരും.

"നവാഅരേപശൂനാം" എന്നു തുടങ്ങീട്ടുള്ള ഉപനിഷദ്വാക്യത്തിന്റെ താൽപര്യം കാണിക്കുന്നു:—കാള ചുമട്ടു വഹിപ്പാൻ ആഗ്രഹിക്കാതിരിക്കേ കച്ചവടക്കാരൻചെട്ടി ബലം പ്രയോഗിച്ച് അതിനെക്കൊണ്ടു ഭാരം വഹിപ്പിക്കുന്നുവല്ലൊ. ആ കാള ഭാരം വഹിക്കുന്നതുകൊണ്ടുള്ള പ്രീതി ചെട്ടിക്കുള്ളതല്ലാതെ കാളക്കുവേണ്ടീട്ടാണ് ഭാരം വഹിപ്പിക്കുന്നത് എന്നെങ്ങിനെ വരും. അതിനാൽ പശ്വാദിപ്രാണികളെ സ്നേഹിക്കുന്നതും പരിപാലിക്കുന്നതും അവയ്ക്കുവേണ്ടീട്ടല്ല രക്ഷകനു വേണ്ടീട്ടുതന്നെ.

13. ബ്രാഹ്മണ്യം മേസ്തി പൂജ്യോഹമിതിതുഷ്യതി പൂജയാ
അചേതനായാജാതേർനോ സന്തുഷ്ടിഃ പുംസഏവസാ.

മേ ബ്രാഹ്മണ്യം അസ്തി=എനിക്കു ബ്രാഹ്മണജാതിത്വമുണ്ട്. അഹം പൂജ്യഃഇതി=ഞാൻ പൂജിക്കപ്പെടുവാൻ യോഗ്യനാകുന്നു എന്ന്. പൂജയാ തുഷ്യതി=പൂജകൊണ്ടു സന്തോഷിക്കുന്നു. സാസന്തുഷ്ടിഃ പുംസഃ ഏവ=ആ സന്തോഷം പുരുഷനുള്ളതുതന്നെ. അചേതനായാഃ ജാതേഃ ന=ചേതനാരഹിതയായ ജാതിക്കുള്ളതല്ല.

ബ്രാഹ്മണ്യം മുതലായ ജാതിയിൽ പ്രീതിവെയ്ക്കുന്നത് ആർക്കുവേണ്ടീട്ടാണെന്നു കാണിക്കുന്നു:—"നവാ അരേബ്രഹ്മണഃകാമായ" എന്നീ വാക്യങ്ങളുടെ അർത്ഥമാണ് പറയുന്നത്;—സദസ്സിലിരിക്കുന്ന ബ്രാഹ്മണൻ വിചാരിക്കുന്നു:—എനിക്കു ബ്രാഹ്മണ്യം—ബ്രാഹ്മണജാതി എന്നതുണ്ട്. ഞാൻ പൂജ്യനാകുന്നു എന്നിങ്ങിനെ അഭിമാനിച്ച് അന്യരിൽനിന്നു പൂജ സിദ്ധിക്കുമ്പോൾ സന്തോഷിക്കുന്നു. ഈ ജാതിനിമിത്തമുള്ള സന്തോഷം പുരുഷനുള്ളതല്ലാതെ അചേതനയായ ജാതിക്കുള്ളതല്ല.

14. ക്ഷത്രിയോഹംതേനരാജ്യം കരോമീത്യത്ര രാജതാ
നജാതേർവ്വൈശ്യ ജാത്യാദൌ യോജനായേദമീരിതം.

അഹം ക്ഷത്രിയഃതേന=ഞാൻ ക്ഷത്രിയൻ അതുകൊണ്ടു. രാജ്യം കരോമിഇത്യത്ര=രാജ്യം പരിപാലിക്കുന്നു എന്ന ഇതിൽ. രാജതാനജാതേഃ=രാജഭാവം ജാതിക്കല്ല. വൈശ്യജാത്യാദൌ=വൈശ്യൻ മുതലായ ജാതിയിലും. യോജനായ ഇദംഈരിതം=യോജിപ്പിക്കുവാൻ വേണ്ടീട്ടു ഇതു പറയപ്പെട്ടു.

രാജ്യപരിപാലനംചെയ്യുന്നത് ആർക്കുവേണ്ടീട്ടാണെന്നു കാണിക്കുന്നു:—ഞാൻ ക്ഷത്രിയൻ അതുകൊണ്ടു രാജ്യം പരിപാലിക്കുന്നു എന്നു പറഞ്ഞ് രാജഭോഗം അനുഭവിച്ചു സന്തോഷിക്കുന്നതു ജാതിക്കുവേണ്ടീട്ടല്ല. ജാതി അചേതനമാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. ഇതുപോലെതന്നെ വൈശ്യാദിജാതികളിൽ ഉൾപ്പെട്ടവരിലും ഈ ന്യായം കണ്ടുകൊള്ളേണം. അതിനു വേണ്ടീട്ടാണ് ഇങ്ങിനെ പറഞ്ഞിരിക്കുന്നത്.

15. സ്വർഗ്ഗലോകബ്രഹ്മലോകൌ സ്താം മമേത്യഭിവാഞ്ഛനം
ലോകയോർന്നോപകാരായസ്വഭോഗായൈവകേവലം.

സ്വർഗ്ഗലോകബ്രഹ്മലോകൌ=സ്വർഗ്ഗലോകം ബ്രഹ്മലോകം എന്ന ലോകങ്ങൾ. മേസ്താം ഇതി അഭിവാഞ്ഛനം=എനിക്കു സിദ്ധിക്കട്ടെ എന്നുള്ള അത്യന്തവാഞ്ഛ. ലോകയോഃ ഉപകാരായന=ലോകങ്ങളുടെ ഉപകാരത്തിന്നായിട്ടല്ല. കേവലം സ്വഭോഗായഏവ=തന്റെ സുഖഭോഗത്തിന്നായിട്ടു മാത്രമാകുന്നു.

"നവാ അരേലോകാനാം കാമായ" എന്ന വാക്യങ്ങളുടെ അർത്ഥം പറയുന്നു:—എനിക്ക് സ്വർഗ്ഗലോകം സിദ്ധിക്കേണം, ബ്രഹ്മലോകം കിട്ടേണം എന്നിങ്ങിനെ ഉപരിലോകങ്ങളെ ആഗ്രഹിക്കുകയും അവയ്ക്കായിട്ടു വിധിക്കപ്പെട്ട കർമ്മങ്ങളെ അനുഷ്ഠിക്കുകയും ചെയ്യുന്നത് ആ ലോകങ്ങൾക്കും കർമ്മങ്ങൾക്കും ഉപകാരം ചെയ്യാനല്ല. തനിക്കു സുഖാനുഭവം ഉണ്ടാകാൻ വേണ്ടീട്ടു മാത്രമാകുന്നു.

16. ഈശവിഷ്ണ്വാദയോദേവാഃ പൂജ്യന്തേ പാപനഷ്ടയേ
നതന്നിഷ്പാപദേവാർത്ഥം തത്തുസ്വാർത്ഥം പ്രയുജ്യതേ.

ഈശവിഷ്ണ്വാദയഃ ദേവാഃ=ശിവൻ വിഷ്ണു മുതലായ ദേവന്മാർ. പാപനഷ്ടയേ പൂജ്യന്തേ=തൻപാപം നശിപ്പാൻവേണ്ടി പൂജിക്കപ്പെടുന്നു. തത്നിഷ്പാപദേവാർത്ഥംന=അത് (പൂജനം) പാപമില്ലാത്ത ദേവന്മാർക്കു വേണ്ടീട്ടല്ല. തത് തുസ്വാർത്ഥം പ്രയുജ്യതേ=അതാകട്ടെ തൻകാര്യത്തിന്നായിട്ടു ചെയ്യപ്പെടുന്നു.

ദേവാദിപൂജാകർമ്മങ്ങളും ആർക്കുവേണ്ടീട്ടാണെന്നു കാണിക്കുന്നു:—പരമശിവൻ, മഹാവിഷ്ണു മുതലായ ദേവാധിപന്മാരെ ജനങ്ങൾ അവരവരുടെ പാപം നശിപ്പാൻ വേണ്ടീട്ടു പൂജിക്കുന്നു. പാപമില്ലാ

ത്ത ഈശ്വരന്റെ പാപം തീക്കാനല്ല. ഈശ്വരൻ പരിശുദ്ധൻ. പിന്നെ ആ പൂജാദികമ്മങ്ങളെല്ലാം സ്വന്തം ദോഷം നശിക്കാൻ വേണ്ടീട്ടാകുന്നു.

17. ഋഗാദയോഽധ്യധീയന്തേ ദുർബ്രാഹ്മണ്യാനവാപ്തയേ
നതൽപ്രസക്തം വേദേഷു മനുഷ്യേഷു പ്രസജ്ജതേ.

ദുർബ്രാഹ്മണ്യാനവാപ്തയേ=ദുഷിച്ച ബ്രാഹ്മണൻ എന്ന ദോഷം പററാതിരിപ്പാൻ. ഋഗാദയഃ അധീയന്തേ=ഋക് മുതലായ വേദങ്ങൾ അധ്യയനംചെയ്യപ്പെടുന്നു. തത് വേദേഷു നപ്രസക്തം=ആ ദോഷം വേദങ്ങൾക്കില്ല. മനുഷ്യേഷു പ്രസജ്ജതേ=മനുഷ്യരിൽ പററിയതാകുന്നു.

വേദാധ്യയനാദിതാൽപര്യം ആക്കുവേണ്ടീട്ടാണെന്നു കാണിക്കുന്നു:-- ബ്രാഹ്മണനിൽ ജനിക്കുമ്പോൾതന്നെ ഉള്ള ദുർബ്രാഹ്മണ്യം—ദുഷിച്ച ബ്രാഹ്മണ്യം എന്ന ദോഷമുണ്ട്. ആ ദോഷം ബാധിക്കാതിരിപ്പാൻവേണ്ടീട്ടാണ് ഋക്, യജുസ്സ് എന്നീ വേദങ്ങളെ പഠിക്കുന്നത്. ആവക വേദങ്ങളെ പഠിക്കാതിരിക്കുന്ന ബ്രാഹ്മണരെ വ്രാത്യന്മാർ—വേദാധികാരമില്ലാത്തവർ—എന്നു പറയും. ഈ ദുർബ്രാഹ്മണ്യം എന്ന ദോഷം വേദങ്ങളിൽ ഇല്ല. മനുഷ്യവർഗ്ഗത്തിൽ ബ്രാഹ്മണരെന്ന വകുപ്പിൽ ബാധിക്കുന്ന ദോഷമാണത്. അവരുടെ ആ ദോഷം തീരാൻ—സ്വബ്രാഹ്മണരാകാൻ—വേണ്ടി വേദാദികളെ അധ്യയനാദികൾകൊണ്ടാരാധിക്കുന്നു

18. ഭൂമ്യാദി പഞ്ചഭൂതാനി സ്ഥാനതുട്പാകശോഷണൈഃ
ഹേതുഭിശ്ചാവകാശേന വാഞ്ഛന്ത്യേഷാം നഹേതവഃ.

ഭൂമ്യാദിപഞ്ചഭൂതാനി=ഭൂമി മുതലായ അഞ്ചു ഭൂതങ്ങളെ. സ്ഥാനതുട്പാകശോഷണൈഃ അവകാശേനച= സ്ഥാനം, ദാഹം, വചനം, ശോഷണം, അവകാശം (വെളി) എന്ന. ഹേതുഭിഃ വാഞ്ഛന്തി=ഹേതുക്കളാൽ ആഗ്രഹിക്കുന്നു. ഏഷാം ഹേതവഃന=ഇവയ്ക്കു് (പഞ്ചഭൂതങ്ങൾക്ക്) ഹേതുക്കൾ (മുൻപറഞ്ഞ കാരണങ്ങൾ) ഇല്ല.

പഞ്ചഭൂതങ്ങളെ ആഗ്രഹിക്കുവാൻ കാരണം കാണിക്കുന്നു—പ്രാണികൾ എല്ലാവരും ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്ന അഞ്ചു ഭൂതങ്ങളെ ആഗ്രഹിക്കുന്നുവെല്ലൊ. എന്തിനായിട്ടാഗ്രഹിക്കുന്നു? ഭൂമ്യാദി പഞ്ചഭൂതങ്ങൾ പ്രാണികൾക്ക് ഇരിപ്പാൻ സ്ഥാനം, ദാഹം, ഭക്ഷണപദാത്ഥങ്ങളുടെ പചനം, ചളികളെ വഹിക്കൽ, സഞ്ചരിപ്പാൻ വെളി (അവകാശം) എന്നിവക്കാവശ്യമാണ്. ഈ ആവശ്യങ്ങളെ സാധിപ്പാൻ ഭൂതപഞ്ചകത്തെ എല്ലാ പ്രാണികളും ആഗ്രഹിക്കുന്നു. ഭൂതങ്ങൾക്ക് ഈ ആവശ്യങ്ങളൊന്നുമില്ലാത്തതിനാൽ ഭൂതഗുണത്തിന്നായിട്ടല്ല പ്രാണികൾ ഭൂമ്യാദികളെ ആഗ്രഹിക്കുന്നത് എന്നതു സുസ്പഷ്ടം തന്നെ.

19. സ്വാമിഭൃത്യാദികംസർവ്വം സ്വോപകാരായവാഞ്ഛതി
തത്തൽകൃതോപകാരസ്തു തസ്യതസ്യ നവിദ്യതേ.

സ്വാമിഭൃത്യാദികം സർവ്വം=സ്വാമി, ഭൃത്യൻ എന്നിവ സർവ്വത്തെയും. സ്വോപകാരായ വാഞ്ഛതി=തന്റെ ഉപകാരത്തിന്നുവേണ്ടി ആഗ്രഹിക്കുന്നു. തത്തൽകൃതോപകാരഃ തു=അതാതുപേർ ചെയ്യുന്ന ഉപകാരമാകട്ടെ. തസ്യതസ്യ നവിദ്യതേ=അതാതാൾക്കുവേണ്ടീട്ടല്ല.

ഇതുവരെ പറഞ്ഞതിന്റെ സാരാംശം ക്രോഡീകരിച്ചു പറയുന്നു:—എജമാനൻ ഭൃത്യനേയും ഭൃത്യൻ എജമാനനെയും ആഗ്രഹിക്കുകയോ സ്നേഹിക്കുകയോ ചെയ്യുന്നതു ഭൃത്യന്നു വേണ്ടീട്ടോ എജമാനന്നു വേണ്ടീട്ടോ അല്ല. ഭൃത്യൻ ചെയ്യുന്ന ഉപകാരം എജമാനന്നായിട്ടല്ല. എജമാനൻ ഭൃത്യനുവേണ്ടീട്ടുമല്ല അവനെ സ്നേഹിക്കുന്നത്. അതാതുപേർ അവരവക്കുവേണ്ടീട്ടുമാത്രമല്ലാതെ അന്യന്നുവേണ്ടി ആരും ഒന്നും ചെയ്യുന്നില്ല.

20. സർവ്വവ്യവഹൃതിഷ്വേവമനുസന്ധാതുമീദൃശം
ഉദാഹരണബാഹുല്യം തേന സ്വം വാസയേന്മതിം.

സർവ്വവ്യവഹൃതിഷു ഏവം=എല്ലാ വ്യവഹാരങ്ങളിലും ഇപ്രകാരം. അനുസന്ധാതും ഈദൃശം=വിചാരം ഇടച്ചയായിട്ടുണ്ടാകുവാൻ ഇപ്രകാരം. ഉദാഹരണബാഹുല്യം=ബഹുവിധങ്ങളായ ഉദാഹരണങ്ങളെ ശ്രുതി കാണിച്ചു. തേന സ്വാംമതിം വാസയേത്=ആ വിചാരത്താൽ സ്വബുദ്ധിയെ പഴക്കണം.

ശ്രുതി ഇത്രയധികം ഉദാഹരണം കാണിച്ചതിന്റെ ആവശ്യമെന്തെന്നാൽ:—"ആത്മനസ്തുകാമായ സർവ്വം പ്രിയം ഭവതി" തന്നിൽത്തന്നെയുള്ള പ്രേമം നിമിത്തമാണ് മററന്യമായതിനെ സ്നേഹിക്കു

ന്നത് എന്ന ബോധം ഭക്ഷണാദികളായ സകല വ്യാപാരങ്ങളിലും അനുസന്ധാനം ചെയ്യേണ്ടതാണെന്നു ധരിപ്പിക്കുവാനാണ്. ഈ അനുസന്ധാനംകൊണ്ടു സ്വബുദ്ധിയെ പഴക്കേണം. അപ്പോൾ ആത്മാവിൻെറ സ്വരൂപം പരമപ്രേമമാണെന്നും ഇതരവസ്തുക്കളിൽ ആത്മപ്രേമാനുസരണമേ പ്രേമമുണ്ടാകാനവകാശമുള്ളുവെന്നും ധരിപ്പാൻ കഴിയും.

21. അഥകേയംഭവേൽപ്രീതിഃശ്രൂയതേയാനിജാത്മനി
രാഗോവധ്വാദിവിഷയേശ്രദ്ധായാഗാദികർമ്മണി
ഭക്തിഃസ്യാൽഗുരുദേവാദാവിച്ഛാവാപ്രാപ്തവസ്തുനി.

നിജാത്മനിയാപ്രീതഃശ്രൂയതേ=തന്നാത്മാവിൽ യാതൊരു പ്രീതി കേൾക്കപ്പെട്ടുവോ. അഥഇയംകാ= ഇത് എന്തു രൂപത്തിൽ ഉള്ളതാണ്? രാഗഃവാ = രാഗമാണോ എന്നാൽ. വധ്വാദിവിഷയേ = സ്ത്രീ മുതലായ വിഷയത്തിലുള്ളതാണ്. ശ്രദ്ധാവാ=ശ്രദ്ധയാണോ? എന്നാൽ. യാഗാദികർമ്മണി=യാഗം മുതലായ കർമ്മത്തിലാണ്. ഭക്തിഃവാസ്യാൽ=ഭക്തിയാണെങ്കിലോ എന്നാൽ. ഗുരുദേവാദൌ=ഗുരുക്കളിലും ഈശ്വരനിലും മററുമുള്ളതാണ്. ഇച്ഛാതുവാ=ഇച്ഛയെന്നതാണെങ്കിലോ എന്നാൽ. അപ്രാപ്തവസ്തുനി=കിട്ടാതിരിക്കുന്ന വസ്തുവിലുള്ളതാണ്.

ഇത്രയും കേട്ടപ്പോൾ ശിഷ്യൻ സംശയിച്ചുകൊണ്ടു ചോദിക്കുന്നു:—പ്രിയപ്പെടുന്ന വസ്തുക്കളെ അപേക്ഷിച്ച് അതിപ്രിയം ആത്മാവിലുണ്ടെന്നു പറഞ്ഞതു യോജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രിയമെന്നാൽ എന്താണെന്നറിഞ്ഞാലല്ലെയോ അതിപ്രിയം എന്നതിനെ അറിവാൻ കഴികയുള്ളു. പ്രീതി പലവിധത്തിൽ കാണപ്പെടുന്നതിനാൽ ആത്മപ്രീതിയെന്ന ശബ്ദത്താൽ അങ്ങുന്നരുളിച്ചെയ്തതായ പ്രീതിയെന്ന വാക്കിൻെറ അർത്ഥം–സ്വരൂപം എന്താണെന്നറിവാൻ ആഗ്രഹിക്കുന്നു:—രാഗത്തെയാണോ പ്രീതിയെന്നു പറഞ്ഞതെങ്കിൽ അതു സ്ത്രീ മുതലായ സുഖസാധനങ്ങളിൽ സംബന്ധിച്ചിരിക്കുന്നു. ശ്രദ്ധയാണ് പ്രീതിരൂപമെങ്കിൽ അതു യാഗാദികർമ്മങ്ങളെ ഉദ്ദേശിച്ചിരിക്കുന്നു. ഭക്തിയാണെങ്കിൽ ഗുരുഭൂതന്മാർ ഈശ്വരൻ ഇവരെ വിഷയീകരിക്കുന്നു. ഇച്ഛയാണെങ്കിലോ അതു കിട്ടാതിരിക്കുന്ന വസ്തുവിനെ സംബന്ധിച്ചുള്ളതാകുന്നു. സർവ്വവിഷയത്തെ സംബന്ധിക്കുന്ന ആത്മപ്രീതിയെന്ന ഒന്ന് കാണപ്പെടുന്നതേയില്ലല്ലൊ. ആകയാൽ ആ പ്രീതിയുടെ സ്വരൂപം എന്താണെന്നുപദേശിപ്പാൻ കരുണയുണ്ടാകേണം.

22. തർഹ്യസ്തുസാത്വികീവൃത്തിഃസുഖമാത്രാനുവർത്തിനീ
പ്രാപ്തേനഷ്ടേപിസൽഭാവാദിച്ഛാതോവ്യതിരിച്യതേ.

തർഹിസുഖമാത്രാനുവർത്തിനീ=എന്നാൽ സുഖത്തിൽമാത്രം അനുവർത്തിക്കുന്ന. സാത്വികീവൃത്തിഃഅസ്തു= സത്വഗുണപരിണാമരൂപമായ അന്തഃകരണവൃത്തി പ്രീതിയെന്നാകട്ടെ. പ്രാപ്തേനഷ്ടേ അപി=സിദ്ധിച്ച വസ്തുവിലും നശിച്ച വസ്തുവിലും. സൽഭവാൽ=ഉള്ളതുകൊണ്ട്. ഇച്ഛാതഃ വ്യതിരിച്യതേ=ഇച്ഛയിൽനിന്നും വ്യത്യസ്തപ്പെടുന്നു.

എന്നാൽ രാഗാദികളിൽ ഉൾപ്പെടാത്തതും സുഖത്തെ മാത്രം അനുവർത്തിക്കുന്നതുമായ സത്വഗുണപരിണാമത്തിൻെറ സ്വരൂപത്തിലിരിക്കുന്നതുമായ അന്തഃകരണവൃത്തി യാതൊന്നോ അതാണ് ആത്മപ്രീതിയെന്നു ധരിച്ചുകൊൾക. ആ വൃത്തി സിദ്ധിച്ചതും നശിച്ചതുമായ എല്ലാ വസ്തുവിലും ഇരിക്കുന്നതുകൊണ്ടു അപ്രാപ്തവസ്തുവിൽ മാത്രമിരിക്കുന്ന ഇച്ഛയിൽനിന്നും വ്യത്യാസപ്പെടുന്നു.

23. സുഖസാധനതോപാധേരന്നപാനാദയഃപ്രിയാഃ.

അന്നപാനാദയഃ=അന്നം ജലം എന്നിവ. സുഖസാധനതോപാധേഃ=സുഖസാധനത്വം എന്ന ഉപാധിനിമിത്തം. പ്രിയാഃ=പ്രീതിവിഷയങ്ങൾ.

ഇപ്പോൾ ഒരു ശങ്ക:—അന്നം ജലം എന്നിവ സുഖസാധനങ്ങൾ എന്ന കാരണത്താൽ പ്രീതിവിഷയങ്ങളായിരിക്കുന്നതുപോലെ ആത്മാവും സുഖസാധനംതന്നെയോ, എന്നാണ് ശങ്കാസ്വരൂപം.

24. ആത്മാനുകൂല്യാദന്നാദിസമശ്ചേദമുനാത്രകഃ
അനുകൂലയിതവ്യഃസ്യാന്നൈകസ്മിൻകർമ്മകർതൃതാ.

ആത്മാ ആനുകൂല്യാത് അന്നാദിസമഃ ചേത്=അനുകൂലഭാവംനിമിത്തം അന്നാദിസമൻ ആത്മാവ് എന്നാണെങ്കിൽ. അമുനാ അത്ര കഃ അനുകൂലയിതവ്യഃ=ഈ അനുകൂലത്താൽ ഇവിടെ അനുകൂലംകൊണ്ടുപ

ചരിക്കപ്പെടേണ്ടവൻ ആരാകുന്നു. ഏകസ്മിൻകർമ്മകർത്തൃതാനസ്യാൽ=ഒരുവനിൽ കർമ്മകർത്തൃഭാവം ഏക കാലത്തിൽ ഇരിക്കയില്ല.

സുഖസാധനമാണ് ആത്മാവ്. അതുകൊണ്ട് അന്നാദിസുഖസാധനങ്ങളിലെന്നപോലെ ആത്മാവിലും പ്രിയം എന്നാണ് ശങ്കയെങ്കിൽ അന്നാദികളുടെ ആനുകൂല്യത്താൽ ആത്മാവിന്നു പ്രിയം എന്നതുപോലെ ആത്മപ്രിയം എന്ന ആനുകൂല്യത്താൽ പ്രിയപ്പെടുത്തേണ്ടതായ അന്യവസ്തു എന്താകുന്നു? ആത്മാവുതന്നെ ആത്മാവിനെ പ്രിയപ്പെടുത്തുന്നു എന്നു വന്നുകൂടെയോ? എന്നാൽ വന്നുകൂടാ. എന്തുകൊണ്ട്? ഒരുവനിൽ ഒരേസമയത്ത് ഉപകാരം ചെയ്യുന്നവൻ എന്നും ആ ഉപകാരത്തെ അനുഭവിക്കുന്നവൻ എന്നും രണ്ടു ധർമ്മം ഇരിക്കയില്ല.

25. സുഖേവൈഷയികേപ്രീതിമാത്രമാത്മാത്വതിപ്രിയഃ
സുഖേവ്യഭിചരത്യേഷാനാത്മനിവ്യഭിചാരിണീ.

വൈഷയികേസുഖേ=വിഷയസംബന്ധമായ സുഖത്തിൽ. പ്രീതിമാത്രം=പ്രീതി ഉണ്ടെന്നുമാത്രം. ആത്മാതുഅതിപ്രിയഃ = ആത്മാവാകട്ടെ അതിപ്രിയൻ. സുഖേഏഷാവ്യഭിചരതി=വിഷയസുഖത്തിലുള്ള ഈ പ്രീതി വ്യഭിചരിക്കുന്നു. മറെറാന്നിലേക്കു പോകുന്നു. ആത്മനിപ്രീതിഃ ന വ്യഭിചാരിണീ=ആത്മാവിലുള്ള പ്രീതിയോ വ്യഭിചരിക്കുന്ന ഒന്നല്ല.

ആത്മാവ് അന്നാദികളെന്നപോലെ സാധനമല്ലെന്നിരിക്കിലും പ്രീതിയെ അനുഭവിക്കുന്ന ഭോക്താവു എന്ന നിലയിൽ വന്നുകൂടെയോ എന്നാണ് ശങ്കയെങ്കിൽ ഭോക്തൃശേഷതയും ആത്മാവിലിരിക്കയില്ല. എന്തുകൊണ്ടെന്നാൽ:—വിഷയസുഖത്തിൽ പ്രീതിയെന്നു മാത്രമാണുള്ളത്. ആത്മാവോ അതിപ്രിയനാകുന്നു. എന്തുകൊണ്ടെന്നാൽ വിഷയസുഖത്തിലുണ്ടാകുന്ന പ്രീതി എപ്പോഴും ഒരേ വിഷയത്തിൽ ഇരിക്കുന്നില്ല. ഒന്നിനെ വിട്ടു മറെറാന്നിലേക്കു പോകുന്നു. ആത്മാവിലുള്ള പ്രീതി വ്യഭിചരിക്കുന്നില്ല. അതിനാൽ ആത്മാവിൽ നിരതിശയപ്രേമം ഇരിക്കുന്നു.

26. ഏകംത്യക്ത്വാന്യദാദത്തേ സുഖംവൈഷയികംസദാ
നാത്മാത്യാജ്യോനചാദേയസ്തസ്മിൻവ്യഭിചരേത്കഥം.

വൈഷയികം ഏകംസുഖം ത്യക്ത്വാ=വിഷയസംബന്ധമായ ഒരു സുഖത്തെ ഉപേക്ഷിച്ചിട്ട്. അന്യത് ആദത്തേ=മറെറാന്നിനെ സ്വീകരിക്കുന്നു. സദാ ആത്മാനത്യാജ്യഃ = എപ്പോഴും സ്വരൂപഭൂതനായ ആത്മാവ് ത്യജിക്കപ്പെടുവാൻ കഴിയുന്ന അന്യവസ്തുവല്ല. ആദേയഃ നച=സ്വീകരിക്കപ്പെടുവാൻ കഴിയുന്നതുമല്ല. തസ്മിൻകഥംവ്യഭിചരേത്=ആ വസ്തുവിൽ എങ്ങിനെ വ്യഭിചരിക്കും.

വ്യഭിചരിക്കുന്നില്ല എന്നു പറഞ്ഞതിനെ അനുഭവപ്പെടുത്തുവാൻ വിവരിക്കുന്നു:— സുഖത്തെ അനുസരിക്കുന്ന പ്രീതിവൃത്തിക്കാണ് വ്യഭിചാരം. നിരതിശയപ്രീതി സ്വരൂപത്തിന്നു വ്യഭിചാരമില്ല എന്നു കാണിക്കുന്നു:—വിഷയസംബന്ധമായ ഒന്നിലുള്ള പ്രീതി ആ വസ്തുവിനെ തള്ളിക്കളഞ്ഞിട്ടു മറെറാന്നിനെ സ്വീകരിക്കുന്നു. ഇതിലുള്ളതിനെക്കാൾ അതിസുഖം അതിലുണ്ടെന്നുള്ള വിചാരത്താൽ മറെറാന്നിനെ സ്വീകരിക്കുന്നു. എപ്പോഴും സ്വരൂപമായിത്തന്നെ ഇരിക്കുന്ന ആത്മാവ് ഏതിനെ ഉപേക്ഷിക്കുന്നു, ഏതിനെ പരിഗ്രഹിക്കുന്നു. ഏകനായ ആത്മാവ് തന്നെത്തന്നെ ഉപേക്ഷിക്കുന്നതെങ്ങനെ. താനല്ലാതെ മറെറാന്നും ഇല്ലാതിരിക്കേ ഏതിനെയാണ് എടുക്കുന്നത്. ഉപേക്ഷിക്കുവാനോ സ്വീകരിക്കുവാനോ സാധിക്കാവുന്ന ഏതൊരു വസ്തുവും ആത്മാവല്ല. അങ്ങിനെയിരിക്കുന്ന ആത്മാവിൽ വ്യഭിചാരം—ഒന്നിനെ വിട്ടു മറെറാന്നിന്റെ സ്വീകാരം—എങ്ങിനെ സംഭവിക്കും. സംഭാവ്യമല്ലെന്നു സിദ്ധാന്തം.

27. ഹാനാദാനവിഹീനേസ്മിന്നുപേക്ഷാചേത്തൃണാദിവത്
ഉപേക്ഷിതുഃ സ്വരൂപത്വാന്നോ പേക്ഷ്യത്വം നിജാത്മനഃ.

ഹാനാദാനവിഹീനേഅസ്മിൻ=കളയാനും എടുക്കാനും വിഷയമല്ലാതിരിക്കുന്ന ഇവനിൽ—ആത്മാവിൽ. തൃണാദിവത് ഉപേക്ഷാചേത്=പുല്ലു മുതലായ പദാർത്ഥത്തിൽ എന്നപോലെ ഉപേക്ഷാവിഷയത്വം ഇരിക്കട്ടെ എന്നാണെങ്കിൽ ഉപേക്ഷിതുഃ=ഉപേക്ഷിക്കുന്നവന്റെ. സ്വരൂപത്വാത് നിജാത്മനഃ=സ്വരൂപം എന്ന കാരണത്താൽ സ്വസ്വരൂപത്തിന്റെ. ഉപേക്ഷ്യത്വം ന=ഉപേക്ഷാവിഷയത്വം സംഭവിക്കത്തക്കതല്ല.

തള്ളിക്കളയത്തക്കതോ എടുക്കത്തക്കതോ ആയ വസ്തുവല്ല ആത്മാവ് എന്നു വന്നാലും ഉപേക്ഷാവിഷയത്വം ആത്മാവിലിരുന്നുകൂടെയോ എന്ന ശങ്കക്കു സമാധാനം:—ആത്മാവിനെ ഉപേക്ഷിപ്പാ

നോ സ്വീകരിക്കുവാനോ കഴികയില്ലെങ്കിലും തൃണാദിവസ്തുക്കളെയെന്നപോലെ ഉപേക്ഷിക്കത്തക്കത എന്നുള്ള നില ആത്മാവിൽ എന്തുകൊണ്ടു വന്നുകൂടാ? എടുക്കുകയും കളയുകയും ചെയ്യുന്നില്ല അതിന്റെ പാട്ടിൽ അതിരുന്നുകൊള്ളട്ടെ. നിസ്സാരമായ തൃണത്തെ വേണമെന്നോ വേണ്ട എന്നോ വിചാരിക്കാതെ അതിന്റെ പാട്ടിൽ അതിരിക്കട്ടെ എന്നുവെക്കുന്ന നിലക്കാണ് ഉപേക്ഷാവിഷയം എന്നു പറഞ്ഞത്. ഒരു നിസ്സാരത്തെ അതിന്റെ പാട്ടിൽ അതിരുന്നുകൊള്ളട്ടെ എന്നുവെക്കുന്നത്—ആ സാധനമല്ല. അന്യനായ ഒരുവനാണ്. ഇതുപോലെ ആത്മാവിനെ ഉപേക്ഷ്യനിലയിൽ നിർത്തുവാൻ അന്യനില്ലാത്തതുകൊണ്ട് നിജസ്വരൂപത്തെ എങ്ങിനെ ഉപേക്ഷ്യത്വേന വിഷയീകരിക്കും? അതിനാൽ എടുക്കാനോ കളയുവാനോ, ഉപേക്ഷ്യം എന്നു കാണ്മാനോ കഴിയാതിരിക്കുന്ന നിരതിശയപ്രീതിസ്വരൂപമാണാത്മാവെന്നു സിദ്ധം.

28. രോഗക്രോധാഭിഭൂതാനാം മുമൂഷാവീക്ഷ്യതേ ക്വചിത്
തതോദ്വേഷാൽഭവേത്ത്യാജ്യ ആത്മേതിയദിതന്നഹി.

രോഗക്രോധാഭിഭൂതാനാംക്വചിത്=രോഗം ക്രോധം എന്നിവയാൽ ബുദ്ധിമുട്ടുന്നവരിൽ ചിലക്കു ചിലപ്പോൾ. മുമൂഷാവീക്ഷ്യതേ=മരിക്കാനിച്ഛ കാണപ്പെടുന്നുണ്ട്. തതഃആത്മാദ്വേഷാത്=അതുകൊണ്ടു ആത്മാവ് ദ്വേഷംനിമിത്തം. ത്യാജ്യഃ ഭവേത്‌യദി=ഉപേക്ഷിക്കപ്പെടുവാൻ കഴിയുന്ന ഒന്നാണ് എങ്കിൽ. തത്നഹി=അങ്ങിനെ ഭവിക്കുന്ന ഒന്നല്ല ആത്മാവ്.

ആത്മാവിനെ തള്ളിക്കളയുവാനോ സ്വീകരിപ്പാനോ കഴികയില്ലെന്നു മുമ്പേ പറഞ്ഞതിൽ ശിഷ്യൻ ശങ്കിക്കുന്നു:—ഹേ ഗുരോ അസഹ്യമായ രോഗംകൊണ്ടോ ക്രോധംകൊണ്ടോ വിവേകം നശിച്ചിരിക്കുന്ന ചിലർ മരിക്കാൻ ഒരുങ്ങുന്നതായി കാണപ്പെടുന്നുണ്ട്. അതിനാൽ തേൾ മുതലായ ദുഷ്ടജന്തുക്കളിൽ എന്നപോലെ ആത്മാവിൽ ദ്വേഷവും അതു നിമിത്തം ഉപേക്ഷിക്കാനാഗ്രഹവും ഉണ്ടല്ലോ. അങ്ങിനെയിരിക്കെ ത്യാജ്യനോ ഗ്രാഹ്യനോ അല്ല ആത്മാവെന്നു പറഞ്ഞത് യുക്തമല്ല എന്നാണ് ശങ്കയെങ്കിൽ അതു ശരിയല്ല. ആത്മാവിനെയല്ല ത്യജിപ്പാനാഗ്രഹിക്കുന്നത് എന്നഭിപ്രായം.

29. ത്യക്തുംയോഗ്യസ്യദേഹസ്യ നാത്മതാത്യക്തുരേവസാ
നത്യക്തര്യസ്തിസദ്വേഷസ്ത്യാജ്യേ ദ്വേഷേതുകാക്ഷതിഃ.

ത്യക്തുംയോഗ്യസ്യദേഹസ്യ=ഉപേക്ഷിക്കാൻ യോഗ്യമായ ദേഹത്തിന്. ന ആത്മതാ=ആത്മത്വ് ഇല്ല. ത്യക്തുഃ ഏവസാ=ത്യജിക്കുന്നവന്നാണ് ആത്മത്വം. ത്യക്തരിസഃ ദ്വേഷഃന=ത്യജിക്കുന്നവനിൽ ആ ദ്വേഷമില്ല ത്യാജ്യേദ്വേഷേതു=ത്യജിപ്പാൻ യോഗ്യമായ ദേഹത്തിൽ ദ്വേഷം ഉണ്ടെങ്കിൽ. കാക്ഷതിഃ=എന്തു ഹാനി.

മുമ്പേ പറഞ്ഞതിനെ സ്പഷ്ടമായി കാണിക്കുന്നു:—ആത്മാവിനെയല്ല ത്യജിപ്പാൻ ഇച്ഛിക്കുന്നത്. ദേഹത്തെ ത്യജിപ്പാൻ ആത്മാവ് ജീവൻ–ആഗ്രഹിക്കുന്നു. ജീവന്നു ദേഹത്തെ ഉപേക്ഷിപ്പാൻ കഴിയും. ജീവന്റെ വാസസ്ഥാനമായ ദേഹമാകുന്ന വീടു ഗുണമുള്ളതല്ല എന്നു കണ്ടപ്പോൾ ആ ദേഹത്തെ–വാസഭവനത്തെ–ഉപേക്ഷിക്കാൻ വീട്ടുടമസ്ഥനായ ജീവൻ നിശ്ചയിക്കുന്നു. ദേഹത്തിന്നു ആത്മത്വം ഇല്ല. ത്യജിക്കുന്ന കർത്താവാണ് ജീവൻ. ആ ജീവനാണ് ആത്മാവ്. ത്യാജ്യമായ ദേഹത്തിൽ ആത്മാവിന്നു ദ്വേഷമുണ്ടാകുന്നുവെങ്കിൽ ആത്മാവ് ത്യജിക്കപ്പെടുവാൻ യോഗ്യമായ വസ്തുവല്ല എന്നു സിദ്ധാന്തിക്കുന്ന എനിക്കു എന്താദോഷം. എന്റെ സിദ്ധാന്തത്തിൽ എന്തൊരു ഹാനിയാണുള്ളത്. ത്യജിക്കുന്ന കർത്താവാണ് ആത്മാവ്. ത്യജിക്കപ്പെടുന്ന ദേഹം ആത്മാവല്ല. ആകയാൽ ആത്മാവ് ത്യാജ്യനല്ല. എന്നാണ് ശങ്കക്കുള്ള സമാധാനം.

30. ആത്മാർത്ഥത്വേന സർവ്വസ്യപ്രീതേശ്ചാത്മാഹ്യതിപ്രിയഃ
സിദ്ധോയഥാ പുത്രമിത്രാൽ പുത്രഃപ്രിയതരസ്തഥാ.

ആത്മാർത്ഥത്വേന=ആത്മാവിന്റെ പ്രയോജനത്തിനായിട്ടു. സർവ്വസ്യപ്രീതേഃ=സർവ്വത്തെകുറിച്ചും പ്രീതി കാണപ്പെടുന്നതിനാൽ. ആത്മാ അതിപ്രിയഃ സിദ്ധഃഹി=ആത്മാവ് അതിപ്രിയൻതന്നെയെന്നു സിദ്ധമായി. യഥാപുത്രമിത്രാത്=എതുപോലെയെന്നാൽ പുത്രന്റെ മിത്രത്തെക്കാൾ പുത്രഃ പ്രിയതരഃ തഥാ=പുത്രൻ അതിപ്രിയൻ എന്നതുപോലെ.

ആത്മോപകരണത്തിന്നായിട്ടു ഭർത്തൃഭാര്യാദികളായ ഇതരവസ്തുക്കളെ പ്രിയപ്പെടുന്നതിനാൽ ആ വസ്തുക്കളിൽ ഉള്ളതിനേക്കാൾ അതിപ്രീതി ആത്മാവിൽതന്നെയെന്നതു ശ്രുതിപ്രമാണത്താൽ സിദ്ധമായി. യുക്തികൊണ്ടും അതിനെ ഉറപ്പിക്കുന്നു:—ലോകത്തിൽ വിഷ്ണുദത്തൻ എന്ന ഒരാൾക്ക് ദേവദത്തൻ

എന്ന പുത്രനുണ്ട്. ദേവദത്തന് യജ്ഞദത്തൻ എന്ന ഒരു മിത്രവും ഉണ്ടെങ്കിൽ വിഷ്ണുദത്തന് യജ്ഞദത്തനിൽ പുത്രമിത്രം എന്ന നിലയിലുള്ള പ്രീതിയെക്കാൾ അധികം പ്രീതി സ്വപുത്രനിൽത്തന്നെയെന്നതുപോലെ ആത്മാവിലുള്ള പ്രീതി സുഖവസ്തുക്കളായ ധനാദികളിൽ ആർക്കുമുണ്ടാകയില്ല.

31. മാനഭൂവമഹം കിന്തുഭൂയാസം സർവ്വദേത്യസൌ
ആശീഃ സർവ്വസ്യദൃഷ്ടേതി പ്രത്യക്ഷാ പ്രീതിരാത്മനി.

അഹംമാനഭൂവം=ഞാനില്ലാതാകരുത്. കിന്തു സർവ്വദാഭൂയാസം=പിന്നെയോയെന്നാൽ എപ്പോഴും ഉണ്ടായിരിക്കേണം. ഇതി അസൌ ആശീഃ=എന്ന ഈ പ്രാർത്ഥന. സർവ്വസ്യദൃഷ്ടാ=സർവ്വർക്കും കാണപ്പെടുന്നു. ഇതി ആത്മനിപ്രീതിഃ പ്രത്യക്ഷാ=എന്ന കാരണത്താൽ ആത്മാവിൽ പ്രീതി പ്രത്യക്ഷയാകുന്നു.

ആത്മാവിൽ നിരതിശയപ്രീതിയുണ്ടെന്നു ശ്രുതിയുക്തികൾകൊണ്ടു സാധിച്ചതിനെ പ്രത്യക്ഷമായിട്ടും കാണിക്കുന്നു:—ലോകത്തിൽ എല്ലാവരും ഞാനില്ലാതാകരുത്, എല്ലാപ്പോഴും ഉണ്ടായിരിക്കേണം എന്നുള്ള പ്രാർത്ഥനയുള്ളവരാകുന്നു. അതുകൊണ്ടു ആത്മപ്രീതി പ്രത്യക്ഷവുമാണെന്നു സിദ്ധിക്കുന്നു.

32. ഇത്യാദിഭിസ്ത്രിഭിഃപ്രീതൌ സിദ്ധായാമേവമാത്മനി
പുത്രഭാര്യാദിശേഷത്വമാത്മനഃ,കൈശ്ചിദീരിതം.

ഇത്യാദിഭിഃത്രിഭിഃ=ഇങ്ങിനെ അനുഭവം യുക്തി, ശ്രുതി എന്ന മൂന്നുകൊണ്ടു. ആത്മനിപ്രീതൌ ഏവം സിദ്ധായാം=ആത്മാവിൽ പ്രീതി ഇപ്രകാരം സിദ്ധിച്ചിരിക്കേ. ആത്മനഃ പുത്രഭാര്യാദിശേഷത്വം=ആത്മാവ് പുത്രഭാര്യാദികളുടെ പ്രീതിക്കധീനൻ എന്ന്. കൈശ്ചിത് ഈരിതം=വേറെ ചിലരാൽ പറയപ്പെടുന്നു.

ഇതുവരെ പറഞ്ഞതിനെ ഉറപ്പിച്ചുകൊണ്ടു ശ്രുത്യർത്ഥം നന്നായറിയാതെ ചിലർ പറയുന്ന തെററായ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ ഭാവിക്കുന്നു:—അനുഭവം യുക്തി,ശ്രുതി എന്ന മൂന്നുവിധം പ്രമാണങ്ങൾകൊണ്ടും ആത്മാവിൽ നിരതിശയപ്രേമം ഉറപ്പിച്ചിരിക്കേ മററ ചിലർ പുത്രഭാര്യാദികളുടെ പ്രേമത്തെ ആത്മാവാശ്രയിക്കുന്നുവെന്നു പറയുന്നു.

33. ഏതദ്വിവക്ഷയാ പുത്രേ,മുഖ്യാത്മത്വം ശ്രുതീരിതം
ആത്മാവൈ പുത്രനാമേതി,തച്ചോപനിഷദിസ്ഫുടം.

ഏതദ്വിവക്ഷയാ=ഈ അഭിപ്രായത്തെ പറവാനാഗ്രഹിച്ചുകൊണ്ടു. ആത്മാവൈപുത്രനാമാഇതി=ആത്മാവുതന്നെ പുത്രനെന്ന പേരോടുകൂടിയവൻ എന്ന്. പുത്രേ മുഖ്യാത്മത്വം=പുത്രനിൽ മുഖ്യാത്മഭാവം ശ്രുതീരിതം=ശ്രുതിയാൽ പറയപ്പെട്ടു. തത്ച ഉപനിഷദിസ്ഫുടം=അതും ഉപനിഷത്തിൽ സ്പഷ്ടം.

ഈ മേൽകാണിച്ച പക്ഷത്തെ പറവാൻവേണ്ടിട്ടാണ് ആത്മാവുതന്നെയാണ് പുത്രൻ എന്ന വാക്യത്താൽ പുത്രനിൽ മുഖ്യാത്മഭാവം പറയപ്പെട്ടിരിക്കുന്നത്. ആ സംഗതി ഐതരേയം എന്ന ഉപനിഷത്തിൽ സ്പഷ്ടമായിട്ടു കാണുന്നുണ്ട്.

34. സോന്യായമാത്മപുണ്യേഭ്യഃകർമ്മഭ്യഃ പ്രതിധീയതേ
അഥാസ്യേതരആത്മായം കൃതകൃത്യഃ പ്രമീയതേ.

അസ്യ,സഃ അയംആത്മാ=ഇവൻെറ ആ ഈ ആത്മാവ്. പുണ്യേഭ്യഃകർമ്മഭ്യഃ=പുണ്യകർമ്മങ്ങൾക്കായ്ക്കൊണ്ടു. പ്രതിധീയതേ=പ്രതിനിധിയാക്കപ്പെടുന്നു. അഥഅസ്യ ഇതരഃ അയംആത്മാ=അനന്തരം പിതാവിൻെറ ഇതരമായ ആത്മാവ്. കൃതകൃത്യഃപ്രമീയതേ=കൃതകൃത്യനായിട്ടു മരിക്കുന്നു.

ഉപനിഷത്തിലുള്ള ഏതു വാക്യത്താൽ ഈ കാര്യം അറിയപ്പെടുന്നുവെന്നു കാണിപ്പാൻ "സ പുരുഷേ ഹവാ അയമാദിതോ ഗർഭോ ഭവതി" എന്നുതുടങ്ങുന്ന വാക്യങ്ങളുടെ അർത്ഥം ശ്ലോകത്തിൽ കാണിക്കുന്നു:—ആദ്യം പുരുഷനാണ് ഗർഭം ധരിക്കുന്നത്. ആ ഗർഭത്തെ ഭാര്യയിൽ ആധാനംചെയ്യുന്നു എന്നിങ്ങിനെ പ്രകരണത്തിൽ പറഞ്ഞുകൊണ്ട് ആ കുമാരനെ ശ്രദ്ധയാ രക്ഷിക്കേണം എന്നു ശാസിക്കുന്നു. ഇപ്രകാരം ആത്മാവുതന്നെ പുത്രരൂപത്തിൽ രണ്ടാമത്തെ ആത്മാവായിട്ടുംവന്നു. ആ പുത്രരൂപനായ ആത്മാവിനെ പുണ്യകർമ്മങ്ങളെല്ലാം താൻ ചെയ്തതുപോലെ ചെയ്വാൻ പ്രതിനിധിയാക്കി കല്പിച്ചു അപ്പോൾ വേണ്ടതൊക്കെ ചെയ്തുകഴിഞ്ഞുവെന്നുള്ള കൃതാർത്ഥതയും ഉണ്ടായി. പുത്രനിൽനിന്നു ഇതരമായ ആത്മാവാണല്ലൊ ഇപ്പോൾ പിതാവ്. ആ ഇതരാത്മാവ് ജരാഗ്രസ്തനായിട്ടു മരിക്കയും ചെയ്യുന്നു.

35. സത്യപ്യാത്മനിലോകോസ്തിനാപുത്രസ്യാതഏവഹി
അനുശിഷ്ടംപുത്രമേവലോക്യമാഹുർമനീഷിണഃ.

ആത്മനിസതിഅപി=ആത്മാവുണ്ടെങ്കിലും. അപുത്രസ്യലോകഃനഅസ്തി=പുത്രനില്ലാത്തവന്ന് പിതൃലോകമില്ല. അതഃഏവഅനുശിഷ്ടംപുത്രം=അതുകൊണ്ടുതന്നെ അനുശാസിക്കപ്പെട്ട പുത്രനെ. മനീഷിണഃലോക്യംആഹുഃഹി=അറിവുള്ളവർ ലോകഹിതനെന്നു പറയുന്നതു പ്രസിദ്ധമാകുന്നു.

മുൻപറഞ്ഞതിനെ—പുത്രൻ മുഖ്യാത്മാവാണെന്നതിനെ ഉറപ്പിക്കുവാൻ—പുത്രനില്ലാത്തവന്ന് പുണ്യലോകമില്ല:—"നാപുത്രസ്യലോകോസ്തി" എന്ന ശ്രുതിയുടെ അർത്ഥം ശ്ലോകരൂപേണ കാണിക്കുന്നു:—ആത്മാവ്—പിതൃരൂപനായ ആത്മാവുണ്ടെന്നിരിക്കിലും പുത്രരൂപനായ മുഖ്യാത്മാവില്ലാത്തവന്നു പിതൃലോകം സിദ്ധിക്കുന്നില്ല. അതുകൊണ്ടുതന്നെ അനുശാസിക്കപ്പെട്ട—"ത്വംബ്രഹ്മ" എന്ന മന്ത്രത്താൽ ഉപദേശിക്കപ്പെട്ട പുത്രനെ പുണ്യലോകം സാധിപ്പിക്കുന്ന മുഖ്യാത്മാവായിട്ട അറിവുള്ളവർ പറയുന്നുവെന്നതു പുരാണങ്ങളിൽ പ്രസിദ്ധമാകുന്നു.

36. മനുഷ്യലോകോജയ്യഃസ്യാത് പുത്രേണൈവേതരേണനോ
മുമൂർഷുർമന്ത്രയേൽപുത്രംത്വംബ്രഹ്മേത്യാദിമന്ത്രകൈഃ.

മനുഷ്യലോകഃപുത്രേണഏവ=മനുഷ്യലോകം പുത്രനാൽതന്നെ. ജയ്യഃസ്യാത്=ജയിക്കപ്പെടുവാൻ കഴികയുള്ളു ഇതരേണനോ=മറ്റൊന്നിനാൽ കഴിയുന്നതല്ല. മുമൂർഷുഃപുത്രം=മരണോന്മുഖൻ പുത്രനെ. ത്വംബ്രഹ്മ ഇത്യാദിമന്ത്രകൈഃ മന്ത്രയേത്=നീ ബ്രഹ്മമാകുന്നു എന്നീ മന്ത്രങ്ങളാൽ ഉപദേശിക്കേണം.

ഇഹലോകത്തിലും പുത്രൻതന്നെ മുഖ്യാത്മാവെന്നു കാണിക്കുന്ന ശ്രുത്യർത്ഥത്തെ പറയുന്നു:—"സോയംമനുഷ്യലോകഃ പുത്രേണൈവജയ്യഃനാന്യേനകർമ്മണാ" ഈ മനുഷ്യലോകം സിദ്ധിച്ചുവെങ്കിലും സുഖമുണ്ടാകുവാൻ പുത്രൻതന്നെ വേണം. മററകർമ്മങ്ങളാൽ മനുഷ്യലോകസുഖം സിദ്ധിക്കുകയില്ല എന്ന അർത്ഥമായ ശ്രുതിവാക്യത്തെയാണ് ശ്ലോകത്തിൽ കാണിക്കുന്നത്:—മനുഷ്യലോകസുഖം പുത്രനുള്ളവന്നു മാത്രമേ സിദ്ധിക്കുകയുള്ളു. പുത്രനില്ലാത്തവന്നുള്ള ധനാദികളും കർമ്മാനുഷ്ഠാനങ്ങളുമെല്ലാം ദുഃഖഹേതുക്കളായിതന്നെയിരിക്കുകയുള്ളു. അതുകൊണ്ടു പുത്രനെ അനുശാസിക്കേണം എപ്പോൾ എങ്ങിനെ ഉപദേശിക്കേണം എന്ന് കാലത്തേയും മന്ത്രങ്ങളേയും കാണിക്കുന്നു:—മരണം അടുത്തിരിക്കുമ്പോൾ പിതാവു പുത്രനെ "ത്വംയജ്ഞസ്ത്വം ലോകസ്ത്വംബ്രഹ്മ" എന്ന മൂന്നു മന്ത്രങ്ങൾകൊണ്ടു നീ യജ്ഞമാണ്. നീ പുണ്യലോകമാണ്. നീ ബ്രഹ്മമാണ്. എന്നു ഉപദേശിക്കേണം. നീയെന്റെ പുണ്യകർമ്മം നീയെന്റെ പുണ്യലോകം നീയെന്റെ ബ്രഹ്മാനന്ദം എന്നാണ് അർത്ഥം.

37. ഇത്യാദിശ്രുതയഃപ്രാഹുഃപുത്രഭാര്യാദിശേഷതാം
ലൌകികാഅപിപുത്രസ്യപ്രാധാന്യമനുമന്വതേ.

ഇത്യാദിശ്രുതയഃ=എന്നിങ്ങിനെ ശ്രുതികൾ. പുത്രഭാര്യാദിശേഷതാംആഹുഃ=ആത്മാവിന്നു പുത്രഭാര്യാദികളുടെ ആശ്രയത്തെ പറയുന്നു. ലൌകികാഃഅപി=ലോകത്തിലെ സാധാരണന്മാരും. പുത്രസ്യപ്രാധാന്യം അനുമന്വതേ=പുത്രന്റെ പ്രധാനതയെ അനുമാനിക്കുന്നു.

പുത്രഭാര്യാദികളെ ആത്മാവാശ്രയിക്കുന്നുവെന്ന് അനേകം ശ്രുതികൾ പറയുന്നു. കേവലം ശ്രുതിപ്രാധാന്യം മാത്രമല്ല ലോകത്തിലുള്ളവരും പുത്രൻ പ്രധാനമാണെന്നു നിരന്തരം വിചാരിക്കയും ചെയ്യുന്നു എന്നിങ്ങിനെ പുത്രൻ മുഖ്യാത്മാവെന്നു പറഞ്ഞ സംഗതിയെ ഉപസംഹരിച്ചു.

38. സ്വസ്മിൻമൃതേപിപുത്രാദിർജ്ജീവേദ്വിത്താദിനായഥാ
തഥൈവയത്നംകുരുതേമുഖ്യാഃ പുത്രാദയസ്തതഃ.

സ്വസ്മിൻമൃതേഅപി=താൻ മരിച്ചുപോയാലും. പുത്രാദിഃവിത്താദിനാ=പുത്രൻ മുതലായവർ ധനം മുതലായതുകൊണ്ടു. യഥാജീവേത്=എങ്ങിനെയായാൽ ജീവിക്കുമോ. തഥാഏവയത്നംകുരുതേ=ആ പ്രകാരംതന്നെ പണിപ്പെടുന്നു. തതഃപുത്രാദയഃമുഖ്യാഃ=അതുകൊണ്ടു പുത്രൻ മുതലായവർ മുഖ്യന്മാർ.

ലൌകികന്മാരും പുത്രാദികളെ മുഖ്യന്മാരെന്നു കരുതുന്നുവെന്നു മുൻശ്ലോകത്തിൽ പറഞ്ഞതിനെ ഉപപാദിക്കുന്നു:—ലോകത്തിൽ ഓരോരുത്തരും ഞാൻ മരിച്ചുപോയശേഷവും എന്റെ ഭാര്യാപുത്രന്മാർ എന്നിവർ ധനം കൃഷി എന്നിവ എത്രത്തോളമുണ്ടായാൽ സുഖമായി ജീവിക്കുമോ അത്രത്തോളം സമ്പാദിച്ച് അവരെ സുഖപ്പെടുത്തേണം എന്ന വിചാരത്താൽ സ്വന്തശരീരമനഃക്ലേശങ്ങളെ സഹിച്ചുകൊണ്ടു പണിചെയ്യുന്നു. ഈ സംഗതി ആത്മാവ് തന്നെക്കാൾ അധികം പുത്രാദികളെ സ്നേഹിക്കുന്നതായി കാ

ണപ്പെടുന്നതിനാൽ മുഖ്യത്വം പുത്രാദികൾക്കുതന്നെയെന്നു സിദ്ധിക്കുന്നു തന്നിലല്ല അതിപ്രിയം പുത്രാദികളിലാണ്; അതുകൊണ്ടാണ് താൻ ക്ലേശം അനുഭവിച്ചിട്ടും പുത്രാദികളുടെ സുഖത്തെ കാംക്ഷിക്കുന്നത് എന്നതിനെ സ്പഷ്ടമാക്കിയിരിക്കുന്നു.

39. ബാഢംഏതാവതാന്നാത്മാശേഷോഭവതികസ്യചിത്
ഗൌണമിഥ്യാമുഖ്യഭേദൈരാത്മായംഭവതിത്രിധാ.

ബാഢംഏതാവതാ=അംഗീകരിക്കുന്നു. എന്നാൽ ഇത്രമാത്രത്താൽ ആത്മാകസ്യചിത്അപി=ആത്മാവ് ആരുടേയും ശേഷഃനഭവതി=ശേഷമല്ല. ഗൌണമിഥ്യാമുഖ്യഭേദൈഃ=ഗൌണം മിഥ്യാമുഖ്യം എന്ന ഭേദങ്ങളാൽ. അയംആത്മാത്രിധാഭവതി=ഈ ആത്മാവ് മൂന്നുവിധത്തിലാകുന്നു.

ശരി ഹേ ശിഷ്യ! നീ പറഞ്ഞതായ ശ്രുതിയുക്തി ലോകരീതിയെന്നിവയെ ഞാൻ സമ്മതിക്കുന്നു. അങ്ങിനെ സമ്മതിച്ചുവെങ്കിൽ ആത്മാവ് ശേഷമല്ല. ശേഷിയാണ് എന്നങ്ങുന്നാദ്യം പറഞ്ഞത് തകന്നില്ലെയോ എന്നും ശങ്കിക്കേണ്ട. ഇത്രമാത്രമുള്ള ശ്രുതിയുക്തികൾകൊണ്ടൊന്നുംതന്നെ ആത്മാവിന്നു ശേഷത്വം സംഭവിക്കുന്നില്ല. ആത്മാവ് ശേഷിതന്നെയാകുന്നു. അതെങ്ങിനെയെന്നാൽ ഏകനായ ഈ ആത്മാവ്—ഗൌണാത്മാവ്, മിഥ്യാത്മാവ്, മുഖ്യാത്മാവ്—എന്ന മൂന്നു ഭേദത്തോടുകൂടെ വിളങ്ങുന്നു. ഏതേതു വ്യവഹാരത്തിൽ ഏതേതാത്മാവിനെകുറിച്ചു പറയുന്നുവോ അതാതു വ്യവഹാരത്തിൽ അതാതാത്മാവിന്നു പ്രാധാന്യമുണ്ടെന്നു കാണിപ്പാനാണ് ആത്മാവു മൂന്നുവിധത്തിൽ വിളങ്ങുന്നുവെന്നു പറഞ്ഞത്.

40. ദേവദത്തസ്തു സിംഹോയമിത്യൈക്യം ഗൌണമേതയോഃ
ഭേദസ്യഭാസമാനത്വാൽ പുത്രാദേരാത്മതാ തഥാ.

അയം ദേവദത്തഃതു സിംഹഃ=ഈ ദേവദത്തനാകട്ടെ സിംഹമാകുന്നു. ഇതി ഏതയോഃ ഐക്യംഗൌണം=എന്നുള്ള രണ്ടുപേരുടെ ഏകത്വം ഗൌണം—ഗുണസംബന്ധംനിമിത്തം. ഭേദസ്യ ഭാസമാനത്വാത്=ഭേദം കാണപ്പെടുന്നതുകൊണ്ട്. പുത്രാദേഃ ആത്മതാ തഥാ=പുത്രൻ മുതലായവരുടെ ആത്മത്വം അപ്രകാരമാകുന്നു.

ഗൌണാത്മാവിനെ കാണിക്കുന്നു:—ദേവദത്തനൊന്ന മനുഷ്യൻ സിംഹമാകുന്നുവെന്നു പറയുമ്പോൾ മനുഷ്യനായ ദേവദത്തനും മൃഗമായ സിംഹത്തിന്നും തമ്മിൽ ഏകത്വം സംഭവിക്കാത്തതായ ഭേദം പ്രത്യക്ഷത്തിൽ കാണപ്പെട്ടുകൊണ്ടിരിക്കെ ഐക്യം പറഞ്ഞത് ഗുണംനിമിത്തമാണെന്നു സ്പഷ്ടമാകുന്നു. സിംഹത്തിന്നെന്നപോലെ പരാക്രമം മുതലായ ഗുണങ്ങൾ ദേവദത്തനുള്ളതിനെയാണ് ഐക്യം കാണിക്കുന്നത്. ഇതുപോലെ പുത്രൻതന്നെ ആത്മാവ് എന്നു പറയുന്നതും ഗുണസംബന്ധം നിമിത്തമാകുന്നു. പിതൃഗുണം പുത്രനിൽ ഉണ്ടെന്നു കാണിക്കുന്നതിനാൽ പുത്രൻ ഗൌണാത്മാവെന്നു സാരം. പുത്രനും പിതാവും വെവ്വേറെതന്നെ കാണപ്പെടുന്നതുമുണ്ടല്ലൊ.

41. ഭേദോസ്തിപഞ്ചകോശേഷു സാക്ഷിണൊനതുഭാത്യസൌ
മിഥ്യാത്മതാതഃകോശാനാം സ്ഥാണൊശ്ചൌരാത്മതായഥാ.

പഞ്ചകോശേഷു ഭേദഃഅസ്തി=അഞ്ചുകോശങ്ങളിൽ ഭേദമുണ്ട്. സാക്ഷിണഃഅസൌനഭാതി=സാക്ഷിക്ക ഈ ഭേദംഇല്ല. അതഃകോശാനാം മിഥ്യാത്മതാ=അതുകൊണ്ടു കോശങ്ങൾക്ക് മിഥ്യാത്മത്വം. യഥാ സ്ഥാണോഃചൌരാത്മതാ=എപ്രകാരമോ സ്ഥാണുവിന്നു ചോരാത്മതാ അപ്രകാരം.

മിഥ്യാത്മാവിനെ കാണിക്കുന്നു:—അന്നമയം പ്രാണമയം മനോമയം വിജ്ഞാനമയം ആനന്ദമയം എന്ന അഞ്ചുകോശങ്ങൾക്കുംതമ്മിൽ ഭേദമുണ്ട്. ഈ കോശങ്ങളെ പ്രകാശിപ്പിക്കുന്ന സാക്ഷിക്ക് ഭേദമില്ല. ആകയാൽ കോശങ്ങൾക്ക് മിഥ്യാത്മത്വം. ഏതുപോലെയെന്നാൽ ഒരു മരക്കുറ്റി (സ്ഥാണു) നിൽക്കുന്നു. ഇരുട്ടിൽ അതിന്റെ സ്വരൂപം അറിയാൻ കഴിഞ്ഞില്ല. അപ്പോൾ കള്ളനതാ വന്നുനിൽക്കുന്നുവെന്നു പറയുന്നു. സ്ഥാണു കള്ളനല്ല അതിനെ കള്ളനാണെന്നു വിചാരിക്കുന്നതുപോലെ അന്നമയാദികളെ ആത്മാവെന്നു കരുതുന്നതാണ് മിഥ്യാത്മഭാവം.

42. നഭാതിഭേദോനാപ്യസ്തി സാക്ഷിണോ പ്രതിയോഗിനഃ
സര്വ്വാന്തരത്വാത്ത സ്യൈവമുഖ്യമാത്മത്വമിഷ്യതേ.

അപ്രതിയോഗിനഃ സാക്ഷിണഃ=പ്രതിയോഗിയോടു കൂടാതിരിക്കുന്ന സാക്ഷിക്ക്. സര്വ്വാന്തരത്വാൽ=സര്വ്വത്തിന്റെ ആന്തരത്വം ഉള്ളതുകൊണ്ടു. തസ്യ ഏവ മുഖ്യം ആത്മത്വം ഇഷ്യതേ=ആത്മാവിന്നുതന്നെ

മുഖ്യാത്മഭാവം പറയപ്പെടുന്നു. തസ്യഭേദഃ നഭാതിന അപിഅസ്തി=അതിനു ഭേദം വിളങ്ങുന്നില്ല. ഭേദമില്ലതാനും.

മുഖ്യാത്മാവ് ആരാണെന്നു കാണിക്കുന്നു:—സാക്ഷിചൈതന്യമായ പ്രത്യഗാത്മാവാകുന്നു മുഖ്യാത്മാവെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പുത്രാദികൾക്കെന്നപോലെ പ്രതിയോഗിയില്ല. പുത്രാദികൾക്ക് പിതാവ് ഭർത്താവ് എന്നിവർ വേറെ കാണപ്പെടുന്നതുപോലെ ആത്മാവിന്നെതിരായിട്ടു പരമാർത്ഥമായ മറെറാരു വസ്തുവില്ല. അതിനാൽ പ്രത്യഗാത്മാ ഗൌണാത്മാവല്ല. കോശങ്ങൾക്കുതമ്മിൽ ഭേദമുള്ളതുപോലെ ഏകനായിരിക്കുന്ന ആത്മാവിനു ഭേദം വിളങ്ങുന്നില്ല. എന്തുകൊണ്ടു വിളങ്ങുന്നില്ല? ഭേദമില്ല. ഉണ്ടെങ്കിലല്ലെയോ വിളങ്ങുക. ഇല്ലാത്തതുകൊണ്ടു വിളങ്ങുന്നില്ല. അതിനാൽ മിഥ്യാത്മാവുമല്ല ഇതിന്നെല്ലാം കാരണം സൎവ്വത്തിൻെറയും അന്തരാത്മാവായിരിക്കുന്നതാകുന്നു. ഇവിടെ അനുമാനം സൂചിപ്പിക്കപ്പെട്ടതിനെ കാണിക്കാം:—സാക്ഷിചൈതന്യം മുഖ്യാത്മാവാകുന്നു. എന്തുകൊണ്ടെന്നാൽ സാക്ഷി സൎവ്വാന്തരനാണ്, എന്നത് അനുമാനത്തിനുള്ള ഹേതു. യാതൊന്ന് മുഖ്യാത്മാവാകുന്നില്ലെയോ അത് സൎവ്വാന്തരനാകയില്ല. അഹംകാരം മനസ്സ് ബുദ്ധി ഇവയെന്നതുപോലെ. അഹങ്കാരം മുതലായത് സൎവ്വാന്തരമല്ല. അതിനാൽ മുഖ്യാത്മാവുമല്ല. കേവലവ്യതിരേകിയായ അനുമാനം

43. സത്യേവം വ്യവഹാരേഷു യേഷുയസ്യാത്മതോചിതാ
തേഷുതസ്യൈവശേഷിത്വം സൎവ്വസ്യാന്യസ്യശേഷതാ.

ഏവംസതി=ഇപ്രകാരം ഇരിക്കുമ്പോൾ. യേഷുവ്യവഹാരേഷു=യാതൊരു വ്യവഹാരങ്ങളിൽ. യസ്യ ആത്മതാ ഉചിതാ=യാതൊന്നിന്നു ആത്മത ഉചിതയോ. തേഷുതസ്യഏവ=അവയിൽ അതിനുതന്നെ. ശേഷിത്വം=പ്രാധാന്യം. അന്യസ്യസൎവ്വസ്യ=അന്യമായ സൎവ്വത്തിന്നും. ശേഷതാ=അപ്രാധാന്യം.

ആത്മാവിൻെറ ത്രൈവിധ്യം കാണിച്ചു. അങ്ങിനെ ആത്മാവ് മൂന്നുവിധത്തിലായിരുന്നോട്ടെ. പുത്രാദികൾക്ക് പ്രാധാന്യം മുമ്പേ കാണിച്ചതിന്നു ഹാനിയെന്താണിതിൽനിന്നു സിദ്ധിച്ചത്, എന്നതിനെ സ്പഷ്ടമാക്കുന്നു. ആത്മാവ് മൂന്നുവിധത്തിലാണെങ്കിലും മുഖ്യാത്മത്വം സാക്ഷിയായ പ്രത്യഗാത്മാവിന്നുതന്നെ. എന്നാൽ പുത്രാദികൾക്ക് പ്രാധാന്യം കാണിപ്പാൻ കാരണമെന്തെന്നാൽ—വ്യവഹാരം പലവിധത്തിലാണ്. ലൌകികം, വൈദികം, അധ്യാത്മം, എന്നിങ്ങിനെ പലവിധ വ്യവഹാരങ്ങളിൽ പാലനപോഷണാദി ലൌകിക വ്യവഹാരവിഷയങ്ങളിൽ ദേഹം പുത്രൻ മുതലായവൎക്കാണ് പ്രാധാന്യം. ആ വിഷയത്തിൽ പുത്രാദികൾക്ക് മുഖ്യത്വം കല്പിച്ചു. വൈദികവ്യവഹാരങ്ങളിൽ മനോമയാദികോശങ്ങൾക്ക് മുഖ്യത്വം കല്പിച്ചു. ആത്മസാക്ഷാൽകാരവിഷയത്തിൽ സാക്ഷിചൈതന്യത്തിന്നു മുഖ്യത്വം സ്വതവേസിദ്ധം. കല്പിതമല്ല. ഏതേതു വ്യവഹാരങ്ങളിൽ ഏതേതിന്നു മുഖ്യത്വം കല്പിച്ചാൽ അതാതു വ്യവഹാരം വേണ്ടതുപോലെ കലാശിക്കുമോ അതിന്നുവേണ്ടി പുത്രാദിപാലനപോഷണാദി വ്യവഹാരവിഷയങ്ങളിൽ ഗൌണാത്മാവായ പുത്രാദിയെ മുഖ്യാത്മാവായിട്ടു കല്പിച്ചതിനാൽ അന്യമായ സൎവ്വത്തിന്നും അപ്രാധാന്യവും പുത്രാദികൾക്ക് പ്രാധാന്യവും നിശ്ചയിച്ചു. അതിനാൽ ലൌകികവ്യവഹാരവിഷയങ്ങളെ പ്രതിപാദിക്കുന്ന ശ്രുതിയുക്തി എന്നിവയെയാണ് മുമ്പേ കാണിച്ചത്. ആ ശ്രുത്യാദികളാണ് പുത്രാദികൾക്കു ശേഷിത്വവും (പ്രാധാന്യവും) മററു സൎവ്വത്തിന്നും ശേഷതയും (അപ്രാധാന്യവും) സ്ഥാപിച്ചിരിക്കുന്നത്.

44. മുമൂൎഷോൎഗ്ഗൃഹരക്ഷാദൌ ഗൌണാത്മൈവോപയുജ്യതേ
നമുഖ്യാത്മാനമിഥ്യാത്മാ പുത്രഃശേഷീഭവത്യതഃ.

മുമൂൎഷോഃ ഗൃഹരക്ഷാദൌ=മരണോന്മുഖൻെറ ഗൃഹരക്ഷ മുതലായതിൽ. ഗൌണാത്മാഏവ = ഗൌണാത്മാവായ പുത്രൻതന്നെ. ഉപയുജ്യതേ=ഉപയോഗപ്പെടുന്നുള്ളു. നമുഖ്യാത്മാ=മുഖ്യാത്മാവ് ഉപയോഗപ്പെടുന്നില്ല (സാക്ഷിചൈതന്യം നിൎവ്വികാരിയായതുകൊണ്ടു). നമിഥ്യാത്മാ=മിഥ്യാത്മാവും (ദേഹാദിയും) ഉപയോഗപ്പെടുന്നില്ല. അതഃ പുത്രഃ ശേഷീഭവതി=അതുകൊണ്ടു പുത്രൻ പ്രധാനാത്മാവായി നിശ്ചയിക്കപ്പെട്ടു.

യേഷുയേഷു യസ്യയസ്യ ആത്മതാ ഉചിതാ എന്നു മുമ്പേ പറഞ്ഞതിനെ വിസ്തരിക്കുന്നു:—മരണം സമീപിച്ചിരിക്കുന്ന ഒരുവന്ന് അവൻെറ ഗൃഹം, ധനം, കൃഷി എന്നിവയെല്ലാം അവൻെറ മരണശേഷവും നിലനില്ക്കേണം, രക്ഷപ്പെടേണം എന്നാണാഗ്രഹം. അവയെ രക്ഷിപ്പാൻ മുഖ്യാത്മാവും നിൎവ്വികാരിയുമായ സാക്ഷിചൈതന്യമോ, നശിക്കാൻപോകുന്ന അവൻെറ ദേഹാദിരൂപമായ മിഥ്യാത്മാവോ ഉപയോഗമില്ലാത്തതുകൊണ്ടു ഗൌണാത്മാവായ പുത്രന്നു ശേഷിത്വം (പ്രാധാന്യം) കല്പിക്ക

പ്പെട്ടു. മരിക്കുന്നവൻ നിശ്ചയിച്ച ഈ പുത്രൻതന്നെയാണ് എൻെറ ഗൃഹാദികളെ രക്ഷിക്കുവാനുചിതനായ മുഖ്യാത്മാവ് എന്ന്. അങ്ങിനെയാണ് പുത്രനു മുഖ്യാത്മത്വം കാണപ്പെടുന്നത്. പരമാൎത്ഥത്തിൽ പുത്രൻ മുഖ്യാത്മാവല്ല. അജ്ഞാനികളുടെ ഈ നിശ്ചയത്തെയാണ് ശ്രുതി കാണിക്കുന്നത്.

45. അദ്ധ്യേതാ വഹ്നിരിത്യത്ര സന്നപ്യഗ്നിൎന്നഗൃഹ്യതേ
അയോഗ്യത്വേനയോഗ്യത്വാ ൽവടുരേവാത്രഗൃഹ്യതേ.

അദ്ധ്യേതാവഹ്നിഃ ഇത്യത്ര=അധ്യയനം ചെയ്യുന്നവൻ അഗ്നിയാകുന്നു എന്നുള്ള ഈ പ്രയോഗത്തിൽ. സൻ അപി അഗ്നിഃ നഗൃഹ്യതേ = അഗ്നി ശബ്ദമുണ്ടെങ്കിലും അഗ്നി ഗ്രഹിക്കപ്പെടുന്നില്ല. അയോഗ്യത്വേന= യോഗ്യത്വമില്ലാത്തതുകൊണ്ട്. യോഗ്യത്വാൽ അത്രവടുഃ ഏവ ഗൃഹ്യതേ = യോഗ്യത്വം ഉള്ളതുകൊണ്ടു ബ്രാഹ്മണബാലൻതന്നെ ഗ്രഹിക്കപ്പെടുന്നു.

വേദം പഠിക്കുന്ന ബ്രഹ്മചാരി അഗ്നിയാകുന്നുവെന്നുള്ള പ്രയോഗത്തിൽ അഗ്നിവാചകം ഉണ്ടെന്നിരിക്കിലും അഗ്നിവേദം പഠിക്കുന്നതിൽ ഉചിതവസ്തുവല്ലാത്തതുകൊണ്ടു അഗ്നിയെന്നു പറഞ്ഞത് സാക്ഷാത്തായ അഗ്നിയെയാണെന്നു ആരും ധരിക്കാറില്ല. വേദം പഠിപ്പാനുള്ള യോഗ്യത ബ്രഹ്മചാരിക്കുള്ളതിനാൽ ബ്രഹ്മചാരിയെത്തന്നെ ഗ്രഹിക്കുന്നുള്ളൂ. അതുപോലെ ഗൃഹാദികളെ രക്ഷിപ്പാൻ താനുണ്ടെങ്കിൽക്കൂടെ അതിന്നുപകരിക്കുന്ന പുത്രനെ മുഖ്യാത്മാവായിട്ടു പറഞ്ഞിട്ടുണ്ടെങ്കിലും മുഖ്യാത്മത്വം പുത്രനിൽ ഇരിക്കുന്നില്ല. സാക്ഷിയിൽ മാത്രമേ ഇരിക്കുകയുള്ളൂ. ഗൌണാത്മാവായ പുത്രനെ മുഖ്യാത്മാവായി പറഞ്ഞതു ഗൃഹാദിപാലനയോഗ്യതകൊണ്ടുമാത്രമാണ്.

46. കൃശോഹം പുഷ്ടിമാപ്സ്യാമീത്യാദൌ ദേഹാത്മതോചിതാ
നപുത്രം വിനിയുങ്ക്തേത്ര പുഷ്ടിഹേത്വന്നഭക്ഷണേ.

കൃശഃഅഹം പുഷ്ടിംആപ്സ്യാമി = കൃശനായ ഞാൻ പുഷ്ടിയെ പ്രാപിക്കുന്നേൻ. ഇത്യാദൌ=എന്നിങ്ങിനെയുള്ള പ്രയോഗത്തിൽ. ദേഹാത്മതാ ഉചിതാ=ദേഹത്തിന്നു ആത്മത്വം ഉചിതം. പുഷ്ടിഹേത്വന്നഭക്ഷണേ അത്ര=പുഷ്ടിക്കു കാരണമായ അന്നം ഭക്ഷിക്കുന്ന കാൎയ്യത്തിൽ. പുത്രം നവിനിയുങ്ക്തേ=പുത്രനെ ഉപയോഗപ്പെടുത്തുന്നില്ല.

മിഥ്യാത്മാവിന്നു പ്രാധാന്യം കല്പിക്കുന്ന വിഷയത്തെ കാണിക്കുന്നു:—ഞാൻ ചടച്ചിരിക്കുന്നു. പുഷ്ടിപ്പെടേണമെന്നാഗ്രഹിക്കുന്നുവെന്നിങ്ങിനെ വ്യവഹരിക്കുന്ന സ്ഥലത്തിൽ ദേഹത്തെയാണ് ആത്മാവായിട്ടെടുക്കേണ്ടത്. പുത്രനെയല്ല. എന്തുകൊണ്ടെന്നാൽ പിതാവിൻെറ ദേഹം പുഷ്ടിപ്പെടുവാൻ ആവശ്യമായ ഭക്ഷണം കഴിപ്പാൻ പുത്രനെ ഏല്പിക്കുന്ന സമ്പ്രദായം കാണപ്പെടുന്നില്ലല്ലൊ. ദേഹത്തിന്നു പ്രാധാന്യം കല്പിച്ചതാണ് മിഥ്യാത്മപ്രാധാന്യം എന്നു ധരിക്കേണം. നശിക്കുന്ന ദേഹം മുഖ്യാത്മാവാകുകയില്ല.

47. തപസാ•സ്വൎഗമേഷ്യാമിത്യാദൌ കൎത്താത്മതോചിതാ
അനപേക്ഷ്യവപുൎഭോഗം ചരേൽ കൃച്ഛ്രാദികം തതഃ.

തപസാ സ്വൎഗ്ഗം ഏഷ്യാമി = തപസ്സുകൊണ്ടു സ്വൎഗ്ഗത്തെ പ്രാപിക്കുന്നേൻ. ഇത്യാദൌ കൎത്താത്മതാ ഉചിതാ = എന്നിങ്ങിനെയുള്ള വ്യവഹാരത്തിൽ ജീവനു ആത്മത്വം ഉചിതം. തതഃ വപുഃ ഭോഗം അനപേക്ഷ്യ=അതുകൊണ്ടു ദേഹത്തേയും ഭോഗത്തേയും അപേക്ഷിക്കാതെ. കൃച്ഛ്രാദികം ചരേത്=കൃച്ഛ്രം മുതലായതിനെ ആചരിക്കും.

ജീവന്നു മുഖ്യാത്മത്വം കല്പിക്കപ്പെടുന്ന വിഷയത്തെ കാണിക്കുന്നു:—തപസ്സു ചെയ്തിട്ടു ഞാൻ സ്വൎഗ്ഗം പ്രാപിക്കുന്നേൻ എന്നിങ്ങിനെ പറയപ്പെടുന്ന അവസരത്തിൽ വിജ്ഞാനമയനായ ജീവന്നു ആത്മത്വം ഉചിതം. എന്തുകൊണ്ടെന്നാൽ തപസ്സാചരിക്കുമ്പോൾ ദേഹത്തെയോ അതിന്നാവശ്യമായ സുഖഭക്ഷണപദാൎത്ഥാദികളെയോ അപേക്ഷിക്കാതെ കൃച്ഛ്രം, ചാന്ദ്രായണം മുതലായ ഉഗ്രവ്രതങ്ങളെ അനുഷ്ഠിക്കുന്നു. അതിനാൽ ഇങ്ങിനെയുള്ള വ്യവഹാരങ്ങളിൽ ജീവന്നു പ്രാധാന്യം കല്പിക്കപ്പെടുന്നതാണ് സമുചിതം.

48. മോക്ഷ്യേഹമിത്യത്രയുക്തം ചിദാത്മത്വംതദാപുമാൻ
തദ്വേത്തിഗുരുശാസ്ത്രാഭ്യാംനതുകിഞ്ചിച്ചികീൎഷതി.

അഹംമോക്ഷ്യേ ഇത്യത = ഞാൻ മോക്ഷത്തെ പ്രാപിക്കുന്നേൻ എന്ന വ്യവഹാരത്തിൽ. ചിദാത്മത്വം യുക്തം=ജ്ഞാനത്തിന്നു-സാക്ഷിക്ക്-ആത്മത്വം ഉചിതം. തദാപുമാൻ ഗുരുശാസ്ത്രാഭ്യാം=അപ്പോൾ പുരു

ഷൻ ഗുരുശാസ്ത്രങ്ങളിൽനിന്ന്. തത്‌വേത്തി = ചിൽസ്വരൂപത്തെ–സാക്ഷിയെ–അറിയുന്നു. നാഞ്ചി ഞ്ചിത് ചികീഷ്തി=മറെറാന്നും ചെയ്യാനാഗ്രഹിക്കുന്നില്ല

സാക്ഷിചൈതന്യത്തിന്നു മുഖ്യാത്മത്വം നിശ്ചയിക്കപ്പെടുന്ന വ്യവഹാരം ഏതാണെന്നു കാണിക്കുന്നു:—ഞാൻ മോക്ഷം–സർവ്വസംസാരസങ്കടത്തിൽനിന്നുള്ള മോചനം–പ്രാപിപ്പാൻ പോകുന്നു. എന്നിങ്ങിനെ വ്യവഹരിക്കപ്പെടുമ്പോൾ ജ്ഞാനത്തിന്നുതന്നെ–സാക്ഷിചൈതന്യത്തിന്നുതന്നെ–ആത്മത്വം ഉചിതം. എന്തുകൊണ്ടെന്നാൽ അപ്പോൾ കർത്താവായ ആത്മാവുകൊണ്ടു ഒരു കാര്യവും ചെയ്യാനാഗ്രഹിക്കുന്നില്ല. തപസ്സ് മുതലായ പുണ്യകർമ്മാനുഷ്ഠാനത്തിന്നു അപ്പോൾ പരിശ്രമമില്ല. പിന്നെ തൻസ്വരൂപമായ സത്യജ്ഞാനാനന്ദത്തെ അറിവാനുപകരിക്കുന്ന സച്ഛാസ്ത്രങ്ങളേയും മഹാവാക്യം ഉപദേശിപ്പാൻ യോഗ്യനായ ഗുരുവിനേയും ആശ്രയിച്ച് സ്വരൂപസാക്ഷാൽകാരത്തിന്നുമാത്രം ആഗ്രഹിക്കുന്നു.

49. വിപ്രക്ഷത്രാദയോയദ്വൽ ബൃഹസ്പതിസവാദിഷു
വ്യവസ്ഥിതാസ്തഥാഗൌണ മിഥ്യായുക്തതായഥോചിതം.

വിപ്രക്ഷത്രാദയഃ = ബ്രാഹ്മണൻ ക്ഷത്രിയൻ മുതലായവർ. ബൃഹസ്പതിസവാദിഷു = ബൃഹസ്പതിസവം (യാഗം) മുതലായതിൽ. യദ്വത് വ്യവസ്ഥിതാഃ=ഏതുവിധം വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നുവോ. തദ്വത് യഥോചിതം ഗൌണമിഥ്യാ യുക്താ = അതുപോലെ ഉചിതാനുസരണം ഗൌണാത്മതാമിഥ്യാത്മതാ എന്നിവ യുക്തം.

ഓരോ വ്യവഹാരത്തിൽ ഓരോവിധമയേ ആത്മാവിന്നു മുഖ്യത്വം പറയപ്പെട്ടതിന്റെ സ്വരൂപം ദൃഷ്ടാന്തപ്പെടുത്തുന്നു:—ബൃഹസ്പതിയാഗത്തിന്നു ബ്രാഹ്മണൻ അധികാരി—ക്ഷത്രിയന്നും വൈശ്യന്നും അതിന്നു യോഗ്യത (അധികാരം) ഇല്ല. രാജസൂയം എന്ന യാഗത്തിന്നു ക്ഷത്രിയൻ അധികാരി, ബ്രാഹ്മണന്നും വൈശ്യന്നും അധികാരമില്ല സ്തോമം എന്ന യാഗത്തിന്നു വൈശ്യൻ അധികാരി. ബ്രാഹ്മണന്നും ക്ഷത്രിയന്നും അധികാരമില്ല. എന്നിങ്ങിനെ വേദത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ഗൌണാത്മാവിന്നും മിഥ്യാത്മാവിന്നും ഓരോവിധ വ്യവഹാരത്തിൽ പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നുവെന്നറിഞ്ഞുകൊള്ളേണം.

50. തത്രതത്രോചിതേപ്രീതിരാത്മന്യേവാതിശായിനീ
അനാത്മനിതുതച്ഛേഷേ പ്രീതിരന്യത്രനോഭയം.

തത്രതത്ര ഉചിതേ പ്രീതിഃ=അതാതുവിഷയത്തിൽ ഉചിതമായതിൽ പ്രീതിമാത്രമുണ്ട്. ആത്മനി ഏവ അതിശായിനീ (പ്രീതിഃ) ആത്മാവിൽതന്നെ നിരതിശയപ്രീതിയിരിക്കുന്നു. തച്ഛേഷേ അനാത്മനിതു=ആത്മശേഷമായ അനാത്മാവിലോ. പ്രീതിഃ=പ്രീതിമാത്രം. അന്യത്ര=അന്യത്തിൽ–ആത്മാവുമല്ല ആത്മശേഷവുമല്ല എന്നതിൽ. നഉഭയം=രണ്ടുമില്ല. പ്രീതിയുമില്ല അതിശായിനിയായ പ്രീതിയുമില്ല.

ഇത്രത്തോളം വിസ്തരിച്ചു പറഞ്ഞതിന്റെ സാരാംശം ചുരുക്കി പറയുന്നു:—അതാതു വ്യവഹാരത്തിന്നുചിതമായ ഗൌണാത്മാമിഥ്യാത്മാവെന്നിവയിൽ പ്രീതിമാത്രമുണ്ട്. മുഖ്യാത്മാവിലാകട്ടെ നിരതിശയപ്രീതിയുണ്ട്. അതിനെ അതിശയിക്കുന്നതായ പ്രീതി മറെറാന്നിലുമില്ല എന്തുകൊണ്ടെന്നാൽ ആത്മാവിന്നാവശ്യമായ വസ്തുക്കളെയാണ് ആത്മശേഷം എന്നു പറയുന്നത്. അവയിൽ ആത്മാവിന്നു പ്രീതിയെന്നതു മാത്രമേയുള്ളു. ആത്മാവാകട്ടെ നിരതിശയപ്രീതിസ്ഥാനമാകുന്നു. ആത്മശേഷമല്ലാത്തതായ അനാത്മവസ്തുവിൽ—(ആത്മോപയോഗിയല്ലാത്തതായ യാതൊന്നിലും) പ്രീതിതന്നെയില്ലായിരിക്കേ നിരതിശയപ്രീതിയില്ലെന്നു പറയേണ്ടതായിരിക്കുന്നില്ലെല്ലോ.

51. ഉപേക്ഷ്യം ദ്വേഷ്യമിത്യന്യത് ദ്വേധാമാർഗതൃണാദികം
ഉപേക്ഷ്യം വ്യാഘ്രസർപാദി ദ്വേഷ്യമേവം ചതുർവിധം.

ഉപേക്ഷ്യം ദ്വേഷ്യം ഇതി=ഉപേക്ഷിക്കത്തക്കത് ദ്വേഷിക്കത്തക്കത് എന്ന്. അന്യത് ദ്വേധാ=മറേറത് രണ്ടുവിധം. മാർഗതൃണാദികംഉപേക്ഷ്യം=മാർഗത്തിലെ പുല്ല് മുതലായത് ഉപേക്ഷിക്കത്തക്കത്. വ്യാഘ്രസർപാദിദ്വേഷ്യം=പുലി സർപ്പം മുതലായവ ദ്വേഷിക്കത്തക്കത്. ഏവം ചതുർവിധം=ഇങ്ങിനെ നാലുവിധം.

മറേറതിൽ രണ്ടുമില്ല എന്നു മുമ്പേ പറഞ്ഞതിലെ "മറേറത്"എന്നതിലെ ഭേദത്തെ കാണിക്കുന്നു:—മററത് മററത് എന്നു പറയപ്പെടുന്ന വസ്തു ഉപേക്ഷാവിഷയം ദ്വേഷ്യവിഷയം എന്നിങ്ങിനെ രണ്ടുവിധം വഴിയിൽകിടക്കുന്ന മൺകട്ട പുല്ല് എന്നിവ ഉപേക്ഷാവിഷയം. തങ്ങൾക്കുപദ്രവത്തിന്നു കാരണമായി വരുന്ന പുലി പാമ്പ് എന്നിവ ദ്വേഷ്യവിഷയം. ഇങ്ങിനെ നാലുവിധം.

52. ആത്മാശേഷഉപേക്ഷ്യംച ദ്വേഷ്യംചേതി ചതുഷ്വപി
നവ്യക്തിനിയമഃ കിന്തുതത്തൽകാര്യാത്തഥാതഥാ.

ആത്മാശേഷഃ=എപ്പോഴും പ്രിയരൂപനായ ആത്മാവ് എന്നും ആ ആത്മാവിന്നു പ്രിയത്തെ നൽകുന്ന വസ്തുശേഷമെന്നും. ഉപേക്ഷ്യം=പ്രിയാപ്രിയങ്ങളെ ജനിപ്പിക്കാത്തത് ഉപേക്ഷ്യമെന്നും. ദ്വേഷ്യംച=ഉപദ്രവത്തെ ജനിപ്പിക്കുന്നത് ദ്വേഷ്യമെന്നും ഇതിചതുഷ്വപി=പറയപ്പെട്ടുന്ന നാലുവകയിലും. വ്യക്തിനിയമഃന=ഇന്നതാണ് പ്രിയാദികളെ നൽകുന്ന വസ്തുവെന്ന നിയമം ഇല്ല. തത്തൽകാര്യാത്=അതാതു വസ്തുകാര്യം നിമിത്തം. തഥാതഥാ=അപ്രകാരം അപ്രകാരം ആയി ഭവിക്കുന്നു.

മുകളിൽ കാണിച്ച നാലുവിധത്തെ സ്പഷ്ടമായി കാണിക്കുന്നു. ആത്മാവ്, ശേഷം, ഉപേക്ഷ്യം ദ്വേഷ്യം എന്നിവയാണ് നാലുവിധം എന്നു പറഞ്ഞത്. അതിപ്രിയമായത് ആത്മാവ് ആത്മാവിന്നു പ്രിയം നൽകുന്ന വസ്തു ശേഷം. ആത്മാവിന്നു പ്രിയവും അപ്രിയവും നൽകാത്ത വസ്തു ഉപേക്ഷാവിഷയം. ആത്മാവിന്നുപദ്രവഹേതുവായ വസ്തു ദ്വേഷവിഷയം എന്ന ഈ നാലിലും ഇന്നതാണ് പ്രിയവസ്തു, ഇന്നതാണ് ഉപേക്ഷ്യവസ്തു, ഇന്നതാണ് ദ്വേഷ്യവസ്തു എന്നതിൽ ഒരു നിയമമില്ല. പിന്നെയെങ്ങിനെ ആ നാലിനേയും വേർതിരിച്ചറിയും; എന്നാൽ ഏതു വസ്തുവിൽനിന്നു എന്തു കാര്യം അനുഭവപ്പെട്ടുന്നുവോ ആ അനുഭവാനുസരണം അതാതു വകുപ്പിൽ അതാതു വിഷയത്തെ ഉൾപ്പെട്ടുത്തുന്നു.

53. സ്യാദ്വ്യാഘ്രഃ സമ്മുഖോദ്വേഷ്യോഹ്യുപേക്ഷ്യസ്തുപരാങ്മുഖഃ
ലാലനാദനുകൂലശ്ചേദ്വിനോദായേതിശേഷതാ.

സംമുഖഃവ്യാഘ്രദ്വേഷ്യഃ=നേരിട്ടുവരുന്ന വ്യാഘ്രം ദ്വേഷ്യം. പരാങ്മുഖഃതു ഉപേക്ഷ്യഃ=നേരിട്ടു വരാതെ മടങ്ങിപ്പോകുന്നുവെങ്കിൽ ഉപേക്ഷ്യം. ലാലനാത്അനുകൂലഃചേത്=ലാളനാദികളാൽ അനുകൂലമായിവരുന്നുവെങ്കിൽ വിനോദായഇതിശേഷതാ=വിനോദത്തിന്നുള്ള സാധനം എന്നു പ്രിയവിഷയമായും വരുന്നു.

വ്യക്തിനിയമം ഇല്ലെന്നു പറഞ്ഞതിനെ ദൃഷ്ടാന്തപ്പെട്ടുത്തുന്നു:—പുലി പ്രസിദ്ധമായ ദ്വേഷവിഷയമാണല്ലൊ. എന്നാൽ തന്നെ ഭക്ഷിക്കാനായി നേരിട്ടുവരുമ്പോൾ മാത്രമേ അതിൽ ദ്വേഷമുള്ളു. നേരിട്ടുവരാതെ പിൻതിരിഞ്ഞു പോകുമ്പോൾ ഉപേക്ഷാവിഷയമാകുന്നു. ആ പുലിയെത്തന്നെ ലാളനാദികൾകൊണ്ടു അനുകൂലമാക്കാൻ സാധിക്കുമ്പോൾ വിനോദസാധനം എന്ന നിലയിൽ അതിനെ പ്രിയവിഷയമാക്കുകയും ചെയ്യുന്നു. ഇങ്ങിനെ പുലി നിമിത്തമുണ്ടാകുന്ന കാര്യം അനുസരിച്ച് അത് ഉപേക്ഷ്യം ദ്വേഷ്യം പ്രിയം എന്നിങ്ങിനെ വന്നുകൂടുന്നു. അതുകൊണ്ട് വ്യക്തിനിയമമില്ലെന്നു കിട്ടുന്നു. പുലിയെ ഭക്ഷണാദികൾ കൊടുത്തു പഴക്കി കളിപ്പിച്ച് പണം സമ്പാദിക്കുന്നവരെ ലോകത്തിൽ കാണാറുണ്ടല്ലൊ. അവരുടെ സമ്പാദ്യത്തിന്നനുകൂലമായതുകൊണ്ടവർ അതിനെ പ്രിയവസ്തുവായി കരുതുന്നു. ഒരേ വസ്തുവിൽ എല്ലാവർക്കും എല്ലായ്പോഴും ഒരേ ഒരു ഭാവം കാണപ്പെടാതിരിക്കുന്നതാണ് വ്യക്തിനിയമമില്ലാത്തതിന്നു കാരണം.

54. വ്യക്തീനാം നിയമോമാഭൂൽ ലക്ഷണാത്തുവ്യവസ്ഥിതിഃ
ആനുകൂല്യം പ്രാതികൂല്യം ദ്വയാഭാവശ്ചലക്ഷണം.

വ്യക്തീനാംനിയമഃ മാഭൂത്=വ്യക്തികൾക്ക് നിയമം ഇരിക്കേ ലക്ഷണാത്തുവ്യവസ്ഥിതിഃ=ലക്ഷണംകൊണ്ടു വ്യവസ്ഥപ്പെട്ടുത്തുന്നു. ആനുകൂല്യംപ്രാതികൂല്യം=അനുകൂലത്വം പ്രതികൂലത്വം. ദ്വയാഭാവഃച ലക്ഷണം=രണ്ടുമില്ലായ്മ ഇവയാണ് ലക്ഷണം.

ഒരേ വസ്തുവിൽതന്നെ പ്രിയം, ഉപേക്ഷാ, ദ്വേഷം എന്നു മൂന്നു ഭാവവും ഇരിക്കുമെന്നു വരുമ്പോൾ ലോകത്തിൽ ആർ ഏതിനെ പ്രിയപ്പെടേണം ഉപേക്ഷിക്കേണം ദ്വേഷിക്കേണം എന്ന ഒരു വ്യവസ്ഥയില്ലാതെ വരുന്നതിനാൽ ലോകവ്യവഹാരം എങ്ങിനെ ക്രമപ്പെട്ടും എന്നാണെങ്കിൽ: വ്യക്തികൾക്ക് നിയമം കല്പിക്കുവാൻ തരമില്ലെങ്കിലും ലക്ഷണംകൊണ്ടു വ്യവസ്ഥപ്പെട്ടുത്താം. ആത്മാവിന്നനുകൂലമായത് യാതൊന്നോ അതിൽപ്രിയം:—അത് പ്രിയവിഷയം പ്രതികൂലമായത് ദ്വേഷവിഷയം. രണ്ടുമല്ലാത്തത് ഉപേക്ഷാവിഷയം എന്നാണ് നിയമത്തിന്നുള്ള ലക്ഷണം.

55. ആത്മാപ്രേയാൻപ്രിയഃ ശേഷോദ്വേഷോപേക്ഷേതരന്യയോഃ
ഇതിവ്യവസ്ഥിതോലോകോ യാജ്ഞവല്ക്യമതംച തത്.

ആത്മാപ്രേയാൻ=ആത്മാവ് അതിപ്രിയമായ വസ്തു ശേഷഃപ്രിയഃ=ആത്മപ്രിയത്തിന്നുപകരിക്കുന്നവസ്തു.

പ്രിയവിഷയം. തദന്യയോഃ=അതു രണ്ടുമല്ലാത്ത വസ്തുക്കളിൽ ദ്വേഷോപേക്ഷേ=ദ്വേഷവും ഉപേക്ഷയും. ഇതിവ്യവസ്ഥിതഃലോകഃ=എന്ന വ്യവസ്ഥയെ ലോകം അംഗീകരിച്ചിരിക്കുന്നു. തത് യാജ്ഞവല്ക്യമതംച=അത് യാജ്ഞവല്ക്യന്റെ സമ്മതവുമാണ്.

ഇതുവരെ പറഞ്ഞ അർത്ഥത്തെ നന്നായി ധരിപ്പിപ്പാൻ ചുരുക്കികാണിക്കുന്നു:—നിരതിശയപ്രീതിസ്വരൂപംതന്നെ ആത്മാവ്. ആത്മസുഖത്തിന്നുപകരിക്കുന്നത് ഏതൊരു വസ്തുവോ ആ വസ്തു പ്രീതിക്കു വിഷയം. ആത്മസുഖത്തെ നശിപ്പിക്കുന്നത് ഏതൊന്നോ അത് ദ്വേഷവിഷയം. ഉപകാരവും ഉപദ്രവവും ചെയ്യാത്തത് ഏതോ അത് ഉപേക്ഷാവിഷയം. മാർഗ്ഗതൃണാദി ഉപേക്ഷാവിഷയം, വ്യാഘ്രാദി ദ്വേഷവിഷയം, പുത്രഭാര്യാദിപ്രിയവിഷയം എന്നിങ്ങിനെ സാമാന്യേന പറഞ്ഞ ലക്ഷണപ്രകാരം വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു ലോകം. അതനുസരിച്ച് ലോകവ്യവഹാരം നടന്നുകൊണ്ടുമിരിക്കുന്നു. ഇത് ലോകസമ്മതം എന്നു മാത്രമല്ല യാജ്ഞവല്ക്യമുനിയരുളിചെയ്തിരിക്കുന്ന ഉപനിഷത്തിലും സമ്മതിച്ചിരിക്കുന്നു.

56. അന്യത്രാപിശ്രുതിഃ പ്രാഹ പുത്രാദ്വിത്താത്തഥാന്യതഃ
സർവ്വസ്മാദാന്തരം തത്വം തദേതത് പ്രേയഇഷ്യതാം.

പുത്രാത് വിത്താത്=പുത്രനെക്കാട്ടിലും ധനത്തെക്കാട്ടിലും. തഥാഅന്യതഃ സർവ്വസ്മാൽ=അപ്രകാരം അന്യമായ സർവ്വത്തിനെക്കാട്ടിലും. ആത്മനഃ=ആത്മാവിന്നു. ആന്തരം തത്വം തത് ഏതത്=ആന്തരതത്വമായ ആ ഇത് ആത്മതത്വം. പ്രേയഃ ഇഷ്യതാം=പ്രിയതമമാണെന്നറിഞ്ഞുകൊൾക. ഇതി അന്യത്ര അപി ശ്രുതിഃ പ്രാഹ=എന്ന് വേറെ ശ്രുതിയും പറയുന്നു.

യാജ്ഞവല്ക്യമൈത്രേയീസംവാദരൂപമായ ബ്രാഹ്മണത്തിൽ മാത്രമല്ല പുരുഷവിധബ്രാഹ്മണം എന്ന ശ്രുതിയിലും ആത്മാവ് അതിശയപ്രേമസ്വരൂപം എന്നു പറഞ്ഞിട്ടുണ്ടെന്ന അഭിപ്രായത്തോടുകൂടെ "തദേതത്പ്രേയഃപുത്രാൽ പ്രേയോവിത്താൽ പ്രേയോ അന്യസ്മാൽ സർവ്വസ്മാദാന്തരതരം യദയമാത്മാ" എന്ന ശ്രുതിയുടെ അർത്ഥം ശ്ലോകത്തിൽ പറയുന്നു:—ആത്മാവാകുന്നു സർവ്വത്തിൻെറയും അത്യന്തം ആന്തരമായ തത്വം. അതിനാൽ അതിൽനിന്നന്യമായിരിക്കുന്ന പുത്രൻ ധനം എന്നിങ്ങിനെയുള്ള ഏതൊന്നിലുള്ളതിനേക്കാൾ അതിപ്രീതി ആത്മാവിൽതന്നെ എന്ന് പറഞ്ഞിരിക്കുന്നു.

57. ശ്രൌത്യാവിചാരദൃഷ്ട്യായം സാക്ഷ്യേവാത്മാനചേതരഃ
കോശാൻ പഞ്ചവിവിച്യാന്തർവ്വസ്തു ദൃഷ്ടിർവ്വിചാരണാ.

ശ്രൌത്യാ വിചാരദൃഷ്ട്യാ=ശ്രുത്യർത്ഥത്തെ പര്യാലോചനചെയ്യുന്നതായ ദൃഷ്ടികൊണ്ടു നോക്കുമ്പോൾ. അയം സാക്ഷീഏവആത്മാ=ഈ സാക്ഷിതന്നെ ആത്മാവ്. ഇതരഃന=പുത്രവിത്താദികളായ മറ്റൊന്നുമല്ല കോശാൻ പഞ്ചവിവിച്യ=അഞ്ചുകോശങ്ങളെ വേർതിരിച്ചിട്ടു. അന്തർവ്വസ്തുദൃഷ്ടിഃ വിചാരണാ=അന്തർഭാഗത്തുള്ള വസ്തുദർശനം വിചാരണയാകുന്നു.

ശ്രുതിവാക്യാർത്ഥം അങ്ങിനെയായതുകൊണ്ടു പ്രകൃതത്തിൽ വന്നുചേരുന്ന ഫലം എന്താകുന്നുവെന്ന ആകാംക്ഷക്കു സമാധാനം:—ശ്രുതിവാക്യങ്ങളുടെ അർത്ഥത്തെ വീണ്ടുംവീണ്ടും ആലോചിക്കുന്നതായ വിചാരത്തിൽനിന്നുണ്ടാകുന്നതായ അറിവാകുന്ന ദൃഷ്ടികൊണ്ടു നോക്കുമ്പോൾ സാക്ഷിചൈതന്യംതന്നെ മുഖ്യാത്മാവ്. പുത്രൻ വിത്തം മുതലായ ഇതരവസ്തുക്കൾ അല്ല എന്നാകുന്നു പ്രകൃതത്തിൽ വന്നുചേരുന്ന സാരാംശം. വിചാരദൃഷ്ടിയെ വിവരിക്കുന്നു:—അന്നമയാദികളായ അഞ്ചു കോശങ്ങളെ ഒന്നിൽനിന്നു മറ്റൊന്നിനെ വേർതിരിച്ചറിഞ്ഞിട്ട് അവയുടെയെല്ലാം വ്യാപാരങ്ങൾക്കു കാരണമായും സർവ്വകോശങ്ങളുടെയും ആന്തരമായുമിരിക്കുന്ന ആത്മവസ്തുവിനെ അവയിൽനിന്നു വേർതിരിച്ചറിയുന്നതുതന്നെ വിചാരണയെന്ന ശബ്ദത്തിൻെറ അർത്ഥം. ആത്മസാക്ഷാൽകാരം വിചാരണയുടെ പര്യവസാനഫലം എന്നുസാരം

58. ജാഗരസ്വപ്നസുപ്തീനാമാഗമാപായഭാസനം
യതോ ഭവത്യസാവാത്മാ സ്വപ്രകാശചിദാത്മകഃ.

ജാഗരസ്വപ്നസുപ്തീനാം=ജാഗ്രത് സ്വപ്നം സുഷുപ്തി ഇവയുടെ. ആഗമാപായഭാസനം=വരവും പോക്കും വിളങ്ങുന്നത്. യതഃഭവതി=ഏതൊന്നിൽനിന്നാകുന്നുവോ. അസൌ സ്വപ്രകാശചിദാത്മകഃ ആത്മാ=ഈ ആത്മാവ് സ്വപ്രകാശനും ജ്ഞാനരൂപനുമാകുന്നു.

കോശങ്ങളുടെ അന്തഃസ്ഥിതമായ ആത്മവസ്തുവിനെ അറിയേണ്ടതായ യുക്തിയെ കാണിക്കുന്നു. ജാഗ്രദവസ്ഥ സ്വപ്നാവസ്ഥ സുഷുപ്ത്യവസ്ഥ എന്നിവയുടെ വരവും പോക്കും അറിയുന്നതായ ജ്ഞാനം

യാതൊന്നോ ആ ജ്ഞാനസ്വരൂപനും ഉപാധിസംബന്ധംകൂടാതെ പ്രകാശമേ സ്വരൂപമായിരിക്കു ന്നവനുമായ ഇവനാകുന്നു മുഖ്യാത്മാവ്, എന്ന് ആത്മാവിനെ സാക്ഷാൽകരിക്കേണം.

59. ശേഷാഃ പ്രാണാദിവിത്താന്താ ആസന്നാസ്താരതമ്യതഃ
പ്രീതിസ്തഥാ താരതമ്യാൽ തേഷ്വസർവ്വേഷു വീക്ഷ്യതേ.

പ്രാണാദിവിത്താന്താഃശേഷാഃ=പ്രാണൻമുതൽ വിത്തംവരെയുള്ള ഇതരവസ്തുക്കൾ. താരതമ്യതഃആസന്നാഃ=തരതമഭാവത്തിൽ അടുപ്പമുള്ളവയാകുന്നു. തേഷുസർവ്വേഷു=ആ ഇതരവസ്തുക്കളിൽ എല്ലാം താരതമ്യാൽ പ്രീതിഃവീക്ഷ്യതേ=താരതമ്യഭാവത്തിൽ പ്രീതി കാണപ്പെടുന്നു.

ചുരുക്കിപറഞ്ഞതായ ശ്രുത്യർത്ഥത്തെ വിസ്തരിക്കുന്നു:— പ്രാണൻ, മനസ്സ് ബുദ്ധി എന്നിങ്ങിനെ തുടങ്ങീട്ടു പുത്രൻ ധനം എന്നിങ്ങിനെ അവസാനത്തോടുകൂടിയ ഏതേതു വസ്തുക്കൾ ആത്മാവിന്ന് അടുത്തടുത്തുള്ളവയോ–ആ അടുപ്പത്തിന്നു താരതമ്യം ഉണ്ടല്ലൊ, ആ അടുപ്പത്തെ അനുസരിച്ച് അവയെല്ലാററിലുമുള്ള പ്രീതിക്കും താരതമ്യമുണ്ടെന്നു സർവ്വജനങ്ങളും അനുഭവിച്ചറിയുന്നുണ്ട്.

60. വിത്താൽപുത്രഃപ്രിയഃ പുത്രാൽപിണ്ഡഃ പിണ്ഡാത്തഥേന്ദ്രിയം
ഇന്ദ്രിയാച്ച പ്രിയഃപ്രാണഃ പ്രാണാദാത്മാപ്രിയഃ പരഃ.

വിത്താൽപുത്രഃപ്രിയഃ=വിത്താപേക്ഷയാ പുത്രനിൽ അതിപ്രിയം. പുത്രാൽ പിണ്ഡഃപ്രിയഃ=പുത്രാപേക്ഷയാ ദേഹത്തിൽ അതിപ്രിയം. പിണ്ഡാത് തഥാഇന്ദ്രിയം=പിണ്ഡാപക്ഷേയാ ഇന്ദ്രിയം അതിപ്രിയം. ഇന്ദ്രിയാൽ പ്രാണഃപ്രിയഃ=ഇന്ദ്രിയാപേക്ഷയാ പ്രാണൻ അതിപ്രിയം. പ്രാണാത് ആത്മാപരഃപ്രിയഃ= പ്രാണാപേക്ഷയാ ആത്മാവ് പരമപ്രിയം.

പ്രീതിയുടെ താരതമ്യത്തെത്തന്നെ സ്പഷ്ടമാക്കുന്നു:—പുത്രനിൽ എത്ര പ്രിയമുണ്ടോ അത്രപ്രിയം വിത്തത്തിൽ ഇല്ല. പുത്രൻെറ രക്ഷക്കുവേണ്ടീട്ടു ധനം ചിലവുചെയ്യാറുള്ളതുകൊണ്ടു ധനം പോകട്ടെ പുത്രനെ കിട്ടിയാൽ മതി എന്നാണപ്പോഴത്തെ വിചാരം സ്വ ദേഹത്തിൽ എത്രത്തോളം പ്രിയമുണ്ടോ അത്രത്തോളം പ്രിയം പുത്രനിൽ ഇല്ല. അതുപോലെതന്നെ ദേഹത്തെക്കാൾ ഇന്ദ്രിയങ്ങളിൽ പ്രീതി ഇന്ദ്രിയങ്ങളെക്കാൾ പ്രാണനിൽ പ്രീതി. ഇങ്ങിനെ ഒന്നിനെ അപേക്ഷിച്ച് മററൊന്നിൽ അധികം പ്രീതിയുണ്ടാകുന്നതിന്നു കാരണം ആത്മാവിനോട് ഒന്നിന്നുള്ള അടുപ്പത്തെക്കാൾ മററൊന്നിന്നു അധികം സാമീപ്യം (അടുപ്പം) ഉള്ളതാകുന്നു. ആത്മാവിലാകട്ടെ പ്രാണാദികളിൽ എല്ലാം ഉള്ളതിനേക്കാൾ പരമപ്രീതി എല്ലാവർക്കും ഉണ്ടെന്നത് അനുഭവമാകുന്നു.

61. ഏവംസ്ഥിതേ വിവാദോത്ര പ്രതിബുദ്ധവിമൂഢയോഃ
ശ്രുത്യോദാഹാരിതത്രാത്മാ പ്രേയാനിത്യേവനിർണയഃ.

ഏവംസ്ഥിതേഅത്ര=ഇങ്ങിനെ ഇരിക്കുമ്പോൾ ഇതിൽ. പ്രതിബുദ്ധവിമൂഢയോഃ വിവാദഃ=ജ്ഞാനിക്കും അജ്ഞാനിക്കും വാദം. തത്ര ആത്മാപ്രേയാൻ ഇതി ഏവ=അതിൽ ആത്മാവ് അതിപ്രിയൻ എന്നുതന്നെ. ശ്രുത്യാനിർണയഃ ഉദാഹാരി=ശ്രുതിയാൽ നിശ്ചയം ഉദാഹരിക്കപ്പെട്ടു.

ഇപ്രകാരം ഇരിക്കേ ജ്ഞാനിക്കും അജ്ഞാനിക്കും തമ്മിൽ വാദം ഉണ്ടാകാതിരിപ്പാൻ ആത്മാവുതന്നെ നിരതിശയപ്രേമസ്വരൂപം എന്ന് ഉറപ്പിക്കുവാൻ ശ്രുതി പുത്രവിത്താദികളെ ഉദാഹരണമായി കാണിച്ചിരിക്കുന്നു. ശ്രുതി തീർപ്പുകല്പിച്ചിരിക്കയാൽ ഇനി ഇതിൽ വാദത്തിന്നവകാശമില്ല.

62. സാക്ഷ്യേവദൃശ്യാദന്യസ്മാത് പ്രേയാനിത്യാഹതത്വവിത്
പ്രേയാൻപുത്രാദിരേവേമം ഭോക്തുംസാക്ഷീതിമൂഢധീഃ.

അന്യസ്മാത്ദൃശ്യാത്=അന്യമായ ദൃശ്യത്തെക്കാൾ. സാക്ഷീഏവപ്രേയാൻ=സാക്ഷിതന്നെ അതിപ്രിയൻ. ഇതിതത്വവിത്ആഹ=എന്നു തത്വജ്ഞാനം ഉള്ളവൻ പറയുന്നു. പുത്രാദിഃഏവപ്രേയാൻ=പുത്രൻ മുതലായവതന്നെ അതിപ്രിയവിഷയം. ഇമം ഭോക്തും സാക്ഷീ=ഇതിനെ അനുഭവിക്കുവാൻ സാക്ഷി. ഇതിമൂഢധീഃ ആഹ=എന്ന് മൂഢബുദ്ധിയും പറയുന്നു.

വാദത്തിന്നു വഴിവെക്കാതെ ശ്രുതി ആത്മാവുതന്നെ അതിശയപ്രിയവസ്തുവെന്നുറപ്പിച്ചിരിക്കേ ജ്ഞാനിക്കും അജ്ഞാനിക്കും തമ്മിൽ ഉള്ള വാദത്തിൻെറ സ്വരൂപത്തെ വിവരിക്കുന്ന ശ്രുതിവാക്യങ്ങളെ കുറെ ശ്ലോകങ്ങളെക്കൊണ്ടു കാണിക്കുന്നു:—സർവ്വത്തെയും പ്രകാശിപ്പിക്കുന്ന സാക്ഷിതന്നെ പ്രകാശ്യങ്ങളായ സർവ്വവസ്തുക്കളെക്കാൾ നിരതിശയ പ്രേമസ്വരൂപൻ എന്നു സാക്ഷിത്വം നന്നായറിഞ്ഞിരിക്കുന്ന

ജ്ഞാനി പറയുന്നു. അപ്പോൾ അതിപ്രിയവിഷയം പുത്രൻ മുതലായവതന്നെ. സാക്ഷി പുത്രാദികളെ അനുഭവിക്കുന്നവനാകുന്നുവെന്ന് അജ്ഞാനിയും പറയുന്നു. ഇതാണ് വാദവിഷയം.

63. ആത്മനോന്യം പ്രിയംബ്രൂതേ ശിഷ്യശ്ച പ്രതിവാദ്യപി
തസ്യോത്തരം വചോബോധ ശാപൌ കുര്യാത്തയോഃ ക്രമാത്.

ശിഷ്യഃ പ്രതിവാദീ അപി=ശിഷ്യനും എതിർവാദിയും. ആത്മനഃ അന്യംപ്രിയം ബ്രൂതേ=ആത്മാവിൽനിന്നന്യത്തെ പ്രിയവസ്തുവെന്നു പറയുന്നു. തസ്യ ഉത്തരം വചഃ=അവർ രണ്ടുപേരുടെ വാക്കിനുള്ള പ്രതിവചനം. തയോഃ ക്രമാത്=അവർ രണ്ടുപേർക്കും ക്രമത്തിൽ. ബോധശാപൌകുര്യാത്=ബോധവും ശാപവുമാക്കേണം.

ആത്മാവിൽനിന്ന് അന്യവസ്തുവിനെ പ്രിയമെന്നു വാദിക്കുന്ന രണ്ടുപേരോടു പറയേണ്ടുന്നതായ പ്രതിവചനം കാണിപ്പാൻ വാദിക്കുന്നവരെ വിഭജിച്ചു കാണിക്കുന്നു:—എതിരായി വാദിക്കുന്നവൻ ആത്മാവല്ല പ്രിയതരൻ, ആത്മാവിൽനിന്നന്യമായ പുത്രാദിയാണെന്നു വാദിക്കുന്നു. ശിഷ്യൻ എനിക്കും അതു ശരിയാണെന്നു തോന്നുന്നുവെന്നും പറയുന്നു. ഇങ്ങിനെ വാദിക്കുന്ന രണ്ടുപേരിൽ എതിർവാദിക്കു ശാപം ശിഷ്യന്നു ബോധം ഉണ്ടാവാൻ ഉപകരിക്കുന്നവാക്യം ഉത്തരമായി പറയണം. ശാപം എതിർവാദിക്കടുത്ത ജന്മത്തിൽ അനുഗ്രഹമായ്വരും.

64. പ്രിയംത്വാംരോത്സ്യതിത്യേവമുത്തരം വക്തിതത്ത്വവിത്
സ്വോക്തപ്രിയസ്യദുഷ്ടത്വം ശിഷ്യോവേത്തി വിവേകതഃ.

പ്രിയംത്വാംരോത്സ്യതി=നീ പറഞ്ഞതായ പ്രിയവസ്തു നിന്നെ കരയിക്കും. ഇതിഏവ തത്ത്വവിത് ഉത്തരം വക്തി=എന്നുതന്നെ തത്ത്വജ്ഞാനി രണ്ടുപേരോടും മറുപടി പറയുന്നു. ശിഷ്യഃവിവേകതഃ=ശിഷ്യൻ വിവേകംനിമിത്തം സ്വോക്തപ്രിയസ്യ=തന്നാൽ പറയപ്പെട്ട പ്രിയവസ്തുവിന്ന്. ദുഷ്ടത്വം വേത്തി=ദോഷമുണ്ടെന്നറിയുന്നു.

ഹേ ശിഷ്യ! ഹേ പ്രതിവാദിൻ! നിങ്ങൾ പറയുന്ന പ്രിയവസ്തു നിങ്ങളെ കരയിക്കും എന്ന ഒരേ വാക്യം രണ്ടുപേർക്കുമുള്ള മറുപടിയായി പറഞ്ഞു. ഒരേവാക്യം രണ്ടുപേർക്കും ബോധരൂപമായും ശാപരൂപമായും ഭവിക്കുന്നതെങ്ങിനെയാണെന്നു താഴെ കാണിക്കുന്ന നാലു പദ്യങ്ങൾകൊണ്ടു വിശദമാക്കുവാൻ ആരംഭിക്കുന്നു:—ശിഷ്യൻ വിവേകിയാണ്; അവൻ ഗുരുപറഞ്ഞതായ വാക്യത്തിൽനിന്ന് ഞാൻ പറഞ്ഞതായ പ്രീതിവിഷയവസ്തുവായ പുത്രാദിയിൽ കരയിക്കുവാൻ തക്കതായ ദോഷമുണ്ട് എന്നാണ് ധരിച്ചത്.

65. അലഭ്യമാനസ്തനയഃ പിതരൌ ക്ലേശയേച്ചിരം
ലബ്ധോപി ഗർഭപാതേന പ്രസവേന ചബാധതേ.

66. ജാതസ്യഗ്രഹരോഗാദിഃ കുമാരസ്യചമൂർഖതാ
ഉപനീതേപ്യവിദ്യത്വ മനുദ്വാഹശ്ചപണ്ഡിതേ.

67. യൂനശ്ചപരദാരാദി ദാരിദ്ര്യംചകുടുംബിനഃ
പിത്രോർദുഃഖസ്യനാസ്ത്യന്തോ ധനീചേൽമ്രിയതേതദാ.

അലഭ്യമാനഃതനയഃ=ലഭിക്കപ്പെടുവാൻ സാധിക്കാത്തതായ പുത്രൻ. പിതരൌചിരംക്ലേശയേത്=മാതാപിതാക്കന്മാരെ ചിരകാലം ക്ലേശിപ്പിക്കും. ലബ്ധഃഅപിഗർഭപാതേന=ലഭിക്കപ്പെട്ടാലും ഗർഭപാതംകൊണ്ടും. പ്രസവേനചബാധതേ=പ്രസവംകൊണ്ടും ബാധിക്കുന്നു ജാതസ്യഗ്രഹരോഗാദിഃ=ജനിച്ചവൻെറ ഗ്രഹപ്പിഴ രോഗം മുതലായതും. കുമാരസ്യമൂർഖതാച=കുമാരൻെറ മൂർഖതയും. ഉപനീതേഅപി=ഉപനയിക്കപ്പെട്ടാലും. അവിദ്യത്വം=വിദ്വാനാകായ്മയും. പണ്ഡിതേഅപിഅനുദ്വാഹഃച=പണ്ഡിതനായാൽ വിവാഹം ചെയ്യായ്കയും. യൂനഃപരദാരാദി=യുവാവിൻെറ പരസ്ത്രീപ്രവേശാദിയും. കുടുംബിനഃദാരിദ്ര്യംച=കുടുംബിയുടെ ദാരിദ്ര്യവും. പിത്രോഃദുഃഖസ്യഅന്തഃനാസ്തി=പിതാക്കന്മാരുടെ ദുഃഖത്തിന്നവസാനമില്ല. ധനീചേത് തദാമ്രിയതേ=ധനവാനാണെങ്കിൽ അപ്പോൾ മരണവും.

സന്താനംനിമിത്തം ഉണ്ടാകാനിടയുള്ള ദുഃഖങ്ങളെ ശിഷ്യന്നു തോന്നിയ രീതിയിൽ കാണിക്കുന്നു:— വിവാഹാനന്തരം സന്താനം സിദ്ധിക്കാതെയിരിക്കുമ്പോൾ തിലഹോമം നാഗപ്രതിഷ്ഠ മുതലായ ശാന്തികർമ്മങ്ങൾ ചെയ്വാനും മററും പിതൃക്കൾ ദുഃഖിക്കുന്നു. ഗർഭം ധരിച്ചാലൊ അതലസിപ്പോയി, പതിച്ചു, എന്നിങ്ങനെ ദുഃഖം. പ്രസവകാലത്തിലൊ അസഹ്യദുഃഖം. ജനിച്ച പുത്രൻെറ ഗ്രഹപ്പിഴ രോഗബാധ എന്നിവകൊണ്ടു ദുഃഖം, ബാല്യത്തിലുള്ള അജ്ഞതനിമിത്തം ദുഃഖം. ഉപനയനം കഴിച്ചാൽ അ

ദ്ധ്യയനത്തിൽ സമർത്ഥനല്ലാതെവന്നാൽ അതും ദുഃഖം. ബുദ്ധിമാനും പണ്ഡിതനുമായെങ്കിൽ വിവാഹാദികളിൽ ഏർപ്പെടുകയില്ല. അതും ദുഃഖം. യുവാവായിരിക്കുന്ന പുത്രൻ പരസ്ത്രീഗമനം മുതലായ ദുർന്നടപടികളിൽ ഏർപ്പെട്ടാൽ അതും ദുഃഖം. കുടുംബം വർദ്ധിച്ചാൽ അവരെ രക്ഷിപ്പാൻ മതിയായ ധനാദികളില്ലാത്ത ദുഃഖം. ധനവാനാണെങ്കിൽ അപ്പോഴും പുത്രമരണംനിമിത്തം ദുഃഖം. ആകപ്പാടെ സന്താനംനിമിത്തം മാതാപിതാക്കന്മാൎക്കുണ്ടാകുന്ന ദുഃഖത്തിന്നവസാനമില്ല.

68. ഏവംവിവിച്യപുത്രാദൌപ്രീതിംത്യക്ത്വാനിജാത്മനി
നിശ്ചിത്യപരമാംപ്രീതിംവീക്ഷതേതമഹന്നിശം.

ഏവംവിവിച്യപുത്രാദൌ=ഇപ്രകാരം വേർതിരിച്ചു കണ്ടിട്ടു പുത്രൻ മുതലായതിൽ. പ്രീതിംത്യക്ത്വാനിജാത്മനി=പ്രീതിയെ ഉപേക്ഷിച്ചിട്ടു തന്റെ ആത്മാവിൽ. പരമാംപ്രീതിംനിശ്ചിത്യ=പരമപ്രീതിയെ നിശ്ചയിച്ചിട്ടു. തംഅഹന്നിശംവീക്ഷതേ=ആ ആത്മാവിനെ എല്ലായ്പോഴും അനുസന്ധാനം ചെയ്യുന്നു.

ഇപ്രകാരം പുത്രൻ, ഭാൎയ്യ, ധനം ഇത്യാദികളിലെല്ലാം ഉള്ള ദോഷങ്ങളെ വെവ്വേറെ കണ്ടിട്ടു ആ വിഷയങ്ങളിലുള്ള പ്രീതിയെ വിട്ടുകളഞ്ഞിട്ടു ആത്മാവിൽതന്നെ പരമപ്രേമം എന്നുറച്ചിട്ടു ആ ആത്മാവിനെ— പ്രത്യഗാത്മാവിനെ—നിരന്തരം അനുസന്ധാനം ചെയ്തുകൊണ്ടിരുന്നു.

69. ആഗ്രഹാൽബ്രഹ്മവിദ്വേഷാദപിപക്ഷമമുഞ്ചതഃ
വാദിനോനരകപ്രോക്തോദോഷശ്ചബഹുയോനിഷു.

ആഗ്രഹാൽബ്രഹ്മവിദ്വേഷാത്=ആഗ്രഹംകൊണ്ടും ബ്രഹ്മവിത്തിന്റെ നേരേയുണ്ടായ ദ്വേഷംകൊണ്ടും. പക്ഷംഅമുഞ്ചതഃവാദിനഃ=തന്റെ പക്ഷത്തെ ഉപേക്ഷിക്കാതെയിരുന്ന പ്രതിവാദിക്ക്. നരകഃപ്രോക്തഃ= നരകം പറയപ്പെട്ടു. ബഹുയോനിഷുദോഷഃച=അനേകയോനികളിൽ ജന്മാദിദോഷവും.

"പ്രിയംത്വാംരോത്സ്യതി" എന്ന വാക്യം പ്രതിവാദിക്കു ശാപമായി വന്നുവെന്നതിനെ കാണിക്കുന്നു:—പുത്രാദിവിഷയംതന്നെ പ്രീതിസ്ഥാനം എന്നു താൻ പറഞ്ഞതിനെ വിടാതെയിരുന്നതുകൊണ്ടും ബ്രഹ്മവിത്തിന്റെ നേരെയുണ്ടായ ദ്വേഷംകൊണ്ടും—ഇദ്ദേഹം പറഞ്ഞതു് തെററാണെന്നു ഞാൻ വരുത്തിത്തീൎക്കും—എന്ന വിദ്വേഷംകൊണ്ടും തന്റെ പക്ഷത്തെ ഉപേക്ഷിക്കാതെ—പുത്രഭാൎയ്യാദികളിൽ ബലമായുണ്ടായ കാമത്തെ ഉപേക്ഷിക്കാതെ—മുറുകെപിടിച്ചതുകൊണ്ടും പ്രതിവാദിക്കു് നരകപ്രാപ്തിയും ശ്വാവു്—മാൎജ്ജാരൻ—ഇത്യാദി ബഹുയോനികളിൽ ജന്മമരണങ്ങളും, ഭാൎയ്യാപുത്രാദിവിയോഗങ്ങളും മുതലായ അനിഷ്ടാവസ്ഥകളും ഉണ്ടാകും എന്നാണ് ബ്രഹ്മവിത്തിനാൽ പറയപ്പെട്ടതിലടങ്ങിട്ടുള്ള ശാപരൂപമായ അൎത്ഥം.

70. ബ്രഹ്മവിത്ബ്രഹ്മരൂപത്വാദീശ്വരസ്തേനവൎണ്ണിതം
യദ്യത്തത്തത്തഥൈവസ്യാത്തച്ഛിഷ്യപ്രതിവാദിനോഃ.

ബ്രഹ്മവിത്ബ്രഹ്മരൂപത്വാത്=ബ്രഹ്മജ്ഞാനി ബ്രഹ്മസ്വരൂപനാകയാൽ. ഈശ്വരഃ തേനവൎണ്ണിതംയത്= ഈശ്വരനാകുന്നു. അദ്ദേഹത്താൽ പറയപ്പെട്ടതു് യാതൊന്നോ. തച്ഛിഷ്യപ്രതിവാദിനോഃ=അദ്ദേഹത്തിന്റെ ശിഷ്യനും എതൃവാദിക്കും തത്തഥാഏവസ്യാത്=അതു് അപ്രകാരംതന്നെ ഭവിക്കും.

ഒരേവാക്കു് അനുകൂലവും വിപരീതവുമായ രണ്ടു ഫലത്തെ എങ്ങിനെ ജനിപ്പിക്കും എന്ന സംശയം തീൎപ്പാൻ ശ്രുതിയിലെ "ഈശ്വരോഹംതഥൈവസ്യാത്" എന്ന അനന്തരവാക്യത്തിന്റെ അൎത്ഥം ശ്ലോകരൂപത്തിൽ കാണിക്കുന്നു:—ബ്രഹ്മവിത്ത്—ബ്രഹ്മത്തെ സാക്ഷാത്തായറിഞ്ഞവൻ ബ്രഹ്മംതന്നെയാകയാൽ അവനീശ്വരനാകുന്നു. അവന്നു ഈശ്വരനെപ്പോലെ സത്യസങ്കല്പം മുതലായ ശക്തിയുണ്ടു്. അവനാൽ എന്തു വിചാരത്തോടുകൂടെ എന്തൊന്നു പറയപ്പെടുന്നുവോ അതു് അതേവിധത്തിൽ അതിന്റെ ശിഷ്യനും എതൃവാദിക്കും ഫലിക്കും.

71. യസ്ത്വസാക്ഷിണമാത്മാനംസേവതേപ്രിയമുത്തമം
തസ്യപ്രേയാനസാവാത്മാ ന നശ്യതികദാചന.

യഃ തുപ്രിയം ഉത്തമം സാക്ഷിണം ആത്മാനം=യാതൊരുവനാകട്ടെ പ്രിയനും ഉത്തമനും സാക്ഷിയുമായ ആത്മാവിനെ. സേവതേ തസ്യപ്രേയാൻ അസൌആത്മാ=സേവിക്കുന്നുവോ അവന്നതിപ്രിയൻ ഈ ആ ആത്മാവാകുന്നു. നകദാചനനശ്യതി=അവൻ ഒരു കാലത്തിലും നശിക്കയില്ല.

"ആത്മാനമേവ പ്രിയമുപാസീത" ആത്മാവിനെത്തന്നെ പ്രീതിവിഷയമായിട്ടുപാസിക്കുക എന്നൎത്ഥമായ അനന്തരശ്രുതിവാക്യാൎത്ഥത്തെ കാണിക്കുന്നു:—പ്രതിവാദിയെപ്പോലെയല്ലാതെ ശിഷ്യനെ

പ്പോലെ ഏതൊരുവനായാലും കൊള്ളാം. ആത്മാവിനെത്തന്നെ നിരതിശയപ്രീതിവിഷയമായും പ്രകൃതികാര്യാതീതനായ സർവ്വസാക്ഷിയായും നിരന്തരം സേവിക്കുമ്പോൾ അവന്റെ പ്രേമാസ്പദമായ ആ ആത്മാവ് പ്രതിവാദിയുടെ പ്രിയവിഷയമായ പുത്രഭാര്യാദികളെന്നപോലെ ഒരു കാലത്തിലും നശിക്കുന്ന ഒന്നല്ല. അവൻ സദാനന്ദസ്വരൂപനായ ആത്മാവായിട്ടുതന്നെ നിരന്തരം വിളങ്ങും. അതിനാൽ വിഷയാദികളെയല്ല ആത്മാവിനെത്തന്നെയാണ് ഉപാസിക്കേണ്ടത്.

72. പരപ്രേമാസ്പദത്വേന പരമാനന്ദരൂപതാ
സുഖവൃദ്ധിഃപ്രീതിവൃദ്ധ്യൈ സാർവ്വഭൗമാദിഷുശ്രുതാ.

പരപ്രേമാസ്പദത്വേന=പരമപ്രേമത്തിന്റെ ആസ്പദം എന്ന ഹേതുവാൽ. പരമാനന്ദരൂപതാ=പരമാനന്ദസ്വരൂപത്വം. പ്രീതിവൃദ്ധ്യൈസുഖവൃദ്ധിഃ=പ്രീതി വർദ്ധിക്കുമ്പോൾ സുഖം വർദ്ധിക്കും. സാർവ്വഭൗമാദിഷുശ്രുതാ=എന്നത് സാർവ്വഭൗമാദികളിൽ കേൾക്കപ്പെട്ടിരിക്കുന്നു.

ആത്മാവ് പരപ്രേമാസ്പദം എന്നതിനു കാരണം കാണിച്ചതിന്റെശേഷം അതിൽനിന്നുണ്ടാകുന്ന ഫലത്തെ പറയുന്നു:— ആത്മാവാണ് പരപ്രേമവിഷയം എന്നു വന്നപ്പോൾ ആത്മസ്വരൂപം പരമാനന്ദമാണെന്നു സിദ്ധിക്കുന്നു:—ഇവിടെ പ്രയോഗിക്കേണ്ടതായ യുക്തി:—ആത്മാവ് പരമാനന്ദസ്വരൂപനാകുന്നു. എന്തുകൊണ്ട്? നിരതിശയപ്രേമം ഏവർക്കും ആത്മാവിൽ കാണപ്പെടുന്നതുകൊണ്ട്. ഏതൊന്ന് പരമാനന്ദസ്വരൂപമല്ലയോ ആ വസ്തു നിരതിശയപ്രേമവിഷയമായി വരികയില്ല. എപ്രകാരമോ ഘടാദിവിഷയം അതുപോലെ. പരപ്രേമാസ്പദമായതുകൊണ്ടു ആത്മാവു പരമാനന്ദസ്വരൂപനാണെന്നുറപ്പിക്കുവാൻ പ്രീതിവൃദ്ധിയിൽ സുഖവൃദ്ധി അനുഭവപ്പെടുന്നുവെന്ന് തൈത്തിരീയം ബൃഹദാരണ്യകം എന്ന രണ്ടു ശ്രുതികളിലും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അതിനുദാഹരണമായിട്ടു ഭൂലോകചക്രവർത്തിക്കുള്ള സുഖംമുതൽ ബ്രഹ്മാവുവരെയുള്ളവരുടെ സുഖത്തെ താരതമ്യപ്പെടുത്തിട്ട് ആത്മാവായിത്തന്നെയിരിക്കുന്ന ബ്രഹ്മം നിരതിശയാനന്ദസ്വരൂപം. മറ്റോരോരുത്തരുടേയും ആനന്ദം ഒന്നിൽനിന്നു മറ്റൊന്നിന്നധികം. ആകയാൽ സാതിശയം. ബ്രഹ്മാനന്ദമോ നിരതിശയം എന്നു ശ്രുതി ഉറപ്പിക്കുന്നു.

73. ചൈതന്യവൽസുഖം ചാസ്യ സ്വഭാവശ്ചേൽ ചിദാത്മനഃ
ധീവൃത്തിഷ്വനുവർത്തേത സർവ്വാസ്വപിചിതിര്യഥാ.

അസ്യചിദാത്മനഃ=ഈ ചിദ്രൂപനായ ആത്മാവിന്റെ. ചൈതന്യവത് സുഖംച = ജ്ഞാനം എന്നപോലെ സുഖവും. സ്വഭാവഃചേത് = സ്വഭാവമാണെങ്കിൽ. സർവ്വാസുധീവൃത്തിഷു അപി=സകല ബുദ്ധിവൃത്തികളിലും. ചിതിഃയഥാ അനുവർത്തേത=ജ്ഞാനം എപ്രകാരമോ അപ്രകാരം അനുവർത്തിക്കേണമെല്ലൊ.

ആത്മസ്വരൂപം ആനന്ദമാണെന്നു പറഞ്ഞതിൽ സന്ദേഹിക്കുന്നു:—ചിദ്രൂപനായ ആത്മാവിന്റെ ജ്ഞാനം എന്നപോലെ ആനന്ദവും സ്വഭാവമാണെങ്കിൽ ബുദ്ധിയുടെ എല്ലാ വൃത്തികളിലും ജ്ഞാനം അനുസ്യൂതമായിരിക്കുന്നതുപോലെ ആനന്ദവും അനുവർത്തിക്കേണ്ടതല്ലയോ എന്നാണ് ശങ്ക.

74. മൈവമുഷ്ണപ്രകാശാത്മാ ദീപസ്തസ്യപ്രഭാഗൃഹേ
വ്യാപ്നോതിനോഷ്ണതാ തദ്വച്ചിതേരേവാനുവർത്തനം

മാ ഏവം ഉഷ്ണപ്രകാശാത്മാദീപഃ=അങ്ങിനെയല്ല ഉഷ്ണവും പ്രകാശവും സ്വരൂപമായിരിക്കുന്ന ദീപം. തസ്യപ്രഭാഗൃഹേ വ്യാപ്നോതി=അതിന്റെ പ്രഭ ഗൃഹത്തിൽ വ്യാപിക്കുന്നു. ന ഉഷ്ണതാ തദ്വത് ചിതേഃ ഏവ അനുവർത്തനം=ഉഷ്ണത്വം വ്യാപിക്കുന്നില്ല അതുപോലെ ജ്ഞാനത്തിന്നുമാത്രം അനുവർത്തനം.

ബുദ്ധിവൃത്തികളിൽ വ്യാപിക്കാത്തതുകൊണ്ടു ആത്മാവിന്റെ സ്വരൂപം ആനന്ദമല്ലെന്നു ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഉദാഹരണംകൊണ്ടു ബോധ്യപ്പെടുത്താം:—ഉഷ്ണവും പ്രകാശവുമാണല്ലൊ ദീപത്തിന്റെ സ്വരൂപം. എന്നാൽ ഗൃഹത്തിൽ പ്രഭയെന്നപോലെ ഉഷ്ണം വ്യാപിക്കുന്നില്ലല്ലൊ. അതുകൊണ്ടു ദീപം ഉഷ്ണസ്വരൂപമല്ലെന്നു വരുമോ? ഇല്ല. അതുപോലെ ആത്മാവിന്റെ ജ്ഞാനംമാത്രം ബുദ്ധിവൃത്തികളിൽ വ്യാപിക്കുന്നു. ആനന്ദം വ്യാപിക്കുന്നില്ല.

75. ഗന്ധരൂപരസസ്പർശേഷ്വപി സത്സുയഥാപൃഥക്
ഏകാക്ഷേണൈക ഏവാർത്ഥോ ഗൃഹ്യതേ നേതരസ്തഥാ.

ഗന്ധരൂപരസസ്പർശേഷു=ഗന്ധം, രൂപം, രസം, സ്പർശം എന്നിവ. പൃഥക്സത്സു അപി=വെവ്വേറെ ഇരിക്കുന്നുവെങ്കിലും. ഏകാക്ഷേണഏകഃ ഏവഅർത്ഥഃ=ഒരിന്ദ്രിയത്താൽ ഒരർത്ഥംമാത്രം. യഥാ ഗൃഹ്യതേ ന ഇതരഃ=എങ്ങിനെ ഗ്രഹിക്കപ്പെടുന്നുവോ മറ്റൊന്നിനെ ഗ്രഹിക്കുന്നില്ലയോ. തഥാ=അപ്രകാരം.

ചിത്തും ആനന്ദവും അഭിന്നമാണെങ്കിൽ ചിത്തിന്റെ അഭിവ്യക്തിക്കുചിതമായ ബുദ്ധിവൃത്തിയിൽ ആനന്ദവും വിളങ്ങേണ്ടതാണെന്ന ശങ്കിക്കുന്നുവെങ്കിൽ അങ്ങിനെയൊരു നിയമം ഇല്ലെന്നതിന്നു ദൃഷ്ടാന്തം കാണിക്കുന്നു. ഒരു പുഷ്പത്തിന്റെ ഗന്ധം രൂപം രസം സ്പർശം എന്നിവ വെവ്വേറെയിരിക്കുന്നുണ്ടെങ്കിലും ഒരിന്ദ്രിയംകൊണ്ടു ഒന്നിനെ മാത്രമെ ഗ്രഹിക്കുന്നുള്ളു. മറേറതിനെ ഗ്രഹിക്കുന്നില്ലല്ലൊ. അതുപോലെ ബുദ്ധിയിൽ ജ്ഞാനം അഭിവ്യക്തമാകുന്നു. ആനന്ദം അഭിവ്യക്തമാകുന്നില്ല എന്ന കാരണത്താൽ ആത്മാവു് ആനന്ദസ്വരൂപനല്ലെന്നു വരികയില്ല.

76. ചിദാനന്ദൌ നൈവഭിന്നൌ ഗന്ധാദ്യാസ്തു വിലക്ഷണാഃ
ഇതിചേത്തദാഭേദോപിസാക്ഷിണ്യന്യത്രവാവദ.

ചിദാനന്ദൌനഏവഭിന്നൌ=ചിത്തും ആനന്ദവും ഭിന്നങ്ങളല്ല. ഗന്ധാദ്യാഃ തു വിലക്ഷണാഃ=ഗന്ധം മുതലായവകളോ ഭിന്നങ്ങൾ. ഇതിചേത് തദാഭേദഃ അപി=എന്നാണെങ്കിൽ അതുകളുടെ അഭേദം. സാക്ഷിണി അന്യത്രവാ വദ=സാക്ഷിയിലൊ ഇതരത്തിലോ എന്ന പറയുക.

ദൃഷ്ടാന്തത്തിന്നും ദാർഷ്ടാന്തത്തിന്നും സമത്വമില്ലെന്നു പൂർവ്വപക്ഷം ചെയ്യുന്നു:—ചിത്തും ആനന്ദവും അഭിന്നങ്ങൾ. ഗന്ധം രൂപം മുതലായവയോ ഒന്നിനോടു മറെറാന്നു ഭിന്നങ്ങൾ എന്ന ശങ്കിക്കുന്നുവെങ്കിൽ ചിത്തിന്നും ആനന്ദത്തിന്നും അഭേദം—ഐക്യം—സാക്ഷി ചൈതന്യത്തിലോ അതോ ആത്മാവിന്റെ ഉപാധികളായ ബുദ്ധ്യാദികളുടെ വൃത്തികളിലോ എന്നു വേർതിരിച്ചു പറയുക

77. ആദ്യേഗന്ധാദയോ പ്യേവമഭിന്നാഃ പുഷ്പവർത്തിനഃ
അക്ഷഭേദേന തൽഭേദേ വൃത്തിഭേദാത്ത യോർഭിദാ.

ആദ്യേഗന്ധാദയഃ അപി പുഷ്പവർത്തിനഃ അഭിന്നാഃ=പ്രഥമപക്ഷത്തിൽ ഗന്ധാദികളും അഭിന്നങ്ങളായിട്ടു തന്നെ പുഷ്പത്തിലിരിക്കുന്നു. അക്ഷഭേദേന തൽഭേദേ=ഇന്ദ്രിയഭേദംകൊണ്ടു അവയുടെ ഭേദമാണെങ്കിൽ വൃത്തിഭേദാത് തയോഃഭിദാ=വൃത്തികളുടെ ഭേദംനിമിത്തം ചിദാനന്ദങ്ങളുടെ ഭേദം.

ദൃഷ്ടാന്തത്തിന്നും ദാർഷ്ടാന്തത്തിന്നും അഭേദം സാധിക്കുന്നു:—ചിത്തും ആനന്ദവും സാക്ഷിചൈതന്യത്തിലാണ് അഭിന്നങ്ങൾ എന്ന ഒന്നാം പക്ഷത്തെ അംഗീകരിക്കുന്നുവെങ്കിൽ ഗന്ധം രൂപം മുതലായവും അവയുടെ ആസ്പദമായ പുഷ്പത്തിൽ അഭിന്നങ്ങളായിട്ടുതന്നെ ഇരിക്കുന്നു. ഗന്ധത്തെ രൂപത്തിൽനിന്നോ രൂപത്തെ ഗന്ധത്തിൽനിന്നോ വേറെയെടുക്കാൻ കഴിയാത്ത വിധത്തിലിരിക്കുന്നു. ഇന്ദ്രിയങ്ങളുടെ ഭേദം നിമിത്തം ഭിന്നങ്ങളെന്ന പക്ഷത്തിൽ വൃത്തികളുടെ രാജസ താമസാദി ഭേദം നിമിത്തം ചിദാനന്ദങ്ങൾക്കും ഭേദം എന്നു കണ്ടുകൊള്ളേണം. രണ്ടു പക്ഷത്തിലും ദൃഷ്ടാന്തദാർഷ്ടാന്തങ്ങൾക്കു തമ്മിൽ സാമത്വം സിദ്ധംതന്നെ.

78. സത്വവൃത്തൌ ചിത്സുഖൈക്യം തദ്വൃത്തേർന്നിർമലത്വതഃ
രജോവൃത്തേസ്തുമാലിന്യാൽ സുഖാംശോത്രതിരസ്കൃതഃ.

സത്വവൃത്തൌചിത് സുഖൈക്യം=സത്വവൃത്തിയിൽ ചിത്തിന്നും ആനന്ദത്തിന്നും ഐക്യം. തദ്വൃത്തേഃ നിർമ്മലത്വതഃ=ആ വൃത്തിയുടെ ശുദ്ധിനിമിത്തം. രജോവൃത്തേഃതുമാലിന്യാത്=രജോവൃത്തിക്കോ മാലിന്യംനിമിത്തം. അത്രസുഖാംശഃതിരസ്കൃതഃ=ഇതിൽ ആനന്ദാംശം മറയ്ക്കപ്പെട്ടു

എന്നാൽ ചിത്തിന്നും ആനന്ദത്തിന്നും ഭേദമില്ലായ്മ എവിടെ അനുഭവപ്പെടും. എന്നു കാണിക്കുന്നു:—പുണ്യ കർമ്മത്തിന്റെ പരിപാകം നിമിത്തം സത്വഗുണം പരിണമിച്ചതായ ബുദ്ധിവൃത്തിയിൽ ചിത്തും ആനന്ദവും അഭിന്നമായി പ്രകാശിക്കും. എന്തുകൊണ്ടെന്നാൽ ആ ബുദ്ധിവൃത്തിയിൽ കാമാദി മാലിന്യങ്ങളില്ലാത്തതുകൊണ്ടു സ്പഷ്ടമായനുഭവപ്പെടും ഭേദം എവിടെ കാണപ്പെടുമെന്നാൽ രജോഗുണ പരിണാമം നിമിത്തം മാലിന്യമുള്ള ബുദ്ധി വൃത്തിയിൽ ആനന്ദാംശം മറയ്ക്കപ്പെട്ടിരിക്കുന്നു.

79. തിന്ത്രിണീഫലമത്യമ്ലം ലവണേനയുതംയദാ
തദാമ്ലസ്യ തിരസ്കാരാ ദീഷദമ്ലം യഥാ തഥാ.

അത്യമ്ലം തിന്ത്രിണീഫലം=അധികം പുളിപ്പുള്ള പുളിമ്പഴം. യദാലവണേനയുതം=ഉപ്പിനോടു എപ്പോൾ ചേരുന്നുവോ. തദാഅമ്ലസ്യ തിരസ്കാരാത്=അപ്പോൾ അധികം പുളിപ്പിന്റെ മറവുനിമിത്തം. യഥാ ഈഷദമ്ലം തഥാ=എപ്രകാരമോ അല്പം പുളിപ്പു അപ്രകാരം.

സുഖാംശം ഇരിക്കേ അനുഭവപ്പെടാത്തതിന്നു കാരണം ദൃഷ്ടാന്തപൂർവ്വം വിശദമാക്കുന്നു: പുളിമ്പഴം അധികം പുളിപ്പുള്ളതാണല്ലൊ. അതിനോടു എപ്പോൾ ഉപ്പു ചേരുന്നുവോ അപ്പോൾ അധികം

പുളിപ്പനുഭവപ്പെടുന്നില്ല. അല്പം മാത്രം അനുഭവപ്പെടുന്നു. അതുപോലെ മാലിന്യമുള്ള രജോവൃത്തിയിൽ സുഖാംശം അസ്പഷ്ടമായിട്ടു വിളങ്ങുന്നുവെന്നറിഞ്ഞുകൊൾക.

80. നനുപ്രിയതമത്വേന പരമാനന്ദതാത്മനി
വിവേക്തും ശക്യതാമേവം വിനായോഗേന കിം ഭവേത്.

നനുപ്രിയതമത്വേന=എന്നാൽ അതിപ്രിയാസ്പദം എന്ന ഹേതുവാൽ. ആത്മനിപരമാനന്ദതാ=ആത്മാവിൽ പരമാനന്ദഭാവം. ഏവം വിവേക്തും ശക്യതാം=ഇങ്ങിനെ വേർതിരിപ്പാൻ കഴിവുണ്ടായ്ക്കൊള്ളട്ടെ. യോഗേനവിനാകിംഭവേത്=യോഗമില്ലാതെ എന്തുഫലം കിട്ടും.

ഇവിടെ ഗൂഢമായ ഒരു ശങ്കയെ പ്രകാശിപ്പിക്കുന്നു:—നിരതിശയ പ്രേമാസ്പദമായതുകൊണ്ട് ആത്മാവ് പരമാനന്ദസ്വരൂപമാണെന്നു ഇതരവസ്തുക്കളിൽനിന്നു വേർതിരിപ്പാൻ കഴിയും എന്നു വന്നാകൊള്ളട്ടെ. സാക്ഷാൽകാരസ്വരൂപമായ മുക്തിക്ക് മുമ്പേ പറഞ്ഞ ശമാദി സംയുക്തമായ യോഗം കൂടാതെ കഴികയില്ലല്ലൊ. അനുഭവപ്പെടേണമെങ്കിൽ യോഗം ആവശ്യമല്ലയൊ, എന്നാണ് ശങ്കാസ്വരൂപം.

81. യദ്യോഗേനതദേവേതി വദാമോ ജ്ഞാനസിദ്ധയേ
യോഗഃ പ്രോക്തോഃവിവേകേന ജ്ഞാനംകിം നോപജായതേ.

ജ്ഞാനസിദ്ധയേ=ജ്ഞാനസിദ്ധിക്കായ്ക്കൊണ്ടു. യോഗേനയത്=യോഗംകൊണ്ട് യാതൊന്നു പറയപ്പെട്ടുവോ. തത് ഏവ വദാമഃ=അതുതന്നെ ഞങ്ങൾ പറയുന്നു. യോഗഃ പ്രോക്തഃ=യോഗം പറയപ്പെട്ടു. വിവേകേനജ്ഞാനം നഉപജായതേ കിം=വിവേകത്താൽ ജ്ഞാനം ഉണ്ടാകയില്ലയോ.

ജ്ഞാനത്തിന്നു ഹേതുവായിട്ടു മുമ്പേ യാതൊരു യോഗം പറയപ്പെട്ടുവോ ആ ജ്ഞാനസിദ്ധിക്കായ്ക്കൊണ്ടുതന്നെ ഇപ്പോൾ പഞ്ചകോശവിവേകം പറയപ്പെട്ടു. പഞ്ചകോശങ്ങളെ നിക്കംചെയ്യുന്നതായ വിചാരത്താൽ ആത്മസ്വരൂപജ്ഞാനം ഉണ്ടാകയില്ലെന്നു സംശയിക്കേണ്ട, എന്നുപദേശസാരം.

82. യൽ സാംഖ്യൈഃ പ്രാപ്യതേസ്ഥാനം തദ്യോഗൈരപിഗമ്യതേ
ഇതിസ്മൃതം ഫലൈകത്വം യോഗിനാംച വിവേകിനാം.

സാംഖ്യൈഃ യത്സ്ഥാനം പ്രാപ്യതെ=സാംഖ്യന്മാർകൊണ്ട് യാതൊരു സ്ഥാനം പ്രാപിക്കപ്പെടുന്നുവോ. തദ്യോഗൈഃ ഗമ്യതേ=അത് യോഗങ്ങൾകൊണ്ടും പ്രാപിക്കപ്പെടുന്നു. ഇതി യോഗിനാം വിവേകിനാംച=എന്നു യോഗികൾക്കും വിവേകികൾക്കും ഫലൈകത്വം സ്മൃതം=ഫലത്തിൽ ഏകത്വം പറയപ്പെട്ടിരിക്കുന്നു.

മുകളിൽപറഞ്ഞ സംഗതിയിൽ പ്രമാണം കാണിക്കുന്നു:—സാംഖ്യവിചാരങ്ങളാൽ യാതൊരു സ്ഥാനം പ്രാപിക്കപ്പെടുന്നുവോ ആ സ്ഥാനം യോഗങ്ങൾകൊണ്ടും പ്രാപിക്കപ്പെടുന്നുവെന്നു് യോഗികൾക്കും വിവേകികൾക്കും ഫലം ഒന്നുതന്നെയെന്നു ഭഗവത്ഗീതയിൽ പറയപ്പെട്ടിട്ടുണ്ട്.

83. അസാദ്ധ്യഃ കസ്യചിദ്യോഗഃ കസ്യചിത് ജ്ഞാനനിശ്ചയഃ
ഇത്ഥം വിചാര്യമാർഗൌദ്വൌ ജഗാദ പരമേശ്വരഃ.

കസ്യചിത്യോഗഃ അസാദ്ധ്യഃ=ചിലൎക്കു യോഗം അസാദ്ധ്യം. കസ്യചിത് ജ്ഞാനനിശ്ചയഃ=മറ്റുചിലൎക്ക് വിചാരത്താൽ ജ്ഞാനനിശ്ചയം അസാദ്ധ്യം. ഇത്ഥം വിചാര്യപരമേശ്വരഃ=ഇപ്രകാരം വിചാരിച്ചിട്ടു പരമേശ്വരൻ. ദ്വൌമാർഗൌ ജഗാദ=രണ്ടു മാൎഗ്ഗങ്ങളെ പറഞ്ഞു.

രണ്ടിന്റെ ഫലം ഒന്നാണെങ്കിൽ ശാസ്ത്രത്തിൽ ഒരു മാൎഗ്ഗത്തെ കാണിച്ചാൽ മതിയാകയില്ലയോ എന്ന ശങ്കയെ പരിഹരിക്കുന്നു:—ചില അധികാരികൾക്ക് ചിത്തനിരോധരൂപമായ യോഗം സാധിപ്പാൻ കഴിയാതെവരും. മറ്റു ചില അധികാരികൾക്ക് വിചാരംകൊണ്ടു ജ്ഞാനസ്വരൂപം നിശ്ചയിപ്പാൻ കഴികയില്ലെന്നും വരും. ജീവരാശികളുടെ ഭേദവിശേഷത്തെ അറിഞ്ഞിരിക്കുന്ന സച്ചിദാനന്ദസ്വരൂപനായ ഭഗവാൻ ശ്രീവാസുദേവൻ രണ്ടു വഴികളെ പറഞ്ഞിരിക്കുന്നു. ആൎക്കേതു സുഖസാദ്ധ്യമോ അവൻ ആ മാൎഗ്ഗത്തെ അനുഷ്ഠിച്ചിട്ടു മോക്ഷത്തെ പ്രാപിച്ചുകൊള്ളട്ടെ എന്ന ഭഗവൽകാരുണ്യംതന്നെ രണ്ടു മാൎഗ്ഗങ്ങളെ കാണിപ്പാൻ കാരണം. ഏതുവിധത്തിലും ജീവന്നു ബന്ധമോചനം ലഭിക്കേണം എന്നാണ് ഭഗവാന്റെ കാരുണ്യവിശേഷം.

84. യോഗേകോതിശയ സ്തത്ര ജ്ഞാനമുക്തം സമം തയോഃ
രാഗദ്വേഷാദ്യഭാവശ്ച തുല്യോയോഗിവിവേകിനോഃ.

തേ അത്രയോഗേകഃ അതിശയഃ=നിണക്ക് ഈ യോഗത്തിൽ എന്താണ് അതിശയകാരണം. തയോഃ ജ്ഞാനം സമംഉക്തം=ആ രണ്ടിലും ജ്ഞാനം തുല്യം എന്നു പറയപ്പെട്ടിരിക്കുന്നു. രാഗദ്വേഷാദ്യഭാവഃച=രാഗദ്വേഷാദികളുടെ അഭാവവും. യോഗിവിവേകിനോഃ തുല്യഃ=യോഗിക്കും വിവേകിക്കും തുല്യം.

അധികം കഷ്ടപ്പെട്ടു സമ്പാദിക്കേണ്ടതായ യോഗത്തിൽ ആയാസംകൂടാതെ തന്നെ സാധ്യമായ വിവേകത്തേക്കാൾ എന്തു വിശേഷമാണുള്ളത് എന്നു സിദ്ധാന്തി പൂർവ്വവാദിയോടു ചോദിക്കുന്നു:—നിണക്ക് ഈ സമാധിയോഗത്തിൽ വിശേഷപ്രതിപത്തിക്കു കാരണം എന്താകുന്നു? രണ്ടിലും ജ്ഞാനമുണ്ടെന്നു പറയപ്പെട്ടു. യോഗിക്കും വിവേകിക്കും രാഗദ്വേഷാദികളുടെ ബാധയില്ലായ്മയും തുല്യംതന്നെ.

85. നപ്രീതിർവിഷയേഷ്വസ്തി പ്രേയാനാത്മേതി ജാനതഃ
കുതോരാഗഃ കുതോദ്വേഷഃ പ്രാതികൂല്യമപശ്യതഃ.

ആത്മാ പ്രേയാൻ ഇതി ജാനതഃ=ആത്മാവ് അതിപ്രിയവിഷയം എന്നറിഞ്ഞവന്നു. വിഷയേഷുകുതഃ പ്രീതിഃകുതഃ രാഗഃ=വിഷയങ്ങളിൽ എങ്ങിനെ പ്രീതി, എങ്ങിനെ രാഗം. പ്രാതികൂല്യം അപശ്യതഃ=പ്രതികൂലത്തെ കാണാതിരിക്കുന്നവന്ന്. കുതഃ ദ്വേഷഃ=എങ്ങിനെ ദ്വേഷം.

നിരതിശയപ്രീതിവിഷയം ആത്മാവാണെന്നറിഞ്ഞവന്നു വിഷയങ്ങളിൽ പ്രീതിയുണ്ടാകയില്ല. തന്നിമിത്തം രാഗത്തിന്നവകാശമില്ല. ആത്മപ്രീതിയെ വിരോധിപ്പാൻ മറ്റാരുമില്ലെന്നു കാണുന്നതുകൊണ്ടു ദ്വേഷത്തിന്നും അവകാശമില്ല.

85. ദേഹാദേഃപ്രതികൂലേഷു ദ്വേഷസ്തുല്യോദ്വയോരപി
ദ്വേഷം കുർവന്നയോഗീചേദവിവേക്യപിതാദൃശഃ

ദേഹാദേഃ പ്രതികൂലേഷു=ദേഹാദിയുടെ പ്രതികൂലങ്ങളിൽ ദ്വേഷഃ ദ്വയോഃ അപി തുല്യഃ=ദ്വേഷം രണ്ടുപേർക്കും തുല്യം. ദ്വേഷം കുർവൻ നയോഗീചേത്=ദ്വേഷിക്കുന്നവൻ യോഗിയല്ലെങ്കിൽ താദൃശഃ അപി അവിവേകീ=ആവിധക്കാരൻ വിവേകിയുമല്ല.

എന്നാൽ ദേഹേന്ദ്രിയാദികളെ ഉപദ്രവിക്കുന്ന പാമ്പ്, തേൾ മുതലായ പ്രതികൂലവിഷയങ്ങളിൽ ദ്വേഷമാകട്ടെ രണ്ടുപേർക്കുമുണ്ട്. ദ്വേഷിക്കുന്നവൻ യോഗിയല്ലെന്നാണ് പറയുന്നതെങ്കിൽ അങ്ങിനെ ചെയ്യുന്നവൻ വിവേകിയുമല്ല.

87. ദ്വൈതസ്യ പ്രതിഭാനംതു വ്യവഹാരേ ദ്വയോഃ സമം
സമാധൌനേതിചേത്തദ്വന്നാദ്വൈതത്വ വിവേകിനഃ.

ദ്വൈതസ്യ പ്രതിഭാനംതു=ദ്വൈതപ്രീതിയാകട്ടെ വ്യവഹാരേ ദ്വയോഃ സമം=വ്യവഹാരദശയിൽ രണ്ടുപേർക്കും തുല്യം. സമാധൌ നഇതിചേത്=സമാധിയിൽ ഇല്ലെന്നാണെങ്കിൽ. തദ്വത് അദ്വൈതവിവേകിനഃന=അതുപോലെ വിവേകിക്ക് അദ്വൈതതത്വനിഷ്ഠയാവസരത്തിൽ ഇല്ല.

വിവേകിക്ക് ദ്വൈതദർശനം ഉണ്ട്. യോഗിക്കില്ല എന്നാണ് അതിശയം എങ്കിൽ എപ്പോഴാണ് ദ്വൈതദർശനം യോഗിക്കില്ലാതെയിരുന്നത്. വ്യവഹാരദശയിലോ സമാധ്യവസ്ഥയിലോ? വ്യവഹാരദശയിൽ ദ്വൈതദർശനം യോഗിക്കും വിവേകിക്കും തുല്യംതന്നെ. സമാധ്യവസ്ഥയിൽ യോഗി ദ്വൈതത്തെ കാണുന്നില്ല എന്നാണെങ്കിൽ വിവേകിയും അദ്വൈതബ്രഹ്മതത്വത്തെ വേർതിരിച്ചു കാണുന്ന അവസ്ഥയിൽ ദ്വൈതത്തെ കാണുന്നില്ല

88. വിവക്ഷ്യതേതദസ്മാഭിരദ്വൈതാനന്ദനാമകേ
അദ്ധ്യായേഹിതൃതീയേതഃ സർവ്വമപ്യതിമംഗളം.

തത് അദ്വൈതാനന്ദനാമകേ=അത് അദ്വൈതാനന്ദം എന്നു പേരായ. തൃതീയേഅദ്ധ്യായേ=മൂന്നാമത്തെ അദ്ധ്യായത്തിൽ. അസ്മാഭിഃവിവക്ഷ്യതേ=ഞങ്ങളാൽ പറയപ്പെടുന്നതാകുന്നു. അതഃസർവ്വംഅപി അതിമംഗളം=അതുകൊണ്ടു എല്ലാം അതീവമംഗളം

കണ്ടുകൊണ്ടിരിക്കുമ്പോൾ വിവേകിക്ക് ദ്വൈതപ്രീതിയില്ലെന്നു പറയുന്നതെങ്ങിനെയെന്നു ശങ്കിക്കുന്നുവെങ്കിൽ അദ്വൈതാനന്ദം എന്നു പേരായ മൂന്നാമത്തെ അദ്ധ്യായത്തിൽ ദ്വൈതത്തെ വേറോടു

കൂടെ അറ്റുകളയുന്ന വിവേകനിലയെക്കുറിച്ചു പറയുവാൻ പോകുന്നുണ്ട്. അതുകൊണ്ടു ഇതുവരെ പറഞ്ഞ എല്ലാ സംഗതിയും അത്യന്തശോഭനംതന്നെ.

89. സദാപശ്യൻനിജാനന്ദമപശ്യന്നിഖിലംജഗത്
അത്ഥാദ്യോഗീതിചേത്തർഹിസന്തുഷ്ടോവദ്ധതാംഭവാൻ.

നിജാനന്ദംസദാപശ്യൻ=സ്വരൂപാനന്ദത്തെ എപ്പോഴും കണ്ടുകൊണ്ടും. നിഖിലംജഗത്അപശ്യൻ=സമസ്തജഗത്തിനേയും കാണാതെയും ഇരിക്കുന്നവൻ. അത്ഥാത്യോഗീഇതിചേത്=അത്ഥത്താൽ യോഗി എന്നാണെങ്കിൽ. തർഹിസന്തുഷ്ടഃഭവാൻവദ്ധതാം=എന്നാൽ സന്തോഷയുക്തനായിട്ടു നീ വൃദ്ധിയെ പ്രാപിച്ചാലും.

പൂവ്വവാദി, യോഗി, വിവേകി എന്ന വകഭേദത്തെയപേക്ഷിച്ചിട്ടു താൻ വിചാരിക്കുന്ന യോഗിയുടെ നിലയെപ്പററി തനിക്കുള്ള അഭിപ്രായത്തെ വിശദമാക്കുന്നു:—സ്വരൂപാനന്ദത്തെ എപ്പോഴും കണ്ടുകൊണ്ടും ഇതരമായ ദേഹം ലോകം എന്നിവ ഒന്നിനേയും കാണാതെയും ഇരിക്കുന്നവൻ ആരായാലും വിരോധമില്ല അവനാണ് യോഗിയെന്നു ഞാൻ വിചാരിക്കുന്നു. ഇതാണെൻെറ വാദത്തിലെ സാരാംശം, എന്നു പറഞ്ഞപ്പോൾ സിദ്ധാന്തിയായ ആചാൎയ്യൻെറ അഭിപ്രായവും അതുതന്നെയാകയാൽ സന്തോഷിച്ചനുഗ്രഹിക്കുന്നു. അതാണഭിപ്രായമെങ്കിൽ സന്തോഷത്തോടുകൂടെ നീ അഭിവൃദ്ധിപ്പെട്ടുകൊൾക, എന്നനുഗ്രഹിച്ചു.

90. ബ്രഹ്മാനന്ദാഭിധേഗ്രന്ഥേമന്ദാനുഗ്രഹസിദ്ധയേ
ദ്വിതീയാദ്ധ്യായഏതസ്മിന്നാത്മാനന്ദോവിവേചിതഃ

ഇതി ശ്രീ ബ്രഹ്മാനന്ദേ ആത്മാനന്ദഃ.

ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ=ബ്രഹ്മാനന്ദം എന്നു പേരായ ഗ്രന്ഥത്തിൽ. മന്ദാനുഗ്രഹസിദ്ധയേ=മന്ദന്മാൎക്കു അനുഗ്രഹം സിദ്ധിപ്പാൻവേണ്ടീട്ടു. ഏതസ്മിൻദ്വിതീയാധ്യായേ=ഈ രണ്ടാമത്തെ അദ്ധ്യായത്തിൽ. ആത്മാനന്ദഃവിവേചിതഃ=ആത്മാനന്ദം വേർതിരിക്കപ്പെട്ടു.

ഈ അദ്ധ്യായത്തിലെ സാരം പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കുന്നു:—ബ്രഹ്മാനന്ദം എന്നു പേരായ ഗ്രന്ഥത്തിൽ മന്ദന്മാൎക്കു ആത്മബോധം സിദ്ധിപ്പാൻ വേണ്ടീട്ടു ഈ രണ്ടാമത്തെ അദ്ധ്യായത്തിൽ ആത്മാവിൻെറ സ്വരൂപം ആനന്ദമാണെന്നു വേർതിരിച്ചു കാണിക്കപ്പെട്ടിരിക്കുന്നു.

ബ്രഹ്മാനന്ദത്തിൽ ആത്മാനന്ദം എന്ന അദ്ധ്യായം കഴിഞ്ഞു.

ശുഭമസ്തു.
ഓം തത സത്.

അദ്വൈതാനന്ദം എന്ന 13-ാംപ്രകരണത്തിലെ സാരസംക്ഷേപം.

ബ്രഹ്മാനന്ദത്തിലുൾപ്പെട്ടിരിക്കുന്ന അദ്വൈതാനന്ദത്തിൻെറ സ്വരൂപമാണ് ഈ പ്രകരണത്തിൽ പറയപ്പെടുന്നത്. തൈത്തിരീയോപനിഷത്തിൽ ആനന്ദത്തിൽനിന്നു് ഉൽഭവിക്കപ്പെടുന്ന ലോകങ്ങളുണ്ടാകുന്നു. ആനന്ദത്തെ ആശ്രയിച്ചു നിലനില്ക്കുന്നു ആനന്ദത്തിൽ ലയിക്കുന്നുവെന്നു പറഞ്ഞിട്ടുണ്ടു്. അതിൻെറ വ്യാഖ്യാനം ഈ പ്രകരണത്തിൽ കാണാം. പിതാവിൽനിന്നു പുത്രനെന്നപോലെ ആനന്ദത്തിൽനിന്നു ലോകമുണ്ടായിയെന്നു വന്നാൽ ആനന്ദത്തിൽ ദ്വൈതഭാവം വന്നുചേരും. അതിനാൽ ആരംഭവാദം സ്വീകാൎയ്യമല്ല ആനന്ദം ജഗത്തായി പരിണമിച്ചുവെന്നായാലോ പാൽ തയിരായാൽപിന്നെ പാലില്ലാതാകുന്നതുപോലെ പിന്നെ ജഗത്തിൽ ആനന്ദമില്ലെന്നുവരും. അതിനാൽ പരിണാമവാദവും ദുർഘടം. ആകയാൽ മന്ദാന്ധകാരത്തിൽ കയറിനെ പാമ്പായിട്ടു കാണുന്നതുപോലെ അജ്ഞാനമാകുന്ന അന്ധകാരത്തിൽ ആനന്ദത്തെത്തന്നെ ജഗത്താണെന്നു് തെററായിട്ടു വിചാരിക്കുന്നു. ഇതിന്നു വിവൎത്തവാദം എന്നുപേർ. വേദാന്തത്തിൽ വിവൎത്തവാദം സ്വീകരിക്കുന്നതുകൊണ്ടുള്ള ഫലമെന്തെന്നാൽ അദ്വിതീയാനന്ദബ്രഹ്മം ഒന്നുമാത്രമല്ലാതെ മറെറാന്നും വാസ്തവത്തിൽ ഇല്ലെന്നാകുന്നു. കയറിൻെറ സ്വരൂപം അറിയുമ്പോൾ അതിന്നുമുമ്പെ തോന്നിയിരുന്ന പാമ്പ് ഉണ്ടാകുകയോ നിലനില്ക്കുകയോ നശിക്കയൊ ചെയ്തിട്ടില്ല. ഭ്രാന്തിനിമിത്തം ആവക തോന്നലുണ്ടായിയെന്നനുഭവപ്പെടുന്നതുപോലെ ആനന്ദബ്രഹ്മസാക്ഷാൽകാരത്തിൽ അതുമാത്രമല്ലാതെ മറെറാന്നും സത്യമല്ലെന്നനുഭവപ്പെടും. മണ്ണുതന്നെ ഘടാദിപാത്രങ്ങൾ. കയറുതന്നെ പാമ്പ്. സ്വൎണ്ണംതന്നെ ആഭരണം. ഇരുമ്പുതന്നെ ആയു

ധങ്ങരം. ജലംതന്നെ തിരനുരച്ചുഴി മുതലായവ. ഇതുപോലെ ആനന്ദസ്വരൂപം അറിയാത്തതുകൊണ്ടു അതിനെ ജഗത്തായിട്ടു കാണുന്നുവെന്നാണ് ശാസ്ത്രവും യുക്തിയും അനുഭവംകൊണ്ടു നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അപ്രകാരം ദേഹാദി സർവ്വപ്രപഞ്ചവും മിഥ്യാഭൂതമാണെന്നു വിവേകത്താൽ കണ്ടുകൊണ്ടു സത്യാനന്ദബ്രഹ്മമായി വിളങ്ങുവാനുള്ള മാർഗ്ഗത്തെ ശ്രുതിയുക്ത്യനുഭവസഹിതം ബോദ്ധ്യപ്പെടുത്തുന്ന ഈ പ്രകരണത്തെ അഭ്യസിക്കുന്നവരുടെ ജഗൽഭ്രാന്തി നശിച്ച് അദ്വൈതാനന്ദസ്വരൂപമായി ജീവന്മുക്തി നിലയേയും അന്തേവിദേഹമുക്തിയെയും അവർ പ്രാപിക്കും.

ശുഭമസ്തു.

ഓം. തത്. സത്.

ശ്രീ പഞ്ചദശി

ബ്രഹ്മാനന്ദേ അദ്വൈതാനന്ദം എന്ന 13-ാം പ്രകരണം.

ശ്രീഗണേശായ നമഃ.

1. യോഗാനന്ദഃ പുരോക്തോയഃ സ ആത്മാനന്ദ ഇഷ്യതാം
കഥം ബ്രഹ്മത്വമേതസ്യ സദ്വയസ്യേതിചേച്ഛൃണു.

പുരാഉക്തഃ യഃ യോഗാനന്ദഃ=മുമ്പേ 11-ാമത്തെ അദ്ധ്യായത്തിൽ പറയപ്പെട്ട യാതൊരു യോഗാനന്ദമോ. സഃ ആത്മാനന്ദഃ ഇഷ്യതാം=അതു ആത്മാനന്ദം എന്നു വന്നുകൊള്ളട്ടെ. സദ്വയസ്യ ഏതസ്യ= രണ്ടോടുകൂടിയ ഇതിന്നു. കഥം ബ്രഹ്മത്വം-എങ്ങിനെ ബ്രഹ്മഭാവം സിദ്ധിക്കും. ഇതിചേത് ശൃണു= എന്നാണെങ്കിൽ കേട്ടുകൊൾക.

കഴിഞ്ഞ അദ്ധ്യായത്തിൽ ബ്രഹ്മാനന്ദം വിദ്യാനന്ദം വിഷയാനന്ദം ഇങ്ങിനെ മൂന്നുവിധം ആനന്ദത്തെ 5 പ്രകരണങ്ങൾകൊണ്ടു വിവരിക്കാൻ ഭാവിക്കുന്നുവെന്നാണല്ലോ പ്രതിജ്ഞ അതിൽ ബ്രഹ്മാനന്ദത്തിന്റെ ഉൾപ്പിരിവായ യോഗാനന്ദത്തേയും ആത്മാനന്ദത്തേയും പറഞ്ഞു. ഇപ്പോൾ അതിന്നുമീതെ അദ്വൈതാനന്ദത്തെ പറവാൻ ആരംഭിക്കുന്ന ആചാര്യൻ ജഗത്ത് എന്നുള്ള ഒരു വസ്തുവില്ലവേയില്ല എന്നു കാണിപ്പാനാണ് ഭാവിക്കുന്നത്. അതു സാധിപ്പാനാവശ്യമായ ശങ്കയെ ശിഷ്യൻമുഖേന പുറപ്പെടുവിക്കുന്നു:—ശിഷ്യന്റെ ശങ്ക:—ആദ്യത്തെ 11-ാംഅദ്ധ്യായത്തിൽ യാതൊരു യോഗാനന്ദം പറയപ്പെട്ടുവോ അതുതന്നെ ഗൌണമിഥ്യാത്മാക്കളെക്കാട്ടിലും ഉൽകൃഷ്ടമായ ആത്മാനന്ദമെന്നു സമ്മതിച്ചേക്കാം. എന്നാൽ സദ്വയമാകയാൽ അതിന്നു ബ്രഹ്മാനന്ദത്വം എങ്ങിനെ സിദ്ധിക്കും; സദ്വയത്വം എങ്ങിനെയെന്നാൽ സജാതീയമായ പുത്രഭാര്യാദിഗൌണാനന്ദത്തോടും മിഥ്യാത്മാവായ ദേഹാദിയോടും, വിജാതീയ ആകാശാദിയോടും ചേർന്നിരിക്കയാൽ സദ്വയം എന്നു വരുന്നു. അപ്പോൾ അദ്വിതീയ ബ്രഹ്മാനന്ദത്വം യോഗാനന്ദത്തിന്നു എങ്ങിനെ സിദ്ധിക്കും, എന്നാണെങ്കിൽ പറയാം ശ്രദ്ധിച്ചു കേൾക്കുക.

2. ആകാശാദിസ്വദേഹാന്തം തൈത്തിരീയശ്രുതീരിതം
ജഗന്നാസ്ത്യന്യദാനന്ദാദദ്വൈതബ്രഹ്മതാതതഃ.

ആകാശാദിസ്വദേഹാന്തം=ആകാശംമുതൽ സ്വശരീരംവരേയുള്ളതും. തൈത്തിരീയശ്രുതീരിതം=തൈത്തിരീയശ്രുതിയാൽ പറയപ്പെട്ടതുമായ ജഗത് ആനന്ദാത് അന്യത് നഅസ്തി=ജഗത്ത് ആനന്ദത്തിൽനിന്നന്യമായിട്ടില്ല. തതഃഅദ്വൈതബ്രഹ്മതാ=അതുകൊണ്ടു അദ്വൈതബ്രഹ്മത്വം സിദ്ധം.

"തസ്മാദ്വാ ഏതസ്മാദാത്മനആകാശഃസംഭൂതഃ" ആ ഈ ആത്മാവിൽനിന്ന് ആകാശമുണ്ടായി" എന്നർത്ഥമായ തൈത്തിരീയശ്രുതിപ്രകാരം ആകാശംമുതൽ ദേഹംവരെയുള്ള ലോകം കാരണത്തിൽനിന്നു ഭിന്നമല്ല കാര്യം എന്ന ന്യായപ്രകാരം ആത്മാവിൽനിന്ന് അന്യമല്ല. ആകയാൽ അദ്വൈതബ്രഹ്മത്വം സിദ്ധംതന്നെ. ബ്രഹ്മം മാത്രമല്ലാതെ ലോകമെന്ന മറ്റൊന്നില്ലാ എന്നു സാരം.

3. ആനന്ദാദേവതജ്ജാതംതിഷ്ഠത്യാനന്ദഏവതത്
ആനന്ദഏവലീനംചേത്യുക്താനന്ദാൽകഥംപൃഥക്.

തത് ആനന്ദാത് ഏവ ജാതം=അത് (ലോകം) ആനന്ദത്തിൽനിന്നുതന്നെ ഉണ്ടായി. തത് ആനന്ദേഏവതിഷ്ഠതി

ഷ്ഠതി=അത് ആനന്ദത്തിൽതന്നെ ഇരിക്കുന്നു. ആനന്ദേഽപ്യവലീനം ചേത്=ആനന്ദത്തിൽതന്നെ ലയിക്കയും ചെയ്യുന്നുവെങ്കിൽ. കഥമാനന്ദാത് പൃഥക്=എങ്ങിനെ ആനന്ദത്തിൽനിന്നന്യമാകും.

മേൽപറഞ്ഞ ശ്രുതി ആത്മാവാണ് ലോകകാരണം എന്നാണല്ലോ കാണിക്കുന്നത്. ആനന്ദം കാരണം എന്നല്ലല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ "ആനന്ദാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ" ആനന്ദത്തിൽനിന്നുതന്നെ ഈ ഭൂതങ്ങളുണ്ടാകുന്നുവെന്ന ശ്രുതിയുടെ അർത്ഥത്തെ ശ്ലോകത്തിൽ കാണിക്കുന്നു. ലോകം ആനന്ദത്തിൽനിന്നുതന്നെയുണ്ടായി. ആനന്ദത്തിൽത്തന്നെ നിലനില്ക്കുന്നു. ആനന്ദത്തിൽ ലയിക്കയും ചെയ്യുന്നു എന്നു ശ്രുതി പറയുമ്പോൾ ലോകം ആനന്ദത്തിൽനിന്ന് ഭിന്നമാകുന്നതെങ്ങിനെ? ആത്മാവെന്നും ആനന്ദമെന്നും പറയുന്നതു രണ്ടല്ല, ഒന്നുതന്നെയെന്നു ധരിക്കേണം.

4. കുലാലാൽ ഘട ഉത്പന്നോ ഭിന്ന ഇതി ന ശങ്ക്യതാം
മൃദ്വദേഷ ഉപാദാനം നിമിത്തം ന കുലാലവത്.

കുലാലാത് ഉത്പന്നഃ ഘടഃ=കുംഭകാരനിൽനിന്നുണ്ടായ ഘടം. ഭിന്നഃ ഇതി ന ആശങ്ക്യതാം=ഭിന്നം എന്നും ശങ്കിക്കേണ്ട. ഏഷഃ മൃദ്വത് ഉപാദാനം=ഇത്—ആനന്ദം—മൃത്തെന്നപോലെ ഉപാദാനമാകുന്നു. കുലാലവത് ന നിമിത്തം=കുംഭകാരനെന്നപോലെ നിമിത്തമല്ല.

കുംഭകാരനിൽനിന്നുണ്ടായ ഘടം അവനിൽനിന്നു ഭിന്നമാണല്ലൊ. അതുപോലെ ആനന്ദത്തിൽനിന്നുണ്ടായ ലോകവും ഭിന്നം എന്നു ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ കുംഭകാരൻ ഘടത്തിന്റെ നിമിത്തകാരണമാകുന്നു. ഉപാദാനകാരണം മണ്ണാകുന്നു. ഘടം മണ്ണുതന്നെയാണല്ലൊ. അതുപോലെ ആനന്ദം ജഗത്തിന്റെ ഉപാദാനകാരണമാകുന്നു, നിമിത്തകാരണമല്ല.

5. സ്ഥിതിർല്ലയശ്ച കുംഭസ്യ കുലാലേ സ്തോ ന ഹി ക്വചിത്
ദൃഷ്ടൗ തൗ മൃദി തദ്വൽ സ്യാദുപാദാനം തയോഃ ശ്രുതേഃ.

ഹി കുംഭസ്യ സ്ഥിതിഃ ലയഃ ച = യാതൊന്നു ഹേതുവായിട്ടു ഘടത്തിന്റെ സ്ഥിതിയും ലയവും. ക്വചിത് കുലാലേ ന സ്തഃ=ഒരു കാലത്തിലും കുലാലനിൽ അല്ല. തൗ മൃദി ദൃഷ്ടൗ=അതു രണ്ടും മൃത്തിൽ കാണപ്പെടുന്നു. തദ്വത് തയോഃ ഉപാദാനം = അതുപോലെ ആ രണ്ടിനും ഉപാദാനം. ശ്രുതേഃ സ്യാത്=ശ്രുതിയിൽനിന്നു ആനന്ദമാണെന്നു കാണുന്നു.

ഘടത്തിനും കുലാലൻ ഉപാദാനമാണെന്നു എന്തുകൊണ്ടു വന്നുകൂടാ എന്ന ശങ്കക്കു സമാധാനം:—ഘടത്തിന്റെ സ്ഥിതിയും ലയവും ഒരു കാലത്തിലും കുലാലനിൽ കാണപ്പെടുന്നില്ല. പിന്നെ എവിടെ അതു രണ്ടും കാണപ്പെടുന്നു? മണ്ണിൽ കാണപ്പെടുന്നു. ഘടമായിരിക്കുന്ന സമയത്തിലും മണ്ണുതന്നെ. നാമരൂപങ്ങളുടെ അഭാവത്തിലും ഘടം മണ്ണുതന്നെ. അതുപോലെ ജഗത്ത് ആനന്ദത്തിൽ നിൽക്കുന്നു. ആനന്ദത്തിൽ ലയിക്കുന്നുവെന്നു ശ്രുതിയുള്ളതിനാൽ ജഗത്തിന്റെ ഉപാദാനം ആനന്ദം തന്നെ. ഉപാദാനം വസ്തുസ്വരൂപം എന്നു സാരം.

6. ഉപാദാനം ത്രിധാ ഭിന്നം വിവർത്തി പരിണാമി ച
ആരംഭകം ച തത്രാന്ത്യൗ ന നിരംശേഽവകാശിനൗ.

ഉപാദാനം ത്രിധാ ഭിന്നം = ഉപാദാനം മൂന്നുവിധത്തിൽ ഭേദമുള്ളതാകുന്നു. വിവർത്തി പരിണാമി ആരംഭകം ച=വിവർത്തമുള്ളത്, പരിണാമമുള്ളത്, ആരംഭകമായത്. തത്ര അന്ത്യൗ=അതിൽ അവസാനത്തിൽ പറഞ്ഞ രണ്ടും. നിരംശേ അവകാശിനൗ ന=അംശരഹിതമായ വസ്തുവിൽ അവകാശമുള്ളവയല്ല.

ബ്രഹ്മം ജഗദുപാദാനമെന്നിരിക്കട്ടെ എന്നാൽ ഉപാദാനം എത്രവിധത്തിലുണ്ടെന്നറിവാനാഗ്രഹിക്കുന്ന ശിഷ്യനോടു ഗുരു പറയുന്നു:—വിവർത്തോപാദാനം, പരിണാമോപാദാനം, ആരംഭകോപാദാനം ഇങ്ങിനെ മൂന്നുവിധത്തിൽ ഉപാദാനദ്രവ്യങ്ങളുണ്ട്. അതിൽ ഒടുവിൽ പറഞ്ഞതായ പരിണാമം ആരംഭകം എന്ന രണ്ടിനും അംശരഹിതമായ ആത്മാവിൽ അവകാശമില്ല. അവശേഷമായ വിവർത്തം എന്ന ഉപാദാനതയാമാണ് ആത്മാവിൽ ഉള്ളത് എന്നു സാരം.

7. ആരംഭവാദിനോഽന്യസ്മാദന്യസ്യോൽപത്തിമൂചിരേ
തന്തോഃ പടസ്യ നിഷ്പത്തേർഭിന്നൗ തന്തുപടൗ ഖലു.

ആരംഭവാദിനഃ അന്യസ്മാത് അന്യസ്യ=ആരംഭവാദികൾ അന്യത്തിൽനിന്നു അന്യത്തിന്റെ. ഉൽപത്തിം ഊചിരേ = ഉൽപത്തിയെ പറയുന്നു. നിഷ്പത്തേഃ = അങ്ങിനെ കാണപ്പെടുന്ന കാരണത്താൽ. തന്തോഃ

പടസ്യ=നൂലിൽനിന്നു വസ്ത്രത്തിൻെറ നിഷ്പത്തിപോലെ. തന്തുപടയൊ ഭിന്നൌ ഖലു = നൂലും വസ്ത്രവും ഭിന്നങ്ങളാണെല്ലൊ.

ആരംഭവാദത്തിൻെറ ലക്ഷണം പറയുന്നു:—വൈശേഷികന്മാരാണ് ആരംഭവാദം ചെയ്യുന്നവർ. അവരുടെ വാദം അന്യത്തിൽനിന്നു അന്യത്തിൻെറ ഉൽപത്തിയാണ്. ഇതുതന്നെ ആരംഭവാദം:—കാരണനിലയിൽ ഇരിക്കുമ്പോഠ വസ്തുവിൻെറ സ്വരൂപവും ഉപയോഗവും ഒരുവിധം. കാര്യനിലയിൽ വരുമ്പോഠ അതു രണ്ടിന്നും മാററം കാണപ്പെടും. ഏതുപോലെയെന്നാൽ നൂലായിരിക്കുന്ന സമയത്തിൽ കാരണദ്രവ്യം ഒരുവിധം ഇരിക്കുന്നു. അതുതന്നെ കാര്യരൂപത്തിൽ വസ്ത്രമായി വരുമ്പോഠ മറെറാരുവിധം. നൂലിൻേറയും വസ്ത്രത്തിൻേറയും ആകൃതിക്കും ഉപയോഗത്തിന്നും ഭേദം കാണപ്പെടുന്നുണ്ടല്ലൊ. ഇപ്പോഠ വസ്ത്രം നൂൽതന്നെയല്ലെയോ? എന്നു ശങ്ക ജനിക്കാം:—അതല്ല ഇവിടത്തെ വാദരഹസ്യം:—കാരണദ്രവ്യംകൊണ്ടുള്ള ഉപയോഗം, ആകൃതി എന്നിവകൾ ഭേദം കാണപ്പെടുന്നില്ലെയോ എന്നാണ് സാരാംശം.

8\. അവസ്ഥാന്തരതാപത്തിരേകസ്യ പരിണാമിതാ
സ്യാൽക്ഷീരം ദധിമൃൽകുംഭഃ സുവർണം കുണ്ഡലം യഥാ.

ഏകസ്യ അവസ്ഥാന്തരതാപത്തിഃ=ഒന്നിൻെറ അന്യമായ അവസ്ഥാപ്രാപ്തി. പരിണാമിതാ=പരിണാമഭാവമാകുന്നു. യഥാക്ഷീരംമൃത് സുവർണ്ണം=എപ്രകാരമോ പാല്, മണ്ണ്, സ്വർണ്ണം എന്നിവ. ദധി കുംഭഃ കുണ്ഡലം സ്യാത്=തയിര്, ഘടം, കർണ്ണാഭരണം എന്നിവയായിത്തീരുന്നത്.

പരിണാമത്തിൻെറ സ്വരൂപത്തെ കാണിക്കുന്നു:—ഒരു സാധനം അതിൻെറ സ്വന്തനില വിട്ടിട്ടു മറെറാരാകൃതിയെ പ്രാപിക്കുന്നതായാൽ അതിന്നു പരിണാമം എന്നു പേർ. ഉദാഹരണം:—പാല് തയിരായിട്ടും, മണ്ണ് ഘടാദിപാത്രങ്ങളായിട്ടും, സ്വർണ്ണം കുണ്ഡലാദ്യാഭരണങ്ങളായിട്ടും ഭവിക്കുന്നതേതുവിധമോ അതുപോലെ.

9\. അവസ്ഥാന്തരഭാനംതു വിവർത്തോ രജ്ജുസർപവത്
നിരംശേപ്യസ്ത്യസൌവ്യോമ്നിതല മാലിന്യകല്പനാത്.

അവസ്ഥാന്തരഭാനംതു=മറെറാരവസ്ഥയുള്ളതുപോലെ തോന്നുക എന്നതാകട്ടെ. വിവർത്തഃ=വിവർത്തമാകുന്നു. രജ്ജുസർപവത്=കയറിനെ പാമ്പായിട്ടു കാണുന്നതുപോലെ. നിരംശേഅപിഅസൌ അസ്തി=അംശരഹിതമായതിലും ഇതുണ്ടാകും. വ്യോമ്നിതലമാലിന്യകല്പനാത് = ആകാശത്തിൽതലം മാലിന്യം എന്നിവ കല്പിക്കുന്നതുകൊണ്ട്.

വിവർത്തലക്ഷണം പറയുന്നു:—പൂർവ്വസ്ഥിതിയെ വിട്ടുകളയാതെതന്നെ മറെറാരാകൃതിയിൽ തോന്നുക എന്നതാകട്ടെ മുമ്പെ പറഞ്ഞ രണ്ടിൽനിന്നും വ്യത്യസ്ഥമാകുന്നു. ഇങ്ങിനെ കാണപ്പെടുന്നതാണ് വിവർത്തം എന്നു പറയപ്പെടുന്നത്. ഉദാഹരണം:—രജ്ജുസർപ്പം. യഥാർത്ഥത്തിൽ ഒരു കയറാണൊരു ദിക്കിൽ കിടക്കുന്നത്. അറിയാതെ അതു പാമ്പാകുന്നുവെന്നു ഒരാഠക്കു തോന്നുന്നുവെങ്കിൽ അതിന്നു വിവർത്തം എന്നു പേർ. രജ്ജുവിന്നു അവയവമുള്ളതുകൊണ്ടു നിരവയവത്തിലല്ല ഈ ഭാനം എന്നു ശങ്കിക്കുന്നുവെങ്കിൽ നിരംശത്തിലും ഇതു കാണപ്പെടും. ആകാശസ്വരൂപത്തെ അറിയാത്ത ഒരാഠ അതിൽ തലത്തെയും മാലിന്യത്തെയും കല്പിക്കാറുണ്ടല്ലൊ. നീലനിറത്തിലുള്ള വലിയ ഒരു കടാഹം കവുഴ്ത്തി വെച്ചിരിക്കുന്നതുപോലെയും, നീലനിറം ആകാശത്തിലുള്ളതുപോലെയും കല്പിക്കുന്നില്ലെയോ. ആകാശത്തിന്നു ആകൃതിയും നിറവുമില്ലാതിരിക്കെ ഈ വിധം കല്പിക്കുന്നതുകൊണ്ടു നിരംശത്തിലും ഈമാതിരി പ്രതിഭാനം കാണപ്പെടും.

10\. തതോ നിരംശആനന്ദേ വിവർത്തോ ജഗദിഷ്യതാം
മായാശക്തിഃകല്പികാസ്യാ ഐന്ദ്രജാലികശക്തിവത്.

തതഃനിരംശേആനന്ദേ=അതുകൊണ്ടു അംശരഹിതമായ ആനന്ദത്തിൽ. ജഗത് വിവർത്തഃഇഷ്യതാം=ലോകം വിവർത്തമാണെന്നറിഞ്ഞുകൊള്ളണം. മായാശക്തിഃ കല്പികാസ്യാത്=മായാശക്തിയാണ് കല്പിക്കുന്നതു്. ഐന്ദ്രജാലികശക്തിവത്=ഇന്ദ്രജാലവിദ്യക്കാരനിലുള്ള ശക്തിയെന്നപോലെ.

നിരംശത്തിലും വിവർത്തം ഉണ്ടാകുമെന്നു ആകാശദൃഷ്ടാന്തംകൊണ്ടു കണ്ടുവല്ലൊ. ആകയാൽ അംശരഹിതമായ ആനന്ദത്തിൽ ജഗത്ത് വിവർത്തമാണെന്നു കണ്ടുകൊള്ളേണം. ആനന്ദബ്രഹ്മത്തിൽ ജഗത്തിനെ ആരാണ് കല്പിക്കുന്നത്? ബ്രഹ്മത്തിൽ ഇരിക്കുന്ന മായാശക്തിയാണ് കല്പിക്കുന്നത്. ശക്തിക്ക

ആ വിധം കല്പിക്കാൻ കഴിയുമോ? കഴിയും ഇന്ദ്രജാലവിദ്യ കാട്ടുന്നവനിൽ ഇരിക്കുന്ന മന്ത്രൌഷധശക്തികൾകൊണ്ടു ഗന്ധർവ്വനഗരം മുതലായ അതിശയങ്ങളെ കല്പിക്കുന്നതുപോലെ.

11. ശക്തിഃശക്താൽപൃഥഗ്‌നാസ്തി തദ്വദ്ദൃഷ്ടേർന്നചാഭിദാ
പ്രതിബന്ധസ്യദൃഷ്ടത്വാച്ഛക്ത്യഭാവേതു കസ്യസഃ.

ശക്തിഃശക്താത് പൃഥക് നഅസ്തി=ശക്തിശക്തനിൽനിന്നു വേറെയില്ല. തദ്വത് ദൃഷ്ടേഃ=അതുപോലെ കാണപ്പെടുന്നതുകൊണ്ട്. പ്രതിബന്ധസ്യ ദൃഷ്ടത്വാത്=പ്രതിബന്ധം കാണപ്പെടുന്നതുകൊണ്ട്. അഭിദാചനഃ=ഭേദമില്ലാത്തതുമല്ല. ശക്ത്യഭാവേതു കസ്യസഃ=ശക്തിയുടെ അഭാവത്തിലാകട്ടെ അത് (പ്രതിബന്ധം) ആർക്കാണുള്ളത്.

ആനന്ദരൂപമായ ആത്മാവിൽനിന്നന്യയായ ശക്തിയെ അംഗീകരിക്കുന്ന പക്ഷത്തിൽ ദ്വൈതാപത്തി വരുന്നില്ലെയോ എന്ന ശങ്കയെ തീർക്കാൻ ശക്തിസ്വരൂപത്തെ വിശദമാക്കുന്നു:—ശക്തി സതിയെന്നോ അസതിയെന്നോ എന്നു നിർണ്ണയിപ്പാൻ കഴിയാത്ത ഒന്നാകയാൽ അനിർവ്വചനീയയാണെന്നു അഗ്ന്യാദിദൃഷ്ടാന്തത്താൽ തെളിയിക്കുന്നു:—ശക്തനിൽനിന്നു ശക്തിയെ വേറെ കാണപ്പെടാത്തതുകൊണ്ടു ഭിന്നയല്ല. എന്നാൽ അഗ്ന്യാദികളിൽ ഇരിക്കുന്ന ദാഹാദിശക്തികളെ മണിമന്ത്രൌഷധാദിപ്രയോഗങ്ങളാൽ സ്തംഭിപ്പിക്കുന്നതായി കാണപ്പെടുന്നതിനാൽ ഭിന്നയല്ല എന്നും വരുന്നില്ല. ഭിന്നയുമല്ല അഭിന്നയുമല്ല എന്നു പറവാൻ കാരണം:—അഗ്ന്യാദിസ്വരൂപത്തിനു ഹാനിയില്ലാതിരിക്കെ ദാഹാദികാര്യം കാണപ്പെടാതിരിക്കുമ്പോൾ ദാഹശക്തിയെ തടസ്ഥപ്പെടുത്തി. അഗ്നിസ്വരൂപത്തിൽ മാററം വന്നിട്ടുമില്ല. ആകയാൽ ശക്തി അഭിന്നയാണെന്നു വരുന്നില്ല. അങ്ങിനെ അഭിന്നയാണെന്നു വിചാരിക്കുന്നപക്ഷം പ്രതിബന്ധം ആരേയാണ് ബാധിച്ചത് എന്നു പറവാൻ കഴിയാതെവരും. പ്രത്യക്ഷമായി കാണുന്ന അഗ്നിസ്വരൂപത്തിനു ഹാനിഇല്ലായാതെയും ദാഹശക്തി കാര്യദ്വാരാ കാണപ്പെടാതെയും ഇരിക്കുകയാൽ ശക്തി ശക്തനിൽ ഭിന്നന്യയാണെന്നു കാണേണ്ടതായും ഇരിക്കുന്നു.

12. ശക്തേഃകാര്യാനുമേയത്വാദകാര്യേ പ്രതിബന്ധനം
ജ്വലതോഗ്നേരദാഹേസ്യാന്മന്ത്രാദി പ്രതിബന്ധതാ.

ശക്തേഃകാര്യാനുമേയത്വാത്=ശക്തിയുടെ കാര്യാനുമേയത്വം ഹേതുവായിട്ടു. അകാര്യേപ്രതിബന്ധനം=കാര്യം കാണപ്പെടുന്നില്ലെങ്കിൽ പ്രതിബന്ധം ഉണ്ട്. ജ്വലതഃഅഗ്നേഃ=ജ്വലിക്കുന്ന അഗ്നിയിൽനിന്നു അദാഹേ=ദാഹക്രിയ കാണപ്പെടുന്നില്ലെങ്കിൽ. മന്ത്രാദിപ്രതിബന്ധതാ=മന്ത്രാദികൾ നിമിത്തം പ്രതിബന്ധം ഉണ്ടായിരിക്കുന്നു.

ശക്തിയെന്ന ഒന്ന് ഉണ്ടോ ഇല്ലയോ എന്നു കാര്യംകൊണ്ട് അനുമാനിച്ചുതന്നെ അറിയേണം. ശക്തിയുടെ കാര്യം കാണപ്പെടുന്നില്ലെങ്കിൽ ശക്തിക്കു തടസ്ഥം നേരിട്ടിരിക്കുന്നുവെന്നു കണ്ടുകൊള്ളേണം. ദൃഷ്ടാന്തം:—അഗ്നിയുടെ ശക്തി, ദഹിപ്പിക്കുക എന്നതാണെല്ലോ. ആ ശക്തിയുള്ള അഗ്നി ജ്വലിച്ചുകൊണ്ടിരിക്കെ അതിലിടുന്ന സാധനം ദഹിക്കുന്നില്ല—ഭസ്മമാകുന്നില്ല—എന്നു കാണുമ്പോൾ മന്ത്രാദികൾനിമിത്തം ദാഹശക്തി പ്രവൃത്തിക്കുന്നില്ല എന്നു കാണേണം. ഇങ്ങിനെ കാര്യംകൊണ്ടു ശക്തിയെ അറിയുന്നതല്ലാതെ മറെറാരുവിധത്തിൽ ശക്തിയെ അറിയുവാൻ കഴികയില്ല. മന്ത്രാദികൾക്ക് ശക്തിയുടെ കാര്യത്തെ തടസ്ഥപ്പെടുത്തുവാൻ കഴിയുമെന്നും ശക്തി എങ്ങുമുണ്ടെന്നുംകൂടി ദൃഷ്ടാന്തത്തിൽനിന്നു സ്പഷ്ടമാകുന്നു.

13. ദേവാത്മശക്തിം സ്വഗുണൈർന്നിഗൂഢാം മുനയോവിദൻ
പരാസ്യശക്തിർവ്വിവിധാ ക്രിയാജ്ഞാനബലാത്മികാ.

സ്വഗുണൈഃനിഗൂഢ=സ്വഗുണങ്ങളാൽ അത്യന്തം മറയ്ക്കപ്പെട്ടിരിക്കുന്ന. ദേവാത്മശക്തിം=ദേവനായ ആത്മാവിന്റെ ശക്തിയെ. മുനയഃഅവിദൻ=മുനിമാർ അറിഞ്ഞു. അസ്യ പരാശക്തിഃ=ഇവന്റെ (ബ്രഹ്മത്തിന്റെ) ഉൽകൃഷ്ടയായ ശക്തി. വിവിധാക്രിയാജ്ഞാന ബലാത്മികാ_പലവിധത്തിലുള്ള ക്രിയ, ജ്ഞാനം, ബലം, എന്ന രൂപത്തിലുള്ളതാകുന്നു.

ലോകത്തിൽ അഗ്ന്യാദിവസ്തുക്കളിലുള്ള ശക്തിയുടെ സ്വരൂപത്തെയും അതിനെ അറിയുവാനുള്ള മാർഗ്ഗത്തെയും കാണിച്ചശേഷം ബ്രഹ്മത്തിൽ മായയെന്നു പറയപ്പെടുന്ന ശക്തിയുണ്ടെന്നു കാണിക്കുന്നതായ ശ്വേതാശ്വതരോപനിഷദ്വാക്യത്തെ ശ്ലോകരൂപത്തിൽ കാണിക്കുന്നു:—"തേധ്യാനയോഗാനുഗതാ അപശ്യൻ ദേവാത്മശക്തിം സ്വഗുണൈർന്നിഗൂഢാം" എന്നാണ് വാക്യം!—ജഗൽകാരണം കാലമാണ്, സ്വഭാവമാണ് എന്നിങ്ങിനെയുള്ള വാദങ്ങൾ ദോഷങ്ങളാണെന്നു തോന്നിയപ്പോൾ ആ മുനിമാർ

ധ്യാനയോഗത്തെ ആശ്രയിച്ചു. അപ്പോൾ സച്ചിദാനന്ദസ്വരൂപനായ ആത്മാവായിത്തന്നെ എങ്ങും വ്യാപിച്ചിരിക്കുന്ന ബ്രഹ്മത്തിലിരിക്കുന്ന ശക്തിയെകണ്ടു. ആ ശക്തിയാണ് ജഗൽകാരണം എന്നറിഞ്ഞു. അതു സ്ഥൂലദൃഷ്ടികൾക്കു കാണ്മാൻ കഴിയാത്തവിധത്തിൽ ഗുണകാര്യങ്ങളായ സ്ഥൂലസൂക്ഷ്മശരീരങ്ങളാൽ അത്യന്തം മറയ്ക്കപ്പെട്ടിരിക്കുന്നതാണെന്നും അവരറിഞ്ഞു എന്നാണ് പൂർവ്വാദ്ധത്തിൽ അടങ്ങിയ അർത്ഥം. "പരാസ്യശക്തിർവ്വിവിധൈവ ശ്രൂയതേ സ്വാഭാവികീ ജ്ഞാനബലക്രിയാച" എന്ന അടുത്ത വാക്യത്തിലെ അർത്ഥം ഉത്തരാദ്ധത്തിൽ കാണിക്കുന്നു:—ഈ ബ്രഹ്മത്തിൽ ജഗത്തിൻെറ കാരണമായിരിക്കുന്ന ഉൽകൃഷ്ടശക്തി ബഹുവിധമാണെന്നും ശ്രുതിയിൽ കാണുന്നുണ്ടു്. ബഹുവിധം എന്നതിനെ വിവരിക്കുന്നു: ആ ശക്തി ബ്രഹ്മസ്വഭാവംതന്നെയാകുന്നു. ക്രിയാ, ജ്ഞാനം, ബലം എന്നിവയാണ് ആ ശക്തിയുടെ വിവിധത്വം. ക്രിയാരൂപത്തിലും ജ്ഞാനരൂപത്തിലും, രണ്ടുംകൂടി യോജിക്കുമ്പോളുണ്ടാകുന്ന ഇച്ഛയാകുന്ന ബലത്തിലും നാനാത്വം ആ ശക്തിയിൽ അടങ്ങിയിരിക്കുന്നു.

14. ഇതിവേദവചഃ പ്രാഹവസിഷ്ഠശ്ച തഥാബ്രവീത്
സർവ്വശക്തിപരം ബ്രഹ്മനിത്യമാപൂർണ്ണമദ്വയം.

ഇതിവേദവചഃപ്രാഹ=ഇപ്രകാരം വേദവാണി പറയുന്നു. വസിഷ്ഠഃചതഥാ അബ്രവീത്=വസിഷ്ഠനും അപ്രകാരം പറഞ്ഞിരിക്കുന്നു. നിത്യം ആപൂർണ്ണം അദ്വയം പരംബ്രഹ്മ=നാശരഹിതവും സർവ്വത്ര പൂർണ്ണവും അദ്വിതീയവുമായ പരബ്രഹ്മം സർവ്വശക്തിയുള്ളതാകുന്നു.

ഇപ്രകാരം മുമ്പേ എടുത്തുകാണിച്ച രണ്ടു വാക്യവും ഉപനിഷത്തിൽ ഉള്ളതാകുന്നു. ശ്രുതി മാത്രമല്ല വാസിഷ്ഠം എന്ന ഗ്രന്ഥത്തിൽ–സ്മൃതിയിൽ വസിഷ്ഠനും അതിനെ അനുസരിച്ചു പറഞ്ഞിട്ടുണ്ടു്. നാശരഹിതവും എങ്ങും നിറഞ്ഞതും അദ്വിതീയവുമായ പരബ്രഹ്മം (ഇതു് സ്വരൂപലക്ഷണം) സർവ്വശക്തിസമന്വിതമാകുന്നു. (ഇതു് ഉപാധിസഹിതസ്വരൂപം.)

15. യയോല്ലസതിശക്ത്യാസൌപ്രകാശമധിഗച്ഛതി
ചിച്ഛക്തിർബ്രഹ്മണോരാമശരീരേഷൂപലഭ്യതേ.

യയാശക്ത്യാഉല്ലസതി=യാതൊരു ശക്തിയെ അവലംബിച്ചിട്ടു എപ്പോൾ വികസിക്കുന്നുവോ. തദാഅസൌപ്രകാശംഅധിഗച്ഛതി=അപ്പോൾ ആത്മാവ് അഭിവ്യക്തിയെ പ്രാപിക്കുന്നു. രാമബ്രഹ്മണഃചിച്ഛക്തിഃ=അല്ലയോരാമ! ബ്രഹ്മത്തിൻെറ ജ്ഞാനശക്തി. ശരീരേഷു ഉപലഭ്യതേ=ശരീരങ്ങളിൽ കാണപ്പെടുന്നു

ആ പരബ്രഹ്മം ഏതു ശക്തിയെ അവലംബിച്ചിട്ടു എപ്പോൾ ഉല്ലസിക്കുന്നുവോ (പ്രകടമാകുന്നുവോ) അപ്പോഴപ്പോൾ ബ്രഹ്മനിഷ്ഠയായ ആ ശക്തി അഭിവ്യക്തിയെ പ്രാപിക്കുന്നു. ബ്രഹ്മത്തിലുള്ള ഓരോ ശക്തികളെ എടുത്തു കാണിക്കുന്നു: —അല്ലയോ രാമ! ബ്രഹ്മനിഷ്ഠമായ ചിത്ത് എന്ന ശക്തി ദേവന്മാർ, മനുഷ്യന്മാർ, തിര്യക്കുകൾ എന്ന വ്യവഹാരയോഗ്യങ്ങളായ സകല ശരീരങ്ങളിലും സ്പഷ്ടമായി കാണപ്പെടുന്നു. ചൈതന്യമുള്ളവർ ദേവാദികൾ എന്നു വന്നിരിക്കുന്നതു ബ്രഹ്മനിഷ്ഠമായ ചിത്തിൻെറ അഭിവ്യക്തിനിമിത്തമാകുന്നു.

16. സ്പന്ദശക്തിശ്ചവാതേഷുദാർഢ്യശക്തിസ്തഥോപലേ
ദ്രവശക്തിസ്തഥാംഭസ്സുദാഹശക്തിസ്തഥാനലേ.

വാതേഷുസ്പന്ദശക്തിഃച=വായുക്കളിൽ ചലനശക്തിയും. തഥാഉപലേദാർഢ്യശക്തിഃ=അപ്രകാരം കല്ലിൽ ഉറപ്പ് എന്ന ശക്തിയും. തഥാഅംഭസ്സു=അപ്രകാരം ജലത്തിൽ. ദ്രവശക്തിഃ=ദ്രവശക്തിയും. തഥാഅനലേദാഹശക്തിഃ=അപ്രകാരം ദാഹശക്തി അഗ്നിയിലും.

വായുക്കളിൽ ചലനശക്തിയും കല്ലിൽ ഉറപ്പ് എന്ന ശക്തിയും വെള്ളത്തിൽ ദ്രവശക്തിയും അഗ്നിയിൽ ദാഹശക്തിയും അഭിവ്യക്തിയെ പ്രാപിക്കുന്നു. ഈവക ദ്രവ്യങ്ങളില്ലാത്തപ്പോൾ ഈവക എല്ലാ ശക്തികളും പരബ്രഹ്മത്തിൽ അടങ്ങിയിരിക്കുന്നുണ്ടെന്നും ശക്തികാര്യം അനേകവിധമാണെന്നുംകൂടെ ധരിച്ചുകൊൾക.

17. ശൂന്യശക്തിസ്തഥാകാശേനാശശക്തിർവ്വിനാശിനി
യഥാണ്ഡേന്തർമ്മഹാസർപ്പോജഗദസ്തിതഥാത്മനി.

തഥാആകാശേശൂന്യശക്തിഃ=അപ്രകാരം ആകാശത്തിൽ ശൂന്യശക്തി. വിനാശിനിനാശശക്തിഃ=നശിക്കുന്ന വസ്തുവിൽ നശിപ്പിക്കുന്നതായ ശക്തി. അണ്ഡഅന്തഃമഹാസർപ്പഃയഥാ=മുട്ടയുടെ ഉള്ളിൽ മഹാസർപ്പം ഏതുവിധമോ. തഥാആത്മനിജഗത് അസ്തി=അപ്രകാരം ആത്മാവിൽ ജഗത്തിരിക്കുന്നു.

ആകാശത്തിൽ ശൂന്യശക്തിയും നശ്വരവസ്തുവിൽ നാശശക്തിയും അഭിവ്യക്തിയെ പ്രാപിക്കുന്നു. ഏററവും ചെറുതായ അണ്ഡത്തിൽ മഹാസർപ്പം എന്നപോലെ മഹാസൂക്ഷ്മമായ ആത്മാവിൽ ജഗത്തടങ്ങിയിരിക്കുന്നു. ഇരിക്കുന്ന ജഗത്ത് കാര്യരൂപേണ വെളിപ്പെടുമ്പോൾ മാത്രമേ അതിന്നു കാരണമായ ശക്തിയെ കാണ്മാൻ കഴിയുന്നുള്ളുവെന്നു സാരം.

18. ഫലപത്രലതാപുഷ്പശാഖാവിടപമൂലവാൻ
നനുബീജേയഥാവൃക്ഷസ്തഥേദംബ്രഹ്മണിസ്ഥിതം.

കായ, ഇല, വല്ലി, പുഷ്പം, ശാഖ, സ്കന്ധം, വേര് എന്നിവയുള്ള മഹാവൃക്ഷം കൃശമായ വിത്തിലെന്നപോലെ ബ്രഹ്മത്തിൽ അനേകകോടി ബ്രഹ്മാണ്ഡങ്ങൾ അടങ്ങിയിരിക്കുന്നു. സംഭാവ്യമല്ലെന്നുള്ള ശങ്ക ജനിക്കാതിരിപ്പാനാണ് ബീജത്തേയും വൃക്ഷത്തേയും ഉദാഹരിച്ചത്.

19. ക്വചിത്കാശ്ചിത്കദാചിച്ചതസ്മാദുദ്യന്തിശക്തയഃ
ദേശകാലവിചിത്രത്വാൽക്ഷ്മാതലാദിവശാലയഃ.

ക്വചിത്കദാചിത്കാശ്ചിത്ശക്തയഃ=ചിലേടത്തിൽ ചിലകാലത്തിൽ ചില ശക്തികൾ. തസ്മാത്ഉദ്യന്തി=അതിൽനിന്നു പുറപ്പെടുന്നു. ദേശകാലവിചിത്രത്വാത്=ദേശം കാലം എന്നിവയുടെ നാനാത്വംനിമിത്തം. ക്ഷ്മാതലാത്ശാലയഃഇവ=ഭൂമിയിൽനിന്നു ധാന്യങ്ങളെന്നപോലെ.

എല്ലാ ശക്തികളും ഏകകാലത്തിൽ അഭിവ്യക്തകളാകാത്തത് എന്തുകൊണ്ടാണെന്നു കാണിക്കുന്നു:—ഓരോ സ്ഥാനങ്ങളിൽ ഓരോ കാലത്തിൽ ഓരോവിധ ശക്തികൾ ബ്രഹ്മത്തിൽനിന്നു പ്രകാശിക്കുന്നത് ദേശകാലഭേദംനിമിത്തം ഭൂമിയുടെ അന്തർഭാഗത്തുള്ള വിത്തുകൾ എല്ലാം ഒന്നായിട്ടു മുളക്കാതെ ഓരോ ദേശത്തിൽ ഓരോ കാലത്തിൽ ഓരോ വിത്തുകൾ മുളക്കുന്നതുപോലെയാകുന്നു. സ്വഭാവംതന്നെ അതിന്നു പ്രധാനകാരണം. കാലദേശാവസ്ഥകളെ അനുസരിച്ചാണ് അങ്കുരോൽപത്തി. അതുപോലെ ബ്രഹ്മശക്തിയും ഒരേകാലത്തിൽ എല്ലാം വെളിപ്പെടാതിരിക്കുന്നു.

20. സആത്മാസർവ്വഗോരാമ!നിത്യോദിതമഹാവപുഃ
യന്മനാങ്മനനീംശക്തിംധത്തേതന്മനഉച്യതേ.

രാമ!സഃആത്മാസർവ്വഗഃ=ഹേ രാമ! ആ ആത്മാവ് എങ്ങും ഉള്ളവനും നിത്യോദിതമഹാവപുഃ=എപ്പോഴും പ്രകാശിച്ചും ദേശം കാലം എന്നിവയെ അതിക്രമിച്ചിരിക്കുന്ന സ്വരൂപത്തോടും കൂടിയതുമാകുന്നു. യത് മനാക്മനനീംശക്തിം=അല്പം വിചാരിക്കുന്നതായ ശക്തിയെ എപ്പോൾ. ധത്തേതത്മനഃഉച്യതേ=ധരിക്കുന്നു. അപ്പോൾ മനസ്സ് എന്നു പറയപ്പെടുന്നു

ജഗത്ത് എന്നതു സത്യവസ്തുവല്ല. കല്പനം മാത്രമാണ് എന്നു കാണിപ്പാൻ കല്പിക്കാൻ ശക്തിയുള്ള മനസ്സിൻെറ ഉൽപത്തിയെ കാണിക്കുന്നു:—ഹേ രാമ! നിത്യപ്രകാശമായിരിക്കുന്നതും സർവ്വഗതവുമായ ആത്മാവ് എപ്പോൾ താനെന്നും അന്യമെന്നും ധരിക്കുന്നതായ ശക്തിയെ സ്വീകരിക്കുന്നുവോ അപ്പോൾ ആ ശക്തിസ്വരൂപത്തെ മനസ്സെന്നു പറയുന്നു.

21. ആദൌമനസ്തദനുബന്ധവിമോക്ഷദൃഷ്ടീ
പശ്ചാൽപ്രപഞ്ചരചനാഭുവനാഭിധാനാ
ഇത്യാദികാസ്ഥിതിരിയംഹിഗതാപ്രതിഷ്ഠാ
മാഖ്യായികാസുഭഗബാലജനോദിതേവ.

ആദൌമനഃതദനു=ആദ്യം മനസ്സ്. പിന്നെ. ബന്ധവിമോക്ഷദൃഷ്ടീ=ബന്ധം മോക്ഷം എന്നു കല്പനകൾ പശ്ചാൽഭുവനാഭിധാനാ=അനന്തരം ഭുവനം എന്ന പേരുള്ളതായ. പ്രപഞ്ചരചനാ=പ്രപഞ്ചകല്പന. ഇത്യാദികാഇയംസ്ഥിതിഃ=ഇപ്രകാരമുള്ള ഈ സ്ഥിതി സുഭഗബാലജനോദിതാ=സമർത്ഥന്മാരായ കുട്ടികളോടു പറയുന്ന. ആഖ്യായികാഇവ=കഥയെന്നപോലെ. പ്രതിഷ്ഠാംഗതാ=പ്രതിഷ്ഠയെ പ്രാപിച്ചു.

പ്രപഞ്ചം കല്പിതമാണെന്നു പറഞ്ഞുവല്ലൊ. അതിൻെറ ക്രമം പറയുന്നു. ആദ്യം ബ്രഹ്മത്തിലിരിക്കുന്ന കല്പനാശക്തിയുടെ ഉല്ലാസം മനസ്സ് എന്ന രൂപത്തിൽ വിളങ്ങുന്നു. പിന്നെ ആ മനസ്സ് ബന്ധമോക്ഷങ്ങളെ കല്പിക്കുന്നു. പിന്നെ ഭുവനങ്ങൾ എന്നു പേരുള്ളതായ ഗിരികൾ, നദികൾ, നഗരികൾ എന്നിവയടങ്ങിയിരിക്കുന്ന പ്രപഞ്ചകല്പനം ഉണ്ടാവുന്നു. ഇങ്ങിനെ സമർത്ഥന്മാരായ കുട്ടികളോടു കെട്ടിച്ചമച്ചു പറയുന്ന കഥകളെന്നപോലെ ലോകത്തിൻെറ സ്ഥിതിസ്ഥിരതയെ പ്രാപിച്ചിരിക്കുന്നു. കെട്ടുക

ഥ വാസ്തവമാണെന്നു ബാലന്മാർ വിചാരിക്കുന്നതുപോലെ വിചാരശക്തിയില്ലാത്തവർ ഈ പ്രപഞ്ചം സത്യമാണെന്നു വിചാരിക്കുന്നു.

22. ബാലസ്യ ഹി വിനോദായ ധാത്രീവക്തി ശുഭാംകഥാം
കചചിൽസന്തി മഹാബാഹോ രാജപുത്രാസ്ത്രയഃ ശുഭാഃ

ബാലസ്യവിനോദായ ഹി=കുട്ടിയെ വിനോദിപ്പിക്കുവാൻ. ധാത്രീ ശുഭാം കഥാം=പോററമ്മ നല്ലൊരു കഥയെ. വക്തി=പറയുന്നു. മഹാബാഹോ!=ഹേ വീരബാലക!. കചചിൽ=ഒരു ദിക്കിൽ. ശുഭാഃ= ഗുണവാന്മാരായ. ത്രയഃരാജപുത്രാഃ=മൂന്നു രാജകുമാരന്മാർ. സന്തി ഉണ്ട്

23. ദ്വൌനജാതൌ തഥൈകസ്തുഗർഭേപ്യേവ നചസ്ഥിതഃ
വസന്തിതേധർമ്മയുക്താ അത്യന്താസതിപത്തനെ.

ദ്വൌനജാതൌ=അവരിൽ രണ്ടുപേർ ജനിക്കാത്തവർ. തഥാ ഏകാഃതു=അപ്രകാരം മറെറാരുവനാകട്ടെ. ഗർഭേപ്യേവ=ഗർഭത്തിൽതന്നെ. നചസ്ഥിതഃ=വസിച്ചിട്ടില്ല. ധർമ്മയുക്താഃതേ=ധർമ്മത്തോടുകൂടിയ ആ മൂന്നു പേരും. അത്യന്താസതി പത്തനെ=അന്ത്യന്ത ശൂന്യം എന്നു പേരായ പട്ടണത്തിൽ. വസന്തി=വസിക്കുന്നു.

24. സ്വകീയാംച്ഛൂന്യനഗരാന്നിർഗത്യ വിമലാശയാഃ
ഗച്ഛന്തോ ഗഗനേ വൃക്ഷാൻദ്ദൃശുഃ ഫലശാലിനഃ

വിമലാശയാഃ=ബുദ്ധിശാലികളായ അവർ സ്വകീയാത് ശൂന്യനഗരാത്=അവരുടെ ശൂന്യനഗരത്തിൽ നിന്നു. നിർഗത്യഗച്ഛന്തഃ=പുറത്തേക്കു പുറപ്പെട്ടു സഞ്ചരിക്കുമ്പോഠം. ഗഗനെ=ആകാശത്തിൽ. ഫലശാലിനഃവൃക്ഷാൻ=ഫലങ്ങളാംകൊണ്ടു ശോഭിക്കുന്ന വൃക്ഷങ്ങളെ. ദദൃശുഃ=കണ്ടു.

25. ഭവിഷ്യന്നഗരേ തത്രരാജപുത്രാ സ്ത്രയോപിതേ
സുഖമദ്യസ്ഥിതാഃ പുത്ര! മൃഗയാ വ്യവഹാരിണഃ

തത്ര ഭവിഷ്യന്നഗരേ=അവിടെ ഉണ്ടാകാൻപോകുന്ന നഗരത്തിൽ രാജപുത്രാഃ തേത്രയഃ അപി=ആ രാജപുത്രന്മാർ മൂന്നുപേരും. മൃഗയാ വ്യവഹാരിണഃ=നായാട്ടിൽ രസിച്ചുംകൊണ്ട്. അദ്യസുഖം സ്ഥിതാഃ=ഇപ്പോഠം സുഖമായിരിക്കുന്നു.

26. ധാത്ര്യേതി കഥിതാരാമ ബാലകാഖ്യായികശുഭാ
നിശ്ചയം സയയൌബാലൊ നിർവ്വിചാരണയാധിയാ.

രാമ!=ഹേ രാമ. ഇതിധാത്ര്യാകഥിതാ=ഇങ്ങിനെ പോററമ്മയാൽ പറയപ്പെട്ട. ശുഭാ ബാലകാഖ്യായികാ=ദോഷരഹിതമായ ആ ബാലചരിത്രത്തെ. സഃബാലഃ=ആ കുട്ടി. നിർവ്വിചാരണയാധിയാ=ആലോചനയില്ലാത്ത ബുദ്ധിനിമിത്തം. നിശ്ചയംയയൌ=സത്യമാണെന്നു കരുതുകയുംചെയ്തു.

27. ഇയം സംസാരരചനാ വിചാരോജ്ഝിത ചേതസാം
ബാലകാഖ്യായികേ വേത്ഥമവസ്ഥിതി മുപാഗതാ.

ദൃഷ്ടാന്തസിദ്ധമായ അർത്ഥത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—വിചാരം ചെയ്യാൻ സമർത്ഥമായ ബുദ്ധിയില്ലാത്തവൎക്കു സത്യമാണെന്നു തോന്നുന്ന ഈ പ്രപഞ്ചകല്പന ബാലകനോടു പോററമ്മ പറഞ്ഞ കഥപോലെ സത്യമെന്ന നിലയെ പ്രാപിച്ചിരിക്കുന്നു.

28. ഇത്യാദിഭിരുപാഖ്യാനൈർമ്മായാശക്തേശ്ചവിസ്തരം
വസിഷ്ഠഃകഥയാമാസ സൈവശക്തിർന്നിരൂപ്യതേ.

ഇങ്ങിനെയുള്ള അനേകം കഥകളാംകൊണ്ടു മായാശക്തി വിസ്താരത്തെ ശ്രീവസിഷ്ഠമുനി ശ്രീരാമചന്ദ്രനോടു പറഞ്ഞിരിക്കുന്നു. ആ മായ അനിർവ്വചനീയയാണെന്നു കാണിപ്പാൻ അതിനെക്കുറിച്ചു നിരൂപണം ചെയ്യാം.

29. കാര്യാദാശ്രയതശ്ചൈഷാ ഭവേച്ഛക്തിർവ്വിലക്ഷണാ
സ്ഫോടാംഗാരൌദൃശ്യമാനൌ ശക്തിസ്തത്രാനുമീയതേ.

ഏഷാശക്തിഃകാര്യാത്=ഈശക്തി കാര്യത്തിൽ നിന്നും. ആശ്രയാത് വിലക്ഷണാ=ആശ്രയത്തിൽനിന്നും

ഭിന്നയാകുന്നു. സ്ഫോടാംഗാരൌ=സ്ഫോടവും അംഗാരവും. ദൃശ്യമാനൌ=കാണപ്പെടുന്നവ. തത്രശക്തിഃ= അതിൽ ശക്തി. അനുമീയതേ=അനുമാനംകൊണ്ടറിയേണം.

പ്രതിജ്ഞാതമായ നിരൂപണം കാണിക്കുന്നു:—ഈ മായാശക്തിയുടെ കാര്യം ലോകം, ആശ്രയം ബ്രഹ്മം ഇതു രണ്ടിൽനിന്നും ഭിന്നയാണ് ശക്തി. ദൃഷ്ടാന്തം:—അഗ്നിയിലുള്ള ശക്തിയുടെ കാര്യം സ്ഫോടം ചടചട ശബ്ദം. ആശ്രയരൂപം അംഗാരം തീയ്ക്ക്. ഇതുരണ്ടും പ്രത്യക്ഷപ്രമാണത്താൽ അറിയാം. ദാഹശക്തിയോ കാര്യത്തിൽനിന്നു അനുമാനിച്ചറിയേണം. അഗ്നിശക്തി പ്രത്യക്ഷമല്ലാത്തതിനാൽ കാര്യത്തിൽനിന്നും ആശ്രയത്തിൽനിന്നും ഭിന്നയാകുന്നു.

30. പൃഥുബുധ്നോദരാകാരോഘടഃ കാര്യോത്രമൃത്തികാ
ശബ്ദാദിഭിഃ പഞ്ചഗുണൈര്യുക്താശക്തിസ്ത്വതഥാ.

പൃഥുബുധ്നോദരാകാരഃഘടഃകാര്യഃ=വലിയതും വൃത്താകാരവുമായ വയറുള്ള ഘടം കാര്യം. അത്രമൃത്തികാ ശബ്ദാദിഭിഃപഞ്ചഗുണൈഃയുക്താ=ഇതിലെ ആധാരമായ മണ്ണോ ശബ്ദാദികളായ അഞ്ചു ഗുണങ്ങളോടുകൂടിയത്. ശക്തിഃതു അതഥാ=ശക്തിയാകട്ടെ. ആ രണ്ടുവിധത്തിലിരിക്കുന്നതുമല്ല.

മൃച്ഛക്തിയെ കാണിക്കുന്നു:—വലിയതും വൃത്താകാരവുമായ വയറോടുകൂടിയ ആകൃതിയിൽ കാണപ്പെടുന്ന ഘടം മൃത്തിൽനിന്നുണ്ടായതാകയാൽ കാര്യം. ഘടത്തിന്റെ ആശ്രയമായ മൃത്തിൽ ശബ്ദാദികളായ അഞ്ചു ഗുണങ്ങളുമുണ്ട്. മൃച്ഛക്തി അതുപോലെയല്ല.

31. നപൃഥ്വാദിര്ന്ന ശബ്ദാദിഃശക്താവസ്തു യഥാതഥാ
അത ഏവഹ്യചിന്ത്യേഷാന നിർവ്വചനമർഹതി.

പൃഥ്വാദിഃന ശബ്ദാദിഃന=കാര്യധർമ്മമായ പൃഥുത്വാദിയുമില്ല ആശ്രയഗതമായ ശബ്ദാദിയുമില്ല. യഥാ തഥാ ശക്തൌ അസ്തു=എപ്രകാരമോ അപ്രകാരം ശക്തിയിൽ ഭവിക്കട്ടെ. അതഃ ഏവ ഏഷാ അചിന്ത്യാ=അതുകൊണ്ടു വിചാരയോഗ്യയല്ലാത്തതായ ഇത് നിർവ്വചനം ന അർഹതി=ഇന്ന വിധമുള്ളത് എന്നു പറയത്തക്കതല്ല.

“അതുപോലെയല്ല” എന്നു പറഞ്ഞതിനെ സ്പഷ്ടമാക്കുന്നു:—കാര്യരൂപമായ ഘടത്തിലുള്ള പൃഥ്വാദി ധർമ്മങ്ങൾ ശക്തിയിൽ ഇല്ല. ആശ്രയമായ മണ്ണിലുള്ള ശബ്ദാദി ധർമ്മങ്ങളുമില്ല. അതുപോലെ മായാശക്തിയിൽ ആശ്രയമായ ബ്രഹ്മത്തിന്റേയും കാര്യമായ ജഗത്തിന്റേയും ലക്ഷണമില്ല. ആകയാൽ ഇന്ന വിധത്തിലുള്ളതാണെന്നു ഒരു വിധത്തിലും നിശ്ചയിക്കത്തക്കതല്ല. ശക്തി അനിർവ്വചനീയയാകുന്നു.

32. കാര്യോൽപത്തേഃ പുരാശക്തിർന്നിഗൂഢാ മൃദ്യവസ്ഥിതാ
കുലാലാദി സഹായേന വികാരാകാരതാം വ്രജേത്.

കാര്യോൽപത്തേഃപുരാ=കാര്യം ഉത്ഭവിക്കുന്നതിനുമുമ്പേ. ശക്തിഃമൃദിനിഗൂഢാ അവസ്ഥിതാ=ശക്തിമൃത്തിൽ ഏററവും ഗൂഢമായിരുന്നു. കുലാലാദിസഹായേന=കുലാലൻ മുതലായ സഹായികൾ നിമിത്തം. വികാരാകാരതാം വ്രജേത്=വികൃതിമായ ആകൃതിയെ പ്രാപിക്കും.

കാരണദ്രവ്യത്തെ അതിക്രമിച്ചിരിക്കുന്നതായ ഒരു ശക്തി അതിലുണ്ടെങ്കിൽ എന്തുകൊണ്ടു കാണപ്പെടുന്നില്ല. എന്നതിനു സമാധാനം. ഘടം എന്ന കാര്യം ഉത്ഭവിക്കുന്നതിനുമുമ്പെ ശക്തി മണ്ണിൽ അതീവ ഗൂഢമായിരിക്കുന്നു. കുംഭകാരൻ, ചക്രം, ദണ്ഡം എന്നിവയുടെ സഹായം സിദ്ധിക്കുമ്പോൾ വികാരപ്പെട്ടതായ ആകൃതിയെ പ്രാപിക്കും, മണ്ണ് എന്നു പറഞ്ഞതു് ഉപലക്ഷണമായിട്ടുമാത്രം. ദ്രവ്യശക്തിയെല്ലാം സഹകാരിലാഭത്താൽ വികൃതമാകും. അതുവരെ ദ്രവ്യത്തിൽ നിഗൂഢയാകുന്നു.

33. പൃഥുത്വാദിവികാരാന്തം സ്പർശാദിംചാപിമൃത്തികാം
ഏകീകൃത്യഘടംപ്രാഹുർ വിചാരവികലാജനാഃ.

പൃഥുത്വാദിവികാരാന്തം=പൃഥുത്വം ആദിയായും വികാരം അവസാനമായുമിരിക്കുന്നതിനെയും. സ്പർശാദിം മൃത്തികാം ച=സ്പർശം മുതലായ ഗുണസ്വരൂപമുള്ള മൃത്തികയേയും. ഏകീകൃത്യവിചാരവികലാഃ ജനാഃ= ഒന്നാക്കീട്ടു വിചാരമില്ലാത്ത ജനങ്ങൾ ഘടംപ്രാഹുഃ=ഘടമെന്നു പറയുന്നു.

കാരണത്തെ അതിക്രമിച്ചിരിക്കുന്ന ശക്തിയുടെ കാര്യം വേറെയുണ്ടെങ്കിൽ കാര്യകാരണഭേദം എന്തുകൊണ്ടു കാണപ്പെടുന്നില്ല എന്ന ശങ്കക്ക് ഭേദപ്രതീതിക്കു ഹേതുവായ വിചാരം ഇല്ലാത്തതുകൊണ്ടു തന്നെ കാണാത്തത് എന്ന സമാധാനം പറയുന്നു:—വലുപ്പം, ചെറുപ്പം, നീളം, കുറുപ്പം ഇങ്ങിനെയുള്ള

ഓരോ വികാരങ്ങൾ നിമിത്തം വന്നുചേരുന്ന ആകൃതിഭേദത്തേയും, ശബ്ദാദിഗുണങ്ങളുള്ള മൃത്തികയേയും വേർതിരിച്ചു കാണ്മാൻതക്ക വിചാരശക്തിയില്ലാത്ത ജനങ്ങൾ ഇവയെല്ലാം ഒന്നാക്കീട്ടു ഘടം എന്നു പറഞ്ഞുവരുന്നു.

34. കുലാലവ്യാപൃതേഃ പൂൎവ്വോയാവാനംശഃ സനോഘടഃ
പശ്ചാത്തു പൃഥുബുധ്നാദിമത്വേ യുക്താഹികുംഭതാ.

കുലാലവ്യാപൃതേഃ പൂൎവ്വം = കുലാലവ്യാപാരത്തിന്നു മുമ്പേ. യാവാൻഅംശഃ = ഏതൊരംശം ഉണ്ടായിരുന്നുവോ. സഃ നോഘടഃ=അതു ഘടമല്ല. പശ്ചാത് പൃഥുബുധ്നാദിമത്വേതു = അനന്തരം വലിപ്പം കട്ടിത്തം മുതലായതുണ്ടായപ്പോൾ. കുംഭതായുക്താഹി=ഘടത്വം യുക്തംതന്നെ

ഘടാദിവ്യവഹാരത്തിന്നു വിചാരമില്ലായ്മയാകുന്നു കാരണം എന്നതിനെ സാധിക്കുന്നു. എങ്ങിനെയെന്നാൽ:—കുലാലന്റെ വ്യാപാരത്തിന്നുമുമ്പേ മൃത്തിന്നു യാതൊരംശം ഉണ്ടായിരുന്നുവോ അതു ഘടമല്ല. മണ്ണു മാത്രമാകുന്നു. കുലാലന്റെ വ്യാപാരത്തിന്നുശേഷം വലിപ്പം മുതലായ ചിഹ്നം ആ മണ്ണിൽ കാണപ്പെട്ടപ്പോൾ മാത്രമാകുന്നു ഘടമാകുന്നത്. അപ്പോൾ അതിനെ ഘടം എന്നു ലോകത്തിൽ പറഞ്ഞുവരുന്നുവെന്നതു സുപ്രസിദ്ധമാകുന്നു.

35. സംഘടോനമൃദോഭിന്നോ വിയോഗേസത്യനിരീക്ഷണാത്
നാപ്യഭിന്നഃപുരാ പിണ്ഡദശായാ മനവേക്ഷണാത്.

സഃഘടഃമൃദഃനഭിന്നഃ=ആ ഘടം മൃത്തിൽനിന്നു മണ്ണിൽനിന്നു് ഭിന്നമല്ല വിയോഗേസതി=ഘടഭാവം ഇല്ലാതാകുമ്പോൾ. അനിരീക്ഷണാൽ = ഘടം കാണാത്തതുകൊണ്ടു്. പുരാ പിണ്ഡദശായാം = മുമ്പേ മണ്ണു് പിണ്ഡമായിരുന്നപ്പോൾ. അനവേക്ഷണാൽ=ഘടം കാണാഞ്ഞതുകൊണ്ടു്. അഭിന്നഃന=അഭിന്നവുമല്ല.

പരമാൎത്ഥമായ ഘടം അനിൎവ്വചനീയശക്തി കാൎയ്യം എന്നെങ്ങിനെ പറയും എന്നതിന്നു സമാധാനം:—ഘടം പരമാൎത്ഥമല്ല എന്തുകൊണ്ടെന്നാൽ ഘടം മണ്ണിൽനിന്നു ഭിന്നമായതല്ല. എങ്ങിനെയെന്നാൽ മണ്ണിനെ ഘടത്തിൽനിന്നെടുത്തുകളഞ്ഞാൽപിന്നെ ഘടമില്ല. അതിനാൽ ഭിന്നമല്ല എന്നാൽ അഭിന്നമാണോ? അല്ല. എന്തുകൊണ്ടു്? മണ്ണു് പിണ്ഡാകൃതിയിൽ ഇരുന്നപ്പോൾ ഘടമില്ലല്ലൊ. ആകയാൽ അഭിന്നമാണെന്നും വരുന്നില്ല.

36. അതോ നിൎവ്വചനീയോയം ശക്തിവത്തേനശക്തിജഃ
അവ്യക്തത്വേ ശക്തിരുക്താവ്യക്തത്വേ ഘടനാമഭൃത്.

അതഃഅയം ശക്തിവത് അനിൎവ്വചനീയഃ = അതുകൊണ്ടു ഇത് ശക്തിയെന്നപോലെ അനിൎവ്വചനീയം തേനശക്തിജഃ=അതുകൊണ്ടു ശക്തിയിൽനിന്നു ജനിച്ചതാകുന്നു. അവ്യക്തത്വേ=അവ്യക്താവസ്ഥയിൽ. ശക്തിഃഉക്താ=ശക്തിയെന്നു പറയപ്പെട്ടു. വ്യക്തത്വേ = വ്യക്താവസ്ഥയിൽ. ഘടനാമഭൃത് = ഘടം എന്ന നാമത്തെ ധരിച്ചു.

അതുകൊണ്ടു ഘടം ശക്തിയെന്നപോലെ നിൎവ്വചിപ്പാൻ കഴിയാത്തതാകുന്നു. അതുകൊണ്ടു ശക്തിയിൽനിന്നാണ് ഘടം ഉണ്ടായതു്. ശക്തിയും ശക്തികാൎയ്യവും രണ്ടും അനിൎവ്വചനീയമാണെങ്കിൽ ശക്തിയെന്നും ശക്തികാൎയ്യമെന്നും ഭേദവ്യവഹാരത്തിന്നെന്തുകാരണം എന്നാണെങ്കിൽ അവ്യക്തമായിരിക്കുമ്പോൾ ശക്തിയെന്നും വ്യക്തമായപ്പോൾ ഘടമെന്നും പറയപ്പെടുന്നു.

37. ഐന്ദ്രജാലികനിഷ്ഠാപി മായാനവ്യജ്യതേപുരാ
പശ്ചാൽ ഗന്ധൎവ്വസേനാദിരൂപേണ വ്യക്തിമാപ്നുയാത്.

ഐന്ദ്രജാലികനിഷ്ഠാമായാഅപി = ഇന്ദ്രജാലക്കാരനിൽ ഇരിക്കുന്ന ശക്തിയും. പുരാനവ്യജ്യതേ=ആദ്യം വ്യക്തയായിരിക്കുന്നില്ല. പശ്ചാൽ ഗന്ധൎവ്വസേനാദിരൂപേണ=അനന്തരം ഗന്ധൎവ്വസേനാ എന്നിത്യാദിരൂപത്തിൽ. വ്യക്തിംആപ്നുയാത്=വ്യക്തിയെ പ്രാപിക്കുന്നു.

ആദ്യം വ്യക്തമല്ലാത്തതായ ശക്തി പിന്നെ സ്വരൂപത്തെ ധരിക്കുന്നുവെന്നതു പ്രസിദ്ധമല്ലെന്നു ശങ്കിക്കേണ്ട. ഇന്ദ്രജാലക്കാരനിൽ അവന്റെ ശക്തി ആദ്യം അവ്യക്തമായിരിക്കുന്നു പിന്നെ മണിമന്ത്രാദിപ്രയോഗങ്ങൾകൊണ്ടു ഗന്ധൎവ്വസേനാ മുതലായ ആകൃതിയെ ധരിക്കുന്നതു പ്രസിദ്ധമാണല്ലൊ.

38. ഏവം മായാമയത്വേന വികാരസ്യാ നൃതാത്മതാ
വികാരാധാരമൃദ്വസ്തുസത്യത്വം ചാബ്രവീച്ഛ്രുതിഃ.

ഏവം വികാരസ്യ=ഇപ്രകാരം വികാരത്തിന്ന്. മായാമയത്വേന=മായാസ്വരൂപത്വം നിമിത്തം. അസ ത്യാത്മതാം=അസത്യതയേയും. വികാരാധാരമൃദ്വസ്തു സത്യത്വംച=വികാരത്തിന്റെ ആധാരമായ മൃത്ത് എന്ന സാധനം സത്യമെന്നും. ശ്രുതിഅബ്രവീത്=ശ്രുതി പറഞ്ഞു.

ഇപ്രകാരം വികാരമായ ഘടാദി മായാസ്വരൂപമായതുകൊണ്ട അസത്യമാണെന്നും വികാരത്തി ന്നാശ്രയമായ മൃത്ത് മുതലായ വസ്തു സത്യമാണെന്നും ഛാന്ദോഗ്യശ്രുതിയിൽ പറഞ്ഞിരിക്കുന്നു. "വാചാ രംഭണം വികാരോ നാമധേയം മൃത്തികേത്യേവസത്യം" എന്നാണ് ആ ശ്രുതിവാക്യം. വികാരം എന്നത് വെറം വാക്കമാത്രം. അത് സത്യമല്ല. വികാരാശ്രയമായ മൃദാദിപദാൎത്ഥം സത്യം.

39. വാങ്നിഷ്പാദ്യംനാമമാത്രം വികാരോനാസ്യ സത്യതാ
സ്പൎശാദിഗുണയുക്താതു സത്യാകേവലമൃത്തികാ.

വാങ്നിഷ്പാദ്യംനാമമാത്രം=വാഗിന്ദ്രിയത്താൽ പറയപ്പെട്ടവാൻ യോഗ്യമായ പേരുമാത്രമാകുന്നു. വികാ രഃ=വികാരം എന്നത്. അസ്യസത്യതാന=ഇതിന്നു സത്യത്വമില്ല. സ്പൎശാദിഗുണയുക്താ കേവലമൃത്തി കാതു=സ്പൎശാദിഗുണമുള്ളതായ മൃത്തികയാകട്ടെ. സത്യാ=സത്യമാകുന്നു.

ശ്രുതിവാക്യത്തിന്റെ അൎത്ഥം പറയുന്നു:—വാഗിന്ദ്രിയത്താൽ പറയപ്പെടുന്നതായ വാക്ക്മാത്ര മാകുന്നു—പേരുമാത്രമാകുന്നു വികാരം. ഘടം പടം ഇത്യാദി നാമധേയം മാത്രമാണ്. അതുകൊണ്ടു വികാരം സത്യമല്ല. ശബ്ദാദി പഞ്ചഗുണസഹിതയായ മൃത്തികമാത്രം സത്യം.

40. വ്യക്താവ്യക്തേതദാധാരഇതിത്രിഷ്വാദ്യയോൎദ്വയോഃ
പൎയ്യായഃകാലഭേദേനതൃതീയസ്ത്വനുഗച്ഛതി.

വ്യക്താവ്യക്തേ = വ്യക്തം അവ്യക്തം. തദാധാരഃ=അവയുടെ ആശ്രയം. ഇതിത്രിഷു = എന്ന മൂന്നിൽ. ആദ്യയോഃദ്വയോഃ=ആദ്യത്തെ രണ്ടിന്നും. കാലഭേദേനപൎയ്യായഃ=കാലഭേദംനിമിത്തം ക്രമമുണ്ട്. തൃതീ യഃതുഅനുഗച്ഛതി=മൂന്നാമത്തേതാകട്ടെ രണ്ടിലുമുണ്ട്.

വ്യക്തം (കാൎയ്യം) അവ്യക്തം (ശക്തി) അതുരണ്ടിന്നും ആശ്രയമായ മൃത്ത് എന്ന സാധനം ഇങ്ങിനെ മൂന്നിൽ ആദ്യത്തെ രണ്ടും കാലഭേദം നിമിത്തം ക്രമത്തിലുള്ളവയാകുന്നു. അവ്യക്തം എന്നത് ആദ്യനില. വ്യക്തം എന്നത് പിന്നെത്തെ നില. ഈ രണ്ടവസ്ഥയിലും ആധാരമായിരിക്കുന്ന വസ്തുവി ന്നു ഭേദമില്ല. അത് വ്യക്താവസ്ഥയിലും അവ്യക്താവസ്ഥയിലും ഒരുപോലെ നിൎവ്വികാരമായിരിക്കുന്നു. ശക്തിയും തൽകാൎയ്യവും ചിലപ്പോൾ കാണപ്പെടുന്നതാകയാൽ അസത്യം. അതു രണ്ടിന്റേയും ആശ്ര യം കാലത്രയത്തിലും ഉള്ളതുകൊണ്ടു സത്യം എന്നു സാരം.

41. നിസ്തത്വംഭാസമാനംചവ്യക്തമുൽപത്തിനാശഭാക്
തദുൽപത്തൌതസ്യനാമവാചാനിഷ്പാദ്യതേനൃഭിഃ

വ്യക്തംനിസ്തത്വംഭാസമാനംച=വ്യക്തം—ഘടാദികാൎയ്യം—വസ്തുതയാ ഇല്ലാത്തതും തോന്നൽ മാത്രവും. ഉൽപത്തിനാശഭാക്=ഉൽപത്തിയും നാശവും ഉള്ളതുമാകുന്നു. തദുൽപത്തൌതസ്യനാമ=അതിന്റെ ഉൽപത്തിയിൽ അതിന്റെ നാമധേയം. നൃഭിഃവാചാനിഷ്പാദ്യതേ=മനുഷ്യരാൽ വാക്കുകൊണ്ടു കല്പിക്ക പ്പെടുന്നു. ഇപ്പോൾ വികാരം മാത്രം അസത്യം എന്നു പറവാൻ മൂന്നു കാരണം കാണിക്കുന്നു. ഘടാദി വികാരം വാസ്തവമായ ഒന്നല്ല, വെറം തോന്നൽമാത്രമാണ്. അതിന്നു ഉൽപത്തിയും നാശവുമുണ്ട്. ഈ മൂന്നു കാരണത്താൽ അതു സത്യമല്ല. അങ്ങിനെ ഒരു സാധനമുണ്ടായപ്പോൾ അതിന്നൊരു പേർ മനുഷ്യർ അവരുടെ വാഗിന്ദ്രിയത്താൽ കല്പിക്കയും ചെയ്തു വാസ്തവമല്ലാത്ത ഒന്നിനെ വാക്കുകൊണ്ടു വെ റതെ ഉച്ചരിക്കുന്നുവെന്നു മാത്രം.

42. വ്യക്തേനഷ്ടേപിനാമൈതത്നൃവക്ത്രേഷ്വനുവൎത്തതേ
തേനനാമ്നാനിരൂപ്യത്വാദ്വ്യക്തംതദ്രൂപമുച്യതേ.

വ്യക്തേനഷ്ടേഅപിഏതത്നാമ=വ്യക്തം നശിച്ചാലും ഈ നാമധേയം നൃവക്ത്രേഷുഅനുവൎത്തതേ=മ നുഷ്യരുടെ മുഖങ്ങളിൽ അനുവൎത്തിക്കുന്നു. തേനനാമ്നാനിരൂപ്യത്വാൽ=ആ നാമധേയത്താൽ വ്യവഹരി ക്കപ്പെടുന്നതുകൊണ്ടും. വ്യക്തം തദ്രൂപം ഉച്യതേ=വ്യക്തമായ കാൎയ്യം നാമമാകുന്ന രൂപമുള്ളത് എന്നു പറയപ്പെടുന്നു.

വ്യക്തമായ ഘടാദികാൎയ്യം നശിച്ചുപോയാലും മനുഷ്യമുഖങ്ങളിൽ ഈ നാമം അനുവൎത്തിക്കു ന്നു. ഘടമില്ലാത്തപ്പോഴും ഘടം എന്ന നാമം നിലനില്ക്കുന്നു. ആ നാമത്താൽ അതിന്റെ വ്യവഹാരം-

നിരൂപണം-നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു നാമംതന്നെയാകുന്നു അതിൻെറ സ്വരൂപം. വാക്കല്ലാതെ മറെറാരു സ്വരൂപം അതിന്നില്ലെന്നു സാരം.

43. നിസ്തത്വത്വാദ്വിനാശിത്വാദ്വാചാരംഭണനാമതഃ
വ്യക്തസ്യനഋതദ്രൂപംസത്യംകിഞ്ചിന്മൃദാദിവത്.

നിസ്തത്വത്വാത്=തത്വമല്ലാത്തതുകൊണ്ടും. വിനാശിത്വാത്=വിശേഷേണ നശിക്കുന്നതുകൊണ്ടും. വാചാരംഭണനാമതഃ=വാക്കിൻെറ ആരംഭത്താൽ ഉണ്ടായ നാമം മാത്രമായതുകൊണ്ടും. വ്യക്തസ്യമൃദാദിവത്സത്യംരൂപംഋന=വ്യക്തത്തിന്നു മൃത്തു മുതലായതിന്നുള്ളതുപോലെ സത്യമായ രൂപം ഇല്ല.

മുമ്പേ പറഞ്ഞ മൂന്നു കാരണത്താൽ ശക്തി കാൎയ്യമായ ഘടാദി അസത്യം എന്നു കാണിച്ചു. അതുതന്നെ അനുമാനപ്രമാണത്താലും സാധിക്കാനുള്ള ഉപായത്തെ കാണിക്കുന്നു, ഘടത്തിന്നു പൃഥുത്വാദിരൂപം യാതൊന്നോ അതു സത്യമല്ല. എന്തുകൊണ്ടെന്നാൽ ആ രൂപം ഒരു തത്വമല്ല. വാക്ക് മാത്രമാണ് അതിൻെറ രൂപം. അതു നശിക്കുകയും ചെയ്യും. ആയതുകൊണ്ടു കാൎയ്യമായ ഘടാദികൾക്ക് മൃത്ത് മുതലായ ദ്രവ്യങ്ങൾക്കുള്ളതുപോലെ സത്യമായ യാതൊരു സ്വരൂപവും ഇല്ല. അനുമാനപ്രയോഗം:— ഘടാദിരൂപമായ കാൎയ്യം സത്യമല്ല. എന്തുകൊണ്ടെന്നാൽ അത് തത്വമല്ല, ഏതൊന്നു അസത്യമല്ലെയോ അതു തത്വമാകുന്നു. ഘടാദികാൎയ്യം തത്വമല്ല. അതിനാൽ സത്യവുമല്ല ഇതുപോലെ വിനാശിത്വാദികളേയും കണ്ടുകൊള്ളേണം.

44. വ്യക്തകാലേതതഃപൂൎവ്വമൂൎദ്ധ്വമപ്യേകരൂപഭാക്
സതത്വമവിനാശംചസത്യംമൃദ്വസ്തുകഥ്യതേ.

വ്യക്തകാലേതതഃപൂൎവ്വ=വ്യക്തമായപ്പോഴും അതിന്നുമുമ്പും. ഊൎദ്ധ്വംഅപിഏകരൂപഭാക്=അതിന്നു മേലിലും ഏകരൂപത്തോടുകൂടിയതും. സതത്വംഅവിനാശംച=വാസ്തവരൂപമുള്ളതും നശിക്കാത്തതുമായ. മൃദ്വസ്തുസത്യംകഥ്യതേ=മൃത്ത് എന്ന സാധനം സത്യമെന്നു പറയപ്പെടുന്നു.

വികാരം അസത്യം എന്നുറപ്പിച്ചശേഷം മണ്ണ് സത്യം എന്നു കാണിക്കുന്നു. ഘടം വ്യക്തമായപ്പോഴും അതിന്നുമുമ്പും ഘടനാശാനന്തരവും ഒരേ രൂപത്തിലിരിക്കുന്നതും ഘടനാശത്തിലും നാശമില്ലാത്തതുമായ മണ്ണ് എന്ന ദ്രവ്യം സത്യം എന്നു പറയപ്പെടുന്നു. ഇവിടെ അനുമാനപ്രയോഗം ഘടാശ്രയമായ മണ്ണ് സത്യമാകുന്നു. എന്തുകൊണ്ടെന്നാൽ വാസ്തവസ്വരൂപം ഉള്ളതുകൊണ്ടു ആത്മാവിനെപ്പോലെ.

45. വ്യക്തംഘടോവികാരശ്ചേത്യേതൈൎന്നാമഭിരീരിതഃ
അൎത്ഥശ്ചേദനൃതഃകസ്മാന്നമൃദ്ബോധേനിവൎത്തതേ.

വ്യക്തംഘടഃവികാരഃ=വ്യക്തമെന്നും ഘടമെന്നും വികാരമെന്നുള്ള. ഏതൈഃനാമഭിഃഈരിതഃ=ഈ നാമങ്ങളാൽ പറയപ്പെട്ട. അൎത്ഥഃഅനൃതഃചേത്=വസ്തു അസത്യമാണെങ്കിൽ. മൃൽബോധേ=മണ്ണാണെന്നറിയുമ്പോൾ. കസ്മാത്നനിവൎത്തതേ=എന്തുകൊണ്ടു ഇല്ലാതാകുന്നില്ല.

വ്യക്തം ഘടം വികാരം എന്ന നാമങ്ങളാൽ പറയപ്പെടുന്ന സാധനം അസത്യമാണെങ്കിൽ സത്യമായ മണ്ണു മാത്രമാണെന്നറിയുമ്പോൾ ആ സാധനം എന്തുകൊണ്ടാണ് ഇല്ലാത്തത് എന്നനുഭവപ്പെടാത്തത് എന്നു ശങ്കിക്കുന്നു.

46. നിവൃത്തഏവയസ്മാത്തേതൽസത്യത്വമതിൎഗ്ഗതാ
ഈദൃങ്ങ്നിവൃത്തിരേവാത്രബോധജാനത്വഭാസനം.

നിവൃത്തഃഏവയസ്മാത്=നിവൃത്തമായി എന്തുകൊണ്ടെന്നാൽ. തേ തൽസത്യത്വമതിഃഗതാ=കാൎയ്യം സത്യമാണെന്നുണ്ടായിരുന്ന നിൻെറ ആ ബുദ്ധി നശിച്ചു. അത്രഈദൃങ്ങ്നിവൃത്തിഃഏവ=ഇവിടെ ഇപ്രകാരമുള്ള നിവൃത്തിതന്നെ. ബോധജാ=ബോധത്തിൽനിന്നുണ്ടാകുന്നത്. നതുഅഭാസനം=കാൎയ്യത്തിൻെറ തോന്നൽ ഇല്ലാതാകുന്നതല്ല.

കാരണമായ മണ്ണാകുന്നു സത്യം, കാൎയ്യമായ ഘടം അസത്യം എന്ന ബോധംതന്നെയാകുന്നു കാൎയ്യനാശം എന്നറിഞ്ഞുകൊൾക എന്നാൽ ശുക്തിജ്ഞാനം ഉണ്ടായപ്പോൾ രജതഭ്രമം നശിച്ചുവെല്ലൊ. രജതം ഇല്ലെന്നുതന്നെ വന്നതുപോലെ അധിഷ്ഠാനമായ മണ്ണിനെ അറിഞ്ഞപ്പോൾ ഘടം നശിച്ചിട്ടില്ലല്ലൊ എന്നു ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ. ശുക്തിയിൽ ഉണ്ടായ രജത ഭ്രാന്തിക്കു ഉപാധിയില്ല. അതുകൊണ്ടു അധിഷ്ഠാനജ്ഞാനം ഉണ്ടാകുമ്പോൾ ആരോപം നശിക്കും. ഇവിടെ ഘട

കാര്യം സോപാധികമാണ്. അതുകൊണ്ടു കാരണജ്ഞാനം ഉണ്ടാകുമ്പോൾ കാര്യം സത്യമാണെന്നുള്ള ബോധം തെററായ വിചാരം-നശിച്ചുവെങ്കിൽ അതുതന്നെയാകുന്നു ബോധത്തിൽനിന്നുണ്ടാകുന്നതായ കാര്യനാശം. അല്ലാതെ കാര്യം തീരെയില്ലാതാക എന്നല്ല കാര്യനിവൃത്തി എന്നതിന്നർത്ഥം.

47. പുമാനധോമുഖോനീരേ ഭാതോപ്യസ്തിനവസ്തുതഃ
തടസ്ഥമർത്ത്യവത്തസ്മിന്നൈവാസ്ഥാകസ്യചിത് ക്വചിത്.

നീരേ അധോമുഖഃ പുമാൻ=വെള്ളത്തിൽ തലകീഴായ പുരുഷൻ. ഭാതഃ അപിവസ്തുതഃ നാസ്തി=പ്രകാശിക്കുന്നുവെങ്കിലും വാസ്തവത്തിൽ ഇല്ല. തസ്മിൻ തടസ്ഥമർത്ത്യവത്=അവനിൽ കരയിലുള്ള മനുഷ്യനിലെന്നപോലെ. ആസ്ഥാകസ്യചിത് നഏവ=ആസ്ഥ ആൎക്കും ഏതുകാലത്തുമില്ല.

മുകളിൽ പറഞ്ഞ സംഗതിക്കു ദൃഷ്ടാന്തം:—തടാകത്തിന്റെ കരയിൽ നില്ക്കുന്ന മനുഷ്യന്റെ നിഴൽ വെള്ളത്തിൽ തല കീഴായിട്ടു കാണപ്പെടുന്നുണ്ടെങ്കിലും ആ നിഴലിൽ കരയിൽ നില്ക്കുന്ന മനുഷ്യനിൽ ഉള്ളപോലെ സ്നേഹമോ ആദരമോ ആൎക്കും ഏതു കാലത്തും ഉണ്ടാകാറില്ലല്ലോ. നിഴൽ കാണപ്പെട്ടതുകൊണ്ടു അതു സത്യമാണെന്നു ആരും കരുതാത്തതുപോലെ കാരണം അറിയപ്പെടുമ്പോൾ കാര്യം സത്യമാണെന്നുള്ള വിചാരം നശിക്കും. ഇതാണ് ബോധത്തിൽനിന്നുണ്ടാകുന്ന കാര്യനാശം എന്നു പറയപ്പെടുന്നത്.

48. ഈദൃഗ്ബോധേ പുമർത്ഥത്വം മതമദ്വൈതവാദിനാം
മൃദ്രൂപസ്യാ പരിത്യാഗാ ദ്വിവർത്തത്വം ഘടേസ്ഥിതം.

ഈദൃഗ്ബോധേ പുമർത്ഥത്വം=ഈവിധമായ അറിവിൽ പുരുഷാർത്ഥം-മോക്ഷം. അദ്വൈതവാദിനാം മതം=അദ്വൈതവാദികൾക്ക് സമ്മതം. മൃദ്രൂപസ്യ അപരിത്യാഗാത്=മൃൽസ്വരൂപത്തിന്റെ പരിത്യാഗം ഇല്ലാത്തതുകൊണ്ടു ഘടേ വിവർത്തത്വം സ്ഥിതം=ഘടത്തിൽ വിവർത്തഭാവം ഉണ്ട്.

ആരോപം അസത്യമാണെന്നറിയുന്നതുകൊണ്ടുമാത്രം മുക്തി സിദ്ധിക്കയില്ല എന്ന ശങ്കക്കു സമാധാനം:—അധിഷ്ഠാനം സത്യം, ആരോപം മിഥ്യ എന്ന ബോധം സിദ്ധമായാൽ മുക്തി സിദ്ധമായി എന്നാണ് അദ്വൈതവാദികളായ ഞങ്ങളുടെ സിദ്ധാന്തം. ആത്മാവിൽനിന്നന്യമായി കാണപ്പെടുന്ന സർവ്വവും മിഥ്യയാണെന്ന നിശ്ചയമുണ്ടായാൽ അദ്വിതീയാത്മാനന്ദാഭിവ്യക്തിലക്ഷണമായ മുക്തി സിദ്ധിച്ചുവെന്നു സാരം. ഘടം മൃത്തിന്റെ പരിണാമമാണെന്നു വാദികൾ പറയുന്നുവെന്നല്ലെ മുമ്പേ പറഞ്ഞത്. ഇപ്പോൾ വിവർത്തമാണെന്നു കാണിച്ചത് എന്തുകൊണ്ടാണ്, എന്നു ശങ്കിക്കേണ്ട:—ഘടമായിരിക്കുമ്പോഴും മണ്ണായിട്ടുതന്നെയിരിക്കുന്നു. മണ്ണ് എന്ന സ്വരൂപം നശിച്ചിട്ടില്ല. അതുനിമിത്തം ഘടത്തിൽ മണ്ണിന്റെ വിവർത്തതക്കു ഹാനിയില്ല. പരിണാമത്തിൽ പാൽ തയിരായപ്പോൾ എന്നപോലെ പൂർവ്വരൂപം നശിച്ചുപോകും. ഘടത്തിൽ അങ്ങിനെ മൃൽസ്വരൂപത്തിന്നു നാശമുണ്ടാകാത്തതിനാൽ വിവർത്തവാദം ഇവിടെ സ്വീകരിക്കാവുന്നതാകുന്നു.

49. പരിണാമേ പൂർവ്വരൂപം ത്യജേത്തൽക്ഷീരരൂപവത്
മൃൽസുവർണ്ണേ നിവർത്തേതേ ഘടകുണ്ഡലയോർന്നഹി.

പരിണാമേ ക്ഷീരരൂപവത്=പരിണാമത്തിൽ ക്ഷീരസ്വരൂപമെന്നപോലെ. തത് പൂർവ്വരൂപം ത്യജേത്=ആ പൂർവ്വരൂപത്തെ ത്യജിക്കും. ഘടകുണ്ഡലയോഃ മൃൽസുവർണ്ണേ=ഘടകുണ്ഡലങ്ങളിൽ മൃത്തും സുവർണ്ണവും. നഹിനിവർത്തേതേ=നിവർത്തിക്കുന്നില്ല എന്നതു പ്രസിദ്ധം.

മണ്ണിന്റെ സ്വരൂപം ഘടത്തിലുണ്ടെങ്കിലും എന്തുകൊണ്ടു മൃൽപരിണാമം എന്നു പറഞ്ഞുകൂടാ എന്നതിന്നു സമാധാനം:—പരിണാമത്തിൽ വസ്തുവിന്റെ പൂർവ്വരൂപം നശിക്കും. പാൽ തയിരായപ്പോൾ പാൽ നശിച്ചതുപോലെ, മണ്ണ് ഘടമായപ്പോഴും സ്വർണ്ണം ആഭരണമായപ്പോഴും പൂർവ്വരൂപം നശിച്ചിട്ടില്ല. അതുകൊണ്ടു ഘടകുണ്ഡലാദികൾ മൃത്സുവർണ്ണാദികളുടെ പരിണാമങ്ങളല്ല, വിവർത്തങ്ങൾതന്നെ എന്നറിഞ്ഞുകൊൾക.

50. ഘടേഭഗ്നേന മൃൽഭാവഃ കപാലാനാമവേക്ഷണാത്.
മൈവംചൂർണ്ണേസ്തി മൃദ്രൂപം സ്വർണ്ണരൂപംത്വതിസ്ഫുടം.

ഘടേ ഭഗ്നേ ന മൃൽഭാവഃ=ഘടം ഭഗ്നമായാൽ മൃത്ഭാവമില്ല. കപാലാനാം അവേക്ഷണാത്=ഓട്ടുകളായി കാണപ്പെടുന്നതുകൊണ്ട്. ഏവം മാ=അങ്ങിനെ വിചാരിക്കേണ്ട. ചൂർണ്ണേ മൃദ്രൂപം അസ്തി=പൊടിയിലും മൃദ്രൂപം ഉണ്ട്. സ്വർണ്ണരൂപം തു അതിസ്ഫുടം=സ്വർണ്ണസ്വരൂപമോ അതീവ സ്പഷ്ടം.

ഘടം മൃത്തിന്റെ വിവർത്തമാണെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ഘടം നശിച്ചാൽ ഓട്ടുകളായിട്ടാണ് കാണപ്പെടുന്നത്, മണ്ണായിട്ടല്ല എന്നു ശങ്കിക്കേണ്ട. ആ ഓട്ടുകളും പൊടിഞ്ഞുപോയാൽ മണ്ണായിട്ടുതന്നെ ഭവിക്കും. സ്വർണ്ണമാകട്ടെ ആഭരണസ്വരൂപം പോയാൽ അതിപ്രകാശമുള്ള സ്വർണ്ണംതന്നെ. അതിനാൽ ഘടകുണ്ഡലങ്ങൾ മൃൽസുവർണ്ണങ്ങളുടെ വിവർത്തരൂപങ്ങളെന്നതിൽ സംശയത്തിന്നവകാശമില്ല

51. ക്ഷീരാദൌ പരിണാമോസ്തു പുനസ്തൽഭാവവർജനാത്
എതാവതാ മൃദാദീനാം ദൃഷ്ടാന്തത്വം നഹീയതേ.

ക്ഷീരാദൌ പുനഃ=ക്ഷീരം മുതലായതിൽ പിന്നെ. തൽഭാവവർജനാത്=ആ പൂർവ്വരൂപം ഇല്ലാത്തതുകൊണ്ടു് പരിണാമഃ അസ്തു=പരിണാമം ഇരിക്കട്ടെ. ഏതാവതാ മൃദാദീനാം=ഇത്രമാത്രംകൊണ്ടു മൃദാദികൾക്ക്. ദൃഷ്ടാന്തത്വം നഹീയതേ=പറഞ്ഞ വിവർത്ത ദൃഷ്ടാന്തത്തിൽ ഹാനിയില്ല.

ക്ഷീരം മുതലായതിന്ന് പരിണാമത്തിന്നുശേഷം പൂർവ്വരൂപം ഇല്ലാത്തതുകൊണ്ട് പരിണാമം തന്നേ യുക്തമാകയുള്ളു. അത്രമാത്രംകൊണ്ടു മൃത്സുവർണ്ണകാര്യങ്ങളായ ഘടകുണ്ഡലാദികൾക്കും പരിണാമവാദമേ പററുകയുള്ളുവെന്നു ധരിക്കരുത്. ഘടകുണ്ഡലാദിഭാവം ഇരിക്കുമ്പോഴും മൃൽസുവർണ്ണഭാവങ്ങൾക്കു ഹാനിയില്ലാത്തതുകൊണ്ടു വിവർത്തവാദത്തിനു ദൃഷ്ടാന്തങ്ങളായെടുത്തതിൽ ദോഷമുണ്ടെന്നു ശങ്കിക്കാതിരിക്കേണം.

52. ആരംഭവാദിനഃ കാര്യേമൃദോദ്വൈഗുണ്യമാപതേത്
രൂപസ്പർശാദയഃ പ്രോക്താഃ കാര്യകാരണയോഃ പൃഥക്.

ആരംഭവാദിനഃ=ആരംഭവാദികൾ. മൃദഃകാര്യേ=മണ്ണിന്റെ കാര്യത്തിൽ. ദ്വൈഗുണ്യം=രണ്ടു ഗുണഭാവം ആപതേൽ=വന്നുചേരും എന്നു പറയുന്നു. കാര്യകാരണയോഃ=കാര്യത്തിന്നും കാരണത്തിന്നും. പൃഥക്= വെവ്വേറെ. ശബ്ദസ്പർശാദയഃ=ശബ്ദം, സ്പർശം എന്നവ പ്രോക്താഃ=പറയപ്പെട്ടിരിക്കുന്നു.

മണ്ണിന്റെ കാര്യമായ ഘടത്തിൽ രണ്ടുവിധം ഗുണം ഉണ്ടായിരുന്നാൽമാത്രമേ ആരംഭവാദം വരികയുള്ളു. എന്തുകൊണ്ടെന്നാൽ കാര്യകാരണങ്ങളിൽ ശബ്ദസ്പർശാദിഗുണങ്ങൾ വെവ്വേറെ ഉണ്ടായിരിക്കുമെന്നാണവരുടെ പക്ഷം. ആകയാൽ മൃൽഘടങ്ങളായ കാരണകാര്യങ്ങളിൽ ആരംഭവാദത്തിന്നവകാശമില്ല.

53. മൃത്സുവർണമയശ്ചേതി ദൃഷ്ടാന്തത്രയമാരുണിഃ
പ്രാഹാതോവാസയേൽ കാര്യാനൃതത്വം സർവ്വവസ്തുഷു.

ആരുണിഃ മൃത് സുവർണ്ണം അയഃച ഇതി=അരുണപുത്രൻ, മൃത്ത്, സ്വർണ്ണം, ഇരുമ്പ് എന്ന. ദൃഷ്ടാന്തത്രയം പ്രാഹ=മൂന്നു ദൃഷ്ടാന്തം പറയുന്നു. അതഃ സർവ്വവസ്തുഷു=അതുകൊണ്ടു സർവ്വ വസ്തുക്കളിലും. കാര്യാനൃതത്വം വാസയേത്=കാര്യങ്ങളുടെ അസത്യതയെ വാസനയാക്കേണം.

മണ്ണ് സ്വർണ്ണം എന്ന രണ്ടു വസ്തുക്കൾ മാത്രമാണോ വിവർത്തത്തിന്നു ദൃഷ്ടാന്തങ്ങൾ? അല്ല അരുണപുത്രനായ ഉദ്ദാലകൻ എന്ന ഋഷി മണ്ണ് സ്വർണ്ണം ഇരുമ്പ് എന്ന മൂന്നു സാധനങ്ങളെ ദൃഷ്ടാന്തങ്ങളായി പറഞ്ഞിരിക്കുന്നു അത്രയധികം പറഞ്ഞതിന്റെ ആവശ്യം എന്തെന്നാൽ ബഹുക്കളായി കാണപ്പെടുന്ന കാര്യങ്ങൾ കാരണരൂപമായിത്തന്നെ കാണപ്പെടുന്നതിനാൽ ഭൂതങ്ങളും ഭൌതികങ്ങളുമായ കാണപ്പെടുന്ന ഈ ലോകം അതിന്റെ പരമകാരണത്തിങ്കനിന്നന്യമല്ല എന്നുറപ്പിക്കേണ്ടതാണെന്നുപദേശിപ്പാൻ വേണ്ടീട്ടാകുന്നു.

54. കാരണജ്ഞാനതഃകാര്യവിജ്ഞാനം ചാപിസോവദത്
സത്യജ്ഞാനേനൃതജ്ഞാനം കഥമത്രോപപദ്യതേ.

കാരണജ്ഞാനതഃ=കാരണത്തിന്റെ അറിവിൽനിന്നു. കാര്യവിജ്ഞാനംച അപിസഃ അവദത്=കാര്യത്തിന്റെ ജ്ഞാനം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. അത്ര സത്യജ്ഞാനേ അനൃതജ്ഞാനം=സത്യത്തെ അറിയുമ്പോൾ അസത്യജ്ഞാനം. കഥം ഉപപദ്യതേ=എങ്ങിനെയുണ്ടാകും.

കാര്യമായ ഘടാദി അസത്യമാണെന്ന് അനുസന്ധാനംചെയ്യേണമെന്ന് എന്തിനായി പറഞ്ഞു? കാരണമായ മൃൽസുവർണ്ണാദിജ്ഞാനത്തിൽ കാര്യമായ ഘടകുണ്ഡലാദിജ്ഞാനം ഉണ്ടാകുമെന്നും ആ ഋഷി പറഞ്ഞിട്ടുണ്ട് "യഥാ സൌമ്യൈകേന മൃൽപിണ്ഡേനസർവ്വം മൃണ്മയം വിജ്ഞാതംസ്യാത്" അല്ലയോ പ്രിയരൂപ! ഒരു മൃൽപിണ്ഡംകൊണ്ടു സർവ്വമായ മൃദ്വികാരത്തിന്റെ സ്വഭാവം അറിയപ്പെട്ടും

എന്നൎത്ഥമായ അനന്തരവാക്യത്താൽ കാരണജ്ഞാനത്തിൽനിന്നു കാൎയ്യജ്ഞാനം ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇതിലൊരു ശങ്ക:—സത്യമായ മൃത് സുവൎണ്ണാദികളെ അറിയുന്നതുകൊണ്ടു അസത്യമായ ഘടാദികാൎയ്യങ്ങളുടെ ജ്ഞാനം എങ്ങിനെയുണ്ടാകും

55. സമൃൽകസ്യ വികാരസ്യ കാൎയ്യതാ ലോകദൃഷ്ടിതഃ
വാസ്തവോത്ര മൃദംശോസ്യ ബോധഃ കാരണബോധതഃ.

സമൃൽകസ്യ വികാരസ്യ=മൃത്തോടുകൂടിയിരിക്കുന്ന വികാരത്തിൻെറ. കാൎയ്യതാ ലോകദൃഷ്ടിതഃ=കാൎയ്യഭാവം ലോകദൃഷ്ടിനിമിത്തം ഉണ്ടാകുന്നു. അത്ര വാസ്തവഃ മൃദംശഃ=ഇതിൽ വാസ്തവമായ മൃദംശം യാതൊന്നോ. അസ്യ ബോധഃ കാരണബോധതഃ=ഇതിൻെറ അറിവ് കാരണജ്ഞാനത്തിൽനിന്നുണ്ടാകും.

കാൎയ്യത്തിൽ രണ്ടംശമുണ്ടു്. ഒന്ന് സത്യാംശം, മറെറാന്ന് അനൃതാംശം. കാരണമായ സത്യത്തെ അറിഞ്ഞവന്ന് കാൎയ്യത്തിലുള്ള സത്യാംശം യാതൊന്നോ അതിൻെറ ജ്ഞാനം ഉണ്ടാകും. മൃത്സഹിതമായ ഘടം മൃത് കാൎയ്യമാണെന്നു ലോകത്തിൽ പ്രസിദ്ധമാകുന്നു. അപ്പോൾ സത്യമായ കാരണദ്രവ്യം തന്നെയാണ് കാൎയ്യസ്വരൂപത്തിൽ കാണപ്പെടുന്നതെന്ന ബോധം ഉറക്കും.

56. അനൃതാംശോന ബോദ്ധവ്യസ്തൽ ബോധാനുപയോഗതഃ
തത്വജ്ഞാനം പുമൎത്ഥം സ്യാന്നാനൃതാംശാവബോധനം.

അനൃതാംശഃ ന ബോദ്ധവ്യഃ=അസത്യാംശം അറിയത്തക്കതല്ല. തൽബോധാനുപയോഗതഃ=അതിൻെറ ജ്ഞാനംകൊണ്ടു പ്രയോജനമില്ലാത്തതിനാൽ. തത്വജ്ഞാനം പുമൎത്ഥം സ്യാത്=യഥാൎത്ഥ വസ്തുജ്ഞാനം പുരുഷാൎത്ഥത്തോടുകൂടിയതാകുന്നു. ന അനൃതാംശാവബോധനം=അസത്യത്തിൻെറ ജ്ഞാനമല്ല.

സത്യാംശംപോലെ അസത്യാംശത്തെയും അറിയേണ്ടതല്ലെയോ എന്നു ശങ്കക്കു സമാധാനം:—അസത്യാംശം അറിയുന്നതുകൊണ്ടു പ്രയോജനമില്ലാത്തതിനാൽ അറിയേണ്ടതായ ആവശ്യമില്ല. ഉള്ളതിനെമാത്രം ഉള്ളതായറിയുന്നതുകൊണ്ടു അറിയുന്നവന്നു അസത്യത്തിൽനിന്നു മുക്തി സിദ്ധിക്കുന്നു. ഇല്ലാത്തതിനെ അറിയുന്നതല്ല മോക്ഷകാരണം

57. തൎഹികാരണവിജ്ഞാനാൽ കാൎയ്യജ്ഞാനമിതീരിതേ
മൃൽബോധാൽ മൃത്തികാബുദ്ധേത്യുക്തം സ്യാൽ കോത്ര വിസ്മയഃ.

തൎഹികാരണവിജ്ഞാനാത്=കാരണജ്ഞാനത്തിൽനിന്നു. കാൎയ്യജ്ഞാനം=കാൎയ്യത്തിൻെറ അറിവു. ഇതി ഈരിതേ=എന്നു പറയപ്പെട്ടതിൽ. മൃൽബോധാത്=മണ്ണിൻെറ അറിവിൽനിന്നു. മൃത്തികാബുദ്ധാ=മണ്ണ് എന്നറിയപ്പെട്ടു. ഇതി ഉക്തം=എന്നു പറയപ്പെട്ടു. അത്ര കഃ വിസ്മയഃ=ഇതിൽ എന്തു ചമൽകാരമാണുള്ളത്.

കാരണജ്ഞാനത്തിൽനിന്നു കാൎയ്യജ്ഞാനം ഉണ്ടാകും എന്നു കേൾക്കുന്ന ഒരാളുടെ ബുദ്ധിയിൽ എന്തോ വിശേഷമായ ഒരറിവുണ്ടാകും എന്ന ഒരു വിചാരം ജനിക്കും. പക്ഷെ ഇപ്പോൾചെയ്ത വിവരണത്തിൽ അങ്ങിനെ ഒരു വിശേഷജ്ഞാനം ഒന്നുംതന്നെ ഉണ്ടാകുന്നില്ല എന്നാണ് ശങ്കിക്കുന്നതെങ്കിൽ കാരണമായ മണ്ണിൻെറ ജ്ഞാനത്താൽ കാൎയ്യവും മണ്ണുതന്നെ എന്നറിവുണ്ടാകും എന്നു പറഞ്ഞതിൽ ശബ്ദചമൽകാരം മാത്രമല്ലാതെ അൎത്ഥത്തിൽ യാതൊരു ചമൽകാരവുമില്ല.

58. സത്യം കാൎയ്യേഷു വസ്ത്വംശഃ കാരണാത്മേതി ജാനതഃ
വിസ്മയോ മാസ്ത്വിഹാജ്ഞസ്യ വിസ്മയഃ കേന വാൎയ്യതേ.

കാൎയ്യേഷു സത്യം വസ്ത്വംശഃ=കാൎയ്യങ്ങളിൽ സത്യം വസ്തുവിൻെറ അംശം. കാരണാത്മാ ഇതി ജാനതഃ=കാരണസ്വരൂപം എന്നറിഞ്ഞവന്നു. വിസ്മയഃ മാ അസ്തു=ആശ്ചൎയ്യം ഉണ്ടാകേണ്ട. ഇഹ അജ്ഞസ്യ വിസ്മയഃ=ഇതിനെ അറിയാതിരിക്കുന്നവൻെറ വിസ്മയം. കേന വാൎയ്യതേ=ആരാൽ തടുക്കപ്പെടും.

എന്നാൽ ഇതിൽ അവിവേകികൾക്കു ആശ്ചൎയ്യംതോന്നും എന്നു കാണിക്കുന്നു:—ഘടാദികാൎയ്യങ്ങളിൽ മൃദാദികൾതന്നെ സത്യാംശം എന്നറിഞ്ഞ വിവേകികൾക്ക് ആശ്ചൎയ്യം ഉണ്ടാകയില്ല ഉണ്ടാകാനവകാശമില്ല. ഉള്ളതിനെതന്നെ ഉള്ളതായികണ്ടു അതിൽ ആശ്ചൎയ്യമില്ല. എന്നാൽ ഘടാദികാൎയ്യവസ്തുക്കൾ മൃദാദിവസ്തുക്കളിൽനിന്ന് അന്യങ്ങളെന്നറിഞ്ഞിരുന്ന അജ്ഞാനിലോകത്തിനു കാൎയ്യം കാരണത്തിൽനിന്നന്യമല്ല. കാരണസ്വരൂപമേ കാൎയ്യം എന്നറിവുണ്ടാകുമ്പോൾ ആശ്ചൎയ്യം ജനിക്കുന്നതിനെ ഇല്ലാതാക്കാൻ കഴിയും, ആൎക്കും കഴികയില്ല.

59. ആരംഭിപരിണാമീച ലൌകികശ്ചൈകകാരണേ
ജ്ഞാനേ സർവ്വമതിം ശ്രുത്വാ പ്രാപ്നുവന്ത്യേവവിസ്മയം.

ആരംഭിപരിണാമീലൌകികഃച=ആരംഭവാദം ചെയ്യുന്നവനും പരിണാമവാദം ചെയ്യുന്നവനും രണ്ടുമല്ലാത്ത സാധാരണനും. ഏകകാരണേജ്ഞാതേ=ഏകമായ കാരണം അറിയപ്പെടുമ്പോൾ. സർവ്വമതിം ശ്രുത്വാ=സർവ്വകാര്യ്യവും അറിയപ്പെടും എന്നുകേട്ടാൽ. വിസ്മയംപ്രാപ്നുവന്തിഏവ=വിസ്മയിക്കുകതന്നെ ചെയ്യും.

ആരംഭി=ആരംഭവാദം ചെയ്യുന്നവൻ:—സമവായി, അസമവായി, നിമിത്തം, എന്ന മൂന്നുവിധം കാരണങ്ങളുണ്ടെന്നും, ഈ മൂന്നിൽനിന്നും ഭിന്നമായിട്ടാണ് കാര്യ്യം കാണപ്പെടുന്നത് എന്നും വാദിക്കുന്നവരാണ് ആരംഭികൾ. പൂർവ്വസ്വരൂപത്തെ ഉപേക്ഷിച്ചിട്ട് മറെറാരു രൂപത്തെ പ്രാപിക്കുന്നതാണ് കാര്യ്യം എന്നു വാദിക്കുന്നവർ പരിണാമവാദക്കാർ. ഈ രണ്ടു വാദവും അറികയില്ല, ലോകവ്യവഹാരം മാത്രം അറിയുന്നവർ ലൌകികന്മാർ. ഈ മൂന്നുതരക്കാരും സത്യമായ ഒരേ ഒരു കാരണത്തെ അറിഞ്ഞാൽ അനന്തകാര്യ്യങ്ങളെ അറിഞ്ഞുകഴിഞ്ഞുവെന്നു കേൾക്കുമ്പോൾ ആശ്ചര്യ്യപ്പെടാതിരിക്കയില്ല.

60. അദ്വൈതേഽഭിമുഖീകർത്തുമേവാത്രൈകസ്യബോധതഃ
സർവ്വബോധശ്രുതൌ നൈവനാനാത്വസ്യവിവക്ഷയാ.

അത്രശ്രുതൌ ഏകസ്യബോധതഃ=ഈ ശ്രുതിയിൽ ഒന്നിൻെറ അറിവിൽനിന്ന്. സർവ്വബോധഃ അദ്വൈതേ അഭിമുഖീകർത്തും ഏവ=സർവ്വബോധം പറയപ്പെട്ടത് അദ്വൈതത്തിൽ അഭിമുഖനാക്കാൻ വേണ്ടീട്ടാണ്. നാനാത്വവിവക്ഷയാനഏവ=നാനാത്വത്തെ പറവാൻ വേണ്ടീട്ടല്ല.

യഥാശ്രുതമായ അർത്ഥത്തെ ഉപേക്ഷിച്ചിട്ട് ഇപ്രകാരം വ്യാഖ്യാനിച്ച ശ്രുതിയുടെ അഭിപ്രായം കാണിക്കുന്നു:—അനാദി വാസന നിമിത്തം ശിഷ്യനുണ്ടായിരിക്കുന്ന നാനാത്വബുദ്ധിയെ ഉപേക്ഷിപ്പിച്ച് ഏകത്തിൽ ബോധം ജനിപ്പിക്കേണ്ടതിന്നായിട്ടാണ് സത്യമായ ഏകകാരണത്തെ അറിഞ്ഞാൽ അതിൽനിന്നുണ്ടായ സർവ്വകാര്യ്യങ്ങളും അറിയപ്പെട്ടുവെന്നു പറഞ്ഞത്. അല്ലാതെ കാരണം ഒന്നല്ലാതെ അനേകാര്യ്യങ്ങൾ വേറെ ഉണ്ടെന്ന അഭിപ്രായം ശ്രുതിക്കില്ല. ശിഷ്യനുള്ള നാനാത്വബുദ്ധിയെ മെല്ലെമെല്ലെ ഇല്ലായ്മചെയ്യാൻവേണ്ടീട്ട മാത്രം പറഞ്ഞതാണ്.

61. ഏകമൃൽപിണ്ഡവിജ്ഞാനാൽ സർവ്വമൃണ്മയധീര്യ്യഥാ
തഥൈകബ്രഹ്മബോധേന ജഗൽബുദ്ധിർവ്വിഭാവ്യതാം.

ഏകമൃൽപിണ്ഡവിജ്ഞാനാൽ=ഒരു മൺപാത്രത്തിൻെറ അറിവിൽനിന്ന്. സർവ്വമൃണ്മയധീഃയഥാ=സർവ്വമൺപാത്രസാധനദ്രവ്യബോധം എപ്രകാരമോ. തഥാഏകബ്രഹ്മബോധേന=അപ്രകാരം ഏകമായ ബ്രഹ്മത്തെ അറിയുന്നതുകൊണ്ട്. ജഗൽബുദ്ധിഃവിഭാവ്യതാം=സർവ്വജഗത്തിൻെറ ബോധം ഉണ്ടാകത്തക്കതാണെന്നറിഞ്ഞുകൊൾക.

ദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു:—ഘടശരാവാദി പാത്രങ്ങളുടെയെല്ലാം ഉപാദാനദ്രവ്യമായ ഒരേ ഒരു മണ്ണിനെ അറിയുന്നതുകൊണ്ടു എല്ലാ പാത്രങ്ങളും മണ്ണുതന്നെ എന്ന് ഏതുവിധം അറിയുന്നുവോ അതുപോലെ സർവ്വചരാചരാത്മകലോകത്തിൻെറ ഉപാദാനമായ ഏകബ്രഹ്മത്തെ അറിയുന്നതുകൊണ്ടു സകലവും ബ്രഹ്മംതന്നെ എന്ന ബോധം ഉണ്ടാകുമെന്നറിഞ്ഞുകൊൾക.

62. സച്ചിൽസുഖാത്മകം ബ്രഹ്മനാമരൂപാത്മകം ജഗത്
താപനീയേ ശ്രുതം ബ്രഹ്മസച്ചിദാനന്ദലക്ഷണം.

സച്ചിൽസുഖാത്മകംബ്രഹ്മ=സത്ത്, ചിത്ത്, സുഖം ഇതാണ് ബ്രഹ്മസ്വരൂപം. നാമരൂപാത്മകംജഗത്=നാമരൂപസ്വരൂപമാണ് ജഗത്ത്. ബ്രഹ്മസച്ചിദാനന്ദലക്ഷണം=ബ്രഹ്മം സച്ചിദാനന്ദമാകുന്ന ലക്ഷണത്തോടുകൂടിയതാണെന്ന്. താപനീയേശ്രുതം=താപനീയം എന്ന ശ്രുതിയിൽ കാണുന്നു.

ബ്രഹ്മത്തിൻേറയും ജഗത്തിൻേറയും സ്വരൂപം അറിയാതെ ബ്രഹ്മജ്ഞാനത്താൽ ജഗൽജ്ഞാനം ഉണ്ടാകുമെന്നു മനസ്സിലാക്കാൻ പ്രയാസം എന്നുള്ള ശിഷ്യൻെറ അഭിപ്രായം അറിഞ്ഞ ഗുരു രണ്ടിൻേറയും സ്വരൂപം പറയുന്നു:—സത്ത്, ചിത്ത്, സുഖം എന്നതാണ് ബ്രഹ്മസ്വരൂപം, എന്ന് ഉത്തരതാപനീയം എന്ന ശ്രുതി പറയുന്നു. നാമരൂപങ്ങളാണ് ജഗത്തിൻെറ സ്വരൂപം.

63. സദ്രൂപമാരുണിഃപ്രാഹ പ്രജ്ഞാനം ബ്രഹ്മ ബഹ്വൃചാഃ
സനൽകുമാരആനന്ദമേവമന്യത്രഗമ്യതാം

ആരുണിഃസദ്രൂപംപ്രാഹ=അരുണപുത്രൻ സദ്രൂപമാണെന്നു പറഞ്ഞു. ബഹ്വൃചഃപ്രജ്ഞാനംബ്രഹ്മ=ഋക്ശാഖാധ്യായികൾ പ്രജ്ഞാനമാണ് ബ്രഹ്മം എന്നും സനൽകുമാരഃആനന്ദം=സനൽകുമാരൻ ആനന്ദമാണെന്നും പറഞ്ഞു. ഏവം അന്യത്രഗമ്യതാം=ഇപ്രകാരം മറ്റുപനിഷത്തുകളിലും അറിഞ്ഞുകൊൾക.

അരുണപുത്രനായ ഉദ്ദാലകഋഷി സദ്രൂപമാണ് ബ്രഹ്മമെന്നും ഋഗ്വേദികൾ പ്രജ്ഞാനമാണ് ബ്രഹ്മമെന്നും സനൽകുമാരൻ ആനന്ദമാണ് ബ്രഹ്മമെന്നും പറഞ്ഞിരിക്കുന്നു. ഇങ്ങിനെ മറ്റോരോ ഉപനിഷത്തുകളിലും സത്ത്, ചിത്ത്, ആനന്ദം എന്നതാണ് ബ്രഹ്മലക്ഷണം എന്നു പറഞ്ഞിട്ടുണ്ട്.

64. വിചിത്ര്യസർവ്വരൂപാണി കൃത്വാനാമാനി തിഷ്ഠതി
അഹംവ്യാകരവാണീമേ നാമരൂപേ ഇതിശ്രുതേ.

സർവ്വരൂപാണിവിചിത്ര്യ=സകല രൂപങ്ങളേയും ഉണ്ടാക്കീട്ട്. നാമാനികൃത്വാ=നാമങ്ങളേയും ഉണ്ടാക്കീട്ട് ഇമേനാമരൂപേ=ഈ നാമരൂപങ്ങളെ. അഹംവ്യാകരവാണി=ഞാനുണ്ടാക്കുന്നേൻ എന്നു നിശ്ചയിച്ചിട്ട് തിഷ്ഠതി = ജീവരൂപേണ സ്ഥിതിചെയ്യുന്നു. ഇതിശ്രുതേഃ = എന്നു കേൾക്കപ്പെടുന്നു.

ജഗൽസ്വരൂപം നാമരൂപങ്ങളാണെന്നും ശ്രുതിയിൽ പറയപ്പെട്ടിരിക്കുന്നു:—ഈശ്വരൻ സർവ്വരൂപങ്ങളേയും നാമങ്ങളേയും സൃഷ്ടിച്ചു. ഇതിൽ ജീവരൂപേണ ഞാൻ പ്രവേശിക്കുന്നേൻ എന്ന നിശ്ചയത്താൻ സർവ്വനാമരൂപാത്മകജഗത്തിൽ ഈശ്വരൻ വസിക്കുന്നുവെന്നും ശ്രുതിയിൽ പറയപ്പെട്ടിരിക്കുന്നു.

65. അവ്യാകൃതം പുരാ സൃഷ്ടേരൂർദ്ധ്വം വ്യാക്രിയതേദ്വിധാ
അചിന്ത്യ ശക്തിർമ്മായൈഷാബ്രഹ്മണ്യവ്യാകൃതാഭിധാ.

സൃഷ്ടേഃപുരാഅവ്യാകൃതം=സൃഷ്ടിക്കുമുമ്പേ അവ്യാകൃതമായിരുന്നു. ഊർദ്ധ്വംദ്വിധാവ്യാക്രിയതേ=സൃഷ്ടിക്കുശേഷം രണ്ടുവിധത്തിൽ വികാരപ്പെടുന്നു. ഏഷാഅചിന്ത്യശക്തിഃമായാ = ഈ അചിന്ത്യശക്തിയായ മായ ബ്രഹ്മണിഅവ്യാകൃതാഭിധാ=ബ്രഹ്മത്തിൽ അവ്യാകൃതം എന്ന പേരോടുകൂടിയതാകുന്നു.

നാമരൂപാത്മകമായ ജഗത്ത് സൃഷ്ടിക്കുമുമ്പേ അവ്യാകൃതം എന്ന പേരുള്ളതായിരുന്നു. സൃഷ്ടിക്കുശേഷം നാമം രൂപം എന്ന രണ്ടുവിധത്തിൽ വികൃതമായി ഭവിച്ചു. ഈ വിധം ഭവിച്ചത് എങ്ങിനെയെന്നു ചിന്തിപ്പാൻപോലും സാധിക്കാത്തതായ ഈശ്വരമായാശക്തിനിമിത്തമാകുന്നു. ഈ മായ ബ്രഹ്മത്തിൽ അവ്യാകൃതം എന്ന പേരോടുകൂടിയിരിക്കുന്നതാകുന്നു. "തദ്ധേദംതർഹ്യവ്യാകൃതമാസീത്തന്നാമരൂപാഭ്യാമേവവ്യാക്രിയതാസൌനാമായമിദംരൂപമിതി" ആ ഇത്–ജഗത്ത്–അപ്പോൾ–സൃഷ്ടിക്കുമുമ്പേ–അവ്യാകൃതമായിരുന്നു. പിന്നെ ഇത് ഇന്നനാമവും രൂപവും ഉള്ളത് എന്ന രൂപത്തിൽ വെളിപ്പെട്ടു, എന്നാണ് ആ ശ്രുതിയും അതിന്റെ അർത്ഥവും. ബ്രഹ്മത്തിലുള്ള അചിന്ത്യമായാശക്തിയെയാകുന്നു അവ്യാകൃതം എന്ന ശബ്ദത്താൽ ശ്രുതി കാണിച്ചിരിക്കുന്നത്. നാമരൂപാകൃതിയിൽ വെളിപ്പെടാതെ ബ്രഹ്മത്തിലടങ്ങിയിരിക്കുന്ന മായയെ അവ്യാകൃതം എന്നു പറയുന്നുവെന്നു സാരം.

66. അവിക്രിയബ്രഹ്മനിഷ്ഠാ വികാരംയാത്യനേകധാ
മായാംതു പ്രകൃതിം വിദ്യാന്മായിനംതു മഹേശ്വരം.

അവിക്രിയബ്രഹ്മനിഷ്ഠാ=വികാരമില്ലാത്തതായ ബ്രഹ്മത്തിലിരിക്കുന്ന മായാശക്തി. അനേകധാവികാരംയാതി=ബഹുവിധവികാരത്തെ പ്രാപിക്കുന്നു. മായാംതുപ്രകൃതിംവിദ്യാത്=മായയെയാകട്ടെ പ്രകൃതിയെന്നറിയേണം. മഹേശ്വരംതുമായിനംവിദ്യാത്=മഹേശ്വരനെയാകട്ടെ മായാവാനാണെന്നും അറിയേണം.

വികാരമില്ലാത്ത ബ്രഹ്മത്തിലിരിക്കുന്ന ആ മായ ഭൂതങ്ങൾ, ഭൌതികങ്ങൾ, പ്രപഞ്ചം എന്നിങ്ങിനെ ബഹുവിധത്തിൽ വികാരത്തെ–പരിണാമത്തെ–പ്രാപിക്കുന്നു. ബ്രഹ്മത്തിൽ മായ ഇരിക്കുന്നുവെന്നതിൽ പ്രമാണം:—മായയെ പ്രകൃതിയെന്നറിയേണം. ജഗത്തിന്റെ ഉപാദാനകാരണമെന്നറിയേണം. മായയുടെ ആശ്രയമായിരിക്കുന്ന മായാവാനായ മഹേശ്വരൻ ആ മായയെ നിയന്ത്രിക്കുന്നവനാണെന്നും അറിഞ്ഞുകൊള്ളേണം. ഈശ്വരൻ മായയിൽനിന്നും, മായ ഈശ്വരനിൽനിന്നും ഭിന്നലക്ഷണമുള്ളവരാണെന്നു കാണിപ്പാനാണ് രണ്ടു പാദത്തിലും "തു" എന്നു ചേർത്തിരിക്കുന്നത്.

67. ആദ്യോവികാരആകാശഃ സോഽസ്തിഭാത്യപിചപ്രിയഃ
അവകാശസ്തസ്യരൂപം തന്മിഥ്യാനതുതത്ത്രയം.

ആദ്യഃവികാരഃആകാശഃ=ഒന്നാമത്തെ വികാരം ആകാശം. സഃ അസ്തിഭാതിപ്രിയഃച=അതുണ്ട്, വിളങ്ങുന്നു പ്രിയവുമാകുന്നു. തസ്യരൂപം അവകാശഃ=അതിന്റെ രൂപം അവകാശം. തത്മിഥ്യാ=അതു മിഥ്യയാകുന്നു. തത്ത്രയംതുനഃ=ആ മൂന്നാം മിഥ്യയല്ല.

മായാസഹിതമായ ബ്രഹ്മത്തിന്റെ ആദ്യമായ കാര്യസ്വരൂപം ആകാശമാകുന്നു. കാരണമായ ബ്രഹ്മത്തിൽനിന്ന് അതിന്നുണ്ടായ രൂപം, അസ്തി. ഭാതി, പ്രിയം എന്നതാകുന്നു. അസ്തി=ഉണ്ട്. ഭാതി=വിളങ്ങുന്നു. പ്രിയം=പ്രിയമാകുന്നു. സത്ത്–ചിത്ത്–ആനന്ദം എന്ന മൂന്നും സത്യം. ആകാശസ്വരൂപം അവകാശമാകുന്നു. അതു മിഥ്യ

68. നവ്യക്തേഃ പൂർവ്വമസ്ത്യേവ നപശ്ചാച്ചാപിനാശതഃ
ആദാവന്തേചയന്നാസ്തി വർത്തമാനേപിതത്തഥാ.

വ്യക്തേഃപൂർവ്വംനഅസ്തിഏവ=വ്യക്തിയുടെമുമ്പേ ഇല്ലതന്നെ. നാശതഃപശ്ചാത് ചന=നാശത്തിന്നു ശേഷവുമില്ല. ആദൌ അന്തേചയത് നഅസ്തി=ആദിയിലും അവസാനത്തിലും യാതൊന്നില്ലയോ. വർത്തമാനെ അപിതത് തഥാ=വർത്തമാനത്തിലും അത് അപ്രകാരംതന്നെ.

അവകാശം എന്ന ആകാശസ്വരൂപം മിഥ്യയാണെന്നു പറഞ്ഞതിന്നു കാരണം പറയുന്നു—വ്യക്തിക്കുമുമ്പേ–കാര്യരൂപേണ പ്രകാശിക്കുന്നതിന്നുമുമ്പേ–ആ രൂപം ഇല്ല, നാശാനന്തരവുമില്ല, ആദിയിലും അവസാനത്തിലും ഏതൊന്നില്ലയോ അത് മദ്ധ്യത്തിലും–വർത്തമാനകാലത്തിലും ഇല്ലാത്തതുതന്നെ. ഉള്ളതുപോലെ തോന്നുന്നുവെന്നു മാത്രമല്ലാതെ വാസ്തവമല്ല.

69. അവ്യക്താദീനിഭൂതാനി വ്യക്തമദ്ധ്യാനിഭാരത!
അവ്യക്തനിധനാന്യേവ ത്യാഹകൃഷ്ണോർജ്ജുനംപ്രതി.

ഭാരത!ഭൂതാനി അവ്യക്താദീനി=ഹേ ഭരതകുലോൽപന്ന! ഭൂതങ്ങൾ സൃഷ്ടിക്കുമുമ്പേ ഇല്ലാത്തവ. വ്യക്തമദ്ധ്യാനി=മദ്ധ്യകാലത്തിൽ–സൃഷ്ടിക്കുശേഷം–വ്യക്തങ്ങളായി അവ്യക്തനിധനാനി ഏവ=നാശത്തിന്നു ശേഷവും ഇല്ലാത്തവ ഇതികൃഷ്ണഃ അർജ്ജുനംപ്രതിആഹ=എന്നു ശ്രീകൃഷ്ണഭഗവാൻ അർജ്ജുനനോടു പറഞ്ഞു.

സൃഷ്ടിക്കുമുമ്പും നാശാനന്തരവും ഭൂതങ്ങളൊന്നുമില്ലെന്നു ഭഗവൽഗീതയിൽ ശ്രീകൃഷ്ണഭഗവാൻ അർജ്ജുനന്നുപദേശിച്ചിരിക്കുന്നതിനെ പ്രമാണമായിട്ടെടുത്തു കാണിച്ചു. മുമ്പേ കാണിച്ചതായ ആകാശരൂപമിഥ്യാത്വത്തെ ഉറപ്പിച്ചു.

70. മൃദ്വത്തേ സച്ചിദാനന്ദാ അനുഗച്ഛന്തി സർവ്വദാ
നിരാകാശേ സദാ ദീനാമനുഭൂതിന്നിജാത്മനി.

തേസച്ചിദാനന്ദാഃ=ആ സത്ത്, ചിത്ത്, ആനന്ദം എന്നിവ. മൃദ്വത് സർവ്വദാ അനുഗച്ഛന്തി=മണ്ണെന്നപോലെ എപ്പോഴും അനുഗമിക്കുന്നു. നിരാകാശേനിജാത്മനി=ആകാശാതീതമായ നിജസ്വരൂപത്തിൽ. സദാദീനാം അനുഭൂതിഃ=സദാദികളുടെ അനുഭവമുണ്ട്.

ഘടത്തിൽ മണ്ണെന്നപോലെ ആകാശരഹിതമായ നിജസ്വരൂപത്തിൽ–ആത്മാവിൽ–ആ സച്ചിദാനന്ദങ്ങളുടെ അനുഭവം കാലത്രയത്തിലുമുള്ളതിനാൽ അവ സത്യമാകുന്നു.

71. അവകാശേ വിസ്മൃതേഥതത്രകിം ഭാതിതേവദ
ശൂന്യമേവേതിചേദസ്തു നാമതാദൃക്‌വിഭാതിഹി.

അവകാശേ=അവകാശം (വെളി). വിസ്മൃതേ=വിസ്മരിക്കപ്പെട്ടുവെങ്കിൽ അഥതത്രകിംതേഭാതി=പിന്നെ അവിടെ നിണക്കു എന്തുതോന്നുന്നു. ശൂന്യം ഏവ ഇതിചേത്=ശൂന്യംതന്നെ എന്നാണെങ്കിൽ. അസ്തുനാമ=അങ്ങിനെ പേർ ഇരുന്നുകൊള്ളട്ടെ. താദൃക്‌വിഭാതിഹി=ആവിധം തോന്നുന്നുണ്ടല്ലോ.

അവകാശം മിഥ്യയാണെന്നു മുമ്പേ പറഞ്ഞതിനെ ഉപപാദിക്കുന്നു: ആകാശത്തിലെ അവകാശം വെളി അഥവാ ഇടം എന്നതിനെ മറന്നുകളഞ്ഞുവെങ്കിൽ അനന്തരം അതിൽ നിണക്കുള്ള പ്രതീതി–തോന്നൽ–എന്താകുന്നു ഒന്നുമില്ല (ശൂന്യം) എന്നുതന്നെയാണെങ്കിൽ വാക്കുകൊണ്ടതിനെ പറഞ്ഞുകൊള്ളുക. അർത്ഥം അങ്ങിനെ വരികയില്ല. അവകാശം ഇല്ലാത്തതായ എന്തോ ഒന്നുണ്ട് എന്നു തന്നെ അംഗീകരിക്കേണ്ടിവരും.

72. താദൃക്തത്വാദേവതൽ സത്വമൌദാസീന്യേന തൽസുഖം
ആനുകൂല്യപ്രാതികൂല്യഹീനം യത്തന്നിജം സുഖം.

താദൃക്ത്വാത് ഏവ=അപ്രകാരമിരിക്കുന്നതുകൊണ്ടുതന്നെ. തൽസത്വം=അതിന്റെ സത്ത് സ്ഫുരിക്കുന്നു. ഔദാസീന്യേന=ഉദാസീനത്വംനിമിത്തം. തൽസുഖം=അതാനന്ദമാകുന്നു. ആനുകൂല്യപ്രാതികൂല്യഹീനം യത്=ആനുകൂല്യവും പ്രാതികൂല്യവും ഇല്ലാത്തതു യാതൊന്നോ തത് നിജംസുഖം=അത് നിജാനന്ദമാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു സിദ്ധിക്കുന്ന ഫലമെന്തെന്നാൽ വിശേഷണമല്ലാത്തതായതുകൊണ്ടു വിശേഷ്യം എന്ന ഒന്നിന്റെ സൽഭാവത്തെ ഉള്ളത് എന്ന അവസ്ഥയെ-അംഗീകരിക്കേണ്ടതായിരിക്കുന്നു. അതു ഉദാസീനമാണെന്നു വന്നിരിക്കയാൽ ആനന്ദമാകുന്നു. യാതൊന്ന് അനുകൂലവും പ്രതികൂലവുമല്ലാത്ത നിലയിൽ വിളങ്ങുന്നുവോ അത് നിജാനന്ദമാകുന്നു.

73. ആനുകൂല്യേഹർഷധീഃസ്യാൽ പ്രാതികൂല്യേതുദുഃഖധീഃ
ദ്വയാഭാവേ നിജാനന്ദോ നിജദുഃഖംനതുകച്ചിത്.

ആനുകൂല്യേഹർഷധീഃസ്യാത്=അനുകൂലഭാവത്തിൽ ഹർഷവൃത്തിയും. പ്രാതികൂല്യേതുദുഃഖധീഃ=പ്രതികൂലഭാവത്തിൽ ദുഃഖവൃത്തിയും. ദ്വയാഭാവേനിജാനന്ദഃ=രണ്ടിന്റെ അഭാവത്തിൽ സ്വരൂപാനന്ദവും. നിജദുഃഖംതുനകച്ചിത്=നിജദുഃഖമാകട്ടെ ഒരിക്കലുമില്ല

നിജാനന്ദം എന്നു പറഞ്ഞതിനെ ഉപപാദിക്കുന്നു:—അനുകൂലലാഭത്തിൽ ബുദ്ധിയിൽ സന്തോഷവൃത്തിയും പ്രതികൂലം വന്നുചേരുമ്പോൾ ദുഃഖവൃത്തിയും രണ്ടുമല്ലാത്തതിൽ നിജാനന്ദവും സ്ഫുരിക്കും. നിജാനന്ദംപോലെ നിജദുഃഖവും സ്ഫുരിക്കയില്ലെയോ എന്നു ശങ്കിക്കേണ്ട. നിജദുഃഖം എന്നതാകട്ടെ ഒരു കാലത്തും സ്വഭാവമല്ല. സ്വാത്മസ്വരൂപം ആനന്ദമാകയാൽ അതൊരുകാലത്തും ദുഃഖമായി സ്ഫുരിക്കാനവകാശമേയില്ല.

74. നിജാനന്ദേസ്ഥിരേഹർഷ ശോകയോർവ്യത്യയഃക്ഷണാത്
മനസഃ ക്ഷണികത്വേനതയോർമാനസതേഷ്യതാം.

നിജാനന്ദേസ്ഥിരേ=നിജാനന്ദം സ്ഥിരമാണെങ്കിലും. മനസഃക്ഷണികത്വേന=മനസ്സിന്റെ ക്ഷണികത്വം നിമിത്തം. ഹർഷശോകയോഃ ക്ഷണാത്‌വ്യത്യയഃ=സുഖദുഃഖങ്ങൾക്ക് ക്ഷണംതോറും വ്യത്യാസംവരും. തയോഃമാനസതാ ഇഷ്യതാം=അതു രണ്ടും മനോധർമ്മങ്ങളാണെന്നറിഞ്ഞുകൊൾക.

സ്വരൂപം ആനന്ദമാണെങ്കിൽ എന്തുകൊണ്ടാണ് സ്ഥിരാനന്ദം അനുഭവപ്പെടാതിരിക്കുന്നത എന്ന ശങ്കക്കു സമാധാനം:—നിജാനന്ദം സ്ഥിരംതന്നെയെങ്കിലും അതിനെ ഗ്രഹിക്കുന്ന മനസ്സിന്റെ ചാഞ്ചല്യംനിമിത്തം ക്ഷണന്തോറം വൈഷയികങ്ങളായ സുഖദുഃഖങ്ങൾ വന്നും പോയ്ക്കൊണ്ടും ഇരിക്കുന്നതിനാൽ ആ രണ്ടും മാനസധർമ്മങ്ങളാണെന്നംഗീകരിക്കത്തക്കവയാകുന്നു.

75. ആകാശേപ്യേവമാനന്ദഃ സത്താഭാനേതുസമ്മതേ
വായ്വാദിദേഹപര്യന്ത വസ്തുഷ്വേവം വിഭാവ്യതാം.

ആകാശേഅപി ഏവംആനന്ദഃ=ആകാശത്തിലും ഇപ്രകാരം ആനന്ദം ഇരിക്കുന്നു. സത്താഭാനേതു=സത്തും ചിത്തും ആകട്ടെ. സമ്മതേ=നിണക്കും സമ്മതമാണല്ലൊ. വായ്വാദിദേഹ പര്യന്തവസ്തുഷു=വായുമുതൽ ദേഹംവരേയുള്ള വസ്തുക്കളിൽ. ഏവംവിഭാവ്യതാം=ഇപ്രകാരം വിഭാവനം ചെയ്തുകൊൾക.

ദൃഷ്ടാന്തത്തിൽ സിദ്ധിച്ച അർത്ഥത്തെ ദാർഷ്ടാന്തത്തിൽ യോജിപ്പിക്കുന്നു: ഇപ്രകാരം ആകാശത്തിലും ആനന്ദാംശം ഉണ്ടെന്നു കണ്ടുകൊൾക. സത്തും ചിത്തും ഉണ്ടെന്നു നീ മുമ്പേതന്നെ സമ്മതിച്ചിരിക്കയാൽ അതിനെ പ്രത്യേകം ഉപപാദിക്കുന്നില്ല. ഇങ്ങിനെ വായു, അഗ്നി, ജലം, ഭൂമി എന്നിവ മുതൽ ദേഹംവരേയുള്ള സകല വസ്തുക്കളിലും സച്ചിദാനന്ദം വിളങ്ങുന്നുവെന്നു കണ്ടുകൊള്ളേണം.

76. ഗതിസ്പർശൗവായുരൂപം വഹ്നേർദ്ദാഹപ്രകാശനേ
ജലസ്യദ്രവതാഭൂമേഃ കാഠിന്യംചേതി നിർണയഃ.

വായുരൂപംഗതിസ്പർശൗ=വായുവിന്റെ അസാധാരണ സ്വരൂപം ഗമനവും സ്പർശവും. വഹ്നേഃ ദാഹപ്രകാശനേ=വഹ്നിയുടെത് താപവും പ്രകാശനവും. ജലസ്യദ്രവതാ=ജലത്തിന്റെ ഒഴുക്കു. ഭൂമേഃകാഠിന്യം=ഭൂമിയുടേത് കഠിനത.

77. അസാധാരണആകാരഃ ഔഷധ്യന്നവപുഷ്യപി
ഏവം വിഭാവ്യം മനസാ തത്തദ്രൂപം യഥോചിതം.

ഔഷധ്യന്നവപുഷിഅപി=ഔഷധികൾ അന്നങ്ങൾ ശരീരങ്ങൾ ഇവയിലും. അസാധാരണഃ ആകാരഃ=അസാധാരണ സ്വരൂപം ഇരിക്കുന്നു. മനസാതത്ത്ദ്രൂപം=മനസ്സുകൊണ്ടു ഓരോന്നിന്റേയും രൂപം. ഏവം യഥോചിതം വിഭാവ്യതാം=ഇപ്രകാരം ഉചിതമായ വിധത്തിൽ ഊഹിച്ചറിഞ്ഞുകൊള്ളേണം.

78. അനേകധാ വിഭിന്നേഷു നാമരൂപേഷുചൈകധാ
തിഷ്ഠന്തി സച്ചിദാനന്ദാ വിസംവാദോ നകസ്യചിത്.

അനേകധാ വിഭിന്നേഷു=ബഹുവിധത്തിൽ ഭിന്നങ്ങളായ. നാമരൂപേഷുച=നാമരൂപങ്ങളിലും സച്ചിദാനന്ദാഃ ഏകധാതിഷ്ഠന്തി=സച്ചിദാനന്ദങ്ങൾ ഒരേവിധത്തിൽ ഇരിക്കുന്നു. കസ്യചിത്ന വിസംവാദഃ=ആർക്കും അഭിപ്രായഭേദമില്ല.

79. നിസ്തത്വേ നാമരൂപേദ്വേ ജന്മനാശയുതേചതേ
ബുദ്ധ്യാബ്രഹ്മണിവീക്ഷസ്വ സമുദ്രേബുൽബുദാദിവത്.

നാമരൂപേദ്വേനിസ്തത്വേ=നാമരൂപങ്ങൾ രണ്ടും തത്വങ്ങളല്ല. തേജന്മനാശയുതേച=ആ രണ്ടും ജനിക്കുന്നതും നശിക്കുന്നതുമാകുന്നു. സമുദ്രേ ബുൽബുദാദിവത്=സമുദ്രത്തിൽ തിരമാലകൾ നുരകൾ എന്നിവപോലെ. ബ്രഹ്മണിബുദ്ധ്യാവീക്ഷസ്വ=ബ്രഹ്മത്തിൽ ബുദ്ധികൊണ്ടു കണ്ടുകൊൾക.

നാമരൂപങ്ങൾ രണ്ടും സത്യമല്ല. ഉണ്ടായി നശിക്കുന്നവയാകുന്നു. സമുദ്രത്തിൽ തിരമാലകൾ നുരകൾ ചുഴികൾ എന്നിവപോലെ ബ്രഹ്മമാകുന്ന അധിഷ്ഠാനത്തിൽ അവ ചലിച്ചുകൊണ്ടിരിക്കുന്നു. അലകളും മററും ജലവികാരങ്ങളായിരിക്കുന്നതുപോലെ നാമരൂപങ്ങൾ സച്ചിദാനന്ദവികാരങ്ങളെന്നറിഞ്ഞുകൊൾക എന്നു സാരം.

80. സച്ചിദാനന്ദരൂപേസ്മിൻ പൂർണ്ണേബ്രഹ്മണിവീക്ഷിതേ
സ്വയമേവാവജാനാതി നാമരൂപേശനൈഃ ശനൈഃ.

സച്ചിദാനന്ദരൂപേ=സച്ചിദാനന്ദരൂപമായും. പൂർണ്ണേഅസ്മിൻ ബ്രഹ്മണി=പരിപൂർണ്ണമായുമിരിക്കുന്ന ഈ ബ്രഹ്മം. വീക്ഷിതേ=കാണപ്പെടുമ്പോൾ. നാമരൂപേസ്വയം ഏവ=നാമരൂപങ്ങൾ താനേതന്നെ. ശനൈഃശനൈഃഅവജാനാതി=മെല്ലെമെല്ലെ അറിയാതാകും.

81. യാവദ്യാവദവജ്ഞാസ്യാത്താവത്താവത്തദീക്ഷണം
യാവദ്യാവദ്വീക്ഷ്യതേതത്താവത്താവദുഭേത്യജേത്.

യാവത് യാവത് അവജ്ഞാസ്യാത്=എത്രയെത്ര അനാദരം ഭവിക്കുമോ. താവത് താവത് തദീക്ഷണം= അത്രയത്ര അതിൻെറ കാഴ്ചയും. യാവത്യാവത്തത് വീക്ഷ്യതേ=എത്രയെത്ര അതു കാണപ്പെടുന്നുവോ. താവത് താവത് ഉഭേത്യജേത്=അത്രയത്ര രണ്ടിനേയും ത്യജിക്കേണം.

എങ്ങിനെയായാലും നാമരൂപങ്ങൾ തോന്നാതിരിക്കയില്ല. എന്നുള്ള ശങ്കക്കു സമാധാനം:— ദേശകാലാവധികളെ അതിക്രമിച്ചിരിക്കുന്ന സച്ചിദാനന്ദപരിപൂർണ്ണബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കുമ്പോൾ നാമരൂപങ്ങളിൽ സ്വയമേവ ആദരവു കുറഞ്ഞുകുറഞ്ഞു വരും. ആദരം കുറയുന്നതോടുകൂടെ അതിൻെറ കാഴ്ചയും ഇല്ലാതാകും. എത്രത്തോളം കാഴ്ചയുണ്ടാകുന്നുണ്ടോ അത്രത്തോളം അതിനെ നിരാകരിക്കുകയും വേണം.

82. തദഭ്യാസേനവിദ്യായാംസുസ്ഥിതായാമയംപുമാൻ
ജീവന്നേവഭവേന്മുക്തോവപുരസ്തുയഥാതഥാ.

തദഭ്യാസേനവിദ്യായാം=അതിൻെറ അഭ്യാസത്താൽ. വിദ്യ സുസ്ഥിതായാംഅയംപുമാൻ=ഉറച്ചുവരുമ്പോൾ ഈ ജീവൻ. ജീവൻഏവ=ജീവിച്ചിരിക്കുമ്പോൾതന്നെ. മുക്തഃഭവേത്=മുക്തനായി ഭവിക്കും. വപുഃയഥാതഥാഅസ്തു=ശരീരം എപ്രകാരമോ അപ്രകാരം ഇരുന്നുകൊള്ളട്ടെ.

നാമരൂപങ്ങൾ രണ്ടിനെകുറിച്ചും അവജ്ഞാഭാവവും കാണാതിരിക്കലും അഭ്യസിക്കുന്തോറും സച്ചിദാനന്ദാത്മബോധം സ്ഥിരപ്പെടും. അപ്പോൾ ഈ ജീവൻ ജീവിച്ചിരിക്കുമ്പോൾതന്നെ നാമരൂപാത്മകമായ ദേഹത്തിൽ അഭിമാനം ഇല്ലാത്തവനായി ഭവിക്കും. ദേഹം എങ്ങിനെയായാലും കൊള്ളാം. ഇരുന്നാലും ഇല്ലാതായാലും അവനതിൽ ബന്ധമില്ലെന്നുവരും.

83. തച്ചിന്തനംതൽകഥനംഅന്യോന്യംതൽപ്രബോധനം
ഏതദേകപരത്വംചബ്രഹ്മാഭ്യാസംവിദുർബുധാഃ

തച്ചിന്തനം=അതിനെ ചിന്തിക്കുക. തൽകഥനം=അതിനെ പറയുക. അന്യോന്യംതൽപ്രബോധനം=പരസ്പരം അതിനെ ധരിപ്പിക്കുക. ഏതദേകപരത്വംച=ഇതിനെതന്നെ പ്രധാനമായി കരുതുക എന്നതിനെ ബ്രഹ്മാഭ്യാസം=ബ്രഹ്മാഭ്യാസമാണെന്നു. ബുധാഃവിദുഃ=ബുധന്മാർ അറിയുന്നു.

ദേഹബന്ധംകൂടാതെ ജീവന്മുക്തനായിരിപ്പാനുള്ള മുഖ്യമായ ഉപായം ബ്രഹ്മാഭ്യാസമാണെന്നു പദേശിക്കുന്നു:— അതിൻെറ സ്വരൂപം പറയുന്നു:— ബ്രഹ്മസ്വരൂപത്തെ ചിന്തിക്കുക. എന്നതായിരിക്കണം മാനസീകവ്യാപാരം അതിൻെറ മഹാമഹിമയെ പറയുന്നതായിരിക്കണം വാചികവ്യാപാരം.

അതിന്നിഷ്ടമുള്ളവർ തമ്മിൽ കാണുമ്പോൾ അതിനെക്കുറിച്ചുള്ള അറിവിന്നു സംശയവിപരീതഭാവനകൾ ഉണ്ടാകുന്നതിന്നു തീക്ഷ്ണവിധത്തിൽ പരസ്പര ഉപകാരപ്പെടുത്തണം. ഇതായിരിക്കണം മുഖ്യമായ പ്രവൃത്തി. ഇങ്ങിനെ ജീവിതം നയിക്കുന്നുവെങ്കിൽ ഇതിനെയാണ് ബ്രഹ്മാഭ്യാസം എന്നു വിദ്വാന്മാർ പറയുന്നത്.

84. വാസനാനേകകാലീനാദീർഘകാലംനിരന്തരം
സാദരംചാഭ്യസ്യമാനേസർവ്വഥൈവനിവർത്തതേ.

വാസനാഅനേകകാലീനാ=വാസന അനേകകാലത്തിലുണ്ടായതാണെങ്കിലും. ദീർഘകാലം നിരന്തരം സാദരം=അധികകാലം ഇടവിടാതെ ആദരത്തോടുകൂടെ. അഭ്യസ്യമാനേ=അഭ്യസിക്കപ്പെടുമ്പോൾ. സർവ്വഥാഏവനിവർത്തതേ=സർവ്വവിധത്തിലും നിവർത്തിക്കും.

ദ്വൈതവാസന ബഹുജന്മകൃതകർമ്മഫലമാകയാൽ ഇപ്പോൾ ചെയ്യുന്ന ഈ ബ്രഹ്മാഭ്യാസംകൊണ്ടു നശിക്കുന്നതെങ്ങിനെയെന്ന സംശയത്തിന്നു സമാധാനം:—അനേകകാലം കൊണ്ടുവന്നു ചേർന്നിരിക്കുന്നതാണെങ്കിലും ഈ ദ്വൈതവാസന, അധികകാലം ഇടവിടാതെ ആദരപൂർവ്വം മുൻപറഞ്ഞ വിധത്തിൽ ബ്രഹ്മാഭ്യാസം ചെയ്തുകൊണ്ടിരുന്നാൽ നിശ്ശേഷം നശിക്കാതിരിക്കയില്ല. നിരന്തരം ബ്രഹ്മാഭ്യാസം അത്യാവശ്യമാണെന്നു സിദ്ധാന്തം.

85. മൃച്ഛക്തിവൽ ബ്രഹ്മശക്തിരനേകാനനൃതാൻ സൃജേത്
യദ്വാജീവഗതാനിദ്രാസ്വപ്നശ്ചാത്രനിദർശനം.

മൃച്ഛക്തിവൽ ബ്രഹ്മശക്തിഃ=മണ്ണിലിരിക്കുന്ന ശക്തിയെന്നപോലെ ബ്രഹ്മത്തിലിരിക്കുന്ന ശക്തിയായ മായ, അനേകാൻ അനൃതാൻ സൃജേത്=അനേകങ്ങളായ അസത്യങ്ങളെ സൃഷ്ടിക്കുന്നു. യദ്വാജീവഗതാനിദ്രാ=അല്ലെങ്കിൽ ജീവനെ ബാധിച്ച നിദ്രാശക്തിയും. സ്വപ്നഃച അത്രനിദർശനം=സ്വപ്നവും ഇതിൽ ദൃഷ്ടാന്തം.

ബ്രഹ്മത്തിലിരിക്കുന്ന ഒരു ശക്തി അനേകകാര്യങ്ങളെ എങ്ങിനെ ജനിപ്പിക്കും എന്നതിന്നു ദൃഷ്ടാന്തം കാണിക്കുന്നു:—മണ്ണിൽ ഇരിക്കുന്ന ശക്തി ഘടാദികളായ ബഹുവിധ കാര്യങ്ങളെ ജനിപ്പിക്കുന്നതുപോലെ ബ്രഹ്മത്തിലിരിക്കുന്ന മായാശക്തി ദേവമനുഷ്യതിര്യഗാദി ബഹുവിധകാര്യങ്ങളെ ജനിപ്പിക്കും. മൃച്ഛക്തിമാത്രമല്ല ഘടാദി കാര്യങ്ങളുടെ ഹേതു. കുലാലൻ, ചക്രം, ദണ്ഡം എന്നിവയും കാരണങ്ങളായിട്ടുണ്ട്. അതുകൊണ്ടു ദൃഷ്ടാന്തം വിഷമമാണ് എന്ന ശങ്ക തീർക്കുവാൻ വേറെ ഒരുദാഹരണം:—ജീവനെ ആശ്രയിച്ചതായ നിദ്രാശക്തി ഇതരസഹായങ്ങൾ കൂടാതെതന്നെ അനേകവിധത്തിലുള്ള സ്വപ്നവസ്തുക്കളെ സൃഷ്ടിക്കുന്നതുപോലെ ബ്രഹ്മഗതയായ ഏകശക്തി സൃഷ്ടിക്കുന്നുവെന്നും കണ്ടുകൊൾക.

86. നിദ്രാശക്തിര്യഥാജീവേ ദുർഘടസ്വപ്നകാരിണീ
ബ്രഹ്മണ്യേഷാസ്ഥിതാമായാ സൃഷ്ടിസ്ഥിത്യന്തകാരിണീ.

ജീവെ നിദ്രാശക്തിഃ=ജീവനിൽ നിദ്രാശക്തി. യഥാ ദുർഘടസ്വപ്നകാരിണീ=എപ്രകാരം ദുർഘടസ്വപ്നം ഉണ്ടാക്കുന്നുവോ, തഥാ ബ്രഹ്മണിസ്ഥിതാ ഏഷാമായ=അപ്രകാരം ബ്രഹ്മത്തിലിരിക്കുന്ന ഈ മായ, സൃഷ്ടിസ്ഥിത്യന്തകാരിണീ=സൃഷ്ടിസ്ഥിതിസംഹാരം നടത്തുന്നു.

ദൃഷ്ടാന്തത്തെ സ്പഷ്ടമാക്കുന്നു:—ജീവനിലിരിക്കുന്ന നിദ്രാശക്തി ദുർഘടങ്ങളായ സ്വപ്നപദാർത്ഥങ്ങളെ ജനിപ്പിക്കുന്നതുപോലെ ബ്രഹ്മത്തിലിരിക്കുന്ന ഈ മായാശക്തി ജഗൽസൃഷ്ട്യാദികളെ നടത്തുന്നു.

87. സ്വപ്നേവിയൽ ഗതിം പശ്യേൽ സ്വമൂർദ്ധച്ഛേദനം യഥാ
മുഹൂർത്തേ വത്സരൌഘംച മൃതപുത്രാദികം പുനഃ

സ്വപ്നേവിയൽ ഗതിം പശ്യേത്=സ്വപ്നത്തിൽ ആകാശഗതിയെ കാണും, സ്വമൂർദ്ധച്ഛേദനം യഥാ=തന്റെ മൂർദ്ധാവിന്നു മുറിച്ചതായിട്ടും എപ്രകാരമോ, മുഹൂർത്തേ വത്സരൌഘം ച=മുഹൂർത്തത്തിൽ അനേകവത്സരങ്ങളേയും പുനഃമൃതപുത്രാദികം=പിന്നെ മരിച്ച പുത്രാദികളുടെ ദർശനവും

ദുർഘടസ്വപ്നം എന്നു പറഞ്ഞതിന്നു വിശദമാക്കുന്നു:—ആകാശത്തിൽ സഞ്ചാരം, സ്വശിരശ്ഛേദം, അല്പകാലത്തിന്നുള്ളിൽ അനേകവത്സരവാസം, മരിച്ച പുത്രഭാര്യാദികളുടെ ദർശനം ജീവിച്ചിരിക്കുന്നവരുടെ മരണം എന്നിവ സ്വപ്നത്തിൽ കാണും.

88. ഇദം യുക്തമിദം നേതി വ്യവസ്ഥാത്ര ദുർല്ലഭാ
യഥായഥേക്ഷ്യതേയദ്യത്തത്തദ്യുക്തം തഥാ തഥാ.

ഇദം യുക്തം ഇദം ന ഇതി=ഇതു യുക്തമല്ല എന്ന വ്യവസ്ഥാ. തത്രദുർല്ലഭാ=നിശ്ചയം ആ അവസ്ഥയിൽ ദുർല്ലഭം, യത് യത് യഥാ യഥാ ഈക്ഷ്യതേ=ഏതേത് ഏതേതു വിധം കാണപ്പെടുന്നുവോ, തത് തത് തഥാ തഥാ യുക്തം=അതാത് അതാതുവിധം യുക്തം.

സ്വപ്നത്തിൽ ദുർഘടദശ്നത്തിന്നു കാരണം കാണിക്കുന്നു:—സ്വപ്നാവസ്ഥയിൽ ഇതു യുക്തം ഇതയുക്തം എന്ന നിശ്ചയമില്ല. ഏതേത് ഏതേതുവിധം കാണപ്പെടുന്നുവോ അതാത് അതാതുവിധം യുക്തം എന്നേ വിചാരിക്കുന്നുള്ളു.

89. ഈദൃശോമഹിമാദൃഷ്ടോ നിദ്രാശക്തേര്യദാ തദാ
മായാശക്തേരചിന്ത്യോയം മഹിമേതികിമത്ഭുതം.

നിദ്രാശക്തേഃ ഈദൃശഃ മഹിമാ=നിദ്രാശക്തിക്കു ഇപ്രകാരമുള്ള വൈഭവം, യദാദൃഷ്ടഃ തദാമായാശക്തേഃ=കാണപ്പെടുമ്പോൾ മായാശക്തിയുടെ, അയം മഹിമാ അചിന്ത്യഃ=ഈ വൈഭവം ചിന്തിക്കത്തക്കതല്ല, ഇതി കിം അത്ഭുതം=എന്നതിൽ എന്താണാശ്ചര്യം.

പറഞ്ഞ സംഗതിയുടെ സാരാത്ഥം: - ജീവഗതനിദ്രാശക്തിക്ക് ഇത്രത്തോളം മഹിമ കാണപ്പെടുമ്പോൾ ബ്രഹ്മഗതമായാശക്തിയുടെ ജഗൽസൃഷ്ട്യാദിവൈഭവം ഊഹിപ്പാൻപോലും കഴിയുന്നതല്ല എന്നതിൽ ആശ്ചര്യത്തിന്നെന്തവകാശം.

90. ശയാനേ പുരുഷേ നിദ്രാ സ്വപ്നം ബഹുവിധം സൃജേത്
ബ്രഹ്മണ്യേവം നിർവികാരേ വികാരാൻ കല്പയത്യസൌ.

ശയാനേ പുരുഷേ നിദ്രാ=ശയിക്കുന്ന പുരുഷനിൽ നിദ്ര, ബഹുവിധം സ്വപ്നം സൃജേത്=പല മാതിരി സ്വപ്നത്തെ സൃഷ്ടിക്കും, ഏവം നിർവികാരേ ബ്രഹ്മണി=ഇപ്രകാരം നിർവികാരബ്രഹ്മത്തിൽ, അസൌ വികാരാൻ കല്പയതി=ഈ മായ വികാരങ്ങളെ കല്പിക്കുന്നു.

91. ഖാനിലാഗ്നിജലോർവ്വണ്ഡ ലോകപ്രാണിശിലാദികാഃ
വികാരാഃ പ്രാണിധീഷ്വന്തശ്ചിച്ഛായാ പ്രതിബിംബിതാ.

ഇപ്പോൾ മായ സൃഷ്ടിക്കുന്ന പദാത്ഥങ്ങളെ കാണിക്കുന്നു:—(ഖം) ആകാശം, (അനില) വായു അഗ്നി, ജലം, (ഉർവ്വി) ഭൂമി, (അണ്ഡം) ബ്രഹ്മാണ്ഡം. അതിൽ ലോകങ്ങൾ, പ്രാണികൾ, ശിലകൾ ഇങ്ങിനെയുള്ള വികാരങ്ങളായിട്ടു പ്രാണികളുടെ അന്തഃകരണത്തിൽ ചിത്തിന്റെ ഛായ പ്രതിബിംബിച്ചിരിക്കുന്നു. ഇവയിൽ പഞ്ചഭൂതമയത്വം സർവ്വത്തിന്നും സമംതന്നെയെങ്കിലും ചിലതു ചേതനം ചിലതു അചേതനം എന്ന ഭേദത്തിന്നു കാരണം. പ്രാണികൾക്ക് അചേതനമെന്നു തോന്നുകയാണ്. അവയിലും ചേതനം ഇരിക്കുന്നുണ്ട്. അതു കണ്ടറിവാൻ സാധിക്കാത്തതുകൊണ്ട് അചേതനമെന്നു വ്യവഹരിക്കുന്നുവെന്നുമാത്രമേയുള്ളു.

92. ചേതനാചേതനേഷ്വേഷു സച്ചിദാനന്ദലക്ഷണം
സമാനം ബ്രഹ്മഭിദ്യേതേ നാമരൂപേ പൃഥക്പൃഥക്.

ഏഷു ചേതനാചേതനേഷു=ഈ ചേതനങ്ങളിലും അചേതനങ്ങളിലും. സച്ചിദാനന്ദലക്ഷണം ബ്രഹ്മസമാനം=സച്ചിദാനന്ദലക്ഷണമായ ബ്രഹ്മം തുല്യം. നാമരൂപേ പൃഥക്പൃഥക്ഭിദ്യേതേ=നാമരൂപങ്ങൾ വേറെവേറെ ഭേദിക്കപ്പെട്ടിരിക്കുന്നു.

ബ്രഹ്മം സർവ്വോപാദാനമായതുകൊണ്ടു ചേതനം അചേതനം എന്ന ഭേദം ബ്രഹ്മം നിമിത്തമുണ്ടായതാണെന്നു ധരിക്കാനവകാശമില്ല. അത് സർവ്വത്ര സമാനംതന്നെ. നാമരൂപങ്ങൾ ഭിന്നങ്ങൾ എന്നു സാരം.

93. ബ്രഹ്മണ്യേതേ നാമരൂപേ പടേ ചിത്രമിവസ്ഥിതേ
ഉപേക്ഷ്യ നാമരൂപേദ്വേ സച്ചിദാനന്ദധീർഭവേത്.

ഏതേ നാമരൂപേബ്രഹ്മണി=ഈ നാമരൂപങ്ങൾ ബ്രഹ്മത്തിൽ. പടേ ചിത്രം ഇവസ്ഥിതേ=വസ്ത്രത്തിൽ ചിത്രം എന്നപോലെ ഇരിക്കുന്നവ. നാമരൂപേദ്വേ ഉപേക്ഷ്യ=നാമരൂപങ്ങളെന്ന രണ്ടിനേയും ഉപേക്ഷിച്ചിട്ടു. സച്ചിദാനന്ദധീഃ ഭവേത്=സച്ചിദാനന്ദത്തിൽ സ്ഥിരനിഷ്ഠനായിരിക്കേണം.

94. ജലസ്ഥാധോമുഖസ്വസ്യ ദേഹേ ദൃഷ്ടേപ്യുപേക്ഷ്യതം
തീരസ്ഥ ഏവ ദേഹേ സ്വേ താൽപൎയ്യം സ്യാദ്യഥാതഥാ.

ജലസ്ഥ അധോമുഖേ=ജലത്തിൽ അധോമുഖമായിരിക്കുന്ന. സ്വസ്യദേഹേ ദൃഷ്ടേ അപി=തന്റെ ദേഹം കാണപ്പെട്ടാലും. തം ഉപേക്ഷ്യ തീരസ്ഥേ സ്വേദേഹേ ഏവ=അതിനെ ഉപേക്ഷിച്ചിട്ടു കരയിലുള്ള സ്വദേഹത്തിൽത്തന്നെ യഥാ താൽപൎയ്യംസ്യാത് തഥാ=എപ്രകാരം താൽപൎയ്യം ഉണ്ടാകുന്നുവോ അപ്രകാരം.

നാമരൂപങ്ങളെ അനാദരിച്ച് ബ്രഹ്മമായിട്ടു സൎവ്വത്തേയും കാണേണം എന്നതിനു ദൃഷ്ടാന്തം കാണിക്കുന്നു:—ജലത്തിൽ സ്വദേഹപ്രതിബിംബം അധോമുഖമായിട്ടു കാണപ്പെടുന്നുണ്ടെങ്കിലും അതിൽ സത്യത്വബുദ്ധിയുണ്ടാകാതെ കരയിലുള്ള സ്വദേഹംതന്നെ സത്യം എന്ന് ഏതുവിധം ധരിക്കുന്നുവോ അതുപോലെ നാമരൂപങ്ങളെ ഉപേക്ഷിച്ച് സൎവ്വവും ബ്രഹ്മം മാത്രം എന്നു കാണേണം

95. സഹസ്രശോ മനോരാജ്യേ വൎത്തമാനേ സദൈവതത്
സൎവ്വൈരുപേക്ഷ്യതേ യദ്വദുപേക്ഷാ നാമരൂപയോഃ

സഹസ്രശഃ മനോരാജ്യ വൎത്തമാനേ=അനേകം മനോരാജ്യം ഉണ്ടെങ്കിലും തത് സൎവ്വൈഃ യദ്വത് ഉപേക്ഷ്യതേ=അത് എല്ലാവരാലും ഏതുവിധം ഉപേക്ഷിക്കപ്പെടുന്നുവോ. തദ്വത് നാമരൂപയോഃ ഉപേക്ഷാ=അതുപോലെ നാമരൂപങ്ങളിൽ ഉപേക്ഷയുണ്ടാകണം.

എല്ലാവൎക്കും അനുഭവമുള്ള മറ്റൊരു ദൃഷ്ടാന്തം കാണിക്കുന്നു:—എല്ലാവരുടെ ഉള്ളിലും അനേകം മനോരാജ്യം എപ്പോഴും ഉണ്ടായിരിക്കും. എങ്കിലും അതിനെ കാൎയ്യമാക്കാതിരിക്കുന്നതുപോലെ നാമരൂപങ്ങളെയും കാൎയ്യമായി കരുതാതിരിക്കുകയെന്നതു യാതൊന്നോ അതുതന്നെയാണ് ഉപേക്ഷയെന്നു പറയപ്പെടുന്നത്. ഇങ്ങിനെ നാമരൂപങ്ങളിൽ ഉപേക്ഷയഭ്യസിക്കപ്പെടേണം.

96. ക്ഷണേക്ഷണേ മനോരാജ്യം ഭവത്യേവാന്യഥാന്യഥാ
ഗതംഗതം പുനൎന്നാസ്തി വ്യവഹാരോ ബഹിസ്തഥാ.

ക്ഷണേക്ഷണേ മനോരാജ്യം=ക്ഷണന്തോറും ക്ഷണന്തോറും മനോരാജ്യം. അന്യഥാ അന്യഥാ ഭവതി ഏവ=മാറിമാറിയുണ്ടാകും. ഗതംഗതം പുനഃ നഅസ്തി=പോയതു പോയതു പിന്നെയില്ല ബഹിഃ വ്യവഹാരഃ തഥാ=പുറമേയുള്ള വ്യവഹാരവും അപ്രകാരംതന്നെ.

പ്രപഞ്ചത്തിന്റെ വിചിത്രതയെ ദൃഷ്ടാന്തപൂൎവ്വം കാണിക്കുന്നു:—ഓരോ ക്ഷണത്തിലും മനോരാജ്യം മാറിമാറിയുണ്ടാകുന്നു. പോയതു പോയതുതന്നെ. പിന്നെയതില്ല. അതുപോലെത്തന്നെ ബാഹ്യവ്യാപാരവും ഓരോന്നുണ്ടാകുന്നു. ഉണ്ടായതുടനെ ഇല്ലാതാകുന്നു. ഇല്ലാതായതു പിന്നെയുണ്ടാകുന്നില്ല.

97. നബാല്യം യൌവനേലഭ്യം യൌവനം സ്ഥവിരേതഥാ
മൃതഃ പിതാ പുനൎന്നാസ്തിനായാത്യേവ ഗതംദിനം.

യൌവനേ ബാല്യം നലഭ്യം=യൌവനത്തിൽ ബാല്യം ലഭ്യമല്ല. സ്ഥവിരെ യൌവനം തഥാ=വാൎദ്ധക്യത്തിൽ യൌവനവും അതുപോലെതന്നെ. മൃതഃപിതാ പുനഃ നഅസ്തി=മരിച്ചുപോയ പിതാവു് പിന്നെയില്ല. ഗതംദിനം നആയാതി ഏവ=പോയ ദിവസം പിന്നെ വരികയില്ല.

98. മനോരാജ്യാൽ വിശേഷഃകഃ ക്ഷണധ്വംസിനി ലൌകികേ
അതോസ്മിൻ ഭാസമാനേപി തൽസത്യത്വധിയം ത്യജേത്.

ക്ഷണധ്വംസിനി ലൌകികേ=ക്ഷണത്തിൽ നശിക്കുന്ന ലോകവ്യവഹാരത്തിൻ. മനോരാജ്യാത് കഃ വിശേഷഃ=മനോരാജ്യത്തിൽനിന്നു എന്തു വിശേഷം. അതഃ ഭാസമാനേ അപി അസ്മിൻ=അതുകൊണ്ടു് കാണപ്പെടുന്നുണ്ടെങ്കിലും ഇതിൽ. തൽസത്യത്വധിയം ത്യജേത്=അതു സത്യമാണെന്നുള്ള വിചാരത്തെ കളയേണം.

99. ഉപേക്ഷിതേ ലൌകികേധീൎന്നിൎവ്വിഘ്നാ ബ്രഹ്മചിന്തനേ
നടവൽ കൃത്രിമാസ്ഥായാം നിൎവ്വഹത്യേവ ലൌകികം.

ലൌകികേ ഉപേക്ഷിതേ=ലോകവ്യവഹാരം ഉപേക്ഷിക്കപ്പെടുമ്പോൾ. ബ്രഹ്മചിന്തനേധീഃ നിൎവ്വിഘ്നാ=ബ്രഹ്മചിന്തനത്തിൽ ബുദ്ധി തടസ്ഥമില്ലാതിരിക്കും. കൃത്രിമാസ്ഥായാം നടവത്=കൃത്രിമവേഷത്തിൽ താല്പൎയ്യം നടനുള്ളതുപോലെ. ലൌകികം നിൎവ്വഹതി ഏവ=ലോകവ്യവഹാരം നിൎവ്വഹിക്കുകതന്നെചെയ്യും.

ലോകവ്യവഹാരം ഉപേക്ഷിക്കുന്നതുകൊണ്ടു എന്തൊരു ലാഭമാണുണ്ടാകുകയെന്നാൽ:—ബ്രഹ്മ

വിചാരത്തിൽ ബുദ്ധിക്കസ്ഥിരതയുണ്ടാകും. അപ്പോൾ ജ്ഞാനിയുടെ ലോകവ്യവഹാരമോ എങ്ങിനെ നടക്കമെന്നാൽ കെട്ടിയ വേഷം കളിച്ചു കഴിയുന്നതുവരെ നടൻ ആ കൃത്രിമവേഷത്തിൽ ആസ്ഥ വെക്കുന്നതുപോലെ പ്രാരബ്ധാവസാനംവരെ ലോകവ്യവഹാരത്തെയും നിർവ്വഹിക്കും.

100. പ്രവഹത്യപി നീരേധഃ സ്ഥിരാ പ്രൌഢശിലാ യഥാ
നാമരൂപാന്യഥാത്വേപി കൂടസ്ഥം ബ്രഹ്മ നാന്യഥാ.

നീരെ പ്രവഹതി അപി=ജലം ഒഴുകിക്കൊണ്ടിരുന്നാലും. അധഃ പ്രൌഢശിലാ യഥാ സ്ഥിരാ=അടയിൽ ബലമേറിയ പാറ എതുവിധം സ്ഥിരമോ. നാമരൂപാന്യഥാത്വേ അപി=നാമരൂപങ്ങൾ മറവവിധത്തിലിരുന്നാലും. കൂടസ്ഥം ബ്രഹ്മ=നിർവ്വികാരബ്രഹ്മം. നഅന്യഥാ=വികാരപ്പെടന്നില്ല.

ലൌകികവ്യവഹാരം അങ്ങിനെ നിർവ്വഹിക്കുമ്പോൾ സുഖദുഃഖാദി വികാരങ്ങളും ജ്ഞാനിക്കുണ്ടാകാതിരിക്കുമോ എന്നു ശങ്കിക്കുന്നതിനു സമാധാനം:—മേൽഭാഗത്തുകൂടെ ജലം ഒഴുകിക്കൊണ്ടിരുന്നാലും അടിയിൽ പാറക്കല്ല് എങ്ങിനെ ഉറപ്പായിരിക്കുന്നുവോ അതുപോലെ നിർവികാരമായ ബ്രഹ്മത്തിനു ബ്രഹ്മമായിരിക്കുന്ന ആത്മാവിനു യാതൊരു വികാരവും ഉണ്ടാകുന്നില്ല.

101. നിശ്ഛിദ്രേദർപ്പണേ ഭാതി വസ്തുഗർഭം ബൃഹദ്വിയത്
സച്ചിദ്ഘനേ തഥാ നാനാ ജഗൽഗർഭമിദം വിയത്.

നിശ്ഛിദ്രേ ദർപ്പണേ=ദ്വാരമില്ലാത്തതായ കണ്ണാടിയിൽ, വസ്തുഗർഭം ബൃഹത്‌വിയത്=അനേകവസ്തുക്കളുള്ളതും വിപുലവുമായ ആകാശം, യഥാഭാതി=എങ്ങിനെ വിളങ്ങുന്നുവോ. തഥാസച്ചിൽഘനേ=അപ്രകാരം സച്ചിദാനന്ദഘനത്തിൽ, നാനാജഗൽ ഗർഭം ഇദം വിയത്=അനേക ജഗത്തുകളടങ്ങിയിരിക്കുന്ന ഈ ആകാശം വിളങ്ങുന്നു.

അഖണ്ഡമായ ബ്രഹ്മത്തിൽ അതിന്നു വിപരീതമായ ജഗത്തിന്റെ വിളക്കം എങ്ങിനെയുണ്ടാകുന്നുവെങ്കിൽ:- ദ്വാരമില്ലാത്തതായ കണ്ണാടിയിൽ നക്ഷത്രാദിസഹിതമായ ആകാശം എങ്ങിനെ പ്രതിബിംബിക്കുന്നുവോ അതുപോലെ സച്ചിദാനന്ദഘനമായ ബ്രഹ്മത്തിൽ സാഗരനഗഭൂമ്യാദി വിഭാഗങ്ങളടങ്ങീട്ടുള്ള ഈ ബ്രഹ്മാണ്ഡം വിളങ്ങുന്നു.

102. അദൃഷ്ട്വാ ദർപ്പണം നൈവ തദന്തസ്ഥേക്ഷണം തഥാ
അമത്വാ സച്ചിദാനന്ദം നാമരൂപമതിഃ കുതഃ

ദർപ്പണം അദൃഷ്ട്വാ=ദർപ്പണത്തെ കാണാതെ, തദന്തസ്ഥേക്ഷണം ന ഏവ=അതിന്നുള്ളിലുള്ളതിന്റെ കാഴ്ചയില്ലതന്നെ, തഥാ സച്ചിദാനന്ദം അമത്വാ=അപ്രകാരം സച്ചിദാനന്ദത്തെ സ്മരിക്കാതെ, നാമരൂപമതിഃകുതഃ=നാമരൂപവിചാരം എങ്ങിനെയുണ്ടാകും.

ആദ്യമാദ്യം തോന്നുന്നതും കാണുന്നതും നാമരൂപങ്ങളെയല്ലെയോ. അപ്പോൾ കാണപ്പെടാതിരിക്കുന്ന ബ്രഹ്മത്തിൽ ജഗത്തു വിളങ്ങുന്നുവെന്നറിയുന്നതെങ്ങിനെയെന്ന സംശയത്തിന്നു സമാധാനം:—ആദ്യമായിട്ടു കണ്ണാടിയെ കാണാതിരുന്നാൽ അതിന്നുള്ളിൽ വിളങ്ങുന്ന പ്രതിബിംബത്തെ എങ്ങിനെ കാണുകയില്ലെയോ അതുപോലെ സച്ചിദാനന്ദത്തെ കാണാതെ അതിന്നുള്ളിൽ വിളങ്ങുന്ന നാമരൂപപ്രദർശനം എങ്ങിനെയുണ്ടാകും

103. പ്രഥമം സച്ചിദാനന്ദേ ഭാസമാനേഥ താവതാ
ബുദ്ധിം നിയമ്യ നൈവോർദ്ധ്വം ധാരയേന്നാമരൂപയോഃ.

പ്രഥമം ഭാസമാനേ സച്ചിദാനന്ദേ=ഒന്നാമതായി കാണപ്പെടുന്ന സച്ചിദാനന്ദത്തിൽ, താവതാ ബുദ്ധിം നിയമ്യ=അത്രത്തോളം ബുദ്ധിയെ നിർത്തീട്ടു, ഊർദ്ധ്വം നാമരൂപയോഃ അതിന്നപ്പുറം നാമരൂപങ്ങളിൽ, ന ഏവ ധാരയേത്=ധരിക്കുകയേ അരുത്.

സച്ചിദാനന്ദബ്രഹ്മത്തിൽ നാമരൂപങ്ങളും കാണപ്പെടുമ്പോൾ നിർവിഷയബ്രഹ്മജ്ഞാനം എങ്ങിനെയുണ്ടാകും എന്ന ആകാംക്ഷക്ക് ഉപായം പറയുന്നു:—ഒന്നാമതായി പ്രകാശിക്കുന്ന സച്ചിദാനന്ദത്തിൽതന്നെ ബുദ്ധിയെ നിലനിർത്തണം. അതിന്നുള്ളിൽ വിളങ്ങുന്ന നാമരൂപങ്ങളിലേക്കു ബുദ്ധിയെ പ്രവേശിപ്പിക്കാതെയിരിക്കേണം.

104. ഏവംച നിർജ്ജഗൽബ്രഹ്മ സച്ചിദാനന്ദലക്ഷണം
അദ്വൈതാനന്ദ ഏതസ്മിൻ വിശ്രാമ്യന്തു ജനാശ്ചിരം.

ഏവംച നിർജ്ജഗത്=ഇപ്രകാരമാകുമ്പോൾ ജഗത്തില്ലാത്തതും, സച്ചിദാനന്ദലക്ഷണം ബ്രഹ്മ=സച്ചിദാന

ന്ദലക്ഷണനുമായ ബ്രഹ്മം, ഏതസ്മിൻ അദ്വൈതാനന്ദേ = ഈ അദ്വൈതാനന്ദത്തിൽ, ജനാഃ ചിരം വിശ്രാമ്യന്തു=ജനങ്ങൾ ബഹുകാലം വിശ്രമിക്കട്ടെ.

മേൽകാണിച്ചവിധത്തിൽ നാമരൂപങ്ങളിലേക്കു ബുദ്ധിയെ പ്രവേശിപ്പിക്കാതെയിരിക്കുമ്പോൾ ജഗദ്വിലക്ഷണനും സച്ചിദാനന്ദലക്ഷണനുമായ ബ്രഹ്മസാക്ഷാൽകാരം സിദ്ധിക്കും. അദ്വൈതമായ ഈ ആനന്ദത്തിൽ ജനങ്ങൾ ചിരകാലം വിശ്രമിക്കട്ടെ. ജീവന്മുക്തിസുഖത്തെ അനുഭവിച്ചുകൊണ്ട് വസിക്കട്ടെ, എന്ന് അനുഗ്രഹിച്ചുകൊണ്ടു സകല ജീവകാരുണ്യത്തെ ഋഷി പ്രകാശിപ്പിച്ചു.

105. ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ തൃതീയോധ്യായ ഈരിതഃ
അദ്വൈതാനന്ദ ഏവസ്യാൽ ജഗന്മിഥ്യാത്വചിന്തയാ.

ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ=ബ്രഹ്മാനന്ദം എന്നുപേരായ ഗ്രന്ഥത്തിൽ, തൃതീയഃ അധ്യായഃ=മൂന്നാമധ്യായം, ഈരിതഃ=പറയപ്പെട്ടു, ജഗന്മിഥ്യാത്വചിന്തയാ=ജഗത്ത് മിഥ്യയാണെന്ന ചിന്തകൊണ്ടു, അദ്വൈതാനന്ദഃ ഏവസ്യാത്=അദ്വൈതാനന്ദംതന്നെയുണ്ടാകും.

ബ്രഹ്മാനന്ദം എന്നു പേരായ ഈ ഗ്രന്ഥത്തിൽ മൂന്നാം അധ്യായം പറഞ്ഞുകഴിഞ്ഞു. ജഗത്ത് മിഥ്യയാണെന്ന ചിന്തയുറച്ചാൽ അദ്വൈതാനന്ദം താനെതന്നെ സ്ഫുരിക്കും.

ഇതി ശ്രീബ്രഹ്മാനന്ദേ അദ്വൈതാനന്ദപ്രകരണം

ശുഭമസ്തു.
ഓം തത് സത്.

ശ്രീപഞ്ചദശി വിദ്യാനന്ദം എന്ന 14-ാം പ്രകരണത്തിലെ സാരം.

യോഗാനന്ദം, ആത്മാനന്ദം, അദ്വൈതാനന്ദം എന്നിവയുടെ ജ്ഞാനത്താൽ സ്വാനുഭവപ്പെടുന്ന ആനന്ദംതന്നെ വിദ്യാനന്ദവും എന്നാണ് ബൃഹദാരണ്യകശ്രുതി ബോധിപ്പിക്കുന്നത്. വിഷയാനന്ദം ബുദ്ധിവൃത്തിയിൽ അനുഭവപ്പെടുന്നതുപോലെ നിർവ്വികല്പസമാധിയിൽ അനുഭവിച്ച സുഖം ജ്ഞാനിയുടെ മനസ്സിൽ തോന്നുന്നതു യാതൊന്നോ അതിനെ വിദ്യാനന്ദം എന്നു പറയുന്നു. ദുഃഖാഭാവം, സർവ്വകാമാപ്തി, കൃതകൃത്യത, പ്രാപ്തപ്രാപ്യം എന്ന നാലുവിധത്തിൽ ഈ ആനന്ദം അനുഭവപ്പെടും. ഇഹലോകത്തിൽ ഭാര്യാപുത്രാദികളെക്കുറിച്ചും, സ്വർഗ്ഗലോകത്തിൽ ഭോഗാദികളെക്കുറിച്ചും ഉണ്ടാകുന്നു യാതൊരു ദുഃഖവും ബാധിക്കാതെയിരിക്കുന്നതുതന്നെ ആദ്യത്തെ ദുഃഖാഭാവം എന്ന നില. മനുഷ്യാനന്ദം മുതൽ ഹിരണ്യഗർഭാനന്ദംവരെയുള്ള എല്ലാവിധ ആനന്ദങ്ങളും ജ്ഞാനി ഏകകാലത്തിൽ അനുഭവിക്കുന്നുവെന്നതുകൊണ്ടു പിന്നെ യാതൊന്നും ആഗ്രഹിപ്പാനില്ലാതെ വരുന്നതുതന്നെ സർവ്വകാമാപ്തിയെന്ന രണ്ടാമത്തെ നില. അജ്ഞാനാവസ്ഥയിൽ അനുഷ്ഠിച്ചിരുന്ന ഭക്തി, യോഗം മുതലായ കൃത്യങ്ങളെല്ലാം അവസാനിച്ചതുതന്നെ കൃതകൃത്യതയെന്ന മൂന്നാമത്തെ നില. എല്ലാം താൻതന്നെയെന്നറിഞ്ഞതിനാൽ പ്രാപിക്കേണ്ടതായിട്ടൊന്നുമില്ലെന്നു വരുന്നതുതന്നെ പ്രാപ്തപ്രാപ്യത എന്ന നാലാമത്തെ നില. ഞാൻ ധന്യൻ, ഞാൻ കൃതാർത്ഥൻ, അജ്ഞാനാദി സകല ശത്രുക്കളും നശിച്ചു, ഞാൻ എന്നിൽതന്നെ സംതൃപ്തൻ എന്ന നില ആർക്കു സിദ്ധിക്കുന്നുവോ അവൻ മുക്തനാകുന്നു. എന്നെ ഈ സ്ഥാനത്തിൽ എത്തിച്ച ജ്ഞാനശാസ്ത്രത്തേയും ആചാര്യമാഹാത്മ്യത്തേയുംപററി ഞാൻ എങ്ങിനെ വാഴ്ത്തും? അതിന്നെനിക്കു ശക്തിയില്ല. ശാസ്ത്രങ്ങളും പരമഗുരുവും എന്നിൽ ചെയ്തിരിക്കുന്ന അനുഗ്രഹം വാക്കുകൾക്കും മനസ്സിന്നും വിഷയമല്ല എന്നു വിചാരിച്ചു പരമാനന്ദസ്വരൂപനായിരിക്കുന്നതുതന്നെ വിദ്യാനന്ദസ്വരൂപം.

ശുഭമസ്തു.
ഓം. തത്. സത്.

ശ്രീ പഞ്ചദശി

ബ്രഹ്മാനന്ദേ വിദ്യാനന്ദം എന്ന 14-ാം പ്രകരണം.

ശ്രീഗണേശായ നമഃ

1. യോഗേനാത്മവിവേകേന ദ്വൈതമിഥ്യാത്വചിന്തയാ
ബ്രഹ്മാനന്ദം പശ്യതോഥ വിദ്യാനന്ദോ നിരൂപ്യതേ.

യോഗേന ആത്മവിവേകേന = സമാധിയോഗത്താലും ആത്മവിവേകത്താലും. ദ്വൈതമിഥ്യാത്വചി

ന്ത്യയാ=ദ്വൈതത്തിന്റെ മിഥ്യാഭാവത്തെ ചിന്തിച്ചതുകൊണ്ടും. ബ്രഹ്മാനന്ദം പശ്യതഃ=ബ്രഹ്മാനന്ദത്തെ സാക്ഷാൽകരിച്ചവന്ന്. അഥവിദ്യാനന്ദഃ=അനന്തരമുണ്ടാകുന്ന വിദ്യാനന്ദം. നിരൂപ്യതേ=നിരൂപിക്കപ്പെടുന്നു.

മുമ്പെ പറഞ്ഞതിന്നും ഇനി പറവാൻ ഭാവിക്കുന്നതുമായ അർത്ഥങ്ങൾക്ക തമ്മിലുള്ള സംബന്ധത്തെ ഈ ശ്ലോകത്തിൽ കാണിക്കുന്നു:—മുമ്പേ പറഞ്ഞിട്ടുള്ള സമാധിയോഗത്താലും മുഖ്യാത്മാവു തന്നെ താൻ എന്ന തിരിച്ചറിവിനാലും, സച്ചിദാനന്ദംതന്നെ താൻ, തനിക്ക തോന്നുന്നതായ ദ്വൈതം മിഥ്യയാണെന്ന ചിന്തയാലും ബ്രഹ്മാനന്ദത്തെ സാക്ഷാത്തായി കണ്ടവന്നു പിന്നെയുണ്ടാകുന്ന വിദ്യാനന്ദം നിരൂപിക്കപ്പെടുന്നു.

2. വിഷയാനന്ദവദ്വിദ്യാനന്ദോ ധീവൃത്തിരൂപകഃ
ദുഃഖാഭാവാദിരൂപേണ പ്രോക്തസ്ത്വേഷചതുർവിധഃ.

ഏഷഃ വിദ്യാനന്ദഃ=ഈ വിദ്യാനന്ദം. വിഷയാനന്ദവത് = വിഷയാനന്ദംപോലെ. ധീവൃത്തിരൂപകഃ= ബുദ്ധിവൃത്തിയുടെ സ്വരൂപംതന്നെ. ദുഃഖാഭാവാദിരൂപേണ=ദുഃഖാഭാവം മുതലായ രൂപത്താൽ. ചതുർവിധഃ പ്രോക്തഃ=നാലുവിധം എന്നു പറയപ്പെട്ടിരിക്കുന്നു.

വിദ്യാനന്ദത്തിന്റെ സ്വരൂപം വകഭേദം എന്നതിനെ കാണിച്ചു.

3. ദുഃഖാഭാവശ്ച കാമാപ്തിഃ കൃതകൃത്യോഹമിത്യസൌ
പ്രാപ്തപ്രാപ്യോഹമിത്യേവം ചാതുർവിധ്യമുദാഹൃതം.

ദുഃഖാഭാവഃച=ദുഃഖനാശമെന്നും. കാമാപ്തിഃ=സർവകാമാവാപ്തിയെന്നും. അസൌ അഹം കൃതകൃത്യഃ ഇതി=ഈ ഞാൻ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞുവെന്നും. അഹംപ്രാപ്തപ്രാപ്യഃ ഇതി=ഞാൻ പ്രാപിക്കേണ്ടതെല്ലാം പ്രാപിച്ചുകഴിഞ്ഞുവെന്നും. ഏവം ചാതുർവിധ്യം ഉദാഹൃതം = ഇങ്ങിനെ നാലുവിധമാണെന്നു ശ്രുതിയിൽ പറയപ്പെട്ടിരിക്കുന്നു.

മുൻപറഞ്ഞതായ നാലുവിധത്തിന്റെ സ്വരൂപത്തെ വിവരിച്ചു.

4. ഐഹികം ചാമുഷ്മികം ചേത്യേവം ദുഃഖം ദ്വിധേരിതം
നിവൃത്തിമൈഹികസ്യാഹ ബൃഹദാരണ്യകം വചഃ.

ഐഹികംച ആമുഷ്മികംച=ഇഹലോകത്തിലുള്ളത് പരലോകത്തിലുള്ളത്. ഇതി ഏവം ദുഃഖം ദ്വിധാ ഈരിതം=എന്നിങ്ങിനെ ദുഃഖം രണ്ടുവിധത്തിലാണെന്നു ശ്രുതിയിൽ പറയപ്പെട്ടിട്ടുണ്ട്. ഐഹികസ്യ നിവൃത്തിം=ഇഹലോകദുഃഖത്തിന്റെ നിവൃത്തിയെ. ബൃഹദാരണ്യകം വചഃ ആഹ=ബൃഹദാരണ്യകശ്രുതിവാക്യം പറയുന്നു.

ഇഹത്തിലുള്ളതും പരത്തിലുള്ളതും എന്ന ഭേദത്താൽ ദുഃഖം രണ്ടുവിധം. അതിൽ ജ്ഞാനിക്ക് ഇഹത്തിൽ ദുഃഖത്തിന്നു വഴിയില്ല എന്നു ബൃഹദാരണ്യകശ്രുതിവാക്യംകൊണ്ടു കാണുന്നു

5. ആത്മാനംചേദ്വിജാനീയാദഹമസ്മീതി പൂരുഷഃ
കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്.

പൂരുഷഃ ആത്മാനം=പൂരുഷൻ ആത്മാവിനെ അയംഅസ്മി ഇതിവിജാനീയാത് ചേത്: ഇവൻതന്നെ ഞാനെന്നറിഞ്ഞുവെങ്കിൽ കിം ഇച്ഛൻ=എന്തുഭോഗത്തെ പിന്നെ ഇച്ഛിക്കുന്നവനായിട്ടു കസ്യകാമായ= ആരുടെ ആഗ്രഹം സാധിപ്പിക്കുന്നവനായിട്ടു. ശരീരം അനുസംജ്വരേത്=ശരീരത്തോടു ചേൎന്നു തപിക്കും ഇതിബൃഹദാരണ്യകം വചഃ=എന്നാണ് ബൃഹദാരണ്യകശ്രുതിവചനം.

ഇഹലോകത്തിൽ ദുഃഖം ജ്ഞാനിക്കില്ലെന്നു വന്നതിന്നുള്ള കാരണം കാണിക്കുന്ന ബൃഹദാരണ്യകശ്രുതിവാക്യത്തെ കാണിച്ചു.

6. ജീവാത്മാപരമാത്മാചേത്യാത്മാ ദ്വിവിധഈരിതഃ
ചിത്താദാത്മ്യാത്ത്രിഭിർദ്ദേഹൈർജ്ജീവഃ സൻഭോക്തൃതാം വ്രജേത്.

ജീവാത്മാ പരമാത്മാച ഇതി=ജീവാത്മാവെന്നും പരമാത്മാവെന്നും. ആത്മാദ്വിവിധഃ ഈരിതഃ=ആത്മാവ് രണ്ടുവിധം എന്നു പറയപ്പെടുന്നു. ചിത്=ചിത്ത്-ചിദ്രൂപനായ ഏകാത്മാവ്. ത്രിഭിഃ ദേഹൈഃ= മൂന്നുവിധ ദേഹങ്ങളോടു. താദാത്മ്യാത്=അധ്യാസം നിമിത്തം. ജീവഃ സൻ=ജിവഭാവത്തെ പ്രാപിച്ചിട്ട്. ഭോക്തൃതാം വ്രജേത്=ഭോക്താവെന്ന ഭാവത്തെ പ്രാപിക്കും.

ആത്മാവിൽ ദുഃഖസംബന്ധം ഉണ്ടെങ്കിൽ മാത്രമാണല്ലോ ദുഃഖനിവൃത്തിയെ പറവാൻ അവകാശം. ശുദ്ധചൈതന്യത്തിൽ ദുഃഖസംബന്ധം എങ്ങിനെയുണ്ടായിയെന്ന ശങ്കക്കു സമാധാനം:— അജ്ഞാനാവസ്ഥയിൽ ആത്മാവിന്റെ ഏകത്വം അറിയപ്പെടാത്തതുകൊണ്ടു ജീവാത്മാവെന്നും പരമാത്മാവെന്നും രണ്ടു വിധത്തിൽ ആത്മാവിനെക്കുറിച്ചു പറയുന്നു:—സത്യസ്വരൂപനായ ചിൽസ്വരൂപൻ ഏകൻതന്നെ. അതുതന്നെ പരമാത്മാവു്. ആ ചിത്ത് സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന മൂന്നുവിധം ദേഹങ്ങളോടു ചേർന്നിട്ടു ആ ദേഹങ്ങൾതന്നെ തന്റെ സ്വരൂപം എന്നു കരുതുന്നു. ഇതിന്നു അധ്യാസം എന്നു പേർ. ഇത് നിമിത്തം ജീവഭാവം സിദ്ധിച്ചു. അപ്പോൾ ശരീരങ്ങൾക്കുള്ള ധർമ്മങ്ങൾ—സുഖദുഃഖാദികൾ—തന്റെ ധർമ്മങ്ങളാണെന്നു ധരിച്ചതിനാൽ സുഖദുഃഖാദികൾ അനുഭവിക്കുന്നവൻ എന്ന നില വന്നുചേരും. ഇതാണ് ജീവന്റെ സ്ഥിതി.

7. പരാത്മാ സച്ചിദാനന്ദസ്താദാത്മ്യം നാമരൂപയോഃ
ഗത്വാ ഭോഗ്യത്വമാപന്നസ്തദ്വിവേകേതുനോഭയം.

സച്ചിദാനന്ദഃ പരാത്മാ=സച്ചിദാനന്ദസ്വരൂപനായ പരമാത്മാവു്. നാമരൂപയോഃ താദാത്മ്യം ഗത്വാ=നാമരൂപങ്ങളിൽ തദാത്മഭാവത്തെ പ്രാപിച്ചിട്ടു്. ഭോഗ്യത്വം ആപന്നഃ=ഭോഗോചിതപദാർത്ഥഭാവത്തെ പ്രാപിച്ചു. തദ്വിവേകേതു=അതു രണ്ടിന്റെയും ഭേദം അറിയപ്പെടുമ്പോൾ. ന ഉഭയം=രണ്ടും—ജീവനും ഭോഗോചിതപദാർത്ഥവും—ഇല്ല.

ദേഹതാദാത്മ്യം നിമിത്തം പരമാത്മാവു ജീവരൂപേണ ഭോക്താവായതുപോലെതന്നെ നാമരൂപങ്ങളുടെ അധിഷ്ഠാനരൂപനായിരിക്കേ ആ നാമരൂപങ്ങളിൽ താദാത്മ്യഭാവം നിമിത്തം ഭോഗ്യഭാവത്തെയും പ്രാപിച്ചു. ബഹുവിധ പദാർത്ഥങ്ങളടങ്ങിട്ടുള്ള ലോകസ്വരൂപമായും ഭവിച്ചു. പരമാത്മാവുതന്നെയാണ് ഭോക്താവായ ജീവനും ഭോഗ്യമായ ജഗത്തും എന്നുള്ള വിവേകം—ബോധം—ഉണ്ടാകുമ്പോൾ ഭോക്താവുമില്ല. ഭോഗ്യവുമില്ല.

8. ഭോഗ്യമിച്ഛൻ ഭോക്തുരർത്ഥേ ശരീരമനുസംജ്വരേത്
ജ്വരാസ്ത്രിഷു ശരീരേഷു സ്ഥിതാഃ നത്വാത്മനോജ്വരാഃ.

ഭോക്തുഃഅർത്ഥേ=ഭോക്താവിന്റെ ആവശ്യത്തിന്നായിട്ടു. ഭോഗ്യംഇച്ഛൻ=ഭോഗത്തെ ആഗ്രഹിക്കുന്നവൻ ശരീരംഅനുസംജ്വരേത്=ശരീരത്തോടുചേർന്നു തപിക്കും. ജ്വരാഃത്രിഷു ശരീരേഷുസ്ഥിതാഃ=ജ്വരങ്ങൾ മൂന്നുശരീരങ്ങളിൽ ഉള്ളവയാണ്. ആത്മനഃജ്വരാഃന=ആത്മാവിന്നു ജ്വരങ്ങളില്ല.

ഭോക്താവിന്റെ ഭോഗത്തിനുവേണ്ടീട്ടാണല്ലോ ഭോഗപദാർത്ഥങ്ങളെ അന്വേഷിച്ചുകൊണ്ടു ശരീരസംബന്ധംനിമിത്തം ക്ലേശിക്കുന്നത്. ഭോക്താവും ഭോഗപദാർത്ഥവും ഇല്ലെന്നു വിവേകമുണ്ടായപ്പോൾ ക്ലേശത്തിന്നവകാശമില്ലെന്നുവന്നു. “കിമിച്ഛൻ കസ്യകാമായ ശരീരമനുസംജ്വരേത്” എന്ന ശ്രുതിവാക്യത്തിലെ അർത്ഥത്തെ ഈവിധംസമർത്ഥിച്ചു. ഇനി ശരീരങ്ങൾ സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന മൂന്നു വിധത്തിലെന്നു പറഞ്ഞുവല്ലൊ. അവയുടെ സ്വരൂപങ്ങളെ പറയുന്നു:—ജ്വരങ്ങൾ ഈ മൂന്നുവിധ ശരീരങ്ങളിൽ ഉള്ളവയാകുന്നു. ആത്മാവിന്നു ജ്വരങ്ങളില്ല.

9. വ്യാധയോധാതുവൈഷമ്യേ സ്ഥൂലദേഹേസ്ഥിതാജ്വരാഃ
കാമക്രോധാദയഃ സൂക്ഷ്മേദ്വയോർബീജംതുകാരണേ.

ധാതുവൈഷമ്യേ=വാതപിത്തകഫങ്ങൾ എന്ന ധാതുക്കളുടെ വിഷമാവസ്ഥയിൽ. വ്യാധയഃ സ്ഥൂലദേഹേസ്ഥിതാഃ ജ്വരാഃ=രോഗങ്ങൾ സ്ഥൂലശരീരത്തിലുള്ള ജ്വരങ്ങളാകുന്നു. കാമക്രോധാദയഃസൂക്ഷ്മേ=കാമക്രോധാദികൾ സൂക്ഷ്മദേഹത്തിലുള്ള ജ്വരങ്ങൾ. ദ്വയോഃബീജംതു കാരണേ=രണ്ടിന്റെയും നിദാനം കാരണശരീരത്തിലെ ജ്വരം.

ശരീരത്രയങ്ങളിലുള്ള ജ്വരഭേദങ്ങളെ വിവരിച്ചു.

10. അദ്വൈതാനന്ദമാർഗ്ഗേണ പരാത്മനിവിവേചിതേ
അപശ്യൻവാസ്തവംഭോഗ്യം കിംനാമേച്ഛേത് പരാത്മവിത്.

അദ്വൈതാനന്ദമാർഗ്ഗേണ=അദ്വൈതാനന്ദത്തിൽ പറഞ്ഞ ക്രമത്തിൽകൂടെ. പരാത്മനിവിവേചിതേ=പരമാത്മാവിനെ വേർതിരിക്കുമ്പോൾ. വാസ്തവംഭോഗ്യം അപശ്യൻ=വാസ്തവമായ ഭോഗ്യത്തെ കാണാതിരിക്കുന്ന. പരാത്മവിത്=പരമാത്മജ്ഞാനി. കിംനാമഇച്ഛേത്=എന്തൊന്നിനെ ഇച്ഛിക്കും?

പരമാത്മസാക്ഷാൽകാരത്തിൽ ജഗത്ത് മിഥ്യയാണെന്നനുഭവപ്പെടുന്നതിനാൽ ഇച്ഛക്കു വിഷയമില്ലെന്നുവന്നു.

11. ആത്മാനന്ദോക്തരീത്യാസ്മിൻ ജീവാത്മന്യവധാരിതേ
ഭോക്താനൈവാസ്തികോപ്യത്ര ശരീരേതു ജ്വരഃകുതഃ.

ആത്മാനന്ദോക്തരീത്യാ=ആത്മാനന്ദം എന്ന അദ്ധ്യായത്തിൽ പറഞ്ഞ രീതിയനുസരിച്ച്. അസ്മിൻജീവാത്മനി=ഈ ജീവാത്മാവ്. അവധാരിതേ=അറിയപ്പെട്ടപ്പോൾ. ഭോക്താനഅസ്തി ഏവ=ഭോക്താവ് ഇല്ലതന്നെ. അത്രശരീരേതുകഃ ജ്വരഃകുതഃ=ഈ ശരീരത്തിൽ ഏതൊരു ജ്വരം എങ്ങിനെയുണ്ടാകും.

ആത്മാനന്ദപ്രകരണത്തിൽ ഗൌണാത്മാ മിഥ്യാത്മാ മുഖ്യാത്മാ എന്ന വിഭാഗപ്രകാരം മുഖ്യാത്മാവുതന്നെ ജീവാത്മാവ് എന്നറിയുമ്പോൾ ഭോക്താവുതന്നെയില്ലെന്നു കണ്ടതിനാൽപിന്നെ ശരീരസംബന്ധംതന്നെയില്ലാത്തതുകൊണ്ട് യാതൊരു ജ്വരത്തിനും അവകാശമില്ല.

12. പുണ്യപാപദ്വയേചിന്താ ദുഃഖമാമുഷ്മികംഭവേത്
പ്രഥമാധ്യായഏവോക്തം ചിന്താനൈനം തപേദിതി.

പുണ്യപാപദ്വയേ=പുണ്യം പാപം എന്ന രണ്ടിൽ. ചിന്താ ആമുഷ്മികം ദുഃഖംഭവേത്=ഉള്ളവിചാരം പരലോകദുഃഖമാകും. എനംചിന്താനതപേത്=ഇവനെ ഈ ചിന്തതപിപ്പിക്കയില്ല. ഇതിപ്രഥമാധ്യായേ ഏവഉക്തം=എന്ന് ഒന്നാം അദ്ധ്യായത്തിൽത്തന്നെ പറയപ്പെട്ടു.

പുണ്യം ഞാൻ ചെയ്തില്ല, പാപംചെയ്തു ഇനി ഈ മരണകാലത്തിൽ അതിനു എന്തു പരിഹാരം ചെയ്വാൻ സാധിക്കും, ഒന്നും സാധിക്കയില്ല എന്ന ചിന്തയാണല്ലൊ പരലോകത്തെ കുറിച്ചുള്ള ദുഃഖമാകുന്നത്. ആ വിധ ചിന്ത ജ്ഞാനിയെ തപിപ്പിക്കയില്ല—(കർത്താവല്ലെന്നു കണ്ടിരിക്കയാൽ) എന്ന സംഗതി ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ പരലോകത്തെക്കുറിച്ചുള്ള ദുഃഖവും ജ്ഞാനിക്കില്ല.

13. യഥാപുഷ്കരപർണ്ണേസ്മിന്നപാമശ്ലേഷണംതഥാ
വേദനാദൂർധ്വമാഗാമികർമ്മണോഽശ്ലേഷണംബുധേ.

പുഷ്കരപർണ്ണേഅപാം=താമരയിലയിൽ ജലത്തിന്റെ. അശ്ലേഷണംയഥാ=സംപർക്കമില്ലായ്മ ഏതു വിധമോ. തഥാ വേദനാത് ഊർധ്വം=അപ്രകാരം സാക്ഷാൽകാരത്തിന്നുശേഷം. ബുധേ ആഗാമികർമ്മണഃ അശ്ലേഷണം=ജ്ഞാനിയിൽ ആഗാമികർമ്മത്തിന്റെ സംപർക്കം ഇല്ല.

ആരബ്ധകർമ്മചിന്തയില്ലെങ്കിലും ആഗാമികർമ്മചിന്ത ജ്ഞാനിക്കുണ്ടാകാതിരിക്കുമോ എന്നാണെങ്കിൽ താമരയില വെള്ളത്തിൽ കിടക്കുന്നുവെങ്കിലും ഈ ഇലയിൽ ജലം എങ്ങിനെ പററുന്നില്ലയോ അതുപോലെ ആത്മസാക്ഷാൽകാരം സിദ്ധിച്ച ജ്ഞാനിയിൽ ആഗാമികർമ്മം പററുകയില്ല. "തദ്യഥാ പുഷ്കരപർണ്ണേ" എന്ന ശ്രുതിവാക്യം ബോധിപ്പിക്കുന്നു

14. ഇഷീകാതൂണതുലസ്യ വഹ്നിദാഹഃക്ഷണാദ്യഥാ
തഥാസഞ്ചിതകർമ്മാസ്യദഗ്ധം ഭവതിവേദനാത്.

ഇഷീകാതൂണതുലസ്യ=ഞാണപ്പുല്ലിന്റെ പഞ്ഞി. ക്ഷണാൽയഥാവഹ്നിദാഹഃ=ക്ഷണത്തിൽ എപ്രകാരമോ തീയിൽ ദഹിക്കുന്നത്. തഥാ അസ്യസഞ്ചിതകർമ്മ=അപ്രകാരം ഇവന്റെ സഞ്ചിതകർമ്മം. വേദനാത് ദഗ്ധംഭവതി=ജ്ഞാനത്താൽ ദഹിക്കും.

ജ്ഞാനിക്ക് ആഗമിചിന്തയില്ലെങ്കിലും സഞ്ചിതകർമ്മചിന്തയെങ്ങിനെ നശിക്കും എന്നാൽ:—ഉണങ്ങിയ പുല്ലിൽ തീ വീണാൽ എങ്ങിനെ ക്ഷണത്തിൽ കത്തിപ്പോകുമോ അപ്രകാരം ഇവന്റെ ജ്ഞാനാഗ്നിയിൽ സഞ്ചിതകർമ്മം വെന്തു ഭസ്മമാകും.

15. യഥൈധാംസി സമിദ്ധോഗ്നിർഭസ്മസാൽ കുരുതേഽർജ്ജുന!
ജ്ഞാനാഗ്നിഃസർവ്വകർമ്മാണി ഭസ്മസാത് കുരുതേതഥാ.

അർജ്ജുന! സമിദ്ധഃഅഗ്നിഃ=അല്ലയോ അർജ്ജുന ഉജ്ജ്വലിക്കുന്ന അഗ്നി. യഥാ ഏധാംസിഭസ്മസാത് കുരുതേ=എപ്രകാരം വിറകുകളെ ഭസ്മമാക്കുന്നുവോ. തഥാ ജ്ഞാനാഗ്നിഃ=അപ്രകാരം ജ്ഞാനമാകുന്ന അഗ്നി. സർവ്വകർമ്മാണി ഭസ്മസാത്കുരുതേ=സകല കർമ്മങ്ങളെയും ഭസ്മമാക്കുന്നു.

ജ്ഞാനാഗ്നി സകല കർമ്മങ്ങളെയും ഭസ്മമാക്കും എന്നതിന്നു ഭഗവൽഗീതയെ പ്രമാണമായി കാണിച്ചു.

16. യസ്യനാഹം കൃതോഭാവോ ബുദ്ധിര്യസ്യനലിപ്യതേ
ഹത്വാപിസഇമാംല്ലോകാന്നഹന്തിന നിബദ്ധ്യതേ.

യസ്യഅഹംകൃതഃഭാവഃ=യാതൊരുവന്നു ദേഹത്തിൽ ഞാൻ ചെയ്യുന്നുവെന്ന ഭാവമില്ലയോ. യസ്യ ബുദ്ധിഃ നലിപ്യതേ=യാതൊരുവൻെറ ബുദ്ധിവിഷയത്തിൽ ബന്ധപ്പെടുന്നില്ലയോ. സഃഇമാൻലോകാൻ=അവൻ ഈ ലോകങ്ങളെയും അവയിലുള്ള പ്രാണികളെയും. ഹത്വാഅവിനഹന്തി=സംഹരിക്കുന്നുവെങ്കിലും അവൻ ഹനിക്കുന്നില്ല ന നിബദ്ധ്യതേ=ആ പാപം അവനെ ബാധിക്കുന്നതുമില്ല.

ഞാൻ കൎത്താവെന്ന ബുദ്ധിയും വിഷയത്തിൽ സംഗവും ഇല്ലാത്തവൻ കൎമ്മം ചെയ്യുന്നവനോ പുണ്യപാപഫലങ്ങൾക്കവകാശിയോ അല്ലെന്നുള്ള ഭഗവന്മതത്തെയും പ്രമാണമായി കാണിച്ചിരിക്കുന്നു.

17. മാതാപിത്രോർവധഃസ്തേയം ഭ്രൂണഹത്യാന്യദീദൃശം
നമുക്തിംനാശയേൽപാപം മുഖകാന്തിൎന്നനശ്യതി.

മാതാപിത്രോ വധഃ=മാതാപിതാക്കന്മാരുടെ വധം. സ്തേയം ഭ്രൂണഹത്യാ=കവൎച്ച ഗൎഭഹനനം. ഈദൃശം അന്യത് പാപം=ഈ മാതിരി മററു പാപവും. മുക്തിംനനാശയേത്=മുക്തിയെ നശിപ്പിക്കയില്ല. മുഖകാന്തിഃ ന നശ്യതി=മുഖകാന്തി നശിക്കയില്ല.

ചെയ്ത കൎമ്മങ്ങൾക്ക് എങ്ങിനെ ഫലമില്ലാതാകും എന്ന ശങ്കക്കു സമാധാനം:—മാതാപിതാക്കന്മാരുടെ വധം, ഗൎഭത്തെ നശിപ്പിക്കുക, കവൎച്ച ചെയ്യുക ഇമ്മാതിരിയുള്ള മററു പാപങ്ങളെ ചെയ്യുക എന്നുവന്നാലും ജ്ഞാനിയുടെ മുക്തിക്കു നാശമോ അവൻെറ മുഖകാന്തിക്കു വാട്ടമോ ഉണ്ടാകയില്ല. എന്നു കൌഷീതകി, ഛാന്ദോഗ്യം മുതലായ ശ്രുതികൾ ബോധിപ്പിക്കുന്നു. "നമാതൃവധേന നപിതൃവധേന നസ്തേയേന നഭ്രൂണഹത്യാ നാസ്യപാപംചനചക്രുഷോമുഖാന്നീലംവേതി" എന്നാണ് കൌഷീതകീശ്രുതിവാക്യം. ആ വാക്യാൎത്ഥം ശ്ലോകത്തിൽ കാണിച്ചിരിക്കുന്നു.

18. ദുഃഖാഭാവവദേവാസ്യ സർവകാമാപ്തിരീരിതാ
സർവാൻകാമാനസാവാപ്ത്വാ ഹ്യമൃതോ ഭവദിത്യതഃ.

ദുഃഖാഭാവവത് ഏവഅസ്യ=ദുഃഖം ഇല്ലാതായതുപോലെതന്നെ ഇവന്ന്. സർവകാമാപ്തിഃ ഈരിതാ=സർവാഭീഷ്ടപ്രാപ്തിയും പറയപ്പെട്ടിരിക്കുന്നു. അസൌസർവാൻ കാമാൻ=ഇവൻ സർവാഭീഷ്ടങ്ങളെയും. ആപ്ത്വാ അമൃതഃ അഭവത് ഇതിഅതഃ=പ്രാപിച്ചിട്ടു നാശരഹിതനായി ഭവിച്ചു എന്ന ശ്രുതിപ്രകാരം.

ജ്ഞാനിക്കു യാതൊരു ദുഃഖവും ഇല്ലെന്നു കാണിച്ചുവെല്ലൊ. ഇതുപോലെ സർവാഭീഷ്ടവും സാധിച്ചവനാകുന്നു ജ്ഞാനിയെന്നും പറയുന്ന ഐതരേയ ശ്രുതിവാക്യത്തെയാണ് മുകളിൽ കാണിച്ചിരിക്കുന്നത്.

19. ജക്ഷൻക്രീഡൻരതിംപ്രാപ്തഃ സ്ത്രീഭിൎയ്യാനൈസ്തഥേതരൈഃ
ശരീരംനസ്മരേൽപ്രാണഃ കൎമ്മണാജീവയേദമും.

ജക്ഷൻക്രീഡൻസ്ത്രീഭിഃ=ഭക്ഷിക്കുന്നവൻ കളിക്കുന്നവൻ സ്ത്രീകളോടുകൂടെ. രതിംപ്രാപ്തഃ=രതിസുഖം അനുഭവിക്കുന്നവൻ. തഥാഇതരൈഃയാനൈഃ=അപ്രകാരം ഇതരങ്ങളായ വാഹനാദികളിൽ സഞ്ചരിക്കുന്നവനായിരുന്നാലും. ശരീരം നസ്മരേത്=ശരീരത്തെ സ്മരിക്കയില്ല. പ്രാണഃകൎമ്മണാ അമുംജീവയേത്=പ്രാണൻ കൎമ്മംകൊണ്ടു ഇവനെ ജീവിപ്പിക്കുന്നു. "ജക്ഷൻക്രീഡൻരമമാണഃ സ്ത്രീഭിർവായാനൈർവ്വാജ്ഞാതിഭിർവാ ജ്ഞാതിഭിർവാ വയസ്യൈർവാനോപജനംസ്മരന്നിദംശരീരം" എന്ന ഛാന്ദോഗ്യശ്രുതിവാക്യാൎത്ഥത്തെ ശ്ലോകത്തിൽ കാണിച്ചു.

ജ്ഞാനി ഭക്ഷണം, രതിസുഖം, കളി, സഞ്ചാരം എന്നിവയെന്തൊന്നു ചെയ്യുമ്പോഴും അവന്നു ശരീരസ്മൃതിയില്ല. പ്രാണൻ അതിൻെറ അതാതു വ്യാപാരം ഇന്ദ്രിയദ്വാരാ നടത്തിക്കൊണ്ടിരിക്കുമ്പോൾ അവൻ ജീവിക്കുന്നുവെന്ന വ്യവഹാരം ഇതരന്മാർ അവനെക്കുറിച്ചു ചെയ്യുന്നുവെന്നാണ് ശ്രുതിസാരം.

20. സർവാൻകാമാൻസഹാപ്നോതി നാന്യവജ്ജന്മകൎമ്മഭിഃ
വൎത്തന്തേശ്രോത്രിയേ ഭോഗാ യുഗപൽക്രമവർജിതാഃ.

അന്യവത് ജന്മകൎമ്മഭിഃനഃ=അന്യരെപ്പോലെ ജന്മകൎമ്മങ്ങളേക്കൊണ്ടല്ല. സർവാൻ കാമാൻ സഹആപ്നോതി=എല്ലാ കാമങ്ങളെയും ഒന്നായിട്ടു പ്രാപിക്കുന്നു. ശ്രോത്രിയേഭോഗാഃ=ജ്ഞാനിയിൽ ഭോഗങ്ങൾ. ക്രമവർജിതാഃ=ക്രമത്തെ വിട്ടുകൊണ്ടുതന്നെ. യുഗപത് വൎത്തന്തേ=ഏകകാലത്തിലിരിക്കുന്നു.

ജ്ഞാനിയുടെ സർവ്വാഭീഷ്ടസിദ്ധിയെ കാണിക്കുന്ന തൈത്തിരീയശ്രുതിയുടെ സാരം കാണിക്കുന്നു:—അജ്ഞാനികളായ ഇതരജനങ്ങളെപ്പോലെയല്ല ജ്ഞാനിയുടെ അഭീഷ്ടലാഭം. ജന്മംകൊണ്ടോ കർമ്മംകൊണ്ടോ ക്രമത്തിലോ അല്ല അനുഭവപ്പെടുന്നത്. വേദശാസ്ത്രജ്ഞാനവും ആത്മസാക്ഷാൽകാരവുമുള്ള ജ്ഞാനിയിൽ സകല സുഖങ്ങളും—സുഖസാധനങ്ങളും സുഖാനുഭവവും—ക്രമം കൂടാതെതന്നെ ഏകകാലത്തിൽ എല്ലാം ഒന്നായിട്ടുതന്നെയിരിക്കുന്നു.

21. യുവാരൂപീചവിദ്യാവാന്നീരോഗോദൃഢചിത്തവാൻ
സൈന്യോപേതഃസർവപൃഥ്വീം വിത്തപൂർണാംപ്രപാലയൻ

22. സർവൈർമാനുഷ്യകൈർഭോഗൈഃ സമ്പന്നസ്തൃപ്തഭൂമിപഃ
യമാനന്ദമവാപ്നോതി ബ്രഹ്മവിച്ചതമശ്നുതേ.

യുവാരൂപീവിദ്യാവാൻച=യുവാവും സുന്ദരനും വിദ്വാനും. നീരോഗഃദൃഢചിത്തവാൻ=അരോഗിയും മനഃകരുത്തുള്ളവനും. സൈന്യോപേതഃ=സൈന്യമുള്ളവനും. വിത്തപൂർണാംസർവ്വപൃഥ്വിം=ധനം നിറഞ്ഞിരിക്കുന്ന ഭൂമിയെ മുഴുവനും. പ്രപാലയൻ=വേണ്ടുവിധം രക്ഷിക്കുന്നവനും. സർവൈഃ മാനുഷ്യകൈഃ ഭോഗൈഃ സമ്പന്നഃ=സകല മാനുഷഭോഗസാധനങ്ങളുള്ളവനും. തൃപ്തഭൂമിപഃയം ആനന്ദം=തൃപ്തനമായ രാജാവ് യാതൊരാനന്ദത്തെ. അവാപ്നോതി=പ്രാപിക്കുന്നുവോ. തംബ്രഹ്മവിത്ച അശ്നുതേ=അതിനെ ബ്രഹ്മജ്ഞാനിയും അനുഭവിക്കുന്നു.

ചക്രവർത്തിയുടെ ആനന്ദം നിലനിൽത്തുവാൻ സൈന്യം ധനം ഭൂമി എന്നീയുപകരണങ്ങൾ വേണം. ബ്രഹ്മജ്ഞാനിക്കാകട്ടെ യാതൊരു സാധനത്തിൻെറയും സഹായം ആവശ്യമില്ല. ബ്രഹ്മജ്ഞാനം തന്നെ ആനന്ദസ്വരൂപമാണെന്നു സാരം. മനുഷ്യാനന്ദത്തിൻെറ പരമകാഷ്ഠയാണ് ചക്രവർത്തിയിൽ കാണിച്ചത്. അത് ബ്രഹ്മജ്ഞാനിക്കുമുണ്ട് എന്നു സാരം.

23. മർത്ത്യഭോഗേദ്വയോർന്നാസ്തി കാമസ്തൃപ്തിരതഃസമാ
ഭോഗാന്നിഷ്കാമതൈകസ്യ പരസ്യാപിവിവേകതഃ
ശ്രോത്രിയത്വാദ്വേദശാസ്ത്രൈ ർഭോഗദോഷാനവേക്ഷതേ.

ദ്വയോഃമർത്ത്യഭോഗേ=രണ്ടുപേൎക്കും മനുഷ്യഭോഗത്തിൽ. കാമഃനഅസ്തി=ആഗ്രഹമില്ല. അതഃതൃപ്തിഃസമാ=അതുകൊണ്ടു തൃപ്തി തുല്യംതന്നെ. ഏകസ്യഭോഗാത് നിഷ്കാമതാ=ഒരുവന്ന് ഭോഗംനിമിത്തം കാമമില്ലാതെയായി. പരസ്യവിവേകതഃഅപി=അന്യന്നു വിവേകംകൊണ്ടും. ശ്രോത്രിയത്വാത്=ശ്രോത്രിയനായതുകൊണ്ട് വേദശാസ്ത്രൈഃ=വേദശാസ്ത്രങ്ങളിൽക്കൂടെ. ഭോഗദോഷാൻ അവേക്ഷതേ=ഭോഗദോഷങ്ങളെ കാണുന്നു.

ചക്രവർത്തിക്കുള്ള സാധനസമ്പത്തിയില്ലാത്ത ആത്മജ്ഞാനിക്കു മാനുഷാനന്ദപരിപൂർത്തിയെങ്ങിനെയുണ്ടാകും എന്നുള്ള ശങ്കക്കു സംതൃപ്തിസാമ്യംനിമിത്തം സുഖസാമ്യം എന്നു മറുപടി പറയുന്നു:—രണ്ടുപേൎക്കും—മാനുഷഭോഗത്തിൽ ആഗ്രഹമില്ല. എങ്ങിനെയെന്നാൽ:—അതിൽ രാജാവിന്നു സർവ്വഭോഗസാധനങ്ങളുടേയും പരിപൂർത്തിനിമിത്തം ഇതിലധികരിച്ചതായ മാനുഷസുഖം ഇല്ലാത്തതുകൊണ്ടു ആഗ്രഹിക്കാനവകാശമില്ലെന്നുവന്നു. ജ്ഞാനിക്കോ വിവേകം നിമിത്തം മാനുഷഭോഗം ആഗ്രഹിക്കാൻ യോഗ്യമായ ഒന്നല്ല എന്ന ദൃഢബോധം നിമിത്തം ആഗ്രഹമില്ലാതായി. ഇങ്ങിനെ തൃപ്തി രണ്ടുപേൎക്കും ഒരുപോലെയുണ്ടായതുകൊണ്ട് ആനന്ദവും ഒരുപോലെയെന്നുവന്നു. ജ്ഞാനി വേദശാസ്ത്രങ്ങൾ അറിഞ്ഞവനായതിനാൽ നശ്വരാദിദോഷങ്ങൾ ഭോഗങ്ങളിലുണ്ടെന്നു കാണുന്നവനും ആത്മാനന്ദം അനുഭവിക്കുന്നവനുമാകയാൽ ആത്മാനന്ദത്തിൽ സുസ്ഥിരൻ.

24. രാജാബൃഹദ്രഥോഃദോഷാംസ്താൻ ഗാഥാഭിരുദാഹരത്
ദേഹദോഷാംശ്ചിത്തദോഷാൻ ഭോഗ്യദോഷാനനേകശഃ.

25. ശുനാവാന്തേപായസേനോ കാമസ്തദ്വദ്വിവേകിനഃ.

ബൃഹദ്രഥഃരാജാ=ബൃഹദ്രഥൻ എന്ന രാജാവ്. താൻദോഷാൻ=ആദോഷങ്ങളെ. ഗാഥാഭിഃഉദാഹരത്=ഗാഥകൾകൊണ്ടുദാഹരിക്കുന്നു. ദേഹദോഷാൻ=ദേഹദോഷങ്ങൾ. ചിത്തദോഷാൻ=മനസ്സിനുള്ള ദോഷങ്ങൾ. ഭോഗ്യദോഷാൻഅനേകശഃ=പദാർത്ഥങ്ങളിലുള്ള ദോഷങ്ങൾ ഇങ്ങിനെ അനേക ദോഷങ്ങളെ. ശുനാ വാന്തേപായസേ=നായ ഛർദ്ദിച്ച പായസത്തിൽ ഏതുവിധമോ. തദ്വൽവിവേകിനഃ കാമഃന=അതുപോലെ വിവേകിക്കു കാമമില്ല.

വിഷയദോഷങ്ങളെ ആർ ആവിധം കണ്ടിരിക്കുന്നുവെന്നുള്ള ആകാംക്ഷക്ക സമാധാനം:—ബൃഹദ്രഥൻ എന്ന രാജാവ് വിഷയദോഷങ്ങളെ വിസ്തരിച്ച പറയുന്നുണ്ട്:—അനുഭവിക്കുവാനുപകരിക്കുന്ന ദേഹം ഇന്ദ്രിയങ്ങൾ എന്നിവക്കും മനസ്സിനും അനുഭവയോഗ്യങ്ങളായ പദാൎത്ഥങ്ങൾക്കുമുള്ള അനേകവിധ ദോഷങ്ങളെ എടുത്തുകാണിച്ചിട്ട നായ ഛർദ്ദിച്ച പായസത്തെ ഏതുവിധം ഒരു സാധാരണമനുഷ്യൻ ആഗ്രഹിക്കയില്ലയോ അതുപോലെ വിവേകി വിഷയഭോഗങ്ങളെ ആഗ്രഹിക്കുകയില്ലെന്നുറപ്പിച്ചിരിക്കുന്നു.

26. നിഷ്കാമതേ്വസമേപ്യത്ര രാജ്ഞഃസാധനസഞ്ചയേ
ദുഃഖമാസീൽഭാവിനാശാദതിഭീരനുവർതതേ.

27. നോഭയംശ്രോത്രിയസ്യാതസ്ത ദാനന്ദോധികോഽന്യതഃ.

നിഷ്കാമതേ്വസമേഅപി=കാമമില്ലായ്മ തുല്യമാണെങ്കിലും. അത്രസാധന സഞ്ചയേ=ഇതിൽ സാധനങ്ങളെ ശേഖരിക്കുന്നതിൽ. രാജ്ഞഃദുഃഖംആസീത്=രാജാവിന്നു ദുഃഖമുണ്ട്. ഭാവിനാശാത് അതിഭീഃ അനുവൎത്തതേ=ഉണ്ടാവാൻ പോകുന്ന നാശചിന്തയാൽ അതിഭയവും എപ്പോഴും ഉണ്ട്. ശ്രോത്രിയസ്യ ഉഭയംന=ജ്ഞാനിക്ക രണ്ടുംഇല്ല. അതഃതദാനന്ദം=അതുകൊണ്ടു•ജ്ഞാനിയുടെ ആനന്ദം. അന്യതഃ അധികഃ=രാജാവിന്റെ ആനന്ദത്തെക്കാൾ അധികമാകുന്നു.

ഗന്ധൎവ്വാനന്ദആശാസ്തി രാജ്ഞോനാസ്തി വിവേകിനഃ.

രാജ്ഞഃഗന്ധൎവ്വാനന്ദേ=രാജാവിന്നു ഗന്ധൎവ്വാനന്ദത്തിൽ. ആശാഅസ്തി=ആഗ്രഹമുണ്ട്. വിവേകിനഃ ന അസ്തി=വിവേകിക്കില്ല.

28. അസ്മിൻകല്പേമനുഷ്യഃസൻപുണ്യപാകവിശേഷതഃ
ഗന്ധർവ്വത്വംസമാപന്നോ മൎത്ത്യഗന്ധർവ്വഉച്യതേ.

29. പൂർവ്വകല്പേകൃതാൽപുണ്യാൽ•കല്പാദാവേവചേൽഭവേത്.
ഗന്ധർവ്വത്വംതാദൃശോത്ര ദേവഗന്ധർവ്വഉച്യതേ.

അസ്മിൻകല്പേമനുഷ്യഃസൻ=ഈ കല്പത്തിൽ മനുഷ്യനായിഭവിച്ചിട്ട. പുണ്യപാകവിശേഷതഃ=പുണ്യകൎമ്മഫല പാകംനിമിത്തം ഗന്ധൎവ്വത്വം. സമാപന്നഃ=ഗന്ധൎവ്വഭാവത്തെ പ്രാപിച്ചവൻ. മൎത്ത്യഗന്ധൎവ്വഃഉച്യതേ=മനുഷ്യഗന്ധൎവ്വൻ എന്നു പറയപ്പെടുന്നു. പൂൎവ്വകല്പേകൃതാത്പുണ്യാത്=മുമ്പെത്തെ കല്പത്തിൽ ചെയ്തിരുന്ന പുണ്യംനിമിത്തം കല്പാദൌഏവ=കല്പാരംഭത്തിൽതന്നെ. ഗന്ധൎവ്വത്വംഭവേത്ചേത്=ഗന്ധൎവ്വഭാവം സിദ്ധിച്ചുവെങ്കിൽ. താദൃശഃദേവഗന്ധൎവ്വഃ=ആ വിധക്കാരൻ ദേവഗന്ധൎവ്വൻ. അത്രഉച്യതേ=ഇഹലോകത്തിൽ പറയപ്പെടുന്നു.

ഗന്ധൎവ്വാനന്ദം രണ്ടുവിധം എന്നു കാണിക്കുന്നു: ഈ കല്പത്തിൽ മനുഷ്യനായി ജനിച്ച ഒരുവൻ പുണ്യകൎമ്മഫലംനിമിത്തം മരണാനന്തരം ഗന്ധൎവ്വനായി ഭവിച്ചുവെങ്കിൽ അവനെ മനുഷ്യഗന്ധൎവ്വനെന്നും മുൻപേത്തെ കല്പത്തിൽ ചെയ്തിരുന്ന പുണ്യംനിമിത്തം അനന്തരകല്പാരംഭത്തിൽതന്നെ ഗന്ധൎവ്വനായിഭവിച്ചവനെ ദേവഗന്ധൎവ്വനെന്നും പറയുന്നു.

30. അഗ്നിഷ്വാത്താദയോലോകേ പിതരശ്ചിരവാസിനഃ
കല്പാദാവേവദേവത്വംഗതാ ആജാനദേവതാഃ.

ലോകേചിരവാസിനഃ=പിതൃലോകത്തിൽ ചിരകാലം വസിക്കുന്ന. അഗ്നിഷ്വാത്താദയഃ=അഗ്നിഷ്വാത്താദികൾ. പിതരഃ=പിതൃക്കൾ. കല്പാദൌഏവ=കല്പാദിയിൽതന്നെ. ദേവത്വം ഗതാഃ=ദേവത്വത്തെ പ്രാപിച്ചവർ. ആജാനദേവതാഃ=ആജാനദേവതകൾ.

ജ്ഞാനിയുടെ ആനന്ദം സൎവ്വോൽകൃഷ്ടം എന്നു കാണിപ്പാൻ വേണ്ടീട്ടാണ് ഗന്ധൎവ്വന്മാരെ വിഭജിച്ചു കാണിച്ചത്. അതുപോലെതന്നെ പിതൃക്കൾ മുതലായവരെയും കാണിക്കുന്നു:—പിതൃലോകത്തിൽ ബഹുകാലമായി ജീവിച്ചിരുന്ന അഗ്നിഷ്വാത്താദികൾ, പിതൃക്കളാകുന്നു. കല്പാരംഭത്തിൽത്തന്നെ ദേവത്വം സിദ്ധിച്ചവർ ജന്മനാ ദേവന്മാർ എന്നു പറയപ്പെടുന്നവർ.

31. അസ്മിൻകല്പേഽശ്വമേധാദികൎമ്മ കൃത്വാമഹൽപദം.
അവാപ്യാജാനദേവൈൎയ്യാഃ പൂജ്യാസ്താഃകൎമ്മദേവതാഃ.

അസ്മിൻകല്പേ=ഈ കല്പത്തിൽ. അശ്വമേധാദികർമ്മകൃത്വാ=അശ്വമേധം മുതലായ കർമ്മംചെയ്തിട്ടു. മഹൽപദംഅവാപ്യ=മഹത്തായ സ്ഥാനത്തെ പ്രാപിച്ചിട്ടു ആജാനദേവൈഃ=ജന്മനാ ദേവന്മാരായവരാൽ. പൂജ്യാഃയാഃ=പൂജ്യകൾ യാതൊരുവരൊ. താഃകർമ്മദേവതാഃ=അവർ കർമ്മദേവതകളാകുന്നു.

ഈ കല്പത്തിൽ മനുഷ്യനായി ജനിച്ചശേഷം അശ്വമേധം മുതലായ കർമ്മം ചെയ്തതിൻെറ ഫലമായിട്ടു മഹത്തായ സ്ഥാനത്തിൽ എത്തിയപ്പോൾ അവിടെയുള്ള ദേവന്മാർ ഇവരെ ആദരിക്കുന്നുവെങ്കിൽ ഇവർ കർമ്മദേവതകൾ എന്നു പറയപ്പെടുന്നു.

32. യമാഗ്നിമുഖ്യാദേവാഃ സ്യുർജ്ഞാതാവിന്ദ്രബൃഹസ്പതീ
പ്രജാപതിർവിരാട്പ്രോക്തോ ബ്രഹ്മാസൂത്രാത്മനാമകഃ.

യമാഗ്നിമുഖ്യാഃ ദേവാഃ സ്യുഃ=യമൻ അഗ്നി മുതലായവർ ദേവന്മാരാകുന്നു. ഇന്ദ്രബൃഹസ്പതീ ജ്ഞാതൌ=ഇന്ദ്രൻ ബൃഹസ്പതി എന്നവർ ആവിധം അറിയപ്പെടുന്നവർ. പ്രജാപതിഃ വിരാട്പ്രോക്തഃ=പ്രജാപതിയെ വിരാട്പുരുഷനെന്നു പറയുന്നു. ബ്രഹ്മാസൂത്രാത്മനാമകഃ=ബ്രഹ്മാവിനെ സൂത്രാത്മാവെന്നു പറയുന്നു.

33. സാർവഭൌമാദിസൂത്രാന്താ ഉത്തരോത്തരകാമിനഃ
അവാങ്മനസഗമ്യോയമാത്മാനന്ദസ്തതഃപരഃ.

സാർവഭൌമാദിസൂത്രാന്താഃ=ചക്രവർത്തി മുതൽ സൂത്രാത്മാവുവരേയുള്ളവർ. ഉത്തരോത്തരകാമിനഃ=മേല്ക്കുമേലുള്ള ആനന്ദത്തെ ആഗ്രഹിക്കുന്നവരാകുന്നു. അയംആത്മാനന്ദഃ=ഈ ആത്മാനന്ദമോ. അവാങ്മനസഗമ്യഃ=വാക്കിന്നും മനസ്സിന്നും വിഷയമല്ല. തതഃപരഃ=അതിനാൽ സർവത്തിൽനിന്നു അധികമായതാകുന്നു.

34. തൈസ്തൈഃകാമ്യേഷുസർവേഷു സുഖേഷുശ്രോത്രിയോയതഃ
നിസ്പൃഹസ്തേനസർവേഷാമാനന്ദാഃ സന്തിതസ്യതേ.

തൈഃ തൈഃ കാമ്യേഷു=അതാതു ദേവന്മാരാൽ ആഗ്രഹിക്കുവാൻ യോഗ്യങ്ങളായ. സർവേഷു സുഖേഷു=സകല സുഖങ്ങളിലും. യതഃശ്രോത്രിയഃനിസ്പൃഹഃ=ജ്ഞാനി ആഗ്രഹമില്ലാത്തവനായതുകൊണ്ടു. തേനതസ്യസർവേഷാം=ആകയാൽ അവന്നു ആ എല്ലാവരുടെയും. ആനന്ദാഃസന്തി=ആനന്ദങ്ങൾ ഉണ്ട്.

ചക്രവർത്തിമുതൽ സൂത്രാത്മാവുവരേയുള്ള എല്ലാവരും അവരവരുടെ മീതേമീതേയുള്ളവരുടെ ആനന്ദങ്ങളെ ആഗ്രഹിക്കുന്നവരാകയാൽ സംതൃപ്തന്മാരല്ല. അങ്ങിനെ അവർ ഓരോരുത്തരും ആഗ്രഹിക്കുന്ന സുഖങ്ങളിൽ ഒന്നിലും ജ്ഞാനിക്കാഗ്രഹമില്ല. എന്തുകൊണ്ടെന്നാൽ ആത്മാനന്ദം എങ്ങിനെയുള്ളതാണെന്നു വാക്കുകൊണ്ടു പറയുവാനോ മനസ്സുകൊണ്ടൂഹിപ്പാനോ കഴിയാത്ത വിധത്തിലാകുന്നു. ആകയാൽ ജ്ഞാനിയിൽ ചക്രവർത്തിമുതൽ സൂത്രാത്മാവുവരേയുള്ള എല്ലാവരുടെ ആനന്ദവും ഇരിക്കുന്നു.

35. സർവകാമാപ്തിരേഷോക്തായദ്വാസാക്ഷിചിദാത്മനാ
സ്വദേഹവൽസർവദേഹേഷ്വപിഭോഗാനവേക്ഷതേ.

ഏഷാസർവകാമാപ്തിഃ ഉക്താ=ഈ സർവകാമപ്രാപ്തി പറയപ്പെട്ടു. യദ്വാസ്വദേഹവത് സർവദേഹേഷുഅപി=മറെറാരുവിധത്തിൽ പറയപ്പെടുന്നതായാൽ സ്വദേഹത്തിലെന്നപോലെ സർവ ദേഹങ്ങളിലും. സാക്ഷിചിദാത്മനാ=സാക്ഷിയായ ചിദാത്മാവിനെക്കൊണ്ടു ഭോഗാൻഅവേക്ഷതേ=ഭോഗങ്ങളെ കാണുന്നു.

ഈ വിധമാകുന്നു ജ്ഞാനിക്കു സർവ്വകാമപ്രാപ്തി സിദ്ധിക്കുന്നത്. ഇതിനെത്തന്നെ മറെറാരുവിധത്തിൽ പറയാം:—ആത്മാവു ഭോക്താവല്ലാത്തതിനാൽ സ്വദേഹത്തിൽ ഭോക്താവായി വിളങ്ങുന്ന ബുദ്ധിവൃത്തികളുടെ സാക്ഷിയായ ആത്മാവുതന്നെ എല്ലാ ശരീരങ്ങളിലും സാക്ഷിയായതുകൊണ്ടു സർവ്വാത്മാവായിരിക്കുന്ന ജ്ഞാനാനന്ദസാക്ഷി ചൈതന്യം സർവ്വ ബുദ്ധിവൃത്തികളിലും പ്രകാശിക്കുന്ന സർവ്വാനന്ദത്തെയും കണ്ടുകൊണ്ടുതന്നെയിരിക്കുന്നു. സർവ്വാനന്ദസ്വരൂപനായ ആത്മാവുതന്നെ സർവ്വ ബുദ്ധിവൃത്തികളിലും ആനന്ദസ്വരൂപനായി പ്രകാശിക്കുമ്പോൾ തനിക്കു കാംക്ഷിക്കത്തക്കതായ ആനന്ദം മറെറാന്നുമില്ലാതായിരിക്കുന്നു.

36. അജ്ഞസ്യാപ്യേതദസ്ത്യേവ ന തു തൃപ്തിരബോധതഃ
യോവേദസോശ്നുതേസർവാൻ കാമാനിത്യബ്രവീച്ഛ്രുതിഃ.

അജ്ഞസ്യഅപിഏതത്അസ്തിഏവ=അജ്ഞന്നും ഇതുണ്ടു നിശ്ചയം. അബോധതഃ തൃപ്തിഃതുന=അറിവ

ങ്ങളുംകൊണ്ടു തൃപ്തി മാത്രമില്ല. യഃവേദസഃസർവാൻ കാമാൻ=യാതൊരുവൻ അറിയുന്നുവോ അവൻ സർവ്വ കാമങ്ങളെ. അശ്നുതേഇതിശ്രുതിഃ അബ്രവിത്=അനുഭവിക്കുന്നുവെന്നു ശ്രുതി പറഞ്ഞിരിക്കുന്നു.

അജ്ഞാനികളുടെയും ബുദ്ധിവൃത്തിയുടെ സാക്ഷി ചിദാനന്ദസ്വരൂപനായ ആത്മാവുതന്നെയല്ലെയോ? ആകയാൽ അവർക്കും സർവ്വകാമാപ്തിയില്ലെയോ? ജ്ഞാനിക്കെന്തു വിശേഷം എന്നാണെങ്കിൽ അജ്ഞാനിക്കും സർവ്വകാമാപ്തിയുണ്ടെന്നറിയാത്തതുകൊണ്ടു സംതൃപ്തിയില്ല. മേൽക്കുമേൽ കാമങ്ങളെ അന്വേഷിച്ചലയുന്നു. "ഗുഹായാംനിഹിതം ബ്രഹ്മയോ വേദസോശ്നുതേ" ഹൃദയഗുഹയിൽ ഇരിക്കുന്ന ബ്രഹ്മത്തെ യാതൊരുവൻ അറിയുന്നുവോ ആ ജ്ഞാനി സർവ്വകാമങ്ങളെയും ഏകകാലത്തിൽ അനുഭവിക്കുന്നുവെന്നു തൈത്തരീയശ്രുതി പറയുന്നു.

37. യദ്വാസർവാത്മതാംസ്വസ്യസാമ്നാഗായതിസർവദാ
അഹമന്നംതഥാന്നാദശ്ചേതിസാമഹ്യധീയതേ.

യദ്വാസ്വസ്യസർവ്വാത്മതാം=അല്ലെങ്കിൽ തന്റെ സർവ്വാത്മഭാവത്തെ. സാമ്നാസർവദാഗായതി=സാമത്താൽ എപ്പോഴും ഗാനം ചെയ്യുന്നു അഹംഅന്നംതഥാഅന്നാദഃച=ഞാൻ അന്നവും അപ്രകാരം അന്നത്തെ അദിക്കുന്നവനും. ഇതിഹിസാമഅധീയതേ=എന്നല്ലയോ സാമം പഠിക്കപ്പെടുന്നത്.

മൂന്നാമതായൊരുവിധത്തിൽ ഇങ്ങിനെയും പറയാം:—ആത്മാവുതന്നെ എല്ലാററിലും വ്യാപിച്ചിരിക്കുന്നതു്, എന്നല്ലെയോ സാമവേദത്തിലെ ഗാനം. ഞാൻതന്നെ അന്നവും അന്നം ഭുജിക്കുന്നവനും എന്നല്ലെയോ സാമത്തിൽ പഠിക്കുന്നതു്. എല്ലാമായിരിക്കുന്ന ആത്മാവിനാഗ്രഹിക്കത്തക്കതായിട്ടു മറെറാന്നാണുള്ളത്. ഒന്നുമില്ല. ആ വിധത്തിലും സർവ്വകാമപ്രാപ്തി ആത്മാവിലുണ്ടു്.

38. ദുഃഖാഭാവശ്ചകാമാപ്തിരുഭേപ്യേവംനിരൂപിതേ
കൃതകൃത്യത്വമന്യച്ചപ്രാപ്തപ്രാപ്യത്വമീക്ഷ്യതാം.

39. ഉഭയംതൃപ്തിദീപേഹി സമ്യഗസ്മാഭിരീരിതം
തഏവാത്രാനുസന്ധേയാഃ ശ്ലോകാഃബുദ്ധിവിശുദ്ധയേ.

ദുഃഖാഭാവഃ കാമാപ്തിഃച=ദുഃഖമില്ലായ്മയും സർവ്വകാമാപ്തിയും. ഉഭേഏവം നിരൂപിതേ=രണ്ടും ഇപ്രകാരം നിരൂപിക്കപ്പെട്ടു. അന്യത് കൃതകൃത്യത്വം=അന്യത്തായ കൃതകൃത്യത്വവും. പ്രാപ്തപ്രാപ്യത്വംച=പ്രാപ്തപ്രാപ്യത്വവും. ഈക്ഷ്യതാം=കണ്ടുകൊള്ളേണം. ഉഭയം തൃപ്തിദീപേ=രണ്ടും തൃപ്തിദീപത്തിൽ. അസ്മാഭിഃ=ഞങ്ങളാൽ. ഈരിതംഹി=പറയപ്പെട്ടുവെല്ലൊ. തേ ശ്ലോകാഃ=ആ ശ്ലോകങ്ങൾതന്നെ. ബുദ്ധിവിശുദ്ധയേ=ബുദ്ധിക്കു തെളിവിന്നായിട്ടു. അത്ര അനുസന്ധേയാഃ=ഇവിടെ അനുസന്ധാനം ചെയ്യത്തക്കവ.

ആത്മജ്ഞാനിക്കു ദുഃഖമില്ലെന്നും സർവ്വകാമങ്ങളും സിദ്ധിച്ചിരിക്കുന്നുവെന്നും ഇവിടെ നിരൂപണംചെയ്തുകഴിഞ്ഞു. ഇനി നിരൂപിക്കേണ്ടതായ രണ്ടു സംഗതികൾ:—ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു. കിട്ടേണ്ടതെല്ലാം കിട്ടിക്കഴിഞ്ഞുവെന്നിവയാകുന്നു. ഈ രണ്ടു സംഗതികളും തൃപ്തിദീപത്തിൽ ഞങ്ങൾ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. ആ ശ്ലോകങ്ങളെതന്നെ ബുദ്ധിശുദ്ധിക്കായിട്ടു സ്മരിച്ചുകൊള്ളണം.

40. ഐഹികാമുഷ്മികവ്രാതസിദ്ധ്യൈമുക്തേശ്ചസിദ്ധയേ
ബഹുകൃത്യം പുരാസ്യാ ഭൂത്തൽസർവമധുനാകൃതം.

41. തദേതത് കൃതകൃത്യത്വം പ്രതിയോഗി പുരസ്സരം
അനുസംധേദേവായമേവം തൃപ്യതിനിത്യശഃ.

42. ദുഃഖിനോഽജ്ഞാഃ സംസരന്തുകാമം പുത്രാദ്യപേക്ഷയാ
പരമാനന്ദപൂർണോഹം സംസരാമികിമിച്ഛയാ.

43. അനുതിഷ്ഠന്തുകർമ്മാണി പരലോകയിയാസവഃ
സർവലോകാത്മകഃ കസ്മാദനുതിഷ്ഠാമി കിംകഥം.

44. വ്യാചക്ഷതാംതേ ശാസ്ത്രാണിവേദാനധ്യാപയന്തുവാ
യേത്രാധികാരിണോമേതുനാധികാരോഽക്രിയത്വതഃ.

45. നിദ്രാഭിക്ഷേസ്നാനശൌചേനേച്ഛാമി നകരോമിച
ദ്രഷ്ടാരശ്ചേൽ കല്പയന്തി കിംമേസ്യാദന്യകല്പനാത്

46. ഗുഞ്ജാപുഞ്ജാദിദഹ്യേതനാന്യാരോപിതവഹ്നിനാ
നാന്യാരോപിതസംസാരധൎമ്മാനേവമഹംഭജേ.
47. ശൃണ്വന്ത്വജ്ഞാതതത്ത്വാസ്തേജാനൻ കസ്മാച്ഛൃണോമ്യഹം
മന്യന്താം സംശയാപന്നാനമന്യേഹമസംശയഃ
48. വിപൎയ്യസ്തോ നിദിധ്യാസേൽ കിം ധ്യാനമവിപൎയ്യയേ
ദേഹാത്മത്വവിപൎയ്യാസം നകദാചിൽഭജാമ്യഹം
49. അഹം മനുഷ്യഇത്യാദിവ്യവഹാരോവിനാപ്യമും
വിപൎയ്യസംചിരാദ്ധ്യസ്തവാസനാതോവകല്പതേ
50. ആരബ്ധകൎമ്മണിക്ഷീണേ വ്യവഹാരോ നിവർത്തതേ
കൎമ്മാക്ഷയേത്വസൌനൈവശാമ്യേദ്ധ്യാനസഹസ്രശഃ.
51. വിരളത്വം വ്യവഹൃതേരിഷ്ടംചേദ്ധ്യാനമസ്തുതേ
അബാധികാം വ്യവഹൃതിം പശ്യൻ ധ്യായാമ്യഹം കുതഃ.
52. വിക്ഷേപോനാസ്തിയസ്മാന്മേ നസമാധിസ്തതോ മമ
വിക്ഷേപോവാ സമാധിൎവ്വാമനസഃ സ്യാദ്വികാരിണഃ
53. നിത്യാനുഭവരൂപസ്യകോമേത്രാനുഭവഃ പൃഥക്
കൃതംകൃത്യം പ്രാപണീയം പ്രാപ്തമിത്യേവ നിശ്ചയഃ.
54. വ്യവഹാരോ ലൌകികോ വാശാസ്ത്രീയോവാന്യഥാപിവാ
മമാകൎത്തുരലേപസ്യ യഥാരബ്ധം പ്രവൎത്തതാം.
55. അഥവാ കൃതകൃത്യോപി ലോകാനുഗ്രഹകാമ്യയാ
ശാസ്ത്രീയേണൈവമാർഗേണ വർത്തേഹം കാമമക്ഷതിഃ.
56. ദേവാർച്ചനസ്നാനശൌച ഭിക്ഷാദൌവർത്തതാം വപുഃ
താരംജപതുവാക്‌തദ്വൽ പഠത്വാമ്നായ മസ്തകം.
57. വിഷ്ണുംധ്യായതുധീൎയ്യദ്വാ ബ്രഹ്മാനന്ദേ വിലീയതാം
സാക്ഷ്യഹം കിഞ്ചിദപ്യത്ര നകുൎവ്വേനാപികാരയേ.
58. കൃതകൃത്യതയാ; തൃപ്തഃ പ്രാപ്തപ്രാപ്യതയാ പുനഃ.
തൃപ്യന്നേവം സ്വമനസാമന്യതേസൌ നിരന്തരം.
59. ധന്യോഹം·ധന്യോഹം നിത്യം സ്വാത്മാനമഞ്ജസാവേദ്മി
ധന്യോഹം ധന്യോഹം ബ്രഹ്മാനന്ദോ വിഭാതിമേ സ്പഷ്ടം.
60. ധന്യോഹം ധന്യോഹം ദുഃഖം സാംസാരികം നവീക്ഷേദ്യ
ധന്യോഹം ധന്യോഹം സ്വസ്യാജ്ഞാനം പലായിതം ക്വാപി.
61. ധന്യോഹം ധന്യോഹം കൎത്തവ്യം മേനവിദ്യതേ കിംചിത്
ധന്യോഹം ധന്യോഹം പ്രാപ്തവ്യം സൎവ്വമദ്യസമ്പന്നം.
62. ധന്യോഹം ധന്യോഹം തൃപ്തേർമേകോപമാഭവേല്ലോകേ
ധന്യോഹം ധന്യോഹം ധന്യോധന്യഃ പുനഃപുനർധന്യഃ.
63. അഹോപുണ്യമഹോപുണ്യം ഫലിതം ഫലിതം ദൃഢം
അസ്യപുണ്യസ്യസമ്പത്തേ രഹോവയമഹോവയം.
64. അഹോശാസ്ത്രമഹോശാസ്ത്രമഹോഗുരുരഹോഗുരുഃ
അഹോജ്ഞാനമഹോജ്ഞാനമഹോസുഖമഹോസുഖം.

39 മുതൽ 64 വരെയുള്ള ശ്ലോകങ്ങളുടെ അൎത്ഥം തൃപ്തിദീപത്തിൽ എഴുതിയിരിക്കയാൽ ഇവിടെ ആവൎത്തിച്ചിട്ടില്ല.

65. ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ ചതുര്‍ത്ഥാദ്ധ്യായ ഈരിതഃ
വിദ്യാനന്ദസ്തദുല്‍പത്തിപര്യന്തോഽഭ്യാസ ഇഷ്യതാം.

ബ്രഹ്മാനന്ദാഭിധേ ഗ്രന്ഥേ=ബ്രഹ്മാനന്ദം എന്ന പേരായ ഗ്രന്ഥത്തില്‍. വിദ്യാനന്ദഃ ചതുര്‍ത്ഥാദ്ധ്യായഃ=വിദ്യാനന്ദം എന്ന നാലാമദ്ധ്യായം. ഈരിതഃ=പറയപ്പെട്ടു. തദുല്‍പത്തിപര്യന്തഃ അഭ്യാസഃ=അതുണ്ടാകുന്നതുവരെ അഭ്യാസം. ഇഷ്യതാം=ചെയ്യേണ്ടതാണെന്നറിഞ്ഞുകൊൾക. അങ്ങിനെ ചെയ്താല്‍ അവന്‍ മുക്തനാകും സംശയമില്ല.

ശ്രീമദാചാര്യശ്രീവിദ്യാരണ്യസ്വാമി വിരചിതായാം പഞ്ചദശ്യാം
ബ്രഹ്മാനന്ദേ വിദ്യാനന്ദോനാമ ചതുര്‍ത്ഥാദ്ധ്യായഃ സമാപ്തഃ.
ശുഭം ഭൂയാത്.
ഓം. തത്. സത്.

ശ്രീ.
ഓം നമോ ഭഗവതേ വാസുദേവായ.

ശ്രീപഞ്ചദശി വിഷയാനന്ദം എന്ന 15-ാം പ്രകരണത്തിലെ സാരാര്‍ത്ഥസംഗ്രഹം.

ബ്രഹ്മാനന്ദത്തിന്റെ അംശംതന്നെ വിഷയാനന്ദം. സകല പ്രാണിവര്‍ഗ്ഗങ്ങളും പ്രകൃതിസിദ്ധങ്ങളായ അവരവൎക്കുചിത വിഷയങ്ങളില്‍കൂടെ ബ്രഹ്മാനന്ദത്തെ അനുഭവിച്ചുകൊണ്ടുതന്നെ സുഖിക്കുന്നുവെന്നു ബൃഹദാരണ്യകശ്രുതി ബോധിപ്പിക്കുന്നു. പ്രാണികൾക്കെല്ലാം ശാന്തം, ഘോരം, മൂഢം, എന്ന മൂന്നുവിധ വൃത്തികളുണ്ട്. വ്യക്തികളില്‍ ഓരോരുത്തരിലും വൃത്തികൾ എപ്പോഴും ഒരേവിധത്തിലിരിക്കയില്ല. ചിലപ്പോൾ ശാന്തം, ചിലപ്പോൾ ഘോരം, മററ ചിലപ്പോൾ മൂഢം. ചിലരില്‍ ചില വൃത്തികൾ സ്ഥായിയായിട്ടുമിരിക്കാം. വിഷയങ്ങളില്‍ വിരക്തി, ദുഃഖങ്ങളെ സഹിക്കാനുള്ള ശക്തി, സല്‍കാര്യങ്ങളില്‍ ശ്രദ്ധയെന്നിവ ശാന്തവൃത്തിയുള്ളവരില്‍ കാണപ്പെടും. വിഷയങ്ങളില്‍ ആഗ്രഹം, സ്ത്രീപുത്രാദികളില്‍ രാഗം, സല്‍കാര്യവ്യയത്തില്‍ ലോഭം, എന്നിവ ഘോരവൃത്തിയുള്ളവരില്‍കാണും. ആലസ്യം, ഭയം, ദുഃഖം, ഉറക്കം മുതലായവ മൂഢവൃത്തിലക്ഷണം. ശാന്തവൃത്തിയില്‍ അറിവും സുഖവും സ്ഫുരിക്കും. അതിനെയാണ് വിഷയാനന്ദം എന്ന് ഇവിടെ പറയുന്നത്. രൂപന്തോറും ആത്മാ പ്രതിഫലിക്കുന്നുവെന്നു കഠവല്ലിശ്രുതിയില്‍ കാണുന്നതിന്റെ സാരമിതാകുന്നു. "രൂപം രൂപം പ്രതിരൂപോബഭൂവ" എന്നാണ് ശ്രുതിവാക്യം. സൂര്യന്‍ ജലത്തിലെന്നപോലെ ആത്മാവ് ബുദ്ധിവൃത്തിയില്‍ പ്രതിഫലിക്കുന്നുവെന്നു വ്യാസരും വേദാന്തസൂത്രത്തില്‍ പറയുന്നുണ്ട്. ഒരേ ചന്ദ്രന്‍ അനേകജലപാത്രങ്ങളിലെന്നപോലെ ഏകനായ ആത്മാവ് സകല ബുദ്ധ്യുപാധികളില്‍ പ്രതിഫലിക്കുന്നുവെന്ന് അനേകം ശ്രുതികളില്‍ പറയുന്നുണ്ട്. മൂഢവൃത്തിയില്‍ ആത്മാവിന്റെ സത്യാംശവും, ഘോരവൃത്തിയില്‍, സത്യജ്ഞാനാംശവും ശാന്തവൃത്തിയില്‍, സച്ചിദാനന്ദവും വിളങ്ങും. മൂഢവും ഘോരവുമല്ലാതെ ശാന്തം മാത്രമായിരിക്കുന്ന വൃത്തിയില്‍ അനുഭവപ്പെടുന്ന ആനന്ദത്തെയാണ് വിഷയാനന്ദം എന്നു പറഞ്ഞത്. ഇതിനുമുമ്പെ പറഞ്ഞ യോഗാനന്ദം, ആത്മാനന്ദം, വിദ്യാനന്ദം എന്നിവയുടെ സാരം ധരിക്കാന്‍ സാധിക്കാത്തവരുണ്ടായിരിക്കാം. അവരും ബ്രഹ്മാനന്ദസ്വരൂപം ധരിച്ചിരിക്കേണം. വിഷയങ്ങളില്‍കൂടെ ബുദ്ധിയില്‍ അനുഭവപ്പെടുന്ന ആനന്ദം ആത്മാനന്ദംതന്നെയാണെന്നു കാണിപ്പാന്‍വേണ്ടി ഈ പ്രകരണത്തില്‍ വിഷയാനന്ദത്തെ വിവരിച്ചു. ഇപ്രകാരം 15-ാം പ്രകരണം അവസാനിപ്പിച്ചു.

ശുഭം ഭൂയാത്.
ഓം. തത്. സത്.

ശ്രീ പഞ്ചദശി
ബ്രഹ്മാനന്ദേ വിഷയാനന്ദം എന്ന 15-ാം പ്രകരണം.

ശ്രീഗണേശായ നമഃ.

1. അഥാത്രവിഷയാനന്ദോ ബ്രഹ്മാനന്ദാംശരൂപഭാക്.
നിരൂപ്യതേദ്വാരഭൂതസ്തദംശത്വം ശ്രുതിര്‍ജഗൌ.

അഥ അത്ര ബ്രഹ്മാനന്ദാംശരൂപഭാക് =ഇന്മേല്‍ ഇവിടെ ബ്രഹ്മാനന്ദത്തിന്റെ അംശരൂപമായ. വിഷയാ

...ഷനിരൂപ്യതേ=വിഷയാനന്ദം നിരൂപിക്കപ്പെടുന്നു. ദ്വാരഭൂതഃ=ബ്രഹ്മാനന്ദത്തിന്റെ ദ്വാരമാകുന്ന തദംശതാം ശ്രുതിഃജഗൌ=ബ്രഹ്മാനന്ദത്തിന്റെ അംശമാണതെന്നു ശ്രുതി പറയുന്നു.

ബ്രഹ്മാനന്ദത്തെക്കുറിച്ചു പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു. എന്നിട്ടും ബ്രഹ്മാനന്ദം എന്താണെന്നു നന്നായി ധരിക്കുവാൻ സാധിക്കാത്തവരുണ്ടായിരിക്കാം എന്ന ശങ്കയാൽ അവരേയും അനുഗ്രഹിപ്പാൻ കരുണയോടുകൂടിയ ആചാര്യർ വിഷയാനന്ദത്തെ പറയുവാൻ ആരംഭിക്കുന്നു. ബ്രഹ്മാനന്ദപ്രകരണത്തിൽ വിഷയാനന്ദത്തെ പറയുന്നതു ന്യായമല്ല എന്നു ശങ്കിക്കേണ്ട. വിഷയാനന്ദം ബ്രഹ്മാനന്ദത്തിന്റെ ദ്വാരമാകയാൽ ബ്രഹ്മാനന്ദാംശത്തിന്റെ സ്വരൂപമാണെന്നു ശ്രുതി പറയുന്നു. ആകയാൽ സർവ്വർക്കും അറിവുള്ള വിഷയാനന്ദം ബ്രഹ്മാനന്ദാംശമാണെന്നറിയിക്കുവാൻ വിഷയാനന്ദനിരൂപണം അയുക്തമല്ലെന്നറിയേണ്ടതാകുന്നു.

2. ഏഷോസ്യപരമാനന്ദോ യോ ഖണ്ഡൈകരസാത്മകഃ
അന്യാനിഭൂതാന്യേതസ്യമാത്രാ മേഃവാപഭുംജതേ.

അഖണ്ഡൈക രസാത്മകഃ=പരിപൂർണ്ണരസസ്വരൂപമായ. അസ്യയഃപരമാനന്ദഃ=ഇവന്റെ (ആത്മാവിന്റെ) യാതൊരു പരമാനന്ദമോ. തസ്യമാത്രാംഏവ=അതിന്റെ അംശത്തെത്തന്നെ. അന്യഭൂതാനിഉപഭുംജതേ=അന്യഭൂതങ്ങളനുഭവിക്കുന്നു.

ശ്രുതിപ്രമാണത്തിന്റെ അർത്ഥം ശ്ലോകരൂപേണ കാണിക്കുന്നു:– ആത്മാവിന്റെ അഖണ്ഡമായും ഏകമായും ഇരിക്കുന്ന യാതൊരു പരമാനന്ദം ഉണ്ടോ അതിന്റെ അംശത്തെത്തന്നെയാകുന്നു സകല ഭൂതങ്ങളും അനുഭവിക്കുന്നത് എന്നു ബൃഹദാരണ്യകശ്രുതി പറയുന്നു.

3. ശാന്താഘോരാസ്തഥാ മൂഢാമനസോവൃത്തയസ്ത്രിധാ
വൈരാഗ്യംക്ഷാന്തിരൌദാര്യമിത്യാദ്യാഃ ശാന്തവൃത്തയഃ

4. തൃഷ്ണാസ്നേഹോരാഗലോഭാവിത്യാദ്യാ ഘോരവൃത്തയഃ
സംമോഹോഭയമിത്യാദ്യാഃ കഥിതാ മൂഢവൃത്തയഃ.

ശാന്താഃഘോരാഃ തഥാമൂഢാഃ=ശാന്തങ്ങൾ, ഘോരകൾ, അപ്രകാരം മൂഢകൾ. ഇത്യാദ്യാഃമനസഃവൃത്തയഃത്രിധാ=ഇങ്ങിനെ മനസ്സിന്റെ വൃത്തികൾ മൂന്നുവിധകൾ. വൈരാഗ്യം ക്ഷാന്തിഃ ഔദാര്യം=വിഷയവിരക്തി, ദുഃഖസഹനം, സൽകാര്യത്തിൽ താൽപര്യം. ഇത്യാദ്യാഃ ശാന്തവൃത്തയഃ=എന്നിവ ശാന്തവൃത്തികൾ. തൃഷ്ണാസ്നേഹരാഗലോഭൌ=ആശ, സ്നേഹം, രാഗം, ലോഭം. ഇത്യാദ്യാഃ ഘോരവൃത്തയഃ=എന്നിവ ഘോരവൃത്തികൾ. സംമോഹഃ ഭയംഇത്യാദ്യാഃ=ഭ്രാന്തി ഭയം എന്നിവ. മൂഢവൃത്തയഃ കഥിതാഃ=മൂഢവൃത്തികൾ എന്നു പറയപ്പെട്ടിരിക്കുന്നു.

ബ്രഹ്മാനന്ദസ്ഫുരണം അന്തഃകരണവൃത്തികളിൽ കൂടെയാകയാൽ വൃത്തികളുടെ സ്വാഭാവികഭേദങ്ങളെ കാണിക്കുന്നു:—ശാന്തകൾ സാത്വികവൃത്തി. ഘോരകൾ (രാജസവൃത്തികൾ) മൂഢകൾ (താമസവൃത്തികൾ) ഇങ്ങിനെ മൂന്നുവിധത്തിലാണ് മനോവൃത്തികൾ. അവയിൽ വിഷയവിരക്തി, ദുഃഖസഹനം, സൽകാര്യശ്രദ്ധ എന്നിവ ശാന്തവൃത്തികൾ. ധനാദികളിൽ ആഗ്രഹം, പുത്രാദികളിൽ സ്നേഹം, വിഷയസുഖത്തിൽ താൽപര്യം, സൽകാര്യത്തിൽ ലോഭം എന്നിവ ഘോരവൃത്തികൾ. തെററായ ബോധം ഭയം എന്നിവ മൂഢവൃത്തികൾ എന്നു പറയപ്പെട്ടിരിക്കുന്നു.

5. വൃത്തിഷ്വേതാസുസർവ്വാസുബ്രഹ്മണശ്ചിൽ സ്വഭാവതാ
പ്രതിബിംബതിശാന്താസുസുഖംച പ്രതിവിംബതി.

ഏതാസുസർവ്വാസുവൃത്തിഷു=ഈ എല്ലാ വൃത്തികളിലും. ബ്രഹ്മണഃചിൽസ്വഭാവതാ=ബ്രഹ്മത്തിന്റെ ജ്ഞാനസ്വഭാവം. പ്രതിബിംബതി=പ്രതിബിംബിക്കുന്നു ശാന്താസുസുഖംച പ്രതിബിംബതി=ശാന്തകളിൽ ആനന്ദവും പ്രതിബിംബിക്കുന്നു.

ഈ എല്ലാ വൃത്തികളിലും ബ്രഹ്മത്തിന്റെ സ്വരൂപമായ ജ്ഞാനം പ്രതിബിംബിക്കും. ശാന്തവൃത്തികളിൽ ജ്ഞാനത്തോടുകൂടെ ആനന്ദവും പ്രതിഫലിക്കും.

6. രൂപംരൂപംബഭൂവാസൌ പ്രതിരൂപഇതിശ്രുതിഃ
ഉപമാസൂര്യകേത്യാദി സൂത്രയാമാസ സൂത്രകൃത്.

അസൌരൂപംരൂപം=ഇവൻ (ആത്മാവ്) രൂപംതോറും രൂപത്തോടം. പ്രതിരൂപഃബഭൂവ=പ്രതിരൂപ...

യിട്ടു ഭവിച്ചു. ഉപമാനൃഷ്കാ ഇത്യാദി=ഉപമാനം സൂൎയ്യപ്രതിബിംബം എന്നിങ്ങിനെ. സൂത്രകൃത് സൂത്രയാമാസ=സൂത്രകാരൻ സൂത്രത്തിലും പറഞ്ഞിരിക്കുന്നു.

ആത്മാവു അന്തഃകരണവൃത്തികളിൽ പ്രതിഫലിക്കുന്നുവെന്നു കാണിക്കുന്ന ശ്രുതിപ്രമാണത്തെ പറയുന്നു:—ഈ ആത്മാവ് സകല രൂപങ്ങളിലും അതാതിൻെറ നൈൎമ്മല്യാദിഗുണങ്ങളെ അനുസരിച്ച് പ്രതിഫലിക്കുന്നു. സൂൎയ്യൻ ജലപാത്രങ്ങളിൽ പ്രതിഫലിക്കുന്നതുപോലെയെന്നു സൂത്രകാരനായ വ്യാസമഹൎഷിയും സൂത്രത്തിൽ പറഞ്ഞിട്ടുണ്ട്.

7. ഏകഏവഹിഭൂതാത്മാ ഭൂതേഭൂതേവ്യവസ്ഥിതഃ
ഏകധാബഹുധാചൈവദൃശ്യതേ ജലചന്ദ്രവത്.

ഏകഃഏവഭൂതാത്മാ=ഒരുവൻതന്നെയാകുന്നു ഭൂതങ്ങളിൽ ആത്മാവായിട്ട്. വ്യവസ്ഥിതഃ=വിശേഷമായി സ്ഥിതിചെയ്യുന്നവൻ. ഏകധാബഹുധാച=ഒന്നായിട്ടും അനേകമായിട്ടും. ജലചന്ദ്രവത്ദൃശ്യതേ=ജലത്തിൽ ചന്ദ്രനെന്നപോലെ കാണപ്പെടുന്നു.

ഒരു ആത്മാവു അനേകരൂപനായിട്ടു സകല ഭൂതങ്ങളിലും ഇരിക്കുന്നുവെന്നു കാണിക്കുന്ന ശ്രുതിയുടെ അൎത്ഥം പറയുന്നു:—ഒരേ ആത്മാവുതന്നെ സകല ഭൂതങ്ങളിലും ജലപാത്രങ്ങളിൽ ചന്ദ്രനെന്നപോലെ അന്തഃകരണങ്ങളിൽ പ്രതിബിംബരൂപേണ അനേകനായിട്ടും ബിംബരൂപേണ ഏകനായിട്ടും സ്ഥിതിചെയ്യുന്നു.

8. ജലേപ്രവിഷ്ടശ്ചന്ദ്രോയമസ്പഷ്ടഃ കലുഷേജലേ
വിസ്പഷ്ടോനിൎമ്മലേതദ്വദ്ദ്വേധാ ബ്രഹ്മാപിവൃത്തിഷു.

ജലേപ്രവിഷ്ടഃഅയംചന്ദ്രഃ=ജലത്തിൽ പ്രതിഫലിച്ച ഈ ചന്ദ്രൻ. കലുഷേജലേഅസ്പഷ്ടഃ=കലങ്ങിയ ജലത്തിൽ സ്പഷ്ടനല്ല. നിൎമ്മലേവിസ്പഷ്ടഃ=നിൎമ്മലജലത്തിൽ ഏററവും സ്പഷ്ടൻ. തദ്വത്ബ്രഹ്മഅപി=അതുപോലെ ബ്രഹ്മവും. വൃത്തിഷുദ്വേധാ=അന്തഃകരണവൃത്തികളിൽ സ്പഷ്ടം അസ്പഷ്ടം എന്ന രണ്ടുവിധത്തിൽ കാണപ്പെടുന്നു.

9. ഘോരമൂഢാസുമാലിന്യാൽ സുഖാംശശ്ചതിരോഹിതഃ
ഈഷന്നൈൎമ്മല്യതസ്തത്രചിദംശ പ്രതിബിംബനം

ഘോരമൂഢാസുമാലിന്യാത്=ഘോരമൂഢകളിൽ മാലിന്യംനിമിത്തം. സുഖാംശഃതിരോഹിതഃച=സുഖാംശം മറഞ്ഞിരിക്കുന്നു. ഈഷന്നൈൎമ്മല്യതഃ=അല്പം നൈൎമ്മല്യം ഉള്ളതുകൊണ്ട്. തത്രചിദംശപ്രതിബിംബനം=അവയിൽ ജ്ഞാനാംശം പ്രതിഫലിക്കുന്നു.

ഘോരകളും മൂഢകളുമായ വൃത്തികളിൽ രാഗാദിദോഷങ്ങളുള്ളതുകൊണ്ടു ആത്മാവിൻെറ ആനന്ദാംശം സ്ഫുരിക്കുന്നില്ല. അല്പം നൈൎമ്മല്യം ഉള്ളതുകൊണ്ട് ജ്ഞാനാംശം സ്ഫുരിക്കും.

10. യദ്വാപിനിൎമ്മലേനീരേ വഹ്നേരൌഷ്ണ്യസ്യ സംക്രമഃ
നപ്രകാശസ്യതദ്വത് സ്യാച്ചിന്മാത്രോൽഭൂതി രേവച.

യദ്വാപിനിൎമ്മലേനീരേ=അല്ലെങ്കിൽ നിൎമ്മലജലത്തിൽ. വഹ്നേഃഔഷ്ണ്യസ്യ=വഹ്നിയുടെ ഉഷ്ണത്തിൻെറ. സംക്രമഃനപ്രകാശസ്യ=പ്രതിഫലനം ഉണ്ട്. പ്രകാശത്തിൻെറ പ്രതിഫലനം ഇല്ല. തദ്വത്ചിന്മാത്രോൽഭൂതിഃഏവച=അതുപോലെ ചിദംശത്തിൻെറ മാത്രം പ്രതിഫലനം.

ജലം നാനാവിധത്തിലാകയാൽ ചന്ദ്രപ്രതിഫലനം സ്പഷ്ടമായും അസ്പഷ്ടമായും ഭവിക്കുന്നതിൽ തെററില്ല. അന്തഃകരണം ഏകമാകയാൽ ഏകദേശസ്ഫുരണം ഭവിക്കുന്നതിൽ യുക്തിയില്ലെന്നു തോന്നുന്നുവെങ്കിൽ വേറെ ഒരുദാഹരണം കാണിക്കാം:—നിൎമ്മലമായ ജലത്തിൽ അഗ്നിയുടെ ചൂട് പ്രതിസംക്രമിക്കുന്നു. അഗ്നിയുടെ പ്രകാശാംശം പ്രതിഫലിക്കുന്നില്ല. അതുപോലെ ഘോരമൂഢവൃത്തികളിൽ ജ്ഞാനാംശം മാത്രം പ്രകാശിക്കുന്നു. ആനന്ദാംശം പ്രതിഫലിക്കുന്നില്ല.

11. കാഷ്ഠേത്വൌഷ്ണ്യപ്രകാശൌ ദ്വാവുദ്ഭവംഗച്ഛതോയഥാ
ശാന്തേഷുസുഖചൈതന്യേതഥൈവോൽഭൂതിമാപ്നുതഃ.

കാഷ്ഠേതുഔഷ്ണ്യപ്രകാശൌദ്വൌ=വിറകിൽ ഉഷ്ണവും പ്രകാശവും രണ്ടും. യഥാഉദ്ഭവംഗച്ഛതഃ=ഏതുപ്രകാരം ഉത്ഭവിക്കുന്നുവോ. തഥാശാന്തേഷുസുഖചൈതന്യേ=അപ്രകാരം ശാന്തകളിൽ സുഖവും ജ്ഞാനവും. ഉൽഭൂതിം ആപ്നുതഃ=ഉത്ഭവിക്കുന്നു.

ശാന്തവൃത്തികളിൽ ജ്ഞാനാംശവും സുഖാംശവും രണ്ടും പ്രകാശിക്കുന്നുവെന്നു കാണിപ്പാൻ മറ്റൊരു ദൃഷ്ടാന്തം കാണിക്കുന്നു:—വിറകിൽ അഗ്നിയുടെ ദാഹാംശവും പ്രകാശാംശവും രണ്ടും എപ്രകാരം വിധം പ്രകാശിക്കുന്നുവോ ആവിധം ശാന്തവൃത്തികളിൽ ആനന്ദാംശവും ജ്ഞാനാംശവും പ്രകാശിക്കുന്നു.

12. വസ്തുസ്വഭാവമാശ്രിത്യ വ്യവസ്ഥാത്തുഭയോഃ സമാ
അനുഭൂത്യനുസാരേണ കല്പ്യതേഹിനിയാമകം.

വസ്തുസ്വഭാവം ആശ്രിത്യ = വസ്തുവിന്റെ സ്വഭാവത്തെ അനുസരിച്ചിട്ട്. വ്യവസ്ഥാത്തുഉഭയോഃ സമാ= വ്യവസ്ഥ രണ്ടിന്നും തുല്യം. അനുഭൂത്യനുസാരേണ = അനുഭവത്തെ അനുസരിച്ചുകൊണ്ട്. നിയാമകം കല്പ്യതേ=നിയമം കല്പിക്കപ്പെടുന്നു:

ഉപാധിസ്വഭാവത്തെ അനുസരിച്ചിട്ടാകുന്നു ജ്ഞാനാനന്ദാംശങ്ങളുടെ പ്രതിഫലനം. അതുകൊണ്ട് അനുഭവത്തെ അനുസരിച്ചിട്ടാണ് നിയമം കല്പിക്കപ്പെടുന്നത്. ഏതുപാധിയിൽ ജ്ഞാനം, ഏതിൽ ജ്ഞാനവും ആനന്ദവും, പ്രകാശിക്കും എന്ന നിയമം അനുഭവത്തെ അടിസ്ഥാനമാക്കീട്ടാണ് നിശ്ചയിക്കേണ്ടത്.

13. നഘോരാസു നമൂഢാസു സുഖാനുഭവഈക്ഷ്യതേ
ശാന്താസ്വപി ക്വചിൽ കശ്ചിൽ സുഖാതിശയ ഈക്ഷ്യതാം.

ഘോരാസുസുഖാനുഭവഃ=ഘോരകളിൽ സുഖാനുഭവം ന ഈക്ഷ്യതേ=കാണപ്പെടുന്നില്ല. മൂഢാസുചന= മൂഢകളിലും കാണപ്പെടുന്നില്ല ശാന്താസുഅപി=ശാന്തകളിലും. ക്വചിത് കശ്ചിത് സുഖാതിശയഃ ഈക്ഷ്യതാ=ചിലപ്പോഠം ഏതോ വിധമായ സുഖാനുഭവം കാണപ്പെട്ടാലും.

ഘോരകളായ രാജസവൃത്തികളിലും മൂഢകളായ താമസവൃത്തികളിലും ആനന്ദം അനുഭവപ്പെടുകയില്ല. ശാന്തകളായ സാത്വീകവൃത്തികളിലും എപ്പോഴും ഒരേവിധത്തിലുള്ള ആനന്ദം അനുഭവപ്പെട്ടുവെന്നു വരികയില്ല. ചിലപ്പോഠം ഏതോവിധമായ ആനന്ദം അനുഭവപ്പെടും എന്നറിഞ്ഞുകൊള്ളണം.

14. ഗൃഹക്ഷേത്രാദിവിഷയേ യദാകാമോ ഭവേത്തദാ
രാജസസ്യാസ്യ കാമസ്യഘോരത്വാത്തത്രനോസുഖം.

ഗൃഹക്ഷേത്രാദിവിഷയേ=വീട്, കൃഷി, മുതലായ വിഷയത്തിൽ. യദാകാമഃഭവേത് =എപ്പോഠം കാമം ഉണ്ടാകുമോ. തദാരാജസസ്യ അസ്യകാമസ്യ=അപ്പോഠം രാജസമായ ഈ കാമത്തിന്റെ ഘോരത്വാത്= ഭയങ്കരത്വം നിമിത്തം. തത്രനോസുഖം=അതിൽ ആനന്ദമില്ല.

ഘോരമൂഢവൃത്തികളിൽ ആനന്ദമില്ലെന്നു പറഞ്ഞതിനെ അഭിനയിച്ചു വെളിപ്പെടുത്തുന്നു:— ഗൃഹം, വയൽ മുതലായ വിഷയങ്ങളിൽ ആഗ്രഹം എപ്പോഠം ഉണ്ടാകുന്നുവോ അതു രജോഗുണത്തിന്റെ കാര്യമായതുകൊണ്ടു ഭയങ്കരമായ ആ അവസ്ഥയിൽ സുഖം അനുഭവപ്പെടുകയില്ല.

15. സിദ്ധ്യേന്നവേത്യസ്തിദുഃഖമസിദ്ധൌ തദ്വിവർധതേ
പ്രതിബന്ധേഭവേൽ ക്രോധോദ്വേഷോവാ പ്രതികൂലതഃ.

സിദ്ധ്യേത്ന വാഇതി ദുഃഖം അസ്തി=സിദ്ധിക്കുമോ ഇല്ലയോ എന്ന ദുഃഖമുണ്ട്. അസിദ്ധൌ തത്വിവർധതേ=സിദ്ധിക്കാഞ്ഞാൽ അതു അധികമാകും. പ്രതിബന്ധേ=തടസ്ഥം നേരിടുമ്പോഠം പ്രതികൂലതഃ= പ്രതികൂലം നിമിത്തം. ക്രോധഃദ്വേഷഃവാഭവേത്=ക്രോധമോ ദ്വേഷമോ ഉണ്ടാകും.

ഘോരതയെ സ്പഷ്ടമാക്കുന്നു:—ഗൃഹക്ഷേത്രാദികാര്യങ്ങളിൽ ആഗ്രഹം ഉണ്ടാകുകയും അതിന്റെ സാദ്ധ്യത്തിന്നായി പരിശ്രമിക്കയും ചെയ്യുമ്പോഠംതന്നെ ഈ കാര്യം സഫലമാകുമോ ഇല്ലയൊ എന്ന ദുഃഖം ആരംഭകാലംമുതൽക്കുണ്ടാകും. സിദ്ധിച്ചില്ലെന്നുവന്നാലോ ആ ദുഃഖം അധികമാകും. ആരാണൊ അതിനെ തടസ്ഥപ്പെടുത്തിയത് അയാളുടെ നേരെ ക്രോധമോ ദ്വേഷമോ ഉണ്ടാകും.

16. അശക്യശ്ചേൽപ്രതികാരോ വിഷാദഃസ്യാത് സതാമസഃ
ക്രോധാദിഷു മഹദ്ദുഃഖം സുഖശങ്കാപിദൂരതഃ

17. കാമ്യലാഭേ ഹർഷവൃത്തിഃ ശാന്താതത്ര മഹൽസുഖം
ഭോഗേ മഹത്തരം ലാഭപ്രസക്താവീഷദേവഹി.

18 മഹത്തമം വിരക്തൌതു വിദ്യാനന്ദേ തദീരിതം
ഏവംക്ഷാന്തൌതഥൌദാര്യേക്രോധലോഭനിവാരണാത്.

പ്രതീകാരഃ അശക്യഃ ചേത്=പ്രതിവിധി സാധ്യമല്ലെന്നുവന്നാൽ. വിഷാദഃസ്യാത്=വിഷാദം ഭവിക്കും. സഃതാമസഃ=അതു തമോഗുണകാൎയ്യമാകുന്നു. ക്രോധാദിഷു ദുഃഖംമഹത്=ക്രോധാദികളിൽ ദുഃഖം അത്യധികം. സുഖശങ്കാ അപിദൂരതഃ=സുഖത്തിന്റെ ശങ്കപോലും ദൂരെയാകുന്നു. കാമ്യലാഭേ ഹൎഷവൃത്തിഃ=കാമിച്ച വിഷയസിദ്ധിയിൽ സന്തോഷവൃത്തി. ശാന്താ തത്ര മഹത്സുഖം=ശാന്തയാകുന്നു അതിൽ മഹത്തായ സുഖം അനുഭവപ്പെടും. ഭോഗേ മഹത്തരം സുഖം=വിഷയം അനുഭവിക്കുമ്പോൾ ആ സുഖം അധികമാകും ലാഭപ്രസക്തൌ=ലാഭാസക്തിയുള്ളപ്പോൾ. ഈഷത് ഏവ=ആ സുഖം അല്പമാത്രമായിരിക്കും. വിരക്തൌതു=വിരക്തിയിലാകട്ടെ. മഹത്തമം സുഖം=അതിമഹത്തായ സുഖമുണ്ടാകും. തത് വിദ്യാനന്ദേ ഈരിതം=അത് വിദ്യാനന്ദത്തിൽ പറയപ്പെട്ടിട്ടുണ്ട്. ഏവംക്ഷാന്തൌ=ഇപ്രകാരം ക്ഷാന്തിയിലും. തഥാ ഔദാൎയ്യേ=അപ്രകാരംതന്നെ ഔദാൎയ്യത്തിലും. ക്രോധലോഭനിവാരണാത്=ക്രോധവും ലോഭവും ഇല്ലാത്തതുകൊണ്ട്.

19. യദ്യത്സുഖം ഭവേത്തത്തൽബ്രഹ്മൈവപ്രതിബിംബനാത്
വൃത്തിഷ്വന്തൎമ്മുഖാസ്വസ്യ നിൎവ്വിഘ്നംപ്രതിബിംബനം.

യത്ര യത്‌യത് സുഖംഭവേത് =അതിൽ ഏതേതു സുഖം ഉണ്ടാകുമോ തൽബ്രഹ്മ ഏവ=ആ സുഖം ബ്രഹ്മം തന്നെ. പ്രതിബിംബനാത്=പ്രതിബിംബം നിമിത്തം. അന്തൎമ്മുഖാ സുവൃത്തിഷു=അന്തൎമുഖമായ വൃത്തികളിൽ. അസ്യ പ്രതിബിംബനം=ഇതിന്റെ (ബ്രഹ്മത്തിന്റെ) പ്രതിഫലനം. നിൎവിഘ്നം=വിഘ്നമില്ലാത്തതാകുന്നു.

20. സത്താചിതിഃ സുഖംചേതി സ്വഭാവാ ബ്രഹ്മണസ്ത്രയഃ
മൃച്ഛിലാദിഷുസത്തൈവവ്യജ്യതേനേ തരദ്വയം.

ബ്രഹ്മണഃ സ്വഭാവാഃ=ബ്രഹ്മത്തിന്റെ സ്വഭാവങ്ങൾ സത്താചിതിഃ സുഖം ഇതി ത്രയഃ=ഉണ്മ, ജ്ഞാനം. ആനന്ദം എന്ന മൂന്നാകുന്നു. മൃത്ശിലാദിഷു=മണ്ണ്, കല്ല് എന്നിവകളിൽ. സത്താ ഏവ വ്യജ്യതേ=സത്തമാത്രം (ഉണ്മമാത്രം) കാണപ്പെടുന്നു. ഇതരത് ദ്വയം നവ്യജ്യതേ=മററ രണ്ടും (ജ്ഞാനവും, ആനന്ദവും കാണപ്പെടുന്നില്ല.)

21. സത്താചിതിർദ്വയം വ്യക്തം ധീവൃത്ത്യോഃഘോരമൂഢയോഃ
ശാന്തവൃത്തൌത്രയം വ്യക്തം മിശ്രം ബ്രഹ്മേത്ഥമീരിതം.

ഘോരമൂഢയോഃ=ഘോരകളും മൂഢകളുമായ. ധീവൃത്ത്യോഃ=ബുദ്ധിവൃത്തികളിൽ. സത്താ ചിതിഃ ദ്വയം= സത്തയും ജ്ഞാനവും രണ്ടും. വ്യക്തം=സ്പഷ്ടമാകുന്നു. ശാന്തവൃത്തൌ=ശാന്തവൃത്തിയിൽ. ത്രയംവ്യക്തം= മൂന്നും സ്പഷ്ടം ഇത്ഥം മിശ്രംബ്രഹ്മ=ഇപ്രകാരം പ്രപഞ്ചത്തോടു ചേൎന്നിരിക്കുന്ന ബ്രഹ്മം. ഈരിതം=പറയപ്പെട്ടു.

22. അമിശ്രംജ്ഞാനയോഗാഭ്യാം തൌചപൂൎവ്വമുദീരിതൌ
ആദ്യേഽധ്യായേയോഗചിന്താ ജ്ഞാനമധ്യായയോർദ്വയോഃ.

അമിശ്രം=മിശ്രമല്ലാതിരിക്കുന്ന ബ്രഹ്മം. ജ്ഞാനയോഗാഭ്യാം=ജ്ഞാനം യോഗം എന്ന അധ്യായങ്ങളിൽ. തൌചപൂൎവ്വം ഉദീരിതൌ=ആ രണ്ടദ്ധ്യായങ്ങളും ആദ്യം പറയപ്പെട്ടു. ആദ്യേ അധ്യായേ=ആദ്യത്തെ അദ്ധ്യായത്തിൽ യോഗചിന്താ=യോഗത്തെക്കുറിച്ചു നിരൂപണംചെയ്തു. ദ്വയോഃ അധ്യായയോഃ=അനന്തരം രണ്ടദ്ധ്യായങ്ങളിൽ. ജ്ഞാനം=നിശ്ചയരൂപമായ ജ്ഞാനവും നിരൂപിക്കപ്പെട്ടു.

23. അസത്താ ജാഡ്യദുഃഖേദ്വേ മായാരൂപം ത്രയംത്വിദം
അസത്താ നരശൃംഗാദൌ ജാഡ്യം കാഷ്ഠശിലാദിഷു.

അസത്താ=അത്യന്താഭാവം (തീരെയില്ലായ്മ) ജാഡ്യദുഃഖേദ്വേ=ജാഡ്യം ദുഃഖം എന്ന രണ്ട്. ഇദംത്രയം= ഈ മൂന്നും. മായാരൂപം=മായയുടെ രൂപമാകുന്നു. അസത്താ=അത്യന്താഭാവം എന്നത്. നരശൃംഗാദൌ= മനുഷ്യരുടെ കൊമ്പ് എന്നിവയിൽ. ജാഡ്യം=ജഡമെന്നത്. കാഷ്ഠശിലാദൌ=മരം കല്ല് എന്നിവയിൽ.

ബ്രഹ്മസ്വരൂപം സത്താജ്ഞാനം ആനന്ദം എന്നു കാണിച്ചുവല്ലൊ. അതുപോലെ മായയുടെ രൂപവും കാട്ടിത്തരേണം എന്ന ശിഷ്യന്റെ ആഗ്രഹത്തിനുചിതമായ വിധത്തിൽ മായാരൂപം വിവരിക്കുന്നു:—അത്യന്താഭാവം, ജാഡ്യം, ദുഃഖം ഇതു മൂന്നും മായാരൂപമാകുന്നു. അതിൽ അത്യന്താഭാവം, മനുഷ്യരുടെ കൊമ്പ് ആകാശപുഷ്പം എന്നിവയിൽ. മരം കല്ല് എന്നിവയിൽ ജാഡ്യം.

24. ഘോരമൂഢധിയോർദ്ദുഃഖമേവം മായാവിജൃംഭിതാ
ശാന്താദി ബുദ്ധിവൃത്ത്യൈക്യാന്മിശ്രം ബ്രഹ്മേതികീർത്തിതം.

ഘോരമൂഢധിയോഃ=ഘോരകളും മൂഢകളുമായ ബുദ്ധിവൃത്തികളിൽ. ദുഃഖം=ദുഃഖവും. ഏവം മായാവിജൃംഭിതാ=ഇപ്രകാരം മായ വിജൃംഭിച്ചിരിക്കുന്നു. ശാന്താദി ബുദ്ധിവൃത്ത്യൈക്യാത്=ശാന്താദി ബുദ്ധിവൃത്തകളോട്ട ചേർന്നിരിക്കയാൽ. ബ്രഹ്മമിശ്രം ഇതികീർത്തിതം=ബ്രഹ്മം മിശ്രമെന്നു പറയപ്പെട്ടതാകുന്നു.

25. ഏവംസ്ഥിതേത്ര യോബ്രഹ്മ ധ്യാതുമിച്ഛേൽപുമാനസൌ
നൃശൃംഗാദിമുപേക്ഷേത ശിഷ്ടംധ്യായേദ്യഥായഥം.

ഏവംസ്ഥിതേ=ഇപ്രകാരമിരിക്കുമ്പോൾ അത്ര യഃ ബ്രഹ്മ=ഇതിൽ യാതൊരു ബ്രഹ്മത്തെ. ധ്യാതുംഇച്ഛേത്=ധ്യാനിപ്പാൻ ഇച്ഛിക്കുന്നുവോ! അസൌപുമാൻ=ഈ പുരുഷൻ. നൃശൃംഗാദിം=മനുഷ്യക്കൊമ്പു മുതലായതിനെ. ഉപേക്ഷേത=ഉപേക്ഷിക്കേണം. ശിഷ്ടംയഥായഥംധ്യായേത്=ബാക്കിയെ അധികാരാനുസരണം ധ്യാനിക്കേണം.

എന്തിനായിട്ടാണ് ബ്രഹ്മസ്വരൂപവും മായാസ്വരൂപവും വേർതിരിച്ചു കാട്ടിയിരിക്കുന്നത് എന്നു സ്പഷ്ടമാക്കുന്നു:—മായാരൂപങ്ങളായ അസത്താ, ജാഡ്യം ദുഃഖം. അതിൽ ചേർന്നിരിക്കുന്ന ബ്രഹ്മം എന്ന് മിശ്രമായിട്ടുള്ളതായ ഈ ജഗത്തിൽ ബ്രഹ്മത്തെ മായയിൽനിന്നു വേർതിരിച്ചു ധ്യാനിപ്പാൻ ആർ ആഗ്രഹിക്കുന്നുവോ ആയാൾ ധ്യാനിപ്പാൻ ആശ്രയമായിട്ട നാനാരൂപങ്ങളെ സ്വീകരിക്കേണം. അതിൽ മായയുടെ അത്യന്താഭാവം എന്ന സ്വരൂപമായ നരശൃംഗം മുതലായതിനെ വിട്ടുകളയണം. ബാക്കി മുച്ചിലാദികളെക്കുറിച്ചു ചിന്തിക്കണം. ഓരോ വ്യക്തിക്കും ഏതേതിനെ ധ്യാനവിഷയമാക്കാൻ സാധിക്കമോ അതാതിനെ അതാതുവിധത്തിൽ ചിന്തിച്ച് മായാരൂപത്തെയും ബ്രഹ്മരൂപത്തെയും വേർതിരിച്ചു കാണേണം.

26. ശിലാദൌനാമരൂപേ ദ്വേ ത്യക്ത്വാസന്മാത്രചിന്തനം
ത്യക്ത്വാദുഃഖംഘോരമൂഢധിയോഃസച്ചിദ്വിചിന്തനം.

ശിലാദൌനാമരൂപേദ്വേത്യക്ത്വാ=ശില മുതലായതിൽ നാമം രൂപം എന്ന രണ്ടും തള്ളിക്കളഞ്ഞിട്ട. സന്മാത്രചിന്തനം=സത്തയെ മാത്രം ചിന്തിക്കേണം. ഘോരമൂഢധിയോഃ= ഘോരയും മൂഢയുമായ ബുദ്ധിവൃത്തികളിൽ. ദുഃഖംത്യക്ത്വാ=ദുഃഖത്തെ തള്ളിക്കളഞ്ഞിട്ട. സച്ചിദ്വിചിന്തനം=സത്തയും ജ്ഞാനവും ചിന്തിക്കേണം.

മണ്ണ് കല്ല് മുതലായവയിൽ നാമരൂപങ്ങൾ രണ്ടും മായാംശങ്ങൾ എന്നു കണ്ടു തള്ളിക്കളഞ്ഞിട്ട അവ നിലനില്ക്കുന്നതു യാതൊന്നിനെ അവലംബിച്ചിട്ടാണോ ആ സദംശം ബ്രഹ്മം എന്നു കാണേണം. ഘോരമൂഢവൃത്തികളിൽ ദുഃഖം എന്ന മായാംശത്തെ തള്ളിക്കളഞ്ഞിട്ട സദംശവും ചിദംശവും ബ്രഹ്മം എന്നു ധ്യാനിക്കേണം.

27. ശാന്താസുസച്ചിദാനന്ദാംസ്ത്രീ നപ്യേവംവിചിന്തയേത്
കനിഷ്ഠമധ്യമോൽകൃഷ്ടാ സ്തിസ്രശ്ചിന്താഃ ക്രമാദിമാഃ

ശാന്താസു=ശാന്തവൃത്തികളിൽ. സച്ചിദാനന്ദാൻത്രീൻഅപി=സച്ചിദാനന്ദങ്ങളെന്ന മൂന്നിനേയും വിചിന്തയേത്=ചിന്തിക്കേണം ഇമാഃതിസ്രഃചിന്താ_ഈ മൂന്നുവിധ ചിന്തകളും, ക്രമാത് കനിഷ്ഠ മധ്യമോൽകൃഷ്ടാഃ=ഹീനമധ്യമ ഉൽകൃഷ്ടകൾ.

ശാന്തകളായ ബുദ്ധിവൃത്തികളിൽ അനുഭവപ്പെടുന്ന സച്ചിദാനന്ദങ്ങൾ എന്ന മൂന്നും ബ്രഹ്മസ്വരൂപം എന്നു ധ്യാനിക്കേണം. ഈ മൂന്നു വിധത്തിൽ പറഞ്ഞ ധ്യാനങ്ങൾക്കു അന്യോന്യം സാദൃശ്യമില്ല. ആദ്യത്തേത് ഹീനമായ ധ്യാനം. പിന്നെ പറഞ്ഞത് മധ്യമം. ഒടുവിൽ പറഞ്ഞത് ഉൽകൃഷ്ടം.

28. മന്ദസ്യവ്യവഹാരേപി മിശ്രബ്രഹ്മണിചിന്തനം
ഉൽകൃഷ്ടംവക്തുമേവാത്ര വിഷയാനന്ദഈരിതഃ.

മന്ദസ്യവ്യവഹാരേഅപി_മന്ദാധികാരിക്ക് വ്യവഹാരത്തിലും. മിശ്രബ്രഹ്മണിചിന്തനം=മിശ്രബ്രഹ്മത്തിൽ ധ്യാനം. ഉൽകൃഷ്ടം വക്തുംഏവ=ഉൽകൃഷ്ടമാണെന്നു പറവാൻ വേണ്ടിട്ടുമാത്രമാണ്. അത്ര വിഷയാനന്ദഈരിതഃ=ഇവിടെ വിഷയാനന്ദം പറയപ്പെട്ടു.

മന്ദാധികാരിയും ലോകകാര്യങ്ങളിൽ വ്യാപരിക്കുമ്പോൾ ആ വക വിഷയങ്ങളിൽ ബ്രഹ്മാംശത്തെ ധ്യാനിക്കുന്നതുകൊണ്ട് ക്രമത്തിൽ നിർഗ്ഗുണബ്രഹ്മധ്യാനത്തിൽ അവനും അധികാരം ലഭിപ്പാനുള്ള

മാർഗമായുള്ളതും എന്നു കാണിപ്പാനാണ് വിഷയത്തിൽ അനുഭവിക്കുന്നതും ബ്രഹ്മാനന്ദം തന്നെയാണെന്നിവിടെ പറഞ്ഞത്.

29. ഔദാസീന്യേതുധീവൃത്തേഃ ശൈഥില്യാദുത്തമോത്തമം
ചിന്തനംവാസനാനന്ദേ ധ്യാനമുക്തംചതുർവിധം

ഔദാസീന്യേതു=ഉദാസിനാവസ്ഥയിലാകട്ടെ. ധീവൃത്തേഃ ശൈഥില്യാത്=ബുദ്ധിവൃത്തിയുടെ ശിഥിലത നിമിത്തം ഉത്തമോത്തമം ചിന്തനം=ഉത്തമോത്തമമായ ധ്യാനം. വാസനാനന്ദേ ചതുർവിധംഉക്തം=വിഷയാനന്ദത്തിൽ നാലുവിധമായി പറയപ്പെട്ടു.

ഉദാസീനാവസ്ഥയിൽ ബുദ്ധി വ്യാപരിക്കാതെ നിലച്ചിരിക്കുന്നതിനാൽ മുൻപറഞ്ഞ മൂന്നു നിലയിൽ ഉള്ളതിനെക്കാൾ അധികസുഖം അനുഭവപ്പെടും. ഇങ്ങിനെ നാലുവിധം ധ്യാനം വിഷയാനന്ദാനുഭവത്തിൽ പറയപ്പെട്ടു.

30. നധ്യാനംജ്ഞാനയോഗാഭ്യാം ബ്രഹ്മവിദ്യൈവസാഖലു
ധ്യാനേനൈകാഗ്ര്യമാപന്നേ ചിത്തേവിദ്യാസ്ഥിരീഭവേത്.

ജ്ഞാനയോഗാഭ്യാം=ജ്ഞാനംകൊണ്ടും യോഗംകൊണ്ടും ഉണ്ടാകുന്നത്. ധ്യാനം ന=ധ്യാനമല്ല. സാ ബ്രഹ്മവിദ്യാ ഏവഖലു=അതു ബ്രഹ്മജ്ഞാനം തന്നെയാണെല്ലൊ. ധ്യാനേനചിത്തേ=ധ്യാനംകൊണ്ടു ചിത്തം. ഐകാഗ്ര്യം ആപന്നേ=ഏകാഗ്രതയെ പ്രാപിക്കുമ്പോൾ വിദ്യാസ്ഥിരീഭവേത്=ബ്രഹ്മജ്ഞാനം സ്ഥിരമായി ഭവിക്കും.

ഇപ്പോൾ വിവരിച്ച ധ്യാനം ഇതിന്നുമുമ്പേ പറഞ്ഞ അധികാരികൾക്കും ശീലിക്കാവുന്നതല്ലെയോ എന്നു ശങ്കിക്കുന്നുവെങ്കിൽ:—ജ്ഞാനംകൊണ്ടും യോഗംകൊണ്ടും ഉണ്ടാകുന്ന നില ധ്യാനമല്ല. പിന്നെയെന്താണെങ്കിൽ:—അത് ബ്രഹ്മത്തെക്കുറിച്ചുള്ള അറിവുതന്നെയാകുന്നുവെല്ലൊ. എന്നാൽ ബ്രഹ്മജ്ഞാനത്തിൽനിന്നു വേറിട്ടിരിക്കുന്ന ധ്യാനമാർഗ്ഗത്തെ പറഞ്ഞതിന്റെ ആവശ്യം എന്താണെങ്കിൽ:—ആ വിധം ചെയ്യുന്ന ധ്യാനംകൊണ്ടു ചിത്തത്തിന്റെ ചാഞ്ചല്യം ഇല്ലാതാകുമ്പോൾ—ഏകാഗ്രത ചിത്തത്തിന്നുണ്ടാകുമ്പോൾ—ബ്രഹ്മജ്ഞാനം ദൃഢപ്പെടും. അതിന്നുവേണ്ടീട്ടാണ് ധ്യാനം പറയപ്പെട്ടത്.

31. വിദ്യായാംസച്ചിദാനന്ദാ അഖണ്ഡൈകരസാത്മതാം
പ്രാപ്യഭാന്തിനഭേദേന ഭേദകോപാധിവർജനാത്.

വിദ്യായാംസച്ചിദാനന്ദാഃ=ബ്രഹ്മജ്ഞാനത്തിൽ സച്ചിദാനന്ദങ്ങൾ. അഖണ്ഡൈകരസാത്മതാംപ്രാപ്യ=അഖണ്ഡവും ഏകവുമായ രസഭാവത്തെ പ്രാപിച്ചിട്ടു. ഭാന്തിനഭേദേന=ശോഭിക്കുന്നു. ഭേദത്തോടുകൂടെയല്ല. ഭേദകോപാധിവർജനാത്=ഭേദത്തിന്നു കാരണമായ ഉപാധികൾ ഇല്ലാത്തതുകൊണ്ട്.

ജ്ഞാനവും യോഗവും ബ്രഹ്മജ്ഞാനംതന്നെയാണെന്നു പറഞ്ഞതിന്നു കാരണമെന്തെന്നാൽ:—ജ്ഞാനാവസ്ഥയിൽ ധ്യാനിക്കാനുള്ള കർത്താവ് ധ്യാനം എന്ന ക്രിയ ധ്യാനിപ്പാനുള്ള വിഷയം എന്ന മൂന്നുവിധം ഭേദം ഇല്ലാത്തതുകൊണ്ട് സത്ത്, ചിത്ത്, ആനന്ദം എന്ന ബ്രഹ്മസ്വരൂപം പൂർണ്ണമായനുഭവപ്പെടുന്നു. സത്തു മാത്രമായോ ചിത്തു മാത്രമായോ മിശ്രമായോ അനുഭവപ്പെടുന്നില്ല. അതാണ് ബ്രഹ്മജ്ഞാനംതന്നെയാണ് ജ്ഞാനവും യോഗവും എന്നു പറവാൻ കാരണം.

32. ശാന്താഘോരാശിലാദ്യാശ്ച ഭേദകോപാധയോമതാഃ
യോഗാദ്വാവിവേകതോ വൈഷാമുപാധീനാമപാകൃതിഃ.

ശാന്താഃഘോരാഃശിലാദ്യാഃച=ശാന്തകളും ഘോരകളുമായ ബുദ്ധിവൃത്തികളും ശിലാദികളും. ഭേദകോപാധയഃമതാഃ=ഭേദകാരണങ്ങളായ ഉപാധികളാണെന്നു പറയപ്പെട്ടിരിക്കുന്നു. യോഗാത്വിവേകതഃവാ=യോഗംകൊണ്ടോ ജ്ഞാനംകൊണ്ടോ. ഏഷാംഉപാധീനാം അപാകൃതിഃ=ഈ ഉപാധികളുടെ നാശം സംഭവിക്കും.

ഭേദകോപാധികൾ എന്നു മുമ്പേ പറഞ്ഞവ ഏതെല്ലാമാണെന്നു കാണിക്കുന്നു. ശാന്തകളായ സാത്വികവൃത്തികളും ഘോരകളായ രാജസവൃത്തികളും ശിലാദികളിൽ കാണപ്പെടുന്ന ജാഡ്യസ്വരൂപമായ താമസവൃത്തികളും ഭേദത്തിന്ന:—സത്ത്, ചിത്ത്, ആനന്ദം എന്ന വിഭിന്നഭാവത്തിന്നു കാരണങ്ങളായ ഉപാധികളാണെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. യോഗം:—ചിത്ത[illegible]കൊണ്ടോ വിവേകം...

പ്രകൃതിപുരുഷ വിവേചനം എന്നുള്ള ജ്ഞാനംകൊണ്ടോ ഈ മൂന്നു വിധോപാധികളെ നീക്കിക്കളയുവാൻ സാധിക്കും.

33. നിരുപാധിബ്രഹ്മതത്വേ ഭാസമാനേസ്വയംപ്രഭേ
അദ്വൈതേത്രിപുടീനാസ്തിഭൂമാനന്ദോതഉച്യതേ.

നിരുപാധിബ്രഹ്മതത്വേ=ഉപാധിരഹിതമായ ബ്രഹ്മതത്വവും സ്വയംപ്രഭേ=സ്വയമേവ പ്രകാശിക്കുന്നതുമായ. അദ്വൈതേ=അദ്വൈതത്തിൽ ത്രിപുടീ നഅസ്തി=ത്രിപുടിയില്ല. അതഃ=അതുകൊണ്ടു. ഭൂമാനന്ദഃ=ഭൂമാനന്ദം എന്നു്. ഉച്യതേ=പറയപ്പെടുന്നു.

ഇതുവരെ പറഞ്ഞതിന്റെ ഫലം പറയുന്നു:—സ്വയം പ്രകാശിക്കുന്നതും അദ്വിതീയവുമായ ബ്രഹ്മതത്വം കൈനെല്ലിക്കയെന്നപോലെ സാക്ഷാൽകരിക്കപ്പെടുമ്പോൾ ത്രിപുടി നശിക്കുന്നു. അറിയുന്നവൻ, അറിയത്തക്കതു്, അറിവു എന്ന മൂന്നുപാധികൾ ഇല്ലെന്നനുഭവപ്പെടുന്നു. അതുകൊണ്ടു ആ നിലയിൽ അനുഭവപ്പെടുന്ന ആനന്ദം ഭൂമാനന്ദം—മഹാനന്ദം എന്നു പറയപ്പെടുന്നു.

34. ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ പഞ്ചമോധ്യായഈരിതഃ
വിഷയാനന്ദഏതേന ദ്വാരേണാന്തഃ പ്രവിശ്യതാം.

ബ്രഹ്മാനന്ദാഭിധേഗ്രന്ഥേ=ബ്രഹ്മാനന്ദം എന്നു പേരായ ഗ്രന്ഥത്തിൽ. പഞ്ചമോധ്യായഃ വിഷയാനന്ദഃ=അഞ്ചാമദ്ധ്യായമായ വിഷയാനന്ദം. ഈരിതഃ=പറയപ്പെട്ടു. ഏതേനദ്വാരേണ=ഈ മാർഗ്ഗത്തിൽക്കൂടെ. അന്തഃപ്രവിശ്യതാം=ബ്രഹ്മത്തിന്റെ ഉള്ളിൽ പ്രവേശിക്കുവിൻ.

ഗ്രന്ഥത്തെ ഉപസംഹരിക്കുന്നു:—ബ്രഹ്മാനന്ദം എന്നു പേരായ ഈ ഗ്രന്ഥത്തിലെ അഞ്ചാം അദ്ധ്യായമായ വിഷയാനന്ദം ഇങ്ങിനെ പറഞ്ഞുകഴിഞ്ഞു. അറിഞ്ഞവരും അറിയാത്തവരും—ബുദ്ധിമാന്മാരും മന്ദന്മാരും—ഈ ദ്വാരത്തിൽക്കൂടെ ബ്രഹ്മാനന്ദത്തിന്റെ അന്തർഭാഗത്തിൽ പ്രവേശിക്കുവിൻ.

35. പ്രീയാച്ഛ്രീസൽഗുരുര്യേന ബ്രഹ്മാനന്ദേനസർവ്വദാ
പായാച്ചപ്രാണിനഃ സർവ്വാൻ സ്വാശ്രിതാൻ ശുദ്ധമാനസാൻ.

യേനബ്രഹ്മാനന്ദേന=യാതൊരു ബ്രഹ്മാനന്ദത്താൽ. ശ്രീസൽഗുരുഃ=ശ്രീസൽഗുരു. സർവ്വദാ പ്രീയാൽ=എപ്പോഴും പ്രീതിപ്പെടട്ടെ. സ്വാശ്രിതാൻ=തന്നെ ആശ്രയിച്ചവരും. ശുദ്ധമാനസാൻ=ശുദ്ധ മനസ്സോടുകൂടിയവരുമായ. സർവ്വാൻപ്രാണിനഃ=സർവ്വ പ്രാണികളേയും. പായാത്=രക്ഷിക്കയും ചെയ്യട്ടെ.

ബ്രഹ്മാനന്ദം എന്നുള്ള ഈ ഗ്രന്ഥത്താൽ ശ്രീ സൽഗുരു സന്തോഷിക്കട്ടെ. ആശ്രിതന്മാരും മനശ്ശുദ്ധിയുള്ളവരുമായ സർവ്വ പ്രാണികളേയും ശ്രീ ഗുരു രക്ഷിക്കട്ടെ.

വിദ്യാരണ്യാദ്വൈദ്യാ ദ്വ്യാധേരിവഭവസ്യഹിവിനുത്യൈ
പഥ്യാന്യാസ്വാദ്യന്താം പഞ്ചദശപ്രകരണാനി ഭക്ഷ്യാണി.

വിദ്യാരണ്യാൽ വൈദ്യാത്=വിദ്യാരണ്യൻ എന്നു പേരായ വൈദ്യനിൽനിന്നു്. വ്യാധേഃ ഇവ ഭവസ്യ=വ്യാധിയുടെയെന്നപോലെ സംസാരത്തിന്റെ. വിനുത്യൈ=നാശത്തിന്നായ്ക്കൊണ്ടു. പഥ്യാനി പഞ്ചദശപ്രകരണാനി=ഹിതങ്ങളും പതിനഞ്ചു പ്രകരണങ്ങളടങ്ങിയതുമായ. ഭക്ഷ്യാണി ആസ്വാദ്യന്താം=ഭക്ഷണങ്ങൾ അനുഭവിക്കപ്പെടട്ടെ.

രോഗലക്ഷണം അറിഞ്ഞ വൈദ്യൻ വിധിച്ച പഥ്യഭക്ഷണാദ്യൌഷധങ്ങളെ രോഗി സേവിക്കുന്നതുപോലെ വിദ്യാരണ്യമുനീശ്വരൻ സംസാരരോഗനിവൃത്തിക്കായി നിർമ്മിച്ച ഈ പതിനഞ്ചു പ്രകരണങ്ങളെ സേവിക്കുന്നവരുടെ സംസാരരോഗം നിശ്ശേഷം നശിച്ച് ബ്രഹ്മസായൂജ്യം പ്രാപിക്കാനിടവരും.

ശ്രീപഞ്ചദശി സമാപ്താ.

ശുഭം ഭൂയാത്.

ഓം തത് സത്.

—: * :—